ചാവറ ആധ്യാത്മികത



ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത് സി.എം.ഐ

KI·636
6339.

? ചാവറ ആധ്യാത്മികത

CARMEL JYOTHI
ALWAYE
THAIKKATTUKARA

റവ. ഡോ. കുര്യാക്കോസ് ഏലിയാ വടക്കേത്ത് സി എം ഐ.

No. 64
ദനഹാ സർവീസസ്
വിദ്യാനഗർ, മാങ്ങാനം
കോട്ടയം - 686 018

CHAVARA ATHYATMIKATHA
(Malayalam)

Author : Dr. Quriaqos Elijah Vadaketh, CMI
C.C.M.B. Idamattom
Idamattom P. O. (Via) Bharananganam
Kerala - 686 588

A Publication of : 1. Denha Services
Vidyanagar, Manganam,
Kottayam - 686 018

2. Vice Postulator
Chavara Pilgrim Centre
St. Joseph's Monastery, Mannanam
Kottayam - 686 561

3. Deepika Book House
Sastri Road
Kottayam - 686001

Rights : Reserved

Printed at : Deepika Offset Printers, Sastri Road, Kottayam - 1

Artist : Rev. Fr. Louise Panthiruvelil, O.F.M. Conv.

Cover : Amma

D.T.P. : Data Solutions, Kanjikuzhy

Proof & Footnote : Rev. Fr. Antony Kamukumpallil,
Nirmalaram Seminary,
S.S.T. Sisters, C.M.C. Sisters

Price : Rs. 600.00

2005, December, 8.



സഭാത്മക തനിമയുടെ പ്രവാചകന്
പ്ലാറ്റിനം ജൂബിലിയുടെ ആശംസകൾ!!!

പ്രസ്താവന

സീറോ മലബാർ സഭയെന്നറിയപ്പെടുന്ന നസ്രാണിസമൂഹത്തിന്റെ ആധുനിക കാലത്തെ ശ്ലീഹായാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. "റൂഹാദ്ക്കുദ്ശാ" നിറഞ്ഞ ചാവറയെ മാനവരാശിയുടെ പക്കലേയ്ക്ക് അയച്ചത് ദൈവം തന്നെയാണ്. ദൈവമാണ് ദൈവജനത്തിനായി അദ്ദേഹത്തെ നിയോഗിച്ചതും. ദൈവാത്മാവുനിറഞ്ഞ ചാവറയെ അംഗീകരിക്കുക എന്നത് ദൈവത്തോടും ദൈവജനത്തോടുമുള്ള എല്ലാവരുടെയും പ്രതിബദ്ധതയാണ് കാണിക്കുന്നത്.

സി. എം. ഐ. സഭയുടെ കാനോനിക സ്ഥാപകനും സി. എം. സി. സഭയുടെ നിവേശക സ്ഥാപകനും ആയ ചാവറ നസ്രാണി സഭയുടെ പൊതുവായ ആധ്യാത്മിക നേതാവാണ്. പ്രത്യേകിച്ചും നസ്രാണി സഭയായ സീറോ മലബാർ സഭയ്ക്കിത് ഇനിയും അനുഭവവേദ്യമായിത്തീരണം. സഭാത്മകതയുടെ കാര്യത്തിൽ വാഴ്ത്തപ്പെട്ട ചാവറയെ അന്യനായി കാണുന്നത് സഭാത്മക ചൈതന്യത്തോടുള്ള അകൽച്ചയാണ്. വൈയക്തികതലത്തിൽ, ദൈവാരാധനാധിഷ്ഠിത ആധ്യാത്മികതയുടെ പ്രവാചകനായിരുന്നു ചാവറ. ഇതിനുള്ള ഏക തെളിവ് കൂദാശാധിഷ്ഠിതമായ സഭാത്മക ആരാധനാജീവിതം നയിച്ചവനാണ് ചാവറയെന്നതു തന്നെ; അതും മാമ്മോദീസാ ജീവിതത്തിലൂടെ.

വാഴ്ത്തപ്പെട്ട ചാവറ, സഭാത്മക തനിമയിൽനിന്ന് വേർതിരിഞ്ഞ് ആശ്രമസിദ്ധിയെ ഒരിക്കലും കണ്ടിരുന്നില്ല. അതിനാൽ ചാവറയുടെ ആധ്യാത്മികത കാതലായും സഭാത്മകമാണെന്നതിനാൽ അദ്ദേഹത്തിന്റെ ജീവിതം തന്നെ ഏവർക്കും സ്വീകാര്യമായ ഒന്നാണ്. ഈ സത്യത്തിൽ, ദൈവജനം ഒന്നടങ്കം - അല്മായരും, സന്ന്യസ്തരും, സഭാചാര്യന്മാരും ഏകീകൃതരായി മുന്നേറുന്നതിനുള്ള ഒരു ദർശനം ആണ് "ചാവറ ആധ്യാത്മികത" എന്ന ഈ ഗ്രന്ഥത്തിൽ ഉള്ളത്.

ഈ ഗ്രന്ഥം സി. എം. ഐ., സി. എം. സി. സമൂഹങ്ങൾക്ക് മാത്ര മല്ല മറിച്ച് ഏവർക്കും ദൈവത്തിന്റേതായി ജീവിക്കുന്നതിന് ഉപകാര പ്രദമായ ഒന്നാണ്. ഈ ഗ്രന്ഥം വെളിച്ചം കാണുന്നതിനായി സഹാ യിച്ചിട്ടുള്ളവർ നിരവധിയാണ്. അവരോടൊപ്പം പ്രത്യേകമായി നില കൊള്ളുന്നവരായ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ മെത്രാപ്പോ ലീത്തായെയും, റവ. ഡോക്ടർ ആന്റണി കരിയിലിനെയും, റവ. മദർ ജനറൽ എഡ്വേർഡിനെയും, റവ. ഡോക്ടർ ജെയിംസ് ഏർത്തയി ലിനേയും, റവ. ഡോക്ടർ ജെയിംസ് മഠത്തിൽ കണ്ടത്തിലിനെയും കൂടാതെ കൈയെഴുത്തു പ്രതികൾ പകർത്തിയെഴുതുന്നതിനും, അച്ചു പിഴ (proof) നോക്കിത്തിരുത്തുന്നതിനും, പകർപ്പു രൂപപ്പെടുത്തുന്ന തിനും മറ്റും സഹായിച്ച എല്ലാവരെയും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അനുസ്മരിക്കുന്നു.

ഗ്രന്ഥത്തിന്റെ അച്ചടി യഥാവസരം ഭംഗിയായി നിർവഹിച്ച വിദഗ് ദ്ധർക്കും, അച്ചുകൂടം ഭാരവാഹികൾക്കും, സഹായികൾക്കും നന്ദി.

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നവയുടെ പൂർണ്ണ ഉത്തര വാദിത്വം ഗ്രന്ഥകർത്താവിന് തന്നെ. ആശയങ്ങൾക്ക് കടപ്പാടുള്ള ഗ്രന്ഥ സൂചിക ഗ്രന്ഥത്തിന്റെ അവസാനം കൊടുത്തിട്ടുണ്ട്. വൈവിധ്യത്തേ ക്കാൾ ആധികാരികതയ്ക്ക് ഊന്നൽ കൊടുത്തതുകൊണ്ട് ഓരോ അധ്യായത്തിലെയും വിഷയങ്ങളുടെ പൂർണ്ണതയ്ക്കുവേണ്ടി പല ഉദ്ധ രണികളും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഭിന്നാഭിപ്രായങ്ങൾക്കും കൂടുതൽ അന്വേഷണങ്ങൾക്കും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. ഗ്രന്ഥനിർമ്മി തിയിൽ സഹായഹസ്തം നീട്ടിയ ഏവർക്കും വായനക്കാർക്കും ശാന്തിയും സമാധാനവും സന്തോഷവും നേരുന്നു.

ഇടമറ്റം
1.8.2005

റവ. ഡോ. കുര്യാക്കോസ് ഏലിയാ വടക്കേത്ത് സി.എം.ഐ.

ആശീർവാദം



1800-കളിൽ സഭയുടെ തനതാത്മകതയെക്കുറിച്ച് സമഗ്രമായി ചിന്തിച്ചിരുന്ന ഒരാളായിരുന്നു ധന്യനായ ചാവറയച്ചൻ. സഭാതനിമയുടെ പ്രഥമവും പ്രധാനവുമായ ഘടകം സുവിശേഷത്തിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ച് അതിനനുസൃതം ജീവിക്കുക എന്നതാണ്. ഈ ലക്ഷ്യത്തിൽ ചാവറ വീഴ്ചവരുത്തിയില്ലായെന്നു മാത്രമല്ല, പൂർണ്ണമായും വിജയിച്ചുവെന്നതാണ് സത്യം.

1805-ാം വർഷം ചേന്നങ്കരി ഇടവക ദൈവാലയത്തിൽവച്ച് മാമ്മോദീസാ മുങ്ങിയതാണ് ചാവറയെ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനാക്കുവാനുണ്ടായ സഭാത്മക സംഭവം. ചേന്നങ്കരി ഇടവക ഇന്നത്തെ ചങ്ങനാശ്ശേരി അതിരൂപതയിലെ ഒരു സഭാഘടകമാണ്. നസ്രാണി വ്യക്തിസഭയുടെ അനഭിഷിക്ത ശ്രേഷ്ഠാചാര്യനായിരുന്ന ചാവറ നസ്രാണി വ്യക്തിസഭയുടെ വിശിഷ്ടനായ ആചാര്യനായിത്തീർന്നത് അദ്ദേഹത്തിനുണ്ടായിരുന്ന ആധ്യാത്മിക നേതൃത്വം കൊണ്ടാണ്. ഈ ആധ്യാത്മിക നേതൃത്വത്തിന്റെ രഹസ്യം മാമ്മോദീസായിൽ ലഭിച്ച

"ദൈവേഷ്ട പ്രസാദം" നിരന്തരം വളർത്തിയെടുത്തുകൊണ്ട് മിശിഹായുടെ പെസഹാരഹസ്യത്തിലൂടെ അതു സാക്ഷാത്കരിച്ചുവെന്നതാണ്. ഈശോമിശിഹാ യോർദ്നാനിൽ ആരംഭിച്ച പരസ്യജീവിതം താബോറിലെ തേജസ്ക്കരണത്തിലൂടെയും ഗാഗുൽത്തായിലെ മഹത്ത്വവത്ക്കരണത്തിലൂടെയും പൂർത്തീകരിച്ചു. ഈശോയെ 'അപ്പാ' എന്നു വിളിച്ചു ധ്യാനിച്ച ചാവറയച്ചൻ, ചേന്നങ്കരിയിൽ ആരംഭിച്ച സഭാജീവിതം മാന്നാനത്തിന്റെ പ്രതിഭയിലൂടെ കൂനമ്മാവിൽ പൂർത്തീകരിച്ചത് തീർത്തും മാമ്മോദീസാ ജീവിതം വിശുദ്ധ കുർബാനയിൽ കേന്ദ്രീകരിച്ചുകൊണ്ട് പൂർത്തിയാക്കിയതാണ്. ഇതാണ് ദൈവാരാധനാധിഷ്ഠിത ആധ്യാത്മികതയുടെ സഭാത്മക തനിമ.

മേലധ്യക്ഷന്മാർ ശിപാർശ ചെയ്തിരുന്ന സാധാരണ ഭക്താനുഷ്ഠാനങ്ങൾ ചാവറ പ്രചരിപ്പിച്ചുവെങ്കിൽ അദ്ദേഹം സഭയുടെ ദൈവാരാധനയോടു ബന്ധപ്പെട്ടു നിന്നുകൊണ്ടാണ് അതു നിർവ്വഹിച്ചത്. ഇതാണ് സാർവ്വത്രിക സഭയുടെ മനോഭാവവും (വത്തി. 2. ദൈവാരാധന 13). അന്നത്തെ ധാരണകൾക്കനുസൃതമായി ആരാധനാധ്യാത്മികതയിൽ കേന്ദ്രീകൃതമായി സഭാജീവിതം നയിച്ച ഒരാളാണ് ധന്യനായ ചാവറ. അദ്ദേഹത്തിന്റെ ആധ്യാത്മികതയുടെ സ്വഭാവം വ്യക്തമാക്കുന്നതിന് ഈ ഗ്രന്ഥം സഹായിക്കുമെന്ന് പ്രതീക്ഷിക്കാം. ദൈവജനത്തിനു പ്രകാശം പകരുന്ന ഈ ഗ്രന്ഥത്തിനും ഗ്രന്ഥകർത്താവിനും അനുവാചകർക്കും സമൃദ്ധമായ ആശീർവ്വാദം ധന്യനായ ചാവറ പ്രദാനം ചെയ്യട്ടെ.

ചങ്ങനാശേരി
9.9.2005

മാർ ജോസഫ് പൗവ്വത്തിൽ
മെത്രാപ്പോലീത്താ

അവതാരിക



ഭൂതകാല സ്മരണകൾ അയവിറക്കിക്കൊണ്ട് 19-ാം നൂറ്റാണ്ടിന്റെ ഉത്ഥാനാനുഭവത്തിൽനിന്ന് ചരിത്രം സാക്ഷിക്കുന്ന ഒരു ദൈവമനുഷ്യനുണ്ട്; ചരിത്രകാരന്മാർ പലരും അവഗണിച്ചതും, ചരിത്രം നെഞ്ചിലേറ്റി താലോലിക്കുന്നതുമായ ഒരു നവോത്ഥാന നായകൻ; അതാണ് കൈനകരി ഗ്രാമത്തിലെ ചാവറക്കുടുംബത്തിന്റെ ആത്മീയതയിലൂടെ ഭാരതസഭയ്ക്ക് മണിമുത്തായി ദൈവം നൽകിയ അക്ഷയപാത്രം, വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ദൈവ-മനുഷ്യബന്ധത്തിന്റെ ശക്തനായ പ്രവാചകനായിരുന്ന വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ദർശനപുണ്യങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ, ദൈവവരപ്രസാദത്തിന്റെ നീരുറവയായിക്കൊണ്ട്, സഹോദരസ്നേഹത്താൽ എരിയുന്ന കർമ്മെലസഭയുടെ കർമ്മനിരതനായ ഒരു യോഗീവര്യനെയാണ് കണ്ടെത്തുവാൻ സാധിക്കുന്നത്. ഭാരതീയ ആധ്യാത്മികതയുടെ അടിസ്ഥാന ഭാവങ്ങളായ ദർശന, മനന, നിധിധ്യാസനയിലൂടെ സ്വായത്തമാക്കിയ അമ്മനുവേൽ (ദൈവം നമ്മോടുകൂടെ) അനുഭവമാണ്, സൃഷ്ടികളിൽ സ്രഷ്ടാവിനെ കാണുവാനും സ്രഷ്ടാവിന്റെ ഉപകരണമായിക്കൊണ്ട് തിരുസ്സഭയാകുന്ന അമ്മയ്ക്കുവേണ്ടി ജീവിക്കുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മാമ്മോദീസായിലൂടെ ലഭിച്ച ദൈവാനുഭവത്തിൽനിന്നുയിർക്കൊണ്ടതായിരുന്നു ഈ തിരുസഭാസ്നേഹം.

നിരന്തരമായ പ്രാർത്ഥന വഴി ദൈവേഷ്ടം വിവേചിച്ചറിയാൻ ഈ പുണ്യപിതാവിന് സാധിച്ചിരുന്നു. ദൈവികതയെ പുണർന്നു നിന്നിരുന്ന ആധ്യാത്മികതയുടെ ഉടമയായിരുന്ന വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ദൈവാശ്രയബോധമായിരുന്നു അദ്ദേഹത്തെ പ്രാർത്ഥനയുടെ മനുഷ്യനാക്കിത്തീർത്തത്. "നീ എന്റെ പള്ളി പുതുക്കിപ്പണിയുക" എന്ന് നൂറ്റാണ്ടുകൾക്കു മുൻപ് വി. ഫ്രാൻസീസ്സ് അസീസ്സിയോട് പറഞ്ഞ അതേ വാക്കുകളിൽ വന്ധ്യയായ കേരളസഭയെ വിശുദ്ധരുടെ മാതാവാക്കുവാനുള്ള ദൈവത്തിന്റെ സ്വരം, ഹൃദയത്തിന്റെ ഉള്ളറകളിൽനിന്ന് ശ്രവിക്കുവാൻ പിതാവിന് സാധിച്ചു. വിശ്വാസപരിമിതിയാലും, സങ്കുചിത ചിന്തയാലും ദുരിതമനുഭവിച്ചുകൊണ്ടിരുന്ന കേരളസഭയെ, നഷ്ടപ്പെടാത്ത ശ്ലൈഹിക പാരമ്പര്യത്തിൽ വേരുറപ്പിച്ച് നിറുത്തുവാൻ, ചാവറപ്പിതാവിന് പ്രേരകമായത് ഈ ദൈവികാഹ്വാനമാണ്. റോക്കോസ് പ്രശ്നവും മേലൂസ് ദുരന്തവും സഭാനൗകയ്ക്ക് കൊടുങ്കാറ്റായി മാറിയപ്പോൾ ചാവറപ്പിതാവിലെ ദൈവമനുഷ്യൻ ഉണർന്ന് പ്രവർത്തിച്ചു. തത്ഫലമായി പ്രശ്നങ്ങൾ കെട്ടടങ്ങിയെങ്കിലും ഒട്ടനവധി അപമാനങ്ങളുടെയും സഹനങ്ങളുടെയും ഊടുവഴിയിലൂടെ അദ്ദേഹത്തിന് കടന്നുപോകേണ്ടിവന്നു.

ദിവ്യകാരുണ്യമായ വി. കുർബാനയിൽ ജീവിതത്തിന്റെ അർത്ഥവും, ആശ്രയത്വവും, ശക്തിയും കണ്ടെത്തിയ വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് തന്റെ ദിവ്യകാരുണ്യാനുഭവം പകർന്നു നല്കിയ പ്രേഷിത തീക്ഷ്ണതയാൽ, ദൈവസ്തുതിയ്ക്കും തിരുസഭയുടെ മഹത്ത്വത്തിനും, ആത്മാക്കളുടെ രക്ഷയ്ക്കുമായി ജീവിതകാലം മുഴുവൻ അധ്വാനിച്ചുവെന്ന് ചരിത്രം സാക്ഷിക്കുന്നു. ഈ പ്രേഷിത തീക്ഷ്ണതയാൽ അദ്ദേഹം വി. കുർബാനയോടുള്ള ഭക്തിയുടെ പ്രചാരകനും, നിരന്തരാരാധനയുടെ സ്ഥാപകനും, മിശിഹാനുഗമനത്തിന്റെ അനുഭവസാക്ഷിയും, ആരാധനക്രമപരിഷ്ക്കർത്താവും, ധ്യാനഗുരുവും, സാമൂഹിക പരിഷ്കർത്താവും, സർവ്വോപരി ഈശോനാഥന്റെ യഥാർത്ഥ പടയാളിയുമായി മാറി. വിശ്വാസപാരമ്പര്യങ്ങളെയും, അടിസ്ഥാനദർശനങ്ങളെയും മുറുകെപ്പിടിച്ചിരുന്ന ഈ പുണ്യാത്മാവ് കേരളസഭയുടെ

നവോത്ഥാനം സാധ്യമാക്കിയത് തന്റെ വി. കുർബാനാനുഭവം സമ്മാനിച്ച പ്രേഷിത തീക്ഷ്ണതയിലൂടെയായിരുന്നുവെന്ന് നിസ്സംശയം പ്രസ്താവിക്കാവുന്നതാണ്.

അദ്ദേഹത്തിന്റെ പ്രേഷിതോന്മുഖതയ്ക്ക് വഴിതെളിച്ചത് ദൈവസായൂജ്യാനുഭവമായിരുന്നു. ജീവിതത്തിന്റെ പുണ്യമായിത്തീർന്ന പരോന്മുഖതയാൽ ലൗകികതയെ ആത്മീയതയുടെ പ്രാഭവത്തിൽനിന്ന് നോക്കിക്കണ്ടുകൊണ്ട് 'വസുധൈവ കുടുംബകം' എന്ന ആർഷഭാരത ദർശനത്തിന്റെ ആചാര്യനായി അദ്ദേഹം മാറി. മതസൗഹാർദ്ദത്തിന്റെ തൂവൽസ്പർശം കൊണ്ടായിരുന്നു അദ്ദേഹം തന്റെ ക്രിസ്തീയതയെ ഭാരതീയതയുമായി ബന്ധിപ്പിച്ചത്. ഇതിന് നിരവധി തെളിവുകൾ നാളാഗമത്തിലും, ഡയറിക്കുറിപ്പുകളിലും കണ്ടെത്തുവാൻ സാധിക്കും. ഹൈന്ദവ സഹോദരങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെന്ന് കണ്ടപ്പോൾ പുല്ലരിക്കുന്നിൽ സഭാസ്ഥാപനം നടത്തുവാനുള്ള തന്റെ തീരുമാനത്തിൽനിന്ന് പിൻമാറിയത് ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്.

കേരളജനതയുടെ ജീവിതമണ്ഡലങ്ങളിൽ ജാതിവ്യവസ്ഥയും ദാരിദ്ര്യവും ദുരിതങ്ങളും അരക്ഷിതാവസ്ഥയും നിലനിന്നിരുന്ന അക്കാലഘട്ടത്തിൽ ചാവറയച്ചനിലെ സാമൂഹിക പരിഷ്കർത്താവ് തന്റെ ജീവിതം ദൈവജനത്തിനായി ഉഴിഞ്ഞുവച്ചു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ നാടിന്റെ സാമൂഹിക, സാംസ്ക്കാരിക, ധാർമ്മിക മണ്ഡലം വികസിക്കുകയുള്ളുവെന്ന് മനസ്സിലാക്കി അദ്ദേഹം സ്ഥാപിച്ച സംസ്കൃത സ്കൂളും ഇതര സ്കൂളുകളും ഇന്നത്തെ നാടിന്റെ അക്ഷരവെളിച്ചത്തിന്റെ ആദികാരണങ്ങളായി നിലകൊള്ളുന്നു. അധഃകൃതരുടെയും ദരിദ്രരുടെയും വിദ്യാഭ്യാസ മണ്ഡലത്തിലേക്കുള്ള കടന്നുവരവിന് തടസ്സം നിന്നിരുന്ന ജാതിവ്യവസ്ഥയെയും വർണ്ണവ്യത്യാസങ്ങളെയും തൂത്തെറിഞ്ഞുകൊണ്ടും, വസ്ത്രങ്ങൾ, പുസ്തകങ്ങൾ, ഉച്ചക്കഞ്ഞി എന്നിവയുടെ വിതരണംകൊണ്ടും വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് കേരളത്തിന്റെ സാമൂഹ്യ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ

ഒരു തിരുത്തൽ ശക്തിയായി മാറി. ഉപവിശാലയുടെയും നന്മരണ സഭയുടെയും സ്ഥാപനം വഴി അദ്ദേഹം അഗതികളുടെ ആലംബമായിത്തീർന്നു.

ചാവറയിലെ നവോത്ഥാരകന്റെ ദർശനപുണ്യങ്ങളിലേയ്ക്കിറങ്ങുമ്പോൾ ധാർമ്മികതയിൽ വേരൂന്നിയ കുടുംബ ദർശനത്തിന്റെ ഉടമയായ ഒരു നല്ല അപ്പനെ നമുക്ക് കാണുവാൻ സാധിക്കും. 'നല്ല അപ്പന്റെ ചാവരുൾ' എന്ന തന്റെ ഗ്രന്ഥത്തിലൂടെ ചാവറപ്പിതാവ് മക്കളെ വളർത്തേണ്ട രീതിയെക്കുറിച്ചും കുടുംബബന്ധങ്ങളിലെ സ്നേഹത്തിലൂടെയുള്ള പ്രേഷിതോന്മുഖതയെക്കുറിച്ചും, ഉത്തമ കുടുംബങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചും ഉപദേശിക്കുന്നുണ്ട്.

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ കർമ്മമണ്ഡലങ്ങളിലെ എടുത്തുപറയത്തക്ക ഒന്നാണ് സ്ത്രീസമൂഹത്തിന്റെ ഉദ്ധാരണത്തിന് അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ. അടുക്കളയിൽനിന്നും അരങ്ങത്തേയ്ക്കും, നേതൃത്വപദവികളിലേയ്ക്കും സ്ത്രീജനങ്ങളെ വളർത്തിയെടുക്കുന്നതിൽ ചാവറപ്പിതാവ് തുടക്കക്കാരനായിരുന്നുവെന്നത് ഒരു ചരിത്ര വസ്തുതയാണ്.

കർമ്മോജ്ജ്വലനായ ചാവറപ്പിതാവിന്റെ ജീവിതമണ്ഡലങ്ങളിലെ പ്രവർത്തനങ്ങളും ജീവിതവും ഒരു നാടിന്റെയും സഭയുടെയും ഉയർച്ചയ്ക്കും വളർച്ചയ്ക്കും കാരണമായി. ഈശോയുടെ മൂല്യങ്ങളും ജീവിതവും വെള്ളം ചേർക്കാത്ത ശുദ്ധമായ പാലുപോലെ തന്റെ ജീവിതത്തിലൂടെ പകർന്നുതന്ന ചാവറയച്ചൻ എന്ന മഹാവിശുദ്ധൻ, കേരള സഭയ്ക്കും കേരളജനതയ്ക്കും ഭാരതസഭയ്ക്കും ആഗോളസഭയ്ക്കാകമാനവും ശക്തിയായി, ചൈതന്യമായി പകർന്നു നൽകിയ സന്ന്യാസ ജീവിതവിശുദ്ധി ഇന്ന് തുടർന്നുകൊണ്ടുപോകുന്നത്, ദൈവത്തിന്റെ ഉപകരണമായി മാറിയ ആ വന്ദ്യ പുരോഹിതൻ സ്ഥാപിച്ച സി. എം. ഐ., സി. എം. സി. സന്ന്യാസ സമൂഹങ്ങളിലൂടെയും പിന്നീട് കേരളത്തിൽ രൂപംകൊണ്ട വിവിധ സന്ന്യസ്ത സമൂഹങ്ങളിലൂടെയും ഓരോ നസ്രാണിയിലൂടെയുമാണ്.

പ്രാർത്ഥനയിൽനിന്ന് ശക്തി ഉൾക്കൊണ്ടുകൊണ്ട് തന്റെയും മറ്റുള്ളവരുടെയും ആത്മാക്കളിൽ വിശുദ്ധിയുടെ പരിവേഷം ചാർത്തുവാൻ അക്ഷീണം പ്രയത്നിച്ച ചാവറപ്പിതാവ് കേരളനസ്രാണിസഭയ്ക്ക് ദൈവം സമ്മാനിച്ച മണി മുത്താണ്. ഈ നവോത്ഥാരകന്റെ ജീവിത വിശുദ്ധി സഭാമക്കളായ നമുക്കോരോരുത്തർക്കും മാർഗ്ഗദർശകവും സഹായകവുമാണ്. പക്ഷേ ഭാരതസഭയുടെ ഈ പ്രിയപുത്രനെ സഭാമക്കൾ എത്രമാത്രം അറിഞ്ഞിട്ടുണ്ട് എന്നതും, അറിഞ്ഞവർ എത്രമാത്രം ആദരിക്കുന്നുണ്ട് എന്നതും, ഇന്ന് ഒരു ചോദ്യചിഹ്നമാണ്. മറുനാടൻ വിശുദ്ധരുടെ മാധ്യസ്ഥ്യം തേടിപ്പോകുന്ന 'ഭക്തിതീക്ഷ്ണ'രുടെ ബഹിർഗമനം കൊണ്ട് സീറോ-മലബാർ സഭ നിറയുമ്പോൾ കേരളത്തിന്റെ ഈ സ്വന്ത വിശുദ്ധനെ നാം മനഃപൂർവ്വം വിസ്മരിക്കുകയല്ലേ?

"ഈ ദേഹത്തിന്റെ ജീവിതകാലം മുഴുവനിലും ശുദ്ധ കുർബാനയുടെ മേലുള്ള ഭക്തി ശോഭിച്ചു വിളങ്ങിയിരുന്നു. കുർബാന ചൊല്ലുന്ന നേരത്തിൽ മഹാസൂക്ഷ്മവും, ഭക്തിയും, അടക്കവുമായി എത്രയും ഉയരപ്പെട്ട ഈ കൃദാശയുടെ നേരെ എത്രയോ വണക്കവും വിശ്വാസവുമായിരുന്നുവെന്ന് കാണുന്നവർക്കൊക്കെയും ബോധ്യമായ കാര്യമായിരുന്നു. ക്രമം പോലെയുള്ള വിസീത്തയല്ലാതെ ദിവസവും ഏറിയ നേരവും ശുദ്ധകുർബാനയുടെ തിരുമുമ്പാകെ മുട്ടുകുത്തി എത്രയും എരിവോടുകൂടെ നമസ്ക്കരിച്ചു വന്നിരുന്നു. പരി. ദൈവമാതാവിന്റെ നേരെ മകനടുത്ത പ്രിയവും സ്നേഹവുമായി കൂടെകൂടെ തന്റെ സ്തുതികളെ പറയുകയും കാണുന്നവരുടെ ഹൃദയത്തിൽ ഈ വിശേഷഭക്തിയെ പതിക്കാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നു".

സി. എം. ഐ. സഭയുടെ കാനോനിക സ്ഥാപനത്തിൽ പ്രഥമ ശ്രേഷ്ഠനായിരുന്ന ചാവറയച്ചനെക്കുറിച്ച് അദ്ദേഹത്തിന്റെ പിൻഗാമിയും, രണ്ടാമത്തെ പൊതുശ്രേഷ്ഠനുമായിരുന്ന എലിസേവൂസച്ചന്റെ സാക്ഷ്യമാണ് മുകളിൽ ഉദ്ധരിച്ചത്. ചാവറയച്ചന്റെ ആധ്യാത്മികത വി. കുർബാനയിൽ കേന്ദ്രീകൃതമായിരുന്നു എന്നതിന്റെ തെളിവാണ്

സമകാലികനായിരുന്ന പോരൂക്കര എലിസേവൂസച്ചൻ നല്കുന്നത്. കുർബ്ബാനയിൽ കേന്ദ്രീകൃതമായ ആധ്യാത്മികത അവശ്യം മാമ്മോദീസാ ജീവിതത്തിന്റെ സാക്ഷാത്കാരവുമാണ്. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള തിരുസ്സഭയിൽ ചാവറ സംഭാവന ചെയ്ത ആധ്യാത്മിക ജീവിതം തീർത്തും കൗദാശികവും, ദൈവാരാധനാധിഷ്ഠിതവുമാണെന്ന് ഇനിയും അധികം ആളുകൾ ഗ്രഹിച്ചിട്ടുണ്ടാവുകയില്ല.

ദൈവാരാധനാ ജീവിതത്തിലൂടെ നസ്രാണിസഭയെ അധുനാതനീകരിച്ച ചാവറ തീർത്തും ശ്ലൈഹിക പദവിയിൽ എത്തിനില്ക്കുന്നു. അനഭിഷിക്തനെങ്കിലും ശ്രേഷ്ഠാചാര്യന്റെ ദൗത്യം ചാവറ നിറവേറ്റിയത് ദൈവാരാധനാധ്യാത്മികതയുടെ പ്രവാചകനായിട്ടാണ്. മാമ്മോദീസായിലെ കൃപാവരം വളർത്തിയെടുത്ത് കുർബാനയുടെ ജീവിതം നയിച്ച ചാവറയച്ചൻ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനെന്ന് സമകാലികർക്ക് അനുഭവപ്പെട്ടതിൽ എന്ത് അതിശയം.

ബ. കുര്യാക്കോസ് വടക്കേത്തച്ചൻ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ആധ്യാത്മികത ആധികാരികമായി പഠിച്ച് വിരചിച്ച ഈ ഗ്രന്ഥം ചാവറയുടെ വ്രതാനുഷ്ഠാനത്തിന്റെ 150-ാം വാർഷികത്തിൽ സമൂഹസമക്ഷം അവതരിപ്പിക്കുവാൻ സാധിച്ചതിൽ എന്റെ അഭിനന്ദനവും പ്രാർത്ഥനയും. ഈ ഗ്രന്ഥം വഴി വാഴ്ത്തപ്പെട്ട ചാവറയച്ചൻ അനേകരാൽ അറിയപ്പെടട്ടെ, സജീവനായി ജീവിക്കട്ടെ.

ഡോ. ആന്റണി കരിയിൽ C. M. I.
പ്രിയോർ ജനറാൾ
പ്രിയോർ ജനറൽ ഹൗസ്

കൊച്ചി - 682011
15.8.2005

ആശംസ



വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ആത്മീയതയെക്കുറിച്ച് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് എടുക്കാനും അവതരിപ്പിക്കാനും ശ്രമിക്കുന്നത് ശ്ലാഘനീയമാണ്. ഒരു കാര്യത്തെ ഒരേ വിധത്തിൽ മാത്രം കാണുന്നതും ആഖ്യാനം ചെയ്യുന്നതും അനുഭവത്തിന്റെ അഭാവത്തിലോ അറിവിന്റെ ആഴക്കുറവുകൊണ്ടോ ആകാം. വേറിട്ടൊരു വീക്ഷണം ക്രിയാത്മകതയുടെയും അനുഭവ വ്യാപ്തിയുടെയും തെളിവാണ്. ബ. വടക്കേത്തച്ചൻ ദീർഘനാളത്തെ പഠനത്തിന്റെയും പറഞ്ഞുകൊടുക്കലിന്റെയും വെളിച്ചത്തിൽ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ആത്മീയ ചൈതന്യം വിശദമായി വിവരിക്കുന്നത് വായനയ്ക്കും വിചിന്തനത്തിനും ഏറെ ഉപകാരപ്രദമാണ്. പൗരസ്ത്യ പാരമ്പര്യത്തിലുറച്ചു നിന്നുകൊണ്ടും പിതാക്കന്മാരുടെ പഠനങ്ങളെ ആസ്വദിച്ചും ആത്മീയതയെ നോക്കിക്കാണാനും അതെങ്ങനെ "ആ ദൈവിക മനുഷ്യനിൽ" അന്വർത്ഥമാകുന്നു എന്ന് സമർത്ഥിക്കാനും കുര്യാക്കോസച്ചന് സാധിച്ചിട്ടുണ്ട്. ചാവറയുടെ ജീവിതത്തെയും പ്രപഞ്ച വീക്ഷണത്തെയും, പ്രവർത്തന ശൈലിയെയും ആധ്യാത്മികാനുഭവങ്ങളെയും അദ്ദേഹത്തിന്റെ 'ജീവിത മേഖല' (Sitz im Leben) യിലും സാഹചര്യത്തിലും വിശകലനം ചെയ്ത് ആത്മീയതയെ അവതരിപ്പിക്കുന്നത് തികച്ചും ക്രിയാത്മകമാണ്. ജീവിതത്തിലെ 'അസാധാരണ' മായ എന്തോ ഒന്നാണ് ആത്മീയാനുഭവം എന്ന തെറ്റിധാരണയകറ്റാനും ഇത് സഹായിക്കും.

നമ്മുടെ മണ്ണിൽ ജനിച്ച് കൂട്ടനാടിന്റെ പ്രാരാബ്ധങ്ങളിൽ പങ്കു പറ്റി, കേരള ക്രൈസ്തവ സഭകളിലെ എല്ലാ പിരിമുറുക്കങ്ങളും നേരിട്ടനുഭവിച്ച്, നാട്ടുപട്ടക്കാരെയും വിദേശി കത്തനാരന്മാരെയും ഒരു പോലെ സ്വാധീനിച്ചും അവർക്കു വിധേയനായിനിന്നും, സുറിയാനി പാരമ്പര്യങ്ങളും ആരാധനാക്രമങ്ങളും മുറുകെപിടിച്ചും വിണ്ടെടുത്തും അദ്ദേഹം വൈദികനായി, ആത്മീയാചാര്യനായി. പാലയ്ക്കൽ മല്പാന്റെയും പോരൂക്കര തോമ്മാച്ചന്റെയും സന്ന്യാസ വീക്ഷണത്തിൽ പങ്കുപറ്റി, ഏതദ്ദേശീയ 'ദർശനഭവനം' സ്വപ്നം കണ്ടു. ഗുരുക്കന്മാർ കൈമാറിയ പൈതൃകം നിലനിർത്താനും സാക്ഷാത്കരിക്കാനും, എതിർപ്പുകളുടെ മധ്യത്തിലും, പിന്നീട് തനിയെ പിടിച്ചുനിന്നും പരിശ്രമിച്ചു. ഇവിടെയൊക്കെ ചാവറയച്ചൻ കാണിക്കുന്ന അമാനുഷിക ക്ഷമയും ദൈവപരിപാലനാശ്രയവും ആത്മീയതയുടെ ആഴക്കടലായി ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ ജീവിതബന്ധിയായും പൗരസ്ത്യ പാരമ്പര്യങ്ങളുടെ പൂവണിയലായും, കേരളത്തനിമയുടെ ആവിഷ്കാരമായും, സുറിയാനി സഭയുടെ അന്തസ്സത്തയായും ചാവറയച്ചന്റെ ആത്മീയതയെ വടക്കേത്തച്ചൻ വിശകലന വിധേയമാക്കുന്നു. തികച്ചും വ്യത്യസ്തം, തികച്ചും ശ്ലാഘനീയം. ആത്മീയതയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാനും അർത്ഥപൂർണ്ണമായ ആഖ്യാനം നൽകാനും അനുഭവിച്ചിട്ടുള്ളവർക്കും, ആത്മീയ പാരമ്പര്യങ്ങളെയും സഭാ പിതാക്കന്മാരെയും ഒത്തിരിയേറെ വായിച്ചറിഞ്ഞിട്ടുള്ളവർക്കും മാത്രമെ സാധിക്കുകയുള്ളു. ഈ രംഗങ്ങളിലുള്ള ഗ്രന്ഥകാരന്റെ പരപ്പേറിയ വിജ്ഞാനവും ആത്മീയ ചൈതന്യവുമാണ് ഈ ഗ്രന്ഥത്തിന്റെ പിറവിക്കു നിദാനം. ഗ്രന്ഥകാരന് ദൈവാനുഗ്രഹവും വിജയാശംസകളും, അനുവാചകർക്ക് ആത്മീയ നവോത്ഥാനവും പ്രാർത്ഥിക്കുന്നു.



കോട്ടയം
1-8-2005

ജയിംസ് ഏർത്തയിലച്ചൻ
സി. എം. ഐ. പ്രൊവിൻഷ്യൽ ഹൗസ്

ആശംസ



ചാവറയാധ്യാത്മികത, മനുഷ്യത്വം നിറഞ്ഞു നില്ക്കുന്ന ദൈവ സാന്നിധ്യമാണ്. മനുഷ്യത്വത്തിന്റെ രണ്ടു പ്രതിഭാസങ്ങളാണ് സ്ത്രൈണത്വവും പുരുഷത്വവും. ഇവ രണ്ടും മനുഷ്യനു ദൃശ്യമായിത്തീർന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പരിശുദ്ധാത്മാവിന്റെ ആവാസം നസ്രത്തിലെ കന്യകയിൽ ഫലമുളവാക്കിയതാണ് ഈശോ മിശിഹായുടെ മനുഷ്യരുടെ ഇടയിലുള്ള വാസം. എല്ലാം പൂർത്തിയായി എന്നരുളിച്ചെയ്ത് കുരിശിൽ മരിച്ചു മഹത്ത്വീകരിക്കപ്പെടുന്നതുവരെ പരിശുദ്ധാത്മാവിന്റെ നിറവിൽ ഈശോ ജീവിച്ചു. ഈശോയിൽ ദൈവിക പൂർണ്ണത ദർശിക്കുമ്പോൾ പുരുഷത്വവും സ്ത്രീത്വവും സന്നിഹിതമാണ്. പിതൃത്വവും മാതൃത്വവും ഈശോയിൽ ഒന്നുചേർന്നു; ദൈവപിതാവിന്റെ പദ്ധതിയനുസരിച്ചു ജീവിച്ചതുകൊണ്ട് പിതൃത്വവും, ദൈവാത്മാവിനാൽ നയിക്കപ്പെട്ടതുകൊണ്ട് മാതൃത്വവും ഈശോയിൽ നിറഞ്ഞു നിന്നിരുന്നു. കുരിശിലെ മരണം, മാതൃത്വത്തിന്റെ പ്രതീകമായി പരിശുദ്ധാത്മാവിനെ ലോകത്തിന് നല്കുന്നതിനുള്ള ജീവനിലേയ്ക്കുള്ള പെസഹാ ആയിരുന്നു.

ഈശോയിൽ വിശ്വസിച്ച് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ചാവറ, പിതൃമാതൃഭാവങ്ങളുടെ സൈദ്ധിക മുന്നേറ്റത്തിനായി 1830 കളിലും 1850 കളിലും നിവേശിത സംരംഭങ്ങൾ നടത്തി. ഇത് കാനോനികമായി

പൂവണിഞ്ഞത് യഥാക്രമം 1855-ലും 1866-ലും സി. എം. ഐ; സി. എം. സി. വിഭാഗങ്ങളുടെ രൂപവത്ക്കരണത്തോടെയാണ്.

ദൈവപിതാവിന്റെ ആവിഷ്കാരം സി. എം. ഐ. സിദ്ധിയിലൂടെയും, ദൈവമാതാവായ റൂഹായുടെ പ്രകാശനം സി. എം. സി. സമൂഹത്തിലൂടെയും ആർഷഭാരതത്തിന് കൈവന്നു. ഇവയ്ക്കെല്ലാം ഉപകരണമായിത്തീർന്ന ചാവറ ഈശോയെ അപ്പനും അമ്മയുമായിക്കണ്ടറിഞ്ഞ് അനുഭവിച്ചത് എത്രയോ ഉത്കൃഷ്ടമായ ആധ്യാത്മികതയുടെ നിദർശനമാണ്! 1805 മുതൽ 1871 വരെ ജീവിച്ച ചാവറയുടെ ആധ്യാത്മികത പൂർവ്വ നസ്രാണികളുടെ വിശ്വാസ തനിമയെ ജീവിത ശൈലിയാക്കിയതാണ്. ചാവറ സമാരംഭിച്ച ആധ്യാത്മിക മുന്നേറ്റം സി. എം. ഐ., സി. എം. സി. സമൂഹങ്ങളിലൂടെ മാന്നാനം, കൂനമ്മാവ് എന്നീ കേന്ദ്രങ്ങളിൽനിന്ന് വിശ്വവ്യാപകമായിത്തീർന്നു. പ്രത്യേകിച്ചും കേരള നസ്രാണിസഭയിൽ. ഇപ്രകാരമുള്ള ഒരു ആധ്യാത്മികത എത്ര ആധികാരികമെന്നു പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം വെളിച്ചം കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ആധ്യാത്മികതയുടെ ആഴങ്ങളിലേയ്ക്ക് ഊളിയിട്ടിറങ്ങി, അവിടെയുള്ള വിലപിടിച്ച മുത്തുകളും പവിഴങ്ങളുമാകുന്ന ചാവറയെന്ന വിശിഷ്ട വ്യക്തിത്വത്തിന്റെ തനിമ, അതിന്റെ പൂർണ്ണതയിൽ തപ്പിയടുത്ത് സഭാമക്കൾക്കെല്ലാം സംലഭ്യമാക്കുന്നതിന് വടക്കേത്ത് ഏലിയാച്ചൻ ചെയ്ത നിസ്തന്ദ്രമായ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

സി. എം. ഐ., സി. എം. സി. തനയരിൽ മാത്രമല്ല ഭാരതജനതയിലും ആകമാനമുള്ള ദൈവജനത്തിലും ചാവറയാധ്യാത്മികതയുടെ പ്രോജ്ജ്വലദീപം പ്രകാശിക്കട്ടെ. അനുചിന്തനത്തിന്റെയും ധ്യാനയോഗത്തിന്റെയും പൈതൃകം വഴി കർമ്മയോഗിയായ ചാവറ ഇനിയും ഏവരിലും എത്തിച്ചേരണം. അതിനുള്ള അറിവ് ചാവറയാധ്യാത്മികത പ്രദാനം ചെയ്യട്ടെ. ഈ ഗ്രന്ഥം ഏവരുടെയും പക്കൽ എത്തട്ടെ.

Sr. Edward

സിസ്റ്റർ എഡ്വേർഡ് C. M. C.
മദർ ജനറാൾ
മൗണ്ട് കാർമ്മൽ ജനറലേറ്റ്

ആലുവാ – 613806
15.8.2005

ആശംസ



1805-ൽ കൈനകരിയിൽ ജനിച്ച ചാവറപ്പിതാവ് 1829 നവംബർ 29ന് അർത്തുങ്കൽ പള്ളിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. തന്റെ ജീവിതം കൊണ്ടു കേരളസഭ നവീകരിക്കപ്പെടണമെന്നും പുനരുദ്ധരിക്കപ്പെടണമെന്നും അദ്ദേഹം തീരുമാനിച്ചു.

പ്രിയപ്പെട്ടവരുടെ മരണമൂലം സെമിനാരിയിൽ നിന്നും വീട്ടിലേക്ക് തിരിച്ചുവരണമെന്ന് ബന്ധുക്കൾ നിർബന്ധിച്ചപ്പോൾ ദൈവപരിപാലനയിലുള്ള ഉറച്ച വിശ്വാസമായിരുന്നു അദ്ദേഹത്തെ മുൻപോട്ട് നയിച്ചത്. 1831-ൽ കേരളസഭയുടെ പോഷണത്തിനായി ഒരു സന്ന്യാസഭവനം മാന്നാനംകുന്നിൽ ആരംഭിച്ചു.

ഭാരതസഭയ്ക്ക് ആധ്യാത്മികവും ബൗദ്ധികവും സാമൂഹികവും സാംസ്കാരികവുമായ നന്മകൾ പ്രദാനം ചെയ്യുന്ന കേരള സഭയിലെ, 19-ാം നൂറ്റാണ്ടിലെ ഉജ്ജ്വലതാരമായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹികോന്നമനം സാധിക്കൂ എന്നറിയാമായിരുന്ന ചാവറപ്പിതാവ് മാന്നാനത്ത് സംസ്കൃത സ്കൂൾ ആരംഭിച്ചതോടെ എല്ലാവിഭാഗം ജനങ്ങൾക്കും അറിവിന്റെ മഹത്ത്വം മനസിലാക്കികൊടുത്തു. പള്ളിക്കൂടങ്ങളും അച്ചടിശാലയും ആരംഭിച്ച പിതാവ് കേരളസഭയുടെ ആത്മീയജീവിതത്തിലും സാംസ്കാരിക മണ്ഡലത്തിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. ഈ പിതാവിനെക്കുറിച്ചും സഭയെക്കുറിച്ചും ആഴമായി പഠിച്ച് അനേകർക്ക് ഉപകാരമാകാൻ ബ. കുര്യാക്കോസ് ഏലിയാച്ചൻ എഴുതിയ ഈ ഗ്രന്ഥത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന്

മാന്നാനം
8.8.2005

ഫാ. ജയിംസ് മഠത്തിക്കണ്ടം സി.എം.ഐ.
വൈസ് പോസ്റ്റുലേറ്റർ

ആമുഖം

"ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഓർക്കുകയും വണങ്ങുകയും ചെയ്തുവന്നിരുന്നു. അവരുടെ അനുഗ്രഹം എനിക്ക് എപ്പോഴും ലഭിച്ചിരുന്നു, എന്നെ സംരക്ഷിക്കുകയും ചെയ്തു. അതിനാൽ മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നഷ്ടമാക്കാൻ ഇടവന്നില്ലയെന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."

അറുപത്തിയഞ്ചു വർഷത്തോളം ഈ ഭൂമിയിൽ ജീവിച്ച തിരുക്കുടുംബത്തിന്റെ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നിരന്തരം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടിരുന്നു. ഇപ്രകാരം ദൈവാനുഗ്രഹത്തോടു സഹകരിച്ച ചാവറ മാമ്മോദീസാ ജീവിതം നയിച്ചിരുന്നു. "വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും" (മർക്കോ. 16:16) എന്നാണ് ചാവറ 'അപ്പൻ' എന്നു വിളിച്ചിരുന്ന ഈശോ അരുളിച്ചെയ്തത്. മാമ്മോദീസാ ജീവിതമെന്നത് പാപത്തിനും ലോകത്തിനും മരിച്ചു മിശിഹായിലുള്ള ജീവിതം നയിക്കുകയെന്നതാണ്. അതുകൊണ്ടാണ് കർത്താവരുളിച്ചെയ്തത്: "എനിക്ക് ഒരു മാമ്മോദീസാ സ്വീകരിക്കുവാനുണ്ട്. അത് നിവൃത്തിയാകുവോളം ഞാൻ എത്രയധികം ഞെരുങ്ങുന്നു" (ലൂക്ക. 12:50). ഈശോ സ്വീകരിച്ച മാമ്മോദീസായുടെ ജീവിതം കുരിശുമരണത്തോടു കൂടിയാണ് പൂർത്തിയായത്. അവിടുന്ന് അരുളിച്ചെയ്തു: "പൂർത്തിയായിരിക്കുന്നു. അനന്തരം അവിടുന്ന് തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ. 19:30).

ഈശോമിശിഹായിലുള്ള വിശ്വാസം ചാവറ ഏറ്റു പറഞ്ഞത് ആദ്യമായി വിശ്വാസികളായ മാതാപിതാക്കളിൽനിന്നുള്ള ജനനം

വഴിയും തുടർന്ന് ചേന്നങ്കരി ഇടവകപള്ളിയിൽവച്ച് മാമ്മോദീസാ സ്വീകരിച്ചതു വഴിയുമാണ്. ചാവറ ആരംഭിച്ച ഐഹിക ജീവിതം, തിരിച്ചറിവിന്റെ പ്രായംവരെ മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും ശിക്ഷണം വഴി നടന്നു. പിന്നീട് മല്പാനച്ചന്മാരുടെയും മറ്റും സഹായത്തിലൂടെ കുടുംബത്തിൽ കിട്ടിയ മാമ്മോദീസാ ജീവിതം തുടർന്നു പോന്നു. അവസാന കാലഘട്ടത്തിൽ ലെയോപ്പോൾദച്ചൻ, ബർണർദീനോസ് മെത്രാപ്പോലീത്താ തുടങ്ങിയവരുടെ സഭാത്മക നേതൃത്വത്തിൽ ചാവറയുടെ ജീവിതം ധന്യമായിത്തീർന്നു.

ചാവറയച്ചന്റെ ആധ്യാത്മികതയെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞ വ്യക്തിയായി ജീവിച്ചത് മാമ്മോദീസായോടുള്ള വിശ്വസ്തതകൊണ്ട് എന്ന് എടുത്തു കാണിക്കുന്നു. മാമ്മോദീസാ എന്ന കൂദാശ ദൈവാരാധനയുടെ തുടക്കം കുറിക്കുന്ന പ്രാരംഭ കൂദാശകളിൽ ഒന്നാമത്തേതാണ്. മറ്റുള്ളവ മുമ്പിലത്തെ ഒപ്രുശ്മായും വി. കുർബ്ബാനയുമാണ്. ദൈവാരാധനയുടെ ഘടകങ്ങളിൽ കൂദാശകളോടൊപ്പം, കൂദാശാനുകരണങ്ങളും യാമപ്രാർത്ഥനയും ആരാധനാവത്സരമനുസരിച്ചുള്ള ഭക്തികളും ഉൾപ്പെടുന്നു.

ചാവറയച്ചൻ തന്റെ മരണത്തിനു മുമ്പ് പ്രസ്താവിച്ചത് ഇപ്രകാരമാണ്: "തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താൽ മാമ്മോദീസായിൽ കിട്ടിയ ദൈവേഷ്ടപ്രസാദം കാത്തു സൂക്ഷിക്കുവാൻ സാധിച്ചു". അതായത് ദൈവാരാധനയുടെ പ്രഥമ ഘടകമായ മാമ്മോദീസായ്ക്കനുസൃതം ജീവിച്ചുവെന്നു സാരം. ഇപ്രകാരമുള്ള ജീവിതത്തെയാണ് ആരാധനാധിഷ്ഠിത ആധ്യാത്മികതയെന്നു വിശേഷിപ്പിക്കുന്നത്. ദൈവാരാധനയിലെ മാമ്മോദീസായിലൂടെ ലഭിക്കുന്ന ദൈവേഷ്ട പ്രസാദമെന്നതു കൊണ്ടർത്ഥമാക്കുന്നത് റൂഹാദ്ക്കുദ്ശായെ തന്നെയാണ്. അങ്ങനെയാണ് പൗരസ്ത്യ ദൈവവിജ്ഞാനീയത്തിലും പൗരസ്ത്യാധ്യാത്മികതയിലുമുള്ള ദർശനം.

പരിശുദ്ധാത്മാവ് നിറഞ്ഞ മനുഷ്യനായിരുന്നു ചാവറയെന്ന് അദ്ദേഹത്തിന്റെ സമകാലികർ സാക്ഷ്യപ്പെടുത്തുന്നു. ചാവറയിൽനിന്നു തന്നെയുള്ള തെളിവാണ് ആമുഖത്തിന്റെ തുടക്കത്തിൽ ഉദ്ധരിച്ച മാമ്മോദീസായിൽ ലഭിച്ച ദൈവേഷ്ടപ്രസാദത്തെ നഷ്ടപ്പെടുത്തുവാൻ ഇടവന്നില്ല എന്നത്. തിരുക്കുടുംബത്തോടുള്ള ഭക്തിയാണ് മാമ്മോദീസാ ജീവിതത്തിനു സഹായമായി ചാവറ സ്വീകരിച്ചത്. ഇതു തീർത്തും ദൈവാരാധനാധിഷ്ഠിതമായ ഒന്നായിരുന്നു. അതായത് ഇങ്ങനെയുള്ള ഭക്തികൾ ദൈവാരാധനയോടഭേദ്യമായി ബന്ധപ്പെട്ടിരുന്നു. ചുരുക്കത്തിൽ ചാവറ ദൈവാരാധനാധ്യാത്മികതയുടെ ഏറ്റം ഉന്നതമായ ഒരു മാതൃക തന്നെയാണ്. മാത്രമല്ല ചാവറ ആരാധനാധ്യാത്മികതയുടെ പ്രേഷിതനും മധ്യസ്ഥനുമെന്നു സുതരാം വ്യക്തവുമാണ്.

ചരിത്രപരമായി നോക്കുമ്പോൾ നസ്രാണികളുടെയിടയിൽ സാധാരണഭക്തി പ്രചരിപ്പിച്ചതു ചാവറയച്ചന്റെ കാലത്താണ്. വിദേശ മിഷനറിമാരുടെ നേതൃത്വവും പ്രചോദനവും അതിനിടവരുത്തി. ചാവറയച്ചനും ആത്മാർത്ഥതയോടെ അങ്ങനെയുള്ള തുടക്കത്തിനും വളർച്ചയ്ക്കും സഹകരിച്ചു. എന്നാൽ ഇതിനെല്ലാമുപരി നിലനില്ക്കുന്നത് ചാവറ ജീവിച്ച ജീവിത സാക്ഷ്യമാണ്. ഈ സാക്ഷ്യം ഭാരത ത്തിൽ എന്നല്ല ലോകത്തിൽ എല്ലാവർക്കും മാതൃകയായി നില്ക്കുന്ന വലിയ ഒരു സംഭവമാണ്. കാരണം സാർവ്വത്രിക സഭയുടെ ആധ്യാത്മികത അടങ്ങിയിരിക്കുന്ന, ആരാധനാധിഷ്ഠിതത്വം ചാവറയിൽ പൂർണ്ണമായിരുന്നു. പൗരസ്ത്യ സഭയുടെ പൈതൃകമായ ആരാധനാധിഷ്ഠിത സ്വഭാവത്തിനു കോട്ടം വരാത്തവിധത്തിൽ സാധാരണ ഭക്തികളും ചാവറ സ്വാംശീകരിച്ചിരുന്നു.

സാധാരണ ഭക്തികളുടെ അതിപ്രസരവും കൗദാശിക ജീവിതത്തിന്റെ തിരോഭാവവും ഇന്നിന്റെ ഒരു പ്രശ്നം തന്നെയാണ്. 11-ാം

നൂറ്റാണ്ടുമുതൽ ആരംഭിച്ചതാണിത്. ഭാരതത്തിൽ ഇതു കൊണ്ടുവന്നത് വിദേശിയരും. അതിനുത്തരവാദി ചാവറയല്ലായെന്നു മാത്രമല്ല, അതിനുള്ള പ്രതിവിധിയാണ് അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യം. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് നിർദ്ദേശിക്കുന്ന രീതിയിൽ സാധാരണ ഭക്തികൾ (S.C. 13) നടപ്പാക്കുവാൻ ചാവറയ്ക്കു സാധിച്ചില്ലായെന്നത് സത്യമാണ്. അതിന്റെ കാരണം മേലധ്യക്ഷക്രമത്തെയാണ് സഭാ വിശ്വാസമനുസരിച്ച് ചാവറ അന്ന് അനുസരിക്കേണ്ടിയിരുന്നത് എന്നതാണ്. ഈ വിഷയം സഭാവിജ്ഞാനീയത്തിന്റെയും സഭാചരിത്രത്തിന്റെയും പരിധിയിൽ വരുന്നവയാണ്. വിവാദത്തിനുവേണ്ടിയല്ല, വസ്തുനിഷ്ഠമായ ആധികാരികതയ്ക്കു വേണ്ടിയാണ് മേല്പറഞ്ഞ വിഷയം പഠിക്കേണ്ടത്. എങ്കിലും ഒരു വസ്തുത സാന്ദർഭികമായി പറയേണ്ടതുണ്ട്. ചാവറയച്ചൻ സമരത്തിന്റെയും വിഘടനത്തിന്റെയും വഴിവിട്ട് അപേക്ഷയുടെയും അനുരജ്ഞനത്തിന്റെയും മാർഗ്ഗം സ്വീകരിച്ചു. എന്നാൽ റോമിന്റെയും വിദേശമിഷനറിമാരുടെയും സമീപനത്തിൽ വേണ്ടത്ര നീതി ചാവറയച്ചനും നസ്രാണി സഭയ്ക്കും കിട്ടിയില്ല. അതിനെയെല്ലാം ചാവറ ദൈവപരിപാലനയിലൂടെയാണ് കണ്ടത്. ചാവറ മറിച്ചു നീങ്ങിയിരുന്നെങ്കിൽ എല്ലാം നേരെയാകുമായിരുന്നുവെന്നു ചിന്തിക്കുന്നവരുണ്ട്. പക്ഷെ ആ അഭിപ്രായത്തിനു വേണ്ടത്ര ജീവിതസക്ഷ്യം ഒരിടത്തും കാണുന്നില്ലാത്തതിനാൽ ചാവറയുടെ നീക്കം ഏറ്റം വിവേകപൂർവ്വമായിരുന്നു, വീരോചിതമായിരുന്നു എന്നു പറയാം. പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടിരുന്നതും ആത്മാക്കളുടെ വിവേചനയിൽ വരുന്നതുമാണ് അതിന്റെ മാനദണ്ഡം.

ചാവറ ആധ്യാത്മികത ചർച്ചാവിഷയമാക്കിയിരിക്കുന്നത് പ്രധാനമായും രണ്ടടിസ്ഥാനങ്ങളിലൂടെയാണ്. ഒന്നാമത്തേത്, സാർവ്വത്രിക ആധ്യാത്മിക വിജ്ഞാനീയം. രണ്ടാമത്തേത് പൗരസ്ത്യ സഭകളുടെ ദൈവവിജ്ഞാനീയ പൈതൃകം.

ഇന്നയും വേണ്ടത്ര പ്രകാശം കടന്നു വരാത്ത ഒരു മേഖലയാണ ചാവറ, നസ്രാണി വ്യക്തിസഭയുടെ ശ്ലീഹായും പ്രവാചകനും വക്താവും സഭാധികാരിയുമായിരുന്നുവെന്നത്. ഈ കുറവിനെ പാശ്ചാ ത്യസഭ സാർവ്വത്രിക സഭയിൽ മൂന്നാം നൂറ്റാണ്ടു മുതൽ പുലർത്തിയി രുന്ന മേധാവിത്വത്തോടു താരതമ്യപ്പെടുത്തുവാൻ തോന്നുന്നു. മാന്നാ നവും ചാവറയും വിദേശമിഷനറിമാരുടെ സഹായത്തോടെ നിലകൊ ണ്ടതു വഴിയാണ് ഇന്നത്തെ സീറോ-മലബാർ സഭ ഇത്രമാത്രം പുരോ ഗമിക്കുവാനിടവന്നത്. എന്നാൽ അതിന്റെ തനതാത്മകതയ്ക്കു മങ്ങ ലേറ്റു. മാന്നാനത്തിനും ചാവറയ്ക്കും ചരിത്രപരമായും സഭാപരമായും കൊടുക്കേണ്ട പ്രാധാന്യം നല്കാത്തതുകൊണ്ടാണ് നസ്രാണികളുടെ പല കേന്ദ്രങ്ങളിലായി ആധിപത്യത്തിനുള്ള പ്രവണതകൾ ശക്തിപ്പെ ട്ടതും, ഇന്നും അതിന്റെ പ്രത്യാഘാതങ്ങൾ നസ്രാണി സമൂഹത്തെ അതിന്റെ അനന്യതയിൽ എത്തിക്കുവാൻ സാധിക്കാതെ വികലവും വിരൂപവുമാക്കിക്കൊണ്ടിരിക്കുന്നതും.

ചാവറ ആധ്യാത്മികത സി. എം. ഐ. സഭയുടേതെന്നതിനെ ക്കാൾ നസ്രാണിസമൂഹത്തിന്റെ സ്വന്തം എന്ന നിലയിലാണ് സമീപി ക്കേണ്ടത്. സി. എം. ഐ. എന്നത് ഒരു വിഭാഗീയതയുടെ സൈദ്ധിക തുടക്കമല്ല പിന്നെയോ നസ്രാണി വ്യക്തി സഭയുടെ ഏകീകൃത സംഭ വമാണ് പ്രകടമാക്കിയിരുന്നത്. മറിച്ചു നീങ്ങുന്നത് ചാവറയുടെ ആധ്യാ ത്മികതയിൽ നിന്നുള്ള വ്യതിചലനമായിരിക്കും. പാശ്ചാത്യസഭ ലോകത്ത് എവിടെ പോയാലും ലത്തീൻ വ്യക്തിസഭയുടെ രീതിയിൽ നീങ്ങുന്നത് സാർവ്വത്രിക സഭയിലെ പാരമ്പര്യമാണ്. പൗരസ്ത്യസഭ യിൽപ്പെട്ട സി. എം. ഐ. സഭയ്ക്കും നസ്രാണി വ്യക്തിസഭയ്ക്കും അതു ബാധകമാകുന്നില്ലെങ്കിൽ അതു കത്തോലിക്കാ സഭയുടെ ചൈത ന്യത്തിനു ചേർന്നതല്ല.

ചാവറയാധ്യാത്മികത നസ്രാണി വ്യക്തിസഭയുടെ പൗരസ്ത്യ പൈതൃകത്തിലും ഭൂമിശാസ്ത്രപരമായി പൗരസ്ത്യ സംസ്ക്കാരത്തിലും

വേദപുസ്തകത്തിന്റെ കർമ്മമെലിത്താ സവിശേഷതയിലും ഊന്നി നില്ക്കണം. ചരിത്രപരമായി കടന്നുവന്ന ഘടകങ്ങൾക്ക് പുനരുദ്ധാരണവും നവീകരണവും അനുരൂപണവും വഴി പരിഹാരം ഉണ്ടാകണമല്ലോ. അതുകൊണ്ടാണ് ഈ ഗ്രന്ഥം ആ വഴിക്കു ചിന്തിക്കുന്നത്.

ചാവറ ആധ്യാത്മികതയ്ക്കു മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്ത് ആധ്യാത്മിക ദൈവവിജ്ഞാനീയത്തെക്കുറിച്ച് പൊതുവിലും പൗരസ്ത്യാധ്യാത്മികതയെക്കുറിച്ച് സവിശേഷമായും ദൈവാരാധനാധ്യാത്മികത, താപസികത എന്നിവയെക്കുറിച്ച് പ്രത്യേക ഊന്നലോടുകൂടിയും പ്രതിപാദിക്കുന്നു.

രണ്ടാം ഭാഗത്ത് അഞ്ച്, ആറ്, ഏഴ് അധ്യായങ്ങളിലൂടെ ചാവറയുടെ ജീവചരിത്രം, മെത്രാനായില്ലെങ്കിലും മേലധ്യക്ഷനടുത്ത ദൗത്യനിർവ്വഹണം, ആശ്രമ തുടക്കം എന്നിവയെക്കുറിച്ച് ചർച്ച നടത്തുന്നു.

മൂന്നാം ഭാഗത്തിന് ഒൻപത് അധ്യായങ്ങളുണ്ട്. ഇവിടെ യഥാക്രമം ചാവറയാധ്യാത്മികത, ചാവറയുടെ ധ്യാനാത്മക ജീവിതം, റൂഹാദ്ക്കുദ്ശാ നിറഞ്ഞവൻ, സഭാജീവിതം, ദൈവസ്നേഹം, പരസ്നേഹം, ഛായയിൽനിന്നു സാദൃശ്യത്തിലേക്ക്, സിദ്ധിപരമായ ആധ്യാത്മികത, സിദ്ധിയിൽ പങ്കാളിത്തം എന്നിവയെ വിവരിക്കുന്നു.

ഭാരതത്തിന്റെ ആത്മീയാചാര്യനായി ജീവിച്ച ചാവറയച്ചൻ ലോകം മുഴുവനും ഒരു കെടാദീപമാണ്. മാന്നാനംകുന്ന് ഓറെഷ്ലേം ഗിരിക്കു സമാനം മാനവതേജസ്ക്കരണത്തിന്റെ കർമ്മയോഗത്തിന് എന്നും സാക്ഷ്യം വഹിക്കുന്നു. വിദേശമിഷനറിമാരുടെ നിർബന്ധം കൊണ്ട് കൂനമ്മാവു ചാവറയുടെ അവസാനകാലത്തിനുള്ള വേദിയായി എന്നത് ചരിത്ര വസ്തുതയാണ്. ഈ രണ്ടു സ്ഥലങ്ങളെ രണ്ടായി കാണുന്നതിലും ഒന്നായി എടുക്കുന്നതാണ് ഒരാത്മീയാചാര്യനോട് നീതിപുലർത്തുവാനുപകരിക്കുന്നത്. അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യമാണ് ഏറ്റവും പ്രധാന ഘടകം.

ആരാധനാധ്യാത്മികതയുടെ കാര്യത്തിൽ ചാവറയാധ്യാത്മികത സംഭാവന ചെയ്ത പൈതൃകമാണ് ലോകം കൂടുതലായി അറിയേണ്ടത്. അതായത് മാമ്മോദീസായിൽ ആരംഭിച്ച് വിശുദ്ധ കുർബാനയിൽ കേന്ദ്രീകരിച്ച് മരണമാകുന്ന രൂപാന്തരീകരണത്തിലൂടെ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തേയ്ക്കു യാത്രയായ ധന്യനായിരുന്നു ചാവറ. സഭയിൽ പതിനൊന്നാം നൂറ്റാണ്ടുവരെ വ്യാപകമായിരുന്നതും പൗരസ്ത്യ സഭകൾ എന്നും യഥാർത്ഥ ആധ്യാത്മികതയായി കാത്തു സൂക്ഷിക്കുന്നതും ആരാധനാധ്യാത്മികതയാണ്.

ചാവറയെക്കുറിച്ച് എഴുതുന്നവരും സംസാരിക്കുന്നവരുമെല്ലാം അദ്ദേഹം വഴി വരാപ്പുഴ, ലത്തീൻ മേലധ്യക്ഷന്മാർ നടപ്പാക്കിയ സാധാരണ ഭക്തികളെയാണ് പ്രകാശിപ്പിച്ചു കാണിക്കുന്നത്. പക്ഷെ, ചാവറ സ്വധർമ്മമെന്ന നിലയിൽ മാനവരാശിക്കു സംഭാവന ചെയ്തത് ദൈവാനുഗ്രഹത്തോടു സഹകരിച്ചാൽ, പരിശുദ്ധാത്മാവിന്റെ നിറവിൽ, ജീവിക്കുവാൻ സാധിക്കുമെന്നതാണ്. അതും ദൈവാരാധനയുടെ പ്രഥമ ഘടകമായ കൗദാശികാധ്യാത്മികതയിലൂടെ. ഈ ഭക്തിയുടെയും ആധ്യാത്മികതയുടെയും തുടർച്ചയായിരുന്നു മറ്റു സ്വകാര്യ ഭക്തികളെല്ലാം.

ചാവറയുടെ ആത്മാനുതാപം (പാപാവബോധം) അദ്ദേഹത്തെ പ്രപഞ്ചസ്നേഹിയും, ദൈവിക മനുഷ്യനുമാക്കിത്തീർത്തു. തപസ്സ്, ധ്യാനം, അനുചിന്തനം, ധ്യാനയോഗം എന്നീ ആധ്യാത്മിക പടികളിലൂടെ മുന്നേറിയ ചാവറ, ധ്യാനമുറിയിലും വി. കുർബാന സന്നിധിയിലും ദൈവസാന്നിധ്യം പ്രഖ്യാപിക്കുന്ന സഹജീവികളുടെ മുമ്പിലും കർമ്മങ്ങളിലൂടെയുള്ള അനുചിന്തകനായിരുന്നു. അക്ഷരാർത്ഥത്തിൽ കർമ്മയോഗി. ഇതു തന്നെ ചാവറയാധ്യാത്മികത.

സി. എം. ഐ. നിയമാവലിയിൽ സ്ഥാപകരുടെ സിദ്ധിയായി പറഞ്ഞിരിക്കുന്ന ദൈവസ്നേഹത്തിന്റെ ആഴമായ അനുഭൂതി

ചാവറയെ ദൈവത്തിന്റെയും ദൈവജനത്തിന്റെയും ആളാക്കിത്തീർത്തു. ചാവറയുടെ "ഭക്ഷണപാനീയങ്ങൾ" ദൈവവചനമായിരുന്നു. നിയമാവലി എടുത്തു പറയുന്നതുപോലെ ചാവറയുടെ ജീവിതം വചനപ്രഘോഷണത്തിനും തിരുസ്സഭയ്ക്കു വേണ്ടിയും കാലങ്ങളുടെ ആവശ്യങ്ങൾക്കനുഗുണമായും വിശ്വാസിക്കുള്ള സുവിശേഷപ്രസംഗം, മാനസാന്തരപ്പെടുന്ന മിശിഹാനുയായികൾക്കുവേണ്ടിയുള്ള മതപരിശീലനം, മാർത്തോമ്മാ മെശയാനികരുടെ ക്ഷേമത്തിനും അവരുടെയിടയിലുള്ള അനാഗത സമൂഹങ്ങളുടെ പുനരൈക്യത്തിനും വേണ്ടിയുള്ള പ്രവർത്തനം, മിശിഹായുടെ ശരീരമായ സഭയുടെ സർവ്വതോന്മുഖമായ വളർച്ച എന്നിവ തീക്ഷ്ണതാപൂർവ്വം ഏറ്റെടുക്കുന്നതിനുള്ള സമ്പൂർണ്ണ സംലഭ്യതയുടെ ഒരു ജീവിതവും കൂടിയായിരുന്നു. ദൈവാനുഭവവും ദൈവജനോന്മുഖതയും ഒന്നു ചേർന്നപ്പോൾ നിരവധി സംഭവങ്ങൾ ചാവറയിലൂടെ ആരംഭിച്ചു. അവയിൽ പ്രധാനപ്പെട്ടവ:

1. 11-ാം വയസ്സിൽ നാടും വീടും വിട്ടു മിശിഹാനുഗമനം
2. പൗരോഹിത്യം 1829
3. ആധുനിക ഏതദ്ദേശീയ പ്രഥമ മാർത്തോമ്മാ നസ്രാണി ആശ്രമ ജീവിതാരംഭം 1831
4. മാന്നാനം വൈദിക പരിശീലനകേന്ദ്രം 1833
5. അച്ചടിശാല 1846
6. സംസ്കൃത പള്ളിക്കൂടം 1846
7. സി. എം. ഐ. സഭയുടെ കാനോനിക സ്ഥാപനം 1855
8. സി. എം. സി. സന്ന്യാസിനീ സമൂഹം 1866
9. നന്മരണസഭ 1869

10. അഗതി ഭവനം കൈനകരിയിൽ 1869

11. ദൈവാരാധനാക്രമ പരിഷ്ക്കരണം 1865

12. കൂനമ്മാവ് 1837, എൽത്തുരുത്ത് 1858, പ്ലാശനാൽ, വാഴക്കുളം 1859, അമ്പഴക്കാട് 1865, മുത്തോലി 1870, പുളിങ്കുന്ന് 1866 എന്നീ ആശ്ര മാരംഭം.

ചാവറയാധ്യാത്മികതയുടെ ഏകാന്ത വൈശിഷ്ട്യം, ദൈവ ത്തിനും ദൈവജനത്തിനും വേണ്ടി പരിശുദ്ധാത്മാവിനാൽ നയിക്ക പ്പെട്ട ജീവിതമെന്നതാണ്. ഈശോമിശിഹായുടെ മാനവ ദൈവികീക രണ സംഭവമാണ് (Human Divinization) പരിശുദ്ധാത്മാവിനെ ലോക ത്തിനു സംഭാവന ചെയ്തത്. മിശിഹാസംഭവത്തിന്റെ തുടർച്ചയായ സഭാജീവിതമാണ് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനുള്ള മാർഗ്ഗം. സഭ അടിസ്ഥാന കൂദാശയായതുകൊണ്ട് എല്ലാ കൂദാശകളും സഭാത്മകമായി നിലകൊള്ളുന്നു. സഭാജീവിതത്തിന്റെ തുടക്കം മാമ്മോ ദീസായിലൂടെയുള്ള പ്രതിഷ്ഠയും അതിന്റെ പരിസമാപ്തി വിശുദ്ധ കുർബ്ബാനയിലൂടെയുള്ള സ്വർഗ്ഗീയ ജീവിതവും. മാമ്മോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവ് ചാവറയോടുകൂടെ മരണംവരെ ഉണ്ടായിരു ന്നതിനോട് സഭാപരമായും കൗദാശികമായും സഹകരിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ വലിയ നേട്ടം. ചാവറയിൽ വിളങ്ങി ശോഭിച്ച സഭൈ ക്യത്തിന്റെ ആധ്യാത്മികത പ്രാപഞ്ചികൈക്യത്തിലൂടെ സർവ്വാതിശാ യിയായിത്തീർന്നു. ചാവറയുടെ വീരോചിതത്വമാണ് മാർത്തോമ്മാ നസ്രാണികളുടെ ഇടയിലുള്ള ആധുനിക കാലത്തെ ആദ്യത്തെ ആശ്രമ പ്രസ്ഥാനം. ചാവറയാധ്യാത്മികത തീർത്തും നസ്രാണീയവും.

റവ. ഡോ. കുര്യാക്കോസ് ഏലിയാ വടക്കേത്ത് സി.എം.ഐ.

ഇടമറ്റം
1.8.2005

ഉള്ളടക്കം

ഒന്നാം ഭാഗം

I ആധ്യാത്മികത 39

I. 1. ആധ്യാത്മിക സമീപനങ്ങൾ 41

I. 2. ദൈവവചനം 43

I. 3. മിശിഹാ 44

I. 4. ത്രിത്വം 45

I. 5. പിതാവ് 48

I. 6. ദൈവാത്മാവ് 50

I. 7. ശ്ലീഹന്മാർ 52

I. 8. തിരുസഭ 54

I. 9. പിൻതുടർച്ച 56

I. 10. തപസ്സ് 58

I. 11. യോഗാത്മകം 60

I. 12. ശുശ്രൂഷ 65

I. 13. സിദ്ധി 68

I. 14. ദൈവാരാധന 70

I. 15. കുടുംബം 71

II. പൗരസ്ത്യാധ്യാത്മികത 75

II. 1. അവിഭക്തസഭ 77

II. 2. സുവിശേഷം 79

II. 3. ദൈവാനുഭവം 80
II. 4. കൂദാശകൾ 83
II. 5. സംസ്കാരം 86
II. 6. അനുചിന്തനം 89
II. 7. ആരാധനാവത്സരം 92
II. 8. മറിയം 97
II. 9. ഉത്ഥാനം 99

III ദൈവാരാധനാധ്യാത്മികത 103
III. 1. മാമ്മോദീസാ 103
III. 2. ചേതന 105
III. 3. അനുതാപം 107
III. 4. പെസാഹാരഹസ്യം 111
III. 5. കൂട്ടായ്മ 117
III. 6. അഭിഷേകം 119
III. 7. രൂപാന്തരീകരണം 128
III. 8. കൂദാശാനുകരണം 134
III. 9. യുഗാന്ത്യം 138

IV താപസികാധ്യാത്മികത 144
IV. 1. സൃഷ്ടി 148
IV. 2. പശ്ചാത്താപം 152
IV. 3. ധ്യാനം 154
IV. 4. പ്രായശ്ചിത്തം 156
IV. 5. ഹൃദയം 159
IV. 6. പീഡാനുഭവം 161

IV. 7. ദർശനം 164
IV. 8. പ്രത്യാശ 168
IV. 9. വിനയം 171
IV. 10. വിശ്വാസം 173
IV. 11. സ്നേഹം 176

രണ്ടാംഭാഗം

V ധന്യൻ ചാവറ 183
V. 1. നസ്രാണി 185
V. 2. ദേശീയം 187
V. 3. ജനനം 189
V. 4. മാമ്മോദീസാ 191
V. 5. കുടുംബശിക്ഷണം 194
V. 6. വിദ്യാഭ്യാസം 196
V. 7. ദൈവാലയം 200
V. 8. സെമിനാരി 203
V. 9. വൈദികപടികൾ 209
V. 10. വൈദികവൃത്തി 212
V. 11. വാച്ചവനവാസം 215
V. 12. ശ്ലൈഹികവേല 219
V. 13. വ്രതാനുഷ്ഠാനം 221
V. 14. ആശ്രമസ്ഥാപനം 224
V. 15. ആശ്രമശ്രേഷ്ഠൻ 226
V. 16. നേതൃത്വം 230
V. 17. ആതുരശുശ്രൂഷ 234

V. 18. ദൈവജനം 236
V. 19. സന്ന്യാസിനീ സമൂഹം 239
V. 20. ജീവിത സായാഹ്നം 242

VI അനഭിഷിക്ത മെത്രാൻ 257
VI. 1. സഭാതനയൻ 263
VI. 2. സഭാദർശനം 267
VI. 3. സഭാധികാരികൾ 278
VI. 4. പരീക്ഷണം 287
VI. 5. ദൈവാരാധനാക്രമം 290
VI. 6. അനുരഞ്ജകൻ 296
VI. 7. സംഘർഷം 302
VI. 8. അജപാലനശ്രേഷ്ഠൻ 306
VI. 9. ദൈവത്തിനും ദൈവജനത്തിനും 310
VI. 10. സഭാവിശ്വസ്തൻ 314
VI. 11. മനുഷ്യാവതാരം 319

VII ആശ്രമതുടക്കം 326
VII. 1. ഏതദ്ദേശീയ സന്ന്യാസം 330
VII. 2. നസ്രാണിസഭ 336
VII. 3. സുകൃതാരാമം 340
VII. 4. വിശുദ്ധ ഗ്രന്ഥം 345
VII. 5. ഐൽസ് ഫോർഡ് 347
VII. 6. തെരേസ്യൻ 351
VII. 7. അനുചിന്തനം 354
VII. 8. സർവ്വനന്മകളും 367

VII. 9. സമന്വയം 372
VII. 10. വിനീതം 376
VII. 11. പങ്കുവയ്ക്കൽ 380
VII. 12. സാഹിത്യകൃതികൾ 386
VII. 13. ആധ്യാത്മിക തലങ്ങൾ 395
VII. 14. കുടുംബ പ്രേഷിതൻ 401
VII. 15. മൗതിക സോപാനങ്ങൾ 421

മൂന്നാം ഭാഗം

VIII ചാവറയാധ്യാത്മികത 462
VIII.1. മാമ്മോദീസാ 467
VIII 2. മാതൃപാലനം 470
VIII. 3. ദൈവമാതൃസംരക്ഷണം 473
VIII. 4. വിശ്വാസ പരിശീലനം 478
VIII. 5. പുനർജനനം 482
VIII. 6. അൾത്താരബാലൻ 493
VIII. 7. ഗുരുശിഷ്യബന്ധം 497
VIII. 8. അനുയായികൾക്കുവേണ്ടി 502
VIII. 9. വി. കുർബാനയുടെ സന്നിധിയിൽ 505
VIII. 10. അനുതാപക്കണ്ണുനീർ 510
VIII.11. ദൈവാത്മാവു നിറഞ്ഞവൻ 514
VIII.12. ജീവിതനൈർമ്മല്യം 520

IX ധ്യാനാത്മകജീവിതം 526
IX. 1. അമ്മ ത്രേസ്യാ - ഗുരുനാഥ 533
IX 2. ഈശോമിശിഹാ - സദ്ഗുരു 539

IX. 3.	ഈശോ - അപ്പൻ	544
IX. 4.	ആത്മാനുതാപം	551
IX. 5.	പാപത്തിൽ വീഴാത്ത പാപി	558
IX. 6.	തേറുന്ന ആത്മാവ്	560
IX. 7.	പീഡാനുഭവധ്യാനം	565
IX. 8.	ഹൃദയദർശനം	568
IX. 9.	സ്നേഹസംഭാഷണം	579
IX. 10.	ധ്യാനയോഗി	584
X റൂഹാദ്ക്കുദ്ശാ നിറഞ്ഞവൻ		593
X. 1.	പ്രതിഷ്ഠ	594
X 2.	അനുസരണം	597
X. 3.	സഹകരണം	601
X. 4.	നിലച്ച കുടുംബത്തിൽ തഴച്ച പ്രത്യാശ	606
X. 5.	ബഹിഷ്ക്കരണം	610
X. 6.	കരുണാർദ്രത	613
X 7.	പലായനം	617
X. 8.	ലക്ഷ്യബോധം	621
X. 9.	വിവേകം	629
X 10.	മരണാഘോഷം	633
X 11.	മാമ്മോദീസായുടെ സാക്ഷാത്ക്കാരം	639
XI സഭാജീവിതം		645
XI. 1.	നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു	647
XI 2.	വീരോചിതത്വം	652
XI. 3.	നിർണ്ണായകതീരുമാനം	658

XI. 4. പള്ളിക്കൂടങ്ങൾ 663
XI. 5. പെൺപൈതങ്ങൾ സഭാതനയർ 669
XI. 6. പ്രസംഗവേദിയിലെ സിംഹം 674
XI 7. രോഗികളുടെ നല്ല ശമറായൻ 681
XI. 8. ഏവർക്കും മാതൃക 688
XI. 9. അനുഷ്ഠാനങ്ങളിലും നിഷ്ഠ 695
XI 10. യാമങ്ങളുടെ പവിത്രീകരണം 700
XI 11. ഗാർഹിക സഭ 706
XI. 12. മാന്നാനം നസ്രാണിസഭാകേന്ദ്രം 711
XI 13. ചാവറ മാർത്തോമ്മാശ്ലീഹായുടെ പാതയിൽ 717
XI 14. മാന്നാനം ദ്വിതീയ എദേസ്സാ 723

XII ദൈവസ്നേഹം 731
XII 1. ദൈവഹിതം 736
XII 2. മണവാളനുമൊത്ത് 740
XII. 3. ദൈവദർശനം 742
XII. 4. അമ്മനുവേൽ അനുഭവം 746
XII. 5. വചനോപാസകൻ 748
XII. 6. ദർശന പാരവശ്യം 758
XII 7. വിലാപത്തിന്റെ മാറ്റൊലി 764
XII. 8. ധ്യാനനിർലീനത 771
XII. 9. തിരുക്കുടുംബം 775
XII 10. സഹജരുടെ ദൈവദാസൻ 781

XIII പരസ്നേഹം 788
XIII. 1. എന്റെ നാമം നിമിത്തം 789
XIII 2. മല്പാൻ 793

XIII. 3. വലിയ പ്രിയോരച്ചൻ 797
XIII. 4. വികാരി ജനറാൾ 801
XIII. 5. എഴുത്തും വായനയും 806
XIII. 6. ആശ്രമപ്രസ്ഥാന മുന്നോടി 810
XIII 7. വൈദികോത്തംസൻ 814
XIII. 8. പാവങ്ങളോടുകൂടെ 819
XIII. 9. സാഹിത്യവേദി 822
XIII 10. അച്ചടി സംരംഭം 826
XIII 11. സംസ്കൃത സ്കൂൾ 830
XIII. 12. പിടിയരി പ്രസ്ഥാനം 834
XIII 13. സാധാരണ ഭക്തി 837
XIII 14. മരണാസന്നർക്ക് 841

XIV ഛായയിൽനിന്ന് സാദൃശ്യത്തിലേയ്ക്ക് 846
XIV.1. സ്വർഗ്ഗ പിതാവ് 848
XIV 2. ഉന്നതധാർമ്മികത 854
XIV.3. തൊഴിലാളികളുടെ പക്ഷം 858
XIV 4. കുടുംബ ക്രമം 861
XIV.5. ത്രിത്വ കുടുംബം 866
XIV.6. ദൈവമക്കൾ 869
XIV 7. കുടുംബ ഐക്യം 873
XIV.8. സഭൈക്യം 877
XIV.9. സഭാ തലവൻ 880
XIV 10. കൂട്ടായ്മയുടെ ആധ്യാത്മികത 884
XIV 11. സംഘാതാത്മക ചൈതന്യം 888
XIV.12. പാരമ്പര്യം 892

XIV 13. മഹത്ത്വീകൃത സ്ത്രീവാ 896
XIV 14. സാർവ്വത്രികം 900
XIV 15. സ്വധർമ്മം 903

XV സൈദ്ധികാധ്യാത്മികത 908
XV. 1. ബാല്യകാല സിദ്ധി 911
XV 2. യൗവ്വന സിദ്ധി 915
XV. 3. ആചാര്യത്വ സിദ്ധി 919
XV 4. ആശ്രമ സിദ്ധി 923
XV. 5. ശുശ്രൂഷാ സിദ്ധി 929
XV. 6. സ്ഥാപക സിദ്ധി 933
XV 7. ധ്യാന സിദ്ധി 938
XV. 8. വിവേചനാ സിദ്ധി 943
XV. 9. പ്രവാചക സിദ്ധി 946
XV 10. ശ്ലൈഹിക സിദ്ധി 951
XV 11. അനുസരണ സിദ്ധി 956
XV. 12. വിശ്വാസ സിദ്ധി 960
XV 13. സ്നേഹ സിദ്ധി 966
XV 14. സൗഹൃദ സിദ്ധി 972
XV 15. യുഗാന്ത്യോന്മുഖ സിദ്ധി 977

XVI സിദ്ധിയിൽ പങ്കാളിത്തം 985
XVI 1. സഹസ്ഥാപകർ 988
XVI 2. കാനോനിക സ്ഥാപകൻ 992
XVI 3. ആദിമ സഭാംഗങ്ങൾ 997
XVI 4. ശുശ്രൂഷാ നേതൃത്വം 1000

XVI 5. രാഷ്ട്രീയാംഗീകാരം 1003
XVI. 6. മതാന്തര സഹകരണം 1007
XVI 7. മരുഭൂമിയിലെ വേഴാമ്പൽ 1010
XVI. 8. കർമ്മെലീത്താ സഹായം 1014
XVI. 9. ദൈവപരിപാലനാവൈഭവം 1023
XVI 10. വഴിത്തിരിവ് 1026
XVI 11. ഈജിപ്തിലെ അടിമത്തം 1031
XVI. 12. സ്വയം പര്യാപ്തത മേലധ്യക്ഷക്രമത്തിൽ 1036
XVI 13. ബാബിലോൺ വിപ്രവാസമോ? 1039
XVI 14. അനന്യത തേടി 1044
XVI 15. യാവേയുടെ വിനീതർ 1047
XVI 16. പഴയ തോൽക്കുടത്തിൽ പുതിയ വീഞ്ഞ് 1050
XVI. 17. വൈരുദ്ധ്യങ്ങളുടെ പരേഡ് 1054
XVI 18. ഘടന സിദ്ധിയെ ഗ്രസിക്കുന്നുവോ? 1060
XVI 19. ത്രിവിധ സിദ്ധികളോ? 1065
XVI 20. ചാവറ സിദ്ധിയുടെ അധുനാതനീകരണം 1073
ശേഷകുറിപ്പുകൾ 1108
വിഷയസൂചിക 1166
സഹായക ഗ്രന്ഥങ്ങൾ 1176


JMJ
Regula
Ord. Carm
Syro
Malabarum
Totius
Religiosae
Disciplinae
Basis
Obedientia
Est

ആകൃതി വർണ്ണന

ഇതുപർയ്യന്തം ഈ മഹാത്മാവിന്റെ പ്രകൃതിയെപ്പറ്റിയാണല്ലോ പ്രതിപാദിച്ചത്. ഇനി ആകൃതിയെപ്പറ്റി അല്പം അറിവിക്കാം. നിറം നാടൻ രീതിയിൽ തനി വെള്ള (1) ഇത്രയുംകൊണ്ട് വർണ്ണനിർണ്ണയം ചെയ്യാൻ കുഴങ്ങുന്നവർ നമ്മുടെ കഥാനായകന്റെ ഒരു അനന്തിരവനും ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനുമായ കാളാച്ചേരിൽ ജയിംസ് മെത്രാനച്ചൻ തിരുമേനിയെ ഒരു നോക്കുകാണാൻ മതി. മുഖം അണിഡാകൃതിയേക്കാൾ വൃത്താകൃതിയേയാണു അവലംബിച്ചിരുന്നത്. അഗാധമായ ബുദ്ധിത്വത്തെ പ്രദ്യോതിപ്പിക്കുന്ന വിസ്താരമായ നെറ്റിത്തടം. കഷണ്ടിയാണെങ്കിൽ "ഉണ്ടെന്നു പറവാനൊട്ടില്ലതാനും; ഇല്ലെന്നു പറവാനൊട്ടില്ലതാനും" വിശാലഹൃദയത്വത്തെ വിളിച്ചറിയിക്കുന്നുവൊ എന്നു തോന്നിക്കുന്ന വിശാലനേത്രങ്ങൾ വിശുദ്ധ നാസികയ്ക്ക് അശുദ്ധവായു അനുയോജ്യമെന്നു കണ്ടിട്ടായിരിക്കുമൊ സൃഷ്ടികർത്താവു നാസികാ നിർമ്മാണത്തിൽ അല്പലോപം പ്രദർശിപ്പിച്ചത്? അതെങ്ങനെയുമാകട്ടെ; കണ്ണിന്റെ വലിപ്പവും മൂക്കിന്റെ ചെറുപ്പവും സുമുഖതയ്ക്കു തെല്ലും ഹാനികരമല്ലായിരുന്നു എന്നു തീർത്തുപറയാം. (2) വളരെ വളരെ ദേഹാദ്ധ്വാനം ചെയ്തിട്ടുള്ള ഒരാളിന്റെ കരചരണങ്ങൾ ബലിഷ്ഠങ്ങളായിരുന്നു എന്നു പറവാൻ ആവശ്യമില്ലെങ്കിലും സുന്ദരങ്ങളായിരുന്നു എന്നു പറവാൻ ആവശ്യമുണ്ട്. (3) മാംസളശരീരനായിരുന്നതിനാൽ ഉള്ളേടത്തോളം പൊക്കം തോന്നിച്ചിരുന്നില്ലെങ്കിലും ഹ്രസ്വകായനായിരുന്നില്ല. ഇതിൽ പ്രത്യേക നിഷ്ഠയുണ്ടായിരുന്നു. ആകെക്കൂടി പറഞ്ഞാൽ കാണികളുടെ കണ്ണും കരളും കവരുന്ന രൂപം. (4).

(1) 1868 ൽ നടന്ന ലെയോനാർദ് മെത്രാപ്പോലീത്തായുടെ അഭിഷേകകർമ്മത്തിനു കോയമ്പത്തൂരിൽ നിന്നു വരാപ്പുഴ വന്നിരുന്ന ദെപ്പോമിയാ എന്ന മെത്രാൻ കുർയ്യാക്കോസച്ചനെ കണ്ടപ്പോൾ, "നാട്ടിൽ വന്നിട്ടു എത്ര നാളായി" എന്നു ചോദിച്ചും താൻ നാട്ടുകാരനാണെന്നു പലവുരു പറഞ്ഞിട്ടും, ഇത്താലിയാക്കാരനെന്നു അദ്ദേഹത്തെ തെറ്റിദ്ധരിച്ച മെത്രാനു അതു ഉടനെ സമ്മതം വന്നില്ല.

(2) കേരള പ്രസിദ്ധനായ തച്ചിൽ മാത്തൂത്തരകന്റെ പ്രസ്താവന "പുരുഷവർഗ്ഗത്തിൽ ഇത്രയും യോഗ്യനായ ഒരാളെ ഞാൻ കണ്ടിട്ടില്ല."

(3) കുർയ്യാക്കോസച്ചനുമായി അടുത്തു പരിചയിക്കുന്നതിനു ഇടയായ ആളും, നസ്രാണി ദീപികയുടെ ആരംഭകന്മാരിൽ ഒരാളുമായ ഇരാർദ്ദച്ചന്റെ അഭിപ്രായം "അദ്ദേഹത്തിന്റെ കൈകാലുകൾ ഭന്തം കടഞ്ഞെടുത്തതുപോലെയാണ്."

(4) മുട്ടുചിറ ഇടവക മടത്തിക്കുന്നേൽ മാണി കുർയ്യൻ എന്ന വയോവൃദ്ധൻ ഒരിരുപതു കൊല്ലം മുമ്പ് മാന്നാനം കൊവേന്തയിൽ നിന്നും വീട്ടിലേയ്ക്കു പോയ ഒരു യോഗാർത്ഥിയെ മാർഗ്ഗമദ്ധ്യെ കണ്ടപ്പോൾ വിചാരഭരിതനായി പെട്ടെന്നു പറഞ്ഞതാണു കീഴെ കാണുന്നത്. ഈ വിദ്യാർത്ഥി ഇപ്പോൾ ഫാദർ സർഗീസ് എന്ന പേരിൽ അറിയപ്പെടുന്നു. "വലിയ പ്രിയോരച്ചനെ കണ്ടിട്ടില്ലല്ലോ. ഞാൻ കണ്ടിട്ടുണ്ട്. കാണുന്നതിനും അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുമുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. ഹാ! എത്ര ആനന്ദകരമായ കാഴ്ചയാണു അദ്ദേഹത്തെ കാണുന്നത് എന്നു പറവാൻ വിഷമം. റൂഹാദക്കുദശായാൽ നിറഞ്ഞയാൾ. ചെറിയ മണിസ്വരം. എന്നാൽ പള്ളിയിൽ എല്ലാവർക്കും അദ്ദേഹത്തിന്റെ ഇമ്പമായ പ്രസംഗം കേൾപ്പാൻ യാതൊരു പ്രയാസവുമില്ലാ. ഹാ! ആ ഓർമ്മ ഞാൻ ഒരിക്കലും മറന്നിട്ടില്ല. ഇന്നും ഇന്നലത്തെപ്പോലെ തോന്നുന്നു."

(മത്യാസ് പട്ടക്കാരൻ TOCD)

ചാവറ ആധ്യാത്മികത

ഒന്നാം ഭാഗം

ആധ്യാത്മികത

ചാവറ ആധ്യാത്മികതയെക്കുറിച്ച് പ്രതിപാദിക്കുന്നതിനുമുമ്പ് ആധ്യാത്മിക ദൈവവിജ്ഞാനീയത്തെക്കുറിച്ച് ഒരു വാക്ക്.

1. ആധ്യാത്മികത

ആധ്യാത്മികത എന്നത് റൂഹാദ്ക്കുദ്ശായിലുള്ള മനുഷ്യന്റെ സമഗ്ര ജീവിതമാണ്.[1] ആധ്യാത്മിക ജീവിതത്തെക്കുറിച്ച് വിവരിക്കുമ്പോൾ നിരവധി നിർവചനങ്ങൾ കണ്ടെന്നു വരും. എന്നാൽ ഈ ഗ്രന്ഥത്തിൽ, ആധ്യാത്മികതയെ ദൈവാത്മാവുമായി ബന്ധപ്പെടുത്തിയാണ് വിശദീകരിക്കുന്നത്. കാരണം പ്രപഞ്ചരൂപവത്ക്കരണത്തിൽ എന്നതുപോലെയും അല്ല, അതിനുപരിയായി മനുഷ്യജീവിതത്തിന്റെ കാര്യത്തിലും ദൈവത്തിന്റെ ചൈതന്യമാണ് നിർണ്ണായകഘടകമായി നിലകൊള്ളുന്നത്. "ഭൂമി ശൂദ്ധശൂന്യമായിരുന്നു. ആഴത്തിനു മീതെ ഇരുട്ടുപരന്നിരുന്നു. ദൈവാത്മാവ് ജലപ്പരപ്പിൽ ആവസിച്ചിരുന്നു". അനന്തരം ദൈവം അരുളിച്ചെയ്തു: "നമ്മുടെ പ്രതിച്ഛായയിൽ നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ നമുക്കു നിർമ്മിക്കാം. ദൈവമായ കർത്താവ് ധൂളിയായ ആദത്തെ ചെമ്മണ്ണിൽ നിന്ന് രൂപപ്പെടുത്തി. അയാളുടെ മുഖത്ത് ജീവന്റെ ശ്വാസം നിശ്വസിച്ചു. ആദം ജീവനുള്ളവനായിത്തീരുകയും ചെയ്തു. ദൈവമായ കർത്താവ് ആദത്തിൽ നിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ ആദത്തിന്റെ അടുക്കൽ കൊണ്ടുവന്നു" (ഉത്പ. 1:2,27; 2:7,22).[2] ദൈവാത്മാവ്, ജീവന്റെ ശ്വാസം എന്നുള്ള പ്രയോഗങ്ങളെ റൂഹാദ്ക്കുദ്ശാ എന്ന അടിസ്ഥാനത്തിൽ ദർശിക്കുമ്പോൾ, ആധ്യാത്മികതയ്ക്കുള്ള ഉറവിടം ദൈവചേതനയാകുന്നു. കൂടാതെ, ദൈവം തന്റെ പ്രതിച്ഛായയും സാദൃശ്യവും മനുഷ്യനു നൽകിയതിനാൽ, റൂഹാദ്ക്കുദ്ശായിൽ മനുഷ്യജീവിതം സാക്ഷാത്ക്കരിക്കുന്നതിനുള്ള വ്യവസ്ഥകളും അവിടുന്നു മനുഷ്യർക്കു പ്രദാനം ചെയ്തു.

ആധ്യാത്മികതയെ അതിന്റെ സമഗ്രഭാവത്തിൽ സമീപിക്കുമ്പോൾ അതു ദൈവച്ഛായയിൽ നിന്നു ദൈവ സാദൃശ്യത്തിലേയ്ക്കുള്ള രൂപാന്തരീകരണമാണെന്നു കാണുന്നു.[3] ഇപ്രകാരമുള്ള മനുഷ്യന്റെ ദൈവത്തിലേയ്ക്കുള്ള രൂപാന്തരീകരണത്തെ "മാലാഹാനൂസാ"- ദൈവികീകരണം എന്നു വിളിക്കുന്നു.[4] ദൈവം രൂപപ്പെടുത്തുന്ന മനുഷ്യൻ ദൈവദാനത്തിനനുസൃതം ജീവിക്കുമ്പോൾ ദൈവസ്വഭാവത്തിൽ - ദൈവികജീവനിൽ - പങ്കു ചേർന്നുകൊണ്ട് ജീവിത സാക്ഷാത്ക്കാരം അനുഭവിക്കുന്നു. ഇപ്രകാരം ദൈവത്തെ അനുഭവിക്കുന്ന ജീവിതം ദൈവാത്മാവിനാൽ നയിക്കപ്പെടുന്നതുമാണ്. വി.ശ്ലീഹാ പറയുന്നത്: "ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഏവരും ദൈവമക്കളാകുന്നു" എന്നാണ് (റോമാ. 8:14).

മനുഷ്യർ ദൈവാത്മാവിനാൽ നയിക്കപ്പെടുന്നതിന്റെ നിർണ്ണായകമായ തുടക്കം ദൈവം തന്റെ ശ്വാസം മനുഷ്യവ്യക്തിക്കു പ്രദാനം ചെയ്യുന്ന നിമിഷം മുതലാണ്. ചെമ്മണ്ണിൽ നിന്നെടുത്ത-മാതാപിതാക്കളിലൂടെ രൂപപ്പെട്ട-ശാരീരികതയ്ക്ക് സ്ഥലകാലബദ്ധതയിലൂടെ സവിശേഷവത്ക്കരണം ഉണ്ടാകുന്നതിനാൽ, ദൈവാത്മാവിനാൽ നയിക്കപ്പെടുന്നതിനുള്ള തനതാത്മകത ആവിർഭവിക്കുന്നു. തനതാത്മകത്വം വ്യക്തിക്കെന്നതുപോലെ സമൂഹത്തിനും ലഭിക്കുന്നതാണ്. സമൂഹത്തിനു കൈവരുന്ന വ്യക്തിത്വത്തിനു നിദാനം അതിന്റെ മുന്നോടിയേയോ മുന്നോടികളെയോ ആശ്രയിച്ചിരിക്കുന്നു. ഇപ്രകാരമുള്ള മുന്നോടികളെ സ്ഥാപകരെന്നും, അവരുടെ സവിശേഷതയെ സ്ഥാപക ചൈതന്യമെന്നും വിശേഷിപ്പിക്കുന്നു. സ്ഥാപകചൈതന്യത്തെ രണ്ടാം വത്തിക്കാൻ സാർവ്വത്രികസൂനഹദോസ് ചർച്ച ചെയ്യുന്നത് സന്ന്യാസസിദ്ധിയോടു ബന്ധപ്പെടുത്തിയാണ്.[5] എന്നാൽ ആധ്യാത്മികതയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനത്തിന്റെ പ്രത്യേക പ്രകാശനമായി സ്ഥാപകചൈതന്യത്തെ കാണാം. ഈ ചൈതന്യം വിവിധങ്ങളായ രൂപത്തിലും ഭാവത്തിലും ഉണ്ടാകാം. അതിനാൽ വിവിധ ആധ്യാത്മികഗണങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്.

1:1 ആധ്യാത്മിക സമീപനങ്ങൾ[6]

താത്ത്വികമായും ദൈവവിജ്ഞാനീയപരമായും വിവിധ ആധ്യാത്മിക സമീപനങ്ങളെ ന്യായീകരിക്കാമെങ്കിലും ആത്യന്തികമായി ഒരേ ഒരു ആധ്യാത്മികതയാണുള്ളത്-റൂഹായിലുള്ള ജീവിതം. ഈ ജീവനെയാണ് നവജീവൻ, നിത്യജീവൻ, ദൈവികജീവൻ, ആധ്യാത്മികജീവൻ എന്നെല്ലാം പറയുന്നത്. എന്നാലും മുകളിൽ സൂചിപ്പിച്ചതുപോലെ ആധ്യാത്മികതയുടെ മനുഷ്യാവതാരപരമായ മാനങ്ങൾ കണക്കിലെടുക്കുമ്പോൾ അവയെ, അവയുടെ വക്താക്കളും അനുഭവസ്ഥരുമായിരിക്കുന്ന സമൂഹത്തെ പശ്ചാത്തലമാക്കി വിഭജിക്കാവുന്നതാണ്. പ്രകൃതത്തിൽ, വിവിധ മതങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഹൈന്ദവ ആധ്യാത്മികത, യഹൂദ ആധ്യാത്മികത, ഇസ്ലാമിക ആധ്യാത്മികത, മെശയാനിക ആധ്യാത്മികത എന്നിങ്ങനെ ഇവയെ വിശേഷിപ്പിക്കാം.

1) വംശീയവും ഭൂമിശാസ്ത്രപരവുമായി ആധ്യാത്മികതയെ കാണാം. ഉദാ: പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വിശേഷിപ്പിക്കുന്നത് മെശയാനിക സഭയുടെ രണ്ടു പാരമ്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ഭൂമിശാസ്ത്രപരമായി ഭാരതീയം, റഷ്യൻ, ജർമ്മൻ, ഇസ്പാനിയൻ, എസ്പ്പഞ്ഞോളിയൻ, സിറിയൻ, പാലസ്തീനിയൻ, തുടങ്ങി നിരവധി.

2) സൈദ്ധാന്തികമായും വിശ്വാസരഹസ്യങ്ങളെ ആസ്പദമാക്കിയും ത്രിത്വപരം, മെശയാനികം, റൂഹാത്മകം, ആരാധനാപരം, കൗദാശികം, മരിയാത്മകം, സഭാത്മകം തുടങ്ങിയ സമീപനങ്ങളാകാം.

3) താപസിക സമീപനത്തിലും സുകൃതങ്ങളെ ആസ്പദമാക്കിയും ആധ്യാത്മികതയെ വിഭജിക്കുമ്പോൾ അനുതാപിയുടെ ആധ്യാത്മികത, കണ്ണുനീരിന്റെ ആധ്യാത്മികത, മൗതിക ആധ്യാത്മികത, മരുഭൂ ആധ്യാത്മികത, ആശ്രമികാധ്യാത്മികത, പരിപൂർണ്ണസ്നേഹത്തിന്റെ ആധ്യാത്മികത എന്നിങ്ങനെ നിരവധി.

4) മാനവ വിജ്ഞാനീയത്തിനും മനഃശാസ്ത്രസമീപനത്തിനും ഊന്നൽ നൽകിയാൽ, ആധ്യാത്മികതയെ ബൗദ്ധികമെന്നോ, അനുഭവപരമെന്നോ, പ്രായോഗികമെന്നോ പലതായി കാണാം.

5) ജീവിതാന്തസ്സിനെ കണക്കിലെടുത്താൽ പൗരോഹിത്യ, വൈവാഹിക, സന്ന്യാസ, ആധ്യാത്മികതകൾ പ്രസക്തമാകുന്നു.

6) ചരിത്രപരമായി നോക്കുമ്പോൾ, പഴയനിയമം, പുതിയനിയമം, ശ്ലൈഹികം, മധ്യയുഗം, നവീകരണകാലം, ആധുനികം എന്നിങ്ങനെ പോകുന്നു.

7) മഹോന്നതരായ വ്യക്തികളെ കേന്ദ്രീകരിച്ചാകുമ്പോൾ ഇഗ്നേഷ്യൻ, അപ്രേമിയൻ, ബേസീലിയൻ, അഗസ്റ്റീനിയൻ, ബനഡിക്ടയിൻ, ഫ്രാൻസിസ്ക്കൻ, ദൊമിനിക്കൻ, കർമ്മലീത്തൻ, സലേഷ്യൻ, ചാവറയൻ എന്നു വിവിധങ്ങളാകാം.

8) വിശ്വാസത്തിന്റെ കൈമാറ്റം അടിസ്ഥാനമാക്കി ആധ്യാത്മികതയെ ദർശിക്കുമ്പോഴാണ് മതദർശനങ്ങളും സഭാവിജ്ഞാനീയവും വിവിധ പാരമ്പര്യങ്ങളും ആധ്യാത്മിക വിജ്ഞാനീയത്തിൽ പ്രസക്തമാകുന്നത്. വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും സ്വഭാവമനുസരിച്ച് ആവിഷ്കൃത ദൈവവചനത്തിനു പ്രഥമസ്ഥാനമാണുള്ളത്. അതിനാൽ വി. ഗ്രന്ഥാധിഷ്ഠിത ആധ്യാത്മികത പ്രഥമ ചർച്ചയെ അർഹിക്കുന്നു.

1:2 ദൈവവചനം

ദൈവവചനം ആധ്യാത്മികതയുടെ രൂപപവത്ക്കരണത്തെ സഹായിക്കുന്നത് വിവിധ തലത്തിലാണ്. ആധ്യാത്മികതയുടെ വിഷയത്തിനും അന്തർധാരയ്ക്കും ദൈവവചനം അടിസ്ഥാനമാകുന്നതു പോലെ, ആധ്യാത്മിക ശൈലിയും രൂപവും ഭാവവും എല്ലാം ദൈവവചനത്തിനനുസൃതമാകണം.

ദൈവമനുഷ്യസമാഗമത്തിനുള്ള ഉപാധിയായി ദൈവവചനം നിലകൊള്ളുന്നു. ധ്യാനത്തിനും പ്രബോധനത്തിനും തെറ്റുതിരുത്തലിനും എല്ലാം ദൈവവചനം ഉപകരിക്കുന്നുണ്ട്. പ്രാർത്ഥനകൾ ഏതാണ്ട് മുഴുവനും ദൈവവചനബദ്ധമായിരിക്കും. തപസ്സും പ്രായശ്ചിത്തവും ഉപവാസവും ദാനധർമ്മവും എന്നല്ല, ഏതൊരു മാനുഷിക വ്യാപാരത്തെയും ദൈവവചനത്തിന്റെ വെളിച്ചത്തിലാണ് വിലയിരുത്തുക.

മാനുഷികാനുഭവങ്ങളുടെ ഏതു സ്വഭാവത്തേയും ദൈവവചനം കണക്കിലെടുക്കുന്നതിനാൽ എല്ലാറ്റിനെക്കുറിച്ചുമുള്ള ആധ്യാത്മിക ദർശനം ദൈവവചനം അവതരിപ്പിക്കുന്നു. മാനവികതയുടെ, പ്രാപഞ്ചികതയുടെ ആധ്യാത്മികവത്ക്കരണം ദൈവവചനത്തിന്റെ പരിധിയിൽ നില്ക്കുന്നു. വ്യക്തികളുടെയും സമൂഹത്തിന്റെയും രാഷ്ട്രങ്ങളുടെയും ദൈവാവിഷ്ക്കാരപരമായ ഉറവിടവും മുന്നേറ്റവും പരിസമാപനവുമെല്ലാം ദൈവവചനത്തിന്റെ തത്പരവിഷയങ്ങൾ തന്നെ. ഏതു സുകൃതവും അതുപോലെ മനുഷ്യവീഴ്ചകളും ദൈവവചന ദൃഷ്ട്യാ യഥാവിധി മനസ്സിലാക്കാം. ഒരു വിധത്തിൽ പറഞ്ഞാൽ ലോക ചരിത്രത്തിന്റെ ഗതിവിഗതികളെല്ലാം ദൈവവചന പശ്ചാത്തലത്തിൽ

കൂടുതൽ അർത്ഥവത്താകുന്നു. വിശ്വമതങ്ങളുടെ വി. ഗ്രന്ഥങ്ങൾ ദൈവാവിഷ്ക്കരണത്തിന്റെ ആധികാരികതയെ വിളിച്ചറിയിക്കുമ്പോൾ, യഥാർത്ഥ ആധ്യാത്മികതയുടെ ഏകാന്തവിശിഷ്ടമായ രൂപം വചനം മാംസം ധരിച്ച ഈശോമിശിഹായിൽ കണ്ടെത്തുന്നു.[7] ദൈവവചനത്തിന്റെ ഉറവിടത്തിൽ നിന്നുമാണ് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക സുകൃതങ്ങളും മനുഷ്യർക്കു തങ്ങളോടും മറ്റുള്ളവരോടും സർവ്വോപരി ദൈവത്തോടുമുള്ള ബന്ധത്തിന്റേതായ എല്ലാ സുകൃതങ്ങളും ആവിർഭവിക്കുന്നത്. ഇപ്രകാരം ആധ്യാത്മികതയെ എല്ലാവശത്തുകൂടെയും വളർത്തിയെടുക്കുന്ന അടിസ്ഥാനശക്തിയാണ് ദൈവവചനം.[8] അതിന്റെ സർഗ്ഗാത്മകത ആധ്യാത്മികതയുടെ സജീവത്വത്തിനും നിദാനമാണ്. വചനമായ മിശിഹായെ ദൈവവചനം ചൂണ്ടിക്കാട്ടുന്നു.

1:3 മിശിഹാ

"ആദിയിൽ വചനമുണ്ടായിരുന്നു; ഈ വചനം ദൈവത്തോടുകൂടെയായിരുന്നു; ദൈവമായിരുന്നു ഈ വചനം. വചനം മാംസമായി നമ്മിൽ വസിച്ചു" (യോഹ. 1:1,14). ദൈവവചനം മാംസം ധരിച്ചത് മാനവദൈവികീകരണാർത്ഥമാണ്. തിമോത്തിക്കുള്ള കത്തിൽ വി. ശ്ലീഹാ പറയുന്നു: "സകല മനുഷ്യരും നിത്യജീവൻ പ്രാപിക്കണമെന്നും സത്യത്തിന്റെ ജ്ഞാനത്തിലേയ്ക്ക് അവർ തിരിയണമെന്നും ആഗ്രഹിക്കുന്ന നമ്മുടെ ജീവാത്മാവായ ദൈവത്തിന്റെ മുൻപിൽ ഇത് (മധ്യസ്ഥത) നല്ലതും സ്വീകാര്യവുമാകുന്നു. എന്തെന്നാൽ ദൈവം ഏകനാകുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള മനുഷ്യപുത്രനായ ഈശോമിശിഹാ എന്ന മധ്യസ്ഥനും ഏകനാകുന്നു" (1 തിമോ. 2:3-5). ദൈവാരാധനയിൽ എന്നതുപോലെ ആധ്യാത്മികതയുടേയും തനതാത്മകത മിശിഹായിൽ കേന്ദ്രീകൃതമാണ്. അവിടുന്നു വഴിയാണ് ദൈവം ഏവരുടേതുമെന്ന് ഉറപ്പുണ്ടായത്. മറ്റാരും വഴിയല്ല, ദൈവസന്നിധിയിൽ

മനുഷ്യർക്കു പ്രവേശനമുണ്ടായതും. മിശിഹായുടെ ജീവിതം മുഴുവനും പ്രാർത്ഥനയുടെ നിയമമായ വിശ്വാസത്തിൽ ഊന്നി നിന്നിരുന്നത്, ജീവിതം മുഴുവൻ ദൈവപിതാവിനു സ്വയം ന്യാസം ചെയ്തിരുന്നത്, ഈശോയുടെ ഐഹിക ജീവിതത്തിന്റെ ആധ്യാത്മികതയായിരുന്നു.

ഈശോയുടെ ജീവിതത്തെ അപഗ്രഥിക്കുമ്പോൾ പ്രാർത്ഥനയും മാനവ ദൈവികീകരണപ്രവൃത്തിയും തനിച്ചു തനിച്ചു കാണാതെ ഒന്നായിട്ടാണ് കാണുന്നത്.[9] പ്രാർത്ഥനയും ജീവിതവും സമന്വയിക്കപ്പെട്ടിരുന്ന ഈശോയുടെ ജീവിതമാണ് ദൈവാരാധനാധിഷ്ഠിത ആധ്യാത്മികതയായി സഭയിൽ നിലകൊള്ളുന്നത്. സഭയുടെ ഏതൊരു ആധ്യാത്മിക ആരാധനയും ഈശോയുടെ പ്രവർത്തനത്തിലാണ് അടിസ്ഥാനപരമായി അധിഷ്ഠിതമായിരിക്കുന്നത്.

അടിസ്ഥാനപരവും ഫലദായകവും ഏകാന്തവിശിഷ്ടവുമായ ആധ്യാത്മികത മാനവകുലത്തിനു പ്രദാനം ചെയ്തതാണ് മെശയാനികത്വം. മിശിഹായുടെ ആധ്യാത്മികത അവശ്യം മനുഷ്യരെ നയിക്കുന്നത് ത്രിത്വരഹസ്യത്തിലേയ്ക്കാണ്. ത്രിത്വത്തിലാണ് മെശയാനിക വെളിപാടിന്റെ ആത്യന്തികമായ ഉറവിടവും സനാതനത്വവും കണ്ടെത്തുന്നത്.

1:4 ത്രിത്വം

ഈശോ പരിശുദ്ധ റൂഹായെ വാഗ്ദാനം ചെയ്യുമ്പോൾ റൂഹായുടെ ഉറവിടമായി ദൈവപിതാവിനെ ഏറ്റുപറയുന്നു: "ഞാൻ എന്റെ പിതാവിനോടു ചോദിക്കും; എന്നേയ്ക്കും നിങ്ങളോടൊത്തുണ്ടായിരിക്കേണ്ടതിന് വേറൊരു പാറക്ക്ലേഥായെ അവൻ നിങ്ങൾക്കു നല്കും" (യോഹ. 14:16). ഈശോയുടെ ഐഹികജീവിതം അതിന്റെ എല്ലാ മാനങ്ങളോടും കൂടി ത്രിത്വരഹസ്യം വെളിപ്പെടുത്തുന്നതായ

ഒന്നായിരുന്നു. അവിടുന്നു പറയുന്നു "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാണെന്നും ഞാൻ പറയുന്ന വാക്കുകൾ ഞാൻ സ്വാധീനയാ പറയുന്നതല്ലാ എന്നും എന്നിൽ വസിക്കുന്ന എന്റെ പിതാവു തന്നെ ഈ പ്രവൃത്തികൾ ചെയ്യുന്നുവെന്നും നീ വിശ്വസിക്കുന്നില്ലേ?" യൂദാശ്ലീഹായ്ക്ക് ഈശോ നൽകിയ മറുപടി പുത്രനിലൂടെ പിതാവ് എപ്രകാരം ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നതിന്റെ തെളിവാണ്. എന്നാൽ ശിഷ്യരിൽ കർത്താവിന്റെ വചനം ഉളവാക്കുന്ന ഫലം പരിശുദ്ധ റൂഹായുടെ സഹവാസമാണ് (യോഹ. 14:17). പിതാവിന്റെയും സുതന്റെയും സാന്നിധ്യത്തോടൊപ്പം റൂഹായുടെ സാന്നിധ്യവും മിശിഹാനുയായികളിൽ ഉണ്ടാകുന്നതിനാൽ ഇവിടെ സംജാതമാകുന്ന ആധ്യാത്മികത ത്രിത്വാത്മകമായതാണ്.

ത്രിത്വാത്മക അടിസ്ഥാനം ആധ്യാത്മികതയുടെ അടിസ്ഥാനവും മുന്നേറ്റവും പരിസമാപ്തിയുമാണെന്നു പറയാം. ത്രിത്വത്തിലാണ് ആധ്യാത്മികതയുടെ തുടക്കവും മൂല്യവും ആദർശവുമെല്ലാം കണ്ടെത്തുക. അതുകൊണ്ടാണ് പൗരസ്ത്യ ആധ്യാത്മികതയിൽ ദൈവികീകരണം ത്രിത്വാത്മകജീവിതത്തിന്റെ ലക്ഷ്യമായി അംഗീകരിക്കുന്നത്.[10]

ത്രിത്വത്തിൽ കേന്ദ്രീകൃതമായി മാനവദൈവികീകരണം നടക്കുന്നതിൽ എപ്രകാരമാണ് മനുഷ്യർ അനുഭവസ്ഥരാകുന്നതെന്ന് മാർ അപ്രേം വിശ്വാസത്തെക്കുറിച്ചുള്ള കീർത്തനത്തിൽ എടുത്തു കാട്ടുന്നുണ്ട്: "മൂന്നു നാമങ്ങൾ, ചേതന, ആത്മാവ്, ശരീരം എന്നിവയിൽ നിഗൂഢമായി നൽകപ്പെട്ടിരിക്കുന്ന പരി. ത്രിത്വം വഴി നമ്മിലെ ത്രിവിധ കഴിവുകൾ സമുദ്ഗ്രഥിതമാകുമ്പോൾ അതു വാളിനേയും വെല്ലുന്നതാണ്. ദൈവപിതാവിനാൽ മുദ്രിതമാകുന്നതിന് മനുഷ്യചേതന സഹനവിധേയമാകണം. മനുഷ്യാത്മാവ് പീഡയനുഭവിക്കുന്നതു വഴി ഈശോമിശിഹായുമായി പൂർണ്ണഐക്യത്തിലാകുന്നു. റൂഹാദ്ക്കുദ്ശായുമായി ശരീരം പൂർണ്ണഐക്യത്തിലാകുന്നതിന് രക്തസാക്ഷി

മകുടം ചൂടേണ്ടതുണ്ട്." മാർ അപ്രേം, ത്രിത്വാത്മകത മനുഷ്യനിൽ സഹനം വഴി രൂഢമൂലമാകുന്നതിനെപ്പറ്റി സൂചിപ്പിച്ചെങ്കിൽ അതിന്റെ അടിസ്ഥാനമല്ലേ ഈശോയുടെ വാക്കുകൾ. അവിടുന്ന് പറയുന്നു: "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മർക്കോ. 8:34).

മിശിഹാനുഗാമി വിശ്വാസത്തിന്റെ കൂദാശയായ മാമ്മോദീസാ സ്വീകരിച്ചത് ഈശോയുടെ മരണോത്ഥാനത്തിൽ പങ്കുചേരുവാനാണ്. എന്നാൽ ത്രിത്വത്തിന്റെ നാമത്തിൽ സ്വീകരിച്ച മാമ്മോദീസാവഴി ത്രിത്വാത്മക ജീവിതം അനുഭവിക്കണമെന്നത് സ്വാഭാവികം മാത്രമാണ്. ആധ്യാത്മികതയുടെ പഠനക്കളരിയായ ദൈവാരാധനയിൽ നിറഞ്ഞു നില്ക്കുന്നതും ത്രിത്വാത്മകതയാണ്. ആരാധനയിലെ ത്രിത്വാത്മക ഘടനയും ത്രിത്വാത്മകപര്യവസാനവും ആധ്യാത്മികതയ്ക്കുണ്ടാകേണ്ട ചൈതന്യത്തെ പ്രഖ്യാപിക്കുന്നതാണ്. മനുഷ്യാവതാരകീർത്തനം മൂന്നുപ്രാവശ്യം നസ്രാണിവ്യക്തിസഭയുടെ റാസക്രമത്തിലുണ്ട്. കൂടാതെ ഉത്ഥാനഗീതം, ത്രൈശുദ്ധകീർത്തനം, കർത്തൃപ്രാർത്ഥന, റൂശ്മകൾ തുടങ്ങി നിരവധിഘടകങ്ങൾ മൂന്നു പ്രാവശ്യം വീതമാണ്. സ്ലോസാകൾ അവസാനിക്കുന്നത് ത്രിത്വസ്തുതിയോടു കൂടെയാണ്.

ആധ്യാത്മിക ജീവിതത്തിൽ അനുധ്യാനത്തിനായി ത്രിത്വരഹസ്യം അനുഭവതലത്തിലൂടെ സ്വീകരിക്കുന്നതും ഉത്കൃഷ്ടമായ പാരമ്പര്യമാണ്. ആത്മാവ് ചേതനയുടേയും ശരീരത്തിന്റേയും കഴിവുകളെ സമന്വയിപ്പിക്കുന്നത് ത്രിത്വരഹസ്യത്തിന്റെ അത്യുന്നതാനുഭവങ്ങളിലൂടെ കടന്നാണ്. ഇതിനുവേണ്ടിയും ഈശോ മനുഷ്യർക്കവസരം നൽകിയത് യോഹന്നാൻ ഏവൻഗേലിസ്താ സാക്ഷ്യപ്പെടുത്തുന്നുണ്ട്. "ഞാൻ എന്റെ പിതാവിലാണെന്നും നിങ്ങൾ എന്നിലാണെന്നും ആ ദിവസം നിങ്ങളറിയും" (യോഹ. 14:20). ഈ അറിവ് അനുഭവപരമാകുന്നു. താതനോടൊന്നു ചേരുന്ന അനുഭവം!

1:5 പിതാവ്

"എന്നെ കാണുന്നവൻ പിതാവിനെയും കാണുന്നു" (യോഹ. 14:9). "ഞാൻ എന്റെ പിതാവിലും പിതാവ് എന്നിലുമാണ് എന്നു നിങ്ങൾ വിശ്വസിക്കുക, അല്ലെങ്കിൽ പ്രവൃത്തികൾ നിമിത്തമെങ്കിലും വിശ്വസിക്കുക" (യോഹ. 14:11).

ഇവിടെ ഉദ്ധരിച്ച രണ്ടു വാക്യങ്ങൾ ഈശോയും പിതാവും തമ്മിലുള്ള അനന്യതയെ വിളിച്ചറിയിക്കുന്നതാണ്. ആധ്യാത്മികതയുടെ സാരാംശത്തെ വെളിപ്പെടുത്തുന്ന ഒരു കാര്യമാണ് പിതാവിന്റെ വാസവും അവിടുത്തെ പ്രവർത്തനവും. ഈശോയിൽ ഇവ പ്രകടമായിരുന്നു. ഈശോ പറയുന്ന വാക്കുകൾ പിതാവു പറയുന്നവയായിട്ടാണ് ഈശോ വ്യക്തമാക്കുന്നത്. ഈശോ ചെയ്യുന്ന പ്രവൃത്തികളും പിതാവിന്റേതായിട്ടാണ് മിശിഹാ സാക്ഷ്യപ്പെടുത്തുന്നത് (യോഹ. 14:10).

ഈശോയുടെ ആവാനുഭവം മിശിഹാനുയായികൾക്ക് ഈശോ അനുഭവമായിത്തീരുന്നു. ആവാനുഭവത്തിന്റെ കാതൽ ദൈവകല്പനകൾ പാലിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. വചനത്തിലാണ് കല്പനകൾ സ്ഥിതിചെയ്യുന്നത്. കല്പനകളും ദൈവവചനവും കണ്ടെത്തുന്നത് സ്നേഹത്തിലാണ്. ഈശോ വെളിപ്പെടുത്തുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കുന്നു. അപ്പോൾ എന്റെ പിതാവ് അയാളെ സ്നേഹിക്കുകയും, ഞങ്ങൾ അയാളുടെ അടുക്കൽ വന്ന് അയാളോടു കൂടെ വസിക്കുകയും ചെയ്യും" (യോഹ. 14:23). വചനം പാലിക്കുന്നതും കല്പന അനുസരിക്കുന്നതും സ്നേഹിക്കുന്നതും മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമാണ്. അതുകൊണ്ടുതന്നെയാണ് മനുഷ്യഹൃദയത്തിൽ ദൈവസ്നേഹത്തിന്റെ നിയമം ആലേഖനം ചെയ്തിരിക്കുന്നത്. ദൈവം ഹൃദയത്തിലെഴുതിയിരിക്കുന്ന

സ്നേഹത്തിന്റെ വ്യവസ്ഥ എല്ലാ മനുഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നതാണ്. അതുകൊണ്ടാണ് മൂശെ വഴി കർത്താവ് അരുളിച്ചെയ്തത്: "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും സർവ്വ സമ്പാദ്യങ്ങളിലുമുപരി നീ സ്നേഹിക്കണം" എന്ന് (നിയമ. 6:5). ഈ വചനം സൂക്ഷിക്കേണ്ടത് ഹൃദയത്തിലും (നിയമ. 6:5). ഈ കല്പന ജനനത്തിൽത്തന്നെ ദൈവം മനുഷ്യഹൃദയങ്ങളിൽ നൽകുന്ന ദാനമാണ്. കാരണം ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചപ്പോൾ എന്തായിരിക്കും പ്രദാനം ചെയ്തത്? സ്നേഹം എന്ന ഉത്തരമാണു ലഭിക്കുക. കാലത്തിന്റെ തികവിൽ, ഈശോ മനുഷ്യരുടെ ഇടയിൽ അവതരിച്ചപ്പോൾ ദൈവസ്നേഹമാണ് മനുഷ്യരൂപം സ്വീകരിച്ചത്. ഈശോയെ അനുഭവിച്ചറിഞ്ഞ ശ്ലീഹന്മാരിൽ ഒരുവനായ യോഹന്നാൻ 'ദൈവം സ്നേഹമാകുന്നു' എന്നു വെളിപ്പെടുത്തുന്നു (1 യോഹ. 4:8,16). സ്നേഹമായിരിക്കുന്ന ദൈവത്തിന്റെ ഛായയും സാദൃശ്യവും അവയുടെ തികവിൽ സ്നേഹമല്ലാതെ മറ്റൊന്നുമായിരിക്കുവാൻ സാധ്യമല്ല.

ആവാനുഭവം ശരിയായ അർത്ഥത്തിൽ സ്നേഹാനുഭവം തന്നെയാണ്. ഈ സ്നേഹം ത്രിത്വത്തിലെ വ്യക്തിരൂപത്തിൽ റൂഹാദ്ക്കുദ്ശായാണ്. റൂഹാദ്ക്കുദ്ശാ ഈശോയുടെ ജീവിതത്തിലൂടെയാണ് മനുഷ്യർക്കു നൽകപ്പെട്ടത്. റോമാക്കാർക്കുള്ള ലേഖനത്തിലൂടെ വി. ശ്ലീഹാ പറയുന്നു: "നമുക്കു നൽകപ്പെട്ടിരിക്കുന്ന റൂഹാദ്ക്കുദ്ശാ വഴി ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ. 5:5).

മനുഷ്യഹൃദയങ്ങളിലുള്ള ദൈവസ്നേഹത്തിന്റെ സാക്ഷാത്ക്കാരം ഈശോയിലൂടെയാണ് വന്നത്. അവിടുത്തേക്കുണ്ടായിരുന്ന ആവാനുഭവത്തിന്റെ തികവിലാണ് ഈശോ റൂഹാദ്ക്കുദ്ശായെ ലോകത്തിനു പ്രദാനം ചെയ്തത്.

ആധ്യാത്മികജീവിതത്തിൽ ഏറെ ഊന്നൽ നൽകുന്നത് റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനത്തിനാണ്. എന്നാൽ റൂഹായുടെ പ്രവർത്തനം അവശ്യം ഈശോയുടെ പ്രവർത്തനത്തോട് അഭേദ്യമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. ഈശോയുടെ വാക്കുകൾ റൂഹായുടെ പ്രവർത്തനത്തെ ഇപ്രകാരമാണ് സൂചിപ്പിക്കുന്നത്: "സത്യാത്മാവ് വന്നു കഴിയുമ്പോൾ അവൻ നിങ്ങളെ സകല സത്യങ്ങളിലേയ്ക്കും നയിക്കും. അവൻ സ്വമേധയാ ഒന്നും പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നത് എല്ലാം അവൻ പറയും" (യോഹ. 16:13).

റൂഹായുടെ പ്രവർത്തനം എത്രമാത്രം മിശിഹായുടേതിനോട് ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെ ഈശോയുടെ ജീവിതം അതിന്റെ പൂർണ്ണതയിൽ പിതാവായ ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്നു. ഈശോതന്നെ സാക്ഷ്യപ്പെടുത്തുന്നു: "എന്നെ അയച്ചവൻ സത്യവാനാണ്. അവനിൽ നിന്നു കേട്ടവതന്നെയാണ് ലോകത്തിൽ ഞാൻ പ്രഖ്യാപിക്കുന്നത്" (യോഹ. 8:26). വീണ്ടും ഈശോ പറയുന്നു: "എന്നിൽ വസിക്കുന്ന എന്റെ പിതാവുതന്നെ ഈ പ്രവൃത്തികൾ ചെയ്യുന്നുവെന്നും നീ വിശ്വസിക്കുന്നില്ലേ?" (യോഹ. 14:10). ഈശോയുടെ ആവാനുഭവം പരിപൂർണ്ണഐക്യത്തിന്റേതാണ്. പരിപൂർണ്ണ ഐക്യത്തിന്റെ ചൈതന്യം റൂഹായും[12].

1:6 ദൈവാത്മാവ്

ആധ്യാത്മികത എന്തെന്നു വിവരിച്ചപ്പോൾ അതു ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതമെന്ന് വിവരിക്കുകയുണ്ടായി. ദൈവാത്മാവിന്റെ പ്രവർത്തനത്തിലേയ്ക്കു കൂടുതലായി ഉൾപ്രവേശിക്കുന്നത് കൂടുതൽ ഉൾക്കാഴ്ച ലഭിക്കുന്നതിനുപകരിക്കും.

ദൈവാത്മാവ് അല്ലെങ്കിൽ റൂഹാദ്ക്കുദ്ശാ മനുഷ്യനിൽ പ്രവർത്തിക്കുന്നത് മനുഷ്യന്റെ ഉത്കൃഷ്ടകഴിവുകളായ ദൈവികാനുഭൂതി

(സംസർഗ്ഗം), പ്രത്യാശാനുഭൂതി (മനസ്സാക്ഷി), ദർശാനാനുഭൂതി (ഉൾക്കാഴ്ച) എന്നിവയിലൂടെയാണ്.[13]

മുകളിൽ സൂചിപ്പിച്ച ആധ്യാത്മിക ഇന്ദ്രിയങ്ങളായ ഉൾക്കാഴ്ച മനസ്സാക്ഷി, സംസർഗ്ഗം തുടങ്ങിയവ സജീവമാകുമ്പോൾ ഒരു വ്യക്തിയിൽ റൂഹായുടെ പ്രവർത്തനങ്ങൾ പ്രകടവും ഫലപ്രദവുമാകുന്നു. ദൈവത്തെ അനുഭവിച്ചറിയുന്നതിനുള്ള വ്യവസ്ഥയായിട്ടാണ് മേല്പറഞ്ഞ കഴിവുകൾ ദൈവം മനുഷ്യർക്കു പ്രദാനം ചെയ്തിരിക്കുന്നത്. ദൈവാത്മാവിനാൽ നയിക്കപ്പെടുക (റോമ. 12:14) എന്നത് ദൈവം പ്രദാനം ചെയ്ത ആധ്യാത്മിക ഇന്ദ്രിയങ്ങളാൽ ബോധപൂർവ്വം ജീവിക്കുക എന്നതാകുന്നു. ബോധപൂർവ്വകമായ ജീവിതത്തിൽ ആധ്യാത്മിക ഇന്ദ്രിയങ്ങളായ ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നിവ ബുദ്ധി, മനസ്സ്, വികാരങ്ങൾ തുടങ്ങിയവയെ പ്രകാശിപ്പിക്കുകയും ശക്തിപ്പെടുത്തുകയും സംസ്ക്കരിക്കയും ചെയ്യുന്നു. ഇപ്രകാരം ആധ്യാത്മിക ഇന്ദ്രിയങ്ങളാൽ (ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം) നയിക്കപ്പെടുന്നവരുടെ ശാരീരിക കഴിവുകളും ആത്മീയ (soulical) കഴിവുകളും ഒന്നു ചേരുമ്പോഴാണ് പരിശുദ്ധാത്മാവു നിറഞ്ഞ മനുഷ്യർ ഉണ്ടാകുന്നത്. പ്രാർത്ഥന വഴിയാണ് ബുദ്ധി സംസർഗ്ഗവാസനയോട് ഒന്നു ചേരുന്നത്. പ്രാർത്ഥനയും ഉപവാസവും പ്രായശ്ചിത്തവും വഴിയാണ് മനസ്സ് മനസ്സാക്ഷിയോട് ഒന്നുചേർന്ന് രൂപപ്പെടുന്നത്. വീണ്ടും പരിത്യാഗജീവിതത്തിലൂടെയാണ് വികാരങ്ങൾ സംസർഗ്ഗ വാസനയോട് സഹകരിച്ച് സംസ്ക്കാര സമ്പന്നമാകുന്നത്. ഇവിടെ പ്രാർത്ഥന എന്നത് റൂഹായിലൂടെ ദൈവികതയോടു ബന്ധപ്പെട്ടിരിക്കുന്നതാകുന്നു. ഇപ്രകാരമുള്ള ദൈവമനുഷ്യബന്ധത്തിന്റെ സ്ഥൂലതയാണ് ഈശോയുടെ ഐഹികജീവിതത്തിൽ പ്രകടമായിരുന്നത്. അതുകൊണ്ടാണ് ഈശോയുടെ ഐഹികജീവിതം പൂർണമായും അവിടുത്തെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്ന (യോഹ. 4:54) സത്യത്തിലും ചേതനയിലുമുള്ള ആരാധനയായി ഭവിച്ചതും. സത്യത്തിൽ എന്നത് മിശിഹാരൂപകതയുടെ തികവിൽ; ചേതനയിൽ എന്നത് റൂഹാരൂപകതയിലും.[14]

ഇവിടെ സൂചിപ്പിക്കുന്ന റൂഹാത്മകത മതാത്മകതയുടേയും ആധ്യാത്മികതയുടേയും സമഗ്രരൂപമാണ്. ഇതല്ലാതെ മറ്റൊന്നുമല്ല, ഈശോ മനുഷ്യകുലത്തിനു നൽകിയ ദൈവികജീവിതം-റൂഹായിലുള്ള ജീവിതം. റൂഹാത്മക ജീവിതം നയിക്കുന്നവർ തങ്ങളുടെ ജീവിതത്തെ അതിന്റെ എല്ലാ മാനങ്ങളോടും കൂടെ ദൈവത്തിനും ദൈവജനത്തിനുമായി ജീവിക്കുന്നു. അവർ ദൈവികമനുഷ്യരും ദിവ്യരുമാകും (ഗലാ. 4:6; റോമ. 8:15; 2 യോഹ. 3:16; 6:9). റൂഹാത്മകതയുടെ ഫലമായി രൂപംകൊണ്ട മാനവസമൂഹമാണ് മിശിഹായുടെ മൗതികശരീരം (1 കോറി. 12:13; ഗലാ. 3:28, കൊളോ. 1:18-24; നട. 4:1-16). റൂഹാത്മക വരങ്ങളെല്ലാം മൗതികശരീരത്തിന്റെ സമഗ്രതയ്ക്കു വേണ്ടിയാണ് (1 കോറി. 12: 9 ff; 1 കോറി. 14:18 ff). മിശിഹാസംഭവത്തോടു ചേർന്നു രൂപപ്പെട്ട മൗതികശരീരത്തെ സാങ്കേതികാർത്ഥത്തിൽ ശ്ലൈഹിക സഭയെന്നു പറയുന്നു.

1:7 ശ്ലീഹന്മാർ

സഭാപിതാക്കന്മാരുടേയും ഈശോമിശിഹായുടേയും മധ്യത്തിൽ നിലകൊള്ളുന്ന സുപ്രധാന കണ്ണിയാണ് ശ്ലീഹന്മാർ. ഈശോമിശിഹായാകുന്ന സുവിശേഷം അനുഭവിച്ചറിഞ്ഞ് അതു രണ്ടാം നൂറ്റാണ്ടിന്റെ മധ്യംവരെ എത്തിച്ചിട്ടുള്ളവരും, അവരുടെ സഹപ്രവർത്തകരും എല്ലാം ഒന്നു ചേരുമ്പോൾ ശ്ലൈഹിക കാലഘട്ടവും ശ്ലൈഹിക ആധ്യാത്മികതയും എന്തെന്നു വ്യക്തമാകുന്നു.

ശ്ലൈഹികാധ്യാത്മികതയുടെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നത് കുർബാന തന്നെയാണ്.[15] ശ്ലൈഹിക കാലഘട്ടത്തിന്റെ ആധ്യാത്മികത പ്രദാനം ചെയ്തവർ പന്ത്രണ്ടുശ്ലീഹന്മാരും, റോമിലെ വി. ക്ലമന്റ്,

അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, പോളിക്കാർപ്പ്, പപ്പിയാസ്, ഹെർമാസ്, വി. ശ്ലീഹാ തുടങ്ങിയവരാണ്. സുവിശേഷാധിഷ്ഠിത ജീവിതലാളിത്യമാണ് ശ്ലൈഹികതയുടെ സവിശേഷത.[16]

സുവിശേഷമായിരുന്ന ഈശോയെ വിശ്വാസത്തിലൂടെ ഏറ്റുപറയുകയും ദൈവാരാധനയിലൂടെ ആഘോഷിച്ചനുഭവിക്കുകയും ജീവിത്തിലൂടെ പ്രഘോഷിക്കുകയും ചെയ്ത ഒരു ആധ്യാത്മികതയാണ് ശ്ലൈഹികസഭയിൽ പ്രബലമായിരുന്നത്. വി. ശ്ലീഹായുടെ മിശിഹാനുഭവവും മിശിഹായെ പ്രഘോഷിക്കലുമെല്ലാം മേല്പറഞ്ഞതിനുള്ള തെളിവുകളാണ് (ഗലാ. 2:20; റോമ. 10:14-19; 1 കോറി. 2:1-16).

ശ്ലൈഹിക ആധ്യാത്മികതയുടെ ഏതാണ്ടു പൂർണ്ണമായ ഒരു ചിത്രമാണ് യോഹന്നാൻ ശ്ലീഹായുടെ അനുഭവം വ്യക്തമാക്കുന്നത്: "ആദിമുതൽ ഉണ്ടായിരുന്നവനെ-ഞങ്ങൾ കേൾക്കുകയും സ്വന്തം കണ്ണുകൾകൊണ്ട് കാണുകയും നോക്കുകയും ഞങ്ങളുടെ കൈകൾകൊണ്ട് സ്പർശിക്കുകയും ചെയ്തവനെ-ജീവന്റെ വചനമായിരിക്കുന്നവനെത്തന്നെ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു" (1 യോഹ. 1:1). യോഹന്നാൻ ഏവൻഗേലിസ്താ തന്റെ സുവിശേഷരചനയിലും, ആധ്യാത്മികതയിലും ഈശോയെ നിത്യജീവനെന്ന് എടുത്തു പ്രഖ്യാപിക്കുന്നു (യോഹ. 17:3). ഈശോയുടെ വ്യക്തിത്വവും അവിടുത്തെ വചനവുമാണ് ശ്ലീഹന്മാരുടെ വിശ്വാസാനുഭവമായിരുന്നത്. അതുകൊണ്ടാണ് മാർത്തോമ്മാ ശ്ലീഹാ ഉത്ഥിതനെ 'മാർവാലാഹ്' (എന്റെ കർത്താവും എന്റെ ദൈവവും) എന്ന് ഏറ്റുപറഞ്ഞ് അംഗീകരിച്ചത്. ശ്ലീഹന്മാരുടെ പ്രതിനിധി എന്നതുപോലെയാണ് തോമ്മാശ്ലീഹാ വിശ്വാസ പ്രഖ്യാപനം നടത്തിയത്.[17] ചുരുക്കത്തിൽ സുവിശേഷത്തിലെ മിശിഹായാണ് ശ്ലൈഹികതയുടെ അടിസ്ഥാനവും സഭയുടെ ഉറവിടവും.

1:8 തിരുസഭ

വിശ്വാസികളുടെ പിതാവായ[18] മാർത്തോമ്മാ ശ്ലീഹാ പറഞ്ഞത്: "നമുക്കും അവനോടൊന്നിച്ചുപോയി മരിക്കാം" എന്നാണ് (യോഹ. 11:16). അനുകൂലമോ പ്രതികൂലമോ എന്നു നോക്കാതെ ഏതു സാഹചര്യത്തിലും മിശിഹായോടൊന്നിച്ച് എന്നതിന്റെ പ്രായോഗിക ഘടകം സഭയോടൊന്നിച്ച് എന്നതാകുന്നു.[19] ഈശോമിശിഹാ ചരിത്രത്തിലൂടെ തുടരുന്ന യാഥാർത്ഥ്യമാണ് തിരുസഭ-ഈശോയുടെ മൗതികശരീരം (അപ്പെ. 5:30; 1 കോറി. 12:27-28).

ഈശോമിശിഹാ ആകുന്ന സഭ "സർവ്വ ലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന ഒരു മഹാ സന്തോഷമാണ്" (ലൂക്കാ. 2:10). ഉത്ഥിതനായ ഈശോയിലൂടെയാണ് മേല്പറഞ്ഞ സന്തോഷം മനുഷ്യകുലത്തിനു ലഭിക്കുക. സന്തോഷം ലഭിക്കുന്നതിനുള്ള വ്യവസ്ഥ സുവിശേഷത്തിൽ-ഈശോയിൽ-വിശ്വസിക്കുക എന്നതാണ് (മർക്കോ. 16:16). സുവിശേഷത്തിൽ വിശ്വസിക്കുക എന്നത് ദൈവവചനമാകുന്ന മിശിഹായെ സ്വീകരിക്കുക എന്നതുമാണ്. വചനത്തിലൂടെ മിശിഹായെ സ്വീകരിക്കുന്നതിന്റെ ശ്രേഷ്ഠത ഈശോ തോമ്മാശ്ലീഹാ വഴി സഭാതനയരെ അറിയിച്ചിട്ടുണ്ട് (യോഹ. 20:29).[20]

സഭയിലൂടെ മിശിഹായുടെ ജീവനിൽ പങ്കുചേരുക എന്നതാണ് സഭാപരമായ ആധ്യാത്മികത. എന്നാൽ മിശിഹായുടെ ജീവനിലുള്ള പങ്കാളിത്തം സർവ്വലോകത്തിനും സംലഭ്യമാക്കുക എന്നതാണ് മിശിഹായുടെ മനുഷ്യാവതാരലക്ഷ്യം. അപ്പൊസോസുകാർക്കുള്ള ലേഖനത്തിൽ ഇപ്രകാരം കാണുന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്തവും മിശിഹായിൽ നവീകരിക്കത്തക്ക വിധം കാലത്തിന്റെ തികവിൽ അവനിൽ നിവർത്തിതമാകുവാൻവേണ്ടി, താൻ മുൻകൂട്ടി

നിശ്ചയിച്ചിരുന്ന തന്റെ ദിവ്യഹിതത്തിന്റെ രഹസ്യം നമ്മെ അറിയിക്കുകയും ചെയ്തു. ...സകലത്തിലും സകലവും പൂർത്തിയാക്കുന്നവന്റെ ശരീരവും പൂർണതയുമായിരിക്കുന്ന (സഭയ്ക്കു തലവനായി നല്കുകയും ചെയ്ത) ആ ശക്തിയുടെ ആധിക്യം തന്നെ എന്താകുന്നുവെന്നും നിങ്ങൾ അറിയുവാനായി നിങ്ങളുടെ കണ്ണുകൾ പ്രകാശിപ്പിക്കുവാൻ വേണ്ടി" (അപ്പെ. 1:9,10,23). ശ്ലീഹന്മാരും പ്രവാചകരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയുടെ മൂലക്കല്ല് മിശിഹാ ആയതിനാലും "അവിടുന്നു എല്ലാ മനുഷ്യരുടേയും വീണ്ടെടുപ്പിനായി തന്നെത്തന്നെ സമർപ്പിച്ചത്" (1 തിമോ. 2:6) കൊണ്ടും എല്ലാവരേയും ഉൾപ്പെടുത്താത്ത സഭ മശിഹായുടെ സഭ ആകുകയില്ല. സഭയുടെ ആധ്യാത്മികത, മിശിഹായുടെ ഏകാന്തവൈശിഷ്ട്യത്തിൽത്തന്നെയാണ് ഊന്നി നിൽക്കുന്നത്.

ഈശോമിശിഹായുടെ ശരീരം ഒരിക്കൽ എന്നേയ്ക്കുമായി ദൈവഹിതത്തിന് അനുസൃതം പ്രതിഷ്ഠിച്ചതാണ്, എല്ലാ മനുഷ്യരുടേയും ദൈവീകരണോപാധി. ഈ വിശുദ്ധിയുടെ സാർവ്വത്രിക കൂദാശയാണ് സഭ (വത്തി. 2. S.C.I; L.G.I). സഭ മിശിഹായുടെ സാന്നിദ്ധ്യം സന്നിഹിതമാക്കുകയും കൈമാറുകയും ചെയ്യുന്നത് പ്രധാനമായും അവളുടെ ദൈവാരാധനയിലൂടെയാണ്. സഭയുടെ ആരാധനയ്ക്ക് തനതാത്മകതയുള്ളപ്പോഴാണ് അതിന് സാർവ്വത്രികത സംജാതമാകുന്നത്. തനതാത്മകത മെശയാനിക ഐക്യത്തിലും സാർവ്വത്രികത മാനവോന്മുഖതയിലും.[21] ചുരുക്കത്തിൽ സഭയുടെ ആരാധനയും ആധ്യാത്മികതയും ദൈവത്തിനും ദൈവജനത്തിനും സർവ്വതിനും വേണ്ടിയാകുക എന്നതിലാണ് സഭയുടെ ആധ്യാത്മികത പ്രസക്തമാകുന്നത്. സഭാത്മക ആധ്യാത്മികതയുടെ തനതാത്മകതയിലാണ് സഭാപാരമ്പര്യം പ്രസക്തമായി വരുന്നത്.

1:9 പിൻതുടർച്ച

സഭയുടെ തനതാത്മകതയിൽ സജീവമായി നിലകൊള്ളുന്ന ഘടകം റൂഹാദ്ക്കുദ്ശായുടെ അവിരാമമായ പ്രവർത്തനമാണ്.[22] റൂഹായുടെ പ്രവർത്തനം പ്രധാനമായും തുടരുന്നത് സഭയുടെ ദൈവാരാധനയിലൂടെയാണ്. ഇരണേവൂസും സ്റ്റുഡയിറ്റിലെ തെയഡോറും മേൽപ്പറഞ്ഞ ആശയത്തെ ഉറപ്പിച്ചിട്ടുള്ളവരാണ്. ദൈവാരാധന അവശ്യം കേന്ദ്രീകൃതമായിരിക്കുന്നത് വി. കുർബാനയിലാണ്.[23] സഭാപാരമ്പര്യം ദിവ്യകാരുണ്യത്തെ സുസ്ഥാപിതമാക്കുന്നതുപോലെ ദിവ്യകാരുണ്യം സഭയേയും പടുത്തുയർത്തുന്നു. വി. കുർബാന കേന്ദ്രീകൃതമായിരിക്കുന്നത് ഈശോമിശിഹായുടെ ജീവിതത്തിലും ആ ജീവിതം പിടിച്ചുനില്ക്കുന്നത് റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനത്തിലുമായതുകൊണ്ട് സഭാപാരമ്പര്യത്തെ റൂഹായുടെ പ്രവൃത്തിയും ദൈവികതയുടെ അനുസ്യൂതമായ ആവിഷ്ക്കരണവുമായിക്കാണാം. അതായത് പിതാവാം ദൈവത്തിൽനിന്നു പുത്രനായ ദൈവം വഴി റൂഹാദ്ക്കുദ്ശായായ ദൈവത്തിൽ നിലകൊള്ളുന്നതും തുടർന്നു റൂഹായിൽ നിന്നു പുത്രനിലൂടെ പിതാവിൽ വിലയനം കൊള്ളുന്നതുമായ ഒരു ദൈവിക ആഘോഷമാണ് പാരമ്പര്യം. മറ്റു വാക്കുകളിൽ പറഞ്ഞാൽ പാരമ്പര്യം എന്നത് നിത്യമായ ദൈവിക ചലനാത്മകതയിൽ മനുഷ്യർ പങ്കു ചേരുന്നതാണ്. അതുകൊണ്ടാണ് മിശിഹായുടെ തുടർച്ചയായ സഭയിൽ പ്രത്യേകിച്ചും പൗരസ്ത്യസഭയിൽ അതിലുമുപരി സുറിയാനി സഭയിൽ പാരമ്പര്യത്തിന് അതുല്യ പ്രാധാന്യം നൽകുന്നത്. മാറ്റത്തോടുള്ള വിമുഖതയ്ക്കുകാരണം മറ്റൊന്നല്ല. എന്നാൽ സാവയവഘടനയോടു കൂടിയ നവീകരണവും അനുരൂപണവും എന്നും സ്വാഗതാർഹമാണ്.

പാരമ്പര്യത്തിന് ആധ്യാത്മികതയിൽ പ്രസക്തി ഉണ്ടാകുന്നത് അതു ദൈവാരാധനയോടും, സഭാവിശ്വാസത്തോടും അഭേദ്യമായി

ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഇവിടെയാണ് പാരമ്പര്യത്തിന്റെ തനതാത്മകത പ്രകടമാകുന്നതും. അതായത് ആധ്യാത്മികതയുടെ നിയമം ആരാധനയുടേത്; ആരാധനയുടെ നിയമം വിശ്വാസത്തിന്റേത്; വിശ്വാസത്തിന്റെ നിയമം ദൈവവചനത്തിന്റേത് അല്ലെങ്കിൽ സുവിശേഷത്തിന്റേത് എന്നത് (മർക്കോ. 16:16; മത്താ. 7:21; യാക്കോ. 2:14,17; റോമ. 12:1,2; യോഹ. 20:28,29).[24] ദൈവവചനം വിശ്വാസത്തിന്റെ നിയമം അല്ലെങ്കിൽ അടിസ്ഥാനമെന്നത് സജീവപാരമ്പര്യത്തിന്റെ പരിധിയിൽ വരുന്നതാണ്. പാരമ്പര്യത്തിന്റെ സജീവത്വം മുകളിൽ സൂചിപ്പിച്ചതുപോലെ പരിശുദ്ധാത്മാവിനോടുള്ള പ്രതിബദ്ധതയിലാണ് കണ്ടെത്തേണ്ടത്. എന്നാൽ പരിശുദ്ധാത്മാവുതന്നെ മനുഷ്യർക്കു നൽകപ്പെട്ടത് ദൈവപുത്രനായ ഈശോമിശിഹായുടെ മഹത്ത്വീകൃതമായ മനുഷ്യപ്രകൃതിയിലൂടെയാണ്. മഹത്ത്വീകൃതമായ ഈശോയുടെ മനുഷ്യപ്രകൃതിയാണ് സഭയുടെ വ്യക്തിത്വത്തെ വ്യക്തമാക്കുന്നത്. അതുകൊണ്ട് സജീവപാരമ്പര്യമെന്നത് മനുഷ്യപ്രകൃതിയിലൂടെയും, സർവ്വോപരി ഈശോമിശിഹായിലൂടെയും സഭയിലൂടെയും പ്രവർത്തിക്കുന്ന പരിശുദ്ധ റൂഹായോടുണ്ടാകേണ്ട ഐക്യം വഴി സംജാതമാകുന്ന ദൈവികതയുടെ മനുഷ്യരിലുള്ള ചലനാത്മകതയാകുന്നു. അതുകൊണ്ടാണ് ഈശോയുടേയും സഭയുടേയും പ്രവൃത്തിയായ ദൈവാരാധന ചലനാത്മക പാരമ്പര്യത്തിന്റെ മാനദണ്ഡമാകുന്നത്.

പാരമ്പര്യമെന്നത് വന്ധ്യമായ ഒരു ഘടകമോ അന്യമായ ഒരനുഭൂതിയോ അല്ല മറിച്ച് ഫലദായകമായ ഒരടിസ്ഥാനവും തനതായ ഒരനുഭൂതിയുമാകുന്നു. ഫലദായകത്വമെന്നത് മിശിഹായിലൂടെ സഭ ആരാധനയിൽ റൂഹാദ്ക്കുദ്ശായെ പ്രാപിക്കുന്നതാണ്. തനതാത്മകമാണെന്നത് ഒരാളിലുള്ള ദൈവാത്മാവിന്റെ അനുഭൂതി, ചേതനാത്മകമായും അവബോധാത്മകമായും ശാരീരികമായും സാക്ഷാത്കരിക്കപ്പെടുന്നതിലുമാണ്. ഇപ്രകാരമൊരു സാക്ഷാത്കാരമുണ്ടാകേണ്ടതിന്

ഈശോയുടെ വാക്കുകളിൽ നാമാകുന്ന ഗോതമ്പുമണികൾ സഭയുടെ ആരാധനാരൂപ താപസികതയിൽ വീണ് അഴിയേണ്ടതുണ്ട്. പാരമ്പര്യാനുസൃതം നീങ്ങുമ്പോൾ ഇഷ്ടാനിഷ്ടമനുസരിച്ചു ജീവിക്കാതെ മിശിഹായോടുകൂടെ ക്രൂശിക്കപ്പെട്ട ഒരു ജീവിതം നയിക്കേണ്ടതായിവരും. ആ ജീവിതം തീർത്തും താപസികമായ ഒന്നായിരിക്കും.

1:10 തപസ്സ്

ആധ്യാത്മിക ജീവിതത്തെ താപസിക ജീവിതമെന്ന നിലയിലാണ് വിശേഷിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് ആധ്യാത്മികതയുടെ വിവിധശാഖകൾ പഠനവിഷയമാകുന്നതുകൊണ്ട്, താപസികമെന്നതു നിരന്തരമായ അഭ്യാസത്തിന്റെയും പ്രത്യേകിച്ച് ശുദ്ധീകരണത്തിന്റെയും സ്വഭാവം കാണിക്കുവാൻ ഉപയോഗിക്കുന്നു.

റോമൻ ഗവർണറായ ഫെലിക്സിന്റെ മുമ്പിൽ പൗലോസ് ശ്ലീഹാ വിശ്വാസത്തിനു സാക്ഷ്യം വഹിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം താപസികതയുടെ സ്വഭാവം വ്യക്തമാക്കുന്നതാണ്: "ദൈവത്തിന്റെ മുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും പരിശുദ്ധമായ മനസ്സാക്ഷി എനിക്കു നിത്യമായുണ്ടാകുവാൻ ഞാൻ അദ്ധ്വാനിക്കുന്നു" (നട. 24:16). അദ്ധ്വാനിക്കുന്നു എന്ന പദമാണ് താപസികതയെ സൂചിപ്പിക്കുന്നത്. സദാ ശ്രദ്ധിച്ചുചെയ്യുന്ന ഒരു കാര്യമാണ് തപസ്സിൽ വരേണ്ടത്. വിഷയം ദൈവികമായിരിക്കും. ദൈവഭക്തിയിലുള്ള പരിശീലനമാണു തപസ്സിൽ വരേണ്ടത് എന്നും വി.ശ്ലീഹായുടെ വാക്കുകൾ സൂചിപ്പിക്കുന്നു (1 തിമോ. 4:7). ദൈവഭക്തിയിൽ ഒരാൾ അഭ്യാസിയാകുക എന്നു പറഞ്ഞാൽ, ആത്മപരിത്യാഗവും പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതിനുള്ള സന്നദ്ധതയും ബ്രഹ്മചര്യത്തിന്റെ പാലനത്തിലുള്ള വിശ്വസ്തതയും എല്ലാം പരിഗണിക്കേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ താപസജീവിതം ഒരാളുടെ എല്ലാ

അനുഭവങ്ങളുടെയും പവിത്രീകരണം ലക്ഷ്യം വയ്ക്കുന്നു. എന്നാൽ താപസികത, ആധ്യാത്മികതയിൽ ഒറ്റപ്പെട്ടുനില്ക്കാതെ പ്രവർത്തന, നിവർത്തനവശങ്ങളെ സമന്വയിപ്പിക്കുന്നു. ശുദ്ധീകരണത്തെ നിവർത്തനവശമെന്നും പവിത്രീകരണത്തെ പ്രവർത്തനവശമെന്നും വിശേഷിപ്പിക്കുന്നു.

സഹനദാസനായ ഈശോ ജീവിതകാലം മുഴുവൻ പിതാവിന്റെ ഹിതം നിറവേറ്റുന്നതിന് തന്റെ ശരീരത്തെ സമർപ്പിച്ചതു തപസ്സിന്റെ ചൈതന്യത്തിലായിരുന്നു. മിശിഹാനുയായികൾ ഈശോയുടെ താപസികതയാണു സമാശ്ലേഷിക്കേണ്ടത്. അവിടുന്നു സ്വീകരിച്ച മാമ്മോദീസായുടെ ജീവിതം നയിച്ചതിലാണ് തപസ്സടങ്ങിയിരിക്കുന്നത് (ലൂക്കാ. 12:50). വിശുദ്ധ ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതുപോലെ മാമ്മോദീസായുടെ ജീവിതം ഒരാളുടെ നിരന്തര അഭ്യാസത്തിന്റെ വിഷയമായിത്തീരണം. എല്ലാ ആധ്യാത്മികാഭ്യാസങ്ങളും അത് അഭ്യസിക്കുന്നയാളെ ഓരോ നിമിഷവും ദൈവത്തിലേക്ക് അടുപ്പിക്കും. അതുകൊണ്ടാണ് പൗരസ്ത്യ ആധ്യാത്മികതയിൽ, ഒരാൾ തന്റെ ദൈവച്ഛായയിൽ നിന്ന് ദൈവസാദൃശ്യത്തിലേക്കു രൂപാന്തരപ്പെടണമെന്ന് സഭാപിതാക്കന്മാർ അനുസ്മരിപ്പിക്കുന്നത്.

താപസജീവിതത്തിന്റെ മൂലരൂപമായിട്ടാണ് ആശ്രമികതയെ കണ്ടിരുന്നത്. എന്നാൽ താപസജീവിതം അവശ്യം യോഗാത്മക ജീവിതത്തോടു ബന്ധപ്പെട്ടു നിന്നിരുന്നു. ദൈവസ്നേഹത്തിന്റെ ആധിക്യമാണ് രക്തസാക്ഷിമകുടം ചൂടുവാൻ താപസരെ നിർബന്ധിച്ചിരുന്നത്. ആശ്രമസ്ഥർ രക്തം ചിന്തുന്ന താപസികതയെക്കാൾ മനസ്സാക്ഷിയുടെ രക്തസാക്ഷികളായി രംഗത്തുവന്നു. ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്നതായ ഒന്നാണ് മനസ്സാക്ഷിയുടെ രക്തസാക്ഷിത്വം. ഇപ്രകാരം ജീവിക്കുന്നതു വഴിയാണ് പരിപൂർണ്ണസ്നേഹം അഭ്യസിച്ച് ദൈവത്തെയും ദൈവജനത്തെയും സമാശ്ലേഷിക്കുവാൻ ഇടയാകുന്നത്. അതുവഴി അത്യുന്നതാനുഭൂതിയും സംജാതമാകും.

1:11 യോഗാത്മകം

അത്യുന്നതാനുഭൂതി എന്നത് മനുഷ്യരിലുള്ള ഉന്നതമായ കഴിവുകളുടെ സജീവത്വത്തിൽ ബൗദ്ധിക ശാരീരിക കഴിവുകളുടെ ലയനമാണ്. ലൂക്കാ ഏവൻഗേലിസ്തായുടെ പ്രഘോഷണത്തിൽ ഏലീശ്വായുടെയും ഈശോമിശിഹായുടെ മാതാവായ നസ്രത്തിലെ മറിയത്തിന്റെയും അനുഭൂതി അത്യുന്നതമായതാണ്: "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ! നിന്റെ അഭിവാദന സ്വരം എന്റെ ചെവികളിൽ എത്തിയപ്പോൾ എന്റെ ഗർഭസ്ഥശിശു ഉദരത്തിൽ വലിയ സന്തോഷം കൊണ്ടു കുതിച്ചു ചാടി", മറിയത്തിന്റെ പ്രത്യുത്തരം: "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ആത്മാവ് (ഹൃദയം) എന്റെ രക്ഷകനാം ദൈവത്തിൽ ആനന്ദിച്ചു" (ലൂക്കാ. 1:44-47).

മറിയത്തിന്റെ അനുഭൂതിയെ നരവംശശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിച്ചാൽ, മൗതിക ദൈവവിജ്ഞാനീയത്തിന്റെ നിഗൂഢതയിലേക്കു കടന്നു ചെല്ലുവാൻ സഹായമാകും. യവനചിന്തയിൽ പ്ലേറ്റോയുടെ ദാർശനികത മനുഷ്യരെ ദ്വൈമാനമായി കാണുന്നു; ആത്മാവും ശരീരവും. എബ്രായ സമീപനത്തിലും മറിച്ചല്ല. എങ്കിലും വേദപുസ്തകത്തിൽ കാണുന്ന അനുഭവങ്ങളെ ആസ്പദമാക്കി സുറിയാനി സഭാപിതാക്കന്മാരും യവനസഭാ ദൈവവിജ്ഞാനീയരും മനുഷ്യനെ വേർതിരിച്ചു ചിത്രീകരിക്കാതെ എന്നാൽ ത്രൈമാന സവിശേഷതയിൽ സമഗ്രവ്യക്തിയായി കാണുന്നു. മാർ അപ്രേം, ഇരണേവൂസ്, ഒരിജൻ, തെയോഫാൻ ദ്തെക്ക്ളസ്, നീസ്സായിലെ ഗ്രിഗറി, അത്തനാസ്സ്യൂസ് തുടങ്ങിയവർ മേല്പറഞ്ഞ ചിന്താധാരയുള്ളവരാണ്.[25]

1 തെസ. 5:23; ലൂക്കാ 1:47; എബ്രാ. 4:12 തുടങ്ങിയ വി. ഗ്രന്ഥഭാഗങ്ങൾ മനുഷ്യനെ സമഗ്രമായി കണക്കിലെടുക്കുന്നതാണ്. 1 തെസ 5:23-ൽ പ്രയോഗിച്ചിരിക്കുന്ന അറമായ വാക്കുകൾ "റൂഹാ, നഫ്ശാ

പഗറാ" എന്നിവയാണ്. ഈ വാക്കുകളിൽ "റൂഹാ" അല്ലെങ്കിൽ "ഹൈയാ" എന്ന, മനുഷ്യനിലുള്ള ആധ്യാത്മികമേഖലയിലാണ് അത്യുന്നതാനുഭൂതി പ്രകടമാകുക. ഈ അനുഭൂതി ബൗദ്ധിക, ശാരീരിക തലങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ വ്യക്തിയുടെ മാനസിക ശാരീരിക തലങ്ങളും ഒന്നുചേർന്നു സമഗ്രാനുഭൂതി ഉളവാകുന്നു. അതുകൊണ്ടാണ് മറിയം എന്റെ "ചേതന" (റൂഹാ) എന്റെ 'ഹൃദയം' (നഫ്ശാ) എന്നൊക്കെ പ്രയോഗിച്ചത്. പ്രഥമദൃഷ്ട്യാ രണ്ടു വാക്കുകളും ഒരേ ആശയം എന്നു പറയാമെങ്കിലും മനുഷ്യന്റെ അന്തരാത്മാവിനെക്കുറിച്ചു കൂടുതൽ നിരീക്ഷിച്ചാൽ അതു വ്യക്തമാകും.[26] മറിയത്തിന്റെ ശരീരവും ആത്മാവും ചേതനയും റൂഹാദ്ക്കുദ്ശായിൽ അനുഭവസ്ഥയാകുന്നതിനിടവരുത്തി. ഏലീശ്വായുടെ അനുഭവം അത്യുന്നതമായപ്പോഴാണ് ഗർഭസ്ഥ ശിശു കുതിച്ചു ചാടിയത്. വിശ്വാസാനുഭവത്തിലൂടെയുള്ള അത്ഭുതങ്ങളെല്ലാം ഈ വിധത്തിൽ സംഭവിക്കുന്നതാണ്. ചുരുക്കത്തിൽ മൗതികത എന്നതു ദൈവാനുഭവത്തിന്റെ ഹൃദയാധിഷ്ഠിതമായ അവസ്ഥയാണ്. അതു വ്യക്തിയെ സമൂലമായി ദൈവിക മേഖലയിലേക്ക് ഉയർത്തുന്നതുമാണ്.

വിശുദ്ധഗ്രന്ഥത്തിൽ മൂശെ, ദൈവത്തിന്റെ മലയെന്നു വിശേഷിപ്പിച്ചിരുന്ന ഹോറീബിലേക്ക് ആരോഹണം ചെയ്തത് മൗതികാനുഭൂതിയുടെ സവിശേഷതയായി കാണാം. ഈ കയറ്റം ശാരീരിക മാനസിക മേഖലകളെ രൂപാന്തരപ്പെടുത്തി ആധ്യാത്മിക മേഖലകളിൽ വിരാജിക്കുന്നതാണ്. ആധ്യാത്മികമായ ഈ മേഖലയെ കർമ്മെല മല കയറ്റം, ആത്മാവിന്റെ രാത്രി, ആഭ്യന്തര ഹർമ്മ്യം എന്നീ വിശേഷണങ്ങളിലൂടെയാണ് കുരിശിന്റെ വി. യോഹന്നാനും വി. അമ്മത്രേസ്യായും ചിത്രീകരിക്കുന്നത്.[27]

ഈശോ വിശുദ്ധമലയിൽ വച്ചു രൂപാന്തരപ്പെട്ടത് അത്യുന്നതാനുഭൂതിയുടെ പൂർണ്ണത വെളിപ്പെടുത്തുന്നതാണ്. ഈശോയുടെ മാനുഷികത അതിന്റെ എല്ലാ വശങ്ങളോടുംകൂടെ പിതാവിന്റെ

പദ്ധതിക്കു വിട്ടുകൊടുക്കുന്നതാണ് മൗതികതയുടെ ആദ്യരൂപവും അന്ത്യരൂപവും. ഈ വിട്ടുകൊടുക്കലിന്റെ പൂർണ്ണവും തീവ്രവുമായ അനുഭൂതിയിൽ ഈശോയുടെ ബൗദ്ധിക, മാനസിക, വൈകാരിക ശക്തികളെല്ലാം ഏതാണ്ടു പൂർണ്ണമായി ദൈവികത കീഴടക്കിയിരുന്നു. അതുസമയം റൂഹാദ്ക്കുദ്ശാ ഈശോയുടെ മാനുഷികതയിൽ സജീവമായിരുന്നതിനാൽ ഈശോ അനുത്സുകാവസ്ഥയിൽ (Passive State) ആയിരുന്നു. ഈ അവസ്ഥ വിശുദ്ധമലയിലെ അനുധ്യാനത്തിൻ മാത്രമല്ലായിരുന്നു, മറിച്ച് അവിടുത്തെ ജീവിതകാലം മുഴുവൻ നീണ്ടുനിന്നതായിരുന്നു. ഈശോയുടെ വാക്കുകൾ: "എനിക്കു സ്വയമേ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഞാൻ കേൾക്കുന്നതുപോലെ വിധിക്കുന്നു. എന്നെ അയച്ചവന്റെ ഇഷ്ടമല്ലാതെ എന്റെ ഇഷ്ടം ഞാൻ അന്വേഷിക്കാത്തതുകൊണ്ട് എന്റെ വിധി നീതിയുക്തവുമായിരിക്കും" (യോഹ. 5:30). മൗതിക ദൈവവിജ്ഞാനീയരായ അമ്മത്രേസ്യായും കുരിശിന്റെ വിശുദ്ധ യോഹന്നാനും മൗതികാനുഭൂതിയിൽ അനുത്സുകാവസ്ഥയ്ക്ക് ഊന്നൽ നൽകുന്നവരാണ്. അനുത്സുക പ്രധാനമായ അനുധ്യാനമായിട്ടാണ് മൗതികർ ദൈവത്തോടു സംഭാഷിക്കുന്നത്. ദൈവം തന്നെ മനുഷ്യർക്കു നൽകിയിരിക്കുന്ന ദാനങ്ങളെ സജീവമാക്കുന്ന സവിശേഷതയാണ് ഇവിടെ ദൃശ്യമാകുന്നത്.[28] ദൈവം എല്ലാ ഇന്ദ്രിയങ്ങളെയും പിടിച്ചു നിറുത്തിയിട്ട് പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ സജീവമാക്കുമ്പോൾ മൗതികരിൽ അത് അനത്സുകാവസ്ഥ ആയിരിക്കും.

ഈശോമിശിഹായുടെ ജീവിതം എപ്പോഴും പിതൃഅനുഭവത്തിൽ ലയിച്ചിരുന്നത് മൗതികരെ സംബന്ധിച്ചും അന്വർത്ഥമാകുന്നതാണ്. മൗതികർക്കു ലഭിക്കുന്ന ആധ്യാത്മികാനുഭവങ്ങൾ നിരവധിയാണ്.

1. അദൃശ്യമെങ്കിലും ദൈവസ്പർശനം അനുഭവവേദ്യമാകുന്ന അവസ്ഥ. അതും വിവരണാതീതമായ അനുഭൂതി.[29]
2. വിവാഹവാഗ്ദാനം ഐക്യപ്രാർത്ഥനയുടെ തീവ്രതയിൽ സംജാതമാകുന്ന അനുഭൂതിവിശേഷമാണ്.[30]

3. ആധ്യാത്മികവിവാഹം. രൂപാന്തരീകരണ ഐക്യത്തിന്റെ അനുഭവമാണിവിടെ വരുന്നത്. ഇതോടുചേർന്നു മറ്റു മൗതിക പ്രതിഭാസങ്ങൾ പ്രത്യക്ഷപ്പെടാം. ഇവിടെ ബുദ്ധിയും മനസ്സും വിചാരങ്ങളുമെല്ലാം ശാരീരിക ആധ്യാത്മിക കഴിവുകളുമായി പൂർണ്ണ ഐക്യത്തിൽ എത്തുന്നു. കുരിശിന്റെ വിശുദ്ധ യോഹന്നാൻ ആധ്യാത്മിക വിവാഹത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ രൂപാന്തരീകരണം അവികലമെന്നു വിശേഷിപ്പിക്കുന്നു.[31] ആധ്യാത്മികത കേന്ദ്രീകൃതമായിരിക്കുന്ന ത്രിത്വാനുഭവം ആത്മീയ വിവാഹത്തിന്റെ പ്രതിഭാസമാണ്. ദൈവികസ്പർശനം മനുഷ്യനായ ഈശോയിൽ അതീവശ്രദ്ധ ഉളവാക്കുന്നു.[32]

ആധ്യാത്മിക വിവാഹത്തിന്റെ ഫലത്തെക്കുറിച്ച് ആവിലായിലെ വി. ത്രേസ്യാ പ്രതിപാദിക്കുന്നുണ്ട്.

4. സ്വയം മറക്കുന്നു.[33]

5. സഹിക്കുവാനുള്ള അദമ്യമായ ആഗ്രഹം.[34]

6. സഹനത്തിൽ ആനന്ദം.[35]

7. ദൈവശുശ്രൂഷയിൽ അഭിലാഷം[36]

8. സൃഷ്ടികളിൽ നിന്നുള്ള പ്രതിനിവർത്തനം[37]

9. ഹർഷോന്മാദത്തിനും ദർശനങ്ങൾക്കും വിരാമം.[38]

10. സമ്പൂർണ്ണശാന്തം[39]

11. പ്രാർത്ഥനയും പ്രവർത്തനവും ഒന്നുചേരുന്നു [40]

12. മൗതിക ദർശനങ്ങളും പ്രവാചകകാഴ്ചകളും.

13. അസാധാരണസിദ്ധികൾ.[41]

a. ക്ഷതങ്ങൾ

b. രക്തക്കണ്ണുനീരും രക്തവിയർപ്പും

c. ഹൃദയകൈമാറ്റം

d. ഭക്ഷണവിരക്തി

e. നിദ്രാരാഹിത്യം

f. സ്ഥാനചലനം

g. ദ്വിസ്ഥലസാന്നിദ്ധ്യം

h. ശാരീരിക സൂക്ഷ്മത

i. ആത്മപ്രഭ

j. അതിസ്വാഭാവിക പരിമളം

k. അഗ്നിനിരോധനം

l. ശാരീരിക ആയതി (വികാസം)

m. ജീർണതാനിരോധനം

n. പരഹൃദയജ്ഞാനം

o. വിശുദ്ധജ്ഞാനം

p. സ്നേഹജ്വാലകൾ

q. കൂടുതലായ സിദ്ധികൾ.

1. വിശ്വാസം 2. വിജ്ഞാനം 3. രോഗശാന്തി 4. അത്ഭുതവരം 5. പ്രവചനം 6. ആത്മാക്കളുടെ വിവേചനം 7. ഭാഷാവരം 8. മറുഭാഷാജ്ഞാനം.

മൗതിക ദൈവവിജ്ഞാനീയത്തിൽ മെശയാനികത കടന്നു വന്നതു അരിയോപ്പഗസ്സിലെ ഡയിനീഷ്യസിനോടുകൂടെയാണ്.[42] മനുഷ്യന്റെ നിഗൂഢതയിലേക്ക് കടന്നു ചെല്ലുമ്പോൾ, അവിടെയുണ്ടാകുന്ന പ്രതിഭാസങ്ങൾ ക്രമാനുഗതമായി വികസിക്കുന്നതു ദൈവദർശനത്തിലും ദൈവാനുഭവത്തിലും പര്യവസാനിക്കും. ഇപ്രകാരമുള്ള ദൈവികമനുഷ്യരെയാണു മൗതികർ, ഋഷികൾ, ആചാര്യന്മാർ എന്നെല്ലാം കണക്കാക്കാറുള്ളത്. ഇവർ ദൈവത്തെ ജീവിതസാക്ഷ്യത്തിലൂടെ ആവിഷ്ക്കരിക്കുന്ന ആചാര്യന്മാരും മനുഷ്യസ്നേഹികളും ആയിരിക്കും.

1:12 ശുശ്രൂഷ

നല്ലയിടൻ ആടുകൾക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നു എന്ന ഈശോയുടെ വാക്കുകളും മാതൃകയുമാണ് ആചാര്യത്വത്തിന്റെ തനതായതമകത. ആചാര്യന്മാർ എപ്പോഴും ദൈവവചനം ശ്രവിക്കുന്നവരും ദൈവവചനത്തിനു ജീവിതം കൊണ്ടു പ്രത്യുത്തരം നൽകുന്നവരുമായിരിക്കും. കർത്താവിന്റെ ആടുകൾ പർവ്വതങ്ങളിലും ഉയർന്ന മലകളിലും അലഞ്ഞു നടക്കുന്നതിനെ കണ്ടെത്തുന്നതിന് ഇടയന്മാർ ദൈവവചനം കേൾക്കുന്നവരാകണമെന്നു പ്രവാചകൻ പറയുന്നു (ഹസ്കി. 34:7,9).

ആചാര്യത്വപരമായ ആധ്യാത്മികത എന്നതു ദൈവവചനാധിഷ്ഠിതമായ ഒരു ജീവിതത്തിലൂടെ സമാർജ്ജിക്കേണ്ടതാണ്. മുകളിൽ

ചർച്ച ചെയ്ത മൗതികത വചനാധിഷ്ഠിത അനുധ്യാനത്തിന്റെ അത്യു ന്നതാവസ്ഥയായതിനാൽ ഇതെക്കുറിച്ചു കൂടുതലായി ചിന്തിക്കേണ്ട തുണ്ട്

ദൈവവചനത്തോടുള്ള ആഭിമുഖ്യം സർവ്വമതങ്ങളിലുമുള്ള ഒരു പ്രതിഭാസമാണ്. എന്നാൽ മെശയാനിക മതദർശനത്തിൽ വചനത്തിന് ഏകാന്തവിശിഷ്ടമായ ഒരു വ്യക്തിത്വമാണുള്ളത്. അതായത് വചനം മാംസം ധരിച്ച മനുഷ്യാവതാരപരത ഏറ്റവും ഉത്കൃഷ്ടമായ ഒരു വികാസമാണ്. വചനത്തിന്റെ മാംസവത്ക്കരണം അതിന്റെ പൂർണ്ണതയിൽ സംഭവിച്ചത് മംഗലവാർത്താസംഭവം പരിശുദ്ധ അമ്മയിൽ സാക്ഷാത്കൃതമായതുവഴിയാണ്. വചനത്തിന്റെ മാംസവത്ക്കരണത്തിൽ മനുഷ്യരിലുള്ള സ്ത്രൈണഗുണത്തിന്റെ സാക്ഷാത്കാരമാണ് പ്രധാനമായത്.[43] സ്ത്രീപുരുഷ വ്യത്യാസം കൂടാതെ എല്ലാവരിലും നടക്കേണ്ട ഒരു പ്രക്രിയയാണു ദൈവവചനത്തിലൂടെ ഉള്ള വ്യക്തി സാഫല്യം. ഇതു സംഭവിക്കുന്നത് വ്യക്തിയിലുള്ള ആധ്യാത്മിക ഇന്ദ്രിയമായ ഉൾക്കാഴ്ചവഴി, ദൈവദർശനവും ദൈവവചനശ്രവണവും യഥാവിധി നടക്കുമ്പോഴാണ്.[44] ബുദ്ധിയുടെ സഹകരണവും സിരാകേന്ദ്രത്തിന്റെ വിധേയത്വവുമുണ്ടായാലെ ഉൾക്കാഴ്ച വഴി ദൈവവചനാനുഭവം സംജാതമാകൂ. ഇതിനെ പ്രാർത്ഥനാപൂർവ്വമായ വചനശ്രവണമെന്നു വിശേഷിപ്പിക്കാം.

വചനാനുഭവം ഉൾക്കാഴ്ചയിൽ ഉണ്ടായാൽ തുടർന്ന് ആധ്യാത്മികമായ മനസ്സാക്ഷിയിലും മനസ്സിലും ഹൃദയത്തിലും വചനത്തിന്റെ ഉപരി സ്ഥൂലീകരണം നടക്കുന്നു. ഇത് പ്രാർത്ഥനയിലുള്ള സ്ഥിരത വഴി സംഭവിക്കുന്നു. വീണ്ടും മനുഷ്യന്റെ ആധ്യാത്മിക കഴിവായ സംസർഗ്ഗവാസനയിലും വികാരങ്ങളിലും ശാരീരിക ഇന്ദ്രിയങ്ങളിലുമെല്ലാം വചനത്തിന്റെ അനുഭവം പൂർണ്ണമാകുന്നു. ഇപ്രകാരം അനുഭവപ്പെടുന്നത് ഉന്നതമായ പ്രാർത്ഥനയിൽ വ്യാപരിക്കുന്നതു വഴിയാണ്.

അനുധ്യാനത്തിനായി സ്വീകരിച്ച വചനത്തിന്റെ വ്യക്തിയിലുള്ള സാന്നിധ്യവും ശക്തിയും ചലനാത്മകതയും ഫലദായകത്വവുമാണ് മേല്പറഞ്ഞ വചനാനുഭവം. ദൈവവചനം അനുധ്യാനത്തിന് സ്വീകരിക്കുന്നവർ ആ വചനത്തിന്റെ മനുഷ്യാവതാരമാകുന്ന ആചാര്യന്മാരാകുന്നു. പരിശുദ്ധ കന്യകയിൽ ദൈവമായ വചനം തന്നെ മാംസം ധരിച്ചപ്പോൾ അതു പുത്രന്റെ മനുഷ്യാവതാരമായി. ഇതിനോടുള്ള പ്രതിബദ്ധതയും കൂദാശാത്മകമായ ഒന്നുചേരലുമാണ് ഏതു പ്രവാചകനിലും, ഏത് ആചാര്യനിലും സംഭവിക്കുന്നത്. വചനത്തിന്റെ ഉടമകളാകുന്ന ആചാര്യന്മാരാണ് ദൈവജനത്തിന്റെ ആടുകളുടെ ശുശ്രൂഷകരാകുന്നത്, നല്ല ഇടയരാകുന്നത്.

പരിശുദ്ധ അമ്മ പ്രധാനാചാര്യനായ ഈശോയെ ലോകത്തിനു നൽകിയതുപോലെ വചനത്തിന്റെ പ്രവാചകരാകുന്നവർ ആചാര്യത്വത്തിന്റെ ആധ്യാത്മികതയാൽ ഈശോയുടെ ആചാര്യന്മാരായിത്തീരുന്നു. ഇവിടെയാണ് പൗരോഹിത്യ വ്യക്തിത്വം പ്രകടമാകുന്നത്. രാജകീയ പൗരോഹിത്യമായാലും ശുശ്രൂഷാ പൗരോഹിത്യമായാലും അതെല്ലാം പ്രധാനാചാര്യന്റെ ആചാര്യത്വത്തിലുള്ള പങ്കുചേരലും പൗരോഹിത്യ ആധ്യാത്മികതയുമാകുന്നു. പുരോഹിതന്റെ അധരങ്ങൾ വിജ്ഞാനപ്രദമായിരിക്കണമെന്നു പറയുന്നത് വെറും പഠനം കൊണ്ടു കിട്ടേണ്ട വിജ്ഞാനത്തെക്കുറിച്ചല്ല; മറിച്ച് ദൈവാരാധനാപരവും അനുഭവപരവുമായ അധ്യയനത്തിലൂടെ കൈവരിക്കേണ്ട വിജ്ഞാനത്തെക്കുറിച്ചാണ്.

ദൈവാരാധനയിലെ ദൈവവചനം ധ്യാനിച്ചും പഠിച്ചും അനുഭവപരമാകുമ്പോൾ ആചാര്യത്വപരമായ, പൗരോഹിത്യപരമായ ആധ്യാത്മികത ഉണ്ടാകുന്നു. ഫലമോ 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന് മാതാവ് വചനത്തിനു പ്രത്യുത്തരമരുളിയ മനോഭാവം എല്ലാ വചനോപാസകർക്കും ഉണ്ടാകും.[45]

1:13 സിദ്ധി

ദൈവാരാധനയിലെ ദൈവവചനത്തിനു പൂർണമായും ന്യാസം ചെയ്യുക എന്നത് ആശ്രമാധിഷ്ഠിത ജീവിതത്തിനു വഴി തെളിക്കുന്നു. ആശ്രമാധിഷ്ഠിത ജീവിതത്തിൽ രണ്ട് രൂപങ്ങൾക്കു സാധ്യതയുണ്ട്. ഒന്നാമത്തേത് സഭയുടെ വിശ്വാസം അതിന്റെ പൂർണ്ണതയിൽ പ്രകടമാക്കുന്ന രൂപമാണ്.[46] ഇത് മെശയാനികമതത്തിൽ എന്നതു പോലെ എല്ലാ മതങ്ങളിലുമുണ്ട്. എന്നാൽ ഈ രൂപത്തെ പ്രകടമായ ഒരു സന്ന്യാസ ജീവിതാന്തസ്സായി അത്ര കണക്കാക്കാറില്ല. മറ്റൊരു രൂപം ഏതെങ്കിലും സ്ഥാപക നേതൃത്വത്തിലൂടെ രൂപപ്പെടുന്ന ആശ്രമജീവിതമാണ്. ഇങ്ങനെയുള്ള ആശ്രമപ്രസ്ഥാനങ്ങൾ സഭയിൽ നിരവധിയുണ്ട്.[47] ആശ്രമാധിഷ്ഠിത ആധ്യാത്മികതയിൽ വരുന്ന സുപ്രധാന ഘടകം സുവിശേഷാത്മക ജീവിതസാക്ഷ്യമാണ്.[48]

സുവിശേഷത്തിലെ ഈശോയെ മൗലികമായി അനുഗമിക്കുന്നവർ സർവ്വസംഗപരിത്യാഗികളാകേണ്ടതുണ്ട്. എല്ലാറ്റിനെയും സമാശ്ലേഷിക്കുന്നതിനു വേണ്ടി എല്ലാം ന്യാസം ചെയ്യുന്നു. ഈ സന്ന്യാസം ഈശോമിശിഹാ തന്റെ ശരീരത്തിന്റെ ഏകസമർപ്പണം എന്നേക്കുമായി നടത്തിയതിന്റെ സാങ്കേതികമായ തുടർച്ചയാണ്. ഈശോയുടെ ശാരീരിക ബലിയിലൂടെ സംജാതമായ വിശുദ്ധി ഉത്ഥാനാത്മക ചൈതന്യത്തിൽ ആശ്രമസ്ഥർ ജീവിക്കുമ്പോൾ അതിനുള്ള സ്ഥാനം പഴയനിയമവും പുതിയനിയമവുമാണ്. സിറിയാ, പാലസ്തീന, ഈജിപ്ത്, മെസപ്പൊട്ടാമിയ, ഭാരതം തുടങ്ങി നിരവധി സ്ഥലങ്ങളിൽ ആശ്രമങ്ങൾ പ്രത്യക്ഷപ്പെട്ടു. ഇവിടെയെല്ലാം താപസജീവിതത്തിന്റെ

രൂപത്തിലാണ് ആശ്രമങ്ങൾ നിലകൊണ്ടത്. ഏകാന്തവാസവും സമൂഹജീവിതവും ആശ്രമങ്ങളെ വൈവിധ്യവത്കരിച്ചിരുന്നു.

മരുഭൂമികളും മണലാരണ്യങ്ങളും വനങ്ങളുമെല്ലാം താപസന്മാരുടെ നിലകതനങ്ങളായിരുന്നു. ദൈവാരാധനാഘോഷവും അനുധ്യാനവും വഴി ദൈവജനത്തെ ദൈവസമക്ഷം സന്നിഹിതരാക്കുന്നവരായിരുന്നു ആശ്രമസ്ഥർ.

അനുചിന്തനപ്രധാനമായ ആശ്രമജീവിതവും ശ്ലൈഹികോന്മുഖമായ ആശ്രമശൈലിയും രണ്ടും ഒന്നുചേർന്നുള്ള പ്രസ്ഥാനങ്ങളും ഉണ്ടായിരുന്നു. ഏതു വിധത്തിലുള്ള ആശ്രമശൈലി ആയിരുന്നെങ്കിലും ഏതെങ്കിലും ക്രമത്തിലുള്ള വാഗ്ദാനങ്ങളും കൂട്ടായ്മയുടെ ഐക്യവും സുപ്രധാനമായിരുന്നു. ആശ്രമസ്ഥർ ജനോപകാരപ്രദമായ ഉപവിവേലകളിൽ ഏർപ്പെട്ടിരുന്നു. കൂടാതെ കൈവേല ചെയ്ത് ആശ്രമങ്ങളിൽ തങ്ങൾക്കും മറ്റുള്ളവർക്കുമായി വരവുണ്ടാക്കിയിരുന്നു. കൈവേലകൾ ഒരിക്കലും ഏകാന്തജീവിതത്തിനോ പ്രാർത്ഥനാചൈതന്യത്തിനോ വിരുദ്ധമായിരുന്നില്ല; മറിച്ച് ശാരീരിക കഴിവുകളുടെ നിയന്ത്രണത്തിനും മനസ്സിന്റെ ഉറപ്പിനും അവ അടിസ്ഥാനമായിരുന്നു. മാനവരാശിയുടെ അത്യന്തികനന്മയെ ലാക്കാക്കിയാണ് ആശ്രമിക ആധ്യാത്മികത നിലകൊള്ളേണ്ടത്. ആശ്രമസിദ്ധിയും സന്ന്യാസജീവിതവും സഭയുടെ ആധ്യാത്മിക ദൈവവിജ്ഞാനീയത്തിന്റെ സുപ്രധാന പ്രകാശനമായിരിക്കണം.[49] സഭയുടെ ആധ്യാത്മികത എന്നത് മിശിഹായുടെ തന്നെ ജീവിതമാകുന്ന ആരാധനയുടെ ആധ്യാത്മികതയാണ്. സന്ന്യാസ ആധ്യാത്മികത സാരാംശത്തിൽ ദൈവാരാധനാത്മകമായിരിക്കും.

1:14 ദൈവാരാധന

ജീവിതം മുഴുവനും ദൈവാരാധനയ്ക്കനുസൃതം ആയിരിക്കുന്നതിനെയാണ് ആരാധനാധ്യാത്മികത എന്നു വിശേഷിപ്പിക്കുന്നത്.[50] ആരാധനാധ്യാത്മികത നിശ്ചയിക്കുന്നതിനു ദൈവാരാധനയുടെ അടിസ്ഥാനഘടകങ്ങൾ ഏവയെന്നു കാണേണ്ടതുണ്ട്. പ്രധാനമായും ദൈവാരാധനയുടെ ഘടകങ്ങൾ കൂദാശകളും കൂദാശാനുകരണങ്ങളുമാണ്. അതുപോലെ യാമപ്രാർത്ഥനയും ആരാധനാവത്സരത്തിനനുസൃതമുള്ള തിരുനാളുകളും ഉപവാസവുമെല്ലാം പരിഗണിക്കേണ്ടതുണ്ട്.[51]

ദൈവാരാധനയുടെ സാങ്കേതികവശം പരിഗണിക്കുമ്പോൾ മേല്പറഞ്ഞ ഘടകങ്ങൾ അടിസ്ഥാനമായി നിലകൊള്ളുന്നുവെങ്കിലും സഭാജീവിതത്തിൽ സാധാരണ ഭക്തികൾ ആധ്യാത്മികതയെ സ്വാധീനിക്കുന്നതായി കണ്ടു വരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 12-ാം പീയൂസ് മാർപാപ്പാ, സാധാരണഭക്തികളെ ദൈവാരാധനയ്ക്കനുസൃതം ക്രമീകരിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.[52] രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് സാധാരണ ഭക്താഭ്യാസങ്ങളെ ദൈവാരാധനയോടു ചേർത്ത് എപ്രകാരം ആധ്യാത്മികതയെ പരിപോഷിപ്പിക്കണമെന്ന് വിവരിക്കുന്നുണ്ട്.[53]

യഥാർത്ഥത്തിലുള്ള ആധ്യാത്മികത എന്നുപറയുന്നത് പരിശുദ്ധാത്മാവ് മിശിഹായിലൂടെ സഭയിൽ പ്രദാനം ചെയ്യുന്നതാണ്. സഭയിലാണ് എല്ലാ ആധ്യാത്മിക സംരംഭങ്ങളും ഏകീകൃതമാകുന്നതും ഫലദായകമാകുന്നതും.[54] കാരണം സഭയാണ് വിശ്വാസസംഹിതകളുടെയെല്ലാം സംരക്ഷകയും അധ്യാപികയും. അവൾ തന്നെയാണ് തന്റെ തനയർക്കു ദൈവാരാധനയ്ക്കിടയിൽ അനുദിനജീവിതത്തിന് ആവശ്യമായ പരിശീലനം നല്കുന്നതും.[55]

ആധ്യാത്മിക മുന്നേറ്റത്തിൽ വിവിധ ചലനങ്ങൾ കാലാകാലങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. അവയെല്ലാം ആരാധനാധ്യാത്മികതയുടെ പ്രത്യേക രീതിയിലുള്ള പ്രകാശനങ്ങളും വികാസങ്ങളുമാണ്. പ്രത്യേകിച്ചും ആശ്രമപ്രസ്ഥാനങ്ങളിൽ ഇപ്രകാരം സംഭവിക്കാറുണ്ട്. ഉദാ: ബനഡിക്ടൈൻ, കർമ്മെലീത്താ, ദൊമിനിക്കൻ തുടങ്ങിയ ആധ്യാത്മിക മുന്നേറ്റങ്ങൾ. പന്ത്രണ്ടാം പീയൂസ് പാപ്പാ ബനഡിക്ടൈൻ ആശ്രമിക ആധ്യാത്മികതയെ എടുത്തു പറഞ്ഞിട്ടുണ്ട്.[56] അവസാനമായി പരിശുദ്ധ പിതാവ് മുന്നറിയിപ്പു നല്കുന്നത് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിന് ഹൃദയവും മനസ്സും സഭയുടെ ശിരസ്സായ മിശിഹായോടു ചേർന്ന് ദൈവാരാധനയിൽ ഏർപ്പെട്ട് ഫലദായകമായ വിശുദ്ധി പ്രാപിക്കേണ്ടിയിരിക്കുന്നു എന്നാണ്.[57] സഭയും മിശിഹായും ഒന്നായിത്തീർന്നതു ഒരു വൈവാഹിക ചൈതന്യത്തിലുമാണല്ലോ (അപ്പെ. 5:23).

1:15 കുടുംബം

ആ ദിവസം നീ എന്നെ "എന്റെ ഭർത്താവേ" എന്നു വിളിക്കും (ഹോശ. 2:16). ഇസ്രായേലിന്റെ വിശ്വാസത്തിന്റെ ഒരു പ്രകാശനമാണ് ഹോശായാ നിവ്യാ മുകളിൽ സൂചിപ്പിക്കുന്നത്. ദൈവമനുഷ്യബന്ധത്തെ ഭാര്യാഭർത്തൃബന്ധത്തോടു സാദൃശ്യപ്പെടുത്തുന്ന രീതിയുടെ ഒരു ഉദാഹരണമാണിത്. കാലത്തിന്റെ തികവിൽ ദൈവം തന്റെ ഏകജാതനെ മനുഷ്യരുടെ പക്കലേയ്ക്കയച്ചപ്പോൾ ചെയ്തത് മനുഷ്യകുലത്തെ സഭയിലൂടെ ഭാര്യസമാനം സ്വീകരിക്കുകയായിരുന്നു. ഭാര്യാഭർത്തൃബന്ധത്തിന്റെ മനോഹാരിത പ്രകടമാക്കുന്ന ഒന്നാണ് ഈശോയുടെ പൗരോഹിത്യപ്രാർത്ഥന: "ലോകത്തിൽ നിന്നു നീ എനിക്കു നൽകിയ മനുഷ്യരെ നിന്റെ നാമം ഞാനറിയിച്ചു. അവർ നിന്റേതായിരുന്നു. നീ അവരെ എനിക്കുതന്നു" (യോഹ. 17:6). ദൈവമനുഷ്യബന്ധത്തെ വിവാഹത്തോടു ബന്ധപ്പെടുത്തുമ്പോൾ പരിപൂർണ്ണ

ഐക്യത്തിന്റെ ആധ്യാത്മികതയാണ് എടുത്തു പറയേണ്ടത്. ഈശോ പ്രാർത്ഥന തുടരുന്നു: "അവരെല്ലാവരും ഒന്നായിരിക്കുന്നതിന്, പിതാവേ! നീ എന്നിലും ഞാൻ നിന്നിലുമായിരിക്കുന്നതുപോലെ, അവരും നമ്മിൽ ഒന്നായിരിക്കുന്നതിന് .....ഞാൻ പ്രാർത്ഥിക്കുന്നു; അവർ ഐക്യത്തിൽ പൂർണ്ണരാകേണ്ടതിനും നീ എന്നെ അയച്ചു എന്നും നീ എന്നെ സ്നേഹിച്ചതു പോലെ ഞാൻ അവരേയും സ്നേഹിച്ചു എന്നും ലോകം അറിയേണ്ടതിനും, ഞാൻ അവരിലും നീ എന്നിലും ഇരിക്കുന്നു" (യോഹ. 17:23). പരിപൂർണ്ണ ഐക്യം സംജാതമാകേണ്ടതിന് ഈശോ ചെയ്തത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായുണ്ടാകുവാനും തന്റെ ജീവൻ സമർപ്പിക്കുകയായിരുന്നു (യോഹ. 10:10,15). സ്വയം ശൂന്യവത്ക്കരണത്തിലൂടെ ഈശോ മനുഷ്യരോടു ചേർന്നു. മനുഷ്യരെല്ലാവരേയും മഹത്ത്വീകരിക്കേണ്ടതിന് ഈശോ തന്നെ മഹത്ത്വീകരിക്കപ്പെട്ടു. ഈശോയുടെ മഹത്ത്വീകരണം മാനവപവിത്രീകരണത്തിനായി ഉപകരിച്ചു എന്ന് എബ്രായ ലേഖനത്തിലൂടെ റൂഹാദ്ക്കുദ്ശാ പ്രഖ്യാപിക്കുന്നു: "ദൈവമേ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ ഇതാ വരുന്നു. അവന്റെ ഈ ഇഷ്ടമനുസരിച്ച് ഒരു പ്രാവശ്യം നടന്ന ഈശോമിശിഹായുടെ ശരീരസമർപ്പണം കൊണ്ട് നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രാ. 10:7,10).

മിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പണം വഴി പവിത്രീകരിക്കപ്പെട്ട മനുഷ്യകുലം ദൈവൈക്യത്തിന്റേതായ അവസ്ഥയിലേയ്ക്കാണ് ഉയർന്നത്. ഈ ഉയർച്ചയുടെ അനുഭൂതിക്കുവേണ്ടിയാണ് ദൈവം മനുഷ്യരെ സ്ത്രീ പുരുഷന്മാരായി രൂപപ്പെടുത്തിയത്. വിവാഹത്തിന്റെ അവിഭാജ്യത അടങ്ങിയിരിക്കുന്നത് സ്ത്രീ പുരുഷ ഐക്യത്തിലാണ്. ഈ ഐക്യം വെറും ശാരീരീകമോ വൈകാരികമോ ആയ ഐക്യം മാത്രമല്ല മറിച്ച് സമഗ്രമായ ഒന്നാണ്. സമഗ്രമായ ഐക്യത്തിന്റെ ആധ്യാത്മികതയാണ് യാഹ്വേ-ഇസ്രായേൽ ബന്ധത്തിലും മിശിഹാ-സഭ ബന്ധത്തിലും ദൃശ്യവും സ്പർശ്യവുമായത്. ഈ ബന്ധത്തിന്റെ കൂദാശയാണ് വിവാഹമെന്നത്. മിശിഹാ പിതാവായ ദൈവത്തേയും മാതാവായ റൂഹായേയും വിട്ടു ഭാര്യയായ സഭയോടു

ചേർന്നു.[58] ഇപ്രകാരമുള്ള വൈവാഹികബന്ധം അസ്തിത്വപരമായ രീതിയിൽ വിവാഹമെന്ന കൂദാശയുമാകുന്നു. രണ്ടിന്റേയും ആധ്യാത്മികത സാരാംശത്തിൽ ഒന്നുതന്നെയാണ്. കുറച്ചുകൂടി ആഴത്തിലേക്കു കടന്നു ചിന്തിച്ചാൽ സ്ത്രീപുരുഷവ്യത്യാസം കൂടാതെ എല്ലാ ആത്മാക്കളും സ്ത്രൈണാത്മകത ഉള്ളവരാണ്. അതിനാൽ പുരുഷാത്മകതയുടെ തികവായ ദൈവത്തോടാണ് എല്ലാ മനുഷ്യനും ബന്ധപ്പെടേണ്ടത്. ഇപ്രകാരമുള്ള ബന്ധപ്പെടലിനായി ദൈവം മനുഷ്യനു നൽകിയിരിക്കുന്ന കഴിവു സ്നേഹമല്ലാതെ മറ്റൊന്നുമല്ല. ഒരാത്മാവു ദൈവത്തെ സ്നേഹിക്കേണ്ടത് "പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും സർവ്വസമ്പാദ്യങ്ങളിലുമുപരി"യും ആയിരിക്കണം (ആവർത്ത. 6:5). ദൈവത്തെ മാത്രം സ്നേഹിക്കുന്നതുകൊണ്ട് തൃപ്തിപ്പെടാതെ, ശത്രുക്കളെയും അയൽക്കാരെയും തന്നെപ്പോലെ സ്നേഹിക്കേണ്ടതുണ്ട് (ആചാര്യ. 19:18).

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യന്റെ ഹൃദയങ്ങളിൽ ദൈവസ്നേഹത്തിന്റെ നിർത്ധരി ഉണ്ടായത് റൂഹാദ്ക്കുദ്ശായാലാണ് (റോമാ. 5:5). അതായത് സഭയുടെ വരനായ ഈശോയുടെ ശരീരത്തിന്റെ ഏകമായ സമർപ്പണം വഴി നൽകപ്പെട്ട റൂഹാദ്ക്കുദ്ശായാൽ, ദൈവത്തോടുള്ള വൈയക്തിക സ്നേഹബന്ധത്തിൽ വിവാഹം അനുഭവസ്ഥമാകുന്നില്ലെങ്കിൽ, ഈശോ നീക്കിക്കളഞ്ഞ ഒന്നാമത്തേതിന്റെ വക്താക്കളായി നില്ക്കുകയല്ലാതെ രണ്ടാമത്തേതിന്റെ പ്രവാചകരാകുകയില്ല.[59] ദൈവത്തെ പരിപൂർണ്ണമായി സ്നേഹിക്കുന്ന ഒരാത്മാവ് സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ തന്നെപ്പോലെ വിവാഹത്തിലെ പങ്കാളിയെ സ്നേഹിക്കുമ്പോൾ, വിവാഹമെന്ന കൂദാശ, സഭയും മിശിഹായും തമ്മിലുള്ള പരിപൂർണ്ണ ഐക്യത്തിന്റേതായ അനുഭൂതിയിൽ എത്തുന്നു. അവിവാഹിതർക്കു മൗതികമായും, വിവാഹിതർക്ക് അസ്തിത്വപരമായും സ്നേഹാനുഭവത്തിൽ എത്തുവാൻ സാധിക്കും. രണ്ടും പരിപൂർണ്ണ സ്നേഹത്തിന്റെ അനുഭൂതിയാണ്.



II

പൗരസ്ത്യ ആധ്യാത്മികത

പൗരസ്ത്യ ആധ്യാത്മികത

മിശിഹാക്കാലം നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ, രാഷ്ട്രീയമായും സാംസ്ക്കാരികമായും, റോമാ സാമ്രാജ്യം ആകമാനം ഒരു പുത്തൻ ചക്രവാളത്തിലേയ്ക്കു നീങ്ങുവാനിടവന്നു. റോമാ സാമ്രാജ്യത്തിനു വന്നുഭവിച്ച പുത്തൻ പ്രവണത അവിടെയുള്ള സഭയുടെ ജീവിതത്തെയും സ്വാധീനിക്കുവാൻ തുടങ്ങി. എന്നാൽ റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യകളിലും, വിദൂരപൂർവ്വദേശങ്ങളായ ഭാരതം, ചൈന തുടങ്ങിയ സ്ഥലങ്ങളിലും സഭാജീവിതം അതിന്റെ മെശയാനിക തനിമയിൽത്തന്നെ ഉറച്ചുനിന്നു. ഇപ്രകാരമാണ് സഭയുടെ ജീവനായ ആധ്യാത്മികതയ്ക്ക് തനതാത്മകമായ വ്യക്തിത്വമുണ്ടാകുവാനിടവന്നത്. ഇപ്രകാരം അവിഭക്ത സഭയുടെ ആധ്യാത്മിക പൈതൃകത്തെ കാത്തുസൂക്ഷിച്ചു വളർത്തിയെടുത്തപ്പോൾ അത് പൗരസ്ത്യ ആധ്യാത്മികത എന്നു വിശേഷിപ്പിക്കപ്പെട്ടു.[1]

പൗരസ്ത്യ ആധ്യാത്മികതയുടെ തനിമ പ്രകടമാക്കുന്ന നിരവധി ഘടകങ്ങളുണ്ട്. ഭൂമിശാസ്ത്രപരമായും മാനവവിജ്ഞാനീയപരമായും ദൈവവിജ്ഞാനീയപരമായും ദാർശനികപരമായും മെശയാനിക പാരമ്പര്യാധിഷ്ഠിതമായും വേദപുസ്തകാധിഷ്ഠിതപരമായും എടുത്തു പറയാവുന്നവയാണ് ഇവ. ദൈവസ്നേഹത്തിൽ ഭൂവായിരിക്കുന്ന മനുഷ്യൻ പരിപൂർണ്ണസ്നേഹത്തിൽ എത്തിച്ചേരുന്നതാണ് പൗരസ്ത്യ ആധ്യാത്മികതയുടെ അന്തസ്സത്ത. ദൈവസ്നേഹത്തിന്റെ മാനുഷികപതിപ്പിനെ ദൈവച്ഛായയെന്നും അതിന്റെ ദൈവികവശത്തെ സാദൃശ്യമെന്നും പറയുന്നു. മനുഷ്യരുടെ ആത്യന്തിക ലക്ഷ്യമായിരിക്കുന്ന ദൈവത്തെ, ത്രിത്വാത്മകമായും മിശിഹാ കേന്ദ്രീകൃതമായും റൂഹാത്മകമായും സമീപിക്കുന്ന സവിശേഷത പൗരസ്ത്യ ആധ്യാത്മികതയിൽ

ദൃശ്യമാകുന്നുണ്ട്. ദൈവപിതാവ്, തന്റെ ഏകജാതൻ വഴി റൂഹായിൽ സന്നിഹിതമാക്കുന്ന ദൈവികീകരണ പ്രക്രിയയിൽ, റൂഹായിൽ വരച്ചുകൊണ്ട് ഈശോമിശിഹാ വഴി ദൈവപിതാവിൽ എത്തിച്ചേരുന്ന വിധം പങ്കുചേരുന്നതാണ്[2] പൗരസ്ത്യരീതിയിൽ ആധ്യാത്മികത. ഇപ്രകാരമുള്ള മാനവദൈവികീകരണം, ദൈവിക മാനവവത്ക്കരണത്തിലൂടെ ദൈവം മനുഷ്യർക്കു ദാനം ചെയ്തതിലുള്ള സമഗ്രമായ വളർച്ചയാണ്. ദൈവച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ഉള്ളിൽനിന്നുള്ള ഒരു വളർച്ചയായിട്ടാണ് പൗരസ്ത്യ ആധ്യാത്മികതയെ കാണുന്നത്. വളർച്ചയുടെ വിത്ത് ദൈവം തന്നെയാണ് മനുഷ്യഹൃദയത്തിൽ വിതയ്ക്കുന്നത്. അനുചിന്തനത്തിലൂടെ ഹൃദയത്തിന്റെ ആധ്യാത്മികത സാക്ഷാത്കൃതമാകുന്നതാണ് പൗരസ്ത്യ ആധ്യാത്മികത. പൗരസ്ത്യ ആധ്യാത്മികത മിശിഹായുടെ തുടർച്ചയായ സഭയിലും സഭയുടെ പ്രാർത്ഥനയിലുമാണ് ഊന്നിനില്ക്കുന്നത്. മിശിഹാസംഭവം പ്രാപഞ്ചിക ബദ്ധവും സമർപ്പണാത്മകവുമായി സമൂലമായതുകൊണ്ട് പൗരസ്ത്യ ആധ്യാത്മികതയ്ക്ക് പ്രാപഞ്ചികവും ആശ്രമാത്മകവുമായ സവിശേഷതകൾ കൈവന്നു. മിശിഹാനുഗമനത്തിന്റെ അവശ്യ വ്യവസ്ഥയായ ത്യാഗവും തീർത്ഥാടനവും പൗരസ്ത്യ ആധ്യാത്മികതയെ താപസപരവും യുഗാന്ത്യപരവുമാക്കിത്തീർക്കുന്നു. ചുരുക്കത്തിൽ, ദൈവവചനാധിഷ്ഠിതമായ ഒരു ആധ്യാത്മികത, അതിന്റെ പൗരസ്ത്യസ്വഭാവത്തിൽ, സഭാത്മകതയിലും ക്രൈസ്തവികതയിലും പാരമ്പര്യത്തിലും ഉറച്ചുനിന്ന് അവിഭക്ത സഭയുടെ ആധികാരിക ആധ്യാത്മികതയായി എന്നും നിലകൊള്ളുന്നു.

2:1 അവിഭക്തസഭ

മാനവചരിത്രത്തിൽ ഇന്നും ചോദ്യചിഹ്നമായി അവശേഷിക്കുന്ന ഒന്നാണ് ഐക്യത്തിലെ വൈവിധ്യവും വൈവിധ്യത്തിലെ വൈരുധ്യവും. ആദ്യഭാഗം ന്യായീകരിക്കത്തക്കതാണ്, എന്നാൽ രണ്ടാമത്തേത് അപ്രകാരമല്ല. ഈ തത്ത്വത്തെ സഭാവിജ്ഞാനീയത്തിന്റെ പശ്ചാത്തലത്തിൽ കൂനമ്മാക്കൽ തോമ്മാ മല്പാൻ കത്തനാർ നിശിതമായ വിമർശനത്തിനു വിധേയമാക്കുന്നുണ്ട്.[3]

ഈശോമിശിഹായിൽ സശീർഷമാക്കപ്പെട്ട സഭ ഏകവും അങ്ങനെ അവിഭക്തവുമാണ്. അവിഭക്തസഭയുടെ ആദിമപരിശുദ്ധിയിലേയ്ക്കു കടക്കുന്നത് തിമോത്തിക്ക് വി. ശ്ലീഹാ നൽകുന്ന നിർദ്ദേശത്തോടൊപ്പമെങ്കിൽ നല്ലതാണ്. "സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നും (ദൈവികീകരിക്കപ്പെടണമെന്നും) സത്യത്തിന്റെ ജ്ഞാനത്തിലേയ്ക്ക് അവർ തിരിയണമെന്നും ആഗ്രഹിക്കുന്ന നമ്മുടെ രക്ഷകനായ (ദൈവികീകരണക്കാരൻ) ദൈവത്തിന്റെ മുമ്പിൽ ഇത് (മധ്യസ്ഥ പ്രാർത്ഥന) നല്ലതും സ്വീകാര്യവുമാകുന്നു. എന്തെന്നാൽ ദൈവം ഏകനാകുന്നു. ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള മനുഷ്യപുത്രനായ ഈശോമിശിഹാ എന്ന മധ്യസ്ഥനും ഏകനാകുന്നു" (1 തിമോ. 2:3-5). ഏകമധ്യസ്ഥനായ ഈശോമിശിഹാ സഭയുടെ ശിരസ്സും ശരീരത്തിന്റെ ദൈവികീകരണവുമായിരിക്കുന്നു.[4] മിശിഹായിൽ വിശ്വസിക്കുന്നവർക്ക് വൈവിധ്യത്തിന്റെ ഐക്യത്തിന്റേതല്ലാതെ വൈരുധ്യത്തിന്റെ ലാഞ്ഛനപോലും ഉണ്ടാകുകയില്ല. അതിനാൽ അവിഭക്തസഭയുടെ അടിസ്ഥാനഘടകം ഈശോമിശിഹായിലുള്ള വിശ്വാസമാകുന്നു. ഈ വിശ്വാസത്തിന്റെ പ്രകാശനമായിട്ടായിരുന്നു വി. കുർബാന ആഘോഷം ആദിമസഭ നടത്തിയിരുന്നത്.[5] ഈ ആഘോഷം ആദിമസഭയുടെ ജീവിതാഘോഷവുമായിരുന്നെന്ന് ശ്ലീഹന്മാരുടെ വേദസാക്ഷിത്വവും

ആദിമസഭാംഗങ്ങളുടെ രക്തസാക്ഷിത്വവും തെളിയിക്കുന്നു. ശ്ലീഹന്മാരുടെ മരണവും എസ്തപ്പാനോസ്, പോളിക്കാർപ്പ്, ഇഗ്നേഷ്യസ് തുടങ്ങിയവരുടെ സഹനവും രക്തസാക്ഷിത്വത്തിലൂടെ ജീവിതാഘോഷം പൂർത്തീകരിച്ചതാണ്.[6] ശ്ലീഹന്മാരുടേയും ആദിമസഭയിൽ രക്തസാക്ഷികളുടേയും ജീവിതമാതൃക അവിഭക്ത സഭയുടെ വിശ്വാസത്തെയും ആരാധനയേയും ആധ്യാത്മികതയേയും നിർണ്ണയിക്കുന്നതാണ്.

നിർണ്ണായകമെന്നു പറയുന്ന ആധ്യാത്മികത സഭാപരമായി എങ്ങനെയാണു പ്രസക്തമാകുന്നതെന്ന് ചിന്തിക്കേണ്ടതുണ്ട്. സഭ ഒന്നാണെന്ന വിശ്വാസം ഏതു വ്യക്തിസഭയിൽ പ്രബലപ്പെടുന്നുവോ ആ സമൂഹമായിരിക്കും ആധികാരികമായ സഭ. എല്ലാ വസ്തുതകളും കണക്കിലെടുക്കുമ്പോൾ സുറിയാനി സഭയാണ് അത്. സുറിയാനിസഭ എന്തുകൊണ്ട് അവിഭക്തസഭയുടെ തനതാത്മകത പ്രകടമാക്കുന്നു? ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്റെ മൂലക്കല്ലായ മിശിഹാ സുറിയാനി പാരമ്പര്യത്തിലും സുറിയാനി ഭാഷയിലും സുറിയാനി ആരാധനക്രമത്തിലും സുറിയാനി ആധ്യാത്മികതയിലും ജീവിതം നയിച്ചതിനാൽ അവിടുന്നിൽ അവിഭക്തസഭ സുറിയാനി സമൂഹമായിരുന്നു.[7] സുറിയാനി എന്ന പേരിലല്ല സഭ അന്ന് അറിയപ്പെട്ടിരുന്നത് മറിച്ച് നസ്രായ എന്നപേരിലാണ്.[8] അന്ത്യോക്യായിൽ വച്ചാണ് മിശിഹാനുയായികൾ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത് (നട. 11:26). ആദിമ സഭാംഗങ്ങൾ അറിയപ്പെട്ടിരുന്നത് നസ്രായർ എന്നാണ്.[9] ഈ നസ്രായരാണ് യവന, ലത്തീൻ സഭകളുടേയും അടിസ്ഥാനമായി നിലകൊള്ളുന്നത്. യവനസഭ അന്ത്യോക്യായിലും ലത്തീൻസഭ റോമിലും നിലവിൽ വന്നപ്പോൾ നസ്രാണിസഭ ഓർശ്ലേത്തും ഭാരതത്തിലും ഏഷ്യ മുഴുവനിലും വ്യാപിച്ചിരുന്നു. ഇപ്രകാരം മിശിഹായിൽ അധിഷ്ഠിതവും ശ്ലീഹന്മാരിലൂടെ വികസിച്ചതും വ്യക്തിസഭകളിലൂടെ തനതാത്മകവുമായിത്തീർന്ന സാർവ്വത്രിക സഭയാണ് നസ്രാണിസഭ. ഈ സഭയാണ് അവിഭക്തസഭ. ഇതിന്റെ ആധ്യാത്മികത സഭയുടെ ആരാധനാത്മക

ചൈതന്യമാണ്. അവിഭക്ത നസ്രാണിസഭയുടെ ആധ്യാത്മികത ഊന്നി നില്ക്കുന്നത് ഈശോമിശിഹായാകുന്ന സുവിശേഷത്തിലാണ്. സുവിശേഷ രഹസ്യമാണ് ഒരു വിധത്തിൽ പറഞ്ഞാൽ എല്ലാറ്റിന്റെയും ഉറവിടം. സുവിശേഷം അടിസ്ഥാനപരമായി വായനയിലും ധ്യാനത്തിലും പ്രസംഗത്തിലും എഴുത്തിലും സഭാരൂപകമായി ഉപയോഗിക്കുന്നത്, ആധികാരികമായ ആധ്യാത്മികതയുടെ ലക്ഷണമാണ്.

2:2 സുവിശേഷം

അവിഭക്തസഭയുടെ, നസ്രാണിസഭയുടെ ആധ്യാത്മികത സുവിശേഷത്തിലാണ് കണ്ടെത്തുന്നത്. മെശയാനിക ആധ്യാത്മികതയുടേയും നസ്രാണി ആധ്യാത്മികതയുടേയും പ്രകാശനങ്ങളാണ് നാലു സുവിശേഷ പാരമ്പര്യങ്ങൾ. അവയെ ആധ്യാത്മികതകൾ എന്നും വിശേഷിപ്പിക്കുന്നുണ്ട്.[10] നാല് സഭാ സമൂഹങ്ങൾക്കായി നടത്തിയ പ്രഘോഷണങ്ങളാണ് നാല് ആധ്യാത്മികസമീപനങ്ങളായി നിലവിൽ വന്നത്. മത്തായി അറിയിച്ച സുവിശേഷം വാഗ്ദാനത്തിന്റെ പൂർത്തീകരണം അനുഭവവേദ്യമായതിന്റെ സാക്ഷ്യമാണ്. മിശിഹാനുയായികൾ എസ്സീനികളുടെ ചൈതന്യത്തിൽ ആശ്രമാധിഷ്ഠിത രീതിയിൽ മിശിഹാനുഗമനം നടത്തുന്നത് ഊന്നിപ്പറയുന്നു. ദൈവരാജ്യാനുഭൂതിക്കു മുൻതൂക്കം നൽകുന്ന മർക്കോസിന്റെ സമീപനത്തിൽ ഈശോ മിശിഹാ ദൈവപുത്രനെന്ന് വ്യക്തമാക്കുന്നു. അവിടുത്തെ പ്രവർത്തനങ്ങൾ പ്രകാശിപ്പിച്ചുകാണിക്കുന്നു. ലൂക്കാ അറിയിച്ച സുവിശേഷത്തിന്റെ ആധ്യാത്മികത വസ്തുനിഷ്ഠതയെ പരിഗണിച്ചതുകൊണ്ട് പഴയനിയമത്തെ കണക്കിലെടുത്തുവെങ്കിലും മിശിഹാനുയായികളുടെ ഈശോയുമായുള്ള കൂട്ടായ്മ അതിൽ പൊന്തിനില്ക്കുന്നു. മിശിഹാനുഭവത്തിന്റെ സാർവ്വത്രികത മാനുഷിക പ്രതിഭാസങ്ങളുടെ എല്ലാ വശങ്ങളിലേയ്ക്കും വിരൽ ചൂണ്ടുന്നു. രോഗികളും സ്ത്രീകളും അവശരും പാപികളും മൃതരുമെല്ലാം ദൈവകരുണയുടെ മുമ്പിൽ

അനുഗൃഹീതർ. യോഹന്നാൻ ഏവൻഗേലിസ്തായുടെ ആധ്യാത്മിക സമീപനം സമഗ്രമായതാണ്. അതുകൊണ്ടാണ് മാനുഷികതയെ ദൈവികതയുമായി അഭേദ്യമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നത്. ഈശോയിൽ ദൃശ്യമാകുന്ന പിതൃപുത്ര ഐക്യത്തിന്റെ ആധ്യാത്മികത മാനവ ദൈവിക സമുദ്ഗ്രഥനത്തിന്റെ അടിസ്ഥാനമായി യോഹന്നാൻ സുവിശേഷകൻ കാണുന്നു. പ്രത്യേകിച്ചും ആധ്യാത്മികതയുടേയും ദൈവാരാധനയുടേയും അടിസ്ഥാനമായ വിശ്വാസത്തിന്റെ പൂർണ്ണരൂപം പ്രഖ്യാപിച്ചിരിക്കുന്നതും യോഹന്നാനാണ് (യോഹ. 20:28-29). ആവാനുഭവത്തിന്റെ ദാർശനികവും അനുഭവപരവും അസ്തിത്വാത്മകവുമായ സാക്ഷ്യം, ആധ്യാത്മികതയുടെ നിഗൂഢതയിലേയക്ക് ആഴ്ന്നിറങ്ങി ദൈവാനുഭവത്തിന്റെ അത്യുന്നതിയിലേയ്ക്ക് ആരോഹണം ചെയ്യുന്ന സവിശേഷതകൾ നിരത്തിവയ്ക്കുന്നതാണ്." പ്രത്യേകിച്ചും മാനവവിമോചനം സ്നേഹത്തിന്റെ സാക്ഷാത്കാരത്തിലൂടെ എന്നതും ആധ്യാത്മിക ദൈവവിജ്ഞാനീയത്തിൽ യോഹന്നാൻ സുവിശേഷകൻ നൽകുന്ന ഏറ്റവും വലിയ സാക്ഷ്യമാണ്. സ്നേഹം തന്നെയായ ദൈവത്തെ അനുഭവിക്കുന്നവർ മാനുഷികസ്നേഹത്തിന്റെ ദൈവാനുഭവപരമായ പരിണാമത്തിൽ വിരാജിക്കുന്ന പരിപൂർണ്ണസ്നേഹത്തിൽ എത്തുന്നു.

2:3 ദൈവാനുഭവം

ദൈവാനുഭവത്തിന്റെ അത്യുന്നതി വിളിച്ചറിയിക്കുന്ന ശൈലിയാണ് "അമ്മനുവേൽ" എന്ന ഈശോയുടെ നാമം (മത്താ. 1:23; ഏശ. 7:14). പരി. മറിയത്തോടു ദൈവദൂതൻ അരുളിച്ചെയ്ത "കർത്താവു നിന്നോടുകൂടെ" എന്നതും മറ്റൊന്നല്ല (ലൂക്കാ 1:28). ശിമയോൻ ഈശോയെ കരങ്ങളിലെടുത്തു പ്രഖ്യാപിച്ചതും ദൈവാനുഭവത്തിന്റെ പ്രഘോഷണമാണ് (ലൂക്കാ 2:28-33). ദൈവാനുഭവം മനുഷ്യർക്കുണ്ടായാൽ എന്തു സംഭവിക്കുമെന്നതിന്റെ ഉദാഹരണങ്ങളാണ് ഈശോമിശിഹായുടെ

ഐഹിക ജീവിതാനുഭവങ്ങളെല്ലാം. ദൈവാലയത്തിൽ വച്ചു പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായതും (ലൂക്കാ 2:49) പ്രലോഭിതനായതും (മർക്കോ. 1:12,13) ജോർദ്ദാനിൽ വച്ചു മാമ്മോദീസാ സ്വീകരിച്ചതും (ലൂക്കാ 3:21,22) വിശുദ്ധ മലയിൽ വച്ച് രൂപാന്തരപ്പെട്ടതും (മർക്കോ. 9:1-8) പുതിയ ഉടമ്പടി സ്ഥാപിച്ചതും (ലൂക്കാ 22:14-20) ഗദ്സേമാനിയിൽ പ്രലോഭിതനായതും (മത്താ. 26:36-46) ഗാഗുൽത്തായിൽ ആത്മാവിനെ സമർപ്പിച്ചതും (യോഹ. 19:30). സുവിശേഷം ആദ്യന്തം ദൈവാനുഭവത്തിന്റെ മാനുഷികവും ദൈവികവുമായ മാനങ്ങൾ വിവരിക്കുന്നതാണ്. തുടക്കത്തിൽ പശ്ചാത്താപത്തിന്റേയും മാനസാന്തരത്തിന്റേയും വിശ്വാസരഹസ്യം പ്രകടമാക്കുന്നു (മർക്കോ. 1:14,15. മത്താ. 3:2; യോഹ. 3:3,5). ഗോതമ്പുമണി നിലത്തു വീണഴിയുന്നത് ദൈവാനുഭവത്തിനുള്ള വ്യവസ്ഥയും മാമ്മോദീസായുടെ ജീവിതവുമാകുന്നു (ലൂക്കാ 12:50; യോഹ. 12:24; റോമ. 6). മാനുഷികവശം ത്യാഗത്തേയും തപസ്സിനേയും ഊന്നിപ്പറയുന്നത് മിശിഹാനുഗമനത്തിന്റേയും സ്വർഗ്ഗരാജ്യപ്രവേശനത്തിന്റേയും ദൈവിക മാനത്തെ ലക്ഷ്യം വച്ചുകൊണ്ടാണ്. (മത്താ. 10:38; 19:29-30; യോഹ. 12:25-26). ദൈവാനുഭവത്തിന്റെ മാനുഷിക ദൈവികമാനങ്ങൾ സമന്വയിക്കപ്പെട്ടിരിക്കുന്ന കൂദാശയാണ് മാമ്മോദീസാ. അതായതു പാപത്തിനും ലോകത്തിനും മരിക്കുകയും മിശിഹായിൽ ജീവിക്കുകയും എന്നത് (റോമ. 6:2-23).

മാമ്മോദീസായുടെ ദൈവാനുഭവമാണ് പൗരസ്ത്യ ആധ്യാത്മികതയെ തനതാത്മകത ഉള്ളതാക്കിത്തീർക്കുന്നത്.[12] പേർഷ്യൻ മുനിയായിരുന്ന അഫ്രാറ്റസ് ദൈവാനുഭൂതിയുടെ അത്യുന്നതാവസ്ഥയെ ചിത്രീകരിക്കുന്നത് താപസികതയിലൂടെയാണ്.[13] നൈമിഷികമായവയെ സനാതനം ഗ്രസിക്കുന്നു, ജഡികതയെ ചേതന രൂപാന്തരപ്പെടുത്തുന്നു, ലൗകികതയെ സ്വർഗീയമഹത്ത്വം പൂർണ്ണമാക്കുന്നു, നശ്വരമായവയെ ആഗ്രഹിക്കാതെ വരുവാനിരിക്കുന്നതിനെ പാർക്കുന്നവർ

ജീവനിലേക്കു കടക്കുന്നു, ഹൃദയ ശുദ്ധിയിൽ ദൈവദർശനവും ദൈവ മക്കൾക്കടുത്ത ജീവിതവും അനുഭവവേദ്യമാകുന്നു.[14] സർവ്വശക്തനായ ദൈവം എല്ലാവരിലും വസിക്കുന്നുവെന്ന അനുഭവം പേർഷ്യൻ മുനി പ്രകടിപ്പിക്കുന്നുണ്ട്. അങ്ങനെ ദൈവത്തിന്റെ ആലയമായിത്തീരുന്നത് ദൈവാനുഭവത്തിന്റേയും ദൈവൈക്യത്തിന്റേയും അനുഭൂതി പകരുന്നതാണ്.

തികഞ്ഞ താപസികനായിരുന്ന മാർ അപ്രേം ഏകനായ ദൈവത്തെ അത്യുന്നതാനുഭൂതിയിലൂടെ സ്വായത്തമാക്കിയിരുന്ന ഒരു മുനിയായിരുന്നു. ദൈവാനുഭവത്തിന്റെ ഉദ്ഘോഷത്തിൽ ദൈവത്തെക്കുറിച്ച് അദ്ദഹം ഇപ്രകാരം പറയുന്നു. "കർണ്ണമില്ലാതെ കേൾക്കുന്നവനും, വായില്ലാതെ സംസാരിക്കുന്നവനും, കരങ്ങൾ കൂടാതെ പ്രവർത്തിക്കുന്നവനും കണ്ണുകളില്ലാതെ ദർശിക്കുന്നവനുമാണ്. ഇപ്രകാരമുള്ള ദൈവത്തിലാണ് മനുഷ്യരുടെ നിരന്തരവാസം."[15] ദൈവച്ഛായയിൽ രൂപപ്പെടുത്തപ്പെട്ട മനുഷ്യർ, ദൈവത്തെ സദാ സംവഹിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യാത്മാവിനും മനസിനുമെല്ലാം ലവണവും പുളിപ്പും പ്രദാനം ചെയ്തുകൊണ്ട് ദൈവാനുഭവത്തിനും ദൈവൈക്യത്തിനുമുള്ള അവസരമുണ്ടാക്കുന്നു. ദൈവത്തിന് അതിശായിത്തമുണ്ടെങ്കിലും അവിടുന്നു മനുഷ്യരിൽ അന്തര്യാമിയുമാണ്. എല്ലാവിധത്തിലും ദൈവമനുഷ്യബന്ധം ഏകാന്തവിശിഷ്ടമാക്കിത്തീർക്കുന്നതിനുള്ള വഴിയിലൂടെയാണ് ദൈവം മനുഷ്യരെ നടത്തുന്നത്.[16] മനുഷ്യരുടെ മുന്നേറ്റത്തിൽ സത്യവും സ്നേഹവും വിശ്വാസവും എല്ലാം പ്രാർത്ഥനാനുഭവത്തിന്റെ അനർഘ നിധികളായി ശോഭിക്കുന്നു. മണവറയിൽ മണവാളനുമൊത്തു ശാന്തതയിലും മൗനത്തിലും സംരക്ഷിതയായി മണവാട്ടി സ്നേഹത്തിന്റെ നർമ്മസല്ലാപം നടത്തുന്നു.[17] ശുദ്ധമായഹൃദയവും നിർമ്മല മനസ്സാക്ഷിയും ഉള്ള ആത്മാക്കളുടെ ഉൾക്കാഴ്ച ദൈവാനുഭവത്തിനിടവരുത്തുന്നു. ദൈവസ്നേഹം അനുഭവിക്കുന്നവർ സദാ ദൈവത്തിന്റെ സജീവ ആലയമാകുന്നു.[18]

ദൈവാനുഭവം ധ്യാനയോഗികളെ സദാ നയിക്കുകയും അത്യുന്നതാനുഭൂതിയിലെത്തിക്കുകയും ചെയ്യുന്നത്, വചനാധിഷ്ഠിതവും കല്പനാനുസൃതവുമായ ആധ്യാത്മികതയിലൂടെയാണ് (പുറ. 19:5; യോഹ. 14:15;13:34,35,14:23). ദൈവവചനം ശ്രവിക്കുകയും ദൈവകല്പന പാലിക്കുകയും ചെയ്യുക എന്നതായിരുന്നു ഈശോയുടെ ദൈവൈക്യത്തിന്റെ അടിസ്ഥാനം. ഈ ദൈവൈക്യം അതിന്റെ സാരാംശത്തിൽ പിതൃഐക്യം തന്നെയായിരുന്നു. പിതാവുമായി ഈശോയ്ക്കുണ്ടായിരുന്ന അനുഭൂതിപരമായ ഐക്യമാണ് മിശിഹായുടെ തുടർച്ചയായ സഭയിൽ പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്തത്. റൂഹാദ്ക്കുദ്ശായെ മനുഷ്യർക്കു നൽകിയത് ഈശോയുടെ പ്രാർത്ഥന വഴിയുമായിരുന്നു. ഈ സംഭവത്തെ എല്ലാ വശങ്ങളോടുംകൂടി കൂദാശ എന്നു വിശേഷിപ്പിക്കാം.[19]

2:4 കൂദാശകൾ

യോഹന്നാൻ ഏവൻഗേലിസ്തായുടെ വിവരണത്തിൽ ഇപ്രകാരം കാണുന്നു. "ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു".[20] ദൃശ്യ അടയാളങ്ങളായ രക്തം മരണത്തേയും ജലം റൂഹായേയും സൂചിപ്പിക്കുന്നു. അദൃശ്യനായ റൂഹായെ സൂചിപ്പിക്കുന്ന ജലം രക്തപ്രവാഹത്തിന്റെ തുടർച്ചയായതുകൊണ്ട് രക്തവും ജലവും എന്ന ദൃശ്യവസ്തുക്കൾ മരണോത്ഥാനമെന്ന അദൃശ്യ സംഭവത്തെയും സൂചിപ്പിക്കുന്നു. മറ്റു രീതിയിൽ ചിന്തിച്ചാൽ ഈശോയുടെ മാനുഷികാവസ്ഥ റൂഹാദ്ക്കുദ്ശായുടെ അനുഭവത്തെ സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ മിശിഹായുടെ ദൃശ്യമായിരുന്ന മനുഷ്യപ്രകൃതിയുടെ മഹത്ത്വീകരണംവഴി സംജാതമായ മൗലിക കൂദാശയെ സഭ എന്നു വിശേഷിപ്പിക്കുന്നു.[21] സഭ തന്നെ മിശിഹായുടെ ഭൗമിക തുടർച്ച എന്ന നിലയിലാണ് രൂപപ്പെട്ടിരിക്കുന്നത്. ഈ സഭയിൽ ഇതര കൂദാശകൾ സ്ഥിതി ചെയ്യുകയും

പ്രവർത്തനനിരതമായിരിക്കുകയും ചെയ്യുന്നു. അടിസ്ഥാന കൂദാശയുടെ സ്വഭാവത്തിലും ചൈതന്യത്തിലും നിന്നുകൊണ്ടാണ് ഓരോ കൂദാശയേയും കാണേണ്ടത്. കൂദാശകൾ തമ്മിലുള്ള അഭേദ്യമായ ബന്ധം മനസ്സിലാക്കി പ്രവർത്തിക്കുന്നത് ആധ്യാത്മികതയ്ക്ക് ഒഴിച്ചു കൂടാനാവാത്തതാണ്. ഈശോമിശിഹായുടെ ജീവിതവും ദൈവിക ദാനങ്ങളുടെ അനുഭവവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവോ അതു പോലെ സഭയും സഭയുടെ പ്രവർത്തനങ്ങളും കൂദാശകളിലൂടെ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. സഭയിൽ ജനിച്ചുകൊണ്ട് റൂഹാനുഭവം കൈവരിക്കുന്നതാണ് മാമ്മോദീസാ. സഭയിൽ ജനിച്ചു റൂഹാനുഭവം ഉണ്ടായത് അനുകൂല പ്രതികൂല സാഹചര്യങ്ങളിൽ പ്രകാശിപ്പിക്കുന്നതിലുള്ള ആത്മാർത്ഥതയാണ് പൂർണ്ണതയുടെ കൂദാശ. പൂർണ്ണതയുടെ കൂദാശാ ജീവിതത്തിൽ ബഹുമുഖങ്ങളായ അനുഭവങ്ങളെയെല്ലാം സമന്വയിപ്പിച്ച് ഈശോയിലുള്ള ജീവിതത്തിൽ പങ്കുചേരുന്നതാണ് ദിവ്യകാരുണ്യം. ജീവിതസാക്ഷാത്കാരമെന്നത് ദൈവമനുഷ്യ ഐക്യത്തിലൂടെ അന്വർത്ഥമാക്കുന്നതിലാണ് ദിവ്യകാരുണ്യ ചൈതന്യം പ്രസക്തമാകുന്നത്.

ദിവ്യകാരുണ്യം എന്നത് പെസഹാരഹസ്യത്തിന്റെ പൂർണ്ണതയാകുന്നു. പെസഹാരഹസ്യത്തിൽ കൗദാശികത്വം ഉള്ളത് ഇപ്രകാരമാണ്. അദൃശ്യമായ രഹസ്യം അനുഭവത്തിലൂടെ ദൃശ്യമായിത്തീരുന്നു. ദൃശ്യമാകുന്നവ അദൃശ്യതയെ വെളിപ്പെടുത്തുകയും അനുഭവപരമാക്കിത്തീർക്കുകയും ചെയ്യുന്നതിനാൽ അതു കൂദാശയാകുന്നു. 'ഖന്ദശ്' എന്ന സുറിയാനി അടിസ്ഥാന രൂപത്തിൽ നിന്നു വരുന്ന കൂദാശ എന്ന പ്രയോഗം കലർപ്പില്ലായ്മയെ പ്രദാനം ചെയ്യുന്ന ഒന്നാണ്. കലർപ്പില്ലാത്തതാക്കിത്തീർക്കുന്ന സംഭവമാണത്. കലർപ്പില്ലായ്മയെ പരിശുദ്ധി എന്നു വിശേഷിപ്പിക്കുന്നു.

ആവിഷ്കൃതരൂപത്തിൽ പ്രാപഞ്ചിക ഘടകങ്ങളെല്ലാം ഉൾപ്പെടുന്നു. അതിന്റെ മകുടം മനുഷ്യനും. മനുഷ്യൻതന്നെ ദൈവച്ഛായയും

ദൈവസാദൃശ്യവും വഴി അനുഗ്രഹിതരും. മനുഷ്യരിലുള്ള മനുഷ്യരാകുന്ന ദൈവദാനത്തിന്റെ സാക്ഷാത്കാരമാണ് ദൈവികവത്ക്കരണമെന്നത്. ദൈവികവത്ക്കരണം എന്നതിനുള്ള അടിസ്ഥാനമാണ് കൂദാശ. കൂദാശയിൽ ആദിരൂപമായി ദൈവത്തിന്റെ ചൈതന്യവും ആവിഷ്കൃതരൂപമായി മനുഷ്യന്റെ ദൃശ്യമായ അസ്തിത്വവും കടന്നു വരുന്നു. ദൈവത്തിന്റെ ചൈതന്യത്തെ വിശേഷിപ്പിക്കുന്നതു "റൂഹാദ്ക്കുദ്ശാ" എന്നാണ്. അതായത് പരിശുദ്ധിയുടെ ചൈതന്യം. ഈ റൂഹാദ്ക്കുദ്ശായാണ് വിശ്വാസത്തിലും ദൈവാരാധനയിലും ആധ്യാത്മികതയിലും യുഗാന്ത്യ അനുഭൂതിയിലുമെല്ലാം നിർണ്ണായക ഘടകമായി സ്ഥിതിചെയ്യുന്നത്. മാർ അപ്രേം പരിശുദ്ധിയെ ദർശിച്ചത് പറുദീസായുടെ ആദിമഹത്ത്വത്തിലൂടെയാണ്. ഈ മഹത്ത്വത്തിലേയ്ക്കുള്ള പെസഹായാണ് മാനവ ദൈവികീകരണമെന്നത്. ദൈവത്തിൽനിന്നും ദൈവത്തിലൂടെയും ദൈവത്തിലുമാണ് ദൈവികീകരണം സാക്ഷാത്കൃതമാകുന്നത്. ദൈവത്തിൽ എന്നതു റൂഹായിലും, ദൈവത്തിലൂടെ എന്നത് ഈശോമിശിഹായിലും, ദൈവത്തിൽനിന്ന് എന്നത് പിതാവിലും ഉള്ള അനുഭവമാണ്. ഈ അവസ്ഥയെ ആധികാരികമായി അപഗ്രഥിക്കുമ്പോൾ വിശ്വാസം, ആരാധന, ആധ്യാത്മികത എന്ന സമഗ്രാനുഭവം പ്രത്യക്ഷപ്പെടുന്നുണ്ട്. രഹസ്യം പെസഹായാകുന്നതാണിവിടെ സംഭവിക്കുന്നത്. അതായത് കടന്നുവരുന്നതും കടന്നുപോകുന്നതും. കടന്നുവരുന്നതും മുന്നേറുന്നതും കടന്നു പോകുന്നതുമെല്ലാം റൂഹായിൽ സംഭവിക്കുന്നു. മംഗലവാർത്ത കടന്നുവരുന്നതിനെയും മരുഭൂമി അനുഭവം മുന്നേറുന്നതിനെയും ഉത്ഥാന മഹത്ത്വീകരണം കടന്നുപോകുന്നതിനെയും സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ ദൈവാത്മാവിനാൽ നയിക്കപ്പെട്ടു ദൈവമക്കളാകുന്നതാണു പെസഹാരഹസ്യം. മറ്റൊന്നല്ല മാനവദൈവികീകരണം. കൗദാശികത്വമെന്നതും വേറൊന്നല്ല. പെസഹാരഹസ്യത്തിന്റെ അനുഭൂതിയിൽ സംസ്ക്കാരവത്ക്കരണം ഉണ്ടാകുന്നു.[22]

2:5 സംസ്ക്കാരം

ആധ്യാത്മികതയുടെ സാംസ്ക്കാരികവശം എന്നത് മനുഷ്യാനുഭാവത്തിൽ ദൈവികത സമാശ്ലേഷിക്കുന്നവയെല്ലാമാണ്. ദൈവികത സ്ഥലകാലങ്ങളോടു ബന്ധപ്പെട്ടപ്പോൾ അവയെ സ്വാംശീകരിക്കുന്നതാണ് സാംസ്ക്കാരികാനുരൂപണം. ഇവിടെ ഒന്നാമതായി വരുന്ന അടിസ്ഥാനഘടകം വിശ്വാസമാണ്.[23] ദൈവവിശ്വാസംതന്നെ സാംസ്ക്കാരികാനുരൂപണത്തിലൂടെ സ്ഥൂലമായിത്തീർന്നതാണ് ഈശോയുടെ മാനവികതയും പ്രാപഞ്ചികതയും. ദൈവവിശ്വാസം അടിസ്ഥാനമായി നിലകൊള്ളുന്നതുകൊണ്ട് സ്ഥലകാലങ്ങൾക്ക് അതീതമായ ഒരു സ്വഭാവവും അതിനുണ്ട്. അതുപോലെതന്നെ ജീവിക്കുന്ന മനുഷ്യരുടെ സാഹചര്യങ്ങളെല്ലാം പരിഗണിക്കേണ്ടതുണ്ട്. ഇവിടെയും അന്തര്യാമിയോടൊപ്പം അതിശായിത്തവും പ്രധാനപ്പെട്ടതുതന്നെ. ഒരു കാലഘട്ടത്തിലെ ആളുകളെ മാത്രം കണക്കിലെടുത്തുകൊണ്ട് സംസ്ക്കാരത്തെ പരിമിതപ്പെടുത്തുകയോ, ഒരു സ്ഥലത്തെ ജീവിതരീതിയെ മാത്രം അടിസ്ഥാനമാക്കികൊണ്ട് സാംസ്ക്കാരികാനുരൂപണം നടത്തുകയോ ചെയ്യുന്നതും ആധികാരികമായ ഒന്നായിരിക്കുകയില്ല. കാരണം ദൈവം മനുഷ്യനോട് ഇടപെടുമ്പോൾ എല്ലാവരുടെയും, എല്ലാ കാലഘട്ടത്തിലേയും ആളുകളുടെ ആവശ്യങ്ങൾ ദൈവികമായി സാധിക്കത്തക്കതായിരിക്കും. മറിച്ചുള്ളവ മാനവപരിണാമത്തിന്റെ തനതാത്മകതയെ കെടുത്തുന്നതായിരിക്കും. പരിണാമത്തിന്റെ തനതാത്മകത അടങ്ങിയിരിക്കുന്നത്, ശാരീരിക തലത്തെ മാനസിക മേഖലയ്ക്കും, മാനസിക കഴിവിനെ ചേതനയുടെ പ്രചോദനത്തിനും വിട്ടുകൊടുക്കുന്നതിലാണ്. ഈ പ്രക്രിയയുടെ കാര്യക്ഷമതയ്ക്കാണ് ദൈവം പ്രഥമത തന്റെ ഛായയും സാദൃശ്യവും മനുഷ്യനു നൽകിയത്. ഛായ ഭൗതിക ബദ്ധതയേയും സാദൃശ്യം ദൈവോന്മുഖതയേയും സൂചിപ്പിക്കുന്നു. ദൈവച്ഛായ

എന്നത് പഞ്ചേന്ദ്രിയ ഘടകങ്ങളും ബൗദ്ധിക, മാനസിക, വൈകാരിക ഘടകങ്ങളും ഒന്നു ചേരുന്നതാണ്. ദൈവസാദൃശ്യം എന്നത് ബൗദ്ധിക, മാനസിക, വൈകാരികഘടകങ്ങൾ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവികവശങ്ങളുമായി സമന്വയിക്കപ്പെടുന്നതാണ്. അതിനാൽ സംസ്ക്കാരമെന്നത് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാൽ മാനസിക, ശാരീരിക വശങ്ങൾ സംസ്ക്കരിക്കപ്പെടുന്ന പ്രകാശനമാണ്. യഥാർത്ഥ സംസ്ക്കാരം മനുഷ്യരെ പ്രാപഞ്ചിക വ്യവസ്ഥിതികളോടുകൂടെ ദൈവികവത്ക്കരിക്കുന്ന ജീവിത സാക്ഷാത്കാരമാകുന്നു. ഈ അവസ്ഥ സ്ഥലകാലങ്ങളെ അതിജീവിച്ച് വ്യക്തിത്വം ദൈവികതയിൽ എത്തിച്ചേരുന്നതാണ്. ഇപ്രകാരമാണ് മാനവ ഐക്യത്തിലൂടെ ദൈവൈക്യം സംജാതമാകുന്നത്.

ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള സംസ്ക്കാരവത്ക്കരണത്തിന്റെ ഒരു വശമാണു സൃഷ്ടി. അതിന്റെ രണ്ടാമത്തെ വശമാണു മനുഷ്യാവതാരം. സൃഷ്ടിവഴി മനുഷ്യർ സംസ്ക്കാരസമ്പന്നരാകേണ്ടത് ദൈവച്ഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേയ്ക്കു രൂപാന്തരപ്പെട്ടുകൊണ്ടാണ്. എന്നാൽ ഈ രൂപാന്തരീകരണം അതിന്റെ പൂർണ്ണതയിൽ എന്തെന്ന് അവതരിച്ച വചനമായ ഈശോമിശിഹായാണ് മാനവ ദൈവികീകരണത്തിലൂടെ ആവിഷ്ക്കരിച്ച് സാക്ഷാത്കരിച്ചത്. ദൈവിക മാനവീകരണവും മാനവ ദൈവികീകരണവും സാംസ്ക്കാരികതയുടെ ആധ്യാത്മികതയെ സുതരാം വ്യക്തമാക്കുന്നു.

മുകളിൽ സൂചിപ്പിച്ച സംസ്ക്കാരവത്ക്കരണത്തിന്റെ നിദർശനമാണ് ഈശോമിശിഹാ പിതാവിനോട് ഒന്നെന്നപോലെ ഐഹിക ജീവിതം നയിച്ചത് (യോഹ. 14:6,9,10,11). ഈശോ നടത്തിയ പൗരോഹിത്യ പ്രാർത്ഥന വ്യക്തമാക്കുന്നതും മേല്പറഞ്ഞ സത്യമാണ് (യോഹ. 17;6-8,11-26). സാംസ്ക്കാരികതയുടെ അന്തസ്സത്ത "ഞാൻ

ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ലാത്തതിനാൽ ലോകം അവരെ ദ്വേഷിച്ചു. നീ അവരെ ദുഷ്ടനിൽനിന്നു കാത്തുകൊള്ളണമെന്നല്ലാതെ, ലോകത്തിൽ നിന്നവരെ എടുക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നില്ല," എന്ന് ഈശോ നടത്തിയ പ്രാർത്ഥന വെളിപ്പെടുത്തുന്നു. ചുരുക്കത്തിൽ സാംസ്ക്കാരികത എന്നതു ദുഷ്ടനിൽനിന്നുവരുന്ന ദുഷ്ടതയോടനുരൂപപ്പെടാതെ നന്മതന്നെയായ ദൈവത്തോടനുരൂപപ്പെടുന്നതാകുന്നു. ദുഷ്ടനും ദുഷ്ടതയുമെന്നത് ഭാഗികസത്യവുമായി അനുരൂപപ്പെടുന്നവരും അങ്ങനെ അനുരൂപപ്പെട്ട അവസ്ഥയുമാണ്. ദുഷ്ടന്റെയും ദുഷ്ടതയുടെയും ചിത്രമാണ് യോഹന്നാൻ അറിയിച്ച സുവിശേഷം എട്ടാം അദ്ധ്യായം 12-59 വാക്യങ്ങൾ വരച്ചുകാട്ടുന്നത്. ഇവിടെ യഹൂദർ എന്ന ഭൗതികബദ്ധരായ മനുഷ്യർ - ദുഷ്ടരും, ഭൗതികമാത്രമായ സത്യം, ബൗദ്ധികമാത്രമായ കാഴ്ചപ്പാട് - ദുഷ്ടതയുമാണ്. വിശ്വാസബദ്ധമായ സത്യമാണു പൂർണ്ണത. അത് ദൈവമാണ്. മനുഷ്യരിൽ അത് സ്വാതന്ത്ര്യത്തിന്റെ അമ്മനുവേൽ അനുഭവവും അവരിലുള്ള ദൈവ സാക്ഷാത്കാരവുമാകുന്നു (യോഹ. 8:36;14:6).

ദൈവബന്ധമില്ലാത്ത മാനുഷിക ജീവിതക്രമീകരണം, സംസ്ക്കാരശൂന്യതയും വിശ്വാസോന്മുഖമായ മാനുഷികജീവിത ക്രമീകരണം സാംസ്ക്കാരിക സമ്പന്നതയുമാകുന്നു. വിശ്വാസമെന്നതു ദൈവത്തിന്റെ മനുഷ്യരിലുള്ള അന്തർവാസത്തെ ദർശിക്കുന്നതും അതിനു പ്രതിബദ്ധരായിരിക്കുന്നതുമാണ്. ഈ പ്രതിബദ്ധതയിൽ നിന്നുമാണ് ദൈവത്തിന്റെ സ്വരമായ മനസ്സാക്ഷി രൂപപ്പെടുന്നതും യഥാർത്ഥ സത്യത്തോടു ചേർന്ന് സാംസ്ക്കാരികാനുരൂപണം വഴി ദൈവരാജ്യം ഭൂമിയിൽ സമാഗതമാകുന്നതും. അതും മനുഷ്യരിൽ, (ലൂക്ക. 17:21) ഹൃദയത്തിൽ.

2:6 അനുചിന്തനം

അനുചിന്തനം എന്നത് മനുഷ്യർ ശരീരംകൊണ്ടും ആത്മാവുകൊണ്ടും ചേതനകൊണ്ടും ദൈവവചനത്തിലൂടെ ദൈവത്തോടു ചേർന്നിരുന്നു നടത്തുന്ന സ്നേഹസംഭാഷണമാണ്.[24] ദൈവം സ്നേഹമാകയാൽ (1 യോഹ. 4:8,17) ദൈവത്തോടുള്ള സംഭാഷണം സ്നേഹാന്വിതമായിരിക്കണം. മനുഷ്യർ ശാരീരിക, ചേതനാത്മക വശങ്ങളോടുകൂടിയവനായതുകൊണ്ട് സ്നേഹസംഭാഷണത്തിനു ശരീരത്തിന്റെയും ചേതനയുടെയും കഴിവുകൾ ആത്മാവിന്റെ കഴിവുകളിൽ സംഗമിക്കേണ്ടതുണ്ട്. ഈ സംഗമനത്തിനുള്ള രീതികൾ അഭ്യാസത്തിന്റെ (തപസ്സിന്റെ) തലത്തിൽ വരുന്നു. അതും അനുചിന്തനം തന്നെയാകുന്നു. ഇവിടെ അനുചിന്തനത്തിന്റെ സ്വഭാവം പ്രകൃതിനിയമത്തിനനുസൃതം പ്രമാണമനുസരിച്ചുകൊണ്ടുള്ളതാകുന്നു.[25] ഇപ്രകാരമുള്ള അനുചിന്തനം അഭ്യസിക്കുന്നവർക്ക് പ്രകൃതിനിയമം ദൈവാനുഭവത്തിനുള്ള വേദിയാകുന്നു. ദൈവത്തെ അനുഭവിക്കുന്നതിലാണ് അനുചിന്തനത്തിന്റെ ലക്ഷ്യമടങ്ങിയിരിക്കുന്നത്. പ്രമാണം അനുസരിച്ചുകൊണ്ടുള്ള പുരോഗതിയിൽ അനുചിന്തനം ദൈവാത്മാവിനെ വിവേചിച്ചറിയുന്നതിൽ പ്രാഗത്ഭ്യം നേടുന്നു.[26] എല്ലാറ്റിലും ദൈവപരിപാലന ദർശിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരവസ്ഥാവിശേഷം കൈവരുന്നു.[27]

പ്രാതിഭാസികമായവയിലൂടെ ആധ്യാത്മികാഭ്യാസം നടത്തുന്നവർ ക്രമേണ അനുചിന്തനത്തിന്റെ അത്യുന്നതിയിലേയ്ക്കു കടക്കുന്നു. ഇവിടെ അനുഭവപ്പെടുന്നതു ദൈവദർശനവും ദൈവാനുഭവവുമാണ്. ഇപ്രകാരം ദൈവദർശനമനുഭവപ്പെടുന്നതിനിടവരുന്നത് ദൈവികവത്കരിക്കപ്പെട്ട മനസ്സിന്റെ സവിശേഷതയാലാണ്.[28] മനസ്സിനുണ്ടാകുന്ന

ആദ്ധ്യാത്മിക ഉന്നമനത്തെ ഹൃദയത്തിന്റെ ഭാവമായി എടുക്കുന്നതിനാൽ മനുഷ്യനിലുള്ള ദൈവസാദൃശ്യത്തിന്റെ സജീവരൂപമായിട്ടാണ് അനുചിന്തനത്തിന്റെ ഉന്നത പദവിയെ കാണുന്നത്. ഇവിടെ ദൈവമനുഷ്യ കൂടിക്കാഴ്ചയുടെ അകലം കുറയുന്നു. മഹത്ത്വത്തിന്റെ അനുഭൂതിയിൽ വ്യക്തി ലയിക്കുന്നു. വിശുദ്ധമലയിൽ തേജസ്ക്കരിക്കപ്പെട്ട ഈശോയുടെയും സീനൈമലയിൽ ദൈവസന്നിധിയിൽ വ്യാപരിച്ച മൂശെയുടെയും അനുഭൂതിവിശേഷത്തിൽ അനുചിന്തകർ എത്തുന്നു.[29] അനുചിന്തനത്തിന്റെ സ്വഭാവത്തിലേയ്ക്കും ചൈതന്യത്തിലേയ്ക്കും കടന്നു ചെല്ലുമ്പോൾ മനുഷ്യവ്യക്തിത്വത്തിന്റെ നിഗൂഢത വെളിപ്പെടുന്നു.[30] മനുഷ്യവ്യക്തിയുടെ ശാരീരിക മാനസിക ചേതനാത്മകമേഖലകൾ സമന്വയിക്കപ്പെട്ടെങ്കിൽ മാത്രമെ അനുചിന്തനം ഫലപ്രദവും ആധികാരികവുമാകുകയുള്ളൂ.

മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് മനുഷ്യാത്മാവിന്റെ കഴിവുകളിലേയ്ക്കും ഉന്മുഖതയുണ്ട്. വീണ്ടും മനുഷ്യാത്മാവിന്റെ കഴിവുകൾക്ക് മനുഷ്യചേതനയുടെ അധ്യാത്മിക ഇന്ദ്രിയങ്ങളുമായി അഗാധമായ ആഭിമുഖ്യമുണ്ട്.

ശാരീരിക കഴിവുകൾ പഞ്ചേന്ദ്രിയ ബദ്ധവും പേശികളുടെയും ഞരമ്പുകളുടെയും സിരകളുടെയുമെല്ലാം പ്രവർത്തനങ്ങളുമുള്ളതാണ്. മനുഷ്യാത്മാവിന്റെ കഴിവുകൾ വികാരങ്ങൾ, മനസ്സ്, ഇച്ഛ, ബുദ്ധി, ഓർമ്മ, ഭാവന, സങ്കല്പം തുടങ്ങി നിരവധിയാണ്. ഇവയുടെ പ്രവർത്തനങ്ങളെല്ലാം ശാരീരികഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യചേതനയുടെ കഴിവുകൾ സംസർഗ്ഗവാസന, മനസ്സാക്ഷി, ഉൾക്കാഴ്ച എന്നിങ്ങനെ മൂന്നാണ്. ഈ കഴിവുകൾ യഥാക്രമം വികാരങ്ങൾ, മനസ്സ്, ബുദ്ധി തുടങ്ങിയ ആത്മാവിന്റെ കഴിവുകളുമായി ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ അനുചിന്തനാത്മകമാകുന്നത് ദൈവവചനാധിഷ്ഠിത രീതിയിൽ ആകുമ്പോഴാണ്.

കാരണം ഉണ്ടായവയെല്ലാം വചനത്താലാണല്ലോ അസ്തിത്വം സ്വീകരിച്ചത് (ഉത്പ. 1:1-27; യോഹ. 1:1-3).

വചനംവഴി അസ്തിത്വത്തിലേയ്ക്കു കടന്നുവന്നവർ ആത്മദർശനം നടത്തുന്നതുതന്നെ ആത്യന്തികമായി ദൈവത്തിലേയ്ക്കുള്ള രൂപാന്തരീകരണമാകും, ദൈവാനുഭവമാകും, ദൈവൈക്യമാകും. ഇത് എങ്ങനെ സംഭവിക്കുന്നുവെന്നു ചർച്ച ചെയ്യാം.[31] ഉൾക്കാഴ്ച വിശ്വാസത്തെയും മനസ്സാക്ഷി പ്രത്യാശയേയും, സംസർഗ്ഗം സ്നേഹത്തെയും സൂചിപ്പിക്കുന്നുവെന്നു ധരിച്ചാൽ ചേതനയുടെ പ്രവർത്തന കഴിവുകളെ എളുപ്പത്തിൽ മനസ്സിലാക്കാം.

ദൈവവചനം വായിച്ചോ ഓർമ്മിച്ചോ ഉൾക്കാഴ്ചയിൽ ധ്യാന വിഷയം കാണാം. തുടർന്നു ബുദ്ധിയുടെയും സിരാകേന്ദ്രത്തിന്റെയും ഒന്നിച്ചുള്ള വിധേയത്വത്തോടെ ദൈവവചനം-ചേതനാത്മകമായും ആത്മനാമകമായും ശാരീരികമായും പരിചയപ്പെടുന്നു. തുടർന്ന് ഉൾക്കാഴ്ചയുടെ ഫലമായുണ്ടാകുന്ന വചനത്തിൽ കൂടുതൽ വ്യാപരിക്കുമ്പോൾ ദൈവവചനത്തിൽനിന്നും, ഏറ്റവും വലിയ നന്മ, മനസ്സാക്ഷിയിൽ ദൈവസ്വരമായി രൂപപ്പെടുന്നു. ഇതോടൊപ്പം മനസ്സിന്റെയും ഹൃദയത്തിന്റെയും ഒന്നിച്ചുള്ള നീക്കവും ബോദ്ധ്യവും അനുഭവവും വ്യക്തിയിൽ ആഴപ്പെടുന്നു. ചേതനയുടെ കഴിവായ മനസ്സാക്ഷിയോടുചേർന്നു ഹൃദയത്തെ ധന്യമാക്കുമ്പോൾ ആത്മാവും ശരീരവും മനസ്സിലൂടെയും ഹൃദയത്തിലൂടെയും നവീകരിക്കപ്പെടുന്നു. ധന്യമായ ഹൃദയം വിലയനം പ്രാപിക്കുന്നതു ഏറ്റവും വലിയ നന്മയായ ദൈവത്തിൽ തന്നെ. ദൈവത്തിൽ വിലയനം കൊള്ളുന്ന വ്യക്തി ചേതനയുടെ കഴിവായ സംസർഗ്ഗം വഴി ജീവിതത്തെ സ്വർഗ്ഗീയമാക്കുന്നു. ഈ പ്രക്രിയയിൽ ആത്മാവിന്റെ കഴിവുകളാകുന്ന വികാരങ്ങളും, ശരീരത്തിന്റെ പ്രവർത്തനശേഷികളാകുന്ന ഇന്ദ്രിയങ്ങളും വഴി അനുചിന്തനഫലം ജീവിതത്തിൽ പകർത്തുന്നു. ഇവിടെ സൂചിപ്പിച്ച അനുചിന്തനം

ഏതു മനുഷ്യർക്കും സാധ്യമായ ഒന്നാണ്. എന്നാൽ അവതരിച്ച വചനമായ ഈശോമിശിഹായിൽ അനുചിന്തനം കേന്ദ്രീകൃതമാകുമ്പോൾ അതിനുണ്ടാകേണ്ട സാങ്കേതിക മാർഗ്ഗമാണ് അത് ദൈവാരാധനാബദ്ധമായ രീതിയിൽ നടത്തുക എന്നത്.

ദൈവാരാധനയിൽ പ്രഥമമായി വരേണ്ടത് ദൈവവചനശുശ്രൂഷയാണ്. വചനശുശ്രൂഷയിലൂടെ ശ്രവിച്ച വചനം ആരാധകർ ഓർമ്മയിലൂടെ ആരാധനാഘോഷത്തിനിടയിൽ ആഘോഷത്തിനു പശ്ചാത്തലവും അടിസ്ഥാനവുമാക്കിത്തീർക്കുമ്പോൾ അതിനെ വചനാഘോഷമെന്നു പറയാം. ദൈവരാധനയിലെ വചനാഘോഷംവഴി വചനത്തിൽ അധികമായി വ്യാപരിച്ചു മനസ്സാക്ഷിയുടെ അനുഭൂതിയിൽ എത്തിച്ചേരുമ്പോൾ വചനവുമായി സംസർഗ്ഗത്തിലെത്തുന്നു. ഈ സംസർഗ്ഗത്തെ വചനാനുഭവമെന്നു പറയാം. വചനം മാംസം ധരിച്ചാലെന്നതുപോലുള്ള അനുഭവം. ഈ രീതി അനുചിന്തനാത്മകമായി ധ്യാനത്തിലും അനുവർത്തിക്കുമ്പോൾ അത് ദൈവരാധനാത്മകമാകുന്നു.[32]

2:7 ആരാധനാവത്സരം

വചനം മാംസം ധരിച്ചാലെന്നതുപോലെയുള്ള അനുഭവം വചനാധിഷ്ഠിതമായ ആധ്യാത്മികതയുടെയും ആരാധനാധിഷ്ഠിതമായ അനുചിന്തനത്തിന്റെയും സവിശേഷതകളാണ്. വചനം മാംസം ധരിക്കുന്നതുവഴി മനുഷ്യാവതാരരഹസ്യം, ത്രിത്വരഹസ്യം, പെസഹാരഹസ്യം, സ്ലീവാരഹസ്യം, സഭാരഹസ്യം, ഉത്ഥാനരഹസ്യം, റൂഹാരഹസ്യം, യുഗാന്ത്യരഹസ്യം തുടങ്ങിയവ അനുധ്യാനത്തിലൂടെ അനുഭവവേദ്യമാകും.[33] പൗരസ്ത്യ ആധ്യാത്മികതയിൽ ആരാധനാവത്സരത്തിന് കൂടുതൽ ഊന്നൽ നൽകുന്നതിനാൽ മിശിഹാ കേന്ദ്രീകൃതമായ പെസഹാരഹസ്യം മുന്നിട്ടുനില്ക്കും. അതേസമയം മിശിഹായുടെ മാനവദൈവികീകരണ പ്രക്രിയയിൽ സഹകരിച്ചിട്ടുള്ള

എല്ലാവരും ആരാധനാവത്സരത്തിനനുസൃതം പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. പെസഹാ രഹസ്യങ്ങൾക്കു മാനവകുലം നൽകിയ പ്രത്യുത്തരത്തെ അതിന്റെ എല്ലാ വശങ്ങളോടുംകൂടി ആഘോഷിക്കുന്നതിനാൽ ആരാധനാവത്സരാധിഷ്ഠിത ആധ്യാത്മികത സഭയുടെ ജീവചൈതന്യത്തെ സമഗ്രമായി അവതരിപ്പിക്കുന്നു. ഈ സമഗ്രത സഭാംഗങ്ങൾ സാധാരണ ഭക്തിയിലൂടെയും ആനുകാലികാനുഭൂതികളിലൂടെയും സഭയുടെ നിഗൂഢമായ സ്വർഗ്ഗീയാനുഭൂതിയുടെ അത്യുച്ചിയിലെത്തുന്നതിനും ഇടവരുത്തുന്നു. പ്രത്യേകിച്ചും ഓരോവർഷവും മേല്പറഞ്ഞ അനുഭവത്തിന് അവസരം ലഭിക്കുന്നു.

ദൈവസുതനായ ഈശോ മനുഷ്യരുടെ രൂപം സ്വീകരിക്കുന്നത് അവമെയും ദൈവസുതരാക്കുന്നതിനുവേണ്ടിയാണ്. ഈ വസ്തുത ആരാധനാവത്സരത്തിൽ സൂബാറാക്കാലത്തിലെ സായാഹ്ന പ്രാർത്ഥന അനുസ്മരിപ്പിക്കുന്നു.[34] മാനുഷിക പരിമിതികൾക്കെല്ലാമുള്ള പ്രതിവിധി സർവ്വശക്തനായ ദൈവം മനുഷ്യരോടുകൂടെ എന്ന അനുഭവമാണ്. ഈ വസ്തുതയെ സന്നിഹിതമാക്കുന്ന വായനകളാണ് സൂബാറാക്കാലത്തിന്റെ നാല് ഞായറാഴ്ചകളിലൂടെ ആരാധനാവത്സരം പ്രദാനം ചെയ്യുന്നത്.[35] ഈ വായനകൾക്കനുസൃതം ഞായറാഴ്ചകൾ ശുദ്ധമായി ജീവിക്കുകയും തുടർന്നു വരുന്ന ദിനരാത്രങ്ങൾ ചെലവഴിക്കുകയും അങ്ങനെ ജീവിതകാലം മുഴുവൻ തുടരുകയും ചെയ്താൽ പരിഹൃതമാകാത്ത ഒരു പ്രശ്നവും മനുഷ്യരിൽ അവശേഷിക്കുകയില്ല. മറിച്ച് സൂബാറാക്കാലം മനുഷ്യർക്കു നൽകുന്ന മംഗള സന്ദേശം ശ്രദ്ധിക്കാതെ ലൗകായതികരായി ജീവിക്കുകയും അതിനിടയിൽ ചടങ്ങുപോലെ പ്രാർത്ഥനകൾ യാന്ത്രികമായി നടത്തുകയും ചെയ്താൽ ഈ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകും.

സൂബാറാക്കാലത്തു ലഭിച്ച പ്രത്യാശയ്ക്കനുസൃതം ജീവിക്കുന്നവർ ദൈവികരഹസ്യങ്ങളുടെ അനുഭൂതിയിലേക്കു നീങ്ങുന്ന അപ്രകാരമാണ് ദനഹക്കാലത്തെ ത്രിത്വരഹസ്യവും ഭൂമുഖത്തു ജീവിച്ചിട്ടുള്ള

സിദ്ധരുടെ ജീവിതവും ദൈവത്തിൽ വിലയനം പ്രാപിച്ച സകല മരിച്ചവരുടെയും ഓർമ്മയും അനുസ്മരിക്കുകയും ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്നത്. ഇപ്രകാരം ജീവിക്കുന്നതുവഴി ദനഹാക്കാലത്ത് സ്വർഗ്ഗീയ ഭൗമിക സമാഗമനം വഴി ദൈവരാജ്യാനുഭൂതിയിലേയ്ക്കു പ്രവേശിക്കുന്നതിനിടവരുന്നു. ദനഹാക്കാലത്തെ തിങ്കളാഴ്ച ആലപിക്കുന്ന ഓനീസാ ദഖ്ദത്തിൽ ധ്യാനിക്കേണ്ടതു മറ്റൊന്നുമല്ല.[36]

ത്രിത്വരഹസ്യത്തിലും വിശുദ്ധിയുടെ അനുഭവത്തിലും ജീവിക്കുന്നവർ ലോകത്തിലുള്ളതെല്ലാം ശരീരത്തിന്റെ ദുരാശയും കണ്ണുകളുടെ ജിജ്ഞാസയും ലൗകികമായ അഹം ബുദ്ധിയുമാകുന്നു എന്ന അനുഭവത്തെ മുൻനിർത്തി വലിയ തപസ്സിന്റെ അഭ്യാസങ്ങളിൽ അതീവ ശ്രദ്ധചെലുത്തുന്നു. ലോകത്തിന്റേയും പാപത്തിന്റേയും യാഥാർത്ഥ്യം കണക്കിലെടുക്കുന്നതിന് നോമ്പുകാല പ്രാർത്ഥനകൾ ആരാധകരെ ആഹ്വാനം ചെയ്യുന്നു.[37]

ലോകത്തിലനുഭവപ്പെടുന്ന അശാന്തികളെല്ലാം ദൈവമനുഷ്യബന്ധത്തിൽ മനുഷ്യർ വരുത്തുന്ന വിനകളാണ്. സൂബാറാക്കാലത്തു തുടങ്ങിയ ദൈവിക ഇടപെടലിന്റെ സാക്ഷാത്കാരം ഉത്ഥാനാനുഭവത്തിലൂടെ വസ്തുനിഷ്ഠമായി പൂർത്തീകരിക്കപ്പെടുന്നു. തിന്മയുടെ മേലുള്ള വിജയം, ലോകത്തിന്റെമേലുള്ള ആധിപത്യം, പാപത്തിനു പരിഹാരം, മരണത്തിനറുതി, സാത്താനു വീഴ്ച, രോഗത്തിനു ശാന്തി, മനുഷ്യർക്കു ദൈവവികജീവനിൽ പങ്കാളിത്തം തുടങ്ങിയവയെല്ലാം ഉത്ഥാനകാലം ആരാധകരെ അനുസ്മരിപ്പിക്കുന്നു. മാമ്മോദീസായിൽ ആരംഭിച്ച മൃതിയുടേയും ഉത്ഥാനത്തിന്റേയും അനുഭൂതി പ്രദാനം ചെയ്യുന്ന പ്രാർത്ഥനയാണ് ഉയിർപ്പുകാലം ഞായറാഴ്ചത്തെ ഓനീസാ ദ്വാസാലിക്കേയിലുള്ളത്.[38]

ആരാധനാവത്സര ആധ്യാത്മികതയുടെ തിളക്കമാർന്ന ഒരു കാല ഘട്ടമാണ് ഉയിർപ്പിനു ശേഷമുള്ള ശ്ലീഹാക്കാലം. ഭൗമികതയുടെ ദൈവികമാനം, റൂഹാദ്ക്കുദ്ശായിൽ ഈശോയിലൂടെ സാക്ഷാത്കരിക്കപ്പെട്ടത്, ശ്ലീഹന്മാർവഴി സഭയിൽ അനുഭവവേദ്യമാകുന്ന അനുഭൂതി വിശേഷം! ഭൂമി മുഴുവനും തിരുവുത്ഥാനാനുഭൂതിയിൽ നിറയണമെന്നു സഭ പ്രാർത്ഥിക്കുന്നു.[39] ശ്ലീഹന്മാരിലൂടെ രൂപംകൊണ്ട സഭയുടെ സ്വർഗ്ഗീയാനുഭൂതിയെ കേപ്പാ, പൗലോസ്, യോഹന്നാൻ, തോമ്മാ തുടങ്ങിയ ശ്ലീഹന്മാരിലൂടെ ധ്യാനവിഷയമാക്കുന്ന മഹനീയ ഗീതം ഈ കാലഘട്ടത്തിലെ പ്രാർത്ഥനയിലുണ്ട്.[40]

ഈശോയുടെ ഉത്ഥാനത്തിനു സാക്ഷ്യം വഹിച്ച ശ്ലീഹന്മാരുടെ സുവിശേഷ ദൗത്യം മാനവരാശിക്കു നല്കുന്ന ഫലത്തെ അനുഭവിക്കുന്ന ആധ്യാത്മികതയാണ് ഐത്താക്കാലത്തിന്റേത്. മാനവകുലത്തിനു കൈവന്ന ശാന്തി മാനവമക്കളെ ഒന്നാക്കി നിർത്തുന്ന ഐതന്യമാണ് വ്യാഴാഴ്ച നിശാപ്രാർത്ഥനയിൽ കാണുന്നത്.[41] ശാന്തിയും സമാധാനവും ഒരുമയും മഹത്ത്വവും അനുഭവപ്പെടുന്നതിന്റെ പ്രതീകമാണ് മനുഷ്യപുത്രനായ ഈശോമിശിഹായുടെ മഹത്ത്വീകരണമായ പുഷ്പിത സ്ലീവാ. മരണോത്ഥാനത്തെ വെളിപ്പെടുത്തുന്ന ഒരു കൂദാശയായിട്ടാണ് മഹത്ത്വീകൃത സ്ലീവാ പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെട്ടത്.[42] ഇത് സർവ്വലോകത്തിനുമുള്ള മോക്ഷാനുഭവത്തിന്റെ സുവിശേഷമാണ്. ഈശോ പറയുന്നു: "മിശിഹാ ഇവയെല്ലാം സഹിച്ചു തന്റെ മഹത്ത്വത്തിൽ പ്രവേശിക്കേണ്ടതായിരുന്നില്ലേ"? (ലൂക്കാ 24:26). ഈ യാഥാർത്ഥ്യമാണ് ഈശോയുടെ പൗരോഹിത്യ പ്രാർത്ഥനയിലും പ്രത്യക്ഷപ്പെട്ടത്: "ആകയാൽ എന്റെ പിതാവേ, ലോകം ഉണ്ടാകുന്നതിനുമുമ്പേ എനിക്കു നിന്നോടൊത്തുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ നിന്റെ സന്നിധിയിൽ നീ എന്നെ മഹത്ത്വീകരിക്കണമേ" (യോഹ. 17:5). ഈ മഹത്ത്വീകരണം മാനവദൈവികവത്കരണ പ്രക്രിയകളിലൂടെ വസ്തു

നിഷ്ഠമായി സാക്ഷാത്കരിക്കപ്പെട്ടത് സ്ലീവായിൽ വച്ചാണ്. അതൊരു മഹത്ത്വീകരണമായതിനാലാണ് മരണത്തിന്റെ പ്രതീകമായ രക്തം ചിന്തിയതും മഹത്ത്വീകരണത്തിന്റെ സാക്ഷ്യമായ ജലം പ്രവഹിച്ചതും (യോഹ. 7:39; 19:34). സ്ലീവായ്ക്കു പല രൂപങ്ങളുണ്ടെങ്കിലും പ്രധാനമായും രണ്ടു രൂപങ്ങളാണുള്ളത്. തൂങ്ങപ്പെട്ട രൂപവും മഹത്ത്വീകൃതസ്ലീവായും. ഈസ്ലീവായെ മാർത്തോമ്മാ സ്ലീവാ എന്നു വിശേഷിപ്പിക്കുന്നവർ ഉണ്ടാകാം.[43] ഏലിയാ-സ്ലീവാക്കാലം മിശിഹാ ആകുന്ന മഹത്ത്വത്തെ അനുസ്മരിപ്പിക്കുന്നതും സന്നിഹിതമാക്കുന്നതുമായ ചൈതന്യമാണ് സുപ്രധാനം. മനുഷ്യന്റെ മർത്യതയെ അമർത്യമാക്കിയ സ്ലീവായുടെ മഹിമയെ സഭ വാഴ്ത്തുന്നത് ആധ്യാത്മികതയുടെ നിദർശനമാണ്.[44]

സ്ലീവായുടെ മഹത്വം അനുഭവവേദ്യമാകേണ്ടത് നിയമത്തിന്റെ പൂർത്തീകരണമായ സ്നേഹത്തിലാണ്. നിയമത്തിന്റെ പൂർത്തീകരണം സ്നേഹത്തിന്റെ പുതിയ കല്പനയാണ്. അതാണ് പെസഹാരഹസ്യത്തിന്റെ അന്തസ്സത്തയും പ്രവാചകത്വത്തിന്റെ സാക്ഷ്യവും. പഴയ ഉടമ്പടിയുടെ പ്രവാചകനായ മൂശെ പുതിയ ഉടമ്പടിയായ ഈശോയുടെ മഹത്ത്വത്തിന്റെ വരവിനെ ദൈവാരാധനാപരമായി അവതരിപ്പിക്കുന്ന മനോഹരമായ ആധ്യാത്മിക ചിന്തയാണ് മൂശെക്കാലത്തു വരുന്നത്. കല്പനാ ലംഘനമല്ല മരണത്തിലൂടെയുള്ള കല്പനാനുസരണമാണ് മിശിഹാപരമായത് എന്നു സഭ പ്രാർത്ഥിക്കുന്നു.[45]

ആരാധനാവത്സരത്തിന്റെ ആധ്യാത്മികത പൂർണ്ണമായിത്തീരണമെങ്കിൽ മിശിഹായിൽ മാനവരാശി ആയിത്തീരണം. ഇതു തന്നെയാണ് ഈശോ നമ്മോടൊത്തു പ്രാർത്ഥിക്കുന്നതും.[46] ഈശോയിൽ വിശ്വസിക്കുന്നവർ നടത്തുന്ന പ്രാർത്ഥന, ഈശോയുടെ പ്രാർത്ഥന തന്നെയായിരിക്കണം. പ്രാർത്ഥനയ്ക്ക് അവിടുന്ന് ഭൂമിയിൽ മനുഷ്യപ്രകൃതിയിലായിരുന്നപ്പോഴത്തെ രൂപവും അവിടുന്ന് സ്വർഗ്ഗത്തിലായിരിക്കുമ്പോഴത്തെ രൂപവുമുണ്ട്. ഈ രണ്ടു രൂപങ്ങളും ഒന്നു ചേർന്നിരിക്കുന്നതാണ് സഭയുടെ പ്രാർത്ഥന. സഭയുടെ പ്രാർത്ഥന തനതാത്മകവും

ഫലദായകവും ആകുന്നത് മിശിഹായുടെ പെസഹാരഹസ്യം ആരാധനാവത്സരത്തിലൂടെ ആഘോഷിക്കുമ്പോഴാണ്. ഈ ആഘോഷം ജീവിതത്തിൽ തുടരുന്നത് അതിനനുസൃതമായ ജീവിതത്തിലൂടെയാണ്.

ആരാധനാവത്സരത്തിനനുസൃതമായ ആധ്യാത്മികത കൂദാശകളുടേയും കൂദാശാനുകരണങ്ങളുടേയും ആത്മീയത ജീവിതത്തിൽ അന്വർത്ഥമാക്കുന്നതാണ്. ആരാധനാവത്സരപരമായ ആധ്യാത്മികത മനുഷ്യാവതാരപരവും മഹത്ത്വീകരണപരവുമായ ഒന്നാണ്.[47] അതായതു വചനം മാംസം ധരിച്ചതിന്റേയും മാംസം ദൈവികീകരിക്കപ്പെട്ടതിന്റേയും ആധ്യാത്മികതയിലുള്ള ഭാഗഭാഗിത്വം. സൂബാറാക്കാലത്തിലാരംഭിച്ച് പള്ളിക്കൂദാശാക്കാലത്തിൽ എത്തിച്ചേരുന്ന ആധ്യാത്മിക മുന്നേറ്റം - ആരാധനാവത്സരാധിഷ്ഠിത ആധ്യാത്മികത-മെശയാനികരഹസ്യങ്ങളുടെ കാലികവും യുഗാന്ത്യപരവുമായ മാനങ്ങളോടുകൂടിയതാണ്.[48]

2:8 മറിയം

മെശയാനിക രഹസ്യത്തിന്റെ ആധ്യാത്മികതയിൽ മിശിഹായുടെ മാതാവായ പ. അമ്മയോടുള്ള ഭക്തി പൗരസ്ത്യ ആധ്യാത്മികതയിൽ നിർണ്ണായകഘടകമാണ്.[49] മറിയം എന്ന വ്യക്തി ഈശോമിശിഹാ കഴിഞ്ഞാൽ ഏറ്റവും പൂർണ്ണമായി ദൈവച്ഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേക്കു രൂപാന്തരപ്പെട്ട ആളാണ്. ദൈവദത്തമായ മഹത്ത്വത്തിന് ഏറ്റവും കൂടുതൽ സാക്ഷിയായവളാണു മറിയം. സൃഷ്ടവും അസൃഷ്ടവുമായവയെ വേർതിരിക്കുന്ന അതിർത്തി രേഖയാണ് മറിയം.[50] അവളുടെ മഹത്ത്വം മൂലം വിശ്വാസികളുടെ ഉറപ്പും പാരമ്പര്യവും മറിയത്തെ ഉന്നതയാക്കി വിശേഷിപ്പിക്കുന്നു. പരിശുദ്ധ അമ്മ, ഈശോയുടെ മാതാവായത് എപ്പോഴും അവിടുത്തെ ഹൃദയത്തിൽ സംവഹിക്കുന്ന ദൈവദർശനത്തിന്റെ അനുഭൂതിയോടുകൂടിയവൾ എന്ന

നിലയിലായിരുന്നു.[51] അനുചിന്തകയായ മാതാവാണ്, മിശിഹാനുയായികൾക്കു ദൈവത്തെ സമീപിക്കുന്നതിന് സഹായക. ഈശോയെ മനുഷ്യത്വത്തോടെ മനുഷ്യർക്കു സംലഭ്യമാക്കിയ മാതാവു തന്നെ അവിടുത്തെ ഓരോരുത്തരിലും സന്നിഹിതനാക്കുന്നു. അതിനാൽ മാതാവിനോടുള്ള ഭക്തി കിഴക്കൻ സഭകളിൽ പ്രതിച്ഛായയുടെ സ്വഭാവമുള്ളതാണ്. അതായത് വിശ്വാസികൾക്ക് ദൈവത്തെ കാണുന്നതിനും ദൈവികജീവിതം നയിക്കുന്നതിനുമുള്ള മഹനീയ മാതൃകയാണ് മറിയം.

മനുഷ്യരുടെ ഉത്കൃഷ്ട കഴിവായ യുക്തിയുടെ തലത്തിൽ നടക്കുന്ന പ്രതിഫലനാത്മക അനുഭവമാണ് ദർശനം. ഈ ദാർശനികത ബുദ്ധിയുടെ കഴിവുകളെ ഉപരി പ്രകാശമാനമാക്കുമ്പോൾ അതു സത്യത്തിന്റെ പൂർണ്ണതയിലേക്കും സത്യം തന്നെയായ ദൈവത്തിലേയ്ക്കും ഉദ്ഗമിക്കുന്നു. ഈ ഉദ്ഗമനവും തജ്ജന്യമായ ദൈവദർശനവും ദൈവത്തോടുള്ള സംഭാഷണവും ദൈവാനുഭവവുമാണ് പരിശുദ്ധ അമ്മയിൽ എന്നതുപോലെ ഏതൊരു വ്യക്തിയിലും അനുചിന്തനവും ധ്യാനയോഗവും ആയിത്തീരുന്നത്. ഒരു മനുഷ്യവ്യക്തിക്ക് എത്ര മാത്രം സ്വർഗ്ഗം വരെ ഉയരാമെന്നതിന്റെ പ്രതിച്ഛായയാണ് പരിശുദ്ധ അമ്മ. അതും അനുചിന്തകയായ മാതാവ്.

മാതൃഭക്തിയും അതുവഴിയുള്ള ആധ്യാത്മികതയും ദൈവവചനത്തിനു മാംസവത്ക്കരണം സംഭവിച്ച പരിശുദ്ധ അമ്മയിൽ വചനാധിഷ്ഠിതമായിത്തീരുന്നു. വചനാധിഷ്ഠിത ആധ്യാത്മികത വ്യവസ്ഥാപിതവും ആധികാരികവും ആയിത്തീരുന്നത് ദൈവാരാധനയിലൂടെയാണ്.[52] ദൈവാരാധനയിലെ ദൈവവചനം ആരാധനയുടെ ലക്ഷ്യമായ മാനവ ദൈവികീകരണത്തിലേയ്ക്കു നയിക്കുന്നതിനാൽ ദൈവമഹത്ത്വത്തിന്റെ ഉത്ഥാനാനുഭൂതി പ്രദാനം ചെയ്യും.

2:9 ഉത്ഥാനം

ദൈവാരാധനയുടെ ലക്ഷ്യമായ മാനവ പവിത്രീകരണവും ദൈവ മഹത്തീകരണവും[53] മാനവരെ സംബന്ധിച്ച് ഒരു രൂപാന്തരീകരണ മാണ്. രൂപാന്തരീകരണത്തിന്റെ നിരന്തരമായ അനുഭൂതിയാണ് ഉത്ഥാ നാത്മക ജീവിതം. ആരാധകർ നിരന്തരം ദൈവസന്നിധിയിൽ ആയിരു ന്നു നടത്തുന്ന അനുധ്യാനം ദൈവികതയുടെ തലത്തിലേക്ക് അനുചി ന്തകരെ ആനയിക്കുന്നു. അനുചിന്തനത്തിന്റെ രൂപാന്തരീകരണശക്തി സ്ഥിതി ചെയ്യുന്നത് ദൈവവചനത്തിലും, ദൈവവചനം മാംസം ധരിച്ച ഈശോ മിശിഹായുടെ സാന്നിധ്യം ഫലപ്രദമായി അനുചിന്തകർ പുലർത്തുന്നതിലുമാണ്. രണ്ടാമത്തേത് ആരാധനാത്മകജീവിതമാണ്. ഈ ആരാധനാത്മക ജീവിതത്തിന്റെ ചൈതന്യവിശേഷമാണ് ഉത്ഥാ നാത്മകത. ഉത്ഥാനാത്മകതയുടെ കാതലായ ഘടകം അനുധ്യാനം അതിൽത്തന്നെ നടത്തുക എന്നതല്ല മറിച്ച്, അനുചിന്തകർ ഹൃദയ ത്തിന്റെ വിഷയമായ ഉപവിയിൽ ആയിരിക്കുക എന്നതാണ്. അറിവ് അനുഭവപരമാകുമ്പോൾ അത് ഉപവിബദ്ധമാകും. അറിവിന്റെ അനുഭ വത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ അറിവ് ഒരു വ്യക്തിയുടെ എല്ലാ കഴിവുകളും ഒന്നിച്ചു ചേരുന്നതുവഴിയെ സംഭവിക്കുകയുള്ളു എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. കാരണം ഇവിടെ ഉണ്ടാകുന്ന അനു ഭവം സമഗ്രമായതിനാൽ ഒരു വ്യക്തി ഈശോയെ ഭൗമിക ദൈവിക വശങ്ങളോടു കൂടിയാണ് ഏറ്റുപറയുന്നത്. ഈ ഏറ്റു പറച്ചിൽ മാനു ഷികതയുടെയും ദൈവികതയുടെയും സമാഗമവും ഒന്നു ചേരലുമാ യതുകൊണ്ട് രൂപാന്തരീകരണത്തിന്റേയും അതുപോലെ ഉത്ഥാനത്തി ന്റേയും അവസ്ഥ സംജാതമാകുന്നു. ഈശോയെ മാർത്തോമ്മാശ്ലീഹാ "മാർ വാലാഹ്" (എന്റെ കർത്താവേ എന്റെ ദൈവമേ) എന്ന് പറഞ്ഞ തിനു തുല്യമാകുന്നു.[54]

വചനാധിഷ്ഠിത അറിവ് ദൈവാരാധനയ്ക്കിടയിലായാലും അനു
ധ്യാനത്തിലൂടെ ആയിരുന്നാലും ജോലി സമയത്ത് ആണെങ്കിലും
അതെല്ലാം വചനം മാംസം ധരിച്ച ഈശോമിശിഹായിൽ കേന്ദ്രീകൃത
മാണ്. ഈ അറിവും അനുഭവവും സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാ
ദനമാണ്. ഇവിടെ അനുഭവം സ്നേഹം തന്നെ ആയിരിക്കും. കാരണം
ഈശോമിശിഹായിലുള്ള അനുഭവവും വിശ്വാസവും അറിവുമെല്ലാം
ദൈവസ്നേഹം എന്ന നിലയിൽ സ്നേഹാനുഭവമാണ്;[55] അതാണ്
ദൈവാനുഭവം.

ദൈവാനുഭവം ഉത്ഥാനാനുഭവമല്ലാതെ മറ്റൊന്നുമല്ല. മനുഷ്യനെ
സംബന്ധിച്ചിടത്തോളം ഉത്ഥാനാനുഭവത്തിനുള്ള മാനുഷിക കഴിവ്
ആന്തരികമായ ഒരു സാധ്യതയാണ്. ഈ സാധ്യത സാക്ഷാത്കരിക്ക
പ്പെടുന്നത് ദൈവദർശനത്തിലൂടെയും ദൈവത്തോടുള്ള ഹൃദയത്തിന്റെ
സംഭാഷണത്തിലൂടെയുമാണ്. അതുകൊണ്ടാണ് അത്തനാസിയൂസും
മറ്റ് എഴുത്തുകാരും അനുചിന്തനം വഴി മനസ്സിന്റെ സുതാര്യത കണ്ടെ
ടുക്കുവാൻ സാധിക്കുമെന്നു പറയുന്നത്.[56] മനസ്സിന്റെ സുതാര്യത
വീണ്ടെടുക്കുന്നതിന് മരണോത്ഥാനാനുഭവം അനുനിമിഷം ഉണ്ടാകേ
ണ്ടതുണ്ട്. അതുകൊണ്ടാണ് സ്വയം പരിത്യജിച്ച് അനുദിന കുരിശു
വഹിച്ച് അവിടുത്തെ അനുധാവനം ചെയ്യണമെന്നും, എനിക്ക്
ഒരു മാമ്മോദീസാ സാക്ഷാത്കരിക്കുവാനുണ്ട്; അതു നിവർത്തിതമാ
കുന്നതു വരെ ഞെരുങ്ങുന്നുവെന്നും ഗോതമ്പു മണി നിലത്തു വീണ
ഴിയുന്നില്ലെങ്കിൽ അതു തനിയെ ഇരിക്കുന്നു, അഴിയുന്നെങ്കിലോ
ഫലം പുറപ്പെടുവിക്കുമെന്നും ഈശോ അനുഗാമികളോടു പറയുന്നത്
(ലൂക്കാ 9:23-25;12:52; യോഹ. 12:24). ഇപ്രകാരം മിശിഹായെ അനുധാ
വനം ചെയ്യുന്നവരുടെ മനസ്സും ബുദ്ധിയും വികാരങ്ങളും പ്രകാശിത
മാവുകയും ദൃശ്യലോകത്തിൽ പ്രവർത്തിക്കുന്ന ദൈവവിജ്ഞാനത്തെ
തിരിച്ചറിയുന്നതിനിടവരികയും ചെയ്യുന്നു.[57] ഈ വിജ്ഞാനം മാനു
ഷിക ജീവിതത്തെ ദൈവികീകരിക്കുന്നതിനും ദൈവികജീവനിൽ

പങ്കു ചേരുന്നതിനും അവസരം കണ്ടെത്തുന്നു. ദൈവികജീവനിൽ പങ്കു ചേരുന്നതാണ് രൂപാന്തരീകരണാനുഭൂതി എന്നു പറയുന്നത്. രൂപാന്തരീകരണാനുഭവം അനുചിന്തനാത്മകമായി വിശുദ്ധമലയിൽ അനുചിന്തനത്തിലും, ഗാഗുൽത്തായിലെ മരണോത്ഥാനാനുഭവത്തിലും സംഭവിച്ചു. എന്നാൽ വിശുദ്ധ മലയിലെ തേജസ്കരണവും സ്ലീവായിലെ മരണോത്ഥാനാനുഭവവും ആ നിമിഷങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്നതോ അതോ ജീവിതം മുഴുവനും വ്യാപിച്ചിരുന്നതോ? സങ്കീർത്തകനെ ഉദ്ധരിച്ചുകൊണ്ട് വി.ശ്ലീഹാ മറുപടി നൽകുന്നത് ഇപ്രകാരമാണ്: "നിന്നെ പ്രതി അനുദിനം ഞങ്ങൾ കൊല്ലപ്പെടുന്നു. അറക്കപ്പെടാനുള്ള ആടുകളെപ്പോലെ കരുതപ്പെടുന്നു" (റോമ. 8 36; സങ്കീ. 44:22). അനുദിനം കൊല്ലപ്പെടുന്നുവെന്നത് നിരന്തരബലിയുടെ അനുഭവമല്ലേ വിളിച്ചറിയിക്കുന്നത്. അതുകൊണ്ടാണ് മനുഷ്യപുത്രന്റെ ഇഹത്തിലേക്കുള്ള പ്രവേശനത്തെ കണ്ടുകൊണ്ട് റൂഹാദ്ക്കുദ്ശാ അരുളിച്ചെയ്തത്: "ബലികളിലും കാഴ്ചകളിലും നീ സംപ്രീതനായില്ല. എന്നാൽ നീ എന്നെ ശരീരം ധരിപ്പിച്ചിരിക്കുന്നു". "അവന്റെ ഈ ഇഷ്ട മനുസരിച്ച് ഒറ്റ പ്രാവശ്യം നടന്ന ഈശോമിശിഹായുടെ ശരീരസമർപ്പണംകൊണ്ട് നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രാ. 10:5,10; സങ്കീ: 40:8). ബലിയും ജീവിതവും ആവശ്യം വിരൽ ചൂണ്ടുന്നതു ഉത്ഥാനാത്മകതയിലേയ്ക്ക് എന്നതു കൊണ്ടാണ് അതു ജീവിതം മുഴുവനും നീണ്ടുനില്ക്കേണ്ടതാകണമെന്നു തെളിയുന്നത്. ആരാധനാത്മീയതയാണ് ഇവിടെ വിവക്ഷ.



III
ദൈവാരാധനാധ്യാത്മികത

ദൈവാരാധനാധ്യാത്മികത

ദൈവാരാധന ജീവിതത്തിൽ പ്രകടമാകുമ്പോഴാണ് ആരാധനാധ്യാത്മികത സാക്ഷാത്കരിക്കപ്പെടുന്നത്. ദൈവവിജ്ഞാനീയത്തിന്റെ ദാർശനികത സൈദ്ധാന്തികമായും ധാർമ്മികമായും ദൈവാരാധാത്മകമായിരിക്കുമ്പോൾ ആരാധനാധ്യാത്മികത അനന്യവത്കരിക്കപ്പെട്ടിരിക്കും. ഈ വിധത്തിലുള്ള അടിസ്ഥാനസമീപനം വൈയക്തികവും മനശ്ശാസ്ത്രാധിഷ്ഠിതവും സ്വാർത്ഥാത്മകവും എന്നതിനേക്കാൾ വസ്തുനിഷ്ഠവും അസ്തിത്വാത്മകവും സംഘാതാത്മകവുമായ സവിശേഷതയുള്ളതാകും. അടിസ്ഥാനപരത താത്വിക പ്രായോഗികതലങ്ങളിൽ കറയറ്റതായിരിക്കും. ഇവിടെ സൂചിപ്പിച്ച ആധികാരികത അടിസ്ഥാന ആരാധനാധ്യാത്മികതയെ മെശയാനിക രഹസ്യത്തിൽ സമഗ്രവും സഭാത്മകസവിശേഷതയിൽ ഏകാന്തവിശിഷ്ടവുമാക്കുന്നു.[1] ആരാധനാധ്യാത്മികതയാണ് സഭയുടെ പ്രബോധനാത്മക മാധ്യമം. അതായത് സഭ സഭാതനയരെ പരിശീലിപ്പിക്കുന്ന ആധ്യാത്മികത ആരാധനാപരമായതാണ്. ഇപ്രകാരം കൗദാശികതയുടെ പ്രസക്തി ആരാധനാധ്യാത്മികതയിൽ മുന്നിട്ടുനില്ക്കുന്നു. ആരാധനാധ്യാത്മികതയെക്കുറിച്ച് വികലമായ വീക്ഷണമുള്ളവരാണ് മറ്റു ഭക്തികളിലൂടെ ഭക്തി പുലർത്തുന്നതിനു യത്നിക്കുന്നത്. കാരണം അത് യഥാർത്ഥത്തിലുള്ള ഒന്നാകുന്നു.[2]

3:1 മാമ്മോദീസാ

മാമ്മോദീസാ എന്ന കൂദാശ ഫലപ്രദമാക്കുന്നതിന്, വിശ്വാസപ്രഖ്യാപനവും കർമ്മങ്ങൾക്കുള്ള വിധേയത്വവും സൂചിപ്പിക്കുന്നവയ്ക്കനുസൃതമുള്ള ജീവിതവും ആവശ്യമാണ്. വിശ്വാസപ്രഖ്യാപനത്തിന്റെ വ്യവസ്ഥ ഇപ്രകാരമാണ്. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്തിൽ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും (മർക്കോ. 16:16). പിതാവിന്റേയും പുത്രന്റേയും റൂഹാദ്ക്കുദ്ശായുടേയും നാമത്തിൽ മാമ്മോദീസാ സ്വീകരിക്കണം (മത്താ. 28:18).

വിശ്വസിക്കുക എന്നതും ത്രിത്വത്തിന്റെ നാമത്തിൽ എന്നതും സ്വീകരിക്കുന്നവരുടെ ഭാഗത്തു നിന്നുണ്ടാകേണ്ട സർഗ്ഗാത്മകതയെ സൂചിപ്പിക്കുന്നു. വിശ്വാസം പ്രവൃത്തിപരമെന്നതും ഇവിടെ പ്രസക്തമാണ് (യാക്കോ. 2:26). വിശ്വാസത്തിന്റെ സർഗ്ഗാത്മകത വ്യക്തമാക്കുന്നതാണ്, മനുഷ്യപുത്രനായ ഈശോ പിതാവിന്റെ ഇഷ്ടം നിർവ്വഹിക്കാനായി ആ ജീവിതം മുഴുവൻ നീക്കിവച്ചു എന്നത് (എബ്രാ. 10:10; യോഹ. 8:29; 4:34). പിതാവിന്റെ ഹിതം നിറവേറ്റുന്ന ഈശോയുടെ ചിത്രം അവിടുന്നു പൂർത്തീകരിക്കുവാനിരുന്ന മാമ്മോദീസായോടു ബന്ധപ്പെടുത്തി പറയുന്നുണ്ട് (ലൂക്കാ. 12:50). കുരിശിൽ വച്ച് എല്ലാം പൂർത്തിയായി എന്നും പ്രഖ്യാപിക്കുന്നുണ്ട് (യോഹ. 19:30). ഈശോ പിതാവിന്റെ നാമത്തിൽ എല്ലാം ചെയ്തത്, മാമ്മോദീസാ സ്വീകരിക്കുന്നവരെ സംബന്ധിച്ച് വിശ്വാസത്തിനനുസൃതമായ ജീവിതത്തിലും ത്രിത്വത്തിൽ മാമ്മോദീസാ സ്വീകരിച്ചതിന്റെ തുടർച്ച പാപത്തിനും ലോകത്തിനും മരിച്ച് മിശിഹായിൽ സദാ ജീവിതം നയിക്കുന്നതിലുമാണ് അടങ്ങിയിരിക്കുന്നത് (റോമ. 6:3-11).

സുവിശേഷത്തിൽ വിശ്വസിക്കുക എന്നത് മനുഷ്യരെ സംബന്ധിച്ച് പാപത്തിൽ നിന്നുള്ള പിൻതിരിയലും ദൈവത്തിലേക്കുള്ള ഉന്മുഖതയുമാകുന്നു. ഈ രണ്ടു വ്യവസ്ഥകളെ ജലത്തിൽ മുങ്ങുന്നതും ജലത്തിൽ നിന്നു കരകയറുന്നതും സൂചിപ്പിക്കുന്നു. പരിശുദ്ധ റൂഹായിൽ ശക്തിപ്പെടുന്നതും റൂഹായാൽ നയിക്കപ്പെടുന്നതും തൈലാഭിഷേകം സൂചിപ്പിക്കുന്നു. പറുദീസായിലെ മഹത്ത്വം വീണ്ടെടുക്കുന്നതിനെ സൂചിപ്പിക്കുന്ന വെള്ളവസ്ത്രവും നീതിസൂര്യനായ ഈശോയെ സൂചിപ്പിക്കുന്ന തിരിയും മാമ്മോദീസാ ആധ്യാത്മികതയുടെ ആഴത്തിലേക്കു കടന്നുചെല്ലുന്നതിനിടവരുത്തുന്നു. ജലവും തൈലവും കാർമ്മികന്റെ പ്രാർത്ഥനയും വേണ്ടവിധം യോജിക്കുന്നതുവഴിയാണ് മാമ്മോദീസാ സഫലമാകുന്നത്.[3] മാമ്മോദീസായിലൂടെ ലഭിക്കുന്ന വിശ്വാസത്തിനനുസൃതം ജീവിക്കുന്നതുവഴിയാണ് വീണ്ടും റൂഹായിൽ ജനിച്ചു സ്വർഗ്ഗരാജ്യാനുഭൂതിയിലെത്തേണ്ടത് (യോഹ. 3:3,5).

മാമ്മോദീസാ സ്വീകരിക്കുക എന്നത് മിശിഹായ്ക്കു വേണ്ടിയുള്ള ജീവിതത്തിന്റെ ആരംഭമെങ്കിൽ, മാമ്മോദീസായ്ക്കനുസൃതം നിരന്തരം ജീവിക്കുന്നതാണ് മാമ്മോദീസായുടെ ആധ്യാത്മികത. മറ്റു കൂദാശകൾ യോഗ്യതയോടെയും ഫലപ്രദമായും സ്വീകരിക്കേണ്ടതിന് മാമ്മോദീസായുടെ ആധ്യാത്മികത അവശ്യം പുലർത്തേണ്ടതുണ്ട്. അതുകൊണ്ടാണ് വി. കുർബാനയിൽത്തന്നെ മാമ്മോദീസാ, വി.കുർബാനയുടെ ഫലപ്രദമായ ആഘോഷത്തിനുള്ള വ്യവസ്ഥയായിരിക്കുന്നത്.[4]

മാമ്മോദീസായുടെ ആധ്യാത്മികത വ്യക്തമാക്കുന്ന ഒരു പാരമ്പര്യമാണ് സുറിയാനി സഭയിൽ ഉടമ്പടിയുടെ മക്കൾക്ക് ഉണ്ടായിരുന്നത്. ഇവർ മാമ്മോദീസാ സ്വീകരിക്കുന്ന അവസരത്തിൽ കന്യാത്വത്തിന്റെ പാലനത്തിനായി മിശിഹായ്ക്കു പ്രതിഷ്ഠ നടത്തിയിരുന്നു. സ്വർഗ്ഗത്തിൽ മിശിഹാനാഥനുമായുണ്ടാകുന്ന ഐക്യത്തിന്റെ മുന്നോടിയായി അവിവാഹിതജീവിതത്തിലൂടെ ഉടമ്പടിയുടെ പുത്രനെന്നോ, പുത്രിയെന്നോ ഉള്ള രീതിയിൽ ജീവിച്ചിരുന്നു.[5] ഈ ജീവിതശൈലിയാണ് സഭയിലെ സന്ന്യാസത്തിന്റെ തന്നെ തുടക്കം, സൈദ്ധികതയുടെ വളർച്ച.

3:2 ചേതന

സിദ്ധി, സൈദ്ധാന്തികത, ചേതന, ചേതനാത്മകം എന്നൊക്കെ പറയുന്നത് റൂഹാദ്ക്കുദ്ശായോടു ബന്ധപ്പെട്ടുവരുന്ന ജീവിതാത്മകതയാണ്. ഈ സജീവത്വം ദൈവദർശനത്തിനും ദൈവവചനശ്രവണത്തിനും മനനത്തിനും ദൈവത്തോടുള്ള സംഭാഷണത്തിനും ദൈവികതയിലേയ്ക്കുള്ള രൂപാന്തരീകരണത്തിനുമെല്ലാം നിദാനമാണ്. ഈ ചൈതന്യമാണ് മനുഷ്യരേയും പ്രപഞ്ചം മുഴുവനെയും രൂപാന്തരപ്പെടുത്തുന്നത്.[6] പ്രാപഞ്ചികാത്മാവിൽ രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുന്ന അവസ്ഥയെ മനുഷ്യരിൽ കേന്ദ്രീകരിക്കുമ്പോൾ വി. ശ്ലീഹാ പറയുന്നു: "ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ആന്തരികമനുഷ്യൻ

അനുദിനം നവീകരിക്കപ്പെടുകയാണ്" (2 കോറ. 4:16). അനന്തമായ തേജസ്സിനെ എന്നും എന്നന്നേയ്ക്കുമായി നമുക്കു തയ്യാറാക്കുന്നതാണ് ഏതു ഞെരുക്കവും (2 കോറ. 4:17). മഹാതേജസ്സിലേക്കുള്ള രൂപാന്തീകരണത്തിൽ ആത്യന്തികചൈതന്യത്തോടെ ജീവിക്കുന്നതിനുള്ള ശക്തിയും സഹായവുമാണ് പൂർണ്ണതയുടെ കൂദാശയായ തൈലാഭിഷേകം പ്രദാനം ചെയ്യുന്നത്. സുറിയാനി പാരമ്പര്യത്തിൽ മാമ്മോദീസായ്ക്കു മുൻപും പിൻപും ഈ തൈലാഭിഷേകം നടത്തിയിരുന്നു.[7] തൈലാഭിഷേക കൂദാശയുടെ ആധ്യാത്മികത മനുഷ്യജീവിതത്തെ അതിന്റെ എല്ലാ മാനങ്ങളോടുംകൂടി പരിഗണിക്കുന്നു. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കൾ ആകുന്നതും മറ്റൊന്നു കൊണ്ടുമല്ല (റോമ. 8:14)[8].

റൂഹാദ്ക്കുദ്ശാ മനുഷ്യരെ ഈശോയുടെ ജീവിതത്തിലേക്കു നയിക്കുന്നു. ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നവർ ഈശോയുടെ ജീവിതാനുഭവങ്ങളിലൂടെ, തങ്ങളുടേതായ വ്യവസ്ഥിതികളിലൂടെ കടന്നു മഹത്ത്വത്തിൽ എത്തിച്ചേരുന്നത് റൂഹായിൽ വസിച്ചുകൊണ്ടാണ്. ഇപ്രകാരം പവിത്രീകരിക്കപ്പെടുന്നവർ മിശിഹായുടെ ശരീരമാകുന്ന സഭയിൽ തൈലാഭിഷേകകൂദാശയ്ക്കനുസൃതം ജീവിക്കുന്നു.[9]

റൂഹാദ്ക്കുദ്ശാ ഓരോ നിമിഷവും മാനുഷിക, ഭൗതികതകളെ ദൈവികീകരിച്ചു കൊണ്ടിരിക്കും. ഇപ്രകാരമുള്ള ദൈവികീകരണമാണ് സൃഷ്ടിയുടെ തന്നെ ലക്ഷ്യം. ആ ലക്ഷ്യം സാധിക്കുന്നതിനുള്ള പരിപൂർണ്ണസംഭവമാണ് മിശിഹായുടെ മനുഷ്യാവതാരത്തിലൂടെയും ദൈവികീകരണത്തിലൂടെയും സംജാതമായത്.[10] ആധ്യാത്മികജീവിതത്തിൽ ദൈവത്തോടു സാദൃശ്യപ്പെടുക എന്നത് അതുല്യ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇപ്രകാരം ദൈവികീകരിക്കപ്പെടുമ്പോഴുണ്ടാകുന്ന അനുഭവമാണ് അരിയോപ്പഗസിലെ വിജ്ഞാനികളെ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിച്ചത് (നട. 17:28). ദൈവത്തിൽ ജീവിക്കുന്നു, ചരിക്കുന്നു,

സ്ഥിതി ചെയ്യുന്നു. ഉറവിടവും ദൈവത്തിൽ നിന്ന്. ഇപ്രകാരം ജീവിക്കുന്നവർ ദൈവസംവാഹകരും ദൈവത്തെ ക്കൊണ്ടു നിറഞ്ഞവരും ആകുന്നു.[11]

ദൈവികജീവനിലുള്ള മനുഷ്യരുടെ ഭാഗഭാഗിത്വത്തെക്കുറിച്ചുള്ള അവബോധം സജീവമാകുമ്പോൾ ദൈവത്തിനുള്ള സാക്ഷ്യമാണ് പ്രകടമാകുന്നത്, ദൈവരാജ്യാനുഭൂതിയാണ് സംജാതമാകുന്നത്. വീണ്ടും ജനനത്തിന്റെ അവസ്ഥ കൈവരിച്ചുകൊണ്ട് ദൈവരാജ്യാനുഭൂതിയിൽ ജീവിക്കുന്നതാണ് തൈലാഭിഷേകത്തിന്റെ ആത്മീയത. അരിയോപ്പഗസിലെ അജ്ഞാത ഡയനീഷ്യസിന്റെയും നവ ദൈവവിജ്ഞാനീയനായ ശിമയോന്റെയും ഗ്രിഗറി പാലമസിന്റെയും അലക്സാന്ത്രിയായിലെ ക്ലെമന്റിന്റേയും അത്തനാസിയൂസിന്റേയും ഇരണേവൂസിന്റേയും ചിന്താധാരയിൽ ദൈവികീകരണം സ്ഥിരപ്രതിഷ്ഠിതമായി.[12] ദൈവികീകരണത്തിന്റെ മാനവവിജ്ഞാനീയപരമായ വശങ്ങൾ ഗ്രഹിക്കുന്നത് കൗദാശിക ജീവിതത്തിന്റെ ക്രിയാത്മക ഫലത്തിന് ഇടവരുത്തും. നിരന്തരമായ തപസ്സിന്റേയും ദൈവാനുഭവത്തിന്റേയും ജീവിതം മാനവ ദൈവികീകരണം ഫലപ്രദമാക്കുന്നു.

3:3 അനുതാപം

നിരന്തര തപസ്സ് മാനവ പവിത്രീകരണത്തിനാവശ്യമായിരിക്കുന്നത് മാനവതലത്തിൽ എന്നും പരിമിതികൾ ഉള്ളതു കൊണ്ടാണ്. ഈ പരിമിതികളുടെ സ്വഭാവത്തിൽ നിന്നുമാണ് പാപത്തിന്റെ ആശയം വരുന്നത്. പരിമിതനായ മനുഷ്യൻ അവശ്യം രണ്ട് ഉറവിടങ്ങളിൽ നിന്നുമാണ് പ്രതിവിധി കണ്ടെത്തേണ്ടത്. ഒന്നാമത്തെ ഉറവിടം ദൈവത്തോടുള്ള നിരന്തരബന്ധമാണ്. രണ്ടാമത്തേത് ഇതരമനുഷ്യരോടും സൃഷ്ടജാലം മുഴുവനോടുമുള്ള സമ്പർക്കമാണ്. ദൈവത്തോടുള്ള ബന്ധം കുറയുന്നതും സഹജരോടുള്ള സമ്പർക്കം ഇല്ലാതാകുന്നതും വ്യക്തിയിൽ ഉലച്ചിലുണ്ടാക്കും. ഈ ഉലച്ചിലാണ് പാപമായിത്തീരുന്നത്. അത്

ഒഴിവാക്കുന്നതിനു നിരന്തരപരിശ്രമം, അല്ലെങ്കിൽ ജാഗ്രത വേണം. നിരന്തര പരിശ്രമത്തെയും ജാഗ്രതയേയുമാണ് തപസ്സായി കണക്കാക്കേണ്ടത്. നിലവിലിരിക്കുന്ന പാളിച്ചകളെ നിവാരണം ചെയ്യുന്നത് അനുരജ്ഞനം വഴിയാണ്. ഈ അനുരജ്ഞനത്തിന്റെ ആധ്യാത്മികതയാണിവിടെ ചർച്ചാവിഷയമാക്കുന്നത്.

നന്മയോടുള്ള അടുപ്പവും ഐക്യവുമാണ് അനുതാപത്തിന്റെ, മാനസാന്തരത്തിന്റെ കാതലായ ഘടകം.[13] സഹജരോടും പ്രപഞ്ചത്തോടും ദൈവത്തോടുമുള്ള ബന്ധത്തെ എല്ലാ മാനങ്ങളോടും കൂടി പരിഗണിച്ചാൽ അതു സഭാത്മകമെന്നു പറയാം. അനുരജ്ഞനം സഭയിൽ മൂന്നാം നൂറ്റാണ്ടുമുതൽ പ്രകടമായ രൂപം പ്രാപിച്ചു തുടങ്ങിയിരുന്നു. ഇതിനോടു ബന്ധപ്പെട്ട് അഭിഷേകവും ഉണ്ടായിരുന്നു.[14] അഭിഷേകത്തിന്റെയോ കൈവയ്പിന്റെയോ കർമ്മങ്ങൾ അനുരജ്ഞന കൂദാശയോടുചേർന്നു വരുന്നത് റൂഹാദ്ക്കുദ്ശായിലുള്ള ജീവിതത്തിന്റെ പ്രാധാന്യത്തെ വിളിച്ചറിയിക്കുന്നു. വിശുദ്ധിയോടുള്ള അടുപ്പമാണ് ഇവിടെയും പ്രധാനം. ആധ്യാത്മികതയുടെ ആഴത്തിൽ അനുരഞ്ജനം സാധിക്കുന്നതിന് നിരവധി ഉപാധികളുണ്ടെന്ന് കിഴക്കിന്റെ ആധ്യാത്മികപിതാക്കന്മാർ ഉദ്ഘോഷിക്കുന്നു.[15] "മറ്റുള്ളവരെ ശപിക്കാതിരിക്കുക, കുറവുകൾ ക്ഷമിക്കുക, വിനയമുണ്ടാകുക, കണ്ണുനീരിന്റെ വരം അനുഭവിക്കുക, പ്രാർത്ഥിക്കുക, കാരുണ്യപ്രവൃത്തിയും ദാനധർമ്മവും ചെയ്യുക, യഥാർത്ഥ വിശ്വാസത്തിന്റെ നിയമത്തിലേക്കു തിരിയുക, രോഗവും കഷ്ടപ്പാടുകളും സഹിക്കുക, നിരന്തരം പ്രാർത്ഥിക്കുക, അജ്ഞാനീയ അധികാരികളുടെ മുമ്പിൽ മിശിഹായിലുള്ള വിശ്വാസപ്രഖ്യാപനം നടത്തുക." അനുരഞ്ജനത്തിന്റെ ആധ്യാത്മികതയിൽ ഏതാണ്ടു മുൻപന്തിയിൽ നില്ക്കുന്നതാണ് ദരിദ്രരെ സഹായിക്കുന്നത്.[16] സാറൂഗിലെ യാക്കോബ് രേഖപ്പെടുത്തുന്നതനുസരിച്ച് പാവങ്ങളോടുള്ള ആഭിമുഖ്യം നിരവധി ദൈവികദാനങ്ങൾക്കുറവിടമെന്നു കാണുന്നു.[17]

ആധ്യാത്മിക ജീവിതത്തിൽ ആത്മാനുതാപത്തിനുള്ള പ്രസക്തി വളരെയധികമെന്ന് മരുഭൂമിയിലെ പിതാക്കന്മാർ വിശ്വസിച്ചിരുന്നു.[18] പാപിയെന്ന ചിന്ത വന്നാലുടൻ പാപമോചനത്തിന്റെ അനുഭൂതിയും സംജാതമാകുന്നു. പാപിയെന്ന ചിന്ത കണ്ണിനെ ഈർപ്പമണിയിച്ചു നിറുത്തുന്നു. പാപത്തിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടാലും പാപം കൺമുമ്പിൽ തെളിയും. മാനസാന്തരവും മനസ്താപവും കടന്നുപോയാലും ആത്മാനുതാപം നീണ്ടു നില്ക്കും. കരയുന്നവർക്കാശ്വാസം ലഭിക്കുമെന്നു ഗിരിപ്രഭാഷണം ഉദ്ഘോഷിക്കുന്നു. വിലാപത്തിന്റെ പരോന്മുഖത ഉപവിയിൽ എത്തിപ്പിടിക്കുന്നു. പൗരസ്ത്യരുടെ ഇടയിൽ സർവ്വ സാധാരണമായിരിക്കുന്ന ആത്മാനുതാപവും കണ്ണുനീരിന്റെ വരവും സുറിയാനി ആധ്യാത്മികപാരമ്പര്യത്തിൽ ആശ്രമസ്ഥരെ അറിയുന്നതിനുള്ള പേരായി മാറിയിരുന്നു.[19] ആബിലാ (വിലാപകർ) എന്നാണ് മുനികൾ അറിയപ്പെട്ടിരുന്നത്. പശ്ചാത്താപത്തിന്റേയും വിലാപത്തിന്റേയും അടയാളമാണ് മുനിയുടെ വസ്ത്രം.[20]

ഇത്രമാത്രം പ്രചുരപ്രചാരം സിദ്ധിച്ചിരുന്ന ആത്മാനുതാപത്തിനും വിലാപത്തിനുമുള്ള ധനാത്മകവശം മെശയാനിക പാരമ്പര്യ പ്രകാരം ഒരാളോ, മറ്റുള്ളവരോ നഷ്ടമാക്കിയ ദൈവികീകരണത്തെ പുനഃപ്രതിഷ്ഠിക്കലാണ്. വിലാപത്തിന് ശാരീരികവും മാനസികവും ആധ്യാത്മികവുമായ വശങ്ങളുണ്ടാകാം എന്ന് ഏകാന്തവാസിയായ യോഹന്നാൻ പറയുന്നു.[21] ദുഃഖത്തിൽ നിന്നുണ്ടാകുന്ന ശാരീരിക മനുഷ്യരുടെ വിലാപത്തേയും ഭീതിയിൽ നിന്നുണ്ടാകുന്ന ആത്മാനുതാപത്തേയുംകാൾ ശ്രേഷ്ഠമായത് സന്തോഷാധിക്യത്താൽ ആധ്യാത്മികമനുഷ്യർക്കുണ്ടാകുന്ന കണ്ണുനീരാകുന്നു.[22] ഈ സന്തോഷവും സൗഭാഗ്യവും ദൈവരാജ്യാനുഭവവും സഹോദരസ്നേഹവുമെല്ലാം ചെന്നുനില്ക്കേണ്ടത് ദൈവസ്നേഹത്തെ പ്രതിയുള്ള ആത്മാനു കണ്ണുനീർ പ്രവാഹത്തിലുമാണ്.[23] ദൈവസ്നേഹത്തെ പ്രതി പൊഴിക്കുന്ന

കണ്ണുനീർകൊണ്ട് ഈശോയുടെ പാദങ്ങൾ തുടയ്ക്കുന്നത് മനുഷ്യ പാപങ്ങളുടെ നിവാരണമാണ്. നിരവധിയായ പാപത്തിനു മോചനം അധികമായ സ്നേഹമെന്ന് ഈശോ അരുളിചെയ്തതുമാണ് (ലൂക്ക. 7:47). ഒരു തുള്ളി കണ്ണുനീർ തിന്മയുടെ പിത്തള കവചങ്ങളെയും പാപവിഷയത്തെയും നിർമ്മാർജ്ജനം ചെയ്യുന്നുവെന്നാണ് യോഹന്നാൻ ക്രിസോസ്തോം പറയുന്നത്.[24] ദിവസേന വിലപിച്ചിരുന്ന അന്തോനീസ് ഒരിക്കലും അസ്വസ്ഥനായിരുന്നില്ലെന്നു മാത്രമല്ല സൗന്ദര്യാനുഭൂതിയിലുമായിരുന്നു എന്നാണ് അത്തനാസിയൂസ് എടുത്തു പറയുന്നത്.[25] ഈ ആശയമാണ് മാർ അപ്രേമിനുമുണ്ടായിരുന്നത്.[26]

ആത്മാനുതാപമെന്നത് ദൈവദാനമാണ്.[27] കണ്ണുനീരിന്റെ വരത്തിനായി പ്രാർത്ഥിക്കുന്നതും സാധ്യമെന്നു മാർ അപ്രേം.[28] ആത്മാനുതാപത്തിനുള്ള രണ്ടു സുപ്രധാന ഉപാധികൾ ആത്മശോധനയും ധ്യാനവുമാണ്. ആത്മശോധനയിലൂടെ ആത്മജ്ഞാനവും ധ്യാനത്തിലൂടെ ഹൃദയതാപവും കൈവരുന്നു.[29]

അനുരഞ്ജന കൂദാശയുടെ ആധ്യാത്മികത നിരവധിയായ താപസകൃത്യങ്ങളിലൂടെ കൂടുതൽ കാര്യക്ഷമമാകുന്നു. പ്രത്യേകിച്ചും ആധ്യാത്മികഗുരുക്കന്മാർ അനുഭവിച്ചറിഞ്ഞതും നിർദ്ദേശിക്കുന്നതുമായ ഒന്നാണ് കണ്ണുനീരിന്റെ പ്രതിഭാസം. ഈ പ്രതിഭാസത്തെ നിഷേധാത്മകമായി കാണുന്നതു ദൈവസ്നേഹത്തേയും സഹോദരസ്നേഹത്തേയും ആത്മസ്നേഹത്തേയും മഹോന്നത പ്രമാണമായ സ്നേഹത്തിലൂടെ ദർശിക്കുവാൻ സാധിക്കാത്തതുകൊണ്ടാണ്. ദൈവം മനുഷ്യഹൃദയത്തിൽ ചൊരിഞ്ഞിരിക്കുന്ന ദൈവസ്നേഹത്തിന്റെ (റോമ. 5:5) വളർച്ചയ്ക്ക് ആത്മാനുതാപം അവശ്യം വേണ്ടതാണ്. പരിപൂർണ്ണദൈവസ്നേഹം (ആവർത്ത. 6:5) അഭ്യസിക്കുന്നതിന് അത് അത്യാവശ്യമാണ്. ശത്രുക്കളോടു പ്രതികാരമില്ലാതെ അയൽക്കാരെ സ്നേഹിക്കുന്നതിനും

(ലേവ്യ. 19:18) ഹൃദയതാപം വേണ്ടതാണ്. സർവ്വോപരി തന്നത്താൻ സ്നേഹിക്കുന്നത് അവികലമായിരിക്കേണ്ടതിനു ഹൃദയതാപം ആവശ്യമാണ് (മത്താ. 5:8; 22:39). ഈശോ നല്കിയ പുതിയ കല്പന മറ്റൊന്നല്ല (യോഹ. 13:34).

3:4 പെസഹാരഹസ്യം

" ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" എന്ന് ഒരാൾ ഈശോയോടു പറഞ്ഞപ്പോൾ ഈശോ നൽകിയ മറുപടി സ്വന്തം കുരിശെടുത്ത് ഈശോയെ അനുഗമിക്കണമെന്നാണ് (ലൂക്ക. 14:15,27). ഈശോ വി. കുർബാന സ്ഥാപിച്ചത് യഹൂദരുടെ പെസഹാഭക്ഷണത്തോടു ബന്ധപ്പെടുത്തിയാണ്. വി. കുർബാനയെക്കുറിച്ചുള്ള സഭയുടെ പാരമ്പര്യവും ആദിമസഭയിലെ ഭക്ഷണത്തോട് അനുബന്ധിച്ചാണ് (1 കോറ. 11:18-34).[30] എന്നാൽ കർത്താവിന്റെ പെസഹായെ കണക്കിലെടുക്കുമ്പോൾ ലൂക്കാ സുവിശേഷകൻ പറയുന്നതുപോലെ വിരുന്ന് ബലിയുടെ വ്യവസ്ഥയ്ക്ക് ഊന്നൽ കൊടുക്കുന്നതാണ്. പൗലോസ് ശ്ലീഹായും തറപ്പിച്ചു പറയുന്നത് ത്യാഗത്തോടുകൂടിയുള്ള കൂട്ടായ്മയാണ്. ശ്ലീഹാ പ്രഖ്യാപിക്കുന്നു: " നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും, ഈ കാസായിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാണ് അവന്റെ ആഗമനം വരെ നിങ്ങൾ അനുസ്മരിക്കുന്നത് (1 കോറ. 11:26). ബലിയും വിരുന്നും എന്ന നിലയിൽ വിശുദ്ധ കുർബാനയുടെ ആധ്യാത്മികത ആധ്യാത്മിക ജീവിതത്തിന്റെ ജീവനാഡിയാണ്. ബലിയുടെ ചൈതന്യത്തെ പ്രകടമാക്കുന്നതാണ് നാം ഇതിനു മുമ്പു ചർച്ച ചെയ്ത ആത്മാനുതാപത്തിന്റെ ചൈതന്യം. വ്യവസ്ഥ എന്നതുപോലെ അനുരഞ്ജനം വഴി വേണം വിരുന്നിന്റെ അനുഭൂതിയിലേക്കു കടന്നു വരുവാൻ. ഈശോയുടെ വചനം മേല്പറഞ്ഞ വ്യവസ്ഥയെ വ്യക്തമാക്കുന്നു. നീ മദ്ബഹായിൽ കാഴ്ച

സമർപ്പിക്കുന്ന സമയത്ത് നിന്റെ സഹോദരന് നിന്നോടെന്തെങ്കിലും വിരോധമുണ്ടെന്ന് ഓർമ്മ വന്നാൽ അവിടെ ബലിപീഠത്തിൽ തന്നെ നിന്റെ കാഴ്ച വസ്തു വച്ചിട്ട് ആദ്യമേ പോയി നിന്റെ സഹോദരനുമായി രമ്യപ്പെടുക. പിന്നീടു വന്ന് നിന്റെ കാഴ്ച അർപ്പിക്കുക (മത്താ. 5:23-24).

കുർബാനയുടെ ആധ്യാത്മികതയിലേയ്ക്കു കടക്കുന്നതിനാവശ്യമായ ഒന്നാണ് സാഹോദര്യത്തിന്റെ-സ്നേഹത്തിന്റെ കല്പനയെന്നെന്നു ചർച്ച ചെയ്യുന്നത്.

സ്നേഹത്തിനു പ്രധാനമായും മൂന്നു മാനങ്ങളാണുള്ളത്. ഒന്നാമത്തേത് ദൈവം സ്നേഹമാകുന്നു (1 യോഹ. 4:8) എന്നതിൽ നിന്നും വരുന്ന ദൈവസ്നേഹത്തിന്റെ വശമാണ്. ദൈവസ്നേഹത്തിന്റെ മനുഷ്യവ്യക്തിയിലുള്ള മാനത്തെ നിയമാവർത്തനഗ്രന്ഥം അവതരിപ്പിക്കുന്നത് പരിപൂർണ്ണസ്നേഹത്തിന്റെ സർഗ്ഗാത്മകതയായിട്ടാണ്. (ആവർത്ത. 6:5). ക്രിയാത്മകമായ, മനുഷ്യനിലുള്ള ദൈവസ്നേഹത്തിന്റെ വൈയക്തിക പ്രതിഭാസമാണ് രണ്ടാമത്തെ മാനം. ഇതിനെ ആത്മസ്നേഹം എന്നു വിശേഷിപ്പിക്കാം. അതായതു തന്നത്താൻ സ്നേഹിക്കുന്നതുപോലെ (റോമ. 5:5, ഉത്പ. 1:27;2:7) നിന്നെപ്പോലെ എന്നുള്ള പ്രയോഗത്തിൽ കാണുന്ന സ്നേഹം (ലേവ്യ. 19:18; മത്താ. 22:39). ദൈവം ആദ്യമായി മനുഷ്യരെ സ്നേഹിച്ചതിലും തന്റെ ഛായയിലും സാദൃശ്യത്തിലും അവരെ രൂപപ്പെടുത്തിയതിലും ദൈവസ്നേഹത്തിന്റെ വിത്തു മനുഷ്യർക്കു ലഭിക്കുന്നു. ഇവിടെ സൂചിപ്പിച്ച സ്നേഹത്തിനു മൂന്നു പടികളുണ്ട്. അവ ജഡിക സ്നേഹവും, വൈകാരിക സ്നേഹവും, ചേതനാത്മക സ്നേഹവും ആണ്. ഇതിൽ ചേതനാത്മക സ്നേഹം വികസിച്ച് വൈകാരിക ജഡിക സ്നേഹത്തെ സാഗ്രമാക്കുന്നതിലാണ് യഥാർത്ഥത്തിൽ തന്നത്താൻ സ്നേഹിക്കുക

എന്നതിന്റെ ധനാത്മകവശം അടങ്ങിയിരിക്കുന്നത്. നിന്നെപ്പോലെ എന്ന പ്രയോഗത്തിൽ വരേണ്ടതും ഒരാളിലുള്ള ദൈവസ്നേഹത്തിന്റെ ആത്മാർത്ഥതയാണ്. സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ പൂർണ്ണരാകേണ്ട മനുഷ്യർ തങ്ങളിലുള്ള സ്നേഹത്തെയാണ് വികസിപ്പിച്ചു പൂർണ്ണതയിലെത്തിക്കേണ്ടത് (മത്താ. 5:48). സ്നേഹത്തിന്റെ വികാസം വ്യക്തിയിൽ സംഭവിക്കുമ്പോൾ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കും (ലൂക്കാ. 10:27). ഇത്രയും വളർന്ന സ്നേഹം തന്നെപ്പോലെ അയൽക്കാരെയും സ്നേഹിക്കുന്നു. ഇതാണു സ്നേഹത്തിന്റെ മൂന്നാമത്തെ മാനം. അടിസ്ഥാനപരമായ ഒരു തത്ത്വമാണ് ഇവിടെ പ്രായോഗികമാകുന്നത്; അതായത്, ഒരാളുടെ അസ്തിത്വം അവശ്യം മറ്റുള്ളവരോടുകൂടെയാണ് നിലനില്ക്കുന്നതും പൂർത്തീകരിക്കപ്പെടുന്നതും. അതിനാൽ ദൈവമക്കളായ എല്ലാവരേയും പ്രത്യേകിച്ച് അയൽവാസികളെ, സഹോദരങ്ങളെ സ്നേഹിക്കാതെ മനുഷ്യാസ്തിത്വത്തിന്റെ സാക്ഷാത്കാരം നടക്കുകയില്ല. ഈ പശ്ചാത്തലമാണ് പുതിയ ഉടമ്പടിയുടെ അടിസ്ഥാനം. കുർബാനയുടെ ചൈതന്യം സ്നേഹത്തിന്റെ കൂദാശയല്ലാതെ മറ്റൊന്നുമല്ല. പെസഹായുടെ ആധ്യാത്മികത എന്തിൽ എന്നതിനെ കുറിച്ച് അടിസ്ഥാനപരമായി ചർച്ച ചെയ്യാം.

മനുഷ്യകുലത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനുഷ്യർ ദൈവത്തോടും സഹജരോടും ആഭിമുഖ്യം പുലർത്തുന്നതിനെക്കാൾ, തങ്ങളുടെ ബാഹ്യഘടകങ്ങളോടു കൂടുതൽ ആസക്തി പുലർത്തുന്നതായി കാണാം. അതിന്റെ ഫലം തങ്ങളിൽത്തന്നെ ശിഥിലീകരണവും ദൈവത്തോട് മറുതലിപ്പും സഹജരോടു വിദ്വേഷവും പ്രപഞ്ചത്തിനു ഹാനിയും വരുത്തിവയ്ക്കുന്നു (ഉത്പ. 3:7,8-17,18,19; 4:9-15). സംഭവിച്ചത് ഇപ്രകാരമാണ്; ദൈവച്ഛായയും ദൈവസാദൃശ്യവും

സ്നേഹത്തിൽ സമുദ്ഗ്രഥിതമായിരുന്നത് ജീവിത മുന്നേറ്റത്തിൽ പാളിപ്പോയി. ഈ പാളിച്ചയെ പരിഹരിക്കുന്നതിനു ദൈവം വാഗ്ദാനം ചെയ്യുന്നു (ഉത്പ. 3:15). ദൈവം മൂശെ വഴി വീണ്ടും മനുഷ്യഹൃദയങ്ങളെ ദൈവസ്നേഹത്തിന്റെ നിയമവലയത്തിൽ കൊണ്ടുവരുന്നു (ആവർത്ത. 6:5; ലേവ്യ. 19:18). എന്നിട്ടും പരിഹാരം കാണാത്തതുകൊണ്ട് പ്രവാചകൻ വഴി മനുഷ്യഹൃദയങ്ങളെ ആദിമ പരിശുദ്ധിയിലേക്ക് ആനയിക്കുന്നു (ഏറ. 31:31, ഹസ്ഖി. 36:26,27). പ്രവാചകരിലൂടെ ദൈവം ചെയ്തതു പൂർത്തികരിക്കപ്പെട്ടത് ഈശോമിശിഹായിലൂടെയാണ്. അവിടുന്ന് നിയമത്തെയും പ്രവചനത്തേയും പൂർത്തീകരിക്കുവാനായി വന്നു (മത്താ. 5:17).

ഈശോമിശിഹായിലൂടെ സംഭവിച്ച പൂർത്തീകരണമെന്നത് മനുഷ്യഹൃദയത്തിലെ സ്നേഹം, ദൈവത്തോടുള്ള തുറവിയിലൂടെയും സഹജരോടും പ്രപഞ്ചത്തോടുമുള്ള ആഭിമുഖ്യത്തിലൂടെയും സാക്ഷാത്കരിക്കപ്പെട്ടതാണ്. ഇതു സാധിക്കുന്നതിനായി ഈശോ തനിക്കുള്ളവരെ അവസാനം വരെ സ്നേഹിച്ചു (യോഹ. 10). ഈ സ്നേഹത്തിന്റെ ജീവിതമാണ് പുതിയ ഉടമ്പടി. പുതിയ പെസഹാ സെഹിയോൻ ഊട്ടുശാലയിൽ സ്ഥാപിച്ചത് ഗാഗുൽത്തായിൽ പൂർത്തീകരിക്കപ്പെട്ടു (ലൂക്കാ 22:14-20; യോഹ. 19:28-30). സ്നേഹത്തിന്റെ പുതിയ കല്പന ഒരേ സമയം ബലിയും വിരുന്നുമാകുന്ന കൂദാശയാണ്. പുത്തൻ പെസഹായുടെ ചൈതന്യം സ്നേഹം തന്നെ. പെസഹായുടെ ആധ്യാത്മികതയെക്കുറിച്ചു ചിന്തിക്കുമ്പോൾ നിർമ്മലവും ഹൃദ്യവുമായ ഒരു സത്യം ചർച്ചാവിഷയമാക്കാം.

പഴയ ആദം (ആദ്യമനുഷ്യനായ ആദം) പുതിയ ആദം (അവസാനത്തെ ആദം) എന്നീ പ്രയോഗങ്ങളിലൂടെ പൗലോസ് ശ്ലീഹാ പ്രദാനം ചെയ്യുന്നത് ദൈവികപദ്ധതിയുടെ പൂർണ്ണരൂപമാണ്. "അവസാനത്തെ ആദമായ മിശിഹാ ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു" (1 കോറ. 15:45). ജീവിപ്പിക്കുന്ന എന്ന പ്രയോഗത്തിൽ കാണുന്നത്

ജീവദായകൻ എന്നതാണ്. ജീവദായകൻ എന്നത് റൂഹാദ്ക്കുദ്ശായുടെ ഗുണമാണ്. റൂഹാ പിതാവും പുത്രനും തമ്മിലുള്ള സ്നേഹത്തിന്റെ വ്യക്തിഭാവമാണ്. സ്നേഹത്തിന്റെ മനുഷ്യത്വത്തിലൂടെയുള്ള സാക്ഷാത്കാരമാണ് ഈശോമിശിഹായിൽ അനുഭവപ്പെട്ടത്. ഈ അനുഭവം ഏവർക്കും ഉണ്ടാകേണ്ടതിന് ഈശോ തന്റെ ജീവിതത്തിലൂടെ മനുഷ്യർക്കു കൈമാറിയതാണ് പെസഹാരഹസ്യം. അതിന്റെ ചൈതന്യം "ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക" എന്നതാണ്. നിയമത്തിന്റെ അനുഷ്ഠാനം കടന്നു നിയമത്തിന്റെ ചൈതന്യം ഉണ്ടായതാണ് ഇവിടുത്തെ പുതുമ, പെസഹാ ചൈതന്യം.

പഴയനിയമത്തിൽ കാണുന്ന ആരാധനയെ ഈശോ അപ്പാടെ എതിർത്തില്ല. എങ്കിലും പുതുമയുടെ ചൈതന്യം പ്രകടമാക്കുന്ന രീതി സമരിയാക്കാരി സ്ത്രീയോടു പറഞ്ഞു (യോഹ. 4:21-24). സത്യത്തിലും ചേതനയിലുമുള്ള ആരാധന രക്തം ചിന്തിക്കൊണ്ടുള്ള സ്ലീവായിലെ മരണോത്ഥാനത്തോടെ നിലവിൽ വന്നു. വി. ശ്ലീഹായും പെസഹാ ചൈതന്യത്തിന്റെ സർഗ്ഗാത്മകത പ്രകടമാക്കുന്നത് ഇപ്രകാരമാണ്.[31] "നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ബലിയായി ബുദ്ധിപൂർവകമായ ശുശ്രൂഷ മൂലം സമർപ്പിക്കുവിൻ" (റോമ. 12:1).

ശരീരത്തിന്റെ സമർപ്പണവും (റോമ. 12:1) ബോധങ്ങളുടെ നവീകരണത്തിലൂടെ രൂപാന്തരം പ്രാപിക്കുന്നതും (റോമ. 12:2) ജഡിക സ്നേഹത്തിന്റെ രൂപാന്തരീകരണവും വൈകാരിക സ്നേഹത്തിന്റെ ദൈവീകരണവും സാധിക്കുന്നതിനിടവരുത്തുന്നു. ഇപ്രകാരമുള്ള ദൈവാരാധന തുടർന്നു നടത്തുന്നതുവഴി ചേതനാത്മക സ്നേഹത്തിന്റെ സജീവത്വത്തിൽ പരിപൂർണ്ണ സ്നേഹത്തിന്റെ അനുഭൂതി സംജാതമാകും. ഇതേ അനുഭൂതി വിശേഷമാണ് കർത്താവിന്റെ പെസഹാ ആഘോഷിക്കുമ്പോൾ മരണോത്ഥാനാനുഭൂതിയിലൂടെ

ആരാധകർക്കും ഉണ്ടാകേണ്ടത് (1 കോറ. 11:26). അനേന്യാന്യം കാത്തിരുന്നു നടത്തുന്ന കുർബാനാനുഭവം ദിവ്യകാരുണ്യാനുഭവമാണ് (1 കോറ. 11:26,33).

പരസ്നേഹത്തിന്റെ മഹനീയ ചൈതന്യം ഈശോയിൽ നിന്നും മശിഹാനുയായികൾ ഏറ്റുവാങ്ങിയതാണ് ആദിമ സഭയുടെ ദൈവാരാധനയിൽ മുഴച്ചു നിന്നിരുന്നത്. ഈശോ സ്ഥാപിച്ചതും ശ്ലീഹന്മാരിലൂടെ മിശിഹാനുയായികൾക്ക് കൈമാറിയതുമായ ദൈവാരാധന ആധ്യാത്മികതയുടെ നിയമമായിരുന്നു. അതിനാൽ ഏതൊരു വ്യക്തി സഭയിലും നിലവിലുള്ള ദൈവാരാധന കാതലായി സഹോദര്യത്തിന്റെ ചൈതന്യം വിളിച്ചറിയിക്കുന്നതായിരിക്കണം. അതുകൊണ്ടു തന്നെയാണ് ചില കേന്ദ്രങ്ങളിൽ നടത്തിയിരുന്ന ദിവ്യകാരുണ്യവിരുന്നു ക്രമേണ പൊതു കേന്ദ്രങ്ങളിലായതും. മെശയാനികപെസഹാ ആഘോഷം ഇതര ആരാധനകളെ അപേക്ഷിച്ച് സംഘാതാത്മകവും പൊതുവും ഔദ്യോഗികവുമായ സ്വഭാവമുള്ളവയുമായിരുന്നു. ഇപ്രകാരം ആരാധകർക്ക് ഒന്നിച്ചു കൂടുന്നതിനുള്ള, അതും സ്നേഹവിരുന്നിന്റെ ചൈതന്യത്തിൽ സമ്മേളിക്കുന്നതിനുള്ള സംവിധാനമാണ് ദൈവാലയങ്ങൾക്ക് മെശയാനികൾ നൽകുന്നത്. ദൈവാലയത്തിന്റെ കാര്യത്തിലും ദൈവാരാധനയിൽ എന്നതുപോലെ ഊന്നൽ നൽകിയിരുന്നത് ആരാധകർക്കാണ്. അവരാണു ജീവനുള്ള ദൈവത്തിന്റെ ആലയങ്ങൾ (2 കോറ. 6:16)[32]. ഇവിടെ സ്വകാര്യവ്യക്തികൾ അല്ല സഭയാണ് വിവക്ഷ. സഭയുടെ ചെറുപതിപ്പാണ് ഗാർഹികസഭ.

3:5 കൂട്ടായ്മ

രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് കുടുംബത്തിലെ ആരാധനാധ്യാത്മികതയെക്കുറിച്ച് ഇപ്രകാരം പറയുന്നു. വിവാഹമെന്ന കൂദാശയുടെ പ്രസാദവരത്താലും അതിന്റെ ചുമതലകളാലും ധന്യമായ മെശയാനിക കുടുംബത്തിലാണ് മാമ്മോദീസായിൽ ലഭിച്ച വിശ്വാസത്തിനൊത്തവിധം ദൈവത്തെ അറിഞ്ഞാരാധിക്കുവാനും അയൽക്കാരെ സ്നേഹിക്കാനും സന്താനങ്ങളെ ബാല്യം മുതൽക്കേ പഠിപ്പിക്കേണ്ടത്[33]. ദൈവത്തെ അറിഞ്ഞാരാധിക്കുകയും അയൽക്കാരെ സ്നേഹിക്കുകയും ചെയ്യുന്നതാണ് ആധ്യാത്മികതയുടെ കാതൽ. ദൈവാരാധനയേയും സഹോദരശുശ്രൂഷയേയും വൈവാഹിക സ്നേഹത്തിലൂടെ ദർശിക്കുവാൻ സാധിക്കും.

വൈവാഹികസ്നേഹം ദൈവസ്ഥാപിതവും മെശയാനികവുമായ ഒന്നാണ്[34]. പരസ്പരൈക്യത്തിന്റെ അർത്ഥം അനുഭവിച്ചറിഞ്ഞുകൊണ്ട് അനുദിനം അതിനെ കൂടുതൽ ആഴപ്പെടുത്തുന്നതിനു കുടുംബജീവിതം അവസരം നൽകുന്നു. എന്നാൽ ഇതെല്ലാം സംഭവിക്കേണ്ടതു ദൈവാരാധനയിലൂടെയാണ്. ദൈവാരാധനയെ സ്നേഹത്തിന്റെ ചൈതന്യത്തിലൂടെ സമീപിക്കുമ്പോൾ അത് ദൈവോന്മുഖതയിൽ ദൈവാരാധനയും മാനുഷിക കൂട്ടായ്മയിൽ ശുശ്രൂഷയുമാണ്. മനുഷ്യഹൃദയത്തിലുള്ള സ്നേഹം ഒരേസമയം ആരാധനയായും ശുശ്രൂഷയായും വികസിക്കുന്നത് അതിന്റെ വ്യക്തിത്വത്തിൽ കുടുംബചൈതന്യത്തിലാണ്. സ്നേഹത്തിന്റെ മനോഹരമായ ആവിഷ്ക്കരണം വിവാഹമെന്ന കൂദാശയിലാണു സംഭവിക്കുന്നത്.

യാഹ്വേ ഇസ്രായേലിനെ സ്നേഹിച്ചതു വൈവാഹിക ശൈലിയിലൂടെയാണ് (ഹോസി. 2:16). അവിടുന്നു സകലരേയും സ്നേഹിച്ചതു തന്റെ ഏകജാതൻ വഴിയും (ലൂക്ക. 2:10). അവിടുന്നു തന്റെ ഏകജാതനെ നൽകിക്കൊണ്ട് മനുഷ്യനെ സ്നേഹിക്കുന്നു (1 യോഹ. 4:9).

ഈശോ മനുഷ്യകുലത്തെ സ്നേഹിച്ചത് താൻ രൂപം കൊടുത്ത സഭയിലൂടെയാണ് (അപ്പെ. 5:2,25,27). ഈശോ സഭയെ വധുസമാനം സ്നേഹിച്ചതിൽ രണ്ടുവശങ്ങൾ പ്രകടമാണ്. ഒന്ന് പിതാവിനുള്ള പരിപൂർണ്ണ സമർപ്പണത്തിന്റെ സ്നേഹാനുഭവത്തിൽ നിന്നിരുന്നു (മത്താ. 22:38-39; യോഹ. 17:22). ഈ വിധം ഈശോ തന്റെ പിതാവിന്റെ സ്നേഹത്തിൽ നിലനില്ക്കവേ തന്നെ മാനവശുശ്രൂഷയുടെ സ്നേഹം അതിന്റെ പൂർണ്ണതയിലും എത്തിച്ചു (മത്താ. 20:28; യോഹ. 10:10-15; ലൂക്കാ 22:20; യോഹ. 19:30).

ഈശോയിൽ സാക്ഷാത്കൃതമായ സ്നേഹത്തിന്റെ ദൈവോന്മുഖവും പരോന്മുഖവുമായ മാനങ്ങളിലൂടെയാണ് വിവാഹം എന്ന കൂദാശ നിലകൊള്ളുന്നത്. ദൈവസ്നേഹം കലർപ്പില്ലാതെ മാനവ വ്യവസ്ഥകളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതിന് ഉടമ്പടിയുടെ, ബലിയുടെ, സമർപ്പണത്തിന്റെ ചൈതന്യത്തിൽ അതു കുടുംബത്തിൽ അനുഭവപ്പെടണം. അവർ ഇനി രണ്ടല്ല (മത്താ. 19:6). രണ്ടുപേർ ഒന്നാകുന്നതിന്റെ രഹസ്യമാണ് വിവാഹമെന്ന കൂദാശ. അതായത് പിതാവും പുത്രനും രണ്ടാണെങ്കിലും മാനവദൈവികീകരണത്തിൽ ഒന്നായിരുന്നു. അതിനുള്ള വ്യവസ്ഥ സ്നേഹവും. എങ്കിലും സ്നേഹത്തിന്റെ കൈമാറ്റത്തിൽ പുതിയ ഉടമ്പടിയുടെ പ്രസക്തി മുന്നിട്ടു നില്ക്കുന്നു. അതായതു രക്തം ചിന്തിക്കൊണ്ടുള്ള ഉടമ്പടിയുടെ സാക്ഷാത്കാരം. ഇതേ ചൈതന്യമല്ലാതെ മറ്റൊന്നുമല്ല, വിവാഹമെന്ന കൂദാശ വഴിയുണ്ടാകേണ്ട കൂട്ടായ്മയുടെ ആധ്യാത്മികത. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുന്നതിന്റെ ആദ്യപടിയാണ് വിവാഹമെന്ന കൂദാശയിൽ സംഭവിക്കുന്നത്. അതായത് രണ്ടായിരിക്കുന്നവർ മിശിഹായുടെ സ്നേഹത്തിൽ ഒന്നായാൽ തന്നത്താൻ സ്നേഹിക്കുന്നതിൽ രണ്ടുപേരും ഉൾപ്പെടുന്നു. ഈ കൂട്ടായ്മയാണ് ദൈവികജീവന്റെ കൈമാറ്റത്തിൽ മാതാപിതാക്കന്മാർക്കുള്ള പങ്കാളിത്തം. കൂട്ടായ്മയുടെ ജീവിതം.

കൂട്ടായ്മയുടെ ആധ്യാത്മികതയിലേക്കു കൂടുതൽ കടന്നു ചെന്നാൽ മാനവ ഏകീകരണത്തിന്റെ കൂദാശയായിട്ടാണ് വിവാഹം നിലകൊള്ളുന്നതെന്നു കാണാം. സ്ത്രീ പുരുഷ വ്യത്യാസം ദൈവ സ്നേഹത്തിന്റെ കാര്യത്തിൽ വൈരുദ്ധ്യാത്മകമല്ല മറിച്ച് പൂരകാത്മക മാണ്. എന്നാൽ പൂരണത്തിനുള്ള അവശ്യ വ്യവസ്ഥയല്ല സ്ത്രീ പുരു ഷബന്ധം. കാരണം ജനനത്തിനു മുമ്പും രൂപാന്തരീകരണത്തിനു ശേഷവും സ്നേഹത്തിന്റെ പ്രസക്തി ഉള്ളതിനാൽ ആ സ്നേഹത്തിന്റെ സാക്ഷാത്കാരത്തിനാവശ്യമായിരിക്കുന്നത് ദൈവത്തിലേയ്ക്കുള്ള തുറവിയാണ്. ഈ തുറവിയുടെ ആത്മാർത്ഥതയിൽ റൂഹാദ്ക്കുദ്ശാ ആവസിച്ച് സ്ത്രീ പുരുഷ ബന്ധത്തിന്റെ അഭാവത്തിലും സ്നേഹ ത്തിനു സാക്ഷാത്കാരം ഉണ്ടാക്കുന്നു. ഈ അവസ്ഥയാണ് കന്യാ ത്വം. കന്യാത്വം വിവാഹിതർക്കും അവിവാഹിതർക്കും ഒരു പോലെ ബാധകമാണ്. കന്യാത്വം ബ്രഹ്മചര്യത്തിന്റെ ഉത്ഥാനാത്മക വികാസ ത്തിന് ഏവർക്കും അവശ്യം വേണ്ടതാണ്. ഈ പരിശുദ്ധി വിവാഹ മെന്ന കൂദാശ വഴിയും വ്രതപ്രതിഷ്ഠ വഴിയുമൊക്കെ കൈവരുന്നു.[35] വിവാഹജീവിതത്തിനും പ്രതിഷ്ഠാ ജീവിതത്തിനും വേണ്ടതാണ് റൂഹാ യിലുള്ള അഭിഷേകം.[36]

3:6 അഭിഷേകം

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ഇതിനാൽ ദരി ദ്രരെ സുവിശേഷം അറിയിക്കാൻ അവൻ എന്നെ അഭിഷേകം ചെയ്തു. ഹൃദയം തകർന്നവരെ സുഖപ്പെടുത്താനും അടിമകൾക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഖ്യാപിക്കാനും പീഡിതരെ സ്വതന്ത്രരാ ക്കാനും കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാനും അവൻ എന്നെ അയച്ചു" (ലൂക്ക. 4:18-19; ഏശ. 61:12; 58:6). പ്രവചനത്തിലൂടെ ഏശയ്യാ പ്രഘോഷിച്ചതിന്റെയും പുതിയ നിയമ രചനയിലൂടെ പ്രവ ചിച്ചതിന്റെയും സാക്ഷാത്കാരം ഈശോയിൽ നിറവേറിയതായും കാണുന്നു. ഇവിടെ ഈശോയുടെ അഭിഷേകവും പൗരോഹിത്യവും

ആചാര്യത്വ ശുശ്രൂഷയുമെല്ലാമാണു ചിന്താവിഷയം. പുരോഹിതൻ, പൗരോഹിത്യം എന്നീ പദങ്ങളാണ് അഭിഷിക്തനെ ഉദ്ദേശിച്ചു പറയാവുന്നത്.

കാഹനാ, കാഹനൂസ്സാ എന്നീ അറമായ പദങ്ങളാണ് പുരോഹിതൻ, പൗരോഹിത്യം എന്നിവയ്ക്ക് ഉപയോഗിക്കുന്നത്.[37] ബലി അർപ്പിക്കുക, ദൈവത്തിനു മുമ്പിൽ മനുഷ്യരുടെ മദ്ധ്യസ്ഥനായിരിക്കുക, ശുശ്രൂഷിക്കുക എന്നൊക്കെ അർത്ഥം സൂചിപ്പിക്കുന്നവയാണ് കാഹനാ എന്നാ അറമായ പദം. പൗരോഹിത്യം ദൈവത്തേയും ദൈവജനത്തേയും ഒന്നിപ്പിക്കുന്ന കൂദാശയാണ്. സാരാംശത്തിൽ പൗരോഹിത്യം ദൈവവചന ബദ്ധമായതാണ്. കാരണം ദൈവത്തിന്റെ വചനം ശ്രവിക്കുകയും കല്പന പാലിക്കുകയും ചെയ്യുന്നതു വഴിയാണ് ജനം ദൈവികരിക്കപ്പെടുന്നത് (പുറ. 19:5; ലൂക്ക. 11:28). ഇവിടെ പൗരോഹിത്യത്തിന്റെ ആധ്യാത്മികത വ്യക്തമാകുന്നുണ്ട്. വാക്കുകേൾക്കുക, കല്പന പാലിക്കുക എന്നീ പ്രയോഗങ്ങൾ ചർച്ചാവിഷയമാക്കാം.

ദൈവം യാക്കോബിന്റെ ഗോത്രത്തെ, ഇസ്രായേലിനെ, മെസ്രേൻ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് സീനൈ മലയുടെ അടിവാരത്തിൽ എത്തിച്ചു. ഇനിയും വാഗ്ദത്തഭൂമിയിൽ അവരെ അധിവസിപ്പിക്കണം. വാഗ്ദത്തഭൂമി എന്നതു ദൈവത്തോടു കൂടെയുള്ള വാസം. ഇതിനുള്ള രണ്ടു വ്യവസ്ഥകളാണ് ദൈവാവിഷ്ക്കരണമായ ദൈവവചനം ശ്രവിക്കുക എന്നതും അവിടുന്നു നല്കുന്ന കല്പന അനുസരിക്കുക എന്നതും. ദൈവത്തിന്റെ വാക്ക് എന്നതു ദൈവം തന്നെയാണ്. ദൈവം തന്നെത്തന്നെ മനുഷ്യർക്കു നല്കുന്നതു സൃഷ്ടിയിലൂടെയും മനുഷ്യാവതാരത്തിലൂടെയുമാണ് (സൃഷ്ടി 1:1-28; യോഹ. 1:1-15). ദൈവത്തിന്റെ വാക്ക് മാനുഷികതലത്തിൽ കല്പനയായിത്തീർന്നതാണ് പത്തു പ്രമാണങ്ങൾ (പുറ. 19-24). ഈ പ്രമാണങ്ങൾ സ്നേഹത്തിന്റെ കല്പനയിലടങ്ങുന്നു (ആവർത്ത. 6:5; ലേവ്യ. 19:18; യോഹ. 13:34; മത്താ. 22:38-39; റോമ. 13:8-10).

ദൈവത്തിന്റെ വാക്കുകൾ കേൾക്കുക എന്നതും കല്പന പാലിക്കുക എന്നതും അതിന്റെ പൂർണ്ണതയിൽ സംഭവിച്ചത് മനുഷ്യനായി അവതരിച്ച ദൈവവചനമായ മിശിഹായിലാണ്. മിശിഹായാണ് നിയമത്തിന്റെ പൂർത്തീകരണവും (റോമ. 10:4). മിശിഹാ നിയമത്തിന്റെ പൂർത്തീകരണമായത് എപ്രകാരമെന്നു വിവരിക്കുന്നതാണ് സുവിശേഷ പ്രഘോഷണങ്ങളും ശ്ലീഹന്മാരുടെ നടപടി ഗ്രന്ഥവും ശ്ലീഹായുടെ ലേഖനങ്ങളും സർവ്വോപരി എബ്രായർക്കുള്ള ലേഖനവും.

ദൈവവചനത്തിന്റെ സർഗ്ഗാത്മക ശക്തിയെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷമാണ് ഈശോയുടെ ആചാര്യത്വത്തെക്കുറിച്ച് വിവരിക്കുന്നത് (എബ്രാ. 4:12-13; 4:14-5:10). "മനുഷ്യനിൽ നിന്നുള്ള ഏതു പ്രധാനാചാര്യനും ദൈവകാര്യത്തിൽ ജനങ്ങൾക്കുവേണ്ടി പാപപരിഹാരാർത്ഥം കാഴ്ചകളും ബലികളും അർപ്പിക്കാൻ നിയമിക്കപ്പെടുന്നു" (എബ്രാ. 5:1). മനുഷ്യരിൽ നിന്നുള്ളവർ ജനങ്ങൾക്കുവേണ്ടി എന്ന ശൈലിയെ അപഗ്രഥിക്കുമ്പോൾ മിശിഹായുടെ പൗരോഹിത്യം ദൈവദാനം (എബ്രാ. 5:4) എന്നതുപോലെ മനുഷ്യരിൽ നിന്നുള്ള അടിസ്ഥാനവും അതിനുണ്ട് (എബ്രാ. 5:1). ദൈവദാനമായ പൗരോഹിത്യം മനുഷ്യരിൽ അനുഭവപ്പെടുന്നതിനുള്ള വ്യവസ്ഥകളാണ് ദൈവത്തിന്റെ വാക്കു ശ്രവിക്കുക എന്നതും അവിടുത്തെ കല്പന അനുസരിക്കുക എന്നതും. പുറപ്പാടു ഗ്രന്ഥം 19:5-6 വാക്യങ്ങളിൽ മേല്പറഞ്ഞ സത്യമാണ് അവതരിപ്പിക്കുന്നത് "നിങ്ങൾ എനിക്ക് രാജ്യവും ആചാര്യന്മാരും വിശുദ്ധ ജനവും ആയിരിക്കും" (പുറ. 19:6). ഈ വ്യവസ്ഥകളെയെല്ലാം യഥാവിധി വിലയിരുത്തുന്നതാണ് കേപ്പായുടെ വാക്കുകൾ: "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അളവറ്റ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ മഹത്ത്വം വിളിച്ചറിയിക്കുവാൻ രാജ്യത്തിനായി ആചാര്യത്വം നിർവ്വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട ഗണവുമാകുന്നു" (1 പത്രോ. 2:9). രക്ഷിക്കപ്പെട്ടത് എപ്രകാരമെന്ന് ദൈവവചനം എടുത്തു പറയുന്നുണ്ട്. "ദൈവമേ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ ഇതാ

വരുന്നു എന്നു പറഞ്ഞിരിക്കുന്നു." അതുകൊണ്ട് രണ്ടാമത്തേതു സ്ഥാപിക്കാൻ ഒന്നാമത്തേത് അവൻ മാറ്റിക്കളഞ്ഞു. അവന്റെ ഈ ഇഷ്ടം അനുസരിച്ച് ഒറ്റ പ്രാവശ്യം നടന്ന ഈശോമിശിഹായുടെ ശരീരസമർപ്പണം കൊണ്ട് നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:9-10). നാം എല്ലാവരും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്നതും രക്ഷിക്കപ്പെട്ട ഗണം എന്നതും അടിസ്ഥാനപരമായി ഒന്നുചേർന്നു പോകുന്നു. ദൈവവചനം കേൾക്കുകയും കല്പന അനുസരിക്കുകയും എന്നതാണ് മേല്പറഞ്ഞ വിശുദ്ധീകരണത്തിന്റെ രഹസ്യം. ഈശോമിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പണമാണ് പൗരോഹിത്യത്തിന്റെ അന്തസ്സത്ത. ഈശോയുടെ പൗരോഹിത്യ പ്രാർത്ഥനയിൽ വിശുദ്ധിയുടെ സ്വഭാവം സുതരാം വ്യക്തമാണ് (യോഹ. 17:1-24). ഈശോ പ്രാർത്ഥിക്കുന്നു: "പിതാവേ, നിന്റെ വചനം സത്യമായിരിക്കകൊണ്ട് നിന്റെ സത്യത്തിൽ അവരെ വിശുദ്ധീകരിക്കണമേ. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാകേണ്ടതിന് അവർക്കുവേണ്ടി ഞാൻ സ്വയം വിശുദ്ധീകരിക്കുന്നു" (യോഹ. 17:17,19). ഈശോയുടെ മനുഷ്യകുലവുമായുള്ള ബന്ധം അടിസ്ഥാനപ്പെടുത്തി ചിന്തിക്കേണ്ടത് രാജകീയ പൗരോഹിത്യത്തെ കുറിച്ചാണ്. കാരണം മാമ്മോദീസാ വഴി നവജീവൻ പ്രാപിച്ച സകലരോടുമൊത്ത് വൈദികർ ഏകസഹോദരഗണവും ഒരേ മിശിഹായുടെ ശരീരത്തിലെ അംഗങ്ങളുമായിത്തീരുന്നു.[38] സഭ പഠിപ്പിക്കുന്നതനുസരിച്ച് ദൈവജനം അഭിഷിക്ത ജനമാണ്.[39] നിത്യപുരോഹിതനായ ഈശോ സ്വന്തം (അരൂപിയാൽ) ചൈതന്യത്താൽ ദൈവജനത്തെ ജീവിപ്പിക്കുന്നു.[40] പൗരോഹിത്യകർമ്മത്തിൽ മിശിഹാ അല്മായർക്കു ഭാഗഭാഗിത്വം നൽകിയിരിക്കുന്നത് ആധ്യാത്മികാരാധന നടത്തുവാനാണ്.[41] ഇതിനുവേണ്ടിയാണ് അല്മായർ മിശിഹായ്ക്കു സമർപ്പിതരും റൂഹായാൽ അഭിഷിക്തരുമായിരിക്കുന്നത്.[42] ദൈവത്തിനു സ്വീകാര്യമായ ആധ്യാത്മികബലി എന്നു പറയുന്നത്, അല്മായരുടെ സകലജോലികളും പ്രാർത്ഥനയും

ശ്ലൈഹികപ്രവർത്തനങ്ങളും വിവാഹജീവിതവും കുടുംബകാര്യങ്ങളും അനുദിനവേലയും ശാരീരികവും മാനസികവുമായ വിശ്രമവും ക്ഷമയോടെ സഹിക്കുന്ന ജീവിത ക്ലേശങ്ങളുമെല്ലാം റൂഹാദ്ക്കുദ്ശായിൽ നിർവ്വഹിക്കപ്പെടുന്നതിനെയാണ്.[43] ഈവിധം രൂപപ്പെടുന്ന മിശിഹായുടെ മൗതികശരീരം മാമ്മോദീസായുടെ അധ്യാത്മികതയിലൂടെയാണ് നിരന്തരം വികസിക്കേണ്ടത്. ഒരേ റൂഹായിൽ നാമെല്ലാവരും ഏകശരീരമായിട്ടാണ് മാമ്മോദീസാ അനുഭവിച്ചിരിക്കുന്നത് (1 കോറ. 12:13).

മിശിഹായിൽ നിരന്തരം നവീകൃതരാകേണ്ടതിനുവേണ്ടി തന്റെ റൂഹായെ അവൻ നമുക്കു നൽകിയിരിക്കുന്നു. ഈ റൂഹാ തന്നെയാണ് ശിരസ്സിലും അവയവങ്ങളിലും ഒരുപോലെ വ്യാപരിച്ചു കൊണ്ട് ശരീരത്തെ മുഴുവൻ സജീവമാക്കുകയും ഏകീഭവിപ്പിക്കുകയും കർമ്മനിരതമാക്കുകയും ചെയ്യുന്നത്.[44] റൂഹാദ്ക്കുദ്ശാ സഭാംഗങ്ങളെല്ലാവരെയും അഭിഷേചിച്ചിരിക്കുന്നുവെങ്കിലും ശുശ്രൂഷയുടെ വൈവിധ്യമുള്ളതുകൊണ്ട് പ്രത്യേക വിധത്തിലുള്ള അഭിഷേകവും സഭയിലുണ്ട്. ഇവിടെയാണ് യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ പ്രസക്തമാകുന്നതും അവയുടെ ആധ്യാത്മികത ദൃശ്യമാകേണ്ടതും. നസ്രാണി റാസക്രമത്തിൽ ഇപ്രകാരമാണ് കൈവയ്പു പ്രാർത്ഥന കാണുന്നത്. "കർത്താവേ, ശക്തനായ ദൈവമേ,..... ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന റൂഹാദ്ക്കുദ്ശായുടെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പു വഴി നൽകപ്പെടുന്നു."[45] തുടർന്നു വരുന്ന പ്രാർത്ഥനയിൽ പൗരോഹിത്യത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നു. "വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിന് പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി."[46] ഈ പ്രാർത്ഥനയിൽ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതയിൽനിന്നു വേണം അഭിഷിക്താത്മക ആധ്യാത്മികത എന്തെന്നു കാണേണ്ടത്.

മിശിഹാനുയായികൾ ആദിമനൂറ്റാണ്ടുകളിൽ ലോകത്തിനു നൽകിയ ഏറ്റം വിലപിടിപ്പുള്ള സംഭാവന റൂഹാദ്ക്കുദ്ശായിൽ നിന്ന് അവർക്കു ലഭിച്ച രാജകീയ പൗരോഹിത്യത്തിനനുസൃതം ജീവിച്ച് അതിനുസാക്ഷ്യം വഹിച്ചു എന്നതാണ്. എല്ലാ മതങ്ങളിലും പുരോഹിതന്മാരുണ്ടായിരുന്നുവെങ്കിലും സംഘാതാത്മക പൗരോഹിത്യവും രാജകീയ പൗരോഹിത്യവും സഭയിലുണ്ടായിരുന്നത് ഏകാന്തവിശിഷ്ടമായിരുന്നു (unique).[47] ആദിമസഭ പൗരോഹിത്യത്തിന്റെ പദവികളുണ്ടായിരുന്ന ആരെയും "കാഹനാ" lereus എന്നു വിളിച്ചിരുന്നില്ല. മറിച്ച് പള്ളിമൂപ്പൻ (പ്രെസ്ബിറ്റർ) എന്നാണ് വിശേഷിപ്പിച്ചിരുന്നത്.[48] കാരണം മിശിഹാ മാത്രമായിരുന്നു യഥാർത്ഥ കാഹന-പുരോഹിതൻ. ചൈതന്യത്തിൽ ആചാര്യൻ.[49] പൗരോഹിത്യ ആധ്യാത്മികത കണ്ടുപിടിക്കുന്നതിന് മിശിഹാ എങ്ങനെ പ്രധാനാചാര്യനായി എന്നു ചിന്തിക്കേണ്ടതുണ്ട്. സത്യത്തിലും ചേതനയിലും പിതാവിനെ ആരാധിച്ചുകൊണ്ട് ഈശോ വിശുദ്ധിയുടെ ഉറവിടവും വിശുദ്ധിയുമായിത്തീർന്നു. ഈശോ വിശുദ്ധിക്കു പരിമിതിയില്ലാതെ, അത് ഏവർക്കും ഉണ്ടാകേണ്ട ഒന്നാക്കിത്തീർത്തു. റൂഹാദ്ക്കുദ്ശാ അരുൾചെയ്യുന്നു. ദൈവത്തിന്റെ പുത്രനായിരുന്നിട്ടും അവൻ അനുഭവിച്ച പീഡകളും ഭയവും നിമിത്തം അനുസരണം പഠിച്ചു. ഇതു വഴി അവൻ പൂർണ്ണനാകുകയും തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യായുസ്സിനു ഹേതുവായിത്തീരുകയും മൽക്കിസ്ദെക്കിന്റെ ക്രമപ്രകാരമുള്ള പ്രധാനാചാര്യനായി ദൈവത്താൽ നാമകരണം ചെയ്യപ്പെടുകയും ചെയ്തു (എബ്രാ. 5:8-10).

മിശിഹാ തന്റെ ആചാര്യത്വ ശുശ്രൂഷ വഴി സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായതുപോലെ പൂർണ്ണനായിത്തീർന്നു. എന്നാൽ അവിടുന്ന് ശിരസ്സെന്നനിലയിൽ സഭയെ മുഴുവനും കളങ്കമറ്റവളാക്കിത്തീർത്തുകൊണ്ട് പൗരോഹിത്യത്തിന്റെ യോഗ്യതയിലെത്തിച്ചു. അങ്ങനെ മിശിഹാ കഴിഞ്ഞാൽ സഭയാണ് പൗരോഹിത്യമുള്ള ഘടകം.[50] സഭയുടെ പൗരോഹിത്യം എന്നത് സഭാംഗങ്ങളിലൂടെയാണ് നിലകൊള്ളുന്നത്. അങ്ങനെ എന്നും പൗരോഹിത്യത്തിന്റെ പദവികളിലേയ്ക്കു നടക്കുമ്പോൾ

മെത്രാന്മാരും കാഹനാമാരും മറ്റും കടന്നുവരുന്നു. മൂന്നാമതായിട്ടാണവർ നിലകൊള്ളുന്നത്.[51] സഭയും മെത്രാന്മാരും വൈദികന്മാരുമെല്ലാം മിശിഹായുടെ, മിശിഹായുടെ ആചാര്യത്വത്തിന്റെ ഉപകരണങ്ങളായി വരുന്നവയാണ്. ചുരുക്കത്തിൽ മിശിഹായുടെ ഏകാന്തവിശിഷ്ടമായ കാഹനൂസാ (പൗരോഹിത്യം) ദൈവമനുഷ്യസംഗമത്തിന്റെ പരിശുദ്ധിയാണ്. ഈ പരിശുദ്ധി ബലിയിലൂടെ കൈവരിച്ചതും. ബലിയുടെ തനിമയാകട്ടെ ജീവിതത്തിന്റെ ആഘോഷവും-ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ള ശുശ്രൂഷയുടെ ബലി (മത്താ. 20:28).

മിശിഹായുടെ പൗരോഹിത്യം എന്നും നിലനില്ക്കുന്ന ഒന്നാണ്. അതും ദൈവത്തിൽ നിന്നും ലഭിച്ചതാണെന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു: "നീ എന്റെ പുത്രനാകുന്നു, ഇന്നു നിനക്കു ഞാൻ ജന്മമേകി" എന്ന് അവനോട് അരുളിച്ചെയ്തവനാണ് അവനെ മഹത്ത്വപ്പെടുത്തിയത്. "നീ മൽക്കിസ്ദെക്കിന്റെ ക്രമപ്രകാരം എന്നേയ്ക്കും പുരോഹിതനാണ്" (എബ്രാ. 5:5,6; സങ്കീ. 2:7;110:4). ഈശോയുടെ പൗരോഹിത്യം നിരന്തരപ്രാർത്ഥനയിലൂടെ തുടർന്നു കൊണ്ടിരിക്കുന്നു. എബ്രായലേഖനം ഇപ്രകാരം തുടർന്നു പ്രസ്താവിക്കുന്നു: "എന്നാൽ ഇവൻ എന്നേയ്ക്കും നിലനില്ക്കുന്നതുകൊണ്ട് ഇവന്റെ ആചാര്യത്വം നീങ്ങിപ്പോകുന്നില്ല. അതുകൊണ്ട് താൻമൂലം ദൈവത്തെ സമീപിക്കുന്നവരെ എന്നേയ്ക്കും രക്ഷിക്കാൻ അവനു കഴിവുണ്ട്. എന്തെന്നാൽ അവൻ എപ്പോഴും ജീവനോടിരിക്കയും അവർക്കുവേണ്ടി പ്രാർത്ഥന സമർപ്പിക്കുകയും ചെയ്യുന്നു" (എബ്രാ. 7:24,25). ഈശോയുടെ നിത്യ പൗരോഹിത്യത്തിന്റെ അവസ്ഥ ഇതാണ്: "സ്വർഗ്ഗത്തിൽ മഹത്ത്വത്തിന്റെ സിംഹാസനത്തിനു വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന പ്രധാനാചാര്യൻ നമുക്കുണ്ട്. അവൻ വിശുദ്ധ സ്ഥലത്തിന്റേയും മനുഷ്യനിർമ്മിതമല്ലാതെ ദൈവസ്ഥാപിതമായ യഥാർത്ഥ കൂടാരത്തിന്റേയും ശുശ്രൂഷകനായിത്തീർന്നിട്ടുമുണ്ട്" (എബ്രാ. 8:1-2).

ഈശോ ആചാര്യനെന്ന നിലയിൽ ചെയ്തത് മനസ്സാക്ഷിയെ പരിപൂർണ്ണമാക്കിയ പ്രവൃത്തിയുടെ നന്മ സ്ഥാപിക്കുകയായിരുന്നു.

ഇതുവഴി, പൗരോഹിത്യത്തിന്റെ ലക്ഷ്യമായ ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പണം നിലവിൽ വന്നു. വിശുദ്ധി സാധ്യമായിത്തീർന്നു. അതായത് സ്വന്തം രക്തവുമായി അവൻ വിശുദ്ധസ്ഥലത്ത് ഒരിക്കൽ മാത്രം പ്രവേശിച്ചു. എന്നേയ്ക്കുമുള്ള രക്ഷ സാധിച്ചു. ബലിയർപ്പണത്തിലൂടെ മാനവ വിശുദ്ധീകരണവും ദൈവിക മഹത്ത്വീകരണവും നിലവിൽ വന്നു. നിത്യാത്മാവിനാൽ തന്നെത്തന്നെ ദൈവത്തിനു കറയില്ലാത്തവിധം സമർപ്പിച്ച മിശിഹായുടെ രക്തം ജീവനുള്ള ദൈവത്തിനു ശുശ്രൂഷ ചെയ്യാനായി നമ്മുടെ ബോധത്തെ നിർജ്ജീവപ്രവൃത്തികളിൽ നിന്നു വിശുദ്ധീകരിക്കേണ്ടതുണ്ട്. രക്തം ചിന്താതുള്ള ബലിയല്ല, രക്തം ചിന്തിക്കൊണ്ടുള്ള യാഗമാണ് യഥാർത്ഥ പൗരോഹിത്യത്തിൽ കാണുന്നത്. ഈ രക്തം ചിന്തലാണ് സെഹിയോൻ ഊട്ടുശാലയിൽ ഈശോ പ്രഖ്യാപിച്ചതും, ഗദ്സേമാനിയിൽ തുടർന്നതും ഗാൽഗുത്തായിൽ പൂർത്തീകരിക്കപ്പെട്ടതും. ഇപ്രകാരം ജന്മം കൊണ്ട ദൈവജനത്തിന്റെ പൗരോഹിത്യം മിശിഹായുടേതു തന്നെ. അതു തന്നെ അടിസ്ഥാനകൂദാശയായിരിക്കുന്ന സഭയുടേതും. മറ്റൊന്നല്ല പൗരോഹിത്യത്തിന്റെ പദവികളിലൂടെ സന്നിഹിതമായിരിക്കുന്നത്. ഇവിടെയാണ് പൗരോഹിത്യത്തിന്റെ ആധ്യാത്മികത വ്യക്തമാകുന്നത്.

മിശിഹായിൽ വിശുദ്ധീകരിക്കപ്പെടുന്നവരെ ഏകസമർപ്പണം വഴി എന്നേയ്ക്കുമായി അവൻ പരിപൂർണ്ണരാക്കി. റൂഹാദ്ക്കുദ്ശായും നമുക്കു സാക്ഷ്യം നൽകുന്നു: "ആ ദിവസങ്ങൾ കഴിഞ്ഞ് അവർക്കു ഞാൻ കൊടുക്കാനിരിക്കുന്ന നിയമം ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. എന്റെ നിയമം അവരുടെ ബോധങ്ങളിൽ ഞാൻ സ്ഥാപിക്കും. അവരുടെ ഹൃദയങ്ങളിൽ അതു ഞാൻ എഴുതും" (എബ്രാ. 10:14-16). ബോധത്തിന്റേയും ഹൃദയത്തിന്റേയും പരിണാമമാണ് ആധ്യാത്മികതയുടെ ചൈതന്യം. എന്നാൽ ഈ പരിണാമം ദൈവഹിതമനുസരിച്ചു നടക്കേണ്ടതിന് ദൈവത്തിന്റെ നിയമമായ സ്നേഹം ഹൃദയത്തെ ചലിപ്പിക്കണം. ഈ സ്നേഹത്തിന്റെ രൂപവും ഭാവവുമാണ് ദൈവം ദാനമായി മനുഷ്യനു നൽകുന്നത്. ഈ സ്നേഹത്തിന്റെ ശാരീരികവും

മാനസികവും ആധ്യാത്മികവുമായ അടിസ്ഥാനമാണ് വി.ഗ്രന്ഥത്തിൽ ഉടനീളം പ്രതിപാദിക്കുന്നതും (സൃഷ്ടി. 1:26,27; 2:7; നിയമ. 6:5; ലേവ്യ. 19:18; ഏറ. 31:33-34; എസ. 36:25,27; മത്താ. 22:37-39; ലൂക്ക. 22:20; യോഹ.13:34). ദൈവസ്നേഹം ഹൃദയത്തിന്റെ നിയമമായി എന്നും അനുഭവപ്പെടുന്നതിനുള്ള വ്യവസ്ഥയാണു ബലി, അല്ലെങ്കിൽ രൂപാന്തരീകരണം. ഇതു വഴി സംഭവിക്കുന്നത്, ദൈവസ്നേഹം മനുഷ്യ ഹൃദയങ്ങളിൽ അനാവരണം ചെയ്യുന്നതു വഴി ദൈവമഹത്വവും, മനുഷ്യർ അതിൽ അനുഭവസ്ഥരും അവർ അതിന്റെ ഉടമകളുമാകുന്നതു വഴി മാനവ പവിത്രീകരണവും ആണ്. ഇതെല്ലാം ഈശോയിൽ ഒരിക്കൽ എന്നന്നേയ്ക്കുമായി സംഭവിച്ചതുവഴി അവിടുന്ന് ആധ്യാത്മികതയുടെ പ്രധാനാചാര്യനായിത്തീർന്നു. അങ്ങനെ മനുഷ്യഹൃദയങ്ങളിൽ റൂഹാദ്ക്കുദ്ശാ ദൈവസ്നേഹം ചൊരിയുകയും ചെയ്തു (റോമ. 5:5). മനുഷ്യപ്രകൃതിയുടെ സമർപ്പണം വഴി ഈശോ സ്നേഹത്തിന്റെ പുതിയ ഉടമ്പടി മാനവഹൃദയത്തിൽ എഴുതി. അങ്ങനെ ദൈവികജീവന്റെ സമൃദ്ധി മാനവരാശിക്കു കൈവന്നു, അതും പൗരോഹിത്യധർമ്മത്തിലൂടെ. ഈശോയുടെ പൗരോഹിത്യകർമ്മത്തിൽ മിശിഹാനുയായികൾ പങ്കുചേരുന്നതിന് എന്തു ചെയ്യണമെന്നത് ശ്ലീഹായുടെ വാക്കുകളിൽ നിന്നും കണ്ടുപിടിക്കാം. "നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ, ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ബലിയായി ബുദ്ധിപൂർവ്വകമായ ശുശ്രൂഷ മൂലം സമർപ്പിക്കുവിൻ. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത ബോധങ്ങളുടെ നവീകരണത്തിലൂടെ രൂപാന്തരം പ്രാപിക്കുവിൻ" (റോമ. 12:1,2). മനുഷ്യത്വത്തിന്റെ രൂപാന്തരീകരണം ദൈവാരാധനയിലൂടെയാണ് സംഭവിക്കേണ്ടത്. ദൈവാരാധന അവശ്യം വചനശുശ്രൂഷയിലും, മുമ്പേ പോയിക്കൊണ്ട് ദൈവത്തിലേയ്ക്ക് ആരാധകരെ നയിക്കുന്നതിലും അടങ്ങിയിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച ത്രിവിധ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ വൈദികർക്കുണ്ടാകേണ്ട ഗുണം വിശുദ്ധിയാണ്. മാമ്മോദീസാവഴി

മിശിഹായോട് ഒന്നുചേർന്നവർ, പൗരോഹിത്യത്തിന്റെ പ്രത്യേകാഭിഷേകത്താൽ മിശിഹായുടെ വിശുദ്ധിയിൽ സവിശേഷമായി പങ്കുചേരേണ്ടതുണ്ട്.[52] പുരോഹിതനിൽ വിളങ്ങി ശോഭിക്കേണ്ട സുകൃതങ്ങൾ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവയും അവവഴി ദൈവത്തോടും സഹജരോടും തന്നോടുതന്നെയുമുണ്ടാകേണ്ട അഗാധമായ ബന്ധവുമാണ്.[53] ദൈവത്തോടുള്ള ബന്ധത്തിൽ വിശുദ്ധിയുടെ അനുഭവവും മനുഷ്യരോടുള്ള ബന്ധത്തിൽ വിശുദ്ധിയുടെ പ്രസരണവും തന്നോടുതന്നെയുള്ള ബന്ധത്തിൽ വിശുദ്ധിയുടെ അവസ്ഥയിൽ വിലയനവും സംഭവിക്കുന്നു. വിശുദ്ധിയുടെ അവസ്ഥയെ റൂഹാദ്ക്കുദ്ശായിലുള്ള അഭിഷേകമായികാണുമ്പോൾ, ദൈവബന്ധത്തെ പിതൃഐക്യമായും മനുഷ്യരോടും പ്രപഞ്ചത്തോടുമുള്ള ബന്ധത്തെ മിശിഹായുമായുള്ള അനന്യതയായും ദർശിക്കാം. ഇപ്രകാരമെല്ലാം സംഭവിക്കുന്ന ആൾ, വേദത്തിൽ- ദൈവവചനത്തിൽ - അനുഭവസ്ഥനും അവഗാഹമുള്ളവനുമായ വൈദികനായിരിക്കും. അതായതു ദൈവജനത്തിനു മുമ്പേ ദൈവത്തിലേക്കു നീങ്ങുന്ന പുരോഹിതനായിരിക്കും. ഇപ്രകാരമുള്ള ഒരു പുരോഹിതനാണ് ദൈവജനത്തെയും പ്രപഞ്ചത്തെ മുഴുവനായും ദൈവസമക്ഷം എത്തിക്കുന്നത്. അതായത് യഥാർത്ഥ പുരോഹിതൻ ഈശോമാത്രം. പുരോഹിതരെല്ലാവരും മിശിഹായിൽ വൈദികർ, അഭിഷിക്തർ, യുഗാന്ത്യരൂപാന്തരീകരണത്തിന്റെ മുന്നോടികൾ.

3:7 രൂപാന്തരീകരണം

രൂപാന്തരീകരണത്തിന്റെ യുഗാന്ത്യ കൂദാശയായിട്ട് രോഗീലേപനത്തെ കാണാവുന്നതാണ്. ഈ രൂപാന്തരീകരണത്തിന് വൈയക്തികവും സംഘാതാത്മകവുമായ മാനങ്ങളുണ്ട്. വൈയക്തികത ഓരോരുത്തരിലും ഓരോന്നിലും ദർശിക്കുമ്പോൾ സംഘാതാത്മകത ഈശോമിശിഹായിലൂടെയാണ് ദർശിക്കേണ്ടത്. യുഗാന്ത്യാത്മകമായ രൂപാന്തരീകരണത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ പെസഹായുടെ ആധ്യാത്മികത എന്തെന്നു ദർശിക്കുന്നതാണ് കൂടുതൽ പ്രസക്തം.[54]

രോഗീലേപനമെന്ന കൂദാശയുടെ ആധ്യാത്മികതയാണിവിടെ പ്രതിപാദിക്കുന്നത്. രോഗീലേപനമെന്ന കൂദാശയെ അവസാനത്തെ ഒരു കർമ്മമായി കാണാതെ ഐഹികജീവിതത്തിന്റെ അവസാനം നിത്യ ജീവനിലേക്കുള്ള ഒരു പെസഹാ ആയി കാണുന്നതാണ് കൂടുതൽ അഭികാമ്യം.

ഈ പെസഹായുടെ രണ്ടു ധ്രുവങ്ങളാണ് പ്രപഞ്ചത്തോടു ബന്ധപ്പെടുന്ന ജനവും പ്രപഞ്ചാതീത പ്രപഞ്ചത്തിലേയ്ക്കു രൂപാന്തരപ്പെടുന്ന മരണവും.[55] മരണമാകുന്ന പെസഹായാണ് നിത്യ ജീവനിലേക്കുള്ള പ്രവേശനം സാധ്യമാക്കുന്നത്. അതുവരെ താത്ക്കാലികതയുടെ കുടുക്കിൽ പിണഞ്ഞു കിടന്നിരുന്ന ജീവിതം ഇനിമുതൽ വിമോചനത്തിൽ വിരാജിക്കുകയാണ്. ഈ വസ്തുതകളുടെയെല്ലാം അരങ്ങേറ്റം ഈശോമിശിഹായുടെ ജീവിതത്തിലൂടെ സംഭവിച്ചു. പീഡാനുഭവത്തിന്റേയും മൂന്നാസ്വാദനത്തിന്റേയും സാധ്യതയിൽ ഈശോയ്ക്കു ശേഷമുള്ളവരും ഈശോയ്ക്കു മുമ്പുണ്ടായിരുന്നവരും നിത്യജീവനിൽ പങ്കുകാരാകുന്നു. ബി.സി.യിൽ ഉണ്ടായിരുന്നവർ ഈശോയുടെ പെസഹായിൽ നേരത്തെ പങ്കു ചേർന്നതാണ് മൂന്നാസ്വാദനം എന്നത്. ഈശോയുടെ ഉത്ഥാനശേഷം ഭൂമുഖത്തു ജീവിക്കുന്നവരെല്ലാം പിന്നിലുണ്ടായ സംഭവത്തെ അനുഭവിക്കുന്നത് പിന്നനുഭവം. രണ്ടു തരത്തിലുള്ള പങ്കുചേരലും വിശ്വാസത്തിന്റെ ശക്തിയിലാണ് സംഭവിക്കുന്നത്. അതായത് ദൈവിക, മാനുഷിക സമ്പർക്കത്തിലൂടെ ദൈവം പ്രദാനം ചെയ്യുന്നു, മനുഷ്യർ സ്വീകരിച്ച് അനുഭവിക്കുന്നു. മരണാനുഭവത്തെ മനുഷ്യരുടെ രണ്ടാമത്തെ പെസഹാ എന്നു വിശേഷിപ്പിക്കാം. ഒന്നാമത്തേത് ജനനത്തിലൂടെയും മാമ്മോദീസായിലൂടെയുമുള്ള കടന്നു വരവ് എങ്കിൽ രണ്ടാമത്തേത് രോഗീലേപനത്തിലൂടെയും മരണത്തിലൂടെയുമുള്ള കടന്നുപോകൽ. കടന്നു വരവ് പ്രപഞ്ചത്തിലേയ്ക്കെങ്കിൽ കടന്നുപോക്ക് നിത്യജീവനിലേയ്ക്ക്-നവജീവനിലേക്ക്. കടന്നു വരവിന്റെ ചൈതന്യത്തെ മാമ്മോദീസാ എന്ന കൂദാശയിലൂടെ ദർശിച്ചതുപോലെ കടന്നുപോകലിന്റെ

ആധ്യാത്മികതയെ രോഗീലേപനത്തിന്റെ പശ്ചാത്തലത്തിലൂടെ ദർശിക്കാം. കടന്നു പോകലിന്റെ കൂദാശയാണ് രോഗീലേപനം. പ്രത്യാശയുടെ ആധ്യാത്മികതയാണ് രോഗീലേപനത്തിൽ മുന്നിട്ടു നില്ക്കുന്ന ഘടകം. പ്രത്യാശയുടെ പ്രത്യക്ഷമായ ശക്തി പ്രകടമാകേണ്ടത് മരണം, രോഗം, പാപം, സാത്താൻ എന്നീ ശക്തികളുടെ സാന്നിധ്യത്തിലാണ്. രോഗീലേപനം എന്ന കൂദാശയിൽ സംഭവിക്കുന്നത് മേല്പറഞ്ഞ നാലു ശക്തികളുടെമേൽ ഈശോ കൈവരിച്ച വിജയത്തിന്റെ ആഘോഷമാണ്. പ്രത്യേകിച്ചും രോഗത്തോടും മരണത്തോടും അനുബന്ധിച്ചുള്ള കൗദാശിക ശുശ്രൂഷയിൽ.

മരണത്തിന്മേൽ ഈശോ വിജയം കൈവരിച്ചത് പ്രധാനമായും രണ്ടു വിധത്തിലാണ്. ഒന്നാമത്, മരിച്ചവരെ ഉയിർപ്പിച്ചുകൊണ്ട്. ഒരു ഭരണാധികാരിയുടെ മകളെ ഉയിർപ്പിച്ചതും (മത്താ. 9:25,26) നായിമിലെ വിധവയുടെ മകനെ പുനരുജ്ജീവിപ്പിച്ചതും (ലൂക്ക. 7:14,15) ലാസറിനെ ഉത്ഥാനാനുഭവത്തിലേയ്ക്ക് നയിച്ചതും (യോഹ. 11:43,44) ചില ഉദാഹരണങ്ങളാണ്.

രണ്ടാമത്തേത്, ഈശോ തന്നെ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതാണ് (മത്താ. 28:5-8; മർക്കോ. 16:1-8; ലൂക്കാ. 24:1-12; യോഹ. 20:1-10). ഈശോ മരണത്തെ അതിജീവിച്ചത് ഉത്ഥാനത്തോടെയാണ്. ഉത്ഥാനത്തിന്റെ പ്രത്യാശയിൽ മരണാസന്നർ അനുഭവസ്ഥരാകുന്നതിന് രോഗീലേപനം ഇടവരുത്തുന്നു. മരണം ഒരു അധ്യായത്തിന്റെ അവസാനമല്ല മറിച്ച് ആരംഭമാകുന്നു. ജീവിതമാകുന്ന അധ്യായത്തിലേയ്ക്ക് മരണത്തിലൂടെ കടക്കുന്നുവെന്നതാണ് രോഗീലേപനത്തിന്റെ ചൈതന്യം. മരണത്തെ അനുഗമിക്കുന്ന രോഗത്തിന്റെ മേലുള്ള വിജയമാണ് അടുത്ത ചിന്ത.

രോഗത്തെ പലപ്പോഴും പാപത്തോടു ബന്ധപ്പെടുത്തി ചിന്തിക്കാറുണ്ട്. അതിനു കാരണം പാപം മനുഷ്യവ്യക്തിയിൽ വരുത്തി

വയ്ക്കുന്ന ശിഥിലീകരണം മാനസികതലത്തിൽ നിന്നു ശാരീരിക തലത്തിലേയ്ക്കു വ്യാപിക്കുന്നതിനും അങ്ങനെ പല രോഗത്തിനും അത് കാരണമായിത്തീരുന്നതിനും സാധ്യതയുണ്ടെന്നുള്ളതാണ്.

രോഗശാന്തി വ്യക്തിതലത്തിൽ അനുതാപവുമായി ബന്ധപ്പെട്ടിരിക്കുന്നു (മർക്കോ. 2:8-11). അതേ സമയം സാമൂഹ്യതലത്തിൽ രോഗികളോടു കാരുണ്യം ഉണ്ടാകുക എന്നത് ദൈവസ്നേഹവുമായി പൊരുത്തമുള്ളതാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യമാണ് ഇവിടെ മാനുഷിക പരിഗണനയിൽ ഉണ്ടാകേണ്ടത് (ലൂക്കാ 6:36; മത്താ. 5:48). ഈശോ രോഗികളോടു കാണിച്ച അനുകമ്പയും അവർക്കു നൽകിയ രോഗശാന്തിയും രോഗീലേപനകൂദാശയുടെ ആധ്യാത്മികതയ്ക്ക് ഉറവിടമാണ്. ഈശോയുടെ സൗഖ്യദായക ദൗത്യം ഭൂമിയിൽ തന്റെ അനുയായികളിലൂടെ തുടരുന്നതാണ് രോഗീലേപനം. ശ്ലീഹന്മാരുടെ അഭിഷേകത്തിൽ സൗഖ്യദായകവരം റൂഹാദ്ക്കുദ്ശാ പ്രദാനം ചെയ്യുന്നുണ്ട് (മർക്കോ. 16:17; 1 കോറ. 12:9,28,30). രോഗശാന്തിയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ മുൻതൂക്കം നൽകേണ്ടത് ആന്തരികസൗഖ്യത്തിന്റെ ആധ്യാത്മികതയ്ക്കാണ്. തൈലാഭിഷേകം നടത്തുന്നത് ശാരീരിക തലത്തിലെങ്കിലും അതു സൂചിപ്പിക്കുന്നത് ആധ്യാത്മികതയാണ് (മർക്കോ. 6:13; യാക്കോ. 5:14; ഏശ. 1:6; ലൂക്കാ. 10:34; 7:37,47). പാപിനി ഈശോയുടെ പാദത്തിൽ പരിമളതൈലം പൂശിയത് നിരവധി പാപത്തിന്റെ മോചനത്തിനുള്ള അധികസ്നേഹമായിരുന്നു. രോഗികളോടുണ്ടാകേണ്ട അനുകമ്പയും സ്നേഹവും രോഗികൾക്കുണ്ടാകേണ്ട പ്രത്യാശയും ദൈവൈക്യവും തൈലാഭിഷേകം വഴി ശക്തിപ്പെടേണ്ട ആധ്യാത്മികതയാണ്.

ആധ്യാത്മികതയിൽ ഉണ്ടാകേണ്ട ഒരു പുരോഗതി പാപത്തിന്മേലുള്ള വിജയമാണ്. പാപം ഭൂമിയിൽ മുള്ളുകളും കൂർമുള്ളുകളും പുറപ്പെടുവിച്ചതായി വി.ഗ്രന്ഥം പറയുന്നുണ്ട് (സൃഷ്ടി 3:17,18). പാപം,

മനുഷ്യനിലും മനുഷ്യർ തമ്മിലും, ദൈവത്തോടും വിപരീതാത്മകത ഉളവാക്കി (സൃഷ്ടി. 3:6-17). പാപത്തിന്റെ ബന്ധനം അഴിയുക എന്നത് രോഗീലേപനത്തിന്റെ ആധ്യാത്മികതയ്ക്ക് അത്യാവശ്യമുള്ളതാണ്. പാപമോചനവും രോഗശാന്തിയും പ്രദാനം ചെയ്യുന്ന രോഗീലേപനം പാപത്തെക്കുറിച്ച് യഥാർത്ഥത്തിൽ അനുതപിക്കുന്നതിനിടവരുത്തുന്നു. പാപമെന്നത് താല്ക്കാലികതയുടെ പിടിയിലമർന്നു നിത്യജീവനെ അപകടത്തിലാക്കുന്നതാണ്. അനുതാപം വഴി ജഡികതയുടെ താത്ക്കാലികതയിൽ നിന്നു തിരിഞ്ഞ് ആത്മീയതയുടെ സനാതനത്വത്തിൽ ലയിക്കുമ്പോൾ പാപമോചനത്തിന്റെ അനുഭവമുണ്ടാകുന്നു. എന്നാൽ അനുതാപി എപ്പോഴും പാപമോചനത്തിനായി ദൈവത്തിലേക്കു തിരിയുന്നു (സങ്കീ. 129:4). ദൈവത്തിന്റെ പക്കലുള്ള പാപമോചനമാണ് ഈശോമിശിഹായിലൂടെ ആവിഷ്കൃതമായത് (മർക്കോ. 2:5-11). ഈശോ തളർവാതരോഗിയെ സുഖപ്പെടുത്തിയത് അത്രകാര്യമാക്കിയില്ല. നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നു എന്ന് ഈശോ പറഞ്ഞത് അവിടുത്തേക്ക് പാപമോചനാധികാരമുള്ളതുകൊണ്ടാണ്. ഈശോ നിരവധി പാപികൾക്കു മോചനം നൽകി (പുറ. 5:20; 7:47,50; യോഹ. 8:11). ഈശോ ചെയ്തിരുന്നത് സഭയിലൂടെ തുടരുന്നതിന് അഭിഷിക്തരെ അവിടുന്നു നിയോഗിച്ചു (മത്താ. 16:19; 18:18; യോഹ. 20:22). സ്വർഗ്ഗീയ യാത്രയുടെ നിർണായക നിമിഷമായ മരണസമയം പാപത്തിന്മേൽ വിജയം കൈവരിച്ച ഈശോയെ പ്രഖ്യാപിച്ചുകൊണ്ട് പാപമോചനാനുഭവം ആഴപ്പെടുത്തുന്നു. തെളിഞ്ഞ മനസ്സോടും തികഞ്ഞ പ്രത്യാശയോടും കൂടെ ഈശോയുടെ ഉത്ഥാനത്തിലേക്കുള്ള ഒരു കടന്നുപോക്കാകുന്നു രോഗീലേപനം.

അവശേഷിച്ചിരിക്കുന്നത് സാത്താന്റെമേലുള്ള വിജയമാണ്. യോഹന്നാനെഴുതിയ ലേഖനത്തിൽ, സാത്താനെ നശിപ്പിക്കുവാനാണ് ദൈവസുതൻ വന്നിരിക്കുന്നതെന്നു പ്രസ്താവിക്കുന്നു (1 യോഹ. 3:8). സാത്താൻ എന്നത് പ്രതിബന്ധം എന്നപോലെ നിലകൊള്ളുന്നതാണ്. ഒരാൾ തനിക്കു തന്നെ സാത്താനാകാം. മറ്റുള്ളവർക്ക് ഒരാൾ

സത്താനാകാം. മെശയാനിക ദൗത്യത്തിനു വിരുദ്ധമായി വന്ന നിരവധി സാത്താന്മാരുണ്ട് (മത്താ. 4:1-11). ഈശോയുടെ പീഡാസഹനങ്ങളെക്കുറിച്ചു കേട്ടപ്പോൾ പത്രോസ് അതിനെ എതിർത്തപ്പോൾ ഈശോ 'സാത്താനെ, നീ പിന്നിൽ പോകുക' എന്നു പറഞ്ഞു. ഈശോ തന്റെ പ്രാർത്ഥനയും ഉപവാസവും പ്രായശ്ചിത്തവും നിറഞ്ഞ ജീവിതത്തിലൂടെയാണ് സാത്താനെ ഒഴിവാക്കിയത്. നിരന്തര തപസ്സുവഴി സാത്താനെ പരാജയപ്പെടുത്തി. പ്രത്യേകിച്ച് സ്വമേധയാ ഒന്നും ചെയ്യാതെ ഈശോ പിതാവായ ദൈവത്തിനു വിധേയത്വം പുലർത്തിയിരുന്നു. അതുകൊണ്ട് ഒരിക്കലും പിശാചിന് അടിമപ്പെട്ടിരുന്നില്ല. ഇപ്രകാരമുള്ള ഒരു ആധ്യാത്മികതയാണ് പിശാചിനെ ഒഴിവാക്കുന്നതിന് ഈശോയിലുണ്ടായിരുന്നത്.

പിശാചിനും പാപത്തിനും രോഗത്തിനും മരണത്തിനും എതിരായ ശക്തി മിശിഹായിലുള്ള അഭിഷേകമാണ്. ഈ അഭിഷേകം റൂഹാദ്ക്കുദ്ശായിൽ മാമ്മോദീസാ സ്വീകരിക്കുന്നതു മുതൽ രോഗീലേപനം വരെ തുടർന്നു കൊണ്ടിരിക്കുന്ന ഒരു ജീവിതമാണ്. അവസാനം മരണത്തിലൂടെ പറുദീസായുടെ മഹത്ത്വത്തിൽ പ്രവേശിച്ച് റൂഹാദ്ക്കുദ്ശായിൽ നിറഞ്ഞവരായിത്തീരുന്നു. ഇതാണ് ആധ്യാത്മിക ജീവിതത്തിന്റെ സ്വഭാവവും. അതു ദൈവാരാധനയിൽ അധിഷ്ഠിതമായിരിക്കുന്നതിനാൽ ആരാധനാത്മകവുമാകുന്നു.

കൗദാശികമായ ഘടകങ്ങളെല്ലാം ഊന്നൽ നല്കുന്നത് ഈശോയുടെ ജീവിതത്തിലേക്കാണ്. അദൃശ്യനായ ദൈവം മനുഷ്യരൂപത്തിൽ മനുഷ്യാവതാരം വഴി ആവിഷ്കൃതനായത് ഭൗതിക ഘടകങ്ങളിലൂടെ ദൈവികതയിലേക്ക് മനുഷ്യരെയും ഭൗതികതയേയും രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടിയാണ്.[56] ഈശോയുടെ സ്വർഗ്ഗാരോഹണശേഷവും അവിടുന്ന് ഐഹികജീവിതത്തിൽ മനുഷ്യർക്കു കൂദാശയായിരുന്നത് നിത്യം തുടർന്നു കൊണ്ടിരിക്കുന്നു. ഈ തുടർച്ചയുടെ സഭാത്മകതയാണ് സഭയിലെ പൗരോഹിത്യവും ദൈവാരാധനയും.

അതിനാൽ മഹത്ത്വീകൃതനായ പ്രധാനാചാര്യനോടു ചേർന്ന് മൗതിക ശരീരം മുഴുവനും ദൈവാരാധന നടത്തുന്നതു തന്നെയാണ്, ആധ്യാത്മികതക്കുള്ള വേദിയും. കൂദാശകൾ ഒറ്റപ്പെട്ടു നില്ക്കാതെ, മിശിഹായാകുന്ന കൂദാശയിൽ, അടിസ്ഥാന കൂദാശയാകുന്ന സഭ ഒന്നു ചേരുന്നതുപോലെ സഭാംഗങ്ങളും ഒന്നു ചേരുന്നതാണ് ആരാധനാധിഷ്ഠിത ആധ്യാത്മികത.[57] കൂദാശകളോടു ചേർന്നു വരുന്ന കൂദാശാനുകരണങ്ങളും ഇത്തരത്തിൽ ചർച്ചയ്ക്കു വിഷയീഭവിക്കണം.

3:8 കൂദാശാനുകരണം

ദൈവികജീവനിൽ പങ്കുകാരാകുന്നതിന് ദൈവം മനുഷ്യർക്കു നൽകിയ കൂദാശയാണ് മനുഷ്യപുത്രനായ ഈശോ. ഈശോ മനുഷ്യർക്കു സംലഭ്യനാകുന്നതിനുള്ള സംഘാതമായ ഉപാധി കൂദാശകളുടെ ആഘോഷമാണ്. എന്നാൽ മനുഷ്യരുടെ അനുനിമിഷ ജീവിതത്തിലെ ഓരോ സംഭവത്തേയും കൂദാശകളോടും മിശിഹായാകുന്ന കൂദാശയോടും ബന്ധപ്പെടുത്തി അവയിലൂടെ ദൈവിക ജീവനിൽ മനുഷ്യരെല്ലാവരും പങ്കുകാരാകുന്നതിനുള്ള ഉപാധികളാണ് കൂദാശാനുകരണങ്ങൾ. ഇവയെല്ലാം കൂദാശകളുമായി ആഭിമുഖ്യമുള്ളവയും ദൈവാരാധനാത്മകത കാത്തു സൂക്ഷിക്കുന്നവയുമായിരിക്കും.

വി. കുർബാനയിലും യാമപ്രാർത്ഥനയിലും പങ്കുചേർന്നവർ ഒരു പ്രത്യേക സമ്മേളനം നടത്തുമ്പോൾ അതിനെ ആശീർവ്വദിക്കുന്നതിനായി സഭ നിശ്ചയിച്ചിരിക്കുന്ന ഒരു പ്രാർത്ഥനയാണ് താഴെ വരുന്നത്. "തിരുസഭയിലേക്കു ഞങ്ങളെ വിളിക്കുകയും തന്റെ ഏകജാതന്റെ മൗതിക ശരീരത്തിലെ അംഗങ്ങളാക്കിത്തീർക്കുകയും കർത്താവിന്റെ വീടു നടത്തലിൽ പ്രത്യേക ഉത്തരവാദിത്വമുള്ള അംഗങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്ത സർവ്വവല്ലഭനായ ദൈവമേ, നിന്റെ നാമം എന്നും വാഴ്ത്തപ്പെട്ടതാകണം. എല്ലാവിധ വിദ്വേഷങ്ങളിലും

സ്വാർത്ഥതാത്പര്യങ്ങളിൽ നിന്നും ഞങ്ങളെ വിമുക്തരാക്കണമേ."[58] സമ്മേളനത്തിനിടയിൽ, മനുഷ്യപ്രകൃതിയുടെ പരിമിതികൾ കടന്നു വന്നു സമ്മേളനത്തെ ഫലശൂന്യമാക്കുവാൻ സാധ്യതയുണ്ട്. ദുരാശകളാൽ ഉണ്ടാകാവുന്ന നാശത്തിൽ നിന്നും ഓടി അകന്ന് ദൈവിക ജീവനിൽ പങ്കാളികളാകാൻ മനുഷ്യർക്കു കഴിയേണ്ടതിനാണ് (2 പത്രോ.1:4) മേല്പറഞ്ഞ പ്രാർത്ഥന സഹായിക്കുന്നത്. മുകളിൽ സൂചിപ്പിച്ച പ്രാർത്ഥനയ്ക്കനുസൃതം ജീവിക്കുവാൻ സമ്മേളനസമയം മുഴുവൻ ഒന്നിച്ചു കൂടിയവർ പരിശ്രമിക്കുകവഴി ആ സമ്മേളനത്തിലൂടെ ഈശോയെ അനുഭവിച്ചറിയുവാനും റൂഹാദ്ക്കുദ്ശായിൽ വളരുവാനും ഇടവന്നാൽ അതു ദിവ്യകാരുണ്യ ആധ്യാത്മികതയുടെ പ്രായോഗികതയാകുന്നു. അതായത് ഈശോയുടെ നാമത്തിൽ ഒന്നിച്ചു കൂടിയവർ ഈശോയുടെ സാന്നിധ്യത്തിൽ സ്നേഹത്തിന്റെ അനുഭവസ്ഥരാകുന്നു. ഈ സ്നേഹത്തിന്റെ അനുഭവം റൂഹായിലുള്ള ജീവിതവും ദൈവികജീവനിലുള്ള പങ്കാളിത്തവുമാകുന്നു.

മിശിഹായെക്കുറിച്ച് അറിവുണ്ടാകുമ്പോൾ അത് എല്ലാ വാഗ്ദാനങ്ങളുടേയും അനുഭൂതിയിലേക്കു മനുഷ്യരെ നയിക്കും. ഈ അനുഭൂതി പ്രദാനം ചെയ്യുന്ന ദൈവിക ജീവനിൽ പങ്കുചേരുന്നതിന് എപ്പോഴും ആവശ്യമായിരിക്കുന്ന ഘടകങ്ങളെക്കുറിച്ച് കേപ്പാശ്ലീഹാ പറയുന്നു: " നിങ്ങളുടെ വിശ്വാസത്തെ സുകൃതം കൊണ്ടും സുകൃതത്തെ ജ്ഞാനം കൊണ്ടും ജ്ഞാനത്തെ ആത്മനിയന്ത്രണം കൊണ്ടും ആത്മനിയന്ത്രണത്തെ ക്ഷമ കൊണ്ടും ക്ഷമയെ ഭക്തി കൊണ്ടും ഭക്തിയെ സഹോദര സ്നേഹം കൊണ്ടും സഹോദര സ്നേഹത്തെ ഉപവി കൊണ്ടും പൂർണ്ണമാക്കുവിൻ" (2 പത്രോ. 1:6-7). ഉപവി അഭ്യസിക്കുക, അതു പൂർണ്ണമാക്കുക എന്ന മഹോന്നതപ്രമാണം അടിസ്ഥാനപരമായി അഭ്യസിക്കുക എന്നത് കുദാശാ ജീവിതത്തിലും അതു വിശദാംശങ്ങളോടുകൂടി പ്രായോഗികമാക്കുക എന്നത് കുദാശാനുകരണത്തിന്റെ ആധ്യാത്മികതയിലും അടങ്ങിയിരിക്കുന്നു. പ്രത്യേകിച്ച് ഉപവിയുടെ

അവിഭാജ്യഘടകമായ സഹോദരസ്നേഹം അഭ്യസിക്കുന്നതിനും കൂദാശാനുകരണത്തിന്റെ ചൈതന്യം സഹായിക്കുന്നു.[59]

ഈശോയുടെ ജീവിതത്തിൽ വിശ്വാസവും പ്രാർത്ഥനയും ജീവിതവും ഒന്നു ചേർന്നുപോയത് എല്ലാ മനുഷ്യർക്കുമുള്ള ഏറ്റവും വലിയ ഒരു വെളിപാടാണ്. എന്നാൽ ഈശോ മനുഷ്യർക്കു നൽകിയ പ്രായോഗികത ഇപ്രകാരമാണ്: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ" (യോഹ. 13:34). ഈശോ ഇപ്രകാരം ആവശ്യപ്പെട്ടത് അതു പൂർത്തിയാക്കി റൂഹാദ്ക്കുദ്ശായെ മനുഷ്യർക്കു പ്രദാനം ചെയ്തുകൊണ്ടാണ് (യോഹ. 19:34). ഇവയെല്ലാം ഒന്നുചേർന്ന് മനുഷ്യരാശിക്കു ലഭിച്ചിരിക്കുന്നതാണ് മൗലിക കൂദാശയായ സഭ.[60] കൂദാശാനുകരണങ്ങൾ എപ്പോഴും നമ്മെ അനുസ്മരിപ്പിക്കുന്നത് കൂദാശയെക്കുറിച്ചാണ്. കാരണം അനുകരണത്തിന്റെ വിശേഷം കൂദാശ എന്നതു തന്നെ. കൂദാശയുടെ ചൈതന്യം നിരന്തര ജീവിതത്തിൽ നിലനിർത്തുന്നതിന് കൂദാശാനുകരണത്തിനനുസൃതം ജീവിക്കണം. കൂദാശാനുകരണങ്ങളുടെ ആഘോഷവും അപ്രകാരമുള്ള ജീവിതവും, ദൈവാത്മാവിനാൽ നയിക്കപ്പെടേണ്ട നമ്മുടെ ജീവിത സാഹചര്യങ്ങളിൽ സന്നിഹിതനായിരിക്കുന്ന റൂഹാദ്ക്കുദ്ശായെ അനുഭവിച്ച് ഏറ്റു പറയുന്നതിനിടവരുത്തുന്നു. അങ്ങനെ പ്രവൃത്തിവഴിയാണ് സജീവവിശ്വാസം പ്രകടമാകുന്നത്. എന്നാൽ വിശ്വാസം വ്യക്തിതലത്തിൽ പ്രവൃത്തിയിലൂടെ പ്രകടമാകുന്നതിനു മുമ്പ് അത് ആരാധനാ സമൂഹത്തിലൂടെ പ്രകടമാകേണ്ടതുണ്ട്. ആരാധനാസമൂഹത്തിന്റെ വിശ്വാസപ്രകാശനത്തിനുള്ള ഉറവിടമായ സഭയും മിശിഹായും, വൈയക്തികതലത്തിലുള്ള വിശ്വാസപ്രകാശനത്തിന് ഇടവരുത്തുന്നു. ഇവിടെ നാം പ്രതിപാദിക്കുന്ന കൂദാശാനുകരണത്തിന്റെ ആധ്യാത്മികത അവസാനം പറഞ്ഞ ഓരോ വ്യക്തിയുടേയും ജീവിത സാഹചര്യത്തിന്റെ ചൈതന്യമാണ്.

മരണാനന്തരം നടത്തുന്ന പ്രാർത്ഥനകളും കൂദാശാനുകരണങ്ങളിൽ വരുന്നു. അവയിലൊന്ന് മേല്പറഞ്ഞ ആധ്യാത്മികതയുടെ പ്രസക്തിയെ വിളിച്ചറിയിക്കുന്നു. "നിന്റെ തിരുശരീരവും പാപപ്പരിഹാരാർത്ഥം തിരുരക്തവും നിത്യജീവന്റെ അച്ചാരമായി ഇയാൾ പല പ്രാവശ്യം സ്വീകരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഇയാളുടെ മേൽ കൃപയായിരിക്കണമേ."[61] നിത്യജീവന്റെ വി.കുർബാന സ്വീകരിച്ചയാൾ അനുഭവിച്ച മരണത്തേയും അതിനുശേഷമുള്ള അവസ്ഥയേയും വി. കുർബാനയോടു ബന്ധപ്പെടുത്തുന്ന മഹനീയമായ ചൈതന്യമാണ് കൂദാശാനുകരണത്തിന്റേതായ മേല്പറഞ്ഞ പ്രാർത്ഥനയിൽ കാണുന്നത്. ശരീരം മാത്രമല്ല "ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ളതിനെയെല്ലാം അവന്റെ കുരിശിലെ രക്തം കൊണ്ട് അവൻ വഴിയായി സമാശ്വസിപ്പിച്ചത്" ആണല്ലോ (കൊളോ. 1:20). കൂദാശാനുകരണം എല്ലാറ്റിനേയും പവിത്രീകരിക്കുന്നതിനുള്ള സഭയുടെ ഒരു പ്രായോഗിക പ്രാർത്ഥനയുമാകുന്നു. അതിനാൽ കൂദാശാനുകരണത്തിന്റെ ആധ്യാത്മികത്വം, സഭയുടെ സാർവ്വത്രികതയേയും മിശിഹായുടെ മധ്യസ്ഥനെന്നുള്ള ഏകാന്ത വൈശിഷ്ട്യത്തെയും പ്രകടമാക്കുന്ന ഒന്നാകുന്നു.[62] ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും രൂപപ്പെട്ട മനുഷ്യർ, ദൈവം രൂപപ്പെടുത്തിയ സർവ്വത്തേയും, തങ്ങളെത്തന്നെയും സമഗ്രമായി പവിത്രീകരിക്കുന്നതിനുള്ള ആധ്യാത്മികതയാണ് കൂദാശാനുകരണങ്ങളിൽ ദർശിക്കുന്നത്. സ്ഥല കാലങ്ങളെയും വ്യക്തിസംഭവങ്ങളെയും എപ്പോഴും പരിപാവനമാക്കിത്തീർക്കുന്നതിനുള്ള റൂഹാദ്ക്കുദ്ശായുടെ പ്രവൃത്തിയാണ് മിശിഹായുടെ സഭയിൽ കൂദാശാനുകരണങ്ങൾ പ്രദാനം ചെയ്യുന്ന ആധ്യാത്മികത.

3:9 യുഗാന്ത്യം

സദ്ദൂക്കായരിൽ ചിലർ ഈശോയോടു പുനരുത്ഥാനത്തെക്കുറിച്ച് ചോദിച്ചപ്പോൾ ഈശോ നൽകിയ മറുപടി യുഗാന്ത്യത്തെക്കുറിച്ച് ഒരു രൂപം കിട്ടുന്നതിനിടവരുത്തും. " ഈ ലോകത്തിന്റെ പുത്രന്മാർ വിവാഹം ചെയ്യുകയും സ്ത്രീകൾ പുരുഷന്മാർക്കു ഭാര്യമാരായിരിക്കുകയും ചെയ്യുന്നു. പരലോകത്തിനും മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉയിർപ്പിനും യോഗ്യരായവർ വിവാഹം ചെയ്യുന്നുമില്ല, സ്ത്രീകൾ പുരുഷന്മാർക്കു ഭാര്യമാരായിരിക്കുന്നുമില്ല. വീണ്ടും മരിക്കാൻ അവർക്കു സാധിക്കുകയില്ല. എന്തെന്നാൽ അവർ മാലാകാമാരെപ്പോലെ ആകുന്നു. ഉയിർപ്പിന്റെ മക്കളായി തീർന്നതുകൊണ്ട് അവർ ദൈവത്തിന്റെ മക്കളുമാകുന്നു" (ലൂക്ക 20:34-36).

ദൈവത്തിന്റെ മക്കളായി തീർന്നവരുടെ അവസ്ഥ നിത്യം തുടരുന്നതാണ് യുഗാന്ത്യാവസ്ഥ. ദൈവികജീവനിൽ പങ്കുകാരാകുന്നവർ ദൈവമക്കളാകുന്നു (2 പത്രോ. 1:1-4). ദൈവമക്കൾ റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെടുന്നവരുമാണ് (റോമ. 8:15). ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതത്തെയാണ് ആധ്യാത്മികത എന്നു പറയുന്നത്.[63] ഈശോമിശിഹായുടെ ഐഹിക ജീവിതം മുഴുവനും റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ടിരുന്നുവെങ്കിലും അവസാനത്തിൽ സംഭവിച്ചത് ആരാൽ നയിക്കപ്പെട്ടിരുന്നുവോ ആ റൂഹായെ മനുഷ്യ വർഗ്ഗത്തിനു നല്കുക എന്നതായിരുന്നു (യോഹ. 7:37; 14:16,26; 15:26; 16:7,13). ഇപ്രകാരമുള്ള ഒരു ജീവിതമാണ് എല്ലാ മനുഷ്യരും ലക്ഷ്യം വയ്ക്കുന്നത്. റൂഹായിലുള്ള നിത്യജീവൻ. ഈ നിത്യജീവനാണ് നവജീവൻ എന്നതുപോലെ യുഗാന്ത്യത്തിൽ അനുഭവപ്പെടുന്നത്. ഈ അവസ്ഥയെക്കുറിച്ച് അധികമൊന്നും പറയുക സാദ്ധ്യമല്ലെന്ന് ആധ്യാത്മിക ഗ്രന്ഥകാരന്മാർ പറയാറുണ്ട്.[64] ഏതായാലും യുഗാന്ത്യത്തിൽ സംഭവിക്കുന്നത് അന്ധകാരത്തിൽ നിന്നു വെളിച്ചത്തിലേയ്ക്കും മരണത്തിൽ നിന്നു ജീവനിലേക്കുമുള്ള കടന്നു പോക്കാണ്.[65]

യുഗാന്ത്യത്തെക്കുറിച്ചുള്ള വിചിന്തനത്തിൽ പലപ്പോഴും ഭീതിയുടേയും ഞെട്ടലിന്റേയും പ്രതീതി ജനിപ്പിക്കാറുണ്ട്. എന്നാൽ അവ അവശ്യം പ്രത്യാശയുടേയും സ്നേഹത്തിന്റേയും ആന്തരികാനുഭൂതിയാലാണ്. ഗോതമ്പു മണി വീണഴിയുന്നതിന്റെ ബാഹ്യ പ്രതിഭാസമായി ഭയവും ഞെരുക്കവും അനുഭവപ്പെടുന്നു. എന്നാൽ നൂറുമേനി ഫലം പുറപ്പെടുത്തുന്ന യുഗാന്ത്യാനുഭൂതി സ്നേഹത്തിന്റേതാകയാൽ പ്രത്യാശയായിരിക്കും അവിടെയും ആധ്യാത്മികതയായി നിലകൊള്ളുന്നത്. മാർ അപ്രേമിന്റെ കൃതികളിൽ തപസ്സിന്റെ കീർത്തനങ്ങളെ പ്രത്യാശയുടെ സംഗീതമാണു ലക്ഷ്യം വയ്ക്കുക.[66] വിശുദ്ധ ഗ്രന്ഥം അന്ത്യ വിധിയെക്കുറിച്ചു സൂചിപ്പിക്കുമ്പോൾ ഉന്നം വയ്ക്കുന്നത് പാപത്തിന്റെ സാർവ്വത്രികതയിൽ ഉണ്ടാകേണ്ട വിശുദ്ധീകരണ ധ്യാനചിന്തയാണ് (ഏശ.16; എബ്രാ. 10:27; മത്താ. 25; ലൂക്ക. 12:49; ഒബദ്. 1:18). ശുദ്ധീകരണം നിത്യജീവന്റെ മാറ്റു കൂട്ടുന്നു. സ്ലീവാ വഹിക്കൽ മഹത്ത്വത്തിലേക്കു നയിക്കുന്നു. സ്വയം പരിത്യജിക്കൽ ദൈവച്ഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേക്കു നയിക്കുന്നു. പഴയ ആദത്തെ പുതിയ ആദമായ മിശിഹായിൽ എത്തിക്കുന്നു. ഈശോയുമായുള്ള ഐക്യത്തെ ലക്ഷ്യം വയ്ക്കുന്നതു തന്നെയാണ് യുഗാന്ത്യ ആധ്യാത്മികമുന്നേറ്റം.[67]

ഈശോയുമായുള്ള ഐക്യം അവശ്യം ദൈവമഹത്ത്വത്തെ അനുഭവിക്കുക എന്നതുമാണ്. ദൈവമഹത്ത്വത്തിലേക്ക് രൂപാന്തരപ്പെടേണ്ട മനുഷ്യർ അവരുടെ മനസിന്റെ ശുദ്ധിവഴി ഇഹത്തിലായിരിക്കുമ്പോൾ തന്നെ ദൈവമഹത്ത്വം ദർശിക്കുന്നു. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണുമെന്ന് ഈശോയും പ്രഖ്യാപിക്കുന്നു (മത്താ. 5:8). ഇഹത്തിൽ ആയിരിക്കുമ്പോൾ തന്നെ യുഗാന്ത്യത്തിന്റെ മഹത്ത്വം ആസ്വദിക്കുകയെന്നത് മെശയാനിക ദൈവികീകരണത്തിന്റെ ആധ്യാത്മികതയാണ്. സ്വർഗ്ഗത്തിൽ ആയിരിക്കാതെ തന്നെ അനുചിന്തനത്തിലൂടെ പ്രകാശിതരാകുന്നവർ ദൈവസന്നിധിയിൽ സ്വർഗ്ഗവാസികളോട് ഒന്നു ചേരുന്നു.[68] ത്രിത്വത്തിലുള്ള സവിശേഷതയുടെ തനിമയായ മഹത്ത്വം

മനുഷ്യർക്കു പ്രദാനം ചെയ്യുക എന്നതല്ലേ മനുഷ്യാവതാരം വഴി സംഭവിച്ചത്. എന്നാൽ ദൈവപുത്രനായ ഈശോ മരണം വരെ നീണ്ട യുഗാന്ത്യയാത്രയിലൂടെ മഹത്ത്വം വീണ്ടെടുത്തത് മനുഷ്യരെ ഉദ്ദേശിച്ചാണ്.

മനുഷ്യർ തങ്ങളുടെ മാഹാത്മ്യം ഗ്രഹിച്ചാൽ സഹോദരൈക്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും മൂല്യങ്ങളും മനുഷ്യപ്രകൃതിയുടേയും പ്രയത്നങ്ങളുടേയും സകല സത്ഫലങ്ങളും നാഥന്റെ ചൈതന്യത്തിലും അവിടുത്തെ പ്രമാണാനുസൃതവുമായും ഇഹത്തിൽ നാം പ്രാപിച്ചതിനു ശേഷം അവയെ വീണ്ടും കണ്ടെത്തും.[69] വിശുദ്ധമലയിൽ കേപ്പാ, യോഹന്നാൻ, യാക്കോബ്, മൂശെ, ഏലിയ, ഈശോ തുടങ്ങിയവരുടെ അനുഭവം യുഗാന്ത്യോന്മുഖ ജീവിതം നയിക്കുന്നവരുടേതുമായിരിക്കും (മത്താ. 17:1-8; ലൂക്ക. 9:28-36; മർക്കോ. 9:1-8; 2 പത്രോ. 1:17-18).

യുഗാന്ത്യോന്മുഖമായ ആധ്യാത്മികതയുടെ കാതൽ അടങ്ങിയിരിക്കുന്നത് ദൈവം നൽകിയ പ്രമാണത്തിലാണ്. കാരണം ആ പ്രമാണമാണ് സ്നേഹത്തിന്റെ ഉടമ്പടി. ഇതു തന്നെയാണ് സ്വർഗ്ഗത്തിന്റെ ചൈതന്യം. ദൈവം സ്നേഹമാണെണ് വചനം മാംസം ധരിച്ചതുവഴി ദൈവം വെളിപ്പെടുത്തുകയും ചെയ്തു (1 യോഹ. 4:8; യോഹ. 1:1-16; റോമ. 5:5; മത്താ. 22:38,39; യോഹ. 13:34; 10:1-10). ഇപ്രകാരം വെളിപ്പെട്ട ഏകജാതന്റെ മഹത്ത്വം മനുഷ്യർ കാണുകയും ചെയ്തു. (യോഹ. 1:14). ഏകജാതന്റെ മഹത്ത്വത്തിലാണ് എല്ലാ വസ്തുക്കളുടേയും സർവ്വോപരി സകല മനുഷ്യരുടേയും യുഗാന്ത്യപൂർണത അടങ്ങിയിരിക്കുന്നത് (യോഹ. 1:3,14,16,33; 17:3; 12:26). ലോക ചരിത്രം മിശിഹായിൽ സമാഹരിക്കപ്പെട്ടിരിക്കുന്നതിനാൽ പ്രപഞ്ചത്തിന്റെ തന്നെ രൂപാന്തരീകരണം മിശിഹായിലൂടെ സാക്ഷാത്കരിക്കപ്പെടണം (അപ്പെ. 1:10). പ്രപഞ്ചത്തിന്റെ രൂപാന്തരീകരണം വഴി വിശ്വ വിശാലമായ സാഹോദര്യം ദൃശ്യാദൃശ്യ ലോകങ്ങളെ ഒന്നിപ്പിക്കുന്ന ദൈവരാജ്യാനുഭൂതിയാണ്

സ്നേഹത്തിന്റെ അവസ്ഥ. ദൈവം സ്നേഹമാണെന്നു യോഹന്നാൻ ശ്ലീഹാ അനുഭവിച്ചതും മറ്റൊന്നല്ലല്ലോ (1 യോഹ. 4:1-17). ദൈവസ്നേഹത്തിൽ വിശ്വസിക്കുന്നവരുടെ പ്രത്യാശയാണ് യുഗാന്ത്യാധ്യാത്മികത്വം. ഈ ആധ്യാത്മികത ഏതു ജീവിതസാഹചര്യങ്ങളിലും പുലർത്തേണ്ടതായ ചൈതന്യവിശേഷമാണെന്ന് ഈശോ അനുസ്മരിപ്പിക്കുന്നു.[70]

ഏതു സാഹചര്യത്തിലും യുഗാന്ത്യമുന്നേറ്റം ആവശ്യമായിരിക്കുന്നുവെന്ന അനുഭവമാണ് അനുദിനസ്ലീവാ വഹിക്കലുവഴി സംജാതമാകുന്നത് (യോഹ. 12:23-26; മർക്കോ. 8:34-38; ലൂക്ക. 9:23-27; മത്താ. 16:24-28). ഈശോ തന്നെയും തന്റെ മനുഷ്യപ്രകൃതിയുടെ സ്ലീവാ വഹിച്ചുകൊണ്ട് അതിൽ തൂങ്ങി മരിച്ചപ്പോഴാണ് പ്രപഞ്ച ശക്തികളിൽ, മനുഷ്യഹൃദയത്തിൽ, അന്തർസ്ഥിതനായിരുന്ന റൂഹാദ്ക്കുദ്ശാ ആവിഷ്കൃതനായതും (യോഹ. 7:37; 19:34) ദൈവരാജ്യത്തിന്റെ ഭൗമിക പതിപ്പ് പ്രപഞ്ചത്തിൽ സമുദ്ഘാടനം ചെയ്യപ്പെട്ടതും. ഈശോ വഹിച്ച സ്ലീവായിലും അവിടുന്നു വീണ്ടെടുത്ത മഹത്ത്വത്തിലുമാണ് അവിടുന്നിൽ സൃഷ്ടിക്കപ്പെട്ട സർവ്വതും പങ്കു പറ്റേണ്ടത് (യോഹ. 17:1-11; 1:1-3; കൊളോ. 1:9-23). സ്ലീവായിൽ വച്ച് ഈശോ പ്രദാനം ചെയ്ത റൂഹാ ഇന്നു മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു (റോമ. 5:5; 8:1-26). ഭാവിയുഗത്തിനു വേണ്ടിയുള്ള ഒരഭിലാഷം അവിടുന്നു നമ്മളിൽ തട്ടി ഉണർത്തുക മാത്രമല്ല, പ്രത്യുത ഉദാരനിശ്ചയങ്ങളെ ഉത്തേജിപ്പിക്കുകയും പവിത്രീകരിക്കുകയും ശക്തിപ്പെടുത്തുകയും കൂടെ ചെയ്യുന്നുണ്ട്.[71] മനുഷ്യകുടുംബത്തെയും ലോകം മുഴുവനേയും ദൈവസ്നേഹത്തിൽ എത്തിക്കുന്നതിനു റൂഹാദ്ക്കുദ്ശാ നൽകുന്ന സഹായങ്ങളെല്ലാം യുഗാന്ത്യാസാക്ഷാത്കാരത്തിന് ഉപകരിപ്പിക്കുന്നതിലാണ് യുഗാന്ത്യ ആധ്യാത്മികതയുടെ കാര്യക്ഷമത. ഈ കാര്യക്ഷമത സംജാതമാകേണ്ടതിന് സ്വാർത്ഥസ്നേഹത്തെ ദൈവസ്നേഹത്തിലേയ്ക്കും സഹോദരസ്നേഹത്തിലേക്കും രൂപാന്തരപ്പെടുത്തേണ്ടതുണ്ട്. ഇവിടെയാണ് മനുഷ്യരാശി ദൈവത്തിനു സ്വീകാര്യമായ ബലിയായിത്തീരുന്നത് (റോമ. 15:16; 12:2).[72]

യുഗാന്ത്യമുന്നേറ്റത്തിന്റെ ഭക്ഷണമായ വി. കുർബാന ഒരേ സമയം സ്വർഗ്ഗീയ ഭൗമിക യാഥാർത്ഥ്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു.[73] സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പമായ ഈശോയും, ഈശോയെ സംവഹിക്കുന്ന പ്രപഞ്ച ഘടകങ്ങളായ അപ്പവും വീഞ്ഞുമാണ് മേല്പറഞ്ഞ യാഥാർത്ഥ്യങ്ങൾ. ഈ യാഥാർത്ഥ്യങ്ങളുടെ സമന്വയത്തിലൂടെയാണ്, നമുക്ക് അജ്ഞാതമായിരിക്കുന്ന ലോകത്തിന്റെയും മനുഷ്യരാശിയുടെയും ദൗത്യത്തെകുറിച്ച് ഉറപ്പുണ്ടാകേണ്ടത്. (നട.1:7; യോഹ. 6:35-40). സ്നേഹത്തിന്റെ കല്പന ദിവ്യകാരുണ്യമായിത്തീർന്നതാണ് മനുഷ്യാവതാര ലക്ഷ്യം. യുഗാന്ത്യാധ്യാത്മികതയുടെ കാതൽ, സ്നേഹചൈതന്യമെങ്കിൽ അതു കൂദാശയായിത്തീർന്നതാണ് വി.കുർബാന. വി. കുർബാനയുടെ അവശ്യവ്യവസ്ഥയാണ് സ്വർഗ്ഗീയ ഭൗമികസംഗമം. ഈ സംഗമം നടക്കേണ്ടതു മനുഷ്യഹൃദയങ്ങളിലാണ്. എല്ലാവരുടേയും ഹൃദയങ്ങളിൽ ദൈവസ്നേഹത്തിന്റെ ദാനമാണുള്ളത്. എന്നാൽ ആ ദാനം പ്രകാശിതവും അനുഭവവേദ്യവുമാകേണ്ടതിനു തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറ്റുള്ളവരെ സ്നേഹിക്കണം. ഇപ്രകാരം ദൈവമനുഷ്യ സംഗമത്തിനായി രൂപാന്തരീകരണത്തിന്റെ അനുഭൂതി നിരന്തരം ഉണ്ടാകണം. പാപ കലുഷിതമായ ലോകത്തിന്റെ ബീഭത്സരൂപം കടന്നുപോകുമ്പോൾ, അതിനെ ദൈവോന്മുഖ രൂപാന്തരീകരണമാക്കിത്തീർക്കുന്നതിന് മിശിഹായുടെ ഉത്ഥാനവും മഹത്ത്വീകരണവുമാണ് അടിസ്ഥാനമായി നിലകൊള്ളേണ്ടത്. ഈ ഉത്ഥാനാത്മക ആധ്യാത്മികതയാണ് യുഗാന്ത്യാധ്യാത്മികതയിൽ തെളിഞ്ഞുനില്ക്കുന്നത്. ഇവിടെ സ്നേഹവും അതിന്റെ പ്രവർത്തനങ്ങളും സജീവമാകുകയും സൃഷ്ട വസ്തുക്കളെല്ലാം മനുഷ്യരോടൊപ്പം വ്യർത്ഥതയുടെ ദാസ്യത്തിൽ നിന്നു സ്വതന്ത്രമാകുകയും ചെയ്യും (റോമ. 8:19-21). രൂപാന്തരീകരണം അതിന്റെ സ്വഭാവത്തിൽ താപസികമായതിനാൽ അതെക്കുറിച്ച് കൂടുതൽ ചർച്ച ആവശ്യമാണ്.

IV
താപസികാധ്യാത്മികത

താപസികാധ്യാത്മികത

ആധ്യാത്മിക ജീവിതത്തിലെ രൂപാന്തരീകരണമെന്നത്, മനുഷ്യൻ സൃഷ്ടിക്കപ്പെട്ട, ദൈവച്ഛായയിൽ നിന്നു ദൈവസാദൃശ്യത്തിലേക്കുള്ള വളർച്ചയാണ്. ഈ വളർച്ച നിരന്തര അഭ്യാസത്തിന്റെ അല്ലെങ്കിൽ തപസ്സിന്റെ സ്വഭാവമുള്ളതാണ്.

ആധ്യാത്മിക ജീവിതത്തിലെ നിരന്തര പരിശ്രമങ്ങളെയെല്ലാം ഒന്നിച്ചു പരിഗണിച്ചാൽ അതിനെ താപസികം എന്നു വിശേഷിപ്പിക്കാവുന്നതാണ്.[1] ദൈവവചനം ശ്രവിക്കുന്നതും വിശ്വാസത്തിലേക്കു മാനസാന്തരപ്പെടുന്നതും വിശ്വാസം പ്രകടമാക്കുന്നതും വിശ്വാസജീവിതം നയിക്കുന്നതുമെല്ലാം താപസികജീവിതമാണ്. പ്രത്യേകിച്ചും ദൈവാരാധനയിലെ നിരവധി പ്രാർത്ഥനകളും കർമ്മങ്ങളും താപസജീവിതത്തെ പ്രകടമാക്കുന്നതാണ്. അതുപോലെ തന്നെ ആരാധനാവത്സര പഞ്ചാംഗമനുസരിച്ചുള്ള ഉപവാസങ്ങളും പ്രായശ്ചിത്തങ്ങളും പരിഹാരകർമ്മങ്ങളുമെല്ലാം തപസ്സിന്റെ സവിശേഷത വിളിച്ചറിയിക്കുന്നതാണ്.

മനുഷ്യപുത്രനായ ഈശോയുടെ താപസികജീവിതം സഭയിലൂടെ അനുസ്യൂതം തുടരുന്നതിലാണ് താപസികജീവിതത്തിന്റെ അടിസ്ഥാനം കാണുവാൻ സാധിക്കുന്നത്. സമൂഹപരവും ഔദ്യോഗികവുമായ താപസിക ഘടകങ്ങളാണ് ആധ്യാത്മികതയിൽ വരുന്നത്. സമൂഹപരവും ഔദ്യോഗികവുമായ തപസ്സിന്റെ ഉറവിടം കൂദാശകൾ തന്നെ. പ്രാഥമിക കൂദാശകളിൽ ആദ്യത്തേതായ മാമ്മോദീസാ ആവശ്യപ്പെടുന്ന തപസ്സ് മൗലികമായതാണ്. ആദ്യമായി ഉണ്ടാകേണ്ട താപസികത മാനസാന്തരത്തിന്റേതാണ്.

മാനസാന്തരമെന്നത് ശാരീരിക, ഭൗതികഘടകങ്ങളിൽ കുടുങ്ങിയിരിക്കുന്നവർ ദൈവത്തിലേക്കു തിരിയുകയാകുന്നു. ഈ വ്യവസ്ഥയാണ് ഈശോയും യോഹന്നാൻ മാംദാനയും ആവശ്യപ്പെട്ടതും (മത്താ. 3:2; മർക്കോ. 1:15). മാനസാന്തരപ്പെടുക, പശ്ചാത്തപിക്കുക എന്നതിന് രണ്ടു വശങ്ങളുണ്ട്. പ്രഥമത തങ്ങളിൽത്തന്നെ ആശ്രയിക്കുകയും അങ്ങനെ പരിമിതിയിൽ കേന്ദ്രീകൃതരായിരിക്കുകയും ചെയ്യുന്നവർ അതിൽ നിന്നു വിമുക്തി പ്രാപിക്കുവാൻ നിരന്തര പരിശ്രമവും അതിനനുസൃതം തങ്ങളിൽത്തന്നെയുള്ള ദൈവികശക്തിയെ അനുഭവിച്ചിരിക്കുകയും വേണം. ദൈവത്തിലേക്കു തിരിയുന്നതാണ് രണ്ടാമത്തെ വശം. ഇപ്രകാരമൊരു തിരിയൽ സംഭവിക്കുന്നതിനുള്ള ഉപാധിയാണ് സുവിശേഷം ശ്രവിക്കുക എന്നത്. സുവിശേഷത്തിൽ വിശ്വസിക്കുക എന്നാൽ ഈശോമിശിഹായ്ക്ക് പ്രതിഷ്ഠിതമാകുക എന്നതാകുന്നു. അതുകൊണ്ടാണ് മാമ്മോദീസാ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥയായി സുവിശേഷത്തിൽ വിശ്വസിക്കേണ്ടത് (മർക്കോ. 16:16).

വിശ്വാസത്തിലൂടെ സമാരംഭിച്ച് ആധ്യാത്മിക ജീവിതം നയിക്കുന്നതിനെക്കുറിച്ചുള്ള പ്രകാശനമാണ് താപസ ദൈവവിജ്ഞാനീയം. കിഴക്കൻ ആധ്യാത്മികതയിൽ ദൈവവിജ്ഞാനീയം, പരിശുദ്ധത്രിത്വത്തെ പ്രാർത്ഥനയിലൂടെ അനുഭവിച്ചറിയുന്നവർ നടത്തുന്ന ശാസ്ത്രീയ വിവരണമാണ്. പ്രാർത്ഥനാനുഭവത്തിൽ ദൈവാനുഭവം ആഴമുള്ളതാകുന്നു. എന്നാൽ അതിന്റെ ആരംഭം നേരത്തെ സൂചിപ്പിച്ച മാനസാന്തരത്തിലും പശ്ചാത്താപപരമായ ജീവിതത്തിലുമാണ് കണ്ടെത്തുക. തുടക്കത്തിൽ അനുതാപത്തിന്റേയും ശുദ്ധീകരണത്തിന്റേയും നിരന്തര സമരത്തിന്റേയും മാർഗ്ഗം ശക്തിപ്പെട്ടിരിക്കുന്നതിനാൽ തീർത്തും താപസികമായിരിക്കും അതിന്റെ സ്വഭാവം. ആധ്യാത്മിക ശാസ്ത്രത്തിൽ അടുത്ത കാലത്താണ് താപസികം, മൗതികം തുടങ്ങിയ വിഭജനങ്ങൾ ഉണ്ടായത്.[2]

ഭാരതീയ ചിന്തയിൽ താപത്രയങ്ങൾ ആധ്യാത്മം, അധിഭൂതം, അധിദൈവം എന്നിവയാണ്. തന്നിൽനിന്നുണ്ടാകുന്ന താപങ്ങളെ ആധ്യാത്മമെന്നും അന്യന്മാരിൽ നിന്നും അന്യപദാർത്ഥങ്ങൾ ഹേതുവായും ഉണ്ടാകുന്നവയെ അധിഭൂതമെന്നും ദൈവികമായി വന്നുചേരുന്ന താപങ്ങളെ അധിദൈവമെന്നും പറയുന്നു.[3]

ആധ്യാത്മ താപങ്ങളെന്നു പറയുന്നത് ശരീരം, മനസ്സ്, ബുദ്ധി എന്നിവയുടെ ക്ലേശങ്ങളും ദുഃഖങ്ങളുമാണ്. രോഗങ്ങളാണ് ശരീരക്ലേശങ്ങളായി വരുന്നത്. ഇതാണു വ്യാധി. മനസ്സിനുണ്ടാകുന്ന ക്ലേശങ്ങളെ ആധി എന്നു പറയുന്നു. ബുദ്ധിയുടെ ക്ലേശമാണ് അജ്ഞത. ജീവിതം സൗഭാഗ്യദായകമായിത്തീരണമെങ്കിൽ അരോഗദൃഢമായ ശരീരവും ആധിമുക്തവും ശാന്തവുമായ മനസ്സും പ്രകാശിതമായ ബുദ്ധിയും ഉണ്ടായിരിക്കണം.[4] കർമ്മശുദ്ധി, ആഹാരശുദ്ധി, ബ്രഹ്മചര്യം എന്നിവ ശരീരത്തെ അരോഗദൃഢമാക്കുന്നു. ഉത്തരവാദിത്വപരമായ നീക്കത്തിന് കർമ്മശുദ്ധി എന്നു പറയുന്നു.[5]

ക്രോധം, ലോഭം, മദം, മാത്സര്യം എന്നിവയെ ഒഴിവാക്കുന്നതാണ് ആഗ്രഹത്തെ അകറ്റി നിർത്തിക്കൊണ്ടുണ്ടാകുന്ന മനസ്സിന്റെ ആധിവിമുക്തി.[6] വിവേകമുള്ള ബുദ്ധി, വിജ്ഞാനത്താൽ മനസ്സിനെ സ്വതന്ത്രമാക്കുന്നു.[7] ശരീരം പ്രവൃത്തിയുടേയും മനസ്സു വിചാരത്തിന്റേയും ബുദ്ധി അറിവിന്റേയും ഉപാധികളാണ്. ഇവയുടെയെല്ലാം ഒന്നിച്ചുള്ള പ്രവർത്തനം നിരന്തര പരിശ്രമത്തിന്റെ, തപസ്സിന്റെ ഫലമായുണ്ടാകേണ്ടതാണ്. ജീവിതത്തെ ശരിയാം വിധം ക്രമപ്പെടുത്തുന്നവർക്ക് താപത്രയത്തിന്റെ ബാധയുണ്ടാകുകയില്ല.[8] എന്നാൽ ദൈവാനുഭവത്തിന്റെ സഹായത്താലാണ് താപസികത ക്രിയാത്മകതയിലേക്ക് നയിക്കുന്നത്.

താപസികതയുടെ ക്രിയാത്മകതയ്ക്ക് ഊന്നൽ നൽകുന്നതാണ് സഭയുടെ പഠനം. ആശ്രമജീവിതം താപസികസ്വഭാവം വിളിച്ചറിയിക്കുന്നതെങ്കിൽ, അത് അവശ്യം മൗതികവശത്തിൽ ഊന്നി നില്ക്കുന്നതാണ്.[9] പൗരസ്ത്യ ആധ്യാത്മിക ദൈവ വിജ്ഞാനീയത്തിൽ പ്രമാണാനുസരണം (praxis), അനുചിന്തനം (theor) എന്നീ വിധത്തിലാണ് തപസ്സും മൗതികതയും കൈകോർത്തത്.[10]

പൗരസ്ത്യരുടെ വീക്ഷണത്തിൽ പരിത്യാഗത്തിന്റെ മൂല്യത്തെക്കുറിച്ച് യാതൊരു സംശയവും ഇല്ലായിരുന്നു. ദൈവസ്നേഹത്തെപ്രതിയുള്ള ഏതു പരിത്യാഗവും രക്തസാക്ഷിത്വത്തിനു സദൃശമെന്നു വിശ്വസിച്ചിരുന്നവരാണവർ. ഇതുവഴി ലോകത്തിന്റെ ശുദ്ധീകരണവും റൂഹാദ്ക്കുദ്ശായുടെ ശക്തിയെ വിളിച്ചറിയിക്കുന്നതിന്റെ സാക്ഷ്യവുമുണ്ടാകുമായിരുന്നു.[11]

ദൈവസ്നേഹത്തിന്റെ അതുല്യത സൈദ്ധികനിലയിൽ ദർശിച്ചിരുന്നവരാണ് താപസർ. ദൈവസ്നേഹത്തിന്റെ ഉപാസകരായിത്തീരുന്നവർ രക്തസാക്ഷിത്വം വഴി സ്വർഗ്ഗീയാനുഭവത്തിനു സാക്ഷ്യം നൽകുന്നു എന്നാണ് ആധ്യാത്മിക ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തുന്നത്.[12] താപസജീവിതം പുവണിയുന്നത് രക്തസാക്ഷിത്വത്തിന്റെ സമയത്ത് ദൈവസാന്നിധ്യത്തെ ഏറ്റുപറയുന്നതിലൂടെയാണ്. അന്ത്യോക്യായിലെ ഇഗ്നേഷ്യസ് ഇതിനുള്ള ഉദാഹരണവുമാണ്.[13] റൂഹായുടെ സാന്നിധ്യത്തെ ഏറ്റു പറയുന്നതുകൊണ്ട് രക്തസാക്ഷിത്വം ഉപവിയുടെ സംപൂർണ്ണ പ്രകാശനമെന്ന് ഇരണേവൂസ് പ്രഖ്യാപിക്കുന്നു.[14] ലോകചരിത്രത്തിലും മാനവകുലത്തിന്റെ വളർച്ചയിലും പ്രകടമായി കാണുന്ന ദുഃഖ ദുരിതങ്ങളും സർവ്വോപരി രോഗം,

മരണം തുടങ്ങിയ അവസ്ഥകളും തപസ്സിന്റേയും ഉപവാസത്തിന്റേയും ഫലമായി മനുഷ്യവിശുദ്ധീകരണത്തിനുള്ള ഉപാധികളാക്കാം. ഇവിടെ സൂചിപ്പിച്ച അനുഭവങ്ങളെയെല്ലാം മുൻകൂട്ടി കണ്ടുകൊണ്ട് ജീവിതത്തെ മുഴുവനും തപസ്സിന്റെ ചൈതന്യത്തിൽ സമാശ്ലേഷിക്കുന്നത് മനസ്സിന്റെ വലിയൊരു പരിണാമമാണ്. അതായത് ശരീരത്തിന്റെ അവസ്ഥകളെ എല്ലാം അതീശത്വ നിലയിലേക്ക് ഉയർത്തുന്നതിനുള്ള വ്യക്തിയുടെ നിശ്ചയം ശക്തമാകുന്നു. ഈ നിശ്ചയത്തിനിടവരുത്തുന്നത് ദൈവ സ്നേഹത്തിന്റെ അനുഭവവും സഹോദര സ്നേഹത്തിന്റെ വികാസവും മോക്ഷാനുഭവത്തിന്റെ പ്രായോഗികതയുമാകുന്നു. മോക്ഷാനുഭവത്തിന്റെ ആഴം ദൈവവചനത്തിൽ-ബ്രഹ്മത്തിൽ-ഉറയ്ക്കുന്നതിന്റെ അവസ്ഥയാണ്. ഈ അവസ്ഥയിൽ വി.ശ്ലീഹായുടെ വാക്കുകൾ പ്രസക്തമാണ്. "ദൈവം നമുക്കു വേണ്ടിയെങ്കിൽ നമുക്കു വിരോധി ആര്?" (റോമ. 8:31). ഈ അനുഭവമാണ് കഠിന തപസ്സിനെപ്പോലും സമാശ്ലേഷിക്കുന്നതിന് താപസരെ പ്രേരിപ്പിക്കുന്നത്.[15] സ്ലീവാമരണമാണ് തപസ്സിന്റെ പൂർണ ധനാത്മകവശം.

4:1 സൃഷ്ടി

സൃഷ്ടി, സ്രഷ്ടാവു ബന്ധം എന്നത് അടിസ്ഥാനപരമായി മതാത്മകാനുഭൂതിയാകുന്നു. സൃഷ്ടി, സ്രഷ്ടാവു ബന്ധത്തെ അസ്തിത്വ പൂർണ്ണതയിലേക്കുള്ള സൃഷ്ടികളുടെ തുറവി എന്നു വിശേഷിപ്പിക്കാം.

മതാത്മകശൈലിയിൽ പറയുമ്പോൾ ദൈവത്തിലേയ്ക്കുള്ള തുറവി എന്നു വരുന്നു. ഈ അനുഭവത്തിന്റെ ഒരു ചിത്രീകരണമാണ് ഫിലിപ്പിയർക്കുള്ള ലേഖനത്തിലൂടെ വി.ശ്ലീഹാ വിവരിക്കുന്നത് (ഫിലി. 2:5-11). സൃഷ്ടിയെല്ലാം ഒരു യാഥാർത്ഥ്യമായി നിൽക്കുമ്പോൾ അതിന്റെ ആലപ്പ്-താവ് ആയി വരുന്നത് മാംസം ധരിച്ച വചനമാണ് (യോഹ. 1:1-3; കൊളോ. 1:15-20).

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യരുടെ ദൈവത്തിലേക്കുള്ള തുറവിയാണ് ഇവിടെ ചർച്ചാ വിഷയമാക്കുന്നത്.

ദൈവച്ഛായയും ദൈവസാദൃശ്യവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ആദ്യമായി അന്വേഷണം നടത്തിയത് അലക്സാന്ത്രിയായിലെ ക്ലെമന്റാണ്.[16] സൃഷ്ടി 1:26,27 വാക്യങ്ങളെ ആസ്പദമാക്കിയുള്ള ഭാഷ്യമാണിവിടെ കാണുന്നത്. റൂഹാദ്ക്കുദ്ശായുടെ പ്രവൃത്തിയാലാണ് ദൈവസാദൃശ്യം മനുഷ്യരിൽ പ്രതിഷ്ഠിതമാകുന്നത്. ആധ്യാത്മികതയുടെ ചലനാത്മകത ദൈവസാദൃശ്യത്തിലാണ് ദൃശ്യമാകേണ്ടത് എന്നാണ് ഇരണേവൂസിന്റെ സമീപനം.[17] സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ മനുഷ്യർ പൂർണ്ണത പ്രാപിക്കേണ്ടതിന് ദൈവസാദൃശ്യമാണ് നിർണ്ണായകഘടകമായി നിലകൊള്ളുന്നത്. ജഡിക മനുഷ്യൻ, ചേതനാത്മക മനുഷ്യൻ തുടങ്ങിയ ശൈലി പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നതും പിതാക്കന്മാരുടെ ചിന്തയിൽ പശ്ചാത്തലമായുണ്ട് (റോമ. 8:1–17). ഈശോയുടെ പ്രത്യക്ഷീകരണത്തിൽ മനുഷ്യർ അവിടുത്തെപ്പോലെ ആയിത്തീരുമെന്ന് യോഹന്നാൻ ശ്ലീഹാ പറയുന്നതും ഇത്തരുണത്തിൽ പ്രസക്തമാണ് (1 യോഹ. 3:2,3). ഈശോയുടെ പൗരോഹിത്യ പ്രാർത്ഥനയിൽ, അവിടുന്നു ഊന്നൽ കൊടുത്തതും മറ്റൊന്നല്ല (യോഹ. 17:21).[18] തേജസ്സിൽ നിന്നു തേജസ്സിലേക്കുള്ള രൂപാന്തരീകരണമാണ് ദൈവച്ഛായയിൽ നിന്നു ദൈവസാദൃശ്യത്തിലേക്കുള്ള വളർച്ചയിൽ സംഭവിക്കുന്നത്.[19] പൗരസ്ത്യാധ്യാത്മികതയിൽ ശാസ്ത്രീയമായ ഒരു കാഴ്ചപ്പാട് പ്രദാനം ചെയ്യുന്നതാണ് ദൈവച്ഛായയേയും ദൈവസാദൃശ്യത്തേയും കുറിച്ചുള്ള പിതാക്കന്മാരുടെ പ്രതിപാദനം.[20]

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മനുഷ്യർ ദൈവിക ജീവനിൽ പങ്കുചേർന്ന് ദൈവസ്വഭാവത്തിന്റേയും നിത്യജീവന്റേയും ഉടമകളാകുവാൻ വേണ്ടിയാണ്. ദൈവിക ജീവനിൽ പങ്കുചേരുന്നതിനു ദൈവം

നൽകിയിട്ടുള്ള നിരവധി കഴിവുകളുണ്ട്. അതായത് ദൈവത്തെയും ദൈവികസത്യത്തെയും കാണുവാനുള്ള വിശ്വാസം അല്ലെങ്കിൽ ഉൾക്കാഴ്ച. രണ്ടാമതു ദൈവിക നന്മ കണ്ടെത്തി അതിൽ സ്ഥിരമായി മുമ്പോട്ടുന്നതിനുള്ള പ്രത്യാശ അല്ലെങ്കിൽ മനസ്സാക്ഷി. മൂന്നാമതായി ദൈവൈകൃത്തിനാവശ്യമായ നന്മകൾ പ്രവർത്തിച്ചുകൊണ്ട് അതുമായി ഒന്നുചേരുന്നതിനുള്ള ഉപവി അല്ലെങ്കിൽ സംസർഗ്ഗം. ഈ മൂന്നു കഴിവുകളുമാണ് ദൈവസാദൃശ്യമെന്നു പറയുന്നതുവഴി മനുഷ്യരിലുള്ളത്. അതിനെ മനുഷ്യരിലുള്ള റൂഹാദ്ക്കുദ്ശായുടെ സാന്നിധ്യവും പ്രവർത്തനവുമായി കാണാം.

ഇവിടെ സൂചിപ്പിച്ച ആധ്യാത്മിക കഴിവുകളുടെ സഹായത്താൽ ബുദ്ധി, മനസ്സ്, വികാരങ്ങൾ തുടങ്ങിയവ പ്രവർത്തനനിരതമാകുമ്പോൾ ശരീരമതിനോടു വിധേയപ്പെടുകയും ആധ്യാത്മികാനുഭൂതി സംജാതമാകുകയും ചെയ്യുന്നു. പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനവും മാനസിക, ബൗദ്ധിക, വൈകാരിക കഴിവുകളുടെ പ്രവർത്തനവും ഒന്നുചേർന്നു നിലിക്കുന്നതിനുള്ള ഉറവിടമാണ് മനുഷ്യരിലുള്ള ദൈവസാദൃശ്യം. ശാരീരിക, മാനസിക കഴിവുകളെ ദൈവച്ഛായ എന്നു വിശേഷിപ്പിച്ചാൽ അവയിൽ നിന്നും ആധ്യാത്മിക കഴിവുകളിൽ സദാ വ്യാപരിച്ചു കൊണ്ട് ജീവിക്കുന്നവൻ ശാസ്ത്രീയമായിത്തന്നെ ആധ്യാത്മികജീവിതം നയിക്കുന്നു. മാനുഷിക കഴിവുകളും ആദ്ധ്യാത്മിക കഴിവുകളും പരസ്പര പൂരകങ്ങളാണ്. രണ്ടും ദൈവദാനവും. എന്നാൽ ദൈവദാനമാകുന്ന താലന്തുകൾ വികസിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഓരോരുത്തരുടേതുമാണ്. എങ്കിലും സ്രഷ്ടാവിനോടുള്ള അഭേദ്യമായ ബന്ധം വഴിയാണ് മനുഷ്യരുടെ ശൂന്യത ദൈവമഹത്ത്വത്താൽ മാറികിട്ടേണ്ടത്. സൃഷ്ടിയുടെ സ്രഷ്ടാവുമായുള്ള നിരന്തരബന്ധം വഴിയും സ്രഷ്ടാവിലേക്ക് സൃഷ്ടിയുടെ ജീവിതത്തിലൂടെയുള്ള തുറവി വഴിയും മനുഷ്യവിശുദ്ധീകരണവും ദൈവമഹത്ത്വീകരണവും നടക്കുന്നു. സൃഷ്ടി

എന്നുള്ള അവബോധം എത്രയധികമോ അത്രകൂടുതലായി ദൈവത്തോടുള്ള ബന്ധം സജീവമാക്കുന്നു. മനുഷ്യരുടെ ശൂന്യത ദൈവത്തിന്റെ ധന്യതവഴി പരിഹൃതമാണ്. ഹൃദയ താപത്തിനിടവരുന്നത് ദൈവത്തോടുള്ള ബന്ധവും തുറവിയും ജീവിതത്തിൽ ഉടനീളം ഉണ്ടാകാതിരുന്നതുകൊണ്ടാകും. അതെക്കുറിച്ചുള്ള ശക്തമായ അനുഭൂതിയാണ് ഹൃദയത്തിന്റെ വിങ്ങിപ്പൊട്ടലിനു നിദാനം. ഹൃദയത്തിന്റെ പശ്ചാത്താപത്തിലും ദൈവസ്നേഹം തന്നെയാണ് അനുഭവവേദ്യമാകേണ്ടത്. അനുതാപികളെ ദൈവം എന്നും തൃക്കൺപാർക്കുന്നുവെന്നാണ് മിശിഹാനുയായികൾ വിശ്വസിക്കുന്നതും പ്രാർത്ഥിക്കുന്നതും.[21]

അനുതാപം എന്നത് സൃഷ്ടികൾ സ്രഷ്ടാവിനോടു ബന്ധപ്പെടാതിരുന്നത് അനുഭവിച്ചറിഞ്ഞ് ദൈവത്തിലേയ്ക്കു തിരിയുന്നതാണ്. ദൈവത്തിലേക്കുള്ള തിരിയലും അതിനനുസൃതമായ ജീവിതവുമാണ് മഹത്ത്വത്തിലേയ്ക്കുള്ള തുറവി അഥവാ മതാത്മകത. മനുഷ്യരിലുള്ള ആത്മാവിന്റേയും അനുഭൂതിയുടേയും വികാസമാണ് മതമെന്ന് വേദാന്ത വിജ്ഞാനം പ്രഘോഷിക്കുന്നു.[22] വേദാന്തശാസ്ത്രം വിവരിക്കുന്ന ആധ്യാത്മികതയെയാണ് പൗരസ്ത്യ മെശയാനികർ ദൈവച്ഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേക്കുള്ള വികാസം, അല്ലെങ്കിൽ രൂപാന്തരീകരണമെന്നു പറയുന്നത്.

ശരീരവും ആത്മാവുമുള്ള മനുഷ്യർ അവശ്യം ദൈവികതയിൽ വ്യാപരിക്കുന്നതാണ് മതാത്മകത. ദൈവികതയുടെ ആകെത്തുകയെ ചേതനാത്മക ജീവിതമെന്നു വിശേഷിപ്പിക്കാം. ജഡമൊന്നിനും ഉപകരിക്കുന്നില്ല; ആത്മാവാണു ജീവൻ നൽകുന്നത്, ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകളാണ് ആത്മാവും ജീവനും എന്ന് ഈശോ അരുളിച്ചെയ്തപ്പോഴും ജഡികതയുടെ ആത്മീയമായ മാനങ്ങളെയാണ് ഉദ്ദേശിക്കുന്നത്. അതായത് ഭൗതികത വികസിച്ച് ആത്മീയതയും

ആത്മീയത രൂപാന്തരപ്പെട്ട് ആധ്യാത്മികതയുമായിത്തീരണം. ഈ രൂപാന്തരീകരണത്തെയാണ് മഹത്ത്വമെന്നും, ദൈവിക ജീവനെന്നും ഒക്കെ വിശേഷിപ്പിക്കുന്നത്. ഇതിനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും.[23] മറിച്ചുള്ള ജീവിതം ആത്മാനുതാപത്തിനിടം നൽകുന്നു.

4:2 പശ്ചാത്താപം

സൃഷ്ടി സ്രഷ്ടാവു ബന്ധത്തിൽ ഉണ്ടാകുന്ന പാളിച്ചകൾ തിരുത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ് ആത്മാനുതാപം. ആധ്യാത്മിക ജീവിതത്തിൽ ഹൃദയതാപത്തിനുള്ള സർഗ്ഗാത്മകശക്തി, അതിനുള്ള പാപനിവാരണാത്മകതയാണ്. കണ്ണുനീരിന്റെ നിർത്ധരി തുടർന്നുകൊണ്ടിരിക്കുന്ന അനുഭവമാണ് താപസർക്കുള്ളത്. പാപമോചനം ലഭിച്ചാലും ഹൃദയതാപം തുടർന്നുകൊണ്ടിരിക്കും. കരയുന്നവർക്കുള്ള സൗഭാഗ്യം അവർക്കുണ്ടാകുന്ന ആശ്വാസം എന്നതാണ്. ആത്മശാന്തിക്കു മാത്രമായിട്ടുള്ളതല്ല വിലാപം, മറിച്ച് അത് മറ്റുള്ളവർക്കുവേണ്ടിയാകുമ്പോൾ ഉപവിയുടെ ചൈതന്യമുള്ളതാണ്. വിലാപത്തിനുള്ള സവിശേഷത ഓരോ പാപത്തിലും ഊന്നിനില്ക്കാതെ ആത്മാവിന്റെ അവസ്ഥയെ പരിപാവനതയിൽ നിലനിറുത്തുന്നു. ഇതുവഴി സംജാതമാകുന്നത് ദൈവികമായ ഒരു തരം വികാരമാണ്. ഈ വികാരം ആധ്യാത്മിക മേഖലയിൽ ചലനം സൃഷ്ടിക്കുകയും കണ്ണുനീരിന് ഔഷധഗുണം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

സുറിയാനി സഭാപാരമ്പര്യത്തിൽ വിലാപകർ എന്ന ശൈലിയിൽ വിശേഷിപ്പിക്കപ്പെടുന്നവരുണ്ട്. അവിലാ (avila) വിലാപകർ എന്ന് അവർ അറിയപ്പെടുന്നു. പശ്ചാത്താപത്തിന്റേയും വിലാപത്തിന്റേയും പ്രതീകമായിട്ടാണ് ആശ്രമസ്ഥവേഷം നിലകൊള്ളുന്നത്. ദൈവം നൽകിയ അവസരമായിട്ടാണ് പശ്ചാത്താപത്തേയും വിലാപത്തേയും

കണക്കാക്കുന്നത്. വിലാപത്തിന്റെ ധനാത്മകവശം മാനവ ദൈവികീ കരണമാണ്. ദൈവകോപത്തിനു കാരണം വരുത്തുന്നവയെല്ലാം ഒഴിച്ചു നിറുത്തുവാനുള്ള ഉപാധിയാണ് വിലാപം. ഏകാന്തവാസിയായ യോഹന്നാൻ വിലാപകണ്ണുനീരിനെ പലതട്ടുകളിലായി കാണുന്നു ണ്ട്. ഒന്നാമതായി ദൈവസമക്ഷം വിലപിക്കുന്നവർ ഭൗമിക കെടുതി കളിലും വ്യാപൃതരാകുന്നു. രണ്ടാമത്തത് പാപം, വിധി, ദൈവിക നടപടിയെക്കുറിച്ചുള്ള പരിഗണന, ദൈവ ഓർമ്മയുടെ ദാനം, മരണം, ഭാവിജീവിതം തുടങ്ങിയവയ്ക്കുവേണ്ടിയുള്ള വിലാപമാണ്. അവസാ നമായി വിലാപത്തിനുള്ള അടിസ്ഥാനം ദൈവകാരുണ്യം, ദൈവിക വിജ്ഞാനത്തെക്കുറിച്ചുള്ള സംതൃപ്തി, സമാധാനത്തെക്കുറിച്ചുള്ള തീവ്ര മായ ആനന്ദം, എല്ലാംതന്നെ ദൈവത്തോടു ചേർന്നു വളരുവാനാണ്.[24]

വിലാപത്തിനുള്ള കാരണങ്ങൾ നിരവധിയാണ്. വിശുദ്ധിയിൽ നിന്നുള്ള പാളിച്ച, കഴിഞ്ഞ കാലത്തുള്ള വീഴ്ചകൾ, വ്യതിചലനത്തിന്റെ തീവ്രത, ഭാവിയിൽ സംഭവിക്കാവുന്ന കുറവുകൾ, അവസാന നാളു കളെക്കുറിച്ചുള്ള ചിന്തകൾ, മറ്റുള്ളവർക്കു ലഭിക്കുവാനിരിക്കുന്ന നിത്യ തക്കു സുരക്ഷിതമാക്കുക, സർവ്വോപരി സഹോദരസ്നേഹത്തിന്റേയും ദൈവസ്നേഹത്തിന്റേയും ആദർശങ്ങൾ.[25] നവീന ദൈവ വിജ്ഞാ നീയനായ ശിമയോനെ വിലാപത്തിനു പ്രേരിപ്പിച്ചത് ദൈവിക സ്നേഹം തന്നെയായിരുന്നു.[26] ഹൃദയതാപവും വിലാപവും എല്ലാ വിധ സംഘർഷങ്ങളെയും കുറവുകളെയും പാപവിഷയത്തെയും നീക്കു ന്നു.[27] വിലാപവും കണ്ണുനീരും ഹൃദയ താപവുമെല്ലാം ക്ഷയിക്കാത്ത സന്തോഷത്തിന്റേയും സമാധാനത്തിന്റേയും ആനന്ദാനുഭൂതി പ്രദാനം ചെയ്യുന്നു. കണ്ണുനീരിൽ കുളിച്ചിരിക്കുന്ന മുഖസൗന്ദര്യം അമർത്യത യുടെ നിദർശനമാണെന്നു മാർ അപ്രേം പറയുന്നു.[28]

വിലാപത്തിന്റെ കണ്ണുനീർ ദൈവദാനമാണ്. അതു ദൈവ ത്തോടു മാദ്ധ്യസ്ഥം വഹിക്കാവുന്നതാണ്. അനർത്ഥങ്ങളും ശിക്ഷകളും എല്ലാ

വിധത്തിലുള്ള വേദനകളും രോഗവും ദൈവാനുഗ്രഹത്തിനുള്ള ഉപാധികളാക്കാം.[29]

ആധ്യാത്മിക ജീവിതത്തിൽ ഫലപ്രദമായി കാണുന്ന ഹൃദയ താപവും കണ്ണുനീരിന്റെ വരവും ലഭിക്കുന്നതിനുള്ള രണ്ടു വ്യവസ്ഥകളാണ് ആത്മപരിശോധനയും അനുധ്യാനവും. ഇതുവഴി ആത്മജ്ഞാനവും ദൈവജ്ഞാനവും സജീവമാകുന്നു. ക്രിയാത്മകമായ ദൈവഭയം, വിജ്ഞാനത്തിലേക്കും സത്യത്തിന്റെ പൂർണ്ണതയിലേക്കും ഒരാളെ നയിക്കുന്നു. ഏതു നിമിഷവും ദൈവത്തിൽ ഗുപ്തമായ ജീവിതം നയിക്കുന്നതിന് ഏകാന്തതയുടെയും മൗനത്തിന്റെയും അന്തരീക്ഷം ഉപകരിക്കും.

4:3 ധ്യാനം

ധ്യാനാത്മകത കിഴക്കൻ ആധ്യാത്മികതയുടെ തനതാത്മക സ്വഭാവമായി കാണുന്നവരുണ്ട്.[30] കഴിഞ്ഞ കാലങ്ങളെ ആസ്പദമാക്കിയുള്ള പ്രസ്താവന മുകളിൽ കൊടുത്തത് ഇന്നും പ്രസക്തവും അടിസ്ഥാനപരവുമാണ്. രണ്ടാം വത്തിക്കാൻ സാർവ്വത്രികസൂനഹദോസ് എടുത്തു പറയുന്ന ഒരു കാര്യമാണ് കിഴക്കരുടെ ധ്യാനാത്മകത.[31] സുവിശേഷത്തിലെ മർത്തായുടെ സഹോദരി മറിയത്തെ കിഴക്കൻ സഭകളോടു താരതമ്യപ്പെടുത്തുന്നത് അവളുടെ ധ്യാനാത്മകതയെ കണക്കിലെടുത്താണ്. ധ്യാനമെന്നത് അലസരുടെ ഒരു സമയം പോക്കായിട്ടു ചിത്രീകരിക്കുന്നത്, ധ്യാനത്തിന്റെ സർഗ്ഗാത്മകശക്തിയെക്കുറിച്ച് വേണ്ടത്ര അനുഭവജ്ഞാനമില്ലാത്തതുകൊണ്ടാണ്.

കിഴക്കൻ മതങ്ങളിൽ കാണുന്ന നിരവധി വിജ്ഞാനങ്ങളുടെ ഉറവിടം അവരുടെ ഇടയിലുള്ള ധ്യാനാത്മകതയാണ്.[32] ധ്യാനം വഴി ബൗദ്ധിക പ്രകാശനവും മാനസിക തീരുമാനവും ശാരീരിക സന്നദ്ധതയും ഉണ്ടാകുന്നു. ധ്യാനത്തിന്റെ പുരോഗതിയിൽ അനുഭവപ്പെടുന്ന ആഴമുള്ള ബോധ്യത്തെ പിതൃ പുത്ര പവിത്രാത്മ ബന്ധമായി

കാണുവാൻ സാധിക്കും. സത്യത്തിന്റെ ഉറവിടമായ പിതാവിനോടു ഭക്തമായിരിക്കുവാനും പുത്രനിലൂടെ പ്രവർത്തിക്കുവാനും റൂഹാദ്ക്കുദ്ശായിൽ വിലയനം പ്രാപിക്കുവാനുമാണ് ധ്യാനം സഹായിക്കുന്നത്. വീണ്ടും ആധ്യാത്മിക ജീവിതത്തിലൂടെ പുരോഗമിക്കേണ്ടതിന് റൂഹായിൽ വസിച്ചുകൊണ്ട് പുത്രനിലൂടെ മൂന്നേറി പിതൃഐക്യത്തിൽ എത്തിച്ചേരുന്നു. ഈ പ്രക്രിയകളെല്ലാം ദൈവിക മാനവീകരണത്തിലും മാനവ ദൈവികീകരണത്തിലും അടങ്ങിയിരിക്കുന്നു.[33] മാനവ ദൈവികീകരണം നടക്കേണ്ടതിന് മാനുഷിക സ്വഭാവം കണക്കിലെടുക്കുമ്പോൾ ജ്ഞാനത്തിന്റെയും ഭക്തിയുടെയും കർമ്മത്തിന്റേയും മാർഗ്ഗങ്ങൾ കാര്യക്ഷമമാകണം. ധ്യാനം വഴിയാണ് ജ്ഞാന, ഭക്തി, കർമ്മമേഖലകളെല്ലാം യഥാവിധി സംഭവിക്കുന്നത്. ഇപ്രകാരം ധ്യാനത്തിലൂടെയുള്ള ദൈവികീകരണത്തിനു പശ്ചാത്തലമായി നിലകൊള്ളുന്നത് ജഡത്തോടു ബന്ധപ്പെട്ടുള്ള ഭൗതികഘടകങ്ങളാണ്. അവയുടെ ക്ഷണികതയെ അനുധ്യാനത്തിലൂടെ അനുഭവിക്കാനും സനാതനത്വത്തെ മുറുകെ പിടിക്കുവാനും ഇടവരും. വെറും ഭാവനയുടേയോ, നിസ്സംഗതയുടേയോ രീതിയിൽ നീങ്ങാതെ അടിസ്ഥാനപരമായി ആധ്യാത്മിക ജീവിതം നയിക്കേണ്ടതിന് പിതാവിന്റെ വചനത്തിൽ, റൂഹായുടെ പ്രചോദനത്താൽ സദാ നയിക്കപ്പെടണം. അതാണു ധ്യാനാത്മകത. ദൈവത്തിൽ നിന്നു സദാ ഇറങ്ങി വരുന്നതും മനുഷ്യനിൽ നിന്നും മഹത്ത്വീകൃതാവസ്ഥയിലേക്ക് എത്തുന്നതുമാണ് ആധ്യാത്മികത. ധ്യാനത്തിലൂടെയുള്ള അധ്യാത്മികത പ്രപഞ്ചത്തിന്റെ പിന്നിലുള്ള രഹസ്യങ്ങളെ അനുഭവിച്ചറിയുന്നതിനും അതുവഴി ദൈവത്തിലേക്കു കടന്നുപോകുന്നതിനും ഇടവരുത്തുന്നു. പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളെയും അവയുടെ ദൈവിക പദ്ധതിയിലെ സ്ഥാനത്തെയും മനസ്സിലാക്കുന്നതിന് ധ്യാനം ആവശ്യമുണ്ട്. ഇവിടെ ഉദ്ദേശിക്കുന്ന ധ്യാനമെന്നത് മനുഷ്യർ തങ്ങളുടെ ഉൾക്കാഴ്ച സജീവമാക്കിക്കൊണ്ട് ദൈവിക സത്യത്തോടും ദൈവിക രഹസ്യത്തോടും അടുത്തു വർത്തിക്കുന്നതാണ്. അങ്ങനെ എല്ലാറ്റിനെക്കുറിച്ചുമുള്ള ദൈവികപദ്ധതി എന്തെന്ന് അറിയുവാനിടവരുന്നു.

ഈ അറിവ് ബാഹ്യേന്ദ്രിയങ്ങളുടെ വിഷയമായി വരുന്നതല്ലാ മറിച്ച് ഹൃദയത്തിന്റെ തുറവി വഴി ഉണ്ടാകുന്ന കാഴ്ചയാണ്. അതു കൊണ്ട് അതിനെ ഉൾക്കാഴ്ച, വിശ്വാസത്തിന്റെ ദർശനം എന്നു പറയുന്നു. ഇന്ദ്രിയങ്ങളുടെ വാതായനങ്ങൾ അടച്ചാണ് ആന്തരികജ്ഞാനം അനുഭവവേദ്യമാക്കേണ്ടത്.[34] ആധ്യാത്മിക ഇന്ദ്രിയങ്ങൾ, പ്രത്യേകിച്ച് ഉൾക്കാഴ്ചയോടുകൂടിയ ഹൃദയമാണ് അനുചിന്തനത്തിനുള്ള ഇന്ദ്രിയം. വസ്തുക്കളുടെ യുക്തി യഥാവിധി ഗ്രഹിക്കുന്നതിനുള്ള ദൈവദാനമാണ് ഉൾക്കാഴ്ച. ഇങ്ങനെ ലഭിക്കുന്ന ദൈവികരഹസ്യങ്ങളുടെ അനുഭവം വെളിപാടുവഴി സജീവമാകും. ഇവിടെ ഹൃദയത്തിന്റെ മനസ്സ് അതിന്റെ ആന്തരീകാവസ്ഥയിൽ മനുഷ്യരിലുള്ള ദൈവച്ഛായയാണ്. അനുചിന്തനത്തിന്റെ അത്യുച്ചിയിലെത്തിയാലും ദൈവവും മനുഷ്യന്റെ ദൈവസാദൃശ്യവും തനിച്ചു നിലകൊള്ളുന്നു.

4:4 പ്രായശ്ചിത്തം

അധികമായ സ്നേഹം നിരവധിയായ പാപങ്ങൾ നീക്കുന്നു (ലൂക്കാ 7:47). സ്നേഹത്താൽ പ്രേരിതരായി തപസ്സനുഷ്ഠിക്കുന്ന സ്വഭാവമാണ് സഭയിലെ താപസരുടെ ഇടയിൽ നിലവിലിരുന്ന രീതി.[35] പ്രായശ്ചിത്തത്തെ സ്നേഹിച്ചിരുന്നത് സ്നേഹത്തിൽനിന്ന് അകലുന്നതിനുള്ള പ്രലോഭനത്തെ അതിജീവിക്കുന്നതിനുവേണ്ടിയായിരുന്നു. അറിവിന്റെ തലത്തിലോ അനുഭവത്തിന്റെ തലത്തിലോ എങ്ങനെയായാലും പ്രായശ്ചിത്ത പ്രവൃത്തികൾ എല്ലാം ഉന്നംവയ്ക്കുന്നത് ഉപവിയുടെ പാതകളാണ്. ഉപവിയാണ് മിശിഹാ കൈമാറിയ ദൈവരാജ്യത്തിന്റെ നിയമസംഹിത. അതിനാൽ പ്രായശ്ചിത്ത പ്രവൃത്തികളും പരിഹാരകർമ്മങ്ങളുമെല്ലാം ഉപവിയുടെ അഭ്യസനത്തോടു ചേർന്നു പോകുന്നവയാണ്.

മിശിഹാ കൈമാറിയ സ്നേഹത്തിന്റെ ചൈതന്യം ഐഹിക ജീവിതം നയിക്കുന്നവരെ സംബന്ധിച്ച് വിശ്വാസത്തിന്റെ പ്രവർത്തനവും പ്രത്യാശയുടെ അഭ്യസനവും ഇടകലർന്നു വരുന്നതാണ്. വിശ്വാസവും പ്രത്യാശയും, മനുഷ്യരുടെ ഭാഗത്തുനിന്നും സംപൂർണ്ണ വിട്ടു കൊടുക്കലും, ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് കടന്നുപോകുന്നവയെ അതിജീവിക്കുന്നതിനുള്ള ത്യാഗവും ആവശ്യപ്പെടുന്നുണ്ട്. ഈ ത്യാഗങ്ങൾ അവയുടെ സ്വഭാവത്താൽ പ്രായശ്ചിത്തപരമായിരിക്കും. പരിഹാരാത്മകമായിരിക്കും. വിവരണത്തിനതീതമായ, അത്രമാത്രം വ്യാപകത്വമുള്ള ഒന്നാണ് പൗരസ്ത്യരുടെ ഇടയിൽ പ്രായശ്ചിത്തം. ഉപവിയുടെ പാലനം, പരസ്നേഹ അഭ്യാസം നിരവധി വശങ്ങളുള്ളതാണ്. ഒന്നാമതായി ദൈവ മനുഷ്യ ബന്ധത്തിന്റെ മാനങ്ങൾ ഇവയ്ക്കുണ്ട്. ദൈവത്തോട് മനുഷ്യർ ബന്ധപ്പെട്ടിരിക്കണമെങ്കിൽ നിരന്തര മരണം തന്നെ ആവശ്യമായി വരും. ഈ വസ്തുതയാണ് സങ്കീർത്തകനെ ഉദ്ധരിച്ചുകൊണ്ട് വിശുദ്ധ ശ്ലീഹാ പ്രഖ്യാപിക്കുന്നത് (റോമ. 8:35-39; സങ്കീ. 44:22). ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനുള്ള പ്രായോഗികത, ഈശോയുടെ കുരിശ് അനുദിനം വഹിക്കുക എന്നതാണ്. മാമ്മോദീസായ്ക്കനുസൃതം ജീവിക്കുന്നതിന് നിരന്തര ശ്രദ്ധ, ജീവിത ക്രമീകരണം, അനുസ്യൂതമായ രൂപാന്തരീകരണം ഇവ ആവശ്യമാണ്. രൂപാന്തരീകരണത്തിന്റെ അത്യുന്നതമായ സ്ഥിതി ദൈവസ്വഭാവത്തിന്റേതും ദൈവിക ജീവന്റേതുമാണ്. അതുകൊണ്ട് ഞെരുക്കം എന്നതും തപസ്സ് എന്നതും പ്രായശ്ചിത്തമെന്നതും ദൈവസ്നേഹത്താൽ പ്രേരിതരായി പുലർത്തുന്ന ജീവിതക്രമമാണ്. പ്രഥമദൃഷ്ട്യാ അതു താപസികമായി കാണപ്പെടുന്നെങ്കിലും ആത്യന്തികമായി അതു ദൈവസ്നേഹത്തിൽ അധിഷ്ഠിതമാണ്.

ദൈവസ്നേഹം മാംസം ധരിച്ചതിന്റെ ആവിഷ്ക്കരണമാണ് ഈശോമിശിഹായുടെ ഐഹികജീവിതം. ഈശോമിശിഹായിലുള്ള

ജീവിതമാണ് മാമ്മോദീസാ ജീവിതവും. അതുകൊണ്ട് ഈശോയുടെ രൂപാന്തരീകരണാനുഭവം ജീവിതബന്ധിയായിരുന്നതുപോലെ മിശിഹായുടെ മൗതിക ശരീരത്തിലെ ഓരോ അംഗത്തിന്റേയും ജീവിതവും തഥൈവ. അതായത് ഞെരുക്കത്തിന്റെ, പ്രായശ്ചിത്തത്തിന്റെ പാതയിലൂടെ ജീവിത സാക്ഷാത്കാരം ഉണ്ടാകുമ്പോഴാണ് ഈശോയുടെ ശരീരത്തിന്റെ-ദൈവസ്നേഹത്തിന്റെ-ഭൗമിക പൂർത്തീകരണം ഉണ്ടാകുന്നത്. മിശിഹായോടുള്ള ബന്ധംപോലെതന്നെ മറ്റുള്ളവരോടും ബന്ധമുണ്ടാകണം. വിശുദ്ധ ശ്ലീഹാ പറയുന്നു: "നാമെല്ലാവരും ഒരേ ആത്മാവിൽ ഒരേ ശരീരമായിട്ടു മാമ്മോദീസാ സ്വീകരിച്ചവരാണ്" (1 കോറ. 12:13).

ദൈവത്തോടും മിശിഹായോടുമുള്ള ബന്ധം സഹജരിലെല്ലാം ഉണ്ടാകേണ്ടത് റൂഹാദ്ക്കുദ്ശായിലുള്ള വാസത്തിലാണ്. റൂഹാദ്ക്കുദ്ശാ മൗതിക ശരീരത്തിന്റെ അവയവങ്ങളെ തമ്മിൽത്തമ്മിൽ അനുരൂപപ്പെടുത്തലിന്റെ സഹവാസത്തിലേക്കു നയിക്കുന്നു. ഇപ്രകാരമൊരു സഹവാസം പരിമിത വ്യക്തികളിലും പരിമിത വസ്തുക്കളിലും കൂട്ടിച്ചേർക്കുവാനുള്ള ത്യാഗം ആവശ്യപ്പെടുന്നു. ഈ ചേരുവയ്ക്കായി കഴിഞ്ഞ കാലത്തെ അനുഭവം മുന്നിൽ കണ്ടുകൊണ്ട്, പരിഹാരത്തിന്റെ ഭാവി ദർശിച്ചുകൊണ്ട്, പ്രായശ്ചിത്തത്തിന്റെ അനുഭവം പുലർത്തുന്നത് ആവശ്യമാണ്. ഈ മനോഭാവം നിയമത്തിന്റേയും പ്രവചനത്തിന്റേയും പൂർത്തീകരണമെന്ന് ഈശോയുടെ വാക്കുകൾ സൂചിപ്പിക്കുന്നു: "മറ്റു മനുഷ്യർ നിങ്ങൾക്കു ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതൊക്കെ അങ്ങനെതന്നെ നിങ്ങളും അവർക്കു ചെയ്തു കൊടുക്കുക" (മത്താ. 7:12). ഈശോ തന്റെ ജീവിതത്തിൽ ചെയ്തതു മറ്റൊന്നല്ല. എല്ലാവരും ഈശോയ്ക്കായി ചെയ്യണമെന്ന് അവിടുന്ന് ആഗ്രഹിച്ചത് അവരുടെ പവിത്രീകരണവും ദൈവമഹത്ത്വീകരണവും ആണ്. മിശിഹായുടെ മൗതികശരീരം രൂപപ്പെടുത്തുന്നതിന് ഈശോയിൽ

റൂഹാദ്ക്കുദ്ശാ ചെയ്തത് മേല്പറഞ്ഞതു തന്നെയാണ് അതായത് മാനവ പവിത്രീകരണാർത്ഥം ഈശോ തന്റെ ശരീരത്തെ ഒരിക്കൽ എന്നേക്കുമായി സമർപ്പിച്ചു (എബ്രാ. 10:10).

റൂഹാദ്ക്കുദ്ശാ ചെയ്യുന്നത് മനുഷ്യരെയെല്ലാം സഹവാസത്തിൽ എത്തിക്കുന്നതോടൊപ്പം പ്രപഞ്ചത്തെ മുഴുവനും രൂപസഹിതമാക്കി വിരൂപതയെ നിവാരണം ചെയ്യുന്ന പ്രവൃത്തിയാണ് (സൃഷ്ടി 1:2; സങ്കീ. 51:10-12). റൂഹാദ്ക്കുദ്ശാ സഭയാകുന്ന ആലയത്തിൽ വസിക്കുന്നത് ഓരോരുത്തരിലും എല്ലാറ്റിലും വസിച്ചുകൊണ്ട് എല്ലാറ്റിന്റേയും ജീവചൈതന്യമാകുന്നതിനുവേണ്ടിയാണ് (1 കോറ. 6:19). റൂഹാദ്ക്കുദ്ശായിൽ ജീവിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണ് പ്രായശ്ചിത്ത ചൈതന്യം. അതു നിഷേധാത്മകമല്ല, മറിച്ച് ദൈവികീകരണാത്മകമാണ് (റോമ. 8:17).

4:5 ഹൃദയം

"പടയാളികളിൽ ഒരാൾ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറത്തുവന്നു" (യോഹ. 19:34). ഈശോയുടെ പാർശ്വത്തിൽ കുത്തിയ കുന്തം അവിടുത്തെ ഹൃദയത്തെ ഭേദിച്ചതു കൊണ്ടായിരിക്കണം രക്തവും ജലവും പ്രവഹിച്ചത്. ഈശോയുടെ മഹത്ത്വീകരണവും റൂഹാദ്ക്കുദ്ശായുടെ ദാനവും ഇവിടെ സംഭവിച്ചത് ആധ്യാത്മികതയുടെ അടിസ്ഥാന ചൈതന്യത്തെ വെളിവാക്കുന്നതാണ്. ഈശോയുടെ മനുഷ്യ പ്രകൃതിയിൽ അവിടുത്തെ ദൈവാൾ എപ്രകാരം സജീവമായിരുന്നു എന്നതു ഈശോമിശിഹായുടെ ജീവിതത്തെ അതിന്റെ സമഗ്രതയിൽ അവതരിപ്പിക്കുന്നതാണ്. ഈശോമിശിഹായുടെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുവാൻ ഉപകരിക്കുന്ന ഒരു പ്രതീകാത്മക പ്രയോഗമാണ് അവിടുത്തെ ഹൃദയം.

ഈശോയുടെ ഹൃദയം വിനയ സ്വഭാവമുള്ളതായിട്ടാണ് മത്തായി സുവിശേഷകൻ വിശേഷിപ്പിക്കുന്നത് (മത്താ. 11:29). വിനീതരാണ് ഭൂമി അവകാശമാക്കുവാൻ യോഗ്യരായവർ (മത്താ. 5:5). ഭൂമി അവകാശമാക്കുന്നവർ വിനയത്തിന്റെ മാത്രം ഉടമകളായാൽ പോരാ, മറിച്ച് ഹൃദയ ശുദ്ധിയുടെ അവകാശികളുമായിരിക്കണം. അങ്ങനെയുള്ളവർക്ക് ദൈവത്തെ കാണാം (മത്താ. 5:8). ഈ ദൈവ ദർശനമാണ് ഹൃദയത്തിന്റെ ദൈവാത്മകതയാകുന്ന അനുചിന്തനം. അനുചിന്തനം ഹൃദയത്തെ ഉപര്യുപരി പവിത്രീകരിച്ചുകൊണ്ട് മഹത്ത്വ ദർശനത്തിന് ഒരുക്കുന്നു. അതിനാൽ ഹൃദയത്തിന്റെ ആധ്യാത്മികത ചർച്ചാവിഷയമാക്കാം.

ഹൃദയം എല്ലാ ജനവിഭാഗങ്ങളുടെ ഇടയിലും പ്രത്യേക പരിഗണനയുള്ള വിഷയമാണ്. കവികളും സാഹിത്യകാരന്മാരും മതങ്ങളും ആധ്യാത്മ ഗ്രന്ഥകാരന്മാരും സർവ്വോപരി ധ്യാനയോഗികളും ഹൃദയത്തെ കേന്ദ്രീകരിച്ചാണ് നീങ്ങുന്നത്. ബൗദ്ധിക മേഖലയിൽ കൂടുതൽ വ്യാപരിക്കുന്ന പാശ്ചാത്യ ചിന്തയേക്കാൾ ഹൃദയത്തിന് ഊന്നൽ നൽകുന്ന സമീപനമാണ് പൗരസ്ത്യദൈവ വിജ്ഞാനീയത്തിനുള്ളത്. അങ്ങനെ ഹൃദയ ശുദ്ധി, ഹൃദയ പരിവർത്തനം, ഹൃദയ അടക്കം, ഹൃദയംഗത, ഹൃദയ വിചാരങ്ങൾ, ഹൃദയ നവീകരണം, ഹൃദയ തീരുമാനം, ഹൃദയത്തിന്റെ ആഴപ്പെടൽ, ഹൃദയത്തിലെ ദൈവ സാന്നിധ്യാനുഭവം തുടങ്ങി നിരവധി പ്രയോഗങ്ങൾ നിലവിലിരിക്കുന്നു.[36] വിശുദ്ധ ഗ്രന്ഥത്തിൽ തെളിഞ്ഞുനില്ക്കുന്ന ആധ്യാത്മികതയും ഹൃദയത്തിന്റേതാണ്.

ദൈവം ഇസ്രായേലിനോടു ചെയ്ത ഉടമ്പടിയുടെ നവീകരണം ഹൃദയത്തിന്റെ ആധ്യാത്മികയിലേക്കു നയിക്കുന്നതാണ്. "പുതിയ ഒരു ഹൃദയം ഞാൻ നിങ്ങൾക്കു നൽകും. പുതിയൊരു ചൈതന്യം ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. ശിലാഹൃദയം നിങ്ങളുടെ ശരീരത്തിൽ നിന്നു നീക്കി മാംസളഹൃദയം നിങ്ങൾക്കു ഞാൻ നൽകും"

(എസക്കി. 33:26; ഏറ. 31:33; റോമ. 5:5; എബ്രാ. 10:22;10:16; മത്താ. 5:8; 11:29; 15:17-20; ലൂക്കാ. 2:19,51; മത്താ. 22:37; യോഹ. 19:31-37).

ദൈവം വാഗ്ദാനം ചെയ്തത് എല്ലാവിധത്തിലും പൂർത്തീകരിക്കപ്പെട്ടതാണ് പുതിയ ഉടമ്പടി. നിയമത്തിലുണ്ടായിരുന്നത് ജീവിതത്തിൽ വന്നുവെന്നതാണ് ഹൃദയത്തിന്റെ ആധ്യാത്മികത. ഈശോയുടെ ഹൃദയം പിതാവിന്റെ പദ്ധതിക്ക് പൂർണ്ണമായും വിധേയപ്പെട്ടത് അവിടുത്തെ ജീവിതത്തിന്റെ ആകെത്തുകയാണ്. ഉത്കൃഷ്ടമായ മാനസിക കഴിവുകളും ഒപ്പം ശാരീരിക പ്രവർത്തനങ്ങളും ഒന്നു ചേർന്നപ്പോൾ ദൈവമനുഷ്യ സമ്പർക്കത്തിന്റെ മൂർത്തീഭാവമായി. ഇവിടെ മനുഷ്യരുടെ ചേതനാത്മക കഴിവുകളും മാനസിക വ്യാപാരങ്ങളും ഐന്ദ്രികമേഖലയും ഒന്നു ചേർന്ന് ഹൃദയത്തിന്റെ സുതാര്യത പ്രകടമാക്കുന്നു.[37] വ്യക്തിത്വത്തിന്റെ ദൈവൈക്യാനുഭവം പൂർണ്ണമാകുന്നു. ശുദ്ധവും നിർമ്മലവുമായ ഹൃദയം രൂപപ്പെടുന്നു. ദൈവത്തോടൊന്നിച്ചുള്ള മനുഷ്യജീവിതം സ്വർഗ്ഗസമാനമായിത്തീരുന്നു. ഹൃദയത്തിനുണ്ടാകുന്ന ദൈവാനുഭവം ദൈവമനുഷ്യസമാഗമത്തിനുള്ള അവസരമാകുന്നു. വൈയക്തികാനുഭവം വ്യക്ത്യന്തരാനുഭവത്തേയും പ്രാപഞ്ചികാനുഭൂതിയേയും സമന്വയിപ്പിച്ചുകൊണ്ട് ദൈവസാക്ഷാത്കാരത്തിന്റെ നിലയിലെത്തുന്നതാണ് ഹൃദയത്തിന്റെ ആധ്യാത്മികത.

4:6 പീഡാനുഭവം

"ഈശോയുടെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നതിനുവേണ്ടി അവിടുത്തെ മരണം ഞങ്ങൾ ശരീരത്തിൽ സദാ സംവഹിക്കുന്നു" (2 കോറ. 4:10). പെസഹാ രഹസ്യത്തിന്റെ അവിഭാജ്യഘടകമാണ് പീഡാനുഭവം. പീഡാനുഭവത്തിനു നിഷേധാത്മകവശമല്ല മറിച്ച് ധനാത്മക വശമാണുള്ളത്. പരിമിതമായ ശാരീരിക മേഖലയെ രൂപാന്തരപ്പെടുത്തി, ആത്മീയവും ചേതനാത്മകവുമായ അവസ്ഥയിലേക്കു കടക്കുന്നതാണ് പീഡാനുഭവത്തിന്റെ ധനാത്മകസ്വഭാവം.

ഈശോയുടെ വാക്കുകൾ ഉറപ്പു നൽകുന്നത് സഹനത്തിന്റെ ഫലം ഉദ്ദർശിച്ചു കൊണ്ടാണ്. അവിടുന്നു പറയുന്നു: "കോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അതു തനിയെ ഇരിക്കുന്നതേയുള്ളു. അത് അഴിയുന്നെങ്കിലോ, വളരെ ഫലങ്ങൾ ഉളവാക്കും" (യോഹ. 12:24). ജീവനിലേക്കു കടക്കുക എന്നത് കഠിനമായ ത്യാഗത്തിന്റെ ഫലമായുണ്ടാകേണ്ടതാണ്. ഈ സത്യം ഈശോയുടെ പ്രബോധനങ്ങളിലും സർവ്വോപരി ജീവിതത്തിലും മാനിച്ചിരുന്നു.

ഈശോ സഹിച്ച പീഡകളെല്ലാം മനുഷ്യരുടെ അവസ്ഥയെ സമാശ്ലേഷിച്ചതാണ്. എന്നാൽ സഹനം വഴി അവിടുന്ന് മാനവകുലത്തിന് പ്രദാനം ചെയ്തതാകട്ടെ പരിപൂർണ്ണ ദൈവികതയും.[38] സ്നീവാനുഭവം മാനവകുലത്തിനുള്ള ഏറ്റവും പ്രസക്തമായ ഒരു സുവിശേഷമാണ്. ഈ സുവിശേഷത്തിന്റെ അനുയായികളായിരുന്നു ആദിമസഭയിൽ വേദസാക്ഷികളായിത്തീർന്നവരെല്ലാം. വേദസാക്ഷികളായി സഭയിൽ പ്രശോഭിച്ചിരുന്നവരെ മനസ്സാക്ഷിയുടെ രക്തസാക്ഷിത്വത്തിലൂടെ അനുഗമിച്ചവരാണ് ആശ്രമസ്ഥരും താപസരും.[39] മനസ്സാക്ഷിയുടെ രക്തസാക്ഷിത്വമെന്നത് താപസികതയുടെ ഇടുങ്ങിയ പാത സമാശ്ലേഷിക്കുന്നതാണ്. ഭീകരമായ പീഡകളോടു കൂടെയുള്ള മരണത്തെക്കാൾ, റൂഹായുടെ സാന്നിധ്യത്താൽ ജീവിതം മുഴുവൻ പീഡ സഹിക്കുന്നതാണ് മനസ്സാക്ഷിയുടെ രക്തസാക്ഷിത്വം. ഇവിടെ വിശ്വാസവും പരിശുദ്ധമായ ജീവിതവും സജീവമായിരിക്കും. വിശ്വാസം റൂഹായുടെ ദാനവും സുകൃതങ്ങൾ മിശിഹായിലുള്ള ജീവിതവുമാണ്. ഇവിടെ ദൈവസാന്നിധ്യം സുവ്യക്തമായ ഒരനുഭൂതിയാണ്. മനസ്സാക്ഷിയുടെ രക്തസാക്ഷിത്വത്തിൽ ഫലദായകമായിത്തീരുന്ന ഒന്നാണ് ബ്രഹ്മചര്യം.

ബ്രഹ്മചര്യമെന്നത് ദൈവവചനത്തിലൂടെ ദൈവത്തിൽ ചരിക്കുക എന്നതാണ്. ദൈവവചനം ഇരുമുനവാളിനു സദൃശമായതിനാൽ (എബ്രാ. 4:12) അതു മനുഷ്യരുടെ പരിമിതികളെയെല്ലാം ശുദ്ധീകരിച്ച്

ദൈവികജീവനിലേക്ക് അവരെ നയിക്കുന്നു. നസ്രത്തിലെ ബാലിക - അമലോത്ഭവ മാതാവ് - വചനത്തിൽ വ്യാപരിക്കുകയും അവളിൽ വചനം സ്ഥിതിചെയ്യുകയും വഴി വ്യാകുലമാതാവായിത്തീർന്നു (ലൂക്ക. 2:35). മറിയം ഈശോയുടെ ചാരത്തുനിന്നും സ്ലീവായുടെ അനുഭവം പൂർണ്ണമായി സമാശ്ലേഷിച്ചുകൊണ്ട് പീഡാനുഭവത്തിൽ പങ്കു ചേർന്നു. മാനവദൈവികീകരണത്തിന്റെ ഫലം പൂർണ്ണമായി അനുഭവിച്ചവൾ എന്ന നിലയിൽ മറിയം ആധ്യാത്മിക ജീവിതം നയിക്കേണ്ട എല്ലാവരുടേയും മാതാവ് ആയിത്തീർന്നു. അവൾ സഭയുടെ മാതാവായി.[40] മനുഷ്യത്വത്തിൽ ദൈവിക ജീവൻ പൂർണ്ണമാകുന്നതിന് പീഡാനുഭവം അവശ്യവ്യവസ്ഥ എന്ന് ഈശോയുടേയും മാതാവിന്റേയും രക്തസാക്ഷികളുടേയും താപസരുടേയും ജീവിതം തെളിയിക്കുന്നു.

പഴയനിയമത്തിൽ ജോബിന്റെ പീഡാനുഭവവും തെളിയിക്കുന്നത് അഭിമുഖീകരിക്കുന്നതിനെ സമാശ്ലേഷിച്ചുകൊണ്ട് ജീവിതത്തെ ഉന്നതിയിലേക്ക് ആനയിക്കാമെന്നാണ് (ജോബ് 29:10-11) പീഡ സഹിക്കുന്ന ദൈവദാസനെ കുറിച്ച് ഏശയ്യാ പ്രവചിക്കുന്നുണ്ട്: "അവൻ തന്റെ പ്രാണനെ മരണത്തിന് അർപ്പിച്ചു. അതിക്രമികളോടൊപ്പം അവൻ എണ്ണപ്പെട്ടു; എങ്കിലും അവൻ അനേകരുടെ പാപങ്ങൾ ചുമക്കുകയും അക്രമികളുടെ മരണം വരിക്കയും ചെയ്തു" (ഏശ. 53:13).

ഈശോ നടന്നു വരുന്നതു കണ്ട് യോഹന്നാൻ മാംദാന പറഞ്ഞു: "ഇതാ! ലോകത്തിന്റെ പാപം നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). ഈശോ ലോകത്തിലേക്കു വന്നത് ലോകത്തിന്റെ പാപം നീക്കുന്നതോടൊപ്പം "അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10). ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവുമെല്ലാം മനുഷ്യരാകുന്ന ആടുകൾക്കു വേണ്ടിയായിരുന്നു. "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നു" (യോഹ. 10:11).

വീണ്ടും ഈശോ പറയുന്നു: "ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവൻ സമർപ്പിക്കുന്നു" (യോഹ. 10:15). ഈശോയുടെ പീഡാനുഭവത്തിന്റെ ധനാത്മകവശം മനുഷ്യർക്കുണ്ടാകേണ്ട ദൈവിക ജീവനാണ്. വചനം മാംസം ധരിച്ചതുകൊണ്ട് മാംസത്തിന്റെ പവിത്രീകരണമാണ് ദൈവ വചനം വഴി നടക്കേണ്ടത്. ഈ മഹത്ത്വീകരണത്തിന് മാംസം പീഡ സഹിക്കുന്നതു നിഷേധാത്മകതയല്ല മറിച്ച് കോതമ്പുമണി അഴുകി ഫലം പുറപ്പെടുവിക്കുന്നതിനു തുല്യമാണ്. മിശിഹായാകുന്ന കോത മ്പുമണി സഹനത്തിന്റെ സ്ലീവായിലൂടെ റൂഹാദ്ക്കുദ്ശായാകുന്ന സ്വർഗ്ഗീയഫലം നൽകി (യോഹ. 9:34). ദൈവികജീവൻ മനുഷ്യർക്കു നല്കിയതാണ് ഈശോയുടെ മരണോത്ഥാന സംഭവം. അതു പൂർത്തീകൃതമായത് പീഡയിലൂടെയും. "ഇതാ പൂർത്തിയായിരിക്കു ന്നു. അവൻ തലചായിച്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ. 19:30). പിതാവു പുത്രന്റെ മനുഷ്യത്വത്തിലൂടെ മനുഷ്യകുലത്തിനും പ്രപഞ്ച ത്തിനും ദൈവീകരണം നൽകിയതാണ് പീഡാനുഭവത്തിന്റെ ആധ്യാ ത്മികത.

4:7 ദർശനം

ഹൃദയത്തിന്റെ അനുഭൂതി ദാർശനികതയുടെ വൈയക്തിക വശത്തെ പ്രകടമാക്കുന്നതാണ് മൂശെ ദൈവത്തിന്റെ മലയിലേക്കു കയ റിയത്. ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽ എത്തുന്നതിന് പലായന ത്തിന്റേയും ഉൽക്കർഷത്തിന്റേയും പീഡാനുഭവത്തിന്റേയും ആരോ ഹണത്തിന്റേയും ഹൃദയ പ്രകാശനത്തിന്റേയും അനുഭൂതികൾ സംഗ മിക്കേണ്ടതുണ്ട്. ഇവിടെ പ്രത്യേകമായി ചർച്ചാ വിഷയമാക്കുന്നത് ഹൃദ യത്തിന്റെ പ്രകാശനമായ ദർശനാനുഭവത്തെയാണ്.

ദർശനമെന്നത് ദൈവത്തേയും ദൈവികതയേയും കണ്ടെത്തുന്ന മനുഷ്യന്റെ ഒരാധ്യാത്മിക അനുഭൂതിയാണ്. ഈശോ സ്വർഗ്ഗത്തിലേക്കു

കണ്ണുകളുയർത്തിയപ്പോൾ (യോഹ 17:1) പിതൃദർശനാനുഭവമാണുണ്ടായത്. യോഹന്നാൻ ഏവൻഗേലിസ്താ ത്രിത്വദർശനത്തിന്റെ ഉടമയായിരുന്നുവെന്ന് അദ്ദേഹം രചിച്ച സുവിശേഷം വിളിച്ചറിയിക്കുന്നു. സുവിശേഷത്തിന്റെ തുടക്കത്തിൽ ത്രിത്വദർശനത്തിൽ നിന്നുകൊണ്ടാണ് പ്രഘോഷണം നടത്തുന്നത്. ദർശനത്തിന്റെ അവതരണ പ്രതീകമാണ് വചനം-ഭാഷ. വചനത്തെ ദൈവതലത്തിൽ ദർശിക്കുന്ന ഉൾക്കാഴ്ചയാണ് യോഹന്നാനുള്ളത്. എന്നാൽ വചനം വെറും പ്രതീകമായി നില്ക്കാതെ ദൈവത്തെയും ദൈവികതയേയും ഉൾക്കൊള്ളുന്നതായിക്കാണുന്നു. ആ വചനം മാംസം ധരിച്ചു മനുഷ്യരുടെ ഇടയിൽ വസിച്ചതും റൂഹായുടെ ആവാസവും സഹവാസവും കാണുന്നതും ത്രിത്വദർശനത്തിന്റെ അനുഭൂതി വ്യക്തമാക്കുന്നതാണ് (യോഹ. 1:32; 1:1-16; 14:26). യോഹന്നാൻ സുവിശേഷകനെ സംബന്ധിച്ചിടത്തോളം ദർശനം ത്രിത്വ കേന്ദ്രീകൃതമായിരുന്നു എന്നു വ്യക്തമാണ്. ചില പ്രയോഗങ്ങൾ കാണാം. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു (യോഹ. 14:9)." "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാണെന്നും ഞാൻ പറയുന്ന വാക്കുകൾ ഞാൻ സ്വമേധയാ പറയുന്നതല്ല, എന്നിൽ വസിക്കുന്ന എന്റെ പിതാവുതന്നെ ഈ പ്രവർത്തികൾ ചെയ്യുന്നു" (യോഹ. 14:10). ഈശോയുടെ നാമത്തിൽ പിതാവാണ് റൂഹാദ്ക്കുദ്ശായെ അയയ്ക്കുന്നത് (യോഹ. 14:26). ഈശോയുടെ നാമത്തിൽ വന്ന റൂഹാദ്ക്കുദ്ശായെയാണ് യോഹന്നാൻ സ്ലീവായിലെ ഈശോയുടെ മഹത്ത്വീകരണത്തിൽ ദർശിക്കുന്നത് (യോഹ. 19:34). ഈശോയുടെ തിരുവിലാവിൽ നിന്നു ജലം പ്രവഹിച്ചത് റൂഹായെ നൽകിയതിന്റെ പ്രതീകമായി കാണുന്നു.[41]

സത്യത്തിന്റെ പൂർണ്ണത ദർശിക്കുന്നതിനുള്ള മനുഷ്യനിലുള്ള ഉത്കൃഷ്ടമായ കഴിവാണ് ഉൾക്കാഴ്ച.[42] ഉൾക്കാഴ്ചയിലൂടെയുള്ള ദർശനത്തിൽ എല്ലാ സത്യത്തിന്റേയും പൂർണ്ണതയായ ത്രിത്വത്തെയാണു

കണ്ടെത്തുന്നത്. ത്രിത്വ ദർശനത്തിൽ നിന്നുമാണ് പ്രപഞ്ച രൂപവത്കരണത്തെയും പ്രപഞ്ച സംവിധാനത്തെയും പ്രപഞ്ച ചലനങ്ങളെയുമെല്ലാം വിലയിരുത്തുന്നത്. പ്രത്യേകിച്ചും ദാർശനികതയിൽ പടികളുള്ള മനുഷ്യർ അത്യുന്നതപദവിയിൽ എത്തുന്നത് ദൃശ്യമായവയെക്കുറിച്ചുള്ള ദർശനം കടന്ന് അദൃശ്യമായവയിൽ എത്തുമ്പോഴാണ്. അതായത് താത്ത്വിക ദർശനം കഴിഞ്ഞു ദൈവിക ദർശനത്തിൽ ചെന്നു നില്ക്കണം. ഇപ്രകാരമുള്ള ദർശനം ആധ്യാത്മിക പുരോഗതിയുടെ സ്വഭാവത്തെ വിളിച്ചറിയിക്കുന്നു.

ആധ്യാത്മിക ജീവിതത്തിൽ, ആരംഭകൻ, ഭൗമിക കാര്യങ്ങളിൽ കേന്ദ്രീകരിച്ചു കൊണ്ടുള്ള ജീവിതം നയിച്ചെന്നു വരും. എന്നാൽ നശ്വരങ്ങളായവയുടെ രൂപാന്തരീകരണം ഉന്നതമായ അവസ്ഥയിലേക്ക് ഉയരുന്നതുകൊണ്ട് അത്യുന്നതമായവയെ ദർശിച്ചു തഴങ്ങുന്നു. ഈ തഴക്കത്തിനു നിദാനമായി മനുഷ്യനിൽ കുടികൊള്ളുന്ന ഉത്കൃഷ്ടമായ ആധ്യാത്മിക ഇന്ദ്രിയമാണ് ദർശനമായി രൂപപ്പെടുന്നത്. പ്രഥമത അതു കണ്ണിന്റെ കാഴ്ച എങ്കിൽ, തുടർന്നതു ബൗദ്ധിക ദർശനമായിരിക്കും. ബാഹ്യമായ വിഷയങ്ങളിൽ നിന്ന് ആന്തരികമായവയിലേക്കുള്ള പ്രയാണവും അവസാനം ആധ്യാത്മികമായവയിൽ എത്തുന്നതും ആധ്യാത്മിക അഭ്യാസമാണ്.[43]

ഭൂമുഖത്ത് ആരുംതന്നെ ആധ്യാത്മികത ഇല്ലാത്തവരാകുവാൻ ആഗ്രഹിക്കുന്നില്ല. അതു മാത്രവുമല്ല, എല്ലാ നന്മകളുടേയും ഉടമയാകുവാൻ ആഗ്രഹിക്കുന്നവരാണ് ഓരോരുത്തരും. പക്ഷേ തെറ്റായ രീതിയിലാണു പലരും നന്മയ്ക്കുടമകളാകുന്നത്. ശരിയായ രീതിയിൽ അതു ചെയ്തത് ഈശോമിശിഹായാണ്. "ദൈവം ഒരുവനല്ലാതെ നല്ലവൻ ഇല്ല" എന്നു പ്രഖ്യാപിച്ച ഈശോ തന്നെയും "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാ"ണല്ലോ (മത്താ. 19:17; യോഹ. 1:29).

ലോകത്തിന്റെ പാപമെന്നത് പരിമിതിയുടെ പരിധിയിൽ കുടുങ്ങുന്നതിന്റെ സാർവ്വത്രികതയാണ്. ഈ അവസ്ഥയെ ഈശോമിശിഹാ സ്വീകരിച്ചുകൊണ്ട്, അതിൽ കുടുങ്ങാതെ, അതിനതീതനായിത്തീർന്നു (ഫിലി. 2:5-11 എബ്രാ. 4:15). നല്ലവനായ ദൈവപിതാവിൽ സദാ വ്യാപരിച്ചുകൊണ്ട് മനുഷ്യരെല്ലാവരെയും നല്ലവരാക്കുവാൻ സ്വയം സമർപ്പിച്ച മിശിഹായാണ് എല്ലാവരുടേയും ആധ്യാത്മികത. അതും മനുഷ്യപ്രകൃതിയിൽ സന്നിഹിതമായിരിക്കുന്ന ദൈവികതയെ-ദൈവസ്നേഹത്തെ - ഒരു പ്രാവശ്യത്തെ അർപ്പണം വഴി അനാവരണം ചെയ്യുന്ന മിശിഹായുടെ ആചാര്യത്വമാണ് ആധ്യാത്മികത. ഈ ആധ്യാത്മികതയുടെ പങ്കുകാരാകുന്നതിന് നിർജ്ജീവ പ്രവൃത്തികളിൽനിന്നും, ആധ്യാത്മിക ചൂഷണത്തിൽനിന്നും വിശുദ്ധീകൃതരാകേണ്ടതുണ്ട്. അതിനായി "നിത്യാത്മാവിനാൽ, തന്നെത്തന്നെ ദൈവത്തിനു കറയില്ലാത്തവിധം സമർപ്പിച്ച മിശിഹായുടെ രക്തം ജീവനുള്ള ദൈവത്തിനു ശുശ്രൂഷ ചെയ്യുവാനായി നമ്മുടെ ബോധത്തെ നിർജ്ജീവ പ്രവൃത്തികളിൽനിന്ന് എത്രമാത്രം വിശുദ്ധീകരിക്കേണ്ടതുണ്ട്" (എബ്രാ. 9:14). ഇവിടെ വരുന്ന ദർശനം വിശ്വാസത്തിന്റെ ജീവിതസാക്ഷ്യമായിട്ടാണ് വി.ഗ്രന്ഥം കാണിക്കുന്നത്. അതായത് ദൈവം തന്റെ സ്നേഹം സൃഷ്ടികളിൽ ഉൾപ്രവേശിപ്പിക്കുന്നതിനെ, മനുഷ്യർ ബോധപൂർവ്വം കണ്ടറിഞ്ഞ്, ആഘോഷിച്ച് അനുഭവിച്ച്, വികസിപ്പിക്കേണ്ടതുണ്ട്. കണ്ടറിയുക എന്നു പറയുന്നത് ദർശനത്തിന്റെ ആധ്യാത്മികതയും ആഘോഷിച്ചനുഭവിക്കുന്നത് ആരാധനാ ജീവിതത്തിന്റെ ആധ്യാത്മികതയുമാണ്. കണ്ടറിയുന്നതുവഴി ഓരോരുത്തരിലുമുള്ള ദൈവ സ്നേഹത്തിന്റെ അടിസ്ഥാനം സജീവമാകുന്നു. ആ ദൈവസ്നേഹത്തിന്റെ വികാസമാണ് ദൈവികജീവനിൽ പങ്കു ചേരുന്നതിനുള്ള മാർഗ്ഗം. ഇതിനായി ജീവിതം മുഴുവൻ സമർപ്പിതമാകേണ്ടതുണ്ട് എന്ന് ഈശോയുടെ ജീവിതം സാക്ഷ്യം പറയുന്നു (യോഹ. 10:10-15; മത്താ. 20:28; എബ്രാ. 10:10; 12,14). ഈശോ സദാ പിതാവിനെ ദർശിച്ചു കൊണ്ടാണ്

തന്റെ ഹൃദയത്തെ രൂപപ്പെടുത്തിയത്. അതുകൊണ്ട് ആ ഹൃദയം ദൈവ കരുണയുടെ ദിവ്യകാരുണ്യമായി രൂപപ്പെട്ടു. ഈ ദിവ്യ കാരുണ്യമാകുന്ന റൂഹാദ്ക്കുദ്ശായാണ് മനുഷ്യ ഹൃദയങ്ങളിൽ ചൊരിയപ്പെട്ടിരിക്കുന്ന സ്നേഹം (റോമ. 5:5). അതിനാൽ ഹൃദയത്തിന്റെ അത്യുന്നതാനുഭൂതിയാണ് ദർശനത്തിന്റെ ആധ്യാത്മികതയിലും അനുഭവപരമാകുന്നത്. [44]

4:8 പ്രത്യാശ

ദൈവ ദർശനത്തിനുള്ള കഴിവു മനുഷ്യർക്കുണ്ടെങ്കിലും ദൈവ മഹത്ത്വത്തിൽ എത്തുന്നതിന് പ്രത്യാശയുടെ ചൈതന്യത്തിൽ മുന്നേറണം. ഈ മുന്നേറ്റത്തിന് ഞെരുക്കവും ക്ഷമയും പരീക്ഷയുമെല്ലാം വഴി പ്രതീക്ഷയിൽ പൂർണ്ണരാകേണ്ടത് ആവശ്യമാണ്. വിശുദ്ധ ശ്ലീഹാ പറയുന്നു: "അവനിലൂടെ (ഈശോമിശിഹാ) ഈ കൃപയിലേക്കു വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. അങ്ങനെ ദൈവമഹത്ത്വത്തിന്റെ പ്രതീക്ഷയാൽ നാം പ്രശംസിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഞെരുക്കം ക്ഷമയേയും ക്ഷമ പരീക്ഷയേയും, പരീക്ഷ പ്രതീക്ഷയേയും നമ്മിൽ പൂർണ്ണമാക്കുന്നു എന്നറിഞ്ഞുകൊണ്ട് ഞെരുക്കങ്ങളിൽ നാം പ്രശംസിക്ക കൂടി ചെയ്യുന്നു" (റോമ. 5:2-4). നിരന്തര കാത്തിരിപ്പിന്റെ ഫലമായുണ്ടാകേണ്ട ദൈവസ്നേഹാനുഭവമാണ് ക്ഷമയോടെ നിലനില്ക്കാൻ പ്രേരിപ്പിക്കുന്നത്. ദൈവം പ്രത്യാശയുടേതാണ്: "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്റെ പ്രതീക്ഷയിൽ നിങ്ങൾ വളരേണ്ടതിന് പ്രത്യാശയുടെ ദൈവം, വിശ്വാസം മൂലം എല്ലാ സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ" (റോമ. 15:13). ദൈവവചനം മാംസം ധരിച്ചു മനുഷ്യപ്രകൃതിയിലൂടെ നീങ്ങിയത് പ്രത്യാശയിലൂടെയാണ്. ഇപ്രകാരമാണു മനുഷ്യകുലത്തിനു റൂഹാദ്ക്കുദ്ശാ

നൽകപ്പെട്ടതും, അതും ക്ഷമയിലൂടെ. "ക്ഷമ ലജ്ജിപ്പിക്കുന്നില്ല, എന്തെന്നാൽ നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവു വഴി ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെട്ടിരിക്കുന്നു" (റോമ. 5:5).

ദൈവസ്നേഹം മനുഷ്യഹൃദയങ്ങളിൽ നൽകപ്പെടുന്നുവെങ്കിലും അതിന്റെ സാക്ഷാത്കാരം നടക്കേണ്ടത് ജീവിതം മുഴുവനിലൂടെയുമാണ്. എന്നാൽ മനുഷ്യരുടെ ലൗകിക സാഹചര്യം ദൈവസ്നേഹത്തിന്റെ ആധ്യാത്മിക സാഹചര്യത്തെ അനുധാവനം ചെയ്യേണ്ടതിന് പ്രത്യാശയുടെ ത്യാഗോജ്ജ്വലമായ പെസഹാനുഭവമുണ്ടാകണം. ഈ പെസഹാനുഭവത്തിന്റെ അതുല്യതയാണ് ഈശോമിശിഹായുടെ ജീവിതത്തിൽ സാക്ഷാത്കൃതമായത്.[45] ഇതുവഴിയാണ് റൂഹാദ്ക്കുദ്ശാ മനുഷ്യഹൃദയങ്ങളിൽ ദൈവസ്നേഹം ചൊരിയുവാനും അത് അനുഭവവേദ്യമാകുവാനും ഇടവന്നത്. പ്രത്യേകിച്ച്, ഈശോമിശിഹായുടെ മരണോത്ഥാനത്തിലാണ് പ്രതീക്ഷ അധിഷ്ഠിതമായിരിക്കുന്നത്. ഉത്ഥാനത്തിന്റെ പ്രത്യാശ മാഞ്ഞൊദീസായിലൂടെ ഓരോ മിശിഹാനുയായിയിലും ജീവചൈതന്യമായി നിലകൊള്ളുന്നു. ജീവിതത്തിന്റെ ആരംഭം മുതൽ എന്നും സജീവമായി തീരേണ്ട ഒരു സുകൃതമാണ് പ്രത്യാശ. ഈ പ്രത്യാശയെ അനുഭവിച്ചറിഞ്ഞ് അഭ്യസിക്കേണ്ടത് മെശയാനിക ജീവിതം വഴിയാണ്. മെശയാനിക ജീവിതമെന്നത് മരണോത്ഥാനത്തിലൂടെ കൈവരിക്കേണ്ട മഹത്ത്വമാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം മരണോത്ഥാനമെന്നത് ഉന്നതമായ ഒരു ജീവിതത്തിലേക്കുള്ള രൂപാന്തരീകരണമാണ്. ഈ രൂപാന്തരീകരണം എപ്പോഴും ത്യാഗത്തിന്റേയും പുരോഗതിയുടേയും പാതയിലൂടെയുള്ള പ്രയാണമാണ്. ത്യാഗത്തിനുള്ള പ്രചോദകശക്തിയാണ് പ്രത്യാശ. പുരോഗതി ചെന്നു നില്ക്കുന്നത് മഹത്ത്വദർശനത്തിലായതിനാൽ അത് ഉത്ഥാനാത്മകമായിരിക്കും.

മിശിഹായുടെ ഉത്ഥാനമാണ് ഏതൊരാൾക്കും ജീവിത ലക്ഷ്യമായിരിക്കുന്നത്.[46] അതിനാൽ പ്രത്യാശയുടെ സ്വഭാവം വരുവാനിരിക്കുന്നവ ഇപ്പോൾ കൈവശമായിരിക്കുന്നുവെന്ന അനുഭൂതിവിശേഷമാണ്. ഓരോ നിമിഷത്തേയും അതിന്റെ അനുകൂല പ്രതികൂല സാഹചര്യങ്ങളോടെ അഭിമുഖീകരിക്കുവാനും അവയെല്ലാം മിശിഹായിൽ സശീർഷമാക്കപ്പെടുമെന്ന ഉറപ്പോടെ അനുഭവിക്കാനും പ്രത്യാശ ഇടവരുത്തുന്നു. പ്രത്യാശ, ശുഭാപ്തി വിശ്വാസത്തിന്റെ ചൈതന്യത്തിൽ ഏവരേയും നയിക്കുന്നു. അതുകൊണ്ട് ജീവിതത്തെ സ്വർഗ്ഗീയമാക്കിത്തീർക്കുന്ന ഒരു സുകൃതമായി പ്രത്യാശ നിലകൊള്ളുന്നു. അതിനാൽ സ്നേഹത്തിന്റെ പുണ്യത്തോടു ബന്ധപ്പെട്ടാണ് പ്രത്യാശ നിലകൊള്ളുന്നത്. സ്നേഹത്തിൽ എല്ലാം ദൈവികമായിത്തീരുന്നതുപോലെ പ്രത്യാശയും എല്ലാറ്റിനേയും ദൈവമയമാക്കിത്തീർക്കുന്നതിനിടവരുത്തുന്നു. സ്നേഹത്തിന്റെ കാര്യത്തിൽ എന്നതുപോലെ പ്രത്യാശയുടെ ആധ്യാത്മികതയിലും ആത്മസാക്ഷാത്കാരത്തിന്റെ സ്വഭാവം പ്രകടമാണ്. ആത്മസാക്ഷാത്കാരത്തിൽ ആധുനികതയുടെ അനുഭവ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കഴിഞ്ഞവയെ വിലയിരുത്തി വരുവാനിരിക്കുന്നവയെ നിശ്ചയിക്കേണ്ടതുണ്ട്. ആദ്യം സൂചിപ്പിച്ചവ രണ്ടു വിശ്വപ്രതിഭാസങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇനിയും കണ്ടെത്തേണ്ട മേഖലകൾ വളരെയാണ്. അവയിൽ പ്രധാനപ്പെട്ടതാണ് ഏക സത്യദൈവത്തിലുള്ള വിശ്വാസത്തിന്റെ സാർവ്വത്രികത. രണ്ടാമതായി ആന്തരിക ആരാധനയുടെ ചൈതന്യമാണ്. അടുത്തതായി മാനവകൂട്ടായ്മയുടെ സംസർഗ്ഗമാണ്. ഇവ മൂന്നിനേയും വിശ്വാസം, ആരാധന ജീവിതം എന്ന നിലയിൽ കാണാമെങ്കിലും പ്രത്യാശയാണ് ആരാധനയ്ക്കു പകരമായി എടുക്കാവുന്നത്. ആരാധന അതിന്റെ ചൈതന്യത്തിൽ ആത്മസാക്ഷാത്കാരത്തിനുള്ള മനുഷ്യരുടെ ദൈവോന്മുഖ തീർത്ഥാടനമാണ്.

ആത്മസാക്ഷാത്കാരത്തിന്റെ യുഗാന്ത്യരൂപം വ്യക്തിതാ സാഹല്യമാണ്. ഏതു മതത്തിലും ഉന്നം വയ്ക്കുന്ന മേല്പറഞ്ഞ ആദർശം ജീവിതശൈലിയായി മാറുമ്പോഴാണ് മതങ്ങൾ തമ്മിലുള്ള കൂട്ടായ്മയും വിശ്വസാഹോദര്യത്തിന്റെ ആധ്യാത്മികതയും നിലവിൽ വരുന്നത്. ആത്മസാക്ഷാത്കാരത്തിന്റെ അവശ്യ വ്യവസ്ഥയാണ് ദൈവോന്മുഖതയും പരോന്മുഖതയും. ഇവ രണ്ടിനും ഒരാൾ സ്വയം വിട്ടുകൊടുമ്പോൾ പ്രത്യാശയുടെ മാർഗ്ഗം ഞെരുക്കമുള്ളതെങ്കിലും ജീവിതസാക്ഷാത്കാരം സുനിശ്ചിതമായിരിക്കും.

4:9 വിനയം

"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" (മത്താ. 5:3). വിശുദ്ധഗ്രന്ഥം മുഴുവന്റേയും പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള ഒരു പ്രസ്താവനയാണ്, ഗിരിപ്രഭാഷണത്തിലെ ഒരു സൗഭാഗ്യമായി ഈശോ നൽകുന്നത്. മനുഷ്യരെല്ലാവരും ദൈവത്തോട് എപ്പോഴും ബന്ധപ്പെട്ടിരിക്കേണ്ടവരാണ്. ഈ ബന്ധം ഏതെങ്കിലും വിധത്തിൽ ബലഹീനമായാൽ അതു മനുഷ്യരുടെ പരാജയമായിത്തീരും. ഈ പരാജയത്തിന്റെ നീണ്ടചരിത്രമാണ് വിശുദ്ധഗ്രന്ഥത്തിലെ പഴയനിയമം എടുത്തു കാണിക്കുന്നത്.

ആദിമാതാപിതാക്കന്മാർ ദൈവത്തെ വിട്ടകന്നതു വഴി മനുഷ്യകുലം മുഴുവനേയും പരിമിതിയിൽ വീഴ്ത്തി. കായേൻ മുതൽ പിൻതലമുറ ദൈവത്തെ അകറ്റി നിറുത്തിയത് ചെന്നു നില്ക്കുന്നത് നോഹിന്റെ കാലത്തെ ഭീകരാന്തരീക്ഷത്തിലാണ്. അബ്രാഹത്തിലൂടെ ദൈവം സമീപസ്ഥനായെങ്കിലും സാവുളിലൂടെയും സോളമനിലൂടെയും ഇസ്രായേൽ ദൈവത്തിൽ നിന്നകന്നു. നിരവധി ദുരിതങ്ങൾ

നേരിടേണ്ടിവന്നു. ഈജിപ്തിലെ അടിമത്തം, സമരിയാക്കാരുടെ ഉത്ഭവത്തിനിടയാക്കിയ ബി.സി. 722 - ലെ പരാജയം, ബാബിലോൺ വിപ്രവാസം തുടങ്ങിയവയെല്ലാം മനുഷ്യർ സ്വയം വളരാൻ നോക്കിയതിന്റെ വീഴ്ചകളാണ്.

ഇസ്രായേലിൽ ചുരുക്കം, ദൈവത്തിൽ അഭയം ഗമിച്ചുകൊണ്ട് ആത്മാവിലുള്ള ദാരിദ്ര്യത്തിന്റെ ചൈതന്യത്തിലെത്തി. സെഫാനിയാ നിവ്യാ പറയുന്നു: "വിനീതരും താഴ്മയുള്ളവരുമായ ഒരു ജനത്തെ ഞാൻ നിന്നിൽ ശേഷിപ്പിക്കും, അവർ കർത്താവിന്റെ തിരുനാമത്തിൽ ആശ്രയിക്കും" (സെഫാ. 3:12). ഇപ്രകാരം കർത്താവിൽ അഭയം ഗമിച്ചവർ എത്രമാത്രം പരിമിതരാണെങ്കിലും അവർ ദൈവത്തിൽ ആശ്രയിക്കുകവഴി ദൈവം ആഗ്രഹിക്കുന്ന എന്തിനും ശക്തരായിത്തീർന്നു. അതുവഴി ശക്തമായിത്തീർന്ന കൂട്ടരെയാണ് ആത്മാവിൽ ദരിദ്രർ എന്ന് ഈശോ വിശേഷിപ്പിച്ചത്. ഭൗതിക ഞെരുക്കത്തിലൂടെ ആത്മീയ പാപ്പരത്തത്തിൽ എത്തിയവർ ദൈവത്തേയും അവിടുത്തെ ശക്തിയേയും കണ്ടെത്തിയതുകൊണ്ടാണ് സ്വർഗ്ഗരാജ്യത്തിനവകാശികളായിത്തീർന്നത്.

ആത്മദാരിദ്ര്യത്തിന്റെ മകുടോദാഹരണമാണ് കർത്താവിന്റെ ദാസിയായ നസ്രത്തിലെ മറിയം.[47] ശക്തനായവൻ വലിയ കാര്യങ്ങൾ ചെയ്തുവെന്ന അനുഭവമാണ് മാതാവിനുണ്ടായത് (ലൂക്കാ 1 : 49). ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തുവെന്ന അനുഭവമാണ് മാതാവിനുണ്ടായത്. സെഫാനിയ 3:12 ന്റെയും ഹന്നായുടെ കീർത്തനത്തിന്റേയും പശ്ചാത്തലത്തിലാണ് മാതാവിന്റെ സ്തോത്രഗീതത്തെ കാണുന്നത് (1 സാമു. 2:1).

മാതൃവിനയത്തിലൂടെ ദൈവം പ്രവർത്തിച്ച വലിയ കൃത്യം വചനത്തിന്റെ മാംസവത്ക്കരണമാണ് (യോഹ. 1:14). മാംസം ധരിച്ച വചനം

മനുഷ്യരുടെ ഇടയിൽ വസിച്ചുകൊണ്ട് ദൈവമഹത്ത്വത്തിന്റെ അത്യുച്ചിയിൽ എത്തിയതും ആത്മദാരിദ്ര്യത്തിന്റെ ചൈതന്യത്തിലൂടെയാണ്. (ഫിലി. 2:5-11). ദൈവപിതാവിന്റെ തിരുവിഷ്ടമനുസരിച്ചു ജീവിച്ച ഈശോയിൽ സാക്ഷാത്കൃതമായ മാനവ വിശുദ്ധീകരണത്തിന്റെ സ്ഥൂല രൂപമാണ് ആദിമസഭ (നട. 2:42-47).

ആദിമസഭയുടെ ദൈവരാജ്യോന്മുഖ ചൈതന്യം "അവരിൽ ആരും താൻ നേടിയിരുന്ന സമ്പാദ്യങ്ങളെപ്പറ്റി, അവ സ്വന്തമാണെന്ന് അവകാശപ്പെട്ടിരുന്നില്ല" എന്ന ശൈലി വ്യക്തമാക്കുന്നു. ഈശോ മിശിഹായുടെ ഉയിർപ്പിലും കൃപാവര സമൃദ്ധിയിലും ആദിമസഭ സാക്ഷികളായിരുന്നു (നട. 4:33). ഇവിടെയും അടിസ്ഥാനഘടകമായി വരുന്നത് ആത്മദാരിദ്ര്യത്തിന്റെ ചൈതന്യമായ വിശ്വാസമാണ് (നട. 4:32). അതായത് ദൈവം കൂടെയുണ്ടെന്ന വിശ്വാസം എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമാണ്. ആദ്യമായി ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നവർക്ക് ദൈവം എല്ലാം ചെയ്തു കൊടുക്കും. മനുഷ്യരുടെ ഭാഗത്തുണ്ടാകേണ്ട അവശ്യ വ്യവസ്ഥയാണ് ആത്മ ദാരിദ്ര്യം.

4:10 വിശ്വാസം

ആത്മദാരിദ്ര്യം ഒരാധ്യാത്മികതയുടെ നിദർശനമാണ്. ദൈവത്തിന്റെ ശക്തിയും ആ ദൈവത്തിനുള്ള സമർപ്പണവുമാണ് ആത്മദാരിദ്ര്യത്തെ സ്വർഗ്ഗോന്മുഖമാക്കിത്തീർക്കുന്നത്. ദൈവരാജ്യത്തിനവകാശികളാകുന്നവർ വിശ്വാസാധിഷ്ഠിതമായ ജീവിതം നയിക്കുന്നവരാണ്.

വിശ്വാസത്തെ വിശുദ്ധഗ്രീഹാ ഇപ്രകാരമാണു വെളിവാക്കുന്നത്: "വിശ്വാസം എന്നത് പ്രതീക്ഷിക്കുന്നതു നടന്നു കഴിഞ്ഞാൽ എന്നതുപോലെ അവയെക്കുറിച്ചുള്ള ഉറപ്പും അദൃശ്യമായവയുടെ പ്രത്യക്ഷാനുഭവവുമാകുന്നു" (എബ്രാ. 11:1). വിശ്വാസത്തിൽ അധിഷ്ഠിതമായ

ജീവിതത്തിന്റെ സജീവസാക്ഷ്യമാണ് തുടർന്നുള്ള വിവരണത്തിൽ കാണുന്നത് (എബ്രാ. 11:2-40). വിശ്വാസം എന്ന സുകൃതം ദൈവത്തെ നമുക്കുള്ളതാക്കിത്തീർക്കുന്നു. അങ്ങനെയാണ് വചനം മാംസം ധരിച്ച ഈശോയിൽ വിശ്വാസം കേന്ദ്രീകൃതമായിരിക്കുന്നത്. പ്രതീക്ഷിക്കുന്നത് ഈശോമിശിഹായിൽ നടന്നു കഴിഞ്ഞു എന്നതിനാലാണ് ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ എന്ന് ഈശോ അരുളിച്ചെയ്തത് (യോഹ. 14:2). പുതിയ നിയമത്തിലേക്കു വരുമ്പോൾ വിശ്വാസം ഈശോമിശിഹായ്ക്കുള്ള പരിപൂർണ്ണസമർപ്പണമാണ്. ഈ സമർപ്പണത്തിൽ പിതാവിനുള്ളതെല്ലാം പുത്രനും പുത്രനിൽ വിശ്വസിക്കുന്നവനും ലഭിക്കുന്നു. പുത്രനെ അനുഗമിക്കുന്നവർ നിത്യജീവൻ കണ്ടെത്തുന്നു. എന്നാൽ പുത്രൻ തന്നെയും നിത്യജീവന്റെ ഉറവിടമായിത്തീർന്നത് തന്റെ പെസഹായിലൂടെയാണ്. അതുകൊണ്ട് മനുഷ്യരെല്ലാവരും സ്വയം പരിത്യജിച്ച് അനുദിനം കുരിശുമെടുത്തു കൊണ്ട് ഈശോയെ അനുഗമിക്കുന്നതാണ് വിശ്വാസ ജീവിതം.

സ്വയം പരിത്യാഗമെന്നത്, ആത്മ ദാരിദ്ര്യത്തിന്റെ അനുഭൂതിയിൽ നിന്നുനോക്കുമ്പോൾ, ശാരീരിക മാത്രവും വൈകാരിക മാത്രവുമായവയെ സമഗ്രമായതിനു വിട്ടുകൊടുക്കുന്നതാണ്. ത്യാഗമെന്നത് ഒരു വിധത്തിലുള്ള യാഗമാണ്, പ്രതിഷ്ഠയാണ്. അതു രൂപാന്തരീകരണത്തിനുപകരിക്കുന്നതാണ്. രൂപാന്തരീകരണത്തിന്റെ വശത്തെ പരാമർശിക്കുമ്പോൾ അതാണു മിശിഹാനുഗമനം.

മിശിഹാനുഗമനത്തിന്റെ പ്രകൃതം വിശ്വാസത്തിന്റെ സ്വഭാവത്തെയാണ് ഉന്നംവെയ്ക്കുന്നത്. അതായത്, ശരീരത്തിനും വികാരത്തിനും പ്രതീക്ഷയായിരിക്കുന്ന രൂപാന്തരീകരണം നടന്നുവെന്ന അനുഭൂതി വിശേഷം ആധ്യാത്മികമായുണ്ടാകുന്നു. അതായത് ഒരേ സമയത്തു തന്നെ ആധ്യാത്മികതയുടെ ദൈവിക അനുഭൂതി ശരീരത്തെയും

വൈകാരിക മേഖലകളെയും മിശിഹായിൽ സമന്വയിപ്പിക്കുന്നു; അല്ലെങ്കിൽ വിശ്വാസം ജീവിതപരമാക്കുന്നു.

ദൃശ്യാദൃശ്യങ്ങളുടെ ഏകീകരണം നടക്കുന്നതിലാണ് വിശ്വാസാധിഷ്ഠിത ആധ്യാത്മികത ഉണ്ടാകുന്നത്.[48] ദൈവരാജ്യം ഭൂമിയിൽ എന്നതാണു മേല്പറഞ്ഞതിന്റെ അനുഭവം. മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യരുടെ മോക്ഷം - നിർവ്വാണം ആണ്, വിശ്വാസ ജീവിതത്തിന്റെ അനുഭവം. അനുദിനജീവിതത്തിന്റെ ഏതു പ്രതിഭാസത്തേയും ദൈവികമാക്കിത്തീർക്കുന്ന ഒരാധ്യാത്മികതയാണു വിശ്വാസം വഴി സംജാതമാകുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ആബേൽ തുടങ്ങി യോഹന്നാൻ മാംദാന വരെ ഏവരും വിശ്വാസത്തിലധിഷ്ഠിതമായി ജീവിച്ചതിന്റെ സാക്ഷ്യമാണ് നൽകുന്നത് (എബ്രാ. 11:1-40, യോഹ. 3:30). ഈശോമിശിഹായുടെ മനുഷ്യാവതാരവും സ്ലീവാമരണവും മഹത്ത്വീകരണവും വഴി വിശ്വാസം സഭാപരമായിത്തീർന്നു.

സഭയിൽ വിശ്വാസം പ്രകാശിതമാകുന്നത് സുവിശേഷത്തിലൂടെയാണ് (മർക്കോ. 16:16). സുവിശേഷത്തിൽ വിശ്വസിക്കുന്നവർ മാമ്മോദീസാവഴി ആധ്യാത്മിക ജീവിതത്തിനു തുടക്കം കുറിക്കുന്നു. തുടർന്ന് ഇതര കൂദാശകളിലൂടെ മുന്നേറി സ്നേഹത്തിന്റെ കൂദാശയായ വി. കുർബാനയിൽ ജീവിതം കേന്ദ്രീകൃതമാക്കുന്നു.[49] ഇവിടെയാണ് സ്നേഹത്തിന്റെ ജീവിതമുള്ളത്.

വി.കുർബാന സ്നേഹത്തിന്റെ ഉടമ്പടിയാണ്. വിശ്വസിക്കുന്നവർ കല്പന പാലിക്കുകയും ഉടമ്പടിയുടെ ജീവിതം നയിക്കുകയും ചെയ്യുന്നു. എല്ലാ പ്രമാണങ്ങളും പാലിക്കുന്നത് വിശ്വാസാധിഷ്ഠിത ആധ്യാത്മികതയുടെ തെളിവാണ്. വിശുദ്ധഗ്രന്ഥത്തിൽ ഉടനീളം കാണുന്ന ഒരു ശൈലിയാണ് നിങ്ങൾ എന്റെ വാക്കു കേൾക്കുകയും

എന്റെ കല്പന അനുസരിക്കുകയും ചെയ്യുക എന്നത് (പുറ. 19:5; നിയമ. 10:13-15; ഏറ. 9:13). വി.കുർബാനയിൽ സംഭവിക്കുന്നത് എന്താണ്? ദൈവ വചനം കേൾക്കുന്നു. കല്പന പാലിച്ച് അത് ആഘോഷിക്കുന്നു. വചനം കേൾക്കുന്നതുവഴിയാണ് വിശ്വാസം സജീവമാകുന്നത് (മർക്കോ. 16:16). വിശ്വാസത്തിന്റെ സജീവത്വമെന്നത് ഒരു വിധത്തിൽ ദൈവ വചനം വിശ്വസിക്കുന്നവരിൽ അത് അനുഭവപരവും പ്രവൃത്തിപരവുമാകുന്നതാണ്. പരിശുദ്ധ കന്യകാമറിയത്തിൽ ദൈവ വചനമാണ് ആദ്യം പ്രവർത്തിച്ചു തുടങ്ങിയത്. തുടർന്ന് മാതാവു വിശ്വസിച്ചുകൊണ്ട് അതു പ്രാവർത്തികമാക്കി. ഏലീശ്വാ മറിയത്തെ പ്രകീർത്തിച്ചു കൊണ്ട് ഉദ്ഘോഷിച്ചത് ദൈവത്തിന്റെ അരുളപ്പാടു വിശ്വസിച്ചതുവഴി ഭാഗ്യവതിയായെന്നാണ് (ലൂക്കാ 1:45). പരിശുദ്ധ അമ്മ വിശ്വസിച്ചതിന്റെ ഫലമാണ് വചനത്തിന്റെ മാംസവത്ക്കരണവും മനുഷ്യരുടെ ദൈവികീകരണവുമെല്ലാം. ചുരുക്കത്തിൽ വിശ്വാസാധിഷ്ഠിതമായ ആധ്യാത്മികതയാണ് ഇവിടെ ദൃശ്യമാകുന്നത്. അതും പരിപൂർത്തിയിലെത്തി സ്നേഹം അനുഭവിക്കുന്നത്.

4:11 സ്നേഹം

സ്നേഹം ആധ്യാത്മിക ജീവിതത്തിന്റെ ആലപ്പും താവും-ആരംഭവും അന്ത്യവും-ആണ്. രണ്ടിനേയും ബന്ധിപ്പിക്കുന്ന ചൈതന്യവും മറ്റൊന്നല്ല. അപ്പെസോസുകാർക്കുള്ള ലേഖനത്തിലൂടെ വി.ശ്ലീഹാ പറയുന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും ആരിൽ നിന്നാകുന്നുവോ, നമ്മുടെ കർത്താവീശോമിശിഹായുടെ ആ പിതാവിന്റെ സന്നിധാനത്തിൽ, അവൻ തന്റെ ദിവ്യാതമാവുവഴി നിങ്ങൾ ശക്തിയിൽ സ്ഥിരീകരിക്കത്തക്കവണ്ണം തന്റെ മഹത്വത്തിന്റെ സമ്പത്തിന് അനുഗുണമാംവണ്ണം നിങ്ങൾക്കുതരേണ്ടതിനും നിങ്ങളുടെ മൂടുമൂലവും ഉറപ്പിക്കപ്പെട്ട് വിശ്വാസംമൂലം നിങ്ങളുടെ ആന്തര മനുഷ്യനിലും സ്നേഹംമൂലം ഹൃദയങ്ങളിലും മിശിഹാ വസിക്കേണ്ടതിനും

മിശിഹായുടെ സ്നേഹത്തെപ്പറ്റിയുള്ള ബോധത്തിന്റെ ഗരിമാവ് നിങ്ങൾ അറിയേണ്ടതിനും ദൈവത്തിന്റെ പരിപൂർണ്ണതയാൽ നിങ്ങൾ പരിപൂർണ്ണരാകേണ്ടതിനും വേണ്ടി എന്റെ മുട്ടുകൾ ഞാൻ കുത്തുന്നു" (അപ്പ 3:14-19). ദൈവവിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെടുമ്പോൾ മിശിഹാനുയായി സ്നേഹത്തിന്റെ അനുഭൂതിയിലായിരിക്കും വസിക്കുക. കാരണം യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതുപോലെ ദൈവം സ്നേഹമായതിനാൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും രൂപപ്പെട്ട മനുഷ്യരിലും ദൈവസ്നേഹം ആന്തരികമായി വസിക്കും (1 യോഹ. 4:8-16; സൃഷ്ടി 1:26; 2:7). മനുഷ്യജീവൻ ആരംഭിക്കുന്നതു പിതാവിൽനിന്നു വചനമാകുന്ന പുത്രനിലൂടെ റൂഹാദ്ക്കുദ്ശായിൽ ലഭിക്കുന്ന ശ്വാസം വഴിയാണ്. ഈ ശ്വാസം രക്തത്തിൽ പ്രവേശിച്ചു മനുഷ്യരിൽ വ്യാപിക്കുന്നതോടെ മനുഷ്യത്വത്തോടൊപ്പം ദൈവസ്നേഹവും സന്നിഹിതമാകുന്നു. എന്നാൽ ദൈവസ്നേഹത്തിന്റെ ശരീരത്തിലുള്ള സാന്നിധ്യം നിഗൂഢമായി സ്ഥിതിചെയ്യുന്നതുകൊണ്ട് അത് അനുഭവവേദ്യമായിത്തീരുന്നത് പ്രഥമത ശാരീരികമായും തുടർന്ന് വൈകാരികമായും അതോടൊപ്പം ആധ്യാത്മികമായുമാണ്. ദൈവസ്നേഹത്തിന്റെ ശാരീരിക വളർച്ചയിൽ, മാതാപിതാക്കളും മനുഷ്യകുട്ടികളുടെ വളർച്ചയിൽ ഇടപെടുന്ന മറ്റുള്ളവരും, ദൈവസ്നേഹത്തെ അനുഭവിച്ചുകൊണ്ട് അവരെ വളർത്തുന്നില്ലായെങ്കിൽ, ജഡികസ്നേഹത്തിന്റെയും വൈകാരിക സ്നേഹത്തിന്റെയും അതിപ്രസരം ആധ്യാത്മിക സ്നേഹത്തെ ഞെരുക്കുന്നതിനിടവരുന്നു. ഈ പ്രതിഭാസമാണ് സാധാരണയായി എവിടെയും സംഭവിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ദൈവസ്നേഹം മനുഷ്യരിൽ ആരംഭം മുതൽ വർദ്ധിക്കേണ്ടതിനു വിശ്വാസത്തിന്റെ അനുഭവം സജീവമാകണം.

വിശ്വാസത്തിന്റെ അനുഭവത്തിൽ മനുഷ്യശരീരത്തിന്റേയും മനുഷ്യാത്മാവിന്റേയും മനുഷ്യചേതനയുടേയും എല്ലാ കഴിവുകളും ഈശോ മിശിഹായ്ക്കു ന്യാസം ചെയ്യപ്പെടേണ്ടതുണ്ട്. ഈശോ

മിശിഹായ്ക്കുള്ള പ്രതിഷ്ഠയുടെ-ന്യാസത്തിന്റെ-സ്വഭാവവും ചൈതന്യവും ലക്ഷ്യവുമെല്ലാമാണ് മംഗളവാർത്താ സംഭവത്തിലുള്ളത് (ലൂക്കാ. 1:27-38).

നസ്രത്തിലെ മറിയത്തിനു ജന്മം നൽകിയ അന്നാ, ജോവാക്കിം ദമ്പതിമാരുടെ ആധ്യാത്മികതയാണ് പരിശുദ്ധമറിയത്തിന് തന്റെ ജനനത്തിനും തികഞ്ഞ വളർച്ചയ്ക്കും വിവാഹ പ്രായമെത്തിയപ്പോൾ കൃപനിറഞ്ഞവളാകുവാനും ഇടവരുത്തിയത്. അതുകൊണ്ട് വിവാഹ പ്രായം എത്തിയപ്പോൾ പരിശുദ്ധ മറിയത്തിലുണ്ടായിരുന്ന ആധ്യാത്മിക ഉൾക്കാഴ്ച ദൈവവചനത്തിന് പ്രത്യുത്തരമരുളുന്നതിന് ഇടവരുത്തി. മംഗളവാർത്തയിൽ കാണുന്നതുപോലെ വചനാധിഷ്ഠിത സംഭാഷണംവഴി മറിയത്തിൽ രൂപപ്പെട്ട മനസ്സാക്ഷി ഉദ്ഘോഷിച്ചു: 'നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ'യെന്ന്. തുടർന്നു സംഭവിച്ചത്, ദൈവവചനം മറിയത്തിന്റെ ഹൃദയത്തെ ദൈവസ്നേഹത്തിന്റെ സജീവത്വംവഴി ധന്യമാക്കുന്ന പ്രക്രിയയായിരുന്നു. ഈ പ്രക്രിയ മറിയത്തിന്റെ സംസർഗ്ഗവാസന റൂഹാദ്ക്കുദ്ശായോട് ഒന്നു ചേർന്നു പ്രവർത്തിക്കുന്നതിനിടവരുത്തി. ഫലമോ, ഈശോയുടെ സാന്നിധ്യാവബോധം അസ്തിത്വാത്മകമായി. ഇതോടൊപ്പം മറിയത്തിന്റെ ബുദ്ധി, മനസ്സ്, വികാരങ്ങൾ തുടങ്ങിയവ മിശിഹാനുഭവത്താൽ നിറഞ്ഞു. അങ്ങനെ മാതാവായ മറിയത്തിന്റെ ശരീരം ദൈവപുത്രന്റെ വാസസ്ഥലമായി.[30] ദൈവസ്നേഹം, ദൈവവചനത്തിലൂടെ മാലാകാവഴി മറിയത്തിന്റെ ഹൃദയത്തെ ഉത്തേജിപ്പിച്ചു. ഹൃദയം മാനസികതലങ്ങളെ ദീപ്തമാക്കി. മനസ് ശരീരത്തെ ന്യാസം ചെയ്തു. ഇതാണ് വിശ്വാസാനുഭവമെന്നത്. വിശ്വാസാനുഭവം മിശിഹാപരമാകുമ്പോൾ അത് സ്നേഹാനുഭവമാണ്.

സ്നേഹം ദൈവിക രഹസ്യത്തിലേയ്ക്കാണ് മനുഷ്യരെ നയിക്കുന്നത്. അറിവിന്റേയും വിശ്വാസത്തിന്റേയും ദൈവത്തിലുള്ള വാസത്തിന്റേയും സുകൃതമാണു സ്നേഹം (1 യോഹ. 4:16). സ്നേഹത്തിന്റെ

സർവ്വസാധാരണത്വത്തെക്കുറിച്ച് അറിവില്ലാത്തവർ ചുരുക്കം. വിശുദ്ധ ഗ്രന്ഥ രൂപവത്ക്കരണത്തിന്റെ കാലത്ത് എന്നതുപോലെ സഭാപിതാക്കന്മാരും സ്നേഹത്തെ പരിപൂർണ്ണതയുടെ അനുഭവമായിട്ടാണു കാണുന്നത്. ദൈവമക്കളായ മനുഷ്യർ രൂപപ്പെട്ടിരിക്കുന്നത് സ്നേഹത്തിനായിട്ടാണ് എന്നു ബർണ്ണബാസ് പറയുന്നു.[51] ദൈവസ്നേഹമില്ലെങ്കിൽ പ്രവചനവും വിശ്വാസവും അറിവും ബോധജ്ഞാനവുമെല്ലാം നിരർത്ഥകമാണ്.[52] ആധ്യാത്മികതയിൽ ശരീരത്തിന്റെ ശിരസ്സായിട്ടാണ് സ്നേഹത്തെ കാണുന്നത്. ഇതര അവയവങ്ങൾ മറ്റു സുകൃതങ്ങളും.[53]

ആധ്യാത്മിക മുന്നേറ്റത്തിൽ വികാരാതീതത്വമെന്നത് സ്നേഹത്തിലുള്ള ലയനമാണ്. വീണ്ടും അത് ദൈവസ്നേഹത്തിനുവേണ്ടിയുള്ള സമരമാണ്. എല്ലാ കാലത്തും എല്ലാവരെയും അതിശയിപ്പിക്കുന്ന ഒന്നാണ് കഠിനമായ തപസ്സ്. എന്നാൽ ദൈവസ്നേഹത്തിന്റെ അത്യുന്നതിയെക്കുറിച്ചു ബോധ്യമുള്ളവർ സഹോദര സ്നേഹത്തിന്റെ പ്രായോഗികതയിൽ അതീവതത്പരരായിരിക്കും. എന്നാൽ സഹോദരസ്നേഹം അതിന്റെ സാരാംശത്തിൽ സഹോദരങ്ങളെ എല്ലാ ബന്ധങ്ങളിൽ നിന്നും വിമോചിപ്പിക്കുന്നതാണ്. പാപത്തിന്റെ ബന്ധനം, അന്ധകാരശക്തികളുടെ ബന്ധനം, രോഗത്തിന്റെ ബന്ധനം, മരണത്തിന്റെ ബന്ധനം തുടങ്ങി ഇവ നിരവധിയാണ്. ഈശോ അഭിഷിക്തനായത് മേല്പറഞ്ഞ ബന്ധനങ്ങളിൽ നിന്നെല്ലാം മനുഷ്യരെ വിമോചിപ്പിക്കുവാനായിരുന്നു (ലൂക്ക. 4:18). ഈശോ നിരവധി അത്ഭുതങ്ങൾ ചെയ്തുവെങ്കിലും അവിടുന്നു തന്റെ ജീവനെ എല്ലാവരുടേയും മോചനദ്രവ്യമായി സമർപ്പിച്ചു എന്നത് ഏറ്റവും വലിയ സ്നേഹത്തിന്റെ പ്രവൃത്തിയാണ് (മത്താ. 20:28; യോഹ. 10:10). ഈശോ മിശിഹാ എല്ലാ മനുഷ്യരേയും സ്നേഹിച്ചുകൊണ്ട് പിതാവിന് അനുസരണമുള്ളവനായിരുന്നു. എല്ലാവരേയും സ്നേഹിക്കുന്ന വ്യക്തി മിശിഹായ്ക്കു പരിപൂർണ്ണ വിധേയത്വം ഉള്ളവനാകണം. അതായതു കല്പന പാലിക്കുക. അതും വി.കുർബാനയുടെ പുതിയ ഉടമ്പടിവഴി മിശിഹായ്ക്കുള്ളവരാകുന്നവർ സഹോദരങ്ങൾക്കും ഉപവി ചെയ്യുന്നവരാകും.

സ്നേഹിതർക്കുവേണ്ടി ജീവൻ ഹോമിക്കുന്ന ഏറ്റവും ഉന്നതമായ സ്നേഹമാണ് കർത്താവായ ഈശോ പ്രകീർത്തിച്ചത് (യോഹ. 15:13). എല്ലാ മനുഷ്യർക്കും വേണ്ടി ജീവൻ വെടിഞ്ഞ നല്ലിടയനായ ഈശോയെ പ്രതി രക്തസാക്ഷി മകുടം ചൂടിയ വേദസാക്ഷികൾ പരസ്നേഹത്തിന്റെയും ദൈവസ്നേഹത്തിന്റെയും ആദർശമാണ് പ്രഖ്യാപിച്ചത്.

മിശിഹാനുയായികളുടെ മാനദണ്ഡം സ്നേഹത്തിന്റേതുതന്നെ (യോഹ. 13:34). രക്തസാക്ഷിത്വം മനസ്സാക്ഷിയുടേതാകുമ്പോൾ ജീവിതകാലം മുഴുവനും നീക്കിവയ്ക്കേണ്ടതായിവരും. ഇപ്രകാരം ദൈവത്തിനു വേണ്ടി ജീവിതം നീക്കിവച്ച ധന്യനായ ചാവറ കുറിയാക്കോസ് ഏലിയാ സ്നേഹാന്വിതമായ ആധ്യാത്മികതയുടെ ഉടമയാണ്.





അനുചിന്തകനായ ചാവറയുടെ ഹൃദയത്തിൽ ഇരിക്കുന്ന
ദൈവമാതാവിന്റെ തിരുമടിയിൽ ഈശോ!

(ഗ്യാനസ്തോപങ്ങളിൽ നിന്ന് [illegible])



രണ്ടാം ഭാഗം

ധന്യൻ ചാവറ

V
ചാവറയുടെ ജീവിതം

ധന്യൻ ചാവറ

ചാവറ ദൈവത്തിനും ദൈവജനത്തിനുമായി റൂഹാദ്ക്കുദ്ശായിൽ ജീവിച്ച ഒരു ധന്യാത്മാവാണ്.[1] ദൈവം മനുഷ്യ രൂപവത്ക്കരണത്തിന് തന്റെ ഛായയും സാദൃശ്യവും അടിസ്ഥാനമാക്കിയതിനെ വാഴ്ത്തപ്പെട്ട ചാവറ, പ്രകൃതിയുടേയും പ്രവൃത്തിയുടേയും സമന്വയംവഴി സാക്ഷാത്കരിച്ചു. അദ്ദേഹത്തിന്റെ പ്രകൃതിയിൽ ദൈവികതയും പ്രാപഞ്ചികതയും നിരന്തരസമ്പർക്കത്തിലായിരുന്നു. ഈ സമ്പർക്കത്തിനിടവരുത്തിയത് പ്രധാനമായും ചാവറ കുടുംബവും തുടർന്നു ലഭിച്ച സാമുദായിക വ്യവസ്ഥിതികളുമായിരുന്നു. ചാവറയിലുണ്ടായിരുന്ന പ്രകൃതിയുടെ ദൈവികതയിൽ ആധ്യാത്മികവും പ്രാപഞ്ചികവുമായവ ഉൾച്ചേർന്നിരുന്നു. ഈ അവസ്ഥയെ അതിന്റെ പൂർണ്ണതയിൽ ദൈവത്തിനായി ജീവിച്ച ദൈവികമനുഷ്യനായി ചാവറയെ ചിത്രീകരിക്കുന്നു. അങ്ങനെയുള്ള വിഷയങ്ങളാണ് റൂഹാദ്ക്കുദ്ശാ നിറഞ്ഞ മനുഷ്യൻ, ദൈവിക മനുഷ്യൻ, യഥാർത്ഥ മിശിഹാനുയായി, സുകൃതവാൻ, വിവേകമതി, തീക്ഷ്ണൻ, വിജ്ഞാനി, മഹാനായ മനുഷ്യൻ, സ്വർഗ്ഗാരോഹകൻ, മാന്നാനത്തു വിരിഞ്ഞ പുഷ്പം, അനഭിഷിക്ത മെത്രാൻ, മലയാളത്തിന്റെ കൊടി, സമുദായോദ്ധാരകൻ, നസ്രാണിസഭയുടെ വീരപുത്രൻ, നസ്രാണികളുടെ ദ്വിതീയ ശ്ലീഹാ, പ്രസംഗവേദിയിലെ സിംഹം, ആത്മാനുതാപി, മാതൃദാസൻ, അധഃകൃതരുടെ ഇടയൻ, കർമ്മയോഗി, ജ്ഞാനയോഗി, കവി, സന്ന്യാസസഭാ സ്ഥാപകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, മല്പാനച്ചൻ, വലിയ പ്രിയോരച്ചൻ, ദീർഘദർശി, ഹരിജനപ്രിയൻ, ക്രാന്തദർശി, ദൈവദാസൻ, പ്രാർത്ഥനയുടെ മനുഷ്യൻ, ദൈവദൂതസമാനൻ, യഥാർത്ഥ നസ്രാണി, മരിയഭക്തൻ, താപസൻ, യുഗപുരുഷൻ, സന്ന്യാസപ്രസ്ഥാനങ്ങളുടെ പിതാവ്, മുദ്രാലയപ്രേഷിതൻ, യോഗീവര്യൻ, വാഗ്മി, കവി, സാഹിത്യകാരൻ, വാഴ്ത്തപ്പെട്ടവൻ, ഖണ്ഡകാവ്യകർത്താവ് തുടങ്ങിയവയെല്ലാം.[2]

സർവ്വതോന്മുഖമായ നന്മകൾ കൊണ്ട് നിറഞ്ഞിരുന്ന ചാവറ അന്നത്തെ കർമ്മെലീത്താ ശ്ലൈഹികരുടെ ആശീർവ്വാദത്തോടു കൂടെ കാല ഘട്ടത്തിന്റെ പ്രവാചകനായി മാറിയിരുന്നു. പ്രവാചകത്വത്തിൽ കാണുന്ന സുപ്രധാനങ്ങളായ മൂന്നു സവിശേഷതകൾ ചാവറയിലും പ്രശോഭിച്ചിരുന്നു. അവ ഏകസത്യദൈവത്തിലുള്ള സാർവ്വത്രിക വിശ്വാസം, ആന്തരികാരാധന, സാമൂഹ്യനീതി എന്നിവയാണ്. ഏക സത്യദൈവത്തിലുള്ള വിശ്വാസം അതിന്റെ വളർച്ചയിൽ ഈശോമി ശിഹായിലുള്ള ഒന്നായി രൂപാന്തരപ്പെട്ടിരുന്നു. അതു കൊണ്ടാണ് അമ്മ നുവേൽ അനുഭവം ചാവറയ്ക്ക് "ആവാനുഭവ"മായിതീർന്നതും, ഈശോയിൽ അതു സ്ഥൂലമായിതീർന്നതും. 19-ാം നൂറ്റാണ്ടിന്റെ ചരിത്രം തിരുത്തിക്കുറിച്ചുവെന്നത് ചാവറയുടെ പ്രതിഭയേയും ഏകാന്ത വൈശിഷ്ട്യത്തേയും വിളിച്ചറിയിക്കുന്നതാണ്. ആധ്യാത്മികമായും, സാമുദായികമായും, സാംസ്ക്കാരികമായും, സഭാത്മകമായും, ഭാഷാ സാഹിത്യപരമായും കേരളത്തിൽ മാത്രമല്ല ഭാരതത്തിലും വിശ്വാസ പരമായി ആഗോളസഭയിലും കാലത്തിനതീതമായ വളർച്ചയാണ് ചാവറ പ്രദാനം ചെയ്തത്. കേരളത്തിന്റെ സമഗ്രമായ ഇന്നത്തെ വളർച്ച യുടെ പിന്നിൽ കാണുന്ന ചലനം ഏതാണ്ടു ചാവറയുടെ കാലത്ത് ആരംഭിച്ചതായിരുന്നു.[3] പ്രത്യേകിച്ചും ആശ്രമ പ്രസ്ഥാനവും സാക്ഷര തയും വഴി ഉണ്ടായ നേട്ടം വളരെയധികമാണ്. ഈ വസ്തുത ഇന്നത്തെ കേരളീയർ വേണ്ടത്ര ഗ്രഹിച്ചിട്ടില്ല. അതിനാൽ ചാവറയുടെ ബഹുമുഖപ്രതിഭകളെ അദ്ദേഹത്തിന്റെ ആധ്യാത്മികതയിലൂടെ അവ തരിപ്പിക്കുന്നതിനുള്ള പരിശ്രമമാണിവിടെ നടത്തുന്നത്. അറുപത്തി യാറ് വർഷം ഐഹിക ജീവിതം നയിച്ച് റൂഹാദ്ക്കുദ്ശായാൽ നിറ ഞ്ഞവനായി ദൈവസമക്ഷം എത്തിച്ചേർന്ന ചാവറയുടെ അധ്യാത്മി കത തികച്ചും ദൈവാരാധനാധിഷ്ഠിതമായ, സഭാത്മകജീവിതമായി രുന്നു. 'ആദ്യമായി ചാവറ അംഗമായിരുന്ന ഭാരതീയ നസ്രാണി സഭ യെക്കുറിച്ച് ഒരു വാക്ക്.[4]

5:1 നസ്രാണി

ശ്ലൈഹിക കാലത്തുതന്നെ മിശിഹായുടെ സഭ ഏഷ്യയിലെന്ന പോലെ ഭാരതത്തിലും വേരൂന്നിയിരുന്നു. ശ്ലൈഹിക പാരമ്പര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന മാർത്തോമ്മാ ശ്ലീഹായാണ് ഭാരതത്തിലെ നസ്രാണിസഭയുടെ സ്ഥാപകൻ.[5] എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് നസ്രായനായ ഈശോയെ ഏറ്റുപറഞ്ഞ തോമ്മാശ്ലീഹായുടെ അരുമസന്താനങ്ങളാണ് നസ്രാണികൾ. ഇവർ അറിയപ്പെട്ടിരുന്നത് മാർത്തോമ്മാ നസ്രാണികൾ എന്നായിരുന്നു.[6]

മാർത്തോമ്മാ ശ്ലീഹായോടു ബന്ധപ്പെട്ടാണ് കിഴക്കൻ സഭകളെല്ലാം അറിയപ്പെട്ടിരുന്നത്.[7] സഹോദരീസഭകളെന്നനിലയിൽ ഇതര സഭകളെ കണ്ടിരുന്ന നസ്രാണികളാണ് ഭാരതത്തിലും പ്രത്യേകിച്ച് കേരളത്തിലും ഉണ്ടായിരുന്നത്. എന്നാൽ നസ്രാണിസഭയെ സംബന്ധിച്ചിടത്തോളം ആ സഭയ്ക്ക് സുറിയാനിസഭയുമായുണ്ടായിരുന്ന ബന്ധം നസ്രായനായ ഈശോമിശിഹായിലും അവിടുന്നു സംസാരിച്ചിരുന്ന കൽദായ ഭാഷയിലുമായിരുന്നു.[8] ഈ കൽദായ ഭാഷ പഴയ ഉടമ്പടിയിലും പുതിയ ഉടമ്പടിയിലും ഉണ്ടായിരുന്നതിനെ ഭാരത നസ്രാണികളും നേരത്തെ തന്നെ സ്വായത്തമാക്കിയിരുന്നു. ഈശോയും ശ്ലീഹന്മാരും സംസാരിച്ചിരുന്ന കൽദായ സുറിയാനി ഭാഷ മാർത്തോമ്മാ നസ്രാണികളും തങ്ങളുടെ ആരാധനാഭാഷയായി സ്വീകരിച്ചിരുന്നു.[9] അതു തോമ്മാശ്ലീഹായിൽ നിന്നു ലഭിച്ച പൈതൃകമായി.[10]

മിശിഹായിലും ശ്ലീഹന്മാരിലും, പ്രത്യേകിച്ച് ആദിമ സുറിയാനി സഭയിലും ദൃശ്യമായിരുന്ന താപസികതയുടെ ആധ്യാത്മികത മാർത്തോമ്മാ നസ്രാണികൾ സ്വന്തമാക്കിയിരുന്നു.[11] സാർവ്വത്രികസഭയുടെ ആധ്യാത്മിക പൈതൃകമായ ആശ്രമികത്വരൂപം മാർത്തോമ്മാ

നസ്രാണികൾ തങ്ങളുടെ ജീവിതത്തിൽ അനർഘ നിധിയായി കാത്തു സൂക്ഷിച്ചുവന്നതു കൊണ്ടാണ് മൂന്നാം സഹസ്രാബ്ദത്തിലേക്കു കടക്കുന്ന കാലഘട്ടത്തിലും മെശയാനിക വിശ്വാസം അഭംഗുരം കാത്തു സൂക്ഷിക്കുവാനിടവന്നത്. എ.ഡി. 1800 കളിൽ നസ്രാണി സഭയെ സംബന്ധിച്ചിടത്തോളം കാലത്തിന്റെ പൂർത്തീകരണമെന്ന പ്രതീതി ഉളവാക്കിയതായിരുന്നു, അവളുടെ ഇടയിലെ താപസിക മുന്നേറ്റം-സഭയിലെ സന്ന്യാസ പ്രസ്ഥാനത്തിന്റെ ആധുനികചലനം. ഭാരതത്തിൽ ഇതിൽ മുന്നോടികളായി വന്നവർ പോരൂക്കര തോമ്മാച്ചൻ, പാലയ്ക്കൽ മല്പാനച്ചൻ, ആഹാ യാക്കോബ് കണിയാന്ത്ര, ചാവറ കുറിയാക്കോസ് ഏലിയാ തുടങ്ങിയവർ[12] ആയിരുന്നു.

ഭാരത നസ്രാണിസഭയിൽ ആശ്രമാധിഷ്ഠിത താപസജീവിതത്തിന് പ്രവാചകദാനത്തിലൂടെ കാനോനികമായി ആധുനികകാലത്തു തുടക്കം കുറിച്ച സന്ന്യാസസഭാസ്ഥാപകൻ വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് ഏലിയായാണ്.[13] നസ്രാണികളുടെ ഇടയിൽ ആരംഭത്തിലുണ്ടായിരുന്ന ആശ്രമ ജീവിതത്തെ[14] അധുനാതനീകരിച്ച സംഭവമായിരുന്നു ചാവറയിൽ പ്രകടമായത്. ഈ സംരംഭത്തിന് എല്ലാവിധ പ്രചോദനവും ലഭിച്ചത് 13-ാം നൂറ്റാണ്ടു മുതൽ ഭാരതത്തിലേക്കു വന്ന വിദേശ പ്രേഷിതരുടെ മാതൃകകളിൽ നിന്നുമാണ്.[15] പ്രത്യേകിച്ചും കർമ്മെലീത്ത, ദൊമിനിക്കൻ പ്രേഷിതരുടേത്. ഭാരത നസ്രാണി സഭയിൽ അവളുടെ തനതാത്മകതയെ കൂടുതൽ വിശാലമാക്കുന്നതിന് പ്രേഷിതരുടെ ആഗമനം ഇടവരുത്തി. ഇതു സഭയുടെ വികാസത്തിൽ നേട്ടമെങ്കിലും അവളുടെ പരിശുദ്ധിക്കതു കോട്ടമായിത്തീർന്നു. ഭാരത നസ്രാണി സഭയുടെ വ്യക്തിത്വത്തെ ചോദ്യം ചെയ്യുന്ന പലതും അവൾ സ്വീകരിക്കേണ്ടതായി വന്നു.[16]

ഭാരതീയ തനിമയിൽ മതാനുഭൂതിക്കുള്ള സ്ഥാനം അദ്വിതീയമാണ്.[17] ഈ മതാത്മകതയാണ് ഭാരത നസ്രാണിസഭയ്ക്കു കൈ

മുതലായുണ്ടായിരുന്ന പൈതൃകം. ഭാരതീയർ മേല്പറഞ്ഞ പൈതൃകത്തെ ഏറ്റവും ശ്രേഷ്ഠമായി പരിഗണിച്ചിരുന്നതുകൊണ്ടാണ് ഹൈന്ദവർ പോലും നസ്രാണികളുടെ സിദ്ധിയെ വിലമതിച്ചതും ബഹുമാനിച്ചതും.[18] നസ്രാണികൾക്കും ഭാരത സംസ്ക്കാരത്തിനും പൊതുവായുണ്ടായിരുന്ന മതാത്മകത എന്തായിരുന്നുവെന്നു ചർച്ചചെയ്യാം.

5:2 ദേശീയം

ഭാരതീയ സംസ്ക്കാരത്തെ സ്വാധീനിച്ചിട്ടുള്ള നിരവധി ഘടകങ്ങളിൽ ചിലതാണ് നീഗ്രിത്തോസ്, അവുസ്രിക്സ്, ദ്രവീഡിയൻ, ആര്യൻ, സെമറ്റിക്, മംഗോളോയിസ് തുടങ്ങിയവ.[19] ഭാരത സുമേറിയൻ സംസ്ക്കാരം ഇൻഡസ് തീരദേശ സംസ്ക്കാരവുമായി അടുത്തിട്ടുള്ളതാണ്. ദ്രാവിഡ സംസ്ക്കാരത്തിന് കൽദായ സുമേറിയൻ സംസ്ക്കാരവുമായി ബന്ധമുണ്ട്. ഇതോടൊപ്പം ആദ്യ പേർഷ്യൻ ബന്ധം മറക്കാവുന്നതല്ല. ഭാരതത്തിൽ ഉണ്ടായിട്ടുള്ള സാംസ്ക്കാരികാനുരൂപണങ്ങൾ നിരവധിയെന്നു കാണുന്നു.[20] എന്നാൽ ചാവറയച്ചനെ പ്രത്യേകിച്ചും സ്വാധീനിച്ച ദളിതരുടെ അവസ്ഥയെ ഇവിടെ പരിഗണിക്കാം.

പുറവരും തീണ്ടവരും ഗിരിവർഗ്ഗക്കാരുമൊന്നും നിയതമായ അർത്ഥത്തിൽ ഉന്നതകുലജാതരായി കണക്കാക്കപ്പെടുന്നില്ലായിരുന്നു. 1861-ൽ ബ്രിട്ടീഷ് പാർലമെന്റ് കൊണ്ടുവന്ന നിയമമനുസരിച്ച് ഭാരതത്തിലും മതങ്ങളുടെ പ്രാതിനിധ്യം പരിഗണിച്ചു തുടങ്ങി. ചതുർവർണ്ണമനുസരിച്ചാണ് ഹൈന്ദവരെ നിശ്ചയിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ രൂപംകൊണ്ട ഒരു സാംസ്ക്കാരിക ഘടകമാണ് അവശരെ ദൈവവിശ്വാസത്തിലൂടെ സഹോദരങ്ങളായി പരിഗണിച്ചു തുടങ്ങിയത്. ഇത് സാംസ്ക്കാരിക രൂപവത്ക്കരണത്തിന്റെ പ്രകാശനമായിരുന്നു. ഹൈന്ദവരുമായുള്ള സംസർഗ്ഗത്തിലൂടെ സമുദായത്തിൽ നിന്നും ബഹിഷ്കൃതരായിരുന്നവർ ആരാധനാരീതിവഴി ഹൈന്ദവരോടു ചേർന്നു.

അങ്ങനെ ഭാരതത്തിൽ ഹൈന്ദവർ ബഹുഭൂരിപക്ഷമായി. എന്നാൽ ചാവറയച്ചൻ ചെയ്തത് എല്ലാവിധ ചേരിതിരിവുകളേയും ഭേദിച്ച് ദൈവജനത്തിന്റെ - ഹരിജനത്തിന്റെ - വിമോചനാർത്ഥം യഥാർത്ഥ ഹരിജനോദ്ധാരകനായ, ദളിതരുടെ വിമോചകനായ, നസ്രായൻ ഈശോയെ അവർക്ക് അറിയിച്ചുകൊടുക്കുകയായിരുന്നു. എല്ലാ വശങ്ങളോടും കൂടി ചാവറയച്ചൻ ദളിതോദ്ധാരകനായി. ഭാരത തനിമയിൽത്തന്നെ ഒരു പ്രവാചകനായി ജനമധ്യത്തിൽ നിലകൊണ്ടു. വർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്നതിനല്ല മറിച്ച് ദൈവജനമെന്ന ഏക കുടുംബത്തെ ദൈവരാജ്യത്തിൽ രൂപപ്പെടുത്തുവാനാണ് ധന്യനായ ചാവറ ഇറങ്ങിത്തിരിച്ചത്. മതപരിവർത്തനത്തിന്റെ മാർഗ്ഗം എന്നതിനെക്കാൾ ഭാരതത്തിന്റെ ഏതാണ്ട് തനതാത്മകതയായ മതാത്മകത കൈമുതലാക്കിയാണ് ചാവറ നീങ്ങിയത്. എന്നാൽ മനുഷ്യവർഗ്ഗത്തെ അതിന്റെ പ്രാപഞ്ചിക, മോക്ഷാത്മകവശങ്ങളോടുകൂടി ചാവറ കണ്ടത് ഈശോമിശിഹായിൽ മാത്രമാണ്. അതുകൊണ്ട് ഈശോമിശിഹായെ കർത്താവും ദൈവവുമായി പ്രഖ്യാപിച്ചു. ഭാരത നസ്രാണി വ്യക്തിത്വത്തിൽ ചാവറ അനന്യത കണ്ടെത്തിയിരുന്നു. ഈ അനന്യത ദൈവത്തിനും ദൈവജനത്തിനുമെന്ന ലക്ഷ്യത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. അതുകൊണ്ട് വിദേശിയരുടെ ആശീർവ്വാദത്തോടെ ചാവറ അഭ്യസിച്ചിരുന്ന ആധ്യാത്മികാഭ്യാസങ്ങളും കൈവരിച്ച ആധ്യാത്മികത്വവും അതിന്റെ രൂപത്തിൽ പാശ്ചാത്യമെന്നു തോന്നാമെങ്കിലും ചൈതന്യത്തിൽ ഭാരതീയവും നസ്രാണീയവുമായിരുന്നു. നസ്രാണീയമെന്നതും ഭാരതീയതാത്മകത എന്നതും പൊരുത്തമുള്ളതാണ്. നസ്രാണീയത്തിൽ താപസികതയാണ് മുന്നിട്ടു നില്ക്കുന്നതെങ്കിലും മൗതികതയാണ് അതിന്റെ അന്തർധാര. ഭാരതീയ മതാത്മകതയിലും താപസികത പൊന്തിനില്ക്കുന്നുവെങ്കിലും "അഹം ബ്രഹ്മാസ്മി, തത്ത്വമസി" എന്ന മൗതികത ശക്തമാണ്. ചാവറയിൽ ഏകാന്ത വിശിഷ്ടമായി നിന്ന കാതലായ വ്യത്യാസം 'അമ്മനുവേൽ' അനുഭൂതിയാണ്. ഈ അമ്മനുവേൽ

അനുഭൂതി ഭാരതത്തിനും ലോകത്തിനും ഒരു സുവിശേഷമാണ്. ഈ സുവിശേഷ പ്രഘോഷകനെന്ന നിലയിൽ ചാവറ ഭാരതത്തിലെ ദ്വിതീയ ശ്ലീഹായുമാണ്.[21]

5:3 ജനനം

ഭാരത ചരിത്രത്തെ മതാത്മക തനിമയിൽ രൂപപ്പെടുത്തിയ ആധുനിക കാലത്തെ ഒരു ശില്പിയാണ് ചാവറ. പ്രകൃതി രമണീയതയിൽ ആധുനിക വെനീസ് എന്നു വിശേഷിപ്പിക്കാവുന്ന കുട്ടനാടിന്റെ ഹൃദയമെന്നോണം വിരാജിക്കുന്ന കൈനകരിയാണ് ചാവറക്കു ജന്മം നൽകുന്നതിനു ഭാഗ്യം ലഭിച്ച നെല്ലറ.

ചങ്ങനാശ്ശേരി ബോട്ടുകടവിൽനിന്നും ആലപ്പുഴയ്ക്കു യാത്ര ചെയ്താൽ തീർത്ഥാടന മധ്യേ കൈനകരിജെട്ടി കാണാം. അല്പം കൂടി മുമ്പോട്ടുനീങ്ങിയാൽ പടിഞ്ഞാറെ ചാവറ എന്ന പുരാതന ഭവനം ഇന്നും പുരാവസ്തുശേഖരമെന്ന നിലയിൽ സംരക്ഷിക്കുന്നതായി കണ്ടെത്തും. അവിടെ 200 വർഷങ്ങൾക്കു മുമ്പ് ചാവറ ജനിച്ചു. അതായത് 1805 ഫെബ്രുവരി 8-ാം തീയതി. ചാവറയുടെ ജന്മദിനത്തെക്കുറിച്ച് വ്യത്യസ്ത രേഖകൾ കാണുന്നു.[22] എന്നാൽ ചാവറ മാമ്മോദീസാ സ്വീകരിച്ചത് 1805 ഫെബ്രുവരി 16-ാം തീയതി ആയതുകൊണ്ടും നസ്രാണി പാരമ്പര്യമനുസരിച്ച് ജനിച്ച് എട്ടാംദിനം മാമ്മോദീസാ ആഘോഷിക്കുന്നതിനാലും ഫെബ്രുവരി 8-ാം തീയതി ജന്മദിനമായി നാമിവിടെ രേഖപ്പെടുത്തുന്നു.[23]

ചാവറയെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രാധാന്യമുള്ള ഒരു ദിനമായിരുന്നു അദ്ദേഹം മാമ്മോദീസാ സ്വീകരിച്ച ദിവസം. അന്നു ലഭിച്ച പ്രസാദവരം ജീവിതാവസാനംവരെ കാത്തുസൂക്ഷിച്ചു എന്നതാണ് ചാവറയുടെ മഹത്ത്വം. മനുഷ്യ ജന്മംതന്നെ അനാദിയായ

ദൈവത്തിന്റെ ഔദാര്യമായിട്ടാണ് ചാവറ കാണുന്നത്.[24] മഹത്ത്വ ത്തിന്റെ ദൈവപ്ലായയും സാദൃശ്യവും ചാവറയ്ക്കു ലഭിച്ചത് ദൈവക ഗുണയാലാണ്.[25] ചാവറ മാമ്മോദീസാ സ്വീകരിച്ചതിനെക്കുറിച്ച് ആത്മാ നുതാപമെന്ന കൃതിയിൽ പറയുന്നത്, ഉത്ഭവ പാപത്തിന്റെ നിർമ്മൂല നവും ഭയവും പാപവും നീക്കുന്നതും ദൈവേഷ്ടപ്രസാദവും മറ്റു ഗുണങ്ങളും ലഭിക്കുന്നതും ദൈവപുത്രനായിത്തീർന്നതും സ്വർഗ്ഗ ത്തിന്റെ പരമമായ ആനന്ദത്തിന് അവകാശിയായതും വിശ്വാസികളുടെ ഗണത്തിൽ ചേർന്നതും എന്നാണ്.[26]

ആധ്യാത്മിക മേഖലയെ സമാശ്ലേഷിച്ച ചാവറ മാമ്മോദീസാ സ്വീകരിച്ചത്, മാർത്തോമ്മാശ്ലീഹായിൽ നിന്നും മാമ്മോദീസ സ്വീക രിച്ച പകലോമറ്റം കുടുംബവഴിയിൽ നിന്നുമാണ്. പാലയൂർ, കുറവില ങ്ങാട്, കൈനകരി ദേശങ്ങൾ ചാവറയെ നോക്കിക്കണ്ട മീനപ്പള്ളി ശാഖ യിൽനിന്നും ചാവറ ഉദയം ചെയ്തു. എന്നാൽ ചാവറക്കുടുംബത്തിൽ ചാവറ മാമ്മോദീസാ സ്വീകരിച്ചപ്പോൾ ചേന്നങ്കരി ഇടവകയായിരുന്നു കൈനകരിയുടേതും.

തിരുസ്സഭയിൽ ചരിത്രപരമായി വ്യക്തിസഭകൾ രൂപപ്പെടുന്ന തിന്റെ ഒരു നിർണ്ണായകഘടകം ഏതു സഭാ സമൂഹത്തിൽ ഒരാൾ മാമ്മോദീസാ സ്വീകരിക്കുന്നു എന്നതാണ്. ജനനത്തോടു ചേർന്നു മാമ്മോദീസായെക്കുറിച്ചു പ്രതിപാദിക്കുന്നത് ജനനത്തിന്റെ സഭാത്മക വശമാണ് മേല്പറഞ്ഞ കൂദാശ പ്രകാശിപ്പിക്കുന്നത് എന്നതുകൊ ണ്ടാണ്.

വിശുദ്ധഗ്രന്ഥത്തിന്റെ പ്രാരംഭ വെളിപാടിനെ നിരീക്ഷിക്കു മ്പോൾ ജനനത്തിൽത്തന്നെ ദൈവിക ഇടപെടലുണ്ട്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു (സൃഷ്ടി 1:26,27). മണ്ണിന്റെ വ്യവസ്ഥിതിയിൽ ദൈവ ശ്വാസമാണ് മനുഷ്യനു ജനനത്തോടെ

ലഭിക്കുന്നത് (സൃഷ്ടി 2:7). ജനനത്തിന് ഏറ്റവും കൂടുതൽ ദൈവത്തോടു ചേർന്നു സഹകരിക്കുന്ന മാതാപിതാക്കൾ ഒരു വിധത്തിൽ അതു കൂദാശാപരമെന്ന നിലയിൽ എടുക്കേണ്ടതാണ്.

5:4 മാമ്മോദീസാ

"ഭക്തിയുള്ള എന്റെ മാതാപിതാക്കൾ ഈശോ മറിയം യൗസേപ്പ് എന്ന മഹാ കുടുംബത്തെ പല വിധത്തിൽ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരുകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചതുകൊണ്ടു *മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായില്ല, എന്നു പറയുന്നതിനു ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്.*"[27]

മിശിഹാനുയായികൾ അവരുടെ വിശ്വാസം പ്രഖ്യാപിക്കുന്നത് മാമ്മോദീസാ എന്ന കൂദാശയിലൂടെയാണ്. ഈ വിശ്വാസം ഭാവി ജീവിതത്തിനുള്ള ദൈവികശക്തിയാണ്. അതിനാൽ പ്രവൃത്തിപരമായ വിശ്വാസത്തിനെ പ്രസക്തിയുള്ളു. വിശ്വാസ ദാനം, വിശ്വാസ പ്രഖ്യാപനം, വിശ്വാസ ജീവിതം എന്നിവയ്ക്കെല്ലാം നിരവധി മാനങ്ങളുണ്ട്.

വിശ്വാസം ദൈവദാനമാണെന്ന സത്യം ചാവറയച്ചൻ തന്നെ അനുഭവത്തിന്റെ കവിതയിലൂടെ വ്യക്തമാക്കുന്നു:

"കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയമാം സ്നാനത്താൽ,
കാരുണ്യാഭയും ശ്രേഷ്ഠം ഗുണങ്ങളും,
കാലേയം പോക്കി നൽകിയതു കാലം."[28]

മാമ്മോദീസായിൽ ലഭിച്ച "ദൈവേഷ്ടപ്രസാദം," ശുദ്ധീകരണ വരപ്രസാദം മരണം വരെ ചാവറ കാത്തു സൂക്ഷിച്ചു വളർത്തിയെടുത്തു. അതായത് ചാവറയ്ക്കു ലഭിച്ച വിശ്വാസം പ്രവൃത്തിയിലൂടെ വിജയത്തിന്റെ ചൈതന്യമാക്കിത്തീർത്തു.

ശിശുമാമ്മോദീസായിൽ തിരിച്ചറിവിന്റെ പ്രായംവരെ എപ്രകാരം വിശ്വാസം വളർത്തുമെന്ന പ്രശ്നത്തിനു ചാവറയച്ചൻ തന്നെ ഉത്തരം നൽകുന്നു:

> "ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
> വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ,
> വിശ്വാസികളാം കാരണവന്മാരാൽ,
> വിശ്വാസിയായിയെന്നെയും തീർത്തു നീ."[29]

ദൈവദാനമായ വിശ്വാസം മാതാപിതാക്കന്മാർ വഴി ലഭിക്കുന്നുവെന്ന ഉന്നതമായ ഒരു രഹസ്യമാണ് ചാവറയച്ചൻ ആവിഷ്ക്കരിക്കുന്നത്. ഇവിടെ വ്യംഗ്യമായി വരുന്ന മറ്റൊരു രഹസ്യം മാമ്മോദീസാ സ്വീകരിക്കുന്നവർ ഒരു ഗണമെന്നതാണ്. ഈ ഗണത്തെ സഭ എന്നു പറയുന്നു. അതിനാൽ മാമ്മോദീസായിലൂടെ ലഭിക്കുന്ന വിശ്വാസത്തെ സഭാത്മക വിശ്വാസമെന്നു വിശേഷിപ്പിക്കണം.[30] വ്യക്തിസഭകളുടെ രൂപവത്ക്കരണം മാമ്മോദീസാവഴി പ്രകടമാക്കുന്ന ദൈവവചനത്തിനുള്ള പ്രത്യുത്തരമായ പ്രഘോഷണത്തിലൂടെയാണ്.

ചാവറയച്ചൻ മാമ്മോദീസാ സ്വീകരിച്ചത് നസ്രാണി വ്യക്തി സഭയിൽ ഉള്ള ചങ്ങനാശ്ശേരി രൂപതയിലെ ചേന്നങ്കരി ഇടവകപള്ളിയിൽ വച്ചാണ്. 1805 ഫെബ്രുവരി 16-നു ചാവറ നസ്രാണി വ്യക്തിസഭയുടെ ഒരംഗമായി. മുകളിൽ സൂചിപ്പിച്ചതുപോലെ കുട്ടി ജനിച്ച് എട്ടാം നാൾ മാമ്മോദീസാ നൽകുന്ന പതിവാണ് നസ്രാണികൾക്കുണ്ടായിരുന്നത്.[31]

ചാവറയ്ക്കു മാമ്മോദീസായിൽ ലഭിച്ച പേര് കുറിയാക്കോസ് എന്നതായിരുന്നു. നസ്രാണി പാരമ്പര്യത്തിൽ കാണുന്നത് കുടുംബത്തിലെ രണ്ടാമത്തെ ആൺകുട്ടിക്ക് അമ്മയുടെ അപ്പന്റെ നാമം കൊടുക്കുക എന്നതാണ്. മൂത്ത ആൺകുട്ടിക്ക് അപ്പന്റെ പിതാവിന്റേതും. കുറിയാക്കോസ് എന്ന പേരാണ് മാമ്മോദീസായിൽ ചാവറയ്ക്കു ലഭിച്ചതെന്ന് ഫിലിപ്പ് കോയിപ്പള്ളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[32]

മിശിഹായിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത് മാമ്മോദീസാ സ്വീകരിക്കുന്ന സംഭവത്തിനാണ്. ഈ കൂദാശ വഴിയാണ് ഒരു മനുഷ്യവ്യക്തി പാപത്തിനും ലോകത്തിനും മരിച്ച് ഈശോമിശിഹായിൽ ദൈവത്തിനായി ജീവിക്കേണ്ടത് (റോമ. 6). ഈശോമിശിഹാ ദൈവമായിരുന്നിട്ടും മനുഷ്യസ്വഭാവത്തിൽ ഇഹത്തിൽ ജീവിച്ചകാലത്ത് മാമ്മോദീസായുടെ ചൈതന്യത്തിലായിരുന്നു അതു നയിച്ചത് (ലൂക്കാ 12:50). ഈശോമിശിഹായുടെ ജീവിതത്തെരുക്കം ചാവറയച്ചൻ തന്റെ ജീവിതകാലം മുഴുവൻ അനുഭവിച്ചതുവഴി, പരിശുദ്ധാത്മാവിനെ കെടുത്തിക്കളയാതെ ശുദ്ധീകരണവരപ്രസാദത്തിൽ എന്നും ജീവിച്ചു[33]. ഇപ്രകാരം ചാവറയച്ചൻ തന്റെ ജീവിതകാലം മുഴുവൻ മാമ്മോദീസായുടെ ചൈതന്യത്തിൽ ജീവിച്ചു എന്നത് ഏറ്റവും വീരോചിതമായ ഒരു സാക്ഷ്യമാണ്.[34] ഇതു നസ്രാണി സഭയ്ക്കു മാത്രമല്ല, സർവ്വത്രിക സഭയ്ക്കും ശോഭയാർന്ന ഒരു സാക്ഷ്യമാണ്. മതാത്മക ജീവിതത്തിന്റെ പ്രായോഗികത എന്ന നിലയിൽ പ്രാരംഭ കൂദാശയായ മാമ്മോദീസായ്ക്കു സദൃശം എല്ലാ മതങ്ങളിലും അനുനയനകർമ്മങ്ങൾ ഉണ്ടാകും. അനുനയനകർമ്മത്തിന്റെ ചൈതന്യം ജീവിതകാലം മുഴുവൻ നീണ്ടുനിന്നാൽ അതാണു മോക്ഷപ്രാപ്തി, ജീവിതസാക്ഷാത്കാരം, ദൈവൈക്യം. ഈ സത്യം ആധുനിക ലോകത്തിനു പ്രദാനം ചെയ്ത ദൈവിക മനുഷ്യനാണ് ചാവറ. അതും മാമ്മോദീസാ ജീവിതത്തിലൂടെ.

മരണോത്ഥാനസംഭവത്തെ ഒന്നായി അനുഭവിക്കുന്ന ഒരു കൂദാശയാണ് മാമ്മോദീസാ.[35] ഗോതമ്പുമണി നിലത്തുവീണഴിഞ്ഞതു മുളച്ചു ഫലം തരുന്നതുപോലെ (യോഹ.12:24) ഒരാളുടെ ജീവിതാനുഭവങ്ങളെല്ലാം ദൈവാനുഭവത്തിലേയ്ക്കു നയിക്കുന്നു. ഭൗതിക ജീവിതത്തിന്റെ എല്ലാ ഞെരുക്കങ്ങളും വരുവാനിരിക്കുന്ന മഹത്ത്വത്തെക്കുറിച്ചുള്ള മുന്നനുഭവമായിരിക്കും (റോമ.8:18-38).

5:5 കുടുംബ ശിക്ഷണം

"പൈതൽക്കാലത്തിൽ തീറ്റി വളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ.
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ,
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾതന്നെ ഗ്രഹിപ്പിച്ചു തന്നവൾ
ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം."[36]

മാമ്മോദീസായിൽ ലഭിച്ച ശുദ്ധീകരണവരപ്രസാദം ചെറുപ്പകാലത്തു ചാവറയിൽ സജീവമായിരുന്നത് അദ്ദേഹത്തിന്റെ മാതാവിലൂടെ എന്നത് മേല്പറഞ്ഞ കവിതാഭാഗം വിളിച്ചറിയിക്കുന്നു. മാതാവിനു ദൈവം നൽകിയ സ്നേഹം സ്വന്തം പുത്രനു പകർന്നുകൊടുത്തു. ശരീരത്തിനു മുലപ്പാൽ എപ്രകാരമോ അതുപോലെ ചേതനയ്ക്കു ജപങ്ങളും ഭക്ഷണമായിരുന്നു. അതിനും പുറമെ പ്രാർത്ഥന വഴി മാമ്മോദീസാ ജീവിതം നയിക്കുന്നതിനും അമ്മയിൽ നിന്നും പഠിച്ചു. പ്രാർത്ഥന വെറും അധരങ്ങളുടെ ചലനമല്ലായിരുന്നു, മറിച്ച് ദൈവത്തെ

അറിയലായിരുന്നുവെന്ന് ചാവറ തന്നെ സാക്ഷ്യം നൽകുന്നു.[37] അമ്മ പാതിരാത്രിയിൽ പ്രാർത്ഥിച്ചിരുന്നതും ചാവറയ്ക്ക് പ്രാർത്ഥനാനുഭവത്തിനുള്ള അവസരമായിരുന്നു.[38] അമ്മയുടെ സമീപത്തിരുന്ന് ചാവറ പരിശീലിച്ച പ്രാർത്ഥന ചെറുപ്പത്തിനൊത്ത് ദൈവത്തെ കണ്ടെത്തുന്നതിനുള്ള അവസരമായിത്തീർന്നു. ഇത് ദൈവൈക്യത്തിൽ ഓരോന്നും ചെയ്യുന്നതിനുള്ള തഴക്കവും; ജീവിതത്തെ പ്രാർത്ഥനയാക്കിത്തീർക്കുന്നതിനുള്ള തുടക്കവുമായിരുന്നു.

ജീവിതത്തെ പ്രാർത്ഥനയാക്കിത്തീർക്കുന്നതിന് ചാവറയ്ക്കു ലഭിച്ച ഒരു മന്ത്രമായിരുന്നു:

> "അക്കാലം നാവിളക്കുവാൻ നേരത്തു
> പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൽ
> ശുദ്ധനാമമാ മീശോ മറിയവും
> ശുദ്ധനായ മാർ യൗസേപ്പിൻ നാമവും".[39]

ഈശോ മറിയം യൗസേപ്പ് എന്ന തിരുക്കുടുംബനാമം ഉച്ചത്തിൽ പ്രാർത്ഥിച്ച് ശ്രവണ, മനന, നിധിധ്യാസന രീതിയിൽ സ്വായത്തമാക്കിയ ചാവറ മാമ്മോദീസായിൽ ലഭിച്ച ശുദ്ധീകരണവരപ്രസാദത്തിൽ സദാ വളരുന്നതിനിടവരുത്തി. ശൈശവ പരിശുദ്ധി നഷ്ടപ്പെടാതെ ദൈവരാജ്യ പ്രവേശനത്തിനുള്ള വ്യവസ്ഥ ഗാർഹികസഭയായ കുടുംബത്തിൽ നിന്നും ശിക്ഷണം വഴി സ്വായത്തമാക്കി. ഈ സത്യം എല്ലാ കുടുംബങ്ങൾക്കും ഒരു സുവിശേഷമായി എന്നും നിലകൊള്ളുന്നു. ചാവറയുടെ ഈ സിദ്ധി സാർവ്വത്രിക പ്രസക്തിയുള്ള ഒരു ജീവിത ശൈലിയാണ്. ഇതിനെയാണ് ആരാധനാധ്യാത്മികതയായി കാണേണ്ടത്.[40]

ആരാധനാധ്യാത്മികത എന്നത് ഈശോമിശിഹായിൽ നിലവിൽ വന്ന സഭയുടെ പൊതു പ്രാർത്ഥന ഓരോരുത്തരുടേയും ആധ്യാത്മികതയ്ക്ക് അടിസ്ഥാനമാക്കിത്തീർക്കുന്നതാണ്. അതായത് ജീവിതം പ്രാർത്ഥനയ്ക്കും പ്രാർത്ഥന സഭയുടെ വിശ്വാസത്തിനും അനുസൃതമായിരിക്കണം. ചാവറ സ്വീകരിച്ച മാമ്മോദീസാ ജീവിതത്തിൽ അന്വർത്ഥമാക്കുന്നതിന് ഈശോ മറിയം യൗസേപ്പ് എന്ന ഭക്താഭ്യാസം പ്രയോജനപ്പെടുത്തി. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ "അവ (ഭക്താനുഷ്ഠാനങ്ങൾ) ആരാധനാക്രമത്തിൽനിന്നു തന്നെ ഒരു വിധത്തിൽ മുളയെടുക്കുന്നതും ജനങ്ങളെ അതിലേയ്ക്കടുപ്പിക്കുന്നവയുമാകണം. ആരാധനാക്രമം പ്രകൃത്യാ തന്നെ അവയെല്ലാം അതിശയിക്കുന്ന ഒന്നാണല്ലോ."[41] ചാവറയ്ക്കു കുടുംബത്തിൽ നിന്നു ലഭിച്ച ശിക്ഷണം ദൈവാരാധനയുടെ ചൈതന്യമായ മിശിഹായിലുള്ള ജീവിതമായിരുന്നു. മിശിഹായിലുള്ള ജീവിതമാണ് ആരാധനാധ്യാത്മികതയുടേയും കാതൽ. കുട്ടികൾക്ക് എപ്രകാരം വിശ്വാസത്തിന്റെ രഹസ്യങ്ങൾ ജീവിതത്തിലൂടെ അനുഭവിച്ചറിയാൻ സാധിക്കുമെന്നും ആ അനുഭവം ജീവിതകാലം മുഴുവൻ നിലനിറുത്താമെന്നും കുടുംബത്തിൽനിന്നും ചാവറയ്ക്കു ലഭിച്ച പരിശീലനം കാണിക്കുന്നു.

5:6 വിദ്യാഭ്യാസം

ചാവറയുടെ വിദ്യാലയ കാലഘട്ടം ഏകദേശം അഞ്ചു വർഷം നീണ്ടുനില്ക്കുന്നതായിരുന്നു. അഞ്ചാമത്തെ വയസ്സിൽ അക്രൈസ്തവനായ ഒരു ആശാൻ ചാവറയച്ചനെ കളരിയിൽ ചേർത്ത് എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചു. തുടർന്നുള്ള പഠനകാലത്ത് തമിഴ്, മലയാളം, തെക്കൻ മലയാളം തുടങ്ങിയവ കരസ്ഥമാക്കി.[42]

ചാവറയുടെ കുട്ടിക്കാലത്തെക്കുറിച്ച് ഓർക്കുമ്പോൾ ഹൃദയതാപം ഉജ്ജ്വലിക്കുന്നതായി കാണാം:

"അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ
അന്നവരുടെ വൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാന ക്രിയയാകുന്ന സ്നാനവും
സുജ്ഞാനം വിനാ മറ്റും ചെയ്തേനഹം."[43]

കുട്ടികളുമായുള്ള വിദ്യാലയത്തിലെ സമ്പർക്കം വഴി അക്രൈസ്തവരുടെ രീതിയിലുള്ള കളിയും മറ്റും നടത്തേണ്ടതായി വന്നു. കുടുംബത്തിൽ അമ്മയിൽ നിന്നു ലഭിച്ച പ്രാർത്ഥനയുടെ സ്വാധീനം കൊണ്ടാണ് അക്രൈസ്തവരുടെ അന്ധവിശ്വാസപരമായവയെ വിവേചിച്ചറിഞ്ഞ് ആത്മാനുതാപത്തിനിടവന്നത്. ഈശോയുടെ രഹസ്യജീവിതം കഴിഞ്ഞു നിരവധി പ്രലോഭനങ്ങളുണ്ടായതുപോലെ (മത്താ.4:1-11) ചാവറയച്ചൻ കുടുംബാന്തരീക്ഷത്തിൽ നിന്നു വിദ്യാലയങ്ങളിലേക്കു കടന്നപ്പോൾ ശക്തമായ പ്രലോഭനങ്ങളുണ്ടായി. ചാവറ തന്നെ വിവരിക്കുന്നു:

"അയ്യോ! നാഥനെ! സ്നേഹഗുണനിധേ!
അയ്യം തോന്നുന്ന കാലം തുടങ്ങിമേ.
അക്കാലം വരെ നിന്നുടെ തൃക്കണ്ണി-
ന്നൊക്കുംവണ്ണം ചരിച്ചേനഹം ശിശു.
അന്നുതൊട്ടവരോടു ചരിച്ചിട്ടു,
നന്ദിയൊക്കെ മറന്നേനഹം വൃഥാ."[44]

ചാവറയ്ക്കു കുടുംബത്തിൽ നിന്നു ലഭിച്ച ശിക്ഷണത്തിനു വിരുദ്ധമാണ് അജ്ഞാനികളുമായുള്ള ബന്ധത്തിന്റെ അനുഭവം. അങ്ങനെയുള്ള സമ്പർക്കം ദുർഗുണത്തിനല്ലാതെ നന്മയ്ക്കുപകരിക്കുകയില്ലായെന്നു ചാവറ ഗ്രഹിച്ചിരുന്നു. മനുഷ്യഹൃദയങ്ങളെ നന്മയിൽ നിന്നു വ്യതിചലിപ്പിക്കുന്നവയാണ് കാണുന്നതും കേൾക്കുന്നതുമെല്ലാം. അടക്കവും ഒതുക്കവുമില്ലാത്ത തമാശകൾ എവിടെയും. വസ്ത്രരാഹിത്യവും

ദൂഷിതസംസാരവുമെല്ലാം ദൈവത്തിൽനിന്നും ശിശുക്കളെ അകറ്റുന്നതായി ചാവറയ്ക്കനുഭവപ്പെട്ടിരുന്നു. ഏതുവിധത്തിലും ദൈവികനന്മയിൽനിന്നു വ്യതിചലിക്കാമെന്ന ചിന്ത ചാവറയുടെ ഹൃദയത്തെ ഈശോയിൽ കേന്ദ്രീകരിപ്പിച്ചു. ഭോജന പ്രിയത്തിനും സ്വാഗതമരുളുന്ന രീതിയാണ് അവിടെയുണ്ടായിരുന്നത്.

വിദ്യാലയ ജീവിതസാഹചര്യത്തിൽ സ്വഭാവ ദൂഷ്യത്തിനുള്ള സാധ്യത ഏറിയിരുന്നു. എങ്കിലും സ്വമാതാവ് നിരന്തരം നൽകിയിരുന്ന ദൈവേഷ്ടത്തിനൊത്തുള്ള പരിശീലനം ചാവറയെ ദൈവത്തിനും മനുഷ്യർക്കും സ്നേഹപാത്രമാക്കിത്തീർത്തു.[45] കുര്യാക്കോസിന്റെ അമ്മ തന്റെ ഓമനമകനെ ശിശുപ്രായത്തിൽത്തന്നെ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി ദൈവമാതാവിന് അടിമവയ്ക്കുകയും ആ ദിവ്യമാതാവിന്റെ ഉത്തമപുത്രനായി വളർത്തുവാൻ യഥാശക്തി പരിശ്രമിക്കയും ചെയ്തു.[46]

മത്യാസ് പട്ടക്കാരൻ രേഖപ്പെടുത്തുന്നതനുസരിച്ച്, ചാവറ പ്രായത്തിനൊത്ത വിവേകം, ഭക്തി ആദിയായ സ്വഭാവഗുണങ്ങളിലൂടെ മാതാപിതാക്കന്മാരുടെ മാത്രമല്ല, സമീപവാസികളുടേയും ഓമനക്കുട്ടനായി വളർന്നുവന്നു.[47]

എഴുത്തും വായനയും പഠിച്ചതിനൊപ്പം ദൈവാലയത്തിൽ കുർബാനയിൽ സഹായിച്ചിരുന്നു. ശുശ്രൂഷികൾ അവശ്യം അറിഞ്ഞിരിക്കേണ്ട സുറിയാനി ജപങ്ങൾ കുര്യാക്കോസും പഠിച്ചിരുന്നു.[48] ബലിപീഠത്തിന്റെ ഒരുവശത്തുനിന്നും മറുവശത്തേക്ക് തക്സാ എടുത്തുമാറ്റുവാൻപോലും വേണ്ടത്ര ശരീരശേഷി ഇല്ലാതിരുന്ന പിഞ്ചുപ്രായം മുതൽക്കേ ബാലൻ ദിവ്യബലിയിൽ ശുശ്രൂഷിയായി സംബന്ധിക്കുവാൻ തുടങ്ങി.[49]

കുടുംബത്തിൽനിന്നും ദൈവാലയത്തിൽ നിന്നും ലഭിച്ച സ്വഭാവ രൂപവത്ക്കരണത്തെ തകിടം മറിക്കുന്ന ഓർമ്മയായിരുന്നു ചാവറയ്ക്കുണ്ടായത്:

"അയ്യോ! നാഥനെ! സ്നേഹഗുണനിധേ!
അയ്യം തോന്നുന്ന കാലം തുടങ്ങിമേ.
അക്കാലംവരെ നിന്നുടെ തൃക്കണ്ണി-
ന്നൊക്കുംവണ്ണം ചരിച്ചേനഹംശിശു
അന്നു തൊട്ടവരോടു ചരിച്ചിട്ടു,
നന്ദിയൊക്കെ മറന്നേനഹം വൃഥാ;
നിർഗുണമായയജ്ഞാനി ക്കൂട്ടത്തിൽ
ദുർഗുണമല്ലാതെന്തു ഗുണമുള്ളു!
കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷ സാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദൂഷിത വാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ."[50]

കുര്യാക്കോസിന്റെ വിദ്യാലയാന്തരീക്ഷം കന്മഷത്വം നിറഞ്ഞതായിരുന്നുവെങ്കിലും തന്റെ ആത്മപരിശുദ്ധിക്കു യാതൊരു കളങ്കവും ഏല്ക്കാതെ ബാലൻ കാത്തുസൂക്ഷിച്ചിരുന്നുവെന്നത് ഈ ചരിത്രത്തിന്റെ ശിഷ്ടഭാഗം തെളിയിക്കുന്നതാണ്.[51] ചാവറ "പറുദീസായുടെ മഹത്ത്വം" നഷ്ടമാക്കാതെ വിദ്യാലയകാലഘട്ടം ചെലവഴിച്ചു.

5:7 ദൈവാലയം

ചാവറയുടെ ദൈവാലയത്തോടു ബന്ധപ്പെട്ടുള്ള പരിശീലനത്തെ വിലയിരുത്തുമ്പോൾ അദ്ദേഹത്തിനുലഭിച്ച ദൈവാഹ്വാനത്തെ കണക്കിലെടുക്കേണ്ടതുണ്ട്. ചാവറ വിവരിക്കുന്നു:

"നിന്നുടെ ദയാധികൃത്താലന്നെന്നെ,
നിൻപുത്രന്റെ കൈത്താതനാം മാർജൂസെ
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സ്ഥലത്തിങ്കൽ ചേർത്തുനീ."[52]

മാർ യൗസേപ്പിന്റെ നാമത്തിലുള്ള ചേന്നങ്കരി ഇടവകപ്പള്ളിയിൽ വസിക്കുവാനുള്ള അനുഗ്രഹമാണ് ഇവിടെ വിവക്ഷിക്കുന്നത്. 1801-ൽ സ്ഥാപിതമായ ചേന്നങ്കരി ഇടവകയിൽ 1805 ഫെബ്രുവരി 16-നു ചാവറ മാമ്മോദീസാ വഴി സമർപ്പിതനായി. തുടർന്നുള്ള അദ്ദേഹത്തിന്റെ ജീവിതം ഇടവക ദൈവാലയത്തെ കേന്ദ്രീകരിച്ചായിരുന്നു.

ഇടവക ദൈവാലയത്തിൽനിന്നും ലഭിക്കുന്ന ശുശ്രൂഷ പ്രധാനമായും ആധ്യാത്മിക ശിക്ഷണമാണ്. ആധ്യാത്മിക പരിശീലനത്തിൽ ഇടവക ആചാര്യനാണ് പ്രധാന ഘടകം. വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ഉത്തേജനമാണ് ഇടവകാചാര്യന്മാർ നൽകുന്നത്.[53] ചെറുപ്പത്തിൽ ലഭിച്ച ആധ്യാത്മിക പരിശീലനത്തിൽ എടുത്തു പറയുവാനുള്ള ഒന്നാണ് സുറിയാനി പദങ്ങളെല്ലാം പഠിച്ച് കുർബാനശുശ്രൂഷിയായിത്തീർന്നത്. ചാവറയ്ക്കുണ്ടായിരുന്ന വിശ്വാസം വി. കുർബാനയിൽ കേന്ദ്രീകൃതമായതും മേല്പറഞ്ഞ കുർബാന ശുശ്രൂഷി എന്ന നിലയിൽ അനുഭവപ്പെട്ടതാണ്. ഇതോടനുബന്ധിച്ച് ചാവറയ്ക്കുണ്ടായ ആധ്യാത്മിക ശിക്ഷണത്തിൽ താഴെ വരുന്ന കാതലായ ഘടകങ്ങളും ഉൾപ്പെട്ടിരുന്നു. (1) ശ്രേഷ്ഠാചാര്യന്റെ പ്രതിനിധിയായ വികാരിയുടെ ശിക്ഷണം, ഇടവകസമൂഹത്തെ, രൂപതയുടേയും

വ്യക്തിസഭയുടേയും സാർവ്വത്രികസഭയുടേയും പ്രാതിനിധ്യത്തിൽ എത്തിച്ചിരുന്നു. സഭാവിജ്ഞാനീയത്തിന്റെ ആധുനിക വീക്ഷണം ചാവറയിൽ അന്വർത്ഥമായത് അത്ഭുതാവഹം തന്നെ.[54] (2) ഇടവക ദൈവാലയത്തിലെ ദൈവാരാധന എപ്രകാരം മെത്രാനോടുള്ള ബന്ധത്തിൽ ചാവറയെ ആഴപ്പെടുത്തി എന്നത് ശ്രദ്ധാർഹമാണ്. ഭാവി ജീവിതത്തിൽ ചാവറ, തിരുക്കർമ്മ ജീവിതത്തിനും ശ്രേഷ്ഠാചാര്യന്മാരോടുള്ള ബന്ധത്തിനും അതുല്യപ്രാധാന്യം നൽകിയിരുന്നതും സഭയുടെ ആധുനിക പഠനത്തോടു തീർത്തും പൊരുത്തപ്പെടുന്നതാണ്.[55] (3) ചെറുപ്പ കാലത്തു ചാവറ നേടിയ സംഘാതാത്മകചൈതന്യം ഇടവകജീവിതത്തിൽ നിന്നു ലഭിച്ചിരുന്നില്ലെങ്കിൽ, ചാവറ ദൈവത്തിനും ദൈവജനത്തിനുമുള്ള പ്രവാചകനാകുമായിരുന്നില്ല. മാനുഷികവൈവിധ്യങ്ങളെ സമന്വയിപ്പിക്കുന്ന ദൈവാലയാധ്യാത്മികത ചാവറ ചെറുപ്പത്തിൽ സമാർജ്ജിച്ചത് ഇടവകയിൽ നിന്നുതന്നെ. ഈ സത്യവും സഭയുടെ ആധുനിക സ്വഭാവത്തെ വിളിച്ചറിയിക്കുന്നതാണ്.[56]

സഭയുടെ ആധ്യാത്മികത എല്ലാക്കാലത്തും വി.കുർബാനയിൽ കേന്ദ്രീകൃതമായിരുന്നു. എന്നാൽ മദ്ധ്യശതകങ്ങളിൽ അതിനു കുറെയെല്ലാം കോട്ടം സംഭവിച്ചു. ഭാരതത്തെ സംബന്ധിച്ചിടത്തോളം വ്യതിയാനം പ്രകടമായത് ആധുനിക കാലത്താണ്. അതിനു ചാവറയെ വിമർശിക്കുന്നവർ ഇല്ലാതില്ല. എന്നാൽ ചാവറയുടെ വൈയക്തി ആധ്യാത്മികത മറിച്ചുള്ള സാക്ഷ്യമാണ് നൽകുന്നത്. അതായത് ചേന്നങ്കരി ഇടവകയിൽ സമാരംഭിച്ച സഭാജീവിതം അഭംഗുരം വളരുകയും വികസിക്കുകയും ചെയ്തിരുന്നു. ഇടവക ദൈവാലയം വ്യക്തിസഭയേയും ഭാരതസഭയേയും അവസാനം സാർവ്വത്രികസഭയേയും സമാശ്ലേഷിക്കുന്ന ഒന്നായിത്തീർന്നു. ആധുനിക ഭാഷയിൽ പറഞ്ഞാൽ സഹോദരീ സഭകളേക്കാൾ സാർവ്വത്രികസഭയ്ക്ക് ഊന്നൽ കൊടുത്തിരുന്ന ചാവറ, വ്യക്തിസഭയുടെ തനിമയെ പാരമ്പര്യത്തിന്റെ ചൈതന്യത്തിൽ മുറുകെ പിടിച്ചിരുന്നു. അതുകൊണ്ടാണ് അദ്ദേഹം

സുറിയാനിഭാഷ വെടിയാതെ കാത്തുസൂക്ഷിച്ചതും നോമ്പും മറ്റും സുറിയാനി സഭയുടെ പാരമ്പര്യമനുസരിച്ച് ആചരിക്കണമെന്ന് നിഷ്ക്കർഷിച്ചതും.[57]

ചാവറയച്ചൻ സുറിയാനി പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിനു വളരെയൊക്കെ ചെയ്തിട്ടുണ്ടെങ്കിലും അംഗീകരിക്കേണ്ട ഒരു ചരിത്ര സത്യം ചാവറയച്ചനു റോമാ സഭയോടുണ്ടായിരുന്ന സമ്പർക്കം, അദ്ദേഹത്തിന്റെ ആധ്യാത്മികതയിലും സ്വാധീനം ചെലുത്തി എന്നതാണ്. അതായത് സാധാരണ ഭക്തി പ്രോത്സാഹിപ്പിക്കുന്നതിൽ ചാവറയച്ചൻ പാശ്ചാത്യസഭയുടെ ചൈതന്യമാണ് മുഖ്യമായും അവലംബിച്ചത്. അത് ശ്രേഷ്ഠാചാര്യന്മാരെ മിശിഹായുടെ സ്ഥാനപതികളെന്ന നിലയിൽ അനുസരിച്ചപ്പോൾ, അവരിൽനിന്നു ലഭിച്ച ശിക്ഷണവും ഭക്തികളും അവരുടേതായ രീതിയിലായിരുന്നു എന്നതുകൊണ്ടാണ്. അതുകൊണ്ട് നസ്രാണി വ്യക്തി സഭയുടെ തനതാത്മകതയെ ഏകാന്ത വിശിഷ്ടമായി കാണുന്നവർക്ക് ചാവറയച്ചൻ പാശ്ചാത്യ ഭക്തിയുടെ വക്താവ് എന്നു തോന്നാം. അന്നത്തെ സഭാത്മകശിക്ഷണത്തിൽ വന്ന ഒരവസ്ഥയാണത്.

16-ാം നൂറ്റാണ്ടിൽ വിദേശീയരായ ലത്തീൻ സഭക്കാർ ഭാരതത്തിൽ ശ്ലൈഹികവേല നടത്തിയത് അവരുടേതായ ശൈലിയിലായിരുന്നു. അല്ലാതെ ഭാരതീയമായോ, സഭയുടെ തന്നെ വ്യക്തിത്വത്തെ മുൻനിർത്തിയോ അല്ലായിരുന്നു. അതുകൊണ്ട് ഇവിടെ പരമ്പരാഗതമായി നിലനിന്നിരുന്ന നസ്രാണി സഭാത്മകത വിട്ട് 10-ാം നൂറ്റാണ്ടോടുകൂടി സഭയിൽ കയറിപ്പറ്റിയ ദൈവാരാധനേതര ഭക്തികളും മറ്റും ആധ്യാത്മികതയിൽ കടന്നുവന്നു. ഈ രീതിയാണ് കർമ്മെലീത്ത മിഷനറിമാരും ഏതാണ്ട് അവലംബിച്ചത്. ഫലമോ, സഭയുടെ മേലധ്യക്ഷന്മാരെ മിശിഹായുടെ സ്ഥാനക്കാരായി കണ്ടിരുന്ന ചാവറയച്ചൻ അവരുടെ നിർദ്ദേശങ്ങൾ ആത്മാർത്ഥമായി സ്വീകരിച്ചു

നടപ്പാക്കി. അതുകൊണ്ട് ദൈവാലയ കേന്ദ്രീകൃതമായ ജീവിതം തീർത്തും സഭാരമകമായി കാണുവാൻ സാധിക്കുന്നില്ല.[58]

വൈയക്തികമായി വിലയിരുത്തിയാൽ ചാവറയച്ചനെ ന്യായീകരിക്കാമെങ്കിലും സഭയുടെ വ്യക്തിത്വത്തെ കണക്കിലെടുക്കുമ്പോൾ അദ്ദേഹം നസ്രാണി സഭാവ്യക്തിത്വത്തിൽ കുറവു വരുത്തിയിട്ടുണ്ട്. അനന്യവത്ക്കരണത്തിന്റെ തത്ത്വങ്ങൾ കണക്കിലെടുത്താൽ മാത്രമേ ഇവിടെ സൂചിപ്പിച്ച യാഥാർത്ഥ്യം മനസ്സിലാകുകയുള്ളു.[59] ചാവറയുടെ സെമിനാരി പരിശീലനം തുടങ്ങി, എങ്ങനെയുള്ള ശിക്ഷണമാണു ലഭിച്ചതെന്നു കാണേണ്ടതുണ്ട്.

5:8 സെമിനാരി

ചാവറയുടെ ദൈവവിളി പാലയ്ക്കൽ[60] തോമ്മാച്ചനിലൂടെ മുളയെടുക്കുന്നു. 1807-ൽ ആചാര്യത്വപദവിയിലെത്തിയ പാലയ്ക്കൽ തോമ്മാച്ചൻ കുത്തിയതോട്ടിൽ മാത്തൂത്തരകന്റെ സഹോദരനായ അബ്രാഹം മല്പാന്റെ പിൻഗാമിയാണ്. കുത്തിയതോട്ടിൽ ഉണ്ടായിരുന്ന സെമിനാരി 1790-ൽ പള്ളിപ്പുറത്തു മാറ്റി സ്ഥാപിച്ചു.[61] പാലയ്ക്കൽ മല്പാനച്ചനാണ് ചാവറയച്ചന്റെ ആധ്യാത്മിക പരിശീലനത്തിൽ നിർണ്ണായക പങ്കുവഹിച്ച ആൾ.

ചാവറയെ പാലയ്ക്കലച്ചൻ കണ്ടുമുട്ടുന്നത് കാളാശ്ശേരി കുടുംബത്തിൽ ഇളയമ്മയെ സന്ദർശിക്കുവാൻ ചെന്നപ്പോഴാണ്. എന്നാൽ ബാലനായ ചാവറയിൽ ദൈവാഹ്വാനത്തിന്റെ അനുഭവം നേരത്തെ മൊട്ടിട്ടിരുന്നതായി ആത്മാനുതാപം ചൂണ്ടിക്കാണിക്കുന്നു:

> "അന്നു തൊട്ടവരോടു ചരിച്ചിട്ടു,
> നന്ദിയൊക്കെ മറന്നേനഹം വൃഥാ;
> നിർഗുണമായ യജ്ഞാനിക്കൂട്ടത്തിൽ
> ദുർഗുണമല്ലാതെന്തു ഗുണമുള്ളു!

കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദൂഷിത വാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ."[61(a)]

മാമ്മോദീസാ ജീവിതത്തിനു ചേരാത്ത ലൗകികതയെക്കുറിച്ചാണ് ചാവറ കേഴുന്നത്. ഇവിടെ സൂചിപ്പിച്ച ലൗകായതികത്വത്തെ അതിജീവിച്ച് മിശിഹായിൽ ചരിക്കുന്നതിനുള്ള അദമ്യമായ ആഗ്രഹമാണ് ചാവറയുടെ അന്തരാത്മാവിലുണ്ടായിരുന്നത്. പ്രത്യേകിച്ചും സെമിനാരിയിൽ ചേരുവാൻ ഇടവന്നതിന്റെ പശ്ചാത്തലമാണ് മുകളിൽ ഉദ്ധരിച്ചത്. ചാവറ നോക്കിപ്പാർത്തിരുന്ന ആചാര്യത്വത്തിലേക്കു ദൈവം കൂട്ടിക്കൊണ്ടു വന്നതിനെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു:

"ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ."[62]

ചാവറയുടെ ബാല്യകാലജീവിതത്തെ വിലയിരുത്തിയപ്പോൾ, ദൈവത്തിന്റെ ഇടപെടൽ ഉന്നതമായ ഒരു ജീവിതാന്തസ്സ് പ്രദാനം ചെയ്യുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ദൈവത്തോടുണ്ടായ സവിശേഷമായ അദ്ദേഹത്തിന്റെ ബന്ധത്തെ സഭാത്മകശൈലിയിലൂടെ ചാവറ വീക്ഷിക്കുമ്പോൾ അതു പൗരോഹിത്യ വിളിയുടെ ദാനമായി കാണുന്നു. ചാവറക്കുടുംബത്തിൽ ഇല്ലാതിരുന്ന ഒരു ജീവിതാന്തസ്സായി അത് അദ്ദേഹം വിശേഷിപ്പിക്കുന്നു:

"എന്നതു മഹാനിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ-
യെന്നതുമല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായീയന്തസ്സിൽ."[63]

പുരോഹിത വൃത്തിയുടെ സവിശേഷ പരിശീലനമാണ് സെമിനാരി ജീവിതത്തിൽ ലഭിക്കുന്നത്. ഈ പരിശീലനമായിരിക്കും വ്യക്തിയേയും സമൂഹത്തേയും ഒരു പ്രത്യേക ആധ്യാത്മികതയിലെത്തിക്കുന്നത്. ചാവറയുടെ കാര്യത്തിൽ പാലയ്ക്കൽ തോമ്മാമല്പാനച്ചനായിരുന്നു ഗുരുവായി പ്രശോഭിച്ചത്. പാലയ്ക്കലച്ചന് വൈദികപരിശീലനം കിട്ടിയത്, മാത്തൂത്തരകന്റെ സോദരനായ അബ്രാഹം മല്പാനിൽ നിന്നുമാണ്. മലയാളം, തമിഴ്, സുറിയാനി, ലത്തീൻ ഭാഷകളും പോർട്ടുഗീസും പഠിച്ചിരുന്നു. പള്ളിപ്പുറത്തുള്ള പഠനത്തോടൊപ്പം വരാപ്പുഴയിലെ ലത്തീൻ സെമിനാരിയിൽ വച്ചു പാലയ്ക്കലച്ചൻ ഉപരിപഠനവും നടത്താനിടവന്നു. ഇത്രയും തോമ്മാ മല്പാനച്ചനെക്കുറിച്ചു പ്രതിപാദിച്ചത് ചാവറയെ എപ്രകാരം ഗുരുഭൂതൻ പരിശീലിപ്പിച്ചു എന്നതു കാണുവാനാണ്. ലത്തീൻകാരുടെ ജീവിതരീതിയും ശൈലിയുമെല്ലാം ലത്തീൻ മെത്രാന്മാരിൽനിന്നും പാലയ്ക്കലച്ചനു ലഭിച്ചിരുന്നതിന്റെ ഒരു ഉദാഹരണമാണ് പള്ളിപ്പുറം സെമിനാരിയിൽ ളോഹ ഇടുന്ന രീതി നടപ്പായത്.[64] ഞാറയ്ക്കൽ മാത്തുമല്പാനും പാലയ്ക്കൽ തോമ്മാമല്പാനും ഒന്നിച്ച് സുറിയാനിക്കാരുടെ മല്പാനായ തോമ്മാച്ചനും ശെമ്മാശന്മാർക്കും കറുപ്പിനുപകരം വെള്ള ളോഹ കുത്തിപ്പിച്ചു കൊടുത്തു. മാത്തൂമല്പാനും പിച്ചി പൗലോസ് കത്തനാരും കൂടിയാണ് കൊച്ചിയിൽ ചെന്ന് വെള്ളക്കച്ചവാങ്ങി സുറിയാനിക്കാരുടെ ഇടയിൽ ആദ്യമായി ളോഹയ്ക്കുള്ള സാമഗ്രികൾ ഒരുക്കിയത്. ഇതോടുചേർന്ന് അന്നുവരെ സുറിയാനിക്കാരുടെ ഇടയിൽ നടപ്പിലില്ലായിരുന്ന സൂർപ്ലേസും നിലവിൽ വന്നു.[65] സെമിനാരിക്കാരുടേയും വൈദികന്മാരുടേയും അംശവസ്ത്രത്തിന്റെ കാര്യത്തിൽ വന്നമാറ്റമാണ് ഇവിടെ സൂചിപ്പിച്ചത്. എന്നാൽ വെറും ബാഹ്യമായ ഒരു മാറ്റത്തിന്റെ തലത്തിൽ നില്ക്കാതെ അതു കൂടുതലായും പ്രാർത്ഥനകളിലേക്കും വിശ്വാസ പരിശീലനത്തിലേക്കും കടന്നുവെന്നത് ശ്രദ്ധാർഹമാണ്.

പാലയ്ക്കലച്ചൻ എഴുതിയുണ്ടാക്കിയ സെമിനാരി ക്രമത്തിൽ പന്ത്രണ്ടു വകുപ്പുകളുണ്ടായിരുന്നതിൽ ചിലതു താഴെ വരുന്നു.

അത്താഴം കഴിഞ്ഞ് ജ്ഞാനകാര്യങ്ങൾ സംഭാഷിക്കുക, ലൂത്തനിയ, ധ്യാനവായന, കൊന്തനമസ്ക്കാരം തുടങ്ങിയവ നടത്തണം, കർശനമായ ജീവിതരീതിയായിരുന്നു. പഠനസമയത്ത് ഇരുന്നു ചിട്ടയോടെ അതു നടത്തണം. ഭക്ഷണം രാവിലെയും വൈകുന്നേരവും കഞ്ഞി. ഉച്ചയ്ക്കു 'നീർ.' എന്നാൽ പാലയ്ക്കൽ മല്പാനച്ചന് ഉച്ചയ്ക്ക് ചോറും വൈകുന്നേരം കഞ്ഞിയുമല്ലാതെ രാവിലെ ഒന്നുമില്ലായിരുന്നു.[66]

ചാവറയും മറ്റു ശെമ്മാശന്മാരും പഠിച്ചിരുന്ന പള്ളിപ്പുറം സെമിനാരിയിൽ നിന്നും ലഭിച്ചിരുന്ന ശിക്ഷണം തികഞ്ഞ താപസികതയുടേതായിരുന്നു. അതിൽ പ്രഥമനായി പാലയ്ക്കൽ മല്പാനച്ചനും നിലകൊണ്ടു. ചാവറയുടെ വിവരണമനുസരിച്ച് അന്നു സുറിയാനിയിൽ ഗ്രന്ഥങ്ങളധികമില്ലാതിരുന്നതിനാൽ പാലയ്ക്കൽ മല്പാനച്ചൻ തമിഴിൽ ഉള്ള ഗ്രന്ഥങ്ങൾ വരുത്തുകയും അതുവച്ച് ദൈവശാസ്ത്രവും മറ്റും പഠിപ്പിക്കുകയും ചെയ്തിരുന്നു.[67]

ഈ കാലങ്ങളിൽ ഉണ്ടായ വലിയ ഒരു പരിഷ്ക്കാരം മെത്രാന്മാർ പള്ളികൾ സന്ദർശിച്ചിരുന്നില്ല. എന്നാൽ മിലേസിയോ പ്രംതർ ഗാസ്സു എന്ന ആംഗ്ലേയ മെത്രാനച്ചൻ വരാപ്പുഴ വന്നു കഴിഞ്ഞപ്പോൾ മുനിമാർ ചെയ്തിരുന്ന രീതിവിട്ട് ഇടവകസന്ദർശനം തുടങ്ങി. മുനിമാർ പുറത്തുപോകുന്ന രീതി ഇല്ലായിരുന്നു. മുനിമാർ മെത്രാന്മാരായാലും ആ രീതി തുടർന്നിരുന്നു.[68]

വരാപ്പുഴയുടെ കീഴിൽ പള്ളിപ്പുറത്തു നടന്നിരുന്ന സെമിനാരി പരിശീലനം തീർത്തും ലത്തീൻ രീതിയിലായിരുന്നതിനാൽ പാലയ്ക്കലച്ചനും അതുതന്നെ പിൻതുടർന്നു. ഈ രീതിയാണ് ചാവറയച്ചനും ലഭിച്ചിരുന്നത്. അതുകൊണ്ട് ഭാരത നസ്രാണിമാപ്പിളമാരുടെ

പൈതൃകമായ സുറിയാനി ആധ്യാത്മികത വേണ്ടത്ര അഭ്യസിച്ചനുഭവിക്കുന്നതിനുള്ള സാഹചര്യം കുറവായിരുന്നു. എങ്കിലും സുറിയാനിഭാഷ നിലനിറുത്തുന്നതിൽ വീഴ്ച വന്നിട്ടില്ലായിരുന്നു. സെമിനാരിയിലെ ദീർഘമായ പരിശീലനത്തിലൂടെ ചാവറയച്ചനു ലഭിച്ചത് തീർത്തും ലത്തീൻ രീതിയിലുള്ള ശിക്ഷണമായിരുന്നു. എന്നിട്ടും അദ്ദേഹം സുറിയാനിക്കാരുടെ സവിശേഷതകൾക്കുവേണ്ടി നിലകൊണ്ടത് അതിശയമാണ്. സെമിനാരിക്കാലത്ത് അഭ്യസിച്ചിരുന്ന ഭക്താഭ്യാസങ്ങളുടെ സ്വാധീനം പിൽകാലത്ത് നസ്രാണികളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനിടവന്നുവെന്നത് ഒരു സത്യമാണ്. സഭാധികാരികൾ അതും വിദേശീയർ കർത്താവിന്റെ പ്രതിനിധികളും മാർപാപ്പായുടെ കീഴുള്ളവരും എന്ന വിശ്വാസം ചാവറയിൽ രൂഢമൂലമായി. അതുകൊണ്ട് സുറിയാനി പാരമ്പര്യത്തിൽ കൽദായ ബന്ധമുണ്ടായിരുന്നതിനെ അത്ര കാര്യമായി കണ്ടിരുന്നില്ല. അതിനുള്ള കാരണം വിദേശീയർ ലത്തീൻ രീതിയിൽ എല്ലാം പരിശീലിപ്പിച്ചതാണ്. മറ്റുള്ളവരോടുണ്ടായ അവജ്ഞ അവരെ ശീശ്മക്കാരായി കാണുന്നതിനുപോലും ഇടവരുത്തി. സെമിനാരി ശിക്ഷണം എന്തുമാത്രം സ്വാധീനം ചെലുത്തുമെന്നതാണ് ഇവിടെ എടുത്തു പറയുവാനുള്ളത്.

ചാവറ സെമിനാരിക്കാലത്ത് ദൈവഭക്തിയിലും സാധുശീലത്തിലും എളിമയിലും കീഴ്വഴക്കത്തിലും സഹോദരപ്രിയത്തിലും വിശേഷമാതൃകയായി ജീവിച്ചു.[69] പാലയ്ക്കൽ മല്പാനച്ചനു വളരെ സ്നേഹവും സമ്മതവും ഉള്ള ശെമ്മാശനായിരുന്നു ചാവറ. സ്വഭാവഗുണം, ഉത്സാഹം, ബുദ്ധിസാമർത്ഥ്യം എന്നീ ഗുണങ്ങളുണ്ടെന്നറിഞ്ഞ പാലയ്ക്കലച്ചൻ ചാവറയെ സുറിയാനി, പോർത്തുഗീസ്, ലത്തീൻ തുടങ്ങിയ ഭാഷകളും പഠിപ്പിച്ചു. പതിമൂന്നാം വയസ്സിൽ, 1817-ൽ ആസ്ഥപ്പാടുപട്ടം സ്വീകരിച്ചു. തുടർന്ന് മറ്റു പട്ടങ്ങളും ഏറ്റു. 1829 ൽ പുരോഹിതപട്ടവും സ്വീകരിച്ചു.

സെമിനാരി ജീവിതത്തിലൂടെ ചാവറയ്ക്കുണ്ടായ ആധ്യാത്മികതയുടെ ഏകദേശരൂപം അദ്ദേഹം എടുത്ത ആദർശവാക്യത്തിൽ നിഴലിക്കുന്നുണ്ട്: "എന്റെ അവകാശവും പാനപാത്രവും കർത്താവാകുന്നു" (സങ്കീ.16:5). പതിനാലു വർഷം നീണ്ടുനിന്ന സെമിനാരിക്കാലത്ത് ആസ്ഥപ്പാടുപട്ടത്തോടുകൂടി മേല്പറഞ്ഞ മുദ്രാവാക്യം എടുത്ത ചാവറ വിശുദ്ധഗ്രന്ഥത്തിൽ ആഴമായ അനുഭവം നേടിയിരുന്നു. അദ്ദേഹത്തിന്റെ ഭാവിജീവിതത്തിൽ നിന്നും വിശുദ്ധഗ്രന്ഥാധിഷ്ഠിത ആധ്യാത്മികത സുതരാം വ്യക്തമാണ്.[70]

16-ാം സങ്കീർത്തനം ഇസ്രായേൽ ജനതയുടെ പ്രത്യാശാഗാനമാണ്. ഏകസത്യദൈവ വിശ്വാസത്തിലുള്ള വ്യക്തിബന്ധത്തെ എടുത്തുകാട്ടുന്ന വാക്യമാണ് അഞ്ചാമത്തേത്. വാഗ്ദത്ത ഭൂവിലുള്ള വാസത്തിന്റെ സുസ്ഥിതിയും സൗഭാഗ്യവും ദൈവമാണ് എന്ന് സങ്കീർത്തകൻ ഉദ്ഘോഷിച്ചു. ചാവറ തന്റെ ജീവിതത്തിൽ അതും സെമിനാരിക്കാലത്തുതന്നെ തന്റെ "അവകാശത്തിന്റെ ഭാഗം കർത്താവാകുന്നു" എന്നു പ്രഖ്യാപിച്ചു. കർത്താവിനോടുള്ള ചാവറയുടെ ബന്ധം അനുദിനജീവിതാനുഭവങ്ങളിലെല്ലാം തെളിഞ്ഞു നിന്നിരുന്നു. ചാവറ തന്റെ പൈതൽക്കാലത്തെ ഓർക്കുമ്പോഴും ദൈവം കൂടെ എന്ന വിശ്വാസാനുഭവത്തിൽ ലയിക്കുന്നു:

"എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽ നിന്നു ചിന്തിയ കൺനീരിനാൽ
പാപിയാം മമപൈതൽപ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെക്കേണ്മേ പ്രാർത്ഥിക്കുന്നേൻ
അമ്മാനുവേലേ, നിനക്കുത്തമ സ്തോത്രമായി
അമ്മാനാചൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം."[71]

ദൈവത്തോടുള്ള ചാവറയുടെ ബന്ധം, ആ ജീവിതത്തെ സമഗ്രമായി ആഗീരണം ചെയ്തിരുന്നുവെന്ന് പൈതൽ പ്രായത്തെ

പരിമിതിയെപ്പോലും ദൈവം ക്ഷമിച്ചുവെന്ന അനുഭവം വ്യക്തമാക്കുന്നു. ചാവറയുടെ സെമിനാരി ജീവിതത്തിലെ തിക്താനുഭവമെന്നു പറയാവുന്നതാണ് സ്വന്തം പിതാവും മാതാവും ഏകസഹോദരനും നിത്യസമ്മാനത്തിനുപോയത്. സാധാരണഗതിയിൽ ജീവിതത്തെ പിടിച്ചുലയ്ക്കേണ്ട മേല്പറഞ്ഞ വേർപാടുകൾ കർത്താവുമായുള്ള ഉറ്റബന്ധത്തിലൂടെ ചാവറ നേരിട്ടു. യൗവ്വനകാലത്തിൽ സെമിനാരിയിൽ വച്ചു പാലയ്ക്കൽ തോമ്മാച്ചൻ പരിശീലിപ്പിച്ച ധ്യാനവും പൂജയിൽ നടത്തിയ ശുശ്രൂഷയും സർവ്വോപരി മാമ്മോദീസായിൽ ലഭിച്ച റൂഹാദാത്മകജീവിതവും അമ്മനുവേലനുഭവത്തിൽ ചാവറയെ ലയിപ്പിച്ചിരുന്നു. വേറൊരു ഓഹരി ഭാഗം ചാവറയ്ക്ക് ആവശ്യമില്ലെന്ന ബോധ്യത്തിൽ എത്തിച്ചേരുകയും ചെയ്തു. അതുകൊണ്ട് സ്വന്തം മാതാവിനെയും പിതാവിനെയും സഹോദരനെയും ദൈവാനുഭവത്തിലൂടെ പ്രതിഷ്ഠിക്കുവാൻ ചാവറയ്ക്കു സാധിച്ചിരുന്നു. ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽത്തന്നെ ചാവറ സെമിനാരിക്കാലത്ത് എത്തിപ്പിടിച്ചു. ഈ ദൈവാനുഭവത്തിന്റെ തുടർച്ചയായിരുന്നു ചാവറയുടെ ആചാര്യത്വ പടികളിൽ പ്രശോഭിച്ചത്. പുരോഹിതൻ എന്ന നിലയിൽ അധികംനാൾ ചെലവഴിക്കാതെ ആശ്രമപ്രസ്ഥാനത്തിലേക്കു നീങ്ങുകയാണു ചെയ്തത്. ആദ്യമായി ആചാര്യത്വ നിലയെക്കുറിച്ചു ചിന്തിക്കാം.

5:9 വൈദിക പടികൾ

"സ്വർഗ്ഗത്തിൽ ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്ന ഒരു ശ്രേഷ്ഠപുരോഹിതൻ നമുക്കുണ്ട്" (എബ്രാ. 8:1). 1829, നവംബറിൽ, 24-ാമത്തെ വയസ്സിൽ ചാവറ മിശിഹായുടെ അഭിഷിക്തനായി. ആചാര്യത്വനിയോഗത്തിൽ ദൈവത്തിനും ദൈവജനത്തിനുമായി പ്രതിഷ്ഠിതനായി. മൗറേലിയൂസ് സ്തബിലീനി മെത്രാനാണ് ചാവറയെ പൗരോഹിത്യ പദവിലേയ്ക്ക് അവരോധിച്ചത്. ദൈവത്തിന്റെ അഭിഷിക്തൻ സെമിനാരി ജീവിതത്തിലൂടെ തെളിയിച്ചതായ ആധ്യാത്മികത ചില വസ്തുതകൾ വ്യക്തമാക്കുന്നു.

സ്വർഗ്ഗോന്മുഖവും മനുഷ്യോന്മുഖവുമായ ഒരാധ്യാത്മികത, വൈദിക ശുശ്രൂഷയിലൂടെതന്നെ ആചാര്യത്വാധ്യാത്മികത, പരിപാവനതയും സംസ്ക്കാരവും സമന്വയിക്കുന്ന ആധ്യാത്മികത, മിശിഹാകേന്ദ്രീകൃതാധ്യാത്മികത, ദൈവവചനത്തിലും ദൈവാരാധനയിലും അധിഷ്ഠിതം എന്നിവയാണത്. ഇവയെല്ലാം സഭയിലെ ആചാര്യന്മാരിൽനിന്നും ആധുനിക ലോകം പ്രതീക്ഷിക്കുന്ന കാര്യങ്ങളാണ്. മെത്രാഭിഷേകത്തിന്റെ കർമ്മം നടന്നിലെകിലും ആചാര്യത്വഗുണങ്ങളിലൂടെ ചാവറ പൗരോഹിത്യത്തിന്റെ പൂർണ്ണതയിൽ എത്തി. ഐഹിക പിൻതുടർച്ച ചാവറയിൽ സ്ഥൂലമായിത്തീർന്നതുവഴിയാണ് അദ്ദേഹം ഭാരതനസ്രാണികളുടെ അഭിഷിക്തനായ ശ്രേഷ്ഠാചാര്യനായത്.

ഭാരത നസ്രാണികളുടെ രണ്ടാമത്തെ ശ്ലീഹായെന്നു വിശേഷിപ്പിക്കപ്പെടുന്ന ചാവറയച്ചൻ അർത്തുങ്കൽ വി.അന്ത്രയോസ് ശ്ലീഹായുടെ ദൈവാലയത്തിൽ വച്ച് ആചാര്യനായ ശേഷം തന്റെ ഇടവക ദൈവാലയമായിരുന്ന ചേന്നങ്കരിപ്പള്ളിയിൽ വച്ചു പ്രഥമ കുർബാന ആഘോഷിച്ചു.[72] "വി. കുർബാനയ്ക്കിടയിൽ ചാവറയച്ചനുണ്ടായിരുന്ന പ്രത്യേക നിയോഗം ഭാരത പൈതൃകമായ സന്ന്യാസ ജീവിതത്തിനുള്ള ഒന്നായിരുന്നു....." ഈ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണമെന്നുള്ള നിരൂപണയാൽത്തന്നെ ആ ഒന്നാമത്തെ പൂജ അണച്ചതിനാൽ വീണ്ടും ആഘോഷമായി ഈ കഴിഞ്ഞ 29-ാം കാലം സൂബാറായുടെ ഒന്നാം ഞായറാഴ്ച കുർബാനചൊല്ലി ഇടവകയായ ചേന്നങ്കരിപള്ളിയിൽ.[73]

ചാവറയിൽ സന്ന്യാസസിദ്ധി രൂപപ്പെട്ടതും ഏതാണ്ട് സഭാത്മകമായ സ്വഭാവത്തോടെയാണ്. സന്ന്യാസത്തിന്റെ സഭാത്മകസ്വഭാവമെന്നത് മിശിഹായിൽ മാമ്മോദീസാ ജീവിതം നയിക്കുന്ന ഗണത്തിന്റെ സവിശേഷ പ്രതിഷ്ഠയെയാണ് അർത്ഥമാക്കുന്നത്. സുറിയാനി സഭാപാരമ്പര്യത്തിൽ സഭാത്മകസ്വഭാവം മാമ്മോദീസാ വ്രതത്തോടു

ചേർന്നു നടത്തുന്ന ഒരു പ്രത്യേക ഉടമ്പടിയാണ്. മിശിഹായെ നിത്യ മണാളനായി സ്വീകരിച്ചുകൊണ്ട് ഏകരായി ജീവിക്കുന്ന സഭാജീവിതം.[74] ചാവറയച്ചൻ പുത്തൻ കുർബാനയിൽ വച്ച നിയോഗം ആധുനിക കാലത്തെ ഏതദ്ദേശീയ സന്ന്യാസത്തിന്റെ മുന്നോടിയായിരുന്നു.[75] പത്തൊമ്പത്, ഇരുപതു നൂറ്റാണ്ടുകളിൽ രൂപപ്പെട്ട നിരവധി സന്ന്യാസ സമൂഹങ്ങൾ ഭാരതത്തിലും പ്രത്യേകിച്ച് കേരളത്തിലുമുണ്ട്.[76] സമകാലികർക്ക് വിശുദ്ധിയുടെ സാക്ഷ്യമായിരുന്ന ചാവറയച്ചനിൽ ദൈവിക മാനുഷികസമ്മേളനം സമഞ്ജസമായിരുന്നു. എടുത്തു പറയുവാനുള്ള മൂന്നു കാര്യങ്ങൾ മാമ്മോദീസായിലുള്ള വിശ്വസ്തത, ആചാര്യത്വസാക്ഷാത്കാരം, സന്ന്യാസ തനിമ എന്നിവയാണ്. അതും നവപൂജാർപ്പണവേളയിലുണ്ടായിരുന്ന നിയോഗം, വൈയക്തികം എന്നതിനേക്കാൾ സംഘാതാത്മക സ്വഭാവമുള്ളതായിരുന്നു. സംഘാതാത്മകസ്വഭാവം നിർവ്വധി ദർശനങ്ങളിലേക്കു വിരൽ ചൂണ്ടുന്നതാണ്. ഒന്നാമത്; മനുഷ്യത്വത്തിന്റെ, സംഘാതാത്മകത സ്ത്രീപുരുഷബന്ധത്തിന്റേത് എന്നതുപോലെ പരോന്മുഖമായ ഒന്നുമാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹത്തിനു ലഭിച്ച ദൈവവിളിയും (സൃഷ്ടി 12:2) ദൈവരാജ്യത്തെ പ്രതി പ്രതിഷ്ഠിതരാകുന്നതിനുള്ള ദൈവവിളിയും (മത്താ. 19:12,29). രണ്ടാമത്; സഭാത്മകതയിലെ സാമൂഹ്യപരത. സഭ മിശിഹാ ശിരസ്സായുള്ള ഒരു പൂർണ്ണസമൂഹമാണ്. ദൃശ്യവും അദൃശ്യവുമായവയുടെ കൂട്ടായ്മ. ഇവിടെയാണ് ചാവറയുടെ ആചാര്യത്വം ഉന്നതമായ ഒരു ശുശ്രൂഷാ ദൗത്യമായി പ്രശോഭിക്കുന്നത്. മൂന്നാമത്; ആശ്രമികത്വത്തിന്റെ സംഘാതാത്മകതയാണ്. ചാവറയും മറ്റും സമാരംഭിച്ച സന്ന്യാസം ഒരു പ്രത്യേക സമൂഹത്തിന്റേതായി പരിമിതപ്പെടാതെ നിരവധി സൈദ്ധികഗണങ്ങളുടെ മുന്നോടിയായിത്തീർന്നു. ചാവറയുടെ ശുശ്രൂഷാപൗരോഹിത്യം നസ്രാണി വ്യക്തിസഭയിൽ തിളങ്ങി നില്ക്കുന്ന ഒരു ചരിത്രവസ്തുതയാണ്. അത് പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം അന്വർത്ഥമാക്കുന്നതും അതിന്റെ വ്യംഗ്യാർത്ഥം

ഉപരി പ്രസക്തമാക്കുന്നതുമാണ്. വാച്യാർത്ഥത്തിൽ ആരാധനാഗണത്തിന്റെ മുമ്പേ ഗമിക്കുന്നവനുമായിരുന്നു ചാവറ. പുരോഹിതൻ എന്ന വാക്കിന്റെ വ്യംഗ്യാർത്ഥത്തിൽ ദൈവജനത്തിനുതന്നെ ചാവറ മുന്നോടിയായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ.

5:10 വൈദികവൃത്തി

മാമ്മോദീസായിൽ നവമായി ജനിച്ച് റൂഹാദ്ക്കുദ്ശായാൽ അഭിഷേചിക്കപ്പെട്ട ചാവറ മിശിഹായുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുചേർന്നിരുന്നത് വിശ്വസ്തതാപൂർവ്വം ജീവിച്ചതുകൊണ്ടാണ്, സഭയിലെ ശുശ്രൂഷാ പൗരോഹിത്യത്തിൽ വിജയിച്ചത്.

പൗരോഹിത്യ പദവികളിലൂടെ നീങ്ങിയ ചാവറ പാലയ്ക്കൽ തോമ്മാമല്പാനച്ചനു ശിഷ്യപ്പെട്ടിരുന്നതുപോലെ പൗരോഹിത്യ ശുശ്രൂഷയിലും അതു തുടർന്നു. ആദ്യമായി കുരിശുപള്ളിയിൽ ചാവറ നടത്തിയ ധ്യാനവും മറ്റു യാത്രകളും താപസനായിരുന്ന മല്പാനച്ചന് അത്ര ഇഷ്ടപ്പെട്ടില്ല.[77] അതുകൊണ്ട് പള്ളിപ്രത്തു ചെന്ന് മല്പാനച്ചനു വിധേയപ്പെട്ടു. പൗരോഹിത്യ ശുശ്രൂഷയിൽ കൂടുതൽ ശ്രദ്ധാലുവായി പട്ടം സ്വീകരിച്ചശേഷം ഒരു മാസം ഇടവകയിൽ താമസിച്ചതും അല്പമൊക്കെ യാത്ര നടത്തിയതും കാരണം പൗരോഹിത്യ ശുശ്രൂഷ വേണ്ടത്ര താപസികമായി നടത്തുവാൻ സാധിക്കുകയില്ലെന്ന് മല്പാനച്ചൻ കരുതിയിരുന്നിരിക്കണം. അതുകൊണ്ട് ചാവറയുടെ ശ്രദ്ധ തിരിഞ്ഞത് ധ്യാനപ്രസംഗം വഴി നസ്രാണികളുടെ ആധ്യാത്മികോന്നമനം പോലെ കേരളത്തിന്റെ പുനരുദ്ധാരണത്തിനും ശാശ്വതമാർഗ്ഗം ആരായുന്നതിലേയ്ക്കായിരുന്നു.

മുകളിൽ സൂചിപ്പിച്ച ആധ്യാത്മിക നവോത്ഥാനം പ്രധാനമായും ജ്ഞാനധ്യാനങ്ങളിലും അജപാലനശുശ്രൂഷയിലും കേന്ദ്രീകരിച്ചു. പുളിങ്കുന്നിൽ നടത്തിയ സുവിശേഷ പ്രഭാഷണത്തിന്റെ ഫലം ഇതര ഇടവകകളിലേക്കു വ്യാപിച്ചു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു, നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15) എന്നു പ്രസംഗിച്ച നിത്യപുരോഹിതനായ ഈശോയുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ചാവറ നടത്തിയ പുളിങ്കുന്നു പ്രഭാഷണം കേരള സഭയുടെ വിശ്വാസത്തിലേക്കുള്ള തിരിച്ചുവരവായിരുന്നു.

കച്ചിത്തായിരുന്ന സഭ സന്താനപുഷ്ടിയിൽ ആഹ്ലാദിക്കുവാൻ ആരംഭിച്ചു. ഈശോമിശിഹായെക്കുറിച്ചുള്ള അറിവും അനുഭവവും വഴി വിശ്വാസവർദ്ധനവ് ഉണ്ടായി. വിശ്വാസം സജീവമായപ്പോൾ ആത്മാവിലുള്ള പുനർജനനം സഭയെ ദൈവാത്മാവിന്റെ ആലയമാക്കി രൂപാന്തരപ്പെടുത്തി. ദൈവസ്നേഹവും സഹോദരസ്നേഹവും സഭാംഗങ്ങളുടെ സവിശേഷ സുകൃതങ്ങളായിമാറി. എവിടെയും ധാർമ്മികതയുടെ വെള്ളിരേഖകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. "സിംഹഗർജ്ജനം" സമാനം ചാവറയിലൂടെ സുവിശേഷം വിശ്വാസികളിൽ ആഞ്ഞു പതിച്ചു. യോഹന്നാൻ മാംദാനയുടെ വീര്യത്തോടും ഈശോനാഥന്റെ വിനയത്തോടും കൂടി ചാവറ പ്രസംഗവേദികളെ വിശ്വാസികളുടെ ആധ്യാത്മികോന്നമനത്തിനായി ഉപകരിപ്പിച്ചു. അന്നു തുടക്കമിട്ട പൗരോഹിത്യ ശുശ്രൂഷ 21-ാം നൂറ്റാണ്ടിലേയ്ക്കു പ്രവേശിച്ചപ്പോൾ എന്തുമാത്രം വികസിച്ചു എന്നത് ഏവർക്കും ബോധ്യമായ കാര്യമാണ്. ലോകം മുഴുവൻപോയി സുവിശേഷം അറിയിക്കുകയാണ് പൗരോഹിത്യ ശുശ്രൂഷയിൽ പ്രധാനം ചെയ്യുന്ന ധർമ്മം. "ചെന്നായ്ക്കളുടെ മധ്യത്തിലേക്കു കുഞ്ഞാടുകളെപ്പോലെ നിങ്ങളെ ഞാൻ അയയ്ക്കുന്നു" (ലൂക്കാ 10:3) എന്നു പറഞ്ഞുകൊണ്ട് എഴുപതുപേരെ സുവിശേഷവേലയ്ക്കായി അയച്ച

ഈശോ ചാവറയിൽ സജീവനായിരുന്നു. ചാവറ സംവഹിച്ച ദൈവരാജ്യം സഹജർക്കു പകർന്നുകൊടുക്കുന്നതിന് പ്രഭാഷണത്തോടൊപ്പം വിശ്വാസികളുടെ ഇടയിൽ ഭക്തസംഘടനകളും ജ്ഞാനഗ്രന്ഥങ്ങളും പ്രചരിപ്പിച്ചു.

ഭക്തസംഘടനകളിലൂടെ ദൈവാരാധനയിലേക്കു വിശ്വാസികളെ ആനയിക്കുന്നതിന് ചാവറ ശ്രദ്ധിച്ചിരുന്നു. കാരണം കൂദാശാജീവിതമായിരുന്നു ചാവറയുടെ ആധ്യാത്മികജീവിത രഹസ്യം. അതുതന്നെയാണ് ആചാര്യത്വ ശുശ്രൂഷയിൽ ചാവറ വിശ്വാസികൾക്ക് കൈമാറിയത്. ഭക്തജീവിതവും കൂദാശാപരമായ ജീവിതവും അധിഷ്ഠിതമായിരിക്കുന്നത് ദൈവവചനത്തിലാണ്. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് വൈദികധർമ്മങ്ങളെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ ഊന്നൽ കൊടുത്തു പറഞ്ഞ സത്യം ചാവറ തന്റെ ആചാര്യത്വ ശുശ്രൂഷയിൽ അഭംഗുരം നടപ്പാക്കിയിരുന്നതാണ്. കൗൺസിൽ പറയുന്നു: "ജീവിക്കുന്ന ദൈവത്തിന്റെ വചനമാണ് ദൈവജനത്തെ പ്രഥമതഃ ഒന്നിപ്പിക്കുന്നത് (1 പത്രോ. 1:23; നട. 6:7; 12:24; മത്താ. 28:19,20; മർക്കോ. 16:15). വൈദികന്മാരിൽ വിശ്വാസം ആഴപ്പെടുന്നത് വചന ധ്യാനത്തിലൂടെയാണ്. അതിനാൽ മെത്രാന്മാരുടെ സഹപ്രവർത്തകരായ വൈദികരുടെ ഒന്നാമത്തെ കടമ ദൈവത്തിന്റെ സുവിശേഷം എല്ലാവരേയും അറിയിക്കുക എന്നതാണ്" (2 കോറ. 11:7; വത്തി. 2 വൈദികർ 4). ചാവറയുടെ പ്രസംഗവും തുടർന്നുള്ള ആചാര്യത്വ ശുശ്രൂഷയും വഴി, തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം ഏറ്റു വാങ്ങിയ നസ്രാണി സഭ, കൂടുതൽ ശക്തി ആർജ്ജിക്കുന്നതിന് ഇടവന്നു. ആദിമസഭയിൽ ശ്ലീഹന്മാരുടെ സുവിശേ പ്രസംഗം വഴി വിവിധ വ്യക്തിസഭകൾ രൂപപ്പെട്ടെങ്കിൽ ചാവറയും സഹജരും നടത്തിയ ആചാര്യത്വ ശുശ്രൂഷ വഴി പത്തൊമ്പത്, ഇരുപതു നൂറ്റാണ്ടുകളിലെ നസ്രാണിവ്യക്തിസഭ വലിയ ഒരു സംഭവമായി മാറി. 1887ൽ തന്നെ തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ രൂപപ്പെടത്തക്കവണ്ണം സഭവളർന്നു. തുടർന്നു

ചാവറയുടെ സ്വദേശം ഉൾക്കൊള്ളുന്ന ചങ്ങനാശേരിയും വികാരിയാത്തായിത്തീർന്നു (1896 ആഗസ്റ്റ് 11). തുടർന്നു 1923, ഡിസംബർ 21-നു കേരള സുറിയാനി മേലദ്ധ്യക്ഷക്രമവും നിലവിൽവന്നു. ചരിത്രത്തിൽ സഭാപരമായി, 'ഏറ്റവും തിടുക്കത്തിൽ' പുരോഗമിക്കുകയും ഫലദായകമാകുകയും ചെയ്ത സഭയാണ് നസ്രാണിവ്യക്തിസഭ.[78] 1829-ൽ കൂർബാനപ്പട്ടം സ്വീകരിച്ച് അഭിഷിക്തനായിത്തീർന്ന ചാവറയുടെ ആചാര്യത്വ ശുശ്രൂഷ മേല്പറഞ്ഞ സഭാരൂപീകരണത്തിനു നിർണ്ണായക സംഭാവനയായിരുന്നു. ആശ്രമ പ്രസ്ഥാനം സഭാ വളർച്ചയുടെ ഒരു തെളിവാണ്.

5:11 വാച്ച വനവാസം

1822-ാം ആണ്ടിൽ പോരുക്കര തോമ്മാച്ചൻ കണിയാന്ത്ര ചാക്കോയോടു "വാച്ചവനവാസത്തിന്" പോകാമെന്നു കരാറുവച്ചത്[79] ഏതാണ്ട് സാക്ഷാത്കൃതമായത് 1855 ഡിസംബർ 8-ാം തീയതി ചാവറയച്ചൻ ആധുനികകാലത്തെ ആദ്യത്തെ ഏതദ്ദേശീയ സഭയിൽ വാഗ്ദത്ത നേർച്ച നടത്തിയപ്പോഴാണ്. വാച്ചവനവാസം എന്ന പ്രാരംഭ നിവേശനം സഭയിലെ നിശ്ചിത സന്ന്യാസവൃത്തി ആയി നൈയ്യാമികമായിത്തീർന്നത് ചാവറ വ്രതം ചെയ്തപ്പോൾ മാത്രമാണ്. ചാവറയാണ് പ്രഥമ സന്ന്യാസി, വാച്ചവനവാസത്തെ സഭയിലെ സന്ന്യാസമായി രൂപപ്പെടുത്തിയ യോഗി. കാനോനികമായി സന്ന്യാസ സമൂഹം രൂപം കൊണ്ടതു ചാവറയും പത്തു പിതാക്കന്മാരും വ്രതം ചെയ്തതോടു കൂടെയെങ്കിലും[80] അതിനു തുടക്കം ഇട്ടതിനെകുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഒരു ദിനം തോമ്മാച്ചന്മാർ ഇരുവരും ചേർന്ന് ആലോചിച്ച് നമ്മൾ മുമ്പ് പറഞ്ഞ കാര്യം പെ. ബ. മെത്രാനച്ചനോടു ബോധിപ്പിച്ചുകൊണ്ടുപോകണമെന്നും പറഞ്ഞ ഒരു ദിനം ഉല്ലാസസമയത്തു പറഞ്ഞു ഞങ്ങൾ രണ്ടുപേരും വല്ലടത്തും ഒതുങ്ങി പാർക്കണമെന്നു

നിരൂപിച്ചിട്ടുണ്ടെന്നും ആയതിന് ഞങ്ങൾക്ക് അനുവാദം തരണമെന്നും ഇവിടെ നില്പാൻ വേറിട്ടു ഒരാൾ ഞങ്ങൾതന്നെ ഉണ്ടാക്കിത്തരാമെന്നും പറഞ്ഞു. അപ്പോൾ ബ. മെത്രാനച്ചൻ കല്പിച്ചു അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നു രണ്ടുപേരുള്ളത് മിണ്ടടക്കമായി വാച്ചടത്തും ഒതുങ്ങിപാർത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെയ്പിൻ. എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ എന്നു കല്പിക്കുകയും അപ്പോൾ ഇവർ പറഞ്ഞു അതു കഴിയുന്ന കാര്യമോ ഇവിടെ ആരു സഹായിക്കും, രാജാക്കൾ ചെയ്യാനുള്ള കാര്യമല്ലെയോ ഇവിടെ മാർഗ്ഗ രാജാവായിരുന്നെങ്കിൽ കഴിഞ്ഞേനെ എന്നു പറയുകയും അപ്പോൾ പെ. ബ. മെത്രാനച്ചൻ കല്പിച്ചു മനസായിട്ട് ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും. അതെന്ത്യേ ക്രിസ്ത്യാനികൾ വളരെ ഉണ്ടല്ലോ. അവരോടു ധർമ്മം വാങ്ങിച്ചാൽ മതിയെന്നും മറ്റും കല്പിച്ചു അന്നു പിരിയുകയും ഈ വർത്തമാനം ഇവരുടെ ചില സ്നേഹിതന്മാരോടു പറയുകയും അവരും അപ്രകാരമാകട്ടെ എന്നു പറഞ്ഞതിനാൽ ഇവരും അതിൽ വണ്ണം തന്നെ നിശ്ചയിച്ചു. പിന്നെ ഒരു സമയത്തിൽ പെ. ബ. മെത്രാനച്ചനെ ബോധിപ്പിക്കയും അപ്പോൾ പെ. ബ. മെത്രാനച്ചൻ ഒന്നു മടുത്തു എങ്കിലും അദ്ദേഹത്തിനു ഇവരെ രണ്ടുപേരെയും വളരെ സ്നേഹവും വിശ്വാസവുമാകകൊണ്ട് എന്തുകാര്യം പറഞ്ഞാലും തള്ളിക്കളയുകയില്ലാ ആയതു കാരണത്താൽ നന്നാ മടിച്ച് എങ്കിലും ഇവരുടെ മുട്ടിപ്പു കൊണ്ട് അങ്ങനെ ആകട്ടെ എന്ന് അനുവദിച്ച് ഒരു ധർമ്മക്കടലാസു എഴുതി ഉണ്ടാക്കുവാനും കല്പിച്ചു.[81] നാളാഗമത്തിൽ നിന്നും വലിയ ഒരു സത്യം തെളിഞ്ഞുകാണുന്നത് "വാച്ചേടത്തും ഒതുങ്ങിപാർക്കുന്നതിനുള്ള" പ്രാരംഭകരുടെ നിയോഗമാണ്. ഇപ്രകാരമൊരു നിവേശനമാണ് പോരൂക്കര തോമ്മാശെമ്മാശൻ കണിയാന്ത്രെ ചാക്കോ യുവാവിനോടു പങ്കുവച്ചതും.[82] സ്ഥാപകപിതാക്കന്മാർക്കുണ്ടായ പ്രാരംഭനിവേശനം എന്തായിരുന്നുവെന്നു ചിന്തിക്കാം.

മാർത്തോമ്മായുടെ ശ്ലൈഹിക വേലയിൽ താപസ ചൈതന്യം പൊന്തിനിന്നിരുന്നു.[83] തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ചവരുടെ ഇടയിൽ നിന്നുമാണ് ചാവറ, പാലയ്ക്കൽ, പോരൂക്കര, കണിയാന്ത്ര താപസർ വാച്ചവനവാസത്തിനായി തുടക്കം കുറിച്ചത്. സുവിശേഷ വേല നടത്തിയ തോമ്മാശ്ലീഹാ 'അറമായ', സുറിയാനി ആധ്യാത്മികത ഭാരതത്തിലും പങ്കുവച്ചു എന്നത് അടിസ്ഥാനപരമായ ഒരു പാരമ്പര്യമാണ്.[84] ദേശാടനത്തിന്റെ നിവേശനം ദൈവരാജ്യാനുഭവത്തിന്റെ സിദ്ധിയാണ് (മത്താ. 19:29). ദേശാടകനായി തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നത് ചാവറയ്ക്ക് എന്നതുപോലെ ഏതൊരു നസ്രാണിക്കും മിശിഹാനുഗമനത്തിന് ഉൾപ്രേരണ നൽകുന്നതാണ് (യോഹ 11:16). ഭാരത ശ്ലീഹായായ മാർത്തോമ്മായിൽ നിന്നു തന്നെ വാച്ചവനവാസത്തിനുള്ള പ്രേരണ സ്ഥാപകപിതാക്കൾക്കു ലഭിച്ചുവെന്നതിൽ അത്ഭുതമുണ്ടാകുകയില്ല. 16-ാം നൂറ്റാണ്ടിൽ നസ്രാണികൾ തോമ്മാശ്ലീഹായിൽ നിന്നു ലഭിച്ച സുറിയാനി ആരാധനയെക്കുറിച്ച് അഭിമാനം കൊണ്ടിരുന്നത്[85] 19-ാം നൂറ്റാണ്ടിൽ ചാവറയേയും മറ്റു വാച്ചവനവാസം ആഗ്രഹിച്ചിരുന്നവരേയും എന്തുമാത്രം സ്വാധീനിച്ചിരുന്നിരിക്കണം. ഈശോയും യോഹന്നാൻ മാംദാനയുമെല്ലാം ജീവിച്ചിരുന്ന പശ്ചാത്തലമാണ് ആദിമ മെശയാനികരുടെ ആധ്യാത്മിക തീക്കും ഉറവിടമായിരുന്നത് (നട. 2:44-47; 4:32-37). ശ്ലീഹന്മാരുടെ ശ്ലൈഹിക വേലയും മേല്പറഞ്ഞ ചൈതന്യത്തിൽനിന്നും ഉരുത്തിരിഞ്ഞതാണെന്നുള്ളതാണ്. ശ്ലീഹന്മാരിൽ ഒരുവനായ തോമ്മാശ്ലീഹാ തന്നെയാണ് ഏക്കാലവും ഭാരതനസ്രാണികളുടെ പിതാവ്.

കൂടാതെ മാർത്തോമ്മാശ്ലീഹായുടെ മരണവും മൈലാപ്പൂരിലെ ശവകുടീരവും അതിനു സമീപത്തുണ്ടായിരുന്ന ആശ്രമവുമെല്ലാം താപസജീവിതം നയിക്കുന്നവർക്ക് എന്നും നിവേശനമായിരുന്നു.[86] ഈ നിവേശനത്തെക്കുറിച്ച് ഗീവർഗീസ് അർക്കദിയാക്കോൻ ഇങ്ങനെ

പറയുന്നു: "ഏകാന്തതയിൽ മലകളിലേക്കും മരുഭൂമികളിലേക്കും പോയി ധ്യാനപരമായ ജീവിതം നയിച്ചിരുന്ന വളരെപ്പേർ ഞങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ ഏകാന്തതയിൽ ധ്യാനപരമായ ജീവിതം നയിക്കണമെന്ന് ആഗ്രഹിച്ചിരുന്നവർക്കുവേണ്ടി പാത്രിയർക്കീസുമാർ ആശ്രമങ്ങൾ സ്ഥാപിച്ചിരുന്നു."[87] നസ്രാണികളുടെ ഇടയിലുണ്ടായിരുന്ന മേല്പറഞ്ഞ പാരമ്പര്യത്തെ ഊട്ടിയുറപ്പിക്കുന്നതായിരുന്നു ആർഷഭാരതത്തിലെ വാനപ്രസ്ഥവും ആര്യാവർത്തനവുമെല്ലാം.[88] ആർഷ ഭാരതത്തിന്റെ പശ്ചാത്തലത്തിനും പുറമെ മിശിഹാനുയായികളുടെ ഇടയിൽ ഉണ്ടായിരുന്ന ആശ്രമജീവിത പാരമ്പര്യം ചാവറയേയും മറ്റും സ്വാധീനിച്ചിരുന്നിരിക്കണം. മിശിഹായുടെ സഭയിൽ ആശ്രമികത്വമെന്നത് തീർത്തും സഭാത്മക ആത്മാർത്ഥതയാണ്.[89] വൈദേശികരായ സന്ന്യസ്തർ ഭാരതത്തിൽ അവരുടെ ആശ്രമങ്ങൾ നിരവധി സ്ഥാപിച്ചിരുന്നുവെങ്കിലും[90] പോരൂക്കര, പാലയ്ക്കൽ, ചാവറ, കണിയാന്ത്ര, തുടങ്ങിയവർ വാച്ചവനവാസത്തിനാണ് അപേക്ഷിച്ചത്.[91] "വാച്ചേടത്തും ഒതുങ്ങി പാർക്കുക" എന്ന സ്ഥാപക പിതാക്കന്മാരുടെ ആദിമനിവേശനത്തെ, മൌറേലിയൂസ് മെത്രാനച്ചൻ വഴി മാറ്റം വരുത്തി കൊവേന്ത എന്ന ആശയത്തിലെത്തിച്ചു.[92] ചാവറ വാച്ചവനവാസത്തിൽ അല്ല, മറിച്ച് സന്ന്യാസജീവിതത്തിലാണ് തന്റെ സന്ന്യാസപ്രതിഷ്ഠ നടത്തിയത്. പ്രാരംഭനിവേശനത്തെ സഭാധികാരികളിലൂടെയാണു സ്ഥൂലമാക്കിത്തീർത്തത്. സഭയിലെ സന്ന്യാസജീവിതത്തിന് ഇപ്രകാരമുള്ള സംവിധാനം ഉണ്ടാകും. സിദ്ധി ഘടനയിലൂടെ അംഗീകൃതമാകുന്നതിന്റെ സ്വഭാവമാണിവിടെ കാണുന്നത്.[93] ചാവറയിലൂടെ വാച്ചവനവാസം നിർദ്ദിഷ്ട സന്ന്യാസമായി. ശ്ലൈഹിക വേലയുള്ള സന്ന്യാസം!

5:12 ശ്ലൈഹികവേല

ശ്ലൈഹിക പ്രവർത്തനങ്ങളുള്ള സന്ന്യാസമെന്നത് കർമ്മെലീത്താസഭയുടെ പ്രേഷിതരംഗങ്ങളിലുള്ള ജീവിത ശൈലിയാണ്.[94] സഭയുടെ പ്രാരംഭകരായ തോമ്മാച്ചന്മാരും യാക്കോബു സഹോദരനും വനവാസം ആഗ്രഹിച്ചെങ്കിലും ചാവറയച്ചൻ അന്നത്തെ കർമ്മെലീത്താ അധികാരികളെ സമീപിച്ചപ്പോൾ ലഭിച്ച നിർദ്ദേശങ്ങൾ, കർമ്മെലീത്തരുടെ ഇടയിലുണ്ടായിരുന്ന പ്രേഷിത പ്രവർത്തനവും ഉൾപ്പെടുത്തിയുള്ള ഒന്നായിരുന്നു. ചാവറ തന്റെ ശിഷ്ടായുസ്സു മുഴുവനും സന്ന്യാസത്തിന്റെ വ്യവസ്ഥിതികളിലും ചൈതന്യത്തിലും നിന്നു കൊണ്ട്, ശ്ലൈഹികവേലയ്ക്കായി നീക്കിവച്ചു. ആദ്യമായി ആശ്രമങ്ങളുടെ രൂപവത്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 1831-ൽ മാന്നാനത്ത് ആശ്രമത്തിനു കല്ലിട്ടതു മുതൽ നിരവധി ആശ്രമങ്ങൾ രൂപപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മാന്നാനം, പ്ലാശനാൽ, കൂനമ്മാവ്, എൽത്തുരുത്ത്, വാഴക്കുളം, പുളിങ്കുന്ന്, അമ്പഴക്കാട്, മുത്തോലി തുടങ്ങിയ കേന്ദ്രങ്ങളിൽ ആശ്രമ നികേതനങ്ങളുയർന്നു.[95] ആശ്രമങ്ങൾ അല്ലെങ്കിൽ "കൊവേന്തകളുടെ കൂട്ടം" "ദൈവത്തിന് ഇഷ്ടമുള്ളതും" "ആത്മാവുകൾക്ക് എത്രയും ഉപകാരമുള്ളതുമായവ" എന്നാണ് ചാവറ കണ്ടിരുന്നത്.[96] ദൈവജനത്തിന്റെ ആധ്യാത്മിക പാപ്പരത്തം നിർമ്മാർജ്ജനം ചെയ്യുന്നതിന് ചാവറ ദർശനഭവനങ്ങളോടനുബന്ധിച്ച് കുടുംബങ്ങളുടെ ശ്രേയസ്സ് പരിഗണിച്ചിരുന്നു. അവരെ നയിക്കുന്നതിനു യോഗ്യരായ മ്ശംശാനാമാരും വൈദികന്മാരും രൂപപ്പെടേണ്ടതുണ്ട്. അതിനായി ഗുരുകുലങ്ങളും വൈദികമന്ദിരങ്ങളും നാനാഭാഗങ്ങളിൽ പടുത്തുയർത്തി. അതുകൊണ്ടും ചാവറയുടെ ശ്ലൈഹിക ദൗത്യം ഒതുങ്ങിയില്ല. ആരാധനാഗ്രന്ഥങ്ങളും അവ പ്രസിദ്ധീകരിക്കുന്നതിനുള്ള മുദ്രണാലയങ്ങളും മതബോധനകേന്ദ്രങ്ങളും പള്ളിക്കൂടങ്ങളും ആതുരാലയങ്ങളും വാർദ്ധക്യകാല സുസ്ഥിതിക്കുള്ള ഭക്തസംഘടനകളും

എല്ലാം ചാവറയുടെ പ്രവർത്തന പദ്ധതികളിൽ സ്ഥാനം പിടിച്ചു. എന്നാൽ ഇവയ്ക്കെല്ലാം നിദേശനമായിരിക്കേണ്ടത് ആശ്രമപ്രസ്ഥാനമായതിനാൽ സന്യസ്തർക്കെന്നതുപോലെ സന്ന്യാസിനികൾക്കും മഠങ്ങൾ സ്ഥാപിക്കുവാൻ ചാവറ മുന്നോട്ടു വന്നു. പെൺകുട്ടികൾക്കും സ്ത്രീകൾക്കും സമുദായത്തിൽ ഉന്നമനം ഉണ്ടാകേണ്ടതിന് സന്ന്യാസിനികൾ ധ്യാനംവഴി പ്രാപ്തരാകുവാൻ ചാവറ അവരെ അത് അഭ്യസിപ്പിച്ചു.[97] ചാവറയുടെ ശ്ലൈഹികവേലകൾ ഏറ്റവും ശക്തമായി എത്തിയത് സഭാത്മക ശുശ്രൂഷയിലാണ്. ഏതദ്ദേശീയ സഭയുടെ മെത്രാന്മാരുടെ ശുശ്രൂഷകളെല്ലാം ചാവറ നിർവ്വഹിക്കുകയുണ്ടായി. സാർവ്വത്രികസഭയുടെ നിശ്ചയത്തിനു പൂർണമായും വിധേയപ്പെട്ടുകൊണ്ടാണ് ചാവറ തന്റെ ശ്ലൈഹിക ജോലികളെല്ലാം ചെയ്തിരുന്നത്. എന്നാൽ 1829-ൽ പുത്തൻ കുർബാനയിൽ വച്ച നിയോഗം ചാവറയെ എന്നും നിവേശിപ്പിച്ചിരുന്നു. അതായത് സന്ന്യാസജീവിതമുറയിലൂടെ ദൈവത്തിനും ദൈവജനത്തിനുമുള്ളവനാകുക എന്നത്. ശ്ലൈഹിക ജോലിക്കുള്ള പരിശീലനമെല്ലാം പാലയ്ക്കലച്ചനിൽനിന്നും ചാവറ പ്രധാനമായും സ്വീകരിച്ചിരുന്നെങ്കിൽ സന്ന്യാസപരിശീലനം അദ്ദേഹത്തിനു ലഭിച്ചതു മുഖ്യമായും കർമ്മെലീത്താക്കാരിൽ നിന്നുമാണ്. സന്ന്യാസസഭയുടെ മുന്നോടികളിൽ വ്രതം ചെയ്തു ജീവിക്കുവാൻ ആദ്യമായി അവസരം ലഭിച്ചത് ചാവറയ്ക്കാണ്. ചാവറയുടെ വ്രതജീവിതം മാനുഷിക പൂർണ്ണതയുടേയും മാമ്മോദീസാപ്രതിഷ്ഠയുടേയും പുഷ്പിക്കലാണ്.

5:13 വ്രതാനുഷ്ഠാനം

1831 മെയ് 11-ന് മാന്നാനത്ത് ആരംഭിച്ച ഭക്തജീവിതം വിവിധ ഘട്ടങ്ങളിലൂടെ കടന്ന് 1855 വരെ എത്തി. മൗറേലിയൂസ് സ്തബിലീനി മെത്രാന്റെ കാലത്തു തുടക്കം കുറിച്ച് ഫ്രാൻസിസ്കോസ് ശബറിയാർ, ലുദവിക്കോസ് മെത്രാപ്പോലീത്താമാരുടെ കാലം കടന്നു ബർണർദീനോസ് മെത്രാന്റെ ആശീർവ്വാദത്തോടെ മാന്നാനത്തെ ഭക്തജീവിതം കൂടുതൽ തീവ്രമാക്കി എങ്കിലും ദൈവത്തിന് എന്നതുപോലെ, ദൈവജനത്തിനും എന്നത് സമൂഹം വിസ്മരിച്ചില്ല. പ്രണിധാനം, ഏകാന്തത, മതബോധനം, ധ്യാന പരിപാടികൾ, അജപാലനപരിശീലനം, കൂദാശകളുടെ പരികർമ്മം, ദൈവവചന ശുശ്രൂഷ തുടങ്ങി നിരവധി പദ്ധതികളിൽ ഭക്തമുറക്കാർ വ്യാപൃതരായിരുന്നു. ഇപ്രകാരം അനുധ്യാനത്തിന്റേയും ഐഹികവേലയുടേയും സമഞ്ജസമായ കൂടിച്ചേരൽ ചാവറയിൽ സംഭവിക്കുന്നതിനിടയിൽ ബർണർദീനോസ് മെത്രാന്റെ സമക്ഷം അദ്ദേഹം അപേക്ഷകളും സമർപ്പിച്ചിരുന്നു. അതിൽ സംപ്രീതനായ മെത്രാനച്ചൻ സന്ന്യാസജീവിതം നയിച്ചിരുന്നവരുടെ ജീവിതക്രമം പരിശോധിച്ചു.[98]

ഭക്തനുഷ്ഠാനങ്ങളിൽ നിരന്തരം വ്യാപരിച്ചുകൊണ്ട് പ്രഭാതത്തിൽ അഞ്ചു മണി മുതൽ രാത്രി പത്തുമണിവരെ ആശ്രമാർത്ഥികൾ ജീവിച്ചിരുന്നു. അമ്പതുനോമ്പിൽ അർദ്ധരാത്രിവരെ പ്രാർത്ഥിച്ചിരുന്നു.[99] മാന്നാനത്തെ ഭക്തജീവിതക്കാരുടെ ദിനചര്യ കണ്ട് അവരെ തിരുസഭയുടെ അംഗീകൃത സമൂഹമാക്കിത്തീർക്കുന്നതിനുള്ള അനുവാദം കൊടുത്തു. അംഗീകൃത നിയമമനുസരിച്ച് പത്തു വൈദികന്മാർക്കും അവരുടെ മുന്നോടിയായിരുന്ന ചാവറയച്ചനും സന്ന്യാസവ്രതം ചെയ്യുന്നതിന് മെത്രാപ്പോലീത്താച്ചൻ അനുമതി നൽകി.

വ്രതാനുഷ്ഠാനത്തിനുള്ള ഒരുക്കം മർസെലിനോസ് പ്രേഷിതനാണ് ചെയ്തുകൊടുത്തത്. പത്തു ദിവസത്തെ ജ്ഞാനധ്യാനം വഴി വ്രതജീവിതത്തിനുള്ള അറിവും അനുഭവവും സന്നദ്ധതയും കൈവരിക്കണമായിരുന്നു. ഇവയോടു കൂടി ധ്യാനദിവസങ്ങളിൽ മൗനം, ആഹാരനിയമം തുടങ്ങിയവ കർശനമായി പാലിച്ചിരുന്നു. എല്ലാ സജ്ജീകരണങ്ങളും ആന്തരികമായും ബാഹ്യമായും പൂർത്തിയായപ്പോൾ ചാവറയച്ചൻ പ്രഥമതഃ വ്രതമനുഷ്ഠിച്ചു. തുടർന്നു മറ്റു പത്തുപേരും.[100] വ്രതാനുഷ്ഠായികളുടെ സമൂഹം അറിയപ്പെട്ടത് "അമലോത്ഭവയായ കർമ്മെലമാതാവിന്റെ ദാസന്മാർ" എന്നായിരുന്നു[101] അമലോത്ഭവത്തിരുനാളിൽ മാന്നാനം സമൂഹം ആരംഭിക്കേണ്ടതുണ്ടെന്ന് മെത്രാപ്പോലീത്താ നിർദ്ദേശിച്ചു. മാതാവിന്റെ നാമത്തിൽ ഒരു ദാസസംഘമാകുന്നതിനു ചാവറയച്ചൻ അതിയായി ആഗ്രഹിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ മാതൃഭക്തി വ്യക്തമാക്കുന്നു. തന്റെ അമ്മയിൽ നിന്നു ദൈവമാതൃഭക്തി അഭ്യസിച്ചിരുന്നു. രാത്രിജപത്തോടുകൂടെ ദൈവമാതാവിനോടുള്ള പ്രാർത്ഥനകളും നടത്തി[102]. വെച്ചൂർ പള്ളിയിൽ മാതാവിന്റെ മുമ്പിൽ ചാവറയെ അടിമയുംവച്ചു.[103] ഇവയെല്ലാം വ്രതാനുഷ്ഠാനത്തിൽ മാതാവിനോടടുത്ത ബന്ധം പുലർത്തുന്നതിനിടവരുത്തി. അമലോത്ഭവ മാതാവിന്റെ ദാസസംഘത്തിലെ പ്രഥമ പ്രിയോരായിട്ടാണ് ചാവറ അറിയപ്പെട്ടിരുന്നത്.[104] വ്രതാനുഷ്ഠാനത്തിലൂടെ നൈയാമിക സന്ന്യാസം ആരംഭിച്ചതു മുതൽ കർമ്മെലീത്തരുടെ രീതിയിലേക്ക് അമലോത്ഭവയായ കർമ്മല മാതാവിന്റെ ദാസസംഘം രൂപാന്തരപ്പെടുവാൻ തുടങ്ങി. മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ ഒന്നാം വാർഷികത്തിലാണ് ഭാരതത്തിലെ ആധുനികകാലത്തെ ഏതദ്ദേശീയ സന്ന്യാസം കാനോനികമായിത്തീർന്നത്. എന്നാൽ "കർമ്മെലയിലെ" എന്ന വിശേഷണം കർമ്മെലീത്തരുടെ ഭാഗത്തു നിന്നുമുണ്ടായ പ്രേരണയാണ്. കർമ്മെലീത്താ ഒന്നാം സഭയുടെ നിയമങ്ങളാണ് അടിസ്ഥാനമായി മാന്നാനത്തെ സമൂഹത്തിനു നൽകിയത്.[105]

ചാവറ വ്രതാനുഷ്ഠാനത്തിന് ഒരുങ്ങിയപ്പോൾ, ളോവയ്ക്കകത്ത് കർമ്മെലീത്താ നിറത്തിലുള്ള രോമ ഉത്തരീയം ധരിപ്പിച്ചത് ഭാവിയിൽ ഈ സമൂഹത്തെ കർമ്മെലീത്താസഭയോടു ബന്ധപ്പെടുത്തുവാനുള്ള നീക്കമായിരുന്നിരിക്കണം.[106] വ്രതാനുഷ്ഠാനത്തിലൂടെ ചാവറ കർമ്മെലീത്താമയമായി മാറി. അമ്മത്രേസ്യായുടെ ശിക്ഷണം ആധ്യാത്മികമായി സ്വീകരിച്ചു. വ്രതാനുഷ്ഠായിയായ ചാവറയെ ഏതാണ്ടു തികഞ്ഞ കർമ്മെലീത്തനായിട്ടാണ് കാണുന്നത്.[107] സഭയുടെ രൂപവും ഭാവവും നിശ്ചയിച്ചതിൽ ബർണർദീനോസ് മെത്രാപ്പോലീത്തായും പീലിപ്പോസ് മാർസെലിനോസ് മിഷനറിയും ലെയോപ്പാൾദ് മൂപ്പച്ചനും നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ദൈവപരിപാലനയുടെ പ്രകടമായ ഒന്നായിട്ടാണ് ചാവറ കർമ്മെലീത്താ ആയതിനെ കണ്ടിരുന്നത്.[108]

കർമ്മെലീത്താ എന്നുള്ള സവിശേഷ സ്വഭാവം ചാവറയെ സ്വാധീനിച്ചത് അനുസരണ വ്രതത്തിന്റെ പ്രായോഗികതയിലൂടെയാണ്. അനുസരണം ദൈവത്തിന്റെ മാനവ പവിത്രീകരണ പദ്ധതിക്കു വിധേയപ്പെടുന്നതാകയാൽ, അതിന് അധികാരിയുടെ മാദ്ധ്യമം ആവശ്യമാണ്. ദൈവത്തെ അനുസരിക്കുക എന്നത് സഭാധികാരികളിലൂടെ സംഭവിക്കേണ്ടതാണ്.[109] ചാവറ വീരോചിതമായ രീതിയിൽ അനുസരണം അഭ്യസിച്ചിരുന്നു. വ്രതത്തിലൂടെ ചാവറയിലുണ്ടായിരുന്ന അനുസരണം കൂടുതൽ ഭക്തി എന്ന സുകൃതം അഭ്യസിക്കുന്നതിനുമിടവരുത്തി.

ദൈവം തന്റെ പദ്ധതിയും മനസ്സും വെളിപ്പെടുത്തുന്നത് ശ്രേഷ്ഠന്മാർ വഴിയാണ്. ചാവറയച്ചൻ തന്റെ നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ദൈവം തന്റെ സ്ഥാനപതികളായ തലവന്മാരെ മാത്രം തന്റെ തിരുമനസ്സിന്റെ സ്വരം കേൾപ്പിക്കുകയുള്ളു എന്നു വിശ്വസിച്ചു കൊൾക."[110] ദൈവിക വെളിപാടിന്റെ ആധികാരിക ഉറവിടം അവതരിച്ച വചനമായ മിശിഹായിലും അവിടുന്നു നിശ്ചയിച്ചിരിക്കുന്ന സഭാധികാരികളിലുമാണ്. ഈശോയുടെ വാക്കുകൾ മേല്പറഞ്ഞതിനെ

അടിസ്ഥാനപ്പെടുത്തുന്നു: "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെയും എന്നെസ്വീകരിക്കുന്നവൻ എന്നെ അയച്ചവനെയും സ്വീകരിക്കുന്നു" (ലൂക്കാ 10:40,41). അധികാരികളെ അനുസരിച്ചിരുന്ന ചാവറ, എല്ലാ അർത്ഥത്തിലും മാന്നാനത്ത് ആരംഭിച്ച ഗണത്തിന്റെ ശ്രേഷ്ഠനായി.

5:14 ആശ്രമ സ്ഥാപനം

ചാവറയുടെ വ്രതവാഗ്ദാനം നടന്നശേഷം മർസെലിനോസ് മൂപ്പച്ചന്റെ അടുത്തുചെന്ന് അദ്ദേഹവുമായി ദൈവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് ചാവറയെ ആശ്രമ ശ്രേഷ്ഠനായി വാഴിക്കുന്നു. നാളാഗമം പറയുന്നത്: "വീണ്ട കുർബ്ബാന പിരിഞ്ഞവുടൻ എല്ലാവരും കൂടെ മൂപ്പച്ചന്റെയടുക്കൽ ചെന്ന ആദെഹവും ഒരുമിച്ച പള്ളിയിൽ വന്ന ശെഷം മെലെഴുതിയ കുറിയാക്കൊസ പട്ടക്കാരനായ ഈ ആളിനെ പെ: ബ: വലിയ സുപ്രിയൊരായ മെത്രാച്ചൻ പ്രിയൊരായിട്ടു കല്പിക്കയാൽ ഈ ദെഹത്തിന്റെ അടുക്കൽ ശെഷം മുള്ള പട്ടക്കാരൊക്കെയും പറഞ്ഞൊപ്പു ചെയ്തു. 4 മണി കഴിഞ്ഞ എല്ലാവരും സങ്കീർത്തിയിൽ കൂടിയിരുന്ന പ്രിയൊര വിശ്വാസ സത്യവും ചെയ്തു."[111]

അമലോത്ഭവ ദാസസംഘം നൈയാമികമായി രൂപപ്പെട്ടപ്പോൾ അതിന്റെ എല്ലാ ചലനങ്ങളും കർമ്മെലീത്തരുടെ പ്രായോഗികശൈലിയിൽ നിന്നും ഉരുത്തിരിഞ്ഞു. അതായത് ആദ്യ അംഗങ്ങളുടെ വ്രതം സ്വീകരിക്കാനിരുന്ന മൂപ്പച്ചൻ "സൂർപ്പെലിസും ഊറാറയും ശെഷം പെരുതായത ദർശനക്കാരകുവാൻ മനസ്സായവരെല്ലാം സൊമ്പ്രപെലിസും ഉടുത്ത പറഞ്ഞൊപ്പ അപ്പൊൾ ചെയ്യാൻ നിശ്ചയിച്ച ബ: ചാവറ കുറിയാക്കൊസു മല്പാൻ ളൊവയും വള്ളിച്ചെരിപ്പും ഉടുത്ത തുകൽവാറും ചെറിയ സ്ക്കപ്പുളാരയും പറഞ്ഞൊപ്പിന്റെ കടലാസും തൂങ്ങപ്പെട്ട രൂപവും കൂടെ യിരുകൈയും കൊണ്ട എടുത്ത പുറകെയുമായി ചെന്ന ബ: മൂപ്പച്ചൻ തന്റെ യിരിപ്പിടത്ത ഇരിക്കയും ശെഷം പെരും അവരുടെ

ഇതായ തവങ്കിൽ ക്രമം പൊലെയിരുന്നു."[112] ഇവിടെ സൂചിപ്പിച്ചവ യെല്ലാം ക്രമങ്ങളുടെ രീതിയാണ്. ഈ രീതികളെല്ലാം കാലദേശ ത്തിനനുസൃതം രൂപപ്പെടുത്തുന്നു എന്ന ചിന്ത ഉണ്ടായിരുന്നുവെങ്കിലും പ്രകൃതത്തിൽ അതു വൈദേശികാനുരൂപണമായി ഭവിച്ചു. ഭാരതത്തിന്റേ യും നസ്രാണികളുടേയും തനിമ നഷ്ടപ്പെട്ടു. ക്രമാനുഷ്ഠാനങ്ങളെല്ലാം ആഗന്തുകങ്ങളെങ്കിലും അവ കാതലിനെ വളരെയധികം സ്വാധീനി ക്കാറുണ്ട്. ചാവറ ആശ്രമശ്രേഷ്ഠനായിത്തീർന്നത് കർമ്മെലീത്താ പാര മ്പര്യമനുസരിച്ച് ആയിരുന്നുവെന്നും സൂചിപ്പിച്ചതാണ്. "കുറിയാ ക്കൊസ പട്ടക്കാരനായ ഈ ആളിനെ പെ: ബ: വലിയ സുപ്രിയൊ രായ മെത്രാച്ചൻ പ്രിയൊരായിട്ടു കല്പിക്കയാൽ"[113] ആശ്രമശ്രേഷ്ഠ നായിത്തീർന്ന ചാവറ പരിപൂർണ്ണമായും കർമ്മെലീത്താ മേലധികാ രികളുടെ ക്രമീകരണത്തിന് വിശ്വാസത്തിലൂടെ കീഴ്പ്പെട്ടിരുന്നു. എന്നാൽ കർമ്മെലീത്താ നേതൃത്വം ചാവറയെ വ്യക്തിപരമായി അംഗീ കരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നെങ്കിലും സമൂഹത്തെ കർമ്മെലീത്താ മൂന്നാം ഗണമാക്കുക എന്ന നിയോഗം മനസ്സിലുണ്ടാ യിരുന്നു.[114] ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ആശ്രമശ്രേഷ്ഠനെ ന്നതിനെക്കാൾ കർമ്മെലീത്താ അധികാരികൾ നിയോഗിച്ച ഒരാൾ എന്ന നിലയിൽ ദൈവഹിതമെന്ന അനുഭവത്തിൽ സഭാ സമൂഹത്തെ ശുശ്രൂഷിച്ചിരുന്നു. കൂടാതെ നിയമാനുസരണത്തിനായി ലഭിച്ചത് കർമ്മെലീത്താ ഒന്നാം സഭയുടെ ന്യായപ്രമാണവുമാണ്. ആവശ്യമായ അനുരൂപണം ന്യായപ്രമാണത്തിൽ വരുത്തിയിരുന്നെങ്കിലും പ്രായോ ഗികമായി അച്ചന്മാരും മ്ശംശാനമാരും അർത്ഥികളും കർമ്മെലീത്താ പാരമ്പര്യത്തിൽ നിന്നുമാണ് ചാവറ വഴി പൈതൃകം ഏറ്റുവാങ്ങിയത്. വ്രതാനുഷ്ഠാനത്തിനുശേഷം 1855 മുതൽ മുപ്പതുവർഷം ആശ്രമസഹർ ജീവിച്ചത് ബർണർദീനോസ് മെത്രാപ്പോലീത്താ നൽകിയ കർമ്മെലീ ത്താസഭയുടെ പ്രമാണസംഹിത വച്ചുകൊണ്ടായിരുന്നു. പുതിയതായി രൂപംകൊണ്ട സമൂഹത്തെ പരിഗണിക്കുമ്പോൾ ഏകകണ്ഠമായ അഭി പ്രായ ഐക്യം മൂന്നാംസഭയെന്ന നിലയെക്കുറിച്ചില്ലായിരുന്നു. ചാവറ

ആശ്രമശ്രേഷ്ഠനായിരിക്കുമ്പോൾത്തന്നെ ഒന്നാം സഭയുടെ ജനറാൾ തന്നെ മൂന്നാംസഭയയുടേതുമായിരുന്നു. കാരണം നിയമപരമായും സഭാപരമായും ചാവറയെ അധികാരപ്പെടുത്തിയില്ലായിരുന്നു. പക്ഷേ അദ്ദേഹം ആ സ്ഥാനത്തു തന്നെ പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നു.[115]

അമലോത്ഭവ കർമ്മെല മാതാവിന്റെ ദാസസംഘത്തിനും അതിന്റെ തനതാത്മകത നഷ്ടപ്പെട്ട സ്ഥിതിയിലായിരുന്നു, സഭ കാനോനികമായിത്തീർന്ന കാലം മുതൽ. 1860 കൾ സഭയെ സംബന്ധിച്ചിടത്തോളം 'ഭക്തിയുടെ ഭയത്താൽ' നിശ്ശബ്ദത പുലർത്തേണ്ടിവന്ന കാലമായിരുന്നു. ആശ്രമശ്രേഷ്ഠനായിരുന്ന ചാവറ ദൈവപരിപാലനയുടെ വശത്തുകൂടി എല്ലാറ്റിനേയും ദർശിച്ചിരുന്നു. അതുകൊണ്ട് ചോദ്യം ചെയ്യുന്നതിനോ, എതിർക്കുന്നതിനോ തയ്യാറാകാതെ സമൂഹത്തെ ശാന്തമായി നിറുത്തുന്നതിനിടവരുത്തി. എന്നാൽ സഭയെ ശക്തമായ ഒരു വ്യക്തിത്വതനിമ ഉള്ളതാക്കുന്നതിന് പകരം കർമ്മെലീത്താ പതിപ്പാക്കിമാറ്റി എന്നു പറയുന്നതായിരിക്കും കൂടുതൽ ശരിയായിട്ടുള്ളത്. തുടർന്ന് നിരവധി ആശ്രമങ്ങളുടെ രൂപവത്ക്കരണമാണു നടന്നത്.

5:15 ആശ്രമ ശ്രേഷ്ഠൻ

1829 തുടങ്ങി 1871 വരെയുള്ള ചാവറയച്ചന്റെ ജീവിതപദ്ധതിയിൽ എട്ട് ആശ്രമങ്ങളുടെ സ്ഥാപിക്കൽ കടന്നുവരുന്നുണ്ട്. അവ യഥാക്രമം മാന്നാനം, കൂനമ്മാവ്, പ്ലാശനാൽ, വാഴക്കുളം, ഏൽത്തുരുത്ത്, പുളിങ്കുന്ന്, അമ്പഴക്കാട്, മുത്തോലി എന്നിവയാണ്.

1832-ൽ പന്തക്കുസ്താ തിരുനാളിൽ മാന്നാനം കുന്നിൽ ആദ്യമായി കുർബാന ആഘോഷിച്ചതു മുതൽ ഏതദ്ദേശീയ ആശ്രമജീവിതത്തിൽ അമലോത്ഭവയായ കർമ്മെല മാതാവിന്റെ ദാസസംഘം ദൈവാരാധനാ കേന്ദ്രീകൃതമായി, ജീവിതം ധന്യമാക്കിത്തുടങ്ങി.

170 വർഷങ്ങൾക്കുമുമ്പ് മാന്നാനം ആശ്രമ കപ്പേളയോടനുബന്ധിച്ച് മാന്നാനം ആശ്രമത്തിന്റെ പണികളും നടന്നുകൊണ്ടിരുന്നു. ഇന്നു കാണുന്ന മാന്നാനം കുന്ന് 170-ൽപരം വർഷങ്ങളിലെ വളർച്ചയുടെ ഫലമാണ്. പാലയ്ക്കൽ, പോരൂക്കര മല്പാനച്ചന്മാരും കണിയാന്ത്ര യാക്കോബ് എന്ന ചെറുപ്പക്കാരനും ചാവറയച്ചനുമാണ് എല്ലാവിധ നേതൃത്വവും ആശ്രമസ്ഥാപനത്തിനായി നൽകിയിരുന്നത്. നാട്ടുകാരുടേയും അഭ്യുദയകാംക്ഷികളുടേയും നിർല്ലോഭമായ സഹകരണമാണ് മാന്നാനം ആശ്രമ സ്ഥാപനത്തിൽ പ്രകടമായിരുന്നത്.[116] മാന്നാനം ആശ്രമ പ്രസ്ഥാനത്തിൽ സ്ഥാപകപിതാക്കന്മാരായ പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചന്മാരും ചാവറ ഏലിയാച്ചനും അർത്തുങ്കൽക്കാരൻ ലത്തീൻ സഭയിൽ പെട്ട പാസ്കലച്ചനും കണിയാന്ത്ര യാക്കോബും പ്രത്യേകം പരിഗണന അർഹിക്കുന്നവരാണ്.[117]

ആശ്രമ സ്ഥാപനത്തിന്റെ പശ്ചാത്തലം പഠിക്കുമ്പോൾ നിരവധി അമൂല്യഘടകങ്ങൾ പുറത്തുവരുന്നുണ്ട്. ഒന്നാമതായി കാണുന്നത് ആശ്രമജീവിതത്തിന് നിവേശനം ലഭിച്ച പോരൂക്കര തോമ്മാച്ചനാണ് മാതൃഭവനമായിത്തീർന്ന മാന്നാനം ആശ്രമത്തിന് മൂലക്കല്ലിട്ടത് എന്നതാണ്. ഭാരതത്തിലെ, ആധുനികകാലത്തു തുടങ്ങിയ സന്ന്യാസപ്രസ്ഥാനത്തിന്റെ മൂലക്കല്ല് പോരൂക്കര തോമ്മാച്ചനെന്നത് ഒരു ചരിത്രസംഭവമാണ്. എടുത്തു പറയേണ്ട ഒരു കാര്യം പോരൂക്കരയും കണിയാന്ത്രയും കൈമാറിയ വാച്ചവനവാസം വികസിപ്പിച്ചത് ഭാരതീയ പൗരസ്ത്യരീതിയിലല്ല എന്നതാണ്. മറിച്ചായിരുന്നെങ്കിൽ ഭാരതീയ സന്ന്യാസത്തിന് വലിയ ഒരു നിവേശനം ഇതുവഴി ഉണ്ടാകുമായിരുന്നു.

രണ്ടാമത്തെ ഘടകം മാതൃഭവനത്തിന് കൊടുത്ത പേരാണ്. യോഹന്നാൻ മാംദാനയുടേയും ദൊമ്നിക്കോസ് പുണ്യവാന്റെയും നാമങ്ങളെ പിന്നിട്ടു യൗസേപ്പ് പിതാവിന്റെ നാമത്തിലത് സംഭവിച്ചു. കർമ്മെലീത്താസഭ മാർ യൗസേപ്പിനോടു പുലർത്തിയിരുന്ന

ഭക്തിയേക്കാൾ, താൻ ചെറുപ്പത്തിൽ അഭ്യസിച്ചിരുന്ന യൗസേപ്പ് താത നോടുള്ള ഭക്തിയായിരുന്നു മാന്നാനം ആശ്രമത്തിനു പേരു കൊടു ത്തപ്പോൾ കടന്നു വന്നത്. അതുകൊണ്ട് കൊച്ചുകുട്ടി മേസ്തരിയെ കൊണ്ടു പണിയിപ്പിച്ച മാർ യൗസേപ്പിന്റെ രൂപമാണു ബലിവേദിയിൽ സ്ഥാപിച്ചത്.[118] മാർ യൗസേപ്പിനോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു സഭാകൂട്ടം രൂപപ്പെടുത്തിയതും പോരൂക്കര തോമ്മാച്ചനാണല്ലോ.[119]

മൂന്നാമത്തെ ഘടകം, നാട്ടുകാരുടെ സഹകരണമാണ്. തയ്യിൽ, പെരുമാലിൽ കുടുംബാംഗങ്ങളോടൊപ്പം കളമ്പുകാട് നായർ കുടും ബവും ആശ്രമ സ്ഥാപനത്തിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇപ്ര കാരം ആശ്രമ സ്ഥാപനത്തിൽ നാട്ടുകാരെല്ലാം സഹായിച്ചത് ആശ്രമ ജീവിതം വഴി ദൈവജനത്തിനുണ്ടാകാവുന്ന ആധ്യാത്മിക നന്മയെ ലക്ഷ്യം വച്ചായിരുന്നു. അവകാശങ്ങളുടേയും ആനുകൂല്യങ്ങളുടേയും ഓഹരിക്കാരെന്നതല്ല മറിച്ച് ദൈവസാക്ഷാത്കാരത്തിന്റെ സാക്ഷിക ളെന്നതാണ് ഏവരെയും സ്വാധീനിച്ച ഘടകം.

നാലാമത്തെ ഘടകം ആധ്യാത്മിക മുന്നേറ്റത്തിൽ മലബാർ സഭയുടെ കേന്ദ്രമായി നിന്നത് മാന്നാനം എന്നതാണ്.[120] മതജീവിത ത്തിന്റേയും കത്തോലിക്കാ പ്രവർത്തനങ്ങളുടേയും നിവേശനകേന്ദ്രം ആശ്രമമായിരിക്കുന്നത് സർവ്വതോന്മുഖമായ ദേശത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കുമെന്ന് മാന്നാനം ആശ്രമ പ്രസ്ഥാനം വ്യക്തമാക്കി. എന്നാൽ ഈ സവിശേഷസ്ഥിതി എന്നും നിലനിന്നില്ലായെന്നതും ഒരു സത്യ മാണ്.[121] ആശ്രമസ്ഥാപനത്തിന്റെ ശക്തി മുഴുവനും അതിന്റെ ആധ്യാ ത്മിക ദർശനത്തിലും സിദ്ധിയിലുമായതിനാൽ ഉള്ളിൽ നിന്നോ, പുറ മെ നിന്നോ ആയാലും അതിന് ആഘാതം തട്ടുന്നത് എല്ലാം തകിടം മറിയുന്നതിനു കാരണമാകും. 1880 കൾ തുടങ്ങി മാന്നാനത്തിന്റെ കേന്ദ്രീ യ സ്ഥാനം നഷ്ടപ്പെടുവാൻ തുടങ്ങി. മലബാർസഭ വളരെയധികം വളർന്നു. തത്ഫലമായി നിരവധി കേന്ദ്രങ്ങളും ഉയർന്നു. ലത്തീൻ

മേലധ്യക്ഷക്രമം 1886 സെപ്തംബർ ഒന്നിനു സ്ഥാപിച്ചു. ഇനിയും സൂറിയാനി ഭരണകൂടം നിലവിൽ വരണം. അതിനായി അനവധി അപേക്ഷകൾ മാന്നാനത്തു നിന്നും വിവിധ സ്ഥലങ്ങളിൽനിന്നും കൊടുത്തു. പരിഹാരത്തിനായി 1887 ൽ ഭാരതത്തിലെ ദെലഗാദായി നിയമിക്കപ്പെട്ട അയൂത്തിയുടെ ആസ്ഥാനം ഊട്ടിയിലായിരുന്നു. കോട്ടയം, തൃശൂർ എന്നീ വികാരിയാത്തുകൾ 1887 മെയ് 20 നു സ്ഥാപിതമായതോടെ മാന്നാനത്തിന്റെ കേന്ദ്രീയ പ്രസക്തി കുറഞ്ഞു. തുടങ്ങിവച്ച ആശ്രമജീവിതം വഴിത്തിരിവിലേയ്ക്കോ? മാന്നാനം ആശ്രമ സ്ഥാപനശേഷം അമ്പതു വർഷം പിന്നിട്ടപ്പോൾ വളർച്ചയും തളർച്ചയും ഉണ്ടാകുക അസ്ഥാനത്തല്ല. എന്നാൽ വളരെ പ്രസക്തമായ ഒരു വസ്തുത സ്ഥാപകസിദ്ധിക്കു സാവയവ ഘടനയോടു കൂടിയ വളർച്ച എന്തുമാത്രം എന്നതാണ്. അതായത് പൈതൃകം കൈമാറുമ്പോൾ എപ്രകാരമാണ് സിദ്ധിക്കു ചോർച്ച കൂടാതെ അതു നിർവ്വഹിക്കുക. വാച്ചവനവാസത്തിലായിരിക്കുവാനാണ് പോരൂക്കരതോമ്മാച്ചൻ മാന്നാനം ആശ്രമത്തിനു മൂലക്കല്ലിട്ടുകൊണ്ട് സന്ന്യാസത്തിന്റെ മൂലക്കല്ലായിത്തീർന്നത്. വാച്ചവനവാസത്തിന്റെ ജീവചൈതന്യം ദൈവജനത്തിനായി ദൈവത്തിനു കൊടുക്കുക എന്നതാണ്.

മാന്നാനത്ത് ആശ്രമത്തിനു കല്ലിട്ടപ്പോൾ ചാവറയച്ചന്റെ സാന്നിധ്യം അവിടെ ഉണ്ടായിരുന്നുവെന്ന് നാളാഗമത്തിൽ പറഞ്ഞിരിക്കുന്നതല്ലാതെ നിശ്ചിതകർമ്മം കൊണ്ടുള്ള സവിശേഷത എടുത്തു കാണിക്കുന്നില്ല.[122] എന്നാൽ പള്ളിപ്പുറത്ത് അജപാലന ശുശ്രൂഷ നടത്തിയിരുന്നത് ഒഴിവാക്കി മാന്നാനം ആശ്രമ സ്ഥാപനത്തിനു ചാവറ മെത്രാനച്ചനെ നിർബന്ധിക്കുന്നതായി കാണുന്നു. മെത്രാനച്ചനിൽ നിന്നും ചാവറയുടെ നീക്കത്തിനു തിരിച്ചടിയും ലഭിച്ചു.[123] മല്പാനച്ചന്മാർക്ക് ചെയ്തു തീർക്കുവാൻ സാധിക്കാതെ വരുന്ന ആശ്രമ സ്ഥാപനത്തിൽ ചാവറ ഏർപ്പെടുന്നതായിട്ടാണ് വ്യക്തമാകുന്നത്. വികാരി എന്നനിലയിൽ ഒരിടത്ത് അജപാലനശുശ്രൂഷ നടത്തുന്നതിനെക്കാൾ

അതിനെല്ലാം നേതൃത്വം നൽകുന്ന മാന്നാനം ആശ്രമപ്രസ്ഥാനം രൂപപ്പെടണമെന്നതിന് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. കൂടുതൽ ശുശ്രൂഷ, അതും ആധ്യാത്മിക നേതൃത്വത്തിലൂടെ എന്നത് ചാവറയിൽ ആഴമായി പ്രകടമായിരുന്നു. അതായത് ആശ്രമ സ്ഥാപനം ഒരു സ്വകാര്യ സംരംഭമല്ല മറിച്ച് സഭാത്മക തുടക്കമെന്നും വ്യക്തമാണ്. ചാവറ അജപാലകനായി കൂടുതൽ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു.

5:16 നേതൃത്വം

പോരൂക്കര, പാലയ്ക്കൽ തോമ്മാച്ചന്മാരുടെ ദൈവത്തിനും ദൈവജനത്തിനുമെന്ന ആദർശങ്ങളെ സമന്വയിപ്പിച്ച ചാവറയച്ചൻ പ്രവർത്തനത്തിലൂടെ അനുചിന്തനമെന്ന ഭാരതീയ പൈതൃകം കൈമുതലാക്കി ഇടയനടുത്ത ദൗത്യ നിർവ്വഹണത്തിനായി സമർപ്പിതനായി. ഇടവക ജോലികളോടൊപ്പം ആശ്രമസ്ഥാപനത്തിന്റെ പടുത്തുയർത്തലിൽ 1833 മുതൽ അതീവ തത്പരനായിരുന്നു ചാവറ.

പള്ളിപ്രത്തുനിന്നും വികാരിജോലി, പാലയ്ക്കൽ മല്പാനച്ചന്റെ അനന്തരവൻ വർക്കി കത്തനാരെ ഏല്പിച്ചിട്ട് ചാവറയച്ചൻ മാന്നാനത്തു സ്ഥിരം താമസമാക്കി. 1834-ൽ പള്ളി പണി ആരംഭിച്ചു. 1833-ൽ മാന്നാനത്ത് ആരംഭിച്ച സെമിനാരി വളർത്തി എടുത്ത് ഇടയന്മാർക്കുള്ള പരിശീലനം കാര്യക്ഷമമാക്കാൻ ചാവറ തീരുമാനിച്ചു.

നസ്രാണിസഭയെ മാത്രമല്ല, ഭാരതസഭയേയും സാർവ്വത്രിക സഭയേയും ഇടയനടുത്ത രീതിയിൽ നയിക്കുന്നതിനുള്ള ചലനമാണ് അന്നത്തെ സഭാധികാരികളോടു ചേർന്ന് ചാവറയച്ചൻ നിറവേറ്റിയത്. 1844, ഫെബ്രുവരി 14-ന് ചാവറയെ ഇടയന്മാരുടെ ഇടയനടുത്ത പദവിയിൽ ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്ത മല്പാനായി പ്രഖ്യാപിച്ചു. നിയമന പത്രികയിൽ ഇപ്രകാരം കാണുന്നു: "താങ്കളെ നമ്മുടെ

വികാരിയാത്തിലുള്ള സുറിയാനി റീത്തുകാരായ സകല വൈദികന്മാരുടേയും പരീക്ഷകനായും സർവ്വ വൈദികശാസ്ത്രങ്ങളുടെയും മല്പാനായും നിയമിച്ചാക്കുന്നതിന് നിങ്ങളുടെ സൽഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടംസ്വീകരിക്കുന്നതിന് അർത്ഥികളെ അനുവദിക്കുന്നതിനു മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുവാൻ പട്ടക്കാർക്ക് അനുമതി നൽകുന്നതിനും ഈ അധികാര പത്രത്താൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു."[124]

ചാവറയച്ചൻ മറ്റു മല്പാന്മാരുടെ നിവേശനത്തോടു ചേർന്നപ്പോൾ ഉണ്ടായ വൈദികന്മാരുടെ ഉന്നമനം, സഭാസ്ഥാപനത്തിന്റെ സുപ്രധാനഘടകങ്ങളിൽ ഏറ്റവും മുന്നിട്ടു നില്ക്കുന്നതാണ്. വൈദികന്മാരുടെ വിജ്ഞാനവും അവരുടെ വിശുദ്ധിയും ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകൾതന്നെ. പ്രവാചകനിലൂടെ റൂഹാദ്ക്കുദ്ശാ വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്. "പുരോഹിതന്റെ അധരങ്ങൾ വിജ്ഞാനം കാത്തുസൂക്ഷിക്കേണ്ടതാകുന്നു. അവർ അയാളുടെ അധരങ്ങളിൽ നിന്നു നിയമം അന്വേഷിക്കേണ്ടതുമാകുന്നു. അയാളാണല്ലോ ബലവാനായ കർത്താവിന്റെ ദൂതൻ" (മാലാകി 2:7). അറിവു തള്ളിക്കളയുന്നവരെ പുരോഹിത സ്ഥാനത്തുനിന്നും നീക്കം ചെയ്യും (ഹോശാ. 4:6). വിജ്ഞാനമെന്നത് ബുദ്ധിയുടെ അറിവും ഹൃദയത്തിന്റെ അനുഭവവും വിശ്വാസത്തിന്റെ തെളിവും ഒന്നുചേർന്നുള്ള ഒരഭിഷേകമാണ്. അത് റൂഹാദ്ക്കുദ്ശായുടെ വെളിവ് മനുഷ്യരിൽ തെളിയുന്നതാണ്. മിശിഹായുടെ സഭയിലെ ആചാര്യന്മാർ മിശിഹാ വിജ്ഞാനീയത്തിൽ പ്രവാചകത്വമുള്ളവരാകുന്നത്, സഭാപഠനങ്ങളെ ആധികാരികമായി പഠിപ്പിക്കുന്നതിന് ആവശ്യമാണ്. സഭാചരിത്രം നോക്കുമ്പോൾ ഓറെഞ്ഞം, അന്ത്യോക്യാ, കോൺസ്റ്റാന്റിനോപ്പിൾ, എദേസാ തുടങ്ങിയ കേന്ദ്രങ്ങൾ ആചാര്യന്മാർക്കു നിവേശനം പകരുന്ന ദൈവവിജ്ഞാനീയ ഉറവിടങ്ങളായിരുന്നു. പ്രബോധകരായിട്ടാണ് ആചാര്യന്മാർ നിലകൊള്ളുന്നത്. എന്നാൽ ഭാരത നസ്രാണികളുടെ ഇടയിൽ

ഏതദ്ദേശീയ വൈദികർ ഐഹിക കാലം മുതൽ ഉണ്ടായിരുന്നുവെങ്കിലും സാർവ്വത്രികപ്രതിഭ എന്ന നിലയിൽ ദൈവ വിജ്ഞാനീയ കേന്ദ്രങ്ങൾ അധികം വികസിച്ചിട്ടില്ലായിരുന്നു. കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ട, അങ്കമാലി, ആലങ്ങാട്, കടുത്തുരുത്തി, വരാപ്പുഴ തുടങ്ങിയ വൈദിക പരിശീലന കേന്ദ്രങ്ങൾ ഉണ്ടായിരുന്നത് വിദേശ മിഷനറിമാരുടെ കാലത്ത് അവസാനിച്ചുകൊണ്ടിരുന്നു. വിദേശ മിഷനറിമാർ വരാപ്പുഴയെ സംരക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ ചാവറയച്ചൻ വൈദിക പരിശീലന കേന്ദ്രങ്ങൾ മാന്നാനം, പുളിങ്കുന്ന്, ഏൽത്തുരുത്ത് എന്നിവിടങ്ങളിലും സ്ഥാപിച്ചു എങ്കിലും വരാപ്പുഴയുടെ മേൽനോട്ടത്തിൽ പുത്തൻപള്ളി പ്രത്യക്ഷപ്പെടുകയും മറ്റു സെമിനാരികൾ ക്രമേണ അപ്രത്യക്ഷമാകുകയും ചെയ്തു. ആശ്രമങ്ങളോട് അനുബന്ധിച്ച് വിദ്യാലയങ്ങൾ ഉണ്ടാകുക എന്ന പാരമ്പര്യം പൗരസ്ത്യ സുറിയാനി വ്യക്തിസഭയുടെ തനിമയിൽപ്പെട്ടത് ചാവറയച്ചൻ നടപ്പാക്കിയിരുന്നു. പ്രത്യേകിച്ചും സെമിനാരികൾ ആരംഭിച്ച് ആശ്രമജീവിതരീതിയും അജപാലന നേതൃത്വത്തേയും കുറ്റമറ്റതാക്കുവാൻ[125] ശ്രദ്ധിച്ചിരുന്നു. ആശ്രമങ്ങളോടനുബന്ധിച്ചുള്ള വിദ്യാനികേതനങ്ങളിൽ പുരോഹിതന്മാരും സന്ന്യസ്തരും അല്മായരും വേദാന്ത സാഹിത്യാദികളിൽ അഭ്യസനം നടത്തിയിരുന്നു.[126] ഈ പാരമ്പര്യമാണ് വി. ബനഡിക്ട് പാശ്ചാത്യ സഭയിലും നടപ്പാക്കിയത്.[127] മേല്പറഞ്ഞ വിദ്യാനികേതനങ്ങളിൽ വിശുദ്ധഗ്രന്ഥ പഠനത്തിനു പ്രഥമസ്ഥാനമുണ്ടായിരുന്നു. സഭാപിതാക്കന്മാരുടെ പഠനങ്ങളും വ്യാഖ്യാതാക്കളുടെ സ്ഥാനവും വിസ്മരിച്ചിരുന്നില്ല.

ചാവറയച്ചന്റെ നേതൃത്വത്തിൽ അജപാലകരെ രൂപപ്പെടുത്തുന്നതിന് മുൻപന്തിയിൽ എടുത്തിരുന്നത് വിശുദ്ധഗ്രന്ഥപഠനമായിരുവെന്നുവേണം അദ്ദേഹത്തിന്റെ കൃതികളിൽ നിന്നും അനുമാനിക്കുവാൻ. താരതമ്യേന ചെറിയ ഒരു കൃതിയായ ധ്യാനസല്ലാപത്തിൽ

അവതരണ വാക്യത്തോടുകൂടിയ 14 വചനോദ്ധരണികൾ ഉണ്ട്.[128] പ്രത്യക്ഷമായ വിശുദ്ധഗ്രന്ഥ വാക്യങ്ങളുള്ള നാല്പതിൽപരം ഉദ്ധരണികൾ ധ്യാനസല്ലാപത്തിൽ ഉള്ളതിൽ ഒന്നാണ് ഏശ. 42:2,3 ന്റെ സാന്നിധ്യം.[129] പരോക്ഷമായ സൂചനകളും കുറവല്ല. സങ്കീ. 52:4 ധ്യാനിച്ചുകൊണ്ടു നടത്തുന്ന സംഭാഷണം "അയ്യോ ദുഷ്ടനായ ഞാൻ പൊട്ടനും ചെകിടനുമായി. ഞാൻ ഈ സ്വരങ്ങൾക്കൊക്കെയ്ക്കും ചെവി അടച്ചു നടന്നു" എന്നത് വചനത്തിൽ കുതിർന്ന പ്രകരണമാണ്.[130] എഴുപതിൽപരം ദൈവവചന ഭാഗങ്ങളുണ്ട്. ധൂർത്തപുത്രന്റെ ഉപമ ധ്യാനപശ്ചാത്തലമായി ഉപകരിപ്പിച്ചുകൊണ്ടു നടത്തുന്ന രീതി ഏതാണ്ട് ഭാഷ്യാത്മക സ്വഭാവമുള്ളതാണ്. ഇപ്രകാരമുള്ള ഏഴുപാഠങ്ങൾ ധ്യാനസല്ലാപത്തിലുണ്ട്.[131]

ചെറിയ ഒരു കൃതിയിൽ ഇത്രമാത്രം ദൈവവചന സ്വാധീനമുണ്ടെങ്കിൽ വലിയ കൃതികളും ദൈവവചനത്താൽ പൂരിതമായിരിക്കും. ഉദാ: ആത്മാനുതാപം മുഴുവനും ഈശോയേയും മാതാവിനേയും വിശുദ്ധഗ്രന്ഥ വിശുദ്ധരേയും കേന്ദ്രീകരിച്ചുള്ളവയാണ്. ആത്മാനുതാപം തുടങ്ങുന്നത് ആദാമിനെ കേന്ദ്രീകരിച്ചെങ്കിൽ അതിന്റെ പരിസമാപ്തി ഉയിർപ്പു ദിനത്തിലെ വിധി സഹോദരസ്നേഹത്തിൽ കേന്ദ്രീകൃതമെന്നതാണ്. മത്താ. 25 ൽ അന്ത്യവിധിയെക്കുറിച്ച് ഈശോ അരുളിച്ചെയ്തത് അടിസ്ഥാനപരമായി വരുന്നു (ആത്മാനുതാപം I :12; മരണവീട്ടിൽ പാടുന്നതിനുള്ളപാന, 1162).

ഇടയനടുത്ത പദവിയിൽ മല്പാനായ ചാവറതന്നെ വേദപുസ്തക ധ്യാനത്താൽ ആചാര്യനായിത്തീർന്നു. ശിഷ്യർക്കുമത് കൈമാറി.

CARMEL JYOTHI ALWAYE THAIKKATTUSSERY

5:17 ആതുരശുശ്രൂഷ

ചാവറയച്ചന്റെ ആതുരസേവനത്തെക്കുറിച്ച് പാറപ്പുറത്തു വർക്കിയച്ചൻ പറയുന്നു: "ഉച്ചയ്ക്ക് കഞ്ഞിയും ആവശ്യം പോലെ തുണി, കൊന്ത, വെന്തിങ്ങ മുതലായതും, കൊടുത്തുനടത്തുന്നതിനായിട്ടും പുലയരെ മാർഗ്ഗത്തിൽ കൂട്ടുന്നതിനും ഇസ്ക്കോള ഇട്ടു നടത്തുന്നതിനും പിടിയരി ഏർപ്പാടുകൊണ്ട് മതിയാകാത്തതിനാൽ പള്ളിപ്പുറം, മുട്ടം, വൈക്കം, വെച്ചൂർ, മുട്ടുചിറ, കടുത്തുരുത്തി, കുടമാളൂർ, കൈപ്പുഴ ഈ പള്ളികളിൽ പരസ്യം എഴുതി കൊടുത്തയച്ച് അരി വരുത്തിയിരുന്നു."[132]

ദൈവജനം-അനവിം യാഹ്വെ-യാഹ്വെയുടെ വിനീതർ, ആയ ഭാരതത്തിലെ ഹരിജനം - കേരളത്തിലെ പറയർ, പുലയർ തുടങ്ങി നിരവധി ദളിതർ - സവർണ്ണരും ഒന്നിച്ച് വളർന്നു ജീവിച്ചു കാണുവാൻ ചാവറ ആഗ്രഹിക്കുന്നുവെന്നതാണ് പാറപ്പുറത്തച്ചൻ നൽകുന്ന സാക്ഷ്യം വ്യക്തമാക്കുന്നത്. ചാവറയുടെ പിൻഗാമിയായി വന്ന പോരൂരെ കുര്യാക്കോസച്ചൻ പറയുന്നതും ചാവറയുടെ ആതുരശുശ്രൂഷാചൈതന്യത്തെ വ്യക്തമാക്കുന്നതാണ്: "സഹോദര പ്രിയമെന്ന പുണ്യത്താലെ തന്റെ ജന്മദേശമായ ചേന്നങ്കരിയിൽ ഒരു ധർമ്മശാല ഉണ്ടാക്കുകയും അതിൽ പാവപ്പെട്ടവരെ പാർപ്പിക്കുകയും 'നൽമരണസഭ' എന്ന സഹോദരകൂട്ടത്തെയും അതിലുള്ള ചട്ടങ്ങളെയും അവർക്കു കൊടുത്തു നടത്തിവരികയും ചെയ്തു."[133] ചാവറയച്ചനിൽ വളർന്നു വികസിച്ച ആതുരസേവനം, നല്ല ഉപവിയുടെ അടിസ്ഥാനത്തിലായിരുന്നുവെന്ന് ചാവറയുടെ ആത്മപിതാവ് ലെയോപ്പോൾദ് മിഷനറി സാക്ഷ്യപ്പെടുത്തുന്നു: "കൂട്ടരോട് എല്ലാവരോടും എല്ലായ്പ്പോഴും നല്ല ഉപവിയും സന്തോഷവുമായി ചെറുപ്രായക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു."[134]

ചാവറയുടെ പരസ്നേഹം സെമിനാരിക്കാലം മുതലല്ല ചെറുപ്രായം തുടങ്ങി സജീവമായിരുന്നുവെന്നു വേണം വിചാരിക്കുവാൻ. ചാവറയുടെ കൃതിയിൽനിന്നും ചാവറയ്ക്കു ലഭിച്ച ദൈവസ്നേഹത്തെക്കുറിച്ചറിയാൻ കഴിയും:

> "പൈതൽക്കാലത്തിൽ തീറ്റി വളർത്തുവാൻ
> അയ്യം കൂടാതെ തന്നു മാതാവിനെ
> അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
> അമൃതപാനം തന്നു വളർത്തുമ്പോൾ."[135]

ഭക്ഷണ പാനീയങ്ങളോടൊപ്പം ദൈവസ്നേഹത്തിന്റെ കൈമാറ്റം നടന്നുവെന്ന ചാവറയുടെ അനുഭവം, ദൈവസ്നേഹവും സഹോദരസ്നേഹവും ആതുരശുശ്രൂഷാ സിദ്ധിയും ചെറുപ്പം മുതൽ ചാവറയിൽ പ്രകാശിച്ചുവെന്നതിന്റെ ആധികാരിക തെളിവാണ്. ചാവറയുടെ രക്തത്തിലും മാംസത്തിലും അസ്ഥിയിലും മജ്ജയിലും ഉൾപ്രവേശിച്ച ദൈവസ്നേഹമാണ് ആതുരശുശ്രൂഷയിലൂടെ പ്രകടമായത് എന്ന് ചരിത്രപരമായി ജോൺ റോമിയോ പ്രസ്താവിക്കുന്നു: "മാന്നാനത്തു ദർശന വീടിന്റെ സ്ഥാപകനായും നിയന്താവായും ചെന്നുചേർന്നപ്പോൾ തന്നെ സഹായിക്കാൻ വന്നുകൂടിയ നിഷ്ക്കളങ്കരായ പുലയത്തൊഴിലാളികളെ സഹോദരന്മാരും സ്നേഹിതരുമായി മാത്രമേ ചാവറയച്ചനു കാണുവാൻ സാധിച്ചിരുന്നുള്ളു."[136] ഹരിജന പള്ളിക്കൂടങ്ങൾ ആരംഭിക്കുന്നതിൽ ചാവറ മുന്നോടിയായിരുന്നു. പലരിൽ നിന്നും പിരിച്ച് സ്കൂളിന്റെ നടത്തിപ്പിലേക്കു 17 പറയ്ക്കു പുഞ്ചനിലം വാങ്ങി. ഇതിന്റെ ആദായംകൊണ്ട് ഉച്ചഭക്ഷണവും വാദ്യാന്മാരുടെ ശമ്പളവും നടക്കുമെന്നായിരുന്നു ചാവറയുടെ സ്വപ്നം. ഹരിജനങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൂട്ടമായി സ്കൂളിലേക്ക് അയയ്ക്കാൻ തുടങ്ങി. ചാവറ സമാരംഭിച്ച പള്ളിക്കൂടം സ്ഥാപിക്കൽ രാഷ്ട്രീയ

ഭരണാധികാരികൾ വഴി സ്വകാര്യ വ്യക്തികൾക്കു പള്ളിക്കൂടങ്ങൾ നടത്തുന്നതിനുള്ള അവസരമുണ്ടാക്കി. എന്നാൽ പിന്നീടു ഹരിജനോന്മുഖമായ സ്കൂളുകൾ സവർണ്ണോന്മുഖമായി വികസിച്ച് കാര്യങ്ങൾ പൂർണ്ണമായും തകിടം മറിഞ്ഞു.[137]

ആതുരശുശ്രൂഷാരംഗത്ത് സ്കൂളുകളും ആതുരശാലകളും സമാരംഭിച്ച് ദളിത്ഗണങ്ങളെ ദൈവമക്കളായിക്കണ്ട്, അവരെ സ്നേഹിച്ച ചാവറയുടെ സിദ്ധി സി. എം. ഐ. സഭാ സിദ്ധിയുടെ അവശ്യഘടകമാണ്. ഹരിജനശുശ്രൂഷയെ അകറ്റിനിർത്തിക്കൊണ്ട് ദൈവശുശ്രൂഷ ഉണ്ടാകുകയില്ല.

ഒരു ദേശീയനായ ചാവറ, സന്ന്യാസ വൈദികാവസ്ഥയിലൂടെ കാണപ്പെട്ട സഹോദരങ്ങൾക്കു ശുശ്രൂഷ നൽകിക്കൊണ്ട് ദൈവത്തിനായി ജീവിച്ചു. ഇപ്രകാരം അന്ത്യവിധിയുടെ വ്യവസ്ഥയും (മത്താ. 25:40) അദൃശ്യനായ ദൈവത്തെ സ്നേഹിക്കുന്നതിന്റെ ആത്മാർത്ഥതയും (1 യോഹ. 4:12) അനുഭവിച്ചറിയുന്നു.

5:18 ദൈവജനം

ദൈവജനത്തിനു ദാസനായി ദൈവം നിയോഗിച്ച മൂശെ വഴി കർത്താവരുളിച്ചെയ്യുന്നു: "നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ കല്പന അനുസരിക്കുകയും ചെയ്താൽ ഭൂമിയിലെ മറ്റ് എല്ലാ ജനങ്ങളെക്കാൾ നിങ്ങൾ എനിക്കു പ്രിയപ്പെട്ടവർ ആയിരിക്കും. ഭൂമി എന്റേതാണല്ലോ. നിങ്ങൾ എനിക്കു രാജ്യവും ആചാര്യന്മാരും വിശുദ്ധജനവുമായിരിക്കും" (പുറ.19:5-6). ഇസ്രായേൽ - യാഹ്വെയുടെ ജനം - ദൈവജനമാകുന്നത് ദൈവത്തിന്റെ വചനം കേൾക്കുന്നതുവഴിയും അവിടുത്തെ കല്പന പാലിക്കുന്നതുവഴിയുമാണ്. വചനം കേൾക്കുകയും കല്പന പാലിക്കുകയും എന്നതിന്റെ പൂർണ്ണമായ വ്യാഖ്യാനം

ദൈവവചനമായ ഈശോമിശിഹായുടെ മനുഷ്യാവതാരത്തിലൂടെയും മാനവദൈവികീകരണത്തിലൂടെയും സംഭവിച്ചു. ദൈവത്തിന്റെ വചനത്തിലും വചനത്താലുമാണ് ദൃശ്യമായുള്ളവ എല്ലാം രൂപപ്പെട്ടതും നിലകൊള്ളുന്നതും (സൃഷ്ടി 1:1-31; യോഹ. 1:1-14; യോഹ. 13:34). എന്നെക്കാണുന്നവൻ പിതാവിനെയും കാണുന്നു എന്നരുളിച്ചെയ്ത ഈശോ പറയുന്നു: "ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണു നിങ്ങൾ ചെയ്തത്" (യോഹ. 14:9; മത്താ. 25:40). ദൈവജനത്തിന്റെ ദൈവവുമായുള്ള അനന്യത വ്യക്തമാക്കുന്ന ഒരു സുപ്രധാന സാക്ഷ്യമാണ് ഈശോയുടെ ശിഷ്യനായ യോഹന്നാൻ നൽകുന്നത്: "കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ എങ്ങനെ കഴിയും?" (1 യോഹ. 4:20).

ചാവറയച്ചൻ മിശിഹായെ ഏറ്റുപറഞ്ഞ പൗരസ്ത്യ സുറിയാനി ആധ്യാത്മികത ദൈവജനത്തെ കാണുന്നത് ഉത്ഥിതനായ മിശിഹായുടെ സാന്നിധ്യം പ്രഖ്യാപിക്കുന്ന ദൈവജനത്തിലൂടെയാണ്. സുറിയാനി സഭാ പിതാവായ മാർ അപ്രേമിന്റെ വ്യാഖ്യാനത്തിൽ "ഞാൻ അനേകരോടു കൂടെ അവന് ഓഹരികൊടുക്കും" (ഏശ. 53:12) എന്ന പ്രവാചക വാക്യത്തെ ദിവ്യകാരുണ്യത്തോടു താരതമ്യപ്പെടുത്തി ദൈവജനത്തിന്റെ പ്രസക്തിയെ എടുത്തുകാണിക്കുന്നു.[138] തികഞ്ഞ ദാർശനികനും ദൈവശാസ്ത്രജ്ഞനുമായ ജോൺ ബ്രിട്ടോ പറയുന്നത് മനുഷ്യർ മനുഷ്യരിലൂടെ ദൈവദർശനം നടത്തുന്നുവെന്നാണ്.[139] ചാവറയച്ചൻ ദൈവജനത്തിനായി ചെയ്തിട്ടുള്ളവയെല്ലാം ദൈവാനുഭവത്തിന്റെ തികവിലൂടെയായിരുന്നു. "കർമ്മെലസഭ പൈതൃകമായ അനുചിന്തനഫലം പങ്കുവയ്ക്കുന്നു." ഇവിടെ ഭാരതീയശൈലിയിലും പൗരസ്ത്യസഭാ ആധ്യാത്മികതയിലുമുള്ള, പ്രവൃത്തിയിലൂടെയുള്ള അനുചിന്തനമെന്നതും ചാവറ സമന്വയിപ്പിച്ചു. ചാവറയുടെ ജീവിത

സമന്വയം, വിശ്വാസത്തെ പ്രാർത്ഥനയിലൂടെയും പ്രാർത്ഥനയെ ജീവിതത്തിലൂടെയും ജീവിതത്തെ ദൈവജനത്തിനായുള്ള ശുശ്രൂഷയിലൂടെയും അന്വർത്ഥമാക്കിയെന്നതാണ്. 1829-ൽ റൂഹാദ്ക്കൂദ്ശായാൽ അഭിഷിക്തനായ ചാവറ ദൈവജനത്തിനായി നീക്കിവയ്ക്കപ്പെട്ടതിനാലാണ് മലയാളത്തിൽ പട്ടക്കാർക്ക് ദർശനവീടു പണിയുവാൻ പള്ളിപ്പുറത്തുനിന്ന് മാന്നാനത്തേയ്ക്കു വന്നത്.[140] ഭവന നിർമ്മിതിയിൽ ഏർപ്പെട്ടിരുന്ന എല്ലാവരെയും ദൈവജനമായി ചാവറ കണ്ടിരുന്നു. അതിനാലാണ് പെരിയപ്പുറത്തു മാന്നാനം കല്ലുങ്കൽ ഇട്ടിയയിപ്പുമാപ്പിളയും തയ്യിൽ തരകനും കൊച്ചുപുരയ്ക്കൽ ഈപ്പൻമാപ്പിളയും ഈഴവനായിരുന്ന കിട്ടനും ഓജനാരു മേത്തരും മാർ സ്തബിലീനി, പാലയ്ക്കൽ മല്പാൻ, പോരൂക്കര തോമ്മാച്ചൻ, പാസ്കൽബയ്ലോൺ പാതിരി തുടങ്ങിയവരോടൊപ്പം പ്രത്യക്ഷപ്പെടുന്നത്.[141] മേല്പറഞ്ഞവരോടുകൂടെ ചാവറ തുടക്കം കുറിച്ച ദർശന വീടുപണി, അധഃകൃതരേയും ഹരിജനങ്ങളേയും എല്ലാം ദൈവജനമായി കണ്ടുകൊണ്ട് അവരെയും ദൈവാനുഭൂതിയിലേക്കു നയിച്ചിരുന്നു.[142]

ചാവറയ്ക്കുണ്ടായിരുന്ന ദൈവാനുഭവം പട്ടക്കാരെയും സന്ന്യസ്തരെയും കുടുംബ ജീവിതക്കാരെയും ആബാല വൃദ്ധം ജനത്തേയും ദൈവജനമായിക്കണ്ട് അവരുടെ അഭ്യുദയത്തിനായി സെമിനാരികളും ആശ്രമങ്ങളും മഠങ്ങളും ദൈവാലയങ്ങളും പള്ളിക്കൂടങ്ങളും ആതുരശാലകളും അധഃകൃതോദ്ധാരണ നികേതനങ്ങളും അച്ചുകൂടങ്ങളും നൽമരണ സംഘടനകളും മതബോധന കേന്ദ്രങ്ങളും തുടങ്ങുന്നതിന് ഇടവരുത്തി.[143] ചാവറയച്ചൻ സമാരംഭിച്ച പ്രസ്ഥാനങ്ങളെല്ലാം ദൈവജനത്തിൽനിന്നു ദൈവത്തിലേയ്ക്ക് ഏവരേയും നയിക്കുന്നവയായിരുന്നു.

5:19 സന്ന്യാസിനീ സമൂഹം

മാന്നാനത്ത് ആശ്രമ ജീവിതം ആരംഭിക്കുന്നതിന് തുടക്കം കുറിച്ചവരിൽ ഒരുവനായ ചാവറ 1829-ൽ പൗരോഹിത്യപട്ടം സ്വീകരിച്ച് പ്രഥമ കുർബാന ആഘോഷിച്ചപ്പോൾ സന്ന്യാസ പ്രസ്ഥാനത്തിനു നിയോഗം വച്ചത്[144] സി. എം. സി. സന്ന്യാസിനീ സമൂഹ സ്ഥാപനത്തിനുള്ള ആദ്യ നിവേശനമായും കാണാവുന്നതാണ്.[145] "ഏറിയകാലം മുതൽ അപേക്ഷിച്ചുവന്നതും" എന്നതിൽ അപേക്ഷിക്കുന്നതിനു മുൻപുതന്നെ നിയോഗം - നിവേശനം - ഉണ്ടാകണമല്ലോ. ഈ നിവേശനം പ്രഥമ കുർബാന ആഘോഷത്തിൽ കൊവേന്ത സ്ഥാപന നിയോഗത്തോടൊപ്പം ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടല്ലേ 1860-ൽ ബർണർദീനോസ് മെത്രാപ്പോലീത്താ വഴി വരാപ്പുഴ പുത്തൻ പള്ളിയിൽ മഠം സ്ഥാപിക്കുന്നതിനായി സ്ഥലം ക്രമീകരിച്ചത്. തുടർന്നു മതിൽ കെട്ടി കന്യാസ്ത്രീമഠം തുടങ്ങുവാൻ അനുവദിച്ചെങ്കിലും ആ സ്ഥലം പട്ടക്കാർക്കാവശ്യമെന്നു കണ്ട് സെമിനാരിയാക്കി. ഈ കാലഘട്ടത്തിൽ, അതായത് 1859 ഡിസംബർ അവസാനം 23 വയസ്സുള്ള ബ്രദർ ലെയോപ്പോൾദ് കേരളത്തിൽ വന്നു. 1860-ജനുവരി 16-ന് വരാപ്പുഴ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ സന്നിധിയിൽ എത്തി. ഡീക്കനായിരുന്ന ബ്രദർ ലെയോപ്പോൾദ് 1860-ഒക്ടോബർ എട്ടിനു പട്ടം സ്വീകരിച്ച് 15-നു നവപൂജ അർപ്പിച്ചു. 1863-ൽ കൊവേന്തകൾക്കു ദൈലഗാത്തായിതീർന്ന ലെയോപ്പോൾദ് അച്ചനും 1861 മുതൽ സുറിയാനിക്കാരുടെ ജനറാളും കന്യകാമഠ സ്ഥാപനത്തിനായി ഏറിയ കാലം മുതൽ അപേക്ഷിച്ചിരുന്ന ചാവറയച്ചനും 1865-ൽ വൈകുന്നേരം 4 മണിക്കു നടക്കുവാൻ പോയപ്പോൾ, അവിടെ ഉണ്ടായിരുന്ന ഒരു വിധവയേയും 14 വയസ്സുള്ള മകളെയും ആധുനിക കന്യകാലയ പ്രസ്ഥാനത്തിന്റെ മുന്നോടികളാക്കുവാൻ ആലോചിച്ചു. ഇവരാണ് വയ്പിശ്ശേരി

തൊമ്മന്റെ മകളും വിധവയുമായ ഏലീശ്വായും അവളുടെ ഏക സന്താനം അന്നയും. ഇപ്രകാരം സന്ന്യാസിനീ സമൂഹത്തിന്റെ നവോത്ഥാനത്തിനു തുടക്കം കുറിച്ചതിന്റെ പശ്ചാത്തലം അറിയുന്നത് മാർ ത്തോമ്മാ നസ്രാണികളുടെ ഇടയിലുണ്ടായിരുന്ന ആധ്യാത്മിക ജീവിതത്തിലേക്കു വിരൽ ചൂണ്ടുന്നതാണ്.

16-ാം നൂറ്റാണ്ടിൽ യൂറോപ്യൻ പര്യടനം നടത്തിയ ഭാരതീയനായ യൗസേപ്പ് കത്തനാർ ഭാരതത്തിലുണ്ടായിരുന്ന സന്ന്യാസിനികളെക്കുറിച്ച് സൂചന നൽകുന്നുണ്ട്.[146] കറുത്ത വസ്ത്രം ധരിച്ചിരുന്ന സന്ന്യാസികളും സന്ന്യാസിനികളും അവരുടെ ആശ്രമങ്ങളുമുണ്ടായിരുന്നു. വിശ്വസ്തത, വിരക്തി, ദാരിദ്ര്യം എന്നീ സുകൃതങ്ങൾ ആത്മാർത്ഥമായി അഭ്യസിച്ചിരുന്നു. പോർട്ടുഗലിലെ എമ്മാനുവേൽ രാജാവിന്റെ നാളാഗമത്തിൽ ഗോയിസ് ഡൊമിയാനൊ എന്ന പോർട്ടുഗീസ് എഴുത്തുകാരൻ രേഖപ്പെടുത്തുന്നതനുസരിച്ച് സന്ന്യാസിനികളും ആശ്രമങ്ങളും നസ്രാണിസഭയിൽ ഉണ്ടായിരുന്നുവെന്ന സൂചന മാത്രം ലഭിക്കുന്നു.

ഭാരതത്തിലെ നസ്രാണി സഭയ്ക്ക് കാലാകാലങ്ങളിൽ നേരിടേണ്ടിവന്ന ഞെരുക്കങ്ങൾ സന്ന്യാസത്തെയും അതിന്റെ വളർച്ചയിൽനിന്നും അകറ്റി നിറുത്തി. നഷ്ടപ്പെട്ട സന്ന്യാസപ്രസ്ഥാനത്തെ പുനരുദ്ധരിക്കുന്നതിനായി സ്വദേശീയരും വിദേശീയരുമായ നിരവധി സഭാംഗങ്ങൾ പരിശ്രമിച്ചിരുന്നു. അവരിൽ കന്യകാലയ ജീവിതക്കാർക്കു വഴി തുറന്നു കൊടുത്ത ഏതദ്ദേശീയനായ ചാവറയച്ചനാണ് കർമ്മെലീത്താ സന്ന്യാസിനികളിലൂടെ കന്യകാലയ പുനരുദ്ധാരകരിൽ പ്രമുഖൻ. 1850 കളിൽ സജീവമായിരുന്ന മഠം സ്ഥാപിക്കൽ നിയോഗം പൂവണിഞ്ഞത് 1866-ൽ കൂനമ്മാവിൽ കർമ്മെലീത്താ സന്ന്യാസിനികൾക്കായി മഠം സ്ഥാപിച്ചപ്പോഴാണ്.[147] "മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും

നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും തുടക്കം" കുറിച്ചു കൊണ്ടു സന്ന്യാസിനീ സമൂഹത്തിനു മുന്നോടിയായിത്തീർന്ന കർമ്മെലീത്താ സമൂഹമാണ് സി. എം. സി., സി. റ്റി. സി. സഭകൾ.[148] ഇതേത്തുടർന്ന് 1888-ൽ എഫ്. സി. സി. യും, 1892-ൽ എസ്. വി. എം. ഉം, 1908-ൽ എസ്. എ. ബി. എസ്. ഉം, 1911-ൽ എസ്. എച്ച്. ഉം, 1927-ൽ എസ്. ഡി. യും, 1944-ൽ എം. എസ്. ജെ. യും, 1948-ൽ സി. എസ്. എൻ. ഉം, 1961-ൽ എസ്. എസ്.[149] ഉം, 1977-ൽ എസ്. സി. ജെ. ജി. യും, 1969-ൽ എസ്. എം. എസ്. ഉം തുടങ്ങി നിരവധി സമൂഹങ്ങൾ ചാവറ യച്ചൻ തുടക്കം കുറിച്ച സന്ന്യാസിനീ പ്രസ്ഥാനത്തിന്റെ രൂപത്തിലും ഭാവത്തിലും ഉണ്ടായിട്ടുള്ളവയാണ്. വീണ്ടും നിരവധി സംരംഭങ്ങൾ ഈ മേഖലയിൽ നടക്കുന്നുണ്ട്.[150]

നസ്രായനായ ഈശോയുടെ ശിഷ്യനായ മാർത്തോമ്മാ ഭാരത ത്തിൽ കൊടുങ്ങല്ലൂരുള്ള രാജാവിന്റെ ആഗ്രഹമനുസരിച്ച് ആ കുടും ബത്തെ അനുഗ്രഹിച്ചു. രാജാവിന്റെ മകൾ തോമ്മാശ്ലീഹായുടെ ആശീർവ്വാദത്താൽ വിരക്തജീവിതം വഴി ഭാരതത്തിലെ ആദ്യത്തെ സന്ന്യാസിനിയായിത്തീർന്നുവെന്ന് പാരമ്പര്യം പറയുന്നു.[151] ചാവറ യുടെ കാലത്തുണ്ടായിരുന്ന വാച്ചവനവാസത്തിന്റെ വിത്തു കിട ക്കുന്നതും പ്രാചീന കാലങ്ങളിൽ മാർത്തോമ്മാ നസ്രാണികളുടെ ഇട യിലുണ്ടായിരുന്ന ആശ്രമപ്രസ്ഥാനത്തിലെന്നു മൈലാപ്പൂർ സന്ന്യാ സാശ്രമം സൂചന നൽകുന്നുണ്ട്.[152] 1620-കളിൽ ഗീവർഗീസ് അർക്കദി യാക്കോനായും 1850 കളിൽ ചാവറയച്ചനും നസ്രാണികളുടെ ഇടയിലെ ആശ്രമപ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുവാൻ പരിശ്രമിച്ചു.[153] ബർണർദീനോസ് മെത്രാപ്പോലീത്തായുടെയും ലെയോപ്പോൾദു മിഷ നറിയുടെയും സഹായത്തോടെ ചാവറ രൂപം നൽകിയ സന്ന്യാനിനീ സമൂഹത്തിന്റെ വളർച്ച ദൈവജനത്തിനു വലിയ സംഭാവന ആയി രുന്നു.

നമുക്കും അവനോടുകൂടെ പോയി മരിക്കാമെന്നു പറഞ്ഞ തോമ്മാശ്ലീഹാ (യോഹ. 11:16) ഭാരത സഭയ്ക്കായി മരണം കൈ വരിച്ചത് ഭാരതത്തിലെ ആശ്രമജീവിതത്തിന്റെ മിശിഹാപരമായ അടിസ്ഥാനമാണ്. മാർത്തോമ്മാശ്ലീഹായുടെ ശവകുടീരത്തിനു സമീപം ആശ്രമവും രൂപപ്പെട്ടത് സഭാത്മകമായ ഒരു വസ്തുത തന്നെയാണ്.[154] ഭാരത നസ്രാണികളുടെ ഇടയിൽ മാർത്തോമ്മാശ്ലീഹായോടു ബന്ധപ്പെട്ടുള്ള സഭാത്മക ആധ്യാത്മിക ചൈതന്യമായി മാർത്തോമ്മാ സന്ന്യാസ സംഘത്തിനുള്ള നിവേശനം സഭയിൽ എന്നും നിലകൊള്ളുന്നുണ്ട്.[155] മാർത്തോമ്മാ സന്ന്യാസ സംഘത്തിന്റെ ഒരു പ്രതിഫലനമാണ് 'വാച്ചവനവാസത്തിൽ' പ്രതിഫലിക്കുന്നത്. എന്നാൽ മിഷനറിമാരുടെ ഇടപെടൽ വഴിയാണ് 1830 - കളിൽ ആരംഭിച്ച മാന്നാനത്തെ സന്ന്യാസ പ്രസ്ഥാനം ഭാരതീയതയും പൗരസ്ത്യതയും വിട്ടു പാശ്ചാത്യവത്കൃതമായത്.[156] 1855 ഡിസംബർ 8-ാം തീയതി സന്ന്യാസവ്രതമനുഷ്ഠിച്ച ചാവറയച്ചനാണ് ആധുനിക സന്ന്യാസ പ്രസ്ഥാനത്തിന്റെ പ്രധാന ശില്പി. ശിഷ്ടായുസ് മുഴുവനും ആശ്രമസ്ഥനായി ജീവിക്കുകയും ചെയ്തു.

5:20 ജീവിത സായാഹ്നം

"ദീനത്തിൽ കിടന്നിരുന്നപ്പോഴും ധ്യാനം മുതലായ കൊവേന്തകടുത്ത ജ്ഞാനാഭ്യാസങ്ങൾ ഒക്കെയും ശരിയായി അനുസരിച്ചു വന്നിരുന്നു. കാനോന നമസ്ക്കാരപ്പുസ്തകത്തിൽ നോക്കി ചൊല്ലുവാൻ പാടില്ലാതിരുന്നുവെങ്കിലും മസ്മോറകളും മറ്റും തനിക്ക് മനഃപാഠമായിരുന്നതിനാൽ ശേഷം പേരുടെ സഹായത്തോടുകൂടെ പതിവായിട്ടു ജപിച്ചു വന്നിരുന്നു..... ജ്ഞാനപുസ്തകങ്ങളും പ്രത്യേകമായി പുണ്യവാന്മാരുടെ ചരിത്രങ്ങളും തന്റെ മക്കളായ സന്ന്യാസികളെക്കൊണ്ട് എപ്പോഴും വായ്പിച്ചു കേട്ടിരുന്നു. വിശേഷിച്ച് നന്മരണായത്ത പുസ്തകത്തിലെ പല ജപങ്ങളും വായ്പിക്കുകയും താൻ കൂടി ചൊല്ലുകയും ചെയ്തിരുന്നു. തന്നെ കാണുവാൻ ചെല്ലുന്ന

സകലരോടും വളരെ നന്ദിയോടും സന്തോഷത്തോടുംകൂടെ സംസാരിക്കുകയും ഓരോരുത്തന്റെയും സ്ഥിതിക്കനുസരണമായ സൽബുദ്ധികൾ പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു. കണ്ണിന് അധികം വേദന ഉണ്ടായിരുന്നെങ്കിലും കാഴ്ചക്കുറവുണ്ടായിരുന്നില്ല. തന്മൂലം തന്റെ സമീപത്തുവച്ചിരുന്ന തിരുക്കുടുംബത്തിന്റെ രൂപത്തെ കൂടെക്കൂടെ നോക്കുകയും ഓരോ സുകൃതജപങ്ങൾ ചൊല്ലുകയും ചെയ്തിരുന്നു."[157] ചാവറയച്ചന്റെ ഐഹികജീവിത സായാഹ്നത്തെക്കുറിച്ചുള്ള ഒരു രേഖയാണ് മേലുദ്ധരിച്ചത്. "പിത്തം കോപിച്ചു ഉഷ്ണം കൊണ്ടതിൽനിന്നും ഉണ്ടായ"[158] രോഗം ചാവറയെ സ്വർഗ്ഗയാത്രയ്ക്ക് ഒരുക്കുകയായിരുന്നു. ഈ കാലഘട്ടത്തിൽ ചാവറയച്ചൻ ചെയ്തിരുന്നതു സന്ന്യാസ ജീവിതത്തിന്റെ മിനുക്കു പണികൾ തന്നിലൂടെ പൂർത്തീകരിച്ച്, തന്റെ പിൻഗാമികൾക്കുൾപ്പെടെ ദൈവജനത്തിനു നൽകിക്കൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുകയായിരുന്നു.

ദിനപ്പത്രത്തിന്റെ സ്വഭാവത്തിൽ അന്നന്നുള്ള വാർത്തകൾ വൈകുന്നേരം തന്നെ പ്രസിദ്ധീകരിക്കുന്നതിനെയാണ് സായാഹ്നപ്പതിപ്പ് എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ഇതുപോലെ ചാവറയച്ചൻ തന്റെ ജീവിതത്തിന്റെ അവസാനഘട്ടങ്ങളിൽ ചെയ്തിട്ടുള്ളവയെക്കുറിച്ചും അദ്ദേഹത്തിന്റെ ഐഹിക ജീവിതാന്ത്യത്തെക്കുറിച്ചുമുള്ള ഒരു ചിത്രീകരണമാണ് 'ജീവിതസായാഹ്നം' എന്ന ശീർഷകത്തിലുള്ളത്. ചാവറയച്ചന്റെ സാഹിത്യകൃതികളിലൂടെ പ്രകടമാകുന്നത് ദൈവാത്മാവു നിറഞ്ഞ ഒരു വ്യക്തി, തന്റെ ദൈവാനുഭവത്തെ സാഹിത്യ പ്രവർത്തനത്തിലൂടെ ആവിഷ്ക്കരിക്കുന്നതാണ്. പ്രത്യേകിച്ച് ആത്മാനുതാപത്തിന്റെയും ധ്യാനസല്ലാപത്തിന്റെയും ഉൾക്കാഴ്ച നല്കുന്ന സാക്ഷ്യം മറ്റൊന്നല്ല.

ചാവറയുടെ പിതാവും ഭാഗ്യവും എല്ലാമായി ദൈവത്തെ അനുഭവിച്ചറിഞ്ഞതിന്റെ ദർശനമാണ് ചാവറ ആത്മാനുതാപത്തിൽ സൂചിപ്പിക്കുന്നത്:

"മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[159]

ചാവറയച്ചന്റെ ജീവിത സായാഹ്നത്തിൽ ജീവിത പ്രഭാതത്തിന്റെ ഓർമ്മയോടെ അനുതാപക്കണ്ണുനീർ പൊഴിക്കുന്ന മനോഹര ചിത്രം ദൃശ്യമാകുന്നു:

"അയ്യയ്യോ, മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ലാ പുകയുന്നതും കണ്ടേൻ

.....

പാപിയാം മമ പൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെക്കേണു പ്രാർത്ഥിക്കുന്നേൻ
അമ്മാനുവേലേ, നിനക്കുത്തമസ്ത്രോത്രമായി
അമ്മാനാചൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം."[160]

സന്ന്യാസ ജീവിതത്തിന്റെ സായാഹ്നത്തിൽ ദൈവം നല്കിയ വിളിയെ അനുസ്മരിച്ചുകൊണ്ട് അവിടുത്തെ കാരുണ്യാതിരേകത്തെ ചാവറ പ്രകീർത്തിക്കുന്നു:

"ദ്വിപുത്രന്മാരിലേകൻ ദൈവത്തിന്നു
ദാനം ചെയ്യുന്നതെത്രയുമുത്തമം,
എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നുതൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്.

ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാ ചിത്രം!
നിന്നുടെ ദയാധിക്യത്താലന്നെന്നെ,
നിൻ പുത്രന്റെ 'കൈത്താതനാം' മാർജൂസെ
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സ്ഥലത്തിങ്കൽ ചേർത്തു നീ."[161]

ചാവറയച്ചൻ മരണത്തെ തന്റെ ജീവിതാനുഭവങ്ങളിലൂടെ സമാശ്ലേഷിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് പാനയിൽ ഇപ്രകാരം പാടുന്നത്:

"ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം
കല്യാണപ്പന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ പോക നന്നു."[162]

മരണവീട്ടിൽ പാടുവാനുള്ള പാനവഴി ചാവറയച്ചൻ പ്രദാനം ചെയ്യുന്ന ദൈവവിജ്ഞാനീയ ദർശനം അത്യുത്തമമായതും ഉത്ഥാന ദൈവവിജ്ഞാനീയത്തിനുള്ള മുതൽക്കൂട്ടുമാണ്.

"നാഥനുശേഷത്തിന്നാരുമില്ലാഞ്ഞാറെ,
മാനുഷമാനം നിനച്ചില്ലിവർ
ദിക്ദേവന്മാരായ യൂസെ നിക്കാദെമ്മൊസ
ദുഃഖിതനായൊരു നൽ സുതനും
ആർക്കുലക്കാരർക്കു മുഖ്യനാം കെന്ത്രോനാ
അർക്കൻ മറഞ്ഞ താൻ വിശ്വാസിയായി
ഈ ചതുർമുഖ്യരു മത്തിരുദേഹത്തെ
വച്ചുടൻ തോളതിൽ ദാഹത്തൊടെ
പ്രസൂതിജം നിറഞ്ഞന്നപ്രസൂനമാം

പ്രസുവും മറ്റു ത്രി മറിയങ്ങളും
ആദരവോടെ പുറകേ നടന്നപോൽ
ആകവേയോർത്തു നടപ്പിൻ നിങ്ങൾ
പുത്തൻ കുഴിയതിൽ വച്ചടച്ചെങ്കിലും
തൊല്പം പിരിയാതെ മാതൃചങ്കും
അക്കുഴിയെന്നതിൽ വച്ചടച്ചെന്ന പോൽ
ആ ത്രിദിനങ്ങളും പാർത്തു ദുഃഖാൽ
ഇച്ചൊന്നതൊക്കെയുമെന്നെ പ്രതി നിങ്ങൾ
വച്ചണച്ചീടുകിൽ ലെത്ര ഭാഗ്യം
മേൽഗതിയൊക്കെയിതിനാൽ ലഭിച്ചീടും
ഭാഗ്യവും നാഥൻയിർപ്പിൻ ദിനേ.[163]

മരണദിനവും തുടർന്നുള്ള ഒരുക്കങ്ങളും ശവസംസ്ക്കാരവുമെല്ലാം മിശിഹാനാഥന്റെ മരണാനന്തര സംഭവങ്ങളെ അനുസ്മരിച്ചു ധ്യാനിക്കുവാനുള്ള നിമിഷങ്ങളാണ്. മരണദിനത്തിന്റെയും മരണാഘോഷത്തിന്റെയും ഉത്ഥാനപരമായ വശങ്ങൾ ഇനിയും പ്രചുര പ്രചാരമായിട്ടില്ല. വൈദേശീയ ശൈലിയിൽ ജന്മാഘോഷങ്ങൾ പൊടിപൊടിക്കുന്നെങ്കിലും മരണാഘോഷം ഇനിയും പ്രകാശം കാണുന്നില്ല. ചാവറയച്ചന്റെ ദർശനം സുറിയാനിക്കുർബ്ബാനയിലെ ഒരുക്കശുശ്രൂഷയുടെ ചൈതന്യമായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ധ്യാന വിഷയങ്ങളാണ്.[164]

മരണത്തെ മുന്നിൽ കണ്ടുകൊണ്ട് മാതൃദർശനത്തിനായി ചാവറ പ്രാർത്ഥിക്കുന്നു:

"മരണമെന്ന തിരയിറക്കിൽ ദയ നിറഞ്ഞ തിരുമുഖം
നയനമെന്നതിന്നു ദൃശ്യമാക്കുവാനപേക്ഷയും."[165]

ചാവറയുടെ മരണദിനവും നേരവും വിനാഴികയും സ്ഥലവുമെല്ലാം മാതാവിനെ ഏല്പിച്ച ചാവറയെയാണു നാം കാണുന്നത്:

"എന്റെ മരണനേരവും സ്ഥലം ദിനം വിനാഴിക
നിന്റെ ചിത്തമിഷ്ടമെന്നതിൻ വിധം മമഭൂയാത്."[166]

ചാവറ മാതൃകരങ്ങളാൽ മാതാവിന് അടിമവച്ചതിനെ അനുസ്മരിച്ച് പിശാചിന്റെ ആക്രമണം മരണസമയത്തുണ്ടാകാതിരിക്കുവാൻ മാതാവിനോടു പ്രാർത്ഥിക്കുന്നു:

"നിന്റെ ദാസ്യമെന്നതിന്നു ശത്രുദ്വേഷിയാകിലും
.....
നിന്റെയൻപനോടു ദാസി കുറ്റമൊക്കെയും മഹാ
നിന്റെ കരുണ ശക്തിയാലെയെൻ മലങ്ങൾ സർവ്വവും
.....
നീക്കി നിന്റെയിഷ്ട സ്നേഹപുത്രനും സഹഗുണ-
മൊക്കെയും നിറഞ്ഞ സ്നേഹ ഭർത്ത്യവും മമ പിതാ
ഇമ്പമോടെയെന്റെ ലോകതരണമായ നേരമേ
അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം."[167]

മരണത്തിനു മുമ്പ്, ചാവറ തന്റെ ആത്മാവിനെ ഈശോയുടെ കരങ്ങളിലേല്പിച്ചു കൊണ്ടും അവിടുത്തെ നാമം വിളിച്ചുകൊണ്ടും ജീവിതാന്ത്യം ദൈവത്തിൽ ലയിക്കുവാൻ മാതാവിനോടു പ്രാർത്ഥിക്കുന്ന മനോഹരമായ ദൃശ്യമാണ് "കടശ്ശിയപേക്ഷയിൽ" ഉള്ളത്.

"തന്റെ ശുദ്ധനാമവും വിളിച്ചു കൊണ്ടു ദേഹിയെ
തന്റെ പുത്ര കൈവശത്തിൽ ദാസിവച്ചു കൺകളിൽ
.....

മരണനേരമതിനു മുൻപിൽ കരുണവച്ചു ദാസിയെ
ക്കരുതിക്കാത്തു രക്ഷ ചെയ്ക കരുണയുള്ള നാഥയെ."[108]

ചാവറ തന്റെ ജീവിത സായാഹനത്തിൽ ഏതാണ്ടു പൂർണ്ണമായും നന്മരണത്തിനൊരുങ്ങി. ഈ ഒരുക്കത്തിന്റെ രൂപം പ്രകടമാക്കുന്ന പ്രകരണങ്ങളാണ് ധ്യാന സല്ലാപങ്ങളിൽ പ്രകാശിക്കുന്നത്. പരിശുദ്ധ അമ്മയെ സ്വഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് അമ്മയുടെ മടിയിൽ ഉണ്ണീഈശോയോട് മാതാവു പറയേണ്ടത് ചാവറ പ്രാർത്ഥിക്കുന്നു:

"ആ പ്രിയമുള്ള എന്റെ മകനെ എന്നെ സൃഷ്ടിച്ച എന്റെ ഉടയവനെ നിന്റെ അടിയാട്ടിയും അമ്മയുമായ ഞാൻ ബോധിച്ചിരിക്കുംവണ്ണം ദുഃഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ തന്റെ മരണക്കട്ടിലായ കുരുശുമരത്തിൻ സമീപെ, നില്ക്കുമ്പോൾ നിൻ തിരു മരണത്തിൻ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺ പാർത്തു കൊണ്ട് ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീ എനിക്കു മകനായിട്ടു ഏല്പിച്ചു തന്നുവല്ലോ. ഇതാ എന്റെ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ട് അവന്റെ പാപങ്ങളിന്മേൽ മുഴുവൻ മനഃസ്താപപ്പെട്ടു കൊണ്ടു നീ അവന്റെ സകല പാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്തു മുഴുവൻ മാപ്പു ചെയ്തു മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ട പ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ട പ്രസാദം ഇനി മരണ പര്യന്തം പോയിപ്പോകാതിരിപ്പാനും ഉറപ്പും നിന്റെ മേലുള്ള സ്നേഹത്തിൽ മേല്ക്കുമേലുള്ള വർദ്ധിപ്പു മരണപര്യന്തം നിന്നെയുള്ള ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിന്റെ വളർത്തു പിതാവായ എന്റെ ഭർത്താവിനു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണനേരത്തിൽ അവനെ തുണച്ചു ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടു പോകണമെന്നുള്ള

ഈ അപേക്ഷകൾ ഒക്കെയും നീ കൈക്കൊണ്ടു എന്നുള്ള അടയാള ത്തിനായി നിന്റെ തൃക്കാലുകളെ അവനു നീട്ടിക്കൊടുക്കണമെ."[169]

മാമ്മോദീസാ എന്ന കൂദാശയെക്കുറിച്ചും അതിനനുസരിച്ചുള്ള ജീവിതത്തെക്കുറിച്ചും അതീവ ബോധവാനായിരുന്ന ചാവറ തന്റെ ജീവിത സായാഹ്നത്തിൽ പരിശുദ്ധാത്മാവ് നിറഞ്ഞ ഒരു വ്യക്തിയുടെ ഹൃദയാവിഷ്ക്കരണമാണ് സാഹിത്യകൃതികളിലും പ്രാർത്ഥനകളിലും ഉപദേശങ്ങളിലുമെല്ലാം ആവിഷ്ക്കരിക്കുന്നത്. മരണത്തിന്റെ തലേ ദിവസം തന്റെ ചുറ്റും നിന്നവരോടു ചാവറ പറഞ്ഞ വാക്കുകൾ: "എന്തിനാണ് നിങ്ങൾ ദുഃഖിക്കുന്നത്? ഏതു മനുഷ്യരായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോഴാണ്. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരു ക്കങ്ങൾ കുറെ നാൾ മുമ്പു തുടങ്ങി ഞാൻ ചെയ്തുവന്നു. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാകു ടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കുകയും ഞാൻ ആ തിരു ക്കുടുംബത്തെ ഇതുപോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവ രുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചുകൊണ്ട് മാമ്മോദീ സായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."[170]

എല്ലാ മനുഷ്യർക്കും പ്രത്യേകിച്ചും ആധുനികർക്കു ചിന്തിക്കു വാനുള്ള നിരവധി രഹസ്യങ്ങളാണ് ചാവറയുടെ മരണസംഭവം പ്രഘോഷിക്കുന്നത്. ഒന്ന്: മരണത്തെ സന്തോഷത്തോടെയും സമാ ധാനത്തോടെയും സമാശ്ലേഷിക്കുന്നു. "ഞാൻ (ലെയോപ്പോൾദച്ചൻ) പ്രിയോരച്ചന്റെ അടുത്തുനിന്നുകൊണ്ടു ചോദിച്ചു. അച്ചാ ഇപ്പോൾ എങ്ങനെ സന്തോഷമുണ്ടോ? ഹൃദയ സമാധാനമുണ്ടോ? ഇതിനു

എന്നോടുത്തരിച്ചു. രണ്ടു കൈയ്യും കൂട്ടിക്കൊണ്ട് ഉത്തരിച്ചു. അച്ചാ ഇപ്പോൾ നല്ല സന്തോഷവും സമാധാനവുമുണ്ട്."[171] സന്തോഷവും സമാധാനവും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ (ഗലാ. 5:23) ചാവറയുടെ മരണനിമിഷം പ്രകാശിതമായത് ജീവിതകാലം മുഴുവൻ റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ട ഒരു ജീവിതമായിരുന്നു അത് എന്നതുകൊണ്ടാണ്. ആദ്യമേ ദൈവ രാജ്യവും അവിടുത്തെ നീതിയും അന്വേഷിച്ചു (മത്താ 6:33) ജീവിച്ച ചാവറ മരണ നിമിഷം ദൈവ രാജ്യാനുഭൂതിയിൽ ലയിച്ചിരുന്നതുകൊണ്ട് സന്തോഷവും സമാധാനവും അനുഭവിച്ചു. രണ്ട്: മരണനിമിഷത്തെയും അനുസരണയുടെ സുകൃതാഭ്യാസത്തിലൂടെ സ്വീകരിച്ചു. "കഴിഞ്ഞ ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കുവാൻ സാധിച്ചില്ലല്ലോയെന്ന ചിന്ത ചാവറയെ അലട്ടിയിരുന്നു. മനസ്സില്ലാഞ്ഞിട്ടല്ല, മറിച്ച് അനുസരിച്ചതു കൊണ്ടല്ലേ കുർബാന അർപ്പിക്കാഞ്ഞത് എന്നു ലെയോപ്പോൾദച്ചൻ പറഞ്ഞപ്പോൾ "എനിക്കു ഇതുമതി എന്നു പറഞ്ഞു അടങ്ങുകയും ചെയ്തു."[172]

മൂന്ന്: പുതിയ കല്പനയായ പരസ്പര സ്നേഹത്തിന്റെ[173] കൈമാറ്റം മരണത്തോടനുബന്ധിച്ചു ചാവറ നടത്തുന്നു. "സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ പരമാർത്ഥ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ട് ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകുകയും സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും."[174] സുവിശേഷ ചൈതന്യത്തിന്റെ ആകെത്തുക പുതിയ കല്പനയായ പരസ്പര സ്നേഹത്തിലെങ്കിൽ ചാവറയുടെ മരണ നിമിഷം പിൻതലമുറയ്ക്കു അവിടുന്ന് കൈമാറിയതും മറ്റൊന്നല്ല. സി. എം. ഐ. യുടെ പൈതൃകം എന്നത് സുവിശേഷത്തിലെ ഈശോ പ്രദാനം ചെയ്ത പുതിയ കല്പന ചാവറവഴി സമൂഹത്തിന് ലഭിച്ചതാണ്, അതും ചാവറയുടെ മരണത്തോടനുബന്ധിച്ച്. നാല്: ദൈവത്തേയും ദൈവജനത്തെയും സ്വർഗ്ഗത്തേയും ഒന്നിച്ചനുഭവിച്ച അത്യുന്നതാവസ്ഥ.

ചാവറയുടെ കിടക്കക്കരുകിൽ ഇരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തന്റെ മേശയിൽ വച്ചിരുന്നതുമായ തിരുക്കുടുംബ രൂപത്തെ കാണിച്ചുകൊണ്ട് ചാവറ പരിശുദ്ധ റൂഹായുടെ അനുഗ്രഹത്തേയും അതുവഴി മാമ്മോദീസായിൽ ആരംഭിച്ച ദൈവികജീവിതത്തേയും നഷ്ടപ്പെടുത്തിയില്ലായെന്നു പറഞ്ഞത് ദൈവദർശനത്തിന്റെയും ദൈവാനുഭവത്തിന്റെയും നിദർശനമാണ്. ആയുഷ്ക്കാലം മുഴുവൻ ദൈവൈക്യത്തിൽ ജീവിച്ച ഒരാൾക്കല്ലാതെ, ശാരീരിക മോഹത്തിന്റെയും മരണാനുഭവത്തിന്റെയും മൂർദ്ധന്യാവസ്ഥയിൽ ദൈവത്തേയും ദൈവികകാര്യങ്ങളേയും കുറിച്ച് ഇത്ര തന്മയത്വത്തോടെ പറയുവാൻ സാധിക്കുകയില്ല. "ഏൽ, ഏൽ, ല്മാനാ ശ്വക്ക്ത്താൻ" എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ട് ശാരീരികതയുടെ തനി ദയനീയതയിൽ ദൈവികതയുടെ അത്യുന്നതാനുഭവം പ്രകടമാക്കിയ ഈശോമിശിഹായെ അനുധാവനം ചെയ്ത ചാവറയച്ചൻ എപ്പോഴും അവിടുത്തെ ഹൃദയത്തിൽകാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നു. ഈശോയുടെയും ഒപ്പം പ. മറിയത്തിന്റെയും യൗസേപ്പുപിതാവിന്റെയും സജീവ സാന്നിധ്യം മരണനേരത്തും അനുഭവിച്ചത് മരണനേരത്തുള്ള മൗതികാനുഭൂതിയാണ്.

അത്യുന്നതമായ ദൈവാനുഭവം ദൈവജനത്തെ മാറ്റി നിറുത്തിയില്ലായെന്നതാണ് വന്ദ്യനായ ചാവറയുടെ മരണക്കിടക്കയ്ക്കുചുറ്റും നിന്നിരുന്നവരെയും സഭയേയും സമൂഹത്തെയും എല്ലാം തിരുക്കുടുംബത്തിന് പ്രതിഷ്ഠിച്ചത്. "എന്റെ പിതാവേ നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഏല്പിക്കുന്നു" എന്നു സ്ലീവായിൽ കിടന്നുകൊണ്ട് ഈശോ അരുളിച്ചെയ്യുന്നതിനു മുൻപ്, മാതാവിനെ നോക്കി യോഹന്നാനെ കാണിച്ചു കൊണ്ട് "ഇതാ നിന്റെ മകൻ" എന്നു പറഞ്ഞത് സഭയെയും മനുഷ്യകുലത്തെയും തന്റെ മാതാവിലൂടെ ദൈവത്തിനു സമർപ്പിച്ചതാണ്. ചാവറയും ചെയ്തത്; "നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുക്കുടുംബത്തിനു

ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസിനു സന്തോഷത്തോടു കൂടി കീഴ്വഴങ്ങുവിൻ. ദൈവം സർവ്വ വല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു."[175] ദൈവാനുഭവത്തിന്റെ പങ്കുവയ്ക്കലായിരുന്നു, ദൈവിക മാനുഷിക സംഗമത്തിന്റെ കൗദാശികാനുഭവമായിരുന്നു ചാവറയുടെ മരണനിമിഷങ്ങൾ. ഓറെശ്ലെമിലുണ്ടായിരുന്ന ശിഷ്യന്മാരെ ഈശോ ബേത്സ് അനിയാ വരെ കൂട്ടിക്കൊണ്ടുപോയി, കൈകൾ ഉയർത്തി അവരെ ആശീർ വ്വദിച്ചതു (ലൂക്കാ 24:50) പോലെ, കൂനമ്മാവു കൊവേന്തയുടെ വികാരി, യോഹന്നാൻ ക്രൂസിന്റെ യൗസേപ്പച്ചൻ അപേക്ഷിച്ചതനുസരിച്ച് ചാവറയച്ചൻ കൈ ഉയർത്തി എല്ലാവരേയും ഇപ്രകാരം ആശീർവ്വദിച്ചു: "ബുർക്കസെ ദ്മാറൻ ഈശോമിശിഹാ ഉഹുബെ ദാലാഹാ ആവാ ഉശൗത്താപ്പൂസാ ദ്റൂഹാ ദ്ക്കുദ്ശാ. തെഹവെ അം കൊല്ലൻ ഹാശാവവ് കോൽവൻ വല് ആലം ആൽമീൻ ആമ്മേൻ"[176] അതായത് നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും ദൈവ പിതാവിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ. ഇതിനു ശേഷം ഭക്തിപൂർവ്വം നിവർന്നുകിടന്നു. രോഗീലേപനം കൂനമ്മാവു കൊവേന്തയുടെ വികാരിയച്ചനിൽനിന്നു തന്നെ സ്വീകരിച്ചു. ചാവറയച്ചനും ബോധപൂർവ്വം പ്രാർത്ഥനകളൊക്കെ ചൊല്ലി ആ കൂദാശ, മാമ്മോദീസായുടെ ഏതാണ്ടു പൂർത്തീകരണമെന്നോണം സ്വീകരിച്ചു. "ദൈവരാജ്യം നിങ്ങളിൽ തന്നെയായാകുന്നു" (ലൂക്കാ 17:21) എന്നരുളിചെയ്ത നമ്മുടെ കർത്താവീശോമിശിഹായുടെ വാക്കുകളനുഭവിക്കുന്നതിനും അതിനുസാക്ഷ്യം വഹിക്കുന്നതിനും ചാവറയുടെ ഐഹിക ജീവിതത്തിന്റെ അവസാനത്തെ രണ്ടു ദിവസങ്ങൾ ഇടവരുത്തി. "അമ്മാനു വേലെ(മത്താ. 1:23) ന്ന നാമാർത്ഥംപോൽ ദൈവം നമ്മോടു ചേർന്നതും കാണാകേണം" എന്നതിന്റെ സാക്ഷാത്കാരവും ചാവറയച്ചനും

അദ്ദേഹത്തിന്റെ മരണക്കിടക്കയ്ക്കു ചുറ്റും നിന്നിരുന്നവർക്കും ഹൃദയ സ്പർശിയായി. ചാവറയുടെ മരണത്തിന് ഒന്നു രണ്ടു വർഷം മുമ്പ് (1869-70) രചിച്ച ആത്മാനുതാപമെന്ന കൃതിയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ദൈവം നമ്മോടു ചേർന്നതു കണ്ടുകൊണ്ടാണു ചാവറയച്ചൻ മരണമെന്ന കൂദാശയെ സമാശ്ലേഷിച്ചത്. അതും ദൈവജനത്തെ സാക്ഷിനിറുത്തിക്കൊണ്ട്.

മരണനിമിഷങ്ങളിൽ ചാവറയച്ചനെ ശുശ്രൂഷിച്ചിരുന്ന മഞ്ഞുമ്മേൽ ളൂയിസച്ചന്റെ സാക്ഷ്യം ഇപ്രകാരമാണ്: "രോഗീലേപന സമയത്ത് ഞങ്ങളെല്ലാവരും സമീപത്തുണ്ടായിരുന്നു. അപ്പോൾ എല്ലാവരോടും ആ മരണാവസരത്തിൽകൂടെയും ഉപദേശം പറഞ്ഞു. സഭയുടെ ക്രമത്തിലുണ്ടാകേണ്ടുന്ന സൂക്ഷ്മത്തെക്കുറിച്ച്, അപ്പോൾ പറഞ്ഞു, ഉയിരുള്ള ദൈവസ്നേഹവും പരസ്നേഹവും ഈശോ മറിയം യൗസേപ്പിന്റെ നേരെയുണ്ടാകേണ്ട ഭക്തി "ഞാൻ എന്റെ ആയുഷ്ക്കാലം മുഴുവനും ഈ വിശുദ്ധ ത്രിത്വത്തിലാണ് ജീവിതം കഴിച്ചിരുന്നത്, എന്റെ പേരു കുര്യാക്കോസ് ദ്മിൻ തോഹ്മ കന്തീശാ എന്ന് ഞാൻ ധരിച്ചിരിക്കുന്നത് ഈ ഓർമ്മയ്ക്കുവേണ്ടിത്തന്നെയാണ്. ഇതിനനുസരണമായി ഇവർ എന്റെ ആത്മാവിനെ പാപാശുദ്ധത്തിൽനിന്നും എന്നും കാത്തു സൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് അന്നു കേട്ടിരുന്നവർ ഇദ്ദേഹം എന്നും ശുദ്ധീകരണവരപ്രസാദത്താൽ പാപത്തിൽ ഉൾപ്പെടാതെ ജീവിച്ചിരുന്നുവെന്നു വിശ്വസിച്ചു. കേട്ടവരിൽ ജരാർദച്ചൻ ആ കാലങ്ങളിൽ ഇദ്ദേഹം ഇത്ര വിശുദ്ധനായി ജീവിച്ചെന്നു വരികിൽ അതൊരുവിശേഷസംഭവമാണ് എന്നു പറഞ്ഞു. മരിച്ചപ്പോൾ ഞങ്ങൾ എല്ലാവരും ഉണ്ടായിരുന്നു.[177] ചാവറയച്ചന്റെ മരണം അറിഞ്ഞു ജനം ഓടിക്കൂടി. വികാരി ജനറാളച്ചന്റെ നിശ്ചയപ്രകാരം നേരത്തെ ധരിപ്പിച്ചിരുന്ന കുർബാനക്കുപ്പായമെല്ലാം മാറ്റി സന്ന്യാസവസ്ത്രവും സൂർപ്ലേസും ഊറാറയും മാത്രം ധരിപ്പിക്കുകയും ചെയ്തു.[178] കൂനമ്മാവു പള്ളിയുടെ പരിസരത്ത് അടുക്കുവാൻ സാധിക്കാത്തവിധം

അത്ര വിപുലമായ ജനക്കൂട്ടം ഉണ്ടായിരുന്നതായി അന്നുള്ളവർ പ
യുന്നു. അന്തിമശുശ്രൂഷാവേളയിൽ ചരമപ്രസംഗം നടത്തിയത് തത്തം
പള്ളി ഇടവകക്കാരൻ കാപ്പിൽ ബ. മത്തായി മറിയം അച്ചനാണ്. അദ്ദേ
ഹത്തിന്റെ വാക്കുകൾ: "ഇന്നു മലയാളത്തിന്റെ കൊടി വീണിരിക്കുന്നു."
മലയാളത്തിലെ സുറിയാനി കർമ്മെലീത്താസഭയുടെ അടിസ്ഥാനക്കാ
രനും ഒന്നാമത്തെ പ്രിയോർ ജനറാളും സന്ന്യാസികൾക്കും പട്ട
ക്കാർക്കും ഉത്തമ ദൃഷ്ടാന്തവും സർവ്വരാലും പൂജിതനും വാത്സല്യപി
താവുമായ തിരുക്കുടുംബത്തിന്റെ കുർയ്യാക്കോസ് ഏലിയാച്ചൻ കൂന
മ്മാവുങ്കൽ വി. ഫിലോമിനായുടെ ദൈവാലയത്തിൽ വലിയ മദ്ബ
ഹായ്ക്കു താഴെ അഴിയോടു ചേർന്ന് പള്ളിയുടെ മദ്ധ്യത്തിൽ കബറ
ടക്കം ചെയ്യപ്പെട്ടു."[179]

ചാവറയച്ചന്റെ പിൻഗാമിയായ പോരൂക്കര കുർയ്യാക്കോസ് ഏലീശാച്ചന്റെ കൈയ്യൊപ്പോടുകൂടി ചാവറയച്ചന്റെ കല്ലറയുടെ സ്മാര കശിലയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ കബറിടത്തിൽ അട ക്കപ്പെട്ടിരിക്കുന്ന ചേന്നങ്കരിപള്ളി ഇടവകക്കാരൻ കുർയ്യാക്കോസ് ..... കന്തീശാ- എന്ന മലയാളത്തിൽ സ്ഥാപിക്കപ്പെട്ട കർമ്മ. ദി. സഭയുടെ അടിസ്ഥാനക്കാരനും പ്രയോരുമായ ഈദേഹം 1805-ാം കാലം കുംഭമാസം 8-ാംനു പിറന്നു. 1832ൽ മാന്നാനത്തു കൊവേന്ത യിൽകൂടി മല്പാനായി പഠിപ്പിച്ചതിന്റെശേഷം 1855-ാം കാലം ധനു 8-ാംനു പറഞ്ഞൊപ്പുചെയ്തു. ഒന്നാമത്തെ പ്രയോരായി നിയമിക്ക പ്പെട്ടു. ഏറിയ അദ്ധ്വാനങ്ങളും ചെയ്തുവരുമ്പോൾ റോക്കോസിന്റെ ശപിക്കപ്പെട്ട ശിശ്മയുടെ കാലത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ വികാരിജനറാളിന്റെ സ്ഥാനത്തോടുകൂടെ ആത്മാവുകളുടെ രക്ഷക്കായി വളരെ പ്രയാസങ്ങളെ കഴിച്ചു. 1871-ാം കാലം മകരമാസം 3-ാംനു തിയതിക്കാലത്ത് 7 1/2 മണിക്കു കൂനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കണ്ണുനീരുകളുടെ ഇടയിൽ കൂദാശകളൊക്കെയും വിശേഷ ഭക്തിയോടുകൂടെ കൈക്കൊണ്ടു സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടുകൂടെ തന്റെ അഴകുള്ള ആത്മാവിനെ താൻ ജീവിത

കാലമൊക്കെയും സ്നേഹിച്ച നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കയും ചെയ്തു."[180]

ചാവറയച്ചന്റെ സമകാലികരിൽ മുഖ്യനായ പോരൂക്കര ഏലീശാച്ചനെപ്പോലെ പ്രിയോരച്ചന്റെ നായകത്വത്തിൽ പരിശീലിച്ചു പട്ടമേറ്റ എല്ലാവരും കാലം ചെയ്ത ആളിന്റെ മേൽ വളരെ ഭക്തിയും പ്രീതിയുമുള്ളവരായിരുന്നു. ഇവരോടൊപ്പം വന്ദ്യനായ ചാവറയുടെ ആത്മഗുരുവായിരുന്ന ലെയോപ്പോൾദു മൂപ്പച്ചനും ചാവറയച്ചനെ പ്രകീർത്തിച്ചു പറയുന്നത് "ആൾ 65 വയസ്സുവരെ ജീവിച്ചുചെയ്ത പുണ്യങ്ങളെക്കുറിച്ചും മറ്റും ശ്ലാഘനീയമായി പറഞ്ഞതല്ലാതെ അദ്ദേഹം മുഖാന്തിരം ഈ കന്യാസ്ത്രീമഠം ഇവിടെ ഉണ്ടാക്കാൻ ഇടയായി എന്നും മറ്റും അവരോടു പറഞ്ഞു. അവരും അതെല്ലാം കേട്ടു സംതൃപ്തിയോടെ മടങ്ങി."[181] ചാവറയച്ചന്റെ ഭാഗത്ത് കർമ്മലീത്ത സന്ന്യാസിനികൾക്കു മഠം തുടങ്ങുന്നതിനുള്ള ആഗ്രഹം 1830 കളിൽത്തന്നെ ഉണ്ടായിരുന്നു എന്നാണ് രേഖാസഹിതം ചിലർ ചിന്തിക്കുന്നത്: "ക്രൈസ്തവ വിശ്വാസത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുള്ള കേരളസഭയിൽ കൊവേന്തകളും കന്യകാമഠങ്ങളും ഉണ്ടാകാത്തതിൽ അതീവദുഃഖിതനായിരുന്ന വാഴ്ത്ത. ചാവറയച്ചന് അവയുടെ അഭാവം ഏറിയനന്മകളുടെ വീഴ്ചയ്ക്കു ഹേതുവാണെന്നു ബോധ്യമുണ്ടായിരുന്നു. പട്ടക്കാർക്കെങ്കിലും ഒരു ദർശനവീട് എന്ന സ്വപ്നം 1831-ാം കാലത്ത് നിറവേറി. എന്നിട്ടും സ്ത്രീകൾക്ക് ഒരു കന്യകാമഠം എന്ന ആഗ്രഹം നിറവേറാതെ കിടക്കുന്നതിലുള്ള അദ്ദേഹത്തിന്റെ നെടുവീർപ്പാണ് കൂനമ്മാവു നാളാഗമത്തിന്റെ ആദ്യപേജിൽ കേൾക്കാനാവുക."[182]

ചാവറയുടെ അന്ത്യനാളുകൾ, ആധുനികകാലത്തുള്ള ഏതദ്ദേശീയ സഭകളായ സി. എം. സി, സി. എം. ഐ. ആശ്രമപ്രസ്ഥാനങ്ങളുടെ ആരംഭദശയുമായിരുന്നു. ആധുനിക നസ്രാണിസമൂഹത്തിനു ജന്മം നൽകിയ ധന്യനായിരുന്നു ചാവറയച്ചൻ. സഭയെ പവിത്രീകരിക്കുകയും പഠിപ്പിക്കുകയും നയിക്കുകയും ചെയ്തിരുന്ന ഒരു ആചാര്യശ്രേഷ്ഠനായിരുന്നു ചാവറയച്ചൻ.

VI
അനഭിഷിക്ത മെത്രാൻ

അനഭിഷിക്ത മെത്രാൻ

ചാവറയച്ചന്റെ ആധ്യാത്മികതയിലേക്കു കടക്കുമ്പോൾ, അദ്ദേഹത്തെ മെത്രാനാക്കാൻ ആലോചിച്ചതും അതിനെതിരായി വിദേശ മിഷനറിമാർ ന്യായങ്ങളുന്നയിച്ചതും ചർച്ചയ്ക്കു വിഷയമാക്കേണ്ടതുണ്ട്.

ചാവറയുടെ ആധ്യാത്മികനിയന്താവായിരുന്ന ലെയോപ്പോൾദു മിഷനറി, ചാവറയുടെ ആധ്യാത്മികതയിൽ ഉറപ്പുള്ളവനെന്ന നിലയിൽ രേഖപ്പെടുത്തുന്നു: " ഇവിടുത്തെ കൽദായ സുറിയാനിക്കാർക്കു സ്വന്തം റീത്തിൽപ്പെട്ട വികാരി ജനറാളിനെ നല്കുന്നതിനുള്ള കാരണങ്ങൾ കൽദായ സുറിയാനി പാത്രിയാർക്കീസിൽ നിന്നുള്ള അവകാശവാദങ്ങൾ ഉണ്ടാകാതിരിക്കുക, അവരുടെ റീത്തിൽപ്പെട്ട വൈദിക മേലദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെടണമെന്നുള്ള അവരുടെ ആഗ്രഹനിവൃത്തി വരുത്തി അവരെ ശാന്തരാക്കുക എന്നതാണല്ലോ. ആദ്യകാലത്തേതിൽ നിന്നും ഭിന്നമായി ഇപ്പോൾ അവർ വികാരിഅപ്പസ്തോലിക്കായുടെ ഇടയലേഖനങ്ങൾക്കും കല്പനകൾക്കും കാണിക്കുന്ന വിധേയത്വം അദ്ദേഹത്തിന്റെ അധീനതയിൽ നിന്നും മാറുന്നതു വഴി നേർവഴി വിട്ടു പോകുന്നതുപോലെ അവർക്കു തോന്നുന്നതിന്റെ തെളിവാണ്. വികാരി അപ്പസ്തോലിക്കായ്ക്കു പൂർണ്ണമായും വിധേയനായ ഒരു വികാരി ജനറാൾ എന്നു പറയുവാൻ എളുപ്പമുണ്ട്. പക്ഷേ പ്രയോഗത്തിൽ അതു വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കും..... ഈ പ്രസ്ഥാനത്തിനു യാതൊരു എതിർപ്പും കൂടാതെ ഏറ്റവും പറ്റിയ ആൾ നമ്മുടെ മൂന്നാം സഭയുടെ പ്രിയോർ ആണെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തെ കൂടാതെ വേറെ ആരെയും എനിക്കു ചൂണ്ടിക്കാണിക്കുവാനില്ല. ഈ സ്ഥാനത്തിനു പറ്റിയ അർഹതയെപ്പറ്റിയല്ല ഞാൻ പറയുന്നത്. കാലാന്തരത്തിലും വലിയ പ്രശ്നങ്ങളൊന്നും സൃഷ്ടിക്കുകയില്ലാത്ത ഒരു വ്യക്തിയെ ചൂണ്ടിക്കാണിച്ചതേയുള്ളൂ. അങ്ങേയ്ക്കു ഈ പ്രിയോരിനെ

നല്ലതുപോലെ അറിയാം. വളരെ നല്ല മനുഷ്യൻ. പക്ഷേ അദ്ദേഹത്തിനു സന്മാർഗ്ഗശാസ്ത്രത്തെപ്പറ്റി അല്പജ്ഞാനമേയുള്ളൂ. സ്വാഭാവികമായി പല നല്ലവിശേഷങ്ങളോടുകൂടി നല്ല വിവേകമുണ്ടെന്നുള്ളതു ശരിയാണ്. അത് അങ്ങേയ്ക്കു ബോധ്യമുള്ള കാര്യമാണല്ലോ. എന്നാലും ഭരണപരമായി അദ്ദേഹത്തിനു വലിയ പരിജ്ഞാനമില്ല. തന്നിമിത്തം ശുദ്ധഗതിയിൽ എടുക്കുന്ന ചില തീരുമാനങ്ങൾ പിന്നീടു ഗൗരവമുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകും. ഇനിയും മുകളിൽ പറഞ്ഞ ആളിന്, എല്ലാ സംഗതികളിലും വികാരി അപ്പസ്തോലിക്കായ്ക്കു പൂർണ്ണമായിട്ടു വിധേയനായിരിക്കുകയും ചെയ്യുമെന്നു വരികലും അദ്ദേഹത്തിന് ചില ചില്ലറ രോഗങ്ങളുണ്ട്. അദ്ദേഹത്തിനിപ്പോൾ 63 വയസ്സു പ്രായമുണ്ട് (വയസ്സു പൊലിപ്പിച്ചാണു കൊടുത്തിരിക്കുന്നത്). അതു യൂറോപ്പിലെ 80 വയസ്സിനു തുല്യമാണ്. ഈ പ്രത്യേക വ്യക്തി ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ മരിച്ചുപോയാൽ ആരെയാണ് ഈ സ്ഥാപനത്തിൽ നിയമിക്കാനുള്ളത്?..... ഇന്നത്തെ സംവിധാനത്തിൽ യാതൊരുമാറ്റവും വരുത്തരുത് എന്നു ശക്തിയായി അഭിപ്രായപ്പെടുന്നു."[1]

ലത്തീൻ റീത്തിൽപ്പെട്ട വൈദികരുടെ കുറവുകൊണ്ടു സുറിയാനി വൈദികരുടെ സഹായം തേടിയിരുന്നവരാണ് വിദേശമിഷനറിമാർ. നസ്രാണികൾ തങ്ങളെ അനുകൂലിക്കുന്നവരെ മാത്രമെ പരിഗണിക്കുകയുള്ളൂ. അതുകൊണ്ട് ലത്തീൻകാരുടെ ഇടയിലും മിഷനറിമാരോട് എതിർപ്പുണ്ടാകും. ഇങ്ങനെയുള്ളവർ മെത്രാന്മാരായാൽ എല്ലാം തകിടം മറിയുമെന്ന ഭയമാണ് ചാവറയെപ്പോലും മേലധ്യക്ഷസ്ഥിതിയിലേക്ക് ഉയർത്തുന്നതിന് തടസ്സമായത്. എന്നാൽ 1861 ജൂൺ 15-ാം തീയതി മോൺ. ബച്ചിനേള്ളി പരിശുദ്ധകാര്യാലയത്തിന് എഴുതിയത് ചാവറയെ മെത്രാനാക്കണമെന്നാണ്: "സങ്കീർണ്ണമായ ഈ സാഹചര്യത്തിൽ ഞാൻ എന്റെ സഹപ്രവർത്തകരുമായി ആലോചിച്ചതിനാൽ

ചാവറയെ മെത്രാനാക്കി അഭിഷേകം ചെയ്യണമെന്ന തീരുമാനമാണുണ്ടായത്. അദ്ദേഹം മൂന്നാം സഭക്കാരിൽ ഏറ്റവും പ്രധാനിയായ പ്രധാന കൊവേന്തയുടെ പ്രിയോരും യാഥാർത്ഥ ക്രൈസ്തവനും സുകൃതിയും വിവേകിയുമാണ്. വിശുദ്ധഗ്രന്ഥത്തിൽ പ്രവീണനും സുറിയാനി ഭാഷയിൽ വിദഗ്ദ്ധനും കത്തോലിക്കാ വേദത്തിൽ അടുപ്പമുള്ളവനും പരിശുദ്ധ സിംഹാസനത്തോടു കൂറുള്ളവനും സന്ന്യാസസമൂഹത്തിന്റെ പൊതുശ്രേഷ്ഠനുമാണ്. നസ്രാണി സമൂഹം മുഴുവനും അദ്ദേഹത്തെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യും. മെത്രാൻ പദത്തിന്റെ പരിചയം കുറവുണ്ടെങ്കിലും വികാരി അപ്പസ്തോലിക്കയും മിഷനറിമാരും അദ്ദേഹത്തെ സഹായിച്ചുകൊള്ളും. അനുസരണത്തിന്റെ കല്പനയാൽ ചാവറയോട് ആവശ്യപ്പെട്ടാൽ അദ്ദേഹം ജോലി ഏറ്റെടുത്തു കൊള്ളും."[2]

ചാവറയച്ചന്റെ ആധ്യാത്മികതയെക്കുറിച്ച് യഥാർത്ഥ രൂപം കിട്ടുന്നതിന് മിഷനറിമാരുടെ ഇടപെടലും അതുവഴി ഉണ്ടായ സംഭവവികാസങ്ങളും നിർണ്ണായകമാണ്. വിദേശീയരുടെ വീക്ഷണത്തിലും അവരുടെ ശിക്ഷണത്തിലുമായിരുന്നു ചാവറയെ കണക്കിലെടുക്കുമ്പോൾ പലതും അന്വേഷണ വിധേയമാക്കേണ്ടതുണ്ട്.

ഒന്നാമതായി ശ്ലൈഹികസിംഹാസനത്തിന്റെ തുടർച്ച പത്രോസിന്റെ സിംഹാസനത്തിൽ കേന്ദ്രീകൃതമായിരിക്കുന്നതിനെയാണ് മിഷനറിമാരും ലത്തീൻകാരും ഏതാണ്ട് അന്ധമായി അനുസരിക്കുന്നത്. എന്നാൽ പൗരസ്ത്യ സഭകളുടെ സമീപനത്തിൽ സഹോദരീസഭകൾ എന്ന അടിസ്ഥാനമാണ് സാർവ്വത്രികസഭയെക്കുറിച്ചുള്ളത്.[3] അതിൽ പത്രോസിന്റെ പിൻഗാമിയെന്നനിലയിൽ മാർപ്പാപ്പാ പ്രഥമ പാത്രിയാർക്കീസായിരിക്കും എന്നുമാത്രം. ലത്തീൻ പാരമ്പര്യമനുസരിച്ചുള്ള സമീപനമായിരുന്നു ചാവറയ്ക്കു വിദേശമിഷനറിമാർ

കൊടുത്തിരുന്നത്. ചാവറയും മൂപ്പച്ചന്മാരെ കണ്ടിരുന്നത് മാർപ്പാപ്പായുടെ പ്രതിനിധികൾ എന്നനിലയിലാണ്. സഹോദരീസഭകളുടെ[4] ആശയം അത്രപ്രകടമാകാതിരുന്ന ഒരു കാലഘട്ടത്തിൽ ചാവറയച്ചൻ എടുത്ത തീരുമാനം ആത്മാക്കളുടെ വിവേചനയനുസരിച്ച്[5] ശരിയായതായിരുന്നു. എന്നാൽ സഭാവിജ്ഞാനീയത്തിന്റെ കാതലായ അടിസ്ഥാനം ദൈവത്തിലും ദൈവിക വെളിപാടുകളിലും ദൈവികമാനവീകരണത്തിലും മാനവീകരണത്തിലെ വൈവിധ്യത്തിലുമാണ് കാണേണ്ടത്.[6] മനുഷ്യാവതാരപരതയിൽ ഉറവിടമായ ദൈവത്തോട് എത്തുമാത്രം അടുത്ത് അവതാരങ്ങൾ നിലകൊള്ളുന്നുവോ അത്രമാത്രം അവയുടെ ആധ്യാത്മികതയും ആധികാരികമാകും. ചാവറയച്ചന് മേലധ്യക്ഷനാകുവാനുള്ള യോഗ്യതയെക്കുറിച്ച് എണ്ണിപ്പറഞ്ഞവർ തന്നെ അദ്ദേഹത്തിന് അതിനുള്ള ഒരു യോഗ്യതയുമില്ലെന്ന് എടുത്തുപറഞ്ഞത് ആധികാരിക ആധ്യാത്മികതയുടെ കുറവാണ്.[7] റോക്കോസ് മെത്രാനെ നിഷ്ക്കാസനം ചെയ്യുന്നതിന് ചാവറയെ മെത്രാനാക്കുക അവശ്യമെന്നു തോന്നിയപ്പോൾ പശ്ചാത്യ മിഷനറിമാർ ചാവറയച്ചനെ അനുകൂലിച്ചു. റോക്കോസിന്റെ ശക്തി ക്ഷയിച്ചു എന്നു കണ്ടപ്പോൾ വന്ദ്യനായ അദ്ദേഹത്തെ താഴ്ത്തിക്കെട്ടുന്നതിനു മേല്പറഞ്ഞവർ തന്നെ മുതിർന്നു.[8]

മേലധ്യക്ഷൻ ദൈവജനത്തിന്റെ ആധ്യാത്മികനേതാവാണ്. ആരാധനാസമൂഹത്തെ പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും നയിക്കുവാനും ദൈവജനത്തിനു ശുശ്രൂഷ ചെയ്യുവാനുമാണ് മെത്രാൻ അഭിഷിക്തനാകേണ്ടത്. നല്ലയിടനായ ഈശോയുടെ തുടർച്ചയായി മെത്രാന്മാർ നിലകൊള്ളണം. ചാവറയച്ചനെ മെത്രാനാക്കിയിരുന്നെങ്കിൽ നസ്രാണിസഭയുടെ ഏകീകരണത്തിനും ഏതദ്ദേശീയ സഭാവളർച്ചയ്ക്കും അത് ഇടവരുത്തുമായിരുന്നു. ദൈവജനത്തിനും ദൈവാളുകൾക്കും പ്രഥമസ്ഥാനം നൽകിയിരുന്നെങ്കിൽ പാശ്ചാത്യ അധികാരത്തിന്റെ സംരക്ഷണത്തിനായി ചാവറയെ കരുവാക്കുകയില്ലായിരുന്നു.

എന്നാൽ ചാവറയച്ചൻ തന്നെ ഒന്നാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിനു മുമ്പ് ദേശത്തു മേല്പട്ടക്കാരനുവേണ്ടി കർമ്മെലീത്ത ജനറാളിന് എഴുതിയിരുന്നു. എന്നാൽ ആ കത്ത് വികാരി അപ്പസ്തോലിക്കായുടെ കൈയിലെത്തുകയും അവരുടെ ദൃഷ്ടിയിൽ ചാവറ അയോഗ്യനായിത്തീരുകയും ചെയ്തു.[9]

സഭാശുശ്രൂഷയിൽ ഒരാൾ യോഗ്യനാണോ എന്നു വിധിക്കേണ്ടത്, ആടുകളുടെ നല്ലയിടയനായിരുന്ന ഈശോയെപ്പോലെ ശുശ്രൂഷകനാണോ എന്നു നോക്കി വേണം. ദൈവത്തിനും ദൈവജനത്തിനുമെന്നതാണ് മേലധ്യക്ഷനാകാനുള്ള യോഗ്യത. ദൈവത്തിനുള്ളവൻ മഹോന്നത പ്രമാണമനുസരിച്ചു ജീവിക്കുന്നയാളായിരിക്കണം (മത്താ. 22:37). ദൈവജനത്തിനുള്ളയാൾ തന്നെപ്പോലെ മറ്റെല്ലാവരെയും സ്നേഹിക്കുകയും അതിനായി ജീവൻ വെടിയുകയും ചെയ്യണം (യോഹ. 10:10,11; 13:34). അതായത് വിശുദ്ധിയിലും വിജ്ഞാനത്തിലും തികവുറ്റയാളായിരിക്കണം മേലധ്യക്ഷൻ. മാനുഷികപരിഗണന വച്ചുമാത്രം മേലധ്യക്ഷനെ നിയമിക്കുന്നത് ദൈവികപദ്ധതിയെ ഭൗതീകരിക്കുന്ന ലൗകായതികത്വമാണ്. ചാവറയച്ചനെ മേലധ്യക്ഷനാക്കാതിരുന്നത് തെറ്റായ ഒരു സംഭവമായിരുന്നു.[10] ചാവറയച്ചന്റെ കാര്യത്തിൽ, ദൈവാത്മാവിനാൽ നയിക്കപ്പെടുന്നതിനു തടസ്സമായി നിന്നത് അന്നത്തെ സഭാധികാരികളിൽ ചിലരും വൈദേശിക സഭാനീക്കവുമായിരുന്നു.[11] ചാവറയച്ചൻ ആധ്യാത്മികതയിലും വിശ്വാസത്തിന്റെയും സഭാത്മകതയുടെയും ആധികാരികതയിലും നിന്നതു കൊണ്ട് അതിനെ അതിജീവിക്കുവാൻ ഇടവന്നില്ല. ഫലത്തിൽ സമ്മിശ്രമായ ഒരാധ്യാത്മികതയുടെ ഉടമയായിട്ടാണ് ചാവറ വളർന്നത്. ഈ പാളിച്ച സി.എം.ഐ. സിദ്ധിയുടെ കാര്യത്തിലും ഇല്ലാതില്ല. കണ്ണിൽ കാണുന്ന നന്മയെല്ലാം ചെയ്യുക എന്ന സമീപനത്തിൽ ദൈവജനത്തിനുവേണ്ടി എന്തും ചെയ്യുന്നുവെന്നതിൽ നല്ലവശമുണ്ട്. എന്നാൽ വിശ്വമതങ്ങളുടെ ഇടയിൽ

വിഭിന്നസംസ്കാരങ്ങളുടെ മധ്യേ അനന്യവത്ക്കരണത്തിന്റെ (identity) വ്യക്തിത്വം എന്തിന് എന്ന പ്രശ്നം അവശേഷിക്കുന്നു. അതായത് ചാവറയച്ചൻ പ്രദാനം ചെയ്ത സി.എം.ഐ.സിദ്ധി എന്തിൽ? ത്രിവിധ അടിസ്ഥാനങ്ങളിൽ എന്നു നിയമാവലി പറയുന്നുണ്ടെങ്കിലും തനതാത്മകവ്യക്തിത്വത്തിന്റെ കാര്യത്തിൽ തെളിഞ്ഞു നില്ക്കുന്നതായി സഭാംഗങ്ങൾക്കോ മറ്റുള്ളവർക്കോ അനുഭവപ്പെടുന്നില്ല. നൈയാമിക പദവിയിൽ "അമലോത്ഭവ മറിയത്തിന്റെ കർമ്മെലീത്തർ" എന്ന നാമം നമ്മുടെ പൗരസ്ത്യ, കർമ്മെലീത്താ, ഭാരതീയ ആധ്യാത്മിക പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ സഭാപിതാക്കന്മാരുടെ സിദ്ധിക്കും ചൈതന്യത്തിനും വേണ്ടി നിലകൊള്ളുന്നു.[12] ഇവിടെ പറഞ്ഞിരിക്കുന്ന 'പൗരസ്ത്യം' എന്ന ഘടകമാണ് വിശ്വാസത്തിന്റെ അടിസ്ഥാനമായ സഭാത്മക വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത്. ഈ ഘടകമാണ് മേലധ്യക്ഷന്റെ നിയമനത്തിലും നിർണ്ണായകമായി വരേണ്ടത്. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ കണക്കിലെടുക്കുമ്പോൾ പാശ്ചാത്യ പൗരസ്ത്യ സമ്മിശ്രമായ സ്വഭാവം ചാവറയിൽ സ്വാധീനം ചെലുത്തിയതായി കാണാം. ഈ സ്വാധീനം ഇന്നും സി.എം.ഐ. സഭാസിദ്ധിയിൽ വികലമായി നിലകൊള്ളുന്നതു കൊണ്ട് സാർവ്വത്രികസഭയിലോ, സീറോമലബാർ സഭയിലോ, ഭാരതീയ സംസ്ക്കാരത്തിലോ, സന്ന്യാസഗണത്തിലോ അത് ഒരു പുളിമാവെന്നു പറയുവാൻ സാധിക്കുകയില്ല. ഇത്രയും വിവാദപരമായ ഒരു പ്രസ്താവനയെ ഇങ്ങനെ വിലയിരുത്താം. സഭാവിജ്ഞാനീയത്തിൽ മേലധ്യക്ഷക്രമം പാശ്ചാത്യർക്ക് അവരോഹണപരമെങ്കിൽ പൗരസ്ത്യർക്ക് ആരോഹണക്രമത്തിലാണ്.[13] ഏതൊരു സ്ഥാപകനും ദൈവജനത്തിന്റെ ആവശ്യാനുസൃതം സൈദ്ധികസംരംഭം കുറിക്കുമ്പോൾ അത് എല്ലാ മാനുഷിക പരിഗണനകൾക്കും അതീതമായി പരിശുദ്ധാത്മാവിന്റെ പ്രത്യേകവരത്തിനും വിധേയപ്പെടണമായിരുന്നു.എന്നാൽ അങ്ങനെ സംഭവിച്ചില്ല. അതിനുകാരണം സഭാഘടനയിൽ ഉണ്ടായ പരിമിതിയേയും ഏതദ്ദേശീയതയേയും സഭാത്മക വ്യക്തിത്വത്തേയും യഥാവിധി

പാശ്ചാത്യ മേലാധികാരികൾക്ക് പരിഗണിക്കുവാൻ സാധിക്കാതെ വന്നതാണ്. ആത്മാക്കളുടെ വിവേചനയിലും[14] മിശിഹായുടെ ഏകാന്തവൈശിഷ്ട്യത്തിലും[15] നിർണ്ണായക വിധി തീർപ്പുണ്ടാകാതെ വന്നതാണ് ചാവറയെ സഭാത്മകമായി സ്വയം പര്യാപ്തതയിലേക്കു നയിക്കാതിരുന്നത്. അതിനാൽ സുവിശേഷാത്മകമായ ഒരു തനതാത്മകത, സി.എം.ഐ. സഭാസ്ഥാപകനായിരുന്ന ചാവറയിൽ, പ്രകടമായിരുന്നില്ല. വൈയക്തിക സഭാ തനിമയിൽ[16] മേലധ്യക്ഷപദം പൂർണ്ണമായും അലങ്കരിക്കുവാൻ ചാവറയെ പാശ്ചാത്യർ അനുവദിച്ചില്ലെങ്കിലും അദ്ദേഹം യഥാർത്ഥ സഭാതനയൻ തന്നെയായിരുന്നു.

6:1 സഭാതനയൻ

"ചാവറയുടെ ജീവിതം സീറോ-മലബാർ സഭയ്ക്കായി പ്രതിഷ്ഠിച്ചിരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലും നിവേശനത്തിലും നിരവധി ശ്ലൈഹികസംരംഭങ്ങൾ നിലവിൽ വന്നു. ഭാരതത്തിലെ സഭാതനയനായ ഇദ്ദേഹത്തെ (ചാവറയെ) സവിശേഷമായി സ്നേഹിച്ച മിശിഹാനാഥനോടു നാമും (യോഹന്നാൻ പൗലോസ് ദ്വിതീയൻ) ഒന്നുചേർന്നു പിതാവിനെ മഹത്വപ്പെടുത്തുന്നു."[17] പരിശുദ്ധ പിതാവ് യോഹന്നാൻ പൗലോസ് ദ്വിതീയൻ വിശേഷിപ്പിച്ച 'സഭാതനയൻ' എന്ന പദവിയെക്കുറിച്ച് ഇവിടെ വിവരിക്കാം. 1805 ഫെബ്രുവരി 8-ന് ജനിച്ച് അതേവർഷം ഫെബ്രുവരി 16-ന് ചേന്നങ്കരി ഇടവകപള്ളിയിൽ വച്ച് മാമ്മോദീസായിലൂടെ സഭാതനയനായിത്തീർന്ന ചാവറ 1871 ജനുവരി 3-നു രൂപാന്തരപ്പെട്ടതു (മരിച്ചത്) വരെ അദ്ദേഹം സഭാതനയനായി ജീവിച്ചിരുന്നു.

സഭാതനയൻ എന്ന പ്രയോഗം സഭാവിജ്ഞാനീയത്തിലൂടെ വീക്ഷിക്കുമ്പോൾ നിരവധി ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്. അവ പ്രധാനമായും ശ്ലൈഹിക പൈതൃകം, ദൈവാരാധനക്രമം,

ആധ്യാത്മിക പൈതൃകം, ദൈവവിജ്ഞാനീയം, മേലധ്യക്ഷക്രമം, സഭാനിയമം തുടങ്ങിയവയെല്ലാമാണ്.[18] സഭാവിജ്ഞാനീയത്തിൽ നാനാത്വം അടിസ്ഥാനപരമെങ്കിലും മാർപ്പാപ്പായുടെ അജപാലനത്തിന് എല്ലാ സഹോദരീസഭകളും വിധേയപ്പെട്ടിരിക്കുന്നു.[19] ചാവറയച്ചൻ റോമാ മാർപ്പാപ്പായ്ക്ക് എഴുതിയ കത്തിൽനിന്നും അദ്ദേഹം സഭയുടെ യഥാർത്ഥ സുതനായിരുന്നുവെന്നതും അതേ സമയം നാനാത്വത്തിന്റെ സഭാത്മക ചൈതന്യത്തിൽ ഉറച്ചുനിന്നിരുന്നുവെന്നതും വ്യക്തമാകുന്നു. നസ്രാണികളുടെ ആരാധനാഭാഷയായ അറമായയിൽ (കൽദായ) തന്നെ മറുപടി വേണമെന്ന് മാർപ്പാപ്പായോട് അപേക്ഷിച്ചത് പ്രധാനപ്പെട്ട വസ്തുതയാണ്. ചാവറയച്ചനും 12 വൈദികരും കൂടി അയച്ച കത്ത് ജോസഫ് ഗുറിയേലാണ് ഇറ്റാലിയൻ ഭാഷയിലേക്കു തർജ്ജമ ചെയ്തത്.[20] കത്തിൽ പറഞ്ഞിരിക്കുന്നത്: "പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ലായെന്നു പത്രോസിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധപിതാവ് 9-ാം പീയുസ് മാർപ്പാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേക്ക്."[21] കത്തിന്റെ അവസാനം ഇപ്രകാരം കാണുന്നു: "അവസാനമായി അങ്ങയുടെ സിംഹാസനത്തിനുമുമ്പിൽ മുട്ടു കുത്തി തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങേയ്ക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്തമക്കളായി വ്യാപരിക്കുന്നതിനു ഞങ്ങൾക്കുകഴിയുമാറ് അങ്ങേ പൈതൃകാശീർവ്വാദം ധാരാളമായി ഞങ്ങൾക്കു നൽകണമെന്ന്" കത്തിന്റെ അടിയിൽ ഇപ്രകാരമുണ്ട്: "പരിശുദ്ധപിതാവേ, കഴിയുന്നതും വേഗം ഞങ്ങളുടെ കൽദായ ഭാഷയിൽ ഇതിനു മറുപടി അയയ്ക്കണമെ."[22]

"അങ്ങയുടെ വിശ്വസ്തമക്കൾ" എന്നപ്രയോഗം സഭാതനയൻ എന്നതിന്റെ പ്രകടമായ തെളിവാണ്. 1861-ാം വർഷം ജൂൺ 19-ന്

ചാവറയച്ചനും 12 വൈദികന്മാരും കൂടി റോമാമാർപ്പാപ്പായ്ക്ക് എഴുതിയ കത്ത് സഭാവിജ്ഞാനീയത്തിൽ അവർക്കുണ്ടായിരുന്ന വിശ്വാസത്തെയാണ് വ്യക്തമാക്കുന്നത്. കർമ്മെലീത്താ മിഷനറിമാരുടെ നിവേശനങ്ങൾക്കു വിധേയനായിരുന്ന ചാവറ നസ്രാണി സഭയുടെ ഒരു പുത്രനായിരുന്നുകൊണ്ടു തന്നെയാണ് സഭാതനയനായിരുന്നത്. മിശിഹാ വിജ്ഞാനീയത്തിൽ അടിയുറച്ചിരുന്ന സഭാ വിജ്ഞാനീയമാണ് ചാവറയെ നയിച്ചിരുന്നതെന്ന് "നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം" എന്ന പ്രയോഗത്തിൽ നിന്നും വ്യക്തമാണ്.[23] സഭാവിജ്ഞാനീയത്തിന്റെയും സഭാചരിത്രത്തിന്റെയും പശ്ചാത്തലത്തിൽ സഭാതനയനായ ചാവറയെ സമീപിക്കുമ്പോൾ വലിയൊരു രഹസ്യം കടന്നുവരുന്നുണ്ട്. മാർപ്പാപ്പായോടും സാർവ്വത്രികസഭയുടെ കേന്ദ്രത്തോടുമുള്ള ബന്ധം നസ്രാണി സഭ എന്നും കാത്തു പാലിച്ചിരുന്നു. ചാവറയും ഈ ബന്ധത്തിന് ഒരു വീഴ്ചയും വരുത്തിയിരുന്നില്ല. എന്നാൽ പാശ്ചാത്യ മിഷനറിമാർ ലത്തീൻ സഭാ പാശ്ചാത്തലത്തിൽ നിന്നുകൊണ്ട് ചാവറയെ നിയന്ത്രിച്ചതു പൗരസ്ത്യസഭയുടെ സാവയവ ഘടനയോടെ (organic) മുന്നേറുന്നതിൽ ചാവറയെ അനുവദിച്ചിരുന്നില്ല. സഭാകൂട്ടായ്മയുടെ സുപ്രധാന ഘടകം ശ്ലൈഹിക പൈതൃകവും അതിനനുസരിച്ചുള്ള ദൈവാരാധനാ സവിശേഷതയുമാണ്. ശ്ലൈഹിക പൈതൃകത്തിൽ നസ്രാണി സഭ എന്നും കൽദായ ആയിരുന്നതു കൊണ്ടാണ് "ഞങ്ങളുടെ കൽദായ ഭാഷയിൽ" മാർപ്പാപ്പാ മറുപടി തരണമെന്ന് 13 വൈദികന്മാർ ചാവറയുടെ നേതൃത്വത്തിൽ മാർപ്പാപ്പായോട് ആവശ്യപ്പെട്ടത്. വെറും ഒരുഭാഷയുടെ പ്രശ്നം മാത്രമല്ല അവരുടെ മനസ്സിൽ ഉണ്ടായിരുന്നത്, മറിച്ച് നസ്രാണി സഭാ വ്യക്തിത്വമായിരുന്നു. അതിൽ സ്വയം ഭരണത്തിന്റെയും മേലധ്യക്ഷക്രമത്തിന്റെയും പ്രായോഗിക വശങ്ങളും ഉണ്ടാകണമല്ലോ. ഈ കാര്യത്തിൽ ലത്തീൻ സഭാധികാരികൾ ചാവറയെ അവരുടെ ചട്ടുകമാക്കി എന്നതു ചരിത്ര വസ്തുതയാണ്.[24] ചാവറയച്ചൻ സഭാതനയനായി

വർത്തിച്ചതിൽ പ്രായോഗികമായി ചില അനുരൂപണങ്ങൾ വരുത്തിയിരുന്നു. അതിൽ പാശ്ചാത്യസഭാ വിജ്ഞാനീയമാണു സ്വീകരിക്കേണ്ടിവന്നത്. വിശുദ്ധഗ്രന്ഥത്തിന്റെയും പാശ്ചാത്യ സഭാഘടനയുടെയും ശൈലി ചാവറ അംഗീകരിച്ചിരുന്നു. എന്നാൽ അറമായ ഭാഷയുടെ കാര്യത്തിൽ നിഷ്ഠയുമുണ്ടായിരുന്നു. ദൈവാരാധനയുടെ വിഷയത്തിൽ പൗരസ്ത്യസഭാത്മകതയുടെ സവിശേഷത കാര്യമായി എടുത്തില്ല. അതുകൊണ്ടാണ് സാധാരണ ഭക്താഭ്യാസങ്ങൾ അദ്ദേഹത്തിലൂടെ പാശ്ചാത്യമിഷനറിമാർ നടപ്പാക്കിയതും പ്രചരിപ്പിച്ചതും. ഈ നീക്കം നസ്രാണി സഭയിൽ കാതലായ പരിവർത്തനത്തിനിടവരുത്തി. ഇന്നും ഈ വികലത നസ്രാണി സഭാവ്യക്തിത്വത്തിൽ ഒരു കറുത്തവശമായി ശക്തിപ്പെട്ടു നില്ക്കുന്നു. എന്നാൽ ചാവറയുടെ ആധ്യാത്മികതയിൽ മേല്പറഞ്ഞ സമീപനം ശരിയായ രീതിയിൽ ആയിരുന്നു. അതായത് ജപമാല, ദിവ്യകാരുണ്യ ആരാധന, വിശുദ്ധരോടുള്ള ഭക്തി തുടങ്ങിയവ കൂദാശാ ജീവിതത്തെ ഒരുവിധത്തിലും ബലഹീനമാക്കിയില്ലെന്നു മാത്രമല്ല, അതു സഹായിക്കുകയാണു ചെയ്തിരുന്നത്. ഈ സമീപനം സാർവ്വത്രിക സഭയുടെ പഠനത്തിൽ മുന്നിട്ടുനില്ക്കുന്നതുമാണ്.[25] എന്നാൽ ചാവറ വഴി പാശ്ചാത്യ മിഷനറിമാർ തുടങ്ങിയ ഭക്താഭ്യാസങ്ങൾ നസ്രാണിസഭയിൽ പ്രബലപ്പെടുകയും കൗദാശികജീവിതം ബലഹീനമാകുകയും ചെയ്തു. അങ്ങനെ വിശ്വാസത്തിന്റെ കാര്യത്തിൽ കാതലായ തകരാറും സംഭവിച്ചു. ഹൈന്ദവരുടെയും മുസ്ലീംങ്ങളുടെയും യഹൂദരുടെയും മതാത്മകതയെ കണക്കിലെടുക്കുമ്പോൾ നസ്രാണികളുടെ സഭാത്മക തനിമ ശോചനീയമാണ്. ലത്തീൻ സഭ അതിന്റെ വ്യക്തിത്വത്തിൽ ഉറച്ചുനില്ക്കുമ്പോൾ നസ്രാണികൾ വളരെ അയഞ്ഞ ഒരു സമീപനമാണ് സ്വീകരിക്കുന്നത്. ഈ തകരാറിന്റെ ഉത്തരവാദിത്വം ചാവറയിൽ ആരോപിക്കുന്നതു ശരിയല്ല. കാരണം ചാവറ മാമ്മോദീസായിൽ പ്രാപിച്ച പ്രസാദവരം ജീവിതകാലം മുഴുവൻ കാത്തു സൂക്ഷിച്ചു. മരണാവസരത്തിൽ

റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി രൂപാന്തരപ്പെട്ടിരുന്നു.[26] സഭാതനയൻ എന്നനിലയിൽ ജീവിക്കുക എന്നത് മാമ്മോദീസാ ജീവിതത്തിന്റെ സാക്ഷാത്കാരമാണ്. അതിന് സംഘാതാത്മക വ്യക്തിത്വവും തനതാത്മകതയുമുള്ളതുകൊണ്ട് അതും പരിഗണിക്കണം. സംഘാതാത്മക വ്യക്തിത്വത്തിൽ ദൈവരാജ്യത്തിന്റെ ദൃശ്യാദൃശ്യഘടകങ്ങൾ പ്രസക്തമാണ്. അതായത് ദൈവിക മാനുഷിക സംഗമം പ്രധാനം. തനതാത്മക വ്യക്തിത്വത്തിൽ മനുഷ്യാവതാരപരത പ്രസക്തമാണ്. ഉദാ. ചാവറയെ സംബന്ധിച്ചിടത്തോളം നസ്രാണി സഭയുടെ അനന്യത. അവസാനത്തെ ഘടകത്തിനു പാശ്ചാത്യ മിഷനറിമാർ കോട്ടം വരുത്തിയെങ്കിലും ചാവറ വൈയക്തികതലത്തിൽ പരിശുദ്ധാത്മാവിൽ തികവുള്ളവനായിത്തീർന്നു. സഭാദർശനത്തെക്കുറിച്ച് കൂടുതലായി ചിന്തിക്കാം.

6:2 സഭാദർശനം

"വിശേഷിച്ച് ശുദ്ധ പള്ളിയുടെ ഞരിക്കങ്ങളെ തീർന്നു തെളിവും വർദ്ധനയും ഉണ്ടാകുവാനും ആയിട്ട് എല്ലാവരും പ്രത്യേകമായിട്ടു അപേക്ഷിക്കണമെന്നും കുർബ്ബാന ചൊല്ലിപ്പാൻ വശമുള്ളവർ വശം പോലെ ചൊല്ലിക്കണമെന്നും അല്ലാത്തവരു കണ്ട് അപേക്ഷിക്കണമെന്നും മറ്റും നമ്മുടെ ശുദ്ധമാർപ്പാപ്പായുടെ തിരുക്കല്പന വന്നിരിക്കയിൽ ഈ എഴുത്തു കൈപ്പറ്റുന്ന ദിവസം മുതൽ 9 ദിവസത്തേക്കു ധ്യാനആസ്തപ്പാടുകൊടുപ്പാൻ എല്ലാവരും പ്രാർത്ഥനാമുറിയിൽ കൂടി"[27] അപേക്ഷിക്കണം.

"ശുദ്ധപള്ളിയുടെ ഞരിക്കം" എന്നത് സഭയുടെ പ്രശ്നങ്ങളാണ്. ചാവറയും അദ്ദേഹത്തിന്റെ അനുയായികളും എന്നും സഭാത്മക ചിന്തയിൽ മുഴുകിയിരുന്നുവെന്നതും, ചാവറസിദ്ധിയുടെ സുപ്രധാനമായ

ഒരുഘടകമാണ്. സഭാത്മക ചിന്തയിൽ കടന്നുവരുന്ന കാര്യങ്ങൾ താഴെ വരുന്നവയാണ്.

1. സഭയുടെ വിശ്വാസം.
2. സഭയുടെ ആധ്യാത്മികത.
3. സഭാഭരണം.

1. സഭയുടെ വിശ്വാസം

ചാവറ സഭയോടു ബന്ധപ്പെട്ടിരുന്നതു വിശ്വാസം വഴിയാണ്. മാമ്മോദീസാ സ്വീകരിക്കുന്ന ഒരു വ്യക്തി വിശ്വാസമെന്ന ദൈവദാന മാണ് സഭയിലൂടെ സ്വീകരിക്കുന്നത്. ഈശോമിശിഹായോടും സഭ യോടും വിശ്വാസം വഴി ബന്ധപ്പെട്ടിരിക്കുന്നവർ പ്രായോഗികതല ത്തിൽ സഭാധികാരികളെ അനുസരിക്കുകയും ദൈവസ്നേഹത്താൽ അവരെ സ്നേഹിക്കുകയും ചെയ്യുന്നു.[28] ചാവറയച്ചന്റെ ആധ്യാത്മിക തയെ വിലയിരുത്തുമ്പോൾ ഏറ്റവും പ്രകടമായി കാണുന്ന സുകൃതം അദ്ദേഹത്തിനു സഭാധികാരികളിലൂടെ സഭയോടുണ്ടായിരുന്ന ബന്ധ മാണ്. അവർ പറയുന്നതിനും അപ്പുറത്ത് ഒന്നും ചിന്തിക്കാതിരിക്കു ന്നതിനുള്ള പ്രായോഗികത ചാവറ എടുത്തിരുന്നു. അതുകൊണ്ടാണ് റോക്കോസിനെയും മറ്റും സഭാവിരോധികളായി കണ്ടിരുന്നതും അതു വലിയ കോളിളക്കത്തിന് ഇടവരുത്തിയതും.

സഭാവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ റോക്കോസും സഭാധികാരി തന്നെയായിരുന്നു. എന്നാൽ ലത്തീൻ മിഷ നറിമാരായി റോമിനെ പ്രതിനിധീകരിക്കുന്നവർ റോക്കോസിനെ ഒരു പേടി സ്വപ്നമായി കണ്ടിരുന്നതുകൊണ്ട് റോമിനെതിരെയെന്നു റോക്കോ സിന്റെ വരവിനെക്കുറിച്ചു ചിന്തിച്ചു. അതുകൊണ്ട് അദ്ദേഹത്തിന്റെ കേര ളക്കരയിലുള്ള വരവിനെ ശീശ്മയെന്നു വിശേഷിപ്പിച്ചു പ്രശ്നം ഉണ്ടാക്കി. ഈ സംഭവത്തിൽ ചാവറയച്ചനുണ്ടായിരുന്ന സഭാവീക്ഷണം

റോമിന്റെ പരമാധികാരത്തിൽ നിന്നുകൊണ്ട് എല്ലാം കാണുക എന്നതായിരുന്നു. റോമിനു പരമാധികാരമുണ്ടായിരുന്നെങ്കിലും പൗരസ്ത്യ സഭകൾക്കും സ്വയം ഭരണാധികാരമുണ്ടായിരുന്നതിനാൽ ഭാരതത്തിലെ നസ്രാണികളും റോമിനോടു ചേർന്നുള്ള സുറിയാനി സഭയുടെ-കൽദായസഭയുടെ-വ്യക്തിത്വത്തിലായിരുന്നുവെന്നത് വേണ്ടത്ര ചാവറ അംഗീകരിച്ചിരുന്നില്ല. അതിനുള്ള കാരണം മിഷനറിമാരെ പൂർണ്ണമായും വിശ്വസിച്ചതാണ്.[29]

ഭാരതനസ്രാണിസഭ പൗരസ്ത്യസുറിയാനി സഭയുമായി ആദ്യകാലം മുതൽ ബന്ധപ്പെട്ടിരുന്നു. കൽദായ പാത്രിയാർക്കീസുമായുള്ള ബന്ധം വികലമാക്കിയത് ചാവറയച്ചനെ കരുവാക്കിക്കൊണ്ട് പാശ്ചാത്യമിഷനറിമാർ ചെയ്തതാണ്.[30] മിഷനറിമാരുടെ സ്വാധീനം കൊണ്ടു ചാവറയച്ചൻ കണ്ണടച്ചു പ്രവർത്തിച്ചിട്ടില്ല. കാരണം കൊവേന്തയുടെ ശിക്ഷണത്തിൽനിന്നും തെന്നിമാറി "ഞാൻ മടലൊടിച്ചു കെട്ടിയെങ്കിലും ഒരു കൊവേന്ത ഉണ്ടാക്കിപ്പാർക്കും" എന്നു പറഞ്ഞു മാന്നാനം സമൂഹത്തിൽ നിന്നു മാറിയ കുടക്കച്ചിറ അന്തോനിയച്ചനും, തൊണ്ടനാട്ടു അന്തോനിയച്ചനും ബാബേൽ പാത്രിയർക്കീസിനെ കൊണ്ടു വരാൻ ശ്രമിച്ചതും മറ്റും ചാവറയെ സംബന്ധിച്ചിടത്തോളം സഭയുടെ ശിഥിലീകരണത്തിനിടവരുത്തുന്നതാണ്. റോമാ മാർപ്പാപ്പായിൽ നിന്നും കിട്ടിയ രേഖയും റോക്കോസ് റോമിന്റെ അനുവാദത്തോടെയല്ല കേരളത്തിൽ വന്നതെന്നാണ്. ചാവറയച്ചൻ വരാപ്പുഴ മിഷനറിമാരിലൂടെ റോമാസഭയ്ക്ക് വിധേയപ്പെട്ടിരിക്കുന്നതിനാൽ മറ്റു വിധികളിലൊന്നും അടിപ്പെടുകയില്ല. പക്ഷെ അതിപുരാതനവും ശ്ലൈഹികവുമായ നസ്രാണി സഭയുടെ തനിമ നഷ്ടപ്പെടുത്തിയ ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയവും അതിനുശേഷം സഭയ്ക്കുണ്ടായ തകർച്ചയും കർമ്മെലീത്താമിഷനറിമാർ അത്രകാര്യമായി എടുത്തില്ല. ചാവറ ഈ സ്ഥിതിയെക്കുറിച്ച് അറിവുള്ളവനായിരുന്നുവെങ്കിലും

സമരത്തിനൊ, റോമിനെതിരെയോ, മിഷനറിമാർക്ക് എതിരെയോ നീങ്ങുന്നതിനുള്ള തീരുമാനം ഇല്ലായിരുന്നു. അതിനൊരു കാരണം സഭാവിജ്ഞാനീയത്തിൽ ചാവറയച്ചനും റോമാസഭയുടെ ചൈതന്യമാണു സ്വാംശീകരിച്ചിരുന്നത് എന്നതാണ്. സ്വതന്ത്രമായി മേലധ്യക്ഷനെയും ആവശ്യപ്പെട്ടു.[31] അതുകൊണ്ടു ചാവറയച്ചന്റെ ജീവിതത്തിലും പാശ്ചാത്യസഭയുടെ സ്വാധീനം വളരെയധികം കടന്നു വന്നിട്ടുണ്ട്. ഫലം കേരളസഭയുടെ ഒരു നേതാവായിരുന്ന ചാവറ ആ സഭയെയും മേല്പറഞ്ഞ ശൈലിയിലൂടെ നയിക്കുന്നതിനിടവന്നു. ഈ സംഘർഷം പലപ്പോഴും വിവാദമായി പൊന്തിവരാറുണ്ട്. അങ്ങനെ ചാവറയച്ചന്റെ ആധ്യാത്മികതയും ഒരു ചർച്ചാവിഷയമാകുന്നുണ്ട്.

2. സഭയുടെ ആധ്യാത്മികത

സി.എം.ഐ. സന്ന്യാസ സമൂഹത്തിന്റെ ആധ്യാത്മികാനുഷ്ഠാനങ്ങളെക്കുറിച്ച് പറയുന്നിടത്ത് "ലിറ്റർജിയുടെ ചൈതന്യത്തിനു ചേരുന്ന പരമ്പരാഗതമായ ഭക്താനുഷ്ഠാനങ്ങൾ" എന്നു സൂചിപ്പിക്കുന്നു.[32] ലിറ്റർജി എന്നത് സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയെന്ന നിലയിൽ അതു വ്യക്തിസഭയ്ക്കു തനതായുള്ളതാണ്. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സുനഹദോസിന്റെ പഠനം ഇപ്രകാരമാണ്: "ആരാധനക്രമം മിശിഹായുടെ പൗരോഹിത്യവൃത്തിയുടെ നിർവ്വഹണമാണ്. ആരാധനക്രമത്തിൽ പൂർണ്ണമായ ദൈവാരാധന നിർവ്വഹിക്കുന്നത് മിശിഹായുടെ മൗതികശരീരമാണ്. ആരാധനക്രമത്തിലെ ഓരോ തിരുക്കർമ്മവും പുരോഹിതനായ മിശിഹായുടെയും അവിടുത്തെ ശരീരമായ സഭയുടെയും പ്രവൃത്തിയാകയാൽ വിശുദ്ധവും ഉത്കൃഷ്ടവുമാണെന്നു വരുന്നു."[33] ദൈവാരാധനയുടെ നിർവ്വചനത്തിൽ സഭ എന്നു പൊതുവിൽ പറഞ്ഞിരിക്കുന്നതിനെ വിവരിക്കുന്നത് "പ്രാദേശിക സഭകളിലും പ്രാദേശികസഭകളിൽ നിന്നും ആണ് ഏകവും ഏകീയവുമായ കത്തോലിക്കാ തിരുസ്സഭ രൂപം പ്രാപിക്കുന്നത്" എന്നാണ്."

പ്രാദേശികസഭകൾ എന്നതിനെ വീണ്ടും വിശദീകരിക്കുന്നത് "വിശ്വാസികൾ വിവിധ സമൂഹങ്ങളായി മേലധ്യക്ഷ ക്രമത്തിനു കീഴിൽ പ്രാദേശിക സഭകൾ അല്ലെങ്കിൽ റീത്തുകൾ (വ്യക്തിസഭകൾ) ആയി സമ്മേളിച്ചിരിക്കുന്നു" എന്നാണ്.[35] തിരുസ്സഭയുടെ ലക്ഷ്യം ഓരോ വ്യക്തിസഭയുടേയും പാരമ്പര്യങ്ങളെ അഭംഗുരമായും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ്.[36] വ്യക്തി സഭയുടെ കാര്യത്തിൽ ആരാധനക്രമം, സഭാശിക്ഷണം, ആധ്യാത്മിക പിതൃസമ്പത്ത് എന്നിവയുടെ വൈവിധ്യമാണ് തനതാത്മകത പ്രദാനം ചെയ്യുന്നത്.[37] വ്യക്തിസഭ എന്നതു സമൂഹത്തിന്റെ ആധ്യാത്മിക ജീവിതത്തെ സമൂലമായി ബാധിക്കുന്നതാണ്. അതായത് ആരാധനക്രമത്തിലെ പ്രത്യേകതകൾ, കാനൻ നിയമം, ആധ്യാത്മികരീതി, ആശ്രമജീവിതമുറ, ദൈവവിജ്ഞാനീയം, ആരാധനാഭാഷ, ബുദ്ധി വൈഭവം എന്നിവ.[38]

ചാവറയച്ചൻ ദൈവാരാധനക്രമത്തിനു കൊടുത്തിരുന്ന നിഷ്ഠ അത് ആധ്യാത്മികതയ്ക്കുള്ള ഉറവിടം എന്നതിനാലായിരിക്കുമല്ലോ. വിശുദ്ധ കുർബ്ബാനയർപ്പണത്തിന്റെ വിധത്തിൽ ഒരു കുറവും ഉണ്ടാകരുതെന്നത് അദ്ദേഹത്തിന്റെ ആധ്യാത്മികതയിലും നിഴലിച്ചിരുന്നു. റൂഹാദ്ക്കുദ്ശായാൽ ജീവിതകാലം മുഴുവൻ നയിക്കപ്പെട്ടിരുന്നയാളായിരുന്നു ചാവറ.[39] കുർബ്ബാനയർപ്പണവും മാമ്മോദീസാ ജീവിതവും ചാവറയച്ചന്റെ ആധ്യാത്മികതയുടെ ഏറ്റവും വലിയ ഉറവിടമായിരുന്നു. ഇതര ഭക്താനുഷ്ഠാനങ്ങളും മേല്പറഞ്ഞവയുടെ ചൈതന്യത്തിൽ തന്നെ ചാവറയച്ചൻ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.[40] ചാവറയച്ചൻ പ്രോത്സാഹിപ്പിച്ച സാധാരണ ഭക്താഭ്യാസങ്ങൾ നസ്രാണി സഭാ പൈതൃകത്തിനു ചേർന്നവിധമല്ലായെന്നു ചിന്തിക്കുന്നവരുണ്ട്.[41] ചാവറയച്ചൻ നിരവധി ഭക്തികൾ പ്രചരിപ്പിച്ചെങ്കിലും അദ്ദേഹം ആധികാരികമായി കൗദാശികവും സഭാത്മകവുമായ ആധ്യാത്മികതയുടെ ഉടമയായിരുന്നു. അദ്ദേഹത്തെ വിമർശിക്കുന്നവർ മേല്പറഞ്ഞ സത്യം കാണുന്നില്ല.

3. സഭാഭരണം

"അയാളെ അറിഞ്ഞിരുന്നവരൊക്കെയും അയാളുടെ വിശേഷ എളിമയും താഴ്മയും ഏറ്റിക്കപ്പെട്ട ഉപവിയും മേല്പട്ടക്കാരുടെ നേരെയുള്ള കുറവില്ലാത്ത കീഴ്വഴക്കവും ചൊല്ലുവിളിയും എല്ലാവരും ബോധിച്ചിരിക്കയാൽ അയാളുടെ നേരെ മഹാ ആചാരവും പ്രിയവുമായി അയാളുടെ വചനത്തിന്മേൽ മുഴുവനാക്കപ്പെട്ട വിശ്വാസവുമായിരുന്നു. എന്നാൽ ഈ ദേഹത്തിനുള്ള പുണ്യങ്ങളിൽ വിശേഷമായിട്ടു വിളങ്ങി പ്രകാശിച്ച പുണ്യം ശുദ്ധപള്ളിയുടെ മേലും ശുദ്ധ മാർപ്പാപ്പായുടെ മേലുമുള്ള എത്രയും എരിവുള്ള വിശ്വാസവും പ്രിയവുമായിരുന്നു. തിരുസ്സഭയുടെ ക്ലേശങ്ങളിൽ ദു:ഖിതനും പരിശുദ്ധ പിതാവിനെക്കുറിച്ചു കേൾക്കുമ്പോൾ അദ്ദേഹം ഭക്തിയുടെയും ആഹ്ലാദത്തിന്റെയും കണ്ണുനീർ പൊഴിക്കുന്നവനുമായിരുന്നു."[42] തിരുസ്സഭാധികാരവും സഭാഭരണവും ചാവറയെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ സജീവഘടകമായിരുന്നു. ചാവറ സഭാഭരണം ഏറ്റെടുത്തതും മേല്പറഞ്ഞ വിശ്വാസത്തിന്റെ സ്വഭാവത്തിലൂടെയാണ്. എന്നാൽ പരിശുദ്ധ പിതാവിനോടും സഭാഭരണത്തോടും ചാവറ ബന്ധപ്പെട്ടിരുന്നതു മിഷനറിമാർ വഴിയായിരുന്നു.

ചാവറയച്ചന്റെ കാലത്തുണ്ടായിരുന്ന സഭാഭരണത്തിന് ബാബേൽ പാത്രിയാർക്കീസിന്റെ അധികാരവും മെനേസിസ് മെത്രാപ്പോലീത്തായുടെ രാഷ്ട്രീയശക്തിക്കു വിധേയമായിരുന്ന ലത്തീൻ അധികാരവുമുണ്ടായിരുന്നു. ലത്തീൻ ഭരണമെന്നത് മാർപ്പാപ്പായ്ക്കു നേരിട്ടുള്ള സംവിധാനമുള്ളതായിരുന്നതിനാൽ ചാവറ അവലംബിച്ചിരുന്നതു മാർപ്പാപ്പായുടെ പ്രതിനിധികൾ എന്നനിലയിൽ മിഷനറിമാരെയാണ്. അതേസമയം ബാബേൽ പാത്രിയർക്കീസിനോടാണ് നസ്രാണികൾ എന്നും നേരിട്ടു ബന്ധപ്പെട്ടിരുന്നതും സഭാത്മക തനിമയ്ക്കായി ആശ്രയിച്ചിരുന്നതും. ഇവിടെ പ്രശ്നമിതാണ്. മിഷനറിമാരും കൽദായ പാത്രിയർക്കീസും നസ്രാണിമാർക്കു മാധ്യമങ്ങളാണ്.

എന്നാൽ ഭരണസംവിധാനത്തിൽ മാധ്യമങ്ങൾ വിശ്വാസത്തിന്റെ തനതാത്മകത ഉൾക്കൊള്ളുന്നില്ലെങ്കിൽ അത് അപകടകരവും സഭാഭരണത്തെ തന്നെ വിനാശത്തിലേക്കു നയിക്കുന്നതുമാണ്. ഈ പശ്ചാത്തലത്തിൽ ചാവറയിൽ എന്തു സംഭവിച്ചു എന്നതാണ് ചർച്ച ചെയ്യുവാനുള്ളത്. "നിയമത്തെയോ പ്രവാചകന്മാരെയോ നീക്കികളയുവാനല്ല ഞാൻ വന്നത് മറിച്ച് പൂർത്തിയാക്കുവാനാണ്" എന്നു പഠിപ്പിച്ച ഈശോ തികഞ്ഞ യുദനായിരുന്നുകൊണ്ടുതന്നെ സ്നേഹത്തിന്റെ ഉടമ്പടി പൂർത്തിയാക്കി. ഞാൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷ ചെയ്യുവാനും അനേകരുടെ മോചനദ്രവ്യമായി ജീവൻ സമർപ്പിക്കുവാനുമെന്ന് അരുളിച്ചെയ്ത ഈശോ തന്റെ ജീവൻ, യൂദർക്കുവേണ്ടി മാത്രമല്ല, മറിച്ച് എല്ലാമനുഷ്യർക്കും പ്രപഞ്ചം മുഴുവനും വേണ്ടി സമർപ്പിച്ചു. മനുഷ്യർക്കു ജീവൻ സമൃദ്ധിയായി ഉണ്ടാകുന്നതിനുവേണ്ടിയുള്ള വിശ്വാസത്തിന്റെ ജീവിതമായിരുന്നു ഈശോയുടേത്. ഈ ജീവിതശൈലിയിൽ വന്ന മൂന്നു ഘടകങ്ങളാണ് ദൈവവചനം അതിന്റെ പരിശുദ്ധിയിൽ എന്ന അവസ്ഥയും വചനം മാംസത്തിലൂടെ ദൈവിക പദ്ധതിക്കു പ്രതിഷ്ഠിതമായിരുന്നതും ഈ പ്രതിഷ്ഠ ജീവിതാഘോഷമായി മാറിയെന്നതും. ജീവിതാഘോഷത്തിന്റെ അനുഭവമാണ്, ഫലമാണ് ആധ്യാത്മികത. ഇപ്രകാരം ഈശോമിശിഹായിലൂടെ സാക്ഷാത്കരിക്കപ്പെട്ട മാനവ ശുശ്രൂഷയാണ് സഭാഭരണത്തിന്റെ അന്തസ്സത്ത. മേല്പറഞ്ഞ സവിശേഷതകളെല്ലാം ചാവറയിൽ എപ്രകാരം അന്വർത്ഥമായി എന്നതാണ് അറിയേണ്ടത്.

1. ദൈവവചനത്തിന്റെ തനതാത്മകത ചാവറയിൽ.

ചാവറ ആലപിക്കുന്നു:

"ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷ ജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്." [43]

ദൈവചിത്തം, ദൈവമനസ്സ് എന്നത് ദൈവവചനത്തിന്റെ ആവിഷ്ക്കരണമാണ് (ഉത്പ.1; യോഹ.1, എബ്രാ. 4:12). "ഉണ്ടായതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല" എന്ന യോഹന്നാൻ സുവിശേഷകന്റെ പ്രഘോഷണം വച്ചു നോക്കുമ്പോൾ ചാവറയും ദൈവത്തിലുണ്ടായിരുന്ന വചനത്തിന്റെ-ചിത്തത്തിന്റെ-ഒരവതാരമാണ്. എല്ലാവരും അപ്രകാരം തന്നെ. ചാവറ മേല്പറഞ്ഞ സത്യത്തെ അനുഭവിച്ചറിഞ്ഞുവെന്ന് അദ്ദേഹത്തിന്റെ കവിത സൂചിപ്പിക്കുന്നു. അസ്തിത്വപരമായി ചാവറ ദൈവവചനത്തിന്റെ തനതാത്മകത ഉള്ളവനായിരുന്നു. എന്നാൽ മനുഷ്യപ്രകൃതിയിലേക്കു വന്നതുവഴി മനുഷ്യകുടുംബത്തിന്റെയും ചാവറത്തറവാടിന്റെയും പങ്കാളിയായി. ദൈവത്തിൽ ആശയം - വചനം - ആയിരുന്ന ചാവറ മാതാപിതാക്കളിലൂടെ സൃഷ്ടിയുടെ പരിമിതിയിലായി. ഈ പരിമിതിയാണ് വിശ്വാസത്തെ പ്രസക്തമാക്കുന്നതും പ്രതിഷ്ഠ ആവശ്യമാക്കുന്നതും.

2. ദൈവികപദ്ധതിക്കുള്ള പ്രതിഷ്ഠ

ചാവറ പ്രകീർത്തിക്കുന്നു:

> "ആദിനായകനായ സർവ്വേശ്വരൻ
> ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
> ആയതിന്നെന്തു കാരണം ദൈവമേ!
> ആദ്യഹീനനാം നിന്റെ ദയതന്നെ"[44]

ദൈവത്തിന്റെ കരുണയിലും ഔദാര്യത്തിലും ചാവറയ്ക്കുണ്ടായിരുന്ന അവബോധവും ദൈവത്തോടു നിരന്തരം ബന്ധപ്പെട്ടിരുന്ന അവസ്ഥയുമാണ് ദൈവികപദ്ധതിക്കുള്ള പ്രതിഷ്ഠയെന്നു പറയുന്നത്. ദൈവികപ്രതിഷ്ഠ സ്ഥൂലമായിത്തീരുന്നതിനാവശ്യമായ വിശ്വാസത്തിന്റെ തനതാത്മകതയും വിശ്വാസത്തിന്റെ സാമൂഹ്യപരമായ

വശങ്ങളുമാണ് എബ്രായലേഖനം 11:1-40 വരെ വിവരിക്കുന്നത്. ഇവിടെയെല്ലാം വിശ്വാസം ചരിത്രപരമായിത്തീരുന്നു. എന്നാൽ ഈശോമിശിഹായിലാണ് വിശ്വാസത്തിന്റെ വിഷയം പ്രത്യേകവത്ക്കരിക്കപ്പെട്ടിരിക്കുന്നത് (എബ്രാ. 1:1-14). വിശ്വാസത്തിന്റെ കാര്യത്തിൽ ചാവറ ഈശോമിശിഹായ്ക്കു പൂർണ്ണമായി പ്രതിഷ്ഠിതനായിരുന്നു. ഈ പ്രതിഷ്ഠയുടെ പ്രകാശനമാണ് ദൈവാരാധന അല്ലെങ്കിൽ പ്രാർത്ഥന. ദൈവാരാധനയിലൂടെയാണ് മനുഷ്യജീവിതം ഏറ്റവും വലിയ ആഘോഷമായിത്തീരേണ്ടതും.

3. ജീവിതാഘോഷം

ദൈവികപദ്ധതിക്കു മനുഷ്യപ്രകൃതി സ്വീകരിച്ച ഈശോ എങ്ങനെ വിധേയപ്പെട്ടുകൊണ്ടു ജീവിതാഘോഷം നടത്തിയെന്ന് എബ്രായ ലേഖനം വ്യക്തമാക്കുന്നുണ്ട്: "ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരത്തിന്റെ എന്നേക്കുമുള്ള ഏകസമർപ്പണം വഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രാ. 10:10). ഇവിടെയുള്ള സമർപ്പണമാണ് ദൈവാരാധനയായിത്തീർന്നത്. ഈശോമിശിഹായിൽ സംഭവിച്ചതു തന്നെയാണു മിശിഹാനുയായികളിലും സർവ്വോപരി ആചാര്യശ്രേഷ്ഠന്മാരിലും നടക്കേണ്ടത്. ഇപ്രകാരം ചെയ്യുന്ന ശുശ്രൂഷയാണ് സഭാത്മകമായ ഭരണം. അതിനാൽ മിശിഹായോടുള്ള താദാത്മീകരണത്തിന്റെ ആത്മാർത്ഥതയെ അനുസരിച്ചിരിക്കും അതിന്റെ വ്യക്തിത്വം.

സഭാഭരണമെന്നത് അതിന്റെ സാരംശത്തിൽ വിശ്വാസത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവാരാധന തന്നെയാണ്. ദൈവാരാധനയിലൂടെയാണ് അവർക്കു ജീവനുണ്ടാകുന്നതും അതു സമൃദ്ധിയാകുന്നതും (യോഹ. 10:10). ഇതുതന്നെയാണു ശുശ്രൂഷ (മത്താ. 20:28). വ്യക്തിതലത്തിലും സഭാധികാരി എന്ന നിലയിലും ചാവറയച്ചൻ എപ്രകാരം തന്റെ ജീവിതത്തെ സഭാത്മകമായ രീതിയിൽ തനതാത്മകമാക്കി

എന്നാണു ചിന്തിക്കേണ്ടത്. മിശിഹാ എന്ന അടിസ്ഥാനസഭ ഭൂമുഖത്തു രൂപപ്പെട്ടത് ശ്ലൈഹിക പിന്തുടർച്ചയിലൂടെ നിലകൊള്ളുന്നു. ലോകാവസാനംവരെ ഈശോ സഭയോടു കൂടെയുണ്ടായിരിക്കുമെന്നരുളിച്ചെയ്തിട്ടുമുണ്ട് (മത്താ. 28:20). ഈ വിശ്വാസം ചാവറയിലുണ്ടായിരുന്നുവെന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രകടമായിരുന്നു. "എന്നോടുകൂടെ നില്ക്കാത്തവൻ എനിക്ക് എതിരാണ്. എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു" (ലൂക്ക. 11:23) എന്ന കർത്തൃവചനത്താലാണ് ചാവറ കൽദായ റോക്കോസിനെ നേരിട്ടത്.[45] ചാവറയച്ചന്റെ കത്ത് നിരവധി കാര്യങ്ങൾ വെളിച്ചത്തുകൊണ്ടു വരുന്നു. ഒന്നാമത് ചാവറയുടെ വിശ്വാസം മാർത്തോമ്മാശ്ലീഹാ വഴി ലഭിച്ച സഭാത്മക ദാനമാണ്. ഈ ദാനം നസ്രാണി സഭാസമൂഹത്തിന്റേതാണ്, അല്ലാതെ വരാപ്പുഴ സഭാഭരണാധികാരികളുടേതോ ലത്തീൻകാരുടേതോ അല്ല. രണ്ടാമത് വിശ്വാസം പ്രകടമാക്കേണ്ട ദൈവാരാധനയുടെ മേലധ്യക്ഷനാകേണ്ട ചാവറ ശ്ലൈഹിക പിൻതുടർച്ച കണ്ടെത്തേണ്ടത് ലത്തീൻ സഭാപാരമ്പര്യത്തിൽ നിന്നുമല്ല മറിച്ച് നസ്രാണി സഭാപാരമ്പര്യത്തിൽ നിന്നുമായിരുന്നു. മൂന്നാമതു ചാവറയുടെ സഭാധികാരിയെന്ന നിലയിൽ ഉള്ള ജീവിതശൈലി ഉരുത്തിരിയേണ്ടിയിരുന്നത് പത്തൊമ്പതു വർഷത്തെ സഭാപൈതൃകത്തിൽ നിന്നുമായിരുന്നു. എന്നാൽ സംഭവിച്ചത് വിദേശ മിഷനറിമാരുടെ ലത്തീൻ സഭാവിശ്വാസത്തിന്റേയും, വൈദേശികാരാധനക്രമസംവിധാനത്തിന്റേയും വക്താവായി ചാവറയെ ലത്തീൻ മെത്രാന്മാർ കരുവാക്കി എന്നതാണ്. ചാവറയെ നയിച്ചിരുന്ന ശക്തി സുവിശേഷത്തിന്റെയും (മത്താ. 16:17-19; 28:18-20; യോഹ. 20:21-23) ലത്തീൻ സഭാപാരമ്പര്യത്തിന്റേതുമായിരുന്നു. 1599-ലെ ഉദയം പേരൂർ സൂനഹദോസുമുതൽ നിലവിൽ വന്ന ലത്തീൻ ഭരണത്തിന് അനുസൃതമാണ് ചാവറയെ നയിച്ചിരുന്ന സഭാധികാരികൾ പ്രവർത്തിച്ചത്. ഈ നടപടി സഭാത്മക വ്യക്തിത്വം കണക്കിലെടുക്കുമ്പോൾ തെറ്റായ ഒരു ശൈലിയായിരുന്നു. ഈ ശൈലിയോട് ചാവറ

സഹകരിച്ചതു ശരിയോ, തെറ്റോ എന്നു വിധിക്കുമ്പോൾ ചരിത്രവും മനുഷ്യാവതാരപരതയും മന:ശാസ്ത്ര ഘടകങ്ങളും സാമൂഹ്യശാസ്ത്ര വിചിന്തനവുമെല്ലാം കണക്കിലെടുക്കണം. എന്നാൽ ചാവറ ചെയ്തത് "നിങ്ങളെ കേൾക്കുന്നവർ എന്നെ കേൾക്കുന്നു" (ലൂക്ക. 10:16) എന്ന സുവിശേഷസത്യമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചാവറയച്ചൻ, അന്നു തന്നെയും നസ്രാണി സഭയേയും ഭരിച്ചിരുന്നവരെ റോമിന്റെ പ്രതിനിധികളായി കണ്ടുകൊണ്ടു സ്വീകരിച്ചിരുന്നു. അനുസരണത്തിന്റെ കാര്യത്തിൽ ചാവറ ചെയ്തതു ശരിയെങ്കിലും സഭാ ജീവിതശൈലിയുടെ കാര്യത്തിൽ വ്യതിചലിച്ചു. ഇതിനുള്ള ഉത്തരവാദിത്വം അന്നത്തെ ലത്തീൻ ഭരണാധികാരികൾക്ക് ഉള്ളതുമായിരുന്നു. അവർ സഭയെ സഭകളുടെ കൂട്ടായ്മയായി കണ്ടിരുന്നില്ല. പ്രാദേശിക സഭകളുടെ വ്യക്തിത്വത്തെ അംഗീകരിക്കുകയോ, ബഹുമാനിക്കുകയോ ചെയ്തിരുന്നില്ല.[46] ഓരോ വ്യക്തി സഭയ്ക്കും തനതായ ആധ്യാത്മികത ഉണ്ട് എന്നതാണ് സഭയുടെ പഠനം.[47]

4. ആധ്യാത്മികത- ജീവിതാഘോഷത്തിന്റെ ഫലം

ഭാരത സഭയേയും പ്രത്യേകിച്ച് നസ്രാണി വ്യക്തിസഭയേയും കാതലായ രീതിയിൽ കടന്നാക്രമിച്ച ഒരു സംഭവമായിരുന്നു ഭാരതത്തിലെ ലത്തീൻ ഭരണം. ഈ കാര്യത്തിൽ വേണ്ടത്ര വിവേചന ലത്തീൻ ഹയരാർക്കിയിൽ നിന്നുമുണ്ടായിട്ടില്ല എന്നതാണ് സത്യം. അതുകൊണ്ട് തന്നെ ചാവറയുടെ ആധ്യാത്മികതയെ രൂപപ്പെടുത്തിയ ലത്തീൻ മേലധ്യക്ഷക്രമം, നസ്രാണി സഭയുടെ ആധ്യാത്മികതയേയും വിരൂപപ്പെടുത്തിയിരുന്നു. ഫലം നസ്രാണി സഭാ ജീവിതശൈലിയിൽ ഉണ്ടായ കാതലായ മാറ്റമാണ്. ഈ ഭവിഷ്യത്ത് അന്ന് എന്നതിനെക്കാൾ കൂടുതൽ സങ്കീർണ്ണമായിരിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ്.[48] ഇന്നത്തെ സങ്കീർണതയ്ക്കു കാരണം രണ്ടുവിധ പാരമ്പര്യങ്ങളുടെ അംശങ്ങൾ അവശേഷിക്കുന്നതാണ്.[49] ഒന്നാമത്തെ പാരമ്പര്യം

ശ്ലൈഹിക ജീവിതാഘോഷത്തിൽ നിന്നും സഭാപിതാക്കന്മാർ ഏറ്റു വാങ്ങി രൂപപ്പെടുത്തി ഭാവിതലമുറയ്ക്കു കൈമാറിയ നസ്രാണി ആധ്യാത്മികതയായ മാർത്തോമ്മായുടെ മാർഗ്ഗമാണ്.[50] റോമാ കേന്ദ്രമായ പത്രോസിന്റെ 'സിംഹാസനം' ലത്തീൻ സഭാപാരമ്പര്യത്തിന്റെ കേന്ദ്രമാണ്. എന്നാൽ സാർവ്വത്രിക സഭയുടെ വേദപുസ്തകാധിഷ്ഠിതവും വിശ്വാസാധിഷ്ഠിതവുമായ സിംഹാസനം തോമ്മായുടേതാണ്.[51] കേപ്പായുടെ നിയമത്തെക്കാൾ 'ആത്മീയതയുടെ നിയമം ദൈവാരാധനയുടേതെന്ന' അടിസ്ഥാനത്തിൽ തോമ്മായുടെ നിയമമാണ് ശ്രേഷ്ഠം.[52]

തോമ്മായുടെ നിയമമെന്നത് സുവിശേഷത്തിനുള്ള സമ്പൂർണ്ണമായ പ്രത്യുത്തരമാണ്. നമുക്കും അവനോടുകൂടെ പോയി മരിക്കാമെന്നു (യോഹ. 11:16) പ്രഖ്യാപിച്ച തോമ്മാശ്ലീഹായാണ് വിശ്വാസത്തിന്റെ നിയമത്തിന് സാക്ഷ്യം നൽകിയത്. ജീവിതബന്ധിയായ വിശ്വാസവും വിശ്വാസപരമായ ജീവിതവും മാർത്തോമ്മായിൽ ഒന്നു ചേർന്നിരുന്നു.

മാർത്തോമ്മാ നസ്രാണികൾക്കു പൈതൃകമായി ലഭിച്ച ആധ്യാത്മികത തന്നെയാണ് ചാവറയേയും കാതലായി സ്വാധീനിക്കേണ്ടിയിരുന്നത്. എന്നാൽ സഭാഭരണത്തിൽ മേല്പറഞ്ഞതിനനുസരിച്ച് സാധിച്ചില്ല.

6:3 സഭാധികാരികൾ

ചാവറയുടെ ആധ്യാത്മികതയെ സഭാധികാരികൾ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിച്ചതിനെക്കുറിച്ചാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്.

മലബാർ പാരമ്പര്യമനുസരിച്ച്, മാർത്തോമ്മാ ശ്ലീഹായാണ് കിഴക്കൻ സുറിയാനി സഭകളുടെ പ്രഥമശ്രേഷ്ഠാചാര്യനും ഭാരതനസ്രാണികളുടെ പരിശുദ്ധസിംഹാസന സ്ഥാപകനും.[53] മാർത്തോമ്മായുടെ പരിശുദ്ധസിംഹാസനമെന്ന പ്രയോഗം ഉള്ളതായിക്കാണുന്നു.[54]

ഇന്നു സഭയിൽ നിലവിലിരിക്കുന്ന സഭാഭരണവും സഭാധികാരികളും റോമൻ സഭയുടെ ഭരണത്തിന്റെ അവശിഷ്ടമാണ്.[55] 16-ാം നൂറ്റാണ്ടു തുടങ്ങി ഭാരതത്തിലെ നസ്രാണികളുടെ കാര്യത്തിൽ, പോർട്ടുഗീസ് ഭരണത്തിന്റെ സ്വാധീനത്താലും റോമിന്റെ വിശ്വാസ പ്രചാരണസംഘടനയായ പ്രൊപ്പഗാന്തയിൽ നിന്നുവന്ന കർമ്മെലീത്ത ഭരണത്താലും റോമൻ ഭരണരീതിയാണു ശക്തമായിത്തീർന്നത്. ഈ നില നസ്രാണികളുടെ ഇടയിൽ 1923 വരെ ശക്തിപ്പെട്ടിരുന്നു. അതായത് പൗരസ്ത്യരുടെ പാപ്പാ എന്നു വിശേഷണമുണ്ടായിരുന്ന പീയൂസ് 11-ാമൻ പാപ്പാ 1923 ഡിസംബർ 20-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ വ്യക്തിത്വം പ്രഖ്യാപിച്ചതുവരെ തുടർന്നിരുന്നു.[56] 1830-കൾ തുടർന്നുള്ള ചാവറയച്ചന്റെ സഭാസ്ഥാപനപരമായ നീക്കങ്ങൾ റോമൻ-ലത്തീൻ ഭരണാധികാരികളുടെ മേലധ്യക്ഷക്രമപരമായിരുന്നു എന്നത് ചരിത്രസത്യമാണ്. [57] അതിനാൽ ചാവറയുടെ ആധ്യാത്മികതയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ നസ്രാണികളുടെ സഭാധികാരപരമായ ആധികാരികത കണ്ടെത്തേണ്ടതുണ്ട്. അതിനായി ഓറെശ്ലെമിൽ ആരംഭിച്ച മെശയാനിക സഭാധികാരത്തേയും അതിന്റെ വികാസത്തേയും ഭരണത്തിലുണ്ടായ അസ്തിത്വപരമായ അതിന്റെ വ്യക്തിത്വത്തേയും കുറിച്ചാണിവിടെ പ്രതിപാദിക്കുന്നത്.

മെശയാനികരുടെ സഭാഭരണപരമായ തനിമ ശുശ്രൂഷാപരമായിരിക്കണമെന്നാണ് ഈശോമിശിഹാ പ്രഖ്യാപിക്കുന്നത്: "സേവനം സ്വീകരിക്കാനല്ല, പ്രത്യുത, സേവനം ചെയ്യുന്നതിനും അനേകരുടെ വിമോചനമൂല്യമായി സ്വജീവൻ സമർപ്പിക്കുന്നതിനുമായി മനുഷ്യപുത്രൻ ആഗതനായതു പോലെ തന്നെ" (മത്താ. 20:28). ഈശോയുടെ നയപ്രഖ്യാപനം നടപ്പാക്കിയതിനെക്കുറിച്ച് യോഹന്നാൻ ഏവൻഗേലിസ്താ (സുവിശേഷകൻ) പറയുന്നു: "അവിടുന്നു (ഈശോ) ലോകത്തിൽ തനിക്കു സ്വന്തമായുണ്ടായിരുന്നവരെ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു" (യോഹ. 13:1). ഈശോ ആഗതനായതും മറ്റൊന്നിനും വേണ്ടിയായിരുന്നില്ലായെന്നും പറയുന്നു: "ഞാൻ വന്നിരിക്കുന്നത്

അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനു മാണ്" (യോഹ. 10:10). ഈശോ തന്നെത്തന്നെ മനുഷ്യർക്കു നൽകി യത് സ്ലീവാമരണത്തിലൂടെയാണ്. ഈശോ വിനാഗിരി സ്വീകരിച്ചശേഷം അരുളിച്ചെയ്തു: "പൂർത്തിയായിരിക്കുന്നു. അനന്തരം അവിടുന്നു തല ചായിച്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ. 19:30). ഈ സംഭവത്തിനു ദൃക്സാക്ഷിയായ യോഹന്നാൻ നൽകുന്ന സാക്ഷ്യം: "പടയാളികളിൽ ഒരാൾ അവിടുത്തെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അവിടെ നിന്നു രക്തവും ജലവും ഒഴുകി" (യോഹ. 19:34-35). ദൈവ നിശ്ചയത്താലും മനുഷ്യാഭിമുഖ്യത്താലും സഭാധികാരിയായിത്തീർന്ന - സഭയായിത്തീർന്ന - മിശിഹാ സംഭവമാണ് സ്ലീവാനുഭവത്തിലൂടെ മാനവരാശിക്ക് ലഭിച്ചത് (യോഹ. 10:36; 1 കോറ. 12:27). ഈശോയാ കുന്ന സഭയുടെ ഒരു ആചാര്യനായിത്തീർന്ന തോമ്മാശ്ലീഹായുടെ ജീവിതാഭിമുഖ്യം ഇപ്രകാരമായിരുന്നു: "നമുക്കും പോകാം; അവിടു ത്തോടു കൂടെ മരിക്കാം" (യോഹ. 11:16). കാരണം തോമ്മാശ്ലീഹാ യോട് ഈശോ അരുളിച്ചെയ്യുന്നു: "ഞാനാകുന്നു വഴിയും സത്യവും ജീവനും, എന്നിൽ കൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു വരുന്നില്ല" (യോഹ. 14:6,7). മനുഷ്യപുത്രനാകുന്ന മാർഗ്ഗത്തെ സ്വന്ത മാക്കി ഓറെഷ്ലെമിൽ സമാരംഭിച്ച തോമ്മാശ്ലീഹായുടെ സഭാത്മക ജീവിതമാണ് കിഴക്കിനും ഭാരതത്തിനും ലോകം മുഴുവനും മാതൃകയും അടിസ്ഥാനവുമായിത്തീർന്ന 'ആധ്യാത്മിക പരിശുദ്ധ സിംഹാസനം.' മാർത്തോമ്മാ ശ്ലീഹാ നടത്തിയ വിശ്വാസപ്രഖ്യാപനമാണ് പരിശുദ്ധ സിംഹാസനത്തിന്റെ നിയമസംഹിതയും സഭാധികാരികളുടെ ജീവി തനിയമവും. അതിനാൽ സഭാധികാരികളെക്കുറിച്ചുള്ള ചർച്ച തോമ്മാ ശ്ലീഹായുടെയും മറ്റു ശിഷ്യരുടെയും മിശിഹാനുഭവത്തിലൂടെയാണു കാണേണ്ടത്.

ഈശോമിശിഹായുടെ മഹത്ത്വീകരണത്തിനു സാക്ഷിയായ തോമ്മാശ്ലീഹാ പൗരസ്ത്യദേശങ്ങളിൽ സുവിശേഷമറിയിച്ചു. വിശുദ്ധ

ശ്ലീഹന്മാരുടെ പ്രബോധന ക്സാവായിൽ (പുസ്തകം) പറയുന്നതനു സരിച്ച് ഭാരതവും സമീപ പ്രദേശങ്ങളും തോമ്മായിൽ നിന്നു പൗരോ ഹിത്യത്തിന്റെ ക്രൈസ്തവിക കൈവയ്പു സ്വീകരിച്ചു. ഈ സഭയിൽ ശ്ലീഹാ ആചാര്യനുമായിരുന്നു. ഭാരതത്തിൽ സുവിശേഷമറിയിച്ച മാർ തോമ്മാ ശ്ലീഹാ, കൊടുങ്ങല്ലൂർ വച്ചു മാനസാന്തരപ്പെട്ട കേപ്പായെ ഭരണകർത്താ വായി നിയമിച്ചു. കൂടാതെ ആചാര്യന്മാരും റമ്പാൻമാരും തോമ്മായാൽ നിയമിതരായി. പാണ്ടിദേശത്തു മെത്രാനായത് പൗലോസാണ്.ഇവ യെല്ലാം റമ്പാൻ പാട്ടിൽ കാണുന്നവയാണ്.[58] പകലോമറ്റം മാളിയേ ക്കൽ തായ്വഴികളിൽ നിന്നും ആചാര്യന്മാരെ വാഴിച്ചിരുന്നു. കൊടു ങ്ങല്ലൂർ ആചാര്യശ്രേഷ്ഠന്മാരുടെ സിംഹാസനവുമായിരുന്നു. തോമ്മാ ശ്ലീഹാ സമാരംഭിച്ച ആചാര്യത്വക്രമം നാലാം നൂറ്റാണ്ടുവരെ നിന്നിരു ന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കാരണം ഭാരതത്തിൽ ക്രൈസ്തവിക വിശ്വാസപാരമ്പര്യം ഒരിക്കലും നിലച്ചില്ലായിരുന്നുവെന്നതു തന്നെ. ഏതദ്ദേശീയരായ സഭാധികാരികളിൽ നിന്നു നസ്രാണി സഭ ഏറ്റു വാങ്ങിയത് ഓറെശ്ലീമിൽ മിശിഹാ സ്ഥാപിച്ച സുറിയാനിസഭാ പാരമ്പര്യവും അതിന്റെ അടിസ്ഥാനമായ മാർ വാലാഹ് വിശ്വാസവു മാണ്. ഈ വിശ്വാസത്തിന്റെ കൈമാറ്റമാണ് മാമ്മോദീസായിലൂടെയും ഇതരകൈവയ്പു ദൈവാരാധനയിലൂടെയും കൈമാറിയത്. ഇവിടെ അധികാര കൈമാറ്റമെന്നതല്ല പൗരസ്ത്യ പാരമ്പര്യത്തിൽ നടക്കുന്നത് മറിച്ച്, ദൈവികതയുടെ മാനവശുശ്രൂഷ (മത്താ. 20:28) എന്ന വിശ്വാ സദാനമാണ്, ആധ്യാത്മികതയാണ്. ഇപ്രകാരമുള്ള ആധ്യാത്മിക പൈതൃകം സഭാധികാരികളുടെ വൈവിധ്യത്തിലൂടെ വൈരുദ്ധ്യമാ യിത്തീർന്നാൽ സഭാത്മകതയുടെ മെശയാനിക ചൈതന്യം നഷ്ടപ്പെ ടും. നാലാം നൂറ്റാണ്ടു മുതൽ ആരംഭിച്ച ചൈതന്യശോഷണം ചാവറ യുടെ കാലത്തും നിലനിന്നിരുന്നു. അതുകൊണ്ട് ചാവറയച്ചനും നസ്രാണി ആധ്യാത്മികതയുടെ സുവിശേഷാത്മകവും ക്രൈസ്തവിക വുമായ തനിമ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഇവിടെ സൂചിപ്പിച്ച

ആധ്യാത്മിക ശോഷണത്തെ കൽദായ, ലത്തീൻ ഇടപെടൽവഴി എന്തായി എന്നതിനെക്കുറിച്ചു പരിമിതമായി ചർച്ച ചെയ്യാം.

3. കൽദായ പാരമ്പര്യം

എ.ഡി. 295-ലാണ് പേർഷ്യയിൽ നിന്നും ആദ്യമായി മാർ ദാവീദ് എന്നൊരു മെത്രാപ്പോലീത്താ ഭാരതത്തിന്റെ സഭാധികാരിയായി വന്നത്.[59] പേർഷ്യൻ സഭയിൽ നാലാം നൂറ്റാണ്ടിൽ ഉണ്ടായ രസക്കേട്, സെലൂഷ്യാ, സ്റ്റെസിഫോണിലെ മെത്രാനായിരുന്ന പാപ്പാ, ആ സഭയെ റോമൻ സാമ്രാജ്യത്തിലെ സഭയുടെ മാതൃകയിൽ സംഘടിപ്പിക്കുവാൻ ശ്രമിച്ചതാണ്. സഭയെ പ്രവിശ്യകളായി തിരിച്ചു സംഘടിപ്പിക്കുന്ന രീതിയായിരുന്നു റോമാസഭയ്ക്കുണ്ടായിരുന്നത്. അതു പേർഷ്യൻ സഭയിലേക്കും വ്യാപിക്കുമല്ലോ. പ്രവിശ്യയുടെ മെത്രാന്മാർ വൻനഗരങ്ങളിൽ കേന്ദ്രീകൃതമാകുന്ന മെത്രാപ്പോലീത്താമാർക്കു കീഴ്പ്പെട്ടിരുന്നു. സഭാത്മക പ്രാധാന്യം നിശ്ചയിക്കുന്നത് ദൈവികതയുടെ കൈമാറ്റമനുസരിച്ചായിരിക്കണമെങ്കിൽ ഓറെശ്ലെമാണ് ഏറ്റവും പ്രധാനപ്പെട്ട സഭാകേന്ദ്രം. പക്ഷേ കേസറിയായിലെ സഭ ഓറെശ്ലെം സഭയെ അധീനപ്പെടുത്തി.[60] ഇങ്ങനെയുള്ള കിടമത്സരം പേർഷ്യൻ കൽദായ സഭയുടെ തുടക്കത്തിൽ തന്നെ ഉണ്ടായിരുന്നു. കൽദായ സഭ എന്നത് സെലൂഷ്യ, സ്റ്റെസിഫോണിലെ സഭയാണ്. പേർഷ്യൻ സഭയിൽ നിന്നു വ്യത്യസ്തമായി ഇരട്ട നഗരങ്ങളുടെ തലവൻ കാതോലിക്കോസ് പാത്രിയർക്കീസായി അധികാരത്തിൽ വന്നു. ഇതിനിടെ പേർഷ്യൻ സഭയ്ക്കും സ്വയം ഭരണാവകാശം കൈവന്നു. ഭാരത നസ്രാണികൾ പേർഷ്യയിലെ മെത്രാപ്പോലീത്താവഴി പരോക്ഷമായി കൽദായ പാത്രിയർക്കീസിനു കീഴ്പ്പെട്ടിരുന്നു. ഭാരതസഭ ക്രമേണ മെത്രാപ്പോലീത്തൻ പദവിയിലെത്തി. ഒൻപതാം നൂറ്റാണ്ട് ആരംഭത്തിൽ കൽദായ പാത്രിയർക്കീസ് തിമോത്തി ഒന്നാമൻ ഭാരതസഭയെ പേർഷ്യൻ സഭയുടെ അധീനതയിൽ നിന്നും വിടർത്തി തന്റെ കീഴിലാക്കി. ഓറെശ്ലെം

കേസറിയായ്ക്കും, പേർഷ്യ സെലൂഷ്യാ സ്റ്റെസിഫോണിനും എതിരായി നടത്തിയ നീക്കങ്ങൾ ഭാരത സഭയെ ബാധിച്ചിട്ടില്ല. തിമോത്തി ഒന്നാമന്റെ കാലമായ (9-C)-ൽ ഭാരത മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ സഹായിയും ഇന്ത്യക്കാർ തന്നെയായിരുന്നു.[61] സാമന്ത മെത്രാന്മാരുടെ സാന്നിധ്യത്തിൽ ജനങ്ങൾ തന്നെയാണ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തിരുന്നത്. 'ഭാരതമൊക്കെയുടെയും മെത്രാപ്പോലീത്തായും കവാടവും' എന്നത് റോമാ സ്വാധീനം കൂടാതെ ഭാരതത്തിൽ രൂപം കൊണ്ട ഒരു ഭരണമാണ്.

കൽദായ പാത്രിയർക്കീസായ തിമോത്തി ഒന്നാമന്റെ കാലശേഷം നാട്ടുകാരായ മെത്രാന്മാരുടെ സ്ഥാനത്ത് കൽദായ മെത്രാന്മാർ വന്നു തുടങ്ങി. ഈ രീതിയിൽ അവസാനത്തെ മെത്രാപ്പോലീത്താ ആയിരുന്നത് മാർ അബ്രാഹം (+1597) ആണ്. കൽദായ പാത്രിയർക്കീസായിരുന്ന അബ്ദീശോ (1567) ഭാരത നസ്രാണികളെ രണ്ടു ഗണമായിതിരിച്ച് മാർ അബ്രാഹത്തിനും മാർ യൗസേപ്പിനും നൽകി. മാർ അബ്രാഹത്തിന്റെ ആസ്ഥാനവും രൂപതയും അങ്കമാലിയായിരുന്നു. ഭാരതത്തിലെ മെത്രാപ്പോലീത്തായ്ക്ക് ഭാരതം മുഴുവന്റെയും സമീപസ്ഥലങ്ങളുടെയും ആർച്ചുഡീക്കൻ ഉണ്ടായിരുന്നു.[62] മെത്രാന്മാർക്കുമുണ്ടായിരുന്നു ആർച്ചുഡീക്കന്മാർ. ഈ വിധത്തിലുള്ള സഭാധികാരികൾ പോർട്ടുഗീസുകാരുടെ കാലംവരെയും ഉദയം പേരൂർ സൂനഹദോസുവരെയുമുണ്ടായിരുന്നു.

b. ലത്തീൻ ഇടപെടൽ

പോർട്ടുഗീസുകാരുടെ സ്വാധീനത്തിൽ ഭാരത നസ്രാണികൾ വന്നതു മുതൽ പോർട്ടുഗീസ് രാജാവിനോടു ബന്ധപ്പെട്ടാണു സഭാപരമായ കാര്യങ്ങളും നീങ്ങിയത്. കൽദായ പാത്രിയർക്കീസിന്റെ കീഴിൽ നിന്നു നസ്രാണികളെ വേർപെടുത്തി ലത്തീൻ രീതിയിൽ

എല്ലാം ആക്കിത്തീർക്കുവാൻ പോർട്ടുഗീസുകാർ പരിശ്രമിച്ചു. അങ്ങനെ പദ്രുവാദോ ഭരണം ഭാരത നസ്രാണികളുടെ ഇടയിൽ നിലവിൽ വന്നു. പദ്രുവാദോ സഭാധികാരികൾ ഭാരത നസ്രാണികളെ ലത്തീനീകരിച്ച തിന്റെ നിർണ്ണായക സംഭവമായിരുന്നു ഉദയംപേരൂർ സൂനഹദോസ്.[63] 1565-ൽ പാപ്പാ പീയൂസ് 4-ാമൻ മാർ അബ്രാഹത്തെ അങ്കമാലിയുടെ മെത്രാപ്പോലീത്താ .ആയി നിശ്ചയിച്ചുവെങ്കിലും പോർട്ടുഗീസുകാർ മാർപ്പാപ്പായ്ക്കു കീഴ്പ്പെട്ടിരുന്ന അബ്ദീശോ പാത്രിയർക്കീസിനെ അംഗീകരിക്കാതെ എതിരായി നീങ്ങി. പാപ്പായുടെ നിർദ്ദേശ പ്രകാരം പാത്രിയർക്കീസിനാൽ നിയമിതനായ മാർ അബ്രഹാം തന്റെ കീഴിൽ ജോലി ചെയ്യുന്നതിനായി ഈശോസഭക്കാരെ ക്ഷണിച്ചു വരുത്തി. പോർട്ടുഗീസുകാർ റോമിനെ സ്വാധീനിച്ച് ഭാരത നസ്രാണികളുടെ മേൽ ഭരണമേറ്റെടുത്തു. തുടർന്നുള്ള സംഘർഷത്തിൽ 1663-ൽ കൂനൻ കുരിശു സത്യവും പ്രൊപ്പഗാന്തായുടെ ഇടപെടലും വഴി ഭാരത നസ്രാ ണികൾ കൂടുതൽ അടിമകളായിത്തീർന്നു. ഈ സ്ഥിതി 1886 വരെ തുടരുകവഴി പദ്രുവാദോയും പ്രൊപ്പഗാന്തായും ഭാരതനസ്രാണി സഭയെ ലത്തീനീകരിച്ചു.[64] ഈ കാലഘട്ടത്തിലാണ് പ്രൊപ്പഗാന്താ യുടെ കീഴിൽ കർമ്മെലീത്തർ കേരളത്തിൽ സഭാധികാരികളാകുകയും അവരുടെ സഹായത്താൽ ചാവറയച്ചൻ തന്റെ പൗരോഹിത്യ സന്ന്യാ സസഭാ ജീവിതം നയിക്കുകയും ചെയ്തത്.

റൂഹാദ്ക്കുദ്ശായുടെ നിവേശനത്തേക്കാൾ ഭൗതികാധി കാരത്തിന്റെ സ്വാധീനമാണ് റോമൻ, പേർഷ്യൻ, കൽദായ, ലത്തീൻ സഭാധികാരികൾ നടപ്പാക്കിയത്. അതുകൊണ്ട് ഓറെശ്ലെമിലെ സുറി യാനി സഭയുടെ ചൈതന്യം മാർത്തോമ്മാശ്ലീഹാ തന്റെ വിശ്വാസ ത്തിലൂടെ പകർന്നത് അതിന്റെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കു വാൻ കൽദായ സഭയ്ക്കോ ലത്തീൻ സഭയ്ക്കോ സാധിച്ചില്ല. എന്നാൽ മാർത്തോമ്മാ നസ്രാണികൾ മേല്പറഞ്ഞ വിശ്വാസപാരമ്പര്യം കാത്തു

സൂക്ഷിച്ചുവെന്നത് കത്തോലിക്കാസഭാ ചരിത്രത്തിൽ ഏകാന്തവിശിഷ്ടമായ ഒരു സംഭവമാണ്. ചാവറയച്ചൻ 1829-ൽ പൗരോഹിത്യം സ്വീകരിച്ചതും 1855 ഡിസംബർ 8-നു വ്രത ജീവിതമാരംഭിച്ചതും ഉൾപ്പെടെ 1871 ജനുവരി മൂന്നിനു സ്വർഗ്ഗം പ്രാപിച്ചതുവരെ, അദ്ദേഹത്തെ നയിച്ചിരുന്നത് കർമ്മെലീത്താ സഭാധികാരികളായിരുന്നു.

ചാവറയച്ചന്റെ മുന്നോടികളായിരുന്ന പാലയ്ക്കൽ, പോരൂക്കര മല്പാന്മാർ തുടക്കത്തിൽ ഡോം തോമസ് അക്വിനാസ് O.P യുടെ (1821-1838) കീഴിലും മോൺസിഞ്ഞോർ മിലസ് പ്രൊണ്ടർ ഗാസ്സ OCD (സപാദുക ഐറിഷ് കർമ്മെലീത്തർ) യുടെ കീഴിലും തുടർന്ന് മൗറേലിയൂസ് സ്തബിലീനി OCD (1827-1831) യുടെ കീഴിലും വി. അന്നായുടെ മോൺസിഞ്ഞോർ ഫ്രാൻസീസ് സേവ്യർ OCD (1831-1844) യുടെ കീഴിലും, മോൺസിഞ്ഞോർ ലുദവിക്ക് OCD (1844-1853) യുടെ ഭരണത്തിലും മോൺസിഞ്ഞോർ ബർണഡിൻ ബച്ചിനേല്ലി OCD (1868 വരെ) യുടെ സംരക്ഷണയിലും മോൺസിഞ്ഞോർ ലെയോനാർദ OCD (1868-1877) യുടെ കീഴിലും ആയിരുന്നു.[65] ഇവിടെ സൂചിപ്പിച്ച എല്ലാവരും തന്നെ ലത്തീൻ വ്യക്തി സഭയിലെ സഭാധികാരികളും ചാവറയുടെ ആധ്യാത്മികതയെ സാരമായി രൂപപ്പെടുത്തിയവരുമായിരുന്നു. എന്നാൽ സഭാത്മക സിദ്ധിയിലൂടെ സഭാനേതാവായ ചാവറയുടെ ആധ്യാത്മികതയേയും സഭാസിദ്ധിയേയും കണക്കിലെടുക്കുമ്പോൾ സമഗ്രമായ ഒരു വീക്ഷണം വേണം. ഈ വീക്ഷണത്തിന്റെ മാനദണ്ഡം ഈശോമിശിഹായിലൂടെ മാനവകുലത്തിനു ലഭിച്ച ദൈവിക ജീവനും അത് ഏറ്റുവാങ്ങിയ തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവുമാണ്. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം സഭാത്മകമായി തീർന്നതാണു തോമ്മായുടെ നിയമം. തോമ്മായുടെ നിയമത്തിൽ വന്ന കലർപ്പുകളെ മറ്റു പ്രക്രിയയിലൂടെ ശുദ്ധീകരിച്ചെടുക്കുമ്പോൾ ചാവറയുടെ ആധ്യാത്മികതയും വിലയിരുത്തലിനു വിധേയമാകും. ഓറെയ്ൽം

സുറിയാനി സഭയുടെയും നസ്രാണി വ്യക്തിത്വത്തിന്റെയും തനിമ സുപ്രധാനമാണ്.

യോഹന്നാൻ പൗലോസ് ദ്വീതിയൻ പാപ്പായുടെ ശ്ലൈഹിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു: "എന്റെ ദൃഷ്ടി ഓറെശ്ലേമിൽ നിന്നു പ്രകാശിക്കുന്ന കിഴക്കിന്റെ വെളിച്ചത്തിലേക്ക് (ഏശ. 60:1; വെളി. 21:10) ഞാൻ തിരിക്കുന്നു. ആ നഗരത്തിലാണ്, ദൈവവചനം, നമ്മുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായത്. "ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ച്" (റോമ. 1:3; 2 തിമോ. 2:8) ഒരു യൂദൻ, മരിക്കുകയും ഉയിർത്ത് എഴുന്നേല്ക്കുകയും ചെയ്തത്. ഈ വിശുദ്ധ നഗരത്തിലാണ് പന്തക്കുസ്താദിവസത്തിൽ "അവരെല്ലാമൊരിടത്ത് ഒരുമിച്ചുകൂടിയിരിക്കുമ്പോൾ" (നട. 2:1) മറിയത്തിന്റെയും ശിഷ്യന്മാരുടെയും മേൽ പാറക്ലേത്താ അയയ്ക്കപ്പെട്ടത്. അവിടെ നിന്നാണ് സുവിശേഷം ലോകത്തെമ്പാടും പ്രചരിച്ചത്".[66] എല്ലാ സഭകളുടെയും മാതാവിനെ ഓറെശ്ലേം സഭയിലാണ് മാർപ്പാപ്പായും ദർശിക്കുന്നത്.[67] ഓറെശ്ലേമിന്റെ തനിമയെ മാർപ്പാപ്പാ എടുത്തു കാണിക്കുന്നു. "മറ്റേതു സംസ്ക്കാരത്തോടു താരതമ്യപ്പെടുത്തിയാലും സഭ പിറന്നു വീണ പ്രാരംഭരംഗമെന്ന നിലയിൽ, മെശയാനിക കിഴക്കിനും തനിമയാർന്ന പ്രത്യേക ദൗത്യമുണ്ട്."[68] ഓറെശ്ലേം നഗരത്തിൽ നിന്നും ഭാരതത്തിൽ വന്ന തോമ്മാശ്ലീഹായാണ് സുവിശേഷത്തിലെ മിശിഹായിലുള്ള വിശ്വാസം ദൈവവചനത്തിനു കൈമാറിയത്. ഈ സുവിശേഷം മൗലികമായി സ്വീകരിച്ച ഭാരത നസ്രാണി സഭയിൽ രൂപം കൊണ്ട ആശ്രമത്തിന്റെ അടിസ്ഥാനക്കാരനായ ചാവറയുടെ ആധ്യാത്മിക പൈതൃകം, "കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്കടിപ്പെട്ടു തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽ നിന്നു വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്കു തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്" എന്ന സഭയുടെ പ്രബോധനമനുസരിച്ച് കാണേണ്ടതുണ്ട്.[69] നസ്രാണി വ്യക്തി സഭയുടെ വിശ്വാസം സുവിശേഷത്തിലെ മിശിഹായിലാണ്. അതുകൊണ്ട് സി.എം.ഐ. സഭയുടെയും

ചാവറയുടെയും സൈദ്ധികവും ചൈതന്യപരവുമായ അടിസ്ഥാനം കൽദായ, ലത്തീൻ സഭാധികാരികളുടെ സ്വാധീനത്തിലല്ല, മറിച്ച് സഭാ പാരമ്പര്യത്തിലും സുവിശേഷത്തിലുമാണ്.[70]

6:4 പരീക്ഷണം

"വികാരിമാരും സന്ന്യാസിമാരും വൈദികരും ജനങ്ങളും പ്രത്യേക മെത്രാനു വേണ്ടി അനേകം അപേക്ഷകൾ അയച്ചു. അതു കൊണ്ട് മെത്രാപ്പോലീത്താ ഞങ്ങളുടെ സന്ന്യാസാശ്രമങ്ങൾ നശിപ്പിക്കുന്നു. ഞങ്ങളെ കഠിനമായി പീഡിപ്പിക്കുന്നു. സഹിക്കാൻ വയ്യ. അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ ഞങ്ങളെ ഭരിക്കാൻ വരാപ്പുഴ കൊല്ലം മെത്രാന്മാരല്ലാത്ത വേറെ ഒരു മെത്രാനെ നിയോഗിക്കുക - പ്രിയോർ." [71] ഇവിടെ പ്രിയോർ എന്നു ഒപ്പിട്ടിരിക്കുന്നത് ചാവറയച്ചനെ തുടർന്ന് മാന്നാനത്തെ പൊതു ശ്രേഷ്ഠനായിരുന്ന കുര്യാക്കോസ് എലിസേവൂസച്ചനാണ്. മുകളിൽ മാർപ്പാപ്പായ്ക്കു അയച്ച സന്ദേശത്തിൽ പറഞ്ഞിരിക്കുന്ന 'കഠിനമായി പീഡിപ്പിക്കുന്നു' വെന്നത് അധികാരികൾ തങ്ങളുടെ വൈദികരെ ചങ്ങലയ്ക്കിടുകയും തല്ലുകയും തടവിലാക്കുകയും ചെയ്തതിനെക്കുറിച്ചുള്ള നസ്രാണികളുടെ പരിദേവനങ്ങളാണ്.[72] കൂടാതെ അന്നത്തെ നസ്രാണികൾ, തങ്ങൾക്ക് സ്വന്തമായി മെത്രാനെ ലഭിക്കുന്നതിനായി മാർപ്പാപ്പായ്ക്ക് എഴുതിയത് പിടിക്കപ്പെട്ട പാപമായി പ്രഖ്യാപിച്ചു കൊണ്ട് കർമ്മെലീത്ത മെത്രാപ്പോലീത്താ നടപടിയെടുത്തു. അതിനനുസൃതം ഏഴു വൈദികരെ സന്ന്യാസസമൂഹത്തിൽ നിന്നു പുറത്താക്കി.[73] ഇവിടെ നാം കാണുന്നത് സഭയുടെ വളർച്ചയിൽ ഭരണാധികാരികൾ നിർണ്ണായക ഘടകമാണ് എന്നതാണ്. വൈദികർ ദേശീയരെ ഭരിച്ചാൽ അതുമുഴുവനും റൂഹാദ്ക്കുദ്ശായാൽ ചൈതന്യപരമായിരിക്കണമെന്നില്ല. 14-ാം നൂറ്റാണ്ടു മുതൽ വൈദികരുടെ ആഗമനം പാശ്ചാത്യരീതിയിൽ ആരംഭിച്ചിരുന്നത് അതിന്റെ മൂർദ്ധന്യത്തിലെത്തിയത് ഉദയം പേരൂർ സൂനഹദോസ് നിയമാനുസൃതമല്ലാതെ നടത്തി നസ്രാണികളെ അടിമകളാക്കിയതാണ്.[74] ഈ

തിന്മയുടെ തുടർച്ചയാണ് റോക്കോസ്, മേലൂസ് തുടങ്ങിയവരുടെ വരവിന് ഇടയാക്കിയത്. ഈ കാലഘട്ടത്തിലാണ് ഏതദ്ദേശീയ സന്ന്യാസസഭയിൽ നിന്നും ഏഴു വ്യാകുലങ്ങൾ പുറത്തായതും കുര്യാക്കോസ് എലിസേവൂസച്ചൻ റോമിനു കമ്പിയടിച്ചതും.[75] ചാവറയച്ചന്റെ മരണശേഷം ഇത്ര ശക്തമായ എതിർപ്പ് സന്ന്യാസസഭയിൽത്തന്നെ കർമ്മെലീത്തർക്കെതിരെ ഉണ്ടായിരുന്നത് ചാവറയുടെ സി.എം.ഐ. സഭയുടെ ആധ്യാത്മികതയെ സാരമായി ബാധിച്ചിരുന്നു.

1866-ൽ കട്ടക്കയത്തിൽ ചാണ്ടിയച്ചനും മറ്റു 35 പേരും ചേർന്ന് മാർപ്പാപ്പായ്ക്കയച്ച കത്തിൽ ഇപ്രകാരമുണ്ട്. "ഞങ്ങൾ കർമ്മെലീത്താ സഭയിൽ സ്വീകരിക്കപ്പെട്ടു. കർമ്മെലീത്തരുടെ നിയമങ്ങളും അനുഷ്ഠിക്കുന്നു. എന്നിട്ടും റോമക്കുപ്പായം തരുന്ന കാര്യത്തിൽ വികാരി അപ്പസ്തോലിക്കാ എതിരാണ്..... ഈ പേരും ഈ പ്രമാണങ്ങളും ഞങ്ങൾ ആഗ്രഹിച്ച് വാങ്ങിയതല്ല. നിർബ്ബന്ധിക്കപ്പെട്ടിട്ടു ഞങ്ങൾ ഏറ്റു വാങ്ങിയതാണ്."[76] സന്ന്യാസമൂഹത്തിന്റെ തുടക്കത്തിൽ തന്നെ ഉണ്ടായ ഏറ്റുമുട്ടലുകൾ വൈദേശിക ഇടപെടലിന്റെ ഫലവും ചിലരെ അവരുടെ സ്വാധീനവലയത്തിൽ ഒതുക്കിയതിന്റെ പ്രത്യാഘാതവുമാണ്. സി.എം.ഐ. സഭയെ 1831 മുതൽ 1855 വരെ ഉണ്ടായിരുന്ന ആദിമ പരിശുദ്ധിയിൽ നിലനിറുത്തണമെന്നതാണ് രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിന്റെ നിശ്ചയം.[77] 1599 ലെ അസാധുവായ ഉദയം പേരൂർ സൂനഹദോസും 1860-ൽ കർമ്മെലീത്താ പൊതുശ്രേഷ്ഠ ഭവനത്തിൽ വച്ച് എടുത്ത നിശ്ചയവും നസ്രാണി സഭയേയും അമലോത്ഭവ മാതാവിന്റെ ദാസരേയും തനതാത്മക വ്യക്തിത്വത്തിൽ നിന്നും വ്യതിചലിപ്പിച്ചു.[78] ഏതദ്ദേശീയമായ ഒരു സഭയും അതിന്റെ സിദ്ധിയും വിവേചിച്ചറിയുന്നതിൽ സഭാധികാരികളുടെ ഭാഗത്തു നിന്നു വന്ന തെറ്റ് ഗൗരവമേറിയതാണ്. ഒന്നാമതായി, സഭാധികാരികളുടെ ആധികാരികത, സാർവ്വത്രിക സഭയുടെ ഘടനയിൽ അവശ്യമുണ്ടാകേണ്ട ആത്മാക്കളുടെ വിവേചനയെ ആശ്രയിച്ചു വേണം വിധിക്കുവാൻ. പ്രാദേശിക

സഭാ ഘടകങ്ങൾ സാർവ്വത്രിക സഭയോടു ബന്ധപ്പെടുമ്പോൾ, സ്ഥാപിത താത്പര്യങ്ങൾ കടന്നുവന്നാൽ അതു പാളിച്ചയാണ്. വന്ദ്യനായ മർസെലിനോസ് പ്രേഷിത വൈദികൻ പ്രധാന ശ്രേഷ്ഠനായ ബർണർദീനോസ് മെത്രാപ്പോലീത്താച്ചന്റെ പേർക്കു നടത്തിയ കാനോനിക സന്ദർശനം, നസ്രാണി സന്ന്യാസ സ്വതന്ത്ര ദർശന സമൂഹത്തെ കർമ്മെലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയാക്കാനായിരുന്നു. അതു സ്വയം ശൂന്യവത്ക്കരിക്കപ്പെട്ട ഈശോമിശിഹായുടെ ചൈതന്യത്തിനും സഭാത്മക വിശ്വാസത്തിനും ചേർന്ന ഒരു തീരുമാനമല്ല; മറിച്ചു മാനുഷികാരൂപിയുടെ അതിപ്രസരം ദൈവാത്മാവിനെ വേദനിപ്പിക്കുന്നതാണ്.

രണ്ടാമതായി, വളരെ വ്യത്യസ്തമായ സഭാപാരമ്പര്യത്തിൽ ഏതദ്ദേശീയമായി രൂപം കൊണ്ട് 1831-1859 വരെ ജീവിച്ച ആളുകളുടെ അറിവും സമ്മതവും കൂടാതെ അവരെ ലത്തീൻ സഭാപാരമ്പര്യത്തിൽപെട്ടവരുടെ മൂന്നാം സഭയാക്കിയത് സഭാ വിജ്ഞാനത്തിനും, റൂഹാശാസ്ത്രത്തിനും, ആധ്യാത്മികതയ്ക്കും നിരക്കാത്തതായിരുന്നു. ഇത്ര അടിസ്ഥാനപരമായ തകരാറു സി.എം.ഐ. സഭയുടെ തുടക്കത്തിൽ ഉണ്ടായതു കൊണ്ടാണ് സഭാംഗങ്ങൾ തന്നെ എതിർത്തതും അവസാനം പരിഹാരം കണ്ടെത്തിയതും.[79]

ആധുനികയുഗത്തിലെ ഒരാധ്യാത്മിക മുന്നേറ്റമായി സി.എം.ഐ. സിദ്ധിയെ ഭാരതവും ലോകവും ദർശിക്കുന്നുവെങ്കിലും തനതാത്മകതയുടെ സവിശേഷത അതിലുമില്ല. അതുകൊണ്ടാണ് ആധ്യാത്മിക സംഘർഷം അവശേഷിക്കുന്നത്. അതിന്റെയും പിന്നിലുള്ളത് പൗരസ്ത്യ സ്വയം സംവിധാനം പൂർത്തിയാകാത്തതാണ്.[80] പൗരസ്ത്യ തനതാത്മകത കൈവരിച്ചാൽ സഹോദരീ സഭകൾ തമ്മിലുള്ള അകൽച്ചയും മതങ്ങൾ തമ്മിലുള്ള വേഴ്ചകളും സംസ്ക്കാരങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളും അവസാനിക്കും. പരിഹാരം സത്യത്തിലും ചേതനയിലുമുള്ള ദൈവാരാധന തന്നെയാണ്. അതിനാൽ ചാവറയുടെ ആധ്യാത്മികതയുടെ ഉറവിടമാകേണ്ട ദൈവാരാധനയിലേക്കു കടക്കാം.

6:5 ദൈവാരാധനക്രമം

ദൈവാരാധനയെ സമീപിക്കുമ്പോൾ പ്രധാനമായും മൂന്നു കാര്യങ്ങളാണ് മുന്നിട്ടു നില്ക്കുക. ഒന്നാമത്തേത് ദൈവികതലവും രണ്ടാമത്തേത് വൈയക്തിക ഘടകവും മൂന്നാമത്തേത് സാമൂഹ്യവശവുമാണ്.

ഒന്നാമത്തെ ദൈവിക തലത്തെ പരിഗണിക്കുമ്പോൾ ചാവറ വിശ്വാസം സ്വീകരിച്ചത് മിശിഹായുടെ ശിഷ്യനായ മാർത്തോമ്മാ സ്ഥാപിച്ച സഭയിൽ നിന്നാണ്. ഈ വിശ്വാസത്തിന്റെ കൈമാറ്റമാണ് ആധികാരികതയുടെ ഉറവിടം. മുകളിൽ ചർച്ച ചെയ്ത സഭാത്മകതയുടെ സുപ്രധാന ഘടകം വിശ്വാസത്തിന്റേതു തന്നെ. സുവിശേഷമായ മിശിഹാ മനുഷ്യരാശിക്കു വിശ്വാസം നല്കിയത് തന്റെ മാനുഷിക ദൈവിക സ്വഭാവങ്ങളിലൂടെയാണ്. ഇതിൽ ദൈവിക തലം പ്രകടമാകുന്നത് ദൈവിക പദ്ധതിയോടു ബന്ധപ്പെട്ടാണ്. ദൈവിക പദ്ധതി അല്ലെങ്കിൽ ദൈവഹിതം എന്നതു മാനവ പവിത്രീകരണമാണ് (1 തെസ. 4:3; അപ്പ. 1:4,5). ഈശോ ശിഷ്യരെ പഠിപ്പിച്ച കർത്തൃപ്രാർത്ഥനയിൽ പ്രകടമാകുന്നത് വിശ്വാസത്തിന്റെ വിഷയമായ ദൈവരാജ്യത്തിന്റെ മനുഷ്യരിലുള്ള സാക്ഷാത്കാരമാണ് (മത്താ. 6:9-15). ഈശോ തന്റെ ഐഹിക ജീവിതത്തിൽ ദൈവികപദ്ധതിക്കു പൂർണ്ണമായും തന്നെത്തന്നെ സമർപ്പിച്ചതാണ് വിശ്വാസത്തിന്റെ പ്രവൃത്തിപരത (എബ്രാ. 10:10).

ചാവറയും സി.എം.ഐ. സഭാംഗങ്ങളും തങ്ങളുടെ ജീവിതത്തെ സന്ന്യാസസമർപ്പണത്തിലൂടെ പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കുന്നു. എന്നാൽ ഈ സമർപ്പണത്തിന്റെ പ്രവൃത്തിപരതയിൽ വിശ്വാസത്തിന്റെ കൈമാറ്റമാണ് പ്രശ്നമാകാവുന്നത്. മാർത്തോമ്മായിലൂടെ കൈമാറി വന്ന ഐഹിക വിശ്വാസം, പൗരസ്ത്യ സുറിയാനി സഭാത്മകതയിലൂടെ മധ്യപൂർവദേശത്തിന്റെ തനതാത്മകതയിൽ പരിമിതമാക്കപ്പെട്ടു. ചാവറയും സഭാംഗങ്ങളും ഈ വിഷയത്തിൽ വിശ്വസ്തത പുലർത്തിയിരുന്നു. അതുകൊണ്ടാണ് ചാവറയെ

ശ്രേഷ്ഠാചാര്യസ്ഥാനത്തേക്ക് അഭിഷേചിക്കാതിരുന്നത്.[81] വിശ്വാസത്തിന്റെ കൈമാറ്റത്തിൽ അടുത്തതായി വരുന്നത് 16-ാം നൂറ്റാണ്ടു മുതലുണ്ടായിരുന്ന പാശ്ചാത്യവത്ക്കരണമാണ്. ഈ പ്രക്രിയയിൽ ചാവറയും സഭാംഗങ്ങളും ഉൾപ്പെട്ടിരുന്ന സമൂഹം വിശ്വാസത്തിന്റെ കാര്യത്തിൽ ശ്ലൈഹിക പരിശുദ്ധിയിൽ നിന്നും, പൗരസ്ത്യ തനതാത്മകതയിൽ നിന്നും വ്യതിചലിച്ച് ഉപരിപ്ലവമായതിലേക്കു വഴുതി വീണു. ഈ വികല വിശ്വാസമാണ് ലത്തീനീകരണം വഴി ചാവറയും അനുയായികളും ഏറ്റുവാങ്ങിയത്.[82] എങ്കിലും റോമൻ സഭയുടെയും പാശ്ചാത്യ രീതിയുടെയും അടിസ്ഥാനപരമായ ഘടനവഴി, വിശ്വാസം നഷ്ടപ്പെടുത്താതെ കാത്തു സൂക്ഷിക്കുകയും അതു ചാവറയും കൂട്ടരും ഏറ്റുവാങ്ങി വികസിപ്പിച്ചെടുക്കു കയും ചെയ്തു.[83] പ്രതിഭാസികവും അനുഷ്ഠാന പ്രധാനവുമെങ്കിലും വിശ്വാസം പ്രകടമായിത്തീർന്നു. ഈ പ്രത്യേകതയാണ് ചാവറയിലൂടെ കർമ്മെലീത്തർ നടപ്പാക്കിയത്.

ദൈവാരാധനയുടെ രണ്ടാമത്തെ വൈയക്തിക ഘടകമാണു ചാവറയിൽ കൂടുതൽ പ്രകടമായിരുന്നത്. മുകളിൽ സൂചിപ്പിച്ചതു പോലെ വിശ്വാസത്തിന്റെ കൈമാറ്റത്തിൽ കൽദായ, ലത്തീൻ പശ്ചാത്തലങ്ങൾ അവയുടെ സ്വാധീനങ്ങൾ ചെലുത്തിയെങ്കിലും ചാവറയിൽ വിശ്വാസത്തിന്റെ സജീവത്വം ഫലം ചൂടി നിന്നിരുന്നു. അതുകൊണ്ടു കർമ്മെലീത്താ മേലധ്യക്ഷക്രമവും ആധ്യാത്മിക ശിക്ഷണവും വഴി ചാവറ തന്നിലുണ്ടായിരുന്ന റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനങ്ങളോടു സഹകരിച്ചിരുന്നു.[84] വൈയക്തികമായ ചാവറയുടെ ജീവിതം, സത്യത്തിലും ചേതനയിലുമുള്ള ദൈവാരാധനയെ, പാശ്ചാത്യ ചട്ടക്കൂട്ടിലൂടെയാണ് ആവിഷ്ക്കരിച്ചത്. അതിന്റെ ഫലമായി നിരവധി ഭക്താനുഷ്ഠാനങ്ങൾക്കു തുടക്കം കുറിച്ചു. ദൈവാരാധനയുടെ മേഖലയിൽ നസ്രാണി വ്യക്തി സഭ എടുത്ത സ്വാതന്ത്ര്യം "പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം", എന്ന അടിസ്ഥാന തത്ത്വമനുസരിച്ചു വികലമായിരുന്നു. പക്ഷേ പലരും ഈ വികലതയെ വളർച്ചയുടെ സ്വാഭാവമുള്ള

തായിട്ടാണു കാണുന്നത്. അതായത് ലത്തീൻ ഭക്തമുറകളും ആളുകളുടെ ആവശ്യത്തിനനുസൃതം ആശ്ലേഷിച്ചു. അത് സഭയുടെ വളർച്ചയ്ക്കും ആധ്യാത്മികതയ്ക്കും വളരെ ഉപകരിച്ചു. ഇന്ന് നസ്രാണി സഭയിലുള്ള പ്രകടമായ വളർച്ചയ്ക്കു കാരണമായതും മറ്റൊന്നല്ല എന്ന രീതിയിൽ പോകുന്നു അങ്ങനെയുള്ളവരുടെ ചിന്ത.[85] ബാഹ്യമായും വൈയക്തികമായും കുറെയെല്ലാം പറയുന്നതു ശരിയാണെങ്കിലും സമൂഹപരമായി ചിന്തിക്കുമ്പോൾ ആധ്യാത്മികതയുടെ കാര്യത്തിൽ ശോഷണമാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ദൈവാരാധനയുടെ മൂന്നാമത്തെ ഘടകം ചർച്ചാ വിഷയമാക്കാം.

മിശിഹായിലൂടെ സശീർഷമാക്കപ്പെട്ട മാനവരാശിയുടെ അടിസ്ഥാനകൂദാശയായ സഭ തന്നെയാണ് ദൈവാരാധനയുടെ സാമൂഹിക വശം. മിശിഹാനുയായികളെ സംബന്ധിച്ചിടത്തോളം ദൈവാരാധന സംഘാതാത്മകമായ ഒരാഘോഷമാണ്. ഈ ആഘോഷത്തിന്റെ തനിമ മിശിഹാസംഭവത്തിൽ ഊന്നി നില്ക്കുന്നു. മിശിഹാ സംഭവമാകട്ടെ 'സത്യത്തിലും ചേതനയിലുമുള്ള ആരാധനയിലും.' ആധികാരികമായ സഭയുടെ ദൈവാരാധനയെ ചാവറയച്ചന്റെ കാലത്തിലൂടെ ചർച്ചാ വിഷയമാക്കാം.

ദൈവാരാധനയുടെ കേന്ദ്രബിന്ദുവായിരിക്കുന്ന വി. കുർബാനയുടെ കാര്യത്തിൽ ചാവറയച്ചൻ ചെയ്തിട്ടുള്ളത് ഏവരും തന്നെ എടുത്തു പറയുന്നുണ്ട്. ചാവറയുടെ ചരിത്രകാരനായ വലേരിയനച്ചൻ പറയുന്നു: "പൗരസ്ത്യസഭയോടുള്ള ബന്ധം വിട്ടതിനാലും മലങ്കരസഭ ഉപയോഗപ്പെടുത്തിയിരുന്ന ആരാധന ക്രമങ്ങൾ ക്രമേണ ഐകരൂപ്യം ഇല്ലാത്ത നിലയിലായിത്തീർന്നിരുന്നു. കുർബാന, വൈദികരുടെ കാനോന നമസ്ക്കാരം, മരിച്ചവരുടെ ശേഷക്രിയകൾ പാട്ടുറംശ ആദിയായി ആരാധനാ ക്രമങ്ങൾക്ക് വിശദമായി എഴുതപ്പെട്ട നിയമങ്ങൾ ഇല്ലാതിരുന്നതു നിമിത്തം ഓരോ സ്ഥലങ്ങളിൽ വ്യത്യസ്തമായ രീതിയിൽ നടന്നു വരികയാണു ചെയ്തിരുന്നത്.

അതിനാൽ പ്രിയോരച്ചന്റെ ശ്രദ്ധ സർവ്വപ്രധാനമായി ഈ സംഗതിയിൽ പതിഞ്ഞു. കുർബാന സംബന്ധിച്ചുള്ള ക്രമങ്ങൾ തക്സായിൽ തന്നെ നല്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവ തുലോം സംക്ഷിപ്തവും തന്നിമിത്തം അഭിപ്രായ വ്യത്യാസത്തിന് കാരണഭൂതവുമാകയാൽ അവയെ വിശദീകരിക്കേണ്ടത് ഒഴിച്ചു കൂടാത്ത ഒരാവശ്യമായിത്തീർന്നു..... ബർണർദീനോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടു കൂടി ക്ലേശകരമായ ഈ ജോലി പ്രിയോരച്ചനാണ് നിർവ്വഹിച്ചത്....." "വലിയ ആഴ്ചയിൽ പള്ളിക്കടുത്ത യാതൊരു ചിറ്റാഴ്മയും ഇല്ലാതെ ഇക്കാലംവരെയും കിടക്കയാൽ അതു ലത്തീനിൽ നിന്ന് സുറിയാനിയിൽ ഭാഷാന്തരപ്പെടുത്തി അതും മേലിൽ നടത്തുന്നതിനുള്ള അനുവാദത്തോടെ അടിപ്പിച്ചു യാത്രയാക്കുന്നതിന് ശു.സിഹാസനത്തിലേക്ക് അപേക്ഷയും കൊടുത്തയച്ചു."..... "സുറിയാനി ആരാധനാ ക്രമത്തിൽ ലത്തീൻ ക്രമം ഭാഷാന്തരം ചെയ്തു ചേർത്തത് സുറിയാനിക്രമം ലത്തീനാക്കിത്തീർക്കണമെന്ന ഉദ്ദേശ്യത്തോടെയല്ല, പ്രത്യുത നടപ്പിലിരുന്നതു പൂർത്തിയാക്കണമെന്നുള്ളത് മാത്രമായിരുന്നു....." "....പരിശുദ്ധകുർബാനയുടെ ഒരു തീക്ഷ്ണ ഭക്തനായ പ്രിയോരച്ചൻ കൊവേന്ത പള്ളികളിൽ നാല്പതുമണി ആരാധന എന്ന ദിവ്യകർമ്മം നടത്തണമെന്നു തീർച്ചപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഇതു കൂനമ്മാവുങ്കൽ ആദ്യമായി ആഘോഷിക്കുവാൻ ഇടയായത്."[86]

മുകളിൽ ഉദ്ധരിച്ച കാര്യങ്ങൾ വച്ചു നോക്കുമ്പോൾ "പൗരസ്ത്യ സഭയോടുള്ള ബന്ധം വിട്ടതിനാലും" എന്നതും "ബർണർദീനോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടും" എന്നൊക്കെ കാണുന്നത് ഗൗരവമായ കാര്യങ്ങളാണ്. ആരാധന ക്രമ സംബന്ധമായ എല്ലാ ക്രമീകരണങ്ങളും പാശ്ചാത്യമേലധ്യക്ഷന്മാരുടെ സംരക്ഷണയിൽ നടന്നതും പൗരസ്ത്യ സഭയിൽ നിന്നകന്നതും ദൈവാരാധനയുടെ തകർച്ചയ്ക്കു കാരണമായി. ഈ അവസ്ഥ ഭാരതത്തിൽ പാശ്ചാത്യ ഭക്തികൾ രംഗപ്രവേശം ചെയ്യുന്നതിനും പൗരസ്ത്യ പൈതൃകം തിരോഭവിക്കുന്നതിനും ഇടവരുത്തി.

വിശുദ്ധ കുർബാന 'പുഖ്ദാന്കോൻ' (നിങ്ങളുടെ കല്പന) എന്ന പ്രാർത്ഥനയോടെയാണ് സുറിയാനി ക്രമത്തിൽ തുടങ്ങുന്നത്. യാമപ്രാർത്ഥനയിലും മരിച്ചവർക്കു വേണ്ടിയുള്ള ഔദ്യോഗിക പ്രാർത്ഥനയിലും ഈ രീതി കാണുന്നുണ്ട്. എന്നാൽ ലത്തീനീകരണം വഴി ഭാരത നസ്രാണികളുടെ തനതായ പൗരസ്ത്യ സവിശേഷത നഷ്ടപ്പെട്ടു. ഓർഗാനിക്ക് (സാവയവഘടനയോടു കൂടിയ) വളർച്ചയ്ക്കു ചേരാത്ത ഘടകങ്ങൾ പ്രവേശിച്ച്, ദൈവാരാധന വികലമാക്കിയതിന്റെ ഒരുദാഹരണമാണ് "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എന്ന പ്രാർത്ഥനയോടെ കുർബാന തുടങ്ങുന്നത്. വലേരിയനച്ചൻ പറയുന്നതു പോലെ "ചാവറയച്ചൻ സുറിയാനിക്രമം ലത്തീനീകരിക്കണമെന്ന് ഉദ്ദേശിച്ചില്ല", എന്നിരുന്നാലും ക്രമേണ സംഭവിച്ചതും ഇന്നും (2005) നിലനില്ക്കുന്നതും വികലമായ ദൈവാരാധനാക്രമമാണ്. ദൈവാരാധനയുടെ സാമൂഹ്യവശത്തെക്കുറിച്ചു ചിന്തിക്കുമ്പോഴാണ് സഭാത്മകത അടിസ്ഥാനമായി വരുന്നത്. സഭാത്മകതയുടെ സവിശേഷത കണക്കിലെടുക്കുന്നില്ലെങ്കിൽ പ്രശ്നം അത്ര രൂക്ഷമല്ലായിരിക്കാം. എന്നാൽ സഭയുടെ തനിമ വിശ്വാസം, ആരാധന, ജീവിത സാക്ഷ്യം എന്നീ ഘടകങ്ങളെ ആശ്രയിച്ചു നില്ക്കുന്നു. അതിനാൽ അടിസ്ഥാനപരമായി വിശ്വാസരൂപവത്ക്കരണം, വിശ്വാസാഘോഷം, വിശ്വാസാനുഭവം എന്നീ മൂന്നുഘടകങ്ങൾ ചിന്താവിഷയമാക്കണം. വിശ്വാസരൂപവത്ക്കരണത്തിന്റെ സൂചനയും പ്രഖ്യാപനവുമാണ് സുറിയാനി കുർബ്ബാനയിലെ 'പുഖ്ദാന്കോൻ' എന്നതു സൂചിപ്പിക്കുന്നത്. കാരണം നിയമത്തേയും പ്രവാചകത്വത്തേയും പൂർത്തിയാക്കുവാൻ വന്ന ഈശോ (മത്താ. 5:17) മഹോന്നത നിയമമാണ് (നിയമ. 6:5; ലേവ്യർ 19:18; മത്താ. 22:37) തന്റെ ജീവിതമാകുന്ന ആരാധനയിലൂടെ പുതിയ നിയമമാക്കിയത് (യോഹ. 13:34). വി. കുർബാനയായ പുതിയ ഉടമ്പടിയുടെ പ്രഖ്യാപനം വി. കുർബാനയുടെ തുടക്കത്തിൽ "നിങ്ങളുടെ കല്പന, മിശിഹായുടെ കല്പന" എന്നതിലൂടെ അവതരിപ്പിക്കുന്നത് സുവിശേഷത്തിലും സഭയുടെ

വി. കുർബാനയാകുന്ന ദൈവാരാധനയിലുമുള്ള വിശ്വാസത്തെ പ്രകടമാക്കുന്നു.[87] വിശ്വാസത്തിന്റെ രൂപവത്ക്കരണത്തെ ദൈവാരാധനാപരമായി ധന്യമാക്കുന്നതാണു വചന ശുശ്രൂഷ. ഇതും എല്ലാ കുർബാനയിലും ആഘോഷമായി ഉൾക്കൊള്ളിക്കുന്ന പാരമ്പര്യമാണ് പൗരസ്ത്യർക്കുള്ളത്. പാശ്ചാത്യവത്ക്കരണത്തിന്റെ പേരിൽ അതും തകരാറിലാണ്. വിശ്വാസരൂപവത്ക്കരണത്തെ തുടർന്നു വരുന്നത് വിശ്വാസാഘോഷമാണ്. ഇവിടെയാണു പുതിയ ഉടമ്പടിയുടെ കൂദാശാഭാഗം ദിവ്യകാരുണ്യാഘോഷമായി നടത്തുന്നത്. വിശ്വാസാഘോഷത്തിന്റെ ഫലമാണ് വിശ്വാസ ഐക്യമായ ദിവ്യകാരുണ്യ സ്വീകരണം.

ദൈവാരാധനയെ സമഗ്രമായി വീക്ഷിക്കുമ്പോൾ കാർക്കശ്യത്തേക്കാൾ നൈസർഗ്ഗികതയും വ്യവസ്ഥിതിയെക്കാൾ ചേതനാത്മകതയും ഔദ്യോഗികതയെക്കാൾ അനുഭവവും മുന്നിട്ടു നില്ക്കണം. വി. കുർബ്ബാനയുടെ കാര്യത്തിൽ സ്വാതന്ത്ര്യവും, ആന്തരികതയും ചൈതന്യവും നഷ്ടപ്പെട്ടുവെന്നതാണ് ചരിത്രം പ്രകടമാക്കുന്നത്. ഇവിടെ സ്വാതന്ത്ര്യമെന്നത് വിശ്വാസത്തിനു പ്രത്യുത്തരിക്കുവാനുള്ള ആധികാരികതയാണ്. ചേതനാത്മകത എന്നത് സത്യത്തിലും ചേതനയിലുമുള്ള ദൈവാരാധനയാണ്. അനുഭവമെന്നത് ദൈവസ്നേഹത്തിന്റെ സാഹോദര്യമാനവും.

ചാവറയച്ചൻ ദൈവാരാധനാ പരിഷ്ക്കാരങ്ങൾ നടത്തിയതുവഴി മേല്പറഞ്ഞവ നഷ്ടപ്പെടുത്തിയില്ലെന്നു മാത്രമല്ല, മറിച്ച് അവയൊക്കെ വൈയക്തികമായി അദ്ദേഹം അന്വർത്ഥമാക്കി; അതുകൊണ്ട് അദ്ദേഹം ധന്യനുമായി.[88] എന്നാൽ പാരമ്പര്യത്തിന്റെയും സഭാത്മകതയുടെയും ഇടപെടലുകൾ വഴി, സംഘാതമായി, പൗരസ്ത്യസുറിയാനി ശ്ലൈഹിക നിലനിറുത്താൻ കൽദായ, ലത്തീൻ ബന്ധങ്ങൾ സഹായിച്ചില്ല.

6:6 അനുരഞ്ജകൻ

1498-ൽ വാസ്കോഡഗാമായും കൂടെ പോർട്ടുഗീസ് മിഷനറിമാരും കേരളത്തിൽ വന്നതു മുതൽ വൈദേശിക വിശ്വാസവും സംസ്കാരവും മതീയ നസ്രാണികളുടെ ഇടയിൽ സ്വാധീനം ചെലുത്തിത്തുടങ്ങി. അതുവരെ നസ്രാണികൾ തങ്ങളുടെ ദേശീയ സംസ്കാരവും കിഴക്കൻ ദൈവാരാധനയും മെശയാനിക വിശ്വാസവും തനതായ രീതിയിൽ അനുഭവിച്ചിരുന്നു. എന്നാൽ പോർട്ടുഗീസുകാരുടെ സമീപനം നസ്രാണികളെ തങ്ങൾക്കു കീഴ്പ്പെടുത്തുന്നതായിരുന്നു. സഹസ്രാബ്ദങ്ങളായി പ്രോത്സാഹിപ്പിച്ചിരുന്ന നസ്രാണികളെ[99] അടിപ്പെടുത്തുന്ന രീതി ഒട്ടും മിശിഹാചരമായ ഒന്നല്ലായിരുന്നു. അതുകൊണ്ട് നസ്രാണികളിൽ നിന്നും ശക്തമായ എതിർപ്പുണ്ടായി. പക്ഷേ രാഷ്ട്രീയവും മതപരവുമായ ശക്തികൾ വഴി പാശ്ചാത്യർ നസ്രാണികളെ പ്രത്യക്ഷമായും പരോക്ഷമായും ലത്തീനീകരിച്ചു. ഈ നീക്കം ആധ്യാത്മികതയിൽ വിഭജനം ഉളവാക്കി, നസ്രാണികളെ ഭിന്നിപ്പിച്ചു. ഈ ഭിന്നത ഉദയംപേരൂർ സുന്നഹദോസിനോടു കൂടി സാങ്കേതികമായിത്തീർന്നു. നസ്രാണികളുടെ ഇടയിൽ നിന്നും ലത്തീൻ പരിശീലനം വഴി വൈദേശിയ സഭാനേതാക്കളും ഉണ്ടായി. മാർക്കോസ് മെത്രാന്റെ ആഗമനാവസരത്തിൽ കേരളീയ കർമ്മേല സഭ മുഴുവനേയും 'പൊതുപ്രിയോർ' എന്ന അഭിധാനത്തോടുകൂടി ഭരിച്ചിരുന്ന സംപൂജ്യനായ ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ അവർകൾ ആ കാലയളവിലെ പരിവർത്തനത്തിന്റെ സകല സംഭവങ്ങളും പ്രസ്തുത സഭയുടെ നാളാഗമ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളാഗമത്തിൽ കാണുന്നതനുസരിച്ച് മാർക്കോസ് മെത്രാന്റെ കാലത്ത് സുറിയാനിക്കാർ ലത്തീൻ പള്ളികളിൽ പോയി ആധ്യാത്മിക കാര്യങ്ങൾ നടത്തിയിരുന്നു. ഈ രീതിയിൽ ലത്തീൻ പരിശീലനം ലഭിച്ച നസ്രാണികൾ സുറിയാനിസഭ വിടാതെ തന്നെ അവരുടെ വിശ്വാസത്തിൽ തുടർന്നിരുന്നു.[100] എന്നാൽ കാലക്രമേണ വൈദേശീയ, ദേശീയ

ഘടകങ്ങളെ സമന്വയിപ്പിക്കുന്നവരും അതിലൊന്നും അത്ര നിഷ്ഠ കൊടുക്കാത്തവരുമുണ്ടായി. എന്നാൽ സംഭവിച്ചത് വൈദേശീയ, ദേശീയ സമന്വയത്തിൽ ആധ്യാത്മികതയുടെ പൗരസ്ത്യ തനിമ ചൈതന്യത്തിൽ എന്നല്ലാതെ ഘടനയിൽ ശോഷിച്ചു വന്നു എന്നതാണ്. ലത്തീൻ രീതികൾ പോർട്ടുഗീസുകാർ തുടങ്ങിയത് കർമ്മെലീത്താക്കാർ പ്രചരിപ്പിച്ചതു വഴി ചാവറയച്ചനും ഏതാനും പേരും ബാഹ്യമായി വൈദേശീകരിക്കപ്പെട്ടു. അതായത് ദേശീയ വൈദേശീയ ഘടകങ്ങളുടെ സമന്വയം സ്വാംശീകരണത്തിന്റെ എന്നതിനേക്കാൾ സ്വാധീനം വഴിയുള്ള കൂട്ടിച്ചേർക്കലായിപ്പോയി. ഈ പാശ്ചാത്തലത്തിൽ ആധികാരികമായ ആധ്യാത്മികത നഷ്ടപ്പെടുകയും ഘടനാപരമായതു ശക്തിപ്പെടുകയും ചെയ്തു. അതിനാൽ തനതാത്മകമായ ആധ്യാത്മികത എവിടെ എന്നു കണ്ടെത്തണം.

ആധ്യാത്മികതയുടെ തനിമ അധിഷ്ഠിതമായിരിക്കുന്നത് സഭയുടെ ദൈവാരാധനയിലാണ്.[91] സഭയുടെ ദൈവാരാധന ആധികാരികമായിരിക്കേണ്ടത് വ്യക്തി സഭകളുടെ വിശ്വാസത്തിലാണ്. ഈ വിശ്വാസം ദൈവവചനത്തിലും അതിന്റെ ശ്ലൈഹിക പാരമ്പര്യത്തിലുമാണ്. ശ്ലൈഹിക പാരമ്പര്യം അടിസ്ഥാനപരമായി കണ്ടെത്തുന്നത് ഓറെശ്ലേം[92] സുറിയാനി പാരമ്പര്യത്തിലാണ്. ഈ പാരമ്പര്യത്തിൽ നിന്നുമാണ് യവന ലത്തീൻ സഭാ പാരമ്പര്യങ്ങൾ വികസിച്ചിട്ടുള്ളത്. ഓറെശ്ലേം സുറിയാനി പാരമ്പര്യത്തിന്റെ ശ്ലൈഹിക തുടക്കമാണ് ഭാരത നസ്രാണി വ്യക്തി സഭയ്ക്കുള്ളത്. ഈ നസ്രാണി വ്യക്തി സഭയിൽ പത്തൊൻപതാം നൂറ്റാണ്ടിലാണ് ചാവറ ആധ്യാത്മിക സംരംഭത്തിനു നേതൃത്വം നല്കിയത്. അതുകൊണ്ട് മിശിഹായാകുന്ന ദൈവവചനത്തിൽ നിന്നു രൂപം കൊണ്ട ശ്ലൈഹിക സഭയുടെ തനിമയെയും ശ്ലീഹന്മാരുടെ വിശ്വാസത്തെയും അവരുടെ ദൈവാരാധനയെയും[93] അടിസ്ഥാനപ്പെടുത്തി അതിലൂടെയാണ് നസ്രാണി സമൂഹത്തിന്റെ ആധ്യാത്മികത ചാവറ നിർണ്ണയിക്കേണ്ടിയിരുന്നത്. ചാവറ പൗരസ്ത്യസുറിയാനി ദൈവാരാധനയെ

നിലനിറുത്തുന്നതിനും അതിന്റെ തനിമ വീണ്ടെടുക്കുന്നതിനും ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു.[94] എന്നാൽ വൈദേശിക ശക്തി ചാവറയുടെ നീക്കത്തെ പ്രത്യക്ഷമായും പരോക്ഷമായും വ്യതിചലിപ്പിച്ചതുകൊണ്ട് ദൈവാരാധനയെ മാറ്റിമറിച്ചു, അതായത് ലത്തീനീകരിച്ചു. അതോടൊപ്പം നിരവധി സാധാരണ ഭക്തികളും കടന്നുവരുവാനിടയായി. അങ്ങനെയാണ് നസ്രാണി വ്യക്തി സഭയുടെ ആധ്യാത്മികതയിലും ഉപരിപ്ലവത കയറിപ്പറ്റിയത്. ഈ സംഭവവികാസത്തിൽ ചാവറ സഹകരിച്ചതിനെക്കുറിച്ച് ആഴമായി അന്വേഷണം നടത്തിയാലേ വിലയിരുത്തൽ ആധികാരികമാകുകയുള്ളൂ.

ചാവറയുടെ കാലത്തു നിലനിന്ന മേലധ്യക്ഷക്രമം ലത്തീൻ രീതിയിലുള്ളതും കർമ്മെലീത്താ മിഷനറിമാർ നേതൃത്വം നല്കിയിരുന്നതുമായിരുന്നു. ദേശീയ നേതൃത്വത്തിന്റെ നിർണ്ണായക വ്യക്തിയെന്ന നിലയിൽ ചാവറയെ അന്നത്തെ സഭാധികാരികൾ ദേശീയ വൈദേശീയ സമന്വയത്തിനുള്ള ഉപകരണമാക്കി.[95] സൈദ്ധികമായി ചാവറയച്ചൻ ഇവിടെ വിജയിച്ചുവെങ്കിലും സഭയുടെയും സമൂഹത്തിന്റെയും ഘടനാത്മകതലത്തിൽ പരാജയപ്പെട്ടു. ഘടനാത്മകപരാജയം 16-ാം നൂറ്റാണ്ടുവരെ പൂർണ്ണമായും ശ്ലൈഹികവും പൗരസ്ത്യവും അവിഭക്തവുമായിരുന്ന നസ്രാണി വ്യക്തിസഭയുടെ തനിമ വീണ്ടെടുക്കുവാൻ സാധിക്കാത്ത നിലയിലായതാണ്. അന്നെന്നതുപോലെ ഇന്നും വികലമായ സഭാത്മക ഘടനയാണ് നിലനില്ക്കുന്നത്. ഈ വികലത നസ്രാണി സഭയ്ക്കെന്നതു പോലെ മറ്റുവ്യക്തി സഭകൾക്കും ഇതര മതങ്ങൾക്കും ഉപകരിക്കുന്നതല്ല. അതുകൊണ്ടല്ലേ മിശിഹായുടെ സഭയെ വൈദേശികമെന്നു പറഞ്ഞു കൊണ്ട് ചില ഭാരതീയ ശക്തികളും എതിർക്കുന്നത്.

ചാവറയുടെ സൈദ്ധിക വിജയത്തെക്കുറിച്ച് ചർച്ച ചെയ്യാം. ചാവറയുടെ സിദ്ധി ഒരു വിധത്തിൽ അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരിലൂടെയാണ് മാനുഷിക വ്യവസ്ഥിതിയിലേക്കു കടന്നു വന്നത്.

മാതാപിതാക്കളുടെ ഭക്തജീവിതമാണ് ചാവറയുടെ സിദ്ധിയെ പതിനൊന്നു വയസ്സുവരെ രൂപപ്പെടുത്തി കാത്തുസൂക്ഷിച്ചത്. ഇതിനിടയിൽ ദൈവാലയത്തിലെ ഭക്താഭ്യാസങ്ങളും സ്കൂളുകളിലെ പരിശീലനവും സഹായിച്ചു. എന്നാൽ എടുത്തു പറയുവാനുള്ള ഒരു സംഗതി മാമ്മോദീസാ എന്ന കൂദാശവഴി ചാവറയ്ക്കു ലഭിച്ച റൂഹാദ്ക്കുദ്ശാ (പ്രസാദവരം) എന്നും ചാവറയിൽ ഞെരുങ്ങാതെ (എഫേ. 4:30) പ്രവർത്തനനിരതമാകുന്നതിന് അവസരം നല്കി എന്നതാണ്. ഈ അനുഭവം മരണനിമിഷം പ്രഖ്യാപിച്ചതു തന്നെയാണ് ചാവറയുടെ സൈദ്ധിക വിജയം. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് ആധികാരികമായ വിലയിരുത്തൽ ഇല്ലാത്തതു കൊണ്ടാണ് നസ്രാണി വ്യക്തിത്വത്തെ ചാവറ ബലഹീനമാക്കിയെന്നു ചിലർ പറയുന്നത്. ഈ നിരീക്ഷണത്തെ സി.എം.ഐ. ക്കാരിൽ പലരും നിഷേധിക്കുന്നതും ആധികാരികതയുടെ കുറവാണ്. ആധികാരികതയിൽ ഇത്രയും മാത്രം ഇവിടെ പറയുന്നു. വൈദേശിക മിഷനറിമാർ സഭാധികാരികളായിരിക്കുകയും മാർപ്പാപ്പാ അവർ വഴി സഭയിലെ പ്രശ്നത്തിൽ അവസാനവിധി പറയുകയും ചെയ്തപ്പോൾ ചാവറ അതനുസരിച്ചത്[95] റൂഹാദ്ക്കുദ്ശായോടുള്ള സഭാത്മക ബന്ധമായിരുന്നു. സഭാത്മകമായ നീക്കങ്ങളിലും അതിന്റെ ഫലത്തിലും ഭൗതികകുറവ് (material sin) ഉണ്ടായിട്ടുണ്ട്. എന്നാൽ ആന്തരിക തകരാറു സംഭവിച്ചിട്ടില്ല. ഭൗതിക കുറവാണ് നസ്രാണി സഭാ വ്യക്തിത്വത്തിനു കോട്ടം വരുത്തിയത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ആന്തരിക ചൈതന്യത്തെ സഭാത്മകഘടന നിയന്ത്രിച്ചതിൽ പാളിച്ച വന്നു. ഈ വീഴ്ചയാണ് ചരിത്രപരമായി മിശിഹായുടെ സഭയെ പലപ്പോഴും ആരംഭപരിശുദ്ധിയോടെ അവതരിപ്പിക്കുവാൻ ഇടവരുത്താത്തതും. സൈദ്ധിക വിധേയത്വം ചാവറയ്ക്കുണ്ടായിരുന്നു.

റൂഹാദ്ക്കുദ്ശായോട് ചാവറയ്ക്കുണ്ടായിരുന്ന വിശ്വസ്തതയും നസ്രാണി വ്യക്തിസഭയോടുണ്ടായിരുന്ന സ്നേഹവും അന്നത്തെ സഭാധികാരികളായ 'മിസ്യോണാരിമാരോടു' ഉണ്ടായിരുന്ന വിധേയത്വവുമാണ് ചാവറയിൽ കാണുന്നത്. "ബാബെൽക്കാർ മുഖാന്തിരം

മലയാളത്തിൽ ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ ഭാവിക്കുന്നതുമായ നാശത്തേയും അതിനെ തടവാനുള്ള വഴികളെയും വിചാരിച്ചാറെ 1-ാമതു മലയാളക്കാർക്കു ബ.ബാബെല്ക്കാരോടു ചാച്ചിലും-പക്ഷവും ഉണ്ടാകുവാനുള്ള കാരണം മനുഷ്യർക്കു ജാതി പഞ്ചക്രമ എന്നയിതുകളിന്മേലും അവയുടെ തെളിവിന്മേലും സ്വഭാവത്താലേ താല്പര്യവും ആഗ്രഹവുമുള്ളതിനാലും ബാബേൽക്കാരിൽ ഈ മൂന്നു കാര്യങ്ങളിലും തങ്ങളുടേതിനോട് യൊജന കാണുക കൊണ്ടും തങ്ങളെ ഭരിച്ചു വരുന്ന മെല്പട്ടക്കാരിലും മിസ്യൊണാരി അപ്പസ്തോലിക്കമാരിലും അയോജന കാണുന്നതിനാലും ആകുന്നു."[97]

ചാവറ എടുത്തു കാണിക്കുന്ന ന്യായങ്ങൾ ബാബേൽകാർ 'വിശ്വാസത്തിലുള്ള സ്ഥിരക്കേടും അബദ്ധങ്ങളും ദ്രവ്യാഗ്രഹവും' ഉള്ളവരെന്നാണ്.[98] അതേ സമയം 'എറൊപ്പക്കാരായ മെല്പട്ടക്കാരും മിസ്യൊണാരിമാരും വിശ്വാസവും മനോധാരാളത ഭക്തി അധ്വാനിപ്പാനും ദൈവസ്തുതി വർദ്ധിപ്പിക്കാനുമുള്ള ജാഗ്രത' എന്നീ ഗുണവിശേഷങ്ങളുമുള്ളവരെന്നതാണ്.[98 a]

ചാവറ എടുക്കുന്ന നിഗമനം കൂദാശ പരികർമ്മം ചെയ്യുന്ന സഭാധികാരികളുടെയും വിശ്വാസികളുടെയും ഭാഷ ഒന്നായിരിക്കണമെന്നാണ്. അതുകൊണ്ട് സുറിയാനിഭാഷയേയും സുറിയാനി ക്രമത്തേയും നിലനിറുത്തണമെന്ന് ചാവറ പറയുന്നു: "സുറിയാനി പെച്ചു പഠിച്ചവരൊ പഠിപ്പാൻ വശവും മനസ്സുമുള്ളവരൊ ആയ ഏതാനും മിസ്യൊണാരിമാരെ- സുറിയാനി പെച്ചിലും ക്രമത്തിലും കുർബാന ചൊല്ലുവാനുള്ള അനുവാദത്തോടു മലയാളത്തേയ്ക്കു അയയ്ക്കണമെന്നും ഈ മെത്രാപ്പോലീത്താച്ചന്റെ കാലം കഴിയുമ്പോൾ മേല്പട്ടക്കാരനായിട്ടു തിരഞ്ഞെടുക്കപ്പെടുന്നതു അവരിൽ ഒരുത്തനായിരിക്കണമെന്നും- ഇപ്പോൾ പള്ളിക്കാർ ബൊധിപ്പിക്കുന്ന അപേക്ഷയോടുകൂടെ അല്ലെങ്കിൽ അതു കഴിഞ്ഞിട്ടു ഒരപേക്ഷ ബൊധിപ്പിച്ചാൽ ശുദ്ധ സിംഹാസനത്തിൽ നിന്നു സാധിക്കുന്നതാകുന്നു."[99]

ചാവറ കാണുന്നത് കൂടുതൽ നന്മ വരുന്നത് വിദേശീയരിൽ നിന്നെന്നാണ്: "എറൊപ്പക്കാരുടെ അറിവും ഭക്തിയും സുറിയാനിക്രമവും പെച്ചും കൂടി ഒന്നിച്ച മിസ്യൊണാരിമാരെ കിട്ടിയാൽ ഈ ജാതിക്കു ഇതിനെക്കാൾ വലിയ ഒരു ഭാഗ്യം വരുവാനില്ല. അവരു നമ്മുടെ പള്ളികളിൽ വിഗാരിമാരായിട്ടും മറ്റുമിരിക്കുമ്പോൾ പല ഗുണങ്ങളും മലയാളത്തിൽ പുണ്യവാളന്മാരെ ഉണ്ടാകുമെന്നു ശരണം."[100]

ചാവറയച്ചൻ വൈദേശിക ശിക്ഷണത്തിൽ അതീവ മതിപ്പു പുലർത്തിയിരുന്നു. അതേ ശിക്ഷണം നാട്ടുകാർക്കു ലഭിച്ചാൽ എന്തു കൊണ്ടു ഫലം ഉണ്ടാകുന്നില്ല. കർമ്മെലീത്താ മിഷനറിമാരുടെ ആധ്യാത്മിക ശിക്ഷണവും ബൗദ്ധിക സാംസ്ക്കാരിക പരിശീലനവും സഭാപരമായി ലഭിച്ച ചാവറയെപ്പോലും അവർ തങ്ങളുടെ സ്ഥാനസുരക്ഷിതത്വത്തിനായി ഉപയോഗിക്കുകയാണു ചെയ്തത്.[101] എന്നിട്ടും ചാവറ വിദേശമിഷനറിമാരെ പുകഴ്ത്തുകയും ബാബേൽ സഭാധികാരികളെ പുച്ഛിക്കുകയും[102] ചെയ്യുന്നത് ആധ്യാത്മികതലത്തിൽ പൊരുത്തക്കേട് പ്രകടമാക്കുന്നു. ആലോചനാതീരുമാനമെന്ന നിലയിൽ "അലക്സാണ്ടർ ബർണ്ണബായ്ക്കും ചാവറയച്ചൻ എഴുതുന്നു" എന്ന രേഖ ചാവറയച്ചന്റേതെന്നു പറയുവാൻ പ്രയാസം.[103] കാരണം ചാവറയച്ചൻ ബാബേൽക്കാരെ ഇത്രമാത്രം പുച്ഛിക്കുക അദ്ദേഹത്തിനു ചേർന്നതല്ല. അതു വിദേശീയരുടെ പ്രയോഗങ്ങൾ കടന്നു വന്നതായിരിക്കണം. ഏതായാലും ചാവറയ്ക്ക് അവഗണനയും ഏല്ക്കേണ്ടി വന്നതാണല്ലോ.[104]

6:7 സംഘർഷം

മോൺസിഞ്ഞോർ ബച്ചിനേള്ളി പരിശുദ്ധ കാര്യാലയത്തിന് ചാവറയെ പ്രകീർത്തിച്ചെഴുതിയത്: *"Uomo veremente eristiano, prudentirrimo, versatissimo nella Saera Seritture pertissimo nella liugua Siriaea, zue in zuwsta eireastanza se emostrato coi fali attacatismo alla Religione cattolica, ed alla sede, quamtumaque perover to i sediziorr, e tistruso della lor parte finda Bagdad, a molto pirr qui abbiamo adoperato ogni arte, ed astuzia fine al offergte di consecrato verseovo, il ehe se avessero potuto otenere tutti l' avrebber sequito, o, quasi tutti grande stina respe ito ed autoria"* [105]

"സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും പുണ്യ പൂർണ്ണനും അധികം വിവേകശാലിയും വേദപുസ്തക ജ്ഞാനത്തിൽ അവഗാഹം ലഭിച്ചവനും മികച്ച സുറിയാനിഭാഷാ വിദഗ്ദ്ധനുമാണ് അദ്ദേഹം. മതവൈരാഗ്യവും സംഘർഷവും ഉണ്ടാക്കിയവരും ബാഗ്ദാദിൽ നിന്നു വന്ന് നുഴഞ്ഞു കയറിയവനും അയാളുടെ പിന്നിൽ നിന്നവരും എല്ലാം സകല വിദ്യകളും വഴി ശ്രമിച്ചിട്ടും മെത്രാനാക്കാമെന്നു വാഗ്ദാനം ചെയ്തിട്ടും കത്തോലിക്കാ വിശ്വാസത്തോടും പരിശുദ്ധ സിംഹാസനത്തോടും അതിന്റെ പ്രതിനിധികളോടുമുള്ള ഉറച്ച ഭക്തിയിലും വിശ്വസ്തതയിലും അദ്ദേഹം അടിയുറച്ചു നിന്നു പ്രവർത്തിച്ചു."[106]

ചാവറയച്ചനെ അഭിഷേകം ചെയ്യുന്നതിനുള്ള പരിഗണന എന്തുമാത്രം ആത്മാർത്ഥതയുള്ളതായിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. റോക്കോസിനെ പിൻതിരിപ്പിക്കുവാനും ലത്തീൻ ഭരണം നിലനിറുത്തി ഉറപ്പിക്കുവാനും റോമിനെ സമീപിച്ചതല്ലാതെ നസ്രാണികളുടെ നന്മയോ ചാവറയുടെ വ്യക്തിത്വമോ അത്ര കാര്യമായി പരിഗണിച്ചിരുന്നില്ലായെന്ന് താഴെ വരുന്ന വികാരി അപ്പസ്തോലിക്കയായ

മോൺ സിഞ്ഞോർ ബച്ചിനേള്ളിയുടെ കത്തു തെളിയിക്കുന്നു: "ശുദ്ധ നെങ്കിലും സന്മാർഗ്ഗശാസ്ത്ര വിജ്ഞാനമില്ലാത്തവനും, ഭരണ പാട വമില്ലാത്തവനുമായി, മാത്രവുമല്ല, 63 വയസ്സെയുള്ളുവെങ്കിലും അതു യൂറോപ്പിലെ 80 വയസ്സിനു തുല്യമായിരിക്കുന്നു."[107]

അറുപതു വയസ്സുള്ളവനെ അറുപത്തി മൂന്നെന്നു കണക്കാക്കി വയസ്സനായി ചിത്രീകരിച്ചതും എത്രയോ കൃത്രിമമായിരിക്കുന്നു. വിദേശ മിഷനറിമാർ തന്നെ മേല്പറഞ്ഞ നിലപാടിന് എതിരായിരുന്നു. ഫിലിപ്പ്, മർസെലിൻ, ജോസഫ്, ഏലിയാസ്, ലെയോനാർദ്, ലെയോ പ്പോൾദ്, കെറുബിൻ തുടങ്ങിയവരെല്ലാവരും നസ്രാണികളെ അനുകൂ ലിച്ചിരുന്നുവെന്നു കാണാം.[108] 1860-ൽ വരാപ്പുഴ സന്ദർശകനായി വന്ന ബൊനാൻ മെത്രാൻ ബച്ചിനേള്ളിയെ താക്കീതു ചെയ്യുകയും ഒരു വികാരി ജനറാളിനെ നിശ്ചയിക്കണമെന്നാവശ്യപ്പെടുകയും[109] ചെയ് തതു കൊണ്ടാണ് ചാവറ പരിഗണിക്കപ്പെട്ടത്. അവരുടെ വാക്കുകൾ: "സുറിയാനിക്കാർക്കു വികാരി ജനറാളായി വൃദ്ധനും അത്യുത്തമനു മായ ഒരു സുറിയാനി വൈദികനെ ഈ പദവിക്കു സാക്ഷാൽ അർഹ നായ ഒരു വ്യക്തിയെ, മാന്നാനം കൊവേന്തയുടെ പ്രിയോരിനെ മൂന്നര മാസം മുമ്പ് അദ്ദേഹം നിയമിച്ചു. മെത്രാന്റെ അധികാരം കൈയിൽ നിന്നു പോകുമെന്ന വ്യർത്ഥമായ ഭയം കൊണ്ട് വികാരി ജനറാളിന് ഒരു ചെറിയ അധികാരം പോലും നല്കിയതുമില്ല. ഈ ഉത്തമ വൈദി കനാകട്ടെ, പല പള്ളികളും നാശത്തിലേക്കും ശീശ്മയിലേക്കും പോ കുന്നതു കണ്ടു കൊണ്ട് ഇത്ര വലിയ വീഴ്ചയ്ക്കു പ്രതിവിധിയായി ഒന്നും ചെയ്യുവാൻ തനിക്കു സാധിക്കാത്തതിൽ ശക്തമായി വിലപി ച്ചിരുന്നു."[110] ചാവറയച്ചന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്ന മിഷ നറിമാരുടെ അഭിപ്രായം പരിഗണിക്കേണ്ടതാണ്. എന്നാൽ മേല്പ റഞ്ഞ മിഷനറിമാരിൽ ഒരുവനായ ലെയോനാർദ് വികാരി അപ്പസ് തോലിക്കയായിത്തീർന്നപ്പോൾ ചാവറയെക്കുറിച്ചു പറയുന്നതും അത്ഭുതകരമാണ്. ചാവറ നാട്ടുകാരനായതു കൊണ്ടും മറ്റും ജനങ്ങൾ

വികാരിയപ്പസ്തോലിക്കായുടെ പക്കലേക്കു പോകുന്നതു കൊണ്ട് പ്രതീക്ഷ യ്ക്കനുസൃതം ചാവറ കാണപ്പെട്ടില്ല.[111]

വന്ദ്യനായ ചാവറയുടെ ആത്മപിതാവും നസ്രാണി സഭയുടെ സ്വയം ഭരണാവകാശത്തെ പ്രോത്സാഹിപ്പിച്ചിരുന്നവനുമായ ലെയോപ്പോൾദച്ചൻ പോലും ചാവറയച്ചനെ അവഗണിക്കുന്നതായി തോന്നും: "പതിനെട്ടാം നൂറ്റാണ്ടിൽ ഡച്ചുകാരുടെ നിർബന്ധംമൂലം സെബാസ്റ്റ്യാനിക്ക് ഈ നാടു വിടേണ്ടി വന്നതിനാൽ അദ്ദേഹം പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ മെത്രാനാക്കി വാഴിച്ചിട്ടു സ്ഥലം വിട്ടു. ആ സാഹചര്യത്തിൽ ഇത് ഏറ്റം വിവേകപൂർവ്വമായ നടപടിയായിരുന്നുവെങ്കിലും അത് തിരുസിംഹാസനത്തിന് അത്ര ഇഷ്ടപ്പെട്ടില്ല. ആ മെത്രാൻ തിരുസിംഹാസനത്തിനും കൊച്ചി മെത്രാനും ചെറുതല്ലാത്ത അസൗകര്യങ്ങൾ വരുത്തുകയുണ്ടായി.[112] വേണ്ട അറിവും ഭരണ പരിചയവുമില്ലാത്ത ഒരു നാട്ടുകാരനെ, മൂന്നാം സഭയുടെ പ്രിയോരിനെ അനുകൂലമായി കാണുന്നില്ല."[113]

അമലോത്ഭവ മാതാവിന്റെ ദാസ സംഘത്തെ കർമ്മെലീത്താ മൂന്നാം സഭയാക്കിയത് ഏതദ്ദേശീയരാരുമല്ല, മറിച്ച് വിദേശ കർമ്മെലീത്തരാണ്. അവർ മെത്രാൻ പദവിക്കു നാട്ടുകാർ അർഹരല്ലെന്നു വിധിക്കുന്നതിൽ ഒന്നിച്ചു നില്ക്കുന്നു. മർസെലീനോസ് മെത്രാൻ ബർണർദീനോസ് മെത്രാപ്പോലീത്തായ്ക്ക് എഴുതിയത്: "പല ന്യായങ്ങളുണ്ടെങ്കിലും മുഖ്യമായവ ജാതിബോധം, അഹങ്കാരം, അരൂപിയുടെ ശക്തിയില്ലായ്മ തുടങ്ങിയവ തന്നെ. വിവേകവുമില്ല."[114]

ചാവറയച്ചനുണ്ടായ അവഗണന അതീവ ശ്രദ്ധ പിടിച്ചു പറ്റുന്നത് ലെയോപ്പോൾദച്ചന്റെ സാക്ഷ്യത്തിൽ നിന്നുമാണ്: "ഞങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. ഏറെ വർഷങ്ങളായി ഞങ്ങൾക്കു തനിച്ചു ഭരണാധിപനില്ല. കുറച്ചു വർഷങ്ങൾക്കു മുമ്പു മാത്രം ക്രിസ്ത്യാനികളായിത്തീർന്ന എല്ലാവർക്കും സ്വന്തം ഭരണാധിപനുണ്ട്. പ്രാചീന കാലം മുതൽക്കെ ക്രിസ്ത്യാനികളായ ഞങ്ങൾക്കാകട്ടെ മേല്പറഞ്ഞ

ഭരണാധിപനില്ല. അതിനാൽ സ്വന്ത റീത്തിൽപെട്ട മെത്രാനെ കിട്ടുന്നതിനുവേണ്ടി ഞങ്ങൾ ബാബിലോണിലേക്ക് ഓടുന്നു. ലത്തീൻ സഭയിലും സുറിയാനി സഭയിലും ഭരണം നടത്തുവാൻ ഇവിടെ രണ്ടു മെത്രാന്മാരുണ്ടായിരിക്കുക യുക്തമാണെന്നു അങ്ങയെ ഞാൻ അറിയിക്കുന്നു. അങ്ങനെ സ്വന്തം മെത്രാനെ വേണമെന്ന ആഗ്രഹം നിറവേറുകയും ബാബിലോണുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്യും."[115]

ചാവറയച്ചൻ മറ്റച്ചന്മാരോടു കൂടെ സ്വജാതീയ മെത്രാനുവേണ്ടി എഴുതാതിരുന്നത് വികാരി അപ്പസ്തോലിക്കായുടെ അപ്രീതി ഉണ്ടാകാതിരിക്കുവാനാണെന്നും ലെയോപ്പോൾദച്ചൻ പറയുന്നുണ്ട്. "വന്ദ്യനായ മെത്രാനെ കിട്ടണമെന്ന താല്പര്യത്തോടെ രഹസ്യമായി പരിശ്രമിച്ചു. ഇക്കാര്യം സംബന്ധിച്ചു റോമിലേക്ക് എഴുതുവാൻ അദ്ദേഹം ആഗ്രഹിച്ചുവെങ്കിലും വികാരി അപ്പസ്തോലിക്കായുടെ അപ്രീതി ഭയന്നും അനാരോഗ്യം മൂലവും അദ്ദേഹം അതിനു മുതിർന്നില്ല."[116]

മുകളിൽ കൊടുത്തിരിക്കുന്ന രേഖകളിൽ നിന്നും വ്യക്തമാകുന്നതു വിദേശമിഷനറിമാരുടെ പ്രശ്നം പരിഹരിക്കുവാൻ മാത്രം ചാവറയെ കരുവാക്കുന്നുവെന്നതാണ്. ഭാരതീയരോടും നസ്രാണികളോടും വളരെ അനുഭാവം കാട്ടിയിരുന്ന ലെയോപ്പോൾദച്ചൻ പോലും ചാവറയെ മെത്രാനാക്കിയാൽ പരിശുദ്ധസിംഹാസനത്തിനും മറ്റും പ്രശ്നമാകാമെന്നു സൂചിപ്പിച്ചല്ലോ.[117]

ചാവറയച്ചനെ വാനോളം പുകഴ്ത്തുന്നുവെങ്കിലും സഭാധികാരം കൈമാറുന്ന കാര്യം വന്നപ്പോൾ താഴ്ത്തികെട്ടിയത് വിദേശീയരെ സംബന്ധിച്ചിടത്തോളം ആധ്യാത്മികതയുടെ കുറവെന്ന് അവർ തന്നെ തെളിയിച്ചു. പക്ഷേ ചാവറ വളരെ വിവേകപൂർവ്വം പരിഗണനകളേയും അവഗണനകളേയും അതിജീവിച്ചു. റൂഹാദ്ക്കുദ്ശായുടെ നിവേശനത്തെ അനുധാവനം ചെയ്തു. നല്ലിടയനായ ഈശോയെ സഭാധികാരികളിലൂടെ കണ്ടനുഭവിച്ചു.

6:8 അജപാലനശ്രേഷ്ഠൻ

നല്ലിടയനായ ഈശോയുടെ ദൃശ്യസാന്നിധ്യം മാർപ്പാപ്പായിൽ എന്നു വിശ്വസിക്കുന്നവരാണ് കത്തോലിക്കർ. സ്വയം ഭരണാധികാരമുള്ള വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണ് സാർവ്വത്രികസഭ. പാത്രിയർക്കീസുമാർക്ക് അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യം മിശിഹായുടെ സഭയുടേതു തന്നെയാണ്. ചാവറയച്ചനും പന്ത്രണ്ടു വൈദികരും ഒന്നിച്ച് ഒൻപതാം പീയൂസ് മാർപ്പാപ്പായ്ക്കു കത്തെഴുതിയതിലും സത്യം എടുത്തു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "അതെന്തെന്നാൽ ഈ 1861-ാം കാലം മേയ് മാസം ഒൻപതാം തീയതി ബാബേൽ പാത്രിയാർക്കീസായ ജോസഫ് ഔദോയുടെ കല്പനയനുസരിച്ച് തോമസ് റോക്കോസ് എന്ന പേരിൽ ഒരു മെത്രാൻ ഞങ്ങളുടെ പക്കൽ വന്നു. ഇവിടെ നിന്നും മോസൂളിലേക്കു പോയിരുന്ന അന്തോനി എന്ന പേരിൽ ബ. ഒരു വൈദികനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു."[118] ഇവിടെ കാണുന്നത് നാലാം നൂറ്റാണ്ടു മുതലുള്ള ഒരു പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ നിയമാനുസൃതം നടന്ന സംഭവവികാസമാണ്. ഇതു സഭയുടെ ചൈതന്യത്തിനും സ്വഭാവത്തിനും വിരുദ്ധമല്ലായിരുന്നു. എന്നാൽ നസ്രാണി സഭയുടെ ശ്ലൈഹിക വ്യക്തിത്വത്തെ താറുമാറാക്കിയലത്തീനീകരണവും വിദേശമിഷനറിമാരുടെ മേധാവിത്വവും തകരുമെന്നു കണ്ടതു കൊണ്ട് ചാവറയേയും മറ്റു കർമ്മെലീത്താ വൈദികരേയും ലത്തീൻ സഭാധികാരികൾ സ്വാധീനിച്ച് മാർപ്പാപ്പായ്ക്ക് എഴുതിച്ചുവെന്നു കരുതാവുന്നതാണ്. കാരണം വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്താ തന്റെ ഇടയ ലേഖനത്തിലൂടെ അറിയിച്ച കാര്യമാണ് ചാവറയും കൂട്ടരും മാർപ്പാപ്പായെ അറിയിച്ചത്. "അങ്ങയുടെ മനസ്സിനും കല്പനയ്ക്കും വിരോധമായി, പാത്രിയാർക്കീസ് സ്വന്തം നിശ്ചയപ്രകാരം മേല്പറഞ്ഞ മെത്രാനെ മലയാളത്തിലേക്ക് അയച്ചിരിക്കുന്നു. അതിനാൽ പ്രസ്തുത മെത്രാനിൽ

നിന്നു അധികാരമോ തിരുപ്പട്ടമോ സ്വീകരിക്കുന്ന ഏവനും അവ നൽകുന്നവനും അതിനാൽ തന്നെ സഭാഭ്രഷ്ടനാകും."[119]

അസാധുവായി വിളിച്ചുകൂട്ടി നടത്തിയ ഉദയംപേരൂർ സൂനഹദോസിന്റെ[120] തെറ്റായ നീക്കങ്ങളിൽ പെട്ടതാണ് ലത്തീൻ സഭ നസ്രാണി സഭയുടെമേൽ പുലർത്തിയ അധികാരം. ഇവിടെയാണ് ശീശ്മയുടെ വേരു കിടക്കുന്നത്. മറിച്ചായിരുന്നുവെങ്കിൽ ചാവറയച്ചനും മറ്റു 12 വൈദികർക്കും സംശയം ഉണ്ടാകുകയില്ലായിരുന്നു. സംശയ നിവാരണത്തിനു റോമിനെ സമീപിക്കുവാനും ന്യായം കാണിക്കുവാനും ഇടവരുത്തിയതു ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ലത്തീനീകരണത്തിന്റെ മൂർച്ചയേറിയ വാളുതന്നെയാണ്.

ചാവറയും കൂട്ടരും റോമിലേക്ക് എഴുതിയതിന് മാർപ്പാപ്പാ നല്കിയ മറുപടി ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ഇടയ ലേഖനവും ഇവിടെ നിന്നുള്ള വിദേശീയ മിഷനറിമാരുടെ നിർദ്ദേശവുമനുസരിച്ചായിരിക്കുന്നതിൽ ഒരതിശയവുമില്ല. മാർപ്പാപ്പായുടെ മറുപടിക്കത്ത്: ".....സ്നേഹമക്കളെ, മലയാളത്തിലുള്ള പള്ളികളുടെ കാര്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടായെന്നു 1860 വൃശ്ചികം 26-നു തന്നെ ഈ പാത്രിയർക്കീസിനോടു നാം എഴുത്തുമൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രിയർക്കീസിന്റെ സ്വമനസ്സാലും ആജ്ഞയാലും മാത്രമാണ് റോക്കോസ് അവിടെ വന്നിരിക്കുന്നതെന്നു നിങ്ങൾ അറിയണം. ആകയാൽ സ്നേഹമക്കളെ, റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനും ആയിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചു കൊൾവിൻ. ആകയാൽ പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതുമായ ഈ സിംഹാസനത്തിന്റെ പ്രതിപുരുഷനായി അവിടെ നാം നിശ്ചയിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലീത്തായായ ബ. നമ്മുടെ സഹോദരൻ

ബർണർദീനോസ് മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേൽപ്പട്ടക്കാരനാകയാൽ അദ്ദേഹത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടതും ന്യായമാകുന്നു."[121]

മലയാളത്തിലുള്ള പള്ളികളുടെ മേൽപ്പട്ടക്കാരനായി മാർ ബർണർദീനോസിനെ സ്ഥാപിച്ചുറപ്പിക്കുന്നതിനാണ് മാർപ്പാപ്പാ മറുപടി കൊടുത്തത്. ലത്തീൻകാരും സുറിയാനിക്കാരുമെല്ലാം മലയാളത്തിലുള്ള പള്ളികളുടെ കീഴിലാണ്. എന്നാൽ തോമ്മാശ്ലീഹായിൽ നിന്നും മാമ്മോദീസാ സ്വീകരിച്ചവരും എന്നും കത്തോലിക്കരായിത്തന്നെ നിന്നിരുന്നവരും മലയാളത്തുകാരായാലും അവർ പൗരസ്ത്യ സുറിയാനിക്കാരും കൽദായ റീത്തുകാരുമെന്നതു വിസ്മരിച്ചുകൂടാ. ചാവറയച്ചൻ പോലും ഈ സംഗതി എടുത്തു പറയുന്നുണ്ട്.[122] എന്നാൽ സംഭവിച്ചത് ലത്തീനീകരണത്തിലൂടെ ഉണ്ടായ പുതിയ സംഘർഷമാണ്. ഈ സംഘർഷത്തിൽ മാർപ്പാപ്പായിൽ നിന്നുള്ള പരിഹാരം ലത്തീൻകാരനായ ബർണർദീനോസ് മേൽപ്പട്ടക്കാരനു കീഴ്പ്പെടുക എന്നതാണ്. മാർപ്പാപ്പായിൽ നിന്നും മറുപടി കിട്ടിയതു മുതൽ ചാവറയച്ചന്റെ നീക്കം മാർപ്പാപ്പായ്ക്കു വിധേയനായിരിക്കുക എന്നതായിരുന്നു. ഇടയന്റെ വിശ്വസ്തൻ എന്ന നിലയിൽ ചാവറ മലയാളത്തിലുള്ള മാർപ്പാപ്പായുടെ പ്രതിനിധിക്കു പൂർണ്ണമായി വിധേയപ്പെട്ടിരുന്നു. അതുകൊണ്ടാണ് 1870 ഏപ്രിൽ 25-ാം തിയതി ചാവറയച്ചൻ മാർപ്പാപ്പയ്ക്ക് എഴുതിയത്. അതിൽ പറയുന്നു "..... അതിനു ശേഷം ഇപ്പോൾ വലിയ അന്തോനീസിന്റെ സന്ന്യാസ സഭയിൽപ്പെട്ട രണ്ടു സന്ന്യാസികൾ ഞങ്ങളുടെ പക്കൽ വന്നിരിക്കുന്നു ..... ആരംഭത്തിൽ അവർ നല്ലവരായി കാണപ്പെട്ടു. വിശ്വാസികൾക്ക് അവരുടെ സഹവാസം ആനന്ദപ്രദമായിരുന്നു. എന്നാൽ തുടർന്നുള്ള അവരുടെ നടത്തയും പ്രവർത്തനരീതിയും പള്ളികളിൽ അവർ അർപ്പിച്ചിരുന്ന കുർബാനയും ഞങ്ങളിൽ ഭയത്തിനു കാരണമുണ്ടാക്കി..... ഞങ്ങൾ അങ്ങയുടെ പക്കൽ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഇപ്പോൾ റോമിൽ

താമസിക്കുന്ന കൽദായ പാത്രിയർക്കീസിനു സഭാശിക്ഷയ്ക്കു വിധേയനാക്കിക്കൊണ്ട് നേരിട്ട് ഒരു കല്പന കൊടുക്കണമെന്ന് "മേലാൽ പാത്രിയർക്കീസിന്റെ എഴുത്തോടു കൂടിയോ അനുവാദത്തോടു കൂടിയോ, മെത്രാനാകട്ടെ വൈദികനാകട്ടെ, അവിടെ നിന്നു ഞങ്ങളുടെ ഇടയിലേക്കു ആരേയും അയയ്ക്കരുതെന്ന്....." ഇപ്രകാരം അയയ്ക്കപ്പെടുന്നവരുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ക്രിസ്ത്യാനികളുടെ ഇടയിൽ വഴക്കിനും പിളർപ്പിനും ഇടം കൊടുത്തു കൊണ്ട് ഉതപ്പിനും കാരണമായി തീരുന്നതു കൊണ്ടാണ്."[123]

16-ാം നൂറ്റാണ്ടുവരെ അവിഭക്തമായിരുന്ന നസ്രാണി സഭയിൽ പശ്ചാത്യരീതി ശക്തിപ്പെട്ടതിന്റെ ഒരു ഉദാഹരണമാണിവിടെ കാണുന്നത്. എന്നാൽ ചാവറയച്ചന്റെ ആധ്യാത്മികതയെ വിലയിരുത്തുമ്പോൾ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ച 1829 മുതൽ കർമ്മെലീത്താ മിഷനറിമാരുടെ സഭാധികാരത്തിനു വിധേയപ്പെട്ടും അവരാണു മാർപ്പാപ്പായുടെ പ്രതിനിധികൾ എന്ന അനുമാനത്തിലും എത്തിയിരുന്നു. അവരെ കേൾക്കുന്നതാണ് മിശിഹായെ കേൾക്കുന്നതിന്റെ പ്രായോഗികതയെന്നും വിശ്വസിച്ചിരുന്നു. അതിൽ തെറ്റില്ല. പക്ഷേ പാത്രിയർക്കീസിനെ മുടക്കണമെന്നു മാർപ്പാപ്പായോടാവശ്യപ്പെട്ടത് പാത്രിയർക്കീസും മാർപ്പാപ്പായും തമ്മിലുള്ള സഭാപരമായ ഐക്യത്തെ വെളിപ്പെടുത്തുന്നതാണ്. അതിനാൽ അംഗീകൃതമായിരുന്ന സഭാശിക്ഷണത്തിൽ അനുവാദത്തിന്റെയും മുടക്കിന്റെയും രീതിയിൽ മേധാവിത്വം പുലർത്തുന്നതിന്റെ ഭാഗമായിട്ടാണു വിദേശമിഷനറിമാർ ചാവറയെ കരുവാക്കിയത്. അവസാനം തീരുമാനത്തിനു മാർപ്പാപ്പാ ഇടപെട്ടപ്പോൾ ചാവറയച്ചൻ അത് അംഗീകരിച്ചു. റോമാ സിംഹാസനത്തോടു ചാവറ പൂർണ്ണ വിശ്വസ്തത പാലിച്ച് അജപാലന ശ്രേഷ്ഠനായിത്തീരുകയും ചെയ്തു. അതുവഴി ദൈവത്തിനും ദൈവജനത്തിനുമുള്ളവനായി ചാവറ മാറി.

6:9 ദൈവത്തിനും ദൈവജനത്തിനും

"മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസം തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടു വന്നു. ഒരു ദിവസം അവനത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്ത് എഴുന്നേറ്റു ആയതു കഴിച്ചതിൽ പിന്നെ മാത്രമെ അത്താഴം കഴിച്ചുള്ളു." [124] "നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിക്കുവിൻ; സ്നേഹമായിരിപ്പിൻ; ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യ സൗഭാഗ്യവും നിങ്ങൾ അനുഭവിക്കും." [125]

മുകളിൽ കൊടുത്തിരിക്കുന്നതിൽ രണ്ടാമത്തെ ഉദ്ധരണി കൈനകരിക്കാർക്കെഴുതിയ ഒന്നാമത്തെ കത്തിലെ കുടുംബക്രമത്തിൽ ആദ്യത്തെ ഖണ്ഡികയുടെ തുടക്കമാണ്. അതിൽ 'ഇഹത്തിൽ സമാധാനവും പരലോകത്തിൽ നിത്യസൗഭാഗ്യവും' എന്ന പ്രയോഗം കാണാം. അതിനുള്ള വ്യവസ്ഥ പരസ്പര ഉപവി, സ്നേഹം, ക്ഷമ എന്നിവയാണ്.

ഒന്നാമത്തെ ഉദ്ധരണിയിൽ കാണുന്നത് 'മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു' എന്നതാണ്. സ്രഷ്ടാവിന്റെ പ്രമാണം സ്രഷ്ടാവു തന്നെ മനുഷ്യനെന്ന നിലയിൽ നടപ്പാക്കിയതാണു സുവിശേഷം. "ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:34). ഈശോ സുവിശേഷം പ്രഘോഷിക്കുക മാത്രമല്ല ചെയ്തത്; മറിച്ച് അത് അന്വർത്ഥമാക്കി: "ഞാൻ വന്നിരിക്കുന്നത്, അവർക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10).

ഈശോ തനിക്കുള്ളവരെ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു (യോഹ. 13:1) എന്നു യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. ഐഹിക ജീവിതത്തിൽ ദൈവജനത്തെ സ്നേഹിക്കുന്നത് പരലോക ജീവിതത്തിന്റെ അനുഭവം പ്രദാനം ചെയ്യുന്നതെന്ന ചാവറയുടെ നിഗമനം ഈശോയുടെ പഠനങ്ങളിലും സർവ്വോപരി ജീവിതത്തിലൂടെയും സംഭവിച്ചതാണ്. ദൈവത്തിനെ നത് ദൈവജനത്തിനുള്ള ശുശ്രൂഷയിലടങ്ങിയിരിക്കുന്നു. ചാവറയുടെ ജീവിതത്തിൽ മേല പറഞ്ഞത് ദൈവത്തിനും ദൈവജനത്തിനും എപ്രകാരമെന്നു കാണാം.

1855 ഡിസംബർ 8-ാം തീയതി ആദ്യമായി സന്ന്യാസവ്രതമനുഷ്ഠിച്ച ചാവറയച്ചൻ ഏതു സമൂഹത്തിൽ അംഗമായോ ആ സമൂഹത്തിന്റെ സ്ഥാപന ലക്ഷ്യത്തെക്കുറിച്ച് അതിന് അനുവാദം നല്കിയ മൌറേലിയൂസ് ദൊമിനിക്ക് മെത്രാൻ നല്കുന്ന സാക്ഷ്യം: "തമ്പുരാന്റെ ഏറ്റിക്കപ്പെട്ട സ്തുതിക്കും പള്ളിഒക്കെയുടെയും നില്യ്ക്കും..... അറിവില്ലാത്തവർക്ക് സന്മാതൃക കാണിച്ചു കൊടുക്കുക, സന്മനസ്സുള്ളവരെ മാനസാന്തരപ്പെടുത്തുക, ഭിന്നിച്ചു നില്ക്കുന്ന സഹോദരങ്ങളെ പുനരൈക്യപ്പെടുത്തുക, സഭയുടെ തന്നെ നവോത്ഥാനത്തിനുവേണ്ടി യത്നിക്കുക. രാജ്യങ്ങളുടെയും ലോകം മുഴുവന്റെയും സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രയത്നിക്കുക..... ലോകത്തിൽ നിന്നും ആധ്യാത്മികതയിലേക്കു തെരഞ്ഞെടുക്കപ്പെട്ടവരുടെ വേലവഴി കണ്ണിനു കാണാവുന്ന നന്മകൾ നേടിയെടുക്കുക, മൊത്തത്തിൽ ജനങ്ങളുടെ ഏറ്റവും വലിയ നന്മയ്ക്കുവേണ്ടി പരിശ്രമിക്ക."[126] 1829-നു ചാവറയച്ചൻ ആദ്യകുർബ്ബാന ആഘോഷിച്ചപ്പോൾ അതിലുണ്ടായിരുന്ന നിയോഗം ഏതദ്ദേശീയ സന്ന്യാസസഭയുടെ ആരംഭമായിരുന്നു.[127] ഇരുപത്തിയാറു വർഷത്തെ ഇടവേളയ്ക്കു ശേഷം ചാവറ ദൈവത്തിനായി പ്രതിഷ്ഠിതനായെങ്കിലും പ്രവർത്തിച്ചത് ദൈവജനത്തിനായിട്ടായിരുന്നു. ദൈവജനത്തിനായി തന്റെ താലന്തുകൾ വിനിയോഗിച്ച ചാവറ മാമ്മോദീസായുടെ അടിസ്ഥാനത്തിൽ വ്രതങ്ങളുടെ

ചൈതന്യത്തിൽ എന്നും ദൈവജനത്തിനുള്ളവനായിരുന്നു എന്ന് ജീവിതം കൊണ്ടു തെളിയിച്ചു.[128]

സാമൂഹ്യ പ്രതിബദ്ധതയാണ് മനുഷ്യരെ സംബന്ധിച്ചിടത്തോളം ദൈവാനുഭവത്തിന്റെ വലിയ ഒരു ഘടകം (1 യോഹ. 4:12). 1805 ഫെബ്രുവരി 8-നു ഭൂജാതനായ ചാവറ 1871 ജനുവരി 3-ന് നിത്യ സമ്മാനത്തിനായി രൂപാന്തരപ്പെട്ടതുവരെ അദ്ദേഹം ദൈവജനത്തോടു ബന്ധപ്പെട്ടതിലൂടെയാണ് ദൈവദാസനായിത്തീരുവാൻ അദ്ദേഹത്തിനിട വന്നത്.[129]

"വാച്ചവനവാസത്തിന്റെ" ചൈതന്യത്തിൽ ആശ്രമാവൃതിയിലിരുന്ന് ദൈവോപാസന നടത്തുന്ന ചാവറയെയാണ് 'ആത്മാനുതാപത്തിലും' 'ധ്യാനസല്ലാപങ്ങളിലും' കാണുന്നതെങ്കിൽ[130] ദൈവജനത്തെ ദൈവവചനമറിയിക്കുന്നവനായിട്ടാണ് പ്രസംഗ പീഠങ്ങളിൽ അദ്ദേഹത്തെ ദർശിക്കുക.[131] വചനപ്രഘോഷകരായിത്തീരേണ്ടവരെ പരിശീലിപ്പിക്കുന്ന ചാവറയെയാണ് മല്പാനായി സെമിനാരികളിൽ കണ്ടെത്തുക.[132] യോഗ്യരായ വൈദികരെ നിയോഗിക്കുന്ന നിയന്ത്രാവായിട്ടാണു പുരോഹിതരുടെ പരീക്ഷകനായി ചാവറ കടന്നുവരുന്നത്.[133] സ്ത്രീ വിഭാഗത്തിനു പഠിപ്പും പരിശീലനവും ലഭിക്കേണ്ടതിന് കന്യകാലയങ്ങൾ രൂപപ്പെടുത്തുന്ന ശില്പിയെയാണ് കൂനമ്മാവിലെ ചാവറയിൽ ദൈവം വെളിപ്പെടുത്തുന്നത്.[134] ദൈവജനത്തിന് അറിവും അനുഭവവും കൊടുക്കുന്നതിനായി പള്ളിക്കൂടങ്ങളും പള്ളികളും ചാവറയുടെ പദ്ധതിയിൽ രൂപപ്പെട്ടു.[135] മാദ്ധ്യമോപാധികളിലൂടെയുള്ള ആശയവിനിമയത്തിനാൽ മുദ്രാലയങ്ങളും ചാവറയുടെ ദൈവജനോപാസനയായി.[136] ദൈവജനത്തിനു വഴികാട്ടിയായി, സഭയുടെ ശുശ്രൂഷകനായി, മേലധ്യക്ഷ പദവിയിലും ചാവറ ശോഭിച്ചു.[137]

സാമൂഹ്യപ്രതിബദ്ധതയിലൂടെ മനുഷ്യസാഹോദര്യം സജീവമാക്കുന്നതിൽ അധ:കൃതോപാസനയും സഭൈക്യ വേദികളും ചാവറയിൽ നിന്നു തെന്നിമാറിയില്ല.[138] ജാതിമതഭേദ്യമെന്യേ ഏവരോടും ദൈവസ്നേഹം പ്രഘോഷിച്ച ചാവറയെയാണ് കർമ്മയോഗിയെന്ന

നിലയിൽ ലോകം ദർശിച്ചത്.[139] മരണോത്ഥാനത്തിലൂടെ പരിശുദ്ധാത്മാവിനെ ലോകത്തിനു നല്കിയ ഈശോയെ മരണക്കിടക്കയിൽ ചാവറ പ്രഖ്യാപിച്ചത് റൂഹായിൽ നിറഞ്ഞതിന്റെ സാക്ഷ്യമാണ്.[140]

"മിത്രങ്ങളെ സ്നേഹിക്കുക, ശത്രുക്കളെ വെറുക്കുക" എന്ന ചൊല്ലു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അപ്പോൾ നിങ്ങൾ സ്വർഗ്ഗീയ പിതാവിന്റെ മക്കളായിത്തീരും" (മത്താ. 5:43-45). ഇവിടെ കാണുന്ന സുവിശേഷ ആദർശം ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് ദൈവത്തേയും ദൈവജനത്തേയും സ്നേഹിച്ച ചാവറയെ ലോകം ദർശിച്ചു. ആസ്ഥപ്പാടുപട്ടം കഴിഞ്ഞുണ്ടായ ഒരു വീടു കയറ്റത്തിൽ സ്വന്തം ഇടവകക്കാർ ചെയ്ത തടസ്സങ്ങളെ ചാവറ സ്നേഹാദരവോടെ നേരിട്ടു.[141] ചാവറയച്ചന് എതിരായി കേസു കൊടുത്തവന് കഴിയുന്ന ഉപകാരസഹായം ചെയ്യണമെന്ന് ചാവറ തന്റെ മരണശാസനത്തിൽ എഴുതിയിരുന്നു.[142] കൊവേന്തയിൽ പ്രശ്നമുണ്ടാക്കിയ 'വാലിഭക്കാരനെ' ചാവറ കാരുണ്യത്തോടെ സമീപിച്ചത് പ്രസിദ്ധമാണ്.[143] കർത്തൃപ്രാർത്ഥനയിലുള്ള ശത്രുക്കളോടു ക്ഷമിക്കുക എന്നത് ചാവറയച്ചൻ നടപ്പാക്കുകയും ചാവരുളിലത് ഏവർക്കുമായി ഉപദേശിക്കുകയും ചെയ്യുന്നു.[144] എതിരാളികളെ സ്നേഹിക്കുന്ന ചാവറയെയാണ് തൊണ്ടനാട്ട് അന്തോനിച്ചനെ സ്വീകരിച്ചതിലും റോക്കോസിനു യാത്രച്ചെലവും മറ്റും നല്കി സഹായിച്ചതിലും ദൃശ്യമാകുന്നത്.

ദൈവജനസേവനാർത്ഥം ചാവറ ചെയ്തിട്ടുള്ള നിരവധി കാര്യങ്ങൾ മുകളിൽ സൂചിപ്പിച്ചു. കൈനകരിയിലെ ആതുരാലയവും നന്മരണത്തിന്റെ സഭയെന്ന കൂട്ടായ്മയും തുടങ്ങിയത് ചാവറയാണ്.[145] ഭിക്ഷക്കാർക്കും അത്താണിയായിരുന്നു ചാവറ.[146] തൊഴിലാളികൾക്കു വേതനം നല്കുന്നതിൽ കാലതാമസം വരുത്തരുതെന്നും ചാവറ നിർദ്ദേശിച്ചിരുന്നു.[147] ചുരുക്കത്തിൽ ചാവറയുടെ ജീവിതം ദൈവത്തിനെന്നതുപോലെ ദൈവജനത്തിനുമുള്ളതായിരുന്നു.

6:10 സഭാവിശ്വസ്തൻ

മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭ (വത്തി. 2 തിരുസ്സഭ. 2) പ്രാദേശിക സഭകളിലും പ്രാദേശിക സഭകളിൽ നിന്നുമാണ് ഏകമായും ഏകീയമായും സാർവ്വത്രികമായും രൂപം പ്രാപിക്കുന്നത് (വത്തി. 2, തിരുസ്സഭ. 23). പ്രാദേശിക സഭയെ സാർവ്വത്രിക സൂനഹദോസ് വിവരിക്കുന്നത് ഇപ്രകാരമാണ്: "പരിശുദ്ധാത്മാവിൽ സജീവമായി ഒന്നു ചേർന്നിരിക്കുന്ന വിശ്വാസികൾ വിവിധ സമൂഹങ്ങളായി മേലധ്യക്ഷക്രമത്തിനു വിധേയമായി പ്രാദേശിക സഭകൾ അല്ലെങ്കിൽ റീത്തുകളായി സമ്മേളിച്ചിരിക്കുന്നു."[148] റീത്ത് എന്നതിനെ സൂനഹദോസ് വിവരിക്കുന്നത് "ദൈവാരാധനക്രമം, സഭാശിക്ഷണം, ആധ്യാത്മിക പിതൃസമ്പത്ത് എന്നിവയിൽ വൈവിധ്യമുണ്ടെങ്കിലും മാർപ്പാപ്പായുടെ അജപാലനത്തിന് ഇവ തുല്യമായ രീതിയിൽ ഏല്പിക്കപ്പെട്ടിരിക്കുന്നുവെന്നാണ്."[149] സഭയുടെ തനിമയെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവജനമെന്ന ആശയം മുന്നിട്ടു നില്ക്കുന്നു.[150] ദൈവത്തിനും ദൈവ ജനത്തിനുമായി ജീവിച്ച ചാവറ സഭാതനിമയിൽ എന്തുമാത്രം മുഴുകിയിരുന്നുവെന്നാണ് ഇനിയും കാണുവാനുള്ളത്.

ചാവറയുടെ കാലത്തെ സഭാവിജ്ഞാനീയം രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിനു ശേഷമുള്ളതിനെക്കാൾ അടിസ്ഥാനപരമായി കുറവുള്ളതല്ലായിരുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ സഭ റൂഹാദ്ക്കുദ്ശായിൽ ഒന്നു ചേർന്നിരിക്കുന്ന വിശ്വാസികളുടെ ഗണവും അതു ലത്തീൻ, സുറിയാനി തുടങ്ങിയ സവിശേഷസഭകൾ മാർപ്പാപ്പായുടെ കീഴിൽ ഒന്നു ചേർന്നിരിക്കുന്നതുമെന്നാണ് ചാവറ വിശ്വസിച്ചിരുന്നത്.[151] ചാവറയച്ചൻ റോമാ മാർപ്പാപ്പയ്ക്കു കത്തെഴുതിയത് സുറിയാനി ഭാഷയിലും, അതിനു മറുപടി പ്രതീക്ഷിച്ചത് ആ ഭാഷയിൽ തന്നെയുമായിരുന്നു.[152] സുറിയാനി ഭാഷ മാത്രമല്ല, ചാവറയുടെ കാലത്തു സഭാത്മകതയായി കരുതിയിരുന്നത് മറിച്ച്, മാർത്തോമ്മാശ്ലീഹായുടെ

കാലം മുതൽ വിശ്വാസികളായിരിക്കുന്നവർക്ക് സ്വന്തം മെത്രാൻ വേണമെന്നു റോമിലേയ്ക്ക് എഴുതുന്നത് സഭാത്മക തനിമ കാത്തു സൂക്ഷിക്കുന്നതിനുവേണ്ടിയാണ്. അല്ലെങ്കിൽ രണ്ടു മെത്രാന്മാരെ ഒന്നു ലത്തീൻ സഭയ്ക്കും മറ്റേതു സുറിയാനി സഭയ്ക്കും, എന്നെഴുതുകയില്ലായിരുന്നു.[153] 'സുറിയാനി സഭയ്ക്കും' 'ലത്തീൻ സഭയ്ക്കും' എന്നതു രണ്ടു വ്യക്തി സഭകളെ ഉദ്ദേശിച്ചാണ്. റീത്ത് എന്ന പേരിൽ അന്ന് അറിയപ്പെട്ടിരുന്ന സഭ തനതാത്മക സ്വഭാവമുള്ളതായിരുന്നു. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിൽ പ്രയോഗിച്ചിരിക്കുന്ന 'പ്രാദേശികസഭ' അല്ലെങ്കിൽ 'റീത്ത്' എന്നതോ 'വ്യക്തിസഭ' എന്നതോ 'സഹോദരീസഭ' എന്നതോ ആയ പ്രയോഗങ്ങളല്ല പ്രധാനം. മറിച്ച് മാർപ്പാപ്പായോടു ചേർന്ന് സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ തോമ്മാശ്ലീഹായിൽ നിന്നു വിശ്വാസം സ്വീകരിച്ചവരുടെ തനതാത്മകതയാണു ലക്ഷ്യം. ഈ തനതാത്മകതയിൽ ഒരു ഘടകമാണ് മേലധ്യക്ഷക്രമം. ഈ ചൈതന്യത്തിലുള്ള മെത്രാനെ കിട്ടുന്നതിനു വേണ്ടി ചാവറയച്ചൻ ഉൾപ്പെടെ നിരവധി പേർ എന്നും പരിശ്രമിച്ചിരുന്നുവെന്നതാണ് നസ്രാണി വ്യക്തിസഭയുടെ ചരിത്രം.[154]

13-ാം നൂറ്റാണ്ടിൽ വിദേശീയർ ഭാരതത്തിൽ കാലുറപ്പിച്ചു തുടങ്ങിയതു മുതൽ ഭാരത നസ്രാണി സഭയുടെ തനിമയ്ക്കു കോട്ടമായി. 1291-ൽ ജോൺ മോന്തെ കൊർവീനോ മൈലാപ്പൂരിൽ പതിമൂന്നു മാസം താമസിച്ചതും 1321-ൽ ജോൺ കത്തലാനി ഭാരതത്തിന്റെ പടിഞ്ഞാറൻ തീരം സന്ദർശിച്ചതുമെല്ലാം തുടക്കമായിരുന്നു. ആ കാലത്തെ മാർപ്പാപ്പാ ആയ യോഹന്നാൻ 22-ാമനെ (1316-1334) ഭാരതത്തിന്റെ സ്ഥിതി അറിയിച്ചതിനെ തുടർന്ന് 1330-ൽ കൊല്ലത്തിന്റെ മെത്രാനായി യോഹന്നാൻ കത്തലാനിയെ മാർപ്പാപ്പാ നിശ്ചയിച്ചു. ഭാരതത്തിലെ ആദ്യത്തെ ലത്തീൻ മെത്രാനായ, ഇദ്ദേഹം വഴി യോഹന്നാൻ 22-ാമൻ മാർപ്പാപ്പാ കൊടുത്തു വിട്ട കത്തിൽ കൊല്ലത്തുള്ള മിശിഹാനുയായികളെ നസ്രാണികൾ എന്നാണു സംബോധന ചെയ്തിരിക്കുന്നത്.[155] കേരളത്തിൽ നസ്രാണി രാജാക്കന്മാരും ഉണ്ടായിരുന്നു.

യവുജിൻ നാലാം മാർപ്പാപ്പാ ഭാരത ചക്രവർത്തി തോമ്മായ്ക്കു കത്തെഴുതിയത് മേല്പറഞ്ഞതിനുള്ള തെളിവാണ്.[156] തുടർന്ന് 1318-ൽ യോഹന്നാൻ 22-ാമൻ മാർപ്പാപ്പാ ഭാരതമുൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളെ ദൊമിനിക്കൻ, ഫ്രാൻസിസ്ക്കൻ സന്ന്യാസികൾക്ക് പ്രേഷിത വേലയ്ക്കായി ഏല്പിച്ചു കൊടുത്തു. മൈലാപ്പൂരിലെ തോമ്മാശ്ലീഹായുടെ തീർത്ഥാടന കേന്ദ്രം ഇവരെ ആകർഷിച്ചിരുന്നു.[157] തുടർന്നുള്ള സംഭവ വികാസങ്ങളിൽ നിർണ്ണായകമായ 1498 മെയ് 28-നു വാസ്കോഡിഗാമായുടെ കപ്പൽ കാപ്പാട്ടു നങ്കൂരമിട്ടപ്പോൾ അതു നസ്രാണി സഭയുടെ തനിമയെ വികലമാക്കുന്നതിന്റെ തുടക്കമെന്ന് ആരു ചിന്തിച്ചു? 1599-ൽ ഗോവായുടെ മെത്രാപ്പോലീത്താ മെനേസിസ് മാർത്തോമ്മാ നസ്രാണികളെ പൂർണ്ണമായി വൈദേശീകരിച്ചില്ലേ? അസാധുവായി നടത്തിയ ഈ സൂനഹദോസ് മാർത്തോമ്മാ നസ്രാണികളെ മഹറോൻ വഴി സുറിയാനി തനിമയിൽ നിന്നും വിച്ഛേദിച്ച് യഥാർത്ഥ കത്തോലിക്കാ സഭയിൽനിന്നു മാറ്റി പോർട്ടുഗീസുകാരുടെയും ലത്തീൻ മേധാവിത്വത്തിന്റെയും കീഴിലാക്കി.[158]

മാർത്തോമ്മാ ശ്ലീഹായിൽ നിന്നു വിശ്വാസം സ്വീകരിച്ച്, ആ വിശ്വാസം കാത്തു സൂക്ഷിച്ച സഭാഭരണം, ആധ്യാത്മികത, നിയമസംഹിത, സംസ്ക്കാരം, ദൈവാരാധന, ജീവിതശൈലി എന്നിവയെല്ലാം നഷ്ടപ്പെട്ടതിൽ മനം നൊന്തവരായിരുന്നു നസ്രാണികൾ. അവരുടെ ഹൃദയാഘാതത്തിനുള്ള ചികിത്സയിൽ ചാവറയച്ചനും പങ്കു ചേർന്നതു തെറ്റായിപ്പോയി എന്നല്ലേ അന്നത്തെ വികാരി അപ്പസ്തോലിക്കായായിരുന്ന ബർണർദീനോസും ബച്ചിനെള്ളിയും വിധിച്ചത്.[159] ചാവറയച്ചൻ എന്തുകൊണ്ടു നസ്രാണികൾക്കു ഒരു പ്രത്യേക മെത്രാനെ ലഭിക്കുവാൻ പരിശ്രമിച്ചു? ഇവിടെയാണ് അന്നുണ്ടായിരുന്ന സഭാവിജ്ഞാനീയത്തിന്റെ തനിമ പ്രകടമാകുന്നത്.

സഭ എന്നതു വെറും ബാഹ്യമായ ഒരു സംഘടനയല്ല. അത് മേൽക്കോയ്മയുടെ ഭരണസംവിധാനവുമല്ല; മറിച്ച് ഈശോമിശിഹായിൽ

വിശ്വസിക്കുന്നവരെ റൂഹാദ്ക്കുദ്ശായിൽ ഒന്നിച്ചുചേർത്ത് വിശ്വാസ ജീവിതം നയിക്കുന്നതിനുള്ള സംവിധാനമാണ്. ഇതു തന്നെയാണ് 'സഭ ഒരു കൂദാശ' എന്നതുപോലെ രണ്ടാം വത്തിക്കാൻ സാർ വ്വത്രിക സൂന ഹദോസ് കാണുന്നത്. മേലധ്യക്ഷക്രമത്തിൽ ഉണ്ടായ വ്യതിയാനങ്ങളും ബാബേൽ, റോം ബന്ധവും ഇത്തരുണത്തിൽ ചാവറ പ്രശ്നമായി കണ്ടിരുന്നു. നസ്രാണി സഭയുടെ തനിമ വേണമെന്നു തന്നെ ചാവറ ഉറച്ചിരുന്നു. പക്ഷേ റോമാ മാർപ്പാപ്പായുടെ പ്രതിനിധികളായി കർമ്മെ ലീത്താ മിഷനറി മേലധ്യക്ഷന്മാരെയാണ് ചാവറ കണ്ടിരുന്നത്. കാരണം 13-ാം നൂറ്റാണ്ടു മുതൽ സംഭവിച്ച വൈ ദേശിക സാന്നിധ്യം 1599-ലെ ഉദയംപേരൂർ സൂനഹദോസിലൂടെ പൂർത്തിയായിരുന്നു. തുടർന്ന് മേല്പറഞ്ഞ ലത്തീനീകരണത്തിന്റെ ശക്തമായ അവശിഷ്ട ങ്ങളാണ് ചാവറയുടെ കാലത്തു നിലനിന്നിരുന്നത്. അതുകൊണ്ട് അന്നത്തെ സാഹചര്യത്തിൽ കർമ്മെലീത്താ മേലധ്യക്ഷന്മാരായി രുന്നു സഭാ ജീവിതത്തിനുള്ള അവസാന മാനദണ്ഡം. അന്നത്തെ വികാരി അപ്പസ്തോലിക്കായുടെ അതൃപ്തിയെ ഭയന്നിരുന്നുവെന്നത് ചാവറയുടെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും നിശ്ചയങ്ങ ളെയും സ്വാധീനിച്ചിരുന്നു. എന്നിട്ടും ചാവറയും അനുയായികളും സഭാ തനിമയെ നിലനിറുത്തുവാൻ പരിശ്രമിച്ചിരുന്നു. മർസെലീനോസ് മൂപ്പ ച്ചന്റെ നിർബന്ധവും പീഡനവും സഹിക്കവയ്യാതെ പോരൂക്കര എലി സേവൂസച്ചൻ വളരെ വേദനിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ: "ഞാനെന്റെ സഹോദരന്മാരുടെ രക്തത്തിൽ വിരൽ മുക്കിയിരിക്കു ന്നു. അവർക്കെന്തു സംഭവിക്കുമെന്ന വിചാരം എന്നെ വേദനപ്പെടു ത്തുന്നു."[160] ഈ വേദനയും ഞെരുക്കവും സഹിക്കവയ്യാതെയാണല്ലോ റോമാ മാർപ്പാപ്പായ്ക്ക് പോരൂക്കര എലിസേവൂസച്ചനും അല്മായരും, സന്ന്യസ്തരും പുരോഹിതന്മാരും കൂടി 1876-ൽ എഴുതിയത്.[161]

ചാവറയച്ചനും അദ്ദേഹത്തിന്റെ പിൻഗാമി എലിസേവൂസച്ച നും അന്നു സന്ന്യാസത്തിലുണ്ടായിരുന്ന ഭൂരിപക്ഷം ആളുകളും

റോമിലേയ്ക്ക് നാട്ടുമെത്രാനെ വേണമെന്നു പറഞ്ഞ് എഴുതിയത് സഭാ വിജ്ഞാനീയത്തെക്കുറിച്ച് നല്ല അവബോധമുണ്ടായിരുന്നതു കൊണ്ടല്ലേ? 1875-ൽ സന്ന്യസ്തരായിരുന്ന ഏഴുപേർ സ്വന്തം മെത്രാനു വേണ്ടി റോമിന് എഴുതിയത് പിടിക്കപ്പെട്ട പാപമോ?[162] മാന്നാനത്തു നിന്ന്, സ്വന്തം മെത്രാനെ വേണമെന്ന് എഴുതിയവർ:ശങ്കൂരിക്കൽ ബ. പൗലോസച്ചൻ, മാതേക്കൽ മത്തായി അച്ചൻ, മീനാട്ടൂർ എമ്മാനുവേലച്ചൻ, ചാവറ യൗസേപ്പച്ചൻ, ഇരുമ്പൻ വറുഗീസച്ചൻ, പഴേപറമ്പിൽ ലൂയിസച്ചൻ, തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ എന്നിവരാണ്. റോമിലേക്ക് മാർപ്പാപ്പായ്ക്കു എഴുതുന്നത് പിടിക്കപ്പെട്ട പാപമെന്നു വിശേഷിപ്പിച്ച ലെയോനാർദു മെല്ലാനൊ സുറിയാനിക്കാരെ വിശേഷിപ്പിച്ചത് "ദുർമ്മാർഗ്ഗികളും അക്രമികളും ഭോഗേച്ഛുകളും വിപ്ലവകാരികളും" എന്നാണ്.[163] ഈ കള്ളരേഖയിൽ ഒപ്പിടണമെന്നു പോരൂക്കര എലിസേവൂസച്ചനെ നിർബന്ധിച്ച മെത്രാപ്പോലീത്താച്ചനോ, അതോ എലിസേവൂസച്ചനോ റോമിനോടു വിശ്വസ്തൻ?.[164]

ഇതുവരെ സൂചിപ്പിച്ച സത്യങ്ങൾ വച്ചു നോക്കുമ്പോൾ സഭാതനിമയുടെ വളരെ നിർണ്ണായകമായ ഒരു ഘടകമാണ് മേലധ്യക്ഷക്രമം. അതുകൂടാതെ ഒരിക്കലും സഭയുടെ വിശ്വാസവും ദൈവാരാധനയും ആധ്യാത്മികതയും നിലനിറുത്തുവാൻ സാധിക്കുകയില്ല. ചാവറയുടെ കാലത്ത് ലത്തീൻ ഭരണം വഴി ദൈവാരാധനയെ വികലമാക്കി നിരവധി ഭക്താഭ്യാസങ്ങൾ തുടങ്ങിയത് വിദേശീയരുടെ സ്വാധീനത്താലല്ലാതെ ചാവറയുടെയോ നസ്രാണികളുടെയോ ആത്മാർത്ഥമായ തുടക്കത്താലല്ലായിരുന്നു.[165]

6:11 മനുഷ്യാവതാരം

ചാവറയച്ചന്റെ കാലത്തും അതിനു ശേഷവും ഉണ്ടായിരുന്ന ആധ്യാത്മികതയെക്കുറിച്ച് ഒരു ചിത്രം കിട്ടുന്നതാണ് ചാവറയുടെ അനന്തരവനായ ചാവറ യൗസേപ്പു കത്തനാരുടെ കത്ത്. 1879-ൽ അദ്ദേഹം മാർപ്പാപ്പായ്ക്ക് എഴുതുന്നു:

" എത്രയും ശുദ്ധ. പിതാവെ!

മലയാളത്തിലെ വരാപ്പുഴ വികാരിയാത്തിൽ സന്ന്യാസികളും സന്യാസമഠങ്ങളും ഇല്ലാതിരിക്കുന്നതുകൊണ്ടു 1831 കാലം ചാവറ കുരിയാക്കോസ ഏലിയായും തന്റെ രണ്ടു കൂട്ടുകാരുടെയും തനത ഉത്സാഹത്താൽ പള്ളികളിൽ നിന്നും സഖല ജെനങ്ങളിൽ നിന്നും ദാനങ്ങളെ വാങ്ങിച്ച മാന്നാനം എന്ന ഈ കൊവേന്തയും ഇതിനു ചേർന്ന ഒരു സിമിനാരിയും പണി ചെയ്യിപ്പിച്ചു ചില പട്ടക്കാരെ കൂട്ടി മന:സാക്ഷി പ്രകാരം കൊവേന്ത ക്രമങ്ങളും ഉണ്ടാക്കി. ആ ക്രമം കാത്തും കാർപ്പിച്ചും ഏറിയ പൈതങ്ങളെ കൂട്ടി പഠിപ്പിച്ച അതിൽ നല്ലവരെ പട്ടസുഖത്തിനും പടിപ്പിച്ചു വരുന്നത- എ.പ.പ.ബ. ബെർണ്ണദീനോസ് മെത്രാനച്ചൻ തന്റെ ഭരിപ്പു കാലത്തിൽ കണ്ട ശുദ്ധ. തിരുസങ്കത്തിൽ ബോധിപ്പിച്ച അമലോത്ഭവ മാതാവിന്റെ ശുശ്രൂഷികൾക്കടുത്ത ഒരു ന്യായപ്രമാണവും വാങ്ങിച്ചു കാത്തും കാർപ്പിച്ചും വരികയും ടി. കുറിയാക്കോസ് ഏലിയായും തന്റെ കൂട്ടരുടെയും വേലകളാൽ സമീപമുള്ള മെത്രാനച്ചന്മാരും തന്റെ കൂട്ടരും കണ്ടും കെട്ടും അറിഞ്ഞിരിക്കുന്നതു പോലെ ഈ വികാരിയാത്തിലെ പള്ളികൾക്കും പട്ടക്കാർക്കും ജെനങ്ങൾക്കും എണ്ണമില്ലാത്ത ജ്ഞാനഫലങ്ങൾ ഉണ്ടായിരിക്കുന്നു..... ഇപ്രകാരമുള്ള വെലകൾ ചെയ്തവനായ തന്റെ ചൊരയ്ക്കടുത്ത അനന്ദവനായ എന്നെ 46 കാലം 10 1/2 വയസ്സു പ്രായത്തിൽ ടി. കൊവേന്തയിൽ എന്നെ പാർപ്പിച്ച പഠിനവും ജ്ഞാനവും പടിപ്പിച്ച എ.പ.ബ.ലുദിവിക്കോസ് മെത്രാനച്ചന്റെ ഭരിപ്പുനാളിൽ ആ കൊവേന്തയുടെ അനന്ദുവനായിട്ടു

പട്ടവും പത്തേന്തിയും തന്നു.....75 കാലം മുതൽ ശുദ്ധ. ദിവ്യ പൂജ ചെയ്യാൻ പാടില്ലാത്തതും ഇരിപ്പാനും നടപ്പാനും പാടില്ലാത്ത ദീനവും 34 ചിറ്റായ്മക്കാരാൽ സഹായിച്ചു കഴിഞ്ഞു വന്നിരുന്നതും ഇപ്രകാര മുള്ള ദീനങ്ങൾ കൊണ്ടു സങ്കടപ്പെട്ടു വരുന്ന എന്നെ മീലോസിന്റെ സിസ്മ കാര്യത്തെക്കുറിച്ച ഇവിടങ്ങളിലെ സകല പട്ടക്കാരും ചില സന്ന്യാസികളും കൂടി ശുദ്ധ. പിതാവിനെയും തിരുസങ്കത്തെയും സങ്കടം ബോധിപ്പിച്ചതു കാരണത്താൽ ചില സന്ന്യാസികളെ കൊവേന്തയിൽ നിന്നു പുറത്തു തള്ളിക്കളഞ്ഞു. ആ കൂട്ടത്തിൽ നാലു വിധവും പാടില്ലാത്ത എന്നെയും തള്ളിക്കളവാൻ കല്പന അയച്ചു....."[166]

മുകളിൽ ഉദ്ധരിച്ച കത്തനുസരിച്ച് 1831-ൽ തുടക്കം കുറിച്ച സമൂഹത്തിന് "അമലോത്ഭവ മാതാവിന്റെ ശുശ്രൂഷികൾക്കടുത്ത ഒരു ന്യായ പ്രമാണം" ആണു ലഭിച്ചത്. അതായത് ഏതദ്ദേശീയമായ സന്ന്യാസവും അതിന്റേതായ ജീവിതനിയമവും. ഈ രീതിയിൽ ജീവിക്കുവാനാണ് കത്തിന്റെ ഉടമയായ ചേന്നങ്കരിപള്ളി ഇടവകക്കാരനായ ചാവറ യൗസേപ്പ് കത്തനാരും കൊവേന്തയിൽ ചേർന്നത്. അവർ ന്യായമായും അവരുടെ മെത്രാന്മാരാലും പ്രാർത്ഥനാ രീതിയാലും ആശ്രമ ജീവിതം നയിക്കണമെന്നാഗ്രഹിക്കുന്നത് സഭയുടെ സ്വഭാവത്തിനും ചൈതന്യത്തിനും ലക്ഷ്യത്തിനും ചേർന്നതാണ്. അതുകൊണ്ടാണ് മാർപ്പാപ്പായ്ക്കു കത്ത് അയച്ചതും. ചാവറയച്ചനെ വിധേയമുള്ളവനായിക്കണ്ട് അദ്ദേഹം വഴി കർമ്മെലീത്താ രീതികളും ലത്തീൻ ആരാധനാ ക്രമവും നടപ്പാക്കിയിരുന്നതിനോടു വിയോജിപ്പു കാണിച്ചത് അന്നത്തെ അവസ്ഥയെ-മനുഷ്യാവതാരപരതയെ വ്യക്തമാക്കുന്നതാണ്. ചാവറയച്ചനും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നവർക്കും വിദേശ ഭരണത്തിൽ എതിർപ്പുണ്ടായിരുന്നു. ചാവറയച്ചൻ അവരുടെ ഭരണത്തെ ദൈവപരിപാലനയായി കണ്ടുകൊണ്ട് അനുകൂലിച്ചു. ചാവറയ്ക്കുണ്ടായിരുന്ന സ്ഥാനവും അംഗീകാരവും കൊണ്ട് മറ്റാരും അധികം ഒന്നിനും പ്രത്യക്ഷപ്പെട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം രീതിക്കു

മാറ്റം വന്നു. സന്ന്യാസമൂഹത്തിന്റെയും തിരുസ്സഭയുടെയും മനുഷ്യാവതാരപരമായ തനിമ വീണ്ടെടുക്കാൻ ഏവരും പരിശ്രമിച്ചിരുന്നു. അതിന്റെ ഉദാഹരണമാണ് ചാവറയച്ചന്റെ അനന്തരവനായിരുന്ന യൗസേപ്പ് ചാവറ കത്തനാർ മാർപ്പാപ്പായ്ക്ക് അയച്ച കത്തു വ്യക്തമാക്കുന്നത്.

സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം തനതാത്മകതയിൽ നിന്നു വ്യതിചലിക്കുന്നതിനെ സഭാവിധേയത്വത്തിലൂടെ നേരിടുന്നതിനേയും കൂറ്റമായിക്കണ്ടിരുന്ന വിദേശ മിഷനറിമാരുടെ തെറ്റാണ് ഇവിടെ കാണുന്നത്. കൂദാശകളുടെ സ്വീകരണത്തോടു ബന്ധപ്പെടുത്തിപ്പോലും ബാഹ്യകാര്യങ്ങളുടെ കാര്യക്ഷമതയ്ക്കായി സഭാധികാരികൾ നിർബന്ധിച്ചിരുന്നു. മരണനേരത്ത് അനുരജ്ഞന കൂദാശ സ്വീകരിച്ചയാൾ പെസഹാക്കാലത്തു കുമ്പസാരിച്ചില്ലെന്ന് ആരോപിച്ച് സഭയ്ക്കടുത്ത സംസ്ക്കാരം നിഷേധിക്കുക, മരണപത്രിക തയ്യാറാക്കാത്തവർക്കും അപ്രകാരമുള്ള ശിക്ഷനല്കുക, കുർബാനയുടെ ഇടയ്ക്കു നല്കിയിരുന്ന വിവാഹ ആശീർവാദം, താമസിച്ചു വന്നുവെന്നതിന്റെ പേരിൽ നിഷേധിക്കുക തുടങ്ങി പലതും ശിക്ഷയായി നല്കിയിരുന്നു.[157] വൈദേശീയ മിഷനറിമാർ മലബാറിൽ ഉണ്ടായിരുന്ന നസ്രാണികളുടെ വിശ്വാസത്തെ ലഘൂകരിച്ച് അവരെ അടിമകളാക്കുകയും ബാഹ്യഭക്തികൾ കൊണ്ട് അവരെ വഴി തെറ്റിക്കുകയും ചെയ്തു. ഈ വിധത്തിൽ നിരവധി ഭക്താഭ്യാസങ്ങൾ നടപ്പിൽ വരുത്തിയതു വഴിയാണ് മാർത്തോമ്മാ നസ്രാണികളുടെ മൈശയാനികവും ഭാരതീയവുമായ ഭക്തി പോയി മറഞ്ഞത്. എന്നാൽ ചാവറയച്ചനിൽ യഥാർത്ഥത്തിലുള്ള ഭക്തിയും വിശ്വാസവും രൂഢമൂലമായിരുന്നു. അതുകൊണ്ടാണ് മാമ്മോദീസായിലൂടെ ലഭിച്ച പ്രസാദവരം ആജീവനാന്തം കാത്തു സൂക്ഷിച്ചത്. എങ്കിലും സാധാരണക്കാരുടെ ഇടയിൽ നിരവധി ഭക്ത്യാഭ്യാസങ്ങൾ നടപ്പിൽ വരുത്തുന്നതിനു വിദേശീയ മേലധ്യക്ഷന്മാർക്കു വിധേയപ്പെട്ടുപോയി എന്നതാണു സംഭവിച്ചത്.

അതുകൊണ്ട് ലത്തീൻ ആരാധനക്രമം കേരളത്തിൽ നടപ്പാക്കിയതു ചാവറ എന്ന് ആക്ഷേപിക്കുന്നതു ശരിയല്ല. മിഷനറിമാരാണ് അതിന് ഉത്തരവാദികൾ. ചാവറ പരസ്യമായി എതിർത്തില്ലെന്നു മാത്രമല്ല, അദ്ദേഹവും അങ്ങനെയുള്ള ഭക്താഭ്യാസങ്ങളെ പൈതൃകമായ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനിടവരുത്തി. ജന്മനാ ഉള്ള ഭക്തിയും അതിസ്വഭാവിക കാര്യങ്ങളിലുമുള്ള ചാച്ചിലും പുരാതന പാരമ്പര്യവും നസ്രാണികളുടെ അടിസ്ഥാനപരമായ ഭക്തിയായിരുന്നു. ശ്ലൈഹിക സന്ദർശകനായ മൊയ്റീൻ മെത്രാൻ പറയുന്നു: "മലബാർകാർ വിശ്വാസത്തിൽ ഉറച്ചവരും സ്ഥിരതയുള്ളവരുമാണ്, ഇതു മെശയാനിക മതത്തിന്റെ ദിവ്യത ബൗദ്ധികമായി മനസ്സിലാക്കിയിട്ടല്ല. മറിച്ച് പൈതൃകമായ ഭക്തി, അതിസ്വഭാവിക കാര്യങ്ങളിലേക്കുള്ള വാസന, പരമ്പരാഗത ശൈലി, ഭാരതീയർക്കു നിയമം തന്നെയായ മുൻഗാമികളിൽ നിന്നുള്ള രീതി എന്നിവ കൊണ്ടാണ്."[168]

ചാവറയെ മെത്രാൻ സ്ഥാനത്തിനു കൊള്ളുകയില്ലെന്നു പറഞ്ഞ മിഷനറിമാർ മലബാർകാരെ പരിശീലിപ്പിച്ചിരുന്നതെങ്ങനെ എന്നു വ്യക്തമാണ്: "ദൈവശാസ്ത്രം അവരെ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. അവരുടെ ഭാഷയിൽ ഒരു ദൈവശാസ്ത്രപുസ്തകം പോലുമില്ല..... ഏതാനും വിശുദ്ധന്മാരുടെ ചരിത്രം, പ്രാർത്ഥനാപ്പുസ്തകം ഇതാണു കത്തനാരന്മാരുടെ ഗ്രന്ഥശേഖരം.....പല സെമിനാരിക്കാരും കൂടുതൽ പഠിക്കുവാൻ വലിയ ആഗ്രഹം കാണിക്കുന്നു. മലബാർകാർക്കു പഠിക്കുവാനുള്ള കഴിവ് ഒരു തരത്തിലും കുറവല്ല. ബുദ്ധിയിലും ഹൃദയത്തിലും വളരെ കഴിവുള്ള ഒട്ടു വളരെ ചെറുപ്പക്കാരെ ഞാൻ കണ്ടു."[169] മലബാറുകാരെ എല്ലാക്കാര്യങ്ങളും പഠിപ്പിച്ചാൽ അവർ വിദേശീയരെ ബഹുമാനിക്കുകയില്ലെന്നാണ് അവരുടെ കണക്കുകൂട്ടൽ.[170] അനധികൃതമായി മലബാറുകാരുടെ ആധ്യാത്മിക നേതൃത്വമേറ്റെടുത്ത വിദേശ മിഷനറിമാർ ഇവിടെയുള്ളവരെ അടിമത്തത്തിലേക്കു നയിച്ചതല്ലാതെ

സമഗ്രമായ വളർച്ചയിലേക്ക് ആനയിച്ചില്ല. ഇതിന്റെ ഭവിഷ്യത്ത് ഏറ്റവും കൂടുതൽ പ്രത്യക്ഷപ്പെട്ടത് പരമ്പരാഗതമായുണ്ടായിരുന്ന വിശ്വാസത്തിൽ നിന്ന് ഉപരിപ്ലവമായ ഭക്തിയിലേക്ക് അവരെ നയിച്ചു എന്നതാണ്.[171] കട്ടക്കയം അലക്സാണ്ടറച്ചൻ ശ്ലൈഹിക സന്ദർശകന് 1878, മെയ് 16-ന് മാന്നാനത്തു നിന്നും എഴുതി: "ഞങ്ങളുടെ മേൽ 200 വർഷം ഭരണം നടത്തിയതായി കർമ്മെലീത്താ മിഷനറിമാർ വീമ്പടിക്കുന്നു. എന്നാൽ റീത്തിന്റെ സംരക്ഷണത്തിനോ അലങ്കാരത്തിനോ വേണ്ടി അവർ എന്തെങ്കിലും നന്മ ചെയ്തിട്ടുള്ളതായി ഞങ്ങൾ കാണുന്നില്ല."[172] ഇവിടെ സൂചിപ്പിച്ച ഇരുനൂറു വർഷങ്ങൾക്കിടയിൽ കർമ്മെലീത്താ മിഷനറിമാരുടെ ആധ്യാത്മിക ശിക്ഷണത്തിൽ വളർന്ന ചാവറ, മൂകളിലുള്ള 165-ാം അടിക്കുറുപ്പിൽ കാണുന്നതു പോലെ മിഷനറിമാർക്കു വിധേയപ്പെട്ടു ചെയ്തതെല്ലാമാണ് റീത്തിന്റെ ശിഥിലീകരണത്തിന് ഇടയാക്കിയത്.

വന്ദ്യ മർസെലീനോസ് മെത്രാഭിഷേകം കഴിഞ്ഞ ഉടനെ കട്ടക്കയം അലക്സാണ്ടറച്ചനെയും പ്രിയോരച്ചനേയും ആദരിച്ചതും അതിന്റെ പിന്നിലുണ്ടായിരുന്ന ലക്ഷ്യത്തേയും കുറിച്ച് അലക്സാണ്ടറച്ചൻ എഴുതുന്നു: "എല്ലാവരും പറയുന്നതുപോലെ സുവിശേഷത്തിന്റെ ലളിതമായ ചൈതന്യത്തിലല്ല, മാനുഷിക മാർഗ്ഗത്തിലും തന്ത്രപരമായ വിധത്തിലും ഭരിക്കുവാനാണു അദ്ദേഹത്തിനു താത്പര്യം. ഹൃദയത്തിൽ നിന്ന് അദ്ദേഹം സുറിയാനിക്കാരുടെ നന്മ ആഗ്രഹിക്കുന്നില്ലെന്നും വിവിധങ്ങളായ ലക്ഷ്യങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്നും എല്ലാവർക്കും വ്യക്തമായി അറിയാം."[173]

1850 കൾ തുടങ്ങി ചാവറയ്ക്കും അദ്ദേഹത്തിന്റെ സന്ന്യാസ സഹോദരന്മാർക്കും കേരളത്തിലെ സഭയ്ക്കും അനുഭവപ്പെട്ടിരുന്ന മനുഷ്യാവതാരപരമായ സാഹചര്യങ്ങളിൽ ചിലതു മാത്രമാണ് മൂകളിൽ സൂചിപ്പിച്ചത്. ഈശോമിശിഹായെ പീഡാനുഭവത്തിനും കുരിശു

മരണത്തിനും എല്പിച്ചു കൊടുത്ത മാനുഷികശക്തികളെയാണ് ചാവറയുടെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും അനുഭവത്തിൽ കാണേണ്ടത്. ചാവറ ദൈവപരിപാലനയിൽ എല്ലാം എടുത്തു എങ്കിലും മലബാർ സഭയെ സംബന്ധിച്ച് അതു വലിയ സംഘർഷത്തിനു കാരണമായി. നന്മകൾ വളരെയേറെ ഉണ്ടെന്നു പറയുന്നുവെങ്കിലും മതാത്മകതയുടെയും വിശ്വാസത്തിന്റെയും തലത്തിൽ ഭാരതത്തിന്റെ ആത്മാവിനോടെന്നതിനേക്കാൾ വൈദേശികതയോടാണ് ഇത് ചേർന്നു പോകുക. ചാവറ ഒരു സഭയുടെയും സന്ന്യാസ സമൂഹത്തിന്റെയും മുന്നോടി കൂടിയാണ്. ഈ രീതിയിലാണു വിലയിരുത്തൽ.

VII
ആശ്രമതുടക്കം

ആശ്രമത്തുടക്കം

"ആ സമയം പ്രിയോർ കുരിയാക്കോസ് ഏലിയാസച്ചനും ഈ പിതാക്കന്മാരുടെ വേലയിൽ ഉൾപ്പെട്ട് ഈ ദൈവവേല നിറവേറ്റുന്നതിന് ഒന്നാമത്തെ കുർബാനയിൽ അപേക്ഷിക്കുകയും ചെയ്തു..... ഇപ്പോൾ തന്നെ വെട്ടിത്തെളിച്ച് കപ്പേളയ്ക്കു പണിതുടങ്ങണമെന്ന് നിശ്ചയിച്ച് ദൈവാനുകൂലത്താൽ ചീട്ടു വാങ്ങിച്ച് വെട്ടിത്തെളിച്ച 1831-ാം കാലം മേടമാസത്തിൽ ഉയിർപ്പിന്റെ ശേഷം കുരിശുവെച്ച് കപ്പേളയ്ക്കു പണി തുടങ്ങുകയും ചെയ്തു".

പോരൂക്കര കുറിയാക്കോസ് ഏലീശാച്ചന്റെ ഡയറിക്കുറിപ്പുകളിൽ കാണുന്ന മേല്പറഞ്ഞ രേഖയിൽ "പിതാക്കന്മാരുടെ വേലയിൽ ഉൾപ്പെട്ടു" എന്നതിന്റെ പശ്ചാത്തലം എന്തെന്നു കാണേണ്ടതുണ്ട്.

പാലയ്ക്കൽ തോമ്മാച്ചനും പോരൂക്കര തോമ്മാച്ചനും കൂടി മോൺസിഞ്ഞോർ സ്തബിലീനിയുടെ കാലത്തു സന്ന്യാസം ആരംഭിക്കുന്നതിന് അനുമതി ചോദിച്ചെങ്കിലും അനുവാദം കൊടുത്തില്ല. ലത്തീൻകാരിൽ നിന്ന് മോൺസിഞ്ഞോർ സ്തബിലീനിക്ക് എതിർപ്പുണ്ടായതിനെ പരിഹരിക്കുവാനാണ് സന്ന്യാസ ജീവിതത്തിന് മോൺസിഞ്ഞോർ അനുമതി നല്കിയതെന്ന് പോർസിനോ പ്രൊപ്പഗാന്താ സംഘത്തിനു കൊടുത്ത രേഖയിൽ പറയുന്നത് ഇപ്രകാരമാണ്:

"മോൺസിഞ്ഞോർ സ്തബലീനിയുടെ കാലത്ത് സ്വഭാവം, ഭക്തി എന്നിവയിൽ ആദരണീയരായ ഏതാനും സുറിയാനി വൈദികർ, പ്രത്യേകിച്ച് രണ്ടു മാർപ്പാപ്പാമാർ അതായത് സുറിയാനി പ്രൊഫസർമാർ സമൂഹജീവിതം നയിക്കുക എന്ന ആശയത്തിനു രൂപം കൊടുത്തു. തന്നെയല്ല, പൊതുവായ ഒരു നിയമത്തിന്റെ ശിക്ഷണത്തിലും അനുഷ്ഠാനത്തിലും ആശ്രമജീവിതം നയിക്കുന്നതിന് തയ്യാറുള്ള

സ്വജാതിക്കാരായ വൈദികരെ ഭാവിയിലും ഒരുമിച്ചു കൊണ്ടുവരുന്നതിനു പറ്റിയ ഒരു സ്ഥാപനം ഉണ്ടാകുന്നതിനും അവർക്കാശയം ഉണ്ടായിരുന്നു. മോൺസിഞ്ഞോർ സ്തബലീനി ആദ്യം അനുമതി നിഷേധിച്ചു. അദ്ദേഹത്തിന്റെ നിഷേധാത്മക മറുപടി ഇന്നും പഴയ രേഖകളുടെ കൂട്ടത്തിൽ കാണാവുന്നതാണ്. നിഷേധിക്കൽ താഴെ പറയുന്ന വാക്കുകളിൽ ആയിരുന്നു. അവർ പറയുന്ന സ്ഥാപനം (difficile a cominciarsi, piu difficile a continuarsi e impossibile a mantenersi) തുടങ്ങുക പ്രയാസം, തുടരുക അതിലേറെ പ്രയാസം, നിലനിർത്തുക അസാദ്ധ്യം. എന്നാൽ അധികം താമസിയാതെ, ഏറ്റം താഴ്ന്ന സമൂഹ നിലവാരമുള്ള ജനമെന്നു പൊതുവെ കരുതപ്പെടുന്ന മുക്കുവരുടെ ജാതിയിൽപ്പെട്ട രണ്ടു യുവാക്കൾക്കു സെമിനാരിയിൽ പ്രവേശനാനുമതി കൊടുത്തതു മൂലം അദ്ദേഹം ലത്തീൻകാരുടെ മുഴുവൻ പൊതുജനാഭിപ്രായം തനിക്കെതിരായി ഉയരാൻ ഇടകൊടുത്തു. അതിനാൽ സുറിയാനി വൈദികരെ ലത്തീൻകാർക്കെതിരായി അണിനിരത്തുവാനും അവരുടെ തുണ കിട്ടുന്നതിനുമായി അവരെ (സുറിയാനിക്കാരെ) എല്ലാവിധ പ്രോത്സാഹനവും വഴി അദ്ദേഹം അനുകൂലിക്കുവാനാരംഭിച്ചു. ഒരു കൊല്ലം മുമ്പ് അനുമതി നിഷേധിച്ച ഇക്കാര്യത്തിനു മറ്റു പലതിന്റെയും കൂട്ടത്തിൽ അനുമതിയും കൊടുത്തു. അവരുടെ റീത്തിൽ പെട്ട സഭാശുശ്രൂഷകൾ സമൂഹമായി ജീവിക്കുന്നതിനുള്ള ഒരാശ്രമത്തിന്റെ സ്ഥാപനമായിരുന്നു ഇത്. ഇക്കാര്യത്തിനായി അദ്ദേഹം തന്നെ ശേഖരിച്ച വിവിധ മൂലധനവും ധർമ്മദാനവും കൊടുക്കുക കൂടി ചെയ്തു." [1]

ഇവിടെ പ്രകടമായിരിക്കുന്നതുപോലെ ആശ്രമത്തിനും തുടക്കം കുറിച്ചവരെ പ്രോത്സാഹിപ്പിക്കുക എന്നതിനെക്കാൾ അധികാരികളുടെ സ്ഥാപിതതാല്പര്യം കാത്തു സൂക്ഷിക്കുക എന്ന ലൗകിക ലക്ഷ്യമായിരുന്നു മോൺസിഞ്ഞോർ സ്തബലീനിക്കുണ്ടായിരുന്നത്. ഈ വികലത തെളിഞ്ഞും മാഞ്ഞും തലമുറകളിലൂടെ കടന്നു വരുവാൻ സാധ്യത

ഉള്ളതാണ്. അത് ആധ്യാത്മികതയെ സാരമായി ബാധിക്കുകയും ചെയ്യും. എന്നാൽ ആശ്രമത്തിന് തുടക്കമിട്ടവർ ലക്ഷ്യം വച്ചിരുന്നത് ഏകാന്തജീവിതമായിരുന്നുവെന്ന് "ഇത്തരം സ്ഥാപനത്തിനു തുടക്കമിട്ടവർ ആരംഭം മുതൽക്കെ ഏകാന്ത ജീവിതമാരംഭിച്ചു" എന്നതിൽ നിന്നും മനസ്സിലാക്കാം.[2] പ്രാരംഭകരുടെ ഉദ്ദേശ്യത്തിൽ ഏകാന്ത ജീവിതമെന്നു പറഞ്ഞിരുന്നുവെങ്കിലും അവർ സഭയുടെ ആവശ്യങ്ങളിൽ വേണ്ട ശുശ്രൂഷ ചെയ്തിരുന്നു.[3] യുവാക്കൾക്കു വിദ്യാഭ്യാസവും പരിശീലനവും നല്കുന്ന കാര്യത്തിൽ ഭിന്നാഭിപ്രായം തുടക്കം മുതൽ ഉണ്ടായിരുന്നു.[4]

സഭാശുശ്രൂഷയ്ക്കായി അർപ്പിതരാകാനാഗ്രഹിക്കുന്ന ചെറുപ്പക്കാരെ സുറിയാനി പഠിപ്പിക്കുന്നതിനു വേണ്ടിയാണ് അവർ സ്കൂളുകൾ സ്ഥാപിച്ചിരുന്നത്.[5] ഇവിടെ സൂചിപ്പിച്ചിരുന്ന ലക്ഷ്യത്തിൽ സദാ ഉറച്ചു നിന്നിരുന്നുവെങ്കിൽ നസ്രാണികളുടെ വിശ്വാസപാരമ്പര്യം അഭംഗുരം കാത്തു സൂക്ഷിക്കുന്നതിനും യഹൂദ ഇസ്ലാം മതങ്ങളിൽ കാണുന്നതുപോലുള്ള മതാത്മക കെട്ടുറപ്പ് പൗരസ്ത്യ സുറിയാനി മലബാറുകാരിലും ഉണ്ടാക്കുന്നതിനും സാധിക്കുമായിരുന്നു. ഇതായിരുന്നു പ്രാരംഭകരുടെ "സ്വജാതിക്കാരായ വൈദികരെ ഭാവിയിലും ഒരുമിച്ചു കൊണ്ടു വരുന്നതിനു പറ്റിയ ഒരു സ്ഥാപനമുണ്ടാക്കുന്നതിനും അവർക്ക് ആശയമുണ്ടായിരുന്നു" എന്ന ലക്ഷ്യം കാണിക്കുന്നത്.[6] ഈ ലക്ഷ്യത്തിനനുസൃതമാണല്ലോ ലെയോപ്പോൾദച്ചനും ജരാർദച്ചനും പ്രാരംഭകരെ പരിശീലിപ്പിച്ചിരുന്നതും.[7] ചാവറയച്ചൻ തന്നെയും എടുത്തു പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് സ്വജാതീയ തനിമ കാത്തു സൂക്ഷിക്കുന്നതിനും ഉപവിയെപ്രതിയും ഇതര സമുദായങ്ങളിൽ നിന്നുള്ളവരെ ആശ്രമ സമൂഹത്തിൽ ചേർക്കേണ്ടതില്ലെന്നത്.[8]

ആശ്രമ മുന്നോടികളിൽ പ്രധാനിയായിത്തീർന്ന ചാവറയച്ചൻ ആശ്രമഗണത്തിന്റെ കെട്ടുറപ്പിനെ ലക്ഷ്യം വച്ചുകൊണ്ട് ഇതര

ജാതികളിൽ ഉൾപ്പെട്ടവരെ സഭയിലെടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തിയത് "അവരുടെ സ്വഭാവത്താൽ മറ്റുള്ളവർക്കും കേടുവന്നേക്കുമെന്നു ഭയപ്പെട്ടു പറഞ്ഞതല്ലാതെ അവർക്കു വരുവാനുള്ള നന്മയെ മുടക്കുന്നില്ല" എന്ന സദുദ്ദേശ്യത്തോടെയാണ്.[9] മിശിഹായിലുള്ള വിശ്വാസത്തിനു സാർവ്വത്രിക മാനവും പ്രപഞ്ചാതീത സ്വഭാവവുമുള്ളതുകൊണ്ട് ജാതിക്കതീതമായിരിക്കണം എല്ലാ സംവിധാനങ്ങളും. എങ്കിലും വിവിധ ജനപദങ്ങളും വംശങ്ങളുമെന്നതിനെ മനുഷ്യാവതാരപരമായി പരിഗണിക്കേണ്ടതുള്ളതുകൊണ്ട്, ഓരോരുത്തരുടെയും നന്മയെ ഉദ്ദേശിച്ചും ഭിന്നതയെ നീക്കുന്നതിനുമാണ് ലത്തീൻകാരെയും ക്നാനായക്കാരെയും സഭയിൽ എടുക്കരുതെന്നു ചാവറ നിഷ്ക്കർഷിച്ചത്.

1855 ഡിസംബർ 8-ാംനു ആദ്യമായി ചാവറ വ്രതം ചെയ്തതുകൊണ്ടും പാലയ്ക്കൽ പോരുക്കര തോമ്മാച്ചന്മാർ വ്രതം അനുഷ്ഠിക്കുന്നതിനു മുമ്പ് മരണമടഞ്ഞതിനാലും ചാവറ തന്നെ ആശ്രമപ്രസ്ഥാനത്തിന്റെ മുന്നോടിയായി അറിയപ്പെടുന്നു. ലത്തീൻകാരുടെ ഇടയിലും സുറിയാനിക്കാരുടെ ഇടയിലും സന്ന്യാസിനീ സന്ന്യാസികൾക്കായി സന്ന്യാസം തുടങ്ങിയതിലും ചാവറ നിർണ്ണായക വ്യക്തിയാണ്.[10]

മുന്നോടി എന്ന നിലയിൽ ചാവറ ഏതദ്ദേശീയ സന്ന്യാസ പ്രസ്ഥാനത്തിൽ പ്രകടമായ ഒരു തനതാത്മകതയ്ക്ക് ഉടമയായി എന്നു പറയുവാൻ വകുപ്പില്ല. അതിനുള്ള കാരണം അദ്ദേഹത്തിന്റെ ആധ്യാത്മിക നിയന്താവും സഭാധികാരികളുമെല്ലാം വിദേശീയരും കർമ്മെലീത്തരുമായിരുന്നു എന്നതു തന്നെ. വിശ്വാസപരവും സാംസ്ക്കാരികവും ദേശീയവും മന:ശാസ്ത്രപരവും സാമൂഹ്യപരവുമായ നിരവധി ഘടകങ്ങൾ സമ്മിശ്രമായി കടന്നു വന്നപ്പോൾ പരിപൂർണ്ണ സ്വാതന്ത്ര്യത്തിൽ അവയെ നേരിടുന്നതിന് അദ്ദേഹം മുതിർന്നില്ല. ഈ കാര്യങ്ങൾ നസ്രാണി സഭയേയും അതിലുള്ള സന്ന്യാസപ്രസ്ഥാനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്.

7:1 ഏതദ്ദേശീയ സന്ന്യാസം

സുവിശേഷം എല്ലാ കാലങ്ങളിലും എല്ലാ ജനങ്ങൾക്കും എല്ലായിടത്തുമുള്ള ദൈവികാഹ്വാനമാണ്. സുവിശേഷത്തിലെ ഈശോ മരുഭൂമിയിലും വിജനപ്രദേശത്തും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നതാണ് (ലൂക്ക. 4:1-13; മർക്കോ. 9:2-8; 1:35). യോഹന്നാൻ മാംദാനയും ഈശോയും മരുഭൂമിയും വിജനസ്ഥലങ്ങളും തെരഞ്ഞെടുത്തത് പ്രാർത്ഥനയുടെയും ഏകാന്തതയുടെയും പ്രസക്തി പ്രകടമാക്കുന്നതാണ്. ഏകാന്തത എന്നത് ഹൃദയശുദ്ധിയുടെയും ദൈവദർശനത്തിന്റെയും വ്യവസ്ഥകളാണ്.

ഭാരതീയ ദാർശനികതയിൽ വാനപ്രസ്ഥം നാല് ആശ്രമങ്ങളുള്ളതിൽ മൂന്നാമത്തേതാണ്. "ഗൃഹസ്ഥന്റെ ദൃഷ്ടിയിൽ തന്റെ ത്വക്കു ചുരുങ്ങുന്നതും മുടിനരയ്ക്കുന്നതും മക്കളുടെ മകനും പ്രത്യക്ഷപ്പെടുമ്പോൾ വനത്തിലേക്കു നീങ്ങുന്നു," എന്ന് മനുസ്മൃതിയിൽ വ്യക്തമാക്കുന്നുണ്ട്.[11] വാനപ്രസ്ഥത്തിന് ഉന്നതമായ വിശുദ്ധിയും പക്വതയും ആവശ്യമുണ്ട് (മനു. VI:1). സർവ്വസംഗപരിത്യാഗിയായി ജീവിച്ചു വേദോച്ചാരണത്തിൽ സമയം വിനിയോഗിക്കണം (മനു. VI:3). സന്ന്യാസത്തിലേക്കുള്ള അവസാനത്തെ പടിയാണ് വനവാസം.[12]

സുറിയാനിക്കാരായ മെശയാനികരുടെ താപസജീവിതം പ്രസിദ്ധമായ ഒന്നാണ്. അറമായനായ മത്തായിയുടെ പശ്ചാത്തലം തന്നെ സുറിയാനി താപസ ജീവിതത്തിന്റെ പ്രാരംഭമായി കാണുന്നു.[13] വി. മത്തായി അറിയിച്ച സുവിശേഷത്തിൽ, ശിഷ്യത്വത്തിന്റെയും മിശിഹാനുഗമനത്തിന്റെയും ബ്രഹ്മചര്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും ദേശാടനത്തിന്റെയും (മത്താ. 19:29) ദൈവരാജ്യ പ്രഘോഷണത്തിന്റെയും പ്രമേയങ്ങൾ കാണുന്നുണ്ട്. ഈ ആദർശങ്ങൾ സുറിയാനി മെശയാനികരുടെ ഇടയിൽ ധാരാളമായി പ്രചരിച്ചിരുന്നു. രണ്ടും മൂന്നും

നൂറ്റാണ്ടുകളിൽ ഏഷ്യാമൈനറിലും സിറിയായിലും മേല്പറഞ്ഞ രീതിയിലുള്ള താപസർ ജീവിച്ചിരുന്നു. മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക വേല താപസചൈതന്യം മുന്നിട്ടു നിന്നിരുന്നതായിരുന്നു.[14] ഈ താപസ ചൈതന്യമാണ് മെശയാനിക സഭയിൽ ഏറ്റവും പുരാതനമായ ആശ്രമപ്രസ്ഥാനം എന്നു പറയാം.[15] ആശ്രമസ്ഥർ ഭൗമിക തലത്തിൽ എല്ലാവർക്കും അപരിചിതരും ദൈവിക കാര്യങ്ങളിൽ ഏവർക്കും പരിചിതരും സമീപസ്ഥരുമായിരുന്നു. ഇവർ ദൈവിക നിയമത്തിന്റെ (പുഖ്ദാനായുടെ) പാലകരും വിശുദ്ധിയുടെ (നീതിയുടെ) ഉപാസകരുമായിരുന്നു.[16] ആദിമ വനവാസികളെ സഭയ്ക്കു നല്കിയത് പൗരസ്ത്യസഭകളായിരുന്നു.[17] പൗരസ്ത്യദേശങ്ങളിൽ സുവിശേഷമറിയിച്ച മാർത്തോമ്മാശ്ലീഹാ നിരന്തരം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും അല്പം മാത്രം ഭക്ഷിക്കുകയും വെള്ളം മാത്രം കുടിക്കുകയും ഉഷ്ണത്തിലും തണുപ്പിലും ഒരേ വസ്ത്രം തന്നെ ധരിക്കുകയും ചെയ്തിരുന്നവനാണ്.[18] മാർത്തോമ്മാശ്ലീഹാ അനുഗ്രഹിച്ച കൊടുങ്ങല്ലൂർ രാജാവും ഭാര്യയും വിരക്തജീവിതം നയിച്ചതായും രാജകുമാരി കേരളത്തിലെ ഒന്നാമത്തെ കന്യാസ്ത്രീ ആയതായും പാരമ്പര്യമുണ്ട്.[19]

മാർത്തോമ്മാ ശ്ലീഹായുടെ ശവകുടീരത്തിനു സമീപം ഒരാശ്രമമുള്ളതായും രേഖ ഉണ്ട്.[20] പതിനേഴാം നൂറ്റാണ്ടിൽ ഗീവർഗീസ് അർക്കദിയാക്കോൻ, ഒരാശ്രമപ്രസ്ഥാനത്തിനായി അപേക്ഷിച്ചത് പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലായിരിക്കണമല്ലോ.[21] സന്ന്യാസികളും കന്യാസ്ത്രീകളും സത്യസന്ധത, വിരക്തി, ദാരിദ്ര്യം എന്നീ സുകൃതങ്ങൾ അങ്ങേയറ്റം അനുഷ്ഠിച്ചിരുന്നു. അവർ കറുത്ത വസ്ത്രധാരികളുമായിരുന്നു.[22]

ഭാരതത്തിലും കേരളത്തിലുമുണ്ടായിരുന്ന ആശ്രമജീവിതം 1800 കളിൽ ഏതദ്ദേശീയ സന്ന്യാസപ്രസ്ഥാനത്തിനുള്ള നിവേശനത്തിലും ദൃശ്യമല്ലേ! പോരൂകര തോമ്മാച്ചൻ ആറാം പട്ടമേറ്റു

വന്നശേഷം കണിയാന്ത്ര യാക്കോബിനെ കണ്ടപ്പോൾ പറഞ്ഞതാകുന്നത്: "ഞാൻ കുർബാന പട്ടമേറ്റു വന്നാൽ, നമുക്കു രണ്ടു പേർക്കും കൂടി വാച്ചവനവാസത്തിന് പൊയ്ക്കളയാം.....". [23] ഇപ്രകാരം നിവേശനം ഉണ്ടായ ആശ്രമസിദ്ധിയുടെ ഉടമയായിത്തീർന്ന ചാവറയെക്കുറിച്ചാണ് കൂടുതലായും ചർച്ച ചെയ്യുവാനുള്ളത്. ഏതദ്ദേശീയമായി കടന്നുവന്ന നിവേശനം വൈദേശീകരിക്കപ്പെടുകയും ലത്തീനീവത്കരണത്തിലൂടെ ഉപരിപ്ലവമായിത്തീരുകയും ചെയ്തതിനെ വിലയിരുത്തേണ്ടതുണ്ട്.

1831 മെയ്11-ന് ആരംഭിച്ച സമൂഹജീവിതം അംഗീകൃതമായ ഒരു നിയമമില്ലാതെ 24 വർഷത്തോളം നീങ്ങുകയുണ്ടായി. 1854 ഫെബ്രുവരി 5-നു മർസെലീനോസ് എന്നൊരു കർമ്മെലീത്താ മിഷനറി വരാപ്പുഴ വന്നെത്തി. മാന്നാനത്തെ ആശ്രമജീവിതം ഉപകാരപ്രദമെന്നു കണ്ട മർസെലീനോസ് അന്നത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന ബർണർദീനോസിനോട് ഒരു നിയമ സംഹിതയ്ക്കായി അപേക്ഷിച്ചു. കർമ്മെലീത്താ ഒന്നാം സഭയുടെ നിയമം വേണ്ട ഭേദഗതികളോടെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി കൊടുക്കുവാൻ മർസെലീനോസിനെ ചുമതലപ്പെടുത്തി. നിയമത്തിന്റെ എല്ലാ ഭേദഗതികളും ബർണർദീനോസ് മെത്രാപ്പോലീത്താ നിശ്ചയിച്ചിരുന്നു. ചാവറ കുരിയാക്കോസച്ചനെ പ്രിയോരാക്കുന്നതും അന്നു വരാപ്പുഴ ഭരിക്കുന്ന കത്തോലിക്കാ വികാരി അപ്പസ്തോലിയ്ക്കായിൽ നിക്ഷിപ്തമായിരുന്നു. ഇപ്രകാരം നിശ്ചയിച്ചു നിയമാനുസൃതം 1855 ഡിസംബർ 8-നു ചാവറയച്ചനും ആദ്യത്തെ 11 പിതാക്കന്മാരും വ്രതം ചെയ്തു.[24]

മർസെലീനോസിന്റെ ശിക്ഷണത്തിൽ, ബർണർദീനോസിന്റെ നിയന്ത്രണത്തിൽ 1858 വരെ കാര്യങ്ങൾ നടന്നു. തുടർന്ന് പീലിപ്പോസച്ചനാണ് പുതിയ സമൂഹത്തിന്റെ ഭരണമേറ്റെടുത്തത്. 1860-ൽ ഒരു ശമ്മാശ്ശനായി വരാപ്പുഴ എത്തിയ ലെയോപ്പോൾദ് വൈദികപട്ടം

ഏതദ്ദേശീയ ആശ്രമം തുടങ്ങുന്നതിനു നിവേശനം ലഭിച്ച പോരൂക്കര, കണിയാന്ത്ര എന്നീ ചെറുപ്പക്കാരുടെ ആശയം വളരെയധികം മാറ്റിമറിച്ചാണു വൈദേശീയ സ്വാധീനത്തിൽ സി.എം.ഐ. സഭ രൂപപ്പെട്ടത്. ഇപ്രകാരം സംഭവിച്ചതിനെയെല്ലാം ദൈവ പരിപാലന എന്ന രീതിയിലാണ് ചാവറ കണ്ടിരുന്നത്.[30] പക്ഷേ സംഭവിച്ചത് എന്തെന്ന് ആദിമ സഭാംഗങ്ങളിൽ ചിലർ മൊയ്റിനെഴുതിയ കത്തിൽ കാണിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "ഭക്തിയുള്ളതും എല്ലാ വിശ്വാസികളുടെയും ബഹുമാനം നേടി കഴിഞ്ഞതുമായ പ്രസ്തുത വൈദിക സമൂഹം അത്ഭുതകരമായി വളരുന്നതു കണ്ട ബർണർദീനോസും മിഷനറിമാരും അതിനെ തങ്ങളുടെ അധികാരത്തിൻ കീഴിൽ നിർത്തുന്നതിനും ഒരു തരം അടിമകളായി തങ്ങൾക്കു കീഴ്പ്പെടുത്തുന്നതിനും നിശ്ചയിച്ചു. ഈ ലക്ഷ്യത്തോടെ ഞങ്ങളെ കർമ്മെലീത്താ സഭയിൽ സ്വീകരിക്കുമെന്ന ഭാവത്തോടും കപടവാഗ്ദാനത്തോടും കൂടെ കർമ്മെലീത്താ നിയമം നല്കി. ഇപ്പോഴാകട്ടെ ഞങ്ങളുടെ പേര് മൂന്നാം സഭക്കാർ എന്നാണ്. ഒന്നാം സഭയുടെ നിയമങ്ങളും ആ സഭയിലെ സന്ന്യാസികൾക്കില്ലാത്ത കഠിനാനുഷ്ഠാനങ്ങളും ഞങ്ങൾ പാലിക്കണം താനും."[31]

ഇവിടെ സൂചിപ്പിക്കുന്നതിനു വിരുദ്ധമായി സുറിയാനിക്കാരൻ വലിയവീട്ടിൽ ഗീവർഗീസച്ചൻ എഴുതിയത്: "ഇടവക വൈദികരുടേതിൽ നിന്നും വ്യത്യസ്തമായി മിഷനറിമാരെപ്പോലെ തന്നെയുള്ള കർമ്മെലീത്താവസ്ത്രം ധരിച്ച മൂന്നാം സഭക്കാർ ഞെളിഞ്ഞു നടക്കുന്നു".[32] എന്നാൽ ഏതദ്ദേശീയമായി ആരംഭിച്ച സമൂഹം എങ്ങനെയാണു മൂന്നാം സഭയായത്? "അടുത്ത നാളിൽ ആർച്ചുബിഷപ്പു മെല്ലാനോയുടെ സമ്മതത്തോടെ മൂന്നാം സഭക്കാരുടെ മേലധികാരിയായ പീലിപ്പോസച്ചൻ നിയമങ്ങളിൽ ചില വ്യത്യാസം വരുത്തി. അവരുടെ പേര് "വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ സഹായക്കാരും കർമ്മെലീത്താ മൂന്നാം സഭക്കാരും" എന്നാക്കി മാറ്റി.... ഇങ്ങനെ ഞങ്ങൾ

സദാ മാറ്റങ്ങൾക്കു വിധേയരും ഓരോ മിഷനറിയുടെയും ഇഷ്ടത്തെ ആശ്രയിച്ചിരിക്കുന്നവരുമാണ്. നിയമങ്ങളിൽ നവ സന്ന്യാസികളുടെ പഠനത്തെക്കുറിച്ചു പറയുന്നിടത്ത് ഇംഗ്ലീഷ് ഭാഷയുടെയും തത്ത്വശാസ്ത്രത്തിന്റെയും പഠനം ലത്തീൻകാർക്കു നിർബന്ധമായി ഏർപ്പെടുത്തിയിരിക്കുകയാണ്. സുറിയാനിക്കാർക്കാകട്ടെ അതിനു അനുവാദവുമില്ല.... അറിവ് നിങ്ങൾക്കു ആവശ്യമുള്ള കാര്യമല്ലെന്നല്ല ഉപദ്രവകാരികൂടിയാണ്. ഇംഗ്ലീഷ് ഭാഷ പഠിക്കുവാൻ ആഗ്രഹിക്കുന്നയാൾ നയിക്കപ്പെടുന്നത് നല്ല അരൂപിയാലല്ല. അതിനാൽ നിങ്ങൾക്കതിന് അനുവാദമില്ല. നിങ്ങൾക്കു താഴ്മ മതിയാകും."[33]

സഭയുടെ മുന്നോടികൾ ആവശ്യപ്പെട്ടതും ജീവിച്ചിരുന്നതും ദൊമിനിക്കൻ നിയമം[34], ലഭിച്ചത് കർമ്മെലീത്താ നിയമം. ലഭിച്ച കർമ്മെലീത്താ നിയമത്തിൽ 'അമലോത്ഭവ മറിയത്തിന്റെ ദാസന്മാർ' എന്നാണ് അവരെ ബർണർദീനോസ് മെത്രാപ്പോലീത്താ വിളിച്ചത്.[35] നല്കിയ നിയമത്തിന്റെ തുടക്കത്തിൽ 'ഓറെശ്ലം എന്നതിനു പകരം നാം ബർണർദീനോസ് എന്നും ബ്രൊക്കാർദിന് എന്നതിനു പകരം ചാവറ കുരിയാക്കോസ് എന്നും ഏലിയായുടെ ഉറവയ്ക്കു സമീപം എന്നുള്ളിടത്ത് മാന്നാനത്ത് വി. യൗസേപ്പിന്റെ ആശ്രമത്തിൽ എന്നുമാക്കി'.[36] ഓറെശ്ലം സഭയിലെ പാത്രിയർക്കീസ് അൽബ്രത്തോസ് കർമ്മെലയിലെ സഭയിലെ ബ്രൊക്കാർദിനും കൂട്ടർക്കും നല്കിയ പുരാതന രേഗുളായെ ഏതദ്ദേശീയമാക്കിയതാണ് മേല്പറഞ്ഞ വാചകം.

ഏതദ്ദേശീയമായ സന്ന്യാസ സംരംഭത്തെ വൈദേശികമാക്കിത്തീർത്തപ്പോൾ അതു സ്വീകരിക്കത്തക്ക രീതിയിലായിരുന്നു മിഷനറിമാർ അമലോത്ഭവ മാതാവിന്റെ ദാസരെ പരിശീലിപ്പിച്ചിരുന്നത്. മിഷനറിമാരിൽ സഭയുടെ അധികാരം ദർശിച്ചിരുന്ന ചാവറ ദൈവതിരുമനസ്സായി ക്രമീകരണത്തെ സ്വീകരിച്ചു.

7:2 നസ്രാണി സഭ

"ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം ഇവയിലൂടെ രൂപീകൃതമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്ക്കാരത്തിലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചു കൊണ്ട് വെളിവാക്കുന്നതുമായ പൊതുക്രമമാണ് റീത്ത്".[37]

ആശ്രമപ്രസ്ഥാനങ്ങളിൽ സഭാത്മകത ഏറ്റവും അടിസ്ഥാനപരമായി നില്ക്കേണ്ട ഒരു ഘടകമാണ്. സഭാത്മകതയെക്കുറിച്ച് 6:2-ൽ പ്രതിപാദിച്ചതിൽ നിന്നും വ്യത്യസ്തമായി ഇവിടെ ചർച്ച ചെയ്യുന്നത് ആശ്രമ സംരംഭങ്ങൾ എങ്ങനെ സഭയെ പടുത്തുയർത്തുന്നു എന്നതിനെക്കുറിച്ചാണ്. കർമ്മെലീത്താ സന്ന്യാസസഭയുടെ ചരിത്രത്തിൽ സഭാത്മകത നിർണ്ണായക പങ്കുവഹിക്കുന്നതായി കാണാം. സഭയുടെ മകൾ എന്ന നിലയിൽ ആവിലായിലെ അമ്മത്രേസ്യാ അഭിമാനം കൊണ്ടിരുന്നു.[38] കുരിശിന്റെ വിശുദ്ധ യോഹന്നാനും സഭാജീവിതത്തിൽ ഊന്നി നിന്നു കൊണ്ടാണ് തന്റെ മൗതികാനുഭൂതിയുടെ അത്യുച്ചിയിൽ വിരാജിച്ചിരുന്നത്.[39]

സഭാജീവിതത്തെ പ്രകാശിപ്പിക്കുന്നതു ദൈവാരാധനയാണ്; പ്രത്യേകിച്ചും വി.കുർബ്ബാന. ദൈവാരാധനയുടെ കേന്ദ്രബിന്ദുവായ വി. കുർബ്ബാനയിൽ കേന്ദ്രീകരിച്ചു കൊണ്ടാണ് കർമ്മെലീത്തർ അനുചിന്തനം നടത്തിയിരുന്നത്.[40]

ദൈവാരാധനയിൽ ഓരോ ആശ്രമസമൂഹവും പുലർത്തുന്ന സമീപനം സഭയുടെ പ്രകാശനത്തെ സാരമായി ബാധിക്കും. സി.എം.ഐ. സഭയുടെ പ്രാരംഭകാലത്ത് ദൈവാരാധന ശുഷ്ക്കവും വികലവുമായിരുന്നു.[41]

ചാവറയച്ചന്റെ ജീവചരിത്രമെഴുതിയ വലേരിയനച്ചൻ, പാശ്ചാത്യവത്ക്കരിക്കപ്പെട്ട മലബാർ റീത്തിനേക്കുറിച്ചും അതിന്റെ ദൈവാരാധനയെക്കുറിച്ചും പ്രതിപാദിക്കുന്നു.[42] പ്രശ്നപരിഹാരത്തിനായി ചാവറയച്ചൻ ദൈവാരാധന ക്രമച്ചട്ടം ഉണ്ടാക്കുകയും കാനോനാ പ്രാർത്ഥനയും വിശുദ്ധവാര കർമ്മങ്ങളും യാമപ്രാർത്ഥനയും ക്രോഡീകരിക്കുകയുമാണു ചെയ്തത്. എന്നാൽ ചാവറയച്ചൻ രൂപപ്പെടുത്തിയതും നടപ്പാക്കിയതുമായ ദൈവാരാധനാക്രമം ഏതാണ്ടു ലത്തീനീകരിക്കപ്പെട്ട രീതിയിലായിപ്പോയി. ഈ വസ്തുത സങ്കീർണ്ണമായ പ്രത്യാഘാതമാണ് സി.എം.ഐ. ആശ്രമപ്രസ്ഥാനത്തിലും അതുവഴി സീറോ-മലബാർ സഭയിലും, കേരളത്തിൽ ആവിർഭവിച്ച സന്ന്യാസപ്രസ്ഥാനങ്ങളിലുമെല്ലാം ഉളവാക്കിയത്. ഈ പ്രശ്നത്തിന്റെ പശ്ചാത്തലമാണ് ഇവിടെ പ്രധാനമായും പ്രതിപാദിക്കുന്നത്.

സഭയിലെ ഒരു മൗലിക ഘടകമാണ് ആശ്രമ സിദ്ധി. എന്നാൽ അതു സഭാധികാരത്തിനു വിധേയപ്പെട്ടിരിക്കുക എന്നത് സുപ്രധാന ഘടകവുമാണ്. സപാദുക, നിഷ്പാദുക കർമ്മെലീത്തരാണ് ആരംഭം മുതൽ സി.എം.ഐ.ക്കാരെ നയിച്ചിരുന്നത്. തുടക്കത്തിൽ നസ്രാണി സഭാപൈതൃകത്തിലായിരുന്നു അവർ ആശ്രമ ചൈതന്യം പുലർത്തിയിരുന്നത്. ക്രമേണ കർമ്മെല പൈതൃകത്തിലേക്കു കടക്കുന്നതിനിടവന്നു.

കർമ്മെല ആശ്രമപൈതൃകം എന്നത് ഏലിയാനിവ്യായിൽ കേന്ദ്രീകൃതവും അമലോത്ഭവമാതൃഭക്തിയിൽ അധിഷ്ഠിതവുമാണ്. ഏലിയൻ പാരമ്പര്യത്തിന് ത്രൈമാനവശങ്ങളുള്ളതായി കാണാം. അവ സുറിയാനി, യവന, ലത്തീൻ എന്നിവയാണ്.[43] മൂന്നു സഭാപാരമ്പര്യങ്ങളിലും ഏലിയാനിവ്യാ അത്ഭുതവ്യക്തിയായി നിലകൊള്ളുന്നു. അദ്ദേഹം മരണത്തിൽ നിന്നും വിമുക്തനെന്ന വിശ്വാസം ആദിമ സഭയിലുണ്ടായിരുന്നു. ഈശോമിശിഹായുടെ ആഗമനത്തിൽ

ഏലിയാനിവ്യാ യോഹന്നാൻ മാംദാനയുടെ സ്ഥാനം വഹിച്ചിരുന്നു. എങ്കിലും ഏലിയായെ മുന്നോടി എന്നവണ്ണമാണ് തുടർന്നു പരിഗണിച്ചത്.

സഭാപിതാക്കന്മാരുടെ ദൃഷ്ടിയിൽ ഏലിയായെ വ്യത്യസ്തമായ രീതിയിൽ കണ്ടിരുന്നു. സിറിയായിലും അതിന്റെ പ്രാന്ത പ്രദേശങ്ങളിലും കർമ്മെലമലയിലെന്നതിനേക്കാൾ സാധാരണ ഭക്തിയുടെ വിഷയമായിരുന്നു. അദ്ദേഹത്തിന്റെ തിരുനാൾ ആരാധനക്രമ പഞ്ചാംഗത്തിൽ പ്രധാന സ്ഥാനം വഹിച്ചിരുന്നു. സുറിയാനിസഭയിൽ ഊന്നൽ നല്കിയിരുന്ന നാലു ഘടകങ്ങൾ ഏലിയായുടെ താപസജീവിതം, മരുഭൂമിയിലെ അനുധ്യാനം, അത്ഭുതപ്രവൃത്തികൾ, ശ്ലൈഹികവേല തുടങ്ങിയവയാണ്. ചുരുക്കത്തിൽ ഏലിയായെ പ്രതിഭയാർന്ന വ്യക്തിയായി സുറിയാനിക്കാർ കണ്ടിരുന്നു.[44] ഇദ്ദേഹം, ആശ്രമപ്രസ്ഥാനത്തിന്റെ സ്ഥാപകനെന്നും ബ്രഹ്മചര്യവ്രതസ്ഥനെന്നും അനുചിന്തനമാതൃകയെന്നും അവർ കരുതിയിരുന്നു.[45]

യവനരുടെ പാരമ്പര്യത്തിൽ ഏലിയാ ഒരു ദൈവമനുഷ്യൻ എന്ന ആശയം മാത്രം പ്രബലപ്പെട്ടിരുന്നു. ഒരിജൻ അദ്ദേഹത്തെ, ഭൗമിക കാര്യങ്ങളിൽ ദൈവത്തിലാശ്രയിക്കുന്നവനായി കണ്ടു. അത്തനാസിയൂസ് അദ്ദേഹത്തെ ദർശിച്ചിരുന്നത്, തികഞ്ഞ ഏകാന്തവാസിയായിട്ടാണ്. അന്തോനീസ് ബാവ അദ്ദേഹത്തെ കണ്ടത് ആശ്രമപ്രസ്ഥാനത്തിന്റെ മുന്നോടിയായിട്ടായിരുന്നെങ്കിൽ ബസേലിയൂസ് പുണ്യവാൻ കണ്ടത് കിഴക്കൻ ആശ്രമപ്രസ്ഥാനത്തിന്റെ പ്രധാനിയായിട്ടാണ്. നീസ്സായിലെ ഗ്രിഗറി ഏലിയായ്ക്കു സദൃശ്യനായി വി. ബസേലിയൂസിനെ കാണുന്നു. യോഹന്നാൻ ക്രിസോസ്തോം ഏലിയായിൽ ദാരിദ്ര്യത്തിന്റെയും വിനയത്തിന്റെയും സുകൃതങ്ങൾ കണ്ടെത്തുന്നു.[46]

പാശ്ചാത്യ സഭ മൗതിക പ്രതിഭയായി ഏലിയായെ അംഗീകരിക്കുന്നു. താപസനും ബ്രഹ്മചാരിയും രക്തസാക്ഷിത്വത്തിനുള്ള

നിവേശകനുമായി ലത്തീൻസഭ ഏലിയായെ ഏറ്റു പറയുമ്പോൾ വി. ജറോം പൗരസ്ത്യ ദർശനത്തിലുള്ള പ്രഥമ ആശ്രമസ്ഥനായി ഏലിയായെ കാണുന്നു.[47]

മെശയാനികസഭയുടെ ആദ്യകാല പഠനങ്ങളിൽ പ്രകടമായ ലത്തീൻ സമീപനമാണ് ഏലിയായുടെ കാര്യത്തിൽ കർമ്മെലീത്തർ അംഗീകരിച്ചത്. പ്രതിഷ്ഠരുടെ ഏകാന്തവാസി എന്ന മാതൃകയിൽ ദൈവം മാത്രമെന്ന ആശയത്തിൽ, കെരീത്ത് അരുവിയിലും ഹോറേബിലും വസിച്ചു കൊണ്ട് ദൈവത്തെ മുഖാഭിമുഖം ദർശിക്കുന്ന താപസൻ ആയി കാണുന്നു.[48]

ഹായ്ഫാ നഗരത്തിനഭിമുഖമായി നില്ക്കുന്ന കർമ്മെല മലയ്ക്കു സമീപം, മദ്ധ്യയുഗത്തിന്റെ പൂർവ്വാർദ്ധത്തിൽ കർമ്മെലസോദരന്മാർ എന്നൊരു കൂട്ടർ താമസമാക്കിയിരുന്നു. ഏലിയായായിരുന്നു അവരുടെ ആധ്യാത്മിക പൂർവ്വികൻ. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ഇവർ അവിടെ വാസമുറപ്പിച്ചിരുന്നത്.

1324 ലെ ഒരു രേഖയിൽ പറയുന്നത് ഏലിയായുടെയും എലിസേവൂസിന്റെയും കാലം മുതൽ പ്രവാചകഗണം കർമ്മെല വെള്ളച്ചാട്ടത്തിനടുത്ത് താമസിച്ചിരുന്നുവെന്നാണ്. ഇവരുടെ പിൻഗാമികളിൽ ചിലർ ഈശോയുടെ കാലത്ത് പരിശുദ്ധ കന്യകാമാതാവിന്റെ നാമത്തിൽ ഒരു ആരാധനാലയവും അവിടെ നിർമ്മിച്ചു. യോഹന്നാൻ മാംദാനയും ഇവിടെ വന്നിരുന്നതായി പറയപ്പെടുന്നു. ചാവുകടൽ ചുരുൾ ഇവിടെ ഉണ്ടായിരുന്നതായി അനൗദ്യോഗിക പാരമ്പര്യമുണ്ട്.

പുരാതന കർമ്മെലീത്തർ പൗരസ്ത്യ ഓർത്തഡോക്സുകാരല്ലാതെ റോമിന്റെ കീഴിൽ പാശ്ചാത്യരീതിയിൽ ജീവിച്ചതായും അവർ 1210-ൽ ഓറെഞ്ചെം പാത്രിയാർക്കീസിൽ നിന്നും നിയമം കൈപ്പറ്റിയിരുന്നതായും പറയുന്നു. അവർ താപസരും മുനികളുമായിരുന്നു.

സാരസന്മാരുടെ ആക്രമണത്തെ തുടർന്ന് അവർ യൂറോപ്പിലേക്കു പലായനം ചെയ്തു. പിന്നീടവർ അറിയപ്പെട്ടിരുന്നത് 'വൈറ്റ് ഫാദേർസ്' എന്ന പേരിലാണ്.[49] ഈ കൂട്ടർ അവരുടെ നിയമം ഫ്രാൻസിസ്ക്കൻ ദൊമിനിക്കൻ നിയമാവലി അനുസരിച്ചു ഭേദപ്പെടുത്തുകയും ചെയ്തു. തുടർന്നുവന്ന ജീവിതശൈലിയിൽ തനി അനുചിന്തകരുടെ ഗണവും സമ്മിശ്ര ജീവിതമുറയുടെ ഗണവും രൂപപ്പെട്ടു. രണ്ടു കൂട്ടരും ഏലിയായേയും പരിശുദ്ധമാതാവിനെയും അവരുടെ മദ്ധ്യസ്ഥരായി കണ്ടിരുന്നു.

സമ്മിശ്രഗണം ശ്ലൈഹിക വേല ഏറ്റെടുക്കുകയും അതവരുടെ ചൈതന്യത്തിനു ചേർന്നതായി കാണുകയും ചെയ്തു. അമ്മത്രേസ്യായുടെ നവീകൃത കർമ്മെലീത്തർ ഏലിയാനിവ്യായുടെ ശ്ലൈഹിക പാത സ്വീകരിച്ചു മുന്നേറി. 1607-ൽ ഈശോയുടെ വാഴ്ത്തപ്പെട്ട തോമസ്, വല്ലദോളിൽ നിന്നു റോമിലെത്തി പ്രേഷിത പ്രവർത്തനത്തിനായി ആക്കം കൂട്ടി. ഈശോ സഭക്കാരോടും വിശ്വാസ പ്രചാരകസംഘത്തോടും ചേർന്ന് കർമ്മെലീത്തർ ലോകത്തിന്റെ നാനാഭാഗങ്ങളിലും മാനസാന്തര വേലയ്ക്കായുള്ള സംരംഭം തുടങ്ങി.[50] ഭാരതത്തിലും കേരളത്തിലും വന്ന കർമ്മെലീത്തർ പ്രധാനമായും ഈ കൂട്ടരാണ്. അവർ വഴി പാശ്ചാത്യ രീതിയിലുള്ള സഭാത്മകതയാണ് 1860 കളിൽ നിലവിൽ വന്നതും.

7:3 സുകൃതാരാമം

വിശുദ്ധ ഗ്രന്ഥത്തിൽ കർമ്മെല എന്നത് പ്രവാചകനായ ഏലിയായും ബാലിന്റെ അനുയായികളും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ വേദിയാണ്. കടലിന് അഭിമുഖമായുള്ള ഒരു ഗുഹ ഏലിയായുടെ വസതിയായിക്കരുതുന്നു. അനാഗതരുടെ സ്വാധീനവും റോമിന്റെ ശ്രദ്ധയും എല്ലാം കാർമ്മെലിനെ കേന്ദ്രീകരിച്ചിരുന്നുവെങ്കിലും ഏലിയായുടെ ചൈതന്യമാണ് എല്ലാറ്റിനും മേലായി നില്ക്കുന്നത്. കർമ്മെലയുടെ

പരിശുദ്ധി കഴിഞ്ഞു മാത്രമേ അതിന്റെ പ്രകൃതി മനോഹാരിതയ്ക്ക് പ്രസക്തിയുള്ളു. യഹൂദരും മെശയാനികരും മുഹമ്മദീയരും കർമ്മെലയെ തീർത്ഥാടന കേന്ദ്രമാക്കുന്നു.

പലസ്തീനായുടെ പ്രശാന്തസുന്ദരമായ മദ്ധ്യധരണ്യാഴിയിലേക്കു നോക്കി നില്ക്കുന്ന മുനമ്പ് ഏഷ്യാമൈനറിനെ ലക്ഷ്യം വച്ചു നില്ക്കുന്നു. ഹായ്ഫാ തുറമുഖത്തിന്റെ കടൽനിരപ്പിൽ നിന്ന് അഞ്ഞൂറടി ഉയരമേ കാർമ്മെലിനുള്ളുവെങ്കിലും അത് ഉയർന്ന മനോഹര ഉദ്യാനമാണ്. ടയറിലെ ഫെനീഷ്യരുടെ വിശുദ്ധ മുനമ്പ് റൂഷാഖ്വാദേശ് ഇന്ന് കർമ്മെലീത്തരുടെ ദൈവാലയമായി നിലകൊള്ളുന്നു. ഈ ആശ്രമത്തിന്റെ തുടക്കം അറിയുന്നതിന് സമതലത്തോടു ബന്ധപ്പെട്ടുള്ള ഏലിയായുടെ നീർച്ചാലിനു സമീപം എത്തണം. അവിടെ മധ്യയുഗത്തിന്റെ ആദിപകുതിയിൽ 'കർമ്മെല സോദരന്മാർ' എന്ന പേരിൽ മെശയാനിക താപസർ ജീവിച്ചിരുന്നു. അവരുടെ ആധ്യാത്മിക മുന്നോടി ഏലിയാ നിവ്യാ ആയിരുന്നു.[51] ഇന്നത്തെ കർമ്മെലീത്തരുടെ മുദ്രാവാക്യം "സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ഞാൻ എരിയുന്നു" എന്നതാണ്. അനുചിന്തനത്തിന്റെയും ശ്ലൈഹികതയുടെയും സമ്യക്കായുള്ള സമ്മേളനം ഏലിയായിൽ കർമ്മെലീത്തർ കണ്ടെത്തുന്നതുകൊണ്ട് പ്രവാചകനെ അവരുടെ സഭാസ്ഥാപകനായി കരുതുന്നു. ബാലിന്റെ ഭക്തരെ തുരത്തിയതു മാത്രമല്ല ഏലിയായുടെ സവിശേഷത, മറിച്ച് നാബോത്തിന്റെ മുന്തിരിത്തോട്ടത്തിനുവേണ്ടി വാദിച്ചതും പരിഗണിക്കുന്നു. വിഗ്രഹാരാധനയും അനീതിയും അവസാനിപ്പിക്കണമെന്ന് ഏലിയാ നിശ്ചയിച്ചിരുന്നു.

ഏലിയായുടെ തീക്ഷ്ണത യോഹന്നാൻ മാംദാനയിലൂടെ മിശിഹാക്കാലത്ത് എത്തിയിരുന്നു. ദൈവത്തെ മുഖാഭിമുഖം ദർശിച്ച ഏലിയാ കർമ്മെലീത്തരുടെ മാത്രം പ്രവാചകനല്ല മറിച്ച്, എല്ലാ മിശിഹാനുയായികളുടെയും പ്രത്യേകിച്ച് ആശ്രമസ്ഥരുടെയും മുന്നോടി തന്നെ.[52] കർമ്മെലീത്താ കുടുംബത്തിൽ ഏലിയായോടുള്ള ബന്ധം

പരിശുദ്ധ മാതാവിനോടുള്ള ബന്ധത്തിലേക്ക് ഏവരേയും നയിച്ചു. ആവൃതസ്ഥരെന്നോ, ഒന്നാം സഭയെന്നോ, മൂന്നാം സഭയെന്നോ, രണ്ടാം സഭയെന്നോ, അല്മായ, വൈദിക ഗണമെന്നോ ഉള്ള വ്യത്യാസം കൂടാതെ കർമ്മെലീത്തരെല്ലാവരും പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ തത്പരരായിരുന്നു.[53]

കർമ്മെല സഭയുടെ വികാസത്തിൽ വി. സിമയോൻ നിർണ്ണായക പങ്കു വഹിച്ചു. മുറികളിൽ ഇരുന്നു ധ്യാനിക്കുന്ന കാര്യങ്ങൾ സ്നേഹാന്വിതമായി പ്രവൃത്തിയിലാക്കണം. അതിനായി സമ്മിശ്ര ജീവിതം ആരംഭിച്ചു. ഈ സംരംഭത്തിൽ അധ്യാപനം ഒരു ഘടകമായി സഭയിൽ ആരംഭിച്ചു. റോമിലും പാരീസിലും ബൊളോഞ്ഞായിലുമെല്ലാം വിദ്യാ നികേതനങ്ങൾ ഉയർന്നു. കർമ്മെല വസ്ത്രം തവിട്ടു നിറമാണെങ്കിലും ഒരു വെള്ള വസ്ത്രം കൂട്ടിച്ചേർത്തു. ഈ പരിഷ്കാരം " വൈറ്റ് ഫ്രറയർസ്" രൂപപ്പെടുന്നതിനിട വരുത്തി.[54]

1395-ൽ കായെനിൽ (caen) ജനിച്ച വാഴ്ത്തപ്പെട്ട ജോൺസൊരത്തു കർമ്മെല സഭയെ കൂടുതൽ പുരാതന രീതിയിൽ കർശനമാക്കി. വളരെപ്പേർ സഭ വിട്ടു പോയി. എങ്കിലും ജോൺസൊരത്ത് കന്യാസ്ത്രീകൾക്കായുള്ള രണ്ടാം സഭയും അല്മായർക്കുള്ള മൂന്നാം സഭയും തുടങ്ങി. രണ്ടാം സഭ വളരെ വേഗത്തിൽ പടർന്നു പന്തലിച്ചു. മാർപ്പാപ്പായുടെ നിശ്ചയ പ്രകാരം രണ്ടാം സഭ ഒരു മൂന്നാം സഭയ്ക്കു രൂപം കൊടുത്തു. അവർ ബ്രഹ്മചര്യവ്രതവും അനുസരണവ്രതവുമെടുത്തിരുന്നു. ദാരിദ്ര്യവ്രതം ചെയ്തിരുന്നില്ല.[55] 1600-കളിൽ സിസിലിയിൽ തന്നെ ഏഴായിരം മൂന്നാം സഭക്കാരുണ്ടായിരുന്നു. പോർട്ടുഗലിലും അത്രയും തന്നെ. മൂന്നാം സഭക്കാരും പൂർണ്ണമായും കർമ്മെലീത്തരായിരുന്നു.

സാർവ്വത്രികമായി കർമ്മെലസഭ വളർന്നു കൊണ്ടിരുന്നപ്പോൾ 1467-ൽ ഇസ്പന്ന്യായുടെ മദ്ധ്യത്തിൽ, ആവിലായിൽ ഏതാനും

കന്യാസ്ത്രീകൾ സംഘടിച്ചു. ചിലർ പൂർണ്ണാർത്ഥത്തിൽ സന്ന്യസ്ത രാകണമെന്നും മറ്റു ചിലർ സ്വതന്ത്രമായ രൂപത്തിൽ മതിയെന്നും ചിന്തിച്ചു. ഇതിൽ രണ്ടാമത്തെ കൂട്ടരാണ് കർമ്മെലീത്താ സഭ സ്വീകരിച്ചത്. അവർ ഇൻകാർനേഷൻ മഠവും സ്ഥാപിച്ചു. 1535 നോടു കൂടെ ഈ മഠത്തിലെ അംഗസംഖ്യ 140 കവിഞ്ഞിരുന്നു. അയഞ്ഞ ജീവിതമാണ് അവർ നയിച്ചിരുന്നത്. 1575-ൽ ആവിലായിൽ ജനിച്ച ഈശോയുടെ തെരേസാ ആവിലായിലെ മഠത്തിൽ ചേർന്ന് അയഞ്ഞ ജീവിതത്തിലൂടെ മുന്നേറി. എന്നാൽ 1562, ആഗസ്റ്റ് 24-ാനു ആവിലാത്രേസ്യാ ദൈവപ്രചോദിതമായി നവീകരണത്തിനായി മുതിർന്നു. യൗസേപ്പു പിതാവിന്റെ നാമത്തിൽ ആവിലായിൽ മറ്റൊരു മഠം തുടങ്ങി. നാലു നവശിഷ്യരെയും കൊണ്ടാരംഭിച്ച മഠത്തിൽ പുരാതന നിയമം നടപ്പാക്കുവാൻ ആരംഭിച്ചു. മൗനം, ദാരിദ്ര്യം, ആവൃതി തുടങ്ങിയവ കർശനമാക്കി. സ്ഥലത്തെ മെത്രാനും ഫിലിപ്പു രണ്ടാമൻ രാജാവും വി. ഫ്രാൻസീസ് ബോർജിയായും വി. പത്രോസ് അലക്കാന്ത്രായും, ഈശോ സഭക്കാരും, ഫ്രാൻസിസ്ക്കൻസും, ദൊമിനിക്കൻസും ആവിലായിലെ ത്രേസ്യായ്ക്കു സഹായത്തിനെത്തി.

1566-ൽ മാന്തുവായിലെ കർമ്മെല സഭയുടെ ജനറാളായിരുന്ന ഇറ്റലിക്കാരൻ റൂബെയോയും ആവിലാ ത്രേസ്യായുടെ സഹായത്തിനെത്തി. ഇദ്ദേഹമാണ് പുതിയ മഠങ്ങൾ സ്ഥാപിക്കുവാൻ ത്രേസ്യായ്ക്ക് അനുവാദം നല്കിയത്. ഇസ്പാന്യാ രാജ്യത്ത് മഠങ്ങൾ വർദ്ധിച്ചു. റൂബെയോ ന്യായപ്രമാണങ്ങളിൽ പരിഷ്ക്കാരം വരുത്തിയെങ്കിലും അമ്മത്രേസ്യായുടെ ചൈതന്യമാണ് മുന്നിട്ടുനിന്നിരുന്നത്. അമ്മത്രേസ്യാ പുതിയ സമൂഹത്തിനു നല്കിയ പേര് നിഷ്പാദുക കർമ്മെലീത്തർ എന്നതാണ്.[56] ഇപ്രകാരമുള്ള ആദ്യത്തെ ഭവനം ദുരുവേളോയിൽ സ്ഥാപിച്ചു. മൂന്ന് അംഗങ്ങൾ മാത്രം. അതിൽ ഒരാളാണ് പിന്നീട് കുരിശിന്റെ യോഹന്നാനായിത്തീർന്ന യേപ്പാസിലെ യോഹന്നാൻ (Joh de Yepes). ഇരുപത്താറാം വയസ്സിൽ ആശുപത്രിയിൽ ജോലി

ചെയ്തിരുന്നതു വിട്ട് കർമ്മെലീത്തായിൽ ചേർന്നു. സലമങ്കാ സർവ്വ കലാശാലയിൽ പഠിച്ചു. 1567-ൽ മെദീനായിലുള്ള തന്റെ സ്വന്തമായ മെദീനായിലെ അന്തോനി ശ്രേഷ്ഠനോട് സമൂഹം വിട്ടു പോകുന്നതിന് അനുവാദം ചോദിച്ചു. മരുഭൂമി വാസം ഇഷ്ടപ്പെട്ടു. ഈ അവസരത്തിൽ ആവിലാത്രേസ്യാ അന്തോനി ശ്രേഷ്ഠനെ (Anotony de Heredie) സന്ദർശിച്ച് നിഷ്പാദുകരുടെ സമൂഹത്തിന് റൂബെയോ നല്കിയ കത്തും അനുമതിയും കാണിച്ചു. ഇങ്ങനെയാണ് അന്തോനി ശ്രേഷ്ഠനും യോഹന്നാൻ ക്രൂസും പുതിയ സമൂഹത്തിൽ ചേർന്നത്. ദുരുവോളോയിൽ ഇവർ ഒന്നിച്ചു. ഇവർ അവിടെയുള്ള ഗ്രാമത്തിൽ രാത്രി അനുചിന്തകരും പകൽ പ്രേഷിതരുമായി ജീവിച്ചു. അവരുടെ തപസ്സ് ശക്തിപ്പെട്ടപ്പോൾ അമ്മ ത്രേസ്യാ പറഞ്ഞത് അതൊരുമാർഗ്ഗം മാത്രമാണ് അന്ത്യമല്ലായെന്നാണ്. ഈ സംരംഭം കൂടുതൽ ശക്തിപ്പെട്ടു. നിലവിലുള്ള കർമ്മെലീത്തരിൽ നിന്നു ശക്തമായ എതിർപ്പുണ്ടായി. കുരിശിന്റെ യോഹന്നാൻ അമ്മത്രേസ്യായുടെ കുമ്പസാരക്കാരനുമായി. പക്ഷേ അദ്ദേഹത്തെ ജയിലിലടച്ചു പീഡിപ്പിച്ചു. ലഘുകൃത സമൂഹം തുടർന്നു ശക്തിപ്പെട്ടു. അമ്മത്രേസ്യാ 1582-ൽ മരിക്കുമ്പോൾ കന്യാസ്ത്രീകൾക്കായി പതിനേഴും പുരുഷന്മാർക്കായി പതിനഞ്ചും ഭവനങ്ങളുണ്ടായിരുന്നു. നവീകരണം അമ്മത്രേസ്യാ വഴിയാണു നടന്നത്.

അമ്മത്രേസ്യായുടെ മരണശേഷം നവീകൃത കർമ്മെലീത്താ സഭ മാന്തുവായിലെ പുരാതന കർമ്മെലീത്താ സഭയുടെ നവീകൃത രൂപമായി മാറി. അമ്മത്രേസ്യായുടെ പ്രവിശ്യാ ശ്രേഷ്ഠനായ ഗ്രേഷ്യനും നിഷ്പാദുക ജനറാളായ നിക്കോളാസ് ഡോറിയായും തമ്മിൽ ഏറ്റുമുട്ടി. കുരിശിന്റെ യോഹന്നാൻ എതിർത്തെങ്കിലും മരണം വന്നുകൂടി. ഗ്രേഷ്യനും പുറത്തായി. നിക്കോളാസ് ഡോറിയാ സർവ്വാധിപതിയായി. 1593-ലെ പൊതു സംഘത്തിൽ വച്ച് അമ്മ ത്രേസ്യായുടെ മരണത്തിനു ശേഷം പതിനൊന്നു വർഷം കഴിഞ്ഞപ്പോൾ സഭ രണ്ടായി തീർന്നു.

നവീകൃതർ ODC യും പുരാതനർ O.Carm O.D.C. യും. കർമ്മെലീത്താ ലിറ്റർജി വിട്ട് റോമൻ ആരാധനക്രമം സ്വീകരിച്ചു. O.Carm ജോൺ ഡൊറത്തിന്റെ പിൻഗാമികളായി.[57] ഇതിൽ ODC ശാഖയാണ് ചാവറ സ്വീകരിച്ച കർമ്മെലീത്താസഭ.

7:4 വിശുദ്ധ ഗ്രന്ഥം

ചാവറയച്ചന്റെ ആധ്യാത്മികതയെക്കുറിച്ചുള്ള വിചിന്തനത്തിൽ അദ്ദേഹം അതുല്യ പ്രാധാന്യം നല്കിയിരുന്ന വി.ഗ്രന്ഥത്തിൽ കർമ്മെലയുടെ സ്ഥാനം എന്തെന്നു ചിന്തിക്കാം. "മെത്തൻ തെന്തേസ് ല്മറിയാ ലാലാഹാ ഹൈൽസാനാ" (1 രാജാ. 19:9-10). കർമ്മെല സന്ന്യാസ കുടുംബത്തിന്റെ പൊതുവായ മുദ്രാവാക്യമാണ് മുകളിൽ അറമായ സുറിയാനിയിൽ കൊടുത്തിരിക്കുന്ന 'സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ഞാൻ എരിയുന്നു' എന്നത്. ഏലിയാ ദൈവത്തെ കർമ്മെലയിൽ അനുഭവിച്ചറിഞ്ഞതിന്റെ ഒരു വെളിപാടാണ് മേല്പറഞ്ഞ ദൈവവചനത്തിലുള്ളത്. ഈശോമിശിഹായിലൂടെയാണ് ദൈവികത പൂർണ്ണമായി ആവിഷ്കൃതമായത്. അതിനാൽ സുവിശേഷമാണ് മാനവരാശിക്കുള്ള ഏറ്റവും ഉന്നതമായ വെളിപാട്. ഈ സുവിശേഷത്തിലും കർമ്മെലയുടെ ശ്രദ്ധാകേന്ദ്രമായ ഏലിയാ പ്രത്യക്ഷപ്പെടുന്നു.[58] അപൂർണ്ണതകളെ നീക്കി പൂർണ്ണത സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെയും നിവർത്തനത്തിന്റെയും ഉറവിടമാണ് ഏലിയായിലൂടെ കർമ്മെലയിൽ കാണുന്നത്. പൂർണ്ണത യാഹ്വെയിലുള്ള തീക്ഷ്ണതയിലും അപൂർണ്ണത ബാലിന്റെ ഭക്തരിലും പ്രത്യക്ഷപ്പെടുന്നു.

സജീവനായ ദൈവത്തിന്റെ പ്രവാചകരും പ്രവചനവും സ്ഥല കാലങ്ങൾക്കതീതമായി നീങ്ങും. യോഹന്നാൻ മാംദാനായിൽ, ഏലിയായെ മിശിഹായുടെ കാലത്ത് അന്വേഷിച്ചതും മുകളിൽ സൂചിപ്പിച്ച

ശക്തിയെ വിളിച്ചറിയിക്കുന്നു (മത്താ. 11:14). സുവിശേഷകരായ ലൂക്കായും യോഹന്നാനും മർക്കോസും മത്തായിയെപ്പോലെ ഏലിയായെ സുവിശേഷത്തിൽ കൊണ്ടു വരുന്നുണ്ട് (ലൂക്ക. 1:17; യോഹ.1:21; മർക്കോ. 9:4,11,12; 6:15; 15:35). സുവിശേഷം യഹൂദ വിശ്വാസത്തിലൂടെ പ്രവാചകരുടെ ലോകചരിത്രത്തിലുള്ള ഇടപെടലിനെ വിളിച്ചറിയിക്കുന്നു. അതിൽ ഏലിയായും പ്രസക്തമാണ്. ഇത് പഴയ നിയമത്തിലും ദൈവം പ്രവാചകരിലൂടെ ഇടപെടുന്നതിലേക്കു വിരൽ ചൂണ്ടുന്നു.

വിശുദ്ധ മലയിൽ ഈശോ രൂപാന്തരപ്പെട്ടപ്പോൾ മൂശയും ഏലിയായും സന്നിഹിതരായിരുന്നത് സൂചിപ്പിക്കുന്നത്, പഴയ ഉടമ്പടിയിൽ പ്രത്യക്ഷപ്പെട്ട ദൈവം മൂശെ വഴി നല്കിയ നിയമം ഏലിയാ വഴി നടപ്പാക്കിയത് മിശിഹായിലൂടെ പൂർത്തീകരിക്കപ്പെടുന്നുവെന്നാണ്. ദൈവിക പദ്ധതിയുടെ അനുസ്യൂത മുന്നേറ്റം! ഗിരിപ്രഭാഷണത്തിൽ ഈശോ അരുളിച്ചെയ്തു: "നിയമത്തെയോ പ്രവാചകന്മാരെയോ നശിപ്പിക്കുവാനാണ് ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾ വിചാരിക്കരുത്; നശിപ്പിക്കാനല്ല, പൂർത്തിയാക്കാനാണ്" (മത്താ. 5:17). "കർത്താവ് എന്റെ ദൈവമാകുന്നു" എന്നു സൂചിപ്പിക്കുന്ന പേരാണ് ഏലിയാ എന്നത്. സുവിശേഷത്തിൽ പ്രത്യക്ഷപ്പെട്ട ഏലിയാ മിശിഹായ്ക്കു മുമ്പ് 860 കളിൽ കർമ്മെലയിൽ പ്രത്യക്ഷപ്പെട്ട പ്രവാചകനാണ്. ജോർദ്ദാന്റെ കിഴക്കുള്ള ഗിലയാദിലെ തിഷ്ബെയിൽ ഏലിയാ വസിച്ചിരുന്നു.

ആഹാബു രാജാവിന്റെ ആധിപത്യത്തിൽ ഇസ്രായേൽ അധാർമ്മികതയിലും വിഗ്രഹാരാധനയിലും മുഴുകിയപ്പോഴാണ് കർമ്മെലയിൽ നിന്നും ഏലിയായുടെ വാൾ ഉയർന്നത്. ഫെനീഷ്യൻ രാജ്ഞിയായ ഇസബെൽ ആയിരുന്നു ആഹാബിന്റെ ഭാര്യ. അവൾ നാനൂറ്റിയൻപത് പ്രവാചകരെയും ബാൽ ആരാധകരേയും കൂട്ടി ഏകനായ ഏലിയായെ കർമ്മെലയിൽ ഏറ്റുമുട്ടി. രാജ്ഞി ഏലിയായെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ സൈന്യങ്ങളുടെ കർത്താവായ ദൈവത്തിന്റെ സാന്നിധ്യമാണ് ഏലിയാ പ്രഖ്യാപിച്ചത്. ഈ പ്രഖ്യാപനമാണ് കർമ്മെലയുടെ ശക്തി. ഈ ശക്തി ഏറ്റുവാങ്ങിയത്

ഏലിയായെ പിൻതുടർന്ന എലിസേവൂസാണ്.[59] കർമ്മെലയിലെ ഈ പാരമ്പര്യമല്ലേ ഭാരതത്തിന്റെ തൃതീയ ശ്ലീഹായെന്നു പലരും വിശേഷിപ്പിക്കുന്ന ചാവറയിലും നീതിയെപ്രതി പാടുപീഡകൾ സഹിച്ച പോരുക്കര എലിസേവൂസിലും ദൃശ്യമാകുന്നത്. തെരേസ്യൻ കർമ്മെലീത്തരുടെ അടുത്ത പരിശീലനം ചാവറയ്ക്കും മറ്റും അധികമായി ലഭിച്ചിട്ടുണ്ടെങ്കിലും കർമ്മെലയുടെ വി. ഗ്രന്ഥാധിഷ്ഠിത നിവേശനം വിസ്മരിച്ചു കൂടാ. ഐൽസ്ഫോർഡിന്റെ ഉത്തേജനവും മറന്നുകൂടാ.

7:5 ഐൽസ്ഫോർഡ്

കർമ്മെലയിലെ സഹോദരന്മാർ ഇംഗ്ലണ്ടിലേക്കും പാശ്ചാത്യ നാടുകളിലേക്കും വ്യാപിക്കുവാൻ തുടങ്ങി.[61] സൈപ്രസിലേയ്ക്കും മാർസെയിൽസിലേയ്ക്കും സിസിലിയിലേയ്ക്കും ആളുകൾ എത്തിക്കൊണ്ടിരുന്നു. ഹെന്റി മൂന്നാമന്റെ സഹോദരനായ കോൺവോളിലെ ഏർൾ റിച്ചാർഡ് കാർമ്മെലിലെ സഹോദരന്മാരുടെ പരിരക്ഷണത്തിനായി ഇറങ്ങിത്തിരിച്ചു. തിരിച്ചുള്ള യാത്രയിൽ അവിടെനിന്ന് ആവശ്യത്തിന് ആളുകളെ വെസ്റ്റുമിനിസ്ട്രിലേക്കു കൊണ്ടുപോയി. 1242-ൽ വെസ്റ്റുമിനിസ്ട്രറിൽ എത്തിയവരെ രാജാവ് അവിടെ സ്വീകരിച്ചു. ഈ കൂട്ടർ നാലു ഗണമായി തിരിഞ്ഞു. ഒരു കൂട്ടർ നോർഫോൾക്കിലുള്ള ബ്രാട്മറിലേയ്ക്കും വേറൊരു കൂട്ടർ ഹാസ്റ്റിംഗിനു സമീപമുള്ള സൂപ്ഡ നിലേയ്ക്കും, മറ്റൊരുഗണം വില്യാബസിയുടെ നേതൃത്വത്തിൽ ആൾനിവിക്കിനു സമീപം ഹൾനിയിലേയ്ക്കും അവസാനത്തെ ഗണം റിച്ചാർഡു ഗ്രേയുടെ സംരക്ഷണയിൽ ഐവോയാൽ ഐൽസ്ഫോർഡിലേക്കും യാത്രയായി.

കെന്റിലെ ഐൽസ്ഫോർഡും ഹൾനെയും കൂടുതൽ പ്രബലപ്പെട്ടു. ഹൾനെയുടെ ചൈതന്യം പലസ്തീനായുടെ കർശന രീതിയിലായിരുന്നു. അതു കർമ്മെലീത്താ കുടുംബം മുഴുവനും സ്വീകാര്യമായില്ല. കിഴക്കൻ രീതി പാശ്ചാത്യനാട്ടിലും അത്ര സ്വീകാര്യമായില്ല.

സാമ്പത്തികമായും മറ്റും സഹായിച്ചിരുന്ന യൂറോപ്യന്മാരുടെ സ്വാധീനം പാശ്ചാത്യരെ- ഫ്രാൻസുകാരെയും ഇംഗ്ലണ്ടുകാരെയും - ഡോമിനിക്കൻസ്സിന്റെയും ഫ്രാൻസിസ്ക്കൻസിന്റെയും രീതി സ്വീകരിക്കുവാൻ പ്രേരിപ്പിച്ചു.

പുതിയ സന്ന്യാസ സഭകളുടെ തുടക്കത്തെക്കുറിച്ച് 1215-ൽ ലാറ്ററൻ സൂനഹദോസ് നിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും അൽബ്രത്തോസ് പാത്രിയർക്കീസിനു കീഴിൽ വന്നില്ല. കർമ്മെലീത്തർ ആൽബർട്ടിന്റെ പുരാതന നിയമം കാണിച്ചു കൊണ്ടു മുന്നേറി. ഈ മുന്നേറ്റത്തിൽ സൈമൺസ്റ്റോക്ക് ഐൽസ്ഫോർഡിൽ പ്രമുഖനായി കർമ്മെലീത്താ ഗണത്തെ ഉറപ്പിച്ചു. 1274-ൽ ഒന്നാമത്തെ പൊതുസമ്മേളനം യൂറോപ്പിന്റേതായി ഐൽസ്ഫോർഡിൽ നടന്നു. സൈമൺസ്റ്റോക്ക് പൊതുശ്രേഷ്ഠനുമായി. ജൂലൈ 6-ന് ഇന്നസെന്റ് 4-ാമനിൽ നിന്ന് യൂറോപ്യൻ നിയമാവലിക്കു വേണ്ട അംഗീകാരം കിട്ടുവാൻ വഴി തെളിഞ്ഞു. കാർഡിനൽ ഹ്യൂവും അന്റെറെയിടിലെ വില്യം മെത്രാനും, ഡോമിനിക്കൻ സഭയിൽ പെട്ടവർ, നിയമാവലി രൂപപ്പെടുത്തുന്നതിന് മാർപ്പാപ്പായാൽ നിയുക്തരായി.

പുതിയ നിയമാവലിയിൽ കർമ്മെലീത്തരുടെ പാരമ്പര്യമനുസരിച്ചുള്ള പൊതുഭക്ഷണം, വാസം, ജോലി തുടങ്ങിയവ നിലനിറുത്തി. വേലയില്ലാത്തപ്പോഴെല്ലാം മുറിയിലായിരിക്കണം. എന്നാൽ ഒരു വാചകം വലിയ മാറ്റത്തിനു തുടക്കം കുറിച്ചു. അതായത് മരുഭൂമിയിൽ മാത്രമല്ല, നഗരങ്ങളിലും ആശ്രമം പണിയാമെന്നും, ശ്ലൈഹികവേലയിൽ ഏർപ്പെട്ടുകൊണ്ട് പൗരോഹിത്യശുശ്രൂഷയ്ക്കായി പോകാമെന്നും. ആളുകൾക്ക് ഉപകാരപ്രദമായ കാര്യങ്ങളിൽ ഏർപ്പെടാം. പഠന വിഷയങ്ങളിൽ വ്യാപരിക്കാം. വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടത്താം. തുടർന്നുള്ള ഏഴുവർഷങ്ങൾ കൊണ്ട് ലണ്ടനിലും ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലും നോർവിക്കിലും യോർക്കിലുമെല്ലാം ഭവനങ്ങൾ നിർമ്മിച്ചു.

ഐൽസ്ഫോർഡിലെ പ്രചോദനം ഇംഗ്ലണ്ടിൽ എന്നതുപോലെ ഫ്രാൻസ്, അക്വിറ്റെയിൻ, ജർമ്മനി, ടസ്ക്കെനി, ലൊമ്പ്രാർഡി, സ്പെയിൻ തുടങ്ങിയ സ്ഥലങ്ങളിലും ഫലമുളവാക്കി. കർമ്മെലമല തളർച്ചയിലുമായി. 1263-ലും 1291-ലും ഉണ്ടായ സാരസൻ അതിക്രമത്തിലും കുരിശുയുദ്ധത്തിലും കർമ്മെല നാമാവശേഷമായി. പാശ്ചാത്യനാടുകളിൽ കർമ്മെലീത്താ സഭ പുഷ്ടി പ്രാപിച്ചു.

പാശ്ചാത്യനാടുകളിൽ വളർന്നുവന്ന കർമ്മെലസഭയ്ക്ക് വ്യവസ്ഥാപിതമായ ഒരു നിയമസംഹിത രൂപപ്പെടുത്തിയത് 1185-മുതൽ വി. ബെർത്തോൾഡിന്റെ നിവേശനത്തിലൂടെയാണ്. അന്ത്യോക്യായുടെ പാത്രിയർക്കീസായ ഐമെറിക്കും അദ്ദേഹത്തെ സഹായിച്ചിരുന്നു. രണ്ടുപേരും പാശ്ചാത്യരെന്നല്ലാതെ പൗരസ്ത്യ സവിശേഷതകളില്ലാത്തവരായിരുന്നു.

1210-കളിൽ വി. ബ്രൊക്കാർദ് ബെർത്തോൾഡിനെ തുടർന്നു പൊതു ശ്രേഷ്ഠനായി. ഇദ്ദേഹം ഓറെശ്ലെമിന്റെ പാത്രിയാർക്കും അഗസ്റ്റീനിയൻ നിയമ വിദഗ്ദ്ധനുമായ ആൽബ്രട്ട് ആവാഗാദറെയെ സമീപിച്ച് നിയമത്തിനു ശാശ്വതാംഗീകാരം ലഭിക്കുന്നതിനു പരിശ്രമിച്ചു. തുടർന്ന് മാർപ്പാപ്പായുടെ അംഗീകാരം ലഭിച്ചു.[62]

നിയമത്തിന് ഒരാമുഖവും പതിനാറു ഖണ്ഡികകളുമുണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പൊതുശ്രേഷ്ഠനും, ആശ്രമവ്രതങ്ങൾക്കും തനിച്ചുതനിച്ചുള്ള താമസമുറികൾക്കും ശ്രേഷ്ഠാനുമതി കൂടാതെ മാറാതിരിക്കുന്നതിനും പൊതു കുർബാനയിൽ പങ്കുചേരുന്നതിനും യാമപ്രാർത്ഥനയ്ക്കും ധ്യാനത്തിനും പൊതുവസ്തുക്കൾക്കും ദീർഘമായ ഉപവാസത്തിനും മാംസ വർജ്ജനത്തിനും കഠിനാധ്വാനത്തിനും നിശ്ചിതസമയത്തുള്ള മൗനത്തിനും സഹോദരങ്ങളെക്കുറിച്ചു സംസാരിക്കുന്നതിൽ നിയന്ത്രണത്തിനും എല്ലാം വകുപ്പുകൾ ഉണ്ടായിരുന്നു. കഴുതകളെ വളർത്തുന്നതും കോഴികളെ സംരക്ഷിക്കുന്നതുമൊഴിച്ച്

മറ്റെല്ലാ നിയമങ്ങളും പലസ്തീനായിലെ സമൂഹത്തിന്റേതിനോടു യോജിച്ചു പോകുന്നു. അൽബ്രത്തോസ് കൂട്ടിച്ചേർത്ത ഘടകങ്ങൾ വി. ഗ്രന്ഥാധിഷ്ഠിതമായിരുന്നു. സഹോദരന്മാർക്ക് അധികം കർശനരീതി അദ്ദേഹം നല്കിയിരുന്നില്ല. നിയമത്തിനു സുതാര്യതയുണ്ടായിരുന്നു.

പാശ്ചാത്യരായ അധികാരികൾ ഉണ്ടായിരുന്നെങ്കിലും അൽബ്രത്തോസ് പൗരസ്ത്യ ലാളിത്യം വീണ്ടെടുത്തിരുന്നു. നിയമസംഹിതയിൽ, അങ്ങനെ സിറിയായിലെയും ഈജിപ്തിലേയും പുരാതന ആശ്രമസിദ്ധി കർമ്മെലീത്താ റേഗുളായിലും സുസ്ഥാപിതമായിരുന്നു.[63]

നിയമത്തിൽ ഏലിയായെക്കുറിച്ചും എലിസേവൂസിനെക്കുറിച്ചും അധികമൊന്നും പറയുന്നില്ലെങ്കിലും അവരുടെ ആധ്യാത്മിക നിവേശനത്തെ നിരാകരിച്ചില്ല. യോഹന്നാൻ ക്രിസോസ്ത്തോം, ബസേലിയൂസ്, ഗ്രിഗറി, ജറോം തുടങ്ങിയവർ ഏലിയായേയും എലിസേവൂസിനെയും അനുചിന്തകരുടെ മദ്ധ്യസ്ഥരായി കാണുന്ന കർമ്മെലീത്താ പാരമ്പര്യവും അംഗീകരിച്ചു നിലനിറുത്തി.[64]

1855-ൽ ബർണർദീനോസ് മെത്രാപ്പോലീത്താ ചാവറയെ വ്രതം വഴി ആശ്രമസ്ഥനാക്കിയപ്പോൾ കർമ്മെല ഉത്തരീയം നല്കിയതും ഈ പാരമ്പര്യ പശ്ചാത്തലത്തിലാണ്. ബ്രൊക്കാർദിന്റെ സ്ഥാനത്ത് ചാവറയെ കാണുകയും ചെയ്തു.[65] ഐൽസ്ഫോർഡിലെ പാരമ്പര്യമാണ് തെരേസ്യൻ നവീകരണത്തിനും പിന്നിലുള്ളത്.

7:6 തെരേസ്യൻ [66]

1600-ൽ ക്ലെമന്റു എട്ടാമൻ പാപ്പാ ഡോറിയായുടെ സ്വാധീനത്തിലുള്ള കർമ്മെലീത്താ വിഭാഗത്തെ റോമിലും ഇറ്റലിയിലുമായി പുതിയ ഒരു സഭ എന്നവണ്ണം രൂപപ്പെടുത്തി. ഇതിന് എല്ലായിടത്തേക്കും വ്യാപിക്കുന്നതിനുള്ള അനുമതിയും കിട്ടി. ഇസ്പാനിയിൽ കേന്ദ്രീകരിക്കുവാനാണ് ഡോറിയാ ആഗ്രഹിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ മരണശേഷം മറിച്ചാണു സംഭവിച്ചത്. മിലാനിലും ടൂറിനിലും വിദേശത്തും അതിനു വളർച്ചയായി.

ഇതിനിടയിൽ ഇറ്റലിക്കാരും ഇസ്പാനിയാക്കാരുമായ സന്ന്യാസികൾ പോളണ്ടിൽ 9 സമൂഹങ്ങൾക്കു രൂപം കൊടുത്തു. തെരേസായുടെ കൃതികൾ പോളീഷ് ഭാഷയിൽ വിവർത്തനമായി. തുടർന്ന് വിയന്നായിലും പ്രാഗിലും നിഷ്പാദുകർ എത്തി. 1618-നോടു കൂടെ പ്രേഗു ണ്ണിയുടെ ഭക്തിയുമായി.

ഫ്രാൻസിൽ തെരേസ്യൻ സഹോദരിമാർ മുൻപന്തിയിൽ നിന്നപ്പോൾ മധ്യയൂറോപ്പിലും കിഴക്കൻ പ്രദേശങ്ങളിലും കർമ്മെലീത്താ സന്ന്യാസികൾ മുന്നേറിയിരുന്നു. തുടർന്നുള്ള നാളുകളിൽ കർമ്മെലീത്താ നിഷ്പാദുകരുടെ ഇടയിൽ ധ്യാനനിരതരും പ്രേഷിത തല്പരരും ഉദയം ചെയ്തു. പാശ്ചാത്യ യൂറോപ്പിലും ആഫ്രിക്കയിലുമെല്ലാം നിഷ്പാദുകർ എത്തി. ഈശോയുടെ വാഴ്ത്തപ്പെട്ട തോമ്മായാണ് പ്രേഷിതവേല കർമ്മെലീത്തരിൽ ശക്തിപ്പെടുത്തിയ ഒരാൾ. വിശ്വാസപ്രചാരകരെന്ന നിലയിൽ കർമ്മെലീത്തരും ഈശോ സഭക്കാരോടു ചേർന്നു.

ഇസ്പാനിയാക്കാർ മടിച്ചു നിന്നുവെങ്കിലും മറ്റു കർമ്മെലീത്തർ മെസപ്പൊട്ടാമിയ, പേർഷ്യാ, ഭാരതം തുടങ്ങിയ രാജ്യങ്ങളിലേക്കു നീങ്ങി. ഇതേ സമയം സന്യാദുകരും വിവിധ രാജ്യങ്ങളിലേക്കു കടന്നു തുടങ്ങി.

അവർ ബ്രസീലിലും വെസ്റ്റ് ഇൻഡീസിലും എത്യോപ്യായിലുമൊക്കെ എത്തി. രണ്ടു കൂട്ടരും അച്ചടിശാലകളും നടത്തിയിരുന്നു. വി. ത്രേസ്യായുടെയും കുരിശിന്റെ വി. യോഹന്നാന്റെയും കൃതികൾ വിവിധ ഭാഷകളിൽ പ്രചരിപ്പിച്ചിരുന്നു.

റ്റോബാക്കോ തുറമുഖത്തു മേരിലാന്റിൽ 1790 കളിൽ ആദ്യമായി ഐക്യനാട്ടിലും കാനഡായിലും കർമ്മെലീത്തർ പ്രവേശിച്ചു. 1831-ൽ ബാൾട്ടിമോറിലേക്കു കർമ്മെലീത്താസഭ നീങ്ങി. ഫ്രഞ്ചു കർമ്മെലീത്തർ കൂടുതലായി ഇറാക്ക്, പേർഷ്യാ, ഭാരതം തുടങ്ങിയ സ്ഥലങ്ങളിലാണ് വാസമുറപ്പിച്ചത്. ഏതദ്ദേശീയ ദൈവവിളിക്കും അവസരമായി. പോണ്ടിച്ചേരി, സൈഗോൺ, ഹാനോയി തുടങ്ങിയ സ്ഥലങ്ങളിൽ സന്ന്യാസിനികൾ അധ്യാപനത്തിലും നേഴ്സിംഗിലും ഏർപ്പെട്ടു തുടങ്ങി.

കർമ്മെലീത്താ സഭയെ തെരേസ്യൻ എന്നുവിശേഷിപ്പിക്കുന്നത് ആ വിശുദ്ധ സഭയെ സത്താപരമായി നവീകരിച്ചതു കൊണ്ടാണ്. പുതിയ ഒരു സ്ഥാപിക്കൽ എന്നാണ് ചിലർ അതിനെ വ്യാഖ്യാനിക്കുന്നത്. 1582 ഒക്ടോബർ 4-ന് അമ്മത്രേസ്യാ മരിച്ചപ്പോൾ അംഗീകൃതമായ ന്യായപ്രമാണം വഴി സഹോദരിമാരുടെ സഭയ്ക്കു വ്യക്തമായ ഒരു ജീവിതമാർഗ്ഗം തുറന്നു കൊടുത്തു. അമ്മത്രേസ്യായുടെ അഭീഷ്ടമനുസരിച്ച് ജറോം ഗ്രേഷ്യൻ ഭൂരിപക്ഷത്തോടെ 1581, മാർച്ച് 4-ന് 11 മണിക്ക് സഭാശ്രേഷ്ഠനായി തെരഞ്ഞെടുക്കപ്പെട്ടു. നവീകൃത സഭയെ അമ്മത്രേസ്യായുടെ സ്ഥാപക നേതൃത്വത്തിൽ ഗ്രേഷ്യൻ പുതിയ സമൂഹം പുരുഷന്മാർക്കും സ്ത്രീകൾക്കുമായി നയിച്ചു. ഡോറിയ പ്രവിശ്യാധിപനായി വന്നത് ഗ്രേഷ്യന്റെയും അമ്മത്രേസ്യായുടെയും ഇംഗിതങ്ങൾക്ക് അനുസരിച്ചല്ല. എങ്കിലും ഇരുപത്തിയെട്ട് അംഗങ്ങളിൽ ഇരുപത്തിയാറ് പേരുടെ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന ഡോറിയ കർമ്മെലീത്താ ആരാധനക്രമമനുസരിച്ചു യാമപ്രാർത്ഥന നടത്തുന്നതു മാറ്റി റോമൻ രീതിയിലാക്കി. ഒക്ടോബർ 20, 1585-ലെ

പൊതു സംഘതീരുമാനം ഡോറിയായെ സഭയുടെ സർവ്വാധികാരി യാക്കിയെങ്കിലും ജറോം ഗ്രേഷ്യൻ, കുരിശിന്റെ വിശുദ്ധ യോഹന്നാൻ, ഗ്രിഗറി നസിയാൻസൻ, ജോൺ ബാപ്റ്റിസ്റ്റ് തുടങ്ങിയവർ ആലോച നക്കാരായിരുന്നതു കൊണ്ട് അമ്മത്രേസ്യായുടെ സംരംഭങ്ങൾക്കു സ്ഥാനം ഉണ്ടായിരുന്നു.[67]

അമ്മത്രേസ്യായുടെ ചൈതന്യം കൂടുതൽ മനുഷ്യത്വപരമായി രുന്നെങ്കിൽ ഡോറിയായുടേത് കർശനപരമായിരുന്നു. അമ്മത്രേസ്യാ പറയുന്നത് പുരുഷന്മാരുടെ നിഷ്പാദുകവിഭാഗം അതീവ തീക്ഷ്ണമ തികളും എന്നാൽ അനുഭവജ്ഞാനത്തിൽ പിന്നോക്കരുമെന്നാണ്.[68] ഏതായാലും ഡോറിയായുടെ ശക്തി കൂടുതൽ പ്രബലപ്പെട്ട് ജനറാ ളായിത്തീർന്നു. 1593, ജൂൺ 10-നു നടന്ന ജനറൽ ചാപ്റ്ററിൽ വച്ച് നിഷ്പാദുകർ പുതിയ സഭയായി മാറി. ക്ലെമന്റ് എട്ടാമൻ പാപ്പാ 1593 ഡിസംബറിൽ നിഷ്പാദുകർക്ക് അംഗീകാരവും നല്കി. 1594 മെയ് 29-ന് ഡോറിയായുടെ മരണം സംഭവിച്ചതോടെ കാര്യങ്ങളെല്ലാം തകിടം മറിഞ്ഞു.

അവസാനം അമ്മത്രേസ്യായുടെ ചൈതന്യം നിഷ്പാദുക സഭ യുടെ പൈതൃകമായിത്തീർന്നു. വിശുദ്ധയും മൗതിക ദൈവവിജ്ഞാ നീയത്തിന്റെ വേദപാരംഗതയുമായി അമ്മത്രേസ്യാ നിലകൊള്ളുന്നു. കുരിശിന്റെ വി. യോഹന്നാനും വിശുദ്ധ പദവിയിലായി. ഇന്നു നില വിലിരിക്കുന്ന ഘടന പ്രായോഗികതയുടെ കാര്യത്തിൽ ഡോറിയായു ടേതെങ്കിലും ചൈതന്യത്തിൽ അമ്മത്രേസ്യായുടേതു തന്നെ. തെരേ സ്യൻ കർമ്മെലീത്താ പൈതൃകമാണ് ഭാരതത്തിലെ ഏതദ്ദേശീയ സഭയായ അമലോത്ഭവ മാതാവിന്റെ ദാസർക്കും ലഭിച്ചത്. അമ്മത്രേ സ്യായുടെ ചൈതന്യത്തിലായിരുന്നെങ്കിൽ അമലോത്ഭവദാസസംഘം കർമ്മെലീത്താ ആകുകയില്ലായിരുന്നു. ഡോറിയായുടെ ശക്തി നിഷ്പാ ദുക സഭയിൽ അവശേഷിപ്പിച്ചതാണ് 1860-കളിലെ അമലോത്ഭവമാ താവിന്റെ ദാസസംഘത്തെ കർമ്മെലീത്താ മൂന്നാം സഭയാക്കിയത്.

എങ്കിലും തെരേസ്യൻ എന്ന നിലയിൽ പ്രമാണരേഖ നിലകൊണ്ടു. "അമ്മത്രേസ്യാ പുണ്യവതി എത്രയും വലിയ ജ്ഞാനസമ്പത്ത് അടങ്ങിയിരിക്കുന്ന ഒരവകാശം പോലെ, തന്റെ സാക്ഷാലുള്ള, എത്രയും വിശ്വസ്തയോടെ കാത്ത് ആചരിക്കേണ്ട മരണ ശാസനമായി കർമ്മെലീത്താ നിഷ്പാദുക സഭക്കാരോടു പറഞ്ഞേല്പിച്ചിരിക്കുന്ന നാല് ഉപദേശങ്ങൾ നിങ്ങളുടെ ഓർമ്മയിൽ സദാ ഉണ്ടായിരിക്കുന്നത് പ്രയോജനമുള്ളതായിരിക്കും. എന്തെന്നാൽ, ഒന്നാമത്; സഭയുടെ ശ്രേഷ്ഠന്മാർ തമ്മിൽ നല്ല ഐകമത്യവും യോജിപ്പും ഉണ്ടായിരിക്കണം. രണ്ടാമത്; പല ആശ്രമങ്ങൾ ഉണ്ടായാലും ഓരോന്നിലും സന്ന്യാസികൾ ചുരുക്കമായിരിക്കണം. മൂന്നാമത്; ലൌകികരോടു നന്നാ ചുരുക്കമെ സംസാരിക്കാവൂ; ഇതും അവരുടെ ആത്മരക്ഷയ്ക്കുവേണ്ടിയായിരിക്കണം. നാലാമത്; വചനങ്ങൾ പഠിപ്പിക്കുന്നതിനേക്കാൾ, പ്രവൃത്തികൾ പഠിപ്പിക്കണം."[69]

7:7 അനുചിന്തനം

തെരേസ്യൻ സിദ്ധിയുടെ ഡോറിയൻ സ്വാധീനത്തിനും ദീർഘമായ മത്സരത്തിനുംശേഷം കർമ്മെല സഭയുടെ നവീകൃത ശാഖ അമ്മത്രേസ്യായുടെ നിയമാവലിയോടെ അവസാനം നിലവിൽ വന്നു. എന്നാൽ ഡോറിയായുടെ സ്വാധീനം പോലെയായിരുന്നു ഭാരതത്തിലെ കർമ്മെലീത്തരുടെ നീക്കങ്ങൾ. ധ്യാനത്തിലും ഉപദേശങ്ങളിലുമെല്ലാം തെരേസ്യൻ അനുചിന്തനവും ആധ്യാത്മികതയും ഇവിടെ ഭാരതത്തിലുള്ളവരെ അഭ്യസിപ്പിച്ചിരുന്നെങ്കിലും കർമ്മെലീത്താ ഭരണാധികാരികളെ റൂഹാദ്ക്കുദ്ശായുടെ ഉപകരണങ്ങളായി കാണുവാൻ ഇവിടെ ഉണ്ടായിരുന്നവർക്കു സാധിച്ചിരുന്നില്ല എന്നത് ചരിത്രവസ്തുതയാണ്.[70] എന്നിരുന്നാലും ശ്ലൈഹിക സ്വഭാവമുള്ള കർമ്മെലീത്താ ശാഖയാണ് ഭാരതത്തിൽ സമാരംഭിച്ചത്. അതേ സമയം തെരേസ്യൻ അനുചിന്തനത്തിന് ഊന്നലും കൊടുത്തിരുന്നു. ചാവറയച്ചനും അതു

പോലെ അദ്ദേഹത്തിന്റെ അനുയായികളും തെരേസ്യൻ ധ്യാനരീതി സ്വായത്തമാക്കിയിരുന്നു. കണ്ണിൽ കാണുന്ന നന്മയെല്ലാം ചെയ്യുവാൻ നിയുക്തരായിരുന്നു കർമ്മെലീത്താ മൂന്നാം സഭക്കാർ. അവരുടെ ശ്ലൈഹിക ജോലി അനുചിന്തനാത്മക ചൈതന്യത്തിൽ ചെയ്തിരുന്നു. പ്രത്യേകിച്ചും ചാവറയച്ചന്റെ ആധ്യാത്മികത മേല്പറഞ്ഞതിനു തെളിവാണ്. അതുകൊണ്ട് ചാവറയുടെ അനുചിന്തനാത്മക ശ്ലൈഹികതയെക്കുറിച്ചു ചർച്ച ചെയ്യാം.

> " അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
> നമ്മോടു ചേർന്നതും കാണാകേണം." [71]

കൂടെയുള്ള ദൈവത്തെ കാണുക എന്നത് ഉൾക്കണ്ണുകൾ കൊണ്ടുള്ള ദർശനമാണ്. ഉൾക്കണ്ണുകൾ ചേതനയുടെ ആധ്യാത്മിക കഴിവ് എന്നു മുകളിൽ വിവരിച്ചിട്ടുള്ളതാണ്.[72] നിവേശിതപ്രാർത്ഥനയിൽ അനുചിന്തനമെന്നത് ശ്രദ്ധയോടും താത്പര്യത്തോടും കൂടെ ദൈവത്തെയോ ദൈവിക സത്യങ്ങളെയോ ദർശിക്കുന്നതാണ്. അനുചിന്തനത്തെക്കുറിച്ച്, ചാവറയച്ചനെ ധ്യാനിക്കുവാൻ പഠിപ്പിച്ച അമ്മത്രേസ്യാ പറയുന്നതിപ്രകാരമാണ്. "ഹർമ്മ്യത്തിനുള്ളിൽ വസിക്കുന്ന മഹാരാജാവ് അവരുടെ സന്മനസ്സു കണ്ടു മനസ്സലിഞ്ഞ് അവരെ തന്റെ പക്കലേക്കാകർഷിക്കുവാൻ തിരുമനസ്സാകുന്നു. ഒരു നല്ലയിടയനെന്നവണ്ണം ശ്രുതിമധുരമായ ഒരു നേരിയ ചൂളം വിളികൊണ്ട് തന്റെ സ്വരം അവർക്കു ശ്രവ്യമാക്കുന്നു. ആ ചൂളം വിളി അവർക്കു പോലും ശരിയായി കേൾക്കാൻ വയ്യാത്തവണ്ണം അത്ര ലോലമാണ്. അതു ശ്രദ്ധിക്കുവാനും തന്നെ വിട്ടകന്നു നശിക്കാതെ സദനത്തിലേക്കു മടങ്ങുവാനും അദ്ദേഹം അവരെ സഹായിക്കുന്നു. ഇടയന്റെ ആ ചൂളം വിളി എത്ര മനോഹരമാണെന്നോ! അതുകേട്ടു കഴിയുമ്പോൾ ബാഹ്യവസ്തുക്കളുടെ കുരുക്കെല്ലാം തകർത്തു കളഞ്ഞ് അവർ വീണ്ടും ഹർമ്മ്യത്തിൽ പ്രവേശിക്കും."[73]

ചാവറയച്ചൻ ദൈവത്തെ ദർശിച്ചത് സ്വപ്രയത്നത്താൽ എന്നതിനേക്കാൾ ദൈവശക്തിയാൽ എന്നു കാണാവുന്നതാണ്. ഈ ദൈവശക്തിയെ മൗതിക ദൈവവിജ്ഞാനീയത്തിൽ സ്വഭാവാതീതമെന്നു വിശേഷിപ്പിക്കുന്നു. കാരണം സ്വപ്രയത്നത്താലല്ലതു നടക്കുന്നത്.[74]

അനുചിന്തനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ സ്വഭാവാതീതമെന്നത് ഡോഗ്മാറ്റിക് ദൈവ വിജ്ഞാനീയത്തിൽ പ്രസാദവരത്തിന്റെ സഹായത്തോടു കൂടി ചെയ്യുന്ന എന്തുമാകാം. പ്രാർത്ഥിക്കുന്നത് അപ്രകാരമുള്ള ഒരു അതിസ്വാഭാവിക പ്രവൃത്തിയാണ്. എന്നാൽ മൗതിക ദൈവ വിജ്ഞാനീയത്തിൽ പ്രാർത്ഥിക്കുക എന്നതും അതു പോലുള്ള പ്രവൃത്തികളും നമ്മുടെ യോഗ്യതയേയും ആശ്രയിച്ചു നില്ക്കുന്നു. ആർജ്ജിത ധ്യാനവും ഇപ്രകാരമുള്ളതാണ്. എന്നാൽ നിവേശിത ധ്യാനം നമ്മുടെ യോഗ്യത കൂടാതെ ദൈവം തരുന്ന ഒരു ദാനമാണ്. നിവേശിത ധ്യാനം അതിസ്വാഭാവികമായിരിക്കുന്നത് മൗതിക ദൈവവിജ്ഞാനീയത്തിലും സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തിലും ഒരുപോലെയാണ്.[75]

സുവിശേഷ സംഭവങ്ങളോടു ചേർന്ന് എല്ലാറ്റിനേയും ദൈവികമായി ദർശിക്കുന്നത് ദൈവകരുണയാലെന്നാണ് ചാവറ അനുഭവിച്ചത്. "കാരുണ്യനാഥൻ", "കാരുണ്യവാരിധി" തുടങ്ങിയ വിശേഷണങ്ങൾ ഉദാഹരണങ്ങളാണ്.[76] ചാവറയച്ചൻ ഈശോമിശിഹായെ ദർശിച്ചത് "ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നെള്ളിയിരിക്കുന്നു" എന്നതുപോലെ അനുഗ്രഹിക്കുന്നവനായിട്ടാണ്.[77]

ദൈവത്തിന്റെ അനുഗ്രഹത്താൽ ലഭിച്ച ധ്യാനവരത്താലാണ് ദൈവത്തെ ചാവറയച്ചൻ ദർശിച്ചിരുന്നതെന്ന് ധ്യാന സല്ലാപങ്ങളിൽ നിന്നും ആത്മാനുതാപത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

എളിമയ്ക്കടുത്ത പ്രകരണത്തിൽ ചാവറയ്ക്കുണ്ടായ ദൈവ ദർശനത്തെ വ്യക്തമാക്കുന്നു: " ഓ അറുതിയില്ലാത്ത മഹിമ ശോഭനം നിറയപ്പെട്ടിരിക്കുന്ന പരമപരാപരവസ്തുവായിരിക്കുന്ന സർവ്വേശ്വരാ, നിന്നെക്കണ്ട ഒരുത്തനും ജീവിക്കുന്നില്ല എന്ന് നീ തന്നെ അരുളിച്ചെയ്യുന്നു എന്നു ഞാൻ കേൾക്കുന്നതിൻവണ്ണം തന്നെ നിന്റെ മഹിമയുടെ വലിപ്പത്തേയും ഞാൻ കാണുന്നുവല്ലോ." [78]

ശ്രദ്ധയോടും താത്പര്യത്തോടും കൂടിയുള്ള ദൈവദർശനം-അനുചിന്തനം - ചാവറയെ സീനൈമലയിലെ മൂശയ്ക്കു സമാനം ദൈവാനുഭവത്തിൽ ലയിപ്പിക്കുന്നു:" .... അദ്ദേഹത്തെ സൃഷ്ടിച്ച ഉടയവനായ നിന്നെത്തന്നെ, കർത്താവെ, ഈ പ്രാർത്ഥനമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നെള്ളിയിരിക്കയിൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയം കൂടാതെ ഇതിൽ കരേറും?" [79]

സീനൈമലയിൽ എരിയുന്ന മുൾപ്പടർപ്പിൽ മൂശെ ദൈവത്തെ ദർശിച്ചെങ്കിൽ ചാവറ ദൈവത്തെ ദർശിച്ചത് തന്റെ പ്രാർത്ഥനാമുറിയിൽ അനുചിന്തനലയനത്തിലൂടെയാണ്: "ആ! എന്റെ അനുഗ്രഹം നിറഞ്ഞ പിതാവേ! ഇവരു മലയുടെ പുറമെ എരിയുന്ന വർഗ്ഗത്തിനടുത്ത തീയെ അവരു കണ്ടു. ഞാൻ ഈ മുറിയിൽ സൂക്ഷിക്കുന്നപ്പോൾ പാപത്തിന്മേലുള്ള നിന്റെ അത്യന്തവെറുപ്പാൽ അറുതിയില്ലാത്ത നിന്റെ നീതിയാൽ ദുഷ്ടരുടെമേൽ ക്രൂരമായി കരിഞ്ഞു കത്തുന്നു എന്ന നിന്റെ കോപാഗ്നിയുടെ കഠോരം ഇത്രയും കാണുന്നപ്പോൾ ഇതിനെ അതിന്റെ ശക്തിക്കു തക്കവണ്ണം താൻ കാട്ടുമ്പോൾ ഈ തീയുടെ എരിവിനെ സൂക്ഷിപ്പാൻ ആരു വശമാകും."[80]

പരമപരിശുദ്ധനായ ദൈവത്തെ ദർശിക്കുന്ന ചാവറയച്ചൻ തന്റെയും ലോകത്തിന്റെയും ബലഹീനതയിലൂടെയാണ് കത്തിയെരിയുന്ന മുൾപ്പടർപ്പിന്റെ ശുദ്ധീകരണശക്തിയേയും ദൈവത്തിനു ലോകത്തിന്റെ പാപത്തോടുള്ള വീക്ഷണത്തേയും സ്വായത്തമാക്കുന്നത്:

"ഞാൻ ഈ നിന്റെ സന്നിധിയെ നോക്കുമ്പോൾ ഈ അഗ്നിജ്വാല യിൽ ഈ മുറി നിറയപ്പെട്ടിരിക്കുന്ന നിന്റെ മുമ്പിൽ എങ്ങനെ ഞാൻ അണയുന്നു. എന്നാൽ കരുണയുള്ള പിതാവായിട്ടല്ലാതെ നീതി കർത്ത നായിട്ടല്ല, ഇപ്പോൾ നീ എഴുന്നള്ളിയിരിക്കുന്നതു എന്നു ഞാൻ അറി യുന്നു." [81]

അത്യുന്നതനായ ദൈവം പാപിയുടെ മേൽ കരുണ കാണിച്ച് മനുഷ്യരൂപം സ്വീകരിക്കുന്ന കാഴ്ചയാണ് ചാവറയിൽ സജീവമാകു ന്നത്. ഈശോ മനുഷ്യനായതും ആ അവസ്ഥയിൽ ചാവറയ്ക്കുവേണ്ടി എല്ലാം ചെയ്യുന്നതുമായ അത്യുന്നതാവസ്ഥയെക്കുറിച്ച് ചാവറ ഈശോ യിലൂടെ സംഭാഷിക്കുന്ന, ദൈവത്തെ ദർശിക്കുന്ന രംഗമാണ് ധ്യാന മുറിയിൽ കാണുന്നത്. " .....എന്റെ മകനെ നീ വരിക, എന്തെ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ പക്കൽ അടുത്തുവരാതിരിക്കുന്നു. നീ ഭയപ്പെടേണ്ട. എന്നെ വിട്ട് നീ അകന്നു പോയ നാഴിക മുതൽ എന്റെ ഹൃദയം ക്ലേശിച്ചിരിക്കുന്നു. നിന്നെ കണ്ടെത്തുവാൻ എന്റെ സിംഹാ സനത്തിൽ നിന്നിറങ്ങി, നീ ഭയപ്പെടായ്വാൻ നിന്നെപ്പോലെ ആ സൃഷ്ടിയുടെ മകനായി ഞാൻ പിറന്നു. ആ മകനെ, എന്റെ എളിമയെ നീ നോക്കുക.....ആ ക്ഷതങ്ങളും ക്ഷതജകളും കൊണ്ടു തന്നെ നിന്റെ കേടുകൾക്കു തക്ക ഔഷധമുണ്ടാക്കി, നിന്റെ രോഗവും പൊറുപ്പിച്ചു നിന്നെ മെഴുപ്പിപ്പിനായിട്ടു എന്റെ മധുരരക്തം കൊണ്ടു എത്രയും രുചി യുള്ള യാവനയും പാനവുമാക്കി നിന്നെ തീറ്റി വളർത്തുന്നു. ഇതൊ ക്കെയും കണ്ടാറെയും ഇനിയും നീ എന്റെ പക്കൽ അണവാൻ ഭയപ്പെ ടുന്നോ."[82]

ദൈവത്തെ ദർശിക്കുന്ന ചാവറ ഈശോയെ പിതാവായി കണ്ടു കൊണ്ടു നടത്തുന്ന പ്രകരണങ്ങളാണ് ആത്മാനുതാപത്തിൽ എന്ന തുപോലെ ധ്യാനസല്ലാപത്തിലുമുള്ളത്.

ആത്മാനുതാപം മൂന്നാം ഖണ്ഡം മുഴുവനും അതിന്റെ അനു ബന്ധവും അനുചിന്തന ധ്യാനത്തിന്റെ കവനാത്മകാവിഷ്ക്കരണമാണ്.

മനുഷ്യാവതാരത്തിലൂടെ ദൈവം മനുഷ്യരോടൊത്ത് എന്ന ദർശന മാണ് ആത്മാനുതാപത്തിലുള്ളത്.

"കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യശോഭയെ കാണാകേണം

കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീചവേഷത്തെ ധരിച്ചോരു
മാനുഷ ത്രാതാവേ, കാണാകേണം
മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രെ മറച്ചതും കാണാകേണം
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നു പിറന്നതും കാണാകേണം

.....

അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം.

.....

കണ്ണിണ ചായാതെ കുമ്പിട്ടതന്നുടെ
യുണ്ണിയെൻ കൺകൾക്കു കാണാകേണം
മാലാഖാ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ പുത്രനെ കാണാകേണം." [83]

ചാവറയച്ചൻ ദൈവത്തെയും ദൈവികരഹസ്യങ്ങളെയും ശ്രദ്ധാ പൂർവവും താത്പര്യത്തോടെയും നോക്കിക്കാണുന്നതിന്റെ ചിത്രമാണ് മുകളിൽ കണ്ടത്. ചാവറയുടെ പ്രവർത്തനങ്ങൾക്കെല്ലാം തീക്ഷ്ണത പകർന്നിരുന്ന അദ്ദേഹത്തിന്റെ അനുചിന്തനത്തെക്കുറിച്ച് കണ്ടതിനു ശേഷം തെരേസ്യൻ അനുചിന്തനത്തെക്കുറിച്ചുള്ള ചർച്ചയിലേക്കു കടക്കാം.

ആഭ്യന്തര ഹർമ്മ്യം എന്ന കൃതിയിലൂടെ അനുചിന്തന പ്രാർത്ഥ നയെക്കുറിച്ച് വി. ത്രേസ്യാ വിവരിക്കുന്നത് ഇപ്രകാരമാണ്: " കൃത്രിമ

യത്നമോ സംഭ്രമോ ഒന്നും കൂടാതെ ബുദ്ധിയുടെ വ്യഗ്രവ്യാപാരങ്ങളെ നിയന്ത്രിക്കുവാൻ ശ്രമിക്കുക. എന്നാൽ പൂർണ്ണമായി സ്തംഭിപ്പിക്കുകയുമരുത്. ദൈവസമക്ഷം നില്ക്കുന്നുവെന്നും ദൈവം ആരാണെന്നും മറ്റുമുള്ള ചിന്ത മനസ്സിൽ പുലർത്താവുന്നതാണ്. അത്തരം ചിന്തകൾ ദൈവത്തിൽ വിലയം പ്രാപിക്കാനുതകുന്നെങ്കിൽ നന്ന്. എന്നാൽ അദ്ധ്യക്ഷ പദവി എന്താണെന്നു പരിശോധന ചെയ്യാനുദ്യമിക്കരുത്. മനസ്സിനു ലഭിച്ചിട്ടുള്ള ഒരു വിശിഷ്ട ദാനമാണിത്. യത്നമൊന്നും കൂടാതെ അത് അനുഭവിക്കുവാൻ മനസ്സിനെ അനുവദിക്കുക; ഇടയ്ക്കിടെ ഏതാനും സ്നേഹ പ്രകരണങ്ങൾ ഉരുവിടുന്നതിനും വിരോധമില്ല. അങ്ങനെ ചിന്താരഹിതമായ ഒരവസ്ഥ അല്പസമയത്തേയ്ക്കു മാത്രമാണെങ്കിലും പ്രത്യേക യത്നമൊന്നും കൂടാതെ മിക്കപ്പോഴും താനേ തന്നെ വന്നുകൊള്ളും." [84]

ഈശോയുടെ സന്നിധിയിൽ ചാവറ വിലയനം കൊണ്ടതു മുഴുവനായും ദൈവാനുഗ്രഹത്താലെന്ന് ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും സർവ്വോപരി ചാവറയുടെ അനുസരണത്തിലും പ്രകടമാണ്. അതായത് ചാവറയുടെ മനസ്സ് അതിന്റെ ആസ്ഥാനമായ ദൈവത്തിൽ ഗാഢമായി ലയിച്ചിരുന്നു. ഈ അനുസരണത്തെയാണ് ചാവറ "സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ മുഴുവനായി ഉപേക്ഷിച്ചു കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രേ" എന്നു പറഞ്ഞിരിക്കുന്നത്.[85] അനുചിന്തനാത്മകമായ ഈ അവസ്ഥയെക്കുറിച്ച് അമ്മത്രേസ്യാ പറയുന്നു: "ബുദ്ധിയുടെ പ്രവർത്തനം തന്നത്താൻ നിലയ്ക്കുന്നു; കൂടുതൽ സൂക്ഷ്മമായി പറഞ്ഞാൽ, ബുദ്ധി ആഗ്രഹിക്കുന്നതുപോലെ ഗ്രഹിക്കുവാൻ സാധിക്കാത്തതു നിമിത്തം സ്വപ്രയത്നം തുടരുവാൻ അതിനു വിഢിയെപ്പോലെ സ്വസ്ഥതയില്ലാതെ അങ്ങുമിങ്ങും അലഞ്ഞു ശേഷിയില്ലാതെ വരുന്നു. തന്നിമിത്തം അതൊരു വിഡ്ഢിയെപ്പോലെ സ്വസ്ഥതയില്ലാതെ അങ്ങുമിങ്ങും അലഞ്ഞു തിരിയും. മനസ്സോ എന്നാൽ സ്വന്തം ആസ്ഥാനമായ ദൈവത്തിൽ ഗാഢമായി സ്വൈര്യത അനുഭവിക്കുകയാണ്. ബുദ്ധിയുടെ അസ്വസ്ഥത

അതിനു മഹാ ശല്യമാണ്. എന്നാൽ മനസ്സ് അതു ലവലേശം ശ്രദ്ധിക്കേണ്ടതില്ല; ശ്രദ്ധിച്ചു പോയാൽ കൈവന്നിരിക്കുന്ന ആനന്ദാനുഭൂതി ഏറിയകൂറും നഷ്ടപ്പെടും. അതിനാൽ ഒന്നും വകവയ്ക്കാതെ സ്നേഹനാഥന്റെ ആശ്ലേഷത്തിനുള്ളിൽ ആത്മാർപ്പണം ചെയ്തു വിശ്രമിക്കുക തന്നെ വേണം. ഈ ദൃശസന്ദർഭത്തിൽ എന്താണു ചെയ്യേണ്ടതെന്ന് അവിടുന്നു തന്നെ പഠിപ്പിക്കും".[86]

അനുചിന്തന പ്രാർത്ഥനയിൽ അനുഭവസ്ഥനായ ചാവറ തന്റെ ശ്ലൈഹികവേലയെല്ലാം നിർവ്വഹിച്ചത് ദൈവൈക്യത്തിൽ നിന്നുകൊണ്ടായതിനാൽ അനുചിന്തനത്തിന്റെ സ്വഭാവത്തെക്കുറിച്ച് അല്പം കൂടി ചർച്ച ചെയ്യുന്നതു നല്ലതാണ്.

അനുചിന്തനം എന്ന പദം പ്രാർത്ഥനയെ പൊതുവിലും, മൗതിക പ്രാർത്ഥനയെ പ്രത്യേകിച്ചും സൂചിപ്പിക്കുന്ന രീതിയിൽ പ്രയോഗിക്കാറുണ്ട്. നിവേശിത പ്രാർത്ഥന- പ്രശാന്ത പ്രാർത്ഥന- ഐക്യ പ്രാർത്ഥന എന്നീ മൗതികാവസ്ഥകളെ സൂചിപ്പിക്കുന്ന പദമായിട്ടാണ് അനുചിന്തനത്തെ ഇവിടെ പ്രയോഗിക്കുന്നത്. ദൈവത്തോടുള്ള സ്നേഹാന്വിത സംഭാഷണത്തിൽ അനുചിന്തനത്തിനു മുന്നു സവിശേഷതകൾ ഉണ്ടാകും.[87] അവ ദൈവിക സത്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച, അഭിനന്ദനാനുഭൂതി, ആനന്ദാനുഭൂതി എന്നിവയാണ്.

i. ദൈവിക സത്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച

ദൈവത്തെക്കുറിച്ചോ ദൈവികതയെക്കുറിച്ചോ ആർജ്ജിച്ചെടുത്തിട്ടുള്ള അറിവല്ല ഇവിടെ വിവക്ഷിക്കുന്നത്. ദൈവത്തെ നേരിട്ടു ദർശിക്കുന്ന അനുഭവമാണിവിടെയുള്ളത്. ദൈവം മൂശെയോടു മുഖാഭിമുഖം സംഭാഷിച്ചതുപോലെ (സംഖ്യ. 12:6 ff) മാധ്യമമില്ലാതുള്ള അറിവാണ് അനുചിന്തനത്തിലുള്ളത്. ഭൗതികതയുടെയും ബൗദ്ധികതയുടെയും വ്യവസ്ഥിതികൾക്കനുസൃതം അനുചിന്തനാനുഭവം ക്ലിപ്തമല്ല; അതീതത്വമുള്ളതാണ്. മഹത്ത്വ ദർശനമല്ലിത്, മറിച്ച് വിശ്വാസത്തിന്റെ

കാർമേഘങ്ങളാൽ ആവരണം ചെയ്യപ്പെട്ട അറിവാണിത്. ഇവിടെ റൂഹാ ഒരാളെ ബാഹ്യമായും വൈയക്തിക മായും പ്രകാശിപ്പിക്കുന്നു. ആന്തരികമായും വസ്തുനിഷ്ഠമായും വിശ്വാസബദ്ധതയിൽ അദൃശ്യമായ വയോടു ബന്ധപ്പെടുന്നു. കണ്ണും ചെവിയുമില്ലാത്ത അനുസരണം എന്നു പറയുമ്പോൾ അതു വിശ്വാസത്തിലും ഉൾക്കാഴ്ചയിലും അധിഷ്ഠിതമെന്നു സാരം.

രണ്ടാമത്തെ ഘടകം അഭിനന്ദനാനുഭൂതിയാണ്. അനുചിന്തനം വഴി പുതിയ അറിവൊന്നും ഉണ്ടാകുന്നില്ലെങ്കിലും ഉള്ളതിനെക്കുറിച്ച് ചേതനയിലുണ്ടാകുന്ന അവബോധമാണിത്. പുതിയ പ്രകാശം ഉണ്ടാകുന്നതുപോലെ അനുഭവപ്പെടും. ആകാശത്തിലേയ്ക്കു നോക്കുമ്പോഴുള്ള കാഴ്ച നേരത്തെ ഉണ്ടായിരുന്നാലും പുതിയ വീക്ഷണത്തിൽ തീർത്തും നവീനാനുഭവമായിത്തീരുന്നുവെന്നത് അഭിനന്ദനാനുഭൂതിയുടെ, അല്ലെങ്കിൽ admiration ന്റെ സവിശേഷതയാണ്. ഇവിടെ മിശിഹാനുഭവത്തിനായി ഭാവനയുടെ സഹായമൊന്നും കൂടാതെ നിത്യമായ ആനന്ദാനുഭൂതിയിൽ നേരത്തെ ഇല്ലാതിരുന്ന രീതിയിൽ ലയിക്കുന്നതിനിടവരുന്നു.

മൂന്നാമത്തെ ഘടകം അഭിനന്ദനത്തെ തുടർന്നുണ്ടാകുന്ന ആനന്ദാനുഭൂതി അല്ലെങ്കിൽ വാത്സല്യം (affection) ആണ്. ചിന്തയുടെയും വാത്സല്യത്തിന്റെയും അനുഭൂതികളുടെ സമന്വയമാണിവിടെ സംഭവിക്കുന്നത്. ഇതുവഴിയുണ്ടാകുന്ന ആനന്ദാനുഭൂതി വർണ്ണനാതീതമാണ്. സ്നേഹവിഷയത്തിനു പൂർണ്ണമായി അടിയറവു വയ്ക്കുന്ന അവസ്ഥയാണ് സംജാതമാകുന്നത്. എന്തോ സ്നേഹവിഷയം നേടുവാനുള്ള നെട്ടോട്ടമല്ലിവിടെ നടക്കുന്നത്. ദൈവം ആയിരിക്കുന്ന വിധത്തിലുള്ള സ്നേഹത്തിൽ അനുചിന്തകരെ വിന്യസിപ്പിക്കുക എന്ന ദൈവിക പ്രവൃത്തിയാണിവിടെ അനുഭവപ്പെടുന്നത്. ദൈവിക വിജ്ഞാനം ബുദ്ധിയിലും ദൈവസ്നേഹം മനസ്സിലും വന്നു നിറയുന്ന അനുഭവം. നീണ്ട വർഷങ്ങളുടെ പ്രയത്നം കൊണ്ട് ലഭിക്കാത്തത്

ഒരു നിമിഷം കൊണ്ട് ദൈവം പ്രദാനം ചെയ്യുന്നുവെന്നതാണ് അനുചിന്തന പ്രാർത്ഥനയുടെ സവിശേഷ സ്വഭാവം.[88] ദൈവരാജ്യാനുഭവത്തിന്റെ മുന്നോടി തന്നെയാണ് അനുചിന്തനാനുഭവം.

കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതും മഹത്ത്വദർശനത്തിനു മുന്നോടിയായി മനുഷ്യർക്കു ലഭിക്കുന്ന ദാനമാണ് അനുചിന്തന പ്രാർത്ഥന എന്നാണ്.[89] അതുകൊണ്ടാണ് അനുചിന്തകർ സഹനത്തിന്റെയും വിരോധങ്ങളുടെയും മദ്ധ്യത്തിലും സമാധാനവും സന്തോഷവും അനുഭവിക്കുന്നത്. വിശ്വാസത്തിന്റെ സഹായത്താൽ തന്നെയാണ് അനുചിന്തകർ നയിക്കപ്പെടുന്നത്. അനുചിന്തനത്തിലേക്കു ധ്യാനത്തിൽ നിന്നും കടന്നു പോകുന്നതിനെക്കുറിച്ച് കുരിശിന്റെ വി. യോഹന്നാൻ മൂന്ന് അടയാളങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഫലശൂന്യമായ ധ്യാനം, സൃഷ്ട വസ്തുക്കളോടു വിരസത, ഏകാന്തത്തിലുള്ള ദൈവദർശനം എന്നിവയാണ് അവ.[90]

i) ഫലശൂന്യമായ ധ്യാനം: എത്ര പരിശ്രമിച്ചാലും കാര്യകാരണ ധ്യാനം ഒരു തരത്തിലും പ്രായോഗികമല്ല. അനുചിന്തനത്തെ നീക്കിവയ്ക്കരുതെന്ന് കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഉപദേശിക്കുന്നു. ധ്യാനമെന്നത് ദൈവികദാനം സ്വീകരിക്കുന്നതിനുള്ള ഒരുക്കമായതിനാൽ ദാനവുമായി വരുന്ന ദൈവത്തെ അനുചിന്തനത്തിലൂടെ ദർശിക്കണമല്ലോ. അതായത് ദൈവാഹ്വാനത്തിനു വിധേയപ്പെടുക.

ii) സൃഷ്ടവസ്തുക്കളോടുള്ള വിരസത: ദൈവിക കാര്യങ്ങളിലുള്ള വ്യാപരിക്കലാണിത്. താത്ക്കാലികങ്ങളായവയോട് ഒരു വിധത്തിലും ഒട്ടിച്ചേരുന്നില്ല. എല്ലാറ്റിനുമുപരിയായി ദൈവരാജ്യവും അവിടുത്തെ നീതിയും അനുഭവിക്കുന്ന സമീപനം. സൃഷ്ടികളിൽ നിന്നു സ്രഷ്ടാവിലേയ്ക്ക്. എന്നാൽ സൃഷ്ടവസ്തുക്കളെ ഒരു വിധത്തിലും ബഹിഷ്ക്കരിക്കുന്നുമില്ല.

iii) ഏകാന്തത്തിലുള്ള ദൈവദർശനം: ധ്യാനത്തിന്റെ ഒരുക്കമൊന്നും കൂടാതെ ദൈവത്തെ സ്നേഹാനിതമായി വീക്ഷിക്കുന്നതിനു വേണ്ടി ഏകാന്തതയെ ആഗ്രഹിക്കുന്നു. ദൈവത്തോടുള്ള സ്നേഹ സംഭാഷണം വ്യക്തിയെ എല്ലാറ്റിൽ നിന്നും പ്രതിനിവർത്തിപ്പിച്ച് ദൈവൈക്യത്തിലും അതുവഴി മാനവസഹാസ്തിത്വത്തിലും എത്തിക്കുന്നു.

അനുചിന്തന പ്രാർത്ഥന വഴിയുള്ള ശുദ്ധീകരണവും സ്നേഹത്തിലുള്ള വിലയനവുമെല്ലാമാണ് കുരിശിന്റെ വി. യോഹന്നാൻ, മേല്പറഞ്ഞ മൂന്നടയാളങ്ങളിലൂടെ ധ്യാനത്തിൽ നിന്നും അനുചിന്തനത്തിലേയ്ക്കു കടക്കുന്നു എന്ന് പറയുമ്പോൾ വിവക്ഷിക്കുന്നത്.[91]

അനുചിന്തനാത്മക ജീവിതം ചാവറയെ ഒരേസമയം ദൈവത്തിനും ദൈവജനത്തിനുമായി ജീവിക്കുന്നതിനിടവരുത്തി. അദ്ദേഹം ഏതു ശ്ലൈഹിക ദൗത്യത്തിലേർപ്പെട്ടിരുന്നപ്പോഴും ദൈവത്തെ കണ്ടുകൊണ്ട് എല്ലാം ചെയ്തിരുന്നുവെന്നതാണ് വലിയ സത്യം. ഇതിനുള്ള തെളിവ് അദ്ദേഹം രചിച്ചിട്ടുള്ള സാഹിത്യകൃതികൾ തന്നെയാണ്. അടുത്ത ശീർഷകത്തിൽ അവയെക്കുറിച്ച് പ്രതിപാദിക്കാം. കൂടാതെ ചാവറയച്ചൻ നടത്തിയിട്ടുള്ള പൊതുപ്രവർത്തനങ്ങളെല്ലാം ദൈവിക ദർശനത്തിന്റെ തുടർച്ചയും ദൈവത്തിലേക്കു ചാവറയേയും മറ്റുള്ളവരേയും അടുപ്പിക്കുന്നതുമായിരുന്നു. ചാവറയച്ചന്റെ സഭയുടെ ജനറാളായിരുന്ന മാവുരൂസച്ചൻ പറയുന്നു: "പ്രേഷിതർക്ക് ആത്മീയ ജ്ഞാനമാണാവശ്യം. ദൈവിക കാഴ്ചപ്പാടിലൂടെ എല്ലാം നോക്കിക്കാണുവാനും പ്രവർത്തിക്കുവാനും അതാണു വേണ്ടത്. അതിനുതകുന്ന പരിശീലനം പ്രാർത്ഥനാ ജീവിതമാണ്."[92]

ദൈവത്തെ സദാ ദർശിച്ചു കൊണ്ടിരുന്ന ഒരു താപസനല്ലാതെ മറ്റാർക്ക് ശ്ലൈഹിക തീക്ഷ്ണതയോടെ അധ:കൃതർക്കുവേണ്ടി സാഹസികമായ ഒരു സംരംഭത്തിനു തുടക്കം കുറിക്കുവാൻ സാധിക്കും?

1980 കളിൽ ബ.ലിഗോരിയൂസച്ചൻ പറയുന്നു: "കൊവേന്തകളുടെ പ്രിയോരായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ, മാന്നാനത്തെ സന്ന്യാസ സമൂഹം കാനോനികമായി രൂപം കൊള്ളുന്നതിനു മുമ്പുതന്നെ അധ:കൃത സമുദായങ്ങളുടെ ഉദ്ധാരണത്തിലും വേദ പ്രചാര വേലയിലും അതീവ താത്പര്യം പ്രദർശിപ്പിച്ചിരുന്ന മഹാത്മാവാണ്. അക്കാലത്തെ സാമൂഹ്യ വ്യവസ്ഥിതിയും സവർണ്ണ മേധാവിത്വവും അധ:കൃതരായിട്ടുള്ളവരെ സഭയിലേയ്ക്കു സ്വീകരിക്കുന്നതിന് ഇഷ്ടപ്പെട്ടിരുന്നില്ല; എന്നു വരികിലും ചാവറയച്ചന്റെ തീക്ഷ്ണമായ നേതൃത്വം അവരെ സഭയിലേയ്ക്ക് ചേർക്കുന്നതിനുള്ള സംഘടിതമായ ഒരു ശ്രമം അക്കാലത്തു തന്നെ സമാരംഭിക്കുന്നതിനിടയായി."[93] ചാവറയച്ചന്റെ തീക്ഷ്ണമായ നേതൃത്വമെന്നതു ദൈവദർശനാനുഭവത്തിൽ നിന്ന് ഉരുത്തിരിയുന്ന ശ്ലൈഹികതയാണ്. ചാവറയച്ചൻ തന്നെ മാന്നാനം നാളാഗമത്തിൽ എഴുതിയിരുന്നതാണ് മേല്പറഞ്ഞ ശ്ലൈഹിക തീക്ഷ്ണതയ്ക്കുള്ള ഒരു തെളിവ്: "നമസ്ക്കാരം പഠിക്കാൻ പുന്നത്തുറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുപോലും പുലയർ, പറയർ ആദിയായവർ വരുകയും അവർ വൈകുന്നേരം അഞ്ചു മണി വരെ ഇവിടെ താമസിക്കുകയും ചെയ്യുന്നതു കൊണ്ട്, അവർക്കു രണ്ടു നേരം ഭക്ഷണവും മറ്റും കൊടുക്കുവാൻ ശട്ടം കെട്ടി. ഇതിനായി വെച്ചൂർ, മുട്ടം, പള്ളിപ്പുറം മുതലായ പള്ളികളിലേയ്ക്ക് എഴുത്തും കൊടുത്ത് ആളെ അയയ്ക്കുകയും, വേണ്ട അരിയും കാശും പിരിഞ്ഞന്നു കിട്ടുകയും ചെയ്തിരുന്നു."[94] "അധ:കൃതരുടെ നന്മയും ആത്മരക്ഷയും പരിഗണിച്ച് മാന്നാനത്ത് ആദ്യമായി 1853-ൽ ഒരു വേദാധ്യയനശാല തുടങ്ങി..... മാന്നാനത്തെ വേദാധ്യയന പാഠശാലയെ അനുകരിച്ച് എടത്വാ, കൈനകരി, പുളിങ്കുന്ന് തുടങ്ങിയ കുട്ടനാട്ടിലെ പല ഇടവകകളിലും വേദപാഠശാലകൾ സ്ഥാപിതമായി, പ്രേഷിതവേല വിജയകരമായി ത്വരിതപ്പെട്ടു. ..... പ്രതിലോമ ശക്തികളുടെ എതിർപ്പിനെ അതേ നാണയത്തിൽ തിരിച്ചടിച്ചുകൊണ്ട് കുര്യാക്കോസ് ഏലിയാസച്ചനും കൂട്ടരും മുന്നേറി. ഇങ്ങനെ സംഘടിതമായ ഒരു ശ്രമം വേദപ്രചാരണത്തിനായി സമാരംഭിച്ചതു

തന്നെ സി.എം.ഐ. സമൂഹത്തിന്റെ ആഭിമുഖ്യത്തിലും പുണ്യശ്ലോകനായ ചാവറ അച്ചന്റെ നേതൃത്വത്തിലുമാണ്."[95] ചാവറയച്ചനിൽ നിന്നും ഉത്തേജനം സ്വീകരിച്ച് മാന്നാനം ആശ്രമവാസിയായിട്ടാണ് റോക്കിസഹോദരൻ ശ്ലൈഹിക വേല തുടങ്ങിയത്. ക്രമേണ അതു വിജയപുരം രൂപതയുടെ അവശ വിഭാഗത്തിനു വേണ്ടിയുള്ള വേദപ്രചാരമായും ശക്തിപ്പെട്ടു. പുതുപ്പള്ളി ആശ്രമത്തിന്റെ ആരംഭം തന്നെ അധ:കൃതർക്കു വേണ്ടിയുള്ള വേദപാഠശാലയായിട്ടായിരുന്നു. ആറായിരത്തിൽ പരം പേരെ 1923-നു മുമ്പു മാനസാന്തരപ്പെടുത്തുകയും ഇരുനൂറിൽ പരം പേരെ പുനരൈക്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.[96]

അധ:കൃതരുടെ ഇടയിൽ ചെയ്ത ശ്ലൈഹിക വേലയെക്കുറിച്ച് പ്രത്യേകിച്ചും എടുത്തു പറയുന്നത് ചാവറയുടെ ദൈവദർശനാനുചിന്തനം ദരിദ്രർക്കു വേണ്ടി അഭിഷിക്തനായ ഈശോയെ (ലൂക്ക. 4:18) അനുഗമിച്ചുവെന്നത് എടുത്തു കാണിക്കുവാനാണ്. ഈ ശ്ലൈഹികതയുടെയെല്ലാം പിന്നിലുള്ള ശക്തി ദൈവം തന്നെയെന്ന് ചാവറയ്ക്കുണ്ടായിരുന്ന അനുചിന്തന ദർശനമാണ് (Contemplative Philosophy) പ്രധാന ഘടകം. ചാവറയുടെ വാക്കുകൾ: "ദൈവം ചെയ്വിച്ചതൊക്കെയും എന്റെ വശമേ... തിരുമനസ്സ് നടക്കും. നടത്തും."[97] ദൈവത്തെ സ്നേഹിക്കണമെന്നുള്ള ഉറപ്പ് ഹൃദയത്തിലുള്ളപ്പോൾ എല്ലാം ദൈവം നടത്തുമെന്നും ചാവറ ഉറച്ചിരുന്നു. അനുദിന ആവശ്യങ്ങളിൽ ദൈവ സഹായം അനുഭവിച്ചിരുന്ന ചാവറ എന്തു ചെയ്തു? "ഈ വെലകൾ ഒക്കയും നടത്തുവാൻ പ്രക്കുരദൊറിനോടു പറയണം. കൂലി കൊടുപ്പാൻ പണയില്ലല്ലോ എന്ന അയാൾ വിചാരിക്കണ്ടാ. നാം വെല എടുപ്പിക്കാ. പണം തമ്പുരാൻ തരും. ഇത നമ്മുടെ വകയല്ലാ; പിന്നെയൊ ഈശോമ്ശിഹായുടെ പത്രമെനിയത്രെ. നാം വെല ചെയ്താൽ മതി."[98]

അനുദിനാനുഭവങ്ങളേയും അനുനിമിഷാവശ്യങ്ങളെയും സർവ്വോപരി സമസൃഷ്ടങ്ങളേയും ദൈവം കാണുന്നതു പോലെ കാണുവാനുള്ള വരം ചാവറയ്ക്ക് ദൈവം നല്കിയതാണ് അദ്ദേഹത്തിന്റെ അനുചിന്തന പ്രാർത്ഥന. ചാവറയുടെ അനുഭവം:

"ഇതുപോലുള്ള മഹാകാഴ്ചയെ സൂക്ഷിപ്പാൻ
കണ്ണുകളെനിക്കു നീ തന്നല്ലൊ സർവ്വേശ്വരാ."[99]

ദൈവദാനമായ അനുചിന്തനവരത്തെ ദൈവസേവനത്തിനും ആരാധനയ്ക്കുമായി വിനിയോഗിച്ചില്ലായെന്ന അനുതാപവും ചാവറയ്ക്കുണ്ടായി:

"ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെ സ്നേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കതു ഞാൻ കരുവാക്കി."[100]

ചാവറയുടെ അനുചിന്തനത്തിനു സമഗ്രദർശനത്തിന്റെ സവിശേഷത ഉണ്ടായിരുന്നതിനാൽ ദൈവജനത്തിനാവശ്യമായിരുന്നവയെല്ലാം ചെയ്യുന്നതിനത് തടസ്സമായില്ല. അദ്ദേഹം തന്റെ ആശ്രമസിദ്ധിയെയാണ് ശ്ലൈഹിക വേലകളുടെയെല്ലാം കേന്ദ്രമാക്കിത്തീർത്തത്. അതിനാൽ ആശ്രമങ്ങളുടെ സ്ഥാപനവും അവയുടെ പ്രവർത്തനങ്ങളും ദൈവാനുചിന്തനത്തിന്റെ തുടർച്ചയായി ചാവറ കണക്കാക്കിയിരുന്നു.

7:8 സർവ്വനന്മകളും

വി. അമ്മത്രേസ്യായ്ക്ക് അധികാര പത്രം നല്കിയത് ഫിലിപ്പു രണ്ടാമന്റെ നിർദ്ദേശപ്രകാരം അന്നത്തെ ജനറാളായിരുന്നു. ഈ അധികാര പത്രത്തിൽ കർമ്മെലീത്താ പ്രാർത്ഥനയുടെ ചുരുക്കം കാണാം: "ലോകത്തിൽ മാർഗ്ഗഭ്രംശം ഭവിക്കുന്നവരെ പ്രകാശിപ്പിക്കുക. സഹായികളെന്ന നിലയിൽ സ്ഫടികതുല്യം നിർമ്മലരും എരിയുന്ന ദീപങ്ങളും ജ്വലിക്കുന്ന അഗ്നിശിഖകളും തിളങ്ങുന്ന താരങ്ങളുമായിരിക്കണം. തന്നിമിത്തം അവർ ദൈവവുമായി നിരന്തര സുഹൃദ് സംഭാഷണത്തിൽ വ്യാപൃതരാകണം. പ്രാർത്ഥനയ്ക്കും അനുചിന്തനത്തിനും പരിശുദ്ധ ധ്യാനത്തിനും പ്രതിഷ്ഠിതരായി സ്വർഗ്ഗത്തിൽ വസിക്കണം.

സ്വയം വിസ്മരിക്കുന്നവരും ഉന്നതങ്ങളിലേക്കു പറന്നുയരുന്നവരുമാകണം..... നയനങ്ങളിൽ കണ്ണുനീരുളവാക്കണം. സന്ന്യാസികൾ കുർബ്ബാന ആഘോഷിക്കുകയും പ്രാർത്ഥിക്കുകയും കാനൻ ജപം ചൊല്ലുകയും വേണം. നിശ്ചിത സമയം മാനസിക പ്രാർത്ഥനയിലും ധ്യാനത്തിലും മറ്റു ജ്ഞാനാഭ്യാസങ്ങളിലും ചെലവഴിക്കണം. പ്രസ്തുത ഭവനങ്ങൾ അനുചിന്തകരായ കർമ്മെലീത്താ വൈദികരുടെ ആശ്രമങ്ങൾ എന്നറിയപ്പെടണം. ഇതര വൈദികർക്ക് അവർ സഹായമായിരിക്കുകയും പൂർവ്വകാലത്തെ നിയമ സംഹിത അനുസരിച്ചു ജീവിക്കുകയും വേണം."[101]

ഭാരതത്തിൽ നിന്ന് അമ്മത്രേസ്യായ്ക്ക് മിശിഹാനുയായികളുടെ കത്തു ലഭിച്ചപ്പോൾ അവർ വിലപിക്കുകയും ഭാരതത്തിലെത്തണമെന്നു നിശ്ചയിക്കുകയും ചെയ്തു. എന്നാൽ അവളുടെ പ്രാർത്ഥനയ്ക്ക് ഈശോ നല്കിയ ഉത്തരം, നിന്റെ ആഗ്രഹം നിന്റെ മക്കളിലൂടെ നിറവേറുമെന്നായിരുന്നു. വി. ത്രേസ്യായുടെ ജീവചരിത്രത്തിൽ നിന്നു മേല്പറഞ്ഞ കാര്യങ്ങൾ വായിച്ചു കേട്ട ചാവറയും കരഞ്ഞു സന്തോഷിച്ചു. 1860 കളിൽ അമ്മത്രേസ്യായുടെ ആഗ്രഹം നിറവേറിയതാണ് കർമ്മെലീത്താ നിഷ്പാദുക മൂന്നാം സഭയും സി.എം.സി, സി.റ്റി.സി സമൂഹങ്ങളുടെ ആവിർഭാവവും.

1830 കളിൽ ദർശനവീട് സ്ഥാപിച്ചത് ക്രമേണ അനുചിന്തനത്തിന്റെ ഭവനങ്ങൾക്കുള്ള നിവേശനമായിരുന്നു. ഭാരതീയ ദാർശനികതയും കർമ്മെലാനുചിന്തനവും സമന്വയിക്കപ്പെട്ട മനോഹരമായ ആശ്രമ സാക്ഷ്യമാണ് ചാവറയിലൂടെ സമാരംഭിച്ച ആശ്രമ പ്രസ്ഥാനത്തിനുള്ളത്. ചാവറ തന്നെ ധ്യാനസല്ലാപങ്ങളിലൂടെ മേല്പറഞ്ഞ സംഭവങ്ങളെ ഇപ്രകാരമാണ് അവതരിപ്പിക്കുന്നത്: "എത്രയും വലിയ അയോഗ്യനെങ്കിലും ശു. അമ്മത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. കർമ്മെല അമ്മ ചേർത്തു. അമ്മത്രേസ്യാ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ."[102]

ചാവറ ആശ്രമ ജീവിതത്തിലൂടെ ചെയ്തിട്ടുള്ള നന്മകൾ നിരവധിയാണ്. ഇതിന്റെ വെളിച്ചത്തിൽ ചാവറയെ 'തൃതീയ ഭാരത അപ്പസ്തോലൻ' എന്നു വിശേഷിപ്പിക്കുന്നു.[103] ശ്ലൈഹികതയുടെ കൈമാറ്റം ചാവറയിൽ എപ്രകാരമായിരുന്നെന്ന് തുടർന്നും കാണാം: "ആഴമായ ആധ്യാത്മികത പകർന്നു കൊണ്ട് ഭാരത സഭയെ കരുത്തും ജീവനും വീര്യവുമുള്ള ക്രിസ്തീയ സമൂഹമാക്കുവാൻ ജീവിതം ഉഴിഞ്ഞു വച്ച്, അത്യദ്ധ്വാനം ചെയ്തു കൊണ്ട്, തൃതീയ അപ്പസ്തോലനായ ചാവറ ഭാരതത്തിന്റെ ആത്മീയാന്തരീക്ഷത്തിൽ മഹത്തായ ജ്യോതിർഗോളമായി പ്രശോഭിക്കുന്നു. പിതാവായ ദൈവത്തോട് മക്കൾക്കുള്ള ഈടുറ്റ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളെല്ലാം നിർവ്വഹിക്കുക എന്ന അടിത്തറ പാകി."[104]

1831-ൽ മാന്നാനത്ത് ദർശനവീടിന് തുടക്കം കുറിച്ചത് ആശ്രമത്തിലൂടെ ദൈവജനത്തിനു നന്മ വരുക എന്ന ഉദ്ദേശ്യത്തോടെയാണ്. പ്രാർത്ഥനാലയത്തിൽ ചാവറ നടത്തിയിരുന്ന ദൈവദർശനവും ദൈവവചനശ്രവണവും മനനവും ദൈവാനുഭവത്തിലേയ്ക്ക് ചാവറയെ ആനയിച്ചുവെന്ന് സമകാലികർക്കും പിൻതലമുറയ്ക്കും വ്യക്തമായിട്ടുള്ളതാണ്. തുടർന്ന് മാന്നാനത്തു നിന്നു കൂനമ്മാവിൽ 1855 (1857) ലും പ്ലാശനാലിൽ 1858-ലും വാഴക്കുളത്ത് 1858-നു ശേഷവും എൽത്തുരുത്തിൽ 1853-ലും പുളിങ്കുന്നിൽ 1861-ലും അമ്പഴക്കാട്ട് 1868-ലും അവസാനം മുത്തോലിയിൽ 1870-ലും ആശ്രമങ്ങൾ സമാരംഭിച്ചു.

ആശ്രമങ്ങളുടെ സ്ഥാപനത്തെക്കുറിച്ച് സഭാംഗങ്ങൾക്കുണ്ടായിരുന്ന മതിപ്പ് അനുചിന്തനത്തിനും ശ്ലൈഹികതയ്ക്കും അത് പ്രാധാന്യം നല്കിയിരുന്നുവെന്നതിലാണ്.[105] അനുചിന്തനമെന്ന പ്രഥമ ഘടകം സഭയിൽ, ആശ്രമികത്വത്തിൽ കാതലായ അടിസ്ഥാനമായി നിലകൊള്ളുന്നത് ചാവറ തന്നെ സ്വജീവിതത്തിൽ നടപ്പിലാക്കിയിരുന്നു.

സഭയിൽ നിലവിൽ വന്ന അനുചിന്തനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, പ്രധാനമായും കാണുന്നത് തെരേസ്യൻ രീതിയും ഇഗ്നേഷ്യൻ

മാതൃകയുമാണ്. തെരേസ്യൻ രീതിയിലുള്ള ധ്യാനമാണ് ചാവറയെ അമ്മ പഠിപ്പിച്ചതെന്ന അനുഭവമാണ് ചാവറയ്ക്കുള്ളത്.[106] ആവിലായിലെ വിശുദ്ധ ത്രേസ്യായുടെ ആഭ്യന്തര ഹർമ്മ്യം- ഉൾക്കോട്ട - എന്ന കൃതിയിൽ അനുധ്യാനത്തെക്കുറിച്ചുള്ള വിവരണം കാണാവുന്നതാണ്.

തെരേസ്യൻ അനുചിന്തനം അഭ്യസിച്ചിരുന്ന ചാവറ കർമ്മെലീത്താ മിഷനറിമാർക്ക് ഏറ്റവും സ്വീകാര്യനായി കാണപ്പെട്ടിരുന്നു. മാന്നാനത്തു നിന്ന് ചാവറയെ, കൂനമ്മാവിന് ബർണർദീനോസ് മെത്രാപ്പോലീത്താ മാറ്റിയതും മേൽപറഞ്ഞ സുകൃതത്താലാണ്. കൂടുതൽ നന്മ ചാവറയിലൂടെ ഉണ്ടാകുമെന്ന് മെത്രാപ്പോലീത്താ കണ്ടിരുന്നു. സന്ന്യാസക്രമത്തിന്റെ ശ്രേഷ്ഠനായി ചാവറയെയാണ് മർസെലീനോസ് മെത്രാൻ നിശ്ചയിച്ചതും. അദ്ദേഹം പറയുന്നു: "സന്ന്യാസാശ്രമത്തിന്റെ പ്രിയോരായി നിയമിക്കപ്പെടുവാൻ യോഗ്യനായി കണ്ടെത്തപ്പെട്ടത് ചേന്നങ്കരി ഇടവകക്കാരൻ അൾമേനി പട്ടക്കാരനായിട്ട് ചാവറ കുര്യാക്കോസ് എന്നും സന്ന്യാസിയായിട്ട് കുര്യാക്കോസ് ദെ സാന്തെലിയാ എന്നും പേരു വിളിക്കപ്പെട്ട ദേഹമാകുന്നു. ഈദ്ദേഹം മാത്രം മാന്നാനത്തിലുണ്ടായ പുഷ്പമാകുന്നുവെന്നു വച്ചാലും തോമ്മാ മല്പാന്റെയും പോരൂക്കര വലിയ അച്ചന്റെയും വേലകൾക്കു തക്ക ഫലം കിട്ടിയെന്നു ന്യായമായിട്ടു പറയുകയുമാം..... 1856-ാം കാലം വരെ നമ്മുടെ പ്രിയോരു തന്നെ ഏകമല്പാനായിട്ട് പട്ടസുഖത്തിനു വിളിക്കപ്പെടും വരെ പഠിനത്താലെയും നല്ല കണ്ടുപഠിത്വത്താലെയും നന്നാകുന്നതിനു ചെയ്ത ഉപകാരങ്ങളെയും നോക്കുമ്പോൾ ഏറിയ നല്ല പട്ടക്കാരിൽ നിന്നുണ്ടാകുവാൻ പാടുള്ള ഫലങ്ങൾ ഉണ്ടായി എന്നു പറവാൻ ന്യായം.....(1855) അന്നു മുതൽ 1871-ാം കാലം മകരമാസം ആരംഭിച്ചതു വരെ മാന്നാനത്തു മാർ യൗസേപ്പു പുണ്യവാളന്റെ ആശ്രമത്തിന്റെ തന്നെയല്ല പിന്നയൊ അതിന്റെ ശേഷം ക്രമേണ സ്ഥാപിക്കപ്പെട്ടുവെന്ന കൂനമ്മാവ് ആശ്രമത്തിന്റെയും കർമ്മെല ആശ്രമത്തിന്റെയും അർണാട്ടുകര, പുളിങ്കുന്ന്, മുത്തോലി ആശ്രമങ്ങളുടെയും

പൊതുപ്രിയോരായി വാണ തന്റെ സന്ന്യാസികളെ വിശേഷ പുണ്യ മാതൃകയാലും ഉയിരുള്ള വിശ്വാസത്താലും, ധ്യാനത്തിന്റെയും സൽഭ ക്തിയുടെയും അരൂപിയാലും ഇടവിടാതുള്ള വേലകളെ ചെയ്തുകൊ ണ്ടിട്ടും പഠിപ്പിച്ചു വരികയിൽ മേൽ ചൊല്ലിയ ആണ്ടിൽ ഏറിയ മാസ ത്തേക്കു കഠിനമായ ദീനത്തെ വിശേഷ ക്ഷമയോടു കൂടെ സഹിച്ച തിന്റെ ശേഷം മകരമാസം മൂന്നിനു നീതിമാന്മാരുടെ മരണത്താൽ പ്ലെമേനാപുണ്യവാളത്തിയുടെ ആശ്രമത്തിൽ വച്ച് മരിക്കുകയും ചെയ്തു."[107]

ഉയിരുള്ള വിശ്വാസം, ധ്യാനം, സത്ഭക്തി എന്നിവ, ആശ്രമങ്ങ ളിലെ നന്മചെയ്യുന്നതിനുള്ള ഘടകങ്ങളായിരുന്നു. ഇതിൽ ധ്യാനം വഴിയുള്ള നന്മയെക്കുറിച്ചാണ് ഇവിടെ കൂടുതൽ വിവരിക്കുന്നത്. ധ്യാന ത്തിന്റെ ഉന്നത പദവിയായ അനുചിന്തനത്തിലൂടെ ചാവറ സദാ ദൈവ ദർശനത്തിലായിരുന്നതുകൊണ്ടാണ് ബർണർദീനോസ് മെത്രാപ്പോ ലീത്തായും മർസെലീനോസ് മെത്രാനും ചാവറയെ പ്രധാന വ്യക്തി യായി കണ്ടിരുന്നത്. ഉന്നതമായ ധ്യാനാനുഭവത്തെക്കുറിച്ച് കുരിശിന്റെ വിശുദ്ധ യോഹന്നാൻ പാടുന്നു:

"മാധുരിയേറുന്ന നൽ ശാസ്ത്രവും പഠിപ്പിച്ചു"[108] ഇവിടെ പഠി പ്പിച്ചതു പ്രണിധാനമാണ്. സ്നേഹമാണു പഠിപ്പിക്കുന്ന ഗുരു. സ്നേഹം മൂലം സിദ്ധിക്കുന്ന അനുഭവത്തിന്റെയും അവഗാഹത്തിന്റെയും അള വനുസരിച്ച് അതനുഭവപ്പെടുന്നത് ബൗദ്ധിക കഴിവിലാണ്. അങ്ങനെ ബുദ്ധി തന്നെ അതിന്റെ അടിസ്ഥാനമായി വരുന്നു. പക്ഷേ സ്നേഹ മെന്ന നിലയിൽ അതു മനസ്സിലും ഉറയ്ക്കുന്നു. ചാവറ നടത്തിയി രുന്ന അനുധ്യാനത്തിലൂടെ ദൈവസ്നേഹത്തിന്റെ മാധുരി അനുഭവി ച്ചറിഞ്ഞത് അദ്ദേഹത്തിന്റെ ബുദ്ധിയേയും മനസ്സിനെയും സദാ നയി ച്ചിരുന്നു. അതുകൊണ്ടാണ് ആശ്രമങ്ങളുടെ രൂപവത്ക്കരണത്തിലും അവയിലെ സന്ന്യാസാനുഷ്ഠാനങ്ങളിലും സത്ഭക്തിയുടെ ചൈതന്യം പ്രസരിപ്പിക്കുവാൻ ഇടവന്നത്. ദിവ്യനാഥനുമായുള്ള സംഭാഷണത്തിന്

പ്രാർത്ഥനാമുറിയിലെന്നതു പോലെ, പ്രവർത്തന മേഖലകളിലും ചാവറ ദൈവദർശനത്തിലായിരുന്നു. ഇപ്രകാരമുള്ള ധ്യാന നിർലീനത ചാവറയച്ചനെ ദർശിച്ചവരിലെല്ലാം സത്ഫലമുളവാക്കിയിരുന്നു. ചുരുക്കത്തിൽ അനുചിന്തനത്തിന്റെ ഫലം ആശ്രമങ്ങളിലൂടെ കൂടുതൽ പ്രകാശിതമായി.

7:9 സമന്വയം

"കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കയാൽ ആൾചുരുക്കത്താൽ അവർക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേറ്റുന്നില്ല."[109] ദൈവസ്തുതിയും പരോപകാര നന്മയും സമന്വയിപ്പിച്ചു എന്നതാണ് ആശ്രമസ്ഥർക്ക് ചാവറ പ്രദാനം ചെയ്ത ഏറ്റവും സമഗ്രമായ സംഭാവന. ചാവറയച്ചന്റെ മരണ പത്രികയിൽ 1870-ൽ കൊവേന്ത അച്ചന്മാരെയും പുതു സന്ന്യാസികളെയും അൾമേനി ദർശനക്കാരെയും അറിയിച്ചത് പൊതു നന്മയ്ക്കായി സഭ സ്ഥാപിതമായെന്നാണ്. " വാച്ച വനവാസ" മെന്നു പോരൂക്കരയച്ചൻ ആഗ്രഹിച്ചതിനെ അനുചിന്തനത്തിന്റെയും ശ്ലൈഹിക വേലയുടെയും വൈരുദ്ധ്യമില്ലാത്ത യോഗമായാണ് ചാവറയിലൂടെ സാക്ഷാത്കരിക്കപ്പെട്ടത്. ഭക്തിയോഗത്തെ കർമ്മയോഗവുമായി സമന്വയിപ്പിച്ച സമഗ്രതയുടെ ആശ്രമികത്വമാണിവിടെ ദൃശ്യമാകുന്നത്. ചാവറയെ ധ്യാനം പഠിപ്പിച്ച അമ്മത്രേസ്യാ ചെയ്തിരുന്നത് എന്തെന്ന് പാപ്പസോളി എന്ന ഗ്രന്ഥകാരൻ പറയുന്നത് 'മറിയത്തിന്റെയും മർത്തായുടെയും' ധർമ്മങ്ങൾ സമന്വയിപ്പിച്ചവൾ എന്നാണ്.[110] ആവിലായിലെ ത്രേസ്യായിൽ താപസിക, മൗതിക ഘടകങ്ങൾ പരിപൂർണ്ണ യോഗത്തിലായിരുന്നു. അവളുടെ ശക്തി വിശേഷം അനുചിന്തനത്തിലൂടെ കർമ്മയോഗത്തിനിട വരുത്തി. അവളിൽ ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹവും മനുഷ്യരുടെ ദൈവത്തിനുള്ള പ്രത്യുത്തരവും വൈയക്തികരൂപം പ്രാപിച്ചിരുന്നു.[111]

അമ്മത്രേസ്യാ ചാവറയെ ധ്യാനയോഗം അഭ്യസിപ്പിച്ചതിനെക്കുറിച്ച് ചാവറ തന്നെ പറയുന്നു: " ഞാൻ ഒരധിക അപേക്ഷ ഈ അമ്മയോടു അപേക്ഷിക്കുന്നു. ഈ എഴുതിയിരിക്കുന്ന പേച്ച് ഇനിക്കറിവാൻ വഹിയായ്കയാൽ ഒന്നുകിൽ ഈ പേച്ചിനെ പഠിപ്പിക്കണം, അല്ലെങ്കിൽ അതിനെ വായിക്കാതെ എന്റെ ഹൃദയത്തിൽ ചൊല്ലിത്തന്ന് പഠിപ്പിക്കണം." [112] 'ഉൾക്കോട്ട' എന്ന അമ്മത്രേസ്യായുടെ ധ്യാനരീതിയാണ് ചാവറയച്ചൻ ഹൃദയത്തിൽ പഠിച്ചതും അനുചിന്തനത്തിൽ മുന്നേറാൻ ഉപകരിപ്പിച്ചതും. ധ്യാനയോഗിയും കർമ്മയോഗിയുമായിരുന്ന അമ്മത്രേസ്യാ ചാവറയെ ഒരുക്കിയതും മറ്റൊന്നിനു വേണ്ടിയായിരുന്നില്ല. ചാവറ കർമ്മയോഗത്തെക്കുറിച്ച് എന്താണു പറയുന്നത്? "പാവപ്പെട്ടവരെ നിന്ദിക്കേണ്ട. അവരെ ബുദ്ധിമുട്ടിക്കയും വേണ്ട..... അന്യർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല."[113] ഇപ്രകാരമുള്ള പ്രായോഗിക ദർശനം ചാവറയ്ക്കുണ്ടായത് ധ്യാനസമയത്ത് ദൈവവുമായി നടത്തിയിരുന്ന സല്ലാപങ്ങളിലൂടെയാണ്. അനുചിന്തനത്തിന്റെ സവിശേഷത, ദൈവത്തെ ദർശിക്കുന്ന മനുഷ്യവ്യക്തി ദൈവത്തിൽ പ്രതിബിംബിക്കപ്പെടുന്നതായും കാണാമെന്നതാണ്. ആ വ്യക്തിയിലൂടെ മനുഷ്യകുലം മുഴുവനേയും കണ്ടെത്തുന്നു. മനുഷ്യകുലത്തിന്റെ ആവശ്യം വിസ്മരിച്ചിട്ട് ഞാനും എന്റെ ദൈവവുമെന്ന നില ഒരിക്കലും മറിയത്തിലും മർത്തായിലും സമുദ്ഗ്രഥിക്കപ്പെടുന്നതല്ല. അതിനാൽ ചാവറയും അദ്ദേഹം രൂപം കൊടുത്ത ആശ്രമ പ്രസ്ഥാനവും പ്രഥമവും പ്രധാനവുമായി ലക്ഷ്യം വയ്ക്കുന്നത് ദൈവൈക്യത്തിലിരുന്നു കൊണ്ട് കർമ്മയോഗികൾ ആകുവാനാണ്. ഈ പൈതൃകമാണ് സി.എം.ഐ. സമൂഹം സ്ഥാപകരിൽ നിന്നും ഏറ്റു വാങ്ങിയിട്ടുള്ളത്. നിയമാവലിയിൽ പറയുന്നു: "തങ്ങളുടെ പ്രേഷിതത്വത്തെ ഉത്തേജിപ്പിച്ച തീവ്രവും ധ്യാനാത്മകവുമായ പ്രാർത്ഥനാ ജീവിതം, പ്രാർത്ഥനാ ജീവിതത്തെ സമ്പന്നമാക്കിയ പ്രേഷിതത്വം, പ്രാർത്ഥനയിലും പ്രേഷിത പ്രവർത്തിയിലുമുള്ള പ്രേഷിതത്വം, ലിറ്റർജിയിൽ കേന്ദ്രീകൃതമായ അവരുടെ

സമൂഹ ജീവിതം, ത്യാഗചൈതന്യം, ദൈവവചനപ്രഘോഷണത്തിനും ജനങ്ങളുടെ ആത്മരക്ഷയ്ക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുമുള്ള കല വറയില്ലാത്ത അർപ്പണം, കാലത്തിന്റെ ആവശ്യങ്ങൾക്കും അടയാളങ്ങൾക്കുമനുസരിച്ച് ജീവിതാഭിമുഖ്യങ്ങൾക്ക് രൂപം കൊടുക്കാനുള്ള സംവേദനക്ഷമത..."[114]

1831-ൽ സമാരംഭിച്ച ആശ്രമ പ്രസ്ഥാനത്തിൽ നിന്നും സ്ഥാപക പിതാക്കന്മാരിൽ നിന്നും കൈപ്പറ്റിയിട്ടുള്ള പൈതൃകം 1980 കളിലും നിലകൊള്ളുന്നതിനെയാണ് സി.എം.ഐ. പ്രമാണരേഖ എടുത്തുകാണിക്കുന്നത്. എന്നാൽ ഇവിടെ ചർച്ചാ വിഷയമാക്കുന്നത് മേല്പറഞ്ഞ പൈതൃകം ചാവറ എപ്രകാരം തനതാക്കുകയും കൈമാറുകയും ചെയ്തു എന്നതിനെക്കുറിച്ചാണ്.

സമ്പൂർണ്ണ മനുഷ്യത്വത്തെ രൂപപ്പെടുത്തുന്നതിനാവശ്യമായ രൂപാന്തരീകരണം നടക്കുന്നതിലാണ് സമഗ്രത അടങ്ങിയിരിക്കുന്നത്.[115] ചാവറ ദൈവത്തിനും ദൈവജനത്തിനുമായി തന്റെ ജീവിതം നീക്കിവച്ചുവെന്നു പറഞ്ഞാൽ ഭക്തിയോഗത്തെ കർമ്മയോഗവുമായി സമന്വയിപ്പിച്ച വ്യക്തിത്വത്തിന്റെ ഉടമയെന്നർത്ഥം. ചേതനയിലും ആത്മാവിലും ശരീരത്തിലും ദൈവാനുഭവമുണ്ടാകുക എന്നതാണ് ഭക്തിയോഗം. ഇതിനായി ദൈവദർശനം വചനശ്രവണം, മനനം, നിധിധ്യാസനം എന്നിവ നിരന്തരം അഭ്യസിക്കണം. ശരീരത്തിന്റെ സമർപ്പണവും ആത്മാവിന്റെ ഏകാഗ്രതയും ചേതനയുടെ സജീവത്വവുണ്ടാകുമ്പോൾ ഭക്തിയോഗാനുഭവമാകും. ഇപ്രകാരമുള്ള വ്യക്തി കർമ്മയോഗത്തിലൂടെയും ഭക്തിയുടെ ഉപാസകരായിരിക്കും. ഇവിടെയാണ് ചാവറ ആധുനികയുഗത്തിനു നല്കിയ ഏറ്റവും വലിയ സംഭാവന ദർശിക്കുന്നത്. ചാവറയുടെ വ്യക്തിത്വം സമഗ്രമായിരുന്നുവെന്നതിന്റെ ഏക തെളിവ് മരണക്കിടക്കയിലെ ചാവറയുടെ വാക്കുകളാണ്: "....ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചു കൊണ്ട്

മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."[116] വ്യക്തി തലത്തിലും ആശ്രമ തലത്തിലും തിരുസ്സഭാ തലത്തിലും നിരവധി മേഖലകളിൽ നിറഞ്ഞു നിന്ന് പ്രവർത്തനങ്ങളുമായി ജീവിച്ച ചാവറയച്ചൻ ഒരിക്കലും റൂഹാദ്ക്കുദ്ശായെ സ്വജീവിതത്തിൽ വേദനിപ്പിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടില്ലായെന്നതിന്റെ തെളിവാണ് " മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായിട്ടില്ല"[117] എന്നു പ്രഖ്യാപിച്ചത്. ഈ സത്യം ഉറക്കെ പ്രഖ്യാപിക്കുകയാണ് മാണി കുര്യൻ എന്ന വയോവൃദ്ധൻ ചെയ്തത്: " വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്.....റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞയാൾ." ചാവറ സമ്പൂർണ്ണ മനുഷ്യനായി ജീവിച്ചുവെന്നതാണ് മേല്പറഞ്ഞ സാക്ഷ്യങ്ങളെല്ലാം തെളിയിക്കുന്നത്. സമാധാനത്തിന്റെ ദൈവം ചാവറയെ പൂർണ്ണമായും വിശുദ്ധീകരിച്ചു. വിശുദ്ധ ഗ്രന്ഥം പൂർണ്ണമായ വിശുദ്ധീകരണത്തെക്കുറിച്ച് ഇപ്രകാരം വെളിപ്പെടുത്തുന്നു: "സമാധാനത്തിന്റെ ദൈവം നിങ്ങളെ പൂർണ്ണമായും വിശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും ജീവനും ശരീരവും നമ്മുടെ കർത്താവീശോമിശിഹായുടെ ആഗമനത്തിൽ ഭദ്രവും കളങ്കരഹിതവുമായി സംരക്ഷിക്കപ്പെടട്ടെ" (1 തെസ. 5:23). ചാവറയെ സമാധാനത്തിന്റെ ദൈവം മരണസമയം വരെ 'ഭദ്രവും കളങ്കരഹിതവുമായി' സംരക്ഷിച്ചതുകൊണ്ടാണ് ജീവിതകാലം മുഴുവൻ 'ജീവിക്കുവാൻ' സാധിച്ചത്. ഭൂമുഖത്തു ജനിക്കുന്ന എല്ലാ മനുഷ്യരിൽ നിന്നും ദൈവം ആവശ്യപ്പെടുന്നതും മറ്റൊന്നല്ല. അതിനാൽ ചാവറയുടെ ജീവിതം എല്ലാ മനുഷ്യർക്കും ശ്രേഷ്ഠമായ ഒരു സുവിശേഷമാണ്. ചാവറ എപ്രകാരം റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവനായി ജീവിച്ചുവെന്നത് ഇനിയും ആരും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. മൂന്നു ഘട്ടങ്ങളാണ് മേല്പറഞ്ഞ ജീവിത വിജയത്തിൽ കടന്നു വരുന്നത്. ഒന്നാമത്തേത് മാതാപിതാക്കളിലൂടെ കുടുംബത്തിൽ നിന്നു ലഭിച്ച ശിക്ഷണം, രണ്ടാമത്തേത് സെമിനാരി പരിശീലനത്തിൽ നിന്നു കിട്ടിയ സഹായങ്ങൾ, മൂന്നാമത്തേത് കർമ്മെലീത്താ

സന്ന്യസ്തരിൽ നിന്നു കൈവന്ന ആശ്രമപശ്ചാത്തലം. ഭാരതീയ ആശ്രമങ്ങളുടെ നാലു ഘട്ടങ്ങളും ചാവറ പിന്നിട്ടില്ലായെങ്കിലും "അപ്പനായ" ഈശോയെ ചാവറ അടുത്ത് അനുഗമിച്ചിരുന്നു. വാച്ച വനവാസമെന്നത് നിർണ്ണായക ആശ്രമസിദ്ധിയുടെ സവിശേഷതയായി ചാവറ പിൻതലമുറക്കാർക്കു കൈമാറി. ഇതുതന്നെയാണ് സി.എം.ഐ. സമൂഹത്തിൽ ആധുനിക കാലത്തെ ഇതര ആശ്രമ പ്രസ്ഥാനങ്ങളുടെയും സമഗ്രമായ സിദ്ധി വിശേഷം.

7:10 വിനീതം

ഏലിയാനിവ്യായുടെ ഗുഹയ്ക്കു സമാനമായ വാച്ചവനവാസം ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ഹൃദയത്തിന്റെ ഉള്ളറയിലെ ധ്യാനയോഗമായിരുന്നു. എന്നാൽ ചാവറയുടെ ശ്ലൈഹിക തീക്ഷ്ണത സ്നാപകയോഹന്നാനിലൂടെ ഏലിയാ സന്നിഹിതനായി നടത്തിയ പ്രസംഗവും. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഹൃദയത്തിന്റെ തികവിൽ നിന്നും അധരങ്ങൾ സംസാരിക്കുന്നുവെന്ന ഈശോയുടെ വാക്കുകൾ ചാവറയുടെ ജീവിതത്തിലൂടെ അന്വർത്ഥമായത് പൗരസ്ത്യ ആധ്യാത്മികതയിൽ പ്രകടമാകുന്ന ഹൃദയത്തിന്റെ പ്രാർത്ഥനയെ അനുസ്മരിപ്പിക്കുന്നു. ഇവിടെ പ്രതിപാദിക്കുന്നത് ചാവറയുടെ സമഗ്രമായ ആധ്യാത്മികത സഭയുടെയും എല്ലാ ആശ്രമ പ്രസ്ഥാനങ്ങളുടെയും മുന്നോടി എന്നതിനെക്കുറിച്ചാണ്, പ്രത്യേകിച്ചും ശ്ലൈഹിക പ്രഘോഷണത്തെക്കുറിച്ചാണ്.

റൂഹാദ്ക്കുദ്ശായാൽ മാമ്മോദീസാ നല്കുന്ന ഈശോയെക്കുറിച്ചാണ് യോഹന്നാൻ മാംദാനാ പ്രസംഗിച്ചത് (മർക്കോ. 1:8). ആശ്രമികത്വത്തിന്റെ സമഗ്രരൂപം ഭൂമുഖത്തു ദർശിക്കുന്നത് സുവിശേഷമായ ഈശോയിൽ മാത്രമാണ്. സുവിശേഷമായ ഈശോ തന്നെയാണ് ദൈവരാജ്യം (മർക്കോ. 1:15). അവിടുന്നു പറയുന്നു: "നിങ്ങളുടെ ഹൃദയം

അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14:1). ഇവിടെ വിശ്വസിക്കുകയെന്നത് ഒരു മനുഷ്യവ്യക്തി തന്നെത്തന്നെ പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കുക എന്നതാണ്. മാതാവ് ദൈവവചനത്തിനു സമർപ്പിതമായതു പോലെ (ലൂക്ക. 1:38). ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ പ്രായോഗികത ഈശോയിൽ വിശ്വസിക്കുക എന്നതുമാണ്. ഇവിടെ ഈശോയാണ് ഒരു മനുഷ്യവ്യക്തിയെ സംബന്ധിച്ചിടത്തോളം ആലപ്പും താവും - ആരംഭവും അന്ത്യവും. അവിടുന്നു തന്നെയാണ് മനുഷ്യന്റെ സമഗ്രതയും. ഈ സമഗ്രതയെക്കുറിച്ചാണ് കഴിഞ്ഞ ശീർഷകത്തിൽ പ്രതിപാദിച്ചത്.

1830-കളിൽ ഏതദ്ദേശീയ സന്ന്യാസാശ്രമത്തിനുള്ള നിവേശനം പോരൂക്കര, പാലയ്ക്കൽ, ചാവറ, കണിയാന്ത്ര മുന്നോടികൾക്കുണ്ടായപ്പോൾ പ്രസംഗകരുടെ-ദൊമിനിക്കൻസിന്റെ - മാതൃകയിൽ, പ്രഘോഷകരമായ വൈദികർ ഉണ്ടാകേണ്ടതിനെക്കുറിച്ച് ചിന്തിച്ചിരുന്നു.[118] ദൊമിനിക്കോസിന്റെ സഭ നല്കുന്ന നിവേശനം പ്രസംഗത്തിന്റേതാണ്. സി.എം.ഐ. സഭ കാനോനികമായി 1855-ൽ രൂപപ്പെടുന്നതിനുമുൻപ് സഭാ മുന്നോടികൾ മേൽപറഞ്ഞ ദൗത്യത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു. ചാവറയച്ചനെ പ്രസംഗവേദിയിൽ ആളുകൾ ദർശിച്ചിരുന്നത് സ്നാപകയോഹന്നാനു സദൃശ്യമായിരുന്നു. [119] ചാവറയും കൂട്ടരും പ്രസംഗിച്ചിരുന്നത് ഈശോയെയാണ്. ഈ ഈശോയെക്കുറിച്ചുള്ള ഓർമ്മയിലാണ് ഏലിയായും യോഹന്നാൻ മാംദാനായുമെല്ലാം കടന്നു വരുന്നത്. ഉപരാജാവായ ഹേറോദോസിന്റെ പരിഭ്രമവും ജനങ്ങളുടെ പ്രതികരണവും ഇപ്രകാരമായിരുന്നു: "യോഹന്നാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് ചിലരും, ഏലിയാ പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്ന് മറ്റു ചിലരും, പൂർവ്വപ്രവാചകരിൽ ഒരാൾ ഉയിർത്തു വന്നിരിക്കുന്നുവെന്ന് വേറെ ചിലരും പറഞ്ഞിരിക്കുന്നു" (ലൂക്ക. 9:8,19; മത്താ. 14:2; മർക്കോ. 6:14,15).

ഏലിയാ എന്ന പ്രതിഭാസം ദൈവിക സാന്നിധ്യത്തിന്റെ പ്രവാചകത്വമാണ്. ദൈവദൂതൻ യോഹന്നാനെക്കുറിച്ചുള്ള അറിയിപ്പിൽ "ഏലിയായുടെ ശക്തിയും ചൈതന്യ"വുമാണ് എടുത്തു പറയുന്നത് (ലൂക്ക. 1:17). ഈശോ പറയുന്നത് "വരാനിരിക്കുന്ന ഏലിയാ ഇദ്ദേഹം (യോഹന്നാൻ) തന്നെയാകുന്നു" (മത്താ. 11:14) എന്നാണ്. ഏലിയായിലും മാംദാനായിലുമെല്ലാം കാണുന്നത് ഈശോയിൽ പ്രത്യക്ഷപ്പെടാനിരുന്ന ദൈവികതയുടെ ശക്തിയും ചൈതന്യവുമാണ് (മലാ. 4:5; മത്താ. 17:3, യോഹ. 1:21).

യഹൂദമനസ്സിൽ നിറഞ്ഞിരുന്ന ഒരാളാണ് ഏലിയാ. അതുകൊണ്ടാണ് ഈശോയുടെ മരണനേരത്ത് സമീപത്തു നിന്നവർ പറഞ്ഞത് "നിൽക്കൂ ഏലിയാ ഇവനെ രക്ഷിക്കാൻ വരുമൊ എന്നു കാണട്ടെ" (മത്താ. 27:47,49). ഈശോയുടെ മനുഷ്യാവതാരത്തോട് അഭേദ്യമായ രീതിയിൽ ഏലിയാ ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഏലിയായുടെ ഗുഹ കർമ്മെല മലയിൽ എന്നും സംരക്ഷിക്കുന്നത്. മുസ്ലീം, യഹൂദ, മെശയാനിക സമൂഹങ്ങൾ ഏലിയായുടെ ഗുഹയെ ബഹുമാനിക്കുന്നു.[120]

കർമ്മെലസഭാ പൈതൃകത്തിലും സി.എം.ഐ. സഭാ സിദ്ധിയിലും ഏലിയായുടെ ഗുഹ എന്നതിനെ ഇരട്ടി ചൈതന്യം എന്ന നിലയിൽ കണ്ടെത്തുവാനാകും (1 രാജാ. 19:19; 2 രാജാ. 2:15). സി.എം.ഐ. സഭയിൽ ഏലിയാ ഏലീശ്വായ്ക്കു നല്കിയ ഇരട്ടി ചൈതന്യം നിലകൊള്ളുന്നത് അനുധ്യാനത്തിലും വചന പ്രഘോഷണത്തിലുമാണ്. അനുധ്യാനം ഏലിയായുടെ ഗുഹയേയും, പ്രഘോഷണം യോഹന്നാൻ മാംദാനയുടെ പ്രസംഗത്തേയും സൂചിപ്പിക്കുന്നു. ഇനിയും ചർച്ച ചെയ്യുവാനുള്ളത് സി.എം.ഐ. സഭയിലെ പ്രസംഗശൈലിയെക്കുറിച്ചാണ്.

'ജപധ്യാനസമേതമായ ആന്തരിക ജീവിതത്തോടൊപ്പം ഇതരരുടെ ആത്മരക്ഷയെ ലക്ഷീകരിച്ചു കൊണ്ടുള്ള' ശ്ലൈഹിക വേലകളും

ആരംഭകാലം മുതൽ ഉണ്ടായിരുന്നു. അംഗസംഖ്യ വളരെ പരിമിതമായിരുന്ന കാലത്തു പോലും സാധാരണ വൈദിക വൃത്തികൾക്കു പുറമേ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള പള്ളികളിൽ അവർ ധ്യാന പ്രസംഗങ്ങൾ നടത്തിയിരുന്നു. ഈ സഭയുടെ സ്ഥാപനത്തോടു കൂടിയാണ് വൈദികർക്കു പ്രതിവർഷവും ജനങ്ങൾക്ക് ആവശ്യം പോലെയും ധ്യാനങ്ങൾ നടത്തുന്ന പതിവ് കേരളത്തിൽ ആരംഭിച്ചത്.[121]

സഭയുടെ തുടക്കത്തിൽ തന്നെ പാലയ്ക്കൽ തോമ്മാച്ചൻ വി. ദൊമിനിക്കോസിന്റെ നാമം നിർദ്ദേശിച്ചതും, സഭയുടെ പ്രധാന സ്ഥാപകനായിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻ വി. ദൊമിനിക്കോസിന്റെ ചില സന്ന്യാസ നിയമങ്ങളെ ജീവിത ക്രമത്തിൽ കൂട്ടിച്ചേർത്തതും പ്രസംഗകരുടെ ഗണമായിരിക്കണം പുതിയ ആശ്രമം എന്നതു കൊണ്ടായിരിക്കുമല്ലോ.[122]

ഹോറീബ് മലയിലെ ഏലിയായുടെ സ്വരവും മരുഭൂമിയിൽ വിളിച്ചു പറയുന്ന യോഹന്നാൻ മാംദാനയുടെ ശബ്ദവും നിർഗ്ഗളിച്ചത് അവരുടെ ഹൃദയമാകുന്ന അനുധ്യാനത്തിൽ നിന്നുമാണ്. പോരൂക്കരയച്ചന്റെ 'വാച്ച വനവാസവും' പാലയ്ക്കലച്ചന്റെ 'പ്രസംഗകരുടെ സഭയും' ചാവറയിൽ പ്രാർത്ഥനാ മുറിയും പ്രസംഗവേദിയും അനുസ്മരിപ്പിക്കുന്നു. പ്രഘോഷണ ദൗത്യം സുവിശേഷമാകുന്ന ഈശോമിശിഹാ തന്നെ. ഈശോമിശിഹായുടെ മനുഷ്യാവതാരപരത മാനവ സമഗ്രതയും ഈ സമഗ്രത കൈവരുത്തുന്നതിനുള്ള വ്യവസ്ഥ ആശ്രമികത്വവുമാണ്. ഗുഹയിലിരുന്ന ഏലിയാ സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്നു. ജറീക്കോ മരുഭൂമിയിലെ മാംദാന 'അവൻ വളരുവാൻ വേണ്ടി കുറഞ്ഞവൻ' ആയിരുന്നു. കൈനകരിയിലെ ചാവറയച്ചൻ 'റൂഹാദ്ക്കുദ്ശാ നിറഞ്ഞവൻ' സുവിശേഷമായ ഈശോയെ ഹൃദയത്തിൽ ദർശിച്ച് പ്രസംഗവേദിയിൽ അവിടുത്തെ പ്രഘോഷിച്ചു.

"ആദ്യമായി ചാവറ ധ്യാനം പ്രസംഗിച്ചത് പുളിങ്കുന്നിലാണ്. വിശ്വാസ പ്രകാശനത്തിനും അരൂപിയുടെ ദാനങ്ങൾക്കും ദൈവസ്നേഹത്തിലുള്ള വളർച്ചയ്ക്കുമായി ദാഹിച്ചിരുന്ന നല്ലനിലത്താണ് അദ്ദേഹം വിതറിയ ദൈവവചനം ചെന്നു വീണത്. അദ്ദേഹത്തെ ശ്രവിക്കുന്നതിന് ദൈവജനം ആവേശം പൂണ്ടു. കേരളത്തിലെ മിക്ക ദൈവാലയങ്ങളിലും, ആ "സിംഹത്തിന്റെ ഗർജ്ജനം മാറ്റൊലിക്കൊണ്ടു" എന്നാണ് ഫാ. കനീഷ്യസ് എടുത്തു പറയുന്നത്.[123]

ചാവറയിൽ യോഹന്നാൻ മാംദാനയും ഏലിയാ നിവ്യായും സന്നിഹിതരായിരുന്നെങ്കിൽ, ഈശോമിശിഹാ ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതം തന്നെ. അതിനാൽ ചാവറയുടെ പ്രസംഗമെന്നത് തികഞ്ഞ പ്രവാചകത്വത്തിന്റെ പ്രഘോഷണമായിരുന്നു. കേൾവിക്കാർ ചാവറയിൽ ഈശോയെ ദർശിച്ചു, ശ്രവിച്ചു, അനുഭവിച്ചു. സി.എം.ഐ. സഭയിൽ അന്വർത്ഥമാകേണ്ട പ്രസംഗശൈലിയാണ് ചാവറ കൈമാറിയത്.

അനുചിന്തകനായ ചാവറ ദൈവക്കണ്ണാടിയിലൂടെ തന്നെത്തന്നെ കാണുകയും പ്രസംഗത്തിലൂടെ ദൈവത്തെ ദൈവജനത്തിനു നല്കുകയും ചെയ്ത് ഒരു പ്രവാചകനായിത്തീർന്നു.

7:11 പങ്കുവയ്ക്കൽ

ഈശോയെ പിതാവ് എന്നഭിസംബോധന ചെയ്തുകൊണ്ട് അനുചിന്തനം നടത്തിയിരുന്ന ചാവറ ഈശോയുടെ മനോഭാവം സ്വായത്തമാക്കിയിരുന്നു. അനുചിന്തകനായ ചാവറ ഈശോയുടെ മുമ്പിൽ അനുതാപത്തോടെ: "ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തെ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലൊ." 'എന്നെക്കാണുന്നവൻ പിതാവിനെ കാണുന്നു' എന്നരുളിച്ചെയ്ത ഈശോയെയാണ് ചാവറ ദർശിച്ചതും അനുഭവിച്ചതും. ഈശോയ്ക്കുണ്ടായിരുന്ന ആവാനുഭവം 'പിതാവ് എന്നിലും ഞാൻ

പിതാവിലും' എന്നതായിരുന്നു. ആവാനുഭവം ഈശോയിൽ ഉളവാക്കിയ ഫലം ചിന്ത, തീരുമാനം, പ്രവൃത്തി, ജീവിതം എന്നിവയുടെ അനന്യവത്ക്കരണമായിരുന്നു. ഈശോ പറയുന്നു: "ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ, സ്വമേധയാ പറയുന്നതല്ല. പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്" (യോഹ. 14:10). ഈശോ ചെയ്യുന്ന പ്രവൃത്തികൾ പിതാവ് പുത്രന്റെ ഉൾക്കാഴ്ചയിലൂടെ നല്കുന്ന ദർശനത്തിന്റെയും ആവിഷ്ക്കരണത്തിന്റെയും ഫലമായി പുത്രനിൽ ഉണ്ടാകുന്ന മനസ്സാക്ഷിയുടെ രൂപവത്ക്കരണമാണ്. വചന പ്രഘോഷണത്തിന്റെയും അതുവഴിയുള്ള ജീവിത സാക്ഷ്യത്തിന്റെയും അടിസ്ഥാനവും ഇതുതന്നെയാണ്.[124] വീണ്ടും ഈശോ അരുളിച്ചെയ്യുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും.... നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ പാലിക്കും. സദാ കാലവും നിങ്ങളോടൊത്തുണ്ടായിരിക്കുവാൻ മറ്റൊരു പാറക്ക്ലേത്തായെ എന്റെ പ്രാർത്ഥനയുടെ ഫലമായി പിതാവ് നിങ്ങൾക്കു തരും"...."നിങ്ങൾ അവിടുത്തെ അറിയുന്നു. കാരണം, അവിടുന്നു നിങ്ങളോടൊത്തു വസിക്കുകയും നിങ്ങളിൽ ആയിരിക്കുകയും ചെയ്യുന്നു" (യോഹ. 14:12,15,17). ഈശോയെയും പിതാവിനെയും സ്നേഹിക്കുന്നവർക്ക് ഈശോ തന്നെത്തന്നെ വെളിപ്പെടുത്തുന്നു (യോഹ. 14:21). ഈ വെളിപ്പെടുത്തലിന്റെ സ്വഭാവത്തിൽ "പിതാവ് പുത്രനിലൂടെ റൂഹായിൽ" എന്ന അവസ്ഥയാണുണ്ടാകുന്നത് (യോഹ. 14:23-26).

ചാവറയുടെ അനുചിന്തനത്തിൽ റൂഹാദ്ക്കുദ്ശായുടെ നിവേശനവും പിതാവിന്റെ വെളിപ്പെടുത്തലും പുത്രന്റെ അനുഭവവും പ്രകടമായതാണ് അദ്ദേഹത്തിനുണ്ടായ ആബാനുഭവം. ഈശോയിൽ വസിച്ചിരുന്ന ചാവറയും വചനത്തിന്റെ ഉടമയും വചനത്തിന്റെ പ്രഘോഷകനുമായിത്തീർന്നു. ഈ പ്രഘോഷണം പ്രസംഗത്തിലൂടെ മാത്രമല്ല, മറിച്ച് ചാവറ ചെയ്തിരുന്ന എല്ലാ പ്രവർത്തനങ്ങളിലൂടെയും

സംഭവിച്ചു എന്നതാണ് ഇവിടെ പ്രതിപാദിക്കുന്നത്. അനുചിന്തനത്തിലൂടെ ലഭിച്ചതു പങ്കുവയ്ക്കുന്ന ചാവറ ദൈവാരാധനയുടെയും സേവനത്തിന്റെയും അടിസ്ഥാനം അനുചിന്തനമെന്നു വ്യക്തമാക്കുന്നു:

" ഇന്നതൊക്കെയുമോർത്താലെന്തൊരു വിസ്മയമേ!
ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെ സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ."[125]

ഇഹത്തിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവത്തിൽ അതിശയിക്കുന്ന ചാവറ തനിക്കു ലഭിച്ച ഉൾക്കാഴ്ച-അനുചിന്തനം-ശുശ്രൂഷയുടെ, സേവനത്തിന്റെ ശക്തിയാക്കി മാറ്റിയിരുന്നു. ചാവറയുടെ ഈ വിധത്തിലുള്ള ദർശനത്തെയാണ് അനുചിന്തനമെന്ന് മുകളിൽ വിവരിച്ചത്. ഈ അനുചിന്തനത്തിന്റെ ഫലമാണ് ചാവറ ചെയ്തിട്ടുള്ളതെല്ലാം. അദ്ദേഹത്തിന്റെ ശരീരവും ആത്മാവും ചേതനയുമെല്ലാം (1 തെസ. 5:23) സ്നേഹത്തിന്റെ തീവ്രമായ തീക്ഷ്ണതയാൽ കത്തിയെരിഞ്ഞിരുന്നു. അദ്ദേഹമതിനു നല്കുന്ന വ്യാഖ്യാനം കേൾക്കാം:

" എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയെ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ." [126]

ചാവറയുടെ പ്രാണവായുവും ഭക്ഷണപാനീയവും ദൈവമെന്നു പറയുന്നതിന്റെ അനുചിന്തനാത്മകമാനമെന്തെന്നു നോക്കാം. ദൈവത്തിന്റെ ശ്വാസത്താലാണ് മനുഷ്യൻ ജീവൻ പ്രാപിക്കുന്നത്. ദൈവം അരുളിച്ചെയ്യുന്നു: "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ രൂപപ്പെടുത്താം" (ഉത്പ. 1:27); "ദൈവം ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തി, തുടർന്ന് അവിടുന്ന് അവന്റെ നാസാരന്ധ്രത്തിലേയ്ക്കു തന്നെ ശ്വാസം - ജീവൻ - സന്നിവേശിപ്പിച്ചു. അങ്ങനെ

മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉത്പ. 2:7). 'ശ്വാസവുമെനിക്കു നീ' എന്ന് ചാവറ ഉദ്ഘോഷിച്ചപ്പോൾ ഉൾക്കാഴ്ചയിലൂടെ ദൈവ നിവേശിത സത്യം അനുഭവിക്കുകയായിരുന്നു. ഈ ശ്വാസമല്ലേ ശ്വാസ കോശത്തിലൂടെ മനുഷ്യനിൽ കടന്ന് രക്തത്തിലേയ്ക്കു - ഹൃദയത്തി ലേയ്ക്കു - പ്രവഹിച്ച് ജീവസ്രോതസ്സായി മാറുന്നത്. ഈശോ അരുളിച്ചെ യ്യുന്നു: "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തം കൊണ്ടുള്ള പുതിയ ഉടമ്പടിയാകുന്നു" (ലൂക്ക. 22:20). ശരീരത്തിന്റെ വലിയ അളവ് ദ്രാവകത്തിന്റേതാണ്. 'പാനം നീയെ' എന്നു പറയു മ്പോൾ ചാവറ ലയിക്കുന്നത് തന്നിലുള്ള ശക്തി മുഴുവനിലും അല്ലെ? ഇവിടെ ജലത്തിന്മേൽ ആവസിച്ച ദൈവത്തിന്റെ ശ്വാസം ജലത്തിന്മേൽ ചലിച്ച് ആവസിച്ച് അതിനെ രൂപസഹിതമാക്കി (ഉത്പ. 1:2). ദൈവ ത്തിന്റെ പാനീയശക്തി റൂഹായുടെ സാന്നിധ്യത്തെ വിളിച്ചറിയിക്കു ന്നില്ലെ? ഈശോയുടെ വാക്കുകൾ: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അയാൾ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്ന വന്റെ ഉള്ളിൽ നിന്ന്, തിരുവെഴുത്തുകൾ പറയുന്നതു പോലെ ജീവ ജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ. 7:37). ഇവിടെ ഈശോ സൂചിപ്പിക്കുന്നത് റൂഹായെക്കുറിച്ചാണല്ലോ. ചാവറ ദൈവ ത്തെ തന്റെ പാനീയത്തിലും അനുഭവിച്ചറിയുന്ന സ്ഥിതി വിശേഷ മാണ് നാം കാണുക.

"നീ യാവന" ഭക്ഷണമെന്നു ദൈവത്തെ അഭിസംബോധന ചെയ്യു ന്നതിന്റെ ഉൾക്കാഴ്ച എത്ര അത്യുത്തമമാണ്. ഈശോയുടെ വചനം: " ഞാനാണു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവനുള്ള അപ്പം. ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനു വേണ്ടിയുള്ള എന്റെ ശരീരമാകുന്നു" (യോഹ. 6:51). ശ്വാസം രക്തത്തിൽനിന്നും രക്തം ഭക്ഷണത്തിൽ നിന്നും പോഷകാംശം സ്വീകരിച്ച് മനുഷ്യനു സർവ്വസ്വമായിത്തീരു ന്നത് അനുനിമിഷം ഓരോ മനുഷ്യവ്യക്തിയിലും സംഭവിക്കുന്നതാണ്.

ഈ പ്രതീകങ്ങളിലൂടെ ചാവറ ദൈവത്തെ, പ. ത്രിത്വത്തെ ശ്വാസം, പാനീയം, ഭക്ഷണം എന്നിങ്ങനെ ദർശിക്കുന്നത് തന്റെ കവിതയിലൂടെ പങ്കു വയ്ക്കുന്നു. ചാവറയുടെ ഈ അനുഭവത്തിലേയ്ക്കു കൂടുതൽ ഇറങ്ങിച്ചെല്ലുമ്പോൾ എന്താണു കാണുന്നത്? പിതാവ് പുത്രനിലൂടെ സന്നിഹിതമായിക്കൊണ്ട് റൂഹാദ്കുദ്ശായിൽ മനുഷ്യർക്കു സംലഭ്യമാകുന്നു. അമ്മനുവേലനുഭവം മനുഷ്യർക്കു നല്കുന്നു. ഈ അമ്മനുവേൽ-ഈശോ- (ഏശ. 7:14, മത്താ. 1:23) മനുഷ്യർക്ക് ശ്വാസവും പാനീയവും ഭക്ഷണവുമായിത്തീർന്ന ശേഷമല്ലെ റൂഹായാകുന്ന ശ്വാസത്തെ ശ്ലീഹർക്കു നല്കിയത്. " അവിടുന്ന് ഇതു പറഞ്ഞശേഷം അവരുടെ മേൽ നിശ്വസിച്ചു കൊണ്ടരുളിച്ചെയ്തു; പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ. 20:22). ദൈവത്തിന്റെ ശ്വാസം മനുഷ്യനിൽ പ്രവേശിച്ചപ്പോൾ അവൻ ജീവനുള്ളവനെ ആയുള്ളു (ഉത്പ. 2:7). എന്നാൽ മനുഷ്യരുടെ ഭക്ഷണപാനീയമായിത്തീർന്ന ഈശോയിൽ, മനുഷ്യനെന്ന നിലിൽ അതു റൂഹാദ്കുദ്ശായുടെ സാന്നിധ്യമായിരുന്നു. ആ സാന്നിധ്യം ഈശോയെ മനുഷ്യരുടെ ഭക്ഷണ, പാനീയമാക്കിയതു വഴി ഈശോ ജീവദാതാവായിത്തീർന്നു (1 കോറി. 15:45). ഈശോ സ്ലീവായിൽ മഹത്തീകരിക്കപ്പെട്ടപ്പോൾ പിതാവിന്റെ സാന്നിധ്യവും റൂഹായുടെ ചൈതന്യവും പ്രകടമായതു കൊണ്ടല്ലേ, ശതാധിപൻ പ്രഖ്യാപിച്ചത്: "സത്യമായും ഈ മനുഷ്യൻ ദൈവ പുത്രനായിരുന്നു" (മർക്കോ. 15:39).

ചാവറ അനുചിന്തനത്തിലൂടെ ദൈവത്തെ ശ്വാസമായും ഭക്ഷണമായും പാനീയമായും കണ്ടത് തന്റെ എല്ലാ കഴിവുകളും വഴി ദൈവത്തെ സ്നേഹിക്കുന്ന അനുഭവം വഴിയാണ്. " എന്നുടെ സ്നേഹം നീയെ" എന്നു ചാവറ പാടിയപ്പോൾ ദൈവസ്നേഹത്തിന്റെ അനുഭൂതിയിൽ എന്താണ് അനുഭവപ്പെട്ടത്? "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടി സ്നേഹിക്കുക" (മത്താ. 22:37; നിയമ. 6:5) എന്നതാണ്. ചാവറയിലുണ്ടായിരുന്ന ശ്വാസവും സ്ഥൂലശരീരവും, ജലാംശം മുഴുവനും ദൈവ

സ്നേഹത്തിനായി പ്രതിഷ്ഠിതമാകുന്നതാണ് " ആരാധിപ്പാനും" എന്നതിൽ ദർശിക്കേണ്ടത്. ഈ അനുചിന്തനത്തിൽ മുഴുകുന്ന ചാവറ തന്റെ ശക്തി മുഴുവനും സഹജർക്കായി നീക്കി വയ്ക്കുന്നതാണ്. "നിന്നെ സേവി.....പ്പാനും" എന്നതിലൂടെയും പ്രകാശിപ്പിക്കുന്നത്. "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക" എന്നത് സ്നേഹത്തിന്റെ ശുശ്രൂഷാതലവശമാണ് (മത്താ. 22:39, ലേവ്യ. 19:18). ഈശോയുടെ വാക്കുകളിൽ സേവനത്തിന്റെ ദൈവികമാനം വ്യക്തമാണ്: "എന്റെ ഏറ്റം എളിയ ഈ സഹോദരങ്ങളിൽ ഒരാൾക്കുവേണ്ടി നിങ്ങൾ ഇതു ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണു നിങ്ങൾ ചെയ്തതെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 25:40).

അനുചിന്തനം പങ്കുവയ്ക്കുമ്പോൾ ദൈവദർശനം സഹോദരങ്ങളിൽ പ്രകടമാകുന്നുവെന്ന് യോഹന്നാൻ ശ്ലീഹായും സാക്ഷ്യപ്പെടുത്തുന്നു " ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. നാം പരസ്പരം സ്നേഹിക്കുന്നെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു" (1 യോഹ. 4:12). വീണ്ടും യോഹന്നാൻ തറപ്പിച്ചു പറയുന്നു: "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുകയും തന്റെ സഹോദരനെ വെറുക്കുകയും ചെയ്യുന്നവർ നുണയനാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല" (1 യോഹ. 4:20). അനുചിന്തനം പങ്കുവയ്ക്കുക എന്നതും ദൈവസ്നേഹത്തിന്റെ തിരുവിൽ നിന്നു പരസ്നേഹം ഉരുത്തിരിയുക എന്നതും ഒന്നു തന്നെ. ചാവറ എങ്ങനെയെല്ലാം അനുചിന്തനം പങ്കുവച്ചു എന്നു നമുക്കു കാണാം.

7:12 സാഹിത്യ കൃതികൾ

"സാഹിത്യത്തെയും ജീവിതത്തെയും ജീർണ്ണതാപചയങ്ങളിൽ നിന്നും ഉദാത്തവത്ക്കരിച്ചു - ഉയർത്തിക്കൊണ്ടു - വന്ന വ്യക്തി ആത്മ സാക്ഷാത്ക്കാരത്തിലൂടെ എല്ലാം സാധിച്ചു കഴിഞ്ഞുവെന്നതാണ് സർവ്വപ്രധാനം."[127] ആധുനിക കാലത്തെ ഒരു സാഹിത്യകാരൻ ചാവറയുടെ കൃതികളെ ആസ്പദമാക്കി വിലയിരുത്തിയിരിക്കുന്നത് ദൈവാനുഭവത്തിന്റെ പ്രകാശനമാണ് ചാവറക്കൃതികളെന്നല്ലേ. സി.എം.ഐ. സഭയുടെ ജനറാളായിരുന്ന ഡോക്ടർ തോമസ് അനിസീറ്റസ് ഐക്കര പറയുന്നത്: "ദൈവത്തിന്റെ മനുഷ്യനായി, ദൈവത്തിലേയ്ക്കു മനുഷ്യരെ നയിച്ച ആധ്യാത്മിക മനുഷ്യനായി അദ്ദേഹത്തെ (ചാവറയെ) മനസ്സിലാക്കാത്തിടത്തോളം കാലം ചാവറയച്ചന്റെ ഉത്കൃഷ്ടമായ വ്യക്തിത്വം നാം മനസ്സിലാക്കി എന്നു പറയാനാവില്ല. ആദ്യന്തം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ദൈവത്തെ സഹജർക്കു പ്രദാനം ചെയ്ത പുണ്യ പുരുഷനായിരുന്നു..... ജീവിതവും പ്രവർത്തനങ്ങളും വഴി വിലപ്പെട്ട സേവനങ്ങൾ കേരളത്തിനും കേരളീയർക്കും നല്കിയ ദൈവദാസൻ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ സമ്പൂർണ്ണകൃതികൾ .....പ്രകാശനം ചെയ്യാനിടയായത് സമസ്ത കേരളീയരുടെയും ഭാഗ്യമായി കരുതാം."[128] ചാവറയച്ചന്റെ സാഹിത്യകൃതികൾ നിരവധിയുണ്ട്. അവ ആത്മാനുതാപം, ധ്യാനസല്ലാപങ്ങൾ, കത്തുകൾ, അനസ്താസിയായുടെ രക്തസാക്ഷിത്വം, ചാവരുൾ, നാളാഗമങ്ങൾ തുടങ്ങിയവയാണ്.

ചാവറയുടെ കൃതികളിലെല്ലാം നിറഞ്ഞു നില്ക്കുന്നത് ദൈവാനുഭൂതിയുടെ മാനുഷിക ഭാഷ്യങ്ങളാണ്. ദൈവദർശനത്തിലൂടെ മനുഷ്യവിലയിരുത്തൽ നടത്തുന്ന, റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവനായ ചാവറ ധൂർത്തപുത്രനു സമാനം സ്വയം താരതമ്യപ്പെടുത്തുന്നു. എല്ലാ

സംഭവങ്ങളെയും ഏതു തരക്കാരെയും തികഞ്ഞ ഉൾക്കാഴ്ചയിലൂടെയാണ് ചാവറ ദർശിച്ചിരുന്നതെന്ന് അദ്ദേഹത്തിന്റെ സാഹിത്യകൃതികളെല്ലാം തന്നെ സാക്ഷ്യപ്പെടുത്തുന്നു.

നാളാഗമത്തിൽ അവുദീശോയോടു സ്നേഹം കാണിച്ച ചാവറയുടെ ചിത്രം മനോഹരമാണ്. അന്തോനിക്കത്തനാരെപ്പോലെയൊ, അതിൽ അധികമായോ റോക്കോസ് ശീശ്മയ്ക്കും അതുവഴി ചാവറയച്ചനും നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ച ആളാണ് തൊണ്ടനാട്ട് അന്തോനിക്കത്തനാർ. അദ്ദേഹത്തിന്റെ മഹറോൻ ശിക്ഷ നീക്കാൻ ചാവറയച്ചന്റെ സഹായം അഭ്യർത്ഥിച്ചപ്പോൾ യാതൊരു വൈമനസ്യവും പ്രകടിപ്പിക്കാതെ അതിനു വേണ്ട നടപടികൾ സ്വീകരിച്ചു.[129] അവുദീശോയുടെ മാനസാന്തരത്തിനും മറ്റു സഹായങ്ങൾ ചെയ്യുന്നതിനും വലിയ ത്യാഗം സഹിച്ച് ചാവറ പരിശ്രമിച്ചു.[130]

ചാവറയച്ചൻ അയച്ച കത്തുകളിൽ സാഹിത്യരചനകൾ ദൈവഭക്തിക്കും ദൈവൈക്യത്തിനും സഹായിക്കുമെന്നു വ്യക്തമാക്കുന്നു. "ഈ ചുരുങ്ങിയ ബുദ്ധി എല്ലാവരും കെട്ട സൂക്ഷിച്ചു പഠിച്ചാൽ കൊള്ളാം. പുണ്യത്തിന്റെ മുകളിൽ കേറുവാനും-കെറിയയിടത്തിൽ നിന്നു വിഴായവാനും-സൂക്ഷിച്ചനെർവഴിയായത-പഴുതെയുള്ള സംസാരത്തിനും മറ്റും അല്ലനെരവും കളയാതെ മുറപോലയുള്ള ഉല്ലാസം കഴിച്ച കിട്ടുന്ന നെരം ജ്ഞാനവായനയിൽ ചിലവഴിക്കണം.....ഇങ്ങനെ വായനമെൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിൻ മേൽ സന്തോഷമാകും. ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വച്ച കാണ്മാനായിട്ട ഈശോമിശിഹാ എഴുന്നള്ള ആത്മാവിനൊടുകൂടെ സംസാരിച്ചു തുടങ്ങും."[131]

ഈശോമിശിഹാ എഴുന്നെള്ളി വരുമ്പോൾ സംസാരിക്കുന്നതിന് ഇരിപ്പിടം കൊടുക്കണമല്ലോ. അനുചിന്തകനായ ചാവറ മൗതികാനുഭൂതിയിൽ തന്റെ ഹൃദയത്തെത്തന്നെ ഇരിപ്പിടമാക്കുന്നു. ഒരു പടികൂടി കടന്ന്

മനുഷ്യാവതാരത്തിൽ മാതൃമടിയിൽ ഇരിപ്പിടം കണ്ടെത്തിയ മിശി ഹായ്ക്ക് ചാവറ മാതാവിന്റെ മടിയുടെ ചൈതന്യത്തിൽ സഹൃദയം നല്കുന്ന ഉന്നതമായ അനുഭവമാണ് ആധ്യാത്മിക കൃതിയായ ധ്യാനസ ല്ലാപത്തിൽ തെളിഞ്ഞു കാണുന്നത്: "ഇതാ ഈ എന്റെ ഹൃദയം തുറ ന്നിരിക്കുന്നു. നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായി എന്റെ ദേവ മാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു."[10]

ചാവറകൃതികളിൽ തീർത്തും ആധ്യാത്മിക സ്വഭാവം നിറഞ്ഞു നില്ക്കുന്ന ധ്യാനസല്ലാപങ്ങളിൽ ദൈവ മനുഷ്യബന്ധത്തെ ഇത്ര മനോ ഹരമായ രീതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് മാനവ ദൈവികീകര ണത്തിന്റെ ഉദാത്ത രൂപമാണ്. ഈശോ ദൈവപിതാവിന്റെ ഉള്ളിൽ നിന്നും പുറപ്പെട്ടു വന്നത് മാതാവിന്റെ ഉള്ളിൽ വസിക്കുവാനാണ്. മാതാവിന്റെ ഹൃദയത്തെത്തന്നെ ചാവറയിൽ പ്രതിഷ്ഠിച്ചു കൊണ്ടും പിതാവിന്റെ മടിയെ (യോഹ. 1:18) അന്വർത്ഥമാക്കിക്കൊണ്ടും സ്നേഹാ നുഭവത്തിന്റെ അത്യുന്നതയിലേയ്ക്കു ചാവറ രൂപാന്തരപ്പെടുന്നു. സ്വർഗ്ഗ ഭാഗ്യമെന്നതു ദൈവത്തിൽ ആയിരിക്കുക എന്നതെങ്കിൽ ചാവറയിൽ ദൈവം – ഈശോ – സന്നിഹിതമായിരിക്കുന്ന അനുഭവം. അതും മാതൃ ഹൃദയത്തോടു കൂടി ഈശോയെ അനുഭവിക്കുന്ന രംഗം!

ചാവറകൃതികളിൽ ആധ്യാത്മിക, സാംസ്ക്കാരിക മേഖലകളെ ജീവിതാനുഭവത്തിലൂടെ കാവ്യാത്മകമായി അവതരിപ്പിക്കുന്ന ഒരു മിസ്റ്റിക് സാഹിത്യമാണ് 'അനസ്താസ്യായുടെ രക്തസാക്ഷിത്വം'. ഈ കവിതയിൽ ചാവറ തന്റെ ജീവിതാനുഭവം വരച്ചു കാട്ടുന്നുണ്ടല്ലോ. ചാവറ പാടുന്നു:

> "സൂക്ഷ്മമുള്ള പൂട്ടകത്തിൽ താഴ്ചയുള്ള പുണ്യ പൈതൽ
> നേത്ര കാഴ്ച താഴ്ത്തിയുള്ളിൽ ഭജിച്ചീടുന്നു.
> കീർത്തിയുള്ള തന്റെ ഗൃഹേ വളർന്നീടും നാളുതൊട്ടേ
> ആർത്തിയുള്ള തന്റെ പുണ്യശോഭ വീശിച്ചു."[11]

വൈകാരിക സ്നേഹത്തിന്റെയും ജഡികാനുഭവത്തിന്റെയും ഭാഷയും ശൈലിയും പൊന്തിനിന്നിരുന്ന ചാവറയുടെ കാലഘട്ടത്തിൽ ജഡിക രൂപാന്തരീകരണത്തിന്റെയും ആത്മസാക്ഷാത്കാരത്തിന്റെയും അനുഭൂതികളിലൂടെ ചേതനാത്മക മനോഹാരിത അവതരിപ്പിക്കുന്ന, നവശിഷ്യപദത്തിലുള്ള ദൈവാന്വേഷണത്തെയും ദൈവസ്നേഹാനുഭവത്തെയും അനസ്താസ്യായിൽ പ്രകാശമാനമാക്കുന്നതാണ് മുകളിൽ കാണുന്ന ചാവറക്കവിത.

മലയാളികൾക്കു ലഭിച്ച പ്രഥമ ഖണ്ഡകാവ്യമായ 'അനസ്താസ്യായുടെ രക്തസാക്ഷിത്വം' മാനവരാശി എപ്രകാരം ഭൗമികതയെ അലൗകികമാക്കി പ്രതിബന്ധങ്ങളെ നേരിടണമെന്നു പഠിപ്പിക്കുന്നതാണ്. നസ്രാണി സഭാജീവിതത്തിൽ കോളിളക്കം സൃഷ്ടിച്ച റോക്കോസ് മെത്രാന്റെ ആഗമനവും നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനുള്ള നസ്രാണികളുടെ അദമ്യമായ ലക്ഷ്യവും കവിതയുടെ പശ്ചാത്തലമാണ്. ആശ്രമ പ്രസ്ഥാനത്തിന്റെ മുന്നോടി എന്ന നിലയിൽ, ദൈവജനത്തിന്റെ വഴികാട്ടി എന്ന ലക്ഷ്യത്തിലും ദൈവത്തിനും ദൈവജനത്തിനുമെന്ന ചൈതന്യത്തിലും ഈ ഖണ്ഡകാവ്യത്തിലൂടെ ചാവറ തന്റെ അജഗണങ്ങളെ സഭയിൽ ഉറപ്പിച്ചു നിർത്തുന്നു.

മിശിഹായിൽ വിശ്വസിക്കുന്നവർ സഭയിലൂടെ ആ വിശ്വാസത്തെ കാത്തു സൂക്ഷിച്ച് വളർത്തിയെടുത്ത് ദൈവാനുഭവത്തിൽ ലയിക്കുന്നതിനുവേണ്ടി രചിച്ച ഈ കവിത ചാവറയുടെ ആധ്യാത്മികതയുടെ കാവ്യാത്മകാവിഷ്ക്കരണമാണ്. ഈശോയെ ഹൃദയമാകുന്ന മടിത്തട്ടിൽ പ്രതിഷ്ഠിച്ചു ധ്യാനിക്കുന്ന ചാവറ ഗാനമാലപിക്കുന്ന സുന്ദര രംഗം കവിതയിലും:

> "മന്നിലുള്ള മണവന്മാരല്ല നിന്റെ സ്നേഹ ഭർത്താ
> ഉന്നതൻ നിന്നോടു കൂടെ എന്നു നീ ഓർക്ക്."[134]
> "സ്നേഹമേറും മണവാളൻ ഈശോ തന്റെ മന്ദിരത്തിൽ
> ദാഹമോടെ കുടിവച്ചു മണിയറയിൽ."[135]

വിശ്വാസാനുഭവത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഉത്കൃഷ്ട കൃതികളാണ് ചാവറ മാനവരാശിക്കു പങ്കുവച്ചത്. ആത്മാനുതാപമെന്ന കാവ്യകൃതി തന്നെ ചാവറയച്ചന്റെ മൗതികാനുഭൂതി സുതരാം വ്യക്തമാക്കുന്നതാണ്.

എല്ലാ മനുഷ്യരും മുറുകെ പിടിക്കുന്നതും കൂടുങ്ങിപ്പോകുന്നതുമായ ഭൗമികലോകത്തെ നിത്യസുന്ദരമായ മോക്ഷത്തോട് ചാവറ താരതമ്യപ്പെടുത്തുന്നു. ദൈവിക മഹിമ ഗ്രഹിച്ചു കൊണ്ട് ഭൗമികതയെ കാണുന്നതു ശ്രേഷ്ഠമെന്നു കവി പാടുന്നു:

"ആകാശഗമനവു മാദിത്യ ചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലു പുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചു നോക്കിക്കൊണ്ട്

ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നു-
മിതിനെക്കണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനു
മിപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കി-
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം!"[136]

ഭൗമികമായവയിൽ കണ്ണുവച്ചു കൊണ്ട് സ്വർഗ്ഗീയമായവ തേടാതിരുന്ന നിമിഷങ്ങളെയോർത്തു ചാവറ കേഴുകയാണ്:

"എന്നിതൊക്കെയും കണ്ടു ഗ്രഹിപ്പാൻ കണ്ണു തന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തു ചെയ്തു!
കാണുന്ന വസ്തുവിനെ കണ്ടു കൊണ്ടതിൽ തന്നെ
നാണം കൂടാതെ മമ ശരണം വച്ചേനയ്യോ!."[137]

മർത്യതയിൽ നിന്ന് അമർത്യതയിലേയ്ക്കും ദൃശ്യമായവയിൽ നിന്നും അദൃശ്യമായവയിലേയ്ക്കും ലോകത്തിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കും മാനവർ രൂപാന്തരപ്പെടുന്നതിനായി മനുഷ്യാവതാരംവഴി

ഈ ഭൂമിയിൽ ജനിച്ചവനെ ദർശിച്ചുകൊണ്ട് ഉൾക്കണ്ണുകളെ കർത്താവിലേയ്ക്കു തിരിക്കുന്ന ചാവറയാണ് നമ്മുടെ മുമ്പിലുള്ളത്:

"ഉത്തരഭാഗെയുയർത്തുവാൻ ഞങ്ങളെ
യുത്തമനായ നീ മർത്ത്യനായി
ഊഴിയിതിൽ ശയനിക്കുന്നയുണ്ണിയെ
യൂനം കൂടാതഹം കാണാകേണം."[138]

ഐഹിക ജീവിത മുന്നേറ്റത്തിൽ അന്ത്യത്തെ ദർശിച്ചു കൊണ്ട് ജീവിതം മുഴുവനും പരിപാവനമാക്കുന്നതിനും നല്ലൊരു മരണത്താൽ ദൈവസന്നിധിയിലെത്തുന്നതിനും ചാവറ മാതാവിനോടു പ്രാർത്ഥിക്കുന്നു:

"മാതാവേ, മമ നാഥേ, ദാസനെയോർത്തീടണം
ത്രാതാവുതവരത്നമെത്രയോ നിന്നെസ്നേഹം
മുന്നമേ നിന്റെ ദാസനിപ്പൊഴുമിനിയെന്നും
മന്നിൽ നിന്നകന്നിടും നേരത്തിൽ വിശേഷമാ-
യെന്നെ നീയോർത്തു നിന്റെ പുത്രനോടപേക്ഷിച്ചു.
നല്ലൊരു മൃത്യുതന്നു രക്ഷിക്ക മമ താതേ.
നിന്നുടെ തിരുമുമ്പിലെന്നുടെ ദേഹം ദേഹി-
യിന്നിതാ കാഴ്ച വച്ചു നിന്നെ ഞാനേല്പിക്കുന്നേൻ."[139]

ചാവറയുടെ ദൈവദർശനവും ജീവിതവീക്ഷണവും അതിധന്യമായ രീതിയിൽ അദ്ദേഹത്തിന്റെ സാഹിത്യകൃതികളിൽ പ്രകടമായിരിക്കുന്നതിന്റെ അടിസ്ഥാനമാണ് ആത്മാനുതാപത്തിൽ കണ്ടത്.

ദർശന ഭവനമുണ്ടാക്കുന്നതിനാഗ്രഹിച്ച ആശ്രമ മുന്നോടിയായ ചാവറ ദൈവജനത്തിനു നന്മയുണ്ടാകുവാനായി എല്ലാ കഴിവുകളും വിനിയോഗിക്കുന്നതിൽ മുൻപന്തിയിൽ എത്തി. വിശ്വാസരഹസ്യങ്ങൾ

ജനജീവിതത്തിൽ ഉദ്ദീപിപ്പിക്കുവാനായി നാടൻ ഗാനവൃത്തങ്ങളിലൂടെ ചാവറ പരിശ്രമിച്ചു.

ചാവറയച്ചന്റെ സാഹിത്യകൃതികളെല്ലാം ആത്മീയ പ്രചോദിത മായിരുന്നുവെന്നതു തന്നെ അദ്ദേഹം ദിവ്യത്വത്തെ പ്രതിഫലിപ്പിക്കു ന്നതു കൊണ്ടാണെന്നു കാണാം. തികഞ്ഞ വിവേകത്തിന്റെ പ്രായോ ഗിക നിർദ്ദേശങ്ങളാണ് ചാവറയുടെ ധ്യാനക്കുറിപ്പുകളിൽ കാണുന്നത്: "വഴിയാത്രക്കാരനായിരിക്കുന്നവൻ വഴിയിൽ വച്ചു തന്നെ കൂടെക്കൂടെ നിന്ന അവൻ നടക്കുന്ന വഴി നെരെയുള്ളതോ അല്ലയോ എന്ന അവ ന്റെ മനം കൊണ്ടു വിചാരിച്ചു വരുന്നു. എന്നതിൻ വണ്ണം തന്നെ നിത്യ ത്തിലേയ്ക്കു യാത്രക്കാരനായിരിക്കുന്ന നീയും അല്പനേരം നിന്നു നീ ഇപ്പോൾ നടക്കുന്ന വഴി മോക്ഷത്തിന്നു നിന്നെ കൊണ്ടു പോ കുന്ന വഴിയൊ? നരകത്തിനു കൊണ്ടു പോകുന്ന വഴിയൊ? എന്നു വഴിപോലെ സൂക്ഷിച്ചു വിചാരിപ്പാൻ ന്യായമായിരിക്കുന്നു."[140] വിവേകമെന്ന സുകൃതം ഈശോയെ അനുഗമിക്കുന്നതിനും സഹോ ദരങ്ങൾക്കതു സാക്ഷ്യമാക്കുന്നതിനും ചാവറ "ദൈവവിളിയിന്മേൽ ധ്യാനം" വഴി വ്യക്തമാക്കുന്നു: "നിന്റെ ദിവ്യഗുരുവായിരിക്കുന്ന ഈശൊമ്ശിഹായ്ക്കു പിൻചെല്ലുന്നതിനും തന്റെ ഭാവനായി സകല ത്തിലും നടന്നു തന്റെ തിരുരക്തത്തിന്റെ അവർണ്ണനീയ മൂല്യത്താൽ വാങ്ങിയിട്ടുള്ള നിന്റെ ആത്മാവിനേയും മറ്റു സഹോദരങ്ങളുടെ ആത്മാ ക്കളേയും അവിടുത്തെ പക്കൽ ചേർക്കുന്നതിനും പാപത്തിൽ നിന്നൊ ഴിയുന്നതിനും മറ്റുള്ളവരുടെ പാപങ്ങൾ ഒഴിക്കുന്നതിനും പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റവരെക്കൊണ്ടു ചെയ്യിക്കുന്നതിനും അത്രെ ഈ അന്ത സ്തിന്നു നിന്നെ താൻ വിളിച്ചത്..... നിന്റെ ആത്മാവിനെ രക്ഷിച്ച് മറ്റ വരേയും രക്ഷിപ്പാൻ തക്കവണ്ണം നീ വേല ചെയ്വാൻ അവരുടെ ആത്മാ ക്കൾക്കു കൂടെ നീ കടക്കാരനായിരിക്കയിൽ ഈ നിന്റെ സ്വന്ത കട ത്തിനടുത്ത കാനോന നമസ്ക്കാരം, പൂജ, ധ്യാനജപങ്ങൾ മുതലായ തിനെ പലപ്പോഴും അന്യവിചാരങ്ങളോടു കൂടെയും ഭക്തിയില്ലാതെയും

മനം മടിയോടും കഴിച്ചു കൂട്ടി എങ്കിൽ മതിയായിരുന്നു എന്നുള്ള ഭാവം പോലെയും നിറവേറ്റി എന്നു കാണുകയും ചെയ്യും."[141]

മിശിഹാനുകരണമല്ല, മിശിഹാനുഗമനമെന്ന സുവിശേഷ ദൗത്യമാണ് ചാവറ തന്റെ ധ്യാന സാഹിത്യകൃതിയിലൂടെ മറ്റുള്ളവർക്ക് കൈമാറുന്നത്. അതും തിരുസ്സഭയുടെ ദൈവാരാധനയായ വി. കുർബാന, യാമപ്രാർത്ഥന തുടങ്ങിയവ സ്വകാര്യഭക്തിയല്ല മറിച്ച്, ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി ദൈവവിളി സ്വീകരിച്ചവർ നടത്തേണ്ട ഔദ്യോഗിക പ്രാർത്ഥനകളെന്നു ചാവറ നിർദ്ദേശിക്കുന്നതായി മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണി വ്യക്തമാക്കുന്നു. ആശ്രമസ്ഥർ നടത്തുന്ന ധ്യാനവും ദൈവാരാധനയും ദൈവജനത്തിനു വേണ്ടിയുമെന്ന് ചാവറ വിശ്വസിച്ചിരുന്നതായി ധ്യാനകൃതി വിളിച്ചറിയിക്കുന്നു.

ചാവറയുടെ ഏതു സാഹിത്യകൃതിയും ദൈവിക സംഭവങ്ങളെ ഉൾക്കൊള്ളുന്നതാണെന്ന് ചാവറ രചിച്ച നാടകങ്ങൾ തെളിയിക്കുന്നു. വൈദേശീയ കൃതികളെ കണ്ടറിഞ്ഞിരുന്ന ചാവറ 'എക്ളോഗുകൾ' എന്ന നാടകരൂപത്തിൽ മംഗളവാർത്തക്കാലത്തിന്റെ ചൈതന്യം മുറ്റി നില്ക്കുന്ന സംവിധാനമാണു പുറത്തു കൊണ്ടുവരുന്നത്. മഗ്ദ്ലേനാമാരും ആട്ടിയരും യൗസേപ്പിനോടും മാതാവിനോടും ചേർന്ന് ഈശോയെ സ്വീകരിച്ചു ബഹുമാനിക്കുന്നതാണ് എക്ളോഗുകളുടെ വിഷയം.[142]

സാഹിത്യകൃതികൾ എന്ന രീതിയിൽ അധികം പ്രചരിച്ചിട്ടില്ലാത്ത നിരവധി രേഖകൾ ചാവറയുടെ ജീവിതത്തിൽ ഉണ്ടായിരുന്നിരിക്കണമല്ലോ. അവയിൽ ഒന്നാണു ദാവീദച്ചൻ 1918 മെയ് 25-നു കൈമാറിയ ചാവറയച്ചൻ ചൊല്ലിയിരുന്ന പ്രാർത്ഥന.[143] ഈ പ്രാർത്ഥനയിൽ "ധ്യാനാരംഭക്രമം," "മാതാവിനോടു ജപം," "ഉഷഃകാലജപം," "വൈകിട്ടത്തെ നമസ്ക്കാരം," "കണ്ണടക്കത്തിനുള്ള പ്രാർത്ഥന", "പട്ടക്കാർ ദൈവത്തിനു ചിറ്റായ്മ ചെയ്യുന്ന ജപം" തുടങ്ങിയവയെല്ലാം കാണാം.[144]

കണ്ണടക്കുറവിൽ നിന്നുണ്ടായ വീഴ്ചകളെ പരിഹരിക്കുന്നതിനു പ്രാർത്ഥിക്കുന്ന ചാവറ നടത്തുന്ന മറ്റൊരു പ്രാർത്ഥന കൂടെ കാണാം. അതിന്റെ ശീർഷകമെന്തെന്ന് അറിഞ്ഞു കൂടായെങ്കിലും ആ പ്രാർത്ഥനയ്ക്കു സാർവ്വത്രിക പ്രാർത്ഥനയുടെ[145] സ്വഭാവമുള്ളതായി കാണാം. ".....ലോകത്തിലെ നന്മ പ്രവൃത്തികളൊക്കെയും കാഴ്ച വയ്ക്കുന്നതല്ലാതെ ഇപ്പോൾ ഇനിക്കുള്ളതും വരുവാനിരിക്കുന്നതുമായ ആത്മത്തിനും ശരീരത്തിനുമടുത്ത ദിഷ്ടതികൾക്കു വെണ്ടിട്ടും ഇനിക്ക സഹായവും തണുപ്പും ഉണ്ടാകെണ്ടിട്ടും ഞാൻ പട്ടാങ്ങയുള്ള മനസ്താപത്തൊടുകൂടെ ഇപ്പൊഴും എല്ലാപ്പൊഴും വെറുത്തുപെക്ഷിപ്പാൻ മനസ്സായി പ്രയാസപ്പെട്ടുവരുന്നു.....ജീവിക്കുന്നവരും മരിച്ചവരുമായും എന്റെ സംബന്ധക്കാരുടെയും സഹോദരന്മാരുടെയും സഹോദരിമാരുടെയും രക്തസംബന്ധക്കാരുടെയും സ്നേഹിതന്മാരുടെയും ശത്രുക്കളുടെയും അരൂപിക്കടുത്ത നന്മയെംകിലും ശരീരത്തിനടുത്തതെംകിലും ഇനിക്കു ചെയ്തിരിക്കുന്നവ ഉപകാരികളുടെയും ശ്രെഷ്ടന്മാരുടെയും എന്റെ കീഴുള്ളവരുടെയും ഞാൻ ഞെരുക്കി അല്ലെങ്കൽ ഉതപ്പിച്ചും.... അവരൊക്കെയുടെയും തണുപ്പിനും സഹായത്തിനും ശൂ:കത്തൊലിക്കാ പള്ളിയുടെ എല്ലാസ്ഥാനക്കാർക്കു വെണ്ടിയിട്ടും സത്യവേദ പ്രഭുക്കൾ തമ്മിൽ തമ്മിൽ അന്യോന്യവും നിരപ്പുമായിരിപ്പാൻ വെണ്ടിട്ടും ശു. മാർപ്പാപ്പായുടെ സൌഖ്യത്തിനും ബെസ്പുർക്കാനായിൽ ദുരിതപ്പെടുന്ന ആത്മാവുകളുടെ രക്ഷക്കും തണുപ്പിനും സന്ന്യാസി മഠങ്ങളുടെ രക്ഷക്കും വർദ്ധിപ്പിനും സത്യവിശ്വാസമില്ലാത്ത ജനങ്ങളുടെ മനസ്സു തിരിവിനും വെണ്ടിട്ടും..... പിന്നയും ഞങ്ങളുടെ കർത്താവീശൊമിശിഹായും തന്റെ ഭാഗ്യം നിറയപ്പെട്ട മാതാവായ കന്യാസ്ത്രി മറിയത്തുമ്മായും..... ശൂ:കത്തൊലിക്കാ പള്ളിയുടെ നിയൊഗം പൊലെയും .....ഈ പൂജയെ കഴിച്ച കാഴ്ച വെപ്പാനും ഈശൊമിശിഹായുടെ അയൊഗ്യ ശുശ്രൂഷി ആകുന്ന ഞാൻ (ഇന്നനാമം) മനസ്സായിരിക്കുന്നെൻ, ബാവായുടെ പുത്രന്റെയാ റൂഹാദ കുദശായുടെയും നാമത്താലെ ആമ്മെൻ ഈശൊ."[146]

ചാവറയച്ചന്റെ സാഹിത്യകൃതികൾ അനുചിന്തനാത്മകവും മൗതികവുമായ സവിശേഷതകൾ തുളുമ്പി നില്ക്കുന്നവയാണ്. അവ ഒന്നും തന്നെ ലൗകിക തലത്തിൽ മാത്രമായി കുടുങ്ങുന്നവയല്ല. മറിച്ച് ദൈവനിവേശിതമായ സാഹിത്യകൃതികളെന്നു വിശേഷിപ്പിക്കാവുന്നവയാണ്. നൂറാർക്കുദ്ദേശം നിറഞ്ഞ ചാവറ സാഹിത്യരചന നടത്തിയത് ദൈവികമാനുഷിക മേഖലകളുടെ കൂടിക്കാഴ്ചയിലൂടെയായിരുന്നു. ചാവറയുടെ സാഹിത്യകൃതികളെ വിലയിരുത്തുവാനും വ്യാഖ്യാനിക്കുവാനും മാനുഷികവീക്ഷണവും ദൈവിക കാഴ്ചപ്പാടും ഒന്നു ചേരേണ്ടതുണ്ട്. അതിനാൽ ചാവറയിൽ തന്നെ ഇപ്രകാരം ദൈവമനുഷ്യസംഗമം ഉണ്ടായിരുന്നുവെന്നു കാണാം.

7:13 ആധ്യാത്മിക തലങ്ങൾ

"സ്നേഹാഗ്നി നീ എന്നതും നിന്നുടെ ദയാനിധി
ദാഹിച്ചു കൊതിക്കുന്നേൻ മേ പാപം തടവിതോ!
എങ്കിലും സർവ്വേശാ നിന്നുടെ തിരുകൺകൾ
ശങ്കയേ നീക്കിടുന്നു എന്നുണ്ടാൻ സ്മരിക്കുന്നു
ശോഭിത തിരുമുഖം നോക്കുന്നനേരത്തുകൽ
താപത്തിനല്ല സ്നേഹം ശോഭിച്ചു വിളങ്ങുന്നു
ശിക്ഷിപ്പാനല്ല ചക്ഷുസ്സതിനെ പാർക്കുന്നപ്പോൾ
രക്ഷിപ്പാൻ വന്നേനെന്നു കാട്ടുന്നു കടാക്ഷത്താൽ"[147]

ചാവറയുടെ ആത്മജ്ഞാനം അനുതാപതലത്തിൽ നിന്നുമുയർന്ന് സ്നേഹതലത്തിൽ വിലയനം കൊള്ളുന്ന രംഗമാണിവിടെ കവി പ്രകാശിപ്പിക്കുന്നത്. ദൈവദർശനത്തിൽ സ്നേഹത്തിന്റെ പ്രഭയാണു മുന്നിട്ടു നില്ക്കുന്നത്. ദൈവദർശനത്താൽ പ്രകാശിതനായ ചാവറ ദൈവത്തിന്റെ അനുകമ്പാർദ്ര സ്നേഹത്താലാണ് പ്രകമ്പനം കൊള്ളുന്നത്. ദൈവം ചാവറയെ നോക്കുന്നത് കാണുവാനുള്ള ഉൾക്കാഴ്ചയാണ്

ചാവറയിൽ സജീവമാകുന്നത്. ഈ ഉൾക്കാഴ്ചയാണ് ഒരു മനുഷ്യവ്യക്തിയിലെ ഏറ്റവും ഉത്കൃഷ്ടവും പ്രഥമവുമായ ആധ്യാത്മിക ഇന്ദ്രിയം. ഈ ഇന്ദ്രിയമാണ് ആധ്യാത്മിക ദർശനങ്ങൾക്കെല്ലാം നിദാനമായി വരുന്നത്. ദൈവം യാഥാർത്ഥ്യങ്ങളെ ദർശിക്കുന്ന രീതിയിൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള ദൈവദാനം മനുഷ്യരിലുള്ളതിനെയാണ് ഉൾക്കാഴ്ച എന്നു പറയുന്നത്. മനുഷ്യനായ ഈശോ സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തി പിതാവിനോടു പ്രാർത്ഥിച്ചപ്പോൾ ഈ ഉൾക്കാഴ്ചയാണ് സജീവമായിരുന്നത് (യോഹ. 17:1). ഇവിടെ സൂചിപ്പിക്കുന്ന ഉൾക്കാഴ്ചയാണ് ഈശോമിശിഹായിലൂടെ ദൈവത്തിൽ നിന്നും ലഭിച്ചിരിക്കുന്നതെന്ന് വി.ശ്ലീഹാ പറയുന്നു. "ഈശോ മിശിഹാവഴി നാം അവിടുത്തെ ദത്തുപുത്രരായിത്തീരണമെന്ന് അവിടുന്ന് മുൻകൂട്ടി നിശ്ചയിച്ചു. അതായിരുന്നു അവിടുത്തെ അഭീഷ്ടവും മനസ്സും. അത് അവിടുന്നു തന്റെ പ്രിയപ്പെട്ടവനിലൂടെ നമുക്കു സൗജന്യമായി നൽകിയ കൃപയുടെ മഹത്ത്വം സ്തുതിക്കപ്പെടാൻ വേണ്ടിയായിരുന്നു. അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്തവിധം നമുക്കു മിശിഹായിൽ പാപമോചനവും അവിടുത്തെ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു. ഈ കൃപ അവിടുന്നു തന്റെ വിജ്ഞാനത്തിലും ഉൾക്കാഴ്ചയിലും നമ്മിൽ ധാരാളമായി ചൊരിഞ്ഞിരിക്കുന്നു" (അപ്പെ. 1:5-8).

ചാവറയിൽ ദൈവം ചൊരിഞ്ഞിരിക്കുന്ന ദൈവദാനത്തിന്റെ ശക്തിയാണ് ദൈവദർശനത്തിനവസരം നൽകുന്നത്. ദൈവം ചാവറയോടുകൂടെ എന്നതിനെക്കുറിച്ച് അദ്ദേഹം പാടുന്നു:

"അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം
മാലാഖാ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ പുത്രനെ കാണാകേണം
പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം."[148]

ആത്മാനുതാപം എന്ന കൃതിയിൽ മാത്രമല്ല, മറിച്ച് മറ്റെല്ലാ കൃതികളിലും ചാവറയുടെ ആധ്യാത്മിക ദർശനങ്ങളുണ്ടെന്നാണ് മുൻശീർഷകത്തിൽ വിവരിച്ചിരിക്കുന്നത്. ഈ ഭാഗത്തു ചാവറയുടെ ആധ്യാത്മിക ദർശനത്തെക്കുറിച്ചു മാത്രമാണ് പറയുന്നത്.

ചാവറയിലുണ്ടായിരുന്ന ആധ്യാത്മികദർശനം സമഗ്രവും മനുഷ്യജീവിതത്തെ ആകമാനം രൂപാന്തരപ്പെടുത്തുവാൻ ശക്തവുമായിരുന്നു. ആത്മാനുതാപത്തിന്റേയും താപസികതയുടേയും അനുധ്യാനത്തിന്റേയും ഫലമായി കഥാനായകനായ യോഗിയുടെ ജീവിതം രൂപാന്തരപ്പെട്ടതുപോലെ മറ്റുള്ളവരുടെയും ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനുള്ള അദമ്യമായ ആഗ്രഹം ചാവറയിലുണ്ടായിരുന്നു. ലോകം മുഴുവനേയും പ്രഭാപൂരിതമാക്കുന്നതിനുള്ള ചാവറയുടെ ആഗ്രഹം അദ്ദേഹത്തെ യോഗാനുഭൂതിയിലെത്തിച്ചു. ഈ ആധ്യാത്മികദർശനമാണ് സെമിനാരിയിലും കന്യകാലയസ്ഥാപനത്തിലും ചാവറയെ നയിച്ചിരുന്നത്. പ്രത്യേകിച്ച് സുശിക്ഷിതരായ വൈദികരുടെ അഭാവം നസ്രാണികളുടെ ഇടയിൽ ശക്തമായിരുന്നു. ഈ കുറവിനേയും ചാവര പരിഹരിക്കുന്നു. വെറും വൈദിക പരിശീലനം കൊണ്ടു തൃപ്തിപ്പെടാതെ ധ്യാനയോഗത്തിലൂടെ പൗരോഹിത്യത്തിന്റെ തനിമ കണ്ടെത്തുവാൻ ചാവറ എല്ലാവരേയും ആഹ്വാനം ചെയ്തിരുന്നു. വൈദികന്മാർ ധ്യാനിക്കേണ്ടത് എങ്ങനെയെന്ന് ചാവറ തന്നെ മാതൃക നൽകുന്നു. "എത്രയൊ പ്രാവശ്യം നീ തന്നെയും നിന്റെ ആത്മഗുരുവും മെല്പട്ടക്കാരന്റെ നാവും വഴിയായിട്ട ഭക്തിയുള്ള പുത്തൻ ജീവിതത്തിനു നിന്നെ വിളിച്ചു. കൂടപ്പിറപ്പെ! ഈ നല്ല പിതാവായ സർവ്വെശ്വരൻ നിന്റെയുള്ളിൽ ഇരുന്നുംകൊണ്ട ഇനിമെലാൽ എട്ടുദിവസത്തിലധികംനാൾ നീക്കം വരുത്താതെ അടുക്കെ അടുക്കെ കുമ്പസാരിക്കണം എന്നും ദിവസം പ്രതി മുടക്കം വരുത്താതെ കുറഞ്ഞൊരു നെരംഎംകിലും ധ്യാനിക്കണം എന്നും ദിവസം പ്രതി ആത്മശൊധന ചെയ്യണമെന്നും ഭക്തിയ്ക്കടുത്ത പുസ്തകങ്ങളും തങ്ങളുടെ അന്തസ്തിന്നും കടത്തിനും

അടുത്ത ജ്ഞാനപുസ്തകങ്ങളും ദിവസത്തിൽ കുറെനെരമെങ്കിലും വായിക്കണമെന്നും നിന്നെക്കൊണ്ടു തന്നെ ഈ വണ്ണമുള്ള പ്രതിജ്ഞകളെ ചെയ്യിച്ചു ഈ വണ്ണമുള്ള നൽമനസുണ്ടാകുകയും ചിലപ്പോൾ ആയതിൻ വണ്ണം നിശ്ചയിച്ചു തുടങ്ങുകയും വീണ്ടും കുറെ ദിവസം കഴിയുമ്പൊൾ മടിയാൽ ഇതൊക്കെയും വിട്ട വീണ്ടും മുൻപിലത്തെ തണുത്ത അന്തസ്തിൽ തന്നെ വീഴുകയും ചെയ്തു."[149]

ചാവറ ധൂർത്തപുത്രനെയും വീട്ടിലുള്ള പുത്രനെയും കണ്ടു കൊണ്ട് ഈശോയോടു നടത്തുന്ന സംഭാഷണം അദ്ദേഹത്തിന്റെ ഹൃദയാഭിലാഷങ്ങളുടെ ആവിഷ്ക്കരണമാണ്. വൈദികരെല്ലാം നിരന്തരഭക്തിയാൽ ദൈവൈകൃത്തിലായിരിക്കണമെന്ന് ചാവറ ആഗ്രഹിക്കുന്നു. എല്ലാറ്റിൽ നിന്നും പിന്തിരിഞ്ഞ് എപ്പോഴും ദൈവത്തിലായിരിക്കേണ്ടതിന് ചാവറ പ്രാർത്ഥിക്കുന്നു: "ഇപ്പൊൾ ഈ മുഴുവൻ ധ്യാനത്താൽ നിന്റെ പക്കൽ തന്നെ നീ ചെർത്തിരിക്കുന്നുവല്ലൊ. അയ്യൊ മനൊഗുണമുള്ള പിതാവെ! എന്റെ നന്നിയില്ലായ്ക ഒക്കയും എന്നൊടു നീ പൊറുത്തു കൊള്ളണമെ. യിനി ഒരുനാളും നിന്നിൽ നിന്ന ഞാൻ അകലുകയില്ലെന്നും എന്റെ ശക്തിഒക്കെയൊടും കൂടെ ഞാൻ പ്രതിജ്ഞ ചെയ്യും."[150] ധ്യാനത്തിന്റെ അവസാനം എല്ലാം ദൈവതിരുമനസ്സിന് ഏല്പിച്ചു കൊടുക്കുന്ന അനുഭവമാണ് മുന്നിട്ടു നില്ക്കുന്നത്: "നിന്റെ തിരുമനസിന്നു എന്റെ മനസിനെ കീഴ്പ്പെടുത്തി ഏൾപ്പിച്ചിരിക്കുന്നു. കർത്താവേ! നിന്റെ തിരുമനസ്സ! എന്നാ അതുതന്നെ അടിയന്റെ ഭാഗ്യം എന്നും നിശ്ചയിച്ചിരിക്കുന്നു. ഈ നിശ്ചയത്തിന്ന് അന്തരം വരായവാൻ എന്നെ നീ കാത്തുകൊള്ളണമെ. ഈ വണ്ണം അപെക്ഷിച്ചും അപ്രകാരം മെലാൽ വ്യാപരിപ്പാനും ധ്യാനത്താൽ പ്രതിജ്ഞ ചെയ്കയും വെണം."[151]

ചാവറയുടെ ആധ്യാത്മിക ദർശനത്തിലേയ്ക്കു കടന്നുചെന്ന ഡോ.കെ.എം. തരകൻ പറയുന്നത് ഇപ്രകാരമാണ്: "പുരോഹിതന്റെ

മഹത്തായ പദവിയെക്കുറിച്ച് അഗാധമായി, വളരെ അവഗാഢമായി ചിന്തിച്ച ചാവറയച്ചൻ ദൈവത്തിൽ നിന്നു കൂടുതൽ ശക്തി, ആധ്യാത്മിക ചൈതന്യം സംഭരിക്കുന്നില്ലെങ്കിൽ ജനത്തെ ദൈവവുമായി ബന്ധിപ്പിക്കുവാൻ പുരോഹിതനു കഴിയാതെ വരും എന്നുള്ള നിഗമനത്തിലാണെത്തിയത്."[152] വീണ്ടും ഡോ.തരകൻ പറയുന്നു: "ദൈവവുമായി മനുഷ്യരെ ബന്ധപ്പെടുത്തുവാൻ പുരോഹിതൻ വിശുദ്ധിയുടെ പാലമായി മാറേണ്ടതു 'ധ്യാനത്തിലൂടെയാണ്' എന്ന് ചാവറയച്ചൻ വ്യക്തമാക്കി."[153]

അമലോത്ഭവ കർമ്മെല മാതാവിന്റെ ദാസസംഘം രൂപപ്പെട്ടതിന്റെ അഭിനിവേശനം പുരോഹിതന്മാരുടെ കുറവു നികത്തുക എന്നതുമായിരുന്നു. എന്നാൽ, പുരോഹിതൻ എന്തിലാണു ദൈവത്തിന്റേയും മനുഷ്യരുടെയും ഇടയിൽ പാലമായിത്തീരേണ്ടത് എന്നത് ചാവറ പ്രായോഗികമാക്കിയെന്നാണ് ഒരത്മായ സാഹിത്യകാരൻ എടുത്തു കാട്ടുന്നത്. പുരോഹിതൻ മറ്റുള്ളവർക്കായി അർപ്പിത ജീവിതം നയിക്കുന്നതോടൊപ്പം അനുധ്യാനത്തിൽ കൂടി ദൈവത്തിൽ ചെന്നെത്തണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു. ആ ആഗ്രഹത്തെ പ്രാവർത്തികമാക്കാനുള്ള കർമ്മ പരിപാടി ആവിഷ്ക്കരിക്കുകയും ചെയ്തു. കേവലം ലോകത്തിൽ നിന്നുംഒഴിഞ്ഞു മാറി ഒരു യോഗിയായി മാത്രം കഴിയുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. മറിച്ച് മറ്റുള്ള പുരോഹിതന്മാർക്കും സഭയ്ക്കും പ്രയോജനപ്പെടത്തക്കവിധം ഈ പുരോഹിതന്മാരെ മുഴുവൻ ആധ്യാത്മിക ചൈതന്യത്താൽ സജ്ജരും ധന്യരുമാക്കാൻ സന്ന്യാസസഭ സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അങ്ങനെ വരുമ്പോൾ ചാവറയച്ചന്റെ ജീവിതദർശനത്തിന്റെ ഓരോരോ ഭാഗങ്ങൾ പ്രത്യേകം പ്രത്യേകം എടുത്തു പറയുവാൻ വലിയ വിഷമമുണ്ടാകയില്ല.[154]

ചാവറയച്ചൻ പൗരോഹിത്യത്തിലൂടെയും ആശ്രമ പ്രതിഷ്ഠയിലൂടെയും മാമ്മോദീസാ പ്രതിഷ്ഠയോട് ആത്മാർത്ഥത പുലർത്തിയിരുന്നു. ഈ ആത്മാർത്ഥതയിൽ നിന്നാണ് അദ്ദേഹം ചെയ്ത എല്ലാ

പ്രവൃത്തികളും ചൈതന്യം നിറഞ്ഞതായത്. ഈ ആധ്യാത്മിക ദർശനം ചാവറ കൃതികളിൽ നിറഞ്ഞു നിന്നിരുന്നു. കണ്ണിൽ കാണുന്ന നന്മ യെല്ലാം ചെയ്ത് തന്നെ എന്നതു പോലെ എല്ലാ മനുഷ്യരേയും ദൈവ മക്കളാക്കുവാനുള്ള ആധ്യാത്മിക ദർശനമാണ് ചാവറയ്ക്കുണ്ടായിരു ന്നത്.

ചാവറയുടെ ഉൾക്കാഴ്ചയിൽ ദൈവസ്വരം - ദൈവവചനം - സ്ഥൂലമായിത്തീർന്നപ്പോൾ അദ്ദേഹത്തിന്റെ മനസ്സാക്ഷി രൂപപ്പെട്ടു. ഈ മനസ്സാക്ഷിയുടെ വിഷയം 'ദൈവരാജ്യം ഭൂമിയിലും' എന്നതുതന്നെ. മറ്റൊന്നല്ല പരിപൂർണ്ണസ്നേഹമെന്നതും. അതിനാൽ ചാവറയിൽ രൂപം കൊണ്ട ആധ്യാത്മിക ദർശനം അദ്ദേഹത്തിന്റെ ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നീ ആധ്യാത്മിക ഇന്ദ്രിയങ്ങളെ സജീവമാക്കി. ആധ്യാ ത്മികമായ ഈ കഴിവുകളെയാണ് ഡോ. തരകൻ വിശ്വാസം, ശരണം, സ്നേഹം എന്നിവയിലൂടെ വിശേഷിപ്പിച്ചത്. ചാവറയിൽ ആധ്യാത്മിക ദർശനമുളവാക്കിയ ഫലമെന്തെന്ന് ഡേ.തരകൻ പറയുന്നു: "ഈ ഭൂമി യിലുള്ള എല്ലാ കാര്യങ്ങളെയും മനുഷ്യനെത്തന്നെയും പ്രതിനിമിഷം ആധ്യാത്മികമാക്കിക്കൊണ്ട് ദൈവസന്നിധിയിലേക്ക് എത്തിക്കുക എന്ന കർമ്മമാണ് നമുക്കു നിർവ്വഹിക്കാനുള്ളത്. അതുകൊണ്ട് പരസ്നേഹ മെന്നത് സമൂർത്തമാക്കാൻ കഴിയുന്നില്ലെങ്കിൽ ക്രൈസ്തവ ജീവിതം ധന്യമാവുകയില്ല എന്നാണ് ചാവറയച്ചൻ അസന്നിഗ്ദ്ധമായി പറയുന്നത്. ഒരുവശത്തു ദൈവവുമായി ഏകാന്തതയിൽ സമ്പർക്കം പുലർത്തുക, അങ്ങനെ അവിടെ നിന്നുലഭിക്കുന്ന ആധ്യാത്മിക ശക്തിയോടുകൂടി സമൂഹമദ്ധ്യത്തിൽ വന്ന് കൂടുതൽ കൂടുതൽ പ്രവർത്തിക്കുക. ഇതാ യിരുന്നു പ്രായോഗിക രംഗം."[155]

ദൈവത്തെ ദർശിച്ചിരുന്ന ചാവറ ദൈവത്തിന്റെ ഉൾക്കാഴ്ചയി ലൂടെ സഹജരേയും കണ്ടിരുന്നതുകൊണ്ട് ചാവറയ്ക്കുണ്ടായ ദൈവാ നുഗ്രഹം എല്ലാവർക്കുമുണ്ടാകണമെന്നാണ് നിയോഗം വച്ചിരുന്നത്.

"കേവലം നീയെന്നെ രക്ഷിപ്പതിനായി
കേണു പൈതൽ സമ മക്കാലത്തിൽ
കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം."[156]

മനുഷ്യർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായുണ്ടാകാനും വന്ന ഈശോയെ (യോഹ. 10:10) കേരളം മാത്രമല്ല ലോകം മുഴുവനും ദർശിക്കണമെന്നതായിരുന്നില്ലേ ചാവറയുടെ ആധ്യാത്മിക ദർശനം.

ഇപ്രകാരം ഒരു ഉൾക്കാഴ്ച ചാവറയ്ക്കുണ്ടായത് അദ്ദേഹം റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞിരുന്നതു കൊണ്ടാണ്. റൂഹായാൽ നയിക്കപ്പെടുന്നവർ ദൈവമക്കളുമാണ് (റോമ. 8:14). ദൈവമകനായ ചാവറ ദൈവത്തെ സദാ ദർശിച്ചതും അത്യുന്നത ദൈവാനുഭവത്തിൽ വിലയനം കൊണ്ടിരുന്നതും അദ്ദേഹത്തെ ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഒരു കണ്ണിയാക്കിത്തീർത്തു. സ്വർഗ്ഗരാജ്യത്തിന്റെ ചെറുപതിപ്പായ കുടുംബമാണല്ലോ മാനവരാശിയുടെ അടിസ്ഥാനം. അതുകൊണ്ട്, കുടുംബപ്രേഷിതനായി ചാവറയെ കണ്ടെത്താം.

7:14 കുടുംബപ്രേഷിതൻ

ചാവറയച്ചന്റെ ആധ്യാത്മികദർശനങ്ങളുടെയെല്ലാം ഭൗമിക പശ്ചാത്തലമായി നിലകൊണ്ടിരുന്നത് അദ്ദേഹത്തിന്റെ കുടുംബമായിരുന്നു. കുടുംബത്തെ ദൈവരാജ്യത്തിന്റെ കൂദാശയെന്നോണം അനുഭവിച്ച ചാവറ അതിന്റെ ദൈവ വിജ്ഞാനീയത്തിലേക്ക് നമ്മെ ആനയിക്കുന്നത്, "കുടുംബചട്ട"ത്തിലൂടെയാണ്. ചാവറയെ ജനിപ്പിച്ചു വളർത്തിയ കുടുംബം ഭാരതത്തിലെ കേരളനാട്ടിൽ കൈനകരി പ്രദേശമാണ്. അവിടുത്തെ ജനങ്ങൾക്കുള്ള കത്തിലാണ് "കുടുംബചട്ടമെന്ന" മെശയാനിക പ്രമാണരേഖ അവതരിപ്പിക്കുന്നത്.

ചാവറയനുഭവിച്ചറിഞ്ഞ ദൈവസ്നേഹം മനുഷ്യാവതാരപരമായി സാർവ്വത്രികമായിത്തീരേണ്ടതിനാണ് "കുടുംബചട്ടം" എഴുതി നൽകുന്നത്. ചാവറയുടെ സാഹിത്യകൃതികളിൽ എല്ലാം കൊണ്ടും പരമപ്രാധാന്യമർഹിക്കുന്നത് "കുടുംബചട്ടം" തന്നെ. കാരണം ദൈവം മനുഷ്യരുടെയിടയിൽ സന്നിഹിതനാകുന്നതിന്റെ അടിസ്ഥാനം കുടുംബമാണ്. കുടുംബസംവിധാനത്തിലൂടെയാണ് ദൈവം ഫലദായകമായ സ്നേഹത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്നത്. ദൈവം സ്നേഹമെന്ന് യോഹന്നാൻ ശ്ലീഹാ പറയുന്നത് (1 യോഹ. 4:8) മാനവരാശിക്ക് അനുഭവപ്പെടുന്നത് വിവാഹമെന്ന കൂദാശയ്ക്കനുസൃതം ജീവിക്കുന്ന ദമ്പതികളിലൂടെയാണ്. കൂദാശയ്ക്കനുസൃതമെന്നത് റൂഹാദ്ക്കുദ്ശായുടെ മാമ്മോദീസാ ജലം വഴി ദൈവസുതരാക്കപ്പെടുന്ന ഗാർഹികസഭയാണ്. ഈ സഭ നിലകൊള്ളുന്നത്, മിശിഹായുമായി സഗാഢം ബന്ധിതമായി ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗം മുഴുവനും ഉള്ള യോജിപ്പിന്റെയും കൂദാശയായ സഭയിലാണ്.[157] ഗാർഹികസഭയെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "മെശയാനിക ദമ്പതികൾ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ, മിശിഹായും സഭയുമായുള്ള ഐക്യത്തിന്റെയും ഫലദായകമായ സ്നേഹത്തിന്റെയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗഭാക്കുകളാകുകയും ചെയ്യുന്നു (അപ്പെ. 5:32). തങ്ങളുടെ ദാമ്പത്യജീവിതവും സന്താനങ്ങളുടെ വളർത്തലും പരിശീലനവും വഴി വിശുദ്ധി പ്രാപിക്കുവാൻ അവർ പരസ്പരം സഹായിക്കുന്നു. അങ്ങനെ ജീവിതാന്തസ്സിലും ജീവിതരീതിയിലും ദൈവജനത്തിന്റെ ഇടയിൽ അവർക്ക് അവരുടേതായ പ്രത്യേക ദൗത്യമുണ്ട് (1 കൊറി. 7:7). എന്തുകൊണ്ടെന്നാൽ അവരുടെ ഐക്യത്തിൽ നിന്ന് ഒരു കുടുംബം രൂപം കൊള്ളുന്നു. അവിടെ മനുഷ്യസമുദായത്തിന്റെ പുതിയ പൗരന്മാർ ജന്മമെടുക്കുകയും ചെയ്യുന്നു. ഇവർ ദൈവജനത്തിന്റെ, യുഗങ്ങളിലൂടെയുള്ള നിലനില്പിനുവേണ്ടി റൂഹാദ്ക്കുദ്ശായുടെ മാമ്മോദീസാ പ്രസാദവരം മൂലം ദൈവസുതരാക്കപ്പെടുന്നു. 'ഗാർഹികസഭ'യെന്ന്

വ്യവഹരിക്കപ്പെടാവുന്ന കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും മാതൃകകളും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടത്. കുടുംബാംഗങ്ങളിൽ ഓരോരുത്തരുടെയും പ്രത്യേക ദൈവവിളി പരിപോഷിപ്പിക്കേണ്ടതും അവർ തന്നെ."[158]

1964 നവംബർ 21-ാം തീയതി തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖ പുറപ്പെടുവിക്കുന്നതിന് 96 വർഷം മുമ്പ് 1868 ഫെബ്രുവരി 13 നാണ് ചാവറ "കുടുംബച്ചട്ടം" എന്ന പ്രമാണരേഖ കൈനകരിക്കോ, കേരളത്തിനോ, ഭാരതത്തിനോ മാത്രമല്ല മറിച്ച് മാനവരാശിക്ക് മുഴുവനുമായി കൈമാറിയത്. ശ്രേഷ്ഠമായ ഈ രേഖയിലുള്ള ആധ്യാത്മിക ദർശനത്തിലേക്ക് നമുക്ക് കടക്കാം.

ഘടനാപരമായി "കുടുംബചട്ട"ത്തിന് രണ്ടുഭാഗങ്ങളുണ്ട്. ഒന്നാമത്തേത് ഇരുപത്തിനാല് ഖണ്ഡികകളുള്ള നിയമാവലിയാണ്. രണ്ടാമത്തേത് മക്കളുടെ വളർത്തലിനെ സംബന്ധിച്ചുള്ള പതിനാറ് ഉപദേശങ്ങളാണ്. ചാവറയുടെ കാലത്തുള്ള ഭാഷാപ്രയോഗവും സാംസ്ക്കാരിക പശ്ചാത്തലവും ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്തമായതുകൊണ്ട് ആ രേഖയുടെ മൂല്യവും ശ്രേഷ്ഠതയും മനസ്സിലാക്കേണ്ടത് പ്രതിപാദനത്തിലുള്ള പ്രബന്ധത്തെ വിലയിരുത്തിക്കൊണ്ടാണ്.

പ്രബന്ധത്തിൽ കടന്നുവരുന്ന ആശയങ്ങൾ വിശുദ്ധഗ്രന്ഥത്തിന്റെയും വിശ്വാസസംഹിതകളുടെയും സഭാപാരമ്പര്യത്തിന്റെയും പിൻബലത്തിലൂടെയാണ്. ഗാർഹിക സഭയായ കുടുംബം കേന്ദ്രബിന്ദു. മാനവരാശി രൂപപ്പെടുന്നതും കുടുംബാന്തരീക്ഷത്തിലായതിനാൽ അതിന് ദൈവികമാനുഷിക സംഗമത്തിന്റെ മാനങ്ങളുണ്ട്.

സുവിശേഷശൈലിയിൽ, നല്ല ഇടയനായ ഈശോയുടെ മാതൃകയിൽ ലളിതസുന്ദരമായ സാദൃശ്യങ്ങളിലൂടെയാണ് ചാവറ ആധ്യാത്മികവും സാമൂഹികവും സാമ്പത്തികവുമായ പ്രായോഗികതകൾ ചൂണ്ടിക്കാട്ടുന്നത്. ത്രിത്വത്തിന്റെ ഭൗമിക പ്രകാശനമെന്ന നിലയിൽ

തിരുക്കുടുംബത്തിന്റെ മാതൃക ചാവറയുടെ കുടുംബദർശനത്തിൽ കടന്നുവരുന്നു. ശേഷസംഗ്രഹത്തിൽ കൊടുത്തിരിക്കുന്ന കുട്ടികളെ വളർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ദൈവികരഹസ്യങ്ങളുടെ മനുഷ്യാവതാരപരമായ തനി പ്രായോഗികതകളാണ്.

കൈനകരിക്കാർക്കെഴുതിയ ഒന്നാമത്തെ കത്തിലുള്ള ഇരുപത്തിനാല് മാർഗ്ഗരേഖകൾ മൗലിക വിശ്വാസരഹസ്യങ്ങളിൽ നിന്നുരുത്തിരിയുന്നവയാണ്.

1. നിയമത്തെയൊ പ്രവാചകന്മാരെയൊ നീക്കിക്കളയുവാനല്ല പൂർത്തിയാക്കുവാനാണ് ഞാൻ വന്നിരിക്കുന്നത് (മത്തായി. 5:17) എന്നരുളിച്ചെയ്ത ഈശോ നൽകിയ മഹോന്നത പ്രമാണമാണ് ചാവറകുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന് നിദാനമാക്കുന്നത്. (മത്താ. 22:37; 37:40; നിയമ. 6:5; ലേവ്യ. 19:18) മരണോത്ഥാനശേഷം ഈശോ ആശംസിച്ച സമാധാനം (യോഹ. 20:19) കുടംബാംഗങ്ങൾക്കുണ്ടാകുന്നത് നിത്യഭാഗ്യമെന്ന് ചാവറ പറയുന്നു.[159] അന്തശ്ഛിദ്രമുള്ള രാജ്യത്തിന് നിലനിൽക്കാൻ സാധിക്കുകയില്ല (മർക്കോ. 3:24) എന്ന കർത്തൃവചനത്തിലൂടെയാണ് കുടുംബാംഗങ്ങൾ തമ്മിലുണ്ടാകേണ്ട സ്നേഹത്തെക്കുറിച്ച് പറയുന്നത്.[160] ഗിരിപ്രഭാഷണത്തിന്റെ ചൈതന്യത്തിൽ (മത്താ. 6:14; 5:45-48) ക്ഷമിക്കേണ്ടതിനെക്കുറിച്ച് ഉപദേശിക്കുന്നു. ഏതുകാലത്തുള്ള ദൈവവിജ്ഞാനീയത്തേയും അതിശയിപ്പിക്കുന്ന വിശ്വാസാധിഷ്ഠിതമായ അവതരണമാണിവിടെ ചാവറ, സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ കാണുന്നത്.[161]

2. രാഷ്ട്രീയ ഭരണാധികാരികളുമായുണ്ടാകേണ്ട ബന്ധം സാക്ഷ്യത്തിന്റേതാകണം. അതായത് രാഷ്ട്രീയ വഴക്കുകൾ കുടുംബത്തിന്റെ ഭദ്രതയെ തകർക്കുന്നു. ഈ തത്ത്വം ലോകചരിത്രത്തിൽ വളരെ പ്രകടമായ ഒരു കാര്യമാണ്; പ്രത്യേകിച്ചും സഭാചരിത്രത്തിൽ. 4-ാം

നൂറ്റാണ്ടുമുതൽ സഭയെ രാഷ്ട്രം എന്തുമാത്രം സ്വാധീനിക്കുന്നുണ്ടെന്ന് ഇതുവരെയുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നു. രാഷ്ട്രം പലപ്പോഴും, സ്വാധീനശക്തിയുള്ള ഭരണമാണ് കാഴ്ച വയ്ക്കുന്നതും ആളുകളുടെ ഭൗമികകാര്യങ്ങളാണു ലക്ഷ്യം വയ്ക്കുന്നതും. കാര്യലാഭത്തിനുവേണ്ടി സർക്കാരുകളെ സമീപിക്കുന്നവർ പലപ്പോഴും കുടുബത്തിന്റെ ചൈതന്യമായ സ്നേഹവും സമാധാനവും അവഗണിക്കേണ്ടതായി വരുന്നതുകൊണ്ട് ആത്യന്തികമായി ഉപകാരമുണ്ടാകുകയില്ല.[162]

3. കർത്തൃദിനം ഫലപ്രദമായി ആഘോഷിക്കുന്നതിന് മറ്റൊരാഘോഷവും നടത്താതിരിക്കുന്നതുത്തമമെന്ന് ചാവറ നിഷ്കർഷിക്കുന്നു. ദൈവികവിചിന്തനത്തിനും ദൈവത്തിന്റെയും സഭയുടെയും നിശ്ചയമനുസരിച്ച് ആത്മകാര്യങ്ങൾ സവിശേഷമായി നടത്തുവാനും ഉള്ള ദിവസമാണ് ഞായറാഴ്ച. ചാവറ ആവശ്യപ്പെട്ടിരിക്കുന്ന കർത്തൃദിനാഘോഷം അവഗണിക്കുന്നതുകൊണ്ട് വിശ്വാസത്തിൽകുറവ്, സ്നേഹത്തിൽ വീഴ്ച, സമാധാനത്തിൽ നിന്നകൽച്ച, കുടുംബ തകർച്ച എന്നിവ അന്താരാഷ്ട്രതലത്തിൽ സംഭവിക്കുന്നു. ദൈവരാജ്യത്തിന്റെ നിയമമായ സാർവ്വത്രിക സ്നേഹം ഇല്ലാതാകുന്നു. കുടുംബം വെറും വസതികളായി മാറുന്നു. സാത്താന്റെ ദിവസങ്ങളായി ഞായറാഴ്ചകൾ തരം താഴുന്നു. വെറും അനുഷ്ഠാനപ്രധാനമായ ചടങ്ങായി ഞായറാഴ്ച ആചരണം തരം താഴുന്നു. മാനവരാശിയുടെ ധാർമ്മികതയിൽ പാപ്പരത്തവും കുടുംബങ്ങളിൽ നാരകീയതയും കൊടികുത്തി വാഴുന്നു.[163]

4. സാമ്പത്തികതലത്തിലെ പണമിടപാടുകളിലും ഉപവിയായിരിക്കണം മുന്നിട്ടുനിൽക്കേണ്ടതെന്ന് ചാവറ നിഷ്കർഷിക്കുന്നു. പണം ദൈവത്തേക്കാൾ ഉപകാരപ്രദമെന്ന മനോഭാവം ലോകത്തെ കീഴടക്കിയിരിക്കുന്ന ഇക്കാലത്ത് ചാവറ നൽകിയ "കുടുംബചട്ടം"

എത്രമാത്രം സാർവ്വത്രിക പ്രസക്തിയുള്ളതെന്നു വ്യക്തം. പണം വാഗ്ദ്ധാനം കൊടുക്കുന്നതിന്റെ കറുത്ത വശങ്ങൾ എത്രയെത്ര കുടുംബങ്ങളെയും, സംഘടനകളേയും, വ്യക്തികളേയും നശിപ്പിക്കുന്നുവെന്ന് വ്യക്തമാണ്. വാങ്ങിയ പണം കൊടുത്തുവീട്ടുന്നതിൽ ചാവറ അതിവ ശ്രദ്ധ കൊടുക്കുന്നതാണ് കുടുംബചട്ടത്തിന്റെ നാലാം ഖണ്ഡിക.[164]

5. ലൗകായതികത്വത്തോട് ബന്ധപ്പെടുത്തിയാണ് ചാവറ ദ്രവ്യ ഭാവത്തെ അവതരിപ്പിക്കുന്നത്. പ്രതാപത്തിനും പ്രശസ്തിക്കും വേണ്ടി മുതലാളിഭാവം നടിക്കുന്നവർ കാലക്രമേണ പാപ്പരത്തത്തിൽ നിപതിക്കുമെന്നത്, കാനേഷുമാരി കണക്കിലൂടെ തന്റെശക്തിയും മഹിമയും പ്രകടിപ്പിക്കുവാൻ നീങ്ങിയ ദാവീദു രാജാവിന്റെ അധഃപതനം വ്യക്തമാക്കുന്നതായി ചാവറ പറയുന്നു. (2 സാമു. 24:1-25). ദാവീദ് ദൈവാരാധനവഴി ദൈവത്തിലേയ്ക്കു തിരിഞ്ഞപ്പോഴാണ് ശിക്ഷയായി വന്ന പകർച്ച വ്യാധി നീങ്ങിയത്. മുതലാളിത്തഭാവം വെടിയണമെന്നു ചാവറ നിർദ്ദേശിക്കുമ്പോൾ 'ലോകത്തിനു മരിച്ചിരിക്കുക' എന്ന മാമ്മോദീസായുടെ ഒരു നിവർത്തനവശമല്ലെ കാര്യത്തിൽ കടന്നു വരുന്നത് (റോമ. 6). ഈശോ മരുഭൂമിയിൽ വച്ചു നേരിട്ട പ്രലോഭനത്തിലും ഇതു കടന്നു വരുന്നില്ലേ (ലൂക്ക. 4:5-8). ദ്രവ്യസ്ഥന്റെ ഭാവം കാണിക്കുന്നവൻ ഭിക്ഷതെണ്ടേണ്ടി വരുമെന്നും ചാവറ മുന്നറിയിപ്പു നൽകുന്നു.[165]

6. ധൂർത്തടിക്കുന്ന ആഘോഷങ്ങളെക്കുറിച്ച് ചാവറ പറയുമ്പോൾ അത്യാവശ്യ ചെലവുകളാണ് ഉദ്ദേശിച്ചത്. കുടുംബത്തിന്റെ തകർച്ചയ്ക്കും സമൂഹത്തിന്റെ വീഴ്ചയ്ക്കും സാമ്പത്തിക തകർച്ചക്കുമിടവരുന്നതാണ് അടിയന്തിരങ്ങൾ നടത്തുന്നതിലുള്ള വിവേകമില്ലായ്മ. ഒരു കൂട്ടർ ഇപ്രകാരം അടിയന്തിരം നടത്തുമ്പോൾ നിർബന്ധത്താൽ മറ്റുള്ളവരും അത് അനുകരിക്കുകയും വരവില്ലാത്തവർ അനധികൃതമായി വരവുണ്ടാക്കി ഘോഷിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ നിന്നു സമത്വം നഷ്ടപ്പെടുന്നതിനിത് ഇടവരുത്തും.

വെളിച്ചം ആവശ്യം ഇല്ലാത്ത പകൽ, വെളിച്ചം തെളിച്ചിട്ട് ഇരുട്ടു വരുമ്പോൾ അന്ധകാരത്തിൽ തപ്പിത്തടയുന്നതിനതു തുല്യമെന്നു ചാവറ സൂചിപ്പിക്കുന്നു.[166]

7. കുടുംബ കലഹങ്ങൾക്കും സാമൂദായിക അന്തശ്ഛിദ്രത്തിനും വ്യക്തി വൈരാഗ്യത്തിനും തീ കൊളുത്തുന്നതായ കുറ്റം പറച്ചിലുമായി വീടുകൾ കയറി ഇറങ്ങുന്നതിനെയും ചാവറ താക്കീതു ചെയ്യുന്നു. വീടുകൾ കയറി മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുന്നത് സ്വന്തകാര്യങ്ങളിൽ വീഴ്ച വരുത്തുന്നതിനിടവരുത്തുമെന്നു ചാവറ സൂചിപ്പിക്കുന്നു. സുന്ദരലളിതമായ ശൈലിയിൽ ചാവറ അവതരിപ്പിക്കുന്ന സത്യം എത്ര അടിസ്ഥാനപരമായതും മന:ശാസ്ത്ര ആധികാരികത ഉള്ളതുമെന്ന് കാണാം. കുടുംബത്തെ കെട്ടിപ്പടുക്കുക എന്ന സ്വധർമ്മത്തിൽ നിന്നു വ്യതിചലിച്ച് കുടുംബങ്ങളെ തകർക്കുന്നതാണ് മറ്റുള്ളവരുടെ കുടുംബകാര്യങ്ങളിൽ ഏർപ്പെടുന്നത്.[167]

8. ചാവറയുടെ കാലത്ത് എന്നതുപോലെ ഇന്നും പ്രസക്തമായ ഒരു സംഗതിയാണ് ബന്ധുത പുലർത്തുന്നതിന്റെ രീതി. രണ്ടു കാര്യങ്ങളാണ് ചാവറ എടുത്തുകാണിക്കുന്നത്. ഒന്നാമത്തേത് ക്രമമുള്ള കുടുംബമാണ്. ഉണ്ടായിരിക്കേണ്ട ക്രമം എന്തെന്നു എടുത്തു പറയുന്നില്ലെങ്കിലും കുടുംബചട്ടം ഒന്നിച്ച് എടുക്കുമ്പോൾ അതു വ്യക്തമാണ്. രണ്ടാമത്തെ ഘടകം ദൈവപേടിയുള്ള കുടുംബമായിരിക്കണമെന്നതാണ്. ദൈവപേടി എന്നത് നിഷേധാത്മകമായ ഒന്നല്ല, മറിച്ച് മാനുഷിക പരിമിതികളെക്കുറിച്ചുള്ള അവബോധവും അതുവഴി ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചുള്ള മുൻകരുതലുമെന്ന് ചാവറയുടെ ഇതര കൃതികളിൽ നിന്നു മനസ്സിലാക്കാം. ദൈവഭയം അറിവിന്റെ ആരംഭമെന്നു പരിശുദ്ധാത്മാവു പറയുമ്പോൾ (സുഭാ. 1:7), റൂഹായുടെ ദാനങ്ങളിൽ ഒന്നായ ദൈവഭയത്തിൽ, സ്നേഹത്തിൽ നിന്നുടലെടുക്കുന്ന മാനവരക്ഷയാണ്

ഉദ്ദേശിക്കുന്നതും. ബഹുമാനവും ഭക്തിയും നിമിത്തം സംജാത മാകുന്ന സ്നേഹത്തിന്റെ ഒരു പ്രത്യേക മനോഭാവമാണ് ദൈവഭയം. ദൈവത്തോടുള്ള വിധേയത്വത്തിലേക്കു മനുഷ്യരെ നയിക്കുന്ന ദൈവഭയം കുടുംബത്തെ ദൈവവാസസ്ഥലമാക്കിത്തീർക്കുവാനിടവരുത്തും. പുതിയ കുടുംബത്തിന്റെ രൂപവത്ക്കരണത്തിൽ സമ്പത്തുമാത്രം നോക്കിയാൽ വിലാപവും തകർച്ചയും വന്നു ഭവിക്കുമെന്നുവരെ ചാവറ പറഞ്ഞു വച്ചു.[168]

9. ദൈവപേടിയോടൊപ്പം സാംസ്ക്കാരികമായ മര്യാദയുടെ കാര്യത്തിലും ചാവറ കുടുംബ ഭദ്രതയെ അനുസ്മരിക്കുന്നു. സഹവാസവും സമ്പർക്കവും വലിയ സ്വാധീനശക്തിയുള്ള ഘടകങ്ങളായതിനാൽ കുടുംബത്തിൽ വരുന്നവരുടെ കാര്യത്തിൽ വിവേകമുണ്ടായിരിക്കണമെന്നുള്ള ഉപദേശമാണ് ചാവറ നൽകുന്നത്. കുടുംബത്തിലേക്കു കടന്നു വരുന്നവർ നല്ല സുഹൃത്തുക്കളാണെങ്കിൽ അവരുടെ സംസാരമാതൃക, ദൈവപേടി തുടങ്ങിയവ ഉത്തേജനാത്മകമായിരിക്കും. മറിച്ചായാൽ അത് എല്ലാ വിധത്തിലും കുടുംബ കൂട്ടായ്മയെ തകർക്കും.[169]

10. "മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീടിന്മേൽ വരികയും ചെയ്യും" എന്ന ചാവറയുടെ സാരോപദേശം യാക്കോബ് ശ്ലീഹായുടെ വാക്കുകളിൽ അധിഷ്ഠിതമാണ് (യാക്കോ. 3:6-12). ശ്ലീഹാ പറയുന്നു. "നാവുകൊണ്ടു കർത്താവിനേയും പിതാവിനേയും നാം വാഴ്ത്തുന്നു. അതേ നാവുകൊണ്ടു തന്നെ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരായ മനുഷ്യരെ നാം ദുഷിക്കുകയും ചെയ്യുന്നു" (യാക്കോ. 3:9).

ക്രമമല്ലാത്ത സംസാരത്തെയും മിശിഹാനുയായികൾക്കു ചേരാത്ത വാക്കുകളെയും കുടുംബാന്തരീക്ഷത്തിൽ നിന്നു പാടെ ബഹിഷ്ക്കരിക്കണമെന്ന് ചാവറ എടുത്തു പറയുന്നു. സംസാരം വഴി

ഉണ്ടാകാവുന്ന തകരാറുകളും വ്യക്തി ബന്ധങ്ങളുടെ ഉലച്ചിലും പ്രത്യേകിച്ച് കുടുംബങ്ങളിൽ ഉണ്ടാകാവുന്ന പൊതുവായ അധാർമ്മികതയും കുറ്റാരോപണത്തിൽ നിന്നും ദുഷിച്ച സംസാരത്തിൽ നിന്നും വരാം. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് മേല്പറഞ്ഞ തിന്മയെ ദൂരീകരിക്കണമെന്ന് ചാവറ പറയുന്നു.[170]

11. നെറ്റിയിലെ വിയർപ്പുകൊണ്ട് ഭൂമിയിൽ അധ്വാനിച്ചു ജീവിക്കണമെന്ന ദൈവാജ്ഞയാണ് ചാവറ ഈ ഖണ്ഡികയിൽ സൂചിപ്പിക്കുന്നത്. വസ്തുക്കളുടെ പെരുപ്പമല്ല, ഉള്ള വസ്തുക്കളെ നന്നാക്കുന്നതാണ് ഉചിതമെന്ന് ചാവറ തെളിയിക്കുന്നു. ആധുനിക ലോകത്തിനു തന്നെ ചാവറ നൽകുന്ന ഒരു മാർഗ്ഗരേഖയാണിവിടെ ഉള്ളത്.

കൃഷിയേയും കൃഷിഭൂമിയേയും ആദായപ്രദമാക്കേണ്ടതിന് കഠിനാധ്വാനം ആവശ്യമുണ്ട്. ഇവിടെ ആരെയും ചൂഷണം ചെയ്യാതെ കായികവേല വഴി നേട്ടമുണ്ടാക്കുന്നത് മണ്ണിനെ പൊന്നാക്കുന്നതിനു തുല്യമാണ്. അധ്വാനത്തിനുപകരം യന്ത്രവത്ക്കരണത്തിലൂടെയും കീടനാശിനികളിലൂടെയും മനുഷ്യർ അലസരും മണ്ണ് ഫലശൂന്യവുമായിത്തീരുന്ന ദയനീയ കാഴ്ചയാണെവിടെയും. അധ്വാനിക്കുന്നവരെ ചൂഷണംചെയ്തുകൊണ്ട് ഇടയ്ക്കു നില്ക്കുന്നവർ കൊള്ളലാഭമുണ്ടാക്കുന്നത് മാനവരാശിക്കു ഭീഷണിയാണ്. ചാവറയുടെ വാക്കുകൾക്ക് വില കൊടുക്കാത്തവർ പ്രകൃതിയുടെ നിയമത്തിൽ നിന്നുതന്നെ വ്യതിചലിച്ച് കൃത്രിമ നേട്ടങ്ങളിൽ കുടുങ്ങുന്ന പരിതാപകരമായ അവസ്ഥ എവിടെയും ദൃശ്യമാണ്.[171]

12. മടിയും ജീവിതാന്തസ്സിനനുസൃതം ജോലി ചെയ്യാതിരിക്കുന്നതും മദ്യപാനത്തിലേക്കും ലോകത്തിന്റെ തിന്മയിലേക്കും മനുഷ്യരെ നയിക്കുന്നു. വിശദീകരണമോ തെളിവുകളോ ആവശ്യമില്ലാത്ത ഒരു വിഷയമാണിവിടെ ചാവറ അവതരിപ്പിക്കുന്നത്.

ശരീരത്തിനും മനസിനും ചേതനയ്ക്കും ഒരുപോലെ ഉപദ്രവം വരുത്തുന്ന തിന്മയാണ് മദ്യപാനം. വ്യക്തിത്വത്തിന്റെ വളർച്ചയ്ക്കും

വൈവാഹികജീവിതത്തിന്റെ സുസ്ഥിതിയ്ക്കും കുടുംബത്തിന്റെ രൂപവത്ക്കരണത്തിനുമെല്ലാം പേടിസ്വപ്നമാകുന്നതാണ് മദ്യപാനം. നിരവധി വൈകല്യങ്ങളെ അസ്തിത്വ തലത്തിൽ വിളിച്ചു വരുത്തുന്ന വിനയുമാണ് ലഹരി പിടിപ്പിക്കൽ. സാമ്പത്തിക തകർച്ചയും ധാർമ്മിക വീഴ്ചയും ഒപ്പം സംഭവിക്കുന്നു. സ്വധർമ്മ നിർവ്വഹണത്തിൽ വീഴ്ചയും പൊതുവേദിയിൽ നിരുത്തരവാദിത്വവും കൊടികുത്തി വാഴുന്നതിന് മദ്യപാനം ഇടവരുത്തുന്നു. കെട്ടിപ്പടുക്കുവാൻ നോക്കുന്നുവെങ്കിലും ഇടിച്ചു നിരത്തുന്നതാണ് അലസതയും മദ്യപാനാസക്തിയും. ഇതിനെതിരെ തൂലിക ചലിപ്പിച്ചിട്ട് ഒരു നൂറ്റാണ്ടായില്ല, എങ്കിലും ദുരന്തങ്ങൾ വരുത്തി വയ്ക്കുന്ന കാഴ്ചയാണെവിടെയും.[172]

13. കച്ചവടം നീതിപൂർവ്വം നടത്തുക എന്നതിനെക്കുറിച്ചു ചാവറ പറയുമ്പോൾ അതിനുള്ള സാങ്കേതിക തടസ്സങ്ങളും അദ്ദേഹം അനുസ്മരിപ്പിക്കുന്നു. ചൂഷണത്തിന്റെ വേലിയേറ്റം നിർബന്ധിതാനുഭവമായിത്തീർന്നു ലോകത്ത് എവിടെയും. മേല്ക്കോയ്മയ്ക്കു വേണ്ടി കൊള്ള ലാഭമുണ്ടാക്കുകയും ഗുണനിലവാരം കുറയ്ക്കുകയും ചെയ്യുന്ന കാഴ്ച സർവ്വ സാധാരണമായിരിക്കുന്നു. അന്താരാഷ്ട്ര രംഗത്തു തന്നെ പിടിച്ചു നില്ക്കണമെങ്കിൽ വൻശക്തികളുടെ കെണിയിൽ പെടാതെ പറ്റുകയില്ല. പണ്ടേ കുടുംബ ജീവിതമില്ലാതിരുന്ന വൈദേശികമേഖല ഇതര പ്രാദേശിക ഘടകങ്ങളെയും വിഴുങ്ങുന്നു. നിരവധി സംഘടനകൾ ഭൂമുഖത്തുണ്ടെങ്കിലും നീതിരാഹിത്യത്തിൽ അവയെല്ലാം കച്ചവടത്തെ സ്വാർത്ഥപൂരണത്തിനായി വിനിയോഗിക്കുന്നു. കച്ചവടം മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനുള്ള അവസരമാക്കണമെന്നാണ് ചാവറ ഊന്നിപ്പറയുന്നത്. ദൈവത്തിൽ ആശ്രയിച്ചു കച്ചവടം നടത്തുന്നവർക്ക് നീതിബോധവും ആവശ്യമായ സാമ്പത്തിക നേട്ടവുമുണ്ടാകും. ദരിദ്രരെ സഹായിക്കുന്നതിൽ വീഴ്ച വരുത്തരുതെന്ന് ചാവറ പറയുന്നു.

"അന്യന്മാർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറും കൈയ്യോടു കൂടി നിന്റെ വീട്ടിൽ നിന്നു പോകാൻ നീ സമ്മതിക്കേണ്ട" ദാനധർമ്മം ചെയ്യുന്നതിൽ വീഴ്ച വരുത്തരുതെന്നും ഭയത്തേക്കാൾ സ്നേഹത്തിലുള്ള വ്യക്തി ബന്ധത്തിനവസരം നല്കണമെന്നും ചാവറ പറയുന്നു.[173]

4. പരോപകാര പ്രവൃത്തി ദൈവം മനുഷ്യനു നൽകുന്ന അടിസ്ഥാന കല്പനയാണ് (ലേവ്യ. 19:18) ഈശോമിശിഹാ വന്നത് തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കുവാനാണ്. ഈ സ്നേഹമാണ് പുതിയ കല്പനയായിത്തീർന്നതും (യോഹ. 13:34). പരോപകാരം വഴിയാണ് അദൃശ്യനായ ദൈവത്തെ ശുശ്രൂഷിക്കുവാനിട വരുന്നതും ദൈവരാജ്യത്തിനർഹത കൈവരുന്നതും (മത്താ. 25:31-46; 1 യോഹ. 4:12; യാക്കോ. 2:14-18). പരസ്പരം ഉപകാരം ചെയ്യുന്നത് അനുദിന പരിപാടിയിൽ ഉൾപ്പെടുത്തണമെന്ന് ചാവറ നിഷ്കർഷിക്കുന്നു. തനിക്കു വേണ്ടി അത്താഴം കഴിക്കുന്നതിനു മുമ്പ് മറ്റുള്ളവർക്കുള്ള ഉപകാരം ചെയ്തിരിക്കണമെന്ന് ചാവറ ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവരെകൂടാതെ മറ്റുള്ളവരുടേയും നമ്മുടേയും ഏക കർത്താവായ ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ലായെന്ന ചാവറയുടെ വിശ്വാസവും ബോദ്ധ്യവുമല്ലേ ഇപ്രകാരമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുവാൻ പ്രേരിപ്പിക്കുന്നത്.[174]

15. ധൂർത്തും ലുബ്ധും ഒരുപോലെ വർജ്ജിക്കേണ്ടതാണെന്ന് ചാവറ വ്യക്തമാക്കുന്നു. സാധാരണ ഗതിയിൽ വീട്ടുകാര്യങ്ങളെല്ലാം നടത്തിക്കൊണ്ടു പോകണം. ദാനധർമ്മങ്ങൾക്ക് വീഴ്ച വരുത്തരുത്. പണം കൂടുതൽ ലഭിച്ചാൽ ധർമ്മദാനം ഉപേക്ഷിക്കുന്നതു വഴി വലിയ വിപത്ത് വരുമെന്ന് മുന്നറിയിപ്പ് നൽകുന്നുണ്ട്. രോഗം വരുകയും ചികിത്സക്കായി പണം ചെലവഴിക്കുകയും ചെയ്യുന്നതു

വഴി ഉണ്ടായ വിപത്ത് ധർമ്മം ചെയ്യാതിരുന്നതു കൊണ്ടാണെന്ന് മാലാഖ വഴി ചാവറ പറയുന്നു. ഇവിടെ മാനവകൂട്ടായ്മ കുടുംബാന്തരീക്ഷത്തിൽ ഉണ്ടാകണമെന്നതാണ് വിവക്ഷ.[175]

16. ദാവീദ് രാജാവിന്റേയും ജോനാഥന്റേയും സുഹൃദ്ബന്ധത്തെ എടുത്തു കാട്ടിക്കൊണ്ട് ചാവറ കുടുംബാംഗങ്ങളെ പഠിപ്പിക്കുന്നത് ആത്മാർത്ഥസ്നേഹമാണ്. എന്നാൽ ഇവിടെ വ്യക്തമാക്കുന്ന വലിയൊരു സത്യം, ദൈവസ്നേഹത്തിൽ നിന്നു മാത്രമേ ആത്മാർത്ഥസ്നേഹം ഉരുത്തിരിയുകയുള്ളു എന്നതാണ്.

മനുഷ്യർക്ക് സ്നേഹം ലഭിക്കുന്നത് ദൈവം വഴിയായതുകൊണ്ട് ആ സ്നേഹത്തെ അനുഭവിക്കുക എന്നതാണ് ആദ്യപടി. യോഹന്നാൻ ശ്ലീഹാ പറയുന്നു: "ദൈവം നമ്മെ ആദ്യം സ്നേഹിച്ചു. അതിനാൽ നമുക്കും സ്നേഹിക്കാം" (1 യോഹ. 4:19). ദൈവസ്നേഹത്തിന്റെ സ്വഭാവത്തിലേയ്ക്ക് കടന്നുചെല്ലുമ്പോൾ കുടുംബത്തിന്റെ അടിത്തറ അവിടെ കണ്ടെത്താം. ഈ വസ്തുതയാണ് ഈശോയും എടുത്ത് പറയുന്നത്: "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വിയോജിപ്പിക്കാതെ ഇരിക്കട്ടെ" (മത്താ. 19:6, ഉത്പ. 1:27; 2:24). അധികം സുഹൃത്തുക്കൾ ഉണ്ടാകുകയും ഉറ്റമിത്രങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് നല്ലതല്ലായെന്ന് ചാവറ ഊന്നിപ്പറയുന്നു. കുടുംബബന്ധത്തിൽ ദൈവസ്നേഹം മുളയെടുക്കുകയും മക്കളിലൂടെ മുന്നേറുകയും സഹോദരരിലൂടെ അന്വർത്ഥമാകുകയും ചെയ്യുമ്പോൾ സൗഹൃദം പൂർണ്ണമാകും. അത് നിത്യസാമ്രാജ്യം കെട്ടിപ്പടുക്കുന്നതിന് ദാവീദിനു ലഭിച്ച ദൈവാഹ്വാനത്തിന്റെ സാക്ഷാത്കാരമായിരിക്കും. ഇതിന്റെ പൂർണമാതൃകയാണ് പിതാവിന്റെ ഹിതം നിറവേറ്റിയ ഈശോ സഭയിലൂടെ മാനവകുലത്തെ സ്നേഹിച്ചത് (അപ്പെ. 5).[176]

17. മോഷണം പാടില്ലെന്നു മാത്രമല്ല മോഷ്ടിച്ച വസ്തു ഒരുനിമിഷം പോലും ഗൃഹത്തിൽ സൂക്ഷിച്ചു വയ്ക്കരുതെന്ന് ചാവറ സൂചിപ്പിക്കുന്നു. അന്യരുടെ വസ്തുക്കൾ ആഗ്രഹിക്കുക പോലും കുറ്റകരമായിട്ടാണ് മുശെ വഴി ദൈവം ഇസ്രായേലിനെ പഠിപ്പിക്കുന്നത് (പുറ. 23:2-7). ഇവിടെ നീതിയുടെ പാലനമാണല്ലോ അടിസ്ഥാന ഘടകം. മറ്റുള്ളവർക്കർഹമായത് നമ്മുടെ പക്കലെത്തരുത്. നീതി ദൈവികവും പരിശുദ്ധിയുമാകകൊണ്ട് ഭൗതിക വസ്തുക്കൾ അതിനെ തകർക്കുവാനിടവരരുത്. ദൈവത്തേയും അവിടുത്തെ രാജ്യത്തെയും ആദ്യമായി അന്വേഷിക്കുക എന്നതാണു നീതി (മത്താ. 6:33). അതിനാൽ ദൈവസാന്നിധ്യത്തെ സജീവമാക്കുന്ന സഹോദര ബന്ധത്തിൽ ഉലച്ചിൽ വരുത്തുന്ന യാതൊന്നും ഭൗതിക വസ്തുക്കളുടെ മോഷണം വഴി ഉണ്ടാകരുത്. മോഷ്ടിച്ച വസ്തു സൂക്ഷിച്ചാൽ ആ ഭവനം കത്തിപ്പോകുമെന്നു വരെ ചാവറ പറഞ്ഞു വച്ചു.[177]

18. മാനുഷിക ബന്ധത്തിന്റെ നീതി പൂർവ്വകമായ മറ്റൊരു സുപ്രധാന ഘടകമാണ് ചാവറ ഇവിടെ അവതരിപ്പിക്കുന്നത്. ന്യായമായ കൂലി കൊടുക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ അത് അല്പം പോലും താമസിപ്പിക്കരുതെന്നു കൂടി പറയുന്നു. പാവപ്പെട്ടവരുടെ കണ്ണുനീർ പലപ്പോഴും അതിനു കാരണമാക്കുന്നവർക്ക് അപകടകാരിയാകും. വേലക്കാർ ശുശ്രൂഷിക്കുമ്പോൾ അവർ ദൈവ നിശ്ചയം നിറവേറ്റുന്നു. അതിന് ഇടവരുത്തുന്നവർ അവർക്ക് കൂലി കൊടുക്കുന്നതും ദൈവശുശ്രൂഷയാണ്, അതിൽ വീഴ്ച വരുത്തുമ്പോൾ ദൈവത്തോടും അവരോടും തന്നോട് തന്നെയും തെറ്റു ചെയ്യുന്നു. ശിക്ഷ മരണം വരെ എത്താമെന്ന് ലുവയിൻ നഗരത്തിലെ പാവപ്പെട്ട വിധവയുടെ സംഭവം വിവരിച്ചു കൊണ്ട് ചാവറ വ്യക്തമാക്കുന്നു. നിന്ന നിലയിൽ സ്തംഭിച്ചു വീണ മരണമാണ് ഗൃഹനാഥന് സംഭവിച്ചത്.

ഇവിടെയും ചാവറ കൊണ്ടുവരുന്ന സത്യം ദൈവ പേടിയും ഭക്തിയുമാണ്. ഭക്തി വഴിയാണ് തറവാടിന്റെ സൗഭാഗ്യം നില നിൽക്കേണ്ടത്. ദൈവത്തോടുള്ള ഭക്തി നിലനിർത്തുന്നതിനാവ ശ്യമായ രണ്ട് വ്യവസ്ഥകൾ ആയി ചാവറ പറയുന്നത് വിശുദ്ധ കുർബ്ബാനയും അനുരജ്ഞന കൂദാശയും ഫലപ്രദമായി നടത്തുക എന്നതാണ്. ഇതിലേക്കു നയിക്കുന്ന പ്രഥമചിന്ത വെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവത്തെക്കുറിച്ച് ഭക്തമായി ഇരിക്കുകയും ശനിയാഴ്ച മാതാവിന്റെ വ്യാകുലത്തിൽ ചേരുകയുമാണ്. ഇത് രണ്ടും വിശുദ്ധഗ്രന്ഥാധിഷ്ഠിത ഭക്തിയും വിശ്വാസബന്ധിയുമാണ്. നവനാളുകളും തിരുനാളാഘോഷങ്ങളും മാതൃഭക്തിയും യൗസേപ്പു പിതാവിനോടുള്ള ഭക്തിയും ദൈവഭക്തിയുടെ പൂരണങ്ങളായി ചാവറ നിർദ്ദേശിക്കുന്നു.

മോഷണത്തിന്റെ അപകടത്തെക്കുറിച്ചു പറഞ്ഞതിനുശേഷം ദൈവഭക്തിയെക്കുറിച്ചു പറഞ്ഞിരിക്കുന്നത് മോഷ്ടിക്കരുതെന്ന തിന്റെ വിപരീതസുകൃതം എന്തെന്നു കാണിക്കുവാനാണ്. ദൈവ ത്തോടു ചേർന്നിരിക്കുന്നവർ തന്നോടുതന്നെ വിശ്വസ്തരും മറ്റു ള്ളവരോടു സത്യസന്ധരുമാകും.[178]

19. സ്നേഹത്തിൽ ഒരു വിധത്തിലും വീഴ്ച വരാതിരിക്കുന്നതിനുള്ള താപസിക ഘടകമാണ് അടക്കമെന്ന സുകൃതം. അത് എല്ലായി ടത്തും എല്ലാറ്റിലും ഉണ്ടായിരിക്കണമെന്നതാണ് ചാവറയുടെ ആശയം. ഇരിപ്പ്, നടപ്പ്, കിടപ്പ്, കുളി, തുടങ്ങിയ എല്ലാ പ്രവൃത്തി കളിലും വിരക്തി പാലിക്കണമെന്ന് ചാവറ നിർദ്ദേശിക്കുന്നു. വിരക്തി എന്നതും ഭക്തി എന്ന സുകൃതത്തിന്റെ പ്രായോഗിക വശമാണ്. വീണ്ടും സ്നേഹമെന്ന പുണ്യത്തിന്റെ ശാരീരികവും വൈകാരികവുമായ ഘടകങ്ങളും വിരക്തി വരച്ചു കാട്ടുന്നു. വളർച്ച യുടെ കാലഘട്ടങ്ങളിൽ വസ്ത്രധാരണത്തിൽ ആൺകുട്ടികളും

പെൺകുട്ടികളും ശ്രദ്ധിക്കണമെന്നതും ചാവറ എടുത്തു പറയുന്നു. മറിച്ചായാൽ സ്പർശനത്തിലൂടെയും അതു വഴിയുള്ള പാപത്തിലൂടെയും സ്വർഗ്ഗ സൗഭാഗ്യം നഷ്ടപ്പെടുത്തുന്നവർ വിരളമല്ലാ എന്ന് കുടുംബചട്ടം ചൂണ്ടിക്കാട്ടുന്നു.

വിരക്തി എന്ന അവസ്ഥ കാത്തു സൂക്ഷിക്കുന്നതിന് കൈകൾ പോലും മറച്ചു സൂക്ഷിച്ച ഒരു പൈതലിന്റെ ഉദാഹരണം ചാവറ വിവരിക്കുന്നു. പ്രഥമ ശ്രവണത്തിൽ ബാലിശമെന്നു തോന്നാമെങ്കിലും മനഃശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നവയാണ് ചാവറയുടെ മുൻകരുതലുകൾ. പഞ്ചേന്ദ്രിയങ്ങളിലൂടെ ഉള്ളിൽ പ്രവേശിക്കുന്നവയെ ബോധപൂർവ്വം നിയന്ത്രിക്കേണ്ടതല്ലേ? ഈശോയും പറഞ്ഞിരിക്കുന്നത് (മത്താ. 6:22,23) കണ്ണുവഴി സൗഭാഗ്യം നഷ്ടപ്പെടുത്താതിരിക്കുന്നതിന് കണ്ണു തുരന്ന് കളയുന്നത് നല്ലതെന്നല്ലേ? ചാവറ പറയുന്നത് "അടക്കം പാലിച്ചു കൊണ്ട് സൗഭാഗ്യം ഉറപ്പു വരുത്തണമെന്നാണ്."[179]

20. ഏതനുഭവത്തിലും അവസ്ഥയിലും ദൈവതിരുമനസ്സിനു വിധേയപ്പെടുന്നതിനെക്കുറിച്ചാണ് ഈ ഖണ്ഡികയിൽ പ്രതിപാദിക്കുന്നത്. ഞെരുക്കങ്ങളും രോഗങ്ങളും പലപ്പോഴും മനുഷ്യരെ അലട്ടുന്നതെങ്കിൽ അവയിലൂടെയാണ് മനുഷ്യർ ദൈവതിരുമനസ്സിനു വിധേയപ്പെടേണ്ടതെന്ന് ചാവറ വിശ്വസിച്ചിരുന്നു, അങ്ങനെ പഠിപ്പിക്കുകയും ചെയ്തു. സ്വർണ്ണം അഗ്നിയിലൂടെ എന്നതുപോലെ മനുഷ്യർ രോഗത്തിലൂടെയും ഞെരുക്കത്തിലൂടെയും പവിത്രീകരിക്കപ്പെടുന്നു എന്നത് പ്രകൃതിയിലെ പ്രതിഭാസമാണ്. ഈ വസ്തുതകളെല്ലാം വിശുദ്ധ ഗ്രന്ഥം മുഴുവനിലും ദൃശ്യമാണ്. ജോബിന്റെ സഹനം (ജോബ്. 1:6). നന്മ കൊണ്ട് തിന്മയെ ജയിക്കുക എന്നതാണ് ഈശോയും പഠിപ്പിക്കുന്നത് (മത്താ. 5:38-42). ദൈവത്തിന്റെ പരിപാലനയിൽ അടിയുറച്ചു നില്ക്കുക എന്നതു തന്നെയാണ്

ഞെരുക്കത്തിലൂടെയും രോഗത്തിലൂടെയും ദൈവതിരുമനസ്സിന് വിധേയപ്പെടുക എന്നതും. ദൈവതിരുമനസ്സെന്നത് വിശുദ്ധീകരണവുമാണ് (1 തെസ. 4:3; അപ്പെ. 1:5).

ദീനവും ദു:ഖവും സങ്കടവുമില്ലാത്ത ഭവനങ്ങൾക്ക് അപകടമുണ്ടാകുമെന്നു വരെ ചാവറയച്ചൻ അംബ്രോസ് പുണ്യവാന്റെ അനുഭവം വച്ചു കൊണ്ട് വിവരിക്കുന്നു. പ്രകൃതിയിലൂടെ വരുന്ന കെടുതികളും വിശുദ്ധീകരണത്തിനായി ഉപകരിക്കുമെന്നു ചുരുക്കം.[180]

21. സത്ഗ്രന്ഥ പാരായണമാണ് നല്ല ജീവിതം നയിക്കുന്നതിനുള്ള മറ്റൊരുപാധിയായി ചാവറ എടുത്തു കാണിക്കുന്നത്. വിശ്വാസ വർദ്ധനവിനും അതിൽ നിലനില്ക്കുന്നതിനും ആവശ്യമായ വിജ്ഞാനമാണ് നല്ല ഗ്രന്ഥങ്ങൾ പ്രദാനം ചെയ്യുന്നത്. കുടുംബാന്തരീക്ഷത്തെ ദൈവരാജ്യ സമാനമാക്കുന്നതിന് നല്ല ഗ്രന്ഥങ്ങൾ ഉപകരിക്കുമെന്നു കണ്ടുകൊണ്ടാണല്ലൊ ചാവറ അച്ചടി ശാലയ്ക്ക് തുടക്കം കുറിച്ചത്.

പാവപ്പെട്ടവർ പോലും പണം മിച്ചംവച്ചു പുസ്തകം വാങ്ങി മറ്റുള്ളവരെക്കൊണ്ടു വായിപ്പിച്ച് കേട്ട് പുണ്യ ജീവിതം നയിക്കുന്നതും ചാവറ മാതൃകയായി പറയുന്നു. ദൈവിക സന്ദേശമാണ് സത്ഗ്രന്ഥങ്ങൾ വഴി സമീപസ്ഥമാകുന്നത്. ബുദ്ധിയുടെ പ്രകാശമാണ് വിശ്വാസത്തിന്റെ ആഴപ്പെടലിന് സഹായിക്കുന്നത്. മറിച്ചായാൽ ഉണ്ടാകുന്ന വിപത്തുകൾ എന്തുമാത്രമെന്ന് ലോകത്തെവിടെയും പ്രകടമാണ്. സന്തതസഹചാരി എന്ന വണ്ണം നല്ല ഗ്രന്ഥങ്ങൾ ഒരാളെ എന്നും സഹായിച്ചു കൊണ്ടിരിക്കും. ചാവറ ഉന്നം വയ്ക്കുന്നത് ആത്മീയ വളർച്ചയ്ക്ക് നല്ല ഗ്രന്ഥങ്ങൾ ഉപകരിക്കുമെന്നതാണ്.[181]

22. ആധ്യാത്മിക ജീവിതത്തിന് ആവശ്യമായ സത്ഗ്രന്ഥ പാരായണത്തോടൊപ്പം ഞായറാഴ്ച ശുദ്ധമായി ആഘോഷിക്കുന്നതും ഇട

ദിവസങ്ങളിൽ പ്രസംഗം ശ്രവിക്കുന്നതും ഉചിതമാണ്. ദൈവവചനം കേൾക്കുന്നതും അത് ധ്യാനിക്കുന്നതും ആത്മീയ ഭക്ഷണമായിത്തീരുന്നു. ഇതുവഴി മനുഷ്യർ ദീനാനുകമ്പയുള്ളവരുമാകും. അതുകൊണ്ടാണ് രോഗികളെ സന്ദർശിക്കുന്നതിന് ചാവറ നിർദ്ദേശിക്കുന്നത്. പ്രത്യേകിച്ചും സാധുക്കളായവരെ ചെന്നു കാണണമെന്നു ചാവറ പറയുന്നു. രോഗിയെ സന്ദർശിക്കുന്നത് ഈശോയെ ചെന്ന് കണ്ട് ശുശ്രൂഷിക്കുന്നതിന് തുല്യമാണ് (മത്താ. 25:29).

മാനവദൈവിക ഐകൃത്തിന് ഇടവരുത്തുന്ന പ്രവൃത്തികളാണ് ചാവറ ഇവിടെ എടുത്തു കാണിക്കുന്നത്. അതിനുള്ള പ്രേരണ സത്സ്വഭാവത്തിലൂടെയും ചൈതന്യം പ്രസംഗത്തിലൂടെയും ലഭിക്കുന്നു.[182]

23. വീടുകളിൽ വേലയ്ക്കു നിർത്തുന്നവരുടെ ആധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധവേണമെന്നതാണ് ഇവിടെയുള്ള നിർദ്ദേശം. അവരെ വെറും വസ്തുക്കളായി കാണാതെ ദൈവമക്കളായി കണ്ടുകൊണ്ട് അവരുടെ ആത്മീയ വളർച്ചയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നില്ലായെങ്കിൽ അതു പിശാചിന്റെ ഭരണത്തിനവസരം നൽകുന്നുവെന്നാണ് ചാവറ പറയുന്നത്. കുടുംബത്തിലുള്ളവർക്കും വാല്യക്കാർക്കും ഒരുപോലെ ആത്മനാശം വരുത്തുന്നതാണ് അന്ധകാരശക്തികളുടെ പ്രവർത്തനങ്ങൾ. അതിനാൽ വേലക്കാരുടെ യജമാനന്മാരാണ് ഗൃഹനാഥന്മാരെന്നു ചാവറ സൂചിപ്പിക്കുന്നു.[183]

24. ഗാർഹികസഭയായി നാം കുടുംബത്തെ കണക്കാക്കുന്നുവെങ്കിൽ ചാവറ സന്ന്യാസസമൂഹമെന്നതു പോലെയാണ് കുടുംബത്തെ പരിഗണിക്കുന്നത്. അതുകൊണ്ടാണ് സമയവിവരപ്പട്ടികയിലൂടെ കുടുംബക്രമത്തെ കാര്യക്ഷമമാക്കുന്നത്. ഉണർച്ച, പ്രഭാതജപം, ദൈവാരാധന, ഭക്ഷണം, സന്ധ്യാ പ്രാർത്ഥന, ത്രികാലജപം, പുസ്തകപാരായണം, ധ്യാനം എന്നീ ക്രമങ്ങൾ കുടുംബത്തിന്റെ

പ്രമാണരേഖയിലുണ്ട്. അതിഥികളായി വരുന്നവർക്കും സമയവി വരപ്പട്ടിക അനുസരിച്ചുള്ള ശുശ്രൂഷയാണ് ചെയ്യേണ്ടത്. ഇതുവഴി ദൈവസാന്നിധ്യമായിരിക്കും ഏവർക്കും അനുഭവപ്പെടുക. സന്മാ തൃക എന്ന പുണ്യവും പ്രകടമാകുന്നു. അവസാനം ആത്മശോധ നയും ശയനാരാധനയും ചാവറ നിർദ്ദേശിക്കുന്നുണ്ട്.

ഞായറാഴ്ചകളിലും മാസത്തിന്റെ ഒന്നാം ദിനവും കുടുംബക്രമം വീട്ടിൽ വായിച്ച് അതു സജീവമായി പാലിക്കണമെന്ന നിർദ്ദേശവും ചാവറ നൽകുന്നു. ആദിമസഭയുടെ മാതൃകയിലും സന്ന്യാസ ഗണ ങ്ങളുടെ ചൈതന്യത്തിലും രൂപപ്പെടുന്ന കുടുംബമാണ് ചാവറയുടെ ആധ്യാത്മിക ദർശനത്തിലുള്ളത്.[184]

കുടുംബചട്ടത്തിനുശേഷം സംഗ്രഹമായി കൊടുത്തിരിക്കുന്ന 'മക്കളുടെ വളർത്തൽ' എന്ന ഭാഗം മാനവരാശിക്കു തുടക്കം കുറിക്കുന്ന കുട്ടിക ളുടെ പരിശീലനത്തിൽ കേന്ദ്രീകൃതമാണ്.[185] ദൈവം ആദിമാതാപി താക്കളെ വളർത്തി ആദിമ പരിശുദ്ധിയിൽ നിർത്തിയതുപോലെ, ഈശോയും മാതാവും യൗസേപ്പ് താതനും റൂഹാദ്ക്കുദ്ശായാൽ പരി ശീലിപ്പിക്കപ്പെട്ടതുപോലെ കുട്ടികൾ ദൈവപേടിയിലും ഭക്തിയിലും വളർന്നുവരുന്നതിനുള്ള അന്തരീക്ഷമാണ് ചാവറ വിഭാവനം ചെയ്ത ത്. പതിനാറ് ഖണ്ഡികകളിലൂടെ നൽകിയിരിക്കുന്ന പ്രായോഗിക സമീപനം സഭയുടെ പഠനങ്ങളേയും വിശുദ്ധ ഗ്രന്ഥത്തിന്റെ നിത്യസ ത്യങ്ങളെയും മന:ശാസ്ത്രത്തിന്റെ വശങ്ങളേയും സർവ്വോപരി മനു ഷ്യന്റെ അനുഭവങ്ങളേയും കണക്കിലെടുത്തുകൊണ്ടാണ്.

ദൈവത്തെ സ്നേഹിച്ചും ഭയപ്പെട്ടും ജീവിക്കുന്നതിനായി ഈശോ, മറിയം, യൗസേപ്പ് എന്നിവരുടെ സംരക്ഷണയിൽ ഏല്പിക്കണം. ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി ജീവിച്ചത് തിരുക്കുടുംബത്തിന്റെ സഹാ യത്താലായിരുന്നു. വളർച്ചയ്ക്കനുസൃതമുള്ള ആത്മീയ ഭക്ഷണ മാണു ഭക്തി. വസ്ത്രധാരണത്തിലും നല്ല സംസാരത്തിലും കുട്ടികൾ മാതൃക കണ്ടെത്തണം. കുട്ടികൾക്ക് ആൺ പെൺ തിരിച്ചുള്ള കിടപ്പും

ഉണ്ടാകണം. മാതാപിതാക്കളുടെ കൂട്ടത്തിലുമാകരുത്. മാതാപിതാക്കളുടെ ശ്രദ്ധ എത്താത്തിടത്ത് കളിവിനോദങ്ങളിൽ ഏർപ്പെടുന്നത് "പറുദീസായിലെ ആദിപാപത്തിന്റെ ആവർത്തനത്തിനു" കുട്ടികൾക്ക് അവസരമാകും. വിജ്ഞാനത്തിനു പള്ളിക്കൂടത്തിൽ അയയ്ക്കുമ്പോഴും മാതാപിതാക്കളുടെ ശ്രദ്ധയുണ്ടാകണം. ഞായറാഴ്ച പഠനത്തെ വിലയിരുത്തണം. ബന്ധുക്കളുടെ ഭവനങ്ങളിൽ കുട്ടികളെ താമസിപ്പിക്കരുതെന്നു ചാവറ പറയുമ്പോൾ അവർ മാലാകാമാരായി അവശേഷിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. മറിച്ചായാൽ പ്രതിയോഗികളുമാകാം.

തിരിച്ചറിവിന്റെ കാലഘട്ടമെന്ന നിലയിൽ ഏഴാമത്തെ വയസ്സിൽ വി. കുർബാനയും അനുരജ്ഞന കൂദാശയും കുട്ടികൾ സ്വീകരിക്കണം. ദൈവ മാതൃഭക്തിയിൽ കൂടുതൽ ശ്രദ്ധിക്കുകയും വേണം. ഒൻപതാം ഖണ്ഡികയിൽ ചാവറ നിരവധി അടിസ്ഥാനഘടകങ്ങൾ എടുത്തു പറയുന്നതിൽ പ്രധാനം മാതാപിതാക്കൾ തമ്മിലുള്ള സ്നേഹ ബഹുമാനാദരവുകൾ കുട്ടികൾക്ക് കൈമാറണമെന്നതാണ്. സ്നേഹത്തോടും വ്യക്തിത്വ പരിഗണനയോടും കൂടെ കുറവുകളെ മനസ്സിലാക്കിതരുന്നതോടൊപ്പം ഭക്ഷണ ത്യാഗം, ശാരീരിക തപസ്സ് തുടങ്ങിയവയും ലഘുവായി നിർദ്ദേശിക്കാം. അമിതമായ കാർക്കശ്യവും അതിരുവിട്ട വാത്സല്യവും, നിഗളവും കോപവും ശിക്ഷയിൽ ശരണക്കേടും ലജ്ജയില്ലായ്മയും മാന്ദ്യവും വരുത്തിവയ്ക്കും.

പരമാർത്ഥത, നീതി, സ്നേഹം എന്നിവ ശൈശവത്തിൽത്തന്നെ കുട്ടികൾക്കു ലഭിക്കണം. മറിച്ചുള്ളവ താത്ക്കാലിക നന്മയ്ക്കും സ്ഥായിയായ വിപത്തിനുമിട വരുത്തും. കള്ളം, വഞ്ചന, തട്ടിപ്പ്, ചതി എന്നിവ കുട്ടികളെ തകർക്കുന്ന തിന്മകളായതിനാൽ അതിന്റെ ലാഞ്ഛന പോലും കുട്ടികൾക്കു ലഭിക്കരുത്. സന്ധ്യാപ്രാർത്ഥനയും മാതാപിതാക്കൾക്കും വന്ദനവും കസ്തൂരിചുംബനവും അഭ്യസിപ്പിക്കണം. പന്ത്രണ്ടാം വയസ്സു മുതൽ വിവാഹ പ്രായമായതിനാൽ നസ്രത്തിലെ മാതാവിന്റെ വാസം പോലെ കുട്ടികളെയും സംരക്ഷണപഥത്തിൽ നിറുത്തണം.

പെൺകുട്ടികളെ ഇല്ലാത്ത മോടിപിടിപ്പിക്കൽ അവരെ നരകത്തീയിൽ ഇടുന്നതിനു തുല്യമാണ്. കുട്ടികളുടെ ഇടയിൽ കലഹമുണ്ടാക്കുകയോ അഥവാ സംഭവിച്ചാൽ മാതാപിതാക്കളതു പൊലിപ്പിക്കുകയോ അരുത്.

പ്രായപൂർത്തി എത്തിയ കുട്ടികൾ ജീവിതാന്തസ്സ് ഉത്തരവാദിത്വത്തോടെ തെരെഞ്ഞെടുക്കണം. അതിനുള്ള ശിക്ഷണം വഴി അവർ ദൈവതിരുമനസ്സിനു വിധേയപ്പെടണം. സാംസ്ക്കാരികവും ദൈവികവുമായ ഘടകങ്ങൾ വിവാഹനിശ്ചയത്തിനു മാനദണ്ഡമാകണം. ആധിപത്യത്തെക്കാൾ സുതാര്യത പ്രായപൂർത്തി വന്നവരോടുണ്ടാകണം.

ഭാഗമുടമ്പടി നേരത്തെ നടത്തി പുതിയ കുടുംബങ്ങൾക്കു സ്വയം പര്യാപ്തത കൈവരിക്കുവാൻ അവസരം ക്രമീകരിക്കണം. മക്കൾ മാതാപിതാക്കളെ ബഹുമാനിച്ചും ആദരിച്ചും ശുശ്രൂഷിച്ചും നിത്യ ഭാഗ്യത്തിലേയ്ക്കു യാത്രയാക്കണം.

ദൈവികനിവേശനത്തിൽ കുതിർത്തെടുത്ത ഇത്ര മനോഹരമായ ഒരു കുടുംബച്ചട്ടം പത്തൊമ്പതാം നൂറ്റാണ്ടു വരെ കണ്ടിട്ടുണ്ടോ? പ്രതിഭയാർന്ന ഈ മാർഗ്ഗരേഖ അനുധാവനം ചെയ്യുന്ന ഒരു സമൂഹം കേരളത്തിൽ ചാവറയുടെ കാലശേഷമുണ്ടായിരുന്നതാണ് 20-ാം നൂറ്റാണ്ടിന്റെ പകുതി വരെ കേരളത്തിനുണ്ടായ എല്ലാ നേട്ടങ്ങളുടെയും അടിസ്ഥാനം. ഈ നേട്ടങ്ങളിൽ ചിലതാണ് കുടുംബ ഭദ്രത, ദൈവവിളി പ്രോത്സാഹനം, സഭാത്മക വളർച്ച, സാംസ്ക്കാരിക ഉന്നമനം പ്രത്യേകിച്ചും വിദ്യാഭ്യാസ മേഖലയിൽ തിളക്കം എന്നിവ. ചാവറയുടെ നിർദ്ദേശങ്ങൾ വിട്ട കുടുംബങ്ങളിൽ മദ്യപാനം, അസന്മാർഗ്ഗികത, ശിഥിലീകരണം ഇവ പകർച്ച വ്യാധിയായിത്തീർന്നു. സമുദായം ഇന്നു കാണുന്നതും മറ്റൊന്നല്ല. ചാവറയുടെ ഉൾക്കാഴ്ചയും ദൈവാനുഭവവും ബഹിർസ്ഫുരിച്ചതാണ് കുടുംബച്ചട്ടം. വീണ്ടും ചാവറയുടെ ആധ്യാത്മിക ദർശനത്തിന്റെ ഉള്ളിലേക്കു കടക്കാം.

7:15 മൗതികസോപാനങ്ങൾ

ആധ്യാത്മിക ദർശനത്തിന്റെ ഉറവിടം മതാത്മകതയുടെ സമ്പൂർണ്ണ അനുഭവമായ ദൈവൈക്യത്തിനിടവരുത്തുന്ന മൗതികതയാണ്. ദൈവസ്നേഹത്തിലുള്ള പരിപൂർണ്ണ വിലയനം ആണ് മൗതികത-രഹസ്യം-റാസ. ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആഘോഷിക്കുന്നതാണ് രഹസ്യങ്ങളുടെ ശുശ്രൂഷ.[186] മെശയാനികമായ ദൈവീകരണ പ്രക്രിയയാണ് പെസഹാരഹസ്യം. പെസഹാരഹസ്യത്തിൽ മുഴുകി ദൈവസ്നേഹത്തിൽ ലയിക്കുന്നതാണ് മിസ്റ്റിസിസം അഥവാ മൗതികത. അമ്മനുവേൽ അനുഭവത്തിൽ ജഡിക സ്നേഹം വൈകാരിക സ്നേഹത്തിലൂടെ ദൈവ സ്നേഹത്തിൽ സ്ഥിതി ചെയ്യുന്നതാണ് രഹസ്യാത്മക ജീവിതം - നിത്യജീവൻ - ദൈവിക ജീവൻ. സ്നേഹാനുഭവം അതിന്റെ തികവിൽ ദൈവസാന്നിധ്യാനുഭവമാണ്. ചാവറയുടെ ദൈവസ്നേഹാനുഭവത്തെക്കുറിച്ച് ഇപ്രകാരം കാണുന്നു: "ധ്യാനമെന്നത് സ്നേഹത്താൽ ദൈവത്തോട് ചേർന്ന്, തന്നോട് ഒന്നിച്ചിരുന്ന് സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം പോലെ ആത്മമണവാളൻ ആയ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന് സംസാരിക്കയത്രെ."[187]

നമ്മുടെ കൂടെയുള്ള ദൈവാവബോധത്തെക്കുറിച്ച് ആവിലായിലെ ത്രേസ്യാ പറയുന്നത് ദൈവം നമ്മുടെ ഉള്ളിൽ വസിക്കുന്നു എന്നതു സുപ്രധാനകാര്യമാണ്. നാം അവിടുത്തോടൊന്നായിരിക്കുകയും വേണം.[188] ദൈവസന്നിധിയൽ വ്യാപരിക്കുന്നത് നമ്മുടെ നിരന്തര അനുഭവമായി തീരുമ്പോൾ, ദൈവം തന്നെ നാം അവിടുത്തെ സന്നിധിയിൽ എന്ന അവബോധത്തിലേക്ക് നമ്മെ നയിക്കും.[189]

ധ്യാനസല്ലാപങ്ങളിൽ കാണുന്ന ചാവറയുടെ ദൈവസാന്നിധ്യാവബോധം, അദ്ദേഹം നിരന്തരം അഭ്യസിച്ചിരുന്നതെന്ന് അദ്ദേഹത്തിന്റെ

തുടർന്നുള്ള പ്രകരണങ്ങളിലൂടെ തെളിയുന്നുണ്ട്: "സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരെയും പഠിപ്പിക്കേണ്ട. പിന്നയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലൊ. എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും."[190]

ഇവിടെ ചാവറ പ്രകടമാക്കുന്നത് ദൈവം തന്റെ കരുണയാൽ ചാവറയിൽ സന്നിഹിതനായിരിക്കുന്നതു കൊണ്ട് ധ്യാനം പഠിപ്പിക്കുവാനില്ലാ മറിച്ച് ധ്യാനത്തിൽ ലയിച്ചിരുന്നാൽ മതി എന്നാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവനിവേശിതമായ ധ്യാനാനുഭവത്തിൽ എത്തിയ ചാവറയിൽ ദൈവസ്നേഹാനുഭവമാണ് കാണപ്പെടുന്നത്. ദൈവനിവേശിതധ്യാനം മൗതികതയുടെ അവസ്ഥയായതിനാൽ അതെക്കുറിച്ച് ചിന്തിക്കാം.

മിസ്റ്റിക്കൽ പ്രാർത്ഥനയിൽ ദൈവം നൽകുന്ന ദാനത്തെക്കുറിച്ച് ആഭ്യന്തര ഹർമ്മ്യത്തിൽ അമ്മ ത്രേസ്യാ വിവരിക്കുന്നു: "രാജാവ് തന്റെ വീഞ്ഞറയിൽ എന്നെ കൊണ്ടു വന്നു (ഉത്തമഗീതം. 1:3-2:4) അഥവാ പ്രവേശിപ്പിച്ചു എന്നാണെന്നു തോന്നുന്നു. അവൾ പറഞ്ഞ വാക്ക് അവൾ ചെന്നുകയറി എന്നുപറയുന്നില്ല. അപ്രകാരം തന്നെ പ്രാണനാഥനെ അങ്ങുമിങ്ങും അന്വേഷിച്ചു കൊണ്ട് അവൾ ചുറ്റിക്കറങ്ങുകയായിരുന്നു (ഉത്തമഗീതം. 3:1) എന്നും പറയുന്നുണ്ട്. കർത്താവിനിഷ്ടമുള്ള സമയത്തും വിധത്തിലും നമ്മെ പ്രവേശിപ്പിക്കുവാൻ അവിടുന്നു തിരുമനസ്സാകുന്ന വീഞ്ഞറ ഇതത്രേയെന്നാണു ഞാൻ മനസിലാക്കുന്നത്. എന്നാൽ നമ്മുടെ ശ്രമം കൊണ്ട് അതിൽ പ്രവേശിക്കുവാൻ നമുക്കു സാധിക്കുന്നതല്ല. ആത്മാവിന്റെ കേന്ദ്രത്തിലേയ്ക്ക് അവിടുന്നു തന്നെ നമ്മെ പ്രവേശിപ്പിക്കുകയും താൻ കൂടി അങ്ങോട്ട് കയറിവരുകയും വേണം..... നിദ്രയിൽ ലയിച്ചിരിക്കുന്ന നമ്മുടെ ആന്തരികശക്തികളും ഇന്ദ്രിയങ്ങളും തനിക്കു വേണ്ടി വാതിൽ തുറക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നില്ല. വാതിലൊന്നും കൂടാതെ തന്നെ താൻ

ആത്മാവിന്റെ കേന്ദ്രത്തിൽ സന്നിഹിതനായിക്കൊള്ളും. അങ്ങനെയാണല്ലോ അവിടുന്നു ശിഷ്യന്മാരുടെ മദ്ധ്യത്തിൽ വന്ന് "നിങ്ങൾക്കു സമാധാനം" (യോഹ. 20:19-21) എന്നു പറയുന്നതും മൂടിക്കല്ലു മാറ്റാതെ കല്ലറയിൽ നിന്നു പുറത്തു വന്നതും."[191]

ചാവറയുടെ ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും എല്ലാം ദൃശ്യമാകുന്ന ദൈവസന്നിധിയിലുള്ള വിലയനം അദ്ദേഹം ഒരു ഭക്തിയോഗി (mystic) ആയിരുന്നുവെന്നതു വ്യക്തമാക്കുന്നു.[192] കർമ്മെലീത്താ മിസ്റ്റിസിസത്തിന്റെ പശ്ചാത്തലമാണ് ചാവറയെ കൂടുതൽ സ്വാധീനിച്ചിട്ടുള്ളത്. അതുകൊണ്ട് കർമ്മെലീത്താ പാരമ്പര്യത്തിൽ മൗതിക ദൈവവിജ്ഞാനീയം എന്തെന്ന് ചർച്ച ചെയ്യാം.

റൂഹാദ്ക്കുദ്ശായുടെ ദാനങ്ങളിൽ സമൃദ്ധമായി വ്യാപരിക്കുന്നവർ മൗതിക ജീവിതത്തിലായിരിക്കുമെന്നാണ് ഫാ. ജസ്റ്റിൻ പനയ്ക്കൽ പറയുന്നത്.[193] പ്രാർത്ഥനയിൽ പുരോഗമിക്കുന്നതിനനുസൃതം കഴിവുകളെല്ലാം ദൈവത്തിൽ വിലയനം കൊള്ളുന്ന അനുഭവം ഉണ്ടാകുന്നു. ഇപ്രകാരം ശക്തികളുടെ നിരോധനവും മൗതിക സ്പർശനവും അനുഭവവേദ്യമാകും.[194]

വിശുദ്ധ അമ്മത്രേസ്യായുടെ പഠനങ്ങളിൽ നിന്നും മേൽപ്പറഞ്ഞവയുടെ സ്വഭാവം പ്രകടമാകുന്നു. അറിവിന്റെ കാര്യത്തിൽ ദൈവം വിരാമമിടുന്നു.[195] ദൈവത്തിന്റെ ഇപ്രകാരമുള്ള ഇടപെടൽ പലവിധത്തിലും പ്രാർത്ഥനാരീതികൾക്ക് തടസ്സമാകുന്നെങ്കിലും അവ ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള അവസരമായിത്തീരുന്നുവെന്ന് വിശുദ്ധ പറയുന്നു.[196] കഴിവുകൾക്ക് വിലക്കുണ്ടെങ്കിലും അവ പ്രവർത്തനശേഷിയോടെ തന്നെയായിരിക്കും അവശേഷിക്കുക. എന്നാൽ ഇവിടെ മൗതികാനുഭൂതിയിൽ ദൈവത്തിലോ ഏതെങ്കിലുമൊരു ദൈവിക രഹസ്യത്തിലൊ ശക്തിയിലോ കേന്ദ്രീകൃതം

ആയിരിക്കും. ഉൾക്കാഴ്ചയിലൂടെ ഉള്ള ദർശനമല്ലാതെ കാര്യകാരണ വിചിന്തനമോ ചിന്തയോ ഇല്ല.[197]

മൗതികസ്പർശനമെന്നത് ദൈവസാന്നിദ്ധ്യത്തിന്റെ സജീവത്വമാണ്, ഇരുട്ടത്ത് കൈയ്ക്കുപിടിച്ചിരിക്കുന്ന സുഹൃത്തിനെ കാണുന്നില്ലെങ്കിലും ഉണ്ടെന്നുള്ള അനുഭവം പോലെ.[198] ചേതനാത്മകതലത്തിലുള്ള അനുഭൂതി വിശേഷമാണ് മൗതികസ്പർശനം. കുരിശിന്റെ വി. യോഹന്നാന്റെ "സ്നേഹജ്വാലയിലെ" അനുഭവമാണ് ഉദാഹരണമായി ഫാ. ജസ്റ്റിൻ കാണിക്കുന്നത്. മൃദുലമായ കരത്തിന്റെയും സുതാര്യമായ സ്പർശനത്തിന്റെയും നിത്യാനുഭൂതി.[199] ദൈവിക സ്പർശനമെന്നത് നാഥനെ കാണുന്നില്ലെങ്കിലും അവിടുന്ന് അടുത്തുണ്ടെന്നുള്ള ഉറപ്പാണ്. സ്നേഹങ്ങൾ തമ്മിലുള്ള ഐക്യം. ആഴവും പരിപാവനവുമായ അനുഭൂതി വിശേഷം. അടിയറവു വെച്ചുള്ള അനുഭൂതിയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥാവിശേഷം.[200]

അടുത്തതായി കാണുവാനുമുള്ളത് മൗതികരുടെ- ദൈവാനുഭവസ്ഥരുടെ - ലക്ഷണങ്ങളേവയെന്നാണ്. കർമ്മെലയിലെ ഗുഹയിൽ അനുധ്യാനത്തിൽ മുഴുകിയിരുന്ന ഏലിയാ വിളിച്ചു പറഞ്ഞത് "സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിയുന്നുവെന്നാണ് (1 രാജാ. 19:9-10) കാഴ്ചയിലും അവസ്ഥയിലും സാധാരണക്കാരെപ്പോലെയെങ്കിലും ചേതനാത്മകതലത്തിൽ ദൈവികത നിറയുകയും അതിന്റേതായ ലക്ഷണങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നു.

ഒന്നാമതായി അതിസ്വാഭാവിക പ്രാർത്ഥന അനുഭവപ്പെടുന്നു. ദൈവവിജ്ഞാനീയ തലത്തിൽ പ്രാർത്ഥിക്കുക എന്നത് അതി സ്വാഭാവികമാണ്. എന്നാൽ മൗതികതയുടെ സവിശേഷതയായ അതിസ്വാഭാവികതയെക്കുറിച്ച് അമ്മത്രേസ്യാ പറയുമ്പോൾ അങ്ങനെയുള്ളവ സ്വാഭാവികം തന്നെ. കാരണം മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രവൃത്തിയാണിവിടെ മുന്നിട്ട് നിൽക്കുക. എന്നാൽ അതിസ്വാഭാവികമെന്ന് മൗതിക

ദൈവവിജ്ഞാനീയത്തിൽ പറയുമ്പോൾ അത് നമ്മുടെ യോഗ്യതയ്ക്കതീതമായി ദൈവിക പ്രവൃത്തിയായി നിലകൊള്ളുന്നതാണ്.[201] അതി സ്വാഭാവിക പ്രാർത്ഥനയെ മനുഷ്യർക്ക് ഇഷ്ടം പോലെ നടത്തുക സാധ്യമല്ല.[202]

രണ്ടാമത്തെ ലക്ഷണം ശാന്തപ്രാർത്ഥനയും ഐക്യപ്രാർത്ഥനയുമാണ്. അനുഭൂതിപരമായ ദൈവസാന്നിധ്യാവബോധമാണിവിടെ സജീവം. ആഗ്രഹിച്ചാൽ ഉണ്ടാകുന്നതൊ അവസാനിപ്പിക്കാവുന്നതൊ അല്ല ഇത്. ദൈവം ചേതനയിൽ പ്രാർത്ഥനാനുഭവം പ്രദാനം ചെയ്യുന്ന അനുഭവം. പ്രാർത്ഥനാരീതിയും ദൈവം തന്നെ നൽകുന്നു. തീർത്തും നമ്മുടെ പരിശ്രമത്തിനതീതമായി ദൈവം നൽകുന്ന കൃപയുടെ പ്രാർത്ഥനയാണിത്.[203] തുടക്കവും അവസാനിപ്പിക്കലും ദൈവത്തിൽ നിന്നുമാണെങ്കിലും ആത്മാവിന് ഒരുക്കങ്ങൾ ചെയ്യാം. തെറ്റുകൊണ്ട് നഷ്ടപ്പെടുത്തുകയും ആകാം.[204]

മൂന്നാമത്തെ ലക്ഷണം അനുചിന്തന പ്രാർത്ഥനയുടേതാണ്. സ്നേഹത്താലുള്ള നോക്കിയിരിപ്പാണ് അനുചിന്തനം. ഇതിനു വരുന്ന മൂന്നു ഘടകങ്ങൾ ഉൾക്കാഴ്ച വഴി സത്യത്തിൽ വ്യാപരിക്കലും, അതെക്കുറിച്ചുള്ള അഭിനന്ദനവും, സന്തുഷ്ടദായകമായ സ്നേഹവായ്പുമാണ്.[205]

നാലാമത്തെ ലക്ഷണം മൗതികാനുചിന്തനമാണ്. ദൈവദാനമായി ലഭിക്കുന്ന റൂഹാദാനത്തിന്റെ സാക്ഷാത്കാരമാണ് മൗതികധ്യാനത്തിൽ പ്രകടമാകുന്നത്. സാധാരണയായി റൂഹാദാനത്തിനു പ്രവർത്തനരാഹിത്യമുണ്ടാകുകയില്ലെങ്കിലും ആത്മാവിന്റെ രാത്രിയിലതു സംഭവിക്കാം.[206] ഏത് അനുചിന്തകനും മൗതികനായിരിക്കാമെങ്കിലും എല്ലാ മൗതികരും അനുചിന്തകരായിരിക്കണമെന്നില്ല.[207]

അഞ്ചാമത്തെ ലക്ഷണം ആധ്യാത്മിക വിവാഹ വാഗ്ദാനമാണ്. ഇതു നടക്കുന്നത് ബുദ്ധി, മനസ്സ്, ഓർമ്മ, ഭാവന, വികാരങ്ങൾ, ബാഹ്യേന്ദ്രിയങ്ങൾ തുടങ്ങിയവയെല്ലാം അതീന്ദ്രിയനായ ദൈവത്തോട്

ദൈവവിജ്ഞാനീയത്തിൽ പറയുമ്പോൾ അത് നമ്മുടെ യോഗ്യതയ്ക്കതീതമായി ദൈവിക പ്രവൃത്തിയായി നിലകൊള്ളുന്നതാണ്.[201] അതിസ്വാഭാവിക പ്രാർത്ഥനയെ മനുഷ്യർക്ക് ഇഷ്ടം പോലെ നടത്തുക സാധ്യമല്ല.[202]

രണ്ടാമത്തെ ലക്ഷണം ശാന്തപ്രാർത്ഥനയും ഐക്യപ്രാർത്ഥനയുമാണ്. അനുഭൂതിപരമായ ദൈവസാന്നിധ്യാവബോധമാണിവിടെ സജീവം. ആഗ്രഹിച്ചാൽ ഉണ്ടാകുന്നതൊ അവസാനിപ്പിക്കാവുന്നതൊ അല്ല ഇത്. ദൈവം ചേതനയിൽ പ്രാർത്ഥനാനുഭവം പ്രദാനം ചെയ്യുന്ന അനുഭവം. പ്രാർത്ഥനാരീതിയും ദൈവം തന്നെ നൽകുന്നു. തീർത്തും നമ്മുടെ പരിശ്രമത്തിനതീതമായി ദൈവം നൽകുന്ന കൃപയുടെ പ്രാർത്ഥനയാണിത്.[203] തുടക്കവും അവസാനിപ്പിക്കലും ദൈവത്തിൽ നിന്നുമാണെങ്കിലും ആത്മാവിന് ഒരുക്കങ്ങൾ ചെയ്യാം. തെറ്റുകൊണ്ട് നഷ്ടപ്പെടുത്തുകയും ആകാം.[204]

മൂന്നാമത്തെ ലക്ഷണം അനുചിന്തന പ്രാർത്ഥനയുടേതാണ്. സ്നേഹത്താലുള്ള നോക്കിയിരിപ്പാണ് അനുചിന്തനം. ഇതിനു വരുന്ന മൂന്നു ഘടകങ്ങൾ ഉൾക്കാഴ്ച വഴി സത്യത്തിൽ വ്യാപരിക്കലും, അതെക്കുറിച്ചുള്ള അഭിനന്ദനവും, സന്തുഷ്ടദായകമായ സ്നേഹവായ്പുമാണ്.[205]

നാലാമത്തെ ലക്ഷണം മൗതികാനുചിന്തനമാണ്. ദൈവദാനമായി ലഭിക്കുന്ന റൂഹാദാനത്തിന്റെ സാക്ഷാത്കാരമാണ് മൗതികധ്യാനത്തിൽ പ്രകടമാകുന്നത്. സാധാരണയായി റൂഹാദാനത്തിനു പ്രവർത്തനരാഹിത്യമുണ്ടാകുകയില്ലെങ്കിലും ആത്മാവിന്റെ രാത്രിയിലതു സംഭവിക്കാം.[206] ഏത് അനുചിന്തകനും മൗതികനായിരിക്കാമെങ്കിലും എല്ലാ മൗതികരും അനുചിന്തകരായിരിക്കണമെന്നില്ല.[207]

അഞ്ചാമത്തെ ലക്ഷണം ആധ്യാത്മിക വിവാഹ വാഗ്ദാനമാണ്. ഇതു നടക്കുന്നത് ബുദ്ധി, മനസ്സ്, ഓർമ്മ, ഭാവന, വികാരങ്ങൾ, ബാഹ്യേന്ദ്രിയങ്ങൾ തുടങ്ങിയവയെല്ലാം അതീന്ദ്രിയനായ ദൈവത്തോട്

ഐക്യപ്പെടുന്നതിലാണ്. ഇവിടെ ഐക്യമുണ്ടെങ്കിലും രണ്ടുപേർക്കും വൈവിധ്യമുണ്ട്. രണ്ടു തിരികളുടെ തീനാളങ്ങൾ ഒന്നിച്ചാലും തിരി രണ്ടായിരിക്കുന്നതുപോലെ.[208] ആധ്യാത്മിക വിവാഹത്തിനുള്ള ഒരുക്കത്തിലുണ്ടാകുന്ന സംഘർഷങ്ങളിവിടെ പ്രകടമാണ്.

ദൈവം ആത്മാവിനെ ശുദ്ധീകരിക്കുന്നതിവിടെയാണ്. വിമർശനങ്ങളും സംശയങ്ങളും ശാരീരികാസ്വാസ്ഥ്യങ്ങളും സുഹൃദ്നഷ്ടവും ദൈവം തന്നെ കൈവിട്ടെന്ന അനുഭവവുമെല്ലാം ഉണ്ടാകും. ഏഴാം ഭവനമായ ആധ്യാത്മിക വിവാഹത്തിനുമുമ്പുള്ള ശുദ്ധീകരണമാണിവിടെ സംഭവിക്കുന്നതെന്ന് വി. ത്രേസ്യാ പറയുന്നു.[209]

അസ്വാസ്ഥ്യങ്ങളെ തുടർന്നനുഭവപ്പെടുന്ന മൗതിക പ്രതിഭാസങ്ങളാണ് ഹർഷോന്മാദം, ദർശനങ്ങൾ, വെളിപാടുകൾ, അസാധാരണ അടയാളങ്ങൾ എന്നിവ. വിവാഹ വാഗ്ദാനത്തിന്റെ ദൈർഘ്യത്തെക്കുറിച്ച് പറയുമ്പോൾ ഒരാളുടെ കുറവുകളെ ആശ്രയിച്ചിരിക്കുമത്.

ആറാമത്തെ ലക്ഷണം ആധ്യാത്മിക വിവാഹമാണ്. കുരിശിന്റെ വി. യോഹന്നാൻ ഇതിനെക്കുറിച്ച് പറയുന്നത് ചേതനയും ദൈവവും ഒന്നുചേർന്ന അവസ്ഥയിലായിരിക്കുന്ന അനുഭവമെന്നാണ്.[210] ആധ്യാത്മിക വിവാഹത്തിന്റെ അനുഭവങ്ങൾ ത്രിത്വാത്മകമായിരിക്കും. അമ്മ ത്രേസ്യാ പറയുന്നത് ആത്മാവിനെ ദൈവം പൂർണ്ണമായും വിശുദ്ധീകരിച്ച് ദൈവം ചെയ്യുന്നതെല്ലാം കണ്ടു ഗ്രഹിക്കുന്നതിനിടവരുത്തും എന്നാണ്. ത്രിത്വ ഐക്യത്തിന്റെ അത്യുന്നതാനുഭൂതിയിൽ ലയിക്കുന്ന അവസ്ഥ, പരിശുദ്ധത്രിത്വം ഒരാളിൽ വന്നുവസിക്കുന്നതിന്റെ അനുഭവം, ദൈവമെല്ലാം സാധിച്ചു തരുന്ന അനുഭവം.[211] ത്രിത്വാനുഭവത്തിൽ ലയിക്കുന്ന അവസരത്തിൽത്തന്നെ മനുഷ്യാവതാരത്തിന്റെ സവിശേഷതയോടെ മിശിഹാ കേന്ദ്രീകൃതമായ അനുഭവവും ഉണ്ടാകുന്നു. ഉന്നതമായ ദൈവദാനമെന്ന നിലയിൽ[212] മൗതികസ്പർശനത്തിന്റെ സവിശേഷതകൾ ഉള്ളതിനാൽ വ്യക്തികളിൽ അനുഭവത്തിനും വൈവിധ്യം വരാം.

ക്രിസ്തുവിനുഭവത്തിലെന്നപോലെ റൂഹാനുഭവത്തിന്റെ സവിശേഷതയാണ് കൃപയിലുള്ള ബോധ്യം. ഘനമായ തെറ്റുകളിൽ വീഴാതിരിക്കുന്നതിനുള്ള കൃപയാണ് ഇവിടെ വിവക്ഷിക്കുന്നത്. പാപമില്ലായ്മയ്ക്കും അന്തർസ്ഥിതവും ബഹിർസ്ഥിതവുമെന്ന രണ്ടു വശങ്ങളുണ്ട്. അന്തർസ്ഥിതമെന്നതു കൊണ്ട് ഘടനാപരമായി പാപരഹിതരാകുന്നു. ഇതു മിശിഹായ്ക്കുണ്ടായിരുന്ന ദൈവൈക്യാവസ്ഥയാണ്. ബഹിർസ്ഥിതമെന്നത് ഘനമായ പാപം ചെയ്യുന്നതിനു സാധ്യതയുണ്ടെങ്കിലും കൃപവഴി അത് ഒഴിവാക്കുന്നു. രണ്ടാമത്തേത് കന്യകാമാതാവിനു ലഭിച്ച വരമാണ്. പന്തക്കുസ്താ ദിനത്തിനു ശേഷം ശ്ലീഹന്മാർക്കും ലഭിച്ചതു രണ്ടാമത്തെ വരമാണ്. ഇതുതന്നെ ആധ്യാത്മിക വിവാഹിതർക്കും ലഭിക്കുന്നു.[213]

ഇഹത്തിൽ വച്ച് ഒരാത്മാവിനു ലഭിക്കാവുന്ന ഏറ്റവും വലിയ അവസ്ഥയാണ് പാപരഹിതരാകുവാനുള്ള വരമെന്ന് കുരിശിന്റെ വി. യോഹന്നാൻ പറയുന്നു.[214] എന്നാൽ അമ്മത്രേസ്യാ പറയുന്നതു ദൈവത്തെ ഒരു വിധത്തിലും ഉപദ്രവിക്കാത്ത കൃപയായിട്ടാണ്.[215]

ആധ്യാത്മിക വിവാഹത്തിൽ എത്തുന്നവർ പൂർണ്ണ അറിവോടും സ്വാതന്ത്ര്യത്തോടും കൂടി നിസ്സാരതെറ്റുകൾ പോലും ചെയ്യുകയില്ലെന്നതാണ് മറ്റൊരു സവിശേഷത. മാർ യൗസേപ്പുതാതനും പ. അമ്മയും ഭാഗികസ്വാതന്ത്ര്യത്തോടു കൂടെപ്പോലും തെറ്റിൽ വീഴാത്തവരെന്ന് ദൈവവിജ്ഞാനീയർ പറയുന്നു.[216] അമ്മത്രേസ്യാ പറയുന്നിടത്ത് ആധ്യാത്മിക വിവാഹാവസ്ഥയിൽ എത്തുന്നവർക്ക് യാദൃച്ഛികമായുണ്ടാകാവുന്ന നിസ്സാര വീഴ്ചകളെ ഒഴിവാക്കുന്നില്ല.[217]

ആധ്യാത്മിക വിവാഹത്തിന്റെ ഫലങ്ങൾ നിരവധി എന്ന് അമ്മത്രേസ്യാ പറയുന്നു.

a) ആത്മവിസ്മൃതി- ദൈവമഹത്ത്വാന്വേഷണത്തിൽ ലയിക്കുന്നതു വഴി ആത്മ വിസ്മൃതിയിലാഴുന്നു.[218]

b) സഹനത്തിനുള്ള അദമ്യമായ ആഗ്രഹം. സഹിക്കുക അല്ലെങ്കിൽ മരിക്കുക എന്നത് ദൈവ തിരുമനസ്സു നിറവേറ്റുന്നതിനുള്ള പ്രായോഗികതയായി അമ്മത്രേസ്യാ കണ്ടിരുന്നു.[219]

c) ഞെരുക്കത്തിലും ആനന്ദം കണ്ടെത്തുന്നു. ആന്തരിക സന്തോഷവും സമാധാനവും അനുഭവിക്കും എന്നതാണ് പീഡിപ്പിക്കപ്പെടുമ്പോഴുണ്ടാകുന്ന അനുഭവം. പീഡിപ്പിക്കുന്നവരോട് പ്രത്യേക മമത തന്നെ ഉണ്ടാകുന്നു.[220]

d) നിസ്സാരകാര്യങ്ങളിൽ പോലും മരിക്കാതെ സഹിച്ചു കൊണ്ട് ദൈവത്തെ ശുശ്രൂഷിക്കുവാനുള്ള ആഗ്രഹം.[221]

e) സൃഷ്ട വസ്തുക്കളിൽ നിന്നെല്ലാമുള്ള പ്രതിനിവർത്തനം. കർത്തൃസ്മരണയിലും അവിടുത്തോടുള്ള ഊഷ്മള സ്നേഹത്തിലും നിരന്തരം അവിടുത്തെ സ്തുതിക്കുന്നതിൽ മാത്രം ആനന്ദം കണ്ടെത്തുന്നതാണിതിന്റെ ഫലം.[222]

f) ഹർഷോന്മാദവും ഭാവനാ ദർശനങ്ങളും ഇല്ലാതാകുന്നു.[223]

g) എല്ലാം വിസ്മരിച്ച് കർത്തൃസന്നിധിയിൽ ലയിക്കുകയെന്ന അഗാധശാന്തി.[224]

h) അനുധ്യാനവും നന്മ പ്രവർത്തനങ്ങളും കൈകോർക്കുന്ന ദൈവദാനം.[225] സുകൃതാഭ്യാസത്തെക്കുറിച്ച് അമ്മത്രേസ്യാ ശക്തമായി ഉപദേശിക്കുന്നുണ്ട്. ലോകം മുഴുവന്റേയും അടിമകളായി നമ്മെ വിറ്റാലും അതു കർത്താവിൽ സംഭവിച്ചതായതുകൊണ്ട് മറ്റുള്ളവർക്കു നന്മ ചെയ്യുക എന്ന സുകൃതം അപരിത്യാജ്യമാണ്.[226]

ആധ്യാത്മിക വിവാഹത്തിൽ ദൈവവും ആത്മാവും ഐക്യപ്പെടുമ്പോൾ ആകാശജലം നദിയിൽ ഒന്നു ചേരുന്നതുപോലെയും

സൂര്യപ്രകാശം മുറിയിലുള്ള രണ്ടു ജനലുകളിലൂടെ ഉള്ളിൽ പ്രവേശിക്കുന്നതുപോലെയും ഉള്ള അവസ്ഥ സംജാതമാകും.[227]

ആത്മീയ വിവാഹത്തിൽ മനുഷ്യരിലുള്ള ശാരീരികവും ആത്മീകവുമായ കഴിവുകളെല്ലാം ചേതനാത്മക കഴിവുകളിൽ കേന്ദ്രീകൃതമാകുന്നു. അമ്മത്രേസ്യാ ആത്മാവിന്റേയും ചേതനയുടേയും കഴിവുകളെ വ്യത്യസ്തമെന്നു സൂചിപ്പിക്കുന്നുണ്ടെങ്കിലും അവയുടെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ആത്മാവ് അവിഭക്തമാണെന്ന് സകലർക്കുമറിയാമെങ്കിലും ഞാനിപ്പോൾ പറഞ്ഞത് സങ്കല്പമൊന്നുമല്ല, അത് സർവ്വ സാധാരണമായ ഒരനുഭവമാണ്. ആന്തരികമായ അനുഭൂതികൾ പരിശോധിച്ച് നിർണ്ണയിക്കാവുന്നതാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ നോക്കുമ്പോൾ ആത്മാവും (Soul) ചേതസ്സും (Spirit) തമ്മിൽ ഒരുവിധത്തിൽ വളരെ നിർദ്ദിഷ്ടമായ വ്യത്യാസമുണ്ടെന്ന് അസന്ദിഗ്ദ്ധം ഗ്രഹിക്കാവുന്നതാണ്. കർത്താവ് അവയോരോന്നിനും നൽകുവാൻ തിരുമനസ്സാകുന്ന ആനന്ദാനുഭൂതിയുടെ വ്യത്യാസമനുസരിച്ച് ചിലപ്പോൾ ഒന്നിന്റേതിൽ നിന്നു വ്യത്യസ്തമായ പ്രവർത്തനം മറ്റേതിൽ ദർശിക്കത്തക്കവണ്ണം അത്ര സൂക്ഷ്മമായ അന്തരം അവ തമ്മിലുണ്ട്. അതുപോലെ തന്നെ ആത്മാവ് അതിന്റെ ശക്തികളിൽ നിന്നും വ്യത്യസ്തമാണെന്നും അവയെല്ലാം ഒന്നല്ലെന്നും എനിക്കു തോന്നുന്നു.[228] മൗതിക ദൈവവിജ്ഞാനീയത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മനുഷ്യനെ ത്രൈമാനമായി കാണുക എന്നത്. അവസാനം പൗരസ്ത്യ മൗതിക ദൈവവിജ്ഞാനീയത്തെക്കുറിച്ചു പ്രതിപാദിക്കാം. കർമ്മെലീത്താ വീക്ഷണത്തിൽ മൗതികതയുടെ മറ്റ് അടിസ്ഥാന ലക്ഷണങ്ങൾ കൂടി കണക്കിലെടുക്കാം.

ഏഴാമത്തെ ലക്ഷണമായ ഹർഷോന്മാദാനുഭവം എന്തെന്നു നോക്കാം. ആനന്ദ പാരവശ്യം (Rapture) എന്നും മൂർച്ഛ (Trance) എന്നും അമ്മത്രേസ്യാ ഇതിനെ വിശേഷിപ്പിക്കാറുണ്ട്. ആധ്യാത്മിക വിവാഹത്തിൽ ദിവ്യമണവാളനെ അനുഭവിക്കാനുള്ള അഭിവാഞ്ഛയിലാണ്

ആനന്ദപാരവശ്യം ഉണ്ടാകുന്നത്. ഹർഷോന്മാദാനുഭവത്തിന് അമ്മ ത്രേസ്യാ നൽകുന്ന ഉദാഹരണങ്ങളിൽ യാക്കോബിന്റെ ഗോവണി (സൃഷ്ടി 28:12) കടന്നുവരുന്നു. മൂശെയുടെ അനുഭവം മറ്റൊന്നല്ല (പുറ. 3:2). ഉത്തമ ഗീതത്തിലെ മണവാട്ടിയെപ്പോലെ പെരുവഴികളിലും തെരുവീഥികളിലും (ഉത്തമഗീതം 3:2) നാഥനെ നിരന്തരം അന്വേഷിക്കും. കണ്ടെത്തുമ്പോഴത്തെ അവസ്ഥ വിശുദ്ധ വിവരിക്കുന്നു: "ദിവ്യ മണവാളൻ സദനത്തിന്റെ വാതിലുകൾ അടയ്ക്കുവാനാജ്ഞാപിക്കുന്നു. ഹർമ്മ്യവും അതിന്റെ പരിസരങ്ങളുമെല്ലാം അവിടുന്നു സുരക്ഷിതമാക്കുന്നു. ആത്മാവിനെ ഹർഷോന്മത്തയാക്കുവാൻ അവിടുന്നു തിരുമനസാകുമ്പോൾ ശ്വാസോച്ഛ്വാസം നിലയ്ക്കുന്നു. സംസാരവും തീരെ അസാധ്യമായിത്തീരുന്നു. മറ്റിന്ദ്രിയങ്ങളുടെ പ്രവർത്തനം ചിലപ്പോൾ അല്പം കൂടി ദീർഘിപ്പിച്ചേക്കാം. സാധാരണമായി എല്ലാം ഉടനെ നില്ക്കും. ആത്മാവു വേർപെട്ടെന്നു പോലും തോന്നത്തക്കവിധം കൈകളും ദേഹമാസകലവും മരവിക്കും. ഇടയ്ക്കു വല്ലപ്പോഴും ശ്വാസം വിടുന്നുണ്ടോ എന്നു സംശയമാണ്. അല്പസമയത്തേക്കു മാത്രമേ ഈ അവസ്ഥ ഓരോ പ്രാവശ്യവും ദീർഘിക്കുകയുള്ളു. എന്തുകൊണ്ടെന്നാൽ ഗംഭീരമായ ആ പ്രലംബനം അല്പം ലഘുവാകുമ്പോൾ ശരീരം പൂർവ്വസ്ഥിതി പ്രാപിച്ചു തുടങ്ങുന്നുവെന്നും ശ്വാസോച്ഛ്വാസം നേരെ വീഴുന്നുവെന്നും തോന്നുമെങ്കിലും ഉടനെതന്നെ മേല്പറഞ്ഞ മരണാവസ്ഥ തുടരുകയും അതിൽ നിന്ന് ആത്മാവിന് നവമായ ഒരു ചൈതന്യം സിദ്ധിക്കുകയും ചെയ്യും. ഏതായാലും ഉഗ്രമായ ഇമ്മാതിരി ഹർഷോന്മാദം അധികം ദീർഘിപ്പിക്കുകയില്ല."[229]

ഇവിടെ സംഭവിക്കുന്നത് ബുദ്ധിയ്ക്കും മനസ്സിനുമുണ്ടാകുന്ന പ്രകാശനവും ആനന്ദവും വഴി ഉൾക്കാഴ്ചയുടേയും മനസ്സാക്ഷിയുടെയും കഴിവുകൾ സജീവമായിത്തീർന്ന് സംസർഗ്ഗ വാസനയിലൂടെ വികാരങ്ങളും ശരീരം മുഴുവനും രൂപാന്തരപ്പെടുന്ന അവസ്ഥയാണ്. അമലോമപരമായ ചേതനാനുഭവത്തോടൊപ്പം നിഷേധാത്മകമായി

ശാരീരിക പ്രതിനിവർത്തനവും സംഭവിക്കും. ആത്മാവിന്റെ പരിമിതികൾ കൊണ്ടാണ് അനിഷേധാത്മകത അനുഭവപ്പെടുന്നത്. എങ്കിലും ഹർഷോന്മാദാവസ്ഥയെക്കുറിച്ച് ആത്മീയ വിവാഹാനുഭവസ്ഥർ തീർത്തും ബോധവാന്മാരുമായിരിക്കും. ആധികാരികതയുടെ ലക്ഷണം ജീവിത നവീകരണമാണ്. ആധ്യാത്മിക നിയന്താക്കളുടെ ആജ്ഞ സ്വീകരിക്കുന്നത് സഭാത്മകവശമാണ്. ശാരീരികവും മാനസികവുമായ ഫലങ്ങൾ അധികമായും പ്രത്യക്ഷപ്പെടുന്നത് ആധ്യാത്മികതലത്തിലാണ്. ഉന്നതമായ ഉൾക്കാഴ്ച, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ആത്മസ്നേഹത്തിലും തീക്ഷ്ണത, ദൈവമഹത്ത്വത്തിൽ കാര്യക്ഷമമായ പങ്കാളിത്വം, എവിടെയും പരിപൂർണ്ണതാനീക്കം തുടങ്ങിയവ അവയിൽ ചിലതാണ്.

എട്ടാമത്തെ ലക്ഷണം ദർശനങ്ങളാണ്. ചേതനാത്മക ദർശനത്തിലൂടെ മിശിഹാസംഭവങ്ങളുടെ വിജ്ഞാനീയത്തിലേക്കു കടക്കുന്നു. ഭാവനാപരദർശനങ്ങളും വിശ്വാസവിഷയങ്ങളിൽ ഊന്നിനില്ക്കും. സമാധാനവും ശാന്തിയും പ്രദാനം ചെയ്യുന്നവയായിരിക്കും ദർശനങ്ങൾ.[230] ദൈവജനം വാഗ്ദത്തഭൂമിയിലേക്കു നീങ്ങിയപ്പോൾ അവർക്കുണ്ടായ അടയാളങ്ങൾ പോലെയായിരിക്കും ദർശനങ്ങൾ എന്ന് അമ്മ ത്രേസ്യാ പറയുന്നു (സംഖ്യ 13:18 ff)

ഒൻപതാമത്തെ ലക്ഷണം വെളിപാടാണ്. കുരിശിന്റെ വി. യോഹന്നാൻ പറയുന്നത് വെളിപാടുകൾ ബൗദ്ധിക അറിവിനെ കൂടുതൽ വ്യക്തമാക്കുന്നതും ദൈവികരഹസ്യങ്ങൾ അറിയിക്കുന്നതുമെന്ന് രണ്ടു തരമുണ്ടെന്നാണ്. പ്രവചനത്തോടു ചേർന്നു പോകുന്നതാണ് വെളിപാടെന്നും അദ്ദേഹം പറയുന്നു.[231] ചേതനയുടെ കഴിവുകളിലൂടെ ദൈവം ആത്മാവിനെ അനുഭവതലത്തിൽ നിറുത്തിക്കൊണ്ടു നടത്തുന്ന വെളിപ്പെടുത്തലുകളാണിവ. ഇപ്രകാരം സാധിക്കുന്നത് ചേതസ്സിൽ ലഭിക്കുന്ന ഒരു പ്രകാശത്താലാണ്. നേരത്തെ വിശുദ്ധഗ്രന്ഥത്തിൽ നിന്നോ

മറ്റുറവിടങ്ങളിൽ നിന്നോ അറിയാവുന്നതാണെങ്കിലും വെളിപാടിനു ശേഷം സത്യം അല്ലെങ്കിൽ രഹസ്യം കൂടുതൽ അനുഭവപരമായിരിക്കും.

അടുത്തതായി കാണുവാനുള്ളത് അസാധാരണമായ മൗതിക പ്രതിഭാസങ്ങളാണ്. അവ ക്ഷതങ്ങൾ, കണ്ണുനീരിന്റെ വരം, ഹൃദയ കൈമാറ്റം, ഭക്ഷണരാഹിത്യം, നിദ്രാവിഹീനത, സ്ഥാനചലനം, ദ്വിസ്ഥലത്തായിരിക്കുക, ശാരീരികാനുരൂപ്യം, മൗതിക പ്രഭ, അതീന്ദ്രിയ സുഗന്ധ പ്രസരം, ജീർണ്ണതാ നിരോധനം, ശാരീരികവികാസം, രക്തധാര, ശാരീരിക മരവിപ്പ് അസാധാരണാനുഭവങ്ങൾ, പരഹൃദയജ്ഞാനം, വിവേചനാവൈഭവം, സ്നേഹജ്വാല തുടങ്ങി നിരവധിയാണ്. അന്തരീക്ഷത്തിൽ ഉയർന്നുനില്ക്കുക, അഗ്നി ബാധയെ അതിജീവിക്കുക തുടങ്ങിയവയും മൗതികാനുഭൂതിയൽ കാണപ്പെടുന്നു.[232]

മനുഷ്യരിൽ എന്നും നിഗൂഢമായിരിക്കുന്ന വലിയ ഒരു ശക്തിയാണു സ്നേഹം. ഈ സ്നേഹത്തിന്റെ ആദിരൂപവും അന്ത്യരൂപവും ദൈവമാണ്. അതിനാൽ ദൈവം നമ്മോടു കൂടെ ആയിരിക്കുന്ന സ്നേഹത്തിന്റെ നിഗൂഢാനുഭവത്തെക്കുറിച്ചുള്ള ശാസ്ത്രീയ പ്രതിപാദനമാണ് മൗതികദൈവവിജ്ഞാനീയം അഥവാ മിസ്റ്റിക്കൽ തിയോളജി.

യവനഭാഷയിലെ "Luv" ല്യൂ എന്ന മൂലത്തിൽ നിന്നുമാണ് μυστικο's, mystikuv, mysterion, mistes തുടങ്ങിയ പ്രയോഗങ്ങൾ വരുന്നത്. മേല്പറഞ്ഞ മൂലത്തിന്റെ അർത്ഥം അഗ്രാഹ്യം, ഗൂപ്തം, നിഗൂഢം എന്നെല്ലാമാണ്. മസ്തിക്കോസ് എന്ന യവനപദത്തിൽ നിന്നുമുള്ള തദ്ഭവമായിട്ടാണ് മൗതികത എന്ന പ്രയോഗം എടുത്തിരിക്കുന്നത്.[233] അറമായ സുറിയാനി മൂലത്തിൽ 'റസ്' എന്ന മൂലത്തിൽ നിന്നുമാണു 'റാസ' എന്ന പദം വരുന്നത്. "റാസ" എന്നതിന് മെശയാനിക രഹസ്യത്തോടു ബന്ധപ്പെട്ട അർത്ഥ സൂചനയുണ്ട്. അതാണ് വിശ്വാസത്തിലും ദൈവാരാധനയിലും ആധ്യാത്മികതയിലും കടന്നു വരുന്നത്. അതുകൊണ്ടാണ് മുകളിൽ രഹസ്യങ്ങളുടെ ശുശ്രൂഷ എന്ന

പ്രാർത്ഥന നസ്രാണി പാരമ്പര്യത്തിൽ കുർബ്ബാനയിലുള്ളത് സൂചിപ്പിച്ചത്. മെശയാനിക രഹസ്യം അതിന്റെ പൂർണ്ണതയിൽ "പുഖ്ദാനെ ദമ്ശിഹാ" മിശിഹായുടെ കല്പനയായ സ്നേഹത്തിന്റെ രഹസ്യമാണ്. ഈ രഹസ്യത്തിൽ കേന്ദ്രീകരിച്ചാണ് ചാവറ ദൈവാനുഭവത്തിൽ വിലയനം കൊണ്ടതും. "സ്നേഹത്തിൽ ദൈവത്തോട് ചേർന്ന് തന്നോടൊന്നിച്ചിരുന്ന് സ്നേഹിതരോടൊന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കുന്നതത്രെ ധ്യാനം." ആത്മമണവാളനായ ഈശോ "അമ്മനുവേലും"- ദൈവം നമ്മോടുകൂടെ. ഈശോ ദൈവസ്നേഹത്തിന്റെ സമ്പൂർണ്ണ രൂപമെന്ന് യോഹന്നാൻ ശ്ലീഹായും സാക്ഷിക്കുന്നു (1 യോഹ. 4). ദൈസ്നേഹത്തിന്റെ ദൈവോന്മുഖവും സൃഷ്ടിയോന്മുഖവുമായ അവതാരമാണ് ഈശോമിശിഹാ (മത്താ. 22:37-38; യോഹ. 13:34;14). ഈശോയിൽ ദൈവപിതാവിനെ - അപ്പനെ - ദർശിച്ച ചാവറ സ്നേഹത്തിന്റെ രഹസ്യത്തിൽ വിലയനം കൊണ്ട മൗതികൻ "മെസ്സറാനൂസാ" ആയിരുന്നു.[234]

അനുധ്യാനത്തിലൂടെ ദൈവസ്നേഹൈക്യത്തിലായിരുന്ന ചാവറ സഹോദര സ്നേഹത്തിലൂടെ മനുഷ്യ ഐക്യത്തിലുമായപ്പോൾ തികഞ്ഞ ഒരു മൗതികൻ, മെസ്സറാനൂസ (ദൈവിക രഹസ്യങ്ങളുടെ-സ്നേഹത്തിന്റെ മല്പാൻ-അധ്യാപകൻ) ആയിരുന്നു. ചാവറയുടെ മൗതികതയിൽ ചൈതന്യപരമായി, വിശുദ്ധ ഗ്രന്ഥാത്മകതയും പൗരസ്ത്യ സുറിയാനി തനിമയും കടന്നുവരുമ്പോൾ ഘടനാപരമായി കർമ്മെലീത്താ മൗതികതയാണ് തെളിഞ്ഞു നിൽക്കുന്നത്. അടുത്തതായി ചാവറയുടെ കർമ്മെലീത്താ മൗതികതയെക്കുറിച്ചു ചിന്തിക്കാം.

ദൈവസ്നേഹത്തിന്റെയും ദൈവൈക്യത്തിന്റെയും പ്രവാചകനായിരുന്ന ചാവറ ദൈവത്തിനും മനുഷ്യനുമായി ജീവിച്ച ജീവിതം തന്നെയാണ് ഏറ്റവും വലിയ മൗതികസാക്ഷ്യം. ഡോ. ജോബി ചെത്തിമറ്റം സി. എം. ഐ. പറയുന്നു. "ആളുകളോടൊത്ത് അവർക്കു

വേണ്ടി അധ്വാനിച്ച് സങ്കോചമില്ലാതെ അവരുടെ സഹായവും സ്വീകരിച്ച്, ഒന്നിച്ച് പ്രവർത്തിക്കുന്നതിൽ നിന്നാണ് ധന്യനായ ദൈവദാസനും സഹപ്രവർത്തകരും ദൈവാനുഭൂതി ആർജ്ജിച്ചത്. തീർത്തും പൗരസ്ത്യമായ ഒരാധ്യാത്മിക സമീപനമായിരുന്നു അവരുടേത്. ദൈവജനമാണ് ദൈവാനുഭൂതിയുടെ ഉറവിടം. മിശിഹാനാഥൻ ഓരോ ക്രൈസ്തവനിലും പരിപൂർണ്ണമായി വസിക്കുന്നുണ്ടെന്നുള്ള ബോധ്യമാണ് പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിന്റെ ആത്മീയവീക്ഷണത്തിലുള്ള ഒരു പ്രധാന ഘടകമെന്നു പറയാം. വി. അപ്രേമിന്റെ അഭിപ്രായത്തിൽ മിശിഹായുടെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവരിൽ മിശിഹാ പൂർണ്ണമായിട്ടുണ്ട്. അതുകൊണ്ട് സഭ വെറുമൊരു സ്ഥാപനമല്ല ദൈവജനമാണ്. ദൈവജനമെന്നാൽ ദൈവം സ്നേഹിക്കുന്ന എല്ലാവരും."[235]

കർമ്മെലീത്താ പാരമ്പര്യമനുസരിച്ച് മൗതികനായിരുന്ന ചാവറ പൗരസ്ത്യ സുറിയാനി സഭാപാരമ്പര്യമനുസരിച്ചുള്ള ഒരു മൗതികനുമായിരുന്നു എന്ന സത്യം അംഗീകരിച്ചിട്ട് കർമ്മെലീത്താ പാരമ്പര്യത്തിലേയ്ക്ക് കടക്കുന്നത് കൂടുതൽ പ്രസക്തമായതുകൊണ്ടാണ് ഒരു ഖണ്ഡിക അതിനായി നീക്കി വെച്ചത്. ദൈവാനുഭവസ്ഥരിൽ ആഴമായുണ്ടാകുന്ന പാപാബോധത്തെ ചാവറയിൽ കാണാം.

പാപാവബോധവും വിശുദ്ധരുടെ സഹവാസവും

"ധ്യാനിപ്പാൻ ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ പാപം ഉള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ, പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ ഒന്നാമത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയ മണവാളൻ ഈശോമ്ശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെയെനിക്കു

സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയമണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുളെ എന്റെ മേൽ തിരിപ്പിക്കേണമേ. ഇതിനായിട്ടു പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റെയും നിന്റേയും നിന്റെ മക്കളായ ഞങ്ങൾ ഒക്കെയുടെയും മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കേണമേ!.... നമ്മുടെ അമ്മ ത്രേസ്യാ തന്റെ മക്കൾക്കു വേണ്ടിയും പ്രത്യേകം പാപിയായ എനിക്കുവേണ്ടിയും അനുഗ്രഹം അപേക്ഷിപ്പാനുമായിട്ട് ഇവരുടെ അരികിൽ മുട്ടുകുത്തി നില്ക്കുന്നു. എന്നാൽ എന്റെ പാപപ്പെരുപ്പത്തിനു തക്ക തേറ്റം എനിക്കില്ലായ്കയാലും എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന മറിയ മഗ്ദലയിത്തമ്മ, ഏജീപ്ത മറിയം, മർഗ്ഗരീത്ത കൊർത്തോൻ എന്ന ഈ അമ്മമാരുടെ തേറ്റവും പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാനപേക്ഷിച്ചും കൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു."[236]

മൗതികർക്കുണ്ടാകേണ്ട നിരവധി ലക്ഷണങ്ങൾ ചാവറയുടെ ധ്യാനത്തിൽ കാണുവാൻ സാധിക്കുമെന്നാണ് മേലുദ്ധരിച്ച സല്ലാപങ്ങൾ വ്യക്തമാക്കുന്നത്. ഒന്നാമത്തേത് ദൈവികപരിശുദ്ധിയെക്കുറിച്ചുള്ള അവബോധം ദൈവൈക്യത്തിനാവശ്യമായ പാപബോധത്തിലേയ്ക്ക് ആനയിക്കുന്നു. രണ്ടാമത് സങ്കീർത്തകന്റെ പാപാവബോധത്തിന്റെ ആഴം (സങ്കീ. 129:1) ചാവറയ്ക്കും അനുതാപിയുടെ ദൈവജ്ഞാനം നൽകുന്നു. മൂന്നാമത് മനസ്താപത്തിന്റെ മാതൃകകളായ മറിയമ്മമാരെ കൂട്ടുപിടിക്കുന്നു. നാലാമത് എല്ലായിപ്പോഴും തുണയായുള്ള തിരുക്കുടുംബത്തെ ചാവറയുടെ ചുറ്റും കണ്ടെത്തുന്നു.

ധൂർത്തപുത്രന്റെ ദൈവത്തിലേയ്ക്കുള്ള തിരിയലാണ് പാപാവബോധത്തിൽ കടന്നുവരുന്ന സമീപനം.[237] ധ്യാനത്തിനാവശ്യമായ ഉൾക്കണ്ണിന്റെ - ഉൾക്കാഴ്ചയുടെ - സജീവത്വവും അതുവഴി മിശിഹായുടെ പീഡാനുഭവത്തെക്കുറിച്ചുള്ള ധ്യാനവും ചാവറ കാര്യമായി നടത്തുന്നു.[238]

ചാവറ തന്നെത്തന്നെ ദൈവസമക്ഷം കാണുന്നത് "മഹാപാപിയായ ഒരടിയൻ"[239] ആയിട്ടാണ്. ആത്മാനുതാപത്തിൽ ഉടനീളം കാണാവുന്നതും പാപാവബോധത്തോടുകൂടിയ ദൈവാനുഭവമാണ്. മരിയ അഗ്രോദായുടെ "ചിയുദാദ് ദ് ദിയോസ്"– ദൈവത്തിന്റെ നഗരം - എന്ന ഇസ്പാന്യാകൃതി അടിസ്ഥാനമായി ആത്മാനുതാപത്തിനുണ്ടെങ്കിലും പാപിയായ ചാവറയുടെ പാപാവബോധത്തിലൂടെയാണ് കവിത മുന്നേറുന്നത്. അനുതാപിയായ ചാവറ ഹൃദയവിലാപത്തോടെ ദൈവ സന്നിധിയിൽ നിലകൊണ്ടിരുന്നു.

കണ്ണുനീരിന്റെ വരം ചാവറയ്ക്ക്

ഘനമായ പാപം ചെയ്യാതിരിക്കുവാനുള്ള ഭാഗ്യം ചാവറയ്ക്കുണ്ടായിരുന്നെങ്കിലും അനുതാപക്കണ്ണുനീരിന്റെ വരവും അദ്ദേഹത്തിനു ലഭിച്ചിരുന്നു.

"നിന്ദിതനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളു."[240]

നിസ്സാരമായ കുറവുകളിന്മേലുള്ള അഗാധമായ അനുതാപം ധ്യാനസമയത്ത് വിലപിക്കുവാൻ ചാവറയെ പ്രേരിപ്പിച്ചു. ചാവറയച്ചന്റെ ആധ്യാത്മിക ശിഷ്യനായിരുന്ന ബഹുമാനപ്പെട്ട ളൂയിസച്ചൻ സാക്ഷ്യപ്പെടുത്തുന്നു. "വന്ദ്യ പ്രിയോർ പിതാവ് പല വത്സരത്തേക്ക് ഈയുള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണകൃത്യത, ദൈവത്തോടുള്ള സ്നേഹൈക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തരശ്രദ്ധ ഇത്യാദി സർവ്വതാല്പര്യത്തോടെ പരിശീലിപ്പിച്ചു വന്നു. വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂർ ആയിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽത്തന്നെ പരവശനായി നിന്നിരുന്നു. അനുവാദത്തിനായി ചെല്ലുന്നവൻ സ്കാപ്പുളാര മുത്തിക്കൊണ്ട് പൊയ്ക്കൊള്ളുക പതിവായിരുന്നു. മണിയാകുമ്പോൾ സമീപെ നിൽക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യം തീർന്ന്

ജപം ചൊല്ലി അവസാനിപ്പിക്കും. കണ്ണുനീർ കഴുകി കൊണ്ടാണ് മുറിയിലേയ്ക്ക് പോയിരുന്നത്."[241]

അനുതാപിയുടെ ദൈവജ്ഞാനം സ്നേഹത്തിൽ നിന്നുമുരുത്തിരിയുന്നതെങ്കിൽ ചാവറ എപ്പോഴും ദൈവത്തെ തന്റെ നിസ്സാരതയിലൂടെ വീക്ഷിച്ചിരുന്നു. നിസ്സാരതയുടെ കുറവിനെക്കുറിച്ചുള്ള ഹൃദയതാപമാണ് കണ്ണുനീർ പൊഴിക്കുന്നതിനിടവരുത്തിയത്. കണ്ണുനീരിന്റെ വരത്തെക്കുറിച്ച് മാർ അപ്രേം പറയുന്നു. "പാപം മൂലം ആത്മാവു മൃതമാകുന്നു. കണ്ണുനീർ ഭൂമിയിൽ വീഴുന്നതുകൊണ്ട് ജീവനിലേക്ക് തിരിച്ചു വരുന്നില്ല. എന്നാൽ ആത്മാവു നിപതിച്ചാൽ അവ പുനർ ജീവിച്ച് ആത്മാവിനെ ജീവനിലേയ്ക്ക് നയിക്കുന്നു."[242] പാപമോചനത്തിന് പത്തു കാര്യങ്ങൾ ഒരു യവനരേഖ നിർദ്ദേശിക്കുന്നതിൽ നാലാമത്തേത് കണ്ണുനീരിന്റെ വരമാണ്.[243] ഹൃദയത്തിന്റെ ആത്മാനുതാപം കണ്ണുനീരു കലരാതെയല്ല ഉണ്ടാകുന്നത്.[244] ചാവറയച്ചനിൽ പ്രകടമായിരുന്ന അത്യുന്നതാനുഭൂതിയുടെ ഒരു പ്രകാശനമായി അദ്ദേഹം പൊഴിച്ചിരുന്ന കണ്ണുനീരിനെ മൗതികദൃഷ്ടിയിൽ ദർശിക്കാം.

ചാവറയുടെ ഹർഷോന്മാദം

ചാവറയച്ചന്റെ സമകാലീനനായിരുന്ന ക.നീ. മു.സ.ബ. ളൂയിസച്ചൻ തരുന്ന ചിത്രം 'മുട്ടിന്മേൽ തന്നെ പരവശനായി നിന്നിരുന്ന' ചാവറയുടേതാണ്.[245] അത്യുന്നതനായ ദൈവത്തെ സ്നേഹാദരവോടെ ദർശിച്ചു കൊണ്ടിരുന്ന ചാവറ ആനന്ദപാരവശ്യത്താൽ ദൈവത്തിൽ ലയിച്ചിരുന്നതായി ദൃക്സാക്ഷികൾ പറയുമ്പോൾ അത് ദൈവാനുഭവത്തിന്റെ നിദർശനമാണ്. ചാവറ തന്നെ ആലപിക്കുന്നത് എത്ര മനോഹരം

"ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറുവാനും ചിത്തമായി.[246]
അമ്മാനുവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടുപാപി ഞാൻ വന്ദിക്കുന്നേൻ."[247]

ചാവറയച്ചൻ ദിവ്യകാരുണ്യസന്നിധിയിൽ ധ്യാന പരവശനായി നിന്നിരുന്ന നിമിഷങ്ങൾ ഏവർക്കും മനോഹര കാഴ്ചയായിരുന്നുവെന്ന് സമകാലിനനായ ളൂയിസച്ചൻ തന്നെ പറയുന്നു.[248] മരിക്കുന്നതിന് ഏതാനും നിമിഷം മുമ്പ് ചാവറ ദൈവസ്നേഹപാരവശ്യത്തിലായിരുന്നതുകൊണ്ടല്ലേ സമീപത്തിൽ നിന്നിരുന്നവരോട് ഇങ്ങനെ പറഞ്ഞത്: "ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കണം. ആ തിരുഹൃദയത്തിൽ നിന്ന് നിവ്യായുടെ വചനം പോലെ ആയുസിന്റെ വെള്ളത്തെകോരിയെടുപ്പിൻ" (ഏശ. 44:3; 55:4).[249] ദൈവത്തെ സദാ അനുഭവിച്ചിരുന്ന ചാവറ ദൈവദർശനത്താലാണല്ലോ കവിതകളിലൂടെ അത് വെളിവാക്കിയത്.

ദർശനങ്ങൾ ചാവറയിൽ

ധ്യാനസല്ലാപത്തിൽ ചാവറ ഈശോയെ ദർശിക്കുന്ന ഒരു രംഗം: "ദുഃഖമുള്ളവർ, ഈ തിരുമുഖം കണ്ടാൽ സന്തോഷമായി പകരപ്പെടുമെന്നും ആയതു പലർക്കും സംഭവിച്ചിരിക്കുന്നു എന്നും ഞാൻ അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു..... എന്നതിനാൽ അപ്പാ എന്റെ കണ്ണു പൊക്കട്ടെ. ഞാൻ എന്റെ നന്ദിയില്ലാത്ത കണ്ണിനെ, എന്നെ പാർത്തു വിളിക്കുന്ന മനോഗുണമുള്ള മുഖത്തോടുയർത്തട്ടെ."[250]

ആർഷ ഭാരതത്തിന്റെ ചൈതന്യത്തിൽ ആശ്രമസ്ഥനായ ചാവറയ്ക്കുണ്ടായ മിശിഹാ ദർശനം ഇപ്രകാരമാണ്:

"ഋഷികൾക്കൊക്കെയ്ക്കുമീശൻ നീയാകയാൽ
ഋഷഭവേസരി മദ്ധ്യനായി
ഋക്ഷം മുതൽ വെട്ടം നാണിപ്പിച്ചീടുന്ന
ഋത്വധിനാഥനെ കാണാകേണം."[251]

അനുതാപത്തിന്റെ ഉടമയായിരുന്ന ചാവറയ്ക്കു പ്രചോദനമരുളിയ ഈശോ ജോർദ്ദാൻ നദിയിൽ അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിക്കുന്നതും ചാവറ ദർശിക്കുന്നു:

"യോഹന്നാൻ കൈയ്യാൽ ജ്ഞാനസ്നാനം കൈക്കൊണ്ട
സ്നേഹപ്രവൃത്തിയും കാണാകേണം
ഏറ്റം വിശന്നും ദാഹിച്ചും വനമതിൽ
നോറ്റനോയമ്പു ഞാൻ കാണാകേണം."[252]

വിശ്വാസത്താൽ ചാവറയ്ക്കുണ്ടായിരുന്ന ദർശനങ്ങളുടെ ചിത്രങ്ങളാണ് ആത്മാനുതാപത്തിലും ധ്യാനസല്ലാപത്തിലും പ്രകാശിക്കുന്നത്. ദൈവത്തെ കണ്ടുകൊണ്ടിരുന്ന ചാവറയിൽ ദൈവശോഭ പ്രതിഫലിപ്പിക്കണമല്ലോ.

മൗതികപ്രഭ ചാവറയിൽ

"കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യ ശോഭയെ കാണാകേണം"[253]

ഉൾക്കണ്ണുകൾ കൊണ്ട് ഈശോയെ ദർശിച്ചപ്പോൾ ലോകത്തിന്റെ വെളിച്ചമായ ഈശോയിൽ ചാവറയും പ്രഭാപൂരിതനായി. ചാവറയ്ക്കുണ്ടായ പ്രഭ ദൈവാനുഭവത്തിന്റെ അനന്തരഫലമാണ്.

പാലാക്കുന്നേൽ വലിയ യാക്കോബച്ചൻ സാക്ഷ്യപ്പെടുത്തുന്നത്: "വലിയ പ്രിയോരച്ചനെ കണ്ടാൽ ഒരു മാലാഖായാണെന്നു തന്നെ പറയുകയുള്ളു."[254] മുട്ടുചിറ ഇടവക മഠത്തിക്കുന്നേൽ മാണി കുര്യൻ പറയുന്നു: "വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്. കാണുന്നതിനു മാത്രമല്ല അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുള്ള ഭാഗ്യവും എനിക്കു ലഭിച്ചിട്ടുണ്ട്. ഹാ! എത്ര ആനന്ദകരമായ കാഴ്ചയാണ് അദ്ദേഹത്തെ കാണുന്നതെന്നു പറവാൻ വിഷമം. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞയാൾ. ചെറിയ മണിസ്വരം"[255] ഹൈന്ദവനായ ഒരു തഹസീൽദാർ പ്രിയോരച്ചനെക്കുറിച്ച് പറഞ്ഞത്: "അദ്ദേഹം ഒരു ദിവ്യപുരുഷനാകുന്നു, ഇത്ര മഹാനും ഈശ്വരപ്രസാദമുള്ളവനുമായ

ഇദ്ദേഹത്തെപ്പറ്റി പരാതി ബോധിപ്പിച്ചവർ മഹാ ദുഷ്ടന്മാരും ഈശ്വര കോപത്തിന് അർഹരുമത്രെ" എന്നത്രെ.[256]

ചാവറയച്ചന്റെ മുഖത്തിനു ചുറ്റുമുണ്ടായിരുന്ന പ്രഭാപൂരത്തെ ക്കുറിച്ച് ജരാർദു മൂപ്പച്ചൻ നവശിഷ്യരോട് പറഞ്ഞതു വലിയ ഒരു സാക്ഷ്യമാണ്. പാറപ്പുറത്തു വർക്കിയച്ചൻ അതു രേഖപ്പെടുത്തുകയും ചെയ്തു. പ്രിയോരച്ചന്റെ രോഗശയ്യയിൽ വച്ച് ഒരിക്കൽ ദിവ്യകാരുണ്യം സ്വീകരിക്കയിൽ കണ്ട കാഴ്ച അദ്ദേഹം നവസന്ന്യാസികളോടു പറഞ്ഞു കേൾപ്പിച്ചത്: "ഒരു ദിവസം ജരാർദു മൂപ്പച്ചൻ കുർബാന ദീന ക്കാരനു കൊടുക്കുന്ന സമയം അവിടെ മുറിയിൽ വന്നിരുന്നു. ദീന ക്കാരൻ ദിവ്യകാരുണ്യത്തെ കൈക്കൊള്ളുന്ന സമയം അദ്ദേഹത്തിൽ വിളങ്ങിയ ഭക്തിയും മുഖത്തിൽ പ്രകാശിച്ചിരുന്ന വെളിവിനെയും പ്രസ്തുത മൂപ്പച്ചൻ കണ്ടു വിസ്മയിച്ചു."[257]

ഈ പ്രഭാപൂരത്തിന്റെ സ്വഭാവം അലൗകികമായ അനുഭൂതിയുടെ ഫലമായുണ്ടാകുന്ന ഒരവസ്ഥയാണ്. അതിനു കാരണം ചേതനയുടെ സജീവത്വത്തിൽ, ദൈവികപ്രവൃത്തിയുടെ സർഗ്ഗാത്മകതയിൽ മാന സിക പ്രതിഭാസങ്ങളും ഏകീകരണവും ശാരീരികാവസ്ഥയുടെ നിസം ഗതയുമാകാം. ഈ അവസ്ഥയുടെ പ്രകാശനമാണ് ഹോറിവു മലയിലെ മൂശെയുടെ അനുഭവവും വിശുദ്ധ മലയിലെ കേപ്പായുടെ ഓർമ്മയും (പുറ. 3:2-6; 2 പത്രോ. 1:16-18).

ദിവ്യകാരുണ്യസന്നിധിയിലും ധ്യാനസമയത്തും മാത്രമല്ല അനു ദിന ജീവിതാനുഭവങ്ങളിലും സഹജരോടൊത്തുള്ള സഹവാസത്തിലും ചാവറ ദൈവിക പ്രഭയിൽ പ്രശോഭിതനായിരുന്നു എന്നതുകൊണ്ടാണ് "പട്ടക്കാർക്ക് അദ്ദേഹത്തിന്റെ നേരെ ദേവനെപ്പോലെ വണക്കമുണ്ടാ യിരുന്നു" എന്ന് ആത്മ ശിഷ്യൻ ഉയിസച്ചൻ പറയുന്നത്.[258]

ആധ്യാത്മിക വിവാഹം

ചാവറയച്ചൻ ദൈവസ്നേഹത്തിൽ ദൈവത്തോടു ബന്ധപ്പെട്ടിരുന്നതിന് മൗതിക വിവാഹത്തിന്റെ സവിശേഷത അനുഭവപ്പെട്ടിരുന്നതായി ചാവറയുടെ ധ്യാനസല്ലാപങ്ങൾ വ്യക്തമാക്കുന്നു: "നിന്റെ മേലുള്ള ഈ പ്രിയത്തെ പ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയമണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ മണവാളനിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നത് കിട്ടുമോ എന്നിനിക്കു സംശയിപ്പാനുണ്ടോ?"[259]

ഇസ്രായേലിനെ യാഹ്വെ സ്നേഹിച്ചത് മണവാളനടുത്ത സ്നേഹമെന്നും (ഹോസി. 2:1-19), ഈശോ സഭയെ സ്നേഹിച്ചതും അപ്രകാരമെന്നും (അപ്പെ. 5:21-32) വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. ചാവറ ധ്യാനസമയത്ത് തന്റെ രൂപപരിണാമകരമായ ഐക്യത്തിന്റെ പ്രാർത്ഥനയിൽ ലയിച്ചത് ഹൃദയത്തിന്റെയും മനസ്സിന്റെയും കഴിവുകൾ ചേതനാത്മക കഴിവുകളിലൂടെ ദൈവിക സ്വഭാവത്തിലേയ്ക്കു ലയിച്ചതാണ്. ഈ ഐക്യം സ്ഥിരവും ബോധപൂർവ്വകവും അനുഭവപരവും രൂപാന്തരപരവുമാണ്. ധ്യാനത്തിന്റെ ഒന്നാം ദിവസം തന്നെ "എന്റെ ഈ രക്ഷിതാവായിരിക്കുന്നതിന്റെ പ്രിയ മണവാളൻ ഈശോ മിശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ" എന്ന അനുഭവത്തിൽ ചാവറ ലയിക്കുന്നു.[260] അമ്മത്രേസ്യായോട് അപേക്ഷിക്കുന്നത് "നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കേണമെ" എന്നാണ്.[261] ഈശോ മനുഷ്യനായിത്തീർന്നപ്പോൾ പിതാവായ ദൈവത്തേയും മാതാവായ റൂഹായേയും വിട്ട് മനുഷ്യരെ ഭാര്യയായി സ്വീകരിച്ച് അവളോടു

ചേർന്നിരിക്കുന്നതാണല്ലോ മൗതിക ശരീരത്തിന്റെ രഹസ്യം (മത്താ.19:5; ഉത്പ. 1:27; 2:24; അപ്പെ. 5:31; യോഹ. 17:21; 15:13; 1 കോറ. 12:27). ചാവറ ദൈവജനത്തോടൊപ്പം മണവാളനായ ഈശോയോട് ഒന്നുചേർന്ന അനുഭവമല്ലേ ആരമാനുതാപത്തിലും ധ്യാനസല്ലാപത്തിലും അദ്ദേഹത്തിന്റെ കത്തുകളിലുമെല്ലാം കാണുന്നത്. ചാവറ ആലപിക്കുന്നു:

"എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ"[262]

"ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലത്. കാരണം ഞാൻ പോകുന്നില്ലെങ്കിൽ പാറക്ലേഥാ നിങ്ങളുടെ പക്കലേയ്ക്കു വരുകയില്ല..... സത്യാത്മാവായ അവിടുന്നു വരുമ്പോൾ നിങ്ങളെ സകല സത്യങ്ങളിലേക്കും നയിക്കും" (യോഹ. 16:7,13) എന്നരുളിച്ചെയ്ത ഈശോയുടെ റൂഹാദ്ക്കുദ്ശാ ഈശോയിലേക്ക് ചാവറയെ നയിച്ചതിന്റെ അനുഭവമാണ് മേലുദ്ധരിച്ച ഈരടികൾ.

ചാവറയച്ചൻ കൂനമ്മാവിലെ ശ്രേഷ്ഠത്തിയമ്മയ്ക്കും മറ്റെല്ലാ സഹോദരികൾക്കും ബോർഡിംഗിൽ ഉള്ളവർക്കും അയച്ച കത്തിൽ പറയുന്നു: "ആ! ഈശോമിശിഹായുടെ സ്നേഹത്തിൽ പാറപ്പിൻ. എപ്പഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നൊടു കൂടെ എപ്പഴും സംസാരിപ്പിൻ. യാതൊരു വസ്തുവിന്മെൽ നിങ്ങൾക്ക ഇഷ്ടമൊ ആഗ്രഹമൊ അതിക സന്തോഷമൊ തൊന്നുപൊൾ ഈ പ്രിയം നിറഞ്ഞ കർത്താവെ നിന്റെ നെരെ തിരിഞ്ഞു പറയുന്നു. എന്നെ നീ നോക്കുക. എന്നെക്കായിൽ അതികം നിന്നെ സന്തൊഷപ്പെടുത്തുമൊ"[263] ഈ കത്തിലും കാണുന്നത് ഈശോയുടെ

സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുന്ന ആത്മാവിന്റെ ഹൃദയം സംസാരിക്കുന്നതാണ്.

ചാവറയച്ചൻ ഈശോയെ അപ്പനെന്ന് അഭിസംബോധന ചെയ്തുകൊണ്ട് അവിടുത്തെ സ്നേഹത്തിൽ ലയിക്കുമ്പോൾ സ്നേഹത്തിന്റെ പൂർണമായ അനുഭവമാണുണ്ടാകുന്നത്. സ്നേഹത്തിന്റെ ദൈവാവിഷ്ക്കരണമാണ് മണവാളൻ മണവാട്ടി ബന്ധത്തിന്റെ സാരാംശം. ബ്രഹ്മചാരിയായ ചാവറ ഈശോയെ മാത്രമേ സ്നേഹിക്കൂ എന്നു ധ്യാനസല്ലാപത്തിലൂടെ പ്രകടമാക്കുന്നതും ആധ്യാത്മിക വിവാഹത്തിന്റെ അത്യുന്നതാനുഭവം പ്രകടമാക്കുന്നതല്ലേ? ചാവറ ഈശോയോടു സംഭാഷിക്കുന്നു: "കർത്താവെ, ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു..... ആ പ്രിയമുള്ള കർത്താവെ! ഈ പുഴുവിനെ പ്രതി നീ സഹിച്ചതെങ്ങനെ. നീ ഇതിനെ ഇനിക്കുവേണ്ടി സഹിച്ചു എന്ന് അറിഞ്ഞിരുന്നുംകൊണ്ടു പിന്നെയും നിന്നെ ഞാൻ ഉപേക്ഷിച്ചതെങ്ങിനെ? ഇതിനെ ഞാൻ സൂക്ഷിച്ചുനോക്കിയാൽ ഇനി എങ്കിലും നിന്നെ ഞാൻ സ്നേഹിക്കാതിരിക്കുന്നതെങ്ങനെ. ഇത്ര നീ എന്നെ സ്നേഹിച്ചപ്പോൾ നിന്നെയല്ലാതെ മറ്റൊന്നിന്റെമേൽ സ്നേഹം തോന്നുന്നതെങ്ങനെ. ആ കർത്താവെ നിന്നെ ഞാൻ ഉപദ്രവിച്ചതിൻ വണ്ണമെങ്കിലും നിന്നെ സ്നേഹിപ്പാൻ മനോഗുണം തരണമേ.....ആ എന്റെ പിതാവെ, ഇതിന്റെ പിറകെ ഞാനും കൂടി വരുന്നതിനു എനിക്കു മഹാ സംകടം തന്നെ. അതെ ഉണ്ട്. ഈ നിന്റെ മണവാളത്തിന്റെ ദിവസത്തിൽ നിന്റെ അമ്മ വച്ചു ചൂടിയിരിക്കുന്ന മുടിയോടുകൂടിയുള്ള പുറപ്പാടിനെക്കാൾ സെഹിയോന്റെ പെൺപൈതങ്ങളെ വിളിക്കുന്നു എന്ന ദൈവവാക്യം പോലെ ഈ കല്യാണ പന്തലായ ഗാഗുൽത്തായിൽ നിന്നു പുറപ്പെട്ടു നടന്നു എന്ന ഈ പുറപ്പാട്ടിൽ നീ ചമഞ്ഞിരുന്ന മണവാളവസ്ത്രവും നിന്റെ കഴുത്തിലിട്ടിരിക്കുന്നു.... എന്നാൽ എന്നെയും നിന്റെ മണവാട്ടികളുടെ

കൂട്ടത്തിൽ ചേർപ്പാനായിട്ടത്രെ ഇത്രവലിയ ദു:ഖഘോഷങ്ങൾ കഴിക്കുന്നത് എന്നുള്ള വിചാരം മാത്രം എനിക്കു മതിയല്ലോ."[264]

ഈശോയെ മണവാളനായി തിരിച്ചറിഞ്ഞ ഒരു മണവാട്ടിയുടെ ആത്മസാഫല്യമാണ് ചാവറയച്ചനിൽ പ്രകടമായത്. ധ്യാനസല്ലാപമായി ഇത് ഒതുങ്ങി നില്ക്കാതെ ജീവിതാനുഭവമായിരുന്നു ചാവറയ്ക്കത്.

സ്നേഹജ്വാല

മൗതികനായ ചാവറ സ്നേഹത്തിന്റെ അതിശക്തമായ ഊഷ്മളതയിൽ നിറഞ്ഞിരിക്കുന്നുവെന്നു വേണം അനുമാനിക്കുവാൻ. അദ്ദേഹം പാടുന്നു.

"ജന്മദിനത്തെക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം
കല്യാണപന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ പോകനന്നൂ"[265]

ഖോഹ്ലത് എന്ന എബ്രായ നാമത്തിലുള്ള സഭാപ്രസംഗകൻ 7:23-ൽ പറഞ്ഞിരിക്കുന്ന ദൈവവചനം ചാവറയച്ചൻ സ്വാംശീകരിച്ചതാണ് മരണവീട്ടിൽ പാടാനുള്ള കവിതയുടെ തുടക്കത്തിൽ, കൊടുത്തിരിക്കുന്നത്. തുടക്കത്തിൽ, വഹിക്കാവുന്നതല്ല മരണം, സങ്കടം, വേദന തുടങ്ങിയവയെന്ന് അനുഭവപ്പെടാമെങ്കിലും ജീവിതയാഥാർത്ഥ്യങ്ങളിലേക്കു കടന്ന് ധ്യാനിക്കുന്നവർക്കവ അഭികാമ്യമത്രെ. ചാവറയച്ചൻ ആത്മമണവാളനായ ഈശോയുമായി പരിപൂർണ്ണ ഐക്യത്തിലെത്തിയതുകൊണ്ട് മരണം ആ ഐക്യത്തെ സ്ഥിരീകരിക്കുന്നതെന്ന ബോധ്യമുണ്ടായിരുന്നു. സ്നേഹത്താൽ കത്തി ജ്വലിച്ചിരുന്ന ചാവറയെയാണ് പാലാക്കുന്നേൽ വലിയ യാക്കോബച്ചനും ഹൈന്ദവനായ തഹസീൽദാരും കണ്ടതിശയിച്ചതും ദിവ്യത്വത്തിന്റെയും

ദൈവദൂതാത്മകതയുടേയും ഉടമ എന്നു പ്രഖ്യാപിച്ചതും.[266] ദൈവത്തോടുള്ള സ്നേഹൈകൃതയാണ് ചാവറയുടെ പ്രോജ്ജ്വലനത്തിനിടയാക്കിയത്. ഗുരുശിഷ്യ ബന്ധത്തിൽ നിന്നും ബ. ളൂയിസച്ചനു പറയാനുള്ളതും മറ്റൊന്നല്ലായിരുന്നു.[267] സ്നേഹജ്വാലയാൽ എരിഞ്ഞിരുന്ന ചാവറ ദൈവദർശനത്തെ ഹോറിവ് മലയിലെ ദൈവാവിഷ്ക്കരണം പോലെയാണ് അനുഭവിച്ചത്. ചാവറയുടെ അനുഭൂതി ആവിഷ്കൃതമാകുന്നു:

"..... ഞാൻ ഈ നിന്റെ സന്നിധിയെ നോക്കുമ്പോൾ ഈ അഗ്നിജ്വാലയിൽ ഈ മുറി നിറയപ്പെട്ടിരിക്കുന്ന നിന്റെ മുൻപിൽ എങ്ങനെ ഞാൻ അണയുന്നു. എന്നാൽ കരുണയുള്ള പിതാവായിട്ടല്ലാതെ നീതികർത്തനായിട്ടല്ലാ, ഇപ്പോൾ നീ എഴുന്നെള്ളിയിരിക്കുന്നതുഎന്നു ഞാൻ അറിയുന്നു."[268] ദൈവികകരുണയിൽ ലയിച്ച ചാവറയ്ക്കുണ്ടായ ദൈവജ്ഞാനം ചാവറയുടേയും സകല മനുഷ്യരുടേയും ഏറ്റം നിസ്സാരമായ പാപത്തിന്മേൽപ്പോലുമുണ്ടായ അഗാധ അനുതാപമാണ്. കുരിശിന്റെ വി. യോഹന്നാൻ പാടിയ ഗീതത്തിലുള്ള

"ഇരുണ്ടരാത്രിയൊന്നിൽ രാഗവായ്പാലെന്നുള്ളം
ഉരുകിത്തിളച്ചഹോ, ഭാവുകം! മഹാഭാഗ്യം."[269]

എന്ന അനുഭവം ചാവറയെ സംബന്ധിച്ചിടത്തോളം സ്നേഹാഗ്നിജ്വാലയാൽ ശോഭിക്കുന്നതിനിടവരുത്തി. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ. 6:36) എന്ന ദൈവികസത്യമാണ് ചാവറയെ ദൈവസ്നേഹാഗ്നിയാൽ പ്രോജ്ജ്വലിപ്പിച്ചത്. ചെറുപ്പത്തിലുണ്ടായിരുന്ന കണ്ണടക്കമില്ലായ്മയെന്ന പാപം ചാവറയ്ക്ക് ഇരുണ്ട രാത്രിയായിരുന്നെങ്കിൽ അതിന്മേലുള്ള അനുതാപം അദ്ദേഹത്തിന് ദൈവജ്ഞാനം പകർന്നു. ചാവറയുടെ ചേതനയെ സജീവമാക്കി ആത്മാവിന്റേയും

ശരീരത്തിന്റേയും കഴിവുകളെ പ്രഭാപൂരിതമാക്കിത്തീർത്ത സ്നേഹ ജ്വാല ഹൃദയ സ്നേഹത്താൽ പ്രശോഭിതമായി ജ്വലിച്ചു.

നിവേശിത വാഗ്മിത്വം

"ഹൃദയത്തികവിൽ നിന്നും അധരങ്ങൾ സംസാരിക്കുന്നു" (മത്താ. 12:34; ലൂക്ക . 6:45) എന്ന് ഈശോ അരുളിച്ചെയ്തത് മിസ്റ്റിക്കായ ചാവറയുടെ പ്രസംഗത്തിലൂടെ സാക്ഷാത്കൃതമായി. ചാവറയുടെ പ്രസംഗത്തെക്കുറിച്ച് സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ശ്ലീഹായ്ക്കടുത്ത തീക്ഷ്ണതയായിട്ടാണ്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഈ അപ്പസ്തോലനു ജന്മനാ ഉണ്ടായിരുന്ന തൃഷ്ണ ഈ ഘട്ടത്തിൽ പൂർവ്വാധികം വർദ്ധിച്ചു. അതിനാൽ ആ ദിവ്യാഗ്നി ഓരോ തരത്തിൽ കത്തിക്കാളി ബഹിർഗമിച്ചു തുടങ്ങിയതിൽ അത്ഭുതപ്പെടാനില്ലല്ലോ. ദൈവാലയങ്ങളിൽ അക്കാലത്തു പ്രസംഗം വളരെ വിരളമായിട്ടേ നടന്നിരുന്നുള്ളൂ. തന്നിമിത്തം ഉണ്ടായിരുന്ന ഭക്തിമാന്ദ്യവും സർവ്വത്ര ദൃശ്യമായിരുന്നു. സൂക്ഷ്മദൃക്കായ നമ്മുടെ കഥാപുരുഷന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞത് ഈ വിഷയത്തിലായിരുന്നു. അദ്ദേഹം ചുറ്റിനടന്നു പള്ളികളിൽ പ്രസംഗിപ്പാൻ തുടങ്ങി. നാടാകെ പരക്കത്തക്ക ഒരു പ്രശംസയാണ് ഈ പ്രസംഗങ്ങളിൽ നിന്നും ഉത്ഭൂതമായത്. ഇതുകൊണ്ടു മാത്രം അദ്ദേഹം തൃപ്തനായില്ല. കേരളത്തിന്റെ പുനരുദ്ധാരണത്തിനായുള്ള ശാശ്വത പരിശ്രമങ്ങളുടെ പദ്ധതി അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തു സ്ഥലം പിടിച്ചു കഴിഞ്ഞിരുന്നു.

ചാവറയിലുണ്ടായിരുന്ന 'ദിവ്യാഗ്നിയുടെ കത്തിക്കാളൽ' അദ്ദേഹത്തിന്റെ മൗതികതയുടെ — ദൈവാനുഭവത്തിന്റെ - ബഹിർസ്ഫുരണമെന്ന നിലയിലാണ് നിവേശിതാത്മകമാകുന്നത്. "ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു തപസു ഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്കു വീഴ്ചയായിരിക്കകൊണ്ട് വല്ല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലുമൊരു ദർശന വീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ"[270]

അതിനുള്ള സംവിധാനമാണ് ചെയ്തത്. ദർശന വീടിന്റെ ചൈതന്യമാണ് ചാവറയെ ധ്യാനയോഗത്തിലൂടെ നിവേശിത വാഗ്മിത്വത്തിലേയ്ക്കു നയിച്ചത്. ദിവ്യനാഥനുമായുള്ള സംഭാഷണം വഴി ചാവറ മൂഹാദ്ക്കുദ്ശായാൽ നിറഞ്ഞപ്പോൾ ആ നിവേശിതവരം ഒതുങ്ങിനില്ക്കാതെ ശ്ലൈഹിക തീക്ഷ്ണയായിത്തീർന്നതാണ് വചനപ്രഘോഷകനായി ചാവറയെ രൂപാന്തരപ്പെടുത്തിയത്.[271] ഈ നിവേശനം ചെയ്ത അത്ഭുതങ്ങളാണ് കേരളക്കരയെ ഭാരത സഭയുടെ ആധുനിക ശക്തി കേന്ദ്രമാക്കിത്തീർത്തത്.[272]

ചാവറയുടെ ദൈവാനുഭവം നിവേശിത വാഗ്മിത്വമായി പ്രകടമായത് പ്രധാനമായും നാലു തലങ്ങളിലൂടെയാണ്. ഒന്നാമത്, സെമിനാരി പരിശീലനത്തിലൂടെ യോഗ്യരായ വാഗ്മികളെ രൂപപ്പെടുത്തിക്കൊണ്ട്.[273] രണ്ടാമത്, ഇടവക വൈദികന്മാർക്കും സന്ന്യസ്തർക്കും വാർഷികധ്യാനം നിർബന്ധിതമാക്കിക്കൊണ്ട്. ദർശനപ്പട്ടക്കാർ ധ്യാനത്തിനു നേതൃത്വം നൽകിയിരുന്നു. പൊതുധ്യാനത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ തനിച്ച് അതിനായി ദർശനപ്പട്ടക്കാരെ സമീപിച്ച് അതു നടത്തി വിവരം അരമനയിൽ അറിയിക്കണമായിരുന്നു. മൂന്നാമത്തേത് ഇടവകധ്യാനങ്ങൾ മൂന്നോ അഞ്ചോ ദിവസമെങ്കിലും സംഘടിപ്പിക്കുന്നതാണ്. ഇടവകധ്യാനം വഴിയാണ് സഭാജീവിതത്തിന് ഉണർവും ഉത്തേജനവും ലഭ്യമാക്കിയത്. വൈദികമേലധ്യക്ഷന്റേയും ചാവറയച്ചന്റെ സഹദർശന പട്ടക്കാരുടേയും സഹായത്തോടെ കുടുംബസന്ദർശനവും ഇടവക നവീകരണവും നടത്തിയിരുന്നു. കുടുംബചട്ടം ഉണ്ടാക്കുക മാത്രമല്ല ചാവറ ചെയ്തിരുന്നത് മറിച്ച് ധ്യാന പ്രസംഗത്തിലൂടെ കുടുംബജീവിതത്തെ ചൈതന്യപൂർണ്ണമാക്കിത്തീർത്തിരുന്നു. നാലാമത്തേത് ഞായറാഴ്ച പ്രസംഗമായിരുന്നു. ഞായറാഴ്ചകളിൽ കുർബ്ബാന മദ്ധ്യേ പ്രസംഗം നടത്തുന്ന പതിവ് നിർബന്ധമാക്കിയതും ചാവറയുടെ കാലത്തെ ചൈതന്യമാണ്. അതുകൊണ്ടാണ് കുമ്പസാരാനുവാദത്തിന് സഭാകേന്ദ്രത്തിൽ എത്തുന്ന വൈദികന്മാർ പ്രസംഗക്കുറിപ്പിന്റെ കണക്കും ബോധിപ്പിക്കേണ്ടിയിരുന്നത്.[274] ചാവറയച്ചനും

കൂട്ടരും സമാരംഭിച്ച ദൈവവചനപ്രസംഗം ഭാരതസഭയെ വിശ്വാസത്തിൽ അടിയുറപ്പിക്കുന്നതിന് ഇടവരുത്തിയിരുന്നു. എന്നാൽ ഇവിടെ ഈ വിഷയം ചർച്ച ചെയ്യുന്നത് 'നിവേശിത വാഗ്മിത്വം' എന്ന ശീർഷകത്തിലായത് അതു മൗതികവരങ്ങളിൽ ഒന്നാണ് എന്ന നിലയിലാണ്.

പ്രസംഗത്തിനുള്ള വരമെന്നത് വെറും വാഗ്മിത്വമല്ല, മറിച്ച് അനുഭവിച്ചറിഞ്ഞ ദൈവത്തെ ദൈവജനത്തെ അറിയിക്കുന്ന ഒരു പ്രഘോഷണ ചൈതന്യമാണ്. അതിനാൽ പ്രവാചകപരമായി, ഹൃദയത്തിൽ ദൈവിക സന്ദേശം ധ്യാനത്തിലൂടെയും ധ്യാനയോഗത്തിലൂടെയും സ്ഥാപിതമാകണം. ഹൃദയം ദൈവസ്നേഹം കൊണ്ടു നിറഞ്ഞുനിന്നാലേ ദൈവവചനപ്രഘോഷണത്തിൽ വചനത്തിന്റെ സർഗ്ഗാത്മകത്വം (എബ്രാ. 4:12) കേൾവിക്കാർക്കനുഭവപ്പെടുകയുള്ളൂ. ഈ സവിശേഷഗുണം ചാവറയ്ക്ക് അനുധ്യാനത്തിലൂടെ ലഭിച്ചിരുന്നതു കൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രസംഗ സംവിധാനങ്ങളും ഇത്രയേറെ ഫലം ഭൂമുഖത്ത് പ്രത്യേകിച്ച് കേരളത്തിലും ഭാരതത്തിലും ഉളവാക്കിയത്. അദ്ദേഹം സമാരംഭിച്ച ദർശനഭവനം ദൈവവചന ധ്യാനത്തിന്റെ ദർശനകേന്ദ്രമായിരുന്നു.

അടുക്കലടുക്കൽ വി. കുർബ്ബാന ആഘോഷിക്കുന്നതിനു സൗകര്യമില്ലാത്തപ്പോഴും ദൈവവചനപ്രഘോഷണം മുടക്കിയാലതു വിശ്വാസക്ഷതത്തിനിടവരുത്തും. ഏശയ്യായ്ക്കുണ്ടായ ദൈവദർശനവും സെറാഫുവഴി ദൈവം അദ്ദേഹത്തിന്റെ അധരങ്ങളെ സ്പർശിച്ചതും പ്രവചനത്തിനുള്ള ആധികാരികതയായി (ഏശ. 6:1-10). ഏറമ്യാ നിവ്യായുടെ അധരങ്ങളെ സ്പർശിച്ചു കൊണ്ട് കർത്താവ് അദ്ദേഹത്തെ പ്രവാചകനാക്കി (ഏറമ്യാ 1:10).

ചാവറയേയും ദൈവം അമ്മയുടെ ഉള്ളിൽ വച്ചു തന്നെ വിളിച്ചതും പതിനൊന്നാമത്തെ വയസ്സിൽ തെരഞ്ഞെടുത്തതും പൗരോഹിത്യ (1829) സന്ന്യാസ (1855) പ്രതിഷ്ഠകളിലൂടെ ശക്തിപ്പെടുത്തിയതും

നിവേശിത വാഗ്മിത്വത്തിന്റെ ദാനങ്ങൾ കൈമാറിയതല്ലേ? അനുധ്യാനത്തിലൂടെ ദൈവത്തെയും ദൈവവചനത്തെയും ഹൃദയത്തിലുറപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രയോഗം ദൈവനിവേശിതവുമായി.

വിശ്വദർശനം

സ്നേഹത്തിലൂടെ എല്ലാം കണ്ടറിഞ്ഞനുഭവിക്കുന്ന ഉത്കൃഷ്ടമായ ദർശനമാണിവിടെ വരുന്നത്. ഇതു പ്രണിധാനത്തിന്റെ ഫലമായുണ്ടാകുന്ന ദൈവിക ദർശനവുമാണ്. മൗതിക ദർശനത്തിന്റെ സ്വഭാവത്തെ കുരിശിന്റെ വി. യോഹന്നാൻ വിവരിക്കുന്നു:

> "മാധുരിയേറുന്ന നൽ ശാസ്ത്രവും പഠിപ്പിച്ചു
> സംവൃതിയെന്നിയെ സ്വയമർപ്പണം ചെയ്തു ഞാനും."[275]

ദൈവത്തിന്റെ നിഗൂഢമായ മൗതിക ശാസ്ത്രമാണ് പ്രണിധാനത്തിലൂടെ നിലവിൽ വരുന്നത്. സ്നേഹം മൂലം കൈവരുന്ന അറിവിന്റേയും അവഗാഹത്തിന്റേയും അനുപാതത്തിൽ ബുദ്ധിക്കും മനസ്സിനുമത് അനുഭവമാകുന്നു. അനുഭവത്തിലുണ്ടാകുന്ന മാധുരി ദൈവത്തിന് സമ്പൂർണ്ണ സമർപ്പണം നടത്തുന്നു. ദൈവം പ്രദാനം ചെയ്യുന്ന രൂപാന്തരീകരണം ആത്മാവിൽ എല്ലാം ദൈവികമാക്കിത്തീർക്കുന്നു. ദൈവം ആത്മാവിനു നൽകിയതു പോലെ ആത്മാവ് മനസും പ്രവൃത്തിയും മുഴുവനായും ദൈവത്തിനു വിട്ടുകൊടുക്കുന്നു.

മേല്പറഞ്ഞ അനുഭവം ചാവറയിൽ രൂപം കൊണ്ടപ്പോൾ അദ്ദേഹം 'ആവാവബോധം' ഉള്ളവനായിത്തീർന്നു. ദൈവപിതാവിനെ മാത്രമല്ല ദൈവപുത്രനെയും അപ്പാ എന്നു ചാവറ വിളിക്കുന്നു:

> "മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
> മംഗലം നീയെന്നിയേ മറ്റൊന്നു ഗുണം നാഥാ-
> എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ

നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[276]

ദൈവപിതാവിനെയും ദൈവപുത്രനെയും അപ്പൻ എന്നു വിശേഷിപ്പിക്കുന്ന ചാവറ, യോഹന്നാൻ സുവിശേഷകൻ ഈശോയും പിതാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് പൂർണ്ണമായും സ്വാംശീകരിച്ചിരുന്നു (യോഹ. 14:6-9). ഇവിടെ ചർച്ചാവിഷയമാകേണ്ടത് വിശ്വദർശനത്തിന്റെ സുവിശേഷാത്മക അവതരണമാണ്. കൊളോസ്യർക്കുള്ള ലേഖനത്തിലൂടെ വിശുദ്ധ ശ്ലീഹാ നൽകുന്ന ചിത്രം മനോഹരമാണ്. "അവനിൽ സകല പൂർണ്ണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി (കൊളോ. 1:19). അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്. അവനാൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാം സൃഷ്ടിക്കപ്പെട്ടു" (കൊളോ. 1:6). ദൈവത്തെ, പിതാവേ എന്നു വിളിക്കുന്നതുപോലെ പുത്രനെയും പിതാവേ എന്നു വിളിക്കുന്ന ചാവറ, വിശ്വദർശനത്തിന്റെ അനുഭൂതിയിൽ ലയിച്ചിരുന്നവനാണ്. ഈ വിശ്വദർശനത്തിന്റെ പ്രായോഗികതയാണ് ചാവറ ദൈവത്തിനും ദൈവജനത്തിനുമായി ജീവിച്ച ജീവിതം. അമ്മത്രേസ്യായുടെ ശൈലിയിൽ മർത്തായും മറിയവും സമാഗമിച്ച മനോഹര കാഴ്ച.[277] വിശ്വവീക്ഷണത്തിൽ വരുന്ന മൗതികത "വധു, വരന്റെ വണക്കവും മഹിമയും മാത്രമായിരിക്കും സകലത്തിലും ലക്ഷ്യം വയ്ക്കുക എന്നതാണ്."[278] വിശുദ്ധ തുടരുന്നു: "കർത്താവിനെ സേവിക്കണമെന്നും അവിടുത്തെ പ്രസാദിപ്പിക്കണമെന്നും മാത്രമേ അവർക്കു താത്പര്യമുള്ളു. ഭക്തരിൽ അവിടുത്തേക്കുള്ള വാത്സല്യം അവർക്കറിയാവുന്നതിനാൽ സ്വാർത്ഥ താത്പര്യമെല്ലാം വെടിഞ്ഞു പരസ്നേഹ പ്രവർത്തനങ്ങൾ മൂലം അവിടുത്തേക്കു സംതൃപ്തി നല്കുവാൻ അവർ ഉദ്യമിക്കുകയും സത്യപ്രകാശത്താൽ ആത്മാക്കൾക്കു

വെളിച്ചം നല്കുകയും ചെയ്യും. സർവ്വകഴിവുകളും ഇതിനു വേണ്ടി വിനിയോഗിക്കുമ്പോൾ എന്തെല്ലാം ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടി വരുമെന്ന് അവർ ആലോചിക്കുകയേയില്ല."[279]

'അന്യർക്ക് ഒരു നന്മയെങ്കിലും ചെയ്യുന്നില്ലെങ്കിൽ ആ ദിവസം നിന്റെ ആയുസ്സിന്റെ കൂട്ടത്തിൽ കൂട്ടരുത്' എന്നു നിഷ്ക്കർഷിച്ച ചാവറയിൽ പരസ്നേഹത്തിനു നല്കിയ ഊന്നലാണ് നാം കാണുന്നത്. പള്ളിപ്പുറത്തുവച്ചു മസൂരിരോഗിയെ ശുശ്രൂഷിച്ചതും അധ:കൃതരുടെ സഹായത്തിന് എത്തിയതും മതബോധന കേന്ദ്രങ്ങളും പള്ളിക്കൂടങ്ങളും വഴി അറിവു പകർന്നു കൊടുത്തതും, പൈതങ്ങൾക്കും പാവപ്പെട്ടവർക്കും സ്ത്രീകൾക്കും സഹായമെത്തിച്ചതും തിരുക്കുടുംബ ഭക്തിയിൽ നിന്നു നിർഗ്ഗളിക്കുന്ന മുത്തിയൂട്ടു നടത്തിയതും, ധർമ്മശാലയും നന്മരണസഖ്യവും ആരംഭിച്ചതും അച്ചടിശാലകളും സഭൈക്യ നികേതനങ്ങളും സമാരംഭിച്ചതും സെമിനാരികളും സന്ന്യാസിനീ സന്ന്യാസികൾക്കായി ദർശന കേന്ദ്രങ്ങളും തുടങ്ങിയതും എല്ലാം ചാവറയുടെ വിശ്വദർശനത്തിൽ നിന്നും ഉരുത്തിരിഞ്ഞതല്ലേ.[280] ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽ എത്തിയ ചാവറയാണ് ശത്രു സ്നേഹത്തിൽ ദിവ്യഗുരുവിനെ അനുധാവനം ചെയ്യുന്നത്. മാഞ്ഞൂരു കളപ്പുരയ്ക്കൽ മാത്തൻ ചാവറയച്ചനെ കോടതി കയറ്റി ആക്ഷേപിച്ചുവെങ്കിലും ചാവറയച്ചൻ അദ്ദേഹത്തിന്റെ കുടുംബത്തോട് അതീവ വാത്സല്യവും സ്നേഹവും കാണിക്കുകയും, മാന്നാനം കൊവേന്തക്കാർ മാത്തനും കുടുംബത്തിനും കൊല്ലം തോറും കഴിയുന്നത്ര സഹായം ചെയ്തു കൊടുക്കണമെന്ന് എഴുതിവയ്ക്കുകയും ചെയ്തത് വീരോചിത സുകൃതമാണ്.[281] സഭാപരമായി വലിയ ചലനമുളവാക്കിയ റോക്കോസ് തോമ്മാമെത്രാനെ വളരെ മനുഷ്യത്വപരമായി സ്നേഹിച്ച ചാവറയുടെ ചിത്രവും വ്യക്തമാണ്.[282] ചാവറയുടെ വിശ്വദർശനം 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണ' (ലൂക്ക. 6:36) പ്രകടമാകുന്ന പരസ്നേഹവും ശത്രുസ്നേഹവുമാണ്. ചാവറ ഇവിടെ നല്കുന്ന സുവിശേഷം

വെളിച്ചം നല്കുകയും ചെയ്യും. സർവ്വകഴിവുകളും ഇതിനു വേണ്ടി വിനിയോഗിക്കുമ്പോൾ എന്തെല്ലാം ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടി വരുമെന്ന് അവർ ആലോചിക്കുകയേയില്ല."[279]

'അന്യർക്ക് ഒരു നന്മയെങ്കിലും ചെയ്യുന്നില്ലെങ്കിൽ ആ ദിവസം നിന്റെ ആയുസ്സിന്റെ കൂട്ടത്തിൽ കൂട്ടരുത്' എന്നു നിഷ്ക്കർഷിച്ച ചാവറയിൽ പരസ്നേഹത്തിനു നല്കിയ ഊന്നലാണ് നാം കാണുന്നത്. പള്ളിപ്പുറത്തുവച്ചു മസൂരിരോഗിയെ ശുശ്രൂഷിച്ചതും അധ:കൃതരുടെ സഹായത്തിന് എത്തിയതും മതബോധന കേന്ദ്രങ്ങളും പള്ളിക്കൂടങ്ങളും വഴി അറിവു പകർന്നു കൊടുത്തതും, പൈതങ്ങൾക്കും പാവപ്പെട്ടവർക്കും സ്ത്രീകൾക്കും സഹായമെത്തിച്ചതും തിരുക്കുടുംബ ഭക്തിയിൽ നിന്നു നിർഗ്ഗളിക്കുന്ന മുത്തിയൂട്ടു നടത്തിയതും, ധർമ്മശാലയും നന്മരണസഖ്യവും ആരംഭിച്ചതും അച്ചടിശാലകളും സഭൈക്യനികേതനങ്ങളും സമാരംഭിച്ചതും സെമിനാരികളും സന്ന്യാസിനീ സന്ന്യാസികൾക്കായി ദർശന കേന്ദ്രങ്ങളും തുടങ്ങിയതും എല്ലാം ചാവറയുടെ വിശ്വദർശനത്തിൽ നിന്നും ഉരുത്തിരിഞ്ഞതല്ലേ.[280] ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽ എത്തിയ ചാവറയാണ് ശത്രു സ്നേഹത്തിൽ ദിവ്യഗുരുവിനെ അനുധാവനം ചെയ്യുന്നത്. മാഞ്ഞൂരു കളപ്പുരയ്ക്കൽ മാത്തൻ ചാവറയച്ചനെ കോടതി കയറ്റി ആക്ഷേപിച്ചുവെങ്കിലും ചാവറയച്ചൻ അദ്ദേഹത്തിന്റെ കുടുംബത്തോട് അതീവ വാത്സല്യവും സ്നേഹവും കാണിക്കുകയും, മാന്നാനം കൊവേന്തക്കാർ മാത്തനും കുടുംബത്തിനും കൊല്ലം തോറും കഴിയുന്നത്ര സഹായം ചെയ്തു കൊടുക്കണമെന്ന് എഴുതിവയ്ക്കുകയും ചെയ്തത് വീരോചിത സുകൃതമാണ്.[281] സഭാപരമായി വലിയ ചലനമുളവാക്കിയ റോക്കോസ് തോമ്മാമെത്രാനെ വളരെ മനുഷ്യത്വപരമായി സ്നേഹിച്ച ചാവറയുടെ ചിത്രവും വ്യക്തമാണ്.[282] ചാവറയുടെ വിശ്വദർശനം 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണ' (ലൂക്ക. 6:36) പ്രകടമാകുന്ന പരസ്നേഹവും ശത്രുസ്നേഹവുമാണ്. ചാവറ ഇവിടെ നല്കുന്ന സുവിശേഷം

"നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്വാൻ മൃഗങ്ങൾക്കു കൂടിയും ശക്തിയുണ്ട്, എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു എന്നതത്രെ."[283]

ദിവ്യനാഥൻ വിശുദ്ധമലയിൽ തേജസ്കൃതനായി പിതൃവൈകൃത്തിലും മനുഷ്യസമ്പർക്കത്തിലും ആയിരുന്നതിന്റെ ഒരു പതിപ്പാണ് പ്രണിധാനത്തിലൂടെ ദൈവൈകൃത്തിൽ നിർലീനനും ദൈവജനസേവനത്തിലൂടെ ദൈവൈകൃത്തിനു മാറ്റു കൂട്ടിയവനുമായ ചാവറ. അനുചിന്തനത്തിലൂടെയുള്ള സാക്ഷ്യവും പ്രവർത്തനത്തിലൂടെയുള്ള അനുചിന്തനവും തികഞ്ഞ ഒരു മൗതികനല്ലാതെ സാധ്യമല്ല. അതും നിഷ്ക്കാമ കർമ്മത്തിന്റെ അനുഭൂതിയിലൂടെ കാണപ്പെട്ട സഹോദരങ്ങളെ ശുശ്രൂഷിച്ചു കൊണ്ട് കാണപ്പെടാത്ത ദൈവത്തെ ആരാധിച്ച ചാവറയിൽ ദൈവസ്നേഹം മാംസം ധരിച്ചതാണു ചാവറ എന്ന മൗതികൻ.

ചാവറ മൗതികാനുഭൂതിയിൽ റൂഹാദ്ക്കുദ്ശായെക്കൊണ്ട് നിറഞ്ഞവനെന്നു നാം കണ്ടു കഴിഞ്ഞു. വിശ്വാസം, ആരാധന, ആധ്യാത്മികത എന്നിവയിൽ ചാവറ പൗരസ്ത്യസുറിയാനി പാരമ്പര്യം ഉള്ളവനായിരുന്നതിനാൽ പൗരസ്ത്യ മെശയാനിക മിസ്റ്റിസിസത്തെക്കുറിച്ച് അല്പമായി ചിന്തിക്കേണ്ടതുണ്ട്.

ഐഹിക ജീവിതത്തിൽ ആധ്യാത്മികമായി അതിന്റെ അത്യുന്നതാനുഭൂതിയിലെത്തുന്നതാണ് മൗതികാനുഭൂതി. ചേതനയിൽ റൂഹാദ്ക്കുദ്ശാ നിർവ്വഹിക്കുന്ന ഒന്നാണ് മൗതികാനുഭൂതി. ദൈവദർശനത്തിൽ ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്ന ആത്മീയനാണു മിസ്റ്റിക് എന്ന് അരിയോപ്പഗസിലെ ഡയനീഷ്യസ് പറയുന്നു. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാധ്യാത്മിക ഗുരുവായിരുന്നു ഡയനീഷ്യസ്. പൗരസ്ത്യ ചിന്താഗതിയിൽ, എല്ലാവർക്കും സാധ്യമായി ദൈവം നല്കുന്ന ഒരു ദാനമാണ് മൗതികാനുഭൂതി. എന്നാൽ അനുഭവം ബോധപൂർവ്വം സ്വന്തമാക്കുന്നതിനുള്ള മെശയാനിക ധർമ്മം സുപ്രധാനമാണ്.

മനുഷ്യമനസ്സും ദൈവഹിതവും ഒന്നുചേരുന്നതിലാണ് മൗതികതയുള്ളത്. ഇത് ആധ്യാത്മിക വളർച്ചയുടെ പരിസമാപ്തിയായിട്ടാണ് പൗരസ്ത്യർ കാണുന്നത്. അതായത് ദൈവദാനമായ ദൈവച്ഛായയും ദൈവസാദൃശ്യവും ഉള്ളിൽ നിന്നു വളർന്നു പുഷ്ടി പ്രാപിക്കുന്നതാണ് മൗതികത. അതു ദൈവസ്വഭാവത്തിലുള്ള പങ്കാളിത്തവും അനുഭവവുമാണ്.

കിഴക്കൻ മൗതിക ദൈവ വിജ്ഞാനീയം അറിയപ്പെടുന്നത് വചനത്തിന്റെ നിഗൂഢ വിജ്ഞാനീയം, അഗ്നിയുടെ നിഗൂഢ വിജ്ഞാനീയം, പ്രകാശത്തിന്റെ നിഗൂഢ വിജ്ഞാനീയം, ചേതനയുടെ നിഗൂഢ വിജ്ഞാനീയം എന്നിങ്ങനെയാണ്.

പൗരസ്ത്യ വീക്ഷണത്തിൽ മനുഷ്യനിലുള്ള ദൈവാത്മാവിന്റെ പ്രവർത്തനത്തിനാണ് കൂടുതൽ പ്രസക്തി. ഏതൊരു വ്യക്തിയെ സംബന്ധിച്ചിടത്തോളവും വിശ്വാസാനുഭവത്തിന്റെ അത്യുന്നതാവസ്ഥയാണ് മൗതികാനുഭവം. ഈ അനുഭവത്തിന്റെ സ്വഭാവത്തിൽ വരുന്നതാണ് 'മാലാഹാനൂസാ' അഥവാ മാനവ ദൈവികീകരണം. ഇതു ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവച്ഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുന്നതാണ്. ഈ രൂപാന്തരീകരണ പ്രക്രിയവഴി മനുഷ്യരിലുണ്ടാകുന്ന ദൈവൈക്യത്തെയാണ് മൗതികതയായി പൗരസ്ത്യർ വീക്ഷിക്കുന്നത്. ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം ദൈവാനുഭവത്തിന്റെ ഉറവിടമായി വരുന്നത് ദൈവാത്മാവു പ്രദാനം ചെയ്യുന്ന വചനം വ്യക്തിയിൽ മാംസം ധരിക്കുന്നതാണ്. അതുകൊണ്ടാണ് ഈശോമിശിഹാ ദൈവാനുഭവത്തിന്റെ ആലപ്പും താവുമായി വരുന്നത്. ഈ അനുഭവത്തിന്റെ ആവിഷ്ക്കരണമാണല്ലോ ആത്മാനുതാപത്തിലൂടെ ചാവറ ആവിഷ്ക്കരിക്കുന്നതും മാർ അപ്രേം തന്റെ കൃതികളിലൂടെ പ്രകടമാക്കുന്നതും.

മാർ അപ്രേമിന്റെ കൃതികളിലെല്ലാം തെളിഞ്ഞു കാണുന്നത് 'റാസയുടെ' രഹസ്യത്തിന്റെ, പ്രതീകാത്മകതയാണ്. മിശിഹായുടെ

തിരുവിലാവിൽ നിന്നും സഭ രൂപപ്പെട്ടതിനെക്കുറിച്ചാണ് മാർ അപ്രേമിനു പറയാനുള്ളത്. യോഹന്നാൻ 19:34-ൽ പറഞ്ഞിരിക്കുന്ന "പടയാളികളിൽ ഒരുവൻ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി. ഉടനെ രക്തവും ജലവും പുറപ്പെട്ടു" എന്നതു ധ്യാനവിഷയമാക്കിക്കൊണ്ട് മാർ അപ്രേം കടന്നു ചെന്നത് മിശിഹാ രഹസ്യത്തിലേക്കും മിശിഹായുടെ മൗതികശരീരമായ സഭയിലേക്കുമാണ്. ആദത്തിന്റെ വശത്തു നിന്നെടുത്ത വാരിയെല്ല് ഹവ്വാ ആയതുപോലെ മിശിഹായുടെ വശത്തു നിന്നും സഭ രൂപപ്പെട്ടു. സഭാരഹസ്യത്തിലേക്കു കടക്കുമ്പോൾ രക്തവും ജലവും മിശിഹായുടെ ഹൃദയത്തിൽ നിന്നും പ്രവഹിച്ചതിനെ മാമ്മോദീസായും ദിവ്യകാരുണ്യവുമായി കണ്ടുകൊണ്ട് സഭയെ രൂപപ്പെടുത്തുന്നു. സഭാരഹസ്യം മെശയാനിക രഹസ്യത്തിൽ അധിഷ്ഠിതമായതു കൊണ്ട് അതിനെ കൂദാശയായും കാണുന്നു. മാർ അപ്രേമിന്റെ വിചിന്തനത്തിൽ ഗാഗുൽത്തായിൽ രൂപം കൊണ്ട സഭ, മിശിഹായുടെ ശരീരരക്തങ്ങളുടെ രഹസ്യമാണ്. അതു തന്നെയാണ് ദിവ്യകാരുണ്യവും. പറുദീസായിലെ ഫലം മരണം വിതച്ചെങ്കിൽ ഗാഗുൽത്തായിലേതു ജീവൻ പ്രദാനം ചെയ്തു.

മിശിഹായുടെ ജനനം മുതൽ അവിടുത്തെ മഹത്ത്വീകരണം വരെയുള്ളതെല്ലാം റൂഹാദ്ക്കുദ്ശായാൽ സംഭവിച്ചതിനാൽ സഭയുടെ രൂപവത്ക്കരണവും സഭയിലുള്ള കൂദാശകളിലൂടെയുള്ള 'മാലാഹാനൂസാ'യും റൂഹാ വഴി സംഭവിക്കണം. പൗരസ്ത്യ സുറിയാനി മൗതിക ദൈവവിജ്ഞാനീയം ഒരു വിചിന്തനമെന്നതിനേക്കാൾ ദൈവാനുഭവത്തിന്റെ ആകെത്തുകയാണ്. ഇതേ ചൈതന്യമാണ് ചാവറയച്ചനിലും ദൃശ്യമാകുന്നത്.

മാമ്മോദീസായിലൂടെ ലഭിച്ച റൂഹാദ്ക്കുദ്ശായാലാണ് മരണം വരെ ചാവറ ജീവിച്ചതും അവസാനം റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവനായി രൂപാന്തരപ്പെട്ടതും. ചാവറയുടെ ആധ്യാത്മിക കൃതികളിലെല്ലാം

നിറഞ്ഞു നില്ക്കുന്നത് ദൈവ വചന സാദൃശ്യങ്ങളും അവയിലൂടെയുള്ള മിശിഹാനുഭവവുമാണ്. അതിനാൽ പൗരസ്ത്യ സുറിയാനി പൈതൃകം ചാവറയെ വലിയ ഒരു മൗതികനാക്കിത്തീർത്തു.

പൗരസ്ത്യ മൗതിക ദൈവവിജ്ഞാനീയത്തിൽ വരുന്ന മറ്റൊരു ചിത്രം നവീന ദൈവവിജ്ഞാനീയന്റേതാണ് (+ 1022). അദ്ദേഹത്തിന്റെ അനുഭവത്തിൽ റൂഹാദ്ക്കുദ്ശായാണ് മൗതികതയും അടിസ്ഥാനതത്ത്വവും. ഇദ്ദേഹത്തിന്റെ വീക്ഷണത്തിൽ റൂഹാദ്ക്കുദ്ശായിൽ ആരംഭിക്കുന്ന മാമ്മോദീസാ ജീവിതം പുഷ്ടിപ്പെടുന്നത് പാപാവബോധത്തിലൂടെയും തപസ്സിലൂടെയും അനുരഞ്ജനത്തിലൂടെയും കണ്ണുനീരിന്റെ ദാനത്തിലൂടെയുമാണ്. ദൈവാനുഭവത്തിന്റെ അത്യുച്ചിയിലെത്തുന്നതു വരെ ഉപവാസവും വിലാപവും പ്രാർത്ഥനയും വഴി വികാരാതീതത്വം കൈവരിച്ചു കൊണ്ട് റൂഹാനുഭവത്തിൽ വിലയം കൊള്ളണം.

ചാവറയച്ചന്റെ ആത്മാനുതാപം എന്ന കൃതിയിലും ധ്യാനസല്ലാപങ്ങളിലും നിറഞ്ഞു നില്ക്കുന്ന പാപാവബോധവും അനുചിന്തനവും പൗരസ്ത്യ സുറിയാനി മൗതികതയുടെ താപസികതയെ വിളിച്ചറിയിക്കുന്നതാണ്. മാർ അപ്രേം പാഷണ്ഡികൾക്കെതിരെ രചിച്ച കവിതയിൽ പൗരസ്ത്യസുറിയാനി മൗതിക വീക്ഷണത്തിൽ തീർത്ഥാടക സഭയെ മിശിഹായോടും ആദം വരെയുള്ള മനുഷ്യകുലത്തോടും ബന്ധപ്പെടുത്തിയിരിക്കുന്നു. ചാവറയച്ചൻ സഭാ ചൈതന്യത്തെയാണല്ലോ അടിസ്ഥാന രക്ഷാകര ഘടകമായി എടുത്തിരുന്നതും. അതും വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നവയുമെല്ലാം ചാവറയുടെ അനുചിന്തനത്തിൽ കടന്നു വന്നിരുന്നു. മാർ അപ്രേം പാടുന്നു:

"ഫലത്തിനുവേണ്ടി അവനു മാർഗ്ഗം തെളിക്കുന്നു
വൃക്ഷത്തിൽ നിന്നുള്ള സ്നീവായിലേക്കു മുന്നേറുന്നു

മരണത്തിൽ നിന്നു മരത്തിലേക്കുള്ള പ്രയാണം
ഏദേനിൽ നിന്നും സിയോനിലേക്കും
സീയോനിൽ നിന്നും സഭയിലേക്കും
സഭയിൽ നിന്നും ദൈവരാജ്യത്തിലേക്കും."

മൂന്നു പടികളായി തിരിച്ചിരിക്കുന്ന ഈ മാർഗ്ഗം ആദത്തെയും മൂശെയെയും മിശിഹായെയും സഭയുമായി ബന്ധിപ്പിക്കുന്നു. പറുദീസായും സീയോനും ഗാഗുൽത്തായും സ്വർഗ്ഗവും മനുഷ്യരുടെ ആധ്യാത്മികാനുഭൂതിയുടെ കേന്ദ്രസ്ഥാനങ്ങളാണ്. ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും വിശ്വാസജീവിതത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു. മൂന്നാം ഘട്ടം മിശിഹായിലൂടെയുള്ള സഭാ രൂപവത്ക്കരത്തിലും ജീവന്റെ രഹസ്യമായ ദിവ്യകാരുണ്യത്തിലും കൂദാശകളിലും കേന്ദ്രീകൃതമാണ്. സുറിയാനി പാരമ്പര്യത്തിൽ രഹസ്യങ്ങളുടെ - റാസയുടെ - ആഘോഷമാണ് മിശിഹായാകുന്ന മാർഗ്ഗവും അതിന്റെ തുടർച്ചയായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതുവരെയുള്ള തീർത്ഥാടനവും.

പറുദീസായേയും സ്വർഗ്ഗത്തെയും ബന്ധിപ്പിക്കുന്ന അപ്രേമിന്റെ സമീപനത്തിലൂടെ നേക്കുമ്പോൾ, ചാവറ ധ്യാനമുറിയിലും ദിവ്യകാരുണ്യ സന്നിധിയിലും ദൈവജനശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുമ്പോൾ ഈശോയുടെ-പിതാവിന്റെ-മുമ്പിൽ വ്യാപരിച്ചതു - മിശിഹാ എന്ന മാനവ ദൈവികീകരണ - മാലാഹാനൂസാ - സംഭവത്തിൽ കേന്ദ്രീകൃതമാണ്. "നിയമത്തെയോ പ്രവാചകന്മാരെയോ നീക്കിക്കളയുവാനല്ല, പൂർത്തിയാക്കുവാനാണു ഞാൻ വന്നിരിക്കുന്നതെന്ന് അരുളിച്ചെയ്ത മിശിഹായെ (മത്താ. 5:17) മാർ അപ്രേമും ചാവറയും കണ്ടെത്തുന്നത് സഭാ പാരമ്പര്യത്തിന്റെയും വിശുദ്ധ ഗ്രന്ഥത്തിന്റെയും അടിസ്ഥാനത്തിലൂടെയാണ്. നിയമവും പ്രവാചകന്മാരും പഴയനിയമത്തെ സൂചിപ്പിക്കുമ്പോൾ പൂർത്തീകരണം മിശിഹാനുഭവത്തെയും സഭയേയും സന്നിഹിതമാക്കുന്നു. ഈശോയുടെ മനുഷ്യാവതാരം തുടങ്ങി

സ്ലീവായിലെ മഹത്വീകരണവും അതിനുശേഷം നിത്യതയിലേക്കുള്ള കടന്നുപോക്കുമെല്ലാം മൗതികശരീരത്തിന്റെ രൂപവത്കരണത്തിലൂടെ ചാവറ ദർശിച്ചു. ഈ ദർശനം ചാവറയെ അത്യുന്നതാനുഭൂതിയിലെത്തിച്ചതാണ് ചാവറയുടെ മാലാഹാനൂസാ - ദൈവികീകരണം. മാമ്മോദീസാ മുതൽ രോഗീലേപനം വരെയുള്ള കൗദാശിക ജീവിതമായിരുന്നു റൂഹാർക്കുദ്ശായിൽ നിറഞ്ഞവനാകാൻ ചാവറയെ ശക്തിപ്പെടുത്തിയതും. മിശിഹായിൽ ദൃശ്യാദൃശ്യങ്ങൾ സംഗമിച്ചത് ചാവറ മൗതികാനുഭൂതിയിലൂടെ അനുഭവിച്ചപ്പോൾ ദൈവത്തെയും ദൈവജനത്തെയും ഒന്നിച്ചു കണ്ട് ദൈവത്തെ, ദിവ്യകാരുണ്യത്തെ ആരാധിച്ചു കൊണ്ട് സ്നേഹിച്ചു. ദൈവജനത്തെ ശ്ലൈഹിക വേലയിലൂടെ ശുശ്രൂഷിച്ചു കൊണ്ടും സ്നേഹിച്ചു. മൗതികനായ ചാവറ സ്നേഹത്തിന്റെ സുവിശേഷകനായിത്തീർന്നത് റൂഹാർക്കുദ്ശായുടെ അന്തർവാസത്താലായിരുന്നു.

ചാവറ ഒരു മൗതികൻ എന്നു ചർച്ച ചെയ്തതിൽ നിന്നും എടുക്കാവുന്ന നിഗമനം: ഒന്ന്-അദ്ദേഹം കർമ്മേല മൗതിക ദൈവവിജ്ഞാനീയമനുസരിച്ച്, മൗതികനായത്, പ്രധാനമായും അമ്മത്രേസ്യായുടെ മൗതിക ദൈവവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലാണ്. എങ്കിലും കുരിശിന്റെ വി. യോഹന്നാന്റെ സമീപനവും കുറെയെല്ലാം സ്വാംശീകരിച്ചിട്ടുണ്ട്. രണ്ട്- ചാവറയുടെ വിശ്വാസവും ദൈവാരാധനയും അദ്ദേഹത്തെ പൗരസ്ത്യസുറിയാനി പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ നിലനിറുത്തിയിരുന്നു. ഇതിൽ ദൈവവചന പശ്ചാത്തലവും സുറിയാനി ഭാഷാ ഘടകവും ഉൾപ്പെട്ട പാരമ്പര്യമാണുള്ളത്. മൂന്ന്-പൗരസ്ത്യ മൗതിക വിജ്ഞാനീയത്തിന്റെയും പാശ്ചാത്യ മൗതിക വിജ്ഞാനീയത്തിന്റെയും അംശങ്ങളും കടന്നു വരുന്നുണ്ട്. മൂന്നാമത്തേതു പ്രധാനമായും ദൈവാനുഭവത്തിന്റെയും സഭാരൂപീകരണ സംവിധാനങ്ങളുടെയും സ്വാധീനമാണ്. മൂന്നാമത്തെ ഘടകത്തിന്റെ സ്വഭാവം ചർച്ച ചെയ്തിട്ടില്ലാത്തതുകൊണ്ട് ഏതാനും ചില നിരീക്ഷണങ്ങൾ മാത്രം.[284]

പൗരസ്ത്യ മൗതികതയിൽ കടന്നു വരുന്ന ശാഖകൾ മെശയാനിക, ഹൈന്ദവ, ബുദ്ധ, ഇസ്ലാം പാരമ്പര്യങ്ങളോടു ബന്ധപ്പെട്ടവയാണ്. മെശയാനിക പൗരസ്ത്യ പാരമ്പര്യത്തിൽ, മൗതികത, മനുഷ്യനെ ത്രൈ മാനമായി സമീപിക്കുന്നു (1 തെസ. 5:23). മനുഷ്യന്റെ ദൈവാനുഭവമെന്നത് ദൈവച്ഛായയിലും ദൈവസാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നയാൾ ദൈവച്ഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുന്നതാണ്. ഇതിനെ ദൈവികീകരണമെന്നു വിശേഷിപ്പിക്കുന്നു. മാമ്മോദീസായുടെ ജീവിതം റൂഹാദ്ക്കുദ്ശായിലൂടെ സാക്ഷാത്കരിച്ച് കൗദാശികമായി അനുഭവിച്ചറിയുന്നതാണ് പൗരസ്ത്യ മൗതികത. ഹൃദയത്തിന്റെ പ്രാർത്ഥന, പ്രശാന്ത പ്രാർത്ഥന, ഈശോ നാമജപം, 'മാർ വാലാഹ്' അനുഭൂതി തുടങ്ങിയവ മൗതികാനുഭൂതിയുടെ രൂപങ്ങളാണ്. സുറിയാനി സഭാ പാരമ്പര്യത്തിൽ മൗതികാനുഭൂതി തികച്ചും ദൈവാരാധനാധിഷ്ഠിതമാണ്.

ഹൈന്ദവപാരമ്പര്യത്തിൽ ദൈവാനുഭൂതി എല്ലാ പരിമിതികളേയും മറി കടക്കുന്നു. പരബ്രഹ്മത്തിൽ ആത്മാവ് അഹമായിത്തീരുന്നു. ഈ കൂട്ടരാണ് മുനികളും, ഋഷികളും, യോഗികളും. പരമയോഗികൾ സകലരേയും ആത്മതുല്യം ദർശിക്കുന്നു. ഋഷി സ്ഥിതപ്രജ്ഞനാകുമ്പോൾ ആത്മീയാനന്ദത്തിലാകുന്നു, ശാന്തിയിലെത്തുന്നു.

ബുദ്ധമതസ്ഥരുടെ പാരമ്പര്യത്തിൽ ചിത്തവൃത്തി നിയന്ത്രണത്തിലൂടെ, ബോധോദയത്തിനായി തന്റെ യഥാർത്ഥ രൂപത്തെ നേരിട്ടു ദർശിക്കുന്നതാണ് മൗതികത. ഇതാണ് ബുദ്ധരുടെ ഇടയിലുള്ള സെൻ മാർഗ്ഗം അഥവാ ധ്യാനാനുഭവം. കൺഫ്യൂഷ്യൻ മതപണ്ഡിതനായ ഹുയിക്കേട, ബോധിധർമ്മന്റെ പ്രധാന ശിഷ്യനായതിലൂടെ ചാൻ മാർഗ്ഗം അടിസ്ഥാന ഘടകമാക്കി. ചൈനയിലെ ചാൻ മാർഗ്ഗം ജപ്പാനിലെ സെൻ രീതിയുമായി. സെൻ പരമാർത്ഥ തത്ത്വത്തെ ദർശിച്ചനുഭവിക്കുന്നത് ബുദ്ധിക്കതീതവും നിഗൂഢവുമായതിനാൽ മൗതികാനുഭൂതി തന്നെ.

ഇസ്ലാം പാരമ്പര്യത്തിൽ സൂഫികൾ (കമ്പിളി വസ്ത്രധാരികൾ), ബാഹ്യമായവയിൽ നിന്ന് ആത്മാവിലേക്കും, ദൈവാനുഗ്രഹത്തിലും സമാധാനത്തിലും ശാന്തി പ്രാപിക്കുന്നതിലേക്കും, പ്രാർത്ഥന, ഉപവാസം, ജാഗരണം എന്നിവ വഴി അല്ലാഹു അനുഭവത്തിലേക്കും രൂപാന്തരപ്പെടുന്നു. നിസ്ക്കാരവും നിസ്ക്കാരിയും അല്ലാഹുവും ഒന്നു ചേരുന്നു. ഇസ്ലാം പുരുഷ ഭാവത്തിലാണ് മണവാട്ടി ഭാവത്തിലല്ല മുന്നേറുന്നത്.





മൂന്നാം ഭാഗം



CARMEL JYOTHI
ALWAYE
THAIKKATTUKARA

VIII

ചാവറയാധ്യാത്മികത

VIII ചാവറയാധ്യാത്മികത

"എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ യാവന പാനം നീയെ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[1]

ചാവറയുടെ ആധ്യാത്മികതയിലേക്കു കൂടുതലായി കടന്നുചെല്ലുകയാണീ മൂന്നാം ഭാഗത്ത്. അദ്ദേഹത്തിന്റെ തന്നെ കൃതികളെ ആസ്പദമാക്കിയുള്ള അന്വേഷണത്തിലാണ് ചാവറയുടെ ആധ്യാത്മിക രഹസ്യങ്ങൾ കണ്ടെത്തുന്നത്. ആത്യന്തികമായി മൗതികനായിരുന്ന ചാവറ ദൈവത്തെ അനുഭവിച്ചറിഞ്ഞത് മൗലികമായ അടിസ്ഥാനത്തിലാണ്. തന്റെ ആത്മാനുതാപം എന്ന ആധ്യാത്മിക കൃതിയിൽ ദൈവത്തെ കാണുന്നത് വിശുദ്ധഗ്രന്ഥാവിഷ്ക്കരണത്തിന്റെ ഉൾക്കാഴ്ചയിലൂടെയാണ്. ഉൾക്കാഴ്ച എന്നതുതന്നെ ദൈവാത്മാവ് മനുഷ്യാത്മാവിൽ പ്രവർത്തിക്കുന്നതിന്റെ ചൈതന്യമുള്ളതാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണല്ലോ ദൈവമക്കളും ദൈവികരും ആധ്യാത്മികരുമായിത്തീരുന്നത്.

ദൈവത്തെ മൂന്ന് അടിസ്ഥാന പ്രാപഞ്ചിക ഘടകങ്ങളായ ശ്വാസം, ഭക്ഷണം, ജലം എന്നീ ഭൂതകങ്ങളിലൂടെ സമീപിക്കുന്നത് ദൈവാവിഷ്കൃത സ്വഭാവമുള്ളതാണ്. ബൗദ്ധിക സമീപനത്തിനും അതീതമായ വിശ്വാസാനുഭവത്തിൽ കടന്നുവരുന്ന ശ്വാസം, ഭക്ഷണം, പാനീയം എന്നീ മൂന്നു ഭൂതക ഘടകങ്ങളെ ദൈവപിതാവിനോടും ദൈവപുത്രനോടും ദൈവാത്മാവിനോടും ബന്ധപ്പെടുത്തി സമീപിക്കാം.

ഉത്പത്തി ഗ്രന്ഥത്തിലൂടെ വേദപുസ്തകം ദൈവിക മാനുഷിക ബന്ധത്തെ ആവിഷ്ക്കരിക്കുന്നിടത്ത് യാഹ്വിസ്റ്റു ഗ്രന്ഥകാരനും അതിനുശേഷം 500 വർഷം കഴിഞ്ഞുവന്ന പുരോഹിത ഗ്രന്ഥകാരനും പറയുന്നത് ദൈവത്തെ കൂടാതെ മനുഷ്യജീവനില്ലെന്നാണ്. യാഹ്വെ സൃഷ്ട ജാലങ്ങൾക്കു ജീവശ്വാസം നൽകുന്നുവെന്ന പാരമ്പര്യ വിശ്വാസം ഏവർക്കും സുപരിചിതമാണെന്ന് സങ്കീ.104:29 സൂചിപ്പിക്കുന്നു.

ഇസ്രായേലിന്റെ പുരാതനകാലം മുതലുണ്ടായിരുന്ന ദൈവവിശ്വാസമാണ് ശ്വാസം എന്ന പ്രയോഗത്തിലൂടെ പ്രത്യക്ഷപ്പെടുന്നത്. മനുഷ്യർക്കു പ്രപഞ്ചത്തോടു ബന്ധമുണ്ടെങ്കിലും പ്രപഞ്ചമല്ല. ദൈവത്തോടു മനുഷ്യർ ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും ദൈവവുമല്ല. അതിനാൽ സർവ്വതിനും ദൈവത്തോടു ബദ്ധമായിരിക്കുന്ന മനുഷ്യരുടെ ജീവനാണ് ശ്വാസം വഴി ദൈവം നൽകുന്നത്. അതിനാൽ വേദപുസ്തകത്തിലുള്ള ദൈവവിശ്വാസം ചാവറ, ആധ്യാത്മികതയുടെ ഉറവിടം എന്ന നിലയിൽ "ശ്വാസവും എനിക്കു നീ" എന്ന ശൈലിയിലൂടെ പ്രകടമാക്കുന്നു. ഈ നിരീക്ഷണത്തിൽ ദൈവപിതാവിനെ പ്രത്യേകമായി മനുഷ്യരിലുള്ള ശ്വാസവുമായി ബന്ധപ്പെടുത്തി ചിന്തിക്കാം. മനുഷ്യരിലുള്ള പ്രാണവായുവിനെ വെറും ജീവൻ നിലനിറുത്തുന്ന ഘടകമായി കാണാതെ ദൈവിക ജീവന്റെ ഒരടിസ്ഥാനമായി എടുക്കാം. ഈ സമീപനം അതിന്റെ ആധ്യാത്മിക തലത്തിൽ അടിസ്ഥാനപരമാക്കിത്തീർക്കുന്ന ഒരു സംഭവമാണ് യോഹന്നാൻ ഏവൻഗേലിസ്ത 20:22 ൽ സാക്ഷ്യപ്പെടുത്തുന്നത്. ഇവിടെ നിശ്വസിക്കുന്നത് ഉത്ഥിതനായ ഈശോയാണ്. ശ്വാസം റൂഹാദ്ക്കുദ്ശായെ സൂചിപ്പിക്കുന്നു. 'ശ്വാസവുമെനിക്കു നീ' എന്നാലപിച്ച ചാവറയോടു ചേർന്ന് എല്ലാ ശ്വാസോച്ഛ്വാസത്തിലും നമുക്കു കർത്താവിനെ സ്തുതിക്കാം (സങ്കീ. 150:6).

'യാവന' എന്ന പ്രയോഗത്തിലൂടെ ചാവറ മനുഷ്യന് അവശ്യമായിരിക്കുന്ന ഭക്ഷണത്തേയും എടുത്തു പറയുന്നു. ദൈവം എങ്ങനെയാണ് മനുഷ്യർക്കു ഭക്ഷണമാകുന്നത്. ദൈവപുത്രനായ ഈശോ

ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥനയിൽ "ലഹമ്മാ ദ്സുനക്കാനൻ യൗമ്മാനാ" എന്നു കാണുന്നുണ്ട്. അന്നന്നാവശ്യമായ അപ്പം ഈശോ തന്നെ എന്നതാണ് കഫർനാഹോമിലെ പ്രഭാഷണത്തിൽ നിന്നും വ്യക്തമാകുന്നത് (യോഹ. 6:35-51). ഈശോയുടെ പ്രഭാഷണത്തിൽ "ലഹമ്മാ" - അപ്പം - എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. മരുഭൂമിയിൽ വച്ച് ഇസ്രായേലിനു മൂശെ അല്ല സ്വർഗ്ഗത്തിൽ നിന്ന് അപ്പം നൽകിയത്, മറിച്ച് ഈശോയുടെ പിതാവെന്ന് ഈശോ തന്നെ പ്രഖ്യാപിക്കുന്നു (യോഹ. 6:32). മരുഭൂമിയിലെ മന്നാ ഭക്ഷിച്ചവർ മരിച്ചെങ്കിലും ഈശോയാകുന്ന അപ്പം ഭക്ഷിക്കുന്നവർ നിത്യം ജീവിക്കുമെന്ന് അവിടുന്നു പറയുന്നു (യോഹ. 6:51). ദൈവപിതാവിലുള്ള വിശ്വാസം പോലെ ദൈവപുത്രനിലുള്ള വിശ്വാസം "യാവന" എന്ന പ്രയോഗത്തിലൂടെ ചാവറ പ്രഖ്യാപിക്കുന്നു. ഈ വിശ്വാസപ്രഖ്യാപനവും പൂർണ്ണമായും വേദപുസ്തകാധിഷ്ഠിതമാണ് (യോഹ. 6:40). പിതാവിനെയും പുത്രനെയും അറിയുന്നതാണ് നിത്യജീവൻ (യോഹ. 17:3). മനുഷ്യർ ഭക്ഷണത്തിനായി അധ്വാനിക്കുകയും അതു സ്വീകരിച്ചു ജീവിക്കുകയും ചെയ്യുമ്പോൾ മനുഷ്യപുത്രനെ കണ്ടനുഭവിച്ചുകൊണ്ടതു നടത്തുന്നത് ശ്രേഷ്ഠമാണ്. ഭൗതിക ഭക്ഷണത്തോടൊപ്പം ദൈവിക ഭക്ഷണമായ ദിവ്യകാരുണ്യവും അനുഭവത്തിൽ നിറുത്തി ചാവറയുടെ ആധ്യാത്മികതയിലേക്ക് എത്തിനോക്കാം.

"പാനം നീയെ" എന്ന ചാവറയുടെ ഗാനത്തിലേക്ക് കടക്കാം. പ്രാണവായു കഴിഞ്ഞാൽ ഏറ്റവും അത്യാവശ്യമായി വരുന്ന ഭൂതഘടകമാണ് ജലം-പാനം. ദൈവത്തെ പാനമായിട്ട് ചാവറയുടെ ഉൾക്കാഴ്ച ദർശിച്ചതിനെ ഇപ്രകാരം മനസ്സിലാക്കാം. "ഈശോ തിരുനാൾ അവസാനിക്കുന്ന മഹാദിനത്തിൽ എഴുന്നേറ്റു നിന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അയാൾ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തുകൾ പറയുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ. 7:37,38). കഫർനാഹോമിലെ പ്രഭാഷണത്തിലും

ഈശോ പറയുന്നത് "എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല" എന്നാണ് (യോഹ. 6:35).

മനുഷ്യജീവിതത്തിൽ എപ്പോഴും ശാരീരിക ജീവനായിരിക്കുന്ന പാനത്തെയാണ് ചാവറയച്ചൻ ദൈവാനുഭവത്തിന്റെ പ്രതീകമാക്കി തീർത്തത്. ഇവിടെ റൂഹാദ്ക്കുദ്ശായെ അനുസ്മരിച്ച്, അനുഭവിച്ച് ദൈവത്തിൽ സദാ വ്യാപരിക്കുന്നതിനുള്ള ഉപാധിയായി നിത്യോപയോഗ സാധനമായ ജലത്തെ കാണാവുന്നതാണ്. അതോടൊപ്പം ദിവ്യ ശരീരവും തിരുരക്തവുമായി തീർന്ന ഈശോയും തിരുരക്തത്തിലൂടെ റൂഹാദ്ക്കുദ്ശായെ സന്നിഹിതമാക്കുന്നു. തിരുനാൾദിനം ദിവ്യനാഥൻ അരുൾചെയ്ത "ജീവജലത്തിന്റെ അരുവികൾ" എന്ന തിരുവചനം ഈശോ സ്ലീവായിൽ ചിന്തിയ രക്തത്തെയും തിരുവിലാവിൽനിന്ന് ഒഴുക്കിയ ജലത്തെയും" അതായത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കുന്ന പരിശുദ്ധാത്മാവിനെകുറിച്ചായിരുന്നു എന്നതും പ്രസക്തമാണ് (യോഹ. 7:39).

"പാനം നീയെ" എന്നത് അർത്ഥമാക്കുന്നത് ദൈവത്തെ കൂടാതെയുള്ള ജീവിതം അചിന്ത്യമെന്നല്ലേ. ജലത്താലും ആത്മാവിനാലും ജനിക്കുക എന്നത് ദൈവരാജ്യ പ്രവേശത്തിനുള്ള വ്യവസ്ഥയായിട്ടാണ് ഈശോ പറയുന്നത് (യോഹ. 3:3,5). യോഹന്നാൻശ്ലീഹാ വീണ്ടും സാക്ഷ്യപ്പെടുത്തുന്നത് ജലത്തിന്റേയും രക്തത്തിന്റേതുമായ വ്യവസ്ഥകളാണ്. "ജലത്താലും രക്തത്താലും വന്നവനാണ് ഈശോമിശിഹാ. ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലുമാണ് അവിടുന്ന് വന്നത് (1 യോഹ. 5:6). ഈ ദൈവവചനം ആത്മാവിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തുടർന്നുള്ള വാക്യങ്ങളിലൂടെ ശ്ലീഹാ വ്യക്തമാക്കുന്നു: "സാക്ഷ്യം വഹിക്കുന്നവർ മൂന്നാണ്; ആത്മാവ്, ജലം, രക്തം (1 യോഹ. 5:8).

പ്ശീത്താ വേദപുസ്തകത്തിലും ചില വ്യൾഗാത്ത വിവർത്തനത്തിലും കാണുന്ന 1 യോഹ. 5:7,8 ഇപ്രകാരമാണ്: "ഒരുവൻ

മാത്രമായ പിതാവും വചനവും പരിശുദ്ധാത്മാവും സ്വർഗ്ഗത്തിൽ സാക്ഷ്യം നല്കുന്നു. ഒന്നു മാത്രമായ ആത്മാവും ജലവും രക്തവും ഭൂമിയിൽ സാക്ഷ്യം നല്കുന്നു."[2] ഈശോമിശിഹായിൽ കേന്ദ്രീകൃതമായിരിക്കുന്ന മാനവ പവിത്രീകരണം മാനവകുലത്തിന് അവശ്യമുണ്ടാകേണ്ട വിശ്വാസമാണ്. പിതാവും പുത്രനും റൂഹായുമായി, മേൽപ്പറഞ്ഞ വിശ്വാസത്തെ യോഹന്നാൻ ശ്ലീഹാ ദർശിക്കുന്നു. ഈശോയുടെ മാമ്മോദീസായിലും സ്ലീവാമരണത്തിലും സംഭവിച്ചത് സഭയുടെ കൂദാശകളിലൂടെ എന്നും തുടരുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഏതു വ്യക്തിയും സഭയുടെ കൂദാശകളിലൂടെയാണ് ആധ്യാത്മിക ജീവിതം നയിക്കേണ്ടത്. അതിനാൽ ചാവറയച്ചന്റെ ആധ്യാത്മികതയെ സഭയുടെ കൂദാശകളിലൂടെ പ്രത്യേകിച്ച് മാമ്മോദീസായുടേയും വി. കുർബാനയുടേയും സ്വഭാവത്തിലൂടെ കണ്ടെത്തുവാനാകും. ഈ യഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്ന ഒന്നാണ് ചാവറയുടെ കൃതിയായ ആത്മാനുതാപത്തിലുള്ള 'ശ്വാസവുമെനിക്കു നീ യാവനപാനം നീയെ' എന്ന വിശ്വാസപ്രഖ്യാപനം. ശ്വാസം നൽകുന്ന പിതാവും ഭക്ഷണമായിത്തീർന്ന ഈശോയും ജീവന്റെ ജലപാനമായ റൂഹായുമാണ് ചാവറയുടെ ജീവിതരഹസ്യം. ചാവറ മാമ്മോദീസായിലൂടെ അനുഭവിച്ചറിഞ്ഞ റൂഹാദ്ക്കുദ്ശായിൽ മരണം വരെ ജീവിച്ചതാണ് അദ്ദേഹത്തിന്റെ ആധ്യാത്മികതയും.

പിതാവും പുത്രനും റൂഹായും യഥാക്രമം ശ്വാസം, യാവന, പാനം എന്നീ പ്രതീകങ്ങളിലൂടെ മനുഷ്യർക്കു സമീപസ്ഥരായിരിക്കുന്നത് അനുദിനജീവിതത്തെ മുഴുവൻ ദൈവാനുഭവത്തിൽ ആസ്വദിക്കുന്നതിനുപകരിക്കും. സർവ്വോപരി ചാവറയുടെ ശൈലിയിൽ: "അമ്മാനുവേലെന്ന നാമാർത്ഥംപോൽ, ദൈവം നമ്മോടുചേർന്നതും കാണാകേണം"[3] എന്നത് സ്വർഗ്ഗം ഭൂമിയിൽ എന്നതിന്റെ അനുഭവവുമാകും.

8:1 മാമ്മോദീസാ

"ഇങ്ങനെ മമയാത്മാവിൻ കേടിനെ
അങ്ങുന്നപ്പഴേ തീർത്തു ഗുണം നൽകി
ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ."[4]

മതാത്മക ജീവിതത്തിന്റെ വ്യവസ്ഥാപിതവും ചൈതന്യപരവുമായ ജീവിതം മിശിഹാനുയായികളെ സംബന്ധിച്ചിടത്തോളം ആരംഭിക്കുന്നത് മാമ്മോദീസാ എന്ന കൂദാശ സ്വീകരിക്കുന്നതിലൂടെയാണ്. എന്നാൽ ചാവറ തന്റെ ആധ്യാത്മികതയെ ദർശിക്കുന്നത് കാരുണ്യവാനായ ദൈവത്തിന്റെ ഇടപെടൽ മാനവരാശിക്ക് അനുഭവപ്പെട്ട സംഭവത്തെ കേന്ദ്രീകരിച്ചാണ്. ഒരു മനുഷ്യനും തനിച്ച് അസ്തിത്വമോ വ്യക്തിത്വമോ, ആധ്യാത്മികതയോ ഉണ്ടാകുന്നില്ല, മറിച്ച് സഹാസ്തിത്വത്തിലൂടെയാണ് അതു സംഭവിക്കുന്നത്. സഹാസ്തിത്വത്തിൽ ഗുണങ്ങളിലെന്നപോലെ, കുറവുകളിലും പങ്കാളിത്തമുണ്ടാകുന്നു. അങ്ങനെ ഉള്ള ഒന്നാണ് ഉത്ഭവപാപം. ദൈവത്തിന്റെ കരുണാർദ്രസ്നേഹം ചാവറയുടെ ജനന വേളയിൽത്തന്നെ ദൈവം പ്രകടമാക്കിയ അനുഭവമാണ് അദ്ദേഹം തന്റെ ആത്മാനുതാപമെന്ന കൃതിയിലൂടെ വിവരിക്കുന്നത്. ചാവറ പാടുന്നു.

"കരുണാകരനായ സർവ്വേശ്വരാ!
കരകാണാത്ത കൃപയിൻ ദൈവമെ
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായി സ്മരിച്ചു രക്ഷിച്ചല്ലോ

കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയമാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം പോക്കി നൽകിയതു കാലം
ഇച്ചെയ്ത ഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തു നാഥാ."[5]

മാമ്മോദീസാ എന്ന കൂദാശ ഉത്ഭവപാപവും, കർമ്മപാപമു ണ്ടെങ്കിൽ അതും നീക്കംചെയ്യുന്ന ദൈവിക കരുണയുടെ ദാനമാണ്. ഈശോമിശിഹാ ജോർദ്ദാൻ നദിയിൽ വച്ച് യോഹന്നാൻ മാംദാന യിൽനിന്നു സ്നാനം സ്വീകരിച്ചതും, തന്റെ ജീവിതത്തിലൂടെ അതു സാക്ഷാത്കരിച്ച് സഭയെ സ്ഥാപിച്ചതുമെല്ലാം മാമ്മോദീസാ എന്ന കൂദാശയുടെ അടിസ്ഥാനങ്ങളാണ് (മത്താ. 3:13-17; ലൂക്കാ 12:50; യോഹ. 19:34). ദൈവത്തിന്റെ 'കരകാണാത്ത കൃപ' എന്ന് ചാവറ പറഞ്ഞതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ കടന്നുവരേണ്ട ഒരു സത്യ മാണ് റൂഹാദ്ക്കുദ്ശായുടെ സാന്നിധ്യവും അവിടുത്തെ പ്രവൃത്തിക ളും. ദൈവത്തിന്റെ ചൈതന്യമാണ് ജലപ്പരപ്പിലൂടെ ചരിച്ചുകൊണ്ട് പ്രപഞ്ചത്തിൽ ക്രമീകരണങ്ങളുണ്ടാക്കിയത് (ഉത്പ. 1:2). പ്രപഞ്ചം സംവിധാനം ചെയ്യപ്പെട്ടതിനു ശേഷമാണ് ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ രൂപപ്പെടുത്തുന്നത് (ഉത്പ. 1:26;2:7). ദൈവത്തിന്റെ ഛായയും സാദൃശ്യവും അവയുടെ സാരാംശത്തിൽ സ്നേഹമെന്നുവേണം വിശ്വസിക്കുവാൻ. കാരണം ദൈവം സ്നേഹമാ ണെന്നു യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതും ദൈവിക കല്പനയിലൂടെ അതു വെളിപ്പെടുത്തുന്നതും കാണാം (1 യോഹ. 4:8,16; നിയ. 6:5; ലേവ്യർ 19:18; മത്താ. 22:37,38; യോഹ. 13:34).

മാനവ രൂപവത്ക്കരണത്തിൽ ദൈവസ്നേഹം നിർണ്ണായക ഘടകമാണ്. ആദിമനുഷ്യരിലെന്നതുപോലെ എല്ലാ മനുഷ്യരിലും

ദൈവത്തിന്റെ 'കരകാണാത്ത കൃപ' കടന്നു വരണമെന്നത് ചാവറ നൽകുന്ന വലിയൊരു സാക്ഷ്യമാണ്.[6] ദൈവത്തിന്റെ ഛായയും സാദൃശ്യവും സ്നേഹമെന്നു പറഞ്ഞതിനെക്കുറിച്ച് അധികമായി ചിന്തിക്കുമ്പോൾ, ദൈവത്വത്തിൽ റൂഹാദ്ക്കുദ്ശായെയാണ് സ്നേഹത്തിന്റെ വൈയക്തിക രൂപമായി കണക്കാക്കുന്നത്.[7] ഏതൊരു മനുഷ്യ വ്യക്തിയുടേയും ജന്മത്തിൽ ദൈവം തന്റെ ആത്മാവിനെ നൽകുന്നുവെന്നു വിശ്വസിക്കാവുന്നതാണ്. കാരണം ദൈവമതു ചെയ്തതായിട്ടാണ് വി. ഗ്രന്ഥം പറയുന്നത് (ഉത്പ. 1:26). ആദിമ മനുഷ്യരുടെ കാര്യത്തിൽ ഇടപെട്ട ദൈവം എല്ലാവരുടേയും കാര്യത്തിൽ ഇടപെടുക എന്നതു ദൈവനീതിയാകണമല്ലോ. എന്നാൽ ആദിമനുഷ്യർക്കില്ലാതിരുന്ന ഒരു ഘടകം മാനവരാശിയുടെ സഹാസ്തിത്വാനുഭവമാണ്. ചാവറയുടെ ജനനത്തിലും സഹാസ്തിത്വത്തിന്റെ ഗുണാഗുണങ്ങളാൽ ഉത്ഭവപാപം ഉൾപ്പെട്ടു. അതേ സമയംതന്നെ 'കരകാണാത്തകൃപ'യുടെ ദാനവും ഉണ്ടാകണമല്ലോ. ഇവിടെ നാം കാണുന്നത് റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനം ആദിമനുഷ്യർക്കെന്നതുപോലെ ചാവറയ്ക്കുമുണ്ടായിരുന്നുവെന്നതാണ്. എന്നാൽ സഹാസ്തിത്വത്തിലൂടെ ഉത്ഭവപാപത്തിന്റെ കൈമാറ്റവും ചാവറയിൽ ഉണ്ടായിരുന്നു. രണ്ടാമത്തേതിനെ നീക്കുവാൻ ചാവറ മാമ്മോദീസാ മുങ്ങിയപ്പോൾ അവിടുന്നു സ്വീകരിച്ച ദൈവിക ജീവനെ റൂഹാദ്ക്കുദ്ശാ എന്ന ശൈലിയിൽ കണക്കാക്കാം. അതാണ് ദൈവത്തിന്റെ 'കരകാണാത്ത കൃപ'. ചാവറ, 'മാമ്മോദീസായിൽ ലഭിച്ച ദൈവവരപ്രസാദ'മെന്നു വിശേഷിപ്പിച്ചതു തന്നെയാണ് റൂഹാദ്ക്കുദ്ശായെന്നു നാമിവിടെ പറയുന്നതും.

ജനനത്തിലും മാമ്മോദീസായിലും സ്വീകരിച്ച റൂഹാദ്ക്കുദ്ശാ ഒന്നു തന്നെയോ എന്ന ചോദ്യത്തിനുത്തരം വി. ഗ്രന്ഥവും സഭയുടെ പാരമ്പര്യവും പ്രദാനം ചെയ്യും. എല്ലാവരിലും സന്നിഹിതനായിരിക്കുന്ന റൂഹായെ ഈശോമിശിഹാ സഭയിലൂടെ നൽകുന്നതിനെയാണ് മാമ്മോദീസായിലെ റൂഹാ എന്നു വിശേഷിപ്പിക്കുന്നത്.

അതായത് മാമ്മോദീസാ വഴി ഒരാൾ സഭാ സമൂഹത്തിലൂടെ റൂഹായെ സ്വീകരിക്കുന്നുവെന്നു സാരം. മാനവരാശിയോടുള്ള ചാവറയുടെ ബന്ധത്തിൽ, ദൈവകൃപ, ചാവറയെ ഉത്ഭവപാപത്തിൽ നിന്നു മോചിപ്പിക്കുവാൻ "കാരുണ്യമോടെയക്കാലമെന്നെ നീ കരുതിനന്നായ് സ്മരിച്ചുരക്ഷിച്ചല്ലോ" എന്നു ചാവറ വിശ്വസിച്ചു.

ചാവറയുടെ ആധ്യാത്മിക ജീവിതം ജനനത്തോടുകൂടി റൂഹായിൽ ആരംഭിച്ചതിനെ മാമ്മോദീസായോടു കൂടി സഭാപരവും കൗദാശികവുമാക്കി. ആധുനിക ലോകത്തിനു ചാവറ നൽകുന്ന ഈടുറ്റ സംഭാവനയാണ് മാമ്മോദീസാ എന്ന കൂദാശയുടെ ചലനാത്മക സ്വഭാവം. വെറുമൊരു യാന്ത്രിക കർമ്മമല്ല മാമ്മോദീസാ, മറിച്ച് അനുനിമിഷം ജീവിക്കേണ്ടതായ ഒരു കൂദാശയാണത് (ലൂക്കാ 12:50). മാമ്മോദീസായിലെ റൂഹായെ ജീവിതകാലം മുഴുവൻ അനുഭവിച്ചറിയുക എന്നത് വീരോചിതമായ ഒരു സാക്ഷ്യം എന്നു ചാവറ തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തിയത് പിന്നാലെ കാണുന്നതാണ്. അതിനു മുമ്പ് ചാവറ തന്റെ അമ്മയിലൂടെ എപ്രകാരമാണ് റൂഹായാൽ നയിക്കപ്പെട്ടതെന്നു ചർച്ച ചെയ്യേണ്ടതാണ്.

8:2 മാതൃപാലനം

"പൈതൽ പ്രായത്തിൽ തീറ്റി വളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾതന്നെ ഗ്രഹിപ്പിച്ചു തന്നവൾ
ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം."[8]

ദൈവമാണ് ഒരമ്മയെ നൽകുന്നതെന്ന വിശ്വാസമാണ് ചാവറ മേല്പറഞ്ഞ പദ്യത്തിലൂടെ ആവിഷ്ക്കരിക്കുന്നത്. അമ്മയുടെ പരിശുദ്ധിയെ ഏറ്റുപറയുന്ന ചാവറ വലിയ ഒരു സത്യമാണ് അനുഭവിച്ചറിഞ്ഞത്. അതായത് ദൈവം കുട്ടികളെ വളർത്തുന്നതു മാതാപിതാക്കളിലൂടെ എന്ന സത്യം. മാതാപിതാക്കൾ കുട്ടികളെ ജനിപ്പിക്കുവാൻ മാത്രം ഉള്ളവരല്ല, മറിച്ച് പൈതൽ പ്രായത്തിൽ-ചെറുപ്പത്തിൽ- അവരെ പരിശുദ്ധിയിൽ പരിശീലിപ്പിച്ചു വളർത്തുവാനുള്ളവരാണ്. സ്വന്തം അമ്മയിൽനിന്നു മുലപ്പാലോടുകൂടെ ചാവറയ്ക്കു ലഭിച്ചതു സ്നേഹമെന്നതാണ് ചാവറയിൽ അവശേഷിച്ച അനുഭവം. ഈ സ്നേഹത്തിലാണ് ഒരു മാതാവ് ദൈവാത്മാവിനെ-റൂഹായെ-പ്രതിനിധാനം ചെയ്യേണ്ടത്. ദൈവത്തെ പിതാവായും മാതാവായും കാണുന്നതുകൊണ്ടാണല്ലോ ഈശോയെ പുത്രനായി കണക്കാക്കുന്നത്. പിതാവായ ദൈവം ചാവറയ്ക്കു പെറ്റമ്മയെ നൽകിയെങ്കിൽ ആ അമ്മയിലുണ്ടാകേണ്ട സ്നേഹം റൂഹായുടേതു തന്നെയായിരിക്കണം. റൂഹാദ്ക്കുദ്ശായെ സ്ത്രൈണഭാവത്തിന്റെ പ്രതീകത്തിലൂടെയാണു സുറിയാനിസഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നത്.[9] മുകളിൽ സൂചിപ്പിച്ചതുപോലെ ദൈവസ്നേഹത്തിന്റെ വൈയക്തികഭാവം റൂഹായാണ്. അതിനാൽ ദൈവം നൽകിയ സ്നേഹം സ്വന്തം മാതാവിലൂടെ ചാവറയ്ക്കു ലഭിച്ചത് ദൈവസ്നേഹത്തിന്റെ- റൂഹാനുഭവത്തിന്റെ അമൃതപാനമായിരുന്നു. "പാനം" നീയെ എന്നു ചാവറ ആലപിക്കുമ്പോൾ റൂഹായാൽ ജീവിക്കുന്നതിന്റെ അനുഭവമല്ലെ മുന്നിട്ടു നില്ക്കുന്നത്. ഈ റൂഹാപാനമാണ് അമ്മയുടെ മുലപ്പാലിൽ അലിഞ്ഞു ചേർന്നിരിക്കുന്നതെന്ന് ഒരു കുട്ടിക്കനുഭവപ്പെടുന്നത് അമ്മനുവേലനുഭവത്തിന്റെ സാക്ഷാത്കാരമല്ലേ. അമൃതപാനത്താൽ ദൈവം നൽകിയ സ്നേഹം അമ്മ കൈമാറിയപ്പോൾ, മാമ്മോദീസായിലൂടെ ലഭിച്ച ദൈവകാരുണ്യത്തെയാണ് ചാവറ അനുസ്മരിക്കുന്നതെന്ന് താഴെ വരുന്ന ഹൃദയവീണ വ്യക്തമാക്കുന്നു:

"കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയമാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം പോക്കി നൽകിയതു കാലം
ഇച്ചെയ്ത ഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തു നാഥാ!
ഇങ്ങനെ മമയാത്മാവിൻ കേടിനെ
അങ്ങുന്നപ്പഴേതീർത്തു ഗുണം നൽകി."[10] ഇവിടെയും ചാവറ എടുത്തു പറയുന്നത് ഉത്ഭവപാപം നീക്കുന്ന ജലത്തെക്കുറിച്ചാണ്. 'കാരണപാപതോയം' റൂഹായാലുള്ള അഭിഷേകമാണ്. അതുതന്നെ ആദി പാപനിവാരണം. ഇങ്ങനെ ഉത്ഭവപാപം നീക്കിയ റൂഹാ-തോയം-പൈതൽ പ്രായത്തിൽ മാതൃപാനത്താൽ തുടർന്നും നയിക്കുന്ന മനോഹര രംഗമാണ് ചാവറയുടെ ഉൾക്കാഴ്ചയിൽ തെളിഞ്ഞു വരുന്നത്.

അമൃതപാനം വെറുമൊരു യാന്ത്രിക പ്രവൃത്തിയല്ല, മറിച്ച് റൂഹാനുഭവത്തിന്റെ അവസരവും അനുഭവവുമെന്ന് തുടർന്നു വരുന്ന പാദങ്ങളും വ്യക്തമാക്കുന്നു:

"അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ."[11]

അമൃതപാനം ഒരു വിധത്തിൽ ജപം പഠിക്കുന്നതിനുമിടവരുത്തിയെന്നു വേണം പറയുവാൻ. കാരണം വി. ശ്ലീഹാ പറയുന്നതുപോലെ മനുഷ്യഹീനതയിൽ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതും റൂഹാതന്നെയാണ് (റോമ. 8:26). ഉത്ഭവപാപത്തിന്റെ കെടുതികളെ പൈതൽ പ്രായത്തിൽ നീക്കുന്നത് അമ്മയുടെ സ്നേഹത്താലും ആ സ്നേഹം അനുഭവപ്പെടുന്നത് ശുശ്രൂഷയിലുമാണ്. ഈ ശുശ്രൂഷയിൽ പ്രഥമമായത് അമൃതപാനവും. ഇവിടെ കടന്നുവരുന്ന വലിയ ഒരു രഹസ്യം സ്നേഹത്തിന്റെ ബാലപാഠങ്ങൾ പൈതലിനുണ്ടാകുക എന്നതാണ്. അതായത് എല്ലാ മനുഷ്യരിലുമുള്ള ദൈവസ്നേഹത്തിന്റെ മാനുഷികാനുഭവം ഊഷ്മളമായിത്തീരുന്ന പ്രായമാണ് ജനിച്ചു കഴിഞ്ഞുള്ള

രണ്ടര വയസ്സുവരെ. ഈ പ്രായത്തിലാണല്ലോ അമൃതപാനവും നടക്കുന്നത്. ശിശുപ്രായത്തിൽ ദൈവസ്നേഹം പൈതങ്ങൾക്കുണ്ടാകേണ്ടതിന്റെ വലിയ ഒരു ഘടകമാണ് അമൃതപാനം. അമ്മ തന്നെത്തന്നെ മുഴുവനായി കുഞ്ഞിനു നൽകുന്നതിന്റെ അടയാളമാണ് അമൃതപാനം. ഇതോടുകൂടെ ജപവും കൂട്ടിച്ചേർക്കുമ്പോൾ ദൈവിക മാനുഷിക സമാഗമം പൈതലിനും അനുഭവവേദ്യമാകും.

മാമ്മോദീസാ ജലം റൂഹായുടെ സാന്നിധ്യത്തെ വിളിച്ചുവരുത്തുകയും അമൃതപാനം റൂഹാനുഭവത്തെ സജീവമാക്കുകയും ചെയ്യുമ്പോൾ അത് ദൈവസ്നേഹാനുഭവമാണ്, പ്രാർത്ഥനാനുഭവമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ചാവറയുടെ ശൈശവാവസ്ഥയെന്ന മഹാത്ഭുതം, ഇനിയും അമ്മമാരും കുട്ടികളും അന്വേഷിച്ചറിയേണ്ട കാര്യങ്ങളാണ്; അനുഭവിച്ചറിയേണ്ട രഹസ്യങ്ങളാണ്, മാമ്മോദീസാ ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ്. റൂഹായാൽ നയിക്കപ്പെടേണ്ടതിന് ചാവറയുടെ അമ്മ ചാവറയെ ദൈവമാതാവിനു കൊടുക്കുന്നതാണ് അടുത്തതായി കാണുവാനുള്ളത്.

8:3 ദൈവമാതൃസംരക്ഷണം

"കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥ തന്റെയടിമയാക്കി മുന്നം
ശിശുവാമടിയനെ യമൃതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ-
ശുദ്ധമാതാവേ ദൈവജനനീ കന്നിയമ്മേ,
അശുദ്ധ മമോദര ഫലമാമിതിനെ നീ
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ."[12]

ചാവറ സ്വമാതാവിൽനിന്നും സ്വീകരിച്ച ആധ്യാത്മിക ശിക്ഷണത്തിൽ വളരെ പ്രസക്തമായ ഒന്നാണ് ദൈവപുത്രന്റെ മാതാവിനോടുള്ള ഭക്തി. ഈ ഭക്തി സുവിശേഷത്തിന്റെ അടിസ്ഥാനമായി ഒന്നാം സ്ഥാനത്തു നില്ക്കുന്നതാണ്. കാരണം മിശിഹാ തന്നെയാണ് പരിശുദ്ധ അമ്മയെ മനുഷ്യരാശിയുടേയും സഭയുടേയും മാതാവായി നിശ്ചയിച്ചത് (യോഹ. 19:26-27). മാതൃഭക്തിയുടെ അടിസ്ഥാനം മാനവസ്വഭാവത്തിലും മനുഷ്യരുടെ ദൈവോന്മുഖതയിലും അധിഷ്ഠിതമാണ്. മനുഷ്യത്വഭാവത്തിൽ മാതൃത്വ പിതൃത്വത്തിന്റെ ഏകാന്ത വൈശിഷ്ട്യം വച്ചുനോക്കുമ്പോൾ പരിണാമപരമായി ആന്തരിക വികാസത്തിനാണ് ഊന്നൽ. സ്ത്രീകളിൽ മാത്രമല്ല, പുരുഷന്മാരിലും ആഴമായി കിടക്കുന്ന അഭിനിവേശമാണ് തുറവിയുടെ വിഷയം. മാതാവിൽ ദൈവവചനം അമ്മനുവേലനുഭവം പ്രദാനം ചെയ്തുകൊണ്ട് അവളുടെ സ്ത്രൈണ ഗുണമായ കഴിവിനെ പൂർണ്ണമായും സാക്ഷാത്കരിച്ചു. ഇത് റൂഹാദ്ക്കുദ്ശായുടെ പ്രവൃത്തിയാണ് (ലൂക്കാ 1:35). അതുകൊണ്ട് മാമ്മോദീസാവഴി റൂഹായെ സ്വീകരിച്ച ചാവറ പരിശുദ്ധ മാതാവിനടിമയായിത്തീരുന്നത് റൂഹാദ്ക്കുദ്ശായാൽ നിറയുന്നതിനുള്ള ഒരു സഹായമാണ്. മാതൃസവിധേ ന്യാസം ചെയ്യപ്പെട്ട ചാവറ ഒരിക്കലും ആ പ്രതിഷ്ഠയിൽ നിന്നു വ്യതിചലിക്കാതിരിക്കുവാൻ മാതാവ് സഹായിച്ചു. ഈ സഹായത്തിൽ ചാവറയുടെ അമ്മയാണ് അടുത്ത സഹായി. ചാവറയെ മാതൃസന്നിധിയിൽ പ്രതിഷ്ഠിച്ചതിനെ അംഗീകരിച്ചുറപ്പിച്ച പുരോഹിത ശ്രേഷ്ഠൻ ഉദ്ധരിക്കുന്നു:

> "ദേവാലയ ശ്രേഷ്ഠനാം ഗുരുവോ, പൂവും നീരും
> ദൈവമാതാവിൻ നാമാൽ കൊടുത്തു മാതൃ കൈയ്യിൽ,
> പിടിച്ചു മമ ചെറുകരത്തിലതു നേരം
> കൊടുത്തു ചൊല്ലി "മാതൃദാസനായിവനെ നീ
> സൂക്ഷിച്ചു വളർത്തുക പാലിച്ചുഭരിക്ക നീ
> സാക്ഷാൽ നിൻസുതനല്ല, മാതാവിൻ ദാസൻ ദൃഢം."[13]

ചാവറയുടെ അമ്മ ചാവറയെ മാതാവിനു പ്രതിഷ്ഠിച്ചതിന്റെ ഓർമ്മ എന്നും നിലനിറുത്തുന്നതിനും അതിന്റെ സ്മരണ മനസ്സിൽ എപ്പോഴും നിറുത്തുന്നതിനും പരിശ്രമിച്ചിരുന്നു. അവളുടെ മരണം വരെ അടിമപ്പണം മുടക്കാതെ കൊടുത്തിരുന്നു. അമ്മ ചെയ്തതിനെക്കുറിച്ചെല്ലാം ചാവറ നിരന്തരം അമ്മയിൽ നിന്നു തന്നെ കേട്ടിരുന്നു. അതുകൊണ്ട് മാതൃസംരക്ഷണം ചാവറയ്ക്കു പരിശുദ്ധാത്മാവിൽ നിരന്തരം ജീവിക്കുന്നതിനുള്ള പ്രായോഗിക പ്രേരണയായിരുന്നു.

മാതൃഭക്തിയോടവശ്യം ബന്ധപ്പെട്ടാണ് തിരുക്കുടുംബഭക്തിയും ചാവറയിൽ തെളിഞ്ഞു നിന്നത്. ചാവറയുടെ വാക്കുകളിൽ നിന്ന്

"അക്കാലം നാവിളക്കുവാൻനേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധ നാമമാമീശോ മറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും."[14]

ചാവറയുടെ ജീവിതവിജയം റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി ജീവിക്കുവാൻ സാധിച്ചുവെന്നതാണ്. എന്നാൽ ഈശോ, മറിയം, യൗസേപ്പ് എന്നിവരുടെ സംരക്ഷണയാലാണ് മാമ്മോദീസായിലെ പ്രസാദവരം കാത്തുസൂക്ഷിക്കുന്നതിന് ചാവറയ്ക്കു സാധിച്ചത്.

മാതൃഭക്തിയുടെ സ്വഭാവത്തിലേക്കു കൂടുതൽ കടന്നുചെല്ലുമ്പോൾ അതു നിരവധി ഘടകങ്ങൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കും. ഒന്നാമതായി പ്രസാദവര പൂരിതയായിരുന്ന മാതാവ് പരിശുദ്ധാത്മാവിനെ സന്നിഹിതമാക്കുന്നു. ഈ പരിശുദ്ധാത്മാവ് സത്യം വെളിപ്പെടുത്തുന്നതിലും നന്മ വിധിക്കുന്നതിലും സ്നേഹത്തിലൂടെ പരിപൂർണ്ണ നന്മയോട് ഒന്നു ചേരുന്നതിലും ചാവറയെ സഹായിച്ചിരുന്നു. അതുകൊണ്ടാണ് ചാവറ കണ്ണടക്കം പാലിക്കാതിരുന്ന ചെറുപ്പകാലത്തെ അനുഭവത്തെക്കുറിച്ച് തീവ്രമായ അനുതാപത്തോടെ വിവരിക്കുന്നത്.

"എന്നിതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണുതന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തുചെയ്തു!
കാണുന്ന വസ്തുവിനെ കണ്ടുകൊണ്ടതിൽത്തന്നെ
നാണം കൂടാതെ മമ ശരണം വച്ചേനയ്യോ!!"[15]

ക്ഷണികങ്ങളായവയിൽ കണ്ണുവച്ചതുവഴി കർത്താവു തന്ന കണ്ണുകൊണ്ടുതന്നെ ദൈവത്തെ തിരസ്കരിച്ചുവെന്ന് ചാവറ ചിന്തിക്കുന്നു. മനുഷ്യദൃഷ്ടിയിൽ വളരെ നിസ്സാരമെന്നു തോന്നാവുന്ന കണ്ണടക്കത്തിന്റെ കുറവും ഉൾക്കാഴ്ചയിലൂടെ നോക്കുമ്പോൾ മഹാ പാപമായിട്ടു കാണുന്നു. ഈ കാഴ്ചയിൽ നിന്നുമാണ് പരിപൂർണ്ണ നന്മയെ നഷ്ടമാക്കി താത്ക്കാലിക നന്മയെ സ്നേഹിച്ചുവെന്നു പറയുന്നത്. ഈ പ്രശ്നത്തിന്റെ സ്വഭാവം കണ്ടെത്തുന്നതിലാണ് ദൈവാത്മാവിനെ അനുധാവനം ചെയ്യുന്ന ദൈവസാന്നിധ്യത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുന്നത്.

രണ്ടാമത്തെ ഘടകം മാതൃഭക്തി പ്രദാനം ചെയ്യുന്ന അനുചിന്തനമാണ് (ലൂക്ക. 2:19,51). ഇവിടെ അനുചിന്തനമെന്നത് ദൈവത്തെ സദാ ദർശിച്ചുകൊണ്ട് പരിപൂർണ്ണ നന്മ മാത്രം ചെയ്യുന്നതിനുള്ള പ്രായോഗികതയാണ്. ദൈവത്തെ കാണുന്നവന്റെ കണ്ണുകളും ഭാവനകളും ആന്തരീകാനുഭവത്തിൽ ലയിച്ചിരിക്കുന്നതിനാൽ പരിപൂർണ്ണ നന്മ മാത്രമെ ചെയ്യുകയുള്ളു. ഇക്കാര്യത്തിൽ ചാവറയ്ക്ക് വളരെ തുച്ഛമായ വീഴ്ച മാത്രമേ ഉണ്ടായുള്ളു. ഇത് മാതൃഭക്തി വഴിയും തിരുക്കുടുംബഭക്തി വഴിയുമുണ്ടായ സഹായത്താലാണ്.[16]

പ. അമ്മയോടുള്ള ചാവറയുടെ ഭക്തി വെറും ഉദ്ദിഷ്ടകാര്യം സാധിച്ചുകിട്ടുന്നതിനുള്ളതല്ലായിരുന്നു എന്നതാണ് മൂന്നാമത്തെ ഘടകം. അത് ദൈവതിരുമനസ്സായ മാനവവിശുദ്ധീകരണവും (1 തെസ. 4:3; അപ്പെ. 1:5) ദൈവമഹത്ത്വവും ലക്ഷ്യം വച്ചുള്ളത് ആയിരുന്നു.

സ്ലീവാപ്പാതയിൽ സുതനെ അനുഗമിച്ച മാതാവിനെ ചാവറ എപ്രകാരം കാണുന്നുവെന്നത് അതിശയകരം.

"മാതാവുമതുനേരമാകാശപിതാവിന്ന്
ജാതിരക്ഷാർത്ഥം പ്രതികാഴ്ചവച്ചുടൻ സുതം
സ്വദേശ നടപ്പുപോൽ കുടിപ്പാൻ പാനം നൽകി
സ്വജാതിജനമതിൽക്കലെർത്തിക്കയ്ച്ച വിഷം
സ്വമാതാവതും കണ്ടു പ്രാർത്ഥിച്ചങ്ങശ്രുക്കളാൽ."[17]

ഈശോയുടെ സ്ലീവായാത്രയിൽ മാതാവ് പ്രാർത്ഥിച്ചതു കേട്ട പുത്രൻ മാനവരാശിയുടെ വിശുദ്ധീകരണത്തിനും ദൈവപിതാവിന്റെ മഹത്ത്വീകരണത്തിനും ക്ലേശങ്ങളെല്ലാം നിയോഗിക്കുന്നു. ശിമയോനെയും പങ്കുചേർക്കുന്നു മാതൃമദ്ധ്യസ്ഥം:

"ഭാരിച്ച വ്രണം തോളിൽ ഭവിച്ചു ക്ഷീണിച്ചുടൻ
സ്നേഹമേറീടും മാതാസർവ്വവും ഹൃദികണ്ടു
ദാഹസ്നേഹത്താൽ കേണുപ്രാർത്ഥിച്ചാശ്വാസത്തിന്നായ്
പ്രിയമേറീടും പുത്രൻ കേട്ടു തൻമാതൃവാചം
പ്രതികൾ വൈരാഗ്യത്തെ ശമിപ്പിച്ചുടൻ ദൂതൻ
ഇതിനാൽ വഴി പോക്കനായൊരു ശിമയോനെ
ഇതിനായ് പിടിച്ചവർ ചുമപ്പിച്ചുടൻ പിൻപെ
വീണ്ടും മാതാവുതന്റെ പുത്രനെയൊടുക്കമായ്
വീര്യ സ്നേഹത്താൽ മുഖം കാണ്മതിന്നിച്ഛിച്ചിതൊ."[18]

മംഗളവാർത്താ വേളയിൽ ദൈവഹിതത്തിനു സമ്മതം നൽകിയത് ജീവിതകാലം മുഴുവൻ തുടർന്നുകൊണ്ടിരുന്നുവെന്ന മഹാരഹസ്യമാണ് ചാവറകൃതിയിൽ തെളിഞ്ഞു നിൽക്കുന്നത്. മാതാവു തന്റെ മകന്റെ മരണോത്ഥാനം വരെ അവിടുത്തെ അനുധാവനം ചെയ്തു എന്നത് മിശിഹാനുയായികൾ ഇനിയും ധ്യാനിക്കേണ്ട രഹസ്യമെന്ന്

ചാവറ പ്രഘോഷിക്കുന്നു. മാതൃഭക്തി ചാവറയുടെ ആധ്യാത്മികതയെ സമഗ്രമായി അനുഗ്രഹിച്ചിരുന്നു.

മാതാവ് ഈശോയ്ക്കുവേണ്ടി പൂർണ്ണമായും തന്നെ വിട്ടുകൊടുത്തത് മാനവരാശിക്കുവേണ്ടിയുള്ള സമർപ്പണവുമായിരുന്നുവെന്നതിന് ഈശോയുടെ വാക്കുകൾ തന്നെ സാക്ഷ്യം!

> "സ്ത്രീയെ നിൻ പുത്രനിതാ"യെന്നു തൻമാതാവോടും
> പ്രിയശിഷ്യനെ നോക്കി "നിന്റമ്മയിതാംയെന്നു"
> ഇന്നേരം വരെ മഹാസംശയം പിശാചിന്നു
> "അന്നേരം കണ്ടു സർവ്വ മിത്തിരുത്രിവാർത്തയാൽ
> അറിയാതെ ചെയ്യുന്നെന്നും പറുദീസായിലാമെന്നും
> സ്ത്രീയെ നിൻ പുത്രനെന്നും കേട്ടപ്പോൾ ബോധിച്ചവർ
> പാർത്തിരുന്നൊരു മിശിഹാ താൻതന്നെയെന്നു കണ്ടു."[19]

മാതൃഭക്തിയുടെ ആത്യന്തികലക്ഷ്യവും കാതലുമടങ്ങിയിരിക്കുന്നത് ഈശോ, മിശിഹായെന്ന് ഏറ്റുപറഞ്ഞ് അവിടുന്നിൽ വിശ്വസിക്കുന്നതിലാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ടു ദൈവമക്കളായിത്തീരുന്നതിലാണ് മാതൃഭക്തി അടങ്ങിയിരിക്കുന്നത്. അതും ദൈവവചനംകേട്ട് അതു പാലിച്ച മാതാവിന്റെ മഹനീയ മാതൃക സ്വീകരിക്കുന്നതിലും.

8:4 വിശ്വാസപരിശീലനം

> "ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
> ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം.
> അന്നവളുടെ കാൽക്കലിരുന്നു ഞാൻ
> മന്ദമന്ദമറിഞ്ഞു ദൈവത്തെയും
> എന്നവൾ രാത്രി പാതിരാനേരത്തും
> മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്,

മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാ ജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ."[20]

ദൈവമാതൃസംരക്ഷണത്തിൽ ചാവറ വളർന്ന് റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ടതിന്റെ മുഖ്യ സഹായിയായിരുന്നത് ചാവറയുടെ അമ്മയായ മറിയം ആയിരുന്നു. അമ്മയുടെ 'കാൽക്കലിരുന്നു' ചാവറ ദൈവത്തെ അറിഞ്ഞ അനുഭവമാണ് ഇവിടുത്തെ ചർച്ചാവിഷയം.

ദൈവപുത്രനായ മിശിഹാ ദൈവത്തിന്റെ അന്തസ്സത്തയിൽ നിന്നു പുറപ്പെട്ടുവന്നു. അവിടുന്നു മാത്രമാണ് ദൈവത്തെ ദർശിച്ചിട്ടുള്ളത്. മറ്റാരും അവിടുത്തെ കണ്ടിട്ടില്ല (യോഹ. 1:18). മനുഷ്യർ ദൈവത്തെ കാണുന്നതും അറിയുന്നതും ദൈവികരായിത്തീരുന്നവരിലൂടെയാണ്. മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം അവരാണ് മക്കൾക്കു ദൈവത്തെ വെളിപ്പെടുത്തേണ്ടത്. ഇപ്രകാരം സംഭവിച്ചതിന്റെ സാക്ഷ്യമാണ് ചാവറ തന്റെ ആധ്യാത്മിക കൃതിയായ 'ആത്മാനുതാപത്തിലൂടെ' ഏറ്റു പറയുന്നത്. ജന്മം നൽകിയ മാതാവ് ദൈവത്തെക്കുറിച്ച് അറിവു പകർന്നതിന്റെ ഒരു ഉറവിടമാണ് ജപങ്ങൾ- പ്രാർത്ഥനകൾ. പ്രാർത്ഥനകൾ രൂപപ്പെടേണ്ടത് ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നുമാണ്. ഏതു മതത്തിൽ നോക്കിയാലും ആ മതത്തിന്റെ വിശ്വാസപാരമ്പര്യമാണ് അവരുടെ ആരാധനയുടെ അടിസ്ഥാനം. ഈ മൗലിക സത്യത്തെയാണ് "വിശ്വാസത്തിന്റെ നിയമം പ്രാർത്ഥനയുടേതെന്നു" വിശുദ്ധ ആഗസ്തീനോസും മറ്റു ദൈവശാസ്ത്ര വിശാരദന്മാരും പ്രഖ്യാപിക്കുന്നത്.[21]

ചാവറയച്ചൻ തന്റെ ജീവിതത്തിലൂടെ മാനവരാശിക്കു പകർന്നുകൊടുത്ത ദൈവാനുഭവവും വിശ്വാസവും ദൈവം ആദം മുതൽ

കൈമാറിയ ദിവ്യരഹസ്യങ്ങളുടെ തുടർച്ചയായിരുന്നു. അതുകൊണ്ടാണു ചാവറ പാടുന്നത്:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ചമച്ചെന്നേയും
ആയതിനെന്തുകാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ."[22]

ആദത്തെക്കുറിച്ചുള്ള ഓർമ്മ വന്ന ചാവറ ഉദ്ഘോഷിക്കുന്നത് അനാദിയായ ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചാണ്. ചാവറയ്ക്ക് ഈ വിശ്വാസം ലഭിച്ചത് തന്റെ അമ്മയുടെ ചാരത്തിരുന്നു നടത്തിയ പ്രാർത്ഥയിലൂടെയാണ്. തുടർന്നുള്ള ചാവറയുടെ പ്രാർത്ഥനകളും പഠനങ്ങളുമെല്ലാം ചെറുപ്പത്തിൽ ലഭിച്ച, മാതാവിന്റെ ശിക്ഷണത്തിൽ നിന്നുമാണ്. പ്രാർത്ഥനയിലും പഠനത്തിലും വേദപുസ്തകം ആരംഭം മുതൽ അവസാനം വരെയുള്ളതെല്ലാം ഉൾപ്പെടുത്തുന്നില്ലെങ്കിൽ ദൈവവിശ്വാസത്തിന്റെ ഉറവിടംതന്നെ അജ്ഞാതമായിത്തീരും. ദൈവ വിശ്വാസത്തിന്റെ അനന്തരഹസ്യങ്ങൾ എത്ര സാധാരണമായിട്ടാണ് ചാവറ വിവരിക്കുന്നതെന്നു വ്യക്തമാണ്:

"എന്നുടെ ജനനത്തിന്റെ നാൾമുതൽ
എന്നെക്കാത്തു ഭരിച്ചു സൂക്ഷിപ്പാനും,
എന്നതിനാലെയന്നു ഞാൻ ജീവിച്ചു
ഒന്നിനും പിടിയാത്തൊരു മാതൃവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായോരീയാൾ കാക്കും."[23]

ചാവറയച്ചൻ ജനിച്ചനാൾ തുടങ്ങി അദ്ദേഹത്തോടു ബന്ധപ്പെട്ടിരുന്ന അമ്മ പരിമിതയും ഒന്നിനും കഴിവില്ലാത്തവളും എന്ന

അദ്ദേഹത്തിന്റെ ബോധ്യം ഉടനെ ചെന്നു നില്ക്കുന്നത് എല്ലാത്തിനും കഴിവുള്ളവനും അപരിമേയനുമായ ദൈവത്തിലാണ്. ഉറക്കമുള്ള അമ്മയുടെ സമാനത്തു ചാവറ കണ്ടെത്തിയത് 'ഉറക്കമില്ലാത്തവനായ ദൈവത്തെയാണ്'. ദൈവത്തിന്റെ നിരന്തര സംരക്ഷണം മനുഷ്യർക്കു ലഭിക്കുന്നുവെന്ന അനർഘരഹസ്യം ചാവറ വ്യക്തമാക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് അവിടെ ഉള്ളത്. ഒന്ന് ദൈവത്തിന്റെ സാന്നിധ്യം എന്നും എപ്പോഴും സൃഷ്ടികളോടൊപ്പം ഉണ്ടെന്നുള്ള സത്യം. രണ്ട്. മാനുഷിക കുറവുകളെല്ലാം ദൈവികശക്തിയാൽ പരിഹൃതമെന്ന സത്യം. ഇതിൽ രണ്ടാമത്തേത് ദൈവിക പദ്ധതിയുടെ അനുസ്യൂതമായ സാക്ഷാത്കാരമാണ് സൂചിപ്പിക്കുന്നത്. ചെറുപ്പത്തിൽ ഉറക്കി കിടത്തിയിട്ട് അമ്മ ഓരോ ജോലിക്കു പോകുമ്പോൾ അവിടെ ദൈവം ഉറക്കമില്ലാത്തവനായി ഉണ്ടായിരുന്നുവെന്നത് വിശ്വാസമാണ്. ഈ വിശ്വാസത്തിന്റെ കൈമാറ്റം ദൈവം ചാവറയ്ക്കു പ്രദാനം ചെയ്ത് പെറ്റമ്മയിലൂടെയാണ്. അമ്മയുടെ അടുത്ത് എന്നതിന്റെ അനുഭവം ദൈവത്തിന്റെ അടുത്ത് എന്നതുതന്നെ. അമ്മയുടെ സഹായം ലഭിക്കാതിരിക്കുന്ന നിമിഷങ്ങളിൽ ദൈവത്തിന്റെ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്ന അനുഭവം എപ്പോഴും ദൈവത്തിൽ വ്യാപരിക്കുന്ന ഒരാത്മാവിന്റെ ആധ്യാത്മികതയാണ്.

പെറ്റമ്മയുടെ ചാരത്തിരുന്ന് ചാവറ അഭ്യസിച്ചത് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസ പരിശീലനമായിരുന്നു. ഈ വിശ്വാസാനുഭവം ശൈശവ ബാല്യകാലങ്ങളിൽ അനുഭവവേദ്യമായതുകൊണ്ടാണ് പത്താമത്തെ വയസ്സുമുതൽ പരിപൂർണ്ണതയുടെ പാതയിലേക്കു കടക്കുവാൻ ഇടവന്നത്. ദൈവവിളി വഴി പരിപൂർണ്ണതയുടെ വഴിയിൽ എത്തിയെന്നതു മാത്രമല്ല, ആ വഴി മുഴുവൻ സഞ്ചരിച്ചുവെന്നതാണു സത്യം.

8:5 പുനർജനനം

ചാവറ തന്റെ മാതൃസന്നിധിയിൽ ഇരുന്നു, ദൈവത്തെ അറിഞ്ഞു. ആ മാതാവ് പാതിരാവിൽ ഉണർന്നിരുന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നതുകണ്ട് ചാവറയും കുറെ നേരം മുട്ടിന്മേൽ ചാഞ്ഞിരുന്നു ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു. അന്നു പഠിച്ച പ്രാർത്ഥന ഇപ്രകാരമാണ്:

"അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും."[24]

ചാവറ ദൈവത്തെ അറിഞ്ഞത് അമ്മ പഠിപ്പിച്ച പ്രാർത്ഥന വഴിയാണ്. അമ്മയുടെ കണ്ണുകളായിരുന്നു ചാവറയെ സന്തോഷിപ്പിച്ചതും ഭയപ്പെടുത്തിയതുമെന്ന് ചാവറ സാക്ഷ്യപ്പെടുത്തുന്നുണ്ട്.[25]

അഞ്ചു വയസ്സു മുതൽ പത്തു വയസ്സു വരെ ചാവറ പുറം ലോകവുമായി അധ്യയനത്തിലൂടെ ബന്ധപ്പെടേണ്ടിവന്നു. അക്കാലം ചാവറയിൽ 'ബാബിലോൺ വിപ്രവാസ'ത്തിന്റെ അനുഭൂതി വരുത്തിവച്ചുവെങ്കിലും[26] 'ആ കാലഘട്ടത്തിൽ ദൈവത്തിനു പ്രിയംകരനായി ഭംഗമെന്യേ ഞാൻ വളർന്നു'വെന്ന് ചാവറ പറയുന്നുണ്ട്.[27] എങ്കിലും പാളിയ കാഴ്ചകൾ ആത്മാനുതാപമെന്ന കൃതി രചിക്കുവാൻ ചാവറയ്ക്കിടം നൽകി. ചാവറ പാടുന്നു:

"കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷ സാധനം."[28]

ചാവറയെ 'പറുദീസായിൽ' നിന്നും ബഹിഷ്ക്കരിക്കാതെ ദൈവത്തിന്റെ ഉദ്യാനത്തിലേക്കു പറിച്ചു നടുന്നതിനാണ് ദൈവം ഇടവരുത്തിയത്.

"ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
എന്നതു മഹാ നിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ-
യെന്നതുമല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായീ യന്തസ്സിൽ."[29]

ചാവറയെ പരിപൂർണ്ണതയുടെ പാതയിലേക്കു ദൈവം പ്രവേശിപ്പിച്ച മനോഹരമായ രംഗമാണ് കവി ആലപിച്ചത്. ചാവറ സിദ്ധിയുടെ സവിശേഷവത്ക്കരണത്തിന്റെ ഏതാണ്ടു രണ്ടാംഘട്ടമാണീ ദൈവവിളി. ഒന്നാമത്തേത് ജനനം മുതൽ മാതൃസവിധേ ജീവിച്ചതാണ്. അതിന്റെ തുടർച്ചയായിരുന്നു അക്രൈസ്തവനായ ഗുരുവിൽ നിന്നു ലഭിച്ച ശിക്ഷണം. ചാവറയ്ക്കു കിട്ടിയ ദൈവവിളിയിലേക്കു കടന്നു ചെല്ലുമ്പോൾ നിരവധി കാര്യങ്ങൾ തെളിഞ്ഞുവരുന്നു. അവയിൽ പ്രധാനമായവ ദൈവം, ദൈവത്തിന്റെ ദയാവായ്പ്, വിളി, ചാവറയുടെ ഉറപ്പ്, സാക്ഷ്യം, പരിശുദ്ധിയുടെ മാർഗ്ഗം, ചാവറക്കുടുംബത്തിൽ പുരോഹിതവൃത്തി തുടങ്ങിയവയാണ്. മേല്പറഞ്ഞ ഏഴു കാര്യങ്ങൾ എന്തെന്നു കാണാം.

ഒന്ന്: ദൈവം

ദൈവത്തെ ചാവറ കാണുന്നത് 'ആദിനായക'[30]നായിട്ടാണ്. ദൈവം അടിസ്ഥാനപരമായി മനുഷ്യരെ വിളിക്കുന്നവനും മാനവ ദൈവികീകരണാർത്ഥം നിരന്തരം സംഭാഷിക്കുന്നവനുമാണ് (ഉത്പ. 1:3). ഇപ്രകാരം പൂർവ്വപിതാക്കന്മാരെയും, പ്രവാചകന്മാരെയും ആചാര്യന്മാരെയും ദൈവപുത്രന്റെ മാതാവിനെയും ദൈവസുതനെത്തന്നെയും വിളിച്ചു, തെരഞ്ഞെടുത്തു, പ്രതിഷ്ഠിച്ചു. ദൈവം ഇടപെട്ടതിന്റെ നിർണ്ണായക സംഭവങ്ങളാണ് അബ്രാഹവുമായുള്ള ഉടമ്പടി, മൂശെ

വഴിയുള്ള നിയമലബ്ധി, ഏലിയാ വഴിയുള്ള സത്യാരാധനാ സംവിധാനം, പരിശിഷ്ഠ ജനത്തിലൂടെയുള്ള ദൈവജനത്തിന്റെ ഉറപ്പിക്കൽ, സ്നാപകയോഹന്നാൻ മാംദാനയിലൂടെയുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനുള്ള വഴിയൊരുക്കൽ, നസ്രത്തിലെ യുവതിയിലൂടെയുള്ള അമ്മനുവേലനുഭവം, ഈശോമിശിഹായിലൂടെയും സഭയിലൂടെയുമുള്ള ആധ്യാത്മിക ദൈവരാജ്യസ്ഥാപനം തുടങ്ങിയവയെല്ലാം (സൃഷ്ടി 12:1-3,15; പുറ. 3:14, 24; 1 രാജാ.18:20-40; സെഫ. 3:12; ഏശ. 40:3-5; ലൂക്കാ 3:2; 1:27; ഏശ. 7:14; യോഹ. 10:36; 19:34; നട. 2:1-17). ദൈവാവിഷ്കൃതഗ്രന്ഥമായ ബൈബിളിൽ ദൈവികപദ്ധതിയുമായി ആവിഷ്കൃതനായ ദൈവത്തെയാണ് ചാവറ തന്റെ ധ്യാനസല്ലാപങ്ങളിലൂടെയും ആത്മാനുതാപത്തിലൂടെയും ആവിഷ്ക്കരിച്ചിരിക്കുന്നത്. തന്റെ ദൈവവിളിയിലും ചാവറ പ്രഖ്യാപിക്കുന്നത് ആദിനായകനായ ദൈവത്തെതന്നെയാണ്: "അങ്ങുതന്നെ വിളിച്ചു മഹാ ദയാൽ."[31]

ദൈവം തന്റെ അദമ്യമായ സ്വാതന്ത്ര്യത്താലും ദയയാലുമാണ് മനുഷ്യരെ വിളിക്കുന്നത് (ഏറ. 1:4-13). ചാവറയുടെ അനുഭവം: "എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമേ, ഇത്രടം നീ വന്നത് എങ്ങനെ, വീട്ടിൽ നിന്നാരുവിളിച്ചു."[32] ചാവറയെ വിളിച്ച ദൈവം അദ്ദേഹത്തിന്റെ 'സ്നേഹമാണ്', 'ഭാഗ്യമാണ്', 'ജീവനാണ്', 'ശ്വാസമാണ്', 'ഭക്ഷണമാണ്', 'പാനീയമാണ്', ആശ്വാസവുമാണ്.[33] കാരുണ്യവാനായ, സർവ്വശക്തനായ ദൈവത്തെയാണ് ചാവറ തന്റെ വിളിയിലും അനുഭവിച്ചതെന്ന് വ്യക്തം:

"കരുണാകരനായ സർവ്വേശ്വരാ,
കരകാണാത്ത കൃപയിൻ ദൈവമെ,
കാരുണ്യമോടെയക്കാല മെന്നെ നീ
കരുതി നന്നായ് സ്മരിച്ചു രക്ഷിച്ചല്ലോ."[34]

'കരുതുന്ന' ദൈവം, 'സ്മരിക്കുന്ന' ദൈവം, 'രക്ഷിക്കുന്ന' ദൈവം എന്നുള്ളതിൽ വിളിച്ച ദൈവത്തെയും, തെരഞ്ഞെടുത്തു പ്രതിഷ്ഠിച്ച

ദൈവത്തെയും ധന്യനാക്കിത്തീർത്ത ദൈവത്തെയുമെല്ലാം ആവിഷ്കരിക്കുന്നു. ചാവറയനുഭവിച്ചറിഞ്ഞ ദൈവം ഒരേ സമയം അന്തര്യാമിയും സർവ്വാതിശായിയുമാണ്. ദൈവം കാലികമായും നിത്യമായും അമ്മനുവേലാണ്.[35]

രണ്ട്: ദൈവത്തിന്റെ ദയാവായ്പ്

"മഹാദയയാൽ വിളിച്ചു" എന്നുള്ള ചാവറയുടെ അനുഭവത്തിലേക്കു കടന്നുചെല്ലാം.

ദയ, കാരുണ്യം എന്നീ പദങ്ങൾ ദൈവത്തിൽ നിന്നു വരുമ്പോൾ അതിനെ സൂചിപ്പിക്കുന്ന എബ്രായ പദം 'ഹെസെദ്' എന്നതാണ്. ദൈവമനുഷ്യ ബന്ധത്തിൽ ദൈവം എന്നും വിശ്വസ്തനാണ്. ദൈവത്തിന്റെ ഭാഗത്തു നിന്നുമുള്ള തുടക്കമാണ് ദയയുടെ അടിസ്ഥാനം. അതുകൊണ്ട് ദൈവദാനമായിട്ടാണ് ദൈവകരുണ അല്ലെങ്കിൽ ദയ നിലകൊള്ളുന്നത്. മനുഷ്യരുടെ ഭാഗത്തു നിന്നു വീഴ്ച വന്നാലും ദൈവത്തിന്റെ ദയാവായ്പിനു കോട്ടം തട്ടുകയില്ല. എന്നാൽ അനുകമ്പയുടേയും ക്ഷമയുടേയും മോചിക്കലിന്റെയും സ്വഭാവം ദയയ്ക്കുണ്ടാകാം. ബലഹീനരോടും പാപികളോടും ദയാപൂർവ്വം ഇടപെടുന്ന ഒരു ദൈവത്തെയാണ് ചാവറ, തന്റെ ദൈവവിളിയിൽ ദർശിച്ചത്.

അനാഗതരുമായുള്ള നിഷ്പ്രയോജനമായ ബന്ധംകൊണ്ട് ദുർഗുണങ്ങൾ സമ്പാദിക്കാമെന്നല്ലാതെ എന്താണു മേന്മയുള്ളത് എന്നു ചോദിക്കുന്ന ചാവറ, ദൈവത്തോടുണ്ടാകേണ്ട കൃതജ്ഞതയെല്ലാം മറന്നുകളഞ്ഞുവെന്നും ഏറ്റുപറയുന്നു.[36] ഇപ്രകാരമെല്ലാം ആയിരുന്നിട്ടും മഹാ ദയയാൽ ദൈവം വിളിച്ചുവെന്നതാണ് പ്രധാന കാര്യം. അതിനാൽ ദൈവത്തിന്റെ ദയ ചാവറയുമായുണ്ടായ ഒരുടമ്പടിയുടെ സ്വഭാവമുള്ളതാണ് (ഏശ. 54:10). നല്ല ശമറായന്റെ ഉപമ ദൈവത്തിന്റെ ദയയുടെ ഒരു ചിത്രമാണ് (ലൂക്ക. 10:29-37). അധികമായി സ്നേഹിച്ച പാപിനിയുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടു

(ലൂക്കാ 7:47). ദൈവത്തിന്റെ ദയ അനുഭവിച്ചറിഞ്ഞ ചാവറ ദൈവവിളി ലഭിച്ചതിനുശേഷം അനുതാപത്തിന്റെ അധികസ്നേഹത്താൽ, ചെറുപ്പകാലത്തെ കൃതഘ്നതയ്ക്കു പരിഹാരം ചെയ്തെന്നു മാത്രമല്ല; മറിച്ച് ദൈവത്തിൽ നിന്നകലാതെ ജീവിക്കുകയും ചെയ്തു.

ദൈവത്തിന്റെ ദയ ചാവറയ്ക്ക് സ്നേഹത്തിന്റെ സംഭവമായിട്ടനുഭവപ്പെട്ടതിൽ അതിശയമില്ല. കാരണം ചാവറ വിശുദ്ധഗ്രന്ഥത്തിലുള്ള ദൈവത്തെ ഉൾക്കാഴ്ചയിലൂടെ കണ്ടിരുന്നു. പ്രത്യേകിച്ചും ചാവറയുടെ മാതൃഭക്തി ഈശോയോടുള്ള ഭക്തിയിൽ നിന്നു നിർഗ്ഗളിച്ചതും അതിലേക്കു നയിക്കുന്നതുമായിരുന്നു. കന്യകാമാതാവിനോടു ദൈവം കാണിച്ച ദയയുടെ ഒരു കീർത്തനമാണല്ലോ മാതൃസ്തവത്തിലുള്ളത് (ലൂക്കാ 1:46 ff).

ദൈവം ഇത്രമാത്രം ദയ മനുഷ്യരോടു കാണിക്കുന്നത് ദൈവത്തോടു വിശ്വസ്തരായിരിക്കുന്നതിനുള്ള ഒരാഹ്വാനമാണ്. ദൈവത്തിന്റെ ദയയും ചാവറയുടെ പ്രത്യുത്തരവും ഒന്നു ചേർന്നതാണ് ചാവറയുടെ ദൈവവിളി. ചാവറയുടെ ദൈവവിളിയെ അതിന്റെ ഏകാന്തവിശിഷ്ടമായ സ്വഭാവത്തോടുകൂടി ചർച്ച ചെയ്യാം.

മൂന്ന്: വിളി

"എന്നെ വിളിച്ചു" എന്ന ചാവറയുടെ അനുഭവമാണ് ഇവിടെ വരുന്നത്. ദൈവവിളിയുടെ രണ്ടുവശങ്ങളാണ് കണക്കിൽ എടുക്കേണ്ടത്. അതിൽ ആദ്യത്തേത് ദൈവവുമായുള്ള വൈയക്തിക ബന്ധമാണ്. ദൈവവിളിയോടു ചേർന്നുവരുന്ന വ്യക്തിത്വത്തിന്റെ തനതാത്മീകരണമാണിത്. ആത്മശൂന്യതാവബോധവും, ആയിരിക്കുന്നവനോടു കൂടെയുള്ള ആയിത്തീരലുമാണിത്. വൈയക്തിക തലത്തിൽ പരിമിതി എത്രയധികമോ ദൈവ ബന്ധത്തിൽ പ്രതിവിധി

അത്ര ശക്തമാവും. ഈ ബന്ധത്തിന്റെ ചിത്രീകരണമാണ് ഏശയ്യാ 43:1-7. ഈ ഭാഗത്ത് ദൈവം വ്യക്തിയ്ക്ക് 'ഞാൻ നിന്നെപേരു ചൊല്ലി വിളിച്ചു; നീ എന്റേത്' എന്ന അനുഭവമാണ് നൽകുന്നത്. തുടർന്നു വരുന്ന കാര്യങ്ങൾ, ദൈവം, വിളിക്കപ്പെടുന്ന വ്യക്തിയുടെ എല്ലാ അനുഭവങ്ങളെയും അനുധാവനം ചെയ്യുന്നതാണ്. ചാവറയുടെ ജീവിതം മുഴുവനും ദൈവത്തിന്റേത് എന്ന നിലയിൽ ഉള്ള ഒന്നായിരുന്നു. ചാവറ പാടുന്നതുകേൾക്കാം:

"ദി പുത്രന്മാരിലേകൻ ദൈവത്തിന്നു
ദാനം ചെയ്യുന്നതെത്രയുമുത്തമം,
എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നു തൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികെ ചേരുവാൻ
ദയാധികൃത്തിനാൽ തിരുച്ചിത്തമായ്."[37]

പള്ളിപ്പുറത്തു തോമ്മാ മല്പാനച്ചൻ തന്റെ ഇളയമ്മയെ സന്ദർശിക്കുന്നതിനായി കാളാശ്ശേരി ഭവനത്തിൽ എത്തിയത് ചാവറയെ സംബന്ധിച്ച് 'ദൈവം തന്നുടെ അന്തികെ ചേരു'ന്നതിനുള്ള അവസരമായി. പത്തു വയസ്സിന്റെ പ്രായമുള്ള കുട്ടിയെ ദൈവത്തിന്റേതാക്കുവാനുള്ള വിളി ദൈവം പാലയ്ക്കൽ തോമ്മാ മല്പാനച്ചനിലൂടെ നിർവ്വഹിക്കുന്നു. കലപ്പയിൽ കൈവച്ചതിനുശേഷം ചാവറ തിരിഞ്ഞു നോക്കിയതേയില്ല. ദൈവവിളിയിൽ മുന്നേറുന്നതിനു നിരവധി തടസ്സങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, 'ഭയപ്പെടേണ്ട ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു' എന്ന ദൈവവചനം നിരന്തരം ചാവറയോടു കൂടെ ഉണ്ടായിരുന്നു (ഏശ. 42:10-12; 43:1). ബാല്യകാലത്തിൽ ലഭിച്ച ദൈവാനുഭവം എന്നും നിലനിറുത്തിയിരുന്ന ചാവറയുടെ ചിത്രമാണ് എവിടെയും പ്രകടമാകുന്നത്.

അടുത്തതായി സംഘാതാത്മക വശമാണുള്ളത്. "യാക്കോബ്", "ഇസ്രായേൽ" എന്ന പേരുകൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയെ സൂചിപ്പിക്കുമ്പോൾ തിരുക്കുടുംബത്തിന്റെ ആഹാ ഏലിയായും ദൈവജനത്തിന്റെ പ്രതിനിധി എന്ന നിലയിലേയ്ക്കാണ് ദൈവവിളി വഴി ഉയർന്നത്.

ചാവറ ദൈവവിളി വഴി ദൈവത്തിനുള്ളവനായത് ദൈവജനത്തിനുവേണ്ടിയായിരുന്നു. ആദിപിതാവായ ആദത്തെ ഇസ്രായേൽ മാനവ കുലത്തിന്റെ സംഘാതാത്മക വ്യക്തിയായി കാണുന്നു. മിശിഹായെ പവിത്രീകരിക്കപ്പെട്ട മാനവരാശിയുടെ സംഘാതാത്മക വ്യക്തിയായും കാണുന്നു. ഈ സമീപനത്തിന്റെ സ്വഭാവമാണ് ദൈവവിളിയിലൂടെ ഏതൊരാളെയും ദൈവം തെരഞ്ഞെടുക്കുന്നതുവഴിയും സംഭവിക്കുന്നത്.

ദൈവവിളിയോടുള്ള സഹകരണത്തിന് ആനുപാതികമായിട്ടായിരിക്കും ഒരാൾ മാനവരാശിയെ പ്രതിനിധാനം ചെയ്യുന്നത്. ചാവറ ജീവിച്ചിരുന്ന കാലത്തുതന്നെ സഹജർക്കായി തന്റെ ജീവിതം ഉഴിഞ്ഞുവച്ചതുവഴി അദ്ദേഹം ദൈവത്തിന്റേതെന്നതുപോലെ ദൈവജനത്തിന്റേതുമായി. വിളിയെത്തുടർന്നു വരുന്ന ദൗത്യത്തിന്റെ സ്വഭാവമനുസരിച്ചാണ് ദൈവജനോന്മുഖത സംജാതമാകുന്നത്.

ചിലർ തീർത്തും ധ്യാനാത്മകജീവിതത്തിലൂടെ ദൈവത്തിനും ദൈവജനത്തിനുമുള്ളവരാകുമ്പോൾ മറ്റു ചിലർ ധ്യാനാത്മക ജീവിതത്തിൽ നിന്നുരുത്തിരിയുന്ന ശ്ലൈഹിക വേലകളിലൂടെ ദൈവജനത്തിനുള്ളവരാകുന്നു. ദൈവവുമായുള്ള ബന്ധം ആധികാരികമായിത്തീരുന്നതിലൂടെയാണ് ദൈവവിളിയുടെ ഉറപ്പുവരുന്നത്. ചാവറയിലത് എപ്രകാരമെന്നു കാണാം.

നാല്: ചാവറയുടെ ഉറപ്പ്

ദൈവം പത്താമത്തെ വയസ്സിൽ ചാവറയെ, തനിക്കായി വിളിച്ചു മാറ്റി നിറുത്തി. ചാവറ ദൈവത്തെ അനുഗമിക്കുന്നതിൽ ഒരു വീഴ്ചയും വരുത്തിയില്ല. എന്നാൽ കുടുംബ ബന്ധം ചാവറയെ വളരെയധികം സംഘർഷത്തിലാക്കി. ചാവറയെത്തുടർന്നു പൊതുശ്രേഷ്ഠനായി വന്ന കുരിയാക്കോസ് എലിസേവൂസ് പോരൂക്കര സാക്ഷ്യപ്പെടുത്തുന്നു: "സെമിനാരിയിൽ പഠിച്ചിരുന്ന കാലത്തുതന്നെ അപ്പനും അമ്മയും ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠനും മരിച്ചുപോയതിനാൽ ജ്യേഷ്ഠത്തിയും ഒരു പെൺപൈതലുമായി വീടവശേഷിച്ചു. ഇതിനാൽ ഉണ്ടായ സങ്കടങ്ങളൊക്കെയും ദൈവതിരുമനസിനു കീഴ്വഴങ്ങിക്കൊണ്ടു സഹിക്കുകയും കാരണവന്മാരിൽ നിന്നു പഠിച്ചപോലെ ദൈവമാതാവിനു അടിമയായി തന്നെ കയ്യാളിക്കുകയും മാതാവിന്റെ നേരെ വിശേഷ ഭക്തിക്കാരനാകുകയും ചെയ്തു."[38]

വിളിച്ച ദൈവത്തിന്റെ ഭാഗത്തു നിന്ന് എന്നും വിശ്വസ്ത സ്നേഹം ഉണ്ടാകുന്നതുപോലെ വിളി സ്വീകരിച്ചവരുടെ ഭാഗത്തു നിന്നും അപ്രകാരമുള്ള ഒരു വിശ്വസ്തത ഉണ്ടായി എന്നതാണ് ചാവറയുടെ കാര്യത്തിൽ സംഭവിച്ചത്. ചാവറക്കുടുംബം അന്യം നിന്നുപോകുന്ന അവസ്ഥയാണ് സെമിനാരിക്കാലത്തു ചാവറ നേരിട്ടത്. എന്നാൽ ദൈവം ചാവറയെ പേരു ചൊല്ലി വിളിച്ചതിൽ, 'സമുദ്രം' കടക്കുമ്പോഴും ദൈവം മാറ്റമില്ലാത്തവനായി കൂടെയുണ്ടല്ലോ. ചാവറ ഇതിൽ ഉറച്ചു വിശ്വസിച്ചിരുന്നു. അതുകൊണ്ട്, രക്തബന്ധവും കുടുംബ ബന്ധവും ദൈവിക കുടുംബത്തോടും മാനവ കുടുംബത്തോടുമുള്ള ആഭിമുഖ്യത്തെ കുറച്ചില്ലായെന്നു മാത്രമല്ല, അതിനെ ആധികാരികമാക്കിത്തീർത്തു.

ചാവറയച്ചൻ ദിവ്യനാഥന്റെ വാക്കുകളെ അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കി. ഈശോയുടെ വചനങ്ങൾ: "എന്റെ നാമം നിമിത്തം

ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ, പിതാവിനെയോ മാതാവിനെയോ, മക്കളെയോ നിലങ്ങളെയോ ഉപേക്ഷിക്കുന്നവനു നൂറുമടങ്ങു ലഭിക്കും (മത്താ. 19:29). ചാവറയുടെ അയൽവാസികളും ബന്ധുക്കളും നിർബന്ധിച്ചുവെങ്കിലും അദ്ദേഹം സെമിനാരിയിൽ നിന്നും പിന്തിരിഞ്ഞില്ല. ദൈവവിളിയിലൂടെ ചാവറയ്ക്കു ലഭിച്ച റൂഹാദാനമാണ് സെമിനാരിയിൽ പിടിച്ചുനില്ക്കുന്നതിനിട വരുത്തിയത്. ചാവറ ദൈവവിളിയിൽ ഉറച്ചു നിന്നതു വഴി ചാവറക്കുടുംബം പ്രാദേശിക ദേശീയ തലങ്ങളിൽ മാത്രമല്ല അന്തർദേശീയ തലങ്ങളിലേക്കു വികസിക്കുന്നതിനിട വന്നു. ഇത്രയും മാത്രമല്ല ആ ജീവിതം ദൈവരാജ്യത്തിന്റെ ഏറ്റവും വലിയ സാക്ഷ്യവുമായിത്തീർന്നു.

അഞ്ച്: സാക്ഷ്യം

ദൈവവിളിയെക്കുറിച്ചു ചാവറ നൽകുന്ന സാക്ഷ്യം തന്റെ ജീവിതത്തിനുണ്ടായ വഴിത്തിരിവിന്റേതാണ്. "ഗതിയില്ല" എന്നു ചാവറ ആത്മാനുതാപത്തിൽ പറഞ്ഞിരിക്കുന്നു. ബാല്യകാലത്തുണ്ടാകാവുന്ന പാളിച്ചയുടെ ഗതി മാറ്റി ദൈവികപാതയിലൂടെ ദൈവം തിരിച്ചു വിട്ട മഹത്സംഭവമാണിവിടെ വിവക്ഷ.

രണ്ടു പാതകളെക്കുറിച്ച് ഈശോ പ്രതിപാദിക്കുന്നുണ്ട് (മത്താ. 7:13; ലൂക്ക. 13:24). വിശാലമായ, നാശത്തിന്റെ ലൗകിക മാർഗ്ഗം വിട്ടു തുടങ്ങിയെന്നു തോന്നാവുന്ന വിശുദ്ധിയുടെ വഴി ചാവറയ്ക്കു ദൈവം നൽകിയതാണ് അദ്ദേഹത്തിനു ലഭിച്ച ദൈവവിളി. വഴിയും സത്യവും ജീവനുമായ ഈശോയെ അനുഗമിക്കുന്ന പാത ലഭിച്ചില്ലായിരുന്നെങ്കിൽ ഗത്യന്തരമില്ലാതാകുമായിരുന്നു എന്നു ചാവറ കാണുന്നു (യോഹ. 14:6).

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരന്റെ ഉപമയിലൂടെയും വിവാഹവിരുന്നിന്റെ ഉപമയിലൂടെയുമെല്ലാം ഈശോ നൽകുന്ന സാക്ഷ്യം

ജീവനിലേക്കുള്ള വഴിയുടെ വൈരുദ്ധ്യാത്മകതയാണ് (മത്താ. 21:28ff; 22:1-22). രക്ഷയുടെ മാർഗ്ഗം കാണിച്ചു തരുവാൻ ദൈവമയച്ചവനായി പാലയ്ക്കൽ മല്പാനച്ചനെ ചാവറ കാണുന്നു.

"എന്നന്നേരമൊരുത്തൻ യദൃച്ഛയാ
യൊന്നുമേ, മഹാമാർഗ്ഗമിതേറ്റുവാൻ."[39]

ചാവറയ്ക്കു ലഭിച്ച വിളി പരിശുദ്ധിയുടെ മാർഗ്ഗമായിരുന്നെന്നു അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

ആറ്: പരിശുദ്ധിയുടെ മാർഗ്ഗം

ആത്മാനുതാപമെന്ന കൃതിയിലൂടെ ചാവറ പറയുന്നു:

"നിന്നുടെ ദയാധിക്യത്താലന്നെന്നെ,
നിൻ പുത്രന്റെ 'കൈത്താതനാം' മാർജൂസെ
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സഥലത്തിങ്കൽ ചേർത്തു നീ
അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെ കാത്തുവളർത്തീട്ടു
പൂജ കാണ്മാനും ശുശ്രൂഷ ചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയോടെ
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[40]

'പുണ്യമായ് നടന്നീടുവാൻ' എന്നയനുഭവമാണ് ചാവറ തന്റെ ജീവിതകാലം മുഴുവൻ പാലിച്ചമാർഗ്ഗം. വിശുദ്ധിയുടെ മാർഗ്ഗം തെളിച്ചുതന്ന ഈശോ എന്തുചെയ്തുവെന്ന് എബ്രായ ലേഖനം സാക്ഷ്യപ്പെടുത്തുന്നു: "ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച്, ഈശോമിശിഹായുടെ ശരീരത്തിന്റെ എന്നേക്കുമുള്ള ഏകസമർപ്പണം വഴി നാം

പരിശുദ്ധരാക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:10). ഈശോയുടെ ജീവിതമാകുന്ന മാർഗ്ഗം മാത്രമാണ് മാനവരാശിക്കുള്ള വിശുദ്ധീകരണോപാധി (യോഹ. 14:6). ചാവറയുടെ ദൈവവിളി ദൈവദാനമായി ലഭിച്ചത് വിശുദ്ധിയുടെ മാർഗ്ഗം ഉറപ്പിച്ചതാണ്. ആ ജീവിതം മുഴുവനും ദൈവസ്തുതിപ്പുമായിരുന്നു.

"അമ്മാനുവേലേ! നിനക്കുത്തമസ്തോത്രമായി
അമ്മാനാ ചൊല്ലിനിന്നെ സ്തുതിച്ചീടുന്നേനഹം."[41]

മിശിഹായാകുന്ന- ദൈവം നമ്മോടുകൂടെ- പരിശുദ്ധിയിൽ ചാവറയിലൂടെ സന്നിഹിതമായി. അത് ഒരാചാര്യത്വവും പ്രദാനം ചെയ്തു.

ഏഴ്: ചാവറക്കുടുംബത്തിൽ പൗരോഹിത്യം

ഈശോയുടെ പൗരോഹിത്യത്തിന്റെ ഏകാന്തവൈശിഷ്ട്യമാണ് ഏത് പുരോഹിതവൃത്തിയിലും പ്രകാശിതമാകേണ്ടത് (എബ്രാ. 9:12,26; 10:10, 12, 14). ചാവറ കുടുംബത്തിൽ പൗരോഹിത്യ പാരമ്പര്യമില്ലായെന്നു പറഞ്ഞ ചാവറ തന്നെ പൗരോഹിത്യ പദവിയിലേക്കു കടന്നു വരുന്നു:

"എന്നതുമല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായീയന്തസ്സിൽ."[42]

പൗരോഹിത്യം ചാവറക്കുടുംബത്തെ അനുഗ്രഹിച്ചെങ്കിലും അതു സാർവ്വത്രിക സ്വഭാവമുള്ള ഒന്നായിത്തീർന്നുവെന്നു കരുതാം. അതായത് ചാവറ പൗരോഹിത്യവൃത്തിയിലെത്തുകയും ഏകജേഷ്ഠൻ മരിക്കുകയും ചാവറക്കുടുംബത്തിന് പിൻതുടർച്ച ഇല്ലാതെ വരുകയും ചെയ്തു. എന്നാൽ ചാവറയുടെ പരിശുദ്ധിയും അദ്ദേഹത്തിന്റെ പൗരോഹിത്യവും, നസ്രാണിസഭാ ഘടകത്തിനും സാർവ്വത്രികസഭയ്ക്കുമുള്ളതായി രൂപാന്തരപ്പെട്ടു. അദ്ദേഹം ദൈവദാസനും, വാഴ്ത്തപ്പെട്ടവനും ധന്യനുമായിത്തീർന്നു. ദൈവത്തിനും ദൈവജനത്തിനുമായി

പ്രതിഷ്ഠിക്കപ്പെട്ടു. അബ്രാഹത്തിന്റെ കുടുംബം ദൈവജനമായതുപോലെയും നസ്രത്തിലെ ഈശോ ദൈവരാജ്യമായതുപോലെയും ചാവറക്കുടുംബവും അദ്ദേഹത്തിനു ലഭിച്ച പൗരോഹിത്യവും സഭാത്മകമായി വികസിച്ചു. ചാവറയുടെ അനുഭവത്തിൽ:

"ദ്വിപുത്രന്മാരിലേകൻ ദൈവത്തിനു
ദാനം ചെയ്യുന്നതെത്രയുമുത്തമം."[43]

8:6 അൾത്താര ബാലൻ

ചാവറയുടെ ജീവചരിത്രമെഴുതിയ മത്യാസ് പട്ടക്കാരൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "വിദ്യാഭ്യാസത്തിലെന്നതിനെക്കാൾ സുകൃതാഭ്യാസത്തിലായിരുന്നു കൂടുതൽ നിഷ്ഠ ഉണ്ടായിരുന്നത്. ഇപ്രകാരം ജ്ഞാനം, പുണ്യം, അഗാധ ബുദ്ധിത്വം, വാക്ചാതുര്യം, സർവ്വോപരി ജീവിത നൈർമ്മല്യം എന്നിവ ഒത്തിണങ്ങിയിരുന്ന ഈ ബാലൻ മറ്റുള്ളവരുടെ സ്നേഹ ബഹുമാന വാത്സല്യാദികൾക്കു പാത്രീഭവിച്ചതിൽ വിസ്മയിപ്പാനില്ല. ലോകമായങ്ങളിൽ ഉൾപ്പെട്ടു നാശകൂപത്തിൽ പതിക്കാതെ തന്റെ ജീവിതം ദൈവശുശ്രൂഷക്കായി വിനിയോഗിക്കണമെന്നായിരുന്നു ഈ കുട്ടിയുടെ ആഗ്രഹം. കുർബാനയിൽ ശുശ്രൂഷിക്കണമെങ്കിൽ ഒട്ടേറെ സുറിയാനി ജപങ്ങൾ മനഃപാഠമാക്കുക ആവശ്യമാണ്. അതിൽ ശുശ്രൂഷകനായിരിപ്പാനുള്ള ആഗ്രഹം കൊണ്ട് അവയെല്ലാം ശൈശവത്തിൽത്തന്നെ-അതായതു കുർബാനതക്സാ എടുത്തു പൊക്കുവാൻ പോലും കായബലമില്ലാതിരുന്ന പ്രായത്തിൽത്തന്നെ- പഠിച്ചു പൂജയിൽ സഹായിച്ചിരുന്നു."[44]

ദൈവാലയത്തിൽ ആരാധനാകർമ്മങ്ങളിൽ ശുശ്രൂഷിക്കുക എന്നത് ചാവറ ചെറുപ്പത്തിൽത്തന്നെ സ്വഭാവമാക്കിയിരുന്നുവെന്നാണ് മത്യാസ് പട്ടക്കാരൻ സാക്ഷ്യപ്പെടുത്തുന്നത്. ദൈവമാതാവിനു പ്രതിഷ്ഠിതനായിരുന്ന ബാലനെ സ്വന്തം അമ്മയാണ് മദ്ബഹാ

(അൾത്താര) യിൽ ശുശ്രൂഷിക്കുന്നതിനു പരിശീലിപ്പിച്ചിരുന്നിരുന്നത് എന്നത് ദൈവിക ശുശ്രൂഷയോടുള്ള ബാലന്റെ ആഭിമുഖ്യത്തിൽ പ്രകടമായിരുന്നു. ഈ വിധം ബാല്യകാലത്തിൽ ലഭിച്ചിരുന്ന ശിക്ഷണം ദൈവാലയശുശ്രൂഷയിൽനിന്നും ദൈവജനശുശ്രൂഷയിലേക്കു നീങ്ങിയതിൽ ഒട്ടും വിസ്മയിക്കാനില്ല. തുടർന്ന് സെമിനാരിയിലും ചാവറ മദ്ബഹാ ശുശ്രൂഷയിൽ മുഴുകിയിരുന്നതായി കാണാം. ആത്മാനുതാപമെന്ന കൃതിയിൽ ഇപ്രകാരം കാണുന്നു:

> "അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
> നന്ദിയോടെന്നെക്കാത്തു വളർത്തീട്ടു
> പൂജകാണ്മാനും ശുശ്രൂഷ ചെയ്വാനും
> പൂജ്യമായെന്നെ ചേർക്കും ദയയൊടെ."[45]

പ്രധാനമായും രണ്ടു കാര്യങ്ങളാണ് ഇവിടെ ശ്രദ്ധിക്കുവാനുള്ളത്. അവ കുർബാന ആഘോഷവും ശുശ്രൂഷയുമാണ്.

കുർബാന ആഘോഷമെന്നത് കൂദാശയിലുള്ള പങ്കാളിത്തമാണ്. പ്രകടമായ പ്രതിപാദനത്തിൽ വരുന്നില്ലെങ്കിലും വിശ്വാസമെന്ന ദൈവിക പുണ്യത്തിന്റെ പ്രകാശനവും ആഘോഷവുമാണ് ഇവിടെ ചാവറയ്ക്കനുഭവപ്പെട്ടിരുന്നത്. ഇപ്രകാരമൊരു നിഗമനത്തിൽ എത്തുന്നതിനടിസ്ഥാനം ചാവറ തന്റെ പൗരോഹിത്യ ജീവിതത്തിൽ, ദൈവാരാധനാ മേഖലയിൽ ചെയ്തിട്ടുള്ള പരിഷ്ക്കാരങ്ങളും വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഭക്തിയുമാണ്. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് പഠിപ്പിക്കുന്നവ ചാവറ നേരത്തെ തന്നെ അനുഭവിച്ചറിയുകയും നടപ്പാക്കുകയും ചെയ്തിരുന്നു. കൗൺസിൽ രേഖ ഇപ്രകാരമാണ്: "സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെ നിന്നുതന്നെ..... വിശ്വാസം വഴി ലഭിച്ചിട്ടുള്ളവ സ്വജീവിതത്തിൽ മുറുകെ പിടിക്കാൻ വേണ്ടി

പ്രാർത്ഥിക്കുകയും ചെയ്യുന്നു..... ആകയാൽ ആരാധനക്രമത്തിൽ നിന്ന്, വിശിഷ്യാ വി. കുർബാനയിൽ നിന്ന് ഒരുറവയിൽ നിന്നെന്നപോലെ പ്രസാദവരം നമ്മിലേയ്ക്കു പ്രവഹിക്കുന്നു."[46]

വി. കുർബാനയിൽ കേന്ദ്രീകൃതമായ ഭക്തിയും ശുശ്രൂഷയും ഇതര ഭക്താനുഷ്ഠാനങ്ങളിലൂടെ പ്രകടമായിരുന്നത് സഭാപഠനങ്ങൾക്കും പാരമ്പര്യത്തിനും അനുസൃതമെന്ന് സൂനഹദോസ് പഠനം പറയുന്നു. "വിശ്വാസികളുടെ സർവ്വസാധാരണമായ ഭക്താനുഷ്ഠാനങ്ങൾ വളരെയധികം പ്രോത്സാഹിപ്പിക്കണം..... എന്നാൽ അവ താഴെപ്പറയുന്നതുപോലെ സംവിധാനം ചെയ്യണം. അവയ്ക്ക് ആണ്ടു വട്ടത്തിലെ വിവധ കാലഘട്ടങ്ങളോടു പൊരുത്തമുണ്ടായിരിക്കണം. ആരാധനാക്രമത്തിനനുസൃതവുമാകണം. അവ ആരാധനാക്രമത്തിൽനിന്നു തന്നെ ഒരു വിധത്തിൽ മുളയെടുക്കുന്നവയും ജനങ്ങളെ അതിലേയ്ക്കടുപ്പിക്കുന്നവയുമാകണം. ആരാധനാക്രമം പ്രകൃത്യാ തന്നെ അവയെയെല്ലാം അതിശയിക്കുന്ന ഒന്നാണല്ലോ!"[47]

കാതലായ ചില കാര്യങ്ങൾ ഇവിടെ നിരീക്ഷണ വിഷയമാക്കിയത് ചാവറയുടെ ബാല്യകാല മദ്ബഹാ ശുശ്രൂഷയും ഭാവിയും തമ്മിൽ എപ്രകാരം ബന്ധപ്പെട്ടിരുന്നുവെന്ന് കാണുവാനാണ്. കൂടാതെ സഭയിലെ ദൈവികശുശ്രൂഷകളും ദൈവാരാധനക്രമവും സഭയുടെ ആധ്യാത്മികതയും തമ്മിലുള്ള ബന്ധം ചിന്തിക്കുവാനുമാണ്. ചാവറയുടെ വൈയക്തിക സമീപനത്തിൽ പ്രശ്നമില്ലായിരുന്നുവെങ്കിലും സംഘാതാത്മകമായി മറിച്ചു സംഭവിച്ചിട്ടുണ്ട്. അതായത് വി. കുർബാനയിൽനിന്നും മിശിഹാ കേന്ദ്രീകൃത ഭക്തിയിൽനിന്നും വ്യതിചലിക്കുന്ന ഭക്താനുഷ്ഠാനങ്ങളാണു സൂചിപ്പിക്കുന്നത്.

അൾത്താരബാലൻ എന്ന നിലയിൽ ചാവറയ്ക്കു ലഭിച്ച ദൈവശുശ്രൂഷയുടെ അവസരമാണ് ശുശ്രൂഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ അവസരം രണ്ടു ഘട്ടങ്ങളിലൂടെയാണ് ചാവറയ്ക്കു ലഭിച്ചത്.

ഒന്നാമത്തേത് വീട്ടിലായിരുന്നപ്പോൾ ഇടവക ദൈവാലയത്തിൽ ദൈവാരാധനയിൽ പങ്കു ചേർന്നതാണ്. കുടുംബത്തിലെ അവസ്ഥയെക്കുറിച്ചു പോരൂക്കര എലിസേവൂസച്ചൻ പറയുന്നു: "പൈതൽ പ്രായത്തിൽ തന്നെ തമ്പുരാനും മനുഷ്യർക്കും പ്രസാദിപ്പാൻ തക്കവണ്ണമുള്ള എളിമയും സാധുഗുണവും അടക്കവും ഭക്തിയും ബുദ്ധിവിശേഷവും വചനസാമർത്ഥ്യവും തന്നിൽ പ്രകാശിച്ചു കാണുകയാൽ, ഈ ദേശത്തിലുണ്ടാരിക്കുന്ന വിശേഷതകളൊക്കെയ്ക്കും കാരണക്കാരനായി ഒരു ജ്ഞാനദീപം പോലെ പ്രകാശിച്ചിരുന്നു."[48]

മനുഷ്യർക്ക് എന്നും ആവശ്യമായിരിക്കുന്നത് മാതൃകകളാണ്. ചാവറയുഗം അതിന്റെ പ്രഭാതത്തിൽത്തന്നെ ശോഭിച്ചിരുന്ന ദീപമെന്നു സമകാലികരും പിൻഗാമികളും പറയുന്നു. ഈ മാതൃക കേരള പീഠത്തിൽ വച്ചിരുന്നത് ഭാരതം മുഴുവനും ലോകം മുഴുവനും പ്രകാശം നൽകുവാൻ ഇടവരുന്നു. ഇതിനെല്ലാം കാരണമായത് ബാല്യകാല കുടുംബാന്തരീക്ഷത്തിലും ദൈവാലയ പശ്ചാത്തലത്തിലും ഒരുപോലെ ശിക്ഷണം കിട്ടിയെന്നതാണ്.

ചാവറയിൽ, എല്ലാവരിലും എന്നതുപോലെ ദൈവം ചൊരിഞ്ഞ സ്നേഹം ജഡികതലത്തിലും വൈകാരികതലത്തിലും കുടുങ്ങാതെ വികസിക്കുന്നതിന് മദ്ബഹായിൽ ശുശ്രൂഷചെയ്തിരുന്നതും സഹായിച്ചിരുന്നു. ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിക്കുന്നതിന്റെ മധ്യവർത്തിയായിട്ടാണ് മദ്ബഹാ ശുശ്രൂഷികൾ നിലകൊള്ളുന്നത്. മാതാപിതാക്കളിൽ നിന്നും ദേശത്തു വൈദികന്മാരിൽനിന്നും ലഭിക്കുന്ന ശിക്ഷണം ആധ്യാത്മികമായിരുന്നാൽ അതു ഭാവിജീവിതത്തിനും വളരെയധികം ഉപകരിക്കുമെന്ന് ചാവറയുടെ ജീവിതം വ്യക്തമാക്കുന്നുണ്ട്. തുടർന്നു കാണുവാനുള്ളത് ചാവറയുടെ ഗുരുവായ പാലയ്ക്കൽ മല്പാൻ നല്കിയ സഹായമാണ്.

8:7 ഗുരുശിഷ്യബന്ധം

ദൈവം ചാവറയുടെ എല്ലാ കുറവുകളെയും നീക്കി ദൈവാലയത്തിൽ ഗുരുവിനോടൊത്തു വസിക്കുവാൻ കാരുണ്യം കാണിച്ചു. ചാവറ സ്വാനുഭവം വിവരിക്കുകയാണ്:

"ദൈവം തന്നുടെ യന്തികെചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്
ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!
.....
അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെ കാത്തുവളർത്തീട്ടു,
പൂജകാണ്മാനും ശുശ്രൂഷചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയോടെ
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[49]

ഗുരുശ്രേഷ്ഠന്റെ പക്കലുള്ള ചാവറയുടെ അനുഭവത്തിൽ പ്രധാനമായും അഞ്ചു കാര്യങ്ങളാണ് എടുത്തു പറയുന്നത്. അവ: സന്തോഷചിത്തനായി നന്ദിയോടെ സ്വീകരിച്ച ഗുരുശ്രേഷ്ഠൻ, സംരക്ഷിച്ചു വളർത്തുന്ന, ഭക്തിയോടെ കുർബാനയിൽ പങ്കുചേരാനും ശുശ്രൂഷിക്കാനുമുള്ള അവസരം, സുകൃതാഭ്യസനം, പാപമാർഗ്ഗം വെടിയാനും പഠിപ്പിക്കുന്ന ഗുരുനാഥൻ. ഈ പശ്ചാത്തലത്തിലൂടെയാണ് ചാവറ തന്റെ ആധ്യാത്മിക ജീവിതത്തിനു രൂപവും ഭാവവും നൽകിയത്. അങ്ങനെ ചാവറയുടെ ആധ്യാത്മിക വ്യക്തിത്വം രൂപപ്പെട്ടു.

ഗുരുശ്രേഷ്ഠൻ

ചാവറയച്ചന്റെ മല്പാനച്ചനായിരുന്ന പാലയ്ക്കൽ തോമ്മാച്ചനെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: "ഈ ദേഹം കുർബാന ചൊല്ലിയപ്പോൾ തുടങ്ങി (എന്നു തോന്നുന്നു) ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ദിവസവും ഒരു നേരം - അതു ഉച്ചക്കുമാത്രം ചോറുണ്ണും. വൈകിട്ടു കുറെ കഞ്ഞികുടിക്കും കാലത്ത് ഒന്നുമില്ല. ഇങ്ങനെ ഏറിയകാലം ജീവിച്ചിരുന്നു. അനന്തരം ഒരു കഠിനജ്വരം വന്നപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പുവൈദ്യൻ കർശനമായി പ്രമാണിച്ചതിനാൽ അന്നു മുതൽ കാലത്തു കഞ്ഞികുടിച്ചു തുടങ്ങി."[50]

1780 - 1841 വരെ ജീവിച്ച മല്പാനച്ചൻ തന്റെ ജീവിത മാതൃകയിലൂടെയാണ് ചാവറയ്ക്കും മറ്റു ശെമ്മാശന്മാർക്കും വൈദിക പരിശീലനം നൽകിയിരുന്നത്. സിറിയായിൽ ജീവിച്ചിരുന്ന താപസരെക്കുറിച്ച് സൈറസ്സിലെ മെത്രാനായിരുന്ന തെയഡോറെറ്റ് രേഖപ്പെടുത്തിയിരിക്കുന്ന വിവരണവും[51] പാലയ്ക്കലച്ചന്റെ ജീവിതസാക്ഷ്യവും വലിയ വ്യത്യാസമില്ല. തപസ്സിലും പ്രായശ്ചിത്തത്തിലും പരിത്യാഗത്തിലും ജീവിച്ചിരുന്ന പാലയ്ക്കലച്ചന്റെ ചൈതന്യമാണ് അദ്ദേഹത്തിന്റെ ഭക്ഷണക്രമത്തിലൂടെ ചാവറ വിവരിച്ചത്.

1815 അവസാനത്തിലാണ് ചാവറ പാലയ്ക്കൽ തോമ്മാച്ചന്റെ സംരക്ഷണയിൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്നത്. ചാവറയുടെകൂടെ സെമിനാരിയിൽ ഉണ്ടായിരുന്നവർ മംഗലത്തുചാണ്ടി, പഴയകടവിൽ യൗസേപ്പ്, മുട്ടത്തിൽ കുര്യൻ, എറന്തയ്ക്കൽ കുരുവിള, പറമ്പിൽപൗലോസ് തുടങ്ങിയവരാണ്. ശെമ്മാശന്മാരുടെ ജീവിതശൈലി പാലയ്ക്കൽ മല്പാനച്ചൻ എഴുതി "ആയതു ഒരു പസ്കിയിൽ പതിച്ചു പഠിക്കുന്ന സ്ഥലത്തുവെച്ചു" എന്ന് ചാവറ രേഖപ്പെടുത്തുന്നു.[52] സെമിനാരിക്രമത്തെക്കുറിച്ച് നാളാഗമത്തിൽ വിവരണമുണ്ട്. "കാലത്തുതുടങ്ങി ഹൂലാലയും മൌതായും സപ്രായും എത്തിച്ചു കുർബാന ചൊല്ലും..... ആണ്ടിൽ അമ്പതുനോമ്പിൽ പുലർകാലെ

തുടങ്ങി ഫീലിപ്പോസും ആയിട്ട് ഏഴ് ഹൂലാലായും ഞായറാഴ്ച 10 യിങ്ങനെ എത്തിച്ചുകഴിഞ്ഞ കുർബാന ചൊല്ലുകയും ചെയ്യും. ഇങ്ങനെ ആണ്ടു മുഴുവൻ..... ഞങ്ങൾ പഠിപ്പാൻ ചെല്ലുമ്പോഴും അങ്ങനെ തന്നെ!."[53]

"ഇന്നത്തെ രീതിയിൽ ലെലിയ ദിവസത്തിന്റെ തലേ രാത്രിയിൽ നടത്തിയിരുന്നില്ല; മറിച്ച് പുലർകാലെയാണ്. മല്പാനച്ചന്റെ മുറിയുടെ വരാന്തയാണ് സെമിനാരിക്കാർക്ക് ഇരുന്നു പഠിക്കാനുണ്ടായിരുന്ന സ്ഥലം. എപ്പോഴും അവിടെത്തന്നെയിരുന്നു പഠിക്കണം ഉച്ചയ്ക്കു ഭക്ഷണശേഷം എല്ലാവരും സുറിയാനി മലയാഴ്മ എഴുതണം. വൈകുന്നേരം 5 മണിക്കു പുറത്തിറങ്ങി നടന്നിരുന്നു. 6 മണിക്കുപള്ളിയിൽപോയി ലുത്തിനിയാ, ധ്യാനം, വായന, കൊന്തനമസ്ക്കാരം മുതലായത് എത്തിച്ചിരുന്നു. ഇതിനെല്ലാം ഞങ്ങളോടുകൂടി ഈ ദേഹവും കൂടിയിരുന്നു. ഇതിനുശേഷം പഠനസ്ഥലത്തു ഞങ്ങളോടുകൂടിവന്നിരിക്കുകയും ചെയ്തിരുന്നു. അത്താഴം കഴിഞ്ഞു കുറെനേരം ജ്ഞാനകാര്യങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തതിന്റെ ശേഷം മണികൊട്ടി ഉറങ്ങാൻ പോകുകയും ചെയ്തിരുന്നു."[54]

നിയമാവലിയും ക്രമങ്ങളും മല്പാനച്ചൻ തന്നെയും കൃത്യമായി പാലിച്ചിരുന്നത് ചാവറ മനസിലാക്കിയിരുന്നു. ഭാവി ജീവിതത്തിന് അവശ്യമുണ്ടാകേണ്ട ഉത്കൃഷ്ടാദർശങ്ങൾ മല്പാനച്ചൻ ശെമ്മാശന്മാർക്കു മാതൃകയിലൂടെ പകർന്നുകൊടുത്തിരുന്നു.

ചാവറയ്ക്കു ലഭിച്ച വലിയ ഒരനുഗ്രഹം പാലയ്ക്കലച്ചനെത്തന്നെ ആത്മനിയന്താവായി ലഭിച്ചതാണ്. "അക്കാലങ്ങളിൽ ഒരു വിശേഷകാര്യം പോലെ മല്പാനച്ചനെത്തന്നെ തന്റെ കുമ്പസാരക്കാരനായിട്ടു സ്വീകരിച്ചു."[55]

ഗംഭീരനായ മല്പാൻ, ശിഷ്യഗണത്തെ നിഷ്ക്കർഷമായ ശിക്ഷണത്തിന് വിധേയമാക്കിയിരുന്നു എങ്കിലും എത്ര അനുകമ്പാപൂർവ്വമാണ് അവരോടു അനുവർത്തിച്ചു വന്നിരുന്നത്[56] എന്നുള്ളത് വ്യക്തമാണ്.

സംരക്ഷിച്ചു വളർത്തുന്ന ഗുരുശ്രേഷ്ഠൻ

പാലയ്ക്കൽ മല്പാനച്ചൻ സെമിനാരിക്കാരുടെ കൂടെ വസിച്ചു കൊണ്ട് എല്ലാം ചെയ്തിരുന്നത് ചാവറ വിവരിക്കുന്നു: "വീണ്ടും 6 മണിക്കു പള്ളിയിൽ പോയി ലുത്തിനിയാ, ധ്യാനവായന, കൊന്തനമസ്ക്കാരം ഇതിനും ഞങ്ങളോടുകൂടെ വന്നുകൂടി വീണ്ടും അവിടെ വന്നിരിക്കയും അത്താഴം കഴിഞ്ഞു വീണ്ടും കുറെനേരം ജ്ഞാനവായന, കൂദാശ മുതലായ ജ്ഞാനവർത്തമാനം കഴിഞ്ഞ് മണികൊട്ടി ഉറങ്ങുവാൻ പോകുവാൻ അനുവദിക്കുകയും ചെയ്യും. ഇങ്ങനെ കിടക്കുന്നനേരം വരെയും ളോവ ഉടുത്തുകൊണ്ട് അവിടെത്തന്നെയിരിക്കയും മണിയില്ലായ്കയാൽ ചിലപ്പോൾ പതിനൊന്നു മണിവരെ രാവായി പോകയും ചെയ്യും."[57] ഗുരുഭക്തി കൈമാറുന്ന മനോഹര രംഗമാണ് പാലയ്ക്കൽ മല്പാനച്ചനന്റെ മല്പാനായിരുന്ന കുത്തിയതോട്ടിൽ അബ്രാഹം മല്പാനെ സന്ദർശിക്കുവാൻപോയത്. അതിനിടയിൽ ആവശ്യമുള്ള വസ്ത്രങ്ങളും പലഹാരവുമൊക്കെ വാങ്ങുന്നതും ശെമ്മാശ്ശന്മാരെ സംരക്ഷിച്ചു വളർത്തുന്നതുമൊക്കെ ചാവറ എന്നും അനുസ്മരിച്ചിരുന്നു.[58]

ഭക്തിയോടെ കുർബാനയിൽ പങ്കുചേരുന്നു

രണ്ടു കൊല്ലക്കാലമാണ് ചാവറ അടുത്ത ഒരുക്കമെല്ലാം നടത്തി പൗരോഹിത്യത്തിന്റെ ആദ്യപടികളിലേക്ക് ആസ്തപ്പാടു പട്ടത്തിലൂടെ പ്രവേശിക്കുന്നത്. അക്കാലത്തെ എടുത്തുപറയാനുള്ള ഒരു കാര്യം "പൂജ കാണാനും" എന്ന പ്രയോഗത്തിൽ കാണുന്ന സംഗതിയാണ്. പരിശീലന കാലഘട്ടങ്ങളിൽ വി. കുർബാനയിൽ ശുശ്രൂഷിക്കുന്നത് പൈസഹാരഹസ്യത്തോടുള്ള ആദരവ് വർദ്ധിക്കുന്നതിനിടവരുത്തിയിരുന്നു. കൂടാതെ ജീവിതത്തിന്റെ സിരാകേന്ദ്രമായി വി. കുർബാനയെ അനുഭവിച്ചറിഞ്ഞ് വിശ്വാസത്തിൽ ദൃഢത വരുത്തുന്നതിനുമിടയായി. വിശുദ്ധ കുർബാനയോടു ചേർന്നു വരുന്ന യാമ പ്രാർത്ഥയ്ക്ക് രൂപവും

ഭാവവും നൽകുന്നതിനും ചാവറയുടെ സെമിനാരി പരിശീലനം അവസരം നൽകിയിരുന്നു.

സുകൃതാഭ്യസനം

'പുണ്യമായി നടന്നിടുവാൻ' എന്ന് ചാവറ വിവരിക്കുന്നത്, സുകൃത ജീവിതത്തിന് മല്പാനച്ചനിൽ നിന്നു ലഭിച്ച ശിക്ഷണത്തെ അനുസ്മരിച്ചുകൊണ്ടാണ്. മല്പാനച്ചന്റെ ജീവിതമാതൃകയും കൈമാറിയിരുന്ന ശിക്ഷണ രീതിയുമെല്ലാം ശിഷ്യരെ പുണ്യാഭിവൃത്തിക്കു പ്രേരിപ്പിച്ചിരുന്നു; അതും വീരോചിതമായ സുകൃതങ്ങളുടെ ഉടമയാകുന്നതിന്. ആധ്യാത്മികദൃഷ്ട്യാ ലോകജിത്തായ ആ ധീരയോദ്ധാവിന്റെ അനന്തര പുരോഗമനം അത്ഭുതാവഹം തന്നെയായിരുന്നു. മിശിഹായുടെ ഒരു വിശ്വസ്ത ഭൃത്യനായിത്തീരുവാനായിരുന്നു അദ്ദേഹത്തിന്റെ സർവ്വപ്രധാനമായ ശ്രദ്ധ.[59]

പാപമാർഗ്ഗം വെടിയുക

"തന്യതൊക്കെ ത്യജിപ്പാൻ" എന്ന പ്രയോഗത്തിൽ ആധ്യാത്മിക ജീവിതത്തിലെ നിവർത്തന വശങ്ങളെക്കുറിച്ചാണ് സൂചന. പാപമാർഗ്ഗം വിട്ടു ജീവിക്കുക എന്നത് ജീവിതകാലം മുഴുവൻ നീണ്ടു നില്ക്കുന്ന പരിശ്രമമാണ്. ഇതിനുള്ള പരിശീലനവും മല്പാനച്ചനിൽ നിന്നും ചാവറയ്ക്കു ലഭിച്ചിരുന്നതായി ആത്മാനുതാപത്തിൽ എടുത്തു കാണിക്കുന്നു. ചാവറയച്ചന്റെ ആധ്യാത്മികജീവിത രഹസ്യത്തിന്റെ വലിയൊരു കാര്യം സെമിനാരി ജീവിതകാലത്തു തന്നെ പാപം വെടിഞ്ഞു ജീവിക്കുന്നതിനുള്ള പരിശീലനം കിട്ടിയെന്നതാണ്. ഇതിനുള്ള വലിയ തെളിവായി ബാല്യകാലത്തുണ്ടായിരുന്ന കണ്ണടക്കമില്ലായ്മയെ അതിജീവിച്ചതിനാലാണ് മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്താതിരുന്നത്. ഈ ഉന്നതമായ പാപരഹിതമായ ജീവിതം ദിവ്യകാരുണ്യനാഥന്റേതുതന്നെയാണ്. എന്നാലും ചാവറയ്ക്കു സെമിനാരിയിൽനിന്നു ലഭിച്ച ശിക്ഷണം മേല്പറഞ്ഞ

പാപരഹിത ജീവിതത്തിനിട വരുത്തിയിരുന്നു. ഗുരുവായിരുന്ന മല്പാനച്ചൻ ചാവറയെ പ്രധാനാചാര്യനായ ഈശോയിലേക്കു നയിച്ചിരുന്നു.

8:8 അനുയായികൾക്കുവേണ്ടി

1833-ൽ മാന്നാനത്ത് ആരംഭിച്ച വൈദിക വിദ്യാർത്ഥികൾക്കായുള്ള പരിശീലനകേന്ദ്രമാണ് ചാവറയുടെ ഭാവിപ്രവർത്തനങ്ങളുടെ ഒരടിസ്ഥാനം. അതിരമ്പുഴക്കാരൻ ആലഞ്ചേരി ശെമ്മാശ്ശനും വല്യപറമ്പിൽ ശെമ്മാശ്ശനും മാന്നാനം സെമിനാരിയിലെ പ്രഥമ ശിഷ്യരായി.[60] മാന്നാനത്ത് ആരംഭിച്ച സെമിനാരിയിൽ അവിടെ തുടങ്ങിയ ആശ്രമസ്ഥരും ഒന്നിച്ചു താമസിച്ചുവന്നു. ക്രമേണ അവിടം രണ്ടുഗണം അജപാലകരുടെ പരിശീലനകേന്ദ്രമായിത്തീർന്നു. ഒന്ന് ആശ്രമസ്ഥ ജീവിതത്തിനുള്ളവർ. മറ്റവർ അജപാലകരാകാനുള്ളവരും.

ചാവറയച്ചന്റെ നിവേശനത്തിൽ പുരോഗമിച്ച സെമിനാരി, പള്ളിപ്പുറത്തു സെമിനാരിയിൽ മാന്നാനത്തിന്റെ ഒരു ശാഖ എന്ന നിലയിൽ തുടർന്നുപോന്നു. പാലയ്ക്കലച്ചനും പോരൂക്കരയച്ചനും മല്പാന്മാരായിരുന്ന മാന്നാനം സെമിനാരിയിൽ 1844 ഫെബ്രുവരി 16-ന് ചാവറ മല്പാനായിത്തീർന്നു. 1841-ൽ പാലയ്ക്കൽ മല്പാനും 1846-ൽ പോരൂക്കര മല്പാനും കാലയവനികക്കുള്ളിൽ മറഞ്ഞതുമുതൽ ചാവറയച്ചൻ ആജീവനാന്തം അവിടുത്തെ മല്പാനായിരുന്നു. നസ്രാണികളുടെ ഇടയിൽ ഉണ്ടായ ദൈവവിളിയുടെ വർദ്ധന, വാഴക്കുളത്ത് 1866-ലും എൽത്തുരുത്തിൽ 1868-ലും സെമിനാരികൾ തുടങ്ങുവാൻ പ്രേരണയായി. ചാവറയച്ചൻ വൈദികന്മാരുടെ പരിശീലനത്തിനായി ചെയ്തിട്ടുള്ളവയാണ് പത്തൊമ്പത് ഇരുപത്, നൂറ്റാണ്ടുകളിലെ ആചാര്യന്മാരുടെ അവസ്ഥ പ്രകടമാക്കുന്നത്.

1866-ൽ പുത്തൻപള്ളി സെമിനാരി ആരംഭിക്കുകയും അതു ക്രമേണ എല്ലാ സെമിനാരികളുടേയും കേന്ദ്രമായിത്തീരുകയും ചെയ്തു. ഇവിടെ പ്രതിപാദിക്കുവാനുള്ളത്, ചാവറയുടെ ശ്രദ്ധ, മിശിഹായുടെ ആചാര്യന്മാരെ എപ്രകാരം രൂപപ്പെടുത്തി എന്നതാണ്.

പ്രധാനാചാര്യനായ ഈശോമിശിഹായുടെ ആചാര്യന്മാർ എപ്രകാരമുള്ളവരാകണമെന്ന് ചാവറ "രണ്ടച്ചന്മാരുടെ വെല എന്നതിമ്മെൽ"[61] എന്ന ധ്യാനത്തിലൂടെ എടുത്തു കാട്ടുന്നു. 'ദൈവത്തെയും മാമോനെയും ഒരുമിച്ചു സ്നേഹിക്കുവാൻ സാധ്യമല്ല' എന്ന സുവിശേഷമാണ് ധ്യാനത്തിന്റെ അടിസ്ഥാനമായി ചാവറ സ്വീകരിക്കുന്നത് (മത്താ. 6:24; ലൂക്കാ 16:13). വൈദികന്മാർ ഈശോയെപ്പോലെ 'അവരും ലോകത്തിന്റേതല്ല' എന്ന റൂഹാദ്ക്കുദ്ശായുടെ അരുളപ്പാട് (യോഹ. 17:14) ചാവറ എടുത്തു പ്രാർത്ഥിക്കുന്നു. "നിന്റെ ഹൃദയത്തെ പകുത്ത ഒരു പംക ദെയവത്തിനും ഒരു പംക ലൊകത്തിനും കൊടുപ്പാൻ നീ ഭാവിച്ചിരിക്കുന്നു. തംപുരാനും ലോകത്തിനും സ്നേഹിതനാകുവാൻ പ്രയാസപ്പെടുന്നു. ഇത് അസാദ്ധ്യമല്ലയൊ? ലോകത്തിനും സ്നെഹിതനാകുന്നു എന്നവൻ ദെയവത്തിന്നും ശത്രുവാകുന്നു എന്നുള്ളത് റൂഹാദ്ക്കുദാശയുടെ അരുളപ്പാടത്രെ."[62] യോഹ. 15:16-ൽ പറഞ്ഞിരിക്കുന്ന ലോകത്തിന്റെ വെറുപ്പ് ചാവറ ആചാര്യന്മാരെ അനുസ്മരിപ്പിക്കുന്നതാണ് മേല്പറഞ്ഞ ചാവറയുടെ ധ്യാനം.

ലോകം എന്നതുകൊണ്ടു യോഹന്നാൻ ഏവൻഗേലിസ്താ അർത്ഥമാക്കുന്നത്, മനുഷ്യനു ലഭിച്ച സ്വാതന്ത്ര്യമുപയോഗിച്ച് ദൈവത്തെയും മിശിഹായെയും തിരസ്ക്കരിക്കുന്നവരെയാണ്. ഈ കൂട്ടരോടു മമത പുലർത്തുന്നതു ദൈവത്തിൽ നിന്നകലുന്നതിനിടവരുത്തും. ഈശോയും ചാവറയും ഒരിക്കലും ലോകത്തെ വെറുത്തിരുന്നില്ല. എന്നാൽ ദൈവരാഹിത്യത്തെ നിവാരണം ചെയ്തിരുന്നു. ആചാര്യന്മാർ ദൈവത്തെക്കൊണ്ടു നിറഞ്ഞിരുന്നാൽ മാത്രമെ അത് ആത്മരക്ഷക്ക് ഉപകരിക്കുകയുള്ളു എന്ന് ചാവറ ഉറച്ചു വിശ്വസിച്ചിരുന്നു.

ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ ചാവറയച്ചനെ വൈദികന്മാരുടെ മേൽനോട്ടം ഏല്പിച്ചു. ".....താങ്കളെ നമ്മുടെ വികാരിയാത്തിലുള്ള സുറിയാനി റീത്തുകാരായ സകല വൈദികരുടേയും പരീക്ഷകനായും സകല വൈദിക ശാസ്ത്രങ്ങളുടേയും മല്പാനായും നിയമിച്ചാക്കുന്നതിന് നിങ്ങളുടെ സത്ഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിന് അർത്ഥികളെ അനുവദിക്കുന്നതിനു മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുവാൻ പട്ടക്കാർക്കു അനുമതി നൽകുന്നതിനും ഈ അധികാരപത്രത്താൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു".[63]

വൈദികന്മാരുടെ വിശുദ്ധിയും വിജ്ഞാനവുമാണ് നസ്രാണി സമൂഹത്തെ നവീകരിക്കുന്നതിനും പ്രബുദ്ധീകരിക്കുന്നതിനും ആവശ്യമെന്നു ചാവറ കണ്ടിരുന്നു. ഇതിനായി വാർഷികധ്യാനം, യാമ പ്രാർത്ഥന, കുർബാനയർപ്പണക്രമം തുടങ്ങിയവ ചാവറ സംവിധാനം ചെയ്തിരുന്നു. ദൈവാരാധനക്രമത്തിൽ ചാവറ വരുത്തിയ പരിഷ്ക്കാരങ്ങളുടെയെല്ലാം അഭ്യാസം വൈദികപരിശീലനത്തിലൂടെ അടിസ്ഥാനപ്പെടുത്തിയിരുന്നു.

പ്രധാനാചാര്യന്റെ അനുയായികൾക്ക് ചാവറ നൽകിയിരുന്ന പരിശീലനം അവർ വലിയ മതിപ്പോടെ സ്വീകരിച്ചിരുന്നുവെന്ന് പ്രിയോരച്ചന്റെ ശിഷ്യനായിരുന്ന ളൂയിസച്ചന്റെ സാക്ഷ്യം വ്യക്തമാക്കുന്നു. "പട്ടക്കാരുടെ ജീവിതം, അവരുടെ ഉടുപ്പ് മുതലായതിൽ വളരെ ശ്രദ്ധയുണ്ടായിരുന്നു. പട്ടക്കാർക്ക് അദ്ദേഹത്തിന്റെ നേരെ ദേവനെപ്പോലെ വണക്കമുണ്ടായിരുന്നു..... ചാവറ അച്ചൻ എന്നു കേട്ടാൽ സുറിയാനി പട്ടക്കാർക്കു ദേവനെപ്പോലെ വണക്കമുണ്ടായിരുന്നു."[64]

പ്രധാനാചാര്യനായ ഈശോ ശിഷ്യർക്കുവേണ്ടി നടത്തിയ പ്രാർത്ഥനയാണു യോഹ. 17:6-19 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. ചാവറ പട്ടക്കാരനായ ആത്മാവിനോട് അഭ്യർത്ഥിക്കുന്നു. " രണ്ടിൽ ഒന്നുകിൽ നിന്നെ മുഴുവനും തംപുരാന്ന കയ്യെൽപ്പിച്ച പുണ്യവഴിയിൽ

നടക്കണം."[65] വൈദികന്മാർ ദൈവത്തെമാത്രം സ്നേഹിക്കുന്ന ആചാര്യന്മാരാകണമെന്നതാണ് ചാവറയുടെ പ്രാർത്ഥന. ദൈവത്തെ മാത്രം എന്നതിന്റെ കൗദാശിക രൂപമാണ് ദിവ്യ കാരുണ്യം. ചാവറ ദിവ്യകാരുണ്യസന്നിധിയിൽ എപ്രകാരമായിരുന്നുവെന്നു കാണാം.

8:9 വി. കുർബാനയുടെ സന്നിധിയിൽ

ദിവ്യകാരുണ്യം കൗദാശികമായി സംഘാതാത്മക ആരാധനയുടെ മിശിഹാ കേന്ദ്രീകൃതമായ വിശിഷ്ട മാതൃകയാണ്.[66] ഏതൊരു ആത്മസാക്ഷാത്കാരവും റൂഹാദ്കുദ്ശായിൽ നടത്തുന്ന ആരാധന വഴി മാത്രമാണ് പൂർണ്ണമാകുന്നത് (യോഹ. 4:24).[67] ജീവിത കേന്ദ്രീകരണവും സാക്ഷാത്കാരവും ഐക്യവും കണ്ടെത്തുന്ന അസ്തിത്വത്തിന്റെ തികവുറ്റ രൂപമാണ് ദിവ്യകാരുണ്യം.[68] ദിവ്യകാരുണ്യാരാധന മിശിഹായുമായുള്ള താദാത്മീകരണവും മാനവ ദൈവികീകരണവുമാണ്.[69] നസ്രാണികളുടെ ദൈവാരാധനയിൽ, റാസക്രമത്തിൽ കാണുന്ന "നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു" എന്നത് "മാലാഹാനൂസാ"യുടെ-ദൈവികീകരണത്തിന്റെ - അന്തസ്സത്തയാണ്.[70]

ചാവറയച്ചൻ ദിവ്യകാരുണ്യസന്നിധിയിൽ വ്യാപരിച്ചപ്പോൾ മാനവ ദൈവിക സംഗമത്തിന്റെ അത്യുന്നതാനുഭവം ഉണ്ടായെങ്കിൽ, അത് അദ്ദേഹത്തിന്റെ സജീവ വിശ്വാസമാണ് പ്രകടമാക്കിയത്. വാഗ്ദാനപേടകത്തിൽ ദൈവമഹത്വം ദർശിച്ച ഇസ്രായേൽക്കാർ മാനവരാശിക്കു കൈമാറിയത് അവരുടെ മദ്ധ്യേ വസിക്കുന്ന ഈശോ മിശിഹായെ അല്ലേ (സെഫാ. 3:12; ലൂക്കാ 1:28,38; യോഹ. 1:14;6:51). ചാവറ ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ആരാധിക്കുന്നു: "..... നിന്റെ ദയയിൽ

കാലമായ ഈ അരുൾവേദത്തിൻ (പുതിയ നിയമത്തിൻ) പ്രമാണ പല കയല്ല പിന്നെയൊ പ്രമാണം കല്പിച്ചു കൊടുത്ത നീതന്നെ യാതൊരു ഉറയും മറവും കൂടാതെ തന്റെ ദൈവത്തത്തോടും മാനുഷികത്തോടും കൂടെ ഞങ്ങളുടെ മദബഹായിൽ താൻ എഴുന്നെള്ളിയിരിക്കുന്നു. ആരെല്ലാവരും ചെല്ലുന്നോ, എല്ലാവരേയും കൈക്കൊള്ളുന്നു. ആരു വിളിക്കുന്നോ അവനിൽ ചെല്ലുന്നു. എവിടെകൊണ്ടു പോകണമോ അവിടെ താൻ പോരുന്നു. ഏതു നാവിൽ വെക്കുന്നുവോ അവിടെ താൻ ഇരിക്കുന്നു അയ്യയ്യൊ, ഏതു ഹൃദയത്തിൽ കുടിയിരുത്തുമോ ആ ഹൃദയത്തിൽ പൂക്കുന്നു. അയ്യൊ, മേൽപട്ടക്കാരു തന്നെയല്ല, പിന്നെയോ പട്ടസുഖം എന്ന മുദ്രയാൽ പതിക്കപ്പെട്ടവനായിരിക്കുന്ന ഏതു നാവുകൊണ്ട് തിരുവചനങ്ങളെ ഉച്ചരിക്കുന്നു എന്ന ആ ക്ഷണ ത്തിൽത്തന്നെ ആകാശത്തിൽ നിന്നും ഇറങ്ങി അയാളുടെ കൈയ്യിൽ എഴുന്നെള്ളുന്നു. അയ്യയ്യൊ, കർത്താവെ! ഈ മഹാപാപിയായ അടി യന്റെ അശുദ്ധ കൈകളിലും നാവിലും ഹൃദയത്തിലും കൂടെയും എത്ര യോ ഊഴം നീ എഴുന്നെള്ളി. എന്റെ മനഗുണമുള്ള സർവ്വേശ്വരാ! ഇനി യാതൊരുത്തനെ താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പാൻ ഇട യില്ലാതായല്ലൊ..... ഈ വണ്ണമുള്ള കരുണക്കടലായിരിക്കുന്ന ഈ ദൈവം ആ സക്കെയേക്കായിലും അധികം ഹീനനും പാപിയുമായി രിക്കുന്ന അടിയന്റെ ഹൃദയമായ വീട്ടിലും അതിൽ നിറഞ്ഞിരിക്കുന്ന പാപാശുദ്ധങ്ങളെയും ദുർമ്മരണങ്ങളെയും വിചാരിക്കാതെ, മനുഷ്യ വർഗ്ഗത്തിന്മേൽ താൻ വച്ചിരിക്കുന്നു എന്ന കരുണ്യാധിക്യവും, തന്റെ ദയയുടെ പെരുപ്പവും കാണിച്ചുകൊണ്ട് ഇനി മനുഷ്യവർഗ്ഗത്തിൽ യാതൊരുത്തനും ഭയത്താലും ശരണക്കേടാലും തന്റെപക്കൽ അണ യുന്നതിന് മടിതോന്നായ്വാനുള്ള ദൃഷ്ടാന്തം ലോകത്തിൽ കാണി പ്പാൻതന്നെ ഈ കഷ്ടപുഴുവായ അടിയനിൽ എഴുന്നെള്ളുവാൻ തന്നെ യല്ല, പിന്നെയൊ ദിവസം പ്രതി ഈ അശുദ്ധനാവുകളാൽ തന്നെ വിളിച്ച് ആകാശങ്ങളിൽ നിന്നിറക്കുവാനും പാപപ്പെട്ട അടിയന്റെ കര ങ്ങൾകൊണ്ടു തന്നെ തൊടുവാനും ദേവമാതാവും ശുദ്ധപിതാവും

എത്രയോ ഭക്തിയോടും ആചാരത്തോടും അവരുടെ കൈകളിൽ ചുമന്നു എന്ന ഉണ്ണിപ്പൈതലായ തന്നെ ഈ അശുദ്ധ കൈകൾകൊണ്ടുതന്നെ എടുക്കാനും പകുപ്പാനും ഉയർത്തുവാനും സ്നേഹത്തോടെ തന്നെ തിന്മാനും അനുവദിച്ചതുമെന്നിയെ എവിടെയെല്ലാം തന്നെ എടുത്തുകൊണ്ടു നടക്കണമൊ ആരുടെ പക്കൽ തന്നെകൊണ്ടുപോകണമോ ഏതുനേരത്തിൽ തന്നെ കാണണമോ, എത്രനേരം തന്റെ ചേരെ നില്ക്കണമോ ഇതിനൊക്കെക്കും അനുവദിച്ചതുമെന്നിയെ, അടിയന് അനിഷ്ടവും മനമടിയും തോന്നി തന്റെ തിരുമുമ്പിൽ നിന്നു മാറുന്നതല്ലാതെ, തനിക്ക് അസഹിതമായി ഈ തിരുമുമ്പിൽ നിന്നും മാറ്റുവാൻ തിരുമനസ്സാകാതെ എന്റെ ആശയാഗ്രഹങ്ങളൊക്കെയും നിറവേറ്റുവാനും എന്തെല്ലാം അപേക്ഷിക്കണമോ ആയത ഒക്കെയും മടികൂടാതെ അപേക്ഷിപ്പാനും അനുവദിച്ചുംകൊണ്ടു രാപകൽ പിരിയാതെ എന്റെ വാസസ്ഥലത്തിൻ ചേരെ തന്നെ താനും എഴുന്നെള്ളിയിരിപ്പാനും തിരുമനസ്സായി..... ആയതിനാൽ മരണം വരുന്നതിനു മുമ്പെ, എന്റെ കർത്താവിന്റെ മുഴുവനായ ഉപവിയും ഇഷ്ടപ്രസാദവും എന്നിൽ കുടിയിരിപ്പാനും പാപവും പാപത്തിൻപരിഹാരക്കടവും എന്നിൽ നിന്നൊഴിയുന്നതിനും ഈ ഭാഗ്യപ്പെട്ട ആഴ്ചവട്ടത്തിൽ നീ തന്നെ എന്റെ കർത്താവിൻ പക്കൽ കൂട്ടിക്കൊണ്ടുപോയി തന്റെ തിരുവുള്ളക്കേടു മുഴുവനും തീർത്ത് സന്തോഷമായി എന്നെ ഞാൻ കൈക്കൊണ്ട തന്റെ പക്കൽ എന്നെ നീ ഏൾപ്പിച്ചു നിറുത്തുമെങ്കിൽ തെളിവോടെ ഞാനും തന്റെ മരണത്തോടുകൂടി മരിച്ചുയർത്ത തന്റെ കരേറ്റത്തോടു കൂടെ എന്നെയും തന്റെ രാജ്യത്തിലേക്കു കൊണ്ടുപോകയും ചെയ്യും. അപ്പഴോ, നീയിനിക്കു മദ്ധ്യസ്ഥനായി നീ ഇതൊക്കെയും നിറവേറ്റിത്തരിക."[71] ചാവറയുടെ ദിവ്യകാരുണ്യഭക്തി സമഗ്രമായ വിശ്വാസസത്യങ്ങളുടെ സമന്വയമായിരുന്നു. മാനുഷികാനുഭവങ്ങളുടെയെല്ലാം ക്രോഡീകരണവും ദിവ്യകാരുണ്യ സന്നിധിയിൽ ചാവറ അവതരിപ്പിക്കുന്നു. പ്രത്യേകിച്ചും ദിവ്യകാരുണ്യത്തിന്റെ രണ്ടു ലക്ഷ്യങ്ങളായ പാപപ്പൊറുതിയും നിത്യജീവനും ചാവറയുടെ ദിവ്യകാരുണ്യ സംഭാഷണത്തിൽ വ്യക്തമാണ്. ദിവ്യകരുണയനുഭവിച്ചറിഞ്ഞ

ചാവറ പാപരഹിതനായി ജീവിക്കുന്നതിനുള്ള ശക്തി അതിൽനി ന്നാർജ്ജിച്ചിരുന്നു. നിത്യജീവനിലേക്കു കടക്കുന്ന മരണത്തെ മാർ യൗ സേപ്പിന്റെ മദ്ധ്യസ്ഥത്താൽ ഉറപ്പിക്കുന്നതിനും ചാവറ മറക്കുന്നില്ല.

'പാപമോചനവും നിത്യജീവനും' എന്ന ആശയം വിശുദ്ധ കുർബാന സ്വീകരണവേളയിലുള്ള രൂപമാണ്. "മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ."[72] മുകളിൽ ഉദ്ധരിച്ച ചാവറയുടെ പ്രകരണങ്ങൾ നിരവധി രഹസ്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. സജീവനായ ഈശോമിശിഹായുടെ സന്നിധിയിൽ എന്ന അനുഭവം, പഴയനിയമത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നിയമത്തിന്റെ അനുഭവം, ദൈവമഹത്ത്വത്തിൽ അംഗീകാരം, മാനുഷിക പരിമിതിയുടെ അവബോധം, അത്യഗാധമായ എളിമയും അത്യുന്നതനിലുള്ള പ്രത്യാശയും, അമ്മനുവേലനുഭവത്തിന്റെ ഊഷ്മളത, മാനുഷിക വ്യവസ്ഥിതികളിലൂടെ ദൈവം ദിവ്യകാരുണ്യം സന്നിഹിതമാക്കുന്നു, സ്ഥലകാലങ്ങൾക്കനുസൃതം എന്തിനും തയ്യാറാകുന്ന ദൈവകരുണയുടെ കൂദാശയാണ് ദിവ്യകാരുണ്യം, വി. കുർബാനയേയും ദിവ്യകാരുണ്യത്തേയും ഒന്നിച്ചു കാണുന്ന ഉന്നതമായ സമീപനം; പാപിയുടെ കടങ്ങൾ മോചിക്കുന്നവൻ നിത്യജീവൻ പ്രദാനം ചെയ്യുന്നുവെന്ന ഉറപ്പ്.

വി. കുർബാന ആഘോഷത്തെയും ദിവ്യകാരുണ്യ സന്നിധിയിലുള്ള ചാവറയുടെ നിലയേയുംകുറിച്ച് ആത്മപിതാവായ ലെയോപ്പോൾദ് മൂപ്പച്ചൻ പറയുന്നു: "കുർബാന അർപ്പണവേളയിൽ, ഉന്നതമായ ശ്രദ്ധ, ഭക്തി, വണക്കം എന്നിവയാൽ കൂദാശയുടെ ശ്രേഷ്ഠതയെ ഏറ്റുപറയുന്ന കാഴ്ചയാണു പ്രേക്ഷകർക്കുണ്ടായിരുന്നത്. കുർബാനയോടുള്ള വിശ്വാസാദരവുകൾ ദിവ്യകാരുണ്യ സന്ദർശനം നിയമാനുസൃതം നടത്തുന്നതിനും പുറമെ ദീർഘനേരം വിശുദ്ധകുർബാനയ്ക്കു മുമ്പിൽ മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചിരുന്നു."[73]

ദിവ്യകാരുണ്യസന്നിധിയിലുള്ള ചാവറയുടെ നിലയെ സ്വർഗ്ഗീയാനുഭവത്തിന്റെ നിദർശനമായിട്ടാണ് അദ്ദേഹത്തിന്റെ സമകാലീനരും

ദൃക്സാക്ഷികളും രേഖപ്പെടുത്തുന്നത്.[74] പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവം (യാക്കോ. 2:17, 20) എന്ന യാക്കോബു ശ്ലീഹായുടെ വാക്കുകൾ ചാവറയുടെ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും അദ്ദേഹം നടത്തിയ ആരാധനയും അന്വർത്ഥമാക്കുന്നു.

ചാവറയച്ചൻ വ്യക്തിപരമായി അഭ്യസിച്ചിരുന്ന ദിവ്യകാരുണ്യ ഭക്തി എല്ലായിടത്തും പ്രചരിപ്പിച്ചിരുന്നു. കുടുംബങ്ങളിൽ ഈ ഭക്തി എത്തിച്ചത് കുടുംബാംഗങ്ങൾ ഒന്നോ രണ്ടോ പേർ മാറി മാറിപ്പോയി കുർബാനയിൽ പങ്കെടുക്കുന്നതിന് നിർദ്ദേശിച്ചതു വഴിയാണ്.[75] ഇപ്രകാരം ചാവറ ചെയ്തതിന്റെ ഉദ്ദേശ്യം ദൈവപേടിയും ഭക്തിയും ഉള്ളവർ കുടുംബത്തിൽ ഉണ്ടാകുന്നതിനും അതുവഴി ദൈവാനുഗ്രഹം ലഭിക്കുന്നതിനും വേണ്ടിയാണ്.[76] കൂടാതെ കുടുംബത്തിൽനിന്നും ദുർവാക്കുകളും ദൂഷണങ്ങളും ഇല്ലാതാകുന്നതിനും മേല്പറഞ്ഞ ഭക്തി ഇടവരുത്തും.[77] സ്വർഗ്ഗരാജ്യത്തിന്റെ ചെറുപതിപ്പായ കുടുംബത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ചാവറ ദിവ്യകാരുണ്യ ഭക്തിയിലൂടെ അതു പ്രോത്സാഹിപ്പിച്ചിരുന്നു.

അടുത്തതായി ദിവ്യകാരുണ്യ ഭക്തി തന്റെ സമൂഹത്തിലും സഭയിലും പ്രചരിപ്പിച്ചത് കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് എട്ടു ദിവസം നടത്തിയിരുന്ന ആഘോഷമായ യാമപ്രാർത്ഥനയിലൂടെയായിരുന്നു. ഭക്തി എന്നതിനെക്കാൾ സംഘാതാത്മക സ്വഭാവവും ദൈവാരാധനയുടെ ചൈതന്യവും നിറഞ്ഞു തുളുമ്പുന്ന ഒരു രീതിയായിരുന്നു അത്. വളരെ ആഘോഷമായി ഗാനരൂപത്തിൽ നടത്തിയിരുന്ന ഈ കർമ്മം ദിവ്യകാരുണ്യ സന്നിധിയിലായിരുന്നു. ഈ രീതിയിലുള്ള ദിവ്യകാരുണ്യ ഭക്തിയുടെ കാതൽ 'ഈശോമിശിഹായുടെ സ്നേഹം' ആയിരുന്നുവെന്ന് കന്യാസ്ത്രീകൾക്കയച്ച കത്തിൽ നിന്നും സ്പഷ്ടമാണ്: "എന്റെ കുഞ്ഞുങ്ങളെ ഈ ദിവസംങ്ങളിൽ ഈശൊമ്ശിഹായുടെ സ്നെഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. ഈ എട്ടു ദിവസം മുടങ്ങാതെ മാറിമാറി ഒരാൾ എംകിലും ദിവസം ശു: കുർബ്ബാന

കൈ ക്കൊണ്ടു ഈ കർത്താവിന്റെ സ്നേഹത്തെ ഓർക്ക. ആ! ഈശോ മിശിഹായുടെ സ്നേഹത്തിൽ പാറപ്പിൻ."[78]

വിശുദ്ധകുർബാനയുടെ സജീവത്വം ചാവറനടപ്പാക്കിയ മറ്റൊരു രീതിയാണ് നാല്പതുമണിക്കൂർ ആരാധന. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസത്തെ (മത്താ. 4:1-11) നാല്പതു മണിക്കൂറിൽ കേന്ദ്രീകരിക്കുമാറ് ചാവറ 1866-ൽ അമ്പതുനോമ്പ് ആരംഭിക്കുന്ന ആഴ്ചയിലെ വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിലാണതു സംഘടിപ്പിച്ചത്. അതും കൂനമ്മാവിൽ. ഈ അവസരത്തിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ആളുകൾ വന്നു ദിവ്യകാരുണ്യാരാധനയിൽ പങ്കെടുത്തിരുന്നു. അനുരഞ്ജനവും ദിവ്യകാരുണ്യൈക്യവും വഴി നസ്രാണികൾ വളരെയധികം ഭക്തി സാന്ദ്രതയുള്ളവരായിത്തീർന്നു.

ചാവറ ദിവ്യകാരുണ്യസന്നിധിയിൽ ദൈവത്തെയും ദൈവജനത്തെയും ഒന്നിച്ചുചേർത്തുകൊണ്ട് യഥാർത്ഥ ദൈവാരാധകനായിത്തീർന്നു എന്നതാണ് വാസ്തവം. ദൈവജ്ഞാനവും ആത്മജ്ഞാനവും ആഴപ്പെട്ട നിമിഷങ്ങൾ!

8:10 അനുതാപക്കണ്ണുനീർ

വി. ഗ്രന്ഥവും സഭാപിതാക്കന്മാരും വിശുദ്ധാത്മാക്കളും വെളിപ്പെടുത്തിയിട്ടുള്ള ദൈവസ്നേഹത്തിന്റെ അത്യുന്നതാനുഭവമാണ് ചാവറയ്ക്ക് നിസ്സാര തെറ്റിനെയും അതിഗൗരവമുള്ളതായി കാണുവാൻ ഇടവരുത്തിയത്. ചാവറയുടെ ധ്യാനാനുഭവം: "ആ എന്റെ മനോഗുണമുള്ള പിതാവെ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കായിൽ മണ്ണും പുഴുവും ഞാൻ വലുതായി സ്നേഹിച്ചു. ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും പാതിരാവിലും മഞ്ഞിലും പനിയിലും വെയിലിലും കാട്ടിലും മേട്ടിലും,

കരയിലും കടലിലും ചുറ്റിത്തിരിഞ്ഞുനടന്ന് എന്നെ തേടിയ രക്ഷിതാവിന്റെ തൃക്കാലുകളേ, എന്റെ കാലുകളിൽ പിശാചുകെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടു കയറുകളാൽ വരിഞ്ഞു കെട്ടപ്പെട്ട തൃക്കാലുകളേ, എന്റെ പിടലിയിൽ ഞാൻ കെട്ടിവച്ച പാപച്ചുമടുകളെ എന്നിൽനിന്നിറക്കുവാനായി ഭാരപ്പെട്ട കുരിശു മരത്തിനെ മാംസമില്ലാതെ ചതഞ്ഞിരുന്ന തിരുത്തോളിന്മേൽ കരേറ്റിക്കൊണ്ടു ഗാഗുൽത്താമലയിലുള്ള കൂർത്തു മൂർച്ചിച്ച കടുത്ത പാറകളിൽ ചവട്ടി നടന്നു നിന്റെ തിരുപ്പാദങ്ങളെയും ഞാൻ കണ്ടിരുന്നാറെയും നിനക്കുവിരോധമായി എന്റെ കാലുകളെ ഞാനിളക്കിയതെങ്ങനെ!"[79] മുകളിൽ ഉദ്ധരിച്ച ഭാഗം ദൈവസ്നേഹത്തിന്റെ അനുഭവമുള്ള ചാവറയുടെ അനുതാപമാണ്. ഈശോയുടെ പീഡാനുഭവത്തിന്റെ ഓരോ രംഗവും മനുഷ്യനിന്ദയുടെ ഓരോ അനുഭവവുമായി തുലനം ചെയ്ത് ഹൃദയതാപം പ്രകടമാക്കുന്നു. പൊതുവായ ഒരു ചിന്തകൊണ്ടു തൃപ്തിപ്പെടുന്ന ഭക്തിയല്ല, ചാവറയുടെ ആത്മാവിൽ ഉണർന്നത്. മറിച്ച് അനുഭവത്തിന്റെ ഓരോ ചലനവും മിശിഹായുടെ മാനുഷികാനുഭവങ്ങളിൽ അലിഞ്ഞു ചേർന്ന അവസ്ഥയാണ് പൊന്തിനില്ക്കുന്നത്. അനുതാപത്തിന്റെ കണ്ണുനീർ ഉത്ഭവിക്കുന്നത് ഉൾക്കാഴ്ചയിലാണ്. അത് ബുദ്ധിയേയും മനസ്സിനെയും സ്വാധീനിച്ച് അനുതാപത്തിന്റെ മനസ്സാക്ഷിക്കണ്ണുനീരിന് ഇടം നൽകുന്നു. ഈ അവസ്ഥാവിശേഷം ചാവറയിൽ ദൈവസ്നേഹത്തിന് സർവ്വപ്രധാനമായ സ്ഥാനം നൽകി. ഏറ്റം നിസ്സാരമായ ഒരു നന്ദിഹീനത, ഭാഗികനന്മയിലേയ്ക്കുള്ള തിരിയൽ, തീവ്രമായി ദൈവത്തെ സ്നേഹിക്കാതിരിക്കുന്നത്, സഹോദര നന്മയ്ക്കുവേണ്ടി ചിന്തയിലോ, തീരുമാനത്തിലോ, വാക്കിലോ, പ്രവൃത്തിയിലോ, ജീവിതത്തിലോ അല്പമായ വീഴ്ചവരുത്തുന്നത് തുടങ്ങിയവയെല്ലാം ഗൗരവമായ പാപത്തിനു തുല്യമായി ചാവറ കണ്ടിരുന്നു. ഈ അനുഭവമാണ് ചാവറയുടെ 'ആത്മാനുതാപമെന്ന' കൃതിയിലും ധ്യാനസല്ലാപങ്ങളിലും നിറഞ്ഞു നില്ക്കുന്നത്. ചാവറയുടെ ഉൾക്കാഴ്ചയിൽ വിശ്വാസം,

സജീവമാകുന്ന രംഗം കാണാം: "ആ കർത്താവെ! എന്റെ കണ്ണുകളെ കുറെ പൊക്കി നിന്റെ തിരുവയറും തിരുമേനിയും ഞാൻ നോക്കുന്പോൾ ഇത് എന്റെ അതിദുഃഖത്തിനു കാരണമാക്കുന്നല്ലൊ!."[80] ബാഹ്യ കണ്ണുകളാണ് ഉയർത്തുന്നതെങ്കിലും ആന്തരികദർശനം-ഉൾക്കാഴ്ച യാണ് മിശിഹായുടെ പീഡാനുഭവരംഗങ്ങളിലേയ്ക്കു കടന്നു ചെല്ലുവാൻ സഹായിക്കുന്നത്. വീണ്ടും ചാവറയിൽ ഉൾക്കാഴ്ച സജീവമാകുന്ന മറ്റൊരു രംഗം: "ആ എന്റെ കണ്ണുകളേ, നിങ്ങൾ കുറെക്കൂടെ പൊക്കി ഈ നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖം സൂക്ഷിക്ക. ഈ തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്നതും ദുഃഖമുള്ള ആളുകൾ ഈ തിരുമുഖത്തിൽ നോക്കിയാൽ അവരുടെ ദുഃഖം തെളിവിൽ പകർത്തുന്നതും ഇതിനാൽ തന്റെ ജീവിതത്തിൽ ബഹുദൂരമായ റോമ്മാ എബ്രദോരന്മാരുടെ ചെവിയിൽ ഈ തിരുമുഖവടിവിനെ സ്തുതിച്ചതിനാൽ ഈ ഛായ സമർത്ഥന്മാരായ ചിത്രകാരെക്കൊണ്ട് എഴുതിച്ചു അവരുടെ കോവിലകത്ത് സ്ഥാപിച്ചിരുന്നു."[81]

വിശ്വാസത്തിന്റെ ഉൾക്കാഴ്ചയിലൂടെ ചാവറ ഈശോയെ ദർശിക്കുന്നതുകൊണ്ടാണ് എപ്പോഴും ദൈവികരഹസ്യം ബാഹ്യവിഷയങ്ങളിലൂടെ അവതരിപ്പിക്കുന്നത്. ഗൗരവമായ യാതൊരു തെറ്റിലും വീഴാത്ത ചാവറ, ഇത്രമാത്രം കദന ഭാരത്തോടെ വിലപിക്കുന്നത് വിശുദ്ധരുടെയും മല്പാന്മാരുടേയും വഴിയെ സഞ്ചരിച്ചിരുന്നതുകൊണ്ടാണ്. ചാവറയുടെ ബോധ്യങ്ങൾ വെളിവാക്കുന്ന ഏതാനും ഉദാഹരണങ്ങൾ: "എന്നാൽ നീ നല്ലതുപൊലെ കണ്ടുപിടിപ്പാൻ മനസ്സാകുന്നുവെംകിൽ ഈ കാര്യത്തിൽ വെച്ച ശു: മാൽപന്മാര അരുളിച്ചെയ്തിരിക്കുന്ന സത്യമായ വചനങ്ങളെ കെട്ടുകൊൾക. ശു. അൽസെൽമ്മൊസ നിന്നൊടു ചൊദിക്കുന്നു. ചെറിയ കുറ്റം എന്ന നീ പെരുവിളിപ്പാൻ തുനിയുന്നു എന്ന ദൊഷം ഏതാകുന്നു? സർവ്വശക്തനും നിന്റെ സൃഷ്ടിതാവുമായ ഒരു ദെയവത്തെ അപമാനിക്കുന്നത ചെറിയ കുറ്റമായിരിക്കുമൊ?..... ശു. അൾപോസലിഗൊരി എഴുതിവച്ചതായിത,

സൃഷ്ടിക്കപ്പെട്ട വസ്തുക്കളൊക്കെയും ഇല്ലാതെ ആയിപൊകുന്നതിനെക്കായിലും സകല മാനുഷരും സകല മൊഷവാസികളും നരകത്തിൽ നശിച്ചു പൊകുന്നതിനെക്കായിലും എത്രയും അല്പമായിട്ട ഒരു ദൊഷം വല്യതിന്മയായിരിക്കുന്നു എന്നു."[82]

ചാവറ വായിച്ചിരുന്ന മല്പാന്മാരുടെ ആധ്യാത്മികഗ്രന്ഥങ്ങളും സർവ്വോപരി വിശുദ്ധഗ്രന്ഥവും അദ്ദേഹത്തിന് അനുതാപജന്യമായ ഒരു ഹൃദയം പ്രദാനം ചെയ്തു. ദൈവസ്നേഹമനുഭവിച്ചറിഞ്ഞ ചാവറ റൂഹാദ്ക്കുദ്ശായാൽ നിരന്തരം നയിക്കപ്പെട്ടതിനാൽ, ചെറിയ പാപവും വലുതായി കണ്ടിരുന്നു. വിശുദ്ധഗ്രന്ഥം ചാവറയ്ക്കു നൽകിയ ഉൾക്കാഴ്ച ഇപ്രകാരമാണ്: "ആ എന്റെ പ്രിയമുള്ള അപ്പാ! ഇതു തന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ശങ്കിക്കുന്നു. അതെന്തെന്യെ, ഈവണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെപ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്? ശ്ലീഹായുടെ വചനത്തിൻ വണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാനെ നാം സ്നേഹിച്ചതുകൊണ്ടല്ല, പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത്. ആ മനോഗുണമെ! ആ സ്നേഹമെ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈ വണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ, സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്വാൻ തനിക്കു വശമുണ്ടാമൊ! അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നു എങ്കിലും തന്നോടു ഞാൻ നന്ദികേടു ചെയ്തു. ആ എന്റെ മനോഗുണമുള്ള പിതാവേ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കായിൽ മണ്ണും പുഴുവും ഞാൻ വലുതായി സ്നേഹിച്ചു."[83]

ദൈവസ്നേഹത്തെ ഉപര്യുപരി നന്ദിയോടെ അനുഭവിക്കുന്നതിനായി അനുതാപക്കണ്ണീരിന്റെ വരം ചാവറ അധികമായി അപേക്ഷിച്ചിരുന്നു. ഇതിനായി അനുതാപികളായ നിരവധി പാപിനികളെയും

ചാവാ കണ്ടുപിടിച്ചു. ഇവരിൽ പ്രമുഖരാണ് മഗ്ദലയിത്ത മറിയം, ഈജിപ്തിലെ മറിയം, മാർഗ്ഗരീത്താ കൊർത്തോൻ തുടങ്ങിയവർ.[84]

പാപം ചെയ്യാത്ത ചാവായുടെ അനുതാപത്തിന് ഇനിയും സാധാരണക്കാരുടെ ഇടയിൽ പ്രചാരം കിട്ടിയിട്ടില്ല എന്നു മാത്രവുമല്ല പരിപൂർണ്ണ സ്നേഹമഭ്യസിക്കുന്നതിന് ഒരു ജീവിതാന്തസ്സ് തെരഞ്ഞെടുത്തവരുടെ ഇടയിൽപ്പോലും ചാവായുടെ അനുതാപ രഹസ്യം കടന്നുചെന്നിട്ടില്ല.

ചാവായുടെ അനുതാപക്കണ്ണീരിന്റെ രഹസ്യം പാപരഹിതമായ ഒരു ജീവിതത്തിനത് ഇടവരുത്തിയെന്നതാണ്. അതായത് റൂഹാദ്ക്കുദ്ശായെ വേദനിപ്പിക്കാതെ ചാവാ ജീവിച്ചു!

8:11 ദൈവാത്മാവു നിറഞ്ഞവൻ

"ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽ പരം കഷ്ടം പിശാചിൻ ദാസനായി"[85]

എന്നു ചാവാ കേഴുമ്പോൾ, അദ്ദേഹം അർത്ഥമാക്കുന്നത് താഴെവരുന്ന സംഭവമാണ്:

"കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കൗതുകസാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദുഷിതവാക്കുകൾ
അധരത്തിലുമജ്ഞാനാചാരങ്ങൾ."[86]

ബാല്യകാലത്തിലെ ജീവിതസാഹചര്യത്തെയാണ് ചാവറ ചിത്രീകരിക്കുന്നത്. കണ്ണടക്കമില്ലായ്മ എന്നൊരുകാര്യം ബാല്യദശയിൽ ഉണ്ടായത് ചാവറയെ എന്തുമാത്രം ദൈവത്തിൽ നിന്നകറ്റി എന്ന താണിവിടെ ചർച്ച ചെയ്യുന്നത്. ചാവറ തന്റെ ദയനീയാവസ്ഥയെ വീണ്ടും വിവരിക്കുന്നു:

"അക്കാലമുള്ള ശുദ്ധി ഹൃദയപരമാർത്ഥം
ഒക്കെയും ഛേദം ചെയ്തു ദുഃഖമേ മഹാകഷ്ടം!
ബോധത്തോടു കൂടവേ വളർന്നു പാപമലം
ക്രോധവുമഹങ്കാരം ശേഷം ദുർഗ്ഗുണങ്ങളും

കാണുന്ന ജനങ്ങൾക്കിതോമനപ്പൈതലിവൻ
ഏഷണിയൊന്നുമില്ലായെന്നു തോന്നിച്ചേനഹം
കരുണയേറും നിന്റെ തിരുവാക്യത്താൽതന്നെ
കരുതിയറിച്ചോരുപമയതിൻസമം

കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന
കാരണവന്മാരുടെ കബറുകളതു മഹാ-
വെണ്മയായ്ത്തോന്നീടുന്നു വെള്ളക്കുമ്മായത്താലെ
ഒന്മയിൽ പൂശി വെളുപ്പിച്ചീടുന്നതിനാലെ

എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നു പുറം
തത്ര സൂക്ഷിച്ചു തുറന്നകത്തു പാർക്കുന്നേരം
എത്രയും മഹാകഷ്ടദുർഗ്ഗന്ധം വിശീടുമേ
അത്രയുമല്ലായതിന്നുള്ളകം നോക്കുന്നേരം

എത്രയുമശുദ്ധമാം പുഴുക്കളസ്ഥികളും
തത്രകാണികൾക്കൊക്കെയെത്രയും വിചിത്രമാം
എന്നതിൻവണ്ണം മമ ഭാഷയും വാക്കും ദൃഢം
നല്ലതിൻ വണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ."[87]

ചാവറയിൽ ഉയർന്നുവന്ന പ്രലോഭനങ്ങളെല്ലാമാണ് പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ദൈവത്തിന്റെ കൃപയെ നിരന്തരം അനുഭവിച്ചിരുന്ന ചാവറ പൊടിച്ചു വന്ന പ്രലോഭനങ്ങളെയെല്ലാം പിടിച്ചു നിർത്തി എന്നതാണ് സത്യം. ചാവറ പാടുന്നു:

"നൽഗുണവൃത്തികളാൽ കാണുന്ന ജനങ്ങൾക്കു-
മെൻഗുണം കാട്ടീടുവാൻ കത്തിച്ചു തന്ന പന്തം
പാപത്താൽ നശിച്ചു ഞാൻ ചീഞ്ഞിടായെന്നു കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം സേവിച്ചല്ലൊ.

അനാദ്യ ഗുണനിധേ, സർവ്വേശാ, പരാപരാ!
അനന്തദയാന്വിതാ, സർവ്വമംഗലദേവാ!
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ."[88]

ദൈവത്തിന്റെ അനന്തമായ കൃപാകടാക്ഷമാണ് ചാവറയെ ജന്മ പാപത്തിൽനിന്നും കർമ്മ പാപത്തിലേക്കു നയിക്കുന്ന പ്രലോഭനങ്ങളിൽ നിന്നും മോചിപ്പിച്ചത്. ഇവിടെ സൂചിപ്പിച്ച "അന്തമില്ലാത്ത നിന്റെ കരുണാബ്ധി" എന്നതിനെക്കുറിച്ചാണ് തുടർന്നു ചർച്ച ചെയ്യാനുള്ളത്. കൃപ, പ്രസാദവരം, കരുണ തുടങ്ങിയവ ദൈവം ദാനമായി മനുഷ്യർക്കു നല്കുന്നവയാണ്. അവസാനം ദൈവം തന്റെ ഏകജാതനെത്തന്നെ മനുഷ്യർക്കു നൽകി. പുത്രനാകട്ടെ തന്റെ ജീവിതത്തിലൂടെ റൂഹായാകുന്ന ദാനത്തെയും പ്രദാനം ചെയ്തു (യോഹ. 19:34; 20:23). ഈ റൂഹാദ്ക്കുദ്ശായാണ് മാമ്മോദീസായിലൂടെയും പൂർണ്ണതയുടെ കൂദാശയായ മൂറോനഭിഷേകത്തിലൂടെയും മനുഷ്യർക്കു ലഭിക്കുന്നത്. മാമ്മോദീസാ തുടങ്ങി പരിശുദ്ധ റൂഹായാലാണ് ഓരോരുത്തരും നയിക്കപ്പെടേണ്ടത്. ചാവറയും മാമ്മോദീസാവഴി ലഭിച്ച റൂഹാദ്ക്കുദ്ശായെ എന്നും അനുധാവനം ചെയ്തിരുന്നുവെന്നതാണ് യാഥാർത്ഥ്യം.

എന്നിരുന്നാലും പ്രലോഭനങ്ങൾ ഉണ്ടാകുക മാനുഷികമാണ്. മാനുഷികതയുടെ നെട്ടോട്ടങ്ങളെ ആത്മാനുതാപിയായ ചാവറ, എന്നും അതിജീവിച്ചിരുന്നു. ഇതിനുള്ള രണ്ടു സാഹചര്യങ്ങൾ, സ്വന്തം അമ്മയുടെ ശിക്ഷണവും മല്പാനച്ചനിൽ നിന്നു ലഭിച്ച പരിശീലനവുമാണ്. ചാവറയുടെ ജീവിതം മുഴുവനും ദൈവപിതാവിലും ഈശോയിലും ദൈവപുത്രന്റെ അമ്മയിലും, മാർയൗസേപ്പ് താതനിലും കേന്ദ്രീകൃതമായിരുന്നു. ചാവറ മേല്പറഞ്ഞതിനെ അനുസ്മരിക്കുന്നു:

"മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[89]

ത്രിത്വത്തിലുള്ള വിശ്വാസമാണ് ചാവറ ഇവിടെ പ്രകടമാക്കുന്നത്. ചാവറ ജീവിക്കുന്നതു മുഴുവനും ദൈവത്താലെന്നതാണ് അനുഭവം. പിതാവായ ദൈവവും മാതാവായ റൂഹായും[90] നാഥനായ ഈശോയും ചാവറയുടെ ഭക്ഷണപാനീയവും ശ്വാസവും എന്ന അനുഭവം എത്ര ശ്രേഷ്ഠം. റൂഹായിൽനിന്നും അകലാതെ അവിടുത്തെ വേദനിപ്പിക്കാതെ ജീവിച്ച ഒരു ജീവിതത്തിന്റെ നിദർശനമാണ്, സാക്ഷാത്കാരമാണ് ചാവറയുടെ ജീവിതം. തുടർന്നു കാണുന്നത് തിരുക്കുടുംബ ബന്ധമാണ്.

"മകനെയമ്മനോക്കും മാതാവേ സുതൻ പാർക്കു-
മനർഘ സ്നേഹത്തൊടേയിരുവരതുനേരം
ക്ഷപനാം പിതാവെന്റെ ശരണം "യൂസെ" മുനി
ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹുസ്നേഹാൽ

നായകാ നരദേവ, കരുണാനിധേ, നാഥാ
നയനാൽ തൃക്കൺപാർക്ക, മേ ദാസൻ മഹാ പാപി.
നന്ദിഹീനനാമെന്നെപ്പാർക്കുവാൻ യോഗ്യം പോരാ
സുന്ദരി നിന്റെ മാതൃദാസനെന്നോർത്തീടുക.

കനൃകാ മമമാതേ, യമ്മയേശരണം നീ.
അനൃഭാവേന ചരിച്ചയ്യയ്യോ മമ കുറ്റം
എങ്കിലുമമ്മ നീയേ മറന്നീടരുതയ്യോ
ചങ്കിതിൽ നിന്റെയോർമ്മയെപ്പൊഴുമുണ്ടുതാനും."[91]

ചാവറയുടെ ഭാഗത്തുനിന്നു മാതൃഭക്തിയിൽ മറവി ഉണ്ടായെങ്കിലും മാതാവ് ചാവറയെ പരിപാലിച്ചിരുന്നുവെന്നും ചാവറ പാടുന്നു:

"എങ്കിലും മറന്നയ്യോ നിന്നെ ഞാൻ നന്ദിഹീനൻ
മങ്കയാം മനോഹരേ, യെന്ന് നീ മറക്കുമോ?
മുന്നമേയെന്നെച്ചേർത്തു നിന്നുടെ ദാസനാക്കി
യന്നുനാൾ മുതൽ നീയും പാലിച്ചു രക്ഷിച്ചല്ലൊ
എന്നുടെ പാപത്താലെ നിന്നുടെ തിരുപ്പുത്രൻ
തന്നുടെ കോപാഗ്നിയെ കത്തിഞാനെരിയിച്ചു
അപ്പാപം നിമിത്തമായ് ശിക്ഷിപ്പാൻ തുടങ്ങുമ്പോ-
ലിപ്പാരിൽ തനിക്കുനീ ചെയ്ത ശുശ്രൂഷകളും
കാട്ടിവീണപേക്ഷിച്ചു നീക്കുവാൻ ശ്രമിക്കും നീ
കാട്ടിയെൻ കുറ്റം പാപിയായതുമോർത്തീടാതെ
വീണുതാണിടും വീണ്ടും പാപത്തിൽകൂടെക്കൂടെ.
താണുപോകുന്നനേരം നിൻ കൈയാൽ പിടിച്ചെന്നെ
നിറുത്തിക്കൊണ്ടു തന്റെ കോപത്തെയമർത്തുവാൻ
വെറുത്തീടാതെ കണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും."[92]

തിരുക്കുടുംബഭക്തി വെറുമൊരു അനുഷ്ഠാനമായോ, താത്കാലിക നേട്ടത്തിനായോ നടത്താതെ റൂഹാദ്ക്കുദ്ശായിൽ നിരന്തരം ജീവിക്കുന്ന മാമ്മോദീസായുടെ ചൈതന്യത്തിനായി ചാവറ ഉപകരിപ്പിച്ചിരുന്നു. ചാവറയുടെ വിശ്വാസം ത്രിത്വത്തിലും അതു നിരന്തരം വളർത്തിയെടുക്കുവാൻ തിരുക്കുടുംബഭക്തിയിലും അദ്ദേഹം ആഴപ്പെട്ടിരുന്നു. ഇപ്രകാരം ചാവറ ജീവിതകാലം മുഴുവൻ റൂഹായാൽ നയിക്കപ്പെട്ടിരുന്നതിനാലല്ലെ മുട്ടുചിറ മഠത്തിക്കുന്നേൽ മാണികുര്യൻ പറഞ്ഞത്: "വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞയാൾ....."[93] ചാവറ റൂഹാദ്ക്കുദ്ശായെ വേദനിപ്പിക്കാതെ ജീവിതം നയിച്ചിരുന്നതു കണ്ടല്ലോ. സമകാലികനായിരുന്ന മാത്യു അത്തനാസിയൂസ് മെത്രാൻ പറഞ്ഞത്: "ഈ നാട്ടിൽ വല്ല ചാവറയൊ മറ്റോ അല്ലാതെ ആരാണു സ്വർഗ്ഗത്തിൽ പോകുന്നത്. അയാളുടെ തുകൽ വാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്താൻ നോക്കും" എന്ന്.[94] ചാവറയുടെ ചരിത്രമെഴുതിയ വലേരിയനച്ചൻ എടുത്ത നിഗമനം ഇപ്രകാരമാണ്: "പ്രിയോരച്ചനാകട്ടെ മഹാനെന്ന സംജ്ഞയ്ക്കു പുറമെ ഒരു പരിശുദ്ധാത്മാവെന്ന കീർത്തിയും ആർജ്ജിച്ചിരിക്കുന്നു."[95]

"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ വേദനിപ്പിക്കരുത്. അവിടുന്നാണല്ലോ രക്ഷയുടെ ദിവസത്തിലേക്കുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയത്" (എഫേ. 4:30). ഈശോമിശിഹായിൽ നവീകൃതരായി പുതിയ ജീവിതം നയിക്കുന്നതിനു പൗലോസ് ശ്ലീഹാ നടത്തുന്ന ഉപദേശത്തിലാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുതെന്നു പറഞ്ഞിരിക്കുന്നത്. "മനസ്സിലും ചേതനയിലും നിങ്ങൾ നവീകൃതരാകുവിൻ" എന്നു പറഞ്ഞതിനുശേഷമാണു വി. ശ്ലീഹാ റൂഹാദ്ക്കുദ്ശായെ വേദനിപ്പിക്കരുതെന്നു പറയുന്നത് (എഫേ. 4:23,30). മനസ്സ് നവീകരിക്കപ്പെടേണ്ടത് ചേതനാത്മക നവീകരണത്താലാണ്. ചേതനാത്മക നവീകരണം, അല്ലെങ്കിൽ ആധ്യാത്മിക നവീകരണം ചാവറയിൽ നടന്നത് മാമ്മോദീസായിലൂടെയും മൂറോനഭിഷേകത്തിലൂടെയും

ചാവറയ്ക്കു ലഭിച്ച റൂഹായെ വേദനിപ്പിക്കാതെ റൂഹായുടെ നിവേശനങ്ങൾക്കനുസൃതം എന്നും ജീവിച്ചതു കൊണ്ടാണ്. മനസ്സിന്റെ നവീകരണം ചേതനാത്മകമാകുക എന്നത് മനസ്സാക്ഷിയുടെ രൂപവത്ക്കരണം എന്നതാണ്. മനസ്സാക്ഷിയുടെ രൂപവത്ക്കരണം ദൈവവചനം കേട്ട് അതു പാലിക്കുക" (ലൂക്ക. 11:28) എന്നതിലാണടങ്ങിയിരിക്കുന്നത്.[96] ഈ വിഷയത്തിൽ മാതൃകയായിരിക്കുന്ന കന്യകാമാതാവിനോടും മാർയൗസേപ്പിനോടും ചാവറ പുലർത്തിയിരുന്ന ഭക്തി, റൂഹായെ വേദനിപ്പിക്കാതിരിക്കുന്നതിനുള്ള ആധ്യാത്മിക നവീകരണവും മനസ്സിന്റെ സംശുദ്ധീകരണവുമായിരുന്നു.

ബോധപൂർവ്വമായ ആരാധനയിലൂടെയാണ് ദൈവാത്മാവിലുള്ള ജീവിതം പ്രായോഗികമാകുന്നത്. ആരാധന എന്നതാകട്ടെ ഈശോയുടെ ബോധപൂർവ്വമായ ഐഹിക ജീവിതത്തിലൂടെ നിലവിൽ വന്ന മൗതിക സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ്. അതുകൊണ്ടു ദൈവാരാധനാ ജീവിതം അതിന്റെ ചൈതന്യത്തിൽ എന്നും ജീവിച്ച ചാവറ ഒരിക്കലും പരിശുദ്ധാത്മാവിനെ വേദനിപ്പിച്ചില്ലായെന്നത് എല്ലാവർക്കും വലിയ മാതൃകയും ശക്തിയുമാണ്. ജീവിതത്തിൽ ആദ്യന്തം നിലനിന്ന റൂഹാനുഭവം ചാവറയെ ധന്യമാക്കി.

8:12 ജീവിതനൈർമ്മല്യം

മാനവ ദൈവികീകരണത്തിനായി ചാവറയ്ക്കു ലഭിച്ചത് 66 വർഷമാണ്. "മിൻ ആലം വാദമ്മാല് ആലം ആമ്മേൻ വാമ്മേൻ"-ആദിമുതൽ എന്നേക്കും ആമ്മേൻ, എന്ന് നസ്രാണി സുറിയാനി തക്സായിൽ കാണുന്നുണ്ട്.[97] കർത്തൃപ്രാർത്ഥനയുടെ ദൈവാരാധനാപരമായ രൂപത്തിലാണ് മേല്പറഞ്ഞത് ഉൾപ്പെടുത്തിയിരിക്കുന്നത്. ചാവറ പ്രാർത്ഥിച്ചിരുന്നതും വിശ്വസിച്ചിരുന്നതുമായ ഒരു പ്രാർത്ഥനയുടെ ഘടകം എന്ന നിലയിലാണ് മേല്പറഞ്ഞ രൂപം ഇവിടെ കൊടുത്തിരിക്കുന്നത്. ചാവറയുടെ ഐഹിക ജീവിതത്തിൽ, ആലപ്പും താവും

(വെളി. 1:8;21:6;22:13) - ആരംഭവും അന്ത്യവും - ആകുന്നുവെന്ന ദൈവത്തെക്കുറിച്ചുള്ള വിശേഷണം, പങ്കാളിത്തത്തിന്റെ രീതിയിൽ അന്വർത്ഥമായി ചാവറ പറയുന്നു:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ.

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവംതന്നു മാനുഷ ജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറുവാനും ചിത്തമായ്."[98]

ചാവറയച്ചൻ ആത്മാനുതാപമെന്ന സാഹിത്യകൃതി എഴുതിയത് അദ്ദേഹത്തിന് ഏകദ്ദേശം അറുപത്തിമൂന്നോ, അറുപത്തിനാലോ വയസ്സുള്ളപ്പോൾ എന്നു കരുതാവുന്നതാണ്.[99] ചാവറ ജനിച്ച നാൾ തുടങ്ങി അവസാനം വരെ ദൈവം തന്നെ കാത്തു പരിപാലിച്ചു എന്നതാണ് ചാവറയുടെ അനുഭവം. അദ്ദേഹം എഴുതുന്നു:

"ഊഴിയിൽ നരച്ചൂരുന്ന കൃമിപോൽ
പൂഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനം കൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലൊ.

എന്നുടെ ജനനത്തിന്റെ നാൾ മുതൽ
എന്നെക്കാത്തുഭരിച്ചു സൂക്ഷിപ്പാനും
എന്നേരത്തുമെൻ ചാരത്തുനിന്നീയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു."[100]

ചാവറയുടെ ഐഹികജീവിതാന്ത്യത്തിൽ, തനിയ്ക്കുണ്ടായിരുന്ന വിശ്വാസമാണ് കവിതയിലൂടെ, ആത്മാനുതാപത്തിലൂടെ ആവിഷ്ക്കരിച്ചത്. അതും ജനനം മുതൽ മരണംവരെ ദൈവസംരക്ഷണം ഉണ്ടെന്നുള്ള വിശ്വാസം. ചാവറയുടെ ജീവിത നൈർമ്മല്യത്തിന്റെ വലിയ രഹസ്യമാണിവിടെ ചർച്ചാവിഷയമാക്കുന്നത്. അതായത്, ജനിപ്പിക്കുന്ന ദൈവം, പരിപാലിക്കുന്ന ദൈവം, രൂപാന്തരപ്പെടുത്തുന്ന ദൈവം ചാവറയോടുകൂടെ ആദിയിലെന്നതുപോലെ എന്നേക്കും ഉണ്ടായിരുന്നുവെന്ന അനുഭവം. ഈ അനുഭവത്തിലുള്ള പരിശീലനമാണ് ദൈവാരാധനയിൽ നടക്കുന്നത്. അതിനുള്ള ശൈശവകാലത്തെ ഒരുക്കം അമ്മ വഴി, തുടർന്നുള്ള പരിശീലനം പാലയ്ക്കൽ തോമ്മാ മല്പാൻ വഴി, അവസാനം ലെയോപ്പോൾദു മൂപ്പച്ചൻ വഴി.

ആദ്യകാലാനുഭവം ചാവറയുടെ വാക്കുകളിൽ:

"അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും
.....
അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തു വളർത്തീട്ടു
.....
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[101]

പാപമാർഗ്ഗം വെടിഞ്ഞു സുകൃതജീവിതം നയിക്കുവാൻ ഗുരുശ്രേഷ്ഠൻ-പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ, പഠിപ്പിച്ചിരുന്നു. 56 വർഷത്തോളം മേല്പറഞ്ഞവരുടെ ആധ്യാത്മിക പരിശീലനത്തിലൂടെ പാപരഹിതനായി ജീവിക്കുവാൻ ചാവറയ്ക്കു സാധിച്ചിരുന്നു. 1860 കളിൽ തുടങ്ങിയ ലെയോപ്പോൾദച്ചന്റെ ആധ്യാത്മിക നേതൃത്വത്തിൽ ചാവറയുടെ ശിഷ്ടായുസ്സും സുകൃതം നിറഞ്ഞ ജീവിതമായിരുന്നു.

എപ്രകാരം ജീവിതം മുഴുവൻ ദൈവത്തിൽ വ്യാപരിക്കുവാൻ ചാവറയച്ചനു സാധിച്ചുവെന്നാണ് അടുത്തതായി കാണുവാനുള്ളത്.

ഈശോയുടെ മനുഷ്യാവതാരം മാനവ ദൈവീകീകരണത്തിനെന്ന വിശ്വാസസത്യം ചാവറ വളരെ ലളിതമായ ശൈലിയിൽ പറയുന്നു:

"ഇത്തരമൊരുയുയർത്തുവാൻ ഞങ്ങളെ
യുത്തമനായ നീ മർത്ത്യനായി."[102]

"ഞാൻ വന്നിരിക്കുന്നത്, അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10) എന്ന് അരുളിച്ചെയ്ത ഈശോയുടെ ജനനത്തെക്കുറിച്ചു യോഹന്നാൻ ഏവൻഗേലിസ്താ പറയുന്നു: "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. നമ്മൾ അവിടുത്തെ മഹത്വം കൃപയും സത്യവും നിറഞ്ഞതായി പിതാവിൽനിന്നുള്ള ഏകജാതന്റെ മഹത്വം ദർശിച്ചു (യോഹ. 1:14). ദൈവപുത്രൻ മനുഷ്യനായത് മനുഷ്യരെ ദൈവപുത്രരാക്കുന്നതിനുവേണ്ടി എന്നു സാരം. സഭയുടെ വിശ്വാസത്തിലും ദൈവരാധനയിലും ആധ്യാത്മികതയിലും കേന്ദ്ര ആശയമായി നിലകൊള്ളുന്ന ഒന്നാണ് "ദൈവിക മാനവീകരണം മാനവ ദൈവീകരണത്തിന്" എന്നത്. നസ്രാണി കുർബ്ബാന തക്സായിൽ കൊടുത്തിരിക്കുന്ന ഒരു പ്രാർത്ഥന: "നിന്റെ ദൈവിക ജീവനിൽ ഞങ്ങളെ പങ്കുരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യ സ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും, മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു."[103] മനുഷ്യാവതാരത്തിന്റെ ലക്ഷ്യം ഇവിടെ പ്രകാശിതമാകുന്നു- മനുഷ്യരെല്ലാവരും ദൈവികജീവനിൽ പങ്കുകാരാകുക.

സുറിയാനി, യവന സഭാപിതാക്കന്മാർ പഠിപ്പിക്കുന്ന സഭാത്മകമായ ഒരാധ്യാത്മിക വിജ്ഞാനീയമാണ് മുകളിൽ സൂചിപ്പിച്ചത്.[104] സഭാപിതാക്കന്മാരുടെ പഠനത്തിൽ ദൈവീകീകരണമെന്നത് ദൈവ

കല്പന പാലിച്ചു ജീവിക്കുന്നതുവഴി ദൈവച്ഛായയിൽനിന്നും ദൈവ സാദൃശ്യത്തിലേക്കു രൂപാന്തപ്പെടുന്നതാണ്. ഇതു തന്നെ ദൈവസ്വ ഭാവത്തിൽ പങ്കുകാരാകുന്നു (2 പത്രോ. 1:1-4) എന്നതിന്റെയും അർ ത്ഥം. അതായത് ദൈവം മനുഷ്യ സ്വഭാവം സ്വീകരിച്ചത് മനുഷ്യരെ ദൈ വികജീവനിൽ പങ്കുകാരാക്കുവാൻ വേണ്ടി. മാർ അത്തനാസിയൂസ് പറയുന്നു: "ദൈവം മനുഷ്യനായത് മനുഷ്യൻ ദൈവമാകുന്നതിനു വേണ്ടി"യെന്ന്. മാർ അപ്രേം പറയുന്നത് "അവൻ നമുക്കു ദൈവികത്വം തന്നു, നാം അവിടുത്തേക്കു മനുഷ്യത്വം നൽകി എന്നാണ്."[105]

ദൈവ മക്കളായിത്തീരുന്നതിനു മനുഷ്യനു ദൈവം നൽകുന്ന വിളിയുടെ പ്രത്യുത്തരമായിട്ടാണ് ദൈവികീകരണത്തെ സുറിയാനി പിതാവായ മാർ അപ്രേം കണ്ടത്. കാലഘട്ടത്തിനുമുമ്പ് ആദത്തിനു ലഭിച്ച വിളിയും ചരിത്രത്തിൽ മിശിഹായിൽ സംഭവിച്ചതും യുഗാന്ത്യ ത്തിൽ മാനവരാശിയിൽ സാക്ഷാത്കരിക്കപ്പെടേണ്ടതും ഒരേ വിളി തന്നെ.

ചാവറയുടെ ജീവിതം ആരംഭത്തിൽ മാതാപിതാക്കൾക്കും ഗുരു ഭൂതർക്കും അനുസരണമുള്ളതായിരുന്നു. തുടർന്നുള്ള ജീവിതത്തിൽ പരിശുദ്ധ ത്രിത്വത്തിലും തിരുക്കുടുംബത്തിലും അധിഷ്ഠിതവും. ചാവ റയുടെ ജീവിതസായാഹ്നത്തിൽ ദൈവീകരിക്കപ്പെട്ട അനുഭൂതിയിലും. ദൈവികസ്വഭാവത്തിൽ ദൈവികജീവനിൽ പങ്കുചേർന്ന ചാവറയുടെ ജീവിതം "ആദിയിലെപ്പോലെ എന്നേക്കും ആമ്മേൻ" എന്ന പ്രാർത്ഥ നയെ വ്യാഖ്യാനിക്കുന്ന ഒന്നായിരുന്നു. ഇതുകൊണ്ടുതന്നെയാണ് 'റൂഹാദ്ക്കുദ്ശാ നിറഞ്ഞ വ്യക്തി' എന്നു സമകാലികർ സാക്ഷ്യപ്പെ ടുത്തിയതും. ചാവറയുടെ ജീവിതം എന്നും ദൈവത്തോടുള്ള ഒരു സ്നേഹസംഭാഷണത്തിന്റേതുമായിരുന്നു.

IX
ധ്യാനാത്മക ജീവിതം

ധ്യാനാത്മകജീവിതം

"സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലൊ. എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും."[1]

"ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യും" എന്ന പ്രയോഗത്തെ ആസ്പദമാക്കി ചിന്തിക്കുമ്പോൾ എത്തിച്ചേരുന്ന വലിയ ഒരു അനുഭവം, റൂഹാദ്ക്കുദ്ശായുടെ മനുഷ്യചേതനയിലുള്ള വാസവും അവിടുത്തെ പ്രവൃത്തിയുമാണ്. പൗലോസ് ശ്ലീഹാ റോമാക്കാർക്കുള്ള ലേഖനത്തിൽ പറയുന്നു: "നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളോടെ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നു." "ഈ ആത്മാവു മൂലമാണ് ആവാ, പിതാവെ എന്നു നാം വിളിക്കുന്നത്" (റോമ. 8:26,15).

റൂഹാദ്ക്കുദ്ശാ നിറഞ്ഞ മനുഷ്യനായിരുന്ന ചാവറയുടെ ധ്യാനാത്മക ജീവിതത്തിലേക്കു കടന്നു ചെല്ലുമ്പോൾ കണ്ടെത്തുന്ന വലിയ ഒരു കാര്യം അദ്ദേഹത്തിൽ ചൊരിയപ്പെട്ടിരുന്ന ദൈവസ്നേഹത്തിന്റെ സാക്ഷാത്കാരമാണ്. ഇവിടെയും ഹൃദയത്തിലുള്ള റൂഹാദ്ക്കുദ്ശാതന്നെയാണ് സ്നേഹാനുഭവത്തിനു നിദാനമെന്നു കാണാം (റോമ. 5:5). റൂഹായാൽ നയിക്കപ്പെടുന്ന വ്യക്തി, സ്നേഹാനുഭവത്തിൽ ദൈവത്തോടു ചേർന്നിരിക്കുമെന്നതു സത്യമാണ് (ഉത്പ. 1:26;2:7; നിയമ. 6:5; യോഹ. 14:15-24; റോമ. 5:5; 1 യോഹ. 4:8,16; യോഹ. 13:34; 19:34; ഉത്പ. 18:2).

ചാവറ പറയുന്നു: "സ്നേഹമുണ്ടെങ്കിൽ അയാളിനോടു സംസാരിപ്പാൻ വകയുണ്ടാകും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും

വേണ്ട. പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരു പേച്ചറിയുന്ന മറ്റവനോടു സംസാരിക്കുന്നതിനെക്കായിലും പേച്ചറിയാത്ത സ്നേഹിതനോടു സംസാരിപ്പാനെത്രയിഷ്ടം. ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചേരെയിരിക്കുന്നത് തന്നെ തൃപ്തിയാകയും ചെയ്യും."[2]

ദൈവത്തിന്റെ ചേരേ ഇരിക്കുക എന്നത് മനുഷ്യ ചേതന സജീവമാകുക എന്നതിന്റെ പ്രകാശനമാണ്. മനുഷ്യചേതനയുടെ സജീവത്വത്തിൽ വരുന്ന സവിശേഷതകളാണ് ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നീ ചേതനാത്മകകഴിവുകളുടെ ഫലദായകത്വം. ഉൾക്കാഴ്ചയുടെ ദർശനത്താലാണ് ദൈവത്തെ കാണുന്നത്:

"മർത്ത്യരഹംകൃതിദോഷം ദ്വേഷിപ്പാനായ്
കർത്താവിൻ താഴ്ചയും കാണാകേണം."[3]

ഉൾക്കാഴ്ചയോടു ചേർന്നുവരുന്നതാണ് ദൈവത്തോടുള്ള സംഭാഷണവും. ചാവറ പറയുന്നു: 'ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു.'[4] ദൈവ വചന ശ്രവണത്തിനും ഉൾക്കാഴ്ചയുടെ സജീവത്വം വേണം (സങ്കീ. 118:17; എബ്രാ. 4:12; 2 തിമോ. 3:16-17; 2 പത്രോ. 1:16-21; ലൂക്കാ. 1:28).

മനുഷ്യചേതന ദൈവവചനത്തെ മനുഷ്യഹൃദയങ്ങളിൽ ആവിഷ്ക്കരിച്ച ശേഷം നടക്കുന്ന വിചിന്തനം മനുഷ്യ മനസ്സാക്ഷിയുടെ തലത്തിൽ ചലനമുളവാക്കുന്നു. വചനത്തിന്റെ മാംസവത്ക്കരണമാണിവിടെ സംഭവിക്കുന്നത്. അതായത് ഉൾക്കാഴ്ചയിലൂടെ ലഭിച്ച ദൈവദർശനവും ദൈവവചനശ്രവണവും തുടർന്നുള്ള മനനത്തിലൂടെ പരിപൂർണ്ണ നന്മയിൽ വിധിക്കുന്നതിനിട വരുത്തുന്നു. ഈ വിധി മനസ്സാക്ഷിയുടെ പ്രവർത്തനമാണ് (2 പത്രോ. 1:2-7; ലൂക്ക. 1:28-38).

ചാവറയിൽ മനസ്സാക്ഷി സജീവമായതിന്റെ തെളിവാണ് താഴെ വരുന്നത്.

"എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ.
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."

"അനാദ്യഗുണനിധേ, സർവ്വേശാ, പരാപരാ!
അനന്തദയാന്വിതാ, സർവ്വമംഗലദേവാ!
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ."[5]

മനുഷ്യർക്ക് ആഗ്രഹിക്കാവുന്ന നന്മയുടെ പൂർണ്ണതയാണ് ചാവറ ദൈവത്തിൽ കണ്ടെത്തിയത്. ഈ കണ്ടെത്തൽ ഒരുവനിലുള്ള മനസ്സാക്ഷിയുടെ രൂപവത്ക്കരണവും അതിന്റെ സജീവമായ പ്രവർത്തനവുമാണ്. എല്ലാ മനുഷ്യരും ഏറ്റവും വലിയ നന്മയാഗ്രഹിക്കുന്നുണ്ടെങ്കിലും അതു കണ്ടെത്തുന്നതു ഭാഗികവും ലൗകികവുമായ വിഷയങ്ങളിലാണ്. അതിന്റെ കാരണം മനസ്സാക്ഷി രൂപപ്പെടാത്തതു തന്നെ. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരിലേ അതു സംഭവിക്കുകയുള്ളു. ശരിയായ മനസ്സാക്ഷി രൂപപ്പെട്ടാൽ അവരുടെ വിശ്വാസം എപ്രകാരമാണ്? "ഏക സത്യ ദൈവമായ അങ്ങയെയും അങ്ങ് അയച്ച ഈശോ മിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17:3) എന്നതു കണ്ടെത്തുന്നു. ഈ അവസ്ഥയിൽ മനസ്സാക്ഷി പറയുന്നു: "നന്മയെപ്പറ്റി എന്തിന് നീ എന്നോടു ചോദിക്കുന്നു? നല്ലവനായി ഒരാളെ ഉള്ളൂ" (മത്താ. 19:17). നല്ലവനായി ഒരാൾ മാത്രമേ ഉള്ളുവെങ്കിൽ ആ സത്യം ദൈവവചനശ്രവണത്തിലൂടെ (ലൂക്ക. 1:26-36) ഉൾക്കാഴ്ചയിൽ തിരിച്ചറിഞ്ഞവളാണ് നസ്രത്തിലെ കന്യക. വചനത്തിലൂടെ

രൂപപ്പെട്ട മനസ്സാക്ഷി മറിയത്തിൽ നല്ലവനായ കർത്താവിനെ തന്റേതെന്ന് ഏറ്റു പറയുന്നു: "ഇതാ കർത്താവിന്റെ ദാസി! അങ്ങയുടെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്ക. 1:38). ചാവറ തന്നിൽ രൂപപ്പെട്ട മനസ്സാക്ഷിയുടെ പ്രവൃത്തിയാൽ പറയുന്നു: "എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ".[6] ചാവറയുടെ മനസ്സാക്ഷി തന്നെ, ജീവിതാദർശമായി എടുത്ത സങ്കീർത്തനം മേല്പറഞ്ഞതിന്റെ നിദർശനമാണ്: "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും ഓഹരി കർത്താവാകുന്നു" (സങ്കീ. 15:5). മനസ്സാക്ഷിയുടെ വിധി, ആദർശത്തിലൂടെ ഉറപ്പിച്ചത് ജീവിതത്തിൽ തെളിഞ്ഞുവന്നതല്ലെ കവിതയിലൂടെ ആവിഷ്ക്കരിച്ചത്:

"ശ്വാസവുമെനിക്കു നീ യാവന പാനം നീയേ,
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[7]

അടുത്തതായി ചാവറയുടെ ചേതനയിൽ സജീവമാകുന്ന സംസർഗ്ഗവാസനയെക്കുറിച്ചാണ് ചിന്തിക്കുവാനുള്ളത്. "എന്നുടെ സ്നേഹം നീയെ, ഭാഗ്യവുമെനിക്കു നീ" എന്ന് പൂർണ്ണഹൃദയത്തോടെ ഏറ്റുപറഞ്ഞ് നന്മയോട് ഒന്നു ചേരുന്നതിനുള്ള മനുഷ്യചേതനയുടെ കഴിവാണു സംസർഗ്ഗവാസന. റൂഹാദ്ക്കുദ്ശായാൽ സ്വീകരിക്കപ്പെടുന്നതിന്റെ പ്രായോഗികത തന്നെയാണിവിടെ പ്രകടമാകുന്നത്. ചാവറ നടത്തിയ ധ്യാനവും അദ്ദേഹം ആഘോഷിച്ച ദൈവാരാധനയും, സ്വീകരിച്ച സന്ന്യാസ ദൈവവിളിയുമെല്ലാം സംസർഗ്ഗവാസന സാക്ഷാത്കരിക്കപ്പെട്ടതാണ്. ഇവിടെ ചർച്ചാ വിഷയമാകുന്നത് ചാവറയുടെ ധ്യാനാത്മക ജീവിതം മാത്രമാണ്.

ഏതു ധ്യാനത്തിന്റെയും ലക്ഷ്യം ഒരാളിലുള്ള ദൈവസാക്ഷാത്കാരമാണ്. ദൈവം സ്നേഹമെന്ന (1 യോഹ. 4:8,16) നിലയിൽ ഒരാളിലുള്ള ദൈവസ്നേഹത്തിന്റെ സാക്ഷാത്കാരമാണ് ധ്യാന

ലക്ഷ്യം. മനുഷ്യഹൃദയത്തിലുള്ളത് ദൈവസ്നേഹമെന്നു പരിശുദ്ധാത്മാവും പറയുന്നു (റോമ 5:5). ലോകത്ത് എവിടെ നോക്കിയാലും കാണുന്നത് സ്നേഹത്തിന്റെ ജഡികാനുഭവമോ, വൈകാരികാനുഭവമോ, ദൈവസ്നേഹസായൂജ്യമോ ആണ്. ധ്യാനത്തിലൂടെ നടക്കേണ്ടത് ജഡിക സ്നേഹത്തിന്റെ രൂപാന്തരീകരണവും വൈകാരിക സ്നേഹത്തിന്റെ ഉദാത്തീകരണവും ദൈവസ്നേഹത്തിന്റെ സാക്ഷാത്കാരവുമാണ്. ഈ മൂന്നു വിധത്തിലുള്ളവയുടെ ആവിഷ്ക്കരണമാണ് ചാവറയുടെ ധ്യാനാത്മക ജീവിതം. ചാവറ പറയുന്നു: "ധ്യാനം എന്നത് ..... സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമ്ശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കയത്രെ."[8]

സ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കുന്നത് മനുഷ്യചേതനയുടെ ഒരു കഴിവായ-ചേതനാത്മക ഇന്ദ്രിയമായ-സംസർഗ്ഗവാസനയിലൂടെയാണ്. എന്നാൽ ഈ അവസ്ഥയിൽ എത്തുന്നതിന് ചാവറ "ദൈവത്തിന്റെ സവിശേഷ സ്നേഹവിഷയമായ തന്നെപ്പറ്റിത്തന്നെ ധ്യാനിച്ച് ആത്മാനുതാപം വളർത്തിയെടുത്തു".[9] ചാവറ ആത്മാനുതാപം വളർത്തിയെടുത്തത് ദൈവസ്നേഹ ദർശനത്തിലൂടെയും ദൈവവചന ശ്രവണത്തിലൂടെയും ആണ്. എന്നാൽ ചാവറ അധികമായി വ്യാപരിച്ചത് ജഡിക സ്നേഹത്തിന്റെ ദയനീയാവസ്ഥയിലും വൈകാരിക സ്നേഹത്തിന്റെ സംഘർഷസഥിതിയിലുമാണ്.

ഇവിടെ സൂചിപ്പിക്കുന്ന ശൈലിയിൽ ചാവറ സ്നേഹത്തിന്റെ മൂന്നുഘട്ടങ്ങളായ ജഡികത, വൈകാരികത, ചേതനാത്മകത എന്നിങ്ങനെ വിശേഷിപ്പിച്ചിട്ടില്ലെങ്കിലും കാര്യത്തിൽ ചാവറ അവയെ നേരിട്ടിരുന്നു. ജഡികസ്നേഹത്തിന്റെ പാപ്പരത്വം ചാവറയുടെ ദൃഷ്ടിയിൽ:

"കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ."[10]

ഈ കവിതാഭാഗത്തു കാണുന്ന തരം അവസ്ഥകൾ ജഡിക സ്നേഹത്തിന്റേതാണ്. ഒരാളിൽ ഏകദേശം രണ്ടരവയസ്സുവരെ ഇതുമാത്രമായിരിക്കും സാധാരണ അനുഭവപ്പെടുക.

രണ്ടാമത്തെ സ്നേഹത്തിന്റെ ഘട്ടമായ വൈകാരികതയെക്കുറിച്ച് ചാവറ എന്തു പറയുന്നുവെന്നു നോക്കാം:

> "നിന്നുടെ നാഥ മാതാവവൾക്കു ദാസൻ നീയെ-
> യെന്നിതു മനസ്സതിലെപ്പൊഴും സ്മരിക്കണം."
> എന്നുള്ള ജ്ഞാനവാക്യം സ്നേഹത്തിൻ വചനവും
> അന്നു ചിത്തത്തിലുണ്ടായെങ്കിലും മുതിർന്നപ്പോൾ
> ഒക്കെയും മറന്നിട്ടു ദൃക്കതിൽ കാണുന്നതും,
> വാക്കതിൽ വരുന്നതുമിച്ഛിക്കും പറഞ്ഞിടും.
> അക്കാലം വൃത്തികളെ സൂക്ഷിക്കുമെന്നാകിലോ
> ഭോഷ്ക്കതിലിഷ്ടമത്രേ നന്മയിൽ രസമില്ല."[11]

ഉദ്ധൃതപാദങ്ങളിൽ കാണുന്ന അവസ്ഥ കൂടുതലും മാനസിക വൈകാരിക തലത്തിലുള്ളവയായതിനാൽ പൊതുവിൽ അവയെ വൈകാരിക സ്നേഹതലത്തിൽ ഉൾപ്പെട്ട പാപങ്ങളായി കാണാം. വൈകാരിക സ്നേഹത്തിന്റെ അനുഭവമാണ് രണ്ടര മുതൽ ഏഴരവയസ്സുവരെ പ്രകടമാകുക. അതിനു ശേഷമാണ് ദൈവസ്നേഹത്തിന്റെ ഒരാളിലുള്ള സാക്ഷാത്കാരം.

ചാവറ ദൈവസ്നേഹത്തിലൂടെ ധ്യാനനിരതനായപ്പോൾ, തന്റെ ശൈശവ ബാല്യ ജീവിതത്തെ കേന്ദ്രീകരിച്ചു കൊണ്ട് ദൈവസമക്ഷം വ്യാപരിക്കുന്നു. പാപത്തിന്റെ അവസ്ഥ, സ്ഥിതിപരമായോ, പ്രവൃത്തിപരമായോ ഉള്ളിടത്ത് ദൈവസ്നേഹാന്വിതമായ ധ്യാനവീക്ഷണമോ, ധ്യാനാനുചിന്തനമോ (സംഭാഷണം) നടക്കുകയില്ലായെന്നു ചാവറ കണ്ടിരുന്നു. അതുകൊണ്ട് ശാരീരിക വൈകാരികാവസ്ഥകളെ-സ്ഥിതിയെ,

കണക്കിലെടുത്തുകൊണ്ട് ദൈവത്തോടു നടത്തിയ സ്നേഹസംഭാഷണമായിരുന്നു ചാവറയുടെ ധ്യാനം.

ചാവറയുടെ ഹൃദയാവിഷ്ക്കരണം ധ്യാനത്തിലൂടെ നടത്തിയത് അമ്മത്രേസ്യായുടെ ധ്യാനരീതിയോടു കൂടുതലും താദാത്മ്യപ്പെടുന്നതാണ്. കർമ്മെലീത്താ പൈതൃകത്തിൽ ചാവറയുടെ ധ്യാനം അദ്ദേഹത്തെ ദൈവരാധനാധിഷ്ഠിത ജീവിതം നയിച്ച ദൈവദാസനാക്കിത്തീർത്തു.

ദൈവദാസൻ തീർത്തും എളിമയുടെ നെല്ലിപ്പലക കണ്ടെത്തിയ ഒരു ധ്യാനയോഗിയായിരുന്നു. സൃഷ്ടിയിൽ ഏറ്റം നീചമായതെന്ന ആത്മാവബോധം പുലർത്തുന്ന പ്രകരണങ്ങൾ ഉടനീളം നടത്തിയിരുന്നയാളാണ് ചാവറ:

> "എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നുപുറം
> തത്രസൂക്ഷിച്ചു തുറന്നകത്തു പാർക്കുന്നേരം
> എത്രയും മഹാകഷ്ടദുർഗ്ഗന്ധം വീശീടുമേ
> അത്രയുമല്ലായതിന്നുള്ളകം നോക്കുന്നേരം
> എത്രയുമശുദ്ധമാം പുഴുക്കളസ്ഥികളും
> തത്രകാണികൾക്കൊക്കെയെത്രയും വിചിത്രമാം
> എന്നതിൻവണ്ണം മമ ഭാഷയും വാക്കും ദൃഢം
> നല്ലതിൻ വണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ."[12]

ചാവറയുടെ ധ്യാനാത്മക മേഖലയിലേക്കു കടക്കുമ്പോൾ അഗാധമായ എളിമ, വിനയം, കൃതജ്ഞത, ഔജ്ജ്വല്യം, ഔദാര്യം, പ്രത്യാശ എന്നിവയെല്ലാം പ്രകടമാക്കുന്ന വീരോചിതമായ വിശ്വാസമാണു തെളിയുന്നത്. ഇവയെല്ലാം ചെന്നുനില്ക്കുന്നത് ത്രിത്വരഹസ്യത്തിലും പ്രത്യേകിച്ച് മനുഷ്യനായ ഈശോമിശിഹായിലുമാണ്. ചാവറയുടെ

സ്നേഹം അതിന്റെ തനിമയിൽ ഈശോയിൽ സാക്ഷാത്കരിക്കപ്പെട്ട പ്പോൾ ജഡികവും വൈകാരികവുമായ സ്നേഹാനുഭവങ്ങളെല്ലാം ദൈ വൈക്യത്തിലേക്കു നീങ്ങി. ഈ ഐക്യത്തിന്റെ ചേതനാത്മക കഴി വാണ് നിലനില്ക്കുന്ന ശ്രേഷ്ഠമായ സ്നേഹം (1 കോറി. 13:13). ധ്യാന ത്തിൽ ഗുരുനാഥൻ സദ്ഗുരുവെങ്കിലും അമ്മത്രേസ്യാ ഗുരുനാഥയായി നിലകൊണ്ടു.

9:1 അമ്മത്രേസ്യാ ഗുരുനാഥ

ദൈവപുത്രന്റെ മാതാവായ കന്യകാമറിയത്തെ വന്ദിച്ചതിനു ശേഷം ധ്യാനത്തിന്റെ ഗുരുനാഥയായി അമ്മത്രേസ്യായെ ചാവറ അംഗീ കരിക്കുന്നു. കാനായിലെ വിവാഹവേളയിൽ വീഞ്ഞുതീർന്നപ്പോൾ ദൈവപുത്രന്റെ അമ്മ ആ പ്രശ്നം പരിഹരിച്ചതു ചാവറ വിശ്വസിച്ചി രുന്നു. മാതാവിന്റെ മാധ്യസ്ഥം, ഈശോയുടെ അടുത്ത് എത്തുന്നതിനു വേണ്ട വ്യവസ്ഥയാണ് (യോഹ. 19:27). മാതാവ് എല്ലാം ഹൃദയത്തിൽ ധ്യാനിച്ച് ധന്യയായവളുമായിരുന്നു (ലൂക്ക. 2:19,51). എങ്കിലും ദൈവ തിരുമനസ്സ് അനുസരിച്ച് ധ്യാനത്തിന്റെ അത്യുച്ചിയിലെത്തുവാൻ അമ്മ ത്രേസ്യായും അവളുടെ ഉൾക്കോട്ട എന്ന കൃതിയുമാണ് ചാവറ തിര ഞ്ഞെടുത്തത്. ചാവറയുടെ വാക്കുകൾ: "എത്രയും വലിയ അയോഗ്യ നെങ്കിലും ശു. അമ്മത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. .....അമ്മത്രേസ്യാ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെ യും ചേർത്തുവല്ലോ. ഇതിനെക്കുറിച്ച് അമ്മയോട് മക്കൾ ചോദിച്ചാൽ പ്രിയമുള്ള തള്ള അവരുടെ കൈയിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടുന്നത് എങ്കിൽ മക്കൾക്കു വാങ്ങിച്ചു കൊടുക്കും എന്നു വരുമ്പോൾ മാംസതള്ളമാരെക്കാൾ അധികമായിട്ട് തന്റെ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യാ താൻ എല്ലാവരെ അധികമായിട്ടു പഠിപ്പിച്ചിരിക്ക യാൽ ധ്യാനത്തിന്റെ ഗുരുനാഥ എന്നുള്ള നാമവും ധരിച്ച്, ശേഷം പേരെ പഠിപ്പിപ്പാനായിട്ടു ഉൾക്കോട്ട എന്ന് പേരു വിളിച്ച ഏഴുകോട്ടയായിട്ടു

വിഭാഗിച്ച ഈ ഏഴുസ്ഥാന പദവികളായിട്ടും അതിൽ കരേറുവാനുള്ള വഴികളും എഴുതിയുണ്ടാക്കിയിരിക്കുന്നു എന്നുള്ളത് തന്നെ ഇത് തന്റെ മക്കളെ പഠിപ്പിപ്പാനായിരിക്കുന്നു. എന്നതിനാൽ ഞാൻ ഒരധിക അപേക്ഷ ഈ അമ്മയോട് അപേക്ഷിക്കുന്നു. ഈ എഴുതിയിരിക്കുന്ന പേച്ച് ഇനിക്കറിയാൻ വഹിയായ്കയാൽ ഒന്നുകിൽ ഈ പേച്ചിനെ പഠിപ്പിക്കണം അല്ലെങ്കിൽ അതിനെ വായിക്കാതെ എന്റെ ഹൃദയത്തിൽ ചൊല്ലിത്തന്നു പഠിപ്പിക്കണം."[13]

മൂന്നു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചു മരിച്ച അമ്മത്രേസ്യാ എങ്ങനെയാണു ഹൃദയത്തിൽ ചൊല്ലിത്തന്നു ചാവറയെ പഠിപ്പിക്കുന്നത്. ഈ ശൈലി ചാവറയുടെ ഉൾക്കാഴ്ചയിൽനിന്നു വരുന്ന പ്രകരണങ്ങളാണ്; ഹൃദയത്തിൽ വസിക്കുന്ന ദൈവം ബാഹ്യമായി പ്രകാശിതമാകുന്നതാണ്. ഈ സത്യം നാമകരണ നടപടികളുടെ തിരുസംഘം ചാവറയെക്കുറിച്ചു നടത്തിയ പ്രഖ്യാപനവുമാണ്: "ആരെങ്കിലും എന്നെ സ്നേഹിക്കുന്നെങ്കിൽ അവൻ എന്റെ വാക്കു പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ പക്കൽ വരും; അവനിൽ ഞങ്ങൾ വാസം ഉറപ്പിക്കും" (യോഹ. 14:23). ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നയിച്ച ജീവിതത്തിന്റെ ആന്തരിക ചൈതന്യം സമ്യക്കായി പ്രകാശിപ്പിക്കുവാൻ നമ്മുടെ കർത്താവിന്റെ ഈ വാക്യത്തെക്കാൾ മെച്ചപ്പെട്ട മറ്റൊന്ന് കണ്ടുപിടിക്കുക അസാധ്യമാണ്. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദൈവം ഒരർത്ഥത്തിൽ, ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തത്ഫലമായി "ദൈവത്തിന്റെ മനുഷ്യനായും" ദൈവകൃപനിറഞ്ഞവനായും മറ്റും അദ്ദേഹത്തെ പരസ്യമായി വിശേഷിപ്പിക്കുവാൻ മറ്റുള്ളവർക്കു കഴിഞ്ഞു.

ആവിലായിലെ അമ്മത്രേസ്യായിൽനിന്നു ചാവറ ധ്യാനം പഠിച്ചതിന്റെ വളരെ വ്യക്തമായ ഒരു കാര്യം ആത്മാനുതാപത്തിന്റേതാണ്.

വേദപുസ്തക വിജ്ഞാനീയത്തിൽ മല്പാനും, സി. എം. ഐ സഭയുടെ പൊതുശ്രേഷ്ഠനും, സെമിനാരിയിലെ അധിപനും ആധ്യാത്മിക ഗുരുവുമായിരുന്ന കനീസിയൂസച്ചൻ ഇപ്രകാരം എഴുതുന്നു: "ആത്മാവിന്റെ ആഗാധതകളിലേക്കു കടന്നുചെന്ന് അവിടെ ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ, കറയില്ലാത്ത വിശുദ്ധിയുടെ പവിത്രതയ്ക്കു മുമ്പിൽ, ഈ വെളിച്ചത്തിൽ, ആത്മാവു തന്റെ നീചതയെപ്പറ്റി ബോധവതിയാകുന്നു; തുളച്ചുകയറുന്ന ഈ പ്രകാശത്തിൽ ആവിലായിലെ വി. ത്രേസ്യാ തന്റെ ആത്മാവിന്റെ സ്ഥിതി മനസ്സിലാക്കി, അവളെ പര്യാകുലയാക്കിയപ്പോൾ, പ്രാർത്ഥന തന്നെ പൂർണ്ണമായി ഉപേക്ഷിച്ചെങ്കിലോയെന്ന് അവൾക്കു തോന്നിപ്പോയി. അതേസമയം അവളുടെ ആധ്യാത്മികപിതാവ് പ്രാർത്ഥന തുടരുവാനും മുന്നോട്ടു പോകുവാനും ഉപദേശിച്ചു. താമസിയാതെ ത്രേസ്യായ്ക്ക് തന്റെ ആത്മാവിൽ രക്ഷാകരങ്ങളായ വ്യതിയാനങ്ങളുടെ ഒരു പരമ്പര തന്നെ ദർശിക്കുവാൻ സാധിച്ചു. പിന്നീട് അവൾ ചൂണ്ടിക്കാട്ടിയതുപോലെ, ഇവ അടിസ്ഥാനപരങ്ങളായ ഉപാധികളാണെന്ന് അവൾക്കു വ്യക്തമായി. പ്രാർത്ഥനയുടെ എല്ലാ പടവുകളിലും, ഏറ്റവും ഉന്നതമായ സോപാനത്തിലും നിലനില്ക്കുവാൻ ഇവ ആവശ്യമാണെന്നവൾ കണ്ടു".[14]

ചാവറയുടെ ജീവിതത്തിലുടനീളം നിലകൊണ്ട പാപാവബോധം, അദ്ദേഹത്തിന്റെ കൃതികളായ ആത്മാനുതാപത്തിലും ധ്യാനസല്ലാപങ്ങളിലും തെളിഞ്ഞുനില്ക്കുന്നു. ഈ ശീർഷകത്തിൽ ചാവറയുടെ ധ്യാനജീവിതത്തെപ്പറ്റി അമ്മത്രേസ്യായിൽനിന്നും ലഭിച്ചതെന്ന നിലയിൽ ചില കാര്യങ്ങൾ ചിന്താവിഷയമാക്കാം.

ദൈവത്തെയും ദൈവദൂതന്മാരെയും ദൈവദാസരേയും എല്ലാം വിശ്വാസത്തിന്റെ സജീവത്വത്തിൽ ദർശിക്കുന്ന ചാവറയെയാണ് ധ്യാനസല്ലാപങ്ങളിലൂടെ അവതരിപ്പിക്കുന്നത്. ധ്യാനത്തിന്റെ ഗുരുനാഥയായ ദൈവദാസി അമ്മത്രേസ്യായോടുള്ള വിധേയത്വവും അനുഭവപരമായ

സ്നേഹബന്ധവും ശിശുസഹജമായ രീതിയിൽ, എന്നാൽ അത്യുന്നത ദൈവാനുഭവത്തിൽ നിന്നുകൊണ്ട് ചാവറ പ്രകാശിപ്പിക്കുന്നു: "അപ്പഴൊ അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്തുനിന്ന് ചോദിച്ചുമേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ച പേക്ഷിക്കുന്ന അഗതിയായ മകന് തരാതെയിരിക്കുമോ? നിന്റെ മേലുള്ള ഈ പ്രിയത്തെപ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ മണവാളനിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നതു കിട്ടുമോ എന്നെനിക്കു സംശയിപ്പാനുണ്ടോ? അന്യർക്കു വേണ്ടി പലതും അപേക്ഷിച്ച് സഹായിക്കുന്ന നീ പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ നീ കൂട്ടാക്കാതെയിരിക്കും എന്നെനിക്കു വിചാരിക്കാമോ? ആയതും ഒരുനാളും വഹിയായല്ലോ. ആയതിനാൽ അമ്മേ! ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്ക".[15]

"ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിച്ച് എന്നിൽ നിന്നു പഠിക്കുവിൻ" (മത്താ. 11:29) എന്നരുളിച്ചെയ്ത ഈശോയുടെ വിനയമാണ് ചാവറയിൽ മൂഢമൂലമായുണ്ടായിരുന്നത്. ഈ വിനയം പാപാവബോധത്തിൽനിന്നും പൊട്ടി വിരിയുന്ന സുകൃതമാണ്. അമ്മത്രേസ്യാ തന്റെ സ്വതസിദ്ധമായിരുന്ന നിരവധി കഴിവുകളുടെ ശക്തമായ നീക്കത്താൽ യൗവ്വനകാലം ലൗകികോന്മുഖമായി നീങ്ങിയിരുന്നെങ്കിൽ ഗുരുനാഥയുടെ ശിഷ്യനായിരുന്ന ചാവറ, ദൈവൈക്യത്തിലേക്ക് ഉദ്ഗമിക്കുന്നതിനുള്ള ജഡികസ്നേഹത്തിന്റെ ലാഞ്ഛനയാൽ അല്പമായി ഭൗമിക വിഷയത്തിൽ ശ്രദ്ധിച്ചത് വലിയ പാപമായിട്ട് എന്നും വിചാരിച്ചിരുന്നു. ലോകത്തിന്റെ പാപം

നീക്കുവാനായി അതെല്ലാം ഏറ്റെടുത്ത ഈശോയിൽ (യോഹ. 1:29) ചാവറ അനുതാപക്കണ്ണുകൾ ഉറപ്പിച്ചതും അമ്മത്രേസ്യായുടെ വീക്ഷണത്തിലൂടെയാണ്.

അഗാധമായ അനുതാപം ചാവറയിൽ നിഷേധാത്മകമല്ലായിരുന്നു. മറിച്ച് ക്രിയാത്മകത മുറ്റിനിന്നിരുന്നതായിരുന്നു. അതുകൊണ്ടാണ് ചാവറ അനുതാപക്കണ്ണുകൾ കൊണ്ടു ദൈവപുത്രന്റെ അമ്മയേയും മാർ യൗസേപ്പിനേയും ആശ്രയിക്കുന്നത്: "എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയമണവാളൻ ഈശോമ്ശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെയിനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കേണമേ! ഇതിനായിട്ടു പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റേയും നിന്റേയും നിന്റെ മക്കളായ ഞങ്ങൾ ഒക്കെയുടേയും മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കേണമേ!..... എന്റെ പാപപ്പെരുപ്പത്തിനു തക്ക തേറ്റം എനിക്കില്ലായ്കയാലും എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന മറിയമഗ്ദലയിത്തമ്മ, എജീപ്തമറിയം, മർഗ്ഗരീത്താ കൊർത്തോൻ എന്ന ഈ അമ്മമാരുടെ തേറ്റവും, പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചും കൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു".[16] ഇവിടെ ഉദ്ധരിച്ച ചാവറയുടെ പ്രകരണങ്ങൾ എടുത്തു കാണിക്കുന്ന വലിയൊരു രഹസ്യം ചാവറ അമ്മത്രേസ്യായിലോ, കന്യകാമാതാവിലോ, മാർ യൗസേപ്പു പിതാവിലോ, മറ്റ് അനുതാപികളിലോ നിലകൊള്ളാതെ പരിപൂർണ്ണ നന്മതന്നെയായ ഈശോയിലേക്ക് തീർത്ഥാടനം നടത്തുന്നുവെന്നതാണ്. ഈ സത്യം വ്യക്തമായ രീതിയിൽ ചാവറയിൽ തിളങ്ങിയത്: "ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. ആ എളിയ

മകനെപ്പോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂളിച്ചു കളഞ്ഞ് അധർമ്മക്കാരനു വേല ചെയ്ത് അവന്റെ പോർക്കുകളെ മേയിച്ചു നടക്കുന്നു.''' ലൂക്കാ ഏവൻഗേലിസ്താ ചിത്രീകരിച്ചിരിക്കുന്ന ധൂർത്തപുത്രന്റെ തിരിച്ചുവരവിനെ ആസ്പദമാക്കി (ലൂക്കാ 15:11-32) ചാവറ നടത്തുന്ന ധ്യാനം തീർത്തും സുവിശേഷാധിഷ്ഠിതമായ ധ്യാനമാണ്.

ചാവറയുടെ പാപബോധം സുവിശേഷാധിഷ്ഠിതമെന്നത് ഒന്നുകൂടി അടിസ്ഥാനപരമായിക്കാണുന്നത് ഈശോയുടെയും സ്നാപകയോഹന്നാന്റെയും പ്രസംഗം കണക്കിലെടുക്കുമ്പോഴാണ്. "യോഹന്നാൻ തടവിലായതിനുശേഷം ഈശോ ഗലീലായിലേക്കു പോയി ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു. അവിടുന്ന് ഉദ്ഘോഷിച്ചു: "സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:14,15). യോഹന്നാൻ മാംദാനാ പ്രസംഗിക്കുന്നു: "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3:2; മർക്കോ. 1:4; ലൂക്കാ. 3:6).

ധ്യാനത്തിന്റെ ഗുരുനാഥയായിരുന്ന അമ്മത്രേസ്യായിൽ നിന്ന് ചാവറ അനുധ്യാനമഭ്യസിച്ചിരുന്നു. ഈ ധ്യാനാനുഭവമാണ് ചാവറയുടെ വിശ്വാസ ജീവിതത്തെയും സഭാത്മക ചൈതന്യത്തെയും ദൈവജനസേവനത്തെയും ഫലപ്രദമാക്കിയിരുന്നത്. ചാവറ വെറും കർമ്മലീത്താ ചട്ടക്കൂട്ടിലോ, വൈദേശിക, ദേശീയാത്മകതയിലോ പരിമിതനാകാതെ മാനവരാശിയുടെ ഏക വിമോചകനായ ഈശോയിൽ വിലയം കൊണ്ടിരുന്നു. ഈശോയുടെ പാദാന്തികത്തിലിരുന്ന് ചാവറ തന്റെ ഉള്ളിലുണ്ടായിരുന്ന ദൈവസ്നേഹത്തെ അനുതാപക്കണ്ണുനീർ കൊണ്ടു നനച്ചു വളർത്തിയപ്പോൾ, വൈകാരികസ്നേഹം ഉദാത്തീകരിക്കപ്പെടുകയും ജഡികസ്നേഹം രൂപാന്തരപ്പെടുകയും ചെയ്തു. ഇതെല്ലാം സദ്ഗുരുവായ ഈശോയിൽ നിന്നു പഠിച്ചു.

9:2 ഈശോമിശിഹാ സദ്ഗുരു

"ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണു ചെയ്യേണ്ടത്?" എന്ന് ഒരാൾ ഈശോയോടു ചോദിച്ചപ്പോൾ ഈശോ പറഞ്ഞത് "നല്ലവനായി ഒരാളെ ഉള്ളൂ" എന്നാണ് (മത്താ. 19:16,17). ഈശോ ശിഷ്യർക്കു സ്നേഹത്തിന്റെ കല്പന കൈമാറിയപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്: "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു, ശരിതന്നെ; എന്തെന്നാൽ ഞാൻ അങ്ങനെയാകുന്നു. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകുവാൻ കടപ്പെട്ടവരാകുന്നു" (യോഹ. 13:13, 14).

സുവിശേഷകന്മാർ രേഖപ്പെടുത്തുന്ന ഗുരുവെന്ന പ്രയോഗം അതിന്റെ അർത്ഥത്തിൽ ഗ്രഹിച്ച ചാവറ എന്നും എപ്പോഴും അംഗീകരിച്ചിരുന്ന സദ്ഗുരു ഈശോ തന്നെയായിരുന്നു. ആ ഈശോയെ ചാവറ സമീപിക്കുന്ന ഒരു രംഗം ധ്യാനസല്ലാപങ്ങളിൽ തെളിഞ്ഞു കാണുന്നു: "ആ എന്റെ അനുഗ്രഹമുള്ള പിതാവേ! ഇപ്പോൾതന്നെ പാപകഷ്ടവും ദൈവനീതിയും ശാസ്ത്രമുറയാൽതന്നെയും അറിയാത്തവനായ ഞാൻ എന്റെ കുറയപ്പെട്ട അറിവിനും ബോധത്തിനും തക്കവണ്ണം ഉറ്റു വിചാരിക്കുന്നു എങ്കിൽ ഞടുങ്ങി വിറയ്ക്കുമെങ്കിൽ ആയതിനുള്ള മറവു നീങ്ങി ഞാൻ കാണുമ്പോൾ, അയ്യോ, എത്ര ഭയങ്കരമായി ഞാൻ ഭ്രമിക്കും. ഈ ഭ്രമത്താൽ നീ തന്നെ എന്നെ ദൈവാനുഗ്രഹത്തിന്മേൽ ശരണപ്പെടുത്തിയില്ലെങ്കിൽ ആ ശരണം എന്റെ ഉള്ളിൽ കടപ്പാൻ ശക്തിപ്പെടുകയില്ല നിശ്ചയം."[18]

പാപത്തെയും ദൈവനീതിയേയും കുറിച്ച് ശാസ്ത്രമുറയാൽ ഉണ്ടാകേണ്ട ജ്ഞാനം ചാവറ കണ്ടെത്തുന്നത് സദ്ഗുരുവായ ഈശോയിൽ നിന്നുമാണ്. അവിടുന്നാണ് ദൈവിക പരിശുദ്ധിയെക്കുറിച്ച്,

ആധികാരികമായി പഠിപ്പിക്കേണ്ടവൻ. ഈ സത്യമാണ് ഗിരിപ്രഭാഷണത്തിന്റെ തുടക്കവാക്യത്തിൽ കാണുന്നത്: "ജനക്കൂട്ടത്തെ കണ്ട് ഈശോ ഒരു കുന്നിൽ കയറി. അവിടെ ഇരുന്നു കഴിഞ്ഞപ്പോൾ ശിഷ്യർ അവന്റെ അടുക്കൽ വന്നു. അവൻ വായ് തുറന്ന് അവരെ പഠിപ്പിച്ചരുളിച്ചെയ്തു" (മത്താ. 5:1,2). "ഇരുന്നുകൊണ്ടു പഠിപ്പിക്കുന്നത്" ആധികാരികതയുടെ ലക്ഷണമാണ്, ഔദ്യോഗികതയുടെ സ്വഭാവമാണ് കാണിക്കുന്നത്. "വായ് തുറന്നു" എന്ന പ്രയോഗം മുഴുവനായും പഠിപ്പിക്കുന്നുവെന്നതിനെയും സൂചിപ്പിക്കുന്നു. ഇപ്രകാരം പഠിപ്പിക്കുന്നവരെ സ്വീകരിക്കണമെന്നതും പ്രസക്തമാണ്. ഈ സത്യം സുവിശേഷകൻ എടുത്തു പറയുന്നുമുണ്ട്: "ഈശോ ഈ വചനങ്ങൾ പറഞ്ഞു അവസാനിപ്പിച്ചപ്പോൾ അവന്റെ പ്രബോധനത്തിൽ ജനക്കൂട്ടം ആശ്ചര്യഭരിതരായി. കാരണം അവരുടെ ന്യായ ശാസ്ത്രികളെയും പ്രീശരേയും പോലെയല്ല, അധികാരമുള്ളവനായിട്ടാണ് അവൻ പഠിപ്പിച്ചിരുന്നത്" (മത്താ. 7:28,29).

സദ്ഗുരുവായ ഈശോയെ ധ്യാനമുറിയിൽ ചാവറ കണ്ടെത്തുന്നത് ദൈവാനുഭവത്തിന്റെ ആഴത്തിൽ തന്നെയാണ്. ചാവറയുടെ അനുഭവം: "ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു. തന്റെ വലത്തു ഭാഗത്തിൽ മനോഗുണത്തിന്റെ അമ്മയും ഇടത്തുഭാഗത്തിൽ നമ്മുടെ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവും എഴുന്നള്ളിയിരിക്കുന്നു."[19] പിതാവിന്റെ പക്കലേക്കു തിരിയുന്ന ഉപമയിലെ രണ്ടാമത്തെ പുത്രന്റെ സ്ഥാന (ലൂക്ക. 15:18) ത്താണ് ചാവറ നിലകൊള്ളുന്നത്. ചാവറ പ്രാർത്ഥിക്കുന്നു: "ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു..... എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞ് നാണം മറപ്പാൻ കൂടെയും പാടില്ലായ്കയാൽ കില്ലത്തുണിയും ധരിച്ചിരിക്കുന്നു; എങ്കിലും ഈ വേഷത്തോടു കൂടെത്തന്നെ ഞാൻ ചെല്ലട്ടെ. അതെന്തെ, ഇനി താമസിച്ചാൽ ചത്തു

പോകുമല്ലോ. ഇതിനാൽ എന്റെ കാട്ടുവടിയും തൊപ്പിപ്പാളയും ഞാൻ എടുത്തു കൊണ്ടിതാ നടക്കുന്നു."[20]

ഈശോയുടെ മുഖത്തു നോക്കി നടത്തുന്ന പ്രാർത്ഥന വെറും പഠനമല്ല, മറിച്ച് അനുചിന്തനം തന്നെയാണ്. അതുകൊണ്ടാണ് ചാവറ ഈശോമിശിഹായുടെ സന്നിധിയിൽ, അവിടുത്തെ ദർശിച്ചുകൊണ്ട് സ്നേഹാനുഭവത്തിൽ ഇപ്രകാരം സംഭാഷിച്ചത്: "എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹം ഉള്ളവനും പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹം എന്നത്രെ തന്റെ നാമവും ആകുന്നു (1 യോഹ. 4:8). ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട."[21] ദൈവസ്നേഹത്തിന്റെ വക്താവായി ചാവറ ഈശോയിൽ നിന്നു ഉപരിസ്നേഹം സ്വാംശീകരിക്കുന്നതായിട്ടാണ് ധ്യാനസല്ലാപങ്ങൾ വിളിച്ചറിയിക്കുന്നത്. ഈശോയെ അധികമായി സ്നേഹിച്ചു കൊണ്ടു ധ്യാനം പഠിക്കുന്ന ചാവറയെയാണ് ധ്യാനമുറിയിൽ കാണുന്നത്. ഈ പഠനത്തെ ഏറ്റവും ആധികാരികമെന്നു കണ്ട ചാവറ പ്രാർത്ഥിക്കുന്നു: "അനുഷ്ടിച്ചിരിക്കുന്നവരും (അധ്വാനിക്കുന്നവരും) പാപം ചുമക്കുന്നവരും എന്റെ പക്കൽ വരുവിൻ ഞാൻ നിങ്ങളെ അനുകൂലപ്പെടുത്താം (മത്താ. 11:29) എന്ന് താൻ വിളിക്കുന്ന ഈ വിളിക്കു ഒരുവനായി തനിക്കു ചേരാഞ്ഞിട്ടു 50-ൽ ചിലാനം വായ്കളെ ഉണ്ടാക്കിക്കൊണ്ടു താൻ വിളിക്കയും ഈ വിളി കേട്ടു പാപികൾ തന്റെ പക്കൽ ചെന്നാൽ അവരുടെ കുറ്റത്തിൻ കാഠിന്യത്താൽ അവരെ കൈക്കൊള്ളുമോ എന്നുള്ള സംശയം തോന്നായ്വാനായിട്ടു ചെന്നുടൻ അവരെ കൈക്കൊൾവാനായി എപ്പഴും ഇരുകൈകളും വിടർത്ത് തഴുകാൻ ആസ്തമായിട്ടിരിക്കയും അവരുടെ കുറ്റം കാരണത്താൽ ഇനി അവരെ സ്നേഹിക്കുമൊ എന്നും സംശയിക്കായ്വാൻ അവരെ പ്രിയത്താൽ മുത്തുവാനായി എപ്പഴും തന്റെ തിരുമുഖം ചായിച്ചിരിക്കുന്നു."[22]

ഗുരുനാഥനായ ഈശോയിൽനിന്നും ചാവറ ധ്യാനത്തിലൂടെ പഠിച്ചത് ദൈവകാരുണ്യത്തിന്റെ അത്യുന്നത രഹസ്യങ്ങളാണ്. ഈ

രഹസ്യങ്ങളുടെ ചുരുളഴിഞ്ഞ അനർഘനിമിഷങ്ങളായിരുന്നു ചാവറ നടത്തിയ ധ്യാന സമയം.

ധൂർത്ത പുത്രൻ തിരിച്ചു ചെന്നപ്പോൾ പിതാവു കാണിച്ച കാരുണ്യം (ലൂക്ക. 15:20) അനുഭവിച്ചറിഞ്ഞ വ്യക്തിയാണു ചാവറ. "നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക. 6:36) എന്നരുളിച്ചെയ്ത ഈശോയിലാണ് ചാവറ കാരുണ്യത്തിന്റെ തികവു കണ്ടത്.

കാരുണ്യത്തിന്റെ കൈമാറ്റം സ്നേഹത്തിന്റെ ദാനമായിട്ടു ചാവറ കണ്ടതുകൊണ്ടാണ് "പ്രിയത്താൽ മുത്തുവാനായി എപ്പഴും തന്റെ തിരുമുഖം ചായിച്ചിരിക്കുന്നു" എന്നു ചാവറ പ്രഖ്യാപിച്ചത്.[23] സ്നേഹാനുഭവത്തിൽ പാപപ്പൊറുതിയും, നീതിയിലുള്ള പങ്കാളിത്തവും സദ്ഗുരുവിനോടുള്ള താദാത്മികതയും സ്വാംശീകരിച്ചവനായിരുന്നു ചാവറ. "ശിക്ഷണം പൂർത്തിയാകുമ്പോൾ അവൻ ഗുരുവിനെപ്പോലെയാകും" (ലൂക്ക. 6.40) എന്ന് അരുളിയ മിശിഹായെ ചാവറ ധ്യാനവേളയിൽ സജീവമായി കണ്ടു. ഈ ദർശനത്തിന്റെ സജീവത്വമാണ് നീതിയുടെ നിർവ്വഹണം ചാവറയിൽ ഫലപ്രദമാക്കിയത്. ചാവറ തുടരുന്നു: "അവിടെ എത്രയും നീതി തന്നെ എന്നതു ഭേദമില്ലാത്ത സത്യമായിരിക്കുന്നു. ഇതിനാൽ എത്രയും വലിയ ശുദ്ധമാകപ്പെട്ടവരുകൂടെയും ആ നേരത്തെ ഓർത്ത് ഭ്രമിക്കുന്നുവല്ലൊ. മാമ്മോദീസായിൽ കിട്ടിയ ഇഷ്ടപ്രസാദം ചേതപ്പെടുത്താതെ ജീവിച്ചു ശുദ്ധമാകപ്പെട്ടവരും അവരുടെ ആയുസു മുഴുവനും വനവാസങ്ങളിലും കഠിനതപസുകളാലും കാലം കഴിച്ചു എന്ന പുണ്യവാന്മാരും ബ്രഹ്മചാരിത്വത്തിലും മഹാപുണ്യങ്ങളാലും വിളങ്ങി ശോഭിച്ച കന്യാസ്ത്രീകളും ഇങ്ങനെ യുള്ള ഏറിയ മഹാത്മാക്കൾ കൂടെയും ഈ നീതിസിംഹാസനത്തിൽ സൃഷ്ടിക്കുന്നോൻ വിധിക്കാനിരിക്കുമ്പോൾ തന്റെ

തിരുമുമ്പിൽ ചൊല്ലുന്നതു എത്ര ഭാഗ്യത്തിനടുത്തതാകുന്നു എന്നും പറഞ്ഞു ഞടുങ്ങി വിറച്ചുവന്നു എന്നും."[24]

ഇവിടെ ഉദ്ധരിച്ച ധ്യാനസല്ലാപങ്ങൾ, ചാവറ വിശ്വസിക്കുകയും നടപ്പാക്കുകയും ചെയ്തിരുന്ന വിശുദ്ധിയുടെ രൂപമാണ്. വിശുദ്ധഗ്രന്ഥം മാത്രമല്ല, മറിച്ച് വനവാസികളുടെയും താപസന്മാരുടെയും ചരിത്രവും ചാവറ ഹൃദിസ്ഥമാക്കിയതിന്റെ തെളിവാണത്. ഈശോയിൽ നിന്നും ചാവറ പഠിച്ചത് വെറും തത്ത്വങ്ങളോ, വിശ്വാസരഹസ്യങ്ങളോ മാത്ര മല്ല, മറിച്ച് ജീവിതശൈലിയുടെ സ്വർഗ്ഗീയാനുഭവമാണ്. ഈ അനുഭവ മാണ് ധ്യാനജീവിതത്തിൽ ചാവറ കാത്തു സൂക്ഷിച്ചത്.

ചാവറയുടെ ധ്യാനാത്മക ജീവിതം തന്റെ ഹൃദയത്തെ ഈശോ യ്ക്കുള്ള ത്രോണോസാക്കിത്തീർത്തു. ചാവറയുടെ വാക്കുകളിൽ: "ഈ കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടുവന്നു പാവ പ്പെട്ട സക്കെ ആയ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കണമെ! ..... എന്റെ കർത്താവും തന്റെ മാതാവും ഈ ദിവസങ്ങളിൽ എന്റെ പാവ പ്പെട്ട വീട്ടിൽ പാർക്കട്ടെ. എന്നാൽ താൻ എഴുന്നെള്ളുമ്പോൾ നഗ രിയെ താൻ കണ്ടു കരഞ്ഞതിൻവണ്ണം എന്റെ ഹൃദയമെന്ന വീടിനെ കരയായ്വാൻ നിങ്ങൾ എല്ലാവരുടെയും വീടുകളിൽ ഉണ്ടായി എന്ന് ചമയങ്ങളായാഭരണങ്ങൾ ഒക്കെയും കൊണ്ടു ഈ പാവപ്പെട്ട വീടിനെ അലംകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു."[25] ഈശോയെ ഹൃദ യത്തിൽ പ്രതിഷ്ഠിച്ച ചാവറ ആവാനുഭവത്തിൽ ലയിക്കുന്ന രംഗ മാണ് ധ്യാനത്തിൽ തെളിഞ്ഞു വരുന്നത്.

9:3 ഈശോ - അപ്പൻ

ധ്യാനാത്മക ജീവിതത്തിലെ മർമ്മ പ്രധാനമായ ഒന്നാണ് ദൈവാനുഭവം. ദൈവാനുഭവത്തിന്റെ പ്രായോഗികത 'ഈശോ ദൈവപുത്രനാണെന്നു വിശ്വസിക്കുന്നതാണ്' (1 യോഹ. 5:4). ഈശോയിൽ വിശ്വസിക്കുന്നവർ, ആ വിശ്വാസം ഈശോയെ അയച്ച പിതാവിലാണ് അടിസ്ഥിതമാക്കുന്നത് (യോഹ. 17:3; 14:1, 6,7,9,10,11,12,16,23,28,29). ഈശോയുടെ 'ആവാനുഭവം' മനുഷ്യപ്രകൃതിയിൽ പൂർണ്ണമായ ഒന്നാണ്. അതുകൊണ്ടാണ് അവിടുന്ന് അരുളിച്ചെയ്യുന്നത്: "എന്റെ ഭക്ഷണം എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്നതും അവിടുത്തെ ജോലി പൂർത്തിയാക്കുന്നതുമാകുന്നു" (യോഹ. 4:34). ഈശോയെ അയച്ചത് പിതാവാണെന്നുള്ള അവബോധം ഈശോയ്ക്ക് എപ്പോഴും ഉണ്ടായിരുന്നു (യോഹ. 17:23,24). ഈശോയുടെ ആവാനുഭവത്തിന്റെ സാക്ഷാത്കാരമാണ് മരണോത്ഥാനത്തിലൂടെയും അവിടുന്നു പ്രകടമാക്കിയത്: "ഈശോ വിനാഗിരി സ്വീകരിച്ചശേഷം അരുളിച്ചെയ്തു: "പൂർത്തിയായിരിക്കുന്നു" (യോഹ. 19:30). ഈശോയുടെ ആവാനുഭവം ആവിഷ്കരിച്ച ഒരു ഘടകം, അവിടുന്ന് ശിഷ്യരെ പഠിപ്പിച്ച കർത്തൃപ്രാർത്ഥനയാണ്: "ആവൂൻ ദ്വശ്മയ്യാ" - സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!- എന്ന അഭിസംബോധന ഈശോയും ശിഷ്യരും ഒന്നിച്ചു ചൊല്ലേണ്ടതാകുന്നു. ഈ പ്രാർത്ഥന, പിതാവായ ദൈവത്തിലും പുത്രനായ ദൈവത്തിലും ഉള്ള വിശ്വാസാനുഭവം പ്രകാശിപ്പിക്കുവാൻ, റൂഹാദ്ക്കുദ്ശാ വിശ്വാസികളിൽ വസിച്ചുകൊണ്ട് നടത്തുന്ന ഒരു പ്രവൃത്തിയാണ് (റോമ. 8:15,26).

ചാവറ ആവാനുഭവം പ്രകടമാക്കുന്നതു പ്രധാനമായും ഈശോ അരുളിച്ചെയ്ത ഒരുപമയുടെ പശ്ചാത്തലത്തിലാണ്. സ്വന്തപിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചുവരുന്ന പുത്രന്റെ അനുഭവം. "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ പക്കലേക്കു പോയി അദ്ദേഹത്തോടു പറയും 'അപ്പാ (ആവാ), സ്വർഗ്ഗത്തിനെതിരായും അങ്ങയുടെ മുമ്പിലും ഞാൻ

പാപം ചെയ്തുപോയി. അങ്ങേ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഇനി ഞാൻ അർഹനല്ല. എന്നെ അങ്ങേ ദാസരിൽ ഒരുവനെപ്പോലെ കരുതണമേ'. അവൻ എഴുന്നേറ്റു തന്റെ പിതാവിന്റെ അടുക്കലേക്കു ചെന്നു. ദൂരത്തു വച്ചു തന്നെ പിതാവ് അവനെ കണ്ടു. അവനിൽ മനസ്സലിഞ്ഞ്, ഓടിച്ചെന്ന് അവനെ ആശ്ലേഷിച്ചു ചുംബിച്ചു. 'മകൻ അദ്ദേഹത്തോടു പറഞ്ഞു: അപ്പാ (ആവാ) സ്വർഗ്ഗത്തിനെതിരായും അങ്ങേ മുമ്പിലും ഞാൻ പാപം ചെയ്തു. അങ്ങേ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഇനി ഞാൻ അർഹനല്ല (ലൂക്ക. 15:18-21).[26]

ചാവറ ഈശോയുമായി നടത്തിയ ധ്യാന സല്ലാപത്തിൽ, ഈശോയെത്തന്നെയാണ് 'ആവാ' അപ്പാ എന്ന് അഭിസംബോധന ചെയ്തത്: "ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടു കൊണ്ട് ആയ്തിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടു കൂടെ എന്റെ അപ്പന്റെ (ആവൂന്റെ) തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു".[27]

ചാവറയുടെ ധ്യാനാനുഭവത്തിൽ ഈശോമിശിഹായെ 'ആവാ'-പിതാവ് -എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ത്രിത്വാനുഭവത്തിന്റെ അത്യുച്ചിയിൽ നിന്നുകൊണ്ടാണ്. ഈശോ ദൈവത്തെ 'എന്റെ പിതാവ്' എന്നു വിളിക്കുന്ന നിരവധി രംഗങ്ങൾ സുവിശേഷത്തിലുണ്ട് (മത്താ. 20:23; യോഹ. 6:40;18:11; മത്താ. 26:39). പിതൃഗൃഹത്തിലേക്ക്, പിതാവിന്റെ പക്കലേക്ക് തിരിഞ്ഞ ധൂർത്തപുത്രനെപ്പോലെയല്ല ചാവറ തന്നെത്തന്നെ ഈശോയുടെ സന്നിധിയിൽ അവതരിപ്പിക്കുന്നത്, മറിച്ച് ഈശോയിലേക്കു തിരിഞ്ഞ വ്യക്തിയായിട്ടു തന്നെ. അതായത് ചാവറയച്ചനിൽ ഉപമ രൂപകമായിത്തീർന്നുവെന്നു ഡോ. പോൾ വ്യാഖ്യാനിക്കുന്നു.[28] ചാവറയുടെ ആവാനുഭവത്തിൽ കാണുന്ന നിരവധി വശങ്ങൾ വേദപുസ്തക പണ്ഡിതനായ പോളച്ചൻ നിരത്തിവയ്ക്കുന്നു.[29] ദൈവോന്മുഖതയുടേയും മനുഷ്യോന്മുഖതയുടേയും പൂർണ്ണ

രൂപമാണ് മിശിഹാ. പിതാവും പുത്രനും പൂർണ്ണമായും ഉന്മുഖമായിരിക്കുന്നതാണ് റൂഹാദ്ക്കുദ്ശാ. ഈ പശ്ചാത്തലത്തിൽ ചാവറയച്ചൻ ഈശോയെ പിതാവ് എന്ന് അഭിസംബോധന ചെയ്യുന്നത് റൂഹായിൽ പുത്രനിലൂടെ പിതൃസമക്ഷം ഉന്മുഖമായിരിക്കുന്നതിന്റെ പ്രതിരൂപമാണ്. ഈശോയുമായി ചാവറ ഐക്യപ്പെട്ടിരിക്കുന്ന അനുഭൂതിയിൽ 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ. 14:9) എന്ന ഈശോയുടെ വചനം ചാവറയിൽ യാഥാർത്ഥ്യമായി.

ചാവറയുടെ ആവാനുഭവത്തെ മാനവ വിജ്ഞാനീയത്തിന്റെ പശ്ചാത്തലത്തിലൂടെ ദർശിച്ചാൽ നിരവധി നിഗമനങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

മാനവ വിജ്ഞാനീയത്തെ വേദപുസ്തക പശ്ചാത്തലത്തിൽ പൗരസ്ത്യസഭാ പിതാക്കന്മാർ കാണുന്നത് ത്രൈമാനമായിട്ടാണ്.[30] ഈ ചിന്താധാര, കർമ്മെല യോഗികളായ വി. അമ്മത്രേസ്യായ്ക്കും കുരിശിന്റെ വിശുദ്ധ യോഹന്നാനും അജ്ഞാതമായിരുന്നില്ല.[31] മനുഷ്യർക്കു ദൈവത്തോടു ബന്ധപ്പെടുവാൻ ചേതനയും പ്രപഞ്ചത്തോടു ബന്ധപ്പെടുവാൻ ശരീരവും മനുഷ്യരോടു ബന്ധപ്പെടുവാൻ ആത്മാവും ഉണ്ട്. ശരീരവും ശാരീരിക കഴിവും റൂഹായെ പ്രതിനിധാനം ചെയ്യുമ്പോൾ ആത്മാവും ആത്മാവിന്റെ കഴിവുകളും പുത്രനെ പ്രകാശിപ്പിക്കുമ്പോൾ, ചേതനയും ചേതനാത്മക കഴിവുകളും ആവായെ - പിതാവിനെ - പ്രഘോഷിക്കുന്നു.[32] ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായപ്പോൾ ദൈവത്തോടുണ്ടായ സംസർഗ്ഗം തെസാലോനിക്കാക്കാർക്കുള്ള ലേഖനത്തിലൂടെ ഇപ്രകാരം കാണാം: "സമാധാനത്തിന്റെ ദൈവം നിങ്ങളെ പൂർണ്ണമായും വിശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും (നപ്ശാ) ജീവനും (ഹയ്യാ, റൂഹാ) ശരീരവും (പഗറാ) നമ്മുടെ കർത്താവീശോമിശിഹായുടെ ആഗമനത്തിൽ ഭദ്രവും കളങ്കരഹിതവുമായി സംരക്ഷിക്കപ്പെടട്ടെ" (1 തെസ. 5:23).

സമാധാനത്തിന്റെ ദൈവം ചാവറയെ പൂർണ്ണമായി വിശുദ്ധീകരിച്ചപ്പോൾ ദൈവൈക്യാനുഭവത്തിൽ വ്യാപരിച്ചുകൊണ്ട് ഈശോയെ 'ആവാ'-അപ്പാ-എന്നു വിളിക്കുവാനും ആ അനുഭവത്തിൽ ദൈവിക സംസർഗ്ഗത്തിലായിരിക്കുവാനും സാധിച്ചു. ചാവറയുടെ വാക്കുകളിലൂടെ ആവാനുഭവം "പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ ഒന്നാമത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയ മണവാളൻ ഈശോമ്ശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ..... ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടു കൊണ്ട് ആയ്തിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടുകൂടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു..... എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു..... ഇതാ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂളിച്ചുകളഞ്ഞതാണ്..... എന്റെ അപ്പൻ തന്നിരുന്ന നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞ്..... എന്റെ അപ്പാ ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു..... എന്നാലും എന്റെ അപ്പാ, ഈ പേരു കൊണ്ടല്ലാതെ നിന്നെ ഇനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല..... എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ..... എന്റെ അപ്പാ നിന്റെ തിരുമുഖം എത്രയും അഴകുള്ളത്..... എന്റെ മനോഗുണമുള്ള നല്ല അപ്പാ! ഈ മുഖം ഇനിക്കിപ്പോൾ എത്രയും ദുഃഖിപ്പിക്കുന്നതായിരിക്കുന്നുവല്ലോ..... അപ്പാ എന്റെ കണ്ണു പൊക്കട്ടെ. ഞാൻ എന്റെ നന്ദിയില്ലാത്ത കണ്ണിനെ എന്നെ പാർത്തു വിളിക്കുന്ന മനോഗുണമുള്ള മുഖത്തോട്ടുയർത്തട്ടെ....."[33]

ചാവറയുടെ ആവാനുഭവം സമഗ്രമായ ദൈവാനുഭവമായിരുന്നെന്ന് അദ്ദേഹത്തിന്റെ ധ്യാനസല്ലാപങ്ങളും ആത്മാനുതാപവും

തെളിയിക്കുന്നു: "ആ എന്റെ മനോഗുണമുള്ള പിതാവേ, നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനൊക്കായിൽ മണ്ണും പുഴുവും ഞാൻ വലുതായി സ്നേഹിച്ചു. ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും പാതിരാവിലും മഞ്ഞിലും പനിയിലും, വെയിലും കാട്ടിലും, മേട്ടിലും കരയിലും ചുറ്റിത്തിരിഞ്ഞു നടന്ന് എന്നെ നേടിയ രക്ഷിതാവിന്റെ തൃക്കാലുകളേ..... തറച്ചിരിക്കുന്നതു ഞാൻ കണ്ടാറെയും വീണ്ടും എന്റെ കാലുകളെ ഞാൻ ഇളക്കിയതെങ്ങനെ?"[34]

ദൈവം സ്നേഹമാകുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്ന ശ്ലീഹായുടെ അനുഭവമാണ് ആവാനുഭവത്തിൽ ചാവറയ്ക്കുണ്ടായത്: "ആ എന്റെ സ്നേഹത്തിൻ ദൈവമായ രക്ഷിതാവെ! നീ ഇനിക്കായി നിന്റെ സ്നേഹത്തിൻ കടശി സാക്ഷിയായി നിൻ ശരീരവും ചോരയും തീനും കുടിയുമായി കല്പിച്ചു തന്നതിനാൽ എപ്പഴും നിൻ തിരുപ്പാടുകളും എന്റെ രക്ഷയ്ക്കായി നിന്റെ ആയുസും തന്നിരിക്കുന്നതിനെ എപ്പഴും ഓർപ്പാനും....."[35] ചാവറ പ്രാർത്ഥിക്കുന്നു: "എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹം ഉള്ളവനും പട്ടാങ്ങയായ ഉപവിയും (1 യോഹ. 4:8) താൻ സ്നേഹം എന്നത്രെ തന്റെ നാമവും ആകുന്നു" (1 യോഹ. 4:17)."[36]

ചാവറയുടെ ആവാനുഭവത്തിൽ ഏറ്റവും ഊന്നൽ കൊടുക്കേണ്ടത് "ദൈവം സ്നേഹമാണ്" എന്ന നാമത്തിനാണ്.[37] ധ്യാനസല്ലാപം നോക്കുക: "എന്റെ അപ്പാ ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകൻ എന്ന ഈ മഹിമപ്പേരിനു അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിൽ ഒരുത്തനായിട്ട് കൈക്കൊണ്ടാൽ ഇനിക്കു എത്രയോ ഭാഗ്യം-എത്രയോ മഹിമ. എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ ഇനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നുവല്ലോ. ആയ്തിനാൽ

മനോഗുണമുള്ള എന്റെ അപ്പാ, എന്റെ ദുഷ്ടതയാലും നന്ദിഹീനത യാലും നിന്നോടു ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കേണമെ".[38]

ചാവറയുടെ ആധ്യാത്മികതയിൽ അടിസ്ഥാനപരമായി വരുന്ന ആവാവബോധം മാമ്മോദീസായിലൂടെ കൈവന്നതാണ്. ഈശോ പിതാവിനെ ആവാ എന്നു വിളിക്കുന്നത് നിത്യതയുടെ പുത്രത്വത്തി ലൂടെയെങ്കിൽ (ഗലാ. 3:16) മനുഷ്യർ ദൈവത്തെ ആവാ എന്നു വിളി ക്കുന്നത് റൂഹാവഴിയാണ് (റോമ. 8:15). റൂഹാദ്ക്കുദ്ശാ ചാവറയിൽ വസിക്കുന്നതിന്റെ സ്വഭാവം സഭാത്മകമാണ്. അതായത് ഈശോമി ശിഹായിലൂടെ കൈവന്ന പുത്രസ്വീകാര്യത (റോമ. 8:15). പിതാവിനെ പ്രഘോഷിക്കുന്ന റൂഹാദ്ക്കുദ്ശാ ചാവറയിൽ മാമ്മോദീസാ മുതൽ വസിക്കുന്നതു കൊണ്ടാണ് ചാവറ പിതാവിനെയും പുത്രനെയും ആവാ എന്നു വിളിച്ചിരുന്നത് (1 യോഹ. 12:3, റോമ. 8:11; 6:11).

1986 ഫെബ്രുവരി 8-ാം തീയതി കോട്ടയത്തു വച്ച് മാർപ്പാപ്പാ നടത്തിയ പ്രഖ്യാപനത്തിൽ ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനെന്നു സ്ഥാപിക്കുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ പക്കൽ വന്ന് അവനോടുകൂടെ വസിക്കുകയും ചെയ്യും" (യോഹ. 14:23). കർത്താവിന്റെ ഈ വചനങ്ങൾ പ്രസാദവരമുള്ള ഏതു മിശിഹാശി ഷ്യനിലും സാർത്ഥകമാണെങ്കിൽ, വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനിൽ ഈ ദൈവികസാന്നിദ്ധ്യം ബാഹ്യലോകത്തിന് ദൃശ്യ മാകത്തക്ക രീതിയിൽ വളരെ പ്രകടമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഒരു ദൈവികമനുഷ്യനായി അഥവാ പരിശുദ്ധാത്മാവി നാൽ നിറഞ്ഞവനായി മനുഷ്യർ കാണുകയും, അപ്രകാരം പരസ്യ മായി അംഗീകരിക്കുകയും ചെയ്തിരുന്നു."[39]

റൂഹാദ്ക്കുദ്ശാ നിറഞ്ഞ ചാവറ ദൈവസ്നേഹത്തെ തന്റെ ഹൃദയത്തിൽ അനുഭവിച്ചറിഞ്ഞതു കൊണ്ട് (റോമ. 5:5) പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ ദൈവത്തെ സ്നേഹിച്ചു (നിയമ. 6:5; മത്താ. 22:37). ദൈവസ്നേഹമനുഭവിച്ചറിഞ്ഞ ചാവറ മനുഷ്യസ്നേഹത്തിന്റെ നിസ്സാരതയെ അനുസ്മരിച്ചതുകൊണ്ട് മഹോന്നത സ്നേഹത്തിൽനിന്നും ഒരിക്കലും വ്യതിചലിച്ചിരുന്നില്ല. ദൈവസ്നേഹത്തിൽ ചാവറയെ എന്നും നിലനിറുത്തിയിരുന്ന ഒരു ഘടകമായിരുന്നു ചാവറയുടെ ആത്മാനുതാപ ചൈതന്യം. ഈ അവബോധം കവിതയിലും കടന്നു വന്നു:

> "ജ്ഞാനസ്നാനത്താൽ തവ പുത്രനായ്വച്ചെന്നെ നീ
> അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു.
> നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
> എന്നതിൽ പരം കഷ്ടം പിശാചിൻ ദാസനായി."[40]

ചാവറയുടെ ആത്മാനുതാപം, ഈശോമിശിഹായുടെ മാമ്മോദീസാ സംഭവവും സ്ലീവാമരണവും തമ്മിൽ തട്ടിച്ചുനോക്കിയാൽ സുതരാം വ്യക്തമാണ് (ലൂക്കാ. 3:21.;12:50;23:47). ദൈവസ്നേഹത്തിന്റെ അത്യുന്നതാനുഭവം, മാനുഷികസ്നേഹത്തിന്റെ പാപ്പരത്തത്തെ നിരന്തരം രൂപാന്തരപ്പെടുത്തിക്കൊണ്ടിരുന്നതായിരുന്നു ചാവറയുടെ ആവാനുഭവം.

ഈശോയെ ആവാനുഭവത്തിലൂടെ കണ്ടെത്തിയ ചാവറ, തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുന്നതിനായി ജീവിതം നീക്കി വച്ചിരുന്നു. സഹോദരസ്നേഹം കൂടാതെ ഈശോയെ സ്നേഹിക്കുക അസാധ്യം. അതിനാൽ ഈശോയോടുള്ള താദാത്മീകരണത്തിൽ ശൂന്യവത്കരണത്തിന്റെ നിദർശനമായി ചാവറ നിലകൊണ്ടിരുന്നു.

ചാവറയുടെ ആവായായിരുന്ന ഈശോയെ ദൈവം ഉയർത്തിയെങ്കിൽ സഭാതലവനായ മാർപ്പാപ്പാ ചാവറയേയും വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

ചാവറ എന്നും അനുതാപിയായി കഴിഞ്ഞിരുന്നത് ശൂന്യവത്ക്കരണത്തിന്റെ മഹത്ത്വവത്ക്കരണം അനുഭവിച്ചറിഞ്ഞതു കൊണ്ടായിരുന്നു. ചാവറയും യാഹ്വെയുടെ വിനീതരിൽ ഒരുവനായി ജീവിച്ചിരുന്നു. യാഹ്വെയുടെ വിനീതഭാവം ദൈവരാജ്യാനുഭവത്തിനുള്ള വ്യവസ്ഥയാണ് (മത്താ. 5:3; സെഫാ. 3:12; ഏശ. 10:23-34; റോമ. 9:27; റോമ. 11:6; ലൂക്ക. 1:48-54).

9:4 ആത്മാനുതാപം

ചാവറയുടെ രണ്ട് ആധ്യാത്മിക കൃതികളായ ആത്മാനുതാപത്തിലും ധ്യാനസല്ലാപങ്ങളിലും നിറഞ്ഞു നില്ക്കുന്ന വിനയമാണ് ഇവിടെ പ്രതിപാദിക്കുന്നത്. യാഹ്വെയുടെ വിനീതർ, അല്ലെങ്കിൽ ദരിദ്രർ എന്ന വിശുദ്ധ ഗ്രന്ഥ പ്രമേയമാണിവിടെ പശ്ചാത്തലമായി വരുന്നത്. യാഹ്വെ എന്നതു ദൈവത്തിന്റെ പേരാണ്.[41] യാഹ്വെ മനുഷ്യസ്വഭാവത്തിലാകുന്നതാണ് പരിമിതിയുടെ വിനയം (ഫിലി. 2:5-11). ചാവറ ദൈവത്തേയും തന്നെത്തന്നെയും ദർശിച്ചപ്പോഴുണ്ടായ അനുഭവമാണ് യാഹ്വെയുടെ അനവീം ആക്കി അദ്ദേഹത്തെ അനുഗ്രഹിക്കുന്നത്. ചാവറയുടെ വാക്കുകൾ:

"ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷ ജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറുവാനും ചിത്തമായ്

ഊഴിയിൽ നരച്ചൂരുന്ന കൃമിപോൽ
പൂഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനം കൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലൊ."[42]

മഹാപാപിയെന്ന വിനീതമായ അവസ്ഥ ചാവറയുടേതെങ്കിലും ദൈവത്തിന്റെ പ്രവൃത്തി വഴി അത്യുന്നത മഹിമയിലെത്തുവാനിടയാകുമെന്നും ചാവറ ഉൾക്കാഴ്ചയിലൂടെ കണ്ടു. ദൈവമഹത്ത്വവും മനുഷ്യ നീചത്വവും ഒന്നു ചേരുന്ന രംഗമാണു ചാവറയുടേത്:

"ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്ത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻ കൃപയതിൻമൂലം."[43]

യാഹ്വെയുടെ വിനീതനായ മനുഷ്യപുത്രൻ ദൈവപിതാവിനാൽ എപ്രകാരം എല്ലാം ചെയ്തുവെന്നത് യോഹന്നാൻ സുവിശേഷകൻ പറയുന്നതും ചാവറയുടെ മനോഭാവവും ഒന്നിച്ചു പോകുന്നു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് ഒന്നും സ്വമേധയാ ചെയ്യുക സാധ്യമല്ല. പിതാവു ചെയ്യുന്നതെല്ലാം അതുപോലെ പുത്രനും ചെയ്യുന്നു. പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനു കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ പ്രവൃത്തികളും പിതാവ് അവനു കാണിച്ചു കൊടുക്കും" (യോഹ. 5:19-20). സ്രഷ്ടാവായ ദൈവത്തോട്, പിതാവായ ദൈവത്തോട് പരിപൂർണ്ണമായി വിധേയപ്പെടുന്ന മനുഷ്യപുത്രന്, പിതാവിന്റെ സർവ്വാധികാരവും കൈമാറുന്ന, വിധിക്കുവാനും മരിച്ചവർക്കു ജീവൻ

നൽകുവാനുമുള്ള ദൈവത്തിനു മാത്രമായിരുന്ന അധികാരം കൈമാറുന്ന, മഹനീയ രംഗമാണ് മനുഷ്യാവതാരത്തിൽ കാണുന്നത്. എന്നാൽ മനുഷ്യാവതാരത്തിന്റെ അവസ്ഥയോ ശൂന്യവത്ക്കരണത്തിന്റേതും (ഫിലി. 2:5-11). മാനുഷികതയുടെ വിജയരഹസ്യം ദൈവപിതാവിനോടുള്ള പൂർണ്ണ വിധേയത്വമാണ് (ഫിലി. 2:8). ഈ വിധേയത്വത്തിന്റെ രഹസ്യം ദൈവസ്നേഹവും (യോഹ. 5:20). പിതൃപുത്രബന്ധത്തിന്റെ അനന്യത സ്നേഹത്തിന്റെ സഹവർത്തിത്വത്തിൽ പ്രകടമാണ്. സ്നേഹത്തിന്റെ അത്യുന്നതാനുഭവമാണ് മനുഷ്യനീചത്വത്തിന്റെയും സർഗ്ഗാത്മകത്വം. ചാവറ തന്റെ ഉൾക്കണ്ണുകൾ കൊണ്ടു ദൈവസ്നേഹം ദർശിക്കുന്നതിനാനുപാതികമായി തന്റെ നീചത്വത്തെ ഉറക്കെ പ്രഖ്യാപിക്കുന്നു:

"ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!"[44]
"അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!
മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[45]

ചാവറ സർവ്വതും ദൈവസ്നേഹത്തിലൂടെ ദർശിച്ചതുകൊണ്ട് തന്റെ പാനപാത്രത്തിന്റെ ഓഹരി ദൈവം മാത്രമായി. ശ്വാസവും ക്ഷണ പാനീയങ്ങളുമെല്ലാമെല്ലാം ദൈവം മാത്രമായി. ചാവറയുടെ

സ്നേഹം ദൈവത്തിൽ പൂർണ്ണമായി ലയിച്ചതുതന്നെയാണ് വിധേയത്വത്തിലും അനുസരണയിലും തനിക്ക് അടിസ്ഥാനമുണ്ടാക്കിയതെന്ന് അദ്ദേഹം വിശ്വസിച്ചു. അതു സ്നേഹത്തിന്റെ ശൈലിയിലായപ്പോൾ അതു പരിപൂർണ്ണ ദാസ്യത്തിന്റെ നിലയിലുമായി. എന്നാൽ ദാസ്യം പുത്ര സ്വീകാര്യതയുടെ വ്യവസ്ഥയാകുമ്പോൾ സ്നേഹത്തിന്റെ ശക്തി മുന്നിട്ടു നില്ക്കും. മാമ്മോദീസായാൽ ദൈവപുത്രന് അടിമ വച്ചതിനാൽ ദൈവമാതൃദാസനും ആയിത്തീർന്നു.

സ്നേഹാനുഭവത്തിന്റെ ഉന്നതയിലെത്തുമ്പോൾ സഹനത്തിന്റെ നെല്ലിപ്പലക കാണുവാൻ യാഹ്വേയുടെ വിനീതനു സാധിക്കുന്നു (ഏശ. 53; യോഹ. 18:19). ഈശോ ഇപ്രകാരം യാഹ്വെയുടെ വിനീതനായത് ചാവറ ധ്യാനിച്ച, ഹൃദയം ദർശിച്ച അനുഭവം ശക്തിപ്പെട്ടു. തന്റെ അനുതാപക്കണ്ണുകൾ ദൈവപുത്രന്റെ സഹനത്തിൽ ഉറപ്പിച്ചു:

"സ്നേഹമേ! മമദേവ! നാഥനേ! നരരക്ഷാ-
ദാഹഘോരത്താലിതും കേൾപ്പതിന്നിച്ഛിച്ചിതൊ
സ്വകാര്യവിധിയായ മരണനേരത്തിലും
സൂര്യാദം നാണിപ്പിക്കും നിന്നുടെ വരവിലും
മേകർമ്മ പാപത്തിനു യോഗ്യമാം ക്രോധസ്വരം
തേ ധർമ്മ ശ്രവണത്താലൊഴിച്ചു പകർത്തുവാൻ
സ്നേഹദേവനേ! നീയീഘോരമാം വിധിസ്വരം
പാപദാഹിയായിടും മാം പ്രതിശ്രവിച്ചയ്യോ.

.....

ഓ! മമ മഹാ സ്നേഹധാമമേ സ്ലീവായെ! നീ
വേഗമായ് വന്നു നിന്റെ കൈകളിൽ കൈക്കൊൾക മാം
എന്നുടെ സ്നേഹജനമന്നിലെ മനുക്കളെ
നമ്മുടെ സ്വന്തം പിതൃമുൻപിൽ നാം നിരത്തുവാൻ

നിന്നുടെ മുകളായ അൾത്താരയതിൻ മീതെ
നിന്നു നാം നമ്മെത്തന്നെയർച്ചനയണക്കുവാൻ
ഇന്നു നാം നിന്നെക്കാണ്മാനെത്രയോ മുന്നം മുതൽ
നന്ദിയാം സ്നേഹാഗ്രഹാലെത്രയോ പാർത്തേനഹം."[46]

ഈശോയുടെ സഹനത്തിലും സ്ലീവാനുഭവത്തിലും ചാവറ ദർശിച്ചത് ഉന്നതമായ സ്നേഹമാണ്. ദൈവപുത്രന്റെ പീഡാനുഭവത്തിൽ ധ്യാനനിർലീനനായ ചാവറ തന്നെത്തന്നെ ഏറ്റവും വലിയ ദാസനെന്നു കരുതിയാണല്ലോ ജീവിതകാലം മുഴുവനും ചെലവഴിച്ചത്. യാഹ്‌വെയുടെ വിനീതനായ ചാവറയെ ഉയർത്തുവാൻ ഈശോ വിനീതനായെന്നു ചാവറ പാടുന്നു:

"കീഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കീഴ്പ്പെട്ടണഞ്ഞു പിതാവിഷ്ടം പോലെ
കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പ്പെട്ട നിന്നെ ഞാൻ കാണാകേണം."[47]

ആത്മദർശനത്തിലൂടെ തന്റെ വിനീതാവസ്ഥയേയും ഉൾക്കാഴ്ചയിലൂടെ ദൈവംകൂടെ എന്ന അനുഭവത്തെയും ചാവറ ഏറ്റു പറയുന്നു:

"അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം.
.....
മാലാഖാമാതാവിൻ കൈകളിൽ നൽകിയ
ആലാഹാ! പുത്രനെ കാണാകേണം."[48]

ദൈവം കൂടെയുണ്ടെന്ന അവബോധത്തിലും വിനീതഭാവം നഷ്ടമാകുന്നില്ല. അതേ സമയം ദൈവദർശനത്തിനായി കാത്തിരിക്കുന്ന

ചാവറയെ ദൈവദാസനായിട്ടാണ് നാം കാണുന്നത്.

"എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
യേകാന്തപ്രേമത്താൽ പാർക്കുന്നഹം
ഏകേശനാഥനെ, നിന്നുടെ ദാസൻമേ-
യേകദാ നിന്നെ ഞാൻ കാണാകേണം.

.....

അമ്മാനുവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ."[49]

മാതൃഭക്തിയിൽ നിറഞ്ഞിരുന്ന ചാവറ മാതാവിൻ ദാസനെന്നതു ഓർക്കുന്നു:

"ആദിത്യയാടയണിഞ്ഞു മതിതന്നെ
പാദത്തിൻ കീഴിൽ മെതിക്കും നാഥേ,
പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ-
പാദേയടിയനെ ചേർത്തീടേണം."[50]

ഭൂമുഖത്തു കാണുന്ന ഒരു സത്യം ദൈവത്തെ അനുഭവിച്ചറിയുന്നവർ തങ്ങളുടെ നിസ്സാരതയെക്കുറിച്ച് തികച്ചും ബോധവാന്മാരായിരിക്കുമെന്നതാണ്. മനുഷ്യപുത്രനായ ദൈവസുതൻ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് (യോഹ. 1:29). ഈശോ പാപം നീക്കുന്നവനായിത്തീർന്നത് ദൈവപിതാവിനോടുള്ള നിരന്തര ബന്ധത്തിലൂടെയാണ്. ഈ അവസ്ഥ ആദിയിലുണ്ടായിരുന്നതാണ് പുത്രനെക്കുറിച്ചുള്ള കീർത്തനത്തിൽ കാണുന്നത്: "നമ്മൾ അവിടുത്തെ മഹത്ത്വം - കൃപയും സത്യവും നിറഞ്ഞതായി പിതാവിൽ നിന്നുള്ള ഏകജാതന്റെ മഹത്ത്വം ദർശിച്ചു" (യോഹ. 1:14). ദൈവത്തോടുള്ള ഐക്യത്തിൽ മഹത്ത്വമുള്ളവനെങ്കിലും മനുഷ്യരോടുള്ള ബന്ധത്തിൽ മനുഷ്യസദൃശനും അതായത് പരിമിതികളുടെ

വ്യവസ്ഥിതികൾക്കു വിധേയനും. പരിമിതികളുടെ ക്രമരാഹിത്യമാണ് പാപം (ഉത്. 1:1-3; എസ. 37; റോമ. 3:9-20). പ്രകൃതിയുടെ വ്യവസ്ഥിതിയിലും നിയമത്തിലും പാപം കടന്നുവരുന്നു (റോമ. 3:20). ലോകത്തിന്റെ പാപം നീക്കുന്ന മിശിഹാ (യോഹ. 1:29; ഏശ. 53:6) നിയമത്തിന്റെ പൂർത്തീകരണമാണ് (റോമ. 10:4). ഈശോ നിയമമായത് ലോകത്തിന്റെ പരിമിതികളിൽ കുടുങ്ങാതെ, ക്രമരാഹിത്യത്തിനു കൂട്ടുനില്ക്കാതെ ദൈവപിതാവിനു പൂർണ്ണമായി ന്യാസം ചെയ്തുകൊണ്ടാണ് (എബ്രാ. 10:10, യോഹ. 4:34;5:19-26, 30-40;8:24,28,29; 14:1,6,9,10,31). മാനവസംഘാതാത്മകത്വത്തിന് മനുഷ്യസ്വഭാവത്തിലൂടെ ഒന്നു ചേർന്ന മിശിഹാ പിതാവുമായുള്ള നിരന്തര ഐക്യത്തിലൂടെ മനുഷ്യർക്കു ദൈവപിതാവിലേക്കുള്ള വഴിയായിത്തീർന്നു (യോഹ. 14:6). പിതാവിന്റെ കല്പന പാലിച്ചു പിതൃസ്നേഹത്തിൽ നിലകൊണ്ടതുവഴി മനുഷ്യപുത്രൻ ദൈവത്തിന്റെ നിയമമായിത്തീർന്നു. പിതൃവൈകൃത്തിൽ നിന്നുകൊണ്ട് ലോകത്തിന്റെ പരിമിതികളെയും ക്രമരാഹിത്യത്തെയും പരിഹരിച്ചതുവഴി മിശിഹായുടെ കല്പന (പുഖ്ദാനെ ദമ്ശിഹാ) കൗദാശികമായിത്തീർന്നു.

ഈശോയിൽ പിതാവിനെ ദർശിച്ചുകൊണ്ട് റൂഹാ നിറഞ്ഞവനായിത്തീർന്ന ചാവറയും "അനവീം യാഹ്വെയുടെ" ഗണത്തിൽപെട്ടു. പാപത്തിൽ വീഴാത്ത പാപിയായി മാനവകുലത്തോട് ഒന്നു ചേർന്നു ദൈവദാസൻ!

9:5 പാപത്തിൽ വീഴാത്ത പാപി

ദൈവസ്നേഹത്തിന് അല്പംപോലും കുറവുണ്ടാകാത്ത ഒരു ജീവിതമായിരുന്നു ചാവറയുടേതെന്ന്, 'ചാവുദോഷത്തിന്മെൽ ധ്യാനം' എന്ന പ്രാർത്ഥന വിളിച്ചറിയിക്കുന്നു. "ദെയവ ശുശ്രൂഷിയായിരിക്കുന്ന തന്റെ അല്പമായ ഒരു പൊറൽ അൾമെനിയായവന്റെ വല്യമുറിവുകളെകായിലും വ്യണങ്ങളെക്കായിലും യൊഗ്യമുള്ളതാകുന്നു. അതെന്തന്നാൽ ഒരു മഹാരാജാവ് തന്റെ കുതിരയെ തീറ്റുന്നവന്റെ ഉടുപ്പിന്മെൽ ഒരു കറയെ കണ്ടാൽ കൂട്ടാക്കുന്നില്ല. തന്റെ രാജകുമാരൻ ഏറ്റിയ പ്രിയപ്പെട്ട രാജമക്കൾ അല്ലംകിൽ തന്റെ രാജസ്ത്രീയുടെ വസ്ത്രാഭരണങ്ങളിന്മെൽ അല്പമായിട്ടുള്ള അശുദ്ധം കണ്ടാൽ എത്രയും കഠിനമായിട്ടു കൊപിച്ചു കൊൾകയും ചെയ്യും എന്ന പ്രകാരം പൊലെ മൊക്ഷരാജാവായിരിക്കുന്ന സർവ്വശരൻ തംപുരാൻ തന്റെ വെലക്കാരും ശുശ്രൂഷിയുമായ അൾമെനിക്കാരന്റെ ആത്മവസ്ത്രമായ ദെയവ വരപ്രസാദത്തിന്ന അല്പമായിട്ടുള്ള കെട്ടുകൾ കണ്ടാൽ പൊറുക്കുകയും ചെയ്യും. എന്നാൽ തന്റെ സ്നെഹപ്പെട്ട മകനായിരിക്കുന്ന പട്ടസുഖക്കാരനായ ദെയവശുശ്രൂഷിയിൽ അവന്റെ അലങ്കാര വസ്ത്രമായിരിക്കുന്ന ദെയവസ്നേഹത്തിന്ന അല്പമായിട്ടുള്ള കുറവു കണ്ടാൽ ഉടൻ കൊപിച്ച കഠിനമായി ശിക്ഷിക്കയും ചെയ്യും."[51]

ആധ്യാത്മിക ജീവിതത്തിലെ സുപ്രധാനമായ പഠനമാണ് ചാവറയുടെ ധ്യാനാനുഭവം പ്രദാനം ചെയ്യുന്നത്. അതായത് ദൈവസമക്ഷം നിലകൊള്ളുന്ന ഒരു വ്യക്തി എത്ര നിസ്സാരമായ കുറവും ഇല്ലാതാക്കി ദൈവിക പൂർണ്ണതയിൽ പങ്കുചേരുന്നു. ആധ്യാത്മിക ഗുരുക്കന്മാരുടെ പഠനങ്ങളും വിശുദ്ധഗ്രന്ഥവുമാണ് ചാവറ ധ്യാനത്തിനായി അംഗീകരിച്ചിരുന്ന ഉറവിടങ്ങൾ. ധാരാള ഹൃദയത്തോടുകൂടി നിസ്സാരകുറവുകളെ ഭയപ്പെട്ടിരുന്ന ഒരാളിനല്ലാതെ മേലുദ്ധരിച്ച

ധ്യാനപ്രകരണങ്ങൾ നടത്തുവാൻ സാധിക്കുകയില്ല. അത്യഗാധമായ വിനയത്തിൽനിന്നും അനുതാപത്തിന്റെ ചൈതന്യത്താൽ നിരന്തരം നിറഞ്ഞിരുന്ന ചാവറയാണ് പട്ടക്കാർക്കുണ്ടാകേണ്ട പാപരാഹിത്യത്തെ എടുത്തു കാണിക്കുന്നത്. ഈ വിധത്തിലുള്ള ഹൃദയതലം ആധ്യാത്മിക ഗ്രന്ഥകാരന്മാർ പഠിപ്പിച്ചിട്ടുള്ളവയുമാണ്.

മാർ അപ്രേം പറയുന്നത് "കണ്ണുനീരുകൊണ്ട് കഴുകിയ മുഖകാന്തി അമർത്യമാണ്"എന്നാണ്. [52] അനുതാപജന്യമായ ജീവിതത്തിനുള്ള രണ്ട് ഉപാധികളാണ് ആത്മശോധനയും ധ്യാനവും. അതും നിത്യസത്യങ്ങളിൽ കേന്ദ്രീകരിച്ചുള്ളത്. മാർ അപ്രേമിന്റെ അനുഭവത്തിൽ വിലാപത്തിന്റെ തുടക്കം ആത്മജ്ഞാനമാണ്.[53] യോഹന്നാൻ ക്രിസോസ്തോം പറയുന്നത് ദൈവഭയം കൊണ്ടുണ്ടാകുന്ന കണ്ണുനീരിനും അവസാനമില്ലെന്നാണ്.[54]

ചാവറയുടെ ആധ്യാത്മികജീവിതത്തിൽ അലിഞ്ഞു ചേർന്നിരുന്ന രണ്ട് ആധ്യാത്മികാഭ്യാസങ്ങളായിരുന്നു അനുധ്യാനവും ജീവിതപരിശോധനയും. അദ്ദേഹത്തിന്റെ അനുതാപവും, ഹൃദയവിലാപവും തികഞ്ഞ ആത്മജ്ഞാനത്തിലും അത്യുന്നതമായ ദൈവപേടിയിലും അദ്ദേഹത്തെ എന്നും നിലനിറുത്തിയിരുന്നു. അതുകൊണ്ടാണ് ഏറ്റം നിസ്സാരമായ കുറ്റംപോലും ജീവിതത്തിൽനിന്നും അകറ്റി നിറുത്തുകയും ആ അവസ്ഥയിൽ നിന്നു കൊണ്ട് ദൈവത്തോടു സംഭാഷിക്കുകയും ചെയ്തത്. "ഇതെല്ലാം ഇപ്രകാരം യിരിക്കയിൽ പട്ടസുഖം ഉള്ളവനും ആത്മപരിപാലനക്കാരൻ ദെയവശുശ്രൂഷിയും ആയിരിക്കുന്ന നീ നിന്റെ അപെക്ഷകളാലും നമസ്ക്കാരത്താലും ദിവ്യപൂജയാലും ദെയവ കൊപത്തെ നിറുത്തുവാനും പാപികൾക്കവെണ്ടി സർവ്വെശ്വരനൊടു പ്രാർത്ഥിച്ച അവരുടെ മെലുള്ള തന്റെ തിരുവിള്ളക്കെടിനെ തീർപ്പാനും കടക്കാരനായിരിക്കുന്ന ബ. കൂടപ്പിറപ്പെ! നീ പതിവായിട്ട ചെയ്തു വരുന്ന പാപങ്ങളും അല്പമായ കുറ്റങ്ങളും നിനക്ക എത്രയോ

ചെരാത്തതായിരിക്കുന്നു എന്ന ഓർത്തുകൊൾ..... ആയതിനാൽ ഇതവരെയുള്ള നിന്റെ നെന്ദികെടിമ്മെൽ ക്ലെശിച്ചു നൊൻപരപ്പെട്ട ഈ മനഗുണമുള്ള പിതാവായ താൻ ഇപ്പഴും നിന്നെ കൈക്കൊൾവാൻ പാർത്തിരിക്കുന്നതിനാൽ തന്റെ പക്കൽ അണഞ്ഞുകൊണ്ട താൻ അരുളിച്ചെയ്ത എളെപുത്രനെപൊലെ പൊറുതി അപെക്ഷിച്ചുകൊൾക."[55]

മരുഭൂമിയിലെ പിതാക്കന്മാരുടെയും സഭാപിതാക്കന്മാരുടെയും ആധ്യാത്മിക മൗതികരുടെയും രീതിയിൽ തികഞ്ഞ ആത്മാനുതാപിയായിരുന്ന ചാവറ പരിശുദ്ധാത്മാവിനെ ഉപേക്ഷിക്കാതെ ജീവിച്ചത് അദ്ദേഹത്തിന്റെ പശ്ചാത്താപജന്യമായ ജീവിത ശൈലികൊണ്ടായിരുന്നു. സ്വന്തം നിലയിലുള്ള താപസികതയെക്കാൾ മിശിഹായുടെ മൗതികശരീരമായ സഭയുടെ "നമസ്ക്കാരവും" "ദിവ്യപൂജയും" അദ്ദേഹത്തെ ദൈവപുത്രനായി, പാപരഹിതനായി നിലനിറുത്തി. എങ്കിലും ലോകത്തിന്റെ പാപമേറ്റെടുത്ത് പരിഹാരം ചെയ്തിരുന്ന, പാപം ചെയ്യാത്തവനായിരുന്ന ചാവറ തേറുന്ന ആത്മാവിന്റെ ഉടമയായിരുന്നു.

9:6 തേറുന്ന ആത്മാവ്

"എന്നാൽ എന്റെ പാപപ്പെരുപ്പത്തിനു തക്ക തേറ്റം എനിക്കില്ലായ്കയാലും എല്ലായ്പ്പോഴും എന്നെ തുണച്ചു വരുന്ന മറിയമഗ്ദലയിത്തമ്മ, എജിപ്തമറിയം, മർഗ്ഗരീത്ത കൊർത്തോൻ എന്ന ഈ അമ്മമാരുടെ തേറ്റവും പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചുംകൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു."[56]

ദൈവപിതാവിന്റെ കാരുണ്യമാണ് ചാവറ നിരന്തരം ധ്യാനവിഷയമാക്കുന്നത്. ചാവറയുടെ തേറ്റത്തെ - മനസ്താപത്തെ - ശെമയോൻ

കേപ്പായുടെ വിലാപത്തോടു താരതമ്യപ്പെടുത്താം. "ശെമയോൻ പുറത്തുപോയി വ്യസനപൂർവ്വം കരഞ്ഞു" (ലൂക്ക. 22:62). "ഈശോ അരുൾചെയ്ത വചനം ഓർത്തു ശെമയോൻ കരയാൻ തുടങ്ങി" (മർക്കോ. 14:72). "കോഴി കൂവും മുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയും എന്ന് ഈശോ തന്നോടരുൾച്ചെയ്ത വചനം അപ്പോൾ കേപ്പാ ഓർത്തു. അയാൾ പുറത്തുപോയി പൊട്ടിക്കരഞ്ഞു" (മത്താ. 26:75). മൂന്നു സുവിശേഷകന്മാരും പറഞ്ഞത് പത്രോസിന്റെ ദുഃഖത്തെക്കുറിച്ചാണ്. ഈശോ പറഞ്ഞ വാക്കുകൾ ശെമയോൻ കേപ്പാ ഓർത്തപ്പോഴാണു വിലാപം വന്നത്. ധ്യാനത്തിൽ, ചാവറ ഈശോയെ ദർശിക്കുകയും അവിടുത്തെ വചനങ്ങൾ ഓർക്കുകയും ചെയ്യുമ്പോൾ ഉള്ളുരുകയാണ്. തേറ്റം ശക്തിപ്പെടുകയാണ്. ഈശോയുടെ സ്നേഹവും സഹവാസവും അനുഭവിച്ചറിഞ്ഞ ധ്യാനയോഗിയായ ചാവറ ദൈവസ്നേഹത്തിന് അർഹമായ പ്രതിസ്നേഹം കാണിക്കാത്തതിൽ നിരന്തരം തേറ്റമുള്ളവനായിരുന്നു.

ചാവറയുടെ മനസ്സാക്ഷി രൂപപ്പെട്ടതിനുശേഷം ഒരിക്കലും ദൈവത്തെ തിരസ്ക്കരിച്ചിട്ടില്ലായെങ്കിലും ബാല്യകാലത്തെ നൈസർഗ്ഗികതയെ എന്നും ആത്മാനുതാപത്തിനുള്ള അടിസ്ഥാനമായി ചാവറ എടുത്തിരുന്നു. ദൈവത്തിൽ പൂർണ്ണ വിലയനത്തിന് അദമ്യമായി ആഗ്രഹിച്ചിരുന്നതു കൊണ്ടാണ് തേറുന്ന ആത്മാവായി ചാവറ ജീവിച്ചത്. നിഷേധാത്മകതയുടെ ദീനരോദനമല്ല ചാവറയിലുണ്ടായത്. മറിച്ച് പരിമിതനായ സൃഷ്ടി എന്ന നിലയിൽ അപരിമേയനായ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടി സ്നേഹിക്കുന്ന ഭാവമാണ്. ചാവറയുടെ തേറ്റം ഉണ്ണീശോയെ ദർശിച്ചപ്പോൾ വാചാലമായി:

"പാർക്കണമടിയെൻമേൽ തീർക്കണം മമ ക്ലേശം
കാക്കണമെന്നെയും നീ ചേർക്കണം തിരുമുമ്പിൽ

നിന്നുടെ പിതാമഹൻ ദാവീദു പുണ്യശ്രേഷ്ഠൻ
മന്നവൻ തിരുവാക്യം ഇന്നു ഞാൻ ചൊന്നീടുന്നു
ശിശുകാലത്തിൻ മമ കൃതി നീ ഓർത്തീടാതെ
ശിശുനിൻ കടാക്ഷത്താൽ ശമനം വരുത്തണം."[57]

ചാവറയുടെ മനോവേദന ചിറകു വിരിക്കുന്നത് വിശുദ്ധഗ്രന്ഥ പശ്ചാത്തലത്തിലെന്നതു പ്രത്യേകതയാണ്. അതും സുവിശേഷകനായ ലൂക്കാ അവതരിപ്പിക്കുന്ന തിരിച്ചു വരുന്ന രണ്ടാമത്തെ പുത്രന്റെ സ്ഥാനത്താണ് ചാവറ നിലകൊള്ളുന്നത്. ചാവറയുടെ വിശ്വാസം സജീവമായിരുന്നതുകൊണ്ട് ദൈവത്തെ ദർശിച്ചനുഭവിച്ചുകൊണ്ട് അവിടുത്തോടു സംസാരിക്കുന്നതിനു സാധിച്ചു. ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും ചാവറ പ്രത്യക്ഷപ്പെടുന്നത് ദൈവത്തെ മുഖാഭിമുഖം ദർശിക്കുന്നവനായിട്ടാണ്.

അബ്രാഹവും മൂശയും ഏലിയായും ഏശയ്യായും ഏറമ്യായും യോഹന്നാൻ മാംദാനായും ശിഷ്യരും ഈശോയെ ദർശിച്ചതിനെക്കാൾ ഭാഗ്യപ്പെട്ട ദർശനമായിരുന്നു ചാവറയ്ക്കുണ്ടായിരുന്നത്. ഇപ്രകാരമൊരു പ്രസ്താവന നടത്തുന്നത് ഈശോ അരുളിച്ചെയ്ത സൗഭാഗ്യം വച്ചുകൊണ്ടാണ്. "ഇപ്പോൾ നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നാൽ എന്നെ കാണാതെ വിശ്വസിച്ചവർ അനുഗൃഹീതർ" (യോഹ. 20:29).

ചാവറ ദൈവവചനം വഴി ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് അനുഗൃഹീതനായി. ശാരീരിക ദൃശ്യത്തെക്കാൾ ശ്രേഷ്ഠമായ ഒരു ബന്ധമാണ് ചാവറ വിശ്വാസത്തിലൂടെ ദൈവത്തോടു പുലർത്തിയിരുന്നത്. ദൈവവചനം വഴി ഉണ്ടാകുന്ന ദൈവാനുഭവം അത്ഭുതങ്ങളെക്കാളും ബാഹ്യദൃശ്യങ്ങളെക്കാളും ശ്രേഷ്ഠമെന്നതാണ് ഈശോയുടെ പഠനം (മത്താ. 4:4; നിയമ. 8:3; യോഹ. 20:29; എബ്രാ. 4:12).

ദൈവവചനം കർത്താവ് അരുളിച്ചെയ്യുന്നവയാണ് (യോഹ. 6:63). 'വചനം ആത്മാവും ജീവനും' (യോഹ. 6:63) ആയതുകൊണ്ടാണ് സൃഷ്ടികർമ്മത്തെയും മാനവ വിമോചനത്തെയും വചനത്തിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത് (ഉത്പ. 1; യോഹ.1). ഇരുമുനവാളിനു സദൃശമായ ദൈവവചനത്തിലൂടെയാണ് ചാവറ തേറ്റമുള്ളവനായി പകർ ന്നത്. ശതാധിപന്റെ വിശ്വാസവും ഈശോയുടെ വചനത്തിൽ അധിഷ്ഠിതമായിരുന്നു: "എന്റെ കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് അരുളിച്ചെയ്താൽ എന്റെ ഭൃത്യൻ സുഖം പ്രാപിക്കും" (മത്താ. 8:8).

ഈശോ പറഞ്ഞ വാക്കുകൾ കേപ്പാ ഓർത്തപ്പോൾ അദ്ദേഹം ഉള്ളുരുകിക്കരഞ്ഞത്, പൊട്ടിക്കരഞ്ഞത് "ആത്മാവും ജീവനും" (യോഹ. 6:63) അനുഭവിച്ചറിഞ്ഞതാണ്. ജഡത്തിന്റെ പ്രവർത്തനങ്ങളായ "വ്യഭിചാരം, അശുദ്ധി, ദുഷ്ക്കാമം, കോപം, ശാഠ്യം, ഭിന്നത, കക്ഷിമാത്സര്യം, അസൂയ, കൊല, മദ്യപാനം, മദിരോത്സവം" എന്നിവയിൽ നിന്നകലുന്നതിനും ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കരുണ, നന്മ, വിശ്വാസം, സൗമ്യത, ആത്മ സംയമനം (ഗലാ. 5:19-20, 22-24) എന്നിവയിലേക്കു കടക്കുന്നതിനുമുള്ള ആധ്യാത്മിക സാധനയാണു തേറ്റം-മനസ്താപം.

ദൈവത്തെക്കാൾ, ഈശോയെക്കാൾ, തന്റെ ജഡിക ജീവനെ രക്ഷിക്കുവാൻ കേപ്പാ ആഗ്രഹിച്ചതു കൊണ്ടാണ് പരിചാരികയുടെ വചനം ഈശോയുടെ വചനത്തെക്കാൾ കേപ്പായെ സ്വാധീനിച്ചത്. സ്വന്തം ജീവനെ രക്ഷിക്കുവാൻ, കർത്താവിന്റെ സഹവാസമുപേക്ഷിച്ച് ഒറ്റപ്പെട്ടു കഴിയുവാൻ തീരുമാനിക്കുന്നതാണ് മിശിഹായെ തള്ളിപ്പറയുന്നത്. കേപ്പായും ഈ തെറ്റിൽ വീണു. എന്നാൽ ഈശോയുടെ വാക്കുകൾ ഓർമ്മയിൽ വന്നപ്പോൾ ഈശോയുടെ സ്നേഹമാണ്

കേപ്പായ്ക്ക് അനുഭവപ്പെട്ടത്. ഈ സ്നേഹത്തിൽ നിലനില്ക്കുന്നതിന്റെ നിദർശനമാണ് തീവ്രദുഃഖം, പൊട്ടിക്കരയൽ, കണ്ണുനീർ തുടങ്ങിയവ.

വചനത്തിലൂടെ സ്നേഹം കൈമാറുന്ന സംസാരമാണ് ധ്യാന മെന്നു പറഞ്ഞ ചാവറ[58] വിശുദ്ധ ഗ്രന്ഥവചനം വഴിയാണ് ഈശോയു മായി സ്നേഹസല്ലാപം നടത്തിയത്.[59] സ്നേഹസംഭാഷത്തിനനു സൃതം ഹൃദയത്തിൽ വളർന്നുവന്ന സ്നേഹം വീണ്ടും വീണ്ടും തേറ്റത്തിന്റെ പ്രകരണങ്ങളിലൂടെ ദൈവൈക്യത്തെ ഉറപ്പിച്ച്, പാപ സാഹചര്യങ്ങളെ അകറ്റി നിറുത്തി. ചാവറയുടെ ധ്യാനാനുഭവം തളർവാതരോഗിയുടെ അനുഭവത്തിലൂടെ "ചിലരു പറയുംവണ്ണം കാലും കയ്യും ഇളക്കുവാൻ വശമില്ലാതെ, 30-ൽ ചിലാനം സംവത്സരം ശ്ലേഷ്മോന്റെ മോണ്ടളത്തിൽ തളർന്നുകിടന്നു എന്നവനെ കണ്ടു താൻ അനുഗ്രഹിച്ച് നിന്റെ കട്ടിലുമെടുത്തു കൊണ്ടു പോകയെന്നും കല്പിച്ചു സ്വസ്ഥമാക്കി എഴുന്നേല്പിച്ചു. ഇപ്പോൾ നീ സ്വസ്ഥതയായി, ഇനി വീണ്ടും നീ പിഴക്കണ്ട എന്നും കല്പിച്ചയച്ചു എന്നവൻ വീണ്ടും പോയി മേല്പട്ടക്കാരന്റെ സേവകനായി നില്ക്കയിൽ കർത്താവിനെ കെട്ടിക്കൊണ്ടു ചെന്നു നിർത്തി ചോദിച്ചപ്പോൾ താൻ ഉത്തരിച്ച വചനം മേല്പട്ടസുഖത്തിന് അപമാനമായി എന്നവന്നു തോന്നിയതിനാൽ ഇങ്ങനെയോ മേല്പട്ടക്കാരനോടുത്തിരിക്കുന്നത് എന്നും പറഞ്ഞു കൊണ്ട് അവൻ അടിച്ച മുറിവിന്റെ പാടത്രെ. ഓ! എന്റെ സ്നേഹിത യായ ശരീരമേ, ഇതു വലിയ അക്രമമായി നിനക്കും തോന്നുന്നല്ലോ. എന്നാൽ അവനല്ല ഈ അടി അടിച്ചത്, അതിന്നു കർത്താവിത്ര സങ്ക ടവും തോന്നുകയില്ല. പിന്നെയോ, നിന്റെ അടിയുടെ അത്രെ ഈ കുഴിഞ്ഞു കാണുന്ന കാഴ്ച."[60] ചാവറയുടെ തേറ്റം ചാവറയെ എത്തി ച്ചതു സ്ലീവാമരണത്തോടു മല്ലടിക്കുന്ന നല്ല കള്ളന്റെ കുരിശിലാണ്. ചാവറ ഈശോയിൽനിന്നു പ്രതീക്ഷിക്കുന്നതു പാപമോചനത്തി ന്റെയും നിത്യജീവന്റെയും തിരുവചനങ്ങളാണ്. "ആയ്തുകൊണ്ടു കർത്താവെ, ഇനി ഞാൻ തൂങ്ങപ്പെട്ട നിന്റെ കുരിശിനെ തഴുകി

നില്ക്കുന്ന മഗ്ദലയിത്തമ്മയെ എന്റെ പേർക്കവിടെ നിറുത്തിക്കൊണ്ടു വലത്തു ഭാഗത്തുള്ള കള്ളന്റെ കുരിശിൽ ഞാൻ കരേറി അദ്ദേഹത്തിന്റെ എരിവുള്ള സ്വരത്തോടെ ഞാനും അപേക്ഷിക്കുന്നു. കർത്താവെ അയാളോടു കല്പിച്ചപോലെ നിന്റെയഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾതന്നെ നീ എന്നോടുകൂടെ ആയിരിക്കും എന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേൾപ്പിച്ച നിന്റെ ദൈവഇഷ്ട പ്രസാദം എന്നിൽ നിലനിറുത്തി പാപങ്ങൾ ഒക്കെയും പൊറുത്തരുളണമെ ആമ്മേൻ."[61]

ദൈവ വചന ധ്യാനത്തിലൂടെ മിശിഹാനുഭവത്തിൽ ആഴപ്പെട്ട ചാവറ എത്തിച്ചേർന്നത് പറുദീസായുടെ മധ്യത്തിലാണ്. ഈശോമിശിഹായുമായുള്ള സമ്പൂർണ്ണ ഐക്യത്തിലെത്തിയ ഒരാത്മാവിന്റെ തേറ്റ പ്രകരണങ്ങളാണു ദൃശ്യമായത്. സ്നേഹത്തിന്റെ ഭാഷയിൽ ചാവറ ഈശോയെ പീഡിപ്പിച്ചവരുടെ സ്ഥാനത്തു നിലകൊള്ളുന്നു.

9:7 പീഡാനുഭവ ധ്യാനം

"എന്നുടെ പാപത്തിന്റെ എണ്ണങ്ങൾ കുറഞ്ഞെങ്കിൽ
തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞേനെ
ഞാൻ ക്രീഡനിമിത്തമായോരോരൊ പാപകർമ്മം
താൻ പീഡ ക്ഷമിപ്പാനായ്ക്കൂട്ടിയെൻ മഹാകുമ്പൽ
അയ്യയ്യോ സർവ്വേശ്വരാ! കാരണം ഗ്രഹിക്കാതെ
പൊയ്മെയ്യും സ്മരിക്കാതെ, ചെയ്തയ്യോ മഹാകഷ്ടം
അറിവില്ലെന്നും ദൃഢമറിഞ്ഞാലല്ലെന്നും ചൊൽവാൻ
മറിവെന്നതും വരുമറിഞ്ഞും ചെയ്തേനയ്യോ
ഇങ്ങനെ നിന്റെ തിരുത്തോളതിൻ കുരിശിനെ."[62]

ഈശോയുടെ ഐഹിക വാസത്തിനിടയിൽ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അനുഭവം എന്നും ഒരു രഹസ്യമാണ്. എന്നാൽ ചാവറയെ സംബന്ധിച്ചിടത്തോളം തന്റെ ജീവിതത്തിലൂടെ

ഇന്നും ഈശോയുടെ പീഡ തുടർന്നുകൊണ്ടിരിക്കുന്നു എന്നു വിശ്വസിക്കുന്നു. ചാവറ ചെയ്യുന്ന ഓരോ വിനോദ പ്രകടനവും ഈശോയെ പീഡിപ്പിക്കുന്നുവെന്നു സാരം. ഈ ഉത്കൃഷ്ടമായ ചിന്ത ചാവറയെ ദൈവസ്നേഹത്തിന്റെ അഗാധതയിൽ നിലനിറുത്തുന്നു. എങ്കിലും ഈശോ എന്നും പീഡ സഹിക്കുന്നത് മാനവരാശിയുടെ അവസ്ഥയിലൂടെയാണ്. ഈ അവസ്ഥയിൽ ചാവറയ്ക്കും പങ്കുണ്ടെന്നതാണ് പ്രധാനം. എത്ര ഉറപ്പോടു കൂടിയാണ് ചാവറ ഈശോയെ ക്രൂരമായി ശിക്ഷിച്ചതെന്ന് ഏറ്റു പറയുന്നു:

"ദുഷ്ടരാം യൂദജനമട്ടഹാസത്തോടപ്പോൾ
കൂപ്പിട്ടു രക്തപ്പഴി ഞങ്ങൾക്കും തനയർക്കും
ഇന്നു ഞാനവരുടെ നന്ദിഹീനത്തെ വൃഥാ
എന്തിനു വിസ്തീർണ്ണമായ്ച്ചൊല്ലുന്നു മമാത്മാവെ.
ദുർമ്മോഹം നിനച്ചു നീ ഗാംഭീര്യഭാവം പൂണ്ടു
ദുർമ്മനോചരങ്ങളെയോർത്തു നീ ഖേദിച്ചാലും
നേരയ്യോ മമ താത നിന്നുടെ തിരുമൗലി
ഘോരമായ് മുറിച്ചതും ഞാൻ തന്നെ മഹാദുഃഖം
കണ്ടുകേട്ടുള്ള കാഴ്ച കേൾവികൾ നിമിത്തമായ്
കണ്ടകനീണ്ടമുന ഞാൻ തന്നെ പതിച്ചല്ലൊ.
എന്നുടെ നേത്രശ്രോത്രൗ ഞാൻ ഭരിച്ചിരുന്നെങ്കിൽ
നിന്നുടെ മുൾമൂർച്ചകൾക്കാശ്വാസം ഭവിച്ചേനെ
അയ്യയ്യോ സ്നേഹപിതാ നീതന്നു മമ നേത്രം.
മെയ്യയ്യോ തദ്ധ്വേതുവാൽ മുൾമുന കണ്ണിൽ കൊണ്ടു
ഞാൻ ജനിച്ചതുകാലമന്തരിച്ചെന്നാകിലും
ഞാൻ പാപം ചെയ്ത ക്ഷണമെന്നെ ശിക്ഷിച്ചെങ്കിലും
ഇന്നിതിൻ മുനകളാൽ നിന്നുടെ ശിരസിനു
വന്നൊരു പീഡതെല്ലുമന്ദമായ്ച്ചമഞ്ഞേനെ
ആയുരാദികൾ നീട്ടിത്തന്നു നീ പുനഃപുനഃ

ആയതും മമ കഷ്ടാൽ ദുഷ്ടതയ്ക്കാക്കിയയ്യോ
പിന്നെയും നിന്നിലയ്യോ, നിന്നുടെ ദുഃഖക്കൃച്ഛ്രം
വഹനിപോലെരിയുന്ന വൈരികൾ മനോദ്വേഷാൽ
കൂപ്പിട്ടാ ശബ്ദം കേട്ടു പീലാത്തോസ് ഭയപ്പെട്ടു."[63]

ഈശോയുടെ പീഡാനുഭവമെല്ലാം ചാവറ വഴിയും സംഭവിച്ചെന്ന് ഏറ്റു പറയുമ്പോൾ ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം പീഡകൾ സഹിക്കേണ്ടിവന്നുവെന്നും ചാവറ സാക്ഷിക്കുന്നു. ഉദാ. കണ്ണടക്കമില്ലായ്മ കണ്ണിൽ മുൾമുന തറയ്ക്കുന്ന പ്രതീതിയുളവാക്കുന്നു. ആദിപാപം മുള്ളുകൾ മൂലം ശിരസ്സിനുണ്ടായ പീഡയായും ചാവറ കാണുന്നു.

ഈശോയെ പീഡിപ്പിച്ചവരിൽ ഉൾപ്പെട്ട ചാവറ ഈശോയുടെ രൂപം ദർശിച്ചത് "ഹാ ഗൗറാ" ഇതാ മനുഷ്യൻ എന്ന വിരൂപതയിലാണ്. പക്ഷെ ചാവറയുടെ അനുതാപക്കണ്ണുനീർ ചാവറയുടെ അന്ധതയെ നീക്കി ഉൾക്കാഴ്ചയെ സജീവമാക്കി പീഡാനുഭവത്തിന്റെ മറുവശം അനുഭവിക്കാനിടവരുത്തി. അതുകൊണ്ടാണു മിശിഹായെ പീഡിപ്പിച്ചതു സമകാലികരല്ല, മറിച്ച്, ആനുകാലികനായ ചാവറ തന്നെ എന്ന് ഏറ്റു പറഞ്ഞത്. പാപം കുറച്ചാൽ പീഡ ഇല്ലാതാക്കാമെന്ന വലിയ വിജ്ഞാനം ചാവറയ്ക്കുണ്ടായി.

"എങ്കിലും മമ പാപമൊത്തിരി കുറഞ്ഞെങ്കിൽ
നിൻ തിരുവടിയുടെ കഷ്ടവും കുറഞ്ഞേനേ!
ഞാൻ സർവ്വപാപം ചെയ്തു മേ സർവ്വശരീരത്താൽ
നിൻ സർവ്വ ശരീരാംഗമൊക്കെയും ദുഃഖിപ്പിച്ചേൻ."[64]

ചാവറയ്ക്കുണ്ടായിരുന്ന വിശ്വാസം അനുതാപം കൊണ്ട് എല്ലാം പരിഹരിക്കാമെന്നതായിരുന്നു. ഈ ആധ്യാത്മികാനുഭൂതി ചാവറയുടെ ജീവിതത്തെ ഗ്രസിച്ചു.

"എങ്കിലും ദയാനിധേ നിൻ സർവ്വദേഹം ദുഃഖം
ശങ്കിലുള്ളടിയന്റെ ദുഃഖത്താലല്പം നീങ്ങും
എന്നിതു മാത്രം മമ മനസ്സിലുറച്ചിട്ടു
ഇന്നു ഞാൻ ഖേദിച്ചിടാമിതല്ലാതെന്തു ഗതി."[65]

ചാവറയാധ്യാത്മികതയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് "ശങ്കിലുണ്ടായ ദുഃഖം". ഈ ദുഃഖം ചാവറയുടെ ആധ്യാത്മികതയെ കോട്ടം കൂടാതെ നിലനിറുത്തുന്നതിന് ഇടയാക്കി. ചാവറയുടെ ഹൃദയം ദൈവസ്നേഹത്താൽ നിറഞ്ഞ് അനുതാപത്തിന്റെ ക്രിയാത്മകതയെ ഉത്പാദിപ്പിച്ചു. അതുകൊണ്ടു പാപത്തിൽ വീഴാതെ റൂഹാ നിറഞ്ഞവനായി ജീവിച്ച ചാവറ പീഡിതനെ പീഡിപ്പിച്ചിരുന്നവനല്ല മറിച്ച് ആശ്വസിപ്പിച്ചവനാണ്. ഈ ആശ്വാസത്തിന്റെ സംഘാതാത്മകമാനങ്ങളാണു ചാവറയുടെ ശ്ലൈഹികവേല. ദൈവദർശനവും സഹോദരാഭിമുഖ്യവും ചാവറയുടെ ഹൃദയത്തെ ആധികാരികമാക്കിത്തീർത്തു. ഈ ആധികാരികത ദൈവദർശനത്തിന്റെ ഉടമയെന്നപോലെ ചാവറയെ രൂപാന്തരപ്പെടുത്തി.

9:8 ഹൃദയദർശനം

"എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരിക എന്നു നീ പറയുന്നതെങ്ങനെ" (യോഹ. 14:9) എന്നു പീലിപ്പോസിനോട് ഈശോമിശിഹാ അരുളിച്ചെയ്ത വചനമാണ്, 'ഹൃദയദർശനം' എന്ന ശീർഷകത്തിൽ അടിസ്ഥാനമായി വരുന്നത്. ചാവറ ഈശോമിശിഹായെ ദർശിച്ചത് പിതാവിന്റെ അവതാരമായിട്ടാണ്.

"എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
യേകാന്തപ്രേമത്താൽ പാർക്കുന്നഹം
ഏകേശനാഥനെ നിന്നുടെ ദാസൻമേ-
യേകദാ നിന്നെ ഞാൻ കാണാകേണം."[66]

ദൈവം നമ്മോടുകൂടെ-"അമ്മാനുവേലെന്ന" തമ്പുരാനെയാണ് ചാവറ ഈശോയിൽ ദർശിച്ചത്.[67] ബേത്‌ലഹമിൽ കിടന്ന ഉണ്ണിമിശിഹായെ കണ്ട ചാവറ പാടുന്നു:

"കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹം പുക്കതും കാണാകേണം
അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം."[68]

ചാവറ "കാണാകേണം" എന്ന പ്രയോഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത് തന്റെ ഉൾക്കാഴ്ചയിലൂടെ അനുഭവപ്പെട്ട വിശ്വാസ രഹസ്യങ്ങളാണ്. ആത്മീയ നേത്രങ്ങളിലൂടെയുള്ള കാഴ്ചയാണത്. മാനസനേത്രങ്ങളും മനോമുകുരവും അന്തർദർശനവുമെല്ലാം ഹൃദയം കൊണ്ടുള്ള കാഴ്ചയാണ്. ഈ കാഴ്ചയുടെ ഒരു ചിത്രമാണ് ദൈവപുത്രന്റെ അമ്മയിൽ പ്രകടമായത്. "മറിയമാകട്ടെ ഇവയെല്ലാം തന്റെ ഹൃദയത്തിൽ സൂക്ഷിച്ചു ധ്യാനിച്ചു പോന്നു" (ലൂക്ക. 2:19). വീണ്ടും "അവിടുത്തെ അമ്മ കാര്യങ്ങളെല്ലാം ഹൃദയത്തിൽ സൂക്ഷിച്ചു" (ലൂക്ക. 2:51). ഈശോയെ കാണാതെ പോയപ്പോൾ മാതാവും യൗസേപ്പ് താതനും അന്വേഷിച്ച് കണ്ടെത്തിയ രംഗം (ലൂക്ക. 2:46) ചാവറ അവതരിപ്പിക്കുന്നു:

"പുത്രനെക്കാണാതുഴന്ന പിതാക്കൾടെ
ചിത്തദുഃഖത്തേയും കാണാകേണം.
മൂന്നാം നാൾ പുത്രനെ കണ്ടപ്പോഴുണ്ടായ
ഉന്നത സ്നേഹവും കാണാകേണം."[69]

ധ്യാനമെന്തെന്നു നിർവചിച്ച ചാവറ ഹൃദയത്തിന്റെ പ്രവൃത്തിയായ സ്നേഹത്തിലൂടെയുള്ള സംസാരമെന്നു പറയുന്നു: "സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ

ഈശോമിശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കയത്രെ."[70] സ്നേഹ സംഭാഷണത്തിന്റെ കേന്ദ്രബിന്ദു ഹൃദയംതന്നെ. ദൈവത്തെ കാണുന്നതിന്റെയും അടിസ്ഥാന ചൈതന്യം ഹൃദയത്തിന്റേതായിരിക്കണമല്ലോ. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" എന്ന് ഈശോയും പ്രഖ്യാപിച്ചു (മത്താ. 5:8). ഇവിടെ സൂചിപ്പിച്ച ദർശനങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഹൃദയദർശനത്തെക്കുറിച്ചു ചർച്ച ചെയ്യാം.

ഹൃദയദർശനം എന്നത് ആധ്യാത്മിക ദൈവവിജ്ഞാനീയത്തിൽ, ദൈവത്തോടു മനുഷ്യർ ബന്ധപ്പെടുന്നതിനെ വിവരിക്കുന്നതിൽ വരുന്ന ആശയമാണ്. പാശ്ചാത്യ, പൗരസ്ത്യ ആധ്യാത്മിക വിജ്ഞാനീയത്തിൽ പ്രാർത്ഥന ദൈവത്തിന്റെ പക്കലേക്കുള്ള മനസ്സിന്റെ ഉയർത്തലാണ്.[71] എന്നാൽ പ്രാർത്ഥന മനസ്സിന്റെ മാത്രം പ്രവൃത്തിയാകാതെ വ്യക്തിയുടെ സമഗ്രമായ പ്രവൃത്തി ആകേണ്ടതിന് ഹൃദയത്തിന്റെ സവിശേഷതയാണു കണക്കാക്കുന്നത്. അങ്ങനെ മനസ്സിന്റെയും ഹൃദയത്തിന്റെയും ദൈവത്തിലേക്കുള്ള ഉയർച്ച പ്രാർത്ഥന എന്നു വരുന്നു.[72] ആവശ്യമായിരിക്കുന്നത് പ്രാർത്ഥനയാണ്.[73] ചേതനയുടെ ദൈവത്തിലേക്കുള്ള ഉദ്ഗമനം പ്രാർത്ഥനയാണ്.[74] ചേതനയുടെ ദൈവത്തോടുള്ള സംഭാഷണവും പ്രാർത്ഥനയാണ്.[75]

ചേതനാത്മക സംഭാഷണമാണ് ചാവറയുടെ ധ്യാനത്തിൽ കാണാവുന്നത്. അദ്ദേഹം തന്റെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ ദൈവസന്നിധിയിലായിരുന്നു. വെറുമൊരു ദർശനത്തിന്റെ ഭാഗിക പ്രവൃത്തിയല്ല പ്രാർത്ഥന; മറിച്ച് ദൈവപിതാവിന്റെ പക്കലേക്ക് ആൾ പൂർണ്ണമായി അടുക്കുന്നു, ഓർമ്മിക്കുന്നു, ശ്രവിക്കുന്നു, പ്രത്യുത്തരിക്കുന്നു. ചേതന ദൈവവുമായി സംഭാഷിക്കുന്നു.[76] പ്ലേറ്റോയുടെ ബൗദ്ധിക മാത്രമെന്ന ആശയത്തെയല്ല മറിച്ച് സമഗ്രവ്യക്തി എന്നതിനെയാണ് ഹൃദയം എന്ന പ്രയോഗത്തിലൂടെ മനസ്സിലാക്കേണ്ടത്.

ചാവറ ദൈവശാസ്ത്രമോ ആധ്യാത്മിക ദൈവവിജ്ഞാനീയമോ രചിച്ചിട്ടില്ലായെങ്കിലും പൗരസ്ത്യ, പാശ്ചാത്യ സഭാപിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളവയെ ജീവിതാനുഭവത്തിലൂടെ ആവിഷ്ക്കരിച്ചതാണ് അദ്ദേഹത്തിന്റെ ഹൃദയദർശനവും ദൈവത്തോടുള്ള മൂകമായ സംഭാഷണവും: "ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചേരേയിരിക്കുന്നതു തന്നെ തൃപ്തിയാകയും ചെയ്യും, എന്നു വരുമ്പോൾ എന്റെ അമ്മേ ഞാനും ഈശോമിശിഹായെ പട്ടാങ്ങയായിട്ടു സ്നേഹിക്കുന്നുയെങ്കിൽ ഇനിക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ."[77]

ചാവറയുടെ ഹൃദയത്തിൽനിന്നു ബഹിർസ്ഫുരിച്ച മേല്പറഞ്ഞ അനുഭവം വലിയ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു.

1. ചേതനാത്മ സംഭാഷണം ദൈവത്തോടു നടത്തുന്നതാണ് ധ്യാനം.
2. ഹൃദയത്തിന്റെ പൂർണ്ണമായ വിലയനം ധ്യാനത്തിലുണ്ടാകും. (ത്രൈമാനം)
3. ദൈവിക ദർശനത്തിൽ മാനുഷികത സമർപ്പിതമാകുന്നു.
4. ദൈവികദർശനം ദൈവപുത്രനിലൂടെ അനുഭവിക്കുന്നു.
5. അധികമായ സ്നേഹത്തിലൂടെ നിരവധിയായ പാപത്തിനു തടയിടുന്ന ധ്യാനം സംഘാതാത്മക വ്യക്തിത്വത്തിന്റേതെന്ന അവബോധം.

ഇവിടെ സൂചിപ്പിച്ചവയൊന്നും വ്യവസ്ഥാപിതമായ രീതിയിൽ ചാവറ വികസിപ്പിച്ചിട്ടുള്ളവയല്ല, മറിച്ച് അദ്ദേഹം നടത്തിയിരുന്ന ധ്യാനത്തിൽ അനുഭവപ്പെട്ടിരുന്നവയാണ്. മേല്പറഞ്ഞ അഞ്ചു കാര്യങ്ങളെക്കുറിച്ച് കൂടുതലായി ചിന്തിക്കാം.

1. ചേതനാത്മ സംഭാഷണം

റോമ. 8:15,26 വാക്യങ്ങളിൽ കാണുന്ന റൂഹാദ്ക്കുദ്ശായിൽ നടത്തുന്ന പ്രാർത്ഥനയെ അല്ലെങ്കിൽ ധ്യാനത്തെയാണ് ചേതനാത്മക ധ്യാനമെന്നു പറയുന്നത്. ചാവറയുടെ അനുഭവം: "ഇന്നു മുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല..... ആ കർത്താവൊ ഇത് എന്റെ ധൈര്യമില്ലാത്ത ഹൃദയത്തിനു കാണ്മാനും സൂക്ഷിപ്പാനും പാടില്ലാത്ത കാഴ്ചതന്നെ. ഓ! നിന്റെ തിരുമുതുകും പുറവും ഞാൻ ദർശിപ്പാൻ നീ തന്നെ ഇനിക്കു ധൈര്യം തന്നില്ലെങ്കിൽ ഇതിനെ നിന്നു സൂക്ഷിപ്പാൻ വശമാകയില്ല."[78]

ചാവറയുടെ 'ധൈര്യമില്ലാത്ത ഹൃദയം' ഈശോയുടെ മുൻപിൽ സജീവമായത് ചേതനയുടെ (spirit) അനുഭവത്താലാണ്. ഈ ചേതന ഒരാളുടെ ഹൃദയത്തിൽ കുടികൊള്ളുന്ന റൂഹാദ്ക്കുദ്ശായുടെ സാന്നിധ്യവും പ്രവർത്തനവും ഫലവത്താക്കുന്ന മനുഷ്യ ചേതന (human spirit) ആണ്. ധ്യാനത്തിലിരിക്കുന്ന ചാവറ ഈശോയെ ദർശിച്ചതും സ്നേഹസംഭാഷണം നടത്തിയതും ചാവറയുടെ ഉള്ളിലുള്ള ദൈവിക ചൈതന്യത്താലാണ്. ഇത് ദൈവദാനമെന്ന് ചാവറ പറയുന്നുമുണ്ട്. "ഞാൻ ദർശിപ്പാൻ നീ തന്നെ ഇനിക്കു ധൈര്യം തന്നില്ലെങ്കിൽ" എന്നത് ഈശോ നൽകുന്ന ദാനത്തെക്കുറിച്ചാണു സൂചിപ്പിക്കുന്നത്.

2. ഹൃദയത്തിന്റെ പൂർണ്ണവിലയനം

ഹൃദയം എന്നതു വ്യക്തിത്വത്തിന്റെ ആകെത്തുകയാണ്.[79] ഹൃദയദർശനമെന്നതു വ്യക്തി പൂർണ്ണമായും ദൈവസന്നിധിയിൽ ദൈവത്തെ ദർശിക്കുന്നതാണ്. ദീർഘമായ സംഭാഷണത്തിലൂടെ ചാവറ ദൈവസന്നിധിയിൽ വ്യാപരിച്ചശേഷം തന്നെത്തന്നെ ദൈവത്തിനു പൂർണ്ണമായി ന്യാസം ചെയ്തതിന്റെ പ്രകരണങ്ങൾ ഇപ്രകാരമാണ്:

".....കൂദാശ പ്രകാരമായിട്ടും അരൂപിക്കടുത്ത പ്രകാരമായിട്ടും എന്റെ മരണം വരെ എന്നേരവും നിന്നിൽനിന്നു പിരിയാതെ വിശ്വാസത്തിൻ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ടു നിന്നോടൊന്നിച്ചിരിപ്പാനും ഈ വിലതീരാത്ത അച്ചാരവും (ശരീരവും ചോരയും) പണയവും നിമിത്തമായി എന്റെ മരണത്തിൻശേഷവും എന്നേക്കുമായി പരലോകത്തിൽ മൂടൽ കൂടാതെ മുഖ്യമായി നിന്നെ കണ്ടുകൊണ്ടും സ്തുതിച്ചും നിത്യകാലവും ഒന്നിച്ചിരിക്കാമെന്നുള്ള ഇളകാത്ത ശരണവും ഇനിക്കു തന്നിരിക്കുന്നതിനാലെയും....."[80]

ചാവറ മുഴുവനായും തന്റെ ഹൃദയം ഈശോയ്ക്കു കൊടുത്തു എന്നത് തുടർന്നു വരുന്ന വാക്യങ്ങളിൽനിന്നും സ്പഷ്ടമാണ്: "കർത്താവെ! ഇതാ ഈ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദേവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നെള്ളിയിരിക്കേണമെ."[81] "ഇതാ! ഞാൻ കർത്താവിന്റെ ദാസി, അങ്ങയുടെ വാക്കു പോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്ക. 1:38) എന്നു മറിയം പ്രത്യുത്തരിച്ചതു മുതൽ മാതൃഹൃദയം മാനവിക തലത്തിൽ ഈശോയുടെ മടിത്തട്ടായി. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതൻ (യോഹ. 1:18) മാതാവിന്റെ ഹൃദയത്തിലെന്നതുപോലെ ചാവറയുടെ ഹൃദയത്തിലും വാസമാകുന്നു എന്നു ചാവറ അനുഭവിച്ചറിഞ്ഞു. ഹൃദയം ഈശോയുടേതാകുക എന്നത് ശരീരവും ആത്മാവും ചേതനയും (ജീവനും) (എബ്രാ. 4:12; 1 തെസ. 5:23) ഈശോയ്ക്കു സമർപ്പിച്ചതിന്റെ അനുഭവമാണ്. ഇപ്രകാരം ഒരാൾ പൂർണ്ണമായി ദൈവത്തിനു വിട്ടുകൊടുക്കുന്നതിന്റെ രണ്ടനുഭവങ്ങളാണ് ഈശോയുടെ ജോർദ്ദാൻ സാഹചര്യവും വിശുദ്ധമലയിലെ തേജസ്ക്കരണവും (മർക്കോ. 1:1-9;9:2-8).[82] ചേതനയാൽ നയിക്കപ്പെടുന്ന (റോമ. 8:14) ആത്മാവിന്റെയും ശരീരത്തിന്റെയും വിലയനമാണ് ചാവറയിൽ പ്രകടമായത്.

3. ദൈവ ദർശനത്തിന്റെ മാനുഷികത

പൗരസ്ത്യ ദൈവ വിജ്ഞാനീയത്തിൽ മാനുഷികത എന്നതു ദൈവച്ഛായയേയും ദൈവികത എന്നതു ദൈവസാദൃശ്യത്തേയും സൂചിപ്പിക്കുന്നു.[83] ചാവറ നടത്തിയ ധ്യാനത്തിൽ വളരെ പ്രകടമായി കാണുന്നത് മാനുഷികതയുടെ പച്ചയായ അനുഭവമാണ്: "ധ്യാനിപ്പാൻ, ദൈവ സ്നേഹത്തിൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ, പാപംഉള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ ഒന്നാമത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയ മണവാളൻ ഈശോമിശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെയിനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെമേൽ തിരിപ്പിക്കേണമെ."[84] ചാവറയച്ചൻ അമ്മത്രേസ്യായോടു പ്രാർത്ഥിച്ചശേഷം മാതാവിന്റെയും യൗസേപ്പു പിതാവിന്റെയും അനുതാപികളായ നിരവധി വിശുദ്ധരുടെയും സഹായം അഭ്യർത്ഥിക്കുന്നത് മാനുഷികതയുടെ തനിപ്രകാശനമാണ്. ഇതിനും പുറമെ മാനുഷികതയുടെ തനിമയിൽ നിന്നുകൊണ്ടാണ് ചാവറ ദൈവദർശനമനുഭവിക്കുന്നത്. ചില മാതൃകകൾ: "ആ പ്രിയമുള്ള അപ്പാ! നീ എഴുന്നെള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കയാൽ ഇനിക്കുവേണ്ടി ആണികളാൽ കിഴിക്കപ്പെട്ട വരളാതെ വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കയാൽ..... ഈ തൃപ്പാദച്ചുവട്ടിൽ നിന്നടിയൻ വാങ്ങുകയില്ല..... ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലൊ..... നിന്റെ തിരുമുഖം എത്രയും അഴകുള്ളത്. സൃഷ്ടിക്കപ്പെട്ട സകല മുഖങ്ങളിൽ അഴകുള്ളതും മനുഷ്യമക്കളിൽ അഴകുള്ളവനെ എന്ന് എന്റെ പിതാവ് ദാവീദ് പാടുന്നതിനെയും ഞങ്ങൾ കേൾക്കുന്നു."[85]

ചാവറ കർത്താവിനെ ദർശിച്ച ശേഷം പറയുന്നു: "വലത്തു ഭാഗത്തുള്ള കള്ളന്റെ കുരിശിൽ ഞാൻ കരേറി അദ്ദേഹത്തിന്റെ എരിവുള്ള സ്വരത്തോടെ ഞാനും അപേക്ഷിക്കുന്നു."[86] ചാവറ തന്നെത്തന്നെ ഈശോയ്ക്കു പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ധ്യാനിക്കുന്ന മനോഹര രംഗമാണിവിടെ കാണുന്നത്. എല്ലാ കഴിവുകളും കർത്താവിന്റെ കുരിശിൽ സമർപ്പിക്കുന്നു.

4. ദൈവദർശനം ദൈവപുത്രനിലൂടെ

"ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്നു സംസാരിക്കയത്രെ."[87] ലോകത്തിന്റെ പാപം നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടായ (യോഹ. 1:28) ഈശോമിശിഹായുടെ പക്കലാണ് ധ്യാനത്തിന്റെ തുടക്കത്തിൽ തന്നെ സന്നിഹിതനാകുന്നത്. ഇവിടെ ചാവറ ഓർമ്മിക്കുന്നത് അപ്പനായ ഈശോയെയാണ്. "ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയ്തിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടുകൂടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു."[88] ഈശോമിശിഹായെ ചാവറ സമീപിക്കുന്നത്, അവിടുന്ന് അരുളിച്ചെയ്ത ഉപമയിലെ പിതാവിനെ എന്നതുപോലെയാണ് (ലൂക്ക. 15:11-32). ഈശോ അരുളിച്ചെയ്തത് ഉപമയെങ്കിൽ ചാവറയ്ക്കതു യാഥാർത്ഥ്യമായി. അതും ധ്യാനത്തിനിടയിൽ. ഈശോ അരുളിയ ഉപമയിൽ ദൈവപിതാവിന്റെ കാരുണ്യമാണ് പ്രകടമാക്കിയതെങ്കിൽ ഈശോയിലാണ് ചാവറ അതു ദർശിച്ചതും അനുഭവിച്ചതും. ഈശോ വന്നതു നീതിമാന്മാരെ തേടിയല്ല മറിച്ച് പാപികളെ അന്വേഷിച്ചാണ് (മത്താ. 9:13). ഈശോയുടെ മനുഷ്യത്വത്തെ എത്ര ഊഷ്മളതയോടെയാണ് ചാവറ ദർശിക്കുന്നത് എന്നു വ്യക്തമാണ്: "അയ്യോ പാപത്തിന്മേലുള്ള എന്റെ ദാഹം തീർപ്പാനായി ഗദസേമ്മനിൽ തുടങ്ങി നിന്റെ ചോര ഞാൻ കുടിച്ചു തുടങ്ങിയാറെയും തൃപ്തിവരാതെ രക്തധാരകളിലുള്ള ചോരതീർന്നിട്ടു മാംസത്തിന്റെ ഇടകളിൽ ശേഷിച്ചിരുന്ന ചോരയും കുടിപ്പാനായി ഞാൻ നിന്റെ

മാംസം ചീന്തി പൊളിച്ചുവല്ലൊ. ആ അപ്പാ! ഇതുകൊണ്ടും ഞാൻ മതിയായവനല്ലല്ലോ. നീ എന്റെ മേൽ വച്ച സ്നേഹത്തിന്നു മതിയായില്ലല്ലോ. ആ മല്ലനെപ്പോലെ വഴി നടപ്പാൻ പാടും എന്നെഴുതിയിരുന്നതിൻവണ്ണം മാംസം ഇല്ലാതെ പൊങ്ങിയിരിക്കുന്ന നിന്റെ തോളിന്മേൽ എന്റെ പാപചുമടുകൾ കെട്ടിവച്ചിരിക്കുന്ന ഭാരമായ കുരിശിനെ തെളിവോടെ എടുത്തുവച്ചുകൊണ്ടു നടന്നുവല്ലൊ."[89]

വിശുദ്ധഗ്രന്ഥം മിശിഹായെക്കുറിച്ചു പറഞ്ഞിരിക്കുന്നവയെല്ലാം മാനുഷിക അനുഭവത്തിന്റെ സരളതയിൽ ദൈവാനുഭവത്തിന്റെ അഗാധതയോടെ അനുഭവിച്ചറിഞ്ഞിരുന്നു ധ്യാനയോഗിയായിരുന്ന ചാവറ. ധ്യാനം വൈയക്തികതലത്തിൽ, ദൈവികതയുടെ മനുഷ്യാവതാരപരതയെ സുതരാം അനുഭവവേദ്യമാക്കുന്ന ഫലപ്രദമായ സാഹചര്യങ്ങളായിരുന്നു. ചാവറധ്യാനത്തിന്റെ സിംഹഭാഗവും ഈശോയുടെ മനുഷ്യസ്വഭാവത്തിലൂടെയുള്ള തീർത്ഥാടനമാണ്.

5. അധികമായ സ്നേഹം പാപത്തിനു തടയിടുന്നു

"ഇവൾ അധികം സ്നേഹിച്ചതിനാൽ ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ലൂക്ക. 7:47) എന്നരുളിച്ചെയ്ത ഈശോയെ ധ്യാനവേളയിൽ ചാവറ കണ്ടെത്തിയതും അധികമായ സ്നേഹത്താലാണ്. സ്നേഹത്തിന്റെ ആധിക്യമാണ് ചാവറയെ ഏറ്റം നിസ്സാരനെന്ന് ഈശോയുടെ സമക്ഷം അവതരിപ്പിക്കാൻ ഇടവരുത്തിയത്. അധികമായ സ്നേഹത്തിന്റെ ഫലദായകത്വത്തെക്കുറിച്ചുള്ള ഒരു സുവിശേഷമാണ് ചാവറയുടെ ജീവിതം. പാപാതീതനായി ജീവിച്ച ചാവറയുടെ അനുഭവം: "അയ്യയ്യൊ, കർത്താവെ! ഈ മഹാപാപിയായ അടിയന്റെ അശുദ്ധ കൈകളിലും നാവിലും ഹൃദയത്തിലും കൂടെയും എത്രയോ ഊഴം നീ എഴുന്നെള്ളി എന്റെ മനഗുണമുള്ള സർവ്വേശ്വരാ! ഇനി യാതൊരുത്തനെ താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പാൻ ഇടയില്ലാതായല്ലൊ."[90] മറ്റാരെയും കൈക്കൊള്ളാതെ ഈശോയിൽ

എന്നും വ്യാപരിക്കുന്നതിനുള്ള ഉപാധിയായിട്ട് അനുതാപത്തെ ചാവറ കണ്ടിരുന്നെങ്കിൽ അതുതന്നെ അധികമായ സ്നേഹത്തിന്റെ ലക്ഷണമായിരുന്നു. ചാവറ, മാർ യൗസേപ്പു പുണ്യവാനോടു പ്രാർത്ഥിക്കുന്നതു ദൈവ സമക്ഷം നിത്യം നിലനിർത്തുന്നതിനുവേണ്ടിയാണ്: "ആയതിനാൽ മരണം വരുന്നതിനു മുമ്പേ, എന്റെ കർത്താവിന്റെ മുഴുവനായ ഉപവിയും (മത്താ. 5:48) ഇഷ്ടപ്രസാദവും എന്നിൽ കുടിയിരുപ്പാനും പാപവും പാപത്തിൻ പരിഹാരക്കടവും എന്നിൽ നിന്ന് ഒഴിയുന്നതിനും ഈ ഭാഗ്യപ്പെട്ട ആഴ്ചവട്ടത്തിൽ നീ തന്നെ എന്റെ കർത്താവിൻ പക്കൽ കൂട്ടിക്കൊണ്ടുപോയി തന്റെ തിരുവുള്ളക്കേടു മുഴുവനും തീർത്ത് സന്തോഷമായി എന്നെ ഞാൻ കൈക്കൊണ്ട തന്റെ പക്കൽ എന്നെ നീ ഏൾപ്പിച്ചു നിറുത്തുമെങ്കിൽ തെളിവോടെ ഞാനും തന്റെ മരണത്തോടുകൂടി മരിച്ചുയർത്ത തന്റെ കരേറ്റത്തോടുകൂടെ എന്നെയും തന്റെ രാജ്യത്തിലേക്കു കൊണ്ടു പോകയും ചെയ്യും."[91] മുഴുവനായ ഉപവിയും പ്രസാദവരവും പാപവും പാപത്തിൻ പരിഹാരക്കടവും തീർക്കും.

ദൈവസ്നേഹമനുഭവിച്ചറിഞ്ഞ ചാവറ ഒരിക്കലും ദൈവത്തിൽ നിന്നും സഹജരിൽനിന്നും ആത്മസ്നേഹത്തിൽ നിന്നും വ്യതിചലിക്കാതിരുന്നത് പാപവിമുക്തിക്കിടവരുത്തി. നിർമ്മല ഹൃദയം ദൈവ ദർശനത്തിനും കാരണമായി (മത്താ. 5:8).

നിർമ്മല ഹൃദയം, ഹൃദയശുദ്ധി എന്നെല്ലാം പറയുന്നത് പ്രധാനമായും മൂന്നു കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്നാമത്തേത് തന്നോടുതന്നെയുള്ള ആത്മാർത്ഥതയാണ്. തന്നത്താൻ സ്നേഹിക്കുക എന്നതു തന്നെയാണ് മേല്പറഞ്ഞ ആശയം. ദൈവം നമ്മോടുകൂടെ എന്ന അനുഭവമാണത്. ദൈവം സ്നേഹമായതുകൊണ്ട് സ്നേഹത്തിന്റെ അടിസ്ഥാന പ്രമാണവുമാണത് (1 യോഹ. 4:16,21; റോമ. 5:5; മർക്കോ. 12:31). തന്നത്താൻ സ്നേഹിക്കുന്നവൻ ഉടനെ തിരിയുന്നതു സഹോദരങ്ങളിലേക്കാണ്.

രണ്ടാമത്തെ ഹൃദയ നൈർമ്മല്യം സഹോദരങ്ങളിലേയ്ക്കുള്ള തുറവിയും അവരോടുള്ള ആത്മാർത്ഥതയുമാണ്. എന്നാൽ തന്നെ തന്നെ സ്നേഹിച്ചവനായി ഭൂമുഖത്തു പ്രത്യക്ഷപ്പെട്ട ഏകമനുഷ്യൻ ഈശോയാണ്. അവിടുന്നു വന്നത് എല്ലാ മനുഷ്യർക്കും ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ് (യോഹ. 10:10; യോഹ. 15:12-13). ഈശോ മനുഷ്യരെ സഹോദരങ്ങളെന്ന നിലയിൽ സ്നേഹിക്കുകയും അവസാനംവരെ സ്നേഹിക്കുകയും ചെയ്തുകൊണ്ട് സഹോദരങ്ങളോടുള്ള ആത്മാർത്ഥത പ്രകടമാക്കി (എബ്രാ. 10:10). ഈശോ തന്നോടുതന്നെയും സഹോദരങ്ങളോടുമുള്ള ആത്മാർത്ഥത ജീവിതത്തിലൂടെ നടപ്പാക്കിയതാണ് മിശിഹായുടെ കല്പന. അതു വഴി മനുഷ്യരെല്ലാവരും വിശുദ്ധീകരിക്കപ്പെട്ടതിനാൽ ഈശോ പിതാവിനോടും പരിപൂർണ്ണ ബന്ധത്തിലായിരുന്നു.

മൂന്നാമത്തെ ഹൃദയശുദ്ധിയുടെ ഘടകം ദൈവത്തോടുള്ള ആത്മാർത്ഥതയാണ്. ഇതു ഹൃദയം മുഴുവനും ദൈവത്തിനുള്ളതാകുന്നതാണ് (നിയമ. 6:5; മർക്കോ. 12:29-30). ഈശോയുടെ മാനുഷിക ഹൃദയം പൂർണ്ണമായും ദൈവപിതാവിൽ ലയിച്ചിരുന്നു. (യോഹ. 4:34; 5:17-23, 30,43;8:24,28;14:9,10,11,20;17:4,17,19,21,22;19:30).

ചാവറയുടെ ഹൃദയദർശനമാണ് അദ്ദേഹത്തെ തികഞ്ഞ അനുതാപിയാക്കിയത്. ഇതേ ഹൃദയകാഴ്ച ദൈവജനത്തിനായും ജീവിക്കുന്നതിന് ചാവറയ്ക്കു സഹായകമായി. എന്നാൽ ദൈവമായിരുന്നു ചാവറയുടെ പാനപാത്രത്തിന്റെ ഓഹരി.

ഏക കർത്താവായ ദൈവത്തിനു നൽകുന്ന പ്രത്യുത്തരം പൂർണ്ണമായിരിക്കേണ്ടതുകൊണ്ട് (മർക്കോ. 12:28-29) ചാവറ ദൈവസ്നേഹത്തിൽ സഹോദരസ്നേഹവും ആത്മസ്നേഹവും കണ്ടെത്തി. പരിപൂർണ്ണസ്നേഹം ചാവറയെ റൂഹാ നിറഞ്ഞവനുമാക്കി.

"അമ്മാനുവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ" എന്ന് അനുഭവിച്ചറിഞ്ഞ ചാവറ പൂർണ്ണഹൃദയത്തോടെ ദൈവത്തിനും ദൈവജനത്തിനും തനിക്കുമുള്ളവനായി.

9:9 സ്നേഹസംഭാഷണം

"സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലൊ. എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും."[92]

"അമ്മനുവേലെന്നെ" - ദൈവം നമ്മോടുകൂടെ എന്ന-അനുഭവം മനുഷ്യരെ സംബന്ധിച്ചിടത്തോളം സ്നേഹാനുഭവമാണ്. കാരണം രണ്ട് അടിസ്ഥാനത്തിൽ ഈ സത്യം ഗ്രഹിക്കാവുന്നതാണ്. ഒന്നാമത്തേത് ഓരോരുത്തരിലുമുള്ള സ്നേഹവാസനയാണ്. സ്നേഹത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ നാലുവശങ്ങൾ അതിനുള്ളതായി കാണാം. അവ ജഡിക സ്നേഹം, അവശ്യസ്നേഹം, സൗഹൃദം, പരിപൂർണ്ണസ്നേഹം എന്നിവയാണ്. ജഡികസ്നേഹമെന്നത് പഞ്ചഭൂതഘടകങ്ങളോടുകൂടിയ മനുഷ്യവ്യക്തിയുടെ രൂപവത്ക്കരണം മാതാപിതാക്കളിലൂടെ നടക്കുന്നതനുസരിച്ച് ഉണ്ടാകുന്ന ജനിതകാവസ്ഥയാണ്. ഈ ജനിതകാവസ്ഥയെ കൈമാറ്റത്തിൽ പൈതൃകം എന്നു വിശേഷിപ്പിക്കാം. ഈ അവസ്ഥയാണ് തത്വംശത്തിന്റെ (ഹോർമോൺ) അവസ്ഥയിൽ ഒരു മനുഷ്യവ്യക്തിയിൽ ആരംഭമിടുന്നതും വളർന്നു വികസിച്ച് അനുഭവമാകുന്നതും. ഇതിന്റെ കാലഘട്ടത്തെക്കുറിച്ച് പറഞ്ഞാൽ ജനനത്തിന്റെ ആദ്യനിമിഷം മുതൽ ജനിച്ചശേഷം രണ്ടര വയസ്സുവരെ ഒരു കുട്ടിയിൽ ഉണ്ടാകുന്ന സ്നേഹാനുഭവമാണ്. ധ്യാനം സ്നേഹസംഭാഷണമെന്ന ചാവറയുടെ അനുഭവത്തിലൂടെ ഈ അവസ്ഥയെ അപഗ്രഥിച്ചാൽ, അതു തീർത്തും ദൈവദാനമെന്ന നിലയിലാണു മനുഷ്യരിൽ തുടക്കം കുറിക്കുന്നത്. ചാവറയുടെ ബോധ്യം:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ!
ആദ്യ ഹീനനാം നിന്റെ ദയതന്നെ.

.....

പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ.
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ."[93]

ചാവറയുടെ മാതാവിനു ദൈവം - "നീ നൽകിയ സ്നേഹത്താൽ"- നൽകിയ സ്നേഹം ഇവിടെ ജഡിക സ്നേഹത്തിന്റെ വ്യവസ്ഥയിലാണ്. ഈശോയുടെ ജനനത്തിൽ മറിയവും യൗസേപ്പുതാതനും വഴി റൂഹാദ്ക്കുദ്ശാ ജഡിക സ്നേഹത്തെ ദൈവസ്നേഹസമാനം കൈമാറി. സ്നാപകയോഹന്നാന്റെ കാര്യത്തിലും (ലൂക്ക. 1:13) മാതാവിന്റെ കാര്യത്തിലും (ലൂക്ക. 1:35) ഇപ്രകാരം സംഭവിച്ചു. ചാവറയിൽ തന്റെ അമ്മവഴി എന്നു ചാവറ ധ്യാനിക്കുന്നു.

ജഡികസ്നേഹത്തെ തുടർന്നു വരുന്നത് അവശ്യസ്നേഹമാണ്. ഒരു കുട്ടിയുടെ വളർച്ചയിൽ കുട്ടിക്കനുഭവപ്പെടുന്ന വൈകാരികസ്നേഹമാണിവിടെ വിവക്ഷ. കുട്ടിയെ വളർത്തുന്നവരിൽനിന്നു ലഭിക്കുന്ന പരിലാളനയും സംരക്ഷണവുമാണിവിടെ വിവക്ഷ. ചാവറയ്ക്കുണ്ടായ പ്രത്യേകമായ ഒരു സാഹചര്യം സ്വന്തം അമ്മയിൽനിന്നു ലഭിച്ച ശാരീരിക പരിഗണന ദൈവസ്നേഹാനുഭവത്തിനും ഇടവരുത്തിയെന്നതാണ്.

"അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും."[94]

അവശ്യസ്നേഹം ലഭിക്കേണ്ട കാലത്ത് അതു വേണ്ട വിധത്തിൽ ലഭിക്കാതിരിക്കുന്നതാണ് ഉത്ഭവ പാപത്തിന്റെ തുടർച്ച വൈയക്തികമായി തുടരുന്നത്. ഈ അവസ്ഥയുടെ പ്രതിഭാസമാണ് ലോകമെങ്ങും

കാണുന്ന സ്നേഹരാഹിത്യത്തിന്റെ തകരാറുകൾ. അതു ജീവിതകാലം മുഴുവനും വ്യക്തിയെ സ്വാധീനിക്കുന്ന ദയനീയ രംഗം ചാവറയിൽ പരിഹൃതമായിരുന്നുവെന്നതാണ് സത്യം. ചാവറയുടെ അനുഭവമിതാണ്:

"അങ്ങനെ വളർത്തീടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിന്നുമിഷ്ടൻ ഞാൻ."[95]

അവശ്യസ്നേഹം ലഭിക്കേണ്ട ശൈശവ കാലത്തിലതു ദൈവ സ്നേഹമായി ചാവറയ്ക്കു ലഭിച്ചു എന്നത് പ്രത്യേക പരിഗണന നൽകേണ്ട കാര്യമാണ്. ഇതിന്റെ അഭാവമാണ് കുടുംബ തകർച്ചയ്ക്കും മാനവ നശീകരണത്തിനും ഒരു പരിധിവരെ കാരണമാകുന്നത്. എന്നാൽ അവശ്യസ്നേഹമെന്നത് ദൈവസ്നേഹാനുഭവമുള്ളവർ നൽകിയാൽ അത് ശ്രേഷ്ഠമായ ഒരു പൈതൃകമാകും.

സൗഹൃദസ്നേഹമെന്നത് ചാവറയെ സംബന്ധിച്ചിടത്തോളം സ്കൂളിൽനിന്നും ദൈവാലയത്തിൽനിന്നും അയൽവാസികളിൽ നിന്നും അനുഭവപ്പെട്ടതാണ്. എന്നാൽ ഈ കാലഘട്ടത്തിലും ദൈവ സ്നേഹത്തിൽനിന്നും അടർത്തിമാറ്റാത്ത ഒന്നായിട്ടാണ് ചാവറയ്ക്കത് അനുഭവപ്പെട്ടത്. വ്യതിചലനാവസരം വന്നു:

"സർവ്വേശൻ നീതീശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽനിന്നും കാത്തു രക്ഷിച്ചു മമ ജീവൻ.
സർവ്വന്യായത്താലപ്പോൾ ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വ കാരുണ്യത്തോടേ കാത്തല്ലൊ മേ ദൈവമേ.
എന്നെ ശിക്ഷിച്ചീടുവാനോങ്ങിയ തിരുക്കരം
അന്യരിൽ തിരിച്ചതിൽ കാരണമെന്തു നാഥാ."[96]

സൗഹൃദസ്നേഹത്തിന്റെ കാലഘട്ടത്തിൽ ചാവറയെ കാത്തു സൂക്ഷിച്ചതും ദൈവസ്നേഹം:

"എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നന്ദിഹീനനായിടുമെന്റെ മേലുള്ള സ്നേഹം."[97]

സൗഹൃദസ്നേഹത്തിന്റെ കാലഘട്ടത്തെയും അതിജീവിച്ചു ദൈവസ്നേഹത്തിലെത്തിയ ചാവറയെയാണു നാം കാണുന്നത്:

"മമ പിതാവുനീയെ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ-
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!"[98]

അമ്മനുവേലെന്നത് സ്നേഹാനുഭവമെങ്കിൽ അതിന്റെ രണ്ടാമത്തെ ഘടകം സ്നേഹം തന്നെയായ ദൈവം ഓരോരുത്തരിലുമുണ്ടെന്നുള്ളതാണ്. ഓരോരുത്തരോടും കൂടെയുള്ള ദൈവം തന്റെ ഛായയിലൂടെയും സാദൃശ്യത്തിലൂടെയും പ്രവർത്തിക്കുന്നു (ഉത്പ. 1:26,27;2:7, റോമ. 5:5; നിയമ. 6:5; 1 യോഹ. 4:8,16; റോമ. 8:14-26). ചാവറ സ്നേഹസംഭാഷണത്തിലൂടെ തന്നിലുള്ള പരിശുദ്ധാത്മാവിനോട് നിരന്തരം ബന്ധപ്പെട്ടിരുന്നതിനാൽ ധ്യാനസമയത്ത് മാത്രമല്ല, എപ്പോഴും സ്നേഹസംഭാഷണം നടത്തിയിരുന്നു. അതുകൊണ്ടാണ് ഇപ്രകാരം ആലപിച്ചത്:

"മമ പിതാവുനീയേ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ-
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ!"[99]

ശാരീരികമായും മാനസികമായും ആധ്യാത്മികമായും ചാവറ പരിപൂർണ്ണസ്നേഹത്തിന്റെ ഉടമയായിരുന്നു. ദൈവത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹസംഭാഷണം; അതായത് ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും

പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിച്ചിരുന്നത് (മത്താ. 22:37-38) ദൈവ സ്നേഹത്തിന്റെ അത്യഗാധത്തിലേയ്ക്കു ചൂഴ്ന്നിറങ്ങിയപ്പോൾ തന്റെ നിസ്സാരതയെ പാപാവബോധത്തോടെ ദർശിച്ച് അത്യുന്നതസ്നേഹ ത്തിലേയ്ക്കുയരുന്നു: "ആ എന്റെ പ്രിയമുള്ള അപ്പാ! ഇതുതന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ശങ്കി ക്കുന്നു. അതെന്തെ, ഈവണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെ പ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്?"[100] ചാവറ സ്നേഹസം ഭാഷണം തുടരുന്നു: "അപ്പഴൊ, സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്വാൻ തനിക്കു വശമുണ്ടാ മൊ..... ആ എന്റെ മനോഗുണമുള്ള പിതാവെ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കായിൽ മണ്ണും പുഴുവും ഞാൻ വലു തായി സ്നേഹിച്ചു..... ഇതാ ഭയത്തിനു നമുക്കിടയില്ലാതെ താൻ ചെയ്തിരിക്കുന്നു. ഇനി ഭയത്തിന് അടിയാര് നിങ്ങളായില്ല പിന്നെയൊ മക്കൾ വീണ്ടും. ഇനി അടിയാരെന്ന് നിങ്ങളെ ഞാൻ വിളിക്കയില്ല പിന്നെയൊ എന്റെ സ്നേഹിതന്മാരെന്ന്. ..... ഈ മഹാപാപി യായ അടിയന്റെ അശുദ്ധ കൈകളിലും നാവിലും ഹൃദയത്തിലും കൂടെയും എത്രയോ ഊഴം നീ എഴുന്നെള്ളി എന്റെ മനഗുണമുള്ള സർവ്വേശ്വരാ! ഇനിയാതൊരുത്തനെ താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പാൻ ഇടയില്ലാതായല്ലൊ."[101] സ്നേഹസംഭാഷണം തുടരുന്നു: "..... മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം കൊടു ക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനി മരണപര്യന്തം പോയിപ്പോകാതിരിപ്പാനും ഉറപ്പും നിന്റെ മേലുള്ള സ്നേഹത്തിൻ മേൽക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള ഓർമ്മയോടെ നടപ്പാനും....."[102] ഇപ്രകാരം ദൈവത്തോടു നടത്തിയ സ്നേഹസം ഭാഷണം മരണനിമിഷംവരെ തുടർന്നിരുന്ന ജീവിതമായിരുന്നു ചാവ റയുടേത്. തികഞ്ഞ ഒരു ധ്യാന യോഗിയുടെ ചിത്രവുമാണിത്.

9:10 ധ്യാനയോഗി

ഭാരതീയ ദർശനത്തിൽ ധ്യാനയോഗം എന്ന അവസ്ഥ പ്രധാനപ്പെട്ട ഒരു സാധനയാണ്. വിശുദ്ധ ഗ്രന്ഥത്തിലും ധ്യാനയോഗത്തിന്റെ ചിത്രങ്ങൾ നിരവധിയാണ്. അബ്രാഹം ദൈവത്തെ ദർശിച്ചനുഭവിച്ചതും മാനവരാശിക്കത് അനുഗ്രഹപ്രദമായതും വലിയ സംഭവമാണ് (സൃഷ്ടി 15;16;17;18:10-19). മൂശെ ദൈവസാന്നിധ്യം അനുഭവിച്ചറിഞ്ഞതും ഇസ്രായേൽ ജനതയെ ഏകസത്യ വിശ്വാസത്തിലേക്കും ആന്തരികാരാധനയിലേക്കും മാനവ ഐക്യത്തിലേക്കും ആനയിച്ചതും ധ്യാനയോഗത്തിന്റെ നിദർശനമാണ് (പുറ. 3:14; ഏശ. 58; ഏറ. 31:31-33; ആമോ. 2:7-12; ഹോസി. 2). യാഹ്വെയുടെ വിനീതരായ യോഹന്നാൻ മാംദാന, നസ്രത്തിലെ കന്യക, നീതിമാനായ യൗസേപ്പ് എന്നിവർ ഈശോയിൽ രക്ഷ കണ്ടെത്തിയതും ഈശോ വിശുദ്ധമലയിൽ വച്ച് പിതൃ, റൂഹാ ഐക്യത്തിൽ മാനവരാശിയെ ഒന്നിപ്പിച്ചതും ധ്യാനയോഗത്തിന്റെ അത്യുന്നതാവസരങ്ങളും അനുഭവങ്ങളുമാണ് (മത്താ. 17:1-8; മർക്കോ. 9:2-8; 2 പത്രോ. 1:17-18; ലൂക്ക. 9:28-36; 22:14-20; യോഹ. 19:17-37). സഭ മിശിഹായുടെ മണവാട്ടിയായിത്തീർന്ന് യുഗാന്ത്യത്തിലേക്കു മുന്നേറുന്നതാണ് ഇന്നത്തെ ധ്യാനയോഗത്തിന്റെ സാക്ഷ്യം. ഈ സാക്ഷ്യത്തിന്റെ മാതൃകകളായ ശ്ലീഹന്മാരും മരുഭൂമിയിലെ ഋഷികളും വനവാസികളും സഭാ പിതാക്കന്മാരും ധ്യാനയോഗികളും നിരവധിയാണ്[103] (നട. 2:1-47).

സഭാ ജീവിതത്തിലാണ് ധ്യാനയോഗിയായ ചാവറയെ കണ്ടെത്തുന്നത്. അദ്ദേഹം പറയുന്നത്: "സ്നേഹത്താൽ ദൈവത്തോടു ചേർന്നു, തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ, ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന് സംസാരിക്കയത്രേ ഇതിന്റെ പ്രവൃത്തി (ധ്യാനം)."[104]

ചാവറ തന്റെ പാവപ്പെട്ട, പാപപങ്കിലമെന്നു വിശേഷിപ്പിക്കുന്ന

"അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ"-

ഹൃദയത്തിൽ ദൈവത്തെ ദൈവദർശനം വഴി കണ്ടെത്തിയത്

"മമ പിതാവു നീയേ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ-"[105] എന്നാണ്.

ഇതുതന്നെയാണ് അനുധ്യാനയോഗം. ആത്മജ്ഞാനത്തിന്റെയും മാനുഷികാവസ്ഥയുടെയും നിജസ്ഥിതിയറിഞ്ഞ ചാവറ ധ്യാനയോഗത്തിൽ പരമ പരിശുദ്ധിയുടെ ദൈവസമക്ഷം ധ്യാന സമയത്തു മാത്രമല്ല ജീവിതകാലം മുഴുവൻ ദൈവൈക്യത്തിലായിരുന്നു:

"നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും
എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ചു പിന്തിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻ തുടർന്നെന്റെ പിമ്പേ
.....
നിന്ദിതനായി തള്ളിയുപേക്ഷിച്ചില്ല ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളു."[106]

ദൈവസ്നേഹം ചാവറയുടെ ഹൃദയത്തിൽ സ്വമാതാവിലൂടെ റൂഹാ ചെറുപ്പം മുതൽ ശക്തിപ്പെടുത്തിയിരുന്നു. അതുകൊണ്ട് ജഡിക സ്നേഹത്തിന്റെ നൈസർഗ്ഗിക വളർച്ച വൈകാരിക സ്നേഹത്തിന്റെ കാലഘട്ടമായ മൂന്നു മുതൽ എട്ടുവരെയുള്ള പ്രായത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയെങ്കിലും അതോടൊപ്പം ദൈവസ്നേഹവും സജീവമായിത്തുടങ്ങി. ഇപ്രകാരം ചെറുപ്പത്തിൽ തന്നെ ചാവറയിൽ സജീവമായിത്തുടങ്ങിയ ദൈവസ്നേഹമാണ് ചാവറയുടെ ധ്യാനയോഗത്തിലും തെളിഞ്ഞു നില്ക്കുന്നത്. ഈ ആധ്യാത്മിക സാധന ചാവറയെ

അനുസ്യൂതം നയിച്ചിരുന്നു. അതുകൊണ്ട് യൗവ്വന ദശയിൽ ചാവറ തന്നിലുള്ള ജഡിക സ്നേഹത്തെയും വൈകാരിക സ്നേഹത്തെയും ദൈവസ്നേഹത്തിലേക്കു രൂപാന്തരപ്പെടുത്തി. ഈശോയെ മണവാള നായി കണ്ടനുഭവിച്ചതായിരുന്നു ചാവറയുടെ ധ്യാനയോഗം. "സ്നേഹി തന്മാരോടൊന്നിച്ചുള്ള സംഭാഷണമെന്നപോലെ, ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്ന് സംസാരിക്കുകയത്രെ ധ്യാനം."

ആത്മാനുതാപത്തിന്റെ അന്തർധാര ഈശോയെ അപ്പനായി കണ്ടുകൊണ്ട് പാപമോചനത്തിനായി കേഴുകയാണ്. ആത്മമണവാള നായ ഈശോയെ സ്നേഹവായ്പിൽ ദർശിക്കുന്ന മനോഹരരംഗം:

"എത്രയും ചിത്രമാം നിൻമുഖപത്മത്തെ
യേകാന്ത പ്രേമത്താൽ പാർക്കുന്നഹം."[107]

ചാവറ തന്റെ ധ്യാനയോഗത്തിലൂടെ അനുഭവിച്ചറിഞ്ഞ സ്നേഹ ത്തിന്റെ ത്രൈമാനമായ രഹസ്യങ്ങൾ ഇനിയും പുറത്തു വന്നില്ല. ചാവറ ഭക്തർക്കും സഭാതനയർക്കും മാനവരാശിക്കും അതൊരു സുവിശേഷം തന്നെയായിരിക്കും. അതിനാൽ ചാവറ തന്നിലൂടെ സാക്ഷാത്കരിച്ച പരിപൂർണ്ണ സ്നേഹത്തിലേക്കു കടക്കാം. ഒൻപതാമത്തെ ശീർഷക ത്തിൽ ചാവറയുടെ ജഡിക, വൈകാരിക, ദൈവസ്നേഹത്തെക്കുറിച്ചു സൂചിപ്പിച്ചിരുന്നു. ഇവിടെ മേല്പറഞ്ഞ സ്നേഹഭാവത്തെക്കുറിച്ച് അടി സ്ഥാനപരമായി ചിന്തിക്കാം.

വനവാസികളും ആശ്രമസ്ഥരും ദൈവസ്നേഹത്തെപ്രതി നട ത്തുന്ന താപസജീവിതമാണ് വർണ്ണനയിൽ വരുന്നതെങ്കിലും അതിന്റെ ലക്ഷ്യം ദൈവൈക്യമാണ്. ഉപവിയാണു പൂർണ്ണതയുടെ അച്ചാരമെന്ന് വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്നുണ്ട് (നിയമ. 6:5; മത്താ. 22:37-38; ലൂക്ക. 10:27-40; മത്താ. 25:31-46; 1 കോറ. 13:1-13; 1 യോഹ. 4:8,16; റോമ. 8:31-39;10:4). "ദൈവം സ്നേഹമെന്ന ആശയം യോഹന്നാൻ

ശ്ലീഹാ വ്യക്തമാക്കിയിട്ടുണ്ട്" (1 യോഹ. 4:8,16). ചാവറയിൽ എന്നതു പോലെ ഏതു വ്യക്തിയിലും അടിസ്ഥാനമായി കിടക്കുന്ന സ്നേഹം ദൈവികമാണ്: "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ. 4:12). വീണ്ടും ശ്ലീഹാ പറയുന്നത്: "ദൈവം ആദ്യം നമ്മെ സ്നേഹിച്ചു" (1 യോഹ. 4:19) എന്നാണ്. ഈ സ്നേഹമാണ് ദൈവസാദൃശ്യത്തിന്റെ രൂപത്തിൽ എല്ലാ മനുഷ്യരിലുമുള്ളത് (ഉത്പ. 1:26;2:7). റൂഹാദ്ക്കുദ്ശാവഴി ഈ സ്നേഹം മനുഷ്യഹൃദയങ്ങളിൽ വസിക്കുന്നു (റോമ. 5:5).

സ്നേഹത്തിന്റെ ആത്യന്തിക രൂപമായ ദൈവസ്നേഹമാണ് ഒന്നാമത്തേത്. ഇതു സൃഷ്ടിലൂടെ നൽകുന്നതാണ്. ചാവറ പാടുന്നു:

"ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്.

.....

എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു."[108] ദൈവ സ്നേഹത്തോടു ചേർന്നിരിക്കുക എന്നത് ദൈവസ്നേഹത്തിൽ വ്യാപരിക്കലാണ്. ചാവറയുടെ വാക്കുകൾ: "ധ്യാനിപ്പാൻ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ."[109] ചാവറയുടെ ദൈവസ്നേഹാനുഭവം അദ്ദേഹത്തെ മറ്റു സ്നേഹാനുഭവങ്ങളിലേക്കു നയിക്കുന്നു.

രണ്ടാമത്തെ സ്നേഹം ബൗദ്ധിക, മാനസിക, വൈകാരിക തലങ്ങളിൽ പ്രകടമാകുന്നതാണ്. ഇതും ദൈവസ്നേഹത്തിന്റെ പ്രകാശനമാണ്. യോഹന്നാൻ ശ്ലീഹാ പറയുന്നു: "സ്നേഹം ദൈവത്തിൽ

നിന്നാണ്. സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്നു ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു" (1 യോഹ. 4:7). രണ്ടാമത്തെ തരത്തിലുള്ള സ്നേഹത്തിനു വലിയ ഊന്നൽ നൽകുന്നതുകൊണ്ടാണ് അറിവിന്റെ ഘടകത്തിന് യവനർ പ്രാധാന്യം നൽകുന്നത്. ഉപവി അറിവിലേക്കുള്ള വാതായനമെന്ന് എവാഗ്രിയൂസ് പറയുന്നു.[110] ദൈവജ്ഞാനത്തെ പ്രതി എല്ലാം ചെയ്യുന്ന രീതിയും ഇവിടെ പ്രകടമാകുന്നു.[111] വഴിയും സത്യവും ജീവനും ഞാനാകുന്നുവെന്നരുളിച്ചെയ്ത മിശിഹാ (യോഹ. 14:6) സ്നേഹത്തിന്റെ നിയമമാണ് (റോമ. 8:39). സ്നേഹവും ജ്ഞാനവും പരസ്പര ഐക്യത്തിലാണ്.[112] അനുചിന്തനം മാനസിക ബൗദ്ധിക വ്യാപാരമെങ്കിലും അതു സ്നേഹത്തിന്റെ അനുഭവത്തിൽ നിലകൊള്ളുന്നതിനാൽ വൈകാരികമെന്നു വിശേഷിപ്പിക്കുന്നു. വികാരം മനുഷ്യാത്മാവിന്റെ (Human Soul) ഒരു പ്രവർത്തനകഴിവാണ്. ചാവറയുടെ അനുഭവം വ്യക്തമാക്കുന്നതും അറിവിന്റെ സംസാരവും ഹൃദയത്തിന്റെ സ്നേഹവും കൈകോർക്കുന്നുവെന്നാണ്: "ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്നു വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരം പോലെ ആകുന്നു..... പട്ടാങ്ങയായിട്ടു സ്നേഹിക്കുന്നുയെങ്കിൽ ഇനിക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ."[113] രണ്ടാമത്തെ സ്നേഹഘടകത്തിൽ വരുന്ന വൈകാരിതയാണ് ചേരേയിരിക്കുക, സംസാരിക്കുക, അനുഭവം ഉണ്ടാകുക എന്നത്. പക്ഷെ ഇതെല്ലാം ദൈവസ്നേഹത്തിന്റെ പ്രകാശനമെന്ന സത്യമാണ് ചാവറയിലും തെളിഞ്ഞു നില്ക്കുന്നത്. അടുത്തതായി ജഡിക സ്നേഹത്തിന്റെ സ്വഭാവം പര്യാലോചിക്കാം.

മൂന്നാമത്തെ തരത്തിലുള്ള സ്നേഹമാണ് പ്ലൂട്ടോനിക് ശൈലിയിൽ ഇറോസ് അഥവാ ജഡിക സ്നേഹമെന്നു വിശേഷിപ്പിക്കുന്നത്. അതൃപ്തമായ ഹൃദയത്തിന്റെ ആഗ്രഹമാണു ജഡികസ്നേഹം.

ദൈവികപദ്ധതിയിൽ ജഡികസ്നേഹമെന്നത് വൈകാരികതയിലൂടെ ദൈവസ്നേഹത്തിലേക്കു ചലിക്കേണ്ടതാണ്. എന്നാൽ അനുചിന്തനത്തിലൂടെ ഈ രൂപാന്തരീകരണ പ്രക്രിയ നടക്കേണ്ടതുള്ളതിനാൽ അതിനുള്ള അഭ്യാസത്തിൽ ജഡിക സ്നേഹത്തെ കാണേണ്ടതുണ്ട്. ഇവിടെയാണു ചാവറ പാപമുള്ള ഹൃദയത്തെക്കുറിച്ചു ധ്യാനിക്കുന്നത്.[114]

"ധ്യാനിപ്പാൻ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ, പാപം ഉള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ, പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ ഒന്നാമത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയ മണവാളൻ ഈശോമിശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെയിനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കേണമേ!"[115]

ചാവറ രചിച്ച ആത്മാനുതാപമെന്ന കൃതിയിലും ധ്യാനസല്ലാപങ്ങളിലും നിറഞ്ഞു നില്ക്കുന്നത് ജഡിക സ്നേഹത്തിന്റെ ഏതൊരു ചലനവും വൈകാരിക സ്നേഹത്തിലൂടെ ദൈവസ്നേഹത്തിൽ എത്തേണ്ടതിനുള്ള മാർഗ്ഗങ്ങളാണ്. വിശുദ്ധർ വലിയ ഭയത്തോടുകൂടി ഏറ്റം നിസ്സാരമായ സ്നേഹത്തിന്റെ വീഴ്ചയേയും വളരെ ഗൗരവത്തോടെ കണ്ടു എന്നത് ചാവറയെ ആഴമായി സ്പർശിച്ചിരുന്നു. ധ്യാനസല്ലാപങ്ങളിൽ നിന്നും: "ഒരു ചാവുദോഷം പിഴക്കുന്നതിനു മുൻപിൽ ലോകാവസാനത്തോളം കഠിനപ്പെട്ട ദുരിതങ്ങളെ സഹിക്കുന്നതിനു മുൻ ആസ്ഥമായിരിക്കുന്നു, എന്ന ചൊല്ലിക്കൊണ്ട വന്നിരുന്ന പുണ്യവാളന്മാരും പുണ്യവാളത്തികളും ഒന്നുകിൽ അവരു തെറ്റിപൊയി അല്ലംകിൽ ചാവദോഷത്തിന്മെൽ ഭയം കൂടാതെയും ഒരു

സാരം വെക്കാതെയും അതിനെ ചെയ്തു വരുന്ന നീ ഒരു വല്യതട്ടിപ്പിൽ അകപ്പെട്ടിരിക്കുന്നു. അല്പമായിട്ട എംകിലും തംപുരാനെ നീ സ്നെഹിക്കുന്നുവെങ്കിൽ ദൊഷം ചെറിയകുറ്റം എന്ന നീ നിരൂപിക്കുന്നതെങ്ങനെ? നിന്റെ എത്രയും പ്രിയപ്പെട്ട മണവാളനായിരിക്കുന്ന ഈശൊമിശിഹായെ നിരസിക്കുന്നതും ഉപദ്രവിക്കുന്നതും സാരമില്ലാത്ത കുറ്റമെന്നു നിനക്കു തൊന്നുന്നതെങ്ങനെ?"[116]

ചാവറയച്ചൻ വായിച്ചു ധ്യാനിച്ചിരുന്ന പഠനങ്ങൾ നിരവധി വിശുദ്ധരുടെ കൃതികളായിരുന്നു. അവരിൽ ചിലരുടെ പേരുകൾ ധ്യാനത്തിൽ നിന്നും "ശു: അൽസെൽമ്മൊസ, മഹാത്മാവായ വി. അമ്മത്രേസ്യാ, ശു. അൾപൊസലിഗോരി, ക്രത്രിനാ ദെ ജെനുവാ, ബ്രിജിത്താ പുണ്യവാളത്തി, വല്യഗ്രിഗോരിയൊസ."[117]

അല്പകുറ്റങ്ങളെപ്പോലും അകറ്റി നിറുത്തി ദൈവേഷ്ടപ്രസാദം കാത്തു സൂക്ഷിച്ചിരുന്ന ചാവറ വി. ക്രിസോസ്തോമിനെ ഉദ്ധരിക്കുന്നു: "ഇതിനാൽ ക്രിസൊസ്തൊമ്മ എന്ന മഹാമല്പാൻ എഴുതുന്നു. പട്ട സൂഖക്കാരനായ ആൾ ചാവുദൊഷത്തെക്കായിലും അല്പകുറ്റത്തിമ്മെൽ അധികം ഭയപ്പെട്ടുകൊള്ളണം. അതെന്തെ വല്യകുറ്റത്തിൽ വീണാൽ ഉടൻ ഭയപ്പെട്ട ക്ലെശിച്ച പൊറുതി അപേക്ഷിക്കും. എന്നാൽ അല്പ കുറ്റങ്ങൾ കൂടെകൂടെ വീണു പോയാലും അതിനെ കൂട്ടാക്കാതെയിരിക്കുന്നതിനാലും അവൻ അറിയാതെ ദൈയവഷ്ടപ്രസാദം അവനിൽനിന്നു പൊയൊവാകയും ചെയ്യും."[118]

ദൈവസ്നേഹമല്ലാതെ നിസ്സാരമായ ഒരു വിഷയത്തിലേയ്ക്കു പോലും സ്നേഹം തിരിഞ്ഞു പോകരുതെന്ന ആഴമായ ബോധ്യം ചാവറയ്ക്കു ലഭിച്ചിരുന്നു. എന്നാൽ ചെറുപ്പത്തിലെ കണ്ണുകളുടെ ദുരാശയും, ജഡത്തിന്റെ ദുരാശയും (1 യോഹ. 2:16) ദൈവസ്നേഹത്തെ തിരിച്ചുവിടാൻ സാധ്യതയുണ്ടെന്നു ഗ്രഹിച്ച ചാവറ എന്നും അതേക്കുറിച്ചു പാപബോധമുള്ളവനായിരുന്നു. യോഹന്നാൻ ശ്ലീഹായുടെ വാക്കുകൾ വ്യക്തമാക്കുന്നത് മേല്പറഞ്ഞ പാപബോധത്തിലേക്കു

വിരൽ ചൂണ്ടുന്നതാണ്: "നിങ്ങൾ ലോകത്തെയോ, അതിലുള്ളവയെയോ സ്നേഹിക്കരുത്. ലോകത്തെ സ്നേഹിക്കുന്നവനു പിതാവിനോടു സ്നേഹമില്ല. ലോകത്തിലുള്ളതെല്ലാം ശരീരത്തിന്റെ ദുരാശയും കണ്ണുകളുടെ ദുരാശയും ലോകത്തിന്റെ അഹന്തയുമാണ്. ഇവയെല്ലാം പിതാവിൽനിന്നുള്ളതല്ലാ, ലോകത്തിൽ നിന്നുള്ളതത്രെ. ലോകവും അതിന്റെ ദുരാശകളും കടന്നുപോകും. എന്നാൽ ദൈവേഷ്ടം നിറവേറ്റുന്നവൻ എന്നും നിലനില്ക്കും" (1 യോഹ. 2:15-17).

ദൈവത്തിൽ നിന്നുള്ള സ്നേഹമാണ് മനുഷ്യഹൃദയങ്ങളിലുള്ളത് (റോമ. 5:5; ഉത്പ. 2:7; 1 യോഹ. 4:13; ഏറ. 31:31). ദൈവസ്നേഹം ചേതനയിൽ അതിന്റെ തനിമയിലും ആത്മാവിൽ അതിന്റെ വൈകാരികതയിലും ശരീരത്തിൽ അതിന്റെ ജഡികഭാവത്തിലും പ്രത്യക്ഷപ്പെടുന്നു. ജഡികഭാവത്തിലുള്ള സ്നേഹം ബാഹ്യവിഷയങ്ങളിൽ കുടുങ്ങാതിരിക്കുന്നതിനും, വൈകാരിക തലത്തിൽ നില്ക്കാതെ ദൈവസ്നേഹത്തിലേക്കു രൂപാന്തരപ്പെടുന്നതിനുമുള്ള ഒരുപാധിയാണ് പാപബോധം, ആത്മാനുതാപം. ഈ വിഷയത്തിൽ ചാവറ വലിയ സംഭാവന ചെയ്തയാളാണ്. അതുകൊണ്ടാണ് സുവിശേഷത്തിൽ പറഞ്ഞ ഉപമയിലെ "എളേ പുത്രനെപ്പോലെ" പൊറുതി അപേക്ഷിക്കുന്നവനായി ചാവറ പ്രത്യക്ഷപ്പെട്ടത്.[119]

ധ്യാനയോഗത്തിൽ ചാവറ ദൈവസ്നേഹത്തെ അനുഭവിച്ചറിഞ്ഞു. അത്യുന്നതമായ ദൈവസ്നേഹാനുഭൂതി ഉണ്ടായപ്പോൾ പ്രകൃതിയുടെ പ്രതിഭാസമായിരിക്കുന്ന വൈകാരിക സ്നേഹത്തേയും ജഡിക സ്നേഹത്തേയും ആത്മാനുതാപത്തിലൂടെ ഉദാത്തീകരിച്ചവനാണു ചാവറ. ചാവറയിൽ ദൈവസ്നേഹം ഒരിക്കലും മരണം പ്രാപിച്ചിട്ടില്ലായെന്നത് മാനവരാശിക്ക് വലിയ ഒരു മാതൃകയാണ്. ഈ മാതൃക ദൈവസ്നേഹത്തിന്റെ ത്രൈമാനമായ ഘടകങ്ങളിലൂടെ ഇവിടെ ചർച്ച ചെയ്തത് എത്തിപ്പിടിക്കുന്നത് പരിശുദ്ധാത്മാവ് നിറഞ്ഞ ചാവറയുടെ ആധ്യാത്മികതയെയാണ്. തുടർന്ന് റൂഹാദ്ക്കുദ്ശാ നിറഞ്ഞ ചാവറ ചർച്ചാ വിഷയമാക്കാം.

X

റൂഹാദ്ക്കുദ്ശാ നിറഞ്ഞവൻ

X റൂഹാദ്ക്കുദ്ശാ നിറഞ്ഞവൻ

ചാവറയുടെ ആധ്യാത്മിക ജീവിതത്തെക്കുറിച്ചുള്ള പഠനത്തിൽ വളരെ അടിസ്ഥാനപരമായ ഒന്നാണ് അദ്ദേഹം പരിശുദ്ധാത്മാവ് നിറഞ്ഞ ഒരു വ്യക്തിയായിരുന്നുവെന്ന സമകാലിക സാക്ഷ്യം.[1] ഈ സത്യത്തിലേക്കു കടന്നു ചെല്ലുമ്പോൾ വ്യക്തമാകേണ്ടത് ചാവറയുടെ തന്നെ ബോധ്യവും അനുഭവവുമാണ്. ആത്മാനുതാപമെന്ന കൃതിയിലും ധ്യാനസല്ലാപത്തിലുമുള്ള ഏതാനും തെളിവുകൾ മേല്പറഞ്ഞ സത്യത്തെ വെളിപ്പെടുത്തുന്നു:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ.

.....

ഈ മഹാവലിപ്പത്തിന്റെ ചിത്തം പോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻ കൃപയതിൻ മൂലം,
ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷ ജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്."[2]

മുകളിൽ ഉദ്ധരിച്ച കവിത ചാവറ അനുഭവിച്ചറിഞ്ഞ വിശ്വാസരഹസ്യങ്ങളാണ്. അവ പ്രദാനം ചെയ്യുന്നത് പ്രധാനമായും താഴെ വരുന്ന ദൈവിക രഹസ്യങ്ങളാണ്. ഒന്ന്; നിത്യനായ ദൈവത്തിന്റെ ദയയാണ്

മനുഷ്യസൃഷ്ടി. രണ്ട്; ദൈവിക പദ്ധതിയനുസരിച്ച് മഹാപാപിയായ ചാവറയേയും ദൈവച്ഛായയിലും സാദൃശ്യത്തിലും ജനിപ്പിച്ചു. മൂന്ന്; ദൈവകൃപയാണ് മുന്നിട്ടു നില്ക്കുന്ന ദൈവദാനം. നാല്; മനുഷ്യത്വത്തിന്റെ കൈമാറ്റം ദൈവചിത്തത്താൽ ദൈവത്തിൽ നിന്നുള്ളതാകണം. അഞ്ച്; മാനുഷിക പരിമിതിയിൽ നിന്നും ഉന്നതമായ ദൈവസന്നിധി എത്തുവാനുള്ള ദൈവവിളിയും പ്രദാനം ചെയ്തു.

കാവ്യാത്മകമായി ചാവറ അവതരിപ്പിച്ച ആശയം വീണ്ടും ധ്യാനസല്ലാപത്തിലും പ്രകടമാണ്: "ദൈവം ചെയ്യിച്ചതൊക്കെ എന്റെ വശമോ?"[3] എന്ന വിശ്വാസ പ്രഖ്യാപനം ചാവറയുടെ ജീവിതത്തിന്റെ അടിസ്ഥാനചൈതന്യമാണ്. ദൈവദാനം, ദൈവകൃപ, ദൈവകാരുണ്യം തുടങ്ങിയവ, ദൈവപിതാവ് തന്റെ പുത്രനിലൂടെ റൂഹാദ്ക്കുദ്ശായിൽ മനുഷ്യരെ അനുഗ്രഹിക്കുന്നതാണ്. ഇതിനോടു മനുഷ്യർ സഹകരിക്കുന്നതിനനുസൃതം പരിശുദ്ധാത്മാവു നിറഞ്ഞ വ്യക്തികളാകും. ചാവറയിൽ ഇത് എപ്രകാരമെന്നു കാണാം.

10:1 പ്രതിഷ്ഠ

"കർത്താവ് അരുളിച്ചെയ്തവ പൂർത്തീകരിക്കപ്പെടുമെന്ന് വിശ്വസിച്ചവൾ അനുഗൃഹീതയാകുന്നു" (ലൂക്ക. 1:45). പരിശുദ്ധ കന്യകയെ പ്രകീർത്തിച്ചുകൊണ്ട് ഏലീശ്വാ പ്രഖ്യാപിച്ചതു മംഗളവാർത്ത സംഭവമാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്നതിൽ നിന്നുമാണു വിശ്വാസം കടന്നു വരുന്നത്. ദൈവം നമ്മോടുകൂടെ എന്ന അവസ്ഥയാണ് വിശ്വാസത്തിന്റെ അനുസരണം വഴി നസ്രത്തിലെ കന്യകയ്ക്കുണ്ടായത്.

"അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം"[4] എന്ന് ആലപിച്ച

ചാവറ തന്റെ വിശ്വാസം പ്രഖ്യാപിക്കുന്നത് 'മഹത്വത്തിൻ ഛായയിൽ' ചാവറയെയും ദൈവം രൂപപ്പെടുത്തി എന്നതാണ്.[5] ഈ വിശ്വാസ രഹസ്യത്തിന്റെ ആഴത്തിലേക്കിറങ്ങുമ്പോൾ ദൈവികമാനവിക സംഗമത്തിന്റെ അത്യുച്ചിയിൽ എത്തും. ദൈവിക മാനവിക സംഗമത്തെ ദൈവ സാദൃശ്യമെന്നും ദൈവച്ഛായയെന്നും വിശേഷിപ്പിക്കുന്ന ശൈലിയാണ് വേദപുസ്തകത്തിലുള്ളത്. ഈ രണ്ടു വാക്കുകൾ വഴി ആധ്യാത്മിക ജീവിതത്തെ അവതരിപ്പിക്കുന്ന സമീപനമാണ് പൗരസ്ത്യസഭകളിൽ ദൃശ്യമാകുന്നതും.[6] ദൈവം മനുഷ്യനെ രൂപപ്പെടുത്തിയത് ദൈവവിജ്ഞാനീയത്തിനനുസൃതമാണ് (വിജ്ഞാ. 7:26). ഈ വിജ്ഞാനമാണു ദൈവരൂപം (ഫിലി.2:6), ദൈവത്തിന്റെ പ്രതിച്ഛായ (2 കോറി. 4:4). മനുഷ്യനെന്നത് ദൈവത്തിന്റെ പ്രതിച്ഛായയുടെ ഒരു പ്രതിച്ഛായയാണ്. ദൈവത്തിന്റെ ആലോചന ഇപ്രകാരമായിരുന്നു: "നമ്മുടെ പ്രതിച്ഛായയിൽ, നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ നമുക്കു നിർമ്മിക്കാം.... അങ്ങനെ ദൈവം തന്റെ പ്രതിച്ഛായയിൽ ആദത്തെ സൃഷ്ടിച്ചു. ദൈവത്തിന്റെ സാദൃശ്യത്തിൽ അയാളെ സൃഷ്ടിച്ചു. പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു" (സൃഷ്ടി 1:26,27).

ഇരണേവൂസ് പറയുന്നത് മേല്പറഞ്ഞ പ്രതിച്ഛായ എന്നത് ദൈവമനുഷ്യൻ എന്ന ആശയമെന്നാണ്. അതായത് അദൃശ്യനായ പിതാവിനെ ദൃശ്യവചനം സന്നിഹിതമാക്കിയതാണ് മനുഷ്യനിർമ്മിതം. അലക്സാന്ദ്രിയൻ വിദ്യാനികേതനിലെ ഒരിജൻ, അത്തനാസിയൂസ്, എവ്രാഗ്രിയൂസ് തുടങ്ങിയവർ ഫീലോയുടെ ചിന്താധാര പിടിച്ചു വചനത്തെയാണു പ്രതിച്ഛായയായിട്ടു കാണുന്നത്. മുകളിൽ സൂചിപ്പിച്ച നിരീക്ഷണങ്ങൾ കർദ്ദിനാൾ സ്വിഡ്ലിക്കിന്റെ വിശദീകരണമാണ്.[7]

അലക്സാന്ത്രിയായിലെ ക്ലെമന്റ് സൃഷ്ടി 1:26-27 ന്റെ വ്യാഖ്യാനമനുസരിച്ച് ദൈവത്തിന്റെ പ്രതിച്ഛായയേയും സാദൃശ്യത്തെയും രണ്ടായി കാണുന്നു: അതായത് "നമ്മുടെ പ്രതിച്ഛായയിലും" 'നമ്മുടെ

സാദൃശ്യമനുസരിച്ചും' എന്ന രീതിയിൽ. പ്ളേറ്റോയുടെ ചിന്താഗതിയെ അനുധാവനം ചെയ്താൽ 'എയ്ക്കോൺ'(Icon) എന്നതു ഐന്ദ്രിക തലത്തിലുള്ള പ്രതിച്ഛായയും 'ഹോമോയ ഓസിസ്' എന്നത് ആധ്യാത്മിക പങ്കാളിത്തത്തേയും സൂചിപ്പിക്കുന്ന പ്രയോഗങ്ങളാണ്. എബ്രായ, യവന ചിന്തകർ പലരും രണ്ടു പദങ്ങളെയും വേർതിരിക്കുന്നില്ല. ഉദാ. അലക്സാന്ത്രിയായിലെ അത്തനാസിയൂസ്, ദിദീമൂസ്, കപ്പദോസിയൻ പിതാക്കന്മാർ, അജ്ഞാതനായ മക്കാരിയൂസ് തുടങ്ങിയവർ. എന്നാൽ ഇരണേവൂസും ഒരിജനുമൊക്കെ പ്രതിച്ഛായയേയും സാദൃശ്യത്തേയും പരസ്പരം സഹകരിച്ചു പ്രവർത്തിക്കേണ്ട ഭൗമിക, ആധ്യാത്മിക ഘടകങ്ങളായി കാണുന്നു.[8]

ചാവറയുടെ ദൃഷ്ടിയിൽ ദൈവച്ഛായയെ ഭൗമിക പരിമിതികളുടെ സമുച്ചയമായിട്ടാണ് കാണുന്നത്.

> "ഈ മഹാവലിപ്പത്തിന്റെ ചിത്തം പോൽ
> ഈ മഹാപാപിയായോരടിയനെ."[9]

ചാവറ ഉപയോഗിക്കുന്ന "മഹത്വത്തിൻ ഛായ" എന്നത് ഇരണേവൂസിന്റെ പഠനമനുസരിച്ചുള്ള 'സാദൃശ്യത്തെ' പ്രകടമാക്കുന്നു. കാരണം സാദൃശ്യം മനുഷ്യനിലുള്ള റൂഹാദ്ക്കുദ്ശായുടെ സാന്നിധ്യവും പ്രവർത്തനങ്ങളുമാണ്.[10]

ചാവറ പരിശുദ്ധാത്മാവ് നിറഞ്ഞവനായിത്തീർന്നതിന്റെ ആദ്യപടി അദ്ദേഹത്തിനു ലഭിച്ച മനുഷ്യ ജന്മമാണ്. ആ ജനനത്തിൽ ആദത്തിന്റെ വംശത്തിലൂടെയെങ്കിലും 'ഉത്തമനായ ദൈവചിത്തത്താൽ'[11] എന്നതാണ് വിശ്വാസത്തെ സൂചിപ്പിക്കുന്ന പ്രയോഗം. മനുഷ്യ പ്രകൃതിയുടെ എല്ലാ പരിമിതികളെയും ദൈവാത്മാവിന്റെ ദാനത്താൽ പരിഹരിച്ചെടുത്തുവെന്നതിലാണ് ചാവറയുടെ വിശ്വാസം കടന്നു

വരുന്നത്. കർത്താവരുളിചെയ്തതു പൂർത്തീകരിക്കപ്പെടുമെന്നു വിശ്വസിച്ച മാതാവിനെപ്പോലെ ചാവറയും ദൈവത്തിന്റെ 'കൃപ'യിൽ വിശ്വസിച്ചതാണ് വിശ്വാസത്തിന്റെ അനുസരണം. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവനായ ചാവറയുടെ ആദ്യാനുഭവം വിശ്വാസത്തിന്റേതായിരുന്നു. അതായത് സൃഷ്ടി, സ്രഷ്ടാവ് ബന്ധത്തിന്റേത്. തുടർന്നു വരുന്നത് മാതാപിതാക്കളെ അനുസരിച്ചതും.

10:2 അനുസരണം

വിശ്വാസത്തിന്റെ അനുസരണം ചാവറയിൽ തുടർന്നത് ദൈവദൂതസമാനമായ പരിരക്ഷയിലൂടെയാണ്. ഈ രക്ഷയുടെ ഏറ്റവും പ്രകടമായ ഒരു ഘടകമാണ് കുടുംബ നായകരുടെ സംരക്ഷണം. എന്നാൽ ചാവറ ഊന്നിപ്പറയുന്ന മറ്റൊരു ഘടകം ദൈവരാജ്യത്തിനു ദൈവം തന്നെ മനസ്സായതാണ്:

> "ഉന്നതനായ നിന്നുടെ സന്നിധേ
> ഉന്നതേ കരേറ്റുവാനും ചിത്തമായ്."[12]

ദൈവസാന്നിധ്യാവബോധമാണിവിടെ തെളിഞ്ഞു നില്ക്കുന്നത്. ദൈവസുതനായ ഈശോ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രീശരുടെ ചോദ്യത്തിന് ഉത്തരം നൽകിയത്: "ഇതാ ദൈവരാജ്യം നിങ്ങളിൽത്തന്നെയാകുന്നു" (ലൂക്ക. 17:21) എന്നാണ്. ചാവറ തന്നിൽ ദൈവരാജ്യം കണ്ടനുഭവിച്ചത് ദൈവാത്മാവിന്റെ പ്രവൃത്തിയാലാണ്. ദൈവാത്മാവ് മനുഷ്യരിൽ പ്രവർത്തിക്കുന്നതിന്റെ ഒന്നാമത്തെ അനുഭവം ഉൾക്കാഴ്ചയുടേതാണ്. ചാവറയുടെ ഉൾക്കാഴ്ചയാണ് - റൂഹായുടെ ചാവറയിലുള്ള പ്രവർത്തനമാണ് - ദൈവികമായ 'ഉന്നതേ കരേറ്റുവാൻ' എന്ന പ്രയോഗത്തിനു പ്രേരിപ്പിച്ചത്. വീണ്ടും ചാവറയിലുള്ള

റൂഹായുടെ പ്രവർത്തനമായ ഉൾക്കാഴ്ചയാലാണ് 'ഉന്നതേ കരേറ്റുവാനുള്ള ദൈവചിത്തത്തിന് "ഊനം കൂടാതെ" ഇഹത്തിൽ ജീവിക്കുവാൻ "ഊനഹീനമാം കാവലിനെ" അനുഭവിച്ചറിഞ്ഞത്. കാവൽ ദൂതൻ വഴി ലഭിച്ച ദൈവരാജ്യാവബോധത്തെയാണ് ചാവറയുടെ അമ്മ കാത്തു സൂക്ഷിച്ചതും വളർത്തിയെടുത്തതും. ഇവിടെയെല്ലാം റൂഹാദ്ക്കുദ്ശായുടെ പ്രവൃത്തിയാണ് അടിസ്ഥാനപരമായും ആത്യന്തികമായും നിലകൊള്ളുന്നത്. കാരണം ദൈവാത്മാവാണ് പ്രപഞ്ചത്തിൽ ഏവരേയും ദൈവമക്കളാക്കി നിലനിറുത്തുന്നത് (ഉത്പ. 1:2; എസ. 37:14; ലൂക്ക. 1:35; 3:16; യോഹ. 3:3,5; റോമ. 8:14).

അസ്തിത്വപരമായി ചാവറയ്ക്കു ലഭിച്ച ദൈവദാനത്തിൽ കടന്നു വരുന്ന വ്യവസ്ഥയാണ് ദൈവം നല്കിയ മാതാപിതാക്കൾ. ദൈവത്തിന്റെ ചൈതന്യം മാതാപിതാക്കളായ ചാവറ കുര്യാക്കോയെയും ചോതിരിക്കുന്നേൽ മറിയത്തെയും ഒന്നിപ്പിച്ചു. മാതാപിതാക്കളെക്കുറിച്ചുള്ള വിവരണം:

> "ഇത്തരം മാതാപിതാ തന്നുടെ മകനായ
> സത്വരം കുർയ്യാക്കോസ് എന്ന പേരായിടുന്ന
> മാതാവിൻ പിതാവിന്റെ കാര്യങ്ങൾ പറഞ്ഞാൽ
> നീളവുമതാകുന്നു കാർയ്യവും വിസ്താരവും
> ഒക്കയും ഒന്നായിട്ട് ഒതുക്കി പറയുന്നേൽ
> ദിക്കിലെ ഉള്ള ജനമൊക്കെയിൽ ഭക്തഗുണ
> മുള്ളൊരു മാതാപിതാവിൽ നിന്നു പിറന്നിതാ
> വന്നൊരു പുത്രനായ് കുർയ്യാക്കോസ്."[13]

ഭക്തഗുണമുള്ള മാതാപിതാക്കൾ എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റൂഹാദ്ക്കുദ്ശായുടെ ഏഴുദാനങ്ങളിൽ ഒന്നാണു

മകനി, ചാവറയുടെ ജനനത്തിൽ തന്നെ മാതാപിതാക്കൾ ദൈവത്തോടുള്ള ബന്ധത്തിൽ പരിശുദ്ധരായിരുന്നുവെന്നതാണ് പുരാതന പാട്ടുകളിൽ നിന്നും തെളിയുന്നത്. ചാവറതന്നെ ഈ സത്യം ഏറ്റു പറയുന്നതിപ്രകാരമാണ്.

"വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ."[14]

ലോകം അത്ര കാര്യമായി പരിഗണിക്കാത്ത ഒന്നാണ് മാതാപിതാക്കൾ വഴി ദൈവം കൈമാറുന്ന വിശ്വാസം! എന്നാൽ ചാവറയച്ചൻ ഈ സത്യം എടുത്തു പറയുന്നതിൽ നിന്നും റൂഹാദ്ക്കുദ്ശായുടെ ദാനമായ ഭക്തിയും വിശ്വാസവുമാണ് മാതാപിതാക്കളിലൂടെ ചാവറ ഏറ്റുവാങ്ങിയ വലിയനിധി എന്നു വ്യക്തമാകുന്നു. ഇപ്രകാരമൊരു സത്യത്തിന് ദൈവനിവേശിതമായ വിശുദ്ധഗ്രന്ഥം നൽകുന്ന സാക്ഷ്യമിതാണ്: "രക്ഷയ്ക്കും ദൈവഭക്തിക്കും ഉതകുന്നതെല്ലാം അവിടുത്തെ ദിവ്യശക്തി നമുക്കു പ്രദാനം ചെയ്തിരിക്കുന്നു. ഇതു സ്വന്തം മഹത്ത്വത്താലും വൈഭവത്താലും നമ്മെ വിളിച്ചവനെക്കുറിച്ചുള്ള അറിവിലൂടെയാകുന്നു. ഇവ വഴിയായിത്തന്നെ വിലയേറിയതും മഹനീയവുമായ വാഗ്ദാനങ്ങൾ അവിടുന്നു നമുക്കു നൽകിയിരിക്കുന്നു. ഇവയുടെ സഹായത്താൽ നിങ്ങൾ ലോകത്തിൽ ദുരാശനിമിത്തമുള്ള ജീർണ്ണതകളിൽ നിന്ന് ഓടിയകന്ന് ദൈവികസ്വഭാവത്തിന്റെ പങ്കുകാരായിത്തീരുന്നതിനിടവരുന്നു. ഇക്കാരണത്താൽത്തന്നെ സകല വ്യഗ്രതയും കാണിച്ചു കൊണ്ട് നിങ്ങളുടെ വിശ്വാസത്തോടു സുകൃത ജീവിതവും സുകൃതജീവിതത്തോടു ജ്ഞാനവും ജ്ഞാനത്തോടു സംയമനവും സംയമനത്തോടു സ്ഥിരതയും സ്ഥിരതയോടു ദൈവഭക്തിയും ദൈവഭക്തിയോടു സഹോദരസ്നേഹവും സഹോദരസ്നേഹത്തോട് ഉപവിയും ചേർത്തു കൊള്ളുവിൻ" (2 പത്രോ. 1:3-7).

റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി ജീവിച്ചു കൊണ്ട് ഒരിക്കലും വീഴാതിരിക്കുന്നതിനുള്ള പൈതൃകമാണ് മാതാപിതാക്കളിൽ നിന്നും ചാവറയ്ക്കു ലഭിച്ചത്. പത്രോസ്ശ്ലീഹായുടെ സാക്ഷ്യം മേല്പറഞ്ഞ രീതിയിൽ വീഴ്ച കൂടാതെ ജീവിക്കുന്നതിനുള്ള അടിസ്ഥാനമാണ്: "ആകയാൽ സഹോദരരെ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാകുവാൻ അധികമായി ശ്രമിച്ചുകൊള്ളുവിൻ. ഇങ്ങനെ ചെയ്യുന്നതായാൽ നിങ്ങൾ ഒരിക്കലും വീണുപോകുകയില്ല" (2 പത്രോ. 1:10).

ഒരു ശിശുവിനെ ദൈവം വളർത്തുന്നത് അതിന്റെ മാതാപിതാക്കളിലൂടെയാണ്. ചാവറ ഈ സത്യം ഉറക്കെ പ്രഖ്യാപിച്ചശേഷം അമ്മയുടെ പ്രത്യേക പരിപാലനയെക്കുറിച്ച് അനുസ്മരിക്കുന്നു:

"പൈതൽക്കാലത്തിൽ തീറ്റി വളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ
.....
അങ്ങനെ വളർത്തീടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിന്നുമിഷ്ടൻ ഞാൻ."[15]

ചാവറ അമ്മയെ അനുസരിച്ചു ജീവിച്ചതു വഴി കുറവുകൂടാതെ ദൈവത്തിനും പ്രീതിയുള്ളവനായി എന്നു പ്രഖ്യാപിക്കുന്നു. ചാവറയുടെ ബാല്യകാല ജീവിതത്തിൽ റൂഹാദ്ക്കുദ്ശായാൽ എപ്രകാരം നിറഞ്ഞവനായി എന്നത് ഒരു സദ്വാർത്ത തന്നെ. ഈശോയുടെ ബാല്യകാല ജീവിതത്തെക്കുറിച്ച് ലൂക്കാ സുവിശേഷകൻ പറയുന്നത് ചാവറയുടെ ജീവിതത്തിനും അടിസ്ഥാനമായിരുന്നു. സുവിശേഷകന്റെ

വാക്കുകൾ: 'ഈശോ അവരുടെ കൂടെപോയി നസ്രറത്തിൽ ചെന്ന് അവർക്കു വിധേയനായി ജീവിച്ചു. അവിടുത്തെ അമ്മ കാര്യങ്ങളെല്ലാം ഹൃദയത്തിൽ സൂക്ഷിച്ചു. ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നു വന്നു" (ലൂക്ക. 2:51-52).

"ദൈവത്തിനുമിഷ്ടൻ ഞാൻ" എന്ന് ചാവറ പറയുന്നത് പരിശുദ്ധാത്മാവിനും ഇഷ്ടൻ എന്നതു പരോക്ഷമായി അംഗീകരിക്കുന്നതാണ്. ഉത്ഭവ പാപത്തിന്റെ കെടുതികളെ എപ്രകാരം നേരിടണമെന്നതാണ് ചാവറയുടെ ജനയിതാക്കളുടെ ഭക്തജീവിതം ചാവറയുടെ കാര്യത്തിൽ പ്രകടമായത്. കൂദാശകൾ സ്വീകരിക്കുന്നവരെല്ലാം കൗദാശിക ജീവിതം നയിക്കുന്നതിനുള്ള അടിസ്ഥാന സമീപനമാണ് ചാവറയുടെ ബാല്യകാല ആധ്യാത്മികത വെളിച്ചത്തു കൊണ്ടു വരുന്നത്. ദൈവച്ഛായയിലും സാദൃശ്യത്തിലും രൂപപ്പെടുന്ന മനുഷ്യർ റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെടുന്നതിന്റെ മൗലിക വ്യവസ്ഥയാണ് മാതാപിതാക്കൾക്കുള്ള അനുസരണം.

10:3 സഹകരണം

"ആകാശവും ഭൂമിയും ഉള്ളിടത്തോളം കാലം എല്ലാം പൂർത്തിയാകും വരെ നിയമത്തിനു വള്ളിപുള്ളി മാറ്റം വരുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അതിനാൽ ഇവയിൽ ഏതെങ്കിലുമൊരു കല്പന അതെത്ര നിസ്സാരമായിരുന്നാലും ലംഘിക്കുകയും അങ്ങനെ ചെയ്യാൻ മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റം നിസ്സാരനായി കരുതപ്പെടും. മറിച്ച്, അതനുസരിച്ചു പ്രവർത്തിക്കുകയും അങ്ങനെ ചെയ്യാൻ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനായി കരുതപ്പെടും" (മത്താ. 5:18-19).

ഏതൊരു ഗുരുവും ശിഷ്യർക്ക് ആധികാരികരായിരിക്കേണ്ടതിന് ജീവിത മാതൃക വഴി സത്യത്തിനു സാക്ഷ്യം വഹിക്കണം. സത്യത്തിനു മൂന്നു പ്രധാന വശങ്ങളുണ്ട്. ഒന്നാമത്തേത് പിതാവായ ദൈവത്തെക്കുറിച്ചുള്ളതാണ്. രണ്ടാമത്തേത് മാനവികതയെക്കുറിച്ചുള്ളതാണ്. മൂന്നാമത്തേത് നിത്യജീവനെക്കുറിച്ചുള്ളതും. ഈശോയുടെ പ്രാർത്ഥനയിൽ മേല്പറഞ്ഞ വശങ്ങൾ കടന്നു വരുന്നു. "ഏകസത്യദൈവമായ അങ്ങയേയും അങ്ങ് അയച്ച ഈശോമിശിഹായേയും അറിയുക എന്നതാണു നിത്യജീവൻ (യോഹ. 17:3). ഗുരുഭൂതന്മാർ മാതൃകയാകുമ്പോൾ പഠിപ്പിക്കുന്നവയിലൂടെ പഠിക്കുന്നവർ ദൈവപിതാവിനെ മഹത്ത്വപ്പെടുത്തും. ഈശോ പറയുന്നു: "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ടു നിങ്ങളുടെ സ്വർഗ്ഗീയ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16).

ചാവറ ഗുരു സമക്ഷമെത്തിയതിനെക്കുറിച്ച് ആത്മാനുതാപമെന്ന കൃതിയിലൂടെ വിവരിക്കുന്നതും പുണ്യജീവിതത്തെക്കുറിച്ചാണ്:

"എന്നന്നേരമൊരുത്തൻ യദൃച്ഛയാ
യൊന്നുമേ, മഹാമാർഗ്ഗമിതേറ്റുവാൻ
എന്നതു മമ മാതാവിൻ ശ്രോത്രത്തിൽ
ചെന്നു വീണപ്പോൾ നന്നായ്ത്തെളിഞ്ഞവൾ.
ദ്വിപുത്രന്മാരിലേകൻ ദൈവത്തിന്നു
ദാനം ചെയ്യുന്നതെത്രയുമുത്തമം,
എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നുതൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധികൃത്തിനാൽ തിരുച്ചിത്തമായ്.
ഇത്ര പാപിയാമെന്നുടെ ഹീനത

തത്ര പോക്കിയതെത്ര മഹാചിത്രം!
നിന്നുടെ ദയാധികൃത്താലന്നെന്നെ,
നിൻപുത്രന്റെ 'കൈത്താതനാം' മാർജൂസെ
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സ്ഥലത്തിങ്കൽ ചേർത്തു നീ.
അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തു വളർത്തീട്ടു,
പൂജ കാണ്മാനും ശുശ്രൂഷ ചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയൊടേ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[16]

റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവനായ ചാവറ പത്തുവയസ്സു വരെ കുടുംബാന്തരീക്ഷത്തിൽ പ്രത്യേകിച്ചും അമ്മയുടെ ശിക്ഷണത്തിൽ വളർന്നു വന്നു. തുടർന്നുള്ള ചാവറയുടെ ജീവിതം ദൈവത്തിന്റെ മഹാദയയാൽ കൈവന്ന ദൈവവിളിയുടെ മാർഗ്ഗമാണ്. ഈ മാർഗ്ഗത്തിൽ രണ്ടു പ്രധാന കാര്യങ്ങളാണു സംഭവിച്ചത്. ഒന്നാമത്തേത് ആധ്യാത്മിക ജീവിതത്തിലെ നിവർത്തനവശമായ പാപവഴി വിട്ടകലുക എന്നതാണ്. ഭൂമുഖത്തു കാണുന്ന ബാല്യകാലചാപല്യങ്ങളാണ് മാനവരാശിയെ എന്നും വ്യതിചലിപ്പിക്കുന്ന ഘടകമെങ്കിൽ ചാവറയും അതിനപവാദമല്ലായിരുന്നു. എന്നാൽ പത്തു വയസ്സാകുന്നതിനുമുമ്പുള്ള ഒരവസ്ഥയല്ലാതെ ദൈവത്തിൽ നിന്നകലുകയോ റൂഹാദ്ക്കുദ്ശായെ വേദനിപ്പിക്കുകയോ ചെയ്തിട്ടില്ലായെന്നു വേണം കരുതുവാൻ. ചാവറതന്നെ പറയുന്നു:

"പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ല നീയേ
ഇത്ര നിന്ദിതനായ അടിയൻ നിന്റെ തിരു

ച്ചിത്രകൗതുകമായ കൂട്ടത്തിൽ ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ
നിന്ദിതനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളു."[17]

"മരിച്ചിട്ടില്ല ഞാനും" എന്ന പ്രയോഗം ചാവറയുടെ ജീവിതകാലത്തിൽ ദൈവത്തെ പൂർണ്ണമായി ഉപേക്ഷിച്ചിട്ടില്ലാത്തതിനെ കാണിക്കുന്നു. പാപമാർഗ്ഗം വെടിഞ്ഞതിന്റെ ചിത്രമാണിവിടെ കാണുന്നത്.

രണ്ടാമത്തെ കാര്യം പുണ്യമായി നടന്നീടുവാൻ പഠിപ്പിച്ചതാണ്. ചാവറയുടെ ഗുരുനാഥനായ പാലയ്ക്കൽ മല്പാനച്ചനിൽനിന്നു ചാവറ പഠിച്ചതു സുകൃത ജീവിതത്തിനുള്ള സത്യമാണ്. പതിന്നാലു വർഷത്തോളം ചാവറ പാലയ്ക്കൽ മല്പാനച്ചന് അനുസരണമുള്ളവനായി ജീവിച്ചത് അക്ഷരാർത്ഥത്തിൽ റൂഹാദ്ക്കുദ്ശായിൽ വളർന്ന നിർണ്ണായക കാലഘട്ടമായിരുന്നു. സെമിനാരിയിൽ സഹപാഠികളായിരുന്ന മംഗലത്തു ചാണ്ടി, കുറവിലങ്ങാട്ടു പീലിപ്പോസ്, ഊരാഞ്ചെ ചാണ്ടിപ്പിള്ള തുടങ്ങിയവരെല്ലാം ചാവറയെ ആദർശവാനായി കണ്ടിരുന്നു. മുകളിൽ സൂചിപ്പിച്ച മൂന്നു പേരോടൊപ്പം മുട്ടത്തിൽ കുര്യൻ, എറണക്കൽ കുരുവിള, ഇടപ്പറമ്പിൽ പൗലോസ് എന്നിവരും ഉണ്ടായിരുന്നു.

പാലയ്ക്കൽ മല്പാനച്ചനെത്തന്നെ ചാവറ തന്റെ ആത്മഗുരുവായും സ്വീകരിച്ചിരുന്നു. തികഞ്ഞ താപസനായിരുന്ന മല്പാനച്ചനിൽ നിന്നും ഭക്തയോഗിയായ ചാവറ കരസ്ഥമാക്കിയത് ദൈവത്തെ അതും ഈശോമിശിഹായെ ആയിരുന്നു. സങ്കീർത്തകന്റെ ശൈലിയിൽ "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും ഓഹരി കർത്താവാകുന്നു" (സങ്കീ. 16:5) എന്ന ആദർശമാണ്, അനുഭവമാണ് ഇവിടെ

ലഭിച്ചത്. കുടുംബബന്ധത്തിന്റെയും മാതാപിതാക്കളുടെ അടുപ്പത്തിന്റെയും സ്വർഗ്ഗീയ പതിപ്പായിട്ടു ചാവറ മേല്പറഞ്ഞ ആദർശത്തെ കണ്ടിരുന്നു. രക്തബന്ധത്തെ ദൈവവിളിക്കനുസൃതം ഉദാത്തീകരിച്ച മഹനീയ സംഭവമാണ് സെമിനാരി കാലഘട്ടത്തിൽ ചാവറയിൽ തെളിഞ്ഞു വന്നത്. ഇതെല്ലാം പുണ്യമാർഗ്ഗത്തിലേക്കു ദൈവം ആനയിച്ചതിന്റെ ഫലമാണ്. ബാല്യകാലത്തെ ജഡിക, വൈകാരിക സ്നേഹത്തെ തിരിച്ചറിവിന്റെ കാലമായ ദശവത്സരത്തോടനുബന്ധിച്ചു രൂപാന്തരപ്പെടുത്തിയ മഹത്കാര്യമാണിത്. ഇതു റൂഹാദ്ക്കുദ്ശായാൽ യൗവ്വനകാലം പ്രശോഭിതമാക്കിയ ചാവറയുടെ ജീവിതമാണ്. ഗുരുഭൂതനായ പാലയ്ക്കൽ മല്പാനച്ചനോടാണ് ചാവറ മേല്പറഞ്ഞ പരിശീലനത്തിനു കടപ്പെട്ടിരിക്കുന്നത്. ഗുരുവായ പാലയ്ക്കലച്ചൻ നൽകിയ മാതൃകയെ ചാവറ സ്വീകരിച്ചത് സത്ഗുരുവായ ഈശോയെ അനുധാവനം ചെയ്തുകൊണ്ടാണ്. ഈശോ പറയുന്നു: "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു..... നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകുവാൻ കടപ്പെട്ടവരാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ഒരു മാതൃക നൽകിയിരിക്കുന്നു" (യോഹ.13: 13-15). ഈശോ പന്ത്രണ്ടാം വയസ്സിൽ പിതാവിന്റെ (കാര്യത്തിൽ) ഭവനത്തിലായതുപോലെ (ലൂക്ക. 2:49) ചാവറ പത്താം വയസ്സിൽ തന്നെ സെമിനാരിയിലായി. കുടുംബത്തിന്റെ സ്ഥാനത്തു ദൈവാലയം രൂപപ്പെട്ടതും ദൈവാത്മാവ് നിയന്താവായതും എത്ര മഹനീയം. ചാവറക്കുടുംബം ദൈവാലയമായി രൂപാന്തരപ്പെട്ട രംഗം!

10:4 നിലച്ച കുടുംബത്തിൽ തഴച്ച പ്രത്യാശ

"സിമ്മനാരിയിൽ പഠിച്ചിരുന്ന കാലത്തുതന്നെ അപ്പനും അമ്മയും ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠനും മരിച്ചു പോയതിനാൽ ജ്യേഷ്ഠത്തിയും ഒരു പെൺ പൈതലുമായി വീടു ശേഷിച്ചു. ഇതിനാൽ ഉണ്ടായ സങ്കടങ്ങളൊക്കെയും ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു സഹിക്കുകയും കാരണവന്മാരിൽ നിന്നു പഠിച്ചപോലെ ദേവമാതാവിനു അടിമയായി തന്നെ കയ്യാളിക്കയും മാതാവിന്റെ നേരെ വിശേഷഭക്തിക്കാരനാകുകയും ചെയ്തു".[16]

ചാവറയച്ചനെ തുടർന്ന് സഭയുടെ പൊതു ശ്രേഷ്ഠനായിരുന്ന പോരൂക്കര എലിസേവൂസച്ചൻ രേഖപ്പെടുത്തിയിരിക്കുന്ന സംഭവം ചാവറയുടെ സെമിനാരി പരിശീലനകാലത്ത് ഉണ്ടായതാണ്. കുടുംബത്തിന്റെ നിലനില്പ് ആൺമക്കളെ ആശ്രയിച്ചുള്ളതാണ്. എന്നാൽ അപ്പനും അമ്മയും ഏകസഹോദരനും മരിച്ചതോടെ കുടുംബത്തിന്റെ തുടർച്ച പരുങ്ങലിലായി. മാനുഷിക ദൃഷ്ട്യാ അതിദയനീയമായ സംഭവവികാസങ്ങളാണുണ്ടായത്.

സാംക്രമികരോഗം നിമിത്തം മരണം വരുമ്പോൾ അടുത്തവരെ വിവരമറിയിക്കുവാൻ തടസ്സമുള്ളതുകൊണ്ട് ചാവറയ്ക്ക് മരിച്ചവരുടെ ശേഷക്രിയകൾക്ക് കൂടുവാനും സാധിച്ചില്ല. യാതൊരു സമ്പർക്കവുമില്ലാതെ കടന്നുപോയ ആ രംഗം എത്ര വേദനാജനകമായിരുന്നു. പലരുടെയും ജീവിതത്തെ തകർക്കുന്ന രീതിയിലുള്ളതായിരുന്നു അവയെല്ലാം. എന്നാൽ എലിസേവൂസച്ചൻ പറയുന്നതുപോലെ: "ഉണ്ടായ സങ്കടങ്ങളൊക്കെയും ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു സഹിച്ചിരുന്നു."[19] ഇപ്രകാരം സങ്കടങ്ങളെല്ലാം സഹിക്കുവാൻ ഇടയായതു റൂഹാദ്ക്കുദ്ശായുടെ നിവേശനത്തിനു വിധേയപ്പെട്ടതു കൊണ്ടാണ്.

മുൻപുറങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ, ദൈവസ്നേഹം ചാവറയുടെ ഹൃദയത്തിൽ റൂഹാ വഴി വളർന്നിരുന്നു. അതുകൊണ്ട് വൈകാരിക തലത്തിലെ രക്തബന്ധത്തിന്റെ ശാരീരിക മേഖലയിലുള്ള സ്നേഹത്തെ ദൈവസ്നേഹത്താൽ ഉദാത്തീകരിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും ചാവറയ്ക്കു സാധിച്ചു. കാരണം ദൈവതിരുമനസ്സ് എന്നതു മനുഷ്യരുടെ വിശുദ്ധീകരണമാണ് (1 തെസ.4:5; അപ്പെ.1:5).

ചാവറയച്ചൻ ഏകദേശം അറുപത്തിനാലു വയസ്സുള്ളപ്പോൾ എഴുതിയ ആത്മാനുതാപത്തിൽ നിന്നും എടുക്കാവുന്ന ഒരു നിഗമനം ദൈവനിശ്ചയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉറപ്പാണ്. ചാവറയുടെ ബോധ്യം:

> "ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
> അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
> എന്നതുമഹാ നിശ്ചയമെന്നുള്ളിൽ
> അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ-
> യെന്നതുമല്ലായെന്നുടെ വംശത്തിൽ
> അന്നൊരു ജനമില്ലായീയന്തസ്സിൽ."[20]

ദൈവത്തിന്റെ മഹാദാനമായ ദൈവവിളി അനുഭവിച്ചറിഞ്ഞ ചാവറയ്ക്കു മാതാപിതാക്കളുടെയും സഹോദരന്റെയും മരണം സങ്കടകാരണമെങ്കിലും ദൈവവിളി സങ്കടങ്ങളെ സഹിക്കുവാൻ ഇടയാക്കി. ഇതു മാത്രവുമല്ല, മരിച്ച അമ്മയ്ക്കുണ്ടായ അനുഭവം ചാവറ വിസ്മരിച്ചില്ല:

> "എന്നന്നേരമൊരുത്തൻ യദൃച്ഛയാ
> യൊന്നുമേ, മഹാമാർഗ്ഗമിതേറ്റുവാൻ

എന്നതു മമ മാതാവിൻ ശ്രോത്രത്തിൽ
ചെന്നു വീണപ്പോൾ നന്നായ്ത്തെളിഞ്ഞവൾ.
ദ്വിപുത്രന്മാരിലേകൻ ദൈവത്തിന്നു
ദാനം ചെയ്യുന്നതെത്രയുത്തമം,
എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നുതൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്."[21]

മാതാപിതാക്കളുടെയും സഹോദരന്റെയും വേർപാടു ചാവറയെ സംബന്ധിച്ചിടത്തോളം കുടുംബത്തിൽനിന്നു സെമിനാരിയിലേക്കു പോയപ്പോൾ തന്നെ അനുഭവപ്പെട്ടുവെന്ന് മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണി സൂചിപ്പിക്കുന്നു. തന്റെ അമ്മയുടെ ചേതനാത്മക തെളിവിനെ ചാവറ വിസ്മരിച്ചില്ല. ദൈവതിരുമനസ്സു നിറവേറ്റിയ ചാവറയിൽ റൂഹാ നിറഞ്ഞു നിന്നതു കൊണ്ട് ദൈവവിളി വിട്ടു വീട്ടിലേക്കു മടങ്ങിയില്ല. കുടുംബം നിലച്ചുവെങ്കിലും പ്രത്യാശ തഴച്ചു വളരുന്നതിന് പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്ക് അനുസരണമുള്ളവനായ ചാവറ ഇടവരുത്തി.

മാതാപിതാക്കളിലൂടെ ദൈവം ചെയ്ത അനുഗ്രഹങ്ങളെ ചാവറ എന്നും പ്രകീർത്തിച്ചിരുന്നത് വിപത്തുനേരത്തും ഓർത്തു. മാതൃസമക്ഷമിരുന്ന് ചാവറ അറിഞ്ഞതു ജീവിക്കുന്ന ദൈവത്തെയാണ്:

"അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും."[22]
"ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തെക്കാൾ മരണഘോഷം."[23]

എന്ന വിശ്വാസാനുഭവം ചാവറ സെമിനാരി ജീവിതകാലത്തുതന്നെ അനുഭവിച്ചറിഞ്ഞുവെന്നു വേണം കരുതുവാൻ.

കാരണവന്മാരിൽ നിന്നു ചാവറ പഠിച്ച മറ്റൊരു വിശ്വാസ രഹസ്യം ദൈവമാതാവിനു അടിമവച്ചുവെന്നതാണ്.[24] ഈ സംഭവം ചാവറയുടെ മനസ്സിനെ റൂഹാദ്ക്കുദ്ശായുടെ പ്രേരണയിൽ ഉറപ്പിച്ചു നിറുത്തിയിരുന്നു. സ്വന്തം മാതാവു നല്കിയ ഉപദേശവും മറ്റൊന്നല്ല:

> "നിന്നുടെ നാഥ മാതാവവൾക്കു ദാസൻ നീയെ-
> യെന്നിതു മനസ്സിതിലെപ്പോഴും സ്മരിക്കണം." [25]

ചാവറയുടെ അമ്മ മരിക്കുന്നതുവരെ മാതാവിനടിമ വച്ചതിന്റെ പണം തുടർന്നു കൊടുത്തിരുന്നതും ചാവറയുടെ മനസ്സിൽ തെളിഞ്ഞു നിന്നു. മാതൃഭക്തി ചാവറയ്ക്ക് ഒരു ഭക്തിയല്ലായിരുന്നു, മറിച്ച് ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രായോഗികതയും മിശിഹാനുഭവത്തിന്റെ നിരന്തര ഉത്തേജനവുമായിരുന്നു. ഈശോയുടെ വാക്കുകളും ചാവറ ധ്യാനിച്ചിരുന്നതല്ലെ: "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ അവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ.12:48,50). ദൈവപിതാവിന്റെ ഇഷ്ടം നിറവേറ്റിയ ചാവറയെയാണ്, പോരൂക്കര എലിസേവൂസും അവതരിപ്പിക്കുന്നത്: "ഇതിനാൽ ഉണ്ടായ സങ്കടങ്ങളൊക്കെയും ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ട് സഹിക്കയും ചെയ്തു."[26] ദൈവതിരുമനസ്സാണ് ഈശോയിലൂടെ മിശിഹാനുയായികൾക്കു ലഭിച്ചതും: "എന്നെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി അപ്പനെയോ, അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോജിച്ചവനല്ല. എന്നെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോജിച്ചവനല്ല" (മത്താ. 10:37). ഈ വ്യവസ്ഥകളെല്ലാം ചാവറ തന്റെ സെമിനാരി ജീവിതകാലത്തു തന്നെ നിറവേറ്റിയതു മാതൃഭക്തി വഴി ഈശോയെ അനുഗമിച്ചതു കൊണ്ടാണ്. സ്ലീവായിൽ കിടന്ന്

ഈശോ യോഹന്നാനോട് പറഞ്ഞത് ചാവറയുടെ കാര്യത്തിലും പ്രസക്തമാണ്: "ഇതാ നിന്റെ അമ്മ" (യോഹ. 19.27). ചാവറയുടെ മാതാപിതാക്കളും ഏകസഹോദരനും മരിച്ചപ്പോൾ ചാവറ ദൈവമാതൃകരങ്ങളിൽ വ്യാപരിച്ചുകൊണ്ട് ആ സംഭവങ്ങളെയെല്ലാം സമാശ്ലേഷിച്ചു. റൂഹാദ്ക്കുദ്ശായാൽ നിറയുന്നതിനും അവയെല്ലാം ഇടവരുത്തി. മാനുഷിക പരിമിതികളിൽ ദൈവതിരുമനസ്സ് അനുഭവിച്ചറിഞ്ഞ ചാവറയുടെ ആധ്യാത്മിക സാധന എത്ര ഉത്കൃഷ്ടം. ചാവറയിലൂടെ ചാവറക്കുടുംബം തഴച്ചുവളർന്നു. ബഹിഷ്ക്കരണങ്ങളും വിരഹങ്ങളും താത്ക്കാലികമാണ്.

10:5 ബഹിഷ്ക്കരണം

ചാവറയച്ചന്റെ ജന്മദേശം കൈനകരി എങ്കിലും ഇന്നുള്ള കൈനകരി ഇടവക ചാവറയച്ചന്റെ ജനന കാലഘട്ടത്തിലില്ലായിരുന്നു. അന്നു ചേന്നങ്കരി പള്ളിയുടെ കീഴിലായിരുന്നു ചാവറക്കുടുംബം. ചാവറയുടെ ജ്ഞാനസ്നാനം ജനിച്ച തിയതി വച്ച് 8-ാം പക്കം ഫെബ്രുവരി 16-നു ചേന്നങ്കരി പള്ളിയിൽ നടത്തി. പത്താം വയസ്സിൽ സെമിനാരിയിൽ ചേർന്ന ചാവറ 1817-ൽ ആസ്ഥപ്പാടുപട്ടം കഴിഞ്ഞു വീടുകയറ്റത്തിനു ചെന്നപ്പോൾ ഇടവകയായ ചേന്നങ്കരിയിൽ ഉണ്ടായ ഒരു തർക്കത്തെക്കുറിച്ചു പുരാതന പാട്ടിൽ നിന്നും:

"ഇച്ഛയെ തീർക്കുവാനും സന്തോഷം വരുത്തുവാൻ
അതു കൊണ്ടുടൻ തന്നെ വീടുകേറുന്നതിനും
അതിനാൽ ഈർച്ച തീർക്കാ സന്തോഷം വരുത്തുവാൻ
അതിനു കോപ്പുകൂട്ടി അടുപ്പിച്ചതു നേരം
അതിനെ കേറ്റാതാക്കാൻ പലതും ശ്രമിക്കയും
ഇതിനെ അറിഞ്ഞിട്ടും പള്ളിയിൽ ചെന്നുശേഷം
പൊറുതി വാങ്ങീട്ടും കൈക്കൊള്ളാതയച്ചുഹൊ."[27]

സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിൽ അനുഭവപ്പെട്ട ബഹിഷ്ക്കരണം ചാവറയെ ഒരിക്കലും ഇടവകക്കാരോടുള്ള ബന്ധത്തിൽ നിന്നും വ്യതിചലിപ്പിച്ചില്ല. ഇപ്രകാരം ഒരു ബഹിഷ്ക്കരണത്തിനിടയാക്കിയത് ദേശക്കുറിയുടെ അഭാവമായിരിക്കണം. ഇടവക കേന്ദ്രീകൃതമായ രീതിയിലായിരുന്നു സെമിനാരി പരിശീലനം നടത്തിയിരുന്നത്. എന്നാൽ പാലയ്ക്കൽ മല്പാനച്ചന്റെ നിർദ്ദേശപ്രകാരം ചാവറയ്ക്ക് ആസ്ഥപ്പാടുപട്ടം കിട്ടി. പക്ഷെ ഇടവകയിലെ ചിലർക്കതു തങ്ങളുമായുള്ള ബന്ധത്തിന് ഉലച്ചിൽ സംഭവിച്ചതുപോലെ അനുഭവപ്പെട്ടു. ചാവറശെമ്മാശനെ ഇടവകയിൽ ആസ്ഥപ്പാടുപട്ടത്തോടനുബന്ധിച്ചു സ്വീകരിക്കുവാൻ കൂട്ടാക്കിയില്ല. ഇടവകജനങ്ങൾ ദേശക്കുറി[28] നൽകുന്ന പതിവായിരിക്കും പിന്നിലുണ്ടായിരുന്ന പ്രശ്നം. ഈ പ്രശ്നം പരിഹരിച്ചു എന്നതിന്റെ തെളിവാണ് ചാവറയുടെ പട്ടത്തിനുശേഷം പുത്തൻ കുർബ്ബാന വളരെ ആഘോഷമായി ചേന്നങ്കരി പള്ളിയിൽ വച്ചു നടന്നത്. ഈ സംഭവത്തിന്റെ പിന്നിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടായിരുന്നുവെന്നതിന്റെ ഒരു വശമാണ് പുത്തൻ സന്യാസപ്രസ്ഥാനത്തിന്റെ നിയോഗം പുത്തൻ കുർബാനയിൽ പ്രകടമായിരുന്നത്. ചാവറയച്ചൻ തന്നെ രേഖപ്പെടുത്തുന്നു: "കുർബാനപട്ടം ഏറ്റപ്പോൾ മെത്രാനച്ചനോടുകൂടിയുള്ള ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വെലയും നടന്നു നിറവേറുവാനുള്ള ദെയ്വാനുകൂല്യം ഉണ്ടാകണം എന്നുള്ള നിരൂപണയാൽത്തന്നെ ആ ഒന്നാമത്തെ പൂജ അണച്ചതിനാൽ വീണ്ടും ആഘോഷമായി ഈ കഴിഞ്ഞ 29-ാം കാലം സുവാറായുടെ ഒന്നാം ഞായറാഴ്ച കുർബാന ചൊല്ലി എടവ്കയായ ചേന്നൻകരി പള്ളിയിൽ."[29]

ചാവറ പുത്തൻ കുർബ്ബാന അർപ്പിച്ചതു സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിലെന്ന് ചാവറയുടെ ആത്മപിതാവും ജീവചരിത്രകാരനുമായ ലെയോപ്പോൾദു മൂപ്പച്ചനും ചാവറയുടെ പിൻഗാമിയായ

പോരൂക്കര ഏലീശാച്ചനും രേഖപ്പെടുത്തുന്നു: "1829-ാം കാലം കുർബ്ബാനപ്പട്ടമേറ്റ അന്നത്തെ മർയ്യാദപോലെ ചെന്നൻകരിപള്ളിയിൽ പുത്താൻ കുർബ്ബാനയും ചൊല്ലി."[30]

"ദൈവാനുകൂല്യം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു കൊണ്ട്" 1829, നവംബർ 29-ാം തീയതി ചേന്നങ്കരി ഇടവകപ്പള്ളിയിൽ ചാവറ പുത്തൻ കുർബ്ബാന ആഘോഷിച്ചത് തിരസ്ക്കരിച്ച ഇടവകയിൽ അംഗീകാരം ലഭിച്ചതുകൊണ്ടാണ്. ആസ്ഥപ്പാടു പട്ടത്തോടും പുത്തൻ കുർബാനയോടും അനുബന്ധിച്ച് ചേന്നങ്കരി ഇടവകപ്പള്ളിയിൽ സംഭവിച്ചതും ചാവറയെ സംബന്ധിച്ചിടത്തോളം കൃപാവരത്തിന്റെ അനുസ്യൂതമായ അനുഭവമായിരുന്നു. ആസ്ഥപ്പാടു പട്ടത്തോടനുബന്ധിച്ചുണ്ടായ രസക്കേട് പിന്നീടു മൂർച്ഛിക്കാതെ കെട്ടടങ്ങിയെന്നതാണ് എടുത്തു പറയാനുള്ള വലിയ സത്യം. ഈ കാലഘട്ടത്തിൽ ചാവറ ഭിന്നതയുടെ ദുഷ്ടാരൂപിയെ ദൂരീകരിച്ച് സംസർഗ്ഗത്തിന്റെ പരിശുദ്ധാത്മാവിനെ അനുസരിച്ചു എന്നതല്ലേ സത്യം.

കൈനകരിയിൽ നിന്നു ഒരു ധന്യനെ സംഭാവനചെയ്യാൻ നാട്ടുകാരെ അനുഗ്രഹിച്ചതും ചാവറയുടെ ആധ്യാത്മികതയാണ്. ഈ ആധ്യാത്മികതയുടെ രഹസ്യം മാമ്മോദീസായിൽ ലഭിച്ച റൂഹായെ വേദനിപ്പിക്കാതെ (എഫേ. 4:30) അവിടുത്തെ അനുസരിച്ചതാണ്. മാനവരാശിക്ക്, ചേന്നങ്കരി ഇടവകയിൽ രൂപപ്പെട്ട കൈനകരി പള്ളിയിൽ നിന്നും ചാവറകുടുംബത്തിൽ നിന്നും എന്തുമാത്രം അനുഗ്രഹം കിട്ടിയെന്നതു ചരിത്രസംഭവമാണ്. എല്ലാ തിന്മയ്ക്കും അറുതി വരുത്തിയ ലോകത്തിന്റെ പാപം നീക്കിക്കളഞ്ഞ ദിവ്യകുഞ്ഞാടായ ഈശോയെ (യോഹ. 1:29) ചാവറ ഏറ്റുപറഞ്ഞതാണ് ഇവിടെ സംഭവിച്ചത്. സഹോദരങ്ങളോട് ദൈവകരുണയുടെ സുവിശേഷം പ്രസംഗിക്കുക എന്നതാണല്ലോ ഈശോ ആവശ്യപ്പെടുന്ന പൂർണ്ണത (ലൂക്ക. 6:35,36). ദൈവസ്നേഹം സഹോദരസ്നേഹത്തിൽ പ്രകാശിതമാകണമല്ലോ.

10:6 കരുണാർദ്രത

"നിന്റെ ജനത്തിലുള്ളവരോടു ശത്രുത വച്ചു കൊണ്ടിരിക്കരുത്. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക" (ലേവ്യർ 19:18).

ചാവറയച്ചൻ തന്റെ ജീവിതത്തിൽ ശത്രുസ്നേഹത്തിന് ഊന്നൽ നല്കിയിരുന്നു. കഴിഞ്ഞ ശീർഷകത്തിൽ വിവരിച്ച ചാവറയ്ക്കുണ്ടായ അവഗണന ചാവറ ക്ഷമിച്ചുവെന്നതും അദ്ദേഹത്തിനു തടസ്സം സൃഷ്ടിച്ചവരോടു സ്നേഹത്തോടെ ഇടപെട്ടുവെന്നതും റൂഹാദ്ക്കുദ്ശായുടെ പ്രചോദനത്തിനുള്ള വീരോചിതമായ പ്രത്യുത്തരമാണ്. ചേന്നങ്കരി ഇടവകക്കാർ ആസ്ഥപ്പാടുപട്ടം കഴിഞ്ഞും സ്വീകരിക്കാതെ ചാവറയെ ബഹിഷ്ക്കരിച്ചതിനെ ചാവറ വളരെ മാതൃകാപരമായ രീതിയിലാണ് നേരിട്ടത്. ഇടയനും ആടുകളും കൂടി ചാവറയെ ബഹിഷ്ക്കരിച്ചുവെങ്കിലും അദ്ദേഹം അവരുടെ നീക്കത്തിൽ ആരേയും എതിരുനിറുത്താതെ ആലപ്പുഴ മാർസ്ലീവാ ദൈവാലയത്തിലേക്കു കൊണ്ടുപോയി. ചാവറയച്ചൻ പ്രതികാരത്തിന് ഒരുങ്ങിയില്ലെന്നു മാത്രമല്ല അവിടെ ചെന്നു അവരോടൊത്തു വസിക്കുകയും മാർയൗസേപ്പുതാതന്റെ ഒരു രൂപം ദാനമായി നൽകുകയും ചെയ്തു. ഇടയൻ ആവശ്യപ്പെടുന്ന ഏത് ആവശ്യവും സാധിച്ചു കൊടുക്കുകയും തിരുനാൾ പ്രസംഗം മുടങ്ങാതെ നടത്തിക്കൊടുക്കുകയും ചെയ്തിരുന്നു.[31]

ചാവറയിൽ തെളിഞ്ഞു നിന്നിരുന്ന ശത്രുസ്നേഹമാണ് ഈശോ തന്റെ ഗിരി പ്രഭാഷണത്തിലൂടെ മിശിഹാനുയായികൾക്കു നൽകുന്നത്: "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അപ്പോൾ നിങ്ങൾ സ്വർഗ്ഗീയ പിതാവിന്റെ മക്കളായിത്തീരും" (മത്താ. 5:44,45). ശത്രുസ്നേഹം ദൈവമക്കളാകുവാനുള്ള വ്യവസ്ഥയായി ഈശോ നല്കുന്നു. പൗലോസ് ശ്ലീഹാ പറയുന്നത്: "ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കൾ" എന്നാണ്

(റോമ. 8:14). അതിനാൽ ശത്രുസ്നേഹത്തിലൂടെ പരസ്നേഹം പൂർത്തിയാക്കിയ ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞ വ്യക്തിയായിരുന്നുവെന്നു തെളിയുന്നു. കൂടുതൽ തെളിവുകൾ ചാവറയുടെ ജീവിതത്തിൽ നിന്നും.

മാത്തൻ എന്നൊരാൾ ചാവറയച്ചനെതിരായി കള്ളക്കേസ് കൊടുത്തു. പക്ഷെ ആലപ്പുഴ കോടതിയിൽ കേസ് തെളിഞ്ഞില്ല. പൊതുജനങ്ങൾ കേസ് കൊടുത്തയാളിനെ വെറുത്തിരുന്നുവെങ്കിലും ചാവറയച്ചൻ അയാളെ അനുഗ്രഹിക്കുകയും അയാളോടു ക്ഷമിക്കുകയും ചെയ്തു. ചാവറയച്ചൻ തന്റെ മരണശാസനത്തിൽ ശത്രുവായ മാത്തന്റെ തറവാട്ടുകാരെ സഹായിക്കണമെന്നും രേഖപ്പെടുത്തിയിരുന്നു.[32]

ചാവറയച്ചനോടും കൊവേന്തയോടും നീരസം പുലർത്തിയ തരകനെ ആ വീട്ടിൽ ചെന്നു കണ്ടു ക്ഷമിച്ചതും ആ വാലിഭക്കാരന്റെ രോഗത്തിനു ശമനം നൽകിയതും നാളാഗമത്തിൽ നിന്നും അറിയാം: "പെരുമാലിലെ വാലിഭക്കാരനെ കൊവേന്തയിൽ നിന്നു നീക്കിക്കളയുകയാൽ വലിയ പരിഭവമായിരുന്നതിനാലും മൂത്ത ചെറുക്കൻ എല്ലാവരും കൈ ഒഴിഞ്ഞ് മരണ പ്രമാദത്തിലിരിക്കയാലും ആലപ്പുഴയ്ക്കു പോകുന്ന വഴിയിൽ അവിടെ കേറി. നേരറിഞ്ഞതിനാൽ അവർ പൊറുതി അപേക്ഷിച്ചു സ്നേഹമായി. ചെറുക്കന്റെ ദീനത്തിന് പ്രത്യക്ഷം പോലെ ആശ്വാസം കാണുകയും ചെയ്തു."[33]

കുടുംബചട്ടത്തിൽ ചാവരുളായി ചാവറ നൽകുന്ന ഉപദേശം ഓരോരുത്തരുടെയും അറ്റകുറ്റങ്ങളും കുറച്ചിലുകളും ക്ഷമിക്കണമെന്നാണ്: "നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ; സ്നേഹമായിരിപ്പിൻ. ഓരോരുത്തന്റെയും അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ..... ഒരു വീട്ടിൽത്തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായിപ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖിക്കത്തക്കത്.

നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽതമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ?..... ആദമെന്ന മഹാപിതാവ് നമുക്ക് അവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കണമോ?..... ഒരു തറവാട്ടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രെ. നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്യാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു."[34]

ചാവരുളായി ചാവറയച്ചൻ എഴുതിയത് തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിയിരുന്നവയെന്ന് തൊണ്ടനാട്ട് അന്തോനിക്കത്തനാരോടു ക്ഷമിച്ചതു വ്യക്തമാക്കുന്നു. "ആനക്കല്ലിടവകക്കാരൻ തൊണ്ടനാട്ട് അന്തോനി അച്ചൻ പള്ളിയിൽ നിന്നു തള്ളപ്പെടുകയിൽ ദീനാവസരത്തിൽ അനുതപിച്ച് ചേരുന്നതിനുറച്ചു. വിവരത്തിന് പ്രിയോരച്ചനെഴുതി. അനുവാദപ്രകാരം കൊച്ചിയിൽ ചെന്ന് പ്രിയോരച്ചനെ കണ്ടു. മെത്രാപ്പോലീത്താച്ചൻ തിരുസിംഹാസനത്തിലേയ്ക്കെഴുതി. കല്പന വരുന്നതുവരെയും മാന്നാനത്തു കൊവേന്തയിൽ പാർത്ത് ധ്യാനിക്കണമെന്ന് ശരണത്തിന്റെയും തുണയുടെയും കടലാസ് പ്രിയോരച്ചൻ കൊടുത്തയച്ചു. തദനുസരണം മാന്നാനത്തു വന്ന് സ്വീകരിക്കപ്പെട്ടു."[35]

ശത്രുസ്നേഹത്തിന്റെ മഹനീയ മാതൃകയാണ് ഇവിടെ വിവരിച്ചത്. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന് എന്നും വിധേയനായിരുന്ന ചാവറയുടെ ചിത്രമാണിവിടെ പ്രകാശിക്കുന്നത്. പരസ്നേഹത്തിന്റെ അഭ്യാസം ചാവറയിൽ എന്നും സജീവമായിരുന്നുവെന്നതു വിസ്മരിക്കുന്നില്ല. അന്ത്യവിധിക്കായി കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളെല്ലാം പരസ്നേഹത്തിന്റെ വ്യവസ്ഥകളാണ്. ചാവറയും തന്റെ ജീവിതകാലം

മുഴുവനും അന്യർക്കു നന്മചെയ്യുന്നതിനായി വിനിയോഗിച്ചിരുന്നു. ലെയോപ്പോൾദു മൂപ്പച്ചന്റെ സാക്ഷ്യം ഇതാണ്: "കൂട്ടരോട് എല്ലാവരോടും, എല്ലായിപ്പോഴും നല്ല ഉപവിയും സന്തോഷവുമായി ചെറുപ്രായക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു."[36] സ്വന്തം ജീവസുരക്ഷ വിട്ടു വസൂരി രോഗിയെ ശുശ്രൂഷിച്ച ചാവറയെ ആളുകൾ വിസ്മരിച്ചില്ല: "അന്യർക്കു നന്മ ചെയ്യാത്ത ദിവസം ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ പെടുകയില്ലാ"യെന്ന സൂക്തം ചാവറയിലും ദൃശ്യമാണ്. 1829-ൽ പുരോഹിതനായതും 1855-ൽ വ്രതം വഴി സന്ന്യാസിയായതും പരസ്നേഹസുകൃതം കാര്യക്ഷമമായി അഭ്യസിക്കുന്നതിനുള്ള ദൈവദാനമായിട്ടാണ് ചാവറയിൽ പ്രകടമായത്. ഇന്നു കേരളക്കരയിലും ഭാഗികമായി ഭാരതത്തിലും വിരളമായി ലോകത്തിലും കാണുന്ന വളർച്ചയുടെ വലിയ ഒരു പ്രചോദനം ചാവറയുടെ പരസ്നേഹ സിദ്ധിയാണ്. ഇതെപ്പറ്റി 13-ാം അധ്യായത്തിൽ കാണാം. സഭാപരമായി ചെയ്ത നന്മകൾ ഇന്നത്തെ സഭയെ രൂപപ്പെടുത്തി. സാംസ്ക്കാരിക മേഖലയിലുള്ള പരസ്നേഹമാണ് കേരളത്തിന്റെ മുഖച്ഛായയിൽ തിളങ്ങി നില്ക്കുന്നത്. ആധ്യാത്മിക തലത്തിൽ ചെയ്ത പരസ്നേഹത്തിന്റെ വളർച്ചയാണ് ധ്യാന പ്രസംഗങ്ങളും മറ്റു ധ്യാനോപാസനകളും. അച്ചടിയുടെ സിദ്ധി അവർണ്ണനീയമാണ്. റൂഹാദ്ക്കുദ്ശാ സഹോദരസ്നേഹത്തിന്റെ സിദ്ധിയിലൂടെ ചാവറയിൽ നിറഞ്ഞു കവിഞ്ഞിരുന്നു.

10:7 പലായനം

"ഒരു പ്രവാചകനും സ്വന്തം നാട്ടിൽ അംഗീകരിക്കപ്പെടുന്നില്ല" (ലൂക്ക.4:24) എന്ന ഈശോയുടെ പ്രസ്താവന ചാവറയുടെ കാര്യത്തിൽ എന്തുമാത്രം പ്രസക്തമാണെന്നു ചിന്തിക്കാം.

ആശ്രമജീവിതത്തിനും വൈദികരുടെ ഉന്നമനത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി മൗറേലിയൂസ് സ്തബിലീനി മെത്രാനച്ചന്റെ ആശീർവ്വാദത്തോടെ സമാരംഭിച്ചവയെല്ലാം പ്രംസിസ്ക്കോസ് ശബരിയോസ് മെത്രാപ്പോലീത്താവഴി തടസപ്പെട്ടു. നാളാഗമത്തിൽ നിന്നും: ".....പെ:പെ:ബ: പ്രംസീസ്കശിയെർ മെത്രാപോലീത്താ മലയാളത്തിന്നു നിയമിക്കപ്പെട്ടും കല്പന വന്നതിനാൽ ഞങ്ങൾക്കുള്ള ഭൂമിക്കടുത്ത ശരണമൊക്കെയും കെട്ടു. അച്ചന്മാരു രണ്ടും ഞങ്ങൾ മറ്റ ഏരിയ കൊച്ചച്ചന്മാരും അർത്തുംകൽ ചെന്നു കണ്ണുനീരൊടുംകൂടെ യാത്ര ചൊല്ലി കടപ്രത്തൊളും കുഞ്ഞിതൈക്കൽ നടന്നു..... എംകിലും കൊവെന്തക്കാരനുവദിച്ചുവെന്നും എഴുത്താലെയുള്ള കല്പനയുണ്ടൊ എന്നും ചൊദിച്ചു. പെ:ബ: മൌറെലിയൊസ മെത്രാനച്ചൻ തന്നിരുന്ന എഴുത്തുകൾ കാണിച്ചു എന്നാറയും അനുവാദവും വിലക്കും ഒന്നും കല്പിച്ചില്ല. യിങ്ങനെയിരിക്കുകയിൽ ഒരു ബ: പ്രാപ്തിയുള്ള പട്ടക്കാരൻ യിവരു പള്ളികളിൽ നിന്നും പണം വാങ്ങിച്ചു വീട്ടുകാരെ സഹായിക്കുന്നുവെന്നും ബൊധിപ്പിച്ചു എന്നും കെട്ടുയിങ്ങനെയിരിക്കയിൽ തെക്കൻ പള്ളിപ്രത്തപള്ളിയിൽ വിഗാരിയായിട്ടു ചാവറ കുറിയാക്കൊസ കത്തനാരു പൊകണമെന്നും ഒരു കല്പനയുണ്ടായി. അപ്പൊൾ അച്ചന്മാർക്ക അധികം വിഷാദവും വിമ്മിഷ്ടവും ആയി. അതെന്തൊ മാന്ദാനത്തിൽ പാർപ്പാൻ അപ്പൊൾ ആരുമില്ല".[37] മാന്നാനത്തു തുടങ്ങിവച്ച ആശ്രമപ്രസ്ഥാനത്തിനു വീഴ്ചവരുമെന്നും മറ്റും ചാവറ മെത്രാനച്ചനെ ധരിപ്പിച്ചെങ്കിലും മെത്രാനച്ചൻ "ആ മുഷ്ക്കരത്തിന്റെ അവസ്ഥ പ്രകാരം തിരിഞ്ഞുകൊണ്ടു തന്റെ തന്നിഷ്ടം പൊലെ

ബൊധിച്ചടത്തു നടക്കണം മെല്പട്ടക്കാരന്റെ പൊൽവിളി പിടിച്ചി ല്ലയൊ? എന്നും കുറെ കർഷിച്ചു കല്പിച്ചതിനാൽ ഭയപ്പെട്ടു കല്പന യനുസരിച്ചു പോന്നു പള്ളിപ്രത്തു പാർത്ത ആവിഗാരിത്വം നടത്തി."[18]

ആശ്രമജീവിതമെന്നത് റൂഹാദ്ക്കുദ്ശായുടെ പ്രചോദനത്താൽ മാർത്തോമ്മാ, നസ്രാണികളുടെ ഇടയിൽ നിന്നും പോരുക്കര, കണി യാന്ത്ര, പാലയ്ക്കൽ, ചാവറ തുടങ്ങി നിരവധി ആളുകൾ തുടങ്ങിവച്ച പ്രസ്ഥാനമാണ്. സഭയുടെ അധികാരി എന്ന നിലയിൽ മൗറേലിയൂസ് മെത്രാനച്ചന്റെ അനുവാദം റൂഹാദ്ക്കുദ്ശായുടെ അംഗീകാരത്തിന്റെ അടിസ്ഥാനവുമാണ്. എന്നാൽ വൈദികന്മാരും അവരോടു ചേർന്നു ചില ഉപദേശികളും മേല്പറഞ്ഞ സംരംഭത്തെ വിമർശിക്കുകയും മാറി വരുന്ന സഭാധികാരികളെ സ്വാധീനിക്കുകയും ചെയ്തു. ഫലം ദൈവ ത്താൽ നിയോഗിക്കപ്പെട്ട ദൈവസന്ദേശവാഹകരായ പ്രവാചകർ ബഹിഷ്കൃതരാകുന്നു. പ്രത്യേകിച്ചും ചാവറയച്ചനെ പള്ളിപ്രത്തിനു മാറ്റിയത്. പ്രവാചകന്മാർക്കുണ്ടാകുന്ന ഞെരുക്കത്തെക്കുറിച്ച് ഈശോ പറയുന്നു: "മനുഷ്യർ എന്നെ പ്രതി നിങ്ങളെ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്കെതിരായി പല തരത്തി ലുള്ള അപവാദങ്ങൾ പരത്തുമ്പോൾ, നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇങ്ങനെ തന്നെ പീഡിപ്പിച്ചിട്ടുണ്ട്" (മത്താ. 5:11,12).

ചാവറയച്ചനുണ്ടായ അനുഭവത്തിൽ പ്രവാചകത്വത്തിന്റെ സ്വഭാവം എന്താണ്? ദൈവജനത്തിനായി അഭിഷിക്തനായിരുന്ന ആളായിരുന്നു ചാവറ. ചാവറയെ ആളുകൾ റൂഹാദ്ക്കുദ്ശാ നിറഞ്ഞവ നായും കണ്ടിരുന്നു. മറ്റു സഹപ്രവർത്തകരും ചാവറയെ മാന്നാനത്തെ ആശ്രമപ്പണികൾക്കായി നിയോഗിച്ചിരുന്നു. ആശ്രമ പ്രസ്ഥാനം വൈദി കരുടെ നന്മവഴി ദൈവജനത്തിന് ഉപകാരമെന്നതും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ ആളുകളുടെ ഇടയിൽ നിന്നു തന്നെ അപസ്വരമുണ്ടായതു സത്യത്തിലേക്കു കടന്നു ചെല്ലുന്നതിനവസരമായി. സത്യാവസ്ഥ സ്ഥാപിതമാക്കുന്നതിൽ സഭാധികാരം ഇടപെട്ടതിനെ ചാവറ വിശ്വാസത്തോടെ സ്വീകരിക്കുകയും അതിനു സഹനം ഏറ്റെടുക്കുകയും ചെയ്തത് റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ടതിന്റെ ലക്ഷണമാണ്. സ്വകീയർ തള്ളിപ്പറഞ്ഞുവെങ്കിൽ അവർക്കുവേണ്ടിയും നിലകൊണ്ട ചാവറയുടെ ചിത്രമിതാണ്: "ഇതിനാൽ ആ ദെഹം മല്പാനച്ചന്റെ പക്കൽവന്ന പലപ്രകാരം വിചാരിച്ചു എംകിലും മെല്പെട്ടക്കാരുടെ കല്പന ദെയ്വത്തിന്റെ തിരുമനസ്സാകയാലും പക്ഷെ നമ്മുടെ ചൊൽവിളി പരീക്ഷിപ്പാനായിട്ടു തന്നെ കല്പിച്ചതൊ എന്നും അറിവാൻ വഹിയാ എന്നതിനാൽ യാതൊരു സംകടം പറയാതെ പൊകണമെന്നത്രെയിനിക്കുതോന്നുന്നതു എന്നു ആ ദെഹം തന്നെ പറഞ്ഞതിനാൽ അങ്ങനെ തന്നെ എന്നു മല്പാനച്ചനും പറഞ്ഞു കണ്ണുനീരാൽ ആ ദിക്കുകൾക്കു പൊകയും ചെയ്തു."[39]

ദൈവഹിതമായ മാനവവിശുദ്ധീകരണാർത്ഥം വന്ന ഈശോ (1 തെസ. 4:5; എബ്രാ.10:10) ഫരിസേയരുടേയും നിയമജ്ഞരുടെയും ഗൂഢാലോചനയ്ക്കു വഴങ്ങിയ പീലാത്തോസ് വഴി കുരിശുമരണത്തിനു വിധേയനായതുപോലെ, ചാവറയും ദൈവതിരുമനസ്സിനു വിധേയപ്പെട്ടത് മാനവ പവിത്രീകരണത്തിന് ഇടവരുത്തി. ലോകത്തിന്റെ പാപം നീക്കിയ ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29) ചാവറയിലൂടെ സന്നിഹിതനായതിനെയാണ് 'ചൊൽവിളി' വഴി ചാവറ ഏറ്റെടുത്തത്. അപവാദം പുലർത്തിയവരെ ബഹിഷ്ക്കരിക്കാതെ അപവാദത്തിനു പരിഹാരം കണ്ടെത്തിയ പ്രവാചകത്വം. ഈശോയിൽ എന്നതുപോലെ ചാവറയിലും അടിസ്ഥാന ചൈതന്യം റൂഹാദ്ക്കുദ്ശായുടേതു തന്നെ. കാരണം പരിശുദ്ധാത്മാവ് പിതാവിൽ നിന്നും ഈശോയിലൂടെയാണു മനുഷ്യരിൽ പ്രവർത്തിക്കുന്നത് (യോഹ. 14:25-26). പ്രശ്നങ്ങൾ

ഒന്നിനു പുറകെ ഒന്നൊന്നായി വരുമ്പോൾ അവയെ നേരിടുന്നതിലും പരിശുദ്ധാത്മാവിന്റെ സഹായമുള്ളതാണ് അനുഭവിച്ചറിയേണ്ടത്. എന്നാൽ പ്രശ്നങ്ങളെ അന്ധമായി കാണാതെ ദൈവികപദ്ധതിയിലൂടെ കണ്ടെത്തുന്നതിലാണ് പ്രവാചകത്വ വിവേകം ഉള്ളത്. ചാവറയച്ചൻ നിർബന്ധമായി മെത്രാപ്പോലീത്താച്ചനെ കാര്യങ്ങൾ അറിയിച്ചത് അദ്ദേഹത്തിനു കോപിക്കുവാൻ കാരണമായി. എങ്കിലും തീരുമാനം ദൈവനിശ്ചയപ്രകാരം സംഭവിച്ചു. ചാവറയച്ചൻ മാന്നാനത്ത് എത്തി. 'മാംസ സംബന്ധക്കാരിൽ നിന്നും നീങ്ങി വരവും ചിലവും അവിടെ തന്നെ എന്നു നിശ്ചയിച്ചു.'[140]

പള്ളിപ്രത്തുവച്ചുണ്ടായ സംഭവം വാശിപ്പുറത്തു കാണുന്നതെന്നു തെളിഞ്ഞുവെങ്കിലും അതിന്റെ ക്ലേശങ്ങളും ആരോപണങ്ങളും ചാവറയച്ചൻ സഹിക്കേണ്ടിവന്നു. പക്ഷേ അതെല്ലാം പ്രവാചകധർമ്മത്തോടെ നേരിട്ടതിനാൽ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കാതെ, പാലയ്ക്കൽ മല്പാനച്ചന്റെ അനന്തിരവനായ പരാതിക്കാരനും കൊച്ചച്ചനായ വർക്കിക്കത്തനാർക്കും ദൈവാനുഗ്രഹം കിട്ടുന്നതിന് ചാവറ ഇടവരുത്തി. പിടിവാശിയുടെ തിന്മയ്ക്കെതിരെ ചാവറ പുലർത്തിയ നിർബന്ധവും ഭാവാത്മക സ്വഭാവമുള്ളതായിരുന്നു. ഈ ഭാവാത്മകതയാണ് ചാവറയുടെ ജീവിതത്തിൽ പ്രകടമായിരുന്ന റൂഹാദാനത്തിന്റെ തെളിവ്. ജീവിതകാലം മുഴുവൻ അനുഭവപ്പെട്ട റൂഹാ നിവേശം എന്തെന്നു ചിന്തിക്കാം.

10:8 ലക്ഷ്യബോധം

ചാവറയച്ചൻ റൂഹാദ്ക്കുദ്ശാ നിറഞ്ഞ മനുഷ്യനായിരുന്നു എന്നതിന്റെ വളരെ പ്രകടമായ ഒരു തെളിവാണ് അദ്ദേഹത്തിനുണ്ടായിരുന്ന പാപാവബോധം. പരിശുദ്ധാത്മാവു വഴി ഉണ്ടാകുന്ന പാപബോധത്തെക്കുറിച്ച് ഈശോ അരുളിചെയ്യുന്നു: "അവിടുന്നു വരുമ്പോൾ പാപത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ കുറ്റപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതുകൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ പക്കലേക്കു പോകുകയും നിങ്ങൾ ഇനിമേൽ എന്നെ കാണാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ധർമ്മത്തെക്കുറിച്ചും ഈ ലോകത്തിന്റെ പ്രമാണി വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ന്യായവിധിയെക്കുറിച്ചും കുറ്റപ്പെടുത്തും" (യോഹ. 16:8-11). ലോകത്തിന്റെ പാപമടങ്ങിയിരിക്കുന്നത് ഈശോമിശിഹായുടെ പ്രബോധനങ്ങളെ തിരസ്ക്കരിക്കുന്നതിലാണ്. "നിന്റെ വലതുകണ്ണ് നിനക്കു പാപകാരണമാകുന്നെങ്കിൽ അതു ചുഴന്നെടുത്തു ദൂരെയെറിയുക. എന്തെന്നാൽ നിന്റെ ശരീരം മുഴുവൻ ഗേഹന്നായിൽ നിപതിക്കുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നഷ്ടപ്പെടുന്നതാണ് നിനക്കു നല്ലത്" (മത്താ.5:29). റൂഹാദ്ക്കുദ്ശായാകുന്ന പാറക്ക്ലേത്താ ഈശോയുടെ പെസഹാവഴി മനുഷ്യർക്കു നല്കപ്പെട്ടത് ഈശോയുടെ പഠനങ്ങളിലേക്ക് മനുഷ്യരെ ആനയിക്കുന്നതിനാണ്. നിത്യജീവൻ നേടിയെടുക്കുകയും കാത്തു സൂക്ഷിക്കുകയും അനുഭവിച്ചറിയുകയും ചെയ്യുന്നത് മനുഷ്യരുടെ എല്ലാ കഴിവുകളിലൂടെയുമാണ്. മനുഷ്യരുടെ മനോഗതവും ബാഹ്യപ്രവർത്തനങ്ങളുമെല്ലാം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. അതിനാൽ മനുഷ്യരെ എന്നും നയിക്കേണ്ടതു വിവേകമാണ്. അതിനാൽ പ്രതിബന്ധം തരണം ചെയ്യുന്നതിന് എന്തു ത്യാഗവും സഹിക്കണമെന്നാണ് പരിശുദ്ധാത്മാവ് ലക്ഷ്യം വയ്ക്കുന്നത്. പ്രപഞ്ചത്തിന്റെ മനോഹാരിത ദർശിക്കുന്നതിനുള്ള കാഴ്ച നിത്യജീവന്

അപകടം വരുത്തിവയ്ക്കുന്നുവെങ്കിൽ അതു പാപകരമാണ്. അതു കൊണ്ടു കണ്ണു തുറന്നു കളയുക എന്നത് നിയന്ത്രിക്കുക എന്നതാണർത്ഥമാക്കുന്നത്.

ചാവറയച്ചനു ബാല്യം മുതൽ മുഹാദ്ക്കുദ്ശായുടെ സാന്നിധ്യത്താൽ പാപബോധം ഉണ്ടായിരുന്നതു കൊണ്ടാണ് ആകാത്ത കാഴ്ചയെ ദൂരീകരിക്കുന്നതിനു ജീവിതകാലം മുഴുവൻ പരിശ്രമിച്ചത്. ആത്മാനുതാപമെന്ന കൃതി മേല്പറഞ്ഞ സത്യത്തെ അവതരിപ്പിക്കുന്നു:

"നിന്നുടെ നാഥ മാതാവവൾക്കു ദാസൻ നീയെ-
യെന്നിതു ചിത്തത്തിലുണ്ടായെങ്കിലും മുതിർന്നപ്പോൾ
ഒക്കെയും മറന്നിട്ടു ദൃക്കതിൽ കാണുന്നതും,
വാക്കതിൽ വരുന്നതുമിച്ഛിക്കും പറഞ്ഞിടും.
അക്കാലം വൃത്തികളെ സൂക്ഷിക്കുമെന്നാകിലോ
ഭോഷ്ക്കതിലിഷ്ടമത്രേ നന്മയിൽ രസമില്ല.
പാപത്തെച്ചെയ്വോൻ ദൃഢം പാപോച്ചാരണം ചെയ്വാൻ
പാത്രവാനായിടണമെന്നതിൽ ജ്ഞാനം വിനാ
പാപത്തിന്നുടുബുദ്ധി ദൃഢവുമുപദേശം
താപത്താൽ തീർത്തീടുവാനൊട്ടുമേയില്ല ദൃഢം."[41]

ചാവറയച്ചനിൽ അനുതാപം ജനിക്കുന്നതിനിടവന്നത് ദൈവത്തിന്റെ ദയാധിക്യത്താലെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്:

"ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!
നിന്നുടെ ദയാധിക്യത്താലന്നെന്നെ
നിൻ പുത്രന്റെ 'കൈത്താനാം' മാർജ്ജയുസെ
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സ്ഥലത്തിങ്കൽ ചേർത്തു നീ"[42]

ചാവറയുടെ ജീവിതത്തിൽ വലിയ മാറ്റത്തിനിടവരുത്തിയ ഒരു സംഭവമാണ് അദ്ദേഹത്തിനു ലഭിച്ച ദൈവവിളി. മാനുഷിക ബലഹീനതയാൽ പാപത്തിലേക്കുള്ള ചാച്ചിലിന്റെ ലക്ഷണം കണ്ടു തുടങ്ങിയ കാലഘട്ടത്തിൽ തന്നെ ദൈവം തന്റെ സ്നേഹത്താൽ സെമിനാരിയിലേയ്ക്ക് ആനയിച്ചത് സുവിശേഷത്തിൽ കാണുന്ന തിരിയലിന്റെ വലിയ അനുഭവമാണ്. മർക്കോസ് സുവിശേഷകൻ ഈശോയുടെ പ്രസംഗത്തെക്കുറിച്ച്: "ഈശോ ഗലീലെയായിലേക്കു പോയി ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചു. അവിടുന്ന് ഉദ്ഘോഷിച്ചു: സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:14-15).

ഈശോ പ്രസംഗിച്ച ദൈവരാജ്യവും സുവിശേഷത്തിലുള്ള വിശ്വാസവും മാനസാന്തരപ്പെടലും നിരവധി രഹസ്യങ്ങളിലേക്കു നമ്മെ നയിക്കുന്നു. ഒന്നാമത്തേത് ദൈവരാജ്യമെന്നതാണ്. ദൈവരാജ്യം മനുഷ്യഹൃദയത്തിൽ ദൈവം ദാനമായി നൽകുന്ന സ്നേഹത്തിന്റെ സാമ്രാജ്യമാണ് (ഉത്പ. 2:7; നിയ. 6:5; ലേവ്യർ 19:18; ലൂക്ക. 17:21; മത്താ. 9:15; മർക്കോ. 2:20; റോമ. 5:5; 1 യോഹ. 3:23,24; 1 യോഹ.4:7-16). ഇപ്രകാരമുള്ള ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നതാണ് സുവിശേഷം. ഈശോയാണു ദൈവരാജ്യം. ആ ഈശോയിൽ ദൈവസ്നേഹവും പരസ്നേഹവും ഒന്നു ചേർന്നിരിക്കുന്നു. ദൈവരാജ്യമെന്നതു പിതാവായ ദൈവം തന്റെ ഏകജാതനായ ഈശോയിലൂടെ സ്നേഹത്തിന്റെ സാമ്രാജ്യം സ്വർഗ്ഗീയ ഭൗമിക ഘടകങ്ങളിലൂടെ സന്നിഹിതമാക്കുന്നതാണ്.

രണ്ടാമത്തെ രഹസ്യം സുവിശേഷത്തിലുള്ള വിശ്വാസമാണ്. ഇവിടെ വിശ്വാസമെന്നത് ഈശോമിശിഹായിലൂടെ പിതാവായ ദൈവം ആവിഷ്ക്കരിച്ചു സന്നിഹിതമാക്കിയിരിക്കുന്ന സ്നേഹത്തിന്റെ അനുഭവത്തിന് പൂർണ്ണമായും വിട്ടുകൊടുക്കുന്ന സൃഷ്ടിയുടെ പ്രവൃത്തിയാണ്.

മനുഷ്യർക്കതു സ്നേഹത്തിനുള്ള പ്രത്യുത്തരവും. മേല്പറഞ്ഞ വിട്ടു കൊടുക്കലിനു ക്രിയാത്മകമായ സഹകരണം ആവശ്യമുണ്ട്.

മൂന്നാമത്തെ രഹസ്യം മേല്പറഞ്ഞ വിട്ടുകൊടുക്കലിനാവശ്യമായ തിരിയലിന്റെ പ്രവൃത്തിയായ മാനസാന്തരമാണ്. ഈ മാനസാന്തരം അതിന്റെ സ്വഭാവത്തിൽ ഇപ്രകാരമുള്ളതാണ്. ദൈവമാണ് മനുഷ്യനു തന്റെ ഛായയും സാദൃശ്യവും നല്കിയതെങ്കിലും മനുഷ്യനു ഭൗമികതയുടെ വ്യവസ്ഥിതിയിൽ സ്ഥലകാലബന്ധം സജീവമായിരിക്കും. മറ്റു വാക്കുകളിൽ പറഞ്ഞാൽ ദൈവരാജ്യത്തിന്റെ ചൈതന്യമായ ദൈവസ്നേഹം മനുഷ്യഹൃദയത്തിലുണ്ടെങ്കിലും അതു ജഡികതയിലും വൈകാരികതയിലും പരിസ്ഥിതമാണ്. ബാല്യകാലത്തിൽ ഈ പരിസ്ഥിതികത കൂടുതലും ശാരീരിക വൈകാരിക പ്രധാനമായിരിക്കുന്നതിനാൽ ആകർഷണ വികർഷണങ്ങൾ പഞ്ചേന്ദ്രിയ ബന്ധമായ വിഷയങ്ങളിലേക്കായിരിക്കും തിരിഞ്ഞിരിക്കുക. ഇതിനെ പ്രകടമായി അവതരിപ്പിച്ചാൽ മനുഷ്യനിലുള്ള ദൈവച്ഛായയിലേക്കു തിരിഞ്ഞിരിക്കും. യഹൂദജനതയുടെ സംഘാതാത്മക സ്ഥിതിയും മറിച്ചല്ലായിരുന്നു. അതുകൊണ്ടാണ് യോഹന്നാൻ മാംദാനാ ഈശോയുടെ ആഗമനത്തിന്റെ അറിയിപ്പായി പറയുന്നത്: "മാനസാന്തരപ്പെടുവിൻ; എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന് (മത്താ 3:2). യഹൂദജനതയ്ക്കു മാത്രമല്ല എല്ലാ മനുഷ്യർക്കും ഉള്ള അനുഭവമാണ് ഭൗതിക ബദ്ധത. അതുകൊണ്ടാണ് യോഹന്നാൻ മാംദാനായുടെ പ്രസംഗത്തെ ലൂക്കാ സുവിശേഷകൻ "പാപപ്പൊറുതിക്കായുള്ള ഹൃദയപരിവർത്തനത്തിന്റെ സ്നാന"മെന്നു വിശേഷിപ്പിച്ചത് (ലൂക്ക.3:6). മാനസാന്തരത്തിനനുയോജ്യമായ ഫലങ്ങൾ പുറപ്പെടുത്തുവാനാണ് യോഹന്നാൻ ഉപദേശിക്കുന്നതും (ലൂക്ക.3:8-17).

തിരിയൽ-മാനസാന്തരം-പശ്ചാത്തപിക്കൽ - എന്നതിനെ മനുഷ്യർ ദൈവത്തിലേക്കു തിരിയുക എന്നാണു മനസ്സിലാക്കാവുന്നത്.[43] ഈ തിരിയലിന്റെ സ്വഭാവത്തിൽ മനുഷ്യമാത്രമായ പ്രവൃത്തികൾക്കു

താത്ക്കാലിക ഫലമല്ലാതെ സനാതനഫലമില്ല. എന്നാൽ ദൈവോന്മുഖരായവരുടെ പ്രവൃത്തികൾക്കു നിത്യതയുടെ ഫലമുണ്ട്.

നിത്യതയുടെ സാരാംശം ദൈവസ്നേഹമാണ്. ഈ ദൈവസ്നേഹത്തിന്റെ ദാനമാണു ദൈവസാദൃശ്യം.[44] ദൈവസ്നേഹമാകുന്ന സാദൃശ്യം മനുഷ്യസ്നേഹമാകുന്ന ദൈവച്ഛായയിൽ കുടികൊള്ളുന്നത് ഭൗതികോന്മുഖമാകാതെ ദൈവോന്മുഖമാകുന്നതാണ് തിരിയൽ, മാനസാന്തരം, പശ്ചാത്താപം.

സാമാന്യമായി എല്ലാ മനുഷ്യരുടെയും ബാല്യകാലത്തിലാണ് ദൈവസാദൃശ്യമായിരിക്കുന്ന ദൈവസ്നേഹത്തിന്റെയും ദൈവച്ഛായയായിരിക്കുന്ന ജഡികാ വൈകാരിക സ്നേഹത്തിന്റെയും സംഘർഷമുണ്ടാകുന്നത്. ഈ സംഘർഷത്തിനുള്ള ഉപശാന്തിയാണ് മാനസാന്തരം വഴി സുവിശേഷത്തിൽ - ഈശോയിൽ - ദൈവരാജ്യത്തിൽ വിശ്വസിക്കുക എന്നത്.

ചാവറയെ സംബന്ധിച്ചിടത്തോളം ദൈവവിളിയായിരുന്നു മാനസാന്തരത്തിന്റെ പശ്ചാത്തലം. മാനസാന്തരത്തിന്റെ സ്വഭാവം ജഡിക വൈകാരിക സ്നേഹത്തിൽനിന്നും ദൈവസ്നേഹത്തിലേക്കുള്ള വളർച്ചയുമാണ്. ദൈവസ്നേഹം ചാവറ അനുഭവിച്ചറിഞ്ഞത് ശൈശവം മുതൽ അമ്മയിലൂടെയാണ്. എങ്കിലും ആ കാലഘട്ടങ്ങളിൽ ദൈവസ്നേഹത്തിലേക്കുള്ള വളർച്ചയുടെ ഘട്ടത്തിൽ പ്രലോഭനങ്ങൾ ഉണ്ടായിട്ടുള്ളതിനെയാണ് ചാവറ തന്റെ ബലഹീനതയായി ചിത്രീകരിക്കുന്നതും. അനുതാപത്തിന്റെ ശക്തിയാൽ സെമിനാരി ജീവിതം മുതൽ, അല്ല പ്രായപൂർത്തി വന്ന കാലം മുതൽ ദൈവസ്നേഹത്തിനുവേണ്ടി മാത്രമാണ് ചാവറ ജീവിച്ചത്. ബാല്യകാലാനുഭവങ്ങൾ ചാവറയുടെ ശൈലിയിൽ:

"അക്കാലമുള്ള ശുദ്ധി ഹൃദയപരമാർത്ഥം
ഒക്കെയും ഛേദംചെയ്തു ദുഃഖമേ മഹാകഷ്ടം!

ബോധത്തോടു കൂടവേ വളർന്നു പാപമലം
ക്രോധവുമഹങ്കാരം ശേഷം ദുർഗുണങ്ങളും
.....
ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽപരം കഷ്ടം പിശാചിൻ ദാസനായി." [45]

ചാവറയ്ക്കനുഭവപ്പെട്ട പാളിച്ചകളെക്കുറിച്ചും അദ്ദേഹം എടുത്തു പറയുന്നു:

"അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ
അന്നവരുടെ വൃത്തികൾ കണ്ടിട്ടു
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാനക്രിയയാകുന്ന സ്നാനവും
സുജ്ഞാനം വിനാ മറ്റും ചെയ്തേനഹം:
അയ്യോ! നാഥനെ! സ്നേഹഗുണനിധേ!
അയ്യം തോന്നുന്നകാലം തുടങ്ങിമേ.
അക്കാലംവരെ നിന്നുടെ തൃക്കണ്ണി-
ന്നൊക്കും വണ്ണം ചരിച്ചേനഹം ശിശു
അന്നുതൊട്ടുവരോടു ചരിച്ചിട്ടു,
നന്ദിയൊക്കെ മറന്നേനഹം വൃഥാ;
നിർഗുണമായ യജ്ഞാനിക്കൂട്ടത്തിൽ
ദുർഗുണമല്ലാതെന്തു ഗുണമുള്ളു!
കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ള കളികളും

CARMEL JYOTHI
ALWAYE
THAIKKATTUSSERY

നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദൂഷിതവാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ."[46]

ഈ സംഭവം പലപ്പോഴും ഉദ്ധരിക്കുന്നത് ചാവറയെ എന്നും അനുതാപത്തിനു പ്രേരിപ്പിക്കുന്ന ഒരനുഭവമായതിനാലാണ്. ധാർമ്മികതയുടെ വ്യവസ്ഥകൾ കണക്കിലെടുത്താൽ ചാവറയ്ക്കുണ്ടായ അനുഭവം ലോകത്തിന്റെ പാപത്തെ യോഹന്നാൻ സുവിശേഷകൻ പറഞ്ഞിരിക്കുന്നതിന്റെ ഒരു പ്രകാശനമാണ് (യോഹ.1:29;16:6-25). ഈശോയെ പൂർണ്ണമായും അംഗീകരിക്കാത്ത ഘടകമാണ് ലോകമെന്നത്. ലോകത്തിന്റേതായി യോഹന്നാൻ ശ്ലീഹാ പറയുന്നത് ജഡമോഹം, കണ്ണുകളുടെ ദുരാശ, ജീവിതാഹന്ത എന്നിവയാണ് (1 യോഹ.2:15,16). കുട്ടികളിൽ നൈസർഗ്ഗികമായി വരുന്ന ഒന്നാണ് കണ്ണുകളുടെ ദുരാശ. ഇതു പ്രത്യേകിച്ചും വളർച്ചയുടെ കാലഘട്ടത്തിൽ ഉണ്ടാകുന്ന ഒരു തരം ജിജ്ഞാസയാണ്. എങ്കിലും നിസ്സാരമായ അതും നീക്കുന്നത് ഗൗരവമായതിൽ വീഴാതിരിക്കുന്നതിനുള്ള വിവേകമായിട്ടാണ് ചാവറ കണ്ടിരുന്നത്. അതുകൊണ്ട് ചാവറ വിവരിക്കുന്ന പാപമെന്നതു മനുഷ്യരുടെ ഭോഗികവാസനയിൽ നിന്നുള്ളതാണ്. എന്നാൽ സമഗ്രത കണക്കിലെടുക്കുമ്പോൾ ദൈവസ്നേഹമാണു പൊന്തിനില്ക്കുന്നത്. അതിനാൽ ചാവറയിലുണ്ടായ പശ്ചാത്താപം - തിരിയൽ - പരിപൂർണ്ണ ദൈവസ്നേഹത്തിലേക്കുള്ള വളർച്ച തന്നെയാണ്. ദൈവസ്നേഹം എത്ര അധികം അനുഭവപ്പെടുന്നുവോ അത്രയധികം അനുതാപത്തിന്റെ തോതും ഉയരുന്നു.

ചാവറ തന്റെ ബാല്യകാലം മുതൽ മരണക്കിടക്കവരെ തികഞ്ഞ അനുതാപിയായി ജീവിച്ചതുകൊണ്ടാണ് പരിശുദ്ധാത്മനിറവിൽ എന്നും നിലകൊണ്ടത്. ആത്മാനുതാപവും ധ്യാനസല്ലാപവും പാപാവബോധത്തിന്റെ നിർഗ്ഗളിക്കലെങ്കിലും ദൈവസ്നേഹത്തിന്റെ അനുഭൂതിയിൽ നിറഞ്ഞു നിന്നു.

മാനവവിജ്ഞാനീയവും മന:ശാസ്ത്രഘടകങ്ങളും പരിഗണിക്കുമ്പോൾ ചാവറയിൽ വിളങ്ങി ശോഭിച്ച ദൈവസ്നേഹത്തിന്റെ മഹാരഹസ്യം ആധുനിക ലോകത്തിന് ആത്യന്തിക ഉത്തരം നല്കുന്നതാണ്. എന്നാൽ പത്താമത്തെ വയസ്സു തുടങ്ങി അറുപത്തിയാറാം വയസ്സുവരെ ജീവിച്ച ജീവിതത്തിന്റെ നീണ്ട താപസികത ആർക്കാണു സ്വീകാര്യം. ജീവന്റെ സമൃദ്ധി ആഗ്രഹിക്കുന്നവർക്കു ചാവറ നല്കുന്ന സന്ദേശം ആത്മാനുതാപത്തിന്റേതല്ല, മറിച്ച് സ്നേഹത്തിന്റേതാണ്. ചാവറ പാടുന്നു:

> "എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
> നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു." [47]

ചാവറ സ്നേഹത്തിന്റെ സിദ്ധിയുള്ളവനായിരുന്നുവെന്ന് ഏതാനും ചില ഗീതങ്ങൾ തെളിയിക്കുന്നു:

> "എന്നതിനാലേ നിന്റെ സ്നേഹപുത്രന്റെ തിരു-
> സുന്ദരമേനി തന്നെ പൊതിഞ്ഞു ചുറ്റിക്കെട്ടി
> നിൻതിരുമടിയതിൽ സ്നേഹത്താൽ ചേർത്തുകൊണ്ട്
> നിൻതിരുപ്പാലാലൂട്ടിത്തഴുകി മുത്തിക്കൊണ്ടും
> തന്നുടെ തിരുമുഖശോഭയും സുന്ദരമാം
> ചെന്നിയും തിരുക്കൈകൾ കാൽകളും മുത്തം ചെയ്തു
> അത്തിരുപൈതൽ നിന്റെ മടിയിൽ കിടന്നുട-
> നത്തിരുമുത്തിളക്കി നിന്നേയും തോഷിപ്പിച്ചു.
> മകനെയമ്മനോക്കും മാതാവേ സുതൻ പാർക്കു-
> മനർഘസ്നേഹത്തൊടേയിരുവരതു നേരം
> ക്ഷപനാം പിതാവെന്റെ ശരണം "യൂസെ" മുനി
> ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹുസ്നേഹാൽ."[48]

തിരുക്കുടുംബദർശനത്തിൽ ചാവറ അനർഘസ്നേഹത്തെ അനുഭവിച്ചതിന്റെ കവിത ഹൃദയമാലപിച്ചതാണ് മുകളിൽ കൊടുത്തത്. ചാവറയുടെ മരണത്തിനു അടുത്തുള്ള കാലഘട്ടങ്ങളിൽ രചിച്ച കവിത തികച്ചും ദൈവസ്നേഹത്തിന്റെ ശ്രേഷ്ഠമായ ഹൃദയാവിഷ്ക്കരണമാണ്.

ബാല്യകാലത്തിലെ ശിശുചാപല്യങ്ങളെ യൗവ്വനത്തിലും ജീവിത സായാഹ്നത്തിലും ദൈവസ്നേഹത്തിന്റെ ഉത്കടമായ അനുഭൂതിക്കായി ഉപകരിപ്പിച്ച ചാവറ ദൈവാത്മാവ് നിറഞ്ഞവനായിരുന്നു. അതായത് ജഡികസ്നേഹത്തെ വൈകാരിക തലങ്ങളിലൂടെ രൂപാന്തരപ്പെടുത്തി ദൈവസ്നേഹത്തിൽ ലയിപ്പിച്ച സ്നേഹോപാസകനായിരുന്നു ചാവറ. സ്നേഹത്തിന്റെ പൂർണ്ണതയിൽ റൂഹാനുഭവത്തിന്റെ തികവ് അനുഭവിച്ചവനാണു ചാവറ.

10:9 വിവേകം

ചാവറയച്ചന്റെ ജീവിതദർശനം പ്രകടമാക്കുന്ന ഒരു കൃതിയാണ് മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നറിയപ്പെടുന്ന "പർവ്വം". ചാവറയുടെ വിവേചനം അല്ലെങ്കിൽ വിവേകമെന്ന പുണ്യം പ്രകടമാക്കുന്ന ഒരു ഭാഗം മേല്പറഞ്ഞ കൃതിയിൽ നിന്നും ഉദ്ധരിക്കാം:

"സ്നേഹമവനിൽ ഞാൻ കാണിച്ച കാരണം
സ്നേഹത്താൽ ചാരെയിരുത്തിക്കൊണ്ടു
ചതുര്യബന്ധു മൽ സ്നേഹിതനാകയാൽ
ചതരന്ത്യമോർമ്മ വരുത്തിമയാ-
കേട്ടതു നേരമെനിക്കുമൊരു ദാഹം
കേട്ടതിന്മേൽ വച്ചു മമ ബോധം
സാരസ്യമായൊരു ശ്ലോകത്തെ കേൾപ്പിപ്പൻ

സാരമായ് നീയിതു ദിനേ ദിനേ
ഭേദം വരുത്താതെ നീ ജപിച്ചീടുകിൽ
ഭേദമില്ലാ മഹാഭാഗ്യം ലഭ്യം
മൃത്യു ജയമെന്ന നാമം നിനക്കുമായ്
തത്ര ജീവിക്കുകിൽ കിട്ടും നൂനം
എന്നവൻ ചൊന്നപോൽ കേട്ടുനടക്കയാൽ
ഇന്നെനിക്കീ ഭാഗ്യം ലഭ്യമായി
മേ വിധി ശാസനം നീക്കി തുണപ്പാനും
ഈ മഹാശ്ലോകത്താൽ ഭാഗ്യം കിട്ടി
മൃത്യുവിധിമോക്ഷം ദുർഗ്ഗതിയെന്നിവ
ധീസ്മരണയതിൽ സർവ്വനേരം
എന്നിതു നിങ്ങളുമോർത്തു ജപിപ്പാനായ്
ഇന്നെന്റെ കാഴ്ചയിലോർപ്പിക്കുന്നു."[49]

അന്ത്യത്തെ ആദിയിൽ കണ്ടു ജീവിച്ച ചാവറയുടെ വിവേചനാശക്തിയാണ് മരണപർവ്വത്തിലുമുള്ളത്. ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അത് എന്തുമാത്രം സ്വർഗ്ഗഭാഗ്യത്തിന് ഉപകരിക്കുമെന്നു നോക്കി അതു നന്നായി ചെയ്യുന്നതിനുള്ള കഴിവ് ചാവറയിൽ സുദിര പ്രതിഷ്ഠിതമായിരുന്നു. ഈ വിവേചനയുടെ പ്രായോഗികത ഏറ്റം നിസ്സാരമായ കുറവുപോലും ഒഴിവാക്കുക എന്നതാണ്. ചാവറ പാടുന്നു.

"അയ്യയ്യോ സ്നേഹിതേയപ്പുരി പൂകുവാൻ
എത്രയോ ശുദ്ധിതൻ വെണ്മ വേണം
അല്പമാലിന്യ നിഴലാപ്പുരിയെത്താൻ
തൊല്പം തടവെന്നുമോർത്തു കൊൾക."[50]

നിസ്സാര കുറവുകൾ പോലും ഒഴിവാക്കിയിരുന്ന ചാവറ വിവേചനയുടെ പ്രായോഗികതയായ വിവേകം സദാ പുലർത്തിയിരുന്നു.

നാല്പത്തൊന്നു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന കാലത്തും വിവേകമെന്ന പുണ്യം കൊണ്ട് പ്രായത്തിന്റെ കുറവ് പരിഹരിച്ചുവെന്ന് അദ്ദേഹത്തിന്റെ ആത്മപിതാവായിരുന്ന ലെയോപ്പോൾദു-പറയുന്നു. മേലധ്യക്ഷന്മാർ ചാവറയുടെ വിവേകം കണ്ടുകൊണ്ടാണ് വികാരി ജനറാളാക്കുവാൻ തീരുമാനിച്ചത്. ചാവറ വ്യക്തിപരമായ വിവേകത്തിന്റെ മാനദണ്ഡം തന്നെ സമൂഹത്തിന്റെ കാര്യത്തിലും പ്രായോഗികമാക്കുന്നു എന്ന് വിശ്വാസതിരുസംഘവും കണ്ടിരുന്നു. പ്രത്യേകിച്ചും റോക്കോസ് മെത്രാന്റെ ആഗമനത്തിൽ ഭാരതസഭയിൽ മിഷനറിമാരുടെ നില പരുങ്ങലിലായി. എന്നാൽ നസ്രാണി സമൂഹം വിദേശമിഷനറിമാർ വഴി റോമാ സിംഹാസനത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവരെ ഒഴിവാക്കുന്നതു വിവേകമല്ല എന്നു കണ്ട ചാവറ, മിഷനറിമാർ വഴി റോമായോടു ബന്ധപ്പെട്ടിരുന്നത് വലിയ വിവേകമായിട്ടാണ് വിശ്വാസസംരക്ഷക സമിതി വിലയിരുത്തിയത്.

കൂനമ്മാവിൽ രൂപം കൊണ്ട കന്യകകൾക്കായുള്ള സമൂഹത്തെ ലെയോപ്പോൾദച്ചനും ചാവറയും കൂടെ വിജയപ്രദമായി നയിച്ചിരുന്നു. അതുകൊണ്ടാണ് ആ മഠത്തിലെ നാളാഗമത്തിൽ ചാവറയുടെ മരണത്തെപ്പറ്റി രേഖപ്പെടുത്തുമ്പോൾ ചാവറ വിവേകിയായിരുന്നുവെന്നു സൂചിപ്പിക്കുന്നത്. ചാവറയച്ചൻ കന്യാസ്ത്രീകൾക്കെഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു: "ആ! ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നൊടു കൂടെ എപ്പഴും സംസാരിപ്പിൻ. യാതൊരു വസ്തുവിന്മേൽ നിങ്ങൾക്ക് ഇഷ്ടമൊ ആഗ്രഹമൊ അതിക സന്തോഷമൊ തൊന്നുപൊൾ ഈ പ്രിയം നിറഞ്ഞ കർത്താവെ നിന്റെ നെരെ തിരിഞ്ഞു പറയുന്നു. എന്നെ നീ നോക്കുക എന്നെക്കായിൽ അതികം നിന്നെ സന്തോഷപ്പെടുത്തുമൊ."[51]

ഈശോമിശിഹായുടെ സ്നേഹത്തിൽ എപ്പോഴും ആയിരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ സത്യം

വിവേചിച്ചറിയുന്നതിനുള്ള വിവേകം ചാവറയച്ചനിൽ ഉണ്ടായിരുന്നു വെന്നതാണ് മേല്പറഞ്ഞ കത്തിൽ നിന്നും വ്യക്തമാകുന്നത്.

ചാവറയുടെ വിവേചനാശക്തി രൂപപ്പെട്ടു തുടങ്ങിയത് അദ്ദേഹം ചെറുപ്പത്തിൽ അമ്മയുടെ ചാരത്തുനിന്നും ആലോചന സ്വീകരിച്ചതു മൂലമാണ്. തുടർന്ന് പാലയ്ക്കൽ മല്പാനച്ചനിൽ നിന്നും, പോരുക്കരയച്ചനിൽ നിന്നും അവസാനം ലെയോപ്പോൾദു മൂപ്പച്ച നിൽനിന്നും അദ്ദേഹം വിവേചനാഗുണം ആർജ്ജിച്ചു. ഈ വിവേച നാഗുണം ചാവറയെ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനാക്കി എന്നും നില നിറുത്തിയിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു വസ്തുത ചാവറ എടുത്ത ഒരു തീരുമാനമാണ്. നസ്രാണിവ്യക്തിസഭയിൽപ്പെട്ട 125 പേർ ഒൻപതാം പീയൂസ് മാർപ്പാപ്പായ്ക്കയച്ച കത്തിൽ ചാവറയുടെ വിവേ ചനാ വൈഭവത്തെ പ്രകീർത്തിക്കുന്നുണ്ട്: "വരാപ്പുഴ മേലദ്ധ്യക്ഷ ക്രമത്തിനു വിധേയപ്പെടാതെ സ്വജനത്തിൽ നിന്നു തന്നെ മെത്രാനെ ലഭിക്കുവാൻ പലരും ആഗ്രഹിച്ചു. ഈ അവസരത്തിൽ ഞങ്ങളുടെ ബ. ചാവറ കുരിയാക്കോസ് ഏലിയാച്ചൻ - മലയാളത്തിലെ ആശ്രമ ങ്ങളുടെ സ്ഥാപകൻ, ആദ്യ പ്രിയോർ, അഭിവന്ദ്യ ബച്ചിനേല്ലി മെത്രാ പ്പോലീത്തായുടെ വികാരി ജനറാൾ-തന്റെ നല്ല ആലോചനകൾ നൽകി, പ്രതിയോഗികളെ ശാന്തമാക്കി. ഈ ആഗ്രഹവും അപേക്ഷയും തന്നിൽത്തന്നെ നല്ലതാണെങ്കിലും, ഇപ്പോൾ നമ്മെ ഭരിക്കുന്ന വികാരി അപ്പസ്തോലിക്കായ്ക്കു വിധേയരായി, തക്കസമയത്ത് അവ സമർപ്പി ക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്."[52]

ചാവറയച്ചന്റെ വിവേചനാ ഗുണത്തെ രണ്ടു തരത്തിൽ വ്യാഖ്യാ നിക്കുന്നവർക്കുള്ള ഒരു സംഗതിയാണിവിടെ വരുന്നത്: "ഈ ആഗ്ര ഹവും അപേക്ഷയും തന്നിൽത്തന്നെ നല്ലതാണെങ്കിലും ഇപ്പോൾ നമ്മെ ഭരിക്കുന്ന വികാരി അപ്പസ്തോലിക്കായ്ക്ക് വിധേയരായി, തക്കസമയത്ത് അവ സമർപ്പിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്." ചാവറയച്ചന്റെ നിലപാടിനെ എതിർക്കുന്നവർ ഇപ്പോൾ പറയുന്നത്

ലത്തിൻ മേലധ്യക്ഷക്രമത്തിനു വിധേയരായതുവഴി നസ്രാണി സഭയെ വൈദേശീകരിക്കുന്നതിൽ ചാവറ കൂട്ടുനിന്നു എന്ന രീതിയിലാണ്. മറുവശം സഭാഭരണ സംവിധാനം റോമാ മാർപ്പാപ്പായോടു ബന്ധപ്പെട്ടിരിക്കുന്നതിന് അങ്ങനെ വിധേയരാകേണ്ടത് ആവശ്യമെന്നുമാണ്. ഇതിൽ ചാവറ എടുത്ത തീരുമാനം വിശ്വാസത്തിന്റെ സഭാത്മകഘടകം വച്ചുനോക്കുമ്പോൾ ശരിയാണ്. വിശ്വാസത്തിന്റെ അനുസരണത്തിൽ എപ്പോഴും ത്യാഗം ഉണ്ടാകാം.

ചാവറയുടെ സത്യാത്മാവിനെ തിരിച്ചറിയുന്നതിനുള്ള വിവേചനാശക്തി, ദൈവജനത്തിനു നന്മ എന്നത് സഭാധികാരികൾവഴി എന്ന സ്വഭാവമുള്ളതാണ്. അതുകൊണ്ട് ചാവറ കൊടുത്തിരുന്ന ആലോചനകളും തീരുമാനങ്ങളും, നസ്രാണി സഭാസമൂഹത്തിന്റെ ഭൗതികവും ആധ്യാത്മികവുമായ നേട്ടങ്ങളായി എന്നും പ്രസക്തമാണ്. എന്നാൽ സഭാധികാരികൾ റൂഹായുടെ നിവേശനത്തെ എന്നതിനെക്കാൾ മാനുഷികതലത്തിലും സഭാപരസങ്കുചിതത്വത്തിലും നിലനിന്നത് ചാവറയുടെ വിവേചനാസുകൃതത്തെപ്പോലും വ്യതിചലിപ്പിച്ചിരുന്നു. അതുകൊണ്ടാണ് ചാവറയെ സഭാവിജ്ഞാനീയർ ഒരു പരിധിവരെ വിമർശിക്കുന്നത്. നീതിവിധിയെക്കുറിച്ചു റൂഹാ തന്നെ കുറ്റപ്പെടുത്തട്ടെ (യോഹ. 16:8,11).

10:10 മരണാഘോഷം

സോളമൻ രാജാവിന്റെ വിജ്ഞാനത്തിൽ നിന്നും ആവിഷ്കൃതമായ ഒരു കാര്യം ചാവറ എടുത്തു പ്രയോഗിച്ചത് അദ്ദേഹത്തിന്റെ വിശ്വാസത്തെ പ്രകടമാക്കുന്നതാണ്. മരണത്തിനു നിഷേധാത്മക വശമല്ല, മറിച്ച് ആഘോഷത്തിന്റെ ചൈതന്യമാണ് ഉണ്ടാകേണ്ടത്. വിശ്വാസത്തിന്റെ ഉൾക്കാഴ്ചയിലൂടെ അല്ലാതെ ഇത്ര ഉത്കൃഷ്ടമായ ഒരാശയം അവതരിപ്പിക്കുവാൻ സാധ്യമല്ല. വിശ്വാസമെന്നത് ചാവറയിൽ ആഴപ്പെട്ടതിന്റെ ഒരു തെളിവാണ് മരണക്കിടക്കയിലും കല്യാണപ്പന്തലിന്റെ ഓർമ്മ പുലർത്തുന്നത്. ചാവറ പാടുന്നു:

"ജന്മദിനത്തേക്കാൾ മരണദിനം നല്ലു
ജന്മഘോഷത്തേക്കാൾ മരണഘോഷം
കല്യാണപന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ പോക നന്നു."[53]

മരണത്തെ മുന്നിൽ കണ്ടുകൊണ്ട് അതിനെ സമാശ്ലേഷിക്കുന്നതിന് ചാവറ എന്നും ഒരുങ്ങിയിരുന്നു. അതുകൊണ്ട് വരാനിരിക്കുന്ന സൗഭാഗ്യത്തെ ഒട്ടും തന്നെ അകറ്റി നിറുത്താതെ അതിനെ സമാശ്ലേഷിക്കുന്ന രംഗമാണ് ഇവിടെ കാണുന്നത്. ഇപ്രകാരം ജീവിക്കുന്നതിനു ചാവറയ്ക്കു സാധിച്ചത് ദൈവാത്മാവിന്റെ പ്രേരണ ഓരോ നിമിഷവും ബോധപൂർവം അനുഭവിച്ചറിഞ്ഞതുകൊണ്ടാണ്. ഈശോയുടെ സ്ലീവാമരണത്തെ ധ്യാനിക്കുന്ന ചാവറയിൽ ജീവിതം മുഴുവനും സ്നേഹത്തിൽ വിലയനം കൊള്ളുന്നതിന്റെ ചിത്രം കാണാം:

"ഓ! മമ മഹാ സ്നേഹധാമമേ സ്ലീവായെ! നീ
വേഗമായ് വന്നു നിന്റെ കൈകളിൽ കൈക്കൊൾകമാം
എന്നുടെ സ്നേഹജനമന്നിലെ മനുക്കളെ
നമ്മുടെ സ്വന്തം പിതൃമുൻപിൽ നാം നിരത്തുവാൻ
നിന്നുടെ മുകളായ അൾത്താരയതിൻ മീതെ
നിന്നുനാം നമ്മെത്തന്നെയർച്ചനയണക്കുവാൻ
ഇന്നു നാം നിന്നെക്കാണ്മാനെത്രയോ മുന്നം മുതൽ
നന്ദിയാം സ്നേഹാഗ്രഹാലെത്രയോ പാർത്തേനഹം
നിൻമീതെ ശയനിച്ചു സുനിദ്ര ഭവിപ്പാനായ്
എൻ മനസ്സെത്ര ദാഹാൽ മോഹിച്ചേൻ ആകാശത്തിൽ
നിന്നു നാമിറങ്ങുവാൻ കാരണം നീയെ, സഖേ!
നിൻ മോഹാൽത്തന്നെ തഥാ ശോക മാംസത്തെ ചേർത്തേൻ

നീ തന്നെ വീര്യായുധം നമ്മുടെ ജയത്തിനും
നീ തന്നെ മോക്ഷദ്വാരം തുറപ്പാനുള്ള താക്കോൽ
നീ തന്നെ മഹാപൂജമാനുഷൻ ഗുണമുക്തി
നിന്നാലെ മർത്യനിസ്വം! സമ്പാദ്യം ഭവിപ്പാനും

നിന്നാലെ തുറക്കുന്ന പാതയിൽ മമ ജനം
പിന്നാലെയോടി നിന്നെയന്വേഷിച്ചീടും ദൃഢം
എന്നുടെ സ്നേഹപിതാനാദ്യന്തൻ ദേവൻ നീയെ
നീ തന്നെ ഭൂമ്യാകാശസൃഷ്ടിതാവെന്നും ദൃഢം
നിന്നുടെ ചൊൽകേട്ടു ഞാൻ വഴുക്കി മമ കരൾ
എന്നുടെ മക്കൾക്കുള്ള രക്ഷാർത്ഥം ലഭിപ്പാനായ്
ഇന്നു ഞാനണയ്ക്കുന്ന പൂജയ്ക്കു വിറകിതാ
മേ പിതായിനി മമ ഗോത്രരായ് മനുവൃന്ദം
തേ സുതരിവർ തന്നെയടിയാരല്ലല്ലനി
മാം പ്രതിയിനി നിന്റെ സമ്പത്തിന്നനന്തരർ
താം പ്രതിയനുദിനെ കടക്കും നിന്റെ മുൻപിൽ
ഈവണ്ണം സ്തുതി ചെയ്തു പഞ്ചവും ദശാ നീളം
ഔവണ്ണം കനമൊത്ത കുരിശെത്തോളിൽക്കേറ്റി
പുറത്തു പുറപ്പെട്ട നേരം കണ്ടമ്മമുഖം
കറുത്തു മഹാദുഃഖാൽ സാഷ്ടാംഗം കുമ്പിട്ടയ്യോ
കണ്ടുടൻ തന്റെ കാവൽ ദൂതരാം മാലാഖാമാർ
ഇണ്ടൽ പൂണ്ടുള്ള നാരി കന്നിയും യോഹന്നാനും
ഒക്കെയും മുട്ടുകുത്തി കുമ്പിട്ടുനാഥൻ തന്നെ
ദുഃഖമേ മഹാ ദുഃഖം മാം പ്രതിസർവ്വമയ്യോ

എന്നുടെ പാപത്തിന്റെ എണ്ണുങ്ങൾ കുറഞ്ഞെങ്കിൽ
തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞേനെ.... ."[54]

ദുഃഖത്തിന്റെ മൂർത്തീഭാവമായ സ്ലീവായിലും ചാവറ ദർശിച്ചത് പിതാവും ആദിയും അന്ത്യവുമായിരിക്കുന്ന ദൈവത്തെയാണ്. ഈ ദർശനം കുരിശിന്റെ ഭാരം കുറയ്ക്കുന്നതിനു ചാവറയെ പ്രേരിപ്പിച്ചിരുന്നു. മുൾമുടി ധരിച്ച് രക്തത്താൽ വിഭൂഷിതനായ ഈശോയെ ചാവറ കാണുന്നത് കല്യാണപ്പന്തലിലെ അലംകൃതമണവാളനായിട്ടാണ്:

"ചൂണ്ടൽസമം ചിലതെത്രയും മഹാരശ്മി
വീണ്ടതിൻ ചുറ്റും നിന്നും തൂങ്ങുന്നമുത്തുമണി
നീണ്ടു തൻ നെറ്റി ചെവി ചുറ്റുമാരശ്മിരസം
കല്യാണ വസ്ത്രത്തിലും തൂങ്ങുന്നീശിരോമണി
കല്യാണപ്പന്തൽവരെ പാവാടയിതുതന്നെ
ഇത്തരുരത്നത്തിലൊന്നാഗ്രഹിക്കുന്നോരെത്ര!
സുത്തിരുപത്നീ നിങ്ങൾക്കെത്രയോയിതു യുക്തം." [55]

ഗാഗുൽത്തായിലെ രംഗങ്ങളെല്ലാം കല്യാണപ്പന്തലിനു സമം ദർശിച്ച ചാവറ ജന്മദിനത്തെക്കാൾ മരണദിനം അഭികാമ്യമായി സ്വീകരിച്ചു; കല്യാണപ്പന്തലിൽ പോകുന്നതിനെക്കാൾ മരണവീട്ടിൽ എത്തുന്നതു ശ്രേഷ്ഠമെന്നു കരുതി. ജീവിതയാത്ര മുഴുവനും വിവാഹത്തെ മരണാനുഭവത്തിൽ കണ്ടെത്തിയ നിമിഷങ്ങളായിരുന്നു. മരണക്കിടക്ക കല്യാണപ്പന്തലാക്കിയ മനോഹരദൃശ്യം ചാവറ തുടരുന്നു:

"ദാഹിച്ചു കുടിപ്പാനായിച്ചിച്ചേനഹം പാപി
സ്നേഹിതസ്നേഹിയോന്റെ സുന്ദരിപ്പുത്രികളെ!
സ്നേഹമേറീടും നിങ്ങൾ മണവാളനെ കാണ്മിൻ
തന്നുടെ സ്നേഹമാതാ മന്നവൻ ശ്ലേമ്മോനിനെ
തന്നുടെ സ്നേഹാൽ ചാർത്തിയേറ്റിയ കിരീടത്താൽ

പേർത്തവൻ തന്റെ സ്നേഹപാത്രമാം മണാമണെ
ചേർത്തു നൽ വിവാഹത്തിന്നായ്ക്കൊണ്ടു യാത്രയിതാ
ആർത്തുള്ള സ്നേഹാഘോഷാൽ ചാർത്തിയങ്ങുയർത്തിയ
ധൂർത്തുള്ള മണപ്പന്തൽ ഗാഗുൽത്താകൊടുമുടി
ധീഗത്യാമഹാവേഗമായുള്ള യാത്ര കാണ്മാൻ
ധീരതയുള്ള സ്നേഹവാമിനി വന്നീടുക
സൂക്ഷിക്ക മഹാസ്നേഹമണവാളന്റെ ഗളേ."[56]

ഈശോയുടെ മരണത്തെക്കുറിച്ചും അവിടുത്തെ സ്ലീവായെക്കുറിച്ചും ധ്യാനിച്ച് തന്റെ വിശ്വാസം സജീവമാക്കിയ ചാവറ ജനനത്തെ മരണാനുഭവമായും മരണത്തെ ജന്മദിനമായും അനുഭവിച്ചത് സ്വർഗ്ഗീയമായ സുകൃതമാണ്. ജഡത്തിന്റെ അവസ്ഥയെ ചേതനയുടെ ശക്തിയാൽ രൂപാന്തരപ്പെടുത്തിയ ചാവറ ഓരോ നിമിഷവും ദൈവാത്മാവു നിറഞ്ഞവനായി ജീവിച്ചു. ആത്മാനുതാപമെന്ന കൃതി, മേല്പറഞ്ഞ രീതിയിൽ റൂഹായാൽ നിരന്തരം ജീവിച്ചതിന്റെ ഒരു ഭാഷ്യമാണ്. ഓരോ പ്രവൃത്തിയിലും ദൈവാത്മാവിനെ ദർശിക്കാത്ത ഓരാൾക്ക് മരണത്തെക്കുറിച്ചും മരണാനുഭവത്തെക്കുറിച്ചും എങ്ങനെ സ്വർഗ്ഗീയ കവിത രചിക്കാൻ സാധിക്കും! കവിതയിൽ ചാവറ തന്റെ അനുഭവത്തെ ഉൾച്ചേർക്കുന്നതിൽ നിന്നും അതിന്റെ വ്യക്താവതരണവും പ്രകടമാണ്:

"അത്തിരുമണവാളൻ മാതാവും പിമ്പെയയ്യോ
നാഥനേ മമാദേവാ രാജനേ ഞാനും പിമ്പെ
പഥം നീ നനയ്ക്കുന്നുമേ പാപത്താലെ രക്താൽ
നിന്നുടെ മരണത്തിൻ പങ്കാളി ഞാനും കൂടെ."

ദൈവൈക്യത്തിൽ റൂഹായാൽ മുന്നേറുന്ന ചാവറ എപ്പോഴും തന്റെ അയോഗ്യതയെക്കുറിച്ചു ബോധവാനായിരുന്നതുകൊണ്ട് പാപരഹിതനാകാൻ സാധിച്ചു. ചാവറയുടെ മനോഗതം:

"എന്നുടെ അയോഗ്യത്താൽ യോഗ്യമില്ലെന്നാകിലും
ഇങ്ങനെ നാഥൻ തന്റെ വൻകുരിശതും കൊണ്ടു
തിങ്ങിന മോദത്തോടെ യാത്രയെന്നിതും ദൃഢം."[57]

അനുതാപത്തിന്റെ കണ്ണുനീർ മാനുഷിക പരിമിതികളെ തുടച്ചുമാറ്റി ദൈവിക ചൈതന്യത്തെ പ്രതിഷ്ഠിച്ചു കൊണ്ടിരുന്നു. ഈ വിശ്വാസം മരണാനുഭവത്തെ ജന്മത്തോടു ബന്ധിപ്പിച്ചും മാതൃമാദ്ധ്യസ്ഥത്തോടു ചേർത്തും ചാവറ അനുഭവിക്കുന്ന മഹനീയ രംഗം:

"രക്ഷാനാഥന്റെ തൊട്ടിൽ ജലത്തെക്കുഴിച്ചീടും
രക്ഷയ്ക്കായെന്നേശയ്യാ വചനം തികഞ്ഞയ്യോ
രക്ഷാർത്ഥമടിയനെ നൽകുവാനായിട്ടല്ലൊ
സ്വജനവിശ്വാസവും കാഠിന്യചിത്തമതും
സ്വജന്മസ്നേഹ മാതൃകാൺകയാൽ പിതാവൊട്ട്
പ്രാർത്ഥിച്ചങ്ങിതു നീങ്ങിപ്പലരും വിശ്വസിപ്പാൻ
പ്രത്യക്ഷ കാഴ്ചയാലേ പുത്രന്റെ മരണത്താൽ
പിതാവു മകളുടെയപേക്ഷയംഗീകരിച്ചതു."[58]

ചാവറയുടെ ജീവിതയാത്ര പൂവണിഞ്ഞത് ദിവ്യമണവാളനായ ഈശോയെ സ്നീവാനുഭവത്തിൽ സമാശ്ലേഷിച്ചതു വഴിയാണ്. ബാല്യം മുതൽ റൂഹായാൽ പ്രേരിതനായി ജീവിച്ച ഒരു മഹത്വ്യക്തിയുടെ ചിത്രമാണ് ചാവറയിൽ തെളിഞ്ഞു നില്ക്കുന്നതും. മരണക്കിടക്കയെ വിവാഹമണ്ഡപമാക്കിയ റൂഹാനിറഞ്ഞ മനുഷ്യൻ!

10:11 മാമ്മോദീസായുടെ സാക്ഷാത്കാരം

ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി ജീവിച്ചതിന്റെ രഹസ്യം ആത്മാനുതാപത്തിന്റെ ആദ്യപാദത്തിൽ തന്നെ സൂചിപ്പിക്കുന്നു. മാമ്മോദീസാ വഴി ലഭിച്ചതിനെക്കുറിച്ച്:

"കരുണാകരനായ സർവ്വേശ്വരാ!
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായ് സ്മരിച്ചു രക്ഷിച്ചല്ലോ
കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയമാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം പോക്കി നിൽകിയതുകാലം
ഇച്ചെയ്ത ഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തു നാഥാ!
ഇങ്ങനെ മമയാത്മാവിൻ കേടിനെ
അങ്ങുന്നപ്പഴേ തീർത്തുഗുണം നൽകി
ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ
.....
"അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും"[59]

ചാവറ ദൈവപുത്രനായി എന്ന വിശ്വാസം അമ്മയുടെ വിശ്വാസ പരിശീലനത്തിൽ നിന്നു തന്നെ അദ്ദേഹം അനുഭവിച്ചറിഞ്ഞു. ഈ അനുഭവം വിശ്വാസത്തിന്റെ വിഷയമായ ത്രിത്വത്തിൽ കേന്ദ്രീകൃതം:

"പിതാവു പുത്രൻ റൂഹാദ്ക്കുദ്ശാ
പിതാവിൻ സുതനരാവതാരവും
കന്നിതന്നുടെ ശുദ്ധോദരത്തിലായ്
മന്നിൽ വന്നു പിറന്നു മനുവായി."[60]

ചാവറയുടെ ജനനത്തിൽ തന്നെ ദൈവത്തിന്റെ കാരുണ്യത്താൽ സംരക്ഷിക്കപ്പെട്ടുവെന്നതായിരുന്നു ചാവറയുടെ ബോധ്യം. ഈ സംരക്ഷണയെ സഭാപരമായും കൂദാശാപരമായും ഉറപ്പിച്ചതാണ് മാമ്മോദീസാ സ്വീകരണം. കൂദാശ സ്വീകരിച്ചതു കൊണ്ടുമാത്രം ദൈവപുത്രനായി എന്നും ജീവിക്കണമെന്നില്ല. മറിച്ച് നിരന്തരം കൂദാശാപരമായി ചിന്തിക്കുകയും തീരുമാനമെടുക്കുകയും പ്രവർത്തിക്കുകയും ജീവിക്കുകയും വേണം. ഈ സത്യമാണ് ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനെന്ന് സമകാലികർക്കും പിൻതലമുറക്കാർക്കും ബോധ്യമാക്കിയത്. മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടമാക്കാതിരുന്ന ഒരു സ്വകാര്യഭക്താനുഷ്ഠാനത്തെക്കുറിച്ച് ചാവറ തന്റെ മരണക്കിടക്കയിൽ വച്ചു പറയുന്നതിപ്രകാരമാണ്: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മനുഷ്യൻ ആരു തന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുമ്പു തുടങ്ങി ഞാൻ ചെയ്തുവന്നു: ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാ കുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ

(കിടക്കയ്ക്കു സമീപം പ്രതിഷ്ഠിച്ചിരിക്കുന്ന തിരുക്കുടുംബരൂപം) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചു കൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."[61]

ചാവറയച്ചന്റെ മരണനിമിഷങ്ങൾ നല്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സത്യം "മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായിട്ടില്ല" എന്ന വെളിപ്പെടുത്തലാണ്. ഭൗതികമായി ആരെങ്കിലും കൈമാറിയ ഒരു വസ്തുവോ, ആശയപരമായി കിട്ടിയ എന്തെങ്കിലും ഓർമ്മയോ അല്ല, മറിച്ച് സഭയുടെ പ്രാരംഭകൂദാശയായ മാമ്മോദീസായിൽ കിട്ടിയ റൂഹാദ്ക്കുദ്ശായിലുള്ള ജീവിതം നഷ്ടമാക്കിയില്ല എന്നതാണിത്. അതായത് മാമ്മോദീസാ പൂർത്തീകരിക്കപ്പെട്ടതു മരണത്തോടുകൂടി എന്ന സത്യമാണിവിടെ പ്രകടമാകുന്നത്. ഈശോ ഒരിക്കൽ ശിഷ്യരോടു പറഞ്ഞത്: "എനിക്ക് ഒരു മാമ്മോദീസാ മുങ്ങുവാനുണ്ട്, അതു പൂർത്തിയാകുന്നതുവരെ ഞാനെത്രമാത്രം ഞെരുങ്ങുന്നു" (ലൂക്ക. 12:50) എന്നാണ്. ഈശോയുടെ വാക്കുകളും അവിടുത്തെ അനുഭവവും കണക്കിലെടുത്തു കൊണ്ട് ചാവറയുടെ മരണാനുഭവം വ്യാഖ്യാനിക്കുമ്പോൾ നിരവധി യാഥാർത്ഥ്യങ്ങളിലേയ്ക്കത് വിരൽ ചൂണ്ടുന്നു.

ഒന്നാമത്തെ സത്യം ചാവറയുടെ ആധ്യാത്മികത സഭാത്മകമായ ഒന്നായിരുന്നുവെന്നതാണ്. സഭയിൽ ജനിക്കുന്നതിനുള്ള വ്യവസ്ഥയാണു മാമ്മോദീസാ. രണ്ടാമത്തെ സത്യം കൂദാശാപരമായ ആധ്യാത്മികത എന്നതാണ്. കൂദാശയിലൂടെയാണ് സഭ റൂഹാദ്ക്കുദ്ശായെ - ദൈവഇഷ്ടപ്രസാദം - സഭാതനയർക്കു നൽകുന്നത്. മൂന്നാമത്തെ

സംഗതി വേദപുസ്തകാധിഷ്ഠിതമായ ഒരാധ്യാത്മികതയായിരുന്നു ചാവറയുടേതെന്നതാണ്. ചാവറയുടെ ഭക്ഷണപാനീയവും ശ്വാസവു മെല്ലാം ദൈവവചനത്തിൽ അധിഷ്ഠിതമായിരുന്നു. മരണക്കിടക്കയിൽ വച്ചു പറഞ്ഞ ദൈവവചനത്തെക്കുറിച്ച് - ഈശോ മിശിഹായുടെ പങ്കപ്പാടിനെക്കുറിച്ച് - പറഞ്ഞതു കേട്ടവർ സാക്ഷ്യപ്പെടുത്തുന്നു. "അയാളുടെ വചനങ്ങളെ കേട്ടാൽ അതിശയം തോന്നും". ജീവിതകാലത്തു മുഴുവനും ദൈവവചനത്തിൽ വ്യാപരിച്ചതു കൊണ്ടല്ലെ മരണക്കിടക്കയിലും ദൈവവചനം നൈസർഗ്ഗികമായി നിർഗ്ഗളിച്ചത്.

നാലാമതായി ചാവറയുടെ ആധ്യാത്മികത ദൈവാരാധനാധിഷ്ഠിതമായിരുന്നുവെന്നതാണ്. ആധ്യാത്മിക ജീവിതത്തിലെ ഒരു നിർണ്ണായക കൂദാശ രോഗീലേപനമാണ്. രോഗീലേപനത്തിന്റെ അവസരത്തിലും ചാവറയുടെ ചിന്ത മാമ്മോദീസായിൽ കിട്ടിയ ദൈവ ഇഷ്ടപ്രസാദം ജീവിതകാലം മുഴുവൻ കാത്തു സൂക്ഷിച്ചതിനെക്കുറിച്ചാണ്. ഈ രണ്ടു കൂദാശകൾക്കിടയ്ക്കു വരുന്നതാണ് മറ്റു കൂദാശകൾ; പ്രത്യേകിച്ചും വിശുദ്ധ കുർബാന. രോഗീലേപനം സ്വീകരിച്ച ശേഷം ചാവറ ലെയോപ്പോൾദിനോടു പറഞ്ഞത്: "അച്ചാ ഞാൻ കഴിഞ്ഞ ഞായറാഴ്ച കുർബാന കണ്ടില്ലല്ലോ" എന്നാണ്. ചാവറയച്ചന്റെ ജീവിതം ഏതാണ്ടു കേന്ദ്രീകൃതമായിരുന്നത് വിശുദ്ധ കുർബ്ബാനയിലുമാണ്. ഈ വിധം ചാവറയുടെ ജീവിതം മുഴുവനും ദൈവാരാധനാധിഷ്ഠിത സ്വഭാവമുള്ളതായിരുന്നു. ദൈവാരാധനയിൽ നിന്നും ഉരുത്തിരിയുന്നതും ദൈവാരാധനയിലേക്ക് ആരാധകരെ ആനയിക്കുന്നതുമാണ് തിരുക്കുടുംബഭക്തിയും ദിവ്യകാരുണ്യഭക്തിയുമെല്ലാം.

തിരുക്കുടുംബ ഭക്തിയാണ് ചാവറയ്ക്കു ബാല്യകാലത്തു തന്നെ മാതാപിതാക്കളിൽ നിന്നും ലഭിച്ചത്. ആ ഭക്തി പരിശുദ്ധത്രിത്വത്തിൽ

KT. 636
6339

എന്നും ജീവിക്കുന്നതിനു സഹായിച്ചു. പ്രത്യേകിച്ചും റൂഹാദ്ക്കുദ്ശാ നിറഞ്ഞ വ്യക്തിയായി എന്നും ജീവിക്കുന്നതിനിട വരുത്തി. സെമിനാരിക്കാർക്കും സഹവൈദികന്മാർക്കും മേലധികാരികൾക്കും, സമകാലികരായവർക്കും എല്ലാം അനുഭവപ്പെട്ടതും ചാവറ റൂഹാദ്ക്കുദ്ശാ നിറഞ്ഞ വ്യക്തിയാണ് എന്നതുതന്നെ.

സഭയിൽ ചാവറയുടെ പരിശുദ്ധാത്മ നിറവിനെക്കുറിച്ചുണ്ടായ ബോധ്യം മാനവരാശിക്കും ഒരു സുവിശേഷമാകേണ്ടതാണ്. ജീവിതത്തിന്റെ പ്രഭാതം മുതൽ പ്രദോഷം വരെ റൂഹാ നിറഞ്ഞവനാകുക എന്നത് മാമ്മോദീസായിലും മരണത്തിലും അനുഭവിച്ച റൂഹായെ പ്രഘോഷിക്കുന്നതാണ്.

CARMEL JYOTHI
ALWAYE
THAIKKATTUKARA



XI

സഭാജീവിതം

JHTGYL JSHRAD
SYAWJA
AMLUTTAYXIANT

സഭാജീവിതം

മൂശെ കർത്താവിന്റെ വാക്കുകൾ ജനത്തെ അറിയിച്ചു. മൂശെ എഴു പതുപേരെ വിളിച്ചുകൂട്ടി. കർത്താവ് മൂശെയിലുള്ള ആത്മാവിൽ കുറെ എടുത്ത് പ്രമുഖരായ ആ എഴുപതുപേർക്കു കൊടുത്തു. ആത്മാവ് അവരിൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു. പിന്നീടവർ പ്രവചിച്ചില്ല. എന്നാൽ അവരിൽ എൽദാദ്, മെയാദ് എന്നിവർ പ്രവചിച്ചു. അവരുടെ മേലും ആത്മാവ് ആവസിച്ചിരുന്നു. മൂശെ നെടുവീർപ്പിട്ടത് "ജനമെല്ലാം പ്രവാചകരായിരുന്നെങ്കിൽ" എന്നാണ് (സംഖ്യ 11:24-29). വി. ശ്ലീഹാ പ്രവാചകവരത്തെയും മറ്റു വരങ്ങളെയും "എല്ലാം സഭാ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി" എന്ന നിലയിലാണു കാണുന്നത് (1 കോറി. 14:26-30). പഴയ ഉടമ്പടിയിലും പുതിയ ഉടമ്പടിയിലും പ്രവചനം ദൈവാരാധനയുടെ ആധികാരികതയിൽ ഊന്നി നിൽക്കുന്നു. അതുകൊണ്ട് സഭാത്മകമായ സവിശേഷത പ്രവചന ചൈതന്യത്തെ വിളിച്ചറിയിക്കുന്നു. വിശുദ്ധ മലയിലെ ഈശോയുടെ തേജസ്കരണ വേളയിൽ ഏലിയായും മൂശെയും പ്രത്യക്ഷപ്പെട്ടത് പ്രവാചകത്വത്തിന്റെ തുടർച്ചയെ ഈശോസംഭവത്തിൽ സന്നിഹിതമാക്കുന്നതാണ്. സമൂഹത്തിന്റെ നന്മയെന്നത് സഭാത്മകമാനമായിക്കാണാം.[1]

വന്ദ്യനായ ചാവറ, പത്തൊമ്പതാം നൂറ്റാണ്ടിൽ ദൈവജനത്തിൽ നിന്നും ദൈവജനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ദൗത്യവാഹകനായിരുന്ന ഒരു സഭാപ്രവാചകനായിരുന്നു. മാർപ്പാപ്പയോടു ചാവറ അപേക്ഷിക്കുന്നത് പള്ളികൾക്കും രാജ്യത്തിനും രാജാവിനും വേണ്ടിയാണ്: "അങ്ങേക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്ത മക്കളായി വ്യാപരിക്കുന്നതിനു ഞങ്ങൾക്കു കഴിയുമാറ് അങ്ങേ പൈതൃകാശീർവ്വാദം ധാരാളമായി ഞങ്ങൾക്കും ഞങ്ങളുടെ പള്ളികൾക്കും ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും മഹാരാജാവിനും മന്ത്രിമാർക്കും ദൈവം അവരുടെ ഹൃദയത്തെ വിശ്വാസത്തിലേക്ക് തിരിക്കുമാറ് നൽകണമെന്നു അപേക്ഷിക്കുന്നു."[2]

ദൈവിക സന്ദേശത്തിന്റെ സംവാഹകനും ദൈവിക ദൗത്യ പ്രഘോഷകനും റൂഹായുടെ നിറവിലൂടെ മേല്പറഞ്ഞവയ്ക്കു സാക്ഷ്യം വഹിക്കുന്നവനുമെന്ന നിലയിൽ ചാവറ ഒരു സഭാ പ്രവാചകനെന്നു കാണാവുന്നതാണ്.

ദൈവിക സന്ദേശത്തിന്റെ സംവാഹകൻ എന്നതിന്റെ ആധികാരികത അദ്ദേഹത്തിനു സാർവ്വത്രിക സഭയോടുണ്ടായിരുന്ന വിശ്വസ്തതയാണ്. ഈ കാര്യത്തിൽ റോമായുടെ പ്രതിനിധികളെന്ന നിലയിൽ കർമ്മെലീത്താ മിഷനറിമാരെ സ്വീകരിച്ചിരുന്നു. അവരുടെ ഇടയിൽനിന്നുള്ള മേലധ്യക്ഷന്മാർ പറഞ്ഞാൽ സാധാരണ ഗതിയിൽ അതിന് എതിരു നിൽക്കുകയില്ലായിരുന്നു. അവരെ ദൈവനിയോഗിതർ എന്ന നിലയിലാണ് ചാവറ അംഗീകരിച്ചിരുന്നത്. ദൈവിക ദൗത്യം പ്രഘോഷിക്കുന്നതിനു വേണ്ടിയാണ് വൈദിക, സന്ന്യാസ, അത്മായ സംഘടനകളെല്ലാം രൂപപ്പെടുത്തിയതും സഭയെ പടുത്തുയർത്തിയതും; അവയോടു ചേർന്ന് സമ്പർക്കമാധ്യമങ്ങളും മറ്റെല്ലാ സംരംഭങ്ങളും തുടങ്ങിയതും.

സർവ്വോപരി ദൈവരാജ്യത്തിനു സാക്ഷ്യമെന്നോണം തന്റെ ജീവിത വിശുദ്ധിയിൽ റൂഹാ നിറഞ്ഞവനാകാൻ ചാവറ എന്നെന്നും പരിശ്രമിച്ചു. അതിന്റെ ഫലമായി റൂഹാദ്ക്കുദ്ശാ ചാവറയെ അനുഗ്രഹിച്ചത് സമകാലിക സഭയുടെ കരിസ്മാറ്റിക് നേതാവാകുവാനാണ്. ചാവറ നൽകിയ നേതൃത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ദൈവാത്മാവിന്റെ പ്രവർത്തനത്തിനുള്ള സാക്ഷ്യമാണ്: "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പന പാലിക്കുമെന്നരുളിച്ചെയ്ത മിശിഹാ തന്റെ പ്രാർത്ഥനയുടെ ഫലമായി റൂഹായെ ലോകത്തിനു നൽകി (യോഹ. 14:15-16, ലൂക്കാ. 11:13; യോഹ. 19:34). ചാവറ തന്റെ അനുസരണം വഴി സഭാ മാതാവിനോടു ചേർന്ന് റൂഹായാൽ നിറഞ്ഞവനുമായി. അദ്ദേഹത്തിന്റെ അനുസരണം സഭാത്മകമായിരുന്നു.

XI:1 നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു

"നിങ്ങളെ കേൾക്കുന്നവർ എന്നെ കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവർ എന്നെ നിരസിക്കുന്നു; എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു" (ലൂക്കാ 10:16). പിതാവിൽ നിന്നു പുത്രനിലൂടെ റൂഹായിൽ ആവിഷ്കൃതമാകുന്നതാണ് സഭയ്ക്കുള്ള അനുസരണത്തിന്റെ വിഷയം. ഈ വിഷയം അതിന്റെ സാരംശത്തിൽ സത്യമാണ്. സത്യത്തിന്റെ വഴി മനുഷ്യനായി അവതരിച്ച ഈശോമിശിഹായും. ഈശോയുടെ സാന്നിധ്യമെന്നത് ജീവൻ അല്ലെങ്കിൽ റൂഹാ ആണ്. ഈ റൂഹായാണ് പിതൃ പുത്ര ബന്ധത്തിന്റെ വൈയക്തികതയായ സ്നേഹം. ഈ സ്നേഹത്തിന്റെ ഉടമ്പടിയാണ്, കല്പനയാണ് നിയമം. നിയമത്തിന്റെ സാക്ഷാത്കാരമാണ് ഈശോസംഭവം - സഭ. അതിനാൽ സഭായാഥാർത്ഥ്യത്തിലൂടെയാണ് റൂഹായിൽ വസിച്ചുകൊണ്ട് ഈശോയിലൂടെ പിതാവിൽ എത്തുന്നത്. പിതാവിൽ എത്തിച്ചേരുന്നതിനുള്ള അവശ്യ വ്യവസ്ഥയാണ് ദൈവചനം കേൾക്കുകയും കല്പന പാലിക്കുകയും ചെയ്യുക എന്നത് (പുറ. 19:5; യോഹ. 14:15; 15:10;15:18-27; മർക്കോ. 16:16; റോമ. 1:15-17; 10:8;4:14-18).

ദൈവവചനം ഏവരും ശ്രവിക്കുന്നതിനും അതുവഴി ദൈവത്തെയും ദൈവം അയച്ച ഈശോമിശിഹായെയും സ്വീകരിക്കുന്നതിനും അങ്ങനെ റൂഹായിൽ ദൈവികീകരിക്കപ്പെടുന്നതിനുമായി ഈശോ ശ്ലീഹന്മാരെ ചുമതലപ്പെടുത്തുന്നു: "നിങ്ങൾക്കു സമാധാനം, പിതാവ് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." അവിടുന്ന് ഇതു പറഞ്ഞശേഷം അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയ്തു: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ. 20:21-22).

തിരുസ്സഭയിൽ വിശുദ്ധരെ നാമകരണം ചെയ്യുന്നതിന് നിയുക്തമായിരിക്കുന്ന തിരുസംഘം ചാവറയെക്കുറിച്ചു പറയുന്നത് മേല്പറഞ്ഞവയുടെ ചുരുക്കമാണ്: "ആരെങ്കിലും എന്നെ സ്നേഹിക്കുന്നെങ്കിൽ അവൻ എന്റെ വാക്കു പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ പക്കൽ വരും; അവനിൽ ഞങ്ങൾ വാസമുറപ്പിക്കും (യോഹ. 14:23). ദൈവദാസൻ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ നയിച്ച ജീവിതം - അദ്ദേഹത്തിന്റെ ആന്തരിക ചൈതന്യം-സമ്യക്കായി പ്രകാശിപ്പിക്കുവാൻ നമ്മുടെ കർത്താവിന്റെ ഈ വാക്യത്തെക്കാൾ മെച്ചപ്പെട്ട മറ്റൊന്ന് കണ്ടുപിടിക്കുക അസാധ്യമാണ്. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദൈവം ഒരർത്ഥത്തിൽ ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തത്ഫലമായി ദൈവത്തിന്റെ മനുഷ്യനായും ദൈവകൃപ നിറഞ്ഞവനായും മറ്റും അദ്ദേഹത്തെ പരസ്യമായി വിശേഷിപ്പിക്കുവാൻ മറ്റുള്ളവർക്കു കഴിഞ്ഞു.[3]

ആധ്യാത്മിക ജീവിതത്തിൽ ശ്ലൈഹിക സവിശേഷത സഭാത്മകമായി മൗലികമായ ഒന്നാണ്. ഈശോ ശ്ലീഹന്മാർക്കു നല്കിയ പാരമ്പര്യം പിതാവിനാൽ അയയ്ക്കപ്പെട്ടവൻ എന്നതാണ് (യോഹ. 20:21). സഭാപാരമ്പര്യത്തിന്റെ അന്തസ്സത്ത നിത്യമായ കൈമാറ്റത്തിന്റേതായ ത്രിത്വസ്നേഹാനുഭവമാണ്. ഈ സ്നേഹമാണ് മനുഷ്യാവതാരത്തിലൂടെ ദൃശ്യവും അദൃശ്യവും മൗലികവുമായിത്തീർന്നത് (1 യോഹ. 1:1 ff). നിത്യസ്നേഹത്തിൽ നിന്നയക്കപ്പെട്ടവനെന്ന അവബോധത്തിലാണ് ഈശോ തന്റെ ഐഹിക ജീവിതം നയിച്ചിരുന്നത്. സ്നേഹത്തിന്റെ ഈ ജീവിതം ദൃശ്യമായതാണു സഭ. അതും മനുഷ്യാവതാരം മുതൽ സ്ലീവാനുഭവം വരെയുള്ള ജീവിതത്തിലൂടെ (ലൂക്ക. 2:10; യോഹ.1:14; 19:34; ലൂക്ക. 3:21-22;12:50;23:44-49).

ചാവറയച്ചൻ സഭാജീവിതത്തിൽ തന്റെ ഗുരുവായിരുന്ന ഈശോ നാഥനെ പൂർണ്ണമായും അനുധാവനം ചെയ്തിരുന്നു. ഈശോയുടെ

മനോഭാവം വി.ക്ലീഹാ അവതരിപ്പിക്കുന്നത് കുരിശുമരണത്തോളം എത്തിയ അനുസരണമെന്നാണ് (ഫിലി. 2:5-11). ഈശോ തന്നെ പറയുന്നു: "എന്റെ ഭക്ഷണം എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്നതും അവിടുത്തെ ജോലി പൂർത്തിയാക്കുന്നതുമാകുന്നു" (യോഹ. 4:34). ഈശോ തുടരുന്നു: "പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വമേധയാ ഒന്നും ചെയ്യാൻ കഴിയുകയില്ല. പിതാവു ചെയ്യുന്നതെല്ലാം അതേവിധം പുത്രനും ചെയ്യുന്നു. പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അദ്ദേഹത്തെ കാണിക്കുകയും ചെയ്യുന്നു" (യോഹ. 5:19-20).

ഈശോ ലോകത്തിലേക്കു വന്നതുപോലും സ്വമേധയായല്ല (യോഹ. 8:42; ലൂക്ക. 1:35-38). പിതാവുമായി ഈശോയ്ക്കുണ്ടായിരുന്ന അസ്തിത്വപരമായ ബന്ധമാണ് അനുസരണത്തിന്റെ വിഷയത്തിലും പ്രായോഗികമായിരിക്കുന്നത് (യോഹ. 14:6-16). ഈശോ പിതാവിൽ സദാ വസിച്ചിരുന്നതിനാൽ തന്റെ ശരീരത്തിലൂടെ അനുസരണം പൂർത്തിയാക്കിയതു വഴിയാണു റൂഹാ നൽകപ്പെട്ടത് (യോഹ. 14:16;19:34). ചാവറ എപ്രകാരമാണ് മിശിഹായുടെ തുടർച്ചയായ സഭയിലൂടെ ഈശോയെയും പിതാവിനെയും അനുസരിച്ചതെന്നു നോക്കാം. ജർമ്മൻ മിഷനറി കൂനമ്മാവിലായിരുന്ന ചാവറയോട് മാന്നാനത്തേക്കു പോകുന്നതിനെക്കുറിച്ചു ചോദിച്ചപ്പോൾ ചാവറ നൽകുന്ന മറുപടി നിവേശിതമാണ്: "അധികാരികളുടെ മനസ്സല്ലാതെ എനിക്കു വേറെ മനസ്സുണ്ടോ? അങ്ങയുടെ നിർദ്ദേശമനുസരിക്കാൻ ഞാൻ ഒരുക്കമാണ്. മാന്നാനത്തേക്കുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ആഗ്രഹിക്കാതിരിക്കുന്നുമില്ല..... എനിക്കു സ്വന്തമായ മനസ്സുണ്ടോ? മാന്നാനത്തു താമസിക്കാനോ കൂനമ്മാവിൽ താമസിക്കാനോ ഞാനാഗ്രഹിക്കുന്നില്ല. അധികാരികൾ എന്നെ എങ്ങോട്ടയയ്ക്കുന്നുവോ അവിടേയ്ക്കു പോകാൻ തയ്യാറാണ്."[14]

ചാവറയുടെ അനുസരണം അദ്ദേഹത്തെ വിധിക്കുന്നതിൽ നിർണ്ണായക ഘടകമാണ്. കനീഷ്യസ് അച്ചൻ പറയുന്നു: "ദൈവത്തെ

പ്രതിനിധീകരിക്കുന്ന അധികാരികളിലൂടെ അവിടുത്തേക്കു പൂർണ്ണമായ വിധേയത്വം. ഇതിൽ കുറഞ്ഞതു ചാവറയ്ക്കു ചിന്ത്യമായിരുന്നില്ല. ഈ പൂർണ്ണ സമർപ്പണമാണ് താഴെ വരുന്ന ഈരടിയിൽ അദ്ദേഹം വെളിപ്പെടുത്തുന്നത്:

"ഏകേശനാഥനെ നിന്നുടെ ദാസൻമേ
യേകദാ നിന്നെ ഞാൻ കാണാകേണം."[5]

"കണ്ണും ചെവിയുമില്ലാത്ത ചൊൽവിളി" എന്നു ചാവറ വിശേഷിപ്പിക്കുന്ന അനുസരണം വിശ്വാസത്തിലധിഷ്ഠിതമായ സഭാത്മക അനുസരണമാണ്. അദ്ദേഹത്തിന്റെ അന്ത്യശാസനം സഭാംഗങ്ങൾക്കു നൽകിയത് മേല്പറഞ്ഞതിനെ വ്യക്തമാക്കുന്നു: "പെ.ബ. വികാരി അപ്പസ്തോലിക്കാ അച്ചന്റെയും നമുക്കു ദൈലഗാത്തായി കല്പിച്ചു നൽകപ്പെടുന്ന പെ.ബ. മൂപ്പച്ചന്റെയും കല്പനകൾക്കു വിരോധമില്ലാത്ത സകല കാര്യത്തിലും പെ.ബ. മിഷനറി മൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ വിധേയമാക്കി പൂർണ്ണമായ അനുസരണം അഭ്യസിക്കണം. വിഷാദിക്കേണ്ട. ആരംഭത്തിൽ വിഷമവും വൈമനസ്യവും തോന്നിയാലും പിന്നീട് അതു നന്നായി എന്നും അതായിരുന്നു വേണ്ടിയിരുന്നതെന്നും മനസ്സിലാകും. മാത്രമല്ല, വലിയ മനസ്സമാധാനത്തിന്റെ അനുഭൂതിയുണ്ടാകും. ഈ മൂന്നു തരത്തിലുള്ള അനുസരണം പാലിക്കുന്നവൻ മോക്ഷ സമാധാനം, ഈ കൊച്ചു മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രുചിച്ചറിയും"[6]

ചാവറയച്ചൻ എല്ലാകാര്യങ്ങളിലും അത്യന്തികമായ നന്മയും പരിപൂർണ്ണലക്ഷ്യവും മുന്നിൽ കണ്ടിരുന്നു. അതുകൊണ്ടു ദൈവത്തിൽ നിന്നു വരുന്നവരുടെ ആധികാരികത എന്തെന്നു നോക്കിയിരുന്നു. അതുകൊണ്ടാണ് മോക്ഷരാജ്യത്തിന്റെ ഓർമ്മയിൽ കൊവേന്തക്കാരെയും കന്യാസ്ത്രീകളെയും ഉപദേശിച്ചിരുന്നത്.

ദൈവഹിതം അധികാരികളിലൂടെ എന്നതും ചാവറയുടെ സമീപനത്തിൽ മുന്നിട്ടു നിന്നു. വളരെ വ്യാപകമായ വ്യാഖ്യാനങ്ങൾ നൽകാമെങ്കിലും ദൈവപിതാവിൽ നിന്ന് ഈശോയിലൂടെ റൂഹായിൽ സമാഗതമായത് സഭാധികാരത്തിൽ എത്തുമ്പോൾ നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നുവെന്ന ഈശോയുടെ വാക്കുകൾ അടിസ്ഥാനമായി നിലകൊള്ളുന്നു.

ചാവറയച്ചന്റെ ആധ്യാത്മികതയിൽ അനുസരണത്തിന്റെ കാര്യം കർമ്മെലീത്ത മീഷനറിമാർക്ക് എന്നത് അദ്ദേഹത്തിനു ലഭിച്ച സന്ന്യാസ പരിശീലനത്തിന്റ പ്രത്യേകതയാണ്. അവർ വഴിയാണ് പരിശുദ്ധ സിംഹാസനവുമായും ചാവറ ബന്ധപ്പെട്ടിരുന്നത്. മിഷനറിമാരുടെ സമീപനരീതി കൂടുതലും നിയമ കേന്ദ്രീകൃതവും ഘടനാത്മകവുമാണ്. അല്ലാതെ വത്തിക്കാൻ സൂനഹദോസിൽ പറയുന്ന ദൈവജനത്തിൽ പ്രവർത്തിക്കുന്ന റൂഹാ എന്നത് അത്ര പ്രകടമല്ല.[7] ദൈവാത്മാവിന്റെ പ്രവർത്തനത്തെ വിവേചിക്കുന്നതിൽ ഉള്ള വസ്തുനിഷ്ഠത പരമ പ്രാധാന്യമർഹിക്കുന്നതാണ്; കാരണം സത്യത്തിന്റെ പൂർണ്ണത ഇല്ലാത്തിടത്തു പലപ്പോഴും ജഡികപ്രധാനവും സ്ഥാപിത താത്പര്യാനുസൃതവുമായ നിരവധി ഘടകങ്ങൾ കടന്നുവരാം. അതുകൊണ്ട് നീതിയുടെ പാലനത്തിലും വിശുദ്ധിയുടെ ആധികാരികതയിലും വീഴ്ച ഉണ്ടാകുന്നു. ഏതു സംഭവത്തിലും കായേനും ആബേലും സത്യപ്രവാചകരും കള്ള പ്രവാചകരും ബറാബാസും ഈശോയും കടന്നു വരാൻ സാധ്യതയുണ്ട്. ഫലത്തിൽ നിന്നും വൃക്ഷത്തെ അറിയുക എന്നതുപോലെയും തനിക്കുവേണ്ടി എന്നതിനെക്കാൾ അനേകർക്കു വേണ്ടി എന്ന ഈശോയുടെ മാതൃകയും ഏകാന്തവിശിഷ്ടമായി നിലകൊള്ളുന്നു.

ചാവറ വിദേശമിഷനറിമാരെ അനുസരിച്ചത് സുവിശേഷ ചൈതന്യത്തിനനുസൃതമെങ്കിലും സാമൂഹ്യശാസ്ത്രത്തിന്റെയും സഭാവിജ്ഞാനീയത്തിന്റെയും അടിസ്ഥാന നിയമങ്ങളും ചൈതന്യവും വച്ചു

നോക്കുമ്പോൾ ചാവറയിൽ കുറവൊന്നും ഇല്ലായെങ്കിലും ഈശോയുടെയും സഭയുടെ പ്രാതിനിധ്യം വഹിച്ചിരുന്നവരുടെയും ദേശീയ സംസ്കാരവും സഭ സഭകളുടെ ശൗത്താപ്പൂസ (കൂട്ടായ്മ) എന്നതും വസ്തുനിഷ്ഠമായി പരിഗണിച്ചിരുന്നില്ല. അതുകൊണ്ട് ചാവറയുടെ അനുസരണത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നു. അതായത് സഭാ ചരിത്രത്തിലും സഭാ വിജ്ഞാനീയത്തിലും ലത്തീൻ സ്വാധീനം മറ്റു വിഭാഗങ്ങളെ വേണ്ടത്ര കണക്കിലെടുക്കാത്ത സമീപനം ചാവറയെയും സ്വാധീനിച്ചിരുന്നു. എന്നാൽ ചാവറ ഈ കാര്യത്തിൽ സൈദ്ധികമായ ഒരു സ്വതന്ത്ര സമീപനം സ്വീകരിക്കാതെ സഭാ ഘടനയ്ക്കു മുൻതൂക്കം നൽകിക്കൊണ്ടുള്ള മാർഗ്ഗമാണ് സ്വീകരിച്ചത്. അതുകൊണ്ട് വിദേശ മിഷനറിമാരുടെ ശൈലിയും ആദർശവും സാർവ്വത്രിക സഭയുടെ തന്നെ രീതിയിൽ അംഗീകരിക്കേണ്ടി വന്നു. മാർഗ്ഗത്തിൽ തകരാറില്ലായെങ്കിലും തനതാത്മക സ്ഥാപനത്തിൽ അതിനു വൈകല്യമുണ്ട്. ഈ വസ്തുത എന്നും വിമർശന വിഷയമാണ്. ചാവറയുടെ സമീപനത്തിൽ അനുസരണം!

XI:2 വീരോചിതത്വം

യഥാർത്ഥ സന്ന്യാസികളുടെ ചിത്രമാണ് ചാവറയുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നത്. സ്വയം പരിത്യജിച്ച് അനുദിന കുരിശുമെടുത്ത് ഈശോയെ അനുഗമിക്കുന്നതിന്റെ മൗലിക രൂപമാണു സന്ന്യാസം എന്ന് ചാവറ വിശ്വസിച്ചിരുന്നു. കഴിഞ്ഞ ശീർഷകത്തിൽ കൊടുത്തിരുന്ന, ചാവറ നൽകിയ അന്ത്യശാസനത്തിൽ എടുത്തു പറഞ്ഞിരിക്കുന്നതനുസരിച്ച് "സന്ന്യാസിയുടെ ഏക അടയാളം സ്വന്തമനസ്സ് മുഴുവനായും ത്യജിക്കുന്ന കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയാണ്."[5] ചാവറയച്ചന്റെ ഉപദേശം അതിന്റെ വിശദാംശങ്ങളോടെ എന്തെന്നു കാണാം.

"പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദേവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലിത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയാൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്നു ഇതു കടലാസ്സ് എന്നു കാണുവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ.ബ. പാല. പോരു. എന്ന തോമ്മാച്ചന്മാരു അപേക്ഷിച്ചതും ക്രമപ്പെടുത്തിവന്നതും ശു. ദുമ്മനിക്കോസിന്റെ സഭക്കാരാകണമെന്നത്രെ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നട പ്പില്ലാത്ത വെള്ളളോവ ഉടുത്തു തുടങ്ങിയതും ശേഷവും. ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ടു ഈ.ശു.ശു. അമ്മ തന്റെ വിശേഷ സ്നേഹത്തിൽ ചേർത്തു, എന്നാൽ കുഞ്ഞുങ്ങളേ ഞാനും നിങ്ങളും ഇതുവരെ പട്ടാങ്ങയായുള്ള സന്ന്യാസികൾ ആയില്ല. സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ മുഴുവനായും ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രെ ഇതുള്ളവൻ സന്ന്യാസി. എന്നാൽ ഇതു പ്രയാസമില്ലാത്ത ഒരു കാര്യംഎംകിലും മുഴുവനായി ആയില്ല എന്നോർത്ത് ഉത്സാഹിക്കണം.

ഇതിന്ന് പെ.ബ. വികാരി അപ്പസ്തോലിക്കാ അച്ചന്റെയും നമുക്കു ദലഗാത്തായി കല്പിച്ചു തരുന്ന പെ.ബ. മൂപ്പച്ചന്റെയും മനസ്സിനും ദൈവത്തിന്റെയും ഇവരുടെയും കല്പനകൾക്കും വിരോധമില്ലാത്ത സകല കാര്യത്തിലും ശേഷമുള്ള പെ.ബ. മിസ്യോമൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ കീഴ്വഴക്കി ഈ മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം. എന്നാൽ വിഷാദിക്കേണ്ട. തുടക്കത്തിൽ വിഷമവും മനസ്സുകേടുമായിട്ടു തോന്നിയാലും കുറെ കഴിയുമ്പോൾ നന്നായി എന്നും ഇതത്രെ വേണ്ടിയതെന്നും തോന്നുന്നതുമല്ലാതെ വളരെ ഹൃദയസമാധാനം രസിക്കുകയും ചെയ്യും. അപ്രകാരം കീഴ്തലവന്മാർക്കും ഒടുക്കം തമ്മിൽ തമ്മിലും, ഈ മൂന്നു പദവിയിലും ഒരുപോലെ

ചൊൽവിളി കാക്കുന്നവർ ആരോ അവർ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവെന്തയിൽ വച്ചുതന്നെ സ്വീകരും. നിശ്ചയം."

അനുസരണത്തിന്റെ പ്രസക്തി ഉരുത്തിരിയുന്നത് മിശിഹായുടെ ജീവിതത്തിൽ നിന്നുമാണ്. അവിടുത്തെ പ്രലോഭനങ്ങളും ഗത്സേമാൻ മുതലുള്ള പീഡാനുഭവവും പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. പഴയ നിയമത്തിന്റെ പ്രഭാഷണത്തിൽ ഈശോയുടെ അനുസരണം ദൈവിക പദ്ധതിയിലൂടെ ദർശിക്കുന്നു: "ദൈവത്തിന്റെ സുനിശ്ചിതമായ പദ്ധതിയും മുന്നറിവും വഴി നിയുക്തനായ ഈശോയെ" (നടപടി 2:23) എന്നത് ഈശോയുടെ അനുസരണത്തിന്റെ സ്വഭാവത്തെ വിളിച്ചറിയിക്കുന്നു. ദൈവപുത്രനായിരുന്നിട്ടും സഹനങ്ങളിലൂടെ അവിടുന്ന് അനുസരണം പഠിച്ചു എന്ന് എബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നു (എബ്രാ. 5:8). ദൈവപുത്രനായ ഈശോമിശിഹാ സഹനത്തിലൂടെ ദൈവിക പദ്ധതി നിറവേറ്റിയത് കണ്ണും കാതുമനുസരിച്ച് എങ്ങനെ ന്യായീകരിക്കാം? കണ്ണിനും കാതിനും അഗ്രാഹ്യമായത് ഉൾക്കാഴ്ചക്കും മനസ്സാക്ഷിക്കും ചേർന്നതെന്ന ബുദ്ധിയും മനസ്സും കണ്ടെത്താം. ഇവിടെയാണു ചാവറ അനുസരണത്തെക്കുറിച്ചു പറഞ്ഞത് അന്ധമായ ഒന്നല്ല മറിച്ച് യുക്തി സഹമായ ഒന്നാണെന്നു തെളിയുന്നത്.

കണ്ണും കാതുമില്ലാത്ത അനുസരണമെന്നു ചാവറ പറയുമ്പോൾ, ലൗകികാധികാരത്തെ ആത്യന്തിക കാര്യമായി പരിഗണിക്കുന്നില്ലെന്നതാണു സത്യം. ഈശോ സാത്താനെ തന്റെ മരുഭൂമിയിലെ മൂന്നാമത്തെ പരീക്ഷയിൽ പരാജയപ്പെടുത്തിയതും ഈ കാര്യമാണ് അനുസ്മരിപ്പിക്കുന്നത്. യാതൊരു വിഗ്രഹത്തിനും തലചായിക്കാതെ പിതാവിന്റെ പരമാധികാരത്തെ അംഗീകരിക്കുന്നതിന്റെ തുടർച്ചയാണ് കാതും കണ്ണുമില്ലാത്ത ചൊൽവിളി. മരണം കൈവരിച്ചുകൊണ്ടുള്ള അനുസരണം ഈശോയിൽ സംഭവിച്ചതു മൗലിക സ്വഭാവമുള്ള ഒന്നാണ് (ഫിലി. 2:8). മൗലികമായ അനുസരണം വെറും

യാദൃശ്ചികമായ ഒന്നല്ല മറിച്ച് ജീവിത സാക്ഷാത്കാരത്തിലൂടെ അന്വർത്ഥമാകേണ്ടതാണ്. ജീവിത സാക്ഷാത്കാരം ദൈവിക പദ്ധതിയിൽ എന്തെന്ന് പൗലോസ് ശ്ലീഹാ എടുത്തുപറയുന്നു: "തന്റെ മുമ്പിൽ നാം പരിശുദ്ധരും കളങ്കമറ്റവരും ആയിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു മിശിഹായിൽ സ്നേഹപൂർവ്വം നമ്മെ തെരഞ്ഞെടുത്തു. ഈശോമിശിഹാ വഴി നാം ദത്തുപുത്രരായിത്തീരണമെന്ന് അവിടുന്നു മുൻകൂട്ടി നിശ്ചയിച്ചു. അതായിരുന്നു അവിടുത്തെ അഭീഷ്ടവും മനസ്സും. അത് അവിടുന്നു തന്റെ പ്രിയപ്പെട്ടവനിലൂടെ നമുക്കു സൗജന്യമായി നൽകിയ കൃപയുടെ മഹത്ത്വം സ്തുതിക്കപ്പെടാൻ വേണ്ടിയായിരുന്നു. അവിടുത്തെ കൃപയുടെ സമൃദ്ധിക്ക് ഒത്തവിധം നമുക്കു മിശിഹായിൽ പാപമോചനവും അവിടുത്തെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു. ഈ കൃപ അവിടുന്നു തന്റെ വിജ്ഞാനത്തിലും ഉൾക്കാഴ്ചയിലും നമ്മിൽ ധാരാളമായി ചൊരിഞ്ഞിരിക്കുന്നു" (അപ്പെ. 1:4-8).

ദൈവത്തിന്റെ വിജ്ഞാനത്തിലും ഉൾക്കാഴ്ചയിലും പങ്കുചേരുന്നവരുടെ അനുസരണം "കണ്ണും കാതുമില്ലാത്തതെന്നു" പറയുമ്പോൾ അതു ദൈവത്തെയും ഈശോമിശിഹായെയും കുറിച്ചുള്ള അറിവുമൂലമുള്ള അനുസരണമാണ് (2 പത്രോ. 1:2). ദൈവത്തിന്റെ ദിവ്യശക്തി ചെയ്യുന്നതെന്തെന്ന് പത്രോസ് ശ്ലീഹായും തുടർന്നു പറയുന്നു: "രക്ഷയ്ക്കും ഭക്തിയ്ക്കും ഉതകുന്നതെല്ലാം അവിടുത്തെ ദിവ്യശക്തി നമുക്കു പ്രദാനം ചെയ്തിരിക്കുന്നു. ഇതു സ്വന്തം മഹത്ത്വത്താലും വൈഭവത്താലും നമ്മെ വിളിച്ചവനെക്കുറിച്ചുള്ള അറിവിലൂടെയാകുന്നു. ഇവവഴിയായിത്തന്നെ വിലയേറിയതും മഹനീയവുമായ വാഗ്ദാനങ്ങൾ അവിടുന്നു നമുക്കു നൽകിയിരിക്കുന്നു. ഇവയുടെ സഹായത്താൽ നിങ്ങൾ ലോകത്തിന്റെ ദുരാശനിമിത്തമുള്ള ജീർണ്ണിക്കലിൽ നിന്ന് ഓടിയകന്ന് ദൈവിക സ്വഭാവത്തിന്റെ പങ്കുകാരായിത്തീരുന്നതിനും ഇടവരുന്നു. ഇക്കാരണത്താൽത്തന്നെ സകല വ്യഗ്രതയും

കാണിച്ചുകൊണ്ട് നിങ്ങളുടെ വിശ്വാസത്തോടു സുകൃത ജീവിതവും സുകൃത ജീവിതത്തോടു ജ്ഞാനവും ജ്ഞാനത്തോടു സംയമനവും സംയമനത്തോടു സ്ഥിരതയും സ്ഥിരതയോടു ദൈവഭക്തിയും ദൈവ ഭക്തിയോടു സഹോദര സ്നേഹവും സഹോദരസ്നേഹത്തോട് ഉപ വിയും ചേർത്തുകൊള്ളുവിൻ" (2 പത്രോ. 1:3-8).

ആധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാന സമീപനമാണ് പത്രോസ് ശ്ലീഹാ എടുത്തു കാട്ടുന്നത്. ഈ വിധം വിശ്വാസത്തിന്റെ സജീവത്വമുള്ളവർ ദൈവത്തിന്റെ പ്രതിനിധികളായ സഭാധികാരികൾ വഴിയാണ് 'ചൊൽവിളി' എന്ന സുകൃതമഭ്യസിക്കുന്നത്. ദൈവിക ജീവന്റെ മൗലിക ഭാവമായ സന്ന്യാസത്തിൽ അനുസരണം ബാഹ്യ പ്രചോദിതമാകാതെ ആന്തരിക പ്രചോദിതമായിരിക്കണമെന്നാണ് ചാവറ ഉപദേശിക്കുന്നത്: "പട്ടാങ്ങയായുള്ള സന്ന്യാസികളുടെ ഏക അടയാളം സ്വമനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയുമി ല്ലാത്ത ചൊൽവിളിയത്രേ"[10] എന്നു ചാവറ പറയുമ്പോൾ, വിശ്വാസ മാണ് അദ്ദേഹം കാണുന്നത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ഈശോ തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും പ്രകട മാക്കിയ ചൊൽവിളി - അതുകൊണ്ടല്ലെ ചാവറ ഈശോയുടെ പീഡാ നുഭവത്തെയും ധ്യാനവിഷയമാക്കുന്നത്? പീഡാസഹനത്തിന്റെ മൂർത്തീ ഭാവമായ കുരിശാണ് ചാവറയും അനുയായികളും സമാശ്ലേഷിക്കേണ്ട പാത. ഇവിടെയാണ് അനുസരണം കണ്ണും കാതുമില്ലാത്തതെന്നു തോന്നുന്നതും. ചാവറ തന്റെ വിചിന്തനം ശക്തിപ്പെടുത്തുന്നു:

"നീ തന്നെ വീര്യായുധം നമ്മുടെ ജയത്തിനും
നീ തന്നെ മോക്ഷദ്വാരം തുറപ്പാനുള്ള താക്കോൽ

.....

നിന്നാലെ തുറക്കുന്ന പാതയിൽ മമ ജനം
പിന്നാലെയോടി നിന്നെയന്വേഷിച്ചീടും ദൃഢം

.....

നിന്നുടെ ചൊൽകേട്ടുഞാൻ വഴുക്കി മമ കരൾ
എന്നുടെ മക്കൾക്കുള്ള രക്ഷാർത്ഥം ലഭിപ്പാനായ്
ഇന്നു ഞാനണയ്ക്കുന്ന പൂജയ്ക്കു വിറകിതാ
മേ പിതായിനി മമ ഗോത്രരായ് മനു വ്യന്ദം."[11]

സഹനത്തിന്റെ കാസ മട്ടുവരെ കുടിച്ചു തീർക്കുന്നതിനിടയിൽ വിഷം കലർന്ന വിനാഗരി കുടിക്കരുതെന്നു സ്വമാതാവു പറഞ്ഞെങ്കിലും മനുഷ്യനോടുള്ള സ്നേഹം നിമിത്തം അതു സ്വീകരിച്ചത് അനുസരണത്തിന്റെ അലൗകികതയെ പ്രകടമാക്കുന്നു. അതായത് കണ്ണും കാതുമില്ലാത്ത ചൊൽവിളി. ചാവറ പാടുന്നു:

"സ്വജാതി ജനമതിൽക്കലർത്തിക്കയ്ച്ച വിഷം
സ്വമാതാവതും കണ്ടു പ്രാർത്ഥിച്ചങ്ങശ്രുക്കളാൽ
സ്വസ്നേഹാൽ കുടിക്കല്ലെയെന്നതു കേട്ടു നാഥൻ
എങ്കിലും ദുഃഖമൊക്കെ പുത്രൻ സ്നേഹത്താലേൽപ്പാൻ
ശങ്കയില്ലെന്നു കാട്ടാൻ രസിച്ചു കുടിച്ചല്ലോ."[12]

മാതാവിന്റെ നിർദ്ദേശം കണ്ണിനും കാതിനും സ്വീകാര്യമെങ്കിലും മാതാവും ദൈവപിതാവും ആത്യന്തികമായി ആഗ്രഹിക്കുന്നതും നിശ്ചയിച്ചതും ദൈവിക പദ്ധതി വഴി മനുഷ്യനു നന്മയുണ്ടാകുക എന്നതാണ്. അതിനുവേണ്ടി സഹനവും മരണവും സമാശ്ലേഷിക്കേണ്ടതുണ്ട്. ഈ രഹസ്യമെല്ലാം ധ്യാനിക്കുകയും അതു ഹൃദയത്തിൽ ആഴപ്പെടുത്തുകയും ചെയ്ത ചാവറ സന്ന്യസ്തരെ ഉപദേശിക്കുന്നത് അനുസരണം വിശ്വാസാധിഷ്ഠിതമായിരിക്കണമെന്നുമാണ്. എന്തുകൊണ്ടോ ചാവറ മിഷനറിമാരോടു വലിയ വിധേയത്വമാണ് പുലർത്തിയിരുന്നത്. അതുകൊണ്ടാണ് എടുത്തു പറയുന്നത്: "ശേഷമുള്ള പെ.ബ. മിസ്യോമൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ കീഴ്വഴക്കി ഈ മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം."[13] ഇപ്രകാരം അനുസരിക്കുന്നതുവഴി ക്ലേശമുണ്ടാകുമെന്നും അതു പിന്നീടു സന്തോഷമായി മാറുമെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്.

ത്യാഗത്തിന്റെ വശങ്ങളെല്ലാം താത്ക്കാലികതയുടെയും മോക്ഷ ഭാഗ്യത്തിന്റെയും സ്വഭാവമനുസരിച്ചുണ്ടാകുന്നതാണ്. ഈ കാര്യങ്ങൾ ഗ്രഹിക്കുന്നതിന് ആദി മനുഷ്യനായ ആദത്തിന്റെ അനുസരണവും രണ്ടാമനായ ഈശോയുടെ അനുസരണവും താരതമ്യപ്പെടുത്തണം. ആദം കണ്ണിനും കാതിനും ഇമ്പകരമായവ അനുസരിച്ചു. ഫലം മഹത്ത്വ നഷ്ടം. ഈശോ കണ്ണിനും കാതിനും ചേരാത്തവിധം അനുസരിച്ചു. ഫലം നിത്യമഹത്ത്വത്തിൽ പ്രകാശിതനാകുന്നു. ഈശോമിശിഹായുടെ അനുസരണമാണ് മൗലിക സന്ന്യാസാധ്യാത്മികതയിൽ കടന്നു വരുന്നത്. അത് ആദ്യം കയ്ക്കുന്നതും പിന്നീടു മധുരിക്കുന്നതുമാണ്. ചാവറയുടെ അനുസരണം അന്ധമായതല്ല മറിച്ച് സമഗ്രമായതായിരുന്നുവെന്ന് തുടർന്നു വരുന്ന വിഷയം വ്യക്തമാക്കും.

XI:3 നിർണ്ണായക തീരുമാനം

മിഷനറിമാരും മൂപ്പച്ചന്മാരും പറയുന്നത് അന്ധമായി അനുസരിച്ചിരുന്നവനല്ല ചാവറ. ഒരിക്കൽ ഒരു വീടു സന്ദർശനത്തെക്കുറിച്ചു സംശയം ഉണ്ടായപ്പോൾ കുറി ഇടേണ്ടിവന്നു. എന്നാൽ കർമ്മെലീത്താ ഒന്നാം സഭയുടെ നിയമം നടപ്പാക്കുവാൻ പരിശ്രമിച്ചിരുന്ന ലെയോപ്പോൾദ് കുറി എടുത്ത് ഉയർത്തിപ്പിടിച്ചുകൊണ്ട് ചർച്ചനടത്തി. ചാവറയച്ചൻ അതുകണ്ട് അനുകൂലിക്കുമെന്ന് അദ്ദേഹം വിചാരിച്ചു. എന്നാൽ ചാവറയച്ചനാകട്ടെ അതിനെതിരെ കറുത്ത കുറി ഇട്ടുകൊണ്ട് പുതിയതായി രൂപം കൊള്ളുന്ന സഭയുടെ ശ്ലൈഹികോന്മുഖതയെ പ്രകടമാക്കി.[14]

1860-ൽ ഭാരതത്തിലെ അമലോത്ഭവ ദാസസംഘാംഗങ്ങളെ കർമ്മെലീത്താ ഒന്നാം സഭയുടെ മുന്നാം സഭയാക്കിയത് ആ സഭയുടെ ജനറാളും സംഘവും കൂടിയാണ്.[15] ഈ കാലഘട്ടത്തിൽ ഒരു

മ്ശംശാന എന്ന നിലയിൽ ഇറ്റലിയിൽ നിന്നുവന്ന ലെയോപ്പോൾദ് പട്ടമേറ്റ് ഭാരതത്തിലെ പുതിയ സന്ന്യസ്തരുടെ നവസന്ന്യാസ ഗുരുവായി. അദ്ദേഹം കർമ്മെലീത്താ ഒന്നാം സഭയുടെ കർശനമായ ശിക്ഷണമാണ ിടെയുള്ളവർക്കും നൽകിയത്. ചാവറയച്ചനു ബർണർദീനോസ് മെത്രാപ്പോലീത്താവഴി ലഭിച്ചിരുന്ന പ്രമാണങ്ങളൊക്കെ ചുട്ടുകളഞ്ഞിട്ട് കർശനമായ ഒന്നു സ്ഥാപിക്കുന്നതിനാണ് ആ ഇറ്റാലിയൻ കൊച്ചച്ചൻ പരിശ്രമിച്ചത്. എന്നാൽ ഈ കാര്യത്തിൽ ചാവറയച്ചന്റെ സമകാലികർ പലരും എതിരായിരുന്നു.[16] അന്നുതുടങ്ങിയ ഈ സംഘർഷം 1960 കളിലും നിലനിന്നിരുന്നു. ഈ കാലഘട്ടത്തിലാണ് പുതിയ ന്യായപ്രമാണം ക്രോഡീകരിച്ചതും രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിന്റെ ആശയങ്ങൾ പ്രചരിച്ചതും.

രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് സഭയുടെ ആന്തരിക നവീകരണത്തിനായി വിശ്വാസത്തിന്റെ ഉറവിടങ്ങളിലേയ്ക്കു തിരിയുവാൻ സഭാംഗങ്ങളെ ആഹ്വാനം ചെയ്തു. ആധ്യാത്മികതയുടെ ഉറവിടമായ സുവിശേഷത്തിലെ മിശിഹായെ മൗലിക നിയമമായിക്കണ്ട് ആധ്യാത്മികതയുടെ സ്ഥൂലരൂപമായ സന്ന്യാസത്തിലും നവീകരണം നടത്തുവാൻ സഭയിലെ സന്ന്യസ്തരും പരിശ്രമിച്ചു. പ്രമാണരേഖകളെല്ലാം നവീകരിക്കുന്നതിൽ ഏവരും വ്യാപൃതരുമായി.

സി.എം.ഐ. സഭയെ സംബന്ധിച്ചിടത്തോളം സഭാത്മകമായ വിലയിരുത്തലിൽ വസ്തുനിഷ്ഠമായ വിലയിരുത്തലിനു ഊന്നൽ കൊടുക്കുവാൻ സാധിച്ചില്ല. അതിനുള്ള കാരണം സഭാ വിജ്ഞാനീയത്തിലും ആശ്രമസിദ്ധിയിലുള്ള സമഗ്രമായ ബോധ്യത്തിന്റെ അഭാവവും അനുഭവത്തിന്റെ കുറവുമാണ്.

ഇത്ര ഗൗരമായ വീഴ്ച വന്നതിന്റെ കാരണം ലെയോപ്പോൾദു മൂപ്പച്ചനും കർമ്മെലീത്ത ഒന്നാം സഭയും ഭാരതത്തിലെ ഏതദ്ദേശീയ

സഭാസമൂഹത്തെ വൈദേശീയ സന്ന്യാസരൂപത്തിലാക്കുന്നതിന് പുറമെ നിന്നുള്ള ക്രമീകരണം ചെയ്തതാണ്.[17] റൂഹാദ്ക്കുദ്ശായുടെ പ്രവൃത്തി എപ്പോഴും ആന്തരികമാണ്. ആന്തരികമായതു രൂപപ്പെടുത്തുന്നതിനുള്ള സംഘാതാത്മകമായ ഘടകത്തിന്റെ ശുശ്രൂഷാത്മക രൂപമാണ് സഭയുടെ അധികാരം.[18] അല്ലാതെ നിയന്ത്രണ ശക്തിയല്ല.

ചാവറയച്ചൻ കറുത്ത കുറിയിട്ടത് പുതിയ സമൂഹത്തിന്റെ ശുശ്രൂഷാത്മക ഘടകത്തെ നിർണ്ണയിച്ച ഒരു കാര്യമാണ്. അതായത് ശ്ലൈഹികത കൂടാതെയുള്ള അനുചിന്തനമല്ല ഈ സഭയുടെ സിദ്ധി. മറിച്ച് അനുചിന്തനത്തിൽ നിന്നുരുത്തിരിയുന്ന മനുഷ്യാവതാരപരത നിറഞ്ഞു നിൽക്കേണ്ട സിദ്ധിയായിരിക്കണമത്. എന്നാൽ പഴയ പ്രമാണങ്ങളെല്ലാം കത്തിച്ചു കളഞ്ഞ് കർമ്മെലീത്താ ഒന്നാം സഭയുടെ പ്രമാണങ്ങൾ കാലദേശത്തിനനുസൃതം അവതരിപ്പിക്കുവാൻ പരിശ്രമിച്ചു. റേഗുളായും ന്യായ പ്രമാണവും ക്രമാനുഷ്ഠാന വിധികളും രൂപം കൊണ്ടത് കർമ്മെലീത്താ ചൈതന്യത്തിലായിരുന്നു.[19] ഫലമോ ലെയോപ്പോൾദച്ചൻ നൽകിയിരുന്ന സന്ന്യാസ പരിശീലനത്തിന്റെ തുടർച്ചയാണ് 1960 കൾ വരെ നീണ്ടുനിന്നത്. തുടർന്നും മേല്പറഞ്ഞതിന്റെ വാങ്ങലും തേങ്ങലും ഇടകലർന്നു വന്നിരുന്നു. അതേ സമയം നവീകരണ പ്രക്രിയയിൽ സമ്മിശ്ര ഘടകങ്ങൾ കൂട്ടിച്ചേർത്തു വച്ച സ്ഥിതിയിൽ സ്വാധീനിച്ചതല്ലാതെ കാതലിൽ സൈദ്ധികമായി പിടിച്ചു നിന്നില്ല.[20]

സൈദ്ധികമായ അടിസ്ഥാനമെന്നത് സുവിശേഷത്തിലെ മിശിഹായെ ഏറ്റുപറയുകയും അനുഗമിക്കുകയും ചെയ്യുക എന്നതാണ്.[21] ഈശോമിശിഹായെ ഏറ്റു പറയുന്ന വിശ്വാസം സഭാപരമായി നന്ദ്രാണീയമാണ്. മിശിഹാ അനുഗമനമെന്നത് പൗരസ്ത്യസുറിയാനി ദൈവാരാധനാ പാരമ്പര്യമനുസരിച്ചുള്ള മാർത്തോമ്മായുടെ മാർഗ്ഗവുമാണ്. വാച്ച വനവാസത്തിന്റെയോ, ദർശനഭവനത്തിന്റെയോ തനിമയും സഭാത്മകമാണ്.[22] ഈ മൂന്നു ഘടകങ്ങളെ പൗരസ്ത്യം എന്ന ഒരു വാക്കിൽ പരിമിതപ്പെടുത്തിയതല്ലാതെ സാവയവഘടനയോടെ വളരുന്നതിന്റെ

സ്വഭാവവും ചൈതന്യവും ലക്ഷ്യവും പുതിയ പ്രമാണരേഖയിലോ അംഗങ്ങളുടെ വിശ്വാസാനുഭവത്തിലോ ശക്തിപ്പെട്ടില്ല. ഫലമോ ചേർത്തുവച്ചുള്ള ഒരു ആരാധനാധ്യാത്മികയുടെ ഉടമകളായിത്തീർന്നു സഭാംഗങ്ങൾ.

പൗരസ്ത്യം എന്ന ഒരു വാക്ക് പ്രമാണരേഖയിലുള്ളതും മറ്റു രണ്ടു വാക്കുകളെ കൂടി ഉൾക്കൊള്ളുന്നതാണ്. അവ കർമ്മെലീത്ത, ഭാരതീയം എന്നിവയാണ്. കർമ്മെലീത്താ എന്ന പദവും കാര്യത്തിൽ ഒരു പദപ്രയോഗമെന്നതിൽ കൂടുതലായി സിദ്ധിയുടെ അനുസ്യൂത വളർച്ചയുടെ ഘടകമായി നിലകൊള്ളുന്നില്ല. ഈ പ്രയോഗം വളർച്ച യുടെ ഘടകമായി വന്നാൽ ദൈവൈക്യത്തിലും പരിപൂർണ്ണസ്നേഹ ത്തിലും വിലയനം കൊള്ളുന്ന ആധ്യാത്മിക വിവാഹത്തിന്റെ അത്യു ച്ചിയിൽ സഭാതനയർ വിരാജിക്കുന്ന ശിക്ഷണവും പ്രായോഗികതയും സംജാതമാകണം. സഭാംഗങ്ങൾക്കിത് അനുഭവപ്പെടുന്നില്ല എന്നതു സത്യമാണ്.

പ്രമാണരേഖയിലുള്ള മൂന്നാമത്തെ പദപ്രയോഗം ഭാരതീയ മെന്നതാണ്. ഭാരതീയം എന്നതിന്റെ കാര്യത്തിൽ കുറെയെല്ലാം താത്പ ര്യമുള്ളവരാണ് പലരും. അതിനുള്ള നീക്കങ്ങൾ പ്രാർത്ഥനാ ശൈലി കളിലും മറ്റു പദ പ്രയോഗങ്ങളിലും കടന്നുവരുന്നതല്ലാതെ അന്തസ്സ ത്തയിലതു പ്രകടമല്ല. ആന്തരികമായി ഭാരതീയം കടന്നുവന്നാൽ 'അഹം ബ്രഹ്മാസ്മി, തത്ത്വമസി' എന്ന അനുഭവം പൂർണ്ണമായും ഉണ്ടാ കേണ്ടതാണ്. ഭാരതീയ ചൈതന്യം ആന്തരികതയുടെ സാക്ഷാത്കാ രമായതിനാൽ അതും പൗരസ്ത്യവും കർമ്മെലീത്താപരവുമായവ യോട് ഒത്തുപോകുന്നതാണ്. വ്യക്തിത്വത്തിന്റെ വികാസം ഉള്ളിൽ നിന്നുണ്ടാകാത്ത സന്ന്യാസസിദ്ധി ഭാരതത്തിന്റെ ആത്മാവിനോ കർമ്മെലീത്താ പൈതൃകത്തിനോ പൗരസ്ത്യതനിമയ്ക്കോ ചേർന്ന തല്ല. അതു പാശ്ചാത്യശൈലിയുടെ വെറും അനുകരണപരമായ ഒന്ന ല്ലാതെ മിശിഹാ അനുഗമനപരമല്ല. ഈ വൈരുദ്ധ്യം സി.എം.ഐ.

സഭയിൽ 1860 കൾ തുടങ്ങി 1960 കൾ വരെ നീണ്ടു നിന്നു പ്രത്യക്ഷമായി. ഇപ്പോഴും അതു തുടർന്നു പോകുന്നു പരോക്ഷമായി. ഫലമോ, ആശ്രമികത്വത്തിന്റെ തനിമ ഇല്ലാത്ത, പാശ്ചാത്യസഭയുടെ ഘടനാപരമായ ആധ്യാത്മികതയുടെ ഉടമകളായി ഒരു ജീവിതം തുടരുന്നു. ഇതു ഭാരതത്തിനോ, സന്ന്യാസസിദ്ധിക്കോ, സഭാ ചൈതന്യത്തിനോ സമഗ്ര സംഭാവന ചെയ്യുകയില്ല. ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന ചാവറ സിദ്ധിക്കു തനതാത്മകത വേണമെങ്കിൽ 1800 കളിലെ പ്രാരംഭ നിവേശനം ഉള്ളിൽ നിന്നുതന്നെ വരണം. ഈ വളർച്ചയിൽ ആദ്യമായി വരുന്നതു സുവിശേഷത്തിന്റെ ചൈതന്യവും കർമ്മെലീത്താ ധ്യാനയോഗത്തിന്റെ മാർഗ്ഗവും ഭാരതീയ താപസികതയുമായിരിക്കും.

ഇവിടെ സൂചിപ്പിച്ച ത്രിമാന ചൈതന്യത്തെ പ്രാരംഭനിവേശനവുമായി തട്ടിച്ചു നോക്കുമ്പോൾ ദൊമ്നിക്കൻ രീതിയിൽ ജീവിച്ച പാലയ്ക്കലച്ചനും വാച്ചവനവാസത്തിന്റെ ആശയവുമായി വന്ന പോരൂക്കര, കണിയാന്ത്ര നസ്രാണികളുടെ നീക്കവും പ്രാരംഭ സിദ്ധിയാണ്.[23] ചാവറ എല്ലാറ്റിനെയും ദൈവ പരിപാലനയായിക്കണ്ട് കർമ്മെലീത്താ തനിമയിൽ എത്തിച്ചേർന്നതും ചിന്തനീയമാണ്.[24]

എന്നാൽ വളരെ പ്രസക്തമായ ഒരു കാര്യം, മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ എന്നും ആശ്രമ ശൈലിയിൽ ജീവിതമുണ്ടായിരുന്നുവെന്നതാണ്.[25] ഇതിന്റെ പശ്ചാത്തലത്തിലല്ലാതെ സി.എം.ഐ. സന്ന്യാസ തനിമയെ വിലയിരുത്തുന്നത് വസ്തു നിഷ്ഠമായിരിക്കുകയില്ല.

വൈദികന്മാരുടെ ശ്രേയസ്സിന് ആശ്രമ പ്രസ്ഥാനത്തെക്കുറിച്ചു ചിന്തിച്ചതും വാച്ചവനവാസം മനസ്സിൽ വന്നതും ദർശനവീട് രൂപപ്പെടുത്തിയതുമെല്ലാം ചാവറയച്ചൻ മൂപ്പച്ചന്റെ നിശ്ചയത്തിനു വിരുദ്ധമായി കുറിയിട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ കാര്യമായി ചർച്ച ചെയ്യേണ്ടതാണ്. അതായത് പുറമെ നിന്നുള്ള പ്രേരണ

ഇല്ലായിരുന്നുവെങ്കിൽ വാച്ചവനവാസം നസ്രാണിസഭാതനിമയിൽ ത്തന്നെ രൂപപ്പെടുമായിരുന്നു. മറിച്ചാണു സംഭവിച്ചതെന്നത് ചരിത്ര വസ്തുതയാണ്. പക്ഷെ എല്ലാ വശങ്ങളും കണക്കിലെടുക്കുമ്പോൾ സി.എം.ഐ. സന്ന്യാസ സംരംഭം നസ്രാണികളുടെ ഇടയിലുണ്ടായി രുന്ന പൗരസ്ത്യ ആശ്രമ സിദ്ധിയുടെ തന്നെ സമൂലീകരണമായിരുന്നു. ആധുനിക കാലത്തെ ആദ്യത്തെ ഏതദ്ദേശീയ നസ്രാണി ആശ്രമ ജീവി തമാണ് സി.എം.ഐ. സഭയുടെ തുടക്കം.[26] അടുത്ത കാലത്തു ചിലർ ആദ്യത്തെ മാർത്തോമ്മാ നസ്രാണികളുടെ ആശ്രമപ്രസ്ഥാനമെന്നു പറയുന്നത് ചരിത്രത്തിനു നിരക്കാത്തതാണ്.[27] ചാവറയിലൂടെ ആശ്രമ സിദ്ധി ദൈവജനോന്മുഖമായി എന്നതു സത്യം. അതിൽ ഒന്നാണു വിദ്യാഭ്യാസസിദ്ധി.

XI: 4 പള്ളിക്കൂടങ്ങൾ

"മാന്നാനത്തു ഈ കുന്നേൽ സ്കൂൾ പണിതുടങ്ങുകയും ആർ പ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ പുലയർ മാർഗ്ഗം കൂടുന്നവർക്കു കപ്പേളയും അതോടു ചേർന്നു സ്കൂളും പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിക്കുകയും ചെയ്തു."[28]

എഴുത്തും വായനയും വഴി ദൈവജനം അറിവും അനുഭവവു മുള്ളവരാകണമെന്ന് ചാവറ ലക്ഷ്യം വച്ചു. വ്യവസ്ഥാപിത രീതിയിൽ ഇതര സമുദായങ്ങളിൽ ഉന്നത വിദ്യാഭ്യാസമുള്ളപ്പോഴും നസ്രാണി കൾക്കതു വിലക്കിയിരുന്നു.[29] ഇംഗ്ലീഷ് വിദ്യാഭ്യാസവും അന്യരായ അധ്യാപകരുടെ കീഴിലുള്ള പരിശീലനവും ഉദയംപേരൂർ സൂനഹദോസ് നിരുത്സാഹപ്പെടുത്തിയിരുന്നു. എന്നാൽ ചാവറയച്ചൻ മേല്പറഞ്ഞ കുറ വുകളെ പരിഹരിക്കുന്നതിന് ഒരു ഇടയ ലേഖനം വഴി മുന്നോട്ടു വന്നു: "ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അല്ലാ ത്തപക്ഷം അംശമുടക്കുകൽപിക്കുമെന്നും" കാണിച്ചുകൊണ്ട് ബർണർ

ദീനോസ് മെത്രാപ്പോലിത്താ വഴി നസ്രാണികളെ ചാവറയച്ചൻ പ്രബുദ്ധരാക്കി. പള്ളികളായിരുന്നു ചാവറയുടെ ശ്രദ്ധാകേന്ദ്രം. ഈ കേന്ദ്രത്തിലൂടെയാണ് ദൈവജനത്തെ പ്രബുദ്ധരാക്കേണ്ടതും. അതുകൊണ്ട് പള്ളിയോടുചേർന്നു വിദ്യാലയങ്ങൾ ഉണ്ടായാൽ അവയ്ക്കു കാര്യമായ വളർച്ച ഉണ്ടാകും എന്നു കണ്ടാണ് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചത്. പ്രത്യേകിച്ചും ഉന്നത നിലവാരമുള്ള വിദ്യാലയങ്ങളിൽ അവശർക്കു പ്രവേശനം കിട്ടാതിരുന്ന കാലത്ത് അവരെ ഉദ്ദേശിച്ച് പള്ളികളോടു ചേർന്ന് വിദ്യാലയങ്ങൾക്ക് തുടക്കമിട്ടു. ഈ സംരംഭം കേരളത്തിനും ഭാരതത്തിനും വലിയ സംഭാവനയ്ക്കുള്ള ഒരു അടിസ്ഥാനമായിരുന്നു. അതുവരെ കുടിപ്പള്ളിക്കൂടങ്ങളും ആശാൻ കളരികളുമാണ് നിലവിലിരുന്നത്.

പാലയ്ക്കലച്ചൻ മല്പാനായി വൈദിക പരിശീലനം ത്വരിതപ്പെടുത്തിയ കാലത്തോടുകൂടെ രാജാക്കന്മാരുടെയും മഹാറാണിമാരുടെയും നീക്കങ്ങളും ഉണ്ടായി. എന്നാൽ കാര്യമായ വളർച്ച അവിടെ ദൃശ്യമായില്ല. തുടർന്ന് സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവ് 1834-ൽ ആംഗ്ലേയ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. ഇങ്ങനെ തിരുവിതാകൂറിലും 1818-ൽ കൊച്ചിയിലും തുടങ്ങിയ ആംഗ്ലേയ വിദ്യാഭ്യാസം കത്തോലിക്കേതര സമുദായങ്ങളിൽ വളർന്നുവന്നു. എന്നാൽ നസ്രാണികളുടെ ഇടയിൽ ഉന്നത വിദ്യാഭ്യാസം ഇല്ലാതിരുന്നതിന്റെ കുറവു പരിഹരിച്ചത് ചാവറയച്ചൻ പള്ളിക്കൂടങ്ങൾക്കു രൂപവും ഭാവവും നൽകിയതു വഴിയാണ്.

ദൈവജനത്തിനുണ്ടാകേണ്ട പുരോഗതിയാണ് വിജ്ഞാനികളായ വൈദികരുണ്ടാകേണ്ടതിന്റെയും തുടക്കം. എന്നാൽ ആംഗ്ലേയ വിദ്യാഭ്യാസത്തിനു വിലക്കുള്ളതിനാൽ 1846-ൽ, ഒരു സംസ്കൃത സ്കൂൾ ആരംഭിക്കുക തന്നെ കരണീയമെന്നുകണ്ട് അതിനുള്ള നീക്കമാണുണ്ടായത്. ഈ സംരംഭത്തെക്കുറിച്ച് പാറപ്പുറത്തു വർക്കിയച്ചന്റെ

രേഖ ഇപ്രകാരമാണ്: "ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃത സ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽ നിന്നു കുട്ടികളും ചേർന്നു പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽ നിന്നു വാരിയർ ജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാള ഭാഷയിലും സംസ്കൃതഭാഷയിലും വളരെ സമർത്ഥനായിരുന്നു."[30] ഇതുകൊണ്ടൊന്നും നസ്രാണികളുടെ പ്രശ്നം പരിഹൃതമായില്ല. ചാവറയച്ചന്റെ മരണം കഴിഞ്ഞു പതിമൂന്നു വർഷമായിട്ടും മാറ്റം കാണാതിരുന്ന സാഹചര്യത്തിൽ, നിരവധി വൈദികർ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് സഭാ കേന്ദ്രത്തിലേക്ക് ഇപ്രകാരം അറിയിച്ചു: "നസ്രാണി കത്തോലിക്കരുടെ ഇടയിയിൽ നിന്നും കോളേജു പഠനം കഴിഞ്ഞു ബിരുദം കിട്ടിയവരായി ആരുമില്ല. യാക്കോബായ സഹോദരങ്ങളിൽ ബിരുദം കിട്ടിയ നൂറിലധികം പേരുണ്ട്. വക്കീലന്മാർ, ഡോക്ടർമാർ, ന്യായാധിപന്മാർ തുടങ്ങി മറ്റു സമുദായങ്ങളിൽ പലരുമുള്ളപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആരുമില്ല."[31]

പള്ളിക്കൂടങ്ങളുടെ വളർച്ച സാധാരണക്കാർക്ക് ഉപകാരപ്രദമായിരുന്നെങ്കിലും ഉന്നതവിദ്യാഭ്യാസംവഴി സമുദായത്തിന്റെ സമഗ്ര വളർച്ച ആവശ്യമായിരുന്നു എന്ന ബോധ്യം ചാവറയ്ക്കുണ്ടായിരുന്നു. എന്നാൽ ചാവറയെ സഭയുടെ മറ്റു പ്രശ്നപരിഹാരത്തിനായി 1861 ജൂൺ എട്ടിന് മെത്രാപ്പോലിത്താ വികാരിജനറാളാക്കി - കൂനമ്മാവിലേക്കു സ്ഥലം മാറ്റി. അങ്ങനെ മാന്നാനത്തെ ഉന്നത വിദ്യാനികേതനം സ്തംഭനത്തിലുമായി. എന്നാലും വിദ്യാഭ്യാസരംഗത്തു ചാവറ കൊളുത്തിയ ദീപമാണ് കേരളത്തെ, ഭാരതത്തിലെ സാക്ഷരതാ സംസ്ഥാനമാക്കി ഉയർത്തിയത്. ലോകത്തെവിടെയും എത്തിപ്പിടിച്ച കേരളം ചാവറയച്ചനോടാണ് കടപ്പെട്ടിരിക്കുന്നതെന്നത് അത്ര അറിയപ്പെടുന്നില്ല. എത്ര നിഷ്ഠയോടെയാണ് ചാവറയച്ചൻ ഈ കാര്യത്തിൽ കുടുംബത്തിൽ വച്ചുതന്നെ കുട്ടികളെ ഒരുക്കുന്നതെന്ന് നല്ല അപ്പന്റെ

ചാവരുളിൽ നിന്നും വ്യക്തമാണ്. "തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നുവെന്നും അവർ എങ്ങിനെയുള്ള കൂട്ടുകൂടിയാണു നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം."[32]

ഒരു സമുദായത്തെ പടുത്തുയർത്തുന്നതിനുള്ള അടിസ്ഥാനപരമായ ഘടകമാണ് കുട്ടികൾക്കു ലഭിക്കേണ്ട വിദ്യാഭ്യാസം. മറ്റൊരു സംസ്ഥാനത്തും പ്രകടമാകാത്ത അത്ഭുതദൃശ്യമല്ലേ കേരള സംസ്ഥാനത്തുള്ളത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ചാവറയച്ചൻ പള്ളിക്കൂടങ്ങളിൽ വരുന്ന ദരിദ്രരായ കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനുള്ള ഏർപ്പാട് ചെയ്തിരുന്നു. സർ. സി.പി. രാമസ്വാമി മേല്പറഞ്ഞ രീതിയെക്കുറിച്ചു മഹാരാജാവിനെ അനുസ്മരിപ്പിച്ചെങ്കിൽ ചാവറ ഈ വിഷയത്തിൽ സ്ഥാപക സിദ്ധി ഉള്ളവനായിരുന്നു.[33] (1936 നവംബർ 26 നു രാജാവിനു നൽകിയ കുറിപ്പ്) ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന രീതിയുടെ ഉപജ്ഞാതാവ് ചാവറയല്ലെ.

നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ചാവറ പള്ളിയോടനുബന്ധിച്ചു തുടങ്ങിയ വിദ്യാലയങ്ങളിൽ ദളിതർക്കെന്നല്ല എല്ലാ ദൈവജനത്തിനും പ്രവേശനം കിട്ടിയത് ജാതിമത ഭേദമെന്യേ എല്ലാ കുട്ടികൾക്കും വിദ്യ അഭ്യസിക്കുന്നതിനുള്ള തുടക്കമായിരുന്നു.

ഇന്ന് ചാവറയച്ചൻ തുടങ്ങിയ സംരംഭം താത്പര്യത്തോടെ നടപ്പാക്കാത്തത് ചാവറയുടെ പിൻഗാമികൾ തന്നെയാണ്. 1990 കളിൽ ദളിത് ദശവൽസരത്തോടനുബന്ധിച്ച് ബോർഡിംഗു രീതിയിൽ റെസിഡെൻഷ്യൽ വിദ്യാഭ്യാസത്തിനു സി.എം.ഐ. സഭ തുടക്കം കുറിച്ചെങ്കിലും അതിനു പുരോഗതി അത്ര ഉണ്ടോ? വൈദികർ വിദ്യാഭ്യാസകാര്യത്തിൽ മുന്നോടികളാകണമെന്നു കരുതി സമാരംഭിച്ച സി.എം.ഐ.

സഭയെപ്പോലെ ദളിതരിലും വിജ്ഞാനമുള്ള സന്ന്യാസ വൈദിക ഗണം രൂപപ്പെടുത്തുന്നതിനുവേണ്ടി, ആറേഴുവർഷം അങ്ങനെയുള്ള പൈതങ്ങളെ കണ്ടു പിടിക്കുന്നതിന് സി.സി.എം. റെസിഡെൻസിലൂടെ പരീക്ഷണം നടത്തിയത് ചാവറ സിദ്ധിയുടെ പിൻബലത്തിലായിരുന്നു. എന്നാൽ സവർണ്ണരെന്നോ അവർണ്ണരെന്നോ ഉള്ള വ്യത്യാസമില്ലാതെ രണ്ടു കുട്ടരും ഒന്നിച്ചു വിദ്യ അഭ്യസിച്ചു വളരട്ടെ എന്ന ആദർശത്തിൽ മേല്പറഞ്ഞ പ്രസ്ഥാനത്തെ ഒരു സമഗ്ര സംഭവമാക്കുവാൻ സി.എം.ഐ. സമൂഹം പരിശ്രമിക്കുന്നു. ഇനിയും വെളിച്ചം കാണേണ്ട ഒരു സ്വപ്നമാണിത്.

മതവും വിശ്വാസവും മനുഷ്യരെ സംസ്കാര സമ്പന്നരാക്കേണ്ട സൈദ്ധിക ഗുണങ്ങളാണ്. ഇവ ചാവറയിൽ തെളിഞ്ഞു വന്നതുകൊണ്ടാണ് പള്ളി വെറും ആരാധനാ നികേതനമായാൽപ്പോരാ, മറിച്ച് ദൈവജനശുശ്രൂഷയും ഉൾച്ചേർക്കേണ്ടതുണ്ട് എന്നു കണ്ടുകൊണ്ട് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചത്. ഈ വീക്ഷണത്തെ പ്രൊഫ. എം.കെ. സാനു വിലയിരുത്തുന്നതിപ്രകാരമാണ്: "യഥാർത്ഥമായ ആത്മീയത ഒരിക്കലും ഭൗതിക ജീവിതത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമൂഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവവൈഷമ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട ബാധ്യതയാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാധ്യത നിറവേറ്റുന്നതിന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പല മേഖലകളിലായി പ്രവർത്തനം വ്യാപിപ്പിച്ചു. എക്കാലവും വിജ്ഞാന ദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിനു സമൂഹത്തിൽ വലിയ സ്ഥാനമുണ്ടാകണമെന്നു മനസ്സിലാക്കി. ജാതി വ്യവസ്ഥ മൂലം പള്ളിക്കൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ്ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നും ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയ്യെടുത്തത്. ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമ്മിക്കണം.

അന്ന് ശ്രീനാരായണഗുരു കേവലം ഒമ്പതു വയസ്സുള്ള ബാലൻ മാത്ര മായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ, വിദ്യാഭ്യാസത്തി ലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു മോചി പ്പിക്കാൻ കഠിനമായും സാഹസികമായും പരിശ്രമിച്ച ചാവറയച്ചന് നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ടെ ന്നോർമ്മി പ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്."[34]

"ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം" എന്നതു നടപ്പാക്കിയ ചാവറ 1864-ൽ അതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു. ഭാരതീയർ കേരളത്തെ യുറോപ്യൻ നാടുകൾക്കു സദൃശം കാണുന്നതും വടക്കേ ഭാരതീയർ ആ വിധത്തിൽ കേരളത്തെ പരിഗണിക്കുന്നതും കേരളീ യർ വിദ്യാസമ്പന്നരായതുകൊണ്ടു കൂടിയാണ്. അതിനുള്ള സമഗ്ര മായ ഒരു ചലനമായിരുന്നു 1860 കളിൽ ചാവറയച്ചൻ നിർവ്വഹിച്ചത്. വൈദികന്റെ അധരങ്ങൾ വിജ്ഞാനപ്രദമായിരിക്കേണ്ടതുപോലെ ദൈവജനത്തിന്റെ അധരങ്ങളും അപ്രകാരമായിരിക്കണം. പള്ളിക്കൂട ങ്ങളിൽനിന്ന് ഇന്നുണ്ടാകേണ്ട ശുശ്രൂഷ ദൈവജനത്തെ ഒന്നാകെ കാണുന്നതിനുള്ള വിജ്ഞാനമാണ്. ബാലികാ ബാലന്മാരുടെ പരിശീ ലനം തുടങ്ങി സർവ്വകലാശാലകളിലൂടെ ഉള്ള പരിശീലനം വരെ നീളു ന്നതായിരിക്കുന്നു ഇന്നത്. ഇവിടെ ചാവറ സിദ്ധി കടന്നു വന്നാൽ നിറഭേദമോ സാമ്പത്തിക വൈവിധ്യമോ ജാതീയ പരിഗണനകളോ നോക്കാതെ ദൈവമക്കളുടെ സാഹോദര്യം മുന്നിട്ടു നില്ക്കും. പ്രായോ ഗിക ബുദ്ധിമുട്ടുകൾ ഉണ്ടായാലും സൈദ്ധിക സാക്ഷ്യം അവയെ എല്ലാം നിഷ്പ്രഭമാക്കും.

ചാവറയച്ചന്റെ ദൃഷ്ടി മേല്പറഞ്ഞ പ്രവാചകത്വത്തിന്റേതായി രുന്നു. സാമൂഹ്യ നീതിയിൽ സ്ത്രീ ജനങ്ങളിലേക്കാണ് ചാവറ എന്ന പ്രവാചകൻ വിമോചനത്തിനായി തിരിഞ്ഞത്.

XI: 5 പെൺപൈതങ്ങൾ സഭാതനയർ

ഭാരതത്തിൽ സ്ത്രീ വിമോചനത്തിന്റെ പ്രവാചകനായി വന്ന ഒരാളായിരുന്നു വന്ദ്യനായ ചാവറ. പിതാക്കന്മാരുടെ ചരിത്രത്തിൽ ഇപ്രകാരം കാണുന്നു: "അവിടെ വച്ചു പ്രത്യേകമായിട്ടു മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യ സങ്കേതമായി വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ലക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീ മഠം ഉണ്ടാകണമെന്നു ആഗ്രഹിച്ചു."[35]

മഠമാണു ചാവറയച്ചന്റെ മനസ്സിൽ വന്നതെങ്കിൽ അതുവഴി 'എദുക്കന്താത്തുകാരെയും' പള്ളിക്കൂടങ്ങളിൽ പഠിക്കുവാനുള്ള പെൺപൈതങ്ങളെയും ലക്ഷ്യം വച്ചിരുന്നു. കന്യാസ്ത്രീകൾക്കു ചാവറയച്ചൻ എഴുതുമ്പോൾ അതു ബോർഡിംഗിലുള്ളവരെയും വായിച്ചു കേൾപ്പിക്കണമെന്നു നിർദ്ദേശിക്കാറുണ്ട്. "സുപ്രിയൊരത്തി ഇതു വായിച്ചു മഠത്തിക്കാരെയും എദുക്കന്താത്തകാരെയും കേൾപ്പിക്ക."[36]

1866-ൽ തുടക്കം കുറിച്ച സി.എം.സി. സന്യാസിനീ സമൂഹവും തുടർന്ന് കേരളത്തിൽ രൂപം കൊണ്ട നിരവധി കന്യാസ്ത്രീ മഠങ്ങളും വിദ്യാഭ്യാസരംഗത്തു ചെയ്തിട്ടുള്ള സേവനമല്ലേ, കേരളീയ വനിതകളെ സാക്ഷരതയിൽ ഏതാണ്ടു മുൻപന്തിയിലെത്തിച്ചത്. സ്കൂളുകളും കോളജുകളും വഴി എന്തുമാത്രം പെൺപൈതങ്ങളെയാണ് അജ്ഞാന സാഗരത്തിൽ നിന്നു മോചിപ്പിച്ച് വിജ്ഞാന ഗോപുരത്തിലെത്തിച്ചത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ചാവറ ഇപ്രകാരം ചെയ്തത് സ്ത്രീജനങ്ങളെ ധാർമ്മികരും കുടുംബത്തിന്റെ വിളക്കുകളും സമുദായത്തിൽ ജീവാത്മകരായ വ്യക്തികളുമാക്കി രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടിയാണ്. സ്ത്രീകൾക്ക് ധാർമ്മിക ജീവനിലുള്ള സ്വാധീനത്തെ സൂചിപ്പിക്കുന്ന ഒരു സദുപദേശം ചാവറ നൽകുന്നു: "ഒരു ദിക്കിൽ അന്യ വസ്തുക്കൾ അന്യായമായി അപഹരിച്ച് ദ്രവ്യസ്ഥനായിത്തീർന്ന ഒരു

ഗൃഹസ്ഥനുണ്ടായിരുന്നു. അവൻ ദീനമായി മരിക്കാറായപ്പോൾ ഭാഗം ചെയ്യുവാൻ വേണ്ടിയെന്നപോലെ രായസക്കാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതാൻ പറഞ്ഞു. എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇതു കേട്ടപ്പോൾ മക്കൾ അപ്പാ! അപ്പാ! എന്തു പറയുന്നു. അപ്പൻ മന്ദം പറയുന്നോ എന്നു ചോദിച്ചു. അപ്പോൾ ദീനക്കാരൻ ഇല്ല ഇല്ല, മക്കളെ എനിക്കു നല്ല ബോധമുണ്ട്. ഞാൻ പറയുന്നതു എഴുതട്ടെ എന്റെ ആത്മത്തെയും അന്യരുടെ വസ്തുക്കളെ അപഹരിക്കാൻ ഉൽസാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തെയും ഞാൻ പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാവിനെ ഞാൻ പിശാചിനെയേൽപ്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കു വേണ്ടിയാണ് അന്യരുടെ വസ്തുക്കളെ അപഹരിച്ചതും ..... എന്നു പറഞ്ഞു നിർഭാഗ്യമായി അന്ത്യശ്വാസം വിടുകയും ചെയ്തു."[37]

ഒരു കുടുംബം മുഴുവനും അധാർമ്മികമായി നശിക്കുന്നതിനു ഭാര്യ ഇടവരുത്തിയെങ്കിൽ ആ സ്ത്രീയുടെ സാന്മാർഗ്ഗിക ബോധം അതിൽ നിന്നെല്ലാം മോചനം പ്രാപിക്കുന്നതിനിടവരുത്തും. ഈ സത്യം 1860 കളിൽ നടപ്പാക്കുന്നതിന്റെ ഒരു ഭാഗമായിട്ടാണ് ചാവറ ബാലികമാർക്കും പെൺ പൈതങ്ങൾക്കും എദുക്കന്തോത്ത്, പള്ളിക്കൂടങ്ങൾ എന്നിവ സഥാപിച്ചത്. അതു പുണ്യജീവിത മാതൃകയിലൂടെ ജീവിക്കുന്ന കന്യാസ്ത്രീ മഠങ്ങളിലൂടെ, പുരുഷന്മാരോ ആൺകുട്ടികളോ മാത്രമല്ല, മറിച്ച് സഭാതനയരായ പെൺപൈതങ്ങളും അടിമത്ത്വത്തിന്റെ ചങ്ങലകളെ ഭേദിക്കുന്നതിനു വേണ്ടിയായിരുന്നു. സ്വാതന്ത്ര്യത്തിന്റെ ചിറകുകളിൽ സ്ത്രീഗണം ഇത്രമാത്രം പറന്നുയർന്നതിന്റെ പിന്നിൽ പ്രവാചകനായ ചാവറ മൂപ്പച്ചന്മാരോടൊപ്പം പ്രവർത്തിച്ചിരുന്നു. എന്നാൽ, വിജ്ഞാനവും വിശുദ്ധിയും കൈകോർക്കുന്നില്ലായെങ്കിൽ ചാവറ ലക്ഷ്യം വെച്ചിരുന്നത് ആധുനിക കാലത്തു സാക്ഷാത്കരിക്കപ്പെടുകയില്ല.

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടന്നിരിക്കുന്ന പെൺപൈതങ്ങളുടെ സ്ഥിതിയെ വിലയിരുത്തിയാൽ അവർ അടിമകളാണ്.

കാരണം വിജ്ഞാനമുള്ള മാതാപിതാക്കളും സമുദായങ്ങളും പെൺകുട്ടികളെയും സ്ത്രീജനങ്ങളെയും മാനസിക തലത്തിൽ ബഹിഷ്കരിക്കുകയും വൈകാരികതലത്തിൽ ചൂഷണം ചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് ആർക്കും വേണ്ടാത്തവരെന്ന അവബോധം ഇന്നു സമുദായത്തിൽ പെൺപൈതങ്ങൾക്കുണ്ടാകുന്നെങ്കിൽ അതിന്റെ കാരണം വിശുദ്ധി വിജ്ഞാനത്തെ പൂർത്തീകരിക്കാത്തതു കൊണ്ടാണ്. വിശുദ്ധിയും വിജ്ഞാനവും കൈകോർക്കുമ്പോഴുണ്ടാകേണ്ട ജീവിത നിയമമാണ് സന്മാർഗ്ഗികത: "അന്യരുടെ വസ്തുക്കളെ അപഹരിക്കാൻ ഉത്സാഹിച്ച ഭാര്യ അസന്മാർഗ്ഗികതയിലാണെന്നു" ചാവറ പറയുന്നു. ബാലികമാരെ സഭാതനയരായി കണ്ടുകൊണ്ട് സമൂഹം ഒന്നാകെ നീങ്ങുന്നതിനുള്ള ഉപാധിയായിരിക്കണം വിദ്യാഭ്യാസം. ഇതിൽ കുറഞ്ഞതൊന്നും ചാവറ ഉദ്ദേശിച്ചിരുന്നില്ല. ജീവനുള്ളവളെന്ന നിലയിലാണ് ഹവ്വായെ കണ്ടിരുന്നതെങ്കിൽ എല്ലാ പെൺപൈതങ്ങളും ജീവനുള്ളവരായിത്തീരുന്നതിനുള്ള പരിശീലനമാണ് പള്ളിക്കൂടങ്ങളും എടുക്കന്താത്തുകളും വഴി നൽകേണ്ടത്.

1866 ഫെബ്രുവരി 13-നു കൂനമ്മാവിൽ ആരംഭിച്ച കന്യകാ മഠത്തോടു ചേർന്ന് പെൺകുട്ടികൾക്കായി എടുക്കന്താത്തും സ്കൂളും ആരംഭിച്ചത് ഇന്നുള്ള വനിതാ ഹോസ്റ്റലുകളുടെയും വനിതാ കോളേജുകളുടെയും മുന്നോടിയായിരുന്നു.

സഭ, പൈതങ്ങളുടെ വിദ്യാഭ്യാസത്തിനായി വലിയ സംവിധാനങ്ങളാണ് ചെയ്യുന്നത്. എന്നാൽ പെൺകുട്ടികളുടെയും സ്ത്രീജനത്തിന്റെയും സമഗ്രവിമോചനമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ഒരോ മേഖലയിലുമുള്ളവർ ഒന്നിച്ചു ചിന്തിച്ച് അത് നടപ്പിൽ വരുത്തുന്നില്ലെങ്കിൽ ശാസ്ത്രം നൽകുന്ന കണ്ടുപിടുത്തങ്ങളെ നശീകരണത്തിനു പയോഗിക്കുന്നതുപേലെ, ബാലികമാർക്കു ലഭിക്കുന്ന ഭാഗിക വിദ്യാഭ്യാസം മാനവരാശിയുടെതന്നെ അധാർമ്മികതയ്ക്കിടവരുത്തും. ഇതിന്റെ ഉത്തരവാദികളാരെന്ന് ഇവിടെ വിധിക്കുന്നില്ല. മറിച്ച് അവസ്ഥയെ എടുത്തു കാട്ടുന്നു. എന്നാൽ ചാവറ നൽകുന്ന പ്രതിവിധി വളരെ

ഫലപ്രദമായതുതന്നെ: "ശരീരത്തിനടുത്ത യാവന അവർക്കു കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത യാവനയായ ഇവകളെയും (ചെറിയ ജപങ്ങളെ) അവർക്കു കൊടുക്കുന്നതു എത്രയോ നല്ലതായിരിക്കും. കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീടിനകത്തു കൂടെ നടത്തരുത്. അവർക്ക് മനസ്സിലാകുന്നില്ല എന്നുവച്ച് ക്രമമില്ലാത്ത വചനങ്ങളും ദൂക്ഷണങ്ങളും അവരുടെ മുൻപാകെ പറയരുത്. കാരണവന്മാരുടെ നേരയുള്ള വണക്കാചാരങ്ങളെക്കുറിച്ച്..... അച്ഛനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതും അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്കറിയാത്തത് പിശാചവരെ പഠിപ്പിക്കും."[38]

ആധുനിക സാങ്കേതിക ശാസ്ത്രങ്ങളും സർവ്വോപരി മനഃശാസ്ത്രശാഖകളും വികസിക്കുകയും അവ യുവതീ യുവാക്കളുടെ സ്വഭാവ രൂപവത്ക്കരണത്തിനായി പ്രയോഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും എന്തുകൊണ്ട് കുട്ടികൾ സ്വഭാവ ദൂഷ്യത്തിലും അധാർമ്മികതയിലും വീണു പോകുന്നു? ഈ പ്രശ്നത്തിനുള്ള പ്രതിവിധി വളരെ ശാസ്ത്രീയമായിത്തന്നെ ചാവറ നിരത്തിവയ്ക്കുന്നു. ഒന്നാമതായി, ദൃഢത ഉണ്ടാകുമ്പോൾത്തന്നെ ഭക്തിയോടുകൂടെ "ഈശോ, മറിയം, യൗസേപ്പ്' എന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്കണം"[39] പ്രാർത്ഥനാമന്ത്രങ്ങളാണ് കുട്ടികളിൽ അന്തർലീനമായിരിക്കുന്ന ദൈവികതയെ ഉണർത്തുന്നത്. രണ്ടാമതായി, ദൈവികതയെ പ്രകാശിപ്പിക്കുന്ന പ്രതിച്ഛായകൾ അവർക്കു കൊടുക്കണം: "അവരുടെ സ്വരൂപങ്ങൾ (തിരുക്കുടുംബത്തിന്റെ) കുഞ്ഞുങ്ങളെ കാണിക്കുകയും മുത്തിക്കുകയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക."[40] മൂന്നാമതായി, മാതാപിതാക്കളുടെ സ്നേഹപരിലാളനയിൽ അവർ വളരുന്നതിന് പൈതൽ പ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽ നിന്നകന്ന് കൂട്ടുകാരോടുകൂടെ പൈതങ്ങൾ പുറത്തുകളിപ്പാൻ പോകാൻ അനുവദിക്കരുത്. അവരെ സൂക്ഷിക്കാത്ത

ശുശ്രൂഷകരെ വിശ്വസിക്കേണ്ട. മിക്കപ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമുള്ളവരാകുന്നു."[41] നാലാമതായി, യൗവ്വനപ്രായത്തിൽ പെൺപൈതങ്ങൾക്കുണ്ടാകേണ്ട ശ്രദ്ധ: "എന്നാൽ പെൺപൈതങ്ങളെ പെരുന്നാൾ ആഘോഷത്തിനും തോഴ്മയ്ക്കും മറ്റുമായി ചമയിക്കുന്നതും അയയ്ക്കുന്നതും നരകത്തിൽ നിന്നു വന്ന ഒരു ചട്ടവും സൂത്രവുമാകുന്നു"[42] എന്നതിലുണ്ട്. അഞ്ചാമതായി "ഒരു പെൺപൈതലിന്റെ ആഭരണം എത്രയോ വലിയ അടക്കവും, ഭക്തിയും മിണ്ടടക്കവും കണ്ണടക്കവും ആകുന്നു"[43] എന്ന മനോഹര സത്യമാണ്.

ചാവറയച്ചൻ ദൈവജനത്തെ കണ്ടിരുന്നത് എത്ര സമഗ്രമായ രീതിയിലായിരുന്നു. അതും മാനവരാശിയുടെ രൂപവത്ക്കരണത്തിൽ മാതാക്കൾക്കും അവരുടെ നിർണ്ണായക കാലഘട്ടമായ യൗവ്വനത്തിനുമുള്ള പ്രസക്തി ചാവറയച്ചൻ എടുത്തുകാട്ടുന്നു. അതുകൊണ്ടാണ് പെൺപൈതങ്ങളുടെ വിദ്യാഭ്യാസത്തിനും സമഗ്ര വളർച്ചയ്ക്കുമായി ചാവറ പള്ളിക്കൂടങ്ങളും എദുക്കന്താത്തുകളും കന്യകാമഠങ്ങളോടു ചേർത്ത് സംവിധാനം ചെയ്തത്. അവരാണ് പുതിയ തലമുറയുടെ മാമ്മോദീസാത്തൊട്ടി. അവരും സഭാതനയർ തന്നെ.

1860 കളിൽ ചാവറയച്ചൻ രൂപം കൊടുത്ത കുടുംബക്രമത്തിൽ പെൺപൈതങ്ങളുടെ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ളവ കൃത്രിമമോ സർഗ്ഗാത്മകമോ എന്ന് അന്വേഷണ വിധേയമാക്കേണ്ടതുണ്ടോ? നസ്രാണി വനിതകളുടെ ശ്രേഷ്ഠതയും ജീവിത സാക്ഷ്യവും തീർത്തും സ്നേഹത്തിന്റെ പരിപാവനത നിറഞ്ഞു നിന്നിരുന്നവ ആയിരുന്നു.[43 a] അതുകൊണ്ടാണ് കുടുംബത്തിലും സമുദായത്തിലും നസ്രാണി വനിതകൾ നൽകിയിട്ടുള്ള സംഭാവനകൾ ലോകം മുഴുവൻ വിലമതിച്ചത്. ഇതിനുള്ള ഏറ്റവും വലിയ തെളിവ് 1860 കൾക്കു ശേഷം ഉണ്ടായിട്ടുള്ള ദൈവവിളികളും അവയോടു ചേർന്നുണ്ടായിട്ടുള്ള കേരളത്തിന്റെ വികസനവുമാണ്. എന്നാൽ ഒരു

നൂറ്റാണ്ടു പിന്നിട്ടപ്പോൾ മാറ്റം ശക്തിപ്പെട്ടു. പുറമെ നിന്നുള്ള പരിഷ്ക്കാരം വ്യക്തിത്വത്തിന്റെ തനിമയായ സ്നേഹത്തെ ജഡികവും വൈകാരികവുമായി ഒതുക്കി. നിസ്വാർത്ഥതയ്ക്ക് സ്വാർത്ഥത കടിഞ്ഞാണിട്ടു. പെൺപൈതങ്ങൾ സ്നേഹത്തിന്റെ പ്രതിച്ഛായകൾ എന്നതിനു പകരം നശീകരണത്തിനുള്ള വസ്തുക്കളായി മാറി. സ്ത്രീവിദ്വേഷവും പുരുഷ മേധാവിത്വവും കൊടികുത്തിവാണു. സ്ത്രീ വിമോചനത്തിന്റെ നീക്കങ്ങളൊന്നും ചാവറ തുടങ്ങിവച്ച ബാലികമാരുടെ സമഗ്ര വളർത്തലിനോടു തട്ടിക്കുമ്പോൾ കിടപിടിക്കുന്നില്ല. മറിച്ച് ഉപരിപ്ലവതയും താത്കാലികതയുമായി അവശേഷിക്കുന്നു. നൈരാശ്യവും ആത്മഹത്യയും ഭീകരതയും കൊടികുത്തി വാഴുന്നു.[44] ഈ പാളിച്ചയെ നോക്കി നിന്ന് അന്ധാളിക്കുന്നവരാണ് അജങ്ങളും അജപാലകരും സാമൂഹിക പരിഷ്ക്കർത്താക്കളും. ചാവറ നൽകുന്ന വചസ്സുകൾ ശ്രവിക്കാം.

XI:6 പ്രസംഗവേദിയിലെ സിംഹം

ചാവറയുടെ വാക്കുകൾ അതിന്റെ ഗാംഭീര്യതയിൽ പ്രഘോഷിക്കപ്പെട്ട ഒരു വേദി അദ്ദേഹത്തിന്റെ പ്രസംഗപീഠമണ്. റൂഹാദ്ക്കുദ്ശാ നിറഞ്ഞ വ്യക്തി എന്ന വിശേഷണത്തോടെയാണ് ചാവറയുടെ പ്രസംഗത്തെക്കുറിച്ച് മാണി കുര്യൻ എന്ന സമകാലികൻ സാക്ഷ്യപ്പെടുത്തുന്നത്: "വലിയ പ്രിയോരോച്ചനെ ഞാൻ കണ്ടിട്ടുണ്ട്: കാണുന്നതിനു മാത്രമല്ല അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുള്ള ഭാഗ്യവും എനിക്കു ലഭിച്ചിട്ടുണ്ട്. ഹാ! എത്ര ആനന്ദകരമായ കാഴ്ചയാണു അദ്ദേഹത്തെ കാണുന്നതെന്ന് പറയാൻ വിഷമം. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞയാൾ. ചെറിയ മണിസ്വരം. എന്നാൽ പള്ളിയിൽ എല്ലാവർക്കും അദ്ദേഹത്തിന്റെ ഇമ്പമായ പ്രസംഗം കേൾപ്പാൻ യാതൊരു പ്രയാസവുമില്ല. ഹാ! ആ ഓർമ്മ ഞാനൊരിക്കലും മറന്നിട്ടില്ല. ഇന്നും ഇന്നലെത്തെപ്പോലെ തോന്നുന്നു."[45] പ്രസംഗത്തെക്കുറിച്ചു സമകാലികർ പറയുമ്പോഴും പരിശുദ്ധാത്മാവിന്റെ നിറവാണ് കേൾക്കുന്നവർക്കു

ലഭിക്കുന്നത്. ദൈവാത്മാവിനാൽ വിരചിതമായ ദൈവവചനം അതേ ദൈവാത്മാവിനാൽ വായിച്ചു ധ്യാനിക്കുന്നവർക്കു മാത്രമേ ആധികാരികമായും ഫലപ്രദമായും പ്രഘോഷിക്കുവാനും സാധിക്കുകയുള്ളൂ.

ദിവ്യകാരുണ്യ നാഥനു മുൻപിലും മരിച്ചവരുടെ കുടീരത്തിലും ധ്യാനനിരതനായിരുന്നുകൊണ്ടാണ് ചാവറ ദൈവവചനത്തിന്റെ നിവേശനം സ്വായത്തമാക്കിയിരുന്നത്. പ്രകടമായി മേല്പറഞ്ഞ അവസരങ്ങളിൽ നടത്തുന്ന ധ്യാനം ജീവിതം മുഴുവനും തുടരാതിരിക്കുക മനുഷ്യ പ്രകൃതത്തിനു ചേർന്നതല്ല. മനസിൽ തെളിഞ്ഞു നിൽക്കുന്നതാണ് പ്രവൃത്തിയിൽ നിഴലിക്കുന്നത്. പ്രസംഗിക്കുന്നതു ഹൃദയത്തിന്റെ തികവിൽ നിന്നെങ്കിൽ ജീവിക്കുന്നതും തഥൈവ. അതുകൊണ്ടാണ് ചാവറ എന്തു നന്മ ചെയ്യുന്നതിനും സന്നദ്ധനായിരുന്നത്. ചാവറയുടെ സേവന സന്നദ്ധതയെക്കുറിച്ച് അതും പ്രസംഗത്തിന് നിശ്ചയിച്ചിരുന്ന ആളില്ലാതെ വന്നപ്പോൾ സഹായത്തിനെത്തിയ ചാവറയെക്കുറിച്ച് പാലാക്കുന്നേൽ വലിയ ചാക്കോച്ചൻ രേഖപ്പെടുത്തുന്നു: "ഒരിടവക പള്ളിയിൽ ദർശനപ്പെരുന്നാളിനു പ്രിയോരച്ചൻ സന്നിഹിതനായിരുന്നു. പ്രസംഗം ഏറ്റിരുന്ന വൈദികൻ രാത്രി ആകുന്നതു വരെയും വന്നെത്തായ്കയാൽ പ്രസംഗം പ്രിയോരച്ചനെത്തന്നെ ഏല്പിക്കണമെന്നു പ്രസിദേന്തി മുതൽ പേർ തീർച്ചപ്പെടുത്തി. അത്താഴത്തിനു ശേഷം പ്രിയോരച്ചനെ അന്വേഷിച്ചതിൽ കണ്ടില്ല. കുർബ്ബാനയുടെ മുമ്പിൽ അന്വേഷിക്കുക അഥവാ സിമിത്തേരിയിൽ നോക്കുക എന്നു പ്രിയോരച്ചനെ അടുത്തു പരിചയമുള്ളവർ പറഞ്ഞു. സിമിത്തേരിയിൽ പ്രാർത്ഥിച്ചു നിൽക്കുന്നതായി കണ്ടെത്തുകയും ചെയ്തു."[46]

ഈ സംഭവത്തിൽ നിന്നും വളരെയേറെക്കാര്യങ്ങൾ വ്യക്തമാണ്. ഒന്നാമത്തേത്, സമകാലികർക്കു പ്രിയോരച്ചനിൽ ഉണ്ടായിരുന്ന മതിപ്പും ബഹുമാനവും ആദരവും ബോധ്യവും. സഹായമഭ്യർത്ഥിച്ചാൽ ലഭിക്കുമെന്ന ഉറപ്പ് പ്രസുദേന്തി പ്രകടമാക്കിയതല്ലേ ഇവിടെ

കാണുന്നത്. രണ്ടാമത്തെ കാര്യം ചാവറയച്ചന്റെ ധ്യാനയോഗമാണ്. ദൈവസാന്നിധ്യത്തിന്റെ കൗദാശിക തുടർച്ചയായ ദിവ്യകാരുണ്യത്തിലുള്ള നിരന്തര വിശ്വാസവും മരിച്ചവരെയും സഭയുടെ വിജയികളെന്ന നിലയിൽ അനുസ്മരിക്കുന്ന സ്വഭാവവും നമ്മുടെ ചർച്ചാവിഷയമായ ചാവറയുടെ പ്രസംഗ വിഷയങ്ങളാണ്. ചാവറയെ സമീപിച്ചാൽ പ്രസംഗത്തിന് ഒരു വീഴ്ചയുമുണ്ടാകില്ലായെന്നതും മറ്റൊരാൾ ചെയ്യേണ്ടിയിരുന്നതു നടക്കാതെ വന്നിടത്ത് ചാവറയുടെ സേവനം കിട്ടുമെന്നതും സമകാലീനരുടെ അനുഭവമായിരുന്നു.

പ്രസംഗം ഒരു കലയും സമ്പർക്ക മാധ്യമവുമെന്നതിനെക്കാൾ ചാവറ അതിനെ സുവിശേഷ പ്രഘോഷണത്തിന്റെ രീതിയിൽക്കണ്ടു. അതുകൊണ്ടാണ് അജപാലന ക്രമീകരണത്തിൽ പ്രസംഗം ഒരു പുത്തൻ ചലനമാക്കിത്തീർക്കുവാൻ ചാവറ നിശ്ചയിച്ചത്.

കർത്താവിന്റെ ദിനവും ഉത്ഥാനാഘോഷാവസരവുമായ ഞായറാഴ്ച പള്ളി പ്രസംഗം ദൈവാരാധനയുടെ അവശ്യ ഘടകമായി ചാവറ കണ്ടിരുന്നു. ദൈവത്തെ ആരാധിച്ചിരുന്ന ചാവറ ദൈവജനത്തെ ശുശ്രൂഷിക്കുന്നതിനു വേണ്ടിയാണ് തന്റെ അജപാലനാധികാരമുപയോഗിച്ച് ഞായറാഴ്ച പ്രസംഗം പള്ളിയിൽ പതിവാക്കിത്തീർത്തത്. വൈദികന്മാരുടെ അഭിഷേകം വചന പ്രഘോഷണത്തിനുള്ള ധർമ്മവും ഉൾപ്പെടുന്നതാണ്. ഈശോ തന്നെയും അഭിഷിക്തനായത്, റൂഹായാൽ ദരിദ്രരോടു സുവിശേഷം അറിയിക്കുവാനുമായിരുന്നു. ലൂക്കാ സുവിശേഷകൻ ഏശയ്യാ നിവ്യായെ ഉദ്ധരിച്ച കർത്താവിന്റെ വാക്കുകൾ സഹിതം ഇപ്രകാരം അറിയിക്കുന്നു: "പിന്നീട് അവിടുന്നു താൻ വളർന്ന സ്ഥലമായ നസ്രത്തിലേക്കു വന്നു. അവിടുത്തേക്കു പതിവായിരുന്നതു പോലെ സാബത്തിൽ അവിടുന്നു സിനഗോഗിലെത്തി, വായിക്കുന്നതിനായി എഴുന്നേറ്റു. അപ്പോൾ ഏശയ്യാ പ്രവാചകന്റെ പുസ്തകം അവിടുത്തേക്കു നൽകപ്പെട്ടു. പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്ന

ഭാഗം അവിടുന്നു കണ്ടു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. എന്തെന്നാൽ ദരിദ്രരെ സുവിശേഷമറിയിക്കുവാനായി അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. തടവുകാർക്കു മോചനവും കുരുടന്മാർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." അവിടുന്നു പുസ്തകമടച്ചു ശുശ്രൂഷകനെ തിരികെയേല്പിച്ചശേഷമിരുന്നു. ഇന്നു നിങ്ങൾ കേട്ടിരിക്കുമ്പോൾ തന്നെ ഈ തിരുവെഴുത്തു പൂർത്തിയായിരിക്കുന്നു" (ലൂക്ക. 4:16-21).

ചാവറ ആചാര്യത്വ ശുശ്രൂഷയ്ക്കായി അഭിഷിക്തനായതുകൊണ്ട് സെമിനാരി ജോലിക്കിടയിലും അജപാലന പ്രസംഗത്തിനും മറ്റുമായി തത്പരനായിരുന്നു. അദ്ദേഹത്തിന്റെ ശ്ലൈഹിക തീക്ഷ്ണത ആരംഭം മുതൽതന്നെ പുളിങ്കുന്നിലും മറ്റും പ്രചരിച്ചിരുന്നു. ഈ സംരംഭത്തെക്കുറിച്ച് ചരിത്രകാരൻ പറയുന്നു: "ദേവാലയങ്ങളിൽ അക്കാലത്തു പ്രസംഗം വളരെ വിരളമായിട്ടേ ഉണ്ടായിരുന്നുള്ളൂ. തന്നിമിത്തം ഉണ്ടായിരുന്ന ഭക്തിമാന്ദ്യവും സർവത്ര ദൃശ്യമായിരുന്നു; സൂക്ഷ്മ ദൃക്കായ നമ്മുടെ കഥാപുരുഷന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞത് ഈ വിഷയത്തിലായിരുന്നു. അദ്ദേഹം ചുറ്റി നടന്നു പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി. നാടാകെ പറയത്തക്ക ഒരു പ്രശംസയാണ് പ്രസംഗങ്ങളിൽ നിന്നും ഉത്ഭൂതമായത്. പുളിങ്കുന്നിൽ നടത്തിയ ധ്യാനയോഗത്തിന്റെ ഫലം സമീപസ്ഥലങ്ങളിലേക്കു പോലും വ്യാപിക്കയുണ്ടായി."[47]

പ്രസംഗം വഴി ദൈവജനത്തെ ദൈവവചനത്തിലേക്കും അതു വഴി സഭയുടെ കൗദാശിക ജീവിതത്തിലേക്കും നയിച്ച ചാവറ പ്രസംഗപീഠത്തിലെ സിംഹം എന്നു വിശേഷിപ്പിക്കപ്പെട്ടത് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ ഏകാന്ത വൈശിഷ്ട്യത്താലാണ്.[48] പ്രത്യേകിച്ചും റോക്കോസ് മെത്രാന്റെ ആഗമനം വൈദേശിക മിഷനറിമാരുടെ മേൽനോട്ടത്തിലുള്ള നസ്രാണി സഭയിൽ കോളിളക്കം സൃഷ്ടിച്ചപ്പോൾ പ്രസംഗ

വേദിയിലെ ചാവറ ശക്തനായിരുന്നു. ചാവറ മോൺസിഞ്ഞോർ ലൂഡ് വിക്ക് മർത്തീനിയുടെ നേതൃത്വത്തിൽ മറ്റച്ചന്മാരൊടൊപ്പം എട്ടു ദിവ സത്തെ ധ്യാനം നടത്തിയിരുന്നു. വിശ്വാസ പ്രചരണവും ആത്മീയ സുസ്ഥിതിയുമായിരുന്നു പ്രസംഗത്തിന്റെ ലക്ഷ്യം. ചാവറയച്ചന്റെ സുകൃ തങ്ങളെ വിവരിക്കുമ്പോൾ ദൈവൈക്യം, പ്രാർത്ഥനാ ചൈതന്യം, അനുസരണം, സമാനത, ആത്മരക്ഷയിൽ തീക്ഷ്ണത തുടങ്ങിയവ എടുത്തു പറയുന്നു. വീണ്ടും അദ്ദേഹത്തെ വിശേഷിപ്പിക്കുന്നവർ പറ യുന്നു. ദൈവീക മനുഷ്യൻ, പ്രാർത്ഥനയുടെ മനുഷ്യൻ, ദൈവദൂത സമാനൻ, ഒരു യഥാർത്ഥ ക്രിസ്ത്യാനി, മുടിചൂടാത്ത മെത്രാൻ, മല യാളത്തിലെ പതാക, പ്രസംഗ പീഠത്തിലെ സിംഹം എന്നിങ്ങനെ.

രാഷ്ട്രീയ സാമൂഹിക മുന്നേറ്റങ്ങളിൽ മുന്നിട്ടു നില്ക്കുന്ന ഒരു ഘടകമാണു പ്രസംഗം. എന്നാൽ ആധ്യാത്മിക തലത്തിൽ പ്രസംഗവും പ്രസംഗകലയും മതാത്മക പ്രചാരത്തിന്റെ വലിയ ഒരു മാധ്യമമാണ്. കേരള സഭാ ചരിത്രത്തിൽ കർമ്മെലീത്താ മേലധ്യക്ഷന്മാരുടെ ആശീർവ്വാദത്തോടെ ചാവറ സമാരംഭിച്ച പ്രസംഗവേല ഇന്നു കേരള സഭയിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്ന് ഏവർക്കും സുപരിചിതമാണ്.

സമ്പർക്ക മാധ്യമങ്ങളുടെ പുരോഗതിയിൽ ഇന്ന് അവയും പ്രസംഗവേദികളാകുന്നു. ഇത്ര വ്യവസ്ഥാപിതമായ ശ്ലൈഹിക പ്രഘോ ഷണം, ഒരു ചലനം സൃഷ്ടിക്കുന്നതിനിടവന്നത് ചാവറയിലൂടെയാണ്. അദ്ദേഹം തന്നെ പ്രസംഗവേദിയിലെ കരുത്തനായ നേതാവായിരു ന്നതുകൊണ്ടാണ് പ്രസംഗ പീഠത്തിലെ സിംഹം എന്നറിയപ്പെടുന്നത്. ദൈവത്തിന്റെ നിയോഗത്തെ ദൈവജനം അംഗീകരിച്ചതിന്റെ തെളി വാണിത്. ചാവറയച്ചൻ തുടക്കമിട്ട പ്രസംഗ മാധ്യമത്തെ കുറെക്കൂടി അഗാധതലത്തിൽ ചിന്തിക്കാം.

ആചാര്യത്വ ശുശ്രൂഷയിൽ പ്രസംഗത്തിന്റെ വൈശിഷ്ട്യം കണക്കിലെടുത്ത് പുരോഹിതനെ പ്രസംഗകനെന്നും മല്പാനെന്നും കരുതുന്ന രീതി സഭയിൽ ശക്തിപ്പെട്ടു. പ്രത്യേകിച്ചും പ്രൊട്ടസ്റ്റന്റുകാരുടെയിടയിൽ. ഈ വിധത്തിലുള്ള ആചാര്യത്വ ശുശ്രൂഷയ്ക്ക് വൈദികന്മാരുടെ പരിശീലനത്തിൽ വലിയ നിവേശനമാണു ചാവറ നൽകിയിരുന്നത്. എടുത്തു പറയുവാനുള്ള ഒരു കാര്യം പ്രസംഗകല ചാവറയിൽ കൗദാശിക ഫലപ്രാപ്തിയിൽ നിന്നുരുത്തിരിഞ്ഞതും കൗദാശിക ജീവിതത്തിലേക്കു ഏവരെയും നയിക്കുന്നതുമായിരുന്നു എന്നതാണ്. ഈ സമീപനം സുവിശേഷ പാരമ്പര്യത്തിന്റെയും ശ്ലൈഹിക സാക്ഷ്യത്തിന്റെയും അടിസ്ഥാനമുള്ളതാണ് (മർക്കോ. 1:14-15; മത്താ. 3:1-12; ലൂക്ക. 3:1-20; നട. 2:14-42; റോമ. 1:16-17, 10:14-18). ചാവറയുടെ പ്രവാചകത്വത്തെയും പരിശുദ്ധിയെയും കുറിച്ചു ചിന്തിച്ചാലല്ലാതെ അദ്ദേഹത്തിന്റെ പ്രസംഗ പ്രതിഭയെക്കുറിച്ചു പറയുവാൻ സാധിക്കുകയില്ല.

ചാവറ തന്റെ ദൈവവിളിയെക്കുറിച്ചു തന്നെ പറയുന്നിടത്ത് തന്റെ വംശത്തിൽ നിന്നും ആരും ആ അവസ്ഥയിൽ ഇല്ലെന്നാണു പറയുന്നത്:

> "യെന്നതുമല്ലാ യെന്നുടെ വംശത്തിൽ
> അന്നൊരു ജനമില്ലായീയന്തസ്സിൽ."[49]

ചാവറയുടെ പ്രവാചകത്വത്തിന്റെയും വിശുദ്ധിയുടെയും അടിസ്ഥാനം നോക്കുമ്പോൾ പ്രധാനചാര്യത്വം ഈശോയിൽ നിന്നും ലഭിച്ച ഏകാന്തവിശിഷ്ടമായ ഒരു സിദ്ധിയായിട്ടതിനെ കാണാം. കാരണം ഈശോയുടെ ആചാര്യത്വത്തിനാണ് ചാവറയുടേതുപോലെ ഒരവസ്ഥ കാണുന്നത്. ഹെബ്രായലേഖനത്തിലൂടെ പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു: "ആരെക്കുറിച്ച് ഇവയെല്ലാം പറഞ്ഞിരിക്കുന്നുവോ ആ ഈശോ

മറ്റൊരു ഗോത്രത്തിൽപ്പെട്ടവനാണ്. ആ ഗോത്രത്തിൽപ്പെട്ട ആരും ബലിപീഠത്തിൽ പുരോഹിതവൃത്തി അനുഷ്ഠിച്ചിട്ടില്ല" (എബ്രാ. 7:13).

ഈശോ അഭിഷിക്തനായത് ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനായിരുന്നു (ലൂക്കാ 4:21). ചാവറ റൂഹായാൽ അഭിഷിക്തനായത് മാതാപിതാക്കളുടെ ദൈവിക ജീവിതത്താലും മാമ്മോദീസ വഴി ലഭിച്ച സഭാത്മക സിദ്ധിയാലും അചാര്യത്വ ശുശ്രൂഷയ്ക്കും ആശ്രമ പ്രതിഷ്ഠയ്ക്കുമുള്ള പ്രത്യേക വരത്താലുമാണ്. റൂഹാദ്ക്കുദ്ശായാലാണ് ഈശോ ജനിച്ചതും രഹസ്യ പരസ്യ ജീവിതം ആരംഭിച്ചതും (ലൂക്കാ 1:35; മത്താ. 2:13; 19:20; 4:1, 11; ലൂക്ക. 2:52; 3:22; 4:14,15,18,19). ഈശോ റൂഹായാൽ നിരന്തരം നയിക്കപ്പെട്ടതുവഴി റൂഹായെ നൽകുന്നതിനു പ്രാപ്തനുമായി (യോഹ. 19:34; 1 കോറി. 15:45). ചാവറയ്ക്ക് ഈശോ പിതാവും മാതാവും യാവനയും പാനീയവുമായിരുന്നു. ചാവറയുടെ പ്രസംഗത്തെക്കുറിച്ച് സമകാലികർ സാക്ഷ്യപ്പെടുത്തിയതും റൂഹാ നിറഞ്ഞവനെന്ന വിശേഷണത്തോടെയാണ്: "അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനു ഭാഗ്യവും ലഭിച്ചിട്ടുണ്ട്. ഹാ! എത്ര ആനന്ദകരമായ കാഴ്ചയാണു അദ്ദേഹത്തെ കാണുന്നത് എന്ന് പറയാൻ വിഷമം. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ ആൾ."[50] സഭയിലൂടെ റൂഹായാൽ നിറഞ്ഞ ചാവറയുടെ പ്രസംഗവേദി പരിശുദ്ധ സിംഹാസനത്തിന്റെ വിപുലീകരണമെന്ന നിലയിൽ അദ്ദേഹം പ്രസംഗവേദിയിലെ സിംഹവുമായിരുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിച്ചവൻ രോഗികളിലേക്കും തിരിയുന്ന കാഴ്ചയാണ് അടുത്തതായി കാണുവാനുള്ളത്.

XI:7 രോഗികളുടെ നല്ല ശമറായൻ

"തടവുകാർക്കു മോചനവും കുരുടർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും" (ലൂക്കാ 4:19) പ്രഖ്യാപിച്ച ഈശോയെ ചാവറ അനുധാവനം ചെയ്തത് അവശത അനുഭവിക്കുന്നവരെ നല്ല ശമറായനെപ്പോലെ ശുശ്രൂഷിച്ചു കൊണ്ടാണ്. "വസൂരിരോഗം പിടിച്ച് ആസന്നമരണനായി കിടന്നിരുന്ന ഒരാളെ രോഗശയ്യയിൽ സഹായിപ്പാൻ പോയ ആ സംഭവം ഇന്നും ആളുകൾ പ്രകീർത്തിക്കുന്നു."[51]

നല്ല ശമറായനെപ്പോലെ ചാവറ തന്റെ സെമിനാരി കാലഘട്ടം മുതൽ ഉപവിയിൽ പ്രശോഭിച്ചിരുന്നതായി അറിയുന്നു. അദ്ദേഹത്തിന്റെ ആത്മപിതാവു പറയുന്നു: "കൂട്ടുകാരോട് എല്ലാവരോടും എല്ലായ്പോഴും നല്ല ഉപവിയും സന്തോഷവുമായും ചെറുപ്രായക്കാർക്കു എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു."[52] ലൂക്കാ 10:34-ൽ പറഞ്ഞിരിക്കുന്നത് ഒരു സത്രത്തെക്കുറിച്ചെങ്കിൽ, ചാവറ കൈനകരിയിൽ ആരംഭിച്ചത് ആതുരശാലതന്നെയാണ്. അന്നു തുടക്കമിട്ടതുപോലുള്ള ആതുര ശുശ്രൂഷയുടെ വികാസമാണ് ഇന്നുള്ള രോഗീ ശുശ്രൂഷാ കേന്ദ്രങ്ങളെല്ലാം. മരണത്തെ ഭീതിയോടെയും ദയനീയമായും കണ്ടിരുന്നവരെ സഹായിക്കുന്നതിനായി 1843-ൽ നന്മരണസഭ സ്ഥാപിക്കുന്നതിനും ചാവറ ശ്രദ്ധിച്ചു. ആധുനിക കാലത്ത് വളരെ പ്രസക്തമായ ഒരു പരോപകാര പ്രവൃത്തിക്കാണ് ചാവറ തുടക്കം കുറിച്ചത്. എല്ലാ മനുഷ്യരും കടന്നു പോകുന്ന ആ കവാടത്തെ പ്രത്യാശയിലേയ്ക്കും സൗഭാഗ്യത്തിലേയ്ക്കുമുള്ള വാതായനമായി കാണുന്നതിന് ഇനിയും പലർക്കും സാധിച്ചിട്ടില്ല. എന്നാൽ ചാവറ നല്കുന്ന സുവിശേഷം മരണാസന്നർ നേരത്തെ കേട്ടിരിക്കണം:

"ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം
കല്യാണ പന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ പോക നന്നു."[53]

സോളമന്റെ സുഭാഷിതങ്ങളെ ചാവറ സ്വന്തമാക്കി, വലിയ ദൈവവിജ്ഞാനീയമാണ് മരണാസന്നർക്കും അല്ലാത്തവർക്കും പങ്കുവയ്ക്കുന്നത്. പ്രാണൻ വെടിയുന്നവരുടെ നല്ല ശമറായനല്ലേ ചാവറ.

ചാവറയച്ചൻ രോഗീസന്ദർശനം ദിവസേന നടത്തിയിരുന്നുവെന്നു കേൾക്കുമ്പോൾ അതിശയം തോന്നാം. പക്ഷേ അപ്രകാരം സംഭവിച്ചുവെന്ന് കളത്തിലച്ചൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. നെല്ലിശ്ശേരിയച്ചനെ രോഗാവസ്ഥയിൽ സന്ദർശിക്കുകയും ആധ്യാത്മിക ഉപദേശങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു.

ദൈവവചനം ധ്യാനിച്ച് ആധ്യാത്മിക ജീവിതത്തിനാവശ്യമായതെല്ലാം നേടിയിരുന്ന ചാവറ ഈശോയുടെ അഭിഷേകത്തിലാണു പങ്കുചേർന്നത്. അതുകൊണ്ട് ഈശോ അരുളിച്ചെയ്ത വചനങ്ങൾ എന്നും ചാവറയുടെ ജീവിതശൈലിയായിരുന്നു. ഈശോയുടെ വാക്കുകൾ: "എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെയടുത്തുവന്നു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:35-37). മേല്പറഞ്ഞ ആതുരശുശ്രൂഷയുടെ മേന്മയെന്തെന്നും ഈശോ പറയുന്നു: "എന്റെ ഏറ്റം എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ, എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ. 25:40).

ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിച്ച ചാവറ, സഹോ ദരങ്ങളെ തന്നെപ്പോലെ സ്നേഹിച്ചുകൊണ്ടാണു ശുശ്രൂഷിച്ചത്. ചാവറ ചെയ്ത നന്മപ്രവൃത്തികളെയെല്ലാം കണക്കിലെടുക്കുമ്പോൾ അതു സഭയുടെ കൗദാശിക വശത്തെ പ്രതിനിധാനം ചെയ്യുന്നതാണ്. ബാഹ്യ മായ ശുശ്രൂഷ, അതും രോഗികളെയും ആതുരരെയും സഹായിക്കു ന്നത് അദൃശ്യനായ പരിശുദ്ധാത്മാവിനെ സന്നിഹിതമാക്കുന്ന പ്രവൃ ത്തിയാണ്. കർത്താവ് ചെയ്തതെല്ലാം റൂഹാദ്ക്കുദ്ശായാലായതു കൊണ്ട് കർത്താവിന്റെ ഏതു പ്രവൃത്തിയും പരിശുദ്ധാത്മാവിനെ പ്രദാ നം ചെയ്യുന്നതാണ്. അവിടുന്നു പറയുന്നു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൽ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീത ഹൃദ യനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കു കയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്താ. 11:28-29).

ചാവറയച്ചന്റെ ആതുര ശുശ്രൂഷ വഴി ആശ്വാസം ലഭിച്ചവരെല്ലാം പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നായ ദയയ്ക്കു പാത്രീഭൂതരായ വരാണ്. അതുകൊണ്ട് റൂഹായെ സംവഹിക്കുന്ന രോഗീശുശ്രൂഷ സഭ യുടെ കൗദാശികത്വത്തെ സന്നിഹിതമാക്കുന്ന പ്രവൃത്തിയാണ്.[54] സഭാ സ്ഥാപകനായ ചാവറ, തന്റെ സമൂഹത്തെയും കൗദാശിക സ്വഭാവ ത്തിൽ രൂപപ്പെടുത്തി എന്നതു ചിന്തിക്കേണ്ട വിഷയമാണ്. സ്ഥാപ കന്റെ സിദ്ധിയിൽ വളരെ നിർണ്ണായകമായ ഒരു കാര്യവുമാണിത്.

എത്രമാത്രം തിരക്കുള്ളപ്പോഴും ചാവറ രോഗികളെ ശുശ്രൂഷി ക്കുന്നത് മേല്പറഞ്ഞതിന്റെ അടിസ്ഥാന സമീപനമാണ്. ആലപ്പുഴ യിൽ നിന്ന് ഒരു ന്യായാധിപൻ തന്റെ വീട്ടിലേക്കു ചാവറയെ ക്ഷണി ച്ചതായി കാണുന്നു. രോഗികൾക്ക് സ്വർഗ്ഗീയ യാത്രയുടെ സന്ദേശം

കൊടുക്കുന്നത് രോഗീലേപനത്തിന്റെ ചൈതന്യമാണ്. ജോസഫ് ഏലിയാച്ചൻ ധ്യാനിപ്പിക്കുന്നതിനിടയിൽ രോഗിയായി എന്നതു കേട്ടതെ ചാവറ അവിടെ ഓടി എത്തി. രോഗിക്കാവശ്യമായ എല്ലാ ശുശ്രൂഷയും ചെയ്തുകൊടുത്തു. എന്നാലും ന്യായാധിപന്റെ ഭവനത്തിൽ പോകുന്നതിൽ വീഴ്ച വരുത്തിയുമില്ല.[55]

തന്റെ ജീവിതാവസാനം അടുക്കുന്നുവെന്നറിഞ്ഞ ചാവറ മാന്നാനത്തു 1843-ൽ ആരംഭിച്ച മരണ സഖ്യത്തിന്റെ ഒരു ശാഖ, 1869-ൽ കൈനകരിയിലും തുടങ്ങി. രോഗീ സന്ദർശനവും മരണാസന്നരെ ഒരുക്കി നിത്യയാത്രക്കു സന്നദ്ധരാക്കുകയുമാണ് ഈ സഖ്യാംഗങ്ങൾക്ക് ചെയ്യുവാനുള്ളത്.

2000-ാം മാണ്ടിൽ ആകാശപ്പറവകൾക്കും അനാഥർക്കും അഭയ കേന്ദ്രങ്ങൾ നിരവധിയുണ്ടെങ്കിൽ ചാവറയുടെ കാലത്തു തന്നെ അതു തുടങ്ങിയിരുന്നു എന്നത് എത്ര ശ്രേഷ്ഠമായ ഒരു മാതൃകയായിരുന്നു. ചാവറ ആരംഭിച്ച നികേതങ്ങൾ ഭിക്ഷുക്കൾക്കും രോഗികൾക്കും അനാഥർക്കും ആശ്രമവസതിയായിരുന്നു. ചാവറ തന്റെ അധികാരം മുഴുവനും ഏകീകരിച്ചു നൽമരണ സഖ്യത്തെ കൂടുതൽ കാര്യക്ഷമമാക്കിയിരുന്നു. അദ്ദേഹം പുറപ്പെടുവിച്ച ഒരു സർക്കുലറിൽ ഇങ്ങനെ കാണുന്നു: "ഇവരെപ്പറ്റി ധ്യാനിച്ചു വി. യൗസേപ്പിന്റെ മരണത്തിരുനാൾ ദിവസം, ഒരു പുരുഷനും സ്ത്രീക്കും ശിശുവിനും ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുവിൻ." ഇന്നും മാന്നാനത്ത് മാർ യൗസേപ്പു പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് സാധുക്കൾക്കു നേർച്ച ഭക്ഷണം കൊടുക്കുന്നു.[56]

ചാവറയുടെ കാലത്ത് അഗതികളോടു പുലർത്തിയിരുന്ന അനുകമ്പ ശ്രദ്ധാർഹമാണ്. 1865-ൽ ചാവറ കണ്ടത്, മാന്നാനത്ത് മതപഠനത്തിന് എത്തുന്നവർ പട്ടിണി ഇരിക്കുന്നതാണ്. അവർക്ക് ഉച്ച ഭക്ഷണം കൊടുക്കുന്നതിനുള്ള നിർദ്ദേശമാണ് ചാവറ നൽകിയത്.

ഇതുപോലെ കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിൽ ചാവറ സൂക്ഷ്മ നിരീക്ഷണമുള്ളവനായിരുന്നു. നാരായണപ്പണിക്കർക്കു കടം ഇളച്ചു കൊടുക്കുവാൻ ചാവറ, മാതുലൻ തോമസിനെ ഉപദേശിക്കുന്നു. ചാവറയുടെ മനോഭാവം അറിഞ്ഞ മാതുലൻ അപ്രകാരം കടം ഇളച്ചു കൊടുത്തു.[57]

ചാവറ ചെയ്തിരുന്നതെല്ലാം രോഗികൾക്കും പാവപ്പെട്ടവർക്കും ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള കാര്യങ്ങളായിരുന്നു. ധനികരിൽ നിന്നു പിരിച്ചെടുത്ത പണം മേല്പറഞ്ഞതിനാണു വിനിയോഗിച്ചിരുന്നത്.[58]

ചാവറ എന്നും ക്ലേശിക്കുന്നവർക്കു നല്ല ശമറായനായിരുന്നുവെന്നതാണ് മേല്പറഞ്ഞ സാക്ഷ്യങ്ങളെല്ലാം തെളിയിക്കുന്നത്. അർദ്ധപ്രാണനായിക്കിടക്കുന്നവരെ സഹായിച്ചിരുന്ന ചാവറ മാനവരാശിയെ സഹായിച്ച ഈശോനാഥന്റെ അനുയായി ആയിരുന്നു. മൗതിക ശരീരത്തിന്റെ ശിരസ്സായ ഈശോയെ ആരാധനയിലും ധ്യാനത്തിലും അനുഭവിച്ചത് രോഗികളിലും പാവപ്പെട്ടവരിലും ശുശ്രൂഷയാക്കി മാറ്റി.

ചാവറയച്ചന്റെ ആതുര ശുശ്രൂഷയെയും സേവനത്തെയും നിരീക്ഷകർ വിലയിരുത്തുന്നതിന്റെ ഒരു ചിത്രമാണു പ്രൊഫ. മാത്യു ഉലകംതറ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്: "തനിക്ക് ഈശ്വരദത്തമായിട്ടുള്ള വിശിഷ്ട സിദ്ധികൾ തന്റെ സഹോദരങ്ങളായ ഇതര മനുഷ്യരുടെ നന്മക്കും മോചനത്തിനും വേണ്ടി വിനിയോഗിക്കുക എന്നതാണു പരമമായ ജീവിതധർമ്മമെന്നു കരുതി പ്രവർത്തിക്കുന്ന മൂന്നാമതൊരു ഗണം മനുഷ്യസ്നേഹികളെയും അപൂർവ്വമായി നമുക്കു കണ്ടെത്താൻ കഴിയും. സ്രഷ്ടാവും പിതാവുമായ ദൈവത്തോടുള്ള കൃതജ്ഞതാപ്രകടനമോ കർത്തവ്യ നിർവ്വഹണമോ ആണ് അവരുടെ സഹോദരസ്നേഹ പ്രേരിതമായ സാമൂഹ്യസേവനം. ഈശ്വരോപാസനയും മനുഷ്യസേവനവും അവർക്കു രണ്ടല്ല. അവർ ഈശ്വരോപാസനയിൽ നിന്നു

മനുഷ്യസേവനത്തിനു കരുത്താർജ്ജിക്കുന്നു. മനുഷ്യസേവനത്തിലൂടെ ഈശ്വരോപാസന പൂർത്തിയാക്കുകയും ചെയ്യുന്നു. ഈശ്വരാരാധനയുടെയും സാമൂഹ്യസേവനത്തിന്റെയും സമന്വയം നാമവരിൽ കാണുന്നു. രണ്ടിന്റെയും ഉത്തമാദർശമൂർത്തിയും അവർ തന്നെയാണ്. കേവലധ്യാനലീനരായ മഹർഷിവര്യന്മാരും, കേവല മനുഷ്യസ്നേഹചോദിതരായ സാമൂഹ്യസേവകരും സമാദരണീയർ തന്നെ. എങ്കിലും സമ്പൂർണ്ണ മനുഷ്യരെന്നു നാം വിളിക്കുക ഭക്തിയോഗത്തെ കർമ്മയോഗവുമായി സമന്വയിപ്പിച്ചു ജീവിതത്തെ ഒരു മഹായാഗമായി പകർത്തിയവരെയാണ്. ഈ മഹത്തായ ജീവിതാദർശമാണ് പുണ്യാത്മാവായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനിൽ നാം കാണുന്നത്. അദ്ദേഹം സന്ന്യാസികളുടെ ഇടയിൽ ഒരു സമുദായ സേവകനും സമുദായ സേവകരുടെയിടയിൽ ഒരു സന്ന്യാസവര്യനും ഇരു കൂട്ടരുടെയും ഇടയിൽ ഒരു വൈദിക മഹാപുരുഷനുമായി ഉയർന്നു നിൽക്കുന്നു. പതിനേഴാം നൂറ്റാണ്ടിൽ തകർച്ചയുടെ വക്കിലെത്തിയ ഫ്രാൻസിൽ വി.വിൻസെന്റ് ഡി പോൾ ആവിഷ്ക്കരിച്ച പദ്ധതികളോടു സാമ്യം വഹിക്കുന്നവയായിരുന്നു ചാവറയച്ചന്റെ ആധ്യാത്മിക നവീകരണ പദ്ധതികൾ ..... നന്മ ചെയ്യുവാനുള്ള അടങ്ങാത്ത ആവേശവും മുൻകൂട്ടിക്കാണുവാനുള്ള ഈ വെളിച്ചവും ചാവറയച്ചനു ലഭിച്ചത് ദൈവവുമായുള്ള നിരന്തര ഹൃദയ ബന്ധത്തിൽ നിന്നാണ്. വി. കുർബ്ബാനയുടെ മുന്നിൽ ധ്യാനനിരതനായി, ഭക്തിപരവശനായി, സഫലകാല വിസ്മൃതിയിലാണ്ട് അശ്രുധാരയിൽ മുങ്ങി നിൽക്കുന്ന ഒരു ഈശ്വരോപാസകനെക്കാണുന്ന നാം അടുത്ത നിമിഷത്തിൽ കണ്ടു മുട്ടുന്നത് എല്ലാ നിലകളിലുമുള്ള എല്ലാത്തരക്കാരുമായ മനുഷ്യരുടെ മദ്ധ്യേ ബഹുകാര്യവ്യഗ്രനായി നിൽക്കുന്ന ജനസേവകനെയാണ്. ഭക്തി തീക്ഷ്ണത എത്രമാത്രം അദ്ദേഹത്തെ ദൈവത്തോടടുപ്പിച്ചുവോ അത്രകണ്ടു ഉപവിയുടെ ബലിഷ്ഠമായ ശൃംഖലകൾ അദ്ദേഹത്തെ മനുഷ്യരോടു ബന്ധിച്ചിരുന്നു. ചാവറയച്ചന്റെ സേവന സന്ന്യാസ ദർശനത്തെ സംഗ്രഹിച്ചു പറയണമെങ്കിൽ അത്

അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ പറയുന്നതാണുത്തമം: "ഭിക്ഷക്കാർ വെറും കൈയ്യോടെ നിന്റെ വീട്ടിൽ നിന്നു പോകാൻ സമ്മതിക്കണ്ടാ, വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കയോ ചെയ്യരുത്. പാവപ്പെട്ടവരെ നിന്ദിക്കണ്ടാ, അവരെ ബുദ്ധിമുട്ടിക്കയും വേണ്ടാ..... അന്യർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല."[59]

ചാവറയച്ചൻ സേവനരംഗങ്ങളിൽ കാണിച്ചിട്ടുള്ള ദീനാനുകമ്പ മനുഷ്യത്വത്തോടുള്ള ദൈവിക സമീപനമാണ്. രോഗീ ശുശ്രൂഷയിൽ പ്രഥമത: കടന്നു വരേണ്ടത് വൈയക്തിക ബന്ധമാണ്. ഈ വൈയക്തിക ബന്ധത്തിന്റെ മാനവീകരണമാണ് ഈശോമിശിഹായിൽ തെളിഞ്ഞു നിൽക്കുന്നത്. ദൈവത്തോടുള്ള സമാനത നിലനില്ക്കെത്തന്നെ മനുഷ്യരോട് ഒന്നു ചേർന്നതു തന്നെയാണ് രോഗീ ശുശ്രൂഷയിലും നല്ല ശമറായന്റെ ഉപമയിലും പ്രകടമാകുന്നത്. നല്ല ശമറായൻ - ദൈവിക മഹത്ത്വത്തിൽ നിന്നു വേർതിരിക്കപ്പെട്ടു മനുഷ്യ പരിമിതിയിൽ എത്തി നിൽക്കുന്ന മനുഷ്യപുത്രൻ - യഹൂദരിൽ നിന്നും വേർതിരിക്കപ്പെട്ട് വിപ്രവാസത്തിലൂടെ ഇതര അനാഗതരുമായി ഒന്നു ചേർന്നു ജീവിച്ച ശമറായക്കാർക്കു സദൃശനാകുന്നു. നല്ല ശമറായൻ ഈശോ തന്നെ. മനുഷ്യാവതാരത്തിന്റെ ദിവ്യകാരുണ്യ ലക്ഷ്യമാണ് നല്ല ശമറായനിൽ ശോഭിച്ചു കാണുന്നത്. "അമ്മനുവേലനു ഭവത്തിൽ" ലയിച്ചിരുന്ന ചാവറ നല്ല ശമറായനായ ഈശോയെ ആഴമായി അനുധാവനം ചെയ്തിരുന്നവനാണ്. മനുഷ്യത്വത്തിന്റെ മനോഹാരിതയെ കെടുത്തുന്ന ഘടകങ്ങളായ തെറ്റായ വർണ്ണവിവേചനം, തകർന്ന കുടുംബജീവിതം, തെറ്റായ സാമ്പത്തിക നയം ഇവയാണ് അജ്ഞാനാന്ധകാരത്തിൽ ചിലരെ തള്ളി വിടുന്നത്. അധാർമ്മികതയുടെ നീർച്ചുഴിയിൽ പെടുന്നവർക്കു കൈ കൊടുക്കാത്തത്, സാംസ്ക്കാരിക ചേരിതിരിവുകൾ, പാപികളെ വിദ്വേഷിക്കുക, രോഗികളെ അകറ്റി നിറുത്തുക തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽ പെടും.

ചാവറയച്ചൻ തന്റെ ശുശ്രൂഷ മേല്പറഞ്ഞ മേഖലകളിലെല്ലാം വ്യാപിപ്പിച്ചിരുന്നു. അർദ്ധപ്രാണരായിക്കിടന്നിരുന്ന കേരള ജനതയെ ചാവറ വിമോചനത്തിന്റെ തൈലം പൂശി ശുശ്രൂഷിച്ചത് നല്ല ശമരായന്റെ ഉപമ അന്വർത്ഥമാക്കിയതാണ്. മാനവരാശിക്കു ദിവ്യകാരുണ്യമായിത്തീർന്ന ഈശോയെ ഏവർക്കും എഴുന്നെള്ളിച്ചു കൊടുത്ത ആചാര്യനായിരുന്നു ചാവറ. ഏകാന്തതയിലെ ഭക്തിയോഗവും ബഹളത്തിലെ കർമ്മയോഗവും നല്ല ശമരായന്റെ ജീവിതശൈലിയായിരുന്നു. ഭൂമിയുടെ ഫലമായ ഗോതമ്പിൽ നിന്നും മുന്തിരിച്ചാറിൽ നിന്നും ദിവ്യകാരുണ്യ നാഥൻ വസിക്കുവാനുള്ള ഇടം കണ്ടെത്തിയത് പ്രഥമതഃ മനുഷ്യ മാംസത്തിലാണ്. അതിനാൽ മനുഷ്യ മാംസത്തിന്റെ കെടുതികളെ സ്നേഹത്തിന്റെ തൈലത്താൽ ചാവറ ഉന്മൂലനം ചെയ്തത് നല്ല ശമരായനായ ഈശോയെ ആരാധിച്ചുകൊണ്ടു തന്നെ. ദൈവശുശ്രൂഷ ആരാധനയും മനുഷ്യ ശുശ്രൂഷ സേവനവും എന്ന് ചാവറ അറിഞ്ഞിരുന്നു.

XI:8 ഏവർക്കും മാതൃക

"ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദൈവിക പുണ്യങ്ങളായ വിശ്വാസത്തിലും, ശരണത്തിലും ദൈവത്തോടും അയൽക്കാരോടുമുള്ള സ്നേഹത്തിലും സാന്മാർഗ്ഗിക പുണ്യങ്ങളായ വിവേകം, നീതി, മിതത്വം, ആത്മധൈര്യം എന്നിവയിലും ഇവയോടു ബന്ധപ്പെട്ട സുകൃതങ്ങളിലും വീരോചിതമായ രീതിയിൽ വ്യാപരിച്ചിരുന്നതായി യഥാർത്ഥത്തിൽ സ്പഷ്ടമായി കാണുന്നു."[60]

ഈശോ തന്റെ ശിഷ്യന്മാരോടു പ്രഖ്യാപിച്ചത്: "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്, ഉറകെട്ടു പോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറകൂട്ടും? നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ. 5:13-14) എന്നാണ്. ലോകാവസാനം വരെയുള്ള മെശയാനിക ശിഷ്യരോട് ഈശോ മേല്പറഞ്ഞവ പറയുന്നുണ്ട്. ഈശോയുടെ സഭാ പ്രതിനിധിയായ മാർപ്പാപ്പ

യോഹന്നാൻ പൗലോസ് ദ്വിതീയൻ ചാവറയെക്കുറിച്ചു പറഞ്ഞത് ഈശോയുടെ പ്രസ്താവനക്കനുസൃതമായ ഒരു പ്രഖ്യാപനമല്ലേ. ദൈവിക പുണ്യങ്ങളും സാന്മാർഗ്ഗിക സുകൃതങ്ങളും വഴി അലംകൃത നായ ചാവറയെ വിശ്വാസികളുടെ വണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്നത് ദൈവജനത്തിനു വഴികാട്ടിയായിട്ടാണ്.

ചാവറയച്ചൻ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയിത്തീർന്നത് പരിശുദ്ധാത്മാവിന്റെ നിവേശനത്താലാണ്. ഈ പരിശുദ്ധാത്മാവു വർഷിച്ച സ്നേഹം ചാവറയുടെ ഹൃദയത്തിൽ എന്നും തന്നെ വളർച്ചയുടെ പാതയിലായിരുന്നു. വി.ശ്ലീഹാ റോമായിലെ സഭയ്ക്കെഴുതിയത് ചാവറയിൽ ദൃശ്യമായിരുന്നു. റൂഹാദ്ക്കുദ്ശായിൽ എന്നും വളർന്നിരുന്ന ചാവറയിൽ, വിശ്വാസം, പ്രത്യാശ തുടങ്ങിയ ദൈവിക പുണ്യങ്ങൾ ദൈവസ്നേഹത്തിലേക്ക് അദ്ദേഹത്തെ നയിച്ചിരുന്നു. ശ്ലീഹായുടെ വാക്കുകൾ ഇപ്രകാരമാണ്: "വിശ്വാസത്താൽ നമ്മുടെ കർത്താവായ ഈശോ മിശിഹാവഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം. നമുക്കു കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം. മാത്രമല്ല, നമ്മുടെ കഷ്ടതകളിലും നാം അഭിമാനിക്കുന്നു. എന്തെന്നാൽ കഷ്ടത സഹനശീലവും സഹനശീലം ആത്മധൈര്യവും ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്കു ദൈവത്തിന്റെ സ്നേഹം ചൊരിയപ്പെട്ടിരിക്കുന്നു" (റോമ. 5:1-5).

പരിശുദ്ധാത്മാവു ചാവറയെ നയിച്ചത് ചാവറ കുടുംബത്തിലൂടെയും പാലയ്ക്കലച്ചന്റെ കൂടെ ആയിരുന്ന സെമിനാരി ജീവിതത്തിലൂടെയും അവസാനം ലെയോപ്പോൾദു മുപ്പച്ചനിലൂടെയുമെന്നു

നേരത്തെ നാം കണ്ടു. ഈ വിധം റൂഹായാൽ നയിക്കപ്പെട്ട ചാവറ ദൈവസുതനായിത്തീർന്നു. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരല്ലെ ദൈവമക്കൾ (റോമ. 5:5; 8:14). ചാവറ എന്നും അനുസരണമുള്ളവനാ യിരുന്നതിനാൽ ദൈവകല്പന നിരന്തരം പാലിച്ചിരുന്നു. അങ്ങനെ പിതാവും പുത്രനും റൂഹായും ചാവറയുടെ വിശ്വാസ വിഷയമായി രുന്നു (യോഹ. 14:15-16,21,23). ചാവറ ദൈവകല്പന അനുസരിച്ചതു മേലധികാരികളെ അനുസരിച്ചുകൊണ്ടാണ്. എഴുത്തുകൾ ശേഖരിച്ചി രിക്കുന്നതിൽ തൊണ്ണൂറു തുടങ്ങിയുള്ള പുറങ്ങളിൽ കാണുന്നത് ഇപ്ര കാരമാണ്: "പെ.ബ. വികാരി അപ്പസ്തോലിക്കാ അച്ചന്റെയും നമുക്കു ദലഗാത്തായി കല്പിച്ചു നൽകപ്പെടുന്ന പെ.ബ. മൂപ്പച്ചന്റെയും മന സ്സിനും ദൈവത്തിന്റെയും ഇവരുടെയും കല്പനകൾക്കു വിരോധമ ല്ലാത്ത സകല കാര്യത്തിലും പെ.ബ. മിഷനറി മൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ വിധേയമാക്കി പൂർണ്ണമായ അനു സരണം അഭ്യസിക്കണം. ഈ മൂന്നുതരത്തിലുള്ള അനുസരണം പാലി ക്കുന്നവൻ മോക്ഷസമാധാനം ഈ കൊച്ചു മോക്ഷമായ കൊവേന്ത യിൽ വച്ചു തന്നെ രുചിച്ചറിയും."[61]

ദൈവരാജ്യാനുഭവം ദൈവപിതാവിനോടും ദൈവസുതനോടും ദൈവാത്മാവിനോടും ഐക്യപ്പെടുന്നതു തന്നെയാണ്. ദൈവാത്മാവ് ചാവറയിൽ വസിച്ചുകൊണ്ട് ദൈവത്തെ ആവാ, പിതാവേ എന്നു വിളി ക്കുന്നതിനു ശക്തമാക്കി (റോമ. 8:15). ഈശോയുടെ വാക്കുകളനുസ രിച്ച്: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14:9) എന്ന അനുഭവത്തിൽ ചാവറ ഈശോയെയും "അപ്പാ" എന്നു അഭിസം ബോധന ചെയ്ത് അനുഭവിച്ചു. ഈശോയോടുകൂടെ ചാവറയും മിശി ഹായുടെ കൂട്ടവകാശിയായിത്തീർന്നപ്പോൾ പ്രത്യാശയുടെ പുണ്യം ചാവ റയിൽ സജീവമായി. ത്രിത്വത്തെ തിരുക്കുടുംബത്തിന്റെ ദർശനത്തിലൂടെ അനുഗമിച്ചു മുന്നേറിയ ശരണം ചവറയിൽ സജീവമായിരുന്നു. പിതാവു വിശുദ്ധീകരിച്ചു ലോകത്തിലേയ്ക്കയച്ച ഈശോ (യോഹ. 10:36) വന്നത്

അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായുണ്ടാകാനുമായിരുന്നു (യോഹ.10:10) എങ്കിൽ ചാവറ ദൈവത്തിനും ദൈവജനത്തിനുമായി ജീവിച്ചത് ഉപവി എന്ന ദൈവിക പുണ്യത്താലാണ്.

ദൈവത്തെ അനുഭവിച്ചറിഞ്ഞ ചാവറ വിശ്വാസമെന്ന ദൈവിക സുകൃതത്താലാണ് എല്ലാം അനുഭവിച്ചിരുന്നത്. ആത്മാനുതാപം എന്ന കൃതി തുടങ്ങുന്നതു തന്നെ ഇപ്രകാരമാണ്:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയ തന്നെ.

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്."[62]

ദൈവിക പുണ്യമായ വിശ്വാസത്തിന്റെ തനിമ ചാവറയിലുണ്ടായിരുന്നത് മേല്പറഞ്ഞ കവിത നിർമ്മിക്കുവാൻ സഹായിച്ചു. 'ഉന്നതേ കരേറ്റുവാനും ചിത്തമായ്' എന്ന ശൈലിയിൽ ദൈവവിജ്ഞാനീയത്തിന്റെ സമ്പൂർണ്ണ ചിത്രം കാണാം. അതായത് പൗരസ്ത്യ ദൈവവിജ്ഞാനീയമനുസരിച്ച്[63] ദൈവം മനുഷ്യനു നൽകിയിരിക്കുന്ന ഏറ്റവും വലിയ ദാനം ദൈവച്ഛായയും ദൈവസാദൃശ്യവുമാണ് (സൃഷ്ടി 1:26;2:7). മേല്പറഞ്ഞ ദൈവദാനമാണ് വചനം മാംസം ധരിച്ചപ്പോൾ പ്രകടമായതും (യോഹ. 1:1-16). എന്തിനുവേണ്ടി ദൈവം മനുഷ്യാവതാരം ചെയ്തു എന്ന് ഈശോയുടെ പൗരോഹിത്യ പ്രാർത്ഥനയിൽ വരുന്നു (യോഹ.17). ഈശോയിൽ വിശ്വസിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈശോയെ നാം ദർശിക്കുന്നു (യോഹ. 17:20). വിശ്വസിക്കുന്നതു

ജീവനിലേക്കു കടക്കുവാൻ ജീവൻ എന്തെന്നും ഈശോ വ്യക്തമാക്കുന്നു: "ഏക സത്യ ദൈവമായ അങ്ങയെയും അങ്ങയച്ച ഈശോമിശിഹായെയും അറിയുക എന്നതാണു നിത്യ ജീവൻ" (യോഹ. 17:3). ദൈവിക ജീവനിൽ പങ്കുചേരുന്നതാണ് 'ഉന്നതേകരേറ്റുക' എന്നു ചാവറ പറഞ്ഞിരിക്കുന്നത്. ഇപ്രകാരം "ഉന്നതനായ നിന്നുടെ സന്നിധേ" എന്നു ചാവറ പറഞ്ഞിരിക്കുന്നത് ദൈവിക സ്വഭാവത്തിൽ പങ്കുകാരാകുന്നതല്ലാതെ മറ്റെന്താണ്. പത്രോസ്ശ്ലീഹാ പറയുന്നു: "ഇവയുടെ സഹായത്താൽ, നിങ്ങൾ ലോകത്തിൽ ദുരാശനിമിത്തമുള്ള ജീർണ്ണിക്കലിൽ നിന്ന് ഓടിയകന്ന് ദൈവിക സ്വഭാവത്തിൽ പങ്കുകാരാകുന്നതിനിടവരുന്നു (2 പത്രോ. 1:4). ചാവറയുടെ നിലനില്പും ജീവിത മുന്നേറ്റവുമെല്ലാം ദൈവത്തോടുള്ള സ്നേഹത്തിൽ കേന്ദ്രീകൃതമായതിനാൽ ബഹുലമായ ജീവിതാനുഭവങ്ങളെയെല്ലാം പ്രത്യാശയോടെ നേരിട്ടു. ദൈവത്തിൽ ജീവിച്ച ചാവറയുടെ വാക്കുകൾ:

> "എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
> നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!"[64]

വ്യക്തിപരമായ ജീവിതത്തിൽ ചാവറ അഭ്യസിച്ചിരുന്ന ദൈവിക പുണ്യങ്ങളുടെ സാക്ഷ്യമാണ് സഭാംഗങ്ങൾക്കും പ്രദാനം ചെയ്യുന്നത്. പാലയ്ക്കലച്ചനും മറ്റും ദൊമ്നീങ്കോസിന്റെ സന്ന്യാസ സഭ തുടങ്ങുവാൻ ഇച്ഛിച്ചുവെങ്കിലും സർവ്വേശ്വരന്റെ കൃപ കർമ്മെലീത്താ സഭക്കാരായി ഉറപ്പിച്ചു. ചാവറയുടെ മരണശാസനം: "പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മെലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയാൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്ന് ഇത് കടലാസ്സ് എന്നു കാണുവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരായ പെ.ബ. പാല.,

പോരു., എന്ന തോമ്മാച്ചന്മാരു അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും ശു. ദുമ്മനിങ്കോസിന്റെ സഭക്കാരാകണമെന്നത്രെ."[65]

ചാവറ ലോകത്തിന്റെ പ്രകാശമായിരുന്നുവെന്നത് സമകാലികർക്ക് അനുഭവപ്പെട്ടിട്ടുള്ള സാക്ഷ്യങ്ങൾ തെളിയിക്കുന്നു. ധ്യാനസമയത്തു കണ്ണുനീർ ഒഴുക്കി ദൈവസന്നിധിയിൽ പാർത്തിരുന്നത് ആ സമയത്തു മാത്രമല്ല ജീവിതം മുഴുവനിലും എന്നു ധ്യാനസല്ലാപങ്ങളിൽ നിന്നും കാണുന്നു: "ഈ ശു. അമ്മയ്ക്കു യാതൊരു വചനത്താൽ കൂടെയും ക്ലേശത്തിന്നിടകൊടുക്കാതെ എല്ലാപ്പൊഴും ഈ അമ്മയെ തെളിയിച്ചും സന്തോഷിപ്പിച്ചും തന്റെ ആയുസ്സു മുഴുവനും കഴിച്ചു വരികയും ചെയ്തുവല്ലൊ. ആയതിൻവണ്ണം തന്നെ തന്റെ ദിവ്യപുത്രനും കർത്താവുമായ ഈശോമിശിഹായെ 30 വയസ്സു വരെയും വളർത്തി സൂക്ഷിച്ചു പാലിച്ചുതീറ്റി കാത്തുവന്നതിൽ യാതൊരു സമയത്തിൽ എങ്കിലും ഈ പൈതൽ ഒരു സുഖക്കേടു തന്റെ മേൽ തോന്നുവാനിടവരാതെ എല്ലാത്തിലും ഈ ദൈവപൈതലിനു ഇഷ്ടമാകും വണ്ണം തന്നോടു കൂടെ വ്യാപരിച്ചുവരികയും ചെയ്തതുമെന്നിയെ തായുടെ വളർത്തുമകൻ എന്നുള്ള മഹിമയുള്ള അടിമക്കടുത്തവണ്ണം നടക്കാതെ എന്റെ ഏറിയ പാപങ്ങളാൽ ഈ അമ്മയെ ഞാൻ സങ്കടപ്പെടുത്തിയെങ്കിലും തന്റെ അമ്മ ഞാനെന്നുള്ള വിശേഷജ്ഞാപകത്താൽ ഇതുവരെയും ഞാൻ നടന്നില്ലെങ്കിലും അപ്രകാരം തന്നെ ഈ അമ്മ എന്നെ കാത്തു രക്ഷിച്ച് പിശാചിൻ കൊലപ്പല്ലുകളിൽ നിന്ന് എന്നെ പറിച്ചെടുത്തു കാത്തു വരുന്നു എന്ന് ഈ അനുഗ്രഹത്തിന്റെ അമ്മയെ ഇനിക്കു കാണ്മാനുള്ള ദിവസം സമീപിച്ചിരിക്കുന്നുഎന്നും 9 മാസവും ഈ കന്നി, ശു. അമലോത്ഭവ അമ്മയുടെ നിർമ്മല ഉദരത്തിൽ കുടിയിരുന്നു എന്ന എന്റെ രക്ഷക്കായി കഠിനമരണം കൈക്കൊണ്ടു എന്ന ഈ കർത്താവിന്റെ പാപിയായ അടിയന്റെ ഹൃദയത്തിൽ നാലൊൻപതു മാസമല്ല പിന്നെയോ വത്സരം എഴുന്നള്ളിയിരിപ്പാൻ തിരുമനസ്സായി എന്ന എന്റെ

രക്ഷിതാവിൻ തിരുമുഖം കാണ്മാനുള്ള ദിവസം അണഞ്ഞു."[66] ചാവറയുടെ ഹൃദയത്തിൽ ഈശോ നിരന്തരം വസിക്കുവാൻ പ്രാർത്ഥിക്കുന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തെളിവാണ്. ദൈവസാന്നിധ്യത്തിലുള്ള സ്നേഹാനുഭവമാണ് ധ്യാനസമയത്തു ദൈവാനുഭവത്തിൽ ലയിക്കുന്നതിനും അതുവഴി മറ്റുള്ളവർക്കു വലിയ തീക്ഷ്ണതയും (ഉപ്പ്) പ്രകാശവും പ്രദാനം ചെയ്യുവാനും ഇടവരുത്തിയത്.

ഇപ്രകാരം ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ദൈവിക പുണ്യങ്ങളാൽ നിറഞ്ഞ ഒരു വ്യക്തിക്കല്ലാതെ ആർക്ക് ജീവിതകാലം മുഴുവനും ദൈവാനുഭവത്തിൽ ജീവിക്കുവാൻ സാധിക്കും? ചാവറയുടെ അനുഭവം ഇതാണ്: "എന്റെ സ്നേഹത്തിൻ ദൈവമായ രക്ഷിതാവെ! നീ ഇനിക്കായി നിന്റെ സ്നേഹത്തിൽ കടശി സാക്ഷിയായി നിൻ ശരീരവും ചോരയും തീനും കുടിയുമായി കല്പിച്ചു തന്നതിനാൽ എപ്പഴും നിന്റെ തിരുപ്പാടുകളും എന്റെ രക്ഷയ്ക്കായി നിന്റെ ആയസ്സും തന്നിരിക്കുന്നതിനെ എപ്പഴും ഓർപ്പാനും ഓർമ്മയോടുകൂടെ കൂദാശ പ്രകാരമായിട്ടും അരുപിക്കടുത്ത പ്രകാരമായിട്ടും എന്റെ മരണം വരെ എന്നേരവും നിന്നിൽ നിന്നു പരിയാതെ വിശ്വാസത്തിൻ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ടു നിന്നോട് ഒന്നിച്ചിരിപ്പാനും ഈ വിലതീരാത്ത അച്ചാരവും പണയവും നിമിത്തമായി എന്റെ മരണത്തിൻ ശേഷവും എന്നേക്കുമായി പരലോകത്തിൽ മൂടൽ കൂടാതെ മുഖ്യമായി നിന്നെ കണ്ടുകൊണ്ടും സ്തുതിച്ചും നിത്യകാലവും ഒന്നിച്ചിരിക്കാമെന്നുള്ള ഇളകാത്ത ശരണവും ഇനിക്കു തന്നിരിക്കുന്നതിനാലെയും...."[67]

"കൂദാശപ്രകാരമായിട്ടും അരൂപിക്കടുത്ത പ്രകാരമായിട്ടും" എന്ന ശൈലിയിലൂടെ ചാവറ തനിക്കു ലഭിച്ച വിശ്വാസത്തെയും ശരണത്തെയും അനുഭവമാക്കുന്നു. ഈ അനുഭവം സമയ ബന്ധിതമല്ല, മറിച്ചു മരണം വരെയും "മരണത്തിൻ ശേഷവും" എന്ന നിത്യതയുടെ

സ്വഭാവമുള്ളതാണ്. വി. കുർബ്ബാനയിലും ദൈവാരാധനയിലുമുള്ള ഈശോയുടെ സാന്നിധ്യത്തിൽ ലയിച്ചിരുന്ന ചാവറയച്ചൻ ദൈവജനത്തിനും ദൈവാരാധന സന്നിഹിതമാക്കുന്നതാണ് ഇനിയും കാണുവാനുള്ളത്.

XI:9 അനുഷ്ഠാനങ്ങളിലും നിഷ്ഠ

1829-ൽ 24-ാമത്തെ വയസ്സിൽ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ അഭിഷേകം ലഭിച്ച ചാവറ ദിവ്യാചാര്യനായ ഈശോയുടെ ദൗത്യം ഏറ്റെടുത്തു. ഏകാന്തതയിൽ ധ്യാനനിർലീനനാകുന്ന ചാവറ ഈശോയെ കൂദാശാപരമായും അരൂപിക്കടുത്ത രീതിയിലും മറ്റുള്ളവർക്കു സന്നിഹിതനാക്കുന്നതാണ് ആരാധനാക്രമ നവീകരണം. വി. കുർബ്ബാന ക്രമവും വൈദികന്മാരുടെ യാമപ്രാർത്ഥനയും നവീകരണത്തിന്റെ സവിശേഷഘടകങ്ങളാണ്. ചാവറ ആരാധനാക്രമ നവീകരണം നിർവ്വഹിച്ചതിൽ കടന്നു വരുന്ന ചില സവിശേഷതകൾ കാണാം. ഒന്ന്: വിശ്വാസത്തിലൂടെ ദാനമായി ലഭിച്ചതിനെ ആരാധനയിലൂടെ ആഘോഷിക്കണം. രണ്ട്: ആരാധന വെറും അനുഷ്ഠാനമാകാതെ അനുഭവമായിരിക്കണം. മൂന്ന്: അനുഭവത്തിന്റെ തുടർച്ച ജീവിതാഘോഷമാക്കി മാറ്റണം. നാല്: ജീവിതാഘോഷം സമയാതീതമായി മുന്നേറണം. ചാവറയച്ചന്റെ ആരാധനാക്രമ നവീകരണത്തെ വെറും പരിഷ്ക്കാരമായി കാണുന്നവർ ചാവറയെ ഏതാനും ഭക്താനുഷ്ഠാനങ്ങളുടെ തുടക്കക്കാരനായി ചിത്രീകരിക്കും. എന്നാൽ ആദ്യമായി ചാവറയിൽ സംഭവിച്ചതു ദൈവിക പുണ്യങ്ങളുടെ സാക്ഷ്യവും സാന്മാർഗ്ഗിക പുണ്യങ്ങളുടെ പ്രവാചകത്വവും അതുവഴി റൂഹാദ്ക്കുദ്ശായുടെ നിറയലുമായിരുന്നു. നിറഞ്ഞു കവിഞ്ഞൊഴുകിയ ദൈവാനുഭൂതിയുടെ ചാലുകൾ കീറിയതാണ് ആരാധനാക്രമനവീകരണം. മുകളിൽ സൂചിപ്പിച്ച നാലു ഘടകങ്ങളെക്കുറിച്ചു ചർച്ച ചെയ്യാം.

ഒന്ന്: വിശ്വാസാധിഷ്ഠിത ആരാധനാക്രമനവീകരണമാണു ചാവറ നടത്തിയിരുന്നത്. വി. കുർബാനയിലുണ്ടായിരുന്ന ചാവറയുടെ വിശ്വാസത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ആത്മപിതാവായ ലെയോ പ്പോൾദു പറയുന്നു: "അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം വി. കുർബ്ബാനയോടും പ. കന്യകാമറിയത്തോടുമുള്ള ഭക്തി വിസ്മയ കരമായി ശോഭിച്ചിരുന്നു. മഹോന്നതമായ വി. കൂദാശയോടുള്ള അപാ രമായ ബഹുമാനവും വിശ്വാസവും മൂലം, നിസ്തുലമായ ശ്രദ്ധയോടും ഭക്തിയോടും ഏകാഗ്രതയോടും കൂടി അദ്ദേഹം ദിവ്യബലി സമർപ്പി ക്കുമായിരുന്നു. ദിവസേന നിയമാനുസൃതമായ വിസീത്തകൾക്കു പുറമെ, മണിക്കൂറുകൾ തന്നെ, ദിവ്യകാരുണ്യ സന്നിധിയിൽ ധ്യാന ത്തിൽ ചെലവഴിക്കുമായിരുന്നു. കുർബ്ബാന ചൊല്ലുന്ന നേരത്തിൽ, മഹാ സൂക്ഷ്മവും ഭക്തിയും അടക്കവുമായി എത്രയും ഉയരപ്പെട്ട കൂദാ ശമേൽ എത്രയും വണക്കവും വിശ്വാസവുമായിരുന്നെന്നു കാണുന്ന വർക്കൊക്കെ ബോധിപ്പാൻ ഇടയുള്ളതായിരിക്കുന്നു. ക്രമം പോലുള്ള വിസീത്തയല്ലാതെ ദിവസവും ഏറിയ നേരവും വിശുദ്ധ കുർബ്ബാന യുടെ മുമ്പാകെ മുട്ടുകുത്തി എത്രയും എരിവോടുകൂടെ നമസ്ക്കരിച്ചു വന്നിരുന്നു."[68]

ദിവ്യകാരുണ്യത്തിന്റെ രൂപവത്ക്കരണം നടക്കുന്ന ദിവ്യബലി യിലാണു കൂടുതൽ ശ്രദ്ധ ആവശ്യമായുള്ളത്. അതുകൊണ്ട് അതിന്റെ ആഘോഷ വിധത്തെക്കുറിച്ച് സവിസ്തരമായി ചാവറ വിവരിച്ചു. 'തൂക്കാസാ' എന്ന ക്രമപുസ്തകത്തിൽ കുർബ്ബാന അർപ്പണത്തെ സവി സ്തരമായി പ്രതിപാദിക്കുന്നു.[69] എന്നാൽ വെറും ക്രമാനുഷ്ഠാനമല്ല ചാവറ ഉദ്ദേശിച്ചിരുന്നത് മറിച്ച്, അത് അനുഭവമാകണമെന്നാണ്. രണ്ടാ മത്തെ കാര്യമാണ് ചാവറയുടെ ധ്യാന സല്ലാപങ്ങളിൽ ദിവ്യകാരുണ്യ അനുഭവത്തെ പ്രകടമാക്കുന്നുണ്ട്. ചാവറയുടെ അനുഭവം "ഇതാ ഈ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയുമിഷ്ടമുള്ള ഇരിപ്പിടമായ

എന്റെ ദേവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളിയിരിക്കണമേ.... മരണക്കട്ടിലായ കുരിശുമരത്തിൻ സമീപേ നില്ക്കുന്നപ്പോൾ നിൻ തിരുമരണത്തിൻ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺ പാർത്തുകൊണ്ട്, നിന്റെ പുത്രൻ ഇതാ എന്നും നീ അരുളിച്ചെയ്തുകൊണ്ട് ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീയിനിക്കു മകനായിട്ടു ഏല്പിച്ചു തന്നുവല്ലോ."[70] ദിവ്യകാരുണ്യനാഥനുമായുള്ള അനുഭവം അതീവ ഹൃദയസ്പർശിയായിരുന്നത് തൂക്കാസായിലൂടെ വ്യവസ്ഥാപിതമാക്കി. അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ എലിസേവൂസച്ചൻ എഴുതുന്നു: "തൂക്കാസാ എന്ന സുറിയാനി ക്രമപുസ്തകവും എഴുതി ഉണ്ടാക്കി. സുറിയാനിക്രമപഞ്ചാംഗവും താൻ തന്നെ ഉണ്ടാക്കി. മല്പാനച്ചൻ ഇവിടെ അച്ചടിച്ചു നടത്തി. ഇതുകൂടാതെ മൂന്നുപട്ടക്കാരുടെ സ്തപസ്സു കുർബ്ബാനയുടെയും വേസ്പര എന്ന പാട്ടു റാംശായുടെയും മരിച്ചവരെക്കുറിച്ചുള്ള അന്നീദായുടെയും മറ്റു പലക്രമങ്ങളും എത്രയും വിവേകത്തോടുകൂടെ എഴുതി ഉണ്ടാക്കുകയും ചെയ്തതുമല്ലാതെ പരോപകാരത്തിനുവേണ്ടി മലയാള ഭാഷയിൽ പലപർവ്വങ്ങളും കവിതകളും കൊവേന്തയുടെ നാളാഗമവും ഇതിന്റെ അടിസ്ഥാനക്കാരനായിരിക്കുന്ന പിതാക്കളുടെ ചരിത്രവും റോക്കോസ് മെത്രാനാൽ ഉണ്ടായ ശീശ്മക്കാലത്തിലെ സംഭവങ്ങളും എഴുതി ഉണ്ടാക്കുകയും ചെയ്തു."[71] ആരാധനാനുഭവത്തിൽ നിന്നു രൂപം കൊടുത്ത ആരാധനാക്രമ പരിഷ്ക്കാരങ്ങൾ വീണ്ടും ജീവിതാഘോഷത്തിൽ എത്തുന്നു.

മൂന്നാമത്തേതു ജീവിതാഘോഷമെന്നതാണ്. ചാവറയച്ചന്റെ ജീവിതം അതിന്റെ സമഗ്രതയിൽ ദർശിക്കുമ്പോൾ ഏതു നിമിഷവും ദൈവാരാധനയിലനുഭവിച്ചറിഞ്ഞ ദൈവത്താൽ നയിക്കപ്പെടും എന്നുവേണം വിചാരിക്കാൻ. മരണവീട്ടിൽ പാടുവാനുള്ള പാനയുടെ തുടക്കം തന്നെ തനിക്കു ജീവിതത്തെക്കുറിച്ചുണ്ടായിരുന്ന ദർശനത്തെ പ്രസ്ഫുരിപ്പിക്കുന്നതാണ്:

"ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തെക്കാൾ മരണഘോഷം"[72]

വീണ്ടും ആത്മാനുതാപത്തിലെ ചില ഈരടികൾ മേല്പറഞ്ഞ ജീവിതാഘോഷത്തിന്റെ നിദർശനങ്ങളാണ്:

"എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[73]

കൂദാശാപരമായ ജീവിതം ചാവറയുടെ ജീവിതത്തെ എന്നും പിടിച്ചുനിറുത്തിയിരുന്നെങ്കിൽ ഓരോ യാമത്തിന്റെയും വിശുദ്ധീകരണത്തിനുള്ള സഭയുടെ ആരാധനയും ചാവറ പരിഷ്ക്കരിച്ചു. പോരൂക്കരയച്ചന്റെ സാക്ഷ്യം: "സുറിയാനി നമസ്ക്കാര പുസ്തകവും ഓരോരോ പള്ളികളിൽ പലവിധമായിട്ടും പലവ്യത്യാസമായിട്ടും നടപ്പാക്കിയിരിക്കയാൽ എല്ലായിടത്തും ഒന്നിപ്പും ഒരുക്രമവും ഉണ്ടാകുവാൻവേണ്ടി നമ്മുടെ പ്രിയോരച്ചൻ എ.പെ.ബ. വികാരി അപ്പസ്തോലിക്കായുടെ കല്പനപ്രകാരം പലയിടത്തിൽ നിന്നും പൂർവ്വ പുസ്തകങ്ങളൊക്കെയും അന്വേഷിച്ചു വരുത്തുകയും പല മല്പാനച്ചന്മാരുടെയും കൂട്ടമായി കൂനമ്മാവുങ്കൽ കൂടുകയും വ്യത്യാസങ്ങളൊക്കെയും തീർക്കയും ചെയ്തതിന്റെ ശേഷം എത്രയും പ്രയാസത്തോടുകൂടെ ഇദ്ദേഹത്തിന്റെ കൈയ്യെഴുത്താലെ തന്നെ വെടിപ്പായിട്ടും ക്രമമായിട്ടും നമസ്ക്കാര പുസ്തകം മുഴുവനും എഴുതിയുണ്ടാക്കി."[74] ഓരോ യാമത്തെയും പവിത്രീകരിക്കുന്ന യാമ പ്രാർത്ഥന ചാവറയുടെ ജീവിതത്തെ ഭാവിയുന്മുഖമാക്കി.

നാലാമത്തെ സത്യം ജീവിതാഘോഷം സമയാതീതമായി മുന്നേറി എന്നതാണ്. ചാവറ മരണാതീത ഭാഗ്യത്തെക്കുറിച്ച് ആലപിക്കുന്നു:

"സാരസ്യമായൊരു ശ്ലോകത്തെ കേൾപ്പിപ്പൻ
സാരമായ് നീയിതു ദിനേ ദിനേ
ഭേദം വരുത്താതെ നീ ജപിച്ചിടുകിൽ
ഭേദമില്ലാ മഹാഭാഗ്യം ലഭ്യം
മൃത്യു ജയമെന്നനാമം നിനക്കുമായ്
തത്ര ജീവിക്കുകിൽ കിട്ടും നൂനം."[75]

മരണം, വിധി, മോക്ഷം, നരകം എന്നീ ചാതുരന്ത്യത്തെക്കുറിച്ചു നിരന്തരം ധ്യാനിച്ചാൽ മരണാതീത ജീവന് അർഹരാകും. ചാവറയുടെ ധ്യാനസല്ലാപങ്ങളും ആത്മാനുതാപവും മറ്റെല്ലാ കൃതികളും ചാവറയുടെ ആരാധനാ ജീവിതത്തെയും വിശുദ്ധിയെയും വിളിച്ചറിയിക്കുന്നു.

ചാവറയുടെ ജീവിതം സുകൃതത്തിന്റെ വഴിയിലൂടെ ആയിരുന്നുവെന്നത് അദ്ദേഹത്തിന്റെ തന്നെ ബോധ്യമാണ്. ചാവറ പാടുന്നു:

"ഇത്ര പാപിയാമെന്നുടെ ഹീനത
തത്ര പോക്കിയതെത്ര മഹാചിത്രം!
നിന്നുടെ ദയാധിക്യത്താലന്നെന്നെ,
നിൻ പുത്രന്റെ 'കൈത്താതനാം' മാർജൂസെ
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്‌വിൻ സ്ഥലത്തിങ്കൽ ചേർത്തുനീ
അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തുവളർത്തീട്ടു,
പൂജകാണ്മാനും ശുശ്രൂഷ ചെയ്‌വാനും
പൂജ്യമായെന്നെച്ചേർക്കും ദയയൊടേ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[76]

ബഹുമാനാദരവോടെ വി. കുർബ്ബാനയിൽ പങ്കെടുക്കുവാനും സുകൃതമാർഗ്ഗത്തിലൂടെ ചരിക്കുവാനും പുരോഹിത ശ്രേഷ്ഠൻ പഠിപ്പിച്ചത് ചാവറ ജീവിതത്തിൽ അന്വർത്ഥമാക്കി. ജനിച്ചനാൾ തുടങ്ങി മരിച്ച നാൾ വരെ സുകൃത ജീവിതം നയിച്ച ചാവറ തന്റെ ജീവിതത്തെ വി. കുർബ്ബാനയിലും കൂദാശകളിലും കേന്ദ്രീകരിച്ച് ദൈവജനത്തിന്റെ സുകൃത ജീവിതത്തിനായി ദൈവാരാധനയെ പരിഷ്ക്കരിച്ചു. ജീവിതം മുഴുവൻ ദൈവസന്നിധിയിൽ നയിച്ചതിനെ ചാവറ ദൈവത്തിൽ ദർശിക്കുന്നു:

"ഇത്ര പാപിയാമെന്നുടെ ഹീനത
തത്ര പൊക്കിയതെത്ര മഹാചിത്രം!"[77]

ദൈവം ചെയ്തതിനെ ദൈവജനം ആഘോഷിക്കുവാൻ ചാവറ ചെയ്ത വലിയ ഒരു സേവനമാണ് യാമ പ്രാർത്ഥനയുടെ ക്രോഡീകരണം.

XI:10 യാമങ്ങളുടെ പവിത്രീകരണം

"കാനോന നമസ്കാരപ്പുസ്തകം കൈയ്യെഴുത്തായിട്ടല്ലാതെ അച്ചടിച്ചായിട്ടുള്ളത് പണ്ട് ആർക്കും ഇല്ലാതിരുന്നു. ഇതിനും പുറമെ ഈ നമസ്കാരം വളരെ ദീർഘമുള്ളതായിരുന്നു. ആണ്ടുവട്ടത്തിൽ മാറി മാറി എത്തിക്കേണ്ടതായ അനേകം നമസ്കാരങ്ങളുമുണ്ടായിരുന്നു. ഈ സംഗതിക്കു പല മല്പാനച്ചന്മാരോടും ആലോചിച്ച് ദീർഘമായിട്ടുള്ളതു ചുരുക്കിയും പുത്തനായി ചിലതൊക്കെ കൂട്ടിയും ഈ വിധത്തിൽ കാനോന നമസ്ക്കാരം ക്രമപ്പെടുത്തി എഴുതിയുണ്ടാക്കി. അച്ചടിച്ചു കിട്ടാനായി റോമായിൽ കൊടുത്തയച്ചാറെ അതിനു മറുപടി ഒന്നും കിട്ടാഞ്ഞതിനാൽ ഈ വിവരങ്ങളെല്ലാം ലെയൊനാർദു മെത്രാപ്പോലീത്താച്ചൻ വത്തിക്കാൻ സൂനഹദോസിനു പോയിരുന്ന സമയം മാർപ്പാപ്പയെ ബോധിപ്പിക്കുകയും ഇവിടെ ക്രമപ്പെടുത്തിയതു പോലെ

അച്ചടിച്ചുപയോഗിപ്പാൻ അനുവാദം സിദ്ധിച്ചിരിക്കുന്നതായി മെത്രാപ്പോ ലീത്താച്ചൻ അറിയിക്കുകയും ചെയ്തു. ഈ അനുവാദപ്രകാരം നമ സ്ക്കാരപ്പുസ്തകം അച്ചടിപ്പിക്കാൻ നിശ്ചയിക്കുകയും പുസ്തകവില യായി പട്ടക്കാരിൽ നിന്നും ശമ്മാശ്ശന്മാരിൽ നിന്നും മുൻകൂറു കുറെ പണം വാങ്ങിക്കുകയും അതുകൊണ്ട് അച്ചടിവേലയ്ക്കു ആരംഭിക്കു കയും ചെയ്തു."[78] ദിവസത്തിൽ മൂന്നു പ്രാവശ്യമായി നടത്തുന്ന യാമപ്രാർ ത്ഥന സഭയുടെ ഔദ്യോഗികാരാധനയാണ്. ഹുദറാ, ഗസ്സാ, കശ്ക്കോൽ, ഖാലാ എന്നീ ഭാഗങ്ങളിലായി മേല്പറഞ്ഞ പ്രാർത്ഥന കൾ കിടക്കുന്നു. ഹുദറാ എന്നത് എല്ലാഞായറാഴ്ചകൾക്കും നോമ്പു കാലത്തെ ഓരോ ദിവസത്തിനും വേണ്ടിയുള്ളതാണ്. ഗസ്സാ എന്നതു പ്രത്യേക തിരുനാളുകൾക്കും സ്മരണദിനങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥനകളാണ്. കശ്ക്കോൽ എന്ന പുസ്തകത്തിൽ മറ്റു ദിവസങ്ങ ളിലെ പ്രാർത്ഥന കളാണുള്ളത്. ഖാലാ എന്ന പുസ്തകത്തിലുള്ളത് ആരാധനാ വത്സര ത്തിലെ ഓരോ കാലത്തിനുമുതകുന്ന സംഗീതങ്ങ ളാണ്. ഇവയിൽ നിന്നും ഓരോ ദിവസത്തിനും ആവശ്യമായത് എടുത്ത് പ്രാർത്ഥിക്കുന്നതു ബുദ്ധിമുട്ടായതിനാൽ പ്രിയോരച്ചൻ ഈ കാര്യ ത്തിൽ മ്ശംശാന പട്ടം കിട്ടിയ നാൾ തുടങ്ങി പരിഹാരം തേടി. അങ്ങ നെ ഏകീകൃതമായ ഒന്ന് എഴുതിയുണ്ടാക്കി. വികാരി ജനറാളെന്ന ത സ്തികയിൽ അതു നടപ്പാക്കാനും സാധിച്ചു. എന്നാൽ ചാവറയുടെ മരണശേഷം 1876-ൽ മോൺസിഞ്ഞോർ ലെയൊനാർദ് ആണ് ഔദ്യോ ഗിക അംഗീകാരം യാമ പ്രാർത്ഥനയ്ക്കു നൽകിയത്."[79]

ചാവറയച്ചൻ ഇതെല്ലാം ചെയ്തതു വികാരി അപ്പസ്തോലി ക്കായുടെ കല്പന പ്രകാരമെന്നാണ് പറഞ്ഞിരിക്കുന്നത്. ലെയോപ്പോൾദ് അച്ചന്റെ സാക്ഷ്യം: "എന്നാൽ ഇതിനിടയിൽ പ്രിയോരച്ചൻ ആക മാനത്തിൽ പട്ടസുഖക്കാർക്കു എത്രയും ഉപകാരമുള്ള ഒരു സംഗതി നിറവേറ്റുകയും ചെയ്തു: അതായത് സുറിയാനി നമസ്കാരപ്പുസ്ത കം ഓരോരോ പള്ളികളിൽ പലവിധമായിട്ടും നടപ്പായിരിക്കയാൽ

എല്ലായിടത്തും ഒന്നിപ്പും ഒരു ക്രമവുമുണ്ടാക്കാൻവേണ്ടി നമ്മുടെ പ്രിയോരച്ചൻ പെ.ബ. വികാരി അപ്പസ്തോലിക്കായുടെ കല്പന പ്രകാരം പലയിടത്തുനിന്നും മല്പാനച്ചന്മാരെ കൂനമ്മാവുങ്കൽ കൂട്ടി ആലോചിച്ചു. വ്യത്യാസങ്ങളൊക്കെയും തീർത്ത് അച്ചടിപ്പിക്കണമെന്നും വച്ച് ഈ ദേഹത്തിന്റെ കൈയ്യെഴുത്താലെ തന്നെ വെടിപ്പായിട്ടും തെളിവായിട്ടും മുഴുവൻ നമസ്കാരപ്പുസ്തകം എഴുതുകയും ചെയ്തു. ഈ ദേഹം ശുദ്ധ പള്ളിയുടെ ക്രമങ്ങളെ ചൊവ്വെ നടത്തുന്നതിന് എത്രയോ ഏറ്റിക്കപ്പെട്ട ആഗ്രഹവും താല്പര്യവുമുള്ളവനായിരുന്നുവെന്നു ജീവിച്ചകാലങ്ങളിൽ ചെയ്ത വേലകളെക്കൊണ്ട് എത്രയും തെളിവായിരിക്കുന്നു."[80]

യാമ പ്രാർത്ഥന നടപ്പാക്കുന്നതിൽ വികാരി അപ്പസ്തോലിക്കായുടെ കല്പനയും പലയിടത്തു നിന്നുള്ള മല്പാനച്ചന്മാരുടെ സഹായവും ചാവറയച്ചന് കിട്ടിയിട്ടുണ്ട്. ഓരോരുത്തർ ചരിത്രമെഴുതുമ്പോൾ ആർക്ക് അല്ലെങ്കിൽ എന്തിന് ഊന്നൽ കൊടുക്കുന്നുവെന്നതിനനുസരിച്ച് സത്യത്തിനും മാറ്റം മറിച്ചിൽ വരുന്നു. ഉദാ: വിദേശ കർമ്മെലീത്തർ യാമപ്രാർത്ഥന എഴുതിയാൽ കർമ്മെലീത്താ മെത്രാപ്പോലീത്തായുടെയും മറ്റും പരിഷ്ക്കാരമെന്നു സ്ഥാപിക്കും. എന്നാൽ, ചാവറയ്ക്ക് യാമപ്രാർത്ഥനയിൽ പരിഷ്ക്കാരം വരുത്തിയതിൽ പ്രധാന പങ്കുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ആത്മപിതാവായിരുന്ന ലെയോപ്പോൾദു തന്നെ പറയുന്നു: "ഇദ്ദേഹം ശുദ്ധ പള്ളിയുടെ ക്രമങ്ങളെ ചൊവ്വെ നടത്തുന്നതിനും എത്രയോ ഏറ്റിക്കപ്പെട്ട ആഗ്രഹവും താല്പര്യവുമുള്ളവനായിരുന്നുവെന്നു ജീവിച്ച കാലങ്ങളിൽ ചെയ്ത വേലകളെക്കൊണ്ട് എത്രയും തെളിവായിരിക്കുന്നു". ചാവറയച്ചൻ ശുദ്ധ പള്ളിയുടെ കാര്യങ്ങളിലെല്ലാം വലിയ താല്പര്യം കാണിച്ചിരുന്നുവെന്നു വിദേശികൾ പറയുമ്പോൾ ആ സത്യത്തിനു ദേശീയവും അന്തർദേശീയവുമായ തെളിവുമായി.

1860-ൽ ബച്ചിനേള്ളിയുടെ കല്പന പ്രകാരം ചാവറ കാനോന നമസ്കാര പരിഷ്ക്കരണം ത്വരിതപ്പെടുത്തിയിരുന്നു. എന്നാൽ ചാവറ

ഈ പരിഷ്കാരങ്ങളൊക്കെ നടത്തിയിരുന്നപ്പോൾ ഉണ്ടായിരുന്ന ഒരു മനോഭാവം ബാബേൽ മേൽക്കോയ്മയിൽ നിന്നും കേരള സഭയെ വിടുവിക്കണമെന്നായിരുന്നു. അതേസമയം സുറിയാനി ഭാഷയും പാരമ്പര്യവും കാത്തു സൂക്ഷിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഈ സമീപനത്തിൽ വിദേശീയരുടെ സ്വാധീനം ഉണ്ടെന്നുള്ളത് ലത്തീൻ രീതിയുടെ കടന്നു വരവും സുറിയാനി രീതിയുടെ തിരോഭവിക്കലും വിളിച്ചറിയിക്കുന്നു. ചാവറയച്ചന്റെ ഒരു കുറിപ്പാണു താഴെ വരുന്നത്: "ബാബേൽക്കാർ മുഖാന്തിരം മലയാളത്തിൽ ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ ഭാവിക്കുന്നതുമായ നാശത്തെയും അതിനെ തടുപ്പാനുള്ള വഴികളെയും വിചാരിച്ചാറെ 1-ാംമതു മലയാളക്കാർക്കു ബാബെൽക്കാരോടു ചാച്ചിലും പക്ഷവും ഉണ്ടാകുവാനുള്ള കാരണം- മനുഷ്യർക്കു ജാതി പഞ്ചക്രമ എന്നയിതുകളിന്മേലും അവയുടെ തെളിവിന്മേലും സ്വഭാവത്താലെ താല്പര്യവും ആഗ്രഹവുമുള്ളതിനാലും ബാബെൽക്കാരിൽ ഈ മൂന്നു കാര്യങ്ങളിലും തങ്ങളുടെതിനൊടു യൊജതകാണുകകൊണ്ടും തങ്ങളെ ഭരിച്ചുവരുന്ന മെല്പട്ടക്കാരിലും മിസ്യൊണാരി അപ്പസ്തൊലിക്കാമാരിലും അയൊജ്യത കാണാത്തതിനാലും ആകുന്നു. 2-ാമത് ഈ മലയാളക്കാരെ ആകമാന ഒരു ആലൊചന സംഘം കൂടി നിശ്ചയിച്ചു ബൊധിപ്പിക്കുന്ന ജാതിക്കാരായ മെല്പട്ടക്കാരെയും മിസ്യൊണാരിമാരെയും ഇവരെ ഭരിക്കുന്നതിന് അയയ്ക്കാമെന്നു ശു: മാർപ്പാപ്പ ഒരു വെള കല്പിച്ചു ഒരുതിരുവെഴുത്തു അയയ്ക്കുകയും അതിൻ പ്രകാരം ഒരാലൊചനാ സംഘം കൂടി ഈ കാര്യത്തെക്കുറിച്ചു നാം ഇപ്പൊൾ ആലൊചിച്ചുകൊണ്ടിരിക്കുന്നുവെന്നു ഓർത്താലും ബാബേൽക്കാർക്കു വിശ്വാസത്തിലുള്ള സ്ഥിരക്കേടും അബദ്ധങ്ങളും..... വിചാരിക്കയും എറൊപ്പക്കാരായ മെല്പട്ടക്കാരുടെയും മിസ്യൊണാരിമാരുടെയും വിശ്വാസം, മനോധാരാളത ഭക്തി, അധ്വാനിപ്പാനും ദൈവസ്തുതി വർദ്ധിപ്പിക്കുന്നതിനുള്ള ജാഗ്രത എന്നിങ്ങനെയുള്ള ഗുണശീലതകളോടു അവയെക്കൂടി നോക്കുകയും ചെയ്യുമ്പോൾ ബാബെൽക്കാരെ നമ്മെ ഭരിക്കുവാനായിട്ടു തിരഞ്ഞെടുത്തപേക്ഷിപ്പാൻ വിവേകവും

പരിജ്ഞാനവുമുള്ള യാതൊരുത്തനും തോന്നുകയില്ല. 3-ാമതു മെൽ 2-ാം വകുപ്പിൽ വിചാരിച്ച പ്രകാരമായിരുന്നാലും ലത്തീൻ, യൌനായ ഈ ക്രമക്കാർക്കുള്ളപോലെ നല്ല പുസ്തകങ്ങളും പെച്ചിന്റെ തെളിവും ഇവിടത്തെ സുറിയാനിക്കാർക്കില്ലാത്തകാരണമെന്തെന്നും - ആ കുറവുകൾ തീർപ്പാനും - ബാബെൽ ക്കാരോട് മലയാളക്കാർക്കുള്ള പാളിൽ മാറ്റുവാനും ഉള്ള വഴിയെന്തെന്നും വിചാരിച്ചു നൊക്കുമ്പോൾ ആശ്രമക്കാർക്കു മാത്രമല്ല ലോകത്തിലുള്ള സകല പെച്ചുകാർക്കും അതാതു ക്രമത്തിൽത്തന്നെ മെല്പട്ടക്കാരും മിസ്യൊണാരിമാരും ശാസ്ത്രത്തിൽ നിപുണന്മാരാകകൊ ണ്ടും - കാലന്തോറും അനെക പുസ്തകങ്ങളും തെളിവുകളുമുണ്ടായിരുന്നു - എന്നാൽ മലയാളക്കാർക്കു നാട്ടുപട്ടക്കാർക്കു കുർബ്ബാനയ്ക്കും പള്ളിക്രമങ്ങൾക്കും സുറിയാനിയും മെല്പട്ടക്കാരനും മിസ്യൊണാരിമാർക്കും എന്നിങ്ങനെ രണ്ടു പെച്ചും ക്രമവുമാകയാൽ തമ്മിൽ വരെണ്ടുന്ന ഐക്യതയും പിതാവിനും മക്കൾക്കു മടുത്ത പക്ഷ വും വർദ്ധിക്കാതെ വർദ്ധനയ്ക്കുള്ള വിചാരങ്ങളും ആഗ്രഹങ്ങളും തടസ്സപ്പെടുവാനും മെല്പട്ടക്കാരൻ എത്ര ശുദ്ധ ലാക്കാലെ കല്പിക്കു ന്ന കല്പനകളും സുറിയാനി പെച്ചും ക്രമവുമില്ലാതാക്കുവാനും തങ്ങളുടെ മഹിമ കുറിപ്പാനുമാകുന്നുവെന്ന കലപ്രിയൻമാരു മറുപാടായായി പൊരുൾ തിരിച്ചു പറയുന്നതു ജനങ്ങൾ വിശ്വസിച്ചു കൊണ്ടു അതു വരാതിരിപ്പാൻ വീണ്ടും ബാബെലിലേക്കു കണ്ണുയർത്തി വീണ്ടും കൊള്ളുന്നവനെന്നു അവർ വിളിക്കുന്ന അടിമപ്പെടുത്തുന്നവനായിട്ടു നൊക്കി പാർപ്പാനും സംഗതിയാകുന്നു."[81] 'ആലോചന' രേഖ മുഴുവനും ചാവറയച്ചന്റേതെന്നു വിചാരിപ്പാൻ അത്ര ന്യായമില്ല. കാരണം 19-ാം നൂറ്റാണ്ടുവരെ ബന്ധപ്പെട്ടിരുന്ന ഒരു സഭാ ഘടകത്തെ ബഹുമാനമില്ലാത്ത രീതിയിൽ അവതരിപ്പിക്കുകയും മിസ്യൊണാരിമാരെ പുകഴ്ത്തി പറയുകയും ചെയ്യുന്നത് ചാവറയുടെ സ്വഭാവത്തിനു ചേർന്നതല്ല. അത് അന്നു രൂപപ്പെടുത്തിയ ഒരു രേഖയാകാനാണു

സാദ്ധ്യത. എന്നാൽ യാമപ്രാർത്ഥനയുടെ കോഡീകരണം സഭയെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമായിരുന്നു.

ഒരു വശത്തുകൂടി നോക്കുമ്പോൾ നേട്ടമെന്നു തോന്നുമെങ്കിലും ക്രമീകരണത്തിൽ വൈദേശിക രീതി കടന്നു വന്നുവെന്നത് എടുത്തു പറയേണ്ടതുണ്ട്. ഉദാഹരണമായി പൗരസ്ത്യ സുറിയാനി യാമപ്രാർത്ഥനയിൽ തന്നെ കാലാനുസൃതമായ തിരുനാളുകളുടെ ക്രമുള്ളതു സ്വീകരിക്കുന്നതിനു പകരം ദുഃഖ ശനിയാഴ്ചക്രമം ലത്തീനിൽ നിന്നും ഭാഷാന്തരം ചെയ്തു നടപ്പാക്കി. ഈ രീതി പുരാതനമായ നസ്രാണി പാരമ്പര്യത്തിൽ ലത്തീൻ രീതി കടന്നു വരുന്നതിനിടയായി.

ചാവറയച്ചന്റെ മരണം കഴിഞ്ഞു പതിനഞ്ചു വർഷമെടുത്തു പൗരസ്ത്യസുറിയാനി സഭയുടെ ഔദ്യോഗിക യാമപ്രാർത്ഥന രൂപപ്പെടുത്തുന്നതിന്.[82] സഭയുടെ ആരാധനാക്രമത്തിന്റെ ഭാഗമായ യാമപ്രാർത്ഥനാപ്പുസ്തകം സഭാതനിമയെ പ്രകാശിപ്പിക്കുന്നില്ലെങ്കിൽ അത് ആധ്യാത്മികതയിലും പ്രകടമാകും. ആരാധനാ വത്സരത്തിന്റെ പ്രകടമായ പ്രകാശനം യാമപ്രാർത്ഥനയിലാണ് കൂടുതലായി കടന്നു വരുന്നത്. യാമപ്രാർത്ഥന സമ്മിശ്രമായാൽ ആധ്യാത്മികതയും സഭാപ്രതിഭയും കലർപ്പുള്ളതാകും. ഈ അവസ്ഥ നസ്രാണി സഭയിൽ കടന്നു കൂടിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ പാശ്ചാത്യസഭാ ഘടകങ്ങൾ ചാവറയുടെ കാലത്ത് യാമ പ്രാർത്ഥനയിലൂടെയും കടന്നു വന്നു. എങ്കിലും സഭാ ജീവിതത്തിന്റെ കുടുംബ മാനത്തിനു ചാവറ വലിയ സംഭാവന നൽകി.

XI:11 ഗാർഹികസഭ

"നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശ മോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ ചോരയാലും സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്വഴക്കവുമനുസരിച്ചു തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കുകയും അവരുടെ അന്തസ്സിനു തക്കവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനും പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു."[83] 1868 കുംഭമാസം ചാവറയച്ചൻ കൈമാറിയ രേഖയാണു കുടുംബചട്ടം. ഈ കുടുംബക്രമത്തിന്റെ 19-ാം പതിപ്പിൽ കാണുന്ന പ്രസ്താവനയാണു മേലുദ്ധരിച്ചത്.

ഒന്നാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതുപോലെ "നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ, സ്നേഹമായിരിപ്പിൻ" എന്നത് ഈശോയുടെ ഉപദേശമാണ് (യോഹ. 15:9). ഉപവിയും സ്നേഹവും എന്ന രണ്ടു പദങ്ങൾ ദൈവിക മാനുഷിക ഘടകങ്ങളെ സമന്വയിപ്പിക്കാൻ സഹായിക്കുന്നതാണ്. ദൈവം സ്നേഹമാണ് എന്നു യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു (1 യോഹ.4:8). അതേ സമയം അദൃശ്യനായ ദൈവത്തോടുള്ള സ്നേഹം ആത്മാർത്ഥത ഉള്ളതോ എന്നു തീരുമാനിക്കേണ്ടത് മനുഷ്യർ തമ്മിൽ തമ്മിലുള്ള സ്നേഹത്തിലൂടെ എന്നും ശ്ലീഹാ പറയുന്നുണ്ട് (1 യോഹ. 4:11-12,20). ദൈവദാനമായ സ്നേഹം, ദൈവത്തിൽ നിന്നു ജനിച്ചവരിൽ (1 യോഹ. 4:4-7) വളർന്നു വികസിച്ച് ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുക എന്നതാണ് കുടുംബജീവിതത്തിന്റെ ദൗത്യം. ദൈവത്തിൽ നിന്നു ജനിച്ചവർ ഒന്നുചേർന്നു സമൂഹത്തിന് അടിത്തറയാകുന്നതാണ് കുടുംബജീവിതവും അതിനടിസ്ഥാനമായിരിക്കുന്ന വിവാഹമെന്ന കൂദാശയും.

കുടുംബത്തിന്റെ കൂട്ടായ്മയായ ഇടവകയെ കേന്ദ്രീകരിച്ചുകൊണ്ടാണ് ചാവറ കുടുംബചട്ടം എഴുതിയത്. ദൈവസ്നേഹത്തിന്റെയും ഉപവിയുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുന്ന കുടുംബം ആകാശമോക്ഷത്തിന്റെ സദൃശമാണ്. ഈ സത്യം രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് പ്രഖ്യാപിക്കുന്നു: "ക്രിസ്തീയ ദമ്പതികൾ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിന്റെയും ഫലദായകമായ സ്നേഹത്തിന്റെയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗഭാക്കുകളാകുകയും ചെയ്യുന്നു (എഫേ. 5:32). തങ്ങളുടെ ദാമ്പത്യജീവിതവും സന്താനങ്ങളുടെ വളർത്തലും പരിശീലനവും വഴി വിശുദ്ധി പ്രാപിക്കാൻ അവർ പരസ്പരം സഹായിക്കുന്നു. അങ്ങനെ ജീവിതാന്തസ്സിലും ജീവിതരീതിയിലും ദൈവത്തിന്റെ ഇടയിൽ അവർക്ക് അവരുടേതായ പ്രത്യേക ദാനമുണ്ട് (1 കോറി. 7:7). എന്തുകൊണ്ടെന്നാൽ അവരുടെ ഐക്യത്തിൽ നിന്ന് ഒരു കുടുംബം രൂപം കൊള്ളുന്നു. അവിടെ മനുഷ്യസമുദായത്തിന്റെ പുതിയ പൗരന്മാർ ജന്മമെടുക്കുകയും ചെയ്യുന്നു. ഇവർ ദൈവജനത്തിന്റെ യുഗങ്ങളിലൂടെയുള്ള നിലനില്പിനുവേണ്ടി പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനപ്രസാദവരം മൂലം ദൈവസുതരാക്കപ്പെടുന്നു. "ഗാർഹികസഭ എന്നു വ്യവഹരിക്കപ്പെടാവുന്ന കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും മാതൃകയും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടത്."[84] ആകാശമോക്ഷത്തിന്റെ ഭൗതിക പതിപ്പാണ് ഗാർഹിക സഭ. ഈ സഭാചട്ടങ്ങളാണ് ചാവറ ചാവരുളിലൂടെ കൈനകരി ഇടവകക്കാർക്കും അങ്ങനെ മാനവരാശിക്കും കൈമാറിയത്. ഈ കത്തിൽ സൂചിപ്പിച്ചിട്ടുള്ളവ വൈയക്തിക തനതാത്മകതയ്ക്കും സാമൂഹിക ഐക്യത്തിനും ആധ്യാത്മിക ഉന്നമനത്തിനും ദൈവരാജ്യാനുഭവത്തിനും ഉപകരിക്കുന്ന നിരവധി സുഭാഷിതങ്ങളാണ്; മാർഗ്ഗരേഖകളാണ്.

വൈയക്തിക തനതാത്മകത:- പതിനൊന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് ഉള്ളതിനെ നന്നാക്കുവാനാണ്. വ്യക്തിത്വവളർച്ചയ്ക്ക് വളരെയേറെ ഉപകരിക്കുന്ന ഒരുപദേശമാണിത്. പുത്തൻ വസ്തുക്കൾ സമ്പാദിക്കുവാൻ പോകുന്നത് വ്യക്തിത്വത്തിന്റെ വികാസം ഉണ്ടാകാത്തതു കൊണ്ടാണ്. കാരണം ദൈവം തന്നിരിക്കുന്ന സ്നേഹത്തെ ദൈവികമായും വൈകാരികമായും ജഡികമായും സമന്വയിപ്പിക്കുക എന്നതാണ് ഒരാളുടെ അടിസ്ഥാന വളർച്ച. ഇതെത്തുടർന്ന് അദ്ധ്വാനവും പരിശ്രമവും ഉണ്ടാകുന്നു. മറിച്ചായാൽ അന്യന്റെ വസ്തുവും അവകാശങ്ങളും വെട്ടിപ്പിടിക്കാനുള്ള പ്രവണത ഉണ്ടാകും. ആകാശ മോക്ഷത്തിൽ നിന്നകന്നു ഭൗതികമാത്രമായവയിൽ കുടുങ്ങും. തുടർന്നു വ്യക്തിത്വതകർച്ചയും, സാമൂഹിക ഭിന്നതയും വെട്ടിപ്പിടുത്തവും കൊലയും കൊള്ളയും യുദ്ധവും എല്ലാം ശക്തിപ്പെടും. 12-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് വ്യക്തിത്വതകർച്ചയുടെ വിവിധ ഭാഗങ്ങളാണ്. മടി, മദ്യപാനം തുടങ്ങി പലതും.[85] 15-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന മിതവ്യയം വ്യക്തിത്വ വളർച്ചയ്ക്കുപകരിക്കുന്നതാണ്.[86] മോഷണവും വ്യക്തിത്വതകർച്ചയുടെ ഫലമായി വരുന്നതും ഒഴിവാക്കണം.[87]

വിരക്ത ജീവിതത്തെക്കുറിച്ച് ചാവറ 1868-ൽ എഴുതിയത് വ്യക്തിത്വ സാഫല്യത്തിന് എന്തുമാത്രം പ്രസക്തമെന്ന് ആധുനിക ലോകത്തിന്റെ വഴിപിഴച്ച നീക്കം തെളിയിക്കുന്നു. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വസ്ത്രധാരണത്തിലും അടക്കം പാലിച്ചാൽ നാശത്തിൽ നിപതിക്കുകയില്ലെന്ന് ചാവറ എടുത്തു പറയുന്നു.[88]

അടുത്തതായി സാമൂഹിക ഐക്യം നിലനിറുത്തുന്നതിനുള്ള മാർഗ്ഗങ്ങളും ചാവറ നിർദ്ദേശിക്കുന്നു. ഒന്നാമത്തെ ഖണ്ഡിക തന്നെ വ്യക്ത്യന്തര ബന്ധത്തിന്റെ കെട്ടുറപ്പിനുള്ള കാര്യങ്ങളാണു വ്യക്തമാക്കുന്നത്. അറ്റകുറ്റങ്ങളും കുറച്ചിലുകളും തമ്മിൽ തമ്മിൽ ക്ഷമിക്കണമെന്നു പറയുന്നു. കുടുംബത്തിൽത്തന്നെ സ്നേഹം അഭ്യസിക്കണം.

കർത്തൃപ്രാർത്ഥനയിൽ കർത്താവു പഠിപ്പിച്ചതുപോലെ തമ്മിൽ തമ്മിൽ ക്ഷമിക്കണമെന്ന് ആവശ്യപ്പെടുന്നു. സംഘാതാത്മക വ്യക്തിത്വത്തിന്റെ കെടുതികൾ ആദം വഴി ലഭിച്ചതിനെ, ഞെരുക്കങ്ങളും സങ്കടങ്ങളും പോരായ്മകളും ആരുടെമേലും ചാരാതെ, ഓരോരുത്തരും പുതിയതു വരുത്തിവയ്ക്കാതെ സൂക്ഷിക്കണം[89] സർക്കാരിന്റെ പക്കൽ പോകാതെ വഴക്കുകൾ തമ്മിൽ തമ്മിൽ പറഞ്ഞു തീർക്കണം. ഈ രീതി ചില ഇടവകകളിൽ അടുത്തകാലത്തു നടപ്പാക്കിയതാണ്. മറ്റുള്ളവരോടു ക്ഷമിക്കുന്നത് ഏറ്റവും വലിയ ശക്തിയാണ്.[90] ആഘോഷങ്ങളും അടിയന്തരങ്ങളും ശുദ്ധമായി ആചരിക്കേണ്ട ഞായറാഴ്ചയും മറ്റും നടത്തരുതെന്നു നിർദ്ദേശിച്ചത് ഇന്നും പലരും പണയപ്പെടുത്തുന്ന ഒരു കാര്യമാണ്. കടം വാങ്ങുന്നതും കൊടുക്കുന്നതും ആപത്തു വരുത്തിവയ്ക്കുന്നു.[91] രണ്ടു വിധത്തിലിതു പ്രധാനപ്പെട്ടതാണ്. ധൂർത്തടിക്കാതെ കടം വരുത്താതിരിക്കാൻ നോക്കുന്നവർ കുറ്റമറ്റവരാകുന്നു. മുതലാളിത്തഭാവം സമൂഹത്തിൽ ഭീകരതയ്ക്കു വഴിവെട്ടുമെന്ന് ആധുനികയുഗം സാക്ഷ്യം വഹിക്കുന്നു. ചുറ്റിത്തിരിഞ്ഞു നടക്കുന്നതിനെ ചാവറ രൂക്ഷമായി വിമർശിക്കുന്നു. ദുഷണത്തിനും മടിയ്ക്കും കുടുംബത്തിന്റെയും സമുദായത്തിന്റെയും നാശത്തിനുമത് ഇടവരുത്തും. സഹവാസത്തിലും ഉപചാരത്തിലും അപകടം ഉണ്ടാകാതിരിക്കുവാൻ ദുഷ്ടരെ അകറ്റി നിർത്തണം. പല വീടുകളിലും വർത്തമാനത്തിലും സന്ദർശനത്തിലും സൂക്ഷ്മമില്ലാത്തതുകൊണ്ട് തലമുറ പിഴച്ചുപോകുന്നു. പരോപകാരംവഴി സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും ദിവസംതോറും അതു മുടക്കാതെ നടത്തണം.[92] വീണ്ടും ആത്മാർത്ഥത സ്നേഹിതരുടെ വല യത്തിലുണ്ടാകണം.

തൊഴിലാളികൾക്ക് ഒരു വിധത്തിലും വിഷമം വരുത്തരുത്. അധ്വാനിക്കുന്നവരെ സഹോദരങ്ങളായി കണ്ടാലേ അവരുടെ സമഗ്ര വളർച്ചയ്ക്കുതകുന്നതു നാം ചെയ്യുകയുള്ളൂ.[93] സാമൂഹ്യ ജീവിതത്തിനാവശ്യമായ ചിട്ടകൾ കുടുംബത്തിൽത്തന്നെ അഭ്യസിക്കണം, സമയ

വിവരപ്പട്ടികയനുസരിച്ചെന്നപോലെ.[94] കുടുംബഭദ്രതയ്ക്കാവശ്യമുള്ള 16 കാര്യങ്ങൾ ചാവറ മാതാപിതാക്കൾക്കു നിർദ്ദേശിച്ചുകൊടുക്കുന്നു.[94a] സാങ്കേതിക പരിഷ്ക്കാരങ്ങൾ നിരവധിയുള്ള ആധുനിക കാലത്ത് ഒന്നര നൂറ്റാണ്ടു മുമ്പു ചാവറ വരച്ചു കാട്ടിയ കുടുംബ ചട്ടം സാർവ്വത്രികമായി പ്രസക്തമാണ്. ജീവിതാന്തസ്സു നിശ്ചയിക്കുന്ന കാര്യത്തിൽ അവർക്കു പൂർണ്ണ സ്വാതന്ത്ര്യമനുവദിക്കണമെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.[95]

ആധ്യാത്മിക ഉന്നമനം കുടുംബചട്ടത്തിലെ മറ്റൊരു സുപ്രധാന വിഷയമാണ്. ഭക്തിയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ കുട്ടികൾക്കു നൽകണം. അവരെ പരിശീലിപ്പിക്കുമ്പോൾ പ്രസംഗം കേൾക്കുക, രോഗീ സന്ദർശനം തുടങ്ങിയവ അവരെ പഠിപ്പിക്കണം. ദൈവം സൂക്ഷത്തിനേൽപിച്ചവരാണു മക്കൾ എന്ന ഉന്നത ചിന്ത ചാവറയ്ക്കുണ്ടായിരുന്നു. പ്രായത്തിനനുസൃതം സുകൃതജപങ്ങളും പ്രാർത്ഥനകളും കുട്ടികളെ പഠിപ്പിക്കണമെന്ന് ചാവറ നിഷ്ക്കർഷിക്കുന്നു.[96] ഇന്നത്തെ രീതി വച്ചുനോക്കുമ്പോൾ ചാവറ പറഞ്ഞ കാര്യങ്ങൾ എത്രയോ പ്രധാനപ്പെട്ടവയാണെന്നു കാണാം. ശാരീരിക യാവനപോലെ ആത്മത്തിന്നടുത്ത യാവനയും കൊടുക്കണമെന്നതാണ് ഉപദേശം.[96a] ഏഴാമത്തെ വയസ്സിൽ അനുരഞ്ജന കൂദാശയും വി.കുർബ്ബാനയും ഭക്തിയോടെ നടത്തുവാൻ കുട്ടികളെ ഒരുക്കണം. ചെറുപ്പത്തിൽ പ്രാർത്ഥനകളും തുടർന്ന് കൂദാശകളുടെ ആഘോഷവുമാണ് ആധ്യാത്മിക പരിശീലനത്തിനു ചാവറ നിർദ്ദേശിക്കുന്നത്. ഈ കാര്യങ്ങൾ ചാവറ എത്ര നിഷ്ഠയോടും ഫലപ്രദമായും നടത്തിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ സാക്ഷ്യപ്പെടുത്തുന്നു.

അവസാനമായി കുടുംബചട്ടം ലക്ഷ്യം വയ്ക്കുന്ന ഒന്നാണ് ദൈവരാജ്യാനുഭവം. പരലോകത്തിൽ നിത്യഭാഗ്യം ലഭിക്കുന്നതിനും അനുഭവിക്കുന്നതിനും ഉപവിയും സ്നേഹവും ഉണ്ടായിരിക്കണമെന്നു

പറയുന്നു. ഇത് ഈശോയുടെ പഠനമനുസരിച്ചുള്ള വ്യവസ്ഥയാണ് (മത്താ. 25:31-46). കുടുംബത്തിൽ ഉണ്ടാകേണ്ട മൂന്നു സുകൃതങ്ങളെ പ്രത്യേകം പാവറ എടുത്തു കാണിക്കുന്നു. പരമാർത്ഥത, നീതി, സ്നേഹം എന്നിവയാണവ.[97] സുറിയാനി സഭാപിതാവായ മാർ അപ്രേം മിശിഹാനുയായികളുടെയും സന്ന്യസ്തരുടെയും ഏറ്റവും വലിയ സുകൃതം ആത്മാർത്ഥത എന്നു പറയുന്നു. ദൈവരാജ്യാനുഭവമായ സ്നേഹത്തിൽ കുടുംബാംഗങ്ങൾ പാർക്കേണ്ടതിന് മരണത്തിനു മുമ്പു തന്നെ കുട്ടികൾ തനിച്ചു പാർക്കുന്നതിനു ക്രമീകരണം ചെയ്യണം. പലേ കുടുംബങ്ങളിലും വസ്തുതർക്കവും വഴക്കും ഉണ്ടാകുന്നതിനെ നേരത്തെ ക്രമീകരിച്ചുകൊണ്ട് അനർത്ഥങ്ങൾ ഒഴിവാക്കണമെന്നു നിർദ്ദേശിക്കുന്നു.[98]

ദൈവത്തെ ബഹുമാനാജനകമായ ഭയത്തോടും സ്നേഹൈക്യത്തിന്റെ ഭക്തിയോടും സമീപിക്കുന്ന കുടുംബം ദൈവരാജ്യത്തെ മുൻകൂട്ടി ആസ്വദിക്കുന്നു. ദൈവരാജ്യത്തിന്റെ ഭൗമിക പതിപ്പായ കുടുംബത്തെ കാണുന്നവർ അതിനെ ഗാർഹികസഭ എന്നു വിശേഷിപ്പിക്കുന്നു. കുടുംബത്തിൽ നിന്നും ദൈവാരാധനാലയത്തിൽ നിന്നുമാണ് ദൈവരാജ്യത്തിന്റെ ഉടമകളായി ജീവിക്കേണ്ടവർ പരിശീലനം നുകരുന്നത്. പാവറ കുടുംബത്തെ ദൈവാലയം പോലെ ദർശിച്ചിരുന്നു.

XI:12 മാന്നാനം നസ്രാണി സഭാക്രമം

"അവിടെ നിന്നും പോരും വഴിയിൽ മാന്നാനത്തിൽക്കൂടെ അതിരംപുഴയ്ക്കു പോകുവാൻ വന്നപ്പോൾ ദൂരത്തിൽ നമ്മുടെ ഈ ബെസ്റ്റൊമ്മയും ഇതിനു വടക്കു പടിഞ്ഞാറുള്ള കുരിയാറ്റം എന്നകുന്നും കണ്ടപ്പോൾ മെല്ലെഴുതിയ യാക്കോ കുരിയാറ്റം കാടുകൂറ്റി കൂടാതെ തെളിഞ്ഞു കിടക്കുന്നതു കണ്ടു. ആയതു നമുക്കു കൊള്ളാമെന്നു പറഞ്ഞപ്പോൾ അതിൽ നല്ലതും തൊരസും ഇതാകുന്നുവെന്നും വളരുള്ള ഭൂമിയാകകൊണ്ടത്രേ കാടു പിടിച്ചു കിടക്കുന്നുവെന്നും.[99]

"ആ ദിവസം കുർബ്ബാനയും ചൊല്ലി നൊയമ്പോടെ തിരിച്ചു തയ്യിൽ കുര്യൻ തരകന്റെ വീട്ടിൽ ചെന്നു ഈ വസ്തുതകൾ പറഞ്ഞാറെ അച്ചന്മാരെ എങ്ങും പോകേണ്ട എന്നും നമ്മുടെ ഈ കുന്നുംപുറം തന്നെ നന്നെന്നും ഇങ്ങനെ ഇതിന്റെ വിശേഷവും പറഞ്ഞു കേറ്റി കാട്ടിയപ്പോൾ ഇതു തന്നെ കൊള്ളാമെന്നു നിശ്ചയിച്ചു."[100] "ഇതിനിടയിൽ മേലെഴുതിയ തരക്കനയും ഇതു കൂടാതെ കണ്ട കുടമാളൂർ തെക്കേടത്തു കോര പണിക്കാരുടെ മകൻ ഇട്ടിച്ചെറിയ എന്നയാൾ ഇതിനേറ്റം മനസ്സുകാരനുമായിരിക്കയാൽ അയാളെയും വരുത്തി നമ്മുടെ ഈ ബെസ്റൊമ്മായുടെ കാര്യത്തിനു ഉത്സാഹിപ്പിക്കയും ഇതിന്റെ ശേഷം സാധ്യമല്ലെന്നും പരാധീനമെന്നും എഴുത്തുവരിക കൊണ്ടും വീണ്ടും മേലെഴുതിയ മുതൽ പിടിക്കാരന്റെ സഹായത്താൽ ഈ ഉത്തരവു തന്നെ കൊള്ളിച്ചു. ഏറ്റുമാനൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലൻ കണ്ണാമുകൾ എന്ന കുന്നകാലായിൽ പള്ളിയും വീടും വെക്കുന്നതിനു സമ്മതമുണ്ടായെന്നും കരക്കാർക്കു ചീട്ടുകൊടുത്തുവരുത്തി ഇതിനൊക്കെക്കും തരകനും കൊച്ചു പോത്തൻ മാപ്പിള എന്ന അയാളുടെ അനുജനും ഇവരിരുവരുടെ പ്രയത്നത്താൽ ഇവന്നുടെ ഉപകാരം പറ്റിക്കിടക്കുന്നവരാകകൊണ്ടു സമ്മതം വരുത്തി."[101] "പോരൂക്കരയച്ചൻ കൊല്ലത്തിനു പോകാത്തതിൻ വണ്ണം നിശ്ചയിച്ചതിന്റെ ശേഷം ഞങ്ങൾ എല്ലാവരും കൂടെ നമ്മുടെ ഈ ബെസ്റൊമ്മാ നല്ലതിൻ വണ്ണമൊന്നു കേറി കാണണമെന്നു നിശ്ചയിച്ചു പുറപ്പെട്ടപ്പോൾ കാടിന്റെ പെരുപ്പത്താലും വഴിയില്ലായ്കകൊണ്ടും കാടിന്റെ ഇടയുടെ പടർന്ന കാടും ഒടിച്ചും വെട്ടിയുമായിങ്ങനെ ഒരു പ്രകാരത്തിൽ മുകളിൽ കയറി. ഏകദേശം നമ്മുടെ കിണറിന്റെ പടിഞ്ഞാറെ വശത്തോളം വന്നു പറ്റി. ഇതിന്റെ ഉയർച്ചയും വീതിവിസ്താരവും കാറ്റും കണ്ടാറെ എല്ലാവർക്കും തെളിഞ്ഞു."[102]

ഇന്നത്തെ സുറിയാനി മലബാർ സഭയുടെ കേന്ദ്രമായിരിക്കുന്ന മാന്നാനംകുന്നിന്റെ തെരഞ്ഞെടുപ്പ് എങ്ങനെയായിരുന്നുവെന്നു മേല് പറഞ്ഞ നാളാഗമ ഭാഗങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നു. കേരള

സഭയുടെ സന്ദർശകൻ ലെയോ മൗറിൻ എഴുതുന്നു: "ഇതിനാൽ അവരവരുടെ വാകൊണ്ടു തന്നെ അറിവാനാവശ്യമുള്ളവകളെ പറഞ്ഞ നമ്മുടെ ചെവികൾ കൊണ്ടുതന്നെ കേൾക്കുന്നതിനു പാടുണ്ടാകുവാൻ തക്കവണ്ണം മലയാളത്തിലുള്ള സകല പട്ടക്കാരെയും ഒരോ ഇടവകകളിൽ നിന്നും രണ്ടോ മൂന്നോ പ്രധാനപ്പെട്ട ക്രിസ്ത്യാനികളെയും ഒന്നായി വിളിച്ചുകൂട്ടണമെന്നു നമ്മുടെ ആലോചനയായിരിക്കുന്നു. അപ്പൊഴോ ഈ ഇടവമാസം 23-ാം തീയതി ആയ ചൊവ്വാഴ്ച മുതൽ 26-ാം തീയതി ആകുന്ന വെള്ളിയാഴ്ചവരെ ഇതിനായി നിയമിക്കപ്പെട്ടിരിക്കുന്നതു കൊണ്ടു എല്ലാപട്ടക്കാരും ജനങ്ങളിൽ പ്രധാനപ്പെട്ടവരായിട്ടുള്ള ചിലരും മാന്നാനത്തെ ആശ്രമത്തിലെത്തണമെന്നു നാം കൽപ്പിക്കുന്നു."[103]

1876-ൽ നടന്ന ഈ മാന്നാനം സമ്മേളനം ബേസ്റൗമ്മായുടെ സഭാകേന്ദ്രമെന്ന നിലയിലായിരുന്നു. 1860-കളിൽ മാന്നാനം നസ്രാണി സഭയുടെ സുപ്രധാന കേന്ദ്രമായിരുന്നു. മാന്നാനത്തു നിന്നു പ്രിയോരച്ചൻ ഒരു വിജ്ഞാപനം അച്ചടിച്ചു പ്രസിദ്ധീകരിച്ചു. "..... ഈ വണ്ണം ശുദ്ധമാർപ്പാപ്പയുടെ കൽപനയും തിരുവെഴുത്തും കൂടാതെ പുറപ്പെട്ടിരിക്കുന്ന ഇടയന്മാരത്രെ ഇപ്പോൾ ബാഗ്ദാദിൽ നിന്നു പുറപ്പെട്ടു മലയാളത്തിലെ കർത്താവിന്റെ തൊഴുത്തിൽ പ്രവേശിച്ച് തന്റെ ആടുമാടുകളായിരിക്കുന്ന നമ്മെ ചിതറിച്ചു. നരക ചെന്നായ്ക്കളായ പിശാചുകൾക്കിരയിടുവാൻ ഭാവിച്ചു പുറപ്പെട്ടിരിക്കുന്നുവെന്നു പട്ടാങ്ങയാലെ ബോധിച്ചിരിക്കുന്നു..... ഇതു കൂടപ്പിറപ്പുകളായ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും നമ്മുടെ ഏകതലവനും ശുദ്ധ മാർപ്പാപ്പയുടെ വല്യം ശാപവും ഏറ്റു പുത്തനായ ഒരു സീസ്മയിൽ ഉൾപ്പെട്ടു എന്നെന്നേയ്ക്കും നശിച്ചുപോകുവാൻ യാതൊരുത്തർക്കെങ്കിലും ഇടവന്നേക്കുമെന്നു ഭയപ്പെട്ട് ആയതു വരാതിരിപ്പാൻ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചുകൊണ്ട് തെക്കുംപുറത്തും വടക്കുംപുറത്തുമുള്ള പള്ളിക്കാരായ ബ. എന്റെ കൂടപ്പിറപ്പുകൾ പട്ടക്കാർക്കും സ്നേഹിക്കപ്പെട്ട

എന്റെ ജ്യേഷ്ഠാനുജന്മാരായ വിശ്വാസക്കാർക്കുംകൂടി മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരായ തങ്ങളുടെ എളിയ കൂടപ്പിറപ്പു ചാവറ കുരിയാക്കോസ് ഏലിയ പട്ടക്കാരൻ."[104]

ഇവിടെ പ്രസ്താവിക്കുന്ന കാര്യങ്ങൾ റോക്കോസ് മെത്രാനെതിരെ ചാവറയച്ചൻ നീങ്ങിയതിനെക്കുറിച്ചല്ലാ മറിച്ച് സഭാപരമായി നസ്രാണികളുടെ കേന്ദ്രമായിരുന്ന മാന്നാനത്തെക്കുറിച്ചാണ്. 1820-കളിൽ തോമ്മാച്ചന്മാരും തുടർന്നു ചാവറയച്ചനും മറ്റും ചേർന്നു വൈദികരുടെ ഉന്നമനത്തിനുവേണ്ടി പരിശ്രമിച്ചത് മാന്നാനത്തുണ്ടായ ഒരു ചലനമായിരുന്നു. ഭൂമി ശാസ്ത്രപരമായും സന്ന്യാസസംരംഭപരമായും പ്രശസ്തിയാർജ്ജിച്ച മാന്നാനം സഭാത്മകമായും ഒരു കേന്ദ്രമായിത്തീർന്നു. സഭയുടെ ഇപ്രകാരമുള്ള വികാസത്തെ തിരിച്ചുവിട്ട ഒരു സംഭവമായിരുന്നു 1932-ാം കാലം കേരളത്തിൽ വന്ന പെ.ബ. ഫ്രാൻസിസ്ക്കുസേവ്യർ മെത്രാൻ ചാവറയെ തെക്കൻ പള്ളിപ്രത്തു പള്ളിയിൽ പറഞ്ഞു വിട്ടത്. ഇതിനും പുറമെ 31-വർഷം മാന്നാനത്തു താമസിച്ച ചാവറയെ കൂനമ്മാവിലേക്കു മാറ്റുന്നതിനു കർമ്മെലീത്താ ഒന്നാം സഭയുടെ ജനറാളിന്റെ വികാർ പ്രൊവിൻഷ്യൽ 1864-ൽ തീരുമാനിച്ചു. മാന്നാനത്തു തുടങ്ങിയതും വളർന്നതുമായ ഏതദ്ദേശീയ സഭയെ കർമ്മെലീത്താ മൂന്നാം സഭയാക്കിയതു പോരാഞ്ഞിട്ട് മാന്നാനത്തെ അവഗണിച്ചു കൂനമ്മാവിനെ പരിഗണിച്ചു. എങ്കിലും പിന്നീടു വന്ന സന്ദർശകർ മാന്നാനത്തിനു തന്നെ പ്രസക്തി കൊടുത്തിരുന്നു.

ഓറെശ്ലെമിൽ ആരംഭിച്ച മെശയാനിക സഭ കാലക്രമേണ റോമിലേക്കു മാറിയതുപോലെ മാന്നാനത്തും സംഭവിച്ചു. ഓറെശ്ലെമിന്റെ സഭാത്മകതനിമയും മാന്നാനത്തിന്റെ സഭാത്മകതയും താരതമ്യപ്പെടുത്തുമ്പോൾ സുപ്രധാനമായ ഒരു നിഗമനത്തിൽ എത്തിച്ചേരാം.

ഭാരത്തിലെ ശ്ലൈഹിക സഭയുടെ പാരമ്പര്യം ഓറെശ്ലെം ശ്ലൈഹിക സഭയിലാണ്. ഈ സഭാപാരമ്പര്യമാണ് സമീപസ്ഥ പൂർവ്വ.

വിദൂരസ്ഥപൂർവ്വ ദേശങ്ങളിൽ പ്രചരിച്ചത്. അതും മെശയാനിക സഭയുടെ തന്നെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹാ വഴി.[105] ഏദേസായും ഭാരതവുമെല്ലാം ശ്ലൈഹിക സുറിയാനി സഭാപാരമ്പര്യമുള്ള സഭയാണ്. അറമായ ഭാഷയായ സുറിയാനിയായിരുന്നു ഈശോമിശിഹായും ശിഷ്യന്മാരും സംസാരിച്ചിരുന്നതെന്ന് ചരിത്രം തെളിയിക്കുന്നു. മെശയാനിക സഭയിലെ പ്രഥമ പാരമ്പര്യം പൗരസ്ത്യ സുറിയാനിയായിരുന്നു. ഈ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് മാന്നാനത്ത് വാച്ചവനവാസത്തിനും വൈദിക ഉത്കർഷത്തിനും സഭാ നവീകരണത്തിനും ആരംഭം കുറിച്ചത്.[106]

സഭ അവളുടെ ആദിമ ചൈതന്യത്തിൽ ആശ്രമാധിഷ്ഠിത സ്വഭാവമുള്ളതായിരുന്നുവെന്ന് നടപടി ഗ്രന്ഥം സാക്ഷ്യം നൽകുന്നു: "എല്ലാവരും വിശ്വാസം സ്വീകരിച്ച് സമൂഹമായി ജീവിച്ചു. എല്ലാം അവർ പൊതുവായി അനുഭവിച്ചു. അവർ സമ്പാദ്യങ്ങളും വസ്തുവകകളും വിറ്റ് ഓരോരുത്തരുടെയും ആവശ്യാനുസരണം എല്ലാവർക്കും വിതരണം ചെയ്തു. വിശ്വാസികൾ എല്ലാ ദിവസവും ഏകമനസ്സോടെ ദൈവാലയത്തിൽ ഒരുമിച്ചുകൂടുകയും വീടുകൾതോറും അപ്പം മുറിക്കുകയും ചെയ്യുന്നതിൽ ഉത്സുകരായിരുന്നു. സന്തോഷത്തോടും ഹൃദയലാളിത്യത്തോടും കൂടെ എല്ലാവരും ഭക്ഷണത്തിൽ പങ്കുപറ്റുകയും ചെയ്തിരുന്നു (നട. 2:44-46).

വാച്ചവനവാസത്തിനു രൂപവും ഭാവവും നൽകുന്നതിന്റെ തുടക്കം മാന്നാനത്ത് ഇപ്രകാരമായിരുന്നു: "ഇങ്ങനെ കൊവെന്തയ്ക്കു ഒന്നാമത്തെ കല്ലു വച്ചു അവിടെ നാട്ടിയ മരക്കുരിശുംകൽ ഒരു പന്തലുമിട്ട ദിവസെന അസ്ഥമാനത്തുംകൽ അവിടെ വല്യ ലുത്തിനിയായും കഴിച്ചുവന്നു. എന്നാൽ ഇതിനുള്ള പ്രധാനികളും വെലക്കാരും മനസുകാരുമെല്ലാം ഈ അച്ചന്മാരു രണ്ടും തന്നെ. എന്നാൽ ഈ മല്പാ നച്ചന്റെ മനസ്സിന്ന മുഴുവനും ചെർന്നു നടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പം മുതൽ തുടങ്ങി നിശ്ചയിച്ചവനായ ചാവറ

കുറിയാക്കൊസ എന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധി ചൊല്കലാൽ അർത്തുംകൽ വച്ചു കുർബ്ബാന പട്ടമേറ്റപ്പോൾ മെത്രാച്ച നോടുകൂടെയുള്ള ഒന്നാമത്തെ കുർബ്ബാനയിൽ ഈ സ്ഥലവും വെലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണമെ ന്നുള്ള നിരൂപണയാൽ തന്നെ ആ ഒന്നാമത്തെ പൂജ അണച്ചതി നാൽ വീണ്ടും ആഘോഷമായി ഈ കഴിഞ്ഞ 30-ാം കാലം സൂബാറ യുടെ ഒന്നാം ഞായറാഴ്ച കുർബ്ബാന ചൊല്ലി എടവകയായ ചെന്നൻ കരി പള്ളിയിൽ."[107] മാന്നാനത്തെ ഭക്തജീവിതത്തെക്കുറിച്ചു നാളാഗ മത്തിൽ കാണുന്നത്: "പോരൂക്കരയച്ചന്റെ അധികമായ എരിവാൽ മുന്നു നേരമായിട്ടു 153 മണിയും വ്യാകുലം യൗസേപ്പു പുണ്യജപം വെന്തി ങ്ങയിങ്ങനെയുള്ള ജപങ്ങളും ഞായറാഴ്ച ഉച്ചയിൽ പാട്ടുപൂജയും പിന്നെ പഠാർത്ഥ, പിന്നെ കൊന്തയിങ്ങനെ മുഴുവൻ ശുദ്ധമായിട്ടു കൊള്ളിപ്പാനായിട്ടുമിടക്കൊടുക്കാതെയുള്ള ഈ വെലയും വല്യനൊ യമ്പിൽ ഹൂദാർ നമസ്ക്കാരവും വെള്ളിയാഴ്ച മൂന്നുമണി കഴിഞ്ഞാൽ മലയുടെ താഴെ തുടങ്ങി 14 പാസിന്ന 14 കുശിശു നാട്ടി ഏവരും കൂടി യുള്ള വിയാസാക്ര വലിയവീയ തന്നെ ആ കല്ലുകളുടെ ഇടയിൽ ഗാഗുൽത്താകരേറി....."[108]

വാച്ചവനവാസമാഗ്രഹിച്ചവരുടെ ഭക്തജീവിതം മാന്നാനത്തു സമാരംഭിച്ചത് ഭാരത നസ്രാണികളെ സംബന്ധിച്ചിടത്തോളം ഓറെ ഷ്ലം ഭക്തസമൂഹത്തിന്റെ ഒരാധുനിക നവീകരണമായിരുന്നു. എന്നാൽ മാന്നാനത്തു തുടങ്ങിയ സംരംഭം കൂനമ്മാവിലേക്കു ഭാഗികമായി മാറി യപ്പോൾ അതു നസ്രാണി സുറിയാനി പാരമ്പര്യത്തിൽ നിന്നും പാശ്ചാത്യ റോമൻ രീതിയിലേക്കു കുടുതലായി തിരിഞ്ഞു. ഈ മാറ്റം വലിയ വ്യതിചലനമായിരുന്നു. എങ്കിലും ചാവറ ഒരു മധ്യസ്ഥനെന്ന നിലയിൽ നസ്രാണി സഭയെ നയിച്ചു.

XI:13 ചാവറ മാർത്തോമ്മാശ്ലീഹായുടെ പാതയിൽ

മാർപ്പാപ്പായുടെ പ്രതിനിധികളായി ഭാരതത്തിൽ ശ്ലൈഹിക വേല ചെയ്തവരായിരുന്നു വിദേശ പ്രേഷിതർ. എന്നാൽ ഭാരതത്തിലേക്ക് ശ്ലീഹന്മാരുടെ കാലത്ത് അയക്കപ്പെട്ട മാർതോമ്മായെ മാത്രമാണ് തങ്ങളുടെ ശ്ലീഹാ എന്നു ഭാരതത്തിനു വിശേഷിപ്പിക്കാവുന്നത്. എങ്കിലും ശ്ലീഹാ എന്ന പദത്തിന്റെ സഭാപരമായ മാനങ്ങൾ വച്ചു നോക്കുമ്പോൾ മാർതോമ്മാശ്ലീഹായുടെ പിൻഗാമികൾ എന്ന നിലയിൽ പലരും ശ്ലൈഹിക പട്ടികയിൽ പെടാം. ഇവിടെ ചാവറയ്ക്കു ശ്ലൈഹിക സ്വഭാവമുണ്ടോ എന്ന വിഷയം ചർച്ച ചെയ്യുകയാണ്.

പൗരസ്ത്യ സുറിയാനി പാരമ്പര്യമാണ് ഓറെശ്ലീം സഭയിൽ മിശിഹായുടെ കാലം മുതൽ ഉണ്ടായിരുന്നത്. ഇതേതുടർന്നാണ് യവനലത്തീൻ പാരമ്പര്യങ്ങൾ രൂപപ്പെട്ടത്. പൗരസ്ത്യ അറമായ ഭാഷയിൽ 'ശ്ലീഹാ' എന്ന പദം സൂചിപ്പിക്കുന്നത് പകരം പറഞ്ഞയയ്ക്കുന്ന ആൾ എന്നതാണ്. ദൈവപിതാവ് ഈശോയെ നിയോഗിച്ചയച്ചു: "പിതാവു വിശുദ്ധീകരിച്ചു ലോകത്തിലേക്കയച്ചിരിക്കുന്ന എന്നിൽ" എന്ന് ഈശോ തന്നെ പറയുന്നു (യോഹ. 10:36). പിതാവു നിയോഗിച്ചയച്ച ഈശോ തുടരുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). എന്നെ കാണുന്നവൻ പിതാവിനെ കാണുന്നുവെന്ന് അരുളിച്ചെയ്ത ഈശോ വന്നതു പ്രതിനിധിയായിട്ടാണ് (യോഹ. 14:9). ഈശോ ശിഷ്യരെ അയച്ചതിലൂടെ ഈശോയുടെ പ്രാതിനിധ്യം അല്ല സാന്നിധ്യം തന്നെ അവരിലുണ്ട് (മത്താ. 28:20). ഈശോ പിതാവിന്റെ പൂർണ്ണതയും മനുഷ്യരുടെ തുറവിയും ഒരേ സമയം തന്നിൽത്തന്നെ വഹിച്ചിരുന്നതുകൊണ്ട് അനുരഞ്ജകനായും വർത്തിച്ചിരുന്നു. ഈ അനുരഞ്ജന ഘടകവും ശ്ലൈഹികതയുടെ സ്വഭാവമാണ്. പൗലോസ് ശ്ലീഹാ പറയുന്നു: "മിശിഹാ വഴി നമ്മെ തന്നോടു

രഞ്ജിപ്പിക്കുകയും അനുരഞ്ജനത്തിന്റെ ശുശ്രൂഷ ഞങ്ങൾക്ക് ഏല്പിച്ചു തരുകയും ചെയ്ത ദൈവത്തിൽ നിന്നാകുന്നു ഇവയെല്ലാം" (2 കോറി. 5:18). അനുരഞ്ജനത്തിന്റെ സന്ദേശം ഈശോ പൗലോസ് ഉൾപ്പെടെ, ശ്ലീഹന്മാരെ ഏൽപ്പിച്ചു (2 കോറി. 5:19). മിശിഹായുടെ സ്ഥാനപതികളാണു ശ്ലീഹന്മാർ (2 കോറി. 5:20). സ്ഥാനപതികളായ ശ്ലീഹന്മാരുടെ രണ്ടു സവിശേഷതകൾ മിശിഹായുടെ ആധികാരികതയിലും അനുരഞ്ജനത്തിലുമുള്ള പങ്കാളിത്തവും നേതൃത്വവും സാക്ഷ്യവുമാണ്. ശ്ലൈഹിക അധികാരം സംഘാതമായി പ്രകടമാക്കിയ സംഭവം വഴി അനുരഞ്ജനത്തിന്റെ പാതയിലേക്കും ആദിമ സഭ കടന്നു വന്നു (നട. 15;6-35).

ശ്ലീഹാ എന്ന പദത്തിനു വ്യാപകമായ അർത്ഥവും ഉണ്ട്. വ്യാപകാർത്ഥത്തിൽ ദൈവികദൗത്യം സഭാപരമായി സംവഹിക്കുന്ന ആളാണു ശ്ലീഹാ. ഇനിയും ചാവറയുടെ ശ്ലൈഹികസ്വഭാവത്തെക്കുറിച്ച് ആരായാം.

ചാവറയച്ചനുള്ള ആധികാരികത സുവിശേഷത്തിന്റെയും ശ്ലൈഹിക പിന്തുടർച്ചയുടേതുമാണ്. ഒന്നാമത്തെ ഘടകത്തിനുള്ള ഒരു തെളിവ് ചാവറയുടെ ഒരു വിജ്ഞാപനമാണ്: "എന്നോടുകൂടെ ആയില്ല എന്നവൻ ഇനിക്ക് വിരോധി ആകുന്നു. എന്നോടുകൂടെ കൂടാത്തവൻ വെസ്തയായിട്ടു ചിതറിക്കുന്നു എന്നും നമ്മുടെ കർത്താവീശോമിശിഹാ അരുളിച്ചെയ്തിരിക്കുന്ന തിരുവചനങ്ങളാൽ (ലൂക്കാ 11:23) കല്പിച്ചതാകുന്നു. തന്റെ സ്ഥാനത്തിരിക്കുന്ന മാർ പത്രോസ് ശ്ലീഹായുടെ അനന്തര സുവെക്കാരന്നായിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പയുടെ കല്പനയോടുകൂടെ അധികാരം കൈക്കൊള്ളാതെയും അതിനെ പെരുമാറാതെയും തൊഴുക്കൂട്ടിൽ പ്രവേശിക്കുന്ന ഇടയൻ ആടുമാടുകളെ കൂട്ടുന്ന ഇടയൻ ആകുന്നില്ല."[109] മാർപ്പാപ്പാ നേരിട്ടല്ല റോക്കോസിനെ കേരളത്തിലേക്ക് അയച്ചതെന്നു മനസ്സിലാക്കിയ ചാവറ സുവിശേഷം

ഉദ്ധരിച്ചു കൊണ്ടതിനെ നേരിടുന്നത് ഏറ്റവും ആധികാരികമായ ഒരു സമീപനമാണ്. രണ്ടാമത്തെ ആധികാരിക ഘടകം ശ്ലൈഹിക സഭയോടുള്ള വിധേയത്വമാണ്. അത് മാർപ്പാപ്പാ ഒൻപതാം പീയൂസിന്റെ സാക്ഷ്യമാണ്: "സ്നേഹമക്കളേ, കൽദായക്കാരുടെ ബാബേലിലെ മാർ യൗസേപ്പു പാത്രിയർക്കീസായ ബ. നമ്മുടെ സഹോദരന്റെ ഒരെഴുത്തോടുകൂടി അടുത്തു കഴിഞ്ഞ ഇടവം 9-ാംനു നിങ്ങളുടെ പക്കൽ വരുകയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ചു യൌസേപ്പ് പാത്രിയർക്കീസിനാൽ അയക്കപ്പെട്ടിരിക്കുന്നതെന്നു പറയുകയും ചെയ്യുന്ന റോക്കോസ് മെത്രാനോട് ഏതുപ്രകാരം വർത്തിക്കണമെന്നു അറിവാൻ അപേക്ഷിക്കുന്നതായി ഈയ്യാണ്ടു മിഥുനമാസം 19-ാം നു നമ്മുടെ പക്കലേക്കു നിങ്ങളയച്ച എഴുത്തു ഇവിടെ വന്നു ചേർന്നെന്നു നിങ്ങളോടു നാം അറിയിക്കുന്നു. ഈ മഹാകാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽ നിന്നകലുവാൻ ശ്ലീഹാക്കടുത്ത ഈ സിംഹാസനത്തോടും മറ്റു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയ റോമ്മ എന്ന ഈ പള്ളിയോടു നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.... ആകയാൽ പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതുമായ ഈ സിംഹാസനത്തിന്റെ പ്രതിപുരുഷനായി അവിടെ നാം നിയമിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലിത്തായായ ബ. നമ്മുടെ സഹോദരൻ മാർ ബർണർദീനോസ് മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേല്പട്ടക്കാരനാകയാൽ അദ്ദേഹത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടത് ന്യായമാകുന്നു."[110]

സഭാത്മകമായ സഭയുടെ ശ്ലൈഹിക പിൻതുടർച്ചയിൽ ചാവറ ഉറച്ച അടിസ്ഥാനത്തിലാണു നില്ക്കുന്നത് എന്ന് മാർപ്പാപ്പയുടെ മറുപടിക്കത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ നസ്രാണി സഭയെ ആധുനിക കാലത്തു റോമാ സഭയുടെ കീഴിൽ സജീവമാക്കുന്നതിൽ

ശത്രുക്കളെന്നു തോന്നാവുന്ന റോക്കോസ് പക്ഷക്കാരോട് സാഹോദര്യത്തിന്റെയും ക്രൈസ്തവിക സവിശേഷതയുടെയും അനുരഞ്ജനത്തിൽ ചാവറ നിന്നത് യഥാർത്ഥ അനുരഞ്ജകനായ ഈശോമിശിഹായിൽ വിശ്വസിച്ച ആധികാരികതയാലാണ്.

തനിക്കെതിരെ കേസ് കൊടുത്ത മുട്ടുചിറക്കാരനോടു ചാവറ ക്ഷമിച്ചതും അദ്ദേഹത്തിനു സഹായമെത്തിക്കാൻ മരണശാസനത്തിൽ നിർദ്ദേശിച്ചതും അനുരഞ്ജന സ്വഭാവമുള്ളതാണ്.[111] അനുതപിച്ചു വന്ന തൊണ്ടനാട്ട് അന്തോനി അച്ചനെ ചാവറ മാന്നാനത്തു സ്വീകരിച്ചത് സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ കരുണയുള്ളവനായതാണ് (ലൂക്ക. 6:30).[112] റോക്കോസ് മെത്രാനോടു സുവിശേഷസാഹോദര്യം പുലർത്തിയ ചാവറ അദ്ദേഹത്തോടു ചേർന്നു നടന്ന പട്ടക്കാരോട് അനുരഞ്ജനത്തിന്റെ വഴി സ്വീകരിച്ചത് ക്രൈസ്തവികതയുടെ ആധികാരികതയാണ്.[113] ചാവറയുടെ ചാവരുൾ എന്തുപറയുന്നു: "നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമെയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷം പേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നുശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരുപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും തമ്മിൽ തമ്മിൽ അറിവും ചർച്ചയുമില്ലാത്തവരും ചെയ്യുന്നതിലധികം നീ എന്തുചെയ്യുന്നു[114] (മത്താ. 5:43 ff).

ചാവറ ഒരു അനുരഞ്ജകനായിരുന്നു എന്നത് വീരോചിതമായി തെളിയുന്നത് നസ്രാണി ലത്തീൻ സഭകളുടെ അനുരഞ്ജകനായതിലാണ്. 1599-ലെ ഉദയം പേരൂർ സൂനഹദോസ്വരെ തീർത്തും പൗരസ്ത്യമായിരുന്ന നസ്രാണി സഭ വിദേശമിഷനറിമാരുടെ വരവോടെ ലത്തീനീകരിക്കപ്പെട്ടുതുടങ്ങി. ഈ ലത്തീനീകരണ പ്രക്രിയകളിൽ

റോമായും ബാബേലും തമ്മിലുള്ള മത്സരം നിർണ്ണായകമായിത്തീർന്നു. ചാവറ ഈ അപകടസന്ധിയിൽ കേപ്പായുടെയും പൗലോസിന്റെയും ഏറ്റുമുട്ടലിനു (നട. 15:6 ff). സദൃശം നസ്രാണി തനിമക്കാരെയും ലത്തീൻ പ്രേമികളെയും കണ്ടു. എന്നാൽ അന്നു നിലവിലിരുന്ന റോമൻ അധികാരം ശ്ലൈഹിക പിൻതുടർച്ച എന്ന് 9-ാം പീയൂസ് പാപ്പാ പ്രഖ്യാപിച്ചതു വഴി ചാവറ അനുരഞ്ജകനെന്ന നിലയിൽ പ്രവർത്തിച്ചു തുടങ്ങി. ചാവറയെ മെത്രാനാക്കാൻ ഒരുങ്ങിയ വൈദേശിക മേലധ്യക്ഷ ക്രമം,[115] പരിശുദ്ധാത്മവിവേചനത്തിനു ചേരാത്ത വിധം ചാവറയെ അയോഗ്യനാക്കിയിട്ടും[116] ദുഷ്ടന്മാരുടെ മേലും ശിഷ്ടൻമാരുടെമേലും സൂര്യനെ ഉദിപ്പിക്കുകയും ധാർമ്മികരുടെ മേലും അധാർമ്മികരുടെ മേലും മഴപെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവിന്റെ മകനെന്ന നിലയിൽ (മത്താ. 5:45) ചാവറ അനുരഞ്ജനത്തിന്റെ ആധികാരികത പ്രകടമാക്കി. അന്നു ചാവറ പുലർത്തിയ അനുരഞ്ജനത്തിന്റെ മാർഗ്ഗമാണ് നസ്രാണി സഭ ആധുനിക കാലത്ത് ഇത്രമാത്രം വികസിക്കുവാൻ ഇടയാക്കിയത്. ചരിത്രത്തിൽ ചാവറ നിർവ്വഹിച്ച ദൗത്യം അദ്ദേഹത്തെ ആധുനിക സീറോ മലബാർ സഭയുടെ ശ്ലീഹാ എന്ന അപരനാമത്തിന് അർഹനുമാക്കി. കാതലിനെ തകർക്കാതെ ആഗന്തുകങ്ങളായ ഭക്താനുഷ്ഠാനങ്ങൾ തുടങ്ങിയത് നസ്രാണി സഭാ തനിമയ്ക്കു വിഘാതമെന്നു പറയുന്നതിൽ തെറ്റില്ല. പക്ഷെ അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ച ചാവറ നസ്രാണി തനിമയെ അനുരൂപണത്തിന്റെ തലത്തിൽ നിലനിറുത്തുന്നവനായിരുന്നു.[117]

ചാവറ ആധുനിക യുഗത്തിലെ ഒരു ശ്ലീഹാ എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ സിദ്ധിയും ഒരു നിർണ്ണായകഘടകമാണ്. മാമ്മോദീസാ പൂർണ്ണതയുടെ കൂദാശ, പൗരോഹിത്യം എന്നീ ദൈവാരാധനാഘടകങ്ങൾ വഴി അഭിഷിക്തനായ ചാവറ സന്ന്യാസ വ്രതം വഴിയും സൈദ്ധിക നിലയിൽ നിയുക്തനായി. വികാരിജനറാൾ, വൈദികന്മാരുടെ

മല്പാൻ തുടങ്ങിയ പ്രത്യേക നിയോഗിക്കലുകളും ക്രൈസ്തവികതയുടെ സ്ഥൂലീകരണമാണ്. ഇവയ്ക്കെല്ലാം പുറമെ ദൈവജനത്തിന്റെ സർവ്വതോന്മുഖമായ പടുത്തുയർത്തലിനായി ചാവറ സഭയിലൂടെ നിയോഗിക്കപ്പെട്ടതാണ് ആധുനിക കാലത്തെ ക്രൈസ്തവ സ്വഭാവം വ്യക്തമാക്കുന്നത്. ഈ സവിശേഷതയുടെ പ്രകാശനങ്ങളാണ് ചാവറയെ താഴെ വരുന്നവർ വിശേഷിപ്പിക്കുന്നത്: "എത്രയെത്ര അപ്പസ്തോലിക ക്രൈസ്തവിക നന്മകളാണ് അദ്ദേഹത്തിന്റെ സമർത്ഥനേതൃത്വത്തിൽ അഥവാ ചൈതന്യധാരയിൽ വന്നിട്ടുള്ളത്" (യോഹന്നാൻ പൗലോസ് ദ്വിതിയൻ പാപ്പാ). "പാപബോധത്തിന്റെ ഗൗരവപൂർണ്ണമായ അഭാവമുള്ള ആധുനിക ലോകത്തിന് ഇക്കാര്യത്തിൽ അദ്ദേഹം ഒരു ചോദ്യചിഹ്നമാണ്" (കർദ്ദിനാൾ പീറ്റർ പലസ്സീനി).[118]

ദൈവജനം ദൈവവുമായി സംഗമിച്ചതിൽ ഒരു കൂദാശ എന്നപോലെ ചാവറ നിരവധി സംഭവങ്ങളുടെ ആരംഭകനായത് അദ്ദേഹത്തിന്റെ സൈദ്ധിക ക്രൈസ്തവികതവഴിയാണ്."[119]

ചാവറയുടെ ക്രൈസ്തവിക സവിശേഷത, സഭയെ കാലദേശത്തിനനുസൃതം വികസിപ്പിക്കുന്നതിൽ മിശിഹായുടെയും ക്രൈസ്തവിക സഭയുടെയും ആധികാരികതുടർച്ചയായി അദ്ദേഹം നിലകൊണ്ടു എന്നതാണ്.[120] ചാവറ ആധുനിക മനുഷ്യരെ, ക്രൈസ്തവിക വിശ്വാസത്തിലും ക്രൈസ്തവിക ദൗത്യത്തിലും സഭാതനയരായി രൂപപ്പെടുത്തി. ആധികാരികതയിലും പിൻതുടർച്ചയിലും മെത്രാൻ സഭയോടു ചേർന്ന നിർണ്ണായക ഘടകമാണ്. ചാവറ ചെയ്തതെല്ലാം സാർവത്രിക സഭയുടെയും വ്യക്തിസഭയുടെയും ക്രൈസ്തവിക പിൻതുടർച്ചാ ചൈതന്യത്തിലായിരുന്നതുകൊണ്ടാണ് യോഹന്നാൻ പൗലോസ് ദ്വിതീയൻ പാപ്പാ അതിനെ "ക്രൈസ്തവിക നന്മ" എന്നു വിശേഷിപ്പിച്ചത്.[121] 2000 വർഷത്തെ പാരമ്പര്യമുള്ള നസ്രാണി സഭയെ ക്രൈസ്തവിക പിൻതുടർച്ചയിൽ ഇന്നത്തെ നിലയിലെത്തിച്ച ശ്ലീഹാ എന്നു ചാവറയെ വിശേഷിപ്പിക്കാം.

XI:14 ദ്വിതീയ എദേസ്സാ

ചരിത്രത്തിൽ സംഭവിച്ച വലിയൊരു മാറ്റമായിരുന്നു ചാവറയെ മാന്നാനത്തു നിന്നും കൂനമ്മാവിനു മാറ്റിയത്. ചാവറ മാന്നാനത്തു നില്ക്കുകയും നസ്രാണികൾ ഒന്നിച്ചു നിന്ന് പുരാതന നസ്രാണി വ്യക്തി സഭയെ തനിമയാർന്നതാക്കിത്തീർക്കുകയും ചെയ്തിരുന്നെങ്കിൽ എദേസ്സായിലെ സഭയുടെ ആധുനിക വികാസവും ഭാരത സഭയുടെ കേന്ദ്രവുമായിത്തീരുമായിരുന്നു മാന്നാനം. എദേസ്സായിലെ സുറിയാനിസഭയും ഭാരതത്തിലെ നസ്രാണിസഭയും സമകാലികമായ ശ്ലൈഹികസഭകളും മാർത്തോമ്മാ ശ്ലീഹായുടെ പിതൃത്വമംഗീകരിക്കുന്നതുമാണ്. ആദ്യമായി എദേസ്സായിലെ സഭയെക്കുറിച്ചു ചർച്ചചെയ്യാം.

ശ്ലൈഹികസഭയിൽ ശ്ലീഹന്മാരുടെ കൂദാശക്രമം രൂപം കൊണ്ടത് പൗരസ്ത്യ സുറിയാനി വ്യക്തിസഭയുടെ ഒരു കേന്ദ്രമായിരുന്ന എദേസ്സായിലാണ്.[122] ബി.സി. 136-ൽ രൂപം കൊണ്ട ഒഷറൊന്നെയുടെ തലസ്ഥാനമാണ് എദേസ്സാ. മെശയാനിക പ്രതീക്ഷയിൽ കഴിഞ്ഞിരുന്ന യഹൂദരും മറ്റും അധിവസിച്ചിരുന്ന എദേസ്സായിൽ മിശിഹാനുയായികൾ സംസാരിച്ചിരുന്ന ഭാഷയാണ് സുറിയാനി. ഈശോയ്ക്ക് പോകുവാനുണ്ടായിരുന്ന സ്ഥലത്തെല്ലാം ശ്ലീഹന്മാർ പോകേണ്ടിയിരുന്നു. എന്നാൽ തോമ്മാശ്ലീഹാ എഴുപത്തിരണ്ടു ശിഷ്യരിലൊരുവനായ അദ്ദായിയെ എദേസ്സായിലേയ്ക്കയച്ചു. തോമ്മാശ്ലീഹാ ഭാരതത്തിലേക്കും പോന്നു. എദേസ്സായിൽ റോമൻ ഭരണം വരുന്ന 216 -നു മുമ്പ് സ്വതന്ത്രമായ ഒരു സഭാതനിമ സെമറ്റിക് സുറിയാനി ശ്ലൈഹിക വ്യക്തിത്വത്തോടെ രൂപം കൊണ്ടു.[123] സുറിയാനി സഭയുടെ പിതാവായ മാർ അപ്രേം സുറിയാനി വ്യക്തി സഭയ്ക്കു സദാ പ്രതിഭയാർന്ന വിശുദ്ധഗീതം പ്രദാനം ചെയ്ത ആളാണ്. മാർ അഫ്രാറ്റസ് സുറിയാനി സഭയ്ക്കു ദാനം ചെയ്ത വലിയ നിധി സഭാത്മകമായ താപസികതയാണ്.[124] യഹൂദ പാരമ്പര്യത്തിൽ അത്ര പ്രകടമല്ലാത്ത കന്യത്വജീവിതം പൗരസ്ത്യ

സുറിയാനി സഭയുടെ സംഭാവനയാണ്. ഈ പ്രസ്ഥാനമാണ് ക്രമേണ യവന പശ്ചാത്തലത്തിൽ വ്യവസ്ഥാപിതമാകുകയും അവസാനം പാശ്ചാത്യനാടുകളിലേക്ക് വ്യാപിക്കുകയും ചെയ്തത്.[125] മെശയാനിക സഭയുടെ തനിമ ആശ്രമികത്വത്തിൽ ഊന്നിനില്ക്കുന്നുവെന്ന് ആദിമ സഭയുടെയും അപ്രേം, അഫ്രാറ്റസ് തുടങ്ങിയ പിതാക്കന്മാരുടെയും മാർത്തോമ്മാശ്ലീഹായുടെയും മറ്റും ജീവിതസാക്ഷ്യം വ്യക്തമാക്കുന്നു. ഓറെശ്ലെത്തുനിന്നു വികസിച്ച സഭയാണു കൊടുങ്ങല്ലൂർ വഴി ഭാരത ത്തിലും പ്രവേശിച്ചത്; അതും സന്ന്യാസ സവിശേഷതയോടെ.[126]

1830 കളിൽ ചാവറയും കൂട്ടരും വാച്ചവനവാസവും, തപസുഭവന വും, ദർശനവീടും ഒക്കെ ചിന്തിച്ചതിൽ സുറിയാനി ഭാഷയും മറ്റും പൈതൃകമായി കാത്തു സൂക്ഷിച്ച ചാവറ ഭാരതത്തിലെ ആശ്രമ ജീവി തത്തെക്കുറിച്ച്[127] ഒരറിവും ഇല്ലാത്തവൻ ആയിരുന്നോ? പ്രാരംഭ നിവേ ശനത്തെ രൂപപ്പെടുത്തുന്നതിൽ കർമ്മെലീത്തരുടെ ഇടപെടൽ ഇല്ലാ യിരുന്നുവെങ്കിൽ ഭാരതത്തിലെ ഏതദ്ദേശീയ ആശ്രമ പാരമ്പര്യത്തിന്റെ[128] അധുനാതനീകരിക്കപ്പെട്ട രൂപമാകുമായിരുന്നില്ലെ മാന്നാനം ആശ്രമം.[129]

വളരെ ഗൗരവമേറിയ ഒരു ചോദ്യമാണിവിടെ ഉദിക്കുന്നത്: "കേരളത്തിന്റെയും ഭാരതത്തിന്റെയും തനതാത്മകതയും സ്വയം പര്യാപ്തതയും ആർഷഭാരതത്തിന്റെ ഋഷിപരതയും സുറിയാനി വിശ്വാസത്തിന്റെ ആശ്രമികത്വവും എങ്ങനെ കൈകോർക്കണം?"[130] തപസുഭവനം രണ്ടിനേയും ഒന്നായിക്കാണുന്ന ദർശനവീടാണ്; വാച്ചവന വാസവും രണ്ടിനെയും സമന്വയിപ്പിക്കുന്ന ദാർശനികതയാണ്.[131] മാന്നാനം മേല്പറഞ്ഞ രണ്ടു ദാർശനികതയുടെ എദേസ്സായാണ്. പക്ഷെ ഇന്നങ്ങനെയല്ല. "അവനെ ക്രൂശിച്ചു."[132] "അവൻ മഹത്വീകൃതനായി."[133] "എന്നാൽ ഇനിയും മഹത്വീകരിക്കപ്പെടേണ്ടതുണ്ട്."[134]

മതാത്മകമായി തനതാത്മകതയും സ്വയം പര്യാപ്തതയുമുള്ള നാടായിരുന്നു ഭാരതം. എന്നാൽ വൈദേശിക കൊളോണിയലിസം ഭാരതത്തെ ഇന്നും അടിമത്തത്തിൽ നിലനിറുത്തുന്നു.

സുറിയാനി സഭ തനതാത്മകതയും സ്വയം പര്യാപ്തതയുമുള്ളതായിരുന്നു. എന്നാൽ സാർവ്വത്രികമായും ഭാരതീയമായും അതു വൈദേശികാധിപത്യത്തിൽ ഇന്നും ഞെരിയുന്നു. അധികാരത്തിന്റെയും ധനത്തിന്റെയും അപ്പക്കഷണങ്ങൾ കടിച്ച് പ്രതിരോധശക്തിയില്ലാത്ത അവസ്ഥയിൽ കഴിയുന്നു. മാന്നാനത്തു നിന്നും ചാവറയച്ചനെ കൂനമ്മാവിനു കൊണ്ടു പോയത് പ്രതീകാത്മകത്വമുള്ളതാണ്. കൂനമ്മാവും വരാപ്പുഴയും വിദേശ മിഷനറിമാർക്കുള്ള നികേതനങ്ങളായിരുന്നു. കൂനമ്മാവിലേക്കു മാറേണ്ടിവന്ന ചാവറ സഭാത്മകമായി ക്രൂശിക്കപ്പെട്ടു.[135] വൈയക്തികമായി അദ്ദേഹം സദ്ഗുരുവായ ഈശോയെ അനുഗമിച്ച് ദൈവതിരുമനസ്സും ദൈവപരിപാലനയും വിദേശ മിഷനറിമാരിലൂടെ കണ്ടെത്തി.[136] എന്നാൽ ചാവറയുടെ അനുയായികളും നസ്രാണി സഭയും കാനൻ നിയമത്തിന്റെ ബലത്തിൽ വിമോചിതരായി.[137] എങ്കിലും സഭാതനിമയിൽ വിമോചനം നേടിയിട്ടില്ല.

ചാവറയച്ചൻ മാന്നാനത്തു സംസ്കൃത സ്കൂൾ തുടങ്ങിയത് ഭാരതീയ ഋഷിത്വത്തിലേക്കുള്ള ആഭിമുഖ്യമായിരുന്നു. സുറിയാനിയിൽ സഭാതനിമ നിലനിറുത്തുവാൻ പരിശ്രമിച്ചത് ഓറെശ്ലെമിലെ എദേസിയൻ വികാസത്തെ മാന്നാനത്തും വികസിപ്പിക്കുന്നതിനു വേണ്ടിയാകണമായിരുന്നു. അതുകൊണ്ട് ആർഷഭാരത്തിന്റെ സാംസ്കാരിക തനിമയിൽ മെശയാനിക വിശ്വാസത്തിന്റെ ആഘോഷവും അനുഭവവും സമന്വയിപ്പിക്കാതെ മാന്നാനത്തു രൂപം കൊണ്ട നസ്രാണി ആശ്രമികത്വം സുറിയാനി- ഭാരതീയ സന്ന്യാസത്തിന്റെ അവതാരമാകുകയില്ല. ഇതിനുള്ള പ്രായോഗിക സമീപനം ദേശീയോദ്ഗ്രഥനവും അന്തർദ്ദേശീയ പ്രവാചകത്വവുമാണ്. ഇവിടെ ദേശീയ ഉദ്ഗ്രഥനമെന്നത് ആശ്രമികത്വത്തിന്റെ തനതാത്മകതയാണ്. അതായത് വിശ്വാസത്തിന്റെ നിദർശനമാകണം ആശ്രമ ജീവിതം. ഇതു ഭാരതീയ സുറിയാനി പാരമ്പര്യത്തിലുണ്ട്. എന്നാൽ വൈദേശിക സന്ന്യാസ പ്രസ്ഥാനം ഘടനാത്മകവും നൈയ്യാമിക ഊന്നൽ ഉള്ളതുമാണ്. ഭാരതീയ സുറിയാനി സന്ന്യാസമാകട്ടെ അനുഭവപരവും പ്രവാചകത്വപരവുമാണ്.

മാർത്തോമ്മായുടെ ശവകുടീരത്തിലുണ്ടായിരുന്ന ആശ്രമവും ഇടപ്പള്ളി, അങ്കമാലി, കുറവിലങ്ങാട് ആശ്രമ പ്രസ്ഥാനങ്ങളും 17-ാം നൂറ്റാണ്ടിൽ ഗീവർഗീസ് അർക്കദിയാക്കോൻ നവീകരിച്ചത് ചാവറയും കൂട്ടരും അധുനാതനീകരിക്കുവാൻ നോക്കി. പുനരുദ്ധരിക്കുകയും നവീകരിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യണമെന്നല്ലേ രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് സഭാതനയരോടാവശ്യപ്പെട്ടത്.[138]

"അമലോത്ഭവമറിയത്തിന്റെ ദാസന്മാർ" എന്ന പേരിൽ 1831-ൽ തുടക്കം കുറിച്ച ഇന്നത്തെ സി.എം.ഐ. സഭയാണ് 1620-കൾക്കു ശേഷമുണ്ടായ ഭാരതത്തിലെ ഏതദ്ദേശീയ സഭ.[139] ഇന്ന് ആരെങ്കിലും ആദ്യത്തെ ഏതദ്ദേശീയ ആശ്രമമെന്നോ, സന്ന്യാസമെന്നോ വിശേഷിപ്പിച്ചാൽ അത് ചരിത്ര വസ്തുതകൾക്കു നിരക്കാത്തതാകും. മാർത്തോമ്മാ ശ്ലീഹായുടെ നസ്രാണിമക്കൾ തുടങ്ങിയിട്ടുള്ള ആശ്രമ പ്രസ്ഥാനം അതിൽ തന്നെ ഏതദ്ദേശീയമായതാണ്. പോരൂക്കര, പാലയ്ക്കൽ, ചാവറ വൈദികന്മാരുടെ ആശ്രമ പ്രസ്ഥാനത്തെക്കുറിച്ച് റോമൻ ഈടുവയ്പിൽ നിന്നുള്ള രേഖയുടെ ആരംഭത്തിൽ ചില ചരിത്രവസ്തുതകൾ അവർ നൽകിയിട്ടുണ്ട്. അവയുടെ ചുരുക്കം താഴെകൊടുക്കുന്നു: "പാലയ്ക്കൽ, പോരൂക്കര, ചാവറ എന്നീ വൈദികർ സ്തബലീനിയുടെ കാലത്തു ജീവിച്ചിരുന്നത് ഡൊമിനിക്കൻ സഭയുടെ ജീവിതക്രമത്തിലായിരുന്നു. മൂന്നു വികാരിഅപ്പസ്തോലിക്കാമാരുടെ കാലത്തും അവർ സമാധാനമായി ജീവിച്ചിരുന്നു. കർമ്മെലീത്താ നിയമങ്ങളെ, ചിലമാറ്റങ്ങളോടെ, ബർണർദീനോസ് അവർക്കു കൊടുത്തു. അമലോത്ഭവമറിയത്തിന്റെ ദാസന്മാർ" എന്നാണു ആ നിയമങ്ങൾ കൊടുക്കയിൽ അവരെ വിളിച്ചിരുന്ന പേര്. ഇനി എഴുത്തിലെ ചില വരികൾ ലത്തീനിൽ നിന്ന് പരിഭാഷപ്പെടുത്തിക്കൊള്ളട്ടെ: "ഭക്തിയുള്ളതും എല്ലാ വിശ്വാസികളുടെയും ബഹുമാനം നേടിക്കഴിഞ്ഞതുമായ പ്രസ്തുത വൈദിക സമൂഹം അത്ഭുതകരമായി വളരുന്നതുകണ്ടു

ബർണർദീനോസും മിഷനറിമാരും അതിനെ തന്റെ അധികാരത്തിൻ കീഴിൽ നിർത്തുന്നതിനും ഒരു നവ അടിമകളായി (quasi in mancipiumne) തങ്ങൾക്കു കീഴ്പ്പെടുത്തുന്നതിനും നിശ്ചയിച്ചു. ഈ ലക്ഷ്യത്തോടെ ഞങ്ങളെ കർമ്മെലീത്ത സഭയിൽ സ്വീകരിക്കുമെന്ന ഭാവത്തോടും കപടവാഗ്ദാനത്തോടും കൂടെ (Praetenter et fictis promissionibus) കർമ്മെലീത്താ നിയമം നൽകി. ഇപ്പോഴാകട്ടെ ഞങ്ങളുടെ പേരു മൂന്നാം സഭക്കാർ എന്നാണ്. ഒന്നാം സഭയുടെ നിയമങ്ങളും ആ സഭയിലെ സന്ന്യാസികൾക്കില്ലാത്ത കഠിനാനുഷ്ഠനങ്ങളും ഞങ്ങൾ പാലിക്കണം താനും." അവരുടെ തന്നെ മുകളിൽ നൽകിയ വാക്കുകൾ ഉദ്ധരിച്ചിട്ടു ചരിത്രത്തിന്റെ ചുരുക്കം തുടർന്നുകൊള്ളട്ടെ: "അവർക്കു നൽകപ്പെട്ട നിയമം അവരുടെ ഉദ്ദേശ്യത്തിനു പറ്റിയതായിരുന്നില്ല. കാരണം ആ പിതാക്കന്മാർ അമലോത്ഭവ മറിയത്തിന്റെ ഹൃദയം വഴി നടന്ന അത്ഭുതങ്ങളും പാപികളുടെ മാനസാന്തരവും കേട്ട് അമലോത്ഭവമറിയത്തിന്റെ ഹൃദയത്തിന്റെ സഭ സ്ഥാപിക്കുവാനും അങ്ങനെയുള്ള പേര് എടുക്കുവാനുമായിരുന്നു ആഗ്രഹിച്ചിരുന്നത്. എന്നാൽ അവർക്കു ലഭിച്ച കർമ്മെലീത്താ നിയമങ്ങളെ നിരാകരിക്കുവാൻ അവർക്കു മനസ്സുവന്നില്ല. കാരണം ഡൊമിനിക്കൻ രീതിയിലുള്ള സഭയെയോ അമലോത്ഭവ മറിയത്തിന്റെ ഹൃദയത്തിന്റെ സഭയെയോ സംബന്ധിച്ച് അവർക്കുണ്ടായിരുന്ന ലക്ഷ്യത്തിലെത്താൻ മാർഗ്ഗമൊന്നുമില്ലായിരുന്നു."

ഏതദ്ദേശീയമായി സുറിയാനിക്കാരായി ആശ്രമ ജീവിതം ആഗ്രഹിച്ചിരുന്നവരെ വ്യതിചലിപ്പിച്ചതിനെക്കുറിച്ചു കൂടുതൽ തെളിവുകൾ: "സുറിയാനിക്കാരെ വൈദികർ എന്നതിനെക്കാൾ വേലക്കാരെയെന്നപോലെ ഭരിക്കുവാനാണ് അവർ നോക്കുന്നത് എന്നും അവർ കൂട്ടിച്ചേർത്തിട്ടുണ്ട്..... സുറിയാനിക്കാർക്കാകട്ടെ അതിനു അനുവാദമില്ല. മാന്നാനത്തുള്ള ഞങ്ങളുടെ യുവവൈദികർക്കു ഇംഗ്ലീഷുഭാഷ

പഠിക്കുന്നതിനു ഏറ്റം പറ്റിയ അവസരവും കൂടുതൽ എളുപ്പമായ മാർഗ്ഗങ്ങളും കിട്ടിയപ്പോൾ ആർച്ചുബിഷപ്പിനോടു മേലധികാരി വഴി പ്രസ്തുത പഠനത്തിൽ അനുവാദം ചോദിച്ചു. എന്നാൽ അതു കിട്ടിയില്ല..... അറിവു നിങ്ങൾക്കു ആവശ്യമുള്ളകാര്യമല്ലെന്നല്ല ഉപദ്രവകാരികൂടിയാണ്. ഇംഗ്ലീഷുഭാഷ പഠിക്കാനാഗ്രഹിക്കുന്നയാൾ നയിക്കപ്പെടുന്നതു നല്ല അരൂപിയാലല്ല. അതിനാൽ നിങ്ങൾക്കു അതിനു അനുവാദമില്ല. നിങ്ങൾക്കു താഴ്മ മതിയാകും."[140]

അമലോത്ഭവ മറിയത്തിന്റെ ദാസന്മാർ ആഗ്രഹിച്ചിരുന്നതും അഭ്യസിച്ചിരുന്നതുമായ ജീവിതശൈലിക്കു ചേരാത്ത കർമ്മെലീത്താ നിയമം 1855-ൽ ബർണർദീനോസ് കൊടുത്തപ്പോൾ വരുത്തിയ മാറ്റം "ഓറെശ്ലെം എന്നതിനുപകരം നാം ബർണർദീനോസ് എന്നും ബ്രൊക്കാർദിനും എന്നതിനുപകരം ചാവറകുരിയാക്കോസ് എന്നും, ഏലിയായുടെ ഉറവയ്ക്കു സമീപം എന്നുള്ളിടത്തു 'മാന്നാനത്തു വി. യൗസേപ്പിന്റെ ആശ്രമത്തിൽ' എന്നുമായിരുന്നു എഴുതിയത്."[141]

ഓറെശ്ലെമിന്റെയും എദേസ്സായുടെയും പശ്ചാത്തലമുള്ള മാന്നാനത്തെ അമലോത്ഭവമറിയത്തിന്റെ ദാസസംഘത്തെ കർമ്മെലയോട് ബന്ധപ്പെടുത്തിയ രീതിയാണ് ഇവിടെ കാണുന്നത്. വീണ്ടും മാന്നാനത്തെയും അവഗണിച്ചു കൂനമ്മാവാക്കിയതും നാം കണ്ടു കഴിഞ്ഞു. സഭാപരമായ വൈദേശികശക്തിക്കു കീഴ്പ്പെട്ടതിന്റെ ഫലം എന്തെന്നു പൂർവ്വികർ തന്നെ പറയുന്നു: "ഞങ്ങൾക്കു കർശനമായി നിഷിദ്ധമായതു ലത്തീൻകാർക്കു അനുവദിച്ചിരുന്നു..... ഇത്തരം പ്രവർത്തനരീതിയിൽ നിന്നും നിയമങ്ങളിലെ വാചകങ്ങളിൽ നിന്നും ഞങ്ങളുടെ സഭയുടെ പ്രധാനലക്ഷ്യമായി അവർ കരുതുന്നത് ദൈവശുശ്രൂഷക്കും ആത്മരക്ഷക്കും പകരം ശീമക്കാരായ മിഷനറിമാർക്കു ചെയ്യുന്ന ശുശ്രൂഷയും ആരാധന (cults) യുമാണെന്ന് സ്പഷ്ടമായി തോന്നിപ്പോകുന്നു."[142]

അധികം വെളിച്ചം കാണാതെ കിടന്ന ചില സത്യങ്ങളാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ചാവറയച്ചൻ കീഴ്വഴക്കത്തിന്റെയും ദൈവപരിപാലനയുടെയും ചൈതന്യത്തിൽ എല്ലാം സ്വീകരിച്ചു. അത് അദ്ദേഹത്തിനു നന്മയ്ക്കായി ഭവിച്ചു. എന്നാൽ അതുവഴി വിദേശീയർ ചുമത്തിയ സ്ഥാപിതതാത്പര്യങ്ങളുടെ ബന്ധനം അഴിച്ച്, സ്വതന്ത്രമായ വളർച്ച സി.എം. ഐ. സമൂഹത്തിനും നസ്രാണി സഭയ്ക്കുമുണ്ടാകണമെങ്കിൽ മാർത്തോമ്മായിൽ നിന്നു ലഭിച്ച വിശ്വാസശൈലിയിൽ ഉറച്ചുനിന്ന് സുറിയാനി ആരാധനാക്രമത്തിന്റെ പുനരുദ്ധാരണവും അധുനാതനീകരണവും പരിഷ്ക്കാരവും നടത്തണം. പക്ഷെ പാരമ്പര്യത്തിൽ വന്നുകൂടിയ ശീമആരാധന മാറിക്കിട്ടുമോ? ഏതായാലും ചാവറയുടെ ആധ്യാത്മികതയിലേക്കു കടന്നു ചിന്തിക്കുമ്പോൾ ദൈവിക പുണ്യങ്ങളുടെ സാക്ഷ്യം ഉണ്ടെന്നു സമ്മതിക്കണം.



XII

ദൈവസ്നേഹം

XII ദൈവസ്നേഹം

മുകളിൽ ചർച്ച ചെയ്ത വിഷയം പ്രധാനമായും കേന്ദ്രീകൃതമായത് മൂന്നു കാര്യങ്ങളിലാണ്. ഒന്നാമത്തേത് നസ്രാണി സഭാഗാത്രത്തിന്റെ അനന്യത- ഓറെശ്ലെം, എദേസ്സാ സഭാപാരമ്പര്യത്തിൽ അധിഷ്ഠിതമായതും മാന്നാനം കേന്ദ്രമായി സജീവമായതും. രണ്ടാമത്തേത് ഓറെശ്ലെം എദേസ്സാ ആശ്രമികത്വസിദ്ധി ഏതദ്ദേശീയമായി മാന്നാനത്തു രൂപപ്പെട്ടതിനെ വിദേശ മിഷനറിമാർ അവരുടെ സ്ഥാപിതതാത്പര്യത്തിനനുസൃതം തിരിച്ചു വിട്ടത്. മൂന്നാമത്തെ സംഗതി അമലോത്ഭവ മറിയത്തിന്റെ ദാസന്മാരിൽ മേല്പറഞ്ഞതിന് എതിരായ നീക്കമുണ്ടായിരുന്നുവെങ്കിലും റോമായോടുള്ള ചാവറയുടെ വിശ്വസ്തത അതിനെ ദൈവപരിപാലനയായി കാണുകയും അംഗീകരിക്കുകയും ചെയ്തത്. സഹനത്തിന്റെയും വിശ്വാസത്തിന്റെയും സുകൃതങ്ങളിലൂടെയാണ് ചാവറ മേല്പറഞ്ഞ വൈദേശികാധിപത്യത്തിനു കീഴ്പ്പെട്ടത്. വിശ്വാസവും പ്രത്യാശയും ചാവറയെ ദൈവസ്നേഹത്തിലേക്കു നയിച്ചുവെന്നത് ഇവിടെ ചർച്ച ചെയ്യുന്നു.

1830 കളിൽ ചാവറയച്ചൻ പാലക്കൽ മല്പാനച്ചന്റെ ശിക്ഷണമനുസരിച്ചു നീങ്ങിയിരുന്ന ആളായതിനാൽ കൂടുതൽ യുക്തിപൂർവ്വം കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി അതനുസരിച്ചു നീങ്ങി. അതുകൊണ്ടാണ് പ്രംസീസ്ക്കോസ് സേവ്യർ മെത്രാൻ ചാവറയെ കൂനമ്മാവിനു മാറ്റിയപ്പോൾ മാന്നാനത്തു തന്റെ സാന്നിധ്യം ആവശ്യമുള്ള വിവരം ചാവറ അറിയിച്ചത്. എന്നാൽ സംഭവിച്ചതു ഇപ്രകാരമാണ്: "അപ്പോൾ ആ മുഷ്കരത്വത്തിന്റെ അവസ്ഥ പ്രകാരം തിരിഞ്ഞുകൊണ്ടു തന്റെ തന്നിഷ്ടം പോലെ ബോധിച്ചിടത്തു നടക്കണം. മേല്പട്ടക്കാരന്റെ ചൊൽവിളി പിടിച്ചില്ലയോ? എന്നും കുറെ കർശിച്ചു കല്പിച്ചതിനാൽ ഭയപ്പെട്ട് കല്പന അനുസരിച്ചു പോന്ന് പള്ളിപ്രത്തു പാർത്തു ആ വികാരിത്വം നടത്തി."[1]

വിദേശ മിഷനറിമാരുടെ സ്വഭാവം മുഴുവൻ പരിചയപ്പെടാതിരുന്നതിനാൽ എന്നപോലെ മെത്രാനച്ചനോടു ശിശുക്കളെപ്പോലെ വീണ്ടും വീണ്ടും മാന്നാനത്തിനു പോകണമെന്നു ചാവറ പറഞ്ഞു. മറുപടി മെത്രാനച്ചനിൽ നിന്നും: "ഈ എന്റെ വകതിരിവില്ലാത്ത ഉത്തരം കേട്ടപ്പോൾ പെ.ബ. അച്ചൻ സ്വരം പുറപ്പെടുത്തിക്കൊണ്ടു കസേരയോടുകൂടി തിരിഞ്ഞു. ഞാൻ അധികം ഭയപ്പെട്ടു പോയി. അപ്പോൾ പിതാവിനടുത്ത ഉപവിയോടുകൂടെ കല്പിച്ചു. താൻ ചെറുപ്പം ഇങ്ങനെയോ മേല്പട്ടക്കാരുടെ മുമ്പിൽ ഉത്തരിക്കേണ്ടുന്നത്. തന്റെ മനസ്സുപോലെ നടക്കണം. ആ....ആ....ഇതിനോ പട്ടമേറ്റത്? ഇപ്പോൾത്തന്നെ മുടക്കുവാൻ ആവശ്യം. പോ....പോ.... എന്നുള്ള കല്പന കേട്ടു ഞാൻ ഭയപ്പെട്ടു മുട്ടുകുത്തി കൈമുത്തി ഇറങ്ങുകയും ചെയ്തു. എന്റെ അറിവുകേടും കൊവേന്ത ഉണ്ടാകണമെന്ന താല്പര്യവും കൊണ്ടത്രേ ഇങ്ങനെ പറയുന്നതെന്നു നിരൂപിച്ചു."[2] ചാവറയച്ചന് 27 വയസ്സുള്ളപ്പോൾ സംഭവിച്ച മേല്പറഞ്ഞ അനുഭവം ചാവറയെ കൂടുതൽ അനുതാപിയാക്കി. പശ്ചാത്തപിച്ച് വിശ്വാസത്തിന്റെ നിഗൂഢതയിലേക്കു കൂടുതൽ കൂടുതൽ ഇറങ്ങിച്ചെന്നു.

വർഷങ്ങൾ പിന്നിട്ട ചാവറ തന്റെ അമ്പതുകളിൽ, വൈദേശിക അധികാരത്തെ റോമായോടുള്ള ബന്ധത്തിന്റെ മാധ്യമമായി കണ്ടു തുടങ്ങി. തുടർന്നു വിദേശീയനായ ലെയോപ്പോൾദു മൂപ്പച്ചന്റെ ആധ്യാത്മിക നേതൃത്വം സ്വീകരിച്ച് കർമ്മെലീത്താ മയമായിത്തീർന്നു. വിശ്വാസം പ്രത്യാശയേയും പ്രത്യാശ ദൈവസ്നേഹത്തെയും പുറപ്പെടുത്തുമെന്നത് ചാവറയിലും അന്വർത്ഥമായി. കർമ്മെലീത്താ ധ്യാനരീതിയും ആധ്യാത്മികതയും ചാവറയെ കൂടുതൽ കൂടുതൽ ദൈവസ്നേഹത്തിന്റെ ഉടമയാക്കിത്തീർത്തു.

ചാവറയുടെ ദൈവസ്നേഹം ആവിഷ്കൃതമാകുന്ന മനോഹര രംഗമാണ് അദ്ദേഹത്തിന്റെ ധ്യാനാവസരങ്ങൾ. ദൈവത്തെ സ്നേഹിതരെയെന്നതിനെക്കാൾ തന്മയത്വത്തോടെ അനുഭവിച്ചറിഞ്ഞവനായിരുന്നു

ചാവറ. അദ്ദേഹത്തിന്റെ വാക്കുകൾ: "സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോടൊന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമ്ശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കയത്രേ."[3]

ദൈവസ്നേഹത്തിലേക്കുള്ള ചാവറയുടെ രൂപാന്തരീകരണത്തെക്കുറിച്ചാണ് ഇവിടെ ചർച്ചചെയ്യുവാനുള്ളത്. പ്രധാനമായും രണ്ടു ഘടകങ്ങളാണ് ചാവറയെ ദൈവസ്നേഹത്തിലേക്കാനയിച്ചത്. അവ അനുതാപവും എളിമയുമാണ്.[4]

ആത്മാനുതാപമെന്ന സുവിശേഷാധിഷ്ഠിത താപസികത ചാവറയെ പാപവിമുക്തനാക്കുന്ന രംഗം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ധ്യാനത്തിന്റെ ഒന്നാം ദിവസം പാപപ്പൊറുതിയപേക്ഷിക്കുവാൻ ചാവറ നീക്കി വയ്ക്കുന്നു. ഇവിടെയും ചാവറയുടെ സ്നേഹശൈലിയാണു മുന്നിട്ടു നിൽക്കുന്നത്. ചാവറ പ്രാർത്ഥിക്കുന്നു: "ഈ എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയമണവാളൻ ഈശോമിശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെ ഇനിക്കു സഹായവും തുണയുമായിരിപ്പാനായി മുൻകൂട്ടി നിന്റെ പ്രിയമണവാളന്റെ മുറിയിൽ നീ കടന്നു തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കണമേ."[5]

തുടർന്നുള്ള പ്രകരണങ്ങളിൽ നിന്നും കാണുന്നത്, മാതാവും യൗസേപ്പുതാതനും മനോഗുണത്തിന്റെ അപ്പനായ ഈശോയും അമ്മത്രേസ്യാ, മറിയം മഗ്ദലേനാ, ഈജിപ്തിലെ മറിയം, കൊർത്തേനായിലെ മറിയം തുടങ്ങിയവരെല്ലാം ചാവറയെ സഹായിക്കുവാനുണ്ടെന്നാണ്.[6] തുടർന്ന് അനുതാപിയായ രണ്ടാമത്തെ മകന്റെ സ്ഥാനത്താണു (ലൂക്കാ 15:11-32) ചാവറ നിലകൊള്ളുന്നത്. അധികമായ സ്നേഹത്താൽ നിരവധിയായ പാപം ക്ഷമിക്കപ്പെടും എന്ന ഈശോയുടെ വാക്കുകൾ (ലൂക്കാ 7:47) അനുഭവതലത്തിൽ ചാവറയിൽ

വിളങ്ങിയിരുന്നു. അതുകൊണ്ടാണ് അനുതാപികളുടെ പട്ടികയുമായി ചാവറ ഈശോയെ അപ്പനെന്ന നിലയിൽ കണ്ട് കാൽപ്പാദത്തിലിരുന്ന് അനുഭവിച്ചത്.[7] ചാവറ തന്റെ അനുതാപത്താൽ ഈശോയുടെ മണവാട്ടികളുടെ ഗണത്തിൽ ഉൾപ്പെട്ടു എന്ന അനുഭവമാണു കൈവരിച്ചത്. ചാവറ പ്രാർത്ഥിക്കുന്നു: "എന്നാൽ എന്നെയും നിന്റെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടത്രേ ഇത്ര വലിയ ദു:ഖോഷങ്ങൾ കഴിക്കുന്നത് എന്നുള്ള വിചാരം മാത്രം ഇനിക്കു മതിയല്ലോ."[8] ദു:ഖോഷം എന്ന പ്രയോഗം തന്നെ മൗതികാനുഭൂതിയുടെ ശൈലിയാണ്. "പാപമുള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ" എന്നു ധ്യാനിച്ച ചാവറ അധികമായ സ്നേഹത്താൽ പാപരഹിതനായിത്തീർന്നു.

രണ്ടാമത്തേത് എളിമയുടെ അഭ്യാസമണ്. ഹൃദയക്കണ്ണുകൊണ്ടു ദൈവത്തെ ആരാധിക്കുന്ന ചാവറയുടെ അപേക്ഷയാണിവിടെ ഉള്ളത്. ഹൃദയം മനുഷ്യവ്യക്തിത്വത്തിന്റെ ഇരിപ്പിടമായതിനാൽ ഹൃദയക്കണ്ണ് എന്നത് ദൈവദർശനത്തിനു വേണ്ടി മനുഷ്യനു റൂഹാ നൽകുന്ന ഉൾക്കാഴ്ചയാണ്. ഈ ഉൾക്കാഴ്ച കൊണ്ടാണ് ഈശോ പിതാവിനോടു ബന്ധപ്പെട്ടതായി യോഹന്നാൻ 17:1 ൽ കാണുന്നത്. ചാവറ പ്രാർത്ഥിക്കുന്നു. "ഓ അറുതിയില്ലാത്ത മഹിമ ശോഭനം നിറയപ്പെട്ടിരിക്കുന്ന പരമ പരാപര വസ്തുവായിരിക്കുന്ന സർവ്വേശ്വരാ നിന്നെക്കണ്ട് ഒരുത്തനും ജീവിക്കുന്നില്ലായെന്നു നീ തന്നെ അരുളിച്ചെയ്യുന്നു എന്നു ഞാൻ കേൾക്കുന്നതിൻ വണ്ണം തന്നെ നിന്റെ മഹിമയുടെ വലിപ്പത്തെയും ഞാൻ കാണുന്നുവല്ലോ."[9] ദൈവത്തെ ഹൃദയം കൊണ്ടു ദർശിക്കുന്ന ചാവറ തന്റെ ദയനീയത ചിത്രീകരിക്കുന്നു: "ഈ വണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെ പ്രതി നീ ചെയ്താറെയും അയ്യോ! ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്?"[10]

പുഴുവിനു തുല്യനായ ചാവറ എളിമയുടെ നെല്ലിപ്പലക കണ്ടു കൊണ്ടിരിക്കുമ്പോഴും സ്നേഹത്തിന്റെ അത്യുന്നതാനുഭൂതിയിൽ ലയിക്കുന്നവനെന്ന് അദ്ദേഹത്തിന്റെ പ്രകരണങ്ങൾ പ്രകടമാക്കുന്നു. "ആ മനോഗുണമെ! ആ സ്നേഹമെ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാമായിരുന്നപ്പോൽ ഈ വണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്വാൻ തനിക്കു വശമുണ്ടാമൊ? അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നു എങ്കിലും തന്നോടു ഞാൻ നന്ദികേട് ചെയ്തു. ആ എന്റെ മനോഗുണമുള്ള പിതാവെ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കായിൽ മണ്ണും പുഴുവും ഞാൻ വലുതായി സ്നേഹിച്ചു. ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ചു ഉച്ചയിലും പാതിരാവിലും മഞ്ഞിലും പനിയിലും വെയിലിലും കാട്ടിലും മേട്ടിലും കരയിലും കടലിലും ചുറ്റിത്തിരിഞ്ഞു നടന്ന് എന്നെത്തേടിയ രക്ഷിതാവിന്റെ തൃക്കാലുകളെ, എന്റെ കാലുകളിൽ പിശാചു കെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടു കയറുകളാൽ വരിഞ്ഞു കെട്ടപ്പെട്ട തൃക്കാലുകളേ എന്റെ പിടലിയിൽ ഞാൻ കെട്ടിവച്ച പാപച്ചുമടുകളെ എന്നിൽ നിന്നിറക്കുവാനായി ഭാരപ്പെട്ട കുരിശു മരത്തിനെ മാംസമില്ലാതെ ചതഞ്ഞിരുന്ന തിരുത്തോളിന്മേൽ കരേറ്റിക്കൊണ്ടു ഗാഗുൽത്താ മലയിലുള്ള കൂർത്തു മൂർച്ചിച്ച കടുത്ത പാറകളിൽ ചവുട്ടി നടന്നു നിന്റെ തിരുപ്പാദങ്ങളെയും ഞാൻ കണ്ടിരുന്നാറെയും നിനക്കു വിരോധമായി എന്റെ കാലുകളെ ഞാനിളക്കിയതെങ്ങനെ?"[11]

തേറ്റപ്രകരണത്തിലൂടെ ചാവറയുടെ ഉൾക്കാഴ്ച ഉപര്യുപരി പുരോഗമിക്കുന്നതായിക്കാണാം: "എന്റെ കണ്ണുകളെ കുറെ പൊക്കി നിന്റെ തിരുവയറും തിരുമേനിയും ഞാൻ നോക്കുന്നപ്പോൾ ഇത് എന്റെ അതിദു:ഖത്തിനു കാരണമാക്കുന്നല്ലൊ; ആ എന്റെ കണ്ണുകളെ നിങ്ങൾ കുറെക്കൂടെ പൊക്കി ഈ നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖം സൂക്ഷിക്കുക."[12]

ഉൾക്കാഴ്ചയോടൊപ്പം ചേതനയുടെ കഴിവുകളായ മനസ്സാക്ഷിയും സംസർഗ്ഗവാസനയും ശക്തിപ്പെട്ട് ദൈവസ്നേഹത്തിൽ ലയിക്കുന്ന ചാവറയെയാണ് ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും ഉടനീളം കാണുന്നത്. ചാവറയുടെ അനുഭൂതി ആത്മാനുതാപത്തിൽ നിന്നും:

> "നിന്നാലെ തുറക്കുന്ന പാതയിൽ മമ ജനം
> പിന്നാലെയോടി നിന്നെയന്വേഷിച്ചീടും ദൃഢം
> എന്നുടെ സ്നേഹപിതാനാദ്യന്തൻ ദേവൻ നീയെ
> നീ തന്നെ ഭൂമ്യാകാശ സൃഷ്ടിതാവെന്നും ദൃഢം."[13]

ദൈവസ്നേഹത്തിൽ ലയിക്കുന്ന ചാവറ തന്റെ വിളിയെയും സഭാസ്ഥാപനത്തെയും സഭയിലെ ശുശ്രൂഷാധികാരത്തെയും എല്ലാം ദൈവനിശ്ചയത്തിലൂടെ ദർശിക്കുന്നു. ജീവിതാനുഭവത്തെയെല്ലാം ദൈവസ്നേഹത്തിലൂടെ ദർശിക്കുന്ന ചാവറയച്ചനെ കൂടുതലായി അടുത്തറിയാം. കാരണം ദൈവതിരുമനസ്സറിഞ്ഞു ജീവിച്ചവനായിരുന്നു ചാവറ.

12:1 ദൈവഹിതം

"ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ പിതാവിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന നിഖ്യാ വിശ്വാസപ്രമാണത്തിന്റെ അനുഭൂതിയിൽ ലയിച്ച ചാവറയച്ചനെയാണ് ധ്യാനസല്ലാപത്തിന്റെ തുടക്കത്തിൽ കാണുന്നത്. ചാവറയുടെ സംഭാഷണം: "അതെന്ത്യേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ, ഇത്രടം നീ വന്നത് എങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി? കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി? .... ഇതൊന്നിനു നിന്നെക്കൊള്ളാമോ? ഇല്ലയില്ല നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും. നടത്തും. ഇതിനു തിരുമനസ്സില്ലെന്നു പറഞ്ഞോ."[14]

ദൈവിക പദ്ധതിയുടെ സാക്ഷത്കാരത്തിനുള്ളതെല്ലാം ദൈവം ചെയ്തു തരുമെന്ന ഉറച്ചവിശ്വാസമാണ് ചാവറയെ നയിക്കുന്നത്. അതു കൊണ്ടാണ് "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും"[15], യോഗ്യതയില്ലെങ്കിലും ദൈവതിരുമനസ്സിന് ഒരു വീഴ്ചയും ഉണ്ടാകുകയില്ലെന്നു ചാവറ തെളിയിക്കുന്നത്. സുവിശേഷമാണ് ആധാരമായി ചാവറയ്ക്കുള്ളത്. അദ്ദേഹം പ്രാർത്ഥിക്കുന്നു: "ആയത് നിരൂപിച്ചോ, പെരുവഴിയിൽ നിന്നിരുന്നതല്ല പിന്നെയോ വിളിച്ചു വരുത്തിയവരോടു കുപ്പായമില്ലല്ലോ എന്നവൻ ഒരു വചനം പറഞ്ഞെങ്കിൽ അപ്പോൾ കിട്ടിയേനേ അതിനെയും കൊടുപ്പാൻ ഇല്ലാത്തയാളല്ല വിളിച്ചത്. ഇതിനാൽ എങ്ങനെയിരുന്നാലും മതി എന്നവൻ നിരൂപിച്ചതിനാൽ തള്ളി. ആയ്തിൻ വണ്ണം ഇത്രടം നിന്നെ വരുത്തിച്ച ആളിനോടു നീയും ചോദിച്ചാൽ നിനക്കും ഈ വരം കിട്ടും നിശ്ചയം."[16]

ചാവറയച്ചൻ ദൈവതിരുമനസ്സ് ആഴത്തിൽ അനുഭവിച്ചറിഞ്ഞ നിമിഷങ്ങളാണ് ധ്യാനവേളകൾ. പൈതൽ പ്രായത്തിൽത്തന്നെ ചാവറയെ വ്യാകുലമാതാവ് ഏറ്റു വാങ്ങിയ അനുഭവം ധ്യാനത്തിലൂടെ പ്രകടമാക്കുന്നു: "അയ്യോ! എത്ര ഊഴം എന്നോടു നീ ക്ഷമിച്ചു. എന്റെ അമ്മയുടെ കൈയ്യിൽ നിന്ന് പൈതൽ പ്രായത്തിൽത്തന്നെ നീ എന്നെ കൈക്കൊണ്ടല്ലോ. തെറ്റുകളെ കണ്ടാറെ വീണ്ടും ലോകത്തിൽ നിന്നും എന്നെ വലിച്ചല്ലോ. ആയതിനാലും ഞാൻ ദുഷ്ടതയിൽ നിന്നു വാങ്ങുന്നില്ലെന്നു കണ്ടാറെ ആകമാനം നിന്റെ ഉത്തരീയ കൂട്ടത്തിനു നീ ചേർത്തുവല്ലോ.ഇനിയും ഞാൻ മുഴുവനായി നിന്റെ മക്കൾക്കടുത്ത ജീവിതം തുടങ്ങിയില്ലെങ്കിൽ എത്രയോ നിർഭാഗ്യക്കാരനായിപ്പോകും. ആയതിനാൽ മനോഗുണമുള്ള അമ്മേ, ഇനി നാളെയെന്നു ഞാൻ പറയാതെ ഇപ്പോൾത്തന്നെ മുഴുവനും നിനക്കുള്ളവനാകുവാൻ എന്റെ ശക്തിയൊക്കെയോടുകൂടെ ഉറച്ചു."[17]

ചാവറയച്ചന് 63-വയസ്സുള്ളപ്പോൾ താൻ മാതാവു വഴി ദൈവത്തിനുള്ളവൻ എന്ന ബോധ്യത്തിലെത്തിയിരുന്നു. ദൈവതിരുമനസ്സ്

എന്തെന്ന് നല്ല ദർശനവും ചാവറയ്ക്ക് കിട്ടിയിരുന്നു. ദൈവേഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നടക്കുന്നതിനാണല്ലോ, കർത്തൃ പ്രാർത്ഥനയിൽ ഈശോ നമുക്കുവേണ്ടി പ്രാർത്ഥിച്ചതും. ദൈവ ഹിതമെന്തെന്ന് വി. ശ്ലീഹാ പറയുന്നു: "ഇതാകുന്നു ദൈവഹിതം-നി ങ്ങളുടെ വിശുദ്ധീകരണം. അതായത്, അസന്മാർഗ്ഗികതയിൽ നിന്ന് നിങ്ങൾ അകന്നിരിക്കണം"(1 തെസ. 4:3).

ദൈവഹിതമായ മാനവ വിശുദ്ധീകരണം ചാവറയിൽ ചെറുപ്പ ത്തിൽത്തന്നെ അന്വർത്ഥമായിരുന്നുവെന്നതാണ് മാതാവു ചെയ്ത അനുഗ്രഹമായി മുകളിൽ സൂചിപ്പിച്ചത്.

ചാവറ ദൈവതിരുമനസ്സു നിറവേറ്റുന്നതിനായി ദൈവാത്മാവി നാൽ എന്നും നയിക്കപ്പെട്ടിരുന്നു.[18] ചാവറ ഇവിടെ പറയുന്നത് ദൈവ സമക്ഷം ജീവിക്കാൻ ദൈവം നിശ്ചയിച്ചു എന്നതാണ്.

> "ദൈവം തന്നുടെയന്തികേ ചേരുവാൻ
> ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്."[19]

ചാവറ, തന്റെ സെമിനാരി ജീവിതം മുതൽ ആധ്യാത്മിക ജീവി തത്തിലെ പ്രവർത്തനവശവും നിവർത്തനവശവും കൈവരിച്ച അനു ഭവമാണ് അവതരിപ്പിക്കുന്നത്:

> "പുണ്യമായ് നടന്നീടുവാൻ കാട്ടീടും
> തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[20]

ദൈവതിരുച്ചിത്തമനുസരിച്ച് ചാവറയെ പുണ്യമാർഗ്ഗത്തിൽ നട ത്തിയതിന്റെ ബോധ്യമാണ് ചാവറ വിവരിക്കുന്നത്:

> "മമ പിതാവു നീയെ ഭാഗ്യവുമെനിക്കു നീ
> മംഗലം നീയെന്നിയെ മറ്റെന്തു ഗുണം നാഥാ
> എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ
> നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു."[21]

ചാവറയുടെ ജീവിതം പൂർണ്ണമായും ദൈവത്തിലായിരുന്നു എന്നതാണ് മുകളിൽ കണ്ടത്. ഇതുവഴിയല്ലേ ദൈവഹിതമായ വിശുദ്ധിയിൽ ചാവറ ശോഭിച്ചത്. ഈ അനുഭവത്തിന്റെ പങ്കുവയ്ക്കലായിരുന്നു സഭാംഗങ്ങൾക്കുള്ള കത്തിൽ കാണുന്നത്: "സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ; ..... നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യർ ഉണ്ടാക്കിയതല്ല പിന്നെയോ തമ്പുരാൻ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിന്നു നിങ്ങൾ എല്ലാവരും സാക്ഷിക്കാരായിരിക്കുന്നു."[22]

ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതിനു മനുഷ്യരുടെ ഇടയിൽ നിന്നുള്ള തലവന്മാരെ ദൈവം നിശ്ചയിക്കുന്നു. ഇതിനുള്ള ന്യായം: "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു, നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു, എന്നെ നിരസിക്കുന്നവൻ എന്നെ അയച്ചവനെ നിരസിക്കുന്നു" (ലൂക്കാ 10:16) എന്ന ഈശോയുടെ വാക്കുകളാണ്. പാപം നീക്കി സുകൃതമഭ്യസിക്കുന്നവർ സദാ ജീവിതാന്തസ്സിനടുത്ത പുണ്യങ്ങൾ അഭ്യസിക്കേണ്ടതാണ്. അവ ഏതെന്ന് ചാവറ തുടർന്നു പറയുന്നു: "എളിമ, ചൊൽവിളി, ഉപവി, സന്ന്യാസയടക്കം, പട്ടാംഗയുള്ള ഭക്തി എന്നിവയാണ്."[23] എല്ലാം അനുകൂലമായിരിക്കണമെന്ന് ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതു ചാവറ പറയുന്നു:[24] "ഇങ്ങനെയുള്ള കൂടപ്പിറപ്പുകൾ തമ്പുരാനെയും തമ്പുരാന്റെ തിരുമനസ്സിനെയും മാത്രം അന്വേഷിച്ചു എങ്കിൽ എല്ലായിടത്തും സൗഖ്യവും സന്തോഷവും കിട്ടിയേനെ."[25]

ചാവറയച്ചൻ സഭാംഗങ്ങളെ മരണപത്രികയിലൂടെയും ഉദ്ധരിക്കുന്നത്: "കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കയാൽ ആൾച്ചുരുക്കത്താൽ അവർക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേറ്റുന്നില്ല."[26] ചാവറയുടെ വാക്കുകൾ സൂചിപ്പിക്കുന്നത് ഈശോയുടെ തന്നെ പ്രബോധനമാണ്. അവിടുത്തെ പ്രാർത്ഥന: "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനായി അവർക്കുവേണ്ടി ഞാൻ

സ്വയം വിശുദ്ധീകരിക്കുന്നു" (യോഹ. 17:19). ഈശോയോടു ചാവറയച്ചനുണ്ടായിരുന്ന സംസർഗ്ഗത്തിന്റെ അത്യുന്നതാനുഭവമാണ് ധ്യാനത്തിലും ആത്മാനുതാപത്തിലുമെല്ലാമുള്ളത്.

12:2 മണവാളനുമൊത്ത്

"അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരെയും പഠിപ്പിക്കേണ്ട. പിന്നെയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലോ. എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും, അപ്പെഴൊ, അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്തു നിന്നു ചോദിച്ചു മേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകനു തരാതെയിരിക്കുമോ? നിന്റെ മേലുള്ള ഈ പ്രിയത്തെ പ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ മണവാളനിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നതു കിട്ടുമോ എന്നിനിക്കു സംശയിപ്പാനുണ്ടോ?"[27] ഐക്യപ്രാർത്ഥനയുടെ പശ്ചാത്തലത്തിലാണു ചാവറ സംസാരിച്ചത്. ചാവറ ദൈവത്തിന്റെ അടുത്ത് സുഹൃദ്ബന്ധത്തിൽ ശുദ്ധീകരണ പ്രസാദവരവും ദൈവിക പുണ്യങ്ങളും സന്മാർഗ്ഗിക പുണ്യങ്ങളും റൂഹാദ്ക്കുദ്ശായുടെ ദാനങ്ങളും ആസ്വദിച്ചുകൊണ്ടു ധ്യാനിക്കുകയാണ്. ചാവറ ഈശോയെ അടുത്തനുഭവിച്ചതു സ്രഷ്ടാവെന്ന നിലയിലോ, അപ്പനെന്ന വിധത്തിലോ കൂട്ടുകാരനെന്ന നിലയിലോ മാത്രമല്ല, മറിച്ച് മണവാളനടുത്ത വിധത്തിലുമാണ്. ഇവിടെ പരിപൂർണ്ണ ഉപവിയാണ് കൈമുതലായുള്ളത്.

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെയും മനുഷ്യൻ നടത്തുന്ന പ്രത്യുത്തരത്തെയുമാണ് മണവാളനോടൊത്തു മണവറയിൽ എന്ന പ്രയോഗത്തിലൂടെ ചാവറ പ്രകടമാക്കുന്നത്. അമ്മ ത്രേസ്യായിൽ നിന്നും ധ്യാനത്തിന്റെ ഉന്നത പദവി സായത്തമാക്കിയ ചാവറ, തനിക്കു ദൈവത്തോടുള്ള അഗാധമായ സ്നേഹം പ്രകടിപ്പിക്കുവാൻ വിശുദ്ധരൂപത്തിന്റെയും മൗതിക വിശുദ്ധരുടെയും ശൈലി സ്വീകരിച്ചു. ഈശോ തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും നമ്മോടുള്ള സ്നേഹം പ്രകടമാക്കിയപ്പോൾ ആത്മാനുതാപത്തിലൂടെയും അധികമായ സ്നേഹത്തിലൂടെയും പ്രതിസ്നേഹം ഉണ്ടാകണം. ഇതാണു ചാവറയുടെ ധ്യാനസല്ലാപത്തിൽ സൂചിപ്പിച്ചത്.[28]

"തെശബ്ഹസ് തെശ്ബ്ഹാസാ" (പാട്ടുകളുടെ പാട്ട് എന്ന കൃതിയിൽ കാണുന്ന വീഞ്ഞറ ചാവറയ്ക്ക് പ്രാർത്ഥനാ മുറിയാണ്. ദൈവസ്നേഹത്തിന്റെ ലഹരി വീഞ്ഞിനുതുല്യവും. മനുഷ്യസ്നേഹത്തിന്റെ അത്യുന്നതാനുഭൂതിയിലെത്തിയ, ചാവറ ധ്യാനസമയത്ത് തന്റെ കഴിവുകളായ ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നിവയെ ബൗദ്ധിക മാനസിക വൈകാരിക കഴിവുകളുടെ നവീകരണത്തിനും ശാരീരിക കഴിവുകളുടെ രൂപാന്തരീകരണത്തിനും ഇടവരുത്തി. ഈ അവസ്ഥ കണ്ടവർ സാക്ഷ്യപ്പെടുത്തുന്നു: "വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽ തന്നെ പരവശനായി നിന്നിരുന്നു. അനുവാദത്തിനായി ചെല്ലുന്നവർ സ്ക്കാപ്പുളാര മുത്തിക്കൊണ്ടു പൊയ്ക്കൊള്ളുക പതിവായിരുന്നു. മണി ആകുമ്പോൾ പാരവശ്യം തീർന്നു ജപം ചൊല്ലി അവസാനിപ്പിക്കും. കണ്ണുനീർ ഒഴുക്കിക്കൊണ്ടാണു മുറിയിലേക്കു പോയിരുന്നത്."[29] ദൈവത്തിൽ ലയിക്കുന്ന ഒരാത്മാവ് തന്റെ ചേതനയെ സജീവമാക്കുന്നു. ഈ സജീവതയിൽ ദൈവദർശനം ശക്തിപ്പെടുന്നു. അപ്പോൾ അതുവരെ ദൈവത്തെക്കുറിച്ചുണ്ടായിരുന്ന അനുഭവങ്ങളെല്ലാം മനസ്സാക്ഷിയിൽ ഒന്നുചേരുന്നതു കൊണ്ട് ദൈവൈക്യത്തിന്റെ അനുഭൂതിയിൽ ഉള്ളിലുള്ള ദൈവസ്നേഹം പ്രകടമാകുന്നു.

ഈ അവസ്ഥയിൽ പ്രകാശിതമാകുന്ന ബുദ്ധിയും ഏകാഗ്രമാകുന്ന മനസ്സും വികാരങ്ങളെ ദൈവസ്നേഹാനുഭൂതിയിൽ ഏകീഭവിപ്പിക്കുന്നു. ഇതിന്റെ ഫലമായി ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തിയും നിശ്ചലതയും അനുഭവപ്പെടും. ഉള്ളിലുള്ള ഭാവഭേദമനുസരിച്ച് അനുതാപത്തിന്റെ പ്രകാശനത്തിൽ അധികമായ സ്നേഹത്തിൽ വിലയനം കൊള്ളുന്നു.

ആത്മാവും ശരീരവും ചേർന്നു ചേതനയിൽ ലഹരിപിടിക്കുന്നത് മൗതികാനുഭൂതിയായതിനാൽ വീഞ്ഞറയിലെ മണവാളൻ മണവാട്ടി സംഗമമായി അതിനെ വിശേഷിപ്പിക്കുന്നതു ഭാഗികമായ ഒരവതരണമാണ്. വാസ്തവത്തിൽ അതു സ്വർഗ്ഗീയാനുഭൂതിയുടെ മുന്നാസ്വാദനം തന്നെയാണ്. നിത്യസൗഭാഗ്യത്തിന്റെ കാലികാനുഭൂതി.

12:3 ദൈവദർശനം

ദൈവസ്നേഹം ചാവറയിൽ സജീവമാകുന്നത് ധ്യാനാവസരത്തിലുള്ള ദൈവദർശനത്തോടെ ആരംഭിക്കുന്നു. ഇവിടെ ദർശനമെന്നത് ഉൾക്കണ്ണായ വിശ്വാസാനുഭവമാണ്. "എന്നെക്കാണുന്നവൻ പിതാവിനെയും കാണുന്നു" (യോഹ. 14:9) എന്നുള്ള ഈശോയുടെ അനുഭവമാണ് ആധ്യാത്മിക കാഴ്ച. ഈശോയുടെ തേജസ്ക്കരണ സമയത്തു കേപ്പായും യാക്കോബും യോഹന്നാനും, ഏലിയായും മൂശെയും ഈശോയോടു സംസാരിക്കുന്നതു കണ്ടു (മർക്കോ. 9:3). ഈ വിധത്തിലുള്ള കാഴ്ചയാണ് ദൈവദർശനത്തിലും സംഭവിക്കുന്നത്. പാവറയ്ക്കുണ്ടായ ദർശനത്തെക്കുറിച്ചു പറയുന്നു: "ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയ്തിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടുകൂടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ

എഴുന്നള്ളിയിരിക്കുന്നു."[30] ഇവിടെ വെറും ഭാവനയോ, സങ്കല്പമോ അല്ല മറിച്ച് വിശ്വാസാനുഭവത്തിന്റെ സജീവത്വമാണ്. അതുകൊണ്ടാണ് അനുഗ്രഹത്തിന്റെ സിംഹാസനം എന്നു വിശേഷിപ്പിച്ചത്. ചാവറ പ്രാർത്ഥനാമുറിയിൽ വന്നതും ശിഷ്യന്മാർ ഈശോയുമായി വിശുദ്ധ മലയിൽ പ്രവേശിച്ചതും തമ്മിൽ സാമ്യമുണ്ട്. വീണ്ടും മൂശെ ഹോറീബു മലയിൽകയറി ദൈവത്തെ ദർശിച്ചതും മറ്റൊരനുഭവമല്ല. ഈ മൂന്നു സംഭവങ്ങളെ മറ്റൊരു രീതിയിൽ അവതരിപ്പിച്ചാൽ ശരീരത്തിന്റെ താഴ്വാരത്തിൽനിന്നും ആത്മാവിന്റെ കുന്നിൻ ചെരിവിലൂടെ ചേതന യുടെ വിശുദ്ധമലയിൽ, ധ്യാനമുറിയിൽ പ്രവേശിക്കുന്നു എന്നു മനസ്സി ലാക്കാം. ഉയർന്ന കുന്നുകളിലും മലയിലും മേഘാവൃതം ഉണ്ടാകാം. അതുപോലെ ചേതനയുടെ സജീവത്വത്തിൽ ദൈവമഹത്ത്വദർശനവും. ധ്യാനമുറിയിൽ ചാവറയ്ക്കുണ്ടായ ദർശനത്തിന്റെ ഹൃദയാവിഷ്ക്കര ണമാണ് ആത്മാനുതാപത്തിലെ മൂന്നാം ഖണ്ഡത്തിലുടനീളം ദൃശ്യ മാകുന്നത്:

"കാരുണ്യ നാഥനാം ദൈവകുമാരന്റെ
യാരുണ്യ ശോഭയെ കാണാകേണം.
കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീച വേഷത്തെ ധരിച്ചോരു
മാനുഷ ത്രാതാവേ, കാണാകേണം.
മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രെ മറച്ചതും കാണാകേണം.
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നു പിറന്നതും കാണാകേണം.
ഒൻപതു മാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.

കേസർ നിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹം പുക്കതും കാണാകേണം."[31]

ഉൾക്കാഴ്ചയുടെ ദർശനം എപ്പോഴും ദൈവമോ ദൈവികരഹസ്യങ്ങളോ ആയിരിക്കും. മറ്റുള്ളവയെല്ലാം ഭാവനയുടെയും സങ്കല്പത്തിന്റെയും സ്വഭാവത്തിൽ വരുന്നവയാണ്. എല്ലാ ഭൗതിക മാനസികാനുഭവങ്ങൾക്കും ദൈവിക വിജ്ഞാനത്തിന്റെ വശങ്ങളുണ്ടാകും. അതു ദർശിക്കുന്നതും ഉൾക്കാഴ്ചയിലൂടെ തന്നെ.

ധ്യാനത്തിനും ആരാധനയ്ക്കും ദൈവസന്നിധിയിൽ എത്തുന്ന വന്ദ്യനായ ചാവറ എപ്പോഴും തന്നെ ദർശിക്കുന്നത് കരുണാമസൃണമായ ദൈവസ്നേഹത്തെയാണ്. "കാരുണ്യ നാഥനാം" എന്നതാണ് ആത്മാനുതാപത്തിലെ കാണാകേണം എന്നതിന്റെ പ്രാരംഭപാദം തന്നെ. ഈശോ തന്റെ അനുയായികളെ ഉപദേശിക്കുന്നതും ദൈവകരുണയെ ഊന്നിയാണ്. "നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36).

ദൈവച്ഛായയിലും സാദൃശ്യത്തിലും രൂപപ്പെട്ട മനുഷ്യർക്ക് ആവശ്യമായിരിക്കുന്നത് കരുണയാണ്. കാരണം മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിലുള്ള ദൈവസ്നേഹം വൈകാരിക ജഡികതലങ്ങളെ കടന്നു പൂർണ്ണതയിലെത്തണമെങ്കിൽ ദൈവകരുണ അനുഭവിച്ചറിയണം. അതുകൊണ്ടാണു ചാവറ പാടുന്നത്:

"കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീച വേഷത്തെ ധരിച്ചോരു
മാനുഷ ത്രാതാവേ, കാണാകേണം."[32]

മനുഷ്യാവതാരത്തിന്റെ ദിവ്യകാരുണ്യ ലക്ഷ്യമല്ലെ ചാവറ ദർശിച്ചത്. ഈശോ പറയുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്"(യോഹ.10:10).

വീണ്ടും ഈശോയുടെ വാക്കുകൾ: "ഞാൻ ആകുന്നു ജീവന്റെ അപ്പം. എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല (യോഹ. 6:35). ചാവറ ദർശിച്ചത് ദൈവകരുണ മാംസം ധരിച്ച ഈശോമിശിഹായെയാണ്. ഈശോദർശനം ചാവറയെ ഗ്രസിച്ചു കളഞ്ഞതാണ് അദ്ദേഹത്തിന്റെ മിശിഹാനുഭവം. ചാവറ ഈശോയെ ധ്യാനമുറിയിൽ ദർശിച്ചനുഭവിച്ചത് അവിടെ മാത്രമായി ഒതുങ്ങി നിന്നില്ല. മറിച്ചു ജീവിതം മുഴുവനിലുമതു തുടർന്നു. അതുകൊണ്ടാണ് ഏതു നിമിഷവും ചാവറയച്ചനനുഭവിച്ചറിഞ്ഞ ദൈവകരുണ മറ്റുള്ളവർക്കും അനുഭവപ്പെട്ടത്. ഇവിടെയും ഈശോയുടെ വാക്കുകളാണു പ്രസക്തം: "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്താ. 5:7).

ചാവറ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തെ ദർശിച്ചറിഞ്ഞതു വഴി ഹൃദയശുദ്ധിയുടെ ഉടമയുമായി. വീണ്ടും ഹൃദയശുദ്ധി ദൈവത്തെ ഉപര്യുപരി ദർശിക്കുന്നതിനുള്ള വ്യവസ്ഥയുമായി. ഈശോ അരുളിച്ചെയ്യുന്നു: "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ ദർശിക്കും" (മത്താ. 5:8). ഈശോയെ ദർശിച്ചനുഭവിച്ച ചാവറ പാടുന്നു:

"നഷ്ടമായ് പോയോരജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം.
നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം."[33]

ഈശോയെ എന്നും കണ്ടുകൊണ്ടിരുന്ന ചാവറ നിരന്തരം ദൈവത്തോടു കൂടെ ജീവിച്ചു. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ദൈവത്തെ അനുഭവിച്ചു.

12:4 അമ്മനുവേലനുഭവം

"അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം."[34]

ദൈവം മനുഷ്യരോടുകൂടെ ആയതു മനുഷ്യൻ ഭൂമുഖത്തു പ്രത്യക്ഷപ്പെട്ട നിമിഷം മുതലാണ്. ദൈവം കൂടെയുള്ള അവബോധം സജീവമാകുന്നതാണു മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം. ഇതിനുള്ള വ്യവസ്ഥയാണ് ദൈവാത്മാവിനാൽ നയിക്കപ്പെടുക എന്നത്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന വ്യക്തികളിൽ ദൈവച്ഛായയും ദൈവസാദൃശ്യവും ഒന്നുചേർന്നു നീങ്ങുന്നു.

ദൈവസാദൃശ്യത്തിൽ കഴിവുകളായ ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നിവ യഥാക്രമം ബുദ്ധി, മനസ്സ്, വികാരങ്ങൾ എന്നീ ദൈവച്ഛായയുടെ കഴിവുകളെ ദീപ്തമാക്കുന്നു. ഇവയോടൊന്നിച്ചു ദൈവച്ഛായയുടെ തന്നെ വ്യവസ്ഥയായ ശാരീരിക കഴിവുകളായ മസ്തിഷ്കം, ഹൃദയം, ഇന്ദ്രിയങ്ങൾ എന്നിവയെ ഏകീകരിച്ചു കൊണ്ടു രൂപാന്തരീകരണപ്പെടുന്നു.

ഈ പ്രക്രിയകളിലെല്ലാം നടക്കുന്നത് ഉൾക്കാഴ്ചയിലൂടെ ദൈവവചനമാകുന്ന സത്യത്തെയും മനസ്സാക്ഷിയിലൂടെ പരിപൂർണ്ണ നന്മയായ മാർഗ്ഗത്തെയും സംസർഗ്ഗത്തിലൂടെ ആത്യന്തിക ലക്ഷ്യമായ ജീവനെയും അനുഭവിച്ചറിയുക എന്നതാണ്. സത്യത്തിന്റെ അനുഭവം ബുദ്ധിയിലും മാർഗ്ഗത്തിന്റെ ഉറപ്പ് മനസ്സിലും ജീവന്റെ ചലനം വികാരങ്ങളിലും സംജാതമാകുന്നു. ഈ അവസ്ഥയിൽ "ജഡം ഒന്നിനും ഉപകരിക്കുന്നില്ല. ആത്മാവാണ് ജീവൻ നൽകുന്നത്. ഞാൻ നിങ്ങളോടു പറയുന്ന വചനങ്ങൾ ആത്മാവും ജീവനുമാകുന്നു" (യോഹ. 6:63) എന്ന ഈശോയുടെ അറിയിപ്പ് വ്യക്തിയിൽ സാക്ഷാത്കരിക്കപ്പെടുന്നു. ഈ അനുഭവം തന്നെയാണ്. "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനം

പോലെ എന്നിൽ സംഭവിക്കട്ടെ" (ലൂക്കാ 1:38) എന്ന കന്യകാമറിയത്തിന്റെ മംഗല വാർത്താ സംഭവവും. മറിയം തന്റെ കന്യകാശരീരത്തെ വചനത്തിനു വിട്ടുകൊടുത്തത് അവളുടെ ദൈവച്ഛായ ആയ ശാരീരിക മാനസിക മേഖലകളെ ചേതനാത്മക മേഖലയ്ക്കു സന്ന്യാസം ചെയ്തതാണ്. ഇവിടെ മേരീ സംഭവത്തിൽ 'അമ്മനുവേലനുഭവം' സാക്ഷാത്കരിക്കപ്പെടുന്നു. അതായത് അത്യുന്നതന്റെ ശക്തി-റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനം-ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നീ ചേതനാത്മക കഴിവുകളിലൂടെ മറിയത്തിന് അനുഭവവേദ്യമാകുന്നു. പുരുഷനെ അറിയുന്നതിനു തുല്യം മറിയത്തിൽ ദൈവവചനം മാംസവത്കരിക്കപ്പെടുന്നു. ദൈവികമായ ഒരു നിവേശനം വ്യക്തിയെ എങ്ങനെ സാന്ത്വനപ്പെടുത്തുകയും അത് ആത്മശരീര മേഖലകളെ അസ്തിത്വപരമായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നുവോ അതു പോലെ മനുഷ്യാവതാരം ഒരു അനുഭവമായിത്തീരുന്നു. അതിന്റെ ഫലമോ, "നമ്മുടെ ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള 'അമ്മനുവേൽ' എന്ന അനുഭവം യാഥാർത്ഥീകരിക്കപ്പെടുന്നു.

ചാവറ തന്റെ അനുധ്യാനവേളയിലും കവിതാ നിർമ്മിതിയിലും തന്നോടുകൂടെയുള്ള ദൈവത്തെ അനുഭവിച്ചറിഞ്ഞപ്പോൾ ആലപിച്ചതാണ്:

"അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണ"മെന്ന്.[35]

ഗബ്രിയേൽ ദൈവദൂതൻവഴി റൂഹാദ്ക്കുദ്ശാ മറിയത്തിൽ യാഥാർത്ഥീകരിച്ച അമ്മനുവേലനുഭവത്തെ ചാവറയച്ചൻ ഉൾക്കാഴ്ചയിലൂടെ ഉപരി ദർശിക്കുന്നു:

"മാലാഖാ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ പുത്രനെ കാണാകേണം."[36]

അമ്മനുവേലനുഭവത്തിൽ 'ഏൽ' എന്നും 'ആലാഹാ' എന്നും ചാവറ പ്രഖ്യാപിക്കുന്നു. പഴയ നിയമത്തിൽ ദൈവത്തെ 'ഏൽ' എന്റെ

ദൈവം എന്ന് വിളിച്ചിരുന്നതിന്റെ സുറിയാനിയിലുള്ള പദം ചാവറയ്ക്കു 'ഈശോ' തന്നെ എന്നതാണ്. 'അമ്മനുവേലെന്നത്' 'ആലാഹായ പുത്രനായ' ഈശോ തന്നെ. ചാവറ ദർശിച്ച 'ആലാഹാ പുത്രൻ' മാർത്തോമ്മാ പ്രഖ്യാപിച്ച 'മാർവാലാഹ്' (യോഹ. 20:28) തന്നെയെന്ന് ചാവറയുടെ ദർശനം നമ്മെ അനുസ്മരിപ്പിക്കുന്നു:

"നഷ്ടമായ് പോയൊരജങ്ങളെത്തേടുന്ന
സൃഷ്ടി കർത്താവിനെ കാണാകേണം
നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം."[37]

ഇവിടെ 'സൃഷ്ടി കർത്താവ്' എന്നതാണ് യാഹ്വെയായ ദൈവം. ഇതുതന്നെ 'മാർ' എന്റെ കർത്താവും, 'അമ്മനുവേൽ' 'ആലാഹാ പുത്രൻ' 'വാലാഹ്' എന്റെ ദൈവവും. വചനം മാംസം ധരിക്കുന്നതു പ്രഥമത: റൂഹായിലുള്ള വചനോപാസനയിലൂടെയാണ്. ചാവറ നിരന്തരം വചനോപാസകനായിരുന്നു.[38]

12:5 വചനോപാസകൻ

"മുപ്പതിറ്റാണ്ടു ശ്രവണം പഠിപ്പിച്ച
തത്പരൻ മല്പാനെ കാണാകേണം."[39]

ശ്രവണം എന്നതിനു പഴയതും പുതിയതുമായ വിശുദ്ധ ഗ്രന്ഥം എന്നർത്ഥമുണ്ട്.[40] ആരമാനുതാപം എന്ന കൃതിയിൽ വേദത്തെക്കുറിച്ച്, ദൈവവചനത്തെക്കുറിച്ച് പരോക്ഷമായി ഒരു സൂചന ഉള്ളതാണ് ശ്രവണം പഠിപ്പിച്ച തത്പരൻ മല്പാൻ എന്ന പ്രയോഗം. ഈശോ പഠിച്ച വേദങ്ങൾ തന്റെ പ്രഭാഷണങ്ങളിലും ജീവിതാനുഭവങ്ങളിലുമെല്ലാം പ്രയോഗിച്ചിരുന്നു. പ്രത്യേകിച്ചും മുപ്പതു വർഷം പഠിച്ച വേദഗ്രന്ഥം, തന്റെ പ്രലോഭനങ്ങളെ ജയിക്കുന്നതിൽ ഈശോ എടുത്തു പ്രയോഗിച്ചതിൽ നിന്നും വചനാധിഷ്ഠിത ജീവിതം ഈശോയിൽ

തന്നെ വ്യക്തമാണ്. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്; ദൈവത്തിന്റെ അധരങ്ങളിൽ നിന്നു പുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണ്" എന്നത്രെ വേദവാക്യം (മത്താ. 4:4, നിയമ. 8:3). ചാവറയച്ചൻ വീക്ഷിക്കുന്നത് ഈശോയുടെ രഹസ്യജീവിതകാലത്ത് അവിടുത്തെ പഠിപ്പിച്ച മല്പാനെയാണ്. മല്പാൻ പഠിപ്പിച്ചതും പഴയ വേദഗ്രന്ഥങ്ങളും ഈശോയെയും ഈശോയെ പഠിപ്പിച്ച മല്പാനെയും ദർശിച്ച ചാവറ ഈശോയുടെ വചനവും ഈശോയെക്കുറിച്ചുള്ള വചനവും സ്വായത്തമാക്കിയിരുന്നു. ഇതിനുള്ള തെളിവുകൾ അദ്ദേഹത്തിന്റെ സാഹിത്യകൃതികൾ തന്നെയാണ്. ധ്യാനസല്ലാപത്തിൽ വളരെ പ്രകടമായി കാണുന്ന ഒരു ദൈവവചനമാണ് വിവാഹവിരുന്നിന്റേത്: "വിരുന്നിന്റെ കുപ്പായമില്ലാതെ മേശയ്ക്കിരുന്ന ഭിക്ഷക്കാരനെ എന്തെ കാലും കയ്യും കെട്ടി ഇരുട്ടിലിട്ടു? ഇവനു രാജവിരുന്നിനു കൂടുവാൻ തക്ക കുപ്പായമുണ്ടോ? ആയതു നിരൂപിച്ചോ, പെരുവഴിയിൽ നിന്നിരുന്നതല്ല പിന്നെയോ വിളിച്ചു വരുത്തിയവരോട് കുപ്പായമില്ലല്ലോ എന്നവൻ ഒരു വചനം പറഞ്ഞെങ്കിൽ അപ്പോൾ കിട്ടിയേനെ, അതിനെയും കൊടുപ്പാൻ ഇല്ലാത്തയാളല്ല വിളിച്ചത്."[41] ചാവറയച്ചൻ ദൈവവചനത്തോടു പുലർത്തിയിരുന്ന വിശ്വസ്തത അദ്ദേഹത്തിന്റെ സല്ലാപങ്ങളിൽ കാണാം: "ആ മനോഗുണമുള്ള കർത്താവേ! ഭേദം വരാത്ത നിന്റെ തിരുവാക്കുകളടങ്ങിയ പുസ്തകത്തിൽ ചൊല്ലും വണ്ണം."[42] ഈശോ തന്നെ നിയമവചനത്തെക്കുറിച്ചു പറഞ്ഞത് ഇപ്രകാരമാണ്: "പ്രമാണത്തെയോ പ്രവാചകന്മാരെയോ, നീക്കിക്കളയാൻ ഞാൻ വന്നിരിക്കുന്നു എന്നു കരുതേണ്ട; നീക്കിക്കളയാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നിരിക്കുന്നത്. ആകാശവും ഭൂമിയും കടന്നുപോകും വരെ എല്ലാം നിറവേറുവോളം നിയമത്തിൽ നിന്നു ഒരു യോദോ ഒരു വരയോ പോലും കടന്നുപോകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (മത്താ. 5:17-18). മാറ്റമില്ലാത്ത ദൈവത്തിന്റെ, വചനത്തിനും മാറ്റമില്ലെന്നു വിശ്വസിച്ച ചാവറ തന്റെ ചിന്തമുഴുവനും ദൈവവചനത്തിൽ അധിഷ്ഠിതമാക്കിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ കൃതികൾ വ്യക്തമാക്കുന്നു.

ധ്യാനസല്ലാപത്തിൽ പാപപ്പൊറുതിയെക്കുറിച്ചു പറയുമ്പോഴു പഴയ നിയമത്തെയും പുതിയ നിയമത്തെയും കോർത്തിണക്കുന്ന മനോഹര രംഗം ചാവറയുടെ വചനോപാസനയുടെ നിദർശനമാണ്. ഉദാ:- "കർത്താവേ! പാപപ്പൊറുതിക്കുപരി വേദത്തിൽ കല്പിച്ച ബലി പൂജയുടെ ആട്ടിൻ ചോര മുഴുവനും പാളയത്തിന്റെ അകത്തു ചിന്തി മാംസം ശരിക്കു പുറത്തു പുറപ്പെടുത്തി ദഹിപ്പിക്കണമെന്നുള്ള പ്രമാണം പോലെ ഗാഗുൽത്തായിൽ നിന്നെ പൂജിക്കും മുൻപിൽ നിന്റെ നഗരിയായ എന്റെ ഉള്ളിൽ ഈ നിന്റെ ചോരയൊക്കെയും ചിന്തുവാൻ തിരുമനസ്സായല്ലോ."[43]

ഓരോ പ്രകരണത്തിലും ദൈവവചനം ചാലിച്ചു ചേർക്കുന്ന ചാവറയുടെ വചനസ്നേഹം എത്ര സമ്പന്നമെന്നതിന് അദ്ദേഹത്തിന്റെ ധ്യാനസല്ലാപങ്ങൾ വീണ്ടും തെളിവു നൽകുന്നു: "ഈ നിന്റെ മണവാളത്തത്തിന്റെ ദിവസത്തിൽ നിന്റെ അമ്മ വച്ചു ചൂടിയിരിക്കുന്ന മുടിയോടു കൂടിയുള്ള പുറപ്പാടിനെക്കാൾ സെഹിയോന്റെ പെൺപൈതങ്ങളെ വിളിക്കുന്നു എന്ന ദൈവവാക്യം പോലെ ഈ കല്യാണപന്തലായ ഗാഗുൽത്തായിൽ നിന്നു പുറപ്പെട്ടു നടന്നു എന്ന ഈ പുറപ്പാട്ടിൽ നീ ചമഞ്ഞിരിക്കുന്ന മണവാളവസ്ത്രവും നിന്റെ കഴുത്തിലിട്ടിരിക്കുന്നു".[44]

വീണ്ടും ദൈവവചനത്തെ ആശ്രയിക്കുന്ന ചാവറയുടെ ചിത്രം: "കർത്താവെ! അയാളോടു കല്പിച്ചപോലെ നിന്റെയിഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾത്തന്നെ നീ എന്നോടുകൂടെ ആയിരിക്കുമെന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേൾപ്പിച്ച നിന്റെ ദൈവഇഷ്ടപ്രസാദം എന്നിൽ നിലനിറുത്തി പാപങ്ങൾ ഒക്കെയും പൊറുത്തരുളണമെ ആമ്മേൻ."[45]

ഈശോ വിശുദ്ധ ഗ്രന്ഥം പഠിച്ചതിനെയും അദ്ദേഹത്തിന്റെ മല്പാനെയും ദർശിച്ച ചാവറ ഈശോയുടെ അധ്യയനരീതിയെ ആത്മനാ ദർശിച്ച് സ്വാംശീകരിച്ചതുപോലെ തോന്നും ചാവറയുടെ വചന

ബദ്ധത കണ്ടാൽ. യഹൂദ പഠന പദ്ധതിയനുസരിച്ച് കുട്ടികൾ ഭവനത്തിൽ വച്ചു പഠിക്കുന്നു. പ്രത്യേകിച്ചും അമ്മയിൽ നിന്നും. പെസഹാ ചരണത്തോടനുബന്ധിച്ച് ഇസ്രായേൽ ചരിത്രം കുട്ടികൾ പഠിച്ചിരുന്നു. പൂർവ്വികരുടെ ആചാരങ്ങളെക്കുറിച്ച് ഇളയ കുട്ടികൾ ചോദ്യങ്ങൾ ചോദിച്ചിരുന്നു (നിയമ. 6:20-25). കുട്ടിയുടെ പേരുള്ള വി. ഗ്രന്ഥം അവർ പ്രത്യേകം പഠിച്ചിരുന്നു. സങ്കീർത്തനങ്ങൾ പലതും മന:പാഠമാക്കും. ഉദാ:- ഇസ്രായേലേ ശ്രവിച്ചാലും എന്ന ഭാഗം (നിയമ. 6:4-5). സങ്കീർത്തനം 22:1 ഈശോ സ്ലീവായിൽ കിടന്ന് ഉച്ചരിച്ചതാണല്ലോ.

ചോദ്യോത്തരങ്ങളിലൂടെ പഠിക്കുന്ന സോക്രട്ടീസിന്റെ രീതിയും ഈശോയുടെ കാലത്തു പതിവായിരിക്കണം. അതുകൊണ്ടാണ് ഈശോ സിനഗോഗിൽ വേദശാസ്ത്രികളുമായി തർക്കിച്ചത് (ലൂക്ക. 2:46). പന്ത്രുവയസ്സ് വരെ പഴയ നിയമ പഠനവും പതിനഞ്ചുവരെ പാരമ്പര്യ പഠനവും അതിനുശേഷം ദൈവവിജ്ഞാനീയ ചർച്ചാ പഠനവും നടത്തുന്നു.[46] ഈശോ വിശുദ്ധ ഗ്രന്ഥം തന്റെ ജീവിതത്തിൽ ഉടനീളം പ്രയോഗിച്ചുകൊണ്ട് പഴയ ഉടമ്പടിയെ പുതിയ ഉടമ്പടിയിലേക്കു രൂപാന്തരപ്പെടുത്തി.

ചാവറ പഴയതും പുതിയതുമായ വിശുദ്ധ ഗ്രന്ഥം തന്റെ ആധ്യാത്മികതയ്ക്കും പ്രബോധനത്തിനും കവിതയ്ക്കുമായി സ്വീകരിച്ചുകൊണ്ട് ഒരു ഏലിയൻ ഭാഷ്യം നൽകി. ചാവറയുടെ ആധ്യാത്മികത പ്രഥമവും പ്രധാനവുമായി വി. ഗ്രന്ഥാധിഷ്ഠിതമാണ്.

സഭയുടെ വിശ്വാസം ഉറപ്പിക്കുന്നതിന്, റോമിന്റെ പ്രതിനിധികളായി ഭാരതത്തിലുണ്ടായിരുന്ന കർമ്മെലീത്താ മേലധ്യക്ഷന്മാർ ചാവറയെ ചുമതലപ്പെടുത്തിയപ്പോൾ ചാവറ തന്റെ വിശ്വാസ സമീപനം നടത്തിയത് ഇപ്രകാരമാണ്: "പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ലായെന്ന് പത്രോസിനോടു പറഞ്ഞു പരമാധികാരം കൈകാര്യം

ചെയ്യുന്നവരുമായ പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേയ്ക്ക്".[47]

ഈശോമിശിഹാ പത്രോസിന്റെ വിശ്വാസം കണ്ട് അദ്ദേഹത്തെ സഭയുടെ അടിസ്ഥാനമായി നിശ്ചയിച്ച ദൈവവചനമാണ് ചാവറ മാർപ്പാപ്പായെ സമീപിച്ചപ്പോൾ അടിസ്ഥാനമാക്കിയത്. ഈശോയുടെ വാക്കുകൾ: "ഞാൻ നിന്നോടു പറയുന്നു, നീ പാറയാകുന്നു, ഈ പാറ മേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്കു ഞാൻ തരും" (മത്താ. 28:18-19).

ചാവറയച്ചൻ തന്റെ അനന്തിരവനായ യൗസേപ്പച്ചന് എഴുതുന്ന കത്തിൽ ദൈവവചനത്തിന്റെ പിൻബലം തെളിയുന്നു: "അതെന്ത്യേ തന്റെ ഒരു വചനം ഇന്നന്നപൊലെ എന്റെ ചെവിയിൽ വീഴുന്നു. അതായത വെണമെംകിൽ വെണം വെണ്ട എംകിൽ വെണ്ട എന്ന അപ്പഴോ എന്റെ മനസ്സാൽ തന്നെ ഈ അന്തസ്സിൽ തന്നെ കരെറ്റി എന്ന ഒപ്പിക്കുന്ന ഈ നിരൂപണ അധികമായിട്ടിപ്പൊൾ എംകിൽ -ആ നെരത്തിൽ എന്തായിരിക്കുമൊ..... എന്നാലും തണ്യ വഴിക്കല്ലല്ലൊ എന്നും പക്ഷെ എന്നെക്കൊണ്ട ദൈയവത്തിനുണ്ടാകാത്ത സ്തുതി തന്നെക്കൊണ്ടുണ്ടാക്കുവാനും ദൈയവം തിരുമനസ്സാകുന്നുവെംകിൽ ആയത തന്റെ സർവ്വശക്തിക്ക വശഹീനമുള്ളതല്ലല്ലൊ, എന്നും മീൻ പിടിച്ചു തന്നും (യോഹ. 21:6) പെണ്ണിന്റെ വചനം കേട്ടു ഉപേക്ഷിച്ചു (യോഹ. 18:17) എന്നതു പിതാവിനെക്കൊണ്ട സർവ്വവരമുള്ളവൻ തിരുമനസ്സായപ്പൊൾ സിംഹം പൊലെ മുഴറിയ മഹാ എംപ്രദൊരിന്റെ സ്വരം എടവിധാനത്തിൽ പറന്നുമൂളുന്ന കൊതുകു പൊലെ ആക്കി ജയിപ്പാനും (നട. 2:23) ഇതും തന്റെ തിരുമനസ്സാകുന്നതിനാൽ കീഴ്പ്പെട്ടു വിചാരിക്കാതെ മെല്പൊട്ട വിചാരിച്ചു എന്നാൽത്തന്നെ ഏതും വശമാകുന്നില്ല. എന്നാൽ എന്നെ ശക്തിപ്പെടുത്തുന്നു എന്ന മിശിഹായാലെ

സർവ്വതും ഞാൻ വശമാകുന്നു എന്നുള്ള മിശിഹായുടെ വചനത്തിന്മെൽ ശരണപ്പെട്ടുകൊണ്ടയിനി തംപുരാൻ തരും നെരം തന്റെ സ്തുതിക്കായിട്ടു മാത്രം പെരുമാറുവാൻ നിശ്ചയിച്ച തന്റെ വിളിപ്പിനു തക്ക വെല ചെയ്വാൻ ഉറച്ചു."[48] ചാവറയച്ചൻ നൽകുന്ന ഉപദേശത്തിൽ സുവിശേഷത്തിന്റെ അനർഘ നിധികളാണ് അവസരോചിതമായി കൂട്ടിച്ചേർത്തുപറയുന്നത്.

റോക്കോസ് മെത്രാനെതിരായി ചാവറയച്ചൻ നസ്രാണികൾക്കയച്ച കത്തു തുടങ്ങുന്നതുതന്നെ സുവിശേഷ വചനത്തോടെയാണ്. "എന്നോടുകൂടെ ആകയില്ല എന്നവർ ഇനിക്കു വിരോധി ആകുന്നു. എന്നോടുകൂടാത്തവർ വെസ്തയായിട്ടു ചിതറിക്കുന്നു എന്നും നമ്മുടെ കർത്താവീശോ മിശിഹാ അരുളിച്ചെയ്തിരിക്കുന്ന തിരുവചനങ്ങളാൽ കല്പിച്ചതാകുന്നു"[49] (ലൂക്കാ 11:23). വീണ്ടും മേല്പറഞ്ഞ കത്തിൽ തന്നെ ചാവറ എഴുതുന്നു: "ആയ്കകൊണ്ടു സ്നേഹപ്പെട്ട കൂടപ്പിറപ്പുകളെ വാതിൽക്കൂടെ തൊഴുത്തിൽ കരേറാത്തവൻ കള്ള ഇടയനാകുന്നുവെന്നും ആടിന്റെ വേഷം ധരിച്ച ചെന്നാ എന്നും കർത്താവിന്റെ തിരുവചനമാകയാൽ ശുദ്ധമാർപ്പാപ്പായുടെ തിരുവെഴുത്ത് ഈ നമ്മുടെ തൊഴുത്തിൽ പ്രവേശിപ്പാൻ ഭാവിക്കുന്ന മേല്പറഞ്ഞ ഇടയന്മാർ വന്നാൽ അവരുടെ ചതിവായ വചനത്തിനു ചെവി കൊടുക്കാതെയും അവരോടു ചേരാതെയും..."[50] യോഹന്നാൻ ഏവൻഗേലിസ്താ പത്താം അധ്യായം ഒന്നുമുതലുള്ള വാക്യങ്ങളിൽ വിവരിക്കുന്ന ദൈവവചനമാണ് ചാവറ ഉദ്ധരിക്കുന്നത് (യോഹ. 10:1-12).

ചാവറയച്ചൻ മാർപ്പാപ്പായ്ക്കും മറ്റു സഭാധികാരികൾക്കും എഴുതുമ്പോഴും സഭാംഗങ്ങൾക്കു കത്ത് അയക്കുമ്പോഴും വിരോധികളെ സാഹോദര്യത്തോടെ നേരിടുമ്പോഴും എല്ലാം ദൈവവചനമയമായ സമീപനം പുലർത്തിയിരുന്നു. ചാവറ തന്റെ ആധ്യാത്മിക വിചിന്തനത്തിൽ ദൈവവചനം നിറഞ്ഞു നിന്ന സമീപനമാണു പുലർത്തിയിരുന്നതെന്ന് ധ്യാനസല്ലാപങ്ങളും ആത്മനുതാപവും വ്യക്തമാക്കുന്നു.

ചാവറ വിശുദ്ധഗ്രന്ഥ വാക്യങ്ങൾക്കു തന്റെ ജീവിതാനുഭവത്തിലൂടെ നൽകുന്ന ഭാഷ്യത്തെയാണ് ഏലിയൻ ഭാഷ്യമെന്ന് മുകളിൽ സൂചിപ്പിച്ചത്. ഇതെക്കുറിച്ച് വിശുദ്ധഗ്രന്ഥ വിജ്ഞാനീയത്തിൽ പണ്ഡിതനായ പോൾ കല്ലുവീട്ടിലച്ചൻ പറയുന്നു: "വലിയ പ്രിയോരച്ചന്റെ തനിമയാർന്ന വിശദീകരണവും വ്യാഖ്യാനവും വ്യക്തിഗത അനുരൂപണവും ഈ പഠനത്തിൽ പ്രത്യക്ഷപ്പെടുന്നു. ഉദാ: (1) കല്യാണവിരുന്നിന്റെ ഉപമയുടെ ഭാഷ്യത്തി (മത്താ. 22:11-15) ൽ കല്യാണവസ്ത്രമില്ലാതെ പ്രവേശിച്ച ആളിന്റെ കാര്യം പറയുന്നു.... (2) ധൂർത്ത പുത്രന്റെ ഉപമയുടെ ഭാഷ്യം (ലൂക്ക. 15:11-24)... (3) സീനായ് മലയിലെ ദൈവപ്രത്യക്ഷീകരണത്തിന്റെയും അവിടെയുള്ള മൂശെയുടെ വാസത്തിന്റെയും ഭാഷ്യം (പുറപ്പാട് 19:16-20; 24:15-18)... (4) സക്കേയുടെ കഥയുടെ ഭാഷ്യം (ലൂക്ക. 19:1-6)... (5) കാണാതെ പോയ ആടിനെ അന്വേഷിച്ച നല്ലിടയന്റെ ഉപമയുടെ ഭാഷ്യം (ലൂക്ക. 15:1-17)... (6) എല്ലാറ്റിനെയും മകുടം ചാർത്തുന്ന തിരുപ്പിറവിയുടെ ഭാഷ്യം... (7) പീഡാനുഭവത്തിന്റെ ഭാഷ്യം. ഇങ്ങനെ ഭാഷ്യാത്മകമായ വചനോന്മുഖതയുള്ള ഏഴുപാഠങ്ങൾ ഈ പുസ്തകത്തിൽ കാണാം."[51] കല്ലുവീട്ടിലച്ചന്റെ നിഗമനമിപ്രകാരമാണ്: "വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ആധ്യാത്മിക കൃതിയായ ധ്യാനസല്ലാപത്തിലെ പ്രമേയങ്ങളിലെല്ലാം അന്തർലീനമായിരിക്കുന്ന ചിന്താധാര ദൈവവചനാത്മകതയാണ്. കൃതിയിലെ പ്രതിപാദ്യ വിഷയങ്ങൾക്കും ഉൾക്കാഴ്ചകൾക്കും എന്നല്ല അവതരണശൈലിക്കു തന്നെ ഉയിരും ഊർജ്ജവും ലഭിക്കുന്നത് ദൈവവചനത്തിൽ നിന്നത്രേ. തിരുവചനത്തിന്റെ ഭാഷ്യക്കാരനായി പ്രത്യക്ഷപ്പെടുകയാണ് ചാവറപ്പിതാവു ധ്യാനസല്ലാപങ്ങളിൽ."[52] വന്ദ്യനായ ചാവറയുടെ വചനോപാസന അതിന്റെ മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്നതിന്റെ ആവിഷ്ക്കരണമാണ് ആത്മാനുതാപം. 12 അദ്ധ്യായങ്ങളിലൂടെ ചാവറ വെളിച്ചത്തു കൊണ്ടു വരുന്നത് ലൂക്കാ. 7:47 ൽ കാണുന്ന "അധികമായ സ്നേഹത്തിലൂടെ നിരവധി പാപങ്ങൾക്കു പൊറുതി" എന്ന

പ്രമേയമാണ്. ധ്യാനസല്ലാപത്തിൽ ഈ സത്യം ചാവറ വ്യക്തമാക്കുന്നുമുണ്ട്: "ധ്യാനിപ്പാൻ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ പാപമുള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ പാപപ്പൊറുതി അപേക്ഷിക്കാനായിട്ടു....."[53] എന്നത് അനുതാപത്തിൽ നിന്നുരുത്തിരിയുന്ന പ്രകരണങ്ങളാണ്; ദൈവത്തോടുള്ള സംഭാഷണമാണ്.

ചാവറയ്ക്കുണ്ടായ ആത്മാനുതാപത്തെ ആവിഷ്ക്കരിക്കുമ്പോൾ വി. ഗ്രന്ഥത്തിലെ ആദ്യപുസ്തകമായ സൃഷ്ടി 1:26-27 വാക്യങ്ങളിൽ തുടങ്ങുന്നു. ചാവറ പാടുന്നു: "ആദിനായകനായ സർവ്വേശ്വരൻ ആദത്തിൻ സുതനായിച്ചമച്ചെന്നെയും."[54] ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തെ വിവരിക്കുന്ന ജീവിതമായി ചാവറ തന്റെ ജനനത്തെയും തുടർന്നുള്ള അനുഭവങ്ങളെയും വിശുദ്ധ ഗ്രന്ഥപശ്ചാത്തലത്തിൽ ത്തന്നെ അവതരിപ്പിക്കുന്നതാണ് ആത്മാനുതാപത്തിന്റെ ഒന്നാം അധ്യായം.

രണ്ടാമധ്യായത്തിൽ ചാവറ തന്റെ ശൂന്യാവസ്ഥ കൊണ്ട് കാപട്യക്കാരനെന്ന് അനുതാപത്തിന്റെ ആധിക്യത്താൽ പാടുന്നതും ഈശോയുടെ വചനപശ്ചാത്തലത്തിലാണ്:

> "കാണുന്ന ജനങ്ങൾക്കിതോമനപ്പൈതലിവൻ
> ഏഷണിയൊന്നുമില്ലായെന്നു തോന്നിച്ചേനഹം
> കരുണയേറും നിന്റെ തിരുവാക്യത്താൽ തന്നെ
> കരുതിയറിച്ചോരുപമയതിൻ സമം
> കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന
> കാരണവന്മാരുടെ കബറുകളതു മഹാ
> വെണ്മയായ്ത്തോന്നീടുന്നു വെള്ളക്കുമ്മായത്താലെ
> ഒന്മയിൽ പുശി വെളുപ്പിച്ചീടുന്നതിനാലെ."[55]

മത്തായി 23:27-ൽ ഈശോ പ്രീശർക്കെതിരെ പറഞ്ഞ വാക്കുകൾ ചാവറയച്ചൻ സ്വന്തം കാര്യത്തിൽ ഭാഷ്യപ്പെടുത്തുന്നു.

മൂന്നാമധ്യായത്തിന്റെ അവസാനത്തെ കാഴ്ച ചാവറയുടേതെന്നു എടുത്തു പറഞ്ഞു കൊണ്ട് ഈശോയെ തന്റെയും നല്ലിടയനായി ഏറ്റു പറയുന്നു:

"നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം."[56]

ഈശോയെ തിരസ്ക്കരിച്ച ദാവീദിന്റെ പട്ടണക്കാരെ ചാവറയച്ചൻ കുറ്റപ്പെടുത്തിയതിൽ ലജ്ജിച്ചു താനും ഈശോയെ മനസ്സിൽ സ്വീകരിച്ചില്ലായെന്നു പറഞ്ഞ് അനുതപിക്കുന്നതിൽ നാലാമധ്യായം കേന്ദ്രീകൃതമാണ്:

"മുഖ്യനാം പിതാവായ അവ്റാഹം തന്റെ കേതം
മുഖ്യരെ കൈക്കൊണ്ട താൻ, എത്രയോ സ്തുതി യോഗ്യം
എന്നവരുടെ നാഥൻ താൻ തന്നെയെഴുന്നെള്ളി
യിന്നവർ തന്നെത്തള്ളിയെന്നതെത്രയോ ദു:ഖം.

.....

എന്നുടെ നാഥൻ കുഞ്ഞിപ്പൈതലാമമ്മാനുവേൽ
തന്നുടെ വാസത്തിന്നായെൻ മനമിച്ഛിച്ചില്ലൊ
ദുഷ്ടനാമടിയന്റെയിഷ്ടമീ ലോകേ വച്ചു
ശിഷ്ടനാം തന്നെ ഞാനുമകറ്റിയയ്യോ ദു:ഖം."[57]

സൃഷ്ടി 18:2-ൽ അബ്രഹാം മൂന്ന് അതിഥികളെ സ്വീകരിച്ചതു ചാവറയച്ചൻ ധ്യാനിച്ചതാണ് നാലാമധ്യായത്തിൽ കാണുന്നത്. കന്യാത്വത്തിനു ഭംഗം വരാതെ ദൈവസുതനു ജന്മം നല്കിയ മാതാവിനെ

ചാവറ അഞ്ചാമധ്യായത്തിൽ കണ്ടെത്തുന്നു. മത്താ. 1:22-25 നെ ചാവറ മനുഷ്യാവതാരരഹസ്യത്തിന്റെ അടിസ്ഥാനമായി കണ്ടു:

"സൂര്യാഭ പളുങ്കിനെ കടക്കുമെന്ന പോലെ
നാര്യാര്യകന്നിക്ഷയം വരാതെ പെറ്റുശുഭം."[58]

ചാവറ തന്റെ ബാല്യകാലത്തെ ദാവീദിന്റെ വാക്കിലൂടെ (സങ്കീ. 51:5) ദർശിക്കുന്നു.[59] ആറാമധ്യായത്തിൽ മനുഷ്യാവതാര രഹസ്യം അതിന്റെ അത്യുന്നതാശയത്തിൽ ചാവറ പ്രഖ്യാപിക്കുന്നു:

"തന്നുടെ ചിത്തം കൊണ്ടു സമസ്തം സൃഷ്ടിച്ച താൻ
ഒന്നിനും വശഹീനപ്പൈതലായ് കരയുന്നു
എന്തിതു സർവ്വേശ്വരാ! നിന്നുടെ സ്നേഹം തന്നെ
എന്നതെന്നിയെ മറ്റൊന്നില്ലിതിന്നവകാശം
കരുണാനിധേ നിന്റെ രുധിരമതിനാലെ
തരണമടിയനു സമസ്ത പാപശുദ്ധി."[60]

ദൈവസ്നേഹത്തിന്റെ ഒരേ ഒരു ന്യായമാണ് സ്രഷ്ടാവായ ദൈവം മനുഷ്യരുടെ പക്കൽ വരുവാനും, ആ ജീവൻ അവർക്കുവേണ്ടി വെടിയാനും അവസാനം വരെ മനുഷ്യരെ സ്നേഹിക്കാനുമിടവരുത്തിയത് (യോഹ. 1:3; 1:14;10:10;15:13; 1 യോഹ. 4:9-10).

സമസ്ത പാപത്തിനും മോചനം അപേക്ഷിക്കുന്ന ചാവറ തന്റെ അനുതാപക്കണ്ണുകൊണ്ട് മിശിഹാസംഭവത്തിലേയ്ക്കും മാതൃവണക്കത്തിലേയ്ക്കും ആഴമായി ഇറങ്ങിച്ചെന്നു. വി. ഗ്രന്ഥത്തിന്റെ നിവേശനത്താൽ ചാവറയുടെ സെമിനാരി പരിശീലനവും പൗരോഹിത്യ കാലഘട്ടത്തിലെ ധ്യാനവും സന്ന്യാസത്തിലെ അനുധ്യാനവും ഉന്നതമായ ദൈവാനുഭൂതിയിലെത്തുന്നതിനിടവരുത്തി.

സങ്കീർത്തകൻ പറഞ്ഞ: "അയാളുടെ മനസ്സ് കർത്താവിന്റെ പ്രമാണത്തിലാണ്. അതേപ്പറ്റി അയാൾ രാപകൽ ധ്യാനിക്കുന്നു" (സങ്കീ. 1:2) എന്ന കാര്യങ്ങൾ ചാവറയിൽ അന്വർത്ഥമാക്കിയതിൽ ദൈവവചനത്തിനുള്ള സ്ഥാനം അദ്വിതീയമാണ്. റൂഹാദ്ക്കുദ്ശാ നൽകിയ നിവേശനവും വളരെയധികം പ്രാധാന്യമർഹിക്കുന്നു.

12:6 ദർശനപാരവശ്യം

"വന്ദ്യ പ്രിയോർ പിതാവ് പല വത്സരത്തേയ്ക്ക് ഈയുള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണകൃത്യത, ദൈവത്തോടുള്ള സ്നേഹ ഐക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തരശ്രദ്ധ ഇത്യാദി സർവ്വതാല്പര്യത്തോടെ പരിശീലിച്ചു വന്നു. വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ടു മുട്ടിന്മേൽ തന്നെ പരവശനായി നിന്നിരുന്നു."[61] "അനുവാദത്തിനായി ചെല്ലുന്നവർ സ്ക്കാപ്പുളാര മുത്തിക്കൊണ്ട് പൊയ്ക്കൊള്ളുക പതിവായിരുന്നു. മണി ആകുമ്പോൾ സമീപെ നില്ക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യം തീർന്നു ജപം ചൊല്ലി അവസാനിപ്പിക്കും."[62] ഇവിടെ ഉദ്ധരിച്ച സാക്ഷ്യങ്ങൾ ചാവറയുടെ ശിഷ്യനായ മഞ്ഞുമ്മേൽ കൊവേന്തക്കാരനായ ളൂയീസച്ചന്റേതാണ്. "പരവശമായി", "പാരവശ്യം" എന്നീ രണ്ടു സ്ഥലത്തുള്ള പ്രയോഗം ചാവറയ്ക്കുണ്ടായിരുന്ന ദൈവസ്നേഹ ഐക്യതയുടെ ഫലമായിരുന്നു. ചാവറ ധ്യാനസമയത്തു മാത്രമല്ല പാരവശ്യത്താൽ ദൈവസ്നേഹം നിറഞ്ഞവനായിരുന്നത്, മറിച്ച് അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതെല്ലാം അതേ അനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. അതുകൊണ്ടാണ് കൈനകരി ഇടവകക്കാരി മറിയം 92-ാമത്തെ വയസ്സിൽ 1938-ൽ മരിക്കുന്നതിനു മുമ്പ് ഭക്തി പാരവശ്യത്താൽ ചാവറയെ അനുസ്മരിച്ചത്. ദൈവസ്നേഹത്താൽ പരവശനായ ചാവറയെക്കുറിച്ച്

ഓർത്തയാളിന്റെ ഭക്തി പാരവശ്യം: "എന്റെ ദൈവമേ, കൈനകരിക്കു വേണ്ടി എന്തെല്ലാം ചെയ്തിട്ടാണ് പോയത്, ഇങ്ങനെ ഒരാളെ കിട്ടുമോ?" എന്നു പറഞ്ഞു ഭക്തി പാരവശ്യത്താൽ കരഞ്ഞു പോയി."[63]

പാരവശ്യം എന്ന സവിശേഷ അനുഭവം ദൈവസ്നേഹത്തിൽ ലയിക്കുമ്പോഴുണ്ടാകുന്നതാണ്. മൗതികനായ ചാവറയെക്കുറിച്ചു പ്രതിപാദിച്ചിടത്ത് ഇതേക്കുറിച്ച് സൂചിപ്പിച്ചതാണ്.

പാരവശ്യത്തിന്റെ ശാസ്ത്രീയമായ സ്വഭാവം "ചേതനാത്മശരീര" ഘടനയിൽ നിന്നു വരുന്നതാണ്. ബുദ്ധിക്ഷാളനത്തിനും മയക്കുമരുന്നിനും ശരീരതലത്തിൽ പരിവർത്തനമുളവാക്കാം. എന്നാൽ ചേതനാത്മക തലത്തിൽ പരിണാമത്തിന് ഇടവരുത്തുന്ന ഒരു ആധ്യാത്മിക തപസ്യയാണ് അനുധ്യാനം. ദൈവികമേഖലയിൽ അറിവും അനുഭവവും ഉണ്ടാകുന്നതിനുള്ള മാർഗ്ഗമാണ് അനുധ്യാനം. അനുധ്യാനം വഴി ചേതനാത്മക ശരീര സന്തുലനവും പ്രകാശനവും രൂപാന്തരീകരണവും സുഖക്ഷേമാനുഭൂതിയും, പാരവശ്യവും ഉണ്ടാകുന്നു.[64]

മാനസിക പ്രാർത്ഥനയിലൂടെ ശാന്തിയും ആന്തരിക ദർശനങ്ങളും ഉണ്ടാകുന്നത്, തലേച്ചാറ് - മനസ്സ് - സിരാകേന്ദ്രത്തിൽ കൈവരിക്കുന്ന ഏകീകരണം വഴിയാണ്. മനോജന്യ ശാരീരികാവസ്ഥ ചേതനാത്മ വിഷയത്തിൽ ശ്രദ്ധ ചെലുത്തുമ്പോൾ ബാഹ്യവിഷയങ്ങളിൽ നിന്നു വിമുക്തിയും ആധ്യാത്മിക വിഷയങ്ങളിൽ വിലയനവും ഉണ്ടാകുന്നു. ഈ വിലയനം ഹൈപ്പോകാമ്പസ്സിൽ (Hyppocambus) നടക്കുന്ന കേന്ദ്രീകൃത ദർശനം വഴിയാണ്. അതീന്ദ്രിയ വിഷയങ്ങൾ ഉൾക്കാഴ്ച വഴി ഹൈപ്പോകാമ്പസ്സിൽ പതിയുമ്പോൾ സ്വയം പ്രേരിതമായി സിരാവ്യൂഹം മുഴുവനും അതീന്ദ്രിയ വിഷയത്തിൽ കേന്ദ്രീകൃതമാകുന്നു. ഫലം ഒരുവിധത്തിലുള്ള നിശ്ചലതയാണ്. ഈ അനുഭവത്തിൽ നിലകൊണ്ട ചാവറയെയാണ് മഞ്ഞുമ്മേൽ ലൂയിസച്ചൻ ധ്യാനവേളയിൽ ദർശിച്ചിട്ടുള്ളത്.

കണ്ണിനു കാഴ്ച ഇല്ലാത്തവൻ മറ്റുള്ള ഇന്ദ്രിയങ്ങളുടെ ശക്തിയിൽ പരിചിതരാകുന്നു. ഇതുപോലെ ശാരീരിക വിഷയങ്ങളിൽ നിന്നു പ്രതിനിവർത്തിക്കുന്നവർ മാനസിക ശക്തികളിൽ കൂടുതൽ പ്രഗത്ഭരാകുന്നു. മാനസിക കഴിവുകളെയും അതികടക്കുന്നവർ ആധ്യാത്മിക കഴിവുകളിൽ കൂടുതൽ പരിചയിക്കപ്പെടുന്നു. ആധ്യാത്മിക കഴിവുകളിൽ ഒന്നാമതു വരുന്നതാണ് ദർശനം. ദർശനം വഴി ഉണ്ടാകുന്ന വിഷയത്തിൽ ലയിക്കുമ്പോഴുണ്ടാകുന്ന അനുഭൂതിയാണ് പാരവശ്യം.

ഈ അനുഭൂതിയിൽ നിത്യമായ സുഖത്തിന്റെ സാന്നിധ്യമാണുണ്ടാകുന്നത്. ഇങ്ങനെ ഉണ്ടാകുന്ന വ്യക്തിയുടെ ത്വക്കും അതിന്റെ അവാന്തര വിഭാഗങ്ങളായിരിക്കുന്ന നാവ്, നാസാരന്ധ്രം, ചെവി, കണ്ണ് തുടങ്ങിയവയും ബാഹ്യവിഷയങ്ങളിൽ കുടുങ്ങാതെ ആന്തരിക ഉത്തേജനത്തിനു വഴങ്ങുന്നു. മനസ്സ് ഉൾക്കാഴ്ചയിലൂടെ അനുഭവബോധ്യമായ മനസ്സാക്ഷിക്കു വിധേയമാകുന്നു. മനസ്സിന്റെ മേഖലകളായ ഓർമ്മ, സങ്കല്പം, വികാരങ്ങൾ എന്നിവ കെട്ടുപിണഞ്ഞ് ബാഹ്യവിഷയങ്ങൾക്ക് അടിപ്പെടാതെ നിത്യസൗഭാഗ്യത്തിന്റെ കാലികാനുഭൂതിയുമായി ഐക്യപ്പെടുന്നു. ഇവിടെ സംഘർഷം വ്യക്തിയിൽ ഉണ്ടാകുന്നില്ല എന്നു മാത്രമല്ല, പരിപൂർണ്ണ നന്മയിൽ ലയിക്കുന്നതിനുള്ള രാസപ്രക്രിയ ശാരീരിക മാനസിക തലങ്ങളിൽ നടക്കുന്നതുകൊണ്ട് പാരവശ്യത്തിൽ ചേതനാത്മക ശരീര ഐക്യം അനുഭവപ്പെടും. ഈ അനുഭൂതി ആവർത്തിക്കപ്പെടുമ്പോൾ ചേതനാതലത്തിലുള്ള ആത്മസാക്ഷാത്കാരം സുഖാനുഭൂതിയായതിനാൽ ആരോഗ്യത്തിനിതു സഹായകമാകുന്നു.[65] ഈ ആരോഗ്യത്തിന്റെ ഉറവിടം പരിപൂർണ്ണനന്മയും നിത്യസത്യവും മേല്പറഞ്ഞവയോടുള്ള സൗഹൃദവുമാണ്. ഈ അവികലത ആത്മശരീര തത്വംശങ്ങളുടെ രൂപാന്തരീകരണത്തിനും വ്യക്തിയുടെ തേജസ്ക്കരണത്തിനും ഇടവരുത്തുന്നു. ഇവിടെ ആശയ, ആദർശ ഐക്യം ഉള്ളതുകൊണ്ട് തന്നത്താൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

സാരാംശത്തിൽ ദൈവം നമ്മോടുകൂടെ എന്ന അനുഭവത്തിന്റെ ഉടമയാകുന്നതുവഴി സഹജരെയും തന്നെപ്പോലെ സ്നേഹിക്കുന്നു. സഹോദരങ്ങളോടും പ്രപഞ്ചത്തോടും നീതി പുലർത്തുന്ന ആധ്യാത്മികതയാണ് പാരവശ്യ ധ്യാനത്തിലൂടെ ലഭിക്കുന്നത്. ഈ അവസ്ഥയെക്കുറിച്ച് ആവിലായിലെ വി.ത്രേസ്യാ വിവരിക്കുന്നു: "വിവാഹവാഗ്ദാനത്തിലേർപ്പെടാൻ നിങ്ങൾ വിചാരിക്കുന്നതിലധികം തന്റേടം വേണ്ടിയിരിക്കുന്നുവെന്നു ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അത്ര മഹോന്നതമായ ഒരു വേഴ്ചയ്ക്കു നമ്മുടെ സ്വഭാവം തുലോം ചകിതവും ഹീനവുമത്രേ. അതിനെക്കുറിച്ചു നമുക്കെന്തുമാത്രം മതിപ്പുണ്ടായിരുന്നാലും ദൈവം ശക്തി തരാത്ത പക്ഷം അക്കാര്യം അസാധ്യം തന്നെ. വിവാഹനിശ്ചയം നിർവ്വഹിക്കുന്നതിനു വേണ്ടി നമ്മുടെ കർത്താവ് എന്തു ചെയ്യുന്നുവെന്നു നിങ്ങൾ അറിയേണ്ടിയിരിക്കുന്നു. ഇന്ദ്രിയാനുഭൂതികളെയെല്ലാം അതിശയിക്കുന്ന ഒരാനന്ദ പാരവശ്യം അവിടുന്നു പ്രദാനം ചെയ്യുമ്പോൾ സംഭവിക്കുന്നതു വിവാഹനിശ്ചയമല്ലാതെ മറ്റൊന്നുമല്ലായെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ ദൈവമനസ്സിന്റെ ഇത്ര സമീപസ്ഥമായ ഒരു ദർശനം ഇന്ദ്രിയങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്നെങ്കിൽ ജീവിതം തുടരുക ഒരു പക്ഷേ സാധ്യമല്ലായിരിക്കും. സാക്ഷാൽ ആനന്ദപാരവശ്യത്തെപ്പറ്റിയാണു ഞാൻ പറയുന്നത്. എല്ലാ ഹർഷോന്മാദവും ആനന്ദപാരവശ്യമാണെന്നു നമുക്ക് തോന്നിയേക്കാം.[65] ഒരുദാഹരണം "ഓർമ്മയിൽ വരുന്നതോ ദൈവം അരുളിച്ചെയ്യുന്നതോ ആയ ഏതാനും വാക്കുകൾ ആത്മാവിന്റെ ഹൃദയത്തെ സ്പർശിക്കുന്നു. ഇത് പ്രാർത്ഥനാസമയത്ത് ആയിരിക്കണമെന്നില്ല. തന്നെക്കുറിച്ചുള്ള അഭിവാഞ്ഛനിമിത്തം ആത്മാവ് ഇത്രയും കാലം വ്യസനമനുഭവിക്കുന്നതു കണ്ട് അനുകമ്പ തോന്നി അവിടുന്നു മുമ്പു ഞാൻ പറഞ്ഞ തീപ്പൊരി അവളിൽ ജ്വലിപ്പിക്കുകയും തത്ഫലമായി ഫെനിക്സെന്ന പക്ഷിയെപ്പോലെ അവൾ ദാഹിച്ചു നവജീവൻ പ്രാപിക്കുകയും ചെയ്യുന്നു. സാധാരണ മോഹാലാസ്യമോ പാരവശ്യമോ പോലെയല്ലല്ലോ

അത്. അപ്രകാരമായിരുന്നെങ്കിൽ ആന്തരികമോ ബാഹ്യമോ ആയ യാതൊന്നും അറിയാൻ സാധിക്കുമായിരുന്നില്ല."[67]

വിശുദ്ധ തുടരുന്നു: "മുൾപ്പടർപ്പിൽ കണ്ടതെല്ലാം (പുറ. 3:2) വിവരിക്കുവാൻ മൂശെക്കു സാധിച്ചില്ലല്ലോ. അറിയിക്കണമെന്നു തിരുമനസ്സായതുമാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. എങ്കിലും അവിടെ കണ്ടത് ദൈവത്തെയാണെന്നറിയുകയും വിശ്വസിക്കുകയും ചെയ്യാൻ വേണ്ടി അജ്ഞേയ രഹസ്യങ്ങളുടെ യാഥാർത്ഥ്യവും അവിടുന്ന് സുനിശ്ചിതം വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ വിഷമമേറിയ അത്രയധിക അദ്ധ്വാനം അയാൾ ഏറ്റെടുക്കുകയില്ലായിരുന്നു. അത്യഗാധരഹസ്യങ്ങൾ അദ്ദേഹം മുൾപ്പടർപ്പിൽ നിന്നും ഗ്രഹിച്ചിരിക്കണം. അവയിൽ നിന്നാണ് ഇസ്രായേൽ ജനതയ്ക്കുവേണ്ടി നിർവ്വഹിക്കേണ്ടിയിരുന്നതിനെല്ലാം അയാൾക്കു പ്രചോദനം ലഭിച്ചത്."[68]

മനുഷ്യമാത്രമായ കഴിവുകൊണ്ടല്ല ധ്യാനാനുഭവം വസ്തുനിഷ്ഠമായിത്തീരുന്നത്. മറിച്ച് ദൈവം തന്റെ വാക്കുകളിലൂടെയും മറ്റും വെളിപ്പെടുത്തുന്നതു വഴിയാണ് എന്ന് വി. ത്രേസ്യാ വിവരിക്കുന്നു. ഇവിടെ ദൈവമാണ് ആത്മാവിനെ സത്യത്തിലേയ്ക്ക് നയിക്കുന്നത് എന്ന് വിശുദ്ധ വിവരിക്കുന്നു: "ആത്മാവും ദൈവവുമായി ഐക്യപ്പെട്ട നമ്മുടെ അന്തരംഗത്ത്, നാം ഒരുക്കിയിരിക്കുന്ന മഹോന്നതസ്വർഗ്ഗത്തു പ്രവേശിച്ചിരിക്കുകയാണ്. ആത്മാവ് അങ്ങനെ ഹർഷോന്മാദത്തിലായിരിക്കുമ്പോൾ മേല്പറഞ്ഞ രഹസ്യങ്ങളെല്ലാം അവൾ ഗ്രഹിക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നില്ല. എങ്കിൽ ഹർഷോന്മാദത്തിൽ ദൈവം ഈ രഹസ്യം അറിയിക്കുമ്പോൾ ആത്മാവ് അത് ഗ്രഹിക്കാതെ വരുന്നെങ്കിൽ അത് സാക്ഷാത്തായ ഹർഷോന്മാദമായിരുന്നില്ലെന്നത്രേ എന്റെ അഭിപ്രായം."[69]

ചാവറയ്ക്കുണ്ടായ ദർശനപാരവശ്യങ്ങൾ തന്റെ ഗുരുനാഥയായ അമ്മത്രേസ്യായുടെ സഹായത്തോടെ ലഭിച്ചെന്നു ചാവറ പറയുന്നുണ്ട്.[70] ധ്യാനനിർലീനതയിലൂടെ പാരവശ്യാനുഭൂതിയിൽ ലയിച്ച

ചാവറ ദർശനഭവനം കൊണ്ട് ഉദ്ദേശിച്ചത് ഏകാന്തതയുടെ നികേതനമാണ്. ഈ ലോകത്തിന് അതീതമായി ഉയരുന്നതിന്റെ അവസ്ഥാവിശേഷമാണ് പാരവശ്യം. എന്നാൽ ചാവറയെ സംബന്ധിച്ചിടത്തോളം വളരെ ആധുനികമായ ഒരു ശൈലിയാണ് അദ്ദേഹം രൂപപ്പെടുത്തിയത്. അതായത് ദൈവജനത്തിലൂടെ ഏകാന്തത കെട്ടിപ്പടുത്തു. ദൈവജനോന്മുഖ ഏർപ്പെടലിലൂടെ ദൈവദർശനം സാധ്യമാക്കിത്തീർത്ത കർമ്മയോഗിയാണു ചാവറ. ഏകാന്തപ്രിയനായ ചാവറ ദൈവജനോപാസകനായിരുന്നത് അദ്ദേഹത്തിന്റെ സവിശേഷതയെ വിളിച്ചറിയിക്കുന്നതാണ്. ചാവറയുടെ അനുഭവം:

"എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
യേകാന്തപ്രേമത്താൽ പാർക്കുന്നഹം."[71]

ഏകാന്തതയിലും ദൈവത്തെ ദർശിക്കണമെങ്കിൽ ഉൾക്കാഴ്ച സജീവമാകണം. ഉൾക്കാഴ്ചയുടെ സജീവത്വത്തിൽ കണ്ണുകളുടെ പ്രവർത്തനത്തെയും ബുദ്ധിയുടെ ദർശനത്തെയും അതികടന്ന് അതീന്ദ്രിയ തലത്തിൽ വ്യാപരിക്കണം. ചാവറ പറയുന്നു:

"ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെസ്സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കതു ഞാൻ കരുവാക്കി."[72]

എന്നാൽ ചാവറയുടെ ദൃഷ്ടി ബാല്യകാലത്തു സൃഷ്ടികളിൽ പതിഞ്ഞുവെങ്കിലും ആധ്യാത്മിക ശിക്ഷണത്തിലൂടെ അത് അഭൗമികതയിലേയ്ക്ക് ഉയർന്നുവെന്നാണ് ചാവറ പാടുന്നത്:

"ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്."[73]

ചാവറ അത്യുന്നതനായ ദൈവത്തെ ദർശിച്ചനുഭവിച്ചതിൽ പര വശനായ കാഴ്ചയാണ് സമകാലികർക്കുണ്ടായിരുന്നത്.

ചാവറയ്ക്കുണ്ടായ മിശിഹാദർശനം സമഗ്രമായിരുന്നതിനാ ലാണ് ശരീരത്തിന്റെ നിശ്ചലതയും മനസ്സിന്റെ ഏകാഗ്രതയും ഉൾക്കാ ഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നിവയുടെ സജീവത്വവും അനുഭവ പ്പെട്ടത്. ദൈവദർശനത്തോടൊപ്പം ആത്മദർശനവുമുണ്ടായതുകൊ ണ്ടാണ് അനുതാപക്കണ്ണുനീരാൽ ശരീരത്തെ കഴുകി വെളുപ്പിക്കാൻ ഇടവന്നത്.

ചാവറ അനുഭവിച്ചറിഞ്ഞ ദൈവത്തെ സഹജർക്കു പ്രദാനം ചെയ്യുന്നതിനാണ് കണ്ണുനീർ തുടച്ചുകൊണ്ട് അനുദിന ശുശ്രൂഷ യിലേയ്ക്ക് പാരവശ്യം വിട്ട് ഇറങ്ങിതിരിച്ചത്. ശിമയോൻ ഈശോയെ കരങ്ങളിലെടുത്ത് പ്രഖ്യാപിച്ചത് "എന്റെ കർത്താവേ നിന്റെ വാക്കനു സരിച്ച് നിന്റെ ദാസനെ ഇപ്പോൾ സമാധാനത്തിൽ വിട്ടയച്ചാലും" എന്നാണെങ്കിൽ ചാവറ പാടിയത്:

"പാപിയാം മമ പൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെ ക്കേണു പ്രാർത്ഥിക്കുന്നേൻ"

എന്നാണ്. [74]

12:7 വിലാപത്തിന്റെ മാറ്റൊലി

ധ്യാനസമയത്തു പരവശനാകുന്ന ചാവറ ഹൃദയതാപത്തോടെ യാണ് ഈശോയെ ദർശിക്കുന്നതും കണ്ണുനീരോടെയാണ് അവിടുത്തെ അനുഭവിക്കുന്നതും. ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചുള്ള ദർശ നത്തിൽ ഈശോയുടെ കണ്ണുകളെക്കുറിച്ച് ചാവറ വിവരിക്കുന്നു: "ഇതാ തലയിൽ നിന്നിറങ്ങിയിരിക്കുന്ന മുള്ളുകളുടെ മുനകളാലും പല ഊഴവും തലയിൽ അടിച്ചതിൽ അത്രെ, കണ്ണുകളും ചോരനിറമായി കാണുന്നില്ലയോ, അയ്യോ! ഇത് എന്ത്? നിനക്കുകണ്ണുതന്നത് തന്നെ യിതിന്നവകാശം. നിന്നെ കുരുടനാക്കിയിരുന്നെങ്കിൽ തന്റെ, കണ്ണുകൾക്ക്

സംകടം വരാഞ്ഞേനേ എന്നാൽ നിന്നോടുള്ള സ്നേഹത്തെപ്രതി സൂക്ഷമുള്ള രണ്ടു കണ്ണുകൾ നിനക്കുതന്നു, ഈ കണ്ണുകൾകൊണ്ട് മേല്പോട്ടുനോക്കി തന്റെ സൃഷ്ടികളുടെ മഹിമയെ കണ്ടുകൊണ്ടു തന്നെ അറിഞ്ഞ് ബഹുമാനിപ്പാനുള്ളതിനു പകരം നിന്റെ, കണ്ണുകൾ കൊണ്ടു വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്കു ഈ നിന്റെ കണ്ണുകളെ തുറന്നതിനാൽ അത്രെ ഈവണ്ണം തന്റെ കണ്ണുകൾ ചോരനിറമായി പകർന്നിരിക്കുന്നത്. ആ എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള തിരുക്കണ്ണുകളുടേയും ഈ തിരുമുഖത്തിന്റെയും ഈ ഭാഷകളെ മാറ്റി അനുഗ്രഹമുള്ള ഈ നിന്റെ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എന്നിനിക്കു കാൺമാനിടയാകും. ആ എന്റെ മകനെ, നിന്റെ ഭാഷ മാറുമ്പോൾ ഈ മുഖഭാഷയും നിന്റെ, കണ്ണിൽ മാറ്റപ്പെടുകയും ചെയ്യാം എന്ന് എന്നോടു നീ അരുളിച്ചെയ്യുന്നതിനാൽ കർത്താവെ ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കുമുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. അയ്യോ, ഇനി എന്റെ കണ്ണുകളെ താഴ്ത്തി എന്റെ അപ്പന്റെ തിരുദേഹത്തെ ഒന്നു സൂക്ഷിക്കട്ടെ."[75]

ഈശോയുടെ കണ്ണുകളെ ദർശിച്ച ചാവറ ധ്യാനത്തിലൂടെ എടുത്ത നിഗമനം: "എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനായും ഞാൻ കയ്യാളിക്കുന്നു" എന്നാണ്. വിലാപത്തിന്റെ മാറ്റൊലി എന്ന ശീർഷകത്തിൽ ചാവറ ഈശോയുടെ കണ്ണുകളെക്കുറിച്ചു ധ്യാനിച്ചതുവഴി ജീവിതത്തെ മാറ്റിമറിച്ചെങ്കിൽ ആ ദൈവദാനം– വരം അനുഭവിച്ചതാണ്. വെറും ബാഹ്യമായ ഒന്നല്ല കണ്ണുനീർ പൊഴിക്കുക എന്നത് മറിച്ച് ഹൃദയത്തിന്റെ താപവും പാശ്ചാത്താപവും വഴി മിശിഹായിലേക്ക് തിരിഞ്ഞതാണ്. ഹൃദയം നൊന്തു കരഞ്ഞ കേപ്പായുടെ അനുഭവം (മത്താ. 26:75) ചാവറ തന്റെ ധ്യാനത്തിനിടയിൽ ചെയ്തതിനു തുല്ല്യമല്ലേ! പത്രോസിനു ഉള്ളുനൊന്തു എന്നാണു മർക്കോസ് സുവിശേഷകൻ പറഞ്ഞത് (മർക്കോ. 14:72).

ലൂക്കായും ഇതേ ശൈലിയിൽ പത്രോസിന്റെ വിലാപത്തെ ചിത്രീകരിക്കുന്നത് "ഹൃദയം നൊന്തു കരഞ്ഞു" (ലൂക്കാ 22:62) എന്നാണ്.

ചാവറ നടത്തിയ ധ്യാനത്തിൽ സുവിശേഷ വിവരണങ്ങളെ വിശ്വാസത്തിന്റെ ഉറവിടമായി സ്വീകരിച്ചതിനാലാണ് ആ രംഗങ്ങൾ ഈശോയിൽ സംഭവിച്ചതു ചാവറയുടെയും പ്രവർത്തനത്താലെന്നു ധ്യാനിച്ചത്. അതായത് വ്യർത്ഥമായതും എണ്ണമില്ലാത്തതും വിലക്കപ്പെട്ടതുമായ കാഴ്ചകൾക്കു ഈ നിന്റെ കണ്ണുകളെ തുറന്നതെന്നു പറയുന്നത്.[76] പത്രോസ് ഈശോ പറഞ്ഞ വചനം ഓർത്തപ്പോഴാണു കരഞ്ഞത്. ചാവറ ഈശോയുടെ ദൃശ്യം ധ്യാനത്തിൽ അനുഭവിച്ചപ്പോൾ വിലപിച്ചു. ഈ വിധത്തിൽ ചാവറ തന്റെ ഹൃദയത്തെ ഈശോയുടെ പീഡാനുഭവ പശ്ചാത്തലത്തിൽ പരിഗണിച്ചപ്പോൾ കണ്ണുനീർ വാർത്തത് ഹൃദയം നൊന്ത് ഈശോയെ അനുഭവിച്ചതാണ്.

ഈശോ സ്ലീവായും ചുമന്നുകൊണ്ടു ഗാഗുൽത്തായിലേക്കു പോയപ്പോൾ അവിടുത്തെക്കുറിച്ച് കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ ഒരു ഗണത്തിനു നേരെ തിരിഞ്ഞ് ഈശോ അരുളിച്ചെയ്തത്: "ഓറെശ്ലെം പുത്രിമാരെ, എന്നെക്കുറിച്ച് നിങ്ങൾ വിലപിക്കേണ്ട; നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും വിലപിക്കുവിൻ" (ലൂക്ക. 23:27-28) എന്നാണ്. ചാവറ ഈശോയുടെ പീഡിതമായ കണ്ണുകൾ കണ്ടപ്പോൾ തന്റെ കണ്ണുകൾ ചെയ്ത പാപത്തെക്കുറിച്ചാണ് വിലപിച്ചത്. അതു കൊണ്ടാണ് ദൈവഹിതത്തിന് ചാവറ തന്നെതന്നെ പ്രതിഷ്ഠിച്ചത്.[77]

ഈശോ എന്നും മനുഷ്യരെക്കുറിച്ച് ചിന്തിക്കുന്നതും വിലപിക്കുന്നതും അവരുടെ പാപത്തെക്കുറിച്ചല്ലേ. ദൈവം തരുന്ന കൃപാവരത്തോടു സഹകരിച്ച് ദൈവമക്കളായിത്തീരുക എന്നതാണ് ദൈവഹിതം. ദൈവം അയച്ച ദൈവപുത്രനെ മനുഷ്യൻ അംഗീകരിക്കുന്നതും അതുവഴി വിശുദ്ധീകൃതമാകുന്നതുമാണു ദൈവഹിതം (യോഹ. 17:5).

ഈശോ അരുളിച്ചെയ്യുന്നു: "ദൈവവചനം ആരുടെ പക്കലേക്കു വരുന്നുവോ അവരെ അവിടുന്നു ദേവന്മാരെന്നു വിളിച്ചു. തിരുലിഖിതം നിരർത്ഥകമാകുകയില്ലല്ലോ. ഞാൻ ദൈവപുത്രനാകുന്നു എന്നു പറഞ്ഞതുകൊണ്ട് പിതാവ് വിശുദ്ധീകരിച്ചു ലോകത്തിലേക്കയച്ചിരിക്കുന്ന എന്നിൽ നിങ്ങൾ ദൈവദൂഷണക്കുറ്റം ആരോപിക്കുന്നുവോ? ഞാനെന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. എന്നാൽ ഞാൻ അവ ചെയ്യുന്നെങ്കിൽ എന്നെ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ പോലും പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾക്കു ബോദ്ധ്യം വരുന്നതിനുവേണ്ടി എന്റെ പ്രവൃത്തികളെ വിശ്വസിക്കുവിൻ" (യോഹ. 10:35-38).

ദൈവഹിതമായ മാനവവിശുദ്ധീകരണം (1 തെസ. 4:3) സാധിക്കുവാൻ വന്ന ഈശോയുടെ ഭക്ഷണം മറ്റൊന്നായിരുന്നില്ല (യോഹ. 4:34). എന്നാൽ ഈശോയെ സ്വീകരിക്കുന്നില്ലെങ്കിൽ അതുവഴി ഉണ്ടാകുന്ന അനർത്ഥത്തെക്കുറിച്ച് ഈശോ തന്നെ വിലപിക്കുന്നതായി കാണാം: "ഓറെശ്ലെമേ; ഓറെശ്ലെമേ; പ്രവാചകന്മാരെ കൊല്ലുന്നവളേ; നിന്റെ, അടുക്കലേക്ക് അയയ്ക്കുന്നവരെ കല്ലെറിയുന്നവളേ; തള്ളക്കോഴി അതിന്റെ കുഞ്ഞുങ്ങളെ ചിറകിൽ കീഴിൽ ഒരുമിച്ചു ചേർക്കും പോലെ നിന്റെ സന്താനങ്ങളെ ഒരുമിച്ചു കൂട്ടാൻ ഞാൻ എത്രപ്രാവശ്യം ആഗ്രഹിച്ചു. എന്നാലും നീ അതിനു സമ്മതിച്ചില്ല. കണ്ടാലും! നിങ്ങളുടെ ഭവനം പരിത്യക്തവും ശൂന്യവും ആയിരിക്കുന്നു" (മത്താ. 23:37-38). ഈശോ ഓറെശ്ലെത്തെ കണ്ടു വീണ്ടും വിലപിക്കുന്നു: "പട്ടണം കണ്ട മാത്രയിൽ അതിനെ കുറിച്ചു വിലപിച്ചു പറഞ്ഞു: സമാധാനമാർഗ്ഗം ഈ ദിവസമെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ അതു നിന്റെ ദൃഷ്ടിയിൽ നിന്നും മറയ്ക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ 19:42).

ഈശോ മനുഷ്യരെക്കുറിച്ചു വിലപിച്ചെങ്കിൽ അവരിൽ ഒരുവനായ ചാവറ തന്റെ ഏറ്റം നിസ്സാരമായ കുറവുകളെ ഓർത്ത് ധ്യാന

സമയത്തു വിലപിക്കുന്നത് കണ്ണുനീരിന്റെ വരമാണ്. അത് ദൈവ ഹിതം നിറവേറ്റുന്നതിലുള്ള പരിപൂർണ്ണ ആത്മസമർപ്പണത്തിന്റെ ആധ്യാത്മികതയാണ്. കണ്ണടക്കത്തിലും ചെവികേൾവിയിലും പൂർണ്ണ മായി ദൈവത്തോടു ഐക്യപ്പെടാതിരുന്ന ചാവറ തന്റെയും മനുഷ്യകുലം മുഴുവന്റെയും ദൗർഭാഗ്യത്തെ ഓർത്ത് വിലപിക്കുമ്പോൾ അവിടുത്തെ മനുഷ്യാവതാരമാണ് മുമ്പിൽ കാണുന്നത്:

"മക്കളാം മനുകുലം പൊയ്ക്കളഞ്ഞുള്ള ഭാഗ്യ
മൊക്കെയും വരുത്തുവാൻ നിൻ തിരുമനസ്സിനാൽ
പൊക്കമേറുന്ന ഭാഗ്യമൊക്കെയും ത്യജിച്ചു നീ
പൊയ്ക്കളഞ്ഞരുത്തിനെ തേടുവാൻ മാട്ടിൻ കൊട്ടിൽ
വേസരി കാള രണ്ടു മൃഗത്തിൻ നടുവതിൽ
കേസരി യൂദാക്കുട്ടിയായി നീ പിറന്നയ്യോ".[78]

ചാവറ നശ്വരമായവയിൽ ദൃഷ്ടി പതിച്ചെന്ന് ഏറ്റു പറഞ്ഞു കൊണ്ടു വിലപിക്കുന്നു:

"എന്നിതൊക്കെയും കണ്ടു ഗ്രഹിപ്പാൻ കണ്ണുതന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തു ചെയ്തു!
കാണുന്ന വസ്തുവിനെ കണ്ടു കൊണ്ടതിൽത്തന്നെ
നാണം കൂടാതെ മമ ശരണം വച്ചേനയ്യോ!
മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും
മിന്നൽ പോൽ കടന്നീടുമെന്നു ഞാനോർത്തീടാതെ
കണ്ണിന്നിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതെന്നോർത്തീടാതെ മനസ്സുമതിൽ വച്ചേൻ
എന്നതു കൊണ്ടു നാഥൻ തന്ന കണ്ണിനാൽത്തന്നെ
നിന്ദിച്ചേനഹം തന്നെയയ്യയ്യോ മഹാ കഷ്ടം."[79]

ചാവറയുടെ വിലാപവും കണ്ണുനീരും നിലയ്ക്കാതെ ദൈവസന്നിധിയിൽ വീണ്ടും കേഴുന്നു:

"ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനു
മതിനാൽത്തന്നെ നിന്നെസ്സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കതു ഞാൻ കരുവാക്കി
നല്ലതായുള്ള കേൾവി കേൾപ്പാനായ് കർണ്ണം തന്നു
അല്ലലുമതിനാലെ വരുത്തി മമ ചിത്തേ
നിന്നുടെ ദേവാലയേ ചെന്നു വന്ദിച്ചീടുവാൻ
തന്നല്ലോ കൈയും കാലും സർവ്വേശാ, ഗുണാംബുധേ

.....

മറ്റുള്ള ജനത്തേയും കാട്ടുവാനായിത്തന്ന
മാറ്റേറും വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി
യിങ്ങനെയടിയന്റെ പൈതൽ പ്രായത്തിൽ തന്നെ
മംഗലമൊക്കെക്കളഞ്ഞയ്യയ്യോ മഹാദു:ഖം
എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽ നിന്നു ചിന്തിയ കൺനീരിനാൽ
പാപിയാം മമ പൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെക്കേണു പ്രാർത്ഥിക്കുന്നേൻ."[80]

ചാവറ തന്റെ അനുതാപക്കണ്ണീരിനെ മനുഷ്യനായി അവതരിച്ച ദിവ്യശിശുവിന്റെ കണ്ണുനീരിൽ വീഴ്ത്തുന്ന മനോഹര ദൃശ്യമാണ് ആത്മാനുതാപത്തിൽ കാണുന്നത്. മാനവ പവിത്രീകരണാർത്ഥം മനുഷ്യനായിപ്പിറന്ന ഈശോ ശൈശവത്തിൽ കരഞ്ഞുവെന്നും കണ്ണുനീർ ഒഴുക്കിയെന്നും ചാവറ തന്റെ ഉൾക്കണ്ണുകൾ കൊണ്ടു കാണുന്നു. സഹജീവികൾക്കു പ്രകാശം നല്കേണ്ടതിനു ദൈവം നല്കിയ ഉജ്ജ്വല

വെളിച്ചത്തെ ഇരുട്ടാക്കിയെന്നു ചാവറ കേഴുന്നു. ചാവറയുടെ കണ്ണുനീർ പ്രവാഹം ചിറപൊട്ടി ഒഴുകുന്നതിന്റെ പ്രതീകമാണ് വിവേകശൂന്യരായ കന്യകകളുടെ അനുഭവത്തെ ചാവറ തന്നിൽ അനുഭവിക്കുന്നത്. ചാവറ പാടുന്നു:

"അയ്യയ്യോ, മഹാ ദു:ഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയുമില്ലാ പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി
യല്പൻ ഞാനറിയാതെ കെട്ടയ്യോ മമ വെട്ടം."[81]

"ഞങ്ങളുടെ വിളക്കു കെടാൻ പോകുന്നു" (മത്താ. 25:8) എന്നു വിലപിച്ച വിവേകശൂന്യരായ കന്യകകളുടെ സ്ഥാനത്ത് ചാവറ തന്റെ അനുതപിക്കുന്ന ഹൃദയത്തിൽ നിന്നും സ്നേഹത്തിന്റെ നെയ്യ് ഒഴിച്ചുകൊണ്ടു വിശ്വാസത്തിന്റെ ദീപം തെളിയിക്കുന്നു. എന്നാൽ ചാവറയിൽ സംഭവിച്ചതിനെക്കുറിച്ച് മുകളിൽ കണ്ടതാണ്. ചെറുപ്പത്തിലെ വളർച്ചയിൽ, അവസ്ഥയുടെ പ്രത്യക്ഷീകരണത്തിൽ, കണ്ണടക്കത്തിനും ചെവിയടക്കത്തിനും സാധിക്കാതെ വന്ന ബാല്യകാല ചാപല്യങ്ങളായിരുന്നു ചാവറയുടെ അനുഭവം. എങ്കിലും കണ്ണുനീരിന്റെ വരം കൊണ്ടു ചാവറ, എല്ലാറ്റിനും പരിഹാരം കണ്ടെത്തിയെന്നു മാത്രമല്ല, തന്റെ വെളിച്ചം എല്ലാവരുടെയും മുമ്പിൽ തെളിയിക്കുവാനും ദൈവം ഇടവരുത്തി. തെളിഞ്ഞ ഹൃദയത്തോടെ ചാവറ പാടുന്നു:

"അമ്മാനുവേലേ, നിനക്കുത്തമ സ്തോത്രമായി
അമ്മാന ചൊല്ലി നിന്നെ സ്തുതുച്ചീടുന്നേനഹം."[82]

ചാവറ ഈശോയുടെ പീഡാനുഭവരംഗങ്ങൾ ധ്യാനിച്ചുകൊണ്ട് കണ്ണുനീരിന്റെ ധ്യാനാത്മകവശത്തേയ്ക്കു കടക്കുന്നു.

12:8 ധ്യാനനിർലീനത

"ആ, എന്റെ പ്രിയമുള്ള അപ്പാ! ഇതുന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ശങ്കിക്കുന്നു. അതെന്തെ്യ, ഈ വണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെ പ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്? ശ്ലീഹായുടെ വചനത്തിൻ വണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാനെ നാം സ്നേഹിച്ചതു കൊണ്ടല്ല, പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത് (1 യോഹ.4:10). ആ മനോഗുണമെ! ആ സ്നേഹമെ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈ വണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്വാൻ തനിക്കു വശമുണ്ടാമൊ."[83]

പീഡാനുഭവധ്യാന ചിന്തയിൽ ദൈവസമക്ഷം നിർലീനനായി ഈശോയെ 'അപ്പാ' എന്ന് അഭിസംബോധന ചെയ്തു നിലകൊള്ളുന്ന ചാവറയെയാണ് ധ്യാനസല്ലാപങ്ങളുടെ മേലുദ്ധരിച്ച പ്രകരണങ്ങളിൽ കാണുന്നത്. "ധ്യാനമെന്നതു ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന് സ്നേഹിതന്മാരോടൊന്നിച്ചുള്ള സംഭാഷണം എന്ന പോലെ ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്നു സംസാരിക്കയത്രേ ഇതിന്റെ പ്രവൃത്തി"[84] എന്നു വിവരിച്ച ചാവറ പീഡാനുഭവരംഗങ്ങളിലൂടെയാണ് ഈശോയെ ദർശിക്കുന്നത്. സ്നേഹിതർ തമ്മിലുള്ള സംഭാഷണത്തിൽ നിന്നും ഒരു പടികൂടി കടന്ന് "ആത്മമണവാളനുമായ ഈശോയെയാണു" ചാവറ ധ്യാനനിർലീനതയിൽ അനുഭവിച്ചത്. ഇവിടെ രണ്ടനുഭവങ്ങൾ തമ്മിലുള്ള ലയനമാണു നടക്കുന്നത്.

ഒന്ന്: മനുഷ്യനെ സ്നേഹിച്ചതുവഴി പീഡ സഹിച്ച ഈശോയുടെ അനുഭവം. രണ്ട്: ഈശോയുടെ പീഡാനുഭവത്തിനു കാരണമായ ചാവറയുടെ പോരായ്മകൾ. ആദ്യത്തെ അനുഭവം: "ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും പാതിരാവിലും മഞ്ഞിലും പനിയിലും വെയിലിലും കാട്ടിലും മേട്ടിലും കരയിലും കടലിലും ചുറ്റിത്തിരിഞ്ഞു നടന്ന് എന്നെ തേടിയ രക്ഷിതാവിന്റെ തൃക്കാലുകളേ, എന്റെ കാലുകളിൽ പിശാചുകെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടു കയറുകളാൽ വരിഞ്ഞുകെട്ടപ്പെട്ട തൃക്കാലുകളേ, എന്റെ പിടലിയിൽ ഞാൻ കെട്ടിവച്ച പാപച്ചുമടുകളെ എന്നിൽ നിന്നിറക്കുവാനായി ഭാരപ്പെട്ട കുരിശു മരത്തിനെ മാംസമില്ലാതെ ചതഞ്ഞിരുന്ന തിരുത്തോളിൻമേൽ കരേറ്റിക്കൊണ്ടു ഗാഗുൽത്താമലയിലുള്ള കൂർത്ത് മൂർപ്പിച്ച കടുത്ത പാറകളിൽ ചവിട്ടി നടന്നു നിന്റെ തിരുപ്പാദങ്ങളെയും ഞാൻ കണ്ടിരുന്നാറെയും നിനക്കുവിരോധമായി എന്റെ കാലുകളെ ഞാൻ ഇളക്കിയതെങ്ങനെ."[85]

ചാവറ ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ ഈശോയുടെ ഓരോ സഹനത്തേയും ശാരീരികമായി അളന്നു തൂക്കി തന്റെ ഓരോ നീക്കവുമാണതിനു കാരണമെന്ന് കണ്ടുപിടിക്കുന്നു. അതുകൊണ്ടും തൃപ്തിപ്പെടാതെ മണവാളന്റെ ഓരോ പാടിനെയും മണവാട്ടി ഏറ്റുവാങ്ങി പങ്കുവച്ചു പരിഹരിക്കുന്ന അത്യുന്നതമായ സ്നേഹത്തിന്റെ ലയനമാണു ദൃശ്യമാകുന്നത്. ചാവറ തുടരുന്നു: "തൊണ്ടിപ്പഴം പോൽ ശോഭയുള്ള തിരുചുണ്ടുകൾ കരിഞ്ഞ നിറമായിട്ടും ഈ വണ്ണം സൗന്ദര്യമുള്ള എന്റെ കർത്താവിന്റെ തിരുമുഖം എന്റെ പാപങ്ങളാൽ ഈവണ്ണം കരപ്പെട്ടിരിക്കുന്നതിനെ ഞാൻ കാണുന്നു."[86]

ആത്മാനുതാപമെന്ന കൃതിയിൽ ചാവറ തന്റെ വിനോദം വഴിയും മറ്റും വരുത്തി വച്ച ഈശോയുടെ പീഡാനുഭവത്തെ വിവരിക്കുന്നു:

"തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞെനെ
ഞാൻ ക്രീഡനിമിത്തമായോരോരോ പാപകർമ്മം
താൻ പീഡ ക്ഷമിപ്പാനായ് കൂട്ടിയെൻ മഹാകൂമ്പൽ
അയ്യയ്യോ സർവ്വേശ്വരാ! കാരണം ഗ്രഹിക്കാതെ.

.....

ദാഹിച്ചു കുടിപ്പാനായിച്ചിച്ചേനഹം പാപി
സ്നേഹിതസ്സെഹിയോന്റെ സുന്ദരിപ്പുത്രികളെ!
സ്നേഹമേറിടും നിങ്ങൾ മണവാളനെ കാണ്മിൻ
തന്നുടെ സ്നേഹമാതാ മന്നവൻ ശ്ലേമ്മോനിനെ."[87]

പീഡാനുഭവരംഗങ്ങളെല്ലാം ചാവറയച്ചൻ ധ്യാനവിഷയമാക്കുന്നു. അതോടൊപ്പം അദ്ദേഹം തന്റെ പാപാധികൃത്തെ വർണ്ണിക്കുന്നുമുണ്ട്. കാരുണ്യ വിവരണം:

"മന്നിലെ നിർമ്മോഹത്തെയാശിച്ചു ചരിക്കുമ്പോൾ
എന്നുടെ പിന്നാലെ നീ നടന്നു മഹാദയാൽ
നന്ദിയെ കാട്ടി എന്നെ വിളിച്ചു കരുണയാൽ
പാപി ഞാൻ ദുർഭാഗൃത്താൽ ശ്രോത്രത്തെ പൊത്തിക്കൊണ്ട്
പാപപന്ഥാവിൽ നടന്നയ്യയ്യൊ, മഹാദു:ഖം
പാതകനായിത്തണ്യ പാതയിൽ നടന്നപ്പോൾ
താതനെപ്പോലെ മമ പിന്നാലെ നടന്നു നീ
ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻ മമ സ്നേഹം

.....

താപസനായീടുവാൻ മേ ശക്തി വശഹീനം
നിൻ തിരുപ്പാടുകളെ സ്മരിച്ചു ചിന്തിപ്പാനും
നിൻ തിരുരക്തത്താലെ ശരണം പ്രാപിപ്പാനും
ഇന്നിതെന്നിയെ മറ്റു തപസ്സിന്നനുഷ്ഠിപ്പാൻ
എന്നാലസാദ്ധ്യം ദൃഢം ശരണം തിരുരക്തം

.....

തത്രാസം കൊണ്ടു ശിഷ്യരൊക്കെയുമൊളിച്ചയ്യോ!
ഇങ്ങനെയവർ തന്നെ ഓർസലേം നഗർ നീളെ
മംഗലനാഥൻ തന്നെപ്പാശത്താൽ വലിച്ചയ്യോ!
തന്നുടെ തിരുച്ചിത്തം കരത്താലെന്നെച്ചെയ്തു
എന്നതിൻ കൃതജ്ഞത കാട്ടിയെൻ കരമയ്യോ!
പിന്നെയും മമ പാപാൽ ഉന്നത വിധിയതിൽ
എന്നെ രക്ഷിപ്പാനുള്ള തന്നുടെ മഹാദയാൽ
സർവ്വരെ വിധിക്കുന്ന നീതിമാൻ പാപി സമം
പൂർവ്വം ഹന്നാനു മുൻപിൽ നീതിയെ കേൾപ്പാൻ നിന്നു

.....

എങ്കിലും പാപി ഞാനെന്നോർക്കുമ്പോൾ വിറയ്ക്കുന്നേൻ
ഇന്നവൻ സുവാക്യത്തെ കേൾപ്പതിന്നയോഗ്യനായ്
എന്ന പോൽ നിന്റെ സ്വരം നിറുത്തീടല്ലേ താതാ!
പിന്നെയും നിന്നെയവൻ ഭ്രാന്തനായ്ച്ചമച്ചയ്യോ!

.....

അയ്യയ്യോ വൈരികളെ പൊയ്യായി ദൂഷിക്കുന്നു
മെയ്യയ്യോ ഞാൻ ചെയ്തൊരു പാപകാഠിന്യമിതേ
നാഥനൊ! പാപിയെന്നെ ശിക്ഷിക്ക ചിത്തം പോലെ
നാഥയാം തായെ നിന്നെ ഖേദിപ്പിക്കുന്നതിദു:ഖം
പിഴച്ച പാപിഞാനെ പ്രാശ്ചിത്തം നീ ചെയ്യുന്നോ
കുഴച്ച പാപിതാനുമസാദ്ധ്യനെന്നു ദൃഢം
എങ്കിലും മമ പാപമൊത്തിരി കുറഞ്ഞെങ്കിൽ
നിൻ തിരുവടിയുടെ കഷ്ടവും കുറഞ്ഞേനേ!"[88]

ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചുള്ള ധ്യാനമാണ് ചാവറയുടെ പശ്ചാത്താപത്തിലും മാനസാന്തരത്തിലും നിഴലിക്കുന്നത്. ആത്മാനുതാപത്താൽ ചാവറ എന്നും ദൈവൈക്യത്തിൽ ജീവിച്ചുകൊണ്ട് ത്രിത്വൈക്യത്തെ തിരുക്കുടുംബത്തിലൂടെ ദർശിച്ചിരുന്നു.

12:9 തിരുക്കുടുംബം

ദൈവദർശനത്തിന്റെ വിവിധ അനുഭവങ്ങളിലേക്കു ചാവറ ഇറങ്ങുന്നത് തനിക്കു ദൈവം തന്നെ നൽകിയ ഉൾക്കാഴ്ചയിലൂടെയാണ്. ഈ ഉൾക്കാഴ്ചയാണ് ദൈവമനുഷ്യ ബന്ധത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ തുടക്കം. ആധ്യാത്മിക ജീവിതത്തിന്റെ അത്യുന്നതാനുഭവം ആരംഭിക്കുന്നതും ഉൾക്കാഴ്ചയിലൂടെയാണ്. ഈ ഉൾക്കാഴ്ചയിൽ പ്രധാനമായും കടന്നുവരുന്ന ത്രൈമാനങ്ങളുടെ മൂന്നു മേഖലകളാണിവിടെ പരാമർശവിഷയമാക്കുന്നത്. ഒന്നാമത്തേത്, എല്ലാറ്റിന്റെയും ഉറവിടമായിരിക്കുന്ന പിതാവ്, പുത്രൻ, റൂഹാ എന്ന പരിശുദ്ധ ത്രിത്വം. രണ്ടാമത്തേത്, മനുഷ്യനിലുള്ള മൂന്നു മേഖലകളായ ചേതന, ആത്മാവ്, ശരീരം (1 തെസ. 5:23) എന്നിവ. ഈ രണ്ടു മേഖലകളുടെ സ്വർഗ്ഗീയ ഭൗമിക മാധ്യമമായി നിലകൊള്ളുന്നത് അവതരിച്ച ദൈവവചനം ഉൾപ്പെടുന്ന തിരുക്കുടുംബമാണ്. ഈ മൂന്നു മേഖലകളിൽ ഒന്നാമത്തേതായ പരിശുദ്ധത്രിത്വമാണ് ചാവറയുടെ ഉൾക്കാഴ്ചയിൽ ആദ്യമായി തെളിഞ്ഞത്.

"പിതാവ് പുത്രൻ റൂഹാദ്ക്കുദശാ
പിതാവിൽ സുതനരാവതാരവും
കന്നിതന്നുടെ ശുദ്ധോദരത്തിലായ്
മന്നിൽ വന്നു പിറന്നു മനുവായി."[89]

ത്രിത്വരഹസ്യം ഉൾക്കൊണ്ട ചാവറ അടുത്തതായി തിരിയുന്നത് ഭൂമിയിലെ ത്രിത്വാവിഷ്ക്കരണത്തിന്റെ തിരുക്കുടുംബത്തിലേക്കാണ്. ചാവറ പാടുന്നു:

"അക്കാലംനാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർയൗസേപ്പിൻ നാമവും."[90]

ത്രിത്വരഹസ്യത്തെയും തിരുക്കുടുംബാടിസ്ഥാനത്തേയും ഉൾ
ക്കൊണ്ട ചാവറയിലുള്ള ത്രൈമാനമാണ് അടുത്ത രഹസ്യം. ഈ
സത്യത്തെ പ്രത്യക്ഷത്തിൽ അവതരിപ്പിക്കുന്നതിനേക്കാൾ പരോക്ഷ
മായ വിവരണമാണു ദൃശ്യമാകുന്നത്:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തുകാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ.
ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-
ലിക്കൃമിയായയെന്നെയും ചെയ്തെങ്കിൽ,
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ളു!
ഈ മഹാവലിപ്പത്തിന്റെ ചിത്തം പോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻ മൂലം.
ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവംതന്നു മാനുഷജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്."[91]

"മഹത്വത്തിൻ ഛായ" എന്നതും 'മാനുഷജന്മമെന്നതും' 'ഉന്നതേ
കരേറ്റുവാനും ചിത്തമായ്' എന്നതും അപഗ്രഥിക്കുമ്പോഴാണ് എല്ലാ
മനുഷ്യരിലും എന്നതു പോലെ ചാവറയിലും ത്രൈമാനം വെളിപ്പെടു
ന്നത്. ശരീരം, ആത്മാവ്, ചേതന എന്നീ ത്രൈമാനങ്ങളെക്കുറിച്ചാണ്
ഇവിടെ കാണുവാനുള്ളത്.

ദൈവം മനുഷ്യനെ രൂപപ്പെടുത്തിയപ്പോൾ തന്റെ സാദൃശ്യവും ഛായയും നല്കിയെന്നു വിശുദ്ധഗ്രന്ഥം പറയുന്നു (ഉത്പ. 1:26;2:7). ഇവിടെ സംഭവിച്ചതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ദൈവം നല്കിയ ശ്വാസം ചേതനയെ സൂചിപ്പിക്കുന്നു. ഇതാണു ദൈവികജീവൻ അല്ലെങ്കിൽ ദൈവസ്വഭാവം. ദൈവികജീവൻ ശ്വാസം വഴി പ്രവേശിച്ചതു മണ്ണിന്റെയും പ്രപഞ്ചശക്തികളുടെയും അവസ്ഥയായ ശരീരത്തിലാണ്. അതിനെ ജഡം എന്നു പറയുന്നു. ജഡത്തിൽ ദൈവശ്വാസം പ്രവേശിച്ചപ്പോൾ ഉണ്ടായ ജീവൻ മനുഷ്യാത്മാവ് ആണ്. മനുഷ്യാത്മാവിനു ദൈവവുമായും പ്രപഞ്ചവുമായും ബന്ധപ്പെടാനുള്ള കഴിവാണ് ദൈവം നല്കിയത്. ഈ ജനനത്തെക്കുറിച്ച് യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നു: "എന്നാൽ തന്നെ സ്വീകരിച്ച സകലർക്കും തന്റെ നാമത്തിൽ വിശ്വാസമർപ്പിക്കുന്ന സകലർക്കും-ദൈവമക്കളാകുവാനുള്ള അവകാശം അവിടുന്നു നല്കി. അവൻ ജനിച്ചതു രക്തത്തിൽ നിന്നോ, ശാരീരികാഭിവാഞ്ഛയിൽനിന്നോ, പുരുഷേച്ഛയിൽ നിന്നോ അല്ല; പ്രത്യുത ദൈവത്തിൽ നിന്നത്രേ" (യോഹ. 1:12-13).

ശരീരവും ആത്മാവും ചേതനയുമുള്ള പൂർണ്ണമനുഷ്യനെ ഒന്നു തെസ്സലോനിക്കാ അഞ്ച് ഇരുപത്തിമൂന്നിൽ കാണാം: "സമാധാനത്തിന്റെ ദൈവം നിങ്ങളെ പൂർണ്ണമായി വിശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും ജീവനും (ചേതന) ശരീരവും നമ്മുടെ കർത്താവീശോമിശിഹായുടെ ആഗമനത്തിൽ ഭദ്രവും കളങ്കരഹിതവുമായി സംരക്ഷിക്കപ്പെടട്ടെ."

സൃഷ്ടികളിൽ ദൈവസാദൃശ്യവും ദൈവച്ഛായയും ഉൾക്കൊള്ളുന്ന വലിയ ഒരു സംഭവമാണ് മിശിഹായുടെ മനുഷ്യാവതാരം (യോഹ. 1:14-16). ഇവിടെ ചിന്തിക്കുവാനുള്ളത് മിശിഹായെ സ്വീകരിച്ച വ്യക്തിയെക്കുറിച്ചാണ്. അവളാണു നസ്രത്തിലെ ബാലിക. തിരുക്കുടുംബത്തിലെ ഒരാൾ. മറ്റൊരാളാകട്ടെ ത്രിത്വത്തിലെ രണ്ടാമാളായ

ഈശോയും. മൂന്നാമൻ മാർ യൗസേപ്പു താതനും. ത്രിത്വത്തിലെ പുത്രനെക്കുറിച്ചു യോഹന്നാൻ സുവിശേഷകൻ പറയുന്നു: "ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ. 1:28).

ഏകജാതനാകട്ടെ മാതാവിന്റെ ഹൃദയമാകുന്ന മടിത്തട്ടിലാണ് വചനം മാംസം ധരിച്ചത്. ലൂക്കാ സുവിശേഷകൻ പറയുന്നു: "കർത്താവ് നിന്നോടുകൂടെ" (ലൂക്ക. 1:28). മാതാവിന്റെ വ്യക്തിത്വത്തിന്റെ ആകെത്തുകയാണ് അവളുടെ ഹൃദയം (ലൂക്ക. 1:28; 2:19,51). പിതാവിന്റെ മടി ത്രിത്വത്തിൽ. മാതാവിന്റെ മടി തിരുക്കുടുംബത്തിൽ. രണ്ടിലും വസിച്ചത് ഈശോ.

അടുത്തതായി, ചാവറ എപ്രകാരമാണു തന്റെ ഹൃദയത്തിൽ മാതാവിന്റെ ഹൃദയം സ്ഥാപിച്ച് ഈശോയെ അവിടെ അനുഭവിക്കുന്നത് എന്നു ധ്യാനസല്ലാപങ്ങളിൽ കാണുന്നു: "എന്നിൽ എഴുന്നള്ളി വരുവാൻ തിരുമനസ്സായി എന്ന കർത്താവെ! ഇതാ ഈ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദേവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളിയിരിക്കേണമെ!. അമ്മയുടെ മടിയിൽ ഇരിക്കുന്നു എന്ന കുഞ്ഞുമകൻ എത്രയൊ സന്തോഷത്തോടുകൂടെ അവിടെയിരുന്നുകൊണ്ടു തെളിയുന്നു എന്നതിൻ വണ്ണം എന്റെ രക്ഷിതാവേ! ഈ മാതാവിൻ തിരുമടിയിൽ ഇരിക്കുന്നു എന്ന നേരത്തിൽ ഈ അമ്മ പ്രിയത്തോടുകൂടി എന്ത് കല്പിക്കുന്നുവോ ഒക്കെയും ആ കുഞ്ഞ് ചെയ്യുന്നു. എന്നതിനാൽ ഈ നേരത്തിൽ ഈ അമ്മ അരുളിച്ചെയ്യുന്നതിനെ നീ കേൾക്കണമെ! 'ആ പ്രിയമുള്ള എന്റെ മകനേ; എന്നെ സൃഷ്ടിച്ച എന്റെ ഉടയവനെ നിന്റെ അടിയാട്ടിയും അമ്മയുമായ ഞാൻ ബോധിച്ചിരിക്കും വണ്ണം ദു:ഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ തന്റെ, മരണക്കട്ടിലായ കുരിശുമരത്തിൻ സമീപേ

നിൽക്കുന്നപ്പോൾ നിൻ തിരുമരണത്തിൻ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺ പാർത്തു കൊണ്ട്, നിന്റെ പുത്രൻ ഇതാ എന്നും നീ അരുളിചെയ്തു കൊണ്ടു ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീ എനിക്കുമകനായിട്ട് ഏല്പിച്ചു തന്നുവല്ലൊ. ഇതാ എന്റെ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ട് അവന്റെ പാപങ്ങളിന്മേൽ മുഴുവൻ മനസ്താപപ്പെട്ടുകൊണ്ടു നീ അവന്റെ സകലപാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്തു മുഴുവൻ മാപ്പ് ചെയ്തു മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനിമരണപര്യന്തം പൊയിപ്പോകാതിരിപ്പാനും ഉറപ്പും നിന്റെ മേലുള്ള സ്നേഹത്തിൻ മേൽക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിന്റെ വളർത്തുപിതാവായ എന്റെ ഭർത്താവിന്നു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണനേരത്തിൽ അവനെ തുണച്ചു ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടു പോകണമെന്നുള്ള ഈ അപേക്ഷകൾ ഒക്കെയും നീ കൈകൊണ്ടു എന്നുള്ള അടയാളത്തിനായി നിന്റെ തൃക്കാലുകളെ അവന്നു നീട്ടിക്കൊടുക്കേണമെ."[92]

മേലുദ്ധരിച്ച ചാവറനടത്തിയ പ്രകരണങ്ങളിൽ തിരുക്കുടുംബത്തിന്റെ ശക്തമായ മദ്ധ്യസ്ഥമാണ് പ്രകടമാകുന്നത്. മാതാവിലുള്ള അതിയായ വിശ്വാസവും ഉറപ്പും ഈശോയെ അവളുടെ ഹൃദയത്തിലിരുത്തി ചാവറയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നു. ഇത്രമാത്രം ചാവറ വിശ്വാസത്തിൽ വളർന്നത് തന്റെ ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നിവ സജീവമായതുകൊണ്ടാണ്. തിരുക്കുടുംബത്തിൽ ഈശോയും മാതാവും മാത്രമല്ല മാർ യൗസേപ്പുതാതനും മധ്യസ്ഥനാണ്. അതും ജീവിതകാലം മുഴുവൻ മാമ്മോദീസായുടെ പ്രസാദവരം കാത്തുസൂക്ഷിച്ചു മരണസമയത്തു മോക്ഷം പൂകുന്നതിനു സഹായിക്കുന്ന നന്മരണ മദ്ധ്യസ്ഥൻ.

ഈശോയോടുതന്നെ ചാവറ വിളിച്ചുവരുത്തി ആവശ്യപ്പെടുന്നു:

"അൻപുള്ള ദൈവമേ, നിൻ തിരുമുൻപതിൽ
അല്പനാമെന്നെ നീയോർത്തിടേണം
ആനന്ദമോടു നിൻ മാതൃതിരുമടി
യാദരിച്ചീടുമ്പോൾ കാണാകേണം

.....

ഏകേശ നാഥനേ! നിന്നുടെ ദാസൻ മേ
യേകദാ നിന്നെ ഞാൻ കാണാകേണം
ഒന്നിനും തിട്ടതിയില്ലാത്ത ഭാഗ്യൻ നീ
യോമന തൃക്കൈകൾ നീട്ടിക്കൊണ്ട്
ഒന്മയിൽ മാതാപിതാക്കൾക്കു കാട്ടുന്ന
യോമനപ്പുഞ്ചിരി കാണാകേണം."[93]

യൗസേപ്പു താതനെയും മാതാവിനെയും ഓരോ കൈ ഏല്പിച്ചിട്ട് അവരെ നോക്കി പുഞ്ചിരിക്കുന്ന ഈശോയെയാണ് ചാവറ ദർശിക്കുന്നത്, അതായത് തിരുക്കുടുംബത്തെ.

മാതൃപിതൃമധ്യത്തിൽ നില്ക്കുന്ന ഈശോയെ കാണുന്ന ചാവറ ത്രിയേകദൈവത്തേയും ദർശിച്ചുകൊണ്ടാണ് പ്രാർത്ഥിക്കുന്നത്: "ഏക ദൈവമായവനെ, ഈ ദാസന് ഒരിക്കൽ അങ്ങേ തിരുമുഖം ദർശിക്കുവാനുള്ള അനുഗ്രഹം സാധിച്ചു തരണമെ." ഈ അപേക്ഷ കൊണ്ട് അവസാനിപ്പിക്കാതെ ചാവറ തുടർന്ന് വന്ദിക്കുന്നു:

"അമ്മാനുവേലെന്ന തമ്പുരാനെ നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ
ആദിത്യയാടയണിഞ്ഞു മതി തന്നെ
പാദത്തിൻ കീഴിൽ മെതിക്കും നാഥേ
പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ
പാദേയടിയനെ ചേർത്തീടേണം."[94]

സ്വർഗ്ഗാരോപിതയായ മാതാവ് സർപ്പത്തിന്റെ തലയെ ചതച്ചത് സാത്താന്റെ മേലുള്ള വിജയം നേടിയ ഈശോയുടെ അമ്മയായതു കൊണ്ടാണ്. ചാവറ ജീവിതകാലം മുഴുവനും നരകസർപ്പത്തിനടിമപ്പെടാതെ, ജീവിച്ചത് തിരുക്കുടുംബത്തിന്റെ സംരക്ഷണവഴിയാണ്. ഭൂമിയിലെ തിരുക്കുടുംബത്തിലുള്ള "അമ്മനുവേലായ" ഈശോമിശിഹാ സ്വർഗ്ഗീയ ത്രിത്വത്തിലെ രണ്ടാമാളാണ്. സ്വർഗ്ഗം ഭൂമിയിൽ വന്നതും ഭൂമിയെ സ്വർഗ്ഗത്തിൽ എത്തിച്ചതും അനുഭവിച്ചറിഞ്ഞ ചാവറ തിരുക്കുടുംബത്തിലൂടെയാണ് ആ അനുഭവം കൈവരിച്ചത്.

12:10 സഹജരുടെ ദൈവദാസൻ

ചാവറയച്ചൻ തിരുക്കുടുംബത്തെ ചെറുപ്പം മുതൽ മരണം വരെ തന്റെ ജീവിത സാക്ഷാത്കാരത്തിനുള്ള ശക്തിയായി കണ്ടിരുന്നുവെങ്കിൽ ഈശോ ഉൾപ്പെട്ട ആ ത്രിത്വത്തിലേക്കായിരുന്നുവല്ലോ ജീവിതമുന്നേറ്റം. അതും പട്ടാംഗ ആയിട്ടുള്ള ഉപവിയുടെ അഭ്യാസത്തിലൂടെ. പട്ടാംഗയായുള്ള ഉപവിവഴി ആത്മാസാക്ഷാത്കാരവും സഹോദരസ്നേഹം വഴി ദൈവരാജ്യവികാസവും ചാവറ ലക്ഷ്യം വച്ചിരുന്നു. ദൈവത്തിനും ദൈവജനത്തിനുമായി ജീവിച്ച ചാവറ സഹജരോടുണ്ടായിരുന്ന ആഭിമുഖ്യത്തെക്കുറിച്ചു മരണപത്രികയിൽ പറയുന്നു:

"പ്രിയമുള്ള കൂടപ്പിറപ്പുകളായ പെ.ബ. ഓരോരോ കൊവേന്തകളുടെ വികാരി അച്ചൻമാരു പട്ടാംഗയായിട്ടുള്ള ഉപവിയും കെട്ടുപാടും എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽ നിന്നു പിറന്നു ആ തള്ളയുടെ പാൽകുടിച്ചു വളർന്നവർ എന്നതിൻ വണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിനു ഒരിക്കലും ഭേദം വരുത്താതെ മേല്ക്കുമേൽ വർദ്ധിച്ചു വരികയും വേണം. ഇത് എത്രയും വലിയ ഒരു ഗുണദോഷമെന്ന് ഓർത്തു കൊള്ളണം. ഈ സ്നേഹം എപ്പോഴും കുറഞ്ഞു പോകാതിരിക്കാനായിട്ടു ഓരോരോ കൊവേന്തയുടെ ആവശ്യങ്ങൾ അന്വേഷിച്ചു നടത്തുന്നതിലേക്കായിലും താല്പര്യമായിട്ടു

മറ്റു കൊവേന്തയുടെ വികാരിമാരു അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തിക്കൊടുക്കുവാൻ ശ്രമിക്കുകയും കണക്കുകൾ തമ്മിൽ തമ്മിലുള്ള ആലോചനയിൽ കൂടുമ്പോൾ അതുവരെയുള്ളതു തീർക്കുവാൻ ജാഗ്രത വയ്ക്കുന്നതല്ലാതെയും ഈ ഉപവി ആറിപ്പോകായ്വാൻ ആണ്ടിനകത്തു പലപ്പോഴും തക്ക ആവശ്യമില്ലെങ്കിലും വിഗാരിമാർ തമ്മിൽ എഴുത്തുകളെ അയച്ചു അതാത് കൊവേന്തകളുടെ കൂടപ്പിറപ്പുകളുടെ സൗഖ്യ വാർത്തമാനങ്ങളെ അറിയുകയും അറിയിക്കുകയും ആവശ്യങ്ങൾ ഉണ്ടായിരുന്നാൽ നടത്തുകയും വേണം.

കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കുവാൻ തിരുമനസ്സായിരിക്കയാൽ ആൾ ചുരുക്കത്താൽ അവർക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേറ്റുന്നില്ല എന്നതുകൊണ്ട് ഈ അപേക്ഷ നിങ്ങൾ നമ്മുടെ പെ.ബ. പിതാവായ മെത്രാപ്പോലീത്താ അച്ചനോട് അപേക്ഷിച്ചു നിറവേറ്റണം."[95]

മുകളിൽ ഉദ്ധരിച്ച മരണപത്രം പ്രകടമാക്കുന്ന അടിസ്ഥാനകാര്യം 'കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി ഈ സഭയെ സർവ്വേശ്വരൻ സ്ഥാപിച്ചു' എന്നതാണ്. അതിനു നിയുക്തരായിരിക്കുന്നവർ ആദ്യമായി കൊവേന്തകളുടെ കെട്ടുറപ്പിൽ ഉപവിയുള്ളവരാകണം. വ്യവസ്ഥയായി പറഞ്ഞ പട്ടാംഗയായുള്ള ഉപവി എന്നത് സഭാതലത്തിൽ പ്രകാശിതമാകണമെന്നതാണ്. ഒറ്റതിരിഞ്ഞുള്ള നീക്കമല്ല മറിച്ച് ഒന്നായുള്ള സാക്ഷ്യമാണ് ഉണ്ടാകേണ്ടത്. ഇതിനുള്ള പ്രായോഗികതയാണ് വ്യക്തികൾ തമ്മിലും ഭവനങ്ങൾ തമ്മിലുള്ള സാമ്പത്തിക സന്തുലിതാവസ്ഥ. എന്നാൽ മാന്നാനം കേന്ദ്രീകൃതമായ സഭയുടെ പൊതുതാത്പര്യം ഓരോ ഭവനത്തിനുമുണ്ടാകണമെങ്കിൽ എല്ലാവരും ഒന്നുപോലെ സർവ്വേശ്വരൻ തമ്പുരാന്റെ നിവേശനത്തിനു കീഴ്പ്പെടേണ്ടതുണ്ട്. അതായത് അനുസരണം വഴി ദൈവത്തോട് ഐക്യപ്പെട്ടിരിക്കേണ്ടതിനാണ് സഭാധികാരികളോടും അനുസരണമുണ്ടാകേണ്ടത്.

അനുസരണം വഴി ദൈവഹിതവും പങ്കാളിത്തം വഴി ഭവനസംവിധാനവും പൂർണ്ണമാകുമ്പോൾ കൊവേന്ത എന്ന സങ്കല്പം യാഥാർത്ഥ്യമാകും. അടുത്തത് കൂടപ്പിറപ്പുകൾക്കുള്ള ശുശ്രൂഷയുടെ പ്രായോഗികതയാണ്. ഈ പ്രായോഗികവശം ഇന്നു സാർവ്വത്രികമായിത്തീർന്നിരിക്കുന്നു. കേരളത്തിലും ഭാരതത്തിലും അന്തർദ്ദേശീയമായും കൂടപ്പിറപ്പുകളുടെ നന്മയെ പ്രതി സി.എം.ഐ. സഭ ചെയ്യുന്ന നിരവധി പ്രസ്ഥാനങ്ങൾ ചാവറയച്ചന്റെ സ്വപ്നസാക്ഷാത്കാരമാണ്. എന്നാൽ ആദ്യത്തെ രണ്ടുവ്യവസ്ഥകൾ ഇനിയും വെളിച്ചം കാണേണ്ടതുണ്ട്. ഒന്നാമത്തേതു സഭാതലത്തിൽ മേലധ്യക്ഷൻമാരുമായുള്ള കൊവേന്തക്കാരുടെ ധാരണയും 'ചൊൽവിളിയും' ആണ്. പ്രേഷിത മേഖലകളിൽ പോലും സ്വന്തം സഭയുടെ മേലധ്യക്ഷന്മാർ ഉണ്ടായെങ്കിലും സഭാംഗങ്ങൾ ചൊൽവിളിയുടെ കാര്യത്തിൽ വേണ്ടത്ര മാതൃകകളാകുന്നില്ല. അതിന്റെ കാരണമെന്തെന്നു പറയുവാൻ അന്വേഷണം ഉപരി ആവശ്യമുണ്ട്.

രണ്ടാമത്തേത് കൊവേന്തകൾ തമ്മിൽ തമ്മിലും സഭകൾ തമ്മിൽ തമ്മിലുമുള്ള പട്ടാംഗ ആയുള്ള ഉപവിയുടെ കുറവാണ്. ഇതിനുള്ള കാരണം നിരവധിയാണ്. ആദ്യത്തേത് ദൈവവിളിയിലുള്ള സൈദ്ധികതനിമ ഇല്ലാതെ പോകുന്നതാണ്. ഇത് പ്രധാനമായും ദൈവവിളി, സന്ന്യാസ പൗരോഹിത്യ പരിശീലനം എന്നിവയെക്കുറിച്ചുള്ള ആശയക്കുഴപ്പമാണ്. സംഘാതാത്മകതനിമ തീരെ നഷ്ടപ്പെട്ട അവസ്ഥ ഇന്നുണ്ട്. ഇത് മാനവരാശിയിലുള്ള ശിഥിലീകരണം സന്ന്യാസ ഗണത്തിലൂടെ കടന്നു വരുന്നതാണ്. അതിനു പുറമെ സഭയെക്കുറിച്ചുള്ള വീക്ഷണം ഐക്യത്തിന്റെ എന്നതിനേക്കാൾ ഐക്യരൂപത്തിന്റേതെന്നതാണ്. വ്യക്തികൾ തങ്ങളുടെ കഴിവുകളിൽ സഭാസിദ്ധിയെ തളച്ചിടുന്നു. സഭാസിദ്ധിയിലേക്ക് വൈയക്തിക കഴിവുകൾ ഉൾച്ചേർത്തെങ്കിൽ മാത്രമേ കൂടപ്പിറപ്പുകളുടെ നന്മയെ സമഗ്രമായി പരിഗണിക്കൂ. സ്ഥാപനപ്രതിഭ കഴിഞ്ഞു കൂടപ്പിറപ്പുകൾ എന്നു വന്നാൽ സഹജർ

വസ്തുവിനു പിന്നിലാകുന്നു. വസ്തുപ്രാധാന്യത്തിനു വ്യക്തി അടിയറവു വയ്ക്കുന്നതു കൊണ്ട് വൈയക്തിക സാക്ഷാത്കാരവും കൂട്ടപ്പിറപ്പുകളുടെ ശ്രേയസ്സും പിൻതള്ളപ്പെടുന്നു. ഇതിനുള്ള പരിഹാരമാണ് ദൈവദാസൻ ചാവറയച്ചൻ സഭാംഗങ്ങൾക്കു നൽകിയ പൈതൃകം. അതായത് പട്ടാംഗ ആയ ഉപവി. ഈ ഉപവി ചാവറയിൽ:

"മമ പിതാവു നീയെ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തു ഗുണം നാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ യാവനപാനം നീയെ
ആശ്വാസം നിന്നിലല്ലാതെയെവിടെയെനിക്കയ്യോ".[96]

ഇവിടെ കാണുന്ന സത്യം മൗലികമായ ദൈവമനുഷ്യബന്ധത്തിന്റെ അനന്യതാണ്. ഈ അനന്യതയാണ് സ്നേഹത്തിൽ ഒന്നു ചേരുക എന്നത്. സ്നേഹത്തിൽ ഒന്നാകുന്നതിനുള്ള പ്രഥമ വ്യവസ്ഥ ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും ഉടമ്പടി പാലിക്കുകയും എന്നതാണ് (പുറ. 19:5; യോഹ. 14:23,24,15). ദൈവവചനം ശ്രവിക്കുകയും ഉടമ്പടി പാലിക്കുകയും ചെയ്യുക എന്നത് വിശ്വാസത്തിന്റെയും ആരാധനയുടെയും ജീവിതമാണ്. വിശ്വാസം എന്നത് ഈശോമിശിഹായ്ക്കുള്ള വിട്ടുകൊടുക്കലാണ്. ആരാധന എന്നത് ഈശോയുടെ ജീവിതമാകുന്ന പ്രാർത്ഥനയുടെ ആഘോഷമാണ്. ഈ ആഘോഷം ജീവിതാഘോഷമാകുന്നതാണ് പട്ടാംഗ ഉള്ള ഉപവി. അതിന്റെ ഉറവിടത്തിൽ, ഇവിടെ വരുന്ന വൈയക്തിക ഘടകം മാനസിക പ്രാർത്ഥനയും സാമൂഹ്യഘടകം ദൈവാരാധനയുമാണ്.

മാനസികപ്രാർത്ഥനയിൽ ചാവറയ്ക്കുണ്ടായ ഒരു ദൃശ്യത്തെ ആത്മാനുതാപം എന്ന കൃതിയിൽ ഇപ്രകാരം അവതരിപ്പിക്കുന്നു:

"മകനെ അമ്മ നോക്കും മാതാവേ സുതൻ പാർക്കു-
മനർഘസ്നേഹത്തോടെയിരുവരതുനേരം
ക്ഷപനാം പിതാവെന്റെ ശരണം "യൂസെ മുനി"
ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹുസ്നേഹാൽ
നായകാ നരദേവ , കരുണാനിധേ, നാഥാ
നയനാൽ തൃക്കൺപാർക്ക, മേ ദാസൻ മഹാപാപി
നന്ദിഹീനനാമെന്നെപ്പാർക്കുവാൻ യോഗ്യം പോരാ
സുന്ദരി നിന്റെ മാതൃദാസനെന്നോർത്തീടുക".[97]

ചാവറ എപ്പോഴും ദൈവധ്യാനത്തിൽ ജീവിച്ചിരുന്നുവെന്നു വേണം മനസ്സിലാക്കുവാൻ. ചാവറ പാടുന്നു:

"ദൈവത്തിൻ തിരുകരം ശിക്ഷിപ്പാന്നോങ്ങുന്നേരം
ദൈവമാതാവേ നിന്റെ ദയയാൽ തടുത്തല്ലോ".[98]

മാതാവിന്റെ കാരുണ്യത്താൽ ചാവറ എന്നും ദൈവസംപ്രീതിയിലായിരുന്നു. മാതാവിന്റെ ഹൃദയത്തിൽ ചാവറയ്ക്കു സ്ഥാനമുണ്ടായിരുന്നെന്നാണ് ചാവറയുടെ അനുഭവം. ഈ ബോധ്യത്തിൽ ആഴപ്പെട്ടിരുന്ന ചാവറ തന്റെ സിദ്ധികളെല്ലാം സഹജർക്കായി നീട്ടിക്കൊടുത്തത് ദൈവസ്നേഹത്തിന്റെ ശക്തിയാലാണ്. ദൈവസന്നിധിയിൽ ദൈവത്തോടു ചേർന്നിരുന്നു നടത്തിയിട്ടുള്ള ധ്യാനമെല്ലാം ചാവറയെ ദൈവത്തിന്റെ കൈകളിൽ സഹജർക്കുള്ള ദൈവദാസനാക്കി. ചാവറയെ ദൈവം നിയോഗിച്ചതിനു പിന്നിലുള്ള ദൈവദർശനം ചാവറ ആവിഷ്ക്കരിക്കുന്നു:

"കീഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കീഴ്പ്പെട്ടണഞ്ഞു പിതാവിഷ്ടം പോലെ
കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പ്പെട്ട നിന്നെ ഞാൻ കാണാകേണം."[99]

നിസ്സാരനായ ചാവറയെ രക്ഷിക്കാൻ വേണ്ടി മനുഷ്യനായി അവതരിച്ച ഈശോ പിതാവിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ടു ചാവറയെ ഉയർത്തി, അതിനാൽ നന്ദിയുടെയും ഉത്തരവാദിത്വത്തിന്റെയും കീർത്തനമാണ് ചാവറയിൽ നിന്നുയർന്നത്. ഹീനരായ മനുഷ്യരെ മുഴുവൻ രക്ഷിക്കാൻ ഭൂജാതനായ ഈശോയെ ചാവറ ദർശിക്കാനാഗ്രഹിച്ചത് ഈശോയുടെ ജോലി തുടരുന്നതിനു വേണ്ടിയാണ്. ചാവറയച്ചന്റെ ആഗ്രഹം അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ സാധിച്ചുവെന്നതാണ് വലിയ അത്ഭുതം. പാവപ്പെട്ടവർക്കുവേണ്ടി വേദപ്രചാരം, വീടുകൾ, വിദ്യാലയങ്ങൾ, ആതുരാലയങ്ങൾ തുടങ്ങി എന്തെല്ലാമാണ് ചാവറ ചെയ്തിട്ടുള്ളതെന്ന് അന്യത്ര വിവരിച്ചതാണ്.

അന്യനു ഉപകാരം ചെയ്യാത്ത ദിവസമുണ്ടാകരുതെന്നു ഉപദേശിച്ച ചാവറ തന്റെ ആയുസ്സു മുഴുവനും സഹജർക്കുവേണ്ടി നീക്കിവച്ചെങ്കിൽ, അദ്ദേഹം തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. വീണ്ടും ചാവറ പാടുന്നു:

"വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ
വേദനാഥൻ തന്നെ കാണാകേണം
നഷ്ടമായ് പോയോരജങ്ങളെത്തേടുന്ന
സൃഷ്ടി കർത്താവിനെ കാണാകേണം
നല്ലൊരിടയൻ ഞനെന്നരുളിച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം."[100]

നല്ലിടയനായി ഈശോയെ ദർശിച്ച ചാവറയും അജപാലകനായി നന്മ ചെയ്തു കടന്നുപോയി.

XIII
പരസ്നേഹം

XIII - പരസ്നേഹം

അവസാന വിധി ദിവസം ഈശോ വിധിക്കാൻ വരുമ്പോൾ അതിനെ നേരിടുന്നതിനുള്ള ഒരുക്കം പരസ്നേഹത്തിൽ ഉറയ്ക്കുകയാണ് (മത്താ. 25:31-46). ചാവറയച്ചൻ മാതാവിന്റെ മടിയിലിരുന്നു വിധിക്കുന്ന ഈശോയെ പ്രീതിപ്പെടുത്തുവാൻ മാതാവിന്റെ തണലിൽ നിന്നുകൊണ്ട് അപേക്ഷിക്കുന്നത് ചാവറയെ നല്ലവരുടെ സ്ഥാനമായ വലതുഭാഗത്തു നിറുത്തുവാനാണ്. ചാവറ പാടുന്നു:

"ദുഷ്ടരെ ശാസിച്ചുടൻ വലത്തുഭാഗേ നോക്കി
ശിഷ്ടരെ തൃക്കൺ പാർത്തു കല്പിക്കും മഹാസ്നേഹാൽ.
എന്നുടെ തിരുവാർത്ത കേട്ടതിൻ വണ്ണം നിങ്ങൾ
മന്നിലെ സുഖമൊക്കെ ത്യജിച്ചു തള്ളിക്കൊണ്ടു
നിങ്ങൾക്കുതന്ന കട്ടിവരങ്ങൾ സൂക്ഷത്തൊടെ
തിങ്ങിന സന്താപങ്ങൾ സഹിച്ചു വർദ്ധിപ്പിച്ചു
വിശന്നും ദാഹിച്ചും ഞാൻ നടന്നനേരം നിങ്ങൾ
വലഞ്ഞ മമ ദോഹം തീർത്തുമേ പോഷിപ്പിച്ചു.
നഗ്നനായെന്നെ കണ്ട നേരത്തു നിങ്ങൾ മമ
നഗ്നതതീർത്തു തന്നു വസ്ത്രത്താൽ പുതപ്പിച്ചു
അന്യനായ് നിങ്ങൾ ദേശേ നടന്ന സമയത്തിൽ
മാന്യമായ് കൈക്കൊണ്ടെന്നെ കേതവും നൽകീ ശുഭം.
രോഗിയായ് വലഞ്ഞു ഞാൻ കാരാഗൃഹിയുമായി
ആരോഗ്യം വരുത്തുവാൻ സഹായിച്ചഹോ നിങ്ങൾ
ഇച്ചെയ്ത വൃത്തിക്കിതായെന്നെന്നും മമ വീട്ടിൽ
തൽചിന്തയൊന്നും വിനാ, തോഷിപ്പിൻ നിരന്തരം
എന്നുള്ള തിരുവാക്കു തേൻതുള്ളിയതിൻ സമം
കേട്ടുള്ളം തെളിഞ്ഞവർ സംപൂർണ സന്തോഷമാം."[1]

പരസ്നേഹ പ്രവൃത്തികൾകൊണ്ടു ജീവിതം അലങ്കരിച്ച ചാവറ ആത്മാനുതാപത്തിന്റെ ഈരടികളിലൂടെ മോക്ഷഭാഗ്യത്തിലെ സന്തോഷത്തെ ആസ്വദിക്കുന്നു. കാണപ്പെട്ട സഹജർക്കു ചെയ്തിട്ടുള്ളതെല്ലാമാണ് കാണപ്പെടാത്ത ദൈവസമക്ഷമെത്തുന്നതിനുള്ള വ്യവസ്ഥകൾ. ഈശോ തന്റെ ശിഷ്യരാകാനുള്ള വ്യവസ്ഥ വച്ചിരിക്കുന്നതും മറ്റൊന്നല്ല. അവിടുന്നു പറയുന്നു: "നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ അതുവഴി നിങ്ങൾ എന്റെ ശിഷ്യരാണെന്ന് എല്ലാവരും അറിയും" (യോഹ. 13:35). ചാവറ ചെയ്തതിനെല്ലാം അടിസ്ഥാനമായി നിൽക്കുന്നത് ദൈവസ്നേഹത്തിൽനിന്നും പൊട്ടിവിരിഞ്ഞ സഹോദര സ്നേഹമാണ്.

13:1 എന്റെ നാമം നിമിത്തം

"എന്റെ നാമം നിമിത്തം ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ നിലങ്ങളെയോ ഉപേക്ഷിക്കുന്നവനു നൂറു മടങ്ങു ലഭിക്കും. അവൻ നിത്യജീവൻ അവകാശപ്പെടുത്തുകയും ചെയ്യും"(മത്താ. 19:29).

ചാവറ ദൈവജനത്തിനായി പ്രതിഷ്ഠിതൻ എന്ന വിശ്വാസാനുഭവം കുടുംബം അന്യംനിന്നു പോകുമെന്ന നില വന്നിട്ടും വിട്ടുപേക്ഷിച്ചില്ല. ചാവറ തന്റെ ഉള്ളിന്റെ ഉള്ളിലുള്ള അവസ്ഥയെയാണ് ആത്മാനുതാപത്തിൽ ആവിഷ്ക്കരിക്കുന്നത്.

"മമ പിതാവു നീയെ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തു ഗുണം നാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.

ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ
ജ്ഞാനത്തിൻ തോയത്തിങ്കൽ, നീയെന്റെ ദൈവമെന്നും
അജ്ഞാനമൊക്കെ പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൻ ശത്രുവായ നരക പിശാചിനെ
സുജ്ഞാനത്താലെ ത്യജിച്ചവന്റെ ഘോഷങ്ങളും
വിശ്വാസം നിന്റെ നേരെ വച്ചു ഞാൻ സത്യം ചെയ്തു
വിശ്വാസത്തിന്നു സാക്ഷിയെന്നുടെ പിതൃക്കളും."[2]

മാതാപിതാക്കൾ മാമ്മോദീസാവേളയിൽ ചാവറയ്ക്കുവേണ്ടി വിശ്വാസത്തിനു സാക്ഷികളായത് ചാവറ അനുസ്മരിക്കുന്നതാണ് മേലുദ്ധരിച്ച പദങ്ങൾ സൂചിപ്പിക്കുന്നത്. ഏറ്റവും നിർണ്ണായകമായ വിശ്വാസ പ്രഖ്യാപനത്തിന്റെ നിമിഷങ്ങളായിരുന്നു കുടുംബത്തിലുള്ളവരുടെ വിയോഗങ്ങൾ. പ്രത്യേകിച്ച് ഏക സഹോദരന്റെ മരണം. ചാവറയ്ക്കു പ്രതിബന്ധങ്ങളെ നേരിടുന്നതിന് രക്തബന്ധത്തെക്കാൾ ഈടുറ്റ അടിസ്ഥാനമായി തീർന്നത് ജ്ഞാനസ്നാനത്താൽ സർവ്വേശ്വരൻ ചാവറയെ പുത്രനായി സ്വീകരിച്ചു എന്നതാണ്. ഇവിടെ പ്രത്യേകമായും ചർച്ച ചെയ്യുന്നത് ഈശോയെപ്രതിയുള്ള പരിത്യാഗത്തിന്റെ ചൈതന്യമാണ്. ഈ ചൈതന്യമാണ് പരസ്നേഹത്തിന് അടിസ്ഥാനമാകേണ്ടത്. കാരണം അതാണ് പുതിയ ഉടമ്പടിയിലുള്ളത്. ഈശോയുടെ വാക്കുകൾ: "ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:34). കുടുംബബന്ധത്തെക്കുറിച്ച് ഈശോ നല്കുന്ന താക്കീത് എന്താണ്? അവിടുന്നു തന്റെ മാതാപിതാക്കളോടു പറയുന്നു: "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കണമെന്നു നിങ്ങൾ അറിഞ്ഞിരുന്നില്ലേ? (ലൂക്ക. 2:49). തിരുക്കുടുംബത്തിൽ ഈശോ പന്ത്രണ്ടു വയസ്സുവരെ വളർന്നത് പിതാവിന്റെ ഹിതം നിറവേറ്റാൻ വന്ന പദ്ധതിയുടെ

ആരംഭമായിരുന്നു. തുടർന്ന് ഈശോ ദൈവഹിതമായി മനുഷ്യരുടെ വിശുദ്ധീകരണാർത്ഥം സന്ന്യാസിയാകേണ്ടതുണ്ട്. അതുവഴി എല്ലാവരും ഈശോയുടെ മാതാവും പിതാവും സഹോദരങ്ങളുമാകണം. ഈശോയുടെ പ്രഖ്യാപനം: "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? അവിടുന്ന് തന്റെ ശിഷ്യന്മാരുടെ നേരെ കൈ നീട്ടിക്കൊണ്ട് 'പ്രഖ്യാപിച്ചു'. ഇതാ എന്റെ അമ്മയും സഹോദരരും. സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ അവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ. 12:48-50). ഈശോയുടെ വാക്കുകളെല്ലാം ധ്യാനവിഷയമാക്കിയിരുന്ന ചാവറയ്ക്കും മാതൃപിതൃസഹോദരരെയെല്ലാം ദൈവവിശ്വാസത്തിൽ കണ്ടെത്തുവാൻ സാധിച്ചു.[3]

പരസ്നേഹത്തിന്റെ അടിസ്ഥാനം ഈശോയിലുള്ള വിശ്വാസത്തിൽ കണ്ടെത്തുമ്പോൾ അത് ദൈവരാജ്യത്തിന്റെ ഭൗമികസാക്ഷാത്കാരമാകും. കർത്തൃപ്രാർത്ഥനയിലെ നിന്റെ രാജ്യം വരട്ടെ എന്നതും നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകട്ടെ എന്നതും അന്വർത്ഥമാകും (മത്താ. 6:10). ചാവറ തന്റെ വിശ്വാസത്തെ പ്രായോഗികമാക്കുന്നതിനായി പരിശുദ്ധ മാതാവിനോടു പ്രാർത്ഥിക്കുന്നു: "അമ്മയുടെ മടിയിൽ ഇരിക്കുന്നുവെന്ന കുഞ്ഞുമകൻ എത്രയൊ സന്തോഷത്തോടു കൂടെ അവിടെയിരുന്നു കൊണ്ടു തെളിയുന്നു എന്നതിൻ വണ്ണം, എന്റെ രക്ഷിതാവേ! ഈ മാതാവിൻ തിരുമടിയിൽ ഇരിക്കുന്നു എന്ന നേരത്തിൽ ഈ അമ്മ പ്രിയത്തോടു കൂടി എന്തു കല്പിക്കുന്നുവോ, ഒക്കെയും ആ കുഞ്ഞു ചെയ്യുന്നു. എന്നതിനാൽ ഈ നേരത്തിൽ ഈ അമ്മ അരുളിച്ചെയ്യുന്നതിനെ നീ കേൾക്കണമെ! 'ആ പ്രിയമുള്ള എന്റെ മകനെ, എന്നെ സൃഷ്ടിച്ച എന്റെ ഉടയവനേ, നിന്റെ അടിയാട്ടിയും അമ്മയുമായ ഞാൻ ബോധിച്ചിരിക്കും വണ്ണം ദുഃഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ തന്റെ മരണക്കട്ടിലായ കുരിശുമരത്തിൻ സമീപെ നില്ക്കുന്നപ്പോൾ നിൻ തിരുമരണത്തിൽ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺപാർത്തുകൊണ്ട്, നിന്റെ

പുത്രൻ ഇതാ എന്നും നീ അരുളിച്ചെയ്തുകൊണ്ട് ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീയിനിക്കു മകനായിട്ട് ഏല്പിച്ചു തന്നുവല്ലോ."

ചാവറ, മാതാവിന്റെ സംരക്ഷണയിൽ ഈശോയിൽ എങ്ങനെ ജീവിച്ചിരുന്നു എന്നതിന്റെ സാക്ഷ്യമാണ് മേല്പറഞ്ഞ സല്ലാപങ്ങൾ. ദൈവത്തിന്റേതായ ചാവറ ദൈവജനത്തിന്റേതായ മഹത്രഹസ്യം. ഈശോയുടെ നാമം നിമിത്തം ചാവറയച്ചൻ ചെയ്തിട്ടുള്ള ത്യാഗങ്ങളാണ് ചാവറയെ പരസ്നേഹത്തിനുള്ള പ്രേഷിതനാക്കിത്തീർത്തത്. പ്രത്യേകിച്ചും കുടുംബത്തിനു പിൻതലമുറയില്ലാതായ അവസരത്തിൽ. എന്നാൽ ചാവറയുടെ കുടുംബത്തെ ദൈവരാജ്യത്തിന്റെ വലിയ പതിപ്പാക്കിത്തീർത്തു എന്നതാണു സത്യം. രക്തബന്ധം വിശ്വാസദീപമായി രൂപാന്തരപ്പെട്ട സംഭവം. കഴിഞ്ഞ പുറങ്ങളിൽ വിവരിച്ചതുപോലെ തിരുക്കുടുംബത്തിലൂടെ ത്രിത്വത്തിൽ എത്തിയ ചാവറയച്ചൻ പുതിയ ഒരു രഹസ്യമാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ചാവറ കുഞ്ഞുകുര്യാക്കോസ് , മറിയം കുര്യാക്കോസ് എന്നീ മാതാപിതാക്കളുടെ മധ്യത്തിൽ നിന്നുകൊണ്ട് തിരുക്കുടുംബത്തെ അനുസ്മരിപ്പിക്കുന്നു. ത്രിത്വത്തിലേക്കു മാനവരാശിയെ ആഹ്വാനം ചെയ്യുന്നു. ഇതിൽ പരം പരസ്നേഹത്തിനു മറ്റെന്തു സാക്ഷ്യമാണുണ്ടാകേണ്ടത്? മാനവരാശി ജീവിത വിജയത്തിനായി വെമ്പൽ കൊള്ളുമ്പോൾ, ചാവറക്കുടുംബം നൽകുന്ന സംഭാവന എന്താണ്? ഈശോയെ പ്രതി പത്താം വയസ്സിൽ വീട്ടിൽ നിന്നും ഇറങ്ങിത്തിരിച്ച ചാവറ, അന്നു മുതൽ ദൈവത്തിന്റേയും ദൈവജനത്തിന്റേതുമായിത്തീർന്നു എന്നതാണ് അത്.

കൈനകരിയിലെ ചാവറ വീട് ഇന്ന് എല്ലാവരുടെയും തീർത്ഥാടനസ്ഥലമായിത്തീർന്നത് അന്നു ചാവറ നടത്തിയ ദൈവത്തിലേക്കുള്ള തീർത്ഥാടനത്തിന്റെ ഫലമാണ്. ദൈവം ചാവറയെ സെമിനാരിയിലൂടെയും ആശ്രമത്തിലൂടെയും ദൈവജനത്തിന്റെ പക്കലേക്കു തീർത്ഥാടനം നടത്തുവാൻ നിയോഗിച്ചത് ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. ഈ തീർത്ഥാടനത്തിന്റെ മുന്നോടിയായി ചാവറ ചെയ്ത പരോപകാരപ്രവൃത്തികളെക്കുറിച്ചാണ് തുടർന്ന് ചർച്ച ചെയ്യുന്നത്.

13:2 മല്പാൻ

ഗുരു, അധ്യാപകൻ, ആശാൻ, വിദ്വാൻ, സുറിയാനി ഭാഷ, ദൈവ വചനം എന്നിവയിൽ വിദഗ്ദ്ധൻ തുടങ്ങിയ ആശയം ദ്യോതിപ്പിക്കുന്ന ഒരു വാക്കാണ് മല്പാൻ എന്നുള്ളത്. 'അല്ലെഫ്' എന്ന സുറിയാനി പദത്തിൽ നിന്നുമാണ് മല്പാൻ എന്ന വാക്കു രൂപപ്പെടുന്നത്. പഠിപ്പിച്ചു, അറിയിച്ചു, പരിശീലിപ്പിച്ചു എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. 'മല്പാന' എന്ന വാക്കിൽ നിന്നുമാണ് മല്പാൻ എന്ന പ്രയോഗമുണ്ടാകുന്നത്. ഗുരുഭൂതൻ, വേദപാരംഗതൻ എന്നീ സവിശേഷ ഗുണമുള്ളവരെയാണ് മല്പാൻ എന്ന് വിശേഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. പഠിക്കുക, സ്വയം പരിശീലിക്കുക എന്നത് 'ഈലെഫ്' എന്ന സുറിയാനി ക്രിയാരൂപത്തിന്റെ അർത്ഥമാണ്.

ചാവറയച്ചൻ 1844 ഫെബ്രുവരി 16-ാം തീയതി ഔദ്യോഗികമായി മല്പാനായി നിയമിക്കപ്പെട്ടു. ചാവറയച്ചൻ മല്പാൻ എന്ന പേരിന് ഏറെ അർഹനായത് അദ്ദേഹത്തിന്റെ വിശുദ്ധഗ്രന്ഥജ്ഞാനം മൂലമാണ്. ചാവറയുടെ ധ്യാനസല്ലാപങ്ങൾ, ആത്മാനുതാപം, കത്തുകൾ, നാളാഗമം തുടങ്ങി എല്ലാ കൃതികളിലും അടിസ്ഥാന ദർശനമായി കാണുന്നത് തിരുവചനമാണ്. ചാവറയച്ചനെ 1861 ജൂൺ 15-ന്, വികാരി ജനറാളാക്കുന്നതിന് മോൺ.ബച്ചിനേള്ളി പരിശുദ്ധ സിംഹാസനത്തിന് എഴുതിയതിൽ സുറിയാനി ഭാഷയിൽ വിദഗ്ദ്ധനെന്നും വിശുദ്ധഗ്രന്ഥത്തിൽ വളരെയധികം നിപുണൻ എന്നും പ്രഖ്യാപിക്കുന്നു.[5]

ചാവറയച്ചനെ മല്പാനായി നിശ്ചയിച്ചതിന്റെ പ്രഖ്യാപനം ഇപ്രകാരമാണ്: "ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അനുഗ്രഹത്താലും സാർഡിയായുടെ മെത്രാപ്പോലീത്തായും മലബാറിന്റെ വികാരി അപ്പസ്തോലിക്കാ നിഷ്പാദുക കർമ്മലീത്ത സഭാംഗവുമായ വി.അന്നായുടെ ഫ്രാൻസിസ് സേവിയർ ചേന്നങ്കരി ഇടവകക്കാരനായ ചാവറ കുര്യാക്കോസ് കത്തനാർക്കു സ്വസ്തിയും ആശീർവാദവും.

താങ്ങളെ നമ്മുടെ വികാരിയാത്തിലുള്ള സുറിയാനി റീത്തുകാരായ സകല വൈദികരുടെയും പരീക്ഷകനായും സർവ്വ വൈദികശാസ്ത്രങ്ങളുടെയും മല്പാനായും നിയമിച്ചിരിക്കുന്നതിനു നിങ്ങളുടെ സൽഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിനു അർത്ഥികളെ അനുവദിക്കുന്നതിനു മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുവാൻ പട്ടക്കാർക്ക് അനുമതി നൽകുന്നതിനും ഈ അധികാര പത്രത്തിൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു. ആകയാൽ ഈ കല്പനയുടെ പരിധിയിൽ പെടുന്ന എല്ലാവരും മേല്പറഞ്ഞ മല്പാന്റെയും പരിരക്ഷകന്റെയും സ്ഥാനത്തിലും ഉദ്യോഗത്തിലും നിങ്ങളെ സ്വീകരിച്ച് അനുസരിക്കണമെന്ന് നാം ആജ്ഞാപിക്കുന്നു.

1844-ാം കാലം ഫെബ്രുവരി 16-ാം തീയതി നമ്മുടെ ഔദ്യോഗിക ഒപ്പും മുദ്രയും വച്ച് വരാപ്പുഴ നിന്ന് കൊടുത്തത്.

ഫാദർ ഫ്രാൻസീസ് സേവിയർ മെത്രാപ്പോലീത്ത
ഫാദർ മിഗുയേൽ കൊറെയ, സിക്രട്ടറി.[6]

മല്പാൻ സ്ഥാനം ദൈവിക നിയോഗം ഉള്ള ഒന്നാണെന്ന് ഈശോമിശിഹായുടെ വാക്കുകൾ സൂചിപ്പിക്കുന്നു: "ഈ ചെറുപ്രമാണങ്ങളിൽ ഒന്നെങ്കിലും ലംഘിക്കുകയും അപ്രകാരം ലംഘിക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്നവൻ ദൈവരാജ്യത്തിൽ നിസ്സാരനായി ഗണിക്കപ്പെടും. എന്നാൽ അവ അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ ദൈവരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും" (മത്താ. 5:19). പഠിപ്പിക്കുന്നവനെയാണ് "മല്പാൻ" എന്നു വിളിക്കുന്നത്. ചാവറയച്ചനെ സഭാധികാരികൾ സർവ്വവൈദികശാസ്ത്രങ്ങളുടെയും മല്പാനായി നിയമിക്കുന്നു എന്നാണു പറഞ്ഞത്.[7] സഭയുടെ പ്രബോധനങ്ങൾ അനുസരിക്കുകയും പഠിപ്പിക്കുകയും എന്നതു ചാവറയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ അനുസരണത്തിന്റെ വിഷയമാണ്.

ചാവറ, തന്റെ ജീവിതകാലം മുഴുവൻ ദിവ്യഗുരുവായ, മല്പാനായ ഈശോയുടെ അനുസരണത്തിൽ പങ്കുചേർന്നവനാണ്. ഈശോയുടെ ഭക്ഷണം തന്നെ, പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതായിരുന്നു. (യോഹ. 4:34). ചാവറ അനുസരണത്തെക്കുറിച്ചു പറയുന്നു: "ആ പ്രിയമുള്ള കൂടപ്പിറപ്പുകളെ ! ഇതാ നമ്മുടെ ദൈവവിളി നാം കൊവെന്തയിൽ കൂടിയതു നമ്മുടെ മനസ്സു നടത്തുവാനൊ നമുക്കു ബോധിക്കുന്ന തലവൻമാരും നമുക്കു ബോധിക്കുന്ന കൂട്ടങ്ങളും മാത്രം കീഴ്വഴങ്ങുന്നു എംകിൽ കാവ്യരുടെ ചൊൽവിളിയും നമ്മുടെ ചൊൽവിളിയും എന്തുഭേദം."[8] വീണ്ടും അനുസരണം സഭാപരമായിരിക്കണമെങ്കിൽ അത് പെ. ബ. വികാരി അപ്പസ്തോലിക്കാ അച്ചന്റെയും നമുക്ക് ദലഗാത്തായി കല്പിച്ചു തരുന്ന "പെ. ബ. മൂപ്പച്ചന്റെയും മനസ്സിനും ദൈവത്തിന്റെയും ഇവരുടെയും കല്പനകൾക്കും വിരോധമില്ലാത്ത സകലകാര്യത്തിലും ശേഷമുള്ള പെ. ബ. മിസ്യോമൂപ്പച്ചൻമാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ കീഴ്വഴക്കി ഈ മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം."[9] രണ്ടു ഉദ്ധരണികൾ കൊടുത്തിരിക്കുന്നതും അനുസരണത്തിന്റെ അടിസ്ഥാന വ്യവസ്ഥയെ സൂചിപ്പിക്കുന്നവയാണ്. അതിനാൽ ചാവറയച്ചൻ 'സഭാകൽപനകൾ അനുസരിക്കുക'യും 'അപ്രകാരം പഠിപ്പിക്കുകയും' ചെയ്തതുവഴി സദ്ഗുരുവായ ഈശോയെ അനുഗമിച്ചിരുന്നു.ഈശോ കുരിശുമരണം വരെ അനുസരണമുള്ളവനായിരുന്നു എന്നു വി. ശ്ലീഹാ പറയുന്നു (ഫിലി. 2:8). ചാവറ, മല്പാൻ എന്ന നിലയിൽ ആധികാരികനായത് അനുസരണത്താലാണ്. ഇതുതന്നെ ഈശോയോടുള്ള സ്നേഹത്തിന്റെയും വ്യവസ്ഥ. ഈശോ പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ പാലിക്കും" (യോഹ14:15). ചാവറയ്ക്കുണ്ടായിരുന്ന ദൈവസ്നേഹം കല്പന അനുസരിക്കുന്നതിനും അതു ഭക്ഷണ പാനീയമായി തീരുന്നതിനുമിടവന്നത് യോഹ.4:34-നെയും അനുസ്മരിപ്പിക്കുന്നില്ലേ? ചാവറ പാടുന്നു:

"എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ യാവനപാനം നീയെ
ആശ്വാസം നിന്നിലല്ലാതെയെവിടെയെനിക്കയ്യോ."[10]

ചാവറയച്ചന്റെ ഗുരുനാഥൻ പ്രധാനമായും പാലയ്ക്കൽ മല്പാനച്ചനായിരുന്നു. അദ്ദേഹത്തിൽ നിന്നും ചാവറയ്ക്കു ലഭിച്ച ശിക്ഷണം ചാവറ മല്പാനാകുന്നതിന് ഇടവരുത്തിക്കാണണമല്ലോ. ഭാരതീയ പാരമ്പര്യത്തിൽ മല്പാനു സദൃശ്യമായ ഒന്നാണ് ഗുരുനാഥൻ എന്നുള്ളത്.

ഗുരുനാഥൻ പരമവിരക്തനും തപസ്വിയുമായിരിക്കും. ഗുരുമുഖത്തുനിന്നു കേൾക്കുന്നവയാണ് ശിഷ്യർക്ക് വിജ്ഞാനത്തിന്റെ സ്രോതസ്സ്. പതിനാലു വിദ്യകൾ പഠിച്ചുകഴിഞ്ഞാൽ പിന്നെ ആത്മവിദ്യയാണ് ആർജ്ജിക്കേണ്ടത്. സന്ന്യസിക്കുന്നവർക്ക് ആത്മവിദ്യയും പഠിക്കാം. ഗുരുശുശ്രൂഷയല്ലാതെ മറ്റൊന്നും പ്രതിഫലമായി ഗുരു പ്രതീക്ഷിക്കുകയില്ല. ആത്മജ്ഞാനമാകുന്ന അടിസ്ഥാനത്തിൽ നിന്നുമാണ് എല്ലാ വിജ്ഞാനവും രൂപപ്പെടേണ്ടത്.

ഭാരതീയ മൂല്യങ്ങളിൽ ഊന്നി നിന്നിരുന്ന ഒരു ശിക്ഷണമായിരുന്നു ചാവറയച്ചന് ലഭിച്ചിരുന്നതെന്ന് അദ്ദേഹത്തിനുണ്ടായിരുന്ന ആത്മജ്ഞാനവും അതിന്റെ ആവിഷ്കരണമായ ആത്മാനുതാപവും പ്രകടമാക്കുന്നു. ഗിരിപ്രഭാഷണത്തിൽ പറയുന്ന മല്പാന്റെ ഗുണങ്ങളിൽ രണ്ടെണ്ണം കല്പനാനുസരണവും അതു പഠിപ്പിക്കലുമാണ് (മത്താ. 5:19; യോഹ. 14:15). ഇവിടെ കല്പന എന്നത് ചാവറയെ സംബന്ധിച്ചടത്തോളം പഴയനിയമവും പുതിയനിയമവും കൂടിയ വിശുദ്ധ ഗ്രന്ഥമാണ്. വിശുദ്ധഗ്രന്ഥത്തിൽ ചാവറയ്ക്കുണ്ടായിരുന്ന വിജ്ഞാനമാണ് അദ്ദേഹത്തെ നസ്രാണികളുടെ ശ്രേഷ്ഠസ്ഥാനത്തേയ്ക്കു നിയോഗിക്കുവാൻ സഭാധികാരികളെ പ്രേരിപ്പിച്ചത്.[11] ദൈവരാജ്യത്തിൽ വലിയവനാകുവാൻ വേണ്ടിയല്ല ചാവറ മല്പാനായത്.

മറിച്ച് ദൈവഹിതമനുസരിച്ച് ദൈവവിളിയുടെ സാക്ഷാത്കാരമായിട്ടാണ്. ദൈവവിളിയിൽ കാണുന്ന പദ്ധതിയെക്കുറിച്ച് അപ്പൊസോസുകാർക്കുള്ള ലേഖനത്തിൽ ഇങ്ങനെ കാണുന്നു: "ദൈവത്തിന്റെ മുൻപിൽ നാം പരിശുദ്ധരും കളങ്കമറ്റവരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുൻപുതന്നെ അവിടുന്നു മിശിഹായിൽ സ്നേഹപൂർവ്വം നമ്മെ തിരഞ്ഞെടുത്തു" (അപ്പൊ. 1:4).

ചാവറയച്ചൻ പത്താമത്തെ വയസ്സിൽ സെമിനാരിയിൽ ചേർന്ന് പാലയ്ക്കൽ മല്പാനച്ചന്റെ കൂടെ ജീവിച്ച ജീവിതം ദൈവിക പദ്ധതിയുടെ അന്വർത്ഥമാക്കലായിരുന്നു. ചാവറ ദൈവിക പദ്ധതിയോടു പൂർണ്ണമായി സഹകരിച്ചതുകൊണ്ടാണ് മാമ്മോദീസായിലെ പരിശുദ്ധി കാത്തു സൂക്ഷിച്ചു കൊണ്ട് ദൈവത്തിന്റെ മുൻപിൽ പരിശുദ്ധനും കളങ്കമറ്റവനുമായി ജീവിച്ചത്. മല്പാൻ സ്ഥാനം സഭാപരമായി ചാവറയ്ക്കു ലഭിച്ചുവെങ്കിൽ അതിനു മുമ്പ് അത് സൈദ്ധികമായിത്തന്നെ ലഭിച്ചിരുന്നു. എളിയവന്റെ വലിമ ദർശിക്കുന്നതും ദൈവനിശ്ചയമനുസരിച്ചുള്ള ജീവിതത്തിലൂടെയാണ്.

13:3 വലിയ പ്രിയോരച്ചൻ

"1855 ഡിസംബർ 8-ാം തീയതി ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ, മർസെലിനോസ് മൂപ്പച്ചന്റെ മുൻപിൽ പറഞ്ഞൊപ്പുനടത്തി. പത്തുമണിക്ക് ആരംഭിച്ച കർമ്മങ്ങളെല്ലാം കഴിഞ്ഞു. എല്ലാവരും മൂപ്പച്ചന്റെ അടുത്തു ചെന്ന് ആദരവ് കാണിച്ചു. തുടർന്ന് എല്ലാവരും വീണ്ടും പള്ളിയിൽ കൂടി. വലിയ ശ്രേഷ്ഠനായ മൂപ്പച്ചൻ കുരിയാക്കോസ് ഏലിയായെ പ്രഥമനായിട്ടു (പ്രിയോർ) കല്പിച്ചു. അതുകഴിഞ്ഞു മറ്റുള്ള പട്ടക്കാരൊക്കെ ചാവറയച്ചന്റെയടുത്താണു പറഞ്ഞൊപ്പുനടത്തിയത്."[12] അങ്ങനെ മാന്നാനത്തെ ആധുനിക ഏതദ്ദേശീയ നസ്രാണി സന്ന്യാസ സമൂഹത്തിന്റെ ശ്രേഷ്ഠനായിത്തീർന്നയാളാണ് പിന്നീട് വലിയ പ്രിയോരച്ചൻ എന്നറിയപ്പെട്ടത്.

1857-ാം വർഷം ബർണർദീനോസ്, ചാവറയച്ചനെ കൂനമ്മാവിലുള്ള ആശ്രമത്തിന്റെയും ശ്രേഷ്ഠനായി നിയമിച്ചു. എന്നാൽ ചാവറയച്ചന് മാന്നാനത്ത് ശ്രേഷ്ഠനായി ജോലിചെയ്യുവാനുള്ളതുകൊണ്ട് മാത്യു മുഞ്ഞനാട്ടച്ചനെ തന്റെ പകരക്കാരനായി നിശ്ചയിച്ചു. ആ നിമിഷം മുതൽ ചാവറയച്ചൻ വലിയ പ്രിയോർ എന്ന നിലയിലായി. തുടർന്ന് എൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന് എന്നീ ആശ്രമങ്ങളും അവയുടെ ശ്രേഷ്ഠന്മാരുമുണ്ടായപ്പോൾ ചാവറ പ്രിയോർ 'വലിയ പ്രിയോരച്ചൻ' എന്നറിയപ്പെട്ടു തുടങ്ങി.[13] സാമൂഹ്യ വിജ്ഞാനീയവും ആശ്രമ സൈദ്ധിക വിജ്ഞാനവും ദൈവ വിജ്ഞാനീയവും മനശ്ശാസ്ത്രശാഖയുമെല്ലാം ചാവറയെ വലിയ പ്രിയോരച്ചനാക്കിയതിൽ ന്യായം നിരത്തുന്നു.

സാമൂഹ്യ തലത്തിൽ, മാന്നാനത്തു രൂപംകൊണ്ട സമൂഹത്തിന്, പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചൻമാരുടെ മരണശേഷം നേതൃത്വം വഹിക്കാൻ ചാവറയാണു തെളിഞ്ഞു നിന്നിരുന്നത്.[14] അതുവരെ ആളുകളുമായി ഇടപെട്ടവരിൽ ഒരുവനും പരിചയസമ്പത്തുള്ളവനും മാന്നാനത്തു വിരിഞ്ഞ പുഷ്പമെന്ന ധാരണ ജനങ്ങളിൽ ഉണ്ടായിരുന്നവനും ചാവറയച്ചനായതു കൊണ്ട് സമൂഹത്തിന്റെ അംഗീകാരം അദ്ദേഹത്തിൽ നിറഞ്ഞിരുന്നു.

ആശ്രമസൈദ്ധാന്തിക വിജ്ഞാനത്തിന്റെ തലത്തിൽ ചാവറ പ്രഥമ കുർബാന ആഘോഷിച്ചപ്പോൾ വച്ച നിയോഗം ആശ്രമജീവിതം തുടങ്ങുന്നതിനുള്ളതായിരുന്നു. അതുകൊണ്ട് ആശ്രമഗണത്തിന്റെ മുന്നോടിയും, ആദ്യമായി, മാന്നാനം സമൂഹത്തിൽ നിന്നും വ്രതം ചെയ്ത് മാർത്തോമ്മാ നസ്രാണിസഭയുടെ ജീവിതത്തിൽ ഉൾച്ചേർന്നവനുമായിരുന്നു ചാവറ. കൂടാതെ കൗദാശിക ജീവിത വിശ്വസ്തതയിൽ ചാവറയച്ചൻ നൽകിയിരുന്ന സാക്ഷ്യം, മാമ്മോദീസായുടെ ആഴപ്പെടലും സ്ഥൂലവുമായ ആശ്രമജീവിതത്തിനു മാതൃക കൊടുക്കുവാൻ

ഏറ്റവും യോഗ്യനെന്നും വ്യക്തമാക്കി. ദൈവവിജ്ഞാനീയ അടിസ്ഥാനം പ്രധാനമായും രണ്ടാണ്. ഒന്ന്; സഭയുടെ ആധികാരിക ഉറവിടമായ വിശുദ്ധഗ്രന്ഥത്തിൽ ഊന്നിനിന്ന ജീവിതവും വിശുദ്ധഗ്രന്ഥവിജ്ഞാനവും ചാവറയ്ക്കുണ്ടായിരുന്നു. മല്പാനായി നിയമിക്കപ്പെട്ട ചാവറ മേല്പറഞ്ഞ ഗുണത്തോടുകൂടി പ്രവാചകത്വ ഗുണമുള്ളവനുമായിരുന്നു. അതായത് ദൈവികസന്ദേശം സംവഹിക്കുകയും പ്രദർശിപ്പിക്കുന്നതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നതിൽ വിശ്വസ്തനായതിനാൽ "സ്വർഗ്ഗരാജ്യത്തിൽ വലിയവനായി" (മത്താ. 5:18). രണ്ട്; ദൈവവിജ്ഞാനീയ അടിസ്ഥാന പാരമ്പര്യത്തിന്റെ സ്രോതസ്സായ സഭയുടെ മേലധ്യക്ഷക്രമത്തെയും ആധികാരിക പഠനങ്ങളെയും സഭാത്മക അനുസരണത്തോടെ ഏറ്റെടുത്തിരുന്നവനായിരുന്നു ചാവറയച്ചൻ. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. എന്നെ കേൾക്കുന്നവൻ എന്നെ അയച്ച എന്റെ പിതാവിനെയും കേൾക്കുന്നു". ഈശോ ലോകവസാനം വരെ സഭയോടൊത്തുണ്ടാകുമെന്ന വാഗ്ദാനം ലോകാവസാനം വരെ ചാവറ എന്നും വിശ്വസിച്ചിരുന്നു. അതിനാൽ ചാവറ ദൈവവിജ്ഞാനീയതലത്തിലും വലിയവനായി ജീവിച്ചു നേതൃത്വം നൽകി. വലിയ പ്രിയോർ സന്ന്യാസസമൂഹത്തിൽ മാത്രമല്ല സഭാഭരണത്തിലും അപ്രകാരമായിരുന്നു.

മന:ശാസ്ത്ര വിജ്ഞാനീയപ്രകാരവും ചാവറയച്ചൻ വലിയ പ്രിയോരായിരുന്നു. അദ്ദേഹം പൂർണ്ണമായും ദൈവത്തിനും ദൈവജനത്തിനുംവേണ്ടി നിലകൊണ്ടതിനാൽ സമകാലികരാരും അദ്ദേഹത്തിന്റെ നേതൃത്വത്തെ തള്ളിക്കളഞ്ഞില്ല; എന്നു മാത്രമല്ല ആധ്യാത്മികനേതൃത്വവും സഭാശിക്ഷണവും ആശ്രമസ്ഥർക്കു മാതൃകയാകത്തക്കവണ്ണം ചാവറ കാത്തുസൂക്ഷിച്ചതിനാൽ സമകാലികർ അദ്ദേഹത്തെ ഉന്നതനായി അംഗീകരിച്ചിരുന്നു. മുകളിലുള്ളവരെ അനുസരിച്ചപ്പോൾത്തന്നെ സമകാലികരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. കീഴുള്ളവർക്ക് അദ്ദേഹം വലിയ ഒരു പിതാവുമായിരുന്നു. ജാതി

മതഭേദമെന്യേ, സവർണ്ണ അവർണ്ണ വ്യത്യാസം കൂടാതെ, ഏവരെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നതിനാൽ എല്ലാവരുടേയും മനസ്സിനിണങ്ങിയ "വലിയ പ്രിയോർ" തന്നെയായിരുന്നു ചാവറയച്ചൻ.[15] ചാവറയച്ചന്റെ ചരിത്രമെഴുതിയ പോരൂക്കര കുരിയാക്കോസ് എലിസേവൂസച്ചൻ ചാവറപ്പിതാവിനു നൽകിയിരുന്ന വിശേഷണങ്ങളെല്ലാം കൂട്ടിച്ചേർത്താൽ പ്രിയോരായ ഏലിയാസച്ചൻ വലിയ പ്രിയോരായിരുന്നുവെന്നു വ്യക്തം. എലിസേവൂസച്ചന്റെ വാക്കുകൾ: "1871-ാം കാലം മകരമാസം 3-നു കാലത്തു 7 1/2 യ്ക്കു മലയാളത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മലീത്താ ദിസ്ക്കാ ൾസ് മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാളത്തിന്റെ മല്പാനും വികാരിജനറാളുമായ കുരിയാക്കോസ് ഏലിയാ ദ്തുഹമ്മാ, കന്തീശാ, എന്ന ഞങ്ങളുടെ പിതാവ് ആദിത്യൻ ലോകത്തിലുദിച്ച് പ്രദക്ഷിണംചെയ്തുകൊണ്ട് ഭൂമിയിൽനിന്നും ഇരുളിനെ നീക്കി പ്രകാശം വരുത്തികൊണ്ടു അതിന്റെ ഉള്ളിൽ പൊൻ, വെള്ളി മുതലായ പഞ്ചലോഹങ്ങളെയും മലകളുടെ ഉള്ളിൽ വൈരം, വൈഡൂര്യം മുതലായ രത്നങ്ങളെയും കടലിൽ മുത്ത്, പവിഴം മുതലായതുകളെയും വിളയിച്ചു എല്ലാ ജീവിപ്പോരുകൾക്കും വളർച്ചയും കൊടുത്തുകൊണ്ട് അസ്തമിക്കുന്നതുപോലെ ഈ പിതാവ് ജ്ഞാനസൂര്യനായും ഈ ദേശത്തിൽ..... പിറന്നു."[16] പ്രിയോരച്ചനായ ചാവറയുടെ പിൻഗാമി പറഞ്ഞവയെല്ലാം മാന്നാനത്തെ ഒന്നാമത്തെ ശ്രേഷ്ഠനിൽ വിളങ്ങി ശോഭിച്ചു. ഈ സ്വർഗ്ഗിയ പ്രഭാപൂരം വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെത്തന്നെ രണ്ടുപ്രാവശ്യം സുഖപ്പെടുത്തി. ഒന്നാമത്തേതു നവശിഷ്യപദത്തിൽ വച്ചും രണ്ടാമത്തേതു വ്രതം ചെയ്ത ശേഷവും. വാഴ്ത്തപ്പെട്ടവളുടെ രോഗങ്ങൾമാറ്റിയ ചാവറ എത്ര ഉന്നതനായ വാഴ്ത്തപ്പെട്ടവനാണ്. വിശുദ്ധിയിലും വിജ്ഞാനത്തിലും വിവേകത്തിലും വിണ്ണിന്റെ വിരിമാറിൽ മണ്ണിന്റെ മനുഷ്യനുയർന്നത് ദൈവം ചെയ്യിച്ചതെന്ന് ചാവറ ഏറ്റു പറയുന്നു. "ദൈവം ചെയ്തതൊക്കെയും എന്റെ വശമോ?..... പ്രിയോരെന്നാരു വിളിച്ചു..... തിരുമനസ്സു നടത്തും."[17]

ചാവറയച്ചൻ പരോപകാരാർത്ഥം തന്റെ ജീവിതം ഉഴിഞ്ഞുവച്ചതുപോലെ, തന്റെ അനുയായികളും അപ്രകാരം ചെയ്യണമെന്ന് ആഗ്രഹിച്ചു. അദ്ദേഹം സഭാംഗങ്ങളെ ഉപദേശിക്കുന്നു: "പ്രിയമുള്ള കൂടപ്പിറപ്പുകളായ പെ.ബ. ഓരോരോ കൊവേന്തകളുടെ വികാരിയച്ചന്മാരു പട്ടാംഗയായിട്ടുള്ള ഉപവിയും കെട്ടുപാടും എത്ര കൊവേന്തകളുണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നു പിറന്നു, ആ തള്ളയുടെ പാൽ കുടിച്ചു വളർന്നവർ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരികയും വേണം."[18]

പരസ്നേഹം സഭാംഗങ്ങൾ തമ്മിലുണ്ടായാൽ മാത്രമേ കൂടപ്പിറപ്പുകളായ മിശിഹാനുയായികളുടെ ആത്മരക്ഷ സാധിക്കുകയുള്ളു എന്ന് ചാവറ തന്റെ മരണ ശാസനത്തിൽ ഉപദേശിക്കുന്നു.[19] ചാവറയച്ചന്റെ എല്ലാ പ്രസ്ഥാനങ്ങളും ദൈവജനത്തിന്റെ സർവ്വതോന്മുഖമായ നന്മയ്ക്കായി ലക്ഷ്യം വച്ചിരുന്നു. അതും ദൈവൈക്യത്തിൽ നിന്ന് എല്ലാം നടക്കണമെന്നതു കൊണ്ട് കൊവേന്തകളുടെ വർദ്ധനവും ചാവറ ആഗ്രഹിച്ചിരുന്നു.[20] കൊവേന്തകൾ മാത്രമല്ല, നസ്രാണിസഭ ഒന്നടങ്കം ജനസേവനത്തിനുവേണ്ടി നിലകൊള്ളണം. ഈ ആദർശം ഉണ്ടായിരുന്നതുകൊണ്ട് സഭാ നേതൃത്വത്തിലേക്കു ചാവറ ഉയർന്നു.

13:4 വികാരിജനറാൾ

ചാവറയച്ചന്റെ അവസാനനാളുകളടുത്തപ്പോൾ അതായത് 1860-കളിൽ നൂറ്റിയൻപതിൽപരം ഇടവകപ്പള്ളികൾ ഉണ്ടായിരുന്നു. അവയിൽ നൂറ്റിപതിനാറ് ഇടവകകളോളം കൽദായ ഭരണത്തോടു കൂറു പ്രഖ്യാപിച്ചുകൊണ്ട് കർമ്മെലീത്താ ഭരണത്തിനെതിരെ നീങ്ങി. കർമ്മെലീത്താ മിഷനറിമാരുടെ പിടിയിൽ നിന്നും ആളുകൾ ബാബേൽ പക്ഷത്തേക്കു നീങ്ങുന്നതു കാണുവാൻ കർമ്മെലീത്താ മേലധികാരികൾക്കു

ചാവറയച്ചൻ പരോപകാരാർത്ഥം തന്റെ ജീവിതം ഉഴിഞ്ഞുവച്ചതുപോലെ, തന്റെ അനുയായികളും അപ്രകാരം ചെയ്യണമെന്ന് ആഗ്രഹിച്ചു. അദ്ദേഹം സഭാംഗങ്ങളെ ഉപദേശിക്കുന്നു: "പ്രിയമുള്ള കൂടപ്പിറപ്പുകളായ പെ.ബ. ഓരോരോ കൊവേന്തകളുടെ വികാരിയച്ചന്മാരു പട്ടാംഗയായിട്ടുള്ള ഉപവിയും കെട്ടുപാടും എത്ര കൊവേന്തകളുണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നു പിറന്നു, ആ തള്ളയുടെ പാൽ കുടിച്ചു വളർന്നവർ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരികയും വേണം."[18]

പരസ്നേഹം സഭാംഗങ്ങൾ തമ്മിലുണ്ടായാൽ മാത്രമേ കൂടപ്പിറപ്പുകളായ മിശിഹാനുയായികളുടെ ആത്മരക്ഷ സാധിക്കുകയുള്ളു എന്ന് ചാവറ തന്റെ മരണ ശാസനത്തിൽ ഉപദേശിക്കുന്നു.[19] ചാവറയച്ചന്റെ എല്ലാ പ്രസ്ഥാനങ്ങളും ദൈവജനത്തിന്റെ സർവ്വതോന്മുഖമായ നന്മയ്ക്കായി ലക്ഷ്യം വച്ചിരുന്നു. അതും ദൈവൈക്യത്തിൽ നിന്ന് എല്ലാം നടക്കണമെന്നതു കൊണ്ട് കൊവേന്തകളുടെ വർദ്ധനവും ചാവറ ആഗ്രഹിച്ചിരുന്നു.[20] കൊവേന്തകൾ മാത്രമല്ല, നസ്രാണിസഭ ഒന്നടങ്കം ജനസേവനത്തിനുവേണ്ടി നിലകൊള്ളണം. ഈ ആദർശം ഉണ്ടായിരുന്നതുകൊണ്ട് സഭാ നേതൃത്വത്തിലേക്കു ചാവറ ഉയർന്നു.

13:4 വികാരിജനറാൾ

ചാവറയച്ചന്റെ അവസാനനാളുകളടുത്തപ്പോൾ അതായത് 1860-കളിൽ നൂറ്റിയൻപതിൽപരം ഇടവകപ്പള്ളികൾ ഉണ്ടായിരുന്നു. അവയിൽ നൂറ്റിപതിനാറ് ഇടവകകളോളം കൽദായ ഭരണത്തോടു കൂറു പ്രഖ്യാപിച്ചുകൊണ്ട് കർമ്മെലീത്താ ഭരണത്തിനെതിരെ നീങ്ങി. കർമ്മെലീത്താ മിഷനറിമാരുടെ പിടിയിൽ നിന്നും ആളുകൾ ബാബേൽ പക്ഷത്തേക്കു നീങ്ങുന്നതു കാണുവാൻ കർമ്മെലീത്താ മേലധികാരികൾക്കു

സാധിച്ചില്ല. മലങ്കര സഭയെ റോമായുമായി നേരിട്ടുള്ള ബന്ധത്തിൽ ഉറപ്പിക്കുന്നതിന് അവർ കണ്ടുപിടിച്ച ഒരു പ്രായോഗികതയാണ് ചാവറയച്ചനെ വികാരിജനറാളാക്കണമെന്നുള്ളത്. ഇതു സംബന്ധിച്ചുള്ള ബർണർദീനോസ് മെത്രാന്റെ കല്പന ഇപ്രകാരമാണ്: "നമ്മുടെ സ്നേഹപ്പെട്ട മാന്നാനത്തു കൊവേന്ത മുതലായ കൊവേന്തകളുടെ പ്രിയോരു ചാവറ പെ.ബ. കുരിയാക്കോസ് കത്തനാരു കണ്ടന്നാൽ പല കാലങ്ങളിലായിട്ടു നമ്മുടെ കീഴിലുള്ള പള്ളികളിൽ അടങ്ങിവരുന്ന ക്രൈസ്തവരെ ഭരിക്കുന്നതിൽ നിന്നുള്ള പ്രയാസത്താലും നമ്മുടെ വയസ്സിന്റെ അധിക്ഷീണത്താലും സ്വസ്ഥാനകേടും ഭവിച്ചിരിക്കുന്നതും കൂടാതെ നമ്മുടെ ഭരിപ്പിൽ നിന്നു പട്ടസുഖക്കാർക്കും മറ്റുള്ള അൽമേനികൾക്കും അവരുടെ ആത്മഗുണത്തിനടുത്ത ഫലമുണ്ടായിക്കാണ്മാനില്ലാത്തതിനാലും ഇപ്പോഴത്തെ സംഗതികളാലും ദിഷ്ടതിയായിരുന്നാൽ ഒരു വിഗാരി ജനറാളിനെ നിശ്ചയിച്ചു നടത്തിവയ്ക്കുന്നതിനു ശുദ്ധ തെന്ത്രോസു സൂനഹദോസ് അനുവദിച്ചിരിക്കുന്നതിൻവണ്ണം വേണ്ടുന്നസ്ഥൈര്യവും മിടുക്കും ബോധജ്ഞാനവും പുണ്യവ്യാപാരവും തനിക്കുണ്ടെന്നു താൻ ബോധിച്ച് നമ്മുടെ കീഴ്മലയാളത്തിലുള്ള സുറിയാനിപ്പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടെയും അൽമേനികളുടെയും ആത്മപരിപാലനം ചൈത അവരെ ഭരിക്കുന്നതിനും വികാരിജനറാളു ആയിട്ടുതന്നെ നാം കല്പിച്ചു ശുദ്ധപള്ളി ആകമാനമായിട്ടു അനുവദിച്ചിട്ടുള്ള മുഷ്കരത്തങ്ങളും അനുവാദങ്ങളും കൂടാതെ പ്രത്യേകമായിട്ടുള്ളതിൽ തനിക്കു നാം എഴുത്താലെ തരുമെന്ന ക്രമക്കടലാസ്സിൽ പറയുന്ന അനുവാദങ്ങളും മുഷ്ക്കരത്ത്വങ്ങളും കൂടെ തനിക്കു നാം തന്നിരിക്കുന്നു."[21]

ചാവറയച്ചനിൽ പ്രകടമായിക്കണ്ട നാലു ഗുണങ്ങൾ സ്ഥൈര്യം, മിടുക്ക്, ബോധജ്ഞാനം, പുണ്യവ്യാപാരം എന്നിവയാണ്.[22]

ചാവറയുടെ സ്ഥൈര്യത്തെക്കുറിച്ച് മോൺസിഞ്ഞോർ ബച്ചിനെല്ലി ബോധവാനായിരുന്നു. ചാവറയെ വികാരിജനറാളാക്കിയതിനെക്കുറിച്ചു എഴുതിയത്, ഉദ്യോഗ നിർവ്വഹണത്തിനു ആവശ്യമായ

തന്റേടമുണ്ടെന്നായിരുന്നു. ചാവറയച്ചന്റെ ആത്മധൈര്യത്തെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ അതു പ്രത്യക്ഷപ്പെട്ടിട്ടുള്ള സാഹചര്യങ്ങൾ നിരവധിയാണ്. ദൈവവിളിയുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്തു. ആശ്രമ സ്ഥാപനത്തിലുണ്ടായിട്ടുള്ള നിരവധി പ്രതിസന്ധികളെ ഉറച്ച ധീരതയോടെ നേരിട്ടു. റോക്കോസിന്റെ ആഗമനത്തിൽ സഭയിൽ ഉണ്ടായ കോളിളക്കത്തെ അന്നത്തെ സഭാധികാരികളോടു ചേർന്നു നിന്നുകൊണ്ടു പോരാടി പരിഹാരം കണ്ടെത്തി. പല തരത്തിലുള്ള രോഗങ്ങളെ വകവയ്ക്കാതെ മേൽശ്രേഷ്ഠ ജോലി ചെയ്തതിൽ കാണിച്ച സ്ഥൈര്യവും എടുത്തു പറയണം. മാതൃകാപരമായിത്തന്നെ എല്ലാ വേദനകളെയും സഹിച്ചു.

ചാവറയച്ചന്റെ മിടുക്കിനെക്കുറിച്ചു മേലധ്യക്ഷൻമാർക്കും സഹവൈദികർക്കും സാധാരണക്കാർക്കും വലിയ മതിപ്പ് ആയിരുന്നു. ബച്ചിനേള്ളി പ്രൊപ്പഗാന്താ സംഘത്തിന് എഴുതിയപ്പോൾ 'വിവേകമതി' എന്നു സൂചിപ്പിച്ചത് ചാവറയുടെ അസാധാരണമായ പാടവത്തെ എടുത്തു കാട്ടുന്നതാണ്. അദ്ദേഹത്തിനുണ്ടായിരുന്ന തീക്ഷ്ണതയേയും മോൺസിഞ്ഞോർ ബച്ചിനേള്ളി പ്രകീർത്തിക്കുന്നു. റോക്കോസിനെ പോയിക്കാണുന്നതിനും വിവരങ്ങളെല്ലാം സഭാധികാരികളെ അറിയിക്കുന്നതിനും കാലാകാലങ്ങളിൽ ആളുകളെയും റോമിനെയും വിവരമറിയിക്കുന്നതിനും ചാവറ ചെയ്തിട്ടുള്ളവയെല്ലാം അദ്ദേഹത്തിന്റെ സാമർത്ഥ്യത്തെ വിളിച്ചറിയിക്കുന്നു.

ചാവറയുടെ ബോധജ്ഞാനത്തെക്കുറിച്ചു മനസ്സിലാക്കുന്നതിന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തന്നെയാണ് അടിസ്ഥാനം. ചാവറയച്ചനുണ്ടായിരുന്ന ആധ്യാത്മിക വിജ്ഞാനമാണ് സഭാഭരണ കാര്യങ്ങളിൽ ആലോചന ചോദിക്കാൻ പറ്റിയ ആളായി അദ്ദേഹത്തെ മാറ്റിയത്. ആർച്ചു ബിഷപ്പ് മെല്ലാനോ, തന്റെ അസാന്നിധ്യത്തിൽ പകരക്കാരനായിരുന്നവർ ചാവറയച്ചന്റെയടുത്ത് ആലോചന ചോദിക്കണമെന്നു നിർദ്ദേശിച്ചിരുന്നു. വിദേശീയ കർമ്മെലീത്തരുടെ നിയമം നാട്ടിൽ

നടപ്പാക്കിയപ്പോൾ ആവശ്യമായ വ്യത്യാസങ്ങൾ ദേശത്തിനടുത്ത രീതിയിൽ വരുത്തുന്ന കാര്യത്തിൽ ചാവറ വിനയപൂർവ്വം ഉറച്ചുനിന്നത് അദ്ദേഹത്തിനുണ്ടായിരുന്ന ഉൾക്കാഴ്ചയെ പ്രകടമാക്കുന്നു.

പുണ്യ വ്യാപാരമെന്ന വിശേഷണം, ചാവറ വാഴ്ത്തപ്പെട്ടവനായതു തന്നെ തെളിയിക്കുന്ന കാര്യമാണ്. ദൈവിക പുണ്യങ്ങളും സാന്മാർഗ്ഗിക പുണ്യങ്ങളും ചാവറയിൽ വിളങ്ങിയിരുന്നുവെന്ന് ചരിത്രാന്വേഷണ കമ്മീഷൻ തെളിയിച്ചിട്ടുണ്ട്.[23] ദൈവത്തെയും സഹോദരങ്ങളെയും പരിഗണിക്കാതെ ചാവറ ഒന്നും ചെയ്തിട്ടില്ല എന്നത് അദ്ദേഹത്തിൽ ദൈവിക പുണ്യങ്ങളും സാന്മാർഗ്ഗിക പുണ്യങ്ങളും വിളങ്ങിയിരുന്നതിന്റെ ലക്ഷണമാണ്. സഭയുടെ വികാരിജനറാൾ സന്ന്യാസഗണത്തിന്റെ മേൽശ്രേഷ്ഠനായിരുന്നുവെങ്കിലും കൂട്ടക്രമങ്ങളും, പരിത്യാഗജീവിതവും, ജീവിത വിനയവും, താപസ ചൈതന്യവും എന്നും പുലർത്തിയിരുന്ന ആളായിരുന്നു ചാവറ. പുണ്യങ്ങളുടെ പട്ടിക രൂപപ്പെടുത്തിയാൽ അതു വളരെ ദീർഘമായിരിക്കും. ദൈവൈക്യം, പ്രാർത്ഥനാ ചൈതന്യം, തിരുസ്സഭാഭക്തി, എളിമ, അനുസരണം, സമാനത, ആത്മരക്ഷ, ദൈവദൂതസമാനത, യഥാർത്ഥ മിശിഹാനുയായി, അനഭിഷിക്തനായ മേലദ്ധ്യക്ഷൻ, മലയാളത്തിന്റെ കൊടി, പ്രസംഗ പീഠത്തിലെ സിംഹം, വിശ്വാസി, ജീവത് മൃദുലൻ, ദൈവവചനോപാസകൻ, സ്വർഗ്ഗ പിതാവിന്റെ വിശ്വസ്ത സുതൻ, ആത്മാനുതാപി, ദൈവ സാന്നിധ്യാവബോധമുള്ളവൻ, ശുഭാപ്തിവിശ്വാസി, പുസ്തക പാരായണൻ, ഭാഷാ വിശാരദൻ, ദിവ്യകാരുണ്യ ഭക്തൻ, മാതൃസുതൻ, തിരുക്കുടുംബഭക്തൻ, തീർത്ഥാടകസഭാ മുന്നോടി, ആരാധകൻ, അനുചിന്തകൻ, ധ്യാനയോഗി, മഹത്വദാർശനികൻ, ദൈവദാസൻ, മനുഷ്യസ്നേഹി, നല്ല ശമറായനു സദൃശൻ, ദൈവരാജ്യ പ്രഘോഷകൻ, അമ്മനുവേൽ പ്രവാചകൻ, ദൃശ്യാദൃശ്യങ്ങളുടെ സംഗമസാക്ഷി തുടങ്ങി നിരവധിയാണു ചാവറയുടെ പുണ്യസവിശേഷതകൾ.[24]

മഹത്ത്വ ദർശനത്തിന്റെ മുന്നോടിയായി, കൂടെയുള്ള ദൈവത്തെ സദാ മാനസനേത്രങ്ങൾ കൊണ്ടു ദർശിച്ചവനായിരുന്നു ചാവറ. ചാവറ പാടുന്നു:

"ഈ ഭുവി വന്നു നീ മാനുഷജന്മമായ്
ഇജ്ജനരക്ഷയ്ക്കു കർത്തനായി
ഈ മഹാനാഥയാം കന്നികരം തന്നി-
ലീശനേ നിന്നെ ഞാൻ കാണാകേണം.
ഉത്തര ഭാഗെയുയർത്തുവാൻ ഞങ്ങളെ
യുത്തമനായ നീ മർത്ത്യനായി
ഊഴിയിതിൽ ശയനിക്കുന്നയുണ്ണിയെ
യൂനം കൂടാതഹം കാണാകേണം.
ഋഷികൾക്കൊക്കെയ്ക്കു മീശൻ നീയാകയാൽ
ഋഷഭ വേസരി മദ്ധ്യനായി
ഋക്ഷം മുതൽ വെട്ടം നാണിപ്പിച്ചീടുന്ന
ഋത്വധിനാഥനെ കാണാകേണം.
എത്രയും ചിത്രമാം നിൻമുഖപദ്മത്തെ
യേകാന്ത പ്രേമത്താൽ പാർക്കുന്നഹം.

.....

അമ്മാനുവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ."[25]

ദൈവദർശനവും ദൈവസ്നേഹവും ചാവറയെ പരസ്നേഹത്തിന്റെയും പ്രവാചകനാക്കി. സഭാപരമായി സമുന്നതസ്ഥാനത്തിരുന്ന ശുശ്രൂഷകനായി ദൈവത്തെ അനുഭവിച്ചു. ഈ അനുഭവം വിവിധ രീതിയിൽ പങ്കു വച്ചു.

13:5 എഴുത്തും വായനയും

ദൈവത്തെ അനുഭവിച്ചറിഞ്ഞ ചാവറ തന്റെ സഹോദരലക്ഷങ്ങളെ ദൈവത്തിലേക്കു നയിക്കുന്നതിനായി അക്ഷരജ്ഞാനത്തിനായി ചെയ്തിട്ടുള്ള ശുശ്രൂഷകൾ നിരവധിയാണ്. എന്നിൽ നിന്നു പഠിക്കുവിൻ എന്നതാണ് ഈശോ ശിഷ്യരോടു പറഞ്ഞത്. അതായത് "ഞാൻ നിങ്ങൾക്കു ചെയ്തത് എന്താണെന്നു നിങ്ങൾക്കു മനസ്സിലായോ"? (യോഹ. 13:12). ചാവറ ഈശോയിൽനിന്നും സ്വായത്തമാക്കിയ പാഠം സഹജരും പഠിക്കുവാനും എഴുതുവാനും, വായിക്കുവാനുമായി അച്ചുകൂടം, പള്ളിക്കൂടം തുടങ്ങിയവ സമാരംഭിക്കുന്നതിനിട വരുത്തി. ചാവറ ഗുരുവിൽ നിന്നു പഠിച്ചതിനെക്കുറിച്ചു വിവരിക്കുന്നു:

"പുണ്യൻമാരായവരൊക്കെയും മുൻപിനാൽ
പുണ്യാഭ്യാസത്തിനാരംഭമിതാ.
ഞാൻ ചെയ്യുന്നെന്ന പോൽ നിങ്ങളും ചെയ്വാനായ്
ഞാൻ തന്നെ മാതൃക തന്നീടുന്നു.
എന്നരുൾചെയ്തു തൻ തൃക്കൈയ്യിൽ വെള്ളവും
നന്നാവെളുത്തൊരു തൂവല്യവും.
മേൽവസ്ത്രം നീക്കിയരയിൽ മിസറാനെ
താഴ്ചയാൽ ചുറ്റി ഈ ദൈവപുത്രൻ
ശിഷ്യരുമുൻപതിൽ മുട്ടുകുത്തിക്കൊണ്ടും
പത്രോസുമാദിയായ് യൂദാവരെ
കാലുകഴുകി തൻ തൃക്കൈയാൽ തോർത്തിയും
ഭേദമില്ലാതെ തികച്ച ശേഷം
നിങ്ങൾക്ക് നാഥനും ദൈവവും നാം തന്നെ
തന്നിതു മാതൃക നൽ പഠിനം
എന്നു വരുമ്പൊഴൊ നിങ്ങളും തങ്ങളിൽ
നന്ദിചെയ്തീടുവാനെത്ര കടം."[26]

ചാവറയച്ചന്റെ പരസ്നേഹ പ്രവർത്തനങ്ങൾ ഈശോ ശിഷ്യരുടെ പാദങ്ങൾ കഴുകിയതിന്റെ തുടർച്ചയായിട്ടാണ് നാം ഇവിടെ കാണുന്നത്. പരസ്നേഹ പ്രവർത്തനങ്ങൾ ചാവറ കാഴ്ച വച്ചത് നിരവധിയെങ്കിൽ അറിവിനു വഴിതെളിച്ചുതന്ന ചാവറയുടെ ശുശ്രൂഷയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

സുറിയാനി പാരമ്പര്യത്തിൽ അടിസ്ഥാനപരമായ അറിവ് വിശ്വാസം, ആരാധന, ആധ്യാത്മികത എന്നീ മേഖലകളിൽ ദൈവജനത്തെ സഹായിക്കുന്നതിനുള്ള ഉപാധികളാണ്. ഈ വിഷയത്തിൽ നിർണ്ണായക സംഭാവന ചെയ്തിട്ടുള്ള ആളാണു മാർ അപ്രേം, അഫ്രാറ്റസ് തുടങ്ങിയവർ.

അപ്രേം പാഷണ്ഡികൾക്കെതിരായി എഴുതി സത്യവിശ്വാസം ഉറപ്പിച്ചു. ആരിയൂസിന്റെ പ്രബോധനങ്ങളെ നിഷേധിക്കേണ്ടതിനു നിഖ്യാ സൂനഹദോസിൽ, നിസിബിസിലെ മെത്രാനായ യാക്കോബിനെ സഹായിച്ചു. എദേസായിലെ വിദ്യാനികേതനമായ പേർഷ്യൻ ദൈവവിജ്ഞാനീയ കേന്ദ്രത്തിൽ മാർ അപ്രേം ചെയ്ത പരോപകാര പ്രവൃത്തികൾ കേരളത്തിൽ മാന്നാനം കേന്ദ്രമാക്കി ചാവറയും കൂട്ടരും ചെയ്തതിന്റെ മുന്നോടിയായിരുന്നു. ഇതിനുള്ള രണ്ടു തെളിവുകൾ സുറിയാനി പാരമ്പര്യം ചാവറ കാത്തു സൂക്ഷിച്ചുവെന്നതും വേദപുസ്തകത്തിൽ അടിയുറച്ച ആധ്യാത്മികത കെട്ടിപ്പടുത്തുവെന്നതുമാണ്.

ശ്രുതി മധുരവും വേദപുസ്തകാടിസഹിതവുമായ അപ്രേമിന്റെ കവിതകൾ സാർവ്വത്രികസഭയിൽ ഏറ്റവും പ്രതിഭയാർന്ന വിശുദ്ധ ഗീതമാണ്. ഉടമ്പടിയുടെ മക്കൾ എന്ന ആശ്രമഗണത്തിലൂടെയാണ് അപ്രേമിന്റെ ആരാധനാഗീതങ്ങളും പ്രഭാഷണങ്ങളും സഭയിൽ പ്രചരിച്ചത്. പദ്യത്തിലും ഗദ്യത്തിലും നിരവധി തുർഗ്ഗാമാകളും (വേദപുസ്തക വ്യാഖ്യാനങ്ങൾ) മേമ്രാകളും (പ്രഭാഷണങ്ങൾ) മദ്രാശകളും (പ്രബോധനഗാനങ്ങൾ) തുടങ്ങി മുപ്പതിൽപ്പരം കൃതികൾ അപ്രേമിന്റേതായി അറിയപ്പെടുന്നു.[27]

ചാവറയച്ചൻ ചെയ്തിട്ടുള്ള സാഹിത്യപരമായ സേവനങ്ങൾ എല്ലാവർക്കും അറിയാം. നാളാഗമങ്ങൾ, ആത്മാനുതാപം, ധ്യാനസല്ലാപങ്ങൾ, കത്തുകൾ, തൂക്കാസ, ആരാധനക്രമപഞ്ചാംഗം, മരിച്ചവർക്കുള്ള പ്രാർത്ഥനകൾ, എക്ളോഗുകൾ തുടങ്ങി നിരവധിയാണിവ.

ഇപ്രകാരമുള്ള പരോപകാരപ്രവർത്തനങ്ങൾ ചാവറ തുടങ്ങിയ ആശ്രമസമൂഹങ്ങളിലൂടെ കേരളത്തിൽ പ്രചരിച്ചതാണ് ഇന്നു കേരളം സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്നതിനുള്ള അടിസ്ഥാനം. എഴുത്തും വായനയും അടിസ്ഥാനപരമായി പ്രചരിപ്പിക്കുന്നതിനുള്ള രണ്ടു മാർഗ്ഗങ്ങളാണ് വിദ്യാലയ പ്രസ്ഥാനവും, അച്ചടി സംരംഭവും. ഈ രണ്ടു തുടക്കങ്ങളും ഇന്നു സി.എം.ഐ സമൂഹത്തിലൂടെ ശുശ്രൂഷാ തലത്തിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

എഴുത്തും വായനയും ചാവറ കേരളത്തിൽ പ്രചരിപ്പിച്ചതിന്റെ ഏക ലക്ഷ്യം ജനങ്ങളുടെ ആത്മീയവും സാംസ്കാരികവുമായ ഉന്നമനമായിരുന്നു. ഇതു മൂലമുണ്ടായ ആധ്യാത്മിക പുരോഗതി എന്തുമാത്രമാണെന്ന് ആരും വേണ്ടത്ര ഗ്രഹിച്ചിട്ടില്ല. അതായത് ഭാരതത്തിൽ, കേരളത്തിന്റെ പ്രതിച്ഛായ ആധ്യാത്മിക, സാംസ്ക്കാരിക തലങ്ങളിൽ ലോകത്ത് ഏതു രാജ്യത്തോടും കിട പിടിക്കുന്നതാണ്; എന്നു മാത്രമല്ല മതപരമായി സഭാതലത്തിൽ ഇത്ര സമ്പന്നമായ ഒരു ഗണം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പിൻബലത്തിൽ എവിടെ കാണും? പ്രത്യേകിച്ചും മെശയാനിക സഭയുടെ കേന്ദ്രങ്ങളായ ഓറെഷ്ലെം, റോം എന്നീ സ്ഥലങ്ങളിൽ നിന്നും വളരെ വിദൂരത്തിൽ കഴിയുന്ന നസ്രാണി സഭയുടെ കാര്യത്തിൽ.

ഭാരതത്തിലും, ലോകത്തിന്റെ വിവിധഭാഗങ്ങളിലും വളരെ ദയനീയതയിൽ കഴിയുന്ന ആളുകൾ എന്തുമാത്രമുണ്ട്. അവരുടെയിടയിലുള്ള അനാഥരേയും, രോഗികളെയും തിരസ്ക്കൃതരേയും ശുശ്രൂഷിച്ച് ജനപ്രീതി നേടിയവരും, നേടുന്നവരും ഇന്നു നിരവധിയെങ്കിൽ, അങ്ങനെ ഒരവസ്ഥ ദൂരീകരിച്ച ഒരു മഹത് വ്യക്തിയായിരുന്നു ചാവറ.

അതും എഴുത്തും വായനയും അഭ്യസിപ്പിച്ച് ആധ്യാത്മിക പുരോഗതി പ്രദാനം ചെയ്തുകൊണ്ട്.

താഴ്ച നീക്കാനും, രോഗമകറ്റാനും, വീഴ്ച ഒഴിവാക്കാനും ചാവറ ചെയ്ത ഏറ്റവും വലിയ സംഭാവനയാണ് വിദ്യാസമ്പന്നരെ രൂപപ്പെടുത്തിയത്. ചാവറയുടെ ലക്ഷ്യം ദൈവജനത്തിന്റെ സർവ്വതോന്മുഖ വിമോചനമായിരുന്നു. പ്രഥമത: ആധ്യാത്മിക വളർച്ച. പരോപകാര പ്രവർത്തനത്തിന്റെ ശ്രേഷ്ഠവും അടിസ്ഥാനവുമായ ഈ രീതിക്ക് ബാഹ്യമായ ഒരു സഹായം, ശുശ്രൂഷ എന്നതിന്റെ ആകർഷണീയത ഇല്ലെങ്കിലും മതാത്മകമായും, സുവിശേഷാധിഷ്ഠിതമായും, സാംസ്ക്കാരികമായും, നരവംശശാസ്ത്രപ്രകാരവും ഉത്കൃഷ്ടമായ ഉപവിതന്നെയാണത്. ഭാരതത്തിലുള്ള എല്ലാ സംസ്ഥാനങ്ങളിലും ഇതു നടപ്പിലാക്കിയിരുന്നെങ്കിൽ ഇന്ന് ഭാരതം ലോകത്തിലുള്ള ഏറ്റവും സംസ്ക്കാര സമ്പന്നമായ ഭൂപ്രദേശമാകുമായിരുന്നു. കാരണം ഭാരതം ഒരു മതാത്മകനാടാണ്.

ചാവറയച്ചന്റെ ആധ്യാത്മിക ദർശനത്തെ പാശ്ചാത്യവത്ക്കരിച്ചതുകൊണ്ട് അതിന്റെ ദേശീയമായ സമ്പന്നത പിന്നീട് നഷ്ടപ്പെടുന്നതിനിടവന്നു. അതു മതാത്മകത്വത്തെയും ആദ്ധ്യാത്മിക ദർശനത്തെയും കുറെയെല്ലാം ബലഹീനമാക്കി. അതിന്റെ ഒരു ഉദാഹരണമാണ് താഴേക്കിടയിലുള്ളവരെ ഏറ്റവും വലിയ ഒരു നിധിയായി കണ്ടുകൊണ്ട് അവർക്ക് എഴുത്തും വായനയും സംലഭ്യമാക്കുന്നതിനുള്ള വീഴ്ച. ഇതു ചാവറ ചെയ്ത തെറ്റല്ല മറിച്ച് പിൻഗാമികളിൽ വന്ന മൂല്യച്യുതിയാണ്. ചാവറയച്ചനും കൂട്ടരും സമാരംഭിച്ച മതാധ്യയന കേന്ദ്രങ്ങളും, അവശ വിദ്യാഭ്യാസവും അന്നത്തേതിൽ നിന്നും വളർന്നിട്ടില്ലെന്നു മാത്രമല്ല ക്ഷയിച്ചും പോയി.

ജാതിമതഭേദമന്യേ എല്ലാവർക്കും പഠിക്കുവാനും വളരുവാനും മതാത്മകജീവിതത്തിലൂടെ സമഗ്രവിമോചനമുണ്ടാകുവാനുമുള്ള

തുടക്കമായിരുന്നു ചാവറയിൽ കാണുവാൻ സാധിക്കുന്നത്. കൈനീട്ടി ദാനം ചെയ്യുന്നതു മാത്രമല്ല പരോപകാരം, മറിച്ച് ഹൃദയം നൽകി മാനവൈക്യം നിലവിൽ വരുത്തുന്നതാണ് അത്. യോഹ. 10:10ൽ കാണുന്ന ജീവന്റെ സമൃദ്ധിയാണത്. ഇപ്രകാരമുള്ളതായിരുന്നു ചാവറയുടെ ആശ്രമസിദ്ധി.

13:6 ആശ്രമ പ്രസ്ഥാന മുന്നോടി

"എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ എവിടെ ഒരുമിച്ചു കൂടുന്നുവോ അവിടെ അവരുടെ മദ്ധ്യേ ഞാനും ഉണ്ടായിരിക്കും" (മത്താ. 18:20). "ഞങ്ങളുടെ മല്പാനച്ചനും യിവരുമൂവരുമൊരു മനസ്സായി മുമ്പിനാൽ നിരൂപിച്ചിരുന്ന കാര്യം അതായതു തപസ്സുഭവനം തീർക്കണമെന്നിങ്ങനെ നിരൂപിച്ച ക്ലെശിച്ചപ്പോൾ എന്റെ നാമത്തിൽ യിരുപെരുമൂവരു കൂടപ്പെടുയെന്നയവിടെ നിങ്ങളുടെയിടയിൽ ഞാനെന്നും ചൊദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിന്റെ അരുളപ്പാടിനു തക്കവണ്ണം ഇവരുടെ ഉത്സാഹത്താലും അപെക്ഷയാലും പുണ്യത്തിന്നുടെ കണ്ണാടി എന്നതുപോലെ നൊയമ്പും, നമസ്ക്കാരവും ഉറക്കമൊഴിച്ചിലും യിങ്ങനെയുള്ള വെലയിൽ അനുഷ്ടിച്ചിരിക്കുന്ന ബ. മെത്രാനച്ചന്റെ തിരുമനസ്സിൽ ഈ അവസ്തകൾ ഏറ്റിയപ്പോൾ ദാഹിക്കപ്പെട്ട ഭൂമി മഴ വർഷത്താൽ തെളിയും വണ്ണവും ഈ അവസ്ത കെട്ടപ്പോൾ പുണ്യദാഹത്താൽ ദാഹിക്കപ്പെട്ടിരിക്കുന്നയച്ചൻ ഏറ്റിക്കപ്പെട്ട തെളിവാൽ തെളിഞ്ഞയിവരുടെ അപെക്ഷയിൽ കൂടപ്പെട്ട മനസ്സായി തെളിഞ്ഞ തമ്പുരാന്റെ മുഖമന്വെഷിക്കുന്നവരും ഈ വെലയ്ക്കു ദാനധർമ്മം ചെയ്യണമെന്നിങ്ങനെ ഒരു പത്തേംതി."[28]

ചാവറയച്ചൻ എഴുതിയ നാളാഗമം പത്താം പുറത്തു കാണുന്നത് "ആദെഹത്തിന്ന ഏറ്റിക്കപ്പെട്ട സ്നെഹകാരനായി ബ. പൊരൂക്കര തൊമ്മാ കത്തനാരച്ചനും കൂടിയിവരിരുപെരും കൂടി ഈ മലയാളത്തിൽ

പട്ടക്കാർക്ക് പോലും ഒരു തപസ്സു ഭവനമില്ലായ്കയാൽ ഏറിയനന്മകൾക്ക വീഴ്ചയായിരിക്കകൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്ക് എംകിലു മൊര ദൈർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു സഹായമാരുമില്ലായ്ക കൊണ്ട ഖെദിച്ചപെക്ഷിച്ചിരിക്കുമ്പോൾ ദെയവ സഹായത്താൽ ബ. ബൊംബെയുടെ വികാരി അപ്പസ്തോലിക്ക ആയ മാർ മൌറെലിയൊ സദൊലിയ്ക്ക എന്ന മെത്രാനച്ചൻ യിവിടെയ്ക്കു വന്ന മാർ ലെയൊൻ പത്താമത് എന്ന ശുദ്ധ മാർപ്പാപ്പായുടെ കല്പന യാൽ വരാപ്പുഴയ്ക്കു ഇന്തിരീനാ വികാരി അപ്പസ്തൊലിയ്ക്കായായിട്ടു വാഴുകയിൽ.....”[29]

രണ്ടു രേഖകളിലും കാണുന്നത് ആശ്രമ പ്രസ്ഥാനത്തിന്റെ പ്രാരം ഭനിവേശനവും ക്രമീകരണവുമാണ്. ഈ രണ്ടു രേഖകളും ചാവറയ ച്ചൻ എഴുതിയതിനാൽ അദ്ദേഹത്തിന്റെ മേൽപറഞ്ഞതിലുള്ള ദൗത്യ ത്തെക്കുറിച്ച് ഒന്നും പ്രകടമാക്കുന്നില്ല. എന്നാൽ ചാവറയച്ചനുശേഷം കാനോനികമായിത്തീർന്ന ആശ്രമസമൂഹത്തിന്റെ രണ്ടാമത്തെ പെ. ബ. പ്രിയോരായിരുന്ന കുരിയാക്കോസ് എലിസേവൂസച്ചൻ എഴുതുന്നു: “1871-ാം കാലം മകരമാസം 3-ാനു കാലത്തു 7 നു മണിക്കു മലയാള ത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മെലീത്താ ദിസ്ക്കാൾസ് മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാള ത്തിന്റെ മല്പാനും വികാരി ജനറാളുമായ കുരിയാക്കോസ് ഏലിയാ ദ്തുഹമ്മാ കന്തീശാ എന്ന ഞങ്ങളുടെ പിതാവ്”[30]

1822-ൽ ചാവറയച്ചന് 17 വയസ്സുള്ളപ്പോൾ പോരൂക്കര ശെമ്മാ ശൻ ചമ്പക്കുളത്ത് ആറാം പട്ടക്കാരനാണ് എങ്കിലും കണിയാന്ത്ര യാക്കോബയോടു പറഞ്ഞത്: “ഞാൻ കുർബ്ബാനപ്പട്ടമേറ്റു വന്നാൽ നമുക്കു രണ്ടുപേർക്കും കൂടെ വാച്ചവനവാസത്തിലും പൊയ്ക്കളയാം ലോകത്തിൽ പെരുമാറിയാൽ രക്ഷപെടാൻ പ്രയാസം”[31] എന്നാണ്.

പോരൂക്കര ശെമ്മാശൻ പൗരോഹിത്യാഭിഷേകം സ്വീകരിച്ചത് (23-ാം വയസ്സിൽ) 1823 സെപ്റ്റംബർ 22-ാം തിയതിയാണ്. ഒരു സന്ന്യാസിയാകാനുള്ള ആഗ്രഹത്താലാണ് കണിയാന്ത്ര യാക്കോബുമായി പോരൂക്കര കരാറുണ്ടാക്കിയത്. കരാർ ഇപ്രകാരമാണ്: "അപ്പോൾ മനസ്സില്ലാഞ്ഞു എംകിലും അദ്ദേഹത്തിന്റെ മുഖത്തെക്കുറിച്ചു അങ്ങനെ തന്നെ എന്നു പറഞ്ഞു പിരിഞ്ഞു."[32] തുടർന്നുള്ള നീക്കത്തിൽ പോരൂക്കരയച്ചനും യാക്കോബുയുവാവും വരാപ്പുഴയിൽ, ഏതാണ്ട് സന്ന്യാസജീവിതം ആഗ്രഹത്താൽ നയിച്ചിരുന്നു. പിന്നീട് വരാപ്പുഴ നിന്നും പോരൂക്കരയച്ചനും യാക്കോബും അർത്തുങ്കൽ പോയി താമസിച്ചു. പുരോഹിതനെന്ന നിലയിൽ പോരൂക്കരയച്ചനു സഭയിൽ ഒരു നിലയുണ്ട്. എന്നാൽ യുവാവായ യാക്കോബിനെ എവിടെയെങ്കിലും എത്തിക്കണം. അതുകൊണ്ട് ആശ്രമപ്രസ്ഥാനം അംഗീകൃതമാകണം. അതിനായി പാലയ്ക്കൽ തോമ്മാമല്പാനെയാണ് പോരൂക്കര കൂട്ടു പിടിച്ചത്. ഈ പാലയ്ക്കൽ തോമ്മാ മല്പാൻ ഒരു ശിഷ്യനെയും പരിശീലിപ്പിച്ചു കൊണ്ടുവരുന്നുണ്ട് - ചാവറ ശെമ്മാശ്ശൻ - ചാവറ തനിക്കു ലഭിച്ച ശിക്ഷണത്തെക്കുറിച്ചു പറയുന്നു: "പൈതൽ പ്രായം മുതൽ ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ചു നടത്തി പഠിപ്പിച്ചു വളർത്തി. അദ്ദേഹത്തിന്റെ മരണം വരെയുള്ള മാംസത്തിന് അടുത്ത സമ്മന്തക്കാരിലും അരൂപിക്കടുത്ത മക്കളായ ശിഷ്യരിലും ആധികമായിട്ടുള്ള താത്പര്യവും എന്റെ മേൽ വച്ചു. അ ദേഹത്തിന്റെ സമ്പത്തിനവകാശി എന്നപോലെ താൻ താൽപര്യം വച്ചു സ്നേഹിച്ചു വന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തി."[33]

ചാവറയച്ചനു പാലയ്ക്കലച്ചനിൽ നിന്നു കിട്ടിയ ശിക്ഷണവും ചെറുപ്പകാലം മുതലുണ്ടായിരുന്ന ആചാരത്തോടുള്ള വിധേയത്വവും ചാവറയെ എന്നും നയിച്ചിരുന്നു. ചാവറ എഴുതുന്നു: "എന്നാൽ ഇതിനുള്ള പ്രധാനികളും മനസ്സുകാരും എല്ലാം ഈ അച്ചൻമാരു രണ്ടു

തന്നെ. എന്നാൽ മല്പാനച്ചന്റെ മനസ്സിനു മുഴുവനും ചേർന്നു നടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പം മുതൽ നിശ്ചയിച്ചു ഈ എഴുത്തുകാരൻ."[34]

എന്താണു മല്പാനച്ചന്റെ മനസ്സ് എന്നും ചാവറ എടുത്തു പറയുന്നു: "ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സു ഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്കു വീഴ്ചയായിരിക്ക കൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്കു എംകിലും ഒരു ദൈർശന വീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ....."[35]

മല്പാനച്ചന്റെ മനസ്സിനു മുഴുവനും ചേർന്നു നടക്കണമെന്ന് ചെറുപ്പം മുതൽ നിശ്ചയിച്ച ചാവറ തന്റെ പത്താമത്തെ വയസ്സു മുതൽ, അതായത് 1815 മുതൽ ആശ്രമ ജീവിതത്തിനുള്ള തുടക്കം പാലയ്ക്കലച്ചന്റെ ജീവിതം കണ്ടുകൊണ്ട് ഉൾക്കൊള്ളുവാൻ തുടങ്ങി. ഇതേക്കുറിച്ചു ചാവറ പാടുന്നു:

"ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
.....
അന്നവിടത്തിലുള്ള ഗുരു ശ്രേഷ്ഠൻ
നന്ദിയോടെന്നെ കാത്തുവളർത്തീട്ടു
പൂജ കാണ്മാനും ശുശ്രൂഷചെയ്വാനും
പുണ്യമായെന്നെ ചേർക്കും ദയയൊടെ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[36]

ഗുരുശ്രേഷ്ഠനായ പാലയ്ക്കലച്ചൻ തന്റെ ജീവിതമാതൃകയിലൂടെ 'കാട്ടീടും' - കാണിച്ചു കൊടുത്തത് 'പുണ്യമായി നടന്നീടുവാൻ' - ജീവിക്കുവാൻ. വീണ്ടും അദ്ദേഹം പഠിപ്പിച്ചത് 'തണ്യതൊക്കെ ത്യജിപ്പാൻ!'

1815 മുതൽ 1829 വരെ ചാവറ പരിശീലിച്ചതിൽ മേല്പറഞ്ഞ കാര്യങ്ങളെല്ലാം ഉൾപ്പെട്ടിരുന്നു. അതുകൊണ്ട് ചാവറ പുത്തൻകുർബ്ബാനയ്ക്കിടയിൽ വച്ചനിയോഗം അതുവരെയുള്ള ചാവറയുടെ പുണ്യമാർഗ്ഗത്തെക്കുറിച്ചുള്ള ആശയമായിരുന്നു. 1829 നവംബർ മാസത്തിൽ 24-ാമത്തെ വയസ്സിൽ ആദ്യകുർബ്ബാന ആഘോഷിച്ചപ്പോൾ "മെത്രാനച്ചനോടു കൂടിയുള്ള ആദ്യത്തെ കുർബ്ബാനയിൽ ഈ സ്ഥലവും വെലയും നടന്നു. നിറവേറുവാനുള്ള ദൈവാനുകൂല്യം ഉണ്ടാകണമെന്നുള്ള നിരൂപണയാൽ തന്നെ ആ ഒന്നാമത്തെ പൂജ അണച്ചതിനാൽ"[37] നിയോഗം വച്ചു. ചാവറയച്ചൻ തന്റെ ശിഷ്ടായുസ്സ് ഒരു ആശ്രമസ്ഥനെന്ന നിലയിൽ നയിക്കുന്നതിനും അതിനുള്ള ആശ്രമസ്ഥാപനം നടക്കുന്നതിനുമുള്ള മനസ്സു പാലയ്ക്കലച്ചനിൽ നിന്നും മറ്റും കിട്ടിയത് ഇവിടെ പ്രകടമാക്കി. 1831 മെയ് 11-നു മാന്നാനത്തു ആശ്രമപ്രസ്ഥാപനത്തിനു കുരിശു നാട്ടിയപ്പോൾ ചാവറയുടെ നിയോഗം പ്രകാശം കണ്ടു. 1855 ഡിസംബർ 8-നു ചാവറ ആദ്യവ്രതം ചെയ്തപ്പോൾ അദ്ദേഹം ആശ്രമപ്രസ്ഥാനത്തിന്റെ മുന്നോടിയായിത്തീർന്നത് സഭാരൂപകവും കാനോനികവുമായ ചരിത്രസംഭവമായി.

13:7 വൈദികോത്തംസൻ

ചാവറയച്ചൻ വൈദികനായിത്തീർന്ന നിമിഷം മുതൽ (1829-1871) നീണ്ട നാല്പത്തിരണ്ടു വർഷങ്ങൾ സന്ന്യാസ വൈദികജീവിതത്തിന്റെ മുന്നേറ്റമായിരുന്നു. സാരാംശത്തിൽ അത് പ്രധാനാചാര്യനായ ഈശോയുടെ ശിഷ്യനായിത്തീർന്നതാണ്. ഈശോയുടെ ശിഷ്യത്വത്തിന്റെ ആത്മാർത്ഥത ഇതാണ്: "എന്നെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോജിച്ചവനല്ല. തന്റെ കുരിശുമെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവൻ

എനിക്കു യോജിച്ചവനല്ല. സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അത് നശിപ്പിക്കും. സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്താ. 10:37-39; മർക്കോ. 8:34-35; ലൂക്ക. 9:23,24-14:26-27). സുവിശേഷാധിഷ്ഠിതമായ ഈ ശിഷ്യത്വത്തിന്റെ ധനാത്മക വശമെന്തെന്ന് ഈശോ തന്റെ ജീവിതസാക്ഷ്യത്തിലൂടെ പഠിപ്പിക്കുന്നു: "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ശരിതന്നെ. എന്തെന്നാൽ ഞാൻ അങ്ങനെയാകുന്നു. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകുവാൻ കടപ്പെട്ടവരാകുന്നു. എന്തെന്നാൽ ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ഈ മാതൃക നൽകിയിരിക്കുന്നു" (യോഹ. 13:13-15). ഈശോയുടെ മാതൃക ആത്യന്തികമായി മനുഷ്യനു സമൃദ്ധമായ ജീവനുണ്ടാകേണ്ടതിനുള്ള ആത്മസമർപ്പണമായിരുന്നു. അവിടുന്ന് പറയുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് (യോഹ. 10:10). ഒരു വൈദികന്റെ ചലനം എപ്പോഴും മാനവരാശിക്കും പ്രപഞ്ചത്തിനും ജീവന്റെ സമൃദ്ധി നൽകുന്ന സഹായമായിരിക്കണം. ഈശോയുടെ ജീവിതത്തിന്റെ സാരസംഗ്രഹമെന്തെന്ന് എബ്രായ ലേഖനത്തിലൂടെ പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നത് ഇപ്രകാരമാണ്: "ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരത്തിന്റെ എന്നേക്കുമുള്ള ഏകസമർപ്പണം വഴി നാം പരിശുദ്ധരാക്കപ്പെട്ടിരിക്കുന്നു" (എബ്രാ. 10:10). ഐഹിക ജീവിതത്തിൽ പ്രതിബന്ധങ്ങൾ നിരവധിയുള്ളതിനാൽ അതിനുള്ള പ്രതിവിധിയും പ്രധാനാചാര്യനായ മിശിഹാ നൽകി. എബ്രായ ലേഖനത്തിൽ തന്നെ പറയുന്നു: "വിശുദ്ധീകൃതരായവരെ ഏകസമർപ്പണം വഴി എന്നേക്കുമായി അവിടുന്നു പരിപൂർണ്ണരാക്കി" (എബ്രാ. 10:14).

ചാവറയച്ചന്റെ മുന്നേറ്റം ഈശോയുടെ ഏകസമർപ്പണത്തിലുള്ള പങ്കാളിത്തമാണ്. ചാവറ മാതൃശിക്ഷണത്തിലൂടെ പത്തുവയസ്സുവരെയും വീണ്ടും 10 മുതൽ 24 വയസ്സുവരെയും പാലയ്ക്കലച്ചന്റെ

ശിക്ഷണത്തിലൂടെയും ഈശോയുടെ ആചാര്യനായിത്തീർന്നു. ഇനിയും ഏകസമർപ്പണത്തിന്റെ മാർഗ്ഗത്തിലൂടെ മുന്നേറി ചാവറയ്ക്കു ലഭിച്ച വൈദിക പരിശീലനം ജീവിക്കണം. ചാവറയുടെ വാക്കുകൾ:

"പുണ്യമായി നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[38]

'തണ്യതൊക്കെ' എന്നത് മനുഷ്യർക്കെന്നും ഉണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളാണ്. ഇതെക്കുറിച്ചാണ് പത്രോസ് തന്റെ ലേഖനത്തിൽ "ലോകത്തിൽ ദുരാശ നിമിത്തമുള്ള ജീർണ്ണിക്കൽ" (2 പത്രോ. 1:4) എന്നു പറയുന്നതും. ഈ യാഥാർത്ഥ്യങ്ങളെയാണ് സി.എം.ഐ പ്രമാണരേഖയിൽ "ദുഷിച്ചതും ദുഷിപ്പിക്കുന്നതുമായ ലോകത്തിൽ നിന്ന്" എന്ന് സൂചിപ്പിക്കുന്നത്.[39] ഇത്ര അടിസ്ഥാനപരമായ ഒരു പ്രശ്നത്തെ ചാവറയച്ചൻ എപ്രകാരമാണു നേരിട്ടത്. ചാവറ ദൈവ വിളി എന്നതിൻ മേൽ ധ്യാനിക്കുന്നു: "ആ ദൈയവ ശുശ്രൂഷിയായ ആത്മാവേ നീ ലൊകമായകളിൽ നിന്നകന്ന് വീടുകൂടി അപ്പൻ, അമ്മ, സ്നെഹിതർ, ലൊകസുഖഭോഗശ്ലാഘ്യങ്ങൾ സ്നെഹിതരു, പ്രിയപ്പെട്ടവരു മുതലായ വിനോദ പൗരുഷങ്ങൾ ഒക്കെയും വിട്ടു പിരിഞ്ഞു പുണ്യത്തിന്റെ സംകെതമായിരിക്കുന്ന തംപുരാന്റെ ദൈവാലയത്തിൽ ചെർന്നതും തന്റെ ശുശ്രൂഷയിൽ ഉൾപ്പെട്ടതും എന്തിന്? ഈ ലോകം നിനക്കു സമർപ്പിച്ചിരുന്ന ലൊകഭാഗ്യദ്രവ്യസുഖ ലീലകൾ മറ്റും സന്തൊഷങ്ങളും നീ വെറുത്തുപേക്ഷിച്ച ശരീര അനിഷ്ടങ്ങളും ബുദ്ധിമുട്ടുകളും ഞെരിക്കങ്ങളും നിനക്കു വരുത്തുന്നു എന്ന ഈ അന്തസ്തിൽ നീ കരേറിയത എന്തിന്നു? പക്ഷേ അധിക സമാധാനത്തൊടും ബഹുമാനദ്രവ്യ പുഷ്ടിയൊടും കൂടെ ലൊക ഇമ്പങ്ങളും വിനൊദ സുഖങ്ങളും അനുഭവിപ്പാൻ ആയിരിക്കുമൊ? അല്ലംകിൽ അധികസന്തൊഷത്തൊടും ബഹുമാനത്തൊടുംകൂടെ നിന്റെ ആയുസ്സിനെ കഴിപ്പാൻ ആയിരിക്കുമൊ? അല്ല പിന്നെയൊ നിന്റെ ദിവ്യ ഗുരുവായിരിക്കുന്ന ഈശൊമ്ശിഹായ്ക്കു പിൻ ചെല്ലുന്നതിനും തന്റെ ഭാവനായി സകലത്തിലം നടന്നു തന്റെ തിരു ചൊര എന്നു മതിച്ചു കൂടാത്ത വെലയാൽ

വാങ്ങിച്ചിരിക്കുന്നതിന്റെ ആത്മത്തിനെയും ശെഷം കൂടപ്പിറപ്പുകളുടെ ആത്മാവുകളെയും തനിക്കു ചെർപ്പാനായി പാപത്തിൽനിന്നു ഒഴിയുന്നതിനും മറ്റവരെ ഒഴിക്കുന്നതിനും പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റവരെക്കൊണ്ട ചെയ്യിക്കുന്നതിനും അത്രെ. ഈ അന്തസ്തിന്ന നിന്നെ താൻ വിളിച്ചു എന്നാൽ ദെയവശുശ്രൂഷിയായ ആത്മാവെ! ഇതവരെ നിന്റെ ദിവ്യ ഗുരുവിനെ അനുഗമിക്കുന്നതിനും തന്റെ മാതൃകയായി പുണ്യവഴിയിൽ നടക്കുന്നതിനും നിന്റെ ശക്തിക്കും കടത്തിനും തക്കവണ്ണം നീ പ്രയാസപ്പെട്ടിട്ടുണ്ടോ?"[40]

ഈശോ തന്നെ അനുഗമിക്കുന്നവർക്കുണ്ടാകേണ്ട ഗുണങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളവയെല്ലാമാണ് ചാവറ നിരന്തരം ധ്യാനവിഷയമാക്കിയിരുന്നത്. ഇതിൽ പ്രധാനമായും രണ്ടു കാര്യങ്ങളാണ് അദ്ദേഹം ഊന്നിപ്പറയുന്നത്. ഒന്നാമത്തേതു മിശിഹാനുഗമനമാണ്. ഇതിനുള്ള വ്യവസ്ഥയാണു പുണ്യങ്ങളെ ചെയ്ക എന്നത്. പുണ്യങ്ങളെ ചെയ്യുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥയായി ചാവറ ധ്യാനിക്കുന്നത് ഇപ്രകാരമാണ്: "ഈ നിന്റെ സ്വന്ത കടത്തിന്നടുത്ത കാനോനാനമസ്ക്കാരം, പൂജ ധ്യാനജപങ്ങൾ മുതലായതിനെ പലപ്പൊഴും അന്യവിചാരങ്ങളോടുകൂടെയും ഭക്തിയില്ലാതെയും, മനം മടിയോടും കഴിച്ചുകൂടി എംകിൽ മതിയായിരുന്നു എന്നുള്ള ഭാവം പൊലെയും നിറവെറ്റി എന്നു കാണുകയും ചെയ്തു."[41]

സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളാണ് ചാവറ സൂചിപ്പിച്ച യാമജപങ്ങളും വി. കുർബാനയും. അവയാണ് ഈശോമിശിഹായും സഭയും കൈമാറുന്ന അടിസ്ഥാന ദൈവാരാധനാഘടകങ്ങൾ. ഇവയിൽ ചാവറയ്ക്കുണ്ടായിരുന്ന നിഷ്ഠയാണ് ചാവറയുടെ വൈദിക വിളിയെ ചലനാത്മകമാക്കിത്തീർത്തത്. കുർബാന ഫലപ്രദമായി നടത്തുന്നതിനുള്ള വ്യവസ്ഥ മാമ്മോദീസാ ജീവിതമെന്ന് ഓനീസാദ് റാസേയുടെ പ്രാർത്ഥനയിൽ നസ്രാണികളുടെ റാസക്രമം നിർദ്ദേശിക്കുന്നു. ദൈവവചനത്തിന്റെ പിൻബലത്തിലാണ് ചാവറ തന്റെ

പൗരോഹിത്യ ധർമ്മം നിർവ്വഹിച്ചത്. ചാവറ ധ്യാനിക്കുന്നു: "ഞാൻ ശുദ്ധമുള്ളവനാകയാൽ ഇനിക്കണയുന്നവരായ നിങ്ങളും ശുദ്ധമുള്ള വരായിരിപ്പിൻ എന്ന താൻ കല്പിച്ചിരിക്കയിൽ വാഴ്ത്തപ്പെട്ട കൂടപ്പിറപ്പെ! ഈ എത്രയും ശുദ്ധവും വെടിപ്പും നിറയപ്പെട്ടിരിക്കുന്ന ഈ സർവ്വേശ്വരന്റെ ദൈവാലയത്തിലും എത്രയും മഹിമയുള്ള തന്റെ അൾത്താരയിലും സ്രാപ്പെ, ക്രോവെ എന്ന ഉയരപ്പെട്ട അരൂപികൾ ഈ തന്റെ മദ്ബഹായിൽ പെടിച്ചും വിറച്ചും നിന്നുകൊണ്ട് നിന്റെ കയ്യാലെ എടുക്കയും, മുറിക്കയും, പകുക്കയും, കൊടുക്കയും ചെയ്യുന്ന ഈ ശു. ദൈയവരഹസ്യത്തിൽ തിരുമുൽ സാഷ്ടാംഗ വന്നനാ ചെയ്യുന്നു."[342] മിശിഹാനുഗാമിയായ പുരോഹിതന്റെ മദ്ബഹായിലെ ഭക്തിയാദരവുകൾ എത്ര മഹനീയം! ആചാര്യനായ മിശിഹായെ അനുഗമിക്കുന്നതിൽ രണ്ടാമതു വരുന്ന കാര്യം മറ്റുള്ളവരുടെ ആത്മരക്ഷയിലുള്ള ശുഷ്കാന്തിയാണ്. കുർബാനയ്ക്കിടയിലും ധ്യാനസമയത്തും ദൈവൈകൃത്തിലായിരുന്ന ചാവറ തന്റെ ശുശ്രൂഷകളെല്ലാം സഹോദരങ്ങളുടെ രക്ഷയ്ക്കായി സംവിധാനം ചെയ്തിരുന്നു. സന്ന്യാസസഭകളുടെ രൂപവത്കരണവും ദൈവജനത്തിനുവേണ്ടി ചെയ്തിട്ടുള്ള ശ്ലൈഹിക വേലകളുമെല്ലാം വൈദികദൈവവിളിയുടെ കാര്യക്ഷമമായ ശുശ്രൂഷകളായിരുന്നു. ദൈവജനത്തിനുവേണ്ടി ജീവിച്ച ചാവറ എപ്പോഴും ദൈവസന്നിധിലായിരുന്നുവെന്ന യാഥാർത്ഥ്യം മിശിഹാനുഗമനവും ദൈവജനശുശ്രൂഷയും ഒരിക്കലും വിരുദ്ധമായിരുന്നില്ലായെന്നതാണ് വെളിവാക്കുന്നത്. ഇവിടെയാണു വൈദിക ദൈവവിളിയുടെ ദൈവിക മാനുഷിക മാനങ്ങൾ സംഗമിക്കുന്നത്. എന്നെക്കാണുന്നവൻ പിതാവിനെ കാണുന്നു എന്നു പറഞ്ഞ ഈശോയുടെ വാക്കുകൾ ചാവറ തന്റെ ജീവിതത്തിലും അനുഭവിച്ചറിഞ്ഞു. ചാവറ കേരളജനതയുടെ മുമ്പെ പോയ വൈദികൻ എന്നനിലയിൽ പുരോഹിതനായിരുന്നു. എന്നാൽ ചാവറയുടെ മുൻപിൽ നാം ദർശിക്കുന്നത് ഈശോമിശിഹായെയാണ്.

കർത്താവായ ഈശോ മുന്തിരിച്ചെടിയെക്കുറിച്ചു പറഞ്ഞ ഉപമയനുസരിച്ച് (യോഹ. 15:5) ചാവറയാകുന്ന ശിഖരം മുന്തിരിച്ചെടിയാകുന്ന ഈശോയിൽ വസിച്ചിരുന്നു. അതുകൊണ്ട് ചാവറയുടെ പൗരോഹിത്യം ഫലപ്രദമായ ഒന്നായിരുന്നു. ഈശോയെ അനുഗമിച്ച ചാവറ ദൈവജനത്തെ ഒന്നടങ്കം ശുശ്രൂഷിച്ചപ്പോൾ കാണാതായ ആടിനു സമം സാമൂഹിക ജീവിതത്തിൽ നിന്നു പിൻതള്ളപ്പെട്ടിരുന്നവരിലേക്കു കൂടുതൽ കടന്നുചെന്നു. ഇത് ഈശോ അഭിഷിക്തനായതിന്റെ തുടർച്ച ചാവറയിൽ വിളങ്ങി ശോഭിച്ചതാണ്.

13:8 പാവങ്ങളോടു കൂടെ

"അവർക്ക് സഹപാകപിതാക്കന്മാർക്ക് ദൈവസ്നേഹത്തിന്റെ ആഴമായ ഒരനുഭൂതി ഉണ്ടായിരുന്നു. അതാണ് ദുഷിച്ചതും ദുഷിപ്പിക്കുന്നതുമായ ലോകത്തിൽ നിന്ന് ഏകാന്തജീവിതത്തിലേക്കും അവരെ ക്ഷണിച്ചത്. അതേസമയം സമസൃഷ്ടികളുടെ രക്ഷയ്ക്കായി പ്രവർത്തിക്കേണ്ട ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു."[43] 'അവർക്ക്' എന്നു പറഞ്ഞിരിക്കുന്ന സഹപാകപിതാക്കന്മാരിൽ പ്രഥമനായ ചാവറയച്ചൻ എപ്രകാരമാണു ദുഷിപ്പിക്കുന്ന ലോകത്തിൽ നിന്നും അധഃകൃതരെ മോചിപ്പിക്കുവാൻ പരിശ്രമിച്ചത് എന്നതാണ് ഇവിടെ പ്രത്യേകിച്ച് ചർച്ചാവിഷയമാക്കുന്നത്. ദുഷിപ്പിക്കുന്നത് എന്നതുകൊണ്ട് ഇവിടെ പ്രത്യേകിച്ച് അർത്ഥമാക്കുന്നത് മനുഷ്യരുടെ ഇടയിലുള്ള ചേതിതിരിവുകൾ എന്നതിനെയാണ്. ചരിത്രകാരനായ പട്ടശ്ശേരി രേഖപ്പെടുത്തുന്നു: "തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങൾ അതിന്റെ ബീഭത്സരൂപത്തിൽ കൊടികുത്തിവാണിരുന്ന ഒരു കാലത്തായിരുന്നു ചാവറയുടെ ജനനം. നിലത്തെഴുത്തു പള്ളിക്കൂടത്തിൽ പോയപ്പോഴാണു ഇതിന്റെ വികൃതരൂപം ചാവറയച്ചൻ നന്നായി

മനസ്സിലായത്. കാലത്തു വീട്ടിൽ നിന്നും കുളിച്ചുപോന്നാൽ പോരാ ആശാന്റെ അടുക്കൽ ചെല്ലണമെങ്കിൽ വീണ്ടും വീണ്ടും കുളിക്കണം. മനുഷ്യനെ മനുഷ്യൻ സമീപിച്ചാൽ കറുത്ത തൊലിയുള്ളവന്റെ പാമ്പിൽക്കൂടി നടന്നാൽ അശുദ്ധമായിപ്പോകും എന്ന പ്രമാണം എത്ര ചിന്തിച്ചിട്ടും ചാവറയ്ക്കു മനസ്സിലായില്ല. തന്റെ പാടത്തു പണിയുന്ന വള്ളോന്റെയും തേവന്റെയും കുട്ടികൾ എന്തുകൊണ്ട് കളിക്കാൻ തന്റെ കൂടെവരാതിരിക്കുന്നു. എന്തുകൊണ്ട് അവർക്കു ഭക്ഷണം ദൂരെ കൊണ്ടു പോയി കൊടുക്കുന്നു. ഇതൊക്കെ കൊച്ചു ചാവറയ്ക്കു മനസ്സിലാകാത്ത കാര്യമാ യിരുന്നു. ഈ ചേരിതിരിവിന്റെ രഹസ്യം മനസ്സിലായി തുടങ്ങിയപ്പോൾ ഇതിനെതിരായി എന്തെങ്കിലും ചെയ്യണമെന്ന ആശയം ആ കൊച്ചു മനസ്സിൽ മുളയെടുത്തു. ഓടിമാറിക്കൊണ്ടിരുന്ന പുലയക്കുട്ടികളുടെ കൂടെ കളിക്കുവാനും കറുത്തശരീരത്തിലെ വെളുത്ത മനസ്സിനെ ആശ്വസിപ്പിക്കാനും ചാവറയ്ക്കു സാധിച്ചു."[44]

ചാവറ ചെറുപ്പമായിരുന്നപ്പോൾ മുതൽ ചാവറയുടെ ദൃഷ്ടിയിൽ അധഃകൃതർ ദൈവജനമായി പ്രത്യക്ഷപ്പെട്ടിരുന്നു. പട്ടശ്ശേരി തുടർന്നു പ്രസ്താവിക്കുന്നു: "കൊച്ചുന്നാളിൽ അധഃകൃതരായും മാറ്റി നിറുത്തേണ്ടവരായും കണ്ട പുലയർ മുതലായ താഴ്ന്ന ജാതിക്കാർ ചാവറയച്ചന്റെ ദൃഷ്ടിയിൽ ദൈവജനം തന്നെയായിരുന്നു. മാന്നാനം കുന്നിലെ കാടുവെട്ടിത്തെളിക്കുവാനും വാനം വെട്ടുവാനും വന്നിരുന്ന അവരെ സ്വന്തം സഹോദരന്മാരായി കാണാനും അവരോടൊരുമിച്ചിരുന്നു സംസാരിക്കുവാനും, ഭക്ഷണം കഴിപ്പാനും ചാവറയച്ചനു മടിയില്ലായിരുന്നു. അവരുടെ സ്കൂൾ സ്ഥാപിച്ചപ്പോൾ അതിനുവേണ്ടി പണം പിരിക്കാനും 'പിടിയരി', കെട്ടുതെങ്ങ് മുതലായവ നടത്തുവാനും ചാവറയച്ചൻ തന്നെ ഇറങ്ങിത്തിരിച്ചിരുന്നു. അതിനു തക്കതായ മൂലധനം സമ്പാദിക്കാനും ഉച്ചഭക്ഷണം മുടക്കം കൂടാതെ നടത്തുവാനും ശ്രമിച്ചിരുന്നു. പിടിയരി ഏർപ്പാടുകൊണ്ടു മതിയാകാതെ വന്നപ്പോൾ പള്ളിപ്പുറം, മുട്ടം, വൈക്കം, വെച്ചൂർ, മുട്ടുചിറ, കടുത്തുരുത്തി, കുടമാളൂർ,

കൈപ്പുഴ ഈ പള്ളികളിൽ പരസ്യം എഴുതി കൊടുത്തയച്ച് അരി വരുത്തിയിരുന്നു. ക്ഷേത്രപ്രവേശനവും ഗവൺമെന്റ് സ്കൂൾ പ്രവേശനവും അധഃകൃതർക്കു കിട്ടുവാൻ എത്രയോ വർഷങ്ങൾ പിന്നെയും കാത്തിരിക്കേണ്ടി വന്നു. ചാവറയച്ചൻ അങ്ങനെ അക്ഷരവിദ്യ അവർക്കു പ്രദാനം ചെയ്തുകൊണ്ടു കൊച്ചുനാളിൽ തന്റെ മനസ്സിലുണ്ടായ വലിയ ഒരു പ്രയാസം പൂർണ്ണമായി മാറ്റി."[45]

കേരളവും ഭാരതവും ഇന്നും പ്രത്യക്ഷമായോ പരോക്ഷമായോ കാത്തുസൂക്ഷിക്കുന്ന ഒരു വലിയ തിന്മയാണ് അധഃകൃതരെ മാറ്റി നിർത്തുന്ന വൻമതിലുകൾ. ദുഷിപ്പിക്കുന്ന ഈ അവസ്ഥയെക്കുറിച്ച് ഏകാന്തത്തിലിരുന്നു ധ്യാനിച്ച ചാവറ അവരുടെ രക്ഷക്കായി സെമിനാരി കാലത്തു തന്നെ ലക്ഷ്യമിട്ടിരുന്നു. ചാവറയുടെ ആത്മനിയന്താവായിരുന്ന ലെയോപോൾദ് അച്ചൻ അനുസ്മരിക്കുന്നു: "കൂട്ടരോട് എല്ലാവരോടും എപ്പോഴും നല്ല ഉപവിയും സന്തോഷവുമായി ചെറുപ്രായക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു."[46]

ദുഷിച്ചതും ദുഷിപ്പിക്കുന്നതുമായവയെല്ലാം നരകപിശാചിന്റെ രാജഭരണത്തിൽപെട്ടവയാണ്. അവയെ ദൂരീകരിക്കുന്നതിന് ചാവറ നടത്തിയ ആധ്യാത്മികസംരംഭത്തിൽ ധ്യാനവും പടാർത്തയും ഉൾപ്പെട്ടിരുന്നു. ചാവറയച്ചന്റെ ചരിത്രകാരനായ പോരുക്കര കുരിയാക്കോസ് എലിസേവൂസച്ചൻ എഴുതുന്നു: "തിരുവചനത്താലെ ഇട്ട വലയിൽ അകപ്പെട്ട മത്സ്യത്തിന്റെ പെരുപ്പത്താൽ വലിച്ചെടുക്കാൻ പാടില്ലായ്കയാൽ കൂട്ടരെ സഹായത്തിനു വിളിച്ചതു പോലെ, സഹോദരന്മാരു ആയിരവും രണ്ടായിരവും അയ്യായിരവും അതിലധികവും ജനങ്ങളുള്ള ഇടവകയിൽ ചെന്ന മേൽപ്പട്ടക്കാരന്റെ കല്പനയാൽ ചെയ്തുവരുന്ന ധ്യാനത്താലും പടാർത്ത വേദോപദേശത്താലും, കുമ്പസാരത്താലും നരകപിശാചിന്റെ രാജ്യഭരണത്തെ മുഴുവനും നിർമ്മൂലമാക്കി നിത്യായുസ്സിനായി മനുഷ്യനെ വീശി എടുത്തിരുന്നു."[47]

ദുഷിപ്പിക്കുന്ന ഘടകങ്ങൾക്ക് അടിമകളാകുന്നവർ അധികാരത്തിന്റെയും, പണത്തിന്റെയും മേൽക്കോയ്മയിൽ കുടുങ്ങുന്നവരാണ്. അവിടെയാണ് നരകപിശാച് പിടി മുറുക്കുന്നത്. അതിൽ നിന്നും മോചിതരാകുന്നവരായിരിക്കണം അഭിഷിക്തർ. ചാവറ ഇക്കാര്യത്തിൽ പ്രവാചകനായിരുന്നു. കർത്താവിന്റെ അഭിഷിക്തനുമായിരുന്നു (ലൂക്ക. 4:18).

13:9 സാഹിത്യവേദി

ചാവറ അഭിഷിക്തനായത് ഈശോ മിശിഹായുടെ അഭിഷേകത്തിൽ പങ്കു ചേരുന്നതിനായിരുന്നു. ഈശോ അഭിഷിക്തനായത് ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനാണ് (ലൂക്ക. 4:18). ദാരിദ്ര്യമെന്നത് സാമ്പത്തികമാകാം, ആധ്യാത്മികമാകാം, ബൗദ്ധിക മാനസിക വൈകാരികതലങ്ങളിലാകാം, ആരോഗ്യപരമാകാം, ഭൗതികഞെരുക്കളിലൂടെയാകാം. എന്നാൽ എല്ലാത്തിൽ നിന്നും മനുഷ്യനെ വിമോചിപ്പിക്കുക എന്നതായിരുന്നു ദൈവപുത്രനായിരുന്ന ഈശോയുടെ ദൗത്യം. അതുകൊണ്ട് ചാവറയും ഈ മേഖലകളിലെല്ലാം മനുഷ്യരെ സഹായിക്കുന്നവനും വിമോചിക്കുന്നവനുമായത് ദൈവനിയോഗമായിരുന്നു.

സാഹിത്യരചനയ്ക്കു ബൗദ്ധികവും, കലാപരവും, സാംസ്ക്കാരികവുമായ മാനങ്ങളുണ്ട്. എന്നാൽ മേല്പറഞ്ഞവയോടൊപ്പം ചാവറ സാഹിത്യത്തിലൂടെ കൈമാറിയത് ആധ്യാത്മിക ദാരിദ്രത്തിൽ നിന്നും ആളുകളെ മോചിപ്പിക്കുക എന്നതായിരുന്നു.

1829 മുതൽ 1870 വരെയുള്ള കാലഘട്ടങ്ങളിൽ ചാവറ തന്റെ കൃതികളിലൂടെ ചരിത്രപരമായും, ധ്യാനാത്മകമായും, താപസികമായും, കുടുംബപരമായും, ഭരണപരമായും, സൈദ്ധികമായും നിരവധി മേഖലകളെ സ്വാധീനിച്ചുകൊണ്ട് ദൈവജനത്തിന് ഉപകാരം ചെയ്തു.

ഉദാഹരണമയി മരണവീട്ടിൽ പാടുന്നതിനുള്ള 'പാന' എന്ന സവി ശേഷകൃതി ഐഹികജീവിതത്തിന്റെ അവസാനം സ്വർഗ്ഗജീവിതത്തിന്റെ ആരംഭമെന്ന നിലയിൽ എല്ലാ മനുഷ്യർക്കും പ്രാർത്ഥിക്കുവാനും ധ്യാനിക്കാനുമുള്ള സഹായ ഗ്രന്ഥമാണ്. 1162 പാദങ്ങളിലൂടെ ചാവറ നിരത്തി വയ്ക്കുന്ന പ്രാർത്ഥനാഗാനം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവികസുകൃതങ്ങൾക്കനുസൃതം മരണത്തെയും മരണാന ന്തരജീവിതത്തെയും സൗഭാഗ്യദായകമാക്കിത്തീർക്കുന്നതിനുള്ളതാണ്. മരിച്ച ആളിന്റെ ആത്മാവു മരണവീട്ടിൽ സന്നിഹിതരായവരോടും ബന്ധുക്കളോടും അയൽക്കാരോടും നടത്തുന്ന സ്വഗതാഖ്യാനമാണ്. കൃതിയുടെ തുടക്കം ഇപ്രകാരമാണ്:

"ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം
കല്യാണപ്പന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൽ കേതത്തിൽ പോക നന്നൂ"[48]

എല്ലാമനുഷ്യരെയും ഒരുവിധത്തിൽ ആഴത്തിൽ സ്വാധീനിക്കു ന്നതാണ് മരണസംഭവം. ആ ദിനത്തെ ജന്മദിനാഘോഷത്തേക്കാൾ ഘോഷിക്കുവാനുള്ളത് എന്ന വിശുദ്ധ ഗ്രന്ഥ ഉദ്ധരണി (സഭാപ്ര. 7:2,3) കവി തന്റെ കവിതാനിർമ്മിതിയുടെ തുടക്ക പാദമായി ഉൾക്കൊള്ളിച്ചു. മനുഷ്യജീവിതത്തെക്കുറിച്ചുള്ള ഏറ്റവും വലിയ വിലയിരുത്തലാണി വിടെ കാണുന്നത്. ഇന്നുള്ള സമീപസ്ഥവും ദൃശ്യ സ്പർശ്യവുമായ എല്ലാം രൂപാന്തരപ്പെടുമ്പോൾ അതിനെ നേരിടുവാൻ ക്ലേശിക്കുന്ന വർക്കും പരാജയപ്പെടുന്നവർക്കും ഇതിൽ പരം മറ്റൊരു സുവിശേഷ മുണ്ടോ? ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാൻ അഭിഷിക്തനായ ഈശോ, അതിദാരുണമായ രീതിയിൽ സ്വീവാമരണത്തിലൂടെ മാനവ രാശിക്കു മുൻപിൽ ഇന്നും ചോദ്യചിഹ്നമാണെങ്കിൽ അതിനുള്ള ഉത്ത രമാണു ചാവറ നൽകുന്നത്. അതായത് ഐഹികജനനത്തേക്കാൾ സ്വർഗ്ഗീയജനനം നല്ലതെന്ന്.

സഹജരെ ശാരീരികമായും, സാമ്പത്തികമായും, മാനസികമായും, ബൗദ്ധികമായും എല്ലാം സഹായിക്കുന്നവർ നിരവധിയും അങ്ങനെയുള്ള സ്ഥാപനങ്ങൾ അനവധിയും. എന്നാൽ സാഹിത്യ രചനയിലൂടെ മനുഷ്യരെ സമഗ്രമായി സഹായിച്ച ഒരാളാണു ചാവറ. അതായത് ഐഹിക അസ്ഥിത്വത്തിന്റെ അവസാനത്തെ സംഭവമായ മരണനിമിഷം ഘോഷിക്കുവാനുള്ളതെന്ന സന്ദേശത്തിലൂടെ.

പരേതാത്മാവിലൂടെ ചാവറ ആലപിക്കുന്ന ഗാനം മരണത്തിന്റെ ദൈവവിജ്ഞാനീയമാണ് പ്രകാശിപ്പിക്കുന്നത്. മരിച്ചവരെ സഹായിക്കുന്ന ഏറ്റവും വലിയ ഉപാധി പ്രാർത്ഥനയാണ്. എന്നാൽ പ്രാർത്ഥനയുടെ സ്വഭാവത്തെയും, ലക്ഷ്യത്തെയും, ചൈതന്യത്തെയും കണ്ടെത്തേണ്ടത് എല്ലാവർക്കും വേണ്ടി മരിച്ച് ഉയിർത്ത ഈശോയിലാണ്. ചാവറ പാടുന്നു:

"മേൽഗതിയൊക്കെയിതിനാൽ ലഭിച്ചീടും
ഭാഗ്യവും നാഥൻയിർപ്പിൻ ദിനേ,
ഇപ്പോലെ രോഗികൾക്കായ് നിങ്ങൾ ചെയ്യുകിൽ
അല്പരമനാഥനേറ്റു കൊള്ളും."[49]

രോഗികളും മരണാസന്നരും ഘോഷിക്കുന്നത് മിശിഹാനാഥനെയെന്നു കവി പാടുന്നു:

"രോഗിയെ കാണ്മാനായ് പോകുന്നനേരത്തിൽ
രോഗിയിതാരെന്നുമോർത്തു കൊൾക
രോഗത്തിൽ ഞാനായ് വലഞ്ഞതു നേരത്തിൽ
ചാരത്തു വീണെന്നെ തോഷിപ്പിച്ചു
ഇത്യാദിവാക്യങ്ങൾ കേൾക്കണമെന്നാകിൽ
ഇപ്പോളിതുപോലെ ചെയ്തുകൊൾവിൻ
രോഗിക്കു നൽത്തുണ ചെയ്യുന്ന നേരത്തിൽ
നേരിതുനാഥനെന്നോർത്തിടുവിൻ

വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കണ്ടാ, നാഥൻ തന്നെ
എന്നുള്ള ചേതസി നന്നായ് സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെ ചെയ്യും."[50]

അവസാന വിധിദിവസം ദൈവം ഓരോരുത്തനും നൽകുവാനിരിക്കുന്ന സൗഭാഗ്യം പരസ്പരസ്നേഹത്തിന്റെ മാനദണ്ഡമനുസരിച്ചാണ് (മത്താ. 25:31-45). രോഗികളോടും മരിച്ചവരോടും ഉണ്ടാകേണ്ട ഉപവി ദിവ്യനാഥനെ സ്നേഹിക്കുന്നതിന്റെ മാനദണ്ഡമെന്നു ചാവറ വ്യക്തമാക്കുന്നു. മരണവീട്ടിൽ പാടുവാനുള്ള 'പാന' എന്ന കൃതിയിലൂടെ ചാവറ കൈമാറിയ സന്ദേശം സ്വർഗ്ഗത്തെയും, ഭൂമിയെയും - ദൃശ്യാദൃശ്യങ്ങളെ - കോർത്തിണക്കുന്ന ദൈവവിജ്ഞാനീയമാണ്.

അടുത്തതായി ധ്യാനസല്ലാപങ്ങൾ എന്ന ആധ്യാത്മിക കൃതിയിലൂടെ ചാവറ ചെയ്യുന്ന പരോപകാര പ്രവൃത്തി അനുതാപിക്കു ദൈവൈക്യം പ്രാപിക്കുവാനും നിലനിർത്തുവാനും സാധിക്കുമെന്ന പ്രത്യാശ നല്കലാണ്. ചാവറ പരിശുദ്ധ അമ്മയുടെ മടിയിലിരുന്ന ഈശോയോടു കൂടെ തന്റെ ഹൃദയത്തിൽ അവരെ പ്രതിഷ്ഠിച്ചിട്ടു മാതാവിനെ ഏല്പിക്കുകയാണ് നിത്യരക്ഷയ്ക്കാവശ്യമായ സഹായം നൽകണമെന്ന ദൗത്യം. ചാവറയുടെ വാക്കുകളിൽ: "ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീയിനിക്കു മകനായിട്ടു ഏല്പിച്ചു തന്നുവല്ലോ. ഇതാ എന്റെ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ട്, അവന്റെ പാപങ്ങളിൻമേൽ മുഴുവൻ മനസ്താപപ്പെട്ടു കൊണ്ട് നീ അവന്റെ സകല പാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്തു മുഴുവൻ മാപ്പു ചെയ്തു മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ട പ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനി മരണപര്യന്തം പോയിപ്പോകാതിരിപ്പാനും ഉറപ്പും നിന്റെ മേലുള്ള സ്നേഹത്തിൻ മേൽക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിന്റെ വളർത്തു പിതാവായ എന്റെ

ഭർത്താവിനു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണനേരത്തിൽ അവനെ തുണച്ചു ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പര ലോകത്തിൽ കൊണ്ടുപോകണമെന്നുള്ള ഈ അപേക്ഷകൾ ഒക്കെയും നീ കൈക്കൊണ്ടു എന്നുള്ള അടയാളത്തിനായി നിന്റെ തൃക്കാലുകളെ അവന്നു നീട്ടിക്കൊടുക്കേണമേ."[51]

ചാവറ നടത്തുന്ന ധ്യാനം ഏതൊരാത്മാവിനും പ്രദാനം ചെയ്യുന്നതു പ്രത്യാശയുടെ സന്ദേശമാണ്. അനുതാപി ദൈവമാതാവിന്റെ മാധ്യസ്ഥത്തിൽ ആശ്രയിച്ചാൽ ഈശോ എല്ലാ സഹായവും ചെയ്തു നിത്യ സൗഭാഗ്യം തരുമെന്ന ഉറപ്പ് ചാവറയുടെ ഹൃദയാവിഷ്കരണകൃതികളിലുള്ളത് ഏവർക്കും നിത്യജീവനിലേക്കുള്ള വഴികാട്ടിയാണ്. ചാവറയുടെ സാഹിത്യ കൃതികളിലൂടെയുള്ള പരസ്നേഹപ്രവൃത്തിയാണിത്.

13:10 അച്ചടി സംരംഭം

"അന്നത്തെ കാലാവസ്ഥയ്ക്ക് കേവലം അപൂർവ്വവും വിസ്മയകരവുമായിരുന്ന ഈ കാര്യത്തിനായുള്ള പരിശ്രമവും ആലോചനയും ആണ് ഒരുവിധം 'ബുദ്ധിമത്തു'ക്കളായ ജനങ്ങൾ പോലും പരിച്ഛേദം ഒരു അസ്സാധ്യമായ പരിശ്രമമാണെന്നു നിർണ്ണയിച്ചു. എന്നാലും ചാവറയച്ചൻ അവരുടെ നിർണ്ണയങ്ങളെയും ആലോചനകളെയും അഗണ്യമാക്കി. അതുനിമിത്തം സാധാരണക്കാരായ മറ്റു ജനങ്ങൾ ഇദ്ദേഹത്തിന്റെ ശ്രമം ബുദ്ധിഭ്രമത്തിന്റെ ആരംഭമെന്നു കൂടെ പറഞ്ഞു തുടങ്ങി. പക്ഷേ ഇതൊന്നും കൊണ്ടു സ്ഥിരോത്സാഹിയായ ഈ മനുഷ്യന്റെ അഭിപ്രായത്തിനു യാതൊരു ഭേദഗതിയുമുണ്ടായില്ല. ഇതു സംബന്ധമായ ഓരോ ജോലികൾ ആരംഭിക്കുകയും ചെയ്തു."[52]

മാന്നാനം അച്ചുകൂടത്തിന്റെ സുവർണ്ണ ജൂബിലിയും അതിൽ നിന്നും മുദ്രണം ചെയ്തിരുന്ന നസ്രാണി ദീപികയുടെ ദശവാർഷികവും

സംയുക്തമായി ആഘോഷിച്ചപ്പോൾ പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിൽ ചാവറയുടെ ദീർഘ ദൃഷ്ടിയാണു കാണാവുന്നത്. അച്ചടിയുടെ തുടക്കത്തെക്കുറിച്ചു നാളാഗമം ഇപ്രകാരം രേഖപ്പെടുത്തുന്നു: "ർർ കാലം ചിങ്ങം മുതൽ പൊസ്തകം അടിപ്പാനുള്ള വെലയ്ക്കു പ്രത്യേകം മനസുവെച്ച തുടങ്ങി രണ്ടു കുറി ഞാൻ ഏറിയ ആഗ്രഹത്തൊടെ കൊട്ടയകത്ത ചെന്നാറെ അവര കാട്ടിയതുമില്ല. പിന്നെ കെൾവിയാലും കണ്ടവര പലരൊടും ചോദിച്ച, വെലകൾ ഓരൊന്ന നടത്തി പെ.:ബ:ദെലഗാദ മൂപ്പച്ചനെ കാണ്മാൻ തംകച്ചെരിയ്ക്ക ചെന്ന കണ്ട ബ: മണവെൾ റുസാരി എന്ന എടക്കൊച്ചിക്കാരൻ പാദ്രിയച്ചൻ അവിടെ വിഗാരി ഞങ്ങളുടെ മെലും ടി കാര്യത്തും മെലും ഏറ്റം വെണ്ടിയത ആയിരുന്നു. ആദെഹവും കൂടി മൂപ്പച്ചനെ ബൊധിപ്പിച്ചു. പുതുചെരി മദ്രാസു യിങ്ങനെയുള്ളയിടങ്ങളിൽ പ്രെസിനും മഷിക്കും എഴുതിച്ചാറെ മഷി അവിടെ കിട്ടുകയില്ലെന്നും പ്രെസിന്ന എരൊപ്പ വില ഭംം (500) രൂപ എന്നും പിന്നെയുള്ള കെവു മുതലായ ചിലവും കൊടുക്കണമെന്നും എന്നാൽ ഒരു പ്രെസ വരുത്തിച്ചു തരാമെന്നും മറുപടി വരികയാൽ ദ്രവ്യചുരുക്കത്താൽ മടുത്ത ക്ലെശിച്ചും കൊണ്ട മറ്റു വഴിയിൽ ആലപ്പുഴെ എലഞ്ഞിയ്ക്കൽ ചെറിയാൻകുഞ്ഞും വൈക്കത്തുകാരൻ കൊച്ചു പൌലോസായിവരെക്കൊണ്ട കമിശ എന്ന ഒരു കച്ചിക്കാരനുമായിട്ട മംം (100) രൂപായുടെ കടലാസമഷി ഈയം ഈ വക വരുത്തിച്ച തരുവാൻ പറഞ്ഞ ബൊധിച്ച മം (10) രൂപായും കൊടുത്തു"[53]

ചാവറയുടെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി 1846-ൽ മാന്നാനം അച്ചടിശാല തുടങ്ങി. അച്ചടിയന്ത്രം, അതു നടത്തുവാൻ വിദഗ്ദ്ധർ മഷി, കടലാസ്, ഭരണാധികാരികളിൽ നിന്നനുമതി, ആവശ്യമായ ധനം എന്നിവയെല്ലാം സംഘടിപ്പിക്കുന്നതിൽ ചാവറ കാട്ടിയ തീക്ഷ്ണത പരോപകാര പ്രവൃത്തിയുടെ ഉൾപ്രേരണയാലാണ്. ഇക്കാലത്ത് കോട്ടയത്ത് സി. എം. എസ് മുദ്രാലയവും തിരുവനന്തപുരത്തു ഭരണകൂടത്തിന്റെ മുദ്രാലയവും ഉണ്ടായിരുന്നെങ്കിലും ഏവർക്കും

വേണ്ടിയുള്ള സംരംഭം ഇനിയും ഉണ്ടാകേണ്ടിയിരുന്നു. അവിടെയാണ് ചാവറയുടെ പരോപകാര സുകൃതത്തിന്റെ ചൈതന്യം.

ഭാരതത്തിൽ ആദ്യത്തെ മുദ്രാലയ സംരംഭം ഗോവയിൽ 1556-ൽ തുടങ്ങി. തുടർന്നു വൈപ്പിക്കോട്ടയിലും കൊല്ലത്തും 1778-ൽ ബംഗാളിലും 1807-ൽ ബോംബെയിലും പല നീക്കങ്ങൾ ഈ മേഖലയിൽ നടന്നു. ഇതൊക്കെ കേട്ടറിഞ്ഞ ചാവറയുടെ മനസിൽ ഉണ്ടായിരുന്ന നിയോഗം ദൈവജനത്തിനുണ്ടാകേണ്ട സമഗ്ര വിമോചനവും ആധ്യാത്മിക ഉന്നമനവുമായിരുന്നു. കോട്ടയത്തുള്ള പ്രസ്സു കാണാനനുവദിക്കാഞ്ഞത് സങ്കുചിതത്വം കൊണ്ടാണെന്നും അങ്ങനെയുള്ള നീക്കങ്ങൾ ദൈവികമല്ല എന്നും ചാവറ കണ്ടിരുന്നു. അതിനാൽ മനുഷ്യരെ ഭിന്നിപ്പിക്കുന്ന രീതി വിട്ട് അവരെ ഒന്നിപ്പിക്കുന്ന മാർഗ്ഗം ചാവറയിലുണ്ടായിരുന്നു. അതാണ് മാന്നാനം മുദ്രാലയത്തിന്റെ സൈദ്ധികനിവേശനം. ഈ സത്യം ഗ്രഹിച്ച ഡോ. സെബാസ്റ്റ്യൻ പോൾ ഇപ്രകാരം പ്രതികരിക്കുന്നു: "മലയാളത്തിലെ ആദ്യദിനപത്രത്തിന്റെ ഗർഭഗൃഹമാകാൻ കഴിഞ്ഞതാണ് മാന്നാനം സെന്റ് ജോസഫ് പ്രസിന്റെ ഏറ്റവും വലിയ ഭാഗ്യമായി കാണാവുന്നത്. ചാവറയച്ചൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു വർഷങ്ങൾ കഴിഞ്ഞാണ് 'നസ്രാണി ദീപിക' വെളിച്ചം കണ്ടതെങ്കിലും പ്രസിന്റെ സ്ഥാപനവേളയിൽ ചാവറയച്ചൻ കണ്ട സ്വപ്നം നിധീരിക്കൽ മാണിക്കത്തനാരും മറ്റും ചേർന്നു പൂർത്തിയാക്കുകയായിരുന്നു. മതപ്രചാരണത്തിനു മാത്രമായി പ്രസ്സു നടത്തുന്നതായിരുന്നു വിദേശമിഷനറിമാരുടെ രീതിയെങ്കിൽ നാടിന്റെയും സമൂഹത്തിന്റെയും വിശാല താത്പര്യങ്ങൾക്കാണ് ചാവറയച്ചൻ മുൻതൂക്കം നൽകിയത്."[54]

ഡോ. സെബാസ്റ്റ്യൻ പോൾ തുടരുന്നു: "തിരുവിതാംകൂറിൽ സാധാരണ പൗരനു വോട്ടവകാശം ലഭ്യമാക്കാൻ ദീപിക വീറോടെ പൊരുതി..... പിൽക്കാലത്ത് അധ:സ്ഥിതർക്കുവേണ്ടി വീറോടെ ശബ്ദിച്ചു ദീപിക. ജീവാത്മാവിന്റെ ആശയങ്ങളുമായി ദീപിക മുന്നേറിയെന്നു

ചൂണ്ടിക്കാണിക്കുവാനാണ് ഈ ചരിത്രസംഭവങ്ങൾ അയവിറക്കിയത്. മലയാള മാധ്യമകുടുംബത്തിന്റെ പൂർവ്വ പിതാവുതന്നെയാണ് വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ."[55]

21-ാം നൂറ്റാണ്ടിൽ സാമുദായിക പ്രതിഭാശാലികൾ സാക്ഷ്യപ്പെടുത്തുന്നതിനു തിലകം ചാർത്തുന്നതാണ് സമകാലികനും പിൻഗാമിയുമായ പോരുക്കര എലിസേവൂസച്ചൻ പറയുന്നത്: "ഈ ദിക്കിലുള്ള അറിവു കുറഞ്ഞ ആളുകളുടെ ആത്മോപകാരത്തിനായി മുന്നെ താൻ ആരംഭിച്ചിരുന്ന വേല നിറവേറ്റുന്നതിനുവേണ്ടി ഈ ദിക്കിൽ കോട്ടയത്തു പ്രോട്ടസ്റ്റന്റുകാർക്കല്ലാതെ മറ്റാർക്കും അച്ചുകൂടമില്ലാതിരിക്കയും അവിടെയുള്ള പണികൾ നോക്കിക്കണ്ടു മനസ്സിലാക്കുന്നതിനു അത്യന്തം പ്രയാസപ്പെട്ടിട്ടു സാധിക്കാതെയും വന്നെങ്കിലും തന്റെ അസാമാന്യ ബുദ്ധി സാമർത്ഥ്യത്താലും മാഹാത്മ്യത്താലും അച്ചടിവേലയും നടപ്പിലാക്കി."[56]

ബുദ്ധിസാമർത്ഥ്യവും മാഹാത്മ്യവും ഒന്നുചേർന്നപ്പോൾ അച്ചുകൂടപ്രസ്ഥാനം വലിയ ഒരു സൈദ്ധിക ചലനമായി. ഈ സിദ്ധിയുടെ ചലനത്തെക്കുറിച്ച് ചരിത്രം നൽകുന്ന സാക്ഷ്യം: "അച്ചുകൂടമാകട്ടെ ഒരു ശതാബ്ദകാലത്തിനിട കൊണ്ട് ഇന്നു കാണുന്ന ഉന്നതാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. കേരളത്തിൽ കത്തോലിക്കാ സാഹിത്യപ്രചാരണത്തിന്റെ പ്രധാന ഉപകരണമായിത്തീർന്നിട്ടുള്ള ഈ മുദ്രാലയത്തിൽനിന്നും പുറപ്പെട്ട നിത്യാരാധന, കൃപാനിധി മുതലായ നിരവധി ജപ പുസ്തകങ്ങളും നസ്രാണി ദീപിക, കർമ്മെലകുസുമം എന്നീ പത്ര മാസികകളും വഴിയായി സമുദായത്തിനു സിദ്ധിച്ചിട്ടുള്ള നന്മകൾ ആർക്കും വിസ്മരിക്കാവുന്നതല്ല."[57]

1935-ൽ ചാവറയച്ചന്റെ ഒരു പിൻഗാമിയായ ക.നി.മു.സ. മാണിക്കത്തനാർ പ്രസിദ്ധീകരിച്ച പ്ശീത്തായെ ആധാരമാക്കി രചിച്ച വി. ഗ്രന്ഥത്തിന്റെ പ്രതികൾ ലക്ഷക്കണക്കിനു കേരളത്തിൽ പ്രചരിച്ചിരുന്നു.

ചാവറയച്ചൻ തുടങ്ങിവച്ച അച്ചടി പ്രസ്ഥാനം വഴി ജാതിമത വർണ്ണ ഭേദമെന്യേ എല്ലാവരുടെയും ഉന്നമനം കൈവരിച്ചു. കേരളം ഇത്രമാത്രം സംസ്ക്കാരസമ്പന്നമായതിൽ മുദ്രാലയം വഴി ചാവറയച്ചൻ നല്കിയ തുടക്കം ഏകാന്തവിശിഷ്ടമായ ഒന്നാണ്. ഈ പ്രസ്ഥാനം ദൈവരാജ്യ പ്രഘോഷണത്തിന്റെ ഒരുപാധിയായിരുന്നു. ഭാരതത്തെ വളർത്തിയതിലും ഭാരതീയ തനിമയുടെ കാര്യത്തിലും ചാവറയച്ചൻ നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്.

13:11 സംസ്കൃത സ്കൂൾ

വളരെയധികം നിഗൂഢത അന്തർലീനമായിരിക്കുന്ന ഒരു വിഷയമാണിവിടെ ചർച്ചയ്ക്കായി വരുന്നത്. വിദേശീയരുടെ ആശീർവാദത്തോടെ എല്ലാം തുടങ്ങുന്ന ചാവറയച്ചൻ വൈദേശികഭാഷകളൊന്നും പ്രചരിപ്പിക്കാതെ സംസ്കൃതസ്കൂൾ ആരംഭിച്ചത് എന്തിനായിരിക്കാം. തമിഴിന്റെയും മലയാളത്തിന്റെയും സ്വാധീനമുള്ള ഭാഷയാണു ചാവറയുടെ കാലത്തുണ്ടായിരുന്നത്. എന്നാൽ സംസ്കൃതഭാഷ പഠിപ്പിക്കുന്നതിനുള്ള നിവേശനം എവിടെ നിന്നാകാം.

ഭാഷ ഒരു ദേശീയ പ്രഭാവത്തെ വിളിച്ചറിയിക്കുന്നതെങ്കിൽ, സംസ്കൃതം ഭാരതത്തിന്റെ വൈഭവത്തിലൂടെ പ്രഭാവം വ്യക്തമാക്കുന്നതാണ്. ലത്തീൻ റോമൻ സംസ്ക്കാരത്തിന്റെ ഭാഗമെങ്കിൽ അറമായ മെശയാനികത്വത്തിന്റെ പ്രഭാവത്തെ വിളിച്ചറിയിക്കുന്നു. ചാവറയും കൂട്ടരും എന്നും നസ്രാണികളായിരുന്നതിനാൽ സുറിയാനിഭാഷയും അതിന്റെ സംസ്ക്കാരവും അഭംഗുരം കാത്തു സൂക്ഷിച്ചിരുന്നു. ആംഗ്ലേയ ഭാഷയുടെ പ്രചാരം സി.എം.എസ്. കാർ കീഴടക്കിയ പശ്ചാത്തലത്തിലും, വൈദേശിക ഭാഷാവിജ്ഞാനം, നിസ്സാരരെന്ന് വൈദേശികർ കരുതിയിരുന്ന നാട്ടുകാർക്ക് ആരു നീട്ടിത്തരും. ചാവറ സൈദ്ധികമായ പ്രേരണയാൽ സഹജരെ സഹായിക്കുന്നതിൽ ഉത്കൃഷ്ടമായ

ഒരു നീക്കത്തിനാണു തുനിഞ്ഞത്. സംസ്കൃതഭാഷ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള തുടക്കം.

1846-ൽ സ്ഥാപിതമായ സംസ്കൃത സ്കൂളിൽ പഠിപ്പിക്കുന്നതിനായി തൃശൂരിൽ നിന്നും വിദഗ്ദ്ധനായ ഒരു വാര്യരെ ക്ഷണിച്ചു വരുത്തി. ഭാരത സംസ്ക്കാരത്തിന്റെ സ്വാംശീകരണം സംസ്കൃതഭാഷ കൂടാതെ അത്ര പൂർണ്ണമാകുകയില്ല. അതുകൊണ്ട് ദേശീയ സംസ്ക്കാരത്തിൽ ദൈവജനത്തെ പരിശീലിപ്പിക്കാൻ സംസ്കൃതപഠനം തുറന്നു കൊടുത്തു.

ചാവറയച്ചൻ എല്ലാവരെയും ഒന്നു പോലെ പരിഗണിച്ചിരുന്നെങ്കിലും അവഗണിക്കപ്പെടുന്നവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ഇതര സമുദായങ്ങൾ വിദ്യാഭ്യാസ പാതയിൽ ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കയിൽ സ്വന്തം സമുദായം ഈ മാർഗ്ഗത്തിൽ പിന്നോക്കം പോയാൽ നേരിടാവുന്ന വിപത്തിനെ ഓർത്തുകൊണ്ടാണു സൂക്ഷ്മനിരീക്ഷണപടുമായ പ്രിയോരച്ചൻ തന്റെ സഭയെ ഒരു വിദ്യാഭ്യാസ പ്രവർത്തകസംഘമായി നിർദ്ദേശിക്കുകയും തത്സംബന്ധമായ പ്രാരംഭ പരിപാടികൾ അദ്ദേഹം തന്നെ നടത്തിത്തുടങ്ങുകയും ചെയ്തത്.[58]

സംസ്കൃത സ്കൂൾ തുടങ്ങിയതു വഴി നസ്രാണി സമൂഹം സമുദായത്തിൽ ഏതാണ്ട് മുന്നിൽ വന്നു എന്നുതന്നെ പറയാം. ഇതേക്കുറിച്ച് നാളാഗമത്തിൽ ഇങ്ങനെ പറയുന്നു: "ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃതസ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽ നിന്ന് കുട്ടികളും ചേർന്നു പഠിച്ചിരുന്നു."[59]

ഏതദ്ദേശീയ ആശ്രമപ്രസ്ഥാനമായിട്ടായിരുന്നു സന്ന്യാസത്തെക്കുറിച്ച് പ്രാരംഭകർ ചിന്തിച്ചിരുന്നത്. വാച്ച വനവാസം സാക്ഷാത്കരിക്കപ്പെടണം. അതും ആർഷസംസ്ക്കാരത്തിലൂടെ. ആർഷസംസ്ക്കാരത്തിൽ സംസ്കൃതഭാഷ ചെയ്ത സംഭാവന ഭുവന പ്രസിദ്ധമാണ്.

ശ്രീമത് സ്വാമി ജ്ഞാനാനന്ദസരസ്വതി പറയുന്നു: "ഭാരതത്തിലെ പരമ്പരാഗതമായ ആർഷസംസ്ക്കാരം അർത്ഥശൂന്യമൊ അന്ധവിശ്വാസങ്ങളുടെ ഫലമോ അല്ല. നേരെ മറിച്ച് ബുദ്ധി കൂർമതയുടെയും ദിവ്യത്വത്തിന്റെയും പ്രതിഫലനമാണ്. പുരാണങ്ങളും, ധർമ്മശാസ്ത്രങ്ങളുമെല്ലാം മനുഷ്യന്റെ നന്മയേയും ജീവിതശുദ്ധിയേയും ലക്ഷ്യമാക്കി മാത്രം എഴുതപ്പെട്ടവയാണ്..... അവയെല്ലാം വായിക്കപ്പെടേണ്ടവയും അറിയപ്പെടേണ്ടവയുമാണ്. അതിനുള്ള പ്രചോദനവും വിദ്യാർത്ഥികൾക്കു കിട്ടണം. ഗൃഹങ്ങളിൽ നിന്നൊ വിദ്യാലയങ്ങളിൽ നിന്നൊ എവിടെ നിന്നെങ്കിലും പ്രചോദനം കിട്ടിയാലല്ലേ വിദ്യാർത്ഥികൾക്ക് അവയെ വായിക്കാനുത്സാഹമുണ്ടാകൂ."[60]

ഗൃഹങ്ങളിലും ഗുരുകുലവാസത്തിലും മേല്പറഞ്ഞ പഠനത്തിന് അന്നുവരെ സാധ്യതയില്ലാഞ്ഞതിനാൽ മാന്നാനത്ത് തന്നെ അതിനായി ഒരു വിദ്യാലയം ആരംഭിക്കുന്നതിന് ചാവറയച്ചൻ മുന്നിട്ടിറങ്ങി. ചാവറയച്ചന്റെ സംസ്കൃതസ്കൂൾ എന്ന സ്വപ്നം വേണ്ടവിധത്തിൽ സാക്ഷാത്കരിക്കപ്പെട്ടിരുന്നെങ്കിൽ ആർഷ ഭാരതത്തിന്റെ തനിപകർപ്പായി നസ്രാണി സമൂഹം വളർന്നു വരുമായിരുന്നു. പരമ്പരാഗതമായ ആർഷസംസ്ക്കാരത്തെ വിഴുങ്ങിക്കളഞ്ഞു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി അധികം ഉണ്ടോ? ഇന്ന് ഭാരതീയ സംസ്ക്കാരത്തെ വാഴ്ത്തുന്നുണ്ടെങ്കിലും ആർഷസംസ്ക്കാരത്തിന്റെ ദർശനമില്ലാത്തതിനാൽ ദർശനപ്പട്ടക്കാർ പേരിലല്ലാതെ അനുഭവത്തിൽ ആർഷമുനികളല്ല. ദർശനഭവനവും, വാച്ച വനവാസവുമെല്ലാം പുരാവസ്തു സമാനം ചരിത്രഭാഗമായി അവശേഷിക്കുന്നതല്ലാതെ സ്വാംശീകരണപ്രക്രിയയിലൂടെ പ്രവാചകപരമാകുന്നില്ല.

സംസ്കൃതസ്കൂൾ തുടങ്ങുന്ന കാര്യത്തിൽ ചാവറ ആധ്യാത്മജ്ഞാനത്തിനു മുൻഗണന നൽകിയിരുന്നുവെന്നത് അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യം തെളിയിക്കുന്നു. ആർഷഭാരതത്തിന്റെ പൈതൃകം അതിന്റെ ആധ്യാത്മികതയാണ്. സത്യം, ധർമ്മം, സദാചാരം എന്നിവ

ജീവിതത്തിൽ അന്വർത്ഥമാക്കിയ ചാവറ സിദ്ധനായത് അദ്ദേഹം ആർഷഭാരതസംസ്ക്കാരത്തെ മെശയാനികവിശ്വാസത്തിലൂടെ നടപ്പിലാക്കിയതുകൊണ്ടല്ലേ? ചാവറയുടെ വിദ്യാഭ്യാസം ദൈവവിശ്വാസത്തെയും അധ്യാത്മികജ്ഞാനത്തെയും വളർത്തിയെടുത്തതുകൊണ്ട് അദ്ദേഹം പാടുന്നു:

"എന്നുടെ ജനനത്തിന്റെ നാൾ മുതൽ
എന്നെക്കാത്തു ഭരിച്ചു സൂക്ഷിപ്പാനും
എന്നേരത്തുമെൻ ചാരത്തു നിന്നീയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു.

.....

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ

.....

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദ മന്ദമറിഞ്ഞു ദൈവത്തെയും
എന്നവൾ രാത്രി പാതിരാ നേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്
മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോ തൻ നാമങ്ങൾ
പരം ജ്യോതിയെയീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാ ജയാ"[61]

ആധ്യാത്മിക ബോധത്തോടും ആത്മജ്ഞാനത്തോടുംകൂടെ ഭൗതികജ്ഞാനത്തെ വളർത്തിയെടുത്ത ജ്ഞാനയോഗിയായ ചാവറ

സംസ്കൃത സ്കൂളിലൂടെ ലക്ഷ്യം വച്ചത് പ്രവൃത്തികൾക്ക് ആസ്പദമായ സംസ്ക്കാരമാണ്. സംസ്ക്കാരത്തിന്റെ പഠനക്കളരി സംസ്കൃതസ്കൂളും. ദൈവാനുഭവത്തിൽ നിന്നും ആത്മജ്ഞാനത്തിൽ നിന്നും രൂപപ്പെട്ട ഭാഷയാണു സംസ്കൃതമെങ്കിൽ, സംസ്കൃതസ്കൂളിലെ പഠനം ഒരാളെ ഉപരി സംസ്ക്കാരിയാക്കുന്നു.

അഹം ബ്രഹ്മാസ്മി, തത്ത്വമസി, എന്ന ആർഷഭാരതത്തിന്റെ അനുഭൂതിയെ ചാവറ "അമ്മനുവേല"നുഭൂതിയാക്കിയപ്പോൾ അതു ചാവറയുടെ മതദർശനത്തെ പൂർണ്ണമാക്കി. സമുദ്ഗ്രഥിതമാക്കി.

13:12 പിടിയരി പ്രസ്ഥാനം

ദേശീയതയുടെ പാതയിലൂടെ തന്നെയാണ് ചാവറ ദൈവജനോപാസകനായത്. ഉള്ളവരുടെ ദശാംശം ഇല്ലാത്തവരുടെ ഉത്തമാംശമാകുമ്പോൾ 'അമ്മനുവേൽ' അനുഭവത്തിനു മനുഷ്യാവതാരമുണ്ടാകുന്നു. സംസ്കൃതസ്കൂളും ഇതര വിദ്യാഭ്യാസ സംരംഭങ്ങളും മതബോധനവും പൂവണിയുന്നതിനു കൂട്ടായ പരിശ്രമം ആവശ്യമെന്നു കണ്ട ചാവറ പിടിയരിശേഖരണത്തിലൂടെ അതുസാധിക്കുന്ന മനോഹരരംഗമാണു ദൃശ്യമാകുന്നത്. നാളാഗമത്തിൽ നിന്നും: "പുളിങ്കുന്നുകാരൻ തോപ്പിൽ ഇട്ടിക്കുരുവിള മുതൽ പെരുകുടി പിടിയരി എന്ന ഒരു ധർമ്മം എടുത്താൽ ഈ പുണ്യകാര്യങ്ങൾ ഒക്കെയും നടക്കുമെന്നും ആയതിനാൽ പെ:ബ: അച്ചൻ പള്ളികൾ ഒക്കെയും ഇതിന്ന ഒരു ക്രമവും കല്പിച്ച നടത്തണമെന്നും ഒരപെക്ഷ അവര എഴുതിയുണ്ടാക്കി, വരാപ്പുഴെ കൊണ്ടുപൊയി പെ:ബ: മെത്രാപ്പോലീത്താച്ചന്റെ പക്കൽ കൊടുത്തു. പെ. ബ. അച്ചൻ ആയതു കണ്ടാറെ വെണ്ടുവണ്ണം തെളിഞ്ഞ ആയതിന്നുള്ള ക്രമവും പരസ്യവും ഉണ്ടാക്കുവാൻ നമ്മുടെ പെ:ബ: ദലഗാത്തച്ചനെ ഏല്പിച്ച പ്രകാരം ആ ക്രമമുണ്ടാക്കി ഇതായത ഉണ്ണിമിശിഹായുടെ ധർമ്മസഭ എന്നും ഇതിന്ന ഓരോരുത്തര വീടുകളിൽ ഒരു പാത്രം വച്ചു. 'ഉണ്ണിമിശിഹായെ ഞങ്ങളെ അനുഗ്രഹിക്ക'

എന്ന സുകൃതജപവും ഉണ്ണിമിശിഹായുടെ നിക്ഷേപം എന്ന എഴുത്തും അച്ചടിച്ച ആ പാത്രത്തെ പറ്റിക്കയും ഓരൊ നെരം ഓരൊ പിടി അരി അതിലിട്ട് ഈ സുകൃത ജപം ചൊല്ലുകയും അപ്രകാരം ഒരുഴം ചെയ്യുമ്പോൾ ൧൦ ദിവസത്തെ ദൊഷപ്പൊറുതിയും കല്പിച്ചു. ഇതിന്ന ഓരൊയിടങ്ങളിലും പ്രധാന പ്രക്കുദൊരൻമാരും ഇടവകകളിൽ കരകൾക്കു തക്കവണ്ണം രണ്ടും ൪, ൫ സുബം പ്രക്കുദൊരന്മാരും ഇവര നിശ്ചയിക്കപ്പെട്ട പ്രക്കുദൊരന്മാരുടെ പക്കൽ ഏല്പിക്കുകയും അവര ആയതിന്റ വിവരണകണക്കൊടു കൂടെ ആണ്ടിൽ മൂന്നുതവണ വരാപ്പുഴെ എത്തിക്കുകയും ഇങ്ങനെ ഒക്കെയും ചട്ടം കെട്ടി തുടങ്ങിയിരിക്കുന്നു."[62]

ഈ വിധത്തിലുള്ള പിടിയരിപ്പിരിവ് വലിയ ഒരു നിവേശനം പ്രദാനം ചെയ്യുന്നു. അതായത് ഓരോ പ്രാവശ്യവും അരിയെടുക്കുമ്പോൾ പരോപകാരാർത്ഥം ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ത്യാഗം ചെയ്യുകയും വഴി ദൈവത്തോടും സഹജരോടും ഉറ്റബന്ധമുണ്ടാക്കുന്നു. ഈ രീതി ദൈവരാജ്യത്തിന്റെ ആധ്യാത്മിക ദർശനം ഉൾക്കൊള്ളുന്നതാണ്. നല്ല ശമറായന്റെ ഉപമയിലൂടെ ഈശോ പഠിപ്പിക്കുന്നത് ആവശ്യത്തിലിരിക്കുന്നവരാണ് അയൽക്കാരെന്നാണ് (ലൂക്ക. 10:25-37). ദാനം ചെയ്യുന്നവർക്ക് ലഭിക്കുന്ന പ്രതിഫലത്തേക്കാൾ കിട്ടുന്നവരുടെ നന്മ ലക്ഷ്യം വച്ചു പിടിയരി പ്രസ്ഥാനം തുടങ്ങിയത് ശ്രേഷ്ഠമായ ഒരു തുടക്കമാണ്. ചാവറയച്ചൻ നടപ്പാക്കിയ ഈ ധർമ്മ പ്രസ്ഥാനം രൂപതാസംബന്ധമായ കാര്യനിർവ്വഹണങ്ങൾക്കും സഹായിച്ചു. വരവിന്റെ ചിലവു നീക്കി ശിഷ്ടമുള്ളവയിൽ നൂറ്റിക്കഞ്ച് എന്ന പ്രായോഗികതയാണ് നിലവിൽ വന്നത്. ആദ്യം തെക്കൻ പള്ളികളിലും പിന്നീട് വടക്കൻ പള്ളികളിലും നിലവിൽ വന്നു. ഇവിടെ എടുത്തു പറയേണ്ട ഒരു സത്യമിതാണ്: "ജനങ്ങൾക്ക് പ്രിയോരച്ചനിൽ അസാമാന്യ മതിപ്പും പക്ഷവുമുണ്ടായിരുന്നതിനാൽ അവരിൽ നിന്നും തടസ്സമൊന്നും വരികയില്ലായെന്നു കണ്ട് പ്രസ്തുത കാര്യത്തിന് തെക്കുഭാഗത്തുള്ള പള്ളിക്കാരെ ഉത്സാഹിപ്പിച്ചു."[63]

സംസ്കൃതസ്കൂളിന്റെ കാര്യത്തിൽ കണ്ടതുപോലെ ദേശീയ താത്പര്യത്തിൽ ഏതദ്ദേശീയ സ്വഭാവം നിലനിർത്തുന്ന മറ്റൊരു പദ്ധതിയാണ് പിടിയരിപിരിവ്. 5% സംഭാവനയും ദൈവജനത്തിന്റെ പങ്കാളിത്തവും ഏറ്റം ആവശ്യമായ ഒന്നാണ്. സഭയും സന്ന്യാസവും തങ്ങളുടേതെന്ന് അനുഭവപ്പെടുന്ന രീതികളാണ് മേല്പറഞ്ഞവ.

സാമ്പത്തിക പരാധീനത പാവപ്പെട്ടവർക്കു ശുശ്രൂഷയെത്തിക്കുന്നതിൽ വീഴ്ചയുണ്ടാക്കരുതെന്ന് ചാവറ നിർബന്ധം പിടിച്ചു. പലരിൽ നിന്നും സഹായം വാങ്ങി അതുകൊണ്ട് പതിനേഴ് പറയ്ക്ക് നിലം വാങ്ങി സ്കൂൾ നടത്തിപ്പിനായി മാറ്റി വച്ചു. പരോപകാര പ്രവൃത്തികൾ ചെയ്യുന്നതിന്റെ ഏറ്റവും ശാഘനീയമായ ഒരു രീതിയാണ് ചാവറ ആർഷഭാരതത്തിനു കൈമാറിയത്. ചാവറയച്ചന്റെ വിശ്വാസം പ്രവൃത്തിപരമായിരുന്നു. യാക്കോബുശ്ലീഹായുടെ ലേഖനത്തിൽ കാണുന്നതും ഇതുപോലുള്ള ഒരു ആധ്യാത്മികതയാണ്. "ഒരു സഹോദരനോ സഹോദരിയ്ക്കോ വസ്ത്രത്തിനും അനുദിനാവശ്യത്തിനും വകയില്ലെന്നിരിക്കെ നിങ്ങളിൽ ഒരുവൻ അവരോടു സമാധാനത്തോടെ പോവുക, തീകായുക, ഭക്ഷിച്ചു തൃപ്തിപ്പെടുക എന്നു പറയുകയും അവരുടെ ശരീരത്തിനാവശ്യമുള്ളവ കൊടുക്കാതിരിക്കുകയും ചെയ് താൽ അതുകൊണ്ട് എന്തു പ്രയോജനം. അതിനാൽ പ്രവൃത്തിയില്ലാത്ത വിശ്വാസം അതിൽ തന്നെ നിർജ്ജീവമാകുന്നു (യാക്കോ. 2:15-17).

ചാവറയച്ചൻ കുടുംബങ്ങളിൽ നടപ്പാക്കിയ പിടിയരി പോലുള്ള പിരിവുകൾ കുടുംബത്തെ സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാക്കിത്തീർത്തിരുന്നു. നസ്രാണി കുടുംബങ്ങൾ വിശ്വാസ സാക്ഷ്യത്തിന്റെ മാതൃകകളും ഉപവിപ്രവർത്തനത്തിന്റെ ഉറവിടങ്ങളുമാണെങ്കിൽ അത് കുടുംബശൈലിയിൽ മറ്റുള്ളവർക്കു സഹായം ചെയ്യുന്നതിനുള്ള രീതികൾ വഴിയാണ്. കുട്ടികളും പ്രായമായവരുമെല്ലാം പിടിയരി നിക്ഷേപിക്കുന്നതും ഈശോയോടു പ്രാർത്ഥിക്കുന്നതും കണ്ട് അവർക്കു അതിൽ

താത്പര്യമാകും. കാണപ്പെടുന്ന സഹോദരങ്ങളെ സഹായിക്കുന്നവർ കാണപ്പെടാത്ത ദൈവത്തിനു സാക്ഷ്യം വഹിക്കുന്നവരുമാകും. ദാന ധർമ്മം ഭക്തിയെ ആധികാരികമാക്കിത്തീർക്കും. ചാവറ ഭക്താഭ്യാസ ത്തിലൂടെയും പരോപകാരിയായിരുന്നു.

13:13 സാധാരണ ഭക്തി

ദൈവത്തെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും, പൂർണ്ണ മനസ്സോടും കൂടി സ്നേഹിക്കുകയെ ന്നത് മഹോന്നതപ്രമാണമാണ്. ചാവറയച്ചൻ തന്റെ ജീവിതത്തിൽ പരമ പ്രധാനമായി കാത്തുസൂക്ഷിച്ചിരുന്ന ഇതു തന്നെ മറ്റുള്ളവരും ചെയ്യ ണമെന്നായിരുന്നു ചാവറയുടെ ആഗ്രഹം. ചാവറയച്ചൻ കൂനമ്മാവിലുള്ള കന്യാസ്ത്രീകൾക്ക് ദിവ്യകാരുണ്യ ഭക്തിയെക്കുറിച്ച് എഴുതുന്നു: "എന്റെ കുഞ്ഞുങ്ങളെ ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ല വണ്ണം ധ്യാനിക്കണം. ഈ എട്ടു ദിവസം മുടങ്ങാതെ മാറി, മാറി ഒരാൾ എംകിലും ദിവസം ശു: കുർബാന കൈക്കൊണ്ട് ഈ കർത്താവിന്റെ സ്നേഹത്തെ ഓർക്ക. ആ ഈശോമിശിഹായുടെ സ്നേഹത്തിൽ പാറപ്പിൻ. എപ്പഴും തന്റെ കൺമുൻപിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നൊടുകൂടെ എപ്പഴും സംസാരിപ്പിൻ. യാതൊരു വസ്തുവിന്മെൽ നിങ്ങൾക്ക് ഇഷ്ടമോ, ആഗ്രഹമോ, അതിക സന്തോ ഷമോ, തൊന്നുംപൊൾ ഈ പ്രിയം നിറഞ്ഞ കർത്താവെ നിന്റെ നെരെ തിരിഞ്ഞുനിന്നു പറയുന്നു. എന്നെ നീ നോക്കുക. എന്നെക്കായിൽ അതികം നിന്നെ സന്തൊഷപ്പെടുത്തുമോ? എംകിൽ നീ എന്തുകൊണ്ടു ക്ലെശിക്കുന്നു. ഞാൻ നിന്നെ സന്തൊഷിപ്പിക്കും ഇത പൊരായോ. ഇങ്ങനെ ഒരു ക്ഷണ നേരവും നിങ്ങളുടെ സമീപ നിന്നു മാറാതെ നിൽക്കുന്നു."[64]

ചാവറയച്ചൻ ദീർഘനേരം ദിവ്യകാരുണ്യഭക്തിയിൽ വ്യാപരിച്ചിരുന്നതും അതിന്റെ പ്രായോഗികഫലവും മറ്റുള്ളവർക്കും ലഭിക്കേണ്ടതിനു നാല്പതുമണി ആരാധന ആരംഭിച്ചു. 1866 ൽ ആദ്യമായി ആരംഭിച്ച ദിവ്യകാരുണ്യ ആരാധന സാധാരണക്കാർക്കു ജീവിത നവീകരണത്തിനു വളരെയധികം ഉപകരിച്ചിരുന്നു. അതിനോടനുബന്ധിച്ച് അനുരജ്ഞനകൂദാശയും ജീവിതനവീകരണവും നടത്തിയിരുന്നു.

ഈശോയുടെ സ്നേഹത്തിൽ വ്യാപരിക്കേണ്ടതിന് ദൈവപുത്രന്റെ അമ്മയോടുള്ള ഭക്തിയും ചാവറ പ്രകടിപ്പിച്ചു. മാതൃഭക്തിയും ഈശോയിൽ വ്യാപരിച്ചതും നിത്യജീവിതത്തിനു വേണ്ടിയായിരുന്നു. ചാവറ പാടുന്നു.

"മാതാവേ, മമ നാഥേ, ദാസനെയോർത്തീടണം
ത്രാതാവു തവരത്നമെത്രയോ നിന്നെ സ്നേഹം
മുന്നമേ നിന്റെ ദാസനിപ്പോഴുമിനിയെന്നും
മന്നിൽ നിന്നകന്നീടും നേരത്തിൽ വിശേഷമാ-
യെന്നെ നീയോർത്തു നിന്റെ പുത്രനോടപേക്ഷിച്ചു
നല്ലൊരു മൃത്യുതന്നു രക്ഷിക്ക മമ തായേ."[65]

ചാവറയുടെ ഭക്തി ദൈവത്തിൽ കേന്ദ്രീകൃതമായത് ദൈവത്തെ പ്രാപിച്ചു വിശുദ്ധരായിത്തീർന്നവരുടെ സഹായത്തോടെ നിലനിർത്തി. ഇതെല്ലാം ചെറുപ്പത്തിൽ പഠിച്ചിരുന്ന പ്രാർത്ഥനകളിൽ നിന്നുരുത്തിരിഞ്ഞ ഭക്തികളാണ്.

"രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോ തൻ നാമങ്ങൾ
പരം ജ്യോതിയേ യീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയ ജയാ
.....

അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർയൗസേപ്പിൻ നാമവും."[66]

ചാവറയച്ചൻ സമാരംഭിച്ച സാധാരണ ഭക്തികൾ വേറെയും നിരവധിയാണ്. ജപമാല ആദിമ സന്ന്യാസമൂഹത്തിൽ കൃത്യമായി അനുഷ്ഠിച്ചിരുന്നു. നാളാഗമത്തിൽ പറയുന്നു: "പോരൂക്കര അച്ചന്റെ അധികമായ എരിവാൽ മൂന്നു നേരമായിട്ടു 153 മണിയും, വ്യാകുലം, യൗസേപ്പു പുണ്യജപം, വെന്തിങ്ങയിങ്ങനെയുള്ള ജപങ്ങളും ഞായ റാഴ്ച ഉച്ചയിൽ പാട്ടു പൂജയും പിന്നെ പഠാർത്ഥ പിന്നെ കൊന്തയി ങ്ങനെ മുഴുവൻ ശുദ്ധമായിട്ടു കൊള്ളിപ്പാനായിട്ടുമിടകൊടുക്കാതെ യുള്ള ഈ വെലയും വല്യനൊയമ്പിൽ ഹൂദാർ നമസ്ക്കാരവും വെള്ളി യാഴ്ച മൂന്നുമണി കഴിഞ്ഞാൽ മലയുടെ താഴെത്തുടങ്ങി 14 പാസിന്ന 14 കുരിശുനാട്ടി ഏവരും കൂടിയുള്ള വിയാസാക്ര വലിയ വീയ തന്നെ ആകല്ലുകളുടെ ഇടയിൽ ഗാഗുൽതാകരെറി എന്നതു പറയുംപൊൾമ ലമുകളിൽ കയറും യിങ്ങനെയുള്ള ഈ വീയസാക്ര കെട്ട അതിരം പുഴ പുന്നത്ര കുടമാളൂർ കൈപ്പുഴ യിങ്ങനെയുള്ള എടവകകളിൽ നിന്നും ഭക്തിക്കാർ എത്തും."[67]

കേരളത്തിൽ അത്യപൂർവ്വമായുണ്ടായ സഭയുടെ വളർച്ച ചാവ റയും മറ്റും സമാരംഭിച്ച സാധാരണ ഭക്താഭ്യാസത്തിൽ ഒരു പരിധി വരെ കേന്ദ്രീകൃതമായിരുന്നു. നവനാളുകൾ, ത്രിദിനങ്ങൾ, മാസവണ ക്കങ്ങൾ, വിയാസാക്ര, ദോഷപൊറുതി പ്രാർത്ഥനകൾ, ദിവ്യകാരുണ്യ ഭക്തി, സകല വിശുദ്ധരോടുമുള്ള ഭക്തി തുടങ്ങി നിരവധി പ്രസ്ഥാന ങ്ങൾ. ഇവിടെ പ്രത്യേകിച്ചും എടുത്തുപറയുവാനുള്ളത് ചാവറ ഇതെല്ലാം ചെയ്തിരുന്നപ്പോൾ ദൈവാരാധനയിലും വിശുദ്ധ കുർബാ നയിലും പ്രഥമശ്രദ്ധ ചെലുത്തി എന്നതാണ്. പ്രത്യേകിച്ച് ചാവറയച്ചൻ

എന്നും മാമ്മോദീസായുടെ ജീവിതം നയിച്ചിരുന്ന ഒരു സത്യാരാധകനായിരുന്നു. 12-ാം പിയൂസ് മാർപ്പാപ്പാ "മെദിയാത്തോർ ദെയ്" എന്ന പേരിൽ ഇറക്കിയ ചാക്രികലേഖനവും രണ്ടാം വത്തിക്കാൻ സാർവത്രിക സൂനഹദോസും അനുശാസിക്കുന്ന ആരാധനക്രമബന്ധമായ ഒരു ആധ്യാത്മികത ചാവറ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിയിരുന്നു.[68] രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനത്തിൽ ഇപ്രകാരം കാണുന്നു: "വിശ്വാസികളുടെ സർവ്വസാധാരണമായ ഭക്താനുഷ്ഠാനങ്ങൾ വളരെയധികം പ്രോത്സാഹിപ്പിക്കണം. പ്രത്യേകിച്ച് പരിശുദ്ധ സിംഹാസനം അവ പാലിക്കാൻ അനുശാസിക്കുമ്പോൾ. എന്നാൽ അവയെല്ലാം തിരുസ്സഭയുടെ നിയമങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ചായിരിക്കേണ്ടതാണ്....അവ താഴെ പറയുന്നതുപോലെ സംവിധാനം ചെയ്യണം. അവയ്ക്ക് ആണ്ടുവട്ടത്തിലെ വിവിധ കാലങ്ങളോട് പൊരുത്തമുണ്ടായിരിക്കണം. ആരാധനക്രമത്തിൽ നിന്നു തന്നെ ഒരു വിധത്തിൽ മുളയെടുക്കുന്നവയും ജനങ്ങളെ അതിലേക്ക് അടുപ്പിക്കുന്നവയുമാകണം. ആരാധനക്രമം പ്രകൃത്യാതന്നെ അവയെയെല്ലാം അതിശയിക്കുന്ന ഒന്നാണല്ലോ."[69]

ദൈവാരാധനയോടുള്ള ഭക്തിയും ചൈതന്യവും മിശിഹായോടു തന്നെയാകുന്നു. ചാവറയച്ചന്റെ ആധ്യാത്മികതയിൽ രണ്ടാം വത്തിക്കാന്റെ പഠനം പൂർണ്ണമായും ഉണ്ടായിരുന്നു. അതാണ് ചാവറയച്ചന്റെ ജീവിതത്തിലുടനീളം, പ്രത്യേകിച്ച് മരണക്കിടക്കയിൽ അറിയിച്ച സുവിശേഷവും.

13:14 മരണാസന്നർക്ക്

"ജന്മദിനത്തേക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം"

എന്ന് ആലപിച്ച വന്ദ്യനായ ചാവറ മരണക്കിടക്കയിൽ ചാരിയിരുന്നുകൊണ്ട് ചുറ്റും നിന്നവരോട് പറഞ്ഞ വാക്കുകൾ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ സാക്ഷ്യത്തിൽ നിന്നുള്ള പ്രഖ്യാപനമാണ്: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മനുഷ്യൻ ആരുതന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കുള്ള സമയം ഇപ്പോഴാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുമ്പ് തുടങ്ങി ഞാൻ ചെയ്തു വന്നു. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോമറിയം യൗസേപ്പ് എന്ന മഹാക്കുടുംബത്തെ പലവിധത്തിൽ എന്നെ ഓർപ്പിക്കയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കയും, ഓർക്കുകയും, വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചുകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയിട്ടുള്ള ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായിട്ടില്ല. എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്..... ഏഴരമണിയോടുകൂടെ പെട്ടെന്ന് ഒരു പകർച്ച വന്നതിനാൽ അടുത്തു നിന്നിരുന്ന അച്ചന്മാർ അടച്ചു റൂശുമായും മറ്റും കൊടുത്തു. അതോടുകൂടെ വായൊന്ന് തുറന്ന് ഒടുക്കത്തെ ശ്വാസം വിടുകയും ചെയ്തു."[70]

മരണം പലരെയും പേടിപ്പിക്കുന്ന ഒരു സംഭവമെങ്കിൽ ചാവറയ്ക്കത് വലിയ സന്തോഷത്തിന്റെയും പ്രത്യാശയുടെയും സ്വർഗ്ഗപ്രവേശനമായിരുന്നു. സ്ലീവായിൽ തൂങ്ങിമരിക്കുന്ന ഈശോ നല്ല കള്ളനോട് പറഞ്ഞത് "സത്യമായും ഞാൻ നിന്നോടു പറയുന്നു: നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും" (ലൂക്ക. 23:43) എന്നാണ്.

ജീവിതത്തിൽ ഈശോയെ അനുതാപക്കണ്ണുനീരോടെ കണ്ടിരുന്ന ചാവറ ഈശോയിൽ നിന്ന് 'ഇപ്പോൾ നീ എന്നോടുകൂടെ പിതൃദർശനമായ സ്വർഗ്ഗത്തിലായിരിക്കും' എന്നവാക്കുകളല്ലെ കേട്ടത്. സ്വർഗ്ഗത്തിലേക്കുള്ള ജനനമാണ് മരണമെന്നല്ലെ ചാവറയച്ചൻ അറിയിക്കുന്നതും. ഇത്ര ഉത്കൃഷ്ടമായ ചാവറയുടെ മരണത്തെ ദൃക്സാക്ഷിയും, പിൻഗാമിയുമായ പോരൂക്കര എലിസേവൂസച്ചൻ ചിത്രീകരിക്കുന്നു: "1871-ാം കാലം മകരമാസം 3-നു കാലത്തു ഏഴര മണിക്കു മലയാളത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മലീത്ത ദിസ്കാൾസ് മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാളത്തിന്റെ മല്പാനും വികാരി ജനറാളും ആയ കുരിയാക്കോസ് ഏലിയാ ദ്ത്ഹോമ്മാ കന്തീശാ എന്ന ഞങ്ങളുടെ പിതാവ് ആദിത്യൻ ലോകത്തിലുദിച്ചു പ്രദക്ഷിണം ചെയ്തുകൊണ്ട് ഭൂമിയിൽ നിന്നും ഇരുളിനെ നീക്കി പ്രകാശം പരത്തിക്കൊണ്ടു അതിന്റെയുള്ളിൽ പൊൻവെള്ളി മുതലായ പഞ്ചലോഹങ്ങളെയും മലകളുടെ ഉള്ളിൽ വൈരം, വൈഡൂര്യം മുതലായ രത്നങ്ങളേയും കടലിൽ മുത്തു, പവിഴം മുതലായതുകളേയും വിളയിച്ചു എല്ലാ ജീവിതപൊരുൾകൾക്ക് വളർച്ചയും കൊടുത്തുകൊണ്ട് അസ്തമിക്കുന്നതുപോലെ....."[71] വീണ്ടും ചരിത്രമെഴുതിയ എലിസേവൂസച്ചൻ വിവരിക്കുന്നു: "പെ.ബ. ഫീലിപ്പോസ് മൂപ്പച്ചനോട് ഒടുക്കത്തെ കുമ്പസാരവും കഴിച്ചു അദ്ദേഹത്തിന്റെ കൈയ്യാൽ ശുദ്ധകുർബാനയും കൈക്കൊണ്ടു. 1871-ാം കാലം മകരമാസം 2-ാം തീയതി തിങ്കാളാഴ്ച മൂന്നുമണി സമയത്തു പെ.ബ. കൂനമ്മാവു വികാരിയൗസേപ്പച്ചന്റെ കയ്യാൽ നല്ല ഭക്തിയോടെ ഒടുക്കത്തെ ഒപ്രശമായും ദോഷപൊറുതികളും കൈക്കൊണ്ടു എത്രയും വിശേഷമായ ഭക്തിക്കടുത്ത വചനങ്ങളും നല്ല ഗുണദോഷങ്ങളും ചൊല്ലി മുഴുവൻ ബോധയറിവോടും സമാധാനത്തോടും കൂടെ 1871-ാം കാലം മകരമാസം 3-നു കാലത്തു 7.30 മണിക്കു കൂനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കൈകളിൽ ദൈവസമാധാനത്തിൽ മരിച്ചു."[72]

ചാവറയുടെ മരണത്തെക്കുറിച്ച് കൂനമ്മാവു മഠത്തിന്റെ നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈശോയുടെ മരണസമയത്തെ അനുഭവമായ "അനന്തരം അവിടുത്തെ തലചായിച്ചു ആത്മാവിനെ സമർപ്പിച്ചു" എന്ന അനുഭവ പശ്ചാത്തലത്തിലാണ്. "1871-ാം കാലം മകരം 3-നു കാലത്തു 7 1/2 മണിക്കു ചെയ്ത വേലകൾക്കും ബുദ്ധിമുട്ടിനും തക്ക മോക്ഷസമ്മാനം കൊടുക്കുവാൻ സർവ്വേശ്വരൻ തിരുമനസായതിനാൽ കൂനമ്മാവു ആശ്രമത്തിൽ വച്ചു തന്റെ ജ്ഞാനമക്കളുടെ കൈകളിൽ സമാധാനത്തിൽ മരണം പ്രാപിച്ച് ദൈവത്തുക്കൈകളിൽ ആത്മാവിനെ കൈയ്യാളിക്കുകയും ചെയ്തു."[73] ഏൽത്തുരുത്തു ആശ്രമത്തിന്റെ നാളാഗമത്തിലും തന്റെ മാണിക്യമായ ആത്മത്തെ തമ്പുരാന് കയ്യാളിച്ചു എന്നെഴുതിയിരിക്കുന്നു.[74]

ചാവറയുടെ ആത്മീയപുത്രനും മരണക്കിടക്കയിൽ ശുശ്രൂഷിച്ചിരുന്നവനുമായ ളൂയിസച്ചൻ സാക്ഷ്യപ്പെടുത്തുന്നത് ഉയിരുള്ള ദൈവസ്നേഹവും പരസ്നേഹവും ജീവിച്ചത് കൈമാറിയ ഒരു വ്യക്തിയായിട്ടാണ്. ളൂയിസച്ചൻ എഴുതുന്നു: "ഒടുക്കത്തെ ഒപ്രശ്മാ കൊടുത്തപ്പോൾ ഞങ്ങൾ ഒക്കെ ഉണ്ടായിരുന്നു. അപ്പോൾ എല്ലാവരോടും ആമരിക്കാൻ തക്ക അവസരത്തിൽ കൂടെയും ഉപദേശം പറഞ്ഞു. ഉയിരുള്ള ദൈവസ്നേഹവും പരസ്നേഹവും ഈശോ മറിയം യൗസേപ്പിന്റെ നേരെയുണ്ടാകേണ്ട ഭക്തി വീണ്ടും ഞാൻ എന്റെ ആയുഷ്കാലം മുഴുവനും ഈ വിശുദ്ധത്രിത്വത്തിലാണു ജീവിതം കഴിച്ചിരുന്നത്. എന്റെ പേര് കുര്യാക്കോസ് ദ്മിൻ ത്ഹോമ്മാ കന്തീശാ എന്നു ഞാൻ ധരിച്ചിരിക്കുന്നത് ഈ ഓർമ്മയ്ക്കു വേണ്ടിത്തന്നെയാണ്. ഇതിനനുസരണമായി ഇവർ എന്റെ ആത്മാവിനെ പാപാശുദ്ധിയിൽ നിന്ന് എന്നും കാത്തുസൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് അന്നു കേട്ടിരുന്നവർ ഇദ്ദേഹം എന്നും 'Gratia Sanctificans' പാപത്തിൽ ഉൾപ്പെടാതെ ജീവിച്ചിരുന്നെന്ന് വിശ്വസിച്ചു. കേട്ടവരിൽ ജരാർദച്ചൻ അക്കാലങ്ങളിൽ ഇദ്ദേഹം

എത്ര വിശുദ്ധനായി ജീവിച്ചെന്നു വരികിൽ അതൊരു വിശേഷസംഭവമാണെന്നു പറഞ്ഞു. മരിച്ചപ്പോൾ ഞങ്ങളെല്ലാവരും ഉണ്ടായിരുന്നു. ഇപ്പോൾ കൂനമ്മാവുങ്കൽ ഊട്ടുമുറിയായ സ്ഥലം അന്നു മൂന്നു മുറിയായിരുന്നു. അകത്തെ മുറിയിൽ കിടന്നു മരിച്ചു. അധികം ആളുകളുണ്ടായിരുന്നതിനാൽ ഞങ്ങളെ പുറത്തിറക്കി."[75]

ചാവറയച്ചൻ മരിക്കുമ്പോൾ അദ്ദേഹത്തിന് അറുപത്തിയഞ്ചു വയസ്സുകഴിഞ്ഞു പത്തുമാസവും ഇരുപത്തിയഞ്ചു ദിവസവും പ്രായമുണ്ടായിരുന്നു. ഇക്കാലമത്രെയും അദ്ദേഹം റൂഹാദ്ക്കുദ്ശായെ വേദനിപ്പിക്കാതെയും കെടുത്താതെയും ജീവിച്ചു സമാധാനത്തോടെ മരിച്ചു എന്നത് ദൈവജനത്തിന് ഒരു സുവിശേഷമാണ്.

മരണം ജീവിതത്തിന്റെ അരങ്ങേറ്റമാണ്. ചാവറയുടെ മരണത്തിന്റെ ശ്രേഷ്ഠത കണക്കിലെടുത്ത് എലിസേവൂസച്ചൻ ഉപദേശിക്കുന്നു. "ഇദ്ദേഹത്തിന്റെ വിശേഷമായ മരണം ആഗ്രഹിക്കുന്ന നാം അങ്ങെ വിശേഷമായ ജീവിതം കണ്ടു പഠിക്കാൻ പ്രയാസപ്പെടുക."[76]



XIV
ഛായയിൽനിന്ന് സാദൃശ്യത്തിലേക്ക്

XIV ഛായയിൽനിന്ന് സാദൃശ്യത്തിലേക്ക്

മനുഷ്യനെന്നെ വ്യക്തിയിലുള്ള ദൈവച്ഛായയും ദൈവസാദൃശ്യവും ഒത്തുചേർന്നു പ്രവർത്തിക്കുന്നതിലാണ് മനുഷ്യനിലുള്ള ദൈവസാക്ഷാത്കാരം നടക്കുന്നത്. ദൈവാവിഷ്ക്കരണത്തിന്റെ പഴയതും പുതിയതുമായ ഉടമ്പടിയിലാണ് ദൈവമനുഷ്യബന്ധം ദൈവച്ഛായയുടെയും ദൈവസാദൃശ്യത്തിന്റെയും ശൈലിയിലൂടെ വെളിപ്പെടുന്നത്.[1]

എബ്രായ ഭാഷയിലെ 'സെലെം' ഛായയെയും 'ദെമുത്ത്' സാദൃശ്യത്തെയും സൂചിപ്പിക്കുന്ന പദങ്ങളാണ്. ദൈവത്തിന്റെ മൂർത്തമായ ഭാവം ഛായയും അമൂർത്തമായത് സാദൃശ്യവും ആണ്. ദൈവികതയുടെ അമർത്ത്യതയിലേക്ക് മാനുഷികതയുടെ കടന്നുപോകലാണ് ദൈവച്ഛായയിൽനിന്നും ദൈവസാദൃശ്യത്തിലേക്കുള്ള രൂപാന്തരീകരണം.

ആദിമനുഷ്യനായ ആദമാണ് ദൈവച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതെങ്കിൽ പുതിയ വെളിപാടിൽ ഈശോമിശിഹായാണു യഥാർത്ഥ ഛായയുടെയും സാദൃശ്യത്തിന്റെയും പൂർണ്ണത.[2] ആദിമനുഷ്യനായ ആദത്തിനൊ മറ്റുള്ളവർക്കൊ ഛായയിൽനിന്നും സാദൃശ്യത്തിലേക്കു പൂർണ്ണമായി രൂപാന്തരപ്പെടുവാൻ സാധിച്ചില്ല. എന്നാൽ രണ്ടാമാദമായ മിശിഹാ ദൈവച്ഛായയിൽനിന്നും ദൈവസാദൃശ്യത്തിലേക്കു പൂർണ്ണമായും രൂപാന്തരപ്പെട്ടു. യോർദ്ദനാൻ നദിയിലെ മാമ്മോദീസാ ദൈവച്ഛായയിൽനിന്നു ദൈവസാദൃശ്യത്തിലേക്കുള്ള രൂപാന്തരപ്പെടലിന്റെ പരസ്യമായ തുടക്കമെങ്കിൽ വിശുദ്ധ മലയിലെ രൂപാന്തരീകരണം മേല്പറഞ്ഞതിന്റെ അനുചിന്തനാത്മകവും രൂപകാത്മകവുമായ ഒരു മുന്നേറ്റമായിരുന്നു. ഗാഗുൽത്താ സംഭവം മേല്പറഞ്ഞതിന്റെ പൂർത്തീകരണവും. ഈ സത്യം വെളിവാക്കുന്നതാണ് ഒന്നു കൊറിന്തോസ് പതിനഞ്ചു നാല്പത്തിയഞ്ച്: "ആദ്യമനുഷ്യനായ ആദം

ജീവനുള്ളവനായി ഭവിച്ചു. അവസാനത്തെ ആദമാകട്ടെ ജീവദാതാവായ ആത്മാവായി" (1 കോറ. 15:45-46). ഏതൊരു മനുഷ്യവ്യക്തിയുടെയും ദൈവച്ഛായയിൽനിന്നു ദൈവസാദൃശ്യത്തിലേക്കുള്ള മുന്നേറ്റം ഈശോമിശിഹായ്ക്കുള്ള വിട്ടുകൊടുക്കലാണ്. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുക എന്നതിലാണ് ദൈവച്ഛായയിൽനിന്നും ദൈവസാദൃശ്യത്തിലേക്കുള്ള വളർച്ച അടങ്ങിയിരിക്കുന്നത്.[3]

മിശിഹായിൽ സംഭവിച്ചത് ദൈവാരാധനയിലൂടെ മാനവരാശിക്ക് എന്നും സംലഭ്യമാണ്.[4] കൂദാശകളും കൂദാശാനുകരണങ്ങളുമാണ് ദൈവാരാധനയിൽ അടിസ്ഥാനമായി നിലകൊള്ളുന്ന ഘടകങ്ങൾ. പ്രത്യേകിച്ചും പ്രാരംഭ കൂദാശയായ മാമ്മോദീസായ്ക്കനുസൃതം ജീവിക്കുന്ന ഒരാൾ ദൈവികജീവനിൽ പങ്കുചേരുന്നു.

മാമ്മോദീസായിൽ നടക്കുന്നത് പഴയ മനുഷ്യന്റെ ചെയ്തികളായ പാപം, ലൗകായതികത്വം എന്നിവയ്ക്കു മരിച്ച് മിശിഹായിൽ ജീവിക്കുന്ന പ്രവൃത്തിയാണ്. ഇതിനായി മിശിഹായോടുകൂടെ മരിച്ചു സംസ്ക്കരിക്കപ്പെടുകയും മിശിഹായോടുകൂടെ ഉയിർക്കുകയും ചെയ്യുന്ന ജീവിതത്തെയാണ് ദൈവികീകരണമെന്നു പറയുന്നത്. ഈശോ മനുഷ്യനായതു മനുഷ്യരെ ദൈവികരാക്കുന്നതിനുവേണ്ടിയാണ്. ദൈവിക പൂർണ്ണതയിൽ പങ്കുചേരുന്നതിനായി നീതിയുടെ പൂർണ്ണതയായ മെശയാനിക ജീവിതം നയിക്കുകയാണ് മനുഷ്യർ ചെയ്യേണ്ടത്.[5]

ചാവറ മാമ്മോദീസാ ജീവിതത്തിലൂടെ തന്നിലുണ്ടായിരുന്ന ശാരീരിക മാനസിക ഘടകങ്ങളെയെല്ലാം ചേതനാത്മക ഘടകങ്ങളിലേക്കു രൂപാന്തരപ്പെടുത്തി. ചുരുക്കത്തിൽ സ്വർഗ്ഗ പിതാവിന്റെ പൂർണ്ണതയിൽ മിശിഹായിലൂടെ റൂഹായിൽ പങ്കുചേർന്നു.

14:1 സ്വർഗ്ഗപിതാവ്

ഈശോയുടെ ജീവിതത്തിൽ ലയിച്ചിരുന്ന ചാവറ സ്വർഗ്ഗീയ പിതാവിന്റെ പൂർണ്ണതയിൽ പങ്കുചേർന്നത് റൂഹായിൽ എന്നും വസിച്ചിരുന്നതിനാലാണ്. ഈശോ നൽകുന്ന ആഹ്വാനം: "നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ. 5:48). ചാവറ ദൈവത്തെ സദാ തന്നോടുകൂടെ അനുഭവിച്ചതിന്റെ ഒരു പ്രകാശനമാണ് തന്റെ കവിതയിലൂടെ വെളിപ്പെടുത്തുന്നത്. ചാവറ പാടുന്നു:

"അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം."[6]

ഈശോയെക്കണ്ടു ധ്യാനിക്കുന്ന ചാവറ ദർശിക്കുന്നത്, അബ്രഹാം സ്വീകരിച്ച ദൈവിക പുരുഷന്മാരുടെ നാഥനെയാണ്. (ഉത്പ. 18:1 ff). ചാവറയുടെ വാക്കുകൾ:

"മുഖ്യനാം പിതാവായ അവ്റാഹം തന്റെ കേതം
മുഖ്യരെ കൈക്കൊണ്ടതാൻ, എത്രയോ സ്തുതിയോഗ്യം,
എന്നവരുടെ നാഥൻ താൻതന്നെയെഴുന്നള്ളി-
യിന്നവർതന്നെത്തള്ളിയെന്നതെത്രയോ ദുഃഖം."[7]

നാഥന്മാരുടെ നാഥനായ ഈശോ മനുഷ്യനായിത്തീർന്നത് മാനവരെയെല്ലാം ഉന്നതത്തിൽ എത്തിക്കുവാനാണ്. ഉന്നതന്റെ അവസ്ഥയായ പൂർണ്ണതയിൽ മനുഷ്യരും പങ്കുചേരണം. പിതാവിന്റെയും റൂഹായുടെയും മധ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ദിവ്യനാഥൻ മക്കളായ മാനവരെ ഉയർത്തുവാനായി ശൂന്യതയുടെ ആഴത്തിൽ എത്തിയ ദൃശ്യം ചാവറ വർണ്ണിക്കുന്നു:

"പിതാവു റൂഹാ തന്റെ നടുവിലെഴുന്നള്ളി
പ്രതാപമേറും സ്രാപ്പെ ക്രോവകൾ നവവൃന്ദം.
എപ്പൊഴും നിന്റെ തിരുമുൻപിലാരാധിക്കുന്നു
മുപ്പാരിലുള്ള ഭാഗ്യമൊക്കെയും നിന്റെ സൃഷ്ടി
ഭൂലോക മഹത്വവും ഭൂപതി നൃപന്മാരും
ഭൂമിയൊക്കെയും നിന്റെ നോട്ടത്താൽ ഭ്രമിക്കുന്നു
മാടമാളികാനഗർ ഗോപുര ഗൃഹങ്ങളും
നാടുകൾ സമസ്തവും നിന്നുടെയിഷ്ടംയഥാ
മക്കളാം മനുകുലം പൊയ്ക്കളഞ്ഞുള്ള ഭാഗ്യ
മൊക്കെയും വരുത്തുവാൻ നിൻതിരുമനസ്സിനാൽ
പൊക്കമേറുന്ന ഭാഗ്യമൊക്കെയും ത്യജിച്ചു നീ
പൊയ്ക്കളഞ്ഞരുത്തിനെ തേടുവാൻ മാട്ടിൻ കൊട്ടിൽ
വേസരി കാള രണ്ടുമൃഗത്തിൻ നടുവതിൽ
കേസരി യൂദാക്കുട്ടിയായി നീ പിറന്നയ്യൊ".[8]

അത്യുന്നതമായ ഒരു ദർശനമാണ് ചാവറ ഇവിടെ അവതരിപ്പിക്കുന്നത്. അതായത് പിതാവിന്റെയും റൂഹായുടെയും മധ്യത്തിൽ അത്യുന്നതങ്ങളിൽ വിരാജിക്കുന്നവൻ കോവർ കഴുതയുടെയും കാളയുടെയും മധ്യത്തിൽ വ്യാപരിക്കുന്ന രംഗം! സ്വർഗ്ഗസ്ഥനായ പിതാവു പൂർണ്ണനായിരിക്കുന്നതുപോലെ പൂർണ്ണരാകാൻ ആവശ്യപ്പെട്ടവൻ അത്യഗാധമായ ശൂന്യതയിൽ കിടക്കുന്നു. എന്നാൽ ഈശോയുടെ ആഴമായ വിനയം അത്യുന്നതന്റെ മഹത്ത്വത്തിലേയ്ക്കു നീങ്ങുമ്പോഴാണ് പൂർണ്ണതയിലെത്തുന്നത്. ഇതു ഗ്രഹിച്ച ചാവറ ആത്മാനുതാപത്തിന്റെ അത്യഗാധതയിൽ കിടന്നുകൊണ്ട് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പൂർണ്ണതയായ ദൈവത്തോടു സ്നേഹിതനോടെന്നവണ്ണം സംഭാഷിക്കുന്നു: "ആ! എന്റെ പ്രിയമുള്ള അപ്പാ! ഇതുതന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു നിന്റെ തൃപ്പാദത്തിങ്കൽ

അണവാൻ ശങ്കിക്കുന്നു. അതെന്തേ, ഈ വണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെപ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദിയെന്ത്? ശ്ലീഹായുടെ വചനത്തിൻ വണ്ണം ഉപവി ഇതാകുന്നു. ഇതായതു തമ്പുരാനെ നാം സ്നേഹിച്ചതുകൊണ്ടല്ല, പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത് "[9] (1 യോഹ. 4:10).

യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതിനെ ചാവറ തന്റെ ജീവിതത്തിൽ അനുഭവിക്കുന്ന മനോഹര രംഗമാണിവിടെയുള്ളത്. ചാവറയുടെ ജീവിതം മുഴുവനും അദ്ദേഹത്തിന്റെ കൃതികളിലൂടെ ആവിഷ്കൃതമാകുന്നത് നോക്കിയാൽ ദൈവസ്നേഹത്തിന്റെ സന്ദേശം സംവഹിക്കുകയും അതു പ്രദർശിപ്പിക്കുകയും ചെയ്തവൻ എന്ന നിലയിൽ ചാവറ ദൈവികാഹ്വാനത്തിനു പൂർണ്ണമായും (മത്താ. 5:48) പ്രത്യുത്തരമരുളിയ പ്രവാചകനാണ്. ചാവറയുടെ പ്രവാചകത്വം വെറും ഒരു ഭക്തിയുടെയോ ബാഹ്യമായ എന്തെങ്കിലും അത്ഭുതങ്ങളുടെയോ പരിധിയിൽപ്പെടുന്നതല്ല; മറിച്ച് മനുഷ്യാവതാരത്തിന്റെ ലക്ഷ്യമായ മാനവ ഏകീകരണത്തിന്റെയും ദൈവസാക്ഷാത്കാരത്തിന്റെയും വലിയ ഒരു സുവിശേഷമാണ്.

ചാവറ തനിക്കുവേണ്ടി മാത്രമല്ല ജീവിച്ചത്; മറിച്ച് ദൈവത്തിനും ദൈവജനത്തിനുമായിട്ടാണ്. ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും കത്തുകളിലും നിഴലിക്കുന്നത് മേല്പറഞ്ഞ ജീവിതത്തിന്റെ പ്രവാചകത്വ സാക്ഷ്യമാണ്. ചാവറയുടെ ധ്യാനം ഇപ്രകാരമാണ്: "നിന്റെ ദിവ്യഗുരുവായിരിക്കുന്ന ഈശൊമ്ശിഹായ്ക്കു പിൻചെല്ലുന്നതിനും തന്റെ ഭാവനായി സകലത്തിലും നടന്നു തന്റെ തിരുചൊര എന്നു മതിച്ചുകൂടാത്ത വെലയാൽ വാങ്ങിച്ചിരിക്കുന്ന നിന്റെ ആത്മത്തിനെയും ശെഷം കൂടപ്പിറപ്പുകളുടെ ആത്മാവുകളെയും തനിക്കു ചെർപ്പാനായി പാപത്തിൽ നിന്നൊഴിയുന്നതിനും മറ്റവരെ ഒഴിക്കുന്നതിനും പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റവരെക്കൊണ്ടു ചെയ്യിക്കുന്നതിനും അത്ര

ഈ അന്തസ്തിന്ന നിന്നെ താൻ വിളിച്ചു. എന്നാൽ ദൈവശുശ്രൂഷിയായ ആത്മാവെ! ഇതുവരെ നിന്റെ ദിവ്യ ഗുരുവിനെ അനുഗമിക്കുന്നതിനും തന്റെ മാതൃകയായി പുണ്യവഴിയിൽ നടക്കുന്നതിനും നിന്റെ ശക്തിക്കും കടത്തിനും തക്കവണ്ണം നീ പ്രയാസപ്പെട്ടിട്ടുണ്ടോ?"[10]

ദിവ്യഗുരു, മറ്റുള്ളവർ, താൻ എന്നീ മൂന്നു വശങ്ങളും ചാവറയെ ഗ്രസിച്ചിരുന്നുവെന്നതാണ് ധ്യാനസല്ലാപങ്ങളിലെ പ്രകരണം വ്യക്തമാക്കുന്നത്. ആത്മാനുതാപത്തിലൂടെ ചാവറ കാണുവാനാഗ്രഹിച്ച ഈശോ നാഥൻ, മാനവരാശിക്കുവേണ്ടി അന്വേഷിച്ചിറങ്ങിയ നല്ല ഇടയനാണ്:

"വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ
വേദനാഥൻതന്നെ കാണാകേണം.
നഷ്ടമായ്പോയോരജങ്ങളെത്തേടുന്ന
സൃഷ്ടി കർത്താവിനെ കാണാകേണം.
നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം."[11]

ഈശോയെ ദർശിക്കുന്ന ചാവറ അതേ ദർശനത്തിന്റെ വശ്യതയാൽ മനുഷ്യരെയും പ്രപഞ്ചമാസകലത്തെയും കണ്ടതുകൊണ്ടാണ് തന്റെ അനുയായികളിലൂടെ ദൈവരാജ്യം ഭൂമിയിൽ ഉറപ്പിക്കുന്നതിനായി ജീവിതം മുഴുവനും നീക്കി വച്ചത്. ചാവറ കത്തുകളിലൂടെ തന്റെ അനുയായികളെയും സഭാഗാത്രത്തെയും ആഹ്വാനം ചെയ്തതും ദൈവസ്നേഹത്തിന്റെ പ്രവാചകനെന്ന നിലയിലാണ്.[12] ചാവറയുടെ ജീവിതത്തെ ആകമാനം അപഗ്രഥിച്ചാൽ, ഈശോ എന്തിനായി മനുഷ്യനായി എന്നതിന്റെ സത്യം ഗ്രഹിച്ചവനായിരുന്നു ചാവറയെന്നു മനസ്സിലാക്കാം. ഈശോയെക്കുറിച്ച് വി. ശ്ലീഹാ പറയുന്നു: "അവൻ വഴി സകലത്തെയും തന്നോടു രമ്യപ്പെടുത്തുവാനും സ്വർഗ്ഗത്തിലും

ഭൂമിയിലുമുള്ള സകലത്തിലും അവൻ ചിന്തിയ രക്തം വഴി സമാധാനം നൽകുവാനും ദൈവം തിരുമനസ്സായി" (കൊളോ. 1:20). ദൈവിക പദ്ധതിയിൽ ചാവറ പൂർണ്ണമായി മുഴുകിയതുകൊണ്ടാണ് 10-ാം വയസ്സുമുതൽ 65-ാം വയസ്സുവരെ തന്റെ ജീവിതം മുഴുവനും ദൈവസ്നേഹത്തിനും പരസ്നേഹത്തിനുമായി നീക്കിവച്ചത്. പരിപൂർണ്ണ ദൈവസ്നേഹത്തിന്റെ പ്രവാചകനായ ചാവറ വളരെ നിഗൂഢമായ ഒരു സത്യം പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് ദൈവസ്നേഹത്തിൽ ഐക്യവും ദൈവരാജ്യ വികാസവും. ഈ രണ്ടു യാഥാർത്ഥ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ദാർശനികതയാണ് ചേതനാചേതന വസ്തുക്കളുടെ പരിണാമഗുപ്തി. മനുഷ്യാവതാരത്തിലൂടെ ദൈവത്തിലുണ്ടായിരുന്ന ഐക്യം പ്രാപഞ്ചിക വികാസത്തിനായി പരിണമിച്ചു തുടങ്ങി. ഈ പരിണാമ പ്രക്രിയയുടെ കേന്ദ്രമായി അമ്മനുവേലനുഭവത്തിൽ മനുഷ്യൻ നിലകൊള്ളുന്നു. ദൈവസ്നേഹമാണ് എല്ലാറ്റിനെയും കൂട്ടിയിണക്കുന്ന ഊർജ്ജസ്രോതസ്സ്. സ്നേഹത്തിന്റെ ശക്തി അസ്തിത്വാത്മകമായ രീതിയിൽ എല്ലാ പദാർത്ഥങ്ങളുടെയും ഉള്ളിലും മാനസിക പരിണാമസാധ്യതയായി മനുഷ്യനിലുമുണ്ട്. സ്നേഹം നഷ്ടപ്പെടുത്തിയ ഈശോ സ്നേഹത്താൽ പിതാവിനോട് ഐക്യപ്പെട്ടുകൊണ്ടുതന്നെ ദൃശ്യമായ എല്ലാറ്റിനോടും ഒന്നുചേർന്നു; ലയിച്ചു. ഈ ലയനത്തിലാണ് ഈശോ സകലത്തെയും തന്നോടു രമ്യപ്പെടുത്തിയത് (കൊളോ. 1:20). ഈ സ്നേഹത്തെ ചാവറ ദർശിച്ചത് തന്റെ ഹൃദയ സ്നേഹത്തിലൂടെയാണ്. പുഴുവെന്നു സ്വയം വിശേഷിപ്പിച്ച ചാവറ അതേസമയം തന്നെ 'അമ്മനുവേല' നുഭവസ്ഥനായിരുന്നു. കാരണം മാംസത്തിലൂടെ പുഴു സദൃശ്യനായിത്തീർന്ന ദൈവം (ഫിലി. 2:6-7) പഞ്ചഭൂത ഘടകങ്ങളിലുള്ള ദൈവസ്നേഹത്തെയും സ്വാംശീകരിച്ചു. അതുകൊണ്ടവിടുത്തെ ശരീര രക്തങ്ങളിൽ ദിവ്യകാരുണ്യരൂപത്തിൽ ലോകാവസാനം വരെ സന്നിഹിതനാകുന്നു. ആ ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ധ്യാന നിർലീനനായി ദൈവത്തിൽ ലയിച്ചിരുന്ന ചാവറ സഹജർക്കുവേണ്ടി ജീവിത

കാലം മുഴുവൻ തന്റെ ശാരീരികവും മാനസികവും ചേതനാത്മകവുമായ ഊർജ്ജം നീക്കിവച്ച് സ്നേഹത്തെ ഇല്ലാതാക്കിയതുവഴി ദൈവസ്നേഹത്തിൽ പൂർണ്ണ വിലയനം കൊണ്ടു. ഇനിയും മനുഷ്യർ ചെന്നെത്തേണ്ട വലിയ ഒരു സത്യമാണ് ചാവറ തന്റെ ജീവിത സാക്ഷ്യത്തിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത്. അതായത് ദൈവസ്നേഹത്തിന്റെ മനുഷ്യാവതാരം പ്രാപഞ്ചിക സ്നേഹത്തിന്റെ ദൈവാവതാരത്തിനു വേണ്ടി എന്നത്. ഈശോയിൽ സാക്ഷാത്കരിക്കപ്പെട്ടതു മനുഷ്യരിലൂടെ സാക്ഷാത്കരിക്കപ്പെടുമ്പോൾ പ്രപഞ്ചം മുഴുവനെയും സ്നേഹവലയത്തിലെത്തിക്കണം. ഈ യാഥാർത്ഥ്യങ്ങളെക്കുറിച്ചു "പ്രോസ്സസ് ദൈവവിജ്ഞാനീയത്തിലും" ഷർദാന്റെ 'ദൈവമേഖല'യിലുമെല്ലാം വിവരിക്കുന്നുണ്ട്.[13]

ചാവറ തന്റെ ദൈവാനുഭവത്തെയല്ലെ താഴെ വരുന്ന പാദങ്ങളിലൂടെ അവതരിപ്പിക്കുന്നത്:

"മമ പിതാവുനീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേമറ്റെന്തു ഗുണംനാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനംനീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.
ജ്ഞാനത്തിൻ തോയത്തിങ്കൽ; നീയെന്റെ ദൈവമെന്നും
അജ്ഞാനമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൻ ശത്രുവായ നരകപ്പിശാചിനെ
സുജ്ഞാനത്താലെ ത്യജിച്ചവന്റെ ഘോഷങ്ങളും
വിശ്വാസംനിന്റെ നേരെവച്ചു ഞാൻ സത്യം ചെയ്തു.
വിശ്വാസത്തിന്നു സാക്ഷിയെന്നുടെ പിതൃക്കളും

അന്നേരം മമ ദേഹിക്കുണ്ടായ ഗുണ വെണ്മ
നേരായിക്കാട്ടീടുവാനുടുത്തേൻ വെള്ളവസ്ത്രം.
നൽഗുണ വൃത്തികളാൽ കാണുന്നജനങ്ങൾക്കു-
മെൻഗുണം കാട്ടീടുവാൻ കത്തിച്ചുതന്ന പന്തം."[14]

ശരീരം വഴി പ്രപഞ്ചത്തോടും ചേതനവഴി ദൈവത്തോടും ബന്ധപ്പെടുവാനുള്ള പ്രവാചക ദൗത്യമാണു മനുഷ്യനുള്ളത്. മനുഷ്യൻ ഈ ദൗത്യം നിർവ്വഹിക്കുന്നതിന് ബുദ്ധി, മനസ്സ്, ഓർമ്മ, ഭാവന, സങ്കല്പം, വികാരങ്ങൾ തുടങ്ങിയ കഴിവുകളെ ഉത്തരവാദിത്ത്വപൂർണ്ണമാക്കണം. അതിനാണ് വിശ്വാസം ലഭിക്കുന്നത്. വിശ്വാസം പ്രവൃത്തിപരമാക്കിക്കൊണ്ട് ശരീരത്തെ പ്രപഞ്ചത്തോടൊപ്പം രൂപാന്തരപ്പെടുത്തുന്നതിന് മനസ്സാക്ഷി രൂപവത്ക്കരണവും അതിനനുസരിച്ചുള്ള ദൈവസ്നേഹത്തിന്റെ വികാസവും വൈകാരിക, ഇന്ദ്രിയ തലങ്ങളിലേക്കു വികസിക്കണം. ഈ വികാസമാണ് പരിപൂർണ്ണ ദൈവസ്നേഹത്തിന്റെ പ്രവാചകത്വം. റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി ജീവിച്ച ചാവറയിൽ ദൈവസ്നേഹത്തിന്റെ സാക്ഷാത്കാരം നടന്നു.

14:2 ഉന്നത ധാർമ്മികത

"ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാമായിരുന്നപ്പോൾ ഈ വണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ, സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്വാൻ തനിക്ക് വശമുണ്ടാമൊ?"[15]

ചാവറ ദൈവത്തിൽ ദർശിക്കുന്നതു ശത്രുസ്നേഹത്തിന്റെ മഹനീയ സത്യമാണ്. പരിമിതരും പാപികളുമായിരിക്കുന്നവരെയാണു ദൈവം സ്നേഹിക്കുന്നതെന്ന അനുഭവം ചാവറയിൽ കുടികൊണ്ടു. ഈശോ അരുളിച്ചെയ്യുന്നു: "നീതിമാന്മാരെയല്ല പാപികളെ അന്വേഷിച്ചാണു ഞാൻ വന്നിരിക്കുന്നത്" (മത്താ. 9:13). ഈശോ മനുഷ്യനായതു

മനുഷ്യരുടെ അവസ്ഥയിൽനിന്ന് അവരെ വളർത്തുവാനാണ്. അതിനുള്ള ഏറ്റവും ശ്രേഷ്ഠമായ ആദർശം ശത്രുസ്നേഹമാണ്. ഈശോ പറയുന്നു: "മിത്രങ്ങളെ സ്നേഹിക്കുക ശത്രുക്കളെ വെറുക്കുക" (ലേവ്യർ 19:18) എന്ന ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: "ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അപ്പോൾ നിങ്ങൾ സ്വർഗ്ഗീയ പിതാവിന്റെ മക്കളായിത്തീരും" (മത്താ. 5 : 43-45).

ശത്രുസ്നേഹം മാംസം ധരിച്ചതിന്റെ ഒരു സംഭവമാണു ചാവറ. ചാവറയച്ചന്റെ ജീവിതം തന്നെ ദൈവപിതാവു കാരുണ്യവാനായിരിക്കുന്നതുപോലെ കാരുണ്യത്തിന്റേതായ ഒന്നായിരുന്നു (ലൂക്കാ. 6:36). ചാവറയുടെ ആധ്യാത്മികതയിൽ ശത്രുസ്നേഹത്തിനുണ്ടായിരുന്ന അതുല്യ സ്ഥാനമാണ് മരണപത്രികയിൽ ഇപ്രകാരം കുറിക്കുവാനിടവന്നത്: "മാന്നാനത്തു കൊവേന്തക്കാരു മുട്ടുചിറ ഇടവകയിൽ മാഞ്ഞൂരു കളപ്പുരയ്ക്കൽ മാത്തൻ എന്ന ആളിന്റെ തടവാട്ടിനു കഴിയുന്ന ഉപകാരം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാകും" (യോഹ. 13:34)[16]. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ എന്ന ഈശോയുടെ ആഹ്വാനമാണ് ചാവറ ഇവിടെ സൂചിപ്പിച്ചത്. അതും ശത്രുക്കളായിരുന്നവരെ സ്നേഹിച്ച കാരുണ്യാതിരേകം. ചാവറയെയും മറ്റും ദ്രോഹിച്ച ഒരാളെ സ്നേഹിക്കുവാൻ മരണശാസനത്തിൽ എഴുതിവച്ചിരുന്നത് ഒരു വിധത്തിൽ സുവിശേഷത്തിലെ മിശിഹാനുഗമനത്തിന്റെ കൂദാശ എന്നു പറയാം.

ചാവറയച്ചന് എതിരായി കള്ളക്കേസ് കൊടുത്ത് അദ്ദേഹത്തെ വിസ്തരിച്ചുവെങ്കിലും അതെല്ലാം കോടതിയിൽ കള്ളമെന്ന് തെളിഞ്ഞു. എന്നിട്ടും ചാവറ ആ മനുഷ്യനെ ശത്രുവായി കാണാതെ സ്വീകരിച്ചത് ദൈവച്ഛായയിൽനിന്നും ദൈവസാദൃശ്യത്തിലേക്കു വളർന്ന സംഭവമാണ്.

ആളുകൾ അവരുടെ ലൗകിക വീക്ഷണത്താൽ സത്യം ഗ്രഹിക്കാതെ പ്രശ്നങ്ങൾ ഉണ്ടാക്കുക എന്നത് എവിടെയും വ്യക്തമാണ്. അങ്ങനെയൊരു സംഭവത്തിൽ കൊവേന്തയ്ക്കെതിരായിത്തീർന്ന ഒരു വാലിഭക്കാരനെ ചാവറ രോഗാവസ്ഥയിൽ ചെന്നു കണ്ടു. ശത്രുവെന്നു കണ്ടു തള്ളാമായിരുന്നെങ്കിലും മിത്രമായിക്കണ്ടു രമ്യപ്പെട്ടു. എലിസേവൂസച്ചൻ എഴുതുന്നു: "വാലിഭക്കാരനെ കൊവേന്തയിൽനിന്നു നീക്കിക്കളയുകയാൽ വലിയ പരിഭവമായിരുന്നതിനാലും മൂത്തചെറുക്കൻ എല്ലാവരും കൈയ്യൊഴിഞ്ഞ് മരണപ്രമാദത്തിലിരിക്കയാലും ആലപ്പുഴയ്ക്കു പോകുന്നവഴിയിൽ അവിടെ കേറി. നേരറിഞ്ഞതിനാൽ അവർ പൊറുതിയപേക്ഷിച്ചു സ്നേഹമായി. ചെറുക്കന്റെ ദീനത്തിനു പ്രത്യക്ഷംപോലെ ആശ്വാസം കാണുകയും ചെയ്തു".[17]

അറ്റകുറ്റങ്ങളെയും കുറച്ചിലുകളെയും ക്ഷമിക്കുവാൻ ചാവറ ഉപദേശിക്കുന്നു. അതുവഴി ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും അനുഭവിക്കുമെന്ന് അദ്ദേഹം അറിയിക്കുന്നു. സുവിശേഷം ഉദ്ധരിച്ചുകൊണ്ട് ചാവറ എഴുതുന്നു: "ഭിന്നിക്കപ്പെട്ട രാജ്യം നിലനില്പാൻ പാടില്ലെന്നു നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാടു വേഗത്തിൽ നാശമായിപ്പോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷം പേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരുപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും തമ്മിൽത്തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും ചെയ്യുന്നതിൽ അധികം നീ എന്തുചെയ്യുന്നു?" (മത്താ. 5:20-43)[18].

ചാവറയച്ചൻ നടത്തിയിരുന്ന ധ്യാനങ്ങളിലെല്ലാം തന്റെ അനുതാപജന്യമായ ഹൃദയം ധൂർത്ത പുത്രനു സമം ഈശോയുടെ മുമ്പിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ പ്രാർത്ഥനാമുറിയിലോ കപ്പേളയിലോ

മാത്രം ഒതുങ്ങി നിന്നിരുന്ന ഒരനുതാപമല്ലായിരുന്നു ചാവറയുടേത്. മറിച്ച് എലിസേവൂസച്ചൻ വിവരിച്ചിരിക്കുന്നത് ശത്രുസ്നേഹത്താൽ പ്രശോഭിതമാകുന്ന ഒന്നായിരുന്നു ചാവറയുടെ അധ്യാത്മികത എന്നതാണ്: "തൊണ്ടനാട്ടു അന്തോണിയച്ചൻ പള്ളിയിൽനിന്നു തള്ളപ്പെടുകയാൽ ദീനാവസരത്തിൽ അനുതപിച്ചു ചേരുന്നതിനുറച്ചു. വിവരത്തിനു പ്രിയോരച്ചനെഴുതി അനുവാദപ്രകാരം കൊച്ചിയിൽച്ചെന്നു പ്രിയോരച്ചനെ കണ്ടു. മെത്രാപ്പോലീത്താച്ചൻ തിരുസിംഹാസനത്തിലേക്കെഴുതി കല്പന വരുന്നതുവരെയും മാന്നാനത്തു കൊവേന്തയിൽ പാർത്തു ധ്യാനിക്കണമെന്നു ശരണത്തിന്റെയും തുണയുടെയും കടലാസു പ്രിയോരച്ചൻ കൊടുത്തയച്ചു. തദനുസരണം മാന്നാനത്ത് വന്നു സ്വീകരിക്കപ്പെട്ടു".[19]

എതിരായി നിന്ന ഒരാളെ മാന്നാനം ആശ്രമത്തിൽ താമസിപ്പിച്ചാലുണ്ടാകുന്ന അസൗകര്യങ്ങളല്ല ചാവറ ചിന്തിച്ചത്, മറിച്ച് ശത്രുസ്നേഹം. ഇവിടെയെല്ലാം കാണുന്ന സത്യം ചാവറ തന്റെ ശാരീരിക വൈകാരിക തലങ്ങളെയും ചാച്ചിലുകളെയുംകാൾ തന്നോടുകൂടെയുള്ള ദൈവാത്മാവിന്റെ പ്രേരണകളെ അനുധാവനം ചെയ്തു എന്നതാണ്.

സഭാതലത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ച റോക്കോസ് മെത്രാനെ കൊച്ചിയിൽ ചെന്നുകണ്ട് അനുരഞ്ജനത്തിന്റെ മാർഗ്ഗം ആരാഞ്ഞു. പലവട്ടം നടത്തിയ അനുരഞ്ജനത്തിന്റെ ഫലമായി ചാവറ തന്നെ റോക്കോസ് മെത്രാനെ കപ്പൽകയറ്റി അയക്കുന്നതിനു സഹായിച്ചു. യാത്രയ്ക്കുള്ള ചെലവും കൊടുത്തു. വലിയ പ്രശ്നത്തിലും ചാവറയുടെ ശത്രുസ്നേഹം ചിറകുവിരിച്ചു പറന്നു.

ശത്രുസ്നേഹത്തെ ചാവറ സ്വായത്തമാക്കിയത് അദ്ദേഹത്തിനുണ്ടായ ആത്മാനുതാപത്തിന്റെ പ്രായോഗികതയാണ്. ആത്മാനുതാപമെന്നത് മാനുഷിക പരിമിതിയിൽ ജഡിക സ്നേഹത്തിന്റെ

കെടുതികളെ ദൈവസ്നേഹത്തിന്റെ നിവേശനത്താൽ രൂപാന്തരപ്പെടുത്തിയെടുക്കുന്ന മാനസികാവസ്ഥയാണ്. ഈ അവസ്ഥയിൽ ബുദ്ധി ഉൾക്കാഴ്ചയ്ക്കും മനസ്സു മനസ്സാക്ഷിക്കും വികാരങ്ങൾ സംസർഗ്ഗത്തിനും വഴങ്ങുന്നതാണ്. ഒന്നിനും ഉപകരിക്കാത്ത ജഡിക സ്നേഹം (യോഹ. 6:63) എല്ലാറ്റിനും ഉപകരിക്കുന്ന ശത്രുസ്നേഹമായി മാറുന്നു. ഇതു ചാവറയിൽ നടന്ന വലിയ ഒരു പരിണാമപ്രക്രിയയാണ്. അതായത് ജഡിക വൈകാരിക സ്നേഹതലമായ ദൈവച്ഛായയിൽനിന്നും ദൈവസ്നേഹതലമായ ദൈവസാദൃശൃത്തിലേക്കുള്ള വളർച്ച. ഈ വളർച്ച പരോന്മുഖമായ സ്നേഹവുമാണ്.

14:3 തൊഴിലാളികളുടെ പക്ഷം

"വേലക്കാർക്കു ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ താമസിപ്പിക്കയൊ ചെയ്യരുത്. എന്തെന്നാൽ ഇതു ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ട. എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായും നിന്നോടു പകരം ചോദിക്കും."[20]

പാരിസ്ഥിതിക ആധ്യാത്മികതയും മനുഷ്യകേന്ദ്രീകൃതമായ ദൈവവിജ്ഞാനീയവുമെല്ലാം അധ്വാനിക്കുന്നവരോടുള്ള ചാവറയുടെ സ്നേഹത്തിൽ അന്തർലീനമാണ്. ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചു എന്ന എബ്രായ വിശ്വാസത്തിന്റെ പശ്ചാത്തലത്തിലൂടെയും മനുഷ്യാവതാരത്തിലൂടെ പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളെ സ്വാംശീകരിച്ച ദൈവപുത്രന്റെ ജീവിതത്തിലൂടെയും പാരിസ്ഥിതികവും മാനുഷികവുമായ ദൈവിക മേഖലയെ സമന്വയിപ്പിക്കുന്ന പ്രക്രിയയാണ് വേലയെടുക്കുക .എന്നത്. വേലക്കാർ കൂലിക്കർഹരാണെന്നതു പ്രകൃതി നിയമത്തിൽപ്പെടുന്നതാണ്. കൃഷിചെയ്യുന്നവൻ ജൈവ മേഖലയെ സജീവമാക്കുന്നു. ഈ സജീവത്വമാണു വേലയുടെ ഫലം. എന്നാൽ ഉടമ വേല ചെയ്യിക്കുകയും തൊഴിലാളികൾ അധ്വാനിക്കുകയും ചെയ്യുമ്പോൾ ജൈവീകരണത്തിന്റെ ഫലത്തിൽ അവർ

പങ്കുചേരുന്നതിന്റെ അംശമാണ് ന്യായമായ കൂലി. ഈ കൂലിക്കു രണ്ടു വശങ്ങളുണ്ട്. ഒന്ന് അനുദിന ജീവിതത്തിനാവശ്യമായ സമ്പത്ത് ലഭിക്കുക എന്നത്. രണ്ടാമത്തേത് ശാരീരിക അധ്വാനം വഴി മാനസിക പരിണാമവും ആധ്യാത്മിക ഉന്നമനവും ലഭിക്കുക എന്നത്.

വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയും അത് താമസിപ്പിക്കുകയും ചെയ്യുന്നത് ദൈവതിരുമുമ്പിൽ നിലവിളിക്കുന്ന പാപമെന്നു ചാവറ പറയുമ്പോൾ ദൈവം, നീതി, പാപം എന്നീ മൂന്നു കാര്യങ്ങളാണിവിടെ വരുന്നത്.

ദൈവം എന്നത് ഹോറീബ് മലയിൽവച്ചു മൂശെക്കു ലഭിച്ച അനുഭവമനുസരിച്ച് 'ആഹിയാഹ് ആശാറാഹ് യാഹ്' (പുറ. 3:14) ആണ്. ആയിരിക്കുന്നവനും ആക്കിത്തീർക്കുന്നവനും. ആക്കിത്തീർക്കുന്നവനായ ദൈവം ആക്കിത്തീർക്കുന്നവരിൽനിന്നു പ്രതീക്ഷിക്കുന്നത് നീതിയാണ്. നീതിയെന്നത് ആത്യന്തികമായി വിശുദ്ധിയെന്നാണ് ദൈവപുത്രനായ ഈശോമിശിഹാ വെളിപ്പെടുത്തിയിരിക്കുന്നത്. ഈശോയുടെ വാക്കുകൾ: "നിങ്ങളുടെ നീതിനിഷ്ഠ നിയമജ്ഞരുടെയും പ്രീശരുടെതിനെയുംകാൾ ഉത്കൃഷ്ടമല്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 5:20). നീതിനിഷ്ഠയും സ്വർഗ്ഗരാജ്യാനുഭവവും തമ്മിലുള്ള ബന്ധം നീതിയും വിശുദ്ധിയും തുല്യമെന്നതാണ് കാണിക്കുന്നത്. കാരണം വിശുദ്ധി ദൈവസഹജമായതാണ്. സ്വർഗ്ഗരാജ്യാനുഭവവും ദൈവാനുഭവവും അങ്ങനെ പരിശുദ്ധിയുടെ അവസ്ഥയിലുള്ള പങ്കാളിത്തവുമാണ്. ഉത്കൃഷ്ടമായ നീതിനിഷ്ഠ പരിശുദ്ധിയുടെ അവസ്ഥയിൽനിന്നുള്ള പ്രകാശനമാണ്.

നീതിയെന്നത് ധാർമ്മിക വീക്ഷണത്തിൽ ഓരോരുത്തർക്കും അർഹമായത് നൽകുക എന്നതാണ്. എന്നാൽ ആധ്യാത്മികമായി അത് സ്നേഹത്തിന്റെ ശുശ്രൂഷയാണ്. ജോലി ചെയ്യിക്കുന്നവൻ സ്നേഹത്തിന്റെ ശുശ്രൂഷയിലൂടെ അതു നിർവ്വഹിക്കുമ്പോൾ തന്നെപ്പോലെ

തന്റെ അയൽക്കാരനെ സ്നേഹിക്കുകയും അതുവഴി കാണപ്പെടാത്ത ദൈവത്തിൽ 'ആഹിയാഹ് ആശാറാഹ് യാഹിൽ' വിലയനം കൊള്ളുകയും ചെയ്യുന്നു. അധ്വാനിക്കുന്നവർ സമ്പത്തിനർഹരായിരിക്കുന്നതു പോലെ ജോലിയിലൂടെ ദൈവിക കല്പന പാലിച്ചുകൊണ്ട് (ഉത്പ. 3:17) ഒരേ സമയം പാരിസ്ഥിതിക വിശുദ്ധി നിലനിർത്തുകയും തന്നെപ്പോലെ തന്റെ നാഥന്മാരെ ശുശ്രൂഷിക്കുകയും ചെയ്യുന്നതുവഴി അദൃശ്യനായ 'ആഹിയാഹ് ആശാറാഹ് യാഹി'നെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. ഇവിടെ വേലക്കാരുടെ ഭാഗത്തുള്ള നീതിനിഷ്ഠയ്ക്കു പ്രപഞ്ചത്തോടും ദൈവത്തോടും സംവിധായകരോടും (മുതലാളിമാർ) തന്നോടുതന്നെയും വിശുദ്ധിയുടെ ബന്ധം ഉണ്ടാകുന്നു. എന്നാൽ ഈ അവസ്ഥയ്ക്ക് അവസരം കൊടുക്കുന്നില്ലെങ്കിൽ അതും പാപമാകുന്നു.

വേലക്കാർക്കു ന്യായമായ കൂലി കൊടുക്കുന്നതും അത് ഉടനെ തന്നെ ചെയ്യുന്നതും പരിശുദ്ധിയാണ്, നീതിയുടെ നിർവ്വഹണമാണ്. മറിച്ചു സംഭവിച്ചാൽ അതു ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാണ്. ഈ പാപത്തിന്റെ ആധിക്യമാണ് മനുഷ്യരുടെ ഇടയിൽ നിരവധി വിനകൾ വരുത്തിവയ്ക്കുന്ന അവസ്ഥ. ഇതിനു പരിഹാരമായി കാൾമാർക്സും, എങ്കൽസും, ലെനിനും, സ്റ്റാലിനുമെല്ലാം വർഗ്ഗ സമരങ്ങൾ പ്രഖ്യാപിച്ചെങ്കിലും ഇന്നും തൊഴിലാളികൾക്ക് ന്യായമായ കൂലി കിട്ടുന്നില്ല, അതു താമസിപ്പിക്കുകയും ചെയ്യുന്നു. ഇതു സാമൂഹിക പരിഷ്ക്കർത്താക്കളുടെ മാത്രം വീഴ്ചയല്ല, മറിച്ച് മതങ്ങളുടെ തലത്തിലും വീഴ്ചയായി നില്ക്കുന്നു. ഈ വീഴ്ചയ്ക്ക് ആത്യന്തിക പരിഹാരം നൽകിയ ഏകാന്ത വിശിഷ്ടനായ ആളാണ് ഈശോ മിശിഹാ. അതുകൊണ്ടാണ് ഈശോ 'ആകുന്നവൻ' എന്നു വെളിപ്പെടുത്തപ്പെട്ടത് (യോഹ. 8:24,28). ആകുന്നവൻ - 'യാഹ്വേ' (പുറ. 3:14) എങ്കിൽ ഈശോയും 'ആകുന്നവൻ' (യോഹ. 18:24,28) തന്നെ. അതുകൊണ്ടാണ് മാർതോമ്മാശ്ലീഹാ ഉത്ഥിതനായ ഈശോയെ കണ്ടു പ്രഖ്യാപിച്ചത് 'മാർവാലാഹ്', എന്റെ കർത്താവും എന്റെ ദൈവവുമെന്ന് (യോഹ. 20:28). സാമൂഹിക പരിഷ്ക്കർത്താവ് എന്ന നിലയിൽ ഈശോ

ആരാണെന്ന് യോഹന്നാൻ വഴി പറയുന്നു: "ഞാൻ ആലപ്പുംതാവും" ആകുന്നു - ആദിയും അന്ത്യവുമാകുന്നു" (വെളി. 22:13).

ലോകത്തിന്റെ പാപം നീക്കുന്നവനായി വന്ന ഈശോ (യോഹ. 1:29) തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിച്ചുകൊണ്ട് (യോഹ. 15:13; 19:34) മാനവരാശിയെ ശുശ്രൂഷിച്ച ഏറ്റവും വലിയ തൊഴിലാളിയായിരുന്നു (മത്താ. 20:25). വിയർപ്പു മാത്രമല്ല രക്തം വരെ ചിന്തിക്കൊണ്ടാണ് ഈശോ മാനവരാശിയെ, പ്രപഞ്ചത്തെ സ്നേഹിച്ചത്. ഈ സ്നേഹത്തിന്റെ ആധ്യാത്മികതയാണ് ലളിതമായ ചുരുങ്ങിയ ശൈലിയിലൂടെ ചാവറ പ്രഖ്യാപിച്ചത്: "വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്താൽ അതു ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപമാകുമെന്ന്".[21]

ചാവറ തന്റെ മരണശാസനത്തിലൂടെ അനുയായികൾക്കു കൈമാറിയ സന്ദേശം വളരെ ഉത്കൃഷ്ടമായ വിശ്വാസത്തിന്റെ പൈതൃകമാണ്. സാർവ്വത്രിക തലത്തിൽ ഇന്നും വലിയ പ്രശ്നമായി അവശേഷിക്കുന്ന മുതലാളി തൊഴിലാളി സംഘട്ടനത്തിനുള്ള പ്രതിവിധിയാണ്; ഈശോ കൈമാറിയ ആദർശത്തിന്റെ അനുസ്മരണമാണ്; ദൈവരാജ്യം - പരിശുദ്ധി - സ്നേഹസാമ്രാജ്യം - നീതി ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥയുമാണ്. സാമൂഹിക തലത്തിലുള്ള സന്തുലിതാവസ്ഥ ഉന്നം വയ്ക്കുന്ന ചാവറ ഗാർഹിക സഭയായ കുടുംബത്തിലേക്കു തിരിയുന്നു.

14:4 കുടുംബക്രമം

"ഒന്നിന്നും പിടിയാത്തൊരു മാതൃവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായോരിയാൾകാക്കും.
കരുണാകരനായ സർവ്വേശ്വരാ!
കരകാണാത്ത കൃപയിൻ ദൈവമേ,

കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായ് സ്മരിച്ചു രക്ഷിച്ചല്ലോ."[22]

ചാവറ, കുടുംബത്തിന്റെ വഴികാട്ടി എന്നു വിശേഷിപ്പിക്കുന്നത് മൂന്നു കാരണങ്ങളാലാണ്. ഒന്നാമത്തേത്, കുടുംബത്തെ സംരക്ഷിക്കുന്നത് ദൈവമെന്ന വിശ്വാസം ചാവറ സ്വാനുഭവത്തിലൂടെ പ്രഖ്യാപിക്കുന്നു. രണ്ടാമത്തേത്, മാതാപിതാക്കൾ കുടുംബത്തിന് ദൈവം നൽകുന്ന ദാനമെന്ന് അദ്ദേഹം വിശ്വസിച്ചു. മൂന്നാമത്തെ കാരണം കുടുംബമാണ് മനുഷ്യവ്യക്തിത്വത്തിന്റെ അടിസ്ഥാനമെന്നു ചാവറ സാക്ഷ്യം നൽകുന്നു.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളിൽ ഒന്നാമത്തേതിനെക്കുറിച്ചു ചാവറ പറയുന്നത് ആത്മാനുതാപത്തിലുണ്ട്:

"കാരുണ്യമോടെയക്കാലമെന്നെ നീ
കരുതിനന്നായ് സ്മരിച്ചുരക്ഷിച്ചല്ലോ."[23]

ഇപ്രകാരമൊരു വിശ്വാസം ചാവറയ്ക്കു ലഭിച്ചത് മാതാപിതാക്കളിലൂടെയാണ്. ചാവറ പാടുന്നു:

"വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ." [24]

ചാവറ ഇവിടെ വിവരിക്കുന്ന ദൈവത്തോടുള്ള ബന്ധം മാമ്മോദീസായിലൂടെ ലഭിക്കുന്ന വിശ്വാസം മാതാപിതാക്കൾ തങ്ങളുടെ വിശ്വാസത്തിലൂടെ കാണിച്ചുകൊടുത്തു എന്നതാണ്. അതായത് കുടുംബത്തിന്റെ കെട്ടുറപ്പായ വൈവാഹിക ഐക്യം ദൈവത്തിന്റെ പ്രവർത്തിയായിട്ടാണ് വി. ഗ്രന്ഥം പറയുന്നത്: "ദൈവം യോജിപ്പിച്ചത് മനുഷ്യർ വേർപെടുത്താതിരിക്കട്ടെ" (മത്താ. 19:6). വൈവാഹിക ജീവിതത്തിന്റെ വേദിയാണ് കുടുംബജീവിതം. അതും ദൈവമനുഗ്രഹിച്ച് കരുണ കാണിച്ച

സമൂഹം. ഇവിടെ ദൈവസ്നേഹത്തിന്റെ കൗദാശികപശ്ചാത്തലത്തിലാണ് മനുഷ്യജീവൻ രൂപപ്പെടുന്നത്. ഈ സത്യം അനുഭവിച്ചറിഞ്ഞ ചാവറ ദൈവത്തെയാണ് അവിടെ അവതരിപ്പിക്കുന്നത്; അതും കാരുണ്യം കാണിച്ചവനെന്ന നിലയിൽ.

രണ്ടാമത്തെ കാരണം മാതാപിതാക്കൾ തന്നെ ദൈവം നൽകുന്ന ദാനമെന്നു ചാവറ അനുഭവിച്ചറിഞ്ഞു. "വിശ്വാസികളാം കാരണവന്മാർ" എന്ന പ്രയോഗത്തിൽ നിന്നുമാണ് മാതാപിതാക്കൾ ദൈവത്തിന്റെ ദാനമെന്നു പറയുന്നത്. വിശ്വാസികൾ എന്നു പറഞ്ഞാൽ സുവിശേഷത്തിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ച് (മർക്കോ. 16:16) ഈശോയിലൂടെ ദൈവപിതാവിനു പ്രതിഷ്ഠിതർ എന്നർത്ഥം. ദൈവത്തിനു പ്രതിഷ്ഠിതരായവരെന്ന നിലയിലാണ് ചാവറ മാതാപിതാക്കളെ കാണുന്നത്. അതുകൊണ്ട് ദൈവമാണ് അവരെ ചാവറയ്ക്ക് നൽകിയതെന്ന വലിയ രഹസ്യം ചാവറ അറിയിക്കുന്നു.

മൂന്നാമത്തെ കാരണം ചാവറ കുടുംബത്തെ മനുഷ്യ വ്യക്തിത്തിന്റെ അടിത്തറയായി ഏറ്റു പറയുന്നു എന്നതാണ്. ഭൂമുഖത്തു ജനിക്കുന്നവരെല്ലാം ഏതെങ്കിലും ഒരു കുടുംബത്തിലൂടെ കടന്നുവരുന്നവരാണ്. അമലോത്ഭവയായ മാതാവും നീതിമാനായ യൗസേപ്പു അമ്മനുവേലായ ഈശോയുമെല്ലാം അപ്രകാരം തന്നെ. ചാവറ തന്റെ ജീവിതത്തെ അതിന്റെ പരിപാവനതയിൽ കാത്തു സൂക്ഷിച്ചത് വിശ്വാസികളായ മാതാപിതാക്കളിൽനിന്നും ജന്മം സ്വീകരിച്ചതുകൊണ്ടും അവരിൽനിന്നും ലഭിച്ച വിശ്വാസപരിശീലനം കൊണ്ടും എന്ന് വിശ്വസിച്ചിരുന്നു. എത്ര ആഴമായ ബോധ്യത്തോടെയാണ് ചാവറ പാടുന്നത്:

"ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവംതന്നു മാനുഷജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്."[25]

ചാവറ ദൈവാത്മാവിൽ, തന്റെ ജീവിതം മാമ്മോദീസാ ചൈതന്യത്തിൽ ജീവിച്ചത് കുടുംബത്തിൽ തുടങ്ങിയ ഭക്തജീവിതത്താലാണെന്ന് ഉറപ്പായി വിശ്വസിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.[25] ലൗകിക നേട്ടങ്ങളും ഭൗതികാനന്ദങ്ങളും എല്ലാം പോയി മറയുന്നുവെന്ന് ചാവറ ചിന്തിക്കുന്നു. ചാവറയച്ചൻ കുടുംബത്തിൽനിന്നും നേടിയിട്ടുള്ള അനശ്വരമായ മൂല്യങ്ങളെ ഓർത്ത് കോടീശ്വരനായ ഒരു കുടുംബനാഥന്റെ അനുഭവം പറയുന്നു:

"ഇന്നിപ്പോൾ ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചു സേവിക്കുന്നു
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനു
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ട്
വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നിടുന്നു
പാക്കു വെറ്റിലകളാൽ ചുവക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോർക്കു
സുന്ദരന്മാരായിടും പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞോരനന്തരം
ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറതും കണ്ടു സൂക്ഷിക്കും ബഹുജനം
'ഓഹോയീദേഹമേതെന്നാ ശങ്കതോന്നുന്നല്ലൊ?
ആഹാ, ഹാ, സർവ്വേശ്വരായീയാൾക്കിതെന്തുവന്നു?'"[26]

മിക്ക കുടുംബങ്ങളിലും സംഭവിക്കുന്ന ലൗകായതികത്വത്തെയും അധഃപതനത്തെയും മനോഹരമായിട്ടാണ് ചാവറയച്ചൻ ഇവിടെ അവതരിപ്പിക്കുന്നത്. ആധുനിക ലോകത്തിലെ കുടുംബങ്ങളുടെ ശിഥിലീകരണത്തെ 1860-'70 കളിൽ പ്രവചിച്ച ചാവറ കുടുംബജീവിതത്തെ നേർവഴിയിലൂടെ നയിച്ച വഴികാട്ടിയായിരുന്നു. ഇതിനും പുറമെ

കുടുംബക്രമങ്ങളിലൂടെ മനോഹരമായ ഒരു ദൈവവിജ്ഞാനീയം രൂപപ്പെടുത്തിയ ചാവറ കുടംബത്തെ ഗാർഹികസഭ എന്നതുപോലെ ആകാശമോക്ഷത്തിന്റെ മുന്നോടിയാക്കിയ മാർഗ്ഗദർശിയാണ്. കുടുംബത്തിന്റെ സമഗ്രതയ്ക്കും സ്വയം പര്യാപ്തതയ്ക്കും ഉപകരിക്കുന്ന മാർഗ്ഗദർശനമാണ് കുടുംബക്രമം.[28]

നസ്രാണിക്കുടുംബങ്ങളിൽ ചാവറയച്ചന്റെയും സഹവൈദികാശ്രമസ്ഥരുടെയും അജപാലന ശുശ്രൂഷയിലൂടെ സുസ്ഥാപിതമായ കുടുംബജീവിതം ചാവറയച്ചന്റെ കുടുംബക്രമം വഴി ശർക്കര പന്തലിൽ തേൻമഴ പെയ്തതിനു തുല്യമായി. നസ്രാണിക്കുടുംബങ്ങളുടെ ഭക്തജീവിതമാണ് ഇന്നുവരെ കേരളത്തിലും ഭാരതത്തിലും വിദേശത്തുമുണ്ടായ ദൈവവിളിയുടെ മഹാരഹസ്യം. ചാവറയച്ചൻ തുടങ്ങിവച്ച കുടുംബത്തിന്റെ ആധ്യാത്മികത കേരള ജനതയെ എന്തുമാത്രം അത്യുന്നതനിലയിൽ എത്തിച്ചുവെന്ന് ഏവർക്കും സുപരിചിതമാണ്.

ചാവറയുടെ ഒരു കുടുംബം പിൻഗാമികളില്ലാതെ നിന്നുപോയെങ്കിലും നൂറിരട്ടിയായി, അതിൽ കൂടുതൽ കുടുംബങ്ങൾ ഭദ്രതയിലെത്തിയതിനു വഴിതെളിച്ചത് ചാവറയാണ്. വൈദികന്മാരും സന്ന്യാസിനീ സന്ന്യാസികളും ചാവറക്കാലഘട്ടത്തെ തുടർന്നു വളരെയധികം വർദ്ധിക്കുകയും നസ്രാണിസഭ ദൈവവിളിയുടെ പിള്ളത്തൊട്ടിലാകുകയും ചെയ്തു. അതുവഴി സഭയ്ക്കു മാത്രമല്ല, സമുദായത്തിനാകമാനം നിശ്ചിതമായ വളർച്ചയാണുണ്ടായിട്ടുള്ളത്. തിരുക്കുടുംബത്തെയും ത്രിത്വത്തെയും അനുഭവിച്ചറിഞ്ഞ ചാവറയച്ചൻ കുടുംബ ജീവിതക്കാർക്ക് സ്വർഗ്ഗത്തിന്റെ വഴികാട്ടിയായിത്തീർന്നു.



14:5 ത്രിത്വകുടുംബം

"അക്കാലം നാവിളിക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോമറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും.
പിതാവു പുത്രൻ റൂഹാദ്ക്കുദ്ശാ
പിതാവിൻ സുതനരാവതാരവും
കന്നിതന്നുടെ ശുദ്ധോദരത്തിലായ്
മന്നിൽവന്നു പിറന്നു മനുവായി."[29]

ദൃശ്യാദൃശ്യങ്ങളുടെ സമന്വയമാണ് ചാവറ ദർശിക്കുന്ന രംഗം. "കന്നി തന്നുടെ ശുദ്ധോദരത്തിലായ് മന്നിൽ വന്നു പിറന്നു മനുവായി" എന്നതു അമ്മയിൽനിന്നു ചാവറ പ്രാർത്ഥനാപരമായി കേട്ടു. അതിൽ വിശ്വസിച്ചു. ഈ വിശ്വാസം "ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായി" എന്നതിൽ കാണാം. പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരം ത്രിത്വത്തിലെ പുത്രൻ തിരുക്കുടുംബത്തിലെ മനുഷ്യപുത്രനാകുന്ന മഹത്സംഭവമാണ്. ചാവറയുടെ ഉൾക്കാഴ്ചയിലും, വിശ്വാസത്തിലും തിരുക്കുടുംബത്തെ ത്രിത്വത്തിലൂടെ ദർശിക്കുന്നത് ഒരു വിധത്തിൽ വിശ്വാസത്തിന്റെ വലിയ ഒരു ദാനം ദൈവം മാനവരാശിക്ക് നൽകുന്നതാണ്.

ആയിരിക്കുന്നവൻ, അസ്തിത്വത്തിന്റെ പൂർണ്ണത കുടികൊള്ളുന്ന ത്രിത്വത്തിലെ ദൈവപുത്രൻ, ശൂന്യതയാകുന്ന തുറവിയിലേക്ക് താണിറങ്ങുന്നു. ദാസനായി മനുഷ്യരിൽ ഒരുവന്റെ രൂപത്തിൽ സ്വയം ശൂന്യവത്ക്കരിക്കുന്നു. ഇത്രമാത്രം മനുഷ്യരെ സ്നേഹിച്ച ദൈവസ്നേഹത്തിന്റെ പ്രാപഞ്ചിക വികാസമാണ് തിരുക്കുടുംബത്തിൽ നടന്നത്. ഇതേക്കുറിച്ച് പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നത് ഇപ്രകാരമാണ്: "പുരുഷൻ പിതാവിനേയും മാതാവിനേയും വിട്ട് ഭാര്യയോടു ചേരും

അവർ ഏക ശരീരമായിരിക്കും" (മത്താ. 19:5; ഉത്പ. 1:27; 2:24). ഈ ദൈവവചനത്തെ വ്യാഖ്യാനിക്കുമ്പോൾ സുറിയാനിസഭാ പിതാക്കന്മാർ പറയുന്നത് പിതാവായ ദൈവത്തെയും മാതാവായ റൂഹാദ്ക്കുദ്ശായെയും വിട്ട് പുത്രനായ ഈശോ സഭയാകുന്ന ഭാര്യയോടു ചേരുന്നു എന്നാണ്.[30]

കന്യകാമറിയത്തിന്റെ പരിപാവനമായ ഉദരത്തിൽ വന്നു പിറന്ന ദൈവസുതൻ മാനവരാശിയോടു ചേർന്നത് ദൈവത്തിന്റെ നാമം പൂജിതമായതാണ്. അവിടുത്തെ രാജ്യം സമാഗതമായതാണ്. ദൈവതിരുമനസ്സ് സ്വർഗ്ഗത്തിൽ എന്നതുപോലെ ഭൂമിയിലും ആയതാണ്. മനുഷ്യന് സ്വർഗ്ഗത്തിൽ നിന്നുള്ള ജീവന്റെ അപ്പമായതാണ്. ലോകത്തിന്റെ പാപം നീക്കിയ തെറ്റു പൊറുക്കലിന്റെ സംഭവമാണ്. ദുഷ്ടാരൂപിയിൽനിന്നും മാനവരാശിയെ രക്ഷിക്കലാണ് (മത്താ. 9:15; യോഹ. 1:29; മത്താ. 3:13-17). ഈ രഹസ്യങ്ങളെല്ലാം ധ്യാനവിഷയമാക്കുന്ന ചാവറ തിരുക്കുടുംബത്തിന്റെ പ്രതിച്ഛായ തന്റെ മനസ്സിൽ എപ്പോഴും കാത്തു സൂക്ഷിച്ചിരുന്നതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അദ്ദേഹം പറയുന്നു: "എന്റെ മാതാപിതാക്കൾ തിരുക്കുടുംബത്തിലെ ഈശോ മറിയം യൗസേപ്പ് എന്നിവരെ എന്റെ മനസ്സിൽ ആഴത്തിൽ പതിപ്പിച്ചു വയ്ക്കുവാൻ എല്ലാ വിധത്തിലും പരിശ്രമിച്ചു. അന്നുതൊട്ട് ഇന്നുവരെ (മരണനേരം വരെ) തിരുക്കുടുംബത്തെ (അരികിൽ മേശമേൽ സൂക്ഷിച്ചു വച്ചിട്ടുള്ള തിരുക്കുടുംബ ചിത്രം ചൂണ്ടിക്കാട്ടിക്കൊണ്ട്) എന്റെ മനസ്സിൽ നിന്നും ഒരിക്കലും മായാതെ ഞാൻ കാത്തുസൂക്ഷിക്കുകയും പൂജിക്കുകയും ചെയ്യുന്നു."[31]

ചാവറയുടെ ഈ സാക്ഷ്യത്തിന് ദൈവവിജ്ഞാനീയത്തിലും താപസആധ്യാത്മിക മൗതികവിജ്ഞാനീയത്തിലും ഉള്ള മൂല്യം വർണ്ണനാതീതമാണ്. തിരുക്കുടുംബത്തിന്റെ പ്രതിച്ഛായയിൽ വെറുമൊരു ഭക്തിയല്ല ചാവറ പുലർത്തിയിരുന്നത്. മറിച്ച് ആ പ്രതീകത്തിലൂടെ തന്നോടു കൂടെയുള്ള ദൈവത്തെ അനുഭവിച്ചറിയുകയാണ് ചെയ്തത്.

അതുകൊണ്ടല്ലേ മനുഷ്യാവതാരത്തെക്കുറിച്ച് ധ്യാനിച്ച ചാവറ ഇപ്രകാരം ആലപിച്ചത്:

"ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.
ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.
കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹംപുക്കതും കാണാകേണം.
അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം."[32]

ദൈവം കന്യാമറിയത്തിൽ, ദൈവം തിരുക്കുടുംബത്തിൽ, ദൈവം ചാവറയോടുകൂടെ ഇതെല്ലാം വിളിച്ചറിയിക്കുന്നത്, ദൈവപുത്രനായ ഈശോയെ തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിന് ദൈവം ലോകത്തിലേയ്ക്കയച്ചു (1 യോഹ. 4:9) എന്നതാണ്. അതായത് മാർ അപ്രേം പറയുന്നതുപോലെ പിതാവിനേയും മാതാവിനേയും വിട്ട് പുരുഷൻ ഭാര്യയോടു ചേർന്നു എന്നത്.[33] ഇത്രമാത്രം അഗാധമായ ദൈവാനുഭവം ചാവറയ്ക്കു കിട്ടിയത് ചാവറയുടെ കുടുംബത്തിൽ നിന്നായതുകൊണ്ട് ത്രിത്വകുടുംബത്തെ തിരുക്കുടുംബത്തിലും, തിരുക്കുടുംബത്തെ ചാവറക്കുടുംബത്തിലും ദർശിച്ച ചാവറയ്ക്ക് കൈനകരിയിലെ കുടുംബത്തെ വിട്ട് സെമിനാരിയിൽ നില്ക്കാൻ ഉണ്ടായിരുന്ന ഉൾപ്രേരണ തീർത്തും വിശ്വാസത്തിന്റേതായിരുന്നു. അതു പരിപൂർണ്ണ സ്നേഹത്തിന്റെ അല്ലാതെ മറ്റൊന്നുമായിരുന്നില്ല. അദ്ദേഹം തന്നിലുണ്ടായിരുന്ന മഹോന്നതസ്നേഹത്തെ സഹജരിലേക്കു തിരിച്ചപ്പോൾ വാച്ചവനവാസത്തിന്റെ ചൈതന്യവുമായി നസ്രാണിസഭയാകുന്ന ഭാര്യയോട് ഒന്നുചേർന്നു. അതു കേരളജനതയേയും മാനവരാശിയേയും ഉൾക്കൊള്ളുന്നതും പ്രപഞ്ചത്തെ അംഗീകരിക്കുന്നതും ആയിരുന്നു.

ചാവറക്കുടുംബത്തിൽ നിന്നും ഇറങ്ങിത്തിരിച്ച ചാവറ, ചാവറക്കുടുംബത്തെ അതിന്റെ പരിധിയിൽനിന്നും വികസിപ്പിച്ച് സമകാലികരിലൂടെ തിരുക്കുടുംബത്തിലേക്കും ത്രിത്വകുടുംബത്തിലേക്കും വികസിപ്പിച്ചതുകൊണ്ട് സഭ, ചാവറ ധന്യപദവിയിലെത്തിയതായി പ്രഖ്യാപിച്ചു.[34] ഈ സംഭവം അനുസ്മരിപ്പിക്കുന്നത് ഫിലി. 2:9 ൽ ആണ്; "ആയതിനാൽ ദൈവം അവനെ അത്യധികം ഉയർത്തി, മറ്റേതൊരു നാമത്തെയുംകാൾ ശ്രേഷ്ഠമായ നാമം അവനു നൽകി" എന്നതാണ്.

ചാവറയുടെ ആധ്യാത്മിക രഹസ്യം കാണുന്നത് ചാവറക്കുടുംബത്തിന്റെ വിശ്വാസത്തിലാണ്. ആ വിശ്വാസം മാതാപിതാക്കളിലൂടെ ഏറ്റുവാങ്ങിയ ചാവറ ത്രിത്വത്തിൽ സദാ ലയിച്ചിരുന്നു. ചാവറയുടെ ധ്യാനസല്ലാപങ്ങളും ആത്മാനുതാപവുമെല്ലാം വെളിപ്പെടുത്തുന്നതും മേല്പറഞ്ഞ രഹസ്യങ്ങളാണ്.[35] അതായത് തിരുക്കുടുംബത്തിലൂടെ ത്രിത്വത്തിലേക്ക്. ഇതിന്റെയെല്ലാം കേന്ദ്രഘടകമായി നിൽക്കുന്നതു റൂഹായിലുള്ള ജീവിതമാണ്. അതിലേക്കു കടന്നുചെല്ലാം.

14:6 ദൈവമക്കൾ

"ആത്മാവിനാൽ നയിക്കപ്പെടുന്ന ഏവരും ദൈവമക്കളാണ്" (റോമ 8:14). ഈശോയുടെ വാക്കുകളും നമുക്കുണ്ട്: "തന്നെ സ്വീകരിച്ചവർക്ക്, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകുവാനുള്ള അധികാരം അവൻ കൊടുത്തു" (യോഹ. 1:12). മിശിഹായാകുന്ന സുവിശേഷത്തിൽ വിശ്വസിച്ചു മാമ്മോദീസ സ്വീകരിക്കുന്നതു വഴിയാണ് ഒരാൾ മിശിഹായുടെ സഭയിൽ ദൈവത്തിന്റെ പുത്രനോ പുത്രിയോ ആകുന്നത്. ചാവറ തന്റെ മാമ്മോദീസാ ഓർക്കുന്നു:

"ജ്ഞാനസ്നാനത്താൽ തവപുത്രനായ്വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം

എന്നതിൽപരം കഷ്ടം പിശാചിൻ ദാസനായി
അയ്യയ്യോമഹാദുഃഖമെന്നുടെ പാപത്താലെ
അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!
മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ.
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ-
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കുനീ യാവന പാനംനീയേ.
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.
ജ്ഞാനത്തിൻ തോയത്തിങ്കൽ, നീയെന്റെ ദൈവമെന്നും
അജ്ഞാനമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൻ ശത്രുവായ നരകപ്പിശാചിനെ
സുജ്ഞാനത്താലെ ത്യജിച്ചവന്റെ ഘോഷങ്ങളും
വിശ്വാസം നിന്റെ നേരെ വച്ചു ഞാൻസത്യം ചെയ്തു.
വിശ്വാസത്തിന്നു സാക്ഷിയെന്നുടെ പിതൃക്കളും
അന്നേരം മമ ദേഹിക്കുണ്ടായ ഗുണവെണ്മ
നേരായിക്കാട്ടീടുവാനുടുത്തേൻ വെള്ളവസ്ത്രം.
നൽഗുണവൃത്തികളാൽ കാണുന്നജനങ്ങൾക്കു-
മെൻഗുണം കാട്ടീടുവാൻ കത്തിച്ചുതന്നപന്തം."[36]

കൂദാശ സ്വീകരണം വഴി ചാവറയുടെ ആത്മാവിനുണ്ടായ വെണ്മയാണു ദൈവസുതനായതിന്റെ രഹസ്യം. ഇപ്രകാരം ചാവറയ്ക്കു ലഭിച്ച വെണ്മ ഒരു മകനെന്ന അവസ്ഥയിൽ പ്രഖ്യാപിക്കുന്നു: "നീയെന്റെ ദൈവമെന്നും." ദൈവപുത്രനായിത്തീർന്ന ചാവറ വീണ്ടും പ്രഘോഷിക്കുകയാണ് "മംഗംലം നീയെന്നിയേ" എന്ന്. ഇവിടെ മാതാവായ ദൈവത്തെ ചാവറ കാണുന്നത് റൂഹാ എന്ന് വ്യക്തമാണ്. ചാവറ മറ്റൊരിടത്തു പാടുന്നത് റൂഹാ എന്നാണ്:

"പിതാവു റൂഹാ തന്റെ നടുവിലെഴുന്നള്ളി
പ്രതാപമേറും സ്രാപ്പെ ക്രോവകൾ നവവ്യന്ദം."[37]

റൂഹായുടെയും പിതാവിന്റെയും മധ്യത്തിൽ പുത്രനെന്നു പറഞ്ഞതിൽ റൂഹാ മാതാവാണ് എന്നു സൂചന. ഈ മാതാവാണ് റൂഹാദ്ക്കുദ്ശാ എന്ന പേരിൽ സുറിയാനി പാരമ്പര്യത്തിൽ അറിയപ്പെടുന്നത്.[38] ഈ റൂഹാദ്ക്കുദ്ശായാണ് നസ്രത്തിലെ മറിയത്തിന്റെ മേൽ ആവസിച്ചതും ഈശോ ജനിക്കുവാനിടവരുത്തിയതും. ഈ ഈശോയിൽ ജനിക്കുന്നവരെല്ലാം റൂഹായിൽ നിന്നുമാണ് ദൈവമക്കളുടെ സ്ഥാനം കൈവരിക്കുന്നത്. ജനനവേള തുടങ്ങി മാതാവിൽ ആവസിച്ച റൂഹാ ഈശോയുടെ മാംസവത്ക്കരണം തുടങ്ങി മഹത്ത്വവത്ക്കരണം വരെ നിലകൊണ്ടതിനാൽ മാനുഷികനെന്ന നിലയിൽ നിന്നും ദൈപുത്രനെന്ന നിലയിലേക്കു രൂപാന്തരപ്പെട്ടു. ഇതുതന്നെ ചാവറയുടെ കാര്യത്തിൽ എപ്രകാരം സംഭവിച്ചു എന്നാണ് കാണേണ്ടത്.

ചാവറ ദൈവിക റൂഹാവഴി പുത്രനായിത്തീർന്നതിനാൽ ദൈവത്തെ ആവാ - പിതാവെന്നു വിളിച്ചുകൊണ്ടു ദൈവസുതനെന്ന അനുഭവം നിരന്തരം പ്രകടമാക്കുന്നു. വി. ശ്ലീഹാ പറയുന്നതുപോലെ റൂഹായാണ് ചാവറയിലൂടെ ദൈവത്തെ ആവാ-പിതാവേ എന്നു വിളിക്കാൻ പ്രാപ്തനാക്കിക്കൊണ്ടു ദൈവമകനാക്കിയത് (റോമ. 8:15). ചാവറയുടെ ധ്യാനസല്ലാപങ്ങളാണ് മേല്പറഞ്ഞതിനുള്ള സാക്ഷ്യം: "ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. ആ എളയ മകനെപ്പോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂളിച്ചുകളഞ്ഞ് അധർമ്മക്കാരന് വേലചെയ്തു അവന്റെ പോർക്കുകളെ മേയിച്ചു നടക്കുന്നു. ഇതിന്റെ തീൻകൂടെയും തൃപ്തിയായി കിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞു നാണം മറപ്പാൻ കൂടെയും പാടില്ലായ്കയാൽ കില്ലത്തുണിയും ധരിച്ചിരിക്കുന്നു. എങ്കിലും ഈ വേഷത്തോടു

കൂടെത്തന്നെ ഞാൻ ചെല്ലട്ടെ.... ഈ അപ്പൻ എത്രയും അനുഗ്രഹമുള്ള വനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കെയും മറന്നുകളയും. മുമ്പിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വെയ്ക്കയും ചെയ്യും. ആ! നീ നോക്കുക, നിന്റെ അപ്പന്റെ അരമനയും മറ്റു മാളികകളും പൊക്കമുള്ള മതിലുകളും കാണുന്നില്ലയോ?..... എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹം എന്നത്രെ (1 യോഹ. 4:8) തന്റെ നാമവും ആകുന്നു. ഇതിനാലെ നാം ഭയപ്പെടുകയും വേണ്ടാ.... ഇതാ എന്റെ അപ്പൻതന്നെ എഴുന്നെള്ളിവരുന്നു. അയ്യോ! ഞാൻ ഈ വേഷത്തോടെ എന്തു ചെയ്യേണ്ടു. ഇപ്പോൾ എന്റെ അപ്പൻ വന്നു എന്നെ പിടിച്ചു തഴുകും. അയ്യോ! ഇതു വേണ്ട എന്നെത്തൊടുവാൻ യോഗ്യമുള്ളവൻ ഞാൻ അല്ലല്ലോ? ഇതിനാല ഞാൻ തന്റെ തൃപ്പാദത്തുങ്കൽ സാഷ്ടാംഗം വീഴട്ടെ. അയ്യോ! എന്റെ അപ്പാ ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകൻ എന്നെ ഈ മഹിമപ്പേരിനു അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിൽ ഒരുത്തനായിട്ട് കൈക്കൊണ്ടാൽ ഇനിക്ക് എത്രയോ ഭാഗ്യം, എത്രയോ മഹിമ. എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ ഇനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈ വണ്ണം കല്പിച്ചിരിക്കുന്നുവല്ലോ (മത്താ. 6:9; 11:25-27; 26:39-42; ലൂക്ക. 15:25; യോഹ. 14:9-14; 14:2,26; 17:2,17,21,23,24). ആയ്തിനാൽ മനോഗുണമുള്ള എന്റെ അപ്പാ എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോടു ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കേണമെ!..... ഇനിയും ഞാൻ മുഴുവനായിട്ടു നിന്റെ മക്കൾക്കടുത്ത ജീവിതം തുടങ്ങിയില്ലെങ്കിൽ എത്രയോ നിർഭാഗ്യക്കാരനായിപ്പോകും.... ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ." [39]

ചാവറയുടെ ദൈവപുത്രത്വം, ഈശോമിശിഹായുടെ പുത്രത്വത്തോടുള്ള ഒന്നു ചേരലാണ്. വി. ശ്ലീഹാ പറയുന്നു: "താൻ ആദ്യം മുതൽ അറിഞ്ഞിരുന്നവരെ തന്റെ പുത്രനു അനുരൂപരാക്കാൻ അവൻ

മുൻകൂട്ടി നിശ്ചയിക്കുകയും അങ്ങനെ തന്റെ പുത്രനെ അനേകം സഹോദരരിൽ ആദിജാതനാക്കുകയും ചെയ്തു" (റോമ. 8:29). മാമ്മോദീസാ വഴിയും ഇതര കൂദാശകളിലൂടെയും ദൈവപുത്രനായിത്തീർന്ന ചാവറ എന്നും റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ട് ഈശോയെയും പിതാവായ ദൈവത്തെയും അപ്പാ-ആവാ എന്നു വിളിക്കുവാനുള്ള ഗാഢമായ സ്നേഹബന്ധത്തിൽ എത്തിച്ചേർന്നു. ചാവറ ആലപിക്കുന്നു:

"മമ പിതാവുനീയേ ഭാഗ്യവുമെനിക്കു നീ
മംഗലംനീയെന്നിയേമറ്റെന്തു ഗുണംനാഥാ-
എന്നുടെ സ്നേഹംനീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!" [40]

14:7 കുടുംബ ഐക്യം

"ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? ഇതാ എന്റെ അമ്മ, ഇതാ എന്റെ സഹോദരർ! സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ. 12:48-50) എന്നരുളിച്ചെയ്ത ഈശോയെ പിതാവെന്നു വിളിച്ചുകൊണ്ടു സ്വർഗ്ഗപിതാവിലേക്കു തീർത്ഥാടനം നടത്തിയ ചാവറ കൈനകരി കുടുംബത്തിനു മാത്രമല്ല ഭൂമിയിലുള്ള എല്ലാ കുടുംബങ്ങൾക്കും ഒരു നക്ഷത്രമാണ്. ഈ പ്രപഞ്ചതാരം ഇന്നു സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഭൂമിയിലുള്ള എല്ലാ കുടുംബങ്ങളേയും സ്വർഗ്ഗത്തിലേക്കാനയിക്കുന്നു. ചാവറക്കുടുംബത്തിലിരുന്ന ചാവറ തിരുക്കുടുംബത്തിലൂടെ ത്രിത്വക്കുടുംബത്തിലേക്കു 10-ാം വയസ്സിൽ കാലെടുത്തു കുത്തി. ആ പാദങ്ങൾ ഇന്നു സ്വർഗ്ഗത്തിൽ രൂപാന്തരപ്പെട്ട സ്ഥിതിയിലിരുന്നുകൊണ്ട് മദ്ബഹായിലൂടെ ദൈവജനത്തെ ദീപ്തമാക്കുന്നു. ഈ ധന്യാത്മാവു തന്റെ കുടുംബത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നതിനെക്കുറിച്ച് ഡോ. സുകുമാർ അഴീക്കോട് നൽകുന്ന

ഉൾക്കാഴ്ച ഉന്നതമായതുതന്നെ: "സാധാരണ നരജീവിതം നയിക്കുന്നവർ സ്വന്തം കർമ്മങ്ങൾകൊണ്ടു കുടുംബത്തിന്റെ ചരിത്രത്തിൽ തങ്ങളുടെ നല്ലൊരു സംഭാവന കൂട്ടിച്ചേർക്കുന്നു. അപ്രകാരമാണ് ലോകജീവിതം അതിന്റെ പാളത്തിലൂടെ മുന്നോട്ടു പോകുന്നത്."

ചാവറയച്ചൻ സന്ന്യാസിയായപ്പോൾ കുടുംബത്തെ ഉപേക്ഷിച്ചില്ല. സന്ന്യാസത്തിലേക്കു കടന്നുചെല്ലുന്നയാൾ ലൗകിക കുടുംബത്തിന്റെ കണ്ണി അറക്കുന്നു എന്നാണു പൊതുവിലുള്ള സങ്കല്പം. പക്ഷെ കുടുംബത്തിൽനിന്നു കണ്ണി മുറിച്ച് അകന്നു പോകുന്നവർ 'ധൂർത്ത പുത്രന്മാരാണ്'. കുരിയാക്കോസ് ഏലിയാസ് സൽപുത്രനാകയാൽ തന്റെ കുടുംബത്തെ നിഷേധിക്കുകയല്ല, അതിവർത്തിക്കുകയാണു ചെയ്തത്. അതിവർത്തനത്തിൽ ഒന്നും ഇല്ലാതാകുന്നില്ല. ഓരോന്നിന്റെയും അതിർത്തി വലുതാകുന്നതേയുള്ളു. സന്ന്യാസത്തിന്റെ നിയോഗം സ്വീകരിക്കുന്ന ആളുകളുടെ കുടുംബം വളരെ വലുതാണ്. ലോകം മുഴുവനുമാണ്. ആ ലോകത്തിലെ അനാഥരും അശരണരും അടങ്ങിയ അധഃകൃത സമൂഹമാണ് 'വസുധൈവകുടുംബകം' എന്നു പറയുന്ന അവസ്ഥ.

ഈ വലിയ - ആരെയും ഒഴിവാക്കാത്ത കുടുംബം സർവ്വേശ്വരന്റെ ചുമതലയിൽപ്പെടുന്നു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിലയിപ്പിച്ചു പ്രവർത്തിക്കാൻ വ്രതമെടുത്ത ആളുകളാണ് സന്ന്യാസികൾ, ദൈവത്തിന്റെ കൈവിരലുകൾ.[41]

ചാവറയച്ചൻ വ്രതം ചെയ്തപ്പോൾ എടുത്ത പേര്: 'കുരിയാക്കോസ് ദെ-സാം ഏലിയ' എന്നാണ്. എന്നാൽ അദ്ദേഹം ഇന്നു പരക്കെ അറിയപ്പെടുന്നത് ചാവറയച്ചൻ എന്ന കുടുംബപേരിലാണ്. അതുകൊണ്ട് ഡോ. സുകുമാർ അഴീക്കോടും കുരിയാക്കോസ് ഏലിയാസച്ചന്റെ കുടുംബത്തെ കേന്ദ്രീകരിച്ചാണ് പ്രതിപാദിക്കുന്നത്. ഈ പ്രതിപാദനത്തിൽ കാണുന്ന മഹത്കാര്യം ചാവറ തന്റെ കുടുംബത്തെ

സാർവ്വത്രികവും സർവ്വേശ്വരന്റെ ചുമതലയിൽപ്പെടുന്നതും ആക്കിത്തീർത്തു എന്നതാണ്. ഇതിൽനിന്നും നിരവധി സത്യങ്ങൾ നമുക്കു കണ്ടെത്തുവാനാകും. 1. സഹോദര സ്നേഹത്തിന്റെ തനിമയിൽ വിശ്വകുടുംബത്തിന്റെ രൂപവത്കരണം 2. വിശ്വകുടുംബത്തിൽ ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളും 3. മനുഷ്യരുടെ സമത്വം; പ്രത്യേകിച്ചും ബലഹീനരുടെ സുസ്ഥിതി 4. കുടുംബത്തിൽനിന്നുള്ള ഒരാൾ സ്വധർമ്മ നിർവ്വഹണത്തിലൂടെ മുന്നേറുമ്പോൾ അതു കുടുംബത്തിൽനിന്നും വെട്ടിമാറ്റപ്പെടുന്നതല്ല മറിച്ച് കുടുംബത്തെ വളർത്തിയെടുക്കുന്നതാണ്. രക്തബന്ധത്തെ സ്നേഹബന്ധമാക്കുന്നതുവഴിയാണ് ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും സാക്ഷാത്കാരം ആത്മസ്നേഹത്തിലൂടെ അന്വർത്ഥമാകുന്നത്. നാലാമത്തെ ഘടകം വച്ചു നോക്കുമ്പോഴാണ് ചാവറ കുടുംബ ഐക്യത്തിന്റെ പ്രവാചകനായി ശോഭിക്കുന്നത്. ചാവറയുടെ കുടുംബം രക്തബന്ധത്തിന്റെ പരിമിതിയിൽ അവസാനിച്ചുവെങ്കിൽ സ്നേഹബന്ധത്തിന്റെ തനതാത്മകതയിൽ ഇന്നും എന്നും നിലനിൽക്കുന്നു. ഈ സത്യത്തിന്റെ പിന്നിലുള്ള നരവംശ ശാസ്ത്രവും ദൈവവിജ്ഞാനീയവും താപസാധ്യാത്മികതയും യോഗാത്മസിദ്ധാന്തവുമെല്ലാം ചാവറയുടെ ആധ്യാത്മികതയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒന്നാണ്.

കുടുംബത്തെ രൂപപ്പെടുത്തുന്ന അടിസ്ഥാന സംവിധാനമാണു വിവാഹം. വിവാഹത്തിൽ സംഭവിക്കുന്നതു ദൈവസ്നേഹത്തിന്റെ മനുഷ്യാവതാരമാണ്. ഇതിനാവശ്യമായ വ്യവസ്ഥ പരമാത്മാവും മനുഷ്യാത്മാവും ഒന്നുചേരുകയാണ്. മനുഷ്യാത്മാവുമായി പരമാത്മാവ് ഒന്നുചേരുന്നതിന് ആത്മശരീര വ്യവസ്ഥയിൽ ചേതനാത്മകഘടകം ഒത്തുചേരണം. ഇവിടെ അത്യുന്നതന്റെ ശക്തി പ്രപഞ്ചശക്തികളുടെ മേൽ ആവസിക്കുന്നു (ഉത്പ. 1:2; എസ. 37:10; ഉത്പ. 1:26; ലൂക്ക. 1:35; മത്താ. 3:16; 20:22 നട. 2:4). പരമാത്മാവു മനുഷ്യാത്മാവുമായി ഒന്നുചേരുന്നതിന്റെ കൂദാശയാണു വിവാഹം. ഈ വിവാഹത്തിനു സ്വർഗ്ഗീയവും ഭൗമികവുമായ മാനമുള്ളതിനെയാണ് ഉത്പത്തി ഗ്രന്ഥവും

ഈശോയുടെ പ്രഖ്യാപനവും വ്യക്തമാക്കുന്നത് (ഉത്പ. 1:27; 2:24; മത്താ. 19:4-5; അപ്പെ. 5:31). പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു സ്ത്രീയോടൊന്നു ചേരുന്ന മഹത്സംഭവത്തിന്റെ ചൈതന്യം ഉപേക്ഷിക്കലല്ല മറിച്ച് അപേക്ഷിക്കലാണ്. പരിമിതപ്പെടുത്തലല്ല മറിച്ച് വിപുലീകരണമാണ്. മോക്ഷം പ്രപഞ്ചത്തിലേക്ക് എന്നതാണ് അത്. ചേതന ആത്മാവിലൂടെ ശരീരത്തിലേക്ക് എന്നതാണ്. അതും ശരീരം ആത്മാവിലൂടെ ചേതനയിലേക്കു രൂപാന്തരപ്പെടുത്തുന്നതിനായി. ഇവിടെയാണു മനുഷ്യാവതാരത്തിന്റെ മാനവ ദൈവീകരണ ലക്ഷ്യവും വിവാഹത്തിന്റെ സൃഷ്ടിപരതയും കാണുന്നത്. ഈ മഹാരഹസ്യം അവതരിപ്പിക്കുമ്പോൾ യാഹ്വേ മാനവരാശിയുടെ ഭർത്താവും ഈശോ സഭയുടെ മണവാളനുമാണ് (ഹോസി. 2:16; അപ്പെ. 5:25).

വിവാഹത്തിനു രണ്ടു വ്യക്തികൾ തമ്മിലുള്ള ഉടമ്പടി ഉള്ളതുപോലെ സംഘാതാത്മക ഉടമ്പടിയുമുണ്ട്. ഈ സംഘാതാത്മക ഉടമ്പടിയുടെ ആധ്യാത്മികതയാണ് പുതിയ ഉടമ്പടിയായ പരസ്പര സ്നേഹം. അതു കുടുംബത്തിൽ വൈയക്തിക സ്നേഹത്തിന്റെ ശാരീരിക വൈകാരിക ദൈവിക മേഖലകളെ സ്പർശിക്കുന്നതായിരിക്കും. എന്നാൽ സൈദ്ധിക തലത്തിൽ രണ്ടു വ്യക്തികൾ എന്ന നിലവിട്ടു ചേതനാത്മക സ്നേഹത്തിന്റെ-ദൈവസ്നേഹത്തിന്റെ-വികാസത്തിലൂടെ വൈകാരിക സ്നേഹത്തെയും ജഡിക സ്നേഹത്തെയും സമുദ്ഗ്രഥിതമാക്കുന്നു. ഇതാണു ദൈവം മനുഷ്യർക്കു വെളിപ്പെടുത്തിയ ഉടമ്പടിയുടെ ആധ്യാത്മികത. വിവാഹത്തിൽ ഈ ഉടമ്പടി കുടുംബ പശ്ചാത്തലത്തിൽ ഒതുങ്ങുകയും സ്വർഗ്ഗോൻമുഖമാകുകയും ചെയ്യുമ്പോൾ ആശ്രമസിദ്ധിയിലതു വിശ്വകുടുംബപരവും സ്വർഗ്ഗീയവുമാകുന്നു. ജഡമൊന്നിനുമുപകരിക്കുന്നില്ല. ആത്മാവാണു ജീവൻ നൽകുന്നതെന്ന ദൈവവചനം (യോഹ. 6:63) ഇവിടെ അന്വർത്ഥമാകും. ഈ സൈദ്ധികാഹ്വാനത്തിൽ ചാവറകുടുംബത്തെ വികസിപ്പിച്ച കുരിയാക്കോസ് ഏലിയാ കുടുംബൈക്യത്തിന്റെ നക്ഷത്രമായി ശോഭിക്കുന്നു.

14:8 സഭൈക്യം

കുടുംബ ഐക്യമെന്ന കഴിഞ്ഞ ശീർഷകത്തിൽ ചർച്ചചെയ്തത് കുടുംബത്തിന്റെ അടിസ്ഥാന ശക്തിയായ സ്നേഹം ചാവറയിൽ വിളങ്ങിയിരുന്നു എന്നതാണ്. ഈ സ്നേഹം അപ്പനെയും അമ്മയെയും സഹോദരങ്ങളെയും ലോകരെയുമെല്ലാം സ്വർഗ്ഗീയ തേജസ്സിനാൽ സ്നേഹിക്കുന്നതിലാണ്. പണത്തിനോ, സ്വാർത്ഥതയ്ക്കോ, ആധിപത്യത്തിനോ ഊന്നൽ നൽകിയാൽ കുടുംബത്തിൽനിന്നു സ്നേഹം പോയ് മറയും. വ്യക്തികൾ തമ്മിൽ തമ്മിൽ ഭിന്നതയാകും. സമാധാനം കെടും. എന്നാൽ ഈശോ വന്നതു യഥാർത്ഥ സ്നേഹം നട പ്പിലാക്കാനാണ്. പക്ഷെ യഥാർത്ഥ സ്നേഹം പുലർത്താത്തവർക്കു യഥാർത്ഥ സമാധാനം ലഭിക്കുകയില്ലെന്നു മാത്രമല്ല അതു ഭിന്നതയ്ക്കു കാരണമാകും. ഈശോ സ്നേഹത്തിന്റെ സുവിശേഷം പ്രസംഗിച്ച പ്പോൾ ഹേറോദേസ്, പ്രീശർ, നിയമജ്ഞർ തുടങ്ങിയവർക്കതു സ്വീകരിക്കാൻ സാധിക്കാതെ വന്നു. സ്വീകരിച്ചവരും അല്ലാത്തവരും തമ്മിൽ ഭിന്നതയുമായി. അതുകൊണ്ടാണ് ഈശോ പറയുന്നത്: "ഭൂമിയിൽ സമാധാനം സ്ഥാപിക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾ കരുതേണ്ട സമാധാനമല്ല വാളത്രേ" (മത്താ. 10:34).

ചാവറയച്ചൻ ദൈവവിളി സ്വീകരിച്ച് ചാവറക്കുടുംബത്തിൽ നിന്നും അകന്ന് സെമിനാരിയിലായത് കുടുംബത്തിൽ സമാധാനക്കേടിനിടവരുത്തി. എന്നാൽ ചാവറ കേരളത്തിലും ഭൂമുഖത്തും സമാധാന സ്ഥാപകനായിരുന്നു. അദ്ദേഹത്തിലൂടെ ദൈവസ്നേഹം മാംസം ധരിച്ചു. ചാവറ അത് എല്ലാവർക്കും പങ്കുവച്ചുകൊണ്ട് സമാധാന സ്ഥാപകനായിത്തീർന്നു. ചാവറ കുടുംബക്കാരെ ഉപദേശിക്കുന്നു: "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹമായിരിപ്പിൻ (യോഹ. 15:8). ഓരോരുത്തന്റെയും അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽ തമ്മിൽ

ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും".[42]

കുടുംബത്തെയും സമുദായത്തെയും സമാധാനത്തിൽ ഉറപ്പിക്കുന്നതിനു ചാവറ ചെയ്തിട്ടുള്ളത് സമുദായത്തിൽ വളരെയധികം ഭിന്നത ഉളവാക്കി. അതായത് റോക്കോസിന്റെ ആഗമനത്തിൽ ചാവറ റോക്കോസിന്റെ കൂടെ നിന്നിരുന്നുവെങ്കിൽ വിദേശമിഷനറിമാർ കേരളത്തിൽനിന്നും കെട്ടുകെട്ടുകയും നസ്രാണി സമൂഹം ഒന്നായിത്തീരുകയും ചെയ്യുമായിരുന്നു എന്നു ചിന്തിക്കുന്നവരും പുത്തൻ സംവിധാനത്തെ അനുകൂലിക്കുന്നവരും ധാരാളമുണ്ട്. ചാവറ സമാധാനപാലകനെന്ന നിലയിൽ പരിശുദ്ധ സിംഹാസനത്തോടു ചേർന്നു നിന്നുകൊണ്ട് എല്ലാം ചെയ്തു. സത്യവേദം ഈശോ അറിയിച്ചപ്പോൾ യഹൂദഭവനങ്ങളിൽത്തന്നെ ഈശോയെ സ്വീകരിച്ചവരും സ്വീകരിക്കാത്തവരുമുണ്ട്. ചാവറ വാളു സ്ഥാപിച്ച് സമാധാനം കെടുത്തി. എന്നാൽ സംഭവിച്ചത് ഈശോ തന്റെ സ്ലീവാ മരണത്തിലൂടെ ലോകത്തിനു നൽകിയതാണ് സമാധാനം (യോഹ. 20:21). ഈശോ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി സഹിക്കുകയും മരിക്കുകയും ചെയ്തു. അവിടുന്ന് അരുളിച്ചെയ്യുന്നു: "സമാധാനസ്ഥാപകർ ഭാഗ്യവാന്മാർ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും" (മത്താ. 5:9). അനേകരുടെ വീഴ്ചയ്ക്കും എഴുന്നേല്പിനും കാരണമാക്കിയതാണ് ഈശോയുടെ ജീവിതം. ശെമയോൻ ശിശുവായ ഈശോയെ കൈകളിലെടുത്ത് അരുളിച്ചെയ്തത് മറ്റൊന്നല്ല: "ഈ കുഞ്ഞ് ഇസ്രായേലിൽ അനേകരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കുമായി വയ്ക്കപ്പെട്ടിരിക്കുന്നു. തർക്കത്തിന്റെ അടയാളവുമായിരിക്കും" (ലൂക്ക. 2:31).

ചാവറയുടെ കാര്യത്തിലും സഭയോടു ചേർന്നുനിന്നുകൊണ്ട് പ്രവർത്തിച്ചതിന്റെ ഫലമായി ചാവറയ്ക്കു ശത്രുക്കൾ ഉണ്ടായി. ഇന്നും പലരും ചാവറയെ എതിർക്കുന്നുണ്ട്. അതിന്റെ കാരണം സമാധാനം സ്ഥാപിക്കുവാൻ വേണ്ടി ചാവറ സധൈര്യം നിലകൊണ്ടതു തന്നെ.

എന്നാൽ റീത്തുകളുടെയും വിവിധ സാമുദായിക ഘടകങ്ങളുടെയും വൈവിധ്യങ്ങൾ ഐക്യത്തിനു പകരം വിഭാഗീയതയ്ക്കു കാരണമായിത്തീർന്നു. ഇതിൽ ചാവറയെയോ റോക്കോസിനെയോ മറ്റു ലത്തീൻ വിഭാഗങ്ങളിലുള്ള എഴുന്നൂറ്റിക്കാരെയോ അറുനൂറ്റിക്കാരെയോ മാത്രം കുറ്റപ്പെടുത്തരുത്. കാരണം അടിസ്ഥാനപരമായ ഘടകം വ്യക്തിയിൽ അന്തർലീനമായിക്കിടക്കുന്ന വിവിധ ശക്തികളെ ഏകീകരിക്കാത്തതാണ്. ഈശോ മനുഷ്യനായി വന്നത് അവർക്ക് ജീവനുണ്ടാകേണ്ടതിനും അതു സമൃദ്ധമായുണ്ടാകേണ്ടതിനുമാണ് (യോഹ. 10:10). എന്നാൽ ഈശോയും തന്നിൽത്തന്നെ വാളു സ്ഥാപിച്ചുകൊണ്ടാണ് ഐഹിക ജീവിതം മുഴുവനും ജീവിച്ചത്. അതുകൊണ്ടാണ് നിരന്തര പ്രലോഭനങ്ങളിൽ ഈശോ തന്റെ ദൗത്യ നിർവ്വഹണത്തിനായി വലിയ വിലാപത്തോടും കണ്ണുനീരോടും കൂടി മരണത്തിൽനിന്നുതന്നെ മോചിപ്പിക്കാൻ കഴിവുള്ളവന് പ്രാർത്ഥനകളും യാചനകളും അർപ്പിച്ചത്. ദൈവത്തിന്റെ പുത്രനായിരുന്നിട്ടും സഹനത്തിലൂടെയാണ് അവിടുന്ന് അനുസരണം പഠിച്ചത് (എബ്രാ. 5:79; മത്താ. 4:1-11; ലൂക്ക. 4:1-18; മർക്കോ. 1:12-13; 3:20-30; മത്താ. 26:20-56; 27:46-50).

ഈശോയെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് അനുദിന കുരിശുമെടുത്ത് അതു നിറവേറ്റണം (ലൂക്ക. 9:23-27). ചാവറയച്ചൻ തന്നിൽത്തന്നെ സമാധാനം സ്ഥാപിക്കുന്നതിന് ഈശോയെ അനുധാവനം ചെയ്തത് സാങ്കേതികമായി 10-ാമത്തെ വയസ്സു മുതലാണ്. ചാവറയച്ചൻ സ്ഥാപിച്ച വാള് ആത്മാനുതാപത്തിന്റേതായിരുന്നു. അതു പ്രധാനമായും രണ്ടു ഘടകങ്ങളിലൂടെയാണ് പ്രത്യക്ഷപ്പെട്ടത്. ഒന്നാമത്തേത് താൻതന്നെ ധൂർത്തപുത്രനു സമാനം പാപിയെന്ന് അനുഭവിച്ചറിഞ്ഞാണ് ഈശോയെ അനുഗമിച്ചത്. ഇതാണ് ധ്യാനസല്ലാപങ്ങളിൽ ഉടനീളം കാണുന്നത്. ചില ഉദാഹരണങ്ങൾ:- "ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാനെന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. ആ എളയ മകനെപ്പോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും

ധൂളിച്ചുകളഞ്ഞു അധർമ്മക്കരന് വേല ചെയ്തു.... ഈ വേഷത്തോടു കൂടെത്തന്നെ ഞാൻ ചെല്ലട്ടെ.... ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കെയും മറന്നുകളയും. മുമ്പിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വെയ്ക്കയും ചെയ്യും."[43] (ലൂക്ക. 15:11-32). ജീവിതകാലം മുഴുവൻ അനുതാപത്തിന്റെ അനുഗ്രഹമാകുന്ന വാളുകൊണ്ട് ചാവറ വിശുദ്ധനായി ജീവിച്ചു.

രണ്ടാമത്തെ വാള് തിരുസ്സഭയിൽ മാർപ്പാപ്പായോടു ചേർന്നുള്ള ജീവിതത്തിൽ വിദേശ മിഷനറിമാരോടൊത്തു ജീവിച്ചതുവഴി നസ്രാണി സഭാതനിമയിൽ ഉണ്ടായ വിള്ളലാണ്. ഈ വാള് ഇന്നും നിലകൊള്ളുന്നുവെങ്കിലും ചാവറയുടെ സഭാത്മകവിശ്വാസത്താൽ ധന്യപദവിയിലേക്കുയർന്നു. പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സമാധാനമായ ഈശോയെ അനുഗമിച്ചു ജീവിച്ചു.[44] സമാധാന പാലകനായി ചാവറയെ ഭൂരിപക്ഷം ആളുകളും കാണുന്നു. അവിടുന്നു വലിയ പ്രിയോരായി എന്നും നിലകൊള്ളുന്നു.

14:9 സഭാ തലവൻ

"വീണ്ടും കുർബാന പിരിഞ്ഞയുടൻ എല്ലാവരും കൂടെ മൂപ്പച്ചന്റെ അടുക്കൽചെന്നു അദ്ദേഹം ഒരുമിച്ചു പള്ളിയിൽ വന്നശേഷം മേലെഴുതിയ കുരിയാക്കോസ് പട്ടക്കാരനായ ഈ ആളിനെ പെ. ബ. വലിയ സുപ്രിയോരായ മെത്രാച്ചൻ പ്രയോരായിട്ടു കൽപ്പിക്കയാൽ ഈ ദേഹത്തിന്റെ അടുക്കൽ ശേഷമുള്ള പട്ടക്കാരൊക്കെയും പറഞ്ഞൊപ്പു ചെയ്തു. നാലുമണി കഴിഞ്ഞു എല്ലാവരും സങ്കീർത്തിയിൽ കൂടിയിരുന്നു. പ്രിയോര വിശ്വാസ സത്യവും ചെയ്തു".[45]

ചാവറയച്ചൻ അമലോത്ഭവ ദാസസംഘത്തിന്റെ ആബട്ട്-പിതാവ് പ്രിയോരെന്ന പേരിൽ നിയുക്തനായി. ആബട്ട് ആശ്രമ സംഘത്തിന്റെ

എല്ലാ കാര്യങ്ങളും നയിച്ചുകൊണ്ടു പോകേണ്ട ആളാണ്. എന്നാൽ മാന്നാനത്തു തുടക്കത്തിൽ ആശ്രമജീവിതത്തിനു വന്നുചേർന്നവരെ നല്ല ഉറപ്പും മനസ്സുമുള്ളവരോ എന്നു മർസെലീനോസ് മൂപ്പച്ചൻ പരീക്ഷിച്ചു നോക്കി. സഹായകമായി ഒരു ധ്യാനവും നടത്തി. അതിൽ ആശ്രമത്തിന്റെ ആവൃതി നിയമം, മൗനവ്രതം ആദിയായ സന്ന്യാസ ജീവിതത്തിന്റെ അവശ്യഘടകങ്ങൾ മൂപ്പച്ചൻ വിവരിച്ചുകൊടുത്തു. ഇതു കേട്ട് രണ്ടച്ചന്മാരും എട്ടു ശെമ്മാശന്മാരും ഒരു യോഗാർത്ഥിയും പിൻമാറി - ഈ സംഭവം ചാവറയച്ചനെ വളരെയധികം വേദനിപ്പിച്ചു. ആബട്ടായി, പ്രിയോരായി നിയോഗിക്കപ്പെട്ട ചാവറ പതിനൊന്നു പേരുടെ വേർപാടിൽ കുണ്ഠിതനായി എന്നതു വളരെയധികം ചിന്തിക്കേണ്ട വിഷയമാണ്. എതദ്ദേശീയമായി ആരംഭിക്കുവാൻ ആദിപിതാക്കന്മാർ ഉദ്ദേശിച്ചിരുന്ന അമലോത്ഭവ ദാസന്മാരെ വിദേശത്തുള്ള സമൂഹത്തിന്റെ ചട്ടക്കൂട്ടിൽ നിയമബന്ധതയിലാക്കുവാൻ മർസെലീനോസ് മൂപ്പച്ചൻ പരിശ്രമിച്ചത് പ്രാരംഭ സമൂഹത്തിനുണ്ടായ ഒരു തളർച്ചയാണ്. അതുകൊണ്ടാണ് ചാവറയച്ചൻ വേദനിച്ചത്. 20 വർഷത്തെ പരിശ്രമം! പകുതിപേരെ നീക്കിനിർത്തിയിട്ടു രൂപപ്പെടുത്തുക എന്ന ദുഃഖകരമായ അവസ്ഥ! മെത്രാപ്പോലീത്താച്ചൻ ചാവറയുടെ വിഷമമറിഞ്ഞപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്: "ഈ സംഗതിയെപ്പറ്റി ഭയപ്പെടേണ്ടതില്ലെന്നും നല്ലമനസ്സും ഉറപ്പും ഉള്ളവരെ മാത്രം സഭയിൽ ചേർത്താൽ മതിയെന്നും ഈ ചെറിയ ആട്ടിൻകൂട്ടത്തെ പാലിക്കുന്നതിന് ഞാൻകൂടി ദൈവത്തോടു പ്രാർത്ഥിക്കുന്നതാണെന്നും."[146] 1855 ഡിസംബർ 8 നു സന്ന്യാസജീവിതത്തിന്റെ മൂന്നു നേർച്ചകളെ ആഘോഷമായ വിധത്തിൽ ഒന്നാമനായി ചാവറ നടത്തിക്കഴിഞ്ഞാണ് അദ്ദേഹം പ്രിയോരായി നിയമിക്കപ്പെട്ടത്. ചെറുപ്പം മുതൽ ആഗ്രഹിച്ചതും പ്രഥമ കുർബ്ബാനയിൽ അപേക്ഷിച്ചു നിയോഗം വച്ചതും ഒരാശ്രമം രൂപപ്പെടുന്നതിനുവേണ്ടിയാണ്. ചാവറയച്ചന്റെ മുമ്പിലാണ് പുതിയ സമൂഹത്തിൽ 10 അച്ചന്മാർ ആദ്യവ്രതം ചെയ്തത്. പോരൂക്കര എലിസേവൂസച്ചൻ ഈ സംഭവത്തെക്കുറിച്ചു പറയുന്നു: "ദൈവ സഹായത്തിൽ ആശ്രയിച്ചു

കണ്ണുനീരുകളാൽ തുടങ്ങിയ ഈ വേല 24-ാം വർഷത്തിൽ ഈ പിതാവു വഴിയായി പൂർത്തിയായി."[47]

എലിസേവുസച്ചനു മുമ്പ് പ്രിയോരായിരുന്ന ചാവറയച്ചൻ സി. എം. ഐ. സഭയിൽ അംഗങ്ങളായിട്ടുള്ളവരിൽ ഏറ്റവും വിനീതരിൽ വിനീതൻ എന്നു പറയുന്നതിൽ തെറ്റുണ്ടോ? അദ്ദേഹത്തിന്റെ ധ്യാന സല്ലാപങ്ങളിലും ആത്മാനുതാപത്തിലും പ്രകടമാകുന്ന വിനയം എത്ര അഗാധമെന്ന് വളരെ സ്പഷ്ടമാണ്. ചാവറയുടെ പ്രകരണങ്ങൾ: "അതെന്തേ എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ, ഇത്രടം നീ വന്നതു എങ്ങനെ, വീട്ടിൽനിന്ന് ആരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി? കൊവേന്തയിൽ എങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളുമോ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും, നടത്തും."[48] ഒന്നിനും കൊള്ളാത്തവനെന്ന് സ്വയം വിശേഷിപ്പിക്കുമ്പോൾ ദൈവതിരുമനസ്സ് എല്ലാറ്റിന്റെയും പിന്നിലുള്ള ഘടകമെന്ന് ചാവറ ഏറ്റു പറയുന്നു. പ്രിയോരെന്ന സ്ഥാനപ്പേരിനെയും ദൈവനിശ്ചയമെന്ന് അംഗീകരിക്കുന്ന ചാവറയെയാണ് നാമിവിടെ കാണുന്നത്. പൗരസ്ത്യ സുറിയാനി ആശ്രമ പാരമ്പര്യത്തിൽ കാണുന്ന 'ആബട്ട്' (ആശ്രമ പിതാവ്, ശ്രേഷ്ഠൻ) എന്നതിനെയാണ് പ്രിയോർ എന്നു വിദേശീയർ വിശേഷിപ്പിച്ചത്.

ദൈവതിരുമനസ്സ് നടക്കും, നടത്തും എന്നു വിശ്വസിച്ചിരുന്ന പ്രിയോരച്ചൻ സഭയെയാണ് അമ്മ എന്ന നിലയിൽ കണ്ടിരുന്നത്. തിരുസഭയോകുന്ന അമ്മയുടെ സങ്കേതത്തിൽ നിന്നകലുന്നത് വലിയ നാശമായിട്ടാണു ചാവറ കണ്ടിരുന്നത്.[49] തിരുസഭയോടുള്ള സ്നേഹവും ആദരവും പ്രകടമാക്കുന്നതിൽ മാർപ്പാപ്പായും മേലധ്യക്ഷന്മാരും ചാവറയുടെ ദൃഷ്ടിയിൽ നിദർശനങ്ങളായിരുന്നു. ചാവറ പറയുന്നു: "ദൈവം തന്റെ സ്ഥാനപതികളായ തലവന്മാരെ മാത്രം തന്റെ തിരുമനസ്സിന്റെ

സ്വരം കേൾപ്പിക്കയുള്ളു എന്ന് വിശ്വസിച്ചുകൊൾക".[50] ശ്രേഷ്ഠന്മാർ ദൈവതിരുമനസ്സ് ഉൾക്കൊള്ളുന്നവരും വെളിപ്പെടുത്തുന്നവരും എന്നത് ചാവറയിൽ ഉയിരുള്ള വിശ്വാസമായിരുന്നു. ചാവറ എഴുതുന്നു: "അവരാലെ സർവ്വേശ്വരൻ തന്റെ തിരുമനസ്സ് നമ്മോടറിയിക്കുന്നുവെന്നും ശ്രേഷ്ഠന്മാരുടെ വചനം തമ്പുരാന്റെ തിരുവചനം തന്നെയെന്നും ഉള്ള ഉയിരുള്ള വിശ്വാസവും പട്ടാങ്ങയുള്ള ഉപവിയും ഇല്ലായ്കയാൽ ഒരിക്കലും ഹൃദയത്തോടുകൂടെ തങ്ങളുടെ മേൽപട്ടക്കാർക്കു കീഴ്വഴങ്ങുന്നുമില്ല".[51] ചാവറയച്ചനു ദൈവത്തിലും ദൈവിക പ്രതിനിധികളിലുമുണ്ടായിരുന്ന വിശ്വാസവും അനുസരണവുമാണ് അദ്ദേഹത്തെ വലിയ പ്രിയോരച്ചനെന്ന് വിളിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചത്.

സഭയോടുള്ള മേൽപറഞ്ഞ രീതിയിലുണ്ടായിരുന്ന സ്നേഹം പിതൃമാതൃസ്നേഹത്തിന്റെ ഏകീകരണമാണ്. ആബട്ടായി ആശ്രമാംഗങ്ങളെയും വലിയ പ്രിയോരച്ചനായി ആശ്രമങ്ങളെയും വികാരി ജനറാളായി തിരുസ്സഭാംഗങ്ങളെയും ശുശ്രൂഷിച്ച ചാവറ, മിശിഹാ സഭയെ സ്നേഹിച്ചതുപോലെ ദൈവജനത്തെയും സ്നേഹിച്ചു. ഈശോയെ മണവാളനെന്നു വിളിച്ച ചാവറ, നസ്രാണി സഭയെ വധുവെന്ന രീതിയിൽ സ്നേഹിച്ചു ശുശ്രൂഷിച്ചുകൊണ്ട് പിതൃമാതൃബന്ധം ഉറപ്പിച്ചു.

ത്രിത്വത്തിന്റെ പ്രതിഫലനം തിരുക്കുടുംബത്തിലുള്ളതും മനുഷ്യവ്യക്തിയിലുള്ളതും ചാവറ തന്റെ ശുശ്രൂഷയിലൂടെ സഭാത്മകമായും അന്വർത്ഥമാക്കി. നസ്രാണി സഭയിലുണ്ടായ ഇതര ആശ്രമ പ്രസ്ഥാനങ്ങളും വൈദിക, അല്മായ മുന്നേറ്റവും കുടുംബങ്ങളുടെ സുസ്ഥിതിയും, അധഃകൃതരുടെ സമുദ്ധാരണവും വിദ്യാഭ്യാസ പുരോഗതിയും കേരളത്തിന്റെ മൊത്തത്തിലുള്ള ഉന്നമനവും ശിശുസമാനം കാണപ്പെടുന്നു. അതായത് ആബട്ടായ ചാവറയും ആബസ്സായ നസ്രാണി സഭയും ദൈവനിശ്ചയപ്രകാരം ഒന്നുചേർന്നതിന്റെ ഫലമാണ് പത്തൊമ്പത് ഇരുപതു നൂറ്റാണ്ടുകളിലെ നസ്രാണി സഭയുടെ

വളർച്ച. അതു സഭയെ മാത്രമല്ല കേരളത്തെ ഒന്നാകെ സംസ്കാര സമ്പന്നമാക്കിത്തീർത്തു. ഇപ്രകാരം ചാവറ കേരളമൊക്കെയുടെയും പിതാവ് - സഭാതലവൻ - ആയിത്തീർന്നു.

14:10 കൂട്ടായ്മയുടെ ആധ്യാത്മികത

നസ്രാണിസഭയുടെ സഹവാസത്തിനു ചരിത്രസംഭവത്തിലൂടെ സാഹസിക നേതൃത്വം നൽകിയ ചാവറയെ ഇവിടെ കൂട്ടായ്മ സംവിധായകൻ എന്ന ആശയത്തിൽ "ശൗത്താപ്പൂസാ" എന്നു വിശേഷിപ്പിക്കാം. 1860 കളിൽ നസ്രാണിസഭയെ പിടിച്ചു കുലുക്കിയത് തങ്ങളുടേതായ സഭാത്മകത്വം സ്ഥാപിച്ചു കിട്ടുന്നതിനുള്ള സംരഭത്തിൽ ഉണ്ടായ വൈദേശിക ഇടപെടലാണ്. ലത്തീൻ മേലധ്യക്ഷക്രമം തങ്ങളുടേതായ രീതിയിൽ നസ്രാണികളെ വ്യതിചലിപ്പിച്ചുകൊണ്ടിരുന്ന കാലത്താണ് ബാബേലിൽ നിന്നുള്ള റോക്കോസ് മേലധ്യക്ഷന്റെ ആഗമനം. ഇത് സഭാതലത്തിൽ വലിയ സംഘർഷത്തിനും, വിഭാഗീയതയ്ക്കും, എതിർപ്പിനും കാരണമായി. ഈ വിപത്സന്ധിയിൽ ചാവറ വിദേശ മിഷനറിമാരുടെ കൈകളിൽ ഒരു "ശൗത്താപ്പൂസാ" ആകുന്നതിന് ഇടവന്നു. സഭാത്മക വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും അടിസ്ഥാനത്തിൽ ചാവറ റോമാ മാർപാപ്പയ്ക്ക് എഴുതി. ചാവറ നിസ്തുലമായ വിവേകത്താലും മെശയാനിക സാഹോദര്യത്താലും നസ്രാണി സഭയെ സഹവസിപ്പിക്കുന്നതിനായി നിശ്ചയദാർഢ്യത്തോടെ പരിശുദ്ധ പിതാവിനെ സമീപിച്ചു. മാർപ്പാപ്പായിൽ നിന്നു ലഭിച്ച മറുപടി ഇപ്രകാരമാണ്: "നമ്മുടെ സ്നേഹമക്കളും മലയാള സുറിയാനിക്കാരുമായ പ്രിയോർ കുറിയാക്കോസ് ഏലിയാ, അലക്സാണ്ടർ യൗസേപ്പ്, കുറിയാക്കോസ് ഏലീശാ മുതലായ പട്ടക്കാർക്ക് സ്വസ്തിയും ശ്ലീഹായ്ക്കടുത്ത ആശിസ്സും. സ്നേഹമക്കളെ, കർദ്ദായക്കാരുടെ ബാബേലിലെ മാർ യൗസേപ്പ് പാത്രിയർക്കീസായ ബഹുമാനപ്പെട്ട നമ്മുടെ സഹോദരന്റെ ഒരെഴുത്താടുകൂടി അടുത്തു കഴിഞ്ഞ

ഇടവം 9-ാംനു നിങ്ങളുടെ പക്കൽ വതികയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ച് യൗസേപ്പ് പാത്രിയർക്കീസിനാൽ അയക്കപ്പെട്ടിരിക്കുന്നതെന്ന് പറയുകയും ചെയ്യുന്ന റോക്കോസ് മെത്രാനോട് ഏതുപ്രകാരം വർത്തിക്കണമെന്നറിയുവാൻ അപേക്ഷിക്കുന്നതായി ഈയ്യാണ്ടു മിഥുനമാസം 19-ാംന് നമ്മുടെ പക്കലേക്ക് നിങ്ങൾ അയച്ച എഴുത്ത് ഇവിടെ വന്നു ചേർന്നെന്ന് നിങ്ങളോടു നാം അറിയിക്കുന്നു. ഈ മഹാകാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽനിന്നകലുവാൻ ശ്ലീഹായ്ക്കടുത്ത ഈ സിംഹാസനത്തോടും മറ്റു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയ റോമ്മാ എന്ന ഈ പള്ളിയോടു നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു".[52]

സമാധാനമല്ല വാളു സ്ഥാപിക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്നരുളിച്ചെയ്ത "ഈശോയാണു നമ്മുടെ സമാധാനം" എന്ന് വിശുദ്ധ ശ്ലീഹാ അരുളിചെയ്തിരിക്കുന്നു (അപ്പെ. 2:14). ചാവറ നിലകൊണ്ടത് സമൂഹത്തിൽ സമാധാനവും ഐക്യവും സുസ്ഥാപിക്കുന്നതിനായി റൂഹാദ്ക്കുദ്ശായുടെ സഹവാസം ഏവരോടും കൂടെയുണ്ടാകാനാണ്. അതിനു തടസ്സമായി നിന്നവരെയെല്ലാം അനുരജ്ഞനപ്പെടുത്തുന്നതിനാണ് അദ്ദേഹം പരിശ്രമിച്ചത്. എല്ലാ മേഖലകളിലും ഈ കൂട്ടായ്മ ഉണ്ടാകണമെന്ന് ചാവറ കരുതിയിരുന്നു.

സഭയിൽ അന്തച്ഛിദ്രമുണ്ടാക്കുന്നതിനുവേണ്ടി ഓരോ ന്യായം പറഞ്ഞു നീങ്ങിയവരെ ഒന്നിപ്പിക്കുകയെന്നതു ശ്രമകരമായിരുന്നു. എങ്കിലും ത്യാഗം സഹിച്ച് ചാവറ അതു ചെയ്തു. റോക്കോസ് അനുഭാവികളിൽനിന്നും സ്വസമൂഹത്തിൽനിന്നും എല്ലാറ്റിനുമുപരി സഭാമേലധ്യക്ഷന്മാരിൽ നിന്നുപോലും നിരവധി എതിർപ്പുകൾ നേരിടേണ്ടിവന്നെങ്കിലും,[53] സഭാഗാത്രത്തിൽ റോമായോടു ചേർന്നുള്ള സഹവാസത്തിന് ചാവറ മനസ്സാക്ഷിയുടെ രക്തസാക്ഷിത്വം കൈവരിച്ചു. ഇതിന്റെ പിന്നിലുള്ള ആധ്യാത്മികത 'ചാവുദൊഷത്തിമ്മെൽ ധ്യാനം'

എന്ന ഭാഗത്ത് ദൃശ്യമാണ്: "അല്പമായിട്ട് എങ്കിലും തമ്പുരാനെ നീ സ്നേഹിക്കുന്നുവെങ്കിൽ ദൊഷം, ചെറിയ കുറ്റം എന്ന നീ നിരൂപിക്കുന്നതെങ്ങനെ? നിന്റെ എത്രയും പ്രിയപ്പെട്ട മണവാളനായിരിക്കുന്ന ഈശോമിശിഹായെ നിരസിക്കുന്നതും ഉപദ്രവിക്കുന്നതും സാരമില്ലാത്ത കുറ്റമെന്നു നിനക്കു തൊന്നുന്നതെങ്ങനെ? അയ്യൊ പാപം എന്നതിന്റെ കഷ്ടത ഇതവരെയും നീ വഴിപൊലെ കണ്ടുപിടിച്ചില്ല... ആ! സ്നേഹമുള്ള കൂടപ്പിറപ്പെ ദൈയവീട്ടിൽ തന്റെ സമൂഹത്തിൽ തന്നോടു കൂടെ നീ ജീവിക്കുന്നതെന്നിയെതന്നെ നീ അനുഭവിക്കുന്നു. തന്നെക്കൊണ്ട നീ ജീവിക്കുന്നു, തന്നെക്കൊണ്ട നീ സുഖിക്കുന്നു. തന്റെ ചൊരയുടെ വിലയാൽ തന്നെ നിന്റെ ജീവിതം ഒക്കയും എന്ന നിന്റെ ഒരു പാപവും അറിവില്ലാത്ത ഒരന്മെനിയുടെ പാപവും ഒന്നുപോലെ ശിക്ഷിക്കപ്പെടുന്നു എന്നു നീ ഓർക്കുന്നോ?... എന്നാൽ തന്റെ സ്നെഹപ്പെട്ട മകനായിരിക്കുന്ന പട്ടസുഖക്കാരനായ ദൈയവശുശ്രൂഷിയിൽ അവന്റെ അലങ്കാര വസ്ത്രമായിരിക്കുന്ന ദൈയവസ്നേഹത്തിന്ന അല്പമായിട്ടുള്ള കുറവു കണ്ടാൽ ഉടൻ കൊപിച്ച കഠിനമായി ശിക്ഷിക്കുകയും ചെയ്യും... ഇതല്ലാം ഇപ്രകാരംയിരിക്കയിൽ പട്ടസുഖമുള്ളവനും ആത്മപരിപാലനക്കാരൻ ദൈയവശുശ്രൂഷിയും ആയിരിക്കുന്ന നീ നിന്റെ അപെക്ഷകളാലും നമസ്കാരത്താലും ദിവ്യപൂജയാലും ദൈയവ കൊപത്തെ നിറുത്തുവാനും പാപികൾക്കവെണ്ടി സർവ്വെശ്വരനൊടു പ്രാർത്ഥിച്ച അവരുടെമെലുള്ള തന്റെ തിരുവിള്ളക്കെടിനെ തീർപ്പാനും കടക്കാരനായിരിക്കുന്ന ബ. കൂടപ്പിറപ്പെ! നീ പതിവായിട്ട ചെയ്തുവരുന്ന പാപങ്ങളും അല്പമായ കുറ്റങ്ങളും നിനക്കെത്രയോ ചെരാത്തതായിരിക്കുന്നു എന്ന ഓർത്തുകൊൾ..... ബ. കൂടപ്പിറപ്പേ നീ ദിവസവും കരേറുന്ന അൾത്താര എത്രയൊ! ഉയരപ്പെട്ടതായിരിക്കുന്നു എന്നും ഈ ഉയരപ്പെട്ട അൾത്താരയിൽ ദിവസെന നീ അണയ്ക്കുന്ന മാംസവും ഏതു പ്രകാരമുള്ളതാകുന്നു എന്നും നീ ഓർത്തുകൊൾക. ആയതിനാൽ ഇതുവരെയുള്ള നിന്റെ നെന്ദികെടിന്മേൽ ക്ലെശിച്ച് നൊൻപരപ്പട്ട

ഈ മനഗുണമുള്ള പിതാവായ താൻ ഇപ്പഴും നിന്നെ കൈക്കാൾവാൻ പാർത്തിരിക്കുന്നതിനാൽ തന്റെ പക്കൽ അണഞ്ഞുകൊണ്ട താൻ അരുളിചെയ്ത എളെ പുത്രനെപൊലെ പൊറുതി അപെക്ഷിച്ചുകൊൾക. ഉടൻ തന്നെ താൻ നിന്നെ അനുഗ്രഹമായി തൃക്കൺ പാർക്കയും നിനക്കു പൊയിപോയ വസ്ത്രാഭരണങ്ങൾ ഒക്കയും വീണ്ടും നിന്നെ ചമയിച്ച തന്റെ പ്രിയമുള്ള മക്കളുടെ കൂട്ടത്തിൽ നിന്നെ ചെർത്തു കൊൾകയും ചെയ്യും".[54]

നിസ്സാരമായ കുറ്റംപോലും ചെയ്യാതിരിക്കുവാനുള്ള ധ്യാനചിന്തകൾ നല്കുന്ന ചാവറയച്ചൻ, എല്ലാറ്റിനുമുപരിയായി ആഗ്രഹിച്ചത് ദൈവമക്കളുടെ കൂട്ടത്തിൽ പിതൃസഹവാസത്തിൽ കഴിയുക എന്നതാണ്. ഈ പിതൃസഹവാസത്തിൽ ഭൗതിക കുടംബമാണു സഭ. സഭയോടുള്ള സ്നേഹത്തിനു നിസ്സാരമായ കുറവുപോലും വരരുത് എന്ന ബോധ്യമാണ് ചാവറയെ സമാധാനപാലകനെന്ന നിലയിൽ ഒരു "ശൗത്താപ്പൂസാ" ആക്കിയത്. ശ്ലീഹന്മാരുടെ അജപാലന വ്യഗ്രത വിശ്വാസത്തിൽ ഏവരേയും സ്ഥിരതയുള്ളവരാക്കുവാനാണ്. ഈ കാര്യങ്ങൾ ഉപദേശിച്ചു വി. ശ്ലീഹാ ആശംസിക്കുന്നത്: "നമ്മുടെ കർത്താവീശോമിശിഹായുടെ സമാധാനവും ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ 'ശൗത്താപ്പൂസാ'യും എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ" എന്നാണ് (2 കൊറി. 13:14). നസ്രാണിസഭയിലും കേരളക്കരയിലും ചാവറ 'ഒരു ശൗത്താപ്പൂസ' ആയിരുന്നുവെന്ന് ചരിത്രം പ്രഘോഷിക്കുന്നു.[55] ഇതല്ലേ ഈശോ പ്രാർത്ഥിച്ച 'ഒന്നാകലിന്റെ', കൂട്ടായ്മയുടെ ആധ്യാത്മികതയും (യോഹ. 17:21) ഈശോയിൽ ആദം മുതൽ എല്ലാവരുടെയും സഹവാസവും.

14:11 സംഘാതാത്മക ചൈതന്യം

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും."[56]

പറുദീസായുടെ തൊടുകുറിയായിട്ടാണ് ദൈവം ആദത്തെ രൂപപ്പെടുത്തിയത്. പ്രപഞ്ചത്തിന്റെ എല്ലാ അംശങ്ങളും ആദത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് അരുവികളും ഉറവകളും മലകളും താഴ്വാരങ്ങളും പൊട്ടിഒഴുകുന്ന പ്രവാഹങ്ങളുമുള്ള ഒരു ദേശത്ത് (നിയമ. 8:7) ആദത്തെ പാർപ്പിച്ചത് പ്രാപഞ്ചിക പരിസ്ഥിതിയോടു ചേർന്ന് ദൈവത്തെ അനുഭവിക്കാനാണ്. എന്നാൽ ആദത്തിനു ദൈവം തന്റെ ഛായയും സാദൃശ്യവും നല്കിയത് അവൻ തന്റെ ഭൗമിക ഘടകമായ 'ആദമ'യോടുകൂടെ ഭൂമിയിൽ അധ്വാനിച്ച് (ഉത്പ. 21:15) അതിനെ ഉപരി മനോഹരമാക്കുവാനാണ്. ഇതിനുള്ള നിയോഗമാണ് സർവ്വചരാചരങ്ങളുടെയും മേൽ ലഭിച്ച ആധിപത്യാവകാശം. എന്നാൽ ആദം തന്നിൽത്തന്നെ 'സഹവാസത്തിന്റെ' (ശൗത്താപ്പൂസാ) ആദ്ധ്യാത്മികനാകുന്നില്ലെങ്കിൽ ഭൂമി മുള്ളുകളും കൂർമുള്ളുകളും പുറപ്പെടുവിക്കും (ഉത്പ. 3:18). ശൗത്താപ്പൂസാ - സഹവാസം നഷ്ടപ്പെടും. ആദത്തിൻ സുതനായ ചാവറ എപ്രകാരമാണ് പ്രപഞ്ചത്തിന് പുനഃസൃഷ്ടിയിലൂടെ പുതുജീവൻ പകർന്നതെന്നാണ് ഇവിടെ ചർച്ചചെയ്യുന്നത്.

ആദത്തിൻ സുതനായി ദൈവം ചാവറയെ രൂപപ്പെടുത്തി എന്ന വിശ്വാസം മൗലികമായ ചില നിഗമനങ്ങളിലേക്കു ചാവറയെ നയിച്ചിരിക്കണം. മണ്ണ്, ഭൂമി എന്നൊക്കെ അർത്ഥമുള്ള 'ആദാമ' എന്ന എബ്രായ പദത്തിൽ നിന്നാണ് ആദാം എന്ന പേരിന്റെ ഉത്ഭവം. പ്രപഞ്ച ഘടകങ്ങളിലൊന്നിനെയും അവഗണിക്കുവാൻ പാടില്ല. പ്രപഞ്ചത്തിന്റെ രാജാവായിരിക്കുന്ന മനുഷ്യൻ പഞ്ചഭൂത ഘടകങ്ങളെ തന്നിൽ ഏകീഭവിപ്പിക്കുകയും സഹജരിൽ സഹവാസത്തിലൂടെ പ്രദർശിപ്പിക്കുകയും പ്രകൃതി നാഥനിലേക്ക് എല്ലാം രൂപാന്തരപ്പെടുത്തുകയും ചെയ്യണം.

ഈ സമന്വയിപ്പിക്കലിന്റെ ഉടമ്പടി ബന്ധതയാണ് നിയമാവർത്തനം 6:5 -ലെ മഹോന്നത പ്രമാണവും ലേവ്യർ 19:18 - ലെ സഹോദര സ്നേഹവും 1 യോഹ. 4:12 - ലെയും യോഹന്നാൻ 13:24 - ലെയും ആത്മസ്നേഹവും. മനുഷ്യനിലുള്ള ജഡിക സ്നേഹത്തെ വൈകാരിക സ്നേഹത്തിലൂടെ ദൈവസ്നേഹത്തിൽ എത്തിക്കുമ്പോഴാണ് ശരീരങ്ങളുടെ ഉയിർപ്പും ആത്മാക്കളുടെ രക്ഷയും ജീവന്റെ നിലനിൽപും സാക്ഷാത്കരിക്കപ്പെടുന്നത്.[57] "ഈശോമിശിഹായിൽ സർവ്വ സമ്പൂർണ്ണതയും വസിക്കുവാൻ ദൈവം തിരുമനസ്സായി. അവൻ വഴി സകലത്തെയും തന്നോടു രമ്യപ്പെടുത്താനും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തിനും അവൻ ചിന്തിയ രക്തംവഴി സമാധാനം നല്കാനും ദൈവം തിരുമനസ്സായി" (കൊളോ. 1:19-20). എന്നാൽ മനുഷ്യൻ ദൈവത്തെ കണ്ടും കേട്ടും സ്നേഹിച്ചും സൃഷ്ടിജാലങ്ങളെ ഉപയോഗിക്കുന്നില്ലെങ്കിൽ അതു ദൈവത്തോടും സഹജരോടും തന്നോ ടുതന്നെയും പ്രപഞ്ചത്തോടുമുള്ള അവിശ്വസ്തതയാണ്. ഈ പാപാവബോധമാണ് ചാവറയെ ഇപ്രകാരം പാടുവാൻ പ്രേരിപ്പിച്ചതും പാപബോധത്തോടുകൂടി ജീവിക്കാൻ ഇടവരുത്തിയതും. ചാവറയുടെ ഗാനങ്ങളിലൂടെ:

"അന്നവരുടെ വൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാന ക്രിയയാകുന്ന സ്നാനവും
സുജ്ഞാനംവിനാ മറ്റും ചെയ്തേനഹം.
അയ്യോ! നാഥനെ! സ്നേഹഗുണനിധേ!
അയ്യംതോന്നുന്ന കാലം തുടങ്ങിമേ.
അക്കാലംവരെ നിന്നുടെ തൃക്കണ്ണി-
ന്നൊക്കുംവണ്ണം ചരിച്ചേനഹംശിശു.
അന്നുതൊട്ടവരോടു ചരിച്ചിട്ടു,
നന്ദിയൊക്കെ മറന്നേനഹം വൃഥാ;
നിർഗുണമായ യജ്ഞാനിക്കൂട്ടത്തിൽ

ദുർഗുണമല്ലാതെന്തു ഗുണമുള്ളൂ!
കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദൂഷിത വാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ.''[58]

പാപബോധത്തെ അപഗ്രഥിക്കുന്നെങ്കിൽ അടിസ്ഥാനപരമായി വരുന്നത് പഞ്ചഭൂതഘടകങ്ങളുടെ ശിഥിലീകരണവും മാനസിക തലത്തിലുള്ള തകർച്ചയും വഴി ചേതനാത്മക കഴിവുകളെ നിർവീര്യമാക്കുന്നതാണ്. പ്രാപഞ്ചിക അസ്തിത്വങ്ങളിലും മാനവരാശിയിലുള്ള ദൈവികമഹത്ത്വത്തെ ശൂന്യമാക്കുന്നതാണ് തകരാറ്. അതുകൊണ്ടു പാപബോധത്തിലൂടെ ദൈവത്തെ അധികമായി സ്നേഹിച്ച് (ലൂക്ക.7:47) പരിപൂർണ്ണ ദൈവൈക്യത്തിൽ എത്തുവാൻ ശാരീരിക പീഡകളും മനസ്സിന്റെ ത്യാഗവും ആവശ്യമാണ്. ആദത്തിന്റെ വംശാവലിയിലൂടെ ദാവീദിന്റെ വംശത്തിൽ പിറന്നവനായ ഈശോ പ്രപഞ്ചത്തെ സശീർഷമാക്കിക്കൊണ്ടു ദൈവമഹത്ത്വവും മാനവ പവിത്രീകരണവും സാധിച്ചു.

ചാവറ ജീവിതകാലം മുഴുവൻ താപസനായി ജീവിച്ചുകൊണ്ട് ആദാമിന്റെ അംഗങ്ങളെയെല്ലാം മിശിഹായുടെ പരിത്രാണ സംഭവത്തിലൂടെ ദൈവികീകരിച്ചു. ചാവറയിൽ ദൈവം ഏതെങ്കിലും വിധത്തിൽ സ്നേഹിക്കപ്പെടുന്നില്ലായെന്നു കണ്ടാൽ അനുതാപക്കണ്ണുനീർ ഭൂമിയിൽ വീഴ്ത്തി, അനുതപിച്ച് ഹൃദയത്തെ ദൈവസമക്ഷം നിർത്തി ഈശോയുടെ പീഡകളിൽ പങ്കുചേർന്നു. ആദാമിന്റെ അംഗങ്ങളെയെല്ലാം ദൈവത്തിലേക്കു രൂപാന്തരപ്പെടുത്തി. ഇതു പ്രപഞ്ചം മുഴുവന്റെയും പരിത്രാണമാണ്.

ചാവറയച്ചൻ ഭൗമിക വസ്തുക്കളെ ദൈവവാസസ്ഥലമെന്നു കണ്ടു നടത്തുന്ന വിശ്വാസപ്രകരണങ്ങൾ എങ്ങും കാണാം. ധ്യാന

സല്ലാപങ്ങളിൽ: "അയ്യയ്യോ മുട്ടാടും കാളമൂരികളും അറത്തു പൂജിക്കുന്നു എന്ന പൂജയിടത്തിനും മദബഹായ്ക്കും അല്പമായ അനാചാരത്താൽ അണഞ്ഞു എന്ന മേൽപട്ടക്കാരന്റെ കടിഞ്ഞൂൽ പുത്രിമാരിൽ കൂടെയും അനുഗ്രഹിക്കാതെ ആ ക്ഷണത്തിൽ തന്നെ ശിക്ഷിക്കയും തന്റെ തിരുപ്രമാണങ്ങൾ എഴുതിയ പലകവെച്ചു പൂട്ടിയിരുന്നു എന്ന പെട്ടകം ഇരിക്കുന്ന 'ക്ദോശക്ദശ' (അതിവിശുദ്ധസ്ഥലം) എന്ന സ്ഥലത്തിൽ പ്രവേശിപ്പാനുള്ള തിരശ്ശീലയുടെയുള്ളിൽ കടപ്പാൻ ഭാവിച്ചു എന്ന മഹാസേനാപതിയെ ആകാശത്തിൽനിന്നു തന്റെ ദൂതന്മാരെ യാത്രയാക്കിയ ഉടൻ ശിക്ഷിക്കുകയും ഈവണ്ണം ആ സാദൃശ്യത്തിന്നടുത്ത ദേവാലയവും പൂജയും നീ മഹിമപ്പെടുത്തി."[59] എന്നാൽ ഭൗമികമായവ കേന്ദ്രീകൃതമാകുന്നത് ദൈവച്ഛായയും സാദൃശ്യവുമുള്ള മനുഷ്യനിലാണ്. ആ മനുഷ്യന്റെ പാപം പ്രപഞ്ച വസ്തുക്കളെ രൂപാന്തരീകരണത്തിനു വിട്ടുകൊടുക്കാതിരിക്കുന്നതാകുന്നു. ഇതു ഗ്രഹിച്ച ചാവറ ഈശോയാകുന്ന ദൈവാലയത്തെയാണ് (യോഹ. 2:21) തന്റെ ഹൃദയമാകുന്ന മടിയിൽ പ്രതിഷ്ഠിച്ചു സ്നേഹിച്ചത്.

ആദത്തിന്റെ സുതനായി ദൈവം ചാവറയെ രൂപപ്പെടുത്തിയപ്പോൾ ദൈവച്ഛായ ഉൾക്കൊള്ളുന്ന പ്രാപഞ്ചിക ഘടകങ്ങളെയും ദൈവികത സൂചിപ്പിക്കുന്ന സാദൃശ്യത്തെയും ചാവറയിൽ ഉറപ്പിച്ചു. ഈ രഹസ്യങ്ങളെല്ലാം ദൈവവും മനുഷ്യനുമായ ഈശോയിൽ ചാവറ അനുഭവിച്ചപ്പോൾ ദൈവസ്നേഹത്തിന്റെ പൂർത്തീകരണം സൃഷ്ടിയിൽ ദർശിച്ചു. ലോകം ദൈവത്തെ സന്നിഹിതമാക്കുന്ന കൂദാശയെന്നോണം അതിനെയും അതിന്റെ സംവിധാനങ്ങളെയും ചാവറയിലൂടെ പവിത്രീകരിച്ചു. ചാവറയുടെ ശരീരത്തിലും ആത്മാവിലും ചേതനയിലും റൂഹാ സജീവനായത് പുതിയ ആദമായ ഈശോയിൽ ഒന്നുചേർന്നതുകൊണ്ടാണ്. ഈ അനുഭവം ചാവറ ഏവർക്കും കൈമാറുന്നു.

14:12 പാരമ്പര്യം

ചാവറ ബേസ്സഹത്തു ദർശിച്ച മനുഷ്യപുത്രനെ കണ്ടത് ആകാശങ്ങളിലിരിക്കുന്ന ദൈവം നമ്മോടുകൂടെ എന്നാണ്:

> "അമ്മാനുവേലെന്ന നാമാർത്ഥം പോൽദൈവം
> നമ്മോടുചേർന്നതും കാണാകേണം."[60]

ദൈവം മനുഷ്യനായതിന്റെ പിന്നിൽ, മനുഷ്യനു ദൈവികതയിലേക്കുള്ള പ്രവേശനം അമ്മനുവേലിലൂടെ എന്ന രഹസ്യത്തിന്റെ അനാവരണമാണുള്ളത്. ഈ സത്യം ഗ്രഹിക്കാതിരുന്ന മിശിഹായുടെ സമകാലികരോട് അവിടുന്നു പറയുന്നു: "നിങ്ങൾ ദൈവങ്ങളാണ് എന്നു ഞാൻ പറഞ്ഞു" എന്നു നിങ്ങളുടെ നിയമത്തിൽ എഴുതിയിട്ടുണ്ടല്ലോ (സങ്കീ. 82:6). അവരുടെ പക്കൽ ദൈവവചനം ഉണ്ടായിരുന്നതിനാലാണ് "ദൈവങ്ങൾ" എന്ന് അവരെ വിളിച്ചത്. വിശുദ്ധ ലിഖിതം നിരർത്ഥമാകയില്ലല്ലോ. "ഞാൻ ദൈവപുത്രനാണെന്നു" പറഞ്ഞതുകൊണ്ട്, പിതാവു വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച എന്നോട് "നീ ദൈവദൂഷണം പറയുന്നു" എന്നു നിങ്ങൾ പറയുന്നുവോ? (യോഹ. 10:34-36)." "പിതാവു വിശുദ്ധീകരിച്ചു ലോകത്തിലേക്കയച്ച എന്നോട്" എന്ന് ഈശോ പറയുന്നതു പിതാവു പുത്രനെ ലോകത്തിനു കൈമാറി എന്ന പാരമ്പര്യത്തിന്റെ തുടക്കമാണ്. ഈ പാരമ്പര്യമാണ് ഈശോ ശിഷ്യർക്കും കൈമാറിയത്. ഈശോ പറയുന്നു: "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:22).

ശിഷ്യന്മാരുടെ പ്രതിനിധിയായി ഈശോമിശിഹായിലുള്ള പൂർണ്ണവിശ്വാസം ഏറ്റുപറഞ്ഞ ശ്ലീഹന്മാരിലൊരുവനാണു തോമ്മാശ്ലീഹാ. ഈ തോമ്മാശ്ലീഹായിൽ നിന്നു ഭാരത നസ്രാണികൾക്കു ലഭിച്ച വിശ്വാസം ചാവറയിൽ സജീവമായപ്പോഴാണ് അദ്ദേഹം പാടിയത്:

> "അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
> നമ്മോടു ചേർന്നതും കാണാകേണം" എന്ന്.

ഈ അനുഭൂതിയിലുള്ള മഹത്കാര്യം വിശ്വാസത്തിന്റെ വിഷയമായ ഈശോയെ ചാവറ തന്റെ അനുയായികൾക്കു കൈമാറുന്നു എന്നതാണ്. ഈ കൈമാറ്റത്തെയാണ് പാരമ്പര്യം എന്നു വിശേഷിപ്പിക്കുന്നത്. കൈമാറ്റമാകുന്ന പാരമ്പര്യത്തിന്റെ ഉറവിടം വചനമാകുന്ന ദൈവമാണ് (യോഹ. 1:1). വചനം മാംസം ധരിച്ചതാണ് പിതാവു വിശുദ്ധീകരിച്ചു ലോകത്തിനു കൈമാറിയ അമ്മാനുവേലായ ഈശോ മിശിഹാ (യോഹ. 10:36;1:14). ഈശോ തന്നെത്തന്നെ കൈമാറിയതാണ് വി. കുർബ്ബാനയും സഭയും (മത്താ. 26:26; 19:34). സഭയുടെ ആചാര്യന്മാരെ ഈശോ ലോകത്തിനു കൈമാറിയത് ലോകം മുഴുവനും ദൈവവചനം കൈമാറുവാനാണ് (മർക്കോ. 16:16).

ചാവറയെ സഭ വിശുദ്ധീകരിച്ചു ലോകത്തിനു കൈമാറിയതിനെക്കുറിച്ചാണ് അദ്ദേഹം വെളിപ്പെടുത്തുന്നത്: "എന്നാൽ ദൈവം ചെയ്തിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നത് എങ്ങനെ? വീട്ടിൽനിന്നാരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്ന് ആരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമേ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും, നടത്തും. ഇതിനു തിരുമനസ്സില്ലെന്നു പറഞ്ഞോ?"[61]

ചാവറയെ ദൈവം നിയോഗിച്ചതിന്റെയും കൈമാറിയതിന്റെയും മൂന്നു ഘട്ടങ്ങളെ പ്രത്യേകമായി ചർച്ചാവിഷയമാക്കാം. ഒന്നാമത്തേത് "ആദത്തിൻ സുതനായ് ചമച്ചച്ചെന്നെയും എന്നതും"[62] രണ്ടാമത്തേത് "ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായി വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ"[63] എന്നതുമാണ്. മൂന്നാമത്തേത് "ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ"[64] എന്നതാണ്. ദൈവം ചെയ്ത ഈ മഹത്ദാനങ്ങൾ സഭാപാരമ്പര്യത്തിൽ ചാവറയെ ഉറപ്പിച്ചതിന്റെ ചരിത്രമാണ് 1815 മുതൽ 1871 വരെയുള്ള ചാവറയുടെ ജീവിതം. ഈശോ ലോകത്തിനു കൈമാറിയതു താൻതന്നെയായ

സഭയെയാണ്. അതും സഭയുടെ ചൈതന്യമായ റൂഹാദ്ക്കുദ്ശായെ. ഈശോ പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ പാലിക്കുവിൻ. ഞാൻ എന്റെ പിതാവിനോടു പ്രാർത്ഥിക്കും. സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുന്നതിനുവേണ്ടി വേറൊരു പാറക്ലേത്തായേ അവൻ നിങ്ങൾക്കു തരും" (യോഹ. 14:15-17). ചാവറയ്ക്കു ജന്മം നൽകിയ ദൈവം തന്റെ ശ്വാസം വഴി റൂഹായെ കൈമാറി. വീണ്ടും മാമ്മാദീസാ വഴി സഭയുടെ ചൈതന്യമായ റൂഹായെ പിതാവു ചാവറയ്ക്കു കൊടുത്തു. അവസാനമായി വൈദിക ആശ്രമ സിദ്ധിയിലൂടെ ദൈവം ചാവറയ്ക്കു റൂഹായെ പ്രവാചകത്വ രീതിയിൽ കൈമാറി. ഇനിയും ചാവറ കൈമാറ്റക്കാരനായത് എങ്ങനെയെന്നു കാണാം. ചാവറ തന്നെ തന്റെ അനുഭവത്തെ ഇപ്രകാരം അവതരിപ്പിക്കുന്നു:

"അന്നവിടുത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നക്കാത്തുവളർത്തീട്ടു,
പൂജ കാണ്മാനും ശുശ്രൂഷ ചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയൊടെ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെത്യജിപ്പാൻ പഠിപ്പിക്കും."[65]

ചാവറ റൂഹാദ്ക്കുദ്ശായിൽ ബലപ്പെട്ടു ജീവിച്ചുകൊണ്ടാണ് റൂഹാവാഹകനായിത്തീർന്നത്. ഈ സത്യം ചാവറയിൽ:

"അപ്പോലെയുള്ള ഗുണമൊക്കെയും വരുത്തീട്ട്
പൊയ്പോയ പുത്രസ്ഥാനം വീണ്ടു നീ തന്നു നാഥാ
എന്നൊരു നേരത്തിങ്കലെന്നുടെ ദേഹീരശ്മ്യാ,
അന്നു വാനവന്മാർക്കും തെളിവും സന്തോഷവും
വരുത്തീടുവാൻ വണ്ണം ധരിപ്പിച്ചെന്നെ നന്മ
വരപ്പിച്ചെന്റെ നാമം തിരുപ്പുസ്തകം തന്നിൽ."[66]

നിത്യജീവന്റെ പുസ്തകത്തിൽ ചാവറയുടെ നാമം ചേർത്തു എന്ന ബോധ്യത്തെ മറ്റൊരു രീതിയിൽ ചാവറ പാടുന്നു:

"അനാദ്യഗുണനിധേ, സർവ്വേശാ, പരാപരാ!
അനന്തദയാന്വിതാ, സർവ്വമംഗലദേവാ!
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ."[67]

ചാവറയെ ദൈവാത്മാവു നിത്യതയിലേക്കു നയിച്ചുകൊണ്ടിരുന്നുവെന്ന ബോധ്യമാണ് മേല്പറഞ്ഞ ഉദ്ധരണികളിലുള്ളത്. ചാവറ തന്നെ ദൈവം നിയോഗിച്ചതിനെക്കുറിച്ച് പാടുന്നു:

"എന്നെക്കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സ്സേവിപ്പാൻ വഴികാട്ടുവാൻ പന്തം തന്നു."[68]

ചാവറക്കു കിട്ടിയ വെള്ളവസ്ത്രവും തിരിയും എന്തിനുവേണ്ടിയെന്ന നിയോഗമാണു മേൽസൂചിപ്പിച്ചത്. അതു പ്രവാചക സാക്ഷ്യത്തിന്റേതായ സിദ്ധിവൈഭവമാണ്. സ്നേഹത്തിന്റെ ദൗത്യം സംവഹിക്കുകയും ജീവിത സാക്ഷ്യത്തിലൂടെ അതു പങ്കുവയ്ക്കുകയും ചെയ്യുന്നതിന്റെ കൈമാറ്റക്കാരനാണു ചാവറ. ദൈവത്തെ സദാ ദർശിച്ചുകൊണ്ട്, ഈശോയെ ഹൃദയമടിയിൽ മാതാവിന്റെ തിരുമടിയിലിരുത്തി എന്നും ജീവിച്ചിരുന്ന ചാവറയ്ക്കു കൈമാറാനുള്ളത് ഈശോയെത്തന്നെയാണ്. എന്നാൽ ഈശോയുടെ പ്രാർത്ഥനയുടെ ഫലമായ റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ ചാവറയെയാണു സമകാലികർ ദർശിച്ചത്. അതേസമയം ചാവറക്കുണ്ടായിരുന്ന ലക്ഷ്യം എന്തെന്നു ചാവറ തുറന്നു പറയുന്നു:

"എത്രയും ചിത്രമാം നിൻമുഖപത്മത്തെ
യേകാന്തപ്രേമത്താൽ പാർക്കുന്നഹം."[69]

ചാവറയെ പാരമ്പര്യക്കാരൻ - കൈമാറ്റക്കാരൻ എന്നും വിശേഷിപ്പിക്കുമ്പോൾ ഏതെങ്കിലും ഒരു സഭാഘടനയുടെ കൈമാറ്റക്കാരനല്ല മറിച്ചു സഭയുടെ ജീവനായ റൂഹാദ്ക്കുദ്ശായുടെ കൈമാറ്റക്കാരനാണ്. അതും സഭാത്മകമായ രീതിയിൽ.

14:13 മഹത്ത്വീകൃത സ്ലീവാ

ദൈവച്ഛായയിലും സാദൃശ്യത്തിലും രൂപീകൃതമായ ചാവറമൊട്ട് എപ്രകാരം പുഷ്പിതമായി എന്നതാണ് ഇവിടെ ചർച്ചാവിഷയം. ചാവറയുടെ ഒരപേക്ഷ ഇപ്രകാരമാണ്:

പരംജ്യോതിയേയീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ! ജയാ ജയാ."[70]

പ്രാർത്ഥന എപ്പോഴും ആരോടു പ്രാർത്ഥിക്കുന്നുവോ ആ ആളുമായുള്ള ഒന്നിക്കലാണ്. പാരിതിൽ വിരിഞ്ഞ പുഷ്പമേ ജയിച്ചാലും എന്നു പ്രാർത്ഥിച്ചാൽ, ഭൂമിയിൽ വന്നതിന്റെ ഫലം മനുഷ്യർ പുറപ്പെടുവിക്കുന്നതിനാൽ പൂവണിയൽ. ദൈവസുതൻ ഭൂമിയിൽ വന്നതിനെ ചാവറയുടെ ജീവിതാനുഭവത്തിൽ:

"കരുണാകരനീശോ പരമപിതൃസുതൻ
കരുണയൊടടിയാർ കാണാകേണം
.....
കിഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കിഴ്പെട്ടണഞ്ഞു പിതാവിഷ്ടം പോലെ
കിഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കിഴ്പെട്ട നിന്നെ ഞാൻ കാണാകേണം.
കുത്സിതനായമേ കൃപധരിച്ചയ്യോ
കുത്സനമേല്ക്കാനും ചിത്തമായി

കുണ്ഠിതനായ മാംപ്രതിമനുഷ്യന്റെ
കുമാരനായതേ കാണാകേണം.
കൂടസ്ഥൻ നിശ്ചലൻ നിർവികാരൻ നീയെ
കൂടസ്ഥ മേ വിധി നീക്കുവാനായി
കൂപംസമമായിത്തോന്നുന്ന മാട്ടിന്റെ
കൂട്ടിൽ പിറന്നതും കാണാകേണം.
കേവലം നിയെന്നെ രക്ഷിപ്പതിനായി.
കേണു പൈതൽസമമക്കാലത്തിൽ
കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം." [71]

ദൈവദാസനും മനുഷ്യശുശ്രൂഷിയുമായ ചാവറയുടെ ഉൾക്കാഴ്ച മനുഷ്യനായി അവതരിച്ച ഈശോയിൽ തറച്ചു നിൽക്കുന്ന മഹനീയ ദൃശ്യമാണ് മുകളിൽ കാണുന്നത്. നിരവധി രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന മേലുദ്ധരിച്ച ചാവറയുടെ ഹൃദയാനുഭൂതിയിൽ പ്രധാനപ്പെട്ടവയെക്കുറിച്ചു ചിന്തിക്കാം. ഒന്നാമതായി പിതാവായ ദൈവം തന്റെ ഏകജാതന്റെ കരുണയെ വെളിപ്പെടുത്തുന്നു. ദൈവസ്നേഹത്തിന്റെ മനുഷ്യാവതാരമാണിവിടെ ദൃശ്യമായത്. അതും മനുഷ്യാസ്തിത്വത്തിന്റെ അവസ്ഥയിലൂടെ. രണ്ടാമതായി മാനവരാശിക്കു ജന്മസിദ്ധമായി ലഭിക്കുന്ന പരിമിതിയെ അകറ്റുന്ന പരിത്രാതാവിനെയാണ് ചാവറ ദർശിച്ചത്. മൂന്നാമത്തെ രഹസ്യം മഹത്ത്വത്തിന്റെ അത്യുച്ചിയിൽനിന്നു തുറവിയുടെ അഗാധതയിലേക്കു കടന്നുവന്ന ദൈവസുതന്റെ ദൃശ്യമാണ്. നാലാമത്തെ സത്യം പിതാവിന്റെ ഇഷ്ടമായ ചാവറയുടെ ദൈവികീകരണാർത്ഥം ഈശോ താണിറങ്ങിയ സംഭവമാണ്. അഞ്ചാമത്തെ സംഗതി ചാവറയുടെ ദുർവിധി നീക്കുവാൻ സർവ്വവ്യാപി അഗാധത്തിനു തുല്യമായി പശുതൊഴുത്തിൽ പിറന്നതാണ്. ആറാമത്തെ സത്യം കരഞ്ഞുകൊണ്ട് ഇഹത്തിലേക്കു വരുന്ന മനുഷ്യ ശിശുക്കളുടെ അവസ്ഥ അവഗണിക്കാതെ അതിലൂടെ പരിത്രാണകനാകുന്ന

ഈശോയുടെ ദർശനമാണ്. ഏഴാമതു ചാവറയുടെ ജന്മനാടായ കേരളവും ഈശോയുടെ സുമോഹനവും മാതൃകയുമായ ദൃശ്യം ദർശിക്കണമെന്നതാണ്.

ദൈവദാസനും മനുഷ്യശുശ്രൂഷിയുമായ ചാവറ വെറും വൈയക്തിക തലത്തിൽ ഒറ്റപ്പെട്ടുനിന്നു ദൈവാനുഭവത്തിന്റെ അത്യുന്നതിയിൽ വിരാജിക്കുന്നതിനു പകരം കേരളത്തിന്റെയും അതുവഴി ഭൂമിമുഴുവന്റെയും പങ്കാളിത്തത്തിന് മനസ്സാകുന്നു. വാച്ചവനവാസത്തിൽ ഒളിക്കാതെ 'ബേസ് കൈരളി'യിൽ സന്ന്യാസം ചെയ്ത 'ഈഹിദായ'- ഏകസ്ഥ-നെയാണു ചാവറയിൽ കാണുന്നത്. ഈ സന്ന്യാസരൂപം ചാവറയെ 'പാരിതിന്റെ പുഷ്പത്തെ' അനുഗമിച്ച പുഷ്പിതൻ ആക്കിത്തീർത്തു. ചാവറയിൽ തെളിഞ്ഞു ശോഭിക്കുന്ന ആശ്രമസ്ഥഭാവം, ആവിലായിലെ ത്രേസ്യയുടെ ഭക്തികർമ്മയോഗത്തെ വിളിച്ചറിയിക്കുന്നതാണ്. ചാവറ തികഞ്ഞ യോഗാത്മക ധ്യാനത്തിന്റെ ഉടമയായിക്കൊണ്ട് എല്ലാ മാനങ്ങളോടുംകൂടി തനി കർമ്മയോഗിയുമായിരുന്നു. പ്രാർത്ഥനാ മുറിയിലെ പ്രണിധാനവും ദിവ്യകുർബാനയിലെ സ്വർഗ്ഗീയ അനുഭവവും ദൈവജനവുമൊത്ത് 'അമ്മാനാ' പാടുന്നതിനു തടസ്സമായില്ല. മറിച്ചു, ദൈവപുത്രന്റെ അമ്മ, അമ്മാനുവേലുമായി, എലിസബത്തിനെ സന്ദർശിച്ചതുപോലെ (ലൂക്ക. 1:39-45) ചാവറ മലബാറിന്റെ കുണ്ടും കുഴിയും താണ്ടി 'അമ്മനുവേലുമായി' ദൈവജനത്തെ സന്ദർശിച്ചു. ചാവറയിലുള്ള 'അമ്മനുവേലിനെ' കണ്ടവർ പ്രഘോഷിച്ചു "റൂഹാദ്ക്കുദ്ശാ നിറഞ്ഞവൻ" എന്ന്.[72]

ഇപ്രകാരം ചാവറയുടെ ജീവിതം ഒരു പൂവണിയൽ, പുഷ്പിക്കൽ ആയതു ദൈവമഹത്ത്വദർശനത്തിനനുസൃതം മനസ്സിൽ ദുഃഖാഅണപൊട്ടി ഒഴുകിയിരുന്നതുകൊണ്ടാണ്. പക്ഷെ ചാവറയുടെ ദുഃഖാ - അനുതാപം - പാപാവബോധം - ദൈവമഹത്ത്വ ദർശനത്തിൽ നിന്നുരുത്തിരിഞ്ഞ സൃഷ്ടിപരതയുടെ സങ്കീർത്തനമായിരുന്നു. ചാവറ തന്നെ പാടുന്നതു കേൾക്കാം:

"നിന്നുടെ മഹത്വവും സകല ഗുണങ്ങളും
ഇന്നു ഞാൻ നിനയ്ക്കുമ്പോൾ ക്ലേശിച്ചു ദുഃഖിക്കുന്നേൻ
എന്നുടെ പിതാവു നീ സൃഷ്ടിനാഥനും നീയേ
നിന്നുടെ സ്നേഹഗുണ മാറ്റമല്ലെന്നു സിദ്ധം
എങ്കിലും മമ പാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുമ്പിലണഞ്ഞിടുന്നിതഹം?"[73]

ചാവറയുടെ ജീവിതം ദൈവമഹത്ത്വത്താൽ പ്രശോഭിതവും ദൈവസ്നേഹത്താൽ പുഷ്പിതവുമാണ്.

ചാവറ എപ്പോഴും സംഭാഷിക്കുന്ന ദിവ്യമണവാളനായ ഈശോ ചാവറയ്ക്ക് അപ്പച്ചനെങ്കിൽ, ആ മിശിഹാ എങ്ങനെയാണ് ജീവദാതാവായിത്തീർന്നത്. സ്ലീവായിൽ കൈനീട്ടിയതു വഴി വിടർന്ന കൈകൾ ഹൃദയത്തെ വിരിച്ചതാണു പുഷ്പിത സ്ലീവാ. ഹൃദയത്തിൽ നിന്നു റൂഹായാകുന്ന തേൻതുള്ളി ബാഷ്പീകരിക്കപ്പെട്ട് സ്ലീവായ്ക്കുപരി ആവസിക്കുന്നത് അന്ധകാര നിബിഡമായിരുന്ന ജലത്തിനു മീതേ ആവസിച്ചതിന്റെ പൂർത്തീകരണമാണ്. പുഷ്പിത സ്ലീവായുടെ മേൽ ആവസിക്കുന്ന പ്രാവ്, ഒപ്പം മാതാവിൽ ആവസിച്ച റൂഹാ, മാതൃമക്കളെ രൂപപ്പെടുത്തുന്നതിനുവേണ്ടി, ഒരു മാതൃസുതനായ തിരുക്കുടുംബത്തിന്റെ ആഹാ കുരിയാക്കോസ് ഏലിയായിൽ വന്നിറങ്ങിയ റൂഹാ അദ്ദേഹത്തെ മുഴുവനായി ആവസിച്ചതിനാൽ അദ്ദേഹം റൂഹാ, നിറഞ്ഞവനായി. കണ്ട ജനമതു സാക്ഷ്യപ്പെടുത്തുകയും ചെയ്തു.[74]

റൂഹാ നിറഞ്ഞ ചാവറ തനിക്കു ലഭിച്ച ദൈവച്ഛായയെയും സാദൃശ്യത്തെയും കാത്തുസൂക്ഷിച്ചു; വളർത്തിയെടുത്ത് സാക്ഷാത്കരിച്ചു. അതായത് മാനുഷിക ഘടകങ്ങളെല്ലാം ദൈവിക സ്വഭാവത്തിലേക്ക് - ദൈവിക ജീവിതത്തിലേക്ക് - രൂപാന്തരപ്പെട്ടപ്പോൾ അതു ദൈവസാദൃശ്യത്തിന്റെ മഹത്ത്വവത്കരണമായി. ദൈവസാദൃശ്യത്തിൽ വിടർന്ന പുഷ്പിതനെക്കുറിച്ചുള്ള സാക്ഷ്യം: "വിശ്വാസികളായ ബഹുജനങ്ങൾ പ്രിയോരച്ചനെ അക്കാലത്തു തന്നെ ഒരു വലിയ പരിശുദ്ധനായിട്ടാണ് ബഹുമാനിച്ചു വന്നിരുന്നത്".[75]

14:14 സാർവ്വത്രികം

ചാവറ കുടുംബത്തിനു വിളക്കായിരുന്നു. അതു സഭയാകുന്ന പാറമേൽ തെളിച്ചു വച്ചു. ഇന്നതു നസ്രാണി വ്യക്തിസഭയിൽ ശോഭിക്കുന്നത് സാർവ്വത്രിക സഭയ്ക്കു വെളിച്ചമേകുവാനാണ്. അതിനായി ശ്ലീഹന്മാരെ അയച്ച നല്ലിടയനായ ഈശോ ചാവറയുടെ ദർശനത്തിൽ പൊന്തിനിൽക്കുന്നു. ചാവറതന്നെ ദൈവനിയോഗം പ്രഖ്യാപിക്കുന്നു:

"വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ
വേദനാഥൻതന്നെ കാണാകേണം.
നഷ്ടമായ്പോയോരജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം
നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം". [76]

വിദേശമിഷനറിമാരുടെ സാന്നിധ്യവും ചാവറയുടെ ദൈവോന്മുഖതയും ചാവറയ്ക്കു പ്രദാനം ചെയ്ത തനതാത്മകത സാർവ്വത്രിക സ്വഭാവമുള്ള ഒന്നാണ്. ഇതിൽ കത്തോലിക്കാ സവിശേഷതയാണു പൊന്തിനിൽക്കുന്നത്. ഇവിടെ പ്രധാനമായും വരുന്നതു മൂന്നു കാര്യങ്ങളാണ്. ഒന്നാമത്തേത് ശ്ലൈഹിക വിളി. രണ്ടാമത്തേതു പാപികളെ തേടുന്ന സ്രഷ്ടാവ്. മൂന്നാമത്തേത് നല്ലിടയനായ ഈശോ. ഈ മൂന്നു ഗുണങ്ങളുമുള്ളവനെ ചാവറ ഉൾക്കണ്ണുകൾകൊണ്ടു കണ്ടു. ചാവറയുടെ ആധ്യാത്മികതയ്ക്ക് അവ മൂന്നും അവശ്യ ഘടകങ്ങളാകുന്നു.[77]

ഒന്നാത്തേതായ ശ്ലൈഹികത വച്ചുനോക്കുമ്പോൾ പാലയ്ക്കൽ, പോരൂക്കര, ചാവറ തുടങ്ങിയവർ മുമ്പോട്ടു വന്നത് നസ്രാണിസഭയിൽ വൈദികരുടെ സ്ഥിതി മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ്.[78]

ചാവറ തനിക്കു ലഭിച്ച ദൈവവിളിയെ ആരംഭം മുതൽ ഒരു ശ്ലീഹായ്ക്കടുത്ത രീതിയിലാണു വളർത്തി പൂവണിയിച്ചത്. ചാവറയ്ക്കു റോമാസഭയോടുണ്ടായിരുന്ന കൂറും വിദേശ മേലധ്യക്ഷന്മാരോടുണ്ടായിരുന്ന വിധേയത്വവുമായിരുന്നു ശ്ലൈഹിക പിൻതുടർച്ചയുടെ തനതാത്മകത. സ്വർഗ്ഗത്തിന്റെ താക്കോൽ പിടിച്ചിരിക്കുന്നത് (മത്താ. 16:16-20) മാർപ്പാപ്പാ എന്ന വിശ്വാസം ചാവറയിൽ പൂർണ്ണമായിരുന്നു.

രണ്ടാമത്തേതു പാപികളെ തേടുന്ന സൃഷ്ടികർത്താവിന്റെ ചിത്രമാണ്. ഈശോ അരുളിച്ചെയ്യുന്നു: "നശിച്ചുപോയതിനെ രക്ഷിക്കാനാണു മനുഷ്യപുത്രൻ വന്നിരിക്കുന്നത്" (മത്താ. 18:11). സ്രഷ്ടാവായ ദൈവം തന്റെ ഏകജാതനെ വിശുദ്ധീകരിച്ച് അയച്ചിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ് എന്നു കാണുന്നു (മത്താ. 9:13). ഈശോയെക്കണ്ടപ്പോൾ യോഹന്നാൻ മാംദാന പ്രഖ്യാപിച്ചത് "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29) എന്നാണ്. ഈ ദൗത്യം ചാവറ പ്രത്യേകിച്ചും നടപ്പാക്കിയതു റോക്കോസിനോടും കുടക്കച്ചിറയോടും മുട്ടുചിറക്കാരനോടും പെരുമാലിലെ വാലിഭക്കരനോടും പുലർത്തിയ പിതൃസഹജമായ കാരുണ്യത്താലാണ്.[79] കേരളത്തിലുള്ളവർ തീവ്രമായ വിശ്വാസത്തിലുറപ്പുള്ളവരെങ്കിലും വ്യാപകമായ സഭാത്മകവളർച്ചയിൽ പിന്നോക്കവുമായിരുന്നു. അതുകൊണ്ട് ആ വിധത്തിൽ ചാവറ ചെയ്ത ശ്ലൈഹിക വേല സുവിശേഷമായിരുന്ന ഈശോയെ സന്നിഹിതമാക്കുക എന്നതായിരുന്നു.

സുവിശേഷമായിരുന്ന ഈശോ നല്ലിടയനായിരുന്നു എന്നത് അവിടുന്നുതന്നെ തെളിയിച്ചിട്ടുള്ളതാണ്. യോഹന്നാൻ 10-ാം അധ്യായത്തിൽ നല്ലിടയന്റെ ഉപമയിലൂടെ ഈശോ അത് ഉറപ്പിച്ചിട്ടുമുണ്ട്. സർവ്വോപരി ഈശോ മാനവരാശിക്കുവേണ്ടി മരിച്ചുകൊണ്ട് നല്ലിടയനായിരുന്നു എന്നതിൽ മുദ്രവയ്ക്കുകയും ചെയ്തു (യോഹ. 10:15; 19:34). ചാവറയച്ചൻ വാച്ചവനവാസത്തിൽ ഒളിച്ചിരിക്കാതെ ആടുകളുടെ

ഇടയിൽ എല്ലാവിധ ശുശ്രൂഷകളും ചെയ്തു ജീവിതകാലം മുഴുവൻ ചെലവഴിച്ചു. ചാവറയച്ചന്റെ ശ്ലൈഹിക പ്രവർത്തനങ്ങളെല്ലാംതന്നെ ഈ വസ്തുതയെ വ്യക്തമാക്കുന്നതാണ്.

ചാവറയച്ചന്റെ ദർശനത്തെക്കുറിച്ച് ഡോ. കെ.എം.തരകൻ നൽകുന്ന ചിത്രം ഇപ്രകാരമാണ്: "ത്യാഗനിർഭരമായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. എങ്കിലും ആ ജീവിതത്തിൽ ഒരു നിമിഷം പോലും ഏകാന്തത അനുഭവപ്പെട്ടിട്ടില്ല. ചാവറയച്ചന്റെ ദർശനത്തിന്റെ മഹത്വമായാണിതിനെ ഞാനെണ്ണുന്നത്. ഞാൻ വേറെ, നിങ്ങൾ വേറെ എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം കത്തോലിക്കനായിരുന്നുവെന്നു കത്തോലിക്കർ പറയും. എന്നാൽ അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനിയായിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു. ഒരു ദൈവദാസനായിരുന്നു. ദൈവദാസൻ മനുഷ്യരുടെ മുഴുവൻ സേവകൻ കൂടിയായിരുന്നു.... ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്."[80]

മരണക്കിടക്കയിൽ വച്ചുപോലും തന്റെ ആടുകൾക്കായി ചാവറ എല്ലാ നിർദ്ദേശങ്ങളും കൊടുത്തുകൊണ്ടാണു സ്വർഗ്ഗപിതാവിന്റെ പക്കലേക്കു പോയത്. ഡോ. തരകൻ വീണ്ടും തെളിവു നൽകുന്നു: "സ്വർഗ്ഗരാജ്യത്തിലേയ്ക്ക് ഭൂമിയിലെ സർവ്വവിധമായ പ്രവർത്തനങ്ങളും കൊണ്ടുചെന്നെത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിർദ്ദേശിക്കത്തക്ക വിധമായിരുന്നു ചാവറയച്ചന്റെ പ്രവർത്തനം മുഴുവൻ. അതുകൊണ്ടു അദ്ദേഹം തന്റെ ജീവിതം സമ്പൂർണ്ണമായി സഹജീവികൾക്കായി ഉഴിഞ്ഞുവച്ചു. മരണംവരെ ആ സമർപ്പണം നമുക്കു കാണാൻ കഴിയുന്നുമുണ്ട്".[81]

ഈശോയുടെ സന്നിധിയിൽ ധ്യാനനിർലീനനായിരുന്ന ഈശോയുടെ ചാവറ, സ്രഷ്ടാവായ ദൈവത്തിന്റെ ശ്ലൈഹികദാനം ഏറ്റുവാങ്ങി.

സുവിശേഷമായ ഈശോയെ സുവിശേഷമായും സുവിശേഷമേകിയും അനുധാവനം ചെയ്തു. കാണാതെപോയ ആടിനെ തോളിലേറ്റി മറ്റുള്ളവയുടെ പക്കലേക്ക് സ്ലീവായിലൂടെ കടന്നുപോയ ഇടയൻ പെസഹാ കുഞ്ഞാടായിത്തീർന്നതുപോലെ ചാവറ തന്റെ ആയുസ്സു മുഴുവൻ ദൈവജനത്തിനായി നീക്കിവച്ചുകൊണ്ട് നല്ലയിടയന്റെ തനതാത്മകതയും കൈവരിച്ചു.

ചാവറയുടെ വ്യക്തിത്വത്തിലെ തനതാത്മകത സീറോ മലബാർ സഭയുടെ വക്താവ് എന്നതിനെക്കാൾ സാർവ്വത്രിക സഭയുടെ വക്താവ് എന്നതിലാണ്. അതുപോലെ മറ്റൊരു തനതാത്മകത താൻപോരിമയിലല്ല മൗതിക ശരീരത്തിന്റെ ശിരസ്സായ മിശിഹായോടുള്ള ഐക്യത്തിലാണു ചാവറ ജീവിച്ചത് എന്നതാണ്. അവസാനമായി ചാവറയുടെ തനതാത്മകത ചെന്നു നിൽക്കുന്നത് സ്വന്തം ജീവനെ രക്ഷിക്കുന്ന ഏകാന്തപഥികൻ എന്ന നിലയിലല്ല, മറിച്ചു ആടുകളോടു ഒന്നിച്ച് അജപാലകനായ ഈശോയെ അനുഭവിക്കുന്ന ദൈവദാസനായിട്ടാണ്. ചുരുക്കത്തിൽ ദൈവത്തിനും ദൈവജനത്തിനുമെന്നതിലാണ് ചാവറയുടെ തനതാത്മകത കണ്ടെത്താനാകുന്നത്.

14:15 സ്വധർമ്മം

"ഞാൻ എന്റെ ആയുഷ്കാലം മുഴുവനും ഈ വിശുദ്ധ ത്രിത്വത്തിലാണു ജീവിതം കഴിച്ചിരിക്കുന്നത്. എന്റെ പേര് കുരിയാക്കോസ് ദ്മിൻത്ഹോമ്മ കന്തീശ എന്നു ഞാൻ ധരിച്ചിരിക്കുന്നതു ഈ ഓർമ്മയ്ക്കു വേണ്ടിത്തന്നെയാണ്. ഇതിനനുസരണമായി ഇവർ എന്റെ ആത്മാവിനെ പാപാശുദ്ധിയിൽനിന്നും എന്നും കാത്തു സൂക്ഷിച്ചിട്ടുണ്ട്".[82]

മരിക്കുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുൻപ് ഇപ്രകാരം പറയുവാൻ സാധിച്ച ചാവറ സ്വധർമ്മ നിർവ്വഹണത്തിൽ വീഴ്ച

വരുത്തിയിട്ടില്ല. സ്വധർമ്മം എന്നത് ഓരോൾ തന്റെ ജീവിതത്തിൽ ചെയ്യേണ്ടതെല്ലാം പൂർത്തിയാക്കുന്നതാണ്. പൗരസ്ത്യ ദൈവവിജ്ഞാനീയമനുസരിച്ച് മനുഷ്യനു ദൈവം നൽകിയ ദൈവച്ഛായയും ദൈവസാദൃശ്യവും അനുസരിച്ച് എന്നും എപ്പോഴും ജീവിക്കുന്നതാണ്. ഇപ്രകാരം ചാവറ ജീവിച്ചതുവഴി തന്നിലുള്ള ദൈവച്ഛായയെ ദൈവസാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുത്തി. ഈ രൂപാന്തരീകരണത്തിൽ ശക്തമായും വ്യക്തമായും പ്രവർത്തിക്കുന്നത് റൂഹാദ്ക്കുദ്ശായാണ് (റോമ. 8:14-26). റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനത്തിന്റെ ശാസ്ത്രീയ സ്വഭാവം മനസ്സിലാക്കണമെങ്കിൽ ദൈവപുത്രനായ ഈശോ മനുഷ്യപുത്രനായിത്തീർന്നത് റൂഹാദ്ക്കുദ്ശായാൽ എന്നത് ഗ്രഹിക്കേണ്ടിയിരിക്കുന്നു.

നസ്രത്തിലെ കന്യകയായ മറിയത്തിന്റെ മേൽ അത്ഭുതത്തിന്റെ ശക്തി ആവസിച്ചത് അവളിലുള്ള ദൈവച്ഛായയെ ദൈവസാദൃശ്യത്തിലേക്കു വികസിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ഇവിടെ ശരീരം പൂർണ്ണമായും റൂഹാദ്ക്കുദ്ശായ്ക്കു വിധേയപ്പെടുമ്പോൾ ആ ശരീരത്തിന്റെ ഓരോ കോശവും നേരായ രീതിയിൽ പ്രവർത്തിക്കുവാൻ ഇടവരുത്തുന്നു. ഇതിനുള്ള ശക്തിയാണ് റൂഹാവാസത്തോടുകൂടെ സംജാതമാകുന്നത്. റൂഹാവാസ സ്വഭാവം ദൈവവചനാധിഷ്ഠിതമാണ്. അതായത് ദൈവവചനത്തിന്റെ ശ്രവണത്തിനായി ദൈവത്തെ കാണണം, കേൾക്കണം, വചനം സ്വീകരിച്ചു മനനം ചെയ്യണം. മനനത്തിലൂടെയാണ് ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള വിവേചനം നടക്കുന്നത്. നസ്രത്തിലെ ബാലിക വചനത്തിനു മാംസം നൽകുക എന്ന മനുഷ്യാക്ഷിയുടെ സ്വരത്തിനു ചെവികൊടുത്തപ്പോൾ സമ്മതിക്കുന്നു: "ഇതാ കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ. 1:38). മാതാവു സ്വധർമ്മ നിർവ്വഹണത്തിൽ പൂർണ്ണമായും പ്രത്യുത്തരിച്ചതു വഴി ശരീരവും മനസ്സും ചേതനയും ചേർവയിലായി. ഈ ചേരുവയാണ് വചനത്തിന്റെ മാംസവത്കരണത്തിന്റെ നിർണ്ണായക ഘട്ടം. ഇതാണ് ആ റൂഹായുടെ മനുഷ്യരിലുള്ള

പ്രവൃത്തി. ഈ പ്രവൃത്തിവഴി ശരീരകോശങ്ങളെ മാനസിക തലത്തിലേക്ക് രൂപാന്തരപ്പെടുത്തുന്നു. തുടർന്ന് മാനസിക പരിണാമം വഴി ചേതനയുടെ തലത്തിലേക്കു രൂപാന്തരീകരണം സംഭവിക്കുന്നു. ഈ രൂപാന്തരീകര ണത്തിലാണ് അമ്മനുവേലനുഭവം (മത്താ. 1:23) ഉണ്ടാകുന്നത്. മിശിഹായുടെ മൗതിക ശരീരത്തിന്റെ രൂപവത്കരണം മനുഷ്യാവതാര പരമായിത്തീർന്ന സംഭവത്തിൽ പങ്കുചേരുന്നതു വഴിയാണ് മിശിഹാനുയായി സ്വധർമ്മ നിർവ്വാഹകനാകുന്നത്.

ചാവറയിൽ മാമ്മോദീസാവഴി ഈ ദൈവികീകരണ പ്രക്രിയ സഭാത്മകമായിത്തീർന്നു. തുടർന്നു ചാവറയുടെ സ്വധർമ്മ നിർവ്വഹണം മുഴുവനും സഭാപരമായി. അതു കൂദാശയിലും സഭയുടെ ഇതര പ്രവർത്തനങ്ങളിലും പങ്കുചേരുന്നതിലടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് ചാവറ തന്റെ മരണക്കിടക്കയിൽവച്ചു പ്രഖ്യാപിച്ചത്: മാമ്മോദീസായിൽ സമാരംഭിച്ച റൂഹായാൽ നയിക്കപ്പെടുക എന്ന ജീവിതം നയിച്ചുവെന്ന്. ഈ പരിശുദ്ധ ജീവിതം അതിന്റെ പൂർണ്ണതയിൽ സ്വധർമ്മ നിർവ്വഹണമാണ്. പ്രപഞ്ചത്തിന്റെ അംശമായ ശരീരത്തെ മനസ്സിലേക്കു രൂപാന്തരപ്പെടുത്തിയതുവഴി പ്രപഞ്ചത്തോടുള്ള ധർമ്മം നിറവേറ്റുന്നു. മനസ്സു പൂർണ്ണമായും സഭാധികാരികളിലൂടെ റൂഹായ്ക്കു കീഴ്പ്പെട്ടതുകൊണ്ട് മാനവരാശിയോടുള്ള ധർമ്മവും നിറവേറ്റി. അവസാനം മനസ്സ് മനസ്സാക്ഷിയിലേക്കു പരിണമിച്ചതുവഴി ദൈവത്തോടുള്ള ചാവറയുടെ ധർമ്മവും സാക്ഷാത്കൃതമായി. ഈ വിധം ചാവറ എല്ലാ അർത്ഥത്തിലും സ്വധർമ്മനിർവ്വാഹകൻ ആയിത്തീർന്നു.

ചാവറയുടെ ജീവിതാദർശം സങ്കീർത്തനം 16:5 ൽ പറഞ്ഞിരിക്കുന്ന "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും ഓഹരി കർത്താവാകുന്നു" എന്നത് ചാവറ അന്വർത്ഥമാക്കി. ചാവറ ആലപിച്ചതും ജീവിച്ചതും മറ്റൊന്നല്ല:

"മമപിതാവുനീയേ ഭാഗ്യവുമെനിക്കു നീ.

.....

നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!

ശ്വാസവുമെനിക്കു നീ യാവനപാനം നീയേ.
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[83]

സ്വധർമ്മ നിർവ്വഹണത്തിൽ ചാവറ തന്നോടുതന്നെ തികഞ്ഞ ആത്മാർത്ഥത പുലർത്തി. കാരണം ദൈവം നൽകിയ ദൈവച്ഛായയെ ദൈവദാനം തന്നെയായ സാദൃശ്യത്തിലേക്കു വളർത്തിയെടുത്തു. പൗരസ്ത്യ ആധ്യാത്മിക ദൈവവിജ്ഞാനീയത്തിലുള്ള മേല്പറഞ്ഞ സമീപനം ഭാരതീയ മതാനുഭൂതിയെയും അനുസ്മരിക്കുന്നതാണ്. ഭാരതീയ സംസ്കാരത്തിന്റെ ഘടകങ്ങൾ താഴെ വരുന്നു: "സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം, ശമം, ദമം, ജീവ കാരുണ്യം, ഈശ്വരവിശ്വാസം, ശ്രദ്ധ, വിനയം, ഔദാര്യം, ഗുരുഭക്തി, ത്യാഗം, വൈരാഗ്യം, നിസ്സംഗത, ധർമ്മനിഷ്ഠ, വിവേകം, കുലീനത തുടങ്ങി ഒട്ടേറെ ഗുണങ്ങളാണ്."[84] ചാവറ സ്വധർമ്മനിരതനാകു ന്നതിനും ജീവിതലക്ഷ്യത്തിൽ നിൽക്കുന്നതിനും മാതാപിതാക്കളു ടെയും പാലയ്ക്കൽ മല്പാനച്ചന്റെയും കർമ്മെലീത്താ മിഷനറിമാരു ടെയും ദൗത്യം ഇടവരുത്തി. വിദ്യാഭ്യാസ പ്രവർത്തകനായിരുന്ന ചാവറ യഥാർത്ഥത്തിൽ നല്ലൊരു ശിഷ്യനായിരുന്നു. അതുകൊണ്ട് അദ്ദേഹം സദ്ഗുരുവിന്റെ വഴിയിലൂടെ ഉത്തമ മല്പാനുമായി. ചാവറയുടെ ധാർമ്മിക ജീവിതം വിശ്വാസത്തിൽ മെശയാനികവും പ്രാർത്ഥനയിൽ ശ്ലൈഹിക സഭയുടെ സുറിയാനിയും, ആധ്യാത്മികതയിൽ പൗരസ്ത്യ ഭാരതീയ കർമ്മെലീത്തായും ആണ്. ഇവ മൂന്നുമാണു സി. എം. ഐ. രുനിമയായി പ്രമാണരേഖ എടുത്തു കാട്ടുന്നതും.[85]

ചാവറയുടെ ദർശനം അടിസ്ഥാനപരമായി വിശുദ്ധ ഗ്രന്ഥം, തിരു സ്സഭ, മാർത്തോമ്മാ മാർഗ്ഗം, ദൈവാരാധന, കർമ്മെലീത്താ ധ്യാന യോഗം, ഭാരതീയ സംസ്കാരം എന്നിവയുടെ സമന്വയമാണെന്നു പറയാം. ചാവറയുടെ ജീവിതസാക്ഷ്യം തന്നെയാണു മേൽപറഞ്ഞതി നുള്ള തെളിവ്. മാമ്മോദീസായിൽ ചാവറയിൽ പ്രവർത്തനനിരതനായ റൂഹാദ്ക്കുദ്ശായെ വേദനിപ്പിക്കാതിരുന്ന ചാവറ തന്റെ സ്വധർമ്മ നിർവ്വ ഹണത്തിലൂടെ ആരാധനാധിഷ്ഠിത ആധ്യാത്മികതയുടെ പ്രവാചക നുമായി.

XV
സൈദ്ധികാധ്യാത്മികത

XV സൈദ്ധികാധ്യാത്മികത

ദൈവജനത്തിന്റെ നന്മയ്ക്കായി ദൈവം ചില വ്യക്തികൾക്കു നൽകുന്ന ദൈവദാനത്തെയാണ് സിദ്ധി എന്നു വിശേഷിപ്പിക്കുന്നത്. 'കാരിസ്മാ' എന്ന യവന പദത്തിൽ നിന്നുമാണ് കാരിസം എന്ന ആംഗ്ലേയ പദം രൂപപ്പെടുന്നത്.[1] റൂഹാദ്ക്കുദ്ശായുടെ ദാനങ്ങളായിട്ടാണ് അവയെ കണക്കാക്കുന്നത്. മേല്പറഞ്ഞ വാക്കിന്റെ പ്രാരംഭരൂപം 'കാർ' (char) എന്നതാണ്. ഇതിൽ നിന്നും 'കാരിസം' എന്ന പ്രയോഗവും 'കരിസ്മത്താ' എന്ന അവതരണവും ഉണ്ടാകുന്നു. വി. പത്രോസും, വി. പൗലോസ് ശ്ലീഹായുമാണ് ദൈവവരം എന്ന പ്രയോഗം നടത്തിയിരിക്കുന്നത് (1 പത്രോ. 4:10; റോമാ. 12:7; 1 കോറി. 12:4-31. 1 കോറി. 13:1-13). ദൈവസിദ്ധി പ്രദാനം ചെയ്യുന്നതു വഴിയാണ് ആരെങ്കിലും ശ്ലീഹന്മാരോ, സുവിശേഷപ്രഘോഷകരോ, പ്രവാചകന്മാരോ, ഇടയന്മാരോ പ്രബോധകരോ ആകുന്നത് (അ.പ്ര. 4:11).

പദപ്രയോഗം അതിൽ തന്നെ കാരിസത്തോടു ബന്ധപ്പെട്ടു കാണുന്നില്ലെങ്കിലും ഈശോ പലപ്പോഴും വരത്തെക്കുറിച്ചു പറയുന്നുണ്ട്. ബ്രഹ്മചര്യജീവിതം നയിക്കുന്നതിന് ആവശ്യമായ വ്യവസ്ഥയായി ഈശോ അരുളിചെയ്തത്: "വരം കിട്ടിയവർക്കല്ലാതെ മറ്റാർക്കും ഈ ഉപദേശം സ്വീകരിക്കുവാൻ സാധിക്കുകയില്ല" (മത്താ. 19:11) എന്നാണ്. പൗലോസ് ശ്ലീഹായും ഇതുതന്നെ പറയുന്നു: "എങ്കിലും ഓരോരുത്തർക്കും ദൈവത്തിൽ നിന്ന് പ്രത്യേകദാനങ്ങളാണ് ലഭിച്ചിരിക്കുന്നത്" (1 കോറി. 7:7). ഈശോ വീണ്ടും അരുളിച്ചെയ്യുന്നു: "ഇതിനാലാണ് പിതാവിൽ നിന്നു വരം ലഭിച്ചാലല്ലാതെ ആർക്കും എന്റെയടുക്കൽ വരാൻ കഴിയുകയില്ലെന്ന് ഞാൻ നിങ്ങളോട് പറഞ്ഞത്" (യോഹ. 6:65).

വരത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ പൗലോസ് ശ്ലീഹാ എടുത്തു പറയുന്ന ചില സവിശേഷ വരങ്ങൾ ഇവയാണ്: "നമുക്കു

ലഭിച്ച കൃപാവരത്തിന് അനുസൃതമായി നമുക്കുള്ള ദാനങ്ങളും വിഭിന്നങ്ങളാണ്. പ്രവാചകവരം വിശ്വാസത്തിനനുഗണവും പ്രവചനത്തിലൂടെയും സേവനവരം സേവനം ചെയ്യുന്നതിലൂടെയും, അധ്യാപനം അധ്യാപനവരത്തിലൂടെയും, ഉപദേശവരം സദുപദേശം നൽകുന്നതിലൂടെയും നമുക്ക് ഉപയോഗിക്കാം. സംഭാവന ചെയ്യുന്നവൻ ഔദാര്യപുരസരവും, നേതൃത്വം നൽകുന്നവൻ തീക്ഷ്ണതാപൂർവ്വവും, കാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവൻ സന്തോഷസമേതവും വർത്തിക്കട്ടെ" (റോമാ 12:8). ദൈവികദാനങ്ങളെക്കുറിച്ചു പറയുമ്പോൾ ത്രിത്വഭാവത്തിലത് അവതരിപ്പിക്കുന്ന ശ്ലീഹായെയാണു നാം ദർശിക്കുന്നത്: "ദാനങ്ങൾ പലവിധമെങ്കിലും ആത്മാവ് ഒന്നേയുള്ളൂ, ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒന്നേയുള്ളൂ, പ്രവൃത്തികളിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒന്നേയുള്ളൂ" (1 കോറി. 12:4-7). "ആത്മാവിന്റെ പ്രകാശനം നൽകപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്" (1 കോറി. 12:7).

സിദ്ധിയെക്കുറിച്ചു ചിന്തിക്കുമ്പോൾ അതിന്റെ ഉറവിടമായ റൂഹാദ്ക്കുദ്ശായാണു പ്രധാനമായും കടന്നുവരുന്നത്. ഈ ആവിഷ്ക്കരണത്തിന്റെ ഏതാണ്ട് പൂർണ്ണമായ സംഭവമാണ് നസ്രത്തിലെ ബാലികയായ കന്യകാമറിയത്തിൽ നടന്നത്: "ശ്ലാം ലേക്ക് മറിയം, മലിയസ് തൈബൂസാ" എന്ന മാലാകയുടെ അഭിസംബോധന ഇതാണ്: "ദൈവകൃപ ലഭിച്ചവളേ; മറിയമേ സ്വസ്തി" (ലൂക്കാ 1:28). വീണ്ടും ദൂതൻ പറയുന്നു: "മറിയമേ ഭയപ്പെടേണ്ട, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു" (ലൂക്കാ 1:20). ഈ കൃപയുടെ ഉപരി അനുഭവം എന്തെന്നും സുവിശേഷകൻ വിവരിക്കുന്നു: "പരിശുദ്ധാത്മാവ് വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും" (ലൂക്കാ 1:35).

എല്ലാവരങ്ങളുടേയും ഉറവിടമായ റൂഹാദ്ക്കുദ്ശായിലുള്ള അഭിഷേകമാണ് പ്രധാന അനുഭവം. ലൂക്കാ ഈശോയുടെ പരസ്യ

ജീവിതത്തെ അവതരിപ്പിക്കുന്നു: "ഈശോ മാമ്മോദീസാ സ്വീകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ട് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടുത്തെ മേൽ ഇറങ്ങി (ലൂക്കാ 3:21-22). ഈശോയുടെ ശ്ലൈഹിക വേലയുടെ തുടക്കത്തെക്കുറിച്ച് പറയുന്നു: "കർത്താവിന്റെ ചൈതന്യം എന്റെ മേലുണ്ട്; എന്തെന്നാൽ ദരിദ്രരെ സുവിശേഷം അറിയിക്കുവാനായി അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ 4:18-19). കർത്താവിന്റെ ഈ ആത്മാവ് എന്നും എവിടെയും പ്രവർത്തിക്കുന്നുണ്ട് എന്നതാണ് ആവിഷ്കൃത സത്യം (ഏശ. 61:1; ഉത്പ. 1; യൂയേ. 2:28-32; നട. 2:4).

മനുഷ്യർക്ക് സിദ്ധി ലഭിക്കുമ്പോൾ ഓരോരുത്തരുടെയും കഴിവുകളും വരവും കൂടിച്ചേരുമ്പോഴാണ്, വൈവിധ്യം ഉളവാകുന്നത്. നേതൃത്വം വഹിക്കുന്നവർ തീക്ഷ്ണതാപൂർവ്വം അതു നടത്തുന്നുവെന്ന് വി.ശ്ലീഹാ പറയുന്നു (റോമ. 12:8). ഈ തീക്ഷ്ണതയുടെ ഒരു ചിത്രമാണ് കർമ്മെലയിലെ ഗുഹയിൽ ദൃശ്യമായത്. കർത്താവ് ചോദിക്കുന്നു: "ഏലിയാ, നീ ഇവിടെ എന്തു ചെയ്യുന്നു? ഏലിയാ മറുപടി പറഞ്ഞു: ബലവാനും ദൈവവുമായ കർത്താവിനുവേണ്ടി ഞാൻ തീക്ഷ്ണനായിരിക്കുന്നു" (1 രാജാ. 19:10). ആഹാബ് രാജാവിന്റെ കൊട്ടാരം വിചാരിപ്പുകാരനായ ഒബദിയാ ഏലിയായോട് പറഞ്ഞത്: "ഞാൻ ഇവിടെ നിന്ന് പുറപ്പെട്ടാലുടൻ കർത്താവിന്റെ റൂഹാ നിന്നെ എനിക്ക് അജ്ഞാതമായ ഒരു സ്ഥലത്തേക്ക് കൊണ്ടുപോകും" (1 രാജാ.18:12). കർത്താവിന്റെ റൂഹാ ഏലിയായിലുണ്ടെന്ന് ഒബദിയാ പറഞ്ഞതും, ഏലിയാ തീക്ഷ്ണമായി ദൈവത്തിന്റെ കാര്യത്തിൽ ഏർപ്പെട്ടതുമെല്ലാം ദൈവത്തിന്റെ സിദ്ധിയാലാണ്. ഏകസത്യദൈവത്തിൽ വിശ്വസിച്ചവനായ ഏലിയാ യഥാർത്ഥ ആരാധനയിലൂടെ ദൈവപ്രസാദം പ്രകടമാക്കി. സാമൂഹ്യനീതിക്ക് എതിരായവരെയെല്ലാം തകർക്കുകയും ചെയ്തു (1 രാജാ. 18:20-40).

നേതൃത്വവരം വഴി പ്രവാചകസാക്ഷ്യത്തിന്റെ വക്താവായ ഏലിയാ നിവ്യായെയാണ് സഭ കർമ്മെലീത്താ സഭാ കുടുംബത്തിന്റെ

മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചത്. കാലത്തിന്റെ പൂർണ്ണതയിൽ ഭാരത ത്തിലെ ഏതദ്ദേശീയമായ ആശ്രമപ്രസ്ഥാനത്തിന്റെ മൂന്നോടിയായ ചാവറയും നേതൃത്വവരത്താൽ അനുഗ്രഹീതനായിരുന്നു. ചാവറയ്ക്കു ലഭിച്ച സിദ്ധിയെക്കുറിച്ച് അദ്ദേഹം പറയുന്നതെന്താണ്: "അതെന്തേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ. ഇത്രടം നീ വന്നത് എങ്ങനെ? വീട്ടിൽ നിന്നാരുവിളിച്ചു? പട്ടത്തിന് എങ്ങനെ ചേർന്നു? കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോ രെന്നു ആരുവിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊന്നിനു നിന്നെ കൊള്ളാമോ? ഇല്ലയില്ല നിശ്ചയം അപ്പോഴോ തിരുമനസ്സു നടക്കും. നടത്തും."[2]

ചാവറയച്ചനു ദൈവം നൽകിയ പ്രത്യേകവരത്തിൽ സ്ഥാപക സിദ്ധിയും ഉൾപ്പെടുന്നു. ചാവറയുടെ ജീവിതത്തിൽ റൂഹാദ്ക്കുദ്ശാ എപ്രകാരം പ്രവർത്തിച്ചു എന്നതിനെക്കുറിച്ചാണിവിടെ ചർച്ച ചെ യ്തത്.

15:1 ബാല്യകാല സിദ്ധി

ബാല്യകാലസിദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രധാന മായും ദൈവികതുടക്കത്തെയും മനുഷ്യകുടുംബത്തിലുള്ള ജനന ത്തേയും വിശ്വാസികളായ പൂർവ്വികരോടുള്ള ബന്ധത്തേയും മാതാ പിതാക്കളുമായുള്ള ഐക്യത്തെയുമാണ്. ഇതിൽ ഒന്നാമത്തേതിനെ ക്കുറിച്ച് ചാവറ നൽകുന്ന ചിത്രമിതാണ്:

> "ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
> ഈശനായ നിൻകൃപയതിൻ മൂലം."[3]

ഇവിടെ പ്രത്യേകമായും ചിന്തിക്കേണ്ടത് 'നിൻകൃപ' എന്നതാണ്. ഇവിടെ ദൈവത്തിന്റെ പ്രത്യേക ദാനമെന്നത് മൃഗങ്ങളിൽ നിന്നും തിര്യക്കുകളിൽ നിന്നും ഉന്നതനായി ചാവറയ്ക്കു ജന്മം നൽകി എന്ന താണ്. ചാവറ എടുത്തു പറയുന്നു:

"ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-
ലിക്കുമിയായയെന്നെയും ചെയ്തെങ്കിൽ,
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ളു!"[4]

ദൈവതിരുമനസ്സാണ് ചാവറയേയും ദൈവമകനായി രൂപപ്പെടുത്തുവാൻ കൃപചെയ്തത്. ചാവറ തന്നെ ഏറ്റു പറയുന്നു:

"ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായോരടിയനെ."[5]

അതായതു ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും (ഉത്പ. 1:26) ദൈവം സൃഷ്ടിച്ചു.

ദൈവത്തിന്റെ കടാക്ഷം ആദ്യം മുതൽ ചാവറയ്ക്കു ലഭിച്ചിരുന്നതിനെ ചാവറ അനുസ്മരിക്കുന്നു:

"കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥ തന്റെയടിമയാക്കി മുന്നം."[6]

ജനനത്തോടുകൂടിത്തന്നെ ദൈവം തന്റെ കൃപ, ചാവറയുടെ ആത്മാവിന്റെ സത്തയിൽ - ചേതനയിൽ - ചൊരിഞ്ഞു. ദൈവത്തെ എല്ലാറ്റിന്റെയും തുടക്കമായി ചാവറ ദർശിക്കുന്ന ചൈതന്യ വിശേഷമാണിവിടെയുള്ളത്. അടുത്തതായി മനുഷ്യകുടുംബത്തിലും ദൈവകൃപചൊരിഞ്ഞത് ഉൾപ്പെടുത്തി ചാവറയുടെ വാക്കുകൾ:

"ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവംതന്നു മാനുഷജന്മത്തിൽ."[7]

ഇവിടെയും ദൈവത്തിന്റെ ദയയാണ് മുന്നിട്ടു നിൽക്കുന്നത്. വീണ്ടും ചാവറ പറയുന്നത്:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ."[8]

ചാവറയുടെ ജനനനിമിഷത്തെ ദൈവിക പദ്ധതിയിൽ അംഗീകരിക്കുന്ന ചാവറയാണിവിടെ പ്രത്യക്ഷപ്പെടുന്നത്. ചാവറയുടെ ദൈവത്തിൽ നിന്നുള്ള ഉത്ഭവത്തെ ഏറമ്യായുടെ അനുഭൂതിയിൽ നിന്നും വ്യത്യസ്തമായി കാണണമോ? ഏറമ്യ പറയുന്നു: "കർത്താവ് എന്നോട് അരുളിച്ചെയ്തു: "ഞാൻ നിന്നെ ഉദരത്തിൽ രൂപപ്പെടുത്തും മുൻപേ നിന്നെ അറിഞ്ഞു. ഗർഭപാത്രത്തിൽ നിന്നു നീ പുറത്തുവരുന്നതിനു മുമ്പേ നിന്നെ ഞാൻ പവിത്രീകരിച്ചു" (ഏറമ്യ 1:4-5). ദൈവത്തിന്റെ ഈ പദ്ധതിയെ വി.ശ്ലീഹായും പറയുന്നത്: "തന്റെ മുമ്പിൽ നാം പരിശുദ്ധരും കളങ്കമറ്റവരും ആയിരിക്കുവാൻ ലോകസ്ഥാപനത്തിനുമുമ്പു തന്നെ അവിടുന്നു മിശിഹായിൽ സ്നേഹപൂർവ്വം നമ്മെ തിരഞ്ഞെടുത്തു" (അപ്പെ. 1:4) എന്നാണ്. ആദിമനുഷ്യനായ ആദത്തോടും മാനവരാശിയോടും ബന്ധപ്പെട്ട ചാവറ ദൈവത്തിൽ വിശ്വസിക്കുന്നതു മാനവരാശിയുടെ പ്രതിനിധിയായിട്ടാണ്. ഈ പ്രാതിനിധ്യമാണു ചാവറയെ പ്രത്യേക സിദ്ധിയിലേക്കു വളരുവാൻ ഇടയാക്കിയത്. ബാല്യകാല സിദ്ധിയെക്കുറിച്ചുള്ള ചാവറയുടെ ഏറ്റുപറച്ചിൽ ദൈവത്തിന്റെ ദയയാലാണു നടന്നത്. മൂന്നാമത്തെ ബാല്യകാലസിദ്ധി വിശ്വാസം വഴി മിശിഹായുടെ സഭയിൽ ജനിക്കുന്നതാണ്. ചാവറ പാടുന്നു:

"ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വസിയായിയെന്നെയും തീർത്തു നീ."[9]

ചാവറയ്ക്കു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണ് മാമ്മോദീസാവഴി മിശിഹായുടെ സഭയിൽ ദൈവപുത്രനായിത്തീർന്നത്. നമ്മെ

ദൈവസുതരാക്കുന്നതിനായി പിതാവും പുത്രനും റൂഹായുമായ ദൈവം നമ്മിൽ കൃപചൊരിയുന്നു. റൂഹായാലും ജലത്താലുമുള്ള പുനർജനനം ദൈവമക്കളുടെ ചൈതന്യത്താൽ റൂഹായിൽ നിറയുന്നതിനുവേണ്ടിയാണ്. ഇപ്രകാരം പരിശുദ്ധ റൂഹായാൽ ജനിച്ച് (യോഹ. 3:3,5; ഗലാ.4:6) അതേ റൂഹായാൽ നയിക്കപ്പെട്ട് (റോമ. 8:14) റൂഹായുടെ നിറയൽ ഹൃദയത്തിൽ (റോമ. 5:5) ഉണ്ടാകുക എന്നതാണ് മാമ്മോദീസാ ജീവിതം.

റൂഹാദ്ക്കുദ്ശായുടെ ചൈതന്യം പ്രപഞ്ചത്തിനു രൂപവും ഭാവവും നൽകുന്നു (ഉത്പ. 1:2). അവിടുന്നു മനുഷ്യപുത്രനിലൂടെ മനുഷ്യമക്കളെയും അഭിഷേകം ചെയ്യുന്നു (എശ. 61:1; ലൂക്കാ 4:18; റോമ. 8:14-26; യോഹ. 3:3,5; 1 കോറി. 6:19; അപ്പെ. 1:4-8). റൂഹായുടെ പൊതുവായ ഈ സഹവാസവും അനുഗ്രഹവുമാണ് തുടർന്നുള്ള ജീവിതത്തിൽ പ്രത്യേക വരങ്ങളായി, സിദ്ധികളായി പ്രകാശിതമാകുന്നത്. മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്താത്ത ചാവറയെയാണ് അദ്ദേഹത്തിന്റെ മരണക്കിടക്കയിൽ ദർശിക്കുന്നത്.[10]

ചാവറ മാതാപിതാക്കളുമായി ബന്ധപ്പെട്ടതുവഴിയാണ് സഭാത്മകവിശ്വാസത്തിന്റെ തലത്തിലേക്കു കടന്നു വന്നത്. സുവിശേഷമായ ഈശോയുടെ ശിഷ്യൻ മാർതോമ്മാശ്ലീഹായിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ച കുടുംബപാരമ്പര്യമാണു ചാവറയ്ക്കുള്ളത്. 1805 ഫെബ്രുവരി 16-നു മാമ്മോദീസ സ്വീകരിച്ച ചാവറ കുരിയാക്കോസച്ചന്റെ മാതാപിതാക്കൾ ചാവറയിലെ മറിയവും കുരിയാക്കോസുമാണ്. ഈ ചാവറകുടുംബം മീനപ്പള്ളി ശാഖയിൽ നിന്നുമുളച്ചതാണ്. മീനപ്പള്ളി ശാഖ ആകട്ടെ കൈനകരി മുക്കാട്ടു കുടംബത്തോടു ചേർന്നു നിൽക്കുന്നു. മുക്കാട്ടു കുടുംബം കുറവിലങ്ങാട് പകലോമറ്റം ശാഖയിൽ നിന്നു വന്നതും പാലയൂർ പകലോമറ്റത്തോടു ചേർന്നു നിൽക്കുന്നതുമാണ്. പാലയൂർ പകലോമറ്റമാണ് മാർത്തോമ്മാശ്ലീഹായിൽ നിന്നും മാമ്മോദീസാ സ്വീകരിച്ചു മിശിഹായുടെ സഭയിൽ അംഗമായത്. അങ്ങനെ

നസ്രായനായ ഈശോയിലും ത്രിത്വത്തിലും ചെന്നു നിൽക്കുന്നു ചാവറയുടെ മാതാപിതാക്കളുടെ വിശ്വാസം. ചാവറ ഏറ്റു പറയുന്ന കുടുംബബന്ധമിതാണ്:

"ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ.
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ." [11]

ബാല്യകാലസിദ്ധിയുടെ തുടക്കം മാമ്മോദീസായും തുടർന്ന് അമ്മ പഠിപ്പിച്ച ജപങ്ങളും മറ്റുമാണ്. ചാവറ പറയുന്നു:

"അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ
ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം."[12]

"പിതാവു പുത്രൻ റൂഹാദ്ക്കുദ്ശാ" എന്ന ഏക ദൈവത്തിലെ മൂന്നാളുകളിലുള്ള വിശ്വാസമാണ് ചാവറ സിദ്ധിയുടെ തുടക്കം. അതും ബാല്യത്തിൽ ലഭിച്ച ദാനം.

15:2 യൗവ്വനസിദ്ധി

മാതാപിതാക്കളുടെ വിശ്വാസജീവിത സാക്ഷ്യവും ജപങ്ങളും ചാവറ റൂഹാദ്ക്കുദ്ശായിൽ ബലപ്പെടുന്നതിന് ഇടവരുത്തി. ചാവറയുടെ തന്നെ വാക്കുകളിൽ:

"അങ്ങനെ വളർത്തിടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിന്നുമിഷ്ടൻ ഞാൻ
ഇങ്ങനെ പഞ്ചവത്സരം ചെന്നപ്പോൾ,
അങ്ങൊരു ഗുരുവജ്ഞാനിശ്രേഷ്ഠനായ്."[13]

കളരിയിലുള്ള ചാവറയുടെ ജീവിതത്തെ സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം പുനഃവായന നടത്താം: "പിശാചിനാൽ പരീക്ഷിക്കപ്പെടാനായി റൂഹാദ്ക്കുദ്ശാ, ഈശോയെ അപ്പാ എന്നു വിളിച്ച് ആവാനുഭവം ഉണ്ടായ ചാവറയെ പിന്നീടു കളരിയാകുന്ന മരുഭൂമിയിലേക്കു നയിച്ചു. അവിടെ നാല്പതു രാവും നാല്പതു പകലും - അഞ്ചുവർഷം - ഉപവസിച്ചു" (മത്താ. 4:1-2; ആത്മാനുതാപം 1-ാം കാണ്ഡം 87-112 വരെ വരികൾ) ചാവറയുടെ അഞ്ചാം വയസ്സുതുടങ്ങി 10-ാം വയസ്സുവരെയാണ് ഒരു വിധത്തിൽ അദ്ദേഹത്തിന്റെ മരുഭൂമി വാസം. ഇക്കാലത്താണ് ചാവറ ആത്മജ്ഞാനത്തിലേയ്ക്കു കടക്കുന്നതിനിടവന്നതും. ഇതേക്കുറിച്ച് ചാവറതന്നെ നൽകുന്ന സാക്ഷ്യം.

> "എന്നുടെയാദിപിതാ ചെയ്തൊരു പാപത്താലെ
> നന്മയൊക്കെയും നശിപ്പിച്ചു ഞാനെന്നാകിലും
> നിന്നുടെ നീതി മുന്നം കടന്നഗണത്തെപ്പോൽ
> എന്നെ നീ ശിക്ഷിച്ചില്ലായെന്നുടെ ജനത്തെയും."[14]

ചാവറയെ റൂഹാദ്ക്കുദ്ശാ നയിച്ചിരുന്ന യൗവനത്തിലേക്കുള്ള പ്രവേശന കാലഘട്ടമാണിവിടെ വിവക്ഷ. ഭൂമുഖത്തുള്ള ഏതൊരു മനുഷ്യവ്യക്തിക്കും ഉണ്ടാകുന്ന പ്രലോഭനങ്ങളുടെ കാലഘട്ടമാണിത്. അതായതു ശിശുപ്രായത്തിൽ നിന്നും ബാല്യകാല, യൗവനത്തിലേക്കു പ്രവേശിക്കുമ്പോഴുണ്ടാകുന്ന തത്വംശങ്ങളുടെ (ഹോർമോൺസ്) അനുഭവം റൂഹാനുഭവത്തിന്റെ ശാരീരിക വൈകാരികാവസ്ഥയാണ്. എന്നാൽ ദൈവസ്നേഹത്തിലേക്കു വളരുന്നതിനുള്ള പ്രവേശകാനുഭൂതി അവിടെ നിൽക്കാതെ മുന്നേറുന്നതിലാണ് വളർച്ചയുടെ സിദ്ധി അനുഭവവേദ്യമാകേണ്ടത്. ത്യാഗം കൂടാതെ, സഹനമില്ലാതെ, മരണമൊഴിച്ചു മഹത്ത്വമെന്നമാർഗ്ഗം നിർദ്ദേശിച്ച കേപ്പായെ ഈശോ വിളിച്ചതും 'സാത്താൻ' പ്രതിയോഗി എന്നാണ് (മത്താ. 16:23). ചാവറയുടെ ചെറുപ്പകാലത്തെ കാഴ്ചകളും വളർച്ചയിലുണ്ടായിരുന്ന ജിജ്ഞാസകളും പറഞ്ഞു ത്യാഗം കൂടാതെ, ഉദാത്തീകരണം കൂടാതെ ശാരീരിക

വിഷയങ്ങളിൽ ശ്രദ്ധിക്കുവാൻ. എന്നാൽ അവ പിശാചിന്റെ, ഭാഗികവും താത്കാലികവുമായ നന്മയുടെ പ്രലോഭനങ്ങളെന്നുകണ്ട് അവയോടു പിന്നിൽ പോകുവാൻ റൂഹാദ്ക്കുദ്ശാ ചാവറയെ മാതാപിതാക്കളിൽ നിന്നു കിട്ടിയ ജപങ്ങളിലൂടെ പ്രേരിപ്പിച്ചു. അതുകൊണ്ടു ചാവറയെ പീഡിപ്പിച്ചുവെങ്കിലും കൈവിട്ടില്ല എന്ന അനുഭവമാണ് ചാവറയ്ക്കുണ്ടായത്.

"ദൈവത്തിൻ തിരുക്കരം ശിക്ഷിപ്പാന്നോങ്ങുന്നേരം
ദൈവമാതാവേ നിന്റെ ദയയാൽ തടുത്തല്ലൊ."[15]

മാതാവിനു പ്രതിഷ്ഠിതനായ ചാവറ മാതൃസഹായത്താൽ റൂഹാദാനത്തിൽ പ്രലോഭനങ്ങളെ മറികടന്നു മുന്നേറി. വീണ്ടും ചാവറ മാതൃസഹായത്തെ അനുസ്മരിക്കുന്നു:

"സൂക്ഷിച്ചു പാർത്തു നിന്റെ മാതൃവെ പ്രതിയിപ്പോൾ
രക്ഷിച്ചീടണേ മമ ദാസനെന്നോർത്തിവനെ
ഇങ്ങനെ മുട്ടിച്ചു നീ പ്രാർത്ഥിക്ക ഹേതുവിനാൽ
അങ്ങുന്നു പൊറുത്തയ്യോ ശിക്ഷിച്ചില്ലതുകാലം."[16]

യൗവ്വനത്തിന്റെ പാപസാഹചര്യങ്ങളും പകർച്ചവ്യാധിയുമെല്ലാം കടന്നാക്രമിക്കാൻ നോക്കിയെങ്കിലും പീഡനമുണ്ടായെന്നല്ലാതെ ദൈവം കൈവിട്ടില്ല എന്ന ബോദ്ധ്യമാണ് ചാവറയെ അനുതാപത്തിന്റെ സിദ്ധിയിലൂടെ നയിച്ചത്. ഈ കാലഘട്ടത്തിലെ വളർച്ചയുടെ സിദ്ധി ചാവറയുടെ ചിന്തയിൽ:

"സർവ്വേശൻ നീതിശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽ നിന്നും കാത്തു രക്ഷിച്ചു മമ ജീവൻ
സർവ്വന്യായത്താലപ്പോൾ ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വകാരുണ്യത്തൊടെ കാത്തല്ലൊ മേ ദൈവമേ.
എന്നെ ശിക്ഷിച്ചീടുവാനോങ്ങിയ തിരുക്കരം
അന്യരിൽ തിരിച്ചതിൻ കാരണമെന്തുനാഥാ."[17]

ചാവറയ്ക്കു പ്രത്യേകമായി കിട്ടിയ വരത്തെക്കുറിച്ചാണ് ചാവറ തുടർന്നു വിവരിക്കുന്നത്:

"എന്നെ നീ സർവ്വേശ്വരായന്നതിൽ നിന്നു നീക്കി
നിന്നെ സ്നേഹിച്ചീടുന്ന ജനത്തിലെന്നെച്ചേർത്തു
ആയതിനെന്തു മൂലം നിന്നുടെ ദയ തന്നെ
ഞാനതിനെന്തു മൂലം നിന്നുടെ ദയതന്നെ
ഞാനതിനെന്തു കൃതോത്തരത്തെയണയ്ക്കേണ്ടു."[18]

മനുഷ്യജീവിതത്തിൽ അധികം ആർക്കും ലഭിക്കാത്ത വലിയ ഒരനുഗ്രഹമാണ് ദൈവാത്മാവു ചാവറയ്ക്കുനൽകിയത്. ഈ അനുഭൂതിയിൽ ചാവറ ഈശോയുമായി നടത്തിയ സ്നേഹസംഭാഷണത്തിനിടയിൽ അമ്മ വഴി പ്രാർത്ഥിക്കുന്ന ഉത്കൃഷ്ടമായ പ്രകരണങ്ങൾ യൗവനകാലത്തിലെ പ്രലോഭനങ്ങളുടെ പിടിയിൽ ഒരിക്കലും വീഴാതിരിപ്പാനും മാമ്മോദീസായിൽ ലഭിച്ചകൃപാവരം കാത്തു സൂക്ഷിപ്പാനുമാണ് ധ്യാനസല്ലാപത്തിൽ നിന്ന്: "..... മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനി മരണപര്യന്തം പൊയിപ്പോകാതിരിപ്പാനും ഉറപ്പും നിന്റെ മേലുള്ള സ്നേഹത്തിൻ മേല്ക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിന്റെ വളർത്തുപിതാവായ എന്റെ ഭർത്താവിന്നു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണനേരത്തിൽ അവനെ തുണച്ചു ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടു പോകണമെന്നുള്ള ഈ അപേക്ഷ....."[19]

മാമ്മോദീസായിൽ ലഭിച്ച പ്രസാദവരത്തെ വളർത്തിയെടുത്തു ദൈവരാജ്യത്തിനർഹനാകുവാനും ആത്മാവിനാൽ വീണ്ടും ജനിക്കുവാനും (യോഹ. 3:3,5) ചാവറയ്ക്കിടവന്നതും സെമിനാരിയിലെ ഗുരുകുല വാസത്തിനിടയിലാണ്. ചാവറ എഴുതുന്നു:

"അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തു വളർത്തീട്ടു
പൂജ കാണ്മാനും ശുശ്രൂഷചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയൊടേ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും."[20]

ചാവറയുടെ വളർച്ച ഒരു പ്രത്യേക ദൈവദാനത്താൽ സെമിനാരിക്കാർക്കെല്ലാം ധാർമ്മികമായ അധികാരത്തിന്റെ സിദ്ധിയായിരുന്നു. മത്തിയാസ് പട്ടക്കാരൻ ചാവറയെക്കുറിച്ചെഴുതുന്നു: "പ്രായം കൊണ്ടാണെങ്കിൽ എല്ലാവരിലും പിമ്പൻ; പഠനം, പുണ്യാഭ്യാസം, ക്രമാനുഷ്ഠാനും എന്നിവയിൽ എല്ലാവരിലും മുൻപൻ. ഈ നിലകളിൽ മല്പാനച്ചന്റെ മാത്രമല്ല സഹപാഠികളുടെയും സ്നേഹഭാജനമായിത്തീരുന്നു.... ഏക സഹോദരിക്കു എഴുതിക്കൊടുത്ത കൈച്ചീട്ടു പിതൃസഹോദരന്മാരുടെ അനുരഞ്ജനത്തിനായി തിരിച്ചു കൊടുത്തു പ്രശ്നം പരിഹരിച്ചു."[21] ചാവറ സിദ്ധി പ്രകടമാക്കിയ സംഭവമാണ് സെമിനാരിക്കാലത്തു നടന്നത്.

15:3 ആചാര്യത്വസിദ്ധി

ആചാര്യത്വ സിദ്ധിയുടെ തുടക്കം ചാവറയ്ക്കു പത്തു വയസ്സുള്ളപ്പോൾ എന്നത് അതിശയകരമായി തോന്നാം. എന്നാൽ അതു വളരെ പ്രകടമായിരുന്നെന്ന് ചാവറയുടെ ദൈവവിളി തെളിയിക്കുന്നു. ചാവറയുടെ വിവരണം കേൾക്കാം:

"ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ

.....

ദൈവം തന്നുടെയന്തികെ ചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്."[22]

ചാവറയുടെ പൗരോഹിത്യത്തിലേക്കുള്ള വിളിയ്ക്ക് ഒരു സാധാരണത്വമുണ്ടെങ്കിലും ഒരു സൈദ്ധികമാനമുള്ളതാണിവിടെ സൂചിപ്പിക്കുന്നത്. ശക്തമായ ദൈവാഹ്വാനത്തിന്റെ വരം ചാവറയിൽ ഉണ്ടായിരുന്നതുകൊണ്ടാണ് കുടുംബത്തിലെ വലിയ പ്രശ്നം ഒഴിവായത്. മത്യാസ് പട്ടക്കാരൻ തന്നെ മേല്പറഞ്ഞ സിദ്ധിയെക്കുറിച്ചു പ്രതിപാദിക്കുന്നു: "കുര്യാക്കോസ് ശെമ്മാശ്ശന്റെ പിതാവിന്റെയും ഏകജ്യേഷ്ഠ സഹോദരന്റെയും നിര്യാണം അദ്ദേഹത്തിന്റെ ദൈവവിളിയുടെ ആഴം അളന്നു നോക്കുന്ന ഒരു സംഭവമായിരുന്നു. പിതാവിന്റെയും മൂത്തമകന്റെയും മരണത്തോടുകൂടി ചാവറക്കുടുംബം അനാഥമായി. രണ്ടാമത്തെ ഏകപുത്രൻ സെമിനാരിയിലുമാണ്. ഈ ഘട്ടത്തിൽ ഗൃഹഭരണത്തിനും ശെമ്മാശ്ശന്റെ സഹോദര പുത്രിയായ ശിശുവിന്റെ സംരക്ഷണത്തിനും ആളില്ലെന്നകാരണത്താൽ ശെമ്മാശ്ശനെ അദ്ദേഹത്തിന്റെ പിതൃസഹോദരന്മാർ സെമിനാരിയിൽ നിന്നും വീട്ടിൽ വരുത്തി വൈദിക ജീവിതം ഉപേക്ഷിക്കണമെന്നു നിർബന്ധിച്ചു. ശെമ്മാശ്ശനു ആസ്തപ്പാടുപട്ടം മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളൂ. അതിനാൽ വൈദികജീവിതം നിഷ്പ്രയാസം ഉപേക്ഷിക്കാമായിരുന്നു. ഈ നിർബന്ധം പരമകാഷ്ഠയെ പ്രാപിച്ചപ്പോൾ ശെമ്മാശ്ശൻ ഒരു പൊടിക്കൈ പ്രയോഗിച്ചു. ഗൃഹഭരണത്തിനും ശിശുസംരക്ഷണത്തിനും ആളില്ലെന്ന വാദം ശിഥിലമാക്കുവാൻ വേണ്ടി ശെമ്മാശ്ശൻ എടത്വായിൽ കല്യാണം ചെയ്യിച്ചിരുന്ന തന്റെ മൂത്ത സഹോദരിയുടെ വീട്ടിൽ പോയി അവരെ കാണുകയും അവരും ഭർത്താവും കൂടി ചാവറ വന്നു താമസിച്ചു കുടുംബഭരണം നടത്തുന്നതിനു അവരെ സമ്മതിപ്പിക്കുകയും അതിനു പ്രതിഫലമായി തന്റെ അവകാശം മാത്രം അവർക്കു രഹസ്യത്തിൽ എഴുതികൊടുക്കുകയും ചെയ്തു. ഈ രഹസ്യ സംഗതി പരസ്യമായപ്പോൾ കോപിഷ്ഠരായ പിതൃസഹോദരന്മാർ കച്ചീട്ടു തിരിച്ചുവാങ്ങണമെന്നു ശെമ്മാശ്ശനെ ഭയപ്പെടുത്തുവാൻ തുടങ്ങി. തന്റെ വൈദിക ജീവിതത്തിനു ഭംഗം നേരിടരുതെന്നുള്ള ഏക ചിന്തയെ ശെമ്മാശ്ശനുണ്ടായിരുന്നുള്ളൂ. അതനുസരിച്ചായിരുന്നു അദ്ദേഹത്തിന്റെ

പ്രവർത്തനരീതി. എന്നാൽ അതു തന്റെ പിതൃസഹോദരന്മാർക്കു കോപഹേതുവായി പരിണമിച്ചു എന്നുകണ്ടപ്പോൾ കച്ചീട്ട് തിരിച്ചു വാങ്ങി അവരുമായി രഞ്ജിതപ്പെടുകയും അങ്ങനെ വൈദിക വൃത്തി തുടരുന്നതിനുള്ള പ്രതിബന്ധം നീങ്ങിക്കിട്ടുകയും ചെയ്തു."[23]

പൗരോഹിത്യവിളിയുടെ സിദ്ധി ചാവറയിൽ തെളിഞ്ഞു തുടങ്ങിയതിനാലാണ് എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചത്. സുവിശേഷത്തിലെ മിശിഹായെ അനുഗമിക്കുക എന്ന മൗലിക സത്യം ചാവറ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി. ഈശോയുടെ വാക്കുകൾ: "എന്നെ സ്നേഹിക്കുന്നതിനെക്കാൾ അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോജിച്ചവനല്ല. എന്നെ സ്നേഹിക്കുന്നതിനെക്കാൾ മകനെയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോജിച്ചവനല്ല. സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോജിച്ചവനല്ല. സ്വന്തം ജീവൻ രക്ഷിക്കുന്നവൻ അതു നശിപ്പിക്കുന്നു. എന്നാൽ എന്നെ പ്രതി സ്വന്തം ജീവൻ നശിപ്പിക്കുന്നവൻ അതു രക്ഷിക്കും" (മത്താ. 10:37-39). ചാവറ സഹിക്കേണ്ടിവന്ന കുരിശുകളെല്ലാം അദ്ദേഹത്തിന്റെ സൈദ്ധിക വളർച്ചക്കിടവരുത്തി. ഈ സിദ്ധിയെയാണ് ആചാര്യത്വസിദ്ധി എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്. ദൈവമഹത്ത്വത്തിനും പൊതു നന്മക്കും വേണ്ടി ചാവറകാത്തു സൂക്ഷിച്ച സിദ്ധി അതിന്റെ സ്വഭാവത്തിലും ചൈതന്യത്തിലും ലക്ഷ്യത്തിലും ആചാര്യത്വത്തിന്റേതും സാക്ഷ്യത്തിന്റേതുമായ ഒന്നായിരുന്നു.

സ്തബലീനി മെത്രാനച്ചൻ വരാപ്പുഴവന്നു ഭരണം കൈയ്യേറ്റതിന്റെ ശേഷം അർത്തുങ്കൽ ചെറിയ പള്ളിയിൽ വന്നു താമസിക്കുമ്പോഴാണ് അവിടെവച്ച് 1829 നവംബർ മാസത്തിൽ കുറിയാക്കോസ് മ്ശംശാന 24-ാമത്തെ വയസിൽ കശീശാ പട്ടമേറ്റത്. പുത്തൻ കുർബ്ബാന ചാവറയുടെ ഇടവകയായ ചേന്നങ്കരി പള്ളിയിൽ നടത്തുവാൻ സാധിച്ചില്ലെങ്കിലും ആലപ്പുഴ മാർസ്ലീവാ പള്ളിയിൽ വച്ച് അതു നടത്തിയ ശേഷം

ചേന്നങ്കരിപ്പള്ളിയിൽ ചെന്നു വികാരിയച്ചനോടുകൂടെ താമസിച്ചത് ആചാര്യത്വ ശുശ്രൂഷാസിദ്ധിയുടെ വലിയ ഒരു തെളിവാണ്.

ഒരു വിധത്തിൽ ശത്രുക്കളെ സ്നേഹിക്കുക എന്ന ക്ഷമാമസൃണമായ സ്നേഹത്തിന്റെ ഒരു സുവിശേഷകനായിത്തീർന്നു ചാവറ (മത്താ. 5:44). ഈ സിദ്ധിയാണ് ചാവറ തന്റെ ജീവിതകാലം മുഴുവൻ നടപ്പാക്കിയത്. ഇതിനും പുറമേ ചാവറ തന്റെ സിദ്ധിയെ ദൈവത്തിനും ദൈവജനത്തിനുമായി നീക്കിവച്ചിരുന്നു. ഭക്തിയില്ലാത്ത പട്ടസുഖക്കാരന്റെ മരണത്തെക്കുറിച്ചുള്ള ചാവറയുടെ ധ്യാനത്തിൽ ഭയഭക്തികളോടെ വിശുദ്ധ കുർബ്ബാന അർപ്പിച്ചു തേറ്റ പ്രകാരം ജീവിക്കേണ്ടതിനെക്കുറിച്ചും പ്രതിപാദിക്കുന്നു:

"ആ ഭക്തിയില്ലാത്ത ദൈയവശുശ്രൂഷിയുടെ മരണം എത്രയൊ ഭയംകരമുള്ളതാകുന്നു എന്നതിനെ കൂടെക്കൂടെ ധ്യാനിക്കുന്നുവെംകിൽ നിശ്ചയമായിട്ടയിത്രയധികം പട്ടക്കാരു നരകത്തിൽ നശിച്ചു പൊകയുമില്ല. എന്നാൽ ആയ എത്രയും ഭയങ്കരമായ ക്ഷണത്തിൽ കൂടി വരുന്ന ഭീതികളും സംഭ്രമങ്ങളും വിചാരിച്ചു നൊക്കുംപൊൾ ഭയത്താൽ ഞടുങ്ങി ഞടുങ്ങി ശരീരമൊക്കെയും വിറക്കയും ചെയ്യും....."[24]

സഭയുടെ കാനോന നമസ്കാരവും വി.കുർബാനയും ഉത്സാഹത്തോടെ നടത്തണമെന്നും വി.കുർബ്ബാന അതിഭക്തിയോടെ നടത്തണമെന്നുമുള്ളതാണ് ചാവറയുടെ ദർശനം. ചാവറ ജീവിതകാലം മുഴുവൻ അനുതാപിയായി ജീവിച്ചതു വഴി ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിച്ചു (മത്താ. 22:38). ശത്രുക്കളോടു പ്രതികാരം ചെയ്യാതെ തന്നെപ്പോലെ അയൽക്കാരനെയും സ്നേഹിച്ചു. തെരുവിലെറിഞ്ഞു ഉപേക്ഷിക്കുന്നവരെ എടുത്തു ശുശ്രൂഷിക്കുന്നതു വീരോചിതമായി പൊതുജനം പറയും. എന്നാൽ ചാവറ തന്റെ ആചാര്യത്വസിദ്ധിയിലൂടെ കേരളം മുഴുവനെയും പ്രബുദ്ധമാക്കിയതും തെരുവിൽ വീഴാതിരിക്കുവാനുമുള്ള വിശ്വാസപരവും സാംസ്കാരികവുമായ

പരിശീലനം നൽകിയതും എന്നും വലിയ സാക്ഷ്യമായി നിലകൊള്ളുന്നു. എന്നാൽ ഇന്നു ചാവറയുടെ ആചാര്യത്വ ശുശ്രൂഷയുടെ അനുസ്യൂത പിൻതുടർച്ച എന്തുമാത്രമെന്നു ചിന്തിക്കേണ്ടതുണ്ട്.

15:4 ആശ്രമസിദ്ധി

ആശ്രമപ്രസ്ഥാനത്തിനുള്ള സിദ്ധിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒന്നാമതായി വരുന്ന ഘടകം സഭാരൂപകതയാണ്. ഈ വസ്തുത പറയാതെ ആരും ഭാരതത്തിലെ ആശ്രമസിദ്ധിയെക്കുറിച്ചോ ഇവിടെയുള്ള സന്ന്യാസസംരംഭങ്ങളെക്കുറിച്ചോ പ്രതിപാദിക്കാറില്ല. ചാവറയുടെ ജീവചരിത്രമെഴുതിയ മത്യാസ് പട്ടക്കാരൻ രേഖപ്പെടുത്തുന്നു: "ഭാരത കത്തോലിക്കാ സഭയുടെ ജന്മഭൂമി എന്ന മഹനീയ സ്ഥാനത്തിനു അർഹമായ കേരളം അതിപ്രാചീനകാലം മുതൽതന്നെ അഥവാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ കാലം മുതല്ക്കേ ദേവമാതൃഭക്തിയിൽ മികച്ചു നിൽക്കുന്നതുമായിട്ടത്രേ പാരമ്പര്യം ഘോഷിക്കുന്നത്. ഈ മരിയഭക്തി പൂർവ്വാധികം ഉജ്ജ്വലമാക്കുവാൻ കേരള സുറിയാനി കർമ്മെലീത്താസഭയുടെ സ്ഥാപകനും പ്രേരകമായിത്തീരണമെന്നായിരുന്നു ദൈവനിശ്ചയം. ഇതിനായി പ്രസ്തുത ഭക്തിയിൽ അദ്വിതീയരും സർവ്വജനസമ്മതരും വൈദികോത്തമന്മാരുമായ പാലയ്ക്കൽ തോമ്മാമല്പാനച്ചനെയും പോരൂക്കര തോമ്മാമല്പാനച്ചനെയും ചാവറകുര്യാക്കോസ് ഏലിയാസച്ചനെയും ദൈവം തെരഞ്ഞെടുത്തു. പരിശുദ്ധാരൂപിയുടെ പ്രത്യേക പ്രേരണാഫലമായി പാലയ്ക്കൽ തോമ്മാ മല്പാനച്ചനും പോരൂക്കരതോമ്മാമല്പാനച്ചനും ആത്മമിത്രങ്ങളായിരുന്നു. ഇവർ മൂവരും കൂടി കേരളത്തിൽ ഒരു സന്ന്യാസ സഭ സ്ഥാപിക്കണമെന്നു തീർച്ചപ്പെടുത്തി. അതിനായി വളരെ പരിശ്രമിക്കുകയുമുണ്ടായി. തത്ഫലമായി 1831-ൽ മാന്നാനം കുന്നിൽ സമാരബ്ധമായ കേരള സുറിയാനി കർമ്മെലീത്താ സഭയുടെ അടിസ്ഥാനക്കല്ലുകളാണ് പാലയ്ക്കൽ തോമ്മാമല്പാനച്ചനും പോരൂക്കര തോമ്മാമല്പാനച്ചനും."[25]

ആശ്രമ സിദ്ധിയിൽ ഒന്നാമതു വരുന്ന ഘടകമായ സഭൈക്യ
യിൽ വിശ്വാസികളുടെ പിതാവായ മാർ തോമ്മാശ്ലീഹായാണ് കടന്നു
വരുന്നത്. മാർത്തോമ്മാശ്ലീഹാ സുവിശേഷത്തിലെ വിശ്വാസത്തിന്റെ
പൂർണ്ണരൂപം പ്രഖ്യാപിച്ചുകൊണ്ടു സഭയുടെ പ്രതിനിധിയായ
ആളാണ്.[26] 'മാർവാലാഹ്' - എന്റെ കർത്താവും എന്റെ ദൈവവുമെന്ന
വിശ്വാസം സുവിശേഷമായ ഈശോയിൽ പൂർണ്ണമായും കേന്ദ്രീകൃത
മാണ്. ഈശോ പിതാവിന്റെ ഏകജാതൻ (യോഹ. 1:14) ആണ്. റൂഹാ
യുടെ വരവുവഴിയാണ് ഈശോ മനുഷ്യനായത് (ലൂക്കാ 1:35). അതി
നാൽ സിദ്ധികളുടെ സിദ്ധിയായ റൂഹാദ്ക്കുദ്ശാ മാനവരാശിക്കു
നൽകിയ പ്രത്യേക വരമാണു സഭ-മിശിഹാ. ഈ സഭയിൽ ഉള്ള സഹ
ഭാഗിത്വം ഈശോയെ കർത്താവും ദൈവവുമായി ഏറ്റു പറയുന്നതു
വഴി സംജാതമാകും (മർക്കോ. 16:16). മാമ്മോദീസായാണ് സഭാംഗമാ
കുന്നതിനുള്ള വ്യവസ്ഥ. അതിലുള്ള അനുഭവം മിശിഹായിലുള്ള
വിശ്വാസവും. മൗതിക ശരീരമായി രൂപം കൊണ്ട സഭ അതിന്റെ തനിമ
കൈവരിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള വ്യവസ്ഥയാണ് ആശ്ര
മസിദ്ധി. ഇത് അതിന്റെ തനിമയിൽ മൗലികമായ മിശിഹാനുഗമന
മാണ്. (മർക്കോ. 16:16; മത്താ. 8:22; 10:37-39; 19:26; 19:11-12; മർക്കോ. 10:27-31;
ലൂക്കാ 18:27-30; യോഹ. 12:24-26; 11:16; 20:28; നട. 2:43-47; 4:32-37;
1 കോറി. 7:32-34; എബ്രാ. 10:10; വെളി. 14:15; 22:13). ആശ്രമസിദ്ധി
എന്നത് റൂഹാദ്ക്കുദ്ശാ നൽകുന്ന സഭാത്മകമായ ഒരു പ്രത്യേകവര
മാണ്. അത് ഒന്നാമതായി സഭാത്മകമായതിനാൽ സഭാംഗങ്ങൾക്കെല്ലാം
ഉണ്ടാകാവുന്ന ഒരു സവിശേഷതയാണ്. എന്നാൽ അതിന്റെ പ്രത്യേക
രൂപത്തിൽ 'ഉടമ്പടി' ബന്ധമാകാം. അതാണു ക്യാമാ പരമാകുന്നത്.
ഈ ക്യാമാ പരമായ സിദ്ധിയാണ് ആശ്രമസിദ്ധി.

സഭാത്മകമായ ആശ്രമസിദ്ധിയുടെ രണ്ടാമത്തെ ഘടകമായി വരു
ന്നതു മാതൃഭക്തിയാണ്. സഭയുടെ ശിരസ്സായ ഈശോ തന്നിൽ വിശ്വ
സിക്കുന്നവരെ സംരക്ഷിക്കുന്നതിനു നൽകിയ പ്രത്യേകവരമാണ്

ഈശോയുടെ അമ്മയായ കന്യകാമറിയം (യോഹ. 19:25-27). ഈ ഭക്തി മാർത്തോമ്മാശ്ലീഹായിൽ നിന്നുതന്നെ ലഭിച്ചു എന്നതാണു പാരമ്പര്യം.[27]

നസ്രാണികൾക്കുണ്ടായിരുന്ന മാതൃഭക്തി വി.ഗ്രന്ഥാധിഷ്ഠിതമായിരുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലതകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപിക്കും (ഉത്പ. 3:15) എന്ന പ്രഥമ സുവിശേഷം കാലത്തിന്റെ തികവിൽ (ഏശ. 7:14) നസ്രത്തിലെ ബാലികയിൽ - ദൈവപുത്രന്റെ അമ്മയിൽ (മത്താ. 1:18,21,23) അന്വർത്ഥമായി. എന്നാൽ മേല്പറഞ്ഞ മാതൃവ്യക്തിത്വത്തിന്റെ സവിശേഷത "ദൈവവചനം കേട്ട് അതനുസരിക്കുന്നവരിൽ" (ലൂക്കാ 11:28) എന്ന് ദൈവപുത്രനായ ഈശോ പ്രഖ്യാപിച്ചു. മാതാവായ മറിയം ചെയ്തത് "കർത്താവു തന്നോടു അരുളിച്ചെയ്തവ നിറവേറുമെന്നു വിശ്വസിച്ചത്" (ലൂക്കാ 1:45) ആണ്. ഇപ്രകാരമുള്ള മാതൃഭക്തിയെ കേന്ദ്രീകരിച്ചുള്ള ഒരു വിശ്വാസപ്രഖ്യാപനമാണ് 1854ൽ സഭ നടത്തിയ മാതാവിന്റെ അമലോത്ഭവം. ഈ വിശ്വാസത്തിലും നസ്രാണി മാതൃഭക്തിയിലും കേന്ദ്രീകരിച്ച് ഭാരത നസ്രാണികളുടെ തനയർ 1855-ൽ നിയമാനുസൃതം വ്രതം ചെയ്തപ്പോൾ അമലോത്ഭവ മാതാവിന്റെ ദാസർ മാതൃഭക്തിയെ സഭാത്മകമായി പ്രഖ്യാപിച്ചു.

ഏകജാതനായ (ഈഹീദായ) നസ്രായന്റെ അമ്മ കന്യകയും അമലോത്ഭവയുമെന്ന നിലയിൽ ആശ്രമസ്ഥർക്കു സൈദ്ധിക ദർശനത്തിന്റെ ഉറവിടമാണ്. ചാവറ തന്റെ ചെറുപ്പം മുതൽ മാതൃ സന്നിധിയിൽ അർപ്പിതനായിരുന്നു. ചാവറയുടെ വാക്കുകൾ:

"ശിശുവാമടിയനെയമ്മതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി, തന്റെ പാദേ-
ശുദ്ധ മാതാവേ, ദൈവജനനീ, കന്നിയമ്മേ

അശുദ്ധമമോദര ഫലമാമിതിനെ നീ,
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ."[28]

സെമിനാരിയിൽ വച്ചു കുടുംബം അനൃം നിന്നുപോകുന്ന അവസ്ഥയിൽ ദൈവവിളി കാത്തുസൂക്ഷിപ്പാനായി മാതാവിനോടു പ്രാർത്ഥിക്കുന്ന ചാവറയെ കാണാം: "അതീവ ദുഃഖത്തിനു ഹേതുഭൂതമായ ഈ വിഷമഘട്ടത്തിൽ നിരാശയിൽ നിപതിക്കാതെ ദൈവപരിപാലനയിൽ സുസ്ഥിരമായി ദൈവമാതാവിന്റെ സ്വരൂപത്തിന്റെ സന്നിധിയിൽ പോയി സാഷ്ടാംഗം നമസ്ക്കാരം ചെയ്തു കൊണ്ടുതന്നെ സ്വന്തം പുത്രനായി സ്വീകരിക്കണമെന്നു ഇടനെഞ്ചു നീറി ചുടുകണ്ണീർ പൊഴിച്ചു ചെയ്ത ആ പ്രാർത്ഥന നിർമ്മലചരിതനായ ഒരാളിന്റെ ആ പ്രാർത്ഥന പാപികളുടെ പ്രാർത്ഥനപോലും സ്വീകരിക്കുന്നതിന് സന്നദ്ധയായ ദിവ്യജനനി എത്ര സന്തോഷസമന്വിതം സ്വീകരിച്ചുവെന്ന് ഇദ്ദേഹത്തിന്റെ മരണശയ്യയിൽ വച്ചു മറ്റുള്ളവർക്കും അറിയുവാൻ ഇടയായി."[29] ചാവറ ആശ്രമജീവിതത്തിനുള്ള സിദ്ധിയിൽ ഈ കാലയളവിലെല്ലാം വളർന്നുവന്നതിന്റെ സാക്ഷ്യങ്ങളാണ് പരക്കെ ദൃശ്യമാകുന്നത്. പ്രത്യേകിച്ചും തന്റെ ആത്മാനുതാപകൃതി നല്കുന്ന സാക്ഷ്യം ഈടുറ്റതാണ്:

"പാപത്തെ തീർപ്പാൻ തപസ്സെന്നതു തൃപ്പാതയെ
താപസനായീടുവാൻ ദേഹവും ക്ഷയിച്ചല്ലോ.
മോഹിച്ചു കാലം കഴിച്ചീടുന്നതെന്തു ഫലം
ദാഹിച്ചാൽ കഴിവില്ലാ എന്നതും കണ്ടീടുന്നു
യോഗ്യനായിരുന്നപ്പോൾ ഭാഗ്യമുണ്ടായില്ലയ്യോ
അയോഗ്യനായിന്നേരമെന്തിതു ദാഹിക്കുന്നു
എങ്കലുമീദാഹവും ചങ്കിലിങ്ങുറച്ചിട്ടു

പങ്കുകിട്ടുവാൻ തന്റെ പങ്കപ്പാടിതു ശുഭം
എന്നതിനാലേ മമനാഥയേ അമ്മേ മണേ
ഇന്നെനിക്കനുകൂലം നീയല്ലാതാരുള്ളയ്യോ
നിൻതിരുവടിയുടെ ദാസൻ ഞാൻ മുന്നം ദൃഢം
നന്ദിഹീനതചെയ്തു മന്നിലെ നിർമ്മോഹത്താൽ
എങ്കിലും നാഥെ അമ്മെ എന്നെ നീ കൈവിട്ടില്ല
എന്നതിനുള്ള ചിഹ്നം ഇന്നു ഞാൻ കാണുന്നല്ലൊ
ഇന്നതിനാലേ മമ ഹൃദയേ ധ്വനിക്കുന്ന
ഇന്ദ്രിയമോഹം ചൊൽവാൻ ശങ്കിച്ചുമടിക്കുന്നേൻ
കർമ്മല, അമ്മ നീയേ എന്നതു മഹാമുഖ്യം
നിർമ്മല! അമ്മേ തവ ദാസ്യവുമതു കിട്ടി
എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനു മുറയ്ക്കുന്നയോഗ്യനായ്
എന്നതിനാലെ മുന്നം ചൊന്നതു കാട്ടീടുവാൻ
ഇന്നു ഞാൻ പേടിക്കുന്നു എങ്കിലും ചൊല്ലുന്നഹം
ഉപരിഭവനത്തിൽ സുഖിക്കും മഹാമുഖ്യൻ
അന്ത്രയാക്കോൻ സീനി എന്നൊരു മഹാഭാഗ്യൻ
അമ്മതൻ തിരുദരേ വസിക്കും കാലത്തിങ്കൽ
തന്നുടെ ഉദരത്തിൽ ജനിച്ച ചെന്നായ്ക്കുട്ടി
മുന്നമെയതിൻ ഗതികാണിക്കുമെന്നാകിലും
കർമ്മല മാതൃദേവി കോവിലിൻ വാതിലതിൽ
ഒന്മയായടുത്തപ്പോൾ ചെമ്മരിക്കിടാവായി
എന്നുള്ള കാഴ്ചയതു കണ്ടതുമതിൻ വണ്ണം
ഇന്നിതാ മഹാഭാഗ്യയോഗ്യനായ് കൊണ്ടാടുന്നു
എന്നതിൻ വണ്ണമെന്ന് ചൊല്ലുവാൻ യോഗ്യംവിനാ.

എങ്കിലുമമ്മേ നിന്റെ ദാസനെന്നുള്ള നാമം
തന്നു നീ അടിയനുമെന്നതിനാലേ അഹം
ഇന്നിതാനിൻ പാദത്തിൽ വീണുകൊണ്ടിരക്കുന്ന
മേപാപം മഹാപാപം മാലിന്യം മണൽസമം
മേ ഭാഗ്യം മഹാഭാഗ്യം മേ നാഥ മഹാനാഥ
സർവ്വജ്ഞൻ സർവ്വേശ്വരൻ നിന്നുടെ സ്നേഹപുത്രൻ
സർവ്വർക്കും മാതാവായി നിന്നെത്തന്നെന്നിനിക്കും
പിന്നെയും മമതായിൻ ബാഹുവാൽ തവപാദെ
എന്നെ നിൻ ദാസനായി കൈക്കൊണ്ടു മേ ഭാഗ്യമായ്
വീണ്ടുമേ, ബാല്യത്തിങ്കൽ ഋക്ഷധാരിയിൻ മദ്ധ്യാൽ
കൊണ്ടു ഞാൻ നിന്റെ ദാസ്യം റുസാരി സദാനാമാൽ
ഒടുക്കം മഹാഭാഗ്യാൽ പൊടുക്കെന്നതുപോലെ
അടുത്തകാലമതിൽ ലഭിച്ചേൻ നിന്റെ വസ്ത്രം
നിന്നുടെ മഹാഭക്തനെന്നുടെ മഹാശ്രേഷ്ഠൻ
തന്നുടെ കരങ്ങളാൽ കൈക്കൊണ്ടേൻ കർമ്മൽ സഭാ
എന്നിതു നിനയ്ക്കുമ്പോൾ എത്ര ദുഷ്ടനാകിലും
എന്നെ നീ പകർത്തീടുമെന്നു ഞാനുറയ്ക്കുന്നു."[30]

ആശ്രമസിദ്ധി ചാവറയിൽ ബലപ്പെട്ടതിന്റെ ആവിഷ്ക്കരണം ചാവറയിൽ നിന്നുതന്നെ ശ്രവിച്ചതും ഏറ്റവും വലിയ സാക്ഷ്യമാകുന്നു. ദുമിനിക്കോസസഭയുടെ പേരിൽ തുടങ്ങാൻ ചിലർ പരിശ്രമിച്ചെങ്കിലും ചാവറ സിദ്ധി കർമ്മെലമാതാവിന്റെ മദ്ധ്യസ്ഥതയിൽ താപസഭവനം, ആശ്രമഗണം നൈയാമികമായിത്തീർന്നു. ഈ വസ്തുത ചാവറ സിദ്ധിയുടെ ഒരു നിർണ്ണായക സത്യമാണ്. പാലയ്ക്കലച്ചനും, പോരൂക്കരയച്ചനും പ്രാരംഭകരെങ്കിലും ആശ്രമവരം വെളിപ്പെട്ടത് ചാവറയുടെ തിരുവായിലാണ്. അമലോത്ഭവയായ കർമ്മെലമാതാവിന്റെ പേരിൽ കർമ്മെലോത്തരീയവും ദാനമായി ലഭിച്ചു.

15:5 ശുശ്രൂഷാസിദ്ധി

ശ്ലൈഹികസിദ്ധി എന്നത് അത്യുന്നതന്റെ ശക്തികൊണ്ട് നിറയുന്നവർ അന്യർക്ക് ചെയ്യുന്ന ശുശ്രൂഷയാണ്. ശുശ്രൂഷയെന്നത് അത്യുന്നതന്റെ ശക്തിക്കു സാക്ഷ്യം വഹിച്ചുകൊണ്ട് മറ്റുള്ളവരേയും അതിൽ പങ്കുകാരാക്കുക എന്നതാണ്. അത്യുന്നതന്റെ ശക്തിയാൽ അമ്മനുവേലനുഭവം ഉണ്ടായ മറിയം യൂദയായിലെ മലമ്പ്രദേശത്ത് ചെന്ന് ഏലീശ്ബായെ സന്ദർശിക്കുന്നു. ഈ സംഭവത്തിന്റെ കേന്ദ്ര ആശയം ശക്തനായവൻ ചെയ്ത വൻകാര്യം പ്രഘോഷിക്കുക എന്നതാണ്. വൻകാര്യം വാഗ്ദാനത്തിന്റെ നിറവേറലാണ്. മാനവവിമോചനാർത്ഥം ദൈവം മനുഷ്യരുടെയിടയിൽ എന്നതാണത് (ലൂക്കാ 17:21). ഏതു ശ്ലൈഹിക വേലയും ദൈവാനുഭവം സംവഹിക്കുന്നവരതു പ്രദർശിപ്പിക്കുന്നതാവണം. സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ വലിയവനായ യോഹന്നാൻ മാംദാന ഈശോയുടെ സാന്നിധ്യത്തെ ഉൾദർശിച്ചതുപോലെ ശ്ലൈഹികരിൽ ദൈവത്തെ ദർശിക്കുവാൻ ഇടവരണം. ചാവറ ആലപിച്ച ഗാനം ശ്ലൈഹിക സിദ്ധിയെ അനുസ്മരിപ്പിക്കുന്നു:

"കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീചവേഷത്തെ ധരിച്ചോരു
മാനുഷ ത്രാതാവേ കാണാകേണം."[31]

ചാവറയെ പരിത്രാണനം ചെയ്യുന്നതിന് പശുത്തൊഴുത്തിൽ പിറന്നു കിടന്ന് കരയുന്ന പൈതലിനെ കേരള ജനതമുഴുവൻ ദർശിക്കേണ്ടതുണ്ട് എന്ന ശ്ലൈഹികതീഷ്ണത ചാവറയിൽ നിറഞ്ഞു:

"കേവലം നീയെന്നെ രക്ഷിപ്പതിനായി
കേണു പൈതൽ സമമക്കാലത്തിൽ

കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം."[32]

കേരളവും ഭാരതവും ലോകവും ചാവറയുടെ ശ്ലൈഹിക തീക്ഷ്ണതയിൽ പങ്കുചേർന്നതാണ് നസ്രാണി സഭയുടെ വളർച്ച. കേരളത്തിലെ മാനവപുരോഗതി, ജീവന്റെ സമൃദ്ധി, സാംസ്ക്കാരികോന്നമനം തുടങ്ങിയവയെല്ലാം ഈശോയുടെ ആദർശത്തെയും മാതൃകയെയും കണ്ടതിന്റെ ഫലമാണ്. ഏശയ്യാ അരുളിച്ചെയ്തതും നസ്രത്തിലെ ഈശോയിൽ അന്വർത്ഥമായതുമായ ദരിദ്രരോടുള്ള സുവിശേഷ പ്രഘോഷണമാണ് ചാവറയും കേരളത്തിൽ നടത്തിയത് (ലൂക്കാ 4:18; ഏശ. 61:1).

ധ്യാനനിർല്ലീനനായി ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ ഏലിയാ നിവ്യാ ദൈവത്തിന്റെ ആരാമത്തിൽ നിന്നും ഓടിയെത്തുന്നത് ദൈവികമല്ലാത്തതിനെയെല്ലാം ദൈവികമാക്കിത്തീർക്കുന്നതിനുവേണ്ടിയാണ്. ഇതേ തീക്ഷ്ണതയാലാണ് ചാവറ തന്റെ അനുധ്യാനത്തിലൂടെ ലഭിച്ച ദൈവാനുഭവം സഹജരുമായി പങ്കുവയ്ക്കുന്നതിനു കേരളമാകെ സഞ്ചരിച്ചത്. സുവിശേഷ പ്രഘോഷണം, ആതുരശുശ്രൂഷ, അനാഥാലയങ്ങൾ സ്ഥാപിച്ചത്, പള്ളിക്കൂടങ്ങൾ തുടങ്ങിയത്, ആശ്രമങ്ങൾക്ക് ആരംഭം കുറിച്ചത്, അച്ചടിശാല നിർമ്മിച്ചത്, രോഗീ ശുശ്രൂഷകൾക്ക് അവസരം നൽകിയത്, സന്ന്യാസപ്രസ്ഥാനം ത്വരിതപ്പെടുത്തിയത്, സെമിനാരി പരിശീലനം ക്രമീകരിച്ചത്, ആചാര്യന്മാരുടെ നിലവാരം മെച്ചപ്പെടുത്തിയത്, സർവ്വോപരി സാഹിത്യരചനകൾ നടത്തിയത് എന്നിവയെല്ലാം ഈ തീക്ഷ്ണതയുടെ പ്രതിഫലനങ്ങളായിരുന്നു. എന്നാൽ ഇപ്രകാരം ശ്ലൈഹിക സിദ്ധിക്കു ശക്തി നേടിയത് മഞ്ഞുമ്മേൽ ഈയീസച്ചൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ വൈകുന്നേരത്തെ ഒരു മണിക്കൂർ ധ്യാനസമയത്താണ്. ധ്യാനത്തിൽ അനുഭവിക്കുന്ന ദൈവസ്നേഹം ലഭിക്കുന്നത് ദൈവാരാധനയിൽ

നിന്നുമാണ്. "കാരണമില്ലാതയും മടിയാലയും ഉപക്ഷിച്ച കാനൊന നമസ്ക്കാരവും ഭക്തിയില്ലാതയും ദെയവഭയം കൂടാതെയും അണച്ച ദെയവപൂജകളും ആരമാശുദ്ധത്തോടുകൂടെയിരിക്കയിൽ ഈ ഭയംക രമായ ദെയവസിംഹാസനത്തിലും അൾത്താരയിലും കരെറി എന്നതും ഫലം കൂടാ....."[33] ദൈവാരാധനയുടെ തന്നെയും തുടക്കം മാമ്മോദീ സായാണ്. അതിൽ ലഭിച്ച പ്രസാദവരം ഒരിക്കലും നഷ്ടപ്പെടുത്താതെ ചാവറ കാത്തു സൂക്ഷിച്ചു എന്നതു ജീവിതവിജയത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ്. ശ്ലൈഹിക സിദ്ധിയിൽ ചാവറ വളർന്നതിന്റെ രഹസ്യവും മറ്റൊരിടത്തല്ല കണ്ടെത്തേണ്ടത്. ചാവറയുടെ അനുഭവം:

"നിൻ തിരുമുമ്പിൽ നിന്നു ഭയത്താലൊളിപ്പാനായ്
നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും
എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം.
നിന്നെ ഞാൻ ഉപേക്ഷിച്ചു പിൻതിരിഞ്ഞതുനേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെ പിൻപെ
വഴക്കിയില്ലായെന്നെ പുഴുക്കൾ കടിപ്പാനായ്
പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ല നീയേ
ഇത്ര നിന്ദിതനായ അടിയൻ നിന്റെ തിരു
ച്ചിത്രകൗതുകമായ കൂട്ടത്തിൽ ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ.
നിന്ദിതിനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളൂ.
സ്മരിച്ചു ചേർന്നീടുകിൽ ചേർത്തീടും നിൻ പാദത്തിൽ
ഇതിനായൊരു കഴിവിതെന്നു സ്മരിച്ചിപ്പോൾ."[34]

ചാവറയുടെ ശ്ലൈഹിക സിദ്ധി മാമ്മോദീസായിലൂടെ തുടക്കം കുറിച്ചതു വിശുദ്ധ കുർബ്ബാനയിലൂടെയും യാമപ്രാർത്ഥനയിലൂടെയും ഇതര ഭക്താഭ്യാസങ്ങളിലൂടെയും വളർന്നു പുഷ്പിച്ചു ഫലം ചൂടി യതാണ് അദ്ദേഹത്തിന്റെ ജീവിതം. സൈന്യങ്ങളുടെ ദൈവമായ

കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ ഏലിയാ നിവ്യാ യുടെ നാമധാരിയായ ചാവറ ഈശോമിശിഹായെക്കുറിച്ചുള്ള സ്നേഹ ത്താൽ എരിഞ്ഞിരുന്നത് ദൈവജനത്തിനു പങ്കുവയ്ക്കാനിടയായി.

സങ്കീർത്തകന്റെ ദർശനം ചാവറ തന്റേതാക്കിയപ്പോൾ ദൈവം അവിടുത്ത ഓഹരി (സങ്കീ. 16:5) ആയിത്തീർന്നു. മറ്റുവാക്കുകളിൽ ദൈവ പിതാവു നിയോഗിച്ചയച്ച ഈശോ ചാവറയുടെ ശ്ലൈഹിക നിയോഗമായി (ലൂക്കാ 11:18). ഈശോ ചെയ്തതു ചെയ്യുന്നതിന് ചാവറ തയ്യാറായി. "അവരും സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിന് അവർക്കു വേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17:19) എന്നു പ്രാർത്ഥിച്ച ഈശോയെ ചാവറ എപ്പോഴും കണ്ടിരുന്നു. ഈ ദർശനം ചാവറയെ അനുതാപത്തിന്റെ ചുടുകണ്ണുനീർകൊണ്ടഭിഷേകം ചെയ്തി രുന്നു. പാപരഹിതനായി ജീവിക്കുവാൻ മാത്രമല്ല അദ്ദേഹത്തിന്റെ അനു താപം ഇടവരുത്തിയത്. മറിച്ച് റൂഹാദ്ക്കുദ്ശാ നിറഞ്ഞവനാകുവാനും അത് ഇടയാക്കി.

നസ്രത്തിലെ ബാലികയുടെ മേൽ ആവസിച്ച റൂഹാ അവളെ ശുശ്രൂഷയ്ക്കായി ഏലീശ്ബായുടെ പക്കലയച്ചു. കർത്താവിന്റെ റൂഹാ ഈശോമിശിഹായെ അഭിഷേകം ചെയ്ത് ദരിദ്രരുടെ പക്കലേക്കയച്ചു. ഇതേ റൂഹാദ്ക്കുദ്ശാ തന്നെ ചാവറയെയും അഭിഷേകം ചെയ്തത് ദരിദ്രരോടു സുവിശേഷം അറിയിക്കുവാനാണ്. ദരിദ്രരായ വൈദിക ന്മാർ പ്രബുദ്ധരായി. എളിയവരായ കേരളീയർ വിശ്വാസത്തിൽ ശക്ത രായി. മച്ചിയായ കേരള സഭ സന്താനലബ്ധിയിലായി. ഇതെല്ലാം ചാവ റയുടെ ശ്ലൈഹിക സിദ്ധിയുടെ സാക്ഷ്യമാണ്.

15:6 സ്ഥാപകസിദ്ധി

മത്യാസ് പട്ടക്കാരൻ ചാവറയ്ക്കു ലഭിച്ച സ്ഥാപക സിദ്ധിയെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു: "ജ്ഞാനസ്നാനത്തിൽ ലഭിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്നു മരണത്തിനു അല്പം മുമ്പു ഇദ്ദേഹം വളരെ വിനീത സ്വരത്തിൽ പറഞ്ഞു എന്നുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണ്. മഹാവിശുദ്ധന്മാർക്കു പോലും അത്രസുലഭമല്ലാത്ത ഒരമൂല്യ വരമാണിത്. ഈ വരം മാത്രമല്ല, സഭാസ്ഥാപനം സംബന്ധിച്ചും മറ്റും വേറെ പലവരങ്ങളും നൽകി ദൈവമാതാവ് ഇദ്ദേഹത്തെ പ്രത്യേകവിധത്തിൽ അനുഗ്രഹിക്കുകയുണ്ടായി എന്നുള്ളതിനു വല്ലതെളിവും ആവശ്യമുണ്ടെങ്കിൽ സംഭവബഹുലമായ ഇദ്ദേഹത്തിന്റെ ജീവചരിത്രം കുറഞ്ഞൊന്നു പരിശോധിച്ചാൽ മതി".[35] ചാവറയച്ചന്റെ ജീവചരിത്രമെഴുതിയ മത്യാസച്ചൻ പറയുന്നു: "സന്ന്യാസ സദനം സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചതോടുകൂടി നമ്മുടെ കഥാനായകൻ ഇക്കാര്യത്തിൽ പ്രമുഖനായി പ്രവർത്തനം തുടങ്ങി. 1831 മേയ് 11-ാ നു സന്ന്യാസഭവനത്തിന്റെയും പള്ളിയുടെയും ശിലാസ്ഥാപന കർമ്മം പോരൂക്കരയച്ചൻ സ്തബലീനിമെത്രാന്റെ സാന്നിധ്യത്തിൽ നടത്തി..... മാന്നാനത്തു താമസിച്ചു പണി നടത്തുകയായിരുന്നു ചാവറയച്ചന്റെ ജോലി."[36]

പാലയ്ക്കലച്ചനും പോരൂക്കരയച്ചനും പ്രായത്തിന്റെയും ജോലിയുടെയും പശ്ചാത്തലത്തിൽ സ്ഥാപകസിദ്ധിയിലേക്കു കൂടുതൽ കടന്നു വരുന്നതിനിടയായില്ല. എന്നാൽ പ്രഥമപൂജയിൽ നിയോഗം വച്ചു സ്ഥാപക സിദ്ധിയുടെ കേന്ദ്രമാകാൻ ചാവറയെ റൂഹാദ്ക്കുദ്ശാ ഇടവരുത്തി. ഇവിടെ വ്യക്തി കേന്ദ്രീകൃതമെന്നതിനെക്കാൾ പദ്ധതി ബദ്ധം എന്നതിനു ഊന്നൽ വരുന്നതായി കാണാം. ഈ സത്യമാണു ചാവറയുടെ ധ്യാനസല്ലാപത്തിൽ നിന്നും ഏതാണ്ടു വ്യക്തമാകുന്നത്. ചാവറ സൂചിപ്പിക്കുന്നു: "..... സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു

വിളിച്ചു? ..... ഇതൊന്നിനു നിന്നെ കൊള്ളാമോ? ഇല്ലയില്ല നിശ്ചയം. അപ്പൊഴൊ തിരുമനസ്സ് നടക്കും നടത്തും. ഇതിനു തിരുമനസ്സില്ലെന്നു പറഞ്ഞോ?."[37] ദൈവികപദ്ധതിയുടെ സാക്ഷാത്കാരത്തിൽ ചാവറ മുന്നിൽ വന്നത് സൈദ്ധികസവിശേഷതയെ ആധികാരികമാക്കുന്നതാണ്. നിവേശനം, ക്രോഡീകരണം, രൂപവത്കരണം, സ്ഥാപനം എന്നിങ്ങനെ പല ഘട്ടങ്ങളിലൂടെയാണു സ്ഥാപക സിദ്ധി പ്രകടമാകുന്നത്. എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകം ആത്മാവ്, കർത്താവ്, ദൈവമെന്ന ഏകീകരണശക്തിയാണ് (1 കോറി. 12:4-7). ഒരേ ആത്മാവാണ് തന്റെ ഇഷ്ടമനുസരിച്ച് എല്ലാവർക്കും വരങ്ങൾ പങ്കുവച്ചുകൊടുക്കുന്നത് (1 കോറി. 12:11).

സ്ഥാപക സിദ്ധിയിൽ ചാവറ കടന്നുവന്നതിൽ നിർണ്ണായക പങ്കു വഹിച്ചവളാണ് അമ്മത്രേസ്യ എന്നു ചാവറ പറയുന്നു: "എത്രയും വലിയ അയോഗ്യനെങ്കിലും ശു . അമ്മത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. കർമ്മെല അമ്മ ചേർത്തു. അമ്മത്രേസ്യ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ. ഇതിനെക്കുറിച്ചു അമ്മയോടു മക്കൾ ചോദിച്ചാൽ പ്രിയമുള്ള തള്ള അവരുടെ കയ്യിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടുന്നത് എങ്കിൽ മക്കൾക്കു വാങ്ങിച്ചു കൊടുക്കുംഎന്നുവരുമ്പോൾ മാംസതള്ളമാരെക്കാൾ അധികമായിട്ട് തന്റെ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യാതാൻ എല്ലാവരെയും അധികമായിട്ടു പഠിപ്പിച്ചിരിക്കയാൽ ധ്യാനത്തിന്റെ ഗുരുനാഥ എന്നുള്ള നാമവും ധരിച്ച്, ശേഷം പേരെ പഠിപ്പിപ്പാനായിട്ട് ഉൾക്കോട്ട എന്നു പേരുവിളിച്ച ഏഴു കോട്ടയായിട്ടുവിഭാഗിച്ച ഈ ഏഴു സ്ഥാനപദവികളായിട്ടും അതിൽ കരേറുവാനുള്ള വഴികളും എഴുതിയുണ്ടാക്കിയിരിക്കുന്നു."[38] കർമ്മെലസഭാ പൈതൃകമായ ധ്യാനയോഗത്തിന്റെ വിഷയമാണിവിടെ സൂചിപ്പിച്ചതെങ്കിലും ചാവറ സന്ന്യാസസഭ സ്ഥാപിച്ചപ്പോൾ കർമ്മെല സിദ്ധിയും അതിൽ ഒന്നുചേർന്നുവെന്ന സത്യമാണ് മുകളിൽ കാണിച്ചിരിക്കുന്നത്.

എല്ലാറ്റിനുമുപരി ചാവറ 1829 മുതൽ 1855 വരെയുള്ള കാലഘട്ടങ്ങളിൽ സഹസ്ഥാപകരും സഹപ്രവർത്തകരും സമകാലികരുമായ നിരവധിയാളുകളുടെ സ്ഥാപകസിദ്ധിയുടെ നേതൃസ്ഥാനീയനായിരുന്നു എന്നത് പോരൂക്കര കുര്യാക്കോസ് എലിസേവൂസച്ചന്റെ ചരിത്രവിവരണത്തിൽ നിന്നും കാണാം.[39] ഇതിനുള്ള ഒന്നാമത്തെ അടിസ്ഥാനം ചാവറയിലുണ്ടായിരുന്ന ദൈവസ്നേഹമാണ്. ചാവറ പ്രാർത്ഥിക്കുന്നു: "ആ! ഇതൊക്കെയും നേരു തന്നെ. എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹം ഉള്ളവനും പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹം എന്നത്രെ തന്റെ നാമവും ആകുന്നു (1 യോഹ. 4:8,16). ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട."[40]

ചാവറ തന്നെ ധൂർത്തപുത്രന്റെ സ്ഥാനത്തു നിറുത്തിക്കൊണ്ടു അനുതപിക്കുന്നുവെങ്കിൽ അതിന്റെ പിന്നിലുള്ള അനുഭൂതി വിശേഷം "പട്ടാങ്ങയായ ഉപവി" ആണ്. ഈ ഉപവി മനുഷ്യഹൃദയങ്ങളിൽ സജീവമാകുന്നതു തന്നെയാണ് ഏതൊരു സ്ഥാപകനിലോ സഥാപകയിലോ ഉണ്ടാകേണ്ട സ്ഥാപക സിദ്ധിയുടെ സ്വഭാവവും ചൈതന്യവും. ഈ ചൈതന്യം സൃഷ്ടി എന്നനിലയിൽ മനുഷ്യസ്വഭാവത്തിൽ പ്രകടമാകുന്നതിന്റെ ആദ്യ പടിയാണു പശ്ചാത്താപം - ദൈവോന്മുഖ അനുതാപം. ഇതു പരിപൂർണ്ണസ്നേഹാനുഭവത്തിൽ നിന്നുരുത്തിരിയുന്ന ഹൃദയാവിഷ്ക്കാരമാണ്. സെഫാനിയ 3:12-ൽ കാണുന്ന ദൈവാശ്രയത്വത്തിന്റെ ആധ്യാത്മികതയാണത്. ശക്തനായവൻ ശൂന്യരെ - ദാസരെ - ശക്തിപ്പെടുത്തുന്ന അസ്തിത്വപൂർണ്ണതയിലേക്കുള്ള തുറവിയാണ് (ലൂക്കാ 1:48,49). ഇവിടെയാണ് മാനുഷികതയെ സമാശ്ലേഷിച്ച ദൈവസുതൻ ശൂന്യവത്ക്കരണത്തിന്റെ നെല്ലിപ്പലകയിലെത്തിയത് (ഫിലി. 2:7,9). എന്നാൽ മാനുഷികതയിൽ ശൂന്യാവസ്ഥയെങ്കിൽ, ദൈവസാദൃശ്യം മനുഷ്യനിലുള്ളത് സ്നേഹരൂപത്തിൽ, ചൈതന്യരൂപത്തിൽ മഹത്ത്വവത്ക്കരണത്തിനുള്ള സാധ്യതയാണ് (ഉത്പ. 1:26; 2:7; കൊളോ. 1:15,16). ദൈവത്തേയും പട്ടാങ്ങയായ സ്നേഹത്തെയും

ഏറ്റുപറയാത്തവർ പഴയ മനുഷ്യനായ ആദത്തിന്റെ രൂപത്തിൽ പറുദീസാ നഷ്ടത്തിലായിരിക്കും. എന്നാൽ ദൈവത്തെ ഏറ്റു പറയുന്ന വിശ്വാസാനുഭവം പുതിയ മനുഷ്യനായ ഈശോയിൽ ഐക്യപ്പെട്ടിരിക്കും. ഈ ഐക്യത്തിന്റെ, സഹവാസത്തിന്റെ അടിസ്ഥാനം സ്നേഹം തന്നെയായ ദൈവവും അതിന്റെ സൃഷ്ടിയിലുള്ള അവതാര ചൈതന്യം റൂഹാദ്ക്കുദ്ശായും ആണ് (ഉത്പ. 1:2; ഏശ. 61:1; സെഫാ. 3:12; ലൂക്കാ 1:35; 4:18; മർക്കോ. 1:10,11; 9:6; യോഹ. 1:16; യോഹ. 8:24,25; എബ്രാ. 17:21; യോഹ. 14:9). പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ വൈയക്തികാസ്തിത്വമാണ് റൂഹാദ്ക്കുദ്ശാ. സ്ഥാപകസിദ്ധി റൂഹായിലുള്ള വിധേയത്വത്തിന്റെയും സഹകരണത്തിന്റെയും സഭാത്മകവരമാകുന്നു. ദൈവസ്നേഹത്തിന്റെ പട്ടാങ്ങയായ ഉപവി അനുഭവിച്ച ചാവറ സ്ഥാപകസിദ്ധിയാൽ നിറഞ്ഞിരുന്നുവെന്നു പറയുമ്പോൾ റൂഹാദ്ക്കുദ്ശാ നിറഞ്ഞവനെന്നു സാരം.

ചാവറയിൽ ദൈവം സന്നിഹിതനായതിന്റെ എല്ലാ തെളിവുകളും അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനിലും കാണാവുന്നതാണ്.[41] ചാവറ അമലോത്ഭവദാസസംഘത്തിന്റെ പ്രത്യേകമായ ലക്ഷ്യം നിശ്ചയിക്കുകയും അതിനായി മേലധ്യക്ഷക്രമം ചുമതലപ്പെടുത്തുകയും ചെയ്തതു വഴി സ്ഥാപകസിദ്ധിയുടെയും ഉടമയായിത്തീർന്നു.[42] ചാവറ നിയമാനുസൃതമായ സന്ന്യാസസഭാസ്ഥാപകനെന്ന നിലയിൽ കേരളത്തിന്റെ മുഖച്ഛായ സുവിശേഷസവിശേഷതയാൽ നവീകരിച്ചുകൊണ്ട് പക്കോമിയൂസിനെപ്പോലെയും ബനഡിക്തോസിനെപ്പോലെയും സ്ഥാപകനായിത്തീർന്നു.[43] സഭയെ സജീവമാക്കിയ ചാവറയുടെ കാരിസം ഒരിക്കലും മങ്ങി മറയുന്നതല്ല.[44] ചാവറയുടെ ചരിത്രകാരനായ ലെയോപ്പോൾദു പറയുന്നു: "എന്നാൽ പ്രായത്തിനുള്ള പോരായ്മ വിവേകം കൊണ്ടും നല്ല കണ്ടു പഠിത്തം കൊണ്ടും തീർത്തു; അയാളോടുകൂടെ മറ്റു പല പട്ടക്കാരും ചെമ്മാശ്ശന്മാരും ക്രമമുള്ള ജീവിതം നടത്തിത്തുടങ്ങി. എന്നാൽ എത്ര ക്രമവും ഭക്തിയുമുള്ള ജീവിതമായിരുന്നാലും ശുദ്ധപള്ളിയുടെ സ്ഥാനക്കാരനായിരിക്കുന്ന മേൽപ്പട്ടക്കാരാൽ ഉറപ്പിച്ച്

വാസ്തവപ്പെടുത്തുന്നെങ്കിൽ മാത്രമേ മുഴുവനായിട്ട് തമ്പുരാനെ പ്രസാദിപ്പിക്കുകയുള്ളൂ എന്ന് നമ്മുടെ ചാവറ കുര്യാക്കോസ് കത്തനാരച്ചൻ ബോധിപ്പിച്ചിരിക്കയാൽ പലപ്പോഴും പല പ്രകാരത്തിലും മേൽപ്പട്ടക്കാരുടെ പക്കൽ അതിന് അപേക്ഷിക്കുകയും ചെയ്തു. ആ കാലത്തിൽ വരാപ്പുഴ വാണിരുന്ന എ.പെ.ബ. ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ ഈ അപേക്ഷയെ കൈക്കൊണ്ട് കർമ്മെലീത്താ ദിസ്ക്കാൾദു സഭക്കാർ എന്ന നാമധേയത്തോടുകൂടെ ഒരു റേഗുണ ന്യായപ്രമാണം കൊടുത്ത 1885-ാം കാലം ധനുമാസം 8-ാനു അമലോത്ഭവ ദേവമാതാവിന്റെ തിരുനാൾ ദിവസത്തിൽ നമ്മുടെ കുര്യാക്കോസച്ചനും മറ്റ് പത്തു പട്ടക്കാരും മാന്നാനത്തെ കൊവേന്തയിൽ റേഗുണന്യായപ്രമാണം കൈക്കൊണ്ട് അതിൻ പ്രകാരം പറഞ്ഞൊപ്പു ചെയ്തു. അന്നുവരെയും നമ്മുടെ ചാവറ കുര്യാക്കോസച്ചൻ മാന്നാനത്ത് സെമിനാരിയിൽ മല്പാനായിട്ടു പഠിപ്പിച്ചു വരികയിൽ മല്പാന്റെ നാമം വിട്ടു മാന്നാനത്തെ മുതലായ കൊവേന്തകളുടെ ഒന്നാമത്തെ പ്രിയോര എന്ന സ്ഥാനമായിട്ടു മേൽസ്തുതിക്കപ്പെട്ട മെത്രാപ്പോലീത്താച്ചനാൽ സ്ഥാപിക്കപ്പെടുകയും ചെയ്തു."[45]

സന്ന്യാസസഭാസ്ഥാപകനായ ചാവറ "ദൈവത്തിൽ നിന്നുള്ള പ്രത്യേകവരത്താൽ - സിദ്ധിയാൽ 1855-ൽ സ്ഥിരമായ ഒരു ജീവിതമുറ തുടങ്ങി. നിയമവും ഉണ്ടായി. അതു സുവിശേഷസത്ബുദ്ധികളുടെ ആധുനിക കാലത്തെ വ്യാഖ്യാനമായി, അതിന് സഭയുടെ അംഗീകാരവുമായി."[46]

മറ്റാർക്കും ലഭിക്കാതിരുന്ന റൂഹാദ്ക്കുദ്ശായുടെ ദാനവും തജ്ജന്യമായ അനുഭൂതിയും "നൈയ്യാമികമായും, ദൈവവിജ്ഞാനീയമായും, സാമൂഹ്യമായും സൈദ്ധികമായും, സഭാത്മക ആശ്രമിക വിജ്ഞാനീയമായും"[47] ചാവറയെ സഭാസ്ഥാപകനാക്കി. ഈ ഗുണങ്ങളെല്ലാം ഒന്നു ചേർന്ന മറ്റൊരു വ്യക്തി സി.എം.ഐ യിൽ ഇല്ല. പാലയ്ക്കൽ, പോരൂക്കര, കണിയാന്ത്ര തുടങ്ങിയവരെല്ലാം പ്രാരംഭ നിവേശകരും തുടക്കക്കാരുമാണ്. സ്ഥാപകസിദ്ധിയുള്ളവൻ ചാവറയച്ചനും.

15:7 ധ്യാനസിദ്ധി

"ഒരു കാര്യമെ ആവശ്യമായുള്ളൂ മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല" (ലൂക്കാ 10:42). ദൈവപുത്രനായ ഈശോ ഓറെശ്ലെത്തേക്കു പോകുന്നതുവഴി ലാസറിന്റെ ഭവനത്തിൽ സ്വീകൃതനായി. ഈശോയെ സ്വാഗതം ചെയ്യുന്നവരെ ഈശോ തന്റെ യാത്രാലക്ഷ്യം അറിയിക്കും. ഈശോയുടെ യാത്ര ഓറെശ്ലെമിലേയ്ക്കാണ്. അതായത് പീഡാനുഭവവും സ്ലീവാമരണവും വഴി പിതാവിന്റെ പക്കലേക്ക്. ഈ കാര്യങ്ങൾ ശ്രവിക്കുക എന്നതാണ് ഈശോയെ സ്വീകരിക്കുന്നവരിലും സത്ക്കരിക്കുന്നവരിലും ഉണ്ടാകേണ്ട മനോഭാവം. എന്നാൽ ഈശോയെ സ്വീകരിച്ച മർത്താ താത്കാലികമായും ബാഹ്യമായും സത്ക്കരിക്കുന്നതിൽ ശ്രദ്ധാലുവായി. മറിയം ഈശോയുടെ വചനം ശ്രവിച്ചു ധ്യാനിക്കുന്നതിലും വ്യാപരിച്ചു. മറിയം ശ്രവിച്ച വചനം മാനവരാശിക്കുവേണ്ടി പെസഹാനുഭവത്തിലൂടെ മുന്നേറുന്ന സന്ദേശമാണ്. ഈ പെസഹാരഹസ്യത്തിൽ പങ്കുചേർന്ന് ജീവിതാഘോഷം സ്വർഗ്ഗീയമാക്കിത്തീർക്കുക എന്നതാണ് മനുഷ്യർക്ക് ആവശ്യമായ നല്ലഭാഗം.

ധ്യാനസിദ്ധി എന്നു പറയുന്നതും ദൈവം തന്റെ ആത്മാവിലൂടെ മനുഷ്യർക്കു നല്കുന്ന പ്രത്യേകമായ ഒരു വരമാണ്. ഇത് ഒരു വരമെന്ന് എങ്ങനെ കാണുവാൻ സാധിക്കും? ഈശോയുടെ ജനനത്തിൽ ദൈവം ആവിഷ്ക്കരിച്ച കാര്യങ്ങൾ അവതരിച്ച വചനത്തെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ട് ദൈവപുത്രന്റെ അമ്മയായ മറിയം ധ്യാനിക്കുന്നു. സുവിശേഷകനായ ലൂക്കായുടെ സാക്ഷ്യമിതാണ്: "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സൂക്ഷിച്ചു ധ്യാനിച്ചു പോന്നു (ലൂക്കാ 2:19). വീണ്ടും നസ്രത്തിൽ ജീവിച്ച ദൈവസുതനായ ഈശോയുടെ കാര്യങ്ങളെക്കുറിച്ചും മറിയം ധ്യാനിച്ചു. സുവിശേഷകൻ പറയുന്നു: "അവിടുത്തെ അമ്മ കാര്യങ്ങളെല്ലാം ഹൃദയത്തിൽ സൂക്ഷിച്ചു" (ലൂക്കാ 2:52).

മാതാവ് എപ്രകാരമുള്ളവളെന്ന് മാലാകാ വഴി ദൈവം അരുളിച്ചെയ്യുന്നത് 'മലിയസ് തൈബൂസാ' കൃപ നിറഞ്ഞവൾ എന്നാണ് (ലൂക്കാ 1:28). ഈ കൃപ ലഭിച്ചവൾ കൃപയുടെ ഉറവിടമായ ഈശോയെക്കുറിച്ചു ധ്യാനിക്കുന്നത് കൃപകളിൽ ഒരു കൃപയാണ്. ഈശോയെ ഉൾക്കാഴ്ചയിലൂടെ ദർശിച്ച സുവിശേഷകൻ ഉദ്ഘോഷിക്കുന്നു: "അവിടുത്തെ പൂർണ്ണതയിൽ നിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു" (യോഹ. 1:16). ഈ കൃപ കണ്ടെത്തണമെങ്കിൽ അതിനു വരം - ദാനം- അനുഗ്രഹം ആവശ്യമുണ്ട്. പക്ഷേ ദൈവം എല്ലാ മനുഷ്യർക്കും നൽകുന്നതാണ് ഈ ധ്യാനവരം - ധ്യാനസിദ്ധി. അതായത് തന്റെ ആത്മാവിനെ ദൈവം ആദിമനുഷ്യനിൽ നിവേശിപ്പിച്ചപ്പോഴാണ് ഈ വരം മനുഷ്യർക്കു കൈമാറിയത്. മനുഷ്യർ തങ്ങൾക്കു ലഭിച്ച വരം പ്രയോഗിക്കുന്നത് ബുദ്ധി, മനസ്സ്, ഓർമ്മ, ഭാവന തുടങ്ങിയ കഴിവുകളിലൂടെയും റൂഹാദാനമായ ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നീ ആധ്യാത്മിക ഇന്ദ്രിയങ്ങളിലൂടെയുമാണ്. ഇപ്രകാരമുള്ള വരത്തെയാണ് പ്രവാചകൻ പറയുന്നത് ഹൃദയത്തിൽ ചിന്തിക്കുക എന്നത് (ഏറ. 12:11). മാതാവതു നടപ്പാക്കിയതാണ് ഹൃദയത്തിൽ കാത്തു സൂക്ഷിച്ചത്. ഈ വരം പൂർത്തീകരിക്കുമ്പോഴാകട്ടെ ദൈവദർശനവും ദൈവവചനശ്രവണവും വചനമനനവും വഴി വചനം മാംസം ധരിക്കുന്ന അവസ്ഥയാണുണ്ടാകുന്നത്. ഇപ്രകാരം നടത്താത്തതുകൊണ്ടു ലോകം ശൂന്യമെന്നും പ്രവാചകൻ പറയുന്നു. വചനത്തിനു മാംസം നൽകിയ കന്യകാമാതാവാണ് ധ്യാനസിദ്ധിയുടെ പ്രവാചിക. അവളുടെ വിമല ഹൃദയം ഈശോയുടെ അനുകമ്പാർദ്ര ഹൃദയത്തിനു മാംസം നൽകിയത് അനുധ്യാനത്തിലൂടെയാണ്. അതായത് കൃപ നിറഞ്ഞവൾ, കൃപയ്ക്കുമേലുള്ള കൃപയായ (യോഹ. 1:16) അമ്മനുവേലിനു (മത്താ.1:2-3) ജന്മം നൽകി. അത് അത്യുന്നതന്റെ ശക്തിയായ റൂഹാദ്ക്കുദ്ശായാൽ (ലൂക്കാ 1:30,35) സംഭവിച്ചു. ഇപ്രകാരം സംഭവിക്കുന്നതിനുള്ള വ്യവസ്ഥയാണ് 'പ്രാർത്ഥിക്കുമ്പോൾ ഉൾമുറിയിൽ പ്രവേശിച്ച് അദൃശ്യനായ പിതാവിനോടു

പ്രാർത്ഥിക്കുക' (മത്താ. 6:6) എന്നത്. ഹൃദയത്തിന്റെ ഈ പ്രാർത്ഥനയെയാണു ധ്യാനസിദ്ധി എന്നു വിശേഷിപ്പിക്കുന്നത്.

ചാവറ തന്റെ ജീവിതത്തിൽ ധ്യാനനിർലീനനായിരുന്നതിനെക്കുറിച്ചു ദൃക്സാക്ഷികളുടെ സാക്ഷ്യം: "അന്നു മുതൽ (1855) 1871-ാം കാലം മകരമാസം ആരംഭിച്ചതു വരെ മാന്നാനത്തു മാർ യൗസേപ്പ് പുണ്യവാളന്റെ ആശ്രമത്തിന്റെ തന്നെയല്ല പിന്നെയോ അതിന്റെ ശേഷം ക്രമേണ സ്ഥാപിക്കപ്പെട്ടുവന്ന കൂനമ്മാവ് ആശ്രമത്തിന്റെയും കർമ്മെല ആശ്രമത്തിന്റെയും അർണാട്ടുകര, പുളിങ്കുന്ന് ആശ്രമങ്ങളുടെയും പൊതുപ്രിയോരായി വാണ് തന്റെ സന്ന്യാസികളെ വിശ്വാസത്താലും ധ്യാനത്തിന്റെയും സൽഭക്തിയുടെയും അരൂപിയാലും ഇടവിടാതുള്ള വേലകളെ ചെയ്തു കൊണ്ടീട്ടും പഠിപ്പിച്ചു വരികയിൽ ഏറിയ മാസത്തെക്ക് കഠിനമായ ദീനത്തെ വിശേഷക്ഷമയോടുകൂടെ സഹിച്ചതിന്റെ ശേഷം മകരമാസം മൂന്നിനു നീതിമാന്മാരുടെ മരണത്താൽ പ്ലെമേനാ പുണ്യവാളത്തിയുടെ ആശ്രമത്തിൽ വച്ച് മരിക്കുകയും ചെയ്തു."[48] ചാവറയുടെ ആത്മശിഷ്യനായിരുന്ന ളൂയിസച്ചൻ പറയുന്നു: "വന്ദ്യപ്രിയോർ പിതാവ് പലവത്സരത്തേയ്ക്ക് ഈയുള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണകൃത്യത, ദൈവത്തോടുള്ള സ്നേഹൈക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തരശ്രദ്ധ ഇത്യാദി സർവ്വതാല്പര്യത്തോടെ പരിശീലിച്ചു വന്നു. വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽ തന്നെ പരവശനായി നിന്നിരുന്നു."[49]

ചാവറയച്ചന്റെ ധ്യാനസിദ്ധിക്കുണ്ടായിരുന്ന ഒരു തനതാത്മകത "വിശേഷപുണ്യമാതൃകയാലും ഉയിരുള്ള വിശ്വാസത്താലും ധ്യാനത്തിന്റെയും സൽഭക്തിയുടെയും അരൂപിയാലും ഇടവിടാതുള്ള വേലകളെ ചെയ്തു കൊണ്ടിട്ടു" എന്ന പ്രാർത്ഥനാചൈതന്യമാണ്. ഇതു ഭാരതീയ ആധ്യാത്മികതയുടെയും ഒരു സവിശേഷതയാണ്. അതായത് പ്രവൃത്തിയിലൂടെയുള്ള അനുചിന്തനം. ചാവറ ധ്യാനസിദ്ധിയെക്കുറിച്ചു

പറയുന്നതു കേൾക്കാം: "വലിയ ധ്യാനത്തിനും എനിക്കു യോഗ്യതയില്ല. അതെന്തോ മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി. തെളിവില്ലാത്തതായി. വെടിപ്പ്, അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാരൂപികിട്ടുവാനും പുണ്യസാംഗോപാംഗത്തിനും യോഗ്യനല്ല....."[50] ഇവിടെ ധ്യാനാരൂപി എന്നത് സിദ്ധിയുടെ സവിശേഷതയെയല്ല സൂചിപ്പിക്കുന്നത്. കാരണം ചാവറ എഴുതുന്നു: "ധ്യാനമെന്നതു ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന് സ്നേഹിതരോടെന്നിച്ചുള്ള സംഭാഷണമെന്നപോലെ ആത്മമണവാളനായ ഈശോ മിശിഹായോടൊന്നിച്ചിരുന്നു സംസാരിക്കയത്രെ."[51] ധ്യാനസിദ്ധിക്കായി പ്രാർത്ഥിക്കുന്ന ചാവറയെയാണ് തുടർന്നുള്ള വാക്കുകളിൽ കാണുന്നത്: "ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചേരെയിരിക്കുന്നതു തന്നെ തൃപ്തിയാകയും ചെയ്യും, എന്നു വരുമ്പോൾ എന്റെ അമ്മേ ഞാനും ഈശോ മിശിഹായെ പട്ടാങ്ങയായി സ്നേഹിക്കുന്നുയെങ്കിൽ ഇനിക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ. ആയതിനാൽ ഈ സ്നേഹം ഇനിക്കുമുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞിരിക്കും. അതെന്തോ വേഗം ഞാൻ പഠിക്കും ഈ സംസാരം. ആയതിനാൽ ഈ സ്നേഹം ഇനിക്കു തരുവിക്കണം. അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നെയോ ആ സ്നേഹം തന്നെ പഠിപ്പിക്കുയും ചെയ്യുമല്ലോ എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും അപ്പഴൊ, അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്തു നിന്ന് ചോദിച്ചു മേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരാളമായുണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകന് തരാതെയിരിക്കുമോ? നിന്റെ മേലുള്ള ഈ പ്രിയത്തെപ്രതി നിന്റെ മക്കൾക്കു

സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാ ഉനോട് ഈ അഗതിയായ മകന്റെ അപേക്ഷ പ്രകാരം കേൾപ്പിച്ചാൽ മണവാള നിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നതു കിട്ടുമോ എന്നെനിക്കു സംശയിപ്പാനുണ്ടോ? അന്യർക്കുവേണ്ടി പലതും അപേക്ഷിച്ച് സഹായിക്കുന്ന നീ പാപി യെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ നീ കൂട്ടാ ക്കാതിരിക്കും എന്നെനിക്കു വിചാരിക്കാമോ? ആയതും ഒരു നാളും വഹിയായല്ലോ. ആയതിനാൽ അമ്മേ! ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്ക"[52]

ധ്യാനസിദ്ധി ലഭിക്കാത്ത ഒരാൾക്ക് മേല്പറഞ്ഞ സംഭാഷണം നടത്തുവാൻ സാധ്യമല്ല. ഹോസിയ നിവ്യായുടെ അനുഭവം പോലെ ചാവറയെയും ഈശോ "ആകർഷിച്ചു മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടു വന്നു ഹൃദയത്തോടു സംസാരിക്കുന്നു" (ഹോസി. 2:14). യാഹ്വേ ഇസ്രായേലിനെ സീനൈ മരുഭൂമിയിൽ കൊണ്ടുവന്ന് മൂശെ വഴി അരു ളിച്ചെയ്തത് "ആഹ്യാഹ് ആശാറാഹ് യാഹ്" (ആയിരിക്കുന്നവൻ ഞാനാകുന്നു) എന്നല്ലേ. ഇസ്രായേൽ ദൈവത്തെ സർവ്വസ്വമായി സ്വീക രിച്ചതുകൊണ്ട് സെഫാനിയാ നിവ്യാ പറയുന്നു: "വിനീതരും താഴ്മ യുള്ളവരുമായ ഒരു ജനത്തെ ഞാൻ നിന്നിൽ ശേഷിപ്പിക്കും. അവർ കർത്താവിന്റെ തിരുനാമത്തിൽ ആശ്രയിക്കും" (സെഫ 3:12).

ചാവറയെ ഈശോ പാലയ്ക്കൽ, തോപ്പിൽ അച്ചൻമാർ വഴി സന്ന്യാസമാകുന്ന മരുഭൂമിയിലേക്കു കൊണ്ടു വന്നു ഹൃദ്യമായി സംസാരിക്കുന്നതിനു ലഭിച്ച വരമാണു ധ്യാനസിദ്ധി. ഈ പ്രത്യേക വരംവഴി ചാവറ ഈശോയെ മണവാളനു തുല്യം സ്നേഹിച്ചതിനാൽ ആ ജീവിതം അത്യുന്നതാനുഭൂതിയിൽ ഹോറേബ് മലയിലും വിശുദ്ധ

മലയിലും ഗാഗുൽത്തായിലും എല്ലാം കയറി മണവാളനെ അനുധാവനം ചെയ്തു. അതുകൊണ്ടാണ് ചാവറയുടെ ഹൃദയത്തിലിരുന്ന റൂഹാദ്ക്കുദ്ശാ വേണ്ടവിധം ആഴമായ നെടുവീർപ്പോടെ ചാവറയ്ക്കായി മാധ്യസ്ഥം വഹിച്ചത് (റോമ. 8:26). റൂഹാനിറഞ്ഞവനായ ചാവറ ദൈവസുതനുമായി (റോമ.8:14-15). ധ്യാനത്തിലൂടെ ഈശോയെ 'ആവാ' എന്നു വിളിച്ച് ആ അനുഭവത്തിൽ ലയിച്ചു.

15:8 വിവേചനാസിദ്ധി

ചാവറയച്ചൻ നിരവധി വരങ്ങളുടെ ഉടമയെന്ന് അദ്ദേഹത്തിന്റെ ജീവിതം തെളിയിക്കുന്നു. ഇവിടെ പ്രതിപാദിക്കുന്നത് അദ്ദേഹത്തിന്റെ ആത്മവിവേചനത്തിനുള്ള വരത്തെക്കുറിച്ചാണ് (1 കോറി. 12:10) കരിസ്മത്താ, ആധ്യാത്മികമോ സ്വാഭാവികമോ വിപരീതമോ എന്നു തിരിച്ചറിയുന്നതിനുള്ള കഴിവാണ് വിവേചനാസിദ്ധി. ഇതേക്കുറിച്ച് യോഹന്നാൻ ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ്: "പ്രിയപ്പെട്ടവരേ എല്ലാ ആത്മാക്കളെയും വിശ്വസിക്കരുത്. ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയാണോ എന്നു വിവേചിക്കുവിൻ എന്തെന്നാൽ അനേകം വ്യാജ പ്രവാചകന്മാർ ലോകത്തിലേക്കു കടന്നിട്ടുണ്ട്. ദൈവാത്മാവിനെ തിരിച്ചറിയാനുള്ള മാർഗ്ഗമിതാണ്. ഈശോമിശിഹാ വന്നത് മനുഷ്യശരീരത്തോടുകൂടിയാണ് എന്ന് ഏറ്റു പറയുന്ന ആത്മാവ് ദൈവികമാണ്. ഈശോമിശിഹായെ ഏറ്റു പറയാത്ത ആത്മാവ് ദൈവത്തിൽ നിന്നുള്ളതല്ല. അത് അന്തിക്രിസ്തുവിന്റെ ആത്മാവാണ്" (യോഹ. 4:1-3). പൗലോസ് ശ്ലീഹായും പറയുന്നു: "റൂഹാദ്ക്കുദ്ശാ മുഖേനയല്ലാതെ ഈശോ കർത്താവാകുന്നു" എന്നു പറയുവാൻ ആർക്കും സാധിക്കുകയില്ല." (1 കോറി. 12:3).

ചാവറയച്ചന്റെ വിവേചനാസിദ്ധി പ്രധാനമായും പ്രകാശിതമായത് സഭാതലത്തിലുണ്ടായ സംഘർഷത്തെ നേരിട്ടതിലാണ്. മത്യാസ്

പട്ടക്കാരന്റെ വാക്കുകളിൽ: "മലങ്കര സഭയ്ക്കു നേരിട്ട കഷ്ടനഷ്ടങ്ങളെ പരിഹരിക്കുന്നതിനായി വികാരി ജനറാളിന്റെ നിലയിൽ നമ്മുടെ കഥാപുരുഷൻ തീവ്രയത്നം തുടങ്ങി. പള്ളികളെല്ലാം സന്ദർശിച്ചു. അവിടെയുണ്ടായിരുന്ന വഴക്കുകളും തർക്കങ്ങളും പറഞ്ഞൊതുക്കി. പള്ളിയെ അനുബന്ധിച്ചു വേദപാഠശാലകൾ കാര്യക്ഷമമായി നടത്തുവാൻ ഏർപ്പാടുചെയ്തു. ധ്യാനപ്രസംഗങ്ങൾകൊണ്ടു ജനങ്ങളെ ആത്മീയ ചിന്തയും മതതൃഷ്ണതയും ഉള്ളവരാക്കി. പള്ളികളെല്ലാം നാലായി തിരിച്ചു. സഭാംഗങ്ങളായ നാല് അച്ചന്മാരുടെ മേൽനോട്ടത്തിലാക്കി. ചുരുക്കിപ്പറഞ്ഞാൽ ഇദ്ദേഹമാണ് മലങ്കര സഭയിൽ നഷ്ടീഭവിച്ച കത്തോലിക്കാ ചൈതന്യം പുനർജീവിപ്പിച്ചത്. ഇപ്രകാരം 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയ്ക്കുണ്ടായ പരിഷ്ക്കാരത്തിനും അഭിവൃദ്ധിക്കും കാരണഭൂതൻ ഇദ്ദേഹമാകയാൽ പ്രസ്തുത സഭയുടെ ഭാവിശ്രേയസ്സിനു അടിസ്ഥാനമിട്ടതും ഇദ്ദേഹം തന്നെയെന്നു നിസ്സംശയം പറയാവുന്നതാണ്".[52 a]

സഭയുടെ സംഘർഷാവസ്ഥയിൽ ആത്മാക്കളുടെ വിവേചനം എന്ന സിദ്ധി ചാവറയിൽ ഉണ്ടായിരുന്നതിന്റെ തെളിവും റോമാസഭയുടെ തീരുമാനത്തെ അംഗീകരിച്ചുവെന്നതിലാണ്.[53]

ചാവറയച്ചനെ പൂർണ്ണമായും ആവസിച്ചിരുന്ന ഒരു കാര്യം വേദപുസ്തകത്തിനു കൊടുത്ത പ്രഥമ സ്ഥാനമാണ്. മത്യാസ് പട്ടക്കാരന്റെ വിവരണം: "വേദപുസ്തകമായിരുന്നു അന്നത്തെ പ്രധാന പാഠവിഷയം. അതിൽ ഇദ്ദേഹത്തിന്റെ ജ്ഞാനം വിസ്മയനീയമായിരുന്നു. വേദപുസ്തകം മുഴുവൻ മനഃപാഠമാക്കിയിരുന്നു എന്നു പറഞ്ഞാൽ വലിയ അതിശയോക്തിയില്ല..... എത്ര ദുർഘടങ്ങളായ കാര്യങ്ങളായാലും അവയെ വിശകലനം ചെയ്തു സത്യാവസ്ഥ മനസ്സിലാക്കി വിധിപറയുവാൻ ഒരു പ്രത്യേക പാടവം ഇദ്ദേഹത്തിനുണ്ടായിരുന്നു."[54] 'കേരള പ്രസംഗി' എന്ന നാമധേയത്തിനു യോഗ്യനായ ചാവറ ദൈവത്തിന്റെ വക്താവുമായിരുന്നു.

ചാവറയച്ചന്റെ വിവേചനാസിദ്ധിയാണ് വേദപുസ്തകാധിഷ്ഠിതത്വവും രൂപ സാദൃശ്യത്തിൽ മാലാഖയ്ക്കടുത്ത പരിശുദ്ധിയും ദുഷ്ടാത്മാക്കളുടെ നിരയെ വിവേചിച്ചറിയാനുള്ള കഴിവും ചാവറയിൽ പ്രകടമാക്കിയത്. തന്റെ ഓരോ ചലനത്തെയും അതീവ ശ്രദ്ധയോടെ വീക്ഷിച്ചിരുന്ന അദ്ദേഹം ഏതു നിമിഷവും ആത്മാക്കളുടെ വിവേചനാശക്തിയാൽ നീങ്ങിയിരുന്നു. എപ്പോഴെങ്കിലും അല്പം വ്യതിചലനമുണ്ടായാൽ ഉടനെ ദൈവാത്മാവിലേക്കതിനെ തിരിച്ചുവിട്ടിരുന്നു. ഒരുദാഹരണം: "എന്റെ ഇടത്തുകാലിൽ നാഡീഞരമ്പു ഇളക്കുമ്പോൾ കർത്താവേ, ഞാൻ നടന്ന ആകാത്ത നടപ്പുകളൊക്കെയും നിന്റെ കാലിന്റെ തിരുമുറിവിൽ നിന്നൊഴുകിയ ചോരയാലെ നീ കഴുകണമേ എന്നർത്ഥം വിചാരിക്കുന്നു. ഈ ഇളക്കത്തിനു ഈ വണ്ണം ഇതുവരെ പുണ്യവാളന്മാരു ചെയ്തതു ഒക്കെയും ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഇളക്കം കർത്താവിന്റെ തിരുക്കാൽ ഇളകിയതുപോലെ എന്നുള്ള അർത്ഥം വച്ചിരിക്കുന്നു. ഇരട്ടിക്ക, അതായതു ഒന്നാമത്തെ ഇളക്കത്തിനു ഇവരെല്ലാവരും ചെയ്തവണ്ണം അപേക്ഷിക്കുന്നു. അതിൽ ഇരട്ടിക്കാ, ഇങ്ങനെ എല്ലാറ്റിനും ഇരട്ടിച്ചു അർത്ഥം വച്ചിരിക്കുന്നു."[55] ശരീരത്തിന്റെ ഓരോ ചലനത്തിലും അതിന്റെ നീക്കത്തെ വിശുദ്ധരുടെ ശൈലിയിൽ ഈശോമിശിഹായുടെ പ്രവൃത്തികളോടു ബന്ധപ്പെടുത്തുന്ന ഉന്നതമായ രീതിയാണിവിടെ കാണുന്നത്. ചാവറയച്ചൻ ഓരോ കാര്യത്തിലും അതിന്റെ യഥാർത്ഥ ചൈതന്യം കണ്ടുകൊണ്ടാണു നീങ്ങിയിരുന്നതെന്ന് ചാവറയുടെ ആത്മപുത്രനായ ഉയിസച്ചൻ രേഖപ്പെടുത്തുന്നു: "കഴിഞ്ഞ 5-ാം നു യിലെ അച്ചന്റെ എഴുത്തു കുറെ മുൻപ് കൈപ്പറ്റി വായിച്ച്..... വന്ദ്യ പ്രിയോരു പിതാവ് പല വത്സരത്തേക്കു ഈ ഉള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണകൃത്യത, ദൈവത്തോടുള്ള സ്നേഹ ഐക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തരശ്രദ്ധ ഇത്യാദി സർവ്വതാത്പര്യത്തോടെ പരിശീലിപ്പിച്ചുവന്നു. ഓരോ കാര്യം പറഞ്ഞിരുന്നപ്പോൾ അതതിന്റെ യഥാസ്ഥിതി കൃത്യമായി പറവാൻ വളരെ ശ്രദ്ധയുണ്ടായിരുന്നു. സഭയുടെ ക്രമാനുസരണത്തിൽ എന്നും നവസന്യാസിയായിരുന്നു."[56]

ചാവറയുടെ വിവേചനാസിദ്ധി സുവിശേഷത്തിന്റെയും സഭാധികാരത്തിന്റെയും അടിസ്ഥാനത്തിൽ എപ്പോഴും സമ്പന്നമായിരുന്നു. നേരത്തെ സൂചിപ്പിച്ചിരുന്ന ഈ സഭാത്മക ചൈതന്യം ഇപ്രകാരമാണു പ്രകടമാക്കിയത്: "എന്നോടു കൂടെ ആയില്ല എന്നവൻ എനിക്കു വിരോധിയാകുന്നു. എന്നോടുകൂടെ കൂടാത്തവൻ വെസ്തയായിട്ടു ചിതറിക്കപ്പെടുന്നുവെന്നും നമ്മുടെ കർത്താവീശോമിശിഹാ അരുളിചെയ്തിരിക്കുന്ന തിരുവചനങ്ങളാൽ കൽപിച്ചതാകുന്നു (ലൂക്കാ 11:23). തന്റെ സ്ഥാനത്തിലിരിക്കുന്ന മാർ പത്രോസ്ശ്ലീഹായുടെ അനന്തര സുഖക്കാരനായിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പയുടെ കൽപനയോടുകൂടെ അധികാരം കൈക്കൊള്ളാതെയും അതിനെ പെരുമാറാതെയും തൊഴുക്കൂട്ടിൽ പ്രവേശിക്കുന്ന ഇടയൻ ആടുമാടുകളെ കൂട്ടുന്ന ഇടയനാകുന്നില്ല. എന്നു തന്നെയുമല്ല, പിന്നെയോ ചിതറിക്കുന്നു."[57] ചാവറയുടെ വിവേചനാസിദ്ധി വ്യക്തിപരമായ ജീവിതത്തിലെ സഹജരുടെ ആത്മകാര്യങ്ങളിലും സഭാ ഭരണകാര്യങ്ങളിലും എല്ലാം അതീവ ശ്രദ്ധയോടെ നടപ്പിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. സമകാലികർ ചാവറയച്ചനെ വിശുദ്ധരുടെ ജീവിത ശൈലിയുള്ളവനായിട്ടാണു കണ്ടിരുന്നത്. അതുകൊണ്ടാണ് അധികാരികളും അധീനരും സമക്കാരുമെല്ലാം റൂഹാ നിറഞ്ഞവനെന്നു വിശേഷിപ്പിച്ചിരുന്നതും.

15:9 പ്രവാചകസിദ്ധി

വാച്ചവനവാസത്തിനുള്ള നിവേശനത്തെ അനുധാവനം ചെയ്ത ചാവറയച്ചൻ ഈശോയെ ദർശിക്കുന്നത് എല്ലാവരുടെയും കർത്താവായിട്ടാണ്. ചാവറ പാടുന്നു:

"ഈ ഭൂവി വന്നു നീ മാനുഷജന്മമായ്
ഇജ്ജന രക്ഷയ്ക്കു കർത്തനായി."[58]

ദൈവം അയച്ച ഈശോയെ സ്വീകരിക്കുന്നതും അംഗീകരിക്കുന്നതും പ്രവാചകത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥയാണ്. ഈശോ

പറയുന്നു: "ഏകസത്യദൈവമായ നിന്നെയും നീ അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17:3). വീണ്ടും ഈശോ പറയുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14:12). ദൈവത്തിലുള്ള സാർവ്വത്രിക വിശ്വാസം എന്നതാണ് പ്രവാചകത്വത്തിന്റെ ഒന്നാമത്തെ ലക്ഷണം. ഈ വിശ്വാസം ഈശോമിശിഹായിൽ ഊന്നിനിൽക്കുന്നതാണ് പുതിയ ഉടമ്പടിയിൽ പ്രവാചകത്വത്തിന്റെ ആദ്യ വ്യവസ്ഥ. കാരണം ഇപ്രകാരം ചെയ്യുന്നതിനെ സത്യാത്മാവിന്റെ പ്രവൃത്തിയായി യോഹന്നാൻ ശ്ലീഹായും പ്രഖ്യാപിക്കുന്നു: "ഈശോമിശിഹാ ജഡം ധരിച്ചുവന്നുവെന്ന് ഏറ്റു പറയുന്നവൻ ദൈവത്തിൽ നിന്നുള്ളവനാണ്" (1 യോഹ. 4:2). ചാവറ ഈശോയെ ദർശിച്ചു കൊണ്ട് വീണ്ടും ആലപിക്കുന്നു:

"ജ്ഞാനസ്നാനത്താൽ തവപുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു

.....

മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ.
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.

.....

ജ്ഞാനത്തിൻ തോയത്തിങ്കൽ നീയെന്റെ ദൈവമെന്നും
അജ്ഞാനമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി

.....

വിശ്വാസം നിന്റെ നേരെ വച്ചു ഞാൻ സത്യം ചെയ്തു
വിശ്വാസത്തിന്നു സാക്ഷിയെന്നുടെ പിതൃക്കളും"[39]

വിശ്വസിച്ചു മാമ്മോദീസ സ്വീകരിക്കുക എന്ന് ഈശോ നൽകുന്ന വ്യവസ്ഥ ചാവറയിൽ നിറവേറിയപ്പോൾ പ്രവാചകത്വത്തിന്റെ രണ്ടാമത്തെ വ്യവസ്ഥയായ ഏക സത്യദൈവത്തിലുള്ള ആന്തരിക

ആരാധന ചാവറയിൽ ആരംഭിച്ചു. വിശ്വാസം ദൈവത്തിലുള്ള ലയനമെങ്കിൽ ആധികാരിക ആരാധന വിശ്വാസത്തിന്റെ അവതരണമാണ്. ചാവറയുടെ മാതാപിതാക്കൾ വഴി ലഭിച്ച മാമ്മോദീസാ ജീവിതമാണ് ആരാധനയുടെ തുടക്കം. അതിനുള്ള ആത്മാർത്ഥമായ മുന്നേറ്റമാണ് ഇതരകൂദാശകളിലൂടെയും സർവ്വോപരി വി.കുർബ്ബാനയിലൂടെയും ചാവറയെ യഥാർത്ഥ ആരാധകനാക്കിത്തീർത്തത്. യഥാർത്ഥ ആരാധകർ ആരെന്ന് ഈശോ പറയുന്നു: "യഥാർത്ഥ ആരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു, അല്ല; അത് ഇപ്പോൾ തന്നെയാണ്. അത്തരം ആരാധകരെയാണ് ദൈവം അന്വേഷിക്കുന്നത്. ദൈവം ആത്മാവാണ്; അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു" (യോഹ. 4:23-24).

പ്രവാചകത്വത്തിന്റെ രണ്ടാമത്തെ വ്യവസ്ഥ ഏകസത്യദൈവത്തിലുള്ള ആന്തരിക ആരാധനയാണ്. ചാവറ തന്റെ മാമ്മോദീസാ ജീവിതം ജീവിതത്തിലൂടെ നിറവേറ്റിക്കൊണ്ട് ഈശോയുടെ ജീവിതത്തിൽ പങ്കുചേർന്നു. ഈശോ തന്റെ മാമ്മോദീസായെക്കുറിച്ചു പറയുന്നു: "എനിക്ക് ഒരു മാമ്മോദീസാ സ്വീകരിക്കാനുണ്ട്. അത് നിറവേറ്റുവോളം ഞാൻ അസ്വസ്ഥനായിരിക്കുന്നു" (ലൂക്കാ 12:50). ഈശോ സ്വന്തം നാടായ നസറത്തിൽ നിന്നും തിരസ്കൃതനായതുപോലെ (ലൂക്കാ 4:24) ചാവറയ്ക്കും ചേന്നങ്കരി ഇടവകപ്പള്ളിയിൽ നിന്നും ഇതേ അനുഭവം നേരിടേണ്ടി വന്നു.[50] ഏലിയാ നിവ്യായുടെയും ഏലീശാ പ്രവാചകന്റെയും അനുഭവം വ്യത്യസ്തമല്ലായിരുന്നു (ലൂക്കാ 4:25-30). ആന്തരിക ആരാധന ആരാധകരെ എപ്പോഴും ദൈവത്തോടടുപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യും. പ്രവാചകരിൽ പ്രവാചകനായ ഈശോയെക്കുറിച്ച് റൂഹാദ്ക്കുദ്ശാ അരുളിച്ചെയ്യുന്നു: "അവന്റെ അഭീഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പണം വഴി നാം വിശുദ്ധീകൃതരായിരിക്കുന്നു" (എബ്രാ. 10:10). ചാവറയുടെ ജീവിതമാകുന്ന ആരാധന ആരംഭിക്കുന്നത്:

"ആദിമാതൃകയായ സർവ്വേശനെ
ആരണ്യത്തിൽ സൃഷ്ടിച്ചുകൊണ്ടതും"[61]

എന്നിടത്തും അതിന്റെ സജാതീയ പ്രകാശനം

"ഉടൻതന്നെ ഞാൻ നിന്റെ പുത്രനായ് വരുന്നെന്നു നീ."[62]

എന്നിടത്തുമാണ്.

തന്നെ വരെ പാവാ മാത്രമാദിസായിലെ ദൂരാത്മാവ് ഉപേക്ഷിച്ചില്ല എന്ന് പാവാ തന്നെ തന്റെ ആത്മാനുതാപം എന്ന കൃതിയിൽ സൂചിപ്പിക്കുന്നു:

"എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചിതം

.....

എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെ പിൻപേ
വഴക്കിയില്ലായെന്നെ പുഴുക്കൾ കടിപ്പാനായ്
പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ല നീയേ."[63]

വീണ്ടും പാവായുടെ ഞെരുക്കത്തിലും ദൈവത്തിൽ എന്നു കാണുന്നു:

"നിസ്തനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളൂ."[64]

ഒരു പ്രവാചകൻ ജനനം മുതൽ ദൈവത്തിന്റെ സന്ദേശ വാഹകനും സന്ദേശത്തിന് സാക്ഷ്യം നല്കുന്നവനുമാകുന്നതാണ് ജീവിതബലി, സത്യത്തിലും ചേതനയിലുമുള്ള ആരാധന. ഈ ആരാധനയെ നയിക്കുന്നത് സാമൂഹ്യ നീതിയിലേക്കാണ്. സാമൂഹ്യനീതിയുടെ സാക്ഷ്യമാണു ശത്രുക്കളോടു പ്രതികാരം ചെയ്യാതെ തന്നെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കുന്നത് (ലേവ്യർ 19:18; മത്താ. 22:39; 1 യോഹ. 3:14; 1 യോഹ. 4:20). ഈശോ അഭിഷിക്തനായതും ഇതിനു വേണ്ടിത്തന്നെ (ലൂക്കാ 4:18). പാവായുടെ സാമൂഹ്യപ്രതിബദ്ധതയും സഹോദര സ്നേഹവും അവശരോടുള്ള നീതിയും അനുഭവത്തിന്റെ

ജീവിത സാക്ഷ്യം തന്നെയാണ്. ചാവറയുടെ വാക്കുകളിലും ഇതു കാണാം: "അന്യർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറുംകൈയ്യോടെ നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതിരിക്കേണ്ട."[65]

ചാവറയുടെ സാമൂഹിക നീതി പ്രകടമായത് പ്രവാചകത്വ സിദ്ധിക്കനുസൃതമാണ്. വിശ്വാസത്തിന്റെ അനുസരണം സഭാധികാരികൾക്കു നൽകി. പ്രത്യാശയുടെ സഹനം വൈയക്തിക ജീവിതത്തിൽ പ്രകടമാക്കിയതാണ് ആത്മാനുതാപത്തിന്റെ മാർഗ്ഗം. സ്നേഹത്തിന്റെ ശുശ്രൂഷ റോക്കോസ് മെത്രാനും കുടക്കച്ചിറയ്ക്കും മറ്റും കാരുണ്യത്തിന്റെ സ്വഭാവത്തിലും കേരള ജനതയ്ക്കു പടുത്തുയർത്തൽ പ്രക്രിയകളിലൂടെയും പ്രത്യേകിച്ചും അധഃകൃതോദ്ധാരണത്തിലൂടെയും പ്രവാചക നീതിയിലൂടെ പ്രവാചകനായിക്കൊണ്ടും സാക്ഷാത്കരിച്ചു.

വിശ്വാസം, ആരാധന, സാമൂഹിക നീതി എന്നീ ത്രൈമാന സ്നേഹമാണ് പ്രവാചക സിദ്ധിയുടേതായി മുകളിൽ സൂചിപ്പിച്ചത്. ഇവ മൂന്നും ചാവറയിൽ വിളങ്ങി ശോഭിച്ചിരുന്നു. പ്രത്യേകിച്ചും ചാവറ തന്റെ റൂഹാനുഭവം കേരളീയരും ദർശിക്കണമെന്നാഗ്രഹിച്ചത് മറ്റൊന്നും കൊണ്ടുമല്ല. ചാവറ അറിയിക്കുന്നു:

> "കേസരിരാജൻ നീ നിന്നുടെ സുമതം
> കേരളമൊക്കെയും കാണാകേണം."[66]

ചാവറയുടെ പ്രവാചകപ്രാർത്ഥന കേരളജനത അനുഭവിച്ചറിഞ്ഞതാണു സി.എം.ഐ. സഭയിലൂടെ കേരളത്തിനു ലഭിച്ച ദൈവിക സന്ദേശത്തിന്റെ സാക്ഷ്യം.

15:10 ശ്ലൈഹികസിദ്ധി

"ദൈവം ആദ്യമായി തന്റെ സഭയിൽ ശ്ലീഹൻമാരെയാണു നിയമിച്ചിരിക്കുന്നത്" (1 കോറി. 12:28). ചാവറയുടെ ശ്ലൈഹികസിദ്ധിയെ വിളിച്ചറിയിക്കുന്ന കർത്തൃവചനമാണ് "എന്നോടു കൂടെ നിൽക്കാത്തവൻ എനിക്ക് എതിരാണ്. എന്നോടു കൂടെ ശേഖരിക്കാത്തവൻ ചിതറിച്ചുകളയുന്നു" എന്നത് (ലൂക്കാ 11:23). ശ്ലൈഹിക പിൻതുടർച്ചയുടെ അടിസ്ഥാനം മാംസം ധരിച്ച വചനമാകുന്ന ഈശോയുടെ സുവിശേഷത്തിന്റെ ആധികാരികമായ കൈമാറ്റമാണ് (യോഹ. 1:1-18; മർക്കോ. 16:15-18; മർക്കോ. 16:18-20; യോഹ. 20:21-23;20:29).

ശ്ലൈഹികഗണത്തെ മിശിഹാ നിയോഗിക്കുന്നു (മത്താ. 10:1-16; മർക്കോ. 3:13-19). ശിഷ്യന്മാരുടെ തലവനായി ഈശോ കേപ്പായെ നിശ്ചയിക്കുന്നു (യോഹ. 21:15-19). ശ്ലീഹന്മാരുടെ ഗണത്തിന്റെ വിശ്വാസം പ്രഖ്യാപിച്ചത് തോമ്മാശ്ലീഹായാണ് (യോഹ. 20:28). എന്നാൽ പിൻഗാമികൾക്കെല്ലാം ലഭിക്കുന്ന പ്രത്യേക വരം കാണാതെ വിശ്വസിക്കുക എന്നതാണ്. ഈ വരം നിലകൊള്ളുന്നത് ദൈവവചനത്തിലുമാണ് (യോഹ. 20:29). വിശ്വാസികളുടെ പിതാവെന്ന നിലയിൽ സുവിശേഷത്തിന്റെ പ്രതിനിധിയായ മാർത്തോമ്മാശ്ലീഹായുടെ[67] ശ്ലൈഹിക പിൻതുടർച്ചയിലാണ് ചാവറ പ്രത്യക്ഷപ്പെടുന്നത്. ശ്ലൈഹിക കൈവയ്പിന്റെ തലത്തിൽ ചാവറയച്ചൻ മേലധ്യക്ഷക്രമത്തിന്റെ അടുത്ത പടിവരെ വന്നുവെങ്കിലും മാനുഷികാത്മാവിന്റെ സ്വാധീനത്തിൽ അത് തട്ടിപ്പോവുകയാണുണ്ടായത്.[68] എന്നാൽ വിശ്വാസത്തിന്റെ കാര്യത്തിൽ ഭാരതത്തിന്റെ രണ്ടാമത്തെ ശ്ലീഹാ എന്ന ചൈതന്യത്തിൽ പ്രത്യേക സിദ്ധി ലഭിച്ചയാളാണ് ചാവറ കുര്യാക്കോസ ഏലിയ.[69] വളരെ വിമർശനാത്മകമായ ഈ വിഷയത്തിലേക്കു കടക്കുമ്പോൾ അപഗ്രഥിക്കേണ്ട നിരവധി ഘടകങ്ങളുണ്ട്. അവ മാർത്തോമ്മാശ്ലീഹായുടെ പിൻഗാമികളായ നസ്രാണി വ്യക്തിസഭയേയും ലത്തീൻ വ്യക്തി

സഭയേയും കേന്ദ്രീകരിച്ചുള്ള വിലയിരുത്തലാണ്. ഒന്നാമതായി നസ്രാണി വ്യക്തിസഭയുടെ സഭാത്മക പേരായ സുറിയാനി സഭയെക്കുറിച്ചു ചിന്തിക്കാം.

സുറിയാനി പാരമ്പര്യം

നസ്രാണി വ്യക്തി സഭ എന്നത് ഓറെശ്ലെത്ത് ഈശോമിശിഹായും അവിടുത്തെ ശിഷ്യന്മാരുമൊത്ത് ആദിമസഭയ്ക്ക് കൈമാറിയ സഭാപാരമ്പര്യം സുറിയാനി സഭയെ സ്ഥാപിച്ചുറപ്പിച്ചതാണ്.[70] സുറിയാനി സഭാ പാരമ്പര്യമെന്നത് സഭയുടെ ആദ്യത്തെ നാലു നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടതായ വിശ്വാസജീവിതശൈലിയാണ്. മെശയാനികത ഭൂമുഖത്ത് ആവിഷ്കൃതമായ സെമറ്റിക്ക് ലോകത്തിന്റെ ദൈവരാജ്യപരമായ സാന്നിധ്യമാണ് സുറിയാനി സഭാ പാരമ്പര്യം. കലർപ്പില്ലാത്ത സഭാദർശനമുള്ളതു സുറിയാനി സഭാപാരമ്പര്യത്തിലാണ്.

പ്രപഞ്ചരൂപവത്ക്കരണത്തോടെ ആരംഭിച്ചു മിശിഹായിൽ സാക്ഷാത്കൃതമായി, അവിടുത്തെ രണ്ടാമാഗമനത്തിൽ പൂർത്തീകരിക്കപ്പെടുന്ന മാനവ ദൈവികീകരണത്തിന്റെ (മാലാകാനൂസാ) മൂർത്ത രൂപമാണ് സുറിയാനി സഭാപാരമ്പര്യം. ശ്ലീഹൻമാരിലും പ്രത്യേകിച്ചും മാർത്തോമ്മാശ്ലീഹായിലും മേല്പറഞ്ഞ മെശയാനികസാക്ഷാത്കാരം ഊന്നി നിൽക്കുന്നു. നമുക്കും അവനോടു കൂടെ പോയി മരിക്കാമെന്നു പ്രഖ്യാപിച്ച മാർത്തോമ്മാശ്ലീഹാ (യോഹ. 11:16) കിഴക്കൻ പ്രദേശങ്ങളിൽ വന്ന് സുവിശേഷമറിയിച്ചു വേദസാക്ഷിയായിത്തീർന്നത് സുറിയാനി വ്യക്തിസഭയുടെ പിൻതുടർച്ചയാണ്. അവിഭക്ത സഭയുടെ ആധികാരിക ഉറവിടമെന്ന നിലയിൽ നസ്രാണി വ്യക്തിസഭയാണു സാർവ്വത്രികസഭയുടെ ആദർശരൂപം. ഇത് സുറിയാനി പാരമ്പര്യത്തിലെന്നത് പാശ്ചാത്യദൈവവിജ്ഞാനീയത്തിന് അജ്ഞാതമാണ്. ശ്രേഷ്ഠമായ സുറിയാനി സഭാപാരമ്പര്യത്തെക്കുറിച്ച് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഇപ്രകാരം പറയുന്നു: "ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ

ലോകത്തിൽ ആകമാനമുണ്ടായിരുന്ന മിശിഹാനുയായികളിൽ മൂന്നിൽ രണ്ടു ഭാഗവും സുറിയാനി സഭകളിലായിരുന്നു. മിശിഹായിൽ തെരഞ്ഞെടുക്കപ്പെട്ടവനും സുവിശേഷ പ്രഘോഷണത്തിനായി അയയ്ക്കപ്പെടുന്നവനുമായ ശ്ലീഹാ ദൈവരാജ്യത്തിനുവേണ്ടി ഭൗമികമായ സൗകര്യങ്ങളും, സുഖങ്ങളും ത്യജിച്ചവനാണ്. ഐഹികമായതെല്ലാം ഉരിഞ്ഞുകളഞ്ഞുകൊണ്ട് മിശിഹായെ ധരിക്കുന്നവനാണ് അവിടുത്തെ ശ്ലീഹാ. ശ്ലീഹായുടെ സ്വഭാവവിശേഷങ്ങൾ എത്രമാത്രം ഒരു വിശ്വാസ സമൂഹം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുവോ അത്രത്തോളം ആ സഭ ശ്ലൈഹികമാണ് എന്നത്രേ സുറിയാനി പാരമ്പര്യം."[71]

ഭാരതത്തിൽ ശ്ലൈഹിക പിൻതുടർച്ച എന്നും കാര്യമായി പരിഗണിച്ചിരുന്നവരാണ് നസ്രാണികൾ. ഏതദ്ദേശീയമായ ആശ്രമപ്രസ്ഥാനത്തിന് ആധുനികരൂപവും ഭാവവും നൽകുവാൻ ഒരുമ്പെട്ട അമലോത്ഭവദാസസംഘം 1830-കളിൽ തീർത്തും സുറിയാനി സഭാപാരമ്പര്യത്തെ നിലനിർത്തുന്നതിനാണ് പരിശ്രമിച്ചത്. അതിനു തടസമായി നിന്നത് ലത്തീൻ സഭാ സമൂഹത്തിന്റെ വക്താക്കളായി ഭാരതത്തിൽ വന്ന വിദേശമിഷണറിമാരും, പ്രത്യേകിച്ചു കർമ്മെലീത്താ നേതൃത്വവുമാണ്. സുറിയാനിസഭാ ശ്ലൈഹികതനിമയ്ക്കുവേണ്ടി മാർപ്പാപ്പയെ സമീപിച്ചവരെയെല്ലാം പീഡിപ്പിക്കുകയും ചിലരെ (ഏഴു വ്യാകുലങ്ങളെ) പുറത്താക്കുകയും ചെയ്തതിൽ ചാവറയും ചാവറയുടെ പിൻഗാമിയായ പോരൂക്കര ഏലീശാച്ചനും അതീവ ദുഃഖിതരായിരുന്നു.

സുറിയാനിഭാഷയും സുറിയാനി ആരാധനാക്രമവും അംഗീകരിച്ചുറപ്പിക്കുന്നതിനായി നിലകൊണ്ട ചാവറ വൈദേശിക ആധ്യാത്മിക ഗുരുത്വത്താൽ സാധാരണ ഭക്തിക്കാർക്കു ഇവിടെ പ്രവേശനം നൽകിയിരുന്നെങ്കിലും അദ്ദേഹം ജീവിച്ചത്, മാമ്മോദീസായുടേയും വിശുദ്ധ കുർബാനയുടേയും ചൈതന്യത്തിലും ദൈവാരാധനാധിഷ്ഠിത ആധ്യാത്മികചൈതന്യത്തിലുമായിരുന്നു.[72]

ചാവറയച്ചന്റെ കാലത്തു നസ്രാണി സഭാസമൂഹത്തിനുണ്ടായ സഭാത്മകവും സാംസ്ക്കാരികവുമായ വളർച്ച നസ്രാണി വ്യക്തിത്വത്തിന്റെ സവിശേഷതയിൽ ചാവറയെ ഭാരതത്തിന്റെ രണ്ടാം ശ്ലീഹായായി കണക്കാക്കുന്നു.[73]

യവനസഭാപാരമ്പര്യവും ലത്തീൻ വ്യക്തിസഭാപാരമ്പര്യവും സുറിയാനി സഭാപാരമ്പര്യത്തിൽ നിന്നു രൂപപ്പെട്ടിട്ടുള്ളവയാണ്.[74]

യവനസഭാപാരമ്പര്യം

എ.ഡി. രണ്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ സുറിയാനി ഭാഷയും സാഹിത്യവും യവനസ്വാധീനത്തിലേക്കു നീങ്ങിത്തുടങ്ങി. ഈ വ്യതിയാനം നാലാം നൂറ്റാണ്ടോടുകൂടി വളർന്നുവികസിച്ച് യവനസഭയും മറ്റു സുറിയാനി ഇതര വ്യക്തിസഭകളും രൂപപ്പെട്ടുതുടങ്ങി. ഇതിൽ പ്രധാനപ്പെട്ട ഒരു ശാഖയാണു ബൈസന്റയിൻ വ്യക്തിസഭകൾ. യവന സഭാവളർച്ചയുടെ സുവർണ്ണകാലഘട്ടത്തിൽ അറബികൾ സുറിയാനി സഭാകേന്ദ്രങ്ങളെല്ലാം യവനലോകത്തിൽ നിന്നും അകറ്റുന്നതിനിട വരുത്തി. എന്നാൽ ഓറെഞ്ജെമിൽ തുടക്കം കുറിച്ച സുറിയാനി സഭാപാരമ്പര്യം അടിസ്ഥാനചരിത്രവസ്തുതയായതിനാൽ അതിന്റെ ഏകാന്തവൈശിഷ്ട്യം അവശേഷിക്കുന്നു.[75]

ലത്തീൻ - റോമൻ വ്യക്തിസഭ

ഡയക്ലീഷ്യന്റെ കാലത്തു റോമാ സാമ്രാജ്യത്തെ ഇല്ലിറിക്ക്, ഓറിയൻസ്, ഗാള്ളിക്ക്, ഇത്താലിയാ എന്നീ നാലു പ്രവിശ്യകളായി വിഭജിച്ചു. അവയിൽ ഗാള്ളിക്ക്, ഇത്താലിയാ എന്നീ രണ്ടു പ്രവിശ്യകൾ ചേർന്നാണു പാശ്ചാത്യറോമാസാമ്രാജ്യം രൂപം കൊണ്ടത്. ഈ പ്രദേശത്തു പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ശ്ലൈഹിക വേലയുടെ ഫലമായി സമാരംഭിച്ച സഭകൾ റോമൻ ആരാധനക്രമം രൂപപ്പെടുത്തി. ഈ പ്രദേശത്തു രൂപം കൊണ്ട സഭകളെയെല്ലാം പാശ്ചാത്യ

സഭ അല്ലെങ്കിൽ റോമൻ സഭ എന്നു വിശേഷിപ്പിച്ചു. ഈ സഭ ദൈവാരാധനയ്ക്കുപയോഗിച്ച ഭാഷ ലത്തീൻ ആയതു കൊണ്ട് ലത്തീൻ സഭയെന്നും ഈ സഭാ വിഭാഗത്തെ വിശേഷിപ്പിക്കാം.

ചരിത്രത്തിൽ റോമാ സാമ്രാജ്യത്തിനുള്ള പ്രശസ്തി സഭയുടെ ആദ്യചരിത്രകാരനായ എവുസേബിയൂസ് അല്പം വികലമായ രീതിയിൽ അവതരിപ്പിക്കുവാനിടയായി.[76] അങ്ങനെ വേദപുസ്തകചരിത്രത്തിലുള്ള ഒന്നാമത്തെ ഘടകമായ സുറിയാനി സഭാ പാരമ്പര്യം പ്രകാശിതമായില്ല.

ക്രൈസ്തവ സാമ്രാട്ടായ കോൺസ്റ്റന്റയിൻ മിലാൻ ഉടമ്പടി പ്രകാരം 313-ൽ സഭയെ യൂറോപ്പിൽ സ്വതന്ത്രമാക്കിയപ്പോൾ അദ്ദേഹം ദൈവരാജ്യത്തിന്റെ ഒരു പ്രതിരൂപമായിത്തീർന്നു. തുടർന്നു സഭാവിജ്ഞാനീയം ലത്തീൻ റോമൻ മേധാവിത്വത്തിൽ പ്രകാശിതമായിത്തുടങ്ങി. മിശിഹായിൽ സമാരംഭിച്ച സുറിയാനി പാരമ്പര്യം അപ്രത്യക്ഷവുമായി.[77] ലത്തീൻ സഭകൾ, ഗാള്ളിക്കൻ, അംബ്രോസിയൻ, മൊസാറബിക്ക എന്നിവയാണ് പൊതുവിൽ റോമൻ സഭ എന്നു പറയപ്പെടുന്നത്.

ഭാരതത്തിൽ മിശിഹായുടെ സഭ സമാരംഭിച്ചത് സുറിയാനി പാരമ്പര്യമനുസരിച്ചാണ്.[78] മാർത്തോമ്മായുടെ കാലം തുടങ്ങി ഉണ്ടായിരുന്ന സുറിയാനി പാരമ്പര്യത്തെക്കുറിച്ച് 1578 ൽ മൂന്ന് അത്മായ പ്രതിനിധികൾ മാർപ്പാപ്പായ്ക്കു എഴുതുന്നു: "ഞങ്ങളുടെ പ്രാർത്ഥനകൾ സുറിയാനി അഥവാ കൽദായ ഭാഷയിലാണ്. ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായാണ് അതു ഞങ്ങളെ പഠിപ്പിച്ചത്. ഞങ്ങളുടെ പൂർവ്വികന്മാരും ഞങ്ങളും ഈ ഭാഷ അഭ്യസിച്ചു."[79] ഈ സഭാ പാരമ്പര്യത്തിന്റെ പശ്ചാത്തലമാണു ചാവറ വ്രതം ചെയ്ത അമലോത്ഭവകർമ്മെലമാതാവിന്റെ ദാസർക്കുണ്ടായിരുന്നത്. സുറിയാനി വിശ്വാസവും ആരാധനയും ആധ്യാത്മികതയും കാത്തു സൂക്ഷിക്കുന്നതും സുറിയാനി ഭാഷ സംസാരിക്കുന്നതും നാട്ടുമെത്രാന്മാരുടെ ആചാര്യത്വത്തിലെങ്കിൽ

ശ്രേഷ്ഠമെന്നു കണ്ടു റോമിലേക്ക് എഴുതിയവർ പിടിക്കപ്പെട്ട പാപത്തിലായെന്നു വികാരി അപ്പസ്തോലിക്ക നിശ്ചയിച്ചു. എഴുപേരെ പുറത്താക്കുകയും ചെയ്തു. ഇതിൽ വിശ്വസിച്ച ചാവറയും സുറിയാനി ഭാഷയും ആരാധനക്രമവും പാരമ്പര്യമായി കാത്തു സംരക്ഷിച്ചു. ചാവറയച്ചൻ, 1861 ജൂൺ 19-ാം നു എഴുതിയതും 1870, ഏപ്രിൽ 25-ാം തീയതി എഴുതിയ കത്തും നസ്രാണികളുടെ ആരാധനാഭാഷയായ സുറിയാനിയിലായിരുന്നു.[80] ചാവറയച്ചന്റെ കാലത്തു സമാരംഭിച്ച സുറിയാനി പ്രാർത്ഥനകളെല്ലാം 1960 കൾ വരെ സി.എം.ഐ. സമൂഹത്തിൽ മാത്രമല്ല, നസ്രാണികളുടെ ഇടയിലും വൈദികരുടെ ഇടയിലുമുണ്ടായിരുന്നു.

ഓറെഞ്ലെമിൽ ഈശോമിശിഹാ ശ്ലീഹർക്കു കൈമാറിയ സുറിയാനി പാരമ്പര്യമായിരുന്നു ചാവറയച്ചൻ നിലനിറുത്തിയതും സന്ന്യാസാശ്രമജീവിതത്തിലൂടെ തുടർന്നുകൊണ്ടു പോയതും.[81] എന്നാൽ വിദേശമിഷനറിമാരുടെ സഹായത്താൽ ക്നോഭ്യാസങ്ങൾ കടന്നുവന്നുവെങ്കിലും ചാവറ എന്നും ശ്ലൈഹിക സിദ്ധിയിൽ തന്നെ ഉറച്ചു നിന്നിരുന്നു. അതു ദൈവജനത്തിനും ദൈവത്തിനുമുള്ള സംവിധാനമായിരുന്നു. അതും അനുസരണവഴി സംഭവിച്ചതാണ്.

15:11 അനുസരണസിദ്ധി

അനുസരണ സിദ്ധി ചാവറയിൽ പ്രശോഭിതമായത് ഈശോമിശിഹായുടെ സ്ഥാനത്ത് അധികാരികളെ അംഗീകരിച്ച് അനുസരിക്കുന്നതിലാണ്. ചാവറ പറയുന്നു: "തലവനെ ഈശോമിശിഹാ ആയിട്ടു വിചാരിച്ച അയാളുടെ സ്വരം ഈശോമിശിഹായുടെ തിരുവചനമായിട്ട കൈക്കൊൾക അല്ല പിന്നയോ അയാളുടെ ബുദ്ധിയും വിവേകവും പുണ്യവും തൂക്കി അവരുടെ പ്രവർത്തികളും നടത്തലും വിധിച്ച അവരുടെ കല്പനകളെ ചോദന ചെയ്ത സ്വന്ത ബോധത്തിൽ തൊന്നുന്നതിനെ ഒത്തതാകുന്നെംകിൽ കെൾക്കയും ബോധിക്കാത്തതാകുന്നെങ്കിൽ നൂറുകൂട്ടം ന്യായങ്ങളെകൊണ്ടു നീക്കം ചെയ്വാൻ

പ്രയാസപ്പെടുകയും നീങ്ങുകയില്ലെങ്കിൽ സംകടത്തോട് കൂടെ ചെയ്യുകയും പിറുപിറുക്കുകയും ചെയ്യുന്നു."[82] മേൽതലവൻമാരെപ്പോലും വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെ കണ്ട് അനുസരിക്കുന്നത് ശരിയല്ലായെന്നു ചാവറ പറയുന്നു.[83]

തലവന്മാരെയും ഈശോമിശിഹായെയും ബഹിഷ്കരിച്ചുകൊണ്ടു നീങ്ങുന്ന കാഴ്ച കണ്ട് ഓരോരുത്തന്റെയും മനസ്സും ഇഷ്ടവും നോക്കിക്കൊണ്ട് കല്പിപ്പാനും നിർബന്ധപ്പെട്ടിരിക്കുന്നു എന്നും ചാവറ പറയുന്നു.[84] അനുസരണ സിദ്ധികാലപ്പഴക്കം കൊണ്ട് തേഞ്ഞു മാഞ്ഞു പോകേണ്ടതല്ലാ, മറിച്ചു തീക്ഷ്ണതയോടെ, അധികാരികൾ ഓർപ്പിച്ചില്ലെങ്കിലും അനുസരിക്കുവാനുള്ളവർ ഓർത്തു അനുസരിക്കേണ്ടതാണ്.[85]

അനുസരണ സിദ്ധിയുടെ തനിമയെക്കുറിച്ച് ചാവറ എഴുതുന്നു: "ആ! പ്രിയപ്പെട്ട കൂടപ്പിറപ്പുകളെ! ഇതാ നമ്മുടെ ദൈവവിളിപ്പ നാം കൊവെന്തയിൽ കൂടിയത നമ്മുടെ മനസ്സു നടത്തുവാനൊ നമുക്കു ബോധിക്കുന്ന തലവന്മാരും നമുക്കു ബോധിക്കുന്ന കൂട്ടങ്ങളും മാത്രം കീഴ്വഴങ്ങുന്നു എംകിൽ കാവ്യരുടെ ചൊൽവിളിയും നമ്മുടെ ചൊൽവിളിയും എന്തുഭേദം. നമ്മുടെ മനസ്സു പോലെ പ്രവർത്തിപ്പാൻ മനസ്സായിരുന്നെംകിൽ ഈ അന്തസ്തിനെ തിരഞ്ഞെടുത്തതെന്തേ. കൊവെന്തയിൽ കൂടിയതെന്തേ. എന്നാൽ കൂട്ടങ്ങളൊക്കെയും ആകമാനമായിട്ട പട്ടക്കാരും അൽമേനി ദർശനക്കാർക്കും പ്രയാസമുള്ളവർക്കും ചെറുപ്പക്കാർക്കുമുള്ളതായിരിക്കുന്നു എന്നു വരികിലും എല്ലാം ഞായം കൊണ്ടും ഈ കൊവെന്തകളുടെ ശരണവും ഞങ്ങളുടെ ശരണവും ആയി വിചാരിച്ചിരുന്ന ചെറുപ്പക്കാരും ഈ ഒടുക്കത്തെ കാലങ്ങളിൽ കുർബ്ബാനപ്പട്ടമേറ്റകൊച്ചച്ചന്മാരും ശേഷം പെരെക്കായി മെല്പറഞ്ഞ കാര്യങ്ങളെ ഓർമ്മയില്ലാത്തവരായി നടക്കുന്നു എന്നു കെൾക്കയും കാണുകയും ചെയ്യുമ്പോൾ ഞങ്ങൾക്കുള്ള ദുഃഖവും സങ്കടവും അറിയിപ്പാൻ ഞങ്ങൾ വശാകുന്നില്ല."[86]

അനുസരണമെന്ന പുണ്യം എന്നതിനെക്കുറിച്ചല്ല ചാവറ പ്രതിപാദിച്ചത്, മറിച്ച് അനുസരണസിദ്ധിയെക്കുറിച്ചാണ്. പുണ്യമെന്നതു പട്ടക്കാർക്കും അൽമായർക്കുമാവശ്യമുള്ള അനുസരണമാണ്. എന്നാൽ ദൈവവിളി എന്ന ദാനം ലഭിച്ചവർ അനുസരിക്കേണ്ടതു സിദ്ധിയുടെ സ്വഭാവത്തിലും ചൈതന്യത്തിലുമാണ്. ഈ സിദ്ധി വിശ്വാസത്തിലധിഷ്ഠിതമാണ്. അത് ഈശോമിശിഹായിൽ കേന്ദ്രീകൃതവും പരിശുദ്ധറൂഹായാലഭിഷിക്തവുമാണ്. അത് ദൈവവിളിയുടെ സിദ്ധിയായതിനാൽ ദൈവജനോപകാരത്തിനായി അനുസരിക്കുന്നു. ഈ മാതൃകയാണു പട്ടക്കാർക്കും അൽമായർക്കും എന്നും ഉത്തേജനമാകേണ്ടത്. ചാവറയുടെ ജീവിതം അനുസരണ സിദ്ധി വ്യക്തമാക്കുന്നതാണ്. പൗരോഹിത്യ പദവി ലഭിച്ചതു മുതൽ മേലധ്യക്ഷനോടു ചാവറ അനുസരണമുള്ളവനായിരുന്നു. വ്രതം ചെയ്ത കാലം മുതൽ ആ അനുസരണം സിദ്ധിപരമായി കൂടുതൽ ശ്രേഷ്ഠവുമായി. ളൂയിസച്ചൻ സാക്ഷ്യപ്പെടുത്തുന്നു: "അദ്ദേഹം ഒരു നവശിഷ്യനെപ്പോലെ എപ്പോഴും സഭാനിയമങ്ങൾ പാലിച്ചിരുന്നു."[87]

അനുവാദമില്ലാത്ത സമയത്തു ചാവറ ആരോടും സംസാരിക്കയില്ലായിരുന്നു. കൂനമ്മാവിൽ നിന്നു മാന്നാനത്തു വന്ന ചാവറയെ കാണുവാൻ ആളുകൾ ചെന്നപ്പോൾ ഉച്ച കഴിഞ്ഞു മാത്രം അനുവാദമുള്ള സമയത്തു അവരെ കണ്ടു.

അനുസരണ സിദ്ധി ചാവറയിൽ മറ്റുള്ളവരെയും മൗനം പാലിക്കുവാൻ പ്രേരിപ്പിച്ചിരുന്നതായി സെമിനാരിയിലെ സമകാലികർ രേഖപ്പെടുത്തുന്നു.[88] അനുസരണ സിദ്ധിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യത്തെ അംഗങ്ങളെക്കുറിച്ച് ലെയോപ്പോൾദു മൂപ്പച്ചൻ എഴുതുന്നു: "അച്ചന്മാർ നിയമാനുഷ്ഠാനത്തിന്റെ നിസ്സാരമായ അംശങ്ങൾ പോലും ഇതുവരെയും കൃത്യമായി അനുഷ്ഠിച്ചുപോരുന്നു. അവർ യഥാർത്ഥത്തിൽ നോവീസസ് ആണെന്നു തോന്നും, പ്രഥമ വീക്ഷണത്തിൽ

ഭാരമായി തോന്നാവുന്ന ഈ കൃത്യതയും തീവ്രതയും അവർ വളരെ സന്തോഷത്തോടെയാണ് പാലിക്കുന്നത്. അതെല്ലാം തങ്ങൾക്കു തീരെ നിസ്സാരമായി തോന്നുന്നുവെന്ന് അവർ തന്നെ പറയുന്നു. അവരുടെ അടക്കമുള്ള ആഹ്ലാദം സ്ഫുരിക്കുന്ന മുഖഭാവവും പെരുമാറ്റവും മോൺ. ബെർണ്ണദീനെ പലപ്പോഴും വിസ്മയിപ്പിച്ചിട്ടുമുണ്ട്."[89] ചാവറ യച്ചൻ ആദ്യസഭാംഗങ്ങളിൽ പ്രഥമനായി അധികാരത്തിന്റെ പ്രതാപ ത്തിലല്ല മറിച്ച് അനുസരണത്തിന്റെ മാതൃകയിലായിരുന്നു പ്രശോ ഭിച്ചത്. നസ്രാണി സഭാഗാത്രത്തിൽ ചെയ്തിട്ടുള്ള ദൈവാരാധനാപ രവും വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായ എല്ലാ പരിഷ്ക്കാരങ്ങളും സഭാധികാരികളുടെ അനുമതിയോടെ ചെയ്തിരുന്നു. ഏറ്റവും വീരോചിതമെന്നു പറയേണ്ട ഒന്നാണ് 33 വർഷം മാന്നാനം മാതൃഭവനത്തിലായിരുന്ന ചാവറ വികാരി അപ്പസ്തോലിക്കായുടെ ആഗ്രഹമനുസരിച്ച് 1864 മുതൽ 1871 ജനുവരി മൂന്നിനു മരിക്കുന്നതു വരെ കൂനമ്മാവിൽ പാർത്തത്.

ഇവിടെ ചാവറയുടെ ചിത്രം തെളിഞ്ഞു വരുന്നത് ദൈവജന ത്തിന്റെ നന്മയും സഭാധികാരികളുടെ നിശ്ചയവും സാക്ഷാത്കൃത മാക്കുന്നവനെന്നതാണ്. ലെയോപ്പോൾദച്ചൻ പറയുന്നു: "അനേക വിഷ മകരമായ കാര്യങ്ങൾ അദ്ദേഹം ചെയ്തു തീർത്തു. എപ്പോഴും ഈ രണ്ടു ഉദ്ദേശത്തോടുകൂടെ സഭാധികാരികളോടുള്ള അനുസരണവും ആത്മാക്കളുടെ നന്മയും."[90] ചാവറയുടെ അനുസരണസിദ്ധിയെക്കു റിച്ചു നാളാഗമം പറയുന്നു: "ഈ പിതാവ് ഏവരെയും ഒരു ശിശുവി നെപ്പോലെ അനുസരിച്ചിരുന്നു. പിതാവ് മരണം വരെ നമുക്കു നൽകി യിരുന്ന ഈ വിസ്മയനീയമായ മാതൃക അനുകരിക്കുവാൻ നമുക്കു കടമയില്ലേ? ..... തന്റെ മനസ്സു മുഴുവനായും അദ്ദേഹം ത്യജിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതം നമുക്കേവർക്കും അനുസരണമെന്ന പുണ്യ ത്തിന്റെ മാതൃക നല്കി."[91] ദൈവികാധികാരത്തെ സഭാധികാരികളിൽ ദർശിച്ചതിന്റെ പിന്നിലുള്ള വിശ്വാസം:

"ഏകേശനാഥേനെ നിന്നുടെ ദാസൻ മേ-
യേകദാ നിന്നെ ഞാൻ കാണാകേണം"[92]

ദൈവ തിരുമനസ്സു സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലുമാകണ മെന്നതായിരുന്നു ചാവറയുടെ അനുസരണ സിദ്ധി.

15:12 വിശ്വാസസിദ്ധി

"വരങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒന്നേയുള്ളൂ..... ഓരോരുത്തനും പ്രയോജനകരമാം വിധം ആത്മാവിന്റെ വെളിപാടു നൽകപ്പെടുന്നു.....അതേ ആത്മാവു മറ്റൊരാൾക്കു വിശ്വാസം നൽകുന്നു" (1 കോറി. 12:7).

ഓരോ വ്യക്തിയിലും പ്രകടമാകുന്ന ദൈവിക വരത്തിലൂടെ സമൂഹത്തെ പടുത്തുയർത്തിക്കൊണ്ട് ദൈവികതയുടെ പ്രകാശവും വികാസവും അവരിലൂടെ സംജാതമാക്കുക എന്നതാണു ദൈവിക പദ്ധതി. ചാവറയച്ചനിൽ വിശ്വാസമാകുന്ന ദൈവിക പുണ്യം വിശ്വാസമെന്ന സിദ്ധിയാൽ എങ്ങനെ ദൈവജന സേവനത്തിനിടവരുത്തി യെന്നാണ് ഇവിടെ കാണുവാനുള്ളത്.

ചാവറ തനിക്കു ലഭിച്ച ദൈവദാനങ്ങളെ വിവരിക്കുന്ന ഒരു കൃതി യാണ് ആത്മാനുതാപം. എല്ലാറ്റിന്റെയും ഉറവിടം ദൈവമെന്ന് ഏറ്റു പറയുന്ന ചാവറയെയാണ് എങ്ങും കാണുന്നത്:

"ആദി നായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായിച്ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമെ!
ആദ്യ ഹീനനാം നിന്റെ ദയ തന്നെ.

.....

ഈ മഹാവലിപ്പത്തിന്റെ ചിത്തം പോൽ

ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻമൂലം.
ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്.

.....

ഊനം കൂടാതെ ഭൂമിയിൽ മേവുവാൻ
ഊന ഹീനമാം കാവലും തന്നല്ലൊ.

.....

ഒന്നിനും പിടിയാത്തൊരു മാതൃവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായോരിയാൾകാക്കും.
കരുണാകരനായ സർവ്വേശ്വരാ!
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതിനന്നായ് സ്മരിച്ചുരക്ഷിച്ചല്ലോ
കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയമാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം പോക്കി നിൽകിയതുകാലം.

.....

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ.
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ."[93]

ദൈവത്തിലുള്ള ചാവറയുടെ വിശ്വാസം പൂർണ്ണമാണ്. മാനവരാശിയിൽ ദൈവം ചേർത്തുകൊണ്ട് സകല സൃഷ്ടജാലങ്ങളിൽ നിന്നും വേർതിരിച്ചു ദൈവച്ഛായയാൽ അലങ്കരിച്ച ദൈവത്തെ ചാവറ ഏറ്റു പറയുന്നു. കാവൽ മാലാകായും മാതാപിതാക്കളും അവരുടെ വിശ്വാസവും ജന്മപാപത്തിൽ നിന്നുള്ള മോചനവും നിത്യമോക്ഷപ്രാപ്തിക്കുള്ള വരവും എല്ലാം ചാവറയുടെ വിശ്വാസത്തിൽ തെളിഞ്ഞുവന്ന രഹസ്യങ്ങളാണ്. അതും ദൈവം ചെയ്തതെല്ലാം ദൈവത്തിന്റെ കരുണയാലും ദയയാലും സൈദ്ധിക സ്വഭാവമുള്ളതെന്ന് ചാവറ ഏറ്റു പറയുന്നു. സർവ്വോപരി ചാവറയെ പുത്രനാക്കിയ ദൈവത്തിലാണു ചാവറയുടെ വിശ്വാസം എത്തി നിൽക്കുന്നത്. ദൈവത്തെ അപ്പാ എന്ന് അനുഭവിച്ചറിഞ്ഞ ചാവറയുടെ വിശ്വാസം സ്വർഗ്ഗീയ മാനം ഉള്ളതാണ്. ദൈവാനുഗ്രഹങ്ങളെല്ലാം വിശ്വാസമെന്ന വരത്തിലൂടെ ചാവറയിലേക്കു പ്രവഹിച്ചതായി ചാവറ പാടുന്നു:

"എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തംകൂടാതെ ചിന്തിയെന്റെ മേൽ ശുഭം ശുഭം.
എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നന്ദിഹീനനായിടുമെന്റെ മേലുള്ള സ്നേഹം."[94]

ചാവറയുടെ വിശ്വാസം ചിറകുവിരിച്ച് സ്വർഗ്ഗീയ ഉന്നതിയിൽ വിഹരിക്കുമ്പോൾ ത്രിത്വത്തെ ദർശിക്കുന്ന മനോഹരരംഗം:

"മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[95]

ചാവറയുടെ വിശ്വാസം അത്യുന്നതാനുഭവങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ അനുദിന ജീവിതാനുഭവങ്ങളിൽ പ്രവൃത്തി പരമായിരുന്നു. ചാവറയുടെ കത്തുകൾ നൽകുന്ന സാക്ഷ്യം: "ഈ മഠം (കൂനമ്മാവു) നടത്തുവാൻ വേണ്ടതൊക്കെയും, യാതൊരു ബുദ്ധി മുട്ടും കൂടാതെ ദൈവം ക്രമീകരിക്കുന്നു..... ഒരു പുസ്തകം ഒരു മുറിയിൽ കണ്ടെത്തി. എടുത്തു നോക്കിയപ്പോൾ കന്യകകൾക്കു പറ്റിയ വിഷയം! ഇതു നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതെന്ന ബോധ്യത്തോടെ മലയാളത്തിലേക്കു വിവർത്തനം ചെയ്തു."[96] ദൈവം കൊടുത്തയച്ചു എന്നതിനെ വീണ്ടും വേറൊരു പുസ്തകത്തിന്റെ കാര്യത്തിൽ "ഈശോമിശിഹാ നിങ്ങൾക്കായി അയച്ചുതന്നിരിക്കുന്നു" എന്നു ചാവറ വിശ്വസിച്ചു.[97]

സന്ന്യാസത്തിൽ ചെയ്തു തീർക്കുവാനുള്ള ജോലികളെല്ലാം തമ്പുരാന്റെ ദാനത്താൽ ഭംഗിയാകുമെന്ന് ചാവറ ഉപദേശിക്കുന്നു: "ഈ വേലകളെല്ലാം നടത്തുവാൻ പ്രോക്കുദോരിനോടു പറയണം. കൂലി കൊടുക്കുവാൻ പണമില്ലല്ലോയെന്ന് അയാൾക്ക് ആകുലത വേണ്ട. നാം വേല എടുപ്പിക്കുക പണം തമ്പുരാൻ തരും. ഇതു നമ്മുടെ വക യല്ലായത്രെ നാം വേല ചെയ്താൽ മതി."[98]

ചാവറയുടെ വിശ്വാസം താൻ തുടങ്ങി വളർത്തിയെടുത്ത സഭയുടെ കാര്യത്തിലും "സർവ്വേശ്വരന്റെ വിശേഷകൃപയാൽ, ദൈവാലോചനയാൽ" സംഭവിച്ചുവെന്ന ബോധ്യത്തിലുറച്ചു.[99]

ഏതു നിമിഷവും ദൈവദർശനത്തിനും ദൈവാനുഭവത്തിനും ഇടവരുത്തിയിരുന്ന ഒരു വിശ്വാസമാണു ചാവറയ്ക്കുണ്ടായിരുന്നത്. ധ്യാനാവസരങ്ങളിൽ ആത്മാനുതാപിയായ ചാവറ ദൈവത്തെ സമീപിക്കുന്നതിനു അനുതാപികളായ വിശുദ്ധരെയെല്ലാം കൂട്ടുപിടിക്കുന്ന മഹനീയ ദൃശ്യം സജീവമാണ്.[100]

ചാവറയുടെ വിശ്വാസം ഏറ്റവും ശക്തമായിത്തീരുന്നത് ദൈവാരാധനയിലെ മിശിഹാസാന്നിദ്ധ്യത്തിലാണ്. ചാവറ നൽകുന്ന സാക്ഷ്യം: "കർത്താവേ, അങ്ങയുടെ സ്നേഹത്തിന്റെ അവസാന ലക്ഷ്യമായി, അങ്ങയുടെ ശരീരവും രക്തവും ഭക്ഷണപാനീയങ്ങളായി നൽകിക്കൊണ്ടു കൂദാശാപരമായും അരൂപിക്കടുത്ത വിധത്തിലും വിശ്വാസനയനങ്ങളാൽ അങ്ങയെ കണ്ടു മരണം വരെയും അങ്ങിൽ നിന്നു പിരിയാതെ ജീവിക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അതു തന്നെ മരണശേഷം മുടലൊന്നും കൂടാതെ മുഖാഭിമുഖം സ്വർഗ്ഗവാസികളോടുകൂടെ നിത്യകാലം അങ്ങയെ സ്തുതിക്കുവാൻ എനിക്കു സാധിക്കും എന്ന ഇളകാത്ത ശരണത്തിന്റെ അമൂല്യമായ അച്ചാരവുമാണ്."[101]

ചാവറയുടെ ആത്മപിതാവായ ലെയോർപ്പോൾദു നൽകുന്ന സാക്ഷ്യം ഇതാണ്: "മഹോന്നതമായ വി.കൂദാശയോടുള്ള അപാരമായ ബഹുമാനവും വിശ്വാസവും മൂലം നിസ്തുലമായ ശ്രദ്ധയോടും ഭക്തിയോടും ഏകാഗ്രതയോടും കൂടി, അദ്ദേഹം ദിവ്യബലി സമർപ്പിക്കുമായിരുന്നു."[102]

കൂദാശയോടു പ്രത്യേകിച്ചും വി.കുർബ്ബാനയോടു ചാവറയ്ക്കുണ്ടായിരുന്ന അടിസ്ഥാനം ഭക്തിയാണ്. യാമപ്രാർത്ഥനയാണ് ഇതര ഭക്താനുഷ്ഠാനങ്ങൾ ക്രമീകൃതമാക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ചാവറയുടെ വിശ്വാസം പ്രകടമാക്കിയ ഭക്തികൾ ദൈവജനത്തിനായും ചാവറ പ്രചരിപ്പിച്ചു.

വിശ്വാസസിദ്ധി ചെന്നു നിൽക്കുന്ന തിരുസ്സഭാധികാരം ചാവറയെ സംബന്ധിച്ചു ആത്മാക്കളുടെ വിവേചനയിലെ നിർണ്ണായകഘടമാണ്. ലെയോപ്പാൾദു സാക്ഷ്യപ്പെടുത്തുന്നു: "ഈ പിതാവിന്റെ സുകൃതങ്ങളിൽ വിശ്വാസം, കത്തോലിക്കാ സഭയോടുള്ള തീവ്ര സ്നേഹം, പ. പിതാവിനോടുള്ള ഭക്തി എന്നിവ സമുന്നതമായി

പ്രകാശിപ്പിച്ചിരുന്നു..... പരിശുദ്ധപിതാവിനെപ്പറ്റി കേൾക്കുമ്പോൾ അദ്ദേഹം ഭക്തിയുടെയും ആഹ്ലാദത്തിന്റെയും കണ്ണുനീർ പൊഴിക്കും."[103]

അമലോത്ഭവ കർമ്മലമാതാവിന്റെ സഭ തന്നെ ഒരു വിശ്വാസ സത്യത്തിന്റെ ആശ്രമരൂപമാണ്. കൃതജ്ഞതാസ്തോത്രം എല്ലായിടത്തും പാടണമെന്നും അമലോത്ഭവതിരുനാൾ ദിവസം ആഘോഷമായ പാട്ടുകുർബ്ബാന പാടണമെന്നും ആജ്ഞാപിച്ച അദ്ദേഹം തന്നെ ആ ദിവസം പാട്ടുകുർബ്ബാന പാടുകയും അത്യാഹ്ലാദപൂർവ്വം ജനങ്ങളോടു പ്രസംഗിക്കുകയും ചെയ്തു.[104]

വിശ്വാസസിദ്ധി ചാവറയിൽ ചെയ്ത അത്ഭുതങ്ങളാണ് നസ്രാണി സഭയുടെ അധുനാതനീകരണം. ആശ്രമപ്രസ്ഥാനങ്ങളുടെ നിർഝരി തന്നെ പൊട്ടിപ്പുറപ്പെട്ടത് ചാവറയുടെ നീക്കം തുടങ്ങിയാണ്. പ്രബുദ്ധരായ വൈദികരെക്കൊണ്ടു നസ്രാണി സഭ നിറഞ്ഞുകവിഞ്ഞൊഴുകി ഭൂമിയുടെ നാലു ദിഗന്തങ്ങളിലും എത്തി. നിഗൂഢതയിൽ കിടന്ന വിശുദ്ധരുടെ ഗണം ഇന്നു പുറത്തുവന്നത് ചാവറയുടെ വിശ്വാസ പ്രകാശനത്തിലൂടെയാണ്.

വിശ്വാസ പ്രചരണാർത്ഥം ചാവറ തുടങ്ങിയ അച്ചടിപ്രസ്ഥാനവും വിദ്യാഭ്യാസവും സാധുജനസേവനവും മതബോധനാലയങ്ങളും ധ്യാനപ്രസ്ഥാനങ്ങളും ഇന്നും നസ്രാണി സഭയെ ആധ്യാത്മിക സമുന്നതിയിൽ നിറുത്തുന്നു.

ചാവറ ദൈവത്തെയും, ഈശോയെയും അപ്പാ എന്നു വിളിച്ചത് കേരളമാകെ പിതൃത്വാനുഭവത്തിലേക്കു നീങ്ങുന്നതിനുള്ള ഒരു ആഹ്വാനമാണ്.[105] ചാവറയെ ദർശിച്ച റോക്കി പറയുന്നത് ദൈവത്തെ ദർശിച്ചിരുന്ന ചാവറയെന്നാണ്.[106] ചാവറ തഹസിൽദാരിനു ദൈവിക മനുഷ്യനായിരുന്നു.[107] ചാവറയുടെ വിശ്വാസസിദ്ധി പ്രധാനമായും വിശുദ്ധ പുണ്യത്തിലധിഷ്ഠിതമാണ്. എന്നെകാണുന്നവർ പിതാവിനെ

കാണുന്നുവെന്നു യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നത് ചാവറയെ സംബന്ധിച്ചു വിശ്വാസാനുഭവമായിരുന്നു (യോഹ. 14:6-9).[108] കേരളത്തെ ഇത്ര ഉന്നതമായ ഒരു രാജ്യമാക്കിത്തീർത്തത് ചാവറയുടെ വിശ്വാസസിദ്ധിയാണ്. ധന്യനായ ചാവറയുടെ വിശ്വാസസിദ്ധി കേരള സഭയെയും ധന്യമാക്കി, ദൈവരാജ്യം സ്ഥാപിച്ചു.

15:13 സ്നേഹസിദ്ധി

"ശാശ്വതമായവ ഇവ മൂന്നുമാണ്: വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ ഏറ്റവും ഉത്കൃഷ്ടമായതു സ്നേഹം തന്നെ" (1 കോറി. 13:12). ഈ സ്നേഹസിദ്ധി ചാവറയിൽ വിളങ്ങി ശോഭിച്ചത് ചാവറയെ പരിപൂർണ്ണ സ്നേഹത്തിലേക്ക് നയിച്ചിരുന്നു. പരിപൂർണ്ണസ്നേഹത്തിനു പ്രധാനമായും മൂന്നു മാനങ്ങളാണുള്ളത്. ഒന്നാമത്തേത് നിത്യസ്നേഹത്തിന്റെ സ്വർഗ്ഗീയമാനവും രണ്ടാമത്തേത് മാനവ സ്നേഹത്തിന്റെ സാഹോദര്യവും മൂന്നാമത്തേത് ശുദ്ധീകരണം അല്ലെങ്കിൽ രൂപാന്തരീകരണത്തിന്റെ അവസ്ഥയുമാണ്. മൂന്ന് അവസ്ഥയിലുമുള്ളവരോടുള്ള ബന്ധമാണ് ദൈവരാജ്യത്തിന്റെ സ്വഭാവത്തിൽ വരുന്നത്. ചാവറ പാടുന്നു:

"ഇങ്ങനെയെത്രയൊ സംഗതിയൊന്നോർത്തു
മംഗലത്തിന്നായി പുണ്യം ചെയ്‌വിൻ
പുണ്യവാളന്മാരുടെ ഒരുമ്പാടുന്മേൽ
പുണ്യമായുള്ളൊരു വിശ്വാസത്താൽ
ജയവിരുതു ധരിച്ചുള്ള പള്ളിയും

.....

ശുദ്ധമായ് മൂന്നു ജനപള്ളികൾ
അന്യോന്യമായുള്ള പുണ്യസഹായത്താൽ
അങ്ങിങ്ങുമുണ്ടാകും സർവ്വംഗുണം
എന്നതു കാരണാൽലെന്നെ തുണക്കുകിൽ
നന്ദിയാൽ നിങ്ങൾക്കു ശുഭം ദൃഢം."[109]

ഏറ്റവും ഉത്കൃഷ്ടമായ സ്നേഹമാണ് ദൈവം എന്നതിനാൽ, ആ സ്നേഹം റൂഹാദ്ക്കുദ്ശായുടെ സിദ്ധി എന്നാണു കണക്കാക്കുന്നത്. പൗലോസ്ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതുമ്പോൾ പറയുന്നു: "പലരെങ്കിലും നാം മിശിഹായിൽ ഏകശരീരമാകുന്നു" (റോമ. 12:5). പരസ്പരബന്ധം പുലർത്തുന്ന അവയവങ്ങൾ എന്ന നിലയിൽ ബന്ധപ്പെടുന്നതിനുള്ള സിദ്ധിയാണ് സ്നേഹം. ഈ സ്നേഹം സമരസഭയിലും സഹനസഭയിലും സ്വർഗ്ഗത്തിലുമുള്ളവരെ ബന്ധിപ്പിച്ചു മിശിഹായിൽ എല്ലാം പൂർത്തിയാക്കുന്നു. അതുകൊണ്ട് സ്നേഹത്തിന്റെ ശുശ്രൂഷ ആത്മാർത്ഥതയുള്ളതാകണമെന്നും ശ്ലീഹാ പറയുന്നു: "നിങ്ങളുടെ സ്നേഹം വഞ്ചനാത്മകമാകരുത്. തിന്മയെ വെറുക്കുകയും നന്മയെ മുറുകെ പിടിക്കുകയും ചെയ്യുവിൻ. നിങ്ങൾ സാഹോദര്യത്തോടെ പരസ്പരം സ്നേഹിക്കുവിൻ" (റോമ. 12:9-11). പുതിയ ഉടമ്പടിയിൽ പ്രകടമായിരിക്കുന്നത് സ്നേഹത്തിന്റെ ചൈതന്യമാണ്. വി. ശ്ലീഹാ പ്രഘോഷിക്കുന്നു: "പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. കാരണം അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം നിറവേറ്റുന്നു" (റോമാ 13:8). വീണ്ടും ശ്ലീഹാ പറയുന്നു: "സ്നേഹം നിയമത്തിന്റെ പൂർത്തീകരണമായതിനാൽ സ്നേഹം അയല്ക്കാരന് ഉപദ്രവമൊന്നും ചെയ്യുന്നില്ല" (റോമ. 13:10).

നിയമത്തെയും പ്രവാചകന്മാരെയും നീക്കിക്കളയാനല്ല പൂർത്തിയാക്കാനാണു ഞാൻ വന്നിരിക്കുന്നതെന്ന് (മത്താ. 5:17) അരുളിച്ചെയ്ത ഈശോ ദൈവരാജ്യ പ്രവേശനത്തിനുള്ള വ്യവസ്ഥ വച്ചിരിക്കുന്നതും പരസ്പരസ്നേഹമാണ് (മത്താ. 25:31-45). ഇതു തന്നെ മിശിഹാനുയായികളുടെ ലക്ഷണവും (യോഹ. 13:34).

ചാവറയച്ചൻ സഭാത്മക സുകൃതമായി എടുത്തു കാണിക്കുന്നതു സ്നേഹബന്ധമാണ് എന്നു മരണ വീട്ടിൽ പാടുവാനുള്ള പാനയിൽ നാം കണ്ടു. ചാവറ എടുത്തു പറയുന്നു:

"രോഗിയെക്കാണ്മാനായ് പോകുന്ന നേരത്തിൽ
രോഗിയിതാരെന്നുമോർത്തു കൊൾക
രോഗത്തിൽ ഞാനായപ്പലഞ്ഞതു നേരത്തിൽ
ചാരത്തു വീണെന്നെ തോഷിപ്പിച്ചു
ഇത്യാദി വാക്യങ്ങൾ കേൾക്കണമെന്നാകിൽ
ഇപ്പോളിതു പോലെ ചെയ്തു കൊൾവിൻ
രോഗിക്കു നൽത്തുണ ചെയ്യുന്നനേരത്തിൽ
നേരിതു നാഥനെന്നോർത്തിടുവിൻ."[110]

സ്നേഹം മൂലം ചെയ്യുന്ന പ്രവൃത്തികൾ എല്ലാ പ്രതിബന്ധങ്ങളെയും നീക്കും. ഈശോയുടെ വാക്കുകളനുസരിച്ച് സ്നേഹത്തിനു പരിധിയില്ല.

"ഒരുവൻ തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13). ഈശോ സ്വീവായിൽ മരിച്ചുകൊണ്ടാണ് തന്റെ സഭയെ പടുത്തുയർത്തിയത്. പ്രാർത്ഥന, തപസ്സ്, ദാനം എന്നീ മൂന്നു ഘടകങ്ങൾ യഥാർത്ഥ സ്നേഹത്തിൽ നിന്നും ഉരുത്തിരിയുന്നു. ചാവറ ആലപിക്കുന്നു:

"എന്നതിനാലിനി തമ്മിൽ സഹായിപ്പാൻ
നന്നായ് ചുറുക്കുള്ള മാർഗ്ഗം ചൊല്ലാം
ആകമാനത്തിന്നായ് നേർവഴി മൂന്നും
ആകെ സകലർക്കും ബോധം തന്നെ
ജപതപദാനമെന്നിതു മൂന്നിലായ്
ജയമേവം സർവ്വക്കുമിതിനാൽ തന്നെ
എങ്കിലുമൊക്കെയ്ക്കും വെയ്ക്കുന്ന ലാക്കിനാൽ
ശങ്കയില്ലാ സർവ്വഗുണാഗണങ്ങൾ."[111]

ഉത്കൃഷ്ടമായ സ്നേഹസിദ്ധിയെക്കുറിച്ച് പൗലോസ് ശ്ലീഹാ വിവരിക്കുന്നത് അത് എല്ലാം സഹിക്കുന്നു എന്നാണ് (1 കോറ. 13:7). ചാവറ തന്റെ ജീവിതം മുഴുവനും സ്നേഹശുശ്രൂഷയ്ക്കായി നീക്കിവച്ചിരുന്നു. പ്രത്യേകിച്ചും അപകടകരമായ രോഗീ സന്ദർശനത്തിലും രോഗീലേപനം നല്കുന്നതിലും.[112] കാരണം സ്നേഹത്തിന്റെ നിയോഗം ചാവറയിൽ ശക്തമായിരുന്നു. ചാവറയുടെ സ്നേഹസിദ്ധിയുടെ വീരോചിതത്വം അദ്ദേഹത്തിന്റെ കവിതാരചനയിലും ജീവിതത്തിലും നിഴലിച്ചിരുന്നു:

"വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കണ്ട, നാഥൻ തന്നെ
എന്നുള്ള ചേതസി നന്നായ് സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെ ചെയ്യും
രോഗിയിൽ നിന്നു വീശുന്നോരോചവും
സ്നേഹത്താൽ സുഗന്ധമായ് പകരും."[113]

ചാവറയച്ചൻ പ്രാർത്ഥന മുറിയിലിരുന്നു ദിവ്യനാഥനുമായി സംഭാഷിച്ചിരുന്നത് വെറും ആത്മരക്ഷയ്ക്കു വേണ്ടി മാത്രമായിരുന്നില്ല; മറിച്ച് സഹജരുടെ നന്മയ്ക്കുവേണ്ടിയെന്ന് അദ്ദേഹത്തിന്റെ ജീവിതം സാക്ഷ്യം നല്കുന്നു. ഭൗതിക നേട്ടമെന്നതിനെക്കാൾ ആധ്യാത്മിക സുസ്ഥിതിയായിരുന്നു ചാവറലക്ഷ്യം വച്ചിരുന്നത്. ഭൗതികമായി കുടുംബം അന്യം നിന്നു പോകുന്നുവെന്നു കണ്ടപ്പോൾ ദൈവവിളിയിൽ നിന്നു പിൻതിരിഞ്ഞില്ല. ഭൗതിക വീക്ഷണത്തെക്കാൾ ആധ്യാത്മിക സമീപനമുള്ളതുകൊണ്ടല്ലേ, ഒരിക്കൽപോലും മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്താതിരുന്ന ചാവറ ആത്മാനുതാപത്തിന്റെ അത്യുച്ചിയിൽ നിന്നു ധൂർത്തനെന്ന നിലയിൽ പിതാവായ ദൈവത്തെ സമീപിച്ചതും "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കു വേണ്ടിത്തന്നെത്തന്നെ സമർപ്പിച്ചതും. ഈശോയുടെ മഹനീയ മാതൃക

(യോഹ. 17:19) ചാവറയും പിൻചെന്നു. ഇവിടെയാണു സ്നേഹസിദ്ധിയുടെ ആധ്യാത്മികവശം തെളിഞ്ഞു നില്ക്കുന്നത്. ചാവറ പാടുന്നതും മറ്റൊന്നല്ലല്ലോ:

"ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽ പരംകഷ്ടം പിശാചിൻ ദാസനായി
അയ്യയ്യോമാഹാദുഃഖമെന്നുടെ പാപത്താലെ
അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!
മമപിതാവുനീയേ ഭാഗ്യവുമെനിക്കു നീ.
മംഗലം നീയെന്നിയേമറ്റെന്തു ഗുണംനാഥാ
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."[114]

ദൈവസ്നേഹത്തിന്റെ സൈദ്ധികാനുഭൂതിയാണു ചാവറയിൽ ആഴപ്പെട്ടിരുന്നത്. ഈ സ്നേഹം ചാവറയുടെ ചേതനയിൽ നിറഞ്ഞു കവിയുന്നതിന് ഏറ്റവും ഉപകരിച്ചത് അദ്ദേഹത്തിനു ലഭിച്ച അനുതാപമാണ്. ഈ വ്യവസ്ഥയാണ് ഈശോ ആദ്യമായി പ്രസംഗിച്ചതിൽ എടുത്തു പറഞ്ഞതും. ഈശോയുടെ വാക്കുകൾ: "യോഹന്നാൻ കാരാഗൃഹത്തിലായതിനുശേഷം ഈശോ ഗലീലായിലേക്കു പോയി. ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചു. അവൻ അരുൾചെയ്തു: സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:14-15).

ഇവിടെ ഈശോ ആവശ്യപ്പെട്ട തിരിയൽ ദൈവത്തിലേയ്ക്കാണ്. ദൈവത്തിലേക്കു തിരിഞ്ഞ ചാവറ കണ്ടത് സ്നേഹമുള്ള

1831 മെയ് 11-ാംനു മാന്നാനത്തു കല്ലിട്ടതു മുതൽ 1855 ഡിസംബർ 8-ാം നു ആദ്യപിതാക്കന്മാർ സന്ന്യാസവ്രതങ്ങൾവഴി കാനോനികമായി പ്രതിഷ്ഠിരായതുവരെ പ്രത്യക്ഷമായോ പരോക്ഷമായോ സഹകരിച്ചു പ്രവർത്തിച്ചവരിൽ പ്രമുഖരാണു സഹസ്ഥാപകരായി കണക്കാക്കപ്പെടുന്നത്. ഇവരുടെ പങ്ക് എന്തെന്നു കാണേണ്ടതുണ്ട്. ഷീൻ മരിരോഷർറ്റില്ലാർഡ് ഒ.പി. നൽകുന്ന പഠനം, സന്ന്യാസത്തിനുള്ള സഭാത്മക കൗദാശിക സ്വഭാവത്തെക്കുറിച്ചാണ്. അതായത് സന്ന്യാസ ജീവിതം സഭയിലുള്ള കൂദാശാപരമായ ഒരു അടയാളവും ശക്തിയുമാണ്. അത് ലോകത്തിലുള്ള ദൈവികസാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്നു. റൂഹായിലുള്ള നവജീവന്റെ മാതൃകയുമാണത്. സൈദ്ധികവശങ്ങളാൽ പ്രശോഭിതവുമാണത്.[13]

സ്ഥാപകർ ദൈവത്തിന്റെ വക്താക്കളായി ചരിത്രത്തിലെ ദൈവമദ്ധ്യസ്ഥരായി നിലകൊള്ളുന്ന സൈദ്ധികരാണ്. പ്രവാചികാടയാളത്തിലൂടെ അവർ പ്രഘോഷിക്കുന്നത് ദൈവികനിധി മാനവരാശിയിൽ സന്നിഹിതമെന്നതാണ്.[14]

സഭയിൽ സന്ന്യാസസഭാസ്ഥാപകരോ സഹസ്ഥാപകരോ ആകുന്നവർ പ്രഥമവും പ്രധാനവുമായി ചെയ്യുന്നത് സഭ സ്ഥാപിക്കുക എന്നതല്ല, മറിച്ച് സ്ഥാപനത്തിനുള്ള സിദ്ധി ജീവിതസാക്ഷ്യത്തിലൂടെ പ്രദാനം ചെയ്ക എന്നതാണ്. ഇവിടെ രണ്ടു പ്രധാനഘടകങ്ങളാണു വേർതിരിക്കുന്നത്. ഒന്നാമത്തേത് ശ്ലൈഹിക മാനങ്ങളിലൂടെ സമൂഹത്തിനു രൂപവും ഭാവവും നൽകുന്ന സംഭവമാണ്. രണ്ടാമത്തേതു സുവിശേഷ ചൈതന്യത്തിന്റെ നിവേശകരും ആരംഭകരുമെന്ന നിലയിൽ മെശയാനികരഹസ്യത്തിന്റെ വിജ്ഞാനികളും, ഭാഷ്യക്കാരുമായി അവർ നിലകൊള്ളുന്നു എന്നതാണ്. ഈ ചൈതന്യം എന്നുമെന്നും പിൻതലമുറകളിലൂടെ നിലകൊള്ളേണ്ടതാണ്. കാരണം ഇതാണു നവമായി രൂപപ്പെടേണ്ട സമൂഹത്തിന്റെ ദർശനം, അടിസ്ഥാനചൈതന്യം. ഈ വീക്ഷണമാണ് സുവിശേഷത്തിന്റെയും സുവിശേഷത്തിലെ മിശിഹായുടേയും സമകാലിക സാന്നിദ്ധ്യം.[15]

മുകളിൽ കണ്ട നിരീക്ഷണം വഴി സി.എം.ഐ. സഭയുടെ സഹ സ്ഥാപകൻ നൽകിയ സാക്ഷ്യം എന്തെന്നു ചിന്തിക്കാം. പാലയ്ക്കല ച്ചന്റെ താപസികതയും പോരൂക്കരയച്ചന്റെ വാച്ചവനവാസവും ചാവറ യുടെ ആശ്രമജീവിതവും 'സഭ സ്ഥാപിക്കൽ' എന്ന സംഭവത്തിലല്ല കേന്ദ്രീകൃതമായിരിക്കുന്നത്; മറിച്ച് അവരുടെ ജീവിതസാക്ഷ്യത്തി ലൂടെയുള്ള മിശിഹാ അനുഗമനത്തിലാണ്. ഈ അനുഗമനത്തിന്റെ ചൈതന്യത്തിൽ അവർ തമ്മിൽ ഭിന്നത ഇല്ലായിരുന്നു. കാരണം മിശിഹാ അനുഗമനമെന്നത് കാതലായി സുവിശേഷത്തിലെ മിശിഹായെ ഏറ്റു പറയുന്ന വിശ്വാസത്തിന്റെ സാക്ഷ്യമാണ്. അതു മാമ്മോദീസായുടെ സാക്ഷാത്കാരമാണ്. അതു ദിവ്യകുർബാനയുടെ അനുഭവമാണ്. ദിവ്യ മണവാളനുമായുള്ള പരിപൂർണ്ണഐക്യത്തിന്റെ നിദർശനമാണ്. പാല യ്ക്കലച്ചനത് കർശനമായ ജീവിതശൈലിയിൽ കണ്ടെത്തി. പോരൂക്ക രയച്ചനത് ഏകാന്ത പ്രേമത്തിൽ അനുഭവിച്ചു. ചാവറയച്ചനത് ദൈവ ജനശുശ്രൂഷയിലൂടെ ദൈവത്തിന് എന്നതിൽ പ്രകടമാക്കി. ഇവർ മൂവരും സ്ഥാപകരുടെ സിദ്ധിയാണ് പിൻതലമുറയ്ക്കു കൈമാറിയത്. ഈ സിദ്ധി സാരാംശത്തിൽ 1800 കളിലെ സുവിശേഷവത്കരണത്തിന്റെ പ്രാവാചക സാക്ഷ്യമാണ്. ഈ ദൗത്യം നിർവ്വഹിച്ചുകൊണ്ടു പാല യ്ക്കലച്ചനും പോരൂക്കരയച്ചനും സഭാസ്ഥാപനത്തിനു മുൻപുതന്നെ ദൈവരാജ്യത്തിലേക്കു രൂപാന്തരപ്പെട്ടു. പക്ഷെ അവർ എന്നും സഹ സ്ഥാപകരായിത്തന്നെ നിലകൊള്ളുന്നു.

എന്നാൽ ചാവറയെക്കുറിച്ചു ചിന്തിക്കുമ്പോൾ സ്ഥാപകരുടെ സിദ്ധിയും സ്ഥാപകസിദ്ധിയും ഒന്നുചേർന്ന് അതിന്റെ സാക്ഷാത്കാ രത്തിനു സാക്ഷ്യം വഹിച്ചു. അതുകൂടാതെ സ്ഥാപകസിദ്ധിയുടെ സ്ഥൂലീകരണം 1855 ഡിസംബർ മുതൽ 1871 ജനുവരി മൂന്നുവരെ നിർവ്വ ഹിച്ചു. 1831-ൽ സ്ഥാപകരുടെ സിദ്ധിയോടെ മൂവരും ആശ്രമപ്രസ്ഥാ നത്തിനു കല്ലിട്ടെങ്കിൽ അതു സഭാപരമായും കാനോനികമായും വ്യവ സ്ഥാപിതമായത് ചാവറ വ്രതം ചെയ്ത് മറ്റു പത്തു പിതാക്കന്മാരോടു കൂടെ സമൂഹത്തിന് അസ്തിത്വം നൽകിയപ്പോഴാണ്.

ചാവറയുടെ സഭാസ്ഥാപനവരമല്ലായിരുന്നു സ്ഥാപകരുടെ സിദ്ധിയുണ്ടായിരുന്ന പാലയ്ക്കൽ, പോരൂക്കരമാർക്കുണ്ടായിരുന്നത്. പാലയ്ക്കലച്ചനുണ്ടായിരുന്ന സ്ഥാപകസിദ്ധി 'ദൊമ്നിക്കൻ' രീതിയുടേതായിരുന്നു. അതു നസ്രാണി സഭയെ അതിന്റെ തനിമയിൽ കൊണ്ടു വന്നു സ്ഥാപിക്കേണ്ട നസ്രാണീയ തനിമ ഉള്ളതായിരുന്നു.[16] കാരണം ദൊമ്നിക്കൻ വൈദികനായ ദൊനാത്തി ഈ കാര്യത്തിൽ പ്രതിഭാശാലിയായിരുന്നു.[17] അവർ പ്രസംഗത്തിലും ശൈലീഹികതയിലും നസ്രാണികൾക്ക് സ്വീകൃതരായിരുന്നു.

പോരൂക്കര തോമ്മാച്ചൻ ദൈവജനത്തിനായി ഏകാന്തതയിലും, മരുഭൂമിയിലും, നിശയിലും, മലകളിലും പ്രാർത്ഥനാനിരതനായിരുന്ന ഈശോയുടെ പിൻതുടർച്ചക്കാരനെന്ന സ്ഥാപകരുടെ സിദ്ധിയിൽ നിവേശനം ലഭിച്ചയാളായിരുന്നു. അതായിരുന്നു പോരൂക്കരയുടെ പിതാവിൽ നിന്നു കൈമാറിയ നിവേശനത്തിന്റെ ഏതാണ്ടൊരു രൂപവും. പോരൂക്കര ഏലീശാച്ചൻ സ്ഥാപകരുടെ മേല്പറഞ്ഞ സിദ്ധി സ്ഥാപകസിദ്ധിയിലൂടെ നടപ്പാക്കിയവനുമാണ്. പോരൂക്കര കുടുംബത്തിന്റെ നിവേശനം തോമ്മാച്ചനിലൂടെയും, ഏലീശാച്ചനിലൂടെയും സ്ഥാപകരുടെ സിദ്ധിയായും സ്ഥാപകസിദ്ധിയായും യഥാക്രമം സാക്ഷാത്കരിക്കപ്പെട്ടു. എന്നാൽ സ്ഥാപകരുടെ സിദ്ധിയിൽ കടന്നു വരുന്ന മറ്റൊരു ഘടകം മേലധ്യക്ഷക്രമത്തിൽ നിന്നുള്ള അംഗീകാരമാണ്. ഈ വകുപ്പിൽ നസ്രാണികളുടെ ഇടയിൽ ആധുനികകാലത്തു രൂപം കൊണ്ട സി.എം.ഐ. സമൂഹത്തിൽ വരുന്ന രണ്ടു സഹസ്ഥാപകർ ഔദ്യോഗികവ്യക്തികളാണ്. അവരാണ് വികാരി അപ്പസ്തോലിക്ക മോൺസിഞ്ഞോർ സ്തബിലീനിയും (1827-1831) വികാരി അപ്പസ്തോലിക്ക മോൺസിഞ്ഞോർ ബെച്ചിനെല്ലിയും (1852-1868). ഇവരിൽ ആദ്യത്തെ ആൾ പുതിയ ആശ്രമനിവേശനത്തെ ദൈവജനത്തിന്റെ ഇടയിലുള്ള സന്ന്യാസഗണമാക്കുവാൻ നിർദ്ദേശിച്ചു.[18] രണ്ടാമത്തെയാൾ സമൂഹത്തെ തനതാത്മകതയില്ലാത്ത ഒരു സമ്മിശ്രരൂപത്തിലേക്കു നയിച്ചു.[19] മേലധ്യക്ഷക്രമത്തിലുള്ള ഇവരെ രണ്ടു പേരെയും

അകറ്റി നിർത്തിയാൽ സി.എം.ഐ. സഭാസ്ഥാപകരുടെ സിദ്ധിയും സ്ഥാപകസിദ്ധിയും പൂർണ്ണമാകുകയില്ല. മോൺസിഞ്ഞോർ സ്തബിലീനിയും മോൺസിഞ്ഞോർ ബെച്ചിനെല്ലിയും സ്ഥാപകരുടെ സിദ്ധിയിൽ എന്നതിനേക്കാൾ സ്ഥാപകസിദ്ധിയിലാണ് പങ്കാളിത്തം കൈവരിച്ചത്.

റൂഹാദ്ക്കുദ്ശായുടെ ഇടപെടലിൽ വരുന്ന ഒരു ഘടകമായിട്ടാണു ജൂസേപ്പെ ഒലിവിയേരൊ ജിരാർദി മേലധ്യക്ഷക്രമത്തെ കാണുന്നത്. ദൈവിക നിവേശനവും ചരിത്രത്തിലൂടെയുള്ള ദൈവത്തിന്റെ സാന്നിധ്യവുമാണ് പുതിയ സമൂഹത്തിന് ആധികാരികത നൽകുന്നതിൽ മേലധ്യക്ഷക്രമത്തിന്റെ സ്ഥാനം. [20] വളരെ പ്രകടമായി വരുന്ന സത്യം സിദ്ധിയെ ഘടന പരിമിതപ്പെടുത്തുന്നുവെന്നതാണ്. എന്നാൽ ഘടനയെ സിദ്ധി രൂപാന്തരപ്പെടുത്തുക എന്ന നിർണ്ണായക ഘടകം ഒരു പ്രത്യേക സമൂഹത്തിന്റെ തനതാത്മകതയെ കലർപ്പറ്റതാക്കുന്നു. ഈ സത്യത്തിന്റെ വ്യാഖ്യാനം മനുഷ്യനായി അവതരിച്ച ഈശോയുടെ ശരീരത്തിലും ആത്മാവിലും അധിവസിച്ചിരുന്ന റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനമാണ്.

പാലയ്ക്കൽ, പോരൂക്കര, ചാവറ സഹസ്ഥാപകരിൽ വസിക്കുന്ന റൂഹാ ഒരുവനെങ്കിലും അവരുടെ ആത്മാക്കളും ശരീരവും വ്യത്യസ്തമാണ്. ഈ വൈവിധ്യം അവർ രൂപം കൊടുത്ത സഭയിലും പ്രതിഫലിക്കും. എന്നാൽ അതിലേറെ പ്രതിപാദിക്കുന്നതു ഘടനയുടെ ഘടകങ്ങളും മേലധ്യക്ഷക്രമത്തിൽ നിന്നുള്ള സ്വാധീനങ്ങളുമാണ്. സ്തബിലീനിയുടെ നിർദ്ദേശത്തെ അവർ അംഗീകരിച്ചപ്പോൾ ബെച്ചിനെല്ലിയുടെ ഇടപെടലിനെ ചാവറയും ചില സമകാലികരും ദൈവ പരിപാലനയായിട്ടാണ് കണ്ടത്. ഇവിടെ ഒരു പുനരുത്ഥാരണത്തിനും നവീകരണത്തിനും അനുരൂപണത്തിനുമുള്ള സർവ്വ സാധ്യതകളുമുണ്ട്. അത് ഒരു പരിധിവരെ 1970-കളിലും തുടർന്നുള്ള വർഷങ്ങളിലും സി.എം.ഐ. സഭയിൽ നടന്നു. കൂടുതലായി സഹകരിച്ച ഒരാളെന്ന നിലയിൽ

കണിയാന്ത്ര യാക്കോബിനെ പ്രത്യേകം എടുത്തു പറയുന്നു. ഈ പ്രബന്ധത്തിൽ നവമായി ചേർത്തിരിക്കുന്ന സഹസ്ഥാപകരിൽ സ്തബിലീനിയും ബച്ചിനേല്ലിയും മേലധ്യക്ഷക്രമത്തിൽ വരുന്നവരാണ്. അവർക്കും സ്ഥാപകസിദ്ധിയിൽ പ്രസക്തി ഉണ്ട്.

16:3 ആദിമ സഭാംഗങ്ങൾ

സ്ഥാപകരുടെ സിദ്ധി സ്ഥലകാലങ്ങളെ അതിജീവിച്ച് മുന്നേറുന്നതിന്റെ ആദ്യപടിയാണ് ആദിമസഭാംഗങ്ങൾക്ക് കിട്ടുന്ന നിവേശനം. ഇത് സ്ഥാപിതമായ സമൂഹത്തിലേക്കുള്ള ദൈവവിളിയാണ്. ഈ വിളി സ്ഥാപകരുടെ നിവേശനവും സിദ്ധിയും സ്ഥാപനത്തിന്റെ ലക്ഷ്യവും സ്വായത്തമാക്കി സ്ഥാപകരുടെ സിദ്ധിയിലൂടെ സുവിശേഷത്തിലെ മിശിഹായെ അനുഗമിക്കുന്നതാണ്.

സഭയിലേക്ക് കടന്നുവരുന്നവരുടെ പ്രവർത്തനശൈലി വച്ചുകൊണ്ടാണ് അവർ പ്രസ്തുത സമൂഹത്തിന്റെ സിദ്ധിക്കനുസൃതം വിളിയുള്ളവരാണോ എന്ന് പരിശോധിക്കുന്നത്. ഇവിടെ സംഭവിക്കുന്നത് സ്ഥാപകരുടെ സിദ്ധിയെ അനുധാവനം ചെയ്യുന്നവരിലേക്ക് മേല്പറഞ്ഞ ചൈതന്യം വികസിക്കുന്നു അല്ലെങ്കിൽ കൈമാറുന്നു എന്നതാണ്. റൂഹായുടെ പ്രവൃത്തിയോടു സഹകരിച്ചുകൊണ്ട് റൂഹായിൽ നിന്ന് സ്ഥാപകർ സ്വീകരിച്ച നിവേശനത്തെ ഏറ്റുവാങ്ങുന്നു. ഈ പ്രക്രിയയിൽ ആദിമാംഗങ്ങൾ പ്രഥമസിദ്ധിയെ, നിവേശനത്തെ ചലനാത്മകവും ചരിത്രപരവുമാക്കിത്തീർക്കുന്നു.[21]

ആദിമാംഗങ്ങൾ ചെയ്യുന്നത് സിദ്ധിപരമായി സഭാസ്ഥാപകരിൽ നിന്നു ലഭിച്ച പ്രഥമ നിവേശനത്തെ സ്ഥലകാലാവശ്യങ്ങൾക്കനുസൃതം നവീകരിക്കുകയും അനുരൂപപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ്. എന്നാൽ തുടക്കത്തിലുള്ള നിവേശനത്തിൽ നിന്നും ഒരു വിധത്തിലും വ്യതിചലിക്കാതിരിക്കുന്നതിലാണ് പ്രഥമസിദ്ധിയോടുള്ള

വിശ്വസ്തത നിലകൊള്ളുന്നത്. അതായത് സ്ഥാപകരുടെ സിദ്ധിയിൽ നിന്ന് ഒരു വിധത്തിലും അകന്നു പോകുന്നില്ലായെന്നു മാത്രമല്ല, അതിനെ അധുനാതനീകരിക്കുകയും ചെയ്യുന്നു.[22]

അധുനാതനീകരണ പ്രക്രിയയിൽ ഓരോ വ്യക്തിക്കുമുള്ള ഉത്തരവാദിത്വം പ്രാഥമികനിവേശനത്തെ സമ്പന്നമാക്കുക എന്നതാണ്. ഒരു വിധത്തിലുള്ള വളർച്ചയുടെ സ്വഭാവുമാണ് സിദ്ധിയുടെ കാര്യത്തിൽ പ്രഥമാംഗങ്ങളും തുടർന്നു വരുന്നവരും സംഭാവന ചെയ്യുന്നത്. ഈ വികാസമാണ് പരിശുദ്ധാത്മാവു വഴി സ്ഥാപകരെ അനുഗമിക്കുന്ന ഓരോ വ്യക്തിയും ചെയ്യുന്നത്. ഈ നീക്കത്തിൽ പ്രധാനമായും മൂന്നു കാര്യങ്ങളാണ് ഉള്ളത്. ഒന്നാമത്തേത് ഒരാളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനോടു സുവിശേഷത്തിന്റേയും സ്വാത്മകവ്യക്തിത്വത്തിന്റെയും അടിസ്ഥാനത്തിൽ നിന്നുകൊണ്ടുള്ള വിശ്വസ്തത. രണ്ടാമത്തേത് ദൈവജനത്തിന്റെ സർവ്വതോന്മുഖമായ അഭ്യുന്നതിയോടുള്ള സ്ഥാപകരുടെ മനോഭാവത്തിൽ വിശ്വസ്തത. മൂന്നാമത്തേത് ദൈവിക പദ്ധതിയിൽ നിന്നും അണുവിട വ്യതിചലിക്കാതിരിക്കുന്നതിനുള്ള സാർവ്വത്രിക കാഴ്ചപ്പാട്. ഈ മൂന്നു കാര്യങ്ങളെയും വിശുദ്ധഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ പരിഗണിച്ചാൽ "പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടും ഉണ്ടാകരുത്" (റോമ. 13:8) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ കണ്ടെത്താം. വിശുദ്ധശ്ലീഹാ ഉപസംഹരിക്കുന്നത്: "സ്നേഹം നിയമത്തിന്റെ പൂർത്തീകരണമായതിനാൽ സ്നേഹം അയൽക്കാരന് ഉപദ്രവമൊന്നും ചെയ്യുന്നില്ല" (റോമ. 13:10) എന്നാണ്. ഇവിടെ സ്നേഹമെന്ന സിദ്ധിയാണ് സ്ഥാപകരിലും പിൻഗാമികളിലും ആത്മാർത്ഥതയുള്ളതായി നിലകൊള്ളേണ്ടത്. ഈ സ്നേഹത്തിന്റെ ത്രൈമാനമാണു മുകളിൽ സൂചിപ്പിച്ച മൂന്നു ഘടകങ്ങളും. അതായത് തന്നോടുതന്നെയുള്ള ആത്മാർത്ഥത - ആത്മസ്നേഹം. സഹജരോടും ലോകത്തോടുമുള്ള ആത്മാർത്ഥത - സഹോദരസ്നേഹം; ദൈവത്തോടുള്ള ആത്മാർത്ഥത

-ദൈവസ്നേഹം. ഈ മഹോന്നതസ്നേഹമാണ് സുവിശേഷസിദ്ധി അല്ലെങ്കിൽ മെശയാനികസിദ്ധി. അതുകൊണ്ടാണ് ഈശോ തന്റെ പിതാവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിച്ചതും തന്നെപ്പോലെ മാനവരാശിയെയും പ്രപഞ്ചത്തേയും സ്നേഹിച്ചതും (മത്താ. 2:37-38; യോഹ.13:34; 15:13; 10:10; മത്താ. 5:17; യോഹ. 19:28-34). ഈ സത്യ മാണ് എബ്രായ ലേഖനം സമാഹരിച്ചത്: "ആ ഹിതമനുസരിച്ച് ഈശോ മിശിഹായുടെ ശരീരത്തിന്റെ എന്നേക്കുമുള്ള ഏകസമർപ്പണം വഴി നാം വിശുദ്ധീകൃതരായിരിക്കുന്നു" (എബ്രാ.10:10) എന്ന്. ഈ സമർപ്പണ ചൈതന്യമാണ് സ്ഥാപകരുടെ സിദ്ധിയിലും അനുഗാമികളുടെ ദൈവ വിളിയിലും ചൈതന്യമായി നിലകൊള്ളേണ്ടത്.

പാലയ്ക്കൽ, പോരൂക്കര, ചാവറ, കണിയാന്ത്ര തുടങ്ങിയവർ ലക്ഷ്യം വച്ചിരുന്നതും നസ്രാണി സഭയുടെ ആധുനികവളർച്ച വൈദി കന്മാരുടെ സമുന്നതിവഴി നിലവിൽ വരുത്തുക എന്നതായിരുന്നു. ഇതി നായി തപസ്സുഭവനവും, വനവാസവും ദൈവജനസേവനവും മഹോ ന്നത സ്നേഹത്തിന്റെ സിദ്ധിയിലൂടെ രൂപപ്പെട്ടു. ഈ സിദ്ധിയുടെ സ്ഥൂലരൂപമാണ് കണ്ണിൽ കാണുന്ന നന്മകളെല്ലാം ചെയ്യുക എന്ന പ്രായോഗികശൈലി. ഈ ശൈലിയിൽ ആകൃഷ്ടരായി വന്ന ആദ്യസ ഭാംഗങ്ങളെ പിൻതിരിപ്പിച്ച മർസെലീനോസ് മൂപ്പച്ചന്റെ നിവേശനം ആന്തരിക ബന്ധം എന്നതിനേക്കാൾ ബാഹ്യ പ്രചോദിതമായതിനാ ലാണ് ചാവറ ദുഃഖിക്കേണ്ടി വന്നത്.[23] ചരിത്രപരമായി ഉണ്ടായ വലിയ ഒരു പാളിച്ചയാണ് ഏഴു വ്യാകുലങ്ങളെ പുറത്താക്കിയ സംഭവം[24]. ഘടന സിദ്ധിയെ ഗ്രസിച്ചു കളഞ്ഞതിന്റെ പ്രകടമായ സംഭവമാണത്. മാനുഷികമാത്രമായ ഘടന ഈശോയുടെ മാനുഷിക പ്രകൃതിയെ ഗ്രസിച്ചു കളഞ്ഞതാണ് അതിന്റെ സ്ലീവാനുഭവം. അതിനാൽ സി.എം. ഐ. സഭയുടെ ആദ്യഅംഗങ്ങളായ പതിനൊന്നു പിതാക്കന്മാരോ ടൊപ്പം ഏഴു വ്യാകുലങ്ങളും എണ്ണപ്പെടേണ്ടതാണ്. ഏഴുവ്യാകുല ങ്ങൾക്കും മറ്റുരീതിയിൽ വ്രതം ചെയ്യാൻ സാധിക്കാതെ വന്നവർക്കും

"മരണോത്ഥാനത്തിന്റെ" ചൈതന്യത്തിൽ സ്ഥാപകരുടെ സിദ്ധിയിൽ പങ്കാളിത്തമുണ്ട്. കാരണം അവരുടെ ദൈവവിളിയിൽ സഭാത്മകവും സൈദ്ധികവും യുഗാന്ത്യപരവുമായ മൂല്യങ്ങളുണ്ട്.

16:4 ശുശ്രൂഷാനേതൃത്വം

"മൗറേലൂസ് മെത്രാനച്ചന്റെ കാലത്തു തുടങ്ങുകയും പ്രംസിസ്ക്കോസ് ശവരിയാർ, ലുദവിക്കോസ് എന്ന മെത്രാപ്പോലീത്താമാരുടെ ഭരണകാലങ്ങളിൽ നടത്തിപ്പോരുകയും ചെയ്തതായ അവരുടെ ജീവിതമുറ ആ മേൽപ്പട്ടക്കാർ സ്വീകരിച്ചുറപ്പിച്ചില്ലെങ്കിലും അതിനെ അവർ സമ്മതിച്ചു പോന്നിരുന്നു." [24 a] 1817-ൽ ആസ്തപ്പാടു പട്ടം സ്വീകരിച്ച പോരൂക്കര തോമ്മാച്ചൻ കണിയാന്ത്ര യാക്കോബുമായി കൈമാറിയ ആശ്രമജീവിതത്തിനുള്ള ആശയത്തെ സഭാ നേതൃത്വം വേണ്ട ശിപാർശകൾ കൊടുത്തു സാവധാനം സന്ന്യാസസമൂഹമെന്ന നിലയിൽ രൂപപ്പെടുത്തി. 1828 മീനം 16 മുതൽ മൗറേലിയസ് മെത്രാനച്ചന്റെ സെക്രട്ടറിയായി ശുശ്രൂഷ നടത്തിയിരുന്ന പോരൂക്കര തോമ്മാച്ചനാണ് ആശ്രമജീവിതത്തിനുള്ള ആലോചനകൾ ശക്തിപ്പെടുത്തിയത്. അന്നത്തെ സഭാധികാരിയായിരുന്ന മോൺസിഞ്ഞോർ മൗറേലിയസ് സ്തബിലീനി ഇറ്റലിക്കാരനായ ഒരു സപാദുക സന്ന്യാസിയായിരുന്നു. പിന്നീട് അദ്ദേഹം നിഷ്പാദുക കർമ്മെലീത്താ വിഭാഗത്തിൽ ചേർന്നു. സഭാകാര്യങ്ങൾ നടത്തുന്നതിൽ അറിവും പരിചയവുമുള്ള വൈദികരെ വനവാസത്തിനു വിടാൻ സഭാധികാരിയെന്ന നിലയിൽ സ്തബിലീനിക്കു മനസ്സില്ലായിരുന്നു. അതിനാൽ പൊതുനന്മയെ ഉദ്ദേശിച്ച് ഒരു സന്ന്യാസ സ്ഥാപനാനുമതി എന്ന നിർദ്ദേശമാണ് പോരൂക്കര, പാലയ്ക്കൽ മല്പാൻമാർക്കു കൊടുത്തത്. ഇതനുസരിച്ച് ചാവറയും പോരൂക്കരയും പാലയ്ക്കലും സഭാ നേതൃത്വത്തിനു കീഴ്പ്പെട്ടു.

മൗറേലിയസ് സ്തബിലീനിയുമായുള്ള ആലോചനകളെല്ലാം ചാവറ പട്ടമേൽക്കുന്ന 1829-നു മുമ്പു നടത്തിയിരുന്നു. പോരൂക്കരയച്ചന്റെ മെത്രാനച്ചനോടുള്ള അടുപ്പവും ഭക്തിയും നിഷ്പാദുക

കർമ്മെലീത്തനായിത്തീർന്ന മെത്രാനച്ചനിൽ നിന്നും മറ്റു തെരേസ്യൻ കർമ്മെലീത്തരിൽ നിന്നും സമാർജ്ജിച്ചിരുന്നതായിരിക്കണം. വരാപ്പുഴ സെമിനാരിയിൽ പഠിച്ച പോരൂക്കര അവിടെയുണ്ടായിരുന്ന നിഷ്പാദുക കർമ്മലീത്തരിൽ നിന്നും യൗസേപ്പു പിതാവിനോടുള്ള ഭക്തി കൈവശമാക്കിയിരിക്കണം.

സഭാനേതൃത്വവും വരാപ്പുഴ നിന്നും നൽകിയിരുന്ന പ്രോത്സാഹനവുമെല്ലാം കർമ്മലീത്താമയമായിരുന്നു. പുതിയതായി രൂപംകൊണ്ട സന്ന്യാസ സമൂഹത്തെ കർമ്മെലീത്തരായ വികാരി അപ്പസ്തോലിക്കാമാർ സംരക്ഷിച്ചിരുന്നു. ചമ്പക്കുളം പള്ളിയിൽ മാർ യൗസേപ്പിന്റെ ഭക്തി പ്രചരിപ്പിച്ച ആളാണു പോരൂക്കര. ചമ്പക്കുളത്തു നിന്നുമാണ് മാന്നാനത്തെ പ്രധാന ബലിപീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന യൗസേപ്പ് പിതാവിന്റെ രൂപം കൊണ്ടുവന്നതും. കർമ്മെലീത്താഭക്തിയായ മാർ യൗസേപ്പിനോടുള്ള അടുപ്പവും യൗസേപ്പിന്റെ നാമത്തിൽ പ്രഥമ സന്ന്യാസഭവനം സ്ഥാപിതമായതും വ്രതം 1855-ൽ ചെയ്തപ്പോൾ സംഭവിച്ചതും വച്ചുനോക്കിയാൽ പുതിയ സന്ന്യാസഗണത്തെ കർമ്മെലീത്തായാക്കുന്നതിനുള്ള നിയോഗം പിന്നിലുണ്ടായിരുന്നു.

1855-ൽ ചാവറയും മറ്റ് പത്ത് അച്ചന്മാരും വ്രതം ചെയ്തപ്പോൾ സഭാധികാരിയായിരുന്നത് മോൺസിഞ്ഞോർ ബർണഡിൻ ബച്ചിനേല്ലിയായിരുന്നു.

ചാവറയച്ചന്റെ നിർദ്ദേശപ്രകാരം ബച്ചിനേല്ലി സഭയുടെ സ്വഭാവത്തെ പ്രത്യേകമായി നിശ്ചയിച്ചു എന്നുമാത്രം. സ്ഥാപകസിദ്ധിയിലോ സ്ഥാപകരുടെ സിദ്ധിയിലോ ബർണഡിൻ പങ്കുചേർന്നില്ല. അദ്ദേഹത്തിനു മുൻപുതന്നെ സന്ന്യാസസമൂഹം രൂപപ്പെട്ടിരുന്നു. എന്നാൽ പുതിയ സമൂഹത്തിനു നിയമാവലി നൽകിയപ്പോൾ പുരാതനകർമ്മെലീത്താ പാരമ്പര്യം ഇവിടെ കൊണ്ടുവന്നു. ഓറെഞ്ഞം പാത്രിയർക്കീസായിരുന്ന അൽബ്രത്തോസ് വി. ബ്രൊക്കാർദിനാണ് നിയമം

കൈയ്യേല്പിച്ചത്. അതുപോലെതന്നെ സഭാധികാരിയായിരുന്ന ബർണഡിൻ ചാവറയച്ചനാണ് നിയമാവലി കൈമാറിയത്.[25] എന്നാൽ വ്രതാർപ്പണസമയത്ത് സഭാധികാരിയായിരുന്ന ബർണർഡിന്റെ ദലഗാത്തായായിരുന്ന മർസെലീനോസ് മിഷനറിയാണ് വ്രതം സ്വീകരിച്ചത്. ഇതും സഭാധികാരപരമെന്നതിനേക്കാൾ സന്ന്യാസകുടുംബത്തോടു ബന്ധപ്പെടുത്തുന്ന ഒരു സംഭവമായിത്തീർന്നു. അമലോത്ഭവമാതാവിന്റെ ദാസർ എന്നിടത്ത് 'അമലോത്ഭവ കർമ്മെലമാതാവിന്റെ ദാസർ' എന്ന വിശേഷം സഭാ നാമത്തിനു കൊടുത്തു. പ്രതീകാത്മകമായി വ്രതാനുഷ്ഠാനത്തോടു ചേർന്നു നടത്തിയ സഭാവസ്ത്രധാരണത്തിൽ ഒരു ചെറിയ ഉത്തരീയം ധരിപ്പിച്ചതു ഭാവിയിൽ കർമ്മെലീത്താ സഭയുടെ ഭാഗമാക്കാനായിരുന്നുവെന്നുവേണം ചിന്തിക്കുവാൻ.[26]

സംഭവിച്ചത് പുതിയതായി രൂപം കൊണ്ട സന്ന്യാസസമൂഹം നിഷ്പാദുകകർമ്മലീത്താ ഒന്നാം സഭയുടെ പ്രേഷിതവിഭാഗത്തിന്റെ സ്വഭാവത്തിലുള്ള ഒന്നായിത്തീർന്നു എന്നതാണ്. കൂടാതെ മാതൃഭക്തിയെ മരിയഭക്തിയാക്കിത്തീർത്തു. "കർമ്മെലയിലെ അമലോത്ഭവ മാതാവ്" എന്നതിനു പകരം 'കർമ്മെലയിലെ അമലോത്ഭവ മറിയം' എന്ന ശൈലി രൂപപ്പെടുത്തി.

1860-കളിൽ ഈ സന്ന്യാസഗണത്തെ നിഷ്പാദുക കർമ്മെലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയാക്കി. കർമ്മലീത്താ ആകമാനസഭയുടെ ജനറാൾ മൂന്നാം സഭയുടെയും ജനറാളായി. മൂന്നാം സഭക്കാരുടെ വ്രതം സ്വീകരിക്കേണ്ടതു ജനറാൾ നേരിട്ടോ പ്രതിനിധിവഴിയോ എന്നതായിരുന്നു അടുത്ത പ്രശ്നം. മൂന്നാം സഭയുടെ ജനറാൾ സഭാധികാരിയായിരുന്ന ബർണ്ണഡീൻ ബച്ചിനേല്ലിയെ വികർ പ്രൊവിൻഷ്യലായി നിശ്ചയിച്ചു. പുതിയ ഭവനങ്ങൾ തുടങ്ങുന്നതിനുള്ള അധികാരവും വികർ പ്രൊവിൻഷ്യലിനു നൽകി. വികർ പ്രൊവിൻഷ്യൽ അദ്ദേഹത്തിന്റെ ദലഗാത്തു വഴിയും കാര്യങ്ങളൊക്കെ നടത്തിയിരുന്നു. വലിയ പ്രിയോരച്ചനായ ചാവറയും മറ്റു പ്രിയോരച്ചന്മാരും എല്ലാം

പ്രാദേശികസഭാധികാരിയെന്നനിലയിലും ജനറാളിന്റെ ദലഗാത്ത് എന്ന നിലയിലും വികർ പ്രൊവിൻഷ്യലായ ബർണ്ണഡീൻ ബച്ചിനേല്ലിയുടെ കീഴിലായിരുന്നു.[27]

സഭാധികാരത്തിന്റെ ഇടപെടൽ വഴി ഏതദ്ദേശീയമായ ഒരു സിദ്ധിയെ വൈദേശികവും മറ്റൊരു വൈദേശിക സന്ന്യാസത്തിന്റെ മൂന്നാം സഭയുമാക്കിത്തീർത്തു. ഇതിൽ പ്രത്യക്ഷമായോ, പരോക്ഷ മായോ പങ്കെടുത്ത സഭാനേതാക്കളാണ് മൗറേലിയൂസ് സ്തബിലീനി, ഫ്രാൻസിസ് സേവിയർ പെഷേത്തോ, ലുദവിക്കോസ് മർത്തീനി, ബർണഡിൻ ബച്ചിനേല്ലി, ലെയോനാർദോ മെലാനൊ എന്നിവർ.

വാച്ചവനവാസം എന്നതിനു വ്യക്തമായ രൂപവും ഭാവവും നൽകു ന്നതിൽ സഭാനേതൃത്വം എന്നും പങ്കു വഹിച്ചിരുന്നു. എന്നാൽ ചരി ത്രത്തിന്റെ ഗതിയെ മറ്റെല്ലാ സംഭവങ്ങളിലും എന്നതു പോലെ മാറ്റി മറിച്ചതുകൊണ്ടാണ് നിവേശനത്തിൽ തീർത്തും നസ്രാണി ഏതദ്ദേ ശീയമായിരുന്ന നിവേശനത്തെ വൈദേശികകർമ്മെലീത്താ ആയി വ്യവ സ്ഥാപിതമാക്കിയത്.

16:5 രാഷ്ട്രീയാംഗീകാരം

"നമ്മുടെ ഈ വെസറൌമ്മായുടെ കാര്യത്തിന് ഉത്സാഹിപ്പി ക്കയും ഇതിന്റെ ശേഷം സാധ്യമല്ലന്നും പരാധീനമെന്നും എഴുത്തുവ രികകൊണ്ടു വീണ്ടും മെലെഴുതിയ മുതൽ പിടിക്കാരന്റെ സഹായ ത്താൽ ഈ ഉത്തരവുതന്നെ കൊള്ളിച്ച ഏറ്റുമാനൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലൻ കണ്ണാമുകർ കുന്നുകാലായിൽ പള്ളിയും വീടും വൈയ്ക്കുന്നതിന്നു സമ്മതമുണ്ടായെന്നും കരക്കാർക്കു ചീട്ടു കൊടുത്തു വരുത്തി. ഇതിനൊക്കക്കും തരകനും കൊച്ചുപൊത്തൻ മാപ്പിള എന്ന അയാളുടെ അനുജനും, യിവരിരുവരുടെ പ്രയത്നത്താൽ ഇവരുടെ ഉപകാരം പറ്റിക്കിടക്കുന്നവരാകക്കൊണ്ടു സമത വരുത്തി

മുടക്കില്ലാത്ത പ്രകാരം ചീട്ടും വെപ്പിച്ചു കച്ചീട്ടുകളുടെ പെർപ്പും സകശീൽദാരുടെ സാദനവും കൂടെ വാങ്ങിച്ചു കൊണ്ടുവന്നപ്പോൾ ഇവരവച്ച കച്ചീട്ടീൽ ചില വാശകൾക്കു പുച്ചമുണ്ടാകകൊണ്ടു ആയതിന്റെ പെർപ്പു കൊടുത്തയച്ചാൽ അങ്ങോട്ടു ചെല്ലുമ്പോൾ വീണ്ടും വിജാരയ്ക്കു ഉത്തരവു വന്നുവെന്നു വരികിൽ ഇനിയും ചടതയും ദീർഘവുമായിവരുമെന്നും വിജാരിച്ചു മെലെഴുതിയ മുതൽ പിടിക്കാരനൊടു പറഞ്ഞാറെ ആയതിനു ഞാൻ ഉപായമുണ്ടാക്കാമെന്നും പറഞ്ഞു. ഈ എഴുത്തുവാങ്ങിച്ചുകൊണ്ട് അയാളും യാക്കോയും കൂടെ പോയി സാദനം പൊട്ടിച്ച നല്ല വാശകത്തിൽ കച്ചീട്ടുകളുടെ പെർപ്പും എഴുതി കാര്യക്കാരുടെ മുദ്രയും ഇയാൾ വാങ്ങിച്ച മുദ്രികയും ഇട്ടുകൊടുത്തു".[28] കണിയാന്ത്ര യാക്കോബ് സമക്കാരിൽ നിന്ന് ആവശ്യമായ അനുവാദം കിട്ടുന്നതിനു ചെയ്ത കഷ്ടപ്പാടാണു മുകളിൽ ഉദ്ധരിച്ചത്.

നാട്ടുകാരുടെ അഭിപ്രായമറിഞ്ഞു മാന്നാനത്തു പള്ളിവയ്ക്കുന്നതിനു തഹശീൽദാർ അഭിപ്രായം ആരാഞ്ഞപ്പോൾ അതിന് അനുകൂലമായ മറുപടികിട്ടി. "മുതൽ പിടിയുടെയും മറ്റും സ്വാധീനത്താൽ തഹശീൽദാർ നല്ല റിപ്പോർട്ടു ദിവാൻജിക്കു അയക്കുകയും അതിൻ പ്രകാരം ഗുണമായ ഉത്തരവു ദിവാൻജിക്കു കൊടുക്കുകയും ചെയ്തു".[29]

"പള്ളിയും ദർശനവീടും പണിയിക്കുന്ന വകയ്ക്കു ദിവാൻജിയിൽ നിന്നു കിട്ടിയ ഉത്തരവുപോലെ ഏറ്റുമാനൂർ തഹശീൽദാർ അവയ്ക്കുള്ള ചീട്ട് അയച്ചുതരാഞ്ഞതിനാൽ ബഹുമാനപ്പെട്ട പോരൂക്കരയച്ചൻ ആഹായാക്കോബിനെ മുതൽ പിടിയുടെ പക്കൽ ഒളശയ്ക്കു അയയ്ക്കുകയും തഹശീൽദാരുടെ ചീട്ട് പള്ളി പണിയ്ക്കുവേണ്ടി വാങ്ങിത്തരണമെന്ന് എഴുതി അപേക്ഷിക്കുകയും ചെയ്തു. സന്തോഷാധി കൃത്താൽ സ്വന്തം കൈയ്യക്ഷരത്തിൽ (മലയാളത്തിൽ) ആ എഴുത്ത് മെത്രാനച്ചൻ തന്നെ എഴുതി..... തഹശീൽദാരുടെ ചീട്ടു കരക്കാർക്കു വന്ന വിവരം കുടമാളൂർ ചെന്ന് മെത്രാനച്ചനെ അറിയിച്ചപ്പോൾ ഉടനെ തന്നെ.....

ഒരു മരക്കുരിശു തീർപ്പിച്ചു പള്ളി വെയ്ക്കാനുള്ള സ്ഥലത്തു സ്ഥാപിക്കണമെന്ന് കല്പിക്കയും..... 1831 ഏപ്രിൽ മാസത്തിൽ ഒരു ദിവസം വൈകിട്ട് ടി കുരിശു സ്ഥാപിക്കുകയും ചെയ്തു."[30] "പിറ്റേ മാസത്തിൽ നമ്മുടെ തിരുവിതാംകൂർ ഇളയരാജാവ്.... തിരുമനസ്സുകൊണ്ടു മടങ്ങിപ്പോകുമ്പോൾ വിചിത്രപ്പണികളാൽ അലംകൃതമായ ഒരു മെഴുകുതിരിയും പളുങ്കുപ്പൂക്കിണ്ണത്തിൽ ഒരു പൂമാലയും പൊൻച്ചുള പൂച്ചുവടിൽ വിശേഷതരം പൂച്ചെടികളും തിരുമുൽക്കാഴ്ചയായി സമർപ്പിച്ചു. തിരുമനസ്സുകൊണ്ടു പ്രസാദിച്ചു ദാനക്കാർക്കും മറ്റും ചില സമ്മാനങ്ങൾ കല്പിച്ചു കൊടുക്കുകയും ചെയ്തു."[31]

"1846 ജൂലൈ മാസത്തിൽ ലുദവിക്കോസ് മെത്രാപ്പോലിത്താച്ചന്റെ താല്പര്യത്താൽ ബ്രിട്ടീഷ് റെസിഡന്റ് കല്ലൻ സായിപ്പ് മുഖാന്തരം കൊട്ടാരത്തിൽ നിന്ന് അച്ചടിക്കാനുള്ള അനുമതിയും വാങ്ങി."[32]

1800 കളിൽ തുടക്കം കുറിച്ച മാന്നാനത്തെ ആശ്രമ പ്രസ്ഥാനത്തിനു രാഷ്ട്രീയാധികാരികളിൽ നിന്നും അനുകൂലമായ സമീപനമുണ്ടായി എന്നതാണ് മുകളിൽ കാണിച്ച രേഖകളെല്ലാം വ്യക്തമാക്കുന്നത്. ഈ വിധത്തിൽ ഭരണാധിപന്മാർ ഒരു ആശ്രമപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നത് രണ്ടുകാര്യങ്ങൾ മുഖാന്തരമാണ്. ഒന്നാമത് രാഷ്ട്രീയാധികാരികളുടെ നല്ല മനസ്സും അതിന്റെ അടിസ്ഥാനമായ ആധ്യാത്മിക ദർശനവും. അമലോത്ഭവദാസസംഘത്തിന്റെ പ്രാരംഭഘട്ടത്തിൽ തിരുവിതാംകൂർ ഇളയരാജാവ് നല്ല കുലീനത്വവും അതുപോലെ നസ്രാണികളോടു വലിയ ആദരവും ഉള്ള മഹാനായിരുന്നു. സങ്കുചിതവും സ്ഥാപിതവുമായ താത്പര്യങ്ങളില്ലാത്ത രാജാക്കന്മാർ തിരുവിതാംകൂറിൽ ഉണ്ടായിരുന്നുവെന്നത് എന്നും എടുത്തു പറയേണ്ട ഒരു സത്യമാണ്.

രണ്ടാമത്തേത് ആധ്യാത്മികസംരംഭം എപ്പോഴും സർവ്വജനത്തിനും നന്മപകരുന്നു എന്നതാണ്. ഈ അർത്ഥത്തിൽ മഹാരാജാവും

ദിവാൻജിമാരും തഹശീൽദാമാരും മാന്നാനത്തെ ആശ്രമ പ്രസ്ഥാനത്തെ അനുഗ്രഹിച്ചത് ഈ നാടിനു വലിയ ഒരു മോചനത്തിന്റെയും അധുനാതനീകരണത്തിന്റെയും യുഗമായിരുന്നു. ബ്രിട്ടീഷുകാരുടെയും ഡച്ചുകാരുടെയും മറ്റും സ്വാധീനമുണ്ടായിരുന്നുവെങ്കിലും കേരളത്തിന്റെ തനതാത്മക തുടക്കങ്ങൾ ഭാരതത്തിന്റെ യൂറോപ്പാക്കി കേരളത്തെ രൂപപ്പെടുത്തി. ഈ കാര്യത്തിൽ നിസ്വാർത്ഥവും നിഷ്കളങ്കവുമായ സേവനമാണ് ചാവറയും കൂട്ടരും ചെയ്തതെന്ന് ചരിത്ര പഠിതാക്കൾക്കു വ്യക്തമാണ്. അതിന് ഒത്താശയും അനുവാദവും നൽകിയ രാഷ്ട്രീയ ഭരണാധികാരികളും വിജയിച്ചു. ഇവിടെ പ്രകടമായ ഒരുവലിയ സത്യം രാഷ്ട്രീയ ഭരണാധികാരികളും മതസംഘടനകളും ജനത്തിന്റെ നന്മയെ ലക്ഷ്യം വച്ചാൽ വിജയം ഇരട്ടിയാണെന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ വിദേശീയ അധികാരികളുടെ ഭാഗത്തുനിന്നും വിഭാഗീയതയുടെ ചങ്ങലകൾ ശക്തിപ്പെടുകയും പൊതുജനം തിരസ്കൃതമാകുകയും ചെയ്യുന്നു. ഇവിടെ വിജയം കണ്ടെത്തുന്നതു ജനതകളുടെ സ്വയം പര്യാപ്തതയെക്കാൾ സ്ഥാപനങ്ങളുടെ പേരും പെരുമയും സ്ഥാപിതതാത്പര്യക്കാരുടെ നേട്ടങ്ങളുമാണ്. [33]

രാജകീയമായ അധികാര സൂചനകളെക്കാൾ ശുശ്രൂഷാത്മകമായ അധികാരമാണ് മാനവരാശിയെ വിമോചിപ്പിക്കുന്നത്. ഈശോയുടെ വാക്കുകൾ സഭാധികാരികളും രാഷ്ട്രീയാധികാരികളും സ്വീകരിക്കേണ്ടതാണ്: "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനാകണം. സേവിക്കപ്പെടുവാനല്ല, സേവിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ അർപ്പിക്കാനുമായി മനുഷ്യപുത്രൻ വന്നിരിക്കുന്നത് പോലെതന്നെ" (മത്താ. 20:28). സർവ്വലോകത്തിനുമുള്ള രക്ഷയുടെ സന്ദേശമാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ രാഷ്ട്രീയ സി.എം.ഐ. സംഗമം പ്രഖ്യാപിച്ചത്.

16:6 മതാന്തര സഹകരണം

ചാവറയച്ചൻ തന്റെ വിശ്വാസ പ്രഘോഷണത്തിൽ നസ്രാണി ദൈവാരാധനയുടെ ചൈതന്യത്തിൽ എല്ലാം ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സാഹിത്യരചനയും ജീവിത സാക്ഷ്യവും മതാന്തര സൗഹൃദത്തിന്റെ വിത്തുപാകി. ഡോ.സുകുമാർ അഴീക്കോടിന്റെ നിരൂപണം ശ്രദ്ധിക്കാം: "ഏറെക്കുറെ 19-ാം നൂറ്റാണ്ടിന്റെ ആദ്യം ഞങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ജീവിതമാണ് ചാവറ കുരിയാക്കോസച്ചന്റേത്. ആ ജീവിതത്തിനിടയിൽ അദ്ദേഹം രണ്ടു നൂറ്റാണ്ടുകളെ മാത്രമല്ല മറ്റു ചിലതിനെയുംക്കൂട്ടി യോജിപ്പിക്കുകയുണ്ടായി. ആരമ്മീയ ജീവിതത്തിന് ക്രൈസ്തവധർമ്മം സങ്കൽപ്പിക്കുന്ന ഏറ്റവും ഉന്നതമായ ശിഖരങ്ങളിലേയ്ക്ക് അച്ചൻ ആരോഹണം ചെയ്ത് വിജയിച്ചു കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാമിപ്പോഴുള്ളത്. അതിനിടയിൽ വേറെ ശിഖരങ്ങളിലും അദ്ദേഹം ആരോഹണം ചെയ്തിട്ടുണ്ടെന്നുള്ളത് നമ്മെ വിസ്മയിപ്പിക്കുന്നു. അക്കൂട്ടത്തിൽ ഏറ്റവും ഉയർന്ന ശ്രുംഗംസാഹിത്യത്തിന്റേതുതന്നെ. കേരളചരിത്രത്തിൽ ഒരു സന്ധാനശതാബ്ദമായി (a century of fusion) അറിയപ്പെടുന്നതിനിടയിൽ അനേകം സന്ധാനക്രിയകൾ നടത്തുകയുണ്ടായി. അച്ചന്റെ സാഹിത്യത്തിന്റെ സ്വഭാവം ഈ സന്ധാനമാണ്. അദ്ദേഹം മതത്തെ സാഹിത്യസാൽക്കരിക്കുകയും സാഹിത്യത്തെ മതസാൽക്കരിക്കുകയും ചെയ്തു. തന്റെ കവനരീതിയിൽ അച്ചൻ ഒതുക്കിച്ചേർത്ത സന്ധാന കർമ്മങ്ങൾ എന്തൊക്കെയാണെന്നു താഴെ കാണിക്കാൻ ശ്രമിക്കുന്നു."[34] ചാവറയച്ചനെക്കുറിച്ച് ഈ ഉന്നതസാഹിത്യകാരൻ വിലയിരുത്തിയത്, ചാവറ എല്ലാ സീമകളെയും മറികടന്ന് ദൈവാനുഭവത്തിന്റെ ആത്മപ്രകാശനത്തിലൂടെ എല്ലാ മതസ്ഥർക്കും സ്വീകാര്യനായവനെന്നു വ്യക്തമാക്കുന്നു. മതാനുഷ്ഠാനത്തിന്റെ ഘടനാത്മകതയിൽ നിൽക്കാതെ അതിന്റെ സന്ദേശത്തിൽ ഊന്നിനിന്നുകൊണ്ട് സ്വാനുഭവത്തെ ആവിഷ്ക്കരിക്കുന്നത് ഏതു മതസ്ഥർക്കുമെന്നുമാത്രമല്ല, ഏതു മനുഷ്യർക്കും സ്വീകാര്യമാണ്.

അതുകൊണ്ടാണ് മതാന്തരചിന്ത എന്നതുപോലെ അന്തർദ്ദേശീയദർശനവും ചാവറക്കവിതയിൽ തെളിഞ്ഞു നിൽക്കുന്നത്. ഈ വൈദേശിക പാരമ്പര്യത്തെ ചാവറ സ്വീകരിച്ചതിനെയാണ് "മറ്റൊരു സന്ധാനം"[35] എന്ന് സുകുമാർ അഴീക്കോട് പറയുന്നത്. ആത്മാനുതാപത്തിന്റെ സ്വഭാവത്തിൽ വൈദേശികത്വമുണ്ടെന്നു സാഹിത്യകാരൻ സൂചിപ്പിക്കുന്നു.[36]

ആത്മാനുതാപം വിശ്വാസാനുഭവത്തിന്റെ സ്വഭാവത്തിൽ ദേശീയാതീതമായ ഒരു സവിശേഷതയാണ്. ദൈവമനുഷ്യബന്ധത്തിൽ പരിമിതിയെ അതിജീവിക്കാനുള്ള ഒരാഹ്വാനമാണ് ആത്മാനുതാപത്തിന്റെ തുടക്കമായ തിരിയൽ അല്ലെങ്കിൽ പശ്ചാത്താപം. ഇത് ബൈബിളിൽ കാണുന്ന സുപ്രധാനമായ പ്രമേയമാണ് (ലൂക്കാ 1:14-15; യോഹ. 3:3-5). ചാവറ ദർശനത്തിൽ മതാന്തരസൗഹൃദത്തിനു ഊന്നലുണ്ടെന്ന് അദ്ദേഹത്തോടു അടുത്തു പെരുമാറിയ നാനാജാതി മതസ്ഥരുടെ അനുഭവത്തിൽ നിന്നു തെളിയുന്നുണ്ട്.[37]

ചാവറ മാനവരാശിക്കു നൽകിയ വലിയ ഒരു സംഭാവന നിർമ്മലവും, ഉത്തമവും സുന്ദരവുമായ ഒരു ജീവിതം കവിതയിലൂടെ ആവിഷ്ക്കരിച്ചതാണ്. കവിത ഹൃദ്യമാക്കിയത് ആത്മാവിന്റെ വിശുദ്ധികൊണ്ടാണ്. അത് ഏതു മതസ്ഥർക്കും ഏതു സംസ്ക്കാരത്തിനും സ്വീകാര്യമായ ഒരു സമ്പർക്ക മാദ്ധ്യമമാണ്. സി.പി. ശ്രീധരൻ ചാവറയെ മതാന്തരാനുഭൂതികളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ താൻ ദൈവമെന്ന അഹന്തയെ മറികടന്നു നിസ്സാരമായ ഒരു പരമാണു എന്ന് കരുതുന്നതായി ചൂണ്ടിക്കാട്ടുന്നു: "മിസ്റ്റിക്കുകൾ സാധാരണമായി പലതരത്തിലുണ്ട്. താൻ തന്നെ ഈശ്വരനാണ്, ബ്രഹ്മാവാണ് എന്നു സങ്കൽപ്പിച്ച് തന്റെ അഹന്തയെ പരമാവധി വികസിപ്പിച്ച് വളർത്തിയെടുക്കുന്ന മിസ്റ്റിക്കുകളുണ്ട്. ഈ പ്രപഞ്ചത്തിലെ പരമനിസ്സാരമായ അണു വാണ് താൻ എന്ന മട്ടിൽ തന്റെ അഹന്തയെ അലിയിപ്പിച്ച്, അലിയിപ്പിച്ച് ഇല്ലാതാക്കിക്കൊണ്ട് ഏറ്റവും എളിയ ഭാവത്തിൽ ഈശ്വരനുമായി യോഗം

തേടുന്ന ബന്ധം സ്ഥാപിക്കുന്നവരാണ് രണ്ടാമത്തെ വിഭാഗത്തിൽ പെടുക. ഈ രണ്ടാമത്തെ മാർഗ്ഗചാരിയായിരുന്നു ചാവറയച്ചൻ. അദ്ദേഹം തന്റെ അഹന്തയെ ലയിപ്പിച്ച് ലയിപ്പിച്ച് ഇല്ലാതാക്കിക്കൊണ്ട് ഏറ്റവും ലളിതമായ, ഏറ്റവും നിസാരമായ ഒരു പരമാണുവാണു താനെന്ന ഭാവത്തിൽ തന്റെ ജീവിതത്തെ ഈശ്വരാർപ്പണമായി കരുതിയിരുന്ന വ്യക്തിയാണ്..... ചാവറകൃതിക്കുള്ള ഭാവസൗന്ദര്യമാണ് - 'ആത്മസൗന്ദര്യമാണ്' - നാമതിൽ (ചാവറയുടെ ആത്മാനുതാപ കൃതിയിൽ) കാണുക. അങ്ങനെ ആത്മസൗന്ദര്യത്തിന്റെ- ജീവിതവിശുദ്ധിയുടെ- ആത്മീയസംസ്കാരത്തിന്റെ കവിതയാണതെന്നു പറയാം."[38]

മതാന്തരസൗഹൃദത്തിന്റെ മഹനീയ മാതൃക ചാവറയച്ചൻ തന്റെ ജീവിതത്തിലൂടെയും കവിതകളിലൂടെയും മാനവരാശിക്കു നൽകി എന്നാണ് ശ്രീമാൻ ശ്രീധരൻ തെളിയിക്കുന്നത്.[39] അദ്ദേഹം എടുത്തു പറയുന്നു: "ഹൈന്ദവജനതയുടെ സാംസ്ക്കാരികരീതികൾ അദ്ദേഹം കവിതയിൽ സ്വീകരിച്ചു. ഹിന്ദുക്കളുടെ സന്ധ്യാനാമത്തിലെ വരികൾ, ശ്രീകൃഷ്ണ കീർത്തനങ്ങൾ, ഈശ്വരസ്തവങ്ങളായ മറ്റു ദേവീകീർത്തനങ്ങൾ തുടങ്ങിയവ ആത്മാനുതാപത്തിലും മറ്റു കൃതികളിലും കാണുന്ന കവിതകളുമായി പൊരുത്തമുള്ളവയാണ്. അത്രമാത്രം ഹൈന്ദവജനതയുടെ രൂപമാതൃകകളെ സ്വാംശീകരിക്കുകയും സ്വന്തമാക്കുകയും അവയെ മലയാള ഭാഷയുടെ ജീനിയസ്സിൽ (പ്രതിഭയിൽ) കലർത്തിക്കൊണ്ട് പ്രയോഗിക്കുകയും ചെയ്യാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തിന്റെ കവിതകളുടെ പ്രത്യേകത."[40]

മതാന്തരസൗഹൃദത്തിന്റെ കാതലായഘടകം ദൈവമനുഷ്യ ബന്ധത്തിന്റെ സാർവ്വത്രികതയാണ്. ഡോ. കെ.എം. തരകന്റെ വാക്കുകൾ: "ഞാൻ വേറെ, നിങ്ങൾവേറെ എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം കത്തോലിക്കനായിരുന്നുവെന്ന് കത്തോലിക്കർ പറയും. എന്നാൽ അദ്ദേഹം വലിയ ഒരു

ക്രിസ്ത്യാനിയായിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു. ഒരു ദൈവ ദാസനായിരുന്നു. ദൈവദാസൻ മനുഷ്യരുടെ മുഴുവൻ സേവകൻ കൂടി യാണ്..... ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാ പൂരത്തിന്റെ, തേജസ്സിന്റെ ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു നിൽക്കുകയാണ്."[141] ഏതു മതവിശ്വാസിയേയും ശുശ്രൂഷ ചെയ്യുന്ന വ്യക്തിത്വത്തിന്റെ ഉട മയായിരുന്നു ചാവറയച്ചൻ.

16:7 മരുഭൂമിയിലെ വേഴാമ്പൽ

"മരുഭൂമിയിലെ വേഴാമ്പൽ" എന്നു ചാവറയെ വിശേഷിപ്പിക്കു മ്പോൾ രണ്ട് നിഷേധാത്മകഘടകങ്ങളുടെ സന്ധാനമാണ് കാണുന്നത്. മരുഭൂമി എന്നതിന് നിർജ്ജലപ്രദേശമെന്ന അർത്ഥമാണുള്ളത്. വേഴാ മ്പൽ എന്നത് വെള്ളത്തിനായി എപ്പോഴും ദാഹിക്കുന്നപക്ഷി എന്നർ ത്ഥമുള്ളതുമാണ്. മനുഷ്യപ്രകൃതി പരിശുദ്ധാത്മാവിനെ കൂടാതെ മരു ഭൂമിക്ക് സദൃശ്യമാണ്. അനുതാപത്തിന്റെ അഭാവത്തിൽ മനുഷ്യഹൃ ദയം വെള്ളത്തിനായി ദാഹിക്കുന്ന വേഴാമ്പലിനുതുല്യവും. എന്നാൽ അനുതപിക്കുന്ന ഹൃദയം സങ്കീർത്തകന്റെ ശൈലിയിൽ 'ആറ്റുതീരത്തു നടപ്പെട്ട മരത്തിനു തുല്യവും' (സങ്കീ. 1:3). ചാവറ തന്റെ മരുഭൂവിനു സദൃശ്യമായ ബാല്യകാലത്തെ എന്നും അനുതാപത്തിന്റെ കണ്ണുനീ രാൽ നനച്ചിരുന്നതിനാൽ റൂഹാദ്ക്കുദ്ശായുടെ നിർത്സരി എപ്പോഴും ചാവറയുടെ ഹൃദയത്തെ നനച്ചിരുന്നു. അത് ഫലം പുറപ്പെടുവിച്ച റൂഹായുടെ വാസസ്ഥലമായി എന്നും നിലകൊണ്ടു. ചാവറ പാടുന്നു:

"നിൻ തിരുമുൻപിൽ നിന്നു ഭയത്താലൊളിപ്പാനായ്
നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും
എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം

നിന്നെ ഞാനുപേക്ഷിച്ചു പിൻതിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെ പിൻപെ
വഴക്കിയില്ലായെന്നെ പുഴുക്കൾ കടിപ്പാനായ്
പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ല നീയേ
ഇത്ര നിന്ദിതനായ അടിയൻ നിന്റെ തിരു-
ച്ചിത്രകൗതുകമായ കൂട്ടത്തിൽ ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ
നിന്ദിതനായിരത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളൂ
സ്മരിച്ചു ചേർന്നീടുകിൽ ചേർത്തീടും നിൻ പാദത്തിൽ
ഇതിനായൊരു കഴിവിതെന്നു സ്മരിച്ചിപ്പോൾ."[42]

തളർന്ന് അവശനായ ചാവറ ഈശോയുടെ പാദാന്തികത്തിൽ തിരിച്ചു വന്നു നടത്തുന്ന സ്നേഹത്തിന്റെ ശുശ്രൂഷയാണ് തുടർന്നു വരുന്ന കവിതാസാരം:

"മതിയാൽ വരുന്നുഞാൻ ഗദസെമ്മനിയതിൽ
പരമദേവസുതാ, കരുണനിധേ, നാഥാ!
പരനാം പിതൃസമകൂടസ്ഥാ! സമസ്തേശാ!
നരവർഗ്ഗത്തിൻ രാജാ! ദാവീദിൻ സുതൻ രാജൻ
പരരക്ഷയെ ചെയ്വാൻ നീയെന്യെമറ്റാരുള്ളൂ.
ഒൻപതുവ്യന്ദം ദേവ സുന്ദരഗണമൊക്കെ
മുൻപിലാരാധിച്ചീടും നിൻ തിരുവടിയല്ലൊ
ഈ നിശാമദ്ധ്യ നീയീക്കാടതിലെഴുന്നള്ളി
ഈശനായിരിക്കുന്ന നീ എന്തു തേടീടുന്നു
എന്നുടെ സ്നേഹാജമാം നിന്നെത്തേടുവാനായി
മന്നിലിങ്ങെഴുന്നള്ളി സ്നേഹത്താൽ വലയുന്നേൻ

മുപ്പത്തിമൂന്നുവർഷം ഐപ്പാഴും ദുഃഖത്തോടെ
അല്പനാം നിന്നെത്തേടി വലഞ്ഞേൻ മമ സുതാ
മലകളാഴികളുമടവിതെരു വീഥി
വലഞ്ഞേനഹം തേടി മേ സുതാ! മഹാദുഃഖാൽ
കല്ലുകൾ മുള്ളുകളും ചവിട്ടിപ്പൊടിച്ചു ഞാൻ
തെല്ലൊരു നേരം വൃഥാ ഞാനിരുന്നില്ല മോദാൽ
തൊണ്ണൂറ്റൊൻപതു നല്ലൊരജങ്ങൾ വച്ചേച്ചു ഞാൻ
എണ്ണത്തിലൊന്നാം നിന്നെ തേടി ഞാൻ വലഞ്ഞിതാ
മമതാതന്റെ ദേവമടിയിൽ നിന്നു നീങ്ങി
മമ സ്നേഹമാതരം ദുഃഖാബ്ധി മുക്തിത്വയാ
വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനേ
ഭേദത്തെ നിനയ്ക്കേണ്ട സർവ്വതും മറന്നു ഞാൻ
അയ്യയ്യോ സ്നേഹപിതാ ദൈവമേ സർവ്വേശ്വരാ!
അയ്യത്താൽ മടുക്കുന്നേൻ പൊക്കുവാൻ മമ നേത്രം
നിന്നുടെ തിരുമുഖം പാർക്കുവാൻ മഹാദാഹം
എന്നുടെ മഹാപാപാൽ ശങ്കിക്കുന്നഹമയ്യോ!
ഒക്കെയും പൊറുത്തു ഞാനടുത്തു വന്നീടുക
പൊക്കിയ മമകരം നീട്ടി ഞാൻ കഴുകട്ടെ
കരുണയേറും പിതൃഞാനെന്നു നിനച്ചിപ്പോൾ
കരുതിയണഞ്ഞു വാ, നിന്നെ ഞാൻ മുത്തീടുവാൻ
കഷ്ടനാമടിയന്റെ ദുഷ്ടത ഹേതുവിനാൽ."[43]

മാനുഷികതയുടെ മരുഭൂവിൽ വേഴാമ്പൽ ഒരു തുള്ളി വെള്ള ത്തിനായി ദാഹിക്കുന്നതുപോലെ ചാവറ ഗദ്സമേനിലെ ഈശോ യോടു ധ്യാനനിർലീനതയിൽ നടത്തുന്ന സംഭാഷണം മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ സർഗ്ഗാത്മകതയെ വെല്ലുന്നതാണ്. താത് കാലികതയുടെ തന്മയത്വത്തേക്കാൾ തന്മയത്വമുള്ള സംസർഗ്ഗമാണ് ചാവറ ഈശോയുമായി നടത്തുന്ന ധ്യാനസംഭാഷണത്തിലുള്ളത്. ഇത്ര

ഉത്കടമായ ബന്ധം ഈശോയുമായി പുലർത്തുന്ന ചാവറ ആധ്യാത്മികതയുടെ മരുഭൂമിയെന്നോണം, സ്വയം താഴ്ന്നവനാണ്. ചാവറയുടെ മിശിഹാനുഭവം ഇതാണ്:

"മന്നിലെ നിർമ്മോഹത്തെയാശിച്ചു ചരിക്കുമ്പോൾ
എന്നുടെ പിന്നാലെ നീ നടന്നു മഹാദയാൽ
നന്ദിയെകാട്ടി എന്നെ വിളിച്ചു കരുണയാൽ
പാപി ഞാൻ ദുർഭാഗ്യത്താൽ ശ്രോത്രത്തെ പൊത്തിക്കൊണ്ട്
പാപപന്ഥാവിൽ നടന്നയ്യയ്യോ, മഹാദുഃഖം
പാതകനായിത്തണ്യപാതയിൽ നടന്നപ്പോൾ
താതനെപ്പോലെ മമ പിന്നാലെ നടന്നു നീ
ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻ മമ സ്നേഹം
നല്ലൊരു മാതാവും നാം മേ സുത സ്മരിക്ക നീ
ഇങ്ങനെ ഓരോന്നുമേ മാനസേ തോന്നിച്ചു നീ
.....
നിൻ കരണങ്ങൾക്കിതു തോന്നീടുമെന്നാകിലും
എൻ കരുണയെക്കാണ്മാൻ പിൻപിനാൽ വരിക നീ
ധീസ്മരണങ്ങൾ കൊണ്ടു ഗാഗുൽത്താ ഗിരിയതിൽ
ധ്യാനത്താൽക്കേറിക്കാൺക മമ സ്നേഹത്തിൻ വൃത്തി
ശരണം നീയെ നാഥാ! മരണമടുത്തു നിൻ
സ്മരണയിതല്ലാതെ ശരണം മറ്റൊന്നില്ലെ."[44]

ചാവറയുടെ മരുഭൂമിയാത്ര എത്തുന്നതു ഗത്സമേനിയും കടന്ന് ഗാഗുൽത്തായിലാണ്. ഗാഗുൽത്തായിൽ അതിദാരുണമായി പാടുപീഡകൾ സഹിച്ചു മരിച്ചു മഹത്വീകൃതനായ ഈശോ വിശുദ്ധമലയിൽ ദൈവപിതാവിന്റെ പ്രിയപുത്രൻ ആയിരുന്നു (മർക്കോ. 9:6). എന്നിട്ടും ഗത്സമേനിയനുഭവത്തിൽ, രക്തം ചിന്തി അതിദയനീയമായി മാനുഷികതയിൽ മുങ്ങിയ ഈശോയെയാണു ചാവറ തന്റെ ആത്മാനുതാപത്തിലൂടെ ദർശിക്കുന്നത്. ഈശോ ലോകത്തിന്റെ പാപം

വഹിക്കുന്നവൻ (യോഹ. 1:29). എന്നാൽ ചാവറ "ദുർഭഗപാപി" എന്നാണ് സ്വയം വിശേഷിപ്പിച്ചത്.[45] എങ്കിലും ഈശോയോടു കൂടെ എപ്പോഴും നടക്കുന്നവൻ, റൂഹായെ വേദനിപ്പിക്കാത്തവൻ, റൂഹായാൽ നിറഞ്ഞവൻ.

രോഗവും പ്രായവും വർദ്ധിക്കുന്നവർ എപ്രകാരമാണ് ഈശോയിൽ ജീവിതം നയിക്കേണ്ടതെന്ന് ചാവറ സ്വാനുഭവത്തിലൂടെ പറയുന്നു:

"താപസനായീടുവാൻ മേശക്തി വശഹീനം
നിൻ തിരുപ്പാടുകളെ സ്മരിച്ചു ചിന്തിപ്പാനും
നിൻ തിരുരക്തത്താലെ ശരണം പ്രാപിപ്പാനും
ഇന്നിതെന്നിയേ മറ്റു തപസ്സിന്നനുഷ്ഠിപ്പാൻ
എന്നാലസാദ്ധ്യം ദൃഢം ശരണം തിരുരക്തം."[46]

ചാവറ എന്നും ശൂന്യതയുടെ - മരുഭൂമിയുടെ - അവബോധത്തിലായിരുന്നാലും എന്നും സ്വർഗ്ഗീയദാഹവും വിശപ്പും കൊണ്ട് ദൈവത്തെ ആസ്വദിച്ചവനാണ്. ആത്മനിന്ദയില്ലാത്ത വിനയം, പശ്ചാത്താപം ഇവയാണ് ആ ജീവിതദർശനത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നത്.[47] മച്ചിയായ ഭാരതസഭയെ സന്താനസൗഭാഗ്യമുള്ളവളാക്കിത്തീർത്ത ചാവറ മരുഭൂമിയിലെ വേഴാമ്പൽ തന്നെ.

16:8 കർമ്മെലീത്താ സഹായം

ഈശോയുടെ പീഡാനുഭവത്തിൽ പങ്കുചേരുന്നതിന് ശാരീരികസ്ഥിതി അനുവദിക്കുന്നില്ലായെങ്കിലും ചാവറ, നിയോഗശുദ്ധിയും ധ്യാനസിദ്ധിയും വഴി അതു നിർവ്വഹിക്കുന്നു. ധ്യാനസിദ്ധിയിൽ സഹായത്തിനായി പരിശുദ്ധ അമ്മയെ അഭയം ഗമിക്കുന്ന ചാവറ കർമ്മെല മാതാവിനോടും ഉത്തരീയത്തോടും പങ്കുചേരുവാൻ ഭാഗ്യം ലഭിച്ചതിനെയോർത്തു കീർത്തനമാലപിക്കുന്നു. ചാവറയുടെ വാക്കുകൾ:

"എന്നതിനാലേ മമനാഥയേ അമ്മേ മണേ
ഇന്നെനിക്കനുകൂലം നീയല്ലാതാരുള്ളയ്യോ
നിൻ തിരുവടിയുടെ ദാസൻ ഞാൻ മുന്നം ദൃഢം
നന്ദിഹീനത ചെയ്തു മന്നിലെ നിർമ്മോഹത്താൽ
എങ്കിലും നാഥെ അമ്മെ എന്നെ നീ കൈവിട്ടില്ല
എന്നതിനുള്ള ചിഹനം ഇന്നു ഞാൻ കാണുന്നല്ലൊ
ഇന്നതിനാലേ മമ ഹൃദയേ ധ്വനിക്കുന്ന
ഇന്ദ്രിയമോഹം ചൊൽവാൻ ശങ്കിച്ചുമടിക്കുന്നേൻ
കർമ്മല, അമ്മ നീയേ എന്നതു മഹാമുഖ്യം
നിർമ്മല! അമ്മേ തവദാസ്യവുമതു കിട്ടി
എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനുമുറയ്ക്കുന്നയോഗ്യനായ്.

.....

എങ്കിലുമമ്മേ നിന്റെ ദാസനെന്നുള്ള നാമം
തന്നു നീ അടിയനുമെന്നതിനാലേ അഹം
ഇന്നിതാ നിൻ പാദത്തിൽ വീണുകൊണ്ടിരിക്കുന്ന
മേ പാപം മഹാപാപം മാലിന്യം മണൽ സമം
മേ ഭാഗ്യം മഹാഭാഗ്യം മേ നാഥ മഹാനാഥ
സർവ്വജ്ഞൻ, സർവ്വേശ്വരൻ, നിന്നുടെ സ്നേഹപുത്രൻ
സർവ്വർക്കും മാതാവായി നിന്നെത്തന്നന്നിനിക്കും
പിന്നെയും മമതായിൻ ബാഹുവാൽ തവപാദെ
എന്നെ നിൻ ദാസനായി കൈകൊണ്ടു മേ ഭാഗ്യമായ്
വീണ്ടുമേ, ബാല്യത്തിങ്കൽ ഋക്ഷധാരിയിൻ മദ്ധ്യാൽ
കൊണ്ടു ഞാൻ നിന്റെ ദാസ്യം റുസാരി സദാനാമാൽ
ഒടുക്കം മഹാഭാഗ്യാൽ പൊടുക്കെന്നതുപോലെ
അടുത്തകാലമതിൽ ലഭിച്ചേൻ നിന്റെ വസ്ത്രം
നിന്നുടെ മഹാഭക്തനെന്നുടെ മഹാശ്രേഷ്ഠൻ
തന്നുടെ കരങ്ങളാൽ കൈക്കൊണ്ടേൻ കർമ്മൽ സഭാ

എന്നിതു നിനയ്ക്കുമ്പോൾ എത്ര ദുഷ്ടനാകിലും
എന്നെ നീ പകർത്തീടുമെന്നുഞാനുറയ്ക്കുന്നു."[48]

ചാവറയുടെ അനുഭവം അതിന്റെ സൈദ്ധിക സ്വഭാവത്തിലേക്കു കടക്കുന്ന ചരിത്രസംഭവമാണ് അദ്ദേഹം വിവരിച്ചത്. 1855 ഡിസംബർ 8-ാം തീയതി ഏതദ്ദേശീയ നസ്രാണിസഭയിൽ - മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യത്തിൽ - വ്രതം ചെയ്തപ്പോൾ ബർണർദീനോസ് മെത്രാനച്ചന്റെ പ്രതിനിധിയെന്നോണം ചാവറ യെയും കൂട്ടരെയും പ്രതീകാത്മകമായി കർമ്മെലീത്താമയമാക്കി. ഈ ആലോചന, പ്രകാശം കാണുന്നതിന് വീണ്ടും പഞ്ചവത്സരങ്ങൾ കാത്തിരിക്കേണ്ടി വന്നു. 1860 കളിൽ അതു സംഭവിച്ചത് കർമ്മെലീത്താ ഒന്നാം സഭയുടെ പൊതുശ്രേഷ്ഠാലോചനാസംഘത്തിൽ വച്ചാണ്. എന്നാൽ ഇതിനു മുമ്പുതന്നെ 1857-ൽ ബർണർദീനോസ് മെത്രാ പ്പോലീത്താ നാലു ലത്തീൻ പട്ടക്കാരെ കൂനമ്മാവിൽ വരുത്തി താമസി പ്പിച്ചു. എന്നാൽ വന്നവരിൽ ഒരുവനൊഴിച്ചു മറ്റുള്ളവരെല്ലാം സ്ഥലം വിട്ടു. എന്നാൽ അവിടെ തുടങ്ങിയ സന്ന്യാസ ജീവിതക്രമം വീഴ്ച കൂടാതെ നടത്തണമെന്നു കരുതി മെത്രാപ്പോലീത്താ മാന്നാനത്തു നിന്നും ഏതാനും സന്ന്യാസികളെ വരുത്തി അവിടെ താമസിപ്പിക്കു കയും, ആ സ്ഥലവും കെട്ടിടവും അവർക്കു ദാനമായി കൊടുക്കുകയും ചെയ്തു. നവസന്ന്യാസികളെല്ലാവരെയും ഒരേ സ്ഥലത്തു താമസിപ്പി ക്കണമെന്നുള്ള മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ച് 1859-ൽ മാന്നാനത്തു വസിച്ചിരുന്ന നവസന്ന്യാസികളെ ഇവിടെയുള്ളവരോടു കൂട്ടിചേർത്തു. ഇതിനു പുറമെ പലസ്ഥലങ്ങളിൽ നിന്നും ബാലൻമാ രായ യോഗാർത്ഥികളും പുതുതായി ചേർന്നുകൊണ്ടിരുന്നു. ഇതിനാൽ സ്ഥലസൗകര്യമില്ലാതായപ്പോൾ 1869-ൽ രണ്ടും മൂന്നും നിലകളിലായി രണ്ടു കെട്ടിടങ്ങൾ അവിടെ പണിയിക്കേണ്ടതായി വന്നു. ഈ കെട്ടിട ത്തിലാണു ചാവറയച്ചൻ 1864 മുതൽ 1871 ജനുവരി 3-ാം തീയതിവരെ, അതായതു മരണം വരെ താമസിച്ചത്. സുറിയാനിക്കാരെ വരാപ്പുഴ

ഭരണത്തിൽ നിന്നു വിടർത്തിയപ്പോൾ സ്വാവകാശസ്ഥാപനത്തിനു തക്ക രേഖയില്ലാതിരുന്നതുകൊണ്ട് ഈ കൊവേന്ത 1889-ൽ റോമിലെ നിശ്ചയപ്രകാരം ലത്തീൻകാർക്കു വിട്ടുകൊടുക്കാൻ ഇടയായി.[49]

അമലോത്ഭവദാസസംഘത്തിന്റെ ആശ്രമസിദ്ധിയിൽ കടന്നുവന്ന കർമ്മെലീത്താ ഇടപെടൽ ദൈവവിജ്ഞാനീയപരമായും ആശ്രമ ദൈവ വിജ്ഞാനീയപരമായും സാമൂഹ്യവ്യവസ്ഥിതിപരമായും മനഃശാസ്ത്ര പരമായും ഉള്ള നിരവധി ഘടകങ്ങളുടെ പശ്ചാത്തലത്തിൽ ചർച്ചാവി ഷയമാക്കേണ്ടതാണ്.

ഒന്നാമത്തേത് ദൈവിജ്ഞാനീയ ഘടകമാണ്. റൂഹാദ്ക്കുദ്ശായുടെ ആവാസവും പ്രവർത്തനശൈലിയും ത്രിത്വാത്മകമായ അടിസ്ഥാന ത്തിൽ നിന്നുകൊണ്ടുവേണം വിലയിരുത്തുവാൻ. ത്രിത്വത്തിന്റെ രഹസ്യം അനാവരണം ചെയ്തത് മനുഷ്യനായവതരിച്ച ഈശോമിശി ഹായിലൂടെയാണ്. ഇതിന്റെ പ്രകടമായ തുടക്കം വിശുദ്ധഗ്രന്ഥാധിഷ്ഠി തമായും സഭാത്മകവിശ്വാസപരമായും മംഗളവാർത്തവഴിയാണ് (ലൂക്കാ 1:26-38). ഇവിടെ 'ദൈവമാണ്' ദൂതനെ അയച്ചത്. 'കർത്താവാണു' കന്യകയിലേക്ക് അവതാരം ചെയ്യേണ്ടത്. അവളുടെ മേൽ വരുന്നത് 'പരിശുദ്ധാത്മാവും.' ഇവിടെ ദൈവം, കർത്താവ്, പരിശുദ്ധാത്മാവ് എന്ന മൂന്നു യാഥാർത്ഥ്യങ്ങളാണ് ആവിഷ്കൃതമായത്. ഈ യാഥാർ ത്ഥ്യങ്ങളിലേക്ക് വിരൽചൂണ്ടുന്ന മറ്റൊരു സംഭവം യോർദ്നാനിലേ താണ് (ലൂക്കാ 3:21-22). ഇവിടെ 'പരിശുദ്ധാത്മാവ്' പ്രാവിന്റെ ആകൃ തിയിൽ ഈശോയുടെ മേൽ ഇറങ്ങി എന്നു കാണുന്നു. സ്വർഗ്ഗത്തിൽ നിന്നുണ്ടായ സ്വരം 'നീ എന്റെ പ്രിയപുത്രൻ എന്നും ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നുവെന്നുമാണ്.' ഇവിടെ സ്വർഗ്ഗത്തിൽ നിന്നുള്ള സ്വര ത്തിന്റെ ഉടമയും മാമ്മോദീസ സ്വീകരിച്ച ഈശോയും ഇറങ്ങിവന്ന പരിശുദ്ധാത്മാവും ഉണ്ട്. വേറൊരു സംഭവം വിശുദ്ധ മലയിലെ ഈശോ യുടെ തേജസ്ക്കരണമാണ്. ഇവിടെ രൂപം മാറിയ ഈശോയും, അവന്റെ മേൽ ആവസിച്ച മേഘവും അതിൽ നിന്ന് വന്ന സ്വരത്തിന്റെ

ഉടമയുമാണ് പ്രധാനം. അടുത്തതായി ഈശോയുടെ വാക്കുകളാണ് പ്രധാനം: "ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14:1). വിശ്വാസത്തിന്റെ വിഷയം ദൈവികമായതിനാൽ 'ദൈവത്തിൽ' എന്നതും 'എന്നിൽ' എന്നതും തുടർന്നു വരുന്ന വാക്യത്തിൽ നിന്നും വ്യക്തമാണ്. 'എന്റെ പിതാവിന്റെ ഭവനം' എന്നതിൽ രണ്ടാളുകൾ - പിതാവും പുത്രനും - വരുന്നു. അടുത്തതായി വരുന്നത് വേറൊരു സഹായകനാണ്. ഈശോ പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ പാലിക്കുവിൻ. ഞാൻ എന്റെ പിതാവിനോടു പ്രാർത്ഥിക്കും; സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുന്നതിനു വേണ്ടി വേറൊരു സഹായകനെ അവൻ നിങ്ങൾക്കു തരും. ആ സത്യാത്മാവിനെ സ്വീകരിക്കുവാൻ ലോകത്തിനു സാധിക്കുകയില്ല" (യോഹ. 14:15-16). ലോകത്തിന് സാധിക്കാത്തതും വിശ്വാസത്തിന്റെ വിഷയവുമാണ് ഈ സഹായകൻ പരിശുദ്ധാത്മാവ് എന്നും ഈശോ എടുത്തു പറയുന്നു (യോഹ. 14:17). പിതാവും പുത്രനും റൂഹാദ്ക്കുദ്ശായുമെന്ന ത്രിത്വൈക ദൈവത്തെക്കുറിച്ചാണ് ഇതുവരെ കണ്ടത്. അടുത്തതായി കാണുവാനുള്ളത് ത്രിത്വൈക പ്രവൃത്തിയിലുള്ള അനന്യതയെക്കുറിച്ചാണ്. ഈശോ പറയുന്നു: "നിങ്ങൾ കേൾക്കുന്ന ഈ വചനം എന്റേതല്ല; എന്നെ അയച്ച എന്റെ പിതാവിന്റേതാണ്" (യോഹ. 14:24). തുടർന്നു പറയുന്നത്: "എന്റെ നാമത്തിൽ എന്റെ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും" (യോഹ. 14:26). വീണ്ടും ഈശോ പറയുന്നു: "സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകല സത്യങ്ങളിലേക്കും നയിക്കും. അവൻ സ്വമേധയാ ഒന്നും പറയുകയില്ല. അവൻ കേൾക്കുന്നവ മാത്രം പറയുകയും വരാനിരിക്കുന്നവ നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യും. എനിക്കുള്ളത് എടുത്തു നിങ്ങളോട് പ്രഖ്യാപിച്ചുകൊണ്ട് അവൻ എന്നെയും മഹത്ത്വപ്പെടുത്തും. എന്റെ പിതാവിനുള്ളതെല്ലാം എന്റേതായതിനാലാണ് എനിക്കുള്ളതെടുത്ത് അവൻ പ്രഖ്യാപിക്കുമെന്ന് പറഞ്ഞത്" (യോഹ. 16:13-15). ഈശോ

വന്നത് സ്വമേധയാ അല്ല പിതാവ് അയച്ചിട്ടാണ് (യോഹ. 8:42-43). വീണ്ടും ഈശോയുടെ സാക്ഷ്യം: "ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും കൂടിയാണു വിധിക്കുന്നത്" (യോഹ. 8:16). വീണ്ടും ഈശോ പറയുന്നു: "ഞാൻ സ്വമേധയാ ഒന്നും ചെയ്യുന്നില്ല എന്നും എന്റെ പിതാവ് എന്നെ പഠിപ്പിച്ച കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ" (യോഹ. 8:28). പിതാവും പുത്രനും റൂഹായും തമ്മിലുള്ള അനന്യത ദൈവസ്വഭാവത്തിലും പ്രവർത്തനത്തിലും ജീവനിലും ഉള്ളതാണ് വ്യക്തമായത്. അവസാനമായി സുവിശേഷത്തിൽ വിശ്വസിക്കുന്നവർ മാമ്മോദീസ സ്വീകരിക്കേണ്ടത് ത്രിത്വനാമത്തിലെന്നതാണ് (മത്താ. 28:19). ത്രിത്വത്തിന്റെ നാമത്തിൽ സ്വീകരിക്കുന്ന മാമ്മോദീസായാണ് രണ്ടാമത്തെ ഘടകമായ ആശ്രമ ദൈവവിജ്ഞാനീയത്തിന്റെ ഉറവിടം.

ആശ്രമ വിജ്ഞാനീയമെന്നതു പിതാവും പുത്രനും റൂഹായും തമ്മിലുള്ള അനന്യതയെ മാമ്മോദീസാ പ്രതിഷ്ഠയുടെ ചൈതന്യത്തിൽ പ്രവാചകത്വപരമായി പ്രഘോഷിക്കുക എന്നതാണ്. പ്രവാചകത്വ പരമായി പ്രഘോഷിക്കുക എന്നതു പ്രത്യേകമായ ഒരു ദാനത്തിന്റെ - സിദ്ധിയുടെ - സവിശേഷതയാൽ ദൈവികദൗത്യം ഉൾക്കൊള്ളുകയും അതു പ്രദർശിപ്പിക്കുകയും ചെയ്യുക എന്നതാണ്.പ്രദർശനം സാക്ഷ്യപരമാണ്. ഈ സാക്ഷ്യത്തിന്റെ സ്വഭാവം ഇപ്രകാരമാണ്: "ഈശോ ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവനല്ലാതെ, ആരാണു ലോകത്തെ ജയിക്കുന്നത്? ജലത്താലും രക്തത്താലും വന്നവനാണ് ഈശോ മിശിഹാ. ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലുമാണവൻ വന്നത്. ആത്മാവു സത്യമാണെന്ന് ആത്മാവുതന്നെ സാക്ഷ്യം നൽകുന്നു. ഒരുവൻ മാത്രമായ പിതാവും വചനവും പരിശുദ്ധാത്മാവും സ്വർഗ്ഗത്തിൽ സാക്ഷ്യം നൽകുന്നു. ഒന്നു മാത്രമായ ആത്മാവും ജലവും രക്തവും ഭൂമിയിൽ സാക്ഷ്യം നൽകുന്നു" (1 യോഹ. 5:5-8). ഈശോയിൽ സംഭവിച്ച മാമ്മോദീസായെയും മരണത്തെയുമാണ്

ജലവും രക്തവും സൂചിപ്പിക്കുന്നത്. സ്വർഗ്ഗത്തിലെ സാക്ഷ്യത്തിൽ പിതാവും വചനവും റൂഹായുമുണ്ട്. ഭൂമിയിലുള്ള സാക്ഷ്യം റൂഹായും മാമ്മോദീസായും വിശുദ്ധ കുർബ്ബാനയുമാണ്. അവസാനത്തെ സാക്ഷ്യത്തെ ആശ്രമസിദ്ധിയോടു ബന്ധപ്പെടുത്തിയാൽ, റൂഹാ നൽകുന്ന ദാനം മാമ്മോദീസായിൽ ലഭിക്കുന്ന റൂഹായെ അനുധാവനം ചെയ്ത് പുതിയ ഉടമ്പടിയുടെ കുർബ്ബാനയാൽ, രക്തത്താൽ, രക്തസാക്ഷിത്വത്താൽ, മനസ്സാക്ഷിയുടെ രക്തസാക്ഷിത്വത്തിൽ എത്തിച്ചേരുന്നതാണ്. ആശ്രമദൈവവിജ്ഞാനീയത്തിൽ, പിതാവ് പുത്രനിലൂടെ റൂഹായിൽ തന്നദാനത്തിൽ - സിദ്ധിയിൽ - ഉറച്ചു നിന്നു മുന്നേറുമ്പോൾ ത്രിത്വത്തിൽ ഉള്ളതായി മുകളിൽ കണ്ട ഐക്യത്തിന്റെ സാക്ഷ്യം ഇവിടെ സൈദ്ധികരിലും കാണണം. വൈവിധ്യത്തിൽ വൈരുധ്യത്തിന്റെ ഒരംശം പോലും ഉണ്ടാകരുത്. അങ്ങനെ ഉണ്ടാകുന്നത് ത്രിത്വപരമല്ല, റൂഹാപരമല്ല, സിദ്ധിപരമല്ല. അതിനാൽ ഒരു സിദ്ധിയിൽ വൈദേശീകസ്വാധീനം കടന്നു വരുന്നത് അനന്യതയെ കെടുത്തും. കർമ്മലീത്താ ഇടപെടലിൽ അങ്ങനെ സംഭവിച്ചു. അതിന്റെ കാരണം സൈദ്ധികമായിട്ടല്ല - ദേശത്തിന്റെയും ലത്തീൻ സഭയുടെയും സ്ഥാപിതതാത്പര്യം റൂഹായിൽ നിന്നല്ല മറിച്ച് മാനുഷികതയിൽ നിന്നാണ് എന്നതാണ്. 1857-ൽ മർസെലീനോസും തുടർന്ന് 1859-ൽ ബർണർദീനോസ് മെത്രാപ്പോലീത്തായും ലത്തീൻകാർക്കായി സന്ന്യാസസമൂഹം തുടങ്ങുന്നതിനു പരിശ്രമിച്ചു എങ്കിലും അതിൽ വന്ന പരാജയത്തെ പരിഹരിച്ചത് നാസ്രാണികളായ അമലോത്ഭവദാസസംഘത്തെ മാന്നാനത്തുനിന്നു കൂനമ്മാവിലേക്കും അമലോത്ഭവദാസസംഘത്തിൽ നിന്നു ക.നി.മൂ.സ യിലേയ്ക്കും ആക്കിയതിലൂടെയാണ്.[50] നസ്രാണികളെ ഉദയം പേരൂർ റോമീകരിച്ചതുപോലെ, നസ്രാണി ആശ്രമസ്ഥരെ കർമ്മെലീകരിച്ചു. ഇതു സൈദ്ധികമായി റൂഹായുടെ പ്രവർത്തനമോ, മാമ്മോദീസായുടെ ചൈതന്യമോ, കുർബാനയുടെ അടിസ്ഥാനമോ വഴിയല്ല, മറിച്ച് മാനുഷിക പരിഗണന വഴിയാണ്.[51]

മൂന്നാമത്തെ ഘടകമായ സാമൂഹിക വ്യവസ്ഥിതിയിൽ സ്വാംശീകരണ പ്രക്രിയയെന്നതിനേക്കാൾ കൂട്ടിക്കെട്ടൽ പ്രവൃത്തിയായിട്ടാണ് ക.നി.മൂ.സ ഗണമാക്കിയത്. ഒന്നാം സഭക്കാർ പുതിയ ഒരു ഏതദ്ദേശീയസഭയെ അവരുടെ പ്രകടമായ അറിവു കൂടാതെ മൂന്നാം സഭയാക്കുന്നത് ഭീരുത്വത്തിന്റെയും അപകർഷാത്മകതയുടെയും ബലത്താലുള്ള ആധിപത്യത്തിന്റെയും സ്വാധീനത്താലാണ്.[52] മറ്റുള്ളവയോടു കൂടെ എന്ന സാമൂഹിക വശത്തേക്കാൾ, മറ്റുള്ളവയിലൂടെ എന്റെ വളർച്ച യെന്നത് കായേൻ ആബേലിനെ വധിച്ചു സ്ഥാനമുറപ്പിച്ചതിനും, ഹേറോദേസ് പൈതങ്ങളെ കൊന്ന് കസേര സുരക്ഷിതമാക്കിയതിനും, സലോമി യോഹന്നാൻ മാംദാനയുടെ ശിരസ്സെടുത്ത് തൃപ്തിപ്പെട്ടതിനും, ബറാബ്ബാസിനെ ആരാധിച്ചു ഈശോയെ വധിച്ചതിനും തുല്യവുമാണ്. ഈ അടിമത്തം സാമൂഹ്യശാസ്ത്രത്തിനു തന്നെ കളങ്കമേല്പിക്കുന്നതാണ്. 1860 കളിൽ ഭാരത നസ്രാണി ആശ്രമ പ്രസ്ഥാനത്തെ വൈദേശികമാക്കിത്തീർത്തത് തീർത്തും അപരിഷ്കൃതമായ ഒന്നല്ലാതെ സൈദ്ധികമല്ല.[53]

നാലാമത്തെ ഘടകം മനഃശാസ്ത്രപരമായ ഒന്നാണ്. മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കാത്ത മാനസിക നീക്കങ്ങളൊരിക്കലും പരിപൂർണ്ണമായിരിക്കുകയില്ല. ശാരീരികാഭിലാഷങ്ങൾക്ക് അടിയറവു വയ്ക്കുന്ന മനസ്സിന്റെ നീക്കങ്ങൾ ഒരിക്കലും സമഗ്രവ്യക്തിത്വത്തിന്റെ ഭാഗമായിരിക്കുകയില്ല. താത്ക്കാലിക സംതൃപ്തിയും അതിലേറെ വ്യർത്ഥാഭിമാനത്തിന്റെ ആഘോഷവുമായിട്ടല്ലാതെ ഒന്നാം സഭ സ്വതന്ത്രമായ ഒരു ഗണത്തെ മൂന്നാം സഭയാക്കുമോ? എവിടെയെങ്കിലും ചുരുക്കം ചിലരുടെ ആഗ്രഹം ഉണ്ടെന്ന് വരുത്തിത്തീർക്കാൻ വിഷമമില്ല. ചേതനയുടെ വിവേചനയായ പരിപൂർണ്ണ സത്യം, തികവുറ്റ നന്മ, സമഗ്രാനുഭവം എന്നിവ കൂടാതെ ബാബേൽ ഗോപുരം പണിയുന്നതിനു തുല്യമാണ് ദൈവത്തെ കൂടാതെയുള്ള അധ്വാനം. മനസ്സിന്റെ

സംതൃപ്തിയല്ലാതെ മനസ്സാക്ഷിയുടെ നൈർമ്മല്യം ഇവിടെ ഉണ്ടാകുകയില്ല. ഏക പിതാവായ ദൈവത്തിന്റെ ഏകജാതനായ മിശിഹാ ഒരുത്തരേയും മൂന്നാം കിടക്കാരാക്കുകയില്ല. അതുകൊണ്ട് നസ്രാണി അമലോത്ഭവദാസസംഘത്തെ കർമ്മെലീത്താ നിഷ്പാദുക മൂന്നാം സഭയാക്കിത്തീർത്തത് മനസ്സിന്റെ വ്യർത്ഥതയ്ക്കല്ലാതെ സിദ്ധിയുടെ വികാസത്തിനുപകരിക്കുന്നതല്ല.[54]

ത്രിത്വവിജ്ഞാനീയം വൈരുധ്യത്തിന്റെ ലാഞ്ഛനയില്ലാതെ വൈവിധ്യം പ്രഖ്യാപിക്കുന്നതാണ്. ആശ്രമ ദൈവവിജ്ഞാനീയത്തിൽ ത്രിത്വാത്മകൈക്യം മാമ്മോദീസായിലൂടെയും വി. കുർബാനയിലൂടെയും സാക്ഷാത്കരികപ്പെടുന്നതാണ്. ഈ സാക്ഷാത്കാരം സാമൂഹ്യശാസ്ത്രപ്രകാരം, അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായുണ്ടാകാനും വന്ന ഈശോയിൽ അന്വർത്ഥമായി. അവിടുത്തെ രക്തം ചിന്തിയതു വഴിയാണ് ഇതു സാധിതമായത്. ആധ്യാത്മിക ഉന്നമനത്തിന്റെ ഒരാവിഷ്കരണമാണിത്.

ഈശോമിശിഹായുടെ മനോഭാവം ഒരുത്തരെയും ഹനിക്കുന്നതല്ല എന്നുമാത്രമല്ല, മറിച്ച് അവരെ സ്നേഹിച്ചു കൊണ്ട് അവസാനം വരെ അവരെ ശ്രവിക്കുന്നതാണ്. പിതാവിന്റെ മനോഭാവം ഈശോയിലും റൂഹായിലും മാനവരാശിക്കും പ്രപഞ്ചത്തിനും സന്നിഹിതമായിരിക്കുന്നതാണ് സിദ്ധി എന്നത്. അതുകൊണ്ട് ഏതൊരു വ്യക്തിയും സ്ഥാപനവും സിദ്ധിയിൽ പങ്കുചേരുമ്പോൾ പരിമിതമായ എല്ലാത്തിൽ നിന്നും മുക്തി നേടി റൂഹാദ്ക്കുദ്ശായിൽ വ്യാപരിച്ചുകൊണ്ട്, ഈശോമിശിഹായുടെ ജീവിതമാതൃകയിലൂടെയും ഉപദേശത്തിലൂടെയും പിതാവിന്റെ പൂർണ്ണതയായ പരിപൂർണ്ണ ഉപവിയിൽ എത്തിച്ചേരണം. ഇതാണു മനഃശാസ്ത്രപരമായും സാമൂഹ്യശാസ്ത്രപരമായും ആശ്രമ ദൈവവിജ്ഞാനീയപരമായും ത്രിത്വചൈതന്യമെന്നത്. ചാവറയും സഹസ്ഥാപകരും ഒന്നു ചേർന്നു തുടങ്ങിയ ആശ്രമ പ്രസ്ഥാനത്തിൽ

കർമ്മെലീത്തർ വലിയ സംഭാവനകൾ നൽകി എങ്കിലും സൈദ്ധിക തയുടെ സവിശേഷതയിൽ പാളിച്ചവന്നിരുന്നു.[55] ഇന്നും അതിന്റെ വാങ്ങൽ മാറിയിട്ടില്ല എന്നതാണ് നസ്രാണി സഭാതനിമയിലുള്ള കുറവ്.[56]

16:9 ദൈവപരിപാലനാ വൈഭവം

കഴിഞ്ഞ ശീർഷകത്തിലൂടെ നാം ചർച്ച ചെയ്ത വിഷയം കർമ്മെലീത്താ ഒന്നാംസഭ എപ്രകാരമാണു സി.എം.ഐ സഭയുടെ രൂപവത്കരണത്തിൽ ഇടപെട്ടത് എന്നതായിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ അതിന്റെ തനിമയിൽ വീക്ഷിച്ചാൽ മാനുഷികദൃഷ്ട്യാ കർമ്മെലീത്തരുടെ ഇടപെടലിൽ താത്കാലികതയുടെയും സ്വജനപക്ഷപാതത്തിന്റെയും ഘടകങ്ങൾ ഉണ്ടായി എന്നാണു സൂചിപ്പിക്കുന്നത്. എന്നാൽ അപ്രകാരം സംഭവിച്ചതിനെ ചാവറയച്ചൻ എടുത്ത വിധത്തെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്. ചാവറയുടെ തന്നെ അനുഭവവും വാക്കുകളും ഇതാ: "ബ. എന്റെ കൂടപ്പിറപ്പുകളായ കൊവേന്ത അച്ചന്മാരും സ്നേഹിക്കപ്പെട്ട മക്കളായ പുതുസന്യാസികൾ അൾമേനി ദർശനക്കാര ഏവരോടും കൂടെ കർത്താവിൽ സത്യം ചൊല്ലി നിങ്ങളുടെ ശുശ്രൂഷിയായ ആഹാ കുറിയാക്കോസ് ഏലിയാ ദ.തു.ക എന്ന ഞാൻ നിങ്ങളോടുള്ള എന്റെ കഴിവ് പടാർത്ഥയും ഒടുക്കത്തെ ഗുണദോഷവാക്കും ചാവരുളുമായി ഇതിനെ അറിയിക്കുന്നു. പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദേവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലിത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയാലല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്ന് കാണും വണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ.ബ. പാല. പോരു. എന്ന തോമ്മാച്ചന്മാർ അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും ശു. ദുമ്മനിക്കോസിന്റെ സഭക്കാരാകണമെന്നത്രേ. ഇതിനായിട്ടത്രേ

അതുവരെ ഇവിടെ നടപ്പില്ലാത്ത വെള്ളമോവ ഉടുത്തു തുടങ്ങിയതും ശേഷവും. ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ ശു. ശു. അമ്മ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു. എന്നാൽ കുഞ്ഞുങ്ങളെ ഞാനും നിങ്ങളും ഇതുവരെ പട്ടാങ്ങയായുള്ള സന്യാസികൾ ആയില്ല. സന്യാസിയുടെ ഏകമായ അടയാളം സ്വന്ത മനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളി അത്രേ. ഇതുള്ള വൻ സന്യാസി."[57]

അനുസരണത്തിന്റെ വളരെ സങ്കീർണ്ണമായ പ്രശ്നമാണ് സി.എം.ഐ. സഭയുടെ കർമ്മെലീത്താ ഘടകത്തെക്കുറിച്ചു ചിന്തിക്കുമ്പോഴുണ്ടാകുന്നത്. എന്നാൽ ചാവറയെ സംബന്ധിച്ചിടത്തോളം യതൊരു സങ്കീർണ്ണതയുമില്ലായിരുന്നു. കാരണം ദൈവത്തെ പ്രതിനിധീകരിക്കുന്ന അധികാരികളിലൂടെ, അവിടുത്തേയ്ക്ക് പൂർണ്ണമായ വിധേയത്വം, ഇതിൽ കുറഞ്ഞത് ചാവറയ്ക്ക് ചിന്ത്യമായിരുന്നില്ല. ഈ പശ്ചാത്തലത്തിൽ ചാവറ അനുസരണത്തിനു മൂന്നു തലങ്ങൾ വേർതിരിക്കുന്നു: "പെ.ബ. വികാരി അപ്പസ്തോലിക്കാ അച്ചന്റെയും, നമുക്ക് ദലഗാത്തായി കല്പിച്ചു നൽകപ്പെടുന്ന പെ.ബ. മൂപ്പച്ചന്റെയും മനസ്സിനും, ദൈവത്തിന്റെയും ഇവരുടെയും കല്പനകൾക്കും വിരോധമില്ലാത്ത സകലകാര്യത്തിലും പെ.ബ. മിസ്യോ മൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ വിധേയമാക്കി പൂർണ്ണമായ അനുസരണം അഭ്യസിക്കണം."[58]

കഴിഞ്ഞശീർഷകത്തിൽ വിവരിച്ച തത്ത്വങ്ങൾ വച്ചു നോക്കുമ്പോൾ ചാവറയച്ചൻ തന്റെ ആധ്യാത്മികതയിൽ സ്വീകരിച്ച അനുസരണത്തിന്റെ സ്വഭാവം തീർത്തും ത്രിത്വാത്മകദൈവവിജ്ഞാനീയ തലത്തിലുള്ളതാണ്. അതായത് "സ്വന്തം മനസ്സിനെ മുഴുവൻ ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളി." ഈ അനുസരണത്തിനു പ്രായോഗികത കണ്ടെത്തിയത് വികാരി അപ്പസ്തോലിക്കാ, അദ്ദേഹത്തിന്റെ ദലഗാത്ത്, മറ്റു മൂപ്പച്ചന്മാർ എന്നിവർ പറയുന്നത് അനുസരിക്കുക. ഇവിടെ സൂചിപ്പിച്ച

മൂന്നുകൂട്ടരും അവരുടെ ആകമാനസഭയിലെ ജനറാളിന്റെയും ആലോചനക്കാരുടെയും തീരുമാനം നടപ്പാക്കുന്നതിൽ തത്പരരും നിഷ്ഠയുള്ളവരുമായിരുന്നു. മാത്രവുമല്ല കേരളത്തിലെ സ്ഥിതിഗതികളെല്ലാം റോമിലെ കേന്ദ്രഭരണസമിതിയെ ധരിപ്പിച്ചിരുന്നതും അവർ തന്നെയായിരുന്നു. അവർ പറയുന്നതും അവർ വഴി കർമ്മെലീത്താ ഒന്നാം സഭയുടെ അധികാരികൾ നിശ്ചയിക്കുന്നതും അംഗീകരിക്കുക, സ്വീകരിക്കുക, നടപ്പാക്കുക എന്നതായിരുന്നു ചാവറയുടെ അനുസരണം. അതുകൊണ്ട് അതിനെ 'ദൈവാലോചനയാൽ' എന്നും 'ദൈവപരിപാലനയാൽ' എന്നും ചാവറ വിശേഷിപ്പിക്കുന്നു.[59]

"ദൈവാലോചനയാൽ" എന്നു വിശേഷിപ്പിച്ചുകൊണ്ട് കർമ്മെലീത്തരുടെ ഇടപെടലിനെ ചാവറയച്ചൻ അംഗീകരിച്ചത് പ്രപഞ്ചത്തിൽ കാണുന്ന പരിണാമത്തിൽ ദൈവത്തിനുള്ള പങ്കിനെയാണു സൂചിപ്പിക്കുന്നത്. സൃഷ്ടിയും ദൈവപരിപാലനയും എന്നതാണിവിടെ വരുന്ന സംഭവം. സൃഷ്ടി എന്നതു പരിമിതാവസ്ഥയുടെ ആവിർഭാവവും അനുരജ്ഞനത്തിലൂടെ (Reconciliation) പരിപൂർണ്ണാവസ്ഥയിലേക്കുള്ള വളർച്ചാ തത്ത്വമുള്ളതുമാണ്. പരിമിതാവസ്ഥയാണെങ്കിലും അത് ശൂന്യാവസ്ഥയേക്കാൾ മെച്ചമെന്ന തത്ത്വം വച്ച് ദൈവം പരിമിതാവസ്ഥയെയും പൂർണ്ണതയോട് ഉൾച്ചേർക്കുന്നു.[60]

സന്ന്യാസപ്രസ്ഥാനത്തിനു നിയതമായ രൂപവും ഭാവവും സിദ്ധിക്കാത്ത കാലത്തു കർമ്മെലീത്തർ സാർവ്വത്രികവും വ്യവസ്ഥാപിതവുമായ ഒരു സഭയുടെ ഭാഗമാക്കി അമലോത്ഭവ ദാസസംഘത്തെ മാറ്റിയത് "ദൈവാലോചനയാൽ" എന്നു ചാവറ വിശേഷിപ്പിക്കുന്നു. എന്നാൽ എല്ലാ സമീപനങ്ങളും നേരായ വ്യവസ്ഥിതികളിലൂടെയെങ്കിൽ അതിനെ ദൈവപരിപാലന എന്നല്ല വിശേഷിപ്പിക്കേണ്ടത് മറിച്ച് സൈദ്ധികമുന്നേറ്റമായിട്ടാണ്. മൂന്നാം സഭയായ അമലോത്ഭവദാസസംഘത്തിന് അതിനുള്ള അവസരമുണ്ടായിട്ടില്ല.[61]

സി.എം.ഐ. സഭയുടെ ദൈവനിവേശനം പാലയ്ക്കൽ, പോരൂക്കര, കണിയാത്ര, ചാവറ മുന്നോടികളിലൂടെ രൂപപ്പെട്ടത് ഏതാണ്ട് ഇരുപത്തിമൂന്നു വർഷങ്ങളോളം ജീവിച്ചതാണ്. ഇവരുടെയും അവരുടെ സഹാംഗങ്ങളുടെയും അപേക്ഷയോ അറിവോ കൂടാതെ 1860 കളിൽ അവരെ മൂന്നാം സഭയാക്കിയതിനെ സിദ്ധിയുള്ള ഇടപെടൽ എന്ന് ഇവിടെ വിശേഷിപ്പിക്കുന്നു. പീയൂസ് ആറാമൻ മാർപ്പാപ്പ പറഞ്ഞിരിക്കുന്ന രീതിയിലുള്ള ഒരു നിവേശനമല്ലിത്.[62] മറിച്ച് അത് ഭാഗികത്വത്തിന്റെ ലക്ഷ്യത്തോടെയുള്ള ഇടപെടലാണ്.[63]

തെറ്റായതോ, വികലമായതോ ആയ ഏതൊരു തുടക്കത്തിന്റെയും അവശിഷ്ടങ്ങളെ പരിഹരിക്കുക എന്നത് ദൈവനിവേശനത്തിന്റെയും സിദ്ധിയുടെയും ചൈതന്യത്തിൽ വരുന്നതാണ്. 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ ദൂഷിതഫലങ്ങളും 1860 കളിലൂടെ അമലോത്ഭവദാസസംഘത്തെ മൂന്നാം സഭയാക്കിയതിന്റെ ഭവിഷ്യത്തും ആണ് ഇവിടെ സൂചിപ്പിച്ചത്.

16:10 വഴിത്തിരിവ്

ഏതദ്ദേശീയവും വൈദേശികവും തമ്മിൽ സന്ധിക്കുന്നതിനെയാണു വഴിത്തിരിവ് എന്ന പേരിൽ ഇവിടെ സൂചിപ്പിക്കുന്നത്. 1855 ഡിസംബർ 8-ാം തീയതി അമലോത്ഭവദാസസംഘക്കാർ ആദ്യമായി വ്രതം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്ന ജീവിതശൈലിയെക്കുറിച്ചു ചാവറയച്ചന്റെ ചരിത്രമെഴുതിയ വലേറിയനച്ചൻ പറയുന്നു: "അന്നത്തെ ദിനചര്യയിൽ - കാലത്തു അഞ്ചുമണിക്ക് എല്ലാവരും നിദ്രവിട്ടെഴുന്നേൽക്കുകയും ഉദയാരാധനയുടെ ശേഷം പട്ടക്കാർ കാനോന നമസ്കാരം ചൊല്ലുകയും ചെയ്യുന്നു. അതിനുശേഷം സന്ന്യാസാർത്ഥികളും സിമിനാരിക്കാരുമായി ഒരുമിച്ച് ദേവാലയത്തിൽ ചെന്ന് ജപമാലയുടെ സന്തോഷരഹസ്യവും നമ്മുടെ കർത്താവിന്റെ അഞ്ചുതിരുമുറിവുകളുടെയും വ്യാകുലമാതാവിന്റെ പ്രാർത്ഥനയും മാർയൗസേപ്പു

പിതാവിനോടു ബ്രഹ്മചര്യം പാലിക്കുവാനും നൽമരണം ലഭിക്കാനും വേണ്ടിയുള്ള ജപങ്ങളും ചൊല്ലുന്നു. ഉടനെ പട്ടക്കാർ കുർബ്ബാന അർപ്പിക്കുകയും അതിനുശേഷം സകല പരിശുദ്ധന്മാരുടെ ലുത്തിനിയാ എല്ലാവരും ഒരുമിച്ചുചൊല്ലുകയും ചെയ്യുന്നു. പഠനമാണ് അടുത്തകൃത്യം പന്ത്രണ്ടു മണിക്കു വൈദിക ഗണം മുഴുവനും ഏകീഭവിച്ചു ജപമാലയുടെ ദുഃഖത്തിന്റെ രഹസ്യങ്ങളും തിരുമുറിവിന്റെ പ്രാർത്ഥനയും മാർയൗസേപ്പിന്റെ ദുഃഖസന്തോഷജപങ്ങളും ദൈവത്തിന്റെ നേരെയുള്ള സ്നേഹവും തന്നെപ്രതി പാടുപീഡകൾ സഹിക്കാനുള്ള ആഗ്രഹവും സൽപ്രവൃത്തികൾ അനുഷ്ഠിക്കുവാനുള്ള സഹായവും ലഭിക്കുന്നതിനുവേണ്ടിയുള്ള ജപങ്ങളും ചൊല്ലി സന്ന്യാസികളും സിമിനാരിക്കാരും പ്രത്യേകം പ്രത്യേകം സ്ഥലങ്ങളിൽ കൂട്ടമായി ഭക്ഷണം കഴിക്കുന്നു. സായാഹ്നത്തിൽ സന്ധ്യാജപത്തിനു മണിയടിക്കുമ്പോൾ വീണ്ടും എല്ലാവരും ഒരുമിച്ചു കൂടി ഒരാൾ അടുത്ത ദിവസത്തിലെ പരിശുദ്ധന്റെ തിരുനാൾ അറിയിച്ച ശേഷം പ്രാരംഭജപം ചൊല്ലി ജ്ഞാനമുത്തുമാല എന്ന പുസ്തകം വായിച്ച് ധ്യാനിക്കുന്നു. ധ്യാനാനന്തരം പീഠത്തിന്മേൽ മെഴുകുതിരികത്തിച്ച് ദൈവമാതാവിന്റെ ലുത്തിനിയായും 'ശന്തർ ആലാഹാ' എന്നു തുടങ്ങുന്ന ജപവും ചൊല്ലി ജപമാലയിൽ മഹിമയുടെ രഹസ്യങ്ങളും തിരുമുറിവിന്റെയും ഉത്തരീയ മാതാവിന്റെയും പ്രാർത്ഥനകളും വി.യൗസേപ്പിന്റെ മഹിമയെക്കുറിച്ചുള്ള ജപങ്ങളും ചൊല്ലിക്കഴിഞ്ഞ് ഗുരുക്കളും വിദ്യാർത്ഥികളും തങ്ങളുടെ നിജസ്ഥാനങ്ങളിൽ പോയി 10 മണിവരെ ജപധ്യാനങ്ങളിലും പഠനത്തിലുമായി ഏർപ്പെട്ടിരിക്കുന്നു. എന്നാൽ അമ്പതു നോമ്പിന്റെ കാലത്ത് അത്താഴത്തിനുശേഷം അർദ്ധരാത്രിവരെയും ഭക്തികൃത്യങ്ങൾക്കായി വിനിയോഗിക്കും"[64] ഇപ്രകാരം മാന്നാനത്തു നയിച്ചിരുന്ന ജീവിതം "ദൊമ്നീക്കോസിന്റെയോ കർമ്മെലീത്തരുടേതോ ആയിരുന്നില്ല. അത് മലയാളത്തിലെ ഏതദ്ദേശീയ സഭയുടേതായിരുന്നു. കേരള സഭയുടെ ആവശ്യാനുസരണമുള്ളതായിരുന്നു."[65]

നസ്രാണി സഭയുടെ ആവശ്യാനുസരണം മാന്നാനത്തു രൂപം കൊണ്ട് മലയാളത്തിലെ ഏതദ്ദേശീയ ആശ്രമ പ്രസ്ഥാനമായി 1831-1855 വരെ ജീവിച്ച ഒരു സാക്ഷ്യമാണ് സി.എം.ഐ. സഭയ്ക്ക് ആരംഭത്തിലുണ്ടായിരുന്നത്. എന്നാൽ പിന്നീട് എന്താണു സംഭവിച്ചത് എന്നു ഫാ. വലേറിയൻ വിവരിക്കുന്നു: "ബർണർദീനോസ് മെത്രാനച്ചൻ കർമ്മെലീത്താ ഒന്നാം സഭയുടെ നിയമാവലി മാന്നാനത്തേക്ക് അയച്ചു കൊടുക്കുകയും വേണ്ട ഭേദഗതികളോടെ തിരിച്ചയക്കുന്നതിനു കൽപിക്കുകയും ചെയ്തു. ചാവറയച്ചൻ തന്റെ സഹപ്രവർത്തകരുമായി കൂടിയാലോചിച്ച് നാടിന്റെ കാലാവസ്ഥ നാടിന്റെ ആവശ്യം മുതലായവ പരിഗണിച്ച് എടുക്കാവുന്നവ എടുത്ത് ക്രമീകരിച്ച് മെത്രാനച്ചനെ ഏല്പിച്ചു. മെത്രാനച്ചൻ അവയൊന്നും പരിഗണിക്കാതെ ഒന്നാം സഭയുടെ റേഗുളാ - കൺസിറ്റ്യൂഷൻസ് - തന്നെ അനുസരിക്കുവാൻ കല്പിച്ചു കൊടുക്കുകയാണു ചെയ്തത്. അതിനാൽ സഭയിൽ വലിയ ഒരു ഭാഗത്തിനു എതിർപ്പുണ്ടായിരുന്നു. ചാവറയച്ചന്റെ സങ്കടകരമായ കത്തും തന്ത്രപൂർവ്വം അവഗണിച്ചുകൊണ്ട് കർമ്മെലീത്താറേഗുള അനുസരിക്കുവാൻ മനസ്സുള്ളവർ മാത്രം വ്രതം ചെയ്യട്ടെ എന്ന് കല്പിക്കുകയാണു ചെയ്തത്. 1855 ഡിസംബർ 8-നു പതിനൊന്നു പിതാക്കന്മാർ വ്രതം ചെയ്തു. ബാക്കിയുള്ളവർ പിൻവാങ്ങി..... അവർ സ്വീകരിച്ചതു നിത്യവ്രതവുമായിരുന്നു."[56]

1855 ഡിസംബർ 8-നു നടത്തുന്ന വ്രതത്തിനു ഒരുക്കമായി നടത്തിയ ധ്യാനം ഒരാധ്യാത്മിക അഭ്യാസം എന്നതിനെക്കാൾ നസ്രാണികളുടെ ആശ്രമ പ്രസ്ഥാനത്തെ വൈദേശിക പതിപ്പായി മാറ്റുന്നതിനുള്ള കുത്സിത ശ്രമമായിരുന്നു. "ധ്യാനാനന്തരം രണ്ടു അച്ചന്മാരും എട്ടു ശെമ്മാശ്ശന്മാരും ഒരു ബാലനും പുതിയ ക്രമച്ചട്ടം ആചരിച്ചനുസരിച്ചു പോകാൻ തങ്ങളാൽ സാധ്യമല്ലെന്നു പറഞ്ഞൊഴിഞ്ഞു. ഇതിന്മേൽ മെത്രാനച്ചന്റെ പക്കൽ നിയമകാഠിന്യത്തെക്കുറിച്ച് സങ്കടം ബോധിപ്പിച്ച

ചാവറയച്ചനെ ആശ്വാസവാക്കുകൾ കൊണ്ടു സമാശ്വസിപ്പിക്കുകയാണു ചെയ്തത്. നിയമങ്ങളിൽ അയവുവരുത്തുന്നതിനോ തിരുത്തി അയച്ചത് സ്വീകരിക്കുന്നതിനോ സമ്മതിച്ചില്ല. തീർത്തും ധ്യാനപരമായ ജീവിതത്തിന്റെ ക്രമച്ചട്ടങ്ങളിലും നോമ്പ്, ഉപവാസം മുതലായവയിലും അവരെ നിർബന്ധിച്ചു" എന്നുള്ള ഫാ. വലേറിയന്റെ വിലയിരുത്തൽ ചരിത്രപരമാണ്.[67]

തുടർന്നു സംഭവിച്ചത് ഒരു സൈദ്ധികമുന്നേറ്റം എന്നതിനെക്കാൾ ഘടനാത്മക അടിച്ചേൽപ്പിക്കലായിരുന്നു. ആശ്രമ വസ്ത്രമായി ആദിപിതാക്കന്മാർ സ്വീകരിച്ചത് ഒരു വെള്ളക്കുപ്പായവും തുകൽവാറുമായിരുന്നു. ഈ രൂപമാണ് അടുത്ത കാലത്തു പൗരസ്ത്യ തിരുസംഘത്തിൽ നിന്നും സി.എം.ഐ. ക്കാരുടെ ഔദ്യോഗികവേഷമായി നിർദ്ദേശിച്ചു തന്നത്. എന്നാൽ പൗരസ്ത്യപരമായ ഈ രൂപം സ്വീകരിക്കുന്നതിന് തയ്യാറായില്ല. മറ്റ് ഏതോ ഒരു സഭയുടെ സന്ന്യാസവസ്ത്രം സ്വീകരിക്കുകയാണുണ്ടായത്. അന്നു മോൺസിഞ്ഞോർ ബർണർദീനോസ് വൈദേശികവസ്ത്രം കെട്ടി ഏല്പിച്ചെങ്കിൽ ഇന്നും സഭാംഗങ്ങൾ തന്നെ മറ്റൊരു വൈദേശിക വസത്രം ഉറപ്പിച്ചു. രണ്ടും സഭാത്മകമായോ ദേശീയമായോ തനതാത്മകതയുള്ളതല്ല. മറ്റൊരു ഘടകം സഭാനാമത്തിന്റെ പ്രശ്നമാണ്. ഫാ. ബർണാർദ് ചരിത്രത്തിൽ എഴുതിയിരിക്കുന്നു: "അന്നു നമ്മുടെ സഭയ്ക്ക് അമലോത്ഭവ കർമ്മല മാതാവിന്റെ ശുശ്രൂഷികൾ എന്നാണു നാമകരണം ചെയ്യപ്പെട്ടിരുന്നത്. ആ നാമം മാറി 'കർമ്മെലീത്താ മൂന്നാം സഭ' എന്നുള്ള ഇപ്പോഴത്തെ പേർ ഉണ്ടായത് 1861-ലോ അതിൽ പിന്നെയോ ആണ്. നാമം മാറിയതോടെ അന്നത്തെ ക്രമചട്ടമായ ന്യായ പ്രമാണത്തിലും ചില ഭേദഗതികൾ വരുത്തുകയൊ വന്നുകൂടുകയോ ചെയ്തു. ഇതെല്ലാം 1861 ഫെബ്രുവരി മാസം 27-ാംനു ആമ്പല്ലൂർ പള്ളിയിൽ നിന്നു വന്ദ്യ മേൽപ്പട്ടക്കാരൻ ആയ ബർണർദീനോസ് മെത്രാപ്പോലീത്താ മാന്നാനത്തേക്കു കൊടുത്തയച്ച കല്പനയിൽ നിന്നു വിശദമാകുന്നതാണ്."[68]

കർമ്മെലീത്താ ഒന്നാം സഭ, കേരളത്തിലെ നസ്രാണികളുടെ മാർ ത്തോമ്മാ പൈതൃകമനുസരിച്ച് സമാരംഭിച്ച ഏതദ്ദേശീയ സഭയെ സ്ഥാപിച്ചു എന്നുപോലും പറയുകയും അവരുടെ ചരിത്രത്തിലതു ഇന്നു കാത്തു സൂക്ഷിക്കുകയും ചെയ്യുന്നു. കല്പന ഇപ്രകാരമാണ്: "നമ്മുടെ കർമ്മലീത്താ സഭയുടെ തലവനായ ദേഹം 1860 ഒക്ടോബർ മാസം 1-ാനു റോമാപുരിയിൽ ജനറാളിനടുത്ത ആശ്രമത്തിൽ ആലോചന സഭകൂടി, നാം മലയാളത്തിൽ ഉത്ഭവപാപം കൂടാതെ ജനിച്ച കർമ്മെല ദേവമാതാവിന്റെ ശുശ്രൂഷികൾ എന്ന നാമധേയത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊവേന്തകളെയും അതിൽ ഉൾപ്പെട്ട ദർശന വാസികളെയും കർമ്മെലീത്താ സഭയുടെ മൂന്നാം സഭക്കാരായി കൈക്കൊണ്ടുറപ്പിക്കയും ഇനിയും കൊവേന്തകളെ സ്ഥാപിച്ചതിൻ വണ്ണം കൈക്കൊണ്ടു നടത്തുന്നതിനു നമുക്കു മുഷ്ക്കരത്വം തരികയും ചെയ്തിരിക്കുന്നു."[69] സി.എം.ഐ. സഭയിലുണ്ടായ വഴിത്തിരിവ് ഏവർക്കും അറിയാവുന്നതും അംഗീകരിച്ചതും തിരുത്തിയതുമാണ്. സംഭവിച്ചത് ഇപ്രകാരമാണ്: "തങ്ങളുടെ സഭയെ സ്വതന്ത്രനിലയെ ഹനിക്കുമാറ് നിയമാവലിയിൽ വരുത്തിയ കാതലായ വ്യതിയാനത്തിൽ, തങ്ങളുടെ യാതൊരറിവും കൂടാതെ ചെയ്ത ഭേദഗതിയിൽ സംഭാംഗങ്ങൾക്കുപൊതുവെ അതൃപ്തിയുണ്ടായിരുന്നു. എങ്കിലും ബർണർദീനോസ് മെത്രാപ്പോലിത്താ ഒരു പിതാവിനെപ്പോലെ വർത്തിക്കയും, പ്രിയോരച്ചന്റെ സ്ഥാനവും അധികാരവും പഴയ രീതിയിൽ പാലിച്ചു പോകയും ചെയ്തിനാൽ സഭയിൽ നിന്ന് ശക്തിയായ എതിർപ്പുണ്ടായില്ല. തന്മൂലം TOCD എന്ന പേരു അനധികൃതമായി നടപ്പിൽ വന്നു. ഈ വിധം നമ്മുടെ സഭയെ, ആദ്യരൂപത്തിൽ നിന്നും ഗതിമാറ്റി കർമ്മെലീത്താ ഒന്നാം സഭയുടെ ചട്ടവട്ടമനുസരിച്ചുള്ള അനുചിന്തന പ്രധാനമായ ഓർഡറിന്റെ രീതിയിലാക്കി രൂപം മാറ്റി."[70]

ചാവറയച്ചൻ 1871 ജനുവരി 3-നു മരിച്ച ശേഷം 1873-ൽ മഞ്ഞുമ്മേൽ കൂടിയ സഭയുടെ സമ്മേളനത്തിൽ ലെയോനാർദുമെത്രാപ്പോലിത്താ വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിലേക്കു സഭയെ

നയിച്ചു. സഭാംഗങ്ങളുടെ ഇടയിൽ ഭിന്നതയും രൂക്ഷമായി. ജനോപകാരത്തിനായി സമാരംഭിച്ച സഭ സംഘർഷനിവാരണത്തിനായി ശക്തി വിനിയോഗിക്കേണ്ട സ്ഥിതിയിലുമായി. സഭയുടെ വഴിത്തിരിവിന്റെ പാർശ്വഫലങ്ങൾ ഇന്നും പൂർണ്ണമായും വിട്ടുമാറിയെന്നു പറഞ്ഞുകൂടാ. പ്രത്യേകിച്ചു നസ്രാണീയതനിമ വീണ്ടെടുക്കാത്ത ഒരു വൈദേശിക സഭയായി ഇന്നും സി.എം.ഐ. അവശേഷിക്കുന്നു.

16:11 ഈജിപ്തിലെ അടിമത്തം

നസ്രാണികളുടെ ഇടയിൽ ആശ്രമ ജീവിതത്തിനു നിവേശനം ലഭിച്ച വൈദികന്മാരെ ഒതുക്കുകയും മയക്കുകയും വശീകരിക്കുകയും ചെയ്തതു വഴിയുള്ള അവസ്ഥയെയാണ് 'ഈജിപ്തിലെ അടിമത്തം' എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്. നസ്രാണികളുടെ ഇടയിൽ വിവിധ വൈദേശിക ശക്തികൾ വിതച്ച വിഭാഗീയതയെ പരിഹരിക്കുന്നതിനായി ഭാരതത്തിലേക്കയച്ച ശ്ലൈഹിക സന്ദർശകനായ മൊയ്റിന്റെ വിവരണം റോമിനു വേണ്ടത്ര ഇഷ്ടപ്പെടാത്തതുകൊണ്ട് [71] ബൊളീനായുടെ മെത്രാനായ അഭിവന്ദ്യ ഇഗ്നേഷ്യസ് പേർസിക്കോയെ മലബാറിലേക്കയച്ചു.[72] മോൺ. പേർസിക്കോ സുറിയാനിക്കാരായ മൂന്നാം സഭക്കാരെക്കുറിച്ച്, പ്രത്യേകിച്ച് ആ സഭയുടെ തുടക്കം, ലക്ഷ്യം, നിയമങ്ങൾ, വ്രതങ്ങൾ, ഇന്നത്തെ സ്ഥിതി, അവരുടെ പണ്ടത്തെയും ഇന്നത്തെയും ചൈതന്യം എന്നിവയെക്കുറിച്ച് സകല വിവരങ്ങളും ശേഖരിച്ചു.[73] സന്ദർശകൻ സി.എം.ഐ. സഭയുടെ പ്രാരംഭത്തെക്കുറിച്ചു പറയുന്നു: "മോൺസിഞ്ഞോർ സ്തബിലീനിയുടെ കാലത്ത് അതായത് 1829-നോടടുത്ത്, സ്വഭാവം, ഭക്തി എന്നിവയിൽ ആദരണീയരായ ഏതാനും സുറിയാനി വൈദികർ, പ്രത്യേകിച്ച് രണ്ടു മല്പാന്മാർ അതായത് സുറിയാനി പ്രൊഫസറന്മാർ, സമൂഹജീവിതം നയിക്കുക എന്ന ആശയത്തിനു രൂപം കൊടുത്തു തന്നെയല്ല; പൊതുവായ ഒരു നിയമത്തിന്റെ ശിക്ഷണത്തിലും അനുഷ്ഠാനത്തിലും ആശ്രമജീവിതം നയിക്കുന്നതിനു തയ്യാറുള്ള സ്വജാതിക്കാരായ വൈദികരെ ഭാവിയിലും

ഒരുമിച്ചു കൊണ്ടു വരുന്നതിനു പറ്റിയ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനും അവർക്കാശയമുണ്ടായിരുന്നു. മോൺസിഞ്ഞോർ സ്തബിലീനി ആദ്യം അനുമതി നിഷേധിച്ചു. അദ്ദേഹത്തിന്റെ നിഷേധാത്മകമായ മറുപടി ഇന്നും പഴയ രേഖകളുടെ കൂട്ടത്തിൽ കാണാവുന്നതാണ്. നിഷേധിക്കൽ താഴെ പറയുന്ന വാക്കുകളിലായിരുന്നു: "അവർ പറയുന്ന സ്ഥാപനം തുടങ്ങുക പ്രയാസം, നിലനിറുത്തുക അസാദ്ധ്യം. എന്നാൽ അധികം താമസിയാതെ, ഏറ്റം താഴ്ന്ന സാമൂഹ്യനിലവാരമുള്ള ജനമെന്നു പൊതുവെ കരുതപ്പെടുന്ന മുക്കുവരുടെ ജാതിയിൽപെട്ട രണ്ടുയുവാക്കൾക്ക് സെമിനാരിയിൽ പ്രവേശനാനുമതി കൊടുത്തതുമൂലം അദ്ദേഹം ലത്തീൻകാരുടെ മുഴുവൻ പൊതു ജനാഭിപ്രായം തനിക്കെതിരായി ഉയരാനിടകൊടുത്തു. അതിനാൽ സുറിയാനി വൈദികരെ ലത്തീൻകാർക്കെതിരായി അണിനിരത്തുവാനും അവരുടെ തുണകിട്ടുന്നതിനുമായി അവരെ (സുറിയാനിക്കാരെ) എല്ലാവിധ പ്രോത്സാഹനവും വഴി അദ്ദേഹം അനുകൂലിക്കുവാനാരംഭിച്ചു. ഒരു കൊല്ലം മുമ്പു അനുമതി നിഷേധിച്ച ഈ കാര്യത്തിനു മറ്റു പലതിന്റെയും കൂട്ടത്തിൽ അനുമതിയും കൊടുത്തു. അവരുടെ റീത്തിൽപ്പെട്ട സഭാ ശുശ്രൂഷികൾ സമൂഹമായി ജീവിക്കുന്നതിനുള്ള ഒരാശ്രമത്തിന്റെ സ്ഥാപനമായിരുന്നു ഇത്. ഇക്കാര്യത്തിനായി അദ്ദേഹം തന്നെ ശേഖരിച്ച വിവിധ മൂലധനവും ധർമ്മദാനവും കൊടുക്കുക കൂടി ചെയ്തു."[74] പേർസിക്കോ തുടരുന്നു: ".....അവർക്കു ലഭിച്ച അനുമതിയുടെ പ്രബലതയാൽ 1831-ൽ മാന്നാനം എന്നു പേരായ സ്ഥലത്തു വി.യൗസേപ്പിന്റെ നാമത്തിൽ ഒരു പള്ളി, തൊട്ടു ചേർന്നുള്ള ചെറിയ ഒരാശ്രമത്തോടുകൂടെ അവർ പണിതു.... യുവാക്കൾക്കു വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനുകൂടി തങ്ങൾ ശ്രമിക്കുമെന്നും അതു വേണ്ടെന്നുമുള്ള അഭിപ്രായവ്യത്യാസം ആരംഭം മുതൽക്കേ അവരുടെ ഇടയിലുണ്ടായിരുന്നു. ഒടുവിൽ രണ്ടാമത്തെ അഭിപ്രായം പ്രബലമായി. അങ്ങനെ സഭാശുശ്രൂഷക്കായി അർപ്പിതരാകാനാഗ്രഹിക്കുന്ന ചെറുപ്പക്കാരെ സുറിയാനി ഭാഷ പഠിപ്പിക്കുന്നതിനു വേണ്ടി അവർ സ്കൂളുകൾ സ്ഥാപിക്കാൻ

തുടങ്ങി. ഇതായിരുന്നു മേല്പറഞ്ഞ സ്കൂളുകളുടെ പ്രധാന ലക്ഷ്യം. ഈ രീതിയിൽ 1855 വരെ വെറും രൂപതാവൈദികരെന്ന നിലയിൽ തുടർന്നു... വി. ത്രേസ്യായുടെ മോൺ. ബർണർദീനോസ് കർമ്മെലീത്താക്കാരുടെ പൊതു നിയമങ്ങളെ മാതൃകയാക്കിയും അവരുടെ തന്നെ പ്രമാണങ്ങളുടെ ആദ്യഭാഗമുൾപ്പെടുത്തിയും അംഗീകാരാർത്ഥം ഒരു നിയമ സംഹിത അവർക്കുവേണ്ടി എഴുതിയുണ്ടാക്കാൻ കർമ്മലീത്താക്കാരനായ മർസെലീനോസിനെ ആ വർഷം ഭരമേൽപിച്ചു."[75]

ഇവിടെ ഉദ്ധരിച്ച രേഖകളെല്ലാം തന്നെ ഏതദ്ദേശീയമായ ഒരു സഭയെ അതിന്റെ എല്ലാ തനിമയിൽ നിന്നും അടിമത്തത്തിന്റെ അവസ്ഥയിലേക്കു തള്ളുന്നതായിരുന്നു. നസ്രാണികൾ തങ്ങളുടെ സഭാപാരമ്പര്യത്തിനനുസൃതം ആശ്രമജീവിതം നയിക്കുന്നതിനു തുടക്കം കുറിച്ചപ്പോഴെ ലത്തീൻകാർക്ക് അത് ഉണ്ടാകണമെന്ന ചിന്തയല്ലെ പേർസിക്കോ എടുത്തു കാട്ടുന്നത്. തുടർന്നും കൂടുതൽ സങ്കീർണ്ണമായ രീതിയിൽ ഇവിടത്തെ സഭയെ വൈദേശികാധിപത്യത്തിനു കീഴ്പ്പെടുത്തുന്ന സംവിധാനം.

വാച്ചവനവാസമെന്ന ആഗ്രഹം സ്തബിലീനി മാറ്റി. പരോപകാരാർത്ഥം ജീവിക്കുക എന്ന ആശയത്തെക്കാൾ മറ്റൊരു ഉദ്ദേശ്യമായിരുന്നു സ്തബിലീനിക്കുണ്ടായിരുന്നതെന്ന് പേർസിക്കോ വെളിപ്പെടുത്തി. സംഭവിച്ചതിന്റെയെല്ലാം ചുരുക്കമിതാണ്: "മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന ആശ്രമ ജീവിതത്തെ സംബന്ധിച്ചിടത്തോളം പതിനേഴാം നൂറ്റാണ്ടിൽ നടന്നതുതന്നെ ഇവിടെയും സംഭവിച്ചു എന്നു പറയാം. പതിനേഴാം നൂറ്റാണ്ടിൽ പൗരസ്ത്യ പാരമ്പര്യമനുസരിച്ച് തപസ്സിന്റെയും പ്രാർത്ഥനയുടെയും ജീവിതം നയിച്ചിരുന്ന കത്തനാരന്മാരെ ഒരു സമൂഹമാക്കി സഭാതലത്തിൽ അംഗീകാരം വാങ്ങി. അവർ വഴി സുറിയാനി സഭയുടെ നവീകരണവും ആധ്യാത്മിക പുരോഗതിയും നേടുക എന്ന ലക്ഷ്യത്തിനായി ആർച്ച് ഡീക്കൻ ഗീവർഗീസ് പരിശ്രമിച്ചു. പക്ഷെ അന്നു സുറിയാനി സഭയെ

ഭരിച്ചിരുന്ന പാശ്ചാത്യ സഭക്കോരനായ ആർച്ച് ബിഷപ്പ് ബ്രിട്ടോ അദ്ദേഹത്തിന്റെ പരിശ്രമത്തെ വിഫലമാക്കി..... ആരംഭകാലത്തു മാർ തോമ്മാ ക്രിസ്ത്യാനികൾക്കു കർമ്മെലീത്താക്കാരിൽ വളരെയേറെ പ്രതീക്ഷ ഉണ്ടായിരുന്നു. സിറിയായിൽ നിന്നു വന്നിരുന്ന കർമ്മെലീത്താ സന്ന്യാസികളുടെ തിരുക്കർമ്മങ്ങളും താപസജീവിതവും മാർതോമാ ക്രിസ്ത്യാനികളുടേതു പോലെയാണ് എന്നു 1645-നോടടുത്തു ആർച്ചു ഡീക്കൻ മ്ശിഹായുടെ തോമ്മാ മാർപ്പാപ്പയ്ക്ക് എഴുതിയതായി കാണുന്നു."[76] പക്ഷെ കാര്യങ്ങളൊക്കെ നീങ്ങുന്നതു രാഷ്ട്രീയ സ്വാധീനത്തിലും ദൈവാത്മാവിന്റെ പ്രവർത്തനത്തെ കെടുത്തുന്ന രീതിയിലുമെന്നു ചരിത്രം പ്രഖ്യാപിക്കുന്നു. ആശ്രമ പ്രസ്ഥാനത്തിന് എന്നും തുരങ്കം വച്ചുകൊണ്ട് വൈദേശികാധിപത്യം അടിച്ചേൽപിച്ച് ഇവിടെയുള്ളവരെ അടിമകളാക്കുന്ന പ്രവണത ശമിച്ചില്ല. പേർസിക്കോ തുടർന്ന് പ്രസ്താവിക്കുന്നു: "ഇവിടെവന്ന കർമ്മലീത്താക്കാർ പ്രൊപ്പെഗാന്തായുടെ കീഴിൽ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ നോക്കി. ഈ നാട്ടിലെ രീതികളും ആചാരമര്യാദകളുമെല്ലാം അവർ പുച്ഛിച്ചു തള്ളി. പ്രത്യേകിച്ചു 1838 -ൽ പോർട്ടുഗീസ് സഭാഭരണം അവസാനിപ്പിച്ചതിന്റെ ഫലമായി സുറിയാനിക്കാർ എല്ലാവരും ഔദ്യോഗികമായി കർമ്മെലീത്താക്കാരുടെ കീഴിലായപ്പോൾ പാശ്ചാത്യവത്ക്കരണത്തിനു പറ്റിയ അവസരവുമായി. ഇങ്ങനെ പാശ്ചാത്യരീതിയിൽ കൊണ്ടുവന്ന ഒന്നാണു മാന്നാനത്തെ സമൂഹം. ആ സമൂഹത്തിലും പാശ്ചാത്യരീതിയിലുള്ള ഭക്താഭ്യാസങ്ങളുണ്ടായിരുന്നു എന്ന കാര്യം മറച്ചുവയ്ക്കുന്നില്ല. കാരണം അവർ ചെറുപ്പത്തിൽ തഴങ്ങിയതു തുടർന്നു എന്നു മാത്രം. എങ്കിലും അവരുടെ പ്രാർത്ഥനാരീതിയിലും താപസജീവിതത്തിലും പൗരസ്ത്യചായ്വുണ്ടായിരുന്നു. അവരെ പുഷ്ടിപ്പെടുത്തി പ്രോത്സാഹിപ്പിക്കുന്നതിനു പകരം അതിനെ പാശ്ചാത്യമോഡലിലാക്കിയതാണ് പ്രശ്നം. തുടർന്നുള്ള നാളുകളിൽ പാശ്ചാത്യ ഭക്തികളുടെ അതിപ്രസരവും തുടങ്ങി. എന്നിട്ടും ആ സഭയിലെ ആദ്യ നാളിലെ വൈദികർക്കു സുറിയാനി സഭയുടെ തനിമ വീണ്ടെടുക്കണമെന്ന ആശയമുണ്ടായിരുന്നു."[77]

പതിമൂന്നാം നൂറ്റാണ്ടു മുതൽ വിദേശത്തു നിന്നു വന്നു തുടങ്ങിയ പാശ്ചാത്യ ലത്തീൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ വഴി പ്രാദേശിക പാരമ്പര്യമുണ്ടായിരുന്ന മാർത്തോമ്മാ നസ്രാണികളെ ലത്തീൻ സഭയിലേക്കു മാനസാന്തരപ്പെടുത്തുക എന്ന ദൗത്യമാണവർ കാര്യക്ഷമമാക്കിയത്. അതിന്റെ ഫലമോ നസ്രാണി സഭ, ഇസ്രായേൽ ജനതയെപ്പോലെ അടിമത്തചങ്ങലയുടെ ഭാരവും പേറി എന്നും തനതാത്മകതയ്ക്കായി കുരിശു യുദ്ധം നടത്തുന്നു.

അമലോത്ഭവ ദാസന്മാർ എന്ന പേരിൽ മാന്നാനത്തു രൂപം കൊണ്ട ആശ്രമ പ്രസ്ഥാനത്തെ മോൺസിഞ്ഞോർ സ്തബിലീനി തുടങ്ങി മോൺസിഞ്ഞോർ ബർണർദീനോസ് ഉൾപ്പെടെ ഏവരും പാശ്ചാത്യവത്ക്കരിച്ചു ലത്തീനീകരിക്കുന്നതിനാണു ശ്രമിച്ചിരുന്നതെന്ന് മേല്പറഞ്ഞ രേഖകൾ തെളിയിക്കുന്നു. ചാവറയച്ചൻ ഉൾപ്പെടെ ഏവരും മേല്പറഞ്ഞ പാശ്ചാത്യ മേൽക്കോയ്മകൊണ്ടു വേദനിച്ചിട്ടുള്ളവരാണ്. രണ്ടാം പ്രിയോരായിരുന്ന പോരൂക്കര എലിസേവൂസച്ചൻ തന്റെ സഹോദരങ്ങളുടെ അടിമത്തവും ഞെരുക്കവും കണ്ട് ഹൃദയവേദനയോടെ റോമിനു കമ്പി അടിച്ചത് എത്രയോ മർമ്മ പ്രാധാന്യമുള്ള കാര്യമാണ്.[78]

സുവിശേഷത്തിലെ മിശിഹായെ അനുഗമിക്കുന്നതിൽ ആധികാരികതയും മൗലികതയും പുലർത്തുന്നതിനുള്ള ആഗ്രഹവും അതിനോടുള്ള വിശ്വസ്തതയുമാണ് ഇതിന്റെയെല്ലാം പിന്നിലുള്ളത്. ഒരടിമത്തത്തിൽ നിന്നും വിടുതൽ കിട്ടുമ്പോഴാണു മറ്റൊന്നു പ്രത്യക്ഷപ്പെടുന്നത്. ഈജിപ്തിലെ അടിമത്തം നീങ്ങിയെങ്കിലും ബാബിലോൺ വിപ്രവാസത്തിലേക്കാണ് നസ്രാണികളുടെ അമലോത്ഭവ ദാസരു ചെന്നു വീണത്. ഇതിനിടയിൽ കിട്ടിയ ഹൃസ്വ മോചനത്തെക്കുറിച്ചുകാണാം.

16:12 സ്വയം പര്യാപ്തത മേലധ്യക്ഷക്രമത്തിൽ

സഭയിൽ ആശ്രമജീവിതവും സന്ന്യാസജീവിതവും അവശ്യം മേലധ്യക്ഷക്രമത്തോടു (ഹൈരാർക്കി) ബന്ധപ്പെട്ടാണു കിടക്കുന്നത്. ദൈവാത്മാവിനെ സിദ്ധിയുടെ കാര്യത്തിൽ വിവേചിച്ചറിയുന്നതിനുള്ള വ്യവസ്ഥയാണു മേലധ്യക്ഷക്രമം. അതേസമയം സിദ്ധിയുടെ വളർച്ചയിൽ മാനുഷികമാത്രവും സ്ഥാപിത താല്പര്യപരവുമായ ഘടകങ്ങൾ പ്രബലപ്പെട്ടതിനാൽ മുകളിൽ ചർച്ച ചെയ്യുന്നതുപോലുള്ള വീഴ്ചകൾ നിരവധിയാണ്. സി.എം.ഐ. സഭയുടെ ചരിത്രത്തിൽ ആരംഭകാലത്ത് ഹൈരാർക്കിയും ആശ്രമപ്രസ്ഥാനവും ഏതാണ്ട് ഒന്നുപോലെ നീങ്ങിയിരുന്നു. 1827 മുതൽ 1887 വരെ സി.എം.ഐ. ക്കാർ കർമ്മെലീത്താ മേലധ്യക്ഷക്രമത്തിനു കീഴിലായിരുന്നു. എന്നാൽ 1887-ൽ പ്രൊപ്പഗാന്താ തിരുസംഘം കേരളത്തിലുണ്ടായിരുന്ന ലത്തീൻകാരെയും നസ്രാണികളെയും വീത്തടിസ്ഥാനത്തിൽ വേർതിരിച്ച് നസ്രാണികളെ രണ്ട് അപ്പസ്തോലിക് വികാരിയാത്തുകളുടെ കീഴിലാക്കി. മോൺ. ലവീഞ്ഞു എസ്.ജെ., മോൺ. മെഡ്ലിക്കോട്ട് എന്നിവരെ പ്രസ്തുത വികാരിയാത്തുകളുടെ അധിപന്മാരായി നിയമിക്കുകയും ചെയ്തു. കർമ്മെലീത്തരെ ഒഴിവാക്കി. കാരണം അന്നത്തെ ഭാരതത്തിലെ ദലഗാത്ത് അപ്പസ്തോലിക്കാ റോമിനെ അറിയിച്ചത് ശീശ്മ ഒഴിവാക്കാൻ, മർസെലിൻ, പോളിക്കാർപ്പ് എന്നിവരെ മാറ്റിനിറുത്തുക എന്നതായിരുന്നു.

പുതിയ വികാരി അപ്പസ്തോലിക്കാമാരുടെ കാലത്താണ് സി.എം.ഐ. സെമിനാരികളെല്ലാം നിറുത്തലാക്കപ്പെട്ടത്. കാരണം ഇവരുടെ ഇടയിൽ മല്പാനേറ്റു നിന്നു പോയിരുന്നു. മേലധ്യക്ഷക്രമത്തിൽ സ്വയം പര്യാപ്തത ഉണ്ടായപ്പോൾ അതു സി.എം.ഐ. സഭയെ സംബന്ധിച്ചിടത്തോളം ഒരനൃവത്കരണത്തിന്റെ അനുഭവമായി.

1896-ൽ ദേശീയരും നസ്രാണികളുമായ മൂന്നു വികാരി അപ്പ സ്തോലിക്കാമാർ നിയമിതരായി. തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ അപ്പസ്തോലിക്കാ വികാരിയാത്തുകളും നിലവിൽ വന്നു. ഇപ്ര കാരം ഉണ്ടായ മാറ്റങ്ങൾ വലിയ ഒരു സത്യം വിളിച്ചറിയിക്കുന്നുണ്ട്. അതായത് കർമ്മെലീത്താ മേലധ്യക്ഷന്മാരുടെ കീഴിൽ നിന്നിരുന്ന സി.എം.ഐ. ക്കാർ ഒറ്റപ്പെട്ടു. പകരം നസ്രാണിസഭയുടെ ദേശത്തു മെത്രാന്മാർ മുൻപന്തിയിൽ വന്നു. അതും ഏഴു വ്യാകുലങ്ങളിൽ പെട്ട വനായ മാർ ളൂയിസ്.

സപാദുകരും നിഷ്പാദുകരുമായിരുന്ന കർമ്മെലീത്താക്കാർ നസ്രാണികളോടു പുലർത്തിയിരുന്ന മനോഭാവം ഇപ്രകാരമായിരുന്നു: "നാട്ടുകാരായ വൈദികർക്കു ദൈവശാസ്ത്രത്തിൽ വളരെ പരിമിത മായ അറിവു മാത്രം നൽകുക എന്നതായിരുന്നു സമ്പ്രദായം. സ്വദേശി വൈദികർ എല്ലാക്കാര്യത്തിലും എല്ലാവിധത്തിലും യുറോപ്യൻ മിഷ നറിമാരെക്കാൾ കുറഞ്ഞവരായിരിക്കണം എന്ന തത്ത്വം അനുസരി ച്ചാണ് ഇങ്ങനെ ചെയ്തത്. സാന്മാർഗ്ഗിക ദൈവശാസ്ത്രം സംബന്ധിച്ച് വളരെ കഷ്ടമായ ഒരു മാനുവൽ അല്ലാതെ ഒന്നും അവരെ പഠിപ്പിക്കു ന്നില്ല. താത്ത്വിക ഭാഗങ്ങൾ ഒന്നും തന്നെ പഠിപ്പിക്കുന്നില്ലെന്നു പറയാം. ഏറ്റവും കൂടിയാൽ അല്പം വേദപാഠം പഠിപ്പിക്കും. മിഷനറിമാർ പറ യുമായിരുന്നു അറിവു അവർക്കു വേണ്ടിയുള്ളതല്ല; നാം അവരെ എന്തെ ങ്കിലും പഠിപ്പിച്ചാൽ അവരതു പഠിച്ചിട്ടു അഹങ്കാരികളായിത്തീരുകയും നമ്മെ ബഹുമാനിക്കാതിരിക്കുകയും ചെയ്തേക്കാം. ഒരു നല്ല കാരണം തന്നെ."[79] എന്നാൽ സ്വജാതി മെത്രാന്മാർ ഉണ്ടായ കാലം മുതൽ ദേശത്തു പട്ടക്കാർ മുമ്പോട്ടു വരുകയും പുതിയ സംവിധാനത്തിൽ സഭയ്ക്കു ദേശീയമായ സ്വഭാവം വർദ്ധിച്ചു വരുകയും ചെയ്തു. 1911-ൽ നേരത്തെ സൂചിപ്പിച്ച മൂന്നു വികാരിയാത്തുകൾക്കും പുറമെ കോട്ടയം അപ്പസ്തോലിക്ക വികാരിയാത്തും രൂപീകരിക്കപ്പെട്ടു. 1917-ൽ ഈ വികാരിയാത്തുകളെല്ലാം പൗരസ്ത്യ സഭകൾക്കായുള്ള തിരു

സംഘത്തിനു കീഴിലായി. 1923-ൽ എറണാകുളം അതിരൂപതയും മറ്റു വികാരിയാത്തുകൾ സാമന്തരൂപതകളുമായി ഒരു വികാരിയാത്തു രൂപീകരിക്കപ്പെട്ടു. ഈ മേലധ്യക്ഷക്രമത്തിനു (ഹൈരാർക്കിക്കു) സീറോ മലബാർ സഭ എന്ന പേരു ലഭിച്ചു. ഈ പേരിന്റെ പിന്നിലുള്ളത് ഒരു ഭയമാണ്. അതായത് കൽദായ എന്ന വാക്കു പ്രയോഗിച്ചാൽ കൽദായക്കാരുമായിട്ടു ബന്ധപ്പെടേണ്ടിവന്നാൽ എന്നത്.[80]

മേലധ്യക്ഷക്രമത്തിൽ വന്നമാറ്റവും സ്വയം പര്യാപ്തതയും നസ്രാണി സഭാ സമൂഹത്തിന് ഒന്നിച്ചുള്ള വളർച്ചക്കു കാരണമായി. ഈ കാലഘട്ടത്തിൽ നസ്രാണികളുടെ ഇടയിൽ നിരവധി സന്ന്യാസ സമൂഹങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി നിലവിൽ വന്നു. എല്ലാറ്റിനും ഒരു മുന്നോടി എന്ന നിലയിൽ സി.എം.ഐ. സഭയ്ക്കു ഒരു നിലയുണ്ടെങ്കിലും മേലധ്യക്ഷക്രമത്തിലും സഭാ ഭരണത്തിലും സി.എം.ഐ. സഭയ്ക്കുണ്ടായിരുന്ന നേതൃത്വം പാടെ നഷ്ടപ്പെട്ടു. അതിനു പലകാരണങ്ങളും ഉണ്ടെങ്കിലും ഏറ്റവും കാതലായ കാരണം വൈദേശികാധിപത്യത്തിനു കീഴിലായി എന്നതും നേതൃത്വ തരംഗം ദേശീയതയെ എന്നും വളർത്തുന്നതുമായിരുന്നില്ല എന്നതാണ്. പ്രത്യേകിച്ചും ചാവറയച്ചൻ കർമ്മെലീത്താ മൂപ്പച്ചന്മാരോടു പുലർത്തിയിരുന്ന കണ്ണും ചെവിയുമില്ലാത്ത അനുസരണം നസ്രാണി സമൂഹം ആഗ്രഹിച്ചതല്ലായിരുന്നു.

ഒരു വിധത്തിൽ പറഞ്ഞാൽ പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചന്മാർ സമാരംഭിച്ച അശ്രമപ്രസ്ഥാനത്തെ പുതിയ മേലധ്യക്ഷക്രമം, സന്ന്യാസത്തിന്റെ ചട്ടക്കൂടിലൂടെയല്ലാതെ നടപ്പാക്കിയിരുന്നു. ഇത് ഒരു വിധത്തിലുള്ള നസ്രാണി വ്യക്തിത്വത്തിന്റെ പുനരുദ്ധാരണമാണ്. ഈ പുനരുദ്ധാരണം ഏതാണ്ടു ഘടനാപരമായിമാത്രം നിലകൊണ്ടു എന്നല്ലാതെ ചൈതന്യപരമായി മാറിയില്ല. അതുകൊണ്ട് സ്വയം പര്യാപ്തമായ നസ്രാണി മേലധ്യക്ഷക്രമം തനതാത്മകതയുടെ സാവയവഘടനയോടുകൂടിയ (organic) ഒരു മുന്നേറ്റമല്ലാതെ പോയി. എന്നാൽ

ബാഹ്യമായി സഭയുടെ വളർച്ച വളരെ വേഗത്തിലുള്ളതായിരുന്നു. സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും എല്ലായിടത്തും വർദ്ധിച്ചുവന്നു. മേലധ്യക്ഷന്മാരും സഹപ്രവർത്തകരും സഭയുടെ തനിമയെ എന്നതിനെക്കാൾ ലത്തീൻ സഭയോടു കിടപിടിക്കുക എന്ന സമീപനം പുലർത്തി. ഈ നീക്കത്തിൽ രൂപതകളും സന്ന്യസ്തരും ഒരു പോലെ മത്സരം തുടങ്ങി. അതിന്റെ ഫലം വിശ്വാസത്തിലും ദൈവാരാധനയിലും ആധ്യാത്മികതയിലും ശുഷ്കത അനുഭവപ്പെട്ടു തുടങ്ങി. പ്രേഷിത രംഗങ്ങളും ഏറ്റെടുത്തു തുടങ്ങി. അങ്ങനെ വളർച്ച ബാഹ്യവും ഘടനാപരവുമായി.

16:13 ബാബിലോൺ വിപ്രവാസമോ?

ആശ്രമജീവിതം പാശ്ചാത്യവത്കരിച്ചതും നസ്രാണി സഭയെ ലത്തീനീകരിച്ചതും വെറും ഒറ്റപ്പെട്ട സംഭവങ്ങളായി കരുതുന്നതു സഭാത്മകമായ വീക്ഷണമല്ല. കാരണം വിശ്വാസത്തിനു പാരമ്പര്യത്തിന്റെ പിൻതുടർച്ചയില്ലെങ്കിൽ അതു വെറും അന്ധവിശ്വാസമേ ആകുകയുള്ളൂ. പാരമ്പര്യപരമായ വിശ്വാസത്തിന്റെ ആഘോഷമായ ദൈവാരാധനയും ആധികാരികമാകണമെങ്കിൽ അതു വിശ്വാസത്തിന്റെ നിയമത്തിനനുസൃതമാകണം. ഒരു ജനതയുടെ ആധ്യാത്മികത അടിസ്ഥാനപരമാകണമെങ്കിൽ അതു ദൈവാരാധനയുടെ നിയമത്തിനനുസൃതമാകണം. സ്വജാതീയ മേലധ്യക്ഷക്രമം നിലവിൽ വന്ന 1896 മുതലുള്ള കാലഘട്ടം നോക്കിയാൽ വാഗ്ദത്തഭൂമിയിൽ വാസമുറപ്പിക്കുന്നതിനു പകരം ഈജിപ്തിലെ അടിമത്തത്തിന്റെ ചങ്ങലകൾ ആഭരണമായിക്കണ്ടിരുന്നവരാണു പലരും. അതിന്റെ ഫലമോ ബാബിലോൺ വിപ്രവാസത്തിലായി. അന്യഭൂവിൽ വച്ചു കർത്താവിന്റെ ഗാനങ്ങൾ ആലപിക്കാൻ സാധിക്കാത്തതുപോലെ ദൈവാരാധനയുടെ പരിശുദ്ധി വീണ്ടെടുക്കുവാൻ സി.എം.ഐ. സഭയ്ക്കോ പുതിയ മേലധ്യക്ഷക്രമത്തിനോ സാധിച്ചിട്ടില്ല. അതുകൊണ്ട് ദൈവാരാധനയിലുള്ള

വിശ്വാസം പ്രഖ്യാപിക്കുന്ന പ്രാർത്ഥനകളും ഗാനങ്ങളും കർമ്മവിധികളും വിട്ട് ശ്രുതിമധുരമെന്നു തോന്നുന്ന ഗാനങ്ങളും ആകർഷണീയമായ പ്രാർത്ഥനകളും വൈകാരിക പ്രധാനമായ കർമ്മങ്ങളും വഴി ദൈവാരാധനയെ വികലമാക്കുന്ന നീക്കങ്ങൾ എങ്ങും സുലഭമാണ്. ഇതുവഴി സംഭവിച്ചത് വിശ്വാസപരമായ കാര്യങ്ങളിൽ അനിശ്ചിതത്വം. ദൈവാരാധനയിൽ യാന്ത്രികത്വം; ആധ്യാത്മികതയിൽ ശുഷ്കത. ഇവയുടെയെല്ലാം പ്രതിഫലനമാണു സി.എം.ഐ. സഭയിലും ഇവിടെ രൂപം കൊണ്ട ആധുനിക സഭകളിലുമെല്ലാം കാണുന്നത്.

സീറോ മലബാർ സഭ കൽദായ ബന്ധത്തിൽ നിന്നകന്നതു കൊണ്ട് എല്ലാമായി എന്നു കണക്കുകൂട്ടിയവർക്കു തെറ്റുപറ്റി. ലത്തീൻ രീതികളും പ്രാർത്ഥനകളും അനുഷ്ഠാനങ്ങളുമെല്ലാം ഇന്നും മുറുകെ പിടിക്കുന്നവരാണധികവും. പൗരസ്ത്യത്തെക്കുറിച്ചു പുച്ഛവും സുറിയാനി വ്യക്തിത്വത്തെ മറിക്കടക്കലും ഐച്ഛികതയിൽ കമ്പവും പരിഷ്ക്കാരത്തിൽ മതിമറക്കലും സാർവ്വത്രികതയിൽ അന്ധതയും മാന്യതയുടെ ഘടകങ്ങളായി കാണുന്നു.

വളരെ ഗൗരവമായ വിശ്വാസ ധ്വംസനം നിസ്സംഗതാമനോഭാവത്തിനു വഴി തെളിക്കുന്നു. ഈ നിസ്സംഗത മതാത്മകജീവിതത്തിൽ മാത്രമല്ല, സാമൂഹിക ജീവിതത്തിലും ശ്ലൈഹിക വേലയിലും ആശ്രമശൈലിയിലും സമൂല പരിവർത്തനമുളവാക്കുന്നു. കുറെക്കൂടി ഈ മനോഭാവത്തിന്റെ പ്രത്യാഘാതം കുടുംബജീവിതത്തിന്റെ തകർച്ചയിലാണു കാണുന്നത്. അതായത് വ്യക്തിത്വ വളർച്ചയിൽ ശരിയായ ആഭിമുഖ്യമില്ല. സമഗ്രമനുഷ്യൻ ജീവന്റെയും സ്നേഹത്തിന്റെയും പൂർണ്ണത കണ്ടെത്താത്ത വികലതയിൽ കുടുങ്ങുന്നു. വ്യക്തിതലത്തിലും കുടുംബമേഖലയിലും സാമൂഹിക വ്യവസ്ഥിതിയിലും സ്വരച്ചേർച്ചയില്ലാതാകുന്നു. താളം തെറ്റിയ പുതിയ തലമുറ താളം തെറ്റിക്കുന്ന കുടുംബ ഭദ്രതയെ ചോദ്യം ചെയ്യുന്നു. ഇതിന്റെയെല്ലാം തുടക്കമായിട്ടു വൈദിക സന്ന്യാസ പരിശീലനമെല്ലാം പാശ്ചാത്യവത്ക്കരിക്കുന്നു.

സി.എം.ഐ. സഭ ആരംഭിച്ചപ്പോൾ മുന്നോടികൾക്കുണ്ടായിരുന്ന ലക്ഷ്യത്തെക്കുറിച്ചു പേർസിക്കോ എഴുതിയത് നാം നേരത്തെ കണ്ടതാണ്. അതായത് നസ്രാണി സഭയുടെ പാരമ്പര്യമനുസരിച്ചു പ്രഗത്ഭരായ വൈദികന്മാരുണ്ടാകുക. എന്നാൽ സംഭവിച്ചത് അങ്ങനെയല്ല. ഇതേക്കുറിച്ച് റവ. ഡോക്ടർ പ്ലാസിഡ് എഴുതുന്നു: "1962 വരെ നമ്മുടെ വൈദികരെ ലത്തീൻകാരായ ആചാര്യന്മാരാണ്, ലത്തീൻ വൈദികരോടൊപ്പമാണ്, പരിശീലിപ്പിച്ചിരുന്നത്. ആലുവായിലെ സെമിനാരി പൗരസ്ത്യ റീത്തുകാർക്കും ലത്തീൻ റീത്തുകാർക്കും പൊതുവായുള്ള കേന്ദ്ര സെമിനാരിയായിരുന്നു. അവിടെ സിറോ-മലബാറുകാരെ അല്പം കൽദായ ഭാഷയും കൽദായ ആരാധനാക്രമത്തിലെ ചില പ്രാഥമികകാര്യങ്ങളും ആരാധനാക്രമപരമായ പാട്ടുകളും പഠിപ്പിച്ചിരുന്നു. അവരുടെ ചരിത്രം, പാരമ്പര്യങ്ങൾ, ആരാധനാക്രമത്തിന്റെ വിശദാംശങ്ങൾ, ആചാരങ്ങൾ, പ്രാചീനമായ ആധ്യാത്മിക ഭരണക്രമീകരണം, പ്രാചീന ആധ്യാത്മികത എന്നിവയെ ഒന്നും സംബന്ധിച്ച അധ്യാപനം ഉണ്ടായിരുന്നില്ല. എന്നാൽ അവയൊക്കെയാണ് സീറോ-മലബാർ വൈദികന്മാരുടെ പരിശീലനത്തിലെ അടിസ്ഥാനമായിരിക്കേണ്ടത്. ഈ സെമിനാരി കർമ്മെലീത്തരുടെ കീഴിലായിരുന്നു."[81]

ഇവിടെ പ്രകടമായ ഒരു സത്യം പ്രൊപ്പഗാന്തയുടെയും പദ്രുവാദോയുടെയും കീഴിലായിരുന്ന നസ്രാണികൾ 1600 കൾ തുടങ്ങി വൈദേശീകരിക്കപ്പെട്ടതും ലത്തീനീകരിക്കപ്പെട്ടതും പാരമ്പര്യത്തിന്റെ ഒരവശ്യഘടകമായി കാത്തു സൂക്ഷിക്കുന്നുവെന്നതാണ്. ഇതിനെല്ലാം ആക്കം കൂട്ടിയതു മോൺസിഞ്ഞോർ സ്തബിലീനി തുടങ്ങിയുള്ള വിദേശീയ മിഷനറി വൈദിക മേലധ്യക്ഷന്മാരും ലത്തീൻ മിഷനറിമാരുമാണ്. 1860 കൾ തുടങ്ങി 1896 വരെ ദീർഘിച്ച പരിശീലന പ്രക്രിയ ഇസ്രായേലിന് ഈജിപ്തിലും ബാബിലോണിലും ഉണ്ടായ അനുഭവത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതാണ്. രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് സഭാ നവീകരണത്തിനും ആരാധനാക്രമ

പരിഷ്ക്കാരത്തിനും സഭൈക്യ നീക്കങ്ങൾക്കും ആക്കം കൂട്ടിയെന്നതു സത്യം. എന്നാൽ ബാംഗ്ലൂരിലുള്ള രൂപതാമതബോധനകേന്ദ്രം ദേശീയ കേന്ദ്രമാക്കിത്തീർത്തത് അമലോത്ഭവദാസും അദ്ദേഹത്തിന്റെ സഹോദരനും ബാംഗ്ലൂർ മെത്രാപ്പോലീത്തായും ആയിരുന്ന ലൂർദു സ്വാമിയുമാണ്. ദൈവാരാധനക്രമത്തെ ഭാരതവത്കരിക്കുന്നതിനുള്ള സംരംഭം തുടങ്ങിയപ്പോൾ, സി.എം.ഐ. സഭയുടേതായി തുടങ്ങിയ ധർമ്മാരാം സെമിനാരിയിൽ സുറിയാനിക്കാരും ഭാരതവത്കരണത്തിനുള്ള നീക്കം ആരംഭിച്ചു. സുറിയാനി ഭാഷയിൽ ആരാധനാക്രമമെല്ലാം നടത്തിയിരുന്ന ഇവർ പൊടുന്നനവേ അനുകരണരീതിയിൽ ഭാരതപൂജയും ഓംകാരവുമെല്ലാം ഉൾക്കൊള്ളിച്ച് അനധികൃതമായി ദൈവാരാധന നടപ്പാക്കിത്തുടങ്ങിയത് ബാബിലോൺ നദീ തീരത്തിരുന്ന ഇസ്രായേൽ ചെയ്യാത്ത കർത്താവിന്റെ ഗാനം ആലപിച്ചതാണ്. റോമാ ഇതു മുടക്കിയതിൽ നിന്നും അതു നിയമാനുസൃതമല്ലായിരുന്നു എന്നു വ്യക്തമാണ്.[82] ഈ വിധത്തിൽ ഉണ്ടായ വിപ്രവാസാനുഭവം സി.എം.ഐ. സഭയെ മാത്രമല്ല കേരള സഭയെ ആകമാനം ബാധിച്ചു. ഫലമോ, നസ്രാണി വ്യക്തിത്വം ഇല്ലാതെ വെറും ഒരു സമ്മിശ്രരൂപം ഉണ്ടാക്കുകയും കാര്യത്തിൽ ലത്തീൻ റീത്തിന്റെ സുറിയാനി പതിപ്പായി സീറോ -മലബാർ സഭ തീരുകയും ചെയ്തു. ഈ വിപ്രവാസത്തിന് ഇനിയും അറുതി വന്നിട്ടില്ല. എന്നു മാത്രമല്ല, മറിച്ചു നസ്രാണി സഭയുടെ 'റോമൻ അടിമത്തമായി' അതു തീർന്നുകൊണ്ടിരിക്കുന്നു.

വിശ്വാസ പരിശീലനം നടക്കേണ്ട ദൈവാരാധനക്രമം ഇന്നു വെറും ഒരു സാമൂഹികാചാരമായി അധഃപതിച്ചു. അതു ദിവസേന കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്നു. ഇത്രമാത്രം വിരൂപമാക്കപ്പെട്ട സഭയുടെ ആധുനിക ശില്പികൾ സി.എം.ഐ. ക്കാരായതുകൊണ്ടാണ് ഈ വിഷയം ഇവിടെ സൂചിപ്പിച്ചത്.

ചാവറയച്ചൻ, ദൈവാലോചനയാൽ കർമ്മെലീത്താക്കാരായിത്തീരുവാൻ സി.എം.ഐ. ക്കാർക്ക് ഇടവന്നുവെന്നു പറഞ്ഞിരുന്നു. എന്നാൽ

ദൈവശാസ്ത്രത്തെ വ്യാഖ്യാനിക്കേണ്ടതു സഭ തന്നെയാണ്. സഭ പഠിപ്പിക്കുന്നു: "ജീവാരംഭകമായ വളർച്ചയ്ക്കുവേണ്ടി മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽ (ആരാധന ക്രമത്തിലും ശിക്ഷണത്തിലും) വരുത്താവുന്നതല്ല. അതിനാൽ ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യപാരമ്പര്യത്തെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്കടിപ്പെട്ട് തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽ നിന്നു വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്കു തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്."[83]

ഈ കാര്യത്തിൽ വേണ്ടത്ര സംഭാവന നൽകുവാൻ സി.എം.ഐ. സഭയ്ക്കു സാധിച്ചിട്ടില്ല എന്നു മാത്രമല്ല, മറിച്ചു ഒരു പരിധികൂടി വ്യതിചലനം പൂർത്തിയാക്കുകയാണ് ചെയ്തത്.[84]

സന്ന്യാസികൾ എന്ന നിലയിൽ ചെയ്യേണ്ടതും സാർവ്വത്രികസഭ പറയുന്നുണ്ട്. "ദൈവശാസ്ത്രജീവിതത്തിന്റെ ഉറവിടങ്ങളിലേക്കും ഓരോ സമൂഹത്തിന്റെയും ആദ്യ ചൈതന്യത്തിലേക്കുമുള്ള നിരന്തരമായ പ്രത്യാഗമനവും കാലത്തിനൊത്ത പരിവർത്തനങ്ങളും ചേർന്നതാണ് കാലോചിതമായ നവീകരണം."[85]

കാലോചിതമായ നവീകരണത്തിന് മൂന്നു പടികളുണ്ട്. ഒന്നാമത്തേത് പുനരുദ്ധാരണം; രണ്ടാമത്തേത് നവീകരണം; മൂന്നാമത്തേത് അനുരൂപണം. എന്നാൽ ഇതിൽ മൂന്നാമത്തേതിനു പ്രായോഗിക പ്രാധാന്യം നൽകികൊണ്ട് സീറോ-മലബാർ സഭയും സി.എം.ഐ. സഭയും നീങ്ങുന്നതിനാൽ ബാബിലോൺ വിപ്രവാസം തുടരുകയും പുതിയ അടിമത്തത്തിലേക്കു വഴുതി വീഴുകയും ചെയ്യുന്നു. ഇതെക്കുറിച്ചുള്ള പ്രതികരണം നല്ലതെങ്കിലും അതു വസ്തുനിഷ്ഠമായ വിലയിരുത്തലിനും അടിസ്ഥാനമായ നവീകരണത്തിനിടവരുത്തണമെന്നതാണു

നാം ആഗ്രഹിക്കേണ്ടത്. വളരെ ഉപരിപ്ലമായി ഇവിടെ സൂചിപ്പിച്ച സി. എം.ഐ. സഭയുടെയും സീറോ മലബാർ സഭയുടെയും അനന്യത കണ്ടെത്തുക എന്നതുമാത്രമാണ് ആവശ്യമായിരിക്കുന്നത്. അതിനായി നസ്രാണി വിശ്വാസം, നസ്രാണി ദൈവാരാധന, നസ്രാണി ആധ്യാത്മികത എന്നിവയിലേക്കുകടക്കാം.

16:14 അനന്യത തേടി

വാച്ചവനവാസത്തിന്റെ ഏതദ്ദേശീയ സ്വഭാവം ഭാരത ജനതയ്ക്കു കൂടുതൽ അഭികാമ്യമാണ്. തപസ്സ്, പ്രായശ്ചിത്തം, ദീർഘമായ പ്രാർത്ഥനകൾ, സസ്യഭക്ഷണം, ജീവിതലാളിത്യം, ആന്തരികത തുടങ്ങിയവയാണ് ഭാരതം എന്നും ആഗ്രഹിക്കുന്നത്. ഈ സവിശേഷതകളാണ് സുറിയാനി സന്ന്യാസവും സുറിയാനി ദൈവാരാധനയും സുറിയാനി ജീവിതശൈലിയും കാര്യമായി പരിഗണിക്കുന്നത്.[86] ദീർഘവും ആവർത്തനമുള്ളതുമായ സുറിയാനി പ്രാർത്ഥനകൾ ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽ നിലനിറുത്തുന്നതിനുള്ള ഉപാധികളാണ്. ഇവ ഇന്നും യാക്കോബായ, മലങ്കരസഭകൾ അഭംഗുരം പാലിച്ചുപോരുന്നു. പ്രത്യേകിച്ചും അവരുടെ ഇടയിലുള്ള അൽമായർ പറയാറുണ്ട് പ്രാർത്ഥനകൾ ഒരിക്കലും ചുരുക്കരുതെന്ന്. ഈ മനോഭാവം പൗരസ്ത്യരുടെ പ്രത്യേകതയും ഭാരതീയരുടെ സവിശേഷതയുമായതിനാൽ സി.എം.ഐ. സിദ്ധിയുടെ അനന്യതയ്ക്കായി ചെയ്യേണ്ട നിരവധികാര്യങ്ങളുണ്ട്. പ്രത്യേകിച്ചും പ്രാരംഭനിവേശനത്തിന്റെ സഭാത്മകവിശ്വാസം, സഭാത്മക ദൈവാരാധന, സഭാത്മക ആധ്യാത്മികത എന്നിവയിലുള്ള പരിശുദ്ധി വീണ്ടെടുത്തു കാത്തു സൂക്ഷിക്കണം.

ചാവറയച്ചനും മാർത്തോമ്മാ പൈതൃകവും എന്ന ശീർഷകത്തിൽ ജെ. ചിറയിൽ ഇപ്രകാരം പ്രതിപാദിക്കുന്നു: "മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മതാത്മകവും സഭാത്മകവുമായ തനിമയേയും വ്യക്തിത്വഘടകങ്ങളെയും മാർ പൗവ്വത്തിൽ വിശകലന വിധേയമാക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ പണ്ഡിതോചിതവും സത്യസന്ധവുമായ വീക്ഷണത്തിൽ താഴെ പറയുന്ന ഘടകങ്ങളത്രേ മാർത്തോമാ പൈതൃകവും സഭയുടെ തനിമയും മെനഞ്ഞെടുത്തത് (1) ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനും രണ്ടാമത്തെ വരവിലുള്ള പ്രതീക്ഷക്കു നാം കൊടുക്കുന്ന ഊന്നൽ (2) ദൈവത്തോടുള്ള നമ്മുടെ മക്കൾക്കടുത്ത ബന്ധം (3) പാപത്തിന്റെയും രക്ഷയുടെയും ധ്രുവീകരണം (4) രക്ഷണീയ കർമ്മത്തിൽ പവിത്രാത്മാവിനുള്ള പ്രത്യേക സ്ഥാനം (5) സഭാത്മകതയെക്കുറിച്ചുള്ള അവബോധം (6) ദൈവവചനത്തിലുള്ള ബൈബിളിന്റെ പ്രാമുഖ്യം." (Ecclesial Identity of the Syro Malabar Church)[87]

വിശ്വാസത്തിന്റെ മേൽപറഞ്ഞ വകുപ്പുകൾ എല്ലാം കേന്ദ്രീകൃതമായിരിക്കുന്നത് മാർത്തോമ്മാശ്ലീഹാ പ്രഖ്യാപിച്ച വിശ്വാസരൂപത്തിലാണ്. അതായത് 'മാർവാലാഹ്' എന്റെ കർത്താവും എന്റെ ദൈവവും എന്നതിൽ. സാർവ്വത്രികസഭയുടെ ഈ വിശ്വാസരൂപം മാനവരാശിയുടെ വിശ്വാസരൂപമായിരിക്കേണ്ടതാണ്. കാരണം, എന്റെ കർത്താവും എന്റെ ദൈവവും എന്നത് ദൃശ്യാദൃശ്യങ്ങളുടെ സമന്വയമാണ്. പ്രാപഞ്ചികപൂർണ്ണതയും സ്വർഗ്ഗീയ പൂർണ്ണതയും പ്രകടമാക്കുന്ന ഒന്നാണ് എന്റെ കർത്താവും എന്റെ ദൈവവും എന്നത്. ഈ വിശ്വാസരൂപം മാനവരാശിയിൽ സ്ഥൂലമായിത്തീർന്നതാണ് സഭ. സഭയുടെയും ആധികാരിക രൂപമായി വന്നതാണ് മാർത്തോമ്മായുടെ മാർഗ്ഗം. ഇതിൽ നിന്നും ദേശീയമായവ വേർതിരിച്ചെടുത്താൽ അതാണു മാനവരാശിക്കു 'മാർവാലാഹ്' എന്ന സുവിശേഷ വിശ്വാസവും സഭാത്മക വിശ്വാസവും. വിശ്വാസം എല്ലാവർക്കും ഒന്നുതന്നെയെങ്കിലും അതു സ്ഥലകാലബദ്ധമായിത്തീരുന്നതിനെയാണ് സഭാത്മക വിശ്വാസമെന്നു പറയുന്നത്.[88]

തനിമയുടെ രണ്ടാമത്തെ ഘടകം സഭാത്മക ദൈവാരാധനയാണ്. ദൈവാരാധന അതിന്റെ കാതലിൽ രൂപപ്പെട്ടതാണ് ഈശോയുടെ

ജീവിതം മുഴുവനും (മത്താ. 9:13; യോഹ. 10:36; 17:17-19; 18:5-6; 15:13; 4:34; 19:30; എബ്രാ. 10:10). നസ്രായനായ ഈശോ മനുഷ്യനെന്ന നിലയിൽ പിതാവിനു സമർപ്പിച്ച ജീവിതമാണ് നസ്രാണി സഭയുടെ ദൈവാരാധന. ഇത് എന്റെ കർത്താവും എന്റെ ദൈവവും എന്ന വിശ്വാസരൂപത്തിന്റെ ആവിഷ്കരണവും ആഘോഷവുമായതിനാൽ അതിനെ സഭാത്മക ദൈവാരാധന എന്നു പറയുന്നു. "മിശിഹാ സഭയുടെ ശിരസ്സും ശരീരത്തിന്റെ രക്ഷയുമായിരിക്കുന്നതുപോലെ.... സഭ മിശിഹാക്കു വിധേയമായിരിക്കുന്നതുപോലെ" (അപ്പെ. 5:23,24). മിശിഹാ ശിരസ്സായ സഭയുടെ ആരാധന മിശിഹായുടെ ജീവിതമാകുന്ന പ്രാർത്ഥന സഭയിൽ ആഘോഷിക്കുന്നതാണ്. ഈ ആഘോഷം, നസ്രായനായ ഈശോയിൽനിന്നു സുവിശേഷ വിശ്വാസ പ്രഖ്യാപനത്തിന്റെ പിതാവായ മാർ തോമ്മാശ്ലീഹാ ഏറ്റുവാങ്ങിയ ഒന്നാണ്. അതുകൊണ്ട് 'മാർവാലാഹ്' വിശ്വാസത്തിൽനിന്ന് ഉരുത്തിരിഞ്ഞ ശ്ലൈഹിക ദൈവാരാധനയാണ് മാർത്തോമ്മാ നസ്രാണികൾക്കു ലഭിച്ചത്. ഇതു കാത്തു സൂക്ഷിക്കുന്നതിൽ നസ്രാണികൾ കാണിച്ച നിഷ്ഠ ചരിത്രയാഥാർത്ഥ്യമാണ്.[89] ഈ പാരമ്പര്യമാണ് പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചന്മാർ ഉന്നം വച്ചതെന്നു പേർസിക്കോ പറയുന്നു.[90] ചാവറയച്ചൻ വളരെ നിഷ്ഠയോടുകൂടി സുറിയാനി ദൈവാരാധനക്രമം നിലനിറുത്തി. എന്നാൽ ലത്തീൻ ഘടകങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് അതു ചെയ്തത്.[91] അതിനാൽ ദൈവാരാധനയിലെ അനന്യത പുനരുദ്ധാരണം, നവീകരണം, പരിഷ്ക്കാരമെന്ന പ്രക്രിയകളിലൂടെയെങ്കിൽ അവിടെയാണ് തനിമ കൈവരുന്നത്.

തനിമയ്ക്കുള്ള മൂന്നാമത്തെ ഘടകം സഭാത്മക ആധ്യാത്മികതയാണ്. നസ്രാണി ആധ്യാത്മികത തനതാത്മകമാകുന്നത് കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥന, ആരാധനാവത്സരം എന്നിവയനുസരിച്ചുള്ള അനുദിന ജീവിതത്തിലൂടെയാണ്. നസ്രാണികളുടെ തപസ്സും പ്രായശ്ചിത്തവും ഇതര പ്രാർത്ഥനകളും നസ്രാണി സഭാംഗങ്ങളുടെ പ്രതിഭയാർന്ന ജീവിതശൈലിയിലാണ് അടങ്ങിയിരിക്കുന്നത്.

ചൈതന്യത്തിൽ ചാവറയച്ചനും പിൻഗാമികളും ഇതു നിലനിർത്തിയിരുന്നു. എന്നാൽ ഘടനാപരമായി വൈദേശികത്വം കടന്നുവന്നിരുന്നു. അതിന്റെ ഫലമായി ആധ്യാത്മികത ഘടനാപരമായി ദൈവാരാധനാധിഷ്ഠിതമായിരുന്നില്ല. 1962 കൾക്കുശേഷം സി. എം. ഐ. ആധ്യാത്മികത, സീറോ-മലബാർ സഭയോടൊപ്പം കൂടുതൽ പാശ്ചാത്യവത്കരിക്കപ്പെട്ടു. അതുകൊണ്ട് ഇന്ന് സന്ന്യാസ പരിശീലനവും സെമിനാരി പരിശീലനവും ദൈവാരാധനാധിഷ്ഠിതമല്ല. പക്ഷെ രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്നതു മറിച്ചും.[92] ആരാധനാധ്യാത്മികതയുടെ തനിമ ആശ്രമ സിദ്ധിയിൽ സ്ഥാപകർ ഉന്നം വച്ചിരുന്നത് ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

16:15 യാഹ്വെയുടെ വിനീതർ

ദൈവമല്ലാതെ മറ്റൊന്നിലാശ്രയിച്ചാൽ ഉണ്ടാകുന്ന പരാജയം എല്ലാകാലത്തുമുള്ള അനുഭവമാണ്. ദൈവം വിളിച്ചു തെരഞ്ഞെടുത്തു തന്റേതാക്കിത്തീർത്ത ജനത ദൈവത്തെ ഉപേക്ഷിച്ചതു വഴി ഈജിപ്തിലെയും ബാബിലോണിലെയും അടിമത്തത്തിൽ എത്തിച്ചേർന്നത് ദൈവമല്ലാതെ മറ്റൊരാശ്രയവുമില്ലെന്നതുകൊണ്ടാണ്. ഇതിന്റെ തെളിവാണ് സെഫാനിയ 3:12-ൽ കാണുന്ന പരിശിഷ്ടജനത്തിന്റെ അനുഭവം. ഇങ്ങനെയുള്ളവരെ അനവിം യാഹ്വെ എന്നു വിശേഷിപ്പിക്കുന്നു. കന്യാമറിയത്തിന്റെ സ്ത്രോഗീതം യാഹ്വെയുടെ വിനീതരുടെ മനോഭാവത്തെയാണ് എടുത്തു കാട്ടുന്നത് (ലൂക്കാ 1:48-49).

സി.എം.ഐ. സഭാ സിദ്ധിയിൽ അംഗങ്ങൾക്കുള്ള അവസ്ഥയെ അപഗ്രഥിച്ചാൽ പാപ്പരത്തത്തിന്റെ നിണ്ട നിരതന്നെ പ്രത്യക്ഷപ്പെടും. ഈ അവസ്ഥയ്ക്കുകാരണം ദൈവത്തെയും ദൈവികതയെയും ലഘൂകരിച്ചു ഭൗതികതയെ കൂടുതലായി സമാശ്ലേഷിക്കുന്നതാണ്. ഒന്നുമില്ലാത്ത ഒരവസ്ഥ വരുന്നതു അപകടകരമാണ്. ഇതു വഴിയുണ്ടാകുന്ന കെടുതികളെല്ലാം അനവിം യാഹ്വെയുടെ - യാഹ്വെ വിനീതരുടെ -

വിമോചനത്തിനുവേണ്ടിയാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്നും മനുഷ്യനു സാധ്യമായി ഒന്നുമില്ലെന്നും അനുഭവിച്ചറിയുന്നത് മേൽ പറഞ്ഞ സുകൃതമാണ്. സി.എം.ഐ. സഭാസിദ്ധി രൂപം കൊണ്ടത് വൈദികന്മാരുടെ ഉന്നമനത്തിലൂടെ ദൈവജനത്തിന്റെ നന്മ ലക്ഷ്യം വച്ചു കൊണ്ടായിരുന്നു. എന്നാൽ വൈദേശിക ചട്ടക്കൂട്ടിലൂടെ ഏതദ്ദേശീയ വൈദികന്മാർക്കു പരിശീലനം നൽകേണ്ടതിനു പകരം ഏതദ്ദേശീയരെ വൈദേശിക ഉപകരണങ്ങളാക്കിത്തീർത്തുകൊണ്ട് സന്ന്യസ്തരും രൂപതാവൈദികരും സഭാത്മക തനിമയിൽ നിന്നും വ്യതിചലിച്ചു പോയതു അനവിം യാഹ്വെയുടെ മറുവശം. എന്നാൽ അതിന്റെ ഭാവാത്മക വശമാകട്ടെ ദൈവജനത്തിനുമുമ്പേ നീങ്ങുന്ന പുരോഹിതരാകുക എന്നതാണ്. അതുകൊണ്ട് വൈദിക പരിശീലനത്തിന്റെ സ്വഭാവമാണിവിടെ പ്രഥമ ഘടകം. "തങ്ങളുടെ ശുശ്രൂഷകളിൽ നിന്നും ആധ്യാത്മിക ഭോജനം സ്വീകരിക്കുവാൻ വൈദികർക്കു സാധിച്ചിരുന്നില്ല. വി. കുർബ്ബാനയെയും കാനോന നമസ്ക്കാരത്തെയും ആധ്യാത്മിക ജീവിതത്തിന്റെ കേന്ദ്രമാക്കുവാനുള്ള ആരാധനാക്രമപരമായ വീക്ഷണം അവർക്കു പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നു. രണ്ടാമതായിട്ട് തങ്ങളുടെ ഭക്താഭ്യാസങ്ങളെ ലിറ്റർജിയിൽ കേന്ദ്രീകരിക്കുവാൻ ആഗ്രഹിച്ചാൽ തന്നെയും അതിൽ അവർ മിക്കവരും വിജയിച്ചിരുന്നില്ല. കാരണം കലണ്ടറുകൾ വ്യത്യസ്തങ്ങളായിരുന്നതുകൊണ്ട് കാനോനാനമസ്കാരവും കുർബ്ബാനയും ചൈതന്യത്തിൽ യോജിച്ചിരുന്നില്ല. ലത്തീൻക്രമമനുസരിച്ച് വൈദികൻ പട്ടം സ്വീകരിക്കുന്നു. മറ്റൊരു റീത്തിൽ അദ്ദേഹം കുർബ്ബാന ചൊല്ലണം. തക്സായും കാനോന നമസ്കാരവും ഭക്തി ദ്യോതിപ്പിക്കാൻ കഴിയാത്ത വിധത്തിൽ വിരസങ്ങളാണ്. സഭാ പിതാക്കന്മാരുടെ ലിഖിതങ്ങളും ഗീതങ്ങളും ക്രൈസ്തവ പാരമ്പര്യത്തിന്റെ ഓജസുറ്റ ഘടകങ്ങളിൽ പെടുന്നു. അവയുടെ സമ്പന്നതയെപ്പറ്റി സഭ വളരെ അജ്ഞയായിരുന്നു. ദൈവശാസ്ത്രമൂല്യമില്ലാത്ത കുറെ പുസ്തകങ്ങളും ആരാധനക്രമപരമല്ലാത്ത ഏതാനും ഭക്താഭ്യാസങ്ങളും അവയ്ക്കു പകരം ഉപയോഗിക്കപ്പെട്ടിരുന്നു".[93]

ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കുന്നതിനുവേണ്ടി ചാവറയച്ചൻ പരിശ്രമിച്ചത് മിഷനറിമാരുടെ ആലോചന പ്രകാരം കൽദായ വിദ്വേഷത്തിലൂടെയാണ്.[94] ഈ വിദ്വേഷം അന്നും ഇന്നും സജീവമാണ്. അതുകൊണ്ട് സംഭവിച്ചത് എന്താണ്? നസ്രാണിസഭയുടെ പാപ്പരത്തം എന്നു പറഞ്ഞാൽ അവിയൽ സമാനം ലോകത്തിലുള്ള എല്ലാതരം ഭക്തികളുടെയും അവശിഷ്ടം വഹിക്കുന്ന ഒരു ചുമടുതാങ്ങിയായി മാറി. ഇന്നത് അതിദയനീയമായ രീതിയിൽ നാഥനില്ലാക്കളരിക്കു സമാനം തീർന്നിരിക്കുന്നു.

സഭയിലുള്ള വൈദികന്മാർ പലരും സ്വതന്ത്രമായ നീക്കത്തിലൂടെ അനധികൃതമായ പ്രാർത്ഥനകളും ഗാനങ്ങളും അനുഷ്ഠാനങ്ങളും വഴി ദൈവാരാധന ഒരു വിഷയമെ അല്ലാതാക്കിത്തീർത്തിരിക്കുന്നു.

അല്മായരുടെ നന്മക്കായി വൈദികന്മാരുടെ ഉന്നമനം സി.എം.ഐ. സ്ഥാപകർ കണ്ടിരുന്നെങ്കിലും ദൈവജനത്തെ പാടെ അവഗണിക്കുന്ന നിരവധി പ്രസ്ഥാനങ്ങളാണു മുന്നിട്ടു നിൽക്കുന്നത്. അതിന്റെ ഫലം അൽമായർ സഭയിൽ നിന്നകലുകയും സ്വതന്ത്രമായ നീക്കങ്ങൾ തുടങ്ങുകയും സഭയിൽ നിന്നുള്ള പലായനം ശക്തിപ്പെടുകയും ചെയ്യുന്നു. പൗരോഹിത്യ മേധാവിത്വത്തിന്റെ വാങ്ങലായി ഏതാനും അൽമായർ അവരുടെ മേധാവിത്വത്തിലൂടെ ആധ്യാത്മിക മേഖലകളെയും ദൈവാരാധനയെത്തന്നെയും സഭയുടെ വിശ്വാസത്തെയും തങ്ങളുടേതാക്കിത്തീർക്കുന്നു. എതിർത്താൽ സഭയിൽ നിന്നകലുന്നതിന് ഒത്താശ ചെയ്യുന്നവർ എവിടെയുമുണ്ട്. സന്ന്യാസ വൈദിക മേഖലകളെല്ലാം ശുഷ്കതയുടെ പര്യായങ്ങളായി മാറിയ കാഴ്ച എത്ര ശോചനീയമാണ്. അനുഷ്ഠാനങ്ങൾ കൂടി വരുകയും ചൈതന്യം കുറഞ്ഞു വരുകയും ചെയ്യുന്നു. ജീവിതത്തിന് അർത്ഥവും മൂല്യവും നിർണ്ണയിക്കുന്ന വിശ്വാസം, ദൈവാരാധന, ആധ്യാത്മികത എന്നിവ വെറും സാന്ദർഭികമായിത്തീരുന്നതിനാൽ വ്യക്തിത്വ വികാസത്തിനാവശ്യമായ ശിക്ഷണം ലഭിക്കാതെ വരുന്നു.

ചാവറയച്ചനിൽ കാണുന്ന ഒരു സവിശേഷത അദ്ദേഹം സഭയുടെ വിശ്വാസവും ദൈവാരാധനയും ആധ്യാത്മികതയുടെ ഉറവിടമാക്കിത്തീർത്തു എന്നതാണ്. എന്നാൽ അദ്ദേഹം ചെയ്ത പരിഷ്ക്കാരങ്ങളും ശുശ്രൂഷകളും വേണ്ടത്ര പരിശീലനപരമല്ലായിരുന്നു. അതുകൊണ്ട് സഭാംഗങ്ങളിലും ശരിയായ പരിശീലനം ആന്തരികമായി ഉണ്ടാകാഞ്ഞതുകൊണ്ട് ബാഹ്യാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം കൊടുത്തു. അനുഷ്ഠാനപ്രധാനമായ പാശ്ചാത്യ സമീപനം, ആന്തരിക പ്രധാനമായ പൗരസ്ത്യ സമീപനത്തെ വിഴുങ്ങിക്കളഞ്ഞു. അതുകൊണ്ടാണ് നാലു നൂറ്റാണ്ടുകാലത്തെ നസ്രാണി സഭയുടെ വ്യാപകമായ വളർച്ച ഏതാണ്ട് ആന്തരികമായ ശൂന്യതയിലേക്ക് നീങ്ങിയത്. ഈ അവസ്ഥ കൊണ്ടാണ് കേരളീയർക്കോ ഭാരതീയർക്കോ കത്തോലിക്കാ സഭയോടു എല്ലാ വിധത്തിലും അടുപ്പവും ബഹുമാനവും ഉണ്ടാകാത്തതും. അവർ സുവിശേഷത്തിലെ മിശിഹായെ സ്വീകരിക്കാത്തതും. ഈ അവസ്ഥ ആധ്യാത്മികമായ പാപ്പരത്തം തന്നെയാണ്. ഇതിനുള്ള ഏക കാരണം വൈദികപരിശീലനത്തിലും സന്ന്യാസ പരിശീലനത്തിലുമുള്ള യാന്ത്രികത്വമാണ്.[95]

16:16 പഴയ തോൽക്കുടത്തിൽ പുതിയ വീഞ്ഞ് [96]

അമലോത്ഭവമാതാവിന്റെ കർമ്മെലീത്താ മൂന്നാം സഭ (T.O.C.D) എന്ന പേര് 1896-ൽ ന്യായ പ്രമാണം ശാശ്വതമായി ഉറപ്പിച്ചുകിട്ടിയപ്പോഴും നിലനിറുത്തി. എന്നാൽ മൂന്നാം സഭ പൊന്തിഫിക്കൽ രീതിയിലുള്ള ഒരു സമൂഹമായി ക്രമേണ രൂപം പ്രാപിച്ചു. അവസാനം 1958-ൽ തീർത്തും വ്യത്യസ്തമായ ന്യായപ്രമാണം നിലവിൽ വന്നു. ഇപ്രകാരം സംഭവിച്ചതിനു കാരണം പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള നിയമസംഹിതകൾ ഭാഗികമായി നിലവിൽ വന്നതാണ്.[97]

എന്നാലും 1860 കൾ തുടങ്ങി കർമ്മെലീത്താ മിഷനറിമാർ പ്രത്യേകിച്ചും മർസെലിൻ, ലെയോപ്പോൾദ്, ബർണർദീനോസ് തുടങ്ങിയവർ കൈമാറിയ സന്ന്യാസ പരിശീലനം വികലമാക്കിയ ആധ്യാത്മിക ജീവിതത്തെ[98] ആദിമ പരിശുദ്ധിയിൽ പുനഃസ്ഥാപിക്കാൻ സാധിച്ചിട്ടില്ല. അമലോത്ഭവമാതാവിന്റെ ദാസന്മാർ രൂപം കൊടുത്ത പ്രഥമ പ്രമാണത്തെ മുഴുവൻ ചുട്ടുകളഞ്ഞ് വൈദേശിക പ്രമാണങ്ങൾ കെട്ടി ഏല്പിച്ചതും ലത്തീൻ, പാശ്ചാത്യരീതികൾ സ്വായത്തമാക്കിയതും നീക്കിക്കളയുവാൻ 1958 നു ശേഷവും സി.എം.ഐ. സന്ന്യാസ വൈദിക പരിശീലനത്തിനു സാധിച്ചില്ല. അതുകൊണ്ട് ബഹുവിധങ്ങളായ ശ്ലൈഹിക വേലകളിൽ ഏർപ്പെടുന്ന ആധുനിക സി.എം.ഐ. ക്കാർ ലെയോപ്പോൾദച്ചന്റെയും ബർണർദീനോസ് മെത്രാപ്പോലീത്തായുടെയും ഒക്കെ ശിക്ഷണത്തിൽ നിന്നുലഭിച്ച അനുചിന്തനവും പ്രവർത്തനവും എന്നശൈലിയല്ലാതെ പ്രവൃത്തിയിലൂടെ അനുചിന്തനമെന്ന ഫലപ്രദമായ ആധ്യാത്മികതയുടെ ഉടമകളാകുന്നില്ല.[99]

കൂടുതൽ പരിതാപകരമായ സ്ഥിതി ഇന്നുള്ളത് ആധികാരികവും മൗലികവുമായ ആശ്രമശൈലി നഷ്ടപ്പെട്ടു എന്നതാണ്. അതായത് സുവിശേഷത്തിലെ മിശിഹായെ അനുഗമിക്കുക എന്ന അടിസ്ഥാന നിയമം സൈദ്ധിക പിൻതുടർച്ചയിൽ ഇന്നു പൊന്തി നില്ക്കുന്നില്ല.[100] രണ്ടാമത്തെ വൈരുദ്ധ്യം സുവീശേഷവത്ക്കരണത്തിൽ വരുന്ന സഭാവിജ്ഞാനീയത്തിന്റെ അടിത്തറ ഇളകി എന്നതാണ്.[101] ഈ തകരാറു മൂന്നു വിധത്തിൽ സൈദ്ധിക പിൻതുടർച്ചയെ ബാധിക്കും. ഒന്നാമത് വ്യക്തിസഭയുടെ തനിമയിൽ നിന്നുള്ള വ്യതിചലനം വഴി വിശ്വാസത്തിന്റെ പാരമ്പര്യം വികലമാക്കുന്നു. രണ്ടാമത് വിശ്വാസത്തിന്റെ നിയമത്തിൽ വന്ന പാളിച്ച ദൈവാരാധനയുടെ വൈകൃതത്തിനിടവരുത്തി. മൂന്നാമത് ആധ്യാത്മികതയുടെ അടിസ്ഥാനമായ ദൈവാരാധനയുടെ വൈകല്യം റൂഹായിലുള്ള ജീവിതത്തെ താറുമാറാക്കുന്നു.[102] ഇതിന്റെ

ഫലമോ സ്ഥാപക ചൈതന്യത്തിൽ നിന്നു നവീകരണവും അധുനാതനീകരണവും നടത്തുന്നതിനു പകരം, പറുദീസായിൽ വച്ചു സർപ്പം നൽകിയ നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലമെന്നോണം, ലോകം നീട്ടുന്ന വികലമായ ധാർമ്മികതയ്ക്കടിപ്പെടുന്നു.[103] ഇപ്രകാരം സി. എം.ഐ. സഭാംഗങ്ങളുടെ മനസ്സാക്ഷി സുവിശേഷത്തിന്റെ സ്വരത്തിനൊ സ്ഥാപകപിതാക്കന്മാരുടെ നിവേശനത്തിനൊ വഴിപ്പെടാതെ, വിവിധ സന്ന്യാസസംരംഭകരുടെ സ്വാധീനത്തിനും ലൗകിക നേട്ടങ്ങളുടെ വ്യർത്ഥാഭിമാനത്തിനും വശംവദരായി ലൗകായതീകരിക്കപ്പെടുന്നു. ശ്ലൈഹിക വേലയിൽ നിരവധി പ്രസ്ഥാനങ്ങളുണ്ടെങ്കിലും ഭാരതത്തിന്റെ ആത്മാവിനെ കണ്ടെത്തുന്ന മൗലികമായ, ആധികാരികമായ കാൽവയ്പുകൾ വിരളം. സുവിശേഷ ലാളിത്യവും സ്ഥാപകചൈതന്യവും ആശ്രമസിദ്ധിയും മനുഷ്യാവതാരപരമായി സി.എം.ഐ. സഭയിൽ തെളിഞ്ഞുവന്നാൽ മാത്രമേ ഈ സഭയുടെ പ്രസക്തി സീറോ-മലബാർ സഭയ്ക്കും ഭാരത ജനതയ്ക്കും മാനവരാശിക്കും സഭാത്മകമായ ഒരു സിദ്ധിയായിത്തീരുകയുള്ളൂ. ഈ സിദ്ധി പാലയ്ക്കലച്ചനിലും പോരൂക്കര മല്പാനച്ചനിലും ആഹാ കണിയാന്ത്രയിലും വാഴ്ത്തപ്പെട്ട ചാവറയിലും തുടർന്നുവന്ന ആദിമ സഭാപിതാക്കളിലുമുണ്ടായിരുന്നു. എന്നാൽ ഇതിനു കോട്ടം തട്ടിത്തുടങ്ങിയത് 1828 -നും 1861 - നും ഇടയ്ക്കാണ്.[104] ഈ മാറ്റം പൂർണ്ണമായത് 1906 വരെയുള്ള സംവിധാനങ്ങളിലും.[105] ഈ ഉത്ഭവ പാപത്തെ നീക്കുന്നതിന് 1958-ൽ കിട്ടിയ പുതിയ ന്യായപ്രമാണമോ അടുത്തകാലത്ത് അധ്യവസാനം ചെയ്ത പ്രമാണമോ അനുസരിച്ചു നടക്കുന്നില്ല.[106] കാരണം ഇന്നത്തെ സാർവ്വത്രിക സഭയുടെ നേതൃത്വത്തെ, ചാവറ അന്ന് അനുധാവനം ചെയ്ത ചൈതന്യത്തിൽ എടുക്കുന്നില്ല. അതുകൊണ്ട് ദൈവാത്മാവിനാൽ നയിക്കപ്പെടുന്നുവെന്നതിനെക്കാൾ മനുഷ്യാത്മാവിനാൽ നയിക്കപ്പെടുന്നുവെന്നു പറയുന്നതാകും കൂടുതൽ ശരിയായുള്ളത്.[107]

നസ്രാണി വ്യക്തിസഭയുടെ ആധുനിക കാലത്തെ ശില്പികളായിരുന്നു 1830 കൾ തുടങ്ങി 1887 വരെയും തുടർന്നും ജീവിച്ച സി.എം.ഐ. സഭാംഗങ്ങൾ. എന്നാൽ ഈ ദൗത്യം ഇന്നു സി.എം.ഐ. ക്കാർ നടത്തേണ്ടത് നിരവധിയായ ശ്ലൈഹിക വേലകളിലൂടെ എന്നതിനെക്കാൾ ആശ്രമസിദ്ധിയുടെ തനിമയിലൂടെയാണ്.[108] ആശ്രമസിദ്ധിയുടെ തനിമ ഭാരതത്തിലും മറ്റു പൗരസ്ത്യനാടുകളിലും സ്ഥിര പ്രതിഷ്ഠിതമായിട്ടുള്ളവയാണ്.[109] സീറോ-മലബാർ സഭ അതിന്റെ തനിമയ്ക്കു വേണ്ടി എന്നും ഉറ്റുനോക്കിയിരുന്നതു സി.എം.ഐ.ക്കാരെയായിരുന്നെങ്കിൽ ഇന്നതു മാറ്റിമറിക്കാൻ സാധിച്ചു എന്നതാണ് സത്യം.[110] ഏതദ്ദേശീയമെന്ന നിലയിൽ വരുന്ന വിദേശ സഭാഘടകങ്ങളെ ഉറ്റു നോക്കുന്നവരും സീറോമലബാർ സഭയിൽ വിരളമല്ല. ഇതു സി.എം.ഐ. ക്കാർക്കു വിദേശീയ മിഷനറിമാരിൽ നിന്നു കിട്ടിയ തിക്താനുഭവം അവർക്കുമുണ്ടാകുമെന്നതിന്റെ സൂചനയാണ്.[111]

ഇന്നത്തെ അവസ്ഥ വച്ചുനോക്കുമ്പോൾ പുതിയ തോൽക്കുടത്തിൽ പുതിയ വീഞ്ഞു നിറയ്ക്കുവാൻ സാധിക്കുന്ന ലക്ഷണം കാണുന്നില്ല. അല്ലെങ്കിൽ ശൂന്യവത്കരണത്തിന്റെ മൈശയാനിക മനോഭാവം ഉണ്ടാകണം. അതും അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമുള്ള പ്രായോഗിക നിയോഗം.

ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമാകാതെ ഒരു ആശ്രമപ്രസ്ഥാനത്തിനും ആധുനിക കാലത്തു പ്രസക്തി ഉണ്ടാകുകയില്ല. ഈ സത്യമാണു സുവിശേഷമാകുന്ന മൗലിക നിയമവും സ്ഥാപക ചൈതന്യവും ആശ്രമസിദ്ധിക്കു നൽകുന്ന സന്ദേശം. പക്ഷെ അവ വനരോദനങ്ങളായി അവശേഷിക്കുകയില്ലേ?

16:17 വൈരുധ്യങ്ങളുടെ പരേഡ്

ദ്ദേഷികളുടെ നാടായ ഭാരതത്തിലെ, കേരളക്കരയിൽ, മാന്നാനത്തു രൂപപ്പെടേണ്ടിയിരുന്ന 'ഹോറീബും, താബോറും' 'ദ്ദേഷികേശു' മെല്ലാം 'ആവിലായിലെയും' 'തോളേദോയിലെയും' മരുഭൂമിയായിത്തീർന്നത് വൈരുദ്ധ്യങ്ങളുടെ നീണ്ട നിരകൾ വഴിയാണ്. അതിന്റെ ആരംഭം നിഷ്പാദുകരായിത്തീർന്ന സപാദുകരിലൂടെയും അതിന്റെ മൂർദ്ധന്യത ലെയോപ്പോൾദച്ചനിലൂടെയും അതിന്റെ പരിസമാപ്തി റോമാപുരിയിൽ നിന്നുള്ള റോക്കറ്റാക്രമണങ്ങളിലൂടെയുമാണ്. ഈ മിസൈലുകളെ നിർവ്വീര്യമാക്കുവാനുള്ള സ്കഡ്മിസൈലുകൾ ഇനിയും രൂപം കൊണ്ടിട്ടില്ല. ചാവറയുടെ പിൻതലമുറയിൽ നിന്നു തന്നെ അതുണ്ടാകും. നീണ്ട കാത്തിരിപ്പ് ആവശ്യമാകും.

പാലയ്ക്കൽ, പോരൂക്കര, ചാവറ മല്പാന്മാർ ദർശന ദാരിദ്ര മുള്ളവരല്ലായിരുന്നു.[112] അവരുടെ കുടുംബങ്ങളിൽ ഉണ്ടായിരുന്ന നസ്രാണിരക്തം അവരെ ദൈവശുശ്രൂഷക്കായി നിയോഗിച്ചു. അവരതിന്റെ തയ്യാറെടുപ്പു നടത്തി. ചാവറയിലതു ചെന്നു രൂപപ്പെടുവാനും തുടങ്ങി.[113] എന്നാൽ ഒന്നാമത്തെ വൈരുധ്യം കടന്നുവരുന്നു. ധ്യാനനിർലീനതയിൽ വാച്ചവനവാസത്തിന് പൗരസ്ത്യശൈലിയിൽ രൂപവും ഭാവവും നൽകുന്നതിനു നടത്തിയ ധ്യാനം മർസെലീനോസ് മൂപ്പച്ചൻ ഏതാനും ചില അനുഷ്ഠാന പ്രധാനമായ ഘടകങ്ങളിൽ കേന്ദ്രീകരിച്ചു. അങ്ങനെ രണ്ടാമത്തെ വൈരുധ്യം രംഗപ്രവേശം ചെയ്തു.[114] തീർന്നില്ല, വരുന്നു കൊച്ചച്ചനാകാനുള്ള ആറാം പട്ടക്കാരൻ. അവർ നോട്ടമിട്ടതു വലിയ പ്രിയോരിനെ തന്നെ. ദൈവാരാധനാധിഷ്ഠിത ആധ്യാത്മികതയ്ക്കു ഭാരതീയ ഭാഷ്യവും സാർവ്വത്രിക പ്രവാചകസിദ്ധിയും നല്കുവാൻ അന്നുവരെ റൂഹായാൽ നിറഞ്ഞ ചാവറ തിരിഞ്ഞു പടിഞ്ഞാറോട്ട്.[115] എന്നാൽ ചാവറയുടെ വിശ്വാസസിദ്ധി പടിഞ്ഞാറുനിന്നു വന്നവരെ സൂര്യനു മുൻപേ ഗമിച്ചവനെന്ന നിലയിൽ റോമിന്റെ പ്രതിനിധികളായി

സ്വീകരിച്ചു തുടങ്ങി. സൂര്യനു മുൻപേ പോയിരുന്ന ചാവറയ്ക്കു സൂര്യനെന്നും കിഴക്കിന്റെ പ്രകാശമായിരുന്നു. പക്ഷേ കിഴക്കിന്റെ വെളിച്ചത്തിലല്ലാതെ പടിഞ്ഞാറിന്റെ നിഴലിൽ കഴിഞ്ഞിരുന്നവരെ അനുസരിച്ച ചാവറ എന്നും ആത്മാവിന്റെ രാത്രിയിലൂടെ കിഴക്കിന്റെ സൂര്യാഭയിൽ നീങ്ങിയിരുന്നതു കൊണ്ട് മാമ്മോദീസായിൽ ലഭിച്ച റൂഹായെ ഒരിക്കലും വേദനിപ്പിച്ചില്ല. പക്ഷേ വൈരുധ്യം, ചാവറ ചെയ്തതെല്ലാം വൈദേശീയ ആശീർവ്വാദത്താലായതിനാൽ അസ്തമയ സൂര്യന്റെ നിഴലിൽ അവയെന്നും മങ്ങിയിരുന്നു.[116] ഈ വൈരുധ്യമാണ് സീറോ-മലബാർ സഭയെ പതിനാറാം നൂറ്റാണ്ടിനേക്കാൾ അന്ധകാരത്തിലേയ്ക്കു നയിച്ചത്. അതേ സമയം ചേതന ചാകാതെ ശരീരവും അതിന്റെ സ്വാധീനമുള്ള ആത്മാവും നിർജീവമായി ആന്തരിക ചൈതന്യത്തിൽ.[117] ഈ അവസ്ഥയ്ക്ക് അറുതി വരുത്തുവാൻ ചാവറയുടെ ചേതന പരിശ്രമിച്ചെങ്കിലും അതു തനിക്കും സമൂഹത്തിനും ഹാനികരമായി. ചാവറയച്ചനു ഹാനികരമായത് മേലധ്യക്ഷപദവി ലഭിക്കാതിരുന്നതാണ്.[118] സമൂഹത്തിനു വിനയായത് തനതാത്മകതയെ വീണ്ടും അന്ധകാരത്തിലാക്കിയതാണ്.[119]

ലെയോപ്പോൾദച്ചൻ ചാവറയെ മാത്രമല്ല ചാവറയുടെ സഭയിൽ പരിശീലനം സ്വീകരിച്ചവരെ നേരിട്ടും പരോക്ഷമായും വൈദേശീയ സന്ന്യാസത്തിന്റെ ചുമടുതാങ്ങികളാക്കി.[120] മുകളിലിരിക്കുന്ന ചുമടിന്റെ ഊഷ്മളതകൊണ്ട് ഇന്നും വൈദേശിക വെള്ളിക്കാശിനടിമകളുമാകുന്നു.[121] വൈരുധ്യത്തിന്റെ കാനോനിക അരങ്ങേറ്റം 1855 മുതൽ 1861 - തുടർന്ന് 1896 വരേയും നീണ്ടു നിന്നുവെന്നു മുകളിൽ സൂചിപ്പിച്ചിരുന്നു.[122] ഈ വൈരുധ്യങ്ങളുടെ ഫലം ചാവറയിൽ വൈയക്തികമായി ദുഷ്യം ചെയ്തില്ലെങ്കിലും സമൂഹപരമായി വിനയായിത്തീർന്നു.[123]

പ്രാർത്ഥനാസിദ്ധിയ്ക്കുള്ള പരിശീലനം ലഭിച്ചവർ പ്രവർത്തനത്തിലേർപ്പെടുന്ന വൈരുദ്ധ്യം ഒരുവശത്ത്,[124] പ്രാർത്ഥനയുടെ ആശയവും ഘടനയും പലതും വൈദേശികമെങ്കിലും ഭാഷ 1960 കൾ വരെ

സുറിയാനിയായിരുന്നു. ബാഹ്യാനുഷ്ഠാനങ്ങളുടെ കാർക്കശ്യം ആന്തരിക ചൈതന്യത്തിലേയ്ക്കു നയിക്കാതിരുന്ന വൈരുധ്യം കാതലായി അവശേഷിക്കുന്നു.[125] വൈദേശിക മേധാവിത്വത്തിന്റെ ഭാരമുള്ള ചുമടുകൾ തലയിലിരിക്കുന്നതു കൊണ്ട് പൗരസ്ത്യപരമായ ആന്തരികത നഷ്ടപ്പെടുന്നു. വൈദേശിക സുഭിക്ഷതയുടെ തിരത്തള്ളൽ ഭാരതീയ സരളതയുടെ തീരങ്ങളെ കടന്നാക്രമിക്കുന്നു. അധീശത്വത്തിന്റെ മുഷ്ക്ക് ശുശ്രൂഷയുടെ സിദ്ധിയെ ഇല്ലാതാക്കുന്നു. ആശ്രമാധിഷ്ഠിത സാക്ഷ്യത്തിനു പകരം പരസ്യത്തിന്റെ മാർഗ്ഗം വൈരുധ്യത്തെ അധുനാതനീകരിക്കുന്നു.[126] വൈദിക നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടു ദൈവജനത്തെ ശുശ്രൂഷിക്കുന്നതിനു പകരം ദൈവജനത്തെ ചൂഷണം ചെയ്തു രൂപതാഘടകവും ആശ്രമ സംവിധാനവും ഏറ്റുമുട്ടലിൽ കഴിയുന്ന വൈരുധ്യം.[127]

കിടമത്സരത്തിന്റെ അതിപ്രസരം ബീജാവാപം ചെയ്തത് താഴെ വരുന്ന മനോഭാവം വഴിയാണ്. "നാട്ടുകാരായ വൈദികർക്കു ദൈവശാസ്ത്രത്തിൽ വളരെ പരിമിതമായ അറിവു മാത്രം നൽകുക എന്നതായിരുന്നു സമ്പ്രദായം. സ്വദേശിവൈദികർ എല്ലാക്കാര്യങ്ങളിലും എല്ലാ വിധത്തിലും യൂറോപ്യൻ മിഷനറിമാരെക്കാൾ കുറഞ്ഞവരായിരിക്കണമെന്ന തത്ത്വം അനുസരിച്ചാണ് ഇങ്ങനെ ചെയ്തത്. സാന്മാർഗ്ഗിക ദൈവശാസ്ത്രം സംബന്ധിച്ച് വളരെ കഷ്ടമായ ഒരു മാനുവൽ അല്ലാതെ ഒന്നും അവരെ പഠിപ്പിക്കുന്നില്ലെന്നും പറയാം. ഏറ്റവും കൂടിയാൽ വേദപാഠം പഠിപ്പിക്കും. മിഷനറിമാർ പറയുമായിരുന്നു: അറിവ് അവർക്കുവേണ്ടിയുള്ളതല്ല, നാം അവരെ എന്തെങ്കിലും പഠിപ്പിച്ചാൽ അവർ അതു പഠിച്ചിട്ട് അഹങ്കാരികളായിത്തീരുകയും, നമ്മെ ബഹുമാനിക്കാതിരിക്കുകയും ചെയ്തേക്കാം. ഒരു നല്ല കാരണം തന്നെ സ്വന്തം പഠനം കൊണ്ടു നേടിയ അറിവിലല്ല പെരുമാറ്റത്തിലും വൈദിക ചൈതന്യത്തിലും ഇന്ന വികാരിയാത്തിൽ പ്രവർത്തിക്കുന്ന കർമ്മെലീത്തരായ യൂറോപ്യൻ മിഷനറിമാരെക്കാൾ ഔന്നത്യമുള്ള

അനേകം പേർ നാട്ടുകാരായ വൈദികരുടെ കൂട്ടത്തിലുണ്ട്. വരാപ്പുഴ വികാരിയാത്തു തങ്ങളുടെ സന്യാസ സഭയുടെ വകയാണെന്നും തങ്ങൾ അത് ഒരിക്കലും കൈവിടുകയില്ലെന്നും പല കർമ്മെലീത്തരും വകതിരിവില്ലാത്ത വിധത്തിൽ പരസ്യമായിപ്പോലും പറയുന്നു."[128]

ചാവറസിദ്ധി പൗരസ്ത്യ ഭാരതീയ തനിമ ഉള്ളതായിരുന്നു അതിന്റെ ആന്തരികതയിൽ എന്നു പറഞ്ഞുവല്ലോ. ഏതദ്ദേശീയമെത്രാനെ ലഭിക്കാൻ റോമിലേക്ക് അനേക കത്തുകൾ അദ്ദേഹം എഴുതി. മാർപ്പാപ്പായ്ക്ക് അനുസരണം പറഞ്ഞൊത്തുകൊണ്ടു തന്നെ നല്ലതായ ഈ അപേക്ഷയും ആഗ്രഹവും പ്രകടിപ്പിക്കാനും ഭിന്നത ഒഴിവാക്കാനും അദ്ദേഹം ശ്രമിച്ചു. പാറായിൽ അവിരാത്തരകനും നൂറ്റിഇരുപത്തിയഞ്ചു അൽമായ പ്രമുഖരും ഒപ്പിട്ട് ഒൻപതാം പീയൂസ് മാർപ്പാപ്പയ്ക്കയച്ച കത്ത് ഇക്കാര്യം വിശദമായി ചിത്രീകരിച്ചിട്ടുണ്ട്. ഇതേ കാര്യത്തിനു തന്നെ അദ്ദേഹത്തിന്റെ സഹപ്രവർത്തകർ ഏഴുപേർ ബഹിഷ്കൃതരായി.[129] ഇപ്രകാരം സഭയെയും മാർത്തോമ്മാ നസ്രാണികളെയും സ്നേഹിച്ചിരുന്ന ചാവറ, ബാബേലിലേക്കു കണ്ണുംനട്ട് ഇരിക്കുന്നവർ എന്നു അധിക്ഷേപിക്കുന്നതും തമ്മിൽ വലിയ വൈരുധ്യം കാണാം.[130] അതാണ് ബാഹ്യമായ ചിലകാര്യങ്ങളിൽ ചാവറ വൈദേശിക മിഷനറിമാർക്കു വിധേയപ്പെട്ടിരുന്നത്. എന്നാൽ ഡോ. ചിറയിൽ പറയുന്നത്: "മാർത്തോമ്മായുടെ സഭാതനിമയും വ്യക്തിത്വവും എത്ര സവിശേഷമായി ചാവറയച്ചന്റെ ജീവിതത്തിലും കൃതികളിലും തിളങ്ങി നിന്നുവെന്നും തന്റെ സഭയുടെ പൈതൃകവും സംസ്ക്കാരവും പാരമ്പര്യവും ബോധപൂർവ്വം മുറുകെ പുണർന്ന ഏറ്റം വലിയ ആചാര്യനായിരുന്നു ചാവറയച്ചൻ എന്നുമാണ്".[131]

ഡോക്ടർ പ്ലാസിഡ് അച്ചൻ ചില വൈരുധ്യങ്ങളെ എടുത്തു കാട്ടുന്നു: "അറമായ സുറിയാനി ഭാഷയിൽ വിദഗ്ദ്ധനായിരുന്ന ചാവറ വിശുദ്ധ ഗ്രന്ഥത്തിലും പണ്ഡിതനായിരുന്നു. കൽദായക്രമത്തിൽ

ഇല്ലാതിരുന്ന ചില പ്രാർത്ഥനകൾ ലത്തീനിൽ നിന്ന് ചാവറ സുറിയാനിയിലേക്കു വിവർത്തനം ചെയ്തെങ്കിലും അദ്ദേഹം കൽദായ ദൈവാരാധനയുടെ സ്നേഹിതനായിരുന്നു. ദൈവാരാധനാത്മകവും വേദപുസ്തകപരവുമെന്നതിനെക്കാൾ വിദേശീയരുടെ സാധാരണ ഭക്തിയിൽ പ്രകടമായിരുന്നു ചാവറയുടെ ആധ്യാത്മികത. കണിയാന്ത്ര, പോരൂക്കര, പാലയ്ക്കൽ മുന്നോടികളുടെ ആധ്യാത്മികതയും വൈദേശിക സ്വാധീനമുള്ളവ എന്നു തോന്നാം. ലെയോപ്പോൾദുമൂപ്പച്ചനായിരുന്നു നവ ശിഷ്യരുടെ ഗുരുവായി പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളും ധ്യാനരീതികളുമെല്ലാം ചാവറയ്ക്കുശേഷം സഭാംഗങ്ങളെ കൂടുതലായി സ്വാധീനിച്ചിരുന്നു."[132]

കർമ്മെലീത്താ പരിശീലനം നൽകിയിരുന്നെങ്കിലും രക്ഷകന്റെ സഭാംഗങ്ങളെയും ഇഗ്നേഷ്യൻ ധ്യാനരീതികളെയും സി.എം.ഐ. ക്കാർക്കു ലഭ്യമാക്കിത്തീർത്തതു വിരോധാഭാസമാണ്. തമിഴിൽ നിന്നുള്ള ഇഗ്നേഷ്യൻ ധ്യാനരീതി മലയാളത്തിലും പ്രചരിപ്പിച്ചിരുന്നു. മംഗലാപുരത്തെ സെമിനാരി പരിശീലനവുമായി ബന്ധപ്പെട്ട് ഇഗ്നേഷ്യൻ ധ്യാനവും പ്രസംഗവുമെല്ലാം കൂടുതലായി പ്രചരിച്ചതും കർമ്മെലീത്താ രീതി മറഞ്ഞുനിന്നതും മറ്റൊരു വൈരുധ്യമാണ് കാണിക്കുന്നത്.[133]

പാശ്ചാത്യർ ഭാരതത്തിൽ വരുന്നതിനു മുമ്പ് നസ്രാണികളുടെ ആധ്യാത്മികത വേദപുസ്തകാധിഷ്ഠിതവും ദൈവാരാധനാധിഷ്ഠിതവുമായിരുന്നു. വൈദികന്മാരുടെ ഉപയോഗത്തിനായി ചാവറയച്ചൻ തയ്യാറാക്കിയ ഗ്രന്ഥം 1882-ൽ പോരൂക്കര എലിസേവൂസച്ചൻ പ്രസാധനം ചെയ്തു. ഇതിനോടനുബന്ധിച്ച് എലിസേവൂസച്ചൻ പറഞ്ഞത് നമ്മുടെ കൽദായ സഹോദരന്മാർ വലിയ മതിപ്പോടെ കൽദായ ആരാധനാക്രമം എന്തു ത്യാഗം ചെയ്തും കാത്തുസൂക്ഷിക്കുന്നു എന്നാണ്. സുറിയാനി ദൈവാരാധനക്രമത്തിൽ മാതൃഭക്തിക്കു നൽകുന്ന സ്ഥാനം ഒറ്റപ്പെട്ടതെന്ന നിലയിലല്ലാ മറിച്ച് സമുദ്ഗ്രഥിത രീതിയിലാണ്.[134]

വൈരുധ്യം കൊടികുത്തി വാണതു വിദേശീയർ ചാവറയെയും അദ്ദേഹത്തിന്റെ സമകാലികരെയും തങ്ങളുടെ ദൈവാരാധനയെക്കുറിച്ചു പറയുവാൻ അനുവദിച്ചിരുന്നില്ല എന്നതിലാണ്. ഈ അവസ്ഥ എന്നും തുടർന്നു കൊണ്ടിരുന്നുവെന്നതാണു സത്യം. ഈ പ്രവണത ഒരു വിധത്തിൽ അടുത്ത കാലത്തു രൂപം പ്രാപിച്ചതാണ് ഭാരതീയ പൂജയും മറ്റും. ഇതും വൈരുധ്യത്തിന്റെ ലക്ഷണങ്ങളാണ്.[135]

പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാരതസഭയെ രൂപപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്ത സി.എം.ഐ. ക്കാർ മിഷനറിമാരുടെ സ്വാധീനത്തിൽ വിഷമ വൃത്തത്തിലായിരുന്നു. അതുകൊണ്ട് സഭാ വിജ്ഞാനീയത്തിലും ദൈവാരാധനാതനിമയിലും വൈയക്തിക സിദ്ധിയിലും വൈരുദ്ധ്യം ഉണ്ടായി.[136] അതേ സമയം ചാവറയുടെ ആധ്യാത്മികതയെ വിലയിരുത്തുമ്പോൾ അദ്ദേഹം തികഞ്ഞ ഒരു സുറിയാനിക്കാരനായിരുന്നു. എന്നാൽ ബാബിലോൺ ബന്ധം ഇച്ഛിക്കാത്തവനായിരുന്ന അദ്ദേഹം കൽദായ യാമപ്രാർത്ഥന നടപ്പാക്കുന്നതിനു കഴിച്ച കഷ്ടപ്പാടുകൾ എത്ര ഉത്കൃഷ്ടമെന്നു പറയാവുന്നതാണ്. കൂടാതെ സുറിയാനിമെത്രാനച്ചനെ നിയോഗിച്ചാൽ അടയാളപരവും ചൈതന്യപരവുമായി സുറിയാനി ജനത്തിനു നന്മ വരുമെന്ന് ചാവറ ഉന്നയിച്ചിരുന്നു. പക്ഷെ അദ്ദേഹത്തെ പാശ്ചാത്യ മിഷനറിമാർ നിർവീര്യമാക്കുവാൻ പ്രയത്നിച്ചു. അങ്ങനെയാണ് ഒരിക്കൽ മെത്രാൻ സ്ഥാനത്തിനു യോഗ്യനായിരുന്നയാൾ ലെയോപ്പോൾദു ഉൾപ്പെടെയുള്ളവരുടെ ദൃഷ്ടിയിൽ തീർത്തും അയോഗ്യനായത്. ലെയോപ്പോൾദ് നസ്രാണികളുടെ അനുഭാവി എന്നു തോന്നത്തക്കവണ്ണം പ്രത്യക്ഷപ്പെട്ടതും അതെ സമയം ചാവറയച്ചനെപ്പോലും അയോഗ്യനായി അവതരിപ്പിച്ചതും വൈരുധ്യമാണ്.[137] എന്നാൽ "ബർണർദീനോസ് മെത്രാപ്പോലീത്താച്ചൻ മരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ പഴയതുപോലെ തുടരാൻ തനിക്കു സാധിക്കുകയില്ല എന്നു കണ്ടപ്പോൾ ലെയോപ്പോൾദു പുതിയ കാര്യങ്ങൾ മൂന്നാം സഭക്കാരായ ചെറുപ്പക്കാർക്കു പറഞ്ഞു കൊടുത്തുവെന്നത് മറ്റൊരു വൈരുധ്യമാണ്".[138]

മിഷനറിമാരുടെ ശിക്ഷണത്തിൽ രൂപപ്പെട്ട സി.എം.ഐ. സഭയിൽ ആരംഭം മുതൽ വൈരുദ്ധ്യങ്ങളുടെ സ്വാധീനം കടന്നു വന്നുവെന്നത് വളരെ ഗൗരവമായ ഒരു കാര്യമാണ്. ഇതു നല്ല മരത്തിൽ കാട്ടു മരം ഒട്ടിച്ചതിനു തുല്യമാണ്. എങ്കിലും ചാവറയിലും അദ്ദേഹത്തിന്റെ പിൻഗാമികളിലും മാർത്തോമ്മാ നസ്രാണികളുടെ രക്തം ഉള്ളതുകൊണ്ട് ഇന്നും പിടിച്ചു നിൽക്കുന്നു. പക്ഷെ ചാവറ പറയുന്നതു പോലെ:

> "നിന്ദിതനായി ത്തള്ളിയുപേക്ഷിച്ചില്ല ദൃഢം
> മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളൂ."[139]

ഈ കുഴച്ചതിന്റെ ചില ദൂഷ്യങ്ങളുണ്ടെങ്കിലും സിഎം.ഐ. സഭ മാനവരാശിക്കു ചെയ്യുന്ന ശുശ്രൂഷ നിരവധിയാണ്. എങ്കിലും നസ്രായനായ ഈശോയും മാർത്തോമ്മാനസ്രാണികളും ആഗ്രഹിക്കുന്നത്ര മികവു വരുന്നില്ല.

16:18 ഘടന സിദ്ധിയെ ഗ്രസിക്കുന്നുവോ?

1800 കളിൽ നസ്രാണി സഭാനവീകരണത്തിനായി റൂഹാദ്ക്കുദ്ശാ സ്വതന്ത്രമായി പാലയ്ക്കൽ, പോരൂക്കര, ചാവറ, കണിയാന്ത്രതുടങ്ങിയവർക്കു നൽകിയ ദാനങ്ങളാണു സി.എം.ഐ. സന്ന്യാസ സിദ്ധി എന്നു വിശേഷിപ്പിക്കപ്പെടുന്നത്.[140] ഈ സിദ്ധി ഈശോയുടെ ആഹ്വാനമായ: "നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുത്ത് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകേണ്ടതിന് എന്നെ അനുഗമിക്കുക" (മത്താ. 19:21) എന്നതനുസരിച്ച് നസ്രാണി സഭാംഗങ്ങളായ മേല്പറഞ്ഞവർ നടത്തിയ പ്രത്യുത്തരമാണ്. ഈ പ്രത്യുത്തരത്തിന് ഭാരതീയ നാടിന്റെയും നസ്രാണി സഭയുടെയും വിദേശമിഷനറിമാരായ കർമ്മെലീത്താക്കാരുടെയും കേരളത്തിന്റെയും മത സാംസ്കാരിക, ഭൂമിശാസ്ത്രപരമായ നിരവധി

ഘടകങ്ങൾ പശ്ചാത്തലമായി വരുന്നു. പരിശുദ്ധാത്മാവ് സ്വതന്ത്രമായി നൽകുന്ന വരം മേല്പറഞ്ഞ പശ്ചാത്തലത്തിൽ ആധികാരികമായിത്തീരുന്നത് സഭ നൽകുന്ന അനുവാദത്തിനനുസൃതമാണ്. അനുവാദത്തിനായി പരിശ്രമിക്കുന്നവരും അവരോടു കൂടെ ചേരുന്നവരുമെല്ലാം സൈദ്ധികരും അനുവാദം നൽകുന്നതിൽ സഹകരിക്കുന്നവരെല്ലാം ഘടനാത്മകമെന്ന നിലയിൽ മേലധ്യക്ഷക്രമത്തിൽ പെടുന്നവരുമാണ്. സ്ഥാപകരിൽ കനോനികമായി വരുന്നയാൾ ചാവറയും മേലധ്യക്ഷക്രമത്തിൽ ബർണർദീനോസ് മെത്രാപ്പോലീത്തായുമാണ്.[141]

സ്ഥാപകസിദ്ധിയെ വിലയിരുത്തുമ്പോൾ ഒന്നാമതായിവരുന്ന ഘടകം മാർത്തോമ്മാനസ്രാണികളുടെ വിശ്വാസമാണ്. രണ്ടാമതായി വരുന്നത് മേല്പറഞ്ഞ വിശ്വാസത്തിന്റെ പ്രകാശനമായ നസ്രാണി ദൈവാരാധനയാണ്. മൂന്നാമതായി വരുന്നത് സുറിയാനി സമൂഹത്തിന്റെ ആധ്യാത്മികപൈതൃകമായ മാർത്തോമ്മായുടെ മാർഗ്ഗമാണ്. ഈ സൈദ്ധിക ഘടകങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന രണ്ടു നിവേശനങ്ങളാണ് സഭയുടെ പൗരസ്ത്യ പാരമ്പര്യവും നാടിന്റെ ആർഷപാരമ്പര്യവും. ഈ രണ്ടു നിവേശനങ്ങൾക്കും ചരിത്രപരമായി മാർത്തോമ്മായുടെ ഭാരതത്തിലെ ഐഹികതയുടെ തുടക്കം മുതൽ 1828 വരെയുള്ള സഭാത്മകജീവിതമുണ്ട്. ഇതിൽ നസ്രാണികൾ ഏവരും ഒന്നുചേരുന്നുണ്ട്. അവരുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ പങ്കാളിത്തവും നിഷേധിക്കാവുന്നതല്ല. കാരണം റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനങ്ങളെ സഭ വിവരിക്കുമ്പോൾ ഇപ്രകാരമാണു പഠിപ്പിക്കുന്നത്.[142]

അടുത്തതായി വരുന്നത് മേലധ്യക്ഷക്രമത്തിൽ നിന്നുള്ള ഇടപെടലും അനുവാദം നൽകലുമാണ്. ഈ സംഭവത്തിൽ വരുന്ന മൂന്നു സുപ്രധാന ഉറവിടങ്ങൾ കർദ്ദായ വ്യക്തിസഭയുടെ ബാബേലിൽ നിന്നുള്ള ശിക്ഷണവും ഭാരതീയ നസ്രാണി സഭാതലത്തിലുള്ള സഭാഭരണസംവിധാനത്തിന്റെ പരിമിതമായ സ്വാധീനവും പ്രധാനമായി

13-ാം നൂറ്റാണ്ടുമുതലുള്ള ലത്തീൻ വൈദേശിക മേലധ്യക്ഷക്രമത്തിന്റെ നിലപാടുകളുമാണ്. ഇവിടെ സൂചിപ്പിച്ച അവസാനത്തെ സഭാധികാരികളിൽ വരുന്ന രണ്ടു ശാഖകളാണ് പദ്രുവാദോയും പ്രൊപ്പഗാന്തായും. ഇവ രണ്ടും ലത്തീനാണ്.[143] ലത്തീൻ മേലധ്യക്ഷക്രമത്തിൽ പ്രധാനമായും വരുന്നവർ, ഈശോ സഭക്കാരും കർമ്മെലീത്താക്കാരുമാണ്. എന്നാൽ പരോക്ഷമായി വരുന്ന സഭാധികാരികളുടെ കൂടെ അഗസ്റ്റീനിയൻ സഭാനേതൃത്വവും ഡോം മെനേസിസും ഫ്രാൻസിസ്കൻ മിഷനറിമാരും ദൊമ്നിക്കൻ സന്ന്യാസസഭാംഗങ്ങളും രക്ഷകന്റെ സഭാംഗങ്ങളും മറ്റുമുണ്ട്.[143a] സി.എം.ഐ. സിദ്ധിയെ ഘടനഗ്രസിച്ചുവെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്, മേലധ്യക്ഷക്രമത്തിന്റെ ഭാഗത്തുനിന്നുണ്ടായ സ്വാധീനങ്ങളെയാണ്. ഇതിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നത് പ്രൊപ്പഗാന്തായുടെ കീഴിലുണ്ടായിരുന്ന മലബാറിലെ വികാരി അപ്പസ്തോലിക്കാമാരുടെ സ്വാധീനമാണ്. അവരുടെ കീഴിലാണ് സി.എം.ഐ. സിദ്ധി രൂപപ്പെട്ടതും നിർണ്ണായകഘട്ടത്തിലെത്തിയതും.[144]

പതിനേഴാം നൂറ്റാണ്ടിൽ ഗീവർഗ്ഗീസ് ആർച്ചുഡീക്കന്റെ നേതൃത്വത്തിലുണ്ടായ സൈദ്ധികസംഭവത്തെ ഈശോ സഭക്കാർ മുക്കിക്കളഞ്ഞു.[145] ഇതു പദ്രുവാദോ ലത്തീൻ മുഷ്ക്കരത്വം വഴി സംഭവിച്ചു. നസ്രാണി ഭാരതീയ ആശ്രമ നിവേശനത്തിന്റെ വക്താക്കളായി വന്നവരെ പ്രൊപ്പഗാന്തയുടെ കീഴിലുള്ള കർമ്മെലീത്തർ മുക്കിക്കൊന്നില്ല. പക്ഷേ വിരൂപമാക്കി - മുങ്ങിപ്പോയി."[146]

19-ാം നൂറ്റാണ്ടുവരെ വളർന്നു വന്ന മാർത്തോമ്മാനസ്രാണികളുടെ ആധ്യാത്മിക ജീവിതത്തിൽ ഉത്തേജനവും നവീകരണവുമുണ്ടാകേണ്ടതിന് വേണ്ടിയുള്ള വൈദികഗണത്തിന്റെ മെച്ചപ്പെടൽ മാർത്തോമ്മായുടെ മാർഗ്ഗത്തിനനുസൃതവും ആർഷഭാരതത്തിന്റെ പാരമ്പര്യമനുസരിച്ചും വാച്ചവനവാസമായിരുന്നു.[147] എന്നാൽ ഈ രണ്ട് ഉറവിടങ്ങളെക്കാൾ - നിവേശനങ്ങളെക്കാൾ, ലത്തീൻകാർ തങ്ങളുടെ

ശൈലിയും ജീവിതമുറയും കെട്ടി ഏല്പിച്ചതു വഴി നസ്രാണികളുടെ ആശ്രമസിദ്ധി ചരിത്രത്തിലൂടെ സമ്മിശ്രമായിത്തീർന്നു.[148]

ഇപ്രകാരമുള്ള ഒരുമാറ്റം വന്നു എന്നതാണു പ്രപഞ്ചത്തിൽ കാണുന്ന ഏറ്റവും വലിയ ഒരുയാഥാർത്ഥ്യം. മനുഷ്യസൃഷ്ടിയിൽ സംഭവിക്കുന്നതും മറ്റൊന്നല്ല. ദൈവസാദൃശ്യം മനുഷ്യച്ഛായയിൽ പരിമിതമാകുന്നു.[149] ഈ പരിമിതിയെ പരിഹരിച്ച് ദൈവസാദൃശ്യത്തിൽ എത്തുന്നതാണ് മനുഷ്യനിലുള്ള സ്വധർമ്മം.[150] ഇതുപോലെ ഘടന സിദ്ധിയെ പരിമിതപ്പെടുത്തുമ്പോൾ സിദ്ധി ഘടനയെ രൂപാന്തരപ്പെടുത്തുന്നതാണ് ഒരു സഭയുടെ സിദ്ധിക്കനുസൃതമായ വളർച്ച. എന്നാൽ മനുഷ്യജീവിതത്തിൽ ഇപ്രകാരം ദൈവച്ഛായയിൽ നിന്നു ദൈവസാദൃശ്യത്തിലേക്കു വളരുന്നതിനായി ദൈവസുതൻ ചെയ്തത് മനുഷ്യപുത്രനാകുന്നതിനു ലഭിച്ച ശരീരത്തെ ദൈവപദ്ധതി പ്രകാരം എന്നേക്കുമുള്ള ഏകസമർപ്പണം വഴി പൂർത്തീകരിച്ചതാണ്. ഈ പൂർത്തീകരണപ്രക്രിയയാണ് ഒരാളുടെ ആധ്യാത്മികജീവിതം. ഈ ആധ്യാത്മിക ജീവിതത്തിന്റെ മൗലികഭാവമാണ് ആശ്രമസിദ്ധി.[151] ഈ ആശ്രമസിദ്ധി നസ്രാണി സഭയിൽ ആധുനിക കാലത്ത് ഏതദ്ദേശീയ രീതിയിൽ ആരംഭിച്ചതു വൈദേശിക രീതിയിൽ ആയിത്തീർന്നതാണ്, ഇവിടുത്തെ ചർച്ചാവിഷയം. മാനവദൈവികീകരണത്തിൽ ഈശോമിശിഹാ ചെയ്തതുതന്നെ ഓരോ വ്യക്തിയും ഓരോ സിദ്ധിയും ചെയ്യേണ്ടതുണ്ട്. ഓരോ വ്യക്തിയും ഇതു സാധിക്കുന്നതു മിശിഹായുടെ തുടർച്ചയായ സഭയുടെ വിശ്വാസം, ആരാധന, ആധ്യാത്മികത എന്നീ മൂന്നു പടികളിലൂടെയാണ്. അതായത് സുവിശേഷത്തിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ച് തജ്ജന്യമായ ജീവിതം നയിക്കുക എന്നത്. ഈ കാര്യത്തിൽ സി.എം.ഐ. സന്ന്യാസസിദ്ധിയുടെ സ്ഥാപകപിതാവായ ചാവറ ആദ്യത്തെ ധർമ്മം നിറവേറ്റി. ചാവറയുടെ വാക്കുകൾ "ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോമറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓർപ്പിക്കയും ഞാൻ തിരുകുടുംബത്തിന്റെ ഈ രൂപം പോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ

കാക്കുകയും ഓർക്കുകയും, വണങ്ങുകയും ചെയ്തു വന്നിരുന്നതി നാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട്, മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പി ക്കുന്നതിനിടയായില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."[152]

ആധ്യാത്മികജീവിതത്തിൽ മാമ്മോദീസായുടെ ജീവിതം നയി ക്കുക എന്ന സ്വധർമ്മം ചാവറ പൂർണ്ണമായി നിറവേറ്റി. സ്ഥാപനസി ദ്ധിയും സ്ഥാപകസിദ്ധിയും ചാവറയിൽ സാക്ഷാത്കരിക്കപ്പെട്ടപ്പോൾ ഉണ്ടായ മനുഷ്യാവതാരപരതയിൽ, കർമ്മെലീത്താ മേലധ്യക്ഷന്മാരു ടെയും കർമ്മെലീത്താ ആധ്യാത്മിക ഗുരുക്കന്മാരുടെയും സ്വാധീനം പുതിയതായി രൂപം കൊണ്ട T.O.C.D യിൽ വരുത്തിയ മാറ്റം സഭാത്മ കമായി നീണ്ടുനിന്നു.[153] ഈ സംഭവവികാസം സഭയുടെ ജീവിതത്തിൽ നീണ്ടുനിൽക്കുന്നു.[154]

മുൻശീർഷകത്തിൽ വിശദീകരിച്ച വൈരുദ്ധ്യങ്ങളുടെ നീണ്ട പട്ടിക വിളിച്ചറിയിക്കുന്നതും മറ്റൊന്നല്ല. ഇവിടെ സംഭവിച്ചത് നസ്രാണി വ്യക്തിസഭയുടെ തനതാത്മകത ആശ്രമസിദ്ധിയിലൂടെ ആവിഷ്കരി ക്കുന്നതിനു ചാവറയും മറ്റു സഹസ്ഥാപകരും ആഗ്രഹിച്ചതുപോലെ നടന്നില്ല എന്നതാണ്. മറിച്ച് വൈദേശീയരൂപത്തിലും ഭാവത്തിലും, ലത്തീനീകരിക്കപ്പെട്ട കർമ്മെലീത്താസ്വഭാവം അമലോത്ഭവദാസന്മാ രുടെ വാച്ചവനവാസത്തിനു കിട്ടി.[155] ഇത് ഒരു വിധത്തിൽ ഘടന സിദ്ധിയെ പരിമിതപ്പെടുത്തിയതാണ്. ഈ പ്രശ്നത്തിന്റെ പരിഹാര മാണ് രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് മുന്നോട്ടു വച്ചത്.[156] എന്നാൽ പരിഹാരത്തിന്റെ കാര്യത്തിൽ അവശേഷിക്കുന്ന പ്രശ്നം സംഘാതാത്മകത ഉള്ളതാണ്. ഭിന്നമായ അഭിപ്രായങ്ങളും ആഭിമുഖ്യങ്ങളുമുള്ളതുകൊണ്ട് ഘടനയിൽ മുങ്ങിപ്പോയ സിദ്ധിയെ പുനരുദ്ധരിക്കുക എന്നത് ശ്രമകരമാണ്. പക്ഷേ വലിയ ഒരു ഭാഗം പരിഹരിച്ചെടുത്തു എന്നത് വളരെ ആശ്വാസകരമാണ്. എങ്കിലും

ആശ്രമസിദ്ധി, ആധ്യാത്മിക പൈതൃകം, ആരാധന തനിമ, സഭാത്മക വിശ്വാസം എന്നിവ തീർത്തും നസ്രാണിപരമായില്ല. പരിഹാരത്തിനുള്ള ഒരു പരിശ്രമം തുടർന്നുള്ള പുറങ്ങളിൽ കാണാം.

16:19 ത്രിവിധ സിദ്ധികളോ?

വിശ്വാസം, പ്രാർത്ഥന, ജീവിതം എന്നീ മൂന്ന് അടിസ്ഥാനഘടകങ്ങളാണ് ഏതൊരു മതത്തെയും അതിന്റെ തനതാത്മകയിൽ നിറുത്തുന്നത്. ഈ അടിസ്ഥാനസമീപനത്തെയാണ് മിശിഹാ അനുയായികളുടെ ഇടയിൽ അവതരിപ്പിക്കുന്നത്. "ജീവിതത്തിന്റെ അടിസ്ഥാനം പ്രാർത്ഥന എന്നതും പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റേത് എന്നതും"[157] ഈ മൗലിക സമീപനത്തെ സി.എം.ഐ. സഭയുടെ സിദ്ധിയിലൂടെ സമീപിക്കുമ്പോൾ കിട്ടുന്ന നിഗമനം ഇതാണ്. പൗരസ്ത്യം, കർമ്മെലീത്താ, ഭാരതീയം എന്നീ ത്രിവിധ ഉറവിടങ്ങൾ സി.എം.ഐ. പ്രമാണരേഖയിൽ അധ്യവസാനം ചെയ്തിരിക്കുന്നത് മേല്പറഞ്ഞ മൂന്നു മൗലികാടിസ്ഥാനങ്ങളുടെ പശ്ചാത്തലത്തിലാണ്.[158] ഒന്നാമതായി പൗരസ്ത്യം എന്ന വിഷയം കാണാം. പൗരസ്ത്യം എന്ന പ്രയോഗം സഭാവിജ്ഞാനീയത്തിൽ ചരിത്രപരമായി നിലവിൽ വന്ന ഒരു ശൈലിയാണ്. ഇത് സഭയുടെ പ്രാരംഭഘട്ടത്തിൽ, മധ്യപൂർവ്വ ദേശത്ത് രൂപം കൊണ്ട സഭയുടെ വളർച്ചയിൽ റോമാസാമ്രാജ്യത്തിന്റെ പ്രവിശ്യാവിഭജനം സഭാതലത്തിലേക്കും കടന്നുവന്നതാണ്.[159] ഈ സമീപനത്തിന്റെ ഫലമായി കിഴക്കൻ പ്രവിശ്യകളായ ഓറിയൻസ്, ഇല്ലിറിക്ക് എന്നിവിടങ്ങളിലെ സഭയെ പൗരസ്ത്യ സഭകളെന്നു വിശേഷിപ്പിച്ചു. പൗരസ്ത്യസഭകളുടെ ആധ്യാത്മികതയെ 'പൗരസ്ത്യം' എന്ന വിശേഷണത്തോടെ അവതരിപ്പിക്കുന്നു. പൗരസ്ത്യം എന്നതിനെ വീണ്ടും സുറിയാനി പൗരസ്ത്യമെന്നും യവന പൗരസ്ത്യമെന്നും രണ്ടായി കണ്ടിരിക്കുന്നു.[160] പൗരസ്ത്യം എന്ന പ്രയോഗം വ്യാപകമായ അർത്ഥത്തിൽ എടുത്താൽ സി.എം.ഐ. പ്രമാണരേഖയിൽ പറഞ്ഞിരിക്കുന്ന മൂന്ന് ഉറവിടങ്ങളും പൗരസ്ത്യം എന്ന ഏകവിശേഷത്തിൻ കീഴിൽ വരും.

സി.എം.ഐ. സഭയുടെ തനിമയെ കണ്ടെത്തുന്നതിനുള്ള സംരംഭത്തിൽ പൗരസ്ത്യം, കർമ്മെലീത്താ, ഭാരതീയം എന്നിവയെ ഒന്നായി പൗരസ്ത്യ ആശ്രമസിദ്ധിയായി കണക്കാക്കുന്നു. പൗരസ്ത്യം എന്ന പ്രയോഗം നസ്രാണിസഭയെ സംബന്ധിച്ചിടത്തോളം സുറിയാനി പാരമ്പര്യമായതിനാൽ അതിലേക്ക് ആദ്യം കടക്കാം.

പൗരസ്ത്യ സുറിയാനി അടിസ്ഥാനം

ഡോ. മത്യാസ് മുണ്ടാടൻ സി.എം.ഐ. സുറിയാനി എഴുത്തുകാരുടെ ആധ്യാത്മികതയെ വിവരിക്കുന്നതിന്റെ ആമുഖമായി പൗരസ്ത്യസുറിയാനി ഭാഷയെക്കുറിച്ചു പറയുന്നിടത്ത് റോമിന്റെ കിഴക്കൻ പ്രവിശ്യകളിലുള്ള ഭൂരിപക്ഷം മിശിഹാനുയായികളുടെയും സാഹിത്യഭാഷ എന്നു പറയുന്നു.[161] സുറിയാനിഭാഷയാണ് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സുറിയാനി സഭാവിഭാഗങ്ങളുടെയെല്ലാം ദൈവാരാധനാഭാഷയും. ഭാരതത്തിലെ നസ്രാണികൾ മാർത്തോമ്മാശ്ലീഹായിൽ നിന്നുതന്നെ സുറിയാനിഭാഷയും ദൈവാരാധനയും ഏറ്റുവാങ്ങിയെന്നാണ് ഭാരതനസ്രാണികൾ വിശ്വസിച്ചിരുന്നത്.[162] ഇപ്രകാരം പൗരസ്ത്യ സുറിയാനി ആധ്യാത്മിക പാരമ്പര്യമുള്ള നസ്രാണി സഭയിലെ പ്രഗത്ഭരായ വൈദികന്മാർ സമാരംഭിച്ച ആശ്രമപ്രസ്ഥാനം അതിന്റെ തനിമയിൽ പൗരസ്ത്യ സുറിയാനി സഭാത്മകത നിറഞ്ഞു നിൽക്കേണ്ടതാണ്.[163] അതിനാൽ ആദ്യമായി പൗരസ്ത്യസുറിയാനി സഭാതനിമ എന്തെന്നുകാണാം. നസ്രായനായ ഈശോമിശിഹാ ഓറെശ്ലെമിൽ അറമായ സെമിറ്റിക് സാംസ്കാരിക പശ്ചാത്തലത്തിലാണ് ദൈവത്തിൽ നിന്നുള്ള വെളിപാടും, അതിന്റെ അടിസ്ഥാനത്തിൽ ദൈവരാജ്യവും പ്രസംഗിച്ചതും ഭൂമിയിൽ സ്ഥാപിച്ചതും. ഈ സഭ അതിന്റെ ഉത്ഭവത്തിലും സ്വഭാവത്തിലും ചൈതന്യത്തിലും തീർത്തും പൗരസ്ത്യ സുറിയാനിപരമായിരുന്നു.[164] ഈ സഭയാണു മാർത്തോമ്മാശ്ലീഹാ ഭാരതത്തിലും കേരളത്തിലും കൊണ്ടുവന്ന് സ്ഥാപിച്ചത്.[165] അതിനാൽ മാർത്തോമ്മാനസ്രാണികളുടെ സഭയിൽ രൂപം കൊണ്ട

ആശ്രമസ്ഥാപനം അതിന്റെ എല്ലാവശങ്ങളോടും കൂടി പൗരസ്ത്യമായിരിക്കണം. സി.എം.ഐ. സിദ്ധിയുടെ ഒന്നാമത്തെ പൗരസ്ത്യഘടകത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഏർത്തയിലച്ചനും, മത്യാസച്ചനും, വടക്കേത്തച്ചനും നൽകുന്ന ഉൾക്കാഴ്ചകൾ പ്രസക്തങ്ങളാണ്.

ഏർത്തയിലച്ചൻ നൽകുന്ന ഉൾക്കാഴ്ച പൗരസ്ത്യ ആധ്യാത്മികതയുടേതാണ്.[166] പരിശുദ്ധ ത്രിത്വത്തിൽ കേന്ദ്രീകൃതമായ പൗരസ്ത്യ ആധ്യാത്മികത മാനവദൈവികീകരണത്തിൽ ഊന്നി നില്ക്കുന്നുവെന്നത് വളരെ സവിശേഷമായ ഒരു സമീപനമാണ്.[167]

മത്തിയാസച്ചന്റെ സംഭാവന സുറിയാനി ഗ്രന്ഥകാരൻമാരുടെ ദർശനത്തിൽ കേന്ദ്രീകൃതമാണ്.[168] നാലാം നൂറ്റാണ്ടു മുതൽ ഏഴാം നൂറ്റാണ്ടു വരെയുള്ള സുറിയാനി ഗ്രന്ഥകാരൻമാരുടെ കൃതികൾ സുറിയാനി സഭയുടെ ഏതാണ്ടു സുവർണ്ണ കാലഘട്ടമായിരുന്നു. പ്രാർത്ഥനയിലും ഹൃദയശുദ്ധിയിലും നിർമ്മലമായ ഹൃദയത്തിന്റെ ബഹിർസ്ഫുരണത്തെ മംഗലവാർത്തയിലെ മറിയത്തിന്റെ അനുമതിയോടു (fiat) താരതമ്യപ്പെടുത്തിക്കൊണ്ട്, ദൈവാവതാരത്തിന്റെ ഫലദായകത്വത്തെ ഊന്നിപ്പറയുന്നു.[169] നിർമ്മലമായ ഒരു ഹൃദയത്തിന്റെ ഉടമയായിത്തീരുന്ന ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവം, മറിയം മിശിഹായെ സംവഹിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നതിന്റേതായിരിക്കുമെന്ന് മത്യാസച്ചൻ പറയുന്നു.[170] അടുത്തതായി പൗരസ്ത്യ ആശ്രമസിദ്ധിയെക്കുറിച്ചുള്ള വിവരണമാണുള്ളത്.[171] പൗരസ്ത്യ ആധ്യാത്മികതയുടെ സമുലരൂപം സഭാത്മക ആശ്രമസിദ്ധിയിലാണ്. അതും ദൈവാരാധനാധിഷ്ഠിതമായ സഭാ ജീവിതത്തിൽ ഇപ്രകാരമുള്ള സഭാപരമായ ആശ്രമികത്വമാണ് മധ്യപൂർവ്വ ദേശത്തും സമീപസ്ഥപൂർവ്വദേശത്തും വിദൂരസ്ഥപൂർവ്വദേശത്തും സമാരംഭിച്ച് വികസിച്ച് സർവ്വത്രികസഭ മുഴുവനും നിവേശനമരുളിയത്.[172]

ഓരോ വ്യക്തിസഭയുടേയും സവിശേഷതയനുസരിച്ച് തങ്ങളുടെ ആധ്യാത്മികവും, ദൈവാരാധനാപരവും, സൈദ്ധാന്തികവും

അജപാലനപരവും, സഭൈക്യപരവും, ശ്ലൈഹികവുമായ ശുശ്രൂഷകളിലൂടെ എല്ലാ സമൂഹവും സഭാജീവിതത്തിൽ പങ്കുചേരണം.[173] ആശ്രമസ്ഥർ സഭാത്മകാധ്യാത്മികതയിൽ മാതൃക എന്ന നിലയിൽ, സാക്ഷ്യമാകണം. എന്നാൽ മിശിഹായാൽ സ്ഥാപിതമായ സഭ ശ്ലൈഹികസവിശേഷതകളിലൂടെ മനുഷ്യാവതാരപരമായി പ്രത്യേകവത്ക്കരിക്കപ്പെടുന്നു. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട സഭയിലൂടെ സാർവ്വത്രികമായ ഓരോ വ്യക്തി സഭയുടേയും തനതാത്മകതയാണു പ്രഘോഷിക്കേണ്ടത്. മാർത്തോമ്മാ നസ്രാണി വ്യക്തിസഭ സാർവ്വത്രിക സഭയ്ക്കു നൽകുന്ന ഏകാന്തവിശിഷ്ടമായ സംഭാവന സുവിശേഷത്തിന്റെ പൂർണ്ണരൂപത്തിലുള്ള വിശ്വാസമായ 'മാർവാലാഹ്' (എന്റെ കർത്താവും എന്റെ ദൈവവും) എന്നതാണ്.[174]

സി.എം.ഐ. സമൂഹം സമാരംഭിച്ചതും നിലനിൽക്കുന്നതും മാർത്തോമ്മാനസ്രാണി വ്യക്തി സഭയിലായതിനാൽ അതിന്റെ പൗരസ്ത്യ സ്വഭാവത്തിൽ സഭാത്മകവിശ്വാസമായ 'മാർവാലാഹ്' ഒന്നാം സ്ഥാനത്തു വരണം. സി.എം.ഐ. സഭയുടെ പ്രമാണരേഖ അംഗീകൃതമായത് പൗരസ്ത്യതിരുസംഘത്താലും അതിന്റെ കീഴിലുമായതിനാൽ സിദ്ധിപരമായിട്ടു മാത്രമല്ല ഘടനാപരമായിട്ടും തീർത്തും പൗരസ്ത്യ തനിമയിലായിരിക്കണം.[175] അതിനാൽ സി.എം.ഐ. പ്രമാണരേഖയും ക്രമാനുഷ്ഠാന വിധികളും പൗരസ്ത്യഘടകത്തിന്റെ തനിമയിലാകണം. പ്രമാണരേഖയിൽ പറയുന്നതനുസരിച്ചു സഭയോടുള്ള മക്കൾക്കടുത്ത ബന്ധവും അവളുടെ അധികാരികളോടുള്ള വിധേയത്വവും സീറോ-മലബാർ വ്യക്തി സഭയുടെ തനിമ കാത്തുസൂക്ഷിക്കുന്നതിനുള്ള പരിഗണനയും സന്ന്യാസസമൂഹം നമുക്കു കൈമാറിയ പൈതൃകമാണ്.[176] ആശ്രമസിദ്ധിയുടെ സൈദ്ധികസാധ്യത സഭയുടെ അംഗീകാരം വഴിയുണ്ടാകുന്ന ഘടനാത്മകതയിലാണ്. കർമ്മെലീത്താ മേലധ്യക്രമം വഴി സി.എം.ഐ. സിദ്ധിയെ ഘടനാത്മകമായി തനതാത്മകതയറ്റതാക്കിയെങ്കിൽ പൗരസ്ത്യ തിരുസംഘത്തിലൂടെ സി.എം.ഐ. യോടു തനതാത്മകത ഉള്ളതാവണമെന്ന് ആവശ്യപ്പെടുന്നത്

എന്തുമാത്രം സാക്ഷാത്കരിക്കുന്നുണ്ട്.[177] സി.എം.ഐ. സമൂഹത്തിന്റെ പൗരസ്ത്യ അടിസ്ഥാനം ഇനിയും വേണ്ടത്ര സഭാത്മകമായി വീണ്ടെടുക്കുകയൊ നവീകരിക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്തിട്ടില്ല.[178] സഭാത്മകജീവിതത്തിൽ ആരാധനാധിഷ്ഠിത ആധ്യാത്മികതയാണ് മാർത്തോമ്മാ നസ്രാണിവ്യക്തിസഭയുടെ തനതാത്മക പൗരസ്ത്യ സവിശേഷത. ഈ സവിശേഷതയുടെ പുരകങ്ങളായി വരേണ്ടതാണ് കർമ്മെലീത്താ എന്നതും ഭാരതീയം എന്നതും. ഇവ രണ്ടും അവയുടെ സാരാംശത്തിൽ പൗരസ്ത്യസ്വഭാവമുള്ളതാണ്. അതുകൊണ്ട് അവയെ നീക്കാതെ തന്നെ സി.എം.ഐ. സിദ്ധി തനതാത്മകമാകും.

കർമ്മെലീത്താ അടിസ്ഥാനം

പ്രവാചകനായ ഏലിയായിലും മറിയത്തിലും അന്വർത്ഥമായ ഏകാന്തവാസത്തിന്റെയും അനുധ്യാനത്തിന്റെയും ആദർശമാണ് കർമ്മെലയുടെ ചൈതന്യമെന്ന് റിബോർട്ട് ഫിലിപ്പ് പുരാതനമുനികളുടെ ഗ്രന്ഥത്തിൽ 1370 -ൽ പ്രസ്താവിച്ചിരിക്കുന്നു. രണ്ടു ലക്ഷ്യങ്ങളാണ് കർമ്മെലീത്തർക്കുള്ളത്. ഒന്ന് ദൈവാനുഗ്രഹത്താലും സ്വന്തം പ്രയത്നത്താലും നിർമ്മലമായ ഒരു ഹൃദയം ദൈവത്തിനു സമർപ്പിക്കുകയും മറ്റൊന്ന് ദൈവമഹത്വത്തിന്റെ മാധുരി ഹൃദയത്തിൽ അനുഭവിക്കുകയും ദൈവസാന്നിധ്യത്തിന്റെ ശക്തി ആസ്വദിക്കുകയുമാണ്.[178a]

ഓർഡറിന്റെ ആദിമ അനുധ്യാന പരിശുദ്ധി ലക്ഷ്യം വച്ചുകൊണ്ട് വൈയക്തിക എകാന്തതയും ദൈവൈക്യത്തിനുള്ള മൗനവും ആവിലായിലെ വി. ത്രേസ്യ നവീകരണപ്രക്രിയയിൽ ഉൾപ്പെടുത്തി. ദൈവസ്നേഹത്തിന്റെ പരമകാഷ്ഠയിൽ ദൈവമനസ്സിനോടു മനുഷ്യമനസ്സ് ഒന്നു ചേർക്കുന്ന രൂപാന്തരീകരണം കുരിശിന്റെ വിശുദ്ധ യോഹന്നാനും കൂട്ടിച്ചേർക്കുന്നു. ശ്ലൈഹികതീക്ഷ്ണത ശ്ലൈഹിക പ്രവർത്തനങ്ങളിലേക്കും കർമ്മെലയെ ആനയിച്ചു. കേരളത്തിൽ വന്ന കർമ്മെലീത്താ പ്രേഷിതർ സി.എം.ഐ സഭയ്ക്കു കർമ്മലീത്താ ചൈതന്യം പകർന്നു കൊടുത്തു[179]

അമലോത്ഭവദാസന്മാരുടെ ആശ്രമപ്രസ്ഥാനം കേരളത്തിൽ തുടങ്ങിയപ്പോൾ കർമ്മെലീത്തരായിരുന്നു അന്നത്തെ സഭാധികാരികൾ. എങ്കിലും പുതിയ ആശ്രമ നിവേശകരിൽ ഒരുവനായ പാലയ്ക്കലച്ചൻ ചില പള്ളികളിൽ കൊഗ്രഹീസ്യ എന്ന കർമ്മെലമാതാവിന്റെ ദർശനപെരുന്നാൾ ഉണ്ടാക്കിയ്ക്കാൻ ശ്രമിച്ചതല്ലാതെ മറ്റെന്തെങ്കിലും കർമ്മെലബന്ധം പുലർത്തിയതായി കാണുന്നില്ല.[180] എന്നാൽ ദൈവകൃപയാൽ അമലോത്ഭവദാസന്മാർ കർമ്മെലീത്തരായി എന്നു ചാവറ പറയുന്നു: "പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദൈവമാതാവിന് ഏറ്റവും ഇഷ്ടപ്പെട്ടവരായ കർമ്മെലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയിലല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ല എന്ന് ഇത് കടലാസ്സ് എന്ന് കാണും വണ്ണം കണ്ടുറച്ചിരിക്കുന്നു."[181] 1906-ലെ ന്യായപ്രമാണത്തിൽ കർമ്മെലീത്താ ഒന്നാം സഭയുടെ ചൈതന്യം സി.എം.ഐ. സഭയുടേതുമായി കൊടുത്തിരിക്കുന്നത് കാണാം: "നിത്യഭാഗ്യം പ്രാപിക്കാനാഗ്രഹിക്കുന്ന എല്ലാവരും ഉപവി എന്ന സത്പുണ്യത്തിൽ അഭ്യസിപ്പാൻ നിരന്തരം ശ്രദ്ധയായിരിക്കണം. എന്നാൽ ഉപവിയുടെ പ്രവൃത്തി ദൈവസ്നേഹം, പരസ്നേഹം എന്നിങ്ങനെ രണ്ടായിരിക്കുന്നു. ആകയാൽ പരിശുദ്ധമാതാവായ തിരുസ്സഭ തന്റെ മക്കളുടെ പുണ്യാഭ്യാസങ്ങളെ രണ്ടു തരമായി തിരിച്ചിരിക്കുന്നു. അതായത് ദൈവത്തിനു മാത്രം ശുശ്രൂഷ ചെയ്യുന്നത് ഒന്ന്. ദൈവത്തെ പ്രതി അയൽക്കാരനും ശുശ്രൂഷചെയ്യുന്നത് മറ്റൊന്ന്. എന്നാൽ നിങ്ങളുടെ സഭയ്ക്ക് ഈ രണ്ടു ഗുണങ്ങളും അതായത് ഒന്നാമത് ദൈവസ്നേഹത്തെ വർദ്ധിപ്പിച്ച് പൂർണ്ണമാക്കുന്ന ജപധ്യാനവും ദിവ്യകർമ്മാനുഷ്ഠാനവും. രണ്ടാമത് മിസ്സത്തിന്റെ ഗുണത്തിനും അയൽക്കാരന്റെ ആവശ്യങ്ങൾക്കും വേണ്ടിയുള്ള പ്രവൃത്തിക്കടുത്ത പ്രവൃത്തികളായ പുറമെയുള്ള വേലകളും ക്രമത്തോടുകൂടെ ഉണ്ടായിരിക്കണം."[182] 1958 -ൽ സഭ ക.നി.മൂ.സ. എന്ന പേരുമാറ്റി സി.എം.ഐ. എന്നു മാറ്റിയപ്പോൾ സഭയുടെ പ്രത്യേക ലക്ഷ്യമായി പറയുന്നത് നിരന്തര പ്രാർത്ഥനയും സന്ന്യാസോചിതമായ പരിത്യാഗവും

ദൈവകാര്യങ്ങളെക്കുറിച്ചുള്ള അനുചിന്തനവുമാണ്.[183] 1984 -ലെ ന്യായ പ്രമാണത്തിൽ പരിശുദ്ധസിംഹാസനത്തിന്റെ ഇടപെടൽ വഴി ത്രിവിധ അടിസ്ഥാനത്തിൽ ഒന്നായ കർമ്മെലീത്താ എന്ന പ്രയോഗം കാണുന്നു. അത് ബാഹ്യഘടനയിലല്ലാതെ ചൈതന്യത്തിൽ ഇല്ലായെന്നു ഡോ. കാഞ്ഞിരമറ്റം പ്രസ്താവിക്കുന്നു.[184] അത്ര അനുഭാവവും അത്ര എതിർപ്പുമില്ലാത്ത ഒരു അടിസ്ഥാനഘടകമായി കർമ്മെലീത്താ പ്രയോഗം ഇന്നു സി.എം.ഐ സഭയിൽ അവശേഷിക്കുന്നു. സഭയുടെ തനതാത്മകസിദ്ധിയിൽ കർമ്മെലീത്താ എന്നതു പൗരസ്ത്യഘടകത്തോട് ചേർന്നു വരുമ്പോഴത് വി.ഗ്രന്ഥത്തിലുള്ള കാർമ്മെലിലെ പ്രവാചകത്വവുമായി ഒന്നു ചേർന്ന് പോകുന്നതാണ്. ഈ കാര്യത്തിൽ ആർക്കും എതിർപ്പുണ്ടാകാൻ ഇടയില്ല. 1860 കളിലും 1980 കളിലും സിദ്ധിയെ ഘടന സ്വാധീനിച്ചതിന്റെ സ്വഭാവം കാണാം.[185] രണ്ടാമത്തെ അടിസ്ഥാനഘടകമായ കർമ്മെലീത്താ എന്നതും, അത്ര ഉൾച്ചേർന്ന ചൈതന്യമല്ല ഇന്നു സി.എം.ഐ. സഭയിൽ. ഇനിയും ഭാരതീയം എന്ന അടിസ്ഥാനമാണു കാണേണ്ടത്.

ഭാരതീയ അടിസ്ഥാനം

ഭാരതീയ അടിസ്ഥാനം സി.എം.ഐ. സഭാപ്രമാണരേഖയിലുള്ളതിനെ വിവരിക്കുന്ന നാലു ലേഖനങ്ങൾ അന്വേഷണവിഷയമായി കൊടുത്തിരിക്കുന്നു.[186] ഭാരതീയ ആധ്യാത്മികതയിൽ മനുഷ്യന്റെ ആ ജീവിതസാക്ഷാത്കാരം പരബ്രഹ്മത്തോടുള്ള താദാത്മീകരണത്തിൽ കണ്ടെത്തുന്നു. ഇതിനാവാശ്യമായ ഭക്തി, കർമ്മയോഗം എല്ലാം മനുഷ്യന്റെ മോക്ഷപ്രാപ്തിക്കായി നിലകൊള്ളുന്നു. പരിപൂർണ്ണശുദ്ധീകരണം എല്ലാവരും ഉന്നം വയ്ക്കുന്ന ലക്ഷ്യമാണ്.[187] അതിനുള്ള ഉപാധിയാണു സന്ന്യാസവും. ഈ വിഷയത്തിൽ സി.എം.ഐ. സഭയിൽ കൂടുതൽ ഊന്നൽ നൽകുന്നവരെ അന്വേഷകരുടെ ഗണത്തിൽ കാണുവാൻ സാധിക്കും.

ഭാരതീയ സാധനകളെക്കുറിച്ചും ദൈവസാക്ഷാത്കാരത്തെക്കുറിച്ചും നിരവധി സംരംഭങ്ങൾ ധർമ്മാരാം കേന്ദ്രമാക്കിയും പ്രേഷിത രംഗങ്ങളിൽ നടപ്പാക്കിയും അരങ്ങേറുന്നുണ്ട്. എന്നാൽ സഭയിൽ ഒന്നടങ്കം അങ്ങനെയൊരു ചലനമില്ല. ഒറ്റപ്പെട്ട പഠനവും, അന്വേഷണവും ഈ മേഖലയിൽ നടക്കുന്നുണ്ടെന്നതിന്റെ ഒരു തെളിവാണ് 'ഭാരതീയ സാധനകളും ദൈവസാക്ഷാത്കാരവു'മെന്ന ലേഖനം.[188] ഈ ലേഖനത്തിൽ മനുഷ്യന്റെ സമഗ്രവിമോചനത്തെ ചേതനാത്മശരീര സമഗ്രതയിൽ അവതരിപ്പിക്കുന്നത് ക്രിയാത്മകമായ ഒരു സമീപനമാണ്.[189] നമ്മുടെ ന്യായപ്രമാണത്തിലെ 7,79,80b,117 ഖണ്ഡികകളെ ആസ്പദമാക്കി ഭാരതീയയോഗസാധനയെ വിവരിക്കുന്നുണ്ട് ഡോ. മാണിക്യം സി.എം.ഐ.[190]

ജീവൻമുക്തിയുടെ അനുഭൂതിയിൽ അതീന്ദ്രനായിത്തീരുന്ന മനുഷ്യന്റെ വിമോചനത്തെക്കുറിച്ചുള്ള ഭാരതീയവീക്ഷണം തത്ത്വത്തിൽ ആകർഷണീയമാണ്. ഭാരതീയ ദർശനത്തിന്റെ സംഭാവനകൾ എന്നും ഏതദ്ദേശീയ ആശ്രമപ്രസ്ഥാനമായ സി.എം.ഐ. യ്ക്കു ദൈവത്തെക്കുറിച്ചുള്ള വിജ്ഞാനം പ്രദാനം ചെയ്യുന്ന ഒന്നാണ്.[191]

ഭക്ഷിണഭാരതത്തിന്റെ ഒരു ദർശനമായ ശൈവസിദ്ധാന്തത്തെക്കുറിച്ചുള്ള താത്ത്വികാവതരണം ഭാരതീയാടിസ്ഥാനഘടകത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നു.[192] ഭക്തൻ എന്നുള്ള സാർവ്വത്രികമായ ആശയം ഏതു ആശ്രമപ്രസ്ഥാനത്തിലുമുള്ളത് ദക്ഷിണ ഭാരതീയരായ തമിഴർക്കും പരിചിതമെന്ന് അന്വേഷണകർത്താവ് ആവിഷ്ക്കരിക്കുന്നു. തമിഴ്ഗ്രന്ഥങ്ങൾ വായിച്ച് ആശ്രമത്തിനു കൂടുതൽ പ്രചോദനം സ്വീകരിച്ചവരാണ് സി.എം.ഐ. സഭാസ്ഥാപകർ. അതുകൊണ്ട് ആത്മാവബോധത്തെക്കുറിച്ചും ഭക്തി വഴിയുള്ള ദൈവസാക്ഷാത്കാരത്തെക്കുറിച്ചും ഉള്ള ദർശനം ഭാരതീയ ആധ്യാത്മികതയുടെ ആഴവും പരപ്പും എടുത്തുകാട്ടുന്നു. അഹം ബ്രഹ്മാസ്മി എന്നതിന്റെ ഒരു പ്രകാശനമാണു ഭക്തി മാർഗ്ഗത്തിലും പൊന്തിനിൽക്കുന്നത്. ദാർശനികർക്കതു ശ്രേഷ്ഠമായ ചിന്തയാണ്.

ഭാരതീയ, കർമ്മെലീത്താ, പൗരസ്ത്യചിന്തകളെ സമന്വയിപ്പിക്കുന്ന ഒരു വ്യക്തിത്വം ചാവറയിലുള്ളത് അദ്ദേഹത്തിന്റെ ദൈവാനുഭൂതിയിൽ പ്രകടമാക്കുന്നുണ്ട്:

> "അമ്മാനുവേലെന്ന നാമാർത്ഥം പോൽദൈവം
> നമ്മോടു ചേർന്നതും കാണാകേണം"[193]

ദൈവച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവികീകരണത്തിലൂടെ ദൈവികജീവനിൽ പങ്കുചേരുന്നതാണ് പൗരസ്ത്യ സമീപനം. ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ ഏലിയാ നിവ്യായാണ് കർമ്മെലയുടെ സംഭാവന. ആർഷഭാരതം ദൈവഭക്തരുടെ വലിയ ആശ്രമമാണ്. ത്രിവിധ അടിസ്ഥാനങ്ങൾ ഒന്നു ചേർന്നാൽ സി.എം.ഐ. സിദ്ധിയുടെ തനിമയാകും.

16:20 ചാവറ സിദ്ധിയുടെ അധുനാതനീകരണം

"താങ്കൾ ജന്മം കൊടുത്ത ആധ്യാത്മിക ചലനത്തെ തുടർന്നു കൊണ്ടുപോകാനുള്ള മഹനീയ പാരമ്പര്യമാണ് സ്ഥാപകപിതാക്കന്മാർ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത്. മാർത്തോമ്മാമെശയാനികളുടെ പൗരസ്ത്യസുറിയാനി പാരമ്പര്യത്തോടും പൗരസ്ത്യപിതാക്കന്മാരുടെ മാതൃകയോടും അധ്യാപനത്തോടും വിശ്വസ്തതപുലർത്തിക്കൊണ്ട് നമ്മൾ മിശിഹായുടെ ഉയിർപ്പിന്റെ സന്തോഷവും, നമ്മുടെ സഹോദരന്മാരുടെ സമൂഹത്തിലുള്ള അവിടുത്തെ വ്യക്തിപരമായ സാന്നിദ്ധ്യവും യാഥാർത്ഥ്യവത്കരിക്കുവാനും കൊണ്ടാടുവാനും നിരന്തരം ശ്രമിക്കേണ്ടതുണ്ട്. കർമ്മെലയുടെ പ്രവാചകചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആന്തരികമായ ഏകാന്തതയുടെയും ത്യാഗത്തിന്റെയും ജീവിതം നാം എപ്പോഴും നയിക്കണം..... ഇഹത്തിൽ ദൈവരാജ്യത്തിനുവേണ്ടിയുള്ള വി.ഏലിയായുടെ ജ്വലിക്കുന്ന തീക്ഷ്ണതയോട് ഈ ദൃശജീവിതത്തെ

സമന്വയിപ്പിക്കുകയും വേണം. പാവനചരിതരായ മതദർശകരോടും ഭാരതത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള മതപാരമ്പര്യങ്ങളോടും ആത്മാർത്ഥമായ ആദരവ് പുലർത്തിക്കൊണ്ട് നമ്മൾ ദൈവത്തെ ഹൃദയാന്തരാളത്തിൽ അന്വേഷിക്കുകയും ഭൗതികചുറ്റുപാടുകളിലും ലോകം മുഴുവനിലും ചേതനയുടെ ഭരണം സംസ്ഥാപിതമാക്കുവാൻ പരിശ്രമിക്കുകയും വേണം".[194]

സി.എം.ഐ. പ്രമാണരേഖയിൽ കൊടുത്തിരിക്കുന്ന ത്രിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കുമ്പോൾ അവയെ ഒന്നായി കാണുന്നതാണ് അധുനാതനീകരണത്തിന് ഉപകരിക്കുന്നത്. കർമ്മെലയുടെ ചൈതന്യവും ആർഷഭാരതത്തിന്റെ ചേതനാത്മകതയും 'പൗരസ്ത്യ സുറിയാനി പാരമ്പര്യം എന്നു ന്യായപ്രമാണം നാലാം ഖണ്ഡികയിൽ കൊടുത്തിരിക്കുന്നതിലുണ്ട്. കാരണം പൗരസ്ത്യ സുറിയാനി എന്ന പ്രയോഗം സെമറ്റിക് മെശയാനിക എന്ന വെളിപാടിന്റെ സമഗ്രവും ആവിഷ്കൃതവുമായ രൂപമാണ്.[195]

സെമറ്റിക് മെശയാനിക എന്ന പ്രയോഗത്തിൽ കർമ്മെലയുടെ ചൈതന്യം മെശയാനികതയിൽ സാക്ഷാത്കരിക്കപ്പെട്ടതാണ്. വിശുദ്ധമലയിലെ ഈശോയുടെ തേജസ്ക്കരണത്തിൽ കർമ്മെലയുടെ പ്രതിനിധിയായി ഏലിയാ ഉണ്ടായിരുന്നു (മത്താ. 17:3,4; മർക്കോ. 9:4,5; ലൂക്കാ 9:30,33). കർമ്മെലയിലെ ജ്വലിക്കുന്ന ഏലിയായുടെ തീക്ഷ്ണത, വിശുദ്ധമലയിൽ മിശിഹായുടെ തേജസ്ക്കരണ തനതാത്മകതയുള്ളതാണ്. വി. മലയിലെ ആവിഷ്ക്കരണം സാക്ഷാത്കരിക്കപ്പെട്ടത് ഗാഗുൽത്തായിലും (ലൂക്കാ 23:47; മത്താ. 27:54; മർക്കോ. 15:39). ശതാധിപൻ പ്രഖ്യാപിച്ചത് ഈശോയുടെ ദൈവികത്വത്തെയും നീതിയേയുമാണ്. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിന്റെ പതിപ്പ് മിശിഹാ സംഭവത്തിലും അതിൽ ചരിത്രപരമായി നേരിട്ട് പങ്കുചേർന്ന ശ്ലൈഹികഗണത്തിലുമാണ് കാണുന്നത്. കലർപ്പില്ലാത്ത ഈ സുറിയാനി പാരമ്പര്യം ഭാരതീയ നസ്രാണികളുടെ ഇടയിൽ സുസ്ഥാപിതമായതോടെ

ആർഷഭാരത്തിന്റെ ആത്മാവും കർമ്മെലയുടേയും ഗാഗുൽത്തായുടെയും അന്തരീക്ഷങ്ങളിലൂടെ ബേസ്റൗമ്മായിൽ തേജസ്കൃതമായതാണ് അമലോത്ഭവദാസസംഘത്തിന്റെ ആധുനിക വ്യക്തിത്വം-തനതാത്മകത. ഓറെഷ്ലെമും കേരളവുമായി ബന്ധപ്പെട്ടതു ഈശോയുടെ ഒരു ശിഷ്യനായ മാർത്തോമ്മാ വഴിയും അദ്ദേഹത്തിന്റെ ശ്ലൈഹിക പാരമ്പര്യത്തിലൂടെയും. മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യം തീർത്തും പൗരസ്ത്യസുറിയാനി ആയിരുന്നു.[196] മെശയാനികസംഭവമാണ് ലോകത്തുള്ള എല്ലാ മതാത്മകതയുടെയും പൂർണ്ണരൂപം. കാരണം അസ്തിത്വത്തിന്റെ പൂർണ്ണത ശൂന്യതയുടെ - മനുഷ്യരൂപത്തിന്റെ അവസ്ഥ യിലെത്തിയിട്ട് ദൈവികപൂർണ്ണതയിലേക്ക് രൂപാന്തരപ്പെട്ടു. ഈ രൂപാന്തരീകരണത്തിന്റെ തനതാത്മകതയാണ് ഏതു മതത്തിന്റെയും അന്ത സ്സത്ത. ഈ സാക്ഷാത്കാരത്തിന്റെ ചരിത്രസംഭവമാണ് ഈശോമിശിഹായിൽ പന്തിയോസ് പീലാത്തോസിന്റെ കാലത്തു നടന്നത്. മിശിഹാ സംഭവത്തിന്റെ ശൂന്യവത്കരണവും മഹത്ത്വവത്കരണവും പൗരസ്ത്യസുറിയാനി ഭാഷാസംസ്ക്കാരത്തിൽ സംഭവിച്ചു എന്നത് ഒരു ചരിത്രവസ്തുതയാണ്. ഈ സത്യത്തിന്റെ അടിസ്ഥാനമാണ് ശ്ലൈഹികപാരമ്പര്യത്തിൽ രൂപം കൊണ്ട അമലോത്ഭവദാസസംഘത്തിന്റെ പൈതൃകം. പൗരസ്ത്യസുറിയാനി പാരമ്പര്യമെന്നതിനെ വെറും ഒരു കാലഹരണപ്പെട്ട ആശയമെന്നതിനേക്കാൾ ദൈവമനുഷ്യസമാഗമത്തിന്റെ ചരിത്രപരമായ ഒരു വെളിപാടുസംസ്കാരമായി കാണുന്നതാണ് നല്ലത്. പൗരസ്ത്യ സുറിയാനിയുടെ തനിമയിൽ സി. എം.ഐ. സഭ ഉറച്ചെങ്കിൽ മാത്രമേ ആർഷഭാരതത്തിനൊ, സാർവ്വത്രികസഭയ്ക്കോ, ഭൂവാസികളേവർക്കുമോ എന്തെങ്കിലും ആധികാരികമായി സംഭാവന ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള ഒരു നിവേശനമാണ് പാലയ്ക്കൽ, പോരൂക്കര, ചാവറ, കണിയാന്ത്ര തുടങ്ങിയ മുന്നോടികൾക്കുണ്ടായിരുന്നത്.

1538 -ൽ ഗോവായിൽ വന്നിറങ്ങിയ ലാഗോസിലെ വിൻസന്റ് എന്ന ഫ്രാൻസിസ്കൻ പ്രേഷിതൻ 1541-ൽ ക്രാങ്കന്നൂരിൽ ഒരു സെമിനാരി തുടങ്ങി. 1581 -ൽ സമാരംഭിച്ച ഈശോസഭാ കേന്ദ്രം ക്രമേണ

വൈപ്പിക്കോട്ടയിൽ 1584 -ൽ കൽദായഭാഷ പഠിക്കുന്നതിനുള്ള സെമിനാരിയായിത്തീർന്നു. 1554 -ൽ ദൊമിനിക്കോസ് സഭക്കാർ ഗോവായിൽ ആരംഭിച്ച കേന്ദ്രം കേരളത്തിലേക്കും വ്യാപിച്ചു. 1624 -നോടുകൂടെ കടുത്തുരുത്തിയിൽ ഫ്രാൻസിസ് ദൊനാത്തി ഒ.പി. ഒരു ഭവനം പണിതു. ഇപ്രകാരം കടുത്തുരുത്തിയിൽ സമാരംഭിച്ച പഠനകേന്ദ്രത്തിൽ സുറിയാനിയിലുള്ള പരിശീലനവും നടന്നിരുന്നു. വിവിധ വൈദേശിക സന്ന്യസ്തരുടെ സംരംഭങ്ങൾ കണ്ടു മനസ്സിലാക്കിയ പാലയ്ക്കലും കൂട്ടരും ഏതദ്ദേശീയവും തനതാത്മകതയുള്ളതുമായ വൈദികോന്നമനകേന്ദ്രമുണ്ടാകണമെന്നാഗ്രഹിച്ചത് വലിയ ഒരാധ്യാത്മിക ചലനമായിരുന്നു. ഫ്രാൻസിസ്കൻ, ജസ്യൂട്ട്, ദൊമ്നിക്കൻ സഭാംഗങ്ങളിൽ പാലയ്ക്കലച്ചനു മതിപ്പുതോന്നിയത് ദൊമ്നിക്കൻ രീതിയോടാണ്. അതിനു കാരണം, വൈദികരുടെ മെച്ചപ്പെടലിന് അതുപകരിക്കുമെന്നതാണ്. പാലയ്ക്കലച്ചന്റെ അജപാലനോന്മുഖമായ നിവേശനത്തെ ആശ്രമസിദ്ധികൊണ്ട് പ്രത്യേകവത്കരിച്ചത് പോരൂക്കര തോമ്മാച്ചനാണ്.[197]

നസ്രാണി സഭയിൽ വളരെ സജീവമായിരുന്ന നവീകരണത്തിന് മുന്നോട്ടുവന്ന മുന്നോടികളുടെ നിവേശനത്തെ, സിദ്ധിയെ വെറും ഒറ്റപ്പെട്ടതും വൈയക്തികവുമായ ഒന്നായിട്ടു കാണാതെ സഭാപരമായിട്ടു കാണുന്നതാണ് ഭാരതനസ്രാണി വ്യക്തിസഭയ്ക്കു കൂടുതൽ തനിമ നൽകുന്നത്.[198]

ഭാതനസ്രാണി വ്യക്തിസഭ ഓറെഞ്ഞം സഭയുടെ സ്ഥലീകരണവും വികാസവുമാണ്.[199] ഓറെഞ്ഞം സഭ അതിന്റെ ദൈവികമാനുഷികവശങ്ങളോടു കൂടി ഏകമായ ഒന്നാണ്. കാരണം ഈശോയുടെ പൗരോഹിത്യപ്രാർത്ഥനയിൽ നിഴലിക്കുന്നതു മറ്റൊന്നല്ല. പ്രധാനാചാര്യനായ ഈശോ പ്രാർത്ഥിക്കുന്നു: "ഈശോ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി അരുളിച്ചെയ്തു: പിതാവേ, സമയം വന്നിരിക്കുന്നു; പുത്രൻ അങ്ങയെ മഹത്ത്വപ്പെടുത്തേണ്ടതിന് അങ്ങയുടെ പുത്രനെ അങ്ങു മഹത്ത്വപ്പെടുത്തണമേ! അങ്ങ് അയാളെ ഏല്പിച്ചിട്ടുള്ളവർക്കെല്ലാം

അയാൾ നിത്യജീവൻ നൽകേണ്ടതിന് അങ്ങ് അയാൾക്ക് സകലമനുഷ്യരുടെയും മേൽ അധികാരം നൽകിയിരിക്കുന്നു. ഏകസത്യദൈവമായ അങ്ങയേയും അങ്ങ് അയച്ച ഈശോമിശിഹായേയും അറിയുക എന്നതാണു നിത്യജീവൻ..... പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അങ്ങു എനിക്കു നൽകിയ അങ്ങയുടെ നാമത്തിൽ അവരെ കാത്തു കൊള്ളേണമേ..... അവരെ അങ്ങു സത്യത്താൽ വിശുദ്ധീകരിക്കേണമേ. അങ്ങയുടെ വചനമാണല്ലോ സത്യം..... അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനായി അവർക്കുവേണ്ടി ഞാൻ സ്വയം വിശുദ്ധീകരിക്കുന്നു..... അവരെല്ലവരും ഒന്നായിരിക്കുവാൻ വേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലുമായിരിക്കുന്നതുപോലെ അവരും നമ്മിലായിരിക്കേണ്ടതിനും തത്ഫലമായി അങ്ങ് എന്നെ അയച്ചു എന്ന് ലോകം അറിയേണ്ടതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17:1-4,11,17-21).

പ്രധാനാചാര്യനായ ഈശോയുടെ പ്രാർത്ഥന അവിടുത്തെ ജീവിതം തന്നെയായിരുന്നെന്ന് എബ്രായർക്കുള്ള ലേഖനം 10:5-14 വരെയുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. പത്താമത്തെ വാക്യം ഇപ്രകാരമാണ്: "ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരത്തിന്റെ എന്നേക്കുമുള്ള ഏകസമർപ്പണം വഴി നാം പരിശുദ്ധരാക്കപ്പെട്ടിരിക്കുന്നു" (എബ്രാ.10:10).

ദൈവേഷ്ടമെന്നത് മാനവദൈവികീകരണമാണ് (1 തെസ. 4:3; അപ്പെ. 1:4-6). ഈശോ മാംസം സ്വീകരിച്ച് മനുഷ്യ പ്രകൃതിയിലായത് അതായത് ദൈവികമാനവീകരണം, മനുഷ്യരെ ദൈവികീകരിക്കുന്നതിനായിരുന്നു. ഈശോ പറയുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായുണ്ടാകുവാനുമാണ്" (യോഹ. 10:10). പിതാവാണ് ഈശോയെ വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ചിരിക്കുന്നത് (യോഹ. 10:36).

ഏകവും ശ്ലൈഹികവും പരിശുദ്ധവും സാർവ്വത്രികവുമായ സഭയെ കണ്ടെത്തുന്നത് സുവിശേഷത്തിലും മിശിഹായുടെ തുടർച്ചയായ സഭാപാരമ്പര്യത്തിലുമാണ്. സഭാ പാരമ്പര്യത്തെക്കുറിച്ചുള്ള വിചിന്തനത്തിൽ അത് അടിസ്ഥിതമായിരിക്കുന്നത് ഈശോമിശിഹായിലും, ശ്ലീഹന്മാരിലും, ആദിമ ശിഷ്യന്മാരിലുമാണ്.

ഈശോയിൽ അടിസ്ഥിതമായ സഭയെ ദർശിക്കുന്നത്, കന്യകയിൽ നിന്നു ജനിച്ച അമ്മനുവേലായ 'യാഹ്വേ സഹായിക്കുന്നു' (രക്ഷിക്കുന്നു) എന്ന മനുഷ്യപുത്രനിലാണ്. എന്നാൽ ഈശോയെ മറിയമാണ് ഗർഭം ധരിച്ച് പ്രസവിച്ചത് (ലൂക്കാ 1:30,31). ഈശോ എപ്രകാരമാണു മാനവരാശിയെ ദൈവികീകരിച്ചത്? ഈശോ മനുഷ്യനിൽ നിന്നു സ്വീകരിച്ച ശരീരത്തെ ഒരു നിമിഷം പോലും പരിമിതിയ്ക്കു വിട്ടുകൊടുക്കാതെ സമർപ്പിച്ചുകൊണ്ട്. ഈ സംഭവത്തെയാണ് മനുഷ്യാവതാരത്തിന്റെ ദിവ്യകാരുണ്യ ലക്ഷ്യം എന്നു പറയുന്നത്. ഈശോയിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നു ചേരുന്നതിന് 'ഗോതമ്പുമണി നിലത്തുവീണ് അഴിയേണ്ടത്' ആവശ്യമായിരുന്നു. അതുകൊണ്ട് മനുഷ്യാവതാരം ചെന്നുനിൽക്കുന്നത് സ്ലീവാമരണത്തിലും മഹത്ത്വീകരണത്തിലുമാണ് (ഫിലി. 2:5-11). മനുഷ്യാവതാരവും സ്ലീവാമരണവും ഈശോയിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.[200] സ്ലീവായിലൂടെയാണ് സഭ രൂപം കൊണ്ടത്. ആ സഭയിൽ ദൈവരാജ്യത്തിന്റെ അദൃശ്യഘടകമായ ദൈവസ്നേഹവും, ദൃശ്യഘടകമായ സഹോദരസ്നേഹവും ഒന്നായിത്തീർന്നു. ഇപ്രകാരം മഹോന്നതസ്നേഹത്തിന്റെ ഏകീഭവിക്കൽ അടിസ്ഥാനപരമായി ദൈവികമാനുഷികസംഭവം (കൂദാശ) ആയതിനാൽ ഇനിയും മിശിഹായിൽ എല്ലാവരും ഒന്നാകേണ്ടത് കൂദാശാജീവിതത്തിലൂടെയാണ്.

കൂദാശാ ജീവിതത്തിന്റെ കാതലിനെ സുറിയാനി സഭാപാരമ്പര്യം വിവരിക്കുന്നത് മാമ്മോദീസായേയും വി. കുർബ്ബാനയേയും ബന്ധിപ്പിച്ചുകൊണ്ടാണ്.[201] ഇത്ര മനോഹരമായ ഒരു ദൈവവിജ്ഞാനീയം

സഭയിൽ രൂപപ്പെട്ടത് യവനചിന്തയിലൂടെയോ, റോമൻ ആധിപത്യത്തിലൂടെയോ അല്ല, മറിച്ച് സഭയുടെ പ്രാരംഭ പാരമ്പര്യമായ സുറിയാനി സഭയുടെ ദൈവാരാധനാനുഭവത്തിലൂടെയാണ്. സഭയുടെ അടിസ്ഥാന പാരമ്പര്യമായ ദൈവാരാധനയിലൂടെ പ്രധാനമായും മൂന്നു കാര്യങ്ങളാണ് സാക്ഷാത്കരിക്കപ്പെട്ടിരുന്നത്. ഒന്നാമത്തേത് ആരാധനാവേളയിൽ ദൈവവചനത്തിനു നൽകുന്ന പ്രത്യുത്തരമായ വിശ്വാസ പ്രഖ്യാപനമാണ്. രണ്ടാമത്തേത് വിശ്വാസത്തിന്റെ കാതലായ പെസഹാഘോഷവും. മൂന്നാമത്തേത് മാമ്മോദീസായുടെയും ദിവ്യകാരുണ്യത്തിന്റെയും അനുഭവമായ ആധ്യാത്മികജീവിത പരിശീലനവും തുടർന്നുള്ള ജീവിതവും. ഈ പാരമ്പര്യമാണ് മാർത്തോമ്മാ ശ്ലീഹാ സാർവ്വത്രിക സഭയ്ക്കു കൈമാറിയതും കിഴക്കൻ പ്രദേശങ്ങളിൽ സ്ഥാപിച്ചതും നസ്രാണി വ്യക്തിസഭയ്ക്ക് നൽകിയ പൈതൃകവും.

മാർത്തോമ്മാ നസ്രാണികളുടെയിടയിൽ ആരംഭം മുതൽ ആശ്രമസിദ്ധിയുടെ നിവേശനവും സാക്ഷ്യവും ഉണ്ടായിരുന്നുവെന്നത് സാർവ്വത്രികസഭ സുറിയാനി സഭാപാരമ്പര്യത്തിൽ നിന്നും വികസിച്ചു എന്നതിന്റെ തെളിവാണ്.[202] അതിനാൽ 1800-കളിൽ നസ്രാണികളായ പാലയ്ക്കൽ, പോരൂക്കര, ചാവറ, കണിയാന്ത്ര തുടങ്ങിയവരും അവരോടൊത്തുണ്ടായിരുന്ന നസ്രാണിമാപ്പിളമാരും തുടങ്ങിയ ആധുനികകാലത്തെ ഏതദ്ദേശീയ ആശ്രമ പ്രസ്ഥാനം 'വാച്ചവനവാസ'ത്തിന്റെ തനിമയിൽ സുറിയാനി സഭാപാരമ്പര്യത്തിൽ പൂർണ്ണമായും അധുനാതനീകരിക്കപ്പെടണം.[203] ഇതിൽ കുറഞ്ഞതൊന്നും ഭാരതത്തിനോ, പൗരസ്ത്യർക്കോ, കർമ്മെലീത്തർക്കോ, സാർവ്വത്രിക സഭയ്ക്കോ മതിയാകുകയില്ല.

ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ നഷ്ടപ്പെട്ടു പോയിരിക്കുന്ന സി.എം.ഐ. സഭാതനിമ ഇനിയും പൂർണ്ണമായും കണ്ടെത്തിയിട്ടില്ല. അതിനാൽ അധുനാതനീകരണം സി.എം.ഐ. സഭയിൽ എന്നതിനെക്കുറിച്ചു ചർച്ച ചെയ്യാം.

സി.എം.ഐ. സഭ മാർത്തോമ്മാശ്ലീഹായിൽ നിന്നും മാമ്മോദീസാ സ്വീകരിച്ച പൂർവ്വികരുടെ പിൻതുടർച്ചക്കാരെന്നാണ് ചരിത്രം സാക്ഷിക്കുന്നത്.[204]

സഭാ വിജ്ഞാനീയത്തിൽ ആധുനികകാലത്തുണ്ടായ പുരോഗതിയും അന്വേഷണവും ഏറ്റവും പ്രധാനപ്പെട്ട ഒരു സത്യം വെളിച്ചത്തു കൊണ്ടു വന്നു.[205] കൂടാതെ സുറിയാനി സഭാ പാരമ്പര്യമാണ് സഭാ പാരമ്പര്യങ്ങളുടെയെല്ലാം അടിസ്ഥാനപാരമ്പര്യമെന്നതും സുപ്രധാനമായ ഒന്നാണ്.[206]

സുറിയാനി സഭാ പാരമ്പര്യം വിളിച്ചറിയിക്കുന്ന സത്യങ്ങൾ യഹൂദ, മെസപ്പൊട്ടാമിയ, ഓറെശ്ലെം, ഭാരതം തുടങ്ങിയ നിരവധി പൗരസ്ത്യ ദേശങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്ന കാര്യങ്ങളാണ്. ദൈവാവിഷ്കൃതഭാഷയായ ഈശോയുടെയും ശ്ലീഹന്മാരുടെയും ഭാഷ മാർത്തോമ്മാ നസ്രാണികളായ ഭാരതീയർക്കും കേരളീയർക്കും പൈതൃകപരമായ ഒന്നാണ്.[207] വെറുമൊരു ഭാഷ എന്നതിനെക്കാൾ വിശ്വാസത്തിന്റെ സ്വഭാവത്താൽ രൂപപ്പെട്ട ഒരു ഉന്നതസംസ്ക്കാരമെന്ന നിലയിലാണ് അതിനെ വിലയിരുത്തേണ്ടത്. സഭാപരമായ ഈ സംസ്ക്കാരത്തിനു സംഭാവന ചെയ്ത രണ്ടു പ്രമുഖ വ്യക്തികളാണ് മാർ അപ്രേമും അഫ്രാറ്റസും. രണ്ടുപേരും തികഞ്ഞ താപസന്മാരായിരുന്നു. അവർ ആശ്രമ സുകൃതങ്ങളെക്കുറിച്ചു പ്രതിപാദിച്ചിട്ടുമുണ്ട്. സുറിയാനി സഭാപാരമ്പര്യത്തിൽ നിന്ന് ഒരു കാര്യം മാത്രമാണ് ഇവിടെ എടുത്തുകാണിക്കുന്നത്. അതായത് ആശ്രമസിദ്ധി സഭാത്മകവും മാമ്മോദീസാപരവും എന്നതാണ്.[208] ഈശോയുടെ ജീവിതം തന്നെയാണ് മാമ്മോദീസായുടെ സ്വഭാവത്തെ വ്യക്തമാക്കുന്നത്.

ഈശോ യോർദ്നാൻ നദിയിൽ വച്ച് മാംദാനായിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ചെങ്കിലും അവിടുന്ന് വീണ്ടും അരുളിച്ചെയ്തു: "എനിക്ക് ഒരു മാമ്മോദീസാ സ്വീകരിക്കുവാനുണ്ട്. അത് നിവൃത്തിയാകുവോളം

ഞാൻ എത്രയധികം ഞെരുങ്ങുന്നു" (ലൂക്കാ 12:50) എന്ന്. ഈശോയുടെ മരണത്തോടുകൂടി മാത്രമേ മാമ്മോദീസായുടെ സാക്ഷാത്കാരം ഉണ്ടാകുകയുള്ളൂ എന്നാണത് പഠിപ്പിക്കുന്നത്.

ഈശോയുടെ തേജസ്ക്കരണത്തെക്കുറിച്ച് സമവീക്ഷണ സുവിശേഷകർ പ്രതിപാദിക്കുമ്പോഴും (മത്താ. 17:1-8; ലൂക്കാ 9:28-36; മർക്കോ. 9:2-8) ഈശോയുടെ ഗാഗുൽത്താമലയിലെ മരണോത്ഥാനത്തെയാണ് ലക്ഷ്യം വച്ചിരുന്നത്.

ഈശോയുടെ മഹത്ത്വീകരണം പൂർത്തികരിപ്പെട്ടത് സ്ലീവായിലെ യാഗത്തിലൂടെയെന്ന് അവിടുത്തെ വചനം സാക്ഷ്യം നൽകുന്നു (യോഹ. 19:30). പത്രോസ് ശ്ലീഹായും മേൽപ്പറഞ്ഞ സംഭവത്തിനു സാക്ഷ്യം നൽകുന്നുണ്ട് (2 പത്രോ. 1:17).

ഈശോയുടെ സഹനത്തിൽ പൂർണ്ണമായും പങ്കുചേരുന്ന മാതാവിനെയാണ് സ്ലീവാസമക്ഷം ദർശിക്കുന്നത്. മാതാവ് ഈശോയ്ക്ക് ജന്മം നൽകിക്കൊണ്ട് മാനവദൈവികീകരണത്തിൽ പങ്കുചേർന്നതു തുടക്കമെങ്കിൽ അതിന്റെ പൂർത്തീകരണം, ഗാഗുൽത്തായിൽ തന്റെ പുത്രന്റെ മരണോത്ഥാനത്തിൽ പങ്കുചേർന്നതുമാണ്.[209] ഈശോയിലും ഈശോയ്ക്കു മനുഷ്യസ്വഭാവം പ്രദാനം ചെയ്ത നസ്രത്തിലെ കന്യകയിലും പ്രവർത്തിക്കുന്ന റൂഹാദ്ക്കുദ്ശാ ഗാഗുൽത്തായിൽ, രൂപം കൊണ്ട മിശിഹായുടെ മൗതിക ശരീരമായ സഭയിലും പ്രവർത്തിക്കുന്നു. ആശ്രമജീവിതത്തിന്റെ അടിസ്ഥാനനിയമം സുവിശേഷത്തിലെ മിശിഹായിൽ ദർശിക്കണമെന്നു പഠിപ്പിക്കുന്ന സഭ,[210] മാമ്മോദീസായുടെ പൂർത്തീകരണമായിട്ടാണ് ആശ്രമസിദ്ധിയെ കാണുന്നത്.[211]

പരിപൂർണ്ണസ്നേഹം പ്രാപിപ്പാൻ സുവിശേഷോപദേശാനുഷ്ഠാനം വഴി പരിശ്രമിക്കുക എന്നത് ദിവ്യഗുരുവിന്റെ പഠനങ്ങളിൽ നിന്നും, മാതൃകയിൽ നിന്നും രൂപമെടുത്തതാണെന്നും അതു ദൈവരാജ്യത്തിന്റെ മഹത്തായ ഒരടയാളമായി നിലകൊള്ളുന്നുവെന്നും

ജനതകളുടെ പ്രകാശം എന്നാരംഭിക്കുന്ന കോൺസ്റ്റിറ്റ്യൂഷനിൽ സൂന ഹദോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.[212]

സുവിശേഷാധിഷ്ഠിതമായ ആശ്രമസിദ്ധി സഭയുടെ അവിഭക്ത പാരമ്പര്യമായ സുറിയാനിക്കാരുടെ ഇടയിൽ വികസിക്കയും വളർന്നു പുഷ്പിക്കുകയും അങ്ങനെ കിഴക്കൻ സന്ന്യാസത്തിന്റെ പ്രാരംഭനി വേശനമായി നിലകൊള്ളുകയും ചെയ്യുന്നു.[213]

സുറിയാനി സഭാപാരമ്പര്യത്തിൽ റൂഹാദ്ക്കുദ്ശായുടെ പ്രത്യേക വരത്താൽ രൂപം പ്രാപിച്ച ആശ്രമപ്രസ്ഥാനത്തിന്റെ തുടക്കം ഇപ്രകാ രമാണ്: "സുറിയാനി സഭകളിൽ മാമ്മോദീസായോടു വിശ്വസ്തത പുലർത്തിയിരുന്നവർ രണ്ടു കൂട്ടരായിരുന്നു. ഒന്നാമത്തെ കൂട്ടർ ഉടമ്പ ടിയുടെ മക്കൾ എന്നറിയപ്പെട്ടിരുന്ന താപസന്മാർ ആയിരുന്നു..... ആദ്യത്തെ കൂട്ടർ കഠിനമായ ബ്രഹ്മചര്യം പാലിക്കുകയും തികഞ്ഞ പരിത്യാഗികളായി വർത്തിക്കുകയും ചെയ്തിരുന്നു. അവർ കൃത്യമായ നിയമസംഹിതയ്ക്കനുസൃതം ജീവിച്ചിരുന്നവരായിരുന്നു. പിന്നീട് ശൈശവവിവാഹം നടപ്പാക്കിത്തുടങ്ങിയപ്പോൾ, മേല്പറഞ്ഞവരിൽ മാമ്മോദീസാ സ്വീകരിച്ചിരുന്നവർ ഉടമ്പടിയുടെ പുത്രന്മാർ (ബനൈ ക്യാമ) എന്ന പേരോടുകൂടി ആശ്രമസ്ഥരായി ജീവിതം തുടർന്നിരു ന്നു. ഇവർ നേരത്തെ വീടുകളിൽ ആയിരുന്നു ഉടമ്പടിയുടെ മക്കൾ എന്ന നിലയിൽ ജീവിച്ചിരുന്നത്. കുറെ കഴിഞ്ഞപ്പോൾ ഇക്കൂട്ടർ സമൂ ഹജീവിതം നയിക്കുന്നവരും ഏകാന്തവാസികളും വനവാസികളുമെ ല്ലാമായി രൂപാന്തരപ്പെട്ടു."[214]

"മാർത്തോമ്മാ ക്രിസ്ത്യാനികളും പൗരസ്ത്യസുറിയാനി പാര മ്പര്യത്തോടും പൗരസ്ത്യപിതാക്കന്മാരുടെ മാതൃകയോടും അധ്യാപ നത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ട് നമ്മൾ മിശിഹായുടെ ഉയിർപ്പിന്റെ സന്തോഷവും നമ്മുടെ [illegible] ഗുരുക്കന്മാരുടെ സമൂഹത്തി ലുള്ള അവിടുത്തെ വ്യക്തിപരമായ സാന്നിദ്ധ്യവും യാഥാർത്ഥ്യവൽക്ക രിക്കുവാനും കൊണ്ടാടുവാനും നിരന്തരം ശ്രമിക്കേണ്ടതുണ്ട്"[215] എന്നു പഠിപ്പിക്കുന്ന സി.എം.ഐ. സഭ ഓരോരുത്തരും സഭയുടേയും അതിന്റെ

തനിമ ഉൾക്കൊള്ളുന്ന സുറിയാനി സഭാപാരമ്പര്യത്തിന്റെയും ആദിമ പരിശുദ്ധിയിൽ എത്തിപ്പിടിച്ചു. എന്നാൽ സ്തബലീനി, ബർണർദീൻ എന്നീ മേലധ്യക്ഷന്മാർ വരുത്തിയ ഘടനാപരമായ മാറ്റം ഇന്നത്തെ സഭാനവീകരണ അധ്യാപനത്തിനു വിധേയപ്പെട്ടു. ആദിമപരിശുദ്ധി വീണ്ടെടുക്കുവാൻ സി.എം.ഐ. സമൂഹത്തിന് ഇനിയും കാത്തിരിക്കേണ്ടതുണ്ട്. ഇതിനായി നേരത്തെ സൂചിപ്പിച്ചതുപോലെ അവിഭക്ത മെശയാനിക സഭയുടെ സുറിയാനി പാരമ്പര്യത്തിൽ സി.എം.ഐ. സിദ്ധിയുടെ തനിമ വീണ്ടെടുക്കണം. ഇതിൽ വരേണ്ടത് നാല് അടിസ്ഥാന ഘടകങ്ങളാണ്. ഒന്ന്: സുറിയാനി സഭാപാരമ്പര്യത്തിന്റെ വേദപുസ്തകമായ പ്ശീത്തായുടെ ഉറവിടത്തിൽ തുടങ്ങുക. രണ്ട്: സുറിയാനി സഭാ സമൂഹത്തിലുള്ള സഭാത്മകവിശ്വാസം ഏറ്റു പറയുക. മൂന്ന്: സഭാത്മകവിശ്വാസത്തിന്റെ പ്രകടനം ഓറെശ്ലെമിൽ ആദിമ ക്രൈസ്തവികസഭ നടത്തിയത് കൈമാറിയ ശ്ലീഹന്മാരുടെ കൂദാശാക്രമത്തിൽ ദൈവാരാധന നവീകരിക്കുക. നാല്: സുറിയാനി സഭാ പാരമ്പര്യത്തിന്റെ ദൈവാരാധന ആധ്യാത്മിക ജീവിതത്തിന്റെ ഉറവിടമാക്കുക. ഇത്രയും ആധികാരികമായി നടത്തുന്നതു വഴി സുവിശേഷത്തിലേയ്ക്കുള്ള തിരിച്ചു പോക്കും, ആശ്രമസിദ്ധിയിലുള്ള ആധികാരികത കണ്ടെത്തലും നടന്നാൽ ബൈബിളിലെ കർമ്മെല സഭാ ചൈതന്യവും ആർഷഭാരതത്തിന്റെ ആത്മദർശനവും സി.എം.ഐ. സിദ്ധിയിൽ സമുദ്ഗ്രഥിതമായിത്തീരും.

ആധുനികമായ നിരവധി സന്ന്യാസപ്രസ്ഥാനങ്ങൾക്കും മുന്നോടിയായി സി.എം.ഐ. സിദ്ധി നിലകൊള്ളുന്നെങ്കിലും ഘടനയുടെ സ്വാധീനത്തിൽ സിദ്ധി ബലഹീനമായ അവസ്ഥയാണ് എവിടെയും ഉള്ളത്. മിശിഹാസംഭവത്തിന്റെ തനിമയിൽ നിന്നല്ലാതെ യഥാർത്ഥ ആധുനാതനീകരണം നടക്കുകയില്ല. മിശിഹാസംഭവത്തിന്റെ തനിമയിൽ ഒരു മതത്തെയും, ആരെയും, ഒന്നിനെയും, മാറ്റി നിറുത്തുവാനാകുകയില്ല. കാരണം "സമസ്തവും അവിടുന്നിൽ സ്ഥിതി ചെയ്യുന്നു" (കൊളോ. 1:17).

ഉപസംഹാരം

ആധുനികകാലത്തു രൂപം കൊണ്ട ഏതദ്ദേശീയ സന്ന്യാസസമൂഹമാണ് ഇന്നത്തെ സി.എം.ഐ. സഭ. കേരളസഭയെക്കുറിച്ച് ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ടിന്റെ അവസാനം ഇപ്രകാരം കാണുന്നു: "ചുരുക്കിപ്പറഞ്ഞാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന ആശ്രമജീവിതത്തെ സംബന്ധിച്ചിടത്തോളം പതിനേഴാം നൂറ്റാണ്ടിൽ നടന്നതു തന്നെ ഇവിടെയും സംഭവിച്ചു എന്നു പറയാം. പതിനേഴാം നൂറ്റാണ്ടിൽ പൗരസ്ത്യ പാരമ്പര്യമനുസരിച്ച് തപസ്സിന്റെയും പ്രാർത്ഥനയുടെയും ജീവിതം നയിച്ചിരുന്ന കന്യാരന്മാരെ ഒരു സമൂഹമാക്കി സഭാ തലത്തിൽ അംഗീകാരം വാങ്ങി അവർ വഴി സുറിയാനി സഭയുടെ നവീകരണവും ആധ്യാത്മിക പുരോഗതിയും നേടുക എന്ന ലക്ഷ്യത്തിനായി ആർച്ചുഡീക്കൻ ഗീവർഗീസ് പരിശ്രമിച്ചു. പക്ഷെ അന്നു സുറിയാനി സഭയെ ഭരിച്ചിരുന്ന പാശ്ചാത്യ സഭക്കാരനായ ആർച്ചു ബിഷപ്പു ബ്രിട്ടോ അദ്ദേഹത്തിന്റെ പരിശ്രമത്തെ വിഫലമാക്കി. മറ്റൊരു സഭക്കാരെയും ഇവിടെ വേണ്ട എന്ന മനസ്ഥിതിക്കാരായിരുന്നു അന്നത്തെ ഈശോ സഭക്കാർ. പോട്ടുഗീസ് ഗവൺമെന്റ് അവർക്കു പിൻബലവും നൽകി. അങ്ങനെ തികച്ചും ഭാരതീയമായ രീതിയിൽ ഇവിടെ നിലവിലുണ്ടായിരുന്ന ആശ്രമജീവിതം എന്നേക്കുമായി ഇല്ലാതായി. പോർട്ടുഗീസുകാരും ഈശോ സഭക്കാരും മാറിയപ്പോൾ അതിനുപകരം പ്രൊപ്പഗാന്താസംഘവും കർമ്മെലീത്താക്കാരും അധികാരത്തിലായി. ആരംഭകാലത്ത് മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് കർമ്മെലീത്താക്കാരിൽ വളരെയേറെ പ്രതീക്ഷയുണ്ടായിരുന്നു. സിറിയായിൽ നിന്നു വന്നിരുന്ന കർമ്മെലീത്താ സന്ന്യാസികളുടെ തിരുക്കർമ്മങ്ങളും തപസജീവിതവും മാർത്തോമ്മാ ക്രിസ്ത്യാനികളുടേതു പോലെയാണ് എന്ന് 1645 -നോടടുത്തു ആർച്ചുഡീക്കൻ മശിഹായുടെ തോമ്മാമാർപ്പാപ്പക്ക് എഴുതിയതായി കാണുന്നു.[216] പക്ഷെ, അദ്ദേഹത്തിന്റെ പ്രതീക്ഷ പൂവണിഞ്ഞില്ല. തുടർന്ന് ഇവിടെ

വന്ന കർമ്മെലീത്താക്കാർ പ്രൊപ്പഗാന്തയുടെ കീഴിൽ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ നോക്കി ഈ നാട്ടിലെ രീതികളും ആചാരമര്യാദകളുമെല്ലാം അവർ പുച്ഛിച്ചുതള്ളി. പ്രത്യേകിച്ച് 1838-ൽ പോർട്ടുഗീസ് സഭാഭരണം അവസാനിപ്പിച്ചതിന്റെ ഫലമായി സുറിയാനിക്കാർ എല്ലാവരും ഔദ്യോഗികമായി കർമ്മെലീത്താക്കാരുടെ കീഴിൽ ആയപ്പോൾ പാശ്ചാത്യവത്ക്കരണത്തിനു പറ്റിയ അവസരവുമായി. ഇങ്ങനെ പാശ്ചാത്യ രീതിയിൽ കൊണ്ടു വന്ന ഒന്നാണ് മാന്നാനത്തെ സമൂഹം. ആ സമൂഹത്തിലും പാശ്ചാത്യരീതിയിലുള്ള ഭക്താഭ്യാസങ്ങളുണ്ടായിരുന്നു എന്ന കാര്യം മറച്ചു വയ്ക്കുന്നില്ല. കാരണം അവർ ചെറുപ്പത്തിൽ തുടങ്ങിയതു തുടർന്നു എന്നതു മാത്രം. എങ്കിലും അവരുടെ പ്രവർത്തനരീതിയിലും താപസജീവിതത്തിലും പൗരസ്ത്യ ചായ്വുണ്ടായിരുന്നു. അതിനെ പുഷ്ടിപ്പെടുത്തി പ്രോത്സാഹിപ്പിക്കുന്നതിനു പകരം അതിനെ പാശ്ചാത്യ രീതിയിലാക്കിയതാണു പ്രശ്നം. തുടർന്നുള്ള നാളുകളിൽ പാശ്ചാത്യ ഭക്തികളുടെ അതിപ്രസരവും തുടങ്ങി. എന്നിട്ടും ആ സഭയിലെ ആദ്യനാളുകളിലെ വൈദികർക്ക് സുറിയാനി സഭയുടെ തനിമ വീണ്ടെടുക്കണമെന്ന ആശയമുണ്ടായിരുന്നു."[217]

ധന്യനായ കുറിയാക്കോസ് ഏലിയാ ചാവറയുടെ ആധ്യാത്മികതയെക്കുറിച്ചുള്ള ദർശനം ആധുനികകാലത്തെ ഭാരത നസ്രാണി ജനതയുടെ ആധ്യാത്മികതയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ്. വിശ്വാസപരമായും ആരാധനാപരമായും സാംസ്കാരികമായും വിലയിരുത്തപ്പെടേണ്ട ഒന്നാണ് ചാവറയുടെ ആധ്യാത്മികത. കാരണം ചാവറ ദൈവത്തിനും ദൈവജനത്തിനുമായി ജീവിച്ച ഒരു ധന്യാത്മാവായിരുന്നു. എന്നാൽ ചാവറയുടെ ആധ്യാത്മികതയിൽ പൊന്തി വന്ന ഘടകം സാംസ്കാരികം എന്നതിനെക്കാൾ, സഭാപരമായതുകൊണ്ട് സഭാത്മകമായ വിശ്വാസമാണ് പ്രത്യേകിച്ചും ചർച്ചാ വിഷയമാക്കിയത്. അതുകൊണ്ടാണ് ഉപസംഹാരത്തിന്റെ തുടക്കത്തിൽ ചാവറയച്ചന്റെ നേതൃത്വത്തിൽ 1855 മെയ് 8-ാം തീയതി വ്രതം ചെയ്തു കാനോനികമായി

നിലവിൽ വന്ന ആധുനികകാലത്തെ ഏതദ്ദേശീയ സന്ന്യാസഗണമായ സി.എം.ഐ. സഭയെക്കുറിച്ചുള്ള വിലയിരുത്തൽ എടുത്തു കാട്ടിയത്. നിഷ്പക്ഷമായ വിലയിരുത്തൽ നടത്തുമ്പോൾ സഭയുടെ ഔദ്യോഗിക പഠനങ്ങളാണ് അടിസ്ഥാനമായി നില്ക്കുന്നത്. സഭയെ ഇപ്രകാരമാണു രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് നിർവ്വചിക്കുന്നത്: "മിശിഹായുമായി സഗാഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും കൂദാശയാണെന്നു പറയാം."[218]

സഭയെ വീണ്ടും അവതരിപ്പിക്കുന്ന സഭാപിതാക്കന്മാർ തുടർന്നു പറയുന്നു: "പ്രാദേശിക സഭകളിലും പ്രാദേശിക സഭകളിൽ നിന്നും ആണ് ഏകവും ഏകീയവുമായ കത്തോലിക്കാ തിരുസഭ രൂപം പ്രാപിക്കുന്നത്."[219]

പ്രാദേശിക സഭകളെക്കുറിച്ചുള്ള സമീപനം വ്യത്യസ്തമെങ്കിലും സാർവ്വത്രിക സഭയുടെ ഐക്യത്തെ വിലയിരുത്തുമ്പോൾ പ്രധാനമായി കടന്നു വരുന്നത് ഓരോ പ്രദേശത്തു രൂപപ്പെടുന്ന സഭയുടെ ശ്ലൈഹിക വ്യതിരിക്തതയും സുവിശേഷവത്ക്കരണത്തിലൂടെയുള്ള പാരമ്പര്യവും അതു വഴി രൂപപ്പെട്ട സഭാരമക വിശ്വാസവും വിശ്വാസത്തിന്റെ പ്രകാശനമായ ദൈവാരാധനയും ഇതിനെല്ലാം വേദിയാകുന്ന ഒരു പ്രത്യേക ജനതയുടെ പ്രതിഭയുമാണ്. ഈ വസ്തുതകളെയാണ് സാർവ്വത്രിക സൂനഹദോസ് ഇപ്രകാരം അംഗീകരിക്കുന്നത്: "അവസാനമായി പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം അനുസരിച്ചുകൊണ്ട്, ഈ പരിശുദ്ധ സൂനഹദോസ് പ്രഖ്യാപിക്കുന്നു, നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകൾക്കും, തിരുസഭാമാതാവ് തുല്യമായ അവകാശവും ശ്രേഷ്ഠതയുമാണ് കല്പിക്കുന്നതെന്ന്."[220] നിയമാനുസൃതവും അംഗീകൃതവുമായ റീത്തുകളുടെ ശ്രേഷ്ഠത എടുത്തു പറയുന്ന സഭ, പൗരസ്ത്യ സഭകളുടെ പൗരാണികത്വത്തെ പ്രത്യേകം അംഗീകരിക്കുന്നത് ഇപ്രകാരമാണ്: "പൗരസ്ത്യ സഭകളുടെ സ്ഥാപനങ്ങൾ,

ആരാധനാക്രമങ്ങൾ, ക്രൈസ്തവ ജീവിതരീതി എന്നിവയെല്ലാം വലിയ മതിപ്പോടെയാണ് കത്തോലിക്കാ സഭ വീക്ഷിക്കുന്നത്. കാരണം, അഭികാമ്യമായ അവരുടെ പൗരാണികത്വം ഒരു പ്രത്യേക സ്ഥാനം അവർക്കു നൽകുന്നുണ്ട്. സഭാപിതാക്കന്മാരിലൂടെ കൈവന്ന ശ്ലൈഹിക പാരമ്പര്യം അവരിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാകട്ടെ സാർവ്വത്രിക സഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഒരു ഭാഗവുമാണ്."[221]

പ്രാദേശിക സഭകൾ എന്നതിനെ ഒന്നുകൂടി നിർവ്വചിക്കുന്നു: "പരിശുദ്ധ കത്തോലിക്കാ സഭ മിശിഹായുടെ മൗതിക ശരീരമാണ്. ഇതിൽ ഉൾപ്പെടുന്നവർക്കു വിശ്വാസം ഒന്ന്, കൂദാശകൾ ഒന്ന്, ഭരണരീതിയും ഒന്ന്. ഇവവഴി വിശ്വാസികൾ പരിശുദ്ധാത്മാവിൽ സജീവമായി സംയോജിക്കപ്പെട്ടിരിക്കുന്നു. വിശ്വാസികൾ വിവിധ സമൂഹങ്ങളായി, മേലധ്യക്ഷക്രമത്തിന്റെ കീഴിൽ പ്രാദേശിക സഭകൾ അല്ലെങ്കിൽ റീത്തുകളായി സമ്മേളിച്ചിരിക്കുന്നു. ഈ സഭകൾ തമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വിവിധത്വം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണു ചെയ്യുന്നത്. വിവിധങ്ങളായ സ്ഥലകാലമാർഗ്ഗങ്ങൾക്കനുസൃതമായി ജീവിതത്തെ ക്രമീകരിച്ചുകൊണ്ട് ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് തിരുസ്സഭയുടെ ലക്ഷ്യം."[222] 11-ാം നൂറ്റാണ്ടുമുതൽ (1053) ലെയോ ഒൻപതാം പാപ്പായുടെ പ്രബോധനം തുടങ്ങി ലെയോ 13-ാം പാപ്പായുടെ പഠനം വരെയുള്ള (1894) സാർവ്വത്രിക സഭയുടെ പ്രബോധനം വച്ചുകൊണ്ടാണ് പൗരസ്ത്യ സഭയുടെ തനതാത്മകതയെ എടുത്തു കാട്ടുന്നത്.[223]

കത്തോലിക്കാ സഭയിൽ പൗരസ്ത്യ സഭകൾക്കുള്ള ശ്രേഷ്ഠത എടുത്തു കാണിക്കുമ്പോൾ പ്രത്യേകിച്ചും പറയുന്നത് ആധ്യാത്മിക പിതൃസ്വത്തിനെക്കുറിച്ചാണ്. ഇതു സംബന്ധിച്ചുള്ള പിതാക്കന്മാരുടെ

പഠനം ഇപ്രകാരമാണ്: "സഭാപരവും ആധ്യാത്മികവുമായ പിതൃസ്ഥാനത്തെ കൗൺസിൽ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇതിനെ മിശിഹായുടെ സാർവ്വത്രിക സഭയുടേതായി പരിഗണിക്കുകയും ചെയ്യുന്നു. അതിനാൽ പൗരസ്ത്യ സഭകൾക്കും പാശ്ചാത്യസഭകളെപ്പോലെ തന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കുവാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു."[224]

സാർവ്വത്രിക സൂനഹദോസ് പഠിപ്പിക്കുന്നു: "നിയമാനുസൃതമായ ആരാധനാക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യസഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കു വേണ്ടി മാത്രമല്ലാതെ, യാതൊരു മാറ്റവും വരുത്താവുന്നതല്ല. അതിനാൽ ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർ തന്നെ അനുസരിക്കണം. മുമ്പത്തെക്കാൾ കൂടുതലായി ഇവ പഠിപ്പിക്കുകയും ഇവ പൂർണ്ണമായി ആചരിക്കയും വേണം. കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്കടിപ്പെട്ട് തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽ നിന്നു വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്കു തിരിയാൻ അവർ ശ്രദ്ധിക്കേണ്ടതാണ്."[225]

സഭയുടെ ഔദ്യോഗിക പഠനങ്ങൾ ഇവിടെ ഉദ്ധരിച്ചത് സി.എം.ഐ. സഭയുടെ ചരിത്രത്തിൽ, പ്രകടമായ രീതിയിൽ, കാലത്തിന്റെയും വ്യക്തികളുടെയും സാഹചര്യങ്ങൾക്കടിപ്പെട്ട് നസ്രാണി വ്യക്തി സഭയുടെ തനിമയിൽ നിന്നു വളരെയധികം വ്യതിചലിച്ചു പോയിട്ടുണ്ട് എന്നതിനാലാണ്. പദ്രുവാദോ എന്നു വിശേഷിപ്പിക്കുന്ന പോർട്ടുഗീസുകാരുടെ, നുകത്തിനു കീഴിൽ അടിമകളായിരുന്ന നസ്രാണികളെ പ്രൊപ്പഗാന്തായുടെ വൈദേശിക ഭാണ്ഡങ്ങൾ, കർമ്മെലീത്താമിഷനറിമാർ പ്രത്യേകിച്ച് സ്തബിലീനി മെത്രാൻ, ബർണർദീനോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ ലത്തീൻ രീതികളായി ചുമപ്പിച്ചു.[226] ഈ

കാലഘട്ടത്തിലാണ് ചാവറയച്ചന്റെ നേതൃത്വത്തിൽ മാർത്തോമ്മാ നസ്രാണി വ്യക്തി സഭയിൽ ആശ്രമ പ്രസ്ഥാനം രൂപം കൊണ്ടത്.[227] എന്നാൽ സഭാപരമായും ദൈവാരാധനാപരമായും ആധ്യാത്മികമായും പൗരസ്ത്യരായിരുന്ന നസ്രാണികളെ, വൈദേശികവും ഉപരി പ്ലവവുമായ ഒരു സഭാഗാത്രത്തോടു ബന്ധിച്ചാണ്, പുതിയ സൈദ്ധിക ഗണത്തെ വളർത്തിക്കൊണ്ടെന്ന ഭാവേന തളർത്തിയത്.[228] ഇതുവഴി വ്യതിചലിച്ചത് സന്ന്യാസ പ്രസ്ഥാനം മാത്രമല്ല, അത് രൂപപ്പെട്ട പൗരസ്ത്യ സഭയും കൂടിയാണ്.[229] അതിനാൽ സാർവ്വത്രിക സഭ 11-ാം നൂറ്റാണ്ടു മുതൽ പഠിപ്പിക്കുന്നതും രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസു വഴി പിതാക്കന്മാർ ആവശ്യപ്പെടുന്നതുമായ പുനരുദ്ധാരണമോ, നവീകരണമോ, അധുനാതനീകരണമോ സി.എം.ഐ. സഭയിലും നസ്രാണി വ്യക്തിസഭയിലും നടന്നിട്ടില്ലായെന്നു മാത്രമല്ല, കൂടുതൽ സങ്കരമായിത്തീർന്നുകൊണ്ടുമിരിക്കുന്നു.[230]

ചാവറയച്ചന്റെ ആധ്യാത്മികതയിൽ കാണുന്ന സവിശേഷതകളെല്ലാം കണക്കിലെടുത്താൽ രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് ലക്ഷ്യം വയ്ക്കുന്ന നവീകരണം ഇനിയും നടക്കേണ്ടതുണ്ട് എന്ന് കാണാം. സന്ന്യാസ ജീവിത നവീകരണത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ ഇപ്രകാരം കാണുന്നു: "ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടങ്ങളിലേക്കും ഓരോ സമൂഹത്തിന്റെ ആദ്യ ചൈതന്യത്തിലേക്കുമുള്ള നിരന്തരമായ പ്രത്യാഗമനവും കാലത്തിനൊത്ത പരിവർത്തനങ്ങളും ചേർന്നതാണ് കാലോചിതമായ സന്ന്യാസനവീകരണം..... തിരുസ്സഭയുടെ നന്മയ്ക്കുവേണ്ടിയാണ് ഓരോ സന്ന്യാസ സമൂഹത്തിനും അതാതിന്റെ സ്വഭാവവും പ്രവർത്തനവുമുണ്ടാകേണ്ടത്. അതുകൊണ്ട് അവയുടെ സ്ഥാപകരുടെ പ്രത്യേക ചൈതന്യവും ലക്ഷ്യങ്ങളും അവയുടെ നല്ല പാരമ്പര്യങ്ങളും വിശ്വസ്താപൂർവ്വം അനുസരിക്കുകയും പരിരക്ഷിക്കുകയും വേണം. ഓരോ സമൂഹത്തിനും ലഭിച്ചിട്ടുള്ള പിതൃസ്വത്താണിവ."[231]

"സ്ഥാപകരുടെ പ്രത്യേക ചൈതന്യം" എന്നു പറഞ്ഞിരിക്കുന്നതിനെ കേന്ദ്രീകരിച്ചാണ് ഇതിൽ ചർച്ച മുന്നേറിയത്. സ്ഥാപക ചൈതന്യത്തെ സ്ഥാപക സിദ്ധിയെന്ന നിലയിലാണ് വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്. സിദ്ധിയിൽ സഭാപരവും സാമൂഹ്യവുമായ മാനം മുന്നിട്ടു നിൽക്കുന്നതിനാൽ സഭാവിജ്ഞാനീയമാണ് അടിസ്ഥാനപരമായി പരിഗണിച്ചത്. സഭയുടെ ആധ്യാത്മിക പൈതൃകത്തിലാണ് ആശ്രമസിദ്ധി നിലകൊള്ളുന്നത്. ആശ്രമസിദ്ധിയുടെ പാരമ്പര്യം പൗരസ്ത്യസഭകളിലെന്ന സഭയുടെ പഠനവും പ്രസക്തമാണ്. നസ്രാണിവ്യക്തിസഭ പൗരസ്ത്യ സഭാ പാരമ്പര്യത്തിലെ ഒന്നാമത്തെ സഭാഘടകത്തിന്റെ തുടർച്ച എന്നത് ഇനിയും അധികം പേർ അറിയാത്ത ഒരു സത്യമാണ്.[232] എന്നാൽ സാർവ്വത്രിക സഭയ്ക്കു വലിയ സംഭാവന നൽകുന്ന ഒരു വ്യക്തിസഭയാണ് സീറോമലബാർ സഭ. ഈ സഭയിലെ ആശ്രമ പ്രസ്ഥാനത്തിന്റെ മുന്നോടി എന്ന നിലയിൽ സി.എം.ഐ.യുടെ തനിമ പൂർണ്ണമായിത്തീർന്നാൽ മാത്രമേ പൗരസ്ത്യ സഭകൾക്കും പാശ്ചാത്യസഭകൾക്കും അതു പ്രവാചകപരമാകുകയുള്ളൂ. കിഴക്കിന്റെ സാക്ഷ്യം സി.എം.ഐ. ആശ്രമ സിദ്ധിയിലൂടെ പടിഞ്ഞാറിനും സാക്ഷ്യമാകുന്നതിനാണ് നാം ലക്ഷ്യം വയ്ക്കേണ്ടത്. സഭൈക്യത്തെക്കുറിച്ചുള്ള പ്രമാണരേഖ നൽകുന്ന സന്ദേശവും മറ്റൊന്നല്ല. കൗൺസിൽ വാക്യങ്ങൾ ഇപ്രകാരമാണ്: "ദൈവസ്വഭാവത്തിൽ പങ്കുകാരായി മാറിക്കൊണ്ട് (2 പത്രോ. 1:4) അവർ പരി.ത്രിത്വവുമായി ഐക്യം പ്രാപിക്കുന്നു..... കൂടാതെയും, സന്ന്യാസജീവിതത്തിൽ പ്രത്യേകിച്ചും പ്രകടിതമാകുന്ന ആധ്യാത്മിക പാരമ്പര്യസമ്പത്ത് പൗരസ്ത്യസഭകളിലും കാണുന്നുണ്ട്. വിഖ്യാതരായ പരി. പിതാക്കന്മാരുടെ കാലം മുതൽ സന്ന്യാസ ജീവിതത്തിന്റെ ആധ്യാത്മികത്വം കിഴക്കൻ സഭകളിൽ പുഷ്പിക്കയും ചെയ്തു. അങ്ങനെ ലത്തീൻ സന്ന്യാസ ജീവിതത്തിനു ബീജാവാപം ചെയ്ത അന്നുമുതലിന്നോളം ലത്തീൻ സന്ന്യാസ ജീവിതം അവിടെ നിന്നു പുതുചൈതന്യം നേടിയിട്ടുണ്ട്..... പൗരസ്ത്യ സഭകളുടെ സമൃദ്ധിയാർന്ന ആരാധനാപരവും ആധ്യാത്മികവുമായ

പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരിക്കണം. കാത്തുസൂക്ഷിക്കുകയും പോറ്റി വളർത്തുകയും വേണം. പൂർണ്ണമായ മെശയാനിക പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കാനും..... ആവശ്യമാണെന്നവർ മനസ്സിലാക്കണം."[233] വിശ്വാസം, ആരാധന, ജീവിത സാക്ഷ്യം എന്നീ ഘടകങ്ങളാണ് ഏതു മതത്തിനും അടിസ്ഥാനമായി വരുന്നവ. മെശയാനിക മതത്തെ കണക്കിലെടുക്കുമ്പോൾ അതു സാർവ്വത്രികമെന്നു പറയുന്നത് അനർത്ഥമാകണമെങ്കിൽ മേല്പറഞ്ഞവയുടെ പരസ്പര ബന്ധം തീർത്തും ജീവാത്മകം (organic) ആകണം. ജീവാത്മകത്വത്തിന്റെ ഒരാവിഷ്ക്കരണവും മെശയാനിക സംഭവത്തിനുണ്ട്.

ദൈവിക പൂർണ്ണതയിൽ (മത്താ. 5:48) നിന്നും മാനവികതയിലേക്ക് ജീവന്റെ പൂർണ്ണത കടന്നുവന്നതാണ് വചനം മാംസം ധരിച്ചത് (യോഹ. 1:14-16). ജീവന്റെ കാലികതയെ ദൈവിക കാലാതീതത്വത്തിലേക്കു നയിക്കുന്ന, രൂപാന്തരപ്പെടുത്തുന്ന സത്യമാണ് ഈശോ കഫർനാഹോമിൽ വച്ചു പ്രഖ്യാപിച്ചത്: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്" (യോഹ. 6:54). തുടർന്ന് ഈശോ പ്രഖ്യാപിക്കുന്നു: "ജഡം ഒന്നിനും ഉപകരിക്കുന്നില്ല, ആത്മാവാണു ജീവൻ നൽകുന്നത്. ഞാൻ നിങ്ങളോടു പറയുന്ന വചനങ്ങൾ ആത്മാവും ജീവനുമാകുന്നു" (യോഹ. 6:63). ജീവന്റെ ദൈവിക ഭൗമിക പ്രതീകമാണു വചനം. ഈ വചനമാണു വിശ്വാസത്തിന്റെയും ഉറവിടം എന്ന് ഈശോയുടെ പഠനത്തിൽ നിന്നു തന്നെ മനസ്സിലാക്കാം. അവിടുന്ന് അരുളിച്ചെയ്യുന്നു: "നിങ്ങൾ ലോകമെങ്ങും പോയി സർവ്വസൃഷ്ടികളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും" (മർക്കോ. 16:15-16). രണ്ടു വിധത്തിൽ ദൈവവചനം വിശ്വാസത്തിന്റെ ഉറവിടമാകുന്നു. ഒന്നാമത് വചനമാകുന്ന ഈശോ അതിന്റെ ആധികാരിക ഉറവിടമാണ് (യോഹ. 1:1-16). രണ്ടാമത്, ഈശോ അരുളിച്ചെയ്ത സുവിശേഷം ദൈവികത മാനുഷികതയിൽ ആവിഷ്കൃതമായ -

സാക്ഷ്യമായ - മിശിഹാസംഭവം എന്ന നിലയിൽ സുവിശേഷം വിശ്വാസത്തിന്റെ ഉറവിടമാണ്. വിശ്വാസത്തിന്റെ ഭൗമികവും സ്വർഗ്ഗീയവുമായ സമന്വയത്തിനായി ഈശോ അരുളിച്ചെയ്യുന്നത് ഇപ്രകാരമാണ്: "ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14:1,2). ഈ വിശ്വാസത്തിലാണ് നിത്യജീവനെന്നും ഈശോ അരുളിച്ചെയ്യുന്നു: "ഏകസത്യദൈവമായ നിന്നെയും നീ അയച്ച ഈശോമിശിഹായെയും അറിയുന്നതാണു നിത്യജീവൻ" (യോഹ. 17:13). ഈ നിത്യജീവനല്ലെ അതിന്റെ പൂർണ്ണതയിൽ മനുഷ്യർക്കുണ്ടാകണമെന്ന് ഈശോ കഫർനാഹോമിലെ ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നത് (യോഹ. 6:44-65). എന്നാൽ വേറൊരിടത്ത് ഈശോ അരുളിച്ചെയ്യുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണ് (യോഹ. 10:10). ജീവന്റെ സമൃദ്ധി ഉണ്ടാകുവാൻ ഈശോ എന്തു ചെയ്തുവെന്ന് യോഹന്നാൻ സുവിശേഷകൻ എടുത്ത് എഴുതുന്നു - അറിയിക്കുന്നു: "ഒരുവൻ തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13). ഈശോ ചെയ്തത് എന്തെന്നും സുവിശേഷകൻ പ്രഘോഷിക്കുന്നു: "എല്ലാം പൂർത്തിയായി, അവൻ തലചായിച്ചു ജീവൻ സമർപ്പിച്ചു" (യോഹ. 19:30).

വിശ്വാസത്തിൽ നിന്ന് ആരാധന, പ്രാർത്ഥന രൂപപ്പെടുന്നതിന്റെ ആധികാരികവും സാർവ്വത്രികവും സമഗ്രവുമായ ആവിഷ്കരണമാണ് ഈശോയുടെ ജീവിതം. ആ ജീവിതത്തിനു മൂന്നു ഘട്ടങ്ങളാണ് ഉള്ളത്. ഒന്നാമത്തേത്, ആദിയിൽ വചനമായിരുന്ന അവസ്ഥ (ഉത്പ. 1; യോഹ. 1:1-14). രണ്ടാമത്തേതു മനുഷ്യാവതാരാവസ്ഥ (യോഹ. 1:14-16; മത്താ. 1:18-25; ലൂക്കാ 2:1-20; ഗലാ. 4:4-7). മൂന്നാമത്തേത് നിത്യതയിലേക്കുള്ള രൂപാന്തരീകരണമാണ് (മത്താ. 7:1-13; 27:45-28:20; മർക്കോ. 9:1-9; 15:33-16:20; ലൂക്കാ 9:28-36; 23:44-24:53; യോഹ. 19:28-20:29). ഇവിടെ സൂചിപ്പിച്ച മൂന്നു ഘട്ടങ്ങളിൽ രണ്ടാമത്തെ

ഘട്ടത്തിന്റെ ആഘോഷമാണ് യഥാർത്ഥ ആരാധന. ഈശോ അരുളിച്ചെയ്യുന്നു: "ദൈവം ആത്മാവാണ്; അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം" (യോഹ. 4:24). ഈശോ ഇപ്രകാരം അരുളിച്ചെയ്യുന്നത് യഥാർത്ഥ ആരാധനയുടെ ആവിഷ്കരണമാണ്: "യഥാർത്ഥ ആരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു. അല്ല അത് ഇപ്പോൾ തന്നെയാണ് (യോഹ. 4:23). സത്യത്തിലും ചേതനയിലുമുള്ള ആരാധന ആവിഷ്കരിച്ച ഈശോ എന്താണു ചെയ്തത്? അവിടുന്നു പറയുന്നു: "ഞാൻ ദൈവപുത്രനാണെന്നു പറഞ്ഞതുകൊണ്ട് പിതാവു വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച എന്നോട് നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ പറയുന്നുവോ? ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട" (യോഹ. 10:36). ഈശോയെ പിതാവു വിശുദ്ധീകരിച്ചിരിക്കുന്നത് ശരീരത്തിൽ സാക്ഷാത്കരിച്ചതാണ് സത്യാരാധന. മറ്റൊന്നും ഈശോ ചെയ്തില്ല എന്ന് അവിടുന്നു പറയുന്നു: "എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്നതും അവന്റെ ജോലി പൂർത്തിയാക്കുന്നതുമാണ് എന്റെ ഭക്ഷണം" (യോഹ. 4:34). പിതാവിന്റെ ഹിതമെന്തെന്ന് ഈശോയുടെ പൗരോഹിത്യ പ്രാർത്ഥനയിൽ കാണുന്നുണ്ട് (യോഹ. 17). പ്രത്യേകിച്ചും പതിനേഴാം അധ്യായം 17,18,19 വാക്യങ്ങൾ അതു പ്രകടമാക്കുന്നു: "അവരും സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിന് അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17:19). ഈശോ തന്റെ ശരീരത്തെ മംഗലവാർത്താ സംഭവം മുതൽ ഗാഗുൽത്താ അനുഭവം വരെ സമർപ്പിച്ച സമർപ്പണമാണ് ആരാധന. ഇതേക്കുറിച്ചുള്ള പ്രഘോഷണമല്ലേ എബ്രായർക്കുള്ള ലേഖനം 10:10 ൽ പറയുന്നത്. അത് ഇപ്രകാരമാണ്: "അവന്റെ അഭീഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരത്തിന്റെ ഏക സമർപ്പണം കൊണ്ട് നാം വിശുദ്ധീകൃതരായിരിക്കുന്നു". സർവ്വരെയും സകലത്തെയും വിശുദ്ധീകരിച്ചവൻ "പാപങ്ങൾക്കുവേണ്ടി എന്നേക്കുമുള്ള ഏക ബലി അർപ്പിച്ചതിനുശേഷം

ദൈവത്തിന്റെ വലത്തു ഭാഗത്തു ഉപവിഷ്ടനായി" (എബ്രാ. 10:12). അതുകൊണ്ടും അവസാനിച്ചില്ല: "അവനാൽ വിശുദ്ധീകരിക്കപ്പെടുന്നവരെ ഏക സമർപ്പണം വഴി എന്നേക്കുമായി അവൻ പരിപൂർണ്ണരാക്കി" (എബ്രാ. 10:14). ഈശോയുടെ ജീവിതമാകുന്ന ആരാധനയിൽ പങ്കുചേരുന്നതിന് എന്തു ചെയ്യണമെന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്: "നിങ്ങളുടെ ബോധപൂർവ്വമായ സേവനം വഴി നിങ്ങളുടെ ശരീരങ്ങളെ പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ സജീവബലിയായി സമർപ്പിക്കുവിൻ. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പിന്നെയോ മനഃപരിവർത്തനത്തിലൂടെ രൂപാന്തരം പ്രാപിക്കുവിൻ" (റോമ. 12:1-2).

ഈശോയിൽ ദൈവാരാധന എന്നത് വിശ്വാസത്തിന്റെ ആഘോഷവും അനുഭവവും പ്രവൃത്തിപരതയുമായിരുന്നുവെന്ന് പിതൃപുത്രൈക്യം വ്യക്തമാക്കുന്നു (യോഹ. 8:14,16,23,26,28,29; 14:6,7,9,10,11,24). പിതാവുമായുള്ള പുത്രന്റെ ഐക്യമാണ് വിശ്വാസമെങ്കിൽ, മനുഷ്യാവതാരം വഴി മേല്പറഞ്ഞ ഐക്യം കാത്തു സൂക്ഷിച്ചത് ആരാധനയായിത്തീർന്നുവെന്നതാണ് മുകളിൽ പറഞ്ഞ സംഭവങ്ങൾ വ്യക്തമാക്കുന്നത്. ഇത് എപ്രകാരമെന്നും ശ്ലീഹാ പറയുന്നു: "അവൻ മനുഷ്യരൂപത്തിലായിരിക്കെ, തന്നെത്തന്നെ താഴ്ത്തി, മരണത്തോളം അതേ കുരിശുമരണത്തോളം അനുസരണമുള്ളവനായി" (ഫിലി. 2:8). ഈശോയിൽ ജീവിതമെന്നത് പൂർണ്ണമായും ആരാധനയുടെ നിയമം തന്നെ. അടുത്തതായി ജീവിതവും ആരാധനയും തമ്മിലുള്ള ബന്ധമാണു കാണേണ്ടത്. ദൈവത്തെ ആരാധിക്കുകയും ഹൃദയം ദൈവത്തിന്റേതാകുകയും ചെയ്യുക എന്നതിലാണ് ജീവിതം ആരാധനപരമാകുന്നത്. ഈശോ അരുളിചെയ്യുന്നു: "നിങ്ങളുടെ പാരമ്പര്യങ്ങളുടെ പേരിൽ ദൈവവചനത്തെ നിങ്ങൾ നിരർത്ഥകമാക്കുന്നു.....ഈ ജനം അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്നു വളരെ അകലെയാണ്. മനുഷ്യ കല്പനകളാകുന്ന ഉപദേശങ്ങൾ പഠിപ്പിച്ചുകൊണ്ട് അവർ എന്നെ വ്യർത്ഥമായി

സേവിക്കുന്നു (ഏശ. 29:13; മത്താ. 15:6-9). ഹൃദയത്തിന്റെ ആത്മാർത്ഥത ഇല്ലെങ്കിൽ പ്രാർത്ഥന അർത്ഥശൂന്യമെന്ന് ഈശോ പ്രഖ്യാപിച്ചതാണ് മുകളിൽ കണ്ടത്.

ഈശോയുടെ ജീവിത മാതൃകയിലെന്നതുപോലെ അവിടുത്തെ പ്രബോധനങ്ങളിലും പ്രാർത്ഥനയും പ്രവർത്തനവും തമ്മിലുള്ള ബന്ധം വ്യക്തമാണ്. ഈശോ അരുളിച്ചെയ്യുന്നു: "എന്റെ കർത്താവേ, എന്റെ കർത്താവേ, എന്ന് എന്നെ വിളിക്കുന്നവനല്ല എന്റെ സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്" (മത്താ. 7:21). ഈശോ തുടർന്ന് അരുളിച്ചെയ്യുന്നത്: "എന്റെ വാക്കുകൾ കേട്ട് അവയനുസരിച്ചു ജീവിക്കുന്നവൻ പാറമേൽ വീടു പണിത ബുദ്ധിമാനായ മനുഷ്യനു തുല്യമാണ്. മഴപെയ്യുകയും നദികൾ ഒഴുകി വരുകയും കാറ്റു വീടിന്മേൽ ആഞ്ഞടിക്കുകയും ചെയ്തിട്ടും അതു വീണില്ല. കാരണം അതിന്റെ അടിത്തറ പാറ മേലായിരുന്നു" (മത്താ. 7:24-25). ദൈവവചനത്തിൽ നിന്നുള്ള വിശ്വാസവും വിശ്വാസത്തിൽ നിന്നുള്ള ആരാധനയും ആരാധനയിൽ നിന്നുരുത്തിരിയുന്ന ജീവിതവുമാണ് ഈശോ സഭയിലൂടെ മാനവരാശിക്കു കൈമാറിയത്. ഇതിൽ നിന്നു വ്യത്യസ്തമായ ഒരാധ്യാത്മികത സഭയുടേതല്ല.

സഭയുടെ ആധ്യാത്മികത എന്നു പറഞ്ഞാൽ അതിന്റെ ശിരസ്സായ ഈശോമിശിഹായുടെ ആത്മീയത തന്നെയാണ്: "തന്റെ നിത്യാത്മാവിനാൽ തന്നെത്തന്നെ നിർമ്മലമായി ദൈവത്തിനു സമർപ്പിച്ച മിശിഹായുടെ രക്തം സജീവ ദൈവത്തിനു സേവനം ചെയ്യാൻ വേണ്ടി നമ്മുടെ മനസ്സാക്ഷിയെ നിർജ്ജീവ പ്രവൃത്തികളിൽ നിന്ന് എത്രയോ അധികമായി വിശുദ്ധീകരിക്കും" (എബ്രാ. 9:14). എന്ന് എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതാണ് ആരാധനാ ജീവിതത്തിന്റെ പ്രായോഗികത. ഇവിടെയാണ് ഈശോ പുതിയ ഉടമ്പടിയുടെ മാധ്യസ്ഥനായിത്തീർന്നത്. ഈ പുതിയ ഉടമ്പടിയുടെ സവിശേഷത അടങ്ങിയിരിക്കുന്നത് നിയമത്തിന്റെ യാന്ത്രികത്വത്തിൽ നിന്ന് ജീവിതത്തിന്റെ

ആത്മാർത്ഥയിലേക്കു കടന്നു എന്നതിലാണ്. ഈശോ ഈ സത്യം വ്യക്തമാക്കുന്നു: "നിയമത്തെയോ പ്രവാചകരെയോ നീക്കിക്കളയാനു ഞാൻ വന്നിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കേണ്ടാ; നീക്കിക്കളയാനല്ല നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്" (മത്താ. 5:17). വി.ശ്ലീഹാ പറയുന്നു: "നിയമം അനുസരിക്കുന്നവരത്രെ നീതീകരിക്കപ്പെടുന്നത്". (റോമ. 2:13). നിയമത്തിൽ ഏറ്റവും പ്രധാനമായത് ഏതെന്നതിന് ഈശോ നിയമജ്ഞനു നൽകുന്ന ഉത്തരമിതാണ്: "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണു പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തേത് ഇതിനു തുല്യമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. സർവ്വ നിയമവും പ്രവാചകന്മാരും ഈ രണ്ടു കല്പനകളിൽ അടങ്ങിയിരിക്കുന്നു" (മത്താ. 22:37-40). ഇതിൽ ഒന്നാമത്തേത് നിയമാവർത്തനം 6:5 ലും രണ്ടാമത്തേത് ലേവ്യർ 19:18 ലും ഉള്ളവയാണ്. ഈ രണ്ടു നിയമങ്ങളെ പൂർണ്ണമായി അനുസരിക്കുന്നതിൽ ദൈവാരാധനയും മാനവശുശ്രൂഷയും അടങ്ങിയിരിക്കുന്നു. പരിപൂർണ്ണ സ്നേഹം ദൈവത്തിനുമാത്രം നൽകുന്ന ഒന്നായതിനാൽ അതു പ്രായോഗിക ജീവിതത്തിൽ വിശ്വാസത്തിന്റെ പ്രകാശനമായ ദൈവാരാധനയാണ്. പൂർണ്ണ ഹൃദയം, പൂർണ്ണാത്മാവ്, പൂർണ്ണ ശക്തി, പൂർണ്ണ മനസ്സ് എന്നിവ വിശ്വാസത്തിന്റെ അവസ്ഥയാണ്. അതു ദൈവത്തിനു കൊടുക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ജഡം ഒന്നിനും ഉപകരിക്കുകയില്ല. അവൻ ദൈവവചനത്താൽ ജീവിക്കുന്നു (യോഹ. 6:63). ഈ ജീവിതത്തിന്റെ ശൈലിയാണ് മൗലിക പ്രതിഷ്ഠ. ഈഹിദായ എന്ന ജീവിതാവസ്ഥതന്നെയാണ് മൗലികമായ മിശിഹാനുഗമനം (മത്താ. 19:21). ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു നൽകുന്നതിൽ രണ്ടാമത്തെ നിയമമായ "ശത്രുക്കളോടു പ്രതികാരം പാടില്ല, നിന്നെപ്പോലെ നിന്റെ അയൽക്കാരെ സ്നേഹിക്കുക എന്നതും അടങ്ങിയിരിക്കുന്നു" (ലേവ്യർ 19:18).

ഈശോ തന്റെ ഐഹിക ജീവിതകാലത്തു ചെയ്തത് അന്നു വരെ അവഗണിക്കപ്പെട്ടു കിടന്നിരുന്ന മഹോന്നത പ്രമാണത്തെ ജീവിതത്തിൽ അന്വർത്ഥമാക്കി എന്നതാണ്: "ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:34). ഈശോ എപ്പോഴും പിതാവിന്റെ ഹിതം നിറവേറ്റിയതു വഴി ദൈവാരാധനയുടെ പരിപൂർണ്ണ സ്നേഹം പുലർത്തിയിരുന്നു (യോഹ. 4:34). ഈശോ തനിക്കുള്ളവരെ അവസാനം വരെ സ്നേഹിച്ചുകൊണ്ട് രണ്ടാമത്തെ ശുശ്രൂഷയാകുന്ന സ്നേഹവും നിറവേറ്റി (യോഹ. 15:13; 10:10; മത്താ. 20:28). ഇവിടെയാണ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പം മാനവരാശിക്കു ഭക്ഷണമാകുന്നത് (യോഹ. 6:48). ഇവിടെയാണ് പ്രാർത്ഥനയും ജീവിതവും കൈകോർക്കുന്നതും; റൂഹായിലുള്ള ജീവിതമായ അധ്യാത്മികത നിലവിൽ വരുന്നതും (റോമ. 8:14-15). വി.ശ്ലീഹാ പറയുന്നു: "ഞങ്ങളുടെ കഴിവ് ദൈവത്തിൽ നിന്നുമാണ്. അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ, ലിഖിത നിയമത്താലല്ല, ആത്മാവിനാൽ കഴിവുറ്റവരാക്കി. കാരണം ലിഖിത നിയമം കൊല്ലുന്നു; ആത്മാവു ജീവിപ്പിക്കുന്നു" (2 കോറി. 3:6). വിശ്വാസം, ആരാധന, ജീവിതം എന്നിവ ദൈവാത്മാവിലൂടെ കൈകോർക്കുന്നു.[234] അടുത്തതായി നാം എത്തിച്ചേരുന്ന നിഗമനം, ചാവറ ആധ്യാത്മികത, സുവിശേഷത്തിലെ മിശിഹായെ മൗലികമായി അനുഗമിച്ച ദൈവാരാധനാധ്യാത്മികത ആണ് എന്നതിലാണ്.

പുസ്തകത്തിന്റെ ഒന്നാം ഭാഗം ഒന്നാമധ്യായം പതിനാലാം ശീർഷകത്തിൽ ആരാധനാധ്യാത്മികതയെക്കുറിച്ചു പൊതുവിൽ വിവരിച്ചതാണ്. ഒന്നാം ഭാഗത്തു തന്നെ മൂന്നാമധ്യായം മുഴുവനും ഒൻപതു ശീർഷകങ്ങളിലൂടെ പൗരസ്ത്യാധ്യാത്മികത ദൈവാരാധനാധിഷ്ഠിതമെന്നു തെളിയിച്ചു. മൂന്നാം ഭാഗത്ത് എട്ടാം അധ്യായത്തിൽ ചാവറയാധ്യാത്മികതയെക്കുറിച്ചു പ്രതിപാദിച്ചിടത്ത് മാമ്മോദീസായിലെ

റൂഹാ എന്ന ഒന്നാം ശീർഷകത്തിൽ ചാവറയുടെ ആധ്യാത്മികതയെ പ്രധാനമായും മാമ്മോദീസായിൽ കേന്ദ്രീകരിച്ചുകൊണ്ട് കണ്ടു. അതേ അധ്യായം തന്നെ പതിനൊന്നാം ശീർഷകത്തിൽ റൂഹായെ വേദനിപ്പിച്ചില്ലായെന്നതും ദൈവാരാധനാധ്യാത്മികത ചാവറയിൽ ഉണ്ടായിരുന്നു എന്നും സ്ഥാപിച്ചു. വീണ്ടും മൂന്നാംഭാഗം പത്താമധ്യായത്തിൽ റൂഹാദ്ക്കുദ്ശാ നിറഞ്ഞ ചാവറ എന്ന ശീർഷകത്തിൽ പ്രധാനമായും ചാവറ ദൈവാരാധനാധ്യാത്മികതയിൽ ജീവിച്ച ഒരു ധന്യൻ എന്നു കാണുകയുണ്ടായി. പ്രത്യേകിച്ചും അതേ അധ്യായം പതിനൊന്നാം ശീർഷകം പതിനാലാം അധ്യായത്തിൽ ചാവറയുടെ ആധ്യാത്മികതയെ, ദൈവച്ഛായയിൽ നിന്നു ദൈവ സാദൃശ്യത്തിലേക്ക് എന്ന വിഷയത്തിലൂടെ അവതരിപ്പിച്ചു. ഈ അധ്യായത്തിൽ പ്രധാനമായും, അടിസ്ഥാനപരമായ മാനദൈവികീകരണത്തിനും പൗരസ്ത്യ അധ്യാത്മികതയുടെ ചലനാത്മക സ്വഭാവത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു സമീപനമാണ് ഉള്ളത്. തുടർന്ന് സൈദ്ധികതയുടെ സവിശേഷതയിൽ നിന്നുകൊണ്ട് ആധ്യാത്മിക ദർശനം നടത്തുകയാണ്. ഇവയ്ക്കെല്ലാം മകുടം ചാർത്തുന്ന നിലയിൽ ആധ്യാത്മിക ദർശനത്തിലെ അടിസ്ഥാനഘടകങ്ങളിലേയ്ക്കെല്ലാം കടന്നു ചെല്ലുന്നുണ്ട്. അതിനിടയിൽ പ്രധാനമായും കർമ്മെലീത്താപ്രേഷിതരുടെ പങ്ക് എന്തുമാത്രം സി.എം.ഐ.സഭയുടെ കാര്യത്തിൽ, ഉണ്ടായിരുന്നുവെന്നു ചിന്തിച്ചു. ഭാരതീയ പശ്ചാത്തലത്തെയും പരിഗണിച്ചു. എന്നാൽ ഊന്നൽ കൊടുത്തത് സഭാത്മകഘടകത്തിനാണ്.

സഭയിൽ പ്രവർത്തിക്കുന്ന റൂഹാ സ്വതന്ത്രമായി സഭാംഗങ്ങൾക്കു നല്കുന്ന പ്രത്യേക ദാനമാണു സന്ന്യാസ സിദ്ധി എന്നതുകൊണ്ട് സഭയിലൂടെ അതിനെ കാണുന്നു. സഭ അടിസ്ഥാനപരമായി മൗലിക കൂദാശയായി നിലകൊള്ളുന്നു.[235] എന്നാൽ സഭ എന്നു പറയുന്നത് മിശിഹായിൽ സശീർഷമാക്കപ്പെട്ട ദൈവിക, ഭൗമിക യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു സൈദ്ധിക സമൂഹമാണ്. അത് 'ഈഹീദായ' ആയ ഈശോയിൽ നിലകൊള്ളുന്നു. അതുകൊണ്ട്

ഈശോയാകുന്ന ആരാധനയാണ് സഭാത്മകത്വത്തിന്റെ തനിമ നിർണ്ണയിക്കുന്നത്. ഈശോയുടെ മനുഷ്യാവതാരം വഴി രൂപപ്പെട്ട സഭയുടെ ആദിമ പാരമ്പര്യവും പരിശുദ്ധിയും സുറിയാനി വ്യക്തിത്വത്തിൽ നിലകൊള്ളുന്നതായികണ്ടു. ഈ സുറിയാനി വ്യക്തിസഭയെ നസ്രാണി വിശേഷണത്തിലാണ് അവതരിപ്പിച്ചത്. നസ്രാണി വ്യക്തി സഭയിൽ രൂപം കൊണ്ട അമലോത്ഭവദാസസംഘത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ളതുകൊണ്ട് ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് എല്ലാം ദർശിച്ചത്. ഈ പശ്ചാത്തലത്തിൽ ചാവറ സിദ്ധിയിലുള്ള അധുനാതനീകരണം എന്തെന്നു സമാഹരിക്കാം. പൗലോസ് ശ്ലീഹാ തിമോത്തിയോസിനു നൽകുന്ന ഉപദേശം കേൾക്കാം: "എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യത്തിന്റെ അറിവിലേക്കു തിരിയണമെന്നും അവൻ ആഗ്രഹിക്കുന്നു. കാരണം ദൈവം ഏകനാകുന്നു. ദൈവത്തിന്റെയും മനുഷ്യരുടെയും മധ്യസ്ഥനായ ഈശോമിശിഹായും ഏകനാകുന്നു. അവൻ എല്ലാ മനുഷ്യർക്കും വേണ്ടി വീണ്ടെടുപ്പുവിലയായി തന്നെത്തന്നെ സമർപ്പിച്ചു" (1 തിമോ. 2:4-6).

ഈശോമിശിഹായെ ആവാനുഭവത്തിൽ ദർശിച്ച ചാവറ ഈശോയുടെ ഏകവും എന്നേക്കുമായ സമർപ്പണത്തിൽ പങ്കുചേർന്നു എന്നതാണ് ഇവിടെ എടുത്തു പറയുവാനുള്ളത്. ഈ പങ്കാളിത്തത്തെ വിശേഷിപ്പിക്കുമ്പോൾ ചാവറയുടെ ആധ്യാത്മികത തീർത്തും ദൈവാരാധാധിഷ്ഠിതമായിരുന്നു. അതിനുള്ള ഏറ്റവും അടിസ്ഥാനപരമായ തെളിവ് മാമ്മോദീസാ ജീവിതം മരണം വരെ നയിച്ചു എന്നതാണ്. സഭാത്മക ജീവിതത്തിന്റെ പ്രകടമായ ആരംഭം സുവിശേഷത്തിൽ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നതാണ്. ശിശുമാമ്മോദീസായുടെ രീതി നിലവിലിരുന്ന കാലത്തിലാണ് 1805 ഫെബ്രുവരി 16-ാം തീയതി ചാവറ മാമ്മോദീസാ ആഘോഷിച്ചത്. അന്നു ചാവറ സുവിശേഷത്തിൽ വിശ്വസിച്ചത് മാതാപിതാക്കളുടെ വിശ്വാസത്തിലൂടെയാണ്.[236] ചെറുപ്പം മുതൽ എപ്രകാരം റൂഹാ നിറഞ്ഞവനായി

ജീവിക്കാമെന്ന വലിയ ഒരു രഹസ്യം ചാവറ വെളിപ്പെടുത്തുന്നത് സർവ്വ ലോകത്തിനും ഒരു സദ്വാർത്തയാണ്. അതായത് വിശ്വാസികളായ മാതാപിതാക്കളിലൂടെ ലഭിക്കുന്ന വിശ്വാസ പരിശീലനം മാമ്മോദീസായാകുന്ന ദൈവാരാധനാഘടകത്തിലൂടെ എന്നും നടത്തിയതുവഴി ചാവറ എന്നും റൂഹാ നിറഞ്ഞവനായിരുന്നു.

വിശ്വാസപരിശീലനത്തിന്റെയും ആരാധനാഘോഷത്തിന്റെയും ഫലമായിട്ടാണ് ആരാധനാധ്യാത്മികത ചാവറയിൽ സജീവമാകുവാനിടവന്നത്. ഈ സംരംഭത്തിൽ ചാവറ നസ്രാണിവ്യക്തിസഭയുടെ കൽദായ ബന്ധത്തെ ബലഹീനമാക്കി എന്നൊരാരോപണം എന്നും അവശേഷിക്കുന്നുവെങ്കിൽ അതിനുള്ള ഒരു പ്രതിവിധിയാണ് ഇവിടെ കാണാവുന്നത്.

പൗരസ്ത്യ സുറിയാനി-നസ്രാണി സഭാതനിമ നിലനിറുത്തുന്നതിനായി ചാവറ എന്നും നിലകൊണ്ടിരുന്നു.[237] എന്നാൽ വിദേശീയരുടെ ഉപദേശാനുസൃതം ചാവറ എടുത്ത പ്രായോഗികത സീറോ മലബാർ സഭയെ സഭാത്മകമായും മതാത്മകമായും ഒന്നു കൂടി കടന്ന് പ്രാപഞ്ചികമായും മെശയാനികം ആക്കിത്തീർത്തതാണ്. ഇപ്രകാരമൊരു വ്യക്തിത്വത്തിന്റെ തനിമ ചാവറയിലുണ്ടായിരുന്നത് കൂടുതൽ പ്രകാശം കാണേണ്ട ഒരു സത്യമാണ്. കാരണം ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏകമധ്യസ്ഥനായ ഈശോ എല്ലാ മനുഷ്യരെയും ശുശ്രൂഷിച്ച യാഹ്വെയുടെ സാന്നിധ്യമായിരുന്നു. ഈ രീതിയിൽ ചാവറയും ദൈവത്തിനും ദൈവജനത്തിനുമായി നീക്കി വയ്ക്കപ്പെട്ടതു വഴി ആഗന്തുകങ്ങളായ പല ഘടകങ്ങളെയും മാറ്റിവച്ചു. എന്നാൽ കാതലിനെ സമാശ്ലേഷിച്ചിരുന്നു. ഉദാഹരണമായി സാധാരണ ഭക്തികൾ ചാവറ വൈദേശിക സ്വാധീനത്താൽ നസ്രാണികളുടെ ഇടയിൽ നടപ്പാക്കി. ഇതു വഴി സഭാതനിമയ്ക്കു കോട്ടം വന്നു. ശരിയാണ്; എന്നാൽ ഈശോ നിയമത്തെയോ പ്രവാചകന്മാരെയോ നീക്കിക്കളയാതെ

അവയെ പൂർത്തീകരിച്ചതുപോലെ ചാവറ മാമ്മോദീസായിൽ ലഭിച്ച പ്രസാദവരത്തെ ജീവിതകാലം മുഴുവൻ കാത്തു സൂക്ഷിച്ചുവെന്നത് വീരോചിതമാണ്. അത് സഭാത്മകമാണ്; ദൈവാരാധനാധിഷ്ഠിതവുമാണ്. അധുനാതനീകരണം ചാവറ സിദ്ധിയിലും ആധ്യാത്മികതയിലും ഉണ്ടാകേണ്ടതിന് വൈദേശികഘടകങ്ങളായ ഭക്തികളെയും സംസ്കാരത്തെയും നീക്കിക്കളയേണ്ടതുണ്ട്. ഏതദ്ദേശീയ തനിമയായ ഭാരതീയ, കർമ്മെലീത്താ പശ്ചാത്തലം പൗരസ്ത്യ സഭാ ചൈതന്യത്തോടു ചേർന്നു പോകുന്നതാണ്.[238] ഇത് യവനസഭാപാരമ്പര്യത്തിനും, ലത്തീൻ സഭാപാരമ്പര്യത്തിനും മറ്റെല്ലാ സഭാ വിഭാഗങ്ങൾക്കും ഹൈന്ദവ ഇസ്ലാം മതങ്ങൾക്കും സ്വീകാര്യമാകും.

ഭാരതത്തെ സംബന്ധിച്ചിടത്തോളം അതിപുരാതന കാലം മുതൽ മധ്യപൂർവ്വദേശവുമായി ബന്ധപ്പെട്ട് കിടന്നിരുന്നു. അതിനാൽ കർമ്മെലയും ഭാരതവും പൗരസ്ത്യം എന്ന പാരമ്പര്യത്തിന്റെ സഹവർത്തികളാണ്.[239]

ബൈബിളിലെ കാർമ്മെലും ബേസ്റൗമ്മായുടെ ഭാരതവും ഓറെശ്ലെം, ഭാരതസുറിയാനിയും എല്ലാമാണ് പാലയ്ക്കൽ, പോരൂക്കര, ചാവറ കണിയാന്ത്ര മുന്നോടികളുടെ നിവേശന പശ്ചാത്തലം. അതുകൊണ്ട് സി.എം.ഐ. പ്രമാണരേഖയിൽ കൊടുത്തിരിക്കുന്ന ത്രിവിധ ഉറവിടങ്ങളെ 1830-കളുടെ പശ്ചാത്തലത്തിൽ ഏക അടിസ്ഥാനമായി കണക്കാക്കാം; അതായത് പൗരസ്ത്യ സുറിയാനി അല്ലെങ്കിൽ നസ്രാണിവ്യക്തിത്വമെന്ന സഭാപാരമ്പര്യത്തിൽ.

നസ്രാണി ആധ്യാത്മികത ഭാരതത്തിൽ ദേശീയമായിട്ടുള്ളതാണ്.[240] 16-ാം നൂറ്റാണ്ടുവരെ കാത്തുസൂക്ഷിച്ച നസ്രാണി പാരമ്പര്യം തീർത്തും ഭാരതത്തിന്റേതും പൗരസ്ത്യദേശത്തിന്റേതുമായിരുന്നു. അതിന് ആരും അന്ന് ഭ്രഷ്ട് കല്പിച്ചിരുന്നില്ല. 1963-ൽ ഉദയം ചെയ്ത ഒരു ചിന്ത മാത്രമാണ് സുറിയാനി പാരമ്പര്യത്തെ വൈദേശികമെന്ന്

ആരോ വിശേഷിപ്പിച്ചത്. നസ്രാണിവ്യക്തിസഭയുടെ തനതാത്മകത ഭാരതത്തിലെ ആശ്രമപ്രസ്ഥാനങ്ങളിലാണ് എന്നും ഉയർത്തിപ്പിടിച്ചിരുന്നത്. ആധുനികകാലത്ത് ഉദയം ചെയ്ത ഏതദ്ദേശീയ ആശ്രമ പ്രസ്ഥാനമായ അമലോത്ഭവ ദാസസംഘമത് ഏറ്റെടുത്താൽ അവിടെയാണ് ചാവറ സിദ്ധിയുടെയും ചാവറ ആധ്യാത്മികതയുടെയും ആധുനിക പതിപ്പ് പ്രസക്തമാകുന്നത്. ഘടനയുടെ അമിതാവാസം കൊണ്ടുണ്ടായ ബന്ധനങ്ങൾ വിടർത്തി രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസ് ആവശ്യപ്പെടുന്ന പുനരുദ്ധാരണം സി.എം.ഐ. യിൽ നടക്കുന്നത് ചാവറ സിദ്ധിക്ക് ആധികാരിക തിളക്കം കൂട്ടും.

ഒരു പ്രശ്നം അവശേഷിക്കുന്നത് ഇന്നത്തെ സഭാഘടന മുഴുവനും സി.എം.ഐ. സഭയുടെ പ്രാരംഭനിവേശനത്തെ സഭാപരമായി വിലയിരുത്തി ചരിത്രത്തിലൂടെ കടന്നുകൂടിയ വൈദേശിക ഘടകത്തെ നീക്കുന്നതിൽ ഇടപെട്ടില്ല എന്നതാണ്. ചാവറയച്ചൻ കർമ്മെലീത്താ ഒന്നാം സഭയുടെ തെറ്റായ ഇടപെടലിനെ ദൈവഹിതം എന്നു കരുതി സ്വീകരിച്ചു. 1860 മുതൽ 1984 വരെ ഈ സ്ഥിതി തുടർന്നു. എന്നാൽ പരിശുദ്ധസിംഹാസനത്തിൽ നിന്നും പൗരസ്ത്യ സഭയുടെ തനിമയിൽ സഭാവസ്ത്രത്തിനു കെട്ടല്ല, ബൽറ്റാണ് എന്നു പറഞ്ഞെങ്കിലും പ്രായോഗികവും പ്രാദേശികവുമായ കാരണങ്ങളാൽ അതു തള്ളിക്കളഞ്ഞു. ഇതു സ്വീകരിക്കുകയും വൈദേശിക കർമ്മെലീത്തായെ നിലനിറുത്തുകയും ചെയ്തത് വത്തിക്കാൻ 2 സന്ന്യാസനവീകരണം 2b യ്ക്ക് മുഴുവൻ ചേർന്നതല്ല. കൂടാതെ മേൽപ്പറഞ്ഞ സൂനഹദോസിന്റെ പൗരസ്ത്യസഭകളെക്കുറിച്ചുള്ള പ്രമാണരേഖ 6-ാം ഖണ്ഡികയനുസരിച്ച് കർമ്മെലീത്താ എന്ന് വേർപെട്ടുനിൽക്കുന്ന ഒരുറവിടം സ്വീകാര്യമല്ല. മറിച്ചു പൗരസ്ത്യം എന്നതിൽ അന്തർലീനമായ കർമ്മെലീത്താ സ്വീകാര്യവുമാണ്.

ഇപ്രകാരമുള്ള ഒരു മാറ്റം, ആവിഷ്കരിക്കുന്ന സവിശേഷത സി.എം.ഐ. സഭയെ, ഏറ്റവും ആധികാരികമായ മാർത്തോമ്മാ

നസ്രാണിവ്യക്തിസഭയുടെ പുരാതനമായ ആശ്രമപ്രസ്ഥാനത്തിന്റെ ആധുനിക പതിപ്പാക്കും. നസ്രാണിവ്യക്തിസഭയെ അതിന്റെ പുരാതനതനിമയിൽ നിലനിറുത്തുന്നതുവഴി കത്തോലിക്കാസഭയുടെ തന്നെ ഉറവിട പാരമ്പര്യമായ സുറിയാനി പാരമ്പര്യത്തിന്റെ അമൂല്യത കണ്ടെത്തും. തുടർന്ന് ദൈവാരാധനയുടെ ശ്ലൈഹികവും മാർത്തോമ്മാ മാർഗ്ഗത്തിലധിഷ്ഠിതവുമായ ഏറ്റവും പുരാതനമായ ദൈവാരാധനയിൽ ഉറപ്പിക്കും. എല്ലാ വൈദേശികവും സാധാരണവുമായ ഭക്തികൾ പോയി മറയും. മാതാവിനോടും വിശുദ്ധരോടുമുള്ള ആധികാരികഭക്തികൾ ആരാധനവത്സര പഞ്ചാംഗത്തിനനുസൃതമാകും. അവസാനമായി ആധ്യാത്മികത തീർത്തും ദൈവാരാധനാധിഷ്ഠിതവുമാകും. ഈ അവസാനം പറഞ്ഞതിനു ചാവറ നൽകിയ സംഭാവന നസ്രാണി സഭയ്ക്ക് ഏകാന്ത വിശിഷ്ടമായ ഒരു പ്രവാചകസാക്ഷ്യവുമാകും.

മേല്പറഞ്ഞ അധുനാതനീകരണത്തിന്റെ സവിശേഷത ആശ്രമപ്രസ്ഥാനത്തിൽ വന്നു നിൽക്കുമ്പോൾ ഈഹീദായ ആയ ഈശോ എല്ലാ മതങ്ങളിലെയും ആദർശരൂപമായി നിലവിൽ വരും. മതങ്ങളുടെ ഐക്യനിര ഏകസത്യദൈവത്തിൽ വിലയനം കൊള്ളും. മിശിഹാനുയായികൾക്കു 'അമ്മനുവേല'നുഭവം ഉള്ളപ്പോൾ 'അല്ലാഹു അക്ബർ' ഇസ്ലാമിനും 'അഹം ബ്രഹ്മാസ്മി' ഹൈന്ദവർക്കും ഒന്നിക്കാനുള്ള അനുഭവങ്ങളാകും.

ഈശോയിലുള്ള വിശ്വാസം ഘടനാത്മകം എന്ന നിലവിട്ടു സൈദ്ധികം എന്ന നിലയിലേക്കു രൂപാന്തരപ്പെടണം. അങ്ങനെ വരുമ്പോൾ പലമതങ്ങളിലൊന്ന് മെശയാനികമതം എന്നതു വിട്ട് എല്ലാവരുടെയും ആദർശരൂപമായിട്ടത് പ്രത്യക്ഷപ്പെടും. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പും എന്ന നിലയിലായിരിക്കും സഭാത്മകത നിലകൊള്ളുന്നത്. ഒരുത്തരെയും അന്യരായിട്ടു കാണാത്ത മെശയാനിക ചൈതന്യമാണു സി.എം.ഐ. സിദ്ധിയിലും ചാവറ ആധ്യാത്മികതയിലും നിഴലിക്കേണ്ടത്.

എല്ലാറ്റിലും ഉപരിയായി എടുത്തു പറയുവാനുള്ളത് ചാവറ റൂഹാദക്കുദ്ശാ നിറഞ്ഞവനായി ജീവിതകാലം മുഴുവനും ചിലവഴിച്ചു എന്നതാണ്. ഇതിനുള്ള ഒന്നാമത്തെ തെളിവ് ചാവറയുടെ ആത്മാനുതാപം എന്ന കൃതിയിലുണ്ട്. അതിങ്ങനെയാണ്:

"എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ചു പിന്തിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെ പിൻപെ
വഴക്കിയില്ലായെന്നെ പുഴുക്കൾ കടിപ്പാനായ്
പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ല നീയേ
ഇത്ര നിന്ദിതനായ അടിയൻ നിന്റെ തിരു
ച്ചിത്രകൗതുകമായ കൂട്ടത്തിൽ ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ
നിന്ദിതനായി ത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളൂ
സ്മരിച്ചു ചേർന്നീടുകിൽ ചേർത്തീടും നിൻ പാദത്തിൽ
ഇതിനായൊരു കഴിവിതെന്നു സ്മരിച്ചപ്പോൾ."[241]

കവിതയിലൂടെ ആത്മാവസ്ഥ വെളിപ്പെടുത്തിയ ചാവറ തന്റെ മരണക്കിടക്കയിൽ വച്ചു പ്രഖ്യാപിച്ചതും നാം കണ്ടതാണ്. ഉപസംഹാരത്തിൽ ആ പ്രഖ്യാപനം ഒന്നു കൂടി ആവർത്തിക്കുന്നു: "ഞാൻ എന്റെ ആയുഷ്കാലം മുഴുവനും ഈ വിശുദ്ധ ത്രിത്വത്തിലാണ് ജീവിതം കഴിച്ചിരുന്നത്. എന്റെ പേര് കുര്യാക്കോസ് ദ്മിൻ ത്ഹോമ്മാ കന്തീശാ എന്നു ഞാൻ ധരിച്ചിരിക്കുന്നത് ഈ ഓർമ്മയ്ക്കുവേണ്ടി തന്നെയാണ്. ഇതിനനുസരണമായി ഇവർ എന്റെ ആത്മാവിനെ പാപാശുദ്ധിയിൽ നിന്നു എന്നും കാത്തു സൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് അന്നു കേട്ടിരുന്നവർ ഇദ്ദേഹം എന്നും Gratia sanctificans പാപത്തിൽ ഉൾപ്പെടാതെ ജീവിച്ചിരുന്നുവെന്നു വിശ്വസിച്ചു.[242]

മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം എന്നും കാത്തു സൂക്ഷിക്കുകയും റൂഹാദ്ക്കുദ്ശാ നിറഞ്ഞവനായി ഈശോയിലേയ്ക്കു രൂപാന്തരപ്പെടുകയും ചെയ്ത ചാവറ, പ്രദാനം ചെയ്ത ആധ്യാത്മിക പിതൃസമ്പത്ത് മിശിഹാനുയായികൾക്കു മാത്രമല്ല "സർവ്വലോകത്തിനും വേണ്ടിയുള്ള ഒരു മഹാ സന്തോഷത്തിന്റെ സന്ദേശം" (ലൂക്കാ 2:10) ആയിരുന്നു. ഇത് ഈശോയെ അപ്പാ എന്നു വിളിച്ചനുഭവിച്ച ചാവറ കൈമാറിയതാണ്. മാമ്മോദീസാജീവിതത്തിന്റെ പൂർത്തീകരണം ജീവിതകാലത്തു സാക്ഷാത്കരിച്ച ചാവറയുടെ ആധ്യാത്മികത സാക്ഷ്യപരമായി തികച്ചും ദൈവാരാധനാഷ്ഠിതമാണ്.

തിരുക്കുടുംബത്തിന്റെ ചാവറ കുരിയാക്കോസ് ഏലിയായുടെ ആധ്യാത്മികതയിൽ തിളങ്ങി നില്ക്കുന്ന ഏകാന്തവിശിഷ്ടമായ സവിശേഷതകളെ താഴെക്കൊടുത്തിരിക്കുന്നതുപോലെ സമാഹരിക്കാം.

1. പരിശുദ്ധാത്മാവ് നിറഞ്ഞവൻ
2. ത്രിത്വവാഹകൻ
3. മിശിഹാനുഗാമി
4. അനുചിന്തകൻ
5. താപസയോഗീന്ദ്രൻ
6. സൈദ്ധികൻ
7. ആശ്രമസ്ഥാപകൻ
8. ദൈവവചനോപാസകൻ
9. തിരുക്കുടുംബ ഭക്തൻ
10. ആരാധനാധ്യാത്മിക മധ്യസ്ഥൻ
11. പിതൃസുതൻ
12. കർമ്മയോഗി
13. കുടുംബ പ്രേഷിതൻ
14. അനാഗതരുടെ മിശിഹാനുയായി
15. വിഘടിതർക്ക് അനുരഞ്ജകൻ

16. മനുഷ്യസ്നേഹി
17. മൗതികൻ
18. ദൈവജനത്തിന് പ്രവാചകൻ
19. മിശിഹാനുയായികൾക്ക് പുരോഹിതൻ
20. വ്യക്തിസഭകൾക്ക് സഭാതനയൻ
21. മാനവർക്ക് ഏതദ്ദേശീയൻ
22. ദൈവത്തിന്റെ വിനീതൻ
23 മരിയദാസൻ
24. ക്രാന്തദർശി
25. അനഭിഷിക്ത മെത്രാൻ
26. നവോത്ഥാന നായകൻ
27. കൈനകരിയുടെ കനകദീപം
28. മാന്നാനത്തു വിരിഞ്ഞ പുഷ്പം
29. നാളാഗമത്തിലൂടെ സഭാചരിത്രകാരൻ
30. ഭാരതസഭാ നഭോമണ്ഡലത്തിലെ പുണ്യനക്ഷത്രം
31. അനുഗൃഹീത കവി
32. മതസഹിഷ്ണൻ
33. വിശ്വാസ സംരക്ഷകൻ
34. ഗുരുസ്ഥാനീയൻ
35. യുഗസ്രഷ്ടാവ്

ചാവറയുടെ തനതാത്മകമായ ആധ്യാത്മികയുടെ സവിശേഷതകൾ പലതും വൈരുധ്യാത്മകമെന്നു തോന്നാമെങ്കിലും അവയെല്ലാം ദൃശ്യാദൃശ്യങ്ങളുടെ സമന്വയമായതിനാൽ അവ ഏകീകരണാത്മകം തന്നെ. ഈശോയുടെ പൗരോഹിത്യപ്രാർത്ഥന ചാവറയിൽ അന്വർത്ഥമായി. ഈശോ പ്രാർത്ഥിക്കുന്നു: "അവരും സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിന് അവർക്കുവേണ്ടി എന്നെത്തന്നെ ഞാൻ വിശുദ്ധീകരിക്കുന്നു. അവർക്കുവേണ്ടി മാത്രമല്ല അവരുടെ വചനം

നിമിത്തം എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. പിതാവേ നീ എന്നിലും ഞാൻ നിന്നിലുമായിരിക്കുന്നതുപോലെ അവരെല്ലാവരും ഒന്നാകുന്നതിനു വേണ്ടിയും നീയെന്ന അയച്ചുവെന്ന് ലോകം വിശ്വസിക്കുന്നതിനും അവർ നമ്മിൽ ഒന്നാകുന്നതിനു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേണ്ടതിന് നീ എനിക്കു തന്ന മഹത്ത്വം ഞാൻ അവർക്കു നൽകിയിരിക്കുന്നു. അവർ ഐക്യത്തിൽ പരിപൂർണ്ണരാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമാകുന്നു" (യോഹ. 17:19-23).

ചാവറയിൽ വിളങ്ങി ശോഭിച്ചത് സഭൈക്യത്തിന്റെ ആധ്യാത്മികത, പ്രാപഞ്ചികകൈക്യത്തിലൂടെ സർവ്വാതിശായിയായി എന്നതാണ്. ഈ സർവ്വാതിശായിത്വ ആധ്യാത്മികത ചാവറ തന്നിൽ അന്വർത്ഥമാക്കിയത് മാമ്മോദീസായോടുള്ള ജീവിതബദ്ധമായ വിശ്വസ്തത വഴിയാണ്. ചാവറ മരണക്കിടക്കയിൽ വച്ച് പ്രഖ്യാപിച്ച വചസ്സുകൾ ഇതിനു സാക്ഷ്യമാണ്: "ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കയും തിരുക്കുടുംബത്തിന്റെ ഈ രൂപം പോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും, ഓർക്കുകയും, വണങ്ങുകയും ചെയ്തുവന്നിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചുകൊണ്ട്, മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്."

ശേഷകുറിപ്പുകൾ

അദ്ധ്യായം I

1. ഫാ. കൂര്യാക്കോസ് ഏലിയാ, *വ്യക്തിസാഹല്യം*, ദനഹാ സർവീസസ്, കോട്ടയം, 1984, p.5.
2. വേദപുസ്തക ഉദ്ധരണികൾ, *പ്ശീത്താ ബൈബിൾ*, ദീപിക ബുക്ക് ഹൗസ്, കോട്ടയം, 1997- എന്നതിൽ നിന്നും പ്രധാനമായും എടുക്കുന്നു.
3. ഫാ. കൂര്യാക്കോസ് ഏലിയാ, *വ്യക്തിസാഹല്യം*. p.71.
4. Christian Orient, Vol.VI, No. 3, (September, 1982) pp.118 ff.
5. വത്തിക്കാൻ രണ്ട് . P.C. 2; Cfr.Dizionario Enciclopedico Di Spiritualita, Roma. s.v. Spiritualita. വത്തിക്കാൻ രണ്ട് എന്നത് ഇനിമുതൽ വത്തി .2. എന്നു കാണാം
6. *Ibidem.*
7. ഏവൻഗേലിസ്താമാരുടെ (evangelists) സുവിശേഷ ഭാഷ്യങ്ങൾ നാലും നാലു വിധത്തിലുള്ള ആധ്യാത്മിക സമീപനങ്ങളായി കാണാം. Cfr *Dictionary of Christian Spirituality*, Gordan. S. Wakefield (ed.) Claritian Publications, Philippines, 1983, s.v. "Bible, Spirituality".
8. ഫാ. കൂര്യാക്കോസ് ഏലിയാ, *ആരാധനാധ്യാത്മികത*, നസ്രാണി പാരമ്പര്യത്തിൽ, 2, ദനഹാ സർവ്വീസസ്, കോട്ടയം, p.x., cfr.വത്തി .2. S.C. 51,മർക്കോ 16:15 – 16.
9. Wakefield (ed.), *Dictionary of Christian Spirituality*, s.v. 'Liturgical Spirituality' s.v.
10. James Aerathayil, *Research Seminar on Triple Roots*, Prior General's House, Kochi, 1991, p. 24.
11. Mar Ephreme, *Hymn On Faith.* No.18, 4-5
12. വത്തി. 2. U. R. 2.
13. See Thomas Spidlik, *The Spirituality of the Christian East*, Cistercian Publications, Kalamazoo, Michigan, 1986, p. 94.
14. *Jerome Biblical Commentary*, on John. 4: 24.
15. ഫാ. കൂര്യാക്കോസ് ഏലിയാ, *വ്യക്തിസാഹല്യം*, *op. cit.* p.13.
16. *Ibid.* p.14; Tertullian, *De Oratione*, 25, see Louis Bouyer, *The Spirituality of the New Testament and the Fathers*, London, 1963 pp. 35 ff.
17. *Jerome Bibilical Commentary*, on John 20: 28.
18. *Ibidem:* cfr. Fr. Quriakos Elijah Vadaketh, "*The Uniqueness of ISHO MESHIHA*",*in Eastern Theological Reflection in India*, Oriental Institute of Religious Studies India Publications, (Hereafter OIRSI) Kottayam, Vadavathoor, 1999, p.142.
19. *വത്തി . 2.* S. C. 26: cfr. Aidan Kavanagh, "Liturgie et Conscience Eceelesiae, Un Dialectique De Changement", in La Maison.Dieu, 154 (1983) Liturgie et Spiritualite, 9-35. 20 pp.135 ff.
20. *Jerome Biblical Commentary, on John.* 20: 29.
21. Quariaqos Elijah Vadaketh, "*The Uniqueness of IshoMeshiha*"....pp.135ff.
22. Vladimir Lossky, *In the Image and Likeness of God*, Crestwood, New York, St.Vladimir Seminary Press, 1967, p.198.
23. Iranaeus, *Adversus Haereses IV*, 18:5, Sources, Clretienes, Paris, 1941,100 (1965), Antirrheticos I, 38: P.G. 99: 339 c.
24. കൂര്യാക്കോസ് ഏലിയാ, *ആരാധനാധ്യാത്മികത, നസ്രാണി പാരമ്പര്യത്തിൽ*. 2, pp. 4, 10, 65, 113.

25. Mar Ephreme, *Hymn on Faith*, No.18:4-5, 5:1, Thomas Spidlik.*op.cit.* pp.92 ff.
26. ഫാ. കുര്യാക്കോസ് ഏലിയാ, *വ്യക്തിസാഫല്യം*, cit, pp. 92ff.
27. Cfr.*The Complete Works of St.John of the Cross*, translated and edited by E. Allison Peers, Burns and Oates, 1974. pp. I: 381, 412, 428 ff. *op.cit.* II. 25.104, 172, 179, 321, 379.cfr. *Complete works of St.Teresa*, translated and edited by E. Allison Peers, Sheed And Ward, London, 1975, Vol. I. pp. 58, 64, 72, 106.
28. See Justin Panackal, OCD, *Intimacy with God*, Pontifical Institute Publications, Alwaye, 1993, pp.75,ff.,cfr.John of the Cross, *The Dark Night of the Soul*, II. 6: St.Teresa of Avila Life, 12: 72, 18 ,109, 110, 140, *Way of Perfection*, 31:131; *Interior Castle*, IV:1; V:3, VI: 4, 9, 10 cit. in Fr.Justin Panackal, pp. 78 ff.
29. John of the Cross. *The Living Flame of Love*, II: 21.
30. Teresa of Avila, *Interior Castle* VII.2. See Chapter VI.
31. *St.John of the Cross,Spiritual Canticle*, XXII. 3.
32. St.Teresa, *Interior Castle*, VII:2.
33. *Ibid.* VII:3.
34. St.Teresa, Life.40.
35. St.Teresa, Interior Castle, VII:3.
36. Ibidem.
37. Ibidem
38. Ibidem
39. Ibidem
40. Ibidem. p. 4.
41. Fr.Justin Panackal, Intimacy with God, pp.125 ff.
42. F.C.Happold, Mysticism, A study and Anthology, Australia, 1973,p.36.
43. Cfr.C.G.Jung. മാതൃത്വ സാക്ഷാൽക്കാരം.
44. കുര്യാക്കോസ് ഏലിയാ CMI. അനുചിന്തനം, ദനഹാ സർവീസസ്, കോട്ടയം, 1991, pp.16, 34, 48 ff.
45. Ibid. p. 52.
46. ഫാ. കുര്യാക്കോസ് ഏലിയാ, സന്യാസ ജീവിതം രണ്ടാം വത്തിക്കാൻ സൂനഹദോസ്, oirsi, കോട്ടയം .1998, p. 673.
47. Ibid. p. 673.
48. വത്തി.2. P.C. 2a.
49. Pope John Paul II, Orientale Lumen, 1995. No.14.
50. ഫാ. കുര്യാക്കോസ് ഏലിയാ, ആരാധനാദ്ധ്യാത്മികത, വാല്യം 2. p.19.
51. Ibid. p. 103.
52. Pope Pius XII, Mediator Dei, AAS.39 (1947), No.20.
53. വത്തി. 2. S.C. 13.
54. Gabriel M.Brasso, Liturgy and Spirituality. (trsl.) The Liturgical Press, Collegeville, Minnesota, 1971, pp.15 ff. 233.
55. *Ibid.* pp. 228 ff.
56. Pope Pius XII. *Mediator Dei*, No.4, see Gabriel Braso, *op.cit*, p. 234.

57. Pope Pius XII. op.cit. No.26.
58. സഭാപിതാക്കന്മാർ വിവാഹത്തെക്കുറിച്ച് വ്യാഖ്യാനിക്കുമ്പോൾ ഉപയോഗിക്കുന്ന സാദൃശ്യമാണിവിടെ സൂചിപ്പിക്കുന്നത്.
59. കാണുക, ഏറ. 31:31, എസ. 36:26, മത്ത. 22:38, യോഹ.13:44, ലൂക്കാ 22:20, എബ്രാ10:9.

അദ്ധ്യായം II

1. Thomas Spidlik, *The Spirituality of Christian East*, p.351, cfr. Dictionaire De Spiritualite, IX, - 338, 329- 338, കുര്യാക്കോസ് ഏലിയാ, ആരാധനാ ദ്ധ്യാത്മികത, 2, pp.10,48.
2. See Iranaeus, *Adversus Haereses* II, 19.1 (P.G.7,939C).
3. Thoma Kathanar, Koonamakkal, "*The Church in the Churches*".Christian O r i e XIV, 1 (1993) 34-47.
4. അപ്പസ്തോസ് 5.23, കൊളോ1.18.
5. 1 കോറ. 11.23-34, നടപടി. 2.43-47, 4.32-37, ലൂക്കാ. 22.1420
6. കുര്യാക്കോസ് ഏലിയാ, ആരാധനാദ്ധ്യാത്മികത, 1.pp.IX, 14.
7. Thomas Spidlik, *The Spirituality of the Christian East*, pp.75 ff.
8. cfr. L.K. Anantha Krishna Iyer, *The Tribes and Casts of Cochin*, Cosmo Publications, New Delhi Vol.II. 1981, pp.435ff, Joseph Jungman, *The Place of Christ in Liturgical Prayer*, Staton Island, N.Y. 1964, pp.68ff, Joseph Jungman, *The Early Liturgy*, Darton, Longman and Todd, 1980, pp.203 ff
9. *Harpers Bible Dictionary*, Paul Achtemier (General Editor), TPI Bangalore, 1990, s.v "Nazarane", cfr.A.C. Perumalil, *The Apostle in India*, Xavier Teacher's Training Institute, Patna, 1971, p.97; cfr. Quran, 5:82.
10. *The Westminister Dictionary of Christian Spirituality*, Gordon S. Wakefield (ed.) Claritian Publications, Quezon City, Philippines, 1988, s.v. "*Bible Spirituality*".
11. Cfr. Joachim Jeremias, *The Prayer of Jesus*, SCM Press Limited, Great Britain, 1977, pp. 29 ff.
12. ഫാ. കുര്യാക്കോസ് ഏലിയാ, *കിഴക്കിന്റെ സാക്ഷ്യം* മനഹാ സർവ്വീസസ് കോട്ടയം, 1989. p. 26.
13. Margaret Smith, *The Way of the Mystics*, Sheldon Press, London, 1976, pp. 84 ff
14. *Ibidem*.
15. Mar Ephreme, *Nisibene Hymn* III: 2.
16. Mar Ephreme, *On the Nativity* II.
17. Margaret Smith, *The Way of the Mystics*, pp.88 ff.
18. *Ibid*.p.89.
19. *Jerome Bibilical Commentary*, Jn.14:10-17; cfr. LK.11:13; Heb.9:14.
20. See, *Jerome Bibilical Commentary*, Jn.19:34.
21. വത്തി .2. L. G. 1.
22. *Jerome Biblical Commentary*, Lk.4:18.
23. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *ആരാധനാദ്ധ്യാത്മികത സുറിയാനി പാരമ്പര്യത്തിൽ*, *വാല്യം II*, 1993. pp.14 2 ff.
24. ഫാ. കുര്യാക്കോസ് ഏലിയാ, *അനുചിന്തനം*, p. 21.
25. Thomas Spidlik, *The Spirituality of the Christian East*, pp. 336,186,286.

26. *Ibid.* p. 330.
27. *Ibidem.*
28. J.Lemaiter, *Contemplation Chez Les Orientaux Chretiens, Mystique extatique,* DS 2/2, 1836 ff.
29. Thomas Spidlik, *op.cit.* pp. 338 ff.
30. ഫാ. കുര്യാക്കോസ് ഏലിയാ, *അനുചിന്തനം,* pp.21ff.
31. *Ibid.* pp. 26 – 33.
32. *Ibid.* pp. 132 – 14.
33. ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *ആരാധനാഖ്യാത്മികത,* വാല്യം 1 pp. 92ff.
34. സീറോമലബാർ സഭയുടെ ആരാധനക്രമം, യാമപ്രർത്ഥന, മംഗലവാർത്ത, ഓനീസാദ് മൗത്വാ
35. *Supplementum Mysteriorum,* Roma, 1 960, pp.3 –14.
36. സീറോമലബാർ സഭയുടെ ആരാധനാക്രമം. *op.cit.* തിങ്കളാഴ്ച, ഓനീസാ ദ്കദം
37. *Ibid.* നോമ്പുകാലം, തിങ്കൾ, ഓനീസാ ദ്ബാസർ.
38. *Ibid.* ഉയിർപ്പുകാലം, ഞായർ, ഓനീസാ ദ്ബാസാലിക്കെ
39. *Ibid.* ശ്ലീഹാക്കാലം, ശനിയാഴ്ച
40. *Ibid.* വെള്ളിയാഴ്ച, ഓനീസാ ദ്റംശ
41. *Ibid.* കൈത്താ, വ്യാഴം, ലെലിയ, ഓനീസാ ദ്മൗത്വ
42. ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *ആരാധനാഖ്യാത്മികത,* p .98.
43. Varghese Pathikulangara, *Resurrection Life and Renewal,* Bangalore, Kottayam 1982, p.84, foot note, 166.
44. സീറോമലബാർ യാമപ്രർത്ഥനകൾ, ഏലിയാസ്ലീവാകാലം, ഞായർ, ലെലിയ, ഓനീസാദ് മൗത്വ
45. *Ibid.* മുശക്കാലം, തിങ്കൾ, ഓനീസാദ് മൗത്വ
46. *Ibid.* കുദാശദ് ഏത്താ, തിങ്കൾ, ഓനീസാദ്ക്ദം
47. ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *ആരാധനാഖ്യാത്മികത,* വാല്യം 1 p.100
48. *Ibidem.*
49. Maricio Gordilio, *Mariologia Orientalis,* OCS 141 (Rome 1954) 250 ff.
50. Vladimir Lossky, *In the Image and Likeness ofGod.* (Crestwood, NewYork,1974) pp.196, 208.
51. Thomas Spidlik, *The Spirituality of the Christian East,* pp.23 –26.
52. ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *ആരാധനാഖ്യാത്മികത,* pp.23-26
53. വത്തി 2. S.C.10.
54. ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *അനുചിന്തനം,* pp.32 ff.
55. Gregory of Nyssa. *De Anima et Resurrectione,* P.G.46,96c.
56. Athanasius, *Vita Antonii* 73, P.G. 26, 946 A; *Historia Ecclesiastica* 4:23, P.G. 67: 516c.
57. Basil, *Homilia 3 in Hexaemenon,* 10, P.G. 29, 77 BC.

അദ്ധ്യായം III

1. Cfr. Gabriel Brasso, *Liturgy and Spirituality,* pp.231 ff.
2. Cyprian Vagaggini, *Il Senso Teologico Della Liturgia,* P.546, *Theo logical Dimensions of the Liturgy.* Collegeville, 1976.

3. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ (വിവർത്തകൻ) പിതാക്കന്മാരുടെ കൂദാശാ ഭാഷ്യങ്ങൾ, oirsi, കോട്ടയം, 1992, p.90
4. *Order for the Solemn Raza of the Syro-Malabar Church, Rite of Dismissal of the Catechumens*
5. കുര്യാക്കോസ് ഏലിയാവടക്കേത്ത്, ആരാധനാദ്ധ്യാത്മികത, pp.24-26.
6. Thomas Spidlik, *The Spirituality of the Christian East*, p33; see Donald Atwater, *God, Man and the Church: The spiritual Foundations of Life (London, 1938).*
7. S.J. Beggiani, *Early Syriac Theology*, N.Y.1970; p.117.
8. Cyril of Alexandria, *De Incarnatione Unigeniti*, P.G.75:1229 B; John Chrysostom, *In Joanem* 14:2, P.G.59: 39 C; *Ad Romanos Homilia*,14:2, P.G: 60:526 BD; Jean Kirchmeyer, in *Dictioner Spiritualite*, 6:1. 840.
9. Basil, *De Spiritu Sancto* 26: P.G. 32:181 AB.
10. Irnee Henri Dalmais in DS. 3:1376.
11. Ignatius of Antioch, *Letter to the Ephesians*, 9:2; To the Magnesians, 14:1.
12. See Thomas Spidlik, *Spirituality of the Christian East*, pp.45 ff.
13. Bernard Poschmann, "*Paenitentia Secunda, Die Kirchliche Busse*" *in aeltesten Christentum bis Cyprian and Origenes* (Bonn, 1940), cited in Thomas Spidlik, *op.cit.* p.191.
14. V. Vorgrimler '*Penitence*', H. Fries. Encyclopediae De la Foi,1-4, Paris, 1965,67, 424 – 425 Jean Danielou. Origene (Paris,1948) 81.
15. Cfr. Thomas Spidlik, *The Spirituality of the Christian East*, p.193.
16. *Ibidem.*
17. Paul Bedjan, Mar Jacobi Sarugensis, *Homiliae*, (Paris Leipziz 1905 –10) vol.2.226. *cit.* Thomas Spidlik, op.cit. p. 202.
18. *Ibid.* pp.193,194.
19. *Ibid.*194.
20. *Ibidem*; cfr.Ephreme, *Hymn to Abraham Kidunaya and JulianSaba*, ed. T.J. Lamy, S.Ephreme Syri. *Hymn et Sermones*,3Vols.(Mechlin, 1889)Vol.3, col.843, 14 ff
21. Thomas Spidlik, *The Spirituality of the Christian East*, p.195.
22. *Ibidem;* cfr.John Climacus, *Scala Paradisi 7*; P.G. 88:801C.
23. Iranaeus Hausher "*Vie deSimeon leNouveau Theologien*" Orientalia Christiana, 12:45,(Rome, 1928) Introd.XXXI ff.
24. John Chrysostomos, *De Penitentia*, 7:5, P.G. 49:334.
25. Athanasius, *Vita Antonii* 45.P.G.26,908 c;67:col.840.
26. Mar Ephreme, *Sermo Asceticus, ed.Assemani Ephreme Syri Opera Omnia Quae extant Grece*(Rome 1732 – 46)Vol. I p. 60.
27. Basil,*Regula Praviustracta* 16, P.G. 31, 1092
28. Mar Ephreme, *Sermo Asceticus, Assemani I* p.60.
29. Mar Ephreme, *Assemarri* (N 31) Vol I:254ff Quoted in Thomas Spidlik, *op.cit* pp.196,203
30 Joseph A.Jungmann,*The Early Liturgy*, Darten, Longman and Todd, London, 1980, pp.30 ff.
31. *Ibid.* p.11.
32. *Ibid.* pp. 12 –15
33. വത്തി .2. G. E. 3.
34. *Ibid.* G.S. 48.

35. Thomas Spidlik, *The Spirituality of the Christian East*, pp. 21 ff.
36. *Ibid.* p.221.
37. ഡോ. ജോസ് പുവന്നിക്കുന്നേൽ, വി.കുർബാനയിൽ പുരോഹിതന്റെ സ്ഥാനം, ദേവഹാ സർവ്വീസസ്, കോട്ടയം 1997,p.16.
38. വത്തി .2. P.O. 9.
39. *Ibid.* L.G.9.
40. *Ibid.*34.
41. *Ibidem.*
42. *Ibidem.*
43. *Ibidem.*
44. *Ibid.* L.G. 7.
45. സീറോ മലബാർ റാസുകമം, റാസ, കൈവയ്പ്പു പ്രാർത്ഥന.
46. *Ibidem.*
47. Jungman, *The Early Liturgy*, p.17.
48. *Ibid.* pp.17 ff.
49. *Ibidem.*
50. *Ibidem.*
51. *Ibidem*
52. Mario Caprioli, "*Il Sacerdote Segno Di Christo*" *Rivista di Vita Spirituale*, Roma, 1994, pp. 48 ff.
53. *Ibid.* pp. 72 ff.
54. Thomas Spidlik, *The Spirituality of the Christian East*, pp. 113 ff.
55. സീറോ മലബാർ റാസ, രൂഹാക്ഷണ പ്രാർത്ഥന,അവസാന പ്രാർത്ഥനകൾ,ഹൂത്താമ.
56. Thomas Spidlik, *op.cit.* pp.188 ff; Gen.3; Ps.38:3, Is.1:4-6; Ps.6: 2; 32: 1-3; 39: 2; 1Cor.11: 24-32.
57. Gabriel Brasso, *Liturgy and Spirituality*, pp.121 ff.
58. *Sacramentals*, Denha services No.17, Kottayam, 1987, p.135.
59. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, ആരാധനാക്രമത്തിലെ - I, pp.5-6.
60. വത്തി .2. L.G.1
61. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, അനുചിന്തനം, p.103.
63. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, അനുചിന്തനം, pp.5-6.
64. Thomas Spidlik, *The Spirituality of the Christian East*, pp.143.
65. *Ibidem*; The Didache 19:1; The Letter of Barnabas 20.
66. See Irenee Haushern, Penthos, *The Dictionary of Compunction in the Christian Orient*, Christian Studies Series, Spencer, Washington, Kalamazoo, 1966, 53:139.
67. Thomas Spidlik, *op.cit.* pp.143 ff.
68. Gregory Palamas, *De Passionibus*, *The Spirituality of the Christian East*, P.G.150.1081 AB; Gregory Nazianzus, Hymner, *Ad Christum*, P.G.37,1327.
69. വത്തി .2. G.S.39.
70. *Ibid.*38
71. *Ibidem.*
72. *Ibidem.*
73. *Ibid.*39

അദ്ധ്യായം IV

1. ഫാ. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *op.cit.*p.141.
2. Thomas Spidlik, *op.cit* .p. 22.
3. ശ്രീ മത്സ്വാമി ജ്ഞാനേന്ദ്ര സരസ്വതി, വേദാന്തവിജ്ഞാനം, ശിവാനന്ദാശ്രമം പാലക്കാട്,1984, pp.170 ff.

4. *Ibidem.* 5. *Ibidem.*
6. *Ibidem.* 7. *Ibidem.*
8. *Ibidem.*
9. Spidlik, *The Spirituality of the Christian East*, pp.179 ff.
10. *Ibid.* p. 354. 11. *Ibidem.*
12. Diadochus, Gnostic Chapters, 90, see, *The Philokalia*, Vol.I,189.
13. Cfr. Spidlik, *op.cit.* p.76.
14. Iranaeus, *Adversus Haereses*, v-9.2;P.G.7.1144C –1145A.
15. Augustine Thottakkara, (ed) *East Syrian Spirituality*, Dharmaram Publications, Bangalore, 1989, pp.129-142.cfr.കുര്യാക്കോസ് ഏലിയാ വടക്കേൽ, ആരാധനാ ക്രമങ്ങൾ -I, p.141.ff, Gordon S. Wakefield (ed). *The Westminister Dictionary of Christian Spirituality*, s.v."Asceticism".
16. Cfr. Spidlik, *The Spirituality of the Christian East*. p. 58.
17. *Ibidem.*
18. *Ibid.* p. 59.
19. *Ibid.* pp. 58. ff. Clement of Alexandria, *Protracticus*, 10.98.4; Iranaeus, *Adversus Haereses II* G.1-2, P.G.7.1136-39; Walter Burgardt, *The Image of God in Man according to Cyril of Alexandria, Maryland*, 1957, pp.65.ff.
20. സിറിയക്കാരുടെ സഭാപുരാ ചരിത്രശാസ്ത്രം, ഏലിയാസ്സീറാക്കോലത്തുകൾ, വെള്ളി, സഭാ, മാനിനാ
21. അന്ത്യോനൂന സഭയുടെ, ചരിത്രാനുഭവങ്ങളുടെ, p.538.
22. കാണുക Jn. 6:63, 17:3; 17:11; 18:17-19; 17:24.
23. Spidlik, *The Spirituality of the Christian East*, pp.193 ff.
24. *Ibid.* p.195.
25. *Ibidem*; Cfr. Hausherr, *Vie De Symeon le Nouveau Theologien oc.* 12.45 (Rome,1938) Introd. xxxi ff.
26. Cfr. Chrysostom John, *De Penitentia*, 7.5, P.G.49:334; Ampmenas, Instruction p. 203. 4.14, P.G.11: 476; Spidlik, *op.cit.*
27. Mar Ephreme, *Sermo Ascetieus*, Assemani (ed), Ephreme Syri opera omnia quae extant Graece (Rome 1732-46) vol.I. p. 60.
28. St.Basil, *Regula Brevius Tractatae*16, P.G. 31:1092; Mar Ephrem. *Sermo Asceticus, Assemani* (ed) ' P.60; Spidlik, *The Spirituality of the Christian East*, p.196.
29. Spidlik, *op.cit.* p.328.
30. വങ്കിൽ, സഭകൾ 2-15
31. കുര്യാക്കോസ് ഏലിയാ, കിഴക്കിന്റെ സഭകളുടെ *cit.* pp. 88 ff.
32. Iranaeus, *Adversus Haereses III* .191,P.G. 7939C.
33. Gregeory Naziansen, *Oratio III*. 7,P.G.35, 415c .
34. Theodoret of Cyrus, *Oratio De Divina et Sancta Caritate*, P.G.82:1156 B.C.
35. Spidlik, *op.cit.*pp.103 ff.
36. C.A.Maloney, *The Prayer of the Heart*, Ave Maria Press,Noterdame. Indiana, 1980, pp. 60 ff.
37. John Chrysostom, *Sur La Providences* 15, cfr. Spidlik, *op.cit.*139.
38. Theodoret of Cyrus, *A History of the Monks of Syria*, വിശുദ്ധരായ സന്യാസിമാരുടെ ജീവചരിത്രങ്ങൾ, Prof. സാജൻ. F.C.C ദൈവാരാധനാ സർവ്വീസസ് No.27, കോട്ടയം, 1990.
39. വങ്കിൽ തിരുമേനി .
40. *Jerome Bibilical Commmentary*, John. 19:34.
41. ഫാ. കുര്യാക്കോസ് ഏലിയാ, ആരാധനാക്രമം *cit.*p.18.

42. *Ibid.* pp.26ff.
43. *Ibidem.*
44. ഫാ.കുര്യാക്കോസ് ഏലിയാ (ed)പൈസഹായുടെ സോപാനങ്ങൾ, ദനഹാസർവ്വീസസ്, Kottayam, 1999, pp.5ff.
45. Easter Jesus
46. *Jerome Bibilical Commmentary*, Mt.5:3, Lk.1:49.
47. *Syro-Malabar Raza, Symbol of Faith.*
48. B. Haering, *A Sacramental Spirituality*, New York, Sheed and Ward,1965.
49. ഫാ. കുര്യാക്കോസ് ഏലിയാ, *അനുചിന്തനം*, pp. 34, 51, 52.
50. Barnabas, Epistle, 9:7.
51. Iranaeus, *Adversus Haereses*, IV, 12-2; P.G. 7:1005 A.
52. Simeon, *The New Theologian*, Ethical Treaties, IV, 485 ff.
53 Cfr.Evagrius, Ponticus, Praktikos, 81, Dadiso Quatraya, Commentar d' Abbaisaie, Disc.1:16.

അദ്ധ്യായം V

1. Cfr. Kuriakose Elias Vadaketh, "*Personality and Mission of Chavara*", Jeevadhara, a Journal of Christian Interpretation Sept. 1986, P.366; ഫാദർ. കനിഷ്യസ് CMI, *കേരള സഭാ സമുദ്ധാരകൻ വാഴ്ത്തപ്പെട്ട ചാവറ* The CMI General Department, Kochi, 1990, pp.19 ff.
2. Cfr. സെഡ്. എം മുഴൂർ, *ആത്മാനുതാപം ചാവറയച്ചൻ ഗദ്യാവിഷ്കരണം*. ജനത, തേവര 1990, p .xvii; See, കർദ്ദിനാൾ പടിയറ, in *ഇതാ ചാവറയച്ചൻ*, ഡോ.ജെ.എസ്. തേക്കുകൽ CMI (ed), കൊച്ചി. 1989 pp. IX ff, Ibid. pp. 2 ff, ഫാദർ വലേരിയൻ പ്ലാത്തോട്ടം CMI, *പുളകമണിയുന്ന ഭാരതം*, ദീപിക ബുക്ക് ഹൗസ്, കോട്ടയം. 1986. p. iv.
3. Pope John Paul II, Homily during Beatification of Chavara and Alphonsa 8.2. 1989, No.3.
4. *The Carmelite Congregation of Malabar*, St.Joseph Industrial School, Trichinopoly, 1932, pp. 2 ff; P.J .Podipara CMI, *The Thomas Christians*, Bombay, 1970, p.7.
5. *Ibid* pp. 15ff.
6. *Ibid.* p 7.
7. എൻ.എ.തോമസ് നങ്കച്ചിവീട്ടിൽ, *ഏഷ്യയിലെ മാർത്തോമാ സഭകൾ*, തിരുവനന്തപുരം, 1982. pp. 2 ff.
8. Joseph. A. Jungman, The Early Liturgy, P.203.
9. Ibid pp. 203 ff, നങ്കച്ചിവീട്ടിൽ, Op. cit. pp.36ff.
10. Vatican syriac codex, 22; കാണുക, സേവ്യർ കുടപ്പുഴ, തിരുസഭാചരിത്രം,1974, pp.114 ff.
11. Podipara, The Thomas Christians, pp.85 ff; കുര്യാക്കോസ് ഏലിയാ, കിഴക്കിന്റെ സാക്ഷ്യം, ദനഹാ സർവ്വീസസ്, കോട്ടയം, 1990 pp.100 ff; സിറിയ, ഈജിപ്ത് പലസ്തീനാ എന്നിവിടങ്ങളിൽ വനവാസം നയിച്ചിട്ടുള്ളവരുടെ ചിന്താഗതി, പോരൂക്കര തോമ്മാച്ചൻ കാഞ്ഞിരപ്പള്ളിയിൽ കുഞ്ഞാക്കോ കത്തനാർ, തോപ്പിൽ ഗിവർഗീസ് അച്ചൻ, തോപ്പിൻ ഇട്ടിക്കുരുവിള, വരാപ്പുഴ കൊച്ചുപോത്തൻ, ജേക്കോബ് കടുത്തുരുത്തി ഫിലിപ്പോസ് തുടങ്ങിയവരിൽ ഉണ്ടായിരുക്കുന്നു. വനവാസത്തെക്കുറിച്ച് പോരൂക്കര സൂചിപ്പിച്ചിരുന്നല്ലോ കാണുക, ഫാദർ ആൻസലം, *ആദിപിതാക്കൻമാരുടെ ജീവിതവും പ്രവർത്തനങ്ങളും*. മാന്നാനം pp. 8 ff.

12. The Carmelite Congregation of Malabar,1932, pp. 11 - 29.
13. Ibid, pp.32 ff .
14. ഫാ. കൂര്യാക്കോസ് ഏലിയ, കിഴക്കിന്റെ സാക്ഷ്യം, pp. 113, 257. Cfr. MG. 85, 791- 812; 1837- 60.
15. സേവ്യർ കൂടപ്പുഴ,തിരുസഭാ ചരിത്രം. OIRSI, കോട്ടയം 1974; *Idem*, ഭാരതസഭാചരിത്രം, 1989, OIRSI കോട്ടയം. pp. 203 ff.10.Vatican syriac codex, 22; കാണുക, സേവ്യർ കൂടപ്പുഴ, തിരുസഭാ ചരിത്രം,1974,pp.114 ff.
16. സേവ്യർ കൂടപ്പുഴ, ഭാരത സഭാ ചരിത്രം, pp.616 ff.
17. Xavier Koodapuzha (ed) *Eastern Theological Reflections in India*, OIRSI Kottayam, 1999, p. 140.
18. Podipara, *The Thomas Christians*, p. 85.
19. Mar Mattam, *Inculturation of the Liturgy in the Indian Context*. OIRSI Kottayam, 1991. P.45.
20. *Ibid*, pp. 5ff .
21. പ്രിയോർ ജനറാൾ ഫാ. വിജയാനന്ദ്
22. Positio Typis Polyglottis Vaticanis, MCML XX VII, p.26; Ibid p. 506; K.C. Chacko, *Fr. Kuriakose Elias Chavara, Mannanam*, 1959, P.19; കുംഭം 8ാം തിയതി ജനിച്ചു (മാന്നാനം നാളാഗമം) ഫിലിപ്പോസ് കോയിപ്പള്ളിയിൽ, TOCD; 5 may. 1929. കോയിപ്പള്ളി അച്ചൻ പറയുന്നു "ചാവറ 16-ാം തിയതി ചേന്നങ്കരി പള്ളിയിൽ വച്ച് മാമ്മോദീസ മുങ്ങിയെന്ന്, വലേരിയൻ CD മലങ്കര സഭാ മാതാവിന്റെ വീരസന്താനം അഥവാ. വ.ദി. ചാവറ കൂര്യാക്കോസ് ഏലിയാച്ചൻ, വി.യൌസേപ്പ് പി. മുദ്രാലയം, മാന്നാനം 1939 p.8; മത്തിയാസ് പട്ടക്കാരൻ, ചാവറ കൂര്യാക്കോസ് ഏലിയാസ് അച്ചൻ, മാന്നാനം 1936. p.5; മാന്നാനം നാളാഗമം, കബറിടത്തിൽ ചാവറയുടെ ജനനം ഫെബ്രു. 8, 1805 എന്നാണ്. അടുത്തകാലത്ത് CMI സഭാ കേന്ദ്രത്തിൽ നിന്നു പറയുന്നത് ചാവറയുടെ ജനനം ഫെബ്രു. 10, 1805 എന്നാണ്. ഇതിനാധാരമായി നിലകൊള്ളുന്നത് ചാവറ അച്ചന്റെ ചരിത്രപഠനത്തിന്റെ വൈസ് പോസ്റ്റുലേറ്റർ പറയുന്നത് അനുസരിച്ചാണ്.
23. K.C . Chacko, Fr.Kuriakose Elias Chavara, p.19; ഫാ.വലേരിയൻ, മലങ്കര സഭാ മാതാവിന്റെ വീരസന്താനം , p.10; മത്തിയാസ് പട്ടക്കാരൻ, ചാവറ കൂര്യാക്കോസ് ഏലിയാസച്ചൻ,p.5.
24. ചാവറ ആത്മാനുതാപം. I: 4 x.
25. *Ibid.* I: 12.
26. *Ibid.* I: 33 - 36; 41-44.
27. ളൂയീസച്ചൻ മഞ്ഞുമ്മേൽ, 1936, Positio, Rome, 1972. pp. 561, 562.
28. ചാവറ ആത്മാനുതാപം I: 33—36.
29. *Ibid*, I: 41- 44.
30. റവ. ഡോ. സേവ്യർ കൂടപ്പുഴ, സഭാ വിജ്ഞാനീയം, OIRSI കോട്ടയം, 1988, pp.218ff., Fr. Mar Joseph Powathil, *Oriental Churches*. Kottayam, 1988 , p.88.
31. Philip Koypalliyil,..... 1929.
32. *Ibidem.*
33. ളൂയീസച്ചൻ മഞ്ഞുമ്മേൽ സാക്ഷ്യപ്പെടുത്തുന്നു. Positio, Cit. pp. 361ff.
34. *Ibidem.*
35. Cfr. *Jerome Bibilical Commentary*, Mt.17:1-9;Jn.19:34.
36. ചാവറയച്ചൻ ആത്മാനുതാപം. I: K2- 55.
37. *Ibid.* I: 53 - 54 .
38. *Ibid.* I: 55- 56.
39. Ibid. I:68- 71.
40. ആരാധനധ്യാത്മികത, 1111 പ്രശ്നോത്തരി, ദനഹാ സർവ്വീസസ്, കോട്ടയം, 2000, പി. പി 25 ff 75.

41. വത്തി 2 ലിറ്റർജി, 13. *Ibid.* അടിക്കുറിപ്പ്.
42. പുരാതന, 1890; ഫാ. വലേറിയൽ, പാട്ടുകൾ p. 14
43. ചാവറയച്ചൻ, ആത്മാനുതാപം. I: 93-98.
44. *Ibid.* I: 98-104.
45. മത്തായ്സ് പട്ടക്കാരൻ, *Op. Cit.* P.5.
46. Ibid. p. 5, ആത്മാനതാപം, II: 1-28.
47. മാത്തായ്സ് പട്ടക്കാരൻ, *Op. Cit.* P.6.
48. Pro. P.T Thomas, കർമ്മയോഗി, Book a Month club, എറണാകുളം, 1956. p. 37.
49. *Ibidem.*
50. ചാവറയച്ചൻ, ആത്മാനുതാപം. I: 99-112.
51. P.T.Thomas, *Op. Cit.* p.38.
52. ചാവറയച്ചൻ, ആത്മാനുതാപം. I: 131-134.
53. വത്തി 2. മെത്രാന്മാർ, 30.
54. കാണുക വത്തി 2, ലിറ്റർജി, 42.
55. *Ibidem.*
56. വത്തി 2. അല്മായപേഷിതത്വം, 10.
57. ചാവറയച്ചൻ, 1861, ജൂൺ19-ന് 9ാം പിയൂസ് പാപ്പായ്ക്കകത്തെഴുതിയത സുറിയാനിയിലാണ്. വീണ്ടും 9 ാം പിയൂസ് പാപ്പായ്ക്ക് 1870 ഏപ്രിൽ 25 ന് സുറിയാനിയിൽ തന്നെ എഴുതി; cfr.പ്രൊപ്പഗാന്താ തിരുസംഘത്തിനും ചാവറയച്ചൻ കത്തെഴുതിയത് സുറിയാനിയിലായിരുന്നു Cf. Scrit. Rif. Mesapotamia Persia, Caldei et Latini, 1856 - 186(vol.21, f.875) .
58. വത്തിക്കാ L G 23; O E. 2, 3, 5, 6, 12; U R- 14, 15.
59. *Ibidem;* സഭാവിജ്ഞാനീയം മിശിഹായുടെ സഭയെ വ്യക്തി സഭകളുടെ കൂട്ടായ്മയായിട്ടാണ് കാണുന്നത്. cf. Mathew Vellanickal, "*Catholicity and communion of Churches*", in Oriental Churches, Theological Dimensions, OIRSI publications,Vadavathoor,1988, pp.52 ff.,സേവ്യർ കുടപ്പുഴ, *സഭാ വിജ്ഞാനീയം* , pp. 229 ff.
60. സഭാ സ്ഥാപനത്തിൽ പാലയ്ക്കൽ അച്ചന്റെ ദൗത്യം. ആധുനികകാലത്തെ ഏതദ്ദേശീയ സന്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച പാലയ്ക്കലച്ചൻ കല്ലൂർക്കാട് പള്ളി ഇടവകാംഗമായിരുന്നു.
61. ടിപ്പുസുൽത്താന്റെ ആക്രമണത്തെ തുടർന്നു കുത്തിയതോട്ടിലെ സെമിനാരി പള്ളി പൂറത്താക്കിയത് പാലയ്ക്കലച്ചന്റെ നേതൃത്തിലാണ്.
61a *ചാവറയച്ചൻ ആത്മാനുതാപം.* I; 104-112.
62. *Ibid.* 113, 114.
63. *Ibid.* 115-118.
64. ചാവറയച്ചൻ, *സ്ഥാപക പിതാക്കന്മാർ*, മാന്നാനം, 1905, pp.3f.
65. *Ibidem.*
66. *Ibid.* p. 5.
67. *Ibid.* p. 7.
68. *Ibidem.*
69. *Ibid.* p. 24.
70. ചാവറ, *ധ്യാനസല്ലാപങ്ങൾ*, *ആത്മാനുതാപം* എന്നിവയിൽ ദൈവവചനം നിറഞ്ഞു നിൽക്കുന്നു.
71. ചാവറയച്ചൻ, *ആത്മാനുതാപം.* II; 361-366.
72. ചാവറയച്ചൻ, *നാളാഗമം*, IA.
73. *Ibid* p.65.

74. F. B. Rurkitt, *History of Eastern Christianity*,London,1904, p.12, Publication
75. Fr.Kuriakose Elia Vadaketh, Aggiornamento Applied to the First Indigenous Religious Congreation of Modern Times, in the Light of Founders spirit, Rome, 1978, (Unpublished Doctoral thesis) Rome, p.113.
76. *ക്രൈസ്തവ വിജ്ഞാനകോശം*, പ്രകാശംപബ്ലിക്കേഷൻസ്,ആലപ്പുഴ,1975, pp.570 ff.
77 ചാവറയച്ചൻ, *നാളാഗമം*, IA , p.351.
78 J.Pospishil, "The Situation of Christianity in Indian Subcontinent' Diakonia, 5 (1970) 244.
79. 1817-ന് ഇടവം1-ാം തിയതി ആസ്ഥപ്പാട്പട്ടം സ്വീകരിച്ചതു മുതൽ 1823 കന്നി 22 ന് കൂർബാന പട്ടം ഏറ്റതുവരെയുള്ള പോരൂക്കരയുടെ ദൈവ പ്രചോദിത സെമിനാരി ജീവിതകാലത്താണ്വനവാസത്തിന്റെആശയംരൂപപ്പെട്ടത്.1822ൽ ആറാംപട്ടം ഏറ്റ ശേഷംകണിയാന്തചാക്കോയുമായി പോരൂക്കര ശംശാന ഈ നിവേശനം പങ്കുവെച്ചു. Cfr. *നളാഗമം*, 1 A, pp.1-2.
80. *സ്ഥാപക പിതാക്കൻമാർ*, 1905, p.27.
81. ചാവറയച്ചൻ, *നാളാഗമം*, IA. pp. 6 – 7.
82. *Ibid*. pp.1-2
83. Acts of Judas Thomas. 20.
84. B. Streeter, The Four Gospels? London1924; Eusebius, Hist.Eccle.V.10, Greek Patrology, XX:453-6 ക്രൈസ്തവ വിജ്ഞാനകോശം, pp. 89-91, *സിറിയായിലെ മൂത്തുകൾ*, 1990, pp. 12 ff .
85. Giamil, Genuine Relationes, p. 85; ഫാദർ. ബർണാർദ്, *മാർത്തോമ ക്രിസ്ത്യാനികൾ* - I, p.193.
86. Giamil, Op.Cit, 1902. P. 683.
87. Migne J.Patrologia Latina ,71, c. 753.
88. ജ്ഞാനാനന്ദ സരസ്വതി, വേദാന്തവിജ്ഞാനം, pp. 578 ff. Jesu Rajan, Bede Griffiths and Sannyasa, Bangalore 1989, pp. 20 ff .
89. Dr. Kallarangatt, *പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ*,(ed), Oirsi, Vadavathoor, Kottayam, 1997, pp. 246 ff.
90. Vadaketh, Aggiornamento, Applied to the First Indigenous Religious Congrigation, pp.86 ff.
91. ചാവറ, *നാളാഗമം*, IA, pp. 6 - 7.
92. *Ibidem.*
93. കാണുക. പൗരസ്ത്യ സഭകളുടെ കാനോനകൾ സഭാ ജീവിതത്തിൽ OIRSI, Vadavathoor, Kottayam, 1998, pp. 341 ff.
94. Dizionario DeglilStituti di Perfezione, Editione
95 The Carmelite Congregation of Malabar, 1932, pp .21, 29, 37, 42, 54, 59, 62, ചാവറയുടെ വീക്ഷണത്തിൽ ആശ്രമം പണി ദൈവജനത്തിനുള്ള ദർശന വീടു പണിയാണ്. Paoline.s.v. Carmelitan Missionario,1975.
96. *ചാവറയച്ചന്റെ കത്തുകൾ*, p. 89.
97. *Ibid*. p.116.
98. ചാവറയച്ചൻ, *ആത്മാനുതാപം I*; 13-44, 113-128, Leopold Beccaro, Servodi Dio. P. Ciriaco Elia Chavara, 1871, Roma, 1974. p. 25.
99. ഫാ. ബർണാർദ്, *കല്ദായ റീത്തിൽ ചേർന്ന കർമ്മലീത്താ സഭയുടെ ചരിത്രം*. മുത്തോലി, 1908, pp.41 ff.
100. 1855 December 8 നു ചാവറയച്ചനെ തുടർന്നു വ്രത മനുഷ്ടിച്ചവരുടെ പേരുകൾ. 1. തോപ്പിൽ വർക്കീസ് അച്ചൻ, 2. പേരുക്കര കുര്യക്കോസ് അച്ചൻ, 3. കൊച്ചുപുരയ്ക്കൽ കുര്യയച്ചൻ, 4. മുഞ്ഞനാട്ട് മത്തായി അച്ചൻ, 5. കളപുരയ്ക്കൽ മത്തായിയച്ചൻ.

6. വല്യാ റയാക്കോച്ചൻ, 7. കണിയാരകത്തു മത്തായിയച്ചൻ, 8. പാലയ്ക്കൽ കുര്യയച്ചൻ, 9. കട്ടകയത്തു പാണ്ടിയച്ചൻ, 10. കളത്തിൽ കുര്യയച്ചൻ, Cf.Ibid.p .47.

101. *The Carmelite Congregation of Malabar*, 1932, cit. p.14, *സ്ഥാപക പിതാക്കന്മാർ*, p. 27, ഫാ.ബർണാർദ് cit.p51
102. ചാവറയച്ചൻ, *ആത്മാനുതാപം* I: 59 II 4-8, 9-288.
103. ചാവറയച്ചൻ, *ആത്മാനുതാപം* II: 4-24.
104. *ധ്യാന സല്ലാപങ്ങൾ*, Fr.Leopold, Servo di Dio...p.15, Carmelite Congregation of Malabar, 1932, p. 34.
105. ഫാ. വലേരിയൻ, *മലങ്കര സഭാ മാതാവിന്റെ ഒരു ധീരസന്താനം*. p. 102.
106. Ibid. p.105; Carmelite Congregation of Malabar, 1932, p. 35.
107. ചാവറ, *ധ്യാനസല്ലാപങ്ങൾ*, p. 2; കാണുക, കല്ലുവീട്ടിൽ,*ചാവറ വ്യക്തിയും സിദ്ധിയും*, 1994, p. 9 ff.
108. ചാവറയച്ചൻ കത്തുകൾ മാന്നാനം, 1990, pp. 153 ff.
109. Fr.Leopold, Servo di Dio..... p.19.
110. ചാവറയച്ചൻ, *നാളാഗമം*, Ernakulam, 2000, pp. 153 ff.
111. *Ibid.* p. 76
112. *Ibid.* p.75
113. *Ibid.* p.76
114. Carmelite Congregation....p. 44-47, p.13.
115. *Ibid.* p .46.
116. ചാവറയച്ചൻ, *നാളാഗമം* CIT, P. 3 , 4,7,9-12,15-16,20-24
117. Carmelite Congregation..... p.21.
118. *സ്ഥാപക പിതാക്കന്മാർ*, p.16.
119. *Ibidem.*
120. Carmelite Congregation..... p.22.
121. *Ibid.* pp. 92 ff.
122. *ചാവറയച്ചൻ നാളാഗമം* ,I A. pp.63 ff.
123. *Ibid.*pp.66 ff.
124. ഫാ. വലേരിയൻ, OP.Cit. P. 87.
125. Assemani J.S. Biblioteca Orientalis, Vol.III Part 2, p.93.
126. *Ibidem.*
127. *Ibidem..*
128. കല്ലുവീട്ടിൽ, *ചാവറ വ്യക്തിയും സിദ്ധിയും*, p. 169.
129. *Ibidem.* P. 170.
130. *Ibid.* p.171.
131. *Ibid.* p.172.
132. പാറപ്പുറത്ത് വർക്കിയച്ചൻ, *നാളാഗമം*.
133. പോരൂക്കര കുര്യാക്കോസച്ചൻ, *സ്ഥാപക പിതാക്കൻമാർ*, മാന്നാനം, 1905, pp. 35 ff.
134. Fr.Leopold Becaro, Ciriaco Elia Chavara, Roma,1974, p. 9.
135. ചാവറയച്ചൻ, *ആത്മാനുതാപം* I: 45 –48
136. ഫാ.ജോൺറോമയോ പാട്ടശ്ശേരി, *വാഴ്ത്തപ്പെട്ട ചാവറയച്ചൻ വ്യക്തിയും വീക്ഷണവും*, എറണാകുളം, 1989, p. 47.
137. കാണുക, Ibid. pp.78 ff.
138. ഡോ. ജോൺ ബ്രിട്ടോ, ദൈവജനത്തിലൂടെ ദൈവാനുഭൂതി, ഇതാ ചാവറയച്ചൻ, കൊച്ചി, 1989, p.11.
139. *Ibidem.*
140. ഫാ. വലേരിയൻ, op.cit. pp.77 ff.

141. Dr.John Britto. op.cit. pp.10.ff
142. കാണുക. ഡോ. ജോൺ ബ്രിട്ടോ, op.cit. pp.78.ff.
143. Dr.John Britto. op.cit. p.12 ff. കാണുക. ഫാ. വലേരിയൻ, op.cit. pp.193.ff, ഡി. സേർജിയൂസ്, *ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ*, തൈവം,1989, pp. 94 ff, ജോൺ ബ്രിട്ടോ, *ഇതാ ചാവറയച്ചൻ*, p. 6.
144. ചാവറയച്ചൻ, *നാളാഗമം* I A.p.65.
145. ചാവറയച്ചൻ, *നാളാഗമം* p.126.
146. Raulin F. Historia Ecclesiae Malabaricae Cum Sinodo Diamperitana, Roma, 1745,p.387.
147. ഫാ. വലേരിയൻ, op.cit. p. 208. ff. ചാവറ, കുനമ്മാവു മഠത്തിന്റെ നളാഗമം, 1-7.
148. Joseph Kanjiramattathil, *The Pastoral Vision of Kuriakose Elias Chavara*, Bangalore, 1986. p. 62.
149. ക്രൈസ്തവ വിജ്ഞാനകോശം, ആലപ്പുഴ,1975, pp. 570 ff.
150. കുര്യാക്കോസ് ഏലിയ, *കിഴക്കിന്റെ സാക്ഷ്യം*, കോട്ടയം, 1990, pp. 101 ff.
151. ക്രൈസ്തവ വിജ്ഞാനകോശം, p. 569.
152. Scriture Originali Riferite Nelle Congregationi Generali,Vol.129:22-23, Migne J.Patrologia Latina, 71C.753; Giamil,Genuine Relationes (Roma)1902, p.683. Zalezki L.M *Apostle St.Thomas, in India*, p. 461.
153. ക്രൈസ്തവ വിജ്ഞാനകോശം, cit. p.571.
154. Giamil, Genuine Relationes (Roma) 1902, p. 683.
155. Migne Patrologia Latina, 71c. 753, ക്രൈസ്തവ വിജ്ഞാനകോശം, pp. 569 ff., കുര്യാക്കോസ് ഏലിയ, *കിഴക്കിന്റെ സാക്ഷ്യം*. pp.101 ff.
156. കാണുക. ക്രൈസ്തവ വിജ്ഞാനകോശം, p. 571.
157. *കുര്യാക്കോസ് ഏലിയാച്ചന്റെ, ചരമ വത്സരങ്ങൾ*, pp. 7 ff.
158. പാറപ്പുറത്ത് വർക്കിയച്ചൻ.
159. ചാവറയച്ചൻ, *ആത്മാനുതാപം*, 2; 141-146
160. *Ibid.* II: 354-364.
161. *Ibid.*I: 122-134.
162. ചാവറയച്ചൻ, *മരണവീട്ടിൽ പാടാനുള്ള പാന* 1- 4.
163. *Ibid.* 114 -116.
164. *Ibidem.*
165. ചാവറയച്ചൻ, കടശിയപേക്ഷ, 15-16.
166. *Ibid.* 35-36.
167. *Ibid.*50, 53, 54, 57-60.
168. *Ibid.* pp. 68 ff, 75 ff.
169. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം* മൂന്ന്, pp. 24 ff.
170. Positio, cit. p. 548;ചരമവത്സരം, pp. 11 - 17.
171. കുനമ്മാവ് നാളാഗമം
172. *Ibidem.*
173. കാണുക, റോമ 13: 8; John 13: 34; 1 John 4: 20, 21; Mt 5: 17;. 22:40; Lk 10: 37.
174. ചരമ വത്സരം, C.I.T, pp. 11 ff .
175. *Ibidem.*
176. *Ibidem.*
177. മഞ്ഞുമ്മേൽ ലൂയീസച്ചന്റെ കുറിപ്പുകൾ.
178. ചരമവത്സരം, pp. 17 ff.

179. *Ibid*, p. 19.
180. മാന്നാനം നാളാഗമം, p. 379.
181. *മരണാനന്തര വൃത്താന്തം*, പാറപ്പുറത്തു വർക്കിയച്ചൻ, pp.14 ff.
182. കൂനമ്മാവ് മഠത്തിന്റെ നാളാഗമം, വാല്യം 1 (p.1) ചാവറ, മാന്നാനം നാളാഗമം p. 1; സി. എം. സി. നാളാഗമം വാല്യം ഒന്ന് 1988, pp. 2: 34.

അദ്ധ്യായം VI

1. Aco. Ponenza Dec.1886. N. 26 f. 3; *Ibid*, Scritture Riferi Nei Congregazione Chaldei,1862-1866, Vol.I.ff.738-742; *Ibid*, Scritture Riferi, Malabaresi 1862-1877, ff 38 sq.
2. Aco.Scritture Originali, 1865-1866 ff. 596 - 597.
3. വത്തി.2. L G. 23, O.E. 2, 5, 6, 3; U.R.14 -15, 17. കാണുക, സേവ്യർ കൂടപ്പുഴ, *സഭാവിജ്ഞാനീയം*, oirsi, കോട്ടയം 1988, pp. 236 ff; W.J. Baker, *Implications of Collegiality, In Jesuit*. 24 (1964) pp. 249 ff.; O Clement, *Orthodox Ecclesiology*, on Ecclesiology of Communion, OC 6 (1970) p. 101.ff.
4. *ദൈവ ശാസ്ത്ര നിഘണ്ടു* Oirsi, 1996, s.v. *സഹോദരീ സഭകൾ*.
5. കതിരൊളി സെപ്റ്റംബർ - ഒക്ടോബർ, 1983, pp. 281-300.
6. സേവ്യർ കൂടപ്പുഴ, *സഭാവിജ്ഞാനീയം*, pp.149 ff; *ദൈവശാസ്ത്ര നിഘണ്ടു*, cit .s.v. തിരുസഭയുടെ ലക്ഷണങ്ങൾ; വത്തി.2 L.G 7,കാണുക മത്താ. 1:1-25, ലൂക്കാ 3: 21-38.
7. Aco.*Scritture Originali*, 1865 -1866. ff. 596 –7.
8. Aco. Ponenza Dec.1886. N 26 ff.3.
9. Placid J Podipara, *The Hierarchy of the Syro-Malabar Church*, Prakasam publications, Alappuzha,1976,pp.170 ff.
10. *Ibidem*.
11. *Ibidem*.
12. C.M.I നിയമാവലി & ഡിറക്ടറി, 1984, K.C.M. Press, Ernakulam, p. 5.
13 *വത്തി2. L.G.7, കാണുക ദൈവശാസ്ത്ര നിഘണ്ടു, s.v.പൗരസ്ത്യദൈവവിജ്ഞാനീയം, സവിശേഷതകൾ; സേവ്യർ കൂടപ്പുഴ, pp 366-375, പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ, ഡോ. കല്ലുങ്കാട് (ed) Oirsi. Kottayam, 1997. pp.311 ff; 754 ff, 1031, Vat.2 O.E. 2;* Cardinal Ratzinger, *Church Eccumenism and Politics*, New york,1987, p.3 ff.; Joseph Ratzinger, *The Pastoral Implication of Episcopal Collegiality, Concilium*,1965, pp.25 ff; J.Rimmers. *Apostolic Succession an Attribute of the whole Church in Concilium* Vol. 4, No. 4; 1968, A-26; വത്തി 2. UR.16.
14. കാണുക, *ആത്മാക്കളുടെ വിവേചന ഇന്നത്തെ ഭാരത സഭയിൽ* , വടക്കേത്ത് ഏലിയാ മല്പാൻ, കതിരൊളി, സെപ്റ്റംബർ - ഒക്ടോബർ 1983, pp.281-299.
15. കാണുക. *The Uniquness of Isho Mesiha in the Indegenous Nazranee Ashram Life*, Xavier Koodapuzha (ed.), *Eastern Theological Reflections in India*, Oirsi, Vadavathoor, 1999, pp.134 ff.
16. വത്തി.2. L.G. 23; OE. 2, UR. 15.
17. John Paul II, Homily During Beatification, 8 – 2 – 1986.
18. വത്തി 2. O.E.3.
19. *Ibidem*.
20. Scritture Orginali Dei Cong. Gen. Per Gli Affari Orientali. 1865 – 1866.

21. *Ibidem.*
22. *Ibidem.*
23. *Ibidem.*
24. Aco. Scritture Orginali.1865 -1866, ff. 596 – 7.
25. വത്തി 2. S.C.13.
26. ഫാ.വേലരിയൻ, *മലങ്കര സഭാ മാതാവിന്റെ ഒരു വീണ്ടെടുപ്പ്*, p. 315.
27. ചാവറയച്ചൻ സഭാംഗങ്ങൾക്കെഴുതിയ ഒരു സർക്കുലർ, *സമ്പൂർണ്ണ കൃതികൾ, കത്തുകൾ*, വാല്യം 4, മാന്നാനം, 1982. p. 97
28. Positio, Cyriaci Elia Chavara,
T.P.U.,MCMLXXVII, p.XLVII.
29. പ്ലാസിഡ്, *നമ്മുടെ വീഥി*, മാന്നാനം.1951, p.130.
30. Placid Podipara, *The Hierarchy of the Syro-MalabarChuch*, Alleppy, 1976, pp.164ff. Cfr.Varkey Vithayathil, *The Orgin and the Progress of the Syro-Malabar Hierachy*, Kottayam.1980.pp.7ff.
31. ഒന്നാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിനു മുൻപ (1809) ചാവറയച്ചൻ കർമ്മലീത്ത നിഷ്പാദുക ഒന്നാം സഭയുടെ ആരംഭ ജനറാളിനു എഴുതിയിരുന്നു cfr. *The Hierarchy of the Syro Malabar Church*, cit. p.170.
32. *CMI നിയമാവലിയും ഡിറക്ടറിയും* 1984, കൊച്ചി p. 8.
33. വത്തി.2 S.C.7.
34. വത്തി2. L.G.23.
35. വത്തി2. O.E.2.
36. *Ibidem*..cfr.Leo IX, Intera Pax (1053) 'Ut Enim, Appostolica Littera, Orientalium Digntas, No.30,1894, Introductio.
37. വത്തി.2. O.E.3.
38. *Ibid.* O.E.3 അടിക്കുറിപ്പ്, U.R 16, 17.
39. മാത്തിക്കുന്നേൽ മാണി കുര്യന്റെ സാക്ഷ്യം, ഫാ.വേലരിയൻ, op.cit. p. 242.
40. *Ibid.* p.267,274.
41. സേവ്യർ കുടപ്പുഴ, *ഭാരതസഭാ ചരിത്രം*, കോട്ടയം, 1980, p.415, കാണുക, ഫാ. പ്ലാസിഡ്, നമ്മുടെ വീഥി.
42. Positio, cit. p. XLW.
43. *ചാവറയച്ചൻ ആത്മാനുതാപം*, I: 13-16.
44. *Ibid.* I:1-4.
45. *ചാവറ വിജ്ഞാപനം*, മാന്നാനം, 1812.
46. കാണുക. CCEO 27, വത്തി.2. O.E. 2, 3; L.G 23; U.R.15, 16; S.C.10 -13; cfr.LeoIX, In terra Pax (1053); Ut enim; Innocent III, IV Lateran Synod (1215); cfr. IV: Licet Graecos, Letter inter Quator, Aug.2, 1206: Postulasti Postmodum; Innocent IX, Letter Cum de cetero, Aug.27, 1247, Letter Sub Catholicae, May.6, 1254, Intro, Nicholas III, Letter Istud est Memoriale , Oct.9, 1278; LeoXIII, apostolic letter ...para.5, Clement VIII, constitution Magnus Dominus, Dec.23,1595, para.10; PaulV, Constution Solet circumspecta, Dec,10,1615, para 3; Benedict XIV, Encyclical letter Allatae sunt, June,26,1775. p.3, 6-19, 32, Pius VI, Encyclical letter Catholica Communionis, May 24, 1787; Pius IX, Letter, In Suprema, June 6, 1848 P.3 ;apostolic letter Ecclesiam Christi Romani Pontificis, Jan 6, 1862; Leo XIII, Apostolica Littera- Praeclara, June,20,1894, No,7; Apostolic Letter Orientalium Dignitas. Nov.30,1894, Intro. വത്തി.2. OE,No.2 അടിക്കുറിപ്പുകൾ, 12 ൽ കൊടുത്തിരിക്കുന്നവ .
47. വത്തി .2., OE, 4, 5.

48. P.J.Podipara,*The Rise and Decline of the Indian Church of the St.Thomas Christians*, Vadavathoor, Nov. 26, 1985; *The Conslitution and Progress of the Syro-Malabar Hierarchy*, Kottayam,1980. pp.110 ff.സഭാ ചരിത്രം പൌരസ്ത്യ കേരള സഭാ 19-ാം നൂറ്റാണ്ടിൽ, oirsi, Kottayam, pp.116 ff.; cfr.ACEO, Archives of the Sacred Congregation Scritture Riffereti, Malabarese, 1862-77, f. 400; T.Vellilamthadam,*Territorial Descrimination in Christian Orient*, 1984, Vol.IV, No1-2, pp. 82 ff.;Thomas Kathanar Koonamkkal, *The Liturgical Crisis in the Syro-Malabar Church, in Christian Orient*, 1998,Vol.XIX, No.2, pp. 64 ff.
49. സെബാസ്റ്റ്യർ കുടപ്പുഴ, *സഭാ വിജ്ഞാനീയം*, Oirs, Kottayam,1988,pp.371 ff; Placid.J.Podipara, *The Hierarchy of the nSyro-Malabar Church*, Prakasam Publications, Aleppey,1976, pp.194 ff.
50. Andrews Thazhath, *The Juridical Sources of the Syro-Malabar Church*, oiris, Kottayam,1987, pp. 8-63.
51. *Ibidem*.
52. George Kaniarakath,CMI, *Person and Faith of Apostles Thomas in the Gospels*, Intercultural Publications, NewDelhi, 2000,p.103;Cfr.Andrews Thazath, op.cit. pp.36 ff; Cfr. സെബാസ്റ്റ്യർ കുടപ്പുഴ, *സഭാ വിജ്ഞാനീയം*, pp. 278 ff; CN.Ludwig Ott, *Fundamentals of Catholic. Dogma*, Illinois, 1974, p.398, കാണുക *മാർത്തോമാ മാർഗം*, S.V. *The Law of Thomas*, *ദൈവശാസ്ത്ര നിഘണ്ടു* ed Joseph Kallarangattu, Kottayam 1996.
53. ഫാ. ബർണ്ണാർദ് തോമാ, *മാർത്തോമാ ക്രിസ്ത്യാനികൾ*, പെല്ലിശ്ശേരി പബ്ലിക്കേഷൻസ് 1992, pp.100, 102, 181-182, 307-308; Vincens Maria, Il Viaggio Alle Indie Orientali Li.11. e.133, Rome,1672.
54. Giamil Samual, *Genuine Relations inter Sedem Apostolicem et Assyrorum Orientalium seu Chaldeorum, Ecclesiam*, Romae,1902,pp.574,cfr.Schurhammer, George, *The Malabar Church and Rome During the Early Portuguese Period*, Trichinopoly,1934,p.8.
55. Placid J.Podipara, *The Rise and Decline of the Indian Church of the Thomas Christians*, oirsi, Kottayam, 1979, p.10.
56. Pop Pius IX, Romani Pontifices,1923, cited, Varkey J.Vithayathil, *The Origin and Progress of the Syro-Malabar Hierarchy*.oirsi,Kottayam, 1980,p.13.
57. Placid J.Podipara, *The Hierarchy of the Syro-Malabar Church*, Prakasam Publications, Alapuzha,1976,pp.152,161 ff.
58. Fr.Bernard Thoma, Kottayam,1992, pp.102 ff.
59. Placid J.Podipara, *The Hierarchy of the Syro-Malabar Church*, p.28.,Varkey J .Vithayathil, op.cit.p.14.
60. *The Rise and Decline of the Indian Church of the Thomas Christians*, pp.10 ff.
61. *Ibid*,pp.13 ff.
62. *Ibid*.pp.16 ff.
63. Varkey J Vithayathil *op.cit*.pp.2 ff.
64. *The Rise and Decline*,cit pp.23 ff, Varkey J Vithayathil op.cit. pp.20 ff.
65. Placid J.Podipara, *The Hierarchy of the Syro-Malabar Church*,cit. pp.152.161.
66. Pope John Paul II, Orientale Lumen 1995. p.2.
67. *Ibidem*.; cfr, വത്തി.II, UR .4.
68. Pope John Paul II, *op.cit*. p.5.
69. വത്തി.2,OE.6; വത്തി.2, AC.2.
70. വത്തി.2, P.C.2, a, b, c; cfr. വത്തി.2..OE.6, വത്തി.2,UR.14-15; Vadaketh Doctoral Thesis (unpublished), *Aggiornamento Applied to the First Indian Religiuous Congregation of Modern Times in the Light of the Founder's spirit*. Teresianum, Roma,1976, pp.173 ff.

71. Archives of the Sacred Oriental Congregation, Rome,Scritture Riferit, Malabarsi, 1862-1877, f. 400.
72. Ambrosius a.s.Theresa OCD Heierarchia Carmelitana IV, Rome,1934, pp.277 ff.
73. *Ibid*, Scritture Riferit, Malabarese, 1878-1889, f.143.
74. ഫാ. ബർണ്ണാർദ് *op.cit*.pp.271 ff;cfr. N.A. Thomas, *ഏഷ്യായിലെ മാർതോമാ സഭകൾ*, തിരുവനന്തപുരം, 1985, pp.677.
75. Archives of the Sacred Oriental Congregation ,Rome, Scritture riferit, Malabaresi,1862-1877,f. 400; cfr.Ambrosius a.s. Theresa OCD,*op.cit*.277.
76. Letter to the Holy Father ,Mannanam, March,1886, File No.15, pp.151-163.
77. കാണുക. വത്തി.2. P.C.2,a,b; *Ibid*.O.E. 6.
78. Cfr. Thaliath Jonas, T.O.C.D., *The Synod of Diamper*, OCA 152, Rome, 1958; Fr.Valarian ,op.cit. p.109; *The Carmelite Congregation*, Trichinopoly,1932, pp. 45 ff. (1908, pp. 81 ff) ബർണാർദ് അച്ചൻ, *കൽദായ സുറിയാനി റീത്തിൽ ചേർന്ന മലയാളത്തിലെ മൂന്നാം സഭയുടെ ചരിത്രം*, 1908, pp. 81 ff.
79. Letter to the Holy Father, Mannanam.1886, f-15, pp.151 ff; cfr.1955 ലെ പ്രമാണരേഖയും, പേരു മാറ്റുന്നതും മറ്റും.
80. A.M.Mundadan.CMI, *Indian Christians Search for Identity and Struggle for Autonomy*, Dharmaram Publications, Bangalore,1984, pp. 81.82, 202 ff.
81. Archives of the Congregation for Oriental Churches, Propaganda Fide, Sectione, Ponenze, 1876, p.176; cfr. Archives of the Congregation for Oriental Churches, Propaganda Fide Sectione Sacred Congregation Malabaresi, 1802-1877, fol.384 B.V.
82. Archives of Congregation for Oriental churches, *Ibid*, Ponenze,I ;876. p.749; cfr.*ibid*.Fonde Leone. 1879-1912, Malabaresi Fase,3, Feb.13.
83. Fr.Valerian, op.cit, pp. 230 ff.
84. *Ibid*.pp.315 ff.
85. ഫാ. സെഡ് എം. മുഴൂർ, *അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ*, കാർമ്മൽ പബ്ലിക്കേഷൻ സെന്റർ തിരുവനന്തപുരം 2003, pp. 273 ff.
86. Fr.Valerian, *മലങ്കര സഭാ മാതാവിന്റെ* pp. 217 ff.
87. കൂര്യാക്കോസ് ഏലിയാച്ചൻ, *ഗിരിധ്യാനം*, oirsi, കോട്ടയം 1983, pp. 10 ff.
88. Pope John Paul II, Beatification and Qurbana, Kottayam,1984, pp.21 ff.
89. A.M.Mundadan CMI.,*op.cit*. p.34.
90. Fr.Bernard,CMI. *op.cit*.p.395.
91. Gabriel M.Brasso, *Liturgy and Spirituality*, Collegeville, Minnesota, 1971, pp.231ff.
92. Pope John Paul II, Orientale Lumen, No.2.
93. Joseph Jungman, *The Place of Christ in Liturgical Prayer*, Statan Island, N.Y. 1964, pp.69 ff.
94. ചാവറയച്ചൻ അലക്സാണ്ടർ ബാർബോസായിക്ക് അയച്ച കത്ത്, 1969.
95. A.M.Mundadan, *op.cit*. pp.189 ff; cfr. Joseph Kanjiramattathil, *The Pastoral Vision of Kuriakose Elias Chavara*, Dharmaram, Publications, Bangalore, 1986, p.4.
96. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, കത്തുകൾ, cit*. pp.5-11 ഫാ. ബർണ്ണാർദ്, *op.cit* pp.724 ff.
97. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, കത്തുകൾ, cit*. pp. 83 ff.
98. *Ibidem*.
99. *Ibidem*.
100. *Ibidem*.

101. ACO.Ponenza, Dec.1886 No.26 f. 3;
102. ACO.Scritture Originali, . 1865-1866 ff. 596-597.
103. മാറോക്കൂടന്റെ സമുദ്ധരണ കൂടികൾ, കത്തുകൾ Vol.IV, pp. 83 ff.
104. *Cft* Ibidem., cfr. Placid J Podipara, *The Hierarchy of the Syro-Malabar church*, pp.163 ff.
105. ACO. Scritture-Originali (1802-68), Originali della Ponenza Chaldei-Malabar. (Feb.1865)
106. *Ibidem.*,
107. cfr. ACD. "Ponenze, Dec. 1886 (No.26) p.3.
108. Propaganda Fide, Archives SC Ind 17. Fol.1880 R, 1881 R, cited in Fr.Charles. Payngott, *മലബാർ സഭ പുതിയ വെളിച്ചത്തിൽ*, Denha Services, Kottayam,1995, p.133, Note 65.
109. *Ibid*, p.137; N.67; Fol.1880 V.
110. *Ibidem.*
111. Archives of Cong. for Oriental Churches PF,Sectione SC. Malabaresi 1862-1887 ff. 264 R, Cited, Fr.Charles Payngott, *op.cit.* N.70; P.135.
112. *Ibid.* Ponenza, 1973 pp.676-677, cited- *മലബാർ സഭ പുതിയ വെളിച്ചത്തിൽ*, p.137.
113. *Ibid*,pp.673-677.
114. *Ibid.* pp. 670 – 671.
115. *Ibid.* SC Malabaresi, 1862 –1877, Fol.384.R.V.,Propterea notum facio Eminentae Vestrae quod bonum erit ut hic duo Episcopi praesint, unus Eccleriae Latinae ,et alter Ecclesiae Syriacae, ita, ut abscondiatur desiderium proprium Episcopum habende et sic communiro cum Babilonies omnino interdictatur, quoted in *മലബാർ സഭ പുതിയ വെളിച്ചത്തിൽ*, p.149.
116. Archives of the Cong. for Oriental Churches, P.F.Section Ponenze, 1876, p.176.
117. Fr.Charles Paingott, *മലബാർ സഭ പുതിയ വെളിച്ചത്തിൽ*, cit. p.137.
118. *മാറോക്കൂടന്റെ സമുദ്ധരണ കൂടികൾ, കത്തുകൾ, cit.* p.6.
119. Ibidem.
120. Jonas Thaliath, *op.cit.*1958.
121. *മാറോക്കൂടന്റെ സമുദ്ധരണ കൂടികൾ, കത്തുകൾ*, cit. p. 9.
122. *ഞങ്ങൾ മർത്തശമൂനി ഇൗഹായിൽ നിന്നു വിശ്വാസം സ്വീകരിച്ച മർത്തശമൂനി ക്രിസ്ത്യാനികളാണ്* *Ibid.* p.29.
123. *Ibid.*pp.10,11.
124. *Ibid.* p.142.
125. *Ibid.* p.137.
126. *മാറോ മക്കാറിയോസ്*, 1871-1971, *സ്വകാര്യൻ പബ്ലിക്കേഷൻസ് ആലുവ*, 1970. p.5.
127. *മാനാനം, സ്മരണിക* 1A.p.65.
128. Pope John Paul II, Beatification.*cit.* pp.27 ff.
129. Cfr. Rev.Kurian Mathoth, *Blessed Father Kuriakose Elias Chavara*, Pastoral Service Centre, Palai,1988. p.28.
130. *മാറോ, ആത്മാനുതാപം* I:113-140 *ധ്യാന സല്ലാപങ്ങൾ*
131. *ഫാ.വലേറിയൻ op.cit.* p.42.
132. *Ibid.* pp.85 ff.
133. *മെത്രാന്മാരുടെ യോഗ്യത നിശ്ചയിക്കാനുള്ള അധികാര പത്രം, കാണുക ഫാ.വലേറിയൻ op.cit* (1939)p.161.
134. *ഫാ.വലേറിയൻ, op.cit.*pp.208 ff.

135. *Ibid.*pp.136 ff.
136. *Ibid.*pp.89 ff.
137. *Ibid.*pp.160 ff.
138. *Ibid.* pp.205 ff.
139. Prf. P.T. Thomas, ചാവറ പതെ ശതാബ്ദി.*cit.* pp. 22 ff.
140. കുര്യാക്കോസ് ഏലിയാച്ചന്റെ പതെ വത്സരങ്ങൾ, p.17.
141. നളാഗമം I,A.p.65, കാണുക ഫാ.വലേറിയൻ, *op.cit.* pp.41, 289.
142. *Ibidem.*
143. 1864-1871 വരെയുള്ള ആലോചനകളും, സംവേങ്ങളും, pp. 91.
144. ചാവരുൾ, pp.3 ff.
145. ചാവറ നളാഗമം, p.367.
146. ഫാ.വലേറിയൻ, *op.cit.* p.288.
147. ആലോചനകളും, സംവേങ്ങളും, pp.91 ff.
148. വത്ത്2,.O. E 2.
149. *Ibid*, 3.
150. വത്ത്2, L.G9.
151. വത്ത്2, L.G 23; O.E.2,4; *cit.*Propaganda Fide Ponenze 1876, p.176, Fr.Charles P.F. section Ponenze 1872, p.179. cited in മലബാർ സഭ പുതിയ വെളിച്ചത്തിൽ, pp.139 ff. C.E.O.Fonti, Serie II Fasc, IX, Roma, 1940. pp.13-15.
152. ചാവറയച്ചൻ, കത്തുകൾ, *cit.* pp.5 ff.
153. *Ibidem*.
154. Varkey J.Vithayathil, op.cit. pp.25 ff. Bernard Thomea, *The St.Thomas Christians* (mal.) Vol.II, Mannanam, 1921, pp. 220 ff.; I.C.Chacko, *Louis and his Time* (mal.) Trivanduram, 1937, p.129; cit. Dr. Kallarangattu, ദൈവശാസ്ത്ര നിഘണ്ടു s.v, ഏഴു വ്യാകുലങ്ങൾ Aco, Scritture Rifer, Malabaresi, 1862-1867, f.199.
155. N.A.Thomas, ഏഷ്യയിലെ മാർതോമാ സഭകൾ,1985, വാല്യം 2, pp.10 ff.
156. Travancore State Manual, 1906,Vol.II.p.147.
157. P.Thomas, *Christians and Christianity in India*,1964,p.90.
158. N.A.Thomas, *op.cit.*pp.132 ff.
159. A.C.O. Ponenza Dec.1866 N26,f.3;*ibid* Seritture rifer, nei Congr.Caldei 1862-1866;Vol.I ff. 738-742.
160. I.C.Chacko. *op.cit.*p.166.
161. "Allepo Il Priore e populo Dei vicariato di monks sperdito varii supliche per seperzione vescovo-intanto arichivescovo novina nostro convento ei pesequita severamente non possiamo soffrire alcun vescovo ecceto Verapoli e Quilon fino a dicisione + Il Priore" Ibidem.
162. Fr.Placid, *The Hierarchy*, *cit.* p.171.
163. M.O. Joseph, കേരള ക്രിസ്ത്യാനികൾ, കൊച്ചി, 1972.,p.202.
164. *Ibidem*.
165. Fr.Placid, *The Present Syro-Malabar Liturgy, Menezian or Rozian, in Orientalia Christiana Periodtica* (1975) 23, 313-331; cfr. J.Vellian, *The Vicissitudes of the Syro-Malabar Liturgy Down the Centuries*, in Orientale Christeana Analecta (1970) 186, 13-14 "ലത്തീൻ മേലധ്യക്ഷന്മാർ വഴി നടപ്പാക്കിയ ലത്തിനീകരണമാണ് ചാവറ ചെയ്തത്, A.C.O. Lettere e Decreti Vol II, 1864-1865)p.419v.; cfr. Varkey Vithayathil, op.cit. p.20, 50, 51, cfr. ചാവറയച്ചൻ, കത്തുകൾ, Vol. IV, Mannanam, 1982, pp.82 ff; Fr.Leopold, op.cit. p.VI. Decrees and Statutes of the Vicariate of

Verapoly (1879)p.31;Rev.Dr.T.Puthiyakunnel, *Syro-Malabar Clergy*, Ernakulam,1964, p.68 ff. Leonard Mgr. *Decrees and Statutes*, cfr. Vic.Apost.of Verapoly, Manjumel,1879, pp.31 ff; Arch.Prop.Ponenza, 30th Jan.1854.

166. Archives of the Congregation for Oriental Churches.S.C. Malabarese. 1862-1877, Fol.476R-477V; cited in Dr. Charles Paingottu, മലബാർ സഭ പുതിയ വെളി ച്ചത്തിൽ. pp.153 ff.
167. *Ibid*.pp.155 ff;cfr.Archives,P.F.Section S.C.Malabararesi, 1802-1877.fol.252 V-253R
168. Archives of the Congregation for Oriental Churches, 1877.Ponenze.Lugtio Originali, Dr. Charles Paingottu, മലബാർ സഭ പുതിയ വെളിച്ചത്തിൽ. p.176.
169. *Ibid*. p.178.
170. Dr.Placid Podipara, മാർതോമ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും, cit. p.66.
171. Dr.Placid Podipara, നമ്മുടെ റീത്ത്, മാന്നാനം 1951, p.130.
172. Archives S.C.Malabaresi, 1878-1889, Fol.812 R-813V.
173. *Ibidem*.

അദ്ധ്യായം VII

1. Archives of the Congregation for Oriental Churches Ponenze - 1877- p. 595-637; No 75 editer in ഡോ. ചാൾസ് പൈങ്ങോട്ടു, കേരളസഭ 19-ാം നൂറ്റാണ്ടിൽ O I R S I കോട്ടയം, 1997, pp. 74 ff.
2. *Ibid* p. 75.
3. *Ibidem*.
4. *Ibid* p. 76.
5 *Ibidem*.
6. *Ibid* p. 74.
7. ഡോ. ചാൾസ് പൈങ്ങോട്ട്, മലബാർ സഭ പുതിയവെളിച്ചത്തിൽ p.146
8. ചാവറയച്ചൻ, സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p.82.
9. *Ibidem*.
10. Joseph Kanjiramattathil- *The Pastoral Vision of Kuriakose Elias Chavara*, Bangalore, 1986, pp. 29, 61 ff.
11. Manu VI. 2.
12. P.V.Kane, *The History of Dharma Sastras*, Poona,1946, p.423.
13. B.Streater, The Four Gospels, London,1924.
14. Acts of Judas Thoma.20; cfr. Martin Gialore, *St.Thomas the Apostle of India*, Kottayam, 1990, pp. 9 -16.
15. cfr.S.Schivietz, *Das Morgen Lacndische Moenchtun*, Bd III, Modling beim Wien, 1938, ch. 3.
16. cfr. Kottayam,1990, pp.12 ff,16.
17. ഫാ. കുര്യാക്കോസ് ഏലിയ, CMI, കിഴക്കിന്റെ സാക്ഷ്യം, Denha Services, Kottayam, p. 200.
18. ക്രൈസ്തവവിജ്ഞാന കോശം, പ്രകാശം പബ്ളിക്കേഷൻ, ആലപ്പുഴ 1775, p. 569.
19. *Ibidem*.

20 *Ibidem.*
21. *Ibidem.*
22. *Ibid* 570 Cfr.Raulin F.Historiae Ecclesiae Malabarichae cum Synodo Diamperitena.(Roma) 1745, p.387.
23. മാന്നാനം, *നാളാഗമം*, A .p.1.
24. Archives of O.C.G. 1884,ponenze,12-5-1884 VII; cited in ഡോ.ചാൾസ് പൈങ്ങോട്ട്, *കേരളസഭ പത്താമ്പതാം നൂറ്റാണ്ടിൽ*, pp. 116 ff.
25. *Ibid.* p. 120.
26. *Ibid* .pp. 121, 121.
27. *Ibid.* p. 121.
28. *Ibidem.*
29. *Ibid.* pp. 121 ff., Cf. Archives of OC S C Malabaresi 1878-1889 1160 V 1168 R, 1303V.
30. ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ, കത്തുകൾ Cfr. Archives PF Ponenze 1876 pp. 718-719, Cited in ഡോ. ചാൾസ് പൈങ്ങോട്ടു, *കേരള സഭ പത്താമ്പതാം നൂറ്റാണ്ടിൽ*, മൊയ്റിന്റെ കത്തുകൾ, pp.72 ff.; പൈങ്ങോട്ടു, ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട്, pp. 122 ff:.
31 Archives of O.C Sor 1884 Ponenze 12.5. 1884, Cited in ഫാ. ചാൾസ് പൈങ്ങോട്ടു, *കേരളസഭ പത്താമ്പതാം നൂറ്റാണ്ടിൽ*, ഇഗ്നേഷ്യസ് വേർസിക്കോയുടെ റിപ്പോർട്ട്.
32. *Ibid.* p.121, 56.
33. *Ibid.* p. p. 127 ff.
34. *Ibid.* p 12
35. *Ibid.* p 123.
36. *Ibid.* p 129.
37. CCEO 28 1 cfr CIC 111 373
38. *The collected work of St.Teresa of Avila*,(tr.) Kierare Kavanaugh, OCD, Bangalore,1982, pp.11, 77.
39 ഫാ. വലേരിയൻ, *വന്ദ്യദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാച്ചൻ* (സഭാതനയൻ) മാന്നാനം, 1939.
40 Cfr. Dizionario Enciclopedia di Spiritualita, Editioni Studium, Roma 1975, S.V. Carmelitani V.orgazione Liturgica;Decreta Capituli Specialis O.C.D. 1968, 82-120; Fr.Placid J Podipara. *Reflections on Liturgy*, Oirsi, Kottayam,1983, p.23.
41. ഫാ. വലേരിയൻ *opcit.* pp. 218 ff.
42. *Ibid* p.p. 218 ff
43. Geofrey Ashe, *Elias Prophet and Saint*, Carmelite press, Whitefriars Fauerslerns, Kent,1977, p.150.
44. 43.*Ibidem.*
45. 44. *Ibidem.*
46. 45. *Ibidem.*
47. 46. *Ibid* p.16.
48. 47. *Ibidem.*
49. 48. *Ibid*, pp16 ff.
50. *Ibid*, p. 20.
51. 50 The Camelite Order, *A short History* by Geofrey Ashe, 1977, p. 1 ff.
52. Elias.*op.cit.* p.28.

53. Letter of the Holiness Pius XII for the occasion of the Seventh Centenary of the Brown Scapular, February 11,1950, in Most Rev.E.K.Lynch, OCarm, the Frairs of Carmel, the Scapular. Aylesford-Kent, 1955, pp.VII ff.
54. *The Carmelite Order*. P.19.
55. *Ibid*.p.30
56. *Ibid*.pp.36 ff.
57. *Ibid*.pp.37 ff.
58. Elias, *op.cit* pp.5 ff.
59. *Ibid*.pp.7 ff
60. I.C.Chacko, *op.cit*. p.165.
61. Geofrey Ashe, *The Carmelite Order*, cited. pp.9 ff.
62. *Ibid*. pp.6 ff.
63. *Ibid*. p.8.
64. *Ibidem*.
65. ഫാ. വലേരിയൻ, op.cit. p.105, 109. കാണുക. *The Carmelite Congregation of Malabar*. Cited p.34.
66. 1.Moriones, *The Teresian Carmelite*, Rome,1972.
67. P.Hippolite Delas. S. Farmilia, La Consulta Estudio –historico, in Monte Carmclo, 77 (1969) pp.153 ff. pp. 341 ff.
68. Moriones, *op.cit*. pp.118 ff, 167 ff.
69. തെരേസ്യൻ സിദ്ധി, ഭാരതത്തിലെ ആധുനിക ഏതദേശിയ ആശ്രമ സമൂഹമായ അമലോത്ഭവ ദാസസംഘത്തിനു നൽകിയത് അന്നത്തെ കർമ്മലീത്താ ഭരണാധികാരികളാണ് ചാവറയുടെ മരണപത്രികയിൽ പറയുന്നത്: പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദൈവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയിൽ അല്ലാതെ മനുഷ്യ നടുത്ത വിചാരത്താലല്ലായെന്നു ഇതു കടലാസ് എന്നു കാണുവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ. പാലയ്ക്കൽ, പോരുക്കര എന്ന തോമ്മാച്ചന്മാരു അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും, ശു. ദുമ്മനിക്കോസിന്റെ സഭക്കാരാകണമെന്നത്രെ. പെ. ബ. വികാരി അപ്പസ്തോലീക്കാ അച്ചന്റെയും നമുക്കു ദലഗാത്തായി കല്പിച്ചു തരുന്നു പെ.ബ. മൂപ്പച്ചന്റെയും മനസിനും ദൈവത്തിന്റെയും ഇരുവരുടെയും കല്പനകൾക്കും വിരോധമില്ലാത്ത സകല കാര്യത്തിലും ശേഷമുള്ള പെ. ബ. മിസ്യോ മൂപ്പച്ചന്മാരുടേയും ചൊവിളിക്കും നിങ്ങളെത്തനെ കീഴ്വഴക്കി ഈ മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം.. പെ. ബ. ബർണർ ദിനോസ് മെത്രാപോലിത്താച്ചൻ, പിലിപ്പോസ്, മാർസിസ്സുലി നോസ്, ലെയോപ്പോൾദ് എന്നീ നാലു ആളുകളും വഴിയായി ഈ ശുദ്ധമാക്കപ്പെട്ട സഭയിൽ നമ്മെ ചേർക്കുകയും..(ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, കത്തുകൾ, വാല്യം നാല്, മാന്നാനം 1990, pp.101 ff. Cfr അമലോത്ഭവയായ ഭാഗ്യപ്പെട്ട കന്യാമറിയത്തിന്റെ മലയാളത്തിലെ നിഷ്പാദുക മൂന്നാം സഭക്കാരായ സഹോദരന്മാരുടെ സഭയുടെ ചട്ടവും നിയമങ്ങളും, തേവര, 1944 ഖണ്ഡിക 3; കാണുക ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, ആത്മാത്മിക കൃതികൾ വാല്യം മൂന്ന്, മാന്നാനം 1986 p. 13 കാണുക ഡോ. ചാൾസ് പൈങ്ങോട്ട്, മൊയിറിന്റെ കത്തുകൾ Cited, pp. 72 ff. അമലൊത്ഭവ മാതാവിന്റെ ദാസസംഘം എങ്ങനെ കർമ്മലീത്താ മൂന്നാം സഭയായി എന്നതിനെക്കുറിച്ചും മറ്റും, പിന്നീട് സ്ഥാപകസിദ്ധിയെക്കുറിച്ചും പ്രതിപാദിക്കുന്നിടത്തു വിശദമാക്കാം.
70 ഡോ. ചാൾസ് പൈങ്ങോട്ട്, *മൊയ്റിന്റെ കത്തുകൾ*, pp. 72 ff; Cfr. Archives of Congre S.C Malabarei, 1878-1889,1224 V, Cfr ഫാദർ ചാൾസ് പൈങ്ങോട്ട്, *മലബാർ സഭ പുതിയവെളിച്ചത്തിൽ*, Cited, pp. 132 ff.

71. ചാവറ ആത്മാനുതാപം III 15,16.
72. II 6 മൂകളിൽ പ്രതിപാദിച്ചത്.
73. അമ്മത്രേസ്യ, ആഭ്യന്തരഹർമ്മ്യം, (വിവർത്തകൻ) ഫാ. ഹെർമ്മൻ ഒ.സി.ഡി. തിരുവനന്തപുരം 1965, pp. 87 ff.
74. Cfr. Mother Theresa, *Life*, 20 Mother Theresa, *Incterior Castle* VI ;6, Mother Theresa, *Interior Castle* V 1.
75. Justin Panackal, O.C.D. *Intimacy with God*, Pontifical Institute Publications, Alwaye, 1993, pp. 71 ff.
76 ആത്മാനുതാപം III, 1- 21, ചാവറയച്ചൻ, അനുബന്ധം (മൂന്നാം ഖണ്ഡിക, 1-4)
77 ചാവറയച്ചൻ, *ധ്യാന സല്ലാപങ്ങൾ*, ആധ്യാത്മിക കൃതികൾ, 1986, മാന്നാനം p. 16.
78. ധ്യാന സല്ലാപങ്ങൾ p. 24.
79. *Ibid* p. 25.
80. *Ibid* p. 25.
81. *Ibid* pp. 25 ff.
82. *Ibid* pp. 26 ff.
83. ചാവറയച്ചൻ ആത്മാനുതാപം III: 1- p 8. 14, 15, 25 ff.
84. ഫാ. ഹെർമ്മൻ *op cit*—92
85 ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ, കത്തുകൾ, p 99.
86. ആഭ്യന്തരഹർമ്മ്യം, See 413, ഫാദർ ഹെർമ്മൻ, P. 93.
87. Justin Panackal, O.C.D. *op.cit.* pp.75 ff.
88. cfr. St.Therasa of Avila, *Interior Castle*, V.4;VI:5.
89. St.John of the Cross, *Spiritual Canticle*,13-14, pp.23,28.
90. St.John of the Cross, *Ascent of Mount Carmel* II.13
91. St.John of the Cross, *Dark Night of the soul.* 1:9, Livig Flame of Love St.III, nn.32, 34, 36, 39, 43.
92. ലേഖനം അമലോത്ഭവ കന്യാമറിയത്തിന്റെ പ്രിയോർ ജനറൽ വ്യം. മാത്യു. മാവുരൂസ് പട്ടക്കാരൻ സി.എം. ഐ. നമ്പർ 13, എറണാകുളം 1965. p. 13.
93. സി.എം. ഐ. മിഷൻ അന്നും ഇന്നും.
94. *Ibid.* p. 3.
95 *Ibid.* p. 4.
96. *Ibid.* pp. 5 ff.
97. ചാവറയച്ചൻ *ധ്യാനസല്ലാപങ്ങൾ*, p. 13.
98. ചാവറയച്ചന്റെ *സമ്പൂർണ്ണ കൃതികൾ, കത്തുകൾ* വാല്യം 4 1990 p. 133.
99. ചാവറയച്ചൻ *ആത്മാനുതാപം* II 33 ff.
100. *Ibid.* II 336-339.
101. മൂന്നാമത്തെ അധികാരപത്രം, കാണുക അവിലായിലെ വി.ത്രേസ്യാ (വിവർത്തനം) പുണ്ടൽ, 1963, pp. 218 ff.
102. ചാവറ, *ധ്യാനസല്ലാപങ്ങൾ*, p. 13.
103. ഫാ. വലേരിയൻ, *തൃതീയ ഓർഡെ അപ്പസ്തോലൻ വാഴ്ത്തപ്പെട്ട ചാവറകുര്യക്കോസച്ചൻ*, pp. 1 ff.
104. *Ibid.* p.5.
105. *The Carmelite Congregation in Malabar*, Mannanam, 1942, p.5.
106. ചാവറയച്ചൻ, *ധ്യാനസല്ലാപങ്ങൾ*, *ആധ്യാത്മ കൃതികൾ*, വാല്യം മൂന്ന് മാന്നാനം, 1986, pp. 13ff.
107. ഫാദർ വലേരിയൻ, *തൃതീയ ഓർഡെ അപ്പസ്തോലൻ*, pp. 132 ff.
108. യോഹന്നാൻ ക്രൂസ്, *സ്നേഹഗീത* 27. 2.
109. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, കത്തുകൾ വാല്യം നാല്, മാന്നാനം, 1990, p. 100.

110. Papasogli, G.St.Thersa of Avila, 1973, Newyork, pp. 403 ff.
111. *Ibid.*
112. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 3 Cited p.14.
113. ചാവരുൾ p. 11.
114. സി.എം. ഐ. നിയമാവലി & ഡിറക്ടറി, 1984. നമ്പർ 4.
115. കുര്യക്കോസ് ഏലിയാ, *അനുചിന്തനം*, ദനഹാസർവ്വീസസ്, മാങ്ങാനം, 1991, p. 2.
116. ചരമവാർഷികം, pp. 11 ff.
117. ഫാ. വലേരിയൻ, p. 242.
118. കാണുക ചാവറയുടെ മരണ പത്രിക, ചാവറയുടെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് cit. p.99. cfr. The Carmelite Congregation of Malabar, Cit. p.30.
119. ഫാ. വലേരിയൻ, *തൃതീയ ഭാരത അപ്പസ്തോലൻ*, p. 42.
120. Geoffrey, A.Elias Prophet and Saint, 1977, Faversliam, Kent. p.14.
121. ഫാ. ഗ്രീഗറി നീരാക്കൽ, സി.എം.ഐ. സഭയുടെ *ചരിത്ര സംക്ഷേപം* 1829 - 1969, എറണാകുളം, തൃശൂർ, 1970, pp. 112 — 113.
122. മാർ അബ്രാഹം മറ്റം, *വിൻസെൻഷ്യൻ സഭാ സ്ഥാപനത്തിന്റെ പശ്ചാത്തലവും പ്ര ചോദനങ്ങളും*, ഇടപ്പള്ളി, 2003, p. 33; ഫാ ബെർണാർദ് TOCD, *സി. എം. ഐ. സ ആദ്യ ദശകങ്ങളിൽ*, പുനഃപ്രസിദ്ധീകരണം, കൊച്ചി, 1989, pp. 7 ff Cfr. *The Carmelite Congregation of Malabar Trichisco Poliz*, 1932, p.30, The founder had in mind the institution of some kindof preaching congregation of the model of the Dominican Order.
123. ഫാ. കനിഷ്യസ്, *കേരള സഭാ സമുദ്ധാരകൻ, വാഴ്ത്തപ്പെട്ട ചാവറ* വാല്യം 2, കൊച്ചി, 1990, p.14.
124. Cfr. കുര്യക്കോസ് ഏലിയ, *ആരാധാനാദ്ധ്യത്മികത*: പ്രശ്നോത്തരി, ദനഹാ സർവീസസ്, മാങ്ങാനം, 2000, pp. 100 ff.
125. ചാവറയച്ചൻ, *ആത്മാനുതാപം*,336 þ 339.
126. ചാവറയച്ചൻ, *ആത്മാനുതാപം*, II 144 þ148.
127. ഫാ. ഹൊർമീസ്, *ചാവറ ചരമ ശതാബ്ദി*, 1871 -- 1971, ആലപ്പുഴ, p. 76.
128. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, കൊച്ചി, 1981, p. IX.
129. *Ibid.* p. 55.
130. *Ibid.* 120 ff.
131. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം നാല്, p.116.
132 *ചാവറ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, 43.
133. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*,വാല്യം രണ്ട് p.176.
134. *Ibid* p. 177.
135. *Ibid* p. 180.
136. *ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട് , p. 14.
137. *Ibid.* pp. 14 ff.
138. *Ibid.* p 21.
139. *Ibid.* p 29.
140 *ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p.14.
141 *Ibid.* p. 49.
142. ചാവറയച്ചൻ തന്റെ സഭാഗംങ്ങൾക്കു നൽകിയ ഒരു സാഹത്യ കൃതിയായി കണക്കാക്കുന്നു. നാടകശൈലിയുള്ള കൃതി ദിവ്യത നിറഞ്ഞുനിൽക്കുന്ന സംവിധാനങ്ങൾ ധ്യാനാത്മകാവതരണം.
143 *ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 64.
144 *Ibid.* p.65.
145 *ജീവാലേഖാർ റാസകളാ*, Ernakulam, 1989, pp. 90 ff.

146 ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, Vol.III, p.73, 74.
147 ആത്മാനുതാപം, V: 159 -166.
148 *Ibid.*III, 15 -16, 26-27, 31-32.
149. ചാവറയച്ചൻ, സമ്പൂർണ്ണ കൃതികൾ വാല്യം മൂന്ന് p. 60 ff.
150. *Ibid* p. 62.
151. *Ibid* p. 65.
152 ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, സെഡ്.എം. മുഴൂർ, തേവര, 1989, p. 65.
153. *Ibid.* p. 65
154. *Ibidem.*
155. *Ibid* p. 69.
156. ചാവറയച്ചൻ, ആത്മാനുതാപം III , അനുബന്ധം 23- - 26.
157 വത്തിക്കാൻ 2 k` 1.
158 *Ibid.*II.
159 ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, മാന്നാനം 1982, pp. 137 ff.
160. *Ibid.* p. 138.
161 കാണുക, *Ibidem.*
162. *Ibid.* p.139.
163. *Ibidem.*
164. *Ibidem.*
165 . *Ibidem.*
166. *Ibid* p. 139 ff.
167. *Ibid* p. 140.
168. *Ibidem.*
169. *Ibidem.*
170. *Ibid* pp. 140 ff.
171 *Ibid.* p. 141.
172 *Ibidem.*
173 *Ibid* p. 141 ff.
174 *Ibid* p. 142.
175 *Ibidem.*
176 *Ibid* p. 143.
177 *Ibidem.*
178 *Ibid* 144.
179 *Ibid* p. 144 ff.
180 *Ibid* p. 145.
181 *Ibid.*
182 *Ibid* p. 146.
183 *Ibid.*
184 Ibid.
185 *Ibid* p. 147 ff.
186 സിറോ മലബാർ റാസക്രമം, എറണാകുളം, 1989, pp. 64 – 66.
187 ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, മാന്നാനം, 1986 p. 14.
188. ആവിലാ ത്രേസ്യാ *Way of Perfection*, p. 28.
189 *Ibid* p. 29.
190 ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 15.
191 അമ്മത്രേസ്യാ, ആഭ്യന്തരഹർമ്മ്യം, അഞ്ചാം സദനം, അദ്ധ്യായം 1: 12.

192 ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ (ധ്യാനസല്ലാപങ്ങൾ, ആമുഖം ആദിനാ യകനായ സർവ്വേശ്വരൻ ആത്തിൽ സൂതനായി ചമച്ചെത്തെയും ആയതിനെന്ത കാരണം ദൈവമെ ആദ്യഹീനനാം നിന്റെ ദയതന്നെ(ആത്മാനുതാപം 1: 1- 4; വീണ്ടും ദൈവ കൃത്തിൽ ചാവറ ആലപിക്കുന്നു.അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം നമ്മോടു ചേർത്തതും കാണാകേണം ആത്മാനുതാപം III 15,16 അമ്മനുവേലെനി ക്കുത്തമ സ്തോത്രമായി അമ്മാനാചൊല്ലി നിന്നെ, സ്തുച്ചീടുന്നേനഹം (ആത്മാനു താപം II 365, 366)

193. Justin Panackal, *Intimacy with God, Praying with St.Theresa of Avila*, Alwaye.1993 p.80.

194 *Ibidem.*

195 *Ibid* p. 81, Cfr 87 - Teresa

196 Life, 12 *Ibidem.*

197 *Ibid* pp. 81 ff, Cfr St. Teresa Spirtual Relaltions, 5.

198 Fr.Justin, *Intimacy with God* .... p.82.

199 *Ibid.* p. 82. cfr. St.John of the Cross, Living Flame of Love, The *Complete Works of St.John of the Cross*, Translated and edited by E.Allison, press, Hertfoxdisture,1974, Vol. III p. 36.

200 See, Fr.Justin, *Intimacy with God*...pp.82, 83; cfr.St.Theresa, *Conceptence of Love of God*, E; Interior Castle V.4.;Life18.

201 Justin, pp.71 ff, cfr. *St.Therasa, Way of Perfection*, 29; Life, 14, 20.

202 *Way of Perfection* .25,31; Interior Castle VI.6.

203 cfr. Teresa, Life,14,27,20; *Wayof perfection*,32; Interior Castle IV.2;V.1.

204 St.Teresa, *Interior Castle*,V.2; *Way of Perfection*,17.25.

205 Fr.Justin *op.cit.* pp.75 ff.

206 *Ibid.* p.80, cfr. St.John of the Cross, *Dark Night of the Soul* II.6.

207 Fr.Justin op.cit p.80

208 St.Teresa, *Interior castle* VII. 2.

209 St.Teresa, *Interior Castle* VI.1

210 St.John of the Cross, *Spiritual Canticle*,6,22, n.3.

211 St.Teresa, *Interior Castle* VII.1.

212 *Ibid*.VII.2.

213 Fr.Justin, *Intimacy with God*, p.110.

214 cfr. St.John of the Cross, Complete works cited Vol.II. p. 293.

215 St.Teresa, Interior Castle, VII.2.

216 Denzinger, Enchridion Symbolorum, n.833, cited in Fr.Justin, p.11.

217 p.111 St.Teresa, Way of Perfection, 41,cited Fr.Justin, p.111.

218 *Ibidem*, cfr. St.Teresa, Interior Castle,VII,3.

219 *Ibid* VII.3, St.Teresa, Life.40.cited Fr.Justin, p.112

220 *Ibidem*, cfr. Interior Castle.VII.3.

221 *Ibidem.*

222 *Ibidem.*

223 *Ibidem.*

224 *Ibidem.*

225 *Ibid*, p.113, Interior Castle VII.4.

226 See, St.Teresa, Interior Castle,VII.4.

227 See, Fr.Justin op.cit. p.113.do. Teresa, *Interior Castle*.VII.2

228 *Ibid* VII 1. മനുഷ്യരിലുള്ള ത്രിമാനമേഖലകളെക്കുറിച്ച് അമ്മത്രേസ്യ സൂചിപ്പിക്കുന്നത് പൗരസ്ത്യ മൗതിക ദൈവവിജ്ഞാനത്തിൽ വിപുലമായ പ്രതിപാദനമുള്ളതാണ്. എന്നാൽ പശ്ചാത്യ ദൈവവിജ്ഞാനത്തിൽ അത്ര വിവരിക്കാത്ത ഒന്നാണ് ഇത് അതു കൊണ്ടു അതിലേയ്ക്കു കടക്കുന്നതു സാഹസികമെന്നു വിശുദ്ധ പറയുന്നു. കാണുക *Ibidem*.. I The.5:23, Thomas Spidlik, The Spirituality of the Christian East, Cisterecian Publications Iyre, Kalamazoo, Michigan,1986, pp.29,32, 92 ff. *ഫാദർ കുര്യക്കോസ് ഏലിയ വ്യക്തിസാഫല്യം*, ദനഹാ സർവ്വീസസ്, കോട്ടയം, 1984, pp. 68- þ 104.

229 വി. അമ്മ ത്രേസ്യാ; *ആഭ്യന്തരഹർമ്മ്യം, അഥവാ സദനങ്ങൾ* (വിവ.)ഫാദർ ഹെർമ്മൻ തിരുവന്തപുരം, 1966. pp. 186 ff.

230. *Ibid* pp. 195 ff.

231 St.John of the Cross, *Complete works*. Vol.I:25, pp.181 ff.

232 cfr. Fr.Justin Panackal, *Intimacy with God*....pp. 120 ff.

233 See, John Fergurson. *An Illustrated Encyclopedia of Mysticism and the Mystery Religion*, London, 1976, S,V. Mysticism.

234 *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്. p. 14, *Ibid* വാല്യം രണ്ട്, p. 15, Ibid വാല്യം മൂന്ന് pp.16 ff, സിറോ മലബാർ റാസക്രമം, Cited കാണുക, നിയമ വർത്തനം 615; വേല്യർ 19: 18, യോഹ.13: 34 മത്താ. 22: 36, യോഹ. 14: 17, Iയോഹ. 1:1; മത്താ. 25: 32 -- 46; മത്താ:5: 17, ലൂക്കാ. 10 : 37)

235 ഡോ. ജെ. ബി ചെത്തിമറ്റം, CMI, *ദൈവ ജനത്തിലൂടെ ദൈവാനുഭൂതി*, ജെ. എസ്. തേക്കുകൽ, *ഇതാ ചാവറയച്ചൻ*, pp. 11 ff, cfr. John B Chethimattam, "*Holy People of God...*" pp. 338 ff.

236 *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ* വാല്യം മൂന്ന്, pp. 15 ff.

237 *Ibid*. pp. 16 ff.

238 *Ibid*. pp. 19 ff

239 *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട് pp. 15 ff 1, 2 , 4, 7, 13, 22, 27,35, 53, 54, 55, 57, 59, 60, 68.

240 *Ibid*. p. 54

241. *ഇയ്യീസച്ചന്റെ കത്ത്*, ഫാ. വലേരിയൻ, Cited p. 238.

242 Mar Ephreme, *Sermones Exegetica*, In Is.26:10; Epreme, *Syri Opera Ommia queae extant Grace* (ed)J.S. Assemani (Rome 1732-46)Vol.2.346 ff.

243 Greek Treaties, published by N.Suvorou in Vizantijsk. Vremenih 10 (1905-10), vol.2; 226.

244 cfr. Anatasio Gomez. *Compunctio lacrimarum Doctrina delo Compunction en el monacato latino de los Siglos IV – VI*, Collectione OCR 23 (1961) 232 ff.

245 ഫാദർ വലേരിയൻ Cit p. 264.

246 *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, Vol.2. p. 1.

247 *Ibid*. p.22.

248. ഫാദർ വലേരിയൻ, *തൃതീയ ാരത അപ്പസ്തോലൻ*, op.cit. 264.

249 *Ibid* p. 316.

250. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 19.

251. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ*, വാല്യം രണ്ട്, Cit p. 21.

252. *Ibid* p. 19.

253. *Ibid* p. 17.

254. ഫാദർ വലേരിയൻ, *തൃതീയ ാരത അപ്പസ്തോലൻ*, p. 238

255. *Ibid* p. 242.

256. *Ibid* p. 243.

257. *Ibid* p. 237.
258. *Ibid* p. 238.
259. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ , വാല്യം മൂന്ന്, p. 15.
260. *Ibid* p. 15.
261. *Ibid* p. 16. 30
262. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ , വാല്യം രണ്ട്, p. 10.
263. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ , വാല്യം നാല്, p. 114.
264. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ , വാല്യം മൂന്ന്, Cit pp. 21, 22, 23.
265. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, Cit p. 135.
266. ഫാദർ വലേരിയൻ, pp. 238, 243. തൃതീയ ഭാരത അപ്പസ്തോലൻ.
267. Ibid p. 238.
268. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 25, 26.
269. കുരിശിന്റെ യോഹന്നാൻ, *ഇരുണ്ട രാത്രി I*
270. ഫാ. വലേരിയൻ pp. cit p. 42. തൃതീയ ഭാരത അപ്പസ്തോലൻ.
271. Ibid p. 43.
272. ഭാരതത്തിലെ ദൈവവിളിയും സുവിശേഷ വത്ക്കരണവും എന്തു മാത്രം കേരള സഭയുടെ സംഭാവനയെന്നത് വ്യക്തമാണ്.
273. Dr.Antony Kariyil CMI. ചാവറയച്ചൻ, A a Deepika publication, Kottayam 2004, pp.77 ff.cfr.. വലേരിയൻ. p.87, തൃതീയ ഭാരത അപ്പസ്തോലൻ ..
274. ഫാ. റോമിയോ പാട്ടശ്ശേരി CMI *വാഴ്ത്തപ്പെട്ട ചാവറയച്ചൻ വ്യക്തിയും വീക്ഷണവും.* എറണാകുളം. 1989, Vol II pp. 33ff.
275. കാണുക, യോഹന്നാൻ ക്രൂസ്, *സ്നേഹഗീത വിവർത്തകൻ*, ഫാ. ഹെർമ്മൻ ഒ.സി.ഡി. രണ്ടാം പതിപ്പ്, തിരുവനന്തപുരം , 1976, p. 212 ff ,319 ff.
276. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, Cit p. 10.
277 വി. അമ്മത്രേസ്യാ, ആഭ്യന്തരഹർമ്മ്യം,,Carmel publications, Trivandrum, 1982, pp. 208 ff.
278 വി. അമ്മത്രേസ്യാ, ആഭ്യന്തരഹർമ്മ്യം, (വിവ) ഫാദർ ഹെർമ്മൻ ഒ.സി.ഡി. തിരുവനന്തപുരം, 1982 pp 278 ff.
279. *Ibid* pp. 137 ff.
280. ഫാ. റോമിയോ പട്ടാശ്ശേരി, *വാഴ്ത്തപ്പെട്ട ചാവറയ: വ്യക്തിയും വീക്ഷണവും*, എറണാകുളം 1989, Vol I pp. 129 ff.
281. *Ibid* pp. 137.
282. *Ibid* p. 136.
283. *Ibid* p. 138, Cfr ഫാ. വലേരിയൻ Cit pp. 291 ff.
284. മൗതികദൈവവിജ്ഞാനത്തിനുപകരിക്കുന്ന ഏതാനും കൃതികൾ : Edward Sterus, *An In troduction to Oriental Mysticism*, Paulist press, Toronto.1973; Wadder T Lace, *The Teaching of the mystics*, Ontario, 1960. A.J.Arbery, Sufism, Horper and Row publishers, Evanston, 1952; see the following books George A Maloney S.J. *The Mystic of Fire and Light*. Dimension Books, New Jersey, 1975; Evelyn Unterhill, *The Essentials of Mysticism*, New York, 1960. R.C. Zachner, Mysticism, Sacred and Profane, Oxford, 1971; S.N.Dasgupta, *Hindu Mysticism*, New York,1927; Alexander Altman, *Studies in Religious Philosophy and Mysticism*, New York, 1969, *Dictionary of Mysticism*, Frank Gayuor, New Jersey,1973; *Mystcism Old and New*, Arthur W. Hopkinson, London 1946; Vladimir Lossky- *La Theologia. Mystica Della Chieasa D'Oriente*, Bologna, 1967, John Ferguson, *An Illustrated Encyclopedia of Mysticism*, London,1976; Heribert Muchlen, Una Mystica Persona Cita nuova editrice,1968; James H. Leuba, *The psychology of*

Religious Mysticism, London and Boston, 1972; Anne Bancroft, *Twentieth Century Mystics and Sages*, London, 1976; *Dizionario Enciclopedico di spiritualita*, Editione studium Roma, 1975, Vol.2.

അദ്ധ്യായം VIII

1. ആത്മാനുതാപം, II 143-146.
2. പ്രശീത്താ വിശുദ്ധഗ്രന്ഥം, പുതിയ നിയമം, വടവാതൂർ, 1987, See Jerome Biblical Commentary On I Jn. 5: 7 –8; Jerusalem Bible, I Jn. 5: 7 – 8, foot note, d.
3. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, സാഹിത്യ കൃതികൾ, മാന്നാനം 1981 p.17.
4. *Ibid* p. 2.
5. *Ibid* p. 2.
6. *Ibidem.*
7. യോഹ 14:11 ff റോമ 5.5.
8. ചാവറയച്ചൻ, സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 2.
9. മാർ അപ്രേം, അഫ്രാറ്റസ് തുടങ്ങിയവർ, "കഹാ എന്നതു സുറിയാനി ഭാഷയിൽ സ്ത്രീലിംഗരൂപമാണ്.
10. ചാവറയച്ചൻ, സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 2.
11. *Ibidem.*
12. *Ibid* p. 6.
13. *Ibidem.*
14. *Ibid* p. 3.
15. *Ibid* pp. 14,15.
16. *Ibid* pp. 126 ff.
17. *Ibid* p. 69.
18. *Ibid* p. 72.
19 *Ibid* p.72.
20. അദ്ധ്യാത്മിക കൃതികൾ Cited pp. 2- p3.
21. ഡോ. ജോസഫ് കല്ലറങ്ങാട്ട്, പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം, OI RSI, കോട്ടയം, 1994, pp. 13 ff.
22. ആധ്യാത്മിക കൃതികൾ, p.1.
23. *Ibid* P.2.
24. *Ibid* P.3.
25. *Ibidem.*
26. *Ibidem.*
27. *Ibidem.*
28. *Ibid* p. 4.
29. *Ibid* cm.
30. ആധ്യാത്മിക കൃതികൾ, p.1.
31. *Ibid* p. 4.
32. ആധ്യാത്മിക കൃതികൾ, വാല്യം മൂന്ന്, Cited p. 13.
33. ആധ്യാത്മിക കൃതികൾ, വാല്യം രണ്ട്Cited p.10.
34. *Ibid* p. 2.
35. *Ibid* p. 1716.
36. *Ibid* p. 4.

CARMEL JYOTHI
ALWAYE
THRISSUR

37. *Ibid* p. 4, 5.
38. *സ്ഥാപക പിതാക്കന്മാർ*, മാന്നാനം, 1995, p. 25.
39. *ആധ്യാത്മിക കൃതികൾ*, വാല്യം രണ്ട്, p. 4.
40. *Ibid* p. 5.
41. *Ibid* p. 16.
42. *Ibid* p. 4.
43. *Ibid* p. 4.
44. കനിമൂസ മത്യാസ് പട്ടക്കാരൻ വ. ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം 1936, pp. 10 ff.
45. *അധ്യാത്മിക കൃതികൾ*, വാല്യം രണ്ട്, p. 5.
46. *വത്തിക്കാൻ II, ലിറ്റർജി*, n.10.
47. *വത്തിക്കാൻ II, ലിറ്റർജി*, n. 13.
48. *സ്ഥാപക പിതാക്കൻമാർ*, p. 29.
49. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം, 2 p. 5.
51. *തെയഡോറ്റ് സിറിയായിലെ മൃത്യുകൾ*, ദനഹസർവ്വീസസ് (വിവർത്തനം) പ്രൊഫസെയിൽസ്, FCC 1990, കോട്ടയം, pp. 1- 81-74.
52. *സ്ഥാപക പിതാക്കന്മാർ*, p. 5.
53. നാളാഗമം A I a 100 ff.
54. *സ്ഥാപക പിതാക്കൻമാർ*, pp. 5 ff.
55. *ഫാദർ വലേരിയൻ, തൃതീയ ഭാരത അപ്പസ്തോലൻ*...P. 22.
56. *Ibid* p. 23-24.
57. *Ibid* p. 21.
58. *Ibid* p. 25.
59. *Ibid* pp. 27 ff.
60. നാളാഗമം I A p. 71.
61. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 59.
62. *Ibid* p. 60.
63. *ഫാ. വലേരിയൻ, തൃതീയ ഭാരത അപ്പസ്തോലൻ*, p. 87.
64. *Ibid* p. 238.
65. ചാവറ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 59.
66. John Macquarrie, *Principles of Christian Theology*, Scm , London 1979, p. 472.
67. *Ibid* pp. 491 ff.
68. *Ibidem.*
69. *Ibid* 492.
70 സിറോ മലബാർ സഭയുടെ കുർബാന, റാസക്രമം, 1985, മൂന്നാം ഗ്രന്ഥം.
71. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, pp. 38 ff.
72. റാസക്രമം, 1985, ഓന്നിസാദ്വാത്തേയ്ക്കുശേഷം.
73. Padre Leopoldo Beccaro, OCD, *Ciriac Elia Chavara*, Roma, 1974, p.21.
74. ചാവറയുടെ ശിഷ്യനായ മാർ ളൂയിസ്.
75. *ചരമവത്സരം*, p. 5.
76. *Ibidem.*
77. *Ibidem.*
78. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം നാല്, കത്തുകൾ, മാന്നാനം, 1982, pp.113 ff.
79. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, pp. 27 ff.
80. *Ibid* p. 28.
81. *Ibid* p 29.

82. *Ibid* pp. 56 ff.
83. *Ibid* p. 27.
84. *Ibid* p. 16.
85. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 10.
86. *Ibid* p. 4.
87. *Ibid* pp. 9 ff.
88. *Ibid* p. 10.
89. *Ibid* p. 10.
90. Mar Aprem, Hymn on Faith 77. 20 Hymn on Nativity 13, 7; 37, 15, 19.
91. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 13.
92. *Ibid* pp. 13 ff.
93. ഫാ. വലേരിയൻ, *തൃതീയ ഓതെ അപ്പസ്തോലൻ* p. 242.
94. *Ibid* p. 243.
95. *Ibidem.*
96. Cf കുര്യാക്കോസ് ഏലിയാ, *സന്യാസ പരിശീലനം അനുചിന്തനം*, ദനഹാ സർവ്വീസസ്, കോട്ടയം, 1991, pp. 35, 36, 52.
97. തക്സാ ദ കൂദാശാ, ആലുവാ, 1965, p. 4, 2.
98. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 1 ff.
99. പാവായുടെ ആത്മ പിതാവായിരുന്ന ലെയോപ്പോൾ ദുമൂസ്സച്ചന്റെ സാക്ഷ്യം, ആത്മാനുതാപത്തിന്റെ ആമുഖമായി പറഞ്ഞതിൽനിന്നും അറിയാം.
100 പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 1 ff.
101. Ibid pp. 2, 3, 5.
102. Ibid p. 21.
103. ദാസ്രകേരം, തിരുവനന്തപുരം, 1989, p. 89.
104 Irenaeus, Adversus HaeresesIII 19. 1.P.G. 7. 9398; Mar Ephreme, *Commentary on Genesis* II.23; Ibid II.20; Mar Ephrame, *The Paradise Hymn* 12:15-18; Mar Ephrame, *Nisibene Hymns* 69:12; Mar Ephreme, *Hymn on Virginity*, 48:15-18; Mar Ephreme, *The Paradise Hymn*, 9:20; Mar Ephreme, *Hymn on Faith* 5:17.105. Mar Ephreme, *Hymn on Faith* 5:17.

അദ്ധ്യായം IX

1. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p.15.
2. *Ibid* pp. 14 ff.
3. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p.17.
4. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p.14.
5. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ,വാല്യം രണ്ട്, p.10.
6. *Ibid* p. 10
7. *Ibid* p. 10
8. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p.14.
9. ഫാ. കനീസിയൂസ് സി. എം. ഐ, *ആധുനിക ലോകത്തിനു കർമ്മലയിൽ നിന്നൊരു ദീപം*, ഡി. മാണിക്കത്തനാർ. കർമ്മലദീപം, എറണാകുളം, 1985, p. 48.
10. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 4.
11. *Ibid* pp. 6ff.
12. *Ibid* pp. 9ff.
13. പാവായച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp.13ff.

14. ഡി.മാണി കത്തനാർ, op. cit.p 48.
15. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 5.
16. *Ibid* pp. 15ff.
17. *Ibid* p. 16.
18. *Ibid* p. 33.
19. *Ibid* p. 16.
20. *Ibidem.*
21. *Ibid* p. 17.
22. *Ibid* p. 36 – 37.
23. *Ibidem.*
24. *Ibid* pp. 35 ff.
25. *Ibid* pp. 41 – 42.
26 *Ibid* p. 16.
27. *Ibidem.*
28. ഫാ. പോൾ കല്ലുവീട്ടിൽ സി.എം. ഐ, *ധ്യാന സല്ലാപത്തിലെ ദൈവവചനധാര* ചാവറ വ്യക്തിയും സിദ്ധിയും സി.എം. ഐ, സി .എം. സി പ്രവർത്തക സമിതി, കൊച്ചി, 1994 p.174.
29. *Ibid* pp.174. ff.
30. Iranaeus, *Adverus Haereses*, V.6.1 P. G.7: 1142 B.
31. *വിശുദ്ധ ത്രേസ്യ ആഭ്യന്തര ഹർമ്മ്യം*, pp. 273, 274; cfr.*The Complete Works of St. John of the Cross.* Translated and edited by E. Allison Peers, Hertfordshine, 1974, Vol.III p. 279.
32. Mar Ephrame, *Hymn on Faith* No 18:4:5; Cfr. *Ibid* 5:1.
33. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 15 ff.
34. *Ibid* pp. 27 ff.
35. *Ibid* p. 43.
36. *Ibid* p. 17.
37. *I bidem.*
38. *Ibid* p.17, യോഹന്നാൻ പൗലോസ് ദ്വിതീയൻ.ഔദ്യോഗിക പ്രഖ്യാപനം, Nihil obstat April, 7, 1984.
40. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 10.
41. Joseph Walton (ed) A Source Book of the Bible for Teachers, SCM, press, London, 1977 pp. 109 ff.
42 ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം, 2 p.1.
43. *Ibid.*
44. *Ibid* P.5.
45. *Ibid* p. 10.
46. *Ibid* p. 65.
47. *Ibid* p. 20.
48. *Ibid* p. 17 – 18.
49. *Ibid* p. 22.
50. *Ibidem.*
51. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 58.
52. Sermo asceticus ed. Assemani Ephraeme Syri Opera Omnia quae extant Graece (Roma 1732-46) Vol.I, p.60.
53. Assemani (n.31) Vol I:254 f. quod non oportet ridere et extolli sed plangere potius et nos ipsos deflere, cfr.ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 49 ff.

54. John Chrsostomes Homilia 3 In Epyistolam ad Philemonem, 4.P.G. 62:204.
55. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 58 – 59.
56. *Ibid* p. 16.
57. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 35.
58. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 14 ff.
59. *Ibid* pp. 16 ff
60. *Ibid* p. 20.
61. *Ibid* p. 23.
62. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് pp. 66 ff.
63. *Ibid* p. 62.
64. *Ibid* pp. 61.
65. *Ibid* p. 61.
66. *Ibid* p. 22.
67. *Ibidem.*
68. *Ibid* p. 17.
69. *Ibid* p. 40.
70. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 14.
71. Thomas Spidilik, *The Spirituality of the Christian East*, pp.104, 310 ff.
72. *Ibidem.*
73. Basil, *Homili Martyrem Julittam* 3. PG. 31:244 A.
74. *Evarius De Oratione* 35, P.G. 79.1173.
75. Havsherr, 16 ff op.cit. in Thomas Spidilik, p.321.
76. Evagrms Deoratine,3. (PG.79) 1168; John Chrysostome Homilia de precatina, PG.64:464 ff., John Damascene, In Sabbatum (P.G. 96.640 CD).
77. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 15.
78. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 21.
79. Thomas Spidilik, cit pp. 103 ff.
80. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 43.
81. *Ibid* p. 44.
82. Robert C. Walton, *A Source Book of the Bible for Teachers*, pp. 274 ff.
83. Cfr. Thomas Spiriluto, *The Spirituality of the Christian East*, pp. 56 ff.
84. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 15ff.
85. *Ibid* pp. 18 ff.
86. *Ibid* p. 23.
87. *Ibid* p. 14.
88. *Ibid* p. 16.
89. *Ibid* p. 22.
90. *Ibid* p. 38.
91. *Ibid* p. 40.
92. *Ibid* p. 15.
93. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 1, 2.
94. *Ibid* p. 2.
95. *Ibid* p. 3.
96. *Ibid* p. 7.
97. *Ibid* p. 7.
98. *Ibid* p. 10.
99. *Ibid* p. 10.

100. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 27.
101. *Ibid* pp. 27, 38.
102. *Ibid* p. 43.
103. Louis Bouyer, *Introduction to Spirituality*, Liturgical Press. Minnesota,1961 pp. 185 ff.36
104. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന," p. 10.
105. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 27.
106. *Ibid* p. 54.
107. *Ibid* p. 22.
108. *Ibid* pp. 1, 10.
109. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 15.
110. Evagrius, Praktikos Sch.171:492; CS.4:14.
111. *Ibid* 32, 574, 24-25
112. See Irenee Havsherr Contemplation et Sainteta.
113. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 14, 15.
114. *Ibid* pp. 16 ff.
115. *Ibid* p. 15 ff.
116. *Ibid* p. 56.
117. *Ibid* p. 56 ff.
118. *Ibid* p. 58.
119. *Ibid* pp.16 ff; 60.

അദ്ധ്യായം X

1. *മട്ടുചിറ, മഠത്തിൽകുന്നേൽ മാണികുര്യൻ.*
2. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 1.*
3. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 13.*
4. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്," p. 17.*
5. *Ibid p.1.*
6. *Thomas Spidlik, The Spirituality of the Christian East*, pp.57 ff.
7. *Ibidem.*
8. *Ibid.* p.58; See Iranaeus, *Adversue Haereses*, V, 10:12; P.G. 7:1148 - 49.
9. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 1.*
10. cfr. Thomas Spidilik, *The Spirituality of the Christian East*, p. 94; *Ibid.* pp.30 ff.
11. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്," p. 1.*
12. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 1.*
13. *ഫാ. വലേരിയൻ, പുരാതന പാട്ടുകൾ, p. 10.*
14. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 2.*
15. *Ibid.* pp. 2, 3.
16. *Ibid.* pp. 4ff.
17. *Ibid.* p. 54.
18. *മലയാളത്തിലെ കന്നി.മു. സഭയുടെ സ്ഥാപകപിതാക്കന്മാർ. മാന്നാനം, 1905, p. 30.*
19. *Ibidem.*
20. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 4.*
21. *Ibid.* pp. 4ff.
22. *Ibid.* p. 2.

23. *Ibid.* p. 135.
24. സ്ഥാപക പിതാക്കന്മാർ, p. 30.
25. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 6.
26. സ്ഥാപക പിതാക്കന്മാർ, Op. Cit. p. 30.
27. *പുരാതന പാട്ടുകൾ*, ഫാ. വലേരിയൻ, op. cit (1939), pp. 40s p. 3 ഫാ.വലേരിയൻ
28. *Ibidem.*
29. നാളാഗമം I A.p. 65, cited in ഫാദർ വലേരിയൻ Op. Cit p. 41.
30. *Ibid* pp. 41 ff.
31. *Ibid* p. 289.
32. *Ibid* p. 19. അന്ത്യശാസനം.
33. ഫാ. വലേരിയൻ, *പുരാതന പാട്ടുകൾ*, p. 290; ആലോചന, p. 91.34. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ഒരു നല്ല അപ്പന്റെ ചാവരുകൾ. മാന്നാനം, 1987, pp.4ff.
35. ഫാദർ വലേരിയൻ, Op. Cit. pp. 291 ff.
36. *Ibid* p. 287
37. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, നാളാഗമങ്ങൾ, മാന്നാനം 1981, p.27-28.
38. *Ibid* p. 29.
39. *Ibid* p. 29.
40. *Ibid.* pp. 32 ff.
41. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 67.
42. *Ibid* p. 5.
43. Cfr. Jerome Bibilical Commentary. Mark V 14 -15.
44. Cfr, Thomas Spidilik, *The Spirituality of the Christian East*, p.5 ff., ദൈവസാദൃശ്യം, ദൈവഛായയിൽ നിന്നു കൊണ്ട് മനുഷ്യനിൽ വളർത്തിയെടുക്കേണ്ട ദൈവികതയാണ്. കാണുക Origen, Do Principles III 6.1; P.G.11 333c
45. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 9, 10.
46. *Ibid* p. 4.
47. *Ibid* p. 10.
48. *Ibid* p. 13.
49. *Ibid* pp. 140 ff.
50. *Ibid* p. 144.
51. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 114.
52. ACEo, Sriture referite Malabaresi, 1862-77 ff.; 401-406, Scritture riferite.
53. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 135.
54. *Ibid* pp 64 ff.
55. *Ibid* pp. 65 ff.
56. *Ibid* p. 67.
57. *Ibid* p. 68
58. *Ibid* p. 68.
59. *Ibid* p. 2.
60. *Ibid* p. 3.
61. ചരമവത്സരം pp. 1122; ഫാ.വലേരിയൻ, *പുരാതന പാട്ടുകൾ*, pp. 315 ff.

അദ്ധ്യായം XI

1. Cfr, Robert C. Watton (ed) A source Book of the Bible, for teachers S CM press Ltd, Lodon, 1977, pp. 130ff Sr John Macquarrire, Diciples of christian Theology, Scm Press Ltd London, 1979; pp. 286. Thoams Spiditreb the Spirituality of the chrisian East. Cistercian publication, Kalamezzon Michigan, 1986, p.284.
2. പാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് മാന്നാനം QQ 7,61 എം. കണിക്കുന്ന് സി. എം. ഐ വാഴ്ത്തപ്പെട്ട പാവറ കേരള സഭാസമൂഹാരകൻ, കൊച്ചി, പുസ്തക മൂന്ന് 1990 pp. 96 ff
5. Ibid p. 99
6. Ibid p. 100
7. കാണുക വന്നി II തിരുസഭ 7
8. പാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് pp. 99
9. bid p. 99 ff
10. Ibid p. 99
11. പാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് pp. 66
12. Ibid p. 69
13. പാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് p. 100
14. മെത്രാപ്പോലീത്ത ഗീവർഗീസ് മിഷനറിക്ക് പാവറപിതാവിനോടുണ്ടായിരുന്ന ബഹുമാനം അതിരില്ലാത്തതായിരുന്നു. കാണുക വലേറിയൻ, ജ.234, മെലഹാദ് മുപ്പച്ചനോട് എഴുതിയ ബഹുമാനവും അനുസരണവും ഉണ്ടായിരുന്നെങ്കിലും തോമ്മാ സങ്കടം എല്ലാവിധ ബഹുമാനവും അനുസരണവും ഉണ്ടായിരുന്നെങ്കിലും തോമ്മാ സങ്കടം ഈശോയെ സങ്കടപ്പിക്കുന്നതിനും സുവിശേഷ വിശ്വാസം പാവറയെ നിരോധിപ്പിച്ച് ഈശോയെ സങ്കടപ്പിക്കുന്നതിനും സുവിശേഷ വിശ്വാസം പാവറയെ നിരോധിപ്പിച്ച് മെത്രാപ്പോലീത്ത ഗീവർഗീസിന്റെ അഭിപ്രായത്തിനെതിരെ തീരുമാനമെടുക്കുവാൻ. വാചിക പാരമ്പര്യം.
15. Trhe Carmelete Congregation of Malabar.p45.
16. Cfr. Ibid pp. 46 ff കാണുക, ഡോ. പാൾസ് പൈങ്ങോട്ടു, കേരളസഭ പരദേശസ്വാധീനത്തിൽ (ദീപികബുക്ക്ഹൗസ്, കോട്ടയം 1996 pp. 727)
17. Ibidem. S
18. വന്നിക്കാൻ 2 തിരുസഭ 7 കാണുക
19. The Carmelita Conregation of Malabar p. 45
20. Fr.Antony CMI, Identify of the CMI Congregation Ernakulam (unpublished)
21. വന്നി 2 സന്യാസജീവിതം 32
22. വന്നി 2 തിരുസഭ 45 കാണുക വന്നി 2. മെത്രാന്മാർ 33 35, CMI Costitution and Directory, Ernakulam 1984, pp. 2 ff
23. Cfe. CMI Constitution cited pp. 1ff
24. പാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന് pp. 13 FF
25. കാർ അലോഷ്യസ് കട്ടക്കയം സി.സി.ബി വിർജിനൽസ്കുൻ, സ ാ സമാപനത്തിന്റെ പശ്ചാത്തലവും പശ്ചാത്തലങ്ങളും, ഇടപ്പള്ളി, കൊച്ചി 2003 pp. 29- 34 Cfr. എം. പാൾസ്, കേരളസഭ 19-20 നൂറ്റാണ്ടിൽ, pp. 116 ff
26. Cfr Kuriakose Eli* Vadaketh -
27. Cfr ദീപിക, കോട്ടയം Vol 118 No 119 2004 മെയ് 1 p. 11s
28. എം. വലേരിയൻ HknUn Op. Cit., p. 137
29. ഇന്ത്യ രണ്ടാം സുനഹദോസ് രേഖകൾ, Session II ഡിക്രി 21
30. എം. വലേരിയൻ സി സി OPss Citd 137
31. Archives of Orental Congreation S.C Malabar 1878 1889, 1224 V Citeds ഡോ. പാൾസ് പൈങ്ങോട്ടു, കേരളസഭ 19-20 നൂറ്റാണ്ടിൽ OIRSI കോട്ടയം 1997, p. 103

32. ചാവറ കുര്യാക്കോസ് ഏലീയാസച്ചൻ ഒരു നല്ല അപ്പന്റെ ചാവരുകൾ മാന്നാനം 1959 p.18
33. 1936 രാമസ്വാമി അയ്യർ മഹാരാജാവിനു സമർപ്പിച്ച കുറുപ്പ് കാണുക പ്രൊഫ. എ ശ്രീധരമേനോൻ ചാവറയച്ചൻ a deepth Publication 2004 p. 19
34. Ibid പ്രൊഫ. എം കെ സാനു pp. 26 ff
35. ഫാദർ വലേരിയൻ സിസി Op. Cit., p. 209
36. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് P114
37. ഒരു നല്ല അപ്പന്റെ ചാവങ്ങൾ Cit pp. 11,12
38. ചാവറ കുര്യയാക്കോസ് ഏലീയാസച്ചൻ, ഒരു നല്ല അപ്പന്റെ ചാവരുകൾ p. 23
39. Ibid p. 29
40. Ibid p. 23
41. Ibid p. 23
42. Ibidem.
43. പ്രൊഫ. മോനമ്മകോക്കാട്ട്, ചാവറയച്ചൻ a Depika Publication p. 147s
44. പ്രൊഫ. മോനമ്മകോക്കാട്ട് ? a Depika Publication pp. 147ff
45. ഫാ, വലേരിയൻ Op. Cit., p. 242s
46. Ibidem.
47. Ibid p. 42; Cfr. ബർണർദോസ്തോമ്മാ കർമ്മലീത്താ, മൂന്നാം സഭയുടെ ചരിത്രം; മുത്തോലി 1908, pp. 256
48. കാണുക, ഫാ. കനീഷ്യസ് സി.എം. ഐ (കൊച്ചി) കേരള സഭാ സമുദ്ധാരകൻ, Vol Iss The CMI General departement 1990 pp. 15 ff വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ അധ്യാത്മികത പൂണ്ടൽ, കാർമെലൈറ്റ് സിസ്റ്റേഴ്സ് p. 14
49. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് P4
50. ഫാ. വലേരിയൻ, Op. Cit., p. 242
51. Ibid p. 287
52. Ibid p. 287
53. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് P135
54. Antonio Romano, The Charism of the Founders, Guermsey, Ireland, 1994.pp101 ff.
55. ഫാ. കനീഷ്യസ്, കേരളസമുദ്ധാരകൻ, വാഴ്ത്തപ്പെട്ട ചാവറ Vol III The General Depatement കൊച്ചി, 1990 pp. 54 VI
56. Ibid p. 56ff
57. Ibid p. 57s
58. Ibid p. 58
59. Fr. Valarin Plathottam, CMI. തൃതീയ ഭാരത അപ്പസ്തോലൻ, വാഴ്ത്തപ്പെട്ട ചാവറ കുര്യക്കോസച്ചൻ, p. 13 ff
60. Ibid p. 106 (ഫാ.കനീഷ്യസ് Vol III)
61. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം IV Pp 99ff
62. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് P1
63. മനുഷ്യനെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായി വീക്ഷിക്കുമ്പോൾ ചേതന സാദൃശ്യം എന്നീ പദങ്ങൾ ഉപയോഗിക്കുന്നു.
64. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 10
65. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് p. 99
66. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന് p. 31
67. Ibid p. 42.
68. Cfr. Posi tro ഫാ. വലേരിയൻ, Op. Cit p. 264
69. ഫാ. വലേരിയൻ Op. Cit pp. 272 ff ബർണാദോസ് തോമ്മാച്ചൻ, കർമ്മലീത്താ മൂന്നാം സഭയുടെ ചരിത്രം Cit p. 203

70. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന് P43
71. സ്ഥാപകപിതാക്കന്മാർ മാന്നാനം 1995, p. 29
72. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 141
76. Ibid p. 5
77. Ibidem.s
78. ബർണാ ദോസ് തോമ്മാച്ചൻ Op. Cit., p. 264
79. Cfr. ഫാ. വലേരിയൻ Op. Cit., pp. 222 ff p. Puthanparampil ,Syro-Malabar Clergy പച്ചാളം 1964, p. 145
80. ആത്മാനുതാപം, ലെയോപ്പോൾദിന്റെ ആമുഖ പ്രസ്താവന, p. 9 10; ഫാദർ വലേരിയൻ, Op. Cit., p. 223
81. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് QQ 83 ff
82. Paul Bedyan, Brevrarum.
83. ഒരു നല്ല അപ്പന്റെ ചാവരുകൾ ചാവറകുര്യക്കോസ് ഏലീയാസച്ചൻ മാന്നാനം 1991, p. 7
84. വാത്തി 2 തിരുസഭ 11
85. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് p. 141
86. കാണുക Ibid p. 142
87. കാണുക Ibid p. 143, 14-ാം ഖണ്ഡിക
88. Ibid p. 14
89. Ibid p. 138
90. Ibid p. 138.
91. Ibid p. 139
92. Ibid p. 142
93. Ibid pp. 143, 144
94. Ibid p. 146
94 a Ibidem.
95. Ibid pp. 147 ff
96. Ibid p. 147
97. Ibid p. 149
98. Ibid p. 150
99. Ibid p. 15
100. Ibid p. 16
101. Ibid 1.7
102. Ibid p. 19
103. ഡോ.ചാൾസ് പൈങ്ങോട്ടു കേരളസഭാ പത്തൊമ്പതാം നൂറ്റാണ്ടിൽ (മെയ്ൻ റീൻ) കത്തുകൾ ദീപിക ബുക്ക് ഹൗസ് കോട്ടയം 1996. p. 31
104. ഫാ. വലേരിയൻ Op. Cit., pp. 145 ff
105. Dr.George Kaniarakath, Person and and Faith of Apostles Thomas In the Gospels, International publications, New Delhi
106. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് p. 3 Tcf. പിതാക്കന്മാർ മാന്നാനത്തെ വിളിച്ചിരുന്നത് ബേസ്ലൊമ്മാ കൽദായസുറിയാനി റീത്തിൽ ചേർന്നു മലയാളത്തിലെ മൂന്നാ സഭയുടെ ചരിത്രം , മുത്തോലി, 1908, p. 9
107. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന് p. 2f
108. Ibid p. 34
109. ഫാ. വലേരിയൻ Op. Cit., pp. 144ff
110. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് pp. 8ff
111. ഫാ. വലേരിയൻ Op. Cit., pp. 289

112. Ibid p. 292
114. Ibid p. 290
115. Placid. The Hierachy of the Syro-Malabar Church, Alleppey,1976, pp.165 ff.
116. Ibidem..cfr. Varkey Vithayathil, The Origion and progress of the Syro-Malabar Hierarchy, oirse, Kottayam,1980. pp.50 ff.
117. പൊടിപാറ, നമ്മുടെ ഠീത്തു മാന്നാനം 1951, p. 130
118. ചാവറയച്ചൻ a Depika Publication Cit 43
119. Ibid 29
120. കാണുക John Macqurarie, principles of christan Theology London 1979 pp. 409 ff
121. യോഹന്നാൻ പൗലോസ് തിതീയൻപാപ്പ 1986 പെഹ്രൂ. 8. കോട്ടയം
123. Ibid PP7ff
124. Ibid p. II Cfr. കിഴക്കിന്റെ സാക്ഷ്യം p. 10
125. കാണുക ഫാ. കുര്യാക്കോസ് ഏലിയാ CMI കിഴക്കിന്റെ സാക്ഷ്യം ദനഹാസർവ്വീസസ് കോട്ടയം 1990 PP103 ff Cfr. Ibid അടിക്കുറിപ്പ് 1
126. Ibid p. 103
127. കാണുക ക്രൈസ്തവ വിജ്ഞാനകോശം , 1975 പ്രകാശ് പബ്ളിക്കേഷൻസ് ആലപ്പുഴ S.V ഏതദേശീയ സന്യാസ സമൂഹങ്ങൾ
128. Ibidem.
129. Ibidem.
130. cfr. Xavier Koodapuzha (ed) Eastern Theological Reflections in India, Oirsi Kottayam,1999,pp.138 ff
131. Oriental Monastic Charism.
132 Cfr. The Carmelite Congreation of Malabar, pp.43 ff; "It is to be noted here that this afflication to the Carmelite First Order, which was to nullify the status of the congreation, began as an independent Institution, was not asked for by the fathers of the Congreation, This is all the more evident from the fact that Fr.Cyriac Elias (Chavara), Superior General of the Congreation, was not by the new settlement deprived of his office, although that office had not been canonically imposed, nor ecclessiastically acknowledged,"
134. പ്രാരം നിവേശനത്തിലേയ്ക്കു തിരിച്ചു പോവുക എന്നതു സഭയുടെ പ്രബോധനമാണ്, കാണുക, വത്തി 2 സന്യാസവീകരണം 2**
135. Cfr. ഫാ വലേരിയൻ Op. Cit., pp. 74 ff ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന് pp. 28 ff അധികം ഭയപ്പെട്ടു എന്നു ചാവറ എഴുതിയിരിക്കുന്നു; Cfr. Ibid p. 32
136. Cfr. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല് p. 99
137. Cfr. The carmelite Congreation of Malabar Cit p. 78, 1958 ൽ കർമ്മെലീത്താ മൂന്നാംസഭ എന്നതു നീക്കി സ്വതന്ത്രസഭയായിത്തീർന്നു കാണുക.
138*
139. ** Cfr. ഡോ. ചാൾസ് പൈങ്ങോട്ടു കേരള സഭ പത്തൊമ്പതാംനൂറ്റാണ്ടിൽ ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട് OIRSI കോട്ടയം 1997, pp122 ff
140. Ibid pp. 127 ff
141. Ibid pp 128 ff
142. Ibid p. 128

അദ്ധ്യായം XII

1. ഫാ. വലേരിയൻ Op. Cit., p. 75.
2. Ibidem.
3. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 14.
4. Ibid, pp. 15, 24.
5. Ibid, pp. 15, 16.
6. Ibid, p. 16: കാണുക.
7. Ibid, pp. 18ff.
8. Ibid, p. 23.
9. Ibid, p. 24.
10. Ibid, p. 27.
11. Ibid, pp. 27ff.
12. Ibid, pp. 28ff.
13. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 66.
14. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 13.
15. Ibid, p. 13.
16. Ibidem.
17. Ibid, p. 18.
18. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 5.
19. Ibidem.
20. Ibidem.
21. Ibid, p. 10.
22. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം നാല്, p. 90
23. Ibid, p. 90.
24. Ibid, p. 90.
25. Ibid, p. 92.
26. Ibid, p. 100.
27. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 15.
28. Ibidem.
29. *ലൂയീസച്ചന്റെ സാക്ഷ്യം*; ഫാ. വലേരിയൻ, Op. Cit., p. 238.
30. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 16.
31. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 17.
32. Ibidem.
33. Ibid, p. 20.
34. Ibid, p. 17.
35. Ibidem.
36. Ibid, p. 18.
37. Ibid, p. 20.
38. കാണുക: ഫാ. പോൾ കല്ലുവീട്ടിൽ, *ധ്യാന സല്ലാപത്തിലെ ദൈവവചനധാര, ചാവറ വ്യക്തിയും സിദ്ധിയും*, സി. എം .ഐ, സി.എം സി, പ്രവർത്തക സമിതി, 1894, p. 169
39. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 19.
40. Cfr. *English – Malayalam Dictionary*, NBS, Kottayam, 1985, S. V. 'Scripture'.
41. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p.13: കാണുക: മത്താ 22: 11-14.
42. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 25.

CARMEL JYOTHI
ALWAYE
THAIKKATTUKAR

43. Ibid, p. 22
44. Ibid, p. 22
45. Ibid, p. 25
46. Robert C. Walton (ed.), *The Source Book of the Bible*, pp. 218ff.
47. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം നാല്, p. 5.
48. Ibid, p. 79.
49. വിജ്ഞാപനം കാണുക: ഫാ. വലേരിയൻ, Op. Cit., pp. 144.
50. Ibid, p. 145.
51. കാണുക: *ചാവറ വ്യക്തിയും സിദ്ധിയും*, pp. 171ff.
52. Ibid, p. 169.
53. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 15.
54. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 1.
55. Ibid, p. 9.
56. Ibid, p. 20.
57. Ibid, p. 28.
58. Ibid, p. 31.
59. Ibid, p. 35.
60. Ibid, p. 46.
61. ഫാ. വലേരിയൻ, Op. Cit., p. 239.
62. Ibidem.
63. Ibid, pp. 241ff.
64. Cfr. Frank Mitnerand Wermer Siefer, '*Maximize Your Brain Power*', Readers Digest Publications, Hongkong, 2000, pp. 18, 20, 24, 36, 61.
65. ഡോ. എം. ബാലഗംഗാദരൻ, വേദവൈദ്യ ഫാർമസ്യൂട്ടിക്കൽ, രാമനാട്ടുകര, കോഴിക്കോട്ട്, ആരോഗ്യ മാസിക, മാതൃഭൂമി, മേയ്യ് 2004, പുറം 42, 43.
66. അമ്മത്രേസ്യാ, *ആഭ്യന്തരഹർമ്മ്യം*, വിവർത്തകൻ ഫാ. ഹെർമ്മൻ, p. 127.
67. Ibid, pp. 127ff.
68. Ibid, p. 130.
69. Ibid, pp. 131.
70. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 13ff.
71. Ibid, വാല്യം രണ്ട്, p. 22.
72. Ibid, p. 16.
73. Ibid, p. 1.
74. Ibid, p. 16.
75. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, pp. 20ff.
76. Ibidem.
77. Ibid, p. 21
78. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട് p. 11.
79. Ibid, pp. 14ff.
80. Ibid, p. 16.
81. Ibidem.
82. Ibidem.
83. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം മൂന്ന്, p. 27.
84. Ibid, p. 14.
85. Ibid, pp. 27ff.
86. Ibid, p. 29.
87. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം രണ്ട്, p. 142ff.

88. Ibid, pp. 6-61.
89. Ibid, p. 3.
90. Ibidem.
91. Ibid, p. 1.
92. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 43ff.
93. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 21ff.
94. Ibid, p. 22.
95. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 100.
96. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 10.
97. Ibid, p. 13.
98. Ibidem.
99. Ibid, p. 20.
100. Ibidem.

അദ്ധ്യായം XIII

1. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 45.
2. Ibid, p. 10.
3. Ibidem.
4. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 46.
5. ACO Scritture Orginali, 1865-1866, 596ff.
6. ഫാ. വലേരിയൻ, Op. Cit., pp. 66ff, കാണുക: ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 46.
7. Ibidem.
8. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, pp. 92ff.
9. Ibid, pp. 99ff.
10. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 10
11. ACO Scritture Orginali, 1865-1866, 596ff.
12. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 78.
13. സ്ഥാപകപിതാക്കന്മാർ, 1995, p. 27.
14. Ibid, p. 26.
15. Ibid, p. 28.
16. Ibid, p. 24.
17. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 13.
18. Ibid, വാല്യം നാല്, p. 100.
19. Ibidem.
20. Ibid p. 101.
21. ഫാ. വലേരിയൻ, Op. Cit., pp. 160 ff
22. കാണുക: ചാവറയച്ചന്റെ ആഴമായ ആദ്ധ്യാത്മികതാ, കർമ്മലിത്താ സിസ്റ്റേഴ്സ്, ചുണ്ടൽ, pp. 14ff.
23. Ibid, p. 19.
24. Ibid, pp. 20ff.
25. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 21ff.
26. Ibid, pp. 170ff.
27. ഡോ. ജോസഫ് കല്ലറങ്ങാട്ട്, ദൈവശാസ്ത്ര നിഘണ്ടു, s. v. 'അപ്രേം
28. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 3.
29. Ibid, pp. 1ff.

29. Ibid, pp. 1ff.
30. സ്ഥാപക പിതാക്കന്മാർ, Op. Cit., p. 29.
31. മാന്നാനം സമ്മേളനം, pp. 1ff.
32. Ibid, p. 2.
33. പൂണൂചരിതനായ പാലയ്ക്കൽ തോമ്മാ മൽപാൻ, ജനതാസർവ്വീസസ്,കൊച്ചി, p.33.
34. Ibid, p. 35.
35. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 1.
36. Ibid, വാല്യം രണ്ട്, pp. 4ff.
37. ഫാ. വലേരിയൻ, Op. Cit., p. 41.
38. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 5.
39. *Constitution and Directory*, CMI Generalate, Ernakulam, 1984, p. 2.
40. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 45.
41. Ibidem.
42. Ibid, p. 50.
43. *Constitution and Directory*, p. 2.
44. ഫാ. റോമിയോ പാട്ടാശ്ശേരി, *വാഴ്ത്തപ്പെട്ട ചാവറ*, മാന്നാനം, 1989, pp. 129ff.
45. Ibid, p. 131; കാണുക: ഫാ. വലേരിയൻ, Op. Cit., pp. 28ff.
46. ഫാ. ലയോപോൾഡ്, *ആത്മാനുതാപം*, മുഖവുര, p. 2.
47. സ്ഥാപകപിതാക്കന്മാർ, 1905, pp. 33ff.
48. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 135.
49. Ibid, p. 172.
50. Ibid, p. 170.
51. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 44.
52. വജ്ര ജൂബിലി, മുഖലേഖനം, നസ്രാണി ദീപിക, 20 ജനുവരി, 1896.
53. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 44.
54. സെബാസ്റ്റ്യൻ പോൾ, *ചാവറയച്ചൻ*, A Deepika Publications, Kottayam, 2004, p.117.
55. Ibidem.
56. സ്ഥാപക പിതാക്കന്മാർ, 1905, pp. 32ff.
57. ഫാ. വലേരിയൻ, Op. Cit., pp. 96ff.
58. Ibid, p. 156.
59. Ibid, p. 137.
60. ശ്രീമദ്സ്വാമി ജ്ഞാനാനന്ദസരസ്വതി ആശ്രമം, പാലക്കാട്, 1984, p. 16
61. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 20ff.
62. Ibid, വാല്യം ഒന്ന്, pp. 131ff.
63. ഫാ. വലേരിയൻ, Op. Cit., pp. 96ff.
64. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 114.
65. Ibid, വാല്യം രണ്ട്, p. 2966.
66. Ibid, p. 9.
67. Ibid, വാല്യം ഒന്ന്, p. 34.
68. കാണുക: *ക്രൈസ്തവാരാധന (വിവർത്തനം)*, ഫാ. അബ്രുൺജിയോസ്, മാന്നാനം, 1951; വത്തിക്കാൻ രണ്ട്, S. C, 13.
69. Ibidem.
70. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 135.
71. സ്ഥാപകപിതാക്കന്മാർ, 1995, p. 29.
72. Ibid, p. 37.
73. ഫാ. വലേരിയൻ, Op. Cit., p. 318.

74. Ibidem.
75. Ibid, p. 319.
76. സ്ഥാപക പിതാക്കന്മാർ, 1905, p. 38.

അദ്ധ്യായം XIV

1. Cfr.The New Jerome Bbilical Commentary, Gen, 1:26; ..... OIRSI, കോട്ടയം, 1943, pp. 274ff.
2. Ibidem.
3. കൂര്യക്കോസ് ഏലീയാസച്ചൻ, അരാധനാ ആധ്യാത്മികത, 2, Kottayam,1994, pp.77ff.
4. Ibid, p. 83.
5. Ibid, p. 86ff.
6. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 17.
7. Ibid, p. 28.
8. Ibid, p. 11.
9. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ. വാല്യം മൂന്ന്, v. p. 27.
10. Ibid, p. 50.
11. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ. വാല്യം V, p. 20.
12. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ. വാല്യം നാല്, p. 100.
13 Cfr. Thomas Sieger Dern, *Ecology and Human Liberation*, Geneva, pp. 25 ff, TeilharChardin, *The Phenomenon of Man*, Collins, London, 1959, pp. 292 ff.
14. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 10.
15. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 27.
16. Ibid, വാല്യം നാല്, p. 102.
17. ആലോചന, p. 91.
18. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 134.
19. ആലോചന p. 91
20. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 140.
21. Ibidem.
22. Ibid, p. 2.
23. Ibid, p. 2.
24. Ibid, p. 2.
25. Ibid, p. 1.
26. Ibid, p. 3.
27. Ibid, pp. 15ff.28.
28. Ibid, വാല്യം നാല്, pp. 138ff.
29. Ibid, വാല്യം രണ്ട്, p. 3.
30. മാർ അപ്രേം.
31. ഫാ. ലെയോനാർദ് മൂലയിൽ
32. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം p. 17
33. മാർ അപ്രേം.
34. *Beatification and Qurbana* by His Holiness Pope John Paul II at Kottayam, February, 8, 1986.
35. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 14ff; ആത്മാനുതാപം, വാല്യം രണ്ട്, pp. 20ff.
36. Ibid, വാല്യം രണ്ട്, p. 10.

37. Ibid, വാല്യം നാല്, p. 11.
38. മാർ അപ്രേം, മാർ അഫ്രാഹാസ്.
39. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന് pp. 18ff.
40. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 10.
41. ഡോ. സുകുമാരൻ അഴീക്കോട്, A deepika Publication, 2004, pp. 21ff.
42. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 37.
43. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 16ff.
44. Cfr. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, pp. 92ff; ഫാ. ബർണാർദ്, കൽദായ സുറിയാനി റീത്തിൽ ചേർന്ന മലയാളത്തിലെ കർമ്മലീത്തമാരുടെ ചരിത്രം, മൂത്തേടൻ, 1908, pp. 118ff, Cfr. P. J. Podipara, *The Thomas Christians*, Bombay, 1970, pp. 188ff; Cfr. Placid, J. Podipara, *The Hierarchy of the Syro-Malabar Church*, pp. 162-166; സെബൂർ കുടപ്പുഴ, *മാതൈഹാചരിതം*, വടവാതൂർ, കോട്ടയം, 1980, pp. 414ff.
45. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 76.
46. ഫാ. വലേരിയൻ, p. 104.
47. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, p. 6. സ്ഥാപകപിതാക്കന്മാർ 1982, p. 35.
48. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 14.
49. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, pp. 183ff.
50. Ibid, p. 154.
51. Ibid, p. 173.
52. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 16.
53. Placid J. Podipara, *The Heirachy of the Syro-Malabar Church*, pp. 162ff.
54. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 57ff.
55. ഫാ. വലേരിയൻ, കേരള കർമ്മല സഭാ സ്ഥാപകൻ, എറണാകുളം, 1942, pp. 38 -43.
56. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 1ff.
57. സീറോ മലബാർ റാസുകളം, സ്തോസാ, ഉത്ഥാന ഗീതം.
58. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 95ff.
59. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 34.
60. Ibid, p. 17.
61. Ibid, p. 13.
62. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 1; Pius VI, *Quod Aliquantum Cardinale Dela Richeafoucault*, Archbishops and Bishops at the French National Assembly, 10 March 1791.
63. Ibid, p. 2.
64. Ibid, p. 4.
65. Ibid, p. 5.
66. Ibid, p. 9.
67. Ibid, p. 10.
68. Ibid, p. 16.
69. Ibid, p. 22.
70. Ibid, p. 3.
71. Ibid, pp. 20ff.
72. ഫാ. വലേരിയൻ, Op. Cit., p. 242.
73. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 34.
74. ഫാ. വലേരിയൻ, Op. Cit., p. 242.
75. ഫാ. വലേരിയൻ, Op. Cit., p. 240.

76. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്,
77. Ibid, pp. 17ff.
78. ഫാ. വലേരിയൻ, Op. Cit., p. 16.
79. Ibid, p. p. 290
80. സെഡ് എം. മുഴൂർ, ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ ജനത, തേവര, 1989, p.71.
81. Ibid, p. 70.
82. ലൂയിസച്ചന്റെ കുറിപ്പ്, ഫാ, വലേരിയൻ, Op. Cit., p. 319.
83. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 10.
84. ശ്രിമദ് സ്വാമീ ജ്ഞാനാനന്ദ സരസ്വതി, Op. Cit., p. 2.
85. സി. എം. ഐ. നിയമാവലി, ഡിറക്ടറി, എറണാകുളം, 1984, pp. 3ff.

അദ്ധ്യായം XV

1. *Dizionario Degli Instituti di Perfezione*, s.v. 'Carisma e Carismi'; *Dizionaralo Encicliopedia di Spiritualtà*, s. v. 'Carisma'; *Jerome Biblical Commentary*, index, s. v. 'Charis, Grace favour'; *Gotthod Hasenhuttel*, 'Carisma', EDB, Bologna, 1973, pp.103; Antonio Romaseno, *The Charism of the Founder*, St Pauls, Ireland, 1994, pp.73ff.
2. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 13.
3. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 1.
4. Ibidem.
5. Ibidem.
6. Ibid, p. 6.
7. Ibid, p. 1.
8. Ibid, p. 1.
9. Ibid, p. 2.
10. Ibid, p. 54.
11. Ibid, p. 2.
12. Ibid, p. 2.
13. Ibid, p. 3.
14. Ibid, p. 10.
15. Ibid, p. 13.
16. Ibid, p. 14.
17. Ibid, p. 7.
18. Ibid, p. 8.
19. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 44.
20. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 15.
21. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലീയാസച്ചൻ, മാന്നാനം, 1936, pp. 13ff.
22. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 4ff.
23. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലീയാസച്ചൻ, pp. 13ff.
24. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 64ff.
25. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലീയാസച്ചൻ, p. 7.
26. *Jerome Bibilical Commentary*, John 20, 28; cfr. George Kaniyarakathu, *Person and Faith of Apostle Thomas in the Gospels*, 2000, p.126.

27. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലിയാസച്ചൻ, p. 7, 19.
28. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 6.
29. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലിയാസച്ചൻ, pp. 11ff.
30. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 51ff.
31. Ibid, p. 17.
32. Ibid, p. 21.
33. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന് p. 65, Cfr. ഏലിസബുസ് പോപ്പക്കര, ചാവറയച്ചന്റെ ചരിതം, സ്ഥാപകപിതാക്കൻമാർ, മാന്നാനം, 1905, pp. 36 ff
34. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 54.
35. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലിയാസച്ചൻ, p. 12.
36. Ibid, p. 19.
37. ധ്യാന സല്ലാപങ്ങൾ, pp. 13ff.
38. Ibid, pp. 13ff.
39. ഫാ. വലേരിയൻ, ത്രിതീയ ഓർഡെ അപ്പസ്തോലൻ, (1939) pp. 233ff.
40. ധ്യാനസല്ലാപങ്ങൾ p. 17.
41. Ibid, p. 13, Cfr. Grezeszik, *Il charisma dei fondatori*, Roma, 1974, p. 11.
42. Cfr. ഫാ. വലേരിയൻ, തിതീയ ഓർഡെ അപ്പസ്തോലൻ.
43. Cfr. Ibid, p. 35.
44. Ibidem, G. Damezia, Fondatore, in ECV, Florence, 1950, 1474-75.
45. ലെയോപ്പോൾദ്, ആത്മാനുതാപം, pp. 6ff; ഫാ. വലേരിയൻ, ത്രിതീയ ഓർഡെ അപ്പസ്തോലൻ, p. 10.
46. Ibid, p.101, Antonio Romano, *The Charism of the Founder*, p. 37; V. Caprioli, 'Fondatori', in *Dizionario del Concilio Eccuminico Vaticano Secondo*, Rome, 1969, 1144-45.
47. Cfr. Antonio Romano, *The Charism of the Founder*, pp. 29-65.
48. St. Thomas Christians Vol II, pp. 288-289; Cfr. ഫാ. വലേരിയൻ, ത്രിതീയ ഓർഡെ അപ്പസ്തോലൻ, pp. 232ff.
49. ഇയിസച്ചന്റെ കത്ത് Cited in ഫാദർ വലേരിയൻ, ത്രിതീയ ഓർഡെ അപ്പസ്തോലൻ, p. 238.
50. ധ്യാന സല്ലാപങ്ങൾ, p. 13; ലെയോപ്പോൾദ്, ആത്മാനുതാപം p. 57.
51. Ibid, p. 14.
52. ധ്യാനസല്ലാപങ്ങൾ, p. 15
53. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, pp. 8ff.
54. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലിയാസച്ചൻ, pp. 27ff.
55. Ibid, p. 50.
56. Ibid, p. 5.
57. Ibid, അനുബന്ധം p. 8.
58. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 21.
59. Ibid, p.10.
60. ഫാ. വലേരിയൻ, ത്രിതീയ ഓർഡെ അപ്പസ്തോലൻ, p. 10.
61. Ibid, p. 1.
62. Ibid, p. 10.
63. Ibid, p. 54.
64. Ibidem.
65. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 142.
66. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 21.

67. Fr. George Kaniarakath, *Person and Faith of Apostle Thomas*, pp 126ff.
68. Archieves of the S. Oriental Congregation Rome, Ponenza Doc. 1886. N. 26; Scritture riferit, Caldei, 1862-1886, Vol. I, 738-743 ff; Scritture referit, Malabaresi, 1862-1877ff, 38 Sg.
69. Cfr. ഫാ. വലേരിയൻ, *തൃതീയ ഭാരത അപ്പസ്തോലൻ*, p. 2. വലെരിയച്ചൻ പറയുന്നതു തൃതീയ ഭാരതഅപ്പസ്തോലൻ എന്നാണ് . രണ്ടാമത്തേതായി പറയുന്നതു വി. ഫ്രാൻസീസ് സേവ്യറെയാണ്. അദ്ദേഹം ലത്തീൻ സഭയുടെ പ്രേഷീതൻ എന്ന നിലയിൽ ആ സഭയ്ക്കു വികാസം ഇവിടെ നടത്തുകയാണ് ചെയ്തതു. അല്ലാതെ ശ്ലീഹാ നല്കിയില്ല. ലത്തീൻ റീത്തനുസരിച്ച് ഫ്രാൻസീസ് സേവ്യറെക്കുറിച്ചു പറഞ്ഞാൽ പ്രഥമൻ എന്നു വിശേഷിപ്പിക്കാം. എന്നാൽ ചാവറ മർത്തോമ്മാ ശ്ലീഹയിൽ നിന്നും ലഭിച്ച അതെവിശ്വാസം ഏതദ്ദേശീയ സഭയുടെ ആധുനിക പതിപ്പാക്കി വികസിപ്പിച്ചെടുത്തതിനാൽ തോമ്മാശ്ലീഹാ കഴിഞ്ഞ് രണ്ടാമതൊരു ശ്ലീഹായെന്നു കണക്കാണം.
70. Cfr. *ദൈവശാസ്ത്രനിഘണ്ടു*, കോട്ടയം 1996, S.V. സിറോ-മലബാർസഭ ; Cfr. *പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ*, 1997, pp. 215ff., 736ff.
71. Ibid, p. 737.
72. സുറിയാനി ഭാഷയും സുറിയാനി ആരാധനക്രമവും ചാവറ നിലനിറുത്തിയിരുന്നു. ചിലതെല്ലാം പശ്ചാത്യരീതിയിൽ അനുരൂപപ്പെടുത്തിയിരുന്നു എന്നുമാത്രം.
73. 20-ാം നൂറ്റാണ്ടു വരെയുള്ള നസ്രാണിസഭയുടെ ഭാരതത്തിലെ വളർച്ചയിൽ മുന്നിട്ടു നില്ക്കുന്നത് 1830 കളിൽ തുടക്കം കുറിച്ച സഭാത്മകത ചാവറയുടെ സിദ്ധിയിൽ കേന്ദ്രീകൃതമാണ്. ദേശീയ വൈദേശീയ അംഗീകാരവും അദ്ദേഹത്തിനുണ്ടായിരുന്നു. കാണുക അടിക്കുറിപ്പ് XV: 68.
74. Cfr. Sebastian Brock, "സുറിയാനിപാരമ്പര്യത്തിന്റെ രണ്ടുധ്രുവങ്ങൾ", *പൗരസ്ത്യ ദൈവശാസ്ത്രദർശനങ്ങൾ* ഫാ. ജോസഫ് കല്ലറങ്ങാട്, 1997, pp. 1013ff.
75. Ibid, pp. 1015ff.
76. Ibid, p. 1012ff.
77. Ibid, pp. 1011ff.
78. Ibid, p. 604; cfr. F. Young, "Syriac – A. Tool for the Student of Early Christian Doctrine", in J. H. Eaton (ed.) *Horizons in Semtic Studies*, p. 55.
79. Giamil Genuine Relationes inter Sedem Apostolicam et Assjuorum Orientalium Seu Chaldeorum Ecclessiam, Roma, 1902, Document, XXII.
80. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം നാല്, pp. 6ff; Cfr. Scritture referit, Malabaresi, p. 1875.
81. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ*, വാല്യം നാല്, pp. 84ff; ലത്തീൻ യൌനാനായ ക്രമക്കാർക്കുള്ളതുപോലെ നല്ല പുസ്തകങ്ങളും പേച്ചിന്റെ തെളിവും സുറിയാനി ക്കാർക്കുമുണ്ടാവണമെന്നു ചാവറ നിശ്ചയിച്ചുറച്ചു. സുറിയാനി ചെച്ചും ക്രമവും നടപ്പാക്കുന്നതിനുവേണ്ടിയായിരിക്കണം മിഷനറിമാർ വരുന്നതെന്നു ചാവറ നിശ്ചയിച്ചിരുന്നു. ചാവറ ഉദ്ദേശിച്ച ഒരു കാര്യം ഒരിക്കലും നടന്നിട്ടില്ല. അതായതു സുറിയാനിക്രമവും ഭാഷയും ഉള്ളവരായ മിഷനറിമാർ മേൽപ്പെട്ടക്കാരാകണമെന്നത്. ഇത് എക്കാലവും ലത്തീൻ റീത്തനുസരിച്ച് പ്രവർത്തിക്കുന്ന സുറിയാനിക്കാരുടെ രീതിയും ലത്തീൻകാരുടെ ഇടയിൽനിന്നു ഉണ്ടാകണമെന്നതായിരുന്നു. അതായത് എവിടെ ജോലി ചെയ്യുന്നുവോ അവരുടെ ക്രമം പാലിക്കുക. കാണുക ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 85.
82. Ibid, p. 92.
83. Ibidem.
84. Ibidem.
85. Ibidem.
86. Ibid, p. 93.

87 *Positio, Cyriaci Elias Chavara*, Typis polyglottis Vaticanis, MCMLXXVII, p.LXXXIII.
88. Ibidem.
89. Positio, pp. LXXXIII.
90. Ibidem.
91. Ibidem.
92. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 22.
93. Ibid, p. 1ff.
94. Ibid, p. 7.
95. Ibid, p. 10.
96. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 118.
97. Ibidem.
98. Ibid, pp. 112ff.
99. Ibid, p. 99.
100. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 31ff.
101. Ibid, p. 43.
102. *Positio*, p. XLIV.
103. Ibid, XLVI.
104. Ibid, XLVII,
105. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 17.
106. *Positio*, XLIII.
107. Ibid, XL.
108. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, p. 17.
109. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 169.
110. Ibid, p. 170.
111. Ibid, p. 169.
112. ഫാ. വലേരിയൻ, ത്രിതീയ ഭാരത അപ്പസ്തോലൻ, p. 187.
113. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 170.
114. Ibid, p. 10.
115. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 15ff.
116. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, p. 137.
117. Ibid, p. 100.
118. Ibidem.
119. Ibid, pp. 100ff.
120. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 20.
121. ഫാ. വലേരിയൻ, ത്രിതീയ ഭാരത അപ്പസ്തോലൻ, pp. 289ff.
122. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം മൂന്ന്, pp. 16 ff
123. Ibid, pp. 16ff.
124. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 18
125. Ibid, p. 22.
126. Ibid, p. 14.
127. Ibid, pp. 169ff.
128. യൂയിസച്ചന്റെ കുറിപ്പ്.
129. ആത്മാനുതാപം, p. 169.
130. Ibid, p. 135
131. ആത്മാനുതാപം, p. 17
132 Ibid, p. 18.
133 Ibid, p. 18.
134. Ibid, p. 20.
135. Ibid, p. 21.

അദ്ധ്യായം XVI

1. സ്ഥാപകപിതാക്കന്മാർ (1995) കനിമുസാ അലക്സാണ്ടർയൗസേപ്പ് പട്ടക്കാരൻ, മുഖവുര.
2. P. J. Podipara, The Thomas Christians, Darton Longman, London, 1970, p. 80ff; Ibidem.
3. മാർ അബ്രഹാം മറ്റം, വിൻസെൻഷ്യൻ സഭാസ്ഥാപനത്തിന്റെ പശ്ചാത്തലവും പ്രചോദനങ്ങളും, ഇടപള്ളി, 2003, pp. 29ff.
4. Archivum Romanum of the Society of Jesus, Goa-Malabar, Vol. 34, 1-2ff ; cfr. Archivium Secretum Congregationis de Propoganda Fide. Acta Vol. 4f. 74, Scritture Originiali rifferitti nelle Congregatione Generali, Vol. 386ff. 296 v.
5. Cfr. P. J. Podipara, The Thomas Christians, pp.79ff.
6. M. O. Joseph, Thachil Mathew Tharakan, Kottayam, 1961, pp. 127--.
7. പാറേമാക്കൽ തോമാക്കത്തനാർ, വർത്തമാനപുസ്തകം.
8. Archivium Romanm of the Society of Jesus, 68 fol. 310.
9. Bernard Thomas, St.Thomas Christians (Mal) palai, 1916. Mannanam, 1921, pp.220-308
10. Mekenzie, Tranvancore State Manual. Vol. II, pp. 26ff.
11. ഡോ. മത്യാസ് മുണ്ടാടൻ, വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സി.എം.ഐ സഭാസ്ഥാപകൻ; ചാവറയച്ചൻ, A Deepika Publications, 2004, കോട്ടയം, pp. 94ff; സ്ഥാപകരിൽ ഒന്നാമൻ, പ്രകാശം പ്രസിദ്ധീകരണം, 1980, pp. 11ff; വർക്കീസ് കാഞ്ഞിരത്തുങ്കൽ, പാലയ്ക്കൽ തോമ്മാച്ചൻ, പ്രകാശം പ്രസിദ്ധീകരണം, 1981, pp. 9ff; കാഞ്ഞിരത്തുങ്കൽ, അവരിൽ ഒരുവൻ, ദീപികാബുക്ക് ഹൗസ്, 1985, pp. 4ff; ജോസഫ് ജെ. തയ്യിൽ. തയ്യിൽ കുടുംബവും കേരളകർമ്മലീത്താ സഭാസ്ഥാപനവും, 1971, pp. 22ff; Cfr. പി. ജോൺ കുടമാളൂർ, എവിടെ കല്ലിട്ടു?, p. 2ff; കാണുക: ആൻസെലം, ആദ്യപിതാക്കന്മാരുടെ ജീവിതവും പ്രവർത്തനവും, കോട്ടയം. pp. 3 ff
12. സ്ഥാപക പിതാക്കന്മാർ (1995) മുഖവുര.
13. Cfr. Tileard J. M. R. Les Grands lois de la rinovatione de la vie Religieuse, Unam Santem, 62, Paris, 1967, pp. 9, and 28, ID, La vie religiuse 'Sacarment de la presence de Dieu in AA. VV., Dialogues des religieuse avee le monde Ottava, 1964, pp. 49-60, 61-77; ID, Religiosi fideltà, Rinova mmento, Perugia,1970, p. 43, ID, Carisma, Bologna, 1978, 10ff., cited in Antonio Romano, The Charism of the Founder, p. 125, 19ff.
14. Ibid pp. 101, 125, Carisma E Sequella 72.14.Ibid pp. 101, 125, Carisma E Sequella 72.
15. Cfr. Tillard J.M.R, op.cit pp.10 ff.
16. കാഞ്ഞിരത്തുങ്കൽ , അവരിൽ ഒരുവൻ, Op. Cit., p. 4.
17. ദൊനാറ്റാ എന്ന ദൊമ്നിക്കൽ വൈദികൻ സുറിയാനി ഭാഷാ പണ്ഡിതനായിരുന്നു. അദ്ദേഹം നസ്രാണികൾക്ക് സഹകാരിയായി വന്നു.
18. ഫാ. വലേരിയൻ, Op. cit pp. 48 ff.
19. The Carmelite Congregation of Malabar, Triuchinopoly, 1932, p.45.
20. Girardi , G.O. La Vita Religiosa, Formele - eminente di Vita – Censecrata nella Chiesa, Popolo di Dio, Teologia della Vita Religiosa, I, Naples 1979, p.92, cited in Antonio, Romano, The Charism of the Founder, pp.114 ff.
21. Antonio Romano, The Charism of the Founder, p. 6.
22. Ibid.

23. ഫാ. വലേരിയൻ, 1939, തൃതീയ ഭാരത അപ്പസ്തോലൻ, p. 104.
24. ഫാ. ബർണാർദു T.O.C.D., സി.എം.ഐ. സഭ ആദ്യ ദശകങ്ങളിൽ, കൊച്ചി, 1985, p. 37.
26. Ibid pp. 19 ff.
27. Ibid pp. 22 ff.
28. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, pp. 13 ff.
31. Ibid p. 26.
32. Ibid p. 27.
33. മോൺസിഞ്ഞോർ സ്തബലിനി ആഗ്രഹിച്ചത് തന്റേതായ ഒരു ആശ്രമം തുടങ്ങി ലത്തീൻ രീതിയിലതു പടുത്തുയർത്തണമെന്നായിരുന്നു. ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ടിലതുണ്ട്. കാണുക. ഡോ. ചാൾസ് പൈങ്ങോട്ടു, ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട് 1977, pp. 116 ff . തുടക്കത്തിൽ സ്തബലിനിയും പിന്നീട് ബർണർദിനുമെല്ലാം യൂറോപ്യൻ ആധികാരമാണു സ്ഥാപിക്കാൻ നോക്കിയത്. കാണുക. Ibid pp. 118, pp. 12 ff.
34. ഡോ. സുകുമാർ അഴീക്കോട്, ചാവറയച്ചന്റെ രീതി , ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, സെഡ് എം. മുഴൂർ (പ്രസാദകൻ) തേവര, 1989, p. 61.
35. Ibid p. 63.
36. Ibidem.
37. ഫാ. വലേരിയൻ, തൃതീയ ഭാരത അപ്പസ്തോലൻ,
38. ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, p. 73.
39. Ibid p. 74. കാണുക.
40. Ibid p. 74.
41. Ibid p. 71.
42. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട് p. 54.
43. Ibid pp. 54 ff.
44. Ibid pp. 56 ff.
45. Ibidem.
46. Ibid pp. 57 ff.
47. ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, p. 68.
48. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, pp. 51 ff.
49. മത്യാസ് പട്ടക്കാരൻ, കുര്യക്കോസ് ഏലിയാസച്ചൻ, pp. 63 f.
50. വേണ്ടത്ര ജ്ഞാനവും നിലവാരവുമില്ലാത്തവരുടെ ഗണത്തിനാണ് മൂന്നാം സഭ എന്ന പേര് ലഭിച്ചത്. വിദേശിയരായ കർമ്മെലിത്താക്കാരെ മറിക്കടക്കുന്ന നിവേശനവും ബുദ്ധിശക്തിയുമുള്ളവരെ മൂന്നാംസഭയാക്കി തീർത്ത പ്രവ്രത്തി ദൈവനിവേശനത്തിനു ചേരാത്തതാണ്, Cfr. Archieves of O.C., S.C. Malabaresi, 1878 – 1889, fol. 1160 V ; cited in ഡോ. ചാൾസ് പൈങ്ങോട്ടു, കേരളസഭാ പത്തൊൻപതാം നൂറ്റാണ്ടിൽ, കോട്ടയം, 1997, p. 122.182
51. കാണുക. ഡോ. ചാൾസ് പൈങ്ങോട്ടു, കേരളസഭ പത്തൊമ്പതാം നൂറ്റാണ്ടിൽ 1996, pp. 72 ff. മനുഷ്യത്വ രഹിതമായി പ്രവർത്തിച്ച ആർച്ചുബിഷപ്പിൽ നിന്ന് എങ്ങനെ ദൈവികത കടന്നുവരും, Cfr. Ibid pp. 75 ff.
52. ഫാ. വലേരിയൻ , തൃതീയ ഭാരത അപ്പസ്തോലൻ, pp. 109 ff.
53. ഡോ. ചാൾസ് പൈങ്ങോട്ടു, കേരളസഭ പത്തൊമ്പതാം നൂറ്റാണ്ടിൽ, pp. 1996 p. 272; Ibid (1997) pp. 105 ff.
54. മൂന്നാം സഭകളുടെ പശ്ചാത്തലം അമലോത്ഭവദാസസംഘത്തെ മൂന്നാം സഭയാക്കിയതിനെ ന്യായികരിക്കത്തക്കതല്ല, കാണുക The Carmelite Congregation of Malabar, 1932, 43 ff., cfr. Ambrosius a – s, Theresa OCD; Hierarchia Carmelitana, IV, Rome, 1934, pp.277 ff. Cfr.Archieves of the S.Oriental mCongreation, Rome

Ponenza, Dec.1886, No.26; Scritture rifferiti, Malabaresi, 1862 – 1886 Vol.I, pp. 738; Scritture originoli riferiti; Malabaresi, 1862 – 1877 ff.സ്വന്തം നോട്ടത്തിനു വേണ്ടി ചാവറയച്ചനെപ്പോലും കരുവാക്കിയ ലൗകായതികതമാണ് മുകളിൽ സൂചിപ്പിച്ച രേഖകളിലുള്ളത്.

55. പാലയ്ക്കൽ, പോരുക്കര, ചാവറ എന്നീ വൈദികർ സ്തബിലിനിയുടെ കാലത്തു ജീവിച്ചിരുന്നത് ഡൊമിനിക്കൻസഭയുടെ ജീവിതക്രമത്തിലായിരുന്നു. കർമ്മെലീത്താ നിയമങ്ങളെ ചില മാറ്റങ്ങളോടെ ബർണർദിനോസ് അവർക്കു കൊടുത്തു. അമലോത്ഭവനിയമത്തിന്റെ ദാസന്മാർ എന്നാണ് ആ നിയമങ്ങൾ കൊടുക്കയിൽ അവരെ വിളിച്ച പേര്. ഭക്തിയുള്ളതും എല്ലാവിശ്വാസികളുടെയും ബഹുമാനം നേടികഴിഞ്ഞതുമായ പ്രസ്തുത വൈദിക സമൂഹം അത്ഭുതകരമായി വളരുന്നതുകണ്ട് ബർണർ ദിനോസും മിഷനറിമാരും അതിനെ തങ്ങളുടെ അധികാരത്തിൻകീഴ് നിർത്തുന്നതിനും ഒരു തരം അടിമകളായി തങ്ങൾക്ക് കീഴ്പ്പെടുത്തുന്നതിനും നിശ്ചയിച്ചു. ഈ ലക്ഷ്യത്തോടെ ഞങ്ങളെ കർമ്മെലീത്താ സഭയിൽ സ്വീകരിക്കുമെന്ന ഭാവത്തോടും കപട വാഗ്ദാനത്തോടും കൂടെ കർമ്മെലീത്താ നിയമം നൽകി. ഇപ്പോഴാകട്ടെ ഞങ്ങളുടെ പേര് മൂന്നാം സക്കോർ എന്നാണ്. ഒന്നാം സഭയുടെ നിയമവും ആ സഭയിലെ സന്യാസികൾക്കില്ലാത്ത കഠിനാനുഷ്ടാനങ്ങളും ഞങ്ങൾ പാലിക്കണം താനും. കാണുക ഡോ. ചാൾസ് പൈങ്ങോട്ടു, കേരള സഭ പത്തൊമ്പതാം നൂറ്റാണ്ടിൽ, 1997, pp. 122 ff. Cfr. കേരള സഭ പത്തൊമ്പതാം നൂറ്റാണ്ടിൽ , 1996 p. 72 വീണ്ടും മൂന്നാം സഭക്കാരെ എത്ര വികലമായ രീതിയിലാണ് മിഷണറിമാർ കണ്ടിരുന്നത് എന്ന് രേഖകൾ ഉണ്ട്: Archives of O.C; S.O. C.G. 1884 Ponenze,12: 5 1884 Fase VII,Cited in ഡോ. ചാൾസ് പൈങ്ങോട്ട് (1997) pp. 121 – 135.

56. ദേശീയവും വൈദേശികവുമല്ലാത്ത ഒരു സമ്മിശ്രസഭയായി ഇന്നതു തുടരുന്നു. പ്രത്യേകിച്ചും നസ്രാണി സഭയുടെ വിശ്വാസത്തിലും അതിന്റെ തനതാത്മക ദൈവാരാധനയിലും സഭയുടെ ആരാധനാദ്ധ്യാത്മികതയിലും വ്യക്തിമുദ്രയില്ലാത്ത ഒരു വലിയ സമൂഹം; Cfr. Documentation from Rome, 1980, Sacred Congregation for the Oriental Churches.

57. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം, നാല് p. 99.

58 Ibid p. 100.

59 Ibidem.

60 See, John Macquarrie, Principles of Christian Theology, pp. 236.ff., 256 ff.

61.* ഫാ. വലേരിയൻ, തൃതീയ ഭാരത അപ്പസ്തോലൻ, pp. 109 ff.

64. ബർണർദോസ് തോമ്മാ, കൽദായ സുറിയാനി റീത്തിൽ മൂന്നാം സഭയുടെ ചരിത്രം, മുത്തോലി, 1908, pp. 43 - þ 44, Cited ഫാ. വലേരിയൻ, Op. cit p. 100.

65. ഫാ. വലേരിയൻ, സി. എം.ഐ. ലക്ഷ്യവും ചൈതന്യവും, മാന്നാനം,1968, p. 42.

66. Ibid pp. 42 -þ 43.

67. Ibid pp. 43 ff.

68. ബർണാർദോസ് തോമ്മാ, കൽദായ സുറിയാനി റീത്തിൽ മൂന്നാം സഭയുടെ ചരിത്രം, pp. 51 ff.

69. Ibid p. 52.

70. ഫാ. വലേരിയൻ, സി.എം. ഐ ലക്ഷ്യവും ചൈതന്യവും, p. 46.

71. ഡോ. ചാൾസ് പൈങ്ങോട്ട് , കേരള സഭ പത്തൊമ്പതാം നൂറ്റാണ്ടിൽ, 1997, pp. 18 ff.

72. Ibid p. 19.

73. Ibid p. 25.

74. Ibid 74 ff.

75. Ibid pp 75 ff.

76. Ibid p. 134 കാണുക P. F. Archieves of S.D.C. 191, Folio. 535 V.

77. ഡോ. ചാൾസ് പൈങ്ങോട്ട്, കേരള സഭ പത്തൊമ്പതാം നൂറ്റാണ്ടിൽ, 1997, pp. 134s ff.
78. ഡോ. സേവ്യർ കൂടപ്പുഴ, ഭാരത സഭാചരിത്രം, OIRSI. കോട്ടയം, 1980, pp. 430 ff. കാണുക. ഐ.സി. ചാക്കോ. മാർ ളൂയീസ് പഴേപറമ്പിൽ. തിരുവനന്തപുരം, 1937 pp. 156 ff., cfr.Scritture Originali, Scritture Riferit Malabaresi, 1872 – 1877, f.400.
79. ഡോ. പ്ലാസിഡ് പൊടിപാറ, സി.എം.ഐ മാർത്തോമ ക്രിസ്ത്യാനികളുടെ വളർച്ചയും, തളർച്ചയും, മാങ്ങാനം, p. 66.
80. Ibid p. 76.
81. Ibid p. 79.
82. Ibid p. 81.
83. വത്തി 2, O.E 6.
84. പുനരുദ്ധാരണം കൂടാതെ പരിഷ്ക്കാരം നടത്തിയ രീതികൾ പരിശുദ്ധസിംഹാസനത്തിൽനിന്നും നസ്രാണിസഭയെ പുനരുദ്ധരിക്കുന്നതിന് എന്നും ശ്രദ്ധിച്ചിരുന്നു. 1923 ൽ സിറോ മലബാർ ഹൈയരാർക്കി സ്ഥാപിതമായതുമുതൽ പുനരുദ്ധാരണം തുടങ്ങി 1934 - ഡിസംബർ 1 –നു 11 ാം പീയൂസ് പാപ്പാ പ്രകടമായ തുടക്കം വഴി സുറിയാനി തനിമയിലേയ്ക്കു നസ്രാണികളെ നയിച്ചു. Cfr. ഡോ. തോമസ് മണ്ണൂരംപറമ്പിൽ, സിറോ മലബാർ കുർബാനക്രമം, OIRSI, കോട്ടയം,1986, pp.80,114 ff.
85. വത്തി 2, P.C 2
86. പ്ലാസിഡച്ചൻ, *മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും*, p. 89.
87. സെഡ്. എം. മുഴൂർ (ed.) *ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ*, തേവര, 1989, pp. 111 ff.
88. സഭാത്മക വിശ്വാസം See, M.Vellanickal, In Ecclesial Identity.. OIRSI കോട്ടയം, 1985, p. 44.
89. ശ്ലീഹന്മാരുടെ കൂദാശക്രമം. Cfr. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ, *സീറോമലബാർ കുർബാനയുടെ ചരിത്രപശ്ചാത്തലം*, OIRSI, കോട്ടയം, 1986, pp. 23, 36, 250.
90. ഡോ. ചാൾസ് പൈങ്ങോട്ട്, ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട്, 1997, pp. 116, ff..4.
91. പ്ലാസിഡ് പൊടിപാറ, *നമ്മുടെ വീത്ത്* ,1951, p. 130. Cfr. ഡോ. സേവ്യർ കൂടപ്പുഴ, *ഭാരത സഭാചരിത്രം*, pp. 414 ff.
92. Cfr. വത്തി 2, S.C.10,13,14,15; ഡോ. പ്ലാസീഡ് പൊടിപാറ, *മർത്തോമ്മാ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും*, pp. 78 ff.
94. Cfr.ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, pp. 83 ff.
95. 1958-ൽ സ്വന്തമായ പ്രമാണരേഖ ഉണ്ടായി എങ്കിലും മാറ്റം കാതലായി വന്നില്ല, Cfr. Some *Reflections on the C.M.I.*, by a C.M.I. Father (Dr.Placid J Podipara), Mannanam,1980, pp.26 ff., Cfr. Cherian Kochupurackal, *Social goals of the C.M.I Congregation and the Values and Attitudes of its Members*, Ernakulam, 1983, pp. 80 ff.
96. വഞ്ചി തിരുനക്കരത്തന്നെ എന്ന ശീർഷകമാണു പഴയസഞ്ചിയിൽ പുതിയ വീഞ്ഞു എന്ന് രൂപപ്പെടുത്തിയത്, *Ibid.* pp. 124 ff.
97. Motu Proprio, Cleri Sanctitate Pu XII, A.A.S. XLIX (1957), Motu Proprio "Sollicitudinem Nostram" "Pu XII A.A.S.XLII (1950) Motu proprio, Crebrae Allate Sunt, Rome, 1949, Postquam Apostolicis Litteris, Rome, 1952.
98 *Some Reflections on the CMI*, pp.55ff.
99. Cfr. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം ഒന്ന്, pp. 232 ff.
100. cfr. *Some Reflections on the CMI*, pp.50 ff., cfr. Cherian Kochupura ckal, *Social Goals of the CMI Congregation*—— ..pp.29 ff.
101. Cfr. *Some Reflections on the CMI*, pp. 33 ff; Cfr. ഡോ. ജോസഫ് പെരുന്തോട്ടം, *മർത്തോമ്മാ നസ്രാണിസഭ പ്രതിസന്ധികളിലൂടെ*, HIRS India Series No. 47 ചങ്ങനാശ്ശേരി, 1993, pp. 146, 154, 172, 198 ff.

102. *Some Reflections on the CMI*, pp. 37 ff. 39 - 44 ഡോ. ജോസഫ് പെരുന്തോട്ടം, Op. Cit., pp. 198 ff.
103. *Some Reflections on the CMI*, pp.46 ff., cfr. Cherian Kochupurackal, *Social Goals of the CMICongregation ...*, pp.120.ff; cfr. Antonio Romano, *The Charism of the Founder*, pp.182 ff.
104. ലത്തീൻകാർക്കുവേണ്ടി സന്യാസസഭ തുടങ്ങുവാൻ സ്തബിലിനിയും ബർണർദിനോസ് മെത്രാപ്പോലീത്തായും പരിശ്രമിച്ചിരുന്ന കാലഘട്ടം, Cfr. ഡോ. ചാൾസ് പൈങ്ങോട്ട്, *കേരള സഭ പത്തൊമ്പതാം നൂറ്റാണ്ടിൽ*, 1997, p. 117.
105. ഡോ.ചാൾസ്, ഇഗ്നേഷ്യസ് പെർസിക്കോയുടെ റിപ്പോർട്ട് pp. 116-117.
106. 1955 ൽ പുതിയ ന്യായപ്രമാണം ഉണ്ടായെങ്കിലും പഴയ കർമ്മേലീത്താ പാരമ്പര്യമാണ് പരിശീലനത്തിൽ തുടർന്നിരുന്നത്. 1970 കൾ തുടങ്ങിയ സന്യാസ പരിശീലനം പലപ്പോഴും പരീക്ഷണാർത്ഥം എന്ന നിലയിൽ നീണ്ടു പോകുന്നു
107. കതിരൊളി, സെപ്തംബർ, ഒക്ടോബർ 1983, pp. 295 ff.
108. കിഴക്കിന്റെ സാക്ഷ്യം, ദനഹാസർവ്വീസസ്,1990,pp.272 ff.
109. കിഴക്കിന്റെ സാക്ഷ്യം, ദനഹാസർവ്വീസസ് 1990, pp. 272 ff.
110. ചാവറയച്ചൻ പൂർണ്ണമായും തിരുസ യുടെ നിശ്ചയങ്ങൾ നടപ്പാക്കിയിരുന്നു. എന്നാൽ ഇന്ന് സ്ഥിതിക്കുമാറ്റം വന്നു. സ്വതന്ത്ര നിക്കങ്ങൾ സഭാതനിമയെ തകിടം മറിക്കുന്നു.
111. നിരവധി വിദേശ സന്യാസ സമൂഹങ്ങൾ, ദൈവവിളിയുടെ പേരിൽ ഭാരതത്തിൽ വന്ന് ദേശീയ രീതിയിൽ വനങ്ങൾ തുടങ്ങുന്നു. കൂടാതെ പ്രവിശ്യകളും സ്ഥാപിക്കുന്നു. എന്നാൽ കാര്യത്തിൽ വൈദേശിക പതിപ്പായി മാറുകയാണു അവയെല്ലാം. ഈ കാര്യത്തിൽ സി.എം.ഐ മുന്നിൽ നിൽക്കുന്നു. സെമിനാരി പരിശീലനത്തിലും ഈ പ്രവണത പ്രകടമാണ്, Cfr. Kochupurackal, *Social goals of the C.M.I Congregation .....*, pp. 84 ff.
112. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, P.
113. *Ibid* P.
114. *Some Refelections on the CMI.*, pp.18 ff.
115. *Ibid* pp. 25 ff.
116. *Ibidem*. ft, no.d.
117. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, P.
118 See, Placid J Podipara, *The Hierachy of the Syro Malabar Church*, p.170, pp.163 ff.
119. *Some Reflection on the CMI*,, pp. 23 ff.
120. *Ibid* pp. 25 ff, 40 ff.
121. *Ibid* pp. 48 ff.
122. *Ibid* pp. 33 ff 22 – 24.254
123. ഡോ. ചാൾസ് പൈങ്ങോട്ടു, *കേരള സഭ പത്തൊമ്പതാം നൂറ്റാണ്ടിൽ*, 1997.
124. See, G.Aranjanil, Research Seminar on Triple Roots, pp.73 ff.
125. *Some Reflection on the CMI*, p. 51.
126. മാത്തോദീസായുടെ ചൈതന്യമില്ലാതെ പേരിനും പെരുമയ്ക്കുമായി നടത്തുന്നതെന്തും ഉപരിപ്ലവസന്യാസമാണ്.
127. പോൾ ആറാമൻ പാപ്പാ ഇടപ്പെട്ട രണ്ടാം വത്തിക്കാൻ സാർവ്വത്രിക സൂനഹദോസിൽ രൂപതാ മനോഭാവത്തിൽ നിന്നും ഇടവകാ രൂപതാ മനോഭാവത്തിലേയ്ക്കു നയിക്കുന്നു.
128. പ്ലാസിഡ് പൊടിപാറ, *മാർത്തോമ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും* , pp. 66 ff.
129. *Some Reflection on the CMI*, pp. 32 ff.
130. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം, 4 .pp. 84 ff.

131. ജെ. പിറയിൽ, ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, തേവര, 1989, p. 115.
132. *Some Reflections on CMI*, pp. 115.
133. Ibid p. 20, രക്ഷകന്റെ സഭക്കാരെ മോണ്. ബച്ചിനെല്ലി കണ്ടെത്തിച്ചു വരുത്തി പ്രസംഗം പഠിപ്പിച്ചു.
134. *Some Reflections on the CMI*, pp. 21ff.
135 *Report on the Liturgical Reform in the Syro-Malabar Church given by theSacred Congregation for the Oriental Churches*, Roma, 1980 -1.
136. Cfr. Kochupurackal, *Social Goals of the CMI Congregation* ... pp. 95 96, സാമൂഹ്യപ്രതിബദ്ധതയിൽ ദൈവരാധന ബലഹീനമായി.
137 Placid J Podipara, *The Hierachy of the Syro Malabar church*, pp.163 ff.
138. Cfr. പാൾസ് പൈങ്ങോട്ട്, *കേരള സഭ പാത്താമ്പതാം നൂറ്റാണ്ടിൽ*, 1997, p. 120.
139. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 54.
140. Cfr. *ചാവറ, വ്യക്തിയും സിദ്ധിയും*, p. 1.
141 *The Carmelite Congregation of Malabar*, Trichinappally, 1932, pp.9.ff 32 ff.
142. വത്തി. 2., തിരുസഭ 7.
143. Cfr. *Some Reflections on the CMI*, pp. 5 -11.
143a *Ibidem*.
144. *Some reflections on the CMI*, pp. 11.
145. *Ibidem*.
146. *Ibid* pp. 12, 13, 17-22.
147. ഫാ. വലേരിയൻ, *സി.എം.ഐ, ലക്ഷ്യവും പൈതൃകവും*, p. 47.
148. Ibid p. 109; *The Carmelite Congreation of Malabar*, pp. 43 ff.
149. ഉൽപത്തി 1 : 26 ൽ സംവേചിച്ചതും യോഹ: 1:14 ൽ കാണുന്നതും മനുഷ്യരൂപവൽക്കരണത്തിന്റെ രണ്ടു പ്രതിഭാസങ്ങളാണ്. ഇത് ഒരു വിധ ശൂന്യവൽക്കരണമാണ്. (ഫിലി: 2: 5)
150. മനുഷ്യന്റെ സ്വധർമ്മ നിർവ്വഹണത്തിൽ മനുഷ്യ ജീവിതം ജനനം മുതൽ സ്വീകായിലെ മഹത്വീകരണംവരെയുള്ളത്.(യോഹ: 4 . 34; യോഹ 10:10; 15:13; 19: 34; എഫ്രാ 10:5 -14) Cfr. Iranaeus, *De Perfectae Christani Forma*, PG 46. 251 – 256.
151. വത്തി 2. തിരുസഭ 43, 44; സന്യാസ ജീവിതം, 2. സുവിശേഷത്തിലെ മിശിഹായെ അനുഗമിക്കുക എന്നതു സഭയുടെ വിശ്വാസവും സഭയുടെ ദൈവാരാധനയും സഭയുടെ ആധ്യാത്മികതയും അടിസ്ഥാനനിയമങ്ങളാക്കുകയും അതിനനുസൃതം ജീവിക്കുന്ന ആരാധനാത്മികതയുമാണ്. Cfr. Gabriel Brasso, *Liturgy and Spirituality*, pp. 48 ff.
152. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം നാല്, pp. Ibid. വാല്യം രണ്ട്.
153. *The Carmelite Congregation of Malabar*, pp. 79 - 83, See *Some Reflections on the CMI*, pp. 22 ff.
154. Cfr. *Some Reflections on the CMI*, pp. 26 ff.
155. *The Carmelite Congregation of Malabar*, pp. 112 ff; Cfr. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്ന്, pp 90 ff.
156. വത്തി 2; സന്യാസജീവിതം, 2; Cfr. പൗരസ്ത്യസഭകൾ, 2 - 6; സഭൈക്യം 15; ആരാധനക്രമം 10 – 14.
157. Cfr. കുര്യാക്കോസ് ഏലിയ വടക്കേത്ത് സി.എം.ഐ, *ആരാധനായാത്തികത 2. നസ്രാണി ആധ്യാത്മികത*, വാല്യം 2, 1994, p. 4, ft. 5. Cfr. ഡോ. ജോസഫ് കല്ലറങ്ങാട്ട്, *പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം*, ദൈവശാസ്ത്രവിജ്ഞാനം. OIRSI, കോട്ടയം. pp. 14 ff.
158. *Constitutions and Directory of CMI*, Ernakulam, 1984, no. 4.
159. *ദൈവശാസ്ത്രനിഘണ്ടു*, OIRSI കോട്ടയം 1996, S.V പൗരസ്ത്യം.

160. പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ, ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി) OIRSI 1997 pp. 736; Cfr. Ibid pp. 1012- 1020
161. Fr.Mathias Mundadan, "*Spirituality of Syriac Writers*", Research Seminar on Tripple Roots, p. 26.
162. Ibidem.
163. Cfr. പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ, pp. 245 ff.
164. പൗരസ്ത്യ ദൈവശാസ്ത്രദർശനങ്ങൾ, pp. 1012 ff.
165. P.J .Podipara CMI, *The Thomas Christians*, London 1970, pp. 15 ff.
166. Cfr. *Reserach Seminar on Triple Roots*, pp. 7 – 25.
167. *Ibid* p. 19 ചേതനാത്മക ശരീരബദ്ധതയിൽ ദൈവച്ഛായയിൽ നിന്നു ദൈവസാദൃശ്യത്തിലേയ്ക്കുള്ള മനുഷ്യന്റെ രൂപാന്തരീകരണമാണ് അതിന്റെ ചലനാത്മകത. അതായതു ഉള്ളിൽ നിന്നുള്ള വളർച്ചയുടെ ശാസ്ത്രമാണു പൗരസ്ത്യ ആധ്യാത്മിക ദൈവവിജ്ഞാനിയം.
168. Cfr. *Research Seminar on Tripple Roots*, pp. 26 – 51.
169. *Ibid* p. 51.
170. *Ibidem.*
171. *Ibid* pp. 52- 72.
172. *Ibid* p. 72; Cfr. വത്തി 2, U.R. 15; O.E.6; Cfr. *കിഴക്കിന്റെ സാക്ഷ്യം.*
173. വത്തി. 2, സന്യാസജീവിതം 2C.
174. *Jerome Bibilical Commentary*, John.20.28.
175. പ്രമാണ രേഖയുടെ അംഗീകാരം പൗരസ്ത്യ തിരുസംഘം വഴിയാണ് നടന്നത്
176. *Constitution and Directory of CMI* No 4.
177. Cfr. *Reserach Seminar on Triple Roots* Cited pp. 64 65
178. *Cited* p. 73
179. Ibid pp. 73, 84
180. *Ibid* p. 86
181. *Ibidem.*
182. *Ibid p.92*
183. *Ibid* p. 93
184. *Ibid* pp. 93 ff185.
185. *Ibid* pp. 93 ff
186. *Research Seminar on Triple Roots*, pp. 95 -144.
187. *Research Seminar on Triple Roots*, p. 102.
188. *Ibid* pp. 103. 189.
189. *Ibid* p. 11.
190. *Ibid* pp. 112 ff.
191. *Ibid* pp. 129 ff.
192. *Ibid* pp. 133 ff.
193. പാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 17.
194. *CMI നിയമാവലിയും ഡിറക്ടറിയും*, എറണാകുളം, 1984, pp. 3 ff.
195. cfr.. Robert Murray, *The Characterstics of the Earliest Syriac Christianity*, In N.G. Garsoian, T.F. Mathews and R.W Thompson (eds) East of Byzantium, *Syriac and Armenia in the Formative Period of* (Washington.D.C.1982) pp. 3 -16, and, The symbols of Church and Kingdom, A Study in Early Syriac Tradition (Camebridge, 1955) cited in പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ, p. 1014, ft.4.

196. കാണുക ഡോ. തോമസ് അരയത്തിനാൽ, *പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ*, pp. 140 ff.
197. കാണുക T. Puthiakunnel, *Syro Malabar Clergy*, Pachalam, 1964, pp. 70 ff.
198. ഫാ. വലേരിയൻ, *സി.എം. ഐ ലക്ഷ്യവും ചൈതന്യവും*, pp. 1 ff.
199. Cfr. P.J. Podipara, *CMI. The Thomas Christians*, pp. 15 ff; ബർണർദോസ് തോമ്മാ, *കൽദായ സുറിയാനി റീത്തിൽ ചേർന്ന മലയാളത്തിലെ കർമ്മേലീത്താ മൂന്നാം സഭയുടെ ചരിത്രം*, pp. 3 ff; ക്രൈസ്തവ വിജ്ഞാനകോശം. പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. 1975, pp. 568 ff.
200. Fr.Koonammakal Thoma, Kathanar, "*The Church in the Churches*", Christian Orient, Vol.IV, no.1, 1993, pp. 38 ff.
201. *Ibidem.*
202. *ക്രൈസ്തവ വിജ്ഞാനകോശം*, 1975, pp. 569 ff.
203. വത്തി II, P.C. 2, Ibid O.E, 2, 4, 6, *Ibid* U.R. 15.
204. ഫാ. വലേരിയൻ, *സി.എം. ഐ ലക്ഷ്യവും ചൈതന്യവും*, pp. 7 ff.
205. നസ്രാണികൾ ലോകത്തിൽ അറിയപ്പെട്ടത് Cfr.
206. Cfr. ജോസഫ് കല്ലറങ്ങാട്ട്, *ദൈവശാസ്ത്ര ദർശനങ്ങൾ* (എ.ഡി) 1997, pp. 590 ff.
207. അറമായ, സുറിയാനി ഭാഷയുടെ ദേശ്യരൂപമാണ്. ഈശോയും, ശിഷ്യന്മാരും ആദിമ സുറിയാനി സഭയിൽ തുടർന്ന സുറിയാനിക്കാരുമുപയോഗിച്ച സെമിറ്റിക്ക് ഭാഷയാണ്. വിവാഹാന്തസിനെ പ്രോത്സാഹിപ്പിരുന്ന മാർ അപ്രേമും അഫ്രാറ്റസും തികഞ്ഞ താപസരായിരുന്നു. അവരുടെ ഭാഷയും സുറിയാനിയായിരുന്നു.സുറിയാനി സഭാപാരമ്പര്യത്തിൽ പ്രതിഭാശാലികളായിരുന്നു അപ്രേമും അഫ്രാറ്റസും. see, Robert Murray, *Symbols of Church and Kingdom*, A study in Early Syriac Tradition, 1975, pp. 4.10.12.ff.
208. *സുറിയാനി ആശ്രമസിദ്ധി സഭാപരമായ ജീവിതം*, Cfr. വടക്കേത്ത് CMI, *കിഴക്കിന്റെ സാക്ഷ്യം*, pp. 23 ff.
209. John Macquarrie, *Principles of Christian Theology*, SCM, London 1979, p. 397.
210. വത്തി 2, തിരുസഭ , 44; സന്യാസജീവിതം, 2.
212. വത്തി 2 സന്യാസജീവിതം 1; തിരുസഭ 43, 44.
213. വടക്കേത്ത് CMI, *കിഴക്കിന്റെ സാക്ഷ്യം*, pp. 23 -31.
214. Ibid, pp. 24, 25, Cfr. F.C Burkit, *History of Eastern Christianity*, London, 1904, pp. 127 ff. Robebert Murray Symbols of Chruch and Kingdom Camebridge University Pasese London, 1975, pp. 13 ff., 22 ff, 29 ff, 255 ff, 295.
215. *സി.എം.ഐ നിയമാവലിയും ഡിറക്ടറിയും* 1984, pp. 3 ff.
216. P.F Archives of S.O.C., G 191 Fol 535 V. cited in ഡോ. ചാൾസ് പൈങ്ങോട്ട് , *കേരള സഭ പതിനാലാം നൂറ്റാണ്ടിൽ*, 997, p. 134.
217. *Ibid* pp. 134 ff.
218. വത്തി 2, തിരുസഭ, 1.
219. *Ibid.* തിരുസഭ 23, cfr. St.Cyprian Epist 55:24, Hartel, III B, p.624, line 13: Una Ecclesia pertotum mundum in multa membra diversa (the one Church divided through out the entire world into many members; and Epist, 36.4, Hartel III B,p. 575, lines 20 -1. in വത്തി 2, തിരുസഭ , 2, 3, അടിക്കുറിപ്പ്, 68.

220. വത്തി 2, ആരാധനക്രമം, 4.
221. Ibid പൗരസ്ത്യസഭകൾ, 1 Cfr. Leo XIII Apostolic Letter; Orentalium Dignitas, Nov 30. 1894, Leo XIII Acta, XIV, 201- 202, Cited in വത്തി 2, പൗരസ്ത്യസഭകൾ, അടിക്കുറിപ്പ്, 1
222. വത്തി 2 പൗരസ്ത്യ സഭകൾ
223. See. വത്തി 2, പൗരസ്ത്യസഭകൾ 2, അടിക്കുറിപ്പ്, 2.
224. വത്തി. 2, പൗരസ്ത്യസഭകൾ 5.
225. Ibid, no. 6.
226. ഡോ.ചാൾസ് പൈങ്ങോട്ട് , *കേരള സഭ പശ്ചാത്താപത്താം നൂറ്റാണ്ടിൽ*, 1997, pp. 117 ff.
227. Ibid p. 118.
228. Ibid pp. 59 ff.
229. Ibid pp. 70 ff; ഡോ. മണ്ണാരാംപറമ്പിൽ, *സീറോമലബാർ കുർബാനയുടെ ചരിത്രപശ്ചാത്തലം*, pp. 73 ff 98-108.
230. മർത്തോമ്മാ ശ്ലീഹായുടെ ആരാധനക്രമത്തിനു അടുത്തുവരുന്ന ശ്ലീഹാന്മാരുടെ കൂദാശക്രമത്തെക്കുറിച്ച് ആധികാരികമായി പഠിച്ച ഡോ. മണ്ണാരാംപറമ്പിൽ രേഖകൾ നിരത്തുന്നു. See. ഡോ. തോമസ് മണ്ണൂരംപറമ്പിൽ, op.cit., pp. 36, 92, 176 ff 190 ff.
231. വത്തി. 2, സന്യാസജീവിതം, 2.
232. കാണുക. കൂര്യക്കോസ് ഏലിയാ, വടക്കേത്ത്, *ആരാധനാധ്യാത്മികത നസ്രാണി പാരമ്പര്യത്തിൽ വാല്യം. 1* ദനഹാ സർവ്വീസസ്, കോട്ടയം, 1993, pp. 21-30.
233. വത്തി. 2, സമൈക്യം 15.
234. Cfr. കൂര്യക്കോസ് ഏലിയാ വടക്കേത്ത്, *നസ്രാണി ആദ്ധ്യാത്മികത*, വാല്യം 2, ദനഹാ സർവ്വീസസ്, കോട്ടയം, 1994, pp.164 ff.
235. വത്തി. 2, തിരുസഭ, 1.
236. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്, p. 2.
237. Cfr. ജെ. ചിറയിൽ, *ചാവറയച്ചനും, മാർത്തോമ്മാ പൈതൃകവും*, 1989, pp. 115 ff.
238. ഡോ. കല്ലറങ്ങാട്ട്, *പൗരസ്ത്യ ദൈവശാസ്ത്ര ദർശനങ്ങൾ*, pp. 59 ff.
239. കൂര്യക്കോസ് ഏലിയാ വടക്കേത്തു, *ആരാധനാധ്യാത്മികത*, വാല്യം, 1, 1993, pp. 104 ff.
240. Ibid p. 106.
241. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം രണ്ട്.
242. ഫാ, വലേരിയൻ, *സി.എം. ഐ. ലക്ഷ്യവും ചൈതന്യവും*

വിഷയസൂചിക

അധ്യക്ഷർ 451
അധുനാതനീകരണം 1073, 1079
അഭിഷിക്തൻ 179, 209, 215, 238, 260, 676, 677, 680, 721, 819, 822, 823, 949
അനഭിഷിക്ത മെത്രാൻ 257
അഭിഷേകം 119, 133, 259, 302, 676, 677, 695, 910, 914, 932
അഫ്രാറ്റസ് 81
അശ്രുധാര 686
അച്ചുകൂടം 829
അച്ചടി 416, 700, 702, 808, 826, 829, 830
അത്തനാസിയൂസ് 595, 596
അപ്പൻ 356, 450, 538, 540, 541, 544, 545, 547, 548, 670, 742, 816, 871, 872, 879, 880, 935
അമ്മാനുവേൽ 359, 396, 437, 555, 556, 569, 579, 594, 746, 747, 770, 780, 805, 848, 868, 892, 893, 898
അമ്മാനുവേലനുഭവം 474, 746, 905, 929, 982
അമ്മത്രേസ്യാ 223, 344, 352, 353, 354, 532, 534, 535, 537, 538, 574, 590, 934
അർക്കദിയാക്കോൻ 217, 726
അൾത്താര ബാലൻ 493,
അമലോത്ഭവ മറിയത്തിന്റെ ദാസന്മാർ 726
അറമായ 60, 120, 217, 330, 345, 432, 715, 717, 830, 1057, 1066
അനവിം യാഹ്വെ 234
അസ്തിത്വം 73, 91, 148, 274, 279, 410, 505, 598, 649, 747, 866, 890, 935, 972, 980, 985, 1075
അഹം ബ്രഹ്മാസ്മി 188, 661, 834
അനാഗതർ 340, 485, 687, 1105
അനുചിന്തനം 89, 90, 91, 92, 100, 147, 160, 336, 354, 361, 362, 370, 380, 385, 541, 588, 940
അനുത്സുകാവസ്ഥ 62
അനുതാപക്കണ്ണുനീർ 842
അനുതാപം 107, 132, 151, 436, 445, 537, 567, 622, 898, 932, 935, 971
അടിസ്ഥാനക്കാരൻ 286, 653, 697, 1023
അത്യുന്നതാനുഭവം 251, 443, 505, 775
അത്യുന്നതാനുഭൂതി 60, 61
അനുധ്യാനം 47, 62, 66, 67, 92, 100, 154, 155, 221, 371, 378, 379, 397, 399, 424, 433, 448, 449, 538, 585, 747, 930, 939, 1069

അജപാലനം 232, 309, 676, 677, 865, 887
അനുഭൂതി 72, 82, 83, 629
അനുരജ്ഞനം 108, 321, 419
ആഭ്യന്തര ഹർമ്മ്യം 61, 359
ആധ്യാത്മികത 41, 42, 45, 46, 50, 52, 55, 63, 67, 69, 70, 73, 76, 78, 79, 80, 85, 93, 96, 97, 98, 103, 105, 106, 110, 111, 113, 120, 123, 126,128, 134, 136, 138, 152, 160, 166, 175, 201, 207, 208, 209, 217, 237, 277, 278, 297, 355, 369, 376, 452, 601, 641, 642, 807, 840, 865, 884, 1039, 1041, 1044, 1046, 1047, 1049, 1058, 1063, 1067, 1085, 1095, 1101, 1103, 1105, 1107
ആശ്രമ പ്രസ്ഥാനം 368, 376, 389, 662, 726, 811, 883, 990, 991, 1005, 1022, 1028, 1034, 1090
ആശ്രമസിദ്ധി 924, 1063, 1090
ആശ്രമഗണം 798, 807
ആശ്രമികത്വം 185, 218, 369, 372, 376, 379, 662, 724, 725, 731, 1067
ആർഷസംസ്കാരം 831, 832
ആരാധനാക്രമനവീകരണം 695
ആരാധനാവത്സരം 92, 705
ആലപ്പ്-താവ് 148
ആലാഹാ 359
ആവാനുഭവം 48, 49, 50, 380, 381, 544, 547, 916
ആശാൻ 196, 664, 793
ആഹിയാഹ് ആശാറാഹ് യാഹ് 859
ആചാര്യന്മാർ 65, 231, 503
ആചാര്യത്വശുശ്രൂഷ 124, 215
ആസ്ഥപ്പാടുപട്ടം 611
ആത്മാനുതാപം 109, 110, 203, 233, 358, 386, 437, 455, 462, 530, 551, 691, 748, 784, 916, 949, 960, 971, 1104
ആംഗ്ലേയ വിദ്യാഭ്യാസം 664
ആതുര ശുശ്രൂഷ 234, 930
ഇസ്ക്കോള 234
ഇടയലേഖനം 663
ഇടവകപ്പള്ളി 200, 612, 801, 948
ഈഹിദായ 925
ഉത്ഥാനാനുഭവം 94, 100, 130
ഉൾക്കാഴ്ച 51, 66, 91, 150, 156, 165, 361, 381, 387, 395, 396, 400, 424, 431, 435, 462, 472, 476, 486, 511, 512, 527, 528, 534, 552, 555, 569, 597, 598, 633, 654, 655, 734, 736, 741, 744, 746, 747, 754, 760, 763, 764, 775, 866, 939, 1067
ഉൾക്കോട്ട 370, 373, 533, 934

ഉടമ്പടി 96, 105, 113, 118, 140, 160, 161, 175, 179, 185, 211, 294, 295, 346, 383, 483, 645, 647, 790, 807, 846, 876, 947, 967, 987, 1020, 1082, 1095, 1097
ഉടമ്പടിയുടെ മക്കൾ 987
ഉദയംപേരൂർ സൂനഹദോസ് 663
എവ്രാഗ്രിയൂസ് 595
എയ്ക്കോൺ 596
എക്ളോഗുകൾ 393, 808
എദുക്കന്തൊത്ത് 669, 671, 673
ഏൽ 747
ഏലിയാ 96, 227, 254, 303, 326, 335, 337, 338, 339, 340, 341, 345, 346, 350, 365, 376, 378, 379, 386, 484, 534, 549, 632, 684, 686, 688, 728, 800, 829, 874, 884, 899, 910, 923, 1069, 1074, 1105
ഏവൻഗേലിസ്താ 60
ഏകാന്തവാസി 109, 153, 338, 1082
ഏകജാതൻ 76, 516, 573, 623, 778, 924, 925, 1022
ഒരിജൻ 60, 595
ക.നി.മൂ.സ. 829
കണിയാന്ത്ര 215, 216, 217, 227, 334, 377, 662, 812, 937, 992, 997, 999, 1004, 1058, 1060, 1075, 1079, 1101
കന്യാമറിയം 868, 1047
കണ്ണുനീരിന്റെ വരം 108
കന്നിമറിയം 359, 743, 868
കർമ്മെലകുസുമം 829
കർമ്മെലീത്ത 202, 255, 261, 279, 287, 651, 659, 661, 727
കൽദായ 185, 187, 207, 257, 264, 265, 269, 272, 276, 282, 283, 284, 295, 308, 309, 801, 955, 1038, 1040, 1041, 1049, 1058, 1059, 1061, 1100
കളരി 196, 664, 916
കൾക്കോൽ 701
കാനോന നമസ്കാരം 700
കുർബാന 52, 215, 253, 294, 612
കുരിശിന്റെ വിശുദ്ധ യോഹന്നാൻ 353, 363, 371
കുരിശുയുദ്ധം 349
കുടിപ്പള്ളിക്കൂടം 664
കുടുംബക്രമം 310, 673, 706, 865
കുടുംബചട്ടം 710
കൂദാശ 47, 55, 70, 72, 73, 81, 83, 84, 85, 95, 97, 105, 106, 108, 110, 113, 114, 117, 118, 119, 120, 128, 129, 130, 133, 134, 136, 144, 175, 190, 191, 193, 194, 221, 249, 252, 254, 295, 299, 321, 401, 402, 454, 456, 466, 467, 468, 470, 494, 508, 516, 601, 641, 642, 696, 700, 707, 710, 721, 723, 847, 873, 875, 891, 905, 964, 1046, 1086, 1087, 1098

കൂദാശാനുകരണം 134
കൊവേന്ത 218, 239, 269, 293, 319, 372, 732, 783, 802, 1017, 1023
ഖാലാ 701
ഗസ്സാ 701
ഗാർഹികസഭ 706, 707, 711
ഗിരിപ്രഭാഷണം 109
ഗുരുശിഷ്യബന്ധം 497
ഗുരുനാഥൻ 497
ഗ്രിഗറി നസിയാൻസൻ 353
ചാവരുൾ 386, 720
ചേന്നങ്കരി 190, 263, 610, 611, 612, 613, 921, 948
ചേതന 61, 81, 105, 527, 570, 572, 776, 876, 1055
ഛായ 596, 776
ജറോം ഗ്രേഷ്യൻ, 352, 353
ജനസേവകൻ 686
ജീവിതാഘോഷം 78, 275, 695, 698, 938
തപസുഭവനം 724
തപസ്സ് 58, 107, 144, 157, 344, 419, 1044
തത്ത്വമസി 734
താപസർ 147, 152, 217, 331, 341, 990
തിരുകുടുംബം 195, 243, 251, 254, 404, 418, 475, 476, 488, 519, 524, 629, 641, 642, 690, 774, 775, 777, 778, 779, 780, 781, 792, 804, 865, 866, 867, 868, 869, 873, 883, 899, 1105, 1107
തിരുസംഘം 534, 648, 1036
തുർഗ്ഗാമ 807
തൂക്കാസ 696
തെശബ്ഹസ് തെശ്ബ് ഹാസാ 741
തെരേസ്യൻ 347, 350, 351, 352, 353, 354, 355, 359, 369, 370, 1001
തേറ്റം 435, 537
തേജസ്കരണം 645,
ത്രിത്വം 45, 46, 426, 775
ത്രോണോസ് 543
ദർശനവീട് 368, 662
ദർശനം 43, 91, 156, 164, 165, 166, 167, 237, 245, 246, 267, 364, 373, 374, 385, 397, 400, 401, 438, 449, 451, 457, 568, 570, 571, 575, 585, 629, 636, 742, 744, 748, 759, 760, 761, 763, 764, 785, 835, 902, 906, 932, 1010, 1019, 1072, 1085, 1098
ദാർശനീകത 60, 98, 103, 164, 166, 724, 852
ദിവ്യബലി 696
ദിവ്യമണവാളൻ 430
ദിവ്യകാരുണ്യം 116, 168, 237, 438, 440, 454, 456, 501, 505, 507, 508, 509, 510, 642, 676, 696, 838, 839, 852, 1079, 1092
ദീപിക 828
ദ്വിതീയ ഏദേസ്സാ 723
ദൈവവിളി 203, 393, 403, 420, 486, 488, 492, 607, 608, 795, 877, 919, 926, 958, 978

ദൈവവിജ്ഞാനീയം 39, 41, 60, 65, 69, 356, 429, 457, 570 595, 682, 691, 799, 824, 825, 853, 858, 867, 937, 1017, 1019
ദൈവസാദൃശ്യം 59, 87, 90, 139, 144, 149, 150, 151, 453, 458, 524, 574, 587, 595, 625, 691, 846, 847, 855, 858, 899, 904, 1063
ദൈവസ്നേഹം 82, 118, 127, 151, 157, 169, 177, 312, 362, 402, 448, 452, 468, 473, 553, 581, 585, 591, 607, 612, 624, 625, 627, 731, 732, 741, 742, 744, 758, 795, 877, 930, 1070
ദൈവാരാധന 263, 271, 495, 504, 1042, 1046, 1058, 1083
ദൈവാരാധനാധ്യാത്മികത 103, 1097, 1098
ദൈവാലയം 200, 201, 605, 711
ദൈവാനുഭവം 80, 100, 145, 161, 238, 251, 447, 487, 562, 868, 929, 930, 982
ദൈവികീകരണം 40, 85
ദൈവച്ഛായ 149, 151
ദൈവജനം 122, 236, 380, 431, 663, 678, 700, 722, 820
ദൈവം 39, 40, 44, 48, 49, 51, 56, 62, 71, 72, 73, 76, 77, 82, 86, 89, 93, 110, 12, 114, 120, 126, 129, 133, 134, 137, 140, 141, 146, 148, 149, 151, 152, 160 161, 166, 167, 168, 171, 172, 173, 177, 183, 190, 194, 204, 208, 209, 223, 236, 244, 252, 253, 312, 339, 346, 355, 356, 358, 359, 360, 361, 362, 363, 366, 368, 375, 382, 385, 388, 395, 396, 402, 411, 412, 413, 418, 421, 422, 423, 425, 426, 431, 432, 433, 434, 448, 449, 450, 452, 463, 466, 467, 468, 469, 471, 479, 481, 482, 483, 484, 485, 486, 487, 488, 489, 490, 492, 496, 497, 506, 508, 516, 521, 522, 524, 529, 533, 534, 546, 547, 548, 551, 523, 555, 569, 573, 574, 577, 579, 580, 582, 586, 587, 589, 594, 595, 597, 598, 599, 600, 602, 605, 608, 623, 645, 647, 648, 667, 691, 700, 708, 710, 734, 736, 737, 738, 739, 743, 746, 747, 748, 755, 757, 761, 762, 766, 769, 770, 775, 777, 778, 785, 792, 800, 825, 848, 852, 854, 858, 859, 862, 863, 866, 868, 869, 876, 882, 888, 889, 890, 891, 892, 893, 894, 895, 897, 901, 904, 906, 908, 909, 911, 912, 914, 917, 919, 923, 929, 932, 934, 936, 938, 939, 946, 948, 951, 962, 963, 967, 971, 972, 973, 977, 981, 982, 986, 1017, 1025, 1047, 1093, 1099

ദൈവദാസൻ 183, 386, 532, 534, 557, 648, 688, 781, 784, 804, 902, 1010
ധന്യപദവി 869, 880
ധന്യൻ 183, 1098
ധാർമ്മികത 854
ധ്യാനസല്ലാപം 232, 233, 243, 312, 358, 360, 368, 386, 388, 421, 439, 442, 443, 444, 455, 484, 535, 539, 541, 543, 547, 551, 562, 589, 593, 594, 693, 699, 736, 741, 749, 750, 753, 754, 755, 771, 778, 793, 808, 825, 850, 851, 869, 871, 882, 918, 933, 971
നസ്രാണി 79, 184, 185, 186, 188, 189, 193, 202, 211, 240, 259, 265, 266, 271, 276, 277, 278, 281, 286, 288, 289, 291, 292, 296, 297, 298, 299, 304, 306, 307, 309, 315, 316, 317, 329, 336, 337, 389, 433, 520, 523, 631, 632, 633, 663, 665, 673, 677, 705, 711, 713, 716, 719, 720, 721, 722, 723, 725, 729, 797, 808, 826, 828, 829, 830, 831, 832, 836, 878, 880, 883, 900, 925, 930, 951, 952, 954, 959, 965, 981, 987, 988, 989, 990, 991, 992, 995, 999, 1003, 1007, 1020, 1021, 1022, 1023, 1028, 1035, 1038, 1039, 1041, 1042, 1044, 1046, 1050, 1053, 1060, 1061, 1062, 1063, 1064, 1066, 1068, 1069, 1076, 1079, 1085, 1088, 1089, 1099, 1101, 1103
നല്ല ശമറായൻ 681
നാളാഗമങ്ങൾ 386, 808
നിധീരിക്കൽ 828
നിഷ്പാദുകസഭ 353, 354
നിവേശനം 216, 217, 228, 231, 239, 263, 265, 284, 349, 368, 502, 520, 606, 679, 689, 757, 782, 858, 990, 992, 995, 997, 1003, 1026, 1052, 1061, 1062, 1067
പഞ്ചഭൂതഘടകം 579, 890, 982
പള്ളിക്രമം 704
പള്ളിക്കൂടം 235, 668, 806
പള്ളിമൂപ്പൻ 124
പരിശുദ്ധസിംഹാസനം 278, 305, 1071, 1102
പകലോമറ്റം 190, 281
പഗറാ 61
പാന 208, 383, 529, 553, 578, 604, 905
പാട്ടുകളുടെ പാട്ട് 741
പാലയ്ക്കലച്ചൻ 203, 205, 207, 605, 664, 813, 1070
പിടിയരി പ്രസ്ഥാനം 834, 835
പിതാവ് 48
പുത്രൻ 381
പുനരുദ്ധാരകൻ 240

പെൺപൈതങ്ങൾ 240, 669, 673
പെസഹാരഹസ്യം 111
പോരൂക്കര 217, 218, 227, 229, 230, 255, 372, 379, 502, 618, 632, 698, 712, 716, 726, 812, 900, 928, 933, 989, 992, 994, 995, 996, 1000, 1001, 1026, 1046, 1060, 1079
പോരൂക്കര തോമ്മാച്ചൻ 186, 215, 238, 995
പൈതൃകാശീർവാദം 264, 645
പൗരസ്ത്യ ആധ്യാത്മികത 75
പൗരസ്ത്യം 262, 660, 661, 1065, 1066, 1101, 1102
പൗരോഹിത്യം 42, 67, 71, 120, 122, 123, 124, 126, 127, 128, 210, 212, 213, 239, 270, 281, 348, 397, 399, 492, 500, 695, 920, 1076, 1106
പൗരോഹിത്യ ആധ്യാത്മികത 124
പ്രവാചകത്വം 96, 184, 231, 294, 378, 380, 620, 645, 668, 679, 725, 946, 947, 948, 1019, 1079
പ്രിയോരച്ചൻ 183, 293, 615, 675, 698, 701, 702, 713, 797, 798, 831, 857, 882, 992
ബർണർദീനോസ് 221, 223, 239, 241, 293, 306, 308, 332, 333, 335 659, 798, 1035, 1061
ബെസ്റൗമ്മ 713
ബ്രൊക്കാർദ് 349
ഭാരതീയം 146, 184, 186, 187, 188, 227, 262, 296, 298, 330, 368, 376, 584, 661, 662, 725, 796, 830, 832, 906, 940, 989, 1056, 1057, 1059, 1060, 1061, 1062, 1071, 1072, 1073, 1074, 1098, 1101
മറിയം 61, 97, 98, 163, 191, 195, 196, 249, 253, 254, 418, 435, 479, 573, 640, 672, 733, 747, 758, 843, 909, 925, 929, 938, 1002, 1067, 1107
മരണപത്രിക 739
മനസ്സാക്ഷി 51, 58, 59, 66, 88, 91, 178, 381, 528, 529, 561, 736, 760, 854, 985
മർസെലിനോസ് 222, 224, 289
മലിയസ് തൈബൂസാ 909
മല്പാനച്ചൻ 203, 227, 229, 487, 498, 501, 517, 604, 700, 702, 1052
മസ്മോറാ 242
മഹത്ത്വവത്ക്കരണം 551
മഹർഷിവര്യൻ 686
മദ്ബഹാ 111, 495, 496, 818, 873
മദ്രാശാ 807
മണവാളൻ 389, 421, 434, 441, 443, 536, 547, 574, 589, 740, 742, 942

മാർ അപ്രേം 46, 47, 60, 82, 85, 153, 437, 453, 454, 455, 524, 559, 711, 723, 807, 868
മാർപാപ്പാ 645, 713, 717, 718, 719, 946, 1084
മാർവാലാഹ് 53, 924, 1045, 1068
മാർത്തോമ്മാശ്ലീഹാ 53, 54, 185, 316, 331, 723, 1079
മാർത്തോമ്മാമാർഗ്ഗം 987
മാലാഹാനൂസാ 40, 453, 457
മാനവ വിശുദ്ധീകരണം 738
മാനവ വിജ്ഞാനീയം 75, 107
മാനവീകരണം 260, 687
മാനവദൈവീകരണം 118, 237, 1063, 1067, 1077
മാനസാന്തരം 81, 108, 144, 145, 281, 311, 366, 387 538, 623, 624, 625, 774, 1035
മാമ്മോദീസ 47 81, 100, 103, 104, 105, 106, 122, 123, 129, 133, 144, 145,158, 189, 190, 191, 192, 193, 194, 196, 200, 204, 210, 249, 267, 268, 271, 299, 308, 376, 399, 402, 438, 455, 457, 467, 468, 470, 473, 516, 549, 550, 639, 640, 641, 721, 817, 846, 847, 863, 864, 869, 873, 910, 914, 948, 972, 980, 981, 1019, 1063, 1080, 1082, 1091, 1099
മാതൃഭക്തി 924
മിശിഹാസംഭവം 52, 292, 431, 757, 1074, 1083
മിശിഹാനുയായി 46, 48, 59, 78, 79, 98, 116, 124, 127, 151, 180, 191, 218, 275, 292, 368, 477, 609, 613, 711, 723, 801, 953, 967, 1066, 1103, 1105, 1106
മനുഷ്യസ്നേഹി 65, 685, 804
മുദ്രാലയം 183, 312, 828, 829
മുത്തിയൂട്ട് 451
മൂർച്ച 429
മൂശെ 49, 61, 90, 96, 114, 140, 164, 236, 346, 357, 361, 430, 440, 456, 464, 483, 584, 645, 743, 754, 762, 859, 942
മെല്ലാനോ 334
മെസ്സറാനൂസ 433
മെശയാനികത 65, 1074
മേമ്രാ 807
മേലധ്യക്ഷക്രമം 262
മേലധ്യക്ഷൻ 260
മൗറേലിയൂസ് സ്തബിലീനി 209, 221
മൗതിക പ്രഭ 432
മൗതികർ 62, 65, 435
മൗതികശരീരം 52, 270, 454, 457, 560, 978
മൗതികസ്പർശനം 424

മൗതിക സോപാനങ്ങൾ 421
യഹൂദർ 111, 266, 378, 624, 687, 878, 1080
യാമം 70, 134, 294, 337, 349, 352, 393, 500, 504, 509, 695, 698, 700, 701, 702, 705, 817, 931, 964, 1046, 1059
യാവന 383, 466, 672, 710, 784, 796, 906, 962, 383
യാഹ്വെയുടെ വിനീതർ 551
രഹസ്യം 55, 84, 85, 122, 402, 432, 433, 442, 472, 514, 537, 553, 609, 612, 623, 624, 639, 707, 757, 762, 820, 863, 869, 897, 1017, 1100
രക്തസാക്ഷിത്വം 147, 389
രോഗീലേപനം 129, 130, 132, 253, 642, 684
ലെയോനാർദ് 303
ലെയോപ്പോൾദ് 234, 239, 303, 332, 508, 658, 659, 701, 1051, 1059
വചനോപാസന 748, 750
വാച്ചവനവാസം 215, 229, 831, 868
വികാരി അപ്പസ്തോലിക്ക 302, 332, 333, 991
വികാരി ജനറാൾ 253, 257, 303, 631, 701, 793, 811, 883, 944
വിശുദ്ധഗീതം 723
വിശ്വാസം 44, 65, 85, 87, 268, 294, 371, 400, 452, 464, 519, 563, 703, 823, 841, 959, 964, 966, 1063, 1065, 1091
വിദ്യ 302, 666, 667, 669, 796, 821
വിദ്യാനികേതൻ 232, 595, 665
വീഞ്ഞറ 422, 742
വേദപുസ്തക വ്യാഖ്യാനം 807
വ്യക്തിസഭ 214
ശത്രുസ്നേഹം 451, 613, 614, 615, 854, 855, 857, 858
ശുദ്ധീകരണം 139, 966
ശൗത്താപ്പൂസ 652, 887
ശ്ലൈഹിക ആധ്യാത്മികത 53
ശ്ലൈഹിക സഭ 53
സഭാപാരമ്പര്യം 55, 56, 952, 1078
സഭാജീവിതം 75, 201, 645
സന്ന്യാസ സിദ്ധി 40, 1098
സർവ്വകലാശാല 344, 668
സാദൃശ്യം 39, 40, 49, 71, 73, 75, 76, 106, 112, 149, 177, 190, 382, 403, 408, 453, 468, 582, 594, 595, 596, 601, 706, 744, 846, 891, 896, 899, 906, 945, 972, 1073, 1098
സിദ്ധി 64, 68, 105, 109, 187, 195, 217, 218, 228, 229, 236, 261, 262, 285, 298, 337, 350, 354,

371, 376, 378, 430, 483, 616, 628, 660, 661, 662, 663, 666, 667, 668, 679, 680, 683, 685, 701, 731, 785, 829, 894, 895, 908, 909, 910, 911, 913, 914, 915, 916, 917, 919, 920, 921, 922, 923, 924, 926, 928, 929, 930, 931, 932, 933, 934, 935, 936, 937, 938, 939, 941, 942, 943, 944, 946, 950, 951, 956, 957, 958, 960, 964, 965, 966, 967, 970, 972, 973, 975, 977, 978, 981, 983, 985, 986, 987, 991, 993, 994, 995, 996, 997, 998, 999, 1001, 1019, 1020, 1022, 1025, 1026, 1036, 1044, 1047, 1052, 1054, 1057, 1059, 1060, 1062, 1063, 1065, 1067, 1068, 1069, 1073, 1080, 1082, 1083, 1090, 1099, 1101, 1102, 1103

സുറിയാനിഭാഷ 207

സംസർഗം 51

സംസ്കൃത സ്കൂൾ 664, 725, 830

ഹർഷോന്മാദാനുഭവം 429

ഹരിജനങ്ങൾ 235

ഹുദറാ 701

ഹൃദയം 61, 91, 119, 159, 160, 161, 168, 178, 358, 376, 443, 448, 547, 548, 554, 568, 569, 570, 572, 573, 577, 578, 696, 727, 734, 765, 766, 778, 810, 856, 872, 939, 947, 1010, 1069, 1094, 1096

ഹൃദയതാപം 111, 152, 196, 511

ഹൈയാ 61

റാസ 432

റൂഹാദ്ക്കുദ്ശാ 39, 40, 46, 49, 50, 56, 72, 73, 83, 95, 101, 106, 115, 119, 123, 124, 131, 141, 158, 168, 169, 177, 287, 379, 395, 402, 418, 442, 447, 452, 468, 469, 474, 475, 503, 513, 516, 519, 524, 526, 544, 546, 549, 550, 619, 621, 632, 641, 643, 646, 674, 747, 758, 854, 866, 911, 915, 916, 936, 948, 985, 986, 1060

റോഗുളാ 1028

റോക്കോസ് 260, 269, 296, 306, 307, 387, 389, 451, 631, 697, 714, 719, 720, 753, 757, 884, 885, 950

സഹായകഗ്രന്ഥങ്ങൾ

1. **Works of Chavara**

CHAVARAYACHENTE SAMPOORNAKRUTHIKAL

(Mal) (Vol. I Nalagamangal)

PUBLISHING COMMITTEE, Mannanam, 1981.

CHAVARAYACHENTE SAMPOORNAKRUTHIKAL

(Mal) (Vol. II Sahithya kruthikal) MOOZHOOR Z.M. (ed), Mannanam, 1981.

CHAVARAYACHENTE SAMPOORNAKRUTHIKAL

(Mal) (Vol. III, Sahithya kruthikal) MOOZHOOR Z.M. (ed) Mannanam, 1981.

CHAVARAYACHENTE KATHUKAL

(Mal) (Vol. IV Sahithya kruthikal) VITTHUVATTICAL L. (ed.), Mannanam, 1982.

2. **Works on Chavara**: (according to chronological order).

PORUKARA K., Short Biography of our Most Reverend Father, Prior of the Monasteries of Third Order of the Discalced Carmelites, (Mal.), Mannanam 1871.

BECCARO L., A Short Biography of the Venerable Person who wrote this Pious Colloquy, (Mal.), Coonammavu 1871 (This is given as an introduction to Chavara's work Atmānuthāpam).

MATHIAS, A Heroic Son of the Malankara Church, (Mal.), Mannanam 1936.

VALERIAN, Vannya Divya Sree Chavara Kuriakos Elias Achan, (Mal.) Mannanam 1939.

—, The Founder of the Carmelite Congregation of Malabar, Alwaye 1942.

—, The Servant of God Kuriakos Elias Chavara, mannanam 1953.

PARAPURAM V., Chronicle, 1902-1905 (History of the Rochosian Schism, Mal.), Vols. I & II:

ASJMM, 32/B/17/2112&32/B/18/2113.

BERNARD OF ST. THOMAS, Mār Thōma Christiānikal, (Mal.), Vol. II, Mannanam 1921.

—, Malayalathile Ka. Ni. Mu. Sa. Sabhayude Charitra Samkshēpam, (Mal.), Mannanam 1908.

GREGORY, CMI, Short History of CMI Congregation, (Mal.), Trichur 1970.

PODIPARA P.J., The Thomas Christians, Bombay 1970.

—, The Hierarchy of the Syro-Malabar Church, Alleppey 1976.

—, The Thomas Christians and their Syriac Treasures, Alleppey 1974.

PLACID, BARTHOLOMEO, ROMEO, The Carmelite Congregation of Malabar 1831-1931, Mannanam 1931.

VADAKKETH K.E., "Aggiornamento" applied to the 1st Indian Religious Congregation of Modern Times in the Light of the Founder's Spirit. (Thesis submitted to Teresianum University), Roma 1978.

DENHA SERVICES PUBLICATIONS

1. VADAKETH Q.E., *Vyakthisaphalyam* ("A Study in Oriental Spirituality" in Malayalam) 1984; 1/8 crown; pages 216; price Rs.14.00 ($ 1.40) (Out of print)

2. PATHIKULANGARA V., *Church and Celebration*, "The Interiror of a Church or a Chapel in the Chaldeo-Indian Tradition", 1984;second printing 1986 1/8 demy; pages 98; price Rs. 12.00 ($ 1.20)

3. PATHIKULANGARA V. (comp. & ed.), *Benediction and Adoration*, in Malayalam and according to the Chaldeo-Indian liturgical genius, 1984; 1/8 crown; pages 24; price Rs. 1.50 (out of print)

4. VELLILAMTHADAM T., *African Payal*, "Towards a Mental Breakthrough in the Latin Connection of Indian Catholicism", 1984; 1/8 demy; pages 40; price Rs. 7.00 ($ 0.70) (out of print)

5. PATHIKULANGARA V. (comp. & ed.), *Order for Blessing Residences of Priests and_Religious*, in Malayalam and according the Chaldeo-Indian liturgical genius, 1984; 1/8 crown; pages 32; price Rs.2.00 ($ 0.20)

6. VELLILAMTHADAM T., *Countdown to 1999*, "400 years of Agony and Action since 1599", 1985; 1/8 demy; pages 32; price Rs.7.00 ($0.70) (out of print)

7. PATHIKULANGARA V.,: *"Further Documentation on Latin-Oriental Relations and the _Mission of the Church in India"?*, 1985; 1/8 demy; pages 40; price Rs.5.00 ($ 0.50)

8. CHATHAMPARAMPIL T., *Sabhavijnaniyathinu Oru Mukavura* ("An Introduction to Ecclesiolgy", in Malayalam) 1985; 1/8 crown; pages 70; price Rs. 5.00 ($ 0.50)

9. PODIPARA Placid J., *The Latin Rite Christians of Malabar* (A fully documented monograph on the origin and history of the Latin Rite Christians in India by the greatest Indian Ecclesiastical Luminary of the 20th century; a posthumous publication) 1986; 1/8 demy; pages 144; price Rs.20.00 ($ 2.00)

10. PATHIKULANGARA V., *Church in India*, 1986; 1/8 demy; pages 84; price Rs. 12.00 ($ 1.20)

11. PATHIKULANGARA V., *Nammude Qurbana* (A catechetical explanation of the Chaldeo-Indian Eucharistic Celebration, in Malayalam); June 1986; 2nd printing in August 1986; 3rd printing in January 1989; 4th printing in January 1992; 1/8 crown; pages 218; price Rs.20.00 ($ 2.00)

12. VELLILAMTHADAM T., *Trojan Horse*, "The Unchristian Role of the Latin Church", 1986; 1/8 demy; pages 56; price Rs. 10.00 ($ 1.00) (out of print)

13. VADAKETH Q.E.(comp.& ed.), *Divya Karunya Aradhana* (Adoration of the Bl.Sacrament according to the Chaldeo-Indian Liturgical genius in Malayalam) 1987; 1/8 crown; pages 185; price Rs. 12.00 (Out of print)

14. CHEDIATH G. - VELLILAMTHADAM T. (eds.), *Ecumenism in Danger*, 1986; 1/8 demy; pages 98; price Rs.15.00 ($ 1.50) (out of print)

15. PATHIKULANGARA V. (comp. & ed.), *Prayer Service in Honour of Blessed Chavara and Alphonsa*, (in Malayalam and according to the Chaldeo-Indian liturgical genius) 1986; 1/8 crown pages 32; price Rs.2.00 ($ 0.20)

16. VELLILAMTHADAM T. - KURIANAL J. (eds.), *The Freedom Fighters of Thomas Christins*, 1986; 1/8 demy; pages 116; price Rs.15.00 ($ 1.50) (out of print)

17. PATHIKULANGARA V. (comp. & ed.), *Aasirvadaprarthanakal*,(Sacramentals, in Malayalam and according to the Chaldeo-Indian liturgical genius) 1987; 5th Reprint in 2004; 1/8 crown; pages 146; Rs.20.00 ($2.00)

18. VADAKETH Q.E. (ed.), *Adhyathmika Sopanangal* (Malayalam trans. of the "Book of Grades") 1987; 1/8 crown; pages 66; price Rs.6.00 ($ 0.60)

19. MANNORAMPARAMPIL T. (comp. & ed.), *Vestition and Profession of Religous Women in the Syro-Malabar Church* (Malayalam), 1987; Reprint in 1987; 1/8 crown; pages 46; price Rs. 3.00 ($ 0.30)

20. PATHIKULANGARA V. (comp. & ed.), *Nativity Celebration* (Malayalam), 1987; Reprint in 1988, 1989, 1991, 1993; 1/8 crown; pages 36; price Rs. 3.50

21. HILLLARION Father, *Daivavignaneeyam Oramukhapadhanam* ("An Introduction to Theology" in Malayalam), 1988; 1/8 crown; pages 216; price Rs. 15.00 ($ 1.50)

22. POWATHIL, MAR JOSEPH, *Jeevitham Mathrusbhayodothu* ("To Live is to Live with the Mother Church" in Malayalam), 1988; 1/8 crown; pages 236; price Rs.15.00 ($ 1.50)

23. POOVANNIKUNNEL J., *Sabhayum Aaradhanakramavum* ("Church and Liturgy" in Malayalam), 1988; 1/8 crown; pages 140; price Rs. 10.00 ($ 1.00)

24 PATHIKULAGARA V., *Mar Thommayude Margam* (" A new Catechism for the Syro-Malabar Church" in Malayalam) 1988, Reprint in 1994; 1/8 crown; pages 204; price Rs. 20.00 ($ 2.00)

25. VADAKETH Q.E., *Kiahakkinte Sakshyam* (Theology of Eastern Monasticism, in Malayalam) 1990; 1/8 crown; pages 302; price Rs. 30.00 ($ 3.00)

26. PATHIKULANGARA V., *Mar Thomma Margam* ("A New Catechism for the St. Thomas Christians of India"): English edition of DSP no.24 with an interesting and useful Appendix, several pictures and sketches, 1989; Reprint in 1992, 2004; 1/8 demy; pages 184; price Rs.60.00 ($ 6.00)

27. Prof. SALES (F.C.C) - V ADAKETH Q.E., *Syriayile Muthukal* (History of Monasticism by Theodorite, in Malayalam) 1990; 1/8 crown; pages 290; price Rs.33.00($ 3.30)

28. PATHIKULANGARA V. (comp. & ed.), *Blessings and Prayers*, English edition of DSP no. 17 with some additions, 1990; 1/8 crown; pages 156; price 12.00 ($ 1.20)

29. KAMUKUMPALLIL A. - QURIAQOS ELIJAH (eds.), *Bhajana Kirthanangal* (Malayalam), 1990; 1/8 crown; pages 56; price Rs. 4.00 ($ 0.40)

30. PATHIKULANGARA V. (Trans. & ed.), *Osa'na to Resurrection*, "The Holy Week Celebrations in the Syro-Malabar Church", 1990; 1/8 crown; pages 274; price Rs.52.00 ($ 5.20)

31 VADAKETH Q.E., *Anuchinthanam: Sanyasa Pariseelanam, Adharavum Anushtanavum* (A style of Mediation in Malayalam) 1991; 1/8 crown; pages 92; price Rs. 7.00 ($ 0.70)

32. PATHIKULANGARA V. (comp. & ed.) *Yamaprarthana: Amalolbhavathirunal* ("The Liturgy of the Hours for the Feast of Immaculate Conception in the Syro-Malabar Liturgical Heritage"), 1992; 1/8 crown; Pages 110; price Rs.10.00 ($ 1.00)

33. PATHIKULANGARA V., *Introduction to* Liturgy, *Chaldeo-Indian Liturgy I*, 4th Reprint in 2005; 1/8 demy; pages 200; price Rs.70.00 ($ 7.00)

34. PATHIKULANGARA V. (comp. & ed.) *Mathru Stavangal* (Malayalam), "The Liturgy of the Hours and the Propria of Qurbana for the Feasts of Our Lady in the Syro-Malabar Liturgical Year", 1993; 1/8 crown; pages 280; price Rs. 20.00 ($ 2.00)

35. VADAKETH Q.E. *Aradhanathyatmikatha Nazraniparampariathil I* ("Liturgical Spirituality" in Malayalam) 1993; 1/8 crown; pages 208; price Rs. 22.00 ($ 2.20)

36. VADAKETH Q.E., *Aradhanathyatmikatha. Nazraniyadhyatmikatha II* ("Liturgical Spirituality" 2, in Malayalam) 1994; 1/8 demy; pages 204; price Rs.26.00 ($ 2.60)

37. PATHIKULANGARA V. (comp. & ed.) *Nombarambham* ("The Prayers for the First Day (Monday) of Great Fast" in Malayalam); 1994; 1/8 crown; pages 116; price Rs.8.00 ($ 0.80)

38. PATHIKULANGARA V., *Aaradhananubhavam* ("Liturgy-Experience" in Malayalam). 1995; 1/8 crown; pages 128, price Rs. 15.00 ($ 1.50)

39. PATHIKULANGARA V., *Liturgy-Experience*, 1995; 1/8 crown, pages 142; price Rs. 20.00 ($ 2.00)

40. PATHIKULANGARA V., (ed.), *Placidachan*, A Souvenir to commemorate the tenth death anniversary (April 27 1995) of Very Rev.Prof. DD Dr.Placid Joseph Podipara CMI, 1995, 1/8 demy; pages 384; price Rs 130.00 ($ 13.00)

41 PATHIKULANGARA V. (comp. & ed.), *Bless the Lord*, partial English translation ofthe "Divine Praises" or 'Liturgy of the Hours', used in Syro-Malabar Church, 1996; 1/8 crown; pages 368; price Rs. 120.00 ($ 12.)

42 PAYNGOT C., Malabar Sabha: Puthiya Velichathil (newly discovered documents on the history and liturgy of the Syro-Malabar Church in Malayalam), 1995, 1/8 demy; pages 260; price Rs 55.00 ($ 5.50).

43 JOHN BOSCO, Suriyani Bhasha Padhana Sahayi, (Learning Syriac language through Malayalam), 1996; 1/8 demy; pages 68; price Rs. 15.00 ($ 1.50)

44 PATHIKULANGARA V. (comp. & ed.), Peedhanubhava Varavum Uyirpputhirunalum, "The Liturgical Celebrations of the Passion Week and the Great Sunday of Resurrection in the Syro-Malabar Church" (Malayalam), 1995, Reprint in 1996; 1/8 crown; pages 432; price Rs 45.00 ($ 4.50)

45 POOVANNIKUNNEL J., Visudha Qurbanayil Purohithante Sthanam ("Position of the Priest in the Celebration of the Qurbana" in Malayalam), 1997; 1/8 demy; pages 234; price Rs. 45.00 ($ 4.50)

46 PATHIKULANGARA V. (comp. & ed.), *The Crown of the Year*, Volumes One, 'The "*propria*" or Changing Prayers and Hymns of the Holy Qurbana for the Sundays and Important Feast days of the Liturgical Year according to the East Syriac or Chaldeo-Indian Liturgical Heritage' (Weeks of Annunciation, Epiphany and Great Fast together with the Sanctoral for the months of December, January, February and March), 1997; 1/8 demy; pages 368; price Rs. 85.00 ($ 8.50)

47 PATHIKULANGARA V. (comp. & ed.), *The Crown of the Year*, Volume Two, 'The "*propria*" or Changing Prayers and Hymns of the Holy Qurbana for the Sundays and Important Feat days of the Liturgical Year according to the East Syriac or Chaldeo-Indian Liturgical Heritage' (Weeks of Resurrection, the Apostles, Summer, Elijah-Sleeba, Moses and the Dedication of the Church together with the Sanctoral for the months of April to November), 1997; 1/8 demy; pages 420; price Rs. 95.00 ($ 9.50)

48. PATHIKULANGARA V., *Qurbana*, A Study on the Eucharistic Celebration of the Chaldeo-Indian Churches, with the text of all the forms of celebration as *Appendix*, 1998; 1/8 demy; pages 354; price Rs. 90.00 ($ 9.00)

49. PATHIKULANGARA V. (comp. & ed.), *Mary Matha*, 'The "Divine Praises" for the Feast Days of the Blessed Virgin Mary according to the East Syriac or Chaldeo-Indian Liturgical Heritage', 1998; 1/8 crown; pages 200; price Rs. 60.00 ($ 6.00)

50. PATHIKULANGARA V. (comp.& ed.), *Passion Week and Easter Sunday*, 'The "Divine Praises" and other Liturgical Services from Osana Sunday to the Sunday of Resurrection in the East Syriac or Chaldeo-Indian Liturgical Heritage', 1999, 1/8 crown; pages 352; price Rs. 150.00 ($ 15.00)

51 PATHIKULANGARA V. (comp.& ed.), *Commencement of the Great Fast*, 'The "Divine Praises" and the Eucharistic Celebration for Commencing the Great Fast in the East Syriac or Chaldeo-Indian Liturgical Heritage', 2000, 1/8 crown; pages 96; price Rs. 30.00($ 3.00)

52 KAMUKUMPALLIL A. (ed.), *Nombukalam* (propria), Changing Prayers and Hymns of the Holy Qurbana for the Period of Great Fast according to the East Syriac or Chaldeo-Indian Liturgical Heritage. Malayalam translation from *The Crown of the Year* ed. by Varghese Pathikulangara; 1999; 1/8 demy; pages 103; price Rs. 20.00 ($ 2.00)

53 V ADAKETH Q.E., *Pesahayude Sopanangal*, Prayer Service parallel to the Way of the Cross according to the Spirit of the Nine Seasons of the Syro-Malabar Liturgical Year, 1999; 1/8 crown; pages 54; price Rs. 10.00 ($ 1.00)

54 KAMUKUMPALLIL A. (ed.), *Uyirppukalam*, Changing Prayers and Hymns of Holy Qurbana for the Period of Resurrection. Malayalam translation from *The Crown of the Year*, 1999; 1/8 demy; pages 87; price Rs. 20.00 ($ 2.00)

55 KAMUKUMPALLIL A. (ed.), *Sliha-Qaita Kalangal*, Changing Prayers and Hymns of the Holy Qurbana for the Periods of Apostles and Summer. Malayalam translation from *The Crown of the Year*, 1999; 1/8 demy; pages 179; price Rs. 45.00 ($ 4.50)

56 KAMUKUMPALLIL A. (ed.), *Elijah-Sliba, Muse, Palliquddasa Kalangal*, Changing Prayers and Hymns of the Holy Qurbana for the Periods of Elijah and

Cross, Moses and Dedication of the Church. Malayalam translation from *The Crown of the Year*, 1999; *118* demy; pages 102; price Rs. 30.00 ($ 3.00)

57 POOVANNIKUNNEL J., *Visudha Qurbanayude Athyunnathangalilekku* (Role of the Priest in the celebration of the Qurbana, Part II in Malayalam), 1999; 1/8 demy; pages 296; price Rs. 65.00 ($ 6.50)

58 KAMUKUMPALLIL A. (ed.), *Mangalavartha Denha Kalangal*, Changing Prayers and Hymns of the Holy Qurbana for the Periods of Annunciation and Epiphany. Malayalam translation from *The Crown of the Year*, 1999; 1/8 demy; pages 208; price Rs. 50.00 ($ 5.00)

59 MANGARA G. (Trans.), *Iso Misiha:Rakshakanumayi Oru Sallapam*, Malayalam translation of *Jesus*, A *Dialogue with the Saviour*, a book originally written in French by Lev Gillet (46 intuitive reflections on the Word of God), 2000, 1/8 demy; pages 148; price Rs. 60.00 ($ 6.00)

60. V ADAKETH Q. E., *Aaradhanadyatmikatha: 1111 Prasnotharikal*, (Liturgical Spirituality in Questions and Answers - Malayalam), 2000; 1/8 demy; pages 120; price Rs. 30.00 ($ 3.00)

61. PATHIKULANGARA V., *Divine Praises and Liturgical Year*, Chaldeo-Indian Liturgy 4; 2000;1/8 demy; pages 232; price Rs. 75.00 ($ 7.50)

62. KOCHAPPILLY P. (ed.), *The Folly of the Cross*, Festschrift in honour of Prof. Dr. Varghese Pathikulangara cmi, 2000; 1/8 demy; pages 404; price Rs. 250.00 ($ 18.00).

63. PATHIKULANGARA V., *Mysteries of the Church* (Sacraments and Sacramentals), Chaldeo-Indian Liturgy 3, 2004; 1/8 demy; pages 208; price Rs. 70.00 ($ 7.00).

64 VADAKETH Q.E. Chavara Adyatmikatha (Intutive reflections on the life and works of Blessed Chavara basing on Oriental Spirituality) 2005; 1/8 demy pages.....Price Rs. 600 ($60)

ചാവറ ആധ്യാത്മികത

ജോ. കുളുമ്പൈനാഥ് എലിയ
വടക്കേത്ത് സി എം ഐ



[illegible]

[illegible]

മാർ ജോസഫ് പവ്വത്തിൽ
[illegible]